# വെളിപ്പാട്
# പുസ്തക പഠനം

Downloaded from
www.GodsOwnLanguage.com

# വെളിപ്പാട് — REVELATION

(SAMSON HENRY, KOLLAM)

**ആമുഖം**

ബൈബിളിലെ അവസാനത്തേതും അറുപത്തിയാറാമത്തേതുമായ ഗ്രന്ഥമാണ് പ്രവചനപുസ്തകമായ വെളിപ്പാട്. ഭൂതം, വർത്തമാനം, ഭാവി എന്നിവ ഇതിൽ അടങ്ങിയിരിക്കുന്നു. ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായ സർവ്വശക്തിയുള്ള ദൈവമായ കർത്താവു (വെളി.1:8) യോഹന്നാനെ സ്വർഗ്ഗീയദർശനത്താൽ നിറച്ചു പലതും കാണിക്കുകയും ഗ്രഹിപ്പിക്കയും ചെയ്തശേഷം ദൈവകല്പനപ്രകാരം എഴുതിയതാണ് വെളിപ്പാടു പുസ്തകം. യേശുക്രിസ്തുവിന്റെ വെളിപ്പാടായി(വെളി.1:1) യോഹന്നാൻ ഇതിനെ വിവരിക്കുന്നു. *"നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിക്കാനിരിക്കുന്നതും എന്റെ വലങ്കയ്യിൽ ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ വിവരവും എഴുതുക"*(വെളി.1:19,20) എന്ന വാക്യപ്രകാരം യേശുക്രിസ്തു പറഞ്ഞു കൊടുത്ത കാര്യങ്ങൾ യോഹന്നാൻ എഴുതി എന്നു മനസ്സിലാക്കാം. അതായത് യോഹന്നാൻ ഗ്രന്ഥകാരനല്ല മറിച്ച് എഴുത്തുകാരൻ മാത്രം എന്നർത്ഥം. ആരംഭത്തിൽ സഭയെക്കുറിച്ചും, മദ്ധ്യത്തിൽ യിസ്രായേലിലെക്കുറിച്ചും, അവസാനഭാഗത്തു ജാതികളെക്കുറിച്ചുമുള്ള പ്രവചനങ്ങൾ ഉൾക്കൊള്ളുന്നു. സഭയുടെ ഏറ്റവും വലിയ പ്രത്യാശയെന്നത് നമ്മുടെ കർത്താവിന്റെ പുനരാഗമനമാണ്. സഭയുടെ ഉത്പ്രാപണം (3:11), മരിച്ച വിശുദ്ധന്മാരുടെ പുനരുത്ഥാനം(20:5,6), മൂന്നരവർഷക്കാലമുള്ള മഹാപീഡനകാലം ഉൾപ്പെട്ട ഏഴു വർഷത്തെ പീഡനകാലം (7:14/11:2,3/12:6,14,15/13:5), അന്തിക്രിസ്തുവിന്റെ വാഴ്ച (13), ഹർമ്മഗെദ്ദോൻ യുദ്ധവും ആയിരം ആണ്ടു വാഴ്ചയും(16:16/19:19—21), ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത(1:17/19:11), വെള്ളസിംഹാസനത്തിൻ മുമ്പാകെയുള്ള അന്ത്യന്യായവിധി(20:11), പുതിയ ആകാശവും പുതിയ ഭൂമിയും (21:1). എന്നിങ്ങനെയുള്ള സകല ഭാവികാലസംഭവങ്ങളും ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പഴയനിയമത്തിൽ മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ എന്നപോലെ അപ്പൊസ്തലനായ യോഹന്നാന്റെ പഞ്ചഗ്രന്ഥങ്ങളിൽ ഒന്നാണിത്. ഒരു സുവിശേഷം, മൂന്നു ലേഖനങ്ങൾ, ഒരു വെളിപ്പാടു എന്നിവ ഉൾപ്പെട്ട പഞ്ചഗ്രന്ഥങ്ങളിൽ ചരിത്രം, ഉപദേശം, പ്രവചനം എന്നീ വിഷയങ്ങൾ യഥാക്രമം അടങ്ങിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ ആളത്വശ്രേഷ്ഠത ഇവയിൽ കാണാം. ഗലീലയിൽ മനുഷ്യനായി പിറന്ന യേശു സാക്ഷാൽ ദൈവപുത്രനാണെന്നു സുവിശേഷവും, ഈ ദൈവപുത്രനാണ് യേശുക്രിസ്തുവായ ദൈവം എന്നു ലേഖനവും, സകലത്തിന്റെയും വിജയകരമായ പരിസമാപ്തി ദൈവമനുഷ്യനായ ക്രിസ്തുവിൽകൂടിയാണന്ന് വെളിപ്പാടും സമർത്ഥിക്കുന്നു.

**പുസ്തക നാമധേയം —**

"വെളിപ്പാട് "എന്ന നാമകരണത്തിൽതന്നെ ഈ പുസ്തകത്തിന്റെ സന്ദേശം അടങ്ങിയിരിക്കുന്നു — "യേശുക്രിസ്തുവിന്റെ വെളിപ്പാടു "- വെളി.1:1 - (The Revelation of Jesus Christ). പുതിയനിയമത്തിൽ "വെളിപ്പാട് "എന്നപദം വിവിധ സന്ദർഭങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതായി കാണാം.—(1) രക്ഷിക്കപ്പെട്ടവർക്കു വെളിപ്പെടുന്ന നിത്യതേജസ്സ് (റോമ.8:18), (2) ദൈവപുത്രന്മാരുടെ പ്രത്യക്ഷപ്പെടൽ (റോമ.8:19), (3) ക്രിസ്തുവിന്റെ ജനനം (ലൂക്കൊ2:30), (4) ആത്മീകമർമ്മങ്ങൾ വെളിപ്പെടുത്തുന്നതിന് (റോമ.16:25/ ഗലാ.1:12/ എഫെ.1:17/ എഫെ.3:3) (5) ആത്മീകപ്രവർത്തനത്തിനുള്ള ദൈവഹിതം തിരിച്ചറിയുന്നതിന് (ഗലാ.2:2), (6) അന്ത്യകാലത്തു വെളിപ്പെടുന്ന ദൈവത്തിന്റെ നീതി (റോമ.2:5). "വെളിപ്പാടു" എന്ന മലയാളപദത്തിന് വെളിപ്പെടുത്തുക അഥവാ പ്രത്യക്ഷമാക്കുക എന്നർത്ഥം. ഇതിന്റെ ഇംഗ്ളീഷ് പദമായ റെവിലേഷൻ (Revelation)എന്നതിനു രഹസ്യമായതിനെ വെളിപ്പെടുത്തൽ, ദിവ്യമോ ദൈവികമോ ആയ വെളിപ്പാട്, ദൈവം മനുഷ്യനു നൽകുന്ന വെളിപ്പാട്, ദൈവികമായി വെളിപ്പെടുത്തുന്ന വസ്തുത എന്നൊക്കെ അർത്ഥം. റെവിലേഷൻ (Revelation)എന്ന ഇംഗ്ളീഷ് പദത്തിനു അപ്പൊകാലിപ്സ് (Apocalypse) എന്നും പറയാറുണ്ട്. എബ്രായഭാഷയിൽ ഗാലാ (Gala) എന്നും, ലാറ്റിൻ ഭാഷയിൽ റെവെലേഷ്യോ (Revelatio) എന്നും പറയുന്നതിന്റെ അർത്ഥവും വെളിപ്പാട് എന്നാണ്. ഗ്രീക്കിൽ **"അപ്പോക്കാലിപ്സിസ് "** (Apokalupsis ) എന്നു പറയുന്നു. ഈ ഗ്രീക്കു പദത്തിന്റെ അർത്ഥം *മറ നീക്കുക, അനാഛാദനം ചെയ്യുക, തിരശ്ശീല നീക്കുക, വെളിപ്പെടുത്തുക, പ്രദർശിപ്പിക്കുക* എന്നൊക്കെയാണ്. (The word "*Apokalupsis*" is a combination of two greek words, namely "*apo*" and "*kalupsis*". Apo means "away from" and kalupsis means "veiling". Apokalupsis means unveiling or revealing) ആത്മീകാർത്ഥത്തിൽ ചിന്തിച്ചാൽ പരിശുദ്ധാത്മാവു സകല തിരശ്ശീലകളും മറകളും നീക്കി സ്വർഗ്ഗത്തിൽ മഹത്വധാരിയായി വസിക്കുന്ന ക്രിസ്തുവിനെയും, തന്റെ ശുശ്രൂഷകളെയും, പരമാധികാരത്തെയും പ്രദർശിപ്പിക്കുകയാണ്.

**എഴുത്തുകാരൻ** :

വെളിപ്പാടിന്റെ ഗ്രന്ഥകർത്താവ് യേശുക്രിസ്തുവാണ്. എന്നാൽ എഴുത്തുകാരൻ കർത്താവിന്റെ ശിഷ്യനും, അപ്പൊസ്തലനുമായ യോഹന്നാനാണ്. യോഹന്നാന്റെ വെളിപ്പാടെന്നല്ല; മറിച്ചു യോഹന്നാനുണ്ടായ വെളിപ്പാടും, യേശുക്രിസ്തുവിന്റെ വെളിപ്പാടുമാണ്. അതായത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാട് യോഹന്നാനിലൂടെ ലഭിച്ചുവെന്നർത്ഥം. എഴുത്തുകാരനായ യോഹന്നാൻ തന്റെ പേര് വെളിപ്പാടു പുസ്തകത്തിൽ നാലുപ്രാവശ്യം പറഞ്ഞിട്ടുണ്ട്(വെളി.1:1/1:4/1:9/22:8). യോഹന്നാൻ എന്ന പേരിന്റെ അർത്ഥം *"ദൈവം കൃപയുള്ളവനാകുന്നു"* (Jehovah has been gracious) എന്നാണ്. ഗലീലയിൽ ബെത്ത്സെയിദ(യോഹ. 1:44)ആയിരുന്നു സ്വന്തസ്ഥലം. സെബദിയുടെ മകനും യാക്കോബിന്റെ സഹോദരനും ആയിരുന്നു. (മർക്കൊ. 1:19,20/ ലൂക്കൊ.5:10). ശലോമ ആയിരുന്നു മാതാവെന്നു കരുതാം (മർക്കൊ.15:40,16:1/മത്താ.27:56). മീൻ പിടുത്തമായിരുന്നു ആദ്യത്തെ തൊഴിൽ (മത്തായി. 4:21). അപ്പൊസ്തലനായ യോഹന്നാൻ കർത്താവിനോടുകൂടെ ചില പ്രത്യേക സന്ദർഭങ്ങളിൽ അനുഗമിക്കുവാൻ ഭാഗ്യം ലഭിച്ച മൂവരിൽ ഒരുവനായിരുന്നു (മത്താ.17:1/മത്താ.26:37/മർക്കൊസ്.5:37). ഒലിവുമല പ്രഭാഷണ വേളയിൽ കർത്താവിനോടൊപ്പമുണ്ടായിരുന്ന നാലു പേരിൽ ഒരുവനായിരുന്നു യോഹന്നാൻ (മർക്കൊ.13:3). കർത്താവിന്റെ മാറോടു ചാരിയിരുന്നവൻ, യേശു സ്നേഹിച്ച ശിഷ്യൻ (യോഹ.13:23/ 19:26/20:2/21:7/21:20) എന്നൊക്കെ യോഹന്നാനെപ്പറ്റി പറഞ്ഞിട്ടുണ്ട്. അവസാനത്തെ പെസഹ ഒരുക്കുവാൻ കർത്താവു അയച്ച രണ്ടുപേരിൽ(പത്രൊസ്, യോഹന്നാൻ)ഒരുവനായിരുന്നു യോഹന്നാൻ (ലൂക്കൊ.22:8). യേശുകർത്താവിന്റെ അമ്മ മറിയയെ സംരക്ഷിക്കുവാൻ യോഹന്നാനെയാണ് ഏൽപ്പിച്ചത് (യോഹ.19:25-27). സഹോദരനായ യാക്കോബിനെ ചേർത്തു "ഇടിമക്കൾ" (Sons of Thunder) എന്നും അറിയപ്പെട്ടിരുന്നു (മർക്കൊ.3:17). യാക്കോബ്, പത്രൊസ്, യോഹന്നാൻ എന്നിവരെ സഭയുടെ "തൂൺ"(Pillar)എന്നു പൗലൊസ് വിശേഷിപ്പിച്ചിട്ടുണ്ട് (ഗലാ.2:9). സുവിശേഷത്തിലും, ലേഖനങ്ങളിലും സ്നേഹത്തെക്കുറിച്ചു വളരെ കാര്യങ്ങൾ യോഹന്നാൻ പറഞ്ഞിരിക്കുന്നതിനാൽ **സ്നേഹത്തിന്റെ അപ്പൊസ്തലൻ** എന്നും അറിയപ്പെടുന്നു. യോഹന്നാൻ എഴുതിയ സുവിശേഷത്തിലും വെളിപ്പാടിലും മാത്രം യേശുക്രിസ്തുവിനെ കുഞ്ഞാടായും (വെളി.5:6,8,12 > യോഹ.1:29,36), വിശ്വസ്തസാക്ഷിയായും (വെളി.1:5 > യോഹ.5:31,32), ദൈവവചനമായും (വെളി.19:13 > യോഹ.1:1) അവതരിപ്പിച്ചിരിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് (14 എണ്ണം) കഴിഞ്ഞാൽ പുതിയനിയമത്തിൽ ഏറ്റവും കൂടുതൽ ഗ്രന്ഥങ്ങൾ (5 എണ്ണം)എഴുതിയത് യോഹന്നാൻ ആണ്. *"വിശ്വാസത്താൽ നീതീകരണം"* എന്ന ഉപദേശത്തെ പൗലൊസ് ഉയർത്തിപ്പിടിക്കുമ്പോൾ *"വീണ്ടും ജനനം"* എന്ന വിഷയത്തിന് യോഹന്നാൻ ഊന്നൽ കൊടുക്കുന്നു. പത്മൊസിലേക്കു നാടുകടത്തപ്പെടുന്നതിനു മുമ്പു യോഹന്നാൻ എഫസൊസിലും സമീപപ്രദേശങ്ങളിലും ആയിരുന്നു പ്രവർത്തിച്ചത്.

**ആർക്കെഴുതി** :

ആസ്യയിലെ ഏഴു സഭകൾക്കും ലോകത്തിൽ എവിടെയും ഉള്ള വിശ്വാസികൾക്കും.

**എഴുതിയ കാലം, സ്ഥലം** :

ഏകദേശം AD- 95- ൽ പത്മൊസ് ദ്വീപിൽ വച്ചു തനിക്കു ലഭിച്ച ദർശനത്തിനു ശേഷം 96-- ൽ താൻ എഫെസോസിൽ തിരികെ വന്നശേഷം എഴുതിയതാണ്. പത്മൊസ് ഏഷ്യാമൈനറിന്റെ പശ്ചിമതീരത്തു നിന്നു 30 മൈൽ ദൂരെ (48 km) ഈജിയൻ കടലിലുള്ള (Aegean Sea) കരിമ്പാറകൂട്ടങ്ങളുള്ള ഒരു ചെറിയ ദ്വീപാണ്. ഏകദേശം 10 മൈൽ (16 km) നീളവും 5 മൈൽ (8 km) വീതിയുമുള്ള ഏകാന്തമായ ദ്വീപാണ് പത്മൊസ്. റോമൻ ഭരണകാലത്തു കുറ്റവാളികളെ നാടുകടത്തുവാൻ ഉപയോഗിച്ച സ്ഥലമായിരുന്നു. ദൈവവചനവും, യേശുക്രിസ്തുവിന്റെ സാക്ഷ്യവും അറിയിച്ച കുറ്റത്തിനാണ് യോഹന്നാനെ നാടുകടത്തിയത്. (വെളി.1:9).

**എഴുതിയ പശ്ചാത്തലം** :

ക്രിസ്ത്യാനിത്വത്തിന്റെ ആരംഭകാലങ്ങളിൽ റോമൻ ഭരണാധികാരികൾ ക്രിസ്തു വിശ്വസികളെ ഏറ്റവും വെറുത്തിരുന്നു. വിഗ്രഹാരാധികളായ ഇക്കൂട്ടർ വിഗ്രഹങ്ങളെ ആരാധിക്കാത്ത വിശ്വാസികളെ ദൈവം ഇല്ലാത്തവരെന്ന കുറ്റം ചുമത്തി. അന്ധവിശ്വാസികളെന്നും, സങ്കല്പദൈവത്തിന്റെ പുറകേ പോകുന്നവരെന്നും, ഭരണകർത്താക്കളെ ദൈവമായി അംഗീകരിക്കാത്തതിനാൽ രാജ്യദ്രോഹികളെന്നും മുദ്രകുത്തി വിശ്വാസികൾക്കു നേരെ പീഡനങ്ങൾ അഴിച്ചു വിട്ടു. നീറോചക്രവർത്തിയുടെ ഭരണകാലയളവിൽ (A.D-54--68) വിശ്വാസികൾക്കും സഭകൾക്കും അതിക്രൂരമായ പീഡനങ്ങൾ സഹിക്കേണ്ടി വന്നു. സന്ധ്യാസമയത്തുള്ള നീറോ ചക്രവർത്തിയുടെ രഥയാത്രയ്ക്കു വെളിച്ചമായി ഉദ്യാനവഴിയോരങ്ങളിൽ

ക്രിസ്ത്യാനികളെ ജീവനുള്ള എരിയുന്ന തീപ്പന്തങ്ങളായി നിറുത്തി ചക്രവർത്തി രസിച്ചിരുന്നു. നീറോക്കു ശേഷം അധികാരത്തിൽ വന്ന ഭരണാധികാരികൾ ക്രിസ്ത്യാനികളെ പീഡിപ്പിച്ചെങ്കിലും എ.ഡി. 80 മുതൽ 96 വരെ ഭരിച്ച ഡൊമീഷ്യൻ (Titus Flavius Domitian) ക്രിസ്തുവിശ്വാസികളെ ഭൂമിയിൽ നിന്നു തന്നെ തുടച്ചു നീക്കുമെന്ന പ്രഖ്യാപനത്തോടെ ക്രൂരമായ പീഡനങ്ങൾ നടത്തി. "നമ്മുടെ കർത്താവും ദൈവവുമായ ഡൊമീഷ്യൻ ചക്രവർത്തി" എന്നു ജനങ്ങൾ സംബോധന ചെയ്യണമെന്നു കൊട്ടാരത്തിൽ നിന്നു പ്രഖ്യാപനമുണ്ടായി. എന്നാൽ ക്രിസ്ത്യാനികൾ ഡൊമീഷ്യസിനെ "കർത്താവും ദൈവവും" (Lord and God) എന്നു സംബോധനചെയ്യുവാനോ, അംഗീകരിക്കുവാനോ, ആരാധിക്കുവാനോ തയ്യാറായില്ല. ഇതേ തുടർന്നു അനേകർ രക്തസാക്ഷികളായി ജീവൻ വെടിയുവാനിടയായി. എഡി.95-ൽ അപ്പൊസ്തലനായ യോഹന്നാനും തിളയ്ക്കുന്ന എണ്ണയിൽ ഇടപ്പെട്ടു എന്നു പറയപ്പെടുന്നു. എന്നാൽ എണ്ണ തണുത്തു പോയതിനാലോ മറ്റോ രക്ഷപ്പെട്ട യോഹന്നാനെക്കണ്ട ചക്രവർത്തി ഭയപ്പെട്ട്, കൊല്ലാതെ ഉടൻതന്നെ വിജനമായ പത്മോസ് ദ്വീപിലേക്കു നാടു കടത്തി. എ.ഡി. 96--ൽ ഡൊമീഷ്യസ് മരിച്ചതിനെ തുടർന്നു ഭരണത്തിൽ വന്ന "നെർവ്വാ" ചക്രവർത്തിയുടെ കാലത്തു യോഹന്നാൻ പത്മൊസിൽ നിന്നും മോചിതനായി എഫസോസിൽ എത്തി. പത്മൊസ്ദ്വീപിൽ ഏകനായിരിക്കുമ്പോൾ ഉയിർത്തെഴുന്നേറ്റ, മഹത്വധാരിയും, തേജോമയനും, ജയാളിയുമായ യേശുക്രിസ്തുവിനെപ്പററിയുള്ള ദർശനങ്ങൾ യോഹന്നാനു ലഭിക്കുന്നു. ആദ്യജാതൻ, ഭൂരാജാക്കന്മാർക്കു അധിപതി, സർവ്വഭൂമിയേയും ഭരിക്കുന്ന രാജാധിരാജാവു, ശ്രേഷ്ഠമഹാപുരോഹിതൻ, ന്യായാധിപതി എന്നിങ്ങനെ ക്രിസ്തുവിന്റെ അധികാരത്തെയും വ്യക്തിത്വത്തെയും കുറിച്ചുള്ള സ്വർഗ്ഗീയദർശനങ്ങളായിരുന്നു അവ.

**വെളിപ്പാട് പുസ്തകത്തിന്റെ ലക്ഷ്യം** :

(1) ക്രിസ്തുവിന്റെ വ്യക്തിത്വം പൂർണ്ണമായും വെളിപ്പെടുത്തി വിശ്വാസികൾക്കു മുന്നറിയിപ്പും, പ്രത്യാശയും, ധൈര്യവും നൽകുക.

(2) ഭരണാധികാരികളിൽ നിന്നുണ്ടായ പീഡകൾ വിശ്വാസികളെ തളർത്തിയപ്പോഴും, സഭയിലേക്കു ദുരുപദേശങ്ങളും ആചാരാനുഷ്ഠാനങ്ങളും കടന്നു വന്നപ്പോഴും അവർ സഹിഷ്ണുത പാലിക്കുവാനും വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാനും പ്രബോധിപ്പിക്കുക.

(3) സഭായുഗത്തിലെ വിശ്വാസികൾ ആത്മീകമായി ഉണർത്തപ്പെടുവാൻ.

(4) സഭ എടുക്കപ്പെട്ടശേഷം ഭൂമിയിൽ അരങ്ങേറുന്ന സാത്താന്യവാഴ്ചയെയും അതോടനുബന്ധിച്ചു ഭൂവാസികളുടെമേൽ ചൊരിയപ്പെടുന്ന അതിഘോരമായ ദൈവീകന്യായവിധിയുടെ പ്രവചനങ്ങളും മനസ്സിലാക്കി സഭാകാലവിശ്വാസികൾ ദൈവത്തെ സ്തുതിക്കുകയും വിശുദ്ധിപാലിച്ചു കർത്താവിന്റെ വാനമേഘങ്ങളിലെ വരവിനായി കാത്തിരിക്കുകയും ചെയ്യുക.

**വെളിപ്പാട് പുസ്തകത്തിന്റെ പ്രത്യേകതകൾ —**

**(1) വെളിപ്പാട് നിവൃത്തിയുടെ പുസ്തകം (Revelation is a book of Perfection) —**

ഉല്പത്തിയിലൂടെ ആദിയിൽ ദൈവം തന്റെ ഹിതപ്രകാരമുള്ള പ്രവർത്തനങ്ങൾക്കു ആരംഭം കുറിച്ചത് വെളിപ്പാടു പുസ്തകത്തിൽ പൂർത്തീകരിക്കപ്പെടുന്നു. ആയതിനാൽ ഇതിനെ നിവൃത്തിയുടെ പുസ്തകം അഥവാ സമാപ്തഗ്രന്ഥം എന്നും അറിയപ്പെടുന്നു (Revelation is a book of Perfection). സകലസമാപ്തിയുടെയും പുസ്തകമെന്ന നിലയിൽ ബൈബിളിൽ ഈ പുസ്തകത്തെ പരിശുദ്ധാത്മാവു അവസാനത്തെ ഗ്രന്ഥമായി ക്രമീകരിച്ചിരിക്കുന്നു. ഉല്പത്തി പുസ്തകത്തിൽ പറുദീസാ (സ്വർഗ്ഗരാജ്യം) നഷ്ടമായതിനെക്കുറിച്ചു പറയുന്നുവെങ്കിൽ (Paradise lost) വെളിപ്പാടു പുസ്തകത്തിൽ പറുദീസാ തിരികെ ലഭിക്കുന്നതിനെക്കുറിച്ചു (Paradise regained) വിവരിക്കുന്നു. ഉല്പത്തി പഴയ നിസ്സഹായാവസ്ഥയെയും വീഴ്ചയെയും വെളിപ്പെടുത്തുമ്പോൾ വെളിപ്പാടു ഭാഗ്യകരമായ ഭാവി പ്രത്യാശയെ ഉണർത്തുന്നു. ബൈബിൾ സത്യങ്ങളുടെയും വാഗ്ദത്തങ്ങളുടെയും പൂർണ്ണമായ പൂർത്തീകരണം വെളിപ്പാടിൽ അടങ്ങിയിരിക്കുന്നു.

**(2) വെളിപ്പാട് പ്രവചനപുസ്തകം (Revelation is a book of Prophecy)—**

പുതിയനിയമത്തിലെ ഏക പ്രവചനഗ്രന്ഥമാണ് വെളിപ്പാട്. (Revelation is a book of Prophecy) ഏഷ്യാമൈനറിലെ ഏഴുസഭകൾക്കുള്ള അടിയന്തരസന്ദേശങ്ങൾ ഉൾക്കൊള്ളുന്നുവെങ്കിലും, ഇന്നത്തെ സഭകൾക്കും ബാധകമായതും, ഭാവിയിൽ സംഭവിക്കുവാൻ പോകുന്നതുമായ അനേക പ്രവചനങ്ങളും അടങ്ങിയിരിക്കുന്നു. വെളിപ്പാടുപുസ്തകത്തിലെ പ്രവചനഭാഗങ്ങൾ ദൈവശാസ്ത്രപഠനത്തിൽ അന്ത്യകാലശാസ്ത്രത്തിൽ (Eschatology) ഉൾപ്പെടുന്നു. സഭയുടെ പ്രത്യാശ, ക്രിസ്തുവിന്റെ രണ്ടാം വരവ്, രഹസ്യപ്രത്യക്ഷതയും പരസ്യപ്രത്യക്ഷതയും, കുഞ്ഞാടിന്റെ കല്യാണം, പീഡനകാലവും മഹാപീഡനകാലവും, അന്തിക്രിസ്തുവിന്റെ ഭരണം, ആയിരം ആണ്ടു വാഴ്ച, ക്രിസ്തുവിന്റെ ന്യായാസനം, രണ്ടു

വലിയ യുദ്ധങ്ങൾ, തേജസ്സിന്റെ സിംഹാസനം, വെള്ള സിംഹാസനം, പുതിയ യെരുശലേം, പുതിയ ആകാശവും പുതിയ ഭൂമിയും സ്വർഗ്ഗവും നരകവും എന്നിങ്ങനെ ഭാവിയിൽ സംഭവിക്കുവാനുള്ള കാര്യങ്ങളുടെ പ്രവചനങ്ങളടങ്ങിയിരിക്കുന്നു. സംഖ്യാക്രമമനുസരിച്ചു പുതിയനിയമത്തിലെ ഇരുപത്തിയേഴാമത്തെ (27) പുസ്തകമാണ് വെളിപ്പാട്. പഴയനിയമത്തിലെ ഇരുപത്തിയേഴാമത്തെ (27)പുസ്തകമായ ദാനീയേൽപ്രവചനം പോലെ ഈ പ്രവചനഗ്രന്ഥം ഭാവിയിലുള്ള ന്യായവിധികളുടെ പ്രദർശനം കൂടിയാണ്. എഴുത്തുകാരെ സംബന്ധിച്ചും ഏററം പ്രിയപുരുഷനായ ദാനീയേലിനെപ്പോലെ യോഹന്നാനും ഏററവും പ്രിയശിഷ്യനായിരുന്നു. ബൈബിളിലെ എല്ലാ പ്രവചനങ്ങളുടെയും പൂർത്തീകരണം വെളിപ്പാടു പുസ്തകത്തോടു അവസാനിക്കുന്നു. ദൈവവചനത്തോടു യതൊന്നും കൂട്ടിചേർക്കുവാനോ, കുറയ്ക്കുവാനോ പാടില്ലെന്നു ബൈബിളിൽ മൂന്നു ഭാഗങ്ങളിൽ ദൈവാത്മാവു വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ ഒരെണ്ണം വെളിപ്പാടിലാണ് (ആവ.4:2, സദൃ.30:6, വെളി.22:18,19). വെളി.22:18,19 പ്രകാരം വെളിപ്പാടു പുസ്തകത്തിനു ശേഷം യാതൊരു ഉപദേശങ്ങളോ, പ്രവചനങ്ങളോ ചേർക്കുന്നതും, ഇതിൽ നിന്നും ഏതെങ്കിലും വിട്ടുകളയുന്നതും നിരോധിച്ചിരിക്കുന്നു. പ്രവചനഗ്രന്ഥമെന്ന നിലയിൽ ഇതു വായിച്ചിട്ടു ഇതിനോടു ചേർത്തും എന്തെങ്കിലും പ്രവചിക്കുവാനോ പ്രവാചകനായി പേരെടുക്കുവാനോ ദൈവവചനം ആരെയും അനുവദിക്കുന്നില്ല. എന്നാൽ ഭാവികാലത്തു സംഭവിക്കുവാൻ പോകുന്ന സംഭവങ്ങളുടെ ഘോരത മനസ്സിലാക്കി ദൈവഭക്തിയുള്ളവരായി ജീവിക്കുകയും, അനേകരെ നീതിപാതകളിൽ നടക്കുവാൻ ഉപദേശിച്ചുംകൊണ്ടു കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിനായി ഒരുങ്ങിയിരിക്കുകയും വേണം.

**(3) വെളിപ്പാട് ഏഴുകളുടെ പുസ്തകം (Revelation is a Book of sevens) —**

യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായ അറുക്കപ്പെട്ട കുഞ്ഞാടായ ക്രിസ്തു ഏഴു മുദ്രകളുള്ള ഒരു പുസ്തകം സിംഹാസനത്തിലിരിക്കുന്ന ദൈവത്തിൽ നിന്നു വാങ്ങുന്നതായി യോഹന്നാൻ ദർശിക്കുന്നു(വെളി.5). വേദപുസ്തകത്തിൽ ഏറെ പ്രാധാന്യവും, പൂർണ്ണതയും പ്രദർശിപ്പിക്കുന്ന സംഖ്യയാണ് ഏഴ്. മനുഷ്യനോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ ഉടമ്പടി സംഖ്യായി (Seven is a covenant number, the sign of Gods covenant relation to mankind, and especially to the Church) ഏഴിനെ കരുതാം (ഉല്പ.2:3/യെഹെ.20:12). മൂന്നും നാലും കൂട്ടിയാൽ ഏഴു ലഭിക്കുന്നു (3+4 =7). പൊതുവേ വേദപുസ്തകത്തിൽ മൂന്നു എന്ന സംഖ്യ ദൈവികമായതിനെയും (divine number), നാലു എന്നത് ഭൗമികമായതിനെയും (number of the organised world) കുറിക്കുന്നു. ഉദാഹരണമായി ദൈവികത്രിത്വം (യെശ.6:3), ദൈവാനുഗ്രഹം (സംഖ്യാ.6:24-26), മനുഷ്യനിലെ ദേഹം, ദേഹി, ആത്മാവു എന്നിവയെല്ലാം മൂന്നിനെ പ്രകടമാക്കുന്നു. നാല് എന്ന സംഖ്യ ഈ ലോകത്തോടു ബന്ധപ്പെട്ടിരിക്കുന്ന നാലുകാലാവസ്ഥകൾ, നാലു കാറ്റുകൾ, നാലു ദിക്കുകൾ, നാലു മുഖങ്ങൾ, നാലു ചിറകുകൾ, നാലു ലോഹങ്ങൾ (ദാനീ.2:32,33), നാലു മൃഗങ്ങൾ (ദാനീ.7:3), ജാതീയശത്രുക്കളെക്കുറിക്കുന്ന നാലു കൊമ്പുകൾ (സെഖ.1:18) എന്നിവയെ പ്രകടമാക്കുന്നു. തിരുവചനത്തിൽ അനേക ഏഴുകൾ കാണാം. (1) ശബ്ബത്ത് ഏഴാം ദിവസം > ഉല്പ.2:3 (2) ഹാനോക്ക് ആദാമിൽ നിന്നു ഏഴാമൻ > ഉല്പ.5:18 /യൂദാ.4 (3) പെട്ടകത്തിൽ പ്രവേശിക്കുന്നതിനു ഏഴുദിവസം സാവകാശം > ഉല്പ.7:4 (4) റാഹേലിനായി യാക്കോബ് ഏഴു വർഷം ലാബാനെ സേവിച്ചു > ഉല്പ.29:20 (5) മിസ്രയിമിൽ ഏഴു വർഷത്തെ സമൃദ്ധിയുടെ നാളുകളും ഏഴു വർഷത്തെ ക്ഷാമത്തിന്റെ നാളുകളും > ഉല്പ.41:29,30 (6) ഏഴു പുരോഹിതന്മാർ ഏഴു കാഹളവുമായി യെരിഹോ പട്ടണത്തിനുചുറ്റും ഏഴുദിവസം വലം വെച്ചു > യോശു.6:4 (7) നയമാൻ കുഷ്ഠശുദ്ധീകരണത്തിനായി യോർദ്ദാനിൽ ഏഴു പ്രാവശ്യം മുങ്ങി > 2.രാജാ.5:14 (8) കുഷ്ഠശുദ്ധീകരണം പ്രാപിക്കുവാനുള്ളവന്റെ മേൽ ഏഴുപ്രാവശ്യം രക്തം തളിക്കുന്നു > ലേവ്യ.14: 7 (9) കൃപാസനത്തിനു മുമ്പിൽ ഏഴു പ്രാവശ്യം രക്തം തളിക്കൽ > ലേവ്യ.16:14 (10)യഹോവയുടെ ഏഴു ഉത്സവങ്ങൾ > ലേവ്യാ.23 (11) ഇയ്യോബിന്റെ സ്നേഹിതന്മാർ ഏഴു രാപ്പകൽ അവനോടു കൂടെ നിലത്തിരുന്നു > ഇയ്യോ.2:13 (12) ക്രൂശിൽ കർത്താവിന്റെ ഏഴു മൊഴികൾ.

വെളിപ്പാടു പുസ്തകത്തിൽ അനേക ഏഴുകളെ കാണാം.

(1) ഏഴു സഭകൾ > 1:4 (2) ഏഴു ആത്മാക്കൾ >1:4 (3) ഏഴു പൊൻ നിലവിളക്കുകൾ >1:13 (4) ഏഴു നക്ഷത്രം >1:16 (5) ഏഴു ദീപങ്ങൾ > 4:5 (6) ഏഴു മുദ്രകൾ > 5:1 (7) ഏഴു കൊമ്പ് > 5:6 (8) ഏഴു ദൈവാത്മാക്കൾ > 5:6 (9) ഏഴു കണ്ണ് > 5:6 (10) ഏഴു ദൂതന്മാർ > 8:2 (11) ഏഴു കാഹളം > 8:2 (12) ഏഴു ഇടി, ഏഴു ഇടി നാദം > 10:4 (13) ഏഴു തലയും ഏഴു രാജമുടിയും > 12:3 (14) ഏഴു തല > 13:1 (15) ഏഴു ബാധ > 15:1 (16) ഏഴു മല >17:9 (17) ഏഴു കലശം >17:1 (18) ഏഴു രാജാക്കന്മാർ >17:10.

**(4) വെളിപ്പാടു പുസ്തകം ഒരു തുറന്ന പുസ്തകമാണ് (Revelation is an Open Book —**

തുറന്ന വാതിൽ (വെളി.3:8/4:1), തുറന്ന പുസ്തകങ്ങൾ (വെളി.5:5/10:8/20:12), തുറന്നമുദ്രകൾ (വെളി.6:1), തുറന്ന ദൈവാലയം (വെളി.11:19/15:5), തുറന്ന സ്വർഗ്ഗം (വെളി.19:11), തുറന്ന ഗോപുരങ്ങൾ (വെളി.21:25) എന്നിങ്ങനെ തുറന്ന അനേക കാര്യങ്ങൾ ഈ തുറന്ന പുസ്തകത്തിൽ കാണുന്നു. പഴയനിയമത്തിൽ ദാനീയേൽ പ്രവാചകനോട് ദൈവം നിർദ്ദേശിച്ചത് *"നീയോ ദാനീയേലേ, അന്ത്യകാലംവരെ ഈ*

*വചനങ്ങളെ അടെച്ചു പുസ്തകത്തിന്നു മുദ്രയിടുക"* (ദാനീ. 12: 4). എന്നാൽ വെളിപ്പാടുപുസ്തകത്തിൽ യോഹന്നാനോടു കൽപ്പിക്കുന്നത് *"സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുതു........ ഇതാ, ഞാൻ വേഗം വരുന്നു"*. (വെളി.22:10,11,12). അതായത് ദൈവത്തിന്റെ പരമാധികാരം, സഭയെക്കുറിച്ചുള്ള തന്റെ ദിവ്യദർശനങ്ങൾ, ഒക്കെ അറിയുവാനുള്ള **"ഒരു തുറന്ന പുസ്തകമാണ് വെളിപ്പാടു"** (Revelation is an Open Book).

**(5) വെളിപ്പാട് അനുഗ്രഹത്തിന്റെ അഥവാ ഭാഗ്യത്തിന്റെ പുസ്തകമാണ് (Revelation is a Book of Blessings) —**

*"ഈ പ്രവചനത്തിലെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും, കേൾക്കുന്നവരും, അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ, സമയം അടുത്തിരിക്കുന്നു "* (വെളി.1:3) എന്നുള്ള ഭാഗ്യവർണ്ണന ഈ അന്ത്യകാലത്തിൽ ഗ്രന്ഥത്തിന്റെ പ്രാധാന്യതയെ വിളിച്ചറിയിക്കുന്നു. ദൈവ വചനം വായിക്കണം, കേൾപ്പിക്കണം, കേൾക്കണം, പ്രമാണിക്കണം. വെളിപ്പാടിൽ ഏഴു ഭാഗ്യവർണ്ണനകൾ (Seven Beatitudes) കാണാം. (1) 1:3 — വായിച്ചു കേൾപ്പിക്കുന്നവരും, കേൾക്കുന്നവരും, പ്രമാണിക്കുന്ന വരും ഭാഗ്യവാന്മാർ (2)14:13 — കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ (3)16:15 —തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ (4)19:9 —കുഞ്ഞാടിന്റെ കല്യാണസദ്യെക്കു ക്ഷണിക്ക പ്പെട്ടവർ ഭാഗ്യവാന്മാർ (5)20:6 —ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാൻ (6) 22:7 — ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ (7) 22:14 — തങ്ങളുടെ വസ്ത്രം അല ക്കുന്നവർ ഭാഗ്യവാന്മാർ.

**(6) വെളിപ്പാട് സിംഹാസനത്തിന്റെ പുസ്തകമാണ് (Revelation is a Book of Throne) —**

വെളിപ്പാട്. സിംഹാസനം എന്ന പദം 46 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഇതിലെ സിംഹാസനം ക്രിസ്തുവിന്റെ അധികാരത്തെയും മഹത്വത്തെയും പ്രദർശിപ്പിക്കുന്നു. "**രാജാവിന്റെ സിംഹാസനമുറി**"യായി വെളിപ്പാടുപുസ്തകം അറിയപ്പെടുന്നു. പഴയനിയമത്തിൽ മഹാപുരോഹിതൻ അതിവിശുദ്ധസ്ഥലത്തേക്കു പ്രാകാരവും, വിശുദ്ധസ്ഥലവും കഴിഞ്ഞു പ്രവേശിക്കുന്നതുപോലെയാണ് പുതിയനിയമത്തിൽ ക്രിസ്തു എന്ന രാജാവിന്റെ സിംഹാസനമുറിയായ വെളിപ്പാടുഗ്രന്ഥം.

**(7) വെളിപ്പാട് പ്രതിരൂപങ്ങളുടെ പുസ്തകമാണ് (Revelation is a Book of symbols ) —**

വെളിപ്പാടു പുസ്തകത്തിലെ ഭാഷാരീതി സുഗമമായ പഠനത്തിനു അല്പം പ്രയാസമുള്ളതാണ്. സിംബോളിക്ക് (symbolic= conveying meaning by the use of symbols) എന്നാൽ അടയാളങ്ങൾ അഥവാ പ്രതിരൂപങ്ങൾ ഉപയോഗിച്ചുള്ള അവതരണരീതി. ഒരു കാര്യം വെളിപ്പെടുത്തുവാൻ അതുമായി ബന്ധമി ല്ലാത്ത മറ്റൊരു വസ്തുവിലൂടെയോ വസ്തുതയിലൂടെയോ പറഞ്ഞു ആശയങ്ങൾ പരോക്ഷമായി പ്രക ടിപ്പിക്കുന്ന രീതിയാണ് രൂപകഭാഷയിലുള്ള (സിംബോളിക്ക്) അവതരണത്തിലുള്ളത്. ഉദാഹരണമായി വെളി.1:13 -ൽ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. *"ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കു കളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശ്യനാ യവനെയും കണ്ടു"*. ഏഴുപൊൻനിലവിളക്കുകൾ ഏഴു സഭകളെ പ്രതിനിധീകരിക്കുന്നു. നിലവിളക്കുക ളുടെ നടുവിൽ നടക്കുന്ന മനുഷ്യപുത്രൻ യേശുക്രിസ്തു. നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടി യവൻ എന്നത് യേശുക്രിസ്തു രാജാധിരാജാവും, പ്രവാചകശ്രേഷ്ഠനും, മഹാപുരോഹിതനും ആണെ ന്നുള്ള വസ്തുത തെളിയിക്കുന്നു. *"സ്വർഗ്ഗനഗരത്തിലെ വീഥി സ്വച്ഛസ്ഫടികത്തിനു തുല്യമായ തങ്കവും"* (21:21) എന്നു പറയുന്നതിൽ സ്ഫടികം പരിശുദ്ധിയെയും, തങ്കം തേജസ്സിനെയും കുറിക്കുന്നു. *"കുഞ്ഞാട്"* (21:22) യേശുക്രിസ്തുവിനെ കുറിക്കുന്നു. സംഖ്യകളും സിംബോളിക്കു രീതിയിൽ രേഖപ്പെ ടുത്തിയിരിക്കുന്നു. *"ഒരു കാലവും ഇരു കാലവും അരക്കാലവും പോറ്റി രക്ഷിച്ചു"* (12:14) എന്നതിൽ ഒരു കാലം ഒരു വർഷം, അരക്കാലം എന്നത് അര വർഷം, ഇരുകാലം എന്നത് രണ്ടു വർഷം. അതായത് മൂന്നരവർഷത്തെ മഹാപീഡനകാലത്തിൽ സംരക്ഷിച്ചു നടത്തുന്നതിനെ അർത്ഥമാക്കുന്നു. പല കാര ണങ്ങൾ കൊണ്ടാവാം സിംബോളിക്ക് അഥവാ പ്രതിരൂപ ചിഹ്നങ്ങൾ അടങ്ങിയ ഭാഷാരീതി അവലംബി ച്ചിരിക്കുന്നത്. ഈ ലേഖനമെഴുതുന്ന സമയം സഭകളും വിശ്വാസികളും അനവധി പീഡകളിലൂടെ കടന്നു പോകുന്ന അവസരമായിരുന്നു. വിശ്വാസികളെ ഉറപ്പിക്കുവാനും ശക്തി പകരുവാനും നൽകുന്ന ദൂതു കൾ വിശദീകരിക്കുമ്പോൾ അവർ വേഗത്തിൽ മനസ്സിലാക്കണം, അതേസമയം വിശ്വാസികളല്ലാത്ത ഭര ണാധികാരികളുൾപ്പെട്ടവർക്കു മനസ്സിലാകാതിരിക്കുകയും വേണം. റോമൻ ഭരണാധികാരികൾ വെളി പ്പാടിലെ കാര്യങ്ങൾ പെട്ടെന്നു മനസ്സിലാക്കിയാൽ ഈ പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ തന്നെ വിശ്വാസികൾ പീഡിപ്പിക്കപ്പെടും. ഇങ്ങനെയുള്ള അവസ്ഥ ഒഴിവാക്കാനായിരിക്കാം ഈ ഭാഷാശൈലി ഉപയോഗിച്ചിരിക്കുന്നത്. മറ്റൊന്ന് ചിഹ്നങ്ങൾ ഉപയോഗിച്ചാൽ വെളിപ്പെടുത്തുന്ന കാര്യങ്ങൾക്കു ഏറെ

വ്യക്തതയും ദൃഢതയും ലഭിക്കുന്നു. ഉദാഹരണമായി സ്വേച്ഛാധിപതിയായ ഭരണാധികാരിയെ വെളിപ്പെടുത്തുവാൻ മൃഗത്തെയും, ലോകവ്യവസ്ഥയെകാണിക്കുവാൻ ബാബിലോൺ എന്നും ക്രിസ്തുവിനെ കാണിക്കാൻ കുഞ്ഞാടെന്നും, സഭയെ ചിത്രീകരിക്കുവാൻ മണവാട്ടി എന്നോ ഉപയോഗിക്കുമ്പോൾ അവയ്ക്കുള്ള സ്വഭാവവും, വ്യക്തിത്വവും ഏറെ പ്രദർശിപ്പിക്കപ്പെടുന്നു.

**വെളിപ്പാടു പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രതിരൂപങ്ങൾ അഥവാ അടയാളങ്ങൾ** (Symbols used in the book of Revelation) —

വെളിപ്പാടു പുസ്തകരചനയിൽ അനേക അടയാളങ്ങളും പ്രതിരൂപങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആലങ്കാരികഭാഷാരീതിയിലുള്ള അവതരണമാണ് അനേകർക്കും വെളിപ്പാടു പുസ്തകം മനസ്സിലാക്കുവാൻ അല്പം തടസ്സമായിരിക്കുന്നത്. എന്നാൽ ഇവയൊക്കെ തിരുവെഴുത്തിലെ ഇതരഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന അടയാളങ്ങളിലൂടെയും അവയുടെ അർത്ഥങ്ങളിലൂടെയും പെട്ടെന്നു ഗ്രഹിക്കുവാൻ കഴിയും. വെളിപ്പാടു പുസ്തകത്തിൽത്തന്നെ ഉപയോഗിച്ചിരിക്കുന്ന അടയാളങ്ങളും അവയൊക്കെ എന്തിനെ കുറിക്കുന്നു എന്നും മുന്നമേ മനസ്സിലാക്കിയാൽ തുടർന്നുള്ള പഠനത്തിനു ഏറെ പ്രയോജനമായിരിക്കും.

(1) ഏഴു നക്ഷത്രങ്ങൾ (1:16) — ഏഴു സഭകളുടെ ദൂതന്മാർ

(2) ഏഴു പൊൻ നിലവിളക്കുകൾ (1:13) — ഏഴു സഭകൾ

(3) നിക്കൊലാവ്യരുടെ ഉപദേശം (2:15) — വഞ്ചകൻ, ദൈവജനത്തെ ദുരുപദേശത്താൽ അഴിമതിക്കാരക്കുന്ന ഉപദേശം.

(4) മറഞ്ഞിരിക്കുന്ന മന്ന (2:17)— തേജസ്കരിക്കപ്പെട്ട ക്രിസ്തു.

(5) ഉദയനക്ഷത്രം (2:28) — യേശുക്രിസ്തു

(6)ദാവീദിന്റെ താക്കോൽ (3;7)— അടക്കുവാനും തുറക്കുവാനും അധികാരമുള്ള രാജാവ്

(7) ഏഴു കണ്ണുകൾ (5:6) — പരിശുദ്ധാത്മാവ്

(8) ഏഴു ആത്മാക്കൾ (1:4) — പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണത

(9) ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശം (5:8) — വിശുദ്ധന്മാരുടെ പ്രാർത്ഥന

(10) പുസ്തകം തുറക്കുക (5:9)— ദൂത് വെളിപ്പെടുത്തുക.

(11) അഗാധകൂപം (9:1) — സാത്താന്യദൂതന്മാരുടെ തടവറ

(12) പുസ്തകം തിന്നുക (10:9) — വചനം കേട്ടു മനസ്സിലാക്കി അതുപോലെ പ്രവർത്തിക്കുക

(13) സ്ത്രീയും കുട്ടിയും (12:4) — യിസ്രായേലും ക്രിസ്തുവും

(14) മഹാസർപ്പം, പഴയപാമ്പ് (12:9) — സാത്താൻ

(15) ചിറക് (12:14) — സംരക്ഷണം/വിടുതൽ / വേഗത

(16) ഒരു കാലും, ഇരുകാലവും, അരക്കാലവും (12:14) —1260 ദിവസം (12:6)

(17) സമുദ്രത്തിൽ നിന്നു വരുന്ന മൃഗം (13:1-10) — ഭാവി ലോകഭരണാധികാരി

(18) ഭൂമിയിൽ നിന്നു വരുന്ന മൃഗം (13:11-17) — കള്ളപ്രവാചകൻ

(19) കൊയ്ത്ത് (14:16) — ലോകാവസാനം

(20) തവളകൾ (16:13) — ദുരുപദേഷ്ടാക്കൾ.

(21) മഹാവേശ്യ (17:2) — ബാബിലോൺ.

(22) ധൂമ്രവർണ്ണവും കടുഞ്ചുവപ്പും (17:4) — പാപം / അഴിമതി

(23) ബാബിലോൺ (14:8) — കലക്കം, മത്സരം, ദുരുപദേശ ആചാരഅനുഷ്ടാനങ്ങൾ

(24) മർമ്മം: മഹതിയാം ബാബിലോൺ (17:5) — ലോകവ്യാജസഭ

(25) പത്തു കൊമ്പ് (17:12) — പത്തു രാജാക്കന്മാർ / പത്തു രാജ്യങ്ങൾ.

(26) മഹതിയാം ബാബിലോൺ (18:2) — മഹാനഗരമായ ബാബിലോൺ (ദൈവത്തിനെതിരായുള്ള ആചാരാനുഷ്ടാനങ്ങൾ നിറഞ്ഞ നഗരം).

(27) വെള്ളം (22:17) — പരിശുദ്ധാത്മാവ്

(28) പെരുവെള്ളം (17:2) — ജാതികൾ (17:15)

(29) കുഞ്ഞാട് (17:14) — കർത്താധികർത്താവും രാജാധിരാജാവുമായ യേശുക്രിസ്തു.

(30) ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം (19:8) — വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ.

(31) തീപൊയ്ക (20:14,15) — രണ്ടാം മരണം.

**വെളിപ്പാടു പുസ്തകത്തിൽ ക്രിസ്തു —**

"യേശുക്രിസ്തുവിന്റെ വെളിപ്പാട് " എന്നാരംഭിക്കുന്ന ഈ പുസ്തകത്തിൽ ക്രിസ്തു "നിത്യനായ രാജാവ് "(20:13) എന്നതിനുപരിയായി അനേക വിധത്തിൽ ക്രിസ്തുവിനെ വർണ്ണിച്ചിട്ടുണ്ട്. ഇരിക്കുന്നവൻ, ഇരുന്നവൻ വരുന്നവൻ (1:4), ദൈവിക വെളിപ്പാടിന്റെ മാദ്ധ്യമം (1:1), വിശ്വസ്ത സാക്ഷി, മരിച്ചവരിൽ ആദ്യജാതൻ, ഭൂരാജാക്കന്മാർക്കു അധിപതി(1:5), നമ്മെ സ്നേഹിക്കുന്നവൻ, പാപം പോക്കിയവൻ, തന്റെ രക്തത്താൽ വിടുവിച്ചവൻ (1:6), മേഘാരൂഢനായി വരുന്നവൻ (1:7/22:7/22:12/22:20), അൽഫയും ഒമേഗയും (1:8/21:6/22:13),ആദ്യനും അന്ത്യനും (1:17), ജീവിച്ചിരിക്കുന്നവൻ (1:18), ഏഴു നക്ഷത്രം വലങ്കയ്യിൽ പിടിച്ചും കൊണ്ടു ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ (2:1), ജീവവൃക്ഷഫലം കൊടുക്കുന്നവൻ (2:7), ജീവകിരീടം നൽകുന്നവൻ (2:10), മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാളുള്ളവൻ (2:12), അഗ്നിജ്വാലെക്കു ഒത്ത കണ്ണും വെള്ളോട്ടിനു സദൃശ്യമായ കാലും ഉള്ള ദൈവപുത്രൻ (2:18), ജാതികളെ ഇരുമ്പുകോൽ കൊണ്ടു ഭരിക്കുന്നവൻ (2:27), ദൈവത്തിന്റെ ഏഴു ആത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ (3:1), വിശുദ്ധനും സത്യവാനും (3:7), ആരും അടെക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതെ വണ്ണം അടെക്കുകയും ചെയ്യുന്നവൻ (3:7), വിശ്വസ്തനും സത്യവാനുമായ സാക്ഷി, ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ (3:14), യഹൂദാഗോത്രത്തിലെ സിംഹം, ദാവീദിന്റെ വേര് (5:5), കുഞ്ഞാട്, അറുക്കപ്പെട്ട കുഞ്ഞാട് (5:6,8.13/6:1/7:9,10,17/12:11/13:8/14:1/15:3/17:14/19:7/21:9/22:1,3), വിശ്വസ്തനും സത്യവാനുമായ നാഥൻ (6:10), ഇടയനായ കുഞ്ഞാട് (7:17), സീയോൻ മലയിലെ കുഞ്ഞാട് (14:1), ബാബിലോണിന്റെ ന്യായാധിപൻ (18:8), കാന്തൻ (19:7-9),വിശ്വസ്തനും സത്യവാനും (19:11), ദൈവവചനം (19:13), രാജാധിരാജാവും കർത്താധികർത്താവും (19:16), ഭരിക്കുന്ന ക്രിസ്തു (20:4-6), ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവും (22:16), ജീവജലം സൗജന്യമായി കൊടുക്കുന്നവൻ (22:17), കർത്താവായ യേശുക്രിസ്തു (22:21).

**സഭയോടുള്ള ബന്ധത്തിൽ ക്രിസ്തു —**

(1) ക്രിസ്തു സഭകൾക്കു ദൂതു നൽകുന്ന ഉയിർത്തെഴുന്നേറ്റ പുരോഹിതനായ രാജാവ് (Priest King —വെളി.1 — 3).
(2) സ്വർഗ്ഗസിംഹാസനത്തിൽ ഇരിക്കുന്ന, ഭരിക്കുന്ന മഹത്വധാരിയായ ദൈവകുഞ്ഞാട് (Lamb of God –വെളി.4 — 5).
(3) ക്രിസ്തു ഭൂമിയിലുള്ള സകലരുടെയും ന്യായാധിപൻ (Judge — വെളി. 6 — 18).
(4) ക്രിസ്തു ഭൂമിയിലേക്കു വരുന്ന വിജയിയായ രാജാക്കന്മാരുടെ രാജാവ്. (King of Kings –വെളി.19:1 — 7).
(5) ക്രിസ്തു തന്റെ കാന്തയായ സഭയുടെ ആത്മമണവാളൻ (Heavenly Bridegroom) — വെളി.19:7—22:21.

**ഉല്പത്തി, വെളിപ്പാടു പുസ്തകങ്ങൾ തമ്മിലുള്ള താരതമ്യം —**

1. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉല്പ.1:1).
   > അവസാനം പുതിയ ആകാശവും പുതിയ ഭൂമിയും (വെളി.21:1).
2. ഇരുളിനു ദൈവം രാത്രി എന്നു പേരിട്ടു(ഉല്പ.1:5).
   > രാത്രി ഇല്ല (വെളി.21:25/22:5).
3. വെളിച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു (ഉല്പ.1:4).
   > കുഞ്ഞാടു വിളക്കാകയാൽ ഇരുട്ടില്ല (വെളി.21:23).
4. രണ്ടു വലിയ വെളിച്ചങ്ങളെ (സൂര്യൻ, ചന്ദ്രൻ) ദൈവം ഉണ്ടാക്കി (ഉല്പ.1:16).
   > നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല (വെളി.21:23).
5. വെള്ളത്തിന്റെ കൂട്ടത്തിനു സമുദ്രം എന്നുപേരിട്ടു (ഉല്പ.1:10).
   > സമുദ്രം ഇനിയും ഇല്ല (വെളി.21:1).
6. നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നുന്ന നാളിൽ മരണം (ഉല്പ.2:17).
   > മരണം ഇല്ല (വെളി.21:5).
7. സാത്താൻ ഏദെനിൽ കടന്നു മനുഷ്യവർഗ്ഗത്തെ ചതിച്ചു (ഉല്പ.3:1,4).
   > സാത്താനെ തീപ്പൊയ്കയിൽ തള്ളിയിടും (വെളി.20:10).
8. ജീവവൃക്ഷഫലം തിന്നാതെവണ്ണം മനുഷ്യനെ ഏദെൻതോട്ടത്തിൽ നിന്നു പുറത്താക്കി(ഉല്പ.3:22-24).
   > ജീവവൃക്ഷത്തിലേക്കുള്ള പ്രവേശനം ലഭിക്കുന്നു (വെളി.22:2).
9. ദൈവം മനുഷ്യനെ അകറ്റിക്കളഞ്ഞു (ഉല്പ.3:23,24)
   > മനുഷ്യൻ ദൈവത്തെ ആരാധിക്കും, അവർ അവന്റെ മുഖം കാണും (വെളി.22:3,4).

10. പറുദീസാ നഷ്ടപ്പെട്ടു (ഉല്പ.3:23,24).
    > പറുദീസാ തിരികെ ലഭിക്കുന്നു (വെളി.7:9,10).
11. മനുഷ്യൻ നിമിത്തം ഭൂമി ശപിക്കപ്പെട്ടു (ഉല്പ.3:17).
    > ഇനി ഒരു ശാപവും ഇല്ല (വെളി.22:3).
12. ശാപത്താൽ മരണം പ്രവേശിക്കുന്നു (ഉല്പ.3:3,7).
    > മരണവും, ദുഃഖവും, മുറവിളിയും, കഷ്ടതയും ഉണ്ടാകയില്ല (വെളി.21:5).
13. ഒന്നാമത്തെ കുലപാതകൻ (കയീൻ) പ്രവേശിക്കുന്നു (ഉല്പ.4:8).
    > കുലപാതകനും, അവിശ്വാസിയും, ദുർന്നടപ്പുകാരനും കത്തുന്ന തീപ്പൊയ്കയിൽ (വെളി.21:8).
14. ആശ്വസിപ്പിക്കുവാനാരുമില്ലാതെ കണ്ണുനീരും നിലവിളിയും (ഉല്പ.3;16,19,23/4:10).
    > കണ്ണുനീരെല്ലാം തുടച്ചു കളഞ്ഞു ആശ്വസിപ്പിക്കും (വെളി.7:17/21:4).
15. ഒന്നാം മനുഷ്യനായ ആദാമിനു തോൽവി സംഭവിച്ചു (ഉല്പ.3:18,19).
    > ഒടുക്കത്തെ ആദാമായ യേശുക്രിസ്തു ജയം പ്രാപിച്ചു (വെളി.5:5).
16. മനുഷ്യൻ ദൈവത്തിൽ നിന്നു ഓടി ഒളിച്ചു (ഉല്പ.3:10).
    ദൈവം മനുഷ്യനോടു കൂടെ വസിക്കും (വെളി.21:3).
17. ഒന്നാം മനുഷ്യൻ അത്തിയില കൂട്ടിത്തുന്നി അരയാട ഉണ്ടാക്കി ഉടുത്തു (ഉല്പ.3:7).
    > രണ്ടാം മനുഷ്യൻ ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പിക്കുന്നു (വെളി.19:8).
18. ഭൂമി വെള്ളത്താൽ നശിച്ചു (ഉല്പ.7:23).
    > ഭൂമി തീയാൽ നശിക്കും (വെളി.20:11-14).
19. നിയമത്തിന്റെ അടയാളമായി മേഘത്തിൽ അർദ്ധവൃത്താകൃതിയിലുള്ള വില്ല് (ഉല്പ.9:13).
    > സിംഹാസനത്തിന്റെ ചുറ്റും മരതകത്തോടു സദൃശമായ പച്ചവില്ല് (വെളി.4:3).
20. ഏദെൻ തോട്ടത്തിൽ ആദ്യവിവാഹം നടക്കുന്നു (ഉല്പ.2:18-25).
    > മദ്ധ്യാകാശത്തിൽ കുഞ്ഞാടിന്റെ വിവാഹം (വെളി.19:7).
21. ഏദെനിൽ നിന്നു ഒരു നദി പുറപ്പെട്ടു നാലു ശാഖകളായി ഒഴുകുന്നു (ഉല്പ.2:10).
    > ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന ശാഖകളില്ലാത്ത ജീവജലനദി (വെളി.22:1).
22. മനുഷ്യന്റെ ആദ്യതാമസം ഏദെനിലെ നദിക്കു സമീപം (ഉല്പ.2:10).
    > വീണ്ടെടുക്കപ്പെട്ട മനുഷ്യന്റെ നിത്യഭവനം പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തലുള്ള ജീവജലനദിക്കരികെ (വെളി.21:1/22:1).
23. ഇരുപതു വെള്ളിക്കാശിനു സ്വന്തസഹോദരന്മാരാൽ വില്ക്കപ്പെട്ട യോസേഫ് മിസ്രയിമിയെ മന്ത്രി. (ഉല്പ.42:41).

> മുപ്പതു വെള്ളിക്കാശിനു ഒറ്റിക്കൊടുത്തു, സ്വന്തജനത്താൽ കൊല്ലപ്പെട്ടെങ്കിലും ഏതു കണ്ണും, കർത്താവിനെ കുത്തിത്തുളെച്ചവരും കാണത്തക്കവണ്ണം മേഘാരൂഢനായി പ്രത്യക്ഷപ്പെടുന്ന രാജാധി രാജാവും കർത്താധികർത്താവുമാകുന്ന നല്ലവനായ യോസേഫ് (വെളി.1:7/19:16).

**വെളിപ്പാടു പുസ്തകം നാലു വിധത്തിലുള്ള വ്യാഖ്യാനങ്ങൾ —**

പുതിയനിയമത്തിലെ മറ്റേതു പുസ്തകത്തേക്കാളും വെളിപ്പാടുപുസ്തകം വിവിധരീതികളിൽ വ്യഖ്യാനിച്ചു കാണുന്നു. പ്രതിരൂപസാദൃശ്യങ്ങളും, പരോക്ഷമായ അവതരണരീതിയും, സാങ്കല്പികചിന്തകളും ഉൾക്കൊള്ളുന്നതിനാൽ പ്രധാനമായും നാലുവിധത്തിലുള്ള വ്യാഖ്യാനങ്ങളാണുള്ളത്. (1) പ്രീട്ടെറിസ്റ്റ് (2) ഹിസ്റ്റോറിക്ക് (3) റ്റോപ്പിക്കൽ (4) ഫ്യൂച്ചറിസ്റ്റ്.

**(1)പ്രീട്ടെറിസ്റ്റ് വ്യാഖ്യാനം (Preterist Interpretation) —** വെളിപ്പാടു പുസ്തകത്തിലെ സകല പ്രവചനങ്ങളും നിറവേറിക്കഴിഞ്ഞു എന്നുള്ള സമീപനം. റോമൻ സാമ്രാജ്യത്തിൽ ഒന്നാം നൂറ്റാണ്ടിൽ നടന്ന സംഭവങ്ങളുടെ വിവരണമാണിതിലുള്ളതെന്നു വാദിക്കുന്നു. യെരുശലേമിന്റെ നാശത്തോടെ പ്രവചന നിവർത്തിയായെന്നു പഠിപ്പിക്കുന്നു. നീറോയുടെ ഭരണകാലത്തെ അന്തിക്രിസ്തുവിന്റെ പ്രത്യക്ഷപ്പെടാലായും വിശദീകരിക്കുന്നു. അതായത് ഈ പുസ്തകം പ്രവചനമല്ല ഒരു ചരിത്രരേഖമാത്രമാണെന്നു പ്രതിപാദിക്കുന്നു. വെളിപ്പാടു പ്രവചനമാണെന്നു(1:3/22:7,10,18,19) ഈ പുസ്തകത്തിൽ തന്നെ പറഞ്ഞിരിക്കുന്നതിനാൽ ഈ വ്യാഖ്യാനം ശരിയല്ല. കർത്താവിന്റെ രണ്ടാം വരവുൾപ്പെടെയുള്ള പ്രവചനങ്ങൾ നിറവേറപ്പെട്ടിട്ടില്ലാത്തതിനാൽ കഴിഞ്ഞകാല ചരിത്രമെന്നു പറയുവാൻ സാധിക്കുകയില്ല.

**(2) ഹിസ്റ്റോറിക്കൽ വ്യാഖ്യാനം (Historical Interpretation)—** അപ്പൊസ്തലിക കാലഘട്ടം മുതൽ ഇന്നു വരെയുള്ള ചരിത്രത്തെ വെളിപ്പാടു പുസ്തകം പ്രസ്താവിക്കുന്നുവെന്നുള്ള സമീപനം. പ്രതിരൂപഭാഷയിലുള്ള അവതരണങ്ങളൊക്കെ ഇതുവരെ റോമിൽ നടന്ന യുദ്ധങ്ങളെയും, ഫ്രഞ്ചുവി

പ്ളവം, ഇസ്ലാം മതത്തിന്റെ ആരംഭം, റോമൻ കാത്തോലിക്കാ സഭയുടെ വളർച്ച, ഓരോ പോപ്പുമാരുടെ ഭരണം എന്നിവയെക്കുറിക്കുന്നുവെന്നു വ്യാഖ്യാനിക്കുന്നു. അന്തിക്രിസ്തുവെന്നതു ഒരു ഭരണാധികാരി യെയല്ല മറിച്ചു ഭരണസംവിധാനത്തെക്കുറിക്കുന്നുവെന്നവർ വിശദമാക്കുന്നു.

**(3) റ്റോപ്പിക്കൽ അഥവാ ഐഡിയലിസ്റ്റ് വ്യാഖ്യാനം (Topical Interpretation / Idealist Method )** — ആത്മീയസത്യങ്ങൾ വിശദീകരിക്കുവാനുള്ള കഥകളടങ്ങിയ പുസ്തകമെന്ന നിലയിൽ ആദ്ധ്യാത്മികമൂല്യം മാത്രമാണിതിലുള്ളതെന്ന സമീപനം. നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തെ കുറിക്കുന്നുവെന്നു അഭിപ്രായപ്പെടുന്നു. വെളി.6:12-17 വാക്യങ്ങളിൽ കാണുന്ന കുഞ്ഞാടിന്റെ കോപം എന്നത് സഭ പീഡനകാല അനുഭവത്തിലുൾപ്പെടുന്നതായി വ്യാഖ്യാനിക്കുന്നു.

**(4) ഫ്യൂച്ചറിസ്റ്റ് വ്യാഖ്യാനം (Futurist Interpretation)**-- ഇതിലുള്ള പ്രവചനമുൾപ്പെട്ട സകലതും സംഭവിക്കുവാൻ പോകുന്നുവെന്ന സമീപനം. മഹാപീഡനകാലത്തെ വിവരിക്കുന്ന 6-ാം അദ്ധ്യായം മുതൽ പുതിയ ആകാശവും പുതിയ ഭൂമിയുമുൾപ്പെട്ട വിശുദ്ധനഗരത്തെ വിവരിക്കുന്ന 22-ാം അദ്ധ്യായം വരെയുള്ള പ്രവചനങ്ങൾ ഭാവിയിൽ സംഭവിക്കുവാനുള്ളതാണെന്നാണ് ഫ്യൂച്ചറിസ്റ്റ് വ്യാഖ്യാനം.

**പ്രധാന പദങ്ങൾ** : (1) യേശുക്രിസ്തുവിന്റെ വെളിപ്പാട്.
(2) ക്രിസ്തുവിന്റെ വരവിനെ സംബന്ധിച്ച വെളിപ്പാട്.
(3) അവസാനം.

**പ്രധാന വാക്യങ്ങൾ** : വെളി. 1:3,19 / 11:15 / 17:14.

**പ്രധാന അദ്ധ്യായങ്ങൾ** : വെളി. 19 — 22

**പുസ്തക വിഭജനം : (22 അദ്ധ്യായങ്ങൾ)**

**(A) ഒന്നാമത്തെ വിഭജനം —**

ഇരുപത്തിരണ്ടു അദ്ധ്യായങ്ങളുള്ള പ്രവചനഗ്രന്ഥമായ വെളിപ്പാടു പുസ്തകത്തിലെ വാക്യം.1:19-നെ അടിസ്ഥാനപ്പെടുത്തി ഭൂതം, വർത്തമാനം, ഭാവി എന്നീ കാലങ്ങളിൽ മൂന്നായി വിഭാഗിക്കാം.

(1) നീ കണ്ടത് — ക്രിസ്തുവിനെക്കുറിച്ചുള്ള ദർശനം (അദ്ധ്യാ.1)— ഭൂതകാല സംഭവങ്ങൾ
(2) ഇപ്പോൾ ഉള്ളത് —ഏഴുസഭകൾക്കുള്ള ദൂതുകൾ(അദ്ധ്യാ.2-3)— വർത്തമാന സംഭവങ്ങൾ.
(3) ഇനി സംഭവിക്കാനിരിക്കുന്നത് —സഭായുഗത്തിനുശേഷം സംഭവിക്കാനുള്ളത്(അദ്ധ്യാ.4 -22) — ഭാവികാലസംഭവങ്ങൾ.

**(B) രണ്ടാമത്തെ വിഭജനം —**

| | |
|---|---|
| 1. ഉയിർത്തെഴുന്നേററ ക്രിസ്തുവിനെ കുറിച്ചുള്ള ദർശനം. | അദ്ധ്യായം — 1 |
| 2. ഏഴു സഭകൾക്കുള്ള ദൂത്. | അദ്ധ്യായം — 2 — 3 |
| 3. ഇനി സംഭവിക്കുവാനുള്ള കാര്യങ്ങൾ. | അദ്ധ്യായം — 4 — 22 |

**(C) മൂന്നാമത്തെ വിഭജനം —**

**I. നീ കണ്ട വിവരങ്ങൾ (വെളി.1:1 —20)**

1. ആമുഖം (1:1 — 8)
2. തേജസ്കരിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ചുള്ള ദർശനം (1:9 — 18)
3. എഴുതുവാൻ അപ്പൊസ്തലനെ ചുമതലപ്പെടുത്തുന്നത് (1:19 — 20)

**II. ഇപ്പോൾ ഉള്ള വിവരങ്ങൾ — (2:1 — 3:22)**

1. എഫസൊസ് സഭെക്കുള്ള ദൂത് (2:1 — 7)
2. സ്മുർന്ന സഭെക്കുള്ള ദുത് — (2:8 — 11)
3. പെർഗ്ഗമൊസ് സഭെക്കുള്ള ദുത് — (2:12 — 17)
4. തുയഥൈര സഭെക്കുള്ള ദുത് — (2:18 — 29)
5. സർദ്ദിസ് സഭെക്കുള്ള ദുത് — (3:1 — 6)
6. ഫിലദെൽഫ്യ സഭെക്കുള്ള ദുത് — (3:7 — 13)

7. ലവൊദിക്യ സഭെക്കുള്ള ദൂത് — (3:14 — 22)

**III. ഇനി സംഭവിക്കുവാനിരിക്കുന്ന വിവരങ്ങൾ — (4:1 — 22:21)**

1. സ്വർഗ്ഗത്തിലെ ആരാധന — (4:1 — 5:14)
2. പീഡനകാലം — ഭൂമിയിലെ ന്യായവിധി — (6:1 — 18:24)
3. രാജാവിന്റെ മടങ്ങിവരവ് — (19:1 — 21)
4. സഹസ്രാബ്ദ വാഴ്ച — (20:1 — 10)
5. വെള്ളസിംഹാസനത്തിന്റെ മുമ്പിലുള്ള ന്യായവിധി —(20:11 — 15)
6. നിത്യവാസം — (21:1 — 22:21).

**(D) നാലാമത്തെ വിഭജനം —**

**(1) അദ്ധ്യായം - 1** —> തേജസ്കരിക്കപ്പെട്ട മഹത്വധാരിയായ യേശുക്രിസ്തു.

**(2) അദ്ധ്യായം - 2 -3** —> ആസ്യയിലെ ഏഴുസഭകൾക്കുള്ള ദൂത് — കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവുവരെയുള്ള ഭൂമിയിലുള്ള സഭകൾക്കു നൽകുന്ന ദൂത് —

**(3) അദ്ധ്യായം - 4** —> യോഹന്നാനുള്ള സ്വർഗ്ഗീയ ദർശനം, എടുക്കപ്പെടൽ — സഭയുടെ ഉത്പ്രാപണം.

**(4) അദ്ധ്യായം - 5** —> പുസ്തകത്തിന്റെ മുദ്രപൊട്ടിക്കുന്ന കുഞ്ഞാടായ യേശുക്രിസ്തു.

**(5) അദ്ധ്യായം - 6-16** —> ഭൂമിയിൽ പീഡനകാലം — അന്തിക്രിസ്തുവിന്റെ വാഴ്ച, ഭൂമിയിന്മേലുള്ള ദൈവത്തിന്റെ 21 ന്യായവിധികൾ.

**(6) അദ്ധ്യായം - 17-18** —> മർമ്മം: മഹതിയാം ബാബിലോൺ എന്ന ലോകവ്യാജസഭയുടെയും, മഹതിയാം ബാബിലോൺ എന്ന മഹാനഗരത്തിന്റെയും നാശം.

**(7) അദ്ധ്യായം - 19** —> രാജാവിന്റെ മടങ്ങിവരവ്, കുഞ്ഞാടിന്റെ കല്യാണം.

**(8) അദ്ധ്യായം - 20** —> പഴയപാമ്പായ പിശാചെന്ന സാത്താനെ പിടിച്ചു ആയിരം ആണ്ടേക്കു ബന്ധിക്കുന്നു, സഹസ്രാബ്ദവാഴ്ച, വെള്ളസിംഹാസനത്തിന്റെ മുമ്പിലുള്ള ന്യായവിധി.

**(9) അദ്ധ്യായം - 21** —> പുതിയ യെരൂശലേം എന്ന നഗരത്തിലെ നിത്യവാസം.

**(10) അദ്ധ്യായം - 22** --> ജീവജലനദി, ജീവവൃക്ഷം, ദൈവത്തിന്റെ സിംഹാസനം —കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള അറിയിപ്പ്, വിശ്വാസികൾ ഒരുങ്ങിയിരിക്കുവാനുള്ള അന്ത്യസന്ദേശം.

---

# യോഹന്നാന്നു ഉണ്ടായ വെളിപ്പാടു — THE REVELATION OF JOHN

## അദ്ധ്യായം — 1

## മഹത്വധാരിയായ യേശുക്രിസ്തു (GLORIFIED JESUS CHRIST)

**ആമുഖം :**

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന വാക്കുകളോടെ ആരംഭിക്കുന്ന തിരുവെഴുത്തിലെ ഒന്നാമത്തെ പുസ്തകമായ ഉല്പത്തിയിൽ സകലത്തിന്റെയും ആരംഭത്തെ വിവരിക്കുന്നു. ഓരോ ദിവസത്തെ സൃഷ്ടിക്കുശേഷം താൻ ഉണ്ടാക്കിയതിനെ ഒക്കെയും നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു ദൈവം സംതൃപ്തനായി. എന്നാൽ തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ പ്രമാണത്തെ അനുസരിക്കാതെ സാത്താന്റെ വഞ്ചനയിൽ അകപ്പെട്ടു ദൈവത്തോടു പാപം ചെയ്യുവാനിടയായി. പാപത്താൽ ദുഃഖവും, ശാപവും, മരണവും ഉണ്ടായി എന്നു മാത്രമല്ല ഭൂമിയും ശാപത്തിങ്കീഴിലായി. എന്നാൽ സ്നേഹവാനും കരുണയിൽ സമ്പന്നനുമായ ദൈവം പാപിയായ മനുഷ്യനെ സ്നേഹിച്ചുകൊണ്ടിരുന്നു. അവരോടൊപ്പം വസിക്കുവാൻ ദൈവം ആഗ്രഹിച്ചു. ഏദെൻ തോട്ടത്തിലെ ഒരുമിച്ചുള്ള വാസത്തിനു ശേഷം മരുഭൂമിയിൽ സമാഗമനകൂടാരത്തിലും, പിന്നീട് ശലോമോന്റെ ദൈവാലയത്തിലും തന്റെ ജനമായ യിസ്രായേലിനോടൊപ്പം വസിച്ചു. അവരുടെ പാപമോചനത്തിനും വിശുദ്ധീകരണത്തിനും വിവിധ യാഗങ്ങൾ ഏർപ്പെടുത്തി. എന്നാൽ കാലസമ്പൂർണ്ണതയിൽ മാനവജാതിയുടെ രക്ഷെക്കായി തന്റെ പുത്രനായ യേശുക്രിസ്തുവിനെ ഭൂമിയിലേക്കയച്ചു. യേശുക്രിസ്തുവിന്റെ കാൽവറിയിലെ യാഗമരണം സകലജാതികളുടെ രക്ഷക്കു മുഖാന്തരമായി. യേശുക്രിസ്തുവിന്റെ മനുഷ്യപുത്രനായുള്ള ഒന്നാം വരവിൽ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന കുഞ്ഞാടായി പ്രത്യക്ഷപ്പെട്ടു. മനുഷ്യന്റെ പാപത്തിനുള്ള ശിക്ഷ കാൽവറിയിൽ ഏറ്റുവാങ്ങി. അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ ഏകയാഗത്തിലൂടെ തന്നിൽ വിശ്വസിക്കുന്നവർക്കു സദാകാലത്തേക്കും പിതാവിന്റെ സന്നിധിയിലേക്കുള്ള പ്രവേശനത്തിനു വഴി ഒരുക്കി. മനുഷ്യപുത്രനായി ലോകത്തിലേക്കു വന്ന ദൈവപുത്രനെ ലോകം ആദരിച്ചില്ല. അധർമ്മികൾ കർത്താവിനെ നിന്ദിക്കുകയും, പരിഹസിക്കുകയും, പീഡിപ്പിക്കുകയും ചെയ്തു. ഒരു കുറ്റവും ചെയ്തിട്ടില്ലെന്നു ആവർത്തിച്ചുള്ള പ്രഖ്യാപനത്തിനുശേഷവും നീതിമാനായ യേശുക്രിസ്തുവിനെ ലോകക്കാർ ക്രൂശിച്ചു കൊന്നു. എന്നാൽ മരണത്തെ ജയിച്ച ക്രിസ്തു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ വസിക്കുന്നു. ഇന്നു സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന തേജോമയനും മഹത്വധാരിയുമായ ക്രിസ്തു താമസംവിനാ ഭൂമിയിലേക്കു വീണ്ടും വരും. താൻ ഒരുക്കിയ രക്ഷയെ സ്വീകരിച്ചവരെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാൻ മദ്ധ്യാകാശത്തിലേക്കു വരും. രക്ഷിക്കപ്പെട്ടവർ ഒന്നടങ്കം വാനമേഘങ്ങളിൽ കർത്താവിനോടൊപ്പം എടുക്കപ്പെട്ട ശേഷം ഭൂമിയിൽ വിവിധ ന്യായവിധികൾ അരങ്ങേറുന്നു. ഒടുവിൽ രാജാധിരാജാവും കർത്താധികർത്താവുമായ ജയാളിയായ കർത്താവു ഭൂമിയിലേക്കു വരികയും തന്റെ രാജ്യം സ്ഥാപിക്കുകയും ചെയ്യുന്നു.

ദൈവശ്വാസീയമായ തിരുവെഴുത്തിലെ 66 പുസ്തകങ്ങളിൽ ചില പുസ്തകങ്ങൾ ആരംഭങ്ങളെ കുറിക്കുന്നു. പഴയനിയമത്തിലെ ഒന്നാമത്തെ പുസ്തകമായ ഉല്പത്തി സൃഷ്ടിയുടെ ആരംഭത്തെ കുറിക്കുന്നു (ഉല്പ.1:1). പുതിയനിയമത്തിലെ മർക്കൊസിന്റെ സുവിശേഷം ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭത്തെ വിവരിക്കുന്നു (മർക്കൊ.1:1). യോഹന്നാന്റെ സുവിശേഷം, വചനം ജഡമായിത്തീർന്ന യേശുക്രിസ്തുവിന്റെ ദൈവപുത്രനായുള്ള ഭൂമിയിലെ ശുശ്രൂഷയുടെ ആരംഭത്തെ കുറിക്കുന്നു (യോഹ.1:1). എന്നാൽ വെളിപ്പാടു പുസ്തകം സകലത്തിന്റെയും പരിസമാപ്തിയെ കുറിക്കുന്നു. മനുഷ്യനു ദൈവം നൽകപ്പെട്ട തിരുവെഴുത്തു പൂർണ്ണമാക്കപ്പെട്ടത് വെളിപ്പാടു പുസ്തകത്തോടെയാണ്. കർത്താവിന്റെ രണ്ടാംവരവിനോടനുബന്ധിച്ചുള്ള കാര്യങ്ങളും ഭാവിയിൽ സംഭവിക്കാനുള്ള കാര്യങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

യേശുക്രിസ്തുവിന്റെ വെളിപ്പാടു എന്ന പ്രഖ്യാപനത്തോടെ വെളിപ്പാടു ഒന്നാം അദ്ധ്യായം ആരംഭിക്കുന്നു. ഭൂമിയിലെമ്പാടും ചിതറിപ്പാർക്കുന്ന ദൈവജനത്തിന്റെ ഏക പ്രത്യാശയെന്നത് കർത്താവായ യേശുക്രിസ്തുവിന്റെ പുനരാഗമനമാണ്. കർത്താവിന്റെ വീണ്ടും വരവിനെ ആവർത്തിച്ചു പ്രസ്താവിക്കുന്ന പുസ്തകമാണിത്. ോഹന്നാനുണ്ടായ വെളിപ്പാടെന്ന നിലയിൽ വേഗത്തിൽ സംഭവിപ്പാനുള്ള കാര്യങ്ങളെ യോഹന്നാനു കാണിച്ചുകൊടുക്കുന്നു. പത്മൊസ് ദ്വീപിൽ ആയിരുന്നപ്പോൾ തനിക്കു പ്രത്യക്ഷനായ മഹത്വധാരിയായ ക്രിസ്തുവിനെ യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽ വർണ്ണിക്കുന്നു.

**അദ്ധ്യായവിഷയം :**

വേഗത്തിൽ സംഭവിപ്പാനുള്ള കാര്യങ്ങൾ ദൈവം തന്റെ ദാസന്മാരെ കാണിക്കേണ്ടതിനു നൽകപ്പെട്ട യേശുക്രിസ്തുവിന്റെ വെളിപ്പാട് (1:1). ദൈവവചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവും നിമിത്തം നാടുകടത്തപ്പെട്ട യോഹന്നാൻ ഏകാന്തമായ പത്മൊസ്ദ്വീപിൽവെച്ച് മഹത്വധാരിയായ യേശുക്രിസ്തുവിനെ ദർശിക്കുന്നു. യോഹന്നാൻ കണ്ടതും, ഇപ്പോൾ ഉള്ളതും മേലാൽ സംഭവിപ്പാനിരിക്കുന്നതുമായ കാര്യങ്ങൾ എഴുതുവാൻ യോഹന്നാനോടു കർത്താവു കല്പിക്കുന്നു.

**അദ്ധ്യായ സംഗ്രഹം :**

യേശുക്രിസ്തുവിന്റെ വെളിപ്പാടു യോഹന്നാനു ലഭിക്കുന്നു. തിരുവചനത്തിലെ അവസാനത്തെ പുസ്തകവും പുതിയനിയമത്തിലെ ഏക പ്രവചനഗ്രന്ഥവുമാണ് വെളിപ്പാട്. ഇതിലെ പ്രവചനത്തോടെ സകലവിധപ്രവചനങ്ങളും അവസാനിച്ചിരിക്കുകയാണ്. അഥവാ തിരുവെഴുത്തുകളുടെ പൂർത്തീകരണം വെളിപ്പാടു പുസ്തകത്തിൽ അവസാനിക്കുന്നു. ഈ പ്രവചനത്തിലെ തിരുവെഴുത്തുകൾ വായിച്ചു കേൾപ്പിക്കുന്നവരും, കേൾക്കുന്നവരും, അതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാരെന്നു പറഞ്ഞിരിക്കുന്നു. യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്കു പിതാവായ ദൈവത്തിന്റെയും പുത്രനായ യേശുക്രിസ്തുവിന്റെയും, പരിശുദ്ധാത്മാവായ ദൈവത്തിന്റെയും നാമത്തിൽ കൃപയും സമാധാനവും ആശീർവദിച്ചുകൊണ്ടു യോഹന്നാൻ എഴുതുന്നു. യേശുക്രിസ്തു സ്നേഹിക്കുന്നവൻ, പാപം പോക്കുന്നവൻ, സ്വന്തരക്തത്താൽ വിടുവിക്കുന്നവൻ, രാജാക്കന്മാരും പുരോഹിതന്മാരും ആക്കുന്നവൻ എന്നിങ്ങനെ യേശുക്രിസ്തു തന്നിൽ വിശ്വസിക്കുന്നവർക്കു ചെയ്യുന്ന കാര്യങ്ങളെ പ്രസ്താവിച്ചുകൊണ്ടു കർത്താവിനു മഹത്വം കരേറ്റുന്നു. മഹത്വധാരിയായ കർത്താവ് മേഘാരൂഢനായി വീണ്ടും വരും എന്നു അറിയിക്കുന്നു. കർത്തൃദിവസത്തിൽ പത്മൊസിൽവെച്ചു ആത്മവിവശനായ യോഹന്നാൻ ഏഴുപൊൻ നിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിൽക്കുന്ന ക്രിസ്തുവിനെയും കാണുന്നു. തുടർന്നു താൻ കണ്ട തേജസ്കരിക്കപ്പെട്ട ക്രിസ്തുവിന്റെ ഏഴുവിധ അംഗവർണ്ണന വിവരിക്കുന്നു. യോഹന്നാൻ കണ്ടതും, ഇപ്പോൾ ഉള്ളതും, ഇനി സംഭവിപ്പാനിരിക്കുന്നതുമായ കാര്യങ്ങളും എഴുതുവാൻ യോഹന്നാനു കല്പന ലഭിക്കുന്നു. ഏഴു നക്ഷത്രം എഴുസഭകളുടെ ദൂതന്മാരും, ഏഴു നിലവിളക്കു ഏഴു സഭകൾ ആകുന്നു എന്നും യോഹന്നാനു വിശദീകരിച്ചു കൊടുത്തു.

**അദ്ധ്യായ വിഭജനം :**

വെളി.1:1,2 : പുസ്തകനാമധേയം (Title of the Book)

വെളി.1:3 : അനുഗ്രഹ വാഗ്ദത്തം (The Promised Blessing)

വെളി.1:4,5 : ഏഴു സഭകൾക്കു കൃപയും സമാധാനവും (Grace and Peace to seven Churches)

വെളി.1:6 : യേശുക്രിസ്തു ചെയ്ത നാലു കാര്യങ്ങൾ (Four works of Jesus Christ)

വെളി.1:7,8 : യേശുക്രിസ്തുവിന്റെ വരവ് (The Return of Jesus Christ)

വെളി.1:9 –20 : യോഹന്നാന്റെ പത്മൊസിലെ ദർശനം (The Vision of John at Padmos)

**വെളി.1:1 — യേശുക്രിസ്തുവിന്റെ വെളിപ്പാടു: വേഗത്തിൽ സംഭവിപ്പാനുള്ളതു തന്റെ ദാസന്മാരെ കാണിക്കേണ്ടതിന്നു ദൈവം അതു അവന്നു കൊടുത്തു. അവൻ അതു തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹന്നാന്നു പ്രദർശിപ്പിച്ചു** (The Revelation of Jesus Christ, which God gave Him to show His servants--things which must shortly take place. And He sent and signified it by His angel to His servant John) —

യെശയ്യാ, യെഹെസ്കേൽ, ദാനീയേൽ, സെഖര്യാവു എന്നീ പഴയനിയമപ്രവാചകന്മാർ ഭാവികാലസംഭവങ്ങളെക്കുറിച്ചു തിരുവചനത്തിൽ അനേക കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. നമ്മുടെ കർത്താവും അന്ത്യകാലസംഭവങ്ങളെക്കുറിച്ചു തന്റെ ശിഷ്യഗണത്തോടു സംസാരിച്ചിട്ടുണ്ട്. പുതിയനിയമത്തിലെ അവസാനത്തെ ഗ്രന്ഥമായ വെളിപ്പാടിൽ ലോകചരിത്രത്തിന്റെ അന്ത്യകാലസംഭവങ്ങൾ, ക്രിസ്തുവിന്റെ മടങ്ങിവരവ്, പാപികളുടെ ന്യായവിധി, പുതിയ ആകാശം പുതിയ ഭൂമി, ക്രിസ്തുവിന്റെ മഹത്വകരമായ നിത്യഭരണം എന്നിങ്ങനെ ഭാവികാല സംഭവങ്ങൾ മറ നീക്കി വെളിപ്പെടുത്തിയിരിക്കുന്നു. ഈ പുസ്തകത്തിലൂടെ നമുക്കു വെളിപ്പെടുന്ന പ്രധാനപ്പെട്ട മൂന്നു കാര്യങ്ങളുണ്ട്. (1) യേശുക്രിസ്തു വീണ്ടും വരും (2) സകല ദുഷ്പ്രവൃത്തിക്കാരെയും ന്യായം വിധിച്ചു ശിക്ഷിക്കും (3) മരിച്ച സകലർക്കും ഒന്നുകിൽ നിത്യജീവനായും അല്ലെങ്കിൽ നിത്യമരണത്തിനായും പുനരുത്ഥാനം നൽകും.

**യേശുക്രിസ്തുവിന്റെ വെളിപ്പാടു** (The Revelation of Jesus Christ) —

"**യേശുക്രിസ്തു**" ഈ പുസ്തകത്തിലെ കേന്ദ്രവിഷയമാണെന്നു സൂചിപ്പിക്കുന്നു. അതായത് യേശുക്രിസ്തുവാണ് വെളിപ്പാടിലെ മുഖ്യപ്രമേയം. തിരുവചനഭാഗങ്ങളെല്ലാം ദൈവത്തിൽ നിന്നു വെളിപ്പാടായി (2.തിമൊ.3:16/ എബ്രാ.1:1,2) തന്റെ ദാസന്മാർക്കു ലഭിച്ചുവെങ്കിൽ വെളിപ്പാടു യേശുക്രിസ്തുവിന്റേതാണ് (വെളി.22:16). സകല മറകളും നീക്കി സ്വർഗ്ഗത്തിൽ മഹത്വധാരിയായി വാഴുന്ന യേശുക്രിസ്തുവിനെയാണിതിൽ വെളിപ്പെടുത്തുന്നത്. സുവിശേഷങ്ങളിൽ, താഴ്മ ധരിച്ചു ലോകത്തിലേക്കു വന്നു പാപമോചനവും രക്ഷണ്യവേലയുമൊരുക്കിയ ക്രിസ്തുവിന്റെ ഒന്നാം വരവിലെ പ്രവർത്തനങ്ങളെക്കുറിച്ചും, ലേഖനങ്ങളിൽ പാപികളെ രക്ഷിപ്പാൻ വന്ന ക്രിസ്തുവിന്റെ വീണ്ടെടുപ്പിനെയും ഉപദേശങ്ങളെയും കുറിച്ചും, വെളിപ്പാടിൽ സകല അധികാരവും ലഭിച്ചു ഭൂമിയെ ന്യായം വിധിച്ചു ഭരിക്കുവാനും തന്റെ സഭയുടെ കാന്തനായും വരുന്ന ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചും പ്രസ്താവിക്കുന്നു. ഇതിലെ ഇരുപത്തിരണ്ടു അദ്ധ്യായങ്ങളും യേശുക്രിസ്തുവിന്റെ സ്വഭാവസവിശേഷതകളെയും, ഉന്നതിയെയും, മഹത്വത്തെയും പ്രദർശിപ്പിക്കുന്നു.

**വെളിപ്പാടു —**

യേശുക്രിസ്തു വെളിപ്പെടുത്തുന്ന വിവരങ്ങളാണ് വെളിപ്പാടിൽ അടങ്ങിയിരിക്കുന്നത്. വെളിപ്പാട് എന്നതിനു ഗ്രീക്കുഭാഷയിൽ "അപ്പോക്കലിപ്സിസ് " (Apokalupsis ) എന്നു പറയുന്നു. മറഞ്ഞിരിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തുക, മറ നീക്കി പ്രദർശിപ്പിക്കുകയെന്നർത്ഥം. ബേർ-ശേബാ മരുഭൂമിയിൽ യാക്കോബിനു ലഭിച്ച സ്വർഗ്ഗീയ ദർശനത്തിനും (ബേഥേലിന്റെ അനുഭവം) ഉപരിയായി (ഉല്പ.28:10 -19) പത്മൊസ് ദ്വീപിൽ യോഹന്നാൻ, സ്വർഗ്ഗം തുറക്കപ്പെട്ട അഥവാ തിരശ്ശീല നീക്കിയ നിലയിൽ സ്വർഗ്ഗത്തിലെ കാര്യങ്ങൾ ദർശിക്കുന്നു.

**വേഗത്തിൽ സംഭവിപ്പാനുള്ളതു** (things which must shortly take place) —

വെളിപ്പാട് "**വേഗത്തിൽ സംഭവിക്കുവാനുള്ള**" കാര്യങ്ങളാണ് വെളിപ്പെടുത്തിയിരിക്കുന്നത്. "വേഗത്തിൽ" എന്ന പ്രയോഗം ഈ പുസ്തകത്തിൽ അനേക പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (2:16/3:11/11:14/ 22:7/22:12/22:20). കർത്താവിന്റെ രണ്ടാം വരവും അതോടനുബന്ധിച്ചുള്ള സകലവും എത്രയും വേഗത്തിൽ നടക്കുമെന്നതിനു ഊന്നൽ നല്കുന്നു. വിശ്വാസികളായ നാം കർത്താവിന്റെ വേഗത്തിലുള്ള വരവിനെ പ്രതീക്ഷിച്ചുകൊണ്ടു ഒരുക്കമുള്ളവരായിരിക്കണമെന്നു തിരുവചനം പ്രബോധിപ്പിക്കുന്നു.

> **മത്താ.24:42-44 —** "*നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്ക കൊണ്ടു ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീടു തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്നു അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ.*"
>
> **2.പത്രൊ.3:10,14 —** "*കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും... അതുകൊണ്ടു പ്രിയമുള്ളവരേ, നിങ്ങൾ ഇവെക്കായി കാത്തിരിക്കയാൽ അവൻ നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാണ്മാൻ ഉത്സാഹിച്ചുകൊണ്ടു നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ.*"

**തന്റെ ദാസന്മാരെ കാണിക്കേണ്ടുന്നതിനു ദൈവം അതു അവന്നു കൊടുത്തു** (which God gave Him to show His servants And He sent and signified it by His angel to His servant John) —

വേഗത്തിൽ സംഭവിക്കാനുള്ള കാര്യങ്ങൾ അടങ്ങിയ വെളിപ്പാട് പിതാവായ ദൈവമാണ് പുത്രനു കൊടുത്തിരിക്കുന്നത്. സമ്പൂർണ്ണ അനുസരണവും വിനയവും താഴ്മയും ധരിച്ചു പിതാവായ ദൈവത്തിന്റെ ഹിതം നിറവേറ്റിയ പുത്രനു സകല ഉന്നതിയും പ്രസ്താവിച്ചിട്ടുണ്ട് (ഫിലി.2:5-11). ആ ഭാവികാല മഹത്വത്തെ വർണ്ണിക്കുന്ന വെളിപ്പാട് പിതാവായ ദൈവം തന്റെ പുത്രനു നല്കിയ ഉപഹാരമാണ്.

ഈ ഉപഹാരം "**തന്റെ ദാസന്മാരെ കാണിക്കേണ്ടതിനു**" (To show His servants - (bond-servants) ദൈവം യേശുക്രിസ്തുവിനു കൊടുത്തതാണ്. തന്റെ പുത്രന്റെ മഹത്വവും ഉന്നതിയും വിശദീകരിക്കുന്ന സത്യങ്ങൾ കർത്താവിനെ പിൻപറ്റുന്ന ദാസന്മാരും അറിയണം എന്നു ദൈവം ആഗ്രഹിച്ചു. ആരാണീ ദാസന്മാർ? അവരുടെ പ്രത്യേകതകളും കർത്താവിനോടുള്ള ബന്ധവും എന്താണ്? ഗ്രീക്കുഭാഷയിൽ "ഡൂലോസ് " (doulos) എന്നും എബ്രായഭാഷയിൽ "എബെദ് "(ebedh) എന്നുമുള്ള പദങ്ങളാണ് ദാസൻ എന്നതിനുപയോഗിച്ചിരിക്കുന്നത്. "അടിമ" എന്നാണീ പദങ്ങൾക്കർത്ഥം. വിശ്വാസികൾ അവരുടെ യജമാനനായ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും അടിമകളാണ്. ദാസന്മാർ എന്നതു അടിമകൾ എന്നുള്ള അർത്ഥത്തിൽ ഉപയോഗിക്കുമ്പോൾ വിശ്വാസികൾക്കു ദൈവവുമായുള്ള വിട്ടുപിരിയാനാവാത്ത ബന്ധത്തെക്കുറിക്കുന്നു. തിരുവചനത്തിൽ വിശ്വാസികളെ "ദൈവത്തിന്റെ ദാസന്മാർ" (റോമ.6:22/

1.പത്രൊ.2:16) എന്നും "ക്രിസ്തുവിന്റെ ദാസന്മാർ" (എഫെ.6:6)എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. ലോകപ്രകാരം ഒരു ദാസനു ലഭിക്കുന്ന സ്വാതന്ത്ര്യവും, അവകാശങ്ങളും അടിമയ്ക്കു ലഭിക്കുന്നില്ല. ദാസനു നിശ്ചിതസമയത്തു ജോലി ചെയ്യാം, അതിനുള്ള കൂലി വാങ്ങാം, കൂലി കൂടുതൽ ചോദിക്കാം, ആവശ്യമെങ്കിൽ വേറൊരു സ്ഥലത്തു പണിക്കു പോകുകയും ചെയ്യാം. എന്നാൽ ഈ വക സ്വാതന്ത്ര്യങ്ങളൊന്നും ഒരു അടിമയ്ക്കു ലഭിക്കുന്നില്ല. അടിമയുടെ ആയുഷ്കാലം മുഴുവനും തന്നെ വിലെക്കു വാങ്ങിയ യജമാനന്റെ ഇംഗിതത്തിനനുസരിച്ചു ജീവിക്കുവാൻ ബാദ്ധ്യസ്ഥനാണ്. ഓരോ യഥാർത്ഥ ദൈവദാസനും ദൈവത്തിന്റെ അടിമയാണ്. എന്നാൽ വിശ്വാസിയും ദൈവവും അടിമയും യജമാനനും എന്നു പറയുമ്പോൾ സേവനശുശ്രൂഷയോടുള്ള ബന്ധത്തിൽ അതു നിത്യസ്നേഹത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. അങ്ങനെ സ്വമേധയാ യജമാനനു സമർപ്പണം ചെയ്യുന്ന അടിമയെ തിരുവചനത്തിൽ കാണാം. **പുറ.21;5,6 —** *"എന്നാൽ ദാസൻ : ഞാൻ എന്റെ യജമാനനെയും എന്റെ ഭാര്യയെയും മക്കളെയും സ്നേഹിക്കുന്നു; ഞാൻ സ്വതന്ത്രനായി പോകയില്ല എന്നു തീർത്തു പറഞ്ഞാൽ യജമാനൻ അവനെ ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ടു ചെന്നു കതകിന്റെയോ കട്ടളക്കാലിന്റെയോ അടുക്കൽ നിറുത്തീട്ടു സൂചി കൊണ്ടു അവന്റെ കാതു കുത്തിതുളക്കേണം; പിന്നെ അവൻ എന്നേക്കും അവന്നു ദാസനായിരിക്കേണം."* പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തെ പിൻപറ്റി ദൈവത്തോടു ചേർന്നിരുന്ന അനേകർക്കു ദൈവത്തിന്റെ ദാസൻ എന്ന ബഹുമതി ലഭിച്ചിട്ടുണ്ട്. **അബ്രഹാം** (ഉല്പ.26:24/സങ്കീ.105:6/ ദാനീ.9;11), **യാക്കോബ്** (യെശ.44:1,2/ യെശ.45:4), **കാലേബ്, യോശുവ** (സംഖ്യാ.14:24/ യോശു.24:29/ന്യായാ.2:8/2.ദിന.24:6/ നെഹ.1:7/നെഹ.10:29/സങ്കീ.105:26/ദാനീ.9:11), **ദാവീദ്** (സങ്കീ.132:10/സങ്കീ.144:10), **ഏലിയാവ്** (2.രാജാ.9:36/ 10:10), **യെശയ്യാവു** (യെശ.20:3), **ഇയ്യോബ്** (ഇയ്യോ.1:8/42:7), **പ്രവാചകന്മാർ** (2.രാജാ.21:10), **അപ്പൊസ്തലന്മാർ** (ഫിലി.1:1/തീത്തൊ.1:1), **വിശ്വാസികൾ** (എഫെ.6:6). വെളിപ്പാടു പുസ്തകം തന്റെ ദാസന്മാർക്കാണ് തന്നിരിക്കുന്നത്. അവിശ്വാസികളുൾപ്പെട്ട ലോകക്കാർ ഇതു വായിച്ചാൽ യാതൊന്നും മനസ്സിലാകുകയില്ല. അറുനൂറ്റി അറുപത്തിയാറും, മൃഗവും, അന്തിക്രിസ്തുവും, സൂര്യനെ അണിഞ്ഞ സ്ത്രീയും, മഹതിയാം ബാബിലോണും, മൂന്നരദിവസം വീഥിയിൽ കിടന്നശവം കാൽ ഊന്നി നിൽക്കുന്നതും, ഒരു കാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിക്കുന്നതും, മരണവും, തീപ്പൊയ്കയും, മുദ്രയും, കുഞ്ഞാടും, കുഞ്ഞാടിന്റെ കല്യാണവും, ജീവജലനദിയും ഒക്കെ വിശദീകരിക്കുന്ന ഭാഗങ്ങൾ മനസ്സിലാകാതെ കുഴഞ്ഞപുസ്തകമെന്നു വിധിയെഴുതുന്നു. എന്നാൽ ദൈവത്തിന്റെ ആത്മാവു വസിക്കുന്ന തന്റെ ദാസന്മാരെ സംബന്ധിച്ചു സകല മറയും നീക്കി സ്വർഗ്ഗീയ കാഴ്ചകൾ ദർശിച്ചു പ്രത്യാശ വർദ്ധിക്കുവാൻ ഇടയാകുന്നു.

**അവൻ അതു തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹന്നാന്നു പ്രദർശിപ്പിച്ചു** —(And He sent and signified it by His angel to His servant John) —

ദൂതനെ അയെക്കുകയും പ്രദർശിപ്പിക്കുകയും ചെയ്ത പുസ്തകമാണ് വെളിപ്പാട്. "*പ്രദർശിപ്പിച്ചു*" എന്നതിന് ഇംഗ്ളീഷിൽ സിഗ്നിഫൈഡ് (signified)എന്നുപയോഗിച്ചിരിക്കുന്നു. "സിഗ്നിഫൈ " എന്ന വാക്കിനർത്ഥം സംജ്ഞകൊണ്ടോ സൂചനകൊണ്ടോ തെര്യപ്പെടുത്തുക, ലക്ഷണം കാട്ടുക എന്നൊക്കെയാണ്. അതായത് വെളിപ്പാടു പുസ്തകം രൂപകഭാഷയിൽ അവതരിപ്പിച്ചിരിക്കുന്ന പ്രവചന ഗ്രന്ഥമാണ്.

ദൈവത്തിൽ നിന്നു യേശുക്രിസ്തുവിനും, യേശുക്രിസ്തുവിൽ നിന്നു ദൂതന്മാരിലൂടെ ദൈവത്തിന്റെ ദാസനായ യോഹന്നാനും അയച്ചു കൊടുത്തതാണ് വെളിപ്പാട്. പഴയനിയമത്തിൽ ന്യായപ്രമാണം നൽകുന്നതിലും ദൂതന്മാരുടെ മദ്ധ്യസ്ഥത കാണുന്നുണ്ട് (അപ്പൊ.7:53/ഗലാ.3:19/ എബ്രാ.2:2). വെളിപ്പാടു ദൂതനിലൂടെ അയച്ചതാണന്നു കർത്താവു വീണ്ടും പുസ്തകാവസാനത്തിൽ സ്ഥിരീകരിച്ചിട്ടുണ്ട്. **വെളി.22:16 —** "*യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി നിങ്ങളോടു ഇതു സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു.*" വെളിപ്പാടു പുസ്തകത്തിലെ 4,13 എന്നീ രണ്ടു അദ്ധ്യായങ്ങളൊഴിച്ചു എല്ലാറ്റിലും ദൂതൻ, ദൂതന്മാർ എന്ന പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ദൂതൻ എന്നാൽ ദൂതുവാഹി എന്നർത്ഥം. ദൂതന്മാർ ദൈവസൃഷ്ടിയും ദൈവത്തെയും മനുഷ്യരെയും സേവിക്കുന്നവരുമാണ്. അവരുടെ ശുശ്രൂഷകൾ വിവിധ തരത്തിലുള്ളവയാണ്. ദൂതന്മാർ ദുഃഖവേളയിൽ ആശ്വാസം നല്കുന്നു (ഉല്പ.16:7), ദൈവജനത്തെ മുന്നിലും പിന്നിലും കാവൽ ചെയ്യുന്നു (പുറ.14:19), ശിക്ഷകൾ നടപ്പാക്കുന്നു (2.ശമൂ.24:16), ഭൂമിയെ നിരീക്ഷണം ചെയ്യുന്നു (യെഹെ.1:9-14), ദൈവമക്കളെ സൂക്ഷിച്ചു സംരക്ഷിക്കുന്നു (ദാനീ.6:22), വാഗ്ദത്തങ്ങൾ കൊണ്ടു വരുന്നു (മത്താ.1:20), ഭക്തന്മാരെ കയ്യിൽ താങ്ങുന്നു (മത്താ.4:6), ദൈവത്തിന്റെ ദൂതുകൾ കൊണ്ടു വരുന്നു (ലൂക്കൊ.1:26-28), കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിൽ അകമ്പടിയായി വരുന്നു (1.തെസ്സ4:16), മഹത്വപ്രത്യക്ഷതയിൽ ശക്തിയുള്ളദൂതന്മാരുമായി വരുന്നു (2.തെസ്സ.1:6). ചുരുക്കത്തിൽ, മഹത്വമേറിയ പ്രത്യാശാ വാഗ്ദത്തങ്ങളുൾപ്പെട്ട വെളിപ്പാടിലെ ഭാവികാലസംഭവങ്ങൾ ദൈവമക്കളെ അറിയിക്കുവാനും ദൈവം ദൂതനെ ഉപയോഗിച്ചിരിക്കുന്നു. ദൈവസിംഹാസനത്തിനു ചുറ്റും ദൈവത്തിന്റെ കല്പനകൾ കേട്ടു നിറവേറ്റുവാനായി അനേക ദൂതന്മാർ കാത്തു നിൽക്കുന്നു.

ഇതിലെ സന്ദേശങ്ങൾ ചിലപ്പോൾ ക്രിസ്തു നേരിട്ടോ (1:10,11), ചിലപ്പോൾ സ്വർഗ്ഗത്തിലെ മൂപ്പന്മാരിൽ ഒരുവനോ (7:13-17), ചിലപ്പോൾ ദൂതനിലൂടെയോ (17:1/19:9,10), മറ്റവസരത്തിൽ സ്വർഗ്ഗത്തിൽ നിന്നുള്ള ശബ്ദത്താലോ (10:4) യോഹന്നാനു പ്രദർശിപ്പിക്കപ്പെട്ടു.

വെളിപ്പാടു പുസ്തകം നമ്മുടെ കരങ്ങളിലെത്തിയത് അഞ്ചു പേരിലൂടെയെന്നതും ശ്രദ്ധേയമാണ്. പിതാവായ ദൈവത്തിൽ നിന്നു പുത്രനായ യേശുക്രിസ്തുവിനും, യേശുക്രിസ്തുവിൽ നിന്നു ദൂതനിലൂടെ യോഹന്നാനും, യോഹന്നാനിൽ നിന്നു ദൈവദാസന്മാർക്കും (പിതാവു, പുത്രൻ, ദൂതൻ, യോഹന്നാൻ, ദൈവദാസന്മാർ) എത്തിച്ചു കൊടുത്ത സന്ദേശമാണ് (വെളി.1:1)ഇതിലടങ്ങിയിരിക്കുന്നത്.

**വെളി.1:2 — അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടതു ഒക്കെയും സാക്ഷീകരിച്ചു** (who bore witness to the word of God, and to the testimony of Jesus Christ, to all things that he saw) —

യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു യോഹന്നാൻ സാക്ഷിയായിരുന്നു. ഈ സാക്ഷ്യം യോഹന്നാൻ എഫസൊസിലും പരിസരപ്രദേശങ്ങളിലും സാക്ഷീകരിച്ചു. പത്മൊസ് ദ്വീപിൽ വെച്ചു ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ട കാര്യങ്ങൾ തുടർന്നു സാക്ഷീകരിച്ചു എഴുതുവാൻ ആരംഭിച്ചു. ദൈവവചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവും നിമിത്തമാണ് താൻ പത്മൊസ് ദ്വീപിലായിരിക്കുന്നതെന്നു 1:9 -ലും പറയുന്നു. യേശുക്രിസ്തുവിന്റെ ഒന്നാം വരവിലെ കാര്യങ്ങൾ യോഹന്നാൻ തന്റെ സുവിശേഷത്തിലൂടെയും ലേഖനങ്ങളിലൂടെയും ദൈവാത്മാവിനാൽ സാക്ഷീകരിച്ചു.

**യോഹ.19:35—**"ഇതുകണ്ടവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു; അവന്റെ സാക്ഷ്യം സത്യം ആകുന്നു".

**യോഹ.21:24,25 —**"ഈ ശിഷ്യൻ ഇതിനെക്കുറിച്ചു സാക്ഷ്യം പറയുന്നവനും ഇതു എഴുതിയവനും ആകുന്നു; അവന്റെ സാക്ഷ്യം സത്യം എന്നു ഞങ്ങൾ അറിയുന്നു. യേശു ചെയ്ത മറ്റു പലതും ഉണ്ടു; അതു ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെ ഒതുങ്ങുകയില്ല എന്നു ഞാൻ നിരൂപിക്കുന്നു."

**1.യോഹ.1:1,2 —** "ആദിമുതലുള്ളതും ഞങ്ങൾ കണ്ടതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണു കൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു--ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ കണ്ടു സാക്ഷീകരിക്കുകയും പിതാവിനോടു കൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോടു അറിയിക്കയും ചെയ്യുന്നു."

**1.യോഹ.4:14 —** "പിതാവു പുത്രനെ ലോകരക്ഷിതാവായിട്ടു അയച്ചിരിക്കുന്നു എന്നു ഞങ്ങൾ കണ്ടു സാക്ഷ്യം പറയുന്നു."

ഒന്നാം വരവിന്റെ കാര്യങ്ങൾ യോഹന്നാൻ സാക്ഷീകരിച്ചതു പോലെ തനിക്കു ലഭിച്ച സ്വർഗ്ഗീയദർശനത്താൽ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി കർത്താവിന്റെ രണ്ടാം വരവിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളും വെളിപ്പാടു പുസ്തകത്തിലൂടെ പ്രസ്താവിക്കുന്നു.

**വെളി.1:3 — ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു** ( Blessed is he who reads and those who hear the words of this prophecy, and keep those things which are written in it; for the time is near) —

കർത്താവിന്റെ ഗിരിപ്രഭാഷണത്തിലുള്ള ഭാഗ്യവർണ്ണന (മത്താ.5:3—12) എന്നപോലെ വെളിപ്പാടു പുസ്തകത്തിലടങ്ങിയിരിക്കുന്ന ഏഴുഭാഗ്യവർണ്ണനകളിൽ (വെളി.1:3/14:13/16:15/19:9/20:6/22:7/22:14) ഒന്നാണിത്. കാലം അന്ത്യത്തിലേക്കു വന്നെത്തിയിരിക്കുന്നതിനാൽ ഭാവികാലപ്രവചനങ്ങളടങ്ങിയ വെളിപ്പാടു പുസ്തകത്തിലെ വചനങ്ങൾക്കുള്ള പ്രാധാന്യതയും അതിലൂടെ ലഭിക്കുന്ന അനുഗ്രഹവും ഈ വാക്യത്തിൽ വിശദീകരിക്കുന്നു. അനുഗ്രഹങ്ങൾ മൂന്നു കൂട്ടർക്കു വാഗ്ദത്തം ചെയ്യുന്നു.

**(1) വായിച്ചു കേൾപ്പിക്കുന്നവർ ഭാഗ്യവാന്മാർ -**( Blessed is he who reads) — "ഉറക്കെ വായിച്ചു കേൾപ്പിക്കുക" എന്നർത്ഥത്തിലാണ് മൂലഭാഷയിലുള്ള പ്രയോഗം. ഒന്നാം നൂറ്റാണ്ടിൽ തിരുവചനഭാഗങ്ങളടങ്ങിയ എഴുത്തുകൾ എല്ലാവർക്കും സ്വന്തമായി ഉപയോഗിക്കത്തക്ക വിധത്തിൽ സുലഭമായിരുന്നില്ല. ആ അവസരത്തിൽ അനേകം പേർ കൂടിവരുന്ന സ്ഥലങ്ങളിൽ തിരുവചനം ആരെങ്കിലും ഉറക്കെ വായിച്ചു കേൾക്കുന്ന പതിവായിരുന്നു നിലവിലുണ്ടായിരുന്നത്. യഹൂദന്മാരുടെ സിനഗോഗുകളിലും ദേവാലയങ്ങളിലും തിരുവചനഭാഗങ്ങൾ വായിച്ചു കേൾപ്പിക്കാറുണ്ടായിരുന്നു (ലൂക്കൊ.4:16/ അപ്പൊ.13:15). പ്രവചനഭാഗമടങ്ങിയ വെളിപ്പാടു പുസ്തകം വായിച്ചു കേൾപ്പിക്കുന്നരും ഭാഗ്യവാന്മാരാണ്. കാരണം വായന അറിയാത്തവരും ഇതറിയണമെന്നു ദൈവം ആഗ്രഹിക്കുന്നു.

**(2) കേൾക്കുന്നവർ ഭാഗ്യവാന്മാർ** (and those who hear) — കേൾക്കുവാൻ തക്കവണ്ണം ഉറക്കെ വായിക്കുന്നവരും അതു പോലെതന്നെ തിരുവചനം കേൾക്കുന്നവരും ഭാഗ്യവാന്മാരാണ്. കാരണം ദൈവ

വചനം ഈ ലോകത്തിൽ മാത്രമല്ല നിത്യതയിലും അനുഗ്രഹങ്ങൾ പങ്കിടുവാൻ നമ്മെ പ്രാപ്തരാക്കുന്നു. തിരുവെഴുത്തുകൾ ഇന്നു സുലഭമായി നമ്മുടെ കരങ്ങളിലെത്തുവാൻ അനേക വിശ്വാസവീരന്മാർ രക്തസാക്ഷികളായി തീർന്നിട്ടുണ്ട്. കൂടാതെ നമ്മുടെസ്വന്തം ഭാഷയിൽ ലഭിക്കുവാനും ഇടയായി. "ചെവിയുള്ളവൻ കേൾക്കട്ടെ" എന്നുള്ള കർത്താവിന്റെ വാക്കുകൾ ശ്രദ്ധയോടെ ഉൾക്കൊള്ളേണ്ടതാണ്. കേൾക്കുക എന്നതിനു മനസ്സിൽ സംഗ്രഹിക്കുക എന്നും പറയാം.

**(3) പ്രമാണിക്കുന്നവർ ഭാഗ്യവാന്മാർ** ( Blessed is he who keep those things which are written in it) — വായിച്ചു കേൾപ്പിക്കുന്നവരും, കേൾക്കുന്നവരും മാത്രമല്ല ദൈവവചനം പ്രമാണിക്കുന്നവരും ഭാഗ്യവാന്മാരാണ്. ദൈവവചനകല്പനകൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകതയെ ഇതു കുറിക്കുന്നു. ഉറക്കെ വായിക്കാനും, അതു ശ്രദ്ധയോടു കേൾക്കാനും ലഭിക്കുന്ന അവസരങ്ങൾ അവകാശവും ഭാഗ്യവുമായിരിക്കുമ്പോൾ അതു പ്രമാണിക്കുന്നത് നമ്മുടെ ഉത്തരവാദിത്വത്തിലേക്കു വിരൽ ചൂണ്ടുന്നു.

"*വചനം കേൾക്ക മാത്രം ചെയ്തു കൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ* " (യാക്കോ.1:22) എന്നുള്ള യാക്കോബ് അപ്പൊസ്തലന്റെ പ്രബോധനം പാലിക്കണം.

"*ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതു എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നേ*" (സങ്കീ.119:9).

"*ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ; ന്യായപ്രമാണം ആചരിക്കുന്നവരത്രേ നീതീകരിക്കപ്പെടുന്നതു*" (റോമ.2:13).

"*ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ* " —ലൂക്കൊ.11:28

"*എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു*"—യോഹ.14:21.

"*അവന്റെ കല്പനകളെ പ്രമാണിക്കുന്നവനല്ലോ ദൈവത്തോടുള്ള സ്നേഹം*" —1.യോഹ.5:3.

**സമയം അടുത്തിരിക്കുന്നു** (for the time is near) —

ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവനും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ. വായിച്ചു കേൾപ്പിക്കുക, കേൾക്കുക, പ്രമാണിക്കുക — ദൈവവചനം സംസാരിക്കുക, കേൾക്കുക, അനുസരിക്കുക എന്നത് ഓരോ രക്ഷിക്കപ്പെട്ട വിശ്വാസിയുടെയും ചുമതലയാണ്. കാരണം സമയം അടുത്തിരിക്കുന്നു. കർത്താവു വാനമേഘങ്ങളിൽ വരുവാൻ കാലമായി. കർത്താവിന്റെ വരവിനുശേഷം ആരോടും സുവിശേഷമോ ദൈവകല്പനകളോ പറയുവാൻ അവസരം ലഭിക്കയില്ല. കർത്താവിന്റെ സമയം അഥവാ കർത്താവിന്റെ മടങ്ങിവരവ് ഏറ്റവും അടുത്തിരിക്കയാൽ വിശുദ്ധിപാലിച്ചുകൊണ്ടു കർത്താവിന്റെ വരവിനായി കാത്തിരിക്കണം (റോമ.13:11–14/റോമ.16:20/2.പത്രൊ.3:9).

**വെളി.1:4,5— യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നതു: ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായവങ്കൽ നിന്നും അവന്റെ സംഹാസനത്തിന്മുമ്പിലുള്ള ഏഴു ആത്മാക്കളുടെ പക്കൽ നിന്നും വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്കു അധിപതിയും ആയ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ** (John, to the seven churches which are in Asia: Grace to you and peace from Him who is and who was and who is to come, and from the seven Spirits who are before His throne, and from Jesus Christ, the faithful witness, the firstborn from the dead, and the ruler over the kings of the earth. To Him who loved us and washed us from our sins in His own blood) —

ആസ്യയിലുള്ള ഏഴു സഭകൾക്കാണ് യോഹന്നാൻ ദൈവത്തിന്റെ ദൂത് എഴുതുന്നത്. പിതാവായ ദൈവത്തിന്റെയും, പുത്രനായ യേശുക്രിസ്തുവിന്റെയും, കാര്യസ്ഥനായ പരിശുദ്ധാത്മാവിന്റെ നാമത്തിൽ അവർക്കു കൃപയും സമാധാനവും ആശംസിക്കുന്നു.

**യോഹന്നാൻ** (John) —

വെളിപ്പാടു എഴുതിയ സെബദിപുത്രനായ യോഹന്നാൻ തന്റെ പേര് ഇവിടെ പ്രസ്താവിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ യോഹന്നാൻ തന്റെ പേര് ആവർത്തിച്ചു രേഖപ്പെടുത്തിയിട്ടുണ്ട് (1:1,2/1:4/1:9/22:8). വെളിപ്പാടു പുസ്തകത്തിന്റെ പൂർണ്ണഗ്രന്ഥകർത്തൃത്വം യേശുക്രിസ്തുവിനുള്ളതാണ്. കർത്താവിന്റെ ശിഷ്യനായ യോഹന്നാൽ അതൊക്കെ എഴുതി എന്നു മാത്രം.

**ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നതു:** (to the seven churches which are in Asia:) —

ആസ്യയിലുള്ള ഏഴു സഭകൾക്കാണ് യോഹന്നാൻ എഴുതിയിരിക്കുന്നത്. ഈ ഏഴു സഭകളും ഏഷ്യാമൈനറിലെ റോമൻ പ്രവിശ്യകളായിരുന്നു. ഇവ ഇന്നു തുർക്കിയിൽ ഉൾപ്പെടുന്നു. വെളി.1:11–ൽ

ഏഴുസഭകളുടെ പേരുകൾ പറഞ്ഞിട്ടുണ്ട്. (1) എഫെസൊസ് (2) സ്മുർന്നാ (3) പെർഗ്ഗമൊസ് (4) തുയഥൈര (5) സർദ്ദിസ് (6) ഫിലദെൽഫ്യ (7) ലവൊദിക്ക്യാ. യോഹന്നാൻ ഏഴുസഭകൾക്കായി എഴുതിയിരിക്കുന്നതിനാൽ അവിടെ മറ്റു സഭകളൊന്നും ഉണ്ടായിരുന്നില്ലെന്നും കരുതുവാൻ പാടില്ല. ഇവകൂടാതെ കൊലോസ്യ (കൊലൊ.1:1) , ഹിയരപൊലിസ് (കൊലൊ.4:13), ത്രോവാസ് (2.കൊരി.2:12, അപ്പൊ.20:5), മിലേത്തോസ് (അപ്പൊ.20:17) എന്നീ സഭകളും അന്നുണ്ടായിരുന്നു.

എന്നാൽ ഏഴുസഭകളെ മാത്രം തെരഞ്ഞെടുത്ത സാഹചര്യത്തെക്കുറിച്ചു വേദപണ്ഡിതന്മാർക്കിടയിൽ പല അഭിപ്രായങ്ങളുണ്ട് —

—> (1) അവിടെയുള്ള പ്രാദേശികസഭകളെയെല്ലാം പ്രതിനിധീകരിച്ചു ഏഴു സഭകളെ തിരഞ്ഞെടുത്തു.

—> (2) ഏഴു സഭകളും ഒരേ ദിശയിലേക്കു യാത്ര ചെയ്താൽ എത്താവുന്നവിധത്തിൽ റോഡ് മാർഗ്ഗം ബന്ധപ്പെട്ടിരിക്കുന്നതും പ്രധാന പട്ടണങ്ങളുടെ ആസ്ഥാനവുമായിരിക്കുന്നു.

—> (3) വെളിപ്പാടു പുസ്തകം ഏഴുകളുടെ പുസ്തകമെന്ന നിലയിലും, ഏഴു എന്നത് ആത്മീകമായി പൂർണ്ണതയെക്കാണിക്കുന്നതിനാലും ഏഴു സഭകളായി പരിമിതപ്പെടുത്തി.

—>(4) എഫെസൊസ് സഭയുടെ ദൂതനു എഴുതുക (2:1) സ്മുർന്നയിലെ സഭയുടെ ദൂതനു എഴുതുക (2:8), പെർഗ്ഗമൊസിലെ സഭയുടെ ദൂതനു എഴുതുക (2:12), തുയഥൈര്യയിലെ സഭയുടെ ദൂതനു എഴുതുക (2:18), സർദ്ദിസിലെ സഭയുടെ ദൂതനു എഴുതുക (3:1),ഫിലദെൽഫ്യ സഭയുടെ ദൂതനു എഴുതുക (3:7), ലവൊദിക്ക്യയിലെ സഭയുടെ ദൂതനു എഴുതുക (3:14) എന്നിങ്ങനെയുള്ള ആജ്ഞ യോഹന്നാനു ലഭിച്ചതിനാൽ ഏഴു സഭകളെ മാത്രം തിരഞ്ഞെടുത്തത് നമ്മുടെ കർത്താവായിരിക്കുന്നതിനാൽ എന്തുകൊണ്ടു ഏഴു മാത്രം തെരഞ്ഞെടുത്തു എന്നത് ദൈവികജ്ഞാനത്തിൽ ഉൾപ്പെടുന്നു. യോഹന്നാൻ ദൈവകരങ്ങളിൽ ഒരു ഉപകരണം മാത്രമായിരുന്നു.

-->(5)വെളിപ്പാടിൽ ഏഴു സഭകൾക്കു എന്നപോലെ അപ്പൊസ്തലനായ പൗലൊസ് ഏഴു സഭകൾക്കാണ് ലേഖനം (റോമർ, കൊരിന്ത്യർ, ഗലാത്യർ, എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, തെസ്സലൊനിക്ക്യർ) എഴുതിയിട്ടുള്ളത്. കൂടാതെ സ്വർഗ്ഗരാജ്യത്തിന്റെ ഉപമ ഏഴെണ്ണമാണ് (മത്താ.13) കർത്താവു വിശദീകരിച്ചിരിക്കുന്നത്. ഏഴു പൊതുവേ സമ്പൂർണ്ണതയെ കുറിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ ഏഴു സഭകൾക്കു ദൂതു അറിയിക്കുന്നതും സമ്പൂർണ്ണതയെ പ്രകടമാക്കുന്നു. സഭായുഗത്തിലെ സകലസഭകളെയും ബന്ധിക്കുന്നതിനെയും ഏഴു കുറിക്കുന്നു .

ദൂത് നൽകുവാനായി തിരഞ്ഞെടുത്ത ഏഴു സഭകളും യോഹന്നാൻ വെളിപ്പാട് എഴുതുന്ന കാലഘട്ടത്തിൽ ഏഷ്യാമൈനറിൽ നിലവിലുണ്ടായിരുന്ന പ്രാദേശിക സഭകളായിരുന്നു. വെളിപ്പാട്.1:11-ൽ ഏഴു സഭകളുടെയും പേരുകൾ വ്യക്തമായി പറഞ്ഞിരിക്കുന്നതിനാൽ ഇവ അക്കാലത്തു ഉണ്ടായിരുന്നതും കർത്താവ് അറിയുന്ന സഭകളും ആയിരുന്നു. ഏഴ് എന്ന സംഖ്യ സമ്പൂർണ്ണതയെ വെളിപ്പെടുത്തുന്നതാകയാൽ അക്കാലത്തു നിലവിലുണ്ടായിരുന്ന സകല സഭകളെയും പ്രതിനിതീകരിക്കുന്നുവെന്നു കരുതാം. ഇതു കൂടാതെ പെന്തക്കോസ്തുനാൾ ആരംഭം കുറിച്ചതും കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവ് അഥവാ സഭയുടെ ഉത്പ്രാപണം വരെയുള്ള ഭൂമിയിലുള്ള സകല സഭകളെയും ഏഴു സഭകൾ കുറിക്കുന്നു.

തുടർന്നു യോഹന്നാൻ ഏഴു സഭകൾക്കും ദൈവികത്രിത്വത്തിൽ നിന്നു കൃപയും സമാധാനവും അടങ്ങിയ അനുഗ്രഹങ്ങൾ പകരുന്നു.

*കൃപയും സമാധാനവും ആശംസിക്കുന്നതിന്റെ ഉറവിടം —*

| | |
|---|---|
| *1. പിതാവായ ദൈവം* | *: ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവൻ* |
| *2. പരിശുദ്ധാത്മാവ്* | *: സിംഹാസനത്തിന്റെ മുമ്പിലുള്ള ഏഴു ആത്മാക്കൾ* |
| *3. പുത്രൻ (യേശുക്രിസ്തു)* | *: വിശ്വസ്തസാക്ഷിയും മരിച്ചവരിൽ നിന്നു ആദ്യജാതനും ഭൂരാജാക്കന്മാർക്ക് ആധിപതിയും ആയ യേശുക്രിസ്തു.* |

**(1) ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽ നിന്നും** (who is and who was and who is to come) —

ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനും എന്നത് ത്രിത്വത്തിൽ ഒന്നാമനായ പിതാവായ ദൈവത്തെയും, കാലങ്ങൾക്കും യുഗങ്ങൾക്കും അതീതനായ ദൈവത്തിന്റെ മാറ്റമില്ലായ്മയെയും കുറിക്കുന്നു. വർത്തമാനം, ഭൂതം, ഭാവി എന്നീ കാലങ്ങളോടുള്ള ബന്ധത്തിൽ സർവ്വശക്തനായ നിത്യനായ ദൈവത്തെ യോഹന്നാൻ ദർശിക്കുന്നു. എന്നാൽ 1:8 -ൽ ക്രിസ്തുവിനെക്കുറിച്ചും ഈ വിശേഷണം ഉപയോഗിച്ചിരിക്കുന്നു. ഇരിക്കുന്നവൻ, ഇരുന്നവൻ വരുന്നവൻ എന്നത് പിതാവായ ദൈവത്തിന്റെ സ്വഭാവ സവിശേഷതയാണ്. പുറപ്പാടു പുസ്തകത്തിൽ മോശെക്കു ദൈവം തന്നെത്തന്നെ പരിചയപ്പെടുത്തുന്നതും ഇതിനു സമാനമായ വിശേഷണത്തിലൂടെയാണ് — *"ഞാനാകുന്നവൻ ഞാനാകുന്നു" (I am that I am).* **പുറ.3:13,14 —***"മോശെ ദൈവത്തോടു: ഞാൻ യിസ്രായേൽ മക്കളുടെ അടുക്കൽ ചെന്നു: നിങ്ങ*

*ളുടെ പിതാക്കന്മാരുടെ ദൈവം എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നു പറയുമ്പോൾ: അവന്റെ നാമം എന്തെന്നു എന്നോടു ചോദിച്ചാൽ ഞാൻ അവരോടു എന്തു പറയേണം എന്നു ചോദിച്ചു. അതിനു ദൈവം മോശെയോടു: ഞാൻ ആകുന്നവൻ ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽ മക്കളോടു പറയേണം എന്നു കല്പിച്ചു."* ഇരിക്കുന്നവനും ഇരുന്നവനും, വരുന്നവനും എന്നുള്ള പ്രയോഗം ദൈവത്തിന്റെ സർവ്വാധികാരത്തെയും മാറ്റമില്ലായ്മയെയും കുറിക്കുന്നു.

**(2) അവന്റെ (ദൈവത്തിന്റെ )സിംഹാസനത്തിന്മുമ്പിലുള്ള ഏഴു ആത്മാക്കളുടെ പക്കൽ നിന്നും** (and from the seven Spirits who are before His throne) —

ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിന്റെ നാമത്തിൽ ഏഴു സഭകളെ യോഹന്നാൻ വന്ദനം ചെയ്യുന്നു. സിംഹാസനത്തിന്മുമ്പിലെന്നത് ദൈവസാന്നിദ്ധ്യത്തെക്കുറിക്കുന്നു. ഏഴു ആത്മാക്കൾ, ഏഴു ദൈവാത്മാക്കൾ എന്നീ പ്രയോഗങ്ങൾ പല പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (വെളി.1:4/3:1/4:5/5:6). ഏഴു ആത്മാക്കളെന്നത് പരിശുദ്ധാത്മാവിനെ കുറിക്കുന്നു. ഏഴു പരിശുദ്ധാത്മാവില്ല. എന്നാൽ ഏക പരിശുദ്ധാത്മാവേ ഉള്ളു എങ്കിലും ഏഴു സംപൂർണ്ണതയെക്കുറിക്കുന്നതിനാൽ ഏഴുആത്മാക്കൾ എന്നത് പരിശുദ്ധാത്മാവിന്റെ സംപൂർണ്ണതയെയാണ് കാണിക്കുന്നത്. യെശ.11:2-ൽ പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണത വ്യക്തമാക്കുന്ന ഏഴു സ്വഭാവവൈശിഷ്ട്യത്തെയും ശുശ്രൂഷകളെയും കാണാം. *(1) യഹോവയുടെ ആത്മാവു (2) ജ്ഞാനത്തിന്റെ ആത്മാവു (3) വിവേകത്തിന്റെ ആത്മാവു (4) ആലോചനയുടെ ആത്മാവു (5) ബലത്തിന്റെ ആത്മാവു (6) പരിജ്ഞാനത്തിന്റെ ആത്മാവു (7) യഹോവഭക്തിയുടെ ആത്മാവു.* സെഖര്യാപ്രവാചകൻ പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണതയെ കല്ലിന്മേലുള്ള ഏഴു കണ്ണുകളായി രേഖപ്പെടുത്തിയിരിക്കുന്നു. **സെഖ.3:9 —** *"ഞാൻ യോശുവയുടെ മുമ്പിൽ വെച്ചിരിക്കുന്ന കല്ലുണ്ടല്ലോ; ആ കല്ലിന്മേൽ ഏഴു കണ്ണുകൾ ഉണ്ട്. "*

ഏഴു ആത്മാക്കൾ എന്നത് ഏഴു ദൂതന്മാർ എന്നും തെറ്റിധരിക്കുവാനും പാടില്ല. ഗ്രീക്കു ഭാഷയിൽ പരിശുദ്ധാത്മാവിനു *ന്യൂമാ (pneuma)* എന്നും ദൂതനു *എയിൻജെലോസ് (angelos)* എന്നുമുള്ള പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്യത്തിൽ പരിശുദ്ധാത്മാവിനെ വ്യക്തമാക്കുന്ന പദമുപയോഗിച്ചിരിക്കുന്നതിനാൽ ഏഴു ആത്മാക്കൾ എന്നത് ഏഴു ദൂതന്മാരല്ല പരിശുദ്ധാത്മാവിനെയും പരിശുദ്ധാത്മാവിന്റെ സംപൂർണ്ണതയെയുമാണ് പ്രകടമാക്കുന്നത്.

**(3) വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്കധിപതിയും ആയ യേശുക്രിസ്തുവിങ്കൽനിന്നും** (and from Jesus Christ, the faithful witness, the firstborn from the dead) —

ത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തുവിന്റെ നാമത്തിൽ യോഹന്നാൻ ഏഴു സഭകൾക്കു കൃപയും സമാധാനവും ആശംസിച്ചു വന്ദനം ചെയ്യുന്നു. വിശ്വസ്തസാക്ഷി, മരിച്ചവരിൽ ആദ്യജാതൻ, ഭൂരാജാക്കന്മാർക്കധിപതി എന്നീ മൂന്നു ഉന്നതികളിൽ യേശുക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നു. യേശുക്രിസ്തു യഥാക്രമം പ്രവാചകൻ, പുരോഹിതൻ, രാജാവ് എന്നീ മൂന്നു നിലകളിൽ യോഹന്നാൻ ദർശിക്കുന്നു. ഇതും മൂന്നു കാലങ്ങളോടുള്ള ബന്ധത്തിൽ ചിത്രീകരിക്കാം. ക്രിസ്തു പ്രവാചകൻ എന്ന നിലയിൽ തന്റെ ഭൂതകാല ശുശ്രൂഷളെയും, പുരോഹിതൻ എന്ന നിലയിൽ വർത്തമാനകാലശുശ്രൂഷകളെയും രാജാവു എന്ന നിലയിൽ ഭാവികാലഭരണത്തെയും വിശദമാക്കുന്നു.

*** വിശ്വസ്തസാക്ഷി** (Faithful witness) —

വിശ്വസ്തസാക്ഷിയെന്നത് സത്യമായതും എപ്പോഴും വിശ്വസിക്കുവാൻ കൊള്ളാവുന്നതുമായ കാര്യങ്ങൾ പ്രസ്താവിക്കുന്ന ഒരുവനെ കുറിക്കുന്നു. പ്രവാചകന്മാർ ദൈവത്തിന്റെ അരുളപ്പാടുകൾ സത്യത്തോടും, വിശ്വസ്തതയോടും അറിയിച്ചവരാണ്. എപ്പോഴും സത്യം മാത്രം പ്രസ്താവിച്ച കർത്താവായ യേശുക്രിസ്തു വിശ്വസ്തസാക്ഷിയാണ്. യോഹ.18:37 — *"സത്യത്തിന്നു സാക്ഷി നില്ക്കേണ്ടതിന്നു ഞാൻ ജനിച്ചു അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു."* വെളി.3:14 — *"വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ."* വെളി.19:11 — *"അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്നു പേർ."* വിശ്വസ്തസാക്ഷിയെന്നുള്ള വിശേഷണം കർത്താവു പ്രവാചകൻ (*Prophet*) എന്നുള്ളതിനെയും പ്രകടമാക്കുന്നു. ഇംഗ്ലീഷിൽ "സാക്ഷി" എന്നർത്ഥമുള്ള വിറ്റ്നസ്സ് *(witness)* എന്ന പദവും "രക്തസാക്ഷി"എന്നർത്ഥമുള്ള മാർട്ടിയർ (*martyr*)എന്ന പദവും ഗ്രീക്കിലെ മാർട്ടസ് (*martus*) എന്ന വാക്കിൽ നിന്നാണ് വന്നിട്ടുള്ളത്. സത്യത്തോടും വിശ്വസ്തതയോടും കാര്യങ്ങൾ പ്രസ്താവിക്കുക, പ്രസ്താവിച്ച കാര്യങ്ങളിൽ വ്യതിചലിക്കാതെ ഉറെച്ചു നിന്നു രക്തസാക്ഷിയാകുക എന്നതാണ് മാർട്ടസ് എന്ന ഗ്രീക്കു പദം അർത്ഥമാക്കുന്നത്. സത്യം പ്രസ്താവിക്കുകയും, സത്യത്തിനായി രക്തസാക്ഷിയാകേണ്ടിയും വന്ന യേശുക്രിസ്തു പ്രവാചകശ്രേഷ്ഠനാണ്.

**** മരിച്ചവരിൽ ആദ്യജാതൻ** (the firstborn from the dead) —

മരിച്ചവരിൽ ആദ്യജാതൻ എന്നത് യേശുക്രിസ്തു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റവരിൽ മഹോന്നതനായിരിക്കുന്നു എന്നത് വ്യക്തമാക്കുന്നു. ആദ്യജാതൻ എന്ന പദം പുതിയനിയമത്തിൽ അഞ്ചു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (റോമ.8:29/ കൊലൊ.1:15/കൊലൊ.1:18/എബ്രാ.1:6/വെളി.1:5). മരിച്ചവരിൽ ആദ്യജാതൻ എന്നത് കാലക്രമമനുസരിച്ചു ക്രിസ്തു ആദ്യമായി ഉയിർത്തെഴുന്നേറ്റവൻ എന്നർത്ഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമത്തിലും പുതിയനിയമത്തിലും അനേക പുനരുത്ഥാനങ്ങൾ അഥവാ ഉയിർത്തെഴുന്നേൽപ്പുകൾ നടന്നിട്ടുണ്ട് (1.രാജാ.17:17-23/2.രാജാ.4:32-36/2.രാജാ.13:20,21/ മത്താ.9:23-25/ ലൂക്കൊ.7:11-15/യോഹ.11:30-44). ഇവരൊക്കെ വീണ്ടും മരിക്കുകയുണ്ടായി. എന്നാൽ ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ട് വീണ്ടും മരിച്ചില്ല. ഒരിക്കലും മരണത്തിനധീനമല്ലാത്ത ശരീരത്തിലൂടെയുള്ള ആദ്യ ഉയിർപ്പായിരുന്നു യേശുക്രിസ്തുവിന്റേത്. ഇവിടെ പറയുന്ന മരിച്ചവരിൽ ആദ്യജാതൻ എന്നത് ക്രിസ്തു മഹത്വത്തിലും, ഉന്നതിയിലും, സകലത്തിനും അവകാശിയാണെന്നും, ആദ്യമായി ഒരിക്കലും നശിക്കാത്ത ശരീരത്തിലൂടെ ഉയിർത്തെഴുന്നേറ്റവൻ എന്നുമാണർത്ഥമാക്കുന്നത്.. *"എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു.....ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും. ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു"* (1.കൊരി.15:20-23).

ആദ്യജാതൻ എന്നതിനു ഗ്രീക്കിൽ പ്രോട്ടോട്ടോക്കോസ് (*prototokos*) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. മഹത്വവും, ശക്തിയും ഉള്ളവനായി ഒന്നാം സ്ഥാനത്തു നിൽക്കുന്നവനെന്നർത്ഥം. ക്രിസ്തു ശക്തിയും മഹത്വവും ഉള്ളവനായി മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ ആദ്യജാതനാണ്. കൊലൊ.1:15 -ൽ *"അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു"* എന്നത് ക്രിസ്തു ദൈവത്തോടു സമനും, സർവ്വസൃഷ്ടിക്കും മുമ്പേയുള്ളവനും, മഹത്വത്തിലും തേജസ്സിലും ഉന്നതനും ആയിരിക്കുന്നു എന്നാണ് അർദ്ധമാക്കുന്നത്. **റോമ.2:5 —** *"ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽ നിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ."* **അപ്പൊ.13:34 —** *"ഇനി ദ്രവത്വത്തിലേക്കു തിരിയാതവണ്ണം അവൻ അവനെ മരിച്ചവരിൽ നിന്നു എഴുന്നേൽപ്പിച്ചതിനെക്കുറിച്ചു അവൻ: ദാവീദിന്റെ സ്ഥിരമായുള്ള വിശുദ്ധകൃപകളെ ഞാൻ നിങ്ങൾക്കു നല്കും എന്നു പറഞ്ഞിരിക്കുന്നു."* സ്വർഗ്ഗത്തിൽ ഇപ്പോഴുള്ള ശുശ്രൂഷയോടുള്ള ബന്ധത്തിൽ ക്രിസ്തു പുരോഹിതൻ (*Priest*)എന്നതിനെയും മരിച്ചവരിൽ ആദ്യജാതൻ എന്നതു കുറിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി രക്തം ചിന്തിമരിച്ച കർത്താവു തന്റെ രക്തവുമായി കടന്നു പോയി സ്വർഗ്ഗത്തിൽ പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതനാണ്.

***** ഭൂരാജാക്കന്മാർക്കധിപതി** (and the ruler over the kings of the earth) —

യേശുക്രിസ്തു പ്രവാചകൻ, പുരോഹിതൻ എന്നിവയ്ക്കു പുറമേ ഭാവികാലത്തോടു ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ രാജാവുമാണ്. ഭൂരാജാക്കന്മാർക്കധിപതി എന്നത് യേശുക്രിസ്തു സിംഹാസനത്തിൽ ഇരുന്നു വാഴുവാൻ പോകുന്ന രാജാധിരാജാവെന്ന പദവിയെ പ്രകടമാക്കുന്നു. യേശുക്രിസ്തു രാജാവും മഹാപുരോഹിതനുമായ മല്ക്കീസേദെക്കിനെപ്പോലെ രാജപുരോഹിതനാണ് (എബ്രാ.7:17). പ്രവാചകൻ (വിശ്വസ്തസാക്ഷി -സങ്കീ.89;37), പുരോഹിതൻ (ആദ്യജാതൻ —സങ്കീ.89:27), രാജാവ് (ഭൂരാജാക്കന്മാരിൽ ശ്രേഷ്ഠൻ —സങ്കീ.89:27)എന്നീ മൂന്നു നിലകളിലും ക്രിസ്തുവിനെ 89-ാം സങ്കീർത്തനത്തിൽ കാണാം.

**നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ** (Grace to you and peace from Him) —

ഗ്രീക്കുഭാഷയിൽ കൃപയ്ക്ക് ചാരിസ് (charis) എന്നും എബ്രായ ഭാഷയിൽ സമാധാനത്തിനു ശലോം (shalom) എന്നും പറയുന്നു. ഗ്രീക്കുകാർ തമ്മിൽ കാണുമ്പോൾ ചാരിസ് എന്നും എബ്രായർ തമ്മിൽ കാണുമ്പോൾ ശലോം എന്നുമാണ് അഭിവാദനം ചെയ്യുന്നത്. യോഹന്നാനും ഏഴു സഭകളെ വന്ദനം ചെയ്യുന്നത് ത്രിയേകനാം ദൈവത്തിന്റെ നാമത്തിൽ കൃപയും സമാധാനവും ആശംസിച്ചുകൊണ്ടാണ്. യഹൂദനെയും ജാതികളെയും ക്രിസ്തുയേശുവിൽ ഒന്നാക്കിയത് ദൈവകൃപയും, ദൈവികസമാധാനവും വഴിയാണ്. ഇന്നും ക്രിസ്തീയജീവിതത്തിലെ നടപ്പിനും പ്രവർത്തനത്തിനും ദൈവകൃപ ആവശ്യമാണ്. അതുപോലെ ദൈവത്തിൽ നിന്നു നിരപ്പു ലഭിച്ച വിശ്വാസികൾക്കു സമാധാനമില്ലാത്ത ലോകത്തിൽ ജീവിക്കുവാൻ ദൈവീക സമാധാനവും ആവശ്യമാണ്. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായ പിതാവാം ദൈവത്തിന്റെയും, സിംഹാസനത്തിൻ മുമ്പിലുള്ള ഏഴു ആത്മാക്കളായ പരിശുദ്ധാത്മാവിന്റെയും, വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്കു അധിപതിയും ആയ യേശുക്രിസ്തുവിന്റെയും കൃപയും സമാധാനവും ഇന്നു നമുക്കു ഏറ്റവും ആവശ്യമാണ്.

**വെളി.1:6 — "നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും; ആമേൻ** (To Him who loved us and washed us from our sins in His own blood, and has made us kings and priests to His God and Father, to Him be glory and dominion forever and ever. Amen) —

വിശ്വാസികളായ നമുക്കുവേണ്ടി ക്രിസ്തു ചെയ്ത പ്രവർത്തനങ്ങളെ ഓർത്തു യോഹന്നാൻ മഹോന്നതനായ യേശുക്രിസ്തുവിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. ഈ വാക്യത്തിൽ ക്രിസ്തുവിന്റെ അഞ്ചു നിസ്തുല്യ പ്രവർത്തനങ്ങൾ കാണാം.

**(1) നമ്മെ സ്നേഹിക്കുന്നവൻ —**

വർത്തമാനകാലത്തിൽ ക്രിസ്തുവിന്റെ സ്നേഹം പറഞ്ഞിരിക്കുന്നു. ക്രിസ്തു കഴിഞ്ഞകാലത്തിൽ കാൽവറിയിൽ യാഗമായി വീണ്ടെടുപ്പൊരുക്കി നമ്മെ സ്നേഹിച്ചെന്നതു മാത്രമല്ല ഇന്നും സ്നേഹിച്ചുകൊണ്ടേയിരിക്കുന്നുവെന്നു ഇതിൽ നിന്നും മനസ്സിലാക്കാം. യേശുക്രിസ്തു നമ്മെ സ്നേഹിക്കുകയും, നമ്മെ രക്ഷിക്കുവാൻ ക്രൂശിൽ മരിക്കുകയും ചെയ്തു. **റോമ.5:6-8 —** "*നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്ക സമയത്തു അഭക്തർക്കു വേണ്ടി മരിച്ചു. നീതിമാന്നുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാന്നു വേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.*" ക്രിസ്തു തന്റെ ജീവൻ നല്കിയാണ് നമ്മെ സ്നേഹിച്ചത്. ആകയാൽ "*ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ?*" എന്നു ചോദിച്ചുകൊണ്ടു അനേകവിധ പിൻതിരിപ്പിക്കുന്ന ഘടങ്ങൾ അപ്പൊസ്തലനായ പൗലൊസ് നിരത്തുന്നു. (1)കഷ്ടത (2)സങ്കടം (3) ഉപദ്രവം (4) പട്ടിണി (5) നഗ്നത (6) ആപത്ത് (7) വാൾ (8) മരണം (9) ജീവൻ (10) ദൂതന്മാർ (11) വാഴ്ചകൾ (12) അധികാരങ്ങൾ (13) ഇപ്പോഴുള്ളത് (14) വരവാനുള്ളത് (15) ഉയരം (16) ആഴം (17) യാതൊരു സൃഷ്ടിയും. എന്നാൽ ഇവയൊന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു വേർപിരിപ്പാൻ കഴികയില്ല എന്നു അപ്പൊസ്തലൻ ഉറപ്പായി പ്രഖ്യാപിക്കുന്നു. (റോമ.8:35 -39).

**(2) നമ്മുടെ പാപം പോക്കിയവൻ —**

സ്നേഹവാനായ യേശുക്രിസ്തു നമ്മുടെ സകലപാപവും പോക്കി, കഴുകി ശുദ്ധീകരിച്ചു. **1.യോഹ.1:7 —**"*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.*" പാപമോചനത്തിനായി അഥവാ രക്ഷിക്കപ്പെടുവാനായി ലോകത്തിൽ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വെറൊരു നാമവും ഇല്ല (അപ്പൊ.4:12). എന്നാൽ ഇന്നു മനുഷ്യമദ്ധ്യസ്ഥരുടെ മുമ്പാകെ ചെന്നു കുമ്പസരിച്ചു പാപം പോക്കി എന്നു വിശ്വസിക്കുന്നു. ദൈവം ഒരുവനല്ലാതെ മനുഷ്യർക്കാർക്കും പാപം മോചിച്ചുകൊടുക്കുവാനുള്ള അധികാരം ദൈവവചനം അനുവദിക്കുന്നില്ല (മർക്കൊ.2:7). മാത്രവുമല്ല പുണ്യസ്ഥലങ്ങൾ സന്ദർശിച്ചും, മലകൾ കയറിയും, ദാനധർമ്മങ്ങൾ കൊടുത്തും പാപമോചനത്തിനായി ശ്രമിക്കുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തുവിലൂടെയല്ലാതെ ഒരു മനുഷ്യർക്കും പാപമോചനം ലഭിക്കുന്നില്ല. യേശുക്രിസ്തുവിൽ വിശ്വസിച്ചു പാപങ്ങളേറ്റു പറഞ്ഞു മാനസാന്തരപ്പെടുമ്പോൾ സകല പാപങ്ങളും മോചിക്കപ്പെടുന്നു.

**(3) നമ്മെ തന്റെ രക്തത്താൽ വിടുവിച്ചവൻ —**

യേശുക്രിസ്തു തന്റെ സ്വന്തരക്തത്താലാണ് അന്ധകാരശക്തിയിൽ നിന്നു വിടുവിച്ചത്. "*രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല*"(എബ്രാ.9:22). മൃഗങ്ങളുടെ രക്തത്തിലൂടെയുള്ള യാഗത്താൽ മനുഷ്യന്റെ പാപത്തെ ശുദ്ധീകരിക്കുന്നില്ല. **എബ്രാ.10:14 —** "*കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിന്നു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല.*" "*എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്തയാഗംകൊണ്ടു പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി*"(എബ്രാ.9:26). രക്തത്താൽ വിടുവിച്ചു എന്നത് പാപം പോക്കി നീതീകരിക്കുവാൻ കൊടുത്ത വിലയെ കുറിക്കുന്നു. യഥാർത്ഥത്തിൽ ഇതു ക്രിസ്തുവിന്റെ ക്രൂശുമരണത്താലുള്ള പ്രായശ്ചിത്തയാഗത്തെയാണ് കാണിക്കുന്നത്. നിത്യമരണത്തിൽ നിന്നും, നിത്യനരകാഗ്നിയിൽ നിന്നും പാപികളായ മനുഷ്യരെ രക്ഷിപ്പാൻ ക്രിസ്തു പകരക്കാരനായി ക്രൂശിൽ മരിച്ചു ദൈവനീതി നിറവേറ്റി. **1.പത്രൊ.2:18,19 —** "*വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ.*"

**(4) തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യമാക്കിത്തീർത്തവൻ ––** (And has made us kings to His God and Father )–

ആരും സ്നേഹിക്കാത്ത പാപികളായ മനുഷ്യവർഗ്ഗത്തെ സ്നേഹിച്ചു, തന്റെ രക്തത്താൽ വീണ്ടെടുപ്പു ഒരുക്കിയതുമാത്രമല്ല, അവർക്കു ഉന്നതസ്ഥാനവും നൽകി. അതായത് പിതാവായ ദൈവത്തിനു വിശ്വാസികളെ രാജ്യം അഥവാ രാജാക്കന്മാർ ആക്കിതീർത്തു (made us kings). രാജ്യം എന്നത് വിശ്വാസത്താലുള്ള നീതീകരണം വഴിയായി ദൈവരാജ്യത്തിനവകാശികളായതിനെക്കുറിക്കുന്നു. **കൊലൊ.1:12,13 –** *"വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിന്നായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെയ്ക്കുകയും ചെയ്ത പിതാവിന്നു സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു."* ദൈവരാജ്യത്തിലെ പൗരന്മാരായ വിശ്വാസികൾ ഇനി രാജാക്കന്മാരും ആണെന്നതിനെയും പ്രകടമാക്കുന്നു.

**(5) തന്റെ പിതാവായ ദൈവത്തിന്നു പുരോഹിതന്മാർ ആക്കിത്തീർത്തവൻ –** (And has made us priests to His God and Father )–

പുരോഹിതന്മാരെന്നത് അവർക്കു ദൈവസന്നിധിയിൽ ധൈര്യത്തോടു ചെല്ലുവാനുള്ള സ്വാതന്ത്ര്യത്തെയും, പദവിയെയും കുറിക്കുന്നു. വിശ്വാസികൾ രാജാക്കന്മാരും പുരോഹിതന്മാരുമാണ്. പഴയനിയമത്തിൽ യിസ്രായേൽ ദൈവത്തിന്റെ സമ്പത്തായിരുന്നു. അവർ ദൈവത്തിനു പുരോഹിതരാജത്വവും വിശുദ്ധജനവും ആയിരുന്നു. **പുറ.19:5,6 –** *"ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ടു അനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്കു സകല ജാതികളിലും വെച്ചു പ്രത്യേക സമ്പത്തായിരിക്കും. ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ. നിങ്ങൾ എനിക്കു ഒരു പുരോഹിതരാജത്വവും വിശുദ്ധജനവും ആകും."* **യെശ.61:6 --** *"നിങ്ങളോ യഹോവയുടെ പുരോഹിതന്മാർ എന്നു വിളിക്കപ്പെടും; നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകന്മാർ എന്നും നിങ്ങൾക്കു പേരാകും."* എന്നാൽ യിസ്രായേൽ ദൈവത്തെ അനുസരിക്കാതെ തോന്നിയതുപോലെ നടന്നതുമൂലം അവർക്കുള്ള പദവിയും അവകാശവും ജാതികൾക്കു ലഭിക്കുവാനിടയായി. **മത്താ.21:43 –** *"അതുകൊണ്ടു ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്നു എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു."*

യേശുക്രിസ്തുവിൽ വിശ്വസിച്ചു പാപമോചനം ലഭിച്ച പുതിയനിയമയിസ്രായേലിനു ലഭിച്ച പദവികളെക്കുറിച്ചു പത്രൊസ് പറഞ്ഞിരിക്കുന്നതു നോക്കുക. **1.പത്രൊ.2:9,10 –** *"നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു."* പുരോഹിതന്മാർ എന്ന നിലയിൽ ഇന്നു വിശ്വാസികൾക്കു ദൈവസന്നിധിയിൽ ധൈര്യത്തോടെ കടന്നു ചെല്ലാം. എല്ലാവിശ്വാസികളും പുരോഹിതന്മാരാകയാൽ യേശുക്രിസ്തുവാകുന്ന മഹാപുരോഹിതനല്ലാതെ മറ്റൊരു മനുഷ്യമദ്ധ്യസ്ഥന്റെയും ആവശ്യവുമില്ല. **1.പത്രൊ.2:5 –** *"നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീകഗൃഹമായി യേശുക്രിസ്തുമുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിതവർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു."* **എബ്രാ.4:16 –** *" അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക."*

**എന്നന്നേക്കും മഹത്വവും ബലവും; ആമേൻ –** (To Him be glory and dominion forever and ever. Amen) –

സ്നേഹിക്കുകയും, പാപങ്ങൾ പോക്കുകയും, സ്വന്തരക്തത്താൽ വിടുവിക്കയും ചെയ്തിട്ട് പിതാവായ ദൈവത്തിനു വിശ്വാസികളെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്ത യേശുക്രിസ്തുവിനു എന്നെന്നേക്കും മഹത്വവും ബഹുമാനവും യോഹന്നാൻ അർപ്പിക്കുന്നു. കർത്താധികർത്താവും രാജാധിരാജാവുമായ യേശുക്രിസ്തു എല്ലാ സ്തുതിക്കും, ബഹുമാനത്തിനും, മഹത്വത്തിനും അർഹനായിരിക്കുന്നു. **മത്താ.28:18 –** *"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു"* എന്നു കർത്താവു തന്റെ ശിഷ്യഗണത്തെ അറിയിച്ചു. സകല അധികാരവും ലഭിച്ച യേശുക്രിസ്തുവിനു മഹത്വവും ബഹുമാനവും കൊടുത്തുകൊണ്ട് വിശ്വാസികളായ നമുക്കും യോഹന്നാനോടൊപ്പം ആമേൻ, അതേ എന്നു പറയാം.

**വെളി.1:7 — ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വു, ആമേൻ** (Behold, He is coming with clouds, and every eye will see Him, even they who pierced Him. And all the tribes of the earth will mourn because of Him. Even so, Amen) —

ഒന്നാം അദ്ധ്യായത്തിലെ ആദ്യത്തെ ആറു വാക്യങ്ങളിൽ ആമുഖപ്രസ്താവനകളും, വന്ദനവും പറഞ്ഞിട്ട് ഏഴാം വാക്യം മുതൽ വെളിപ്പാടിലെ പ്രധാന വിഷയമായ കർത്താവിന്റെ വരവിനെക്കുറിച്ചു പറഞ്ഞുകൊണ്ടു ഭാവികാലസംഭവങ്ങളിലേക്കു പ്രവേശിക്കുന്നു.

**ഇതാ — (Behold) —**

പറയുന്ന കാര്യത്തിലേക്കു സത്വരശ്രദ്ധ ക്ഷണിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ 26 പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുണ്ട്. പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന അനേക സത്യങ്ങൾക്കു പ്രാധാന്യം കൊടുത്തു വിശ്വാസികളുടെ ശ്രദ്ധയെ ആകർഷിക്കുവാൻ ഓരോന്നും ഉപയോഗിച്ചിരിക്കുന്നു. യോഹന്നാൻ ആദ്യമായി ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഇതാ എന്ന പ്രയോഗം കർത്താവിന്റെ വരവു അറിയിച്ചു കൊണ്ടുള്ളതാണ്.

**അവൻ മേഘാരൂഢനായി വരുന്നു — (He is coming with clouds) —**

കർത്താവു വീണ്ടും വരുമെന്നുള്ള സത്യം വേദപുസ്തകം ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. കർത്താവു തന്നെ തന്റെ വരവിനെക്കുറിച്ചു അനേക തവണ പറഞ്ഞിട്ടുണ്ട് (മത്താ.16:27/24/25/26:64/ മർക്കൊ.8:38/13:26/ലൂക്കൊ.9:26/21:27). കർത്താവു വീണ്ടും വരുമെന്നത് സഭയുടെ പ്രത്യാശാവിഷയമായിരിക്കുന്നു. കർത്താവിന്റെ വരവിനു രണ്ടു ഘട്ടങ്ങളുണ്ട്. വീണ്ടും വരവിന്റെ ഒന്നാം ഘട്ടത്തെ ഉത്പ്രാപണം എന്നു പറയുന്നു. ഇതു കർത്താവിന്റെ മദ്ധ്യാകാശത്തിലെ പ്രത്യക്ഷതയെക്കുറിക്കുന്നു. തദവസരത്തിൽ രക്ഷിക്കപ്പെട്ടവർ മാത്രമേ കർത്താവിനെ കാണുകയുള്ളു. എന്നാൽ ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന വരവ് രണ്ടാം വരവിലെ രണ്ടാംഘട്ടം അഥവാ മഹത്വപ്രത്യക്ഷതയെയാണ് സൂചിപ്പിക്കുന്നത്. കർത്താവു മേഘാരൂഢനായി വരുന്നു.

വെളിപ്പാടു പുസ്തകത്തിൽ വിവിധ സന്ദർഭങ്ങളിൽ മേഘത്തെക്കുറിച്ചു പരാമർശിക്കുന്നു (1:7/ 10:1/11:12/14:14,15,16). മേഘം തിരുവചനത്തിൽ ദൈവസാന്നിദ്ധ്യത്തെ പ്രദർശിപ്പിക്കുന്നു —

(1) യിസ്രായേൽ ജനത്തിന്റെ മരുയാത്രയിൽ മേഘത്തിലൂടെ അവർ ദൈവസാന്നിദ്ധ്യത്തെ അനുഭവിച്ചറിഞ്ഞു (പുറ.13:21–22/ പുറ.16:10/സംഖ്യാ.10:34).

(2) ന്യായപ്രമാണം നൽകിയപ്പോൾ സീനായി പർവ്വതത്തിൽ ഉത്ഭവിച്ച മേഘം ദൈവസാന്നിദ്ധ്യത്തെ പ്രകടമാക്കുന്നു.(പുറ.19:16/പുറ.24:15–18).

(3) സമാഗമനകൂടാരത്തിൽ യഹോവ മോശെയോടു സംസാരിച്ചവേളയിൽ മേഘസ്തംഭത്തെ കാണുന്നു (പുറ.33:9,10).

(4) സമാഗമനകൂടാരത്തിലും ദേവാലയത്തിലും ദൈവസാന്നിദ്ധ്യത്തെ അറിയിക്കുന്ന മേഘത്തെ കാണുന്നു(പുറ.40:34–38/1.രാജാ.8:10–12).

(5) പുനരുത്ഥാനം ചെയ്ത നമ്മുടെ കർത്താവു ശിഷ്യന്മാർ കാൺകെ ആരോഹണം ചെയ്തപ്പോൾ ഒരു മേഘം കർത്താവിനെ മൂടി (അപ്പൊ.1:9).

(6) മദ്ധ്യാകാശത്തിൽ കർത്താവു വരുമ്പോൾ നാം മേഘങ്ങളിലാണ് എടുക്കപ്പെടുന്നത് (1.തെസ്സ.4:17).

കർത്താവിന്റെ മഹത്വപ്രത്യക്ഷതയിലും മേഘാരൂഢനായി വരുന്നു.

കർത്താവു മേഘാരൂഢനായി വരുന്നുവെന്ന വെളിപ്പാടിലെ പ്രസ്താവന ദാനീയേൽ പ്രവചനത്തിലെ 7:1 –14 വാക്യങ്ങളുടെ നിവർത്തി കൂടിയാണ്. *"രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു; അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തു വരുമാറാക്കി. സകലവംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന്നു അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു"*(ദാനീ.7:13,14).

**ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും —** (And every eye will see Him, even they who pierced Him. And all the tribes of the earth will mourn because of Him. Even so, Amen) —

**ഏതു കണ്ണും അവനെ കാണും —** (And every eye will see Him) — കർത്താവിന്റെ ഒന്നാമത്തെ വരവിൽ മഹത്വവും തേജസ്സും അനാവരണം ചെയ്തിരുന്നില്ല. താഴ്മ ധരിച്ചു ഭൂമിയിൽ മനുഷ്യപുത്രനായി പിറന്നപ്പോൾ സകലരുടെ കണ്ണിനും അതു മറെക്കപ്പെട്ടിരുന്നു. എന്നാൽ മറുരൂപമലയിൽ വെച്ചു പത്രൊസും, യാക്കോബും, യോഹന്നാനും കർത്താവിന്റെ മഹത്വമേറിയ ശോഭ കാണുവാനിടയാ

യി. മദ്ധ്യാകാശത്തിലെ കർത്താവിന്റെ വരവിൽ രക്ഷിക്കപ്പെട്ടവരെല്ലാം കർത്താവിനെ നേർക്കുനേർ കാണും. ദൈവം അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനാണ്. നിന്റെ തേജസ്സു എനിക്കു കാണിച്ചു തരേണമേ എന്നുള്ള മോശെയുടെ അപേക്ഷയ്ക്കു യഹോവയായ ദൈവം നൽകുന്ന മറുപടി ഇപ്രകാരമായിരുന്നു — **പുറ.33:20 —** *"നിനക്കു എന്റെ മുഖം കാണ്മാൻ കഴികയില്ല; ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല എന്നും അവൻ കല്പിച്ചു."* **1.തിമൊ.6:15,16 —** *"ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ തക്ക സമയത്തു ആ പ്രത്യക്ഷത വരുത്തും."* എന്നാൽ കർത്താവു ഭൂമിയിൽ ഭരണം സ്ഥാപിക്കുവാൻ വരുന്ന മഹത്വപ്രത്യക്ഷതയിൽ ഏതു കണ്ണും കർത്താവിനെ കാണും.

**അവനെ കുത്തിത്തുളെച്ചവരും അവനെ കാണും —** (And every eye will see Him, even they who pierced Him. And all the tribes of the earth will mourn because of Him. Even so, Amen) —

കർത്താവിന്റെ ഒലിവുമലയിലുള്ള മഹത്വപ്രത്യക്ഷതയിൽ ഏതു കണ്ണും കർത്താവിനെ കാണും എന്നു പറഞ്ഞിട്ട് അവരെ രണ്ടായി തിരിക്കുന്നു. (1) അവനെ കുത്തിത്തുളെച്ചവർ (2) ഭൂമിയിലെ സകല ഗോത്രങ്ങളും. രണ്ടു കൂട്ടരും യഥാക്രമം യിസ്രായേലിനെയും ജാതീയരാഷ്ട്രങ്ങളെയും പ്രതിനിധീകരിക്കുന്നു.

**> അവനെ കുത്തിത്തുളെച്ചവരും അവനെ കാണും —** (even they who pierced Him) —

കർത്താവിനെ കുത്തിത്തുളെച്ച രംഗങ്ങൾക്കു യോഹന്നാൻ ദൃക്സാക്ഷിയായിരുന്നു(യോഹ.19:36,37).കർത്താവിനെ ക്രൂശിച്ച നാലു (യോഹ.19:23) റോമൻപടയാളികളെ മാത്രമല്ല ഇവിടെ കുത്തിത്തുളെച്ചവരെന്നു പറയുന്നത്. റോമൻ പടയാളികൾ കർത്താവിന്റെ കൈകാലുകളിൽ ആണി അടിക്കുകയും വിലാപ്പുറത്തു കുന്തം കൊണ്ടു കുത്തുകയുമുണ്ടായി. അവരൊക്കെ മരണം വഴിയായി ഭൂമിയിൽ നിന്നു നീക്കപ്പെട്ടു. അവർ ക്രൂശീകരണത്തിനുശേഷം ക്രിസ്തുവിലൂടെയുള്ള പാപമോചനവും വീണ്ടെടുപ്പും പ്രാപിച്ചിട്ടില്ലെങ്കിൽ ദുഷ്ടന്മാർക്കുള്ള വെള്ളസിംഹാസനത്തിനു മുമ്പാകെ നിന്നു ന്യായവിധിയെ നേരിടേണ്ടി വരും. എന്നാൽ കുത്തിത്തുളെച്ചവരെന്നു പറയുന്നതിൽ കർത്താവിനെ ക്രൂശീകരണത്തിനേൽപ്പിച്ച യഹൂദന്മാരും കുത്തിത്തുളെച്ച റോമൻ പടയാളികളും ഉൾപ്പെടുന്നു. യേശുവിന്റെ ക്രൂശീകരണത്തിന്റെ സകല ഉത്തരവാദിത്തവും യഹൂദാജനം ഏറ്റെടുത്തു പീലാത്തൊസിനെ അറിയിക്കുന്നതായി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. **മത്താ.27:22 —** *"പീലാത്തൊസ് അവരോടു: എന്നാൽ ക്രിസ്തു എന്ന യേശുവിനെ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചതിന്നു: അവനെ ക്രൂശിക്കേണം എന്നു എല്ലാവരും പറഞ്ഞു."* അപ്പൊസ്തലപ്രവൃത്തികളിൽ പത്രൊസ് പറയുന്നതു നോക്കുക — **അപ്പൊ.2:22,23/ 3:14 —** *"യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടു കൊൾവിൻ. നിങ്ങൾ തന്നേ അറിയും പോലെ ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളുംഅത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും, മുന്നറിവിനാലും ഏല്പിച്ചിട്ടു, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറെപ്പിച്ചു കൊന്നു. പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു, കുലപാതകനായവനെ വിട്ടുതരേണം എന്നു ചോദിച്ചു, ജീവനായകനെ കൊന്നു കളഞ്ഞു."* ദാവീദ്ഗൃഹവും യെരുശലേം നിവാസികളുമാണ് ക്രിസ്തുവിനെ കുത്തിത്തുളെച്ചവരെന്നു സെഖര്യാപ്രവാചകൻ പറയുന്നു. **സെഖ.12:10 —** *"ഞാൻ ദാവീദ്ഗൃഹത്തിന്മേലും യെരുശലേംനിവാസികളുടെ മേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു അവർ നോക്കും; ഏകജാതനെക്കുറിച്ചു വിലപിക്കുന്നതു പോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യജാതനെക്കുറിച്ചു വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വ്യസനിക്കും."*

**> ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും—** (And all the tribes of the earth will mourn because of Him) —

കുത്തിത്തുളെച്ചവരെന്നത് യിസ്രായേലിനെ കുറിക്കുമ്പോൾ ഭൂമിയിലെ ഗോത്രങ്ങൾ എന്നത് ജാതീയരാഷ്ട്രങ്ങളെക്കുറിക്കുന്നു. ഇവരുടെ വിലാപം ചിലപ്പോൾ മാനസാന്തരത്തിലേക്കു നയിക്കാം (വെളി.7:9,10,14). എന്നാൽ അവിശ്വാസികൾ, കുലപാതകർ, ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, ദൈവമില്ലാത്തവർ എന്നിവരുൾപ്പെട്ട ഇക്കൂട്ടരുടെ മുറവിളികൾ യഥാർത്ഥ മാനസാന്തരത്തിന്റെ ലക്ഷണവുമല്ല (വെളി.9:20,21/16:9,11,21). അവർ തള്ളിക്കളഞ്ഞ ക്രിസ്തുവിനെക്കുറിച്ചുള്ള വിലാപങ്ങൾ, അവർ ചെയ്ത പാപത്തിന്റെ തിരിച്ചറിവിനാൽ അവർക്കു ലഭിക്കുന്ന ശിക്ഷയെക്കുറിച്ചുള്ള ഭീതിയാലുള്ളതാണ്. **വെളി.6:15 –16 —** *"ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസന്മാരും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും; ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ."* ഇവരുടെ വിലാപവും, ഭയത്താലുള്ള ഒളിച്ചോടലും

ഏദെൻ തോട്ടത്തിൽ പാപം ചെയ്ത മനുഷ്യന്റെ പ്രവർത്തനത്തെ ഓർമ്മിപ്പിക്കുന്നു (ഉല്പ.3:8-10). ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും വിലപിക്കുമെന്നത് കർത്താവും തന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ടുണ്ട്. **മത്താ.24:30 —** *"അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും."*

**ഉവ്വു, ആമേൻ — Even so, Amen —**

ആമുഖപ്രസ്താവനകൾ യോഹന്നാൻ ഉവ്വു, ആമേൻ എന്നീ ചെറിയപ്രാർത്ഥനാ വാക്കുകളാൽ ഉപസംഹരിക്കുന്നു. യേശുകർത്താവു വേഗം വരേണമേ എന്നുള്ള പ്രാർത്ഥന. ഗ്രീക്കിൽ നൈ (Nai) എന്നും എബ്രാഭാഷയിൽ ആമേൻ (Amen)എന്നുമുള്ള പദങ്ങൾ അതേ, അങ്ങനെ ആകട്ടെ (yes / yes indeed / so let it be) എന്നർത്ഥത്തിൽ ഉപയോഗിക്കുന്നു. ഉവ്വു, ആമേൻ എന്നീ ഗ്രീക്കു, എബ്രായ ഭാഷകളിലെ ഉറപ്പിന്റെ രണ്ടു പദങ്ങൾ യോഹന്നാൻ ഉപയോഗിക്കുന്നതിൽ നിന്നു പ്രകടമാകുന്നത് ഈ പ്രവചനഭാഗങ്ങളുടെ ഇരട്ട ഉറപ്പിനെയും മാറ്റമില്ലായ്മയെയുമാണ്. വെളിപ്പാടു പുസ്തകം അവസാനിപ്പിക്കുന്നതും ഉറപ്പിന്റെ വാക്കുകളോടെയാണ്. വെളി.22:20 —*"......അതേ, ഞാൻ വേഗം വരുന്നു.... ആമേൻ, കർത്താവായ യേശുവേ, വരേണമേ."*

**വെളി.1:8 — "ഞാൻ അല്ഫയും ഓമേഗയും ആകുന്നു എന്നു ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവു അരുളിച്ചെയ്യുന്നു** (I am the Alpha and the Omega, the Beginning and the End," says the Lord, "who is and who was and who is to come, the Almighty) —

കർത്താവു വാനമേഘങ്ങളിൽ സകല മഹത്വവും, ശക്തിയും അണിഞ്ഞവനായി വരുന്നു. കഴിഞ്ഞവാക്യങ്ങളിലെ തന്റെ വരവിനു ഉറപ്പും അധികാരവും പ്രഖ്യാപിക്കുന്നതാണ് ഇവിടത്തെ വിവരണം. കർത്താവിന്റെ മൂന്നു സ്വഭാവസവിശേഷതകൾ ഇവിടെ കാണാം. (1)അൽഫയും ഓമേഗയും (2) ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനും (3) സർവ്വശക്തൻ.

**> അല്ഫയും ഓമേഗയും —** *"ഞാൻ അല്ഫയും ഓമേഗയും ആകുന്നു"* എന്നു കർത്താവു അരുളിച്ചെയ്യുന്നു (I am the Alpha and the Omega says the Lord God). ഇംഗ്ളീഷ് ഭാഷയിലെ അക്ഷരമാലയിൽ എ, ഇസഡ് (A - Z)എന്നതും എബ്രായഭാഷയിൽ ആലേഫ്, തൗ (Aleph - Tau)എന്നതും ഈ ഭാഷകളിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളായിരിക്കുന്നതുപോലെ ഗ്രീക്കിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളാണ് അല്ഫയും ഓമേഗയും (Alpha - Omega). അല്ഫയും ഓമേഗയും എന്ന പ്രയോഗം പരിപൂർണ്ണതയെ വെളിപ്പെടുത്തുന്നു. യേശുക്രിസ്തു സകലത്തിന്റെയും ആരംഭവും അവസാനവും, എല്ലാ അറിവിന്റെയും ഉറവിടവും, സകലചോദ്യങ്ങൾക്കും അർത്ഥവും ഉത്തരവുമായിരിക്കുന്നു എന്നർത്ഥത്തിലാണ് അൽഫയും ഓമേഗയും എന്നുപയോഗിച്ചിരിക്കുന്നത്. വെളി.21:6 -ലും ഈ പ്രയോഗം കാണുന്നു. —*"ഞാൻ അല്ഫയും ഓമേഗയും ആദിയും അന്തവും ആകുന്നു."* കർത്താവു സകലവും ഉള്ളതുപോലെ അറിയുന്നവനും ജ്ഞാനത്തിന്റെ ഉറവിടവുമാണ്. കർത്താവിനു മറഞ്ഞിരിക്കുന്നതും അറിയുവാൻ കഴിയാത്തതുമായ യാതൊന്നുമില്ല. ദൈവം സർവ്വജ്ഞാനി (God is Omniscient)എന്നതിനെ അല്ഫയും ഓമേഗയും പ്രകടമാക്കുന്നു.വേദപുസ്തകത്തിൽ ഉല്പത്തി മുതൽ വെളിപ്പാടു വരെ ക്രിസ്തുവിനെ കാണാം. പഴയനിയമത്തിൽ ഉല്പത്തിയിൽ സകലത്തിന്റേയും ആരംഭമായ അല്ഫയായും, പുതിയനിയമത്തിൽ വെളിപ്പാടിൽ സകലത്തിന്റേയും സമാപ്തിയായ ഓമേഗയായും ക്രിസ്തു വിരാജിക്കുന്നു.

**> ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനും —** (Who is and who was and who is to come)

വെളിപ്പാടു1:4-ൽ "ഇരിക്കുന്നവൻ, ഇരുന്നവൻ, വരുന്നവൻ" എന്നു പിതാവായ ദൈവത്തെക്കുറിച്ചു പറഞ്ഞു. വീണ്ടും വെളി.1:8-ൽ ക്രിസ്തുവിനോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നു. ഇതു ക്രിസ്തുവിന്റെ ദൈവത്തോടുള്ള സമത്വത്തെ പ്രകടമാക്കുന്നു. വർത്തമാനം, ഭൂതം, ഭാവി എന്നീ കാലങ്ങളോടു ബന്ധപ്പെടുത്തി ചിന്തിച്ചാൽ ദൈവം നിത്യനാണ് (God is Eternal). കാലങ്ങളുടെയും സമയങ്ങളുടെയും മാറ്റത്തിനനുസരിച്ചു ദൈവത്തിനു മാറ്റവുമില്ല. ദൈവം മാറ്റമില്ലാത്തവൻ (God is unchanging-- Immutability). വീണ്ടും വരും എന്നു പറഞ്ഞ കർത്താവു വരിക തന്നെ ചെയ്യുമെന്നു "ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനും" എന്ന സ്വഭാവസവിശേഷതകളിലൂടെ ഉറപ്പിക്കുന്നു.

**> സർവ്വശക്തിയുള്ള ദൈവമായ കർത്താവു —** (Almighty)

കർത്താവിന്റെ മറ്റൊരു സ്വഭാവസവിശേഷത ഇവിടെ കാണുന്നു. കർത്താവു സർവ്വശക്തൻ (God is Omnipotent). വെളിപ്പാടു പുസ്തകത്തിൽ ഈ പദം വിവിധ അവസരങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു(വെളി.1:8/4:8/11:17/15:3/16:7/16:14/19:6/19:15/21:22). പുതിയനിയമത്തിൽ വെളിപ്പാടിനു പുറമേ കൊരിന്ത്യലേഖനത്തിൽ (2.കൊരി.6:17) മാത്രം ഈ പദപ്രയോഗം കാണാം. ഗ്രീക്കിൽ സർവ്വശക്തൻ എന്നതിനു പാന്റേറ്റോക്രാറ്റോർ (Pantokrator)എന്ന പദമാണുള്ളത്. ഇതിനർത്ഥം സകലത്തിന്മേലും അധികാരമുള്ളവനും, എല്ലാറ്റിനെയും അടക്കിവാഴുന്നവനും എന്നാണ്. പഴയനിയമത്തിൽ അനേക പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന നാമമാണ് ദൈവം സർവ്വശക്തൻ എന്നത്. ആദ്യമായി വിശ്വാസികളുടെ പിതാവെന്നറിയപ്പെടുന്ന അബ്രഹാമിനു ദൈവം പരിചയപ്പെടുത്തുന്നത് ഈ നാമത്തിലാണ് (ഉല്പ.17:1,2). എബ്രായഭാഷയിൽ ദൈവം സർവ്വശക്തൻ എന്നതിനു എൽ-സദ്ദായി (El-Shaddai = God is all powerful / God Almighty) എന്നു പറയുന്നു. കൂടാതെ സകലശത്രുക്കളെയും തോല്പിച്ചു കാൽക്കീഴാക്കുവാൻ ശക്തിയുള്ളവനായ സർവ്വശക്തൻ എന്നർത്ഥത്തിൽ സൈന്യങ്ങളുടെ യഹോവ (Jehovah Tsebaoth = Lord of Hosts--1.ശമൂ.1:11) എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. സ്വർഗ്ഗത്തിലും ഭൂമിയിലും അത്യന്തം ശക്തിയും അധികാരവുമുള്ള ദൈവമാണ് സർവ്വശക്തനും സൈന്യാധിപനുമായ ദൈവം. സകലമനുഷ്യരെയും, സകലജീവജാലങ്ങളെയും, സകലപ്രകൃതിശക്തികളെയും  അടക്കി വാഴുന്നവനും, അവയിൽ പരമാധികാരവും ഉള്ള ദൈവമാണ് സർവ്വശക്തൻ. തനിക്കു അസാദ്ധ്യമായതൊന്നും ഇല്ല. പരമാധികാരിയായ കർത്താവു എന്ന നിലയിൽ തന്റെ രണ്ടാം പ്രത്യക്ഷതയെ തടസ്സപ്പെടുത്തുവാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല. വേഗം വരും എന്നു അരുളിച്ചെയ്തവൻ നിശ്ചയമായും വരും.

**വെളി.1:9 — "നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്ന ദ്വീപിൽ ആയിരുന്നു** (I, John, both your brother and companion in the tribulation and kingdom and patience of Jesus Christ, was on the island that is called Patmos for the word of God and for the testimony of Jesus Christ) —

യോഹന്നാനു വിശ്വാസികളുമായുള്ള ബന്ധം, യേശുക്രിസ്തുവിനോടുള്ള പങ്കാളിത്തം, പത്മൊസ്ദ്വീപിൽ ഏതു കാരണങ്ങളാൽ താൻ ആയിരിക്കുന്നു എന്നുള്ള കാര്യങ്ങൾ ഈ വാക്യത്തിൽ വിശദീകരിക്കുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാനകാലങ്ങളിൽ ക്രിസ്തുവിശ്വാസികൾ റോമൻ ഭരണാധികാരികളാൽ വളരെയേറെ പീഡകൾ അനുഭവിച്ചിരുന്നു. വിഗ്രഹങ്ങളെ ആരാധിച്ചിരുന്ന റോമൻ ജനതയും ഭരണാധികാരികളും ക്രിസ്തുവിശ്വാസികൾ ദൈവമില്ലാത്തവരെന്നും, അന്ധവിശ്വാസികളെന്നും, സങ്കല്പ ദൈവത്തിന്റെ പുറകേ പോകുന്നവരെന്നും, ഭരണാധികാരികളെ കാണപ്പെടുന്ന ദൈവമായി അംഗീകരിക്കാത്തതിനാൽ രാജ്യദ്രോഹികളെന്നുമുള്ള അനവധി കുറ്റങ്ങൾ അവരുടെമേൽ ചുമത്തിയിരുന്നു. നീറോ ചക്രവർത്തിക്കുശേഷം അധികാരമേറ്റ ഡൊമീഷ്യൻ ചക്രവർത്തിയും ക്രിസ്ത്യാനികളെ അതിക്രൂരമായി പീഡിപ്പിച്ചു. അപ്പൊസ്തലനായ യോഹന്നാനെ ഏകാന്തതടവു നൽകി നാടുകടത്തി. ഈ സമയത്തു കഷ്ടത അനുഭവിക്കുന്ന തന്റെ കൂട്ടുവിശ്വാസികൾ വിശ്വാസത്തിൽ പതറിയപ്പോൾ, ആദ്യസ്നേഹത്തിൽ നിന്നു വ്യതിചലിച്ചപ്പോൾ, ജീവനുള്ളവരെങ്കിലും മരിച്ചവരെപ്പോലെ ജീവിച്ചപ്പോൾ അവരെ ധൈര്യപ്പെടുത്തുവാനായി തന്റെയും നില വിശദീകരിച്ചുകൊണ്ടു, മഹത്വധാരിയായ കർത്താവിനെ ചൂണ്ടിക്കാട്ടിക്കൊണ്ടു അവർ വിശ്വാസത്തിൽ ഉറെച്ചു നിൽക്കുവാൻ പ്രബോധിപ്പിക്കുന്നു.

**> സഹോദരൻ —** "*നിങ്ങളുടെ സഹോദരനും .... യോഹന്നാൻ എന്ന ഞാൻ* " —(I, John, your brother) —

പഴയനിയമത്തിലും പുതിയനിയമത്തിലും ഏറെ സാമ്യങ്ങളുള്ള പ്രവചനഗ്രന്ഥങ്ങളായ ദാനീയേൽപ്രവചനവും വെളിപ്പാടു പുസ്തകവും എഴുത്തുകാർ തങ്ങളെത്തന്നെ പരിചയപ്പെടുത്തുന്നു. (ദാനീ.7:28/9:2/10:2 —> വെളി.1:1/1:4/1:9/22:8). ബൈബിളിലെ മറ്റൊരെഴുത്തുകാരനും ഈ ശൈലി ("*ദാനീയേൽ എന്ന ഞാൻ*" — "*യോഹന്നാൻ എന്ന ഞാൻ*") ഉപയോഗിക്കുന്നില്ല. യോഹന്നാൻ അവരോടു സംസാരിക്കുന്നത് അപ്പൊസ്തലിക പദവിയിലോ, മറ്റു ഔദ്യോഗിക നാമങ്ങളിലോ അല്ല. "നിങ്ങളുടെ സഹോദരനായ യോഹന്നാൻ എന്ന ഞാൻ " എന്നാണ് തന്നെ പരിചയപ്പെടുത്തുന്നത്. അതായത് അവർ തന്റെ കൂട്ടു സഹോദരങ്ങളെന്ന നിലയിൽ അവരോടു ഇടപെടുന്നു. യേശുക്രിസ്തുവിലൂടെ ദൈവമക്കളായ നാമും ഒരു പിതാവിന്റെ മക്കളും സഹോദരീസഹോദരന്മാരുമാണ്.

**> യേശുവിന്റെ കഷ്ടതയിലും —** (Fellow Partner / Companion in theTribulation) —

യേശുവിന്റെ കഷ്ടതയിലും, രാജ്യത്തിലും, സഹിഷ്ണുതയിലും കൂട്ടാളിയാണെന്നു യോഹന്നാൻ വിശ്വാസികളെ അറിയിക്കുന്നു. റോമൻ ഭരണാധികാരികളുടെ പീഡനങ്ങളാൽ വിശ്വാസികളായ

അവർ അനവധി കഷ്ടങ്ങൾ അനുഭവിക്കുകയാണെന്നു യോഹന്നാനു അറിയാം. അപ്പോൾ തന്നെ താനും ക്രിസ്തുവിനുവേണ്ടി കഷ്ടത അനുഭവിക്കുകയാണെന്നും കഷ്ടതയിൽ അവരോടൊപ്പം താനും കൂട്ടാളിയാണെന്നു അവരെ ധൈര്യപ്പെടുത്തുവാനായി തന്റെ അവസ്ഥ ഇവിടെ വിശദമാക്കുന്നു.

**> രാജ്യത്തിലും —** (In the Kingdom) —

യേശുക്രിസ്തുവിനോടു കഷ്ടതയിൽ കൂട്ടാളിയായിക്കുമ്പോൾതത്തന്നെ താൻ ദൈവരാജ്യത്തിലുമാണ്. സഭ ദൈവത്തിന്റെ രാജ്യമാണ് (മത്താ.16:18,19).വിശ്വാസികൾ ദൈവരാജ്യത്തിനവകാശികളുമാണ്. ഒന്നാം നൂറ്റാണ്ടിൽത്തന്നെ ദൈവരാജ്യത്തിനാരംഭമായി. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ലഭിച്ചവനായ പത്രൊസ് യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന സകലർക്കും പ്രവേശനം സാദ്ധ്യമാകത്തക്കവണ്ണം വാതിൽ തുറന്നു കൊടുത്തു(മത്താ.16:18,19). ഇന്നും അനേകരെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു ദൈവം തന്റെ സ്നേഹസ്വരൂപനായപുത്രന്റെ രാജ്യത്തിലാക്കിക്കൊണ്ടിരിക്കുന്നു(കൊലൊ.1:13). *"ആകയാൽ ഇളകാത്തരാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിന്നു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക"* (എബ്രാ.12:28).

**> സഹിഷ്ണുതയിലും —** (Perseverance / Patience) —

കഷ്ടതയിൽ സഹിഷ്ണത കാണിക്കുന്നതു ദൈവരാജ്യത്തിനവകാശം പ്രാപിച്ച വിശ്വാസിയുടെ പ്രത്യേകതയാണ്. വെളിപ്പാടു പുസ്തകത്തിലെ ഏറ്റവും പ്രധാനമായ ഒരു സന്ദേശം ഇവിടെ അടങ്ങിയിരിക്കുന്നു. കഷ്ടതയിലും, ശോധനയിലും സഹിഷ്ണതയുള്ളവരായിരിക്ക. വിശ്വാസികളായ അവർ അനുഭവിക്കുന്ന കഷ്ടതകൾ ദൈവം അറിയുകയും, കാണുകയും, അവരുടെ നിലവിളി കേൾക്കുകയും ചെയ്യുന്നു. ദൈവം സകല ശത്രുക്കളെയും അവരുടെ തിന്മപ്രവർത്തനങ്ങളെയും ഉന്മൂലനാശം വരുത്തി അവരെ രക്ഷിക്കുവാനായി വീണ്ടും വരും. സഹിഷ്ണതയോടെ, ക്ഷമയോടെ, സ്ഥിരതയോടെ അതിനായി കാത്തിരിക്കുക എന്നതാണ് ദൈവജനത്തിന്റെ ഉത്തരവാദിത്വം. കർത്താവു കഷ്ടം അനുഭവിച്ചപ്പോൾ കാണിച്ച സഹിഷ്ണത, നമ്മുടെ വിശ്വാസജീവിതത്തിലും പ്രദർശിപ്പിക്കണം.

**> ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്ന ദ്വീപിൽ ആയിരുന്നു —**

ഏഷ്യാമൈനറിന്റെ പശ്ചിമതീരത്തുനിന്നു 30 മൈൽ അകലെ ഈജിയൻ കടലിലുള്ള പാറകൾ നിറഞ്ഞ ഏകാന്തദ്വീപാണ് പത്മൊസ്. കുറ്റവാളികളെയും രാജ്യദ്രോഹികളെയും നാടുകടത്തുവാനായി ഉപയോഗിച്ചിരുന്ന സ്ഥലമായിരുന്നു വിജനമായ ഈ ദ്വീപ്. ഡൊമീഷ്യൻ ചക്രവർത്തിയുടെ ഭരണകാലത്തു യോഹന്നാനെ വിവിധകുറ്റങ്ങൾ ചുമത്തി പത്മൊസിലേക്കു നാടു കടത്തി. അവിടെക്കു തനിക്കു പോകേണ്ടി വന്നത് ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തമാണെന്നു യോഹന്നാൻ പ്രസ്താവിക്കുന്നു. പത്മൊസ് ദ്വീപിലേക്കു നാടുകടത്തപ്പെട്ടപ്പോൾ യോഹന്നാന്റെ ജീവിതത്തിനു അവസാനം കുറിച്ചു എന്നു ഡൊമീഷ്യൻ ചക്രവർത്തി വിചാരിച്ചു. എന്നാൽ ചക്രവർത്തി താമസംവിനാ മൃത്യുവിനിരയായി. ദൈവം യോഹന്നാനെ പത്മൊസിൽ അത്ഭുതകരമായി സൂക്ഷിച്ചു പരിപാലിക്കുകയും, വീണ്ടും എഫസൊസിലേക്കു മടക്കികൊണ്ടു വരികയും ചെയ്തു. പുതിയനിയമത്തിലെ പ്രവചനഗ്രന്ഥമായ വെളിപ്പാട് എഴുതുവൻ പത്മൊസ് ദ്വീപിൽ വെച്ചു സ്വർഗ്ഗീയദർശനങ്ങളാൽ യോഹന്നാനെ നിറച്ചു. അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടതു ഒക്കെയും സാക്ഷീകരിച്ചു (വെളി.1:2).

**വെളി.1:10 — കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി:** (I was in the Spirit on the Lords day)

കർത്തൃദിവസം (The Lords Day)എന്നത് ആഴ്ചയുടെ ഒന്നാം ദിനമായ ഞായറാഴ്ചയെയും (അപ്പൊ.20:7), കർത്താവിന്റെ ദിവസം അഥവാ യഹോവയുടെ ദിവസം (The day of the Lord) എന്നാൽ ന്യായവിധി ചൊരിയുന്നദിവസമായും (2.പത്രൊ.3:10) പൊതുവേ കരുതപ്പെടുന്നു. കർത്തൃദിവസത്തിൽ ആത്മവിവശനായി എന്നിവിടെ പറഞ്ഞിരിക്കുന്ന കർത്തൃദിവസം ഏതെന്നതിനെക്കുറിച്ചു വിവിധാഭിപ്രായങ്ങൾ ഉണ്ട്.

(1) > കർത്താവു ഉയിർത്തെഴുന്നേറ്റദിവസം കർത്തൃദിവസം. ആഴ്ചയുടെ ഒന്നാം ദിനമായ ഞായറാഴ്ച കർത്തൃദിവസമായി അപ്പൊസ്തലിക കാലഘട്ടം മുതൽ കരുതിവരുന്നു എന്നതാണ് ഒന്നാമത്തെ അഭിപ്രായം. കർത്താവു ആഴ്ചയുടെ ഒന്നാം ദിനമായ ഞായറാഴ്ച ഉയിർത്തെഴുന്നേറ്റു(മത്താ.28:1/മർക്കൊ.16:1,2/ലൂക്കൊ.24:1/യോഹ.20:1).എമ്മവുസ് യാത്രയിൽ രണ്ടു ശിഷ്യന്മാർക്കു പ്രത്യക്ഷനായി (ലൂക്കൊ.24:13-32). പെന്തെക്കൊസ്തുനാളിൽ പരിശുദ്ധാത്മാവു ഭൂമിയിലേക്കു വരികയും പുതിയനിയമസഭ രൂപം പ്രാപിക്കുകയും ചെയ്തത് ഞായറാഴ്ച ആയിരുന്നു(അപ്പൊ.2:1). ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ അപ്പം നുറുക്കുവാൻ കൂടിവന്നു(അപ്പൊ.20:7). ആഴ്ചവട്ടത്തിൽ ഒന്നാം നാൾ വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരം നടത്തി(1.കൊരി.16:1,2).

(2) > ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനമെന്നോ, ഞായറാഴ്ചയെന്നോ പറയാതെ കർത്തൃദിവസമെന്നു യോഹന്നാൻ പറഞ്ഞിരിക്കുന്നതിനാൽ ഞായറാഴ്ച തന്നെയാണ് ഇവിടത്തെ കർത്തൃദിവസമെന്നു പറയുവാൻ സാധിക്കുകയില്ലെന്നതാണ് മറ്റൊരഭിപ്രായം. കൂടാതെ കർത്തൃദിവസം ഞായറാഴ്ചയാണെന്നു തിരുവചനത്തിലൊരിടത്തും പറഞ്ഞിട്ടുമില്ല.

(3) > ഒരു ഞായറാഴ്ചദിവസം കൊണ്ടു വെളിപ്പാടിലെ സകല ദർശനങ്ങളും കണ്ടു എന്നു വിചാരിക്കുന്നതു സ്വാഭാവികമല്ലാത്തതിനാൽ ആത്മവിവശനായ യോഹന്നാൻ അനേകനൂറ്റാണ്ടുകൾ കടന്നു മഹത്വപ്രത്യക്ഷത, മഹാപീഡനം, സഹസ്രാബ്ദം എന്നീ കാലയളവാകുന്ന *കർത്തൃദിവസത്തിലെത്തി* അന്നു സംഭവിക്കുന്ന കാര്യങ്ങൾ മുൻകൂട്ടികാണുന്നുതായിരിക്കാം.

(4) > ഏഴു സഭകൾ, ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ എന്നിങ്ങനെ ഏഴുകളെ വിവരിക്കുന്ന വെളിപ്പാടു പുസ്തകം ഏഴുകളുടെ പുസ്തകമായതിനാൽ, സ്വാഭാവികമായും ഏഴുദിനങ്ങളിലെ ഒന്നാം ദിനം, കർത്തൃദിവസമായി കരുതാം എന്നഭിപ്രായവുമുണ്ട്.

കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി — എന്നതിൽ കർത്തൃദിവസം ന്യായവിധിചൊരിയുന്ന കർത്താവിന്റെ ദിവസം അല്ല. കർത്തൃദിവസം (The Lords day), കർത്താവിന്റെ ദിവസം അഥവാ യഹോവയുടെ ദിവസം (The day of the Lord / the day of Judgement) എന്നതിനു ഗ്രീക്കിൽ വ്യത്യസ്തപദങ്ങളാണുപയോഗിച്ചിരിക്കുന്നത്. (The Lords day ---> te kuriake hemera / The day of the Lord ---> te hemerea tou kuriou). ക്രിസ്തുവിന്റെ ഇപ്പോഴുള്ള ശുശ്രൂഷകളെയും കുറിച്ചു യോഹന്നാൻ എഴുതിയിരിക്കുന്നതിനാൽ കർത്താവിന്റെ ദിനമായ ന്യായവിധി ചൊരിയുന്ന ദിനമായി ഇവിടത്തെ കർത്തൃദിവസത്തെ കരുതുവാനും സാധിക്കുകയില്ല. കർത്തൃദിവസത്തിൽ ഞാൻ ആത്മവിവിശനായി എന്നെഴുതിയിരിക്കുന്നതിനാൽ യോഹന്നാൻ പത്മൊസിൽ ആയിരുന്ന ഒരു ദിവസത്തെ കർത്തൃദിവസമായി ചിന്തിക്കാം. കാരണം ആഴ്ചയുടെ എല്ലാദിനങ്ങളും ദൈവത്തിനുള്ളതാകയാൽ ദൈവമക്കളെ സംബന്ധിച്ചു ഏതുദിവസവും കർത്തൃദിവസമായി കണക്കാക്കാം. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമോ മറ്റേതെങ്കിലും ദിവസമോ എന്നുള്ളതിനുപരിയായി, ദൈവം തന്റെ ഹിതപ്രകാരം സകലമറകളും നീക്കി സ്വർഗ്ഗീയ ദർശനങ്ങളാൽ യോഹന്നാനെ നിറച്ച ദിവസം കർത്തൃദിവസമായിരുന്നു എന്നു ചിന്തിക്കുന്നതാണ് ഏറെ യുക്തം.

**ആത്മവിവശനായി —** (I was in the Spirit) —

കർത്തൃദിവസത്തിൽ യോഹന്നാൻ ആത്മവിവശനായി. അതായതു പരിശുദ്ധാത്മാവിന്റെ പരിപൂർണ്ണനിയന്ത്രണത്തിൽ യോഹന്നാൻ സ്വർഗ്ഗീയകാര്യങ്ങൾ ദർശിച്ചുവെന്നർത്ഥം. യോഹന്നാൻ സ്വപ്നത്തിലോ, നിദ്രാവസ്തയിലോ ആയിരുന്നില്ല. എന്നാൽ ദൈവികമർമ്മങ്ങൾ ഗ്രഹിക്കുവാൻ തക്കവണ്ണം പരിശുദ്ധാത്മാവു യോഹന്നാനെ ശക്തീകരിച്ചു. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമായിരിക്കുന്നതു പോലെ വെളിപ്പാടു പുസ്തകവും ചമെപ്പാൻതക്ക വിധത്തിൽ സകല മറകളും നീക്കപ്പെട്ടു സ്വർഗ്ഗീയ ദർശനം ലഭിച്ചത് പരിശുദ്ധാത്മനിയന്ത്രണത്തിലായിരുന്നു എന്നത് ശ്രദ്ധേയമാണ്.

**വെളി.1:11 — നീ കാണുന്നതു ഒരു പുസ്തകത്തിൽ എഴുതി എഫെസൊസ്, സ്മുർന്നാ; പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്യാ എന്ന ഏഴു സഭകൾക്കും അയക്കുക എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു** (and I heard behind me a loud voice, as of a trumpet, saying, What you see, write in a book and send it to the seven churches which are in Asia: to Ephesus, to Smyrna, to Pergamos, to Thyatira, to Sardis, to Philadelphia, and to Laodicea) —

**നീ കാണുന്നതു ഒരു പുസ്തകത്തിൽ എഴുതി —** (What you see, write in a book ) —

യോഹന്നാൻ സ്വർഗ്ഗീയ ദർശനത്താൽ കണ്ടതും കേട്ടതും ആയ കാര്യങ്ങൾ വെളിപ്പെടുത്തുന്ന പ്രവചനപുസ്തകമാണ് വെളിപ്പാട്. യോഹന്നാൻ സ്വർഗ്ഗത്തിൽ കാണുന്നതു പുസ്തകത്തിൽ (ചുരുളിൽ) എഴുതുവാനാണ് കല്പന ലഭിച്ചത്. എഴുതുക എന്ന കല്പന അനേകപ്രാവശ്യം ഈ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട് (1:11,20/2:1,8,12,18/3:1,7,14/14:13/19:9/21:5). ഒരു സന്ദർഭത്തിൽ എഴുതുവാൻ ഭാവിച്ചപ്പോൾ, എഴുതാതെ മുദ്രയിട്ടേക്കുക എന്ന കല്പന ലഭിച്ചു(10:4).

**എഫെസൊസ്, സ്മുർന്നാ; പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്യാ എന്ന ഏഴു സഭകൾക്കും അയക്കുക എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു —**

യോഹന്നാൻ കണ്ട കാഴ്ചകളെക്കുറിച്ചുള്ള വിവരങ്ങൾ എഫെസൊസ്, സ്മുർന്നാ; പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്യാ എന്ന ഏഴു സഭകൾക്കും അയക്കുക എന്ന കല്പന ലഭിച്ചു. ഈ ഏഴു സഭകളും വൃത്താകൃതിയിലും, ഏകദേശം 40 മൈലുകൾ വീതം അകലത്തിലുള്ളതും, ഒരേ ദിശയിലുള്ളവയുമായിരുന്നു. മിലെത്തോസിൽ നിന്നു ദൂതുമായി പോകുന്ന ഒരുവൻ

ആദ്യം എഫെസൊസിൽ എത്തിയാൽ പിന്നീടുള്ള സഭകൾ  കല്പനയിലെ ക്രമപ്രകാരം വൃത്താകൃതിയിൽ ഒരേ ദിശയിലുള്ളവയാണ്.




**കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു** (and I heard behind me a loud voice, as of a trumpet) —

ആത്മവിവശനായ യോഹന്നാൻ കണ്ടതു ഒരു പുസ്തകത്തിൽ അഥവാ ചുരുളിൽ എഴുതി ഏഴു സഭകൾക്കു അയക്കുക എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം തന്റെ പുറകിൽ കേട്ടു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. യെഹെസ്കേൽ പ്രവാചകനും ഈ വിധത്തിലുള്ള അനുഭവമുണ്ടായതായി വായിക്കുന്നു. **യെഹെ.3:12—**“*അപ്പോൾ ആത്മാവു എന്നെ എടുത്തു: യഹോവയുടെ മഹത്വം സ്വസ്ഥലത്തു നിന്നു അനുഗ്രഹിക്കപ്പെടുമാറാകട്ടെ എന്നു ഞാൻ വലിയ മുഴക്കത്തോടെ ഒരു ശബ്ദം എന്റെ പിറകിൽ കേട്ടു.*” യിസ്രായേലിനോടുള്ള ബന്ധത്തിൽ കാഹളം ദൈവികമായ അറിയിപ്പുകളെ വിളംബരം ചെയ്യുന്നതിനെ പ്രദർശിപ്പിക്കുന്നു(സംഖ്യാ.10:1-10). യോഹന്നാൻ ഇവിടെ കേട്ട മഹാനാദം യേശുക്രിസ്തുവിന്റേതായിരുന്നു എന്നു വെളി.1:12,13,17,18 എന്നീ വാക്യങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിച്ചാൽ മനസ്സിലാക്കാം. സ്വർഗ്ഗത്തിലേക്കു കയറി വരിക എന്ന കാഹളനാദം പോലെയുള്ള ശബ്ദത്തെ വെളിപ്പാടു 4:1-ലും കാണുന്നുണ്ട്. കാഹളത്തിനൊത്ത മഹാനാദം സീനായ് പർവ്വതത്തിൽ ന്യായപ്രമാണം നൽകുന്ന വേളയിലും കാണുന്നു. **പുറ.19:16—** “*മൂന്നാം ദിവസം നേരം വെളുത്തപ്പോൾ ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി; പാളയത്തിലുള്ള ജനം ഒക്കെയും നടുങ്ങി.*”

പുതിയനിയമത്തിൽ വിവിധ സന്ദർഭങ്ങളിൽ കർത്താവിന്റെ കാഹളത്തിനൊത്ത മഹാനാദം രേഖപ്പെടുത്തിയിരിക്കുന്നതു  കാണാം.

*(1) ക്രൂശിൽ മരണസമയത്ത് കർത്താവു ഉറക്കെ നിലവിളിച്ചപ്പോൾ (മത്തായി.27:46,50), ഈ ഗംഭീരധ്വനിയാൽ ദേവാലയമന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തി, ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്ര പ്രാപിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റു.*

*(2) മരിച്ചിട്ടു നാലു നാളായ ലാസറിന്റെ കല്ലറെക്കൽ നിന്നു കർത്താവു, ലാസറേ പുറത്തു വരിക എന്നു ഉറക്കെ കല്പിച്ച (യോഹ.11:43,44) ഗംഭീരധ്വനിയാൽ ലാസർ ഉയിർത്തെഴുന്നേറ്റു.*

*(3) പുനരാഗമനത്തിൽ മദ്ധ്യാകാശത്തിൽ കർത്താവു ഗംഭീരധ്വനി പുറപ്പെടുവിക്കുമ്പോൾ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർ ഒന്നടങ്കം ഉയിർത്തെഴുന്നേൽക്കും (1.തെസ്സ.4:16/യോഹ.5:28).*

വെളിപ്പാടു പുസ്തകത്തിലുടനീളം സ്വർഗ്ഗീയമർമ്മങ്ങൾ അനാവരണം ചെയ്യപ്പെടുന്ന വേളകളിൽ ഉറക്കെയുള്ള ശബ്ദവും, മഹാനാദവും, അത്യുച്ചഘോഷവും കേൾക്കാം — വെളി.5:2,12/6:10/7:3,10/8:13/10:3/11:12,15/12:10/14:2,15,18/16:1,17/19:1,18/21:3. കാഹളശബ്ദം അടിയന്തിര സന്ദർഭങ്ങളിൽ മുഴക്കുന്നതാകയാൽ, കാഹളത്തിനൊത്ത ഒരു മഹാനാദം എന്നത് യോഹന്നാനു നൽകുന്ന കല്പനയുടെ പ്രാധാന്യതയെക്കുറിക്കുന്നു. കർത്തൃദിവസത്തിൽ യോഹന്നാൻ ആത്മവിവശനായി. യോഹന്നാൻ തുടർന്നു കണ്ടതൊക്കെയും എഴുതി ഏഴു സഭകൾക്കു അയക്കുക എന്ന കല്പന കാഹളത്തിനൊത്ത ശബ്ദത്തോടെ യോഹന്നാന്റെ പുറകിൽ കേൾക്കുകയുണ്ടായി.

**വെളി.1:12 — എന്നോടു സംസാരിച്ച നാദം എന്തു എന്നു കാണ്മാൻ ഞാൻ തിരിഞ്ഞു** (Then I turned to see the voice that spoke with me. And having turned I saw seven golden lampstands) —

പത്മൊസ് ദ്വീപിൽ ഏകനായി നിൽക്കുന്നവേളയിൽ പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിലായ യോഹന്നാൻ കർത്താവിന്റെ കാഹളത്തിനൊത്ത ശബ്ദത്തോടുള്ള കല്പന കേട്ടു. യോഹന്നാനോടു സംസാരിച്ച നാദം എന്തെന്നു കാണുവാനായി തിരിഞ്ഞു. മഹത്വസമ്പൂർണ്ണനായ കർത്താവിനെയാണ് യോഹന്നാൻ അവിടെ ദർശിച്ചത്.

**വെളി.1:13— തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നില യങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശ്യനായവനെയും കണ്ടു** (and in the midst of the seven lampstands One like the Son of Man, clothed with a garment down to the feet and girded about the chest with a golden band) —

തന്നോടു സംസാരിച്ച കാഹളനാദം പോലുള്ള ശബ്ദം കേട്ടു തിരിഞ്ഞു നോക്കിയപ്പോൾ ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടി യവനായി മനുഷ്യപുത്രനോടു സദൃശ്യനായ കർത്താവിനെയും യോഹന്നാൻ ദർശിച്ചു.

**ഏഴുപൊൻനിലവിളക്കുകൾ** (seven lampstands) ഏഴു സഭകളാണെന്നു കർത്താവു വ്യാഖ്യാ നിച്ചു കൊടുത്തു.(1:20). ഏഴു നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവനായ യേശുക്രിസ്തു (2:1), ഏഴു നിലവിളക്കുകൾ പ്രതിനിധീകരിക്കുന്ന ഏഴുസഭകളെ തന്റെ സന്ദേശം അറിയിക്കുവാൻ കല്പിച്ചു. എഫെ സൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്യ എന്നിവയായി രുന്നു ഏഴു സഭകൾ. ഏഴു എന്നതു പൂർണ്ണതയെക്കുറിക്കുന്നു. ആകയാൽ ഏഴു സഭകൾ എന്നത് എല്ലാ സഭകളെയും ഉൾക്കൊള്ളുന്നു. പൊന്ന് ലോഹങ്ങളിൽ വിലയേറിയതും അത്യന്തം ശോഭയുള്ളതുമാണ്. ആയതുപോലെ വിശ്വാസികളുടെ കൂട്ടമായ സഭകൾ ദൈവസന്നിധിയിൽ വിലയേറിയതും, അത്യന്തം ശോഭയുള്ളതുമാണ് (ഫിലി.2:15). ക്രിസ്തു സ്വന്തരക്തത്താൽ വിലെക്കു വാങ്ങിയ കൂട്ടമാണ് സഭ (അപ്പൊ.20:28). വിളക്കു ഇരുട്ടിൽ പ്രകാശം പരത്തുന്നതുപോലെ സഭകളും ലോകത്തിനു പ്രകാശം നല്കുന്നു.

**ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ —** (and in the midst of the seven lampstands) —

നടുവിൽ എന്ന പദം, മനുഷ്യപുത്രൻ എന്ന നിലയിൽ ഇന്നു സഭകളുടെ മദ്ധ്യേയുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെക്കുറിക്കുന്നു. മത്താ.18:20— *"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു"*; മത്താ.28:20— *"ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു."*

പഴയനിയമകാലത്തു ദൈവാലയത്തിൽ ഏഴു തണ്ടുകളുള്ള ഒറ്റ നിലവിളക്കായിരുന്നു ഉണ്ടായി രുന്നത് (പുറ.25:31–40/സെഖ.4:2). എന്നാൽ പുതിയനിയമത്തിൽ ഏഴുസഭകളെ പ്രതിനിധീകരിച്ചുകൊണ്ടു ഏഴു നിലവിളക്കുകൾ കാണുന്നു. ഓരോന്നും കൃത്യമായ അകലത്തിൽ അതതിന്റെ നിലയിൽ പ്രകാ ശിച്ചു കൊണ്ടിരിക്കുന്നു. ഓരോ നിലവിളക്കും കർത്താവിനോടു ബന്ധപ്പെടുകയും, ഓരോന്നിനും കർത്താവു സന്ദേശം നൽകുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ പുതിയനിയമ പ്രാദേശികസഭകളുടെ ഇന്നത്തെ ഘടനയും, പ്രവർത്തനവും, കർത്താവിനോടുള്ള ബന്ധവുമാണ് ഇതു കാണിക്കുന്നത്. ഓരോ സ്ഥലംസഭയും സ്വതന്ത്രവും, അതതിന്റെ നിലവാരമനുസരിച്ചു ജ്വലിച്ചു പ്രകാശിക്കുന്നതും, അവ സഭാ കാന്തനായ കർത്താവിനോടു മാത്രം ബന്ധപ്പെട്ടു നിൽക്കുന്നതുമാണ്.

**നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി —** (clothed with a garment down to the feet and girded about the chest with a golden band) —

"നിലയങ്കി" എന്നാൽ പാദങ്ങളോളം എത്തുന്ന അങ്കി എന്നർത്ഥം. ( a robe reaching to the feet). ഇതു സാധാരണക്കാരായവരുടെ വസ്ത്രമല്ല. നിലയങ്കി രാജാക്കന്മാരും (ന്യായാ.8:26/1.ശമീ.18:4/1.ശമൂ.24:4/ 1.രാജാ.22:10), പ്രവാചകന്മാരും (1.ശമൂ.28:14), പുരോഹിതന്മാരുമാണ്(പുറ.28:4/ ലേവ്യ.16:4) ധരിച്ചിരുന്ന ത്. നമ്മുടെ കർത്താവു ഭൂമിയിലായിരുന്ന സമയം രാജവസ്ത്രം ധരിച്ചു നടന്നിട്ടില്ല. എന്നാൽ അന്നു താൻ ധരിച്ചിരുന്ന വസ്ത്രത്തെപ്പറ്റി യോഹന്നാൻ പറഞ്ഞിരിക്കുന്നതു നോക്കുക.—" *അങ്കിയോ തുന്നൽ ഇല്ലാതെ മേൽതൊട്ടു അടിയോളം മുഴുവനും നെയ്തതായിരുന്നു.*" (യോഹ.19:23). അക്കാലത്തു പഞ്ഞി കൊണ്ടു നെയ്തുണ്ടാക്കിയ ഇത്തരം വസ്ത്രങ്ങൾ സാധാരണ ധരിക്കുന്നവയായിരുന്നു. എന്നാൽ യോഹ ന്നാൻ മഹത്വധാരിയായി സ്വർഗ്ഗത്തിൽ കണ്ട മനുഷ്യപുത്രനായ ക്രിസ്തു, നിലയങ്കി ധരിച്ചിരിക്കുന്ന തായി ദർശിച്ചപ്പോൾ അതിലൂടെ വ്യക്തമാകുന്നത് ക്രിസ്തു സഭകളുടെ നടുവിലൂടെ നടക്കുന്ന ***രാജാധിരാജാവും, പ്രവാചകശ്രേഷ്ഠനും, മഹാപുരോഹിതനും*** ആണെന്നതാണ്.

തുടർന്നു യോഹന്നാൻ കർത്താവിനെ ദർശിക്കുന്നത് **"മാറത്തു പൊൻകച്ച കെട്ടിയവനായി "** (girded across His chest with a golden sash) മനുഷ്യപുത്രനോടു സദൃശനായിട്ടാണ്. മാറത്തു പൊൻകച്ച കെട്ടിയിരിക്കുന്നത് ***ക്രിസ്തു ന്യായാധിപൻ*** എന്ന വസ്തുതയാണു പ്രകടമാക്കുന്നത്. പൊൻകച്ച ക്രിസ്തുവിന്റെ നീതിക്ക് അടയാളമാണ്. യെശയ്യാപ്രവാചകൻ ക്രിസ്തുവിനെക്കുറിച്ചു പറ യുന്നത് —"നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയുമായിരിക്കും " (യെശ.11:5). എന്നാണ്. മഹാപുരോഹിതനായ അഹരോനു മഹത്വത്തിനും അലങ്കാരത്തിനുമായി വിശുദ്ധവസ്ത്രം ഉണ്ടാക്കുവാൻ ദൈവം കല്പിച്ചതായി പുറപ്പാടു പുസ്തകത്തിൽ വായിക്കുന്നു. പൊന്നു, നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, പിരിച്ചപഞ്ഞിനൂൽ എന്നീ വസ്തുക്കൾ കൊണ്ടായിരുന്നു ഈ ഏഫോദ് ഉണ്ടാ ക്കിയത്. മഹാപുരോഹിതൻ ധരിച്ച ഏഫോദിൽ പൊന്നുകൊണ്ടുണ്ടാക്കിയ നൂലുകൾ കൂടി ചേർത്തി

രുന്നു. തങ്കനൂലു കൂട്ടിച്ചേർത്തു ചിത്രപ്പണിയായി ഉണ്ടാക്കിയിരുന്ന ഏഫോദ് മാറത്തു കെട്ടുന്നതും ചുമൽക്കണ്ടത്തോടു കൂടിയതുമായിരുന്നു(പുറ.28:1-8). ദൈവസന്നിധിയിൽ ശുശ്രൂഷിച്ച അഹരോൻ ധരിച്ചിരുന്ന ഏഫോദ്, യോഹന്നാൻ ദർശിച്ച നിലവിളക്കുകളായ സഭകളുടെ നടുവിൽ നടക്കുന്നവനും ശ്രേഷ്ഠമഹാപുരോഹിതനുമായ കർത്താവായ യേശുക്രിസ്തു ധരിച്ചിരിക്കുന്ന പൊൻകച്ചയുടെ പ്രതിരൂപമാണ്. പഴയനിയമ കാലങ്ങളിൽ ന്യായാധിപന്മാർ ഔദ്യോഗിക വേഷമായി മാറത്തു കച്ച ധരിക്കാറുണ്ടായിരുന്നു. മാറത്തു പൊൻകച്ച ധരിച്ച ക്രിസ്തു സകലരേയും ന്യായം വിധിപ്പാൻ വരുന്ന ന്യായാധിപനാണ്. അന്നു നീതിയോടും വിശ്വസ്തതയോടും ന്യായം വിധിക്കും.(സങ്കീ.96:13/ വെളി.20:11-15).

**"മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു"—** (One like the Son of Man) —

മഹത്വധാരിയായ ക്രിസ്തുവിനെ മനുഷ്യപുത്രനോടു സദൃശ്യനായും കാണുന്നു. **"ദൈവപുത്രൻ"** എന്നതു പിതാവായ ദൈവത്തോടുള്ള ബന്ധത്തെ കാണിക്കുന്നെങ്കിൽ, **"മനുഷ്യപുത്രൻ"** എന്നത് മനുഷ്യവർഗ്ഗത്തോടുള്ള ബന്ധത്തെ കാണിക്കുന്നു. ക്രിസ്തുവിനെ, മനുഷ്യപുത്രൻ (Son of Man)എന്നു പുതിയനിയമത്തിൽ ഏറെ പ്രാവശ്യം പരാമർശിച്ചിട്ടുണ്ട് (ഉദാ— മത്താ.20:28/ലൂക്കൊ.19:10/യോഹ.10:10). മനുഷ്യരൂപമെടുത്ത ദൈവമാണ് യേശുക്രിസ്തു. എന്നാൽ മനുഷ്യനല്ല. ദൈവപുത്രൻ മനുഷ്യപുത്രനായതുകൊണ്ടാണ് മനുഷ്യപുത്രൻ എന്നു സംബോധന ചെയ്യുന്നത്.

ക്രിസ്തു നന്മ സുവിശേഷിക്കുകയും, മറ്റുള്ളവരെ ശുശ്രൂഷിക്കുകയും ചെയ്യുന്ന മനുഷ്യപുത്രനായും, മറുരൂപമലയിൽ തേജസ്കരിക്കപ്പെട്ട ദൈവപുത്രനായും (മത്താ.17:1 -8) യോഹന്നാൻ കർത്താവിനോടൊപ്പമുള്ള സമയത്തു കണ്ടിട്ടുണ്ട്. കർത്താവു ഭൂമിയിലായിരുന്നപ്പോൾ മനുഷ്യപുത്രനെന്ന നിലയിൽ സത്യത്തിനു സാക്ഷ്യം നിൽക്കുന്നവനും, സത്യം സംസാരിക്കുന്നവനുമായ പ്രവാചകനായിരുന്നു. സ്വർഗ്ഗത്തിൽ ഇപ്പോൾ മനുഷ്യപുത്രൻ എന്ന നിലയിൽ സ്വന്തരക്തത്താൽ പക്ഷവാദം ചെയ്യുന്ന പുരോഹിതനായിരിക്കുന്നു. വീണ്ടും ഭൂമിയിലേക്കു വരുമ്പോൾ മനുഷ്യപുത്രൻ എന്ന നിലയിൽ സകലത്തെയും ഭരിക്കുവാനായി വരുന്ന രാജാവായിരിക്കും.

ക്രിസ്തു സഭകളുടെ മദ്ധ്യേ നടക്കുന്നവനും, *രാജാധിരാജാവും, പ്രവാചകശ്രേഷ്ഠനും, മഹാപുരോഹിതനും, ന്യായാധിപനുമാണ് എന്നതിനെയാണ് "ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു"* എന്നതിലൂടെ നമുക്കു ദർശിക്കാവുന്നത്.

**മഹത്വധാരിയായ ക്രിസ്തു —**

**വെളി.1:14—16 — അവന്റെ തലയും തലമുടിയും വെളുത്തപഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണു അഗ്നിജ്വാലെക്കു ഒത്തതും കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിന്നു സദൃശ്യവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയും ആയിരുന്നു. അവന്റെ വലങ്കൈയ്യിൽ ഏഴു നക്ഷത്രം ഉണ്ടു; അവന്റെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു; അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതു പോലെ ആയിരുന്നു** (His head and hair were white like wool, as white as snow, and His eyes like a flame of fire; His feet were like fine brass, as if refined in a furnace, and His voice as the sound of many waters; He had in His right hand seven stars, out of His mouth went a sharp two-edged sword, and His countenance was like the sun shining in its strength) —

**മഹത്വധാരിയായ ക്രിസ്തുവിന്റെ ഏഴുവിധ അംഗവർണ്ണന —**

ക്രിസ്തുവിന്റെ വസ്ത്രധാരണത്തെക്കുറിച്ചു 13-ാം വാക്യത്തിൽ പറഞ്ഞു. 14,15 വാക്യങ്ങളിൽ ഏഴു അംഗവർണ്ണനയിലൂടെ ക്രിസ്തുവിന്റെ വ്യക്തിത്വത്തെക്കുറിച്ചു പറയുന്നു.

**1. തല, തലമുടി —** ((His head and hair) —

*"അവന്റെ തലയും തലമുടിയും വെളുത്തപഞ്ഞിപോലെ ഹിമത്തോളം വെള്ളയും"* (വെളി.1:14) —യോഹന്നാൻ കണ്ട മഹത്വധാരിയായ ക്രിസ്തുവിന്റെ തലയും തലമുടിയും വെളുത്തപഞ്ഞിപോലെ ഹിമത്തോളം വെണ്മയുള്ളതായിരുന്നു (His head and hair were white like white wool, like snow). വെളുത്തപഞ്ഞിപോലെ ഹിമത്തോളം വെള്ളയെന്നതു പരിശുദ്ധിയെ (Purity) പ്രകടമാക്കുന്നു. യെശ.1:18 — *"നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും."* മുടി വാർദ്ധ്യക്യത്താൽ നരച്ചതു മൂലമുള്ള വെള്ളയല്ല. എല്ലാറ്റിന്റെയും ആരംഭവും അവസാനവുമായ ദൈവത്തിനു വാർദ്ധക്യമില്ല. വെളുത്ത തലയും തലമുടിയും ക്രിസ്തുവിന്റെ പുരാതനത്വത്തെയും, നിത്യത്വത്തെയും, മഹത്വത്തെയും, വിശുദ്ധിയെയും, സത്യസന്ധതയെയും കുറിക്കുന്നു. പുരാതനകാലങ്ങളിൽ ആംഗ്ളേയന്യായാധിപന്മാർ കോടതികളിൽ തലയിൽ വെള്ളത്തൊപ്പി ഔദ്യോഗികവേഷത്തിന്റെ ഭാഗമായി ധരിക്കാറുണ്ടായിരുന്നു. അത് അവരുടെ ന്യായാധിപസ്ഥാനത്തെയും, പക്വതയെയും കുറിക്കുന്നു. കൂടാതെ ദാനിയേൽപ്രവചനത്തിലെ വയോ

ധികനായവനെയും അവന്റെ ഹിമംപോലെയുള്ള വസ്ത്രത്തെയും യോഹന്നാന്റെ വർണ്ണന അനുസ്മരിപ്പിക്കുന്നു. ദാനീ.7:9 — *"ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ ന്യായാസനങ്ങളെ വെച്ചു. വയോധികനായ ഒരുത്തൻ ഇരുന്നു. അവന്റെ വസ്ത്രം ഹിമംപോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമംപോലെയും അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു."* ഈ വാക്യത്തിലെ വയോധികനായവൻ പിതാവായ ദൈവത്തെ പ്രതിനിധീകരിക്കുന്നു. വെളിപ്പാടിൽ ഈ വിശേഷണം ക്രിസ്തുവിനും നൽകിയിരിക്കുന്നതിനാൽ പിതാവിന്റെയും പുത്രന്റെയും സമത്വത്തെയും, ക്രിസ്തുവിന്റെ ദൈവത്വത്തെയും പ്രദർശിപ്പിക്കുന്നു.

*"പടയാളികൾ മുള്ളുകൊണ്ടു ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു"* (യോഹ.19:2) എന്നു ക്രൂശീകരണവേളയിൽ ദൃക്സാക്ഷിയായ യോഹന്നാൻ എഴുതിയെങ്കിൽ, മഹത്വധാരിയായ ക്രിസ്തുവിനെ ദർശിച്ച യോഹന്നാൻ പറയുന്നത് —*"അവന്റെ തലയും തലമുടിയും വെളുത്തപഞ്ഞിപോലെ ഹിമത്തോളം വെള്ളയും"* ആയിരുന്നു എന്നാണ്.

**2. കണ്ണ്** — (His eyes) —

*"കണ്ണു അഗ്നിജ്വാലെക്കു ഒത്തതും"* (വെളി.1:14) — "കണ്ണു അഗ്നിജ്വാലെക്കു ഒത്തതു" (His eyes were like a flame of fire) എന്നുള്ള വിശേഷണം കർത്താവിന്റെ സർവ്വജ്ഞാനത്തെ കുറിക്കുന്നു. സകലത്തെയും കാണുന്നവനെന്നും, സകലത്തെയും നീതിയോടെ ന്യായം വിധിക്കുന്നവനെന്നും ഇത് അർത്ഥമാക്കുന്നു. മഹത്വധാരിയായ ക്രിസ്തുവിനെ യോഹന്നാൻ കണ്ടതുപോലെ ദാനിയേലും ഒരുവനെ കാണുന്നു. അവന്റെ കണ്ണു തീപ്പന്തം പോലെ എന്നാണ് പറഞ്ഞിരിക്കുന്നത്. **ദാനീ.10:4-6 —** *"ഞാൻ ഹിദ്ദേക്കൽ എന്ന മഹാ നദീതീരത്തു ഇരിക്കയിൽ തല പൊക്കി നോക്കിയപ്പോൾ, ശണവസ്ത്രം ധരിച്ചും അരെക്കു ഊഫാസ്തങ്കം കൊണ്ടുള്ള കച്ച കെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു. അവന്റെ ദേഹം ഗോമേദകം പോലെയും മുഖം മിന്നൽപ്രകാശം പോലെയും* **കണ്ണു തീപ്പന്തം പോലെയും** *ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണ്ണം പോലെയും അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവം പോലെയും ആയിരുന്നു." "അവന്റെ കണ്ണു അഗ്നിജ്വാല"* (വെളി.19:12). **എബ്രാ.4:13—** *"അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മതർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളതു."* **സങ്കീ.34:15,16 —** *"യഹോവയുടെ കണ്ണു നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു. ദുഷ്പ്രവൃത്തിക്കാരുടെ ഓർമ്മയെ ഭൂമിയിൽ നിന്നു ഛേദിച്ചു കളയേണ്ടതിന്നു യഹോവയുടെ മുഖം അവർക്കു പ്രതികൂലമായിരിക്കുന്നു."* എന്നാൽ അവൻ ഈ ലോകത്തിലായിരുന്നപ്പോൾ യെരുശലേമിനെ ഓർത്തു ദുഃഖിച്ചു കരഞ്ഞു(മത്താ.23:37/ലൂക്കൊ.19:41). ലാസറിന്റെ കല്ലറയ്ക്കു സമീപം ഉള്ളം നൊന്തു കലങ്ങി, ദുഃഖത്താൽ കണ്ണുനീർ ഒഴുക്കി(യോഹ.11:33-35). ദുഃഖവും, പ്രയാസവും അനുഭവിക്കുന്നവരോടൊപ്പം പങ്കുചേർന്നു അവരെ ആശ്വസിപ്പിച്ചു. ക്രൂശീകരണവേളയിൽ മനുഷ്യർ കർത്താവിന്റെ മുഖം മൂടി ഉപദ്രവിച്ചിട്ട് ആരെന്നു പ്രവചിക്കുവാനും പറഞ്ഞു. **മർക്കൊ.14:65 —** *"ചിലർ അവനെ തുപ്പുകയും അവന്റെ മുഖം മൂടി അവനെ മുഷ്ടി ചുരുട്ടി കുത്തുകയും പ്രവചിക്ക എന്നു അവനോടു പറയുകയും ചെയ്തു തുടങ്ങി."* അന്നു കണ്ണു മൂടപ്പെട്ടവനെങ്കിലും തന്നെ ഉപദ്രവിച്ച സകലരെയും കണ്ട കർത്താവു സൗമ്യനായി നിന്നു. എന്നാൽ അഗ്നിജ്വാലെക്കൊത്ത കണ്ണുകൾ പാപികളിലും, ദുഷ്ടന്മാരിലും, ദൈവത്തെ അനുസരിക്കാത്തവരിലും ക്രോധാഗ്നി ചൊരിയുന്ന തീക്ഷ്ണതയെയാണ് കാണിക്കുന്നത്. സകലഹൃദയങ്ങളിലേക്കും, നിനവുകളിലേക്കും ചൂഴ്ന്നിറങ്ങുവാൻ പര്യാപ്തമായ, ജ്വലിക്കുന്ന കണ്ണുകളാൽ ന്യായം വിധിക്കും.

**3. കാല് —** (His feet) —

*"കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിന്നു സദൃശ്യവും"* (വെളി.1:15) — (His feet were like fine brass, as if refined in a furnace) വെള്ളോടിനുള്ള മറ്റൊരു പേരാണ് താമ്രം. യോഹന്നാൻ കണ്ട ക്രിസ്തുവിന്റെ കാൽ ഉലയിൽ അഥവാ തീച്ചൂളയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃശ്യമായിരുന്നു. ഉലയെന്നത് തീച്ചൂളയെക്കുറിക്കുന്നു. കർത്താവിന്റെ കാൽ ചൂളയിൽ ചുട്ടു പഴുപ്പിച്ച അനുഭവമായിരുന്നു. എണ്ണമറ്റ പീഡനങ്ങളിലും, കഷ്ടതകളിലും കൂടെ സഞ്ചരിച്ച കാലുകളാണത്. രാജസിംഹാസനത്തിൽ മാത്രം ഇരുന്ന മൃദുവായ പാദങ്ങളല്ല; കാൽവറിയിലേക്കുള്ള ദുഃഖത്തിന്റെ പാത ചവിട്ടി മെതിച്ച പാദങ്ങളാണ്. ഏഴുസഭകളിലൊന്നായ തുയഥൈരയിലെ സഭയിലെ ദൂതനു എഴുതുമ്പോൾ ക്രിസ്തുവിന്റെ പാദത്തെക്കുറിച്ചുള്ള വിശേഷണം ഇതിനോടു ചേരുന്നു. **വെളി.2:18 —** *"അഗ്നിജ്വാലെക്കു ഒത്ത കണ്ണും വെള്ളോട്ടിന്നു സദൃശ്യമായ കാലും ഉള്ള ദൈവപുത്രൻ അരുളിച്ചെയ്യുന്നു."* താമ്രം ന്യായവിധിയെ പ്രകടമാക്കുന്നു. താമ്രയാഗപീഠത്തിൽ പാപപരിഹാരയാഗവസ്തു കത്തിയമരുന്നതിനാൽ(ലേവ്യ.4) കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃശ്യം എന്ന വിശേഷണം പാപികളുടെ മേൽ ക്രിസ്തുവിനുള്ള ന്യായവിധിയുടെ അധികാരത്തെക്കുറിക്കുന്നു. പുരാതനകാലങ്ങളിൽ രാജാക്കന്മാർ ഉയർന്നസിംഹാസനങ്ങളിൽ ഇരുന്നു ന്യായം വിധിക്കുമ്പോൾ കുറ്റക്കാർ രാജാവിന്റെ പാദപീഠത്തിൽ വരത്തക്ക

വണ്ണം താഴ്ന്ന സ്ഥലത്തായിരിക്കും അവരെ നിറുത്തുക. ഇവിടെ രാജാവിന്റെ പാദപീഠം കുറ്റക്കാരുടെമേലുള്ള അധികാരത്തെ വ്യക്തമാക്കുന്നു. ഒരിക്കൽ ക്രിസ്തുവിന്റെ പാദങ്ങൾ ഈ ഭൂമിയിൽ പാപികളെ രക്ഷിക്കുവാനും, ശുശ്രൂഷിക്കുവാനും സഞ്ചരിച്ചു. എന്നാൽ ആ പാദങ്ങളിൽ മനുഷ്യർ കാരിരുമ്പാണികൾ തുളച്ചു കയറ്റി. സകലമനുഷ്യരുടെയും പാപം വഹിച്ചുകൊണ്ടു ദൈവക്രോധാഗ്നിയുടെ മുന്തിരിച്ചക്കു ഏകനായി മെതിച്ചു. ഇന്നു ഈ വെള്ളോട്ടിനു സദൃശമായ പാദങ്ങൾ സഭയുടെ നടുവിൽ നടക്കുന്നു. താമസംവിനാ ക്രിസ്തു സകലശത്രുക്കളെയും പാദപീഠമാക്കുവാനും, പാദം കൊണ്ടു ചവുട്ടി മെതിക്കുവാനും വീണ്ടും വരും (വെളി.19:15/എബ്രാ.10:13/മത്താ.22:44). "*അന്നാളിൽ അവന്റെ കാൽ യെരുശെലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും*" (സെഖ.14:4). ഇന്നു നമുക്കു ഈ പാദങ്ങളിൽ വീണു നമസ്കരിക്കാം. **സങ്കീ.99:5 —** "*നമ്മുടെ ദൈവമായ യഹോവയെ പുകഴ്ത്തുവിൻ; അവന്റെ പാദപീഠത്തിങ്കൽ നമസ്കരിപ്പിൻ; അവൻ പരിശുദ്ധൻ ആകുന്നു.*"

**4. ശബ്ദം —** (His voice) —

"*അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയും ആയിരുന്നു*" (വെളി.1:15) —(His voice as the sound of many waters)— പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയുള്ള ശബ്ദം ഒരു ന്യായാധിപന്റെ അധികാരത്തെയും, ശക്തിയെയും പ്രകടമാക്കുന്നു. ഏകാന്തമായ പത്മൊസ് ദ്വീപിലെ കരിമ്പാറക്കൂട്ടത്തിന്മേൽ ആഞ്ഞടിച്ച കടൽത്തിരയുടെ ശബ്ദത്തെ വെല്ലുന്നതായിരുന്നു മനുഷ്യപുത്രനായ ക്രിസ്തുവിന്റെ ശബ്ദം. പത്മൊസ് ദ്വീപിൽ ആയിരുന്നപ്പോൾ കാഹളത്തിന്നൊത്ത ഒരു മഹാനാദം യോഹന്നാന്റെ പുറകിൽ കേട്ടു(വെളി.1:11). സംസാരിച്ച നാദം എന്തെന്നു കാണ്മാൻ തിരിഞ്ഞപ്പോൾ മഹത്വധാരിയായ ക്രിസ്തുവിനെ കാണുകയും, പെരുവെള്ളത്തിന്റെ ഇരെച്ചിൽ പോലെയുള്ള ശബ്ദം കേൾക്കുകയും ചെയ്തു. പിന്നീടു കേൾക്കുന്നതും ഈ ശബ്ദമാണ് (വെളി.14:2/19:6). യെഹെസ്കേൽ കേട്ട സർവ്വശക്തനായ പിതാവായ ദൈവത്തിന്റെ ശബ്ദവും ഈ വിധത്തിലുള്ളതായിരുന്നു. **യെഹെ.43:2 —** "*അപ്പോൾ യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സു കിഴക്കു വഴിയായി വന്നു; അതിന്റെ മുഴക്കം പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെ ആയിരുന്നു.*" ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തുവിന്റെ ദൈവത്വത്തിനുള്ള പ്രഖ്യാപനം കൂടിയാണ് വെളിപ്പാടിലെ പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലുള്ള ശബ്ദം എന്ന വിശേഷണം. ഭൂമിയിലായിരുന്നപ്പോൾ കരുണയുടെയും, ആശ്വാസത്തിന്റെയും, സമാധാനത്തിന്റെയും സൗമ്യതയുള്ള ശബ്ദമായിരുന്നു. ന്യായാധിപനായ പീലാത്തോസിന്റെ മുമ്പിൽ വായെ തുറക്കാതിരുന്ന കുഞ്ഞാടായി നാം കാണുന്നു. ഈ സമയത്തുള്ള യോഹന്നാന്റെ വിവരണം നോക്കുക. **യോഹ.19:10,11 —** "*യേശു ഉത്തരം പറഞ്ഞില്ല. പീലാത്തോസ് അവനോടു: നീ എന്നോടു സംസാരിക്കുന്നില്ലയോ? എനിക്കു നിന്നെ ക്രൂശിപ്പാൻ അധികാരമുണ്ടെന്നും, നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടെന്നും നീ അറിയുന്നില്ലയോ എന്നു ചോദിച്ചതിന്നു യേശു അവനോടു: മേലിൽ നിന്നു നിനക്കു കിട്ടീട്ടില്ല എങ്കിൽ എന്റെ മേൽ നിനക്കു ഒരധികാരവും ഉണ്ടാകയില്ലായിരുന്നു.*" ലോകപാപത്തെ വഹിച്ച കുഞ്ഞാടെന്ന നിലയിൽ പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെ ശബ്ദമുള്ള കർത്താവു അപ്പോൾ സൗമ്യനായി നിന്നു.

**5. കയ്യ് —**(His hand) —

"*അവന്റെ വലങ്കൈയ്യിൽ ഏഴു നക്ഷത്രം ഉണ്ടു*" (വെളി.1:16) —(He had in His right hand seven stars)— വലങ്കൈ ശക്തിയെയും, സുരക്ഷിതത്വത്തെയും പ്രകടമാക്കുന്നുവെങ്കിലും ഇവിടെക്രിസ്തുവിന്റെ അധികാരത്തെക്കുറിക്കുന്നു. ഏഴു നക്ഷത്രമെന്നത് (1:20/2:1/3:1) ഏഴു സഭകളുടെ ദൂതന്മാരാണ് (വെളി.1:20). ഇവർ സ്വർഗ്ഗീയ ദൂതന്മാരല്ല, എന്നാൽ സഭയുടെ സന്ദേശവാഹകർ അഥവാ ശുശ്രൂഷക്കാരാകുന്നു. സഭയുടെ ശുശ്രൂഷക്കാരായ അവരെ കർത്താവു തന്റെ അധികാരമുള്ള കരത്തിൽ പിടിച്ചിരിക്കുന്നു. ബലമുള്ള കരങ്ങളിൽ അവർ സുരക്ഷിതരാണ്. ആർക്കും അവരെ പിടിച്ചുകൊണ്ടു പോകുവാൻ സാദ്ധ്യമല്ല. രാജാക്കന്മാർ നക്ഷത്രം പതിച്ച കിരീടം കരത്തിൽ പിടിച്ചിരിക്കുന്നതുപോലെ കർത്താവു അവരെ മഹത്വകിരീടമായി പിടിച്ചിരിക്കുന്നു. **യെശ.62:3 —**"*യഹോവയുടെ കയ്യിൽ നീ ഭംഗിയുള്ള കിരീടവും നിന്റെ ദൈവത്തിന്റെ കയ്യിൽ രാജമുടിയും ആയിരിക്കും.*" സഭയിൽ ആത്മീകശുശ്രൂഷകൾക്കു നേതൃത്വം കൊടുക്കുന്നവരാണിവർ. ഏഴു എന്നതു പൂർണ്ണതയെക്കുറിക്കുന്നു. പുതിയനിയമസഭയിൽ കർത്താവു ഇതിനായി കൃപാദാനങ്ങൾ നൽകിയിട്ടുണ്ട്. കർത്താവിൽ നിന്നു അധികാരം ലഭിച്ചവരും, കർത്താവിന്റെ വലങ്കൈയ്യിൽ ഇരിക്കുന്നവരുമായവരുടെ യോഗ്യതകളെക്കുറിച്ചു തിരുവചനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്(എഫെ.4:11-13/1.തിമൊ.3:1-13/തീത്തൊ.1:5-9). നക്ഷത്രത്തെപ്പോലെ അവർ ശോഭിക്കുന്നവരാണ്. അന്ധകാരം നിറഞ്ഞ ലോകത്തിൽ ദൈവത്തിന്റെ ശോഭ നൽകി അനേകരെ നീതിയിലേക്കു നയിക്കുന്നവർ പ്രകാശിക്കുന്ന നക്ഷത്രങ്ങളാണ്. **ദാനീ.12:3 —** "*എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും.*" ഒരിക്കൽ ദുഷ്ടന്മാർ കർത്താവിന്റെ വലങ്കൈയ്യിൽ ഒരു കോൽ കൊടുത്തു രാജാവേ

എന്നു വിളിച്ചു അപമാനിക്കുകയും (മത്താ.27:29), കരങ്ങൾ ആണികളാൽ തുളയ്ക്കുകയും ചെയ്തതിനു യോഹന്നാൻ ദൃക്സാക്ഷിയായി. എന്നാൽ ഇപ്പോൾ താൻ ദർശിക്കുന്നത് ശക്തിയേറിയതും അധികാരമുള്ളതുമായ വലങ്കൈയ്യിൽ തന്റെ ദാസന്മാരെ വഹിക്കുന്ന ദൃശ്യമാണ്.

**6. വായ് —** (His mouth) —

*"അവന്റെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു"* (വെളി.1:16) —(Out of His mouth went a sharp two-edged sword)—

റോമൻ പടയാളികൾ മൂർച്ചയുള്ള ഇരുവായ്ത്തലയുള്ള വാളാണ് കൊണ്ടു നടന്നിരുന്നത്. കർത്താവിന്റെ വാക്കുകളും ഇരുവായ്ത്തലയ്ക്കു തുല്യമാണ്. ഇരുവായ്ത്തലയുള്ള വാൾ എന്നത് പൊതുവേ ദൈവവചനമാകുന്ന ആത്മാവിന്റെ വാളിനെക്കുറിക്കുന്നു(എബ്രാ.4:12/എഫെ.6:17). അനുസരിക്കുന്ന ഒരുവനെ ഈ വാൾ രക്ഷയിലേക്കും, അനുസരിക്കാതെ മറുതലിക്കുന്നവനെ ശിക്ഷയിലേക്കും നടത്തുന്നു. പരിശുദ്ധാത്മനിവേശിതമായ ദൈവവചനം ഇരുവായ്ത്തലയുള്ള വാളിനു തുല്യമായിരിക്കുന്നു.

എന്നാൽ ക്രിസ്തുവിന്റെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു എന്നുള്ളത് തന്റെ അധികാരമുള്ള ആജ്ഞാസ്വരത്തെ പ്രകടമാക്കുന്നു. തന്റെ ന്യായവിധിയുടെ വാക്കുകൾ ഏറ്റവും മൂർച്ചയേറിയവയാണ്. **2.തെസ്സ.2:8 —** *"അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും."* മഹത്വധാരിയായ ക്രിസ്തുവിന്റെ വായിൽ നിന്നു പുറപ്പെടുന്നത് നീതിയുടെ അഥവാ ന്യായവിധിയുടെ വാളാണ്. ക്രിസ്തുവിന്റെ വാക്കുകൾ ഒരേ സമയം ആശ്വാസവും, ശിക്ഷയും നൽകുന്നതിനാൽ ഇതിനെ ഇരുവായ്ത്തലയുള്ള വാളായി ചിത്രീകരിക്കാം. തന്റെ സഭയ്ക്കു ക്രിസ്തുവിന്റെ വാക്കുകൾ ആശ്വാസവും, സുരക്ഷിതത്വവും നൽകുന്നതോടൊപ്പം നേരായപാതയിൽ സഞ്ചരിക്കുവാനുള്ള പ്രബോധനത്തിന്റെ വാക്കുകളും ആയിരിക്കുന്നു. എന്നാൽ ശത്രുക്കളെ സംബന്ധിച്ചു ഭീതിയുണർത്തുന്നതും സർവ്വനാശത്തിന്റെയും ന്യായവിധിയുടെ വാക്കുകളായിരിക്കുന്നു. ഈ രണ്ടു സമീപനവും വെളിപ്പാടു പുസ്തകത്തിൽ കാണാം. (1) വെളി.2:12,16 —*"പെർഗ്ഗമൊസിലെ സഭയുടെ ദൂതന്നു എഴുതുക: മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിച്ചെയ്യുന്നതു:...... ആകയാൽ മാനസാന്തരപ്പെടുക; അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്നു എന്റെ വായിലെ വാളുകൊണ്ടു അവരോടു പോരാടും."* (2) വെളി.19:15,21 —*"ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; ........ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽ നിന്നു പുറപ്പെടുന്ന വാൾ കൊണ്ടു കൊന്നു അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തി വന്നു."*

**7. മുഖം —** (His face) —

*"അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതു പോലെ ആയിരുന്നു"* (വെളി.1:16) —(His countenance was like the sun shining in its strength)— ഏഴാമതു യോഹന്നാൻ കണ്ടതു മഹത്വധാരിയായ ക്രിസ്തുവിന്റെ മുഖത്തിന്റെ പ്രത്യേകതയാണ്. മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതു പോലെയെന്നു യോഹന്നാൻ വിശദീകരിക്കുന്നു. ഒരിക്കൽ യോഹന്നാനു മറുരൂപമലയിൽ വെച്ചു രൂപാന്തരപ്പെട്ട ക്രിസ്തുവിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചതു കാണുവാൻ അവസരം ലഭിച്ചു(മത്താ.17:2). എന്നാൽ ക്രൂശീകരണവേളയിൽ താൻ കണ്ടത് യഹൂദന്മാരാൽ തള്ളപ്പെട്ട, പരിഹസിക്കപ്പെട്ട, തലയിൽ മുൾക്കിരീടം ചൂടിച്ച, കന്നത്തടിക്കപ്പെട്ട, തുപ്പലേറ്റ, രൂപം കണ്ടാൽ ആളല്ല എന്നും ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറു വിരൂപമാക്കപ്പെട്ട ക്രിസ്തുവിനെയാണ്. യോഹന്നാൻ ഇവിടെ കാണുന്നത് മഹത്വപ്രത്യക്ഷതയിൽ കാണുന്ന ക്രിസ്തുവിനെയാണ്. ചൂളപോലെ കത്തുന്ന ഒരു ദിവസം വരും. അന്നു ക്രിസ്തു നീതിസൂര്യനായി വെളിപ്പെടും (മലാ.4:2). കോരഹ് പുത്രന്മാർ യഹോവയായ ദൈവത്തെ സൂര്യനായി വിശേഷിപ്പിച്ചിട്ടുണ്ട്. സങ്കീ.84:11 — *"യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു."* സൂര്യൻ മനുഷ്യനോടുള്ള ബന്ധത്തിൽ ചൂടും, വെളിച്ചവും, കാലാവസ്ഥ ക്രമീകരണവും നൽകി അനുഗ്രഹമായിരിക്കുന്നുവെങ്കിലും ദഹിപ്പിക്കുന്ന അഗ്നിക്കു തുല്യവുമാണ്. "ക്രിസ്തുവിന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതു പോലെ" എന്നുള്ള യോഹന്നാന്റെ വിശേഷണത്തിൽ നിന്നു ക്രിസ്തുവിലുള്ള രണ്ടു സമീപനങ്ങളും കാണാം. (1) തന്റെ മക്കളെ സംബന്ധിച്ചു ക്രിസ്തു അവരുടെ അനുഗ്രഹത്തിന്റെ ഉറവിടമാണ്. *"അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ തക്ക സമയത്തു ആ പ്രത്യക്ഷത വരുത്തും"*(1.തിമൊ.6:16). *"അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും"*(വെളി.22:3,4). *"അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചു കളയും"* (വെളി.21:4). തന്റെ ഭക്തന്മാരെ സംബന്ധിച്ചു മഹത്വധാരിയായ ക്രിസ്തുവിന്റെ മുഖം നേരിൽ കാണുന്നത് ഏറെ ആശ്വാസമായിരിക്കും. അവരും സൂര്യനെപ്പോലെ പ്രകാശിക്കും. *"അന്നു നീതിമാന്മാർ തങ്ങ*

*ളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും"*(മത്താ.13:43). (2) പാപികളായവർക്കു ക്രിസ്തുവിന്റെ മുഖം ദഹിപ്പിക്കുന്ന അഗ്നിയുടെ ഭീതിയുണർത്തപ്പെട്ടു ഓടി ഒളിക്കുവാനിടയാകും. **വെളി.6:15,16 —** *"ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബല വാന്മാരും സകല ദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു പാറകളോടും; ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാ ട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ."*

**വെളി.1:17,18 —"അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. അവൻ വലങ്കൈ എന്റെ മേൽ വെച്ചു: ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകു ന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ടു** (And when I saw Him, I fell at His feet as dead. But He laid His right hand on me, saying to me, "Do not be afraid; I am the First and the Last. I am He who lives, and was dead, and behold, I am alive forevermore. Amen. And I have the keys of Hades and of Death) —

**അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു** (And when I saw Him, I fell at His feet as dead) —

സ്വർഗ്ഗീയരൂപിയായ ക്രിസ്തുവിനെ കണ്ടപ്പോൾ യോഹന്നാൻ ആ പാദങ്ങളിൽ വീണു. തിരുവ ചനത്തിലുടനീളം ദൈവികദർശനം ലഭിക്കുകയോ, ദൈവീകാരുളപ്പാടുകൾ ശ്രവിക്കുകയോ ചെയ്ത ദൈവ ദാസന്മാർ ദൈവമുമ്പാകെ വീഴുവാൻ ഇടയായിട്ടുണ്ട്. ഉദാഹരണമായി — () —

**അബ്രഹാം —** *"അപ്പോൾ അബ്രാം സാംഷ്ടാംഗം വീണു"* (ഉല്പ.17:3).

**മനോഹ —***"അഗ്നിജ്വാല യാഗപീഠത്തിന്മേൽനിന്നു ആകാശത്തിലേക്കു പൊങ്ങിയപ്പോൾ യഹോ വയുടെ ദൂതൻ യാഗപീഠത്തിന്റെ ജ്വാലയോടുകൂടെ കയറിപ്പോയി: മനോഹയും ഭാര്യയും കണ്ടു സാംഷ്ടാംഗം വീണു"*(ന്യായാ.13:20).

**യെശയ്യാവു —***"അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയി ല്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസി ക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു"*(യെശ.6:5).

**യെഹെസ്കേൽ —***"യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടതു; അതു കണ്ടിട്ടു ഞാൻ കവിണ്ണു വീണു; സംസാരിക്കുന്ന ഒരുത്തന്റെ ശബ്ദവും ഞാൻ കേട്ടു* (യെഹെ.1:28); *"ഞാൻ കെബാർ നദീതീരത്തു കണ്ട മഹത്വം പോലെ അവിടെ യഹോവയുടെ മഹത്വം നിൽക്കുന്നതു കണ്ടു ഞാൻ കവിണ്ണുവീണു"* (യെഹെ.3:23); *"ഈ ദർശനങ്ങൾ കെബാർ നദീതീരത്തു വെച്ചു ഞാൻ കണ്ട ദർശനം പോലെ ആയിരുന്നു; അപ്പോൾ ഞാൻ കവിണ്ണു വീണു"* (യെഹെ.43:3).

**ദാനീയേൽ —***"അപ്പോൾ ഞാൻ നിന്നെടത്തു അവൻ അടുത്തു വന്നു; അവൻ വന്നപ്പോൾ ഞാൻ ഭയപ്പെട്ടു സാംഷ്ടാംഗം വീണു"*(ദാനീ.8:17).

**പത്രൊസ് —***"ശിമോൻ പത്രൊസ് അതു കണ്ടിട്ടു യേശുവിന്റെ കാൽക്കൽ വീണു: കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ടു എന്നെ വിട്ടു പോകേണമേ എന്നു പറഞ്ഞു*(ലൂക്കൊ.5:8).

**ശൗൽ —***"അവൻ പ്രയാണം ചെയ്തു ദമസ്കൊസിനു സമീപിച്ചപ്പോൾ പെട്ടെന്നു ആകാ ശത്തുനിന്നു ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നി; അവൻ നിലത്തു വീണു...... രാജാവേ, നട്ടുച്ചെക്കു ഞാൻ വഴിയിൽ വെച്ചു സൂര്യന്റെ പ്രകാശത്തെ കവിഞ്ഞൊരുവെളിച്ചം ആകാശത്തിൽനിന്നു എന്നെയും എന്നോടു കൂടെ യാത്ര ചെയ്യുന്നവരെയും ചുറ്റി പ്രകാശിക്കുന്നതു കണ്ടു; ഞങ്ങൾ എല്ലാവരും നിലത്തു വീണപ്പോൾ: ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതു എന്തു ... എന്നു എബ്രായഭാഷയിൽ പറയുന്നോരു ശബ്ദം ഞാൻ കേട്ടു"*(അപ്പൊ.9:3/അപ്പൊ.26:13).

മഹത്വധാരിയായ ക്രിസ്തുവിന്റെ തല മുതൽ പാദം വരെയുള്ള ഏഴു അംഗങ്ങൾ യോഹന്നാൻ ദർശിച്ചു. കർത്താവു ഭൂമിയിൽ ആയിരുന്നപ്പോൾ താൻ സ്നേഹിച്ച ശിഷ്യനും കർത്താവിന്റെ മാറോടു ചാരിയിരുന്നവനുമായ യോഹന്നാൻ (യോഹ.13:23)പത്മൊസിൽ തേജസ്കരിക്കപ്പെട്ട കർത്താവിന്റെ ദർശ നത്താൽ മരിച്ചവനെപ്പോലെ ആ കാൽക്കൽ വീണു. *"നിന്റെ തേജസ്സു എനിക്കു കാണിച്ചു തരേണമേ"* എന്ന മോശെയുടെ അപേക്ഷയിൽ ദൈവം പറഞ്ഞത് — *"നിനക്കു എന്റെ മുഖം കാണ്മാൻ കഴികയില്ല; ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല"*(പുറ.33:18,20)എന്നാണ്. എന്നാൽ മോശെയെ ഒരു പാറയുടെ പിളർപ്പിൽ ആക്കി, ദൈവകരം കൊണ്ടു മോശെയെ മറെച്ചശേഷം തന്റെ പിൻഭാഗം കാണ്മാൻ അവസരം ഒരുക്കി. ദൈവദർശനം ലഭിച്ച ഗിദെയോൻ മരണഭീതിയിലായപ്പോഴും ദൈവം ധൈര്യപ്പെടുത്തി. *"അവൻ യഹോവയുടെ ദൂതൻ എന്നു ഗിദെയോൻ കണ്ടപ്പോൾ: അയ്യോ, ദൈവമായ യഹോവേ, ഞാൻ യഹോവയുടെ ദൂതനെ അഭിമുഖമായി കണ്ടു പോയല്ലോ എന്നു പറഞ്ഞു. യഹോവ*

*അവനോടു: നിനക്കു സമാധാനം; ഭയപ്പെടേണ്ടാ, നീ മരിക്കയില്ല എന്നു അരുളിച്ചെയ്തു"* (ന്യായാ.6:22,23).

യോഹന്നാനും തേജോമയനായ ക്രിസ്തുവിനെ ദർശിച്ചപ്പോൾ മരിച്ചവനെപ്പോലെ ആ കാൽക്കൽ വീണു. തേജോമയനായ ദൈവത്തെ ജഡത്തിൽ വസിക്കുന്ന മനുഷ്യൻ കാണുവാൻ അശക്തനാണ് എന്നതിനെ ഇതു സൂചിപ്പിക്കുന്നു. രക്ഷിക്കപ്പെട്ട സകലരും മദ്ധ്യാകാശത്തിൽ കർത്താവിനെ നേരിൽ കാണും. അതിനായിട്ടു തേജസ്കരിക്കപ്പെട്ട ശരീരം നമുക്കു ലഭിക്കും. എന്നാൽ രക്ഷിക്കപ്പെടാത്തവർ വെള്ളസിംഹാസനത്തിന്റെ മുമ്പാകെ നിൽക്കുമ്പോൾ സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്ന മുഖമുള്ള വനും, അഗ്നിജ്വാലെക്കു ഒത്ത കണ്ണുള്ളവനും, പെരുവെള്ളത്തിന്റെ ഇരെച്ചിൽ പോലെയുള്ള ശബ്ദ ത്തോടു കൂടിയവനുമായ ന്യായാധിപനായ ക്രിസ്തുവിന്റെ മുമ്പിൽ മരിച്ചവരെപ്പോലെ വീഴുവാൻ (വെളി.6:16,17)ഇടയാകും. അപ്പോൾ ധൈര്യപ്പെടുത്തുവാൻ പിശാചും കൂട്ടരും ഉണ്ടായിരിക്കയില്ല.

ദൈവസന്നിധിയിൽ വരുന്ന നാമും ദൈവത്തിന്റെ മഹത്വത്തെയും, അധികാരത്തെയും, അപ്ര മേയശക്തിയെയും കുറിച്ചു ബോധമുള്ളവരായിരിക്കണം. കൃപായുഗത്തിൽ വസിക്കുന്നവരായ പുതിയ നിയമ വിശ്വാസികളായ നമുക്കു ഏതു സമയവും കൃപാസനത്തിനടുത്തേക്കു ധൈര്യത്തോടെ ചെല്ലു വാൻ അവകാശം ലഭിച്ചിട്ടുണ്ട്. *"അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക. അതുകൊണ്ടു സഹോ ദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയാ യി, തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന്നു ധൈര്യവും....."* (എബ്രാ.4:16/ എബ്രാ.10:19,20). സകല അധികാരവുമുള്ള മഹത്വധാരിയായ ക്രിസ്തു ഇന്നു നമ്മെ പരിപാലിക്കുന്നു, നടത്തുന്നു. സഭകളുടെ നടുവിൽ നടക്കുന്നവനായ ക്രിസ്തുവിനെ ദർശിച്ച യോഹന്നാനുണ്ടായ ഭയ ഭക്തിബഹുമാനം നമ്മിലും എപ്പോഴും ഉണ്ടായിരിക്കണം.

**അവൻ വലങ്കൈ എന്റെ മേൽ വെച്ചു: ഭയപ്പെടേണ്ടാ** (But He laid His right hand on me, saying to me, "Do not be afraid) —

സപ്തസമ്പൂർണ്ണമഹിമയിൽ വെളിപ്പെട്ട തേജോമയനായ കർത്താവിനെ കണ്ടപ്പോൾ യോഹ ന്നാൻ മരിച്ചവനെപ്പോലെ ആ പാദങ്ങളിൽ വീണു. അപ്പോൾ കർത്താവു തന്റെ വലങ്കൈ യോഹന്നാന്റെ മേൽ വെച്ചു ധൈര്യപ്പെടുത്തി. മറുരൂപമലയിൽ തേജസ്കരിക്കപ്പെട്ട കർത്താവിനെ കണ്ട സന്ദർഭത്തിലും യോഹന്നാനും, പത്രൊസും, യാക്കോബും ഏറ്റവും ഭയപ്പെട്ടു കവിണ്ണു വീണു. അപ്പോഴും *"എഴുന്നേൽപ്പിൻ, ഭയപ്പെടേണ്ടാ എന്നു പറഞ്ഞു കർത്താവു അവരെ* ***തൊട്ടു****"* (മത്താ.17:7) ആശ്വസിപ്പിച്ചു ധൈര്യപ്പെടു ത്തി. വെളിപ്പാടിലെ പ്രവചനവിഷയത്തോടും, എഴുത്തുകാരനായ യോഹന്നാനോടും ഏറെ സാമ്യമുള്ള ദാനീയേൽ പ്രവചനത്തിൽ എഴുത്തുകാരനായ ദാനിയേലിനും ഇതേ അനുഭവമുണ്ടായിട്ടുണ്ട്. **ദാനീ.10:8,9 —** *"അങ്ങനെ ഞാൻ തനിച്ചു ശേഷിച്ചിരുന്നു ഈ മഹാദർശനം കണ്ടു; എന്നിൽ ഒട്ടും ബലം ശേഷിച്ചി രുന്നില്ല; എന്റെ മുഖശോഭ ക്ഷയിച്ചു പോയി; എനിക്കു ഒട്ടും ബലം ഇല്ലാതെയും ആയി. എന്നാൽ ഞാൻ അവന്റെ വാക്കുകളുടെ ശബ്ദം കേട്ടു; അവന്റെ വാക്കുകളുടെ ശബ്ദം കേട്ടപ്പോൾ ഞാൻ ബോധംകെട്ടു നിലത്തു കവിണ്ണുവീണു."* **ദാനീ.10:18,19 —** *"അപ്പോൾ മനുഷ്യസാദൃശ്യത്തിലുള്ളവൻ പിന്നെയും വന്നു* **എന്നെ തൊട്ടു ബലപ്പെടുത്തി:** *ഏറ്റവും പ്രിയപുരുഷാ, ഭയപ്പെടേണ്ടാ; നിനക്കു സമാ ധാനം. ബലപ്പെട്ടിരിക്ക, ബലപ്പെട്ടിരിക്ക എന്നു പറഞ്ഞു. അവൻ എന്നോടു സംസാരിച്ചപ്പോൾ ഞാൻ ബലപ്പെട്ടു: യജമാനനേ, സംസാരിക്കേണമേ; നീ എന്നെ ബലപ്പെടുത്തിയിരിക്കുന്നുവല്ലോ എന്നു പറ ഞ്ഞു."* ഏറ്റം പ്രിയപുരുഷനായ ദാനീയേലിനെ തൊട്ടു ബലപ്പെടുത്തിയ കർത്താവ്, താൻ സ്നേഹിച്ച, തന്റെ മാറോടു ചേർന്നിരുന്ന യോഹന്നാന്റെമേൽ ഏഴു നക്ഷത്രങ്ങളെ വഹിക്കുന്ന തന്റെ വലങ്കൈ വെച്ചു ആശ്വസിപ്പിച്ചു.

**ഭയപ്പെടേണ്ടാ ! (**Fear not / Do not be afraid / Stop being afraid**) —**

ഒരിക്കൽ കടലിന്മേൽ നടന്നു വരുന്ന കർത്താവിനെ കണ്ടപ്പോഴും (മത്താ.14:27/മർക്കൊ.6:50), മറുരൂപമലയിലെ രൂപാന്തരവേളയിലും(മത്താ.14:7) ഭയന്നുഭ്രമിച്ച ശിഷ്യന്മാരെ കർത്താവു "ഭയപ്പെടേണ്ടാ" എന്നുള്ള വാക്കുകളാൽ ധൈര്യപ്പെടുത്തിയിട്ടുണ്ട്. ദൈവമഹത്വം ദർശിച്ചപ്പോഴും, ദൈവശബ്ദം ശ്രവി ച്ചപ്പോഴും ഭയന്നുഭ്രമിച്ച തന്റെ ദാസന്മാരെ ദൈവം ഭയപ്പെടേണ്ടാ, പേടിക്കേണ്ടാ എന്നു പറഞ്ഞു ആശ്വ സിപ്പിച്ചിട്ടുണ്ട്(ഉല്പ.15:1/ഉല്പ.26:24/ന്യായാ.6:23). യെശയ്യാപ്രവാചകനിലൂടെ തന്റെ ജനമായ യിസ്രാ യേലിനെ ദൈവം *"ഭയപ്പെടേണ്ടാ!"* എന്ന വാക്കുകളാൽ ആശ്വസിപ്പിച്ചു (യെശ.41:10,13,14,43:1,5,44:2,8). പുതിയനിയമത്തിലും ഭയപ്പെടേണ്ടാ എന്ന ധൈര്യപ്പെടുത്തലിന്റെ വാക്കു ധാരാളം കാണുന്നു. കർത്താ വിന്റെ തേജസ്സു കണ്ടു ഭയപരവശരായ ആട്ടിടയന്മാരെ സമാശ്വസിപ്പിച്ചതും ഇതേ വാക്കിനാലാണ്. **ലൂക്കൊ.2:10—** *"ദൂതൻ അവരോടു:* ***ഭയപ്പെടേണ്ടാ;*** *സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസ ന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീ ദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു."* ദൈവദൂതൻ മറിയയെ ശക്തിപ്പെടുത്തിയതും

ഇതേ വാക്കുകളാലാണ്. **ലൂക്കൊ.1:30 —** *"ദൂതൻ അവളോടു: മറിയയേ ഭയപ്പെടേണ്ടാ; നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചിരിക്കുന്നു."* മറ്റനേക സന്ദർഭങ്ങളിലും ഈ ആശ്വാസവാക്കുകൾ തിരുവചനത്തിലുണ്ട് (മത്താ.10:31/28:5/28:10/ലൂക്കൊ.1:13/5:10/8:50/12:7/12:32/). ഇന്നും ദൈവജനമായ നമുക്കു ഭീതിനിറഞ്ഞ ലോകത്തിൽ ധൈര്യത്തോടെ ജീവിക്കുവാൻ ശക്തി നൽകുന്ന വാക്കുകളാണ് "ഭയപ്പെടേണ്ടാ" എന്നുള്ളത്.

മഹത്വധാരിയായ കർത്താവിനെ കണ്ട യോഹന്നാൻ മരിച്ചവനെപ്പോലെ ആ പാദങ്ങളിൽ വീണപ്പോൾ തന്റെ വലങ്കൈ യോഹന്നാന്റെ മേൽ വെച്ചു എന്നതു മാത്രമല്ല; പെരുവെള്ളത്തിന്റെ ഇരെച്ചിൽ പോലെയുള്ള ഗംഭീരവും അതേ സമയം ആശ്വാസം നൽകുന്നതുമായ, "ഭയപ്പെടേണ്ടാ" എന്ന വാക്കുകളാൽ ധൈര്യപ്പെടുത്തി.

**വെളി.1:18,19 — ..... ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ടു** (I am the First and the Last. I am He who lives, and was dead, and behold, I am alive forevermore. Amen. And I have the keys of Hades and of Death) —

ഭയപ്പെടേണ്ടാ എന്നു പറഞ്ഞു ധൈര്യപ്പെടുത്തിയ കർത്താവിന്റെ വ്യക്തിത്വത്തെയും, ആളത്വമാഹാത്മ്യത്തെയും, അധികാരത്തെയും തുടർന്നുള്ള വാക്യങ്ങളിൽ കാണുന്നു. കർത്താവു തന്നെ അതു യോഹന്നാനു വിശദീകരിച്ചു കൊടുത്തു. അതു യോഹന്നാനെ ഏറ്റം ധൈര്യപ്പെടുത്തുവാൻ പര്യാപ്തമായി. യോഹന്നാൻ ഇതു തന്റെ വായനക്കാരുമായി പങ്കുവെക്കുന്നു. സഭകളുടെ ഉടമസ്ഥനും, സഭകളുടെ നടുവിൽ നടക്കുന്നവനുമായ മഹത്വധാരിയായ കർത്താവിന്റെ ആളത്വമാഹാത്മ്യത്തെ അവരും പൂർണ്ണമായി ഗ്രഹിക്കണം. ഏഴുവിധത്തിലുള്ള കർത്താവിന്റെ വ്യക്തിത്വത്തെ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. (1) ഞാൻ (2) ആദ്യനും അന്ത്യനും ആയവൻ (3) ജീവനുള്ളവൻ (4) മരിച്ചവനായിരുന്നു (5) എന്നെന്നേക്കും ജീവിച്ചിരിക്കുന്നവൻ (6) മരണത്തിന്റെ താക്കോൽ കൈവശമുള്ളവൻ (7) പാതാളത്തിന്റെ താക്കോൽ കൈവശമുള്ളവൻ.

**(1) ഞാൻ — I AM —** (ഞാനാകുന്നവൻ ഞാനാകുന്നു) — യോഹന്നാനു ആദ്യമായി കർത്താവു തന്നെത്തന്നെ വെളിപ്പെടുത്തി വിശേഷിപ്പിക്കുന്നത് യഹോവയായ ദൈവവും യിസ്രായേൽ ജനതയുമായുള്ള ഉടമ്പടി നാമത്തിലാണ്. അബ്രഹാമിനും, യിസ്ഹാക്കിനും, യാക്കോബിനും യഹോവ സർവ്വശക്തനായ ദൈവമായി (ഏലോഹിം) വെളിപ്പെട്ടെങ്കിൽ (പുറ.6:2,3), തന്റെ ജനമായ യിസ്രായേലിനു തന്നെ പരിചയപ്പെടുത്തുന്നത് "ഞാനാകുന്നവൻ ഞാനാകുന്നു" (പുറ.3:14) എന്ന യഹോവയെന്ന നാമത്തിലാണ്. "ഞാനാകുന്നവൻ ഞാനാകുന്നു "(I AM WHO I AM / I AM THAT I AM) എന്ന വിശേഷണം ദൈവത്തിന്റെ മാറ്റമില്ലായ്മയെയും, തന്റെ ജനത്തിന്റെ വീണ്ടെടുപ്പുകാരൻ എന്നതിനെയും കുറിക്കുന്നു. കർത്താവു കടലിൽ വെള്ളത്തിന്മേൽ നടന്നുവരുന്ന കാഴ്ച കണ്ടു ഭയന്നുഭ്രമിച്ച ശിഷ്യഗണത്തെ ധൈര്യപ്പെടുത്തിയത് "ഞാൻ ആകുന്നു"എന്ന നാമത്തിലാണ് (മത്താ.14:27).

**(2) ആദ്യനും അന്ത്യനും —The First and the Last—** ദൈവത്തിന്റെ സ്വഭാവസവിശേഷതയാണ് ആദ്യനും അന്ത്യനും എന്നത്. ഇതു ദൈവത്തിന്റെ സ്വയാസ്തിത്വത്തെയും (Self Existence), ദൈവം നിത്യൻ (God is Eternal) എന്നതിനെയും വെളിപ്പെടുത്തുന്നു. ദൈവത്തിനു ആരംഭമോ അവസാനമോ ഇല്ല. ദൈവം ആരാലും ഉണ്ടാക്കപ്പെടുകയോ, സൃഷ്ടിക്കപ്പെടുകയോ ചെയ്തതല്ല. കാലങ്ങൾക്കു മുമ്പേയുള്ളവനും കാലങ്ങൾക്കതീതനുമാണ് ദൈവം. യെശ.44:6 —*"ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല."* യെശ.48:12 —*"ഞാൻ അനന്യൻ; ഞാൻ ആദ്യനും ഞാൻ അന്ത്യനും ആകുന്നു."* യെശ.41:4 —*"യഹോവയായ ഞാൻ ആദ്യനും അന്ത്യന്മാരോടുകൂടെ അനന്യനും ആകുന്നു."*

ഞാൻ ആദ്യനും അന്ത്യനും എന്നു മഹത്വധാരിയായ ക്രിസ്തു യോഹന്നാനോടു പറഞ്ഞു ധൈര്യപ്പെടുത്തുന്നു. ആദ്യനും അന്ത്യനും എന്ന പ്രയോഗം വെളിപ്പാടു പുസ്തകത്തിൽ വീണ്ടും കാണുന്നു. *"സ്മുർന്നയിലെ സഭയുടെ ദൂതന്നു എഴുതുക: മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നതു..."*(വെളി.2:8). *"ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു"* (വെളി.22:13). ആദ്യനും അന്ത്യനും എന്നത് പിതാവായ ദൈവത്തോടുള്ള ബന്ധത്തിൽ പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നത് ക്രിസ്തു തന്നെക്കുറിച്ചും വിശേഷിപ്പിച്ചിരിക്കുന്നു. ഇത് ക്രിസ്തുവിന്റെ ദൈവത്വത്തെയും, താനും പിതാവും ഒന്നാണെന്നുള്ള വസ്തുതയെയും വെളിപ്പെടുത്തുന്നു. വിശ്വാസവീരനായ അബ്രഹാമിനു മുന്നേയുള്ളവനാണ് താനെന്നു യെഹൂദന്മാരോടൊരിക്കൽ കർത്താവു പറഞ്ഞിട്ടുണ്ട്. **യോഹ.8:57,58 —** *"യെഹൂദന്മാർ അവനോടു: നിനക്കു അമ്പതു*

*വയസ്സു ആയിട്ടില്ല; നീ അബ്രഹാമിനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. യേശു അവരോടു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രഹാം ജനിച്ചതിന്നു മുമ്പേ ഞാൻ ഉണ്ടു എന്നു പറഞ്ഞു."* യേശുക്രിസ്തു തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും, എല്ലറ്റിനും മുമ്പേയുള്ളവനും, സകലത്തിനും ലാക്കും കാരണഭൂതനുമായിരിക്കുന്നു. *"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി...ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നു കൊണ്ടിരുന്നു. അവൻ ലോകത്തിൽ ഉണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി; ലോകമോ അവനെ അറിഞ്ഞില്ല... വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു"*(യോഹ.1:1,2,3,9,10,14). *"അവൻ സർവ്വത്തിന്നും മുമ്പേയുള്ളവൻ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു"*(കൊലൊ.1:17).

**(3) ജീവനുള്ളവൻ —The Living One —** ഭൂമിയിൽ ജാതികളുടെ ദേവന്മാരും, കർത്താക്കന്മാരും, ദൈവങ്ങളും ജീവനില്ലാത്തതാണ്. മനുഷ്യന്റെ കൈപ്പണിയായ ഈ സങ്കല്പദേവന്മാർ കണ്ണുണ്ടെങ്കിലും കാണുന്നില്ല; ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല; വായുണ്ടെങ്കിലും സംസാരിക്കുന്നതുമില്ല. എന്നാൽ ദൈവവചനത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്ന ദൈവം സർവ്വശക്തനും ജീവനുള്ളവനുമാണ്. ജീവനുള്ളവൻ എന്നതു നമ്മുടെ ദൈവത്തിന്റെ മാത്രം പ്രത്യേകതയാണ്. തിരുവചനത്തിലുടനീളം ജീവനുള്ള ദൈവം എന്ന പ്രയോഗം കാണാം (യോശു.3:10/1.ശമൂ.17:26/സങ്കീ.84:2/ദാനീ.4:34/ദാനീ.12:7/ഹോശേ.1:10/മത്താ.16:16/മത്താ.26:63/അപ്പൊ.14:15/റോമ.9:26/2.കൊരി.3:3/2.കൊരി.6:16/1.തെസ്സ.1:9/1.തിമൊ.3:15/1.തിമൊ.4:10/എബ്രാ.3:12/എബ്രാ.9:14/ എബ്രാ.10:31/വെളി.4:9,10/വെളി.7:2/വെളി.10:7/വെളി.15:7). മനുഷ്യപുത്രനായ ക്രിസ്തു ജീവനുള്ള ദൈവമായിരിക്കുന്നു.

**(4) മരിച്ചവനായിരുന്നു — I was dead / I became dead —** നിത്യനും, സർവ്വശക്തനും, മരണമില്ലാത്തവനുമായ ദൈവത്തെ ആർക്കും കൊല്ലുവാൻ സാധിക്കുകയില്ല. എന്നാൽ മനുഷ്യരുടെ പാപപരിഹാരത്തിനായി മനുഷ്യനായി ഭൂമിയലേക്കു വന്ന മനുഷ്യപുത്രൻ കാൽവറി ക്രൂശിൽ പ്രായച്ഛിത്തമരണം വരിച്ചു. എന്നാൽ മരണത്തിനു തന്നെ പിടിച്ചടക്കുവാൻ കഴിഞ്ഞില്ല. ഞാൻ മരിച്ചവനായിരുന്നു എന്നു യോഹന്നാനോടു പറയുന്നതിൽ നിന്നു വ്യക്തമാകുന്നത്, മാനവജാതിയുടെ പാപപരിഹാരത്തിനുവേണ്ടി മരിക്കേണ്ടിവന്നു എന്നും മരണത്തെ ജയിച്ചു ജയോത്സവം കൊണ്ടാടി എന്നുമാണ്. മരിച്ചവരിൽ ആദ്യജാതനായ ക്രിസ്തു, നമ്മെ സ്നേഹിച്ച്, നമ്മുടെ പാപം പോക്കി, തന്റെ രക്തത്താൽ വിടുവിച്ചു, തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും, പുരോഹിതന്മാരും ആക്കിത്തീർത്തിരിക്കുന്നു.

**(5) എന്നെന്നേക്കും ജീവിച്ചിരിക്കുന്നവൻ —(Alive for evermore (for ever and ever) —** എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു എന്നു യോഹന്നാനോടു കർത്താവു പറയുന്നു. മനുഷ്യപുത്രനായ കർത്താവു മരിച്ചവനെങ്കിലും ഉയിർത്തെഴുന്നേറ്റു എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായിരിക്കുന്നു. നിത്യനായ ദൈവമാണ് എന്നെന്നേക്കും ജീവിക്കുന്നവൻ. ആ നിലയിൽ ക്രിസ്തുവിന്റെ ദൈവത്വത്തെയും എന്നെന്നേക്കും ജീവിച്ചിരിക്കുന്നവൻ എന്ന പ്രയോഗം വെളിപ്പെടുത്തുന്നു. എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായ മനുഷ്യപുത്രനായ ക്രിസ്തുവിനു യോഹന്നാനോടൊപ്പം എന്നെന്നേക്കും മഹത്വവും, ബലവും ആമേൻ (വെളി.1:6)എന്നു നമുക്കും പറഞ്ഞു സ്തുതിക്കാം.

**(6) മരണത്തിന്റെ താക്കോൽ കൈവശമുള്ളവൻ — Holds the keys of Death —** താക്കോൽ അധികാരത്തെയും, പദവിയെയും കുറിക്കുന്നു. താക്കോൽ ഉപയോഗിച്ചു തുറക്കുവാനും, അടെക്കുവാനും കഴിയുന്നു. ആത്മികാർത്ഥത്തിലും ഇതു തന്നെയാണ് വെളിപ്പെടുത്തുന്നത്. **യെശ.22:22 —** *"ഞാൻ ദാവീദ് ഗൃഹത്തിന്റെ താക്കോൽ അവന്റെ തോളിൽ വെക്കും; അവൻ തുറന്നാൽ ആരും അടെക്കുകയില്ല; അവൻ അടെച്ചാൽ ആരും തുറക്കുകയുമില്ല."* മരണത്തിന്റെ താക്കോൽ തന്റെ കൈവശമുണ്ടെന്നു യോഹന്നാനോടു പറഞ്ഞു ധൈര്യപ്പെടുത്തുന്നു. അതായതു യോഹന്നാൻ ഇനി മരണത്തെ ഭയപ്പെടേണ്ട കാര്യമേയില്ല; കാരണം ക്രിസ്തു മരണത്തിന്മേൽ വിജയിച്ചു അധികാരം പ്രാപിച്ചിരിക്കുന്നു. മരണം എന്നത് മനുഷ്യന്റെ ഒരു അവസ്ഥയാണ്. യേശുക്രിസ്തുവിനു മരണത്തിന്മേലും ജീവന്മേലും അധികാരമുണ്ടെന്നതാണ് താക്കോൽ കൈവശമുണ്ടെന്നതിൽ പ്രകടമാകുന്നത്. യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ നിത്യമരണത്തിൽ നിന്നു വിടുതൽ പ്രാപിച്ചിരിക്കുന്നതിനാൽ മരണത്തെ ഭയപ്പെടേണ്ട ആവശ്യമില്ല. **എബ്രാ.2:14,15 —** *"മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു."*

**(7) പാതാളത്തിന്റെ താക്കോൽ കൈവശമുള്ളവൻ — Holds the keys of Hades (hell)—** മരണം എന്നത് മനുഷ്യന്റെ അവസ്ഥയെ കുറിക്കുമ്പോൾ, പാതാളം എന്നത് സ്ഥലത്തെ കുറിക്കുന്നു. രക്ഷിക്കപ്പെടാതെ മരിച്ചവരുടെ വാസസ്ഥലം പാതാളമാണ്. പാതാളത്തിന്റെ താക്കോൽ തന്റെ കൈവശമുണ്ടെന്നു യോഹന്നാനോടു പറയുന്നു. അതായതു ദുഷ്ടന്മാരുടെ വാസസ്ഥലമായ പാതാളത്തിന്മേലും കർത്താവിനുള്ള അധികാരത്തെ പ്രകടമാക്കുന്നു. പാതാളത്തിൽ അന്ത്യന്യായവിധി കാത്തു അവർ അവിടെ കഴിയുന്നു.

പാതാളം, നരകം എന്നീ വാക്കുകൾ തിരുവചനത്തിൽ വിവിധ സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. **സംഖ്യാ.16:33 —**"*ജീവനോടെ പാതാളത്തിലേക്കു ഇറങ്ങി*" (കോരഹും കൂട്ടരും ഭൂമിക്കടിയിലാക്കപ്പെട്ടു). **യോനാ.2:2 —**"*ഞാൻ പാതാളത്തിന്റെ വയറ്റിൽ നിന്നു അയ്യം വിളിച്ചു; നീ എന്റെ നിലവിളി കേട്ടു* " (യോനാ കടലിന്റെ അടിത്തട്ടിൽ മത്സ്യത്തിന്റെ വയറ്റിൽ). **സങ്കീ.9:17—** "*ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകലജാതികളും പാതാളത്തിലേക്കു തിരിയും*" (നിത്യയാതനാസ്ഥലം). **സങ്കീ.16:10 —** "*നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല*"(ദുഷ്ടന്മാരുടെ യാതനസ്ഥലം). **ലൂക്കൊ.16:23—** "*ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തു നിന്നു അബ്രഹാമിനെയും അവന്റെ മടിയിൽ ലാസരിനെയും കണ്ടു*" (ധനവാൻ യാതനസ്ഥലത്താക്കപ്പെട്ടു). 2.പത്രൊ.2:4 — "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏൽപ്പിക്കയും..."(നിത്യയാതനാസ്ഥലം). കോരഹിനെപ്പോലെ ദൈവത്തോടു മറുതലിക്കുമ്പോൾ മരണത്തിലേക്കും, യോനയെപ്പോലെ ദൈവവഴി വിട്ടു സഞ്ചരിക്കുമ്പോൾ നരകയാതനയുടെ അനുഭവത്തിലേക്കും അകപ്പെടാം. എന്നാൽ ദുഷ്ടന്മാരും ദൈവത്തെ അനുസരിക്കാത്ത സകലജാതികളും പാതാളത്തിൽ അടെക്കപ്പെടും. ദൈവമക്കൾ ലാസരിനെപ്പോലെ ദൈസന്നിധിയിലായിരിക്കും. മരണത്തിനും പാതാളത്തിനും അവരുടെ മേൽ അധികാരമില്ല.

മരണത്തിനും പാതാളത്തിനും വാതിലുകൾ ഉണ്ട്. **സങ്കീ.9:13 —**"*യഹോവേ, എന്നോടു കരുണയുണ്ടാകേണമേ;* ***മരണവാതിലുകളിൽ*** *നിന്നു എന്നെ ഉദ്ധരിക്കുന്നവനേ...*"(ദാവീദ്). **യെശ.38:10 —**"*എന്റെ ആയുസ്സിൻ മദ്ധ്യാഹ്നത്തിൽ ഞാൻ* ***പാതാളവാതിലകം*** *പൂകേണ്ടി വരുന്നു*" (ഹിസ്കീയാവു). മരണത്തിനും പാതാളത്തിനും വാതിൽ ഉള്ളതുപോലെ ദൈവരാജ്യത്തിനും വാതിലുണ്ട്. ദൈവരാജ്യത്തിന്റെ വാതിൽ തുറക്കുവാനായി അതിന്റെ താക്കോൽ കൈവശമുള്ള കർത്താവു പത്രൊസിനെ ഏൽപ്പിച്ചു. **മത്താ.16:18,19 —**"*നീ പത്രൊസ് ആകുന്നു......സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു.*" ഈ താക്കോൽ ഉപയോഗിച്ചു പത്രൊസ് സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ, യേശുക്രിസ്തുവിൽ വിശ്വസിച്ച യഹൂദന്മാർക്കും (അപ്പൊ.2:1-4), ശമര്യർക്കും (അപ്പൊ.8:14-17), ജാതികൾക്കും (അപ്പൊ.10:44-46) തുറന്നു കൊടുത്തു. എന്നാൽ മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ ആരെയും ഏൽപ്പിച്ചിട്ടില്ല. അത് കർത്താവിന്റെ കരങ്ങളിൽ ഇരിക്കുന്നു. പാപത്താലാണ് മരണം ലോകത്തിൽ കടക്കുവാൻ ഇടയായത് (റോമ.5:12). എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പാപമോചനവും, നിത്യജീവനും ലഭിക്കുന്നു. യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താലാണ് വിശുദ്ധീകരിക്കപ്പെടുന്നത്(എബ്രാ.10:10) യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ നിത്യമരണത്തിൽ നിന്നു വിടുവിക്കപ്പെട്ടു ദൈവരാജ്യത്തിൽ ആയിരിക്കുമ്പോൾ, പാപികളായിരിക്കുന്നവർ മരണത്തിനധീനരായി പാതാളത്തിൽ അഥവാ നരകരാജ്യത്തിൽ ആയിരിക്കുന്നു. മരണത്തെയും പാതാളത്തെയും ഒരിക്കൽ തീപ്പൊയ്കയിൽ തള്ളിയിടും. **വെളി.20:13,14,15—** "*മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏൽപ്പിച്ചു കൊടുത്തു........മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.*"

**വെളി.1:19,20 — നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എന്റെ വലങ്കൈയിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ വിവരവും എഴുതുക. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു; ഏഴു നിലവിളക്കു ഏഴു സഭകൾ ആകുന്നു എന്നു കല്പിച്ചു** (Write the things which you have seen, and the things which are, and the things which will take place after this. The mystery of the seven stars which you saw in My right hand, and the seven golden lampstands: The seven stars are the angels of the seven churches, and the seven lampstands which you saw are the seven churches) —

മഹത്വധാരിയായ ക്രിസ്തുവിനെ ദർശിച്ച യോഹന്നാൻ, ഭയപരവശനായി മരിച്ചവനെപ്പോലെ കർത്താവിന്റെ കാൽക്കൽ വീണു. തന്റെ ശക്തിയും അധികാരവും ഉള്ള വലങ്കൈ യോഹന്നാന്റെ മേൽ വെച്ചിട്ടു ഭയപ്പെടേണ്ടാ എന്നു പറഞ്ഞു ആശ്വസിപ്പിച്ചു. തുടർന്നു തന്റെ ഉന്നതി, ദൈവത്വം, സകലത്തെയും ന്യായം വിധിപ്പാനുള്ള അധികാരം എന്നിവ പ്രകടമാക്കുന്ന ഏഴു വിധ വ്യക്തിത്വത്തെക്കുറിച്ചു യോഹാന്നോടു പറഞ്ഞു. ഇതും യോഹന്നാനു ആശ്വാസവും, ധൈര്യവും പകരുന്ന സന്ദേശമായിരുന്നു.

ധൈര്യവും പ്രത്യാശയും നൽകിയ ശേഷം എഴുതുവാൻ കല്പന കൊടുക്കുന്നു. നീ കാണുന്നതു ഒരു പുസ്തകത്തിൽ എഴുതി ഏഴുസഭകൾക്കു അയയ്ക്കുക എന്നു പ്രാരംഭത്തിൽ കല്പിച്ചിരുന്നു(വെളി.1:11). എന്നാൽ ഇവിടെ കൊടുക്കുന്ന ദൗത്യത്തിൽ എന്തൊക്കെ എഴുതണമെന്നും, അതിനു പുറമേ ചില മർമ്മങ്ങളും കർത്താവു തന്നെ വിശദീകരിച്ചു കൊടുക്കുന്നു.

**നീ കണ്ടതും, ഇപ്പോൾ ഉള്ളതും, ഇനി സംഭവിപ്പാനിരിക്കുന്നതും** — (and the things which are, and the things which will take place after this) —

വേഗത്തിൽ സംഭവിപ്പാനുള്ളതു തന്റെ ദാസന്മാരെ കാണിക്കേണ്ടതിന്നാണു ദൈവം യേശുക്രിസ്തുവിലൂടെ യോഹന്നാനു പ്രദർശിപ്പിച്ചതെന്നു ആരംഭവാക്യത്തിൽ പ്രസ്താവിച്ചു (വെളി.1:1). ഇനി എഴുതേണ്ട കാര്യങ്ങൾ കർത്താവു തന്നെ മൂന്നായി തിരിച്ചു യോഹന്നാനോടു കല്പിച്ചിരിക്കുന്നു. വെളിപ്പാടിലല്ലാതെ തിരുവചനത്തിലെ മറ്റൊരു പുസ്തകത്തിലും ഇങ്ങനെയുള്ള വിഭജനം എഴുത്തുകാരോടു കല്പിച്ചു കാണുന്നില്ല. ഈ മൂന്നു വിധ വിഭജനത്തിലൂടെ വെളിപ്പാടിലെ സന്ദേശം വളരെ വ്യക്തമായി തിരിക്കയും, ഭൂതം, വർത്തമാനം, ഭാവി എന്നീ കാലങ്ങളോടു ബന്ധപ്പെട്ടിരിക്കയും ചെയ്യുന്നു.

**(1) നീ കണ്ടത് —** (The things which you have seen) കർത്തൃദിവസത്തിൽ ആത്മവിവശനായി പത്മൊസിൽ വെച്ചു ദർശിച്ച മഹത്വധാരിയായ മനുഷ്യപുത്രനെക്കുറിച്ചുള്ള ദർശനങ്ങൾ (വെളി.1:10—18).

**(2) ഇപ്പോൾ ഉള്ളത് —** (The things which are) ഏഴു സഭകൾക്കുള്ള ദൂതുകൾ (വെളി.2:1-–3:22)— സഭകളുടെ ഇപ്പോഴത്തെ അവസ്ഥ.

**(3) ഇനി സംഭവിപ്പാനിരിക്കുന്നത് —** (The things which will take place after these things) സഭായുഗത്തിനുശേഷം സംഭവിക്കുന്ന കാര്യങ്ങൾ (വെളി.4:1—22:5).

**എന്റെ വലങ്കൈയ്യിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ വിവരവും എഴുതുക—** (The mystery of the seven stars which you saw in My right hand, and the seven golden lampstands) —

കർത്താവിന്റെ വലങ്കൈയിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ മർമ്മവും എഴുതുവാനാണ് യോഹന്നാനു ലഭിച്ച കല്പന. സർവ്വജ്ഞാനിയായ ദൈവത്തിന്റെ മാത്രം അറിവിലുള്ളതും, പഴയനിയമകാലത്തു വെളിപ്പെടാതെയിരുന്നതും, പുതിയനിയമകാലത്തു വെളിപ്പെട്ടു കിട്ടിയിരിക്കുന്ന ദൈവികസത്യങ്ങളെ മർമ്മം എന്നു പറയാം. മർമ്മം (രഹസ്യമായത്/ഗൂഢമായത്) എന്നതിനു മൂലഭാഷയായ ഗ്രീക്കിൽ മസ്റ്റെറിയോൻ (musterion) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഏതെങ്കിലും വസ്തുത അതുമായി ബന്ധപ്പെട്ടയാൾക്കു അർത്ഥമുള്ളതായി അനുഭവപ്പെടുമ്പോൾ അതുമായി ബന്ധമില്ലാത്തവനു അർത്ഥശൂന്യമായി അനുഭവപ്പെടുന്ന വിഷയത്തിനാണ് ഈ പദം ഉപയോഗിച്ചിരുന്നത്. സകലത്തിന്റെയും അധികാരിയും, സർവ്വജ്ഞനുമായ ക്രിസ്തു മറ്റുള്ളവർക്കു രഹസ്യമായതും, ഗൂഢമായതുമായ കാര്യങ്ങളുടെ സത്യങ്ങൾ മർമ്മം എന്ന നിലയിൽ യോഹന്നാനു പൊരുൾ തിരിച്ചു കൊടുത്തു. രഹസ്യാർത്ഥമുള്ളതിനെ (secret meaning) പൊതുവേ മർമ്മം (mystery) എന്നു പറയപ്പെടുന്നു. ആത്മീകമായി ചിന്തിക്കുമ്പോൾ ഒരിക്കൽ മറഞ്ഞിരുന്ന സത്യം ദൈവാത്മാവിനാൽ വെളിപ്പെടുത്തി കിട്ടുന്നതിനെ മർമ്മം എന്നു പറയാം.

**പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മർമ്മങ്ങൾ —**

1. സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങൾ — മത്താ.13:3-50/മർക്കൊ.4:1-32/ലൂക്കൊ.8:4-15.
2. യിസ്രായേലിനു കാഠിന്യം ഭവിച്ച മർമ്മം — റോമ.11:25
3. വിശ്വാസത്തിന്റെ അനുസരണത്തിനായുള്ള മർമ്മം —റോമ.16:25
4. മുന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനത്തിന്റെ മർമ്മം —1.കൊരി.2:7
5. സഭയുടെ ഉത്പ്രാപണം — 1.കൊരി.15:51,52/1.തെസ്സ.4:16
6. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ മർമ്മം — എഫെ.3:1-10
7. ക്രിസ്തുവിന്റെ കാന്തയായ സഭയുടെ മർമ്മം — എഫെ.5:28-32
8. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു വിശ്വാസിയിൽ അധിവസിക്കുന്ന മർമ്മം —കൊലൊ.1:26,27
9. ക്രിസ്തുവെന്ന ദൈവമർമ്മം — കൊലൊ.2:2
10. ക്രിസ്തുവിന്റെ വചനത്തിന്റെ മർമ്മം — കൊലൊ.4:3
11. അധർമ്മതിന്റെ മർമ്മം — 2.തെസ്സ.2:3-12

12. ദൈവഭക്തിയുടെ മർമ്മം —1.തിമൊ.3:16
13. ഏഴു നക്ഷത്രത്തിന്റെ മർമ്മം — വെളി.1:20
14. ദൈവത്തിന്റെ മർമ്മം — വെളി.10:6/11:15-19.
15. മഹതിയാം ബാബിലോൺ എന്ന മർമ്മം —വെളി.17:5,7

**ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു; ഏഴു നിലവിളക്കു ഏഴു സഭകൾ ആകുന്നു എന്നു കല്പിച്ചു—** (The seven stars are the angels of the seven churches, and the seven lampstands which you saw are the seven churches) —

കർത്താവിന്റെ വലങ്കയ്യിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ മർമ്മവും എഴുതുവാൻ കല്പിച്ചിട്ടു കർത്താവു തന്നെ അതിന്റെ അർത്ഥം വിശദീകരിച്ചു കൊടുത്തു. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാണെന്നും, ഏഴു നിലവിളക്കു ഏഴു സഭകൾ ആകുന്നു എന്നും യോഹന്നാനെ അറിയിച്ചു.

**ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു —** (The seven stars are the angels of the seven churches) —

കർത്താവിന്റെ വലങ്കൈയ്യിൽ കണ്ട ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാണ്. ഇതിൽ ദൂതന്മാർ എന്നത് ആരാണെന്നതിനെക്കുറിച്ചു വിവിധ അഭിപ്രായങ്ങളുണ്ട്. (1) കർത്താവിന്റെ വലങ്കയ്യിൽ ഇരിക്കുന്ന ഏഴു നക്ഷത്രമെന്ന നിലയിൽ (വെളി.1:16), സഭാശുശ്രൂഷകന്മാരാണ് ദൂതന്മാർ എന്നു ചിലർ അഭിപ്രായപ്പെടുന്നു. അവർ നക്ഷത്രത്തെപ്പോലെ തിളങ്ങി ശോഭിക്കുന്നു. (2) ദൈവമക്കളെ സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സ്വർഗ്ഗീയ ദൂതന്മാരുണ്ട്— ദാനി.10:13,21/ ദാനീ.12:1/അപ്പൊ12:15/ മത്താ.18:11. അതുപോലെ ദൈവസഭയെ സൂക്ഷിക്കുകയും, പരിപാലിക്കുകയും ചെയ്യുന്ന സ്വർഗ്ഗീയ ദൂതന്മാരെക്കുറിക്കുന്നുവെന്നു മറ്റൊരഭിപ്രായം (3) യോഹന്നാന്റെ പക്കൽ നിന്നു ഏഴു സഭകൾക്കുള്ള ദൂതു അടങ്ങിയ ചുരുൾ കൊണ്ടു പോയി കൊടുത്ത ദൂതുവാഹകരായ മനുഷ്യരാണെന്നു ചിലർ അഭിപ്രായപ്പെടുന്നു.

> വെളിപ്പാടു പുസ്തകം ആസ്യയിലെ സകല സഭകളെയും പ്രതിനിധീകരിച്ചു കർത്താവു തിരഞ്ഞെടുത്ത ഏഴു സഭകൾക്കും, ലോകത്തിൽ എവിടെയുമുള്ള വിശ്വാസികൾക്കുമാണ് എഴുതിയിട്ടുള്ളത്. എഫെസൊസിലെ സഭയുടെ ദൂതനു എഴുതുക (വെളി.2:1), സ്മുർന്നയിലെ സഭയുടെ ദൂതനു എഴുതുക (വെളി.2:8),പെർഗ്ഗമൊസിലെ സഭയുടെ ദൂതനു എഴുതുക (വെളി.2:12),തുയഥൈരയിലെ സഭയുടെ ദൂതനു എഴുതുക (വെളി.2:18),സർദ്ദിസിലെ സഭയുടെ ദൂതനു എഴുതുക (വെളി.3:1),ഫിലദെൽഫ്യയിലെ സഭയുടെ ദൂതനു എഴുതുക (വെളി.3:7), ലവൊദിക്യയിലെ സഭയുടെ ദൂതനു എഴുതുക (വെളി.4:14) എന്നിങ്ങനെ ഓരോ സഭകളുടെ ദൂതൻ എന്നു ആവർത്തിച്ചു പറഞ്ഞിരിക്കുന്നതിനാൽ ചുരുൾ കൊണ്ടു പോകുന്ന മാനുഷികദൂതനല്ല, മറിച്ചു ചുരുൾ ലഭിക്കുന്ന സഭയിലുള്ള നക്ഷത്രമായി ചിത്രീകരിച്ചിരിക്കുന്നവരെന്നു വ്യക്തമാകുന്നു. ദൈവത്തിന്റെ ദൂതൻ എന്നു പറയായതെ ഏഴു സഭകളുടെ ദൂതന്മാർ എന്നു പറഞ്ഞിരിക്കുന്നതിനാൽ സ്വർഗ്ഗീയദൂതന്മാരുമല്ല എന്നു പറയപ്പെടുന്നു. ഏഴു സഭകളുടെ ദൂതന്മാർ എന്നത് സഭാശുശ്രൂഷകന്മാരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നതെന്നാണു പൊതുവിലുള്ള അഭിപ്രായം. അവർ ദൈവകരത്തിൽ ശോഭിക്കുന്നവരാണ്. ഓരോ സഭകളുടെയും ദൂതന്മാർക്കെന്നെഴുതിയിരിക്കുന്നെങ്കിലും, ഇതിലെ സന്ദേശം എല്ലാ സഭകൾക്കും എല്ലാ വിശ്വാസികൾക്കുമുള്ളതാണ്.

**ഏഴു നിലവിളക്കു ഏഴു സഭകൾ ആകുന്നു —** (The seven lampstands are the seven churches) —

യോഹന്നാൻ ദർശിച്ച ഏഴുനിലവിളക്കുകൾ എന്ന മർമ്മം ഏഴു സഭകളാണെന്നും കർത്താവു വിശദീകരിച്ചു. നിലവിളക്കുകൾ നീണ്ടതണ്ടോടുകൂടിയുള്ളതും ഉയരത്തിൽ നിന്നു പ്രകാശിക്കുന്നതുമാണ്. ആയതുപോലെ ദൈവത്തിന്റെ സഭകൾ അന്ധകാരം നിറഞ്ഞ ലോകത്തിൽ വെളിച്ചം പരത്തുന്ന ഉയർത്തപ്പെട്ട വിളക്കുകൾക്കു തുല്യമായിരിക്കുന്നു.

---

# അദ്ധ്യായം — 2

വെളിപ്പാടു പുസ്തകത്തിലെ സന്ദേശത്തെ കർത്താവു തന്നെ മൂന്നായി തിരിച്ചു യോഹന്നാനോടു എഴുതുവാൻ കല്പിച്ചിരുന്നു. **(1) നീ കണ്ടത് —** (The things which you have seen)—ഭൂതകാല സംഭവങ്ങൾ — കർത്തൃദിവസത്തിൽ ആത്മവിവശനായി പത്മൊസിൽ വെച്ചു ദർശിച്ച മഹത്വധാരിയായ മനുഷ്യപുത്രനെക്കുറിച്ചുള്ള ദർശനങ്ങൾ (വെളി.1:10—18). **(2) ഇപ്പോൾ ഉള്ളത് —** (The things which are) — വർത്തമാനകാല സംഭവങ്ങൾ — ഏഴു സഭകൾക്കുള്ള ദൂതുകൾ (വെളി.2:1--3:22)— സഭകളുടെ ഇപ്പോഴത്തെ അവസ്ഥ. **(3) ഇനി സംഭവിപ്പാനിരിക്കുന്നത് —** (The things which will take place after these things)-- ഭാവികാല സംഭവങ്ങൾ -- സഭായുഗത്തിനുശേഷം സംഭവിക്കുന്ന കാര്യങ്ങൾ (വെളി.4:1—22:5). ഒന്നാം അദ്ധ്യായത്തിൽ — നീ കണ്ടത് — അതായത് യോഹന്നാൻ കണ്ട മഹത്വധാരിയായ ക്രിസ്തുവിനെ കുറിച്ചുള്ള കാര്യങ്ങൾ വിവരിച്ചു. തുടർന്നു രണ്ടു, മൂന്നു അദ്ധ്യായങ്ങളിൽ — ഇപ്പോൾ ഉള്ളത് — അതായത് ഏഴു സഭകൾക്കുള്ള ദൂതുകൾ എഴുതുവാൻ കല്പിച്ചു. ആസ്യയിലുള്ള (ഏഷ്യാമൈനറിലെ) ഏഴു സഭകൾക്കാണ് യോഹന്നാനോടു എഴുതുവാൻ കല്പിച്ചത്. ഈ ഏഴു സഭകളും ഏഷ്യാമൈനറിലെ റോമൻ പ്രവിശ്യകളായിരുന്നു. അവ യോഹന്നാന്റെ കാലത്തു നിലവിലുണ്ടായിരുന്ന സഭകളും ആയിരുന്നു. വെളി.1:11-ൽ ഏഴുസഭകളുടെ പേരുകൾ പറഞ്ഞിട്ടുണ്ട്. (1) എഫെസൊസ് (2) സ്മുർന്നാ (3) പെർഗ്ഗമൊസ് (4) തുയഥൈര (5) സർദ്ദിസ് (6) ഫിലദെൽഫ്യ (7) ലവൊദിക്ക്യാ. ഈ ഏഴുസഭകളെ കൂടാതെ കൊലോസ്യ (കൊലൊ.1:1) , ഹിയരപൊലിസ് (കൊലൊ.4:13), ത്രോവാസ് (2. കൊരി.2:12, അപ്പൊ.20:5), മിലേത്തോസ് (അപ്പൊ.20:17), ഗലാത്യ എന്നീ സഭകളും അന്നുണ്ടായിരുന്നു. ഈ ഏഴു സഭകൾ ഏഷ്യാമൈനറിലെ നിരവധി സഭകളെ പ്രതിനിധീകരിക്കുന്നവയും, കർത്താവു തന്നെ തിരഞ്ഞെടുത്തു യോഹന്നാനു കൊടുത്തവയുമായിരുന്നു. അന്നു നിലവിലുള്ള തിരഞ്ഞെടുത്ത ഏഴു സഭകൾക്കുള്ള ദൂതുകൾ ആണെങ്കിലും പെന്തൊക്കൊസ്തുനാൾ സഭ സ്ഥാപിതമായതു മുതൽ കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവു വരെയുള്ള സഭായുഗത്തിലെ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു (Church age from Pentecost to the Rapture). സ്മുർന്നാ, ഫിലദെൽഫ്യ എന്നീ രണ്ടു സഭകളെയൊഴിച്ചു മറ്റു അഞ്ചു സഭകളിലെയും പാപത്തിന്റെ സാന്നിദ്ധ്യത്തെ ഓർമ്മപ്പെടുത്തി ശാസിക്കുന്നു. ആദ്യസ്നേഹം വിട്ടുകളഞ്ഞ എഫെസൊസ് , സാന്മാർഗ്ഗികാധപതനത്തിലെത്തിയ പെർഗ്ഗമൊസ് , ദുരുപദേശവും, വിഗ്രഹസ്നേഹവും അനുവദിച്ച തുയഥൈര , ജീവനുണ്ടെങ്കിലും മരിച്ച അവസ്ഥയിൽ കഴിയുന്ന സർദ്ദിസ് , ആത്മീയമായി ദാരിദ്രാവസ്ഥയിലെങ്കിലും എല്ലാം തികഞ്ഞതെന്നഭിനയിക്കുന്ന മന്ദോഷ്ണസഭയായ ലവൊദിക്ക്യാ എന്നീ അഞ്ചു സഭകൾ കാണുന്നു. ഇവ ഇന്നു നിലവിലുള്ള സഭകളിലെ അവസ്ഥയെയും പ്രതിനിധീകരിക്കുന്നു.

**ഏഴു സഭകളുടെ കാലഘട്ടം —**

വെളിപ്പാടു പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഏഴു സഭകളുടെയും കാലഘട്ടത്തെക്കുറിച്ചു പൊതുവേ അഭിപ്രായപ്പെടുന്ന കാലങ്ങൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| 1. എഫസൊസ് സഭാകാലഘട്ടം | — | AD 70 -- 170 |
| 2. സ്മുർന്ന സഭാകാലഘട്ടം | — | AD 170 -- 312 |
| 3. പെർഗ്ഗമൊസ് സഭാകാലഘട്ടം | — | AD 312 -- 606 |
| 4. തുയഥൈര സഭാകാലഘട്ടം | — | AD 606 -- 1520 |
| 5. സർദ്ദിസ് സഭാകാലഘട്ടം | — | AD 1520 -- 1750 |
| 6. ഫിലദെൽഫ്യ സഭാകാലഘട്ടം | — | AD 1750 -- 1900 |
| 7. ലവൊദിക്ക്യാ സഭാകാലഘട്ടം | — | AD 1900 മുതൽ കർത്താവിന്റെ വീണ്ടും വരവുവരെ. |

ഓരോ സഭകൾക്കുമുള്ള ദൂതുകളിലും ഏഴു സമാനമായ കാര്യങ്ങൾ പൊതുവേ വിശദീകരിച്ചു പ്രസ്താവിച്ചിരിക്കുന്നു.

**1. ക്രിസ്തുവിന്റെ കല്പന —**

ഓരോ സഭക്കും ദൂതു എഴുതുവാനുള്ള കല്പന കൊടുത്തിരിക്കുന്നു.

എഫെസൊസ് സഭയുടെ ദൂതന്നു എഴുതുക (2:1), സ്മുർന്നയിലെ സഭയുടെ ദൂതന്നു എഴുതുക (2:8),പെർഗ്ഗമൊസിലെ സഭയുടെ ദൂതന്നു എഴുതുക (2:12), തുയഥൈരയിലെ സഭയുടെ ദൂതന്നു എഴുതുക (2:18), സർദ്ദിസിലെ സഭയുടെ ദൂതന്നു എഴുതുക (3:1),ഫിലദെൽഫ്യ സഭയുടെ ദൂതന്നു എഴുതുക (3:7), ലവൊദിക്ക്യയിലെ സഭയുടെ ദൂതന്നു എഴുതുക (3:14).

**2. ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം —** ഏഴുസഭകൾക്കുമുള്ള ദൂതുകളിലും ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യത്തെക്കുറിച്ചു കർത്താവു തന്നെ വിശദീകരിക്കുന്നു.

*എഫെസൊസ് സഭയുടെ ദൂതന്നു* — ഏഴു നക്ഷത്രം വലങ്കൈയ്യിൽ പിടിച്ചും കൊണ്ടു ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ (വെളി.2:1).

*സ്മുർന്നയിലെ സഭയുടെ ദൂതന്നു* — മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും

അന്ത്യനുമായവൻ അരുളിച്ചെയ്യുന്നതു (വെളി2:8).

*പെർഗ്ഗമൊസിലെ സഭയുടെ ദൂതന്നു* — മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിച്ചെയ്യുന്നതു (വെളി.2:12).

*തുയഥൈരയിലെ സഭയുടെ ദൂതന്നു* — അഗ്നിജ്വാലെക്കു ഒത്ത കണ്ണും വെള്ളോട്ടിന്നു സദൃശ്യമായ കാലും ഉള്ള ദൈവപുത്രൻ അരുളിച്ചെയ്യുന്നതു (വെളി.2:18).

*സർദ്ദിസിലെ സഭയുടെ ദൂതന്നു* — ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ അരുളിച്ചെയ്യുന്നതു (വെളി.3:1).

*ഫിലദെൽഫ്യ സഭയുടെ ദൂതന്നു* — വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവനും ആയി ആരും അടെക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടെക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നതു (വെളി.3:7).

*ലവൊദിക്ക്യയിലെ സഭയുടെ ദൂതന്നു* — വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ അരുളിച്ചെയ്യുന്നതു (വെളി.3:14).

**3. ക്രിസ്തുവിന്റെ അഭിനന്ദനം —** ഏഴു സഭകൾക്കുള്ള ദൂതുകളിലും അവരുടെ പ്രവൃത്തി അറിയുകയും കാണുകയും ചെയ്യുന്നുവെന്നു അവരെ അറിയിച്ചു അവരുടെ നല്ല പ്രവൃത്തിയെ അഭിനന്ദിക്കുകയും ചെയ്യുന്നു.

*എഫെസൊസ് സഭയുടെ ദൂതന്നു* — ഞാൻ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും ......ഞാൻ അറിയുന്നു (വെളി.2:2,3).

*സ്മുർന്നയിലെ സഭയുടെ ദൂതന്നു* — ഞാൻ നിന്റെ കഷ്ടതയും ദാരിദ്രവും .......... അറിയുന്നു(വെളി.2:9).

*പെർഗ്ഗമൊസിലെ സഭയുടെ ദൂതന്നു* — നീ എവിടെ പാർക്കുന്നു എന്നും ........ഞാൻ അറിയുന്നു (വെളി.2: 13).

*തുയഥൈരയിലെ സഭയുടെ ദൂതന്നു* — ഞാൻ നിന്റെ പ്രവൃത്തിയും, നിന്റെ സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണുത എന്നിവയും ......... അറിയുന്നു (വെളി.2:19).

*സർദ്ദിസിലെ സഭയുടെ ദൂതന്നു* — ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു (വെളി.3:1).

*ഫിലദെൽഫ്യ സഭയുടെ ദൂതന്നു* — ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു (വെളി.3:8).

*ലവൊദിക്ക്യ സഭയുടെ ദൂതന്നു* — ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു (വെളി.3:15).

**4. ക്രിസ്തുവിന്റെ ശാസന —** അവരുടെ പ്രവൃത്തികൾ അറിയുന്ന കർത്താവു അവരുടെ പാപവഴികളെ ശാസിക്കുന്നു.

*എഫെസൊസ് സഭയുടെ ദൂതന്നു* — എങ്കിലും ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നു ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ടു (വെളി.2:4).

*പെർഗ്ഗമൊസിലെ സഭയുടെ ദൂതന്നു* — എങ്കിലും നിന്നെക്കുറിച്ചു കുറഞ്ഞോരു കുറ്റം പറവാനുണ്ടു...... (വെളി.2:14).

*തുയഥൈരയിലെ സഭയുടെ ദൂതന്നു* — എങ്കിലും താൻ പ്രവാചകി എന്നു പറഞ്ഞു .... ഈസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കുറ്റം നിന്നെക്കുറിച്ചു പറവാൻ ഉണ്ടു (വെളി.2:20).

*സർദ്ദിസിലെ സഭയുടെ ദൂതന്നു* — ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടെങ്കിലും നീ മരിച്ചവനാകുന്നു (വെളി.3:1).

*ലവൊദിക്ക്യ സഭയുടെ ദൂതന്നു* — നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു (വെളി.3:15).

**5. ക്രിസ്തുവിന്റെ പ്രബോധനം —** അവരുടെ പാപവഴികൾ തിരിച്ചറിഞ്ഞ് ഓർത്തു മാനസാന്തരപ്പെടുവാൻ കർത്താവു സഭകളെ പ്രബോധിപ്പിക്കുന്നു.

*എഫെസൊസ് സഭയുടെ ദൂതന്നു* — നീ എതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്യുക (വെളി.2:5).

*സ്മുർന്നയിലെ സഭയുടെ ദൂതന്നു* — നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ .... മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം തരും (വെളി.2:10).

*പെർഗ്ഗമൊസിലെ സഭയുടെ ദൂതന്നു* — ആകയാൽ മാനസാന്തരപ്പെടുക: അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്നു എന്റെ വായിലെ വാൾ കൊണ്ടു അവരോടു പോരാടും (വെളി.2:16).

*തുയഥൈരയിലെ സഭയുടെ ദൂതന്നു* — എങ്കിലും നിങ്ങൾക്കുള്ളതു ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ എന്നു ഞാൻ കല്പിക്കുന്നു (വെളി.2:25).

*സർദ്ദിസിലെ സഭയുടെ ദൂതന്നു* — ഉണർന്നുകൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക .... ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർത്തു അതു കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്യുക (വെളി.3:2,3).

*ഫിലദെൽഫ്യ സഭയുടെ ദൂതന്നു* — ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചു കൊൾക (വെളി.3:11).

*ലവൊദിക്ക്യ സഭയുടെ ദൂതന്നു* — നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു (വെളി.3:18).

**6. ക്രിസ്തുവിന്റെ ആഹ്വാനം —** കർത്താവിന്റെ പ്രബോധനം ശ്രദ്ധിച്ചു കേൾക്കുവാൻ സഭകളെയും വ്യക്തികളെയും ആഹ്വാനം ചെയ്യുന്നു.

*എഫെസൊസ് സഭയുടെ ദൂതന്നു* — ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ (വെളി.2:7).

*സ്മുർന്നയിലെ സഭയുടെ ദൂതന്നു* — ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ (വെളി.2:11).

*പെർഗ്ഗമൊസിലെ സഭയുടെ ദൂതന്നു* — ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ (വെളി.2:17).

*തുയഥൈരയിലെ സഭയുടെ ദൂതന്നു* — ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ (വെളി.2:29).

*സർദ്ദിസിലെ സഭയുടെ ദൂതന്നു* — ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ (വെളി.3:6).

*ഫിലദെൽഫ്യ സഭയുടെ ദൂതന്നു* — ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ (വെളി.3:13).

*ലവൊദിക്ക്യ സഭയുടെ ദൂതന്നു* — ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ (വെളി.3:22).

**7. ക്രിസ്തുവിന്റെ വാഗ്ദത്തം —** ദൈവഹിതപ്രകാരം നടക്കുകയും, വിശ്വാസത്തിൽ ഉറെച്ചു നിൽക്കുന്നവർക്കു അനുഗ്രഹങ്ങളും വാഗ്ദത്തങ്ങളും പ്രഖ്യാപിക്കുന്നു.

*എഫെസൊസ് സഭയുടെ ദൂതന്നു* — ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും (വെളി.2:7).

*സ്മുർന്നയിലെ സഭയുടെ ദൂതന്നു* — ജയിക്കുന്നവന്നു രണ്ടാം മരണത്താൽ ദോഷം വരികയില്ല (വെളി.2:11).

*പെർഗ്ഗമൊസിലെ സഭയുടെ ദൂതന്നു* — ജയിക്കുന്നവന്നു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന്നു വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമാ പുതിയ പേരും കൊടുക്കും (വെളി.2:17).

*തുയഥൈരയിലെ സഭയുടെ ദൂതന്നു* — ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവന്നുഎന്റെ പിതാവു എനിക്കു തന്നതു പോലെ ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കും...... ഞാൻ അവന്നു ഉദയനക്ഷത്രവും കൊടുക്കും (വെളി.2:26–28).

*സർദ്ദിസിലെ സഭയുടെ ദൂതന്നു* — ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും; അവന്റെ പേർ ജീവപുസ്തകത്തിൽ നിന്നു മായിച്ചു കളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റു പറയും (വെളി.3:5).

*ഫിലദെൽഫ്യ സഭയുടെ ദൂതന്നു* — ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ തൂണാക്കും....(വെളി.3:12).

*ലവൊദിക്ക്യ സഭയുടെ ദൂതന്നു* — ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽഇരിപ്പാൻ വരം നല്കും (വെളി.3:21).

**വെളി.2:1 — എഫെസൊസിലെ സഭയുടെ ദൂതന്നു എഴുതുക: ഏഴു നക്ഷത്രം വലങ്കൈയ്യിൽ പിടിച്ചുംകൊണ്ടു ഏഴു പൊൻ നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ അരുളിച്ചെയ്യുന്നതു:**

**എഫെസൊസ് പട്ടണം —** ഫലഭൂയിഷ്ഠമായ ഭൂപ്രദേശവും, നല്ല കാലാവസ്ഥയുമുള്ള എഫെസൊസ്, ഏഷ്യാമൈനറിലെ ഏറ്റവും പ്രസിദ്ധമായ തുറമുഖ പട്ടണവുമായിരുന്നു. സ്മുർന്നയിൽ നിന്നു 40 മൈൽ തെക്കായി എഫെസൊസ് സ്ഥിതി ചെയ്തിരുന്നു. നാലു പ്രധാന റോഡുകൾ എഫെസൊസിൽ കൂടി കടന്നു പോകുന്നതിനാൽ ഇതിനെ ഏഷ്യയുടെ പ്രവേശന കവാടം (The Gateway to Asia) എന്നറിയപ്പെട്ടിരുന്നു. കൂടാതെ ഏഷ്യയിലെ മിക്ക സ്ഥലങ്ങളുമായി റോഡ് മാർഗ്ഗം എഫെസൊസ് ബന്ധപ്പെട്ടിരുന്നതിനാൽ പല നഗരങ്ങളിലെയും ഉല്പന്നങ്ങൾ ഇവിടെ വിപണനത്തിനായി എത്തിയിരുന്നു. ആയതിനാൽ എഫെസൊസിനെ ഏഷ്യയിലെ കമ്പോളം (The Market of Asia) എന്നപേരിലും അറിയപ്പെട്ടിരുന്നു . എഫെസൊസ് റോമൻ സാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയെങ്കിലും അതിന്റെ വിശ്വസ്തമായ

വിധേയത്വവും കൂറും നിമിത്തം എഫെസൊസിനെ ഒരു സ്വതന്ത്രനഗരമായി (free city) റോമൻ ഭരണാധികാരികൾ അംഗീകരിച്ചിരുന്നു. മതപരമായും എഫെസൊസ് പ്രസിദ്ധനഗരമായിരുന്നു. ഡയാന എന്നറിയപ്പെട്ട അർത്തെമിസ് മഹാദേവിയുടെ മനോഹരവും പ്രസിദ്ധമായ ദേവാലയം ഇവിടെ ഉണ്ടായിരുന്നു. പുരാതനലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നാണ് അർത്തെമിസ് ദേവിയുടെ ദേവാലയം.

വിഗ്രഹാരാധനയുടെയും, മന്ത്രവാദങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കേന്ദ്രമായിരുന്നു എഫെസൊസ്. ദേശവാസികളെ കൂടാതെ യവനന്മാർ, അഥേനയിൽ നിന്നു കുടിയേറിപ്പാർത്തവർ, യെഹൂദന്മാരിൽ നിന്നു വേർപെട്ടു വന്നവർ തുടങ്ങി ആറു ഗോത്രങ്ങളിലെ സമ്മിശ്രജാതികളായിരുന്നു ഇവിടത്തെ നിവാസികൾ. കുറ്റകൃത്യങ്ങൾക്കും, അസന്മാർഗ്ഗിക പ്രവർത്തനങ്ങൾക്കും പ്രസിദ്ധി നേടിയിരുന്നു. അർത്തെമിസ് ദേവിയുടെ ക്ഷേത്രവളപ്പിലെത്തുന്ന ഏതു കുറ്റവാളികളും സങ്കേതനഗരമെന്നവണ്ണം സുരക്ഷിതരായിരുന്നു. അവരെ അവിടെനിന്നു പിടിക്കുവാനോ, ശിക്ഷിക്കുവാനോ കഴിയുകയില്ലായിരുന്നു. അനാശാസ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ആയിരക്കണക്കിനു സ്ത്രീകളുടെ വിഹാരകേന്ദ്രമായിരുന്നു ക്ഷേത്രപരിസരം. ഇങ്ങനെ മതപരമായും, സാന്മാർഗ്ഗികമായും ഏറ്റവും അധഃപതിച്ച നഗരമായിരുന്നു എഫെസൊസ്.

**എഫെസൊസ് സഭ —**

ഏഷ്യാമൈനറിലുള്ള സഭകളെ പ്രതിനിധീകരിച്ചു ഏഴു സഭകൾക്കുള്ള ദൂതുകളിൽ ഒന്നാമത്തേത് എഫെസൊസ് സഭക്കുള്ളതായിരുന്നു. എഫെസൊസ് എന്ന പദത്തിനു ആഗ്രഹിക്കത്തക്ക/അഭികാമ്യം (desirable) എന്നും അയഞ്ഞത് (loose) എന്നും അർത്ഥമുണ്ട്. അവരുടെ നന്മകളെ കർത്താവു പ്രശംസിക്കുന്നെങ്കിലും ആദ്യസ്നേഹം വിട്ടു കളഞ്ഞു എന്നതിനാൽ ഫലത്തിൽ എല്ലാവരാലും ആഗ്രഹിക്കത്തക്ക സൽഗുണങ്ങളുണ്ടെങ്കിലും അവരുടെ അയഞ്ഞ സമീപനത്താൽ പിൻമാറ്റ സഭയായി തീർന്നു. വിഗ്രഹാരാധനയിലും, ജഡികോല്ലാസങ്ങളിലും മുങ്ങിക്കുളിച്ച എഫെസൊസ് പട്ടണത്തിൽ അപ്പൊസ്തലനായ പൗലൊസ് ഏകദേശം മൂന്നു വർഷത്തോളം താമസിച്ചു സുവിശേഷം അറിയിച്ചു (അപ്പൊ.20:31). ഇതുമൂലം അവിടത്തെ വിഗ്രഹരൂപമുണ്ടാക്കുന്നവർക്കും, അർത്തെമിസ് ദേവിയുടെ ആരാധകർക്കും ഏറെ പ്രശ്നങ്ങളുണ്ടാകുകയും അവർ പൗലൊസിനെതിരെ കലാപമുണ്ടാക്കുകയും ചെയ്തു(അപ്പൊ.19:21-41). പൗലൊസിന്റെ പ്രവർത്തനത്താൽ അനേകം പേർ രക്ഷിക്കപ്പെട്ടു. തൽഫലമായി എഫെസൊസിലും പരിസരപ്രദേശങ്ങളിലും സഭകൾ സ്ഥാപിതമായി. ഇവിടെ അക്വിലാസ്, പ്രിസ്കില്ലാ, അപ്പൊല്ലോസ് എന്നിവർ പൗലൊസിനോടു ചേർന്നു അദ്ധ്വാനിച്ചു (അപ്പൊ.18:18-26).

**എഫെസൊസ് സഭാകാലഘട്ടം —**

AD-70 മുതൽ 170 വരെയുള്ള കാലങ്ങൾ എഫെസൊസ്സഭാകാലഘട്ടമായി പൊതുവേ കരുതപ്പെടുന്നു.

**ഏഴു നക്ഷത്രം വലങ്കൈയ്യിൽ പിടിച്ചും കൊണ്ടു ഏഴു പൊൻ നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ അരുളിച്ചെയ്യുന്നതു:**

യോഹന്നാൻ കണ്ടതും, ഇപ്പോൾ ഉള്ളതും, ഇനി സംഭവിപ്പാനിരിക്കുന്നതുമായ കാര്യങ്ങൾ എഫെസൊസ് സഭയുടെ ദൂതന്നു എഴുതുവാൻ മഹത്വധാരിയായ കർത്താവു കല്പിച്ചു. യോഹന്നാൻ കേവലം മാനുഷിക എഴുത്തുകാരൻ മാത്രമാണ്. എഴുതുവാനുള്ള സകലവും പറഞ്ഞു കൊടുത്തത് കർത്താവായിരുന്നു. എഴുതുവാൻ കല്പന നല്കിയ ക്രിസ്തുവിന്റെ അധികാരത്തെയും ശക്തിയെയും തെളിയിക്കുന്ന വിശേഷണമാണ് ഏഴു നക്ഷത്രം വലങ്കൈയ്യിൽ പിടിച്ചും കൊണ്ടു ഏഴു പൊൻ നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ എന്നത്. ഓരോ സഭകൾക്കുമുള്ള ദൂതുകളിലും തന്റെ വ്യക്തിത്വത്തെയും ഉന്നതിയെയും വെളിപ്പെടുത്തിയിട്ടുണ്ട് (വെളി.2:1,8,12,18/3:1,7,14). വലങ്കൈയ്യിൽ ഏഴു നക്ഷത്രവും പിടിച്ചു ഏഴു പൊൻ നിലവിളക്കുകളുടെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായ മനുഷ്യപുത്രനായ ക്രിസ്തുവിനെ കണ്ടതായി ഒന്നാം അദ്ധ്യായത്തിൽ യോഹന്നാൻ വിശദീകരിച്ചു (വെളി.1:12,16). ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരും, ഏഴു നിലവിളക്കു ഏഴു സഭകളും ആകുന്നുവെന്നു കർത്താവു തന്നെ വെളിപ്പെടുത്തി(വെളി.1:20). ക്രിസ്തു തന്റെ അധികാരമുള്ള വലങ്കൈയ്യിൽ സുവിശേഷകന്മാരും മൂപ്പന്മാരും, ഇടയന്മാരുമടങ്ങിയ ശുശ്രൂഷകരെ വഹിക്കുന്നു. വലങ്കൈയ്യിൽ ഇരിക്കുന്ന അവർ ഇടയശുശ്രൂഷ ചെയ്യുന്നു.

**ഏഴു പൊൻ നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ** — പൊൻ നിലവിളക്കുകൾ സഭകളാണെന്നു വിശദീകരിച്ചു (വെളി.1:20). ഏഴു എന്ന വിശേഷണം പൂർണ്ണതയെക്കുറിക്കുന്നതാകയാൽ സകലസഭകളെയും പ്രതിനധീകരിക്കുന്നു. അതായതു കർത്താവു സഭകളുടെ നടുവിൽ നടക്കുന്നവനാണ്. ഓരോ സഭയെയും സൂഷ്മനിരീക്ഷണം ചെയ്യുകയും, വിലയിരുത്തുകയും, പരിപാലിക്കുകയും ചെയ്യുന്നു. നീണ്ട തണ്ടോടു കൂടിയുള്ള നിലവിളക്കുകൾ അന്ധകാരം നിറഞ്ഞ ലോകത്തിൽ ജ്വലിച്ചു പ്രകാശിച്ചു വെളിച്ചം പരത്തേണ്ടതാണ്. നടുവിൽ എന്നത് ക്രിസ്തുവിന്റെ ജീവിതത്തിലും,വാഗ്ദത്തങ്ങളിലും ഉപദേശങ്ങളിലും നമുക്കു തിരുവചനത്തിലുടനീളം ദർശിക്കാം.

**ജീവിതത്തിൽ —**

ലൂക്കൊ.2:46 — *"മൂന്നു നാൾ കഴിഞ്ഞശേഷം അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ* **നടുവിൽ** *ഇരിക്കുന്നതും അവരുടെ ഉപദേശം കേൾക്കയും അവരോടു ചോദിക്കയും ചെയ്യുന്നതും കണ്ടു."*

യോഹ.19:18 — *"അവിടെ അവർ അവനെയും അവനോടു കൂടെ വേറെ രണ്ടു ആളുകളെയും ഒരുത്തനെ അപ്പുറത്തും ഒരുത്തനെ ഇപ്പുറത്തും യേശുവിനെ* **നടുവിലുമായി** *ക്രൂശിച്ചു."*

ലൂക്കൊ.24:36 — *"ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ അവരുടെ* **നടുവിൽ** *നിന്നു: നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു."*

യോഹ.20:19 — *"ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ ആയ ആ ദിവസം, നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്തു യെഹൂദന്മാരെ പേടിച്ചു വാതിൽ അടെച്ചിരിക്കെ യേശു വന്നു* **നടുവിൽ** *നിന്നു കൊണ്ടു: നിങ്ങൾക്കു സമാധാനം എന്നു അവരോടു പറഞ്ഞു."*

യോഹ.20:26 — *"എട്ടു ദിവസം കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നെയും അകത്തു കൂടിയിരിക്കുമ്പോൾ തോമാസും ഉണ്ടായിരുന്നു. വാതിൽ അടെച്ചിരിക്കെ യേശു വന്നു* **നടുവിൽ** *നിന്നുകൊണ്ടു: നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു."*

**വാഗ്ദത്തത്തിൽ —**

മത്താ.18:20 — *"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ* **നടുവിൽ** *ഉണ്ടു എന്നും ഞാൻ നിങ്ങളോടു പറയുന്നു."*

**ഉപദേശത്തിൽ —**

മത്താ.10:16 —*"ചെന്നായ്ക്കളുടെ* **നടുവിൽ** *ആടിനെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു."*

ക്രിസ്തുവിന്റെ സ്ഥാനം എപ്പോഴും നടുവിൽ അഥവാ മദ്ധ്യത്തിലാണ്. ഒരിക്കൽ ക്രിസ്തു ശത്രുക്കളുടെ നടുവിൽ വായെ തുറക്കാതെ സൗമ്യനായി നിന്നു. കാളകളും ബാശാൻ കൂറ്റന്മാരുമായ (സങ്കീ.22:12) റോമൻ പടയാളികളും, മതാദ്ധ്യക്ഷന്മാരുമായ പുരോഹിതന്മാരും, ന്യായാധിപന്മാരും, യഹൂദന്മാരും കർത്താവിനെ വളഞ്ഞു. എന്നാൽ സഭാമദ്ധ്യേ സ്തുതിക്കുവാൻ (സങ്കീ.22:22) തക്കവണ്ണം കർത്താവു മരണത്തെ കീഴടക്കി വിജയം നേടി. ആസ്യയിലെ ഏഴു സഭകളെക്കുറിച്ചു അരുളിച്ചെയ്യുമ്പോൾ കർത്താവു വെളിപ്പെടുത്തുന്നത് ഏഴു നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവനായിട്ടാണ് (വെളി.1:13). മഹത്വത്തിൽ ക്രിസ്തുവിനെ കുഞ്ഞാടായി കാണുന്നത് സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ആണ് (വെളി.5:6). മഹത്വധാരിയായി സ്വർഗ്ഗത്തിൽ വസിക്കുന്നവനെങ്കിലും ക്രിസ്തു സഭയുടെ നടുവിലൂടെ നടക്കുന്നവനും ആണ്.

ഉല്പത്തിയിൽ സ്വർഗ്ഗതുല്യമായ ഏദെനിൽ മനുഷ്യൻ പാപം ചെയ്തപ്പോൾ, ദൈവത്തിന്റെ കാലൊച്ച കേട്ടു അവർ ഭയപ്പെടുവാനിടയായി. ഉല്പ.3:8 — *"വെയിലാറിയപ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച അവർ കേട്ടു; മനുഷ്യനും ഭാര്യയും യഹോവയായ ദൈവം തങ്ങളെ കാണാതിരിപ്പാൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു."* എന്നാൽ ഇന്നു ക്രിസ്തുവിനെ സഭകളുടെ നടുവിൽ നടക്കുന്നവനായി കാണുന്നു. അന്നു പാപം ചെയ്ത മനുഷ്യനോടു ഇടപെട്ട് തോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ടെങ്കിൽ ഇന്നു സഭകളുടെ നടുവിൽ നടക്കുന്നവൻ പാപത്താൽ അധഃപതിച്ചുകൊണ്ടിരിക്കുന്ന സഭകളോടു ഇടപെട്ടു അവയുടെ നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കം ചെയ്യുന്നു.

**വെളി.2:2,3 —"ഞാൻ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണതയും കൊള്ളരുതാത്തവരെ നിനക്കു സഹിച്ചു കൂടാത്തതും അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ നിരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും, നിനക്കു സഹിഷ്ണതയുള്ളതും എന്റെ നാമം നിമിത്തം നീ സഹിച്ചതും തളർന്നു പോകാഞ്ഞതും ഞാൻ അറിയുന്നു."**

സഭകളുടെ നടുവിലൂടെ നടക്കുന്നവനായ സഭാകാന്തനായ കർത്താവു അവയുടെ നല്ലതും ചീത്തയുമായ സകലപ്രവൃത്തികളും അറിയുന്നവനും കൂടിയാണ്. അവരുടെ വീഴ്ചകളെ ചൂണ്ടിക്കാട്ടി ശാസിക്കുന്നതിനു മുമ്പായി അവരുടെ നല്ല പ്രവൃത്തികളെ ശ്ലാഘിക്കുന്നു.

എഫെസൊസ് സഭയെ അഭിനന്ദിക്കുന്നത് —

> 1. പ്രവൃത്തി അറിയുന്നു (2:2)
> 2. പ്രയത്നം അറിയുന്നു (2:2)
> 3. സഹിഷ്ണുത (2:2)
> 4. കൊള്ളരുതാത്തവരെ സ്വീകരിക്കാത്തത് (2:2)
> 5. ദുരുപദേശക്കാരെ തിരിച്ചറിയുന്നത് (2:2 — കള്ളന്മാർ എന്നു കണ്ടത്)
> 6. കർത്താവിന്റെ നാമത്തിനായി സഹിച്ചത് (2:3)
> 7. നിക്കൊലാവ്യരുടെ ഉപദേശം വെറുത്തത്. (2:6).

**1. പ്രവൃത്തി അറിയുന്നു (I know your works/ deeds -- വെളി.2:2) —** പൊൻനിലവിളക്കുകളുടെ നടുവിൽ അഗ്നിജ്വാലെക്കു ഒത്ത കണ്ണുള്ള സർവ്വജ്ഞാനിയായ കർത്താവു എഫെസൊസ് സഭയെ ശോധന

ചെയ്തിട്ടു ആദ്യമായി അനുമോദിക്കുന്നത് അവരുടെ പ്രവൃത്തികളെയാണ്. വിഗ്രഹാരാധനയുടെയും, ജഡികപ്രവർത്തനങ്ങളുടെയും കേന്ദ്രമായ എഫെസൊസ് പട്ടണത്തിൽ താമസിക്കുന്ന അവർ ദൈവത്തിനായി ഏറെ പ്രവർത്തിച്ചു. അതു ദൈവം കണക്കിടുകയും ചെയ്തു. ഏതൊക്കെ പ്രവർത്തനങ്ങളായിരുന്നുവെന്നു നമുക്കറിയില്ല. എന്നാൽ ദൈവഹിതപ്രകാരം ചെയ്യുന്ന ഏതു പ്രവർത്തനങ്ങളെയും ദൈവം മാനിക്കും. എബ്രായവിശ്വാസികളോടു പറഞ്ഞിരിക്കുന്നതു നോക്കുക — *"ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നു കളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല "*(എബ്രാ.6:10). വിശ്വാസിയുടെ രക്ഷക്കു പ്രവൃത്തി കാരണമാകുന്നില്ല. എന്നാൽ രക്ഷ പ്രസിദ്ധമാകുന്നത്, വിശ്വാസം മറ്റുള്ളവർ അറിയുന്നത് പ്രവൃത്തിയിലൂടെയാണ്. **യാക്കോ.2:14,17—** *"സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്തു? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതാകയാൽ സ്വതവേ നിർജ്ജീവമാകുന്നു."* എഫെസൊസ് സഭാവിശ്വാസികൾ അവരുടെ വിശ്വാസത്തിനുസരണമായുള്ള പ്രവൃത്തികളിൽ വർദ്ധിച്ചു വന്നതുകൊണ്ടു കർത്താവിൽ നിന്നു പുകഴ്ച ലഭിക്കുവാനിടയായി.

**2. പ്രയത്നം അറിയുന്നു —(I know your toil /labor -- വെളി.2:2)—** എഫെസൊസ് സഭയെ കർത്താവു രണ്ടാമതു അഭിനന്ദിക്കുന്നതു അവരുടെ പ്രയത്നത്തെയാണ്. പ്രവർത്തനങ്ങൾ ഏതു വിധത്തിലും ചെയ്യാം. എന്നാൽ അതിൽ ഫലം ലഭിക്കണമെങ്കിൽ പലപ്പോഴും ഏറെ പ്രയത്നം അഥവാ അദ്ധ്വാനം ആവശ്യമാണ്. ശാരീരികവും മാനസികവുമായ പരിപൂർണ്ണ സമർപ്പണം ഇതിനാവശ്യമാണ്. പാപം ചെയ്ത മനുഷ്യനോടു ദൈവം പറയുന്നത് —*"മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും"*(ഉല്പ.3:19) എന്നാണ്. അതുപോലെ വിയർപ്പൊഴുക്കി പ്രവർത്തിക്കുമ്പോഴാണ് പ്രയത്നം ആയിത്തീരുന്നത്. എഫെസൊസിലെ സഭ ദൈവത്തിനായി അത്യദ്ധ്വാനം ചെയ്തത് ദൈവസന്നിധിയിൽ അവർക്കു പ്രശംസ ലഭിപ്പാനിടയായി. അപ്പൊസ്തലനായ പൗലൊസ് റോമർക്കെഴുതിയ ലേഖനം ഉപസംഹരിക്കുമ്പോൾ തന്നോടൊപ്പം കർത്താവിനു വേണ്ടി ഏറെ അദ്ധ്വാനിച്ചവരെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നതായി കാണുന്നു. > റോമ.16:7 —*"നിങ്ങൾക്കായി വളരെ അദ്ധ്വാനിച്ചവളായ മറിയെക്കു വന്ദനം ചൊല്ലുവിൻ."* > റോമ.16:12 — *"കർത്താവിൽ അദ്ധ്വാനിക്കുന്നവരായ ത്രുഫൈനെക്കും ത്രുഫോസെക്കും വന്ദനം ചൊല്ലുവിൻ. കർത്താവിൽ വളരെ അദ്ധ്വാനിച്ചവളായ പ്രിയ പെർസിസിന്നു വന്ദനം ചൊല്ലുവിൻ."*

**3. സഹിഷ്ണുത അറിയുന്നു —(I know your patience /perseverance -- വെളി.2:2) —** ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ കർത്താവു തുടർന്നു എഫെസൊസ് സഭയെ പുകഴ്ത്തുന്നത് അവരുടെ സഹിഷ്ണുതയെയാണ്. സഭ പ്രതികൂല സാഹചര്യങ്ങളിലായിരുന്നിട്ടും അവർ വിശ്വാസത്തിൽ ഉറച്ചു വിശ്വസ്തതയോടെ നിന്നതിനെയാണ് സഹിഷ്ണുത വെളിപ്പെടുത്തുന്നത്. വിശ്വാസത്താൽ നീതീകരണം ലഭിച്ച ഒരു വിശ്വാസി വിശ്വസ്തയോടെ നിന്നു കഷ്ടങ്ങളിലും പ്രശംസിക്കുവാൻ ഇടയാക്കുന്നത് സഹിഷ്ണുതയാണ്. > റോമ.5:3 — *"കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു."* ദൈവവാഗ്ദത്തങ്ങൾ പ്രാപിക്കുവാൻ സഹിഷ്ണുത ആവശ്യമാണ്. > എബ്രാ.10:36 — *"ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കു ആവശ്യം."* എഫെസൊസ് സഭ അവർക്കു നേരിട്ട കഷ്ടങ്ങളിലും പീഡകളിലും പതറാതെ വിശ്വസ്തയോടെ ദൈവികസത്യങ്ങളിൽ ഉറച്ചു നിന്നതിനാൽ കർത്താവു അവരെ പ്രശംസിച്ചു. അതുപോലെ ഈ കാലഘട്ടത്തിലും നമുക്കു സഹിഷ്ണുതയോടെ കർത്താവിനായി നിൽക്കാം. കർത്താവിനായി എന്തും സഹിക്കാനുള്ള സഹനശക്തിയുണ്ടാകുമ്പോൾ നാം സഹിഷ്ണുതയുള്ളവരായിത്തീരും.

**4. കൊള്ളരുതാത്തവരെ സ്വീകരിക്കാത്തത് അറിയുന്നു — ("കൊള്ളരുതാത്തവരെ നിനക്കു സഹിച്ചുകൂടാത്തതും" — That you cannot bear those who are evil – വെളി.2:2)—** എഫെസൊസ് സഭയിൽ കർത്താവു കണ്ട മറ്റൊരു നല്ല മാതൃകയെന്നത് അവർ കൊള്ളരുതാത്തവരെ സഹിച്ചുകൂടാതെ അകറ്റിനിറുത്തിയെന്നുള്ളതാണ്. ദൈവത്തെ സ്നേഹിക്കുകയോ, ആരാധിക്കുകയോ ചെയ്യാതെ പാപത്തിലും, ലോകോല്ലാസങ്ങളിലും മുങ്ങിക്കുളിച്ചവരെ അവർക്കു സഹിക്കാൻ കഴിഞ്ഞില്ല. അതുപോലെ സഭാബന്ധത്തിലും ക്രമം വിട്ടു നടക്കുന്ന ജഡികവിശ്വാസികളെയും ദുരുപദേശം പരത്തുന്നവരെയും അവർക്കു സഹിക്കുവാനോ ഒത്തൊരുമിച്ചു പോകുവാനോ അവർ തയ്യാറായില്ല. ദൈവത്തിലും ദൈവവചനത്തിലുമുള്ള പരിജ്ഞാനത്താൽ അവർ ഉയർന്ന ആത്മീകനില പുലർത്തിയവരായിരുന്നുവെന്നു ഇതിൽ നിന്നും മനസ്സിലാക്കാം. ദൈവത്തെയും മാമോനെയും ഒരുമിച്ചു സേവിക്കുവാൻ തയ്യാറായില്ല. അപ്പൊസ്തലനായ പൗലൊസും, നമ്മുടെ കർത്താവും പറഞ്ഞിരിക്കുന്നതു നോക്കുക —

**2.കൊരി.6:14 —** *"നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുതു; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന്നു ഇരുളോടു എന്തോരു കൂട്ടായ്മ?"*

**മത്താ.6:24 —** *"രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല ....... നിങ്ങൾക്കു ദൈവത്തെയും*

*മാമോനെയും സേവിപ്പാൻ കഴികയില്ല."*
**മത്താ.18:15-17 —** *"നിന്റെ സഹോദരൻ നിന്നോടു പിഴെച്ചാൽ നീ ചെന്നു നീയും അവനും മാത്രം ഉള്ള പ്പോൾ കുറ്റം അവന്നു ബോധം വരുത്തുക; അവൻ നിന്റെ വാക്കു കേട്ടാൽ നീ സഹോദരനെ നേടി. കേൾക്കാഞ്ഞാലോ രണ്ടു മൂന്നു സാക്ഷികളുടെ വായാൽ സകലകാര്യവും ഉറപ്പാക്കേണ്ടതിന്നു ഒന്നു രണ്ടു പേരെ കൂട്ടിക്കൊണ്ടു ചെല്ലുക. അവരെ കൂട്ടാക്കാഞ്ഞാൽ സഭയോടു അറിയിക്ക; സഭയെയും കൂട്ടാക്കാഞ്ഞാൽ അവൻ നിനക്കു പുറാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ."*
**5. ദുരുപദേശക്കാരെ തിരിച്ചറിയുന്നത് — Discipline against false teachers --(വെളി.2:2 — "അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും")—** എഫെസൊസ് സഭയെ കർത്താവു അഭിനന്ദിക്കുന്ന മറ്റൊരു ഗുണമാണ് അവർ ദുരുപദേശക്കാരെ തിരിച്ചറിഞ്ഞു അവരെ കള്ളന്മാർ എന്നു പ്രഖ്യാപിച്ച പ്രവൃത്തി. എഫെസൊസ് സഭ കൊള്ളരുതാത്തവരെ സഹിക്കാതെ അകറ്റി നിറുത്തിയതു മാത്രമല്ല ദുരുപദേശക്കാരെയും, കള്ളയപ്പൊസ്തലന്മാരെയും പരീക്ഷിച്ചു തിരിച്ചറിഞ്ഞു മോഷ്ടാക്കളെന്ന നിലയിൽ ദൂരെ അകറ്റി. എഫെസൊസുകാർ ദൈവവചനത്തിൽ അടിസ്ഥാനപ്പെട്ടവരായിരുന്നു. ബെരോവയിലെ വിശ്വാസികളെപ്പോലെ അവർ കേൾക്കുന്ന കാര്യങ്ങൾ ദൈവവചനാടിസ്ഥാനത്തിൽ ശോധന ചെയ്യുന്നവരായിരുന്നു. ഒന്നാം നൂറ്റാണ്ടിൽ സഞ്ചാരികളായ അനേകർ അപ്പൊസ്തലന്മാരെന്നും, ഉപദേഷ്ടാക്കന്മാരെന്നും പറഞ്ഞു സഭകളും വീടുകളും സന്ദർശിക്കാറുണ്ടായിരുന്നു. ഇവരിൽ ഭക്തിയുടെ വേഷം ധരിച്ചു, ലോക മോഹങ്ങൾ ലക്ഷ്യം വെച്ചു പ്രവർത്തിക്കുന്നവരുമുണ്ടായിരുന്നു. ഇവരെ തിരുവചനവെളിച്ചത്തിൽ പരീക്ഷിക്കാതെ ഇവരുമായി ചങ്ങാത്തം കൂടിയാൽ വിശ്വാസികളും, സഭകളും നാശത്തിലെത്തുമെന്നതിനു രണ്ടു പക്ഷമില്ല. ഇവരെ സൂക്ഷിച്ചു ശോധന ചെയ്യുവാൻ തിരുവചനത്തിൽ പ്രബോധിപ്പിച്ചിട്ടുണ്ട്.
**1.യോഹ.4:1-6 —** *"പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ......... സത്യത്തിന്റെ ആത്മാവു ഏതു എന്നും വഞ്ചനയുടെ ആത്മാവു ഏതു എന്നും നമുക്കു ഇതിനാൽ അറിയാം."*
**2.യോഹ.7-11 —** *"യേശുക്രിസ്തു ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നുവല്ലോ............ ഒരുത്തൻ ഈ ഉപദേശവുംകൊണ്ടു അല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുതു; അവന്നു കുശലം പറകയും അരുതു. അവന്നു കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തികൾക്കു കൂട്ടാളിയല്ലോ."*
**അപ്പൊ.20:28--31 —** *"നിങ്ങളെത്തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പോയ ശേഷം ആട്ടിൻ കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും. അതുകൊണ്ടു ഉണർന്നിരിപ്പിൻ; ഞാൻ മൂന്നു സംവത്സരം രാപ്പകൽ ഇടവിടാതെ കണ്ണുനീർ വാർത്തുംകൊണ്ടു ഓരോരുത്തനു ബുദ്ധി പറഞ്ഞു തന്നതു ഓർത്തുകൊൾവിൻ."*
**2.കൊരി.11:4,13 —** *"ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കയോ നിങ്ങൾക്കു ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നതു ആശ്ചര്യം. ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ; അതു ആശ്ചര്യവുമല്ല."*
**1.തെസ്സ.5:21,22 —** *"സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ. സകലവിധ ദോഷവും വിട്ടകലുവിൻ."*
**മത്താ.7:15 —** *"കള്ളപ്രവാചകന്മാരെ സൂക്ഷിച്ചു കൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു."*
**6. കർത്താവിന്റെ നാമത്തിനായി സഹിച്ചത് —( Endured for His nameങ്ങ sake —2:3)** "നിനക്കു സഹിഷ്ണതയുള്ളതും എന്റെ നാമം നിമിത്തം നീ സഹിച്ചതും തളർന്നു പോകാഞ്ഞതും ഞാൻ അറിയുന്നു."
കൊള്ളരുതാത്തവരെ സ്വീകരിക്കാതെ വിശ്വാസത്തിൽ ഉറെച്ചു നിന്നതിനാലും, ദുരുപദേശം പ്രസ്താവിക്കുന്നവരെ പരിശോധിച്ചു അങ്ങനെയുള്ളവരെ കള്ളന്മാർ എന്നു മുദ്രകുത്തി മാറ്റി നിറുത്തിയതിനാലും എഫെസൊസ് സഭ ഏറെ ആത്മീകപ്രതിസന്ധികളിലൂടെ കടന്നു പോകേണ്ടി വന്നു. എന്നാൽ ഈ സമയത്തു തളർന്നു പോകാതെ സഹിഷ്ണുതയോടെ നിന്നു. ഇങ്ങനെ കർത്താവിന്റെ നാമത്തിനു വേണ്ടി അവർ കാട്ടിയ സഹിഷ്ണുതയെ കർത്താവു പുകഴ്ത്തുവാൻ കാരണമായി. കർത്താവിന്റെ നാമം നിമിത്തം സകലരും പകെക്കുമെന്നു തന്റെ ശിഷ്യഗണത്തോടു കർത്താവു പറഞ്ഞിട്ടുണ്ട്. **മത്താ.10:22 —**

*“എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും.”* **മത്താ.24:9 —** *“അന്നു അവർ നിങ്ങളെ ഉപ ദ്രവത്തിന്നു ഏല്പിക്കയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകലജാതികളും നിങ്ങളെ പകെക്കും.”* എഫെസൊസ് സഭ കർത്താവിന്റെ നാമത്തിനായി സഹിച്ചതു അവരെ പ്രശംസിക്കുവാൻ തക്കതായി തീർന്നു. ആയതുപോലെ നാമും കർത്താവിന്റെ നാമത്തിനുവേണ്ടി കഷ്ടതകൾ സഹിക്കു മ്പോൾ തളർന്നുപോകാതെ സഹിഷ്ണതയോടെ നിൽക്കുമെങ്കിൽ നമുക്കും കർത്താവിൽ നിന്നു പുകഴ്ച ലഭിക്കുവാനിടയാകും.

**7. നിക്കൊലാവ്യരുടെ ഉപദേശം വെറുത്തത് — (That you hate the deeds of the Nicolaitans, which I also hate - 2:6,7).** *“എങ്കിലും നിക്കൊലാവ്യരുടെ നടപ്പു നീ പകെക്കുന്നു എന്നൊരു നന്മ നിനക്കുണ്ടു. അതു ഞാനും പകെക്കുന്നു.”* എഫെസൊസ് സഭയിൽ കർത്താവു ദർശിച്ച മറ്റൊരു നന്മയായിരുന്നു അവർ നിക്കൊലാവ്യരുടെ നടപ്പു പകെക്കുന്നു എന്നുള്ളത്. കർത്താവു പകെക്കുന്ന നിക്കൊലാവ്യരുടെ ഉപദേശം സഭയിൽ കടക്കാതെ തടഞ്ഞതിനാൽ അതു അവരുടെ നന്മയായി അംഗീകരിച്ചു എഫസൊസ് സഭയെ കർത്താവു പ്രശംസിച്ചു. നിക്കൊലാവ്യരടെ ഉപദേശമോ പ്രവൃത്തിയോ എന്തായിരുന്നുവെന്നു രേഖപ്പെടുത്തിയിട്ടില്ല. നിക്കൊലാവ്യ ഉപദേശസ്ഥാപകനെന്നു കരുതുന്ന നിക്കൊലാസ് (Nicolaus) എന്ന പേര് നികാൻ (nikan), ലാവൊസ് (laos) എന്ന രണ്ടു ഗ്രീക്കു പദങ്ങളിൽ നിന്നു വന്നിട്ടുള്ളതാണ്. നികാൻ (nikan) എന്നതിനു ആക്രമിക്കുക (to conquer), സ്വാധീനിക്കുക (to persuade) എന്നും, ലാവൊസ് (laos) എന്നതിനു സാധാരണയാളുകൾ (ordinary people) അഥവാ ജനങ്ങൾ (the people)എന്നുമർത്ഥം. രണ്ടു പദങ്ങളും കൂടി ചേരുമ്പോൾ ജനത്തെ ആക്രമിക്കുന്നവൻ, ജനത്തെ സ്വാധീനിക്കുന്നവൻ (one who conquer the people) എന്നർത്ഥം. നിക്കൊലാസിന്റെ എബ്രായ നാമമാണ് ബിലെയാം (Balaam - ജനത്തെ ആക്രമിക്കുന്നവൻ/ സ്വാധീനിക്കുന്നവൻ) എന്നത്. പെർഗ്ഗമൊസ് സഭക്കുള്ള ദൂതിലും നിക്കൊലാവ്യരെ ക്കുറിച്ചുള്ള പരാമർശം കാണുന്നു (വെളി.2:15). കർത്താവു വെറുത്ത, എഫെസൊസ് സഭാവിശ്വാസി കൾ തടഞ്ഞ ഇവരുടെ ഉപദേശത്തെയും പ്രവർത്തനങ്ങളയും കുറിച്ചു അനേക അഭിപ്രായങ്ങളുണ്ട്.

—> ആദ്യനൂറ്റാണ്ടിൽ ശിഷ്യന്മാർ പെരുകി വന്നപ്പോൾ സഭയിൽ ചില പ്രശ്നങ്ങളുണ്ടായി (അപ്പൊ.6:1). ആദ്യത്തെ പ്രശ്നം യവന (ഗ്രീക്കു) ഭാഷ സംസാരിക്കുന്നവരും, എബ്രായഭാഷ സംസാരി ക്കുന്നവരും തമ്മിലായിരുന്നു. തങ്ങളുടെ ഇടയിലുള്ള വിധവമാരെ സംരക്ഷിക്കുന്നതു പോരായെന്നു യവനന്മാർക്കു പരാതിയുണ്ടായി. പ്രശ്നപരിഹാരത്തിനായി ആത്മാവും ജ്ഞാനവും നിറഞ്ഞു, നല്ലസാ ക്ഷ്യമുള്ളവരും, യവനഭാഷ സംസാരിക്കുന്നവരുമായ ഏഴുപേരെ തിരഞ്ഞെടുത്തു ഇതിനായി ചുമതല പ്പെടുത്തി. ഈ ഏഴു പേരിൽ യെഹൂദമതാനുസാരിയായ അന്ത്യോക്യക്കാരൻ നിക്കൊലാവൊസ് എന്ന യാളും ഉൾപ്പെടുന്നു (അപ്പൊ.6:5). പിൽക്കാലത്തു ഈ നിക്കൊലാവാസ് തെറ്റായ വഴികളിലേക്കു സഞ്ച രിച്ചു അസന്മാർഗ്ഗികപ്രവർത്തനങ്ങളിലേർപ്പെട്ടു എന്നു പറയപ്പെടുന്നു. ഇദ്ദേഹമാണ് നിക്കൊലാവ്യ ഉപ ദേശത്തിന്റെ സ്ഥാപകൻ എന്നു പറയപ്പെടുന്നുവെങ്കിലും തിരുവചനപ്രകാരം ഇതിനു ആധാരമില്ല.

—> *സഭയിൽ പൗരോഹിത്യം സ്ഥാപിക്കലാണ് നിക്കൊലാവ്യരുടെ* ഉപദേശമെന്നത് ചിലർ അഭിപ്രായപ്പെടുന്നു. അതായത് യെഹൂദന്മാരിലുണ്ടായിരുന്ന പുരോഹിതന്മാർ, ലേവ്യർ, സാധാരണ ജനം എന്നിങ്ങനെയുള്ള പഴയനിയമത്തിലെ വേർതിരിയൽ പുതിയനിയമ സഭയിൽ കൊണ്ടുവരുവാൻ ഇവർ ശ്രമിച്ചു. ക്രിസ്തുയേശുവിൽ വിശ്വസിച്ചവർ സഹോദരീസഹോദരന്മാരെന്ന തത്വത്തിനെതിരായി പുരോഹിതരെന്നും അയ്മേനികളെന്നും ഇവർ തിരിച്ചു. നിക്കൊലാവ്യർ എന്നതിനു സമാനപദമായ നിക്കൊലറ്റോയി (Nicolaitoi) എന്ന ഗ്രീക്കു പദത്തിനു പട്ടക്കാർ എന്നാണർത്ഥം. യഥാർത്ഥത്തിൽ പുതി യനിയമസഭയിൽ പുരോഹിതന്മാരെന്നോ, സാധാരണജനങ്ങൾ എന്നോ വിശ്വാസികളിൽ വേർതിരിയ ലില്ല. വിശ്വാസികൾ എല്ലാവരും രാജകീയപുരോഹിതവർഗ്ഗം എന്നു തിരുവചനം ഉറപ്പോടെ പ്രഖ്യാപി ക്കുന്നു (1.പത്രൊ.2:9/വെളി.1:6). യേശുക്രിസ്തു ചൊരിഞ്ഞ രക്തത്തിന്റെ അടിസ്ഥാനത്തിൽ സകലർക്കും ദൈവസന്നിധിയിലേക്കു ധൈര്യത്തോടെ പ്രവേശിക്കാം (എബ്രാ.4:16/10:19–22). ആകയാൽ സഭയിൽ ഉച്ചനീചത്വങ്ങൾ വളർത്തി ഭിന്നിപ്പിക്കുന്നവരുടെ ഉപദേശവും നടപ്പും എഫെസൊസ് വിശ്വാസികൾ പകെച്ചു.

—> സഭയിലെ സകലകാര്യങ്ങളിലും സ്വയമേ അധികാരം സ്ഥാപിക്കുകയും, മറ്റുള്ളവരെ കൂട്ടാ ക്കാതെ തന്നിഷ്ടം പ്രവർത്തിക്കുന്നവനുമായ ജഡികനായ ഒരുവന്റെ പ്രവർത്തനത്തെ നിക്കൊലാവ്യ രുടെ ഉപദേശമായി ചിലർ ചിത്രീകരിക്കുന്നു. ഇങ്ങനെയുള്ള ഒരാളെ യോഹന്നാന്റെ മൂന്നാം ലേഖന ത്തിൽ കാണുന്നു. എല്ലാവരിലും പ്രധാനിയാകുവാൻ ആഗ്രഹിക്കയും, വിശ്വാസികളെയും ദൈവദാസ ന്മാരെയും കൂട്ടാക്കാതെയും, ദുർവാക്കുകൊണ്ടു പലരെയും ശകാരിക്കുകയും, സഹോദരവർഗ്ഗത്തെ കൈക്കൊള്ളാതെയും, തന്റെ ഹിതത്തിനനുസരിച്ചു നിൽക്കാത്തവരെ സഭയിൽ നിന്നു പുറത്താക്കു കയും ചെയ്യുന്ന ദിയൊത്രെഫേസ് (3.യോഹ.9,10). അനുകൂലികളുടെ പിൻബലത്താൽ ഇക്കൂട്ടർ സഭ യിൽ ചേരികളുണ്ടാക്കി ഭിന്നതിയിലെത്തിച്ചേരുന്നു. ഇങ്ങനെയുള്ള ആൾക്കാരെയും അവരുടെ പ്രവർത്ത നങ്ങളെയും എഫെസൊസ് സഭ സ്വീകരിക്കാതെ പകെച്ചു.

—> ന്യായപ്രമാണമൊക്കെ മാറി സ്വാതന്ത്രം ലഭിച്ചിരിക്കുന്നതിനാൽ ഇനി നിയമങ്ങൾക്കധീന രല്ലാത്തതിനാൽ എങ്ങനെയും ജീവിക്കാം എന്ന പ്രമാണക്കാരായിരുന്നു നിക്കൊലാവ്യരെന്നു ചിലർ അഭിപ്രായപ്പെടുന്നു. മനുഷ്യൻ ജഡത്തിൽ വസിക്കുന്നതിനാലും, തിന്മപ്രവർത്തികൾ ശരീരത്തിൽ ഉൾക്കൊള്ളുന്നതിനാലും എങ്ങനെ ജീവിച്ചാലും സാരമില്ലയെന്നു കരുതുന്നു. കൂടാതെ കൃപയാൽ വിശ്വാസിയെ പൊതിഞ്ഞിരിക്കുന്നതിനാൽ ഏതു വിധത്തിൽ ജീവിച്ചാലും, എന്തു തിന്മപ്രവർത്തിച്ചാലും യാതൊരു പ്രശ്നവും ഉണ്ടാകില്ലെന്നു പഠിപ്പിക്കുന്നു.

—> നിക്കൊലാവ്യർ ജാതികളോടു ഇടകലർന്നവരും, ദുർന്നടപ്പുകാരും, അസന്മാർഗ്ഗികജീവിതത്തിൽ കഴിഞ്ഞവരും, വിഗ്രഹാർപ്പിത ഭക്ഷണങ്ങൾ ഉപയോഗിക്കുന്നതിൽ തെറ്റില്ലെന്നഭിപ്രായക്കാരുമായിരുന്നുവെന്നും പറയപ്പെടുന്നു. ഈ വക പ്രവൃത്തി തിരുവചനം അനുവദിക്കുന്നില്ല. അപ്പൊ.19:28,29 — *"വിഗ്രഹാർപ്പിതം, രക്തം, ശ്വാസം മുട്ടിച്ചത്തതു, പരസംഗം എന്നിവ വർജ്ജിക്കുന്നതു ആവശ്യം എന്നല്ലാതെ അധികമായ ഭാരം ഒന്നും നിങ്ങളുടെ മേൽ ചുമത്തരുതു എന്നു പരിശുദ്ധാത്മാവിന്നും ഞങ്ങൾക്കും തോന്നിയിരിക്കുന്നു. ഇവ വർജ്ജിച്ചു സൂക്ഷിച്ചുകൊണ്ടാൽ നന്നു; ശുഭമായിരിപ്പിൻ."*

നിക്കൊലാവ്യരുടെ ഉപദേശവും നടപ്പും എന്താണെന്നു തിരുവചനത്തിൽ വിശദീകരിച്ചു പറഞ്ഞിട്ടില്ലെങ്കിലും അവർ തെറ്റായി നടക്കുന്നവരും അക്കാരണത്താൽ അവരെ കർത്താവു പകെക്കുന്നവരാണെന്നും ഇവിടെ പറഞ്ഞിരിക്കുന്നു (വെളി.2:6). ദൈവഹിതത്തിനെതിരായി നടക്കുക, അസന്മാർഗ്ഗികപ്രവൃത്തികൾ ചെയ്യുക, ദൈവസഭയുടെ അടിസ്ഥാന ഉപദേശങ്ങളെ മാനിക്കാതിരിക്കുക, വിശുദ്ധിയോ വേർപാടോ പാലിക്കാതെ ജീവിക്കുക, ലോകപ്രമാണങ്ങൾ സഭയിലേക്കു കൊണ്ടു വന്നു നടപ്പാക്കാൻ ശ്രമിക്കുക എന്നിവയൊക്കെ നിക്കൊലാവ്യരുടെ ഉപദേശത്തിലുൾപ്പെടുത്താം. എഫെസൊസ് സഭ ഈ വക പ്രവർത്തനക്കാരെ പകെച്ചുവെങ്കിൽ ഇന്നു അനേകം വിശ്വാസികളും ഇതിലുൾപ്പെട്ടു ജീവിക്കുന്നു. ലോകത്തോടനുരൂപപ്പെട്ടു ജീവിക്കുന്ന ഇക്കൂട്ടർ സമൂഹത്തിൽ പേരും, പ്രസിദ്ധിയും, സ്ഥാനമാനങ്ങളും ലഭിക്കുവാൻ വേർപാടിൽ അയഞ്ഞ സമീപനം സ്വീകരിക്കുന്നതിനാൽ സഭകൾ വളർച്ച മുരടിച്ചു നാശത്തിലേക്കു സഞ്ചരിക്കുന്നു. ദൈവം സകലവിധ അശുദ്ധിയെയും വെറുക്കുന്നു. ദൈവവചനത്തിൽ അനുശാസിക്കുന്ന വേർപാടില്ലാതെയുള്ള ജീവിതങ്ങളെയും പ്രവർത്തനങ്ങളെയും ദൈവം മാനിക്കുകയില്ല. യെശയ്യാപ്രവാചകനിലൂടെ ദൈവം യിസ്രായേലിനോടു പറയുന്നതു നോക്കുക —**യെശ.1:13—17—** *"ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച കൊണ്ടു വരരുതു; ധൂപം എനിക്കു വെറുപ്പാകുന്നു; അമാവാസ്യയും ശബ്ബത്തും സഭായോഗം കൂടുന്നതും — നീതികേടും ഉത്സവയോഗവും എനിക്കു സഹിച്ചുകൂടാ. നിങ്ങളുടെ അമാവാസ്യകളെയും ഉത്സവങ്ങളെയും ഞാൻ വെറുക്കുന്നു; അവ എനിക്കു അസഹ്യം; ഞാൻ അവ സഹിച്ചു മുഷിഞ്ഞിരിക്കുന്നു. നിങ്ങൾ കൈമലർത്തുമ്പോൾ ഞാൻ എന്റെ കണ്ണു മറെച്ചു കളയും; നിങ്ങൾ എത്രതന്നേ പ്രാർത്ഥിച്ചാലും ഞാൻ കേൾക്കയില്ല...."*

**വെളി.2:4 — "എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നു ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ടു."** (Nevertheless I have this against you, that you have left your first love) — ഏഴു നക്ഷത്രം വലങ്കൈയ്യിൽ പിടിച്ചും കൊണ്ടു ഏഴുപൊൻനിലവിളക്കുകളുടെ നടുവിൽ, ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃശമായ കാലുകളാൽ നടക്കുന്ന കർത്താവു, അഗ്നിജ്വാലെക്കു ഒത്ത കണ്ണുകളാൽ എഫെസൊസ് സഭയിൽ കണ്ട സപ്തഗുണങ്ങൾ പുകഴ്ത്തി. അവരുടെ പ്രവൃത്തി, പ്രയത്നം, സഹിഷ്ണുത, കൊള്ളരുതാത്തവരെ സ്വീകരിക്കാത്തത്, ദുരുപദേശക്കാരെ പരിശോധിച്ചത്, കർത്താവിന്റെ നാമത്തിനായി അവർ സഹിച്ചത്, നിക്കൊലാവ്യരുടെ ഉപദേശം വെറുത്തത് എന്നിവയായിരുന്നു കർത്താവിന്റെ പ്രശംസക്കു കാരണമായത്. തുടർന്നു അവരിൽ കണ്ട ഒരു കുറവു ചൂണ്ടിക്കാണിക്കുന്നു. ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നതായിരുന്നു അവരിൽ കർത്താവു കണ്ട ഏകവീഴ്ച. സഭയുടെ പ്രവർത്തനങ്ങളിലും, ഉപദേശവിഷയങ്ങളിലുള്ള നിശ്ചയവും പ്രശംസക്കു അർഹമായെങ്കിലും ആദ്യസ്നേഹം നിലനിറുത്തുവാൻ കഴിയാതെ വന്നപ്പോൾ പ്രവർത്തനങ്ങൾ യാന്ത്രികമായിത്തീർന്നു. ഹൃദയാന്തർഭാഗത്തു നിന്നുള്ള സ്നേഹത്തിനു മങ്ങലുണ്ടായി.

അപ്പൊസ്തലനായ പൗലൊസ് സ്നേഹത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു അനേകപ്രാവശ്യം എഫെസ്യർക്കെഴുതിയ ലേഖനത്തിൽ അവരെ പ്രബോധിപ്പിച്ചിട്ടുണ്ട്.

**എഫെ.1:15 —** *"അതു നിമിത്തം ഞാനും നിങ്ങൾക്കു കർത്താവായ യേശുവിലുള്ള വിശ്വാസത്തെയും സകലവിശുദ്ധന്മാരോടുമുള്ള സ്നേഹത്തെയും കുറിച്ചു കേട്ടിട്ടു...."*

**എഫെ.3:17—19 —** *"ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി.....പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു."*

**എഫെ.4:1,2 —** *"നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്കയും, സ്നേഹത്തിൽ അന്യോന്യം പൊറുക്കയും....."*

**എഫെ.4:15,16 —** *"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകല ത്തിലും വളരുവാൻ ഇടയാകും........സ്നേഹത്തിലുള്ള വർദ്ധനെക്കായി അവനിൽ നിന്നു വളർച്ച പ്രാപി ക്കുന്നു."*
**എഫെ.5:2 —** *"ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന്നു സൗരഭ്യ വാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ."*
**എഫെ.6:23,24 —** *"പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും സഹോദരന്മാർക്കു സമാധാനവും വിശ്വാസത്തോടുകൂടിയ സ്നേഹവും ഉണ്ടാകട്ടെ. നമ്മുടെ കർത്താ വായ യേശുക്രിസ്തുവിനെ അക്ഷയമായി സ്നേഹിക്കുന്ന എല്ലാവരോടുംകൂടെ കൃപ ഇരിക്കുമാറാക ട്ടെ."* ഈ വാക്യങ്ങളിലൊക്കെ സ്നേഹത്തിന്റെ ആവശ്യകത പൗലൊസ് ചൂണ്ടിക്കാട്ടിയെങ്കിലും ഒന്നു രണ്ടു തലമുറ കഴിഞ്ഞപ്പോൾ സ്നേഹത്തിൽ അടിസ്ഥാനപ്പെടാതെയുള്ള അവരുടെ പ്രവർത്തനങ്ങ ളൊക്കെ വെറും യാന്ത്രികമായിത്തീർന്നു. വിശ്വാസത്തിലേക്കു വന്നപ്പോഴുണ്ടായിരുന്ന സ്നേഹം ഇല്ലാ തെ പോയതായിരുന്നു കാരണം.

ആദ്യസ്നേഹം എന്നത് രക്ഷിക്കപ്പെട്ട നാളിലുണ്ടായ സ്നേഹത്തെയാണ് വെളിപ്പെടുത്തുന്നത്. അതായത് യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടു പുതുസൃഷ്ടിയായ സമയത്തുണ്ടായിരുന്നദൈവ സ്നേഹം. ക്രിസ്തുവിനു വേണ്ടി സാഹചര്യങ്ങൾക്കതീതമായി എന്തിനും ഏതിനും തയ്യാറെന്ന മനോ ഭാവവും ഉൾക്കാഴ്ചയും ഇതിൽ അടങ്ങിയിരിക്കുന്നു. യിസ്രായേൽ ജനം യഹോവയായ ദൈവത്തെ വിട്ടു അന്യദേവന്മാരെ തേടി അലഞ്ഞപ്പോൾ യിരെമ്യാപ്രവാചകനിലൂടെ ദൈവം അവരെ ഓർമ്മിപ്പിക്കു ന്നത് വിവാഹനിശ്ചയകാലത്തുണ്ടായിരുന്ന സ്നേഹത്തെ സാദൃശ്യപ്പെടുത്തിയാണ്. **യിരെ.2:2 —** *"നീ എന്നെ അനുഗമിച്ചു നടന്ന നിന്റെ യൗവനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ഞാൻ ഓർക്കുന്നു."* ലോകത്തിൽ ഭാര്യാഭർത്താക്കന്മാരുടെ വിവാഹനാളുകളിലുണ്ടായി രുന്ന സ്നേഹം കാലം കഴിയുന്തോറും പലരിലും കുറഞ്ഞു പോകാറുണ്ട്. ആയതുപോലെ എഫെസൊസ് സഭയുടെ ആദ്യസ്നേഹം കുറഞ്ഞുപോകുവാനിടയായി. യാഗസംബന്ധമായ കല്പനകളും, മറ്റു പ്രവർത്ത നങ്ങളുമാണ് ഏറ്റവും പ്രധാനപ്പെട്ടവയെന്നു കരുതി, ന്യായപ്രമാണത്തിലെ മുഖ്യമായ കല്പന ഏത് എന്നുള്ള പരീശന്മാരുടെ ചോദ്യത്തിനു കർത്താവു ഉത്തരം നൽകിയത് ഇപ്രകാരമായിരുന്നു. **മത്താ.22:37-40 —** *"നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാ മത്തേതു അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം. ഈ രണ്ടു കല്പന കളിൽ സകലന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു."* ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു(റോമ.5:5). വിശ്വാസി ദൈവത്തെയും, മറ്റുള്ളവരെയും സ്നേഹിക്കണം (യോഹ.13:34,35/യോഹ.15:12/1.യോഹ.3:23). അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യവിശ്വാസികളോടു പറയുന്നത് എല്ലാ കൃപാവരങ്ങളിൽ വെച്ചും *"ഇനി അതിശ്രേഷ്ഠമായോരു മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം"* (1.കൊരി.12:31) എന്നു പറ ഞ്ഞുകൊണ്ടു അതിശ്രേഷ്ഠകൃപാവരമായ സ്നേഹത്തെക്കുറിച്ചു അവരോടു വിശദീകരിച്ചു(1.കൊരി.13). ബൈബിളിൽ സ്നേഹത്തിന്റെ മഹത്വത്തെയും, പ്രാധാന്യതയെയും, ലക്ഷണത്തെയും, ഗുണങ്ങളെയും കുറിച്ചുള്ള ദീർഘവിവരണം ഇവിടെ കാണുന്നു. *"എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു"* (ഫിലി.1:21) എന്നു ക്രിസ്തുവിനോടുള്ള സ്നേഹത്തെ പ്രഖ്യാപിച്ചുകൊണ്ടാണ് പൗലൊസ് ഫിലിപ്പിയ വിശ്വാസികളെ പ്രബോധിപ്പിക്കുന്നത്. *"ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? "* (റോമ.8:35) എന്നു ചോദിച്ചശേഷം പതിനേഴുവിധ പ്രതികൂലതകൾ നിര ത്തിയിട്ടു, ദൈവസ്നേഹത്തിൽ നിന്നു ഒരു ശക്തിക്കും വേർപിരിക്കാൻ കഴിയുകയില്ലെന്നു റോമർക്കെ ഴുതിയലേഖനത്തിൽ പ്രസ്താവിക്കുന്നു. **റോമ.8:35-39 —** > *"കഷ്ടതയോ > സങ്കടമോ > ഉപദ്രവമോ > പട്ടിണിയോ > നഗ്നതയോ > ആപത്തോ > വാളോ.....> മരണത്തിന്നോ > ജീവന്നോ > ദൂതന്മാർക്കോ > വാഴ്ചകൾക്കോ > അധികാരങ്ങൾക്കോ > ഇപ്പോഴുള്ളതിന്നോ > വരുവാനുള്ളതിന്നോ > ഉയരത്തിന്നോ > ആഴത്തിന്നോ > മറ്റു യാതൊരു സൃഷ്ടിക്കോ* നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവ സ്നേഹത്തിൽനിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു."

എഫെസൊസ് സഭയിൽ അനവധി നന്മകൾ കണ്ടുവെങ്കിലും അവർ ആദ്യസ്നേഹം നിലനിറു ത്തിയില്ല എന്ന കുറവു കർത്താവു അവരെ അറിയിച്ചു. കർത്താവനോടുള്ള കടമകളിലും ഉത്തരവാദിത്തത്തിലും കുറവുള്ളവരായിത്തീർന്നു. ആദ്യസ്നേഹം ചോർന്നു പോയിട്ടും അവർ ഉത്സാ ഹത്തോടെ പ്രവർത്തിക്കുകയും പ്രയത്നിക്കുകയും ചെയ്തു. അവയൊക്കെ സ്നേഹത്തിൽ അടിസ്ഥാ നപ്പെടാത്തതിനാൽ പരാജയത്തിലേക്കു നീങ്ങി. ഇന്നത്തെ സഭകളിലും സൂക്ഷ്മപരിശോധന നടത്തി യാൽ ആദ്യസ്നേഹത്തിന്റെ ചോർച്ച കാണാം. വിശ്വാസികളിൽ സ്നേഹം ഏറ്റവും കുറഞ്ഞുകൊണ്ടിരി ക്കുന്ന കാലമാണിത്. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിച്ചുകൊണ്ടു ആത്മീകമായി

തിരക്കേറിയ ശുശ്രൂഷകൾ, ആരാധനയോഗങ്ങൾ, പ്രാർത്ഥനായോഗങ്ങൾ എന്നിവയിൽ സംതൃപ്തി നേടുന്നു. എന്നാൽ സ്നേഹത്തിൽ അടിസ്ഥാനപ്പെടാതെയുള്ള ഒരു പ്രവർത്തനവും ദൈവം മാനിക്കുകയില്ല.

**വെളി.2:5 —"നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും."**

എഫെസൊസ് സഭയുടെ അനേക നന്മകളെ പ്രസ്താവിച്ചു അവരെ പ്രശംസിച്ചശേഷം ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന കുറവിനെയും അവർക്കു കാണിച്ചു കൊടുത്തു. സ്നേഹത്തിൽ നിന്നു ഉടലെടുക്കാത്ത ഒരു പ്രവൃത്തിയും സഫലമാകുകയില്ലെന്നു മാത്രമല്ല സമ്പൂർണ്ണ നാശത്തിലേക്കെത്തിക്കു എത്തിക്കുകയും ചെയ്യും. ആയതിനാൽ അവരുടെ കുറവിനെ പരിഹരിക്കുവാൻ കർത്താവു മാർഗ്ഗനിർദ്ദേശവും അവസരവും നല്കുകയും, പ്രബോധനം അനുസരിക്കാതിരുന്നാൽ അവർക്കു നേരിടേണ്ട ശിക്ഷ അഥവാ ന്യായവിധിയെയും കുറിച്ചു ഇവിടെ പ്രസ്താവിക്കുന്നു.

പ്രബോധനം — (1) ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർക്കുക (Remember).
(2) മാനസാന്തരപ്പെടുക (Repent).
(3) ആദ്യത്തെ പ്രവൃത്തി ചെയ്യുക (Do the first works/ Repeat).

അനുസരിച്ചില്ലെങ്കിൽ ലഭിക്കുന്ന ശിക്ഷ —
നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കും (Remove the lampstand).

**(1) ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർക്കുക —വെളി.2:5— (Remember) —** *"നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു..."* (Remember therefore from where you have fallen)— സഭക്കു ബാധിച്ചിരിക്കുന്ന മാരകമായ ആത്മീയരോഗത്തിൽ നിന്നു വിടുതൽ ലഭിച്ചു ആരോഗ്യം പ്രാപിച്ചശേഷം ഫലം പുറപ്പെടുവിക്കുവാൻ കർത്താവു പ്രതിവിധി ഉപദേശിക്കുന്നു. ഏദെൻതോട്ടത്തിൽ ആദാമും ഹവ്വായും പാപത്തിൽ വീണതുപോലെ എഫെസൊസ് സഭ ഇപ്പോൾ ആത്മീകമായി വീണിരിക്കുകയാണ്. ആദ്യമായി അവർ ചെയ്യേണ്ടത് ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർക്കുക, അഥവാ തെറ്റിനെ മനസ്സിലാക്കുക. ഓർക്കുക എന്നതിനു പുറകോട്ടു തിരിഞ്ഞു നോക്കുക എന്നും ചിന്തിക്കാം. എഫെസൊസ് സഭ വീണിരിക്കുന്നത് അവരുടെ ആദ്യസ്നേഹം വിട്ടു കളഞ്ഞതിനാലാണ്. ഒറ്റക്കുറവേ ഉള്ളെങ്കിലും അതു പരിഹരിച്ചേ മതിയാകൂ. പിതാവിന്റെ ഭവനത്തിൽ നിന്നും, സ്നേഹത്തിൽ നിന്നും പുറപ്പെട്ടുപോയ പുത്രൻ പ്രതികൂലതകളുടെ മദ്ധ്യേ തന്റെ തെറ്റിനെ മനസ്സിലാക്കി പിതാവിന്റെ ഭവനത്തെക്കുറിച്ചു ഓർക്കുന്നു. **ലൂക്കൊ.15:17 —** *"അപ്പോൾ സുബോധം വന്നിട്ടു അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ടു നശിച്ചു പോകുന്നു."* ഈ ഇളയ പുത്രനു സുബോധം വന്നിട്ടു താൻ ഏതിൽ നിന്നു വീണതെന്നു ഓർക്കുന്നതായി ഇവിടെ കാണുന്നു. എഫെസൊസ് സഭ ഏതിൽ നിന്നു വീണിരിക്കുന്നതെന്നു ഓർക്കുവാൻ ബുദ്ധ്യുപദേശിക്കുന്നു. സർദ്ദിസിലെ സഭക്കു ദൂതു നൽകുമ്പോഴും അവർ ഓർക്കേണ്ടതും പ്രവർത്തിക്കേണ്ടുന്നതുമായ കാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. **വെളി.3:3 —** *"ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർത്തു അതു കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക."* ഏതിൽ നിന്നു വീണിരിക്കുന്നതെന്നു ഓർക്കുവാൻ പറയുന്നതു സഭയോടാണ് എന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കുക. അതേസമയം വ്യക്തികളും പിടിച്ചുകൊള്ളേണ്ട ദൂതുമാണ്. ഞാൻ, ഞങ്ങളുടെ സഭ അനേക കാര്യങ്ങൾ പ്രവർത്തിക്കുന്നു, കർത്താവിന്റെ നാമത്തിനായി പ്രതികൂലതകൾ സഹിക്കുന്നു എന്നൊക്കെ പലപ്പോഴും നാം അഭിമാനിക്കാറുണ്ട്. എന്നാൽ കർത്താവു പറയുന്നത് അനേക നന്മകൾ നിനക്കുണ്ടെങ്കിലും ഒരു കുറവു നിന്നിൽ കാണുന്നു. ആകയാൽ ഏതിൽ നിന്നുവീണിരിക്കുന്നു എന്നു ദൈവസന്നിധിയിൽ സഭകൂട്ടായും, വിശ്വാസികൾ ഓരോരുത്തരും ഓർക്കണം. എങ്കിൽ പ്രവർത്തനങ്ങൾ സഫലമാകുവാനും ദൈവത്തിൽ നിന്നു പുകഴ്ച ലഭിക്കുവാനും ഇടയാകും.

**(2) മാനസാന്തരപ്പെടുക —വെളി.2:5—(Repent) —** *"നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു.."* (Remember therefore from where you have fallen; repent)— ആദ്യസ്നേഹം വിട്ടുകളഞ്ഞ എഫെസൊസ് സഭ ദൈവകൃപയിൽ നിന്നു വീണിരിക്കയാണ്. വിടുതലിനായി അവർ പുറകോട്ടു തിരിഞ്ഞു ഏതിൽ നിന്നു വീണിരിക്കുന്നതെന്നു ഓർക്കണം. തെറ്റു മനസ്സിലാക്കിയാൽ മാനസാന്തരപ്പെടണം. മാനസാന്തരം എന്നാൽ മനസ്സുമാറ്റം (change of mind) എന്നർത്ഥം. പാപത്തെ അഥവാ ചെയ്തുപോയ തെറ്റിനെ പാപമാണന്നു മനസ്സിലാക്കി എന്നെന്നേക്കുമായി ഉപേക്ഷിക്കുന്നതു മാനസാന്തരത്തിൽ ഉൾക്കൊള്ളുന്നു. പിതാവിന്റെ സന്നിധിയിൽ നിന്നു പുറപ്പെട്ടുപോയി ദുർന്നടപ്പുകാരനായി ജീവിച്ച ഇളയപുത്രന്റെ ഉപമയിൽ അവനു സുബോധം വന്നപ്പോഴുണ്ടായ പ്രതികരണം മാനസാന്തരത്തിന്റെ നല്ല ദൃഷ്ടാന്തമാണ്. **ലൂക്കൊ.15:18,21 —***"ഞാൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ ചെന്നു അവനോടു: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന*

*പേരിന്നു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയും എന്നു പറഞ്ഞു."* ഒരിക്കൽ മാനസാന്തരപ്പെട്ടവർ വീണ്ടും മാനസാന്തരപ്പെടണമോ? സഭ മാനസാന്തരപ്പെടേണ്ട ആവശ്യമുണ്ടോ? സഭ മാനസാന്തരപ്പെടണം എന്നു തന്നെയാണ് കർത്താവു എഫെസൊസ് സഭയോടു ബന്ധത്തിൽ പറയുന്നത്. അതേ പോലെതന്നെ സഭയിലുള്ള ഓരോരുത്തരും മാനസാന്തരപ്പെടണം. രക്ഷിക്കപ്പെട്ടവർ ഇനി മാനസാന്തരപ്പെടേണ്ട കാര്യമുണ്ടോ എന്നു സംശയിക്കാം. രക്ഷിക്കപ്പെട്ടവരും പാപത്തിൽ അകപ്പെട്ടാൽ മാനസാന്തരപ്പെട്ടു വിശുദ്ധിയിൽ ജീവിക്കണം. സപ്തഗുണങ്ങളാൽ പ്രശംസിക്കപ്പെട്ട എഫെസൊസ് സഭയോടു മാനസാന്തരപ്പെടുവാൻ കല്പിച്ചിരിക്കുന്ന കർത്താവു ഇന്നും സഭകളും വിശ്വാസികളും മാനസാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നു. ഞാൻ, ഞങ്ങൾ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കേണമേ എന്ന കുറ്റസമ്മതമോ, അപേക്ഷയോ, അനുതാപമോ അല്ല ഇവിടെ ഉദ്ദേശിക്കുന്നത്. പുറകോട്ടു തിരിഞ്ഞുനോക്കി ഇപ്പോഴുള്ള വീഴ്ചകളെ മനസ്സിലാക്കുകയും, ആദ്യകാലത്തു ദൈവനാമത്തിനായി ശുഷ്ക്കാന്തിയോടെ ചെയ്തതും, പ്രയത്നിച്ചതുമായ സകലത്തിലേക്കും തിരികെ പോകുന്നതും അടങ്ങിയിരിക്കുന്നു. **1.യോഹ.1:9 —** *"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."*

**(3) ആദ്യത്തെ പ്രവൃത്തി ചെയ്യുക —വെളി.2:5— (Do the first works/ Repeat) —** *"നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക"* (Remember therefore from where you have fallen; repent and do the first works)– എഫെസൊസ് സഭക്കു നഷ്ടപ്പെട്ടതു തിരികെ ലഭിക്കുവാൻ മൂന്നാമതായി കർത്താവു അവരോടു പറയുന്നത് ആദ്യത്തെ പ്രവൃത്തി ചെയ്യുക അഥവാ ചെയ്തുകൊണ്ടേയിരിക്കുക എന്നതാണ്. ശരിയായുള്ള ഓർമ്മയുടെയും, മാനസാന്തരത്തിന്റെയും ഫലമാണ് ആദ്യത്തെപ്രവൃത്തി ചെയ്യുകയെന്നത്. എഫെസൊസ് സഭയെ ആദ്യമായി കർത്താവു പ്രശംസിച്ചത് അവരുടെ പ്രവൃത്തിയെയാണ് (വെളി.2:2). അവരുടെ കുറവു ആദ്യസ്നേഹം വിട്ടുകളഞ്ഞതാണല്ലോ. ആയതിനാൽ അവരുടെ പ്രവർത്തനങ്ങളെല്ലാം സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം. ഇതിനായി അവർ ദൈവത്തെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും സ്നേഹിക്കയും, കൂട്ടുകാരനെ അഥവാ മറ്റുള്ളവരെ അവരെപ്പോലെ തന്നേ സ്നേഹിക്കയും വേണം (മർക്കൊ.12:30,31). എഫെസൊസ് സഭക്കു നൽകിയ പ്രബോധനം ഇന്നത്തെ സഭകൾക്കും വിശ്വാസികൾക്കും ഒരുപോലെ ആവശ്യമുള്ളതാണ്. നമ്മുടെ പ്രവർത്തനങ്ങളും പ്രയത്നങ്ങളും വർദ്ധിക്കണമെങ്കിൽ, കൊള്ളരുതാത്തവരെസ്വീകരിക്കാതിരിക്കണമെങ്കിൽ, ദുരുപദേശക്കാന്മാരെ തിരിച്ചറിഞ്ഞു അകറ്റി നിറുത്തുവാനുള്ള ആത്മീകകാഴ്ചപ്പാടു ലഭിക്കണമെങ്കിൽ, കർത്താവിന്റെ നാമത്തിനു വേണ്ടി സഹിക്കുവാനുള്ള സഹിഷ്ണുത ലഭിക്കണമെങ്കിൽ, കർത്താവു നമ്മെ പ്രശംസിച്ചാദരിക്കണമെങ്കിൽ — ഓർക്കുക, മാനസാന്തരപ്പെടുക, ആദ്യത്തെ പ്രവൃത്തി ചെയ്യുക (Remember, Repent, Repeat). അതിനായി സ്വാർത്ഥതയൊക്കെ മാറ്റി ദൈവസ്നേഹത്തിലും, കൂട്ടായ്മയിലും, ആരാധനയിലും, വചനപഠനത്തിലും വിശ്വാസി വർദ്ധിച്ചു വരണം.

**അനുസരിച്ചില്ലെങ്കിൽ ലഭിക്കുന്ന ശിക്ഷ —**

**നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കും —വെളി.2:5— (Remove the lampstand)–** *"അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും."* എഫെസൊസ് വിശ്വാസികൾ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു, മാനസാന്തരപ്പെട്ടു, ആദ്യത്തെ പ്രവൃത്തി ചെയ്തില്ലെങ്കിൽ കർത്താവു വരികയും നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യുമെന്നു പ്രസ്താവിച്ചിരിക്കുന്നു. **"ഞാൻ വരികയും"** എന്നതിൽ ഇവിടെ പറഞ്ഞിരിക്കുന്ന വരവു കർത്താവിന്റെ മദ്ധ്യാകാശത്തിലെ പ്രത്യക്ഷതയോ, മഹത്വ പ്രത്യക്ഷതയോ അല്ല. കർത്താവു ഇന്നു സഭകളുടെ നടുവിലൂടെ നടക്കുകയാണ് (വെളി.2:1). പാപം, ക്രമക്കേടു, അശുദ്ധി, സ്നേഹമില്ലായ്മ, അലസത, ലോകമയത്വം എന്നീ ജഡികപ്രവൃത്തികളിൽ യാതൊരു വേർപാടും സ്വീകരിക്കാതെയും മാനസാന്തരത്തിന്റെ അനുഭവമില്ലാതെയും കഴിയുന്ന സഭകളിലേക്കു കർത്താവു വരികയും, അവരെ ന്യായം വിധിച്ചു ശിക്ഷിക്കുക തന്നെ ചെയ്യുമെന്നാണിവിടെ പറഞ്ഞിരിക്കുന്നത്. മറ്റൊരു പ്രത്യേകത ഇവിടെ കാണുന്നതു എന്തെന്നാൽ നിലവിളക്കിൽ കത്തിക്കൊണ്ടിരിക്കുന്ന തീ കെടുത്തുന്നില്ല; മറിച്ചു നിലവിളക്കിനെ അതിന്റെ നിലയിൽ നിന്നു അഥവാ സ്ഥാനത്തു നിന്നു നീക്കിക്കളയുമെന്നതാണ്. ദൈവം കൊളുത്തിയ ദീപം ഒരിക്കലും ഇല്ലാതാക്കുകയില്ല. കർത്താവിനായി ഫലം കായ്ക്കാതെ ജഡികപ്രവൃത്തികൾക്കു കൂട്ടു നിൽക്കുന്ന അയഞ്ഞ സമീപനത്തെ ദൈവം വെറുക്കുന്നു. അങ്ങനെയുള്ള സഭകളെ ആ സ്ഥാനത്തു നീക്കി വേറൊരിടത്തു കൊണ്ടു പോയി വെളിച്ചം പകർത്തുവാൻ ഉപയോഗിക്കും. അതായത് എത്ര എരിഞ്ഞു ശോഭിച്ച സഭയാണെങ്കിലും ആ സ്ഥലത്തു തുടരുവാൻ ദൈവം അനുവദിക്കയില്ല. വിശ്വാസികളെ സംബന്ധിച്ചും രക്ഷ നഷ്ടപ്പെടുകയില്ലെങ്കിലും, ദൈവം അതിന്റെ സ്ഥാനത്തു നിന്നു നീക്കിയ നിലവിളക്കായ സഭയുടെ അഭാവത്താൽ അവരും ഏറെ കഷ്ടനഷ്ടങ്ങളും, പ്രയാസങ്ങളും അനുഭവിപ്പാനിടയാകും. വിശ്വാസികളുടെ കൂട്ടമാണ് സഭയെന്നതും

ഇത്തരുണത്തിൽ ചിന്തിക്കണം.

"*അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും.*" എന്നു എഫസൊസ് സഭയോടു പറഞ്ഞിട്ടും അവർ അതിനു യാതൊരു വിലയും കൊടുത്തില്ല. ഏറെ താമസമില്ലാതെ അക്ഷരീയമായി എഫെസൊസ് സഭക്കു ദൈവത്തിന്റെ ന്യായവിധി അനുഭവിക്കേണ്ടി വന്നു. മഹത്വമേറിയ എഫസൊസ് പട്ടണം ഒരു കൽക്കൂമ്പാരമായിത്തീരുകയും അവിടെ എരിഞ്ഞു ശോഭിക്കുവാൻ നിലവിളക്കാകുന്ന ഒരു സഭയില്ലാതെയായി. ഇന്നു അവിടെ ഒരു ദൈവസഭയില്ല. എ.ഡി-70 മുതൽ 170 വരെയുള്ള കാലം എഫെസൊസ് സഭാകാലയളവായി പൊതുവേ അഭിപ്രായപ്പെടുന്നു. എല്ലാക്കാലത്തും ഭൂമുഖത്തു എവിടെയും എഫെസൊസിനെപ്പോലെയുള്ള സഭകൾ കാണാം. ദൈവസ്നേഹത്തിൽ നിന്നും ദൈവവിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു "അയഞ്ഞസഭ" എന്നു പേരുവരുവാൻ കാരണമായ എഫെസൊസ് സഭയുടെ അന്ത്യം എത്ര ഭയാനകമായിരിക്കുന്നു!. ആദ്യസ്നേഹം വിട്ടു കളഞ്ഞു എന്ന ഒരു കുറ്റത്താൽ എഫെസൊസ് സഭ നാമാവശേഷമായിത്തീർന്നു.

**വെളി.2:6,7 —"എങ്കിലും നിക്കൊലാവ്യരുടെ നടപ്പു നീ പകെക്കുന്നു എന്നൊരു നന്മ നിനക്കുണ്ടു. അതു ഞാനും പകെക്കുന്നു. ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും."**

നിക്കൊലാവ്യരുടെ നടപ്പും ഉപദേശവും എന്താണെന്നു വ്യക്തമാക്കിയിട്ടില്ലെങ്കിലും അതു കർത്താവു പകെക്കുന്നതാകായാൽ ദുർന്നടപ്പിനോടും ദുരുപദേശത്തോടും യോജിക്കുന്നതാണ്. വിഗ്രഹാർപ്പിതം ഭക്ഷിക്കുക, വ്യഭിചാരം അനുവദിക്കുക, പാപവഴികളിൽ സഞ്ചരിക്കുക, സ്വാർത്ഥലക്ഷ്യത്തിനായി പ്രവർത്തിക്കുക എന്നിവയൊക്കെ നിക്കൊലാവ്യരുടെ പ്രവർത്തനങ്ങളായി കരുതാം. എഫെസൊസുകാർ നിക്കൊലാവ്യരെ പകെച്ചത് കർത്താവു അവരുടെ നന്മയായി പ്രശംസിച്ചു.

**ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ —(വെളി.2:7)—**

എഫെസൊസ് സഭക്കുള്ള ദൂതു അവസാനിപ്പിക്കുന്നത് ഒരു ആഹ്വാനത്തോടും, വാഗ്ദത്തത്തോടുമാണ്. "*ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ*" എന്നുള്ളതാണ് ആഹ്വാനം. "*ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും*" എന്നതാണ് വാഗ്ദത്തം. ഏഴു സഭകൾക്കും ആഹ്വാനവും വാഗ്ദത്തവും നൽകിയിട്ടുണ്ട്. എന്നാൽ ആഹ്വാനം കൊടുത്തിരിക്കുന്ന വേള രണ്ടു വ്യത്യസ്ത നിലയിലാണ്. ആദ്യത്തെ മൂന്നു സഭകൾക്ക് (എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്) ആഹ്വാനശേഷം വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നുവെങ്കിൽ അവസാനത്തെ നാലു സഭകൾക്ക് (തുയഥൈര,സർദ്ദിസ്, ഫിലെദെൽഫ്യ, ലവൊദിക്ക്യ) വാഗ്ദത്തങ്ങൾക്കു ശേഷം ആഹ്വാനം നൽകിയിരിക്കുന്നു. മറ്റൊരു പ്രത്യേകത കർത്താവിന്റെ പുനരാഗമനത്തെക്കുറിച്ചുള്ള സന്ദേശം ഒടുവിലത്തെ നാലു സഭകൾക്കു മാത്രമാണ് കൊടുത്തിരിക്കുന്നത് (1. > തുയെഥൈര — വെളി.2:25 —"*ഞാൻ വരും വരെ പിടിച്ചു കൊൾവിൻ* " / 2. > സർദ്ദിസ് — വെളി.3:3 — "*ഞാൻ കള്ളനെപ്പോലെ വരും*" / 3. > ഫിലദെൽഫ്യ — വെളി.3:11 — "*ഞാൻ വേഗം വരുന്നു*"/ 4. > ലവൊദിക്ക്യ— വെളി.3:20— "*ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു*").

"*ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ*" (വെളി.2:7/വെളി.2:11/ വെളി.2:17/വെളി.2:29/വെളി.3:6/വെളി.3:13/വെളി.3:22) എന്നുള്ള ഏഴു ആഹ്വാനങ്ങളിലൂടെ നാലു വസ്തുതകൾ വെളിപ്പെടുന്നു.

>"*ആത്മാവു.... പറയുന്നു*" എന്നതിൽ നിന്നും മനസ്സിലാക്കാവുന്നത് ഈ കൃപായുഗത്തിൽ സഭയെ നടത്തുന്നതും, പരിപാലിക്കുന്നതും, ശാസിക്കുന്നതും, ബുദ്ധ്യുപദേശം നല്കി പ്രോത്സാഹിപ്പിക്കുന്നതും ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവാം ദൈവമാണ്.

>"*സഭകളോടു*" എന്നു ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നതിനാൽ പേരെടുത്തു പറഞ്ഞിരിക്കുന്ന ഓരോ സഭകൾക്കു മാത്രമുള്ളതല്ല, മറിച്ച് സകലസഭകൾക്കുമുള്ള ദൂതാണ്. പെന്തൊക്കൊസ്തുനാൾ മുതൽ കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവുവരെയുള്ള എല്ലാ സഭകളെയും ഏഴു സഭകൾ പ്രതിനിധീകരിക്കുന്നു. കാര്യസ്ഥൻ, ആശ്വാസപ്രദൻ എന്ന നിലയിൽ ഇന്നു പരിശുദ്ധാത്മാവു സഭയിൽ വാഴുന്നു.

>"*ചെവിയുള്ളവൻ* " എന്ന പ്രയോഗം സഭയിലെ ഓരോ വ്യക്തിക്കുമുള്ള ദൂതായി കരുതാം. അതായത് ഇതിലെ ദൂതുകൾ ഓരോ വിശ്വാസികൾക്കുമുള്ളതാണ്.

>"*പറയുന്നതു ...... കേൾക്കട്ടെ*" എന്നത് വർത്തമാനകാലത്തിൽ പറഞ്ഞിരിക്കുന്നതിനാൽ ഒന്നാം നൂറ്റാണ്ടിൽ മാത്രമല്ല, കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവുവരെയുള്ള കാലത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

"ചെവിയുള്ളവൻ കേൾക്കട്ടെ (He who has an ear, let him hear ) " എന്ന വിശേഷണം, പറ

യുന്ന കാര്യത്തിന്റെ പ്രാധാന്യതയെയും കേൾക്കുന്നവരുടെ ഉത്തരവാദിത്വത്തെയും വെളിപ്പെടുത്തുന്നു. എല്ലാവർക്കും ചെവിയുണ്ട്. അതു കേൾക്കുവാനുമാണ്. എന്നാൽ ചിലർ കേൾക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുകയോ ഉൾക്കൊള്ളുകയോ, പ്രാവർത്തികമാക്കുകയോയില്ല. "ചെവിയുള്ളവൻ കേൾക്കട്ടെ"എന്ന പ്രയോഗം കർത്താവു ആവർത്തിച്ചു ഉപയോഗിച്ചിട്ടുണ്ട് (മത്താ.11:15,13:9,43/മർക്കൊ.4:9,23/ ലൂക്കൊ.8:8,14:35). വിതക്കുന്നവന്റെ ഉപമയിൽ മുള്ളിനിടയിൽ വീണ വിത്തു, മുള്ളു അതിന്റെ വളർച്ചയെ ഞെരുക്കിക്കളഞ്ഞതുപോലെ, ചെവിയുള്ളവർ കേൾക്കുന്നവർ എങ്കിലും ചിന്തകളാലും, ധനത്താലും, സംസാരഭോഗങ്ങളാലും, ഞെരുങ്ങി പൂർണ്ണമായി ഫലം കൊടുക്കാത്തവരാണെന്നു കർത്താവു തന്നെ വിശദീകരിച്ചിട്ടുണ്ട് (ലൂക്കൊ.8:7,14). എഫെസൊസ് സഭക്കു ചെവിയുണ്ടായിരുന്നിട്ടും ആത്മാവു നല്കിയ പ്രബോധനം അവർ കേൾക്കുകയോ പാലിക്കുകയോ ചെയ്തില്ല. മാനസ്ന്തരവും, അനുസരണമില്ലായ്മയും എഫെസൊസ് സഭയുടെ നിലവിളക്കു അതിന്റെ നിലയിൽ നിന്നു മാറ്റപ്പെടുവാൻ കാരണമായി. ഇന്നും ദൈവവചനത്തിലൂടെ സഭകളോടും വിശ്വാസികളോടും ആത്മാവു സംസാരിച്ചു കൊണ്ടിരിക്കുകയാണ്. "ചെവിയുള്ളവൻ കേൾക്കട്ടെ! " സഭകളും, വിശ്വാസികളും ഏതിൽ നിന്നു വീണിരിക്കുന്നതെന്നു ഓർത്തു, മാനസാന്തരപ്പെടുകയും, രക്ഷിക്കപ്പെട്ട നാളുകളിലെ അനുഭവത്തിലും ഉത്സാഹത്തിലും വർദ്ധിച്ചുവരണമെന്നു കർത്താവു ആഗ്രഹിക്കുന്നു.

**"ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും" (വെളി.2:7 – To him who overcomes I will give to eat from the tree of life, which is in the midst of the Paradise of God)—** ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ എന്നുള്ള ആഹ്വാനശേഷം എഫെസൊസ് സഭക്കു നൽകുന്ന വാഗ്ദത്തമാണ്, ജയിക്കുന്നവന്നു ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും എന്നുള്ളത്.

**"ജയിക്കുന്നവൻ" (Overcomers) —** ജയിക്കുന്നവൻ എന്നാൽ പോരാടിജയിക്കുന്നവനെന്നോ, രക്ഷ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നവനെന്നോ, ആത്മീകമായി ഉന്നതശ്രേണിയിൽ നിൽക്കുന്നവനെന്നോ അർത്ഥമില്ല. കൃപയാലുള്ള രക്ഷ ഭദ്രമാണ്. രക്ഷ ദാനമാകയാൽ അതു സൂക്ഷിക്കുവാനായി പോരാടേണ്ട ആവശ്യവുമില്ല. എന്നാൽ ഇവിടെ ജയിക്കുന്നവൻ എന്നത് യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവൻ എന്ന അർത്ഥത്തിൽ രക്ഷിക്കപ്പെട്ട സകല സത്യവിശ്വാസികളെയും കുറിക്കുന്നു. അവർക്കു ദൈവകൃപയിലും ശക്തിയിലും അടിസ്ഥാനപ്പെട്ടു ലോകത്തെയും സാത്താന്യശക്തികളെയും ജയിക്കുവാൻ സാധിക്കുന്നു. ദൈവത്തിൽ നിന്നു ജനിച്ചതിനാൽ, അതായതു ജയാളിയായ ദൈവത്തിന്റെ മക്കളായതിനാൽ വിശ്വാസിക്കു ലോകത്തെ ജയിക്കുവാൻ കഴിയുന്നു. ജയത്തിനു കാരണമോ യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലമാണെന്നു യോഹന്നാൻ തന്റെ ലേഖനത്തിൽ വിശദീകരിക്കുന്നു. "*ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ?* " (1.യോഹ.5:4,5).

**"ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും" —**

ദൈവത്തിന്റെ പരദീസ എന്നതു സ്വർഗ്ഗത്തെക്കുറിക്കുന്നു (ലൂക്കൊ.23:43/2.കൊരി.12:3). ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ദൈവം ഏദെൻ തോട്ടത്തിൽ പാർപ്പിച്ചു. ഏദെൻ എന്നതിനു മൂന്നർത്ഥങ്ങളുണ്ട്. (1) സന്തോഷം – delight (2) ധാരാളം വെള്ളമുള്ള സ്ഥലം – place of much water (3) വാസസ്ഥലം അഥവാ പറുദീസാ -- living place / Paradise. "*കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ* **ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും** *യഹോവയായ ദൈവം നിലത്തു നിന്നു മുളപ്പിച്ചു* " (ഉല്പ.2:9).തോട്ടത്തിലുണ്ടായിരുന്ന നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു: തിന്നുന്ന നാളിൽ നീ മരിക്കും (ഉല്പ.2:17) എന്നു ദൈവം കല്പിച്ചിരുന്നു. എന്നാൽ കല്പന ലംഘിച്ചു അതിന്റെ ഫലം തിന്നതിനാൽ അവർ മരിക്കുവാൻ അഥവാ ദൈവത്തിൽ നിന്നു വേർപെടുവാൻ ഇടയായി. തുടർന്നു ജീവവൃക്ഷത്തിന്റെ ഫലംകൂടെ ഭക്ഷിക്കാതിരിപ്പാൻ പാപത്തിൽ വീണ ആദാമിനെയും ഹവ്വായെയും ഏദെൻ തോട്ടത്തിൽ നിന്നു പുറത്താക്കി (ഉല്പ.3:22-24). എന്നാൽ ജയിക്കുന്നവർക്കു അഥവാ യേശുക്രിസ്തുവിൽ വിശ്വസിച്ചു പാപമോചനവും നീതീകരണവും പ്രാപിച്ചു ജയിക്കുന്നവർക്കു ഒരിക്കൽ നിഷേധിക്കപ്പെട്ട ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും. ഏദെൻ തോട്ടത്തിലുണ്ടായിരുന്ന ഭൗമിക വൃക്ഷം (ഉല്പ.3:22-24) പാപത്താൽ വിലക്കപ്പെട്ടെങ്കിലും യേശുക്രിസ്തുവിലൂടെ നീതീകരണം ലഭിച്ചവർക്കു സ്വർഗ്ഗീയജീവവൃക്ഷഫലം (വെളി.2:7/22:14/22:19)അനുഭവിക്കുവാൻ കഴിയുന്നു. ഇവിടെ ജീവവൃക്ഷവും ജീവവൃക്ഷഫലവും കർത്താവായ യേശുക്രിസ്തുവിലൂടെ അവകാശമാക്കുന്ന നിത്യജീവനെയും തുടർമാനമായി ലഭിക്കുന്ന അനുഗ്രഹങ്ങളെയും കുറിക്കുന്നു (യോഹ.3:16/യോഹ.10:10). ഉല്പത്തിയിൽ മനുഷ്യൻ പാപം ചെയ്തതിനാൽ ജീവവൃക്ഷഫലം നിഷേധിക്കപ്പെട്ടു പരദീസാ നഷ്ടപ്പെട്ടു പുറത്താക്ക

പ്പെട്ടെങ്കിൽ വെളിപ്പാടിൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പരദീസാ തിരികെ ലഭിക്കുന്നു.

എഫെസൊസ് സഭക്കുള്ള ദൂതിൽ അവരെ അഭിനന്ദിച്ചുകൊണ്ടു അവരുടെ ഏഴു നന്മകൾ പ്രസ്താവിച്ചു. എങ്കിലും ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ട് എന്നും അവരെ അറിയിച്ചു. ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു, മാനസാന്തരപ്പെട്ടു, ആദ്യത്തെ പ്രവൃത്തി ചെയ്യുവാൻ അവരെ പ്രബോധിപ്പിച്ചു. അനുസരിച്ചില്ലെങ്കിൽ ആ സഭയുടെ നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കിക്കളയുമെന്ന മുന്നറിയിപ്പും കൊടുത്തു. ആത്മാവു സഭയോടു പറഞ്ഞതു കേൾക്കുകയോ അനുസരിക്കുകയോ ചെയ്യാത്തതിനാൽ അവരുടെ നിലവിളക്കു ഭൂമുഖത്തു നിന്നു അക്ഷരാർത്ഥത്തിൽ നീക്കിക്കളഞ്ഞു. അഞ്ചാംനൂറ്റാണ്ടു കഴിഞ്ഞപ്പോഴേക്കും എഫസൊസ് പട്ടണം നശിക്കുവാനിടയായി. കൂടാതെ എഫെസൊസ് പട്ടണം സ്ഥിതിചെയ്തിരുന്ന പട്ടണാതിർത്തിക്കകത്തു ഇന്നു ഒരു പ്രാദേശിക സഭയുമില്ല. പുരാതന പ്രസിദ്ധമായ എഫെസൊസ് പട്ടണത്തിന്റെ സ്ഥാനത്തു ഇന്നു വളരെ വൃത്തിഹീനവും ദരിദ്രവുമായ ഐസാലുക്ക് എന്ന പട്ടണമാണുള്ളത്. എ.ഡി. 70 മുതൽ 170 വരെയുള്ള വർഷങ്ങൾ എഫെസൊസ് കാലയളവായി പൊതുവേ പറയപ്പെടുന്നു. കർത്താവിന്റെ മുന്നറിയിപ്പിൽ അയഞ്ഞസമീപനം പുലർത്തിയ എഫെസൊസ് സഭക്കു നേരിടേണ്ടി വന്ന ന്യായവിധി ഇന്നത്തെ സഭകൾക്കും മുന്നറിയിപ്പായിരിക്കുന്നു.

**വെളി.2:8-11 — സ്മുർന്നയിലെ സഭയുടെ ദൂതന്നുള്ള എഴുത്ത് —**

**സ്മുർന്ന പട്ടണം ---- (Smyrna city)—** ഏഷ്യാമൈനറിന്റെ പടിഞ്ഞാറേ തീരത്തുള്ള ഒരു മനോഹര പട്ടണമായിരുന്നു സ്മുർന്ന. ഈജിയൻ സമുദ്രതീരത്തു എഫെസൊസിനു വടക്കു 40 മൈൽ ദൂരെയായിരുന്നു ഇതു സ്ഥിതി ചെയ്തിരുന്നത്. മനോഹരമായി രൂപകല്പന ചെയ്ത ഈ പട്ടണം ഗ്രീക്കുകോളനിയിലുൾപ്പെട്ടിരുന്നു. ഏകദേശം ബി.സി.600-ൽ ലിഡിയക്കാർ പട്ടണത്തെ നശിപ്പിച്ചു. മൂന്നു നൂറ്റാണ്ടു വരെ സ്മുർന്നാ നശിച്ച നിലയിൽതന്നെ കഴിഞ്ഞു. അതിനുശേഷം ഏകദേശം ബി.സി.290-ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെയും അദ്ദേഹത്തിന്റെ അനന്തരഗാമിയായ ആന്റിഗോണസ് ഒന്നാമന്റെയും ഭരണകാലത്തു ഈ പട്ടണത്തെ പുതുക്കി പണിതു. ഈ പുതുക്കി പണിത സ്മുർന്നാപട്ടണത്തെയാണ് വെളിപ്പാടു പുസ്തകത്തിൽ പരാമർശിക്കുന്നത്. വലിയൊരു തുറമുഖവ്യാപാരപട്ടണമായ സ്മുർന്നാ ഏറ്റവും മനോഹരമായ പട്ടണവും കൂടിയായിരുന്നു. തെരുവീഥികളെല്ലാം ഭംഗിയായി രൂപപ്പെടുത്തിയിരുന്നു. തെരുവീഥികളിൽ ഏറ്റവും മുന്നിൽ നിന്നത് സ്വർണ്ണതെരുവീഥി (Street of Gold)ആയിരുന്നു. കടൽത്തീരത്തെ സിബെലിദേവിയുടെ ക്ഷേത്രവും (Temple of Cybele), മലയോരത്തെ സീയൂസ് ദേവന്റെ ക്ഷേത്രവും (Temple of Zeus) തമ്മിൽ ബന്ധിപ്പിക്കുന്നതായിരുന്നു സ്വർണ്ണത്തെരുവീഥി. ഇവിടെയുണ്ടായിരുന്ന അവിശ്വാസികളായ യഹൂദന്മാരും, ജാതികളും വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിച്ചിരുന്നു. റോമൻ ഭരണാധികാരികളോടുള്ള കൂറും വിധേയത്വും നിമിത്തം സ്മുർന്ന ഒരു സ്വതന്ത്രനഗരമായി (free city) അംഗീകരിക്കപ്പെട്ടിരുന്നു. ശാസ്ത്രത്തിലും, ചികിത്സാരംഗത്തും മുമ്പിലായിരുന്നു ഈ പട്ടണം. വിശ്വപ്രസിദ്ധകവിയായ ഹോമറിന്റെ (Homer) ജന്മദേശം ഇവിടെയാണന്നു അവകാശപ്പെടുന്നു. ഇവിടത്തെ പ്രധാന കയറ്റുമതി ഉല്പന്നങ്ങൾ വീഞ്ഞും, മൂരും (wine & myrrh) ആയിരുന്നു. മൂരു സുഗന്ധത്തിനായി കത്തിക്കുന്നതിനും, ഇതിൽ നിന്നെടുക്കുന്ന പശ മൃതദേഹങ്ങൾ കേടു കൂടാതെ സൂക്ഷിക്കുവാനുള്ള ലേപനമായും ഉപയോഗിച്ചിരുന്നു. ഏഷ്യൻ കായികമത്സരങ്ങൾ ഈ പട്ടണത്തിലെ വിശാലമായ മത്സരക്കളത്തിൽ വെച്ചു നടത്താറുണ്ടായിരുന്നു. ഏഷ്യയുടെ കീരീടം (The crown of Asia), ഏഷ്യയുടെ ആഭരണം (The ornament of Asia), ഏഷ്യയുടെ പുഷ്പം (The flower of Asia) എന്നൊക്കെ അറിയപ്പെടുവാൻ തക്ക വിധത്തിൽ അതിമനോഹരമായ പട്ടണമായിരുന്നു സ്മുർന്നാ. പിൽക്കാലത്തു അനവധി ഭൂകമ്പങ്ങളിലൂടെ കടന്നു പോയ സ്മുർന്നാ ഇന്നു ടർക്കിരാജ്യത്തിൽ ഈസ്മിർ (Izmir) എന്ന പേരിലാണറിയപ്പെടുന്നത്.

**സ്മുർന്ന സഭ — (Smyrna Church)—** അപ്പൊസ്തലപ്രവൃത്തിയിലോ, തിരുവചനത്തിൽ മറ്റേതെങ്കിലും ഭാഗത്തോ ഈ സഭയുടെ ആരംഭത്തെക്കുറിച്ചുള്ള വിവരം ലഭിക്കുന്നില്ല. വെളിപ്പാടുപുസ്തകത്തിൽ ഏഴുസഭകൾക്കുള്ള ദൂതിൽ നിന്നു മാത്രമാണ് സ്മുർന്ന സഭയെക്കുറിച്ചുള്ള വിവരങ്ങൾ ഗ്രഹിക്കാവുന്നത്. എന്നാൽ അതികഠിനമായ പീഡനങ്ങളിലൂടെ സ്മുർന്നസഭയും വിശ്വാസികളും കടന്നുപോയതിനെക്കുറിച്ചു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. എഫെസൊസിൽ അപ്പൊസ്തലനായ പൗലൊസിന്റെ സുവിശേഷപ്രവർത്തനത്താൽ (അപ്പൊ.19:10) എഫെസൊസ് സഭാരൂപീകരണശേഷം പൗലൊസോ തന്റെ അനുയായികളോ ആയിരിക്കാം ഇവിടെ സഭാപ്രവർത്തനത്തിനു ആരംഭം കുറിച്ചതെന്നു അനുമാനിക്കാം.

ഗ്രീക്കു പദമായ സ്മുർന്ന (Smyrna) എന്നത് എബ്രായപദമായ മേർ (myrrh)എന്നതിൽ നിന്നു വന്നിട്ടുള്ളതാണ്. മേർ എന്നതിനർത്ഥം കയ്പ് (bitter)എന്നാണ്. സ്മുർന്നയിലുള്ള വിശ്വാസികൾ നേരിടേണ്ടിവന്ന കഷ്ടതയുടെ അനുഭവത്തെ കയ്പു പ്രതിനിധീകരിക്കുന്നു. മേർ എന്നത് മലയാളഭാഷയിൽ മൂര് എന്നതാണ്. മൂര് സ്മുർന്നപട്ടണത്തിലെ ഒരു പ്രധാനകയറ്റുമതി ഉല്പന്നമായിരുന്നു. അവിടെയുള്ള

ഒരിനം സസ്യത്തിൽ നിന്നാണ് മൂര് ഉല്പാദിപ്പിച്ചിരുന്നത്. ഇതിനായി സസ്യം ചതച്ചരച്ചു പിഴിഞ്ഞെടുക്കുന്നതുപോലെ സ്മുർന്നയിലുള്ളവരും ക്രിസ്തുവിലുള്ള വിശ്വാസത്തിനായി ക്രൂരമായ പീഢകളിലൂടെ കടന്നു പോകേണ്ടി വന്നു. കർത്താവിന്റെ ഭൂമിയിലെ ജനനസമയത്തു വിദ്വാന്മാർ ശിശുവായ യേശുവിന്റെ സമീപമെത്തി ദൈവമായി അംഗീകരിച്ചു കാഴ്ചകൾ സമർപ്പിച്ചു. **മത്താ.2:11 —** *"ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു, വീണു അവനെ നമസ്കരിച്ചു; നിക്ഷേപപാത്രങ്ങളെ തുറന്നു അവന്നു* ***പൊന്നും, കുന്തുരുക്കവും, മൂരും*** *കാഴ്ച വച്ചു."* **പൊന്നു** കർത്താവിന്റെ രാജത്വത്തെയും, ദൈവത്വത്തെയും കുറിക്കുന്നു. **കുന്തുരുക്കം** സൗരഭ്യവാസനയായി തന്നെത്താൻ അർപ്പിക്കുന്നതിനെയും, ക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷയെയും വെളിപ്പെടുത്തുന്നു. പുരോഹിതൻ എന്നതിനു പാലം പണിയുന്നവൻ എന്നർത്ഥമുള്ള പോന്റിഫെക്സ് (Pontifex) എന്ന പദമാണുള്ളത്. അതായാത് ദൈവത്തിങ്കലേക്കുള്ള പാലം അഥവാ നിരപ്പിന്റെ പ്രവർത്തനത്തെ കുറിക്കുന്നു. **മൂരു** കർത്താവിന്റെ മരണത്തെയും (യോഹ.19:39) അഥവാ മരിക്കാൻ ജനിച്ചവനെന്നും പ്രകടമാക്കുന്നു. വിശേഷാൽ മൂര് ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെയും യാഗമരണത്തെയും പ്രവാചകശുശ്രൂഷയെയും വെളിപ്പെടുത്തുന്നു. മൂര് എന്ന ഈ സുഗന്ധപദാർത്ഥം ജീവിച്ചിരിക്കുന്നവർക്കും, മരിച്ചവർക്കും ഒരുപോലെ സുഗന്ധത്തിനായും, ആദരവിനായും ഉപയോഗിച്ചിരുന്നു (മത്താ.2:11/ യോഹ.19.39). മൂരു തീയിലിടുമ്പോൾ സൗരഭ്യവാസന പുറപ്പെടുവിക്കുന്നതു പോലെ വിശ്വാസത്തിനു വേണ്ടി പോരാടിയ സ്മുർന്നക്കാർ അഗ്നിശോധനകളിലൂടെ കടന്നു വെന്തെരിഞ്ഞപ്പോൾ ചുറ്റുമുള്ളവർക്കു അവർ അക്ഷരാർത്ഥത്തിൽ ക്രിസ്തുവിന്റെ സൗരഭ്യവാസന പുറപ്പെടുവിക്കുന്നവരായിത്തീർന്നു (2.കൊരി.2:14-16). സ്മുർന്നവിശ്വാസികൾ അനുഭവിച്ച പീഢകളെക്കുറിച്ചു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. എഫെസൊസുകാരെപ്പോലെതന്നെ സ്മുർന്നയിലുള്ളവരും വിഗ്രഹാരാധനയിൽ മുന്നിട്ടു നിന്നിരുന്നു. ഏഷ്യാമൈനറിലുള്ള ക്രിസ്തുവിശ്വാസികളെയെല്ലാം നിർമ്മൂലമാക്കുന്നതിനും അതിക്രൂരമായി പീഡിപ്പിക്കുന്നതിനും മതിയായ നിയമങ്ങളൊക്കെ സ്മുർന്ന കേന്ദ്രീകരിച്ചായിരുന്നു തയ്യാറാക്കിയിരുന്നത്. വിഗ്രഹാരാധനയ്ക്കു പുറമേ ഭരണാധികാരികളെ ദൈവതുല്യരായി കരുതി ആരാധിച്ചു പോരുന്നവരായിരുന്നു സ്മുർന്നക്കാർ. ജാതീയവിഗ്രഹാരാധനയോടു യോജിച്ചു ദൈവികപ്രമാണങ്ങളെ തിരിസ്കരിച്ച കുറേ യഹൂദന്മാരും ജാതികളും റോമൻ ഭരണാധികാരികളോടു ചേർന്നു നിന്നു സ്മുർന്നയിലെ വിശ്വാസികളെ പീഡിപ്പിച്ചു. ഭരണാധികാരികളെ ആരാധിക്കുന്നതിനുള്ള നിയമം അവിടെ നിർബന്ധമാക്കി. സൗരഭ്യവാസനയോടു കൂടെ റോമൻ ചക്രവർത്തിയെ ആരാധിച്ചു യാഗങ്ങൾ അർപ്പിക്കുമ്പോൾ അവർക്കു ഒരു സാക്ഷ്യപത്രം നല്കുക പതിവുണ്ടായിരുന്നു. വർഷംതോറും ഈ സാക്ഷ്യപത്രം പുതുക്കി വാങ്ങേണ്ടതുമായിരുന്നു. നിയമം അനുസരിക്കാതെ മറുതലിച്ചവർ രക്തസാക്ഷികളായി മരിക്കേണ്ടി വന്നിരുന്നു.

പോളികാർപ്പുൾപ്പെടെ അനേക ദൈവദാസന്മാർ ജീവനോടെ എരിയുന്ന തീയിലേക്കും, വന്യമൃഗങ്ങൾക്കിടയിലേക്കും എറിയപ്പെടുകയും, ഈർച്ചവാളാൽ അറുക്കപ്പെടുകയും വഴി രക്തസാക്ഷിമരണത്തിനിരയായിത്തീർന്നിട്ടുണ്ട്. എ.ഡി.155, ഫെബ്രുവരി മാസം, 23 -ാം തീയതി ശനിയാഴ്ച രക്തസാക്ഷിമരണം വരിക്കേണ്ടി വന്ന പോളികാർപ്പിന്റെ ശവകുടീരം ഇന്നും സ്മുർന്നയിൽ കാണാവുന്നതാണ്. പോളികാർപ്പു സ്മുർന്നസഭയിലെ അദ്ധ്യക്ഷനായിരുന്നു. പട്ടണത്തിലുള്ള വിശാലമായ കളിസ്ഥലത്തു റോമൻ ഭരണാധിപന്മാരും, ജനങ്ങളും കൂടിയിരുന്ന വേളയിൽ ദൈവഭക്തനായ പോളികാർപ്പിനെ തിരഞ്ഞുപിടിച്ചു ഹാജരാക്കുവാൻ ഉത്തരവുണ്ടായി. കൈസർ ദൈവമെന്നു ഏറ്റുപറഞ്ഞു ക്രിസ്തുവിനെ തള്ളിപ്പറയുവാനായിരുന്നു പോളികാർപ്പിനെ പിടിച്ചു കൊണ്ടു വരുവാൻ ആജ്ഞാപിച്ചത്. പോളികാർപ്പിനെ പിടിച്ചുകൊണ്ടുവന്ന പട്ടാളമേധാവിക്കു യാത്രാമദ്ധ്യേ പോളികാർപ്പിനോടു കരുണയും സങ്കടവും തോന്നി. ഒരു പ്രാവശ്യം മാത്രം ക്രിസ്തുവിനെ തള്ളിപ്പറഞ്ഞു അഗ്നിമരണത്തിൽ നിന്നു രക്ഷപ്പെടുവാൻ ഉപദേശിച്ചു. *"കൈസർ ദൈവമെന്നു പറഞ്ഞാൽ എന്താണ് കുഴപ്പം; കൈസർക്കു യാഗം അർപ്പിച്ചിട്ടു രക്ഷപ്പെടുക"* (What harm is to say, Ceaser is Lord and to offer sacrifice to Ceaser and be saved?) എന്നു അദ്ദേഹം വാദിച്ചു നോക്കിയെങ്കിലും പോളികാർപ്പു അതിനെ നിരസിച്ചു. ജനസാന്ദ്രമായ കളിസ്ഥലത്തു പ്രവേശിപ്പിക്കപ്പെട്ട പോളികർപ്പിനോടു ക്രിസ്തുവിനെ തള്ളിപ്പറഞ്ഞു കൈസർ ദൈവമാണെന്നു പറയുവാൻ പട്ടാളക്കാർ കല്പിച്ചു. വയോധികനായ ദൈവദാസന്റെ ഹൃദയസ്പർശിയായ വാക്കുകൾ ഇപ്രകാരമായിരുന്നു. *"ഞാൻ അവനെ 86 വർഷം സേവിച്ചു. ഈ ദിവസം വരെ ഒരു തെറ്റും അവൻ എന്നോടു ചെയ്തിട്ടില്ല. എന്നെ രക്ഷിച്ച എന്റെ രാജാവിനെ എങ്ങനെ ദുഷിച്ചു പറയുവാൻ കഴിയും?"* അനുസരിച്ചില്ലെങ്കിൽ തീയിലിടുമെന്നു പട്ടാളക്കാർ ഭീഷണിപ്പെടുത്തിയപ്പോൾ പോളികാർപ്പു വീണ്ടും ഇപ്രകാരം മറുപടി പറഞ്ഞു. *"നിങ്ങൾ എന്നെ ഒരു സമയത്തേക്കുമാത്രം കത്തുന്ന തീയിലിടുമെന്നു ഭീഷണിപ്പെടുത്തുന്നു. അതു നിമിഷനേരത്തിനകം കെട്ടു പോകും. എന്നാൽ ദുഷ്ടന്മാർക്കു ന്യായവിധിയാലുള്ള നിത്യശിക്ഷാവിധിയായി ലഭിക്കുന്ന ഒരിക്കലും കെടാത്ത അഗ്നിയെ നേരിടേണ്ടി വരുന്ന കാര്യം നിങ്ങൾക്കറിയില്ലേ? എന്തിനു കാത്തു നിൽക്കുന്നു? നിങ്ങൾ വന്നു നിങ്ങളുടെ ഹിതം പോലെ പ്രവർത്തിക്കുക."* പോളികാർപ്പിന്റെ വാക്കുകളെ കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യാതെ അദ്ദേഹത്തെ തീയിലേക്കെറിയുന്നതിനു മുമ്പു ഇരുമ്പാണികൊണ്ടു ബന്ധിക്കുവാനായി തന്നെ സമീപിച്ചവരോടിപ്രകാരം

പറഞ്ഞു. *"എന്നെ സ്വതന്ത്രനായി തീയിലിടുക. തീയുടെ വേദനയെ സഹിക്കുവാൻ ശക്തി തരുന്ന എന്റെ ദൈവം നിങ്ങളുടെ കെട്ടുകളില്ലാതെ കത്തിയെരിയുന്ന അഗ്നികുണ്ഡത്തിൽ നിശ്ചലനായി നിൽക്കുവാനും കഴിവു തരും."* അവർ അദ്ദേഹത്തെ ആണികൾ കൊണ്ടു ബന്ധിക്കുന്നതിനു പകരം കരങ്ങൾ കയറുകൊണ്ടു പുറകിൽ കെട്ടി. കെട്ടപ്പെട്ട ഒരു ആടിനെപ്പോലെ തീച്ചൂളയുടെ സമീപം നിന്നു വൃദ്ധനായ 86 കാരൻ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സ്തുതിച്ചുകൊണ്ടു ദീർഘമായി പ്രാർത്ഥിച്ചു. പ്രാർത്ഥനയിലൂടെ കർത്തൃസന്നിധിയിൽ ഹൃദയം പകർന്നിട്ടു ആമേൻ പറഞ്ഞു കഴിഞ്ഞ നിമിഷത്തിൽ അവർ അദ്ദേഹത്തെ തീയിലേക്കെറിഞ്ഞു. തന്റെ ശരീരത്തെ ദഹിപ്പിച്ചുകൊണ്ടിരുന്ന അഗ്നി ജ്വാലയുടെ മദ്ധ്യേയും ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തി, തീയിൽ കത്തിയമർന്നു രക്തസാക്ഷിമരണം വരിച്ചു. പോളികാർപ്പിനെപ്പോലെ സ്മുർന്നയിൽ അനേക ദൈവമക്കൾ വിശ്വാസത്തിനു വേണ്ടി പീഡകളും, ദാരിദ്ര്യവും, രക്തസാക്ഷി മരണവും വരിച്ചിട്ടുണ്ട്. എഫെസൊസ് സഭ ആദ്യസ്നേഹം വിട്ടുകളഞ്ഞതിനാൽ പിന്മാറ്റസഭ (Backslidden Church) എന്നറിയപ്പെടുമ്പോൾ സ്മുർന്നസഭ വിശ്വാസത്തിനായി അനവധി പീഡകളിലൂടെ കടന്നു പോയതിനാൽ പീഡിതസഭ (Persecuted Church) എന്നറിയപ്പെടുന്നു.

**സ്മുർന്നസഭാകാലഘട്ടം —**

AD-170 മുതൽ 312 വരെയുള്ള കാലങ്ങൾ സ്മുർന്നസഭാകാലഘട്ടമായി പൊതുവേ കരുതപ്പെടുന്നു.

**വെളി.2:8 — "സ്മുർന്നയിലെ സഭയുടെ ദൂതന്നു എഴുതുക: മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നതു:"**

ഏഷ്യാമൈനറിലെ ഏഴുസഭകൾക്കുള്ള ദൂതുകൾ എഴുതുവാൻ കല്പിച്ചതിൽ രണ്ടാമത്തേത് സ്മുർന്നയിലെ സഭയുടെ ദൂതനുള്ളതാണ്. എഴുതുവാൻ ആജ്ഞാപിച്ച കർത്താവു തന്റെ വ്യക്തിപ്രഭാവത്തെ ഈ വാക്യത്തിൽ വെളിപ്പെടുത്തുന്നു. സ്മുർന്നസഭയുടെ അപ്പോഴത്തെ അവസ്ഥകൾക്കും, സാഹചര്യങ്ങൾക്കും യോജിച്ചവിധത്തിലുള്ള ആമുഖപ്രസ്താവനയാണ് പ്രാരംഭ വാക്യത്തിലുള്ളത്. *"മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നതു"* എന്നാണ് തന്നെ വിശേഷിപ്പിച്ചിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ യോഹന്നാൻ കണ്ട മഹത്വധാരിയായ ക്രിസ്തുവിനെയും, ക്രിസ്തുവിന്റെ ആശ്വാസവാക്കുകളും ഇതേപ്രകാരമായിരുന്നു. **വെളി.1:17,18 —** *"അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. അവൻ വലങ്കൈ എന്റെ മേൽ വെച്ചു: ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനുമാകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു."* സ്മുർന്നസഭ ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടപ്പോൾ, ഭയപ്പെട്ടപ്പോൾ, തന്റെ മരണവും പുനരുത്ഥാനവും വഴി സമ്പൂർണ്ണവിജയത്തിലെത്തിയ വസ്തുത അവരെ ആരംഭവാക്യത്തിലൂടെ ഓർമ്മിപ്പിച്ചു ധൈര്യപ്പെടുത്തുന്നു. അതായതു അവരുടെ രക്ഷാനായകനായ താനും പീഡനങ്ങളിലൂടെയും, മരണത്തിലൂടെയും കടന്നു പോകേണ്ടി വന്നെങ്കിലും മരണത്തെ തോല്പിച്ചു ജയാളിയായി ജീവിക്കുന്നു.

**മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത —** സ്മുർന്നസഭയുടെ ദൂതന്നു കർത്താവു തന്നെത്തന്നെ ആദ്യമായി വെളിപ്പെടുത്തുന്നത് മരിച്ചവനായിരുന്നു വീണ്ടും ജീവിക്കുകയും ചെയ്തവൻ എന്നാണ്. ക്രിസ്തുവിന്റെ മനുഷ്യത്വത്തെയാണ് ഇവിടെ പ്രകടമാക്കുന്നത്. നിത്യനും സർവ്വശക്തനുമായ ദൈവത്തെ ആർക്കെങ്കിലും കൊല്ലുവാനോ, മരണത്തിനു കീഴ്പ്പെടുത്തുവാനോ സാധിക്കുമോ? ഒരിക്കലും സാദ്ധ്യമല്ല എന്നു തന്നെയാണുത്തരം. എന്നാൽ മരിക്കയും ജീവിക്കയും ചെയ്തതെന്തിനാണ്? **1.പത്രൊ.3:18 —** *"ക്രിസ്തുവും നമ്മെ ദൈവത്തോടു അടുപ്പിക്കേണ്ടതിന്നു നീതിമാനായി നീതികെട്ടവർക്കുവേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു, ജഡത്തിൽ മരണശിക്ഷ ഏല്ക്കയും ആത്മാവിൽ ജീവിക്കപ്പെടുകയും ചെയ്തു."* ക്രിസ്തു ഒരിക്കൽ മരിച്ചു എന്നെന്നേക്കുമുള്ള വീണ്ടെടുപ്പു ഒരുക്കി. മരിച്ച അവസ്ഥയിൽ തുടരുന്നില്ല. മരണത്തെ ജയിച്ചു ഇന്നു ജീവിക്കുന്ന ദൈവമായിരിക്കുന്നു. പാപം ചെയ്ത മനുഷ്യൻ നിത്യമരണത്തിനു ഓഹരിക്കാരനാണ്. എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ കർത്താവിനെപ്പോലെ എന്നെന്നേക്കും ജീവിക്കുവാൻ ആവശ്യമായ നിത്യജീവൻ ലഭിക്കുന്നു. **യോഹ.11:25,26 —** *"ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല."*

**ആദ്യനും അന്ത്യനുമായവൻ —** പഴയനിയമത്തിൽ പിതാവായ ദൈവത്തിനുള്ള വിശേഷണമാണ് ആദ്യനും അന്ത്യനുമായവൻ എന്നത്(യെശ.41:4/ യെശ.44:6/ യെശ.48:12). എന്നാൽ വെളിപ്പാടു പുസ്തകത്തിൽ ആദ്യനും അന്ത്യനും എന്നുള്ള വിശേഷണം ക്രിസ്തുവിനും നൽകിയിരിക്കുന്നതിനാൽ (വെളി.1:17/2:8/22:13) ക്രിസ്തുവിന്റെ ദൈവത്വത്തെയും ഇതു പ്രകടമാക്കുന്നു. ആദ്യൻ എന്നത് സകലത്തിന്റെയും ആരംഭവും, സകലസൃഷ്ടിക്കും മുമ്പേയുള്ളവനെന്നും അർത്ഥമാക്കുന്നു. അന്ത്യൻ എന്നത് ക്രിസ്തുവിന്റെ മാറ്റമില്ലായ്മ അഥവാ എന്നെന്നേക്കുമുള്ള നിലനില്പിനെയും കുറിക്കുന്നു.

*"മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നതു"* എന്നുള്ള കർത്താവിന്റെ വാക്കുകൾ അതികഠിനമായ പീഢകളിലൂടെ കടന്നുപോയ സ്മുർന്നസഭക്കുള്ള ആശ്വാസ വചനങ്ങളായിരുന്നു. അവർ ഇപ്പോൾ സഹിക്കുന്നകഷ്ടതകൾ കുറേക്കലംകൂടി തുടരുമെങ്കിലും (വെളി.2:10)കേവലം താല്ക്കാലികമാണന്നു തന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ ഒരു വിശദീകരണം കൂടിയാണ്. അതായത് അവരെപ്പോലെ താനും പീഡിപ്പിക്കപ്പെട്ടു രക്തസാക്ഷി മരണം വരിക്കേണ്ടി വന്നെങ്കിലും എല്ലാം തന്നെ വിജയങ്ങൾക്കും അനുഗ്രഹങ്ങൾക്കും കാരണമായിത്തീർന്നു.

ഇന്നും ദൈവജനത്തെ സംബന്ധിച്ചും എന്തെല്ലാം പ്രശ്നങ്ങളിലൂടെയും പീഡകളിലൂടെയും കടന്നു പോകുമ്പോഴും നമുക്കും ഓർക്കുവാനുള്ളത് ആദ്യനും അന്ത്യനുമായ നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു ഇതേ പാതയിലൂടെ കടന്നുപോയി മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റു ജയാളിയായിത്തീർന്ന വസ്തുതയാണ് (എബ്രാ.4:15,16). അങ്ങനെ ചിന്തിക്കുമ്പോൾ നമുക്കു സകലവും സഹിക്കുവാനുള്ള കൃപയും ധൈര്യവും ലഭിക്കും. കഷ്ടതകളിലൂടെ കടക്കുന്ന വിശ്വാസികൾക്കു ആദ്യനും അന്ത്യനുമായ മരിച്ചുയിർത്തുജീവിക്കുന്ന കർത്താവിന്റെ ദർശനം ഏറ്റവും അധികം ധൈര്യവും ആശ്വാസവും പകരുകതന്നെ ചെയ്യും.

**വെളി.2:9 —"ഞാൻ നിന്റെ കഷ്ടതും ദാരിദ്ര്യവും — നീ ധനവാനാകുന്നു താനും — തങ്ങൾ യെഹൂദർ എന്നു പറയുന്നെങ്കിലും യെഹൂദന്മാരല്ല, സാത്താന്റെ പള്ളിക്കാരായവരുടെ ദൂഷണവും അറിയുന്നു."** അനവധി പീഡകളിലൂടെ കടന്നു പോയ സ്മുർന്നസഭക്കുള്ള ദൂതനു എഴുതുമ്പോൾ ആദ്യമായി ക്രിസ്തു തന്റെ സ്വഭാവസവിശേഷതകളെക്കുറിച്ചു പറഞ്ഞു അവരെ ധൈര്യപ്പെടുത്തി. തുടർന്നു അവരെ അറിയിക്കുന്നത് അവരുടെ സകല സാഹചര്യങ്ങളും, കഷ്ടതകളും, അവർ കേൾക്കുന്ന ദൂഷണങ്ങളും താൻ അറിന്നുവെന്നതാണ്. അതായത് ഭൗമികമായി കഷ്ടതയും ദാരിദ്ര്യവും, ദൂഷണവും നേരിടുമ്പോഴും അവർ ആത്മീകമായി ഏറെ സമ്പന്നമായ അവസ്ഥയിലെന്നു കർത്താവു അവരെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നു. കർത്താവു സ്മുർന്നാസഭയെ നിരീക്ഷണം ചെയ്തപ്പോൾ അറിഞ്ഞ കാര്യങ്ങൾ —(1) അവരുടെ കഷ്ടത (2) അവരുടെ ദാരിദ്ര്യം (3) യെഹൂദന്മാരെന്നവകാശപ്പെടുന്നവരാലുള്ള ദൂഷണം (4) അവരുടെ സമ്പന്നത.

**(1) കഷ്ടത — (Tribulation) —** സ്മുർന്നസഭയെ കർത്താവു ഒന്നാമതു അഭിനന്ദിക്കുന്നതു അവർ ക്രിസ്തുവിനു വേണ്ടി, അവർ പിടിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി, കഷ്ടത അനുഭവിക്കുന്നവർ എന്നാണ്. കഷ്ടത (Tribulation/ Pesecution / affliction / trial) എന്നത് ഗ്രീക്കു വാക്കായ ത്ലിപ്സിസ് (thlipsis) എന്നതിൽ നിന്നു വന്നിട്ടുള്ളതാണ്. ഭാരമുള്ള ഒന്നിന്റെ അടിയിൽ മർദ്ധനമേൽക്കുന്നതിനെ (pressure /crushing) കുറിക്കുന്നു. സ്മുർന്ന എന്ന പദത്തിനു കയ്പ് (bitter), മൂര് (myrrh) എന്നൊക്കെ അർത്ഥമുണ്ട്. മൂര് ലഭിക്കണമെങ്കിൽ ഒരു തരം സസ്യം ചതച്ചരച്ചു, പിഴിയപ്പെടണമായിരുന്നു. കൂടാതെ സുഗന്ധത്തിനായി തീയിലേക്കും ഇടണമായിരുന്നു. അക്ഷരാർത്ഥത്തിൽ സ്മുർന്നക്കാർ അതികഠിനമായ പീഢകളിലൂടെ കടന്നപ്പോൾ അവർ ചതച്ചരച്ചു പിഴിഞ്ഞെടുക്കപ്പെടുകയും, കയ്പിന്റെ അനുഭവത്തിലും അഗ്നിശോധനയിലും കടന്നു പോയി. അവർ സഹിച്ച കഷ്ടതകളും പീഢനങ്ങളും വിവിധകാരണങ്ങളാലാണ്. ജാതികളോടൊപ്പം അവരുടെ ദേവീദേവന്മാരെ ആരാധിക്കാതിരിക്കുക, വിഗ്രഹങ്ങളെ നമസ്കരിക്കാതിരിക്കുക, ഭരണാധികാരിളെ കാണപ്പെട്ട ദൈവമെന്നു സങ്കൽപ്പിച്ചു യാഗങ്ങൾ അർപ്പിച്ചു ആരാധിക്കാതിരിക്കുക എന്നിവയൊക്കെ അവർക്കെതിരായുള്ള പീഢനങ്ങൾക്കു വഴി തെളിയിച്ചു. പോളികാർപ്പുൾപ്പെടെ പതിനായിരക്കണക്കിനു ക്രിസ്തു വിശ്വാസികളെ അവർ പീഡിപ്പിച്ചു മരണത്തിനിരയാക്കി. ജീവനോടെ ക്രൂരമൃഗങ്ങൾക്കെറിയുക, അഗ്നിയിലേക്കെറിയുക, ഇന്ധനങ്ങളുപയോഗിച്ചു ജീവനോടെ കത്തിക്കുക, ഈർച്ചവാളാൽ കൊല്ലുക, ഉരുകുന്ന മെഴുകിൽ ഇടുക, ചുട്ടു പഴുപ്പിച്ച ശൂലങ്ങളാൽ കുത്തിത്തുളക്കുക എന്നീ കിരാതമായ ശിക്ഷാവിധികളിലൂടെ വിശ്വാസികൾ രക്തസാക്ഷികളാകേണ്ടി വന്നു.

**(2) ദാരിദ്ര്യം — (Poverty) —** വിശ്വാസത്തിൽ ഉറച്ചു നിന്നതിനാൽ കഷ്തകൾ മാത്രമല്ല ദാരിദ്ര്യവും അനുഭവിക്കേണ്ടി വന്നതു കർത്താവു അറിഞ്ഞു അവരെ അഭിനന്ദിച്ചു. ഭരണാധികാരികളുടെയും, യഹൂദന്മാരുൾപ്പെട്ട ജാതികളുടെയും ഇഷ്ടത്തിനൊത്തു അവരോടൊപ്പം ചേർന്നു പ്രവർത്തിക്കാത്തതിനാൽ അനവധി പീഢകൾക്കു പുറമേ ഭൗമികദാരിദ്ര്യവും സ്മുർന്നസഭ അനുഭവിക്കേണ്ടി വന്നു. സഭാവിശ്വാസികളിൽ പലരും അടിമകളും, ദാസന്മാരും, താഴ്ന്ന വരുമാനക്കാരുമായിരുന്നു. വിശ്വാസത്തിൽ ഉറെച്ചു നിന്നതിനാൽ അവർക്കു ജോലികൾ ന്ഷടപ്പെടുവാനിടയായി. രാജ്യദ്രോഹികളെന്ന കുറ്റം ചുമത്തി ഭരണാധികാരികൾ അനേകരുടെ സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്തു. ഫലത്തിൽ അവർ ഭൗമികമായി ഒന്നുമില്ലാത്തവരായി നിത്യവൃത്തിക്കു വകയില്ലാതെ ദാരിദ്രം അനുഭവിക്കേണ്ടി വന്നു. എന്നിട്ടും അവർ വിശ്വാസത്തിൽ ഉറച്ചു നിന്നു ദൈവമുഖത്തേക്കു നോക്കിയതിനാൽ അതു അനുഗ്രഹകാരണമായി.

**(3) ദൂഷണം — (Blasphemy) —** *"തങ്ങൾ യെഹൂദർ എന്നു പറയുന്നെങ്കിലും യെഹൂദന്മാരല്ല, സാത്താന്റെ പള്ളിക്കാരായവരുടെ ദൂഷണവും അറിയുന്നു."* മൂന്നാമതു കർത്താവു സ്മുർന്നസഭയെക്കുറിച്ചു അറിഞ്ഞത് അവർ കർത്താവിന്റെ നാമത്തിനുവേണ്ടി കേൾക്കേണ്ടിവന്ന ദൂഷണങ്ങളെയാണ്. കഷ്ടതകൾക്കും,

ദാരിദ്രങ്ങൾക്കും പുറമേ നിന്ദയും, പരിഹാസവും, അപമാനവും അവരനുഭവിക്കേണ്ടി വന്നു. സ്മുർന്ന വിശ്വാസികൾക്കെതിരേ ദൂഷണം പറഞ്ഞു പരത്തിയത് യെഹൂദർ എന്ന പേരുണ്ടെങ്കിലും യഥാർത്ഥ യെഹൂദന്മാരല്ലാത്ത, സാത്താന്റെ പള്ളിക്കാരാണെന്നു കർത്താവു അറിയിക്കുന്നു. സാത്താന്റെ പള്ളിക്കാർ എന്നത് യെഹൂദരാഷ്ട്രത്തെ മുഴുവനായി ഉൾപ്പെടുത്തി പറയുന്നതല്ല. എന്നാൽ സ്മുർന്നയിലുള്ള ഒരു വിഭാഗം യെഹൂദന്മാർ റോമൻ ഭരണാധികാരികളോടും, ജാതികളോടും ചേർന്നു നിന്നു വിശ്വാസികളെ പീഡിപ്പിക്കുകയും, അവരെ ദാരിദ്രാവസ്ഥയിലേക്കു തള്ളിവിട്ടു ദൂഷണം പറയുന്ന ഇവരെ മാത്രം ഉദ്ദേശിച്ചുള്ളതാണ്. സാത്താൻ ദൈവവിരോധിയും, അസത്യവാദിയുമാണ്. അവന്റെ ഒരു പ്രധാനപ്രവർത്തനമാണ് ദൈവമക്കളെക്കുറിച്ചു അപവാദം പറയുകയെന്നത്. ആ നിലയിൽ ദൈവത്തിനെതിരായി പ്രവർത്തിക്കുന്നവരെല്ലാം സാത്താന്റെ ഉപകരണങ്ങളുമാണ്. അങ്ങനെയുള്ളവരുടെ കൂട്ടത്തെ സാത്താന്റെ സഭക്കാർ അഥവാ സാത്താന്റെ പള്ളിക്കാർ എന്നു പറയാം. സ്മുർന്നയിലെ യെഹൂദർ സാത്താന്റെ ആയുധങ്ങളായിത്തീർന്നു. അവർക്കു യെഹൂദൻ എന്നു പേരുണ്ടെങ്കിലും യെഹൂദന്മാരല്ല എന്നു കർത്താവു പറഞ്ഞു. അപ്പൊസ്തലനായ പൗലൊസ് യഥാർത്ഥ യഹൂദന്റെ ലക്ഷണം പറഞ്ഞിരിക്കുന്നതു നോക്കുക — **റോമ.2:28,29** — "*പുറമെ യെഹൂദനായവൻ യെഹൂദനല്ല; പുറമെ ജഡത്തിലുള്ളതു പരിച്ഛേദനയുമല്ല; അകമെ യെഹൂദനായവനത്രേ യെഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന; അവന്നു മനുഷ്യരാലല്ല ദൈവത്താൽ തന്നേ പുകഴ്ച ലഭിക്കും.*"

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തു വിശ്വാസികളെക്കുറിച്ചു പൊതുവേ പറഞ്ഞ ദൂഷണങ്ങൾ —

(1) നരഭോജികൾ — കർത്തൃമേശയോടുള്ള ബന്ധത്തിൽ — ഇതെന്റെ ശരീരം, ഇതെന്റെ രക്തം എന്നുള്ള പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തി അനുഷ്ഠിക്കുമ്പോൾ ക്രിസ്തു വിശ്വാസികൾ നരഭോജികളാണെന്നുള്ള (Cannibals) അപവാദപ്രചരണം അവിശ്വാസികൾ പരത്തി.

(2) അസന്മാർഗ്ഗികൾ (Immoralality) — വിശ്വാസികളുടെ സ്നേഹസദ്യകളും, വിശുദ്ധചുംബനങ്ങളും, അന്യോന്യം സ്നേഹത്തോടെ പെരുമാറുന്നതെല്ലാം ജഡികലക്ഷ്യത്തിനായി ഉപയോഗിക്കുന്നുവെന്ന അപവാദം.

(3) നാസ്തിക്യം (astheism) — ജാതികൾ വിഗ്രഹങ്ങളെ ആരാധിച്ചപ്പോൾ ക്രിസ്തുവിശ്വാസികൾ വിഗ്രഹങ്ങളിലൂടെ ദൈവത്തെ ആരാധിക്കാത്തതു അവർക്കു ഉൾക്കൊള്ളുവാൻ സാധിച്ചില്ല. ആയതിനാൽ വിശ്വാസികളെ ദൈവമില്ലാത്തവരാണെന്ന ദൂഷണം പരത്തി.

(4) രാജ്യദ്രോഹികൾ — കൈസർ ദൈവമെന്നു പറയുകയോ, ആരാധിക്കുകയോ ചെയ്യാത്ത വിശ്വാസികളെ രാഷ്ട്രീയകുറ്റവാളികളാക്കുകയും രാജ്യദ്രോഹികൾ എന്നുള്ള അപവാദം പരത്തുകയും ചെയ്തു.

(5) കുടുംബങ്ങളെ ശിഥിലമാക്കുന്നവർ — കുടുംബങ്ങളിൽ ഒരാൾ മാത്രം വിശ്വാസത്തിലേക്കു വരുമ്പോൾ കുടുംബങ്ങളിൽ ഭിന്നതയുണ്ടാകുന്നു. അക്കാരണത്താൽ കുടുംബത്തെ ശിഥിലമാക്കുന്നവരെന്ന ദൂഷണത്തിനു വിശ്വാസികൾ ആരോപണവിധേയരായി.

കഷ്ടതയുടെയും. ദാരിദ്ര്യത്തിന്റെയും, ദൂഷണത്തിന്റെയും മദ്ധ്യേ സ്മുർന്നസഭ വിശ്വസ്തതയോടെ ഉറെച്ചു നിന്ന സഭയായിരുന്നു. അക്കാര്യം ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ കർത്താവു അറിയുകയും ചെയ്തു. സ്മുർന്നക്കാർ മാത്രമല്ല ഒന്നാം നൂറ്റാണ്ടു മുതൽ തന്നെ അന്നത്തെ വിശ്വാസികളും സഭകളും ഇപ്രകാരമുള്ള സാത്താന്യപ്രവർത്തനങ്ങൾ നേരിടേണ്ടി വന്നിട്ടുള്ളതായി അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിൽ പ്രതിപാദിക്കുന്നു. — ഉദാ. അപ്പൊ.2:13/4:1–3/5:17,18/7:54–60/ 9:20–25/ 12:1–3/14:2,5,19/ 17:5/18:12,13/19:9/20:3. യെഹൂദരല്ലാതിരിക്കെ യഹൂദർ എന്നവകാശപ്പെടുന്നവർ റോമൻ ഭരണാധികാരികളോടും, ജാതികളോടുമൊപ്പം നിന്നു സ്മുർന്നയിലെ വിശ്വാസികളെ പീഡിപ്പിച്ചു. അവരെ സാത്താന്റെ പള്ളിക്കാർ എന്നാണ് കർത്താവു വിശേഷിപ്പിച്ചിരിക്കുന്നത്. ഇക്കാലത്തും സത്യസുവിശേഷവുമായി കർത്താവിന്റെ നാമത്തിനുവേണ്ടി ഏറെ അദ്ധ്വാനിക്കുന്നവർക്കെതിരെ പ്രവർത്തിക്കുന്നവരെ ധാരാളമായി കാണാം. ക്രിസ്ത്യാനികൾ അല്ലാതിരിക്കെ ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്നവരാണിവർ. യഥാർത്ഥത്തിൽ അവർ സാത്താന്റെ ഉപകരണങ്ങളാകയാൽ അവരുടെ കൂട്ടത്തെ സാത്താന്റെ സഭക്കാർ അഥവാ സാത്താന്റെ പള്ളിക്കാർ എന്നു വിളിക്കാം. ഇവർ ദൈവികപ്രമാണങ്ങൾക്കോ, നിർമ്മലസുവിശേഷത്തിനോ യാതൊരു പ്രാധാന്യവും കല്പിക്കാതെ വിശുദ്ധിയും വേർപാടുമില്ലാതെ സ്മുർന്നയിലെ യഹൂദന്മാരെന്നവകാശപ്പെടുന്നവരെപ്പോലെ ദൈവജനത്തെ പീഡിപ്പിക്കുന്നു. എന്നാൽ അഗ്നിജ്വാലെക്കൊത്ത കണ്ണുള്ള മഹത്വധാരിയായ കർത്താവു സകലവും കാണുന്നു. പീഡകളിലൂടെയും, ദാരിദ്ര്യത്തിലൂടെയും, അപമാനങ്ങളിലൂടെയും ഇന്നു കടന്നു പോകുന്നുവെങ്കിലും ദൈവജനത്തിനു നിത്യമായ ആശ്വാസവും, ഉത്തമസമ്പത്തും, പ്രശംസയും ലഭിക്കും എന്നുള്ള വസ്തുത യാഥാർത്ഥ്യമായിരിക്കുന്നു.

**(4) സമ്പന്നത — (Rich) — "നീ ധനവാനാകുന്നു താനും"**— സ്മുർന്നസഭ അനവധി പീഡകളിലൂടെയും, ദാരിദ്ര്യത്തിലൂടെയും, ദൂഷണങ്ങളിലൂടെയും കടന്നുപോയെങ്കിലും സഭാകാന്തനായ കർത്താവു നൽകുന്ന സാക്ഷ്യം — *നീ ധനവാനാകുന്നു അഥവാ സമ്പന്നനാകുന്നു* എന്നാണ്. ഇക്കാലത്തു ധനവാൻ, സമ്പന്നൻ എന്ന വാക്കു സഭകളോടും വിശ്വാസികളോടും ബന്ധപ്പെടുത്തുമ്പോൾ സാധാരണ ഓർമ്മയിലെത്തുന്നത് അവർ ലൗകികമായി ഉയർന്നവരെന്നതാണ്. പടുകൂറ്റൻ സഭാഹാൾ, ഘനഗംഭീര

വാക്ക്ചാതുര്യത്തോടെ സംസാരിക്കുന്ന ശുശ്രൂഷകർ, ധാരാളം അംഗങ്ങൾ, മോടിയിലും ധനപ്രൗഢിയിലും വസ്ത്രധാരണം ചെയ്ത സഭാംഗങ്ങൾ, പാരമ്പര്യകുടുംബക്കാർ, ആധുനിക ഉപകരണങ്ങളാൽ ഗാനങ്ങൾ ആലപിക്കുന്ന ഗായകവൃന്ദം എന്നിവയൊക്കെ ഇക്കാലത്തു സമ്പന്നസഭയുടെ നിർവചനത്തിൽ ഉൾക്കൊള്ളുന്നു. എന്നാൽ കർത്താവു സ്മുർന്നസഭയെക്കുറിച്ചു അവർ സമ്പന്നരെന്നു വിശേഷിപ്പിച്ചപ്പോൾ അർത്ഥമാക്കുന്നത് അവർ ഭൗമികമായി ദരിദ്രരെങ്കിലും ആത്മികമായി സമ്പന്നർ എന്ന വസ്തുതയാണ്. ഏഴു സഭകളിൽ സ്മുർന്നസഭെക്കു അടുത്തുള്ള മറ്റൊന്നായ ലവൊദിക്യസഭയുടെ അവസ്ഥ വിഭിന്നമായിരുന്നു. അവർ ദരിദ്രർ ആയിരിക്കുമ്പോൾ തന്നെ ധനികരും ഒന്നിനും കുറവില്ലാത്തവർ എന്നും സ്വയം നിർണ്ണയിച്ചു അഭിമാനിച്ചു കഴിഞ്ഞു. എന്നാൽ ഹൃദയങ്ങളെ ശോധന ചെയ്യുന്ന കർത്താവു അവരെ നിരീക്ഷിച്ചപ്പോൾ കണ്ടത് ഇപ്രകാരമായിരുന്നു. **വെളി.3:17 —** *"ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും....."* സ്മുർന്നസഭ പീഡനങ്ങളിലൂടെ കടന്നു പോയി. അനേകർ രക്തസാക്ഷികളായി മരിക്കേണ്ടി വന്നു. അവരുടെ വസ്തുവക, സമ്പത്ത് എല്ലാം കണ്ടുകെട്ടി ഖജനാവിനോടു ചേർത്തു. ഭൗമികമായി ഭിക്ഷക്കാർക്കു തുല്യരായി ദാരിദ്ര്യത്തിൽ മുങ്ങിക്കുളിച്ചു. എന്നിട്ടും അവർ വിശ്വസ്തതയോടെ വിശ്വാസത്തിൽ ഉറെച്ചു നിന്നതു കർത്താവു കണ്ടപ്പോൾ അവർക്കു സഭാകാന്തന്റെ സാക്ഷ്യം ലഭിച്ചു. *"ഞാൻ നിന്റെ ദാരിദ്ര്യവും അറിയുന്നു, നീ ധനവാനാകുന്നു."* അവരുടെ ഭൗമിക ദാരിദ്ര്യവും വിശ്വാസജീവിതവും അവരെ ആത്മികസമ്പന്നരാക്കി. ഇന്നനേകം സഭകളും ലവൊദിക്യസഭയെപ്പോലെ സാക്ഷാൽ ദരിദ്രയായിരിക്കെ ഞാൻ സമ്പന്നയായിരിക്കുന്നു, ഒന്നിനും കുറവില്ല എന്നു പറഞ്ഞു സ്വയം പ്രശംസിച്ചഭിമാനിക്കുന്നു. എന്നാൽ പ്രശംസ കർത്താവിൽ നിന്നാണ് ലഭിക്കേണ്ടത്. സ്മുർന്നസഭെക്കു ലഭിച്ച സാക്ഷ്യം ഇന്നു നമുക്കും ലഭിക്കണമെങ്കിൽ വിശ്വസ്തതയോടെ കർത്താവിനെ സേവിക്കണം. കഷ്ടത, ദാരിദ്ര്യം, ദൂഷണം എന്നിവയൊക്കെ നേരിടുമ്പോൾ ദൈവകൃപയിൽ ആശ്രയിച്ചു മുന്നേറണം. അപ്പോൾ അപ്പൊസ്തലനായ പൗലൊസിനെപ്പോലെ നമുക്കും സാക്ഷ്യം പറയുവാൻ സാധിക്കും. **2.കൊരി.6:10 —** *"ദുഃഖിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ; ദരിദ്രരെങ്കിലും പലരെയും സമ്പന്നർ ആക്കുന്നവർ; ഒന്നും ഇല്ലാത്തവർ എങ്കിലും എല്ലാം കൈവശമുള്ളവരായിത്തന്നേ."*

**വെളി.2:10 — "നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ; നിങ്ങളെ പരീക്ഷിക്കേണ്ടതിന്നു പിശാചു നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു; പത്തു ദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും; മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും."** സ്മുർന്നസഭ അനുഭവിച്ച കഷ്ടത, ദാരിദ്ര്യം, ദൂഷണം എന്നിവ കർത്താവു അറിയുന്നുവെന്നു കഴിഞ്ഞവാക്യത്തിൽ വ്യക്തമാക്കി. തുടർന്നു അവർക്കുള്ള ആശ്വാസവചനങ്ങളായി അഞ്ചുകാര്യങ്ങൾ ഇതോടനുബന്ധിച്ചു പറയുന്നു. (1) ധൈര്യപ്പെടുത്തലിന്റെ വാക്കുകൾ — നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ (2) പിശാചു നിങ്ങളെ തടവിലാക്കുവാൻ പോകുന്നു — കഷ്ടതകൾ തീർന്നിട്ടില്ല; തടവിൽ കഴിയേണ്ടി വരും (3) പത്തു ദിവസം ഉപദ്രവം ഉണ്ടാകും — ഉപദ്രവം അല്പം കാലം മാത്രം; തുടർമാനമായി കഷ്ടത അനുഭവിക്കേണ്ടി വരികയില്ല. (4) പ്രബോധനം — കഷ്ടങ്ങളിലൂടെ കടക്കുമ്പോഴും മരണപര്യന്തം വിശ്വസ്തരായിരിക്കണം. (5) പ്രതിഫലം — ജീവകിരീടം പ്രതിഫലമായി ലഭിക്കും.

**നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ —** സ്മുർന്നസഭ ക്രിസ്തുവിന്റെ നാമത്തിനുവേണ്ടി അനവധി പീഡകൾ സഹിച്ചുകൊണ്ടിരുന്നുവെന്നു കർത്താവിനു നല്ലവണ്ണം അറിയാമായിരുന്നു. അത് അവരെ അറിയിക്കുകയും ചെയ്തു. എന്നാൽ ഇനിയും ധാരാളം കഷ്ടങ്ങൾ അവർ സഹിക്കാനുണ്ടെന്നും, അതു എപ്രകാരമായിരിക്കുമെന്നും, എത്രകാലം സഹിക്കണമെന്നും പറയുന്നതിനുമുമ്പായി അവരെ ആദ്യമായി ധൈര്യപ്പെടുത്തുന്നു. *"നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ!"* കാരണം സഹിപ്പാനുള്ള ശക്തി കർത്താവു അവർക്കു നൽകും. സ്മുർന്നസഭക്കുള്ള പ്രാരംഭ ദൂതിൽ തന്നെ ധൈര്യപ്പെടുത്തലിന്റെ സന്ദേശം അടങ്ങിയിരുന്നു — *"മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നതു."* ഞാനും കഷ്ടങ്ങൾ സഹിച്ചു മരിച്ചു എങ്കിലും ജീവിക്കുന്നു; അതുപോലെ നിങ്ങൾ മരിച്ചാലും ജീവിക്കും. ആയതിനാൽ പേടിക്കേണ്ടാ, ധൈര്യപ്പെടുവിൻ എന്നതാണിതിന്റെ സാരം. യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ ഒരിക്കലും കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയില്ലെന്നു കർത്താവു പറഞ്ഞിട്ടില്ല. കർത്താവു തന്റെ ശിഷ്യഗണത്തോടു പറഞ്ഞതിപ്രകാരമായിരുന്നു. — **യോഹ.16:33 —** *"ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു."* യേശുവുള്ള പടകിലും കാറ്റും, കൊടുങ്കാറ്റും ഈശാനുമൂലനുമുണ്ടാകാം. പക്ഷേ സകലവും നിയന്ത്രിക്കുവാനും, ശാന്തമാക്കുവാനും കർത്താവിനു കഴിയും എന്നുള്ള വിശ്വാസം ഉണ്ടെങ്കിൽ നമുക്കു ധൈര്യം ലഭിക്കും. അഗ്നിശോധനയിലൂടെ കടക്കുന്ന ദൈവജനത്തിനു പത്രൊസ് നൽകുന്ന പ്രബോധനം നോക്കുക. **1.പത്രൊ.4:12,13 —** *"പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷെക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നുവെച്ചു അതിശയിച്ചു പോകരുതു. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ.*

*അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും."*

**"നിങ്ങളെ പരീക്ഷിക്കേണ്ടതിന്നു പിശാചു നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു" —**

സ്മുർന്നസഭ നേരിടേണ്ടി വരുന്ന കഷ്ടത എന്തിനാണെന്നും, ആരാണിതിന്റെ കാരണക്കാരനെന്നും, കഷ്ടത എപ്രകാരമാണെന്നും കർത്താവു അവരോടു മുൻകൂട്ടി പറയുന്നു. ഒന്നാമതായി അവരുടെ വിശ്വാസത്തെ പരീക്ഷിക്കാനുള്ളതാണ് കഷ്ടത. രണ്ടാമതായി പിശാചാണ് കഷ്ടതകൾ അവർക്കെതിരേ കൊണ്ടു വരുന്നത്. മൂന്നാമതായി ചിലരെ തടവിലാക്കി പീഡിപ്പിക്കുകയെന്നതാണ് അവന്റെ ഇപ്പോഴത്തെ പദ്ധതി. ദൈവമക്കളെ സംബന്ധിച്ചു ദൈവം അറിയാതെ അവരുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുകയില്ല. സാത്താൻ തൊടണമെങ്കിലും ദൈവം അനുവദിക്കേണ്ടതുണ്ട്. സാത്താന്റെ പ്രവർത്തനത്താൽ ഇയ്യോബിന്റെ ജീവിതത്തിലുണ്ടായ കഷ്ടതകൾ ദൈവം അനുവദിച്ചതായിരുന്നുവെന്നു തിരുവചനത്തിൽ വ്യക്തമാകുന്നു(ഇയ്യോ.1:12). തന്റെ ജീവിതത്തിൽ സകലതും പ്രതികൂലമായപ്പോഴും, എല്ലാം നഷ്ടപ്പെട്ടപ്പോഴും, അതികഠിനമായ പീഡകൾ സഹിക്കേണ്ടി വന്നപ്പോഴും വിശ്വാസത്തിൽ ഉറച്ചു നിന്നു(ഇയ്യോ.1:21,22/2:10/13:15/42:2). പത്രൊസിന്റെ മേൽ കണ്ണുവെച്ച സാത്താനു പരീക്ഷിപ്പാനായി സാത്താനെ കർത്താവു അനുവദിച്ചില്ല (ലൂക്കൊ.22:31,32). സാത്താന്റെ പ്രവർത്തനങ്ങൾ വിവിധതരത്തിലാണ്. അവൻ അസത്യവാദിയാണ്. കഷ്ടത, പീഡനം, ദാരിദ്രം, രോഗങ്ങൾ, അപമാനം, ഒറ്റപ്പെടുത്തൽ, ബന്ധനം എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങൾ അവൻ ആയുധമായി ഉപയോഗിക്കും. സ്മുർന്നസഭ കഷ്ടത, ദാരിദ്ര്യം, ദൂഷണം എന്നിവ നേരിടേണ്ടി വന്നു. സാത്താനു പിൻബലമായി സാത്താന്റെ പള്ളിക്കാരയവരുടെ പ്രവർത്തനവും ഉണ്ടായിരുന്നു. ഇനി അവരെ തടവിലാക്കുമെന്നും കർത്താവു പറഞ്ഞു. കർത്താവിന്റെ പ്രവചനം അന്നത്തെ ദൈവജനം അനുഭവിക്കേണ്ടി വന്നു. അനേകരെ റോമൻ ഭരണാധികാരികളും, ജാതികളും, യെഹൂദന്മാരിലൊരു കൂട്ടരും ചേർന്നു പീഡിപ്പിക്കുകയും, നീതി നിഷേധിക്കപ്പെട്ടു തടവിലാക്കി കൊല്ലുകയും ചെയ്തു. എന്നാൽ സ്മുർന്നസഭ വിശ്വാസത്തിൽ ഉറച്ചു നിന്നു ജയം പ്രാപിക്കുവാനിടയായി.

**പത്തു ദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും —** സ്മുർന്നസഭയിലുള്ള ചിലരെ സാത്താൻ തടവിലാക്കുവാൻ പോകുന്നുവെന്നും, ആ ഉപദ്രവം പത്തു ദിവസത്തേക്കായിരിക്കുമെന്നും കർത്താവു പറഞ്ഞു. പത്തുദിവസമെന്നതിന്റെ പൊരുൾ എന്താണെന്നതിനെപ്പറ്റി വിവിധ അഭിപ്രായങ്ങളുണ്ട്.

—> എ.ഡി.64-ൽ നീറോചക്രവർത്തിയുടെ കാലം മുതൽ എ.ഡി.305--ൽ ഡയോക്ളീഷ്യന്റെ കാലം വരെയുള്ള പത്തു ഉപദ്രവങ്ങളാണെന്നതാണ് ഒന്നാമത്തെ അഭിപ്രായം. ഇവരുടെ ഭരണസമയത്തു വിശ്വാസികളെ അതിക്രൂരമായി പീഡിപ്പിക്കുകയും അനേകരെ കൊല്ലുകയും ചെയ്തു.

| | | |
|---|---|---|
| 1. നീറോ | (Nero) | AD. 64 – 68 |
| 2. ഡൊമീഷ്യൻ | (Domitian) | AD. 81 -- 96 |
| 3. ട്രാജൻ | (Tragan) | AD. 98 -- 117 |
| 4. പയസ് | (Pius) | AD.137 -- 161 |
| 5. മാർക്കസ് ഔർലിയസ് | (Marcus Aurelius) | AD.161 -- 180 |
| 6. സെവിറസ് | (Severus) | AD.193 -- 211 |
| 7. ത്രാസിയൻ | (Thracian) | AD.235 -- 238 |
| 8. ഡെസിയസ് | (Decius) | AD.249 -- 251 |
| 9. വാലെറിയൻ | (Valerian) | AD.253 -- 260 |
| 10. ഡയോക്ളീഷൻ | (Diocletian) | AD.284 -- 305 |

—> ഡയോക്ളീഷന്റെ ഭരണകാലത്തു മാത്രം പത്തു വർഷങ്ങൾ നീണ്ട ഉപദ്രവങ്ങളായിരിക്കാമെന്നതാണ് മറ്റൊരഭിപ്രായം. വിശ്വാസികൾ നേരിട്ട അതിക്രൂരമായതും അവസാനത്തേതുമായ പീഡാകാലയളവായിരുന്നു ഇദ്ദേഹത്തിന്റെ കാലത്തുണ്ടായത്. പത്തു വർഷക്കാലം വിശ്വാസികളെ കാടുകളിൽ നിന്നും, ഒളിസങ്കേതങ്ങളായ ഗുഹകളിൽ നിന്നും വേട്ടയാടി വിവിധ രീതികളിൽ വധിച്ചു.

—> പത്തുദിവസം ഉപദ്രവം ഉണ്ടാകും എന്നത് അവർ നേരിടേണ്ടി വരുന്ന കഷ്ടങ്ങളും പീഡകളും വളരെക്കുറച്ചു സമയത്തേക്കുമാത്രമായിരിക്കും (a brief period) എന്നാണർത്ഥമാക്കുന്നതെന്ന് മൂന്നാമത്തെ അഭിപ്രായം.

സ്മുർന്നസഭ കഠിനമായ പീഡകളിലൂടെ കടന്നു പോകുമ്പോൾ അവരെ ധൈര്യപ്പെടുത്തിയിട്ടു ഇനിയും ചില കഷ്ടതകൾ കൂടി അവർ അനുഭവിക്കേണ്ടി വരുമെന്നും, സാത്താൻ അവരെ പരീക്ഷിക്കേണ്ടതിന്നു ചിലരെ തടവിലാക്കുവാൻ പോകുന്നുവെന്ന മുന്നറിയിപ്പും നൽകി. നീറോയുടെ കാലം മുതൽ ഡയോക്ളീഷന്റെ കാലം വരെയുള്ള പത്തു ഉപദ്രവങ്ങളും, ഡയോക്ളീഷന്റെ കാലത്തു മാത്രമുള്ള പത്തു ഉപദ്രവങ്ങളും കർത്താവു പറഞ്ഞ പത്തുദിവസത്തെ അർത്ഥമാക്കുന്നുവെങ്കിലും പത്തു ദിവസമെന്നത് പൊതുവേ അഭിപ്രായപ്പെടുന്നത് അല്പകാല (a brief period)കഷ്ടതയെയാണ്. കാരണം പത്തു ദിവസമെന്നത് തിരുവചനത്തിൽ പൊതുവേ അല്പകാലത്തെ സൂചിപ്പിക്കുന്നു (ഉല്പ.24:55/സംഖ്യാ.11:19/

1.ശമൂ.25:38/യിരെ.42:7/ദാനീ.1:12,14,15/അപ്പൊ.25:6). കൂടാതെ പത്ത് എന്ന സംഖ്യ സഭക്കെതിരായി പ്രവർത്തിക്കുന്ന ലോകഅധികാരത്തെയും കുറിക്കുന്നു. (വെളി.13:1 – Number TEN denotes the world powers hostile to the Church). സകലവും നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന കർത്താവു അവരെ എന്നേക്കും സാത്താന്റെ കരങ്ങളിലേക്കു വിട്ടു കൊടുക്കുകയില്ല. സാത്താന്റെ കരങ്ങളിൽ പ്രവർത്തിക്കുന്ന ഭരണാധികാരികളിലൂടെ സ്മുർന്നസഭാവിശ്വാസികൾക്കുണ്ടാകുന്ന തടവും കഷ്ടതയും കേവലം പത്തു ദിവസദൈർഘ്യം പോലെ ചെറുതായിരിക്കുമെന്നും സൂചിപ്പിച്ചു. നാമും ഈ ലോകത്തിലെ കഷ്ടതകളും, ഉപദ്രവങ്ങളും ഒക്കെ അല്പകാലത്തേക്കു അഥവാ നൊടിനേരത്തേക്കു മാത്രമാണെന്ന വസ്തുത മനസ്സിലാക്കി ജീവിച്ചാൽ നമുക്കും മരണപര്യന്തം വിശ്വസ്തതയോടെ ജീവിക്കുവാൻ സാധിക്കും (2.കൊരി.4:17/ 1.പത്രൊ.5:9,10).

**മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും.**

സ്മുർന്നസഭ പീഡകളിലൂടെ കടന്നു പോകുന്ന സഭയെന്നത് കർത്താവിനു നന്നായി അറിയാമായിരുന്നു. അവർക്കെതിരേ ഏതെങ്കിലും കുറ്റമോ കുറവോ കർത്താവിനു പറയാനില്ലായിരുന്നു. ആയതിനാൽ ശാസനയുടെ വാക്കുകളൊന്നും സ്മുർന്നസഭയോടു ബന്ധത്തിൽ കാണുന്നില്ല. അവർക്കുള്ള ദൂതു അവസാനിപ്പിക്കുന്ന വേളയിൽ മരണപര്യന്ത്യം വിശ്വസ്തനായിരിക്ക എന്ന പ്രബോധനവും തുടർന്നു വാഗ്ദത്തങ്ങളും അവർക്കു നൽകുന്നു.

**മരണപര്യന്തം വിശ്വസ്തനായിരിക്ക** – (Be faithful until death)

കർത്താവിന്റെ നാമത്തിനായി സ്മുർന്നസഭ കഷ്ടതയും, ദാരിദ്ര്യവും, ദൂഷണവും, തടവും, ഉപദ്രവും സഹിച്ചു. എന്നാൽ മരണപര്യന്തം വിശ്വസ്തരായി നിൽക്കണമെന്നു അവരെ പ്രബോധിപ്പിക്കുന്നു. കഷ്ടതകൾ സഹിക്കാവുന്നതിലധികമാകുന്ന വേളയിൽ പതറിപ്പോകുവാൻ സാദ്ധ്യതയുണ്ടെന്നു കർത്താവിനറിയാം. അതുകൊണ്ടാണ് മരണപര്യന്തം അഥവാ മരിക്കുന്നതുവരെ വിശ്വസ്തരായിരിപ്പാൻ അവരെ ഉപദേശിക്കുന്നത്. കഷ്ടങ്ങളും, ദുഃഖങ്ങളും ഏറുന്നവേളകളിൽ വിശ്വസ്തതയോടെ ഉറെച്ചു നിന്നാൽ വിശ്വാസം വർദ്ധിക്കുകയും, സഹിഷ്ണുത ഉളവായി വിശുദ്ധിയിലേക്കു വളരുവാനും സാധിക്കും. കർത്താവിനോടു വിശ്വസ്തതയോടെ നിന്നാൽ കഷ്ടങ്ങളും പ്രയാസങ്ങളും, പീഡകളും ഒരിക്കലും ഉണ്ടാകുകയില്ലെന്നു കർത്താവു പറഞ്ഞിട്ടില്ല. എന്നാൽ നമ്മുടെ കഷ്ടതകളുടെയും പീഡകളുടെയും മദ്ധ്യേ കർത്താവിനോടു വിശ്വസ്തതയോടെ നിൽക്കണം. അപ്പോൾ മാത്രമാണ് നമ്മുടെ വിശ്വാസം യഥാർത്ഥമാണെന്നു ബോദ്ധ്യപ്പെടുകയുള്ളു. വിശ്വാസികളും സഭകളും ഏതു പ്രതിസന്ധിവേളകളിലും വിശ്വസ്തയോടെ നിന്നാൽ സകലത്തിലും ജയം പ്രാപിക്കുവാൻ കഴിയും. മരണംവരെ ലോകത്തോടും, പാപത്തോടും, പിശാചിനോടും എതിർത്തുനിന്നു കർത്താവിനോടു വിശ്വസ്തത പാലിക്കുകയെന്നതാണ് ദൈവമക്കൾക്കു ആവശ്യമായത്. *"വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു "* (എബ്രാ.12:2). *"നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ "* (1.കൊരി.1:9). ആകയാൽ വിശ്വാസികളായ നമുക്കും കഷ്ടതകളെയോ, ഉപദ്രവങ്ങളെയോ ഭ.യപ്പെടേണ്ടാ. അഗ്നിശോധനയിങ്കൽ അതിശയിച്ചു പോകുവാനും പാടില്ല (1.പത്രൊ.4:12-14). മരണപര്യന്തം വിശ്വസ്തരായിരിക്കണമെന്നു കർത്താവു നമ്മെക്കുറിച്ചും ആഗ്രഹിക്കുന്നു.

**എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും –**

അനവധി പീഡകളിലൂടെ കടന്നുപോയ സ്മുർന്നസഭയോടു മരണപര്യന്തം വിശസ്തരായിരിപ്പാൻ പ്രബോധനം നൽകി. അതിനുശേഷം അവർക്കു നൽകുന്ന വാഗ്ദത്തമാണ് ജീവകിരീടം (Crown of Life) തരും എന്നുള്ളത്. സ്മുർന്ന കേന്ദ്രമാക്കി നടത്തുന്ന ഏഷ്യൻ കായികമേളയിൽ ജയിക്കുന്നവർക്കു കിരീടങ്ങൾ സമ്മാനിക്കുക പതിവുണ്ടായിരുന്നു. അതുപോലെ വിശ്വാസജീവിതത്തിൽ മരണപര്യന്തം വിശ്വസതരായിരിക്കുന്നവർക്കു കീരീടം തരും എന്നുള്ള കർത്താവിന്റെ വാക്കുകളുടെ അർത്ഥം അവർക്കു വേഗത്തിൽ മനസ്സിലാകുന്നതായിരുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന ജീവകിരീടം രാജകിരീടമല്ല; മറിച്ചു ജയാളികൾക്കു ലഭിക്കുന്ന കിരീടമാണ്. സ്മുർന്നസഭക്കാർ രക്തസാക്ഷികളായി മരിക്കേണ്ടി വന്നാലും മഹത്വത്തിൽ അവർ ജീവകിരീടം ചൂടിയവരായിരിക്കും. അപ്പൊസ്തലനായ യാക്കോബും ജീവകിരീടത്തെക്കുറിച്ചു പറയുന്നുണ്ട്. **യാക്കോ.1:12 –** *"പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും."* ദൈവനാമത്തിനുവേണ്ടി അനുഭവിക്കുന്ന പരീക്ഷകളിൽ വിശ്വസ്തയോടെ നിൽക്കുമെങ്കിൽ കർത്താവിൻ നിന്നു ജീവകിരീടം ലഭിക്കും. വിവിധപരീക്ഷകൾ, പരിശോധനകൾ സഹിച്ചു വിജയിക്കുന്നവർക്കു കർത്താവു വാഗ്ദത്തം ചെയ്തിട്ടുള്ളതാണ് ജീവകിരീടം. യോസേഫ്, ഇയ്യോബ്, പൗലൊസ് എന്നിവരുടെജീവിതങ്ങൾ ഇതിനുദാഹരണങ്ങളാണ്. പുതിയനിയമത്തിൽ അഞ്ചു കിരീടങ്ങൾ വാഗ്ദത്തം ചെയ്തിട്ടുണ്ട്.

1. വാടാത്ത കിരീടം (1.കൊരി.9:25) — സ്വയത്യാഗികൾക്ക്
2. പ്രശംസാകിരീടം (1.തെസ്സ.2:19) — ആത്മാക്കളെ നേടുന്നവർക്ക്
3. നീതിയുടെ കിരീടം (1.തിമൊ.4:8) — വിശ്വസ്തതക്ക്
4. ജീവന്റെ കിരീടം (യാക്കോ.1:12) — പരീക്ഷ സഹിക്കുന്നവർക്ക്
5. തേജസ്സിന്റെ കിരീടം (1.പത്രൊ.5:4) — ആട്ടിൻകൂട്ടത്തെ മേയിക്കുന്നവർക്ക്

വിശ്വാസികൾക്കു ശാരീരികമരണത്തെക്കുറിച്ചു പേടിക്കേണ്ട ആവശ്യമില്ല. കാരണം മരണം നിത്യമായ സന്തോഷജീവിതത്തിലേക്കുള്ള പ്രവേശനമാണ്. മരണപര്യന്തം വിശ്വസ്തനായിരിക്ക എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും എന്നു സ്മൂർന്ന സഭക്കു ലഭിച്ച വാഗ്ദത്തം ഇന്നത്തെ സഭകൾക്കും കൂടിയുള്ള ദൂതാണ്.

**വെളി. 2:11 —"ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന്നു രണ്ടാം മരണത്താൽ ദോഷം വരികയില്ല."**

**ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ —**

ഏഴുസഭകൾക്കും ആവർത്തിച്ചു കാണുന്ന ആഹ്വാനമാണ് "*ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ*" എന്നുള്ളത്. മരണപര്യന്തം വിശ്വസ്തരായിരുന്നാൽ ജീവകിരീടം തരും എന്നും, ജയിക്കുന്നവർ രണ്ടാം മരണത്താൽ ദോഷം വരികയില്ല എന്നുമുള്ള രണ്ടു വാഗ്ദത്തങ്ങൾ സ്മൂർന്നസഭക്കു നൽകി. സ്മൂർന്നസഭയെക്കുറിച്ചു അവർക്കെതിരായി യാതൊരു വിധ ശാസനയുടെ വാക്കുകളും കർത്താവു പറഞ്ഞിട്ടില്ല. അവർ ചെവിയുള്ളവരും, കർത്താവു പറഞ്ഞകാര്യങ്ങൾ കേട്ടു ഗ്രഹിച്ചവരുമായിരുന്നു. എന്തുകൊണ്ടു അവരോടു ചെവിയുള്ളവൻ കേൾക്കട്ടെ എന്നു പറഞ്ഞിരിക്കുന്നതെന്നു ചിന്തിക്കാം. ആത്മാവു സഭയോടു എന്നല്ല സഭകളോടു എന്നു ബഹുവചനരൂപത്തിൽ പറഞ്ഞിരിക്കുന്നതിനാൽ സ്മൂർന്ന സഭക്കുമാത്രമല്ല ലോകത്തിൽ അന്നും ഇന്നും നിലവിലുള്ള സകല സഭകൾക്കുമുള്ള ദൂതാണെന്നതിനെ ഇതു കാണിക്കുന്നു. ചെവിയുള്ളവൻ കേൾക്കട്ടെ എന്നുള്ളതു ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്വത്തെയും പ്രകടമാക്കുന്നു.

**ജയിക്കുന്നവന്നു രണ്ടാം മരണത്താൽ ദോഷം വരികയില്ല —**

ജയിക്കുന്നവൻ എന്നാൽ കർത്താവിൽ വിശ്വസിക്കുന്നവൻ (1.യോഹ.5:4,5)എന്നർത്ഥം. "*ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും*" (വെളി.2:7) എന്നു എഫെസൊസ് സഭക്കുള്ള ദൂതിൽ പറഞ്ഞിരുന്നു. ഒന്നാം മരണം ശാരീരികമരണവും, രണ്ടാംമരണം ആത്മീകമരണം അഥവാ നിത്യമരണവുമാണ്. കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർക്കു ഒന്നാം മരണമായ ശാരീരികമരണം മാത്രം അനുഭവിച്ചാൽ മതി. അവർക്കു രണ്ടാം മരണത്തെ ഭയപ്പെടേണ്ട ആവശ്യമില്ല. രണ്ടാം മരണം യേശുക്രിസ്തുവിൽ വിശ്വസിക്കാത്ത പാപികൾക്കുള്ളതാണ്. പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയാണത് (മത്താ.25:41).സ്മൂർന്നസഭ നാനാവിധ ഉപദ്രവങ്ങളിലൂടെ പീഡിപ്പിക്കപ്പെട്ടു ശാരീരികമരണം സംഭവിച്ചാലും അവർ ഒരിക്കലും രണ്ടാം മരണം അനുഭവിക്കേണ്ടി വരികയില്ല. ദുഷ്ടന്മാർക്കും ദൈവത്തെ അനുസരിക്കാത്ത പാപികൾക്കുമുള്ള രണ്ടാം മരണത്തെക്കുറിച്ചു വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. **വെളി.20:14 —**"*മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം.*" **വെളി.21:8—** "*എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം.*"

സ്മൂർന്നസഭക്കു കർത്താവു തന്നെ പരിചയപ്പെടുത്തുന്നത് "*മരിച്ചവനായിരുന്നു വീണ്ടും ജീവിക്കുകയും ചെയ്ത ആദ്യനും അന്ത്യനുമായവൻ* " എന്നാണ്. മഹാപീഢകളിലൂടെ കടന്നുപോയ വിശ്വാസികൾക്കു ഇതു ഏറെ ആശ്വാസദായകമായിരുന്നു. അവരുടെ കഷ്ടതയും, ദാരിദ്ര്യവും അവർ സഹിക്കുന്ന ദൂഷണവും കർത്താവു അറിഞ്ഞു. അവർ ഭൗമികമായി ദാരിദ്ര്യം അനുഭവിക്കുന്നുവെങ്കിലും ആത്മികമായി മഹാസമ്പന്നരാണെന്നു കർത്താവു അവരെക്കുറിച്ചു പറഞ്ഞു. മരണപര്യന്തം വിശ്വസ്തരായിരിപ്പാൻ അവരെ പ്രബോധിപ്പിച്ചു. രക്തസാക്ഷികളായി ശാരീരികമരണം നേരിട്ടാലും അവർക്കു ജീവകിരീടം ലഭിക്കുകയും രണ്ടാം മരണത്തിനധീനരല്ലെന്നും അവരോടു വാഗ്ദത്തം ചെയ്തു. സ്മുന്നസഭാ കാലഘട്ടം എ.ഡി –170 മുതൽ 312 വരെയുള്ള കാലമായി പൊതുവേ കരുതുന്നു. "*ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ*" എന്നുള്ള പ്രസ്താവനയിലൂടെ നമുക്കു മനസ്സിലാക്കുവാനുള്ളത്, ഒന്നാം നൂറ്റാണ്ടിലുള്ള സഭകളോടോ വിശ്വാസികളോടോ മാത്രമല്ല ഇന്നത്തെ സകല സഭകളോടും വിശ്വാസികളോടും ആത്മാവു പ്രബോധിപ്പിക്കുന്നുവെന്നുള്ളതാണ്.

അനേകവിശ്വാസികൾ രക്തസാക്ഷിമരണം വരിക്കുകയും, അനേകർ എണ്ണമറ്റ പീഡകളിലൂടെയും കടന്നു പോയതിനാലും സ്മൂർന്നസഭയെ **"പീഡിതസഭ "** എന്നറിയപ്പെടുന്നു. ഇന്നു ടർക്കിരാജ്യത്തിൽ "ഇസ്മിർ" (Izmir) എന്നറിയപ്പെടുന്ന സ്മൂർന്ന നഗരം ഏഷ്യാമൈനറിലെ ഏറ്റവും പ്രധാനപട്ടണമാണ്.

ആദ്യസ്നേഹത്തിൽ നിലനിന്ന സ്മൂർന്നസഭ മരണപര്യന്തം വിശ്വസ്തതയോടെ നിന്നതിനാൽ അവിടത്തെ സഭയാകുന്ന നിലവിളക്കിനെ കർത്താവു അതിന്റെ നിലയിൽ നിന്നു നീക്കിയില്ല.

## പെർഗ്ഗമൊസിലെ സഭ (വെളി.2:12 —17) —

### പെർഗ്ഗമൊസ് പട്ടണം — (Pergamos City) —

സ്മൂർന്നക്കു വടക്കു 60 മൈൽ ദൂരെയുമായിരുന്നു പെർഗ്ഗമൊസ് പട്ടണം സ്ഥിതിചെയ്തിരുന്നത്. ചുറ്റുമുള്ള സ്ഥലങ്ങളിൽ നിന്നു 1000 അടി ഉയരത്തിലുള്ള കുന്നിൻമീതെ പണിയപ്പെട്ടതും, പർവ്വതങ്ങളാൽ ചുറ്റപ്പെട്ടതുമായിരുന്നു ഈ പട്ടണം. ഈജിയൻ സമുദ്രതീരത്തുനിന്നു ഏകദേശം 20 മൈൽ ഉള്ളിലായിരുന്നതിനാൽ ഇതൊരു തുറമുഖപട്ടണമായിരുന്നില്ല. എഫെസൊസ്, സ്മൂർന്ന പട്ടണങ്ങളെപ്പോലെ പ്രധാനപ്പെട്ട പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന വ്യാപാരനിരത്തുകളും ഇവിടെയില്ലായിരുന്നു. എങ്കിലും ഏഷ്യയിലെ ഒരു റോമൻ പ്രോവിൻസായിരുന്ന പെർഗ്ഗമൊസിനെ ഏഷ്യയിലെ ഒരു പ്രധാന പട്ടണമായി കരുതപ്പെട്ടിരുന്നു. ഏഷ്യാപൊപ്രിയ എന്ന റോമൻ പ്രോവിൻസിന്റെ തലസ്ഥാനമായിരുന്നു പെർഗ്ഗമൊസ്. മരുന്നുകൾ, ലേപനങ്ങൾ, എഴുതുവാനുള്ള ചർമ്മപത്രങ്ങൾ, മൺപാത്രങ്ങൾ എന്നിവക്കു പ്രസിദ്ധമായിരുന്നു. തുർക്കി രാജ്യത്തിൽ ബെർഗ്ഗമൊസ് (Bergama)എന്ന പേരിലാണ് പെർഗ്ഗമൊസ് ഇന്നറിയപ്പെടുന്നത്. തുർക്കികളും, അർമേനിയക്കാരും, ഗ്രീക്കുകാരുമാണ് ഇന്നിവിടെ പാർക്കുന്നത്. രണ്ടുലക്ഷത്തോളം തുകൽ കൈയ്യെഴുത്തു ചുരുളുകൾ (Parchment) ഉണ്ടായിരുന്ന ഇവിടെത്തെ ഗ്രന്ഥശാല (Library)അലക്സാണ്ടറിയ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ഗ്രന്ഥശാല ആയിരുന്നു. അമൂല്യവിജ്ഞാനശേഖരങ്ങളടങ്ങിയ പിന്നീടു ഈ ഗ്രന്ഥശാല ഭരണാധികാരിയായ മാർക്കു ആന്റിണി തന്റെ പ്രേമഭാജനമായ ഈജിപ്റ്റിലെ രാജ്ഞിയായ ക്ളിയോപാർട്ടക്കു സമ്മാനിച്ചു. പെർഗ്ഗമൊസ് എന്ന പദം പാർച്ചുമെന്റു (Parchment) എന്ന പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. പുരാതനകാലങ്ങളിൽ കടലാസ്സിനുപകരം എഴുതുവാനുപയോഗിച്ചിരുന്നത് നൈൽ നദീതീരത്തു സുലഭമായി വളർന്നിരുന്ന പാപ്പിറസ് എന്ന സസ്യത്തിൽ നിന്നു രൂപപ്പെടുത്തിയ പാപ്പിറസ് (Papyrus)ചുരുളുകളിലാണ്. ഏറെ കഴിഞ്ഞു പാപ്പിറസ് ചുരുളുകളുടെ സ്ഥാനത്തു മൃഗങ്ങളുടെ തോൽ ഉപയോഗിക്കുവാൻ തുടങ്ങി. ഇതിനെ ചർമ്മപത്രം (Parchment)എന്നപേരിൽ അറിയപ്പെട്ടിരുന്നു. ലോകത്തിൽ ആദ്യമായി ചർമ്മപത്രം അഥവാ പാർച്ചുമെന്റു (Parchment) ഉപയോഗിച്ചതു പെർഗ്ഗമൊസിലായിരുന്നുവെന്നു പറയപ്പെടുന്നു. പെർഗ്ഗമൊസ് ഗ്രീക്കു സംസ്കാരത്തിന്റെയും, സകലവിധ വിജ്ഞാനത്തിന്റെയും മതത്തിന്റെയും കേന്ദ്രമായിരുന്നു. എഫെസൊസിലെപ്പോലെ പെർഗ്ഗമൊസ് ഒരു വിഗ്രഹാരാധനയുടെ കേന്ദ്രവുമായിരുന്നു. ഗ്രീക്കുകാരുടെയും റോമാക്കാരുടെയും ആരാധനാമൂർത്തികളായ അഥേനാ, അസ്കെലിപിയോസ്, ഡയോനിസോസ്, സീയൂസ് (Athena,Asklepios, Dionysos, Zeus) എന്നിവർക്കുള്ള ക്ഷേത്രങ്ങൾ പെർഗ്ഗമൊസിൽ ഉണ്ടായിരുന്നു. ഇതു കൂടാതെ ഭരണാധികാരികളെ ദൈവമായി ആരാധിക്കുകയും (Emperor Worship)ചെയ്തിരുന്നു. പെർഗ്ഗമൊസിലാണ് ഏഷ്യയിൽ ആദ്യമായി കൈസർക്കു ഒരു ക്ഷേത്രം പണികഴിപ്പിച്ചു (BC-29), കൈസർ ആരാധനയുടെ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചത്. പെർഗ്ഗമൊസ് കുന്നിൻ മുകളിൽ 800 അടി ഉയരമുള്ള സീയൂസ് ദേവന്റെ ക്ഷേത്രത്തിലെ യാഗപീഠത്തിൽ നിന്നും സദാസമയവും ധൂപം വമിച്ചുകൊണ്ടിരുന്നു. 100 അടി ചതുരാകൃതിയിലുള്ളതായിരുന്നു ബലിപീഠം. 40 അടി ഉയരത്തിലുള്ളതും മുന്നോട്ടു തള്ളി നിൽക്കുന്നതുമായ പാറയിൽ നിൽക്കുന്ന ഈ ക്ഷേത്രം കുന്നിൻ ചരുവിൻ വെച്ചിരിക്കുന്ന ഒരു സിംഹാസനം എന്നേ ദൂരക്കാഴ്ചയിൽ തോന്നുകയുള്ളു. സാത്താന്റെ സിഹാസനം ഉള്ളേടം (വെളി.2:13) എന്നു പെർഗ്ഗമൊസിനക്കുറിച്ചു പരാമർശിച്ചത് ഒരു പക്ഷേ ഇക്കാരണത്താലായിരിക്കുമെന്നഭിപ്രായവുമുണ്ട്. കൂടാതെ പെർഗ്ഗമൊസ് ദൈവം എന്നറിയപ്പെട്ട അസ്കെലിപിയോസ് (Asklepios) എന്ന ദേവന്റെ ക്ഷേത്രം രോഗികൾക്കുള്ള ആതുരാലയമായി കരുതപ്പെട്ടു. അസ്കെലിപിയോസ് രോഗസൗഖ്യത്തിന്റെ ദൈവമായിരുന്നു (God of Healing). അസ്കെലിപിയോസ് ദേവന്റെ വിഗ്രഹം ഒരു പാമ്പിന്റെ ആകൃതിയിലുള്ളതായിരുന്നു. വിഷപ്പല്ലു പറിക്കപ്പെട്ടതും, ഇണങ്ങിയതുമായ സർപ്പങ്ങൾ ക്ഷേത്രപരിസരത്തു സ്വൈരവിഹാരം ചെയ്തിരുന്നു. രോഗികൾ ക്ഷേത്രപരിസരത്തു കിടന്നുറങ്ങുമ്പോൾ ഈ സർപ്പങ്ങൾ ശരീരത്തിലൂടെ ഇഴഞ്ഞുകയറുന്നത് അസ്കെലിപിയോസ് ദേവന്റെ സ്പർശനത്തിനു തുല്യമായി കരുതി രോഗവിമുക്തിയുണ്ടാകുമെന്നു അവർ ധരിച്ചിരുന്നു. നീളമുള്ള വടിയിൽ ചുറ്റപ്പെട്ട സർപ്പമായിരുന്നു അസ്കെലിപിയോസ് ദേവന്റെ പദവിമുദ്ര. ഈ മുദ്ര ഇക്കാലത്തു ആതുരസേവനസ്ഥാപനങ്ങളുടെ മുഖമുദ്രയായി പലരും തിരഞ്ഞെടുത്തിരിക്കുന്നതും കാണാം.

### പെർഗ്ഗമൊസ് സഭ — (Pergamos Church) —

പെർഗ്ഗമൊസ് സഭയുടെ ആരംഭത്തെക്കുറിച്ചോ, ആരാണ് ഇവിടെ പ്രവർത്തിച്ചതെന്നതിനെക്കുറിച്ചോ തിരുവചനത്തിൽ രേഖപ്പെടുത്തി കാണുന്നില്ല. എന്നാൽ അപ്പൊസ്തലനായ പൗലൊസ് എഫെസോസിലും പരിസരപ്രദേശങ്ങളിലും സുവിശേഷം അറിയിച്ചതിൻ പ്രകാരമായിരിക്കാം (അപ്പൊ.19:10) ഇവിടെയും സഭ സ്ഥാപിതമായതെന്നു അനുമാനിക്കാം. സ്മൂർന്നസഭയെപ്പോലെ പെർഗ്ഗമൊസ് സഭയും ആരംഭകാലങ്ങളിൽ നാനാവിധപീഡകളിലൂടെ കടന്നു പോകേണ്ടി വന്നു. ഈ അവസരത്തിൽ രക്തസാക്ഷി മരണം വരിച്ച പെർഗ്ഗമൊസ്സഭയിലെ വിശ്വസ്തസാക്ഷിയായ അന്തിപ്പാസിനെക്കുറിച്ചു തിരുവച

നവും ചരിത്രവും രേഖപ്പെടുത്തിയിട്ടുണ്ട്. *"എന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസിനെ കൊന്ന കാലത്തുപോലും നീ എങ്കലുള്ള വിശ്വാസം നിഷേധിച്ചിട്ടില്ല"* എന്നു കർത്താവു പറഞ്ഞു (വെളി.2:13). താമ്രം കൊണ്ടുണ്ടാക്കിയ കാളയുടെ ഒരു ലോഹക്കൂടിനുള്ളിലിട്ടു അന്തിപ്പാസിനെ വറുത്തു കൊന്ന തായി ചരിത്രവും രേഖപ്പെടുത്തുന്നു.

പീഡനങ്ങളിലൂടെ കടന്നുപോയ സഭ ശക്തിപ്രാപിക്കുന്നതുകണ്ട സാത്താൻ തന്ത്രം മാറ്റി. എതിർക്കുന്നതിനുപകരം അവരോടൊത്തുചേർന്നു പ്രവർത്തിച്ചു നാമാവശേഷമാക്കുകയെന്ന നയം സ്വീക രിച്ചു. എ.ഡി.316 –ൽ റോമൻ ഭരണാധികാരിയായ കുസ്തന്തീനോസ് അഥവാ കോൺസ്റ്റന്റയിൻ ചക്ര വർത്തി (Emperor Constantine) ക്രിസ്തുമതം സ്വീകരിച്ചതിനെ തുടർന്നു ക്രിസ്തുമതം രാജമതമായി ഉയർത്തപ്പെട്ടു. കോൺസ്റ്റന്റയിൻ ഒരു സാധാരണ പടയാളിയായിരുന്നു. എന്നാൽ ഏ.ഡി.306 –ൽ ചക്ര വർത്തിയായിരുന്ന തന്റെ പിതാവിന്റെ മരണശേഷം കോൺസ്റ്റന്റയിൻ ചക്രവർത്തിയായി അധികാരമേ റ്റെടുത്തു. ഈ സമയത്തു പടിഞ്ഞാറൻ പ്രവിശ്യയിലെ മാക്സെന്റിയസ് ചക്രവർത്തി (Emperor Maxentius) കോൺസ്റ്റന്റയിനോടു യുദ്ധത്തിനു വന്നു. എതിർക്കുവാൻ മതിയായ ആൾശേഷിയില്ലാത്തതിനാൽ കോൺസ്റ്റന്റയിൻ ഏറെ വ്യാകുലനായി കഴിഞ്ഞ സമയത്തു ഒരു സ്വപ്നം കാണുവാൻ ഇടയായി. സ്വപ്ന ത്തിൽ ഒരു കുരിശു ദർശിക്കുകയും, ഈ ചിഹ്നത്തോടു ആക്രമിക്കുക എന്നുള്ള ഒരു ആഹ്വാനവും തനിക്കു ലഭിച്ചു. അതുപ്രകാരം യുദ്ധത്തിനു പോയ കോൺസ്റ്റന്റയിൻ ശത്രുക്കളെ ഉന്മൂലനാശം വരുത്തി വിജയിക്കുവാനിടയായി. യുദ്ധശേഷം തിരികെ വന്ന കോൺസ്റ്റന്റയിൻ ക്രിസ്ത്യാനികൾക്കു അനു കൂലമായി നിയമം പാസ്സാക്കി, ക്രിസ്തുമതം രാജമതമായി പ്രഖ്യാപിച്ചു. ക്രിസ്തുമതത്തിൽ ചേരുന്ന വർക്കു സ്വർണ്ണനാണയങ്ങളും വെള്ളകുപ്പായവും സമ്മാനമായി നൽകി. ചക്രവർത്തി ക്രിസ്ത്യാനി ആയ തോടെയും, ക്രിസ്തുമതത്തിനു രാഷ്ട്രത്തിന്റെ അംഗീകാരം ലഭിച്ചതിനാലും അനേക പടയാളികളും ജനങ്ങളും കൂട്ടമായി ക്രിസ്തുമതം സ്വീകരിച്ചു. രാജകീയസംരക്ഷണവും, അംഗീകാരവും സഭക്കു ലഭി ക്കയാൽ ദൈവത്തോടുള്ള ഭക്തിക്കു മങ്ങലേൽക്കുകയും, ഭരണാധികാരികളോടുള്ള കൂറും വിധേയ ത്വവും വർദ്ധിച്ചും വന്നു. ഇതു സാത്താന്റെ തന്ത്രപരമായ ഇടപെടലും സമീപനവുമായിരുന്നു. ഈ സമ യത്താണ് പല ദുരുപദേശങ്ങളും സഭയിലേക്കു നുഴഞ്ഞു കയറുവാനിടയായത്. ബിലെയാമിന്റെ ഉപദേ ശവും, നിക്കൊലാവ്യരുടെ ഉപദേശവും ഇതിലുൾപ്പെടുന്നു. ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്ന വരാൽ സഭയെ അസന്മാർഗ്ഗിക വഴികളിലേക്കു നയിച്ചു. നിക്കൊലാവ്യരുടെ ഉപദേശത്താൽ സഭയിൽ വിശ്വാസികളെ തട്ടുതട്ടുകളായി വിഭാഗിച്ചു. പെർഗ്ഗമൊസ് കാലയളവിൽ ആരാധനരീതികൾക്കു പല പുതിയമാറ്റങ്ങൾക്കും ആരംഭം കുറിച്ചു. പെരുനാളുകൾ, ഉത്സവങ്ങൾ എന്നിവ ആചരിക്കുവാൻ തുടങ്ങി. പല വിധമായ ജാതീയആചാരങ്ങളും, ചട്ടങ്ങളും സഭയിൽ പ്രവേശിച്ചു. അതിലൊന്നാണ് സൂര്യദേവന്റെ ജന്മദിനമായി പുറജാതികൾ കൊണ്ടാടിയ ഡിസംബർ 25, യേശുക്രിസ്തുവിന്റെ ജന്മദിനമായി പ്രഖ്യാ പിച്ചു കൊണ്ടാടിയത്. കോൺസ്റ്റന്റയിൻ ചക്രവർത്തിക്കു ദർശനരൂപേണ ലഭിച്ച കുരിശിനാൽ യുദ്ധവി ജയം ലഭിച്ചതോടെ കുരിശിനു ഏറെ പ്രാധാന്യം ലഭിച്ചു. കുരിശു സഭയുടെ ഔദ്യോഗികചിഹ്നവും ആരാധനവിഷയവുമായിത്തീർന്നു. കൂടാതെ പട്ടക്കാർ അയ്മേനികൾ എന്നിങ്ങനെ സഭാജനങ്ങളിൽ വേർതിരിവുണ്ടായി. സഭയിലെ ഇടയന്മാരെ പാത്രിയാർക്കീസെന്ന സ്ഥാനമാനങ്ങൾ നല്കി ആദരിച്ചു യർത്തി. ക്രിസ്തുമതം രാജമതമെന്ന പേരിൽ പള്ളികൾക്കും പട്ടക്കാർക്കും അനേക ആനുകൂല്യങ്ങളും സ്വത്തുക്കളും ചക്രവർത്തി അനുവദിച്ചുകൊടുത്തു. പട്ടുകുപ്പായങ്ങളും, പഴയനിയമകാലത്തിലെ പുരോ ഹിതവേഷങ്ങളും പട്ടക്കാരും, ബിഷപ്പുമാരും, പാത്രിയാർക്കീസുമാരും ഉപയോഗിച്ചു തുടങ്ങി. ചുരുക്ക ത്തിൽ സഭ ലോകത്തോടും ഭരണാധികാരികളോടും കൂറും വിധേയത്വവും പുലർത്തി കൈകോർത്തു പ്രവർത്തിച്ചതിനാൽ ക്രിസ്തുമാർഗ്ഗം കേവലം ഒരു മതമായിത്തീരുകയും, ആത്മീകമൂല്യങ്ങൾ നഷ്ട പ്പെട്ടു സാത്താന്റെ കരങ്ങളിലേക്കമരുവാൻ ഇടയായിത്തീരുകയും ചെയ്തു.

ഏ.ഡി.300 മുതൽ പെർഗ്ഗമൊസ് സഭാകാലയളവുൾപ്പെടെ സഭയിലേക്കു പ്രവേശിച്ച ദുരാചാര ങ്ങളും, ദുരുപദേശങ്ങളും —

1. മരിച്ചവരോടുള്ള പ്രാർത്ഥന (ഏ.ഡി.300).
2. ക്രൂശിനു ദിവ്യത്വം കല്പിച്ചു വണങ്ങുന്നത് (ഏ.ഡി.300).
3. മരിച്ചവരെയും ദൂതന്മാരെയും ആരാധിക്കുന്നത് (ഏ.ഡി.375).
4. കർത്തൃമേശയിലുപയോഗിക്കുന്ന അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരവും രക്തവുമായി മാറുന്നുവെന്ന ഉപദേശം (ഏ.ഡി.394).
5. ക്രിസ്തുവിന്റെ മാതാവായ മറിയത്തെ ആരാധിക്കുന്നത് (ഏ.ഡി.431).
6. പുരോഹിതന്മാർക്കും, മേൽപട്ടക്കാർക്കും വിവിധവേഷങ്ങൾ (ഏ.ഡി.500).
7. മരിക്കുവാൻ പോകുന്നവർക്കുള്ള അന്ത്യകൂദാശ (ഏ.ഡി.526).
8. മരിച്ചവർക്കു ശുദ്ധീകരണസ്ഥലമുണ്ടെന്ന പഠിപ്പിക്കൽ (ഏ.ഡി.593).
9. ലത്തീൻ ഭാഷയിലുള്ള ആരാധനയും കുർബാനകളും നടപ്പിലാക്കൽ (ഏ.ഡി.600).
10. മറിയത്തോടുള്ള പ്രാർത്ഥന (ഏ.ഡി.600).

**പെർഗ്ഗമൊസ് എന്ന പേരിന്റെ അർത്ഥം —**

പെർഗ്ഗമൊസ് എന്നതിനു പരിണീത അഥവാ വിവാഹം ചെയ്യപ്പെട്ട, വിവാഹിത എന്നർത്ഥം. സഭയും രാഷ്ട്രവും തമ്മിൽ അന്യോന്യസ്നേഹബന്ധത്തിലായതിനെ പ്രകടമാക്കുന്നു. അതായത് മണവാളനായ ക്രിസ്തുവുമായി വിവാഹം നിശ്ചയിക്കപ്പെട്ട പ്രതിശ്രുതമണവാട്ടിയായ സഭ (2.കൊരി.11:2) നിശ്ചിതദിവസത്തിനു മുമ്പു ഈ ലോകത്തിലെ പ്രഭുവുമായി വിവാഹബന്ധത്തിലേർപ്പെട്ട അവസ്ഥയെ കുറിക്കുന്നു. രാജകീയ സംരക്ഷണവും, പരിപാലനവും, അംഗീകാരവും ലഭിച്ച പെർഗ്ഗമൊസ്സഭ മണവാളനായ ക്രിസ്തുവിനു പകരം ഭരണാധികാരിയായ രാജാവിനെ മണവാളനും സംരക്ഷകനുമായി തിരഞ്ഞെടുത്തു. പെർഗ്ഗമൊസ് സഭയെ സൈ്വരിണിയായ സഭ (വ്യഭിചാരിണിയായ സഭ) എന്നും അശുദ്ധ സഭ (Unholy Church) എന്നും വിളിക്കപ്പെടുന്നു. ലോകപ്രഭുവുമായുള്ള അവിഹിതബന്ധത്തെ ഇല്ലാതാക്കുവാൻ "മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ" (വെളി.2:12) എന്നു കർത്താവു തന്റെ വ്യക്തിത്വത്തെ വിശദീകരിച്ചു അവർക്കു ദൂതു നൽകുന്നതു സന്ദർഭത്തോടു യോജിക്കുന്നു.

സ്വർഗ്ഗരാജ്യത്തിന്റെ ഉപമകൾ (മത്താ.13)എന്ന നിലയിൽ കർത്താവു പറഞ്ഞ ഉപമകൾ വെളിപ്പാടു പുസ്തകത്തിലെ സഭകളോടും യോജിക്കുന്നതാണ്. മത്തായി.13-ലെ മൂന്നാമത്തെ ഉപമയായ കടുകുമണിയുടെ ഉപമ (മത്താ.13:31,32/മർക്കൊ.4:30-34/ലൂക്കൊ.13:18,19) വെളിപ്പാടിലെ ഏഴുസഭകളിൽ മൂന്നാമത്തെ സഭയായ പെർഗ്ഗമൊസ് സഭയോടു സാമ്യമുണ്ട്. കടുകു ആകൃതിയിൽ ഉരുണ്ടതും, ചെറുതും അതേസമയം ഏറെ പ്രധാന്യമില്ലാത്തതുമാണ്. കടുകു സാധാരണയായി ഒരു വൃക്ഷമായി വളരാറില്ല. എന്നാൽ പടർന്നു പന്തലിച്ചു വളരുന്നതിനാൽ പറവകൾക്കു ഇതിന്റെ ശിഖരങ്ങളിൽ ഇരിക്കുവാനും സാധിക്കുന്നു. കർത്താവു കടുകുമണിയുടെ ഉപമ വിശദീകരിച്ചിട്ടില്ലാത്തതിനാൽ ഇതോടു ചേർന്നു പറഞ്ഞ മറ്റു ഉപമകളിൽ നിന്നും, മറ്റു തിരുവചനഭാഗങ്ങളിൽ നിന്നും ഇതിന്റെ പൊരുൾ മനസ്സിലാക്കേണ്ടതാണ്. ദാനിയേൽ.4:11, യെഹെസ്കേൽ.17:23 എന്നീ ഭാഗങ്ങളിൽ നിന്നു വൃക്ഷം (tree) എന്നത് ലോകഅധികാരത്തെ (world power)കുറിക്കുന്നു. പറവ (birds) എന്നത് ദുഷ്ടൻ അഥവാ സാത്താനെ പ്രതിനിധീകരിക്കുന്നതായി വിതയുടെ ഉപമയിൽ (മത്താ.13:4,19) നിന്നു മനസ്സിലാക്കാം. ചെടിയായി സാധാരണ കാണപ്പെടുന്ന സസ്യമായ കടുകു ഇവിടെ പടർന്നു പന്തലിച്ച വൃക്ഷമായി വളർന്നത് ഇതിന്റെ അസ്വാഭാവിക വളർച്ചയെ പ്രകടമാക്കുന്നു. റോമൻ ഭരണാധികാരിയായ കുസ്തന്തീനോസ് അഥവാ കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതിനെ തുടർന്നു ക്രിസ്തുമതത്തിനു രാജകീയ സംരക്ഷണവും, പരിപാലനവും ലഭിച്ചു. രക്ഷിക്കപ്പെടാത്തവർ അഥവാ സാത്താന്റെ പക്ഷക്കാരായ പറവകൾ സഭയിൽ പ്രവേശിക്കപ്പെട്ടു. കടുകു സസ്യമായി വളരുന്നതിനു പകരം വൻവൃക്ഷമായി വളർന്നു പന്തലിച്ചതു പോലെ ലോകത്തിന്റെ ശക്തി ലഭിച്ച സഭ അസ്വാഭാവികമായി വളരുകയും ആകാശത്തിലെ പറവകൾ അഥവാ ദുഷ്ടന്മാരും, ദുരുപദേശക്കാരും, സാത്താന്യശക്തികളും ശിഖരങ്ങളിൽ സുഖമായി വസിക്കുവാനും തുടങ്ങി. ബിലെയാമിന്റെയും, നിക്കൊലാവ്യരുടെയും ഉപദേശങ്ങൾ മുറുകെപ്പിടിക്കുന്ന പറവകൾ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ജാതീയ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് ലോകവുമായി ചങ്ങാത്തം കൂടിയ സഭകൾ കടുകുവൃക്ഷത്തെപ്പോലെ വളരുകയും അവയുടെ ശിഖരങ്ങളിൽ പറവകൾക്കു അഭയം നൽകുകയും ചെയ്യുന്നു.

**പെർഗ്ഗമൊസ് സഭാകാലഘട്ടം —**

AD-312 മുതൽ 616 വരെയുള്ള കാലങ്ങൾ പെർഗ്ഗമൊസ്സഭാകാലഘട്ടമായി പൊതുവേ കരുതപ്പെടുന്നു.

**വെളി.2:12 — പെർഗ്ഗമൊസിലെ സഭയുടെ ദൂതന്നു എഴുതുക: മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിച്ചെയ്യുന്നതു:** ഏഴുസഭകൾക്കുള്ള ദൂതുകളിൽ മൂന്നാമത്തേത് പെർഗ്ഗമൊസ് സഭക്കുള്ള ദൂതനുള്ളതാണ്. "മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിച്ചെയ്യുന്നതു" എന്നാണ് പെർഗ്ഗമൊസ് സഭക്കു തന്നെ വെളിപ്പെടുത്തുന്നത്. "*അവന്റെ വായിൽനിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു*" (വെളി.1:16) എന്നാണ് മഹത്വധാരിയായ ക്രിസ്തുവനെ ദർശിച്ച യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽ വിശദീകരിച്ചത്. ഇതിനു പുറമേ വെളി.19:15,21 എന്നീ വാക്യങ്ങളിലും ക്രിസ്തുവിന്റെ വായിൽ നിന്നു പുറപ്പെടുന്ന വാളിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. വായിൽ നിന്നു പുറപ്പെടുന്ന വാൾ എന്നത് ക്രിസ്തുവിന്റെ ശബ്ദത്തിന്റെ ആജ്ഞയുടെയും അധികാരത്തിന്റെയും അടയാളമായിരിക്കുന്നു. റോമൻ ഗവർണ്ണർമാരെ വാളിന്റെ അധികാരമുള്ളവരെന്നും ഇല്ലാത്തവരെന്നും രണ്ടായി വിഭജിച്ചിരുന്നു. വാളിന്റെ അധികാരമുള്ളവനു തന്റെ ആജ്ഞപ്രകാരം ഒരുവനെ തൽക്ഷണം കൊല്ലുവാൻ അധികാരമുണ്ടായിരുന്നു. എന്നാൽ ഈ അധികാരം കേവലം ഭൗമികം മാത്രമാണന്നു പെർഗ്ഗമൊസ് വിശ്വാസികൾ മനസ്സിലാക്കിയിട്ട് ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തുവിൽ അവർ ശരണപ്പെടണം. മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അവരെ പീഡിപ്പിക്കുന്നവരെയും, ദൈവത്തിനെതിരായി പ്രവർത്തിക്കുന്നവരെയും, ദുരുപദേശം പരത്തുന്നവരെയും ഉന്മൂലനാശം വരുത്തുമ്പോൾ ദൈവ

മക്കളെ സംബന്ധിച്ചു അവന്റെ വായിൽനിന്നു പുറപ്പെടുന്ന മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ അവരെ നേർവഴിക്കു നടത്തുവാനും, ആശ്വാസത്തിനും കാരണമായിത്തീരും.

**വെളി.2:13 —"നീ എവിടെ പാർക്കുന്നു എന്നും അതു സാത്താന്റെ സിംഹാസനം ഉള്ളേടം എന്നും ഞാൻ അറിയുന്നു; നീ എന്റെ നാമം മുറുകെ പിടിച്ചിരിക്കുന്നു; നിങ്ങളുടെ ഇടയിൽ, സാത്താൻ പാർക്കുന്നേടത്തു തന്നേ, എന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസിനെ കൊന്ന കാലത്തു പോലും നീ എങ്കലുള്ള വിശ്വാസം നിഷേധിച്ചിട്ടില്ല."**

ഓരോ സഭകൾക്കുമുള്ള ദൂതുകളിൽ തന്റെ വ്യക്തിപ്രഭാവത്തെ വെളിപ്പെടുത്തിയശേഷം അവരെക്കുറിച്ചുള്ള തന്റെ അറിവും വിശദീകരിച്ചിട്ടുണ്ട്. പെർഗ്ഗമൊസ് സഭയെ നിരീക്ഷണം ചെയ്ത സഭാകാന്തനായ ക്രിസ്തുവിന്റെ സാക്ഷ്യം ഈ വാക്യത്തിൽ കാണുന്നു. (1) അവരുടെ സാഹചര്യം — നീ എവിടെ പാർക്കുന്നു എന്നും അതു സാത്താന്റെ സിംഹാസനം ഉള്ളേടം എന്നും ഞാൻ അറിയുന്നു (2) അവരുടെ അവസ്ഥ — നീ എന്റെ നാമം മുറുകെ പിടിച്ചിരിക്കുന്നു (3) അവരുടെ വിശ്വാസം — നിങ്ങളുടെ ഇടയിൽ, സാത്താൻ പാർക്കുന്നേടത്തു തന്നേ, എന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസിനെ കൊന്ന കാലത്തു പോലും നീ എങ്കലുള്ള വിശ്വാസം നിഷേധിച്ചിട്ടില്ല.

**(1) അവരുടെ സാഹചര്യം —** *"നീ എവിടെ പാർക്കുന്നു എന്നും അതു സാത്താന്റെ സിംഹാസനം ഉള്ളേടം എന്നും ഞാൻ അറിയുന്നു"* — സാത്താന്റെ ആസ്ഥാനം അഥവാ വാസസ്ഥലം ബാബിലോണായിരുന്നുവെന്നു തിരുവചനത്തിൽ കാണാം (ഉല്പ.11:1-9/ദാനീ.5). എന്നാൽ അവൻ തന്റെ വാസസ്ഥലം താൽക്കാലികമായിട്ടെങ്കിലും പെർഗ്ഗമൊസിലേക്കു മാറ്റിയെന്നു കരുതാം. ഇനി സാത്താൻ തന്റെ പാർപ്പിടവും ഭരണസിരാകേന്ദ്രവും ബാബിലോണിൽ തന്നെ പുനഃസ്ഥാപിക്കും (വെളി.17,18). പെർഗ്ഗമൊസ് സഭ ആയിരിക്കുന്ന സാഹചര്യവും, അവർ പാർക്കുന്ന സ്ഥലവും കർത്താവു നന്നായി അറിയുന്നു. അതു സാത്താന്റെ സിഹാസനം ഉള്ളേടം എന്നും കർത്താവു മനസ്സിലാക്കി അവരെ അറിയിച്ചു. സാത്താന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന പെർഗ്ഗമൊസ്, വിശ്വാസികളെ സംബന്ധിച്ചു എപ്പോഴും പ്രശ്നങ്ങൾ നിറഞ്ഞതായിരുന്നു. സാത്താന്റെ സിംഹാസനമുള്ള പട്ടണം, സാത്താൻ പാർക്കുന്നിടം, സർപ്പങ്ങളുടെ പട്ടണം എന്നൊക്കെ അറിയപ്പെട്ട പെർഗ്ഗമൊസ് യഥാർത്ഥത്തിൽ സാത്താന്റെയും കൂട്ടരുടെയും പ്രവർത്തനകേന്ദ്രമായിരുന്നു. സിംഹാസനം എന്ന പ്രയോഗം പൊതുവേ ഭരണത്തെക്കുറിക്കുന്നു. സാത്താന്റെ സിംഹാസനം ഉള്ളേടം എന്നു പെർഗ്ഗമൊസിനെ കർത്താവു വിശേഷിപ്പിച്ചിരിക്കുന്നതിൽ നിന്നും വ്യക്തമാകുന്നത് സകലവിധമായ സാത്താന്യശക്തികളുടെയും ഭൂമിയിലെ ആസ്ഥാനമായിരിക്കുന്നു പെർഗ്ഗമൊസ് എന്നതാണ്. പെർഗ്ഗമൊസ് വിഗ്രഹാരാധനയിൽ മുന്നിട്ടു നിന്നിരുന്നു. സീയൂസ്, അസ്കെലിപിയോസ്, ഡയോനിസോസ്, അഥേനാ (Zeus, Asklepios, Dionysos, Athena) എന്നിവർക്കുള്ള ക്ഷേത്രങ്ങൾ പെർഗ്ഗമൊസിൽ ഉണ്ടായിരുന്നു. ഇതു കൂടാതെ ഭരണാധികാരികളെ ദൈവമായി ആരാധിക്കുകയും, വണങ്ങുകയും (Emperor Worship) ചെയ്തിരുന്നു. ഏഷ്യയിൽ ആദ്യമായി കൈസർക്കു ഒരു ക്ഷേത്രം പണികഴിപ്പിച്ചു (BC-29), കൈസർ ആരാധനയുടെ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചത് പെർഗ്ഗമൊസിലായിരുന്നു. സീസറെ വണങ്ങുന്ന സമ്പ്രദായം മറ്റുള്ള റോമൻ പ്രവിശ്യകളിൽ വർഷത്തിൽ ഒരിക്കൽ മാത്രം എന്ന നിയമമുള്ളപ്പോൾ പെർഗ്ഗമൊസിൽ നിത്യേന നടത്തി വന്നിരുന്നു. സാത്താന്റെ സിംഹാസനം, സാത്താൻ പാർക്കുന്നിടം, സാത്താന്റെ (സർപ്പങ്ങളുടെ)പട്ടണം എന്നൊക്കെ പെർഗ്ഗമൊസിനെ ആലങ്കാരികഭാഷയിൽ ഉപമിച്ചിരിക്കുന്നുവെങ്കിൽ കൂടി അവിടെയുള്ള പ്രവർത്തനങ്ങളും, സാഹചര്യങ്ങളും, വിശേഷതകളും ഇതിനോടു ഏറ്റവും യോജിക്കുന്നവയാണ്.

**> സാത്താന്റെ സിംഹാസനം —** പെർഗ്ഗമൊസിൽ കുന്നിൻ മുകളിൽ ഉയരത്തിൽ സ്ഥിതിചെയ്തിരുന്ന സീയൂസ് ദേവന്റെ ക്ഷേത്രം ഒരു സിംഹാസനം എന്നേ ദൂരക്കാഴ്ചയിൽ തോന്നുകയുള്ളു. ഇതിലെ ബലിപീഠത്തിൽ നിന്നും നിരന്തരമായി ധൂപം വമിച്ചുകൊണ്ടിരുന്നു. സാത്താൻ തന്റെ വാസത്തിനായി ഇതിന്റെ യാഗപീഠം തിരഞ്ഞെടുത്തതിനാൽ സാത്താന്റെ സിഹാസനമായിരുന്നുവെന്നു പൊതുവേ അറിയപ്പെട്ടിരുന്നു.

**> സാത്താൻ പാർക്കുന്നിടം, സർപ്പങ്ങളുടെ (സാത്താന്റെ) പട്ടണം —** പെർഗ്ഗമൊസുകാരുടെ മറ്റൊരു ദേവനായ അസ്കെലിപിയോസിന്റെ വിഗ്രഹം ഒരു പാമ്പിന്റെ ആകൃതിയിലുള്ളതായിരുന്നു. നീളമുള്ള വടിയിൽ ചുറ്റപ്പെട്ട സർപ്പമായിരുന്നു അസ്കെലിപിയോസ് ദേവന്റെ പദവിമുദ്ര. അസ്കെലിപിയോസ് രോഗസൗഖ്യത്തിന്റെ ദൈവമായിരുന്നു (God of Healing). പെർഗ്ഗമൊസ് ദൈവം എന്നറിയപ്പെട്ട അസ്കെലിപിയോസ് (Asklepios) ദേവന്റെ ക്ഷേത്രം രോഗികൾക്കുള്ള ആതുരാലയമായി കരുതപ്പെട്ടു. വളരെ ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നു പോലും നാനാവിധ രോഗികളെ ഇവിടെ കൊണ്ടു വന്നിരുന്നു. വിഷപ്പല്ലു പറിക്കപ്പെട്ടതും, ഇണങ്ങിയതുമായ സർപ്പങ്ങൾ ക്ഷേത്രപരിസരത്തു വളർത്തപ്പെട്ടിരുന്നു. രോഗികൾ ക്ഷേത്രപരിസരത്തു കിടന്നുറങ്ങുമ്പോൾ ഈ സർപ്പങ്ങൾ ശരീരത്തിലൂടെ ഇഴഞ്ഞുകയറുന്നത് അസ്കെലിപിയോസ് ദേവന്റെ സ്പർശനത്തിനു തുല്യമായി കരുതി രോഗവിമുക്തിയുണ്ടാകുമെന്നു അവർ ധരിച്ചിരുന്നു. തിരുവചനത്തിൽ സാത്താനെ സർപ്പത്തോടു ഉപമിച്ചിട്ടുണ്ട് (ഉല്പ.3:1-5/2.

കൊരി.11:3/ വെളി.12:9/വെളി.20:2). ആകയാൽ അസ്കെലിപിയോസ് (Asklepios) ദേവന്റെ ക്ഷേത്രമുൾപ്പെട്ട പെർഗ്ഗമൊസ് സാത്താൻ പാർക്കുന്നയിടമെന്നും, സാത്താന്റെ (സർപ്പങ്ങളുടെ) നഗരം എന്നും പറയപ്പെടുന്നു.

**> സാത്താന്റെ ഭരണം —** ജാതീയദേവന്മാരെ ആരാധിക്കുന്നതിനു പുറമേ ഭരണാധികാരികളെയും ആരാധിക്കുന്ന രീതി (Emperor Worship) പെർഗ്ഗമൊസിൽ പ്രാബല്യത്തിലുണ്ടായിരുന്നു. കൈസർ ആരാധന നിർബന്ധനിയമമാക്കുകയും, നിയമം അനുസരിക്കാത്തവരെ പീഡിപ്പിക്കുകയും വാളിനിരയാക്കുന്നതുൾപ്പെടെ വിവിധ രീതികളിൽ കൊല്ലുകയും ചെയ്തിരുന്നു. ചുരുക്കത്തിൽ ക്രിസ്തു സിംഹാസനത്തിൽ ഇരുന്നു ഭരിക്കുന്നതു പോലെ സാത്താൻ തന്റെ സിംഹാസനമായി പെർഗ്ഗമൊസ് തിരഞ്ഞെടുത്തിരുന്നു.

ഈ ലോകത്തിന്റെ അധികാരത്തെയും അന്ധകാരശക്തികളുടെ ഭരണത്തെയും, ഇരിപ്പിടത്തെയും സാത്താന്റെ സിംഹാസനം എന്നു ഇക്കാലത്തു നമുക്കു വിശേഷിപ്പിക്കാം. ഈ ലോകത്തിന്റെ ദൈവം എന്നാണ് തിരുവചനത്തിൽ സാത്താനെ വിശേഷിപ്പിച്ചിരിക്കുന്നത് (മത്താ.4:8,9/2.കൊരി.4:4). സ്മുർന്ന വിശ്വാസികളെ വിവിധ പീഡനമാർഗ്ഗങ്ങളിലൂടെ ക്ളേശിപ്പിച്ചപ്പോൾ, പെർഗ്ഗമൊസിൽ സഭയിലേക്കു ദുരുപദേശങ്ങൾ കടത്തിവിട്ടു സാത്താൻ ഭരണം നടത്തുകയായിരുന്നു.

**(2) അവരുടെ അവസ്ഥ —** *"നീ എന്റെ നാമം മുറുകെ പിടിച്ചിരിക്കുന്നു "* — അവർ എവിടെ പാർക്കുന്നു എന്നും അതു സാത്താന്റെ സിംഹാസനം ഉള്ളേടം എന്നും കർത്താവു അവരെ അറിയിച്ച ശേഷം അവരെ അഭിനന്ദിക്കുന്നു. അവർ കർത്താവിന്റെ നാമം മുറുകെ പിടിച്ചിരിക്കുന്നു എന്നാണ് പെർഗ്ഗമൊസിലെ ദൂതനെ അഭിനന്ദിക്കുന്നത്. നിരന്തരപോരാട്ടം സഹിച്ചുകൊണ്ടു പ്രതികൂലാവസ്ഥയിൽ അവർ ജീവിച്ചപ്പോഴും അവർ കർത്താവിന്റെ നാമം മുറുകെ പിടിച്ചിരുന്നു. യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞു, ചക്രവർത്തിയെ ദൈവമായി അംഗീകരിച്ചു വീണു വന്ദിക്കുവാൻ നിയമം അനുശാസിക്കുന്ന വേളയിലും  അവർ കർത്താവിന്റെ നാമം മുറുകെ പിടിച്ചു കൊണ്ടു ജീവിച്ചു. ഇതിനായി അനേകർ രക്തസാക്ഷി മരണം അനുഭവിക്കേണ്ടിയും വന്നു. സാത്താന്റെ കേന്ദ്രത്തിൽ താമസിച്ച അവർ അതിഭയങ്കരമായ പീഡകളിലും ക്രിസ്തുവിന്റെ നാമം മുറുകെ പിടിച്ചു കൊണ്ടു നിന്നു എന്നുള്ളത് പ്രശംസനീയമായതാണ്.

**(3) അവരുടെ വിശ്വാസം  —** *"നിങ്ങളുടെ ഇടയിൽ, സാത്താൻ പാർക്കുന്നേടത്തു തന്നേ, എന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസിനെ കൊന്ന കാലത്തു പോലും നീ എങ്കലുള്ള വിശ്വാസം നിഷേധിച്ചിട്ടില്ല "*— കർത്താവിന്റെ നാമം മുറുകെ പിടിച്ചവർ എന്നതിനു പുറമേ, അവർ വിശ്വാസം നിഷേധിക്കാത്തവർ എന്നാണ് പെർഗ്ഗമൊസ് സഭാവിശ്വാസികളെക്കുറിച്ചു കർത്താവു തുടർന്നു സാക്ഷ്യം നൽകുന്നത്. വിശ്വാസം നിഷേധിച്ചില്ലെന്നതിനു തെളിവായി അന്തിപ്പാസിന്റെ രക്തസാക്ഷി മരണത്തെപ്പറ്റിയും പ്രസ്താവിച്ചിരിക്കുന്നു. അന്തിപ്പാസ് പെർഗ്ഗമൊസ് സഭയിലെ അദ്ധ്യക്ഷനായിരിക്കാമെന്നാണ് പൊതുവേ പറയപ്പെടുന്നത്. അന്തിപ്പാസിനെ കുറിച്ചു തിരുവചനത്തിൽ ഈ വാക്യത്തിൽ ഒഴിച്ചു കൂടുതൽ വിശദീകരണം ലഭിക്കുന്നില്ല. പെർഗ്ഗമൊസ് സഭക്കു ദൂതു ലഭിക്കുന്നതിനു അനേക വർഷങ്ങൾക്കു മുമ്പു ഡൊമീഷ്യൻ ചക്രവർത്തിയുടെ ഭരണകാലത്തു (AD. 81-96) നടന്ന രക്തസാക്ഷി മരണമാണിത്.  യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞ ശേഷം, കൈസർ ദൈവമെന്നു ഏറ്റു പറഞ്ഞു ആരാധിക്കുവാനുള്ള ആജ്ഞ ന്യായാധിപനിൽ നിന്നു ലഭിച്ച വേളയിൽ അനുസരിക്കാത്ത കുറ്റത്തിനു അന്തിപ്പാസിനെ താമ്രം കൊണ്ടുണ്ടാക്കിയ ലോഹക്കൂട്ടിലിട്ടു ജീവനോടെ തീയിലിട്ടു വറുത്തു കൊന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അന്തിപ്പാസ് ക്രിസ്തുവിശ്വാസത്തിനു വേണ്ടി തന്റെ ജീവൻ കൊടുക്കേണ്ടി വന്നു.  കർത്താവു അന്തിപ്പാസിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് എന്റെ സാക്ഷിയും വിശ്വസ്തനുമായവൻ എന്നാണ്. വിശ്വസ്തസാക്ഷി (വെളി.1:5/3:14) എന്നു കർത്താവു തന്നെക്കുറിച്ചു തന്നെ നൽകിയിരിക്കുന്ന വിശേഷണം അന്തിപ്പാസിനു നൽകിയിരിക്കുന്നതും ശ്രദ്ധേയമാണ്. കർത്താവു തനിക്കുള്ളവരെ അറിയുന്നു, അംഗീകരിക്കുന്നു എന്നത് ഈ സാക്ഷ്യത്തിലൂടെ മനസ്സിലാക്കാം (യോഹ.10:3/ 2.തിമൊ.2:19).

അന്തിപ്പാസ് എന്ന പേരിനും ഒരു സവിശേഷത രേഖപ്പെടുത്തിക്കാണുന്നു.  അന്തിപ്പാസ് എന്ന പേര് ആന്റി  (anti = against---> എതിര്), പാസ് (pas = all ---> എല്ലാം  > against all < ) എന്നീ രണ്ടു പദങ്ങൾ ചേർന്നുള്ളതാണ്. രണ്ടു പദങ്ങളും കൂടിച്ചേരുമ്പോൾ എല്ലാറ്റിനോടും എതിര് (against all)എന്നർത്ഥം. അതായത് ക്രിസ്തുവില്ലാത്ത എല്ലാറ്റിനോടും എതിരുള്ളവനായിരുന്നു അന്തിപ്പാസ്. കർത്താവിന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസ് കൊല്ലപ്പെട്ട സമയത്തും ക്രിസ്തുവിലുള്ള വിശ്വാസം ത്യജിച്ചുകളയാതെ ധൈര്യത്തോടെ നിന്നത് പെർഗ്ഗമൊസ് സഭക്ക് കർത്താവിൽ നിന്നു അഭിനന്ദനം ലഭിപ്പാൻ കാരണമായി.

**വെളി.2:14 — "എങ്കിലും നിന്നെക്കുറിച്ചു കുറഞ്ഞോരു കുറ്റം പറവാൻ ഉണ്ടു; യിസ്രായേൽമക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിന്നും ദുർന്നടപ്പു ആചരിക്കേണ്ടതിന്നും അവരുടെ മുമ്പിൽ ഇടർച്ചവെപ്പാൻ ബാലാക്കിന്നു ഉപദേശിച്ചുകൊടുത്ത ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ അവിടെ നിനക്കുണ്ടു."**

**"എങ്കിലും നിന്നെക്കുറിച്ചു കുറഞ്ഞോരു കുറ്റം പറവാൻ ഉണ്ടു" —** (But I have a few things against thee) —

വായിൽ മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവനായ കർത്താവു പെർഗ്ഗമൊസ് സഭയുടെ സാഹചര്യവും, അവസ്ഥയും ശോധന ചെയ്തിട്ട് അവരുടെ സൽഗുണങ്ങളെ അഭിനന്ദിച്ചു. തുടർന്നു അവരിൽ കണ്ട കുറ്റങ്ങൾ അവരെ അറിയിക്കുന്നു. **"എങ്കിലും"** എന്ന പദപ്രയോഗം മുമ്പേ പ്രസ്താവിച്ച കാര്യവുമായി ബന്ധിപ്പിക്കുന്നു. അതായത് പ്രതികൂലസാഹചര്യങ്ങളിലും അവരിൽ സൽഗുണങ്ങൾ കാണുന്നു എങ്കിലും അവർക്കെതിരായുള്ള ചില കുറ്റങ്ങളും അവരെ അറിയിക്കുവാനുണ്ട്. **"കുറഞ്ഞോരു കുറ്റം"** എന്നത് അവരിൽ കണ്ട കുറ്റത്തിന്റെ അപ്രധാന്യതയെയല്ല കുറിക്കുന്നത്. മറിച്ച് അനേക കുറ്റങ്ങൾ അവരിൽ കാണുന്നില്ല എന്നു വ്യക്തമാക്കുന്നതാണ്. യഥാർത്ഥത്തിൽ അവരിൽ രണ്ടു ഗൗരവമേറിയ കുറ്റങ്ങളാണു കർത്താവു കണ്ടത്-- ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവരും (14), നിക്കൊലാവ്യരുടെ ഉപദേശം കൈക്കൊള്ളുന്നവരും (15) സഭയിലുണ്ട്. ബിലെയാമിന്റെ ഉപദേശമെന്നത് വിശ്വാസികളിൽ ലോകസ്നേഹം നുഴഞ്ഞുകയറുന്നതായിരിക്കുമ്പോൾ നിക്കൊലാവ്യരുടെ ഉപദേശമെന്നത് വിശ്വാസികളുടെയിടയിൽ ഉച്ചനീചത്വങ്ങളുടെ കടന്നുകയറ്റമായിരിക്കുന്നു.

**"യിസ്രായേൽമക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിന്നും ദുർന്നടപ്പു ആചരിക്കേണ്ടതിന്നും അവരുടെ മുമ്പിൽ ഇടർച്ചവെപ്പാൻ ബാലാക്കിന്നു ഉപദേശിച്ചുകൊടുത്ത ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ അവിടെ നിനക്കുണ്ടു."**

പെർഗ്ഗമൊസ് സഭയിൽ കർത്താവു ദർശിച്ച ഒന്നാമത്തെ കുറ്റമാണിത്. ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ സഭയിലുണ്ട് എന്നുള്ളത്. അതികഠിനമായപീഡനങ്ങളിലൂടെ കടന്നുപോയ പെർഗ്ഗമൊസ് സഭ കർത്താവിന്റെ ഭാഗത്തു ഉറച്ചുനിന്നു ശക്തിപ്രാപിക്കുന്നതു മനസ്സിലാക്കിയ സാത്താൻ അവന്റെ നയം മാറ്റി. എതിർത്തു തോൽപ്പിക്കുന്നതിനു പകരം സ്നേഹമഭിനയിച്ചു സഖിത്വം പ്രഖ്യാപിച്ചു നശിപ്പിക്കുവാൻ തീരുമാനിച്ചു. അലറുന്ന സിംഹം (1.പത്രൊ.5:8) എന്നതിനു പകരം ചതിക്കുന്ന സർപ്പത്തിന്റെ (ഉല്പ.3:1-13) കൗശലപ്രവൃത്തികളിലേർപ്പെട്ടു. അതിനുള്ള സാഹചര്യങ്ങൾ സാത്താൻ തന്നെ തയ്യാറാക്കി. ക്രൂശിന്റെ അടയാളം ദർശനരൂപേണ ലഭിക്കുകയും, അതിൻപ്രകാരം യുദ്ധത്തിൽ വിജയിക്കുകയും ചെയ്ത റോമൻ ഭരണാധികാരിയായ കുസ്തന്തീനോസ് അഥവാ കോൺസ്റ്റന്റയിൻ ചക്രവർത്തി (Emperor Constantine) ക്രിസ്തുമതം സ്വീകരിച്ചതിനെ തുടർന്നു ക്രിസ്തുമതം രാജമതമായി ഉയർത്തപ്പെട്ടു (എ.ഡി.316). രാജ്യത്തിന്റെ അംഗീകാരവും, മതപരിവർത്തനത്താൽ ലഭിച്ചേക്കാവുന്ന സമ്മാനങ്ങളും,ആനുകൂല്യങ്ങളും ലക്ഷ്യമാക്കി പടയാളികളും ജനങ്ങളും ഉൾപ്പെടെ അനേകർ കൂട്ടമായി ക്രിസ്തുമതം സ്വീകരിച്ചു. ഇങ്ങനെ രക്ഷിക്കപ്പെടാത്ത അനേകർ സഭയിൽ പ്രവേശിക്കുവാനിടയായി. രാജ്യത്തെയും സഭയെയും ഒന്നിച്ചുകൊണ്ടു പോകണമെന്നല്ലാതെ ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു ചക്രവർത്തി പ്രാധാന്യം കൊടുത്തിരുന്നില്ല. ഈ സമയത്താണ് ദുരുപദേശങ്ങൾ സഭയിലേക്കു നുഴഞ്ഞുകയറുവാനിടയായത്. യഥാർത്ഥത്തിൽ ഇതു സാത്താന്റെ തന്ത്രമായിരുന്നു.

സഭയിലേക്കു പ്രവേശിപ്പിക്കപ്പെട്ട ദുരുപദേശങ്ങളിലൊന്നായിരുന്നു ബിലെയാമിന്റെ ഉപദേശം. ഇത് പെർഗ്ഗമൊസിനെ സംബന്ധിച്ചു കുറഞ്ഞൊരുകുറ്റം ആയി കർത്താവു പറഞ്ഞിരിക്കുന്നു. യൂഫ്രട്ടീസ് നദീതീരത്തുള്ള പെഥോർ ദേശവാസിയും, ദൈവത്തിന്റെ പ്രവാചകനും എന്നറിയപ്പെട്ടവനുമായ ബിലെയാം ഒരു ദ്രവ്യാഗ്രഹി ആയിരുന്നു. യിസ്രായേലിനെ ശപിക്കുവാൻ കച്ചകെട്ടിയിറങ്ങിയ ബിലെയാമിനെയും, അവന്റെ ഉപദേശത്തെയും, അവന്റെ ദാരുണമായ അന്ത്യത്തെയും കുറിച്ചു സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (സംഖ്യാ.22:1-25:9/31:8/യോശു.13:22). യിസ്രായേൽ ജനത മോവാബ് സമഭൂമിയിൽ ആയിരുന്നപ്പോൾ അവരെ നേരിട്ടുള്ള യുദ്ധത്തിലൂടെ നശിപ്പിക്കുവാൻ കഴികയില്ല എന്നു മനസ്സിലാക്കിയ മോവാബ്യരാജാവായ ബാലാക്ക് അവരെ ശപിച്ചു നശിപ്പിക്കുവാൻ ബിലെയാവിനെ കൂലിക്കു വിളിപ്പിച്ചു. ദ്രവ്യാഗ്രഹത്താൽ ദൈവവഴി മറന്നു സഞ്ചരിച്ച പ്രവാചകനെ നേർവഴിക്കു കൊണ്ടുവരുവാൻ ദൈവം ശ്രമിച്ചുവെങ്കിലും ബിലെയാം അതൊന്നും കൂട്ടാക്കാതെ ദൈവജനത്തിന്റെ ശത്രുവിന്റെ താവളത്തിലെത്തിച്ചേർന്നു. യിസ്രായേലിനെ ശപിക്കുന്നതിൽ നിന്നു ദൈവം അവനെ തടഞ്ഞു. അതു മാത്രമല്ല ശാപങ്ങളെല്ലാം അനുഗ്രഹമാക്കിത്തീർത്തു. തനിക്കു കിട്ടേണ്ട വെള്ളിയും പൊന്നും നഷ്ടമാകുന്നതിനെക്കുറിച്ചോർത്തു "*ദൈവം ശപിക്കാത്തവനെ ഞാൻ എങ്ങനെ ശപിക്കും? യഹോവ പ്രാകാത്തവനെ ഞാൻ എങ്ങനെ പ്രാകും?*" (23:8) എന്നു വിലപിച്ചു കരഞ്ഞു. തുടർന്നു യിസ്രായേലിന്മേൽ ദൈവകോപമുണ്ടാക്കി അവരെ നശിപ്പിക്കുവാൻ തക്ക വിധത്തിലുള്ള ഉപദേശം ബിലെയാം ബാലാക്കിനു ബുദ്ധ്യുപദേശമായി നൽകി. മൊവാബ്യസ്ത്രീകളെ അണിയിച്ചൊരുക്കി യിസ്രായേൽ പാളയങ്ങ

ളിലേക്കു അയച്ചു യിസ്രായേല്യരെ വശീകരിക്കുവാനും, അതിലൂടെ ദൈവം വെറുക്കുന്ന പരസംഗത്തിലേക്കും, വിഗ്രഹാരാധനയിലേക്കും അവരെ കൊണ്ടെത്തിച്ചാൽ അവരുടെ വേർപാടു ജീവിതം നഷ്ടമായി ദൈവം തന്നെ അവരെ നശിപ്പിക്കും എന്നായിരുന്നു ബിലയാമിന്റെ ഉപദേശം. അതുപോലെ തന്നെ തുടർന്നു സംഭവിക്കുവാനിടയായി. യിസ്രായേല്യർ വിഗ്രഹാരധനയിലും, ദുർന്നടപ്പിലും അകപ്പെട്ടു. അനുസരണക്കേടു കാട്ടി ജാതികളുമായി ഇടകലർന്നതിനാൽ അവരുടെ മേൽ ദൈവകോപമുണ്ടായി. ഫലമോ അനുസരണംകെട്ട ഇരുപത്തിനാലായിരം പേർ മരണത്തിനിരയായി(സംഖ്യാ.25:1-9).

പുതിയനിയമത്തിൽ ബിലെയാമിന്റെ വഴിയും, വഞ്ചനയും, ഉപദേശവും വിശദീകരിച്ചിട്ടുണ്ട്.

**(1) ബിലെയാമിന്റെ വഴി — 2.പത്രൊ.2:15 —** *"അവർ നേർവഴി വിട്ടു തെറ്റി ബെയോരിന്റെ മകനായ ബിലെയാമിന്റെ വഴിയിൽ നടന്നു"* **—** ബിലെയാമിന്റെ വഴി നേരായുള്ളതല്ല. ദ്രവ്യാഗ്രഹത്തിന്റെ വഴിയാണ്.

**(2) ബിലെയാമിന്റെ വഞ്ചന — യൂദാ.11 —** *"കൂലി കൊതിച്ചു ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നേ ഏൽപ്പിക്കയും"* — ബിലെയാമിന്റെ പ്രവൃത്തി വഞ്ചന നിറഞ്ഞതാണ്.

**(3) ബിലെയാമിന്റെ ഉപദേശം — വെളി.2:14 —** *"യിസ്രായേൽമക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിന്നും ദുർന്നടപ്പു ആചരിക്കേണ്ടതിന്നും അവരുടെ മുമ്പിൽ ഇടർച്ച വെപ്പാൻ ബാലാക്കിന്നു ഉപദേശിച്ചു കൊടുത്ത ബിലെയാമിന്റെ ഉപദേശം"* — ബിലെയാമിന്റെ ഉപദേശം വിഗ്രഹാരാധനയിലേക്കും, അസന്മാർഗ്ഗികപ്രവർത്തനങ്ങളിലേക്കും നയിക്കുന്നതാണ്.

*"ഇതാ തനിച്ചു പാർക്കുന്നജനം; ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല"* (സംഖ്യാ.23:9) എന്നുള്ള യിസ്രായേലിനെക്കുറിച്ചുള്ള സാക്ഷ്യം ബിലെയാമിന്റെ ഉപദേശത്താൽ നഷ്ടമാക്കി വിഗ്രഹാരാധനയിലേക്കും, വ്യഭിചാരത്തിലേക്കും ആനയിക്കപ്പെട്ടു. പെർഗ്ഗമൊസ് സഭയിലും കർത്താവു കണ്ടതു ഇതു തന്നെയായിരുന്നു. അവർ ചില സൽഗുണങ്ങൾ ഉള്ളവരാണെങ്കിൽ കൂടി *"ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ അവിടെ നിനക്കുണ്ടു"* എന്നുള്ള കർത്താവിന്റെ പ്രസ്താവന ഏറെ ഗൗരവമുള്ളതാകുന്നു. പെർഗ്ഗമൊസിനെക്കുറിച്ചു *"നീ എന്റെ നാമം മുറുകെ പിടിച്ചിരിക്കുന്നു"* (വെളി.2:13)എന്നുള്ള കർത്താവിന്റെ സാക്ഷ്യത്തിൽ, **മുറുകെ പിടിച്ചിരിക്കുന്നു** (hold fast) എന്നുള്ള പദപ്രയോഗം (Gk - krateo) തന്നെയാണ് അവരിൽ കണ്ട കുറ്റത്തോടുള്ള ബന്ധത്തിലും (ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ — മുറുകെ പിടിച്ചിരിക്കുന്നവർ-2:14) കർത്താവു അവരെ അറിയിച്ചത്. യിസ്രായേല്യർ ബിലെയാമിന്റെ ഉപദേശത്താൽ വേർപാടു നഷ്ടപ്പെടുത്തിയതു പോലെ പെർഗ്ഗമൊസിലുള്ള ചിലർ ലോകസ്നേഹം വർദ്ധിച്ച്, ജീവിതം ലോകത്തോടു പറ്റിച്ചേർന്നു ദൈവവുമായി വേർപെട്ടു പോകുവാനിടയായി.

**വെളി.2:15 — "അവ്വണ്ണം നിക്കൊലാവ്യരുടെ ഉപദേശം കൈക്കൊള്ളുന്നവർ നിനക്കും ഉണ്ടു."**

പെർഗ്ഗമൊസിനെക്കുറിച്ചു കുറഞ്ഞോരു കുറ്റം ആയി കർത്താവു ദർശിച്ച രണ്ടാമത്തെ കുറ്റമാണ് നിക്കൊലാവ്യരുടെ ഉപദേശം കൈക്കൊള്ളുന്നവർ നിനക്കും ഉണ്ടു എന്നുള്ളത്. എഫസൊസ് സഭ പകെച്ച നിക്കൊലാവ്യരുടെ നടപ്പിനെ (deeds of Nicolaitanes - വെളി.2:6) പെർഗ്ഗമൊസിലുള്ളവരിൽ ചിലർ ഉപദേശമെന്ന (doctrine of the Nicolaitanes - വെളി.2:15) നിലയിൽ കൈക്കൊണ്ടിരുന്നു. നിക്കൊലാവ്യൻ എന്നതിൽ നികാൻ (nikan) എന്നതിനു സ്വാധീനിക്കുക (persuade) അഥവാ ആക്രമിക്കുക (conquer) എന്നും, ലാവൊസ് (laos) എന്നതിനു സാധാരണയാളുകൾ (ordinary people) എന്നുമാണർത്ഥം. സാധാരണ ജനത്തെ സ്വാധീനിക്കത്തക്ക മതാചാരമായി ചിലർ ഇതിനെ കൈക്കൊണ്ടതിനാൽ ദൈവികപ്രമാണങ്ങളിൽ നിന്നു വ്യതിചലിച്ചു ആചാരങ്ങളും അനുഷ്ഠാനങ്ങളും സഭയിൽ പ്രവേശിക്കുവാനിടയായി. ലോകപ്രമാണങ്ങളും ആചാരങ്ങളും സഭയിലേക്കു കൊണ്ടു വരിക, ജാതീയ ദേവന്മാരുടെ പെരുന്നാളുകളുകളും ഉത്സവങ്ങളും സഭാജനങ്ങൾ കൊണ്ടാടുവാൻ ഉത്സാഹിപ്പിക്കുക, വിശ്വാസികളുടെ ഇടയിൽ ഉച്ചനീചത്വങ്ങൾ വരുത്തി വെയ്ക്കുക, സഭയിലെ ശുശ്രൂഷകർക്കു വിശ്വാസികളിൽ നിന്നു ഉയർന്നസ്ഥാനം നല്കി പ്രത്യേക പദവികൾ നല്കുക, പൗരോഹിത്യ മേധാവിത്വവും ഭരണക്രമങ്ങളും സഭയിൽ സ്ഥാപിക്കുക, പാപത്തോടുള്ള അയഞ്ഞ സമീപനം അഥവാ വേർപായില്ലായ്മ എന്നിവയൊക്കെ നിക്കൊലാവ്യരുടെ ഉപദേശത്തിൽ ഉൾപ്പെടുന്നു. ഇതിനെ നിക്കൊലാവ്യമതം എന്നും പറയപ്പെടുന്നു. സഭെക്കു രാജകീയ സംരക്ഷണവും അംഗീകാരവും ലഭിച്ചപ്പോൾ മണവാളനായ ക്രിസ്തുവിനെ വിട്ടു, രാജാവിനെ മണവാളനായി അഥവാ സംരക്ഷകനായി സ്വീകരിച്ചതിന്റെ അനന്തരഫലമാണ് നിക്കൊലാവ്യരുടെ ഉപദേശത്തിന്റെ നുഴഞ്ഞുകയറ്റം.

ബിലെയാമിന്റെ ഉപദേശത്താൽ വേർപാട് നഷ്ടപ്പെട്ടു നാശത്തിനു വഴി തെളിയിച്ചതു പോലെ നിക്കൊലാവ്യരുടെ ഉപദേശത്താലും സഭ ലോകവുമായി സന്ധിചെയ്തു ജീവിച്ചതിനാൽ വേർപാടില്ലായ്മയിലേക്കു നയിക്കപ്പെട്ടു നാശത്തിൽ ചെന്നു പതിച്ചു. ചുരുക്കത്തിൽ ബിലെയാമിന്റെ ഉപദേശത്തിലും, നിക്കൊലാവ്യരുടെ ഉപദേശത്തിലും അകപ്പെട്ട സഭ ലോകവുമായി സന്ധിചെയ്ത (Compromised Church) സഭയായിത്തീർന്നു. വിപരീതോപദേശം പ്രസ്താവിക്കുന്ന ഇവരെപ്പോലെയുള്ളവരെ സൂക്ഷിക്കുവാൻ

മുന്നറിയിപ്പായി എഫെസൊസിൽ പൗലൊസ് പ്രബോധിപ്പിച്ചിട്ടുണ്ട്. **അപ്പൊ.20:29,30 —** *"ഞാൻ പോയ ശേഷം ആട്ടിൻ കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും."* അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങുപ്പോകാതിരിപ്പാൻ പത്രൊസും മുന്നറിയിപ്പു നൽകുന്നു. **2.പത്രൊ.3:16,17 —** *"അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു. എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ടു അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരത വിട്ടു വീണുപോകാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ."*

**വെളി.2:16 — "ആകയാൽ മാനസാന്തരപ്പെടുക; അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്നു എന്റെ വായിലെ വാളുകൊണ്ടു അവരോടു പോരാടും."**

നാശത്തിലേക്കു നയിക്കുന്ന ബിലെയാമിന്റെയും, നിക്കൊലാവ്യരുടെയും ഉപദേശം പിടിച്ചിരിക്കുന്നവർ പെർഗ്ഗമൊസിൽ ഉള്ളതിനാൽ അതിനു പ്രതിവിധിയായി അവർ ചെയ്യേണ്ട കാര്യവും, അങ്ങനെ ചെയ്തില്ലെങ്കിൽ അവർ നേരിട്ടാക്കാവുന്ന ഭവിഷ്യത്തിനെക്കുറിച്ചും ഇവിടെ കർത്താവു വ്യക്തമാക്കുന്നു. (1) അവർ ചെയ്യേണ്ടത് > മാനസ്സാന്തരപ്പെടുക (2) അനുസരിച്ചില്ലെങ്കിൽ നേരിടേണ്ടത് > ഞാൻ വേഗത്തിൽ വന്നു എന്റെ വായിലെ വാളുകൊണ്ടു അവരോടു പോരാടും.

"ആകയാൽ" എന്ന പദം മുമ്പു പറഞ്ഞ കാര്യങ്ങളെ ബന്ധിപ്പിക്കുന്നതും, അവർ ഉടനടി പാലിക്കേണ്ടതുമായ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നു. **മാനസ്സാന്തരപ്പെടുക —** പെർഗ്ഗമൊസ് സഭയിൽ കർത്താവു ദർശിച്ച കുറ്റം ഗൗരവമേറിയതാകയാൽ, നാശത്തിൽ നിന്നു വിടുതൽ പ്രാപിക്കുവാൻ അവർ മാനസ്സാന്തരപ്പെടണം എന്നു ബുദ്ധി ഉപദേശിക്കുന്നു. മാനസ്സാന്തരം നടക്കേണ്ടത് വ്യക്തികളിൽ മാത്രമല്ല, സഭ മുഴുവനായും മാനസ്സാന്തരപ്പെടണം. ദുരുപദേശക്കാരുടെ പ്രവർത്തികളിൽ നിന്നും, ഉപദേശങ്ങളിൽ നിന്നും വേർപെട്ടുനിൽക്കുകയും അങ്ങനെയുള്ളവരെ സഭയിൽ നിന്നും പുറത്താക്കുകയും വേണം എന്നതു മാനസ്സാന്തരപ്പെടുക എന്ന കർത്താവിന്റെ ആജ്ഞയിൽ അടങ്ങിയിരിക്കുന്നു.

**അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്നു എന്റെ വായിലെ വാളുകൊണ്ടു അവരോടു പോരാടും.**

പെർഗ്ഗമൊസ് ദൂതനു കർത്താവു തന്നെ വെളിപ്പെടുത്തിയത് *"മൂർച്ചയേറിയ ഇരുവായ്ത്തല വാൾ ഉള്ളവൻ അരുളിച്ചെയ്യുന്നതു"* (വെളി.2:12) എന്നു വിശേഷിപ്പിച്ചു കൊണ്ടായിരുന്നു. *"അവന്റെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു"* (വെളി.1:16) എന്നാണ് മഹത്വധാരിയായ കർത്തവിനെ ദർശിച്ച യോഹന്നാനും സാക്ഷ്യപ്പെടുത്തിയത്. രാജാവിനോടും രാജ്യത്തോടും സന്ധിചെയ്തു അവിഹിത ബന്ധത്തിലും, ദൈവത്തിൽ നിന്നകന്നും, വേർപാടില്ലാതെയും ജീവിതം നയിച്ച സഭയെ വെട്ടിവിച്ഛേദിക്കുവാൻ മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പ്രദർശിപ്പിക്കുന്നു. മാനസ്സാന്തരപ്പെടാഞ്ഞാൽ അവർക്കു നേരിടേണ്ടി വരുന്ന ന്യായവിധിയെയാണ് വായിലെ വാളുകൊണ്ടു പോരാടും എന്നതു പ്രകടമാക്കുന്നത്. ക്രിസ്തുവിന്റെ വായിലെ വാൾ എന്നത് ക്രിസ്തുവിന്റെ വായിലെ വാക്കുകൾ അഥവാ ദൈവവചനമാണ് (എബ്രാ.4:12/എഫെ.6:17). മാനസ്സാന്തരപ്പെടാത്തവരെ ശിക്ഷിക്കുവാൻ കർത്താവു വേഗത്തിൽ വരുമെന്നതു കർത്താവിന്റെ രണ്ടാം വരവല്ല. അസന്മാർഗ്ഗികപ്രവർത്തനങ്ങളിലും ദുരുപദേശങ്ങളിലും മുറുകെ പിടിച്ചു കഴിയുന്ന സഭയെ ഈ കൃപായുഗത്തിൽ തന്നെ തന്റെ വചനമെന്ന വാളാൽ ശിക്ഷിക്കും. അനന്യാസ് സഫീരാദമ്പതികൾക്കുണ്ടായ ശിക്ഷ (അപ്പൊ.5:1 -11) പോലെ ഉടനടി ഉണ്ടാകുമെന്നർത്ഥം. ഇതേ വചനമാകുന്ന വാൾ കൊണ്ടു ലോകാന്ത്യത്തിൽ ക്രിസ്തു തന്റെ സകല എതിരാളികളെയും ന്യായം വിധിച്ചു ശിക്ഷിക്കും (വെളി.19:21).

**വെളി.2:17 — "ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന്നു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന്നു വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും."**

പെർഗ്ഗമൊസ് സഭയുടെ കുറ്റങ്ങൾ ചൂണ്ടിക്കാണിക്കുകയും അതിൽ നിന്നു വിടുതൽ പ്രാപിക്കുവാനുള്ള മാർഗ്ഗവും ഉപദേശിച്ചശേഷം അവർക്കു വ്യക്തിപരമായ ആഹ്വാനവും, തുടർന്നു പ്രതിഫലവും വാഗ്ദത്തം ചെയ്യുന്നു.

പെർഗ്ഗമൊസ് സഭക്കുള്ള ആഹ്വാനം — **ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ —**

എഫെസൊസിലെയും, സ്മുർന്നയിലെയും സഭാ ദൂതന്മാർക്കുള്ള സന്ദേശത്തിലെന്നപോലെ പെർഗ്ഗമൊസിനും വ്യക്തിപരമായ ആഹ്വാനം നൽകുന്നു. ഓരോ വിശ്വാസികളുടെയും ഉത്തരവാദിത്വത്തെയും അവർ അനുസരിച്ചു നടക്കേണ്ട ആവശ്യകതെയും ഈ ആഹ്വാനം വ്യക്തമാക്കുന്നു. കൂടാതെ പെർഗ്ഗമൊസ് സഭ മാത്രമല്ല ഭൂമിയിലെ സകല സഭകളോടുമുള്ള പരിശുദ്ധാത്മാവിന്റെ ദൂതായി എടുക്കേ

ണ്ടതുമാണ്.

പെർഗ്ഗമൊസ് സഭക്കുള്ള പ്രതിഫലം — **ജയിക്കുന്നവന്നു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന്നു വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതി യിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും.**

പെർഗ്ഗമൊസ് സഭെക്കു കൊടുക്കുന്ന ദൂതിൽ ജയിക്കുന്നവനു ക്രിസ്തു നൽകുന്ന പ്രതിഫല ത്തെക്കുറിച്ചു ഈ വാക്യത്തിൽ വിശദീകരിച്ചിരിക്കുന്നു. ദൂതു ലഭിക്കുന്ന ഏഴു സഭകൾക്കും പ്രതിഫലം വാഗ്ദത്തം ചെയ്യുന്നത് ജയിക്കുന്നവർക്കാണ്. ജയിക്കുന്നവൻ എന്നാൽ യേശുക്രിസ്തുവിൽ വിശ്വസി ക്കുന്നവൻ എന്നാണ് (1.യോഹ.5:4,5). പെർഗ്ഗമൊസിനെ സംബന്ധിച്ചു ജയിക്കുന്നവൻ എന്നാൽ യേശു ക്രിസ്തുവിൽ ശരണപ്പെട്ടു ലോകത്തോടും ലോകമോഹങ്ങളോടും വേർപെട്ടു, ദുരുപദേശങ്ങളിൽ നിന്നും ദുരാചാരങ്ങളിൽ നിന്നും അകന്നു ജീവിക്കുന്നവനെന്നു സാരം.

ജയിക്കുന്നവന്നു ക്രിസ്തു മൂന്നു വാഗ്ദത്തങ്ങൾ നൽകുന്നു. (1) മറഞ്ഞിരിക്കുന്ന മന്ന—The hidden Manna (2) വെള്ളക്കല്ല് —The White Stone (3) പുതിയ പേര് — New name.

**(1) മറഞ്ഞിരിക്കുന്ന മന്ന — The hidden Manna —**

ദൈവജനമായ യിസ്രായേലിനു അവരുടെ മരുഭൂമിയാത്രയിൽ സ്വർഗ്ഗത്തിൽ നിന്നു ദൈവം വർഷി പ്പിച്ചു കൊടുത്ത ആഹാരമായിരുന്നു മന്ന (പുറ.16:11-15). സ്വർഗ്ഗീയ ധാന്യം — grain of heaven — (സങ്കീ.78:24), ശക്തിമാന്മാരുടെ അപ്പം — bread of the angels — (സങ്കീ.78:25), സ്വർഗ്ഗീയഭോജനം— bread of heaven —(സങ്കീ.105:40), യഹോവ ഭക്ഷിപ്പാൻ തന്നിരിക്കുന്ന ആഹാരം —The bread the LORD given to eat — (പുറ.16:25), ആത്മീകാഹാരം — Spiritual food —(1.കൊരി.10:3) എന്നിങ്ങനെ മന്നയെ കുറിച്ചു തിരുവചനത്തിൽ വിശേഷിപ്പിച്ചിട്ടുണ്ട്. യിസ്രായേൽ മക്കൾ വാഗ്ദത്തനാടായ കനാനിൽ എത്തു വോളം നാല്പതു വർഷക്കാലം മന്ന ഭക്ഷിച്ചു (പുറ.16:34,35/യോശു.5:11,12). സീൻ മരുഭൂമിയിൽ വെച്ചു അവർക്കു ആദ്യമായി മന്ന ലഭിച്ചു. രാവിലെ അവർ ജിജ്ഞാസയോടെ ചോദിച്ച ചോദ്യത്തിൽ നിന്നാണ് മന്ന എന്ന പദം വന്നിട്ടുള്ളത്. *ഇതെന്ത്?* (What is this?) (പുറ.16:15) എന്നായിരുന്നു ചോദ്യം. മൻ, ഹൂ (man hu) എന്ന എബ്രായപദങ്ങളുടെ അർത്ഥവും *ഇതെന്ത്?* എന്നാണ്. മന്ന തേൻ പോലെ മാധുര്യമു ള്ളതും (പുറ.16:31), മഞ്ഞുപോലെ വെളുത്തതും (പുറ.16:14,31), കൊത്തമ്പാലരി(മല്ലി) പോലെ ഉരുണ്ട തും (പുറ.16:31), വളരെ ചെറുതും (പുറ.16:14), സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കയച്ചതും (പുറ.16:14) സ്വർഗ്ഗീയ ആഹാരവുമായിരുന്നു (പുറ.16:4). മന്നയുടെ ഈ വിധത്തിലുള്ള സവിശേഷതകൾ കർത്താ വായ യേശുക്രിസ്തുവിനെയും, കർത്താവിന്റെ സ്വഭാവസവിശേഷതകളെയും പ്രകടമാക്കുന്നു. തേൻ പോലെ മാധുര്യമെന്നത് യേശുക്രിസ്തുവിന്റെ വായിൽ നിന്നു പുറപ്പെടുന്ന ലാവണ്യവാക്കുകളെ കുറി ക്കുന്നു(ലൂക്കൊ.4:22). വെളുപ്പു കർത്താവിന്റെ പരിശുദ്ധിയെയും പാപമില്ലായ്മയെയും കുറിക്കുന്നു (എബ്രാ.7:26). ആകൃതിയിൽ ഉരുണ്ടത് സമ്പൂർണ്ണതയെയും, (എബ്രാ.2:10/വെളി.1:17), ചെറുത് എന്നത് എളിമയെയും(ലൂക്കൊ.2:16), താഴ്മയെയും (ഫിലി.2:7,8) പ്രകടമാക്കുന്നു. ഭൂമിയിൽ ലഭിച്ച സ്വർഗ്ഗീയ ആഹാരമെന്നത് കർത്താവു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വന്ന (1.തിമൊ.1:15) ജീവന്റെ അപ്പമെന്ന തിനെയും (യോഹ.6:35,41) വെളിപ്പെടുത്തുന്നു.

മറഞ്ഞിരിക്കുന്ന മന്ന എന്നതിനു വിവിധ ആത്മീകചിന്തകളുണ്ട് —

> ദൈവജനമായ യിസ്രായേൽ ഒഴികെ ഭൂമിയിൽ മറ്റൊരു ജാതിയും ഇതു കാണുകയോ ഭക്ഷി ക്കുകയോ ചെയ്തിട്ടില്ല. ആ നിലയിൽ മന്ന സകലർക്കും മറെക്കപ്പെട്ടിരുന്നു (ആവ.8:3).

> നിയമപെട്ടകത്തിനകത്തു പൊൻപാത്രത്തിലിട്ടു വെച്ച മന്നയെ കുറിക്കുന്നു (പുറ.16:31-35/ എബ്രാ.9:4). മരുഭൂമിയിൽ യാത്രാമദ്ധ്യേ ദൈവം തന്റെ ജനത്തിനു ഭക്ഷണം ഒരുക്കിയതു ഭാവി തലമുറ കൾക്കു കാണേണ്ടതിനായിരുന്നു അങ്ങനെ സൂക്ഷിച്ചുവെച്ചത്.

> സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന ജീവന്റെ അപ്പമായ യേശുക്രിസ്തുവിനെയും (യോഹ.6:48 -51/യോഹ.1:10) മറഞ്ഞിരിക്കുന്ന മന്ന വെളിപ്പെടുത്തുന്നു.

> ദൈവജനത്തിന്റെ ആത്മീക ആഹാരമായ ജീവന്റെ വചനത്തെയും മറഞ്ഞിരിക്കുന്ന മന്ന കുറി ക്കുന്നു (മത്താ.4:4/യോഹ.6:58,63).

> യേശുക്രിസ്തുവിലൂടെ ഇപ്പോൾ നുകരുന്നതും ഭാവിയിൽ ലഭ്യമാകുന്നതുമായ സകല ആത്മീക അനുഗ്രഹങ്ങളെയും മറഞ്ഞിരിക്കുന്ന മന്ന സൂചിപ്പിക്കുന്നു.(എഫെ.1:3/1.കൊരി.2:9).

> കർത്താവായ യേശുക്രിസ്തുവാണ് മന്ന (സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന ജീവന്റെ അപ്പം). (യോഹ.6.33-35). സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വന്ന കർത്താവു മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെ ഴുന്നേറ്റു ഇന്നു സ്വർഗ്ഗസിംഹാസനത്തിൽ ഇരിക്കുന്നു. സകല ആത്മിക അനുഗ്രഹങ്ങളും കർത്താവി ലൂടെയാണ് വിശ്വാസികൾക്കു ലഭിക്കുന്നത്. സ്വർഗ്ഗത്തിൽ ഇരിക്കുന്ന കർത്താവു മറഞ്ഞിരിക്കുന്ന മന്ന എന്നപോലെ നമുക്കു ഇന്നു നഗ്നനേത്രങ്ങളാൽ കാണുവാൻ സാധിക്കുന്നില്ല. നമ്മുടെ ഹൃദയദൃഷ്ടി കൊണ്ടു മാത്രമേ നമുക്കു ഈ മന്ന കാണാൻ കഴിയുകയുള്ളു. എന്നാൽ കർത്താവു വാനമേഘങ്ങളിൽ വീണ്ടും വരുമ്പോൾ മറഞ്ഞിരിക്കുന്ന മന്നയാകുന്ന കർത്താവിനെ നേരിൽ കാണുവാൻ കഴിയും. ജയി

ക്കുന്നവന്, അതായത് ക്രിസ്തുവിനോടുള്ള വിശ്വാസത്തിൽ വിശ്വസ്തതയോടെ നിൽക്കുന്നവന്, യേശു ക്രിസ്തുവിനെ നേരിൽ ദർശിച്ചു നിതൃത മുഴുവനും മന്ന അനുഭവിക്കുവാൻ സാധിക്കും.

പെർഗ്ഗമൊസ് വിശ്വാസികളോടു ക്രിസ്തു പറയുന്നത് *"ജയിക്കുന്നവന്നു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും"* എന്നാണ്. സ്വർഗ്ഗീയവിരുന്നിനു ഓഹരിക്കാരായ അവർ ഇനി ഭക്ഷിക്കേണ്ടുന്നത് ജീവന്റെ അപ്പമായ ദൈവവചനമാണ്. വിഗ്രഹാർപ്പിതം ഭക്ഷിക്കാതെയും, ജാതികളുമായി ഇടകലരാതെയും, അവരുടെ സ്നേഹസദ്യകളിൽ നിന്നകന്നും ജീവിച്ചു ക്രിസ്തുവിനോടു വിശ്വസ്തത പുലർത്തിയവർക്കു പ്രതിഫലമാണ് മറഞ്ഞിരിക്കുന്ന മന്ന. ഇപ്പോൾ ലഭ്യമാകുന്ന ആത്മീകാനുഗ്രഹങ്ങളെയും മറഞ്ഞിരിക്കുന്ന മന്ന സൂചിപ്പിക്കുന്നു(എഫെ.1:3). സ്വർഗ്ഗത്തിൽ വസിക്കുന്ന കർത്താവു മറഞ്ഞിരിക്കുന്ന മന്ന എന്ന നിലയിൽ ആയിരിക്കുന്നുവെങ്കിലും താമസംവിനാ വാനമേഘങ്ങളിൽ വെളിപ്പെടും. ഇന്നും വിശ്വസ്തതയോടെ ദൈവത്തെ സേവിക്കുന്നവർക്കു മറഞ്ഞിരിക്കുന്ന മന്ന നേരിൽ കാണുവാൻ കഴിയും.

**(2) വെള്ളക്കല്ല് —The White Stone —**

**ഞാൻ അവന്നു വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും —**

പെർഗ്ഗമൊസ് സഭക്കുള്ള ദൂതിൽ ജയിക്കുന്നവന്നു ക്രിസ്തു നൽകുന്ന രണ്ടാമത്തെ വാഗ്ദത്തമാണ് വെള്ളക്കല്ലു കൊടുക്കുമെന്നത്. വെള്ളക്കല്ല് എന്താണെന്നതിനെക്കുറിച്ചു വിവിധ വിശദീകരണങ്ങൾ രേഖപ്പെടുത്തിക്കാണുന്നു.

> പുരാതനകാലത്തു കോടതികളിൽ അഭിപ്രായം വെളിപ്പെടുത്തുന്നതിനു കല്ലുകൾ ഉപയോഗിച്ചിരുന്നു (Voting pebble). വിധി കൽപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ ന്യായാധിപന്മാർ അഥവാ ജൂറികൾ (jury ) അവരുടെ അഭിപ്രായം വെളിപ്പെടുത്തുവാൻ വെള്ളയും കറുപ്പും നിറത്തിലുള്ള രണ്ടു കല്ലുകൾ അവരുടെ സമീപത്തുള്ള പാത്രത്തിൽ നിക്ഷേപിച്ചിരിക്കും. പ്രതിയുടെ മേൽ കുറ്റം ആരോപിക്കപ്പെട്ടശേഷം വിധി കല്പിക്കുവാൻ പറയുന്ന വേളയിൽ പ്രതി കുറ്റക്കാരനെന്നു ബോദ്ധ്യമുള്ളവർ കറുത്ത കല്ലും, കുറ്റക്കാരനല്ല എന്നഭിപ്രായമുള്ളവർ വെള്ളക്കല്ലും ഉയർത്തിക്കാണിക്കും. ഭൂരിപക്ഷ അഭിപ്രായപ്രാകരം വിധി നിർണ്ണയിക്കും.

ദൈവമുമ്പാകെ പാപികളും ശിക്ഷക്കു വിധിക്കപ്പെട്ടവരുമായവർ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ സകല പാപങ്ങളും മോചിപ്പിക്കപ്പെട്ടു കുറ്റവിമുക്തി ലഭിക്കുന്നതിനെ വെള്ളക്കല്ലു പ്രകടമാക്കുന്നു. പെർഗ്ഗമൊസിലെ വിശ്വാസികളെ ഭരണാധികാരികളും ദുരുപദേശം പരത്തുന്നവരും വിവിധ കുറ്റങ്ങൾ ചുമത്തി ശിക്ഷിച്ചാലും ഉയിർത്തെഴുന്നേറ്റ ക്രിസ്തു വെള്ളക്കല്ലു നൽകി അവരെ കുറ്റവിമുക്തരാക്കി ആദരിക്കും.

> പുരാതനകാലത്തു ധനാഢ്യരായവർ തടിയിലോ, ലോഹത്തിലോ, കല്ലിലോ ഉണ്ടാക്കിയ ഒരു പ്രതലത്തിൽ തങ്ങളുടെ പേരെഴുതി സുഹൃത്തുക്കൾക്കു സമ്മാനിക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഇതിനെ തെസ്സ്റെ (*tesserae*) എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇതു ലഭിച്ച വ്യക്തിക്കു സമ്മാനിച്ചയാളിന്റെ ഭവനത്തിൽ എപ്പോഴും പ്രവേശനം ഉണ്ടായിരിക്കുകയും, ഭവനത്തിലെ വിരുന്നിൽ സംബന്ധിക്കുവാനുമുള്ള അവകാശവും, സ്വാതന്ത്രവും ലഭിച്ചിരുന്നു.

പെർഗ്ഗമൊസിലെ വിശ്വാസികൾ ക്രിസ്തുവിനോടുള്ള വിശ്വസ്ത നിമിത്തം ജാതീയസ്നേഹസദ്യകളിൽ നിന്നും, വിഗ്രഹാർപ്പിത ഭക്ഷണങ്ങളിൽ നിന്നും മാറി നിന്നപ്പോൾ അവർക്കു ക്രിസ്തുവിൽ നിന്നു ലഭിക്കുന്ന വെള്ളക്കല്ലു നിത്യവും ക്രിസ്തുവിനോടു പന്തിഭോജനത്തിൽ ക്ഷണം ലഭിച്ചതിനെ വെളിപ്പെടുത്തുന്നു.

> ഒളമ്പിക്കു കായികമത്സരങ്ങളിലെ ജേതാക്കൾക്കു അവരുടെ പേരുകൾ ആലേഖനം ചെയ്യപ്പെട്ട വെള്ളക്കല്ലു കൊടുക്കാറുണ്ടായിരുന്നു. വെള്ളക്കല്ലു ലഭിച്ച ഇവർ അവിടെ തയ്യാറാക്കുന്ന പ്രത്യേക വിരുന്നുശാലയിലേക്കു പ്രവേശിക്കുവാൻ യോഗ്യരുമായിരുന്നു.

ജയിക്കുന്നവനു വെള്ളക്കല്ലു കൊടുക്കുമെന്നു പെർഗ്ഗമൊസിനോടു പറയുന്നു. സാത്താന്റെ സിംഹാസനം ഉള്ളടത്തു പാർക്കുന്ന അവർ, ക്രിസ്തുവിൽ ശരണപ്പെട്ടു വിശ്വസ്തതയോടെ നിൽക്കുന്നതാകയാൽ ജയാളികളും സമ്മാനത്തിനു യോഗ്യരുമാണ്. ക്രിസ്തുവിനോടൊപ്പം വിരുന്നുശാലയിൽ പ്രവേശിക്കുവാനും, ഭക്ഷിക്കുവാനും അവകാശമുള്ളവരുമാണ്.

**(3) പുതിയ പേര് — New name —**

ജയിക്കുന്നവനു കൊടുക്കുന്ന മറ്റൊരു പ്രതിഫലമാണ് പുതിയ പേര്. *"ഞാൻ അവന്നു വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും"* എന്നാണ് പെർഗ്ഗമൊസിനുള്ള വാഗ്ദത്തം. പുതിയ പേര് അവർക്കു ലഭിക്കുന്ന ആദരവിനെയും, ഉന്നതിയെയും കുറിക്കുന്നു. ആത്മീകമായി പുതിയ പേര് ദൈവവുമായുള്ള പുതിയ ബന്ധത്തെക്കുറിക്കുന്നു. തിരുവചനത്തിൽ ദൈവം ചിലർക്കു പുതിയ നാമം നൽകിയപ്പോൾ അവരുമായി

പുതിയ ബന്ധത്തെ വ്യക്തമാക്കുന്നതായി കാണുന്നു. അബ്രാം എന്ന പേരു അബ്രഹാം എന്നും (ഉല്പ.17:5), സാറായി സാറാ എന്നും (ഉല്പ.17:15), യാക്കോബ് യിസ്രായേൽ എന്നും (ഉല്പ.32:28)വിളിക്കപ്പെട്ടു. യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുമ്പോൾ പുതിയ പേരും, പുതിയ ഹൃദയവും ലഭിക്കുന്നതു പോലെ വിശ്വാസി ഓമനപ്പേരിനും അർഹനായിത്തീരുന്നു(2.കൊരി.5:17/ യെശ.43:1/യെശ.56:5/യെശ.62:2/യെശ.65:15/അപ്പൊ.11:26/വെളി.3:12). മറ്റൊരു പ്രത്യേകതയെന്നത് കർത്താവു നൽകുന്ന പുതിയ പേരു കർത്താവിനും അതു ലഭിക്കുന്നവനും മാത്രമേ അറികയുള്ളു എന്നതാണ്. ഇതു വിശ്വാസിയും കർത്താവും തമ്മിലുള്ള വ്യക്തിബന്ധത്തെയും, വേർപിരിക്കാനാവാത്ത അവസ്ഥയെയും, ഒരിക്കലും അഴിഞ്ഞുപോകാത്ത സ്നേഹത്തെയും വ്യക്തമാക്കുന്നു.

ബിലെയാമിന്റെ ഉപദേശവും, നിക്കൊലാവ്യരുടെ ഉപദേശവും മുറുകെ പിടിച്ചവരാൽ പെർഗ്ഗമൊസ് സഭ ലോകസ്നേഹത്തിലും, വിഗ്രഹാരാധനയിലും, അസന്മാർഗ്ഗിക ജീവിതത്തിലേക്കും, അനാചാരങ്ങളിലേക്കും വഴുതി വീണു. വിപരീതോപദേശങ്ങൾ സഭയിൽ അനുവദിക്കപ്പെട്ടു. രാജകീയ സംരക്ഷണം ലഭിച്ച സഭ ലോകവുമായി ഇഴുകിച്ചേർന്നു. മാനസാന്തരപ്പെടുക; അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്നു എന്റെ വായിലെ വാളുകൊണ്ടു അവരോടു പോരാടും എന്ന ആജ്ഞ അവഗണിച്ചതിനാൽ പെർഗ്ഗമൊസ് ക്രിസ്തുവിന്റെ ന്യായവിധിക്കു പാത്രീഭൂതരായി. കഷ്ടതയും, ദാരിദ്രവും, ദൂഷണവും അനുഭവിച്ച സ്മുർന്ന സഭ അനുഗ്രഹിക്കപ്പെട്ടപ്പോൾ, രാജകീയസംരക്ഷണം ലഭിച്ച പെർഗ്ഗമൊസ് നാശത്തിൽ ചെന്നെത്തി. മണവാളനായ ക്രിസ്തുവുമായി വിവാഹം നിശ്ചയിക്കപ്പെട്ട പ്രതിശ്രുതമണവാട്ടിയായ പെർഗ്ഗമൊസ് സഭ നിശ്ചിതദിവസത്തിനു മുമ്പു ലോകഭരണാധികാരിയെ അഥവാ ലോകവുമായി വിവാഹബന്ധത്തിലേർപ്പെട്ടു. ഈ അവിഹിതബന്ധത്തെ മൂർച്ചയേറിയ ഇരുവായ്ത്തലവാളാൽ ക്രിസ്തു ന്യായവിധി നടത്തി. പെർഗ്ഗമൊസ് സഭ ഇന്നു ഭൂമുഖത്തില്ല. ബെർഗ്ഗമൊസ് എന്ന പേരിൽ ഇന്നറിയപ്പെടുന്ന പെർഗ്ഗമൊസ് തുർക്കിയിലെ ഏറ്റവും ചെറിയ ഗ്രാമം ആയിരിക്കുന്നു. ദൈവത്തിന്റെ ന്യായവിധിയെ ഇതിന്റെ നാശം പ്രകടമാക്കുന്നു.

## തുയഥൈര സഭ (വെളി.2:18 —29)

**തുയഥൈര പട്ടണം — (Thyatira City) —**

ഏഷ്യാമൈനറിലെ തുയഥൈരപട്ടണം പെർഗ്ഗമൊസിനു തെക്കുകിഴക്കായി ഏകദേശം 40 മൈൽ അകലെ സ്ഥിതിചെയ്തിരുന്നു. സർദ്ദിസിൽ നിന്നു 20 മൈൽ അകലെയുമായിരുന്നു. ഹെർമുസ്, കായ്കസ് (Hermus, Caicus) എന്നീ രണ്ടു നദികൾ തമ്മിൽ ബന്ധിക്കുന്ന നീണ്ട താഴ്വരയിലായിരുന്നു ഈ പട്ടണം. പ്രകൃതിദത്തമായ മലകളും പർവ്വതങ്ങളും ഇല്ലാതെ ചെറിയ കുന്നും ചരിവുകളും വിശാലമായ താഴ്വരയുമുള്ള ഭൂപ്രകൃതിയായതിനാൽ പലപ്പോഴും ശത്രുക്കളുടെ നേരിട്ടുള്ള ആക്രമണത്തിനരയായി നിരന്തരമായി നശിപ്പിക്കപ്പെടുകയും വീണ്ടും പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്. മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ ജനറൽമാരിലൊരാളായ സെലൂകസ് നികേറ്റർ (Seleucus Nicator) ആണ് ഇതിനെ ഒരു ഗ്രീക്കുകോളനിയായി സ്ഥാപിച്ചത്. തന്റെ മകളുടെ ജനനത്തിന്റെ ഓർമ്മക്കായി ഈ പട്ടണത്തിനു അദ്ദേഹം "തുയഥൈര" (Thyatira) എന്നു നാമകരണം ചെയ്തു. ഇതൊരു സൈനികതാവളമായി നിലകൊണ്ടു. ബി.സി.190 -ൽ റോമൻസൈന്യം യുദ്ധത്തിലൂടെ പിടിച്ചടക്കുകയും തുയഥൈരയെ റോമൻ പ്രവിശ്യയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇതേ തുടർന്നു തുയഥൈര ക്രമേണ ഒരു വാണിജ്യവ്യാപാര കേന്ദ്രമായി വളർന്നു വന്നു. മറ്റു പട്ടണങ്ങളുമായി ബന്ധിപ്പിക്കുന്ന നിരത്തുകളും ഉണ്ടായി. പ്രത്യേകിച്ചും പെർഗ്ഗമൊസ്, സ്മുർന്ന, സർദ്ദിസ് എന്നീ പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന മൂന്നു പ്രധാന തെരുവീഥികൾ തുയഥൈരയിലൂടെ കടന്നുപോയിരുന്നു. യോഹന്നാൻ വെളിപ്പാടു ദൂതു എഴുതിയ കാലമായപ്പോഴത്തേക്കും തുയഥൈര ഏറ്റവും പുരോഗതി പ്രാപിച്ച പട്ടണമായിത്തീർന്നിരുന്നു. ഇവിടത്തെ പ്രധാന വാണിജ്യ ഉല്പന്നം വസ്ത്രങ്ങൾക്കു നിറം കൊടുക്കുന്ന "ചായം" (dye) നിർമ്മിക്കലായിരുന്നു. തുയഥൈരയിലെ രക്താംബരം (purple)ഏറെ പ്രസിദ്ധിനേടിയിരുന്നു. രക്താംബരത്തിനു നിറം നൽകുന്ന ചായം ഇവിടെയുള്ള ലൈക്കസ് നദിയിലുള്ള (Lycus river) ഒരിനം കക്കയിൽ നിന്നുമാണ് ലഭിച്ചിരുന്നത്. ഇത് കക്കയുടെ തൊണ്ടയിൽ നിന്നു ഊറി വരുന്ന ദ്രാവകമായിരുന്നു. ഒരു കക്കാ പിഴിഞ്ഞെടുത്താൽ ഒരു തുള്ളി മാത്രമേ ലഭിക്കുകയുള്ളു എന്നതിനാൽ ചായത്തിനു വലിയ വിലയായിരുന്നു. കക്കക്കു പുറമേ അവിടെ വളരുന്ന ഒരിനം സസ്യത്തിന്റെ വേരുകൾ ചതച്ചെടുക്കുന്നതിൽ നിന്നും ചായം നിർമ്മിച്ചിരുന്നു. വസ്ത്രങ്ങൾക്കു നിറം കൊടുക്കുന്ന ചായം നിർമ്മാണത്തിനു പുറമേ കമ്പിളി വസ്ത്രങ്ങൾ, തുകൽ പണികൾ, കളിമൺ പാത്രനിർമ്മാണം, പിച്ചളപണികൾ എന്നിവയിലും വ്യാപാരങ്ങൾ നടന്നിരുന്നു. മറ്റൊരു പ്രത്യേകതയെന്നത് ഇവിടത്തെ നിർമ്മാണങ്ങളും വ്യാപാരങ്ങളുമെല്ലാം കുത്തകസംഘടനകളുടെ (trade guilds) അധീനത്തിലായിരുന്നു. ആധുനികയുഗത്തിലെ തൊഴിലാളി സംഘടനകൾപോലെയുള്ള സംവിധാനമായിരുന്നു എല്ലാ മേഖലകളിലും നിലനിന്നിരുന്നത്. അതായത് ഒരാൾക്കു ഏതെങ്കിലും വ്യവസായമോ, നിർമ്മാണമോ സംബന്ധിച്ചുള്ള പ്രവർത്തനങ്ങളിലോ തൊഴിൽ ലഭിക്കണമെങ്കിലോ അവിടെത്തെ സംഘടനകളിൽ അംഗത്വം നേടിയാലേ സാദ്ധ്യമായിരുന്നുള്ളു. പലപ്പോഴും ധനാ

ഡ്യരായവർക്കൊഴികെ മറ്റാർക്കും വ്യാപാരവ്യവസായങ്ങളിലേക്കു കടന്നു വരുവാൻ സാധിച്ചിരുന്നില്ല. ഓരോ സംഘടനകൾക്കും അവരുടേതായ ആരാധനാമൂർത്തികൾ ഉണ്ടായിരുന്നു. വിഗ്രഹാരാധന, വിഗ്രഹാർപ്പിതം ഭക്ഷിക്കുക, സ്നേഹവിരുന്നുകളിലൂടെയുള്ള അസന്മാർഗ്ഗിക പ്രവർത്തനങ്ങൾ എന്നിവയെ ഈ സംഘടനകൾ തന്നെ പ്രോത്സാഹിപ്പിച്ചിരുന്നതിനാൽ വ്യാപാരം നടത്തുന്നതിനും തൊഴിൽ ചെയ്യുന്നതിനും വിശ്വാസികൾക്കു ഏറെ വൈഷമ്യമുളവാക്കി. സ്മുർന്ന, പെർഗ്ഗമൊസ് എന്നിവയെപ്പോലെ മതപരമായി വലിയ തീർവ്വത തുയഥൈരയിൽ ഉണ്ടായിരുന്നില്ല. പല ദേവീദേവന്മാരോടൊപ്പം ചക്രവർത്തിയെയും അവർ ആരാധിച്ചിരുന്നു. തുയഥൈരക്കാരുടെ പ്രധാന ആരാധനമൂർത്തി ഗ്രീക്കുകാരുടെ സൂര്യദേവനായ അപ്പൊളാ (Apollo -- sun god) ആയിരുന്നു. സാംബേത്ത് (Sambathe) എന്ന പേരിൽ മറ്റൊരു ക്ഷേത്രത്തിലെ പ്രതിഷ്ഠ ജനങ്ങളെ വളരെയധികം ആകർഷിച്ചിരുന്നു. ഇവിടെ ഭാവികാലകാര്യങ്ങൾ പ്രവചിക്കുന്ന ഒരു ആഭിചാരം ഒരു സ്ത്രീ നടത്തിയിരുന്നു. ഈ പ്രവാചകി ഈസബേൽ (വെളി.2:20)ആയിരുന്നെന്നും അല്ലെന്നും രണ്ടു പക്ഷമുണ്ട്. വാണിജ്യതൊഴിൽപരമായ കാര്യങ്ങളുടെ ഭാവിയും, ഭാഗ്യനിർഭാഗ്യങ്ങളുമൊക്കെ അറിവാൻ അനേകർ ആകർഷിക്കപ്പെട്ടു. ഇക്കാരണങ്ങളാൽ തുയെഥൈര വിഗ്രഹാരാധനയുടെയും, അസന്മാർഗ്ഗികജീവിതത്തിന്റെയും, അന്ധവിശ്വാസങ്ങളുടെയും കേന്ദ്രമായി നിലകൊണ്ടു.

**തുയഥൈര സഭ — (Thyatira Church) —**

സ്മുർന്ന, പെർഗ്ഗമൊസ് എന്നീ സഭകളെപ്പോലെതന്നെ തുയഥൈര സഭയുടെ ആരംഭത്തെക്കുറിച്ചും തിരുവചനത്തിലൂടെ വിവരങ്ങൾ ലഭിക്കുന്നില്ല. ഫിലിപ്പിയിലെ ലുദിയയും അവളുടെ കുടുംബക്കാരുമായിരിക്കാം ഇവിടെ സഭ സ്ഥാപിച്ചതെന്നു അഭിപ്രായമുണ്ട്. അപ്പൊസ്തലനായ പൗലൊസിന്റെ സുവിശേഷം കേട്ടു ഫിലിപ്പി പട്ടണത്തിൽ ആദ്യമായി വിശ്വസിച്ചത് ലുദിയ എന്ന സ്ത്രീയായിരുന്നു. ലുദിയ തുയഥൈര പട്ടണക്കാരിയും രക്താംബരം വിൽക്കുന്നവളുമായിരുന്നു. രക്താംബരം വിലയേറിയതാകയാൽ പൊതുവേ ധനവാന്മാരും രാജാക്കന്മാരുമായിരുന്നു ധരിച്ചിരുന്നത്. വളരെ മൂലധനം ആവശ്യമുള്ള വ്യാപാരമായതിനാൽ ലുദിയ വലിയ ധനികയായിരുന്നുവെന്നും കരുതാം. തന്റെ ഭർത്താവിന്റെ മരണശേഷം രക്താംബര വ്യാപാരം വിധവയായ ലുദിയ ഏറ്റെടുത്തു നടത്തുകയായിരുന്നുവെന്നു ചരിത്രം രേഖപ്പെടുത്തുന്നു. തുയഥൈരയിൽ നിന്നു രക്താംബര വ്യാപാരത്തിനു ഫിലിപ്പിയിൽ എത്തിയ ലുദിയ അപ്പൊസ്തലനായ പൗലൊസിലൂടെ സുവിശേഷം കേൾക്കുകയും തന്റെ ഹൃദയം കർത്താവിനും, തന്റെ ഫിലിപ്പിയയിലുള്ള ഭവനം കർത്താവിന്റെ ദാസന്മാർക്കും തുറന്നുകൊടുത്തു (അപ്പൊ.16:11-15). ലുദിയയും സഹപ്രവർത്തകരും ഫിലിപ്പിൽ നിന്നും തിരികെ തുയഥൈരയിൽ എത്തിയശേഷം അവിടത്തെ സഭാകൂടിവരവിനു ആരംഭം കുറിച്ചിരിക്കാം എന്നു പറയപ്പെടുന്നു. എന്നാൽ അപ്പൊസ്തലനായ പൗലൊസ് എഫെസൊസിലും സമീപപ്രദേശങ്ങളിലും അറിയിച്ച സുവിശേഷത്താലായിരിക്കണം (അപ്പൊ.19:10) തുയഥൈരയിലും സഭ സ്ഥാപിതമാകുവാൻ കാരണമായെതെന്നു ന്യായമായി ചിന്തിക്കാം.

തുയഥൈര കാലഘട്ടത്തിൽ സഭാവിശ്വാസികൾക്കു പൊതുവേ പീഡനങ്ങൾ കുറവായിരുന്നു. പെർഗ്ഗമൊസ്സഭാ കാലഘട്ടത്തിൽ സഭയും രാഷ്ട്രവും കൈകോർത്തു പ്രവർത്തിച്ചതിനാൽ പ്രശ്നങ്ങൾ യാതൊന്നും ഉണ്ടായില്ല. എന്നാൽ സഭ ലോകത്തോടു അനുരൂപപ്പെട്ടു അസ്വാഭാവികമായി വളരുകയും ദൈവസ്നേഹം വിട്ടു ലോകസ്നേഹത്തിൽ മുഴുകുവാനുമിടയായി. പെർഗ്ഗമൊസ് സഭയിൽ ബിലെയാമിന്റെയും നിക്കൊലാവ്യരുടെയും ഉപദേശങ്ങൾ സഭയിൽ പ്രവേശിച്ചതിനാൽ അശുദ്ധസഭ എന്ന പേരിനു അർഹയായി. പെർഗ്ഗമൊസ് കാലയളവിലെ സകലമാലിന്യങ്ങളും യഥാർത്ഥത്തിൽ തുയഥൈര കാലഘട്ടത്തിലേക്കും കൈമാറുന്നതായി കാണാം. പെർഗ്ഗമൊസിൽ ദുരുപദേശങ്ങൾക്കു വഴിതെളിച്ചത് പുരുഷന്മാർ ആയിരുന്നുവെങ്കിൽ തുയഥൈരയിൽ സ്ത്രീകളുടെ ദുഷ്പ്രവർത്തികൾ സഭയെ പിടിച്ചുകുലുക്കുവാനിടയായി. സഭക്കകത്തും പുറത്തുമുള്ള ഇവരുടെ പ്രവർത്തനങ്ങളാൽ ദുരുപദേശങ്ങളും, ദുരാചാരങ്ങളും സഭയിലേക്കു പ്രവേശിക്കുവാൻ കാരണമായി. സഭക്കു പുറത്തു സാംബേത്ത് (Sambathe) എന്ന പേരിൽ ഭാവികാലകാര്യങ്ങൾ പ്രവചിക്കുന്ന സ്ത്രീയുടെ ആഭിചാരം തുയഥൈരയിലെ സാധാരണക്കാരെ ഏറെ ആകർഷിച്ചിരുന്നു. എന്നാൽ സഭക്കകത്തു, യിസ്രായേൽ ജനത്തെ വിഗ്രഹസേവയിലേക്കു തള്ളിവിട്ട ഈസബേൽ എന്ന സ്ത്രീയെപ്പോലെ ഒരുവൾ പ്രവർത്തിക്കുവാനനുവദിച്ചിരുന്നതു സഭയുടെ നാശത്തിനു വഴി തെളിച്ചു. ഏതായാലും മറ്റേതു കാലഘട്ടങ്ങളേക്കാൾ തുയഥൈര കാലഘട്ടത്തിൽ സ്ത്രീകളുടെ പ്രവർത്തനം മുന്നിട്ടു നിൽക്കുന്നതായി കാണാം. മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ അനന്തരഗാമിയായ സെലൂകസിന്റെ മകളുടെ ഓർമ്മയെ പ്രകടമാക്കുന്നതാണ് "തുയഥൈര" എന്ന നാമം. മറ്റൊരു സ്ത്രീയുടെ ആഭിചാരം "സാംബേത്ത് " (Sambathe) എന്ന പേരിൽ പ്രചരിച്ചിരുന്നു. പഴയനിയമത്തിലെ ദുഷ്ടകഥാപാത്രമായ ഈസബേലിനെ അനുസ്മരിപ്പിക്കുന്ന മറ്റൊരുവൾ സഭ ദുരുപദേശത്തിലേക്കു നയിക്കപ്പെടുവാൻ കാരണക്കാരിയായി. എന്നാൽ തുയഥൈര പട്ടണവാസിയായ ലുദിയ വഴിയായി സുവിശേഷം ഏറ്റവും അധികം അഭിവൃദ്ധി പ്രാപിക്കുവാനിടയായി.

പെർഗ്ഗമൊസ് സഭാകാലയളവിൽ ക്രിസ്തുമതത്തിനു രാജകീയസംരക്ഷണം ലഭിച്ചതിനാൽ പുരോഹിതന്മാർക്കു ഏറെ ആനുകൂല്യങ്ങളും, പദവികളും, അധികാരങ്ങളും നൽകപ്പെട്ടു. തുയഥൈര കാലമാ

യപ്പോഴത്തേക്കും പുരോഹിതന്മാരുൾപ്പെട്ട ക്രിസ്തീയമതാദ്ധ്യക്ഷന്മാർ ഭരണാധികാരികളെന്ന നിലയിലായി. AD.476 –ൽ റോമൻഭരണത്തിനു തിരശ്ശീല വീണതോടെ രാജ്യത്തിന്റെയും സഭയുടെയും ഭരണം റോമൻ കത്തോലിക്കസഭയിലെ പോപ്പുമാരിൽ നിക്ഷിപ്തമായി. പോപ്പ് എന്ന പദത്തിനർത്ഥം പിതാവ് എന്നാണ് (Pope = father). ആദ്യമൊക്കെ "റോം" മാത്രം പോപ്പിന്റെ അധികാരപരിധിയിൽ ഉൾപ്പെട്ടിരുന്നതെങ്കിലും ക്രമേണ സകലറോമൻ കത്തോലിക്കസഭകളും പോപ്പിന്റെ അധികാരത്തിൻകീഴിലായി വളർന്നു കൊണ്ടിരിക്കുന്നു. AD.606 മുതൽ 1520 വരെയുള്ള തുയഥൈരകാലഘട്ടത്തിൽ കുർബ്ബാന, ബലി പൂജകൾ, വിഗ്രഹാരാധന എന്നിങ്ങനെ നിരവധി ദുരുപദേശങ്ങളും ദുരാചാരങ്ങളും സഭയിലേക്കു പ്രവേശിക്കപ്പെട്ടു. അവയിൽ ചില പ്രധാനപ്പെട്ടവ താഴെച്ചേർക്കുന്നു —

| | |
|---|---|
| മാർപ്പാപ്പയുടെ (പോപ്പ്) പാദചുംബനം | : AD. 709 |
| വിഗ്രഹാരാധയും, തിരുശേഷിപ്പ് ആരാധനയും | : AD. 786 |
| മരണശേഷം വിശുദ്ധന്മാരായി പ്രഖ്യാപിക്കൽ | : AD. 995 |
| കൊന്തയിലൂടെ പ്രാർത്ഥന (ജപമാല) | : AD.1079 |
| അപ്പവീഞ്ഞുകൾക്കു വസ്തുമാറ്റം വരുന്ന ഉപദേശം | : AD.1215 |
| ബൈബിൾ സാധാരണജനം വായിക്കുന്നതിനു വിലക്ക് | : AD.1229 |
| അപ്പം വീഞ്ഞിൽ മുക്കിക്കൊടുക്കുന്നത് | : AD.1414 |

കർത്താവു പറഞ്ഞ സ്വർഗ്ഗരാജ്യത്തിന്റെ ഉപമകളിൽ നാലാമത്തെ പുളിച്ചമാവിന്റെ ഉപമ (മത്താ.13:33—35) വെളിപ്പാടു പുസ്തകത്തിലെ നാലാമത്തെ സഭയായ തുയഥൈരയോടു സാമ്യമുണ്ട്. മൂന്നാമത്തെ ഉപമയിൽ കടുകുമണി വൃക്ഷമായി വളർന്നു അതിന്റെ ശിഖരങ്ങളിൽ പറവകൾ അഭയം പ്രാപിച്ചിരിക്കുന്നത്, ലോകവുമായി സന്ധിചെയ്തു ദുരുപദേശങ്ങൾ നിറഞ്ഞ സഭയുടെ അസ്വഭാവിക വളർച്ചയെക്കുറിക്കുന്നു. പുളിച്ചമാവിന്റെ ഉപമയിൽ കാണുന്ന സ്ത്രീയും, തുയഥൈര സഭയിലെ സ്ത്രീയും ദുരുപദേശമെന്ന പുളിപ്പു പരത്തുന്ന ഉപകരണങ്ങളായി ഇരുവരും ഒരുപോലെ യോജിക്കുന്നു. പുളിച്ച മാവു ദുരുപദേശത്തെ സൂചിപ്പിക്കുന്നു. കടുകുമണിയുടെ ഉപമയിൽ ദുരുപദേശവളർച്ച ബാഹ്യവും വ്യക്തമായും കാണാൻ സാധിക്കുന്നുവെങ്കിൽ പുളിച്ചമാവിന്റെ ഉപമയിയിൽ പുളിപ്പു ആന്തരികവും നഗ്നനേത്രങ്ങൾക്കു മൂടപ്പെട്ടതും ആയിരിക്കുന്നു. സ്വർഗ്ഗരാജ്യത്തിന്റെ ഉപമയിലെ സ്ത്രീ മൂന്നു പറ മാവിനെ മുഴുവൻ പുളിപ്പിച്ചതുപോലെ തുയഥൈരയിലെ സ്ത്രീയുടെ പ്രവർത്തനത്താൽ ദുരുപദേശം അതിവേഗത്തിൽ പടരുവാനിടയായി. ഇവിടത്തെ സ്ത്രീ ക്രിസ്തീയസമുദായത്തിൽ കർമ്മങ്ങളും, കുർബ്ബാനകളും, ബലിപൂജകളും നടപ്പിൽ വരുത്തിയ പൗരോഹിത്യ വ്യവസ്ഥതകളെ വിശേഷാൽ റോമൻ കത്തോലിക്കസഭ ഉൾപ്പെട്ട നാമധേയക്രൈസ്തവസഭകളെ കുറിക്കുന്നു.

**തുയഥൈര എന്ന പേരിന്റെ അർത്ഥം —**

"ഇടവിടാതെയുള്ള ബലി" അഥവാ "നിരന്തരമായ ധൂപവഴിപാട് "(continual offering /perpetual sacrifice) എന്നാണ് തുയഥൈര എന്ന പേരിനർത്ഥം. ഇതു റോമൻകത്തോലിക്ക സഭയുടെ മാസ്സ് അഥവാ കുർബ്ബാന എന്ന ബലിപൂജയെ കുറിക്കുന്നു. തിരുവചനസത്യങ്ങളിൽ നിന്നു വ്യതിചലിച്ചു ബിംബാരാധനയും, ബലികർമ്മങ്ങളുമായ കുർബ്ബാനക്രമങ്ങളും സഭയുടെ ആചാരാനുഷ്ഠാനങ്ങളായിത്തീർന്നു. ആകയാൽ തുയഥൈര കാലഘട്ടം സഭയുടെ അന്തകാരയുഗമായി കണക്കാക്കാം. "ബലികർമ്മാസക്തയായ സഭ" എന്നും "ദുഷിച്ചസഭ "അഥവാ "അഴിമതി നിറഞ്ഞസഭ " (Corrupted Church) എന്നീ പേരുകൾ ലഭിക്കുവാനിടയായ തുയഥൈരസഭ ഇന്നു ഭൂമുഖത്തില്ല. "അക്ക്-ഹിസ്സർ " (Ak-Hissar= white castle /white camp) എന്ന പുതിയ പേരിലറിയപ്പെടുന്ന തുയഥൈര ഇന്നു സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നു. ഇവിടത്തെ താമസക്കാർ തുർക്കികളും അർമേനിയക്കാരും കുറച്ചു ക്രിസ്ത്യാനികളും മാത്രമാണ്.

**തുയഥൈര സഭാകാലഘട്ടം —**

AD-606 മുതൽ 1520 വരെയുള്ള കാലങ്ങൾ തുയഥൈരസഭാകാലഘട്ടമായി പൊതുവേ കരുതപ്പെടുന്നു.

**വെളി.2:18 —** "തുയഥൈരയിലെ സഭയുടെ ദൂതന്നു എഴുതുക: അഗ്നിജ്വാലെക്കു ഒത്ത കണ്ണും വെള്ളോട്ടിന്നു സദൃശമായ കാലും ഉള്ള ദൈവപുത്രൻ അരുളിച്ചെയ്യുന്നതു:"

ഏഷ്യാമൈനറിലെ ഏഴു സഭകൾക്കുള്ള ദൂതുകളിൽ നാലാമത്തെ ദൂതാണ് തുയഥൈരസഭക്കുള്ളത്. ഏഴു പട്ടണങ്ങളിൽ വെച്ചു തുയഥൈര ചെറിയ പട്ടണമെങ്കിലും കർത്താവു ഈ സഭക്കു നൽകുന്ന ദൂതു ദൈർഘ്യമുള്ളതാണ്. 12 വാക്യങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. "*കണ്ണു അഗ്നിജ്വാലെക്കു ഒത്തതും കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിന്നു സദൃശ്യവും*" എന്നാണ് മഹത്വധാരിയായ കർത്താവിനെ ദർശിച്ച യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽ (1:14,15) വിശദീകരിച്ചത്. തുയഥൈരസഭക്കു കർത്താവു തന്നെ വെളിപ്പെടുത്തുന്നത് "*അഗ്നിജ്വാലെക്കു ഒത്ത* **കണ്ണും** *വെള്ളോട്ടിന്നു സദൃശമായ* **കാലും** ഉള്ള **ദൈവപുത്രൻ** " അരുളിച്ചെയ്യുന്നതു എന്നാണ്. കർത്താവിന്റെ മൂന്നു വ്യക്തിത്വങ്ങളെ ഇവിടെ ദർശി

ക്കാം. (1) അഗ്നിജ്വാലെക്കു ഒത്ത കണ്ണുള്ളവൻ (2) വെള്ളോട്ടിന്നു സദൃശമായ കാലുള്ളവൻ (3) ദൈവ പുത്രൻ

**(1) അഗ്നിജ്വാലെക്കു ഒത്ത കണ്ണുള്ളവൻ —** ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തു തുയഥൈരസഭക്കു തന്നെ ആദ്യമായി വെളിപ്പെടുത്തുന്നത് "അഗ്നിജ്വാലെക്കു ഒത്ത കണ്ണുള്ളവൻ " എന്നാണ്. പാപത്തിന്റെ സാന്നിദ്ധ്യത്തിന്മേൽ തന്റെ ഉഗ്രകോപത്തെയും, താൻ സകലവും കാണുന്നു എന്നതിനെയും ഇതു പ്രകടമാക്കുന്നു. കർത്താവിനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. പരസ്യമായും രഹസ്യമായും ചെയ്യുന്ന സകലരുടെയും പ്രവർത്തനങ്ങൾ താൻ കാണുന്നു. തീക്ഷ്ണതയേറിയ കണ്ണുകൾ സകലത്തിലേക്കും ചൂഴ്ന്നിറങ്ങി അതിന്റെ ശരിയായ അവസ്ഥയും ഉദ്ദേശ്യവും മനസ്സിലാക്കുന്നു(എബ്രാ.4:13). "ക്രിസ്തു സർവ്വജ്ഞൻ " (Christ is Omnicient)എന്നതിനെയും വ്യക്തമാക്കുന്നു. ഭൂമിയിലേക്കു സകല മഹത്വത്തോടും വരുന്ന ജയാളിയും ന്യായാധിപനുമായ ക്രിസ്തുവിനെ യോഹന്നാൻ കാണുന്നത് അഗ്നിജ്വാല കണ്ണുള്ളവനായിട്ടാണ് (വെളി.19:12).

**(2) വെള്ളോട്ടിന്നു സദൃശമായ കാലുള്ളവൻ —** തുയഥൈരസഭക്കു സഭാകാന്തനായ ക്രിസ്തു രണ്ടാമതു തന്നെ വെളിപ്പെടുത്തുന്നത് വെള്ളോട്ടിന്നു സദൃശമായ കാലുള്ളവൻ എന്ന വിശേഷണത്താലാണ്. യാതൊരു മാലിന്യവുമില്ലാതെ ശുദ്ധിയുള്ളതും, വെട്ടിത്തിളങ്ങുന്ന ലോഹത്തെ വെള്ളോടു (fine brass) ചിത്രീകരിക്കുന്നു. കാൽ അധികാരത്തെ കുറിക്കുന്നു. അതായത് വെള്ളോട്ടിന്നു സദൃശ്യമായ കാലുള്ളവൻ എന്ന വിശേഷണം ക്രിസ്തുവിന്റെ തിളക്കമാർന്ന പരിശുദ്ധിയെയും, സകലത്തിന്മേലുമുള്ള അധികാരത്തെയും വെളിപ്പെടുത്തുന്നു. മഹത്വധാരിയായി വീണ്ടും വരുന്ന ക്രിസ്തുവിനെ യോഹന്നാൻ വിശേഷിപ്പിക്കുന്നത് "*സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്കു അവൻ മെതിക്കുന്നു* " (വെളി.19:15) എന്നാണ്. സകലത്തിന്മേലും അധികാരമുള്ള ക്രിസ്തു സർവ്വശക്തൻ (Christ is Omnipotent).

**(3) ദൈവപുത്രൻ —** തുയഥൈരസഭക്കു മൂന്നാമതായി തന്നെ വെളിപ്പെടുത്തുന്നത് "ദൈവപുത്രൻ " എന്ന നിലയിലാണ്. തുയഥൈരക്കാർ ദൈവമെന്ന നിലയിൽ അപ്പൊളയെന്ന സൂര്യദേവനെ ആരാധിച്ചവരായിരുന്നു (Apollo -- sun god). ഈ പശ്ചാത്തലത്തിൽ നിന്നു കടന്നു വന്നവരോടു ക്രിസ്തു ദൈവപുത്രൻ (Christ -- son of God) എന്നു തന്റെ ദൈവത്വത്തെ ഉറപ്പിച്ചു അരുളിച്ചെയ്യുന്നതു ഏറ്റവും യോജ്യമായിരിക്കുന്നു. ദൈവപുത്രൻ എന്ന പ്രയോഗം വെളിപ്പാടു പുസ്തകത്തിൽ ഇവിടെ മാത്രമാണുള്ളത്. "*നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു*" (മത്താ.16:16)എന്നു പത്രൊസ് ക്രിസ്തുവിനെ മനസ്സിലാക്കി ഏറ്റു പറഞ്ഞിരുന്നു. തുയഥൈര കാലയളവിൽ ആരംഭം കുറിച്ച റോമൻസഭക്കാർ ഇന്നും ക്രിസ്തു ദൈവപുത്രൻ എന്നതിനു പ്രാധാന്യം കൊടുക്കാതെ മറിയയുടെ പുത്രൻ എന്ന നിലയിലാണ് അവർ ക്രിസ്തുവിനെ കാണുന്നത്.

" അഗ്നിജ്വാലെക്കു ഒത്ത കണ്ണും വെള്ളോട്ടിന്നു സദൃശമായ കാലും ഉള്ള ദൈവപുത്രൻ " അരുളിച്ചെയ്യുന്നതു എന്നുള്ള പ്രസ്താവന അടങ്ങിയ ദൂതു തുയഥൈരസഭ ഏറ്റവും ഭയത്തോടെ ശ്രദ്ധിക്കേണ്ടതായിരുന്നു. ക്രിസ്തുവിന്റെ സർവ്വജ്ഞാനത്തെയും, സർവ്വശക്തിയെയും, ദൈവത്വത്തെയും ഇവിടെ പ്രകടമാക്കുന്നു. കർത്താവു കരുണാസമ്പന്നനും, സ്നേഹവാനും, ആശ്വാസദായകനും ആയിരിക്കുമ്പോൾ തന്നേ പാപങ്ങളും, ദുരുപദേശങ്ങളും അനുവദിക്കുന്ന സഭയും, അതിൽ മുഴുകി കഴിയുന്ന വിശ്വാസികളും ഒരുപോലെ ക്രിസ്തുവിന്റെ ന്യായവിധിക്കും, ശിക്ഷയ്ക്കും പാത്രീഭൂതരായിത്തീരും എന്നതിനെയും ഈ ദൂതു പ്രകടമാക്കുന്നു. അഗ്നിജ്വാലെക്കു ഒത്ത കണ്ണുകളാൽ കർത്തവ് സകലരുടെ പ്രവൃത്തികളയും ശോധനചെയ്തു വെള്ളോട്ടിന്നു സദൃശമായ കാലുകളാൽ ശിക്ഷിക്കുകയും ചെയ്യും. ഈ ലോകത്തിൽ വെച്ചു തന്നേ അവർ ബാലശിക്ഷകളിലൂടെ കടന്നു പോകേണ്ടിയും വരും.

**വെളി.2:19 —** ഞാൻ നിന്റെ പ്രവൃത്തിയും നിന്റെ സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണുത എന്നിവയും നിന്റെ ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിലും ഏറെയെന്നും അറിയുന്നു.

തുയഥാരസഭയെ സൂക്ഷ്മനിരീക്ഷണം ചെയ്ത ക്രിസ്തു അവരുടെ നല്ല പ്രവൃത്തികളെ അറിയുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. അവരുടെ പ്രവൃത്തികൾ നാലു വിധത്തിൽ ഫലം പുറപ്പെടുവിച്ചവയായിരുന്നു. (1) സ്നേഹം (2) വിശ്വാസം (3) ശുശ്രൂഷ (4) സഹിഷ്ണുത.

സ്നേഹം എന്നത് അവർ ദൈവത്തെ സ്നേഹിക്കുന്നവരും അന്യോന്യം സ്നേഹിക്കുന്നവരുമായിരുന്നു. കർത്താവിന്റെ അഭിനന്ദനത്തിനു കാരണമായ വിശ്വാസം (faith) അവരുടെ വിശ്വസ്തതയെയും (faithfulness) കുറിക്കുന്നു. ശുശ്രൂഷയും സഹിഷ്ണുതയും അവരുടെ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ബഹിർഗമനങ്ങളായിരുന്നു. അവരെക്കുറിച്ചു വീണ്ടും കർത്താവു സാക്ഷ്യപ്പെടുത്തുന്നത് "*നിന്റെ ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിലും ഏറെയെന്നും അറിയുന്നു* " എന്നായിരുന്നു. തുയഥൈരസഭയുടെ യഥാർത്ഥ ആത്മീകനിലയെക്കുറിച്ചുള്ള ക്രിസ്തുവിന്റെ സാക്ഷ്യമാണിത്. സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണുത എന്നിവയിൽ അവർ ആദ്യകാലത്തു നിന്നും ഏറെ വർദ്ധിച്ചു വന്നു.

എഫെസൊസ് സഭ ആദ്യസ്നേഹത്തിൽ നിന്നു കുറവുള്ളവരായി കണ്ടുവെങ്കിൽ തുയഥൈര സഭയുടെ പ്രവൃത്തികൾ വർദ്ധിച്ചു വരുവാൻ ഇടയായി.

**വെളി.2:20 —** എങ്കിലും താൻ പ്രവാചകി എന്നു പറഞ്ഞു ദുർന്നടപ്പു ആചരിപ്പാനും വിഗ്രഹാർപ്പിതം തിന്മാനും എന്റെ ദാസന്മാരെ ഉപദേശിക്കയും തെറ്റിച്ചുകളകയും ചെയ്യുന്ന ഈസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കുറ്റം നിന്നെക്കുറിച്ചു പറവാൻ ഉണ്ടു.

തുയഥൈരസഭയുടെ പ്രവൃത്തികളെ അഭിനന്ദിച്ച കർത്താവു തുടർന്നു "എങ്കിലും" എന്ന പദപ്രയോഗത്തിലൂടെ അവരുടെ ദോഷവശത്തെ പ്രസ്താവിക്കുന്നു. അവരുടെ പ്രവൃത്തികൾ ആത്മീക ഉന്നതിയെ കുറിക്കുന്നുവെങ്കിലും ദുരുപദേശം അനുവദിക്കുന്നതിനാൽ അവരുടെ കുറ്റമായി പറഞ്ഞിരിക്കുന്നു. ബിലെയാമിന്റെയും നിക്കൊലാവ്യരുടെയും ഉപദേശം കുറഞ്ഞോരു കുറ്റമായി പെർഗ്ഗമൊസിന്മേൽ കണ്ടപ്പോൾ ഈസബേൽ എന്ന സ്ത്രീ മൂലമുള്ള ദുരപദേശത്തെ അനുവദിക്കുന്നു എന്ന കുറ്റം കർത്താവു തുയഥൈരയിൽ കാണുന്നു. യഥാർത്ഥത്തിൽ പെർഗ്ഗമൊസിൽ നുഴഞ്ഞുകയറിയ ബിലെയാമിന്റെ ഉപദേശത്തിന്റെ മറ്റൊരു പകർപ്പായി തുയഥൈരയിൽ ഈസബേലിന്റെ പ്രവർത്തനത്തെ കണക്കാക്കാം. ഇവിടെ കടന്നു കൂടിയ ദുരുപദേശം സഭക്കകത്തുനിന്നുമായിരുന്നു എന്നതും ശ്രദ്ധേയമാണ്. അതു പഴയനിയമഭാഗത്തിൽ വിവരിച്ചിരിക്കുന്ന ഏറ്റവും ദുഷ്ടത പ്രവർത്തിച്ച സ്ത്രീയായ ഈസബേലിനെപ്പോലെ ഒരുവൾ തുയഥൈരസഭയിൽ പ്രവർത്തിക്കാനനുവദിച്ചതു മൂലമായിരുന്നു. ഒരു പക്ഷേ ഇവൾ സഭാശുശ്രൂഷകന്റെ ഭാര്യായായിരിക്കാം എന്നും പറയപ്പെടുന്നു. ഈസബേൽ യിസ്രായേലിൽ ബാൽ ആരാധനയും സകലവിധമ്ളേച്ഛപ്രവർത്തികളും കൊണ്ടു വന്നവളാണ്. ഈസബേൽ യിസ്രായേൽ രാജാവായ ആഹാബിന്റെ ഭാര്യയും, സീദോനിലെ എത്ത്ബാലിന്റെ മകളുമായിരുന്നു. സീദോനിലുള്ള ഒരു ക്ഷേത്രത്തിലെ പുരോഹിതനായിരിക്കുമ്പോൾ അവിടത്തെ രാജാവിനെ ചതിച്ചു കൊന്നാണ് എത്ത്ബാൽ രാജസ്ഥാനം കൈക്കലാക്കിയത്. പിതാവിന്റെ കൊലപാതകമാർഗ്ഗങ്ങളും, ദുഷ്പ്രവർത്തികളും, സൂത്രങ്ങളും പിൻപറ്റിയവളായിരുന്നു ഈസബേൽ. ആഹാബും ഈസബേലുമായുള്ള ബന്ധത്തെ തിരുവചനം പ്രസ്താവിച്ചിരിക്കുന്നതിപ്രകാരമാണ്. **1.രാജാ.16:30,31 —** "*ഒമ്രിയുടെ മകനായ ആഹാബ് തനിക്കു മുമ്പുണ്ടായിരുന്ന എല്ലാവരെക്കാളും അധികം യഹോവെക്കു അനിഷ്ടമായുള്ളതു ചെയ്തു. നെബാത്തിന്റെ മകനായ യൊരാബെയാമിന്റെ പാപങ്ങളിൽ നടക്കുന്നതു പോരാ എന്നു തോന്നുമാറു അവൻ സീദോന്യരാജാവായ എത്ത്ബാലിന്റെ മകളായ ഈസബേലിനെ ഭാര്യയായി പരിഗ്രഹിക്കയും ബാലിനെ ചെന്നു സേവിച്ചു നമസ്കരിക്കയും ചെയ്തു.*" ഈസബേൽ ഭർത്താവിനെ സ്വാധീനിച്ച് യിസ്രായേൽ ദേശത്ത് ബാൽ ആരാധന പ്രചരിപ്പിക്കുവാൻ ബാലിന്റെ പ്രവാചകന്മാരെ ആക്കി വെച്ചു. യഹോവയുടെ പ്രവാചകന്മാരെ ഒരു കാരണവും ഇല്ലാതെ കൊല്ലുകയും ചെയ്തു (1.രാജാ.18:4). കൂടാതെ ബാലിന്റെയും അശേരയുടെയും 850 പ്രവാചകന്മാർക്കു കൊട്ടാരത്തിൽ അഭയം നൽകി(1.രാജാ.18:19) സംരക്ഷിച്ചു. ഫലമോ യിസ്രായേലിൽ ബാൽ ആരാധന വ്യാപകമായിത്തീർന്നു. യിസ്രായേൽക്കാരനായ നാബോത്തിന്റെ പിതൃസ്വത്തായ മുന്തിരിത്തോട്ടം സൂത്രത്തിൽ കൈക്കലാക്കുവാൻ വ്യാജ ആരോപണങ്ങൾ കെട്ടിച്ചമച്ച് നാബോത്തിനെ കല്ലെറിഞ്ഞു കൊല്ലുവാൻ ഈസബേൽ കല്പന കൊടുത്തു (1.രാജാ.21:15). ഇങ്ങനെ ഈസബേലിന്റെ കരങ്ങളിൽ രാജാവായ ആഹാബ് ഒരു കളിപ്പാവ എന്നപോലെയായി പ്രവർത്തിച്ചു. യഥാർത്ഥത്തിൽ ദേശം ഭരിച്ചത് ദുഷ്ടയായ ഈസബേലായിരുന്നു.

യഹോവയ്ക്ക് അനിഷ്ടമായുള്ളതു ചെയ്യുവാൻ ആഹാബിനെ പ്രേരിപ്പിച്ച ഈസബേൽ ദൈവശിക്ഷ അനുഭവിക്കേണ്ടി വന്നു (1.രാജാ.21:25). ഈസബേൽ എന്ന പേരിന് "ബേലിന്റെ പുത്രി" എന്നും "കുപ്പമേട് " എന്നും അർത്ഥങ്ങളാണുള്ളത്. പേരിനെപ്പോലെ തന്നെ ഇവൾ ബാലിനെ ആരാധിക്കുന്നവളും, കുപ്പക്കുന്നു പോലെ സകലവിധ മ്ളേച്ഛതളുടെയും അസന്മാർഗ്ഗിക പ്രവർത്തനങ്ങളുടെയും ഉറവിടവുമാണ്. ഇവളോടു സാമ്യമുള്ള ഒരുവൾ തുയഥൈരയിലും പ്രവർത്തിച്ചിരുന്നു. ഇവളുടെ പേര് ഈസബേൽ എന്നായിരിക്കയില്ല. എന്നാൽ തുയഥൈരസഭയിൽ ദുരുപദേശവും ദുരാചാരവും പരത്തിയ ഇവളുടെ മഹാപാതകത്തെ വിശേഷിപ്പിക്കുവാൻ പഴയനിയമത്തിലെ ഈസബേലിനെ ആലങ്കാരിക ഭാഷയിൽ ഉപയോഗിച്ചിരിക്കുവാനാണ് സാദ്ധ്യത. കാരണം ദൈവമക്കൾ ആരും തന്നെ തങ്ങളുടെ മക്കൾക്കു പഴയനിയമത്തിലെ ദുഷ്ടസ്ത്രീയായ ഈസബേലിന്റെ പേരിടുകയില്ലെന്നതു തന്നെ.

തുയഥൈരസഭാദൂതനുള്ള അരുളപ്പാടു — **വെളി.2:20** "*എങ്കിലും താൻ പ്രവാചകി എന്നു പറഞ്ഞു ദുർന്നടപ്പു ആചരിപ്പാനും വിഗ്രഹാർപ്പിതം തിന്മാനും എന്റെ ദാസന്മാരെ ഉപദേശിക്കയും തെറ്റിച്ചുകളകയും ചെയ്യുന്ന ഈസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കുറ്റം നിന്നെക്കുറിച്ചു പറവാൻ ഉണ്ടു.*" തുയഥൈരസഭ അനുവാദം കൊടുത്ത ഏറ്റവും വലിയ തെറ്റുകളാണ് സഭാകാന്തൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്.

**(1) ദൈവസഭയുടെ അടിസ്ഥാപ്രമാണം സഭ ഗൗരവമായി എടുത്തില്ല. —**

ദുർന്നടപ്പുകാരിയായ ഒരുവൾ തുയഥൈരസഭയിലെ പ്രവാചകിയായി ശുശ്രൂഷകൾ ചെയ്യുവാൻ സഭ അനുവദിച്ചു. സഭയുടെയും സഭാജനങ്ങളുടെയും മേലുള്ള ഇവളുടെ സ്വാധീനത്താൽ ഇവൾക്കു സഭയിൽ മാന്യസ്ഥാനം ലഭിക്കുവാൻ ഇടയായി. യഥാർത്ഥത്തിൽ ഇവൾ കള്ള പ്രവാചകി ആയിരുന്നു.

മറ്റൊന്നു സ്ത്രീ സഭയിൽ മൗനമായിരിക്കണം എന്നു തിരുവചനം പ്രസ്താവിക്കുമ്പോൾ തുയഥൈര യിലെ ഒരു സ്ത്രീ ദൈവദാസന്മാരെ ഉപദേശിക്കുവാൻ സഭ അനുവദിച്ചു. പുരുഷന്മാർ ഉൾപ്പെട്ട കൂടിവ രവുകളിൽ സ്ത്രീകൾ പഠിപ്പിക്കുവാനല്ല മറിച്ചു മൗനമായിരുന്നു പഠിക്കുവാനാണ് ദൈവവചനം നിർദ്ദേ ശിക്കുന്നത്. **1.തിമൊ.2:11,12 —** *"സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടും കൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല."*

**(2) ഉപദേശവിഷയം തിരുവചനത്തിനു അനുസരണമോ എന്നു സഭ ശോധന ചെയ്തില്ല —**

ദുർന്നടപ്പും വിഗ്രഹാരാധനയും ആയിരുന്നു ഈസബേലെന്ന സ്ത്രീയുടെ ഉപദേശവിഷയം. താൻ പ്രവാചകി എന്നു സ്വയം പറഞ്ഞുകൊണ്ടു ദൈവം വെറുക്കുന്ന ദുർന്നടപ്പു ആചരിപ്പാനും, വിഗ്ര ഹങ്ങൾക്കു അർപ്പിച്ച ആഹാരസാധനങ്ങൾ തിന്നുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു ദൈവദാസ ന്മാരെ ഇവൾ തെറ്റിച്ചു അഥവാ വഞ്ചിച്ചുകളഞ്ഞു. സഭയെ നശിപ്പിക്കണമെന്ന ചിന്ത ഇവൾക്കുണ്ടായി രിക്കാനിടയില്ല. എന്നാൽ അവളുടെ പുതിയ ഉപദേശങ്ങളും, പ്രവർത്തനങ്ങളും ദൈവവചനത്തിനെതി രായതിനാൽ നാശത്തിലേക്കു നയിക്കപ്പെട്ടു. പാപത്തിൽ നിന്നു ദൈവകൃപയാൽ സ്വാതന്ത്ര്യം നേടിയ രക്ഷിക്കപ്പെട്ടവർക്കു വീണ്ടും പാപം ചെയ്യാമെന്നും, ദുർന്നടപ്പാകാമെന്നും, തദവസരങ്ങളിലൊക്കെ ദൈവ കൃപയാൽ പാപമോചനവും ലഭിക്കുമെന്നും അവൾ ഉപദേശിച്ചു. അതായത് കൃപയാലുള്ള രക്ഷ പാപം ചെയ്യുന്നതിനുള്ള അനുമതിയായി വ്യാഖ്യാനിച്ചു. വ്യഭിചാരമുൾപ്പെട്ട ദുർന്നടപ്പും, അസന്മാർഗ്ഗികജീവിതവും ഒക്കെ ശരീരത്തിന്റെ ആവശ്യമാണെന്നും അതൊക്കെ പാപമായി ചിന്തിക്കേണ്ടതില്ലെന്നുമായിരുന്നു അവളുടെ ഉപദേശം. കൂടാതെ ദൈവത്തിനു ശാരീരികമായ രൂപമില്ലാത്തതിനാൽ വിഗ്രഹങ്ങളിലൂടെ ആരാധിക്കുന്നതിൽ തെറ്റില്ലെന്നും സമർത്ഥിച്ചു. ആയതിനാൽ വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതിനു പ്രോത്സാ ഹിപ്പിച്ചു. ദൈവവചനം അസന്മാർഗ്ഗിക ജീവിതത്തെയും വിഗ്രഹാരാധനയെയും (1.കൊരി.6:15–20/ 1. കൊരി.10:19–21/മത്താ.18:6–10) എതിർക്കുന്നു. രക്ഷിക്കപ്പെട്ടവർ ഇവയൊക്കെ വിട്ടോടണം എന്നു ദൈവം ആഗ്രഹിക്കുന്നു. ഇല്ലെങ്കിൽ ദൈവത്തിന്റെ ന്യായവിധിയെ നേരിടേണ്ടി വരും. യിസ്രായേൽ രാജാവായ ആഹാബിന്മേൽ ഈസബേൽ സ്വാധീനം ചെലുത്തി നാശത്തിനിടയായതുപോലെ തുയഥൈരസഭയുടെ പ്രവർത്തനങ്ങളിൽ ഈസബേലിനെപ്പോലെ സാമ്യമുള്ള മറ്റൊരു സ്ത്രീയെ ഉപദേശിക്കുവാൻ അനുവ ദിച്ചതു വഴി സഭ ദുരാചാരങ്ങളിലേക്കു വലിച്ചിഴക്കപ്പെട്ടു.

ഒന്നാം നൂറ്റാണ്ടിൽ തുയഥൈരസഭക്കുണ്ടായ വീഴ്ചകൾ ഇന്നത്തെ സഭകളും ആവർത്തിക്കുന്ന തായി കാണുന്നു. പ്രവാചകശുശ്രൂഷകൾ സഭയുടെ അടിസ്ഥാനപ്പണിയിൽ ഉൾപ്പെട്ടതും (എഫെ.2:20), സകലപ്രവചനങ്ങളും തിരുവെഴുത്തുകളിലൂടെ ലഭിച്ചു കഴിയുകയും (യോഹ.6:14/എബ്രാ.1:1,2) പ്രവചന വരം നീങ്ങിപ്പോയ കൃപാവരത്തിലുൾപ്പെടുന്നതാണെന്നും (1.കൊരി.13:8) തിരുവചനം ഉറപ്പായി വ്യക്ത മാക്കിയിട്ടും തുയഥൈരസഭയിൽ കള്ള പ്രവചനം നടത്തിയവളുടെ പാത ഇന്നു അനേക സഭാകൂട്ടങ്ങൾ നിർവിഘ്നം തുടരുന്നു. കൂടാതെ സഭയുടെ ഭരണരംഗങ്ങളിൽ സ്ത്രീകളെ അനുവദിക്കുകയും, പുരുഷ ന്മാരുൾപ്പെട്ട കൂടിവരവുകളിൽ സ്ത്രീകളെ ഉപദേശിപ്പാൻ സർവ്വസ്വാതന്ത്ര്യവും നൽകപ്പെടുകയും ചെയ്തി രിക്കുന്നു. സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ പരാമർശം ഇന്നത്തെ സഭകൾ ഭയത്തോടെ ഉൾക്കൊ ണ്ടാൽ എത്ര അനുഗ്രഹമായിരുന്നു.

**വെളി.2:21 —** ഞാൻ അവൾക്കു മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും ദുർന്നടപ്പുവിട്ടു മാനസാ ന്തരപ്പെടുവാൻ അവൾക്കു മനസ്സില്ല.

ദുർന്നടപ്പു ആചരിപ്പാനും വിഗ്രഹാർപ്പിതം തിന്മാനും ഉപദേശിക്കയും ദൈവദാസന്മാരെ തെറ്റിച്ചുകളകയും ചെയ്ത ഒരു സ്ത്രീയെ തുയഥൈര സഭ അനുവദിക്കുന്നു എന്നകുറ്റം അവരെ അറിയി ച്ചശേഷം അവളോടു കർത്താവു ഇടപെട്ട കാര്യവും അവരെ അറിയിക്കുന്നു. ഇവളുടെ പ്രവർത്തനങ്ങൾ ദൈവമുമ്പാകെ ഏറ്റവും ശിക്ഷയർഹിക്കുന്നതെങ്കിലും കർത്താവ് അവളോടു കരുണ കാട്ടി. മാനസാന്ത രപ്പെടുവാൻ അവൾക്കു സമയം കൊടുത്തു. ഏതുവിധമോ എപ്രകാരമോ കർത്താവു അവളോടു ഇടപെ ട്ടതെന്നു നമുക്കറിയില്ല. എങ്കിലും ഈ കള്ള പ്രവാചകി തന്റെ ദുർന്നടപ്പുവിട്ടകന്നു കർത്താവിൽ ശരണ പ്പെടുവാൻ കൂട്ടാക്കിയില്ല. മാനസാന്തരപ്പെടുവാൻ അവൾക്കു മനസ്സില്ല എന്നത് വ്യക്തിപരമായ പരാ മർശം ആയിരിക്കുമ്പോൾ തന്നേ സഭയോടുള്ള ബന്ധത്തിലും ഈ പരാമർശം നിലനിൽക്കുന്നു. കാരണം കള്ളപ്രവാചകിയായ ഒരു സ്ത്രീയെ സഭയിൽ ശുശ്രൂഷിക്കുവാൻ അനുവദിച്ചു എന്നൊരു കുറ്റം സഭ യോടും പറയുന്നുണ്ട്. വ്യക്തികൾ മാത്രമല്ല സഭയും മാനസാന്തരപ്പെടണമെന്നു കർത്താവു ആഗ്രഹി ക്കുന്നു. വിഗ്രഹാരാധനയും, ദുർന്നടപ്പും, ദുരാചാരങ്ങളും, ലോകമോഹങ്ങളും ആത്മീകതയോടൊപ്പം കൂട്ടിക്കലർത്തി കൊണ്ടു പോകുന്ന സഭകളോടും കർത്താവു ഇടപെടുക തന്നെ ചെയ്യും എന്ന കാര്യം വളരെ ഭയത്തോടെ നാമും ഓർക്കണം.

**വെളി.2:22 —** ഞാൻ അവളെ കിടപ്പിലും അവളുമായി വ്യഭിചരിക്കുന്നവരെ അവളുടെ നടപ്പു വിട്ടു മാനസാന്തരപ്പെടാതിരുന്നാൽ വലിയ കഷ്ടതയിലും ആക്കിക്കളയും.

**വെളി.2:23 —** അവളുടെ മക്കളെയും ഞാൻ കൊന്നു കളയും; ഞാൻ ഉൾപൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്നു സകലസഭകളും അറിയും; നിങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം ഞാൻ നിങ്ങൾക്കു ഏവർക്കും പകരം ചെയ്യും.

തുയഥൈര സഭയിലെ ദുർന്നടപ്പുകാരിയായ സ്ത്രീക്കു മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും അവൾ തന്റെ ദുർന്നടപ്പു വിട്ടു മാനസാന്തരപ്പെടുവാൻ മനസ്സില്ലാത്തതിനാൽ മൂന്നു വിധ ശിക്ഷാനടപടി പ്രസ്താവിക്കുന്നു. **(1) വ്യക്തിപരമായ ശിക്ഷ —** *"ഞാൻ അവളെ കിടപ്പിലും"* — Indeed I will cast her into a sickbed **(2) അവളുടെ അനുയായികൾക്കുള്ള ശിക്ഷ —** *"അവളുമായി വ്യഭിചരിക്കുന്നവരെ അവളുടെ നടപ്പു വിട്ടു മാനസാന്തരപ്പെടാതിരുന്നാൽ വലിയ കഷ്ടതയിലും ആക്കിക്കളയും"* —And those who commit adultery with her into great tribulation **(3) അവളുടെ സന്തതിക്കുള്ള (തലമുറക്കുള്ള) ശിക്ഷ —** *"അവളുടെ മക്കളെയും ഞാൻ കൊന്നു കളയും"* — I will kill her children with death.

**(1) വ്യക്തിപരമായ ശിക്ഷ —***"ഞാൻ അവളെ കിടപ്പിലും"* —Indeed I will cast her into a sickbed —

കള്ളപ്രവാചകിയും, ദുർന്നടപ്പുകാരിയും, ദൈവത്തിന്റെ ദാസന്മാരെ ദുരുപദേശത്താൽ തെറ്റിച്ചുകളകയും ചെയ്യുന്ന തുയഥൈര സഭയിലെ സ്ത്രീയോടു കർത്താവു തന്റെ ശിക്ഷാവിധി അറിയിക്കുന്നത് അവളെ കിടപ്പിൽ ആക്കിക്കളയും എന്നാണ്. മാനസാന്തരത്തിനു അവസരം ലഭിച്ചിട്ടും അവൾ ദുരന്നടപ്പും പ്രവർത്തനങ്ങളും നിറുത്തിയില്ല. അവളുടെ ജഡമോഹങ്ങളും പ്രവർത്തനങ്ങളും ആനന്ദത്തിന്റെ കിടക്കയായിരുന്നുവെങ്കിൽ അതിനെ കർത്താവു വേദനയുടെ കിടക്കായാക്കുകയാണ് ചെയ്യുന്നത്. കിടക്കയെന്നത് ഇവിടെ അസുഖങ്ങളുടെയും, വേദനകളുടെയും അനുഭവമെന്നതിനു പുറമേ നരകയാതയുടെയും, മരണത്തിന്റെയും കിടക്കയെന്നും ചിന്തിക്കാം. അഗ്നിജ്വാലെക്കു ഒത്ത കണ്ണുള്ള കർത്താവു അവളുടെ സകലവിധ ദുർമ്മാർഗ്ഗങ്ങളെയും ദുരുപദേശങ്ങളെയും ശോധനചെയ്തശേഷം വെള്ളോട്ടിന്നു സദൃശമായ കാലുകളാൽ ദൈവപുത്രൻ അവൾക്കെതിരെ ന്യായവിധി പ്രഖ്യാപിച്ചു.

**(2) അവളുടെ അനുയായികൾക്കുള്ള ശിക്ഷ —** *"അവളുമായി വ്യഭിചരിക്കുന്നവരെ അവളുടെ നടപ്പു വിട്ടു മാനസാന്തരപ്പെടാതിരുന്നാൽ വലിയ കഷ്ടതയിലും ആക്കിക്കളയും"* —And those who commit adultery with her into great tribulation.

ദുർന്നടപ്പുകാരിയായ സ്ത്രീയെ മാത്രമല്ല അവളോടു ചേർന്നു വ്യഭിചരിക്കുകയും, അവളുടെ പ്രവർത്തനങ്ങൾക്കു കൂട്ടാളികളായി പ്രവർത്തിക്കുന്നവരെയും ന്യായം വിധിച്ചു ശിക്ഷിക്കും. അവർക്കും കരുണാസമ്പന്നനായ കർത്താവു മാനസാന്തരത്തിനു അവസരം കൊടുക്കുന്നു. എന്നാൽ ദുർന്നടപ്പു വിട്ടു മാനസാന്തരപ്പെടാഞ്ഞാൽ അവരെയും വലിയ കഷ്ടത്തിൽ അഥവാ മഹാപീഡനത്തിൽ ആക്കിക്കളയും എന്നു അവരോടു അറിയിക്കുന്നു.

**(3) അവളുടെ സന്തതിക്കുള്ള (തലമുറക്കുള്ള) ശിക്ഷ —** *"അവളുടെ മക്കളെയും ഞാൻ കൊന്നു കളയും"* — I will kill her children with death.

വ്യഭിചാരിണിയും, വിഗ്രഹാരാധിയും, ദുർന്നടപ്പുകാരിയും, ദുരുപദേശം പ്രസ്താവിക്കുന്നവളുമായ തുയഥൈരസഭയിലെ സ്ത്രീക്കു വേദനയുടെയും ദുഃഖത്തിന്റെയും കിടക്കയും, അവളുടെ പ്രവർത്തനങ്ങൾക്കു കൂട്ടാളികാളായവർക്കു മഹാപീഡനങ്ങളും ന്യായം വിധിച്ചപ്പോൾ അവളുടെ തലമുറക്കു മരണമാണ് കർത്താവിന്റെ ന്യായവിധി. അവളുടെ സന്തതി എന്നത് രണ്ടു നിലകളിൽ വ്യഖ്യാനിക്കാം. ഒന്നാമതായി അവളുടെ തന്നെ സ്വന്തം മക്കൾ എന്നും രണ്ടാമതായി അവളുടെ ദുരുപദേശവും, ദുർന്നടപ്പും കണ്ടും കേട്ടും വളർന്ന പിൻതലമുറ എന്നും ചിന്തിക്കാം. സ്വന്തം മക്കൾ എന്ന പ്രകാരം ന്യായവിധി അവളുടെ കുടുംബത്തിലെ സന്തതിമേൽ ദൈവികന്യാവിധി ചൊരിയപ്പെടുന്നു. ഇതിനുദാഹരണമാണ് ദാവീദിനു വ്യഭിചാരത്താലുണ്ടായ കുഞ്ഞിന്റെ മരണവും (2.ശമൂ.12:13 —19), ആഹാബിന്റെയും ഈസബേലിന്റെയും പുത്രന്മാരുടെ മരണവും (2.രാജാ.10:1 —10). ദൈവത്തെ അനുസരിക്കുന്നവർ ദൈവമക്കൾ അഥവാ ദൈവത്തിന്റെ സന്തതികൾ എന്നു എണ്ണപ്പെടുന്നതുപോലെ ദുർമ്മാർഗ്ഗിയായ ഈ സ്ത്രീയുടെ പ്രവർത്തനങ്ങളാൽ വളർത്തപ്പെട്ട തലമുറയെയും അവളുടെ സന്തതിയെന്നു കണക്കാക്കാം. അങ്ങനെയുള്ള സന്തതികളിന്മേലും അനന്യാസു സഫീര ദമ്പതികൾക്കു ലഭിച്ചപോലെയലുള്ള മരണ ശിക്ഷ നിശ്ചയമായും ലഭിക്കും.

**വെളി.2:23 — ഞാൻ ഉൾപൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്നു സകലസഭകളും അറിയും; നിങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം ഞാൻ നിങ്ങൾക്കു ഏവർക്കും പകരം ചെയ്യും**.

ദുർന്നടപ്പുകാരിയും, കള്ളപ്രവാചകിയുമായ സ്ത്രീക്കും, അവളുടെ കൂട്ടാളികൾക്കും, അവളുടെ മക്കൾക്കും ശിക്ഷ പ്രഖ്യാപിച്ചശേഷം അതിന്റെ അടിസ്ഥാനത്തിൽ സകലസഭകളോടും കർത്താവിനു പറയുവാനുള്ള രണ്ടു കാര്യങ്ങൾ ഇവിടെ വ്യക്തമാക്കുന്നു (1) ഞാൻ ഉൾപൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവനാണ്. (2) നിങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം ഞാൻ നിങ്ങൾക്കു ഏവർക്കും

പകരം ചെയ്യും.

**(1) ഞാൻ ഉൾപൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവനാണ് — I am He who searches the minds and hearts —** ഈസബേലിനും, അവളുടെ കൂട്ടാളികൾക്കും, സന്തതികൾക്കും എതിരേ ശിക്ഷ പ്രഖ്യാപിക്കുന്നത് ഉപദേശത്തിലും, നടപ്പിലും സംശുദ്ധമായ സഭയെ വാർത്തെടുക്കുകയെന്നതാണ് സഭാകാന്തനായ ക്രിസ്തുവിന്റെ ഉദ്ദേശം. കർത്താവു ഉൾപൂവുകളെയും അഥവാ മനസ്സുകളെയും ഹൃദയങ്ങളെയും ആരാഞ്ഞു അറിയുന്നവനാണ്. കർത്താവിനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയും ഇല്ല. തിരുവചനത്തിൽ ദൈവത്തിന്റെ സ്വഭാവസവിശേഷതയാണ് ദൈവം സർവ്വജ്ഞാനി എന്നത് (1.ദിന.28:9/സങ്കീ.7:9/സങ്കീ.139:1-15/സദൃ.24:12/യിരെ.11:20/യിരെ.17:10/യിരെ.20:12). ഇതു ക്രിസ്തുവിനോടും പറഞ്ഞിരിക്കുന്നതിനാൽ ക്രിസ്തുവിന്റെ ദൈവത്വത്തെയും പ്രകടമാക്കുന്നു. ദുർന്നടപ്പു ആചരിപ്പാനും വിഗ്രഹാർപ്പിതം ഭക്ഷിപ്പാനും കർത്താവിന്റെ ദാസന്മാരെ ദുരുപദേശത്താൽ തെറ്റിച്ചു കളയുകയും ചെയ്ത ഈസബേലിനെതിരേ ക്രിസ്തു തന്റെ ക്രോധാഗ്നി ചൊരിയുന്ന കണ്ണുകളാൽ നിരീക്ഷണം ചെയ്തിട്ടു വെള്ളോട്ടിനു സദൃശമായ കാലുകളാൽ ശിക്ഷ നടത്തി. അങ്ങനെയൊരുവളെ സഭ അനുവദിച്ചു എന്നൊരു കുറ്റം സഭക്കും ഉള്ളതിനാൽ കർത്താവു സകലമനസ്സുകളും ഹൃദയങ്ങളും ആരായുന്നവനാണെന്നു മനസ്സിലാക്കി സഭയും മാനസാന്തരപ്പെട്ടു ജീവിക്കണം.

**(2) നിങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം ഞാൻ നിങ്ങൾക്കു ഏവർക്കും പകരം ചെയ്യും — I will give to each one of you according to your works —** പാപത്തിന്മേലുള്ള കർത്താവിന്റെ സമീപനവും ശിക്ഷാവിധി കാണുമ്പോൾ അവർ ഓർക്കേണ്ട മറ്റൊരു സംഗതിയാണ് നിങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം ഞാൻ നിങ്ങൾക്കു പകരം ചെയ്യും എന്നുള്ളത്. കർത്താവു ഓരോരുത്തരുടെയും പ്രവൃത്തിക്കു തക്കവണ്ണമാണ് പകരം ചെയ്യുന്നത്. അതേസമയം നിരപരാധികളെ ദുഷ്ടന്മാരോടൊപ്പം നശിപ്പിക്കുകയുമില്ല. ഓരോരുത്തരുടെയും പ്രവൃത്തിക്കു തക്കവണ്ണം ലഭിക്കും എന്നത് തിരുവചനത്തിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്.

**മത്താ.16:27—** *"മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകും."*

**റോമ.2:6 —** *"അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും."*

**2.തിമൊ.4:14 —** *"അവന്റെ പ്രവൃത്തികൾക്കു തക്കവണ്ണം കർത്താവു അവന്നു പകരം ചെയ്യും."*

**വെളി.22:12—** *"ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു."*

ദൈവത്തിന്റെ ന്യായവിധി പ്രവൃത്തികളെ ആശ്രയിച്ചിരിക്കുന്നു എന്നു പറയുമ്പോൾ രക്ഷ പ്രവൃത്തിയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതുമില്ല (എഫെ.2:8,9/2.തിമൊ.1:9/തീത്തൊ.3:5). തുയഥൈരസഭയോടുള്ള ബന്ധത്തിൽ ചിന്തിക്കുമ്പോൾ പ്രവൃത്തിയെന്നത് ദുരുപദേശത്തിലും, ദുർന്നടപ്പിലും ഉൾപ്പെട്ട ജീവിതത്തെയും അതുപോലെ ഇതിൽ നിന്നൊക്കെ അകന്നു വേർപെട്ടവരായി കർത്താവിനോടൊപ്പമുള്ള ജീവിതങ്ങളെയും കുറിക്കുന്നു. ലോകമോഹങ്ങളിൽ നിന്നും ദുരാചാരങ്ങളിൽ നിന്നും ദുർന്നടപ്പിലും നിന്നും മാറി വിശ്വസ്തതയോടെ ആത്മികജീവിതം നയിക്കുന്നവർക്ക് ക്രിസ്തുവിൽ നിന്നു പ്രതിഫലം ലഭിക്കും. സഭായുഗത്തിലെ സകലവിശ്വാസികളും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കേണ്ടി വരും (2.കൊരി.5:10).

**വെളി.2:24 —** എന്നാൽ ഈ ഉപദേശം കൈക്കൊള്ളാതെയും അവർ പറയുംപോലെ സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാതെയും തുയഥൈരയിലെ ശേഷം പേരോടു: വേറൊരു ഭാരം ഞാൻ നിങ്ങളുടെ മേൽ ചുമത്തുന്നില്ല;

ദുർന്നടപ്പുകാരിക്കും അവളുടെ കൂട്ടാളികൾക്കും, സന്തതികൾക്കും ശിക്ഷ വിധിച്ചശേഷം സകല സഭകളും അറിഞ്ഞിരിക്കേണ്ട കാര്യവും പ്രസ്താവിച്ചു. അതിനുശേഷം സഭക്കകത്തുള്ള ഒരു കൂട്ടത്തോടു അഥവാ ശേഷിപ്പിനോടു ക്രിസ്തു തന്റെ ആശ്വാസവചനങ്ങളറിയിക്കുന്നു. ഇവർ വിശ്വസ്തർ എന്ന നിലയിൽ ദുരുപദേശം കൈക്കൊള്ളാത്തവരും, സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാത്തവരും ആണ്. സാത്താന്റെയും കൂട്ടാളികളുടെയും ഇടയിൽ പാർക്കുന്ന ഈ ശേഷിപ്പ് ഇപ്പോൾതന്നെ വിശ്വാസജീവിതത്തിൽ വിവിധഭാരങ്ങളാൽ വ്യസനിക്കുന്നവരാകയാൽ ക്രിസ്തു അവരുടെ മേൽ വേറൊരു ഭാരവും ചുമത്തുന്നില്ലെന്നും അറിയിച്ചു.

**എന്നാൽ ഈ ഉപദേശം കൈക്കൊള്ളാതെയും —** തുയഥൈരസഭയിലെ അനേകർ ദുർന്നടപ്പിലും, വിഗ്രഹാരാധനയിലും, ദുരുപദേശത്തിലും ആകൃഷ്ടരായി നടന്നപ്പോൾ ഒരു കൂട്ടം വിശ്വാസികൾ ഈസബേൽ എന്ന സ്ത്രീയുടെ ദുരുപദേശം കൈക്കൊള്ളാത്തവരായിരുന്നു. എഫസൊസിലുള്ള വിശ്വാസികളെപ്പോലെ അവർ കൊള്ളരുതാത്തവരെ തിരിച്ചറിഞ്ഞു പകെച്ചവരായിരുന്നു. ദൈവം ആഗ്രഹിക്കുന്നതു പോലെ ഈ ശേഷിപ്പ് ദൈവഹിതപ്രകാരം ജീവിച്ചവരായിരുന്നു.

**അവർ പറയുംപോലെ സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാതെയും —** ഈസബേലിന്റെ ദുരുപദേശങ്ങളെയും പ്രവൃത്തികളെയുമാണ് സാത്താന്റെ ആഴങ്ങൾ എന്നു പറഞ്ഞിരിക്കുന്നത്. സ്മുർന്ന

യിലെ സാത്താന്റെ പള്ളിക്കാരും (വെളി.2:9), പെർഗ്ഗമൊസിലെ സാത്താന്റെ സിംഹാസനവും (വെളി.2:13) എന്നപോലെ തുയഥൈരയിലെ സാത്താന്റെ ആഴങ്ങളും (വെളി.2:24)സമാനമായിരിക്കുന്നു. ദൈവികകാര്യങ്ങളും, ദൈവവചനത്തിലെ അഗാധമർമ്മങ്ങളും, ദൈവത്തിന്റെ ആഴങ്ങളും നമുക്കു വെളിപ്പെട്ടു കിട്ടുന്നത് പരിശുദ്ധാത്മാവിലൂടെയാണ് (1.കൊരി.2:10,11). അതുപോലെ തുയഥൈരയിൽ സാത്താന്റെ ആഴങ്ങൾ വെളിപ്പെടുത്തി കൊടുത്തിരുന്നത് കള്ളപ്രവാചകിയായ ഈസബേലിലൂടെയായിരുന്നു. സാത്താന്റെ പ്രവർത്തന പദ്ധതികളിലും, വഴികളിലും, മ്ളേച്ഛമായ പാപത്തിന്റെ ആഴങ്ങൾ അറിയാതെയും, അതിലൊന്നും പങ്കുചേരാതെ ഒരു കൂട്ടം വിശ്വാസികൾ കർത്താവിനോടു വിശ്വസ്തരായി നിലനിന്നു.

**വേറൊരു ഭാരം ഞാൻ നിങ്ങളുടെ മേൽ ചുമത്തുന്നില്ല —** ഈസബേൽ എന്ന കള്ള പ്രവാചകിയും കൂട്ടരും ദൈവവഴി വിട്ടു സഞ്ചരിച്ചപ്പോൾ അവരുടെ ഉപദേശം കൈക്കൊള്ളാതെയും അവർ പറയുംപോലെ സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാതെയും ജീവിച്ച തുയഥൈരയിലെ ശേഷം പേരോടു: വേറൊരു ഭാരം ഞാൻ നിങ്ങളുടെ മേൽ ചുമത്തുന്നില്ലെന്നു കർത്താവ് അറിയിക്കുന്നു. കർത്താവിനെ കൈക്കൊണ്ടതുമുതൽ ഏറെ ഭാരങ്ങൾ സഹിച്ചുകൊണ്ടു വിശ്വാസജീവിതം നയിക്കുന്ന അവർക്കു ഇനിയും കൂടുതലായി ഭാരങ്ങളൊന്നും കർത്താവും കല്പിക്കുന്നില്ല.

**വെളി. 2:25 —** എങ്കിലും നിങ്ങൾക്കുള്ളതു ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ എന്നു ഞാൻ കല്പിക്കുന്നു.

സാത്താന്റെ ആഴങ്ങളിൽ ഉൾപ്പെടാതെ ജീവിക്കുന്ന തുയഥൈരയിലെ ഒരു വിശ്വസ്തശേഷിപ്പിനെ ക്രിസ്തു ആശ്വസിപ്പിച്ചശേഷം അവരെ പ്രബോധിപ്പിക്കുന്നു. കർത്താവിന്റെ ഭാഗത്തു നിൽക്കുന്നതിനാൽ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഇക്കൂട്ടരിൽ പുതിയതായി മറ്റൊരു ഭാരവും ചുമത്തുവാൻ ആഗ്ഹിക്കുന്നില്ലെങ്കിലും അവർ അനുസരിക്കേണ്ട ഒന്നുണ്ട്. കർത്താവു വരുന്നതുവരെ അവർക്കു ലഭിച്ചതു പിടിച്ചു കൊൾവാനുള്ള കല്പനയാണത്. അതായത് ദുരുപദേശങ്ങളിലും, ദുർന്നടപ്പിലും, ഉൾപ്പെടാതെയും, സാത്താന്റെ ആഴങ്ങളിൽ ഇറങ്ങാതെയും അവർക്കു ലഭിച്ചിരിക്കുന്ന പ്രകാശം മുറുകെപിടിച്ചുകൊണ്ടു കർത്താവു വരും വരെ വിശ്വസ്തതയോടെ നിൽക്കണം. അവരുടെ പ്രവൃത്തി, സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണുത എന്നിവയും അവരുടെ ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിലും ഏറെയെന്നും കർത്താവു കണ്ടതാണ്. ഇവയൊക്കെ അവർ പിടിച്ചു കൊള്ളേണ്ടതായിട്ടുണ്ട്. കൂടാതെ കർത്താവു തന്റെ സഭയെ ചേർക്കുവാനായി വരും എന്നുള്ള മഹത്തായ പ്രഖ്യാപനവും ഇവിടെ കാണുന്നു. എഫെസൊസ് , പെർഗ്ഗമൊസ് എന്നീ സഭകളിൽ മാനസാന്തരത്തിന്റെ ദൂതു അറിയിച്ചശേഷം, അവർ മാനസാന്തരപ്പെട്ടില്ലെങ്കിൽ ക്രിസ്തു വേഗം വരും (വെളി.2:5/വെളി.2:16) എന്നു പറഞ്ഞത് അവർക്കെതിരേ ന്യായവിധി നടത്തുവാനാണ്. ഈ വരവ് മദ്ധ്യാകാശത്തിലെ പ്രത്യക്ഷതയല്ല. സഭായുഗത്തിൽ തന്നെ അവർ ശിക്ഷിക്കപ്പെടും എന്നതിനെക്കുറിക്കുന്നു. എന്നാൽ തുയഥൈരസഭയോടു തന്റെ വരവിനെക്കുറിച്ചു പറയുന്നത് സഭയെ ചേർക്കുവാൻ വാനമേഘങ്ങളിൽ വരുന്ന പ്രത്യക്ഷതയെയാണ്. തുയഥൈര തുടങ്ങിയുള്ള നാലു സഭകൾക്കും കർത്താവിന്റെ മദ്ധ്യാകാശത്തിലെ പ്രത്യക്ഷതയുടെ അറിയിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് (തുയഥൈര —വെളി.2:25/ സർദ്ദിസ് —വെളി.3:3/ ഫിലദെൽഫ്യ —വെളി.3:11/ ലവൊദിക്കയ —വെളി.3:20).

**വെളി.2:26,27,28 — "ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവന്നു എന്റെ പിതാവു എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കും. അവൻ ഇരുമ്പുകോൽകൊണ്ടു അവരെ മേയിക്കും; അവർ കുശവന്റെ പാത്രങ്ങൾപോലെ നുറുങ്ങിപ്പോകും. ഞാൻ അവന്നു ഉദയനക്ഷത്രവും കൊടുക്കും."**

ക്രിസ്തുവിന്റെ വരവുവരെ അവർക്കുള്ളതു പിടിച്ചു കൊൾവിൻ എന്നു തുയഥൈരസഭയിലെ വിശ്വസ്തരോട് പ്രബോധിപ്പിച്ചശേഷം അവർക്കുള്ള പ്രതിഫലവും ഈ വാക്യങ്ങളിൽ അറിയിക്കുന്നു. ആദ്യത്തെ മൂന്നു സഭകൾക്കു *"ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ"* എന്നുള്ള വ്യക്തിപരമായ ആഹ്വാനത്തിനു ശേഷം പ്രതിഫലം വാഗ്ദത്തം ചെയ്യുന്നു. എന്നാൽ ഒടുവിലത്തെ നാലു സഭകൾക്കു ഈ രീതിയിൽ മാറ്റം വരുത്തിക്കൊണ്ടു പ്രതിഫലം വാഗ്ദത്തം ചെയ്തിട്ടു വ്യക്തിപരമായ ആഹ്വാനം നൽക്കുന്നു. ജയിക്കുന്നവനാണ് പ്രതിഫലം ലഭിക്കുന്നത്. ജയിക്കുന്നവനെന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവൻ (1.യോഹ.5:4,5) എന്നാണ് പൊതുവേയുള്ള അർത്ഥം. തുയഥൈര സഭയോടുള്ള ബന്ധത്തിൽ ജയിക്കുന്നവനെന്നാൽ സാത്താന്റെ ആഴങ്ങളിൽ ഉൾപ്പെടാതെ അവർക്കു ലഭിച്ചതു കർത്താവിന്റെ വരവുവരെ പിടിച്ചു കൊള്ളുന്നവർ എന്നതാണ്. ജയിക്കയും കർത്താവു കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവർക്കു പ്രതിഫലമെന്ന നിലയിൽ രണ്ടു വാഗ്ദത്തങ്ങളാണ് അവർക്കു കൊടുക്കുന്നത്. (1) ജാതികളുടെമേൽ അധികാരം കൊടുക്കും (2) ഞാൻ അവന്നു ഉദയനക്ഷത്രവും കൊടുക്കും.

**> ജാതികളുടെമേൽ അധികാരം കൊടുക്കും —** തുയഥൈര സഭയോടുള്ള ബന്ധത്തിൽ കർത്താവിൽ വിശ്വസ്തരായവർക്കു ലഭിക്കുന്ന ആദ്യത്തെ പ്രതിഫലവാഗ്ദത്തമാണ് ജാതികളുടെ മേൽ അവർക്കു

അധികാരം ലഭിക്കും എന്നുള്ളത്. ഇരുമ്പുകോൽ കൊണ്ടു അവർ ജാതികളെ മേയിക്കുകയും ജാതികൾ കുശവന്റെ പാത്രങ്ങൾപോലെ നുറുങ്ങിപ്പോകുവാനും ഇടയാകും. ദൈവഹിതത്തിലും പിതാവിനോടുള്ള സമ്പൂർണ്ണ അനുസരണത്തിലും പ്രവൃത്തികൾ പൂർത്തീകരിച്ച പുത്രനെ പിതാവായദൈവം ആദരിച്ചുയർത്തിയതുപോലെ ക്രിസ്തു കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കുന്നവനും ഉയർച്ച ലഭിക്കും. ന്യായവിധി നടത്തുവാനുള്ള സകല അധികാരങ്ങളും ക്രിസ്തുവിനു പിതാവിൽ നിന്നു ലഭിച്ചിട്ടുണ്ട്(യോഹ.5:22,27). ജാതികളെ ഭരിക്കും എന്നത് ക്രിസ്തുവിന്റെ രണ്ടാം വരവിലെ വിശുദ്ധന്മാരുമായുള്ള മഹത്വപ്രത്യക്ഷതയോടു ബന്ധപ്പെട്ടിരിക്കുന്നു. ഈ ഭരണത്തെക്കുറിച്ചാണ് സങ്കീർത്തനം 2:8,9 -ൽ രേഖപ്പെടുത്തിയിരിക്കുന്നതും വാഗ്ദത്തമായി ഇവിടെ പറഞ്ഞിരിക്കുന്നതും. **സങ്കീ.2:8,9 —** *"ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും; ഇരുമ്പു കോൽകൊണ്ടു നീ അവയെ തകർക്കും; കുശവന്റെ പാത്രം പോലെ അവരെ ഉടെക്കും."* ദൈവമക്കൾ കർത്താധികർത്താവും രാജാധിരാജാവുമായ ക്രിസ്തുവിനോടൊപ്പം രാജ്യം ഭരിക്കും. അവർ ജാതികളുടെമേൽ ഇരുമ്പുകോൽ അഥവാ സകലവിധ അധികാരത്തോടും ഭരിച്ചു വാഴും (വെളി.12:5/വെളി.19:15/ വെളി.20:4). മത്സരികളായവരുടെ നാശം കുശവന്റെ ആലയുടെ പുറത്തു കൂട്ടിയിരിക്കുന്ന കലനുറുക്കുകൾപോലെ(യിരെ.19:11) ആയിരിക്കും. ജാതികളുടെമേൽ അധികാരം കൊടുക്കും, അവർ ഇരുമ്പു കോൽകൊണ്ടു ഭരിക്കും എന്നുള്ള വാഗ്ദത്തം തുയഥൈരസഭക്കുമാത്രമുള്ളതല്ല എന്നകാര്യവും ഓർക്കേണ്ടതാണ്. ദുരുപദേശങ്ങളിൽ നിന്നകന്നു, സാത്താന്റെ ആഴങ്ങളിൽ ഉൾപ്പെടാതെ വിശ്വസ്തതയോടെ കർത്താവിനെ സേവിക്കുന്ന എല്ലാ ദൈവമക്കൾക്കുമുള്ള വാഗ്ദത്തമാണിത്. അവർ സഹസ്രാബ്ദവാഴ്ചയിൽ അഥവാ കർത്താവിന്റെ ഭൂമിയിലെ തേജസ്സേറിയ ഭരണത്തിൽ കർത്താവിനോടൊപ്പം ഭരിച്ചു വാഴും.

**> ഞാൻ അവന്നു ഉദയനക്ഷത്രവും കൊടുക്കും —** തുയഥൈരയിലെ വിശ്വസ്തരായവർക്കു ലഭിക്കുന്ന രണ്ടാമത്തെ പ്രതിഫലവാഗ്ദത്തമാണ് *"ഞാൻ അവന്നു ഉദയനക്ഷത്രവും കൊടുക്കും"* എന്നത്. ഉദയനക്ഷത്രം എന്താണെന്നതിനെക്കുറിച്ച് ഈ ഭാഗത്തോടനുബന്ധിച്ച് വിവിധ വിശദീകരണങ്ങളുണ്ട്.

(1) ഉദയനക്ഷത്രം ഒന്നാം പുനരുത്ഥാനത്തെക്കുറിക്കുന്നു. ഉദയനക്ഷത്രം പ്രകാശിച്ചുയരുന്നതു പോലെ മരണത്തിന്റെ രാത്രിയിൽ നിന്നു ദൈവമക്കൾ ഉണർന്നെഴുന്നേൽക്കുന്നു.

(2) ഉദയനക്ഷത്രം ഉത്പ്രാപണത്തെക്കുറിക്കുന്നു. കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവ് സകലഅന്ധകാരങ്ങളുംനീങ്ങി പ്രകാശം പരത്തുന്ന പ്രഭാതത്തിലെ ഉദയനക്ഷത്രപ്പോലെ ശോഭിക്കുന്ന നേരമായിരിക്കും.

(3) ബിലെയാമിന്റെ അനുഗ്രഹപ്രവചനത്തിൽ യാക്കോബിൽ നിന്നു ഉദിച്ചുയരുന്ന നക്ഷത്രം ക്രിസ്തുവിനെക്കുറിക്കുന്നു (സംഖ്യാ.24:17).

(4) പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും (ദാനീ.12:3) എന്നതും അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും (മത്താ.13:43) എന്നതും ദൈവമക്കൾക്കു ലഭിക്കുവാനുള്ള മഹത്വത്തെക്കുറിക്കുന്നു. അവർ ക്രിസ്തുവിന്റെ പ്രകാശം പ്രതിഫലിപ്പിക്കുന്നവരായിരിക്കും എന്ന നിലയിൽ ഉദയനക്ഷത്രം പ്രകടമാക്കുന്നു.

(5) അരുണോദയപുത്രൻ എന്നറിയപ്പെട്ട ശുക്രൻ അഥവാ ലൂസിഫറിന്മേലുള്ള (Lucifer)വിജയത്തെയും ഉദയനക്ഷത്രം കുറിക്കുന്നു. ഉദയനക്ഷത്രം എന്നറിയപ്പെട്ട ലൂസിഫർ എന്നതിനു വെളിച്ച വാഹി (light-bringer)എന്നർത്ഥമുണ്ടെങ്കിലും അവൻ സാത്താനാണ്. ദൈവത്തേക്കാൾ വലിയവനാകാൻ ശ്രമിച്ചു മത്സരിച്ച ലൂസുഫറിനെ സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കി (യെശ.14:12). ക്രിസ്തുവാണ് സാക്ഷാൽ ഉദയനക്ഷത്രം (2.പത്രൊ.1:19).

(6) യിസ്രായേൽ നീതിസൂര്യന്റെ ഉദയത്തിനായി (മലാ.4:2) പ്രതീക്ഷിക്കുന്നതുപോലെ സഭ ക്രിസ്തുവാകുന്ന ശുഭ്രമായ ഉദയനക്ഷത്രത്തെ (വെളി.22:16) പ്രത്യാശയോടെ പ്രതീക്ഷിക്കുന്നു. ക്രിസ്തുവിനെ ഉദയനക്ഷത്രമായി കരുതുന്നു.

(7) നക്ഷത്രം അധികാരത്തെ പ്രകടമാക്കുന്നതാകയാൽ ദൈവമക്കൾക്കു ലഭിക്കുന്ന സകലഅധികാരങ്ങളെയും ഉദയനക്ഷത്രം വെളിപ്പെടുത്തുന്നു. അവർ ക്രിസ്തുവിനോടൊപ്പം ജാതികളെ ഭരിക്കും (വെളി.2:27). അവർക്കു ലഭിക്കുന്ന അധികാരത്തെ ഉദയനക്ഷത്രം അർത്ഥമാക്കുന്നു.

തുയഥൈരസഭയിലെ വിശ്വസ്തരായവർക്കു ഉദയനക്ഷത്രം പ്രതിഫലമായി നൽകപ്പെടുമെന്നതിനു വിവിധരീതികളിൽ ഉദയനക്ഷത്രത്തിനു വിശദീകരണങ്ങളുണ്ടെങ്കിലും യേശുക്രിസ്തുവാണ് സാക്ഷാൽ ഉദയനക്ഷത്രം (വെളി.22:16). ക്രിസ്തുവാകുന്ന ഉദയനക്ഷത്രം പ്രത്യക്ഷനാകുമ്പോൾ ദൈവമക്കളും ക്രിസ്തുവിനോടു സദൃശന്മാർ ആകും (1.യോഹ.3:2). പെർഗ്ഗമൊസിലെ ജയാളികൾക്കു മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും (വെളി.2:17) എന്നത് ക്രിസ്തുവിനെ പൂർണ്ണമായി അനുഭവിച്ചറിയുന്നതിനു സാധിക്കും എന്നതുപോലെ തുയഥൈരയിലും ജയിക്കുന്നവർക്കു ക്രിസ്തുവാകുന്ന ഉദയനക്ഷത്രത്തെ

സംപൂർണ്ണമായി അനുഭവിക്കുവാൻ സാധിക്കുന്നു എന്നതിനെയും കുറിക്കുന്നു. തുയഥൈരയിലെ ഒരു കൂട്ടം ലോകവുമായി ചങ്ങാത്തം കൂടി സാത്താന്റെ ആഴങ്ങളിലും അന്ധകാരത്തിലും ജീവിച്ചു നിത്യനാശത്തിനു വിധിക്കപ്പെട്ടപ്പോൾ ക്രിസ്തുവിനോടു വിശ്വസ്തരായി നിന്ന ഒരു ശേഷിപ്പിനു ക്രിസ്തുവാകുന്ന ഉദയനക്ഷത്രം പ്രതിഫലമായി ലഭിക്കുന്നു. തുടഥൈരസഭക്കുമാതമല്ല സഭായുഗത്തിലെ സകല സഭകൾക്കും ഉദയനക്ഷത്രം ലഭിക്കും. ക്രിസ്തുവാകുന്ന ഉദയനക്ഷത്രം ഉദയം ചെയ്യുവാനുള്ള സമയം ഏറ്റവും അടുത്തിരിക്കയാൽ സകലസഭകളും പ്രത്യാശയോടെ ഉണർന്നു കാത്തിരിക്കാം.

**വെളി.2:29 —** ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

തുയഥൈരസഭക്കുള്ള പ്രതിഫലവാഗ്ദത്തിനുശേഷം ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ എന്നുള്ള ആഹ്വാനം നൽകുന്നു. ആദ്യത്തെ മൂന്നു സഭകൾക്കു ആഹ്വാനം നൽകിയശേഷം പ്രതിഫലം അറിയിക്കുന്നുവെങ്കിൽ തുയഥൈര മുതലുള്ള നാലു സഭകൾക്കു ആഹ്വാനം ക്രിസ്തുവിന്റെ അവസാന സന്ദേശമായിരിക്കുന്നു. ഇവിടത്തെ ആഹ്വാനം അന്നത്തെ സഭകൾക്കും വ്യക്തികൾക്കും മാത്രമല്ല സഭായുഗത്തിലെ സകലർക്കും ബാധകമായി രേഖപ്പെടുത്തിയിരിക്കുന്നു.

ബലികർമ്മാസക്തയായ സഭ എന്ന പേരിനാൽ അറിയപ്പെടുന്ന സാത്താന്റെ ആഴങ്ങളിൽ വീണുപോയ തുയഥൈരസഭ ഇന്നു ഭൂമുഖത്തില്ല. ക്രിസ്തുവിൽ വിശ്വസ്തരായ ഒരു ശേഷിപ്പിനെ ദൈവം ആദരിച്ചെങ്കിലും, വിഗ്രഹാരാധനയെയും, ദുർന്നടപ്പിനെയും, ദുരാചാരങ്ങളെയും പ്രോത്സാഹിപ്പിച്ച തുയഥൈരസഭയുടെമേൽ ദൈവത്തിന്റെ ന്യായവിധി ചൊരിയുവാൻ ഇടയായി. അക്ക്-ഹിസ്സർ (Ak-Hissar= white castle /white camp) എന്ന പുതിയ പേരിൽ അറിയപ്പെടുന്ന തുയഥൈരയിൽ ചില മൺകുടിലുകൾ മാത്രമായി ഇന്നു സാമ്പത്തികമായി ഏറ്റവും പിന്നോക്ക അവസ്ഥയിൽ കഴിയുന്നു. തുർക്കികളും അർമേനിയക്കാരുമുൾപ്പെട്ടവരാണ് ഇവിടത്തെ ജനങ്ങൾ. തുയഥൈരയെപ്പോലെ സഭാകാന്തന്റെ പ്രബോധനം നിരസിച്ചു ജീവിച്ചവരിൽ ന്യായവിധിയും, അനുസരിക്കുന്നവർക്കു അനുഗ്രഹങ്ങളും ലഭിക്കും എന്ന വസ്തുത ശ്രദ്ധയോടെ ഓർക്കുക.

## സർദ്ദിസ് സഭ (വെളി. 3:1 — 6)
### (നിർജീവ സഭ / ദുർബലമായ സഭ)
### (Sardis Church - The Dead Church / The Feeble Church)

**സർദ്ദിസ് പട്ടണം — (Sardis City) —**

ഏഷ്യാമൈനറിലെ ഒരു പ്രവിശ്യയായ പുരാതന ലിഡിയയുടെ തലസ്ഥാനമായിരുന്നു സർദ്ദിസ് തുയഥൈരയിൽ നിന്നും ഏകദേശം 48 കിലോമീറ്റർ തെക്കു കിഴക്കായി സ്ഥിതിചെയ്തിരുന്നു. വിശാലമായ ഹെർമീസ് (River Hermus) നദീതടത്തിന്റെ മദ്ധ്യഭാഗം മുതൽ ഏകദേശം 5900 അടി ഉയരമുള്ള മോളസ്സ് പർവ്വതം (Mount Tmolous) വരെയുള്ള ഭാഗങ്ങൾ സർദ്ദിസിൽ ഉൾപ്പെടുന്നു. ഒരു ഭാഗത്ത് പാക്റ്റോലസ് (River Pactolus) എന്ന നദി ഒഴുകുന്നു. ഈ പർവ്വതനിരകളിൽ അനേകം ഭീമാകാരമായ പാറക്കെട്ടുകൾ കാണാം. മറ്റൊരു പ്രത്യേകതയെന്നത് മിക്കപാറക്കെട്ടുകളുടെ മുകളിലും വിശാലമായ സമതലപ്രദേശങ്ങളുമുണ്ടായിരുന്നു എന്നതാണ്. ഇത്തരത്തിൽ ഏകദേശം 1500 അടി ഉയരത്തിലുള്ള ഒരു പാറക്കെട്ടിന്റെ മുകളിലുള്ള സമതലപ്രദേശത്തു പണിത പട്ടണമായിരുന്നു സർദ്ദിസ്. ഇവിടത്തെ ഹെർമീസ്, പാക്റ്റോലസ് എന്നീ നദീതടത്തിലെ മണലിൽ സ്വർണ്ണമടങ്ങിയിരുന്നു എന്നു പറയപ്പെടുന്നു. ആയതിനാൽ തന്നെ സർദ്ദിസ് ഒരു സമ്പന്നരാജ്യമായിത്തീരുവാനിടയായി. ക്രീസസ്സ് (King Croesus) എന്നയാളായിരുന്നു ഇവിടത്തെ രാജാവ്. . സർദ്ദിസിലെ ക്രീസസ്സ് രാജാവിനെ ലോകത്തിലെ ഏറ്റവും വലിയ ധനാഢ്യന്മാരിലൊരുവനായി എണ്ണപ്പെട്ടു. ഇദ്ദേഹത്തിന്റെ ധനസമ്പത്തു നിമിത്തം "ക്രീസസ്സിനെപ്പോലെ സമ്പന്നൻ " എന്നൊരു ശൈലി തന്നെ അക്കാലത്തു രൂപം കൊണ്ടിരുന്നു. കോട്ടപോലെ ഉയരത്തിൽ സ്ഥിതിചെയ്തിരുന്ന സർദ്ദിസ്പട്ടണത്തിൽ പ്രവേശിക്കുവാൻ ഒരേ ഒരു വഴിമാത്രമേ ഉണ്ടായിരുന്നുള്ളു. അത്യധികമായ സമ്പത്തും, തന്റെ പട്ടണത്തിന്റെ സുരക്ഷിതത്വവും ക്രീസസ്സിനെ അഹങ്കാരിയും, നിഗളിയും ആക്കിയതിനു പുറമേ രാജ്യത്തിനെതിരേ യുദ്ധത്തിനു വരുന്ന ശത്രുക്കളെക്കുറിച്ചു യാതൊരു ഭയാശങ്കകളില്ലാത്തവനാക്കുകയും ചെയ്തു. പേർഷ്യയിലെ സൈറസ്സ് രാജാവു (King Cyrus) ക്രീസസ്സുമായി രമ്യതയിലായിരുന്നില്ല. സൈറസ്സു യുദ്ധത്തിനായി വന്നപ്പോൾ ക്രീസസ്സ് അതു കാര്യമാക്കിയില്ല. കാരണം പാറയ്ക്കുമുകളിലുള്ള പട്ടണത്തിലേക്കും കൊട്ടാരത്തിലേക്കും പ്രവേശിക്കുവാൻ ഏക വഴി മാത്രം ഉള്ളതിനാൽ ആ വഴി മാത്രം ഭടന്മാരാൽ ശ്രദ്ധിച്ചാൽ മതിയെന്ന ചിന്തയാലും അമിതമായ ആത്മവിശ്വാസത്താലും തന്റെ സുരക്ഷിതസ്ഥാനത്തു അലസനായി കഴിഞ്ഞു. എന്നാൽ ഹെർമീസ് നദീതടത്തിൽ എത്തിയ സൈറസ്സ് രാജാവ് സർദ്ദിസ് പട്ടണം സ്ഥിതി ചെയ്തിരുന്ന പാറയുടെ അടിവാരത്തിൽ സൈന്യത്തെ പാളയമടിച്ചു. ഒരു ദിവസം സൈറസ്സിന്റെ ഭടന്മാരിലൊരുവൻ പട്ടണം സ്ഥിതിചെയ്യുന്ന

ഭീമാകരമായ പാറയിൽ യാദൃശ്ചികമായി ഒരു വിടവു കണ്ടു പിടിച്ചു. രഹസ്യവഴിയായിരിക്കും എന്ന നിഗമനത്തിൽ കുറേ പടയാളികളുമായി ഈ പാറയുടെ വിള്ളലിലൂടെ ഉയരത്തിലേക്കു നുഴഞ്ഞുകയറി ക്രീസസ്സിന്റെ കൊട്ടാരപരിസരത്തിലെത്തി. അവിടെ കാവൽക്കാരാരുമില്ലാതെയുള്ള ക്രീസസ്സിന്റെ കൊട്ടാരം അവർ ആക്രമിച്ചു ക്രീസസ്സിനെ പരാജയപ്പെടുത്തിയശേഷം (BC-549) പട്ടണം സൈറസ്സു പിടിച്ചെടുത്തു. അതിനുശേഷം BC-334 -ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തിയും, BC-214- ൽ സെലൂസിഡ് ആന്റിയോക്കസും (Selucid Antiochus) ഇതേ തന്ത്രത്താൽ പട്ടണം പിടിച്ചടക്കി. BC-133-ൽ സർദ്ദിസ് റോമൻ ഭരണത്തിൻ കീഴിലായി. തുടർന്നു AD-17-ൽ ഉണ്ടായ വലിയൊരു ഭൂകമ്പത്താൽ പട്ടണം ഏറെക്കുറെ നശിക്കുവാനിടയായി. എന്നാൽ തിബെര്യാസ് ചക്രവർത്തിയുടെ (Emperor Tiberius) സഹായത്താൽ പട്ടണം പുതുക്കി പണിയപ്പെട്ടു. ഇതിന്റെ ആദരസൂചകമായി സർദ്ദിസ് പട്ടണവാസികൾ ഇദ്ദേഹത്തിനായി ഒരു ക്ഷേത്രം പണിതുയർത്തി അദ്ദേഹത്തെ ആരാധിച്ചു. സർദ്ദിസുകാർ പ്രധാനമായും സിബെലിദേവിയെയാണ് (Cybele) ആരാധിച്ചിരുന്നത്. ഇതു എഫെസൊസുകാർ ആരാധിച്ചിരുന്ന ഡയാന എന്നറിയപ്പെട്ട അർത്തമിസ് മഹാദേവിയായിരുന്നു. മരിച്ചവർക്കു വീണ്ടും ജീവൻ നൽകുവാൻ കഴിവുള്ള ദേവിയായി ഇവിടുത്തുകാർ സിബെലിയെ കരുതിയിരുന്നു. പർവ്വതനിരകളിലെ സമഭൂമിയിൽ ആടുകളെ ധാരാളമായി വളർത്തിയിരുന്നു. ആയതിനാൽ കമ്പിളികൊണ്ടുള്ള ഉൽപ്പന്നങ്ങൾ സുലഭമായിരുന്നു. കൂടാതെ വസ്ത്രനിർമ്മാണം, പരവിതാനികളുടെ വ്യാപാരം, വസ്ത്രങ്ങളിൽ നിറം കൊടുക്കൽ എന്നിവയും അഭിവൃദ്ധിപ്പെട്ടിരുന്നു. നദീതീരങ്ങളിലെ മണലിൽ സ്വർണ്ണനിക്ഷേപമുണ്ടായിരുന്നതിനാൽ സ്വർണ്ണഖനനവും സർദ്ദിസിന്റെ സാമ്പത്തിക ഉയർച്ചക്കു കാരണമായി.

**സർദ്ദിസ് സഭ —**

സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര എന്നീ സഭകളെപ്പോലെ തന്നെ സർദ്ദിസ്സഭയുടെ ആരംഭത്തെക്കുറിച്ചും തിരുവചനത്തിലൂടെ വിവരങ്ങൾ ലഭിക്കുന്നില്ല. അപ്പൊസ്തലനായ പൗലൊസിന്റെ എഫസൊസിലെ സുവിശേഷപ്രവർത്തനത്താലാണ് (അപ്പൊ.19:10) സർദ്ദിസിലും സഭ ആരംഭിക്കുവാനിടയായതെന്നു പൊതുവേ പറയപ്പെടുന്നു. വെളിപ്പാടു പുസ്തകത്തിലെ ഏഴു സഭകളിൽ അഞ്ചാമത്തേതാണ് സർദ്ദിസ്സഭ. തുയഥൈര കാലഘട്ടത്തിൽ സഭയിലേക്കു ദുരുപദേശങ്ങളും, ദുരാചാരങ്ങളും ദുർന്നടപ്പുകളും, വിഗ്രഹാരാധനയും പ്രവേശിക്കുവാനിടയായി. കൂടാതെ റോമൻകത്തോലിക്കസഭയുടെ ആചാരങ്ങളും കർമ്മങ്ങളും സഭയുടെ പ്രമാണങ്ങളായിത്തീർന്നു. സർദ്ദിസ് സഭാകാലത്തിലേക്കു പകരപ്പെട്ട ആചാരാനുഷ്ഠാനങ്ങൾക്കെതിരായി നവീകരണ ചിന്താഗതിയുണ്ടായി. മാർട്ടിൻ ലൂതർ വഴിയായി നവീകരണത്തിനു ആരംഭം കുറിച്ചു. വിശ്വാസത്താൽ നീതീകരണം എന്ന അടിസ്ഥാനതത്വം പ്രസംഗിക്കപ്പെട്ടു. സാധാരണജനങ്ങൾ വായിക്കുന്നതിൽ നിന്നു വിലക്കപ്പെട്ട വേദപുസ്തകം അവർക്കു വായിക്കുവാൻ അവസരം ലഭിച്ചു. ലളിതമായ ആരാധനയും നിലവിൽ വന്നു. എന്നാൽ സർവ്വാധിപത്യത്തിലും സർവ്വാധികാരത്തിലും എത്തിയിരുന്ന പോപ്പിന്റെ നിയന്ത്രണത്തിലുള്ള റോമൻസഭ നിമിത്തം നവീകരണ ആശയങ്ങൾക്കു പ്രസക്തി നഷ്ടപ്പെടുവാനിടയായി. ഈ അവസ്ഥയെ സഭാകാന്തൻ ദർശിച്ചിട്ടു പറയുന്നത് — *"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടു എങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നു കൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല."*(വെളി.3:1,2). ആത്മീകമായി മരിച്ച സഭ എന്നാണ് സർദ്ദിസ് സഭയെ (The Dead Church) അറിയുന്നത്.

കർത്താവു പറഞ്ഞ സ്വർഗ്ഗരാജ്യത്തിന്റെ ഉപമകളിൽ അഞ്ചാമത്തേതായ വയലിൽ ഒളിച്ചുവെച്ച നിധിയുടെ ഉപമ (മത്താ.13:44) വെളിപ്പാടു പുസ്തകത്തിലെ അഞ്ചാമത്തെ സഭയായ സർദ്ദിസിനോടു സാമ്യമുണ്ട്. ഉപമ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു — മത്താ.13:44 — സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച നിധിയോടു സദൃശം. അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി. ഒളിച്ചുവെച്ച നിധി (the hidden treasure) യിസ്രായേലിനോടു (പുറ.19:5/സങ്കീ.135:4) ബന്ധപ്പെടുത്താമെങ്കിലും പൊതുവിൽ രക്ഷിക്കപ്പെട്ട സകലജാതികളെയും കുറിക്കുന്നു. വയൽ ലോകത്തെ കുറിക്കുന്നു (മത്താ.13:38). ഉപമയിലെ മനുഷ്യൻ വിലയേറിയ നിധി വയലിൽ കണ്ടു. എന്നാൽ നിധി വയലിന്റെ ഉടമസ്ഥന്റേതായിരുന്നില്ല. നിധി കണ്ട നല്ലവനായ മനുഷ്യൻ തനിക്കുള്ളതൊക്കെയും വിറ്റു വയൽ വാങ്ങി അതു തന്റെ സ്വന്തമാക്കി. പാപികളെ രക്ഷിപ്പാൻ ലോകത്തിലേക്കു വന്നവനും (1.തിമൊ.1:15), എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുവാണ് (1.തിമൊ.2:5) ഈ നല്ല മനുഷ്യൻ. ഒരിക്കൽ ദുഷ്ടനായപിശാചിന്റെ അധീനതയിലായിരുന്ന ലോകക്കാരെ വിലയേറിയ നിധിയായി കണ്ടു തന്റെ ജീവൻ നൽകി അവരെ വിലക്കു വാങ്ങി. ഈ നിധി ലോകദൃഷ്ടിയിൽ നിന്നു മറക്കപ്പെട്ടതായിരുന്നു. സർദ്ദിസ് സഭയോടു ബന്ധത്തിൽ ചിന്തിക്കുമ്പോൾ ബഹുഭൂരിപക്ഷവും ആത്മികമായി മരിച്ച നിലയിൽ കഴിയുമ്പോൾ സർദ്ദിസിലെ ഒരു വിശ്വസ്തശേഷിപ്പിനെ കർത്താവ് വിലയേറിയ നിധിയായി കാണുന്നു. ദൈവസന്നിധിയിൽ അനേകരുടെ പ്രവൃത്തി പൂർണ്ണതയില്ലാതിരിക്കെ, ഉടുപ്പു മലിനമാകാത്ത കുറേ പേരെ കർത്താവു യോഗ്യന്മാരായി കണ്ടു. ഈ ശേഷിപ്പിനെ കർത്താവു അറിയുകയും, ആദരിക്കുകയും, വാഗ്ദത്തങ്ങൾ

നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**സർദ്ദിസ് എന്ന പേരിന്റെ അർത്ഥം —**

സർദ്ദിസ് എന്ന വാക്കിനർത്ഥം "നവീകരണം" (പുതുക്കം - reformation) എന്നാണ്. ആയതിനാൽ സർദ്ദിസ് സഭയെ "നവീകരണസഭ "(The Reformation Church) എന്നു പറയാം. ശേഷിപ്പ് (remnant)എന്നർത്ഥവുമുണ്ട്. സഭയുടെ അന്ധകാരയുഗത്തെക്കുറിക്കുന്ന തുയഥൈരകാലഘട്ടത്തിൽ രക്ഷപ്പെട്ടു പോരുന്നവർ (escaping ones) അഥവാ ഒരു ശേഷിപ്പ് (remnant) വഴിയായി നവീകരണത്തിനു സർദ്ദിസ് സഭാകാലഘട്ടം ആരംഭം കുറിക്കുന്നു. മാർട്ടിൻ ലൂഥർ (Martin Luther : 1483 –1546 — തുയഥൈര കാലയളവ്), സ്വിംഗ്ളി (Zwingly : 1484 –1531), ജോൺ കാൽവിൻ (John Calvin : 1509 - 1564), ജോൺ നോക്സ് (John Knox : 1515 –1572), റോഗർ വില്യംസ് (Roger Williams : 1604 - 1684) (സർദ്ദിസ് കാലയളവ്) എന്നിവർ നവീകരണത്തിനു നേതൃത്വം വഹിച്ചവരിലുൾപ്പെടുന്നു.

റോമൻ കത്തോലിക്ക സഭയുടെ ദുരാചാരങ്ങളെ എതിർത്തു കൊണ്ട് പ്രൊട്ടസ്റ്റന്റു ചിന്താഗതിക്കു ആരംഭം കുറിച്ചത് ജർമ്മൻകാരനായ മാർട്ടിൻ ലൂഥറായിരുന്നു. നിയമബിരുദം നേടിയശേഷം ഇദ്ദേഹം പുരോഹിതനാകുവാൻ ജീവിതം സമർപ്പിച്ചു. മൂന്നു വർഷത്തെ തന്റെ സമാധാനമില്ലാത്ത ജീവിതത്തിനു അന്ത്യം കുറിച്ചത് "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" (റോമ.1:17) എന്ന പൗലൊസിന്റെ റോമാലേഖനത്തിലെ തിരുവചനവാക്യത്തിലൂടെയാണ്. ഈ സമയത്തായിരുന്നു റോമൻ കത്തോലിക്കസഭ പോപ്പിന്റെ അനുമതിയോടെ ജർമ്മനിയിൽ പാപമോചനച്ചീട്ടു വില്പനക്കായി പുറത്തിറക്കിയത്. പണം കൊടുത്തു പാപമോചനം വാങ്ങുന്നത് ദൈവികപ്രമാണങ്ങൾക്കെതിരായി ലൂഥർ മനസ്സിലാക്കി. പുരോഹിതനായ മാർട്ടിൻ ലൂഥർ ഇതിനെ എതിർക്കുകയും ജർമ്മനിയിലെ വിറ്റൻബർഗ് പള്ളിയുടെ (Wittenberg Church) ചുവരിൽ 95 സംഗതികൾ എഴുതി പതിപ്പിച്ചു. വിശ്വാസത്താൽ നീതീകരണം എന്ന ആശയം ലൂഥർ പരസ്യമായി പ്രസ്താവിച്ചു പഠിപ്പിച്ചു. പ്രഖ്യാപനം ഉൾക്കൊണ്ട വിശ്വാസികൾ ലൂഥറിലൂടെ നവീകരണപ്രസ്താനത്തിനു ആരംഭം കുറിച്ചു. ലൂഥറിന്റെ പ്രധാനപ്പെട്ട മൂന്നു പ്രഖ്യാപനങ്ങൾ — (1) എല്ലാ വിശ്വാസികളും പുരോഹിതന്മാരാണ് (2) ക്രിസ്തീയവിശ്വാസത്തിന്റെ ആധാരം ബൈബിൾ ആണ് (3) വിശ്വാസത്താലാണ് നീതീകരണം ലഭിക്കുക, പ്രവൃത്തിയാലല്ല.

**സർദ്ദിസ് സഭാകാലഘട്ടം —**

എ.ഡി.1520 മുതൽ 1750 വരെയുള്ള വർഷങ്ങൾ സർദ്ദിസ് സഭാ കാലയളവായി കരുതപ്പെടുന്നു.

**സർദ്ദിസ് ഇന്ന് —**

തുടർമാനമായുള്ള ഭൂകമ്പങ്ങളും, തുർക്കികളുടെ ഭരണവും സർദ്ദിസിന്റെ നാശത്തിനിടയായി. ഏറ്റവും സമ്പന്നരാജ്യങ്ങളിലൊന്നായിരുന്ന സർദ്ദിസ് ഇന്നു "സെർട്ട് -കലേസ്സി " (Sert-Kalessi) എന്ന പേരിൽ ചെറിയ ഗ്രാമപ്രദേശമായി നിലകൊള്ളുന്നു. പഴയകാല പ്രൗഢിയെ ഓർമ്മപ്പെടുത്തുവാനെന്നവണ്ണം ചില കരിങ്കൽത്തൂണുകൾ മാത്രം ഉയർന്നു നിൽക്കുന്നു.

**വെളി.3:1 — "സർദ്ദിസിലെ സഭയുടെ ദൂതന്നു എഴുതുക. ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ അരുളിച്ചെയ്യുന്നതു: ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടു എങ്കിലും നീ മരിച്ചവനാകുന്നു."**

ഏഴു സഭകൾക്കുള്ള ദൂതുകളിൽ അഞ്ചാമത്തേത് സർദ്ദിസിലെ സഭയുടെ ദൂതനുള്ളതാണ്. "ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ " അരുളിച്ചെയ്യുന്നതു എന്നാണ് സർദ്ദിസിലെ സഭക്കു ക്രിസ്തു തന്നെ വെളിപ്പെടുത്തുന്നത്. യോഹന്നാൻ കണ്ട മഹത്വധാരിയായ ക്രിസ്തുവിന്റെ വ്യക്തിപ്രഭാവത്തെ പ്രകടമാക്കുന്ന വിവിധവിശേഷണങ്ങൾ ഏഴു സഭകൾക്കുമുള്ള ദൂതുകളിലും അടങ്ങിയിരിക്കുന്നു (വെളി.1:12–17). എന്നാൽ സർദ്ദിസിലെ സഭയുടെ ദൂതനുള്ളതിൽ, വലങ്കൈയ്യിൽ ഏഴു നക്ഷത്രം ഉള്ളവൻ (വെളി.1:16) എന്ന യോഹന്നാന്റെ ദർശനവിശേഷണത്തിനു പുറമേ മുഖവുരയിലുള്ള ഏഴു ആത്മാക്കളെന്ന(വെളി.1:4)വിശേഷണവും അധികമായി ഇവിടെ കാണുന്നു (വെളി.3:1).

**"ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ അരുളിച്ചെയ്യുന്നതു:" —**

സർദ്ദിസ് സഭയുടെ ദൂതനു ഒന്നാമതായി ക്രിസ്തു തന്നെ പരിചയപ്പെടുത്തുന്നത് "ദൈവത്തിന്റെ ഏഴു ആത്മാവു ഉള്ളവൻ " എന്നാണ്. ഏഴു ആത്മാവു എന്നത് ദൈവത്തിന്റെ ഏഴു ദൂതന്മാരെ (angels) വഹിക്കുന്നവൻ എന്നല്ല അർത്ഥമാക്കുന്നത്. കൂടാതെ ഏഴു ആത്മാവും ഇല്ല. ഒരു പരിശുദ്ധാത്മാവേ ഉള്ളു (1.കൊരി.12:4/എഫെ.4:4). ഏഴു ആത്മാവു, ഏഴു ആത്മാക്കൾ എന്നിവ പരിശുദ്ധാത്മാവിനെയും (വെളി.1:4/4:5/5:6) പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണതയെയും (യെശ.11:2) വെളിപ്പെടുത്തുന്നു. ഏഴു എന്ന സംഖ്യ തിരുവചനത്തിൽ പൊതുവേ പൂർണ്ണതയെക്കുറിക്കുന്നു. ആയതിനാൽ ദൈവത്തിന്റെ ഏഴാത്മാവുള്ളവൻ എന്നതിൽ നിന്നു നമുക്കു മനസ്സിലാക്കാവുന്നത് ദൈവികത്രിത്വത്തിലെ രണ്ടാമനായ ക്രിസ്തു സമ്പൂർണ്ണ അധികാരമുള്ള ദൈവമാണെന്നും, പാപത്തെയും പൊള്ളയായ ഭക്തിപ്രകടനങ്ങളെയും തിരിച്ചറിഞ്ഞു അതിനെ ശിക്ഷിക്കുവാൻ അധികാരമുള്ള തന്റെ സ്വഭാവസവിശേഷതയെയുമാണ് പ്രകടമാ

ക്കുന്നത്. സഭയോടുള്ള ബന്ധത്തിൽ ചിന്തിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ വിവിധപ്രവർത്തനങ്ങളെയും, സഭയുടെ മേലുള്ള പരിശുദ്ധാത്മാവിന്റെ ആധികാരികതയെയും കുറിക്കുന്നു. പെന്തെക്കൊസ്തു നാളിൽ ഭൂമിയിലേക്കു വന്ന പരിശുദ്ധാത്മാവെന്ന കാര്യസ്ഥൻ സകലസഭകളെയും നിരീക്ഷണം ചെയ്തു ക്രമപ്പെടുത്തുന്നു എന്ന കാര്യം സകലസഭകളും അറിയുകയും ഉൾക്കൊള്ളുകയും വേണം.

രണ്ടാമതായി സർദ്ദിസിലെ ദൂതനെ അഭിസംബോധന ചെയ്യുന്നത് "ഏഴു നക്ഷത്രം ഉള്ളവൻ " എന്നാണ്. ഏഴു എന്നതു ഇവിടെയും സമ്പൂർണ്ണതയെക്കുറിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെക്കുറിച്ചുള്ള യോഹന്നാന്റെ വിശേഷണം അവന്റെ വലങ്കൈയ്യിൽ ഏഴു നക്ഷത്രം ഉണ്ട് (വെളി.1:16)എന്നുള്ളതാണ്. ഏഴു നക്ഷത്രമെന്നത് ഏഴു സഭകളുടെ ദൂതന്മാരാണ് (വെളി.1:20). അതേസമയം ഏഴു സഭ എന്നത് സകല സഭകളെയും കുറിക്കുകയും ചെയ്യുന്നു. ദൂതന്മാർ എന്നത് സ്വർഗ്ഗീയ ദൂതന്മാരല്ല. എന്നാൽ സഭയുടെ സന്ദേശവാഹകർ അഥവാ ശുശ്രൂഷക്കാരായ അവർ ക്രിസ്തുവിന്റെ ശക്തിയുള്ള വലങ്കൈയ്യിൽ ഇരിക്കുന്നു. ക്രിസ്തുവാണ് നക്ഷത്രങ്ങളായ അവരെ നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത്. സഭ ജീവനില്ലാതെ ആത്മീകമയക്കത്തിലായി നാശത്തിലേക്കു സഞ്ചരിക്കുവാൻ കാരണക്കാരാകുന്ന ശുശ്രൂഷകരെ ആ സ്ഥാനത്തു നിന്നു നീക്കി മറ്റൊരു നക്ഷത്രത്തെ ആക്കി വെയ്ക്കുന്നു. നക്ഷത്രം തേജസ്സും, തിളക്കവും, മഹത്വവും പ്രദർശിപ്പിക്കുന്നതുപോലെ ദൈവത്തിന്റെ ഏഴു നക്ഷത്രമുള്ളവൻ എന്നതു ക്രിസ്തുവിന്റെ സ്വഭാവസവിശേഷതകളായ സമ്പൂർണ്ണത, തേജസ്സ്, തിളക്കമാർന്ന വ്യക്തിത്വം, മഹത്വം എന്നിവയെയും വെളിപ്പെടുത്തുന്നു. അതുപോലെ സകലസഭകളും ക്രിസ്തുവിന്റെ പരിപൂർണ്ണ അധികാരത്തിൻ കീഴിലുമാണ്.

**"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടു എങ്കിലും നീ മരിച്ചവനാകുന്നു" —**

സകലഹൃദയങ്ങളെയും ശോധന ചെയ്യുന്ന കർത്താവ്, സർദ്ദീസ് സഭയെ സൂഷ്മനിരീക്ഷണം ചെയ്തശേഷം അവരുടെ ഇപ്പോഴത്തെ യഥാർത്ഥ അവസ്ഥയെ വെളിപ്പെടുത്തുന്നു. ജീവനുള്ളവൻ എന്നു പേർ ഉണ്ടു എങ്കിലും സർദ്ദിസ് സഭ മരിച്ച നിലയിലായിരുന്നു എന്നു സഭാകാന്തൻ വ്യക്തമാക്കുന്നു. ഈ സഭ ജീവനില്ലാത്തതാകയാൽ അഥവാ ആത്മീകയായി മരിച്ചനിലയിലാകയാൽ സാധാരണ മറ്റു സഭകളെ അഭിനന്ദിക്കുന്ന പോലെയുള്ള അഭിനന്ദന വാക്കുകളോ, അടിയന്തിരമായി തിരുത്തൽ ആവശ്യമായ ഉപദേശവീഴ്ചകളെക്കുറിച്ചോ ഒന്നും പറയാതെ അവരുടെ കുറ്റം വെളിപ്പെടുത്തുന്നു. അവർ പ്രവർത്തിക്കുന്നവർ ആയിരുന്നു. അവരുടെ സകലപ്രവൃത്തികളും ശോധന ചെയ്ത കർത്താവ് ഞാൻ നിന്റെ **"പ്രവൃത്തി "** അറിയുന്നു എന്നു ഏകവചനത്തിലാണ് അവരുടെ പ്രവൃത്തികളെ വിലയിരുത്തുന്നത്. അവരുടെ പ്രവർത്തനങ്ങൾ ദൈവസന്നിധിയിൽ നിലനിൽക്കുന്നതായി കണ്ടില്ല. മറ്റുള്ളവരുടെ മുമ്പിൽ പ്രവർത്തിക്കുന്നവരായി കണ്ടിരുന്നുവെങ്കിലും അതൊക്കെ ബാഹ്യമായ അഭിനയപ്രകടനങ്ങളായിരുന്നു. ജീവനുള്ളവൻ എന്നു പേരുണ്ടെങ്കിലും അവർ മരിച്ച അവസ്ഥയിലായിരുന്നു. എന്നാൽ കുഴിച്ചിടുവാൻ തക്കനിലയിൽ ജീവൻ പരിപൂർണ്ണമായി വേർപെട്ടിട്ടുമില്ല. അവരിൽ ജീവന്റെ തുടിപ്പുകൾ കാണാമെങ്കിലും ദൈവമുമ്പാകെ അവരുടെ പ്രവർത്തനങ്ങൾ പ്രയോജനമുള്ള നിലയിലല്ലായിരുന്നു. പഴയകാല പ്രൗഡിയിലും, പാരമ്പര്യത്തിലും, നല്ലപേരിലും ആശ്രയിച്ചു സ്വയം അഭിമാനിച്ചു കൊണ്ടു കഴിയുന്ന സർദ്ദിസ് സഭ ആത്മീകമായി മരിച്ച സഭയായിരുന്നു. ആത്മീകമരണത്തിനുള്ള കാരണം പൊതുവേ പാപത്തിന്റെ സാന്നിദ്ധ്യമാണെന്ന് തിരുവചനം വ്യക്തമാക്കുന്നു (ലൂക്കൊ.9:60/15:24,32/എഫെ.2:1). രക്ഷിക്കപ്പെടാത്തവർ സർദ്ദിസ് സഭയിൽ ഉണ്ടായിരുന്നതിനാലാണ് ഈ സഭ ആത്മീകമായി മരിച്ച സഭയെന്നു അറിയപ്പെടുവാനിടയായത്. എല്ലാ പ്രവർത്തനങ്ങളും നടക്കുന്നുണ്ടെങ്കിലും പാപത്തിന്റെ സാന്നിദ്ധ്യം സർദ്ദിസ്സഭയുടെ ആത്മീകമരണത്തിനു കാരണമായിത്തീർന്നു.

**വെളി.3:2,3 — "ഉണർന്നുകൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല. ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർത്തു അതു കാത്തു കൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികെക്കു നിന്റെമേൽ വരും എന്നു നീ അറികയും ഇല്ല."**

സർദ്ദിസിലെ ഏറിയ പങ്കും ആത്മികമായി മരിച്ച നിലയിലായിരുന്നുവെങ്കിലും ജയാളികളായ അഥവാ ക്രിസ്തുവിൽ വിശ്വസ്തരായ രക്ഷിക്കപ്പെട്ട ഒരു ശേഷിപ്പു അവിടെ ഉണ്ടായിരുന്നു. ആത്മികമായ മരിച്ചവരോടു ഇനി ഉപദേശിച്ചിട്ടു കാര്യമില്ലെങ്കിലും അവരോടും കർത്താവ് കരുണ കാണിക്കുന്നു. അവർക്കും മനസ്സുണ്ടെങ്കിൽ കർത്താവിന്റെ പ്രബോധനം സ്വീകരിച്ചു ജീവൻ പ്രാപിക്കുവാൻ അവസരമുണ്ട്. അവർ ദൈവത്തിന്റെ പ്രവർത്തനങ്ങൾ പലതും കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്തിട്ടും യാതൊരു മാനസാന്തരവുമില്ലാതെ മരിച്ച അവസ്ഥയിൽ തുടരുകയാണ്. അവരോടും നല്ല അംശം തിരെഞ്ഞെടുത്ത ചുരുക്കം പേരോടും ക്രിസ്തുവിനു ചില കാര്യങ്ങൾ പ്രബോധിപ്പിക്കുവാനുണ്ട്. ജീവന്റെ തുടിപ്പുള്ള സഭ നിർജ്ജീവാവസ്ഥയിൽ നിന്നു ഉണർന്നു ശോഭിക്കണമെങ്കിൽ കർത്താവിന്റെ പ്രബോധനത്തിനു ചെവി കൊടുത്തു അനുസരിക്കേണ്ടതായിട്ടുണ്ട്. അവരുടെ ആത്മിക ഉണർവ്വിനും

ശക്തിക്കും ക്രിസ്തു അഞ്ചു കാര്യങ്ങൾ അറിയിക്കുന്നു. അവർ അതു ഗൗരവമായി എടുക്കാതെ ജീവിക്കുകയാണെങ്കിൽ നിനയാത്ത നാഴികയിൽ കർത്താവു വരികയും തുടർന്നു അവർ ശിക്ഷ അനുഭവിക്കേണ്ടിയും വരുമെന്നു അറിയിക്കുന്നു. അവർക്കുള്ള പ്രബോധനങ്ങൾ : (1) ഉണരുക — wake up (2) ശക്തീകരിക്കുക — strengthen (3) ഓർക്കുക — remember (4) കാക്കുക — keep (5) മാനസാന്തരപ്പെടുക — repent

**വെളി.3:2,3 — "ഉണർന്നുകൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല."**

**(1) ഉണരുക — wake up** – "ഉണർന്നുകൊൾക" —

ആദ്യമായി സർദ്ദിസ് സഭ ഉണരണം എന്നു കർത്താവു പറയുന്നു. ശത്രുക്കൾ യുദ്ധത്തിനായി വന്നപ്പോൾ സർദ്ദിസിലെ ക്രീസസ്സ് രാജാവിന്റെ പടയാളികൾ ഉറക്കത്തിലായിരുന്നതുപോലെ സർദ്ദിസ് സഭയും ഉറങ്ങുന്നതായി കർത്താവു കാണുന്നു. അനേകർ ആത്മികമായി മരിച്ച നിലയിൽ ആയിരിക്കുമ്പോൾ കർത്താവിന്റെ കൃപ ലഭിച്ച ജയാളികളായ വിശ്വസ്തരായ ശേഷിപ്പു ഉണർന്നു പ്രവർത്തിക്കണം. ജീവനുള്ളവർ അഥവാ രക്ഷിക്കപ്പെട്ടവർ മരിച്ചവരുടെ ഇടയിൽ ഉറങ്ങുവാൻ പാടില്ല. അവർ ഉണർന്നെഴുന്നേറ്റാൽ മാത്രമേ ക്രിസ്തു അവരിൽ പ്രകാശിക്കുകയുള്ളു എന്നു അപ്പൊസ്തലനായ പൗലൊസ് യെശയ്യാപ്രവചനത്തിൽ (26:19) നിന്നു ഉദ്ധരിച്ചു എഫെസ്യസഭാവിശ്വാസികളെ പ്രബോധിപ്പിക്കുന്നു.**എഫെ.5:14—** "അതുകൊണ്ടു: ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും." മരിച്ചവർ എന്നാൽ രക്ഷിക്കപ്പെടാത്തവരെന്നർത്ഥം (എഫെ.2:1). വിശ്വാസികൾ ഉണർന്നിരിക്കേണ്ട ആവശ്യകതയെക്കുറിച്ചു പത്രൊസ് അപ്പൊസ്തലനും പറഞ്ഞിട്ടുണ്ട്. **1. പത്രൊ.5:8 —**"നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു." "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ " (മത്താ.26:41) എന്നു കർത്താവു തന്റെ ശിഷ്യന്മാരോടു ഗെത്ത്ശെമന തോട്ടത്തിൽ വെച്ചു പറഞ്ഞു. സർദ്ദിസ് സഭയോടു കർത്താവു പറയുന്നതും അവർ ഉണർന്നു എഴുന്നേൽക്കണം എന്നാണ്.

**(2) ശക്തീകരിക്കുക — strengthen** – "ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക" —

സർദ്ദിസ് സഭയോടു ക്രിസ്തു രണ്ടാമതു അറിയിക്കുന്നത് ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കണം എന്നാണ്. ജീവൻ ലഭിച്ചവരായ അവർ മരിച്ചവരുടെ ഇടയിൽ നിന്നെഴുന്നേറ്റു തങ്ങളെത്തന്നെ ശക്തിപ്പെടുത്തണം. ചാവാറായ ശേഷിപ്പുകൾ അഥവാ നിർജ്ജീവാവസ്ഥയിൽ നിന്നു ശക്തി പ്രാപിക്കണം. ശക്തിപ്രാപിക്കാതെ അങ്ങനെതന്നെ തുടർന്നാൽ ക്ഷീണം സംഭവിച്ചു ദൈവത്തിനായി പ്രവർത്തിക്കുവാനോ ആത്മഫലം പുറപ്പെടുവിക്കുവാനോ സാധിക്കുകയില്ല. സർവ്വശക്തനായ ദൈവം ശക്തിയുടെ ഉറവിടമാണ്. ദൈവത്തിൽ ശരണപ്പെട്ടാൽ ശക്തി ലഭിക്കും. അതിനായി ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിക്കണം. കഷ്ടതകളും പ്രതികൂലതകളും വിശ്വാസജീവിതത്തിലെ ശക്തിയെ ചോർത്തികളയുമെങ്കിലും ഇവയൊക്കെ അല്പകാലത്തേക്കുള്ളതാണെന്നു മനസ്സിലാക്കി ദൈവത്തിൽ ശരണപ്പെട്ടാൽ ശക്തി ലഭിക്കും. **1.പത്രൊ.5:10 —** "എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും."

**"ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല" —**

സർദ്ദിസ് സഭയിലെ വിശ്വസ്തരായ ശേഷിപ്പ് ആത്മികമായി ഉണരണമെന്നും ചാവാറായ ശേഷിപ്പുകളെ ശക്തിപ്പെടുത്തണമെന്നും ക്രിസ്തു പറഞ്ഞതിന്റെ കാരണം അവരുടെ പ്രവൃത്തി ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കാണാഞ്ഞതിനാലാണ്. സർദ്ദിസ് സഭക്കുവേണ്ടി ദൈവസന്നിധിയിൽ നിൽക്കുന്ന പുരോഹിതന്റെ സ്ഥാനമാണ് എന്റെ ദൈവത്തിന്റെ സന്നിധിയിൽ എന്നുള്ള ക്രിസ്തുവിന്റെ പ്രഖ്യാപനം. സർദ്ദിസ് സഭയിൽ പ്രവർത്തനങ്ങളുണ്ടായിരുന്നു, ആരാധനയുണ്ടായിരുന്നു, സൽപ്രവർത്തികളുണ്ടായിരുന്നു, മറ്റുള്ളവരുടെ നോട്ടത്തിൽ അവർ തികഞ്ഞ ആത്മികരായിരുന്നു, നല്ല പേരുണ്ടായിരുന്നു, പാരമ്പര്യകാര്യങ്ങളിൽ അവർക്കഭിമാനിക്കാനനവധി കാര്യങ്ങളുണ്ടായിരുന്നു, ധാരാളം സഭാംഗങ്ങൾ ഉണ്ടായിരുന്നു. ഇവയൊക്കെ പുറമേയുള്ള നിന്നു നോക്കുന്നവർക്കു കാണത്തക്കവിധത്തിലുള്ളതു മാത്രമായിരുന്നു. ഇതൊരു ശുഷ്കാന്തിയുള്ള മാതൃകാസഭയെന്നു മനുഷ്യദൃഷ്ടി വിലയിരുത്തുമ്പോൾ ദൈവദൃഷ്ടിയിൽ അവരുടെ പ്രവൃത്തി ഫലശൂന്യമായതിനാൽ പൂർണ്ണതയുള്ളതായി കണ്ടില്ല. ദൈവം അവരെ തുലാസിൽ തൂക്കിനോക്കിയപ്പോൾ അവർ കുറവുള്ളതായി കണ്ടു (ദാനീ.5:25-27) എന്നതാണ് ദൈവസന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല എന്നതിനു സാരം. ഇന്നത്തെ അനേക സഭകളുടെയും ചിത്രമാണ് ഇതിൽകൂടി ദൃശ്യമാകുന്നത്. പുറമേ പ്രവർത്തനങ്ങളും, ശക്തിപ്രകടനങ്ങളും നടക്കുന്നുണ്ടുവെങ്കിലും ദൈവത്തിൽ ശക്തിപ്പെടാതെയുള്ള പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തുന്നില്ല. അതിനായി വിശ്വാസികളും സഭകളും ആത്മിക ഉറക്കത്തിൽ നിന്നു ഉണർന്നെ

ഴുന്നേറ്റു ചാവാറായ ശേഷിപ്പുകളെ ശക്തിപ്പെടുത്തുവാനായി ദൈവത്തിലും ദൈവവചനത്തിലും അടിസ്ഥാനപ്പെടണം. വിശ്വാസത്തിലേക്കു വന്ന നാളിലെ ഭക്ഷണമായ പാൽ അഥവാ ആദ്യപാഠങ്ങൾ എന്നും കഴിച്ചു കൊണ്ടിരിക്കുന്ന നിലയിൽ നിന്നു വ്യതിയാനം വരുത്തി കട്ടിയായ ആഹാരം കഴിക്കേണ്ട ആവശ്യകതയെക്കുറിച്ചു എബ്രായലേഖനകർത്താവ് പറഞ്ഞിരിക്കുന്നതു (എബ്രാ.5:11–6:2) പാലിച്ചാൽ വിശ്വാസജീവിതത്തിൽ ശക്തിപ്പെടുവാൻ കഴിയും.

**(3) ഓർക്കുക — remember — ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർത്തു —**

സർദ്ദിസ് സഭയിലെ വിശ്വസ്തരായ കൂട്ടത്തോടുള്ള മൂന്നാമത്തെ പ്രബോധനം അവർ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർക്കണം എന്നുള്ളതാണ്. തിരുവചനസത്യങ്ങളും ഉപദേശങ്ങളും പുതിയനിയമ എഴുത്തുകളിലൂടെയും അപ്പൊസ്തലന്മാരിലൂടെയും സർദ്ദിസ് സഭക്കാർ കേട്ടതാണ്. കർത്താവിനെ ഹൃദയത്തിൽ സ്വീകരിച്ച രക്ഷിക്കപ്പെട്ട വേളയിലെ ആത്മികനിലയും ഇപ്പോഴത്തെ ആത്മികനിലയും തമ്മിൽ ബന്ധപ്പെടുത്തി വിചിന്തനം ചെയ്യുക എന്നത് ഓർക്കുക എന്നതിൽ ഉൾപ്പെടുന്നു. എഫെസൊസിലെ സഭക്കുള്ള ദൂതിൽ അവരോടു പറഞ്ഞത് അവർ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർക്കണം എന്നതാണ് (വെളി.2:5). സർദ്ദിസിലെ സഭയും ഓർക്കേണ്ടത് അവർ വിശ്വാസത്തിലേക്കു വന്ന നാളുകളിൽ അവർ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർക്കണം എന്നുള്ളതാണ്. അതായത് ആത്മീകജീവിതത്തിൽ പുനഃപരിശോധനനടത്തി യഥാസ്ഥാനപ്പെടേണ്ട ആവശ്യകതയെ ഈ സന്ദേശം കുറിക്കുന്നു.

**4) കാക്കുക — keep — അതു കാത്തു കൊൾകയും —**

സർദ്ദിസിലെ സഭയോടുള്ള നാലാമത്തെ പ്രബോധനം അവർ പ്രാപിക്കയും കേൾക്കയും എങ്ങനെ എന്നു ഓർക്കുക മാത്രമല്ല അതു കാത്തു കൊൾകയും വേണം എന്നുള്ളതാണ്. ആത്മീകമായ അനവധി കാര്യങ്ങൾ അവർ കേട്ടതു അവരുടെ പ്രായോഗികജീവിതത്തിൽ പകർത്തി കാത്തു കൊള്ളേണ്ടതാണ്. ദൈവികപ്രമാണങ്ങൾ അനുസരിക്കുന്നതിനെയാണ് കാക്കുക എന്നതിലൂടെ അർത്ഥമാക്കുന്നത്. തിരുവെഴുത്തുകൾ കേൾക്കുക മാത്രമല്ല അത് അനുസരിക്കേണ്ട അഥവാ കാത്തുകൊള്ളേണ്ട ഉത്തരവാദിത്വം ഓരോ വിശ്വാസിക്കുമുണ്ട് (യാക്കോ.1:22). ഒരിക്കൽ സർദ്ദിസുകാർ പ്രാപിക്കയും കേൾക്കയും ചെയ്ത കാര്യങ്ങൾ അന്ത്യത്തോളം പിടിച്ചു കൊള്ളേണ്ടതാണ്. എഫെസൊസ് സഭക്കാർ ആദ്യസ്നേഹം പിടിച്ചുകൊള്ളാതെ വിട്ടുകളഞ്ഞെങ്കിൽ, കർത്താവിന്റെ വരവുവരെ പിടിച്ചുകൊള്ളേണ്ട കാര്യങ്ങളെക്കുറിച്ചു തുയഥൈരക്കും(വെളി.2:25), ഫിലദെൽഫ്യക്കും (വെളി.3:11) കൊടുക്കുന്ന ദൂതിലും പറഞ്ഞിട്ടുണ്ട്.

**(5) മാനസാന്തരപ്പെടുക — repent — മാനസാന്തരപ്പെടുകയും ചെയ്ക —**

സർദ്ദിസിലെസഭക്കുള്ള അവസാനത്തെ പ്രബോധനം മാനസാന്തരപ്പെടുക എന്നതാണ്. തികഞ്ഞ അനുതാപത്തോടും സമർപ്പണത്തോടും സർദ്ദിസിലെ ഓരോരുത്തരും തങ്ങളുടെ പാപങ്ങൾ ഏറ്റു പറഞ്ഞുപേക്ഷിച്ചു മാനസാന്തരപ്പെട്ടാൽ അവർക്കു പുത്തൻ ഉണർവ്വു ലഭിക്കും. അവരുടെ നിർജ്ജീവാവസ്ഥക്കു മാറ്റം വന്നിട്ട് ജീവനുള്ളവൻ എന്നു പേരു ലഭിക്കുവാനിടയാകും.

**വെളി.3:3 — “നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികെക്കു നിന്റെമേൽ വരും എന്നു നീ അറികയും ഇല്ല” —**

ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കു ചെവി കൊടുക്കാതെ ഉണരാതിരുന്നാൽ അവർ നേരിടേണ്ട ശിക്ഷയെക്കുറിച്ചു പറയുന്നു. കോട്ടപോലെ ഉയരത്തിൽ സ്ഥിതി ചെയ്തിരുന്ന സർദ്ദിസ് പട്ടണത്തിലും ക്രീസസ് രാജാവിന്റെ കൊട്ടാരത്തിലും പ്രവേശിക്കുവാൻ ഒരു വഴിമാത്രമുള്ളതിനാൽ അവർ തികച്ചും സുരക്ഷിതരെന്ന അത്യധികമായ ആത്മവിശ്വാസത്താൽ ശത്രുക്കളെക്കുറിച്ചു ലേശവും ചിന്തയില്ലാതെ കഴിഞ്ഞു. എന്നാൽ സൈറസ് രാജവിന്റെ പടയാളികൾ സർദ്ദിസുകാർ പ്രതീക്ഷിക്കാത്ത അവസരത്തിലും, പ്രതീക്ഷിക്കാത്ത മാർഗ്ഗത്തിലൂടെയും പട്ടണം ആക്രമിക്കപ്പെട്ടു. ശത്രുവിന്റെ കള്ളനെപ്പോലുള്ള അപ്രതീക്ഷിത വരവ് ഏറ്റവും നന്നായി അനുഭവിച്ചറിഞ്ഞ അവരെ സംബന്ധിച്ചു ഞാൻ കള്ളനെപ്പോലെ വരും എന്നു കർത്താവു പറഞ്ഞത് വേഗത്തിൽ മനസ്സിലാകുന്നതായിരുന്നു. ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവുമുള്ള സഭാകാന്തനായ ക്രിസ്തു സർദ്ദിസിലെ സഭയുടെ പ്രവൃത്തി ശോധന ചെയ്തപ്പോൾ കണ്ടത് അവർക്കു ജീവനുള്ളവൻ എന്നു പേരുണ്ടെങ്കിലും മരിച്ചവനാകുന്നു എന്നാണ്. എന്നാൽ അവരുടെ പ്രവൃത്തി ദൈവസന്നിധിയിൽ പൂർണ്ണതയുള്ളതാകുവാനും, ജീവൻ ലഭിക്കുവാനുമായി അവർ ഉണരണം, തങ്ങളെത്തന്നെ ശക്തീകരിക്കണം, അവർ പ്രാപിച്ചത് ഓർക്കണം, അവർക്കു ലഭിച്ചത് കാത്തുകൊള്ളണം, മാനസാന്തരപ്പെടണം എന്നിങ്ങനെയുള്ള ഉപദേശങ്ങളാണ്. അവർ ഉണരാതിരുന്നാൽ കർത്താവു കള്ളനെപ്പോലെ നിനയാത്ത നാഴികയിൽ വന്നു അവരുടെമേൽ ന്യായവിധി നടത്തും. കള്ളനെപ്പോലെ വരുമെന്നത് പെട്ടന്നുള്ള വരവിനെക്കുറിക്കുന്നു (മത്താ.24:43,44/ലൂക്കൊ.12:39,40/1.തെസ്സ.5:2/2.പത്രൊ.3:10/വെളി.16:15). കർത്താവിന്റെ വീണ്ടും വരവ് എപ്പോഴായിരിക്കും എന്നു നിശ്ചയമില്ലാത്തതിനാൽ വിശ്വാസികൾ എപ്പോഴും ഒരുങ്ങി വിശുദ്ധീകരണപാതയിൽ ജീവിക്കുകയും, കർത്താവിനായി കാത്തിരിക്കുകയും വേണം. എന്നാൽ സർദ്ദിസിലെസഭയുടെ ദൂതിൽ കർത്താവു കള്ള

നനെപ്പോലെ വരും എന്നത് കർത്താവിന്റെ രണ്ടാം വരവിനെയല്ല സൂചിപ്പിക്കുന്നത്. ഉണരാത്ത സഭയുടെ മേൽ സഭായുഗത്തിൽ തന്നെ ശിക്ഷാനടപടിയുണ്ടാകും എന്നതിനെ കുറിക്കുന്നു. വിശ്വാസികളുടെ പാപങ്ങളെയും, അസന്മാർഗ്ഗികജീവിതത്തെയും, അശുദ്ധിയെയും ശിക്ഷിക്കുന്നത് മരണശേഷമോ കർത്താവിന്റെ വീണ്ടും വരവിലോ മാത്രമല്ല ഈ ലോകജീവിതത്തിൽ വച്ചുതന്നെ ശിക്ഷിക്കപ്പെടാം. *"നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികെക്കു നിന്റെമേൽ വരും എന്നു നീ അറികയും ഇല്ല"* എന്നുള്ള സർദ്ദിസ് സഭക്കുള്ള പ്രബോധനം ഇക്കാലത്തെ എല്ലാ സഭകൾക്കും വിശ്വാസികൾക്കുമുള്ള ദൂതായിരിക്കുന്നു.

**വെളി.3:4 — "എങ്കിലും ഉടുപ്പു മലിനമാകാത്ത കുറേ പേർ സർദ്ദിസിൽ നിനക്കുണ്ടു."**

സർദ്ദിസ് സഭയെക്കുറിച്ചു കർത്താവു അഭിനന്ദനങ്ങളൊന്നും അറിയിക്കുന്നില്ലെങ്കിലും വ്യക്തികൾക്കുള്ള പ്രോത്സാഹന സന്ദേശം അടങ്ങിയിരിക്കുന്നു. "ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടു എങ്കിലും നീ മരിച്ചവനാകുന്നു" എന്നു ക്രിസ്തു സർദ്ദിസിലെ സഭയെക്കുറിച്ചു പറഞ്ഞിരുന്നു. അതായത് സർദ്ദിസ് ആത്മികമായി മരിച്ച നിലയിൽ കഴിയുകയായിരുന്നു. ആകയാൽ ഉണർന്നു ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കുവാൻ പ്രബോധിപ്പിക്കുകയും ചെയ്തു. എന്നാൽ മരിച്ചു ആത്മീകമായി നിർവ്വീര്യരായി കഴിയുന്നവരുടെ മദ്ധ്യേയും വിശ്വസ്തരായ കുറേ പേരെ കർത്താവു കാണുന്നു. അവരെക്കുറിച്ചാണ് "എങ്കിലും ഉടുപ്പു മലിനമാകാത്ത കുറേ പേർ സർദ്ദിസിൽ നിനക്കുണ്ടു " എന്നു പറയുന്നത്. ചേറും അഴുക്കും നിറഞ്ഞ തടാകത്തിൽ തല ഉയർത്തി സൗരഭ്യം പരത്തി, മനോഹരമായി വിടർന്നു നിൽക്കുന്ന താമരപ്പൂ പോലെ സർദ്ദിസിലും കുറച്ചു പേർ അവരുടെ ജീവിത അങ്കി മലിനപ്പെടാതെ വേർപെട്ടവരായി നിൽക്കുന്നുണ്ടെന്ന സത്യം സഭാകാന്തൻ വെളിപ്പെടുത്തുന്നു. രക്ഷിക്കപ്പെട്ട നാളിൽ പുതിയ അങ്കി ലഭിച്ചവർ (വെളി.19:8) അഥവാ തങ്ങളുടെ അങ്കി കുഞ്ഞാടിന്റെ രക്തത്തിൽ കഴുകിയവർ (വെളി.7:14), തങ്ങളുടെ ജീവിതയാത്രയിൽ അധാർമ്മികചുറ്റുപാടിൽ കഴിയേണ്ടി വന്നുവെങ്കിലും (ദാനീ.1:8) അവരുടെ അങ്കി മലിനപ്പെടാതെ കാത്തു സൂക്ഷിച്ചു. മരിച്ചസഭ എന്നുള്ള പേരു മാറ്റാൻ തക്കവിധത്തിൽ അവർ അംഗസംഖ്യയിൽ കൂടുതൽ ഇല്ലായിരുന്നു. എങ്കിലും വിശ്വസ്തരായ ചെറിയ ശേഷിപ്പിനെ കർത്താവു മറന്നു കളഞ്ഞില്ലെന്ന കാര്യം ശ്രദ്ധേയമാണ്. തുയഥൈരസഭയിലും കർത്താവിന്റെ ഭാഗത്തു വിശ്വസ്തതയോടെ നിന്ന ഒരു ശേഷിപ്പിനോടു ക്രിസ്തു ആശ്വാസവചനങ്ങളറിയിക്കുന്നുണ്ട് (വെളി.2:24). ദൈവം തന്നോടു വിശ്വസ്തത പുലർത്തുന്ന ശേഷിപ്പിനെ ഒരിക്കലും മറന്നു കളയുകയില്ലെന്നത് തിരുവചനത്തിലുടനീളം വ്യക്തമാക്കിയിട്ടുണ്ട് (ഉല്പ.18:23-33/1.രാജാ.14:13/1.രാജാ.19:18/മലാ.3:16-18/റോമ.11:1-5/എബ്രാ.6:10).

മരിച്ചവരുടെ ഇടയിൽ പാർക്കുന്നവരായ സർദ്ദിസിലെ വിശ്വസ്തരുടെ പ്രത്യേകതയെന്നത് അവരുടെ ഉടുപ്പു മലിനമാകത്തവരെന്നതാണ്. 'മലിനം' എന്ന വാക്കിന്റെ മൂലഭാഷയിലെ അർത്ഥം: കറ പിടിക്കുക, വൃത്തിഹീനമാകുക, അശുദ്ധമാകുക എന്നൊക്കെയാണ്. കമ്പിളിവസ്ത്ര നിർമ്മാണത്തിലും വസ്ത്രങ്ങൾ നിറം കൊടുക്കലിലും ഏർപ്പെട്ടിരിക്കുന്ന സർദ്ദിസുകാരെ സംബന്ധിച്ചു വസ്ത്രങ്ങൾ മലിനമകുന്നതിനെക്കുറിച്ചു പറഞ്ഞാൽ വേഗത്തിൽ അവർക്കു ഗ്രഹിക്കാവുന്നതായിരുന്നു. അവർ നിർമ്മിക്കുന്ന വസ്ത്രങ്ങളിൽ കറയോ അഴുക്കോ പിടിച്ചാൽ അതു വില്പനക്കു യോഗ്യമായിരുന്നില്ല. ഉടുപ്പ് അഥവാ വസ്ത്രം ആത്മികമായി ഒരുവന്റെ സ്വഭാവത്തെ അഥവാ ജീവിത വിശുദ്ധിയെ കുറിക്കുന്നു അപ്പോൾ ഉടുപ്പു മലിനമാകാത്തവർ എന്നാൽ ദൈവസന്നിധിയിൽ വിശുദ്ധി പാലിച്ചു ജീവിക്കുന്നവരെന്നർത്ഥം (യെശ.64:6/യാക്കോ.1:27/യൂദാ.23).

**വെളി.3:5 — "അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ടു എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും; അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്നു മാച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും."**

എങ്കിലും ഉടുപ്പു മലിനമാകാത്ത കുറേ പേർ സർദ്ദിസിൽ നിനക്കുണ്ടു എന്നു സർദ്ദിസിലെ വിശ്വസ്തരായവരെക്കുറിച്ചു പറഞ്ഞശേഷം അവർക്കുള്ള പ്രതിഫലമായി മൂന്നു വാഗ്ദത്തങ്ങൾ പ്രസ്താവിക്കുന്നു.

**(1) വെള്ളയുടുപ്പു ധരിച്ചു ക്രിസ്തുവിനോടു കൂടെ നടക്കും —** "അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ടു എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും" —

**> യോഗ്യന്മാർ —**

സർദ്ദിസിലെ സഭയിലുള്ള ബഹുഭരിപക്ഷവും ആത്മികമായി മരിച്ചവർ എന്ന നിലയിൽ ഉറക്കത്തിൽ കഴിയുമ്പോൾ കുറേ പേർ പാപത്താൽ മലിനപ്പെടാതെ വിശ്വസ്തരായി കഴിയുന്നത് കർത്താവു കണ്ടു. അവരുടെ ഉടുപ്പു മലിനപ്പെട്ടില്ലെന്നു മാത്രമല്ല അവർ യോഗ്യന്മാർ (worthy) എന്നും കർത്താവു സാക്ഷ്യപ്പെടുത്തുന്നു. വിശ്വാസികൾക്കു യോഗ്യത ലഭിച്ചത് ദൈവകരുണയാലും കൃപയാലുമാണ്. യോഗ്യൻ എന്ന പ്രയോഗം ദൈവത്തിനും (വെളി.4:11 -"മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ ") ക്രിസ്തുവിനും (വെളി.5:9 -"പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ

യോഗ്യൻ ") ഉപയോഗിച്ചിരിക്കുന്നത് വിശ്വസ്തരായ ചെറിയകൂട്ടത്തിനു ലഭിച്ചിരിക്കുന്നത് ഏറ്റവും വലിയ അംഗീകാരമായിരിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ വാക്കുകൾ കേട്ടനുസരിക്കാതെ മരിച്ച അവസ്ഥ യിൽ കഴിയുന്ന വലിയ കൂട്ടം ന്യായവിധിയുടെ രക്തം കുടിക്കാൻ യോഗ്യരാണ് (വെളി.16:6). അവർ ക്രിസ്തുവിലൂടെയുള്ള രക്ഷ പ്രാപിക്കാത്തവരാകയാൽ അയോഗ്യരായി എണ്ണപ്പെടുന്നു.

**> വെള്ളയുടുപ്പ് —**

അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ടു എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും — പുരാതന കാലത്തു വെള്ളവസ്തം വിവിധ കാര്യങ്ങൾക്കായി ഉപയോഗിച്ചി രുന്നു. (1) വെള്ളവസ്ത്രം ധരിച്ച പുരോഹിതന്മാർ ഘോഷയാത്രയായി സർദ്ദിസിലെ ആരാധനാമൂർത്തി യായ സിബെലിദേവിയുടെ ക്ഷേത്രത്തിലേക്കു പോകുന്ന കാഴ്ച സർദ്ദിസുകാർക്കു സുപരിചിതമായിരു ന്നു. (2) റോമാസാമ്രാജ്യത്തിൽ വിജയികൾക്കു വെള്ളനിലയങ്കി സമ്മാനമായി നൽകിയിരുന്നു. (3) യുദ്ധത്തിൽ വിജയിച്ചു മടങ്ങുന്ന അവസരത്തിൽ വിജയാഘോഷത്തിൽ പങ്കെടുക്കുന്നവർ വെള്ളവസ്ത്രം ധരിക്കാറുണ്ടായിരുന്നു. (4) ഉത്സവങ്ങളിലും, ആഘോഷങ്ങളിലും, വിവാഹവേളയിലും വെള്ളവസ്ത്രം ധരിച്ചിരുന്നു.

തിരുവചനത്തിൽ വെള്ള വിശുദ്ധി, നിഷ്കളങ്കത, സമ്പൂർണ്ണത എന്നിവയെ കുറിക്കുന്നു(യെശ.1:18). സർദ്ദിസിലെ കുറേ പേർ വിശ്വസ്തരും വിജയികളും എന്ന നിലയിൽ അവരെ യോഗ്യന്മാരായി എണ്ണ പ്പെട്ടു. അവർ വെള്ളധരിച്ചുകൊണ്ടു കർത്താവിനോടു കൂടെ നടക്കും. സർദ്ദിസിലെ അനേകർ സിബെ ലിദേവിയുടെ ക്ഷേത്രത്തിലേക്കു വെള്ളധരിച്ചുകൊണ്ടു ആർത്തു സന്തോഷിച്ചു പോയപ്പോഴും, റോമൻ ഭരണകൂടത്തിലെ സാമുദായിക ആചാരഘോഷങ്ങളിൽ വെള്ളവസ്ത്രം ധരിച്ചുകൊണ്ടു പോയപ്പോഴും കർത്താവിനായി വേർതിരിക്കപ്പെട്ട ഒരു ശേഷിപ്പു അതിലൊന്നും പങ്കെടുക്കാതെയിരുന്നതിനാൽ അവർ കർത്താവിനോടൊപ്പം വെള്ളയുടുപ്പു ധരിച്ചുകൊണ്ടു നടക്കുവാൻ യോഗ്യരായിത്തീർന്നു. ക്രിസ്തുവി നോടുള്ള ബന്ധത്തിൽ വെള്ള ക്രിസ്തുവിന്റെ മഹത്വത്തെയും, പരിശുദ്ധിയെയും, നിഷ്കളങ്കതയെയും, പൂർണ്ണതയെയും കുറിക്കുന്നു. മറുരൂപമലയിലെ രൂപാന്തരവേളയിൽ ക്രിസ്തുവിന്റെ വസ്ത്രം ഏറ്റവും വെള്ളയായി കണ്ടു (മത്താ.17:2/മർക്കൊ.9:3) ദൂതന്മാരും വെള്ളവസ്ത്രം ധരിച്ചിരുന്നതായി (മത്താ.28:3/ മർക്കൊ.16:5/അപ്പൊ.1:10) തിരുവചനത്തിൽ കാണുന്നുണ്ട്. അതുപോലെതന്നെ ഭൂമിയിൽ തങ്ങളുടെ അങ്കി മലിനമാകാതെ സൂക്ഷിച്ചവർ സ്വർഗ്ഗത്തിൽ വെള്ളവസ്ത്രം ധരിക്കുവാൻ യോഗ്യതയുള്ളവരായി വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു(വെളി.3:5/വെളി.6:11/വെളി.7:9,13,14/വെളി.19:8,14).

**> ക്രിസ്തുവിനോടു കൂടെ നടക്കും —**

സർദ്ദിസിൽ വിജയികളായ വിശ്വസ്ത ശേഷിപ്പ് യോഗ്യന്മാരാകയാൽ അവർ വെള്ളവസ്ത്രം ധരിച്ചു കൊണ്ടു ക്രിസ്തുവിനോടു കൂടെ നടക്കും എന്നത് വാഗ്ദത്തമായി നൽകി. ഭൂമിയിലെ സകലച രാചരങ്ങളെയും ദൈവം തന്റെ വാക്കിനാൽ സൃഷ്ടിച്ചു. മനുഷ്യനെ മാത്രം ദൈവസ്വരൂപത്തിലും, സാദൃ ശ്യത്തിലും തന്റെ കരങ്ങളാൽ മെനഞ്ഞു. മനുഷ്യനോടു ദൈവം കൂട്ടായ്മ പുലർത്തുവാനും ഒത്തൊരു മിച്ചു നടക്കുവാനും ആഗ്രഹിച്ചു. പാപം മൂലം ദൈവതേജസ്സും, കൂട്ടായ്മയും നഷ്ടപ്പെട്ടതിനാൽ ആദാ മിനു ദൈവത്തോടൊപ്പം നടക്കുവാൻ സാധിച്ചില്ല. പാപത്തിൽ പതിച്ച അവർ ദൈവത്തെ ഭയപ്പെട്ടു ഒളി ച്ചു(ഉല്പ.3:8). എന്നാൽ ദൈവഹിതപ്രകാരം ജീവിച്ച ഹാനോക്കിനും (ഉല്പ.5:23,24) നോഹെക്കും (ഉല്പ.6:9) ദൈവത്തോടൊപ്പം നടക്കുവാൻ കഴിഞ്ഞു. സർദ്ദിസിലെ സഭ ആത്മികമായി മരിച്ച അവസ്ഥ യിരുന്നെങ്കിലും കുറേ വ്യക്തികൾ കർത്താവിനോടു വിശ്വസ്തത പുലർത്തി ജീവിച്ചതിനാൽ അവർക്കു ക്രിസ്തുവിനോടൊപ്പം നടക്കുവാനുള്ള വാഗ്ദത്തം ലഭിക്കുകയുണ്ടായി.

"*അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ടു എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും*" എന്നുള്ള സർദ്ദിസിലെ വിശ്വസ്തരായ ചുരുക്കം പേർക്കു നൽകുന്ന ഒന്നാ മത്തെ വാഗ്ദത്തം എല്ലാ കാലത്തുമുള്ള സകലസഭകൾക്കും വിശ്വാസികൾക്കും കൂടി ഉള്ളതാണ്. ലോക മോഹങ്ങളിൽ മുഴുകിയ അനേകസഭകളും വിശ്വാസികളും ആത്മീകമായി നിർജ്ജീവാവസ്ഥയിൽ കഴിയു ന്നുവെങ്കിലും അവർക്കിടയിലും ഉടുപ്പു മലിനമാകാതെ കുറേപേർ ഇന്നും കർത്താവിൽ വിശ്വസ്തരായി ട്ടുണ്ട്. അവർ വെള്ളയുടുപ്പു ധരിച്ചു അഥവാ വിശുദ്ധിയോടെ നിത്യതമുഴുവൻ കർത്താവിനോടൊപ്പം നടക്കുവാൻ യോഗ്യരാണ്.

**(2) ജീവപുസ്തകത്തിൽ പേരു നിലനിറുത്തും —** "*അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്നു മാച്ചുകളയാതെ*" (I will not blot out his name from the Book of Life) —

സർദ്ദിസ് സഭയിലുള്ള വിശ്വസ്തശേഷിപ്പിനു നൽകുന്ന രണ്ടാമത്തെ വാഗ്ദത്തമാണ് അവരുടെ പേര് ജീവപുസ്തകത്തിൽ നിന്നു മാച്ചുകളയാതിരിക്കും എന്നുള്ളത്. രക്ഷിക്കപ്പെട്ടവർ എന്ന നിലയിൽ അവരുടെ പേര് ജീവപുസ്തകത്തിൽ (Book of Life)എഴുതപ്പെട്ടിട്ടുണ്ട്. 'മാച്ചുകളയാതെ'എന്ന നിഷേധപ്രയോഗത്തിനു, ഏതെങ്കിലും സന്ദർഭങ്ങളിൽ മായിച്ചു കളയും എന്നു ഊഹിച്ചെടുക്കേണ്ട കാര്യ മില്ല. രക്ഷിക്കപ്പെട്ടവർ പാപം ചെയ്താൽ അവരുടെ പേര് ജീവപുസ്തകത്തിൽ നിന്നു മാച്ചു കളയു മെന്നും ആയതിനാൽ രക്ഷ നഷ്ടപ്പെടുമെന്നു തെളിയിക്കുവാനായി അനേകർ ഈ വാക്യത്തെ തെറ്റായി

വ്യാഖ്യാനിച്ചു ബന്ധപ്പെടുത്താറുണ്ട്. പഴയനിയമത്തിലെ ചില വാക്യങ്ങൾ ഇതിനു തെളിവായി നിരത്താറുണ്ട്. തിരുവചനഭാഗങ്ങൾ പരിശുദ്ധാത്മസഹായത്താൽ ധ്യാനിക്കാതെയും, പറഞ്ഞിരിക്കുന്ന സന്ദർഭവും പശ്ചാത്തലവും മനസ്സിലാക്കാതെയും, തിരുവെഴുത്തിലെ മറ്റു വേദഭാഗങ്ങളുമായി ചേർത്തു ചിന്തിക്കാതെയും വഴിയായി തെറ്റായ നിഗമനത്തിലെത്തുന്നതു മൂലമാണ് ഇങ്ങനെയുള്ള അബദ്ധവ്യാഖ്യാനങ്ങൾക്കു കാരണം.

പേര് മായിച്ചു കളയുകയെന്നത് പഴയനിയമ വേദഭാഗങ്ങളിൽ ശാരീരിക മരണത്തെ (physical death) കുറിക്കുന്നു. പഴയനിയമത്തിൽ പുറപ്പാടു പുസ്തകത്തിലെയും സങ്കീർത്തനങ്ങളിലെയും രണ്ടു വാക്യങ്ങൾ നിത്യരക്ഷ നഷ്ടപ്പെടുമെന്നു തെളിയിക്കുവാനായി സാധാരണ ഉപയോഗിക്കാറുള്ളത് ഇതോടനുബന്ധിച്ചു ചിന്തിക്കാം.

(1) "എന്നോടു പാപം ചെയ്തവന്റെ പേർ ഞാൻ എന്റെ പുസ്തകത്തിൽ നിന്നു മായിച്ചു കളയും."— പുറ.32:33.

പാപം ചെയ്തവരുടെ പേർ ദൈവത്തിന്റെ പുസ്തകത്തിൽ നിന്നു മായിച്ചു കളയുമെന്നു മോശെയോടു പറഞ്ഞിരിക്കുന്നതിനാൽ രക്ഷിക്കപ്പെടുമ്പോൾ എഴുതിയ പേരു പുസ്തകത്തിൽ നിന്നു മായിച്ചു കളയുമെന്നും, ആയതിനാൽ രക്ഷ നിത്യഭദ്രതയുള്ളതല്ലെന്നും, പാപം ചെയ്താൽ രക്ഷ നഷ്ടപ്പെടുമെന്നും ചിലർ ഈ വാക്യത്തെ ഉദ്ധരിച്ചുകൊണ്ടു വാദിക്കാറുണ്ട്. എന്നാൽ ഇവിടെ പരാമർശിക്കുന്ന പുസ്തകം ജീവപുസ്തകമോ, രക്ഷാപുസ്തകമോ അല്ല; മറിച്ചു ജീവന്റെ അഥവാ ജീവിച്ചിരിക്കുന്നവരുടെ പുസ്തകമാണെന്നു ഈ ഭാഗം പഠിച്ചാൽ മനസ്സിലാകും. ഈ വാക്യമുൾപ്പെട്ട ഭാഗം നോക്കുക — **പുറ.32:32,33 —** *"എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്നു എന്റെ പേർ മായിച്ചുകളയേണമേ. യഹോവ മോശെയോടു: എന്നോടു പാപം ചെയ്തവന്റെ പേർ ഞാൻ എന്റെ പുസ്തകത്തിൽ നിന്നു മായിച്ചു കളയും."*

വേദപുസ്തകത്തിൽ അനേകവിധത്തിലുള്ള പുസ്തകങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്.

നിയമപുസ്തകം (പുറ.24:7)
ശാപങ്ങളുടെപുസ്കം (സംഖ്യാ.5:23)
യുദ്ധപുസ്തകം (സംഖ്യാ.21:15)
ന്യായപ്രമാണപുസ്തകം (ആവ.28:58,61)
ശൂരന്മാരുടെപുസ്തകം (യോശു.10:13/2.ശമൂ.1:18)
വൃത്താന്തപുസ്തകം (1.രാജാ.14:19,29, 15:7...)
കണ്ണുനീരിന്റെ പുസ്തകം(സങ്കീ.56:8),
നീതിമാന്മാരുടെ പുസ്തകം (സങ്കീ.69:28)
പാപങ്ങൾ എഴുതിവെക്കുന്ന പുസ്തകം (യെശ.65:6/ യിരെ.17:1)
സത്യഗ്രന്ഥം (ദാനീ.10:21)
സ്മരണപുസ്തകം (മലാ.3:16)
പ്രവചനപുസ്തകം (വെളി.22:19)
തുറന്നപുസ്തകം (വെളി.10:2,8,9,10)
ജീവന്റെ പുസ്തകം(വെളി.20:12/സങ്കീ.69:28/പുറ.32:32,33)
ജീവപുസ്തകം (ഫിലി.4:3/വെളി.3:5/13:8/17:8/20:15/21:27).

മോശെ സീനായ്പർവ്വതത്തിൽ യഹോവയുടെ സന്നിധിയിൽ നിന്നു ഇറങ്ങിവരുവാൻ താമസിക്കുന്നുവെന്നു മനസ്സിലാക്കിയ യിസ്രായേൽജനം ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനു യാഗം കഴിച്ചു നമസ്കരിച്ചു. ഫറവോന്റെ അടിമത്വത്തിൽ നിന്നു അവരെ വിടുവിച്ചു, അത്ഭുതകരമായി ചെങ്കടൽ കടത്തി മരുഭൂമിയിൽ പോറ്റിപ്പുലർത്തിയ ദൈവത്തെ അവർ മറന്നു ജീവനുള്ള ദൈവത്തിന്റെ സ്ഥാനത്തു വിഗ്രഹത്തെ പ്രതിഷ്ഠിച്ചാരാധിച്ചു. ഇവരുടെ പാപപ്രവൃത്തി ദൈവകോപത്തിനിടയാക്കി. കാളക്കുട്ടിയെ ആരാധിച്ച പാപം മൂലം ദൈവം അവരെ ജീവിക്കുന്നവരുടെ പുസ്തകത്തിൽനിന്നു നീക്കിക്കളയും അഥവാ കൊന്നുകളയുമെന്നു മോശെയോടു പറഞ്ഞു. എന്നാൽ അവർക്കായി ദൈവസന്നിധിയിൽ മാപ്പിനപേക്ഷിച്ചുകൊണ്ടു മോശെ പറയുന്നു—*"എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ (ജീവിക്കുന്നവരുടെ പുസ്തകത്തിൽ) നിന്നു എന്റെ പേർ മായിച്ചു കളയേണമേ."*

(2) **സങ്കീ.69:28 —** *"ജീവന്റെ പുസ്തകത്തിൽ നിന്നു അവരെ മായിച്ചു കളയേണമേ; നീതിമാന്മാരോടുകൂടെ അവരെ എഴുതരുതേ"* ("Let them be blotted out of the **Book of the living**. And not be written with the righteous").

കർത്താവിന്റെ കഷ്ടാനുഭവം പ്രവചനാത്മാവിൽ ദാവീദിനാൽ എഴുതപ്പെട്ട 69-ാം സങ്കീർത്തനത്തിലും ജീവന്റെ പുസ്തകത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. ഈ പ്രാർത്ഥനയിൽ ദാവീദ് അപേക്ഷിക്കു

ന്നത്, തന്നെ ക്രൂരമായി ഉപദ്രവിച്ച ശത്രുക്കളെ ജീവിക്കുന്നവരുടെ കൂട്ടത്തിൽ നിന്നു നീക്കേണമേ അഥവാ അവരെ നീതിമാന്മാരോടൊപ്പം ജീവിക്കുവാൻ അനുവദിക്കരുതേ എന്നാണ്. രക്ഷിക്കപ്പെട്ടവരുടെ പേരുകൾ പാപം ചെയ്താൽ മായിച്ചു കളയും എന്നതിന്റെ ധ്വനി ഈ വാക്യത്തിൽ ഇല്ല.

പുരാതനകാലങ്ങളിൽ ഭരണാധികാരികൾ രാജ്യത്തിലെ പൗരന്മാരുടെ പേരുകൾ പുസ്തകത്തിൽ എഴുതി സൂക്ഷിക്കുന്ന പതിവുണ്ടായിരുന്നു. പുസ്തകത്തിൽ പേരുള്ള ആരെങ്കിലും മരിക്കുമ്പോഴോ, രാജ്യദ്രോഹം ഉൾപ്പെടെയുള്ള കുറ്റങ്ങളിൽ ശിക്ഷിക്കപ്പെടുമ്പോഴോ അങ്ങനെയുള്ളവരുടെ പേരുകൾ പുസ്തകത്തിൽ നിന്നു നീക്കം ചെയ്യാറുണ്ടായിരുന്നു. സർദ്ദിസുകാർക്കു ഇതു അറിയാവുന്ന കാര്യവുമായിരുന്നു. എന്നാൽ ഭരണാധികാരികൾ ഇപ്രകാരം ചെയ്യുന്നതുപോലെ യേശുക്രിസ്തുവിൽ വിശ്വസിച്ചു വിജയികളായവരുടെ പേര് ഒരു കാരണവശാലും നീക്കുകയില്ലെന്നാണ് സർദ്ദിസിലെ വിശ്വസ്തരായവരെ അറിയിക്കുന്നത്. ഇക്കാലങ്ങളിലും നമ്മുടെ രാജ്യത്തിലും ജനന രജിസ്റ്ററും (ജനന രജിസ്റ്റർ - birth register), ജനസംഖ്യ തിട്ടപ്പെടുത്തുന്ന രജിസ്റ്ററും (കാനേഷുമാരി - census), മരണ രജിസ്റ്ററും (death register)സൂക്ഷിക്കാറുണ്ട്. സർദ്ദിസ് സഭക്കുള്ള ദൂതിൽ *"അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്നു മാച്ചുകളയാതെ"* എന്നു പറഞ്ഞിരിക്കുന്നതിൽ സർദ്ദിസിലെ ജയിച്ചവർ അഥവാ കർത്താവിൽ വിശ്വസിച്ച വിശ്വസ്തരായവരുടെ പേർ മായിച്ചു കളയുമെന്ന താക്കീതല്ല. അന്ധകാരം നിറഞ്ഞ ഭൂമിയിൽ അവർ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുമ്പോൾ തന്നെ അവരുടെ പേര് സ്വർഗ്ഗത്തിൽ ജീവപുസ്തകത്തിൽ എഴുതിയിട്ടുണ്ട്. സർദ്ദിസിലെ അനേകർ ആത്മീകമായി മരിച്ചവരെങ്കിലും വിശ്വസ്തശേഷിപ്പ് നിത്യജീവൻ അവകാശമാക്കിയവരാകയാൽ അവരുടെ പേർ ഒരിക്കലും ജീവപുസ്തകത്തിൽ നിന്നു മായിച്ചു കളയുകയില്ലെന്നു ക്രിസ്തു ഉറപ്പിച്ചു സാക്ഷ്യപ്പെടുത്തുന്നു. "ജീവന്റെ പുസ്തകം" (Book of Living) ഭൂമിയിൽ ജീവിച്ചിരിക്കുന്നവരുടെ പേരെഴുതിയിരിക്കുന്ന പുസ്തകവും "ജീവപുസ്തകം" (Book of Life) രക്ഷിക്കപ്പെട്ടവരുടെ പേരെഴുതിയിരിക്കുന്ന പുസ്തകവുമായി ചിന്തിക്കാം. ജീവിച്ചിരിക്കുന്നവരുടെ പുസ്തകവും രക്ഷിക്കപ്പെട്ടവരുടെ പേരെഴുതിയിരിക്കുന്ന പുസ്തകം അഥവാ ജീവപുസ്തകവും പറഞ്ഞിരിക്കുന്ന സന്ദർഭത്തോടു ബന്ധപ്പെടുത്തി വേർതിരിച്ചു മനസ്സിലാക്കേണ്ടതാണ്. രക്ഷിക്കപ്പെട്ട സകലരുടെയും പേർ നിത്യജീവൻ ലഭിച്ചവർ എന്ന നിലയിൽ ജീവപുസ്തകത്തിൽ (വെളി.3:5/13:8/17:8/20:15/21:27) എഴുതുന്നു. ജീവപുസ്തകത്തിൽ എഴുതുന്ന പേർ ദൈവം ഒരിക്കലും മായിച്ചു കളകയില്ല. ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ കൃപയാലുള്ളതാണ്; മനുഷ്യന്റെ പ്രവൃത്തിയിൽ ആശ്രയിച്ചുള്ളതല്ല. നിത്യജീവൻ കൃപയാൽ ലഭിച്ച വിശ്വാസി ദൈവത്തിൽ നിത്യസുരക്ഷിതനാണ് (യോഹ.3:16/5:24/10:27,28,29).

**(3) പരസ്യമായ അംഗീകാരം —** "എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും " —(I will confess his name before My Father and before His angels)—

സർദ്ദിസ് സഭയിലെ വിശ്വസ്തരായ വിജയികൾക്കു നൽകുന്ന മൂന്നാമത്തെ വാഗ്ദത്തമാണ് പിതാവായ ദൈവത്തിന്റെ സന്നിധിയിലും, ദൈവദൂതന്മാരുടെ മുന്നിലും അവരുടെ പേർ ഏറ്റു പറയും എന്നത്. അതായത് അവർ തനിക്കുള്ളവർ തന്നെ എന്നുള്ള കർത്താവിന്റെ സാക്ഷ്യം. കർത്താവിന്റെ പക്ഷത്തു നിന്നു ഉണർന്നു അവരെത്തന്നെ ശക്തീകരിച്ച അവർക്കു ലഭിക്കുന്ന പരസ്യമായ അംഗീകാരമായിരിക്കുമത്. സർദ്ദിസിലെ അനേകരും ലോകമോഹങ്ങളിൽ മുഴുകി ആത്മീകമായി മരിച്ച നിലയിൽ ആയിരിക്കുമ്പോൾ കുറേപ്പേർ കർത്താവിന്റെ വിശ്വസ്ത സാക്ഷികളായി വേറിട്ടു നിൽക്കുവാൻ ഏറെ പ്രയാസങ്ങളനുഭവിച്ചിരിക്കും. വിശ്വാസത്തിനായി ഏറെ വില കൊടുത്ത ശേഷിപ്പിനെ കർത്താവും ആദരിക്കുന്നു. തന്നിൽ അഭയം കണ്ടെത്തി തന്നെ ഏറ്റു പറയുന്നവരെ താനും ഏറ്റു പറയുമെന്നു കർത്താവു തന്റെ ഐഹികജീവിതത്തിൽ പറഞ്ഞിട്ടുണ്ട്. **മത്താ.10:32,33 —**"മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും." **ലൂക്കൊ.12:8,9 —**"മനുഷ്യരുടെ മുമ്പിൽ ആരെങ്കിലും എന്നെ ഏറ്റുപറഞ്ഞാൽ അവനെ മനുഷ്യപുത്രനും ദൈവദൂതന്മാരുടെ മുമ്പാകെ ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ ദൈവദൂതന്മാരുടെ മുമ്പിൽ തള്ളിപ്പറയും."

**വെളി.3:6 — "ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ."**

ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ എന്നു ക്രിസ്തു തന്നെ വെളിപ്പെടുത്തിയിട്ട് അവരെക്കുറിച്ചുള്ള ദൂതു യോഹന്നാനിൽ കൂടി അറിയിച്ചു. "ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ" എന്നുള്ള ആഹ്വാനം മറ്റു സഭകൾക്കെന്നപോലെ സർദ്ദിസിലെ സഭയുടെ ദൂതനും നൽകുന്നു. ജീവനുള്ളവൻ എന്നു അവർക്കു പേരുണ്ടെങ്കിലും അവർ മരിച്ച നിലയിലായിരിക്കുന്നു. എന്നാൽ ജീവന്റെ തുടിപ്പുകൾ ഉള്ളതിനാൽ അവർക്കു വേണമെങ്കിൽ ഉണർന്നു തങ്ങളെത്തന്നെ ശക്തിപ്പെടുത്തുവാൻ സമയം ഉണ്ട് എന്നുള്ളതാണ് ക്രിസ്തുവിന്റെ ആഹ്വാനത്തിലൂടെ വ്യക്തമാകുന്നത്. "ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ" എന്ന ആഹ്വാനം വെളിപ്പാടു പുസ്തകത്തിലെ ഏഴു സഭകൾക്കും അവിടെത്തെ വിശ്വാസികൾക്കും മാത്രമല്ല ലോകത്തി

ലുള്ള സകല സഭകൾക്കും ഓരോ വിശ്വാസിക്കുമുള്ള ആഹ്വാനമായി ഇതു കരുതേണ്ടതാണ്. ഇന്നും അർദ്ധപ്രാണയായി കഴിയുന്ന സഭകൾക്കു, ജീവനും സമൃദ്ധിയായജീവനും ഉണ്ടാകുവാൻ ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവനായ ക്രിസ്തുവിൽ ശരണപ്പെട്ടാൽ അവരോടു ക്രിസ്തു കരുണ കാണിക്കുക തന്നെ ചെയ്യും. കർത്താവിൽ വിശ്വസ്തരായ ഒരു ശേഷിപ്പിനെ ദൈവം ആദരിക്കുന്നതിനാൽ, അവരിലൂടെ തന്റെ പ്രവർത്തനങ്ങൾ തുടരുന്നതിനാൽ മൃതപ്രായ അവസ്ഥയിലുള്ള സഭകൾക്കും ജീവൻ പ്രാപിക്കുവാൻ അവസരം ലഭിക്കുന്നു.

"ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർത്തു അതു കാത്തുകൊൾകയും മാനസാന്തപ്പെടുകയും ചെയ്ക " എന്നുള്ള കർത്താവിന്റെ പ്രബോധനം അനുസരിക്കാത്ത സർദ്ദിസ് സഭ ഇന്നു ഭൂമുഖത്തില്ല. എങ്കിലും ഉടുപ്പു മലിനമാകാത്ത കുറേ പേർ സർദ്ദിസിൽ ഉണ്ടായിരുന്നു. റോമൻ കത്തോലിക്കസഭയുടെ ദുരുപദേശങ്ങളിലും ദുരാചാരങ്ങളിലും ഉൾപ്പെടാതെ ജീവിതവിശുദ്ധി പാലിക്കുകയും നവീകരണത്തിനു ആരംഭം കുറിക്കുകയും ചെയ്തവരുൾപ്പെടെ വിശ്വസ്തരായ കുറേ പേർ സർദ്ദിസിൽ ഉണ്ടായിരുന്നു. അവരെ സഭാകാന്തൻ ആദരിക്കുകയും അവർക്കുള്ള വാഗ്ദത്തങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു. സർദ്ദിസ് കാലഘട്ടത്തിലെന്നപോലെ ഇന്നും അനേക സഭകൾ മരിച്ച അവസ്ഥയിലാണ്. പ്രവർത്തനങ്ങളുണ്ട്, ആരാധനയുണ്ട്, മനോഹരമായ വലിയ ഹാളുകളുണ്ട്, അംഗസംഖ്യ ഏറെയുണ്ട്, സാമ്പത്തികമായി ഉയർന്ന അംഗങ്ങൾ, പാട്ട്, പ്രാർത്ഥന, വചനപഠനം എല്ലാം നടക്കുന്നു. മാതൃകാസഭ എന്ന പേർ മനുഷ്യരിൽ നിന്നു ലഭിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവസന്നിധിയിൽ പൂർണ്ണതയുള്ളതായി കാണുന്നില്ല എന്നാണ് പരിശുദ്ധാത്മാവു അറിയിക്കുന്നത്. അവർ ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ നിനയാത്ത നാഴികയിൽ കർത്താവിന്റെ ശിക്ഷ ഏറ്റു വാങ്ങേണ്ടി വരും എന്നും ഇവിടെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള കൂട്ടങ്ങളിലും കുറേപേർ കർത്താവിന്റെ ഭാഗത്തു വിശ്വസ്തയോടെ നിൽക്കുന്നവരുണ്ട്. അവർ യോഗ്യന്മാർ എന്ന നിലയിൽ അവർ കർത്താവിനാൽ ആദരിക്കപ്പെടും.

## ഫിലദെൽഫ്യ സഭ (വെളി.3:7—13)
### വിശ്വസ്ത സഭ / സ്നേഹിക്കുന്ന സഭ
### (Philadelphia Church - The Faithful Church / The Loving Church)

**ഫിലദെൽഫ്യ പട്ടണം — (Philadelphia City) —**

ഹെർമസ് (Hermus) നദീതീരത്തു സർദ്ദിസിൽ നിന്നും ഏകദേശം 28 മൈൽ അകലെ തെക്കുകിഴക്കായി സ്ഥിതി ചെയ്തിരുന്ന പട്ടണമായിരുന്നു ഫിലദെൽഫ്യ. പെർഗ്ഗമൊസിലെ രാജാവായ അറ്റാലസ് രണ്ടാമൻ (Attalus II) ആണ് ഫിലദെൽഫ്യ പട്ടണം പണിതത്. ഏകദേശം ബി.സി. 159 –138 കാലഘട്ടത്തിൽ ഒരു ഗ്രീക്കുസംസ്കാരകേന്ദ്രമായി ഈ പട്ടണം പണിയപ്പെട്ടു. അറ്റാലസ് രണ്ടാമന്റെ ഓമനപ്പേരായിരുന്നു ഫിലദെൽഫസ്സ് (Philadelphus). ഫിലദെൽഫസ്സ് എന്ന പേരിന്റെ അർത്ഥം സഹോദരസ്നേഹി (brother lover) എന്നാണ്. അറ്റാലസിനു തന്റെ സഹോദരനായ യുമെനസിനോടുള്ള (King Eumenus) സഹോദരസ്നേഹത്തെ പ്രദർശിപ്പിക്കുന്നതാണ് തനിക്കു ലഭിച്ച ഓമനപ്പേര്. അറ്റാലസ് രണ്ടാമൻ അഥവാ ഫിലദെൽഫസ്സ് എന്നറിയപ്പെട്ട രാജാവിന്റെ നാമത്തിൽ നിന്നാണ് ഈ പട്ടണത്തിനു ഫിലദെൽഫ്യ എന്നു പേരുവരുവാൻ കാരണമായത്. ഇത് തുയഥൈര പട്ടണം പോലെ ഒരു സൈനികതാവളത്തിനായി പണിയപ്പെട്ടതല്ലായിരുന്നു. അനേക വ്യാപാര പ്രാധാന്യമുള്ള സ്ഥലങ്ങളുമായി ബന്ധിക്കുന്ന നിരത്തുകൾ ഫിലദെൽഫ്യയിലൂടെ കടന്നു പോകുന്നുണ്ടായിരുന്നു. ഇപ്രകാരം വിവിധ സ്ഥലങ്ങളിലേക്കുള്ള നിരത്തുകൾ ഉള്ളതിനാൽ കിഴക്കൻ രാജ്യങ്ങളുടെ പ്രവേശനകവാടം (The gateway to the East) എന്നറിയപ്പെട്ട ലുദിയയിലെ ഒരു പട്ടണമായ ഫിലദെൽഫ്യയിലൂടെ യവന സംസ്കാരം ചുറ്റും വ്യാപിപ്പിക്കുന്നതിനായിരുന്നു ഫിലദെൽഫ്യ പണിയപ്പെട്ടത്. യവനസംസ്കാരത്തിന്റെ കലവറ (The Treasure House of Greek Culture) എന്നും ഫിലദെൽഫ്യയെ അറിയപ്പെട്ടിരുന്നു. ഏകദേശം എ.ഡി. 19 – ആയപ്പോഴത്തേക്കും ഭരണാധികാരികൾ ആഗ്രഹിച്ചതുപോലെ യവനസംസ്കാരത്തിന്റെ സ്വാധീനത്താൽ ലിഡിയൻഭാഷ സംസാരിച്ചിരുന്ന പട്ടണവാസികളും ചുറ്റുമുള്ളവരും അവരുടെ ഭാഷ മറന്നു യവനഭാഷ (ഗ്രീക്ക്) സംസാരിക്കുന്നവരായിത്തീർന്നു. കൂടാതെ അനേക ക്ഷേത്രങ്ങൾ നിറഞ്ഞ പട്ടണമായതിനാൽ ഫിലദെൽഫ്യയെ ചെറിയ അഥേന (Little Athens) എന്നും വിളിച്ചിരുന്നു. ഇവിടത്തെ സമതലപ്രദേശങ്ങളിലെ കൃഷിയായ മുന്തിരി സമൃദ്ധിയായി വളർന്നതിനാൽ ഇവിടത്തെ പ്രധാന വ്യവസായം വീഞ്ഞ് ഉൽപാദനമായിരുന്നു. ആയതിനാൽ പട്ടണക്കാർ ആരാധിച്ചിരുന്നത് ഡയോനിസസ് (Dionysus) എന്ന

വീഞ്ഞിന്റെ ദേവനെയാണ്. റോമക്കാർ ആരാധിച്ചിരുന്ന ബാച്ചുസ് (Bacchus) എന്ന ദേവനായിരുന്നു ഡയോനിസസ്. മറ്റു പട്ടണങ്ങളിലെന്നപോലെ ചക്രവർത്തിയെ ആരാധിക്കുന്നത് സർവ്വസാധാരണമല്ലായിരുന്നു. സമ്പൽസമൃദ്ധിയുള്ള നാടായിരുന്നുവെങ്കിലും ഭൂമിശാസ്ത്രപരമായി സൈ്വരജീവിതത്തിനു അനുകൂലമല്ലാത്ത സാഹചര്യമായിരുന്നു ഫിലദെൽഫ്യയുടേത്. അനേക അഗ്നിപർവ്വതങ്ങൾ ഇവിടെ സ്ഥിതിചെയ്തിരുന്നതിനാൽ തുടരെതുടരെയുള്ള ഭൂകമ്പങ്ങൾ ഏറെ നാശനഷ്ടങ്ങൾ ഉളവാക്കിയിരുന്നു. നിരന്തരമായ ഭൂമികുലുക്കവും, ഭൂകമ്പവും, തിളച്ച ലാവ ഒഴുക്കും അനുഭവിച്ച പട്ടണവാസികൾ ഏറെ ഭയപ്പെട്ടാണിവിടെ പാർത്തിരുന്നത്. ആപത്തുവേളകളിൽ ഭയപ്പെട്ടു പട്ടണത്തിനു പുറത്തേക്കോടി രക്ഷപ്പെട്ടവർ അവിടെ കുടിലുകളുണ്ടാക്കി താമസിച്ചു. കത്തിയ സ്ഥലം (burned land) എന്നു വിളിക്കപ്പെട്ട പട്ടണത്തിലേക്കു പിന്നീടു തിരികെ വരുവാനും അവർ ഭയപ്പെട്ടിരുന്നു. എ.ഡി.17-ൽ ഉണ്ടായ ഏറ്റവും വലിയ ഭൂകമ്പത്താൽ സർദ്ദിസും പത്തോളം സമീപ പട്ടണങ്ങളും നാശത്തിനിരയായി. ഫിലദെൽഫ്യ പട്ടണം അഗ്നിപർവ്വതത്തോടു ഏറ്റവും അടുത്തായിരുന്നതിനാൽ ഇതിന്റെ നാശം പരിപൂർണ്ണമായിരുന്നു. അന്നത്തെ റോമൻ ഭരണാധികാരിയായ തിബെര്യാസ് കൈസർ (Caesar Tiberius) നാമാവശേഷമായ പട്ടണത്തെ പുതുക്കി പണിതു. ഇദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം ജനങ്ങൾ ഫിലദെൽഫ്യക്കു നവകൈസര്യ (Neocaesarea = New city of Caesar) എന്നു പേരുനൽകി ആദരിച്ചു. അതിനുശേഷം ഫ്ളേവിയസ് (Flavius) എന്ന കുടുംബപേരുള്ള വെസ്പാഷ്യൻ ചക്രവർത്തി (Emperor Vespasian) അധികാരത്തിൽ വന്നപ്പോൾ അദ്ദേഹത്തോടുള്ള ആദരസൂചകമായി ഫിലദെൽഫ്യക്കാർ ഫ്ളേവിയാ (Flavia) എന്നു ഈ പട്ടണത്തിനു പുനഃനാമകരണം ചെയ്തു. എന്നാൽ ഏറെ കഴിയുന്നതിനു മുമ്പുതന്നെ പുതിയ പേരും മാറ്റപ്പെടുകയും, വീണ്ടും പഴയ പേരായ ഫിലദെൽഫ്യ തന്നെ ലഭിക്കുവാനും ഇടയായി. ഫിലദെൽഫ്യ പട്ടണത്തിലെ ജനസംഖ്യയിൽ ഏറിയ പങ്കും യഹൂദന്മാരായിരുന്നു.

**ഫിലദെൽഫ്യ സഭ —**

ഫിലദെൽഫ്യ സഭയുടെ ആരംഭത്തെക്കുറിച്ചും തിരുവചനത്തിലൂടെ ആധികാരികമായ രേഖകൾ ലഭിക്കുന്നില്ല. അപ്പൊസ്തലനായ പൗലൊസ് എഫെസൊസിലും പരിസരപ്രദേശങ്ങളിലും സുവിശേഷമറിയിച്ചതിൻ പ്രകാരമായിരിക്കാം (അപ്പൊ.19:10) ഫിലദെൽഫ്യയിലും സഭ സ്ഥാപിതമാകുവാൻ കാരണമായതെന്നു അനുമാനിക്കാം. ഏഴു സഭകളിൽ ഏറ്റവും പ്രായം കുറഞ്ഞസഭ ഫിലദെൽഫ്യ ആയിരുന്നു. എങ്കിലും സർദ്ദിസും ഫിലദെൽഫ്യയും ഏകദേശം ഒരേ സമയത്തുണ്ടായിരുന്ന സഭകളായിരുന്നു. എന്നാൽ അവയുടെ ആത്മികസ്ഥിതി ഏറെ വ്യത്യസ്ഥങ്ങളായിരുന്നു. സർദ്ദിസിൽ അനേകർ ആത്മികമായി മരിച്ച നിലയിൽ ആയിരുന്നു. ജീവനുള്ളവർ എന്നു അവർക്കു പേരുണ്ടെങ്കിലും മരിച്ചവരായിരുന്നു(വെളി.3:1). എന്നാൽ സഹോദരസ്നേഹം ജീവിതത്തിൽ പ്രായോഗികമാക്കിയ ഫിലദെൽഫ്യക്കാർക്കു സഭാകാന്തൻ ഒരു വാതിൽ തുറന്നു വെച്ചുകൊടുത്തു (വെളി.3:3). ഈ വാതിലിലൂടെ ദേശമെങ്ങും സുവിശേഷം പകരപ്പെടുവാൻ അവർ പ്രയത്നിക്കുകയും, അതേസമയം അവരെത്തന്നെ ദൈവവചനത്തിൽ കാക്കുകയും ചെയ്തു. ഏഴുസഭകളിൽ സ്മുർന്ന, ഫിലദെൽഫ്യ എന്നീ സഭകൾക്കെതിരായി കർത്താവു വിമർശനങ്ങളുടെയോ ശാസനകളുടെ വാക്കുകളൊന്നും അറിയിക്കുന്നില്ല. മാനസാന്തരപ്പെടുക എന്നു മറ്റു സഭകളോടുആജ്ഞാപിക്കുന്നത് ഈ രണ്ടു സഭകളോടും പറഞ്ഞിട്ടുമില്ല. സ്മുർന്നസഭ കഷ്ടതയും, പീഢനവും, ദാരിദ്രവും, ദൂഷണവും അനുഭവിച്ചു ജീവിച്ചവരായിരുന്നു. പ്രതികൂലതകളുടെ മദ്ധ്യേയും അവർ വിശ്വസ്തരായി ദൈവഭാഗത്തു നിന്നതിനാൽ കർത്താവു അവരെ ആശ്വസിപ്പിക്കുകയും, പ്രശംസിക്കുകയും ചെയ്തു (വെളി.2:9). അതേസമയം ഫിലദെൽഫ്യയെ സംബന്ധിച്ചു അവർക്കു എടുത്തുപറയത്തക്ക വിശ്വാസത്തിന്റെ പരിശോധനകൾ ഇല്ലായിരുന്നു. സ്മുർന്നാക്കാർ അനുഭവിച്ചപോലെ ദാരിദ്രം, കഷ്ടത, പീഢനം, എതിർപ്പുകൾ, സ്വാതന്ത്രമില്ലായ്മ എന്നിവയൊന്നുമില്ലായിരുന്നു. ചുരുക്കത്തിൽ ലോകസ്നേഹത്തിൽ മുഴുകുവാൻ എല്ലാ വിധ അനുകൂല സാഹചര്യങ്ങളുണ്ടായിരുന്നിട്ടും ഫിലദെൽഫ്യ സഭ കർത്താവിന്റെ ഭാഗത്തു ദൈവവചനം കാത്തുകൊണ്ടു വിശ്വസ്തതയോടെ നിന്നു. അവർക്കു അല്പമേ ശക്തിയുള്ളു എങ്കിലും അവർ ദൈവവചനം കാത്തു എന്ന സാക്ഷ്യം സഭാകാന്തനിൽ നിന്നു കേൾക്കുവാനിടയായി (വെളി.3:8). വചനം കാത്തതിനാൽ പരീക്ഷാകാലത്തു കർത്താവു അവരെ കാക്കും എന്നുള്ള വാഗ്ദത്തവും ലഭിച്ചു (വെളി.3:10). കൂടാതെ ഫിലദെൽഫ്യസഭയെക്കുറിച്ചു കർത്താവു ഒരു കുറ്റവും പറയുന്നില്ല എന്നു മാത്രമല്ല കർത്താവിന്റെ പ്രശംസക്കും, പുകഴ്ചക്കും, അംഗീകാരത്തിനും ഫിലദെൽഫ്യ സഭ യോഗ്യയായിത്തീർന്നു. മറ്റു സഭകൾക്കു അറിയിക്കുന്ന വാഗ്ദത്തങ്ങളേക്കാൾ കൂടുതൽ വാഗ്ദത്തങ്ങൾ ഫിലദെൽഫ്യക്കു നൽകുന്നു. അവർക്കു അല്പമേ ശക്തിയുള്ളു എന്നു കർത്താവു കണ്ടെങ്കിലും കർത്താവിന്റെ ഹിതത്തിനൊത്തു പ്രവർത്തിച്ചവരാകയാൽ അവരെ ആശ്വസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു. സമീപ സഭയായ സർദ്ദിസിൽ അനേകർ ആത്മികമായി മരിച്ച നിലയിൽ കഴിയുമ്പോൾ ഫിലദെൽഫ്യസഭ കർത്താവിനോടും സഹോദരവർഗ്ഗത്തോടും സ്നേഹമുള്ളവരായി ദൈവവചനം കാത്തുകൊണ്ടു ജീവിച്ചത് കർത്താവിന്റെ ഹൃദയത്തെ പ്രസാദിപ്പിച്ചു. ആരും അടക്കാതെവണ്ണം തുറക്കുകയും, ആരും തുറക്കാതെവണ്ണം അടക്കുകയും (വെളി.3:7) ചെയ്യുവാൻ സകല അധികാരവുമുള്ള ക്രിസ്തു ഫിലദെൽഫ്യസഭെക്കു ഒരു വാതിൽ തുറന്നു വച്ചു കൊടുത്തു(വെളി.3:8). അതു ദേശമെങ്ങും

സുവിശേഷം അറിയിക്കുന്നതിനുള്ള വാതിലായിരിക്കാം. അവർക്കു ലഭിച്ച അനുകൂല സാഹചര്യത്തിൽ ദൈവവചനം കാത്തുകൊണ്ടു ദൈവനാമത്തെ നിഷേധിക്കാതെ പ്രവർത്തിച്ചു. എന്നാൽ ചില തടസ്സങ്ങൾ അവരുടെ പ്രവർത്തനങ്ങളെ ബാധിച്ചിരുന്നതായി കാണുന്നു. ഒന്നാമതു അവരുടെ ശക്തിയില്ലായ്മ (വെളി.3:8). ഒരു പക്ഷേ അവർ അംഗസംഖ്യയിൽ കുറവുള്ളതിനാലായിരിക്കാം ശക്തിയില്ലാത്തവരെന്നു പറഞ്ഞിരിക്കുന്നത്. രണ്ടാമതായി അവരുടെ സഹിഷ്ണുതയെക്കുറിച്ചു പറഞ്ഞിരിക്കുന്നതിനാൽ (വെളി.3:10) ഏതോ കഷ്ടതയും അവരുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തിയിരിക്കാം. മൂന്നാമതായി പട്ടണത്തിനകത്തുള്ള യഹൂദന്മാരുടെ എതിർപ്പും (വെളി.3:9) അവരുടെ സുഗമമായ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. എന്നാൽ അവരുടെ ശക്തിയില്ലായ്മയും, അവർ അനുഭവിച്ച കഷ്ടതയും, യെഹൂദന്മാരിൽ നിന്നുമുള്ള എതിർപ്പുകളും അവരെ തളർത്തിയില്ല. അവരുടെ സ്നേഹത്തോടും, വിശ്വസ്തതയോടുമുള്ള പ്രവർത്തനം കർത്താവിന്റെ അഭിനന്ദനത്തിനു കാരണമായിത്തീർന്നു.

കർത്താവു പറഞ്ഞ സ്വർഗ്ഗരാജ്യത്തിന്റെ ഉപമകളിൽ ആറാമത്തേതായ വിലയേറിയ മുത്തിന്റെ ഉപമ (മത്താ.13:45,46) വെളിപ്പാടു പുസ്തകത്തിലെ ആറാമത്തെ സഭയായ ഫിലദെൽഫ്യയോടു സാമ്യമുണ്ട്. **— മത്താ.13:45,46 —**"*പിന്നെയും സ്വർഗ്ഗരാജ്യം നല്ല മുത്തു അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അതു വാങ്ങി.*" വിലയേറിയ മുത്ത് രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭയെ കുറിക്കുന്നു. ക്രിസ്തു തന്റെ ജീവൻ കൊടുത്താണ് വിലയേറിയ സഭയെ സ്വന്തമാക്കിയത്. മുത്തുചിപ്പിയുടെ ഉള്ളിൽ പ്രവേശിക്കുന്ന മണൽത്തരിയാണ് മുത്തായി രൂപാന്തരപ്പെടുന്നത്. മുത്തുചിപ്പിയുടെ ഉള്ളിലെ മാംസളഭാഗത്തു മുറിവുണ്ടായി പ്രവേശിക്കപ്പെടുന്ന മണൽത്തരിയെ ചിപ്പി പുറപ്പെടുവിക്കുന്ന "നൈക്ക" എന്ന പദാർത്ഥത്താൽ അനേകനാളുകൾ കൊണ്ടു ആവരണം ചെയ്യപ്പെടുന്നു. ഒടുവിൽ മനോഹരവും വിലയേറിയതുമായ മുത്തായി തീരുന്നു. ക്രിസ്തു സഭക്കുവേണ്ടി മുറിവേറ്റു ജീവൻ നൽകിയതിന്റെ ഉത്തമമായ ദൃശ്യമാണിത്. മുത്തുചിപ്പി വേദനയിലൂടെ മുത്തിനെ പുറപ്പെടുവിക്കുന്നതുപോലെ സഭയും ക്രിസ്തു അനുഭവിച്ച കഷ്ടാനുഭവങ്ങളുടെ ഫലമായുണ്ടായതാണ്. സഭയെ സ്വന്തമാക്കുവാൻ ക്രിസ്തു മരിച്ചു. മുത്ത് ഒരേ ആകൃതിയിൽ (round) ഐക്യതയുള്ളതിനാൽ (unity) മറ്റു വിലയേറിയ രത്നങ്ങളെപ്പോലെ മുത്തിൽ കൊത്തു പണി ചെയ്യുവാനോ, മുറിച്ചു രൂപപ്പെടുത്തുവാനോ ആവശ്യമോ ഇല്ല. ഇതു സഭയുടെ സൗന്ദര്യവും, സമ്പൂർണ്ണതയും, ഐക്യതയും, വിലയേറിയ പദവിയും പ്രദർശിപ്പിക്കുന്നു. ഉപമയിലെ വിലയേറിയ മുത്തു വെളിപ്പാടു പുസ്തകത്തിലെ ഫിലദെൽഫ്യസഭയോടു ഉപമിക്കാം. കർത്താവിന്റെ ഹൃദയത്തെ സന്തോഷിപ്പിച്ച സഭയായിരുന്നു ഫിലദെൽഫ്യ. അവർ ക്രിസ്തുവിനോടും സഹോദരവർഗ്ഗത്തോടും ഒരുപോലെ സ്നേഹം പുലർത്തിയവരായിരുന്നു. സഭയുടെ ആത്മീകകാഴ്ചപ്പാടും, ഐക്യതയും, സമ്പൂർണ്ണതയും, സ്നേഹവും പ്രദർശിപ്പിക്കുന്നതാണ് ഫിലദെൽഫ്യസഭ.

**ഫിലദെൽഫ്യ എന്ന പേരിന്റെ അർത്ഥം —**

ഫിലദെൽഫ്യ എന്ന പേരിന് സഹോദരസ്നേഹം (brotherly love) എന്നാണർത്ഥം. "ഫിലിയോ" (phileo -- to love —സ്നേഹിക്കുക) "അഡൽഫോസ് " (adelphos —a brother —സഹോദരൻ) എന്നീ രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണ് ഫിലദെൽഫ്യ എന്ന പദമുണ്ടായത്. "സഹോദരനെ സ്നേഹിക്കുന്നവൻ " (brother lover) എന്നർത്ഥം. ആയതിനാൽ ഫിലദെൽഫ്യസഭയെ "സഹോദരസ്നേഹമുള്ള സഭ" എന്നു വിളിക്കാം. ദൈവത്തിലും ദൈവവചനത്തിലും ശക്തിപ്രാപിച്ചു, ആദ്യസ്നേഹത്തിലും, ഉത്സാഹത്തിലും മുമ്പോട്ടു പോയ സഭയായിരുന്നു ഫിലദെൽഫ്യ. ദൈവസ്നേഹം ഹൃദയത്തിൽ പകരപ്പെടുമ്പോഴാണ് സഹോദരസ്നേഹം ഉണ്ടാകുന്നത്(റോമ.5:5). സഹോദരസ്നേഹം ദൈവസ്നേഹത്തെ പ്രകടമാക്കുകയും ചെയ്യുന്നു(1.യോഹ.4:20,21). ന്യായപ്രമാണത്തിലെ മുഖ്യമായ കല്പന ഏത് ? എന്ന ചോദ്യത്തിനു കർത്താവു വിശദീകരിക്കുന്നതും സ്നേഹത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ദൈവമായ കർത്താവിനെ പൂർണ്ണമായി സ്നേഹിക്കുകയും കൂട്ടുകാരനെ തന്നേ പോലെ സ്നേഹിക്കുകയും ചെയ്യുക എന്നതായിരുന്നു കർത്താവിന്റെ വിശദീകരണം (മത്താ.22:34-40/മർക്കൊ.12:28-34). "*നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും*" (യോഹ.13:34,35) എന്ന കർത്താവിന്റെ കല്പന ജീവിതത്തിൽ പ്രാവർത്തികമാക്കിയ സഭയായിരുന്നു ഫിലദെൽഫ്യ.

**ഫിലദെൽഫ്യ സഭാകാലഘട്ടം —**

എ.ഡി. 1750 മുതൽ 1900 വരെയുള്ളയുള്ള കാലത്തെ ഫിലദെൽഫ്യകാലഘട്ടം കുറിക്കുന്നു. എന്നാൽ എ.ഡി. 1750 മുതൽ ഉത്പ്രാപണം അഥവാ കർത്താവിന്റെ മേഘപ്രത്യക്ഷതവരെയുള്ള കാലത്തെ ഫിലദെൽഫ്യസഭ പ്രതിനിധീകരിക്കുന്നുവെന്നാണ് പൊതുവേയുള്ള അഭിപ്രായം. ഫിലദെൽഫ്യ കാലഘട്ടത്തിൽ സുവിശേഷത്തിനും ആത്മിക ഉണർവ്വിനും നേതൃത്വം വഹിച്ചവർ —

1. യോനാഥാൻ എഡ്വേർഡ്സ് (Jonathan Edwards) — (1703 — 1758)— അമേരിക്കയിലെ പ്രസിദ്ധനായ

പ്രാസംഗികൻ.
2. ജോൺ വെസ്ലി (John Wesley) — (1703 — 1791) — ഇംഗ്ളൻഡിൽ മെതൊടിസ്റ്റു സഭാ സ്ഥാപകൻ.
3. ജോർജ്ജ് വൈറ്റുഫീൽഡ് (George Whitefield) — (1714 — 1770) — പ്രസ്ബിറ്റേറിയൻ സഭാസ്ഥാപകനും സുവിശേഷ പ്രാസംഗികനും.
4. വില്യം കേറി (William Carey) — (1761 — 1834) — ബർമ്മയിലേക്കു പോയ മിഷനറി.
5. അഡോനിറാം ജുഡ്സൻ (Adonram Judson) — (1788 — 1850) — ചൈനയിലേക്കു പോയ മിഷനറി.
6. ഡേവിഡ് ലിവിംഗ്സ്റ്റൻ (David Livingstone) — (1813 — 1873) — ആഫ്രിക്കയിലേക്കു പോയ മിഷനറി.
7. ഡി.എൽ. മൂഡി (D.L.Moody) — (1837 — 1899) — ലോകപ്രസിദ്ധനായ സുവിശേഷ പ്രാസംഗികൻ.

**ഫിലദെൽഫ്യ ഇന്ന് —**

തുർക്കികളുടെ അധീനതയിലുള്ള ഈ പട്ടണത്തിന്റെ ഇപ്പോഴത്തെ പേര് "ദൈവത്തിന്റെ നഗരം" എന്നർത്ഥമുള്ള "അല്ലാഹ്ഷഹർ" (Allah-Shehr= city of God) എന്നാണ്. മനോഹരമായ ഉദ്യാനങ്ങളും, സമൃദ്ധിയായി വളരുന്ന മുന്തിരിത്തോട്ടങ്ങളും ഉൾപ്പെട്ട ഈ ഭൂപ്രദേശം ഇന്നു ഏറ്റവും സമ്പൽസമൃദ്ധിയിൽ കഴിയുന്നു. പള്ളികൾ നശിപ്പിച്ചു കളഞ്ഞതിന്റെ സ്മാരകങ്ങൾ ഇന്നു കാണാമെങ്കിലും ധാരാളം ക്രിസ്തീയപള്ളികളും, ദൈവത്തെ ആരാധിക്കുന്ന സത്യവിശ്വാസികളെയും ഇവിടെ കാണാം. പുരാതനമായൊരു പള്ളിയുടെ കൽത്തൂണിൽ **വെളി.3:12 —** *"ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും"* എന്ന വാക്യം ആലേഖനം ചെയ്തിരിക്കുന്നതും കാണാം.

**വെളി.3:7 — ഫിലദെൽഫ്യയിലെ സഭയുടെ ദൂതന്നു എഴുതുക: വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവനും ആയി ആരും അടെക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടെക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നതു:**

ഏഷ്യാമൈനറിലുള്ള ഏഴു സഭകൾക്കുള്ള ദൂതുകളിൽ ആറാമത്തേതാണ് ഫിലദെൽഫ്യയിലെ സഭയുടെ ദൂതനുള്ളത്. ഓരോസഭകൾക്കുമുള്ള ദൂതു ആരംഭിക്കുന്നത് വെളിപ്പാടു പുസ്തകം ഒന്നാം അദ്ധ്യായത്തിൽ (വെളി.1:12 -17) യോഹന്നാൻ ദർശിച്ച ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തുവിന്റെ വ്യക്തിപ്രഭാവങ്ങളോടു ബന്ധത്തിലുള്ള വിശേഷണത്തെ ആസ്പദമാക്കിയുള്ളവയായിരുന്നു. പ്രത്യേകിച്ചും ക്രിസ്തു ന്യായാധിപനും പുരോഹിതനും എന്ന വിശേഷണങ്ങളായിരുന്നു. എന്നാൽ ഫിലദെൽഫ്യസഭയുടെ ദൂതനു എഴുതുമ്പോൾ ഇതിൽ നിന്നും വിഭിന്നമായി ഒന്നാം അദ്ധ്യായത്തിലെ വിശേഷണങ്ങളിൽ പരാമർശിക്കാതെ ദൈവം എന്ന നിലയിൽ ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യത്തെ വെളിപ്പെടുത്തുന്നു. എഫെസൊസ് സഭയുടെ ദൂതനു ഏഴു നക്ഷത്രം വലങ്കൈയ്യിൽ പിടിച്ചും കൊണ്ടു ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടകൊള്ളുന്നവനായിട്ടാണ് ക്രിസ്തുവിനെ കാണുന്നത് (വെളി.2:1—> വെളി.1:13). സ്മുർന്ന സഭക്കു മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായിട്ട് വെളിപ്പെടുന്നു (വെളി.2:8—> വെളി.1:17,18 ). പെർഗ്ഗമൊസിൽ മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവനായും (വെളി.2:12—> വെളി.1:16 ), തുയഥൈരയിൽ അഗ്നിജ്വാലെക്കു ഒത്ത കണ്ണും വെള്ളോട്ടിനു സദൃശമായ കാലും ഉള്ള ദൈവപുത്രനായി കാണുന്നു(വെളി.2:18—> വെളി.1:15 ). സർദ്ദീസിൽ ദൈവത്തിന്റെ ഏഴാത്മാക്കളും ഏഴു നക്ഷത്രവും ഉള്ളവനായി പ്രത്യക്ഷപ്പെടുന്നു (വെളി.3:1—> വെളി.1:16/1:4). ഈ സഭകൾക്കെല്ലാം തന്റെ ശ്രേഷ്ടതയാണ് വെളിപ്പെടുത്തുന്നത്. എന്നാൽ ഫിലദെൽഫ്യ സഭക്കു താൻ ആരാകുന്നുവെന്നും, തന്റെ ആളത്വമാഹാത്മ്യം എന്താണെന്നും ഒക്കെ വെളിപ്പെടുത്തുന്നു. വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവനും ആയി ആരും അടെക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടെക്കുകയും ചെയ്യുന്നവൻ എന്നാണ് ഫിലദെൽഫ്യസഭക്കു വെളിപ്പെടുത്തുന്നത്. ക്രിസ്തുവിന്റെ നാലു സ്വഭാവസവിശേഷതകൾ ഇവിടെ വിവരിച്ചിരിക്കുന്നു. ദൈവം എന്ന നിലയിൽ തന്റെ സ്വഭാവത്തെയും, സർവ്വശക്തിയെയും, പരമാധികാരത്തെയും കുറിക്കുന്ന വിശേഷണങ്ങളാണിവ. (1) വിശുദ്ധൻ (2) സത്യവാൻ (3) ദാവീദിന്റെ താക്കോലുള്ളവൻ (4) ആരും അടെക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടക്കുകയും ചെയ്യുന്നവൻ.

**(1) വിശുദ്ധൻ — He who is Holy —**

യേശുക്രിസ്തു ഫിലദെൽഫ്യസഭെക്കു ആദ്യമായി പരിചയപ്പെടുത്തുന്നത് വിശുദ്ധൻ എന്നാണ്. വിശുദ്ധി (holy) എന്നതിനു ഗ്രീക്കിൽ ഹാഗിയോസ് (hagios) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം വ്യത്യസ്തം (different), വേർപെട്ടത് (seperate from) എന്നാണ്. ദൈവം വിശുദ്ധൻ, പരിശുദ്ധൻ എന്ന നിലയിൽ മനുഷ്യനിൽ നിന്നു വ്യത്യസ്തനും, പാപങ്ങളിൽ നിന്നു വേർപെട്ടവനുമാണ്. *"യഹോവയെപ്പോലെ പരിശുദ്ധൻ ഇല്ല; നീ അല്ലാതെ ഒരുത്തനുമില്ലല്ലോ; നമ്മുടെ ദൈവത്തെപ്പോലെ ഒരു പാറയും ഇല്ല "* (1.ശമൂ.2:2). പരിശുദ്ധൻ, വിശുദ്ധൻ എന്ന പ്രയോഗങ്ങൾ പഴയനിയമത്തിൽ പിതാവായ ദൈവത്തെ കുറിക്കുന്നു (ഇയ്യോ.6:10/സങ്കീ.16:10/സങ്കീ.71:22/സങ്കീ.78:41/യെശ.6:3/യെശ.30:11/യെശ.40:25/യെശ.41:14,16,20/യെശ.43:15/യെശ.47:4/യെശ.48:17/യെശ.49:7/യെശ.54:5/യെശ.55:5/ഹബ.3:3). പുതിയനിയമത്തിൽ പരിശുദ്ധൻ, വിശുദ്ധൻ എന്നീ വിശേഷണങ്ങൾ യേശുക്രിസ്തുവിനും ഉപയോഗി

ച്ചിരിക്കുന്നു (മർക്കൊ.1:24/ലൂക്കൊ.1:35/ലൂക്കൊ.4:34/യോഹ.6:69/അപ്പൊ.3:14/അപ്പൊ.4:27/അപ്പൊ.4:30/1.യോഹ.2:20/വെളി.3:7/വെളി4:8/വെളി.6:10). ഇതു ക്രിസ്തുവിന്റെ ദൈവത്വത്തെയും ത്രിത്വത്തിൽ രണ്ടാമൻ എന്നതിനെയും പ്രകടമാക്കുന്നു. ക്രിസ്തുവിന്റെ സകല പ്രവൃത്തികളും വിശുദ്ധി പ്രകടമാക്കുന്നു. യേശുക്രിസ്തുവിനെക്കുറിച്ചു പീലാത്തോസും അദ്ദേഹത്തിന്റെ ഭാര്യയും പറയുന്നത് > നീതിമാൻ അഥവാ പരിശുദ്ധൻ എന്നാണ് (മത്താ.27:19,24). യേശുകർത്താവിനെപ്പറ്റി അപ്പൊസ്തലന്മാർ പറയുന്നത് — പൗലൊസ് > പാപം അറിയാത്തവൻ (1.കൊരി.5:21)— പത്രൊസ് > പാപം ചെയ്തിട്ടില്ല (1.പത്രൊ.2:22)— യോഹന്നാൻ > അവനിൽ പാപം ഇല്ല (1.യോഹ.3:6). കർത്താവിന്റെ ജീവിതവും, സംസാരവും, പ്രവൃത്തിയും വിശുദ്ധി നിറഞ്ഞതായിരുന്നു.

**(2) സത്യവാൻ —He who is true —**

ദൈവം സത്യദൈവം ആണ്(യെശ.65:16). ഫിലദെൽഫ്യസഭക്കുള്ള ദൂതിൽ വെളിപ്പെടുത്തുന്ന രണ്ടാമത്തെ സ്വഭാവസവിശേഷതയാണ് യേശുക്രിസ്തു സത്യവാൻ എന്നത്. ക്രിസ്തു വിശുദ്ധനായ ദൈവം ആയിരിക്കുമ്പോൾ തന്നെ സത്യവാനും ആണ്. അലെത്തിനോസ് (alethinos) എന്ന ഗ്രീക്കു പദമാണ് സത്യം (true) എന്നതിനു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം യഥാർത്ഥമായത്, കലർപ്പില്ലാത്തത് (real/genuine) എന്നാണ്. വഞ്ചനയും കാപട്യവും നിറഞ്ഞ ലോകത്തിൽ സകലതും അസത്യവും, നേരില്ലാത്തതും ആയിരിക്കുമ്പോൾ ക്രിസ്തു മാത്രം സത്യവും യാഥാർത്ഥ്യവും ആയിരിക്കുന്നു എന്നതിനെ ഇതു വ്യക്തമാക്കുന്നു. യേശുക്രിസ്തു സാക്ഷാൽ അഥവാ യഥാർത്ഥ സത്യവെളിച്ചമാണ് (യോഹ.1:9), സാക്ഷാൽ അപ്പമാണ് (യോഹ.6:32), സാക്ഷാൽ മുന്തിവള്ളിയാണ് (യോഹ.15:1), സത്യദൈവമാണ് (1.യോഹ.5:20), വിശുദ്ധനും,വിശ്വസ്തനും സത്യവാനുമാണ് (വെളി.3:14/വെളി.6:10/വെളി.19:11). ദൈവം എന്ന നാമധേയത്തിൽ അനേക കർത്താക്കന്മാർ ഭൂമിയിൽ ഉണ്ടെങ്കിലും (1.കൊരി.8:5,6) ക്രിസ്തു യഥാർത്ഥദൈവം ആയിരിക്കുന്നു. *“ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു”* എന്നും *“സത്യത്തിന്നു സാക്ഷി നില്ക്കേണ്ടതിന്നു ഞാൻ ജനിച്ചു അതിന്നായി ലോകത്തിൽ വന്നുമിരിക്കുന്നു”* എന്നു കർത്താവു പറഞ്ഞു (യോഹ.14:6/യോഹ.18:37). ആമേൻ എന്ന നാമത്താൽ ക്രിസ്തു വിശ്വസ്തനും സത്യവാനുമായി ശോഭിക്കുന്നു(വെളി.3:14). ക്രിസ്തു സത്യവാൻ ആയിരിക്കുന്നതിനാൽ സകല അസത്യങ്ങളെയും അഥവാ ദുരുപദേശങ്ങളെയും എതിർത്തു സഭയെ സൂക്ഷിക്കുന്നു.

**(3) ദാവീദിന്റെ താക്കോലുള്ളവൻ — He who has the key of David —**

“ദാവീദിന്റെ താക്കോലുള്ളവൻ ” എന്നു ക്രിസ്തു ഫിലദെൽഫ്യസഭക്കു തുടർന്നു വെളിപ്പെടുത്തുന്നു. ദാവീദ് അനേകവിധത്തിൽ യേശുക്രിസ്തുവിന്റെ മുൻകുറിയായി അറിയപ്പെടുന്നു. യേശുക്രിസ്തു ദാവീദിന്റെ വേരും വംശവുമാണെന്നു തിരുവചനത്തിലുണ്ട്(വെളി.22:16/വെളി.5:5/യിരെ.23:5,6/യിരെ.33:15–17). അഭിഷിക്തനായ കർത്താവ് യിശ്ശായിയുടെ കുടുംബത്തിൽ നിന്നുതന്നേ പുറപ്പെടുമെന്നു യെശയ്യാപ്രവാചകൻ അറിയിച്ചു(യെശ.11:1,10). പുതിയനിയമത്തിൽ വിവരിച്ചിരിക്കുന്ന വംശാവലിയിൽ യേശുക്രിസ്തുവിന്റെ മാതാവും പിതാവും ദാവീദിന്റെ കുലത്തിൽ ഉൾപ്പെടുന്നു(മത്താ.1:1–17/ലൂക്കൊ.3:23–38). “ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽനിന്നു ജനിക്കയും ” (റോമ.1:5), “ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതു ആകുന്നു എന്റെ സുവിശേഷം” (2.തിമൊ.2:8) എന്നു അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കുന്നു. കൂടാതെ “ദാവീദുപുത്രൻ ” എന്നുള്ള വിശേഷണം തിരുവചനത്തിലുടനീളം കാണാം (മത്താ.9:27/12:23/15:22/20:30,31/21:9,15/22:42/മർക്കൊ.12:35). പ്രധാനദൂതനായ ഗബ്രിയേൽ യേശുവിന്റെ ജനനത്തെക്കുറിച്ചു അറിയിക്കുന്ന ദൈവിക വാഗ്ദത്തത്തിൽ ദാവീദിന്റെ സിംഹാസനം യേശുവിനു കൊടുക്കും എന്നു പറയുന്നു. **ലൂക്കൊ.1:32,33 —**“*അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിന്നു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല*”. ദാവീദ് ദൈവജനമായ യിസ്രായേലിന്റെ രാജാവായിരുന്നു. ദൈവത്താൽ അഭിഷിക്തനുമായിരുന്നു. “ദാവീദിന്റെ ” എന്നുള്ള പ്രയോഗം ക്രിസ്തുവിന്റെ മനുഷ്യത്വത്തെയും, എന്നെന്നേക്കും സ്ഥിരമായിരിക്കുന്ന ദാവീദിന്റെ സിംഹാസനത്തിന്റെ അവകാശി എന്നതിനെയും, തന്റെ മശിഹാപദവിയെയും കുറിക്കുന്നു. ദാവീദ് യിസ്രായേലിന്റെ അഭിഷിക്തനായ രാജാവായിരുന്നതുപോലെ യേശുക്രിസ്തുവും ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന സർവ്വശക്തനായ നിത്യരാജാവാണ്.

താക്കോൽ തുറക്കുന്നതിനും, അടക്കുന്നതിനും, പൂട്ടുന്നതിനും ഉപയോഗിക്കുന്നു. താക്കോൽ പൊതുവേ അധികാരത്തിന്റെ അടയാളമായിരിക്കുന്നതുപോലെ തിരുവചനഭാഗങ്ങളും താക്കോൽ അധികാരത്തെ വ്യക്തമാക്കുന്നു (മത്താ.16:19/വെളി.1:18/വെളി.9:1/വെളി.20:1). വെളിപ്പാടു പുസ്തകത്തിൽ മൂന്നു തരം താക്കോലുകളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. (1) മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ — വെളി.1:18 (2) ദാവീദിന്റെ താക്കോൽ — വെളി.3:7 (3) അഗാധകൂപത്തിന്റെ താക്കോൽ — വെളി.9:1/20:1.

സുവിശേഷങ്ങളിലും താക്കോലിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട് — (1) സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ — മത്താ.16:19 (2) പരിജ്ഞാനത്തിന്റെ താക്കോൽ — ലൂക്കൊ.11:52. വെളിപ്പാടു ഒന്നാം അദ്ധ്യായത്തിൽ, മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ടു എന്നു അറിയിച്ചുവെങ്കിൽ (വെളി1:18), ഫിലദെൽഫ്യസഭയോടു പറയുന്നത് ദാവീദിന്റെ താക്കോലുള്ളവൻ എന്നാണ്. ദാവീദിന്റെ സന്തതിയായി പിറന്നവനും, ദാവീദിന്റെ സിംഹാസനത്തിനു അവകാശിയുമായ ക്രിസ്തു സകലത്തിന്മേലും തന്റെ സമ്പൂർണ്ണ അധികാരം അഥവാ ഉടമസ്ഥാവകാശത്തെ വ്യക്തമാക്കുന്നതാണ് ദാവീദിന്റെ താക്കോലുള്ളവൻ എന്ന വെളിപ്പെടുത്തൽ. കൂടാതെ ഇതു ക്രിസ്തുവിന്റെ പരമാധികാരത്തെയും (Sovereignty of Christ) വ്യക്തമാക്കുന്നു.

**(4) ആരും അടെക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടക്കുകയും ചെയ്യുന്നവൻ — He who opens and no one shuts, and shuts and no one opens —**

വിശുദ്ധനും, സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനും മാത്രമല്ല ക്രിസ്തു ആരും അടെക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടെക്കുകയും ചെയ്യുന്നവൻ കൂടിയാണ് എന്നു ഫിലദെൽഫ്യസഭക്കു വെളിപ്പെടുത്തുന്നു. ദൈവം എന്ന നിലയിൽ ക്രിസ്തുസർവ്വശക്തൻ (Christ is Omnipotent) എന്നതിനെ ഇതു വ്യക്തമാക്കുന്നു. അവർക്കു അല്പമേ ശക്തിയുള്ളു എങ്കിലും സർവ്വശക്തനും സകലത്തിനും അധികാരിയുമായ ക്രിസ്തു അവരോടൊപ്പം ഉണ്ടെന്ന ധൈര്യപ്പെടുത്തലിന്റെ വാക്കുകൾ കൂടിയാണിത്. സ്വർഗ്ഗത്തിൽ ഏഴുമുദ്രകളുള്ള പുസ്തകം വാങ്ങുവാനോ അതിന്റെ മുദ്ര പൊട്ടിച്ചു തുറന്നു വായിക്കുവാനോ ആരും യോഗ്യരായി കാണാഞ്ഞതിനാൽ ഏറ്റവും ദുഃഖിച്ചു കരഞ്ഞ യോഹന്നാനെ ധൈര്യപ്പെടുത്തിയ വാക്കുകളായിരുന്നു — **വെളി.5:3—** *"യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴുമുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു"* എന്നത്. ക്രിസ്തുവിനു സകലതും തുറക്കുവാനും അടെക്കുവാനും അധികാരമുണ്ട്. ആർക്കും തന്നെ തന്റെ അധികാരത്തെ ചോദ്യം ചെയ്യുവാൻ കഴിയുകയില്ല. സഭയുടെ മേൽ ക്രിസ്തുവിനു സമ്പൂർണ്ണ അധികാരമുണ്ട്. തന്റെ ഹിതത്തിനെതിരായി ആർക്കും പ്രവർത്തിക്കുവാനും സാധിക്കുകയില്ല. ക്രിസ്തു തുറക്കുന്നത് ആർക്കും അടെക്കുവാനും സാദ്ധ്യമല്ല. അടെക്കുക എന്നതിനു പൂട്ടുക, തടയുക എന്നും അർത്ഥമുണ്ട്. കർത്താവു വിചാരിച്ചാൽ സകലതും തുറക്കുവാനും, അടക്കുവാനും, പൂട്ടുവാനും, തടയുവാനും കഴിയും. കൂടാതെ തന്റെ ഹിതത്തിനെതിരായി ഒരു ശക്തിക്കും തുറക്കുവാനോ, അടെക്കുവാനോ, പൂട്ടുവാനോ, തടസ്സം സൃഷ്ടിക്കുവാനോ കഴികയുമില്ല. അതായത് സകലവും കർത്താവിന്റെ അറിവോടും, അനുവാദത്തോടും, ഹിതപ്രകാരവുമായിരിക്കും (ഫിലി.2:13)നടക്കുന്നത്.

*"ദാവീദിന്റെ താക്കോലുള്ളവനും ആയി ആരും അടെക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടെക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നതു"* എന്നതു പഴയനിയമത്തിലെ ഒരു ഭാഗത്തിലെ ആശയത്തോടു സാമ്യമുണ്ട്. **യെശ.22:22 —** *"ഞാൻ ദാവീദ് ഗൃഹത്തിന്റെ താക്കോൽ അവന്റെ തോളിൽ വെക്കും; അവൻ തുറന്നാൽ ആരും അടെക്കുകയില്ല; അവൻ അടെച്ചാൽ ആരും തുറക്കുകയുമില്ല."* ദാവീദിന്റെ താക്കോലുള്ളവൻ എന്നിവിടെ വിശേഷിപ്പിച്ചിരിക്കുന്നത് ഹിസ്കീയാ രാജാവിന്റെ വിശസ്തദാസനായ എല്യാക്കീമിനെ കുറിക്കുന്നു(യെശ.22:11 –25). ഹിസ്കീയാ രാജാവിന്റെ ഭണ്ഡാരധിപതിയും രാജധാനിവിചാരകനുമായിരുന്നു ശെബ്നെ തനിക്കു ലഭിച്ച സകല അധികാരങ്ങളും സ്വാർത്ഥതാല്പര്യങ്ങൾക്കായി ഉപയോഗിച്ചു. ശെബ്ന ദൈവഭയമില്ലാത്തവനും അഹങ്കാരിയുമായിരുന്നു. രാജ്യത്തിന്റെ സമ്പത്തുപയോഗിച്ച് തനിക്കായി ഒരു സ്മാരകം പണിയുകയും (യെശ.22:16) രഥങ്ങൾ സ്വന്തമാക്കുകയും (യെശ.22:18) ചെയ്തു. ജനത്തെ വഴിതെറ്റിക്കുകയും ചൂഷണം നടത്തുകയും ചെയ്ത ശെബ്നയെ ദൈവത്തിന്റെ ന്യായവിധിയുടെ വാക്കുകൾ പ്രവാചകൻ അറിയിച്ചു(യെശ.22:11–19). ദൈവിക അരുളപ്പാടുപ്രകാരം അവനെ തന്റെ ജോലിയിൽ നിന്നു തരം താഴുത്തപ്പെടുകയും (യെശ.36:3), ഒരു പന്തുപോലെ ദൂരേക്കു എറിയുകയും ചെയ്തു. അവൻ തനിക്കായി പണിതുയർത്തിയ വിശാലമായ സ്മാരകത്തിൽ തന്റെ ശരീരം അടക്കപ്പെടുവാൻ അവസരം ലഭിച്ചതുമില്ല. എന്നാൽ ദൈവം അവനു പകരമായി എല്യാക്കിം (ദൈവം ഉയർത്തും എന്നർത്ഥം - God will raise up) എന്നൊരുവനെ ദൈവത്തിന്റെ ദാസനായി വിളിക്കുകയും സകല അധികാരങ്ങളും ഏൽപ്പിക്കുകയും ചെയ്തു (യെശ.22:20,21). ജനത്തെ കൊള്ളയടിക്കുന്നതിനു പകരം അവൻ അവർക്കു പിതാവായിത്തീർന്നു. ദാവീദ്ഗൃഹത്തിന്റെ താക്കോൽ അഥവാ സകല അധികാരങ്ങളും എല്യാക്കിമിനെ ഏൽപ്പിക്കുമെന്നും ദൈവം അറിയിച്ചു. ഉറപ്പുള്ള സ്ഥലത്തു ഒരു ആണിപോലെ എല്യാക്കിമിനെ തറെക്കുകയും അവൻ പിതൃഭവനത്തിനു മഹത്വമുള്ളോരു സിംഹാസനം ആയിരിക്കുമെന്നും പറഞ്ഞു. അതായത് ഉറപ്പുള്ള ആണിയിന്മേൽ അനേക സാധനങ്ങൾ തൂക്കിയിടുന്നതുപോലെ എല്യാക്കിമിന്റെ മേൽ സകലജനത്തിന്റെയും ഭാരങ്ങളും പ്രയാസങ്ങളും തൂക്കിയിട്ടു ആശ്വസിക്കുവാൻ കഴിയും. എല്യാക്കിം നമ്മുടെ കർത്താവായ യേശുക്രിസ്തുവിനു ഒരു സാദൃശമായിരിക്കുന്നു. ദാവീദിന്റെ താക്കോലുള്ള യേശുക്രിസ്തു പരമാധികാരിയും, സകല മനുഷ്യരുടെയും ഭാരങ്ങൾ വഹിക്കുവാനും പ്രാപ്തനുമാണ്. കൂടാതെ ക്രിസ്തു ഹൃദയത്തിൽ വസിക്കുമ്പോൾ തിരുവചന സത്യങ്ങളും തുറന്നു കിട്ടുന്നു.

ഇയ്യോബ് ദൈവത്തിന്റെ പരമാധികാരത്തെയും, സർവ്വശക്തിയെയും കുറിച്ചു പറയുന്നതിപ്രകാരമാണ് — **ഇയ്യോ.12:14 —** *"അവൻ ഇടിച്ചു കളഞ്ഞാൽ ആർക്കും പണിതുകൂടാ; അവൻ മനുഷ്യനെ ബന്ധിച്ചാൽ ആരും അഴിച്ചു വിടുകയില്ല."* വെളിപ്പാടിൽ ഫിലദെൽഫ്യക്കുള്ള ദൂതിൽ *"ആരും അടെക്കാതവണ്ണംതുറക്കുകയും ആരും തുറക്കാതവണ്ണം അടെക്കുകയും ചെയ്യുന്നവൻ"* എന്നത് യേശുക്രിസ്തുവിന്റെ പരമാധികാരത്തെയും സർവ്വശക്തിയെയും വെളിപ്പെടുത്തുന്നു. വാതിൽ തുറന്നു വെച്ചിരിക്കുമ്പോൾ ആർക്കും അടക്കാൻ കഴിയുകയില്ല — രക്ഷ സകലർക്കും പ്രാപിക്കാം. ഒരിക്കൽ വാതിൽ അടച്ചാൽ ആർക്കും തുറക്കുവാനും കഴിയുകയില്ല — ന്യായവിധിക്കു മാറ്റമില്ല. ക്രിസ്തുവിനെതിരായി പ്രവർത്തിക്കുവാൻ യാതൊരു ശക്തിക്കും ആവില്ല. ക്രിസ്തു തുറന്നു കൊടുക്കുന്ന അനുഗ്രഹങ്ങളുടെ വാതിൽ ആർക്കെങ്കിലും ഇല്ലാതാക്കുവാനോ, അടക്കുവാനോ കഴിയുകയില്ല. അതുപോലെ ക്രിസ്തു ഒരിക്കൽ അടെച്ച വാതിൽ ബലമായി ആർക്കും തുറക്കുവാനും കഴിയുകയില്ല. ഇതു ക്രിസ്തുവിന്റെ സർവ്വാധികാരത്തെയും സർവ്വശക്തിയെയും കുറിക്കുന്നു. താക്കോൽ കർത്താവിന്റെ കരങ്ങളിലാകയാൽ ഭയപ്പെടേണ്ട കാര്യവുമില്ല.

വിശുദ്ധൻ (holy), സത്യവാൻ (true), ദാവീദിന്റെ താക്കോൽ ഉള്ളവൻ (പരമാധികാരി - sovereign), ആരും അടെക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടെക്കുകയും ചെയ്യുന്നവൻ (സർവ്വശക്തൻ - omnipotent) എന്നിങ്ങനെ ക്രിസ്തു തന്നെത്തന്നെ ഫിലദെൽഫ്യസഭക്കു വെളിപ്പെടുത്തിയശേഷം അവർക്കുള്ള ദൂതു അറിയിക്കുന്നു.

**വെളി.3:8 — "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു; അതു ആർക്കും അടച്ചുകൂടാ. നിനക്കു അല്പമേ ശക്തിയുള്ളു എങ്കിലും നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചിട്ടില്ല."**

**ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു —**

ഫിലദെൽഫ്യസഭക്കു തന്റെ ആളത്വമാഹാത്മ്യത്തെ വെളിപ്പെടുത്തിയ ശേഷം അവരോടുള്ള തന്റെ ദൂതു അറിയിക്കുന്നു. അവരെ സൂക്ഷ്മനിരീക്ഷണം ചെയ്ത കർത്താവ് പറയുന്നത് — *"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു"* എന്നാണ്. ഫിലദെൽഫ്യസഭയുടെ സുവിശേഷഘോഷണത്തിന്റെയും ശുശ്രൂഷകളുടെയും പ്രവൃത്തിയാണ് ക്രിസ്തു ഇവിടെ അനുസ്മരിക്കുന്നത്. അവരുടെ പ്രവൃത്തികളുടെ വിവരണം ഏതൊക്കെയാണെന്നും, എപ്രകാരമായിരുന്നുവെന്നും രേഖപ്പെടുത്തിയിട്ടില്ലെങ്കിലും സകലതും നന്നായി അറിയുന്നവനായ കർത്താവ് ഫിലദെൽഫ്യസഭയുടെ പ്രവൃത്തികളിൽ സന്തോഷവും സംതൃപ്തിയും പ്രകടിപ്പിക്കുന്നു. ആസ്യയിലെ മറ്റു സഭകളെ നിരീക്ഷണം ചെയ്തപ്പോഴും "ഞാൻ അറിയുന്നു" എന്നു പറഞ്ഞിട്ടുണ്ട് (വെളി.2:2/വെളി.2:9/വെളി.2:13/വെളി.2:219/വെളി.3:1). സ്മുർന്നസഭയൊഴികെ മറ്റെല്ലാ സഭകളോടും ഞാൻ അറിയുന്നു എന്നു പറയുന്നത് അവരിലുള്ള ന്യൂനതകളും, ദൈവികപ്രമാണങ്ങളിലുള്ള അവരുടെ വീഴ്ചകളും കണ്ടു അവരോടുള്ള അതൃപ്തി അറിയിച്ച്, അതിനുള്ള ശിക്ഷ അറിയിക്കുന്ന ബന്ധത്തിലായിരുന്നു. അവരുടെ പ്രവൃത്തി അറിഞ്ഞ കർത്താവ് അവരോട് മാനസാന്തരപ്പെടുക എന്ന പ്രബോധനവും നൽകി. ഫിലദെൽഫ്യയിലെ വിശ്വാസികളെ ശോധന ചെയ്ത കർത്താവ് അവരെക്കുറിച്ചു യാതൊരു ദോഷകാര്യങ്ങളും പ്രസ്താവിക്കാതെ തികെച്ചും സംതൃപ്തിയോടെ "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു" എന്നു പറഞ്ഞത് അവർ കർത്താവിൽ വിശ്വസ്തരായതിനാലാണ്.

**ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു; അതു ആർക്കും അടച്ചുകൂടാ —**

ഫിലദെൽഫ്യസഭയുടെ പ്രവൃത്തി നന്നായി അറിഞ്ഞ കർത്താവ് തുടർന്നു അവരെ അറിയിക്കുന്നത് — *"ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു; അതു ആർക്കും അടച്ചുകൂടാ"* എന്നാണ്. അതായത് കർത്താവിന്റെ ഹിതപ്രകാരം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത അവർക്കായി വിശുദ്ധനും, സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനുമായ അഭിഷിക്തനായ കർത്താവു അവരുടെ പ്രവൃത്തികളിൽ വർദ്ധിച്ചുവരുവാൻ സഹായമാകും വണ്ണം ഒരു വാതിൽ തുറന്നു വെക്കുകയും, അതു ആരും അടക്കാതെ സൂക്ഷിക്കുന്നതും താൻ തന്നെയാണെന്നും അവർക്കു വെളിപ്പെടുത്തുന്നു. *"ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു"* എന്നുള്ള കർത്താവിന്റെ അറിയിപ്പ് ഫിലദെൽഫ്യപട്ടണത്തിന്റെ ഭൂമിശാസ്തരപരമായ കാര്യങ്ങൾക്കും പ്രസക്തിയുണ്ട്. സമുദ്രത്തിലേക്കു തുറന്നു കിടക്കുന്ന ഒരു താഴ്വരയിലുള്ള ഈ പട്ടണം, ഒരു വാതിൽ പോലെ സ്ഥിതി ചെയ്യുന്നു. കൂടാതെ ഫിലദെൽഫ്യയിലൂടെ യവനസംസ്കാരം ചുറ്റുമുള്ള രാജ്യങ്ങളിൽ വ്യാപിക്കുന്നതിന് ഫിലദെൽഫ്യ ഒരു തുറന്ന വാതിലായി നിലനിന്നു. ഇതിനും പുറമേ അനേകവ്യാപാരപ്രാധാന്യമുള്ള നിരത്തുകൾ ഫിലദെൽഫ്യയിലൂടെ കടന്നു പോയതിനാൽ കിഴക്കൻ രാജ്യങ്ങളുടെ പ്രവേശനകവാടം (The gateway to the East) എന്നും ഫിലദെൽഫ്യ അറിയപ്പെട്ടിരുന്നു.

*"ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു"* എന്നത് ദൈവരാജ്യത്തിന്റെയോ സഭയുടെയോ വാതിലിനെക്കുറിച്ചല്ല പറഞ്ഞിരിക്കുന്നത്. ഫിലദെൽഫ്യക്കാർ പ്രാപിച്ച രക്ഷ ഭദ്രമായിരുന്നു. കൃപയാലുള്ള രക്ഷയുടെ അനുഗ്രഹങ്ങളും ഭാവിയിൽ അവർക്കു ലഭിക്കുന്ന നിത്യസന്തോഷവുമൊക്കെ ഉറപ്പേറിയതായിരുന്നു. അതിലേക്കുള്ള പ്രവേശന വാതിലുമല്ല. എന്നാൽ ഫിലദെൽഫ്യ സഭക്കു കർത്താവു തുറന്നു വെച്ചിരിക്കുന്ന വാതിൽ, സുവിശേഷത്തിന്റെ വാതിലിനെയാണ് കാണിക്കുന്നത്. സുവിശേഷഘോഷണത്തിനും, ശുശ്രൂഷകൾക്കും കർത്താവ് ഫിലദെൽഫ്യസഭക്കു അവസരം നൽകി. അത് അവർ കർത്താവിന്റെ സാക്ഷ്യത്തിനും മഹത്വത്തിനും വിശ്വസ്തയോടെ ഉപയോഗിച്ചു. പുതിയനിയമത്തിൽ തുറന്ന വാതിൽ സുവിശേഷ പ്രവർത്തനത്തിനായി തുറക്കപ്പെടുന്ന അവസരങ്ങളെ കുറിക്കുന്നു (അപ്പൊ.14:27/1.കൊരി.16:8-9/2.കൊരി.2:12/കൊലൊ.4:3). കർത്താവു അവർക്കായി തുറന്നു വെച്ച വാതിൽ ഒരു ശക്തിക്കും അടക്കുവാനും കഴികയില്ലെന്നു ഉറപ്പും കൊടുത്തു.

ഫിലദെൽഫ്യക്കു തുറന്നു കൊടുത്ത വാതിൽ പോലെ പുതിയനിയമത്തിൽ അനേക തുറന്ന വാതിലുകൾ കാണാം. (1) വിശ്വാസത്തിന്റെ വാതിൽ – അപ്പൊ.14:27 –ജാതികൾക്കു തുറന്നുകൊടുത്ത വാതിൽ വിശ്വാസത്തിന്റെ വാതിൽ. (2) സുവിശേഷത്തിന്റെ വാതിൽ – 1.കൊരി.16:9/വെളി.3:8 –കർത്താവിനു വേണ്ടി പ്രവർത്തിക്കുവാനും ആത്മാക്കളെ നേടുവാനുമുള്ള സുവിശേഷത്തിന്റെ വാതിൽ. (3) ആടുകളുടെ വാതിൽ – യോഹ.10:9 – ഇതു രക്ഷയുടെ വാതിലാണ്. നല്ല ഇടയനായ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള രക്ഷാവാതിൽ. (4) വചനത്തിന്റെ വാതിൽ – കൊലൊ.4:3,4 –ജീവനുള്ള ദൈവവചനം കടന്നു ചെല്ലുവാനുള്ള വാതിലാണിത്. (5) സ്വർഗ്ഗത്തിലെ വാതിൽ –വെളി.4:1 – വിശ്വാസത്തിന്റെ വാതിലും, രക്ഷയുടെ വാതിലും കടന്നു കർത്താവിനുവേണ്ടി സുവിശേഷത്തിന്റെ വാതിലും വചനത്തിന്റെ വാതിലും കടന്നു ചെന്നു അദ്ധ്വാനിച്ച ശേഷം ഒരിക്കൽ സ്വർഗ്ഗസന്തോഷത്തിന്റെയും മഹത്വത്തിന്റെയും വാതിൽ കടന്നു സ്വർഗ്ഗഭാഗ്യം നുകരുവാൻ സാധിക്കും.

ഫിലദെൽഫ്യസഭക്കായി തുറന്നുവെച്ച വാതിൽ സുവിശേഷത്തിന്റെ വാതിലായിരുന്നു. *"ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു"* എന്ന പ്രസ്താവന വർത്തമാനകാലത്തിൽ ഉപയോഗിച്ചിരിക്കുന്നു. ഇന്നും സുവിശേഷത്തിന്റെ അഥവാ കൃപയുടെ ഈ വാതിൽ തുറന്നു വെച്ചിരിക്കുന്നു. അതു കർത്താവിനല്ലാതെ മറ്റാർക്കും അടെക്കുവാനും സാധിക്കുകയില്ല. നിനവേ പട്ടണക്കാരുടെ മേൽ ചൊരിയേണ്ട ദൈവികന്യായവിധി ദൈവം തന്നെ അവർക്കായി തുറന്നു വെച്ച വാതിലിലൂടെ അവർക്കു പ്രവേശിച്ചു രക്ഷപ്പെടുവാൻ കഴിഞ്ഞു (യോനാ.3,4). അനേക അടക്കപ്പെട്ട വാതിലുകൾ കർത്താവു തുറന്നു തന്നിട്ടുണ്ട്. റഷ്യ, ചൈന, കൊറിയ, ആഫ്രിക്ക എന്നിവയൊക്കെ ഫിലദെൽഫ്യകാലയളവിൽ തുറക്കപ്പെട്ട വാതിലുകളിൽ ഉൾപ്പെടുന്നു. ഇക്കാലത്തും ഓരോ സഭകളുടെയും സഭയിലെ ഓരോ വിശ്വാസികളുടെയും സകല പ്രവൃത്തിയും നന്നായി കർത്താവു അറിയുന്നു. ഫിലദെൽഫ്യസഭക്കു ലഭിച്ച കർത്താവിന്റെ അഭിനന്ദനങ്ങൾ നമുക്കും ലഭിക്കുവാൻ കർത്താവിന്റെ ഉത്തമസാക്ഷികളായി പ്രവർത്തിക്കാം. പ്രവർത്തിക്കുവാനായി തുറക്കപ്പെട്ട വാതിലുകൾ കർത്താവു നമുക്കു തന്ന അവസരവും ദാനവുമായി കരുതണം. ലോകത്തിൽ സുവിശേഷവുമായി പോകുമ്പോൾ അനേക പ്രതികൂലതകൾ നേരിടാം. കഷ്ടങ്ങളും പ്രയാസങ്ങളും പ്രതികൂലതകളും കാണുമ്പോൾ സുവിശേഷത്തിന്റെ വാതിൽ നമുക്കു മുന്നിൽ അടക്കപ്പെട്ടിരിക്കയാണെന്നു തോന്നിപ്പോകാം. എന്നാൽ അപ്പോൾ ഓർക്കേണ്ടത് സകലത്തിന്റെയും താക്കോൽ നമ്മെ അയച്ച കർത്താവിന്റെ കരങ്ങളിലാണെന്നതാണ്. കർത്താവു സകല പ്രതിബന്ധങ്ങളെയും മാറ്റി വാതിൽ തുറന്നു തരും എന്നു വിശ്വസിച്ചാൽ ഏറിയ ധൈര്യം ലഭിക്കുവാനിടയാകും. സുവിശേഷത്തിനായി തുറക്കപ്പെടുന്ന വാതിൽ ലോകത്തിലെ ഒരുശക്തിക്കും താക്കോൽ കൈവശമുള്ള കർത്താവിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഭയപ്പെടാതെ സുവിശേഷം അറിയിക്കുക എന്നതാണ് നമ്മുടെ ഉത്തരവാദിത്തം. *"ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!"* (1.കൊരി.9:16) എന്നുള്ള അപ്പൊസ്തലനായ പൗലൊസിന്റെ ഹൃദയഭാരം ഉൾക്കൊണ്ടുകൊണ്ടു കർത്താവിന്റെ വേലയിൽ വർദ്ധിച്ചു വരാം.

**"നിനക്കു അല്പമേ ശക്തിയുള്ളു എങ്കിലും നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചിട്ടില്ല." (വെളി.3:8)** –

ഫിലദെൽഫ്യസഭയുടെ പ്രവൃത്തിയിൽ സന്തുഷ്ടനായ കർത്താവു അവരുടെ പ്രവൃത്തിയിൽ വർദ്ധിച്ചു വരുവാൻ അവർക്കു മുമ്പിൽ ഒരു വാതിൽ തുറന്നു വെച്ചുകൊടുത്തു. കർത്താവ് അവർക്കായി തുറന്ന വാതിൽ ഒരുത്തർക്കും അടക്കുവാൻ സാധിക്കുകയില്ലെന്നും അവരെ അറിയിച്ചു ധൈര്യപ്പെടുത്തി. തുടർന്നു തന്റെ നിരീക്ഷണത്തിൽ ഫിലദെൽഫ്യവിശ്വാസികളിൽ ദർശിച്ച മൂന്നു വസ്തുതകൾ അവരെ അറിയിക്കുന്നു. (1) അല്പശക്തിയുള്ളവർ (2) കർത്താവിന്റെ വചനം കാത്തവർ (3) കർത്താവിന്റെ നാമം നിഷേധിക്കാത്തവർ.

**(1) അല്പശക്തിയുള്ളവർ — "നിനക്കു അല്പമേ ശക്തിയുള്ളു" (വെളി.3:8)— (you have a little strength/power) —**

അവർക്കു അല്പമേ ശക്തിയുള്ളു എന്നുള്ള കർത്താവിന്റെ വെളിപ്പെടുത്തൽ അവരെക്കുറിച്ചുള്ള വിമർശനമോ, ഏതെങ്കിലും വിധത്തിലുള്ള അവരുടെ വീഴ്ചകളെ സൂചിപ്പിക്കുന്നതോ ആയിരുന്നില്ല. എന്നാൽ അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തിയ സഭാകാന്തൻ അവരെ അഭിനന്ദിക്കുന്നതാണിത്. അതായത് അവർക്കു അല്പമേ ശക്തിയുള്ളു എങ്കിലും ശക്തിക്കധീതമായി അവരുടെ പ്രവർത്തനഫല ങ്ങൾ ദൈവസന്നിധിയിൽ നിലനിൽക്കുന്നതും പൂർണ്ണതയുള്ളതുമായി കണ്ടു. നിനക്കു അല്പമേ ശക്തി യുള്ളു എന്നത് അവർ അംഗസംഖ്യയിൽ കുറവുള്ളവരോ, സമൂഹത്തിൽ താഴ്ന്നവരോ, ദരിദ്രരോ, ജ്ഞാനമേറെയില്ലാത്തവരോ ആയതിനാലാവാം. എന്നാലും അവരുടെ ന്യൂനതകൾക്കധീതമായി ആത്മീ കശക്തി ദൃശ്യമായത് കർത്താവിന്റെ ഹൃദയത്തെ സന്തോഷിപ്പിച്ചു. സർദ്ദിസിലെ സഭ ജീവനുള്ളവൻ എന്നു പേരുണ്ടെങ്കിലും ശക്തിയില്ലാത്തവരായിനിർജ്ജീവാവസ്ഥയിലായിരുന്നു. അവരുടെ ആശ്രയം സ്വന്തശക്തിയിലും ലോകത്തിന്റെ ശക്തിയിലും ആയിരുന്നു. അവരോടു ചാവാറായ ശേഷിപ്പുകളെ ശക്തീ കരിക്കുവാൻ കർത്താവു ആജ്ഞാപിച്ചു(വെളി.3:2). എന്നാൽ ഫിലദെൽഫ്യസഭ ശക്തികുറഞ്ഞവരെ ങ്കിലും അവരുടെ ആശ്രയം കർത്താവിലായിരുന്നതിനാൽ കർത്താവു അവരെ ശക്തീകരിച്ചു.

ദുഷ്ടന്റെ അധീനതയിൽ ആയിരിക്കുന്ന ഈ ലോകത്തിൽ വസിക്കുന്ന വിശ്വാസികളും സഭ കളും അവർക്കു അല്പശക്തിയേ ഉള്ളു എങ്കിലും ഭാരപ്പെടേണ്ട കാര്യമില്ല. സർവ്വശക്തനായ ദൈവ ത്തിൽ ശരണപ്പെട്ടാൽ ആത്മികപ്രവർത്തനത്തിനുള്ള ശക്തി ലഭിക്കും എന്നതിനു സംശയം വേണ്ട. കർത്താവിന്റെ ശിഷ്യന്മാർ ഏറെ ശക്തരല്ലായിരുന്നു. എന്നാൽ അവരുടെ പ്രവർത്തനങ്ങൾ കണ്ട ഒന്നാം നൂറ്റാണ്ടിലെ ജനം അവരെക്കുറിച്ചു പറഞ്ഞത് ലോകത്തെ കീഴ്മേൽ മറിച്ചവർ എന്നാണ്. കാരണം അവർ ദൈവശക്തിയിൽ ശരണപ്പെട്ടു പ്രവർത്തിച്ചു എന്നതാണ്. ക്രിസ്തുവിനുവേണ്ടി ഏറെ അദ്ധ്വാനിച്ച അപ്പൊ സ്തലനായ പൗലൊസ് പറയുന്നത് — **ഫിലി.4:13 —** *"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു എന്നാണ്."* തന്റെ ശരീരത്തിലെ ബലഹീനത മാറ്റിക്കിട്ടുന്നതിനുവേണ്ടി കർത്താവിനോടു അപേക്ഷിച്ചപ്പോൾ തനിക്കു ലഭിച്ച മറുപടി *"എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നായിരുന്നു."* ദൈവശക്തിയിൽ ശരണപ്പെട്ട പൗലൊസിനു പിന്നീടു പറയുവാനുള്ളത് *"ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന്നു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാണ് "* (2.കൊരി.12:9,10). യഹോവയെ കാത്തിരിക്കുന്നവർക്കും ക്ഷീണിച്ചിരി ക്കുന്നവർക്കും ശക്തി നൽകുന്ന ദൈവത്തെക്കുറിച്ചു യെശയ്യാവ് പറയുന്നു — യെശ.40:29-31 — *"അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നൽകുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു. ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകും; യൗവനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും. കഴുകന്മാരെപ്പോലെ ശക്തി പുതുക്കും."* മനു ഷ്യ ഭയത്താൽ ശക്തി നഷ്ടപ്പെട്ടു മരുഭൂമിയിലെ ചൂരച്ചെടിയുടെ തണലിൽ നിരാശനായി കിടന്ന ഏലി യാവിനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്നു ദൈവം തന്റെ ദൂതനെ അയച്ചു ഏലിയാവിനെ ശക്തിപ്പെടുത്തി(1.രാജാ.19). ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തുവിനെ ദർശിച്ച യോഹന്നാൻ ശക്തി നഷ്ടപ്പെട്ടു മരിച്ചവനെപ്പോലെ കർത്താവിന്റെ കാൽക്കൽ വീണപ്പോൾ അവനെ ധൈര്യപ്പെടു ത്തി ശക്തിയാൽ നിറച്ചു. അല്പമേ ശക്തിയുള്ളു എന്നു ചിന്തിച്ചു നാമും ഭാരപ്പെടേണ്ടതില്ല. പരീക്ഷ കൾ പ്രതികൂലതകൾ നമ്മെ തളർത്തിക്കളയാതെ കർത്താവു നോക്കിക്കൊള്ളും. **1.കൊരി.10:13 —** *"നിങ്ങൾക്കു കഴിയുന്നതിന്നു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴി യേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും."*

**(2) കർത്താവിന്റെ വചനം കാത്തവർ — (kept Christ's word) — "എങ്കിലും നീ എന്റെ വചനം കാത്തു"(വെളി.3:8) —**

ഫിലദെൽഫ്യസഭ ക്രിസ്തുവിൽ ശക്തിപ്പെട്ട സഭ എന്നതിനു പുറമേ അവരുടെ മറ്റൊരു പ്രത്യേ കത അവർ വചനം കാക്കുന്ന സഭയായിരുന്നു . ഫിലദെൽഫ്യസഭക്ക് അല്പമേശക്തിയുള്ളു എന്നു മന സ്സിലാക്കി അവരെ ധൈര്യപ്പെടുത്തി. അതിനു ശേഷം തികഞ്ഞ സംതൃപ്തിയോട് അവരെ അറിയി ക്കുന്ന അഭിനന്ദനത്തിന്റെ വാക്കുകളാണ് — *"എങ്കിലും നീ എന്റെ വചനം കാത്തു"* എന്നത്. വചനം കാത്തു എന്നാൽ തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സകല സത്യങ്ങളും അനുസരിച്ചു എന്നർത്ഥം. തെറ്റുകളിലും, പാപങ്ങളിലും, ദുരുപദേശങ്ങളിലും നിന്നു അകന്നു ജീവിച്ചു എന്നതും കാത്തു എന്ന പ്രയോഗത്തിൽ ഉൾപ്പെടുന്നു. അതായത് അവർ കേട്ട വചനം അവരുടെ പ്രായോഗികജീവിത ത്തിൽ പകർത്തി അനുസരിക്കുക മാത്രമല്ല പാപങ്ങളിൽ നിന്നകന്നു ജീവിച്ചു എന്നതിനെയും സൂചിപ്പി

ക്കുന്നു. അവർ വചനം കാക്കുകയും അതിനെ സൂക്ഷിക്കുകയും ചെയ്തു. വചനത്തോടുള്ള അനുസരണം ക്രിസ്തുവിനോടുള്ള അവരുടെ സ്നേഹത്തെ പ്രകടമാക്കുന്നു(യോഹ.14:23,24).

**(3) കർത്താവിന്റെ നാമം നിഷേധിക്കാത്തവർ — (not denied His name) —"എന്റെ നാമം നിഷേധിച്ചിട്ടില്ല." (വെളി.3:8) —**

ഫിലദെൽഫ്യസഭയെ വീണ്ടും അഭിനന്ദിക്കുന്നത് അവർ കർത്താവിന്റെ നാമം നിഷേധിച്ചിട്ടില്ല എന്നാണ്. അതായത് അവരുടെ മറ്റൊരു പ്രത്യേകതയെന്നത് കർത്താവിന്റെ നാമം നിഷേധിക്കാത്ത സഭയായിരുന്നു ഫിലദെൽഫ്യസഭ. ഇതു കർത്താവിനോടുള്ള ഭക്തിയെ വെളിപ്പെടുത്തുന്നു. ഫിലദെൽഫ്യ പട്ടണത്തിന്റെ നാമം വിവിധ സന്ദർഭങ്ങളിൽ "നവകൈസര്യ" എന്നും "ഫ്ളേവിയാ" എന്നും മാറ്റിയെങ്കിലും ആദ്യനാമം തന്നെ അതിനു വീണ്ടും ലഭിക്കുകയുണ്ടായി. എന്നാൽ ഫിലദെൽഫ്യവിശ്വാസികൾ അവർ അഭയം വെച്ച ക്രിസ്തുവിന്റെ നാമം ഒരിക്കൽ പോലും നിഷേധിക്കുവാൻ ഇടയായില്ല. സാത്താന്റെ പള്ളിക്കാരും, സാക്ഷാൽ യെഹൂദന്മാരല്ലാത്തവരും (വെളി.3:9) ഉൾപ്പെട്ടവരുടെ മദ്ധ്യേ കഴിഞ്ഞ ഫിലദെൽഫ്യസഭ ഏറെ കർത്താവിന്റെ നാമത്തിനു വേണ്ടി കഷ്ടനഷ്ടങ്ങൾ സഹിച്ചിരിക്കാം. ദൈവനാമം നിമിത്തം കുറ്റം ആരോപിക്കപ്പെട്ട വിശ്വാസികളെ പലപ്പോഴും ഭരണാധികാരികളുടെ മുമ്പിൽ ഹാജരാക്കപ്പെട്ടിരുന്നു. തൽസമയത്തുള്ള വിശ്വാസത്തിന്റെ പരിശോധനാ വേളയിൽ അവർ ദൈവനാമം നിഷേധിക്കാതെ നിന്നത് കർത്താവിന്റെ അഭിനന്ദനത്തിനു കാരണമായി.

പത്രൊസ് കർത്താവിന്റെ ക്രൂശീകരണവേളയിൽ കർത്താവിന്റെ നാമം നിഷേധിക്കുവാനിടയായി(മത്താ.26:70–72). എന്നാൽ തന്റെ വീഴ്ചയിൽ അനുതപിച്ചു കർത്താവിൽ ശരണപ്പെട്ട പത്രൊസ് പിന്നീടൊരിക്കലും കർത്താവിന്റെ നാമം നിഷേധിക്കുവാനിടയായില്ല. സുന്ദരം എന്ന ദൈവാലയഗോപുരത്തിങ്കലെ മുടന്തന്റെ അത്ഭുതകരമായ സൗഖ്യമറിഞ്ഞ ജനം പത്രൊസിന്റെയും യോഹന്നാന്റെയും ചുറ്റും കൂടി. നസറായനായ യേശുവിന്റെ നാമത്തിലാണ് അവനു സൗഖ്യം ലഭിച്ചതെന്നു പറഞ്ഞുകൊണ്ട് പത്രൊസ് അവരോടു സുവിശേഷം അറിയിച്ചു.— **അപ്പൊ.3:14–16 —** "*പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു; കുലപാതകനായവനെ വിട്ടുതരേണം എന്നു ചോദിച്ചു, ജീവനായകനെ കൊന്നുകളഞ്ഞു. അവനെ ദൈവം മരിച്ചവരിൽ നിന്നു എഴുന്നേൽപ്പിച്ചു; അതിന്നു ഞങ്ങൾ സാക്ഷികൾ ആകുന്നു. അവന്റെ നാമത്തിലെ വിശ്വാസത്താൽ അവന്റെ നാമം തന്നേ നിങ്ങൾ കാണ്കെയും അറികയും ചെയ്യുന്ന ഇവൻ ബലം പ്രാപിപ്പാൻ കാരണമായിത്തീർന്നു.*" മനുഷ്യരുടെ മുമ്പിൽ കർത്താവിന്റെ നാമത്തെ നിഷേധിക്കുന്നവരെ കർത്താവും തള്ളിപ്പറയുമെന്നു പറഞ്ഞിട്ടുണ്ട് (ലൂക്കൊ.12:9). അങ്ങനെയുള്ളവരെക്കുറിച്ചു യോഹന്നാൻ തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക. **1.യോഹ.2:22,23** — "*യേശുവിനെ ക്രിസ്തുവല്ല എന്നു നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആർ ആകുന്നു? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നേ എതിർക്രിസ്തു ആകുന്നു. പുത്രനെ നിഷേധിക്കുന്നവന്നു പിതാവുമില്ല; പുത്രനെ സ്വീകരിക്കുന്നവന്നു പിതാവും ഉണ്ടു.*" ഏകനാഥനും കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായവർക്കു ശിക്ഷാവിധി പണ്ടു തന്നേ എഴുതിയിരിക്കുന്നുവെന്നു യൂദാ പറയുന്നു (യൂദാ.4).

രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു എന്നു കർത്താവു വാഗ്ദത്തം ചെയ്തു (മത്താ.18:20). ദൈവമക്കൾ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുവാനാണ് തിരുവചനത്തിൽ നിർദ്ദേശിച്ചിരിക്കുന്നത് (യോഹ.14:13,14). തിരുനാമത്തിന്നു അഥവാ യേശുക്രിസ്തുവിന്റെ നാമത്തിന്നു വേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അപ്പൊസ്തലന്മാർ സന്തോഷിച്ചു (അപ്പൊ.5:41). സഭയിൽ ദുർന്നടപ്പുകാരനെതിരായുള്ള ശിക്ഷണനടപടി കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്യുവാൻ പ്രബോധിപ്പിക്കുന്നു (1.കൊരി.5:4). കർത്താവായ യേശുക്രിസ്തുവിന്റെ നാമത്താലാണ് ശുദ്ധീകരണവും നീതീകരണവും ലഭിച്ചിരിക്കുന്നത് (1.കൊരി.6:11). കർത്താവിന്റെ നാമം സകലനാമത്തിനും മേലായ നാമമായിരിക്കുന്നു. "*യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറകയും ചെയ്യേണ്ടി വരും*" (ഫിലി.2:10,11). വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്യുവാൻ പ്രബോധിപ്പിക്കുന്നു (കൊലൊ.3:17). തിരുനാമം അഥവാ യേശുവിന്റെ നാമം മൂലമാണ് പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നത് (1.യോഹ.2:12). തിരുനാമം നിമിത്തമല്ലോ അവർ ജാതികളോടു ഒന്നും വാങ്ങാതെ പുറപ്പെട്ടതു എന്നു അപ്പൊസ്തലനായ യോഹന്നാൻ അറിയിക്കുന്നു (3.യോഹ.7). കർത്താവായ യേശുക്രിസ്തുവിന്റെ നാമം അർത്ഥവത്തായതും പ്രാധാന്യം അർഹിക്കുന്നതുമാണ്. യേശു എന്ന പേരിനർത്ഥം രക്ഷകൻ എന്നാണ്. എബ്രായഭാഷയിൽ മശിഹ എന്നും ഗ്രീക്കിൽ ക്രിസ്തു എന്നുമുള്ള പേരിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. **"യേശു"** എന്ന നാമത്താൽ നമ്മുടെ രക്ഷകനും, മദ്ധ്യസ്ഥനും, **"ക്രിസ്തു"** എന്ന നാമത്താൽ നമ്മുടെ മശിഹായും, **"കർത്താവു"** എന്ന നാമത്താൽ നമ്മുടെ യജമാനനും ആയിരിക്കുന്നു (As **JESUS** He is our Saviour and Mediator. As **CHRIST** He is our Messiah. As **LORD** He is our Master).

*"എന്റെ നാമം നിഷേധിച്ചിട്ടില്ല"* എന്നത് പ്രതികൂലതകളുടെ മദ്ധ്യേയും ഫിലദെൽഫ്യസഭ ദൈവ നാമത്തെ നിഷേധിക്കാതെ വിശ്വസ്തതയോടെ ദൈവഭക്തിയിൽ ഉറച്ചു നിന്നു എന്നതിനെ പ്രകടമാക്കുന്നു. ദൈവത്തെ സ്നേഹിച്ചതിനാൽ അവർക്കു ദൈവവചനം കാക്കുവാനും തദ്വാരാ ദൈവഭക്തിയാൽ നിറയപ്പെട്ടു ദൈവനാമം നിഷേധിക്കാതിരിപ്പാനും, ദൈവത്തിൽ മുറുകെപ്പിടിക്കുവാനും സാധിച്ചു.

**വെളി.3:9 —"യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്ന ചിലരെ ഞാൻ സാത്താന്റെ പള്ളിയിൽ നിന്നു വരുത്തും; അവർ നിന്റെ കാല്ക്കൽ വന്നു നമസ്കരിപ്പാനും ഞാൻ നിന്നെ സ്നേഹിച്ചു എന്നു അറിവാനും സംഗതി വരുത്തും."**

ഫിലദെൽഫ്യസഭക്കു ക്രിസ്തു തന്റെ പരമാധികാരവും സർവ്വശക്തിയും വെളിപ്പെടുത്തിയ ശേഷം അവരുടെ പ്രവൃത്തികളെ ശോധന ചെയ്തു. അവരുടെ നല്ല പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുവാനായി ഒരു വാതിലും തുറന്നുകൊടുത്തു. അവർക്കു അല്പമേ ശക്തിയുള്ളു എന്നു തനിക്കു നന്നായി അറിയാമെന്നു പറഞ്ഞു അവരെ ധൈര്യപ്പെടുത്തി. വചനം കാക്കുന്ന സഭയെന്നും, കർത്താവിന്റെ നാമം നിഷേധിക്കാത്ത സഭയെന്നും അവരെ അഭിനന്ദിച്ചു. തുടർന്നു അവരുടെ പ്രവർത്തനങ്ങളെ തടസ്സപ്പെട്ടുത്തുന്ന ചുറ്റുമുള്ള ശത്രുക്കൾ ആരാണെന്നും, അവർ ആരുടെ പക്ഷക്കാർ ആണെന്നും, എവിടെ നിന്നു വരുന്നുവെന്നും വെളിപ്പെടുത്തുന്നു. അവരെ തോല്പിക്കുന്ന പ്രവർത്തനം താൻ തന്നെ നടത്തുമെന്നും അങ്ങനെ അഭിനയക്കാരായ യെഹൂദന്മാർ ഫിലദെൽഫ്യ വിശ്വാസികളുടെ കാൽക്കൽ വന്നു അഭയം പ്രാപിക്കുവാനിടയാകുമ്പോൾ കർത്താവു ഫിലദെൽഫ്യവിശ്വാസികളെ സ്നേഹിക്കുന്നുവെന്നു അവർ അറിയും എന്നും പറഞ്ഞു.

ഫിലദെൽഫ്യ സഭയിൽ യെഹൂദന്മാരായ ചിലർ സാത്താന്റെ ഉപകരണമായി വിശ്വാസികൾക്കെതിരായി പ്രവർത്തിച്ചതു പോലെ സ്മുർന്നയിലെ സഭയുടെ ദൂതന്നു എഴുതിയപ്പോഴും പ്രസ്താവിച്ചിരുന്നു. *"ഞാൻ നിന്റെ കഷ്ടതയും ദാരിദ്രവും — നീ ധനവാനാകുന്നു താനും — തങ്ങൾ യെഹൂദർ എന്നു പറയുന്നുവെങ്കിലും യെഹൂദന്മാരല്ല, സാത്താന്റെ പള്ളിക്കാരായവരുടെ ദൂഷണവും അറിയുന്നു"* (വെളി.2:9). സ്മുർന്നസഭയോടു *"നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ"* എന്നു പറഞ്ഞു ധൈര്യപ്പെടുത്തിയെങ്കിൽ ഫിലദെൽഫ്യസഭയോടു പറയുന്നത് *"ഞാൻ സാത്താന്റെ പള്ളിയിൽ നിന്നും വരുത്തും; അവർ നിന്റെ കാല്കൽ വന്നു നമസ്കരിപ്പാനും ഞാൻ നിന്നെ സ്നേഹിച്ചു എന്നു അറിവാനും സംഗതി വരുത്തും"* (വെളി.3:9) എന്നാണ്.

**യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്ന —**

കർത്താവിനെ സ്നേഹിക്കുകയും കർത്താവിന്റെ വചനത്തെ ആദരിക്കുകയും ചെയ്ത ഫിലദെൽഫ്യസഭക്കു ചില എതിരാളികൾ ഉണ്ടായിരുന്നു. അവരെ എതിർത്തവർ യഹൂദരെന്നവകാശപ്പെട്ടെങ്കിലും സാക്ഷാൽ യെഹൂദന്മാർ ആയിരുന്നില്ല. ആചാരനുഷ്ടാനങ്ങളിലും, മതഭക്തിയിലും മുഴുകി യെഹദരെന്നു അവകാശപ്പെട്ട ഇവരാൽ ഫിലദെൽഫ്യ വിശ്വാസികൾ ഏറെ കഷ്ടതകൾ അനുഭവിക്കേണ്ടി വന്നു. കർത്താവിന്റെ നാമത്തിനുവേണ്ടിയാണ് അവർ വിശ്വാസത്തിന്റെ പരിശോധനകളിൽ അകപ്പെട്ടത്. ഭരണാധികാരികളുടെ മുമ്പിൽ ഫിലദെൽഫ്യയിലെ കർത്താവിൽ വിശ്വസ്തരെ ദുരാരോപണങ്ങൾ കെട്ടിച്ചമക്കപ്പെട്ടു ഹാജരാക്കിയപ്പോൾ യെഹൂദരെന്നഭിമാനിച്ചവർ തങ്ങൾ സത്യത്തിന്റെ ഭാഗത്താണെന്നു സ്വയം പ്രശംസിച്ചു. ജനനത്തിലും, സംസ്കാരത്തിലും, ആചാരാനുഷ്ടാനങ്ങളിലും യഹൂദരെന്നറിയപ്പെട്ടെങ്കിലും, ആത്മികനിർവ്വചനത്തിൽ അവർ സാക്ഷാൽ യഹൂദരല്ലായിരുന്നു. അതായത് അവർ ജഡം സംബന്ധിച്ചു അബ്രഹാമിന്റെ സന്തതികളായിരുന്നുവെങ്കിലും ആത്മികമായി അബ്രഹാമിന്റെ സന്തതികളല്ലായിരുന്നു. വിശ്വാസവീരനായ അബ്രഹാമിന്റെ വിശ്വാസത്തിൽ അജ്ഞരുമായിരുന്നു. അപ്പൊസ്തലനായ പൗലൊസ് സാക്ഷാൽ യഹൂദന്റെ ലക്ഷണം റോമാലേഖനത്തിൽ വിശദീകരിച്ചിട്ടുണ്ട്. **റോമ.2:28,29** — *"പുറമെ യെഹൂദനായവൻ യെഹൂദനല്ല; പുറമെ ജഡത്തിലുള്ളതു പരിച്ഛേദനയുമല്ല; അകമെ യെഹൂദനായവനത്രേ യഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന; അവന്നു മനുഷ്യരാലല്ല ദൈവത്താൽ തന്നേ പുകഴ്ച ലഭിക്കും."* യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്നവർ എന്നാണിവരെ വിശേഷിപ്പിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ അവർ ലോകപ്രകാരം യഹൂദർ ആയിരുന്നു, അപ്രകാരം അവർ ജീവിക്കുകയും, മറ്റുള്ളവരാൽ അറിയപ്പെടുകയും, വിളിക്കപ്പെടുകയും ചെയ്തു. എന്നാൽ ദൈവികപ്രമാണപ്രകാരം അവർ യെഹൂദരെന്നു കളവായി പറയുന്നവർ ആയിരുന്നു.

**ചിലരെ ഞാൻ സാത്താന്റെ പള്ളിയിൽ നിന്നു വരുത്തും —**

*"യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്ന ചിലരെ ഞാൻ സാത്താന്റെ പള്ളിയിൽ നിന്നു വരുത്തും"* എന്ന കർത്താവിന്റെ പ്രസ്താവനയിൽ സഭക്കു എതിരായി പ്രവർത്തിക്കുന്നവർ ആരുടെ പക്ഷക്കാരാണ്, എവിടെ നിന്നു വരുന്നു എന്നൊക്കെ വെളിപ്പെടുന്നു. ഫിലദെൽഫ്യയിൽ "സാത്താന്റെ പള്ളി " എന്ന പേരിൽ അക്ഷരാർത്ഥത്തിൽ ഒരു പള്ളിയുണ്ടെന്നു ഇതിൽ നിന്നു ഒരു നിഗമനത്തിലെത്തുവാൻ കഴിയുകയില്ല. എന്നാൽ ജീവനുള്ള ദൈവത്തിനും, ദൈവികപ്രമാണങ്ങൾക്കുമെതിരായി നടക്കുന്ന സകല ഭക്തിപ്രകടനങ്ങളും, ആരാധനകളും, അനുഷ്ടാനങ്ങളും സാത്താനുമായി ബന്ധ

പ്പെട്ടിരിക്കുന്നതിനാൽ അതിന്റെ ഉറവിടം എന്ന ആശയത്തിൽ സാത്താന്റെ പള്ളി എന്ന നിർവചനത്തിൽ ഉൾപ്പെടുന്നു. വിശ്വാസത്തലാലുള്ള നീതീകരണത്തിനെതിരായി പ്രവൃത്തിയിൽ അടിസ്ഥാനമാക്കിയുള്ള യെഹൂദ മതാചാരങ്ങൾ പ്രചരിപ്പിക്കുന്ന ദുരുപദേഷ്ടാക്കന്മാരാണിവർ. സത്യസുവിശേഷത്തിനു എതിരായി പ്രവർത്തിക്കുന്നവരാണിവർ. യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്ന എന്നതിൽ "കളവായി പറയുന്ന" എന്ന പ്രയോഗം സാത്താനോടു ബന്ധപ്പെട്ടിരിക്കുന്നു. സാത്താൻ അസത്യവാദിയും ഭോഷ്കിന്റെ പിതാവുമാണ്. **യോഹ.8:44—** "*നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കുലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നിൽക്കുന്നതുമില്ല. അവൻ ഭോഷ്കു പറയുമ്പോൾ സ്വന്തത്തിൽ നിന്നു എടുത്തു പറയുന്നു; അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു.*" **1.യോഹ.2:22 —** "*യേശുവിനെ ക്രിസ്തുവല്ല എന്നു നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആർ ആകുന്നു? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നേ എതിർക്രിസ്തു ആകുന്നു.*" **2.കൊരി.11:13,14 —** "*ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ; അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല; അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്കു ഒത്തതായിരിക്കും.*" സാത്താൻ ഒരിക്കലും തന്റെ സ്വാഭാവികത വെളിപ്പെടുത്തുകയില്ല. അവൻ അഭിനയക്കാരനാണ്. വെളിച്ചദൂതന്റെ വേഷം ധരിക്കുന്നതാണ്. കള്ളക്രിസ്തുവെങ്കിലും ക്രിസ്തുവെന്ന പേരിലാണ് പ്രത്യക്ഷപ്പെടുവാൻ ആഗ്രഹിക്കുന്നത്. അവന്റെ പള്ളിയും സാത്താന്റെ പള്ളി എന്നു അറിയപ്പെടുവാൻ ആഗ്രഹിക്കുന്നില്ല. ആയതിനാൽ സാത്താന്റെ പള്ളി എന്ന പേരിൽ ഫിലദെൽഫ്യയിലും ഉണ്ടാകാൻ സാദ്ധ്യതയില്ല. മതത്തിന്റെ മറവിൽ സാത്താൻ തന്റെ പ്രവർത്തനങ്ങൾക്കു വീര്യം പകരുന്നു. യേശുക്രിസ്തുവിനു എതിരായി പ്രവർത്തിക്കുന്നതൊക്കെയും സാത്താന്റെ പ്രവർത്തനങ്ങളാണെന്നതിൽ സംശയിക്കേണ്ടാ. എന്നാൽ സാത്താന്റെ പള്ളിക്കാർ എന്നപേരിൽ സാത്താനെ ആരാധിക്കുന്ന കൂട്ടരും ഇക്കാലത്തു ചില രാജ്യങ്ങളിൽ രൂപം പ്രാപിച്ചിട്ടുണ്ട്.

**അവർ നിന്റെ കാല്ക്കൽ വന്നു നമസ്കരിപ്പാനും ഞാൻ നിന്നെ സ്നേഹിച്ചു എന്നു അറിവാനും സംഗതി വരുത്തും —**

വിശ്വസ്തരായ ഫിലദെൽഫ്യ വിശ്വാസികൾക്കു കർത്താവു നൽകുന്ന വാഗ്ദത്തമാണിവിടെ വിവരിച്ചിരിക്കുന്നത്. അവരുടെ ശത്രുക്കളെ കർത്താവു തന്നെ നേരിടുവാൻ പോകുന്നു. യഹൂദരെന്നു അഭിമാനിച്ച ആരൊക്കെയാണോ സത്യവിശ്വാസികളെ പീഡിപ്പിച്ചത്, അവർ ഫിലദെൽഫ്യവിശ്വാസികളുടെ കാൽക്കൽ വന്നു നമസ്കരിപ്പാൻ ഇട വരുത്തും. അവരെ ഉപദ്രവിച്ചവർ വന്നു അവരുടെ പാദങ്ങളിൽ വീഴുന്ന വേളയിൽ കർത്താവു ഫിലദെൽഫ്യവിശ്വാസികളെ സ്നേഹിച്ചു എന്നു അറിയുവാൻ സംഗതി വരുമെന്നും അവരെ അറിയിച്ചു. ഒരുവന്റെ കാൽക്കൽ വന്നു ശത്രു നമസ്കരിക്കുന്നത് പരിപൂർണ്ണ തോൽവിയെയും, സമർപ്പണത്തെയും കുറിക്കുന്നു.

ദൈവത്തെയും ദൈവജനത്തെയും നിന്ദിക്കുകയും കഷ്ടങ്ങൾ വരുത്തുകയും ചെയ്തവരെ ദൈവം തോൽപ്പിച്ചു തന്റെ ജനത്തിന്റെ കാൽക്കൽ കൊണ്ടു വന്നിട്ടുള്ള അനേക സന്ദർഭങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (പുറ.11:8/പുറ.12:30–32/എസ്ഥേ.8:17/അപ്പൊ.16:37–39)

ഫിലദെൽഫ്യസഭാവിശ്വാസികളെ പീഡിപ്പിച്ച ശത്രുക്കൾ അവരുടെ പാദങ്ങളിൽ വീഴുവാനും, നമസ്കരിപ്പാനും, അംഗീകരിപ്പാനും ഇടയാകുന്നതു വഴി ദൈവനാമം മഹത്വപ്പെടുവാൻ കാരണമാകുന്നതു യിസ്രായേലിനോടുള്ള ബന്ധത്തിൽ അവർക്കു നൽകിയ വാഗ്ദത്തത്തോടു സാമ്യമുണ്ട്. ഭാവിയിൽ അവിശ്വാസികളായ ജാതികൾ യിസ്രായേലിന്റെ വിശ്വസ്തശേഷിപ്പിന്റെ മുമ്പിൽ വീണു വണങ്ങുന്നതിനെ പഴയനിയമഭാഗങ്ങൾ വിശദീകരിക്കുന്നുണ്ട് (യെശ.45:14/49:23/60:14). അനുഗ്രഹത്തിന്റെ കൈത്തോടുകളായി നിന്ന യിസ്രായേലിലൂടെ ജാതികളും ദൈവസ്നേഹം അനുഭവിച്ചറിയുവാൻ ഇടയാകും. അതുപോലെ ഫിലദെൽഫ്യസഭയെയും കർത്താവിനെയും പരിഹസിക്കുകയും, എതിരായി പ്രവർത്തിക്കുകയും ചെയ്ത അവരെ തന്റെ വിശ്വസ്തഭക്തജനത്തിന്റെ കാൽക്കൽ കൊണ്ടു വന്നു നമസ്കരിപ്പാൻ ഇട വരുത്തും. തദവസരത്തിൽ തന്റെ ജനം ദൈവം തങ്ങളെ ഏറ്റവും അധികം സ്നേഹിക്കുന്നുവെന്നു വീണ്ടും അറിവാനും സംഗതിയാകും. അപ്പോൾ തന്നെ സാത്താന്റെ പള്ളിയിൽ നിന്നും ചിലർ ദൈവസ്നേഹം അനുഭവിച്ചറിയുവാനും, മാനസാന്തരമുണ്ടായി ദൈവമക്കളായിത്തീരുവാനും സംഗതിയാകും.

മതത്തിലും ആചാരാനുഷ്ടാനങ്ങളിലും എരിവുള്ളവരായി തങ്ങളാണ് യഥാർത്ഥ യെഹൂദരെന്നവകാശപ്പെട്ടു ലോകഭരണാധികളോടു വിധേയത്വവും കൂറും പുലർത്തിയ യഹൂദർ സഭയുടെ ആരംഭകാലത്തു വിശ്വാസികൾക്കും സഭകൾക്കും ഏറെ കഷ്ടങ്ങളുണ്ടാക്കി. എന്നാൽ എതിർപ്പുകളും പീഡകളും സഹിച്ചു നിന്ന ദൈവജനത്തെ ദൈവം ശക്തിപ്പെടുത്തി. അവരോടു എതിർത്തു നിന്ന ശത്രുക്കളെ അവരുടെ കാൽക്കീഴിൽ കൊണ്ടു വരുവാനും ഒത്തൊരുമിച്ചു രക്ഷണ്യസുവിശേഷം അറിയിക്കുവാനും കർത്താവു വഴിയൊരുക്കി. ഇതിനു ഏറ്റവും ഉത്തമ ഉദാഹരണമാണ് തർസൊസുകാരനായ ശൗലിന്റെ

മാനസാന്തരവും കീഴടങ്ങലും (അപ്പൊ.9,22,26). യേശുവിനെയും തന്റെ അനുയായികളെയും ഏറ്റവും വെറുത്ത ശൗൽ യേശുവിന്റെ ഉത്തമശിഷ്യനായിത്തീരുകയെന്നത് ദൈവികപ്രവർത്തനമായിരുന്നു. ശത്രുവായ ശൗലിനോടുള്ള ദൈവകരുണയും പീഡിപ്പിക്കപ്പെട്ട വിശ്വാസികളോടുള്ള ദൈവസ്നേഹവും ഇതിലൂടെ വ്യക്തമാകുന്നു.

ഇക്കാലത്തും ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കാതെ മതപരമായ ചടങ്ങുകളിലും, ആചാരാനുഷ്ടാനങ്ങളിലും ആശ്രയിച്ചു ക്രിസ്ത്യാനികൾ എന്നു സ്വയം അവകാശപ്പെടുകയും, അതിൽ അഭിമാനിക്കുകയും ചെയ്തു വിശ്വാസവർഗ്ഗത്തെ പീഡിപ്പിക്കുന്നവരുണ്ട്. *"യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്ന"* ചിലർക്കു തുല്യരാണിവർ. അവരോടും ദൈവവചനം അറിയിക്കുന്നത് — *'ക്രിസ്ത്യാനികളല്ലാതിരിക്കെ ക്രിസ്ത്യാനികളെന്നു കളവായി പറയുന്ന ചിലരെ ഞാൻ സാത്താന്റെ പള്ളിയിൽ നിന്നു വരുത്തും; അവർ നിന്റെ കാൽക്കൽ വന്നു നമസ്കരിപ്പാനും ഞാൻ നിന്നെ സ്നേഹിച്ചു എന്നു അറിവാനും സംഗതി വരുത്തും'* എന്നാണ്. സാത്താന്റെ പള്ളിയിൽ നിന്നും അഥവാ സാത്താന്റെ ഉപകരണമായി ഒരുമിച്ചു പ്രവർത്തിച്ച സ്ഥാനത്തു നിന്നു ക്രിസ്തുവിങ്കലേക്കു വരുന്നത് ഏറ്റവും സന്തോഷവും അനുഗ്രഹകാരണവുമാണ്. വിശ്വാസികളെ എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നവർ ഒരിക്കൽ ദൈവജനത്തെ മനസ്സിലാക്കി അംഗീകരിക്കും. അവർ എരിവോടെ പ്രവർത്തിച്ചതും, മുറുകെ പിടിച്ചതും, പിൻപറ്റിയ സകലതും തെറ്റാണെന്നു അന്നു അവർക്കു ബോദ്ധ്യമാകും. ആ സമയം ചിലരെ സംബന്ധിച്ചു മാനസാന്തരത്തിനുള്ള അവസരം കഴിഞ്ഞിരിക്കും. ദൈവം തന്റെ വിശ്വസ്തരെ ഏറെ സ്നേഹിക്കുന്നുവെന്നു അപ്പോൾ ശത്രുക്കൾക്കും മനസ്സിലാക്കും.

ദൈവത്തെ സ്നേഹിക്കുകയും, ദൈവവചനം കാക്കുകയും, ദൈവനാമത്തെ നിഷേധിക്കാതെയും വിശ്വസ്തരായി ജീവിക്കുന്ന ദൈവമക്കളെ ദൈവം ആദരിക്കുക മാത്രമല്ല അവരെ ഏറ്റവും സ്നേഹിച്ചു ഉയർത്തുകയും ചെയ്യും. അവർക്കു അല്പമേ ശക്തിയുള്ളുവെങ്കിലും സർവ്വശക്തനായ ദൈവം ശക്തി നൽകുകയും അവർക്കായി പ്രവർത്തിക്കുകയും ചെയ്യും. ക്രിസ്തുവിനുവേണ്ടി നിന്ദയും പരിഹാസവും സഹിച്ചവർ ഉയർത്തപ്പെടുമ്പോൾ, തന്നത്താൻ ഉയർത്തിയവരൊക്കെ താഴ്ത്തപ്പെടും. ഇന്നു കർത്താവിനെ അംഗീകരിക്കാതെയും, ഹൃദയത്തിൽ രക്ഷകനായി സ്വീകരിക്കാതെയും, വിശ്വാസികളെ എതിർക്കുന്നവർ ഒരിക്കൽ മുഴങ്കാൽ മടക്കി യേശുക്രിസ്തു കർത്താവു എന്നു ഏറ്റു പറയുവാൻ ഇടയാകും (ഫിലി.2:9-11).

**വെളി.3:10 — "സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും."**

ഫിലദെൽഫ്യസഭക്കു നൽകുന്ന മറ്റൊരു വാഗ്ദത്തമാണിത്. സഹിഷ്ണുതയെക്കുറിച്ചുള്ള കർത്താവിന്റെ വചനം അവർ കാത്തതിനാൽ പരീക്ഷാകാലത്തു കർത്താവും അവരെ കാക്കും എന്നതാണ് അവർക്കു ലഭിച്ച വാഗ്ദത്തം. അവർ വചനം കാത്ത സഭയായിരുന്നുവെന്നു കർത്താവ് അവരെക്കുറിച്ചു സാക്ഷ്യം നൽകിയിരുന്നു(വെളി.3:8). ആയതിനാൽ കർത്താവു അവരെയും കാക്കും എന്നു വെളിപ്പെടുത്തി.

**സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ —**

ഫിലദെൽഫ്യസഭക്കു അല്പമേ ശക്തിയുണ്ടായിരുന്നുള്ളുവെങ്കിലും കർത്താവിന്റെ വചനം കാത്തുകൊണ്ട് പ്രതികൂല പരീക്ഷാവേളകളിലും, യെഹൂദരെന്നവകാശപ്പെടുന്ന ദുരുപദേഷ്ടാക്കളുടെ പ്രവർത്തനങ്ങളിലും ക്ഷീണിച്ചുപോകാതെ വിശ്വാസത്തിൽ ഉറച്ചു നിന്നു. അല്പശക്തി മാത്രമുള്ള ഇവർക്കു വിശ്വാസത്തിൽ തളരാതെ നിൽക്കുവാൻ സാധിച്ചത് കർത്താവിന്റെ സഹിഷ്ണുതയുടെ വചനത്തിലുള്ള ആശ്രയം തന്നെയായിരുന്നു. *"നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും* ***സഹിഷ്ണുതയിലും*** *കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ "* എന്നു യോഹന്നാൻ തന്നെക്കുറിച്ചു വെളിപ്പാടിന്റെ ആരംഭഭാഗത്തു പ്രസ്താവിച്ചിട്ടുണ്ട്(വെളി.1:9). കർത്താവിന്റെ നാമത്തിൽ കഷ്ടത അനുഭവിക്കുന്നത് കർത്താവിന്റെ രാജ്യത്തിലും കർത്താവിന്റെ സഹിഷ്ണുതയിലും കൂട്ടാളിയാകുന്ന അനുഭവം കൂടിയാണ്. വിശ്വാസത്താൽ നീതീകരണം ലഭിച്ച വിശ്വാസി കഷ്ടങ്ങളിലും പ്രശംസിക്കുവാനിടയാകുന്നുവെന്നു റോമാലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് പറയുന്നു. **റോമ.5:3 —** *"കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത സിദ്ധതയെയും, സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു."* കഷ്ടങ്ങളിലൂടെ കടക്കുമ്പോൾ സഹിഷ്ണുത ലഭിക്കുന്നു. നിരന്തരമായുണ്ടാകുന്ന കഷ്ടതകളും അതിനെതിരെ നിൽക്കുവാൻ ആവശ്യമായ സഹിഷ്ണുത അഥവാ ക്ഷമയും ഉണ്ടാകുമ്പോൾ സിദ്ധത അഥവാ പരിശീലനം ലഭിക്കുന്നു. കഷ്ടതയും, സഹിഷ്ണുതയും, സിദ്ധതയും കൂടി പ്രത്യാശ ഉളവാക്കുന്നു. അതുകൊണ്ടാണ് വിശ്വാസിക്കു കഷ്ടങ്ങളിലും പ്രശംസിക്കുവാൻ സാധിക്കുന്നത്. *"പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി*

*ത്തീർന്നു"*(എബ്രാ.5:8,9). ക്രിസ്തുവും തന്റെ വചനങ്ങളും സഹിഷ്ണുതയിലേക്കു നയിക്കുന്നു. ഫില ദെൽഫ്യക്കാർ ആശ്രയിച്ചതും, അനുസരിച്ചതും കർത്താവിന്റെ സഹിഷ്ണുതയുടെ വചനങ്ങളായിരുന്നു. ആയതിനാൽ അവർക്കു കഷ്ടങ്ങളിലും സഹിഷണുതയോടെ നിൽക്കുവാനും കർത്താവിൻ നിന്നും അഭിനന്ദനം ലഭിക്കുവാനും ഇടയായി.

**ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും —**

സഹിഷ്ണുതയെക്കുറിച്ചുള്ള കർത്താവിന്റെ വചനം ഫിലദെൽഫ്യസഭ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു അവരെയും കാക്കും എന്നാണ് അവരോടുള്ള വാഗ്ദത്തം. ഫിലദെൽഫ്യസഭാവിശ്വാസികൾ കർത്താവിന്റെ ഹിതപ്രകാരം ജീവിച്ചവരാകയാൽ കർത്താവും അവരെ ഭൂമിയിലുള്ള അവരുടെ സകലവിധ പരീക്ഷണങ്ങളിൽ നിന്നും കാത്തു വിടുവിച്ചു. മാത്രവുമല്ല ഫിലദെൽഫ്യസഭ ഇനി ഭൂതലത്തിലെങ്ങും വരുവാനുള്ള പരീക്ഷാകാലത്തു അഥവാ വരുവാൻ പോകുന്ന മഹോപദ്രവകാലത്തുള്ള കഷ്ടതയിൽ അവർ പങ്കുകാരാകുകയുമില്ല.

ഫിലദെൽഫ്യസഭക്കുള്ള ദൂതാകയാലും, ഇന്നത്തെ സഭകൾ ഫിലദെൽഫ്യസഭയുടെ പിൻതുടർച്ച സഭയല്ലാത്തതിനാലും, അന്നുള്ളവർ ജീവനോടില്ലാത്തതിനാലും, ഫിലദെൽഫ്യസഭയുടെ ആരംഭ കാലത്തു വിശ്വാസികൾ അനുഭവിക്കേണ്ടിവന്ന പരീക്ഷാകാലയളവിനെയാണ് ഇവിടെ സൂചിപ്പിക്കുന്നതെന്നു അഭിപ്രായമുണ്ട്. എന്നാൽ**"ഭൂമിയിൽ വസിക്കുന്നവരെ** *പരീക്ഷിക്കേണ്ടതിന്നു* **ഭൂതലത്തിൽ എങ്ങും** *വരുവാനുള്ള പരീക്ഷാകാലം"* എന്നത് ഫിലദെൽഫ്യസഭയുടെ അതിർത്തിയും കാലവും ഒക്കെ കടന്നു ഭൂമിയിലുള്ള സകല വിശ്വസ്തസഭകൾക്കുമുള്ള ഭാവി വാഗ്ദാനമായി വേദപണ്ഡിതന്മാർ ഇതിനെ വ്യാഖ്യാനിക്കുന്നു. കൂടാതെ ഏഷ്യാമൈനറിലെ ഏഴു സഭകൾക്കുള്ള ദൂതെങ്കിലും ഭൂമിയിൽ എല്ലാ കാലത്തുമുള്ള സഭകൾക്കും വിശ്വാസികൾക്കും ബാധകമായ ദൂതുകളും, പ്രബോധനങ്ങളും, വാഗ്ദത്തങ്ങളും ഇവയിൽ അടങ്ങിയിരിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. ആകയാൽ ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലം എന്നത് സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടു കഴിഞ്ഞുള്ള പീഡനകാലത്തെ കുറിക്കുന്നു. കൂടാതെ സഭ മഹോപദ്രവത്തിലൂടെ കടക്കുകയില്ലെന്നതിനെയും ഇതു വ്യക്തമാക്കുന്നു.

സഭയുടെ പ്രത്യാശയെന്നത് മദ്ധ്യാകാശത്തിലേക്കുള്ള കർത്താവിന്റെ വരവാണ്. ഇതിനെ ഉത്പ്രാപണം (Rapture) എന്നു പറയുന്നു. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ മണവാട്ടി സഭയെ കൊണ്ടുപോകുവാൻ വരുന്ന കർത്താവിന്റെ വാനമേഘങ്ങളിലുള്ള പ്രത്യക്ഷത അഥവാ ഉത്പ്രാപണത്തെപ്പറ്റി പുതിയ നിയമതിരുവെഴുത്തിൽ പറഞ്ഞിട്ടുണ്ട് (യോഹ.14:1-3/1.കൊരി.15:51-54/1.തെസ്സ.4:13-17). കർത്താവിന്റെ പുനരാഗമനത്തിനു രണ്ടു ഘട്ടങ്ങളുണ്ട്. ഒന്നാമത്തേതു സഭക്കായി മദ്ധ്യാകശത്തിലേക്കു വരുന്ന ഉത്പ്രാപണവും രണ്ടാമത്തേതു സഭയുമായി വരുന്ന മഹത്വപ്രത്യക്ഷതയുമാണ്. മദ്ധ്യാകാശത്തിലെ വരവിൽ സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടു കഴിഞ്ഞാൽ ലോകത്തിൽ അന്തിക്രിസ്തുവിന്റെ ഭരണത്തിനു ആരംഭം കുറിക്കും. ഈ അവസരത്തിൽ യഹൂദാജനം അന്തിക്രിസ്തുവാകുന്ന തുമ്പുകെട്ട ഇടയനുമായി ഉടമ്പടിയിലേർപ്പെടും(സെഖ.11:15-17). ഏഴു വർഷത്തെ ഉടമ്പടി കാലയളവിൽ പകുതി സമയമാകുമ്പോഴേക്കും അന്തിക്രിസ്തു യിസ്രായേലുമായുള്ള സമാധാനഉടമ്പടി ലംഘിച്ചു പീഡനം ആരംഭിക്കും. അന്തിക്രിസ്തുവിന്റെ ഭരണം ഏഴു വർഷക്കാലമാണ്. ഈ കാലയളവ് പീഡനകാലം (Tribulation period) എന്നറിയപ്പെടുന്നു. ഏഴു വർഷത്തിൽ അവസാനത്തെ മൂന്നര വർഷം മഹാപീഡനകാലം (Great Tribulation period) എന്നറിയപ്പെടുന്നു. മഹാപീഡനകാലമായ മൂന്നരവർഷത്തെപ്പറ്റി തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (വെളി.11:2/വെളി.12:6/വെളി.12:15/വെളി.13:5/ദാനീ.7:25/ദാനീ.9:27).

*"ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും"* (I also will keep you from the hour of trial which shall come upon the whole world, to test those who dwell on the earth) ഫിലദെൽഫ്യസഭക്കു നൽകുന്ന വാഗ്ദത്തം അവർക്കു മാത്രമല്ല ഭൂമിയിലെങ്ങുമുള്ള കർത്താവിന്റെ സഭകൾക്കുമുള്ള ദൂതായി കരുതാം. ഭാവിയിൽ സംഭവിക്കുവാനുള്ള പീഡനകാലത്തെ കുറിക്കുന്നു. ഇതിൽ അനേക ആത്മിക സത്യങ്ങൾ അടങ്ങിയിരിക്കുന്നു.

**(1) പരീക്ഷ അഥവാ പീഡനത്തിന്റെ സമയം —** നിശ്ചിത കാലത്തേക്കായിരിക്കും. പരീക്ഷാകാലത്തു എന്നതിനു ഇംഗ്ളീഷിൽ പരീക്ഷയുടെ മണിക്കൂറുകൾ (the hour of trial) എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ പീഡനകാലത്തെപ്പറ്റി വെളിപ്പാടു ആറു മുതൽ പത്തൊൻപതുവരെയുള്ള (വെളി. 6 —19) അദ്ധ്യായങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. യാക്കോബിന്റെ കഷ്ടകാലം (യിരെ.30:7) എന്നും ദാനിയേലിന്റെ എഴുപതു ആഴ്ചവട്ടം (ദാനീ.9:24-27) എന്നും ഇതിനെ അറിയപ്പെടുന്നു. പീഡനകാലം ഏഴു വർഷമാണ്. ഇതിൽ അവസാന മൂന്നരവർഷക്കാലം മഹാപീഡനകാലം ആയിരിക്കും. കർത്താവു ഒലിവുമല പ്രഭാഷണത്തിൽ ഈ പരീക്ഷാകാലത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. **മത്താ.24:21 —** *"ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനി മേലാൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാ*

*കും.”*

**(2) പീഡനത്തിന്റെ ഉദ്ദേശം —** പരീക്ഷിക്കേണ്ടതിന്ന് — ഭൂതലത്തിൽ ദൈവമക്കൾ പലവിധമായ കഷ്ടതകളും പ്രയാസങ്ങളും സഹിക്കുന്നുണ്ട്. എന്നാൽ കർത്താവു കാത്തുകൊള്ളുമെന്നു പറഞ്ഞിരിക്കുന്ന വാഗ്ദത്തം ഇവിടെ പറഞ്ഞിരിക്കുന്ന പരീക്ഷാകാലത്തിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്ന പീഡനത്തിന്റെ ഉദ്ദേശം സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം ഭൂതലത്തിലുള്ളവരെ പരീക്ഷിക്കേണ്ടതിനാണ്. അന്തിക്രിസ്തു ഭൂലോകത്തിന്റെ ഭരണം ഏറ്റെടുക്കുന്നതിനെ തുടർന്നു അന്നു ഭൂമിയിലുള്ളവർ അവൻ പറയുന്നതനുസരിച്ചില്ലെങ്കിൽ അവർക്കു മഹാകഷ്ടത്തിന്റെ നാളുകളായിരിക്കും. അവിശ്വാസികളായവർ പീഡനകാലത്തിലെ തീച്ചൂളയുടെ അനുഭവത്തിൽ ഒന്നുകിൽ മാനസാന്തരപ്പെട്ടു ജയിക്കുവാനും അല്ലെങ്കിൽ തോറ്റു നാശത്തിലേക്കു പോകുവാനും ഇടയാകും.

**(3) ആരെയാണ് പരീക്ഷിക്കുന്നത് ? —** സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം ഭൂമിയിൽ വസിക്കുന്നവരെയാണ് പരീക്ഷിക്കുന്നത്. *“ഭൂമിയിൽ വസിക്കുന്നവർ ”* എന്ന പ്രയോഗം വെളിപ്പാടു പുസ്തകത്തിൽ അവിശ്വാസികളായവരെ കുറിക്കുന്നു (വെളി.6:10/8:13/11:10/12:12/13:8/13:12/13:14/14:6/17:2/17:8). ലോകസ്നേഹത്തിലും, ലോകചിന്തയിലും മുഴുകി ക്രൂശിന്റെ ശത്രുക്കളായി ഭൂമിയിൽ വസിക്കുന്നവരാണവർ. സാർവ്വലൗകികമായി അനുഭവപ്പെടുന്ന ഈ പരീക്ഷാകാലം ഭുമിയിൽ മഹോപദ്രവകാലമായിരിക്കും.

**(4) പരീക്ഷ നടക്കുന്നതു എവിടെ? —** ഭൂതലത്തിലെങ്ങുമുള്ളവരെ പരീക്ഷിക്കുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശം. ഫിലദെൽഫ്യയിൽ മാത്രം ഒതുങ്ങി നിൽക്കാതെ ലോകവ്യാപകമായി നടക്കുന്ന പരീക്ഷയാണിത്.

**(5) പരീക്ഷാകാലത്തു സഭയുടെ അവസ്ഥ —** സഭ പരീക്ഷാകാലത്തിനു മുമ്പു എടുക്കപ്പെടും — സഭ അഥവാ കർത്താവിന്റെ മണവാട്ടി മഹോപദ്രവത്തിലൂടെ കടന്നു പോകയില്ല എന്നത് *“ഞാനും നിന്നെ കാക്കും”* എന്നതു വെളിപ്പെടുത്തുന്നു.

*“സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും”* എന്നുള്ള ഫിലദെൽഫ്യസഭക്കു കൊടുത്ത വാഗ്ദത്തം വിശ്വസ്തരായ സകലദൈവജനത്തിനും പ്രത്യാശ നൽകുന്ന വാഗ്ദത്തം കൂടിയാണ്. ഇക്കാലത്തു നമ്മെ കർത്താവു നാനാവിധ പരീക്ഷണങ്ങളിൽ നിന്നു വിടുവിക്കമാത്രമല്ല, സാർവ്വലൗകികമായി വരുവാൻ പോകുന്ന പരീക്ഷാകാലത്തിലും അഥവാ മഹോപദ്രവത്തിലും കടക്കുവാൻ കർത്താവു അനുവദിക്കുകയില്ല. തിരുവചനം വെളിപ്പെടുത്തിയിരിക്കുന്ന ഭയങ്കരമായ പരീക്ഷാവേളക്കു മുമ്പുതന്നെ കർത്താവു വാനമേഘങ്ങളിൽ പ്രത്യക്ഷനായി തന്റെ സഭയെ ചേർത്തുകൊള്ളും. വരുവാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവിക്കുവാൻ യേശു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരും (1.തെസ്സ.1:9/5:9). സഭ മഹോപദ്രവത്തിലൂടെ കടക്കുകയില്ല എന്നതിന്റെ ഉറപ്പേറിയ പ്രഖ്യാപനമാണ് ഫിലദെൽഫ്യ സഭക്കു കൊടുത്ത ഈ വാഗ്ദത്തത്തിലൂടെ നമുക്കും ലഭിക്കുന്നത്.

**വെളി.3:11 — “ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചു കൊൾക.”**

**“ഞാൻ വേഗം വരുന്നു”** (Behold, I am coming quickly) —

കർത്താവിന്റെ വചനം കാക്കുകയും, കർത്താവിന്റെ നാമം നിഷേധിക്കാതെയും സഹിഷ്ണുതയോടെ നിലകൊണ്ട ഫിലദെൽഫ്യസഭയെ പരീക്ഷാകാലത്തു കർത്താവും അവരെ കാക്കും എന്ന വാഗ്ദത്തം നൽകിയ ശേഷം *“ഞാൻ വേഗം വരുന്നു”* എന്ന ആശ്വാസവാക്കുകളും നൽകുന്നു. കർത്താവിന്റെ വരവിനെക്കുറിച്ചു മറ്റു സഭകൾക്കു നൽകിയ അറിയിപ്പിൽ നിന്നും വിഭിന്നമാണ് ഫിലദെൽഫ്യക്കു നൽകുന്ന വരവിന്റെ വാഗ്ദത്തം. *“അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ”* എന്നു എഫെസൊസ് സഭയോടും(വെളി.2:5), *“ആകയാൽ മാനസാന്തരപ്പെടുക അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്നു അവരോടു പോരാടും”* എന്നു പെർഗ്ഗമൊസിനോടും(വെളി.2:16), *“നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും”* എന്നു സർദ്ദിസിനോടും (വെളി.3:3) പറയുന്നത് സഭായുഗത്തിൽ തന്നെ കർത്താവു അവരുടെ മേൽ ന്യായവിധി നടത്തി ശിക്ഷിക്കും എന്നാണർത്ഥമാക്കുന്നത്. അതായത് ദൈവവഴി വിട്ടു പാപത്തിലും സകലമ്ളേച്ഛതകളിലും സഞ്ചരിക്കുകയും, ദൈവികപ്രമാണങ്ങൾ അനുസരിക്കാതയും ജീവിക്കുന്ന സഭകൾ മാനസാന്തരപ്പെടുവാനും അല്ലെങ്കിൽ ദൈവികന്യായവിധി നേരിടേണ്ടി വരുമെന്ന മുന്നറിയിപ്പിനോടുള്ള ബന്ധത്തിലാണ് കർത്താവു വരും എന്നു അറിയിച്ചത്. എന്നാൽ *“ഞാൻ വേഗം വരുന്നു”* എന്നു ഫിലദെൽഫ്യ സഭയോടു പറയുന്നത് അവരുടെ പ്രത്യാശാവിഷയമായ കർത്താവിന്റെ രണ്ടാം വരവിനെയാണ് സൂചിപ്പിക്കുന്നത്. ഈ വരവ് ന്യായവിധി നടത്തി ശിക്ഷിക്കുവാനല്ല മറിച്ചു ഭൂതലത്തിലൊക്കെയും വരുന്ന പരീക്ഷാകാലം അഥവാ മഹോപദ്രവത്തിൽ നിന്നു സഭയെ വിടുവിക്കാനാണ്. ഇവിടെ പ്രസ്താവിച്ചിരിക്കുന്ന വരവ് തന്റെ സഭയെ ചേർക്കുവാനായി കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവാണ് (യോഹ.14:3/1.കൊരി.15:51-53/1.തെസ്സ.4:13-18). *“ഞാൻ വേഗം വരുന്നു”* എന്നു ഫിലദെൽഫ്യസഭയോടു പറഞ്ഞ അതേ വാഗ്ദത്തം വെളിപ്പാടു പുസ്തകത്തിൽ

മൂന്നിടത്തുകൂടി പറഞ്ഞിട്ടുണ്ട് (വെളി.20:7,12,20). കർത്താവു വേഗം വരും എന്നു ഫിലദെൽഫ്യസഭക്കു കൊടുത്ത വാഗ്ദത്തം ഭൂമിയിൽ വിശ്വസ്തതയോടെ ജീവിക്കുന്ന സകലസഭകൾക്കും കൂടി ഉള്ളതാണ്. കർത്താവു വരുവാൻ കാലം അടുത്തിരിക്കുന്നു. ഞാൻ വേഗം വരുന്നു എന്നു പറഞ്ഞ കർത്താവു താമസിക്കുന്നതെന്താണെന്നു ചിന്തിക്കാം. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു (2.പത്രൊ.3:9,10) എന്നു അപ്പൊസ്തലനായ പത്രൊസ് പറയുന്നു. ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കയുമില്ല(എബ്രാ.10:37).

**നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചു കൊൾക"** (Hold fast what you have, that no one may take your crown) —

ഞാൻ വേഗം വരുന്നു എന്നു കർത്താവു ഫിലദെൽഫ്യസഭയെ അറിയിച്ചു. തുടർന്നു അവരെ അറിയിക്കുന്നത്, നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചു കൊൾക എന്ന പ്രബോധനമാണ്. ഇത് അവർ വിശ്വാസജീവിതത്തിൽ വളരെ ശ്രദ്ധയോടെ കരുതിക്കൊള്ളേണ്ടതാണ്. അവർ ക്രിസ്തുവിനോടു സ്നേഹവും, വിശ്വസ്തതയും, ഭക്തിയും, വചനത്തിൽ സഹിഷ്ണുതയും പുലർത്തിയവരായിരുന്നു. വിശ്വസ്തസഭ, സ്നേഹിക്കുന്ന സഭ, സഹോദരസ്നേഹമുള്ള സഭ, പ്രവർത്തിക്കുന്ന സഭ, ക്രിസ്തുവിൽ ശക്തിപ്പെട്ട സഭ, വചനം കാത്ത സഭ, കർത്താവിന്റെ നാമം നിഷേധിക്കാത്ത സഭ എന്നിങ്ങനെ അവർക്കു കർത്താവിൽ നിന്നു ലഭിച്ച അഭിനന്ദനങ്ങൾ ഫിലദെൽഫ്യസഭക്കു ഭൂമിയിൽ വെച്ചു ലഭിച്ച കിരീടങ്ങളായിരുന്നു. ഈ കിരീടങ്ങൾ ആരും കവർന്നെടുക്കുവാനോ തട്ടിത്തെറിപ്പിക്കുവാനോ അവസരം കൊടുക്കാതെ പിടിച്ചു കൊള്ളേണ്ടതാണ്. അതായത് അവർക്കു അല്പമേ ശക്തിയുള്ളുവെങ്കിലും അവർ നിലനിന്നതും പിടിച്ചു കൊണ്ടതുമായ സത്യങ്ങളിൽ അങ്ങനെ തന്നെ തുടരുവാൻ കർത്താവു ആജ്ഞാപിക്കുന്നു. അതു കർത്താവിന്റെ വരവോളം അനുസരിക്കേണ്ടുന്നതാണ്. സർദ്ദിസിലെ സഭ പലതും നഷ്ടപ്പെടുത്തി നിർജ്ജീവമായി കണ്ടപ്പോൾ അവരോടു കർത്താവു പറഞ്ഞത് നീ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർത്തു അതു കാത്തുകൊൾക അഥവാ പിടിച്ചു കൊൾക എന്നാണ് (വെളി.3:3).

**കിരീടം —** സ്വർഗ്ഗസിഹാസനങ്ങളിൽ ഇരിക്കുന്ന 24 മൂപ്പന്മാർ പൊൻകിരീടം ധരിച്ചിരിക്കുന്നതായി യോഹന്നാൻ കാണുന്നു(വെളി.4:4). പൊൻകിരീടം ധരിച്ചിരിക്കുന്നത് അവരുടെ പദവിയേയും, ഉന്നതിയേയും കുറിക്കുന്നു. "കിരീടം" (Crown) എന്ന വാക്കു കേൾക്കുമ്പോൾ തന്നെ നാം ഓർക്കുന്നത് രാജാക്കന്മാർ ധരിക്കുന്ന കിരീടത്തെയാണ്. അതു അവരുടെ സ്ഥാനചിഹ്നത്തെക്കുറിക്കുന്നു. എന്നാൽ കിരീടത്തെ ദൈവവചനത്തിൽ ആത്മീകമായി പല അർത്ഥത്തിലും ആലങ്കാരികഭാഷയിൽ ഉപയോഗിച്ചിട്ടുള്ളതായി കാണാം. "*അതു നിന്റെ തലയെ അലങ്കാരമാല അണിയിക്കും; അതു നിന്നെ ഒരു മഹത്വകിരീടം ചൂടിക്കും*"(സദൃ.4:9). ജ്ഞാനത്തെയും വിവേകത്തെയും കുറിച്ചാണിവിടെ പറയുന്നത്. "*സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിന്നു ഒരു കിരീടം* "(സദൃ.12:4); "*നരച്ചതല ശോഭയുള്ള കിരീടമാകുന്നു* "(സദൃ.16:31); "*മക്കളുടെ മക്കൾ വൃദ്ധന്മാർക്കു കിരീടമാകുന്നു* "(സദൃ.17:6). ഇവിടെയൊക്കെ പ്രശംസ, മഹത്വം, അഭിമാനം എന്നീ വക കാര്യങ്ങൾ ഉണ്ടാകുന്നതിനെയാണ് കിരീടം എന്നു പറഞ്ഞിരിക്കുന്നത്. "*അന്നാളിൽ സൈന്യങ്ങളുടെ യഹോവ തന്റെ ജനത്തിന്റെ ശേഷിപ്പിന്നു മഹത്വമുള്ളോരു കിരീടവും ഭംഗിയുള്ളോരു മുടിയും ന്യായവിസ്താരം കഴിപ്പാൻ ഇരിക്കുന്നവന്നു ന്യായത്തിന്റെ ആത്മാവും പട്ടണവാതില്ക്കൽ വെച്ചു പടയെ മടക്കിക്കളയുന്നവർക്കു വീര്യബലവും ആയിരിക്കും*" (യെശ.28:5,6). യഹോവയെ സ്നേഹിക്കുന്നവരോടു ദൈവം ഏതുനിലയിൽ ആയിരിക്കുമെന്നാണ് യെശയ്യാപ്രവാചകൻ പറയുന്നത്. ഫിലിപ്പിയ വിശ്വാസികൾ പൗലോസിന്റെ കിരീടം എന്നാണ് പറയുന്നത്. "*അതുകൊണ്ടു എന്റെ പ്രിയരും വാഞ്ഛിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമായുള്ളോരേ, ഇങ്ങനെ കർത്താവിൽ നിലനില്പ്പിൻ, പ്രീയമുള്ളവരേ* " (ഫിലി.4:1). തെസ്സലോനിക്യ വിശ്വാസികൾ പൗലൊസിന്റെ പ്രശംസാകിരീടം എന്നു പറഞ്ഞിരിക്കുന്നു. (1.തെസ്സ.2:19). കിരീടം എന്നത് തലയിൽ ചൂടുന്നതാണെങ്കിലും, ഈ ഭാഗങ്ങളിലെല്ലാം അവയുടെ ആത്മീകാർത്ഥം ഏറ്റവും ശ്രേഷ്ഠമായതും, പുകഴ്ചക്കുതകുന്നതുമായ ഗുണങ്ങളെക്കുറിക്കുന്നു.

വിശുദ്ധന്മാർ ദൈവത്തിന്നായി ചെയ്തിട്ടുള്ള സകലശുശ്രൂഷകളേയും മാനിച്ചു അവർക്കു പ്രതിഫലങ്ങൾ കൊടുക്കുന്ന ഒരു ദിവസമുണ്ട്. ദൈവവചനത്തിൽ വിശുദ്ധന്മാർക്കു പ്രതിഫലമായി നൽകുന്ന വിവിധ കിരീടങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. അവ (1) വാടാത്ത കിരീടം (1.കൊരി.9:25), (2) പ്രശംസാ കിരീടം (1.തെസ്സ.2:19), (3) നീതിയുടെ കിരീടം (2.തിമൊ.4:8), (4) തേജസ്സിന്റെ കിരീടം (1.പത്രൊ.5:4),(5) ജീവന്റെ കിരീടം (യാക്കോ.1:12/വെളി.2:10) എന്നിവയാകുന്നു. ഇവയൊക്കെ സ്വർഗ്ഗത്തിൽ വിശുദ്ധന്മാരെ ആദരിക്കുന്ന സ്ഥാനമാനങ്ങളും, പുകഴ്ചയും, പ്രതിഫലങ്ങളുമാണ്.

ഫിലദെൽഫ്യസഭയെ കർത്താവു വചനം കാക്കുന്ന സഭയെന്നും, കർത്താവിന്റെ നാമം നിഷേധിക്കാത്ത സഭയെന്നും അഭിനന്ദിച്ചുകൊണ്ടു അവരോടു പറയുന്നത് അവരുടെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം അവർക്കുള്ളതു പിടിച്ചു കൊൾക എന്നാണ്. ഇവിടെ പറഞ്ഞിരിക്കുന്ന കിരീടം നിത്യതയിൽ അവർക്കു ലഭിക്കുവാനുള്ളതല്ല മറിച്ച് കർത്താവിൽ വിശ്വസ്തരെന്ന നിലയിൽ അവർക്കു വിശ്വാസജീവിതത്തിൽ ലഭിച്ചിരിക്കുന്ന കീരീടമാണ്. അതു നഷ്ടപ്പെടാതെ മുറുകെ പിടിച്ചുകൊള്ളുവാനാണ് പ്രബോധനം. കിരീടമെന്നത് അവർക്കു ലഭിച്ചിരിക്കുന്ന സൽപ്പേരും, പ്രശംസയും, ആത്മിക ഉന്നതികളുമാണ്. രക്ഷ സൗജന്യമെങ്കിലും കിരീടം ലഭിക്കുന്നതിന്റെ അടിസ്ഥാനമെന്നത് ക്രിസ്തുവിലുള്ള അടിയുറച്ച ജീവിതവും ദൈവികപ്രമാണങ്ങളിലുള്ള പ്രയത്നഫലവും ആണ്. രക്ഷ ദൈവത്തിന്റെ ദാനവും കൃപായാലുള്ളതുമാകയാൽ സുരക്ഷിതമാണ്. എന്നാൽ കിരീടം കൈവിട്ടു പോകുവാൻ സാദ്ധ്യതയുണ്ട്. ഒരുവൻ ജീവിതകാലം മുഴുവൻ ക്രിസ്തുവിൽ നേടിയതും സമ്പാദിച്ചതുമായ സൽപ്പേരും, ജീവിതസാക്ഷ്യവും ഒക്കെ ഒറ്റ നിമിഷം കൊണ്ടു ഇല്ലാതാകാം. അതായത് ജീവിതഅങ്കിയിൽ പറ്റിപ്പിടിക്കുന്ന പാപത്തിന്റെ കറ മറ്റുള്ളവരുടെയും ദൈവത്തിന്റെ മുമ്പിലും അപമാനിതനാകുവാൻ ഇടയാകുന്നതാണ് കിരീടം നഷ്ടപ്പെടുന്നതിനെ സൂചിപ്പിക്കുന്നത്. കൃപയാലുള്ള രക്ഷയെ കാലങ്ങളോടുള്ള ബന്ധത്തിൽ മൂന്നായി തിരിക്കാം. ഭൂതകാലബന്ധത്തിൽ രക്ഷിക്കപ്പെട്ടു, വർത്തമാനകാലത്തിൽ രക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു, ഭാവികാലത്തു രക്ഷിക്കപ്പെടും എന്നിവയാണ്. ഇവ യഥാക്രമം നീതീകരണം, വിശുദ്ധീകരണം, മഹത്വീകരണം എന്നിവയെ കുറിക്കുന്നു. രക്ഷിക്കപ്പെട്ട ഒരുവനിൽ വർത്തമാനകാലത്തു വിശുദ്ധീകരണപാതയിൽ അനേകം ആത്മികസൽഗുണങ്ങൾ ആർജ്ജിക്കപ്പെടുന്നു. ഇവയെ കീരീടങ്ങൾ എന്നു വിശേഷിപ്പിക്കാം. ഇവയൊന്നും നഷ്ടമാക്കാതെയും, മാലിനപ്പെടാതെയും ജീവിക്കുവാൻ സദാ ശ്രദ്ധിക്കേണ്ടതുണ്ട്. അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും (മത്താ.10:22/മത്താ.24:13) എന്നു തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു. അവസാനത്തോളം സഹിച്ചു നിൽക്കാത്തവന്റെ രക്ഷ നഷ്ടപ്പെടുമെന്നു ഇതിനർത്ഥമില്ല. കൃപയാൽ ലഭിച്ച രക്ഷ നഷ്ടപ്പെടുമെന്നു ആകുലപ്പെടേണ്ടതില്ല. അതിനായി പ്രവർത്തനങ്ങളും ആവശ്യമില്ല. എന്നാൽ അവസാനത്തോളം സഹിച്ചുനിൽക്കുക അഥവാ സാക്ഷ്യം നഷ്ടപ്പെടാതെയും ജീവിത അങ്കി കളങ്കപ്പെടുത്താതെയും ജീവിക്കേണ്ടതായിട്ടുണ്ട്.

ശിംശോൻ ദൈവത്തിനായി വേർതിരിക്കപ്പെട്ടവനായിരുന്നു. അവനെക്കുറിച്ചു തിരുവചനം പറയുന്നത്: അവന്റെ ദൈവത്തിന്റെ നാസീർവ്രതം അവന്റെ തലയിൽ ഇരിക്കുന്നു; നാസീർവ്രതകാലത്തു ഒക്കെയും അവൻ യഹോവെക്കു വിശുദ്ധൻ ആകുന്നു (സംഖ്യാ.6:8). ശിംശോന്റെ തലയിൽ കിരീടമെന്നപോലെ ദൈവത്തിന്റെ നാസീർവ്രതനായിരുന്നു ഉണ്ടായിരുന്നത്. അശുദ്ധിയിലേക്കു നടന്നാൽ അവന്റെ വിശുദ്ധിയുടെ കിരീടം നഷ്ടമാകുമായിരുന്നു. സോരേക്ക് താഴ്വരയായ ജഡികമോഹങ്ങളിലേക്കു ഇറങ്ങിത്തിരിച്ചതിനാൽ അവന്റെ നിർമ്മലതയുടെയും വിശുദ്ധിയുടെയും കിരീടം നഷ്ടപ്പെടുവാൻ ഇടയായി.

ശിംശോനെ കൂടാതെ കിരീടം എന്ന നിലയിൽ ലഭിച്ച സ്ഥാനവും, അവസരങ്ങളും നഷ്ടപ്പെടുത്തിയ അനേകരെ തിരുവചനത്തിൽ കാണാം.

> ഏശാവ് ഒരു പാത്രം പായസത്തിനുവേണ്ടി തന്റെ ജേഷ്ടാവകാശമെന്ന കിരീടം അലക്ഷ്യമാക്കി നഷ്ടപ്പെടുത്തി. യാക്കോബ് സൂത്രത്തിൽ ജേഷ്ടാവകാശമെന്ന കിരീടം തട്ടിയെടുക്കുകയായിരുന്നു (ഉല്പ.25:34/എബ്രാ.12:16).

> ശൗൽ ദൈവഹിതത്തിനെതിരായി പ്രവർത്തിച്ചതിനാൽ രാജസ്ഥാനം നഷ്ടപ്പെടുകയും അതു ദാവീദിനു നൽകപ്പെടുകയും ചെയ്തു (1.ശമൂ.16:1).

> എലീശാപ്രവാചകന്റെ ശിഷ്യനായ ഗേഹസി തന്റെ ദ്രവ്യാഗ്രഹത്താൽ ശിഷ്യത്വപദവി അഥവാ കിരീടം നഷ്ടപ്പെടുത്തി(2.രാജാ.5:27).

> ഹിസ്കീയാരാജാവിന്റെ ഭണ്ഡാരധപതിയായ ശെബ്നയുടെ സ്ഥാനവും അധികാരവും അവന്റെ ദുഷ്പ്രവർത്തികൾ നിമിത്തം എല്യാക്കിമിലേക്കു കൈമാറ്റപ്പെട്ടു (യെശ.22:15-25).

> കർത്താവിന്റെ ശിഷ്യനായിരുന്ന യൂദാ ദ്രവ്യാഗ്രഹത്താൽ തന്റെ അപ്പൊസ്തലപദവി അഥവാ കിരീടം ന്ഷടപ്പെടുത്തി നശിച്ചുപോകുവാനിടയായി (മത്താ.27:5).

സാത്താന്റെ ആഴങ്ങളിൽ ഉൾപ്പെടാതെ ജീവിച്ച തുയഥൈരയിലെ വിശ്വസ്ത ശേഷിപ്പിനു കർത്താവു കൽപ്പന നൽകുന്നത് അവർക്കു ലഭിച്ചത് കർത്താവിന്റെ വരവുവരെ പിടിച്ചു കൊൾവാനാണ്. *"എങ്കിലും നിങ്ങൾക്കുള്ളതു ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ എന്നു ഞാൻ കല്പിക്കുന്നു"* (വെളി.2:25). *"നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചു കൊൾക"* എന്നുള്ള ഫിലദെൽഫ്യസഭയോടുള്ള പ്രബോധനം എല്ലാ കാലത്തുമുള്ള സകല സഭകൾക്കുമുള്ള ദൂതായിരിക്കുന്നു. ലഭിച്ചവയെ കാത്തു സൂക്ഷിച്ചുകൊണ്ടു സ്ഥിരതയുള്ളവരായി വിശ്വാസത്തിൽ നിലനിൽക്കണം (കൊലൊ.1:23). അലക്ഷ്യമായ ആത്മികജീവിതവും, ആത്മിക ഉറക്കവും, സത്യത്തെ നിസ്സാരമാക്കികൊണ്ടുള്ള ജീവിതവും കർത്താവിന്റെ വരവിൽ പൂർണ്ണ പ്രതിഫലം ലഭിക്കുവാൻ തടസ്സമാകും. സാത്താനായവൻ നമ്മുടെ കിരീടങ്ങൾ തട്ടിത്തെറിപ്പിക്കുവാനും, ദൈവത്തിൽ നിന്നുമകറ്റുവാനും ശ്രമിക്കുമെന്നതി

നാൽ വിശ്വാസികൾ ഏറെ കരുതി ജീവിക്കേണ്ടതായിട്ടുണ്ട്. യേശുക്രിസ്തുവിന്റെ പുനരാഗമനത്തെ പ്രത്യാശയോടെ കാത്തിരിക്കുന്ന നാം നമുക്കു ലഭിച്ചിരിക്കുന്ന കിരീടങ്ങൾ വിശ്വാസയാത്രയിൽ നഷ്ട മാകാതെ സൂക്ഷിക്കുകയും, പൂർണ്ണ പ്രതിഫലം ലഭിക്കുന്നതിനായും ജാഗരിക്കാം.

**വെളി.3:12 — “ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല; എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെപക്കൽ നിന്നു, സ്വർഗ്ഗത്തിൽ നിന്നു തന്നേ, ഇറങ്ങുന്ന പുതിയ യെരൂശലേം എന്ന എന്റെ ദൈവത്തിൻ നഗര ത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും.”**

ഓരോ സഭകൾക്കുമുള്ള ദൂതിലും ജയിക്കുന്ന വിശ്വസ്തർക്ക് കർത്താവു വാഗ്ദത്തം നൽകിയി ട്ടുണ്ട്. ഏഴു സഭകളിൽ വെച്ച് ഏറ്റവും കൂടുതൽ വാഗ്ദത്തങ്ങൾ നൽകിയിട്ടുള്ളതും ഫിലദെൽഫ്യ സഭ ക്കാണ്. കൂടാതെ ഫിലദെൽഫ്യസഭയെക്കുറിച്ചു യാതൊരു കുറ്റവും പറഞ്ഞിട്ടുമില്ല. എന്താണിതിനു കാരണം? കർത്താവിനു അവരെക്കുറിച്ചു പ്രശംസിക്കുവാൻ ഏറെ കാര്യങ്ങൾ അവരിൽ കാണപ്പെട്ടതി നാലാണ്. ഫിലദെൽഫ്യസഭ ശക്തിയുടെ കാര്യത്തിൽ കുറവുള്ളവരെങ്കിലും കർത്താവിന്റെ ഹിതത്തി നൊത്തു പ്രവർത്തിച്ചതിനാൽ കർത്താവിന്റെ ഹൃദയത്തെ അവർ സന്തോഷിപ്പിക്കുവാൻ ഇടയായി. ഇവർക്കു ലഭിച്ച വാഗ്ദത്തങ്ങൾ ഇന്നത്തെ സഭായുഗത്തിലെ വിശ്വസ്തരായ വിശ്വാസികൾക്കും സഭ കൾക്കും ഏറെ പ്രോത്സാഹജനകമായിരിക്കുന്നു. കർത്താവിൽ വിശ്വസിച്ച അഥവാ ജയിച്ചവരായ ഫില ദെൽഫ്യ സഭക്കു നാലു വാഗ്ദത്തങ്ങൾ ഈ വാക്യത്തിൽ കാണുന്നു.

**(1) ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല —** (He who overcomes, I will make him a pillar in the temple of my God, and he shall go out no more). ഫിലദെൽഫ്യസഭ മാറ്റമില്ലാത്ത ദൈവത്തിലും മാറ്റമില്ലാത്ത ദൈവവച നത്തിലും നിലനിന്നവരെന്ന നിലയിൽ അവർ ജയാളികളാണ്. ജയാളികൾ ആയതിനാൽ അവർക്കു കർത്താവിൽ നിന്നു ലഭിക്കുന്ന വാഗ്ദത്തമാണ് — *“ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആല യത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല”* എന്നത്.

**ജയിക്കുന്നവനെ —**

കർത്താവിൽ വിശ്വസിക്കുന്നവരാണ് ജയിക്കുന്നവർ (1.യോഹ.5:4,5). അവർ ദുഷ്ടനെയും എതിർക്രി സ്തുവിനെയും ജയിച്ചവരാണ് (1.യോഹ.2:13,14/1.യോഹ.4:4). ജയാളികളായവരെക്കുറിച്ചു വെളിപ്പാടു പുസ്തകത്തിൽ അനേക പ്രാവശ്യം പറഞ്ഞിട്ടുണ്ട് (വെളി.2:7/2:11/2:17/2:26 /3:5/3:12/3:21/17:14).

**എന്റെ ദൈവത്തിന്റെ —**

**“എന്റെ ”**എന്നുള്ള പ്രയോഗം 3:12 -ൽ അഞ്ചുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (*“എന്റെ ദൈവ ത്തിന്റെ ”* എന്നത് നാലു തവണയും *“എന്റെ പുതിയ നാമം ”* എന്നതു ഒരു തവണയും). *“എന്റെ ദൈവ ത്തിന്റെ ”* എന്നുള്ളത് പ്രതിഫല വാഗ്ദത്തങ്ങളോടുള്ള ബന്ധത്തിൽ ദൈവത്തോടു ജയാളികളായവരെ ഒരുമിപ്പിക്കുന്നതും, *“എന്റെ പുതിയ നാമം ”* എന്നുള്ളത് ജയാളികളായവരെ ക്രിസ്തുവിനോടു ഒരു മിപ്പിക്കുന്നതും ആണ്. എന്റെ ദൈവത്തിന്റെ നാമം എന്നത് ദൈവവചനത്തിലൂടെയും ക്രിസ്തുവിലൂ ടെയും വെളിപ്പെട്ട ദൈവത്തെ കുറിക്കുന്നു.

**ആലയത്തിൽ** (in the temple of my God) **—**

ആലയം എന്നത് ജയാളികൾക്കു ലഭിക്കുന്ന നിത്യസന്തോഷത്തിന്റെയും, സമാധാനത്തിന്റെയും, മഹത്വത്തിന്റെയും, പുകഴ്ചയുടെയും വാസസ്ഥലം അഥവാ സ്വർഗ്ഗത്തെക്കുറിക്കുന്നു.

**ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല —**

**തൂൺ —** “ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല ” എന്നതാണ് വാഗ്ദത്തം. ശക്തിയുടെ പ്രതീകമായ തൂൺ വിവിധ കാര്യങ്ങളെ വെളിപ്പെടുത്തുന്നു. (1) ഉയരത്തിലുള്ള അഥവാ തൂണിനു മുകളിലുള്ള പണികളെ താങ്ങി നിറുത്തുവാൻ ഉപയോഗിക്കുന്നു. (2) തൂൺ സ്ഥാവരം അഥവാ ചലിക്കാത്ത (immovable / unchanging) എന്നതിനെയും, സ്ഥിരത അഥവാ നിലനിൽപ്പിനെയും (Permanence), ഉറപ്പ് അഥവാ ദൃഢ തയെയും (firmness /stability) വ്യക്തമാക്കുന്നു. (3) വിശേഷപ്പെട്ട വ്യക്തികളെയോ, ദേവന്മാരെയോ ആദരിക്കുന്നതിനു തൂണിൽ പേരെഴുതിയും ഉപയോഗിക്കുന്നു. ജയാളികളായ വിശ്വാസികൾ ശക്തിഹീ നരെങ്കിലും ക്രിസ്തുവിൽ ശക്തിപ്പെട്ടവരാകയാൽ സകലതും നിവർന്നു നിന്നു വഹിക്കുവാൻ പ്രാപ്ത രാണ്. തൂൺ മാറ്റമില്ലായ്മ, നിലനിൽപ്പ്, ദൃഢത എന്നിവ പ്രകടിപ്പിക്കുന്നതു പോലെ വിശ്വാസികളും ക്രിസ്തുവിൽ ശക്തരായി നിലകൊള്ളുന്നു. കൂടാതെ അവരുടെ പ്രവൃത്തികൾ പുകഴ്ച ലഭിക്കുന്ന വിധ ത്തിലുള്ളതുമാണ്. തിരുവചനത്തിൽ വിവിധ തരം തൂണുകൾ കാണാം.

> ദൈവാലയത്തിനു മുമ്പിൽ സ്ഥാപിച്ച രണ്ടു താമ്രസതംഭങ്ങൾ —(2.ദിന.3:17/1.രാജാ.7:15-22)— ശലോമോൻ രാജാവു താൻ നിർമ്മിച്ച ദൈവാലയത്തിനു മുമ്പിൽ 18 മുഴം ഉയരവും 12 മുഴം ചുറ്റളവു മുള്ള രണ്ടു താമ്രസ്തംഭങ്ങൾ സ്ഥാപിച്ചിരുന്നു. അവയിൽ ഒന്നിന്റെ പേര് “ബോവസ് ” എന്നും മറ്റേ

തിന്റെ പേര് "യാഖീൻ"എന്നുമായിരുന്നു. ബോവസ് എന്നതിനു "അവനിലാണ് ശക്തി"(in it is strength) എന്നും യാഖീൻ എന്നതിനു "അവൻ നിലനിർത്തും" (it shall be established) എന്നുമർത്ഥം. ദൈവത്തിന്റെ അളവറ്റ ശക്തിയും, എന്നേക്കുമുള്ള മാറ്റമില്ലാത്ത പരിപാലനവും ആരാധകനു ദൈവാലയ വാതിൽക്കൽ നിന്നു ലഭിക്കുമെന്നു സാരം.

> യാക്കോബിന്റെ യാത്രാരംഭത്തിലെ തൂൺ — ഉല്പ.28:18 — യാക്കോബ് ബേർ-ശേബയിൽ നിന്നു ഹാരാനിലേക്കുള്ള യാത്രയിൽ വിശ്രമവേളയിൽ തലയണയായി വെച്ചികരുന്ന കല്ലു എടുത്തു തൂണായി നിറുത്തി അതിന്മേൽ എണ്ണ ഒഴിച്ചു. കല്ലിന്മേൽ എണ്ണ ഒഴിച്ചതിനാൽ ഒരു യാഗപീഠം എന്ന നിലയിൽ യാക്കോബ് അതിനെ ദർശിച്ചതായി മനസ്സിലാക്കാം. ബേഥേലിൽ നാട്ടിയ ഈ തൂൺ ദൈവത്തിലുള്ള പ്രതിഷ്ഠയെ വെളിപ്പെടുത്തുന്നു.

> യാക്കോബിന്റെ മടങ്ങിവരവിലെ തൂൺ — ഉല്പ.35:14 —യാക്കോബ് പദ്ദൻ-അരാമിൽ നിന്നുള്ള മടങ്ങി വരവിൽ ബേഥേലിൽ വീണ്ടും ഒരു കൽത്തൂൺ നിർത്തി അതിന്മേൽ പാനീയയാഗം ഒഴിച്ചു എണ്ണ പകർന്നു. യാക്കോബ് ദൈവത്തിനു സ്തോത്രം അർപ്പിച്ച തൂണായിരുന്നു.

> മേഘസ്തംഭവും അഗ്നിസ്തംഭവും — പുറ.13:21,22 — യിസ്രായേൽ മക്കളുടെ മരുയാത്രയിൽ പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു. നേരായ വഴിയും ആശ്വാസവും നൽകുന്നതോടൊപ്പം വെളിച്ചത്തിൽ നയിക്കുന്നതുമായ ദൈവത്തിന്റെ കരുതലുകളെ മേഘസ്തംഭവും അഗ്നിത്തൂണും വെളിപ്പെടുത്തുന്നു.

> മോശെ സീനായി പർവ്വതത്തിന്റെ അടിവാരത്തിൽ പണിത 12 തൂണുകൾ — പുറ.24:4 — ദൈവം യിസ്രായേലുമായുള്ള ഉടമ്പടി യാഗരക്തത്താൽ മുദ്രയിടുന്നതിന്റെ സ്മാരകത്തൂണുകളായിരുന്നു. അതായത് ഇവ ദൈവിക ഉടമ്പടിയുടെ സ്മാരകതൂണുകളായി നിലനിന്നു.

> യാക്കോബും, പത്രൊസും, യോഹന്നാനും യെരുശലേമിലെ സഭയുടെ തൂണുകളായി അറിയപ്പെട്ടിരുന്നു(ഗലാ.2:9). ന്യായപ്രമാണം പഠിപ്പിക്കുന്ന ഉപദേഷ്ടാക്കന്മാരെയാണ് യഹൂദജനം തൂണുകൾ എന്നു വിളിച്ചിരുന്നത്. യെരുശലേം സഭയുടെ ഉത്തരവാദപ്പെട്ടവർ എന്ന നിലയിലും, ദൈവവചനം പഠിപ്പിക്കുവാൻ പ്രാപ്തരെന്ന നിലയിലും യാക്കോബും, പത്രൊസും, യോഹന്നാനും സഭയുടെ തൂണുകളായി അറിയപ്പെട്ടു.

> ജീവനുള്ള ദൈവത്തിന്റെ സഭയെ സത്യത്തിന്റെ തൂണും അടിസ്ഥാനമവുമായി സാമ്യപ്പെടുത്തിയിട്ടുണ്ട്(1.തിമൊ.3:15). കെട്ടിടത്തിന്റെ മേൽപ്പണിയെ താങ്ങി നിറുത്തുവാൻ തൂൺ സഹായിക്കുന്നതുപോലെ സുവിശേഷസത്യങ്ങളെ താങ്ങി നിറുത്തുവാനും, ദൈവത്തിന്റെ സത്യം ഭൂമിയിലൊക്കെയും വ്യാപിപ്പിക്കുന്നതിനും പര്യാപ്തമാണ് തൂണായ ദൈവസഭ.

*"ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല"* എന്നതായിരുന്നു അവരോടുള്ള വാഗ്ദത്തം. ജയിക്കുന്നവനെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും എന്നത് അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല. കർത്താവിന്റെ വാഗ്ദത്തത്തിലുള്ള ആത്മീകാർത്ഥമാണ് എടുക്കേണ്ടുന്നത്. ഭൂമിയിലെ ഏതെങ്കിലും വസ്തുക്കളോ കല്ലുകളോ കൊണ്ടല്ല തൂണുകൾ നിർമ്മിക്കുന്നത്. സ്വർഗ്ഗീയ നഗരത്തിൽ മന്ദിരമേ ഇല്ല. **വെളി.21:22** — *"മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു."* ശക്തി, സ്ഥിരത, മഹത്വം, ആദരവിനു യോഗ്യത, പ്രതിഷ്ഠ, സാക്ഷ്യം, ഉത്തരവാദിത്വം എന്നിവ തൂൺ വെളിപ്പെടുത്തുന്നു. ആയതുപോലെ ഫിലദെൽഫ്യയിലെ ജയാളികളായവരെയും കർത്താവു മാനിക്കുകയും ആദരിക്കുകയും ചെയ്യും എന്നു അവരോടു വാഗ്ദത്തം ചെയ്തു. അവർക്കു ലഭിക്കുന്ന സ്ഥിരമായ അഥവാ എന്നേക്കുമുള്ള അനുഗ്രഹത്തെയും തൂൺ സൂചിപ്പിക്കുന്നു.

**അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല —**

നിരന്തരമായ ഭൂമി കുലുക്കങ്ങളും, അഗ്നിപർവ്വത സ്ഫോടനങ്ങളും നിറഞ്ഞ സാഹചര്യത്തിൽ ജീവിച്ച ഫിലദെൽഫ്യക്കാർക്കു *"അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല"* എന്നുള്ള അറിയിപ്പ് അവർക്കു വേഗത്തിൽ മനസ്സിലാകുന്നതായിരുന്നു. ഭൂകമ്പങ്ങളുണ്ടാകുമ്പോഴും, അഗ്നിപർവ്വതങ്ങൾ പൊട്ടിതിളച്ച ലാവ ഒഴുകുന്ന സന്ദർഭങ്ങളിലും ഫിലദെൽഫ്യാക്കാർ പ്രാണരക്ഷാർത്ഥം പട്ടണത്തിനു വെളിയിലേക്കോടി താൽക്കാലിക കുടിലുകൾ കെട്ടി താമസിച്ചിരുന്നു. എന്നാൽ കർത്താവു അവരുടെ ശക്തിയുടെ ഉറവിടമായതിനാൽ ഇനിയും ഭയപ്പെട്ടു പരിഭ്രാന്തിയിൽ കഴിയേണ്ടി വരികയില്ലെന്നും അവരെ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ ആലയത്തിൽ തൂണാക്കും എന്നും ഒരിക്കലും അവിടെ നിന്നും ഓടി പോകയില്ലെന്നും അവരെ അറിയിച്ചത് അവരിൽ പ്രത്യാശ വർദ്ധിപ്പിക്കുന്നതായിരുന്നു. നിത്യമഹത്വത്തിൽ അവരുടെ നിത്യസുരക്ഷിതത്വത്തെ വ്യക്തമാക്കുന്നതാണ് കർത്താവിന്റെ വാഗ്ദത്തം.

ഒരുവൻ യേശുക്രിസ്തുവിൽ അഭയം പ്രാപിച്ചു രക്ഷിക്കപ്പെടുമ്പോൾ അനേകർക്കു പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ കർത്താവു അവനെ ഒരു തൂൺ ആക്കുന്നു. അനേകരുടെ ഭാരങ്ങൾ വഹിക്കുവാനും, അനേകരെ ആശ്വസിപ്പിക്കുവാനും, മാറ്റമില്ലാത്ത ദൈവവചനം ഘോഷിക്കുവാനും, ക്രിസ്തുവിലുള്ള സാക്ഷ്യജീവിതം പ്രദർശിക്കപ്പെടുവാനും, ദുരുപദേശങ്ങളിൽ ഒഴുകിപ്പോകാതെ ഉറച്ചു നിൽക്കു

വാനും തൂൺ എന്ന നിലയിൽ സജ്ജമാക്കപ്പെടുന്നു. കർത്താവിൽ ശക്തിപ്പെട്ടു നിൽക്കുന്ന ഈ തൂൺ ഒരിക്കലും വീണുപോകുകയോ നിലം പരിചാകുകയോ ഇല്ല. അവനെ ഒരു ഉറച്ച തൂണാക്കി നിറുത്തിയവൻ വിശ്വസ്തനും വാക്കുമാറാത്തവനും ആകയാൽ അവന്റെ രക്ഷ ഒരിക്കലും നഷ്ടമാകുകയില്ല. "*അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല* "എന്നത് നിത്യരക്ഷയെയും വെളിപ്പെടുത്തുന്നു.

**(2) ദൈവത്തിന്റെ നാമം അവന്റെ മേൽ എഴുതും — "എന്റെ ദൈവത്തിന്റെ നാമവും" —**

"ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല " എന്ന വാഗ്ദത്ത ശേഷം ഫിലദെൽഫ്യയിലെ ജയാളികളായവരോടുള്ള കർത്താവിന്റെ അടുത്ത വാഗ്ദത്തമാണ് എന്റെ ദൈവത്തിന്റെ നാമം അവന്റെ മേൽ എഴുതും എന്നുള്ളത്. തൂണായ അവരിൽ ആദ്യം എഴുതുന്നത് ദൈവത്തിന്റെ നാമമായിരിക്കും. വിശ്വാസികളുടെ മേൽ ദൈവത്തിന്റെ ഉടമസ്ഥാവകാശത്തെയും, ദൈവവും വിശ്വാസികളുമായുള്ള വ്യക്തിപരമായ ബന്ധത്തെയും പേരെഴുത്തു വെളിപ്പെടുത്തുന്നു. അവർ ദൈവത്തിന്റെ വകയാണെന്നുള്ള പ്രഖ്യാപനം ഈ വാഗ്ദത്തത്തിൽ അടങ്ങിയിരിക്കുന്നു.

> പുരാതനകാലത്തു അടിമകളുടെ ദേഹത്തു യജമാനന്റെ പേരു എഴുതുക പതിവുണ്ടായിരുന്നു. അടിമയുടെ മേലുള്ള യജമാനന്റെ ഉടമസ്ഥാവകാശത്തെയും, നിയന്ത്രണത്തെയുമാണ് ഇവിടെ പേരെഴുത്തു വെളിപ്പെടുത്തുന്നത്. പുസ്തകത്തിലോ ഏതെങ്കിലും വസ്തുവിലോ നാം പേരെഴുതുമ്പോഴും നമുക്കുള്ള അവകാശത്തെ പ്രകടമാക്കുന്നു.

> പഴയനിയമത്തിൽ മഹാപുരോഹിതന്റെ വേഷഭൂഷാദികളിൽ തലപ്പാവും നെറ്റിപ്പട്ടവും വ്യവസ്ഥ ചെയ്തിരുന്നു (പുറ.28:36-38). പഞ്ഞികൊണ്ടുള്ള തലപ്പാവിൽ അതിന്റെ മുൻവശത്തായി തങ്കം കൊണ്ടുണ്ടാക്കിയ ഒരു പട്ടം ഉണ്ടായിരുന്നു. പട്ടത്തിന്മേൽ"*യഹോവയ്ക്കു വിശുദ്ധം*" എന്നു എഴുതുവാനും കല്പിച്ചിരുന്നു. മഹാപുരോഹിതൻ ദൈവത്തിന്റെ വകയും, ദൈവത്തിനായി വേർതിരിക്കപ്പെട്ടവനും, വിശുദ്ധനുമാണെന്നു ഇതു സൂചിപ്പിക്കുന്നു. ആയതുപോലെ സ്വർഗ്ഗീയപൗരന്മാരായ വിശ്വാസികൾ ദൈവത്തിനായി വേർതിരിക്കപ്പെട്ടവരും, ദൈവത്തിന്റെ വകയും, വിശുദ്ധരും എന്നതിനെ പരസ്യമായി പ്രകടമാക്കുന്നതാണ് അവരുടെ മേൽ എഴുതപ്പെട്ട ദൈവത്തിന്റെ നാമം.

> യിസ്രായേൽ മക്കളെ ആശീർവാദവചനത്താൽ അഹരോനും പുത്രന്മാരും അനുഗ്രഹിക്കേണ്ട വിധം ദൈവം മോശെയോടു കല്പിക്കുമ്പോൾ (സംഖ്യാ.6:22-27) അവസാനമായി പറയുന്നത് : "*ഇങ്ങനെ അവർ യിസ്രായേൽമക്കളുടെ മേൽ എന്റെ നാമം വയ്ക്കണം* (സംഖ്യാ.6:27) — So they shall put My name on the children of Israel" എന്നാണ്. അതായത് യഹോവ ദൈവമായിട്ടുള്ള വിശുദ്ധജാതിയാണെന്നു അനുഗ്രഹം ലഭിച്ച ഈ ജനത്തെക്കാണുമ്പോൾ അവർക്കു ചുറ്റുപാടുമുള്ളവർ മനസ്സിലാക്കണമെന്നു ദൈവം ആഗ്രഹിച്ചു. ഫിലദെൽഫ്യയിലെ ജയാളികളായവരുടെയും മേൽ ദൈവത്തിന്റെ പേരു എഴുതപ്പെടുമ്പോൾ അവർ ദൈവജനമെന്നു വിളിക്കപ്പെടുവാൻ ഭാഗ്യം ലഭിച്ചവരും, വിശുദ്ധരും, ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരുമാണെന്നതിനെ പ്രകടമാക്കുന്നു.

> ദൈവത്തിന്റെ ദാസന്മാർ എന്ന നിലയിൽ ദൈവത്തിന്റെ അവകാശം പ്രകടമാക്കുന്ന പേരെഴുത്ത് അഥവാ മുദ്രയിടിൽ വെളിപ്പാടു പുസ്തകത്തിൽ വിവിധ സന്ദർഭങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (വെളി.7:3/9:4/14:1/20:4/22:4). കൂടാതെ മൃഗത്തെ നമസ്കരിക്കുന്നവരെയും മുദ്ര ഇട്ടു കാണുന്നു (വെളി.13:16,17/14:1,9/20:4). സാത്താന്റെ വക എന്നതു ഈ മുദ്രയിലൂടെ വെളിവാകുന്നു. മഹതിയാം ബാബിലോൻ "വേശ്യമാരുടെയും മ്ളേച്ഛതകളുടെയും മാതാവു " എന്നൊരു പേർ സകലരും കാണത്തക്കവണ്ണം വഹിക്കുന്നു(വെളി.17:5).

ജയാളികളായ ഫിലദെൽഫ്യക്കാരെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കുകയും, അനേകർ കാണത്തക്കവണ്ണം ആ തൂണിൽ "എന്റെ ദൈവത്തിന്റെ നാമം" എഴുതുകയും ചെയ്യും എന്നു കർത്താവു വാഗ്ദത്തം ചെയ്തു. ഈ വാഗ്ദത്തം ഇന്നത്തെ സഭകൾക്കും വിശ്വാസികൾക്കും കൂടി ഉള്ളതാണ്. ദൈവത്തിന്റെ നാമം നമുക്കു വെളിവായത് ക്രിസ്തുവിലൂടെയും ക്രിസ്തുവിന്റെ വചനത്തിലൂടെയുമാണ്. നാമും ക്രിസ്തുയേശുവിലൂടെയുള്ള വിശുദ്ധീകരണത്താൽ നീതീകരണം ലഭിച്ചു ദൈവത്തിന്റെ നാമം വഹിക്കുന്നവരാണ്. ദൈവത്തിനായി വേർതിരിക്കപ്പെട്ടവരും വിശുദ്ധരുമാണ്.

**(3) എന്റെ ദൈവത്തിന്റെ പക്കൽ നിന്നു, സ്വർഗ്ഗത്തിൽ നിന്നു തന്നേ, ഇറങ്ങുന്ന പുതിയ യെരൂശലേം എന്ന എന്റെ ദൈവത്തിൻ നഗരത്തിന്റെ നാമം എഴുതും —**

ഫിലദെൽഫ്യയിലെ ജയാളികൾക്കു ലഭിക്കുന്ന മറ്റൊരു വാഗ്ദത്തമാണ് : "*എന്റെ ദൈവത്തിന്റെ പക്കൽ നിന്നു, സ്വർഗ്ഗത്തിൽ നിന്നു തന്നേ, ഇറങ്ങുന്ന പുതിയ യെരൂശലേം എന്ന എന്റെ ദൈവത്തിൻ*

*നഗരത്തിന്റെ നാമവും"* എഴുതും എന്നത്. അതായത് സ്വർഗ്ഗത്തിന്റെ ആസ്ഥാനമായ പുതിയ യെരൂശലേം എന്ന ദൈവത്തിൻ നഗരത്തിന്റെ നാമം തൂണായ അവരുടെ മേൽ എഴുതപ്പെടും. തൂണായ അവരിൽ എഴുതപ്പെടുന്ന രണ്ടാമത്തെ നാമമാണിത്. വിജയികളായ അവർ സ്വർഗ്ഗത്തിൽ നിത്യപൗരത്വം ലഭിച്ചവരെന്നു സാരം. അവർക്കു ലഭിക്കുന്ന നിത്യസുരക്ഷിതത്വം, നിത്യഭദ്രത, നിത്യഅവകാശം, നിത്യമഹത്വം എന്നിവയെയും ദൈവത്തിന്റെ നഗരത്തിന്റെ പേരെഴുത്തിലൂടെ പ്രകടമാക്കുന്നു. സ്വർഗ്ഗീയ നഗരമായ പുതിയ യെരൂശലേമിനെ കുറിച്ചു വെളിപ്പാടു പുസ്തകം 21, 22 അദ്ധ്യായങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ നഗരം ദൈവസാന്നിദ്ധ്യത്തെ അഥവാ ദൈവവുമായുള്ള ആസ്വാദ്യതയുള്ള കൂട്ടായ്മയെക്കുറിക്കുന്നു. പുതിയ നഗരത്തിനു യഹോവ ശമ്മ (യഹോവ അവിടെ) എന്നായിരിക്കും പേരെന്നു യെഹെസ്കേൽ പ്രവാചകൻ എഴുതിയിട്ടുണ്ട് (യെഹെ.48:35). ദൈവസാന്നിദ്ധ്യത്തെ യഹോവ ശമ്മ എന്ന പേരു പ്രകടമാക്കുന്നു. നിരന്തരം ഭൂകമ്പങ്ങളും, അഗ്നിപർവ്വത സ്ഫോടനങ്ങളുമുള്ള നഗരമായ ഫിലദെൽഫ്യയിൽ അവർ ഏറെ ഭയത്തോടെ ജീവിച്ചിരുന്നുവെങ്കിൽ പുതിയ യെരൂശലേമിൽ ദൈവികസാന്നിദ്ധ്യത്തിൽ ഭയമില്ലാതെ ദൈവിക കൂട്ടായ്മയിൽ കഴിയുവാൻ വാഗ്ദത്തം ലഭിച്ചിരിക്കുന്നു.

ജയാളികളായവരിൽ എഴുതപ്പെടുന്ന നഗരത്തിന്റെ പ്രത്യേകതൾ ഈ വാകൃത്തിൽ അടങ്ങിയിരിക്കുന്നു. (1) പുതിയ യെരൂശലേം എന്നാണ് നഗരത്തിന്റെ പേർ (2) അതു ദൈവത്തിന്റെ പക്കൽനിന്നും സ്വർഗ്ഗത്തിൽ നിന്നുമാണ് ഇറങ്ങി വരുന്നത് (3) സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരുന്നു എന്നു പറഞ്ഞിരിക്കുന്നതിനാൽ നഗരത്തിന്റെ ആസ്ഥാനം സ്വർഗ്ഗത്തിനു വെളിയിൽ ആയിരിക്കും. അതായത് പുതിയ ആകാശവും പുതിയ ഭൂമിയും ഉൾപ്പെട്ടതാണ് പുതിയ യെരൂശലേം(വെളി.21:1,2).

പുതിയ യെരൂശലേം എന്ന നാമത്താലുള്ള നഗരം യിസ്രായേൽ രാഷ്ട്രത്തിന്റെ ഭൂമിയിലുണ്ടായിരുന്ന കേന്ദ്രനഗരമായ യെരൂശലേമിൽ നിന്നു വിഭിന്നമാണ്. വിശുദ്ധനഗരം എന്നറിയപ്പെട്ട ഭൂമിയിലെ യെരൂശലേം രക്തം ചിന്തപ്പെടുകയും നാമാവശേഷമാകുകയും ചെയ്തു. എന്നാൽ പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ നഗരം വിശുദ്ധി നിറഞ്ഞതും ദൈവമഹത്വത്തെ പ്രദർശിപ്പിക്കുന്നതുമാണ്. വിശ്വാസവീരനായ അബ്രഹാം നോക്കി പാർത്തതും(എബ്രാ.11:8), വീണ്ടെടുക്കപ്പെട്ട സകല ദൈവജനങ്ങളും വിശ്വാസക്കണ്ണുകളാൽ നോക്കി പാർക്കുന്നതുമായ സ്വർഗ്ഗീയ പട്ടണമത്രേ പുതിയ യെരൂശലേം.

**(4) എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും —**

ഫിലദെൽഫ്യയിലെ ജയാളികളായവർക്കുള്ള തുടർന്നുള്ള വാഗ്ദത്തം അവരിൽ എന്റെ അഥവാ ക്രിസ്തുവിന്റെ പുതിയനാമം എഴുതും എന്നാണ്. പുതിയനാമം എന്നത് കർത്താവിന്റെ സമ്പൂർണ്ണ വ്യക്തിത്വത്തെയും മഹത്വത്തെയും പ്രകടമാക്കുന്നു. ഫിലദെൽഫ്യസഭക്കു അല്പമേ ശക്തിയുള്ളു എങ്കിലും അവർ കർത്താവിന്റെ നാമം നിഷേധിക്കാത്തവരായിരുന്നു(വെളി.3:8). പ്രതികൂല സാഹചര്യങ്ങളിലും അവർ സഹിഷ്ണുതയോടെ കർത്താവിന്റെ ഭാഗത്തു ഉറച്ചു നിന്നു. പുരാതനകാലങ്ങളിൽ അടിമകളുടെ മേൽ യജമാനന്റെ പേരെഴുതാറുണ്ടായിരുന്നു. ഈ പേരെഴുത്ത് അടിമയുടെ മേൽ തന്റെ യജമാനന്റെ ഉടമസ്ഥാവകാശം വെളിപ്പെടുത്തുവാനായിരുന്നു. ഫിലദെൽഫ്യവിശ്വാസികളിൽ ക്രിസ്തുവിന്റെ പുതിയനാമം എഴുതപ്പെടുമ്പോഴും കർത്താവിന്റെ ഉടമസ്ഥാനവാകാശത്തെയാണ് പ്രകടമാക്കുന്നത്.

പുതിയനാമം എന്ന പ്രയോഗം ഫിലദെൽഫ്യക്കാർക്കു വേഗത്തിൽ മനസ്സിലാകുന്നതായിരുന്നു. ഭരണാധികാരിയായ അറ്റാലസ് രണ്ടാമന്റെ (Attalus-II) ഓമനപ്പേരായ ഫിലദെൽഫസ് (Philadelphus) എന്നതിൽ നിന്നു ആദ്യം ഫിലദെൽഫ്യ എന്നു പട്ടണത്തിനു പേരു ലഭിച്ചു. തുടർന്നു എ.ഡി.17-ൽ ഉണ്ടായ ഭൂകമ്പത്താൽ നശിച്ച പട്ടണത്തെ പുതുക്കി പണിത തിബെര്യാസ് കൈസർ (Caesar Tiberius) ചക്രവർത്തിയോടുള്ള ബഹുമാന സൂചകമായി ഫിലദെൽഫ്യക്കു നവകൈസര്യ (Neo-caesarea) എന്ന പുതിയ പേരു ലഭിച്ചു. തുടർന്നു അധികാരത്തിൽ വന്ന വെസ്പാഷ്യൻ ചക്രവർത്തിയോടുള്ള (Emperor Vespasian) ബഹുമാനാർത്ഥം അദ്ദേഹത്തിന്റെ കുടുംബപേരായ ഫ്ളേവിയസ് (Flavius) എന്നതിൽ നിന്നു ഫ്ളേവിയാ (Flavia) എന്ന പുതിയ പേരു ഈ പട്ടണത്തിനു ലഭിച്ചു. എന്നാൽ കുറേക്കാലങ്ങൾക്കു ശേഷം ഫ്ളേവിയ എന്ന പേരും മാറ്റപ്പെടുകയും ഫിലദെൽഫ്യ (Philadelphia) എന്ന പേരു വീണ്ടും ലഭിക്കുവാനും ഇടയായി. ഈ വിധം ഭരണാധികാരികളോടുള്ള ബഹുമാനസൂചകമായി വിവിധ പേരുകൾ അവരുടെ പട്ടണത്തിനു ലഭിച്ചുവെങ്കിൽ ജയാളികാളായ ഫിലദെൽഫ്യക്കാരിൽ അവരുടെ രാജാധിരാജാവും കർത്താവുമായ ക്രിസ്തുവിന്റെ പേര് അവരിൽ എഴുതപ്പെടുവാനിടയാകും എന്നു അവരെ അറിയിച്ചു.

യേശു, ക്രിസ്തു, മശിഹ എന്നീ പേരുകൾ തന്റെ രക്ഷണ്യപ്രവർത്തനത്തോടും തന്റെ ശുശ്രൂഷയോടുള്ള ബന്ധത്തിലും നമുക്കറിയാവുന്നതാണ്. കർത്താവു ഭൂമിയിലേക്കു വരുന്നതിനു മുമ്പായി ദൂതൻ മറിയക്കു പ്രത്യക്ഷനായി കർത്താവിന്റെ പേർ പറഞ്ഞിരുന്നു. **മത്താ.1:21 —** *"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം*

*എന്നു പറഞ്ഞു.*" നാമത്തിനൊത്ത രക്ഷണ്യപ്രവൃത്തികൾ പൂർത്തീകരിച്ചു സ്വർഗ്ഗത്തിലേക്കു പോയതിനാൽ ഇനി വരുന്നതു പുതിയ നാമത്തിലായിരിക്കും. കർത്താവിന്റെ പുതിയ നാമം എന്താണെന്നു നമുക്കു ഇപ്പോൾ അറികയില്ല. അതു വെളിപ്പെടുവാനിരിക്കുന്നതേയുള്ളു (വെളി.19:12). കർത്താവിന്റെ പുതിയനാമം തന്റെ ആളത്വമാഹാത്മത്തെയും മഹത്വത്തെയും പ്രദർശിപ്പിക്കുന്നതായിരിക്കും. എന്നാൽ പുതിയപേര് തന്റെ മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, വാനമേഘങ്ങളിലെ വരവ്, മഹത്വപ്രത്യക്ഷത എന്നിവയോടും, പുതിയ യെരൂശെലേം, പുതിയ ആകാശം പുതിയ ഭൂമി എന്നിവയോടും ബന്ധത്തിലുള്ളതാകാം. ഇന്നു വിശ്വാസികൾ കർത്താവിനെ ആത്മിക കണ്ണു കൊണ്ടു കാണുന്നു. ഒരിക്കൽ കർത്താവു പ്രത്യക്ഷനാകുമ്പോൾ സമ്പൂർണ്ണ മഹത്വത്തോടെ താൻ ആയിരിക്കുന്നതുപോലെ നാമും കാണും (1.യോഹ.3:2). മാത്രവുമല്ല നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നാമും അവനോടു കൂടെ തേജസ്സിൽ വെളിപ്പെടും (കൊലൊ.3:4). പുതിയ നാമത്തിങ്കൽ സകലരുടെയും മുഴങ്കാൽ മടങ്ങും. വിവാഹം ചെയ്യപ്പെട്ട ഒരു സ്ത്രീക്കു ഭർത്താവിന്റെ പേരുകൂടി ലഭിക്കുന്നതുപോലെ മണവാട്ടിസഭ മണവാളനുമായ വിവാഹശേഷം കർത്താവിന്റെ നാമം നമുക്കു ലഭിക്കുന്നത് എത്രയോ യോജ്യമായിരിക്കുന്നു. ജയാളികാളായ വിശ്വാസികളിൽ കർത്താവിന്റെ പുതിയനാമം എഴുതപ്പെട്ടു പ്രശംസക്കു കാരണമായിത്തീരുമ്പോൾ ഭൂവാസികളായ അവിശ്വാസികളുടെ നെറ്റിമേൽ നിത്യലജ്ജക്കും നിന്ദയ്ക്കുമായി അന്തിക്രിസ്തുവിന്റെ നാമം എഴുതപ്പെടും.

**വെളി.3:13 — "ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ."**

ഫിലദെൽഫ്യസഭക്കുള്ള ദൂതു അവസാനിപ്പിക്കുന്നത് "*ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ* " എന്നുള്ള ആഹ്വാനത്തോടെയാണ്. ഇതു മറ്റു സഭകൾക്കും നൽകിയിട്ടുള്ള പൊതുവായ ആഹ്വാനമാണ്. ഫിലദെൽഫ്യസഭ കർത്താവിന്റെ വചനം കാത്തു ഹിതപ്രകാരം ജീവിച്ചവരാണ്. അവരുടെ കണ്ണും ചെവിയും കർത്താവിൽ തന്നെയായിരുന്നു. അവരോടും "ചെവിയുള്ളവൻ കേൾക്കട്ടെ" എന്നുള്ള അറിയിപ്പു കൊടുക്കേണ്ടതുണ്ടോ? എന്നാൽ കർത്താവിന്റെ ആഹ്വാനം സഭയോട് എന്നല്ല മറിച്ചു സഭകളോടു എന്നാണ്. അതായത് ഒന്നാം നൂറ്റാണ്ടു മുതൽ കർത്താവിന്റെ വരവു വരെയുള്ള കാലഘട്ടത്തിലുള്ള സകല സഭകളോടുമുള്ള ദൂതാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. വിശുദ്ധനും, സത്യവാനും, പരമാധികാരിയും, സർവ്വശക്തനുമായ ദൈവം എന്ന നിലയിൽ കർത്താവു ഫിലദെൽഫ്യസഭക്കു നൽകിയ ദൂതു ഇന്നത്തെ സകല സഭകൾക്കും കൂടിയുള്ളതാണ്.

കർത്താവിനെ പ്രസാദിപ്പിക്കുകയും ഹൃദയത്തെ സന്തോഷിപ്പിക്കുകയും ചെയ്ത ഫിലദെൽഫ്യ സഭയെ അതിന്റെ സ്ഥാനത്തു നിന്നു നീക്കിയില്ല. തുർക്കികളുടെ അധീനതയിലുള്ള ഈ പട്ടണത്തിന്റെ ഇപ്പോഴത്തെ പേര് "ദൈവത്തിന്റെ നഗരം" എന്നർത്ഥമുള്ള "അല്ലാഹ്ഷഹർ " (Allah-Shehr= city of God) എന്നാണ്. തുർക്കികളുടെ അധീനതയിലെങ്കിലും ദൈവത്തെ ആരാധിക്കുന്ന സത്യവിശ്വാസികളെയും ഇവിടെ കാണാം. പുരാതനമായൊരു പള്ളിയുടെ കൽത്തൂണിൽ **വെളി.3:12 —** "*ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും*" എന്ന വാക്യം ആലേഖനം ചെയ്തിരിക്കുന്നതും കാണാം. വിശ്വസ്ത സഭ, സ്നേഹിക്കുന്ന സഭ, വചനം കാത്ത സഭ, കർത്താവിന്റെ നാമം നിഷേധിക്കാത്ത സഭ, ക്രിസ്തുവിൽ ശക്തിപ്പെട്ട സഭ എന്നിങ്ങനെയുള്ള ആത്മികമൂല്യങ്ങളുൾക്കൊള്ളുന്ന ഫിലദെൽഫ്യസഭക്കു ലഭിച്ച അനുഗ്രഹ വാഗ്ദത്തങ്ങൾ വിശ്വസ്തരായി ജീവിക്കുന്ന സകല സഭകൾക്കും വിശ്വാസികൾക്കും പ്രാപ്തമാക്കാം.

## ലവൊദിക്ക്യ സഭ (Laodicea Church)
### (വെളി. 3:14 — 22)

വെളിപ്പാടു പുസ്തകത്തിലെ ഏഴാമത്തെയും അവസാനത്തെയും ദൂത് ലവൊദിക്ക്യ സഭയുടെ ദൂതനുള്ളതാണ്. ശീതോഷ്ണസഭ, മന്ദോഷ്ണ സഭ (Lukewarm Church) സമ്പന്ന-ദരിദ്ര സഭ (Rich-Poor Church) എന്നിങ്ങനെയുള്ള പേരുകളാൽ ഈ സഭ അറിയപ്പെടുന്നു.

**ലവൊദിക്ക്യ പട്ടണം — (Laodicea City) —**

ഫിലദെൽഫ്യയിൽ നിന്നും ഏകദേശം 40 മൈൽ തെക്കുകിഴക്കായി ലവൊദിക്ക്യപട്ടണം സ്ഥിതി ചെയ്യുന്നു. ഏഷ്യാമൈനറിലെ റോമൻ പ്രവിശ്യയായ ഫ്രിഗിയയിലെ (Phrygia) ഒരു പ്രധാനപട്ടണമായിരുന്നു ലവൊദിക്ക്യ. ഇതിന്റെ പഴയപേര് "ദിയൊസ്പൊലിസ് "(Diospolis)എന്നായിരുന്നു."ലൈക്കസ് " (Lycus) നദീതീരത്തുള്ള മൂന്നു പട്ടണങ്ങളിലൊന്നാണിത്. കൊലേസ്സി, ഹിയരപൊലീസ് (Colossae, Hierapolis) എന്നിവയാണ് മറ്റു രണ്ടു പട്ടണങ്ങൾ. എഫസൊസുമായി ബന്ധിക്കുന്ന പ്രധാന നിരത്ത് ഈ മൂന്നു പട്ടണങ്ങളിലൂടെയും കടന്നു പോകുന്നു. കൊലെസ്സി പട്ടണം ലവൊദിക്ക്യയിൽ നിന്നും 10 മൈൽ കിഴക്കായും ഹിയരപൊലീസ് 6 മൈൽ വടക്കായും സ്ഥിതിചെയ്യുന്നു. ത്രികോണാകൃതിയിൽ നിൽക്കുന്ന ഈ മൂന്നു പട്ടണങ്ങളുടെ ഒരു വശത്തായി ലവൊദിക്ക്യയും സ്ഥിതി ചെയ്യുന്നു. കൊലൊസ്സി പരിശുദ്ധവും തണുത്തതുമായ നീരുറവക്കും, ഹിയരപൊലീസ് ചൂടു നീരുറവക്കും പ്രസിദ്ധമായിരുന്നു.

ഏഷ്യയിലെ പ്രധാന നിരത്ത് ലവൊദിക്ക്യയിലൂടെ കടന്നുപോകുന്നതിനാൽ ഏറ്റവും വലിയ വ്യാപാര കേന്ദ്രവുമായിരുന്നു. വളരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പട്ടണം ഒരു കോട്ടപോലെ നിലനിന്നതിനാൽ ശത്രുക്കളുടെ പെട്ടന്നുള്ള ആക്രമണത്തെ ചെറുത്തിരുന്നു. എന്നാൽ ഇതിന്റെ ഏറ്റവും വലിയ ന്യൂനത എന്നത് ജലസമ്പത്തിന്റെ അപര്യാപ്തതയായിരുന്നു. ചുറ്റുപാടും അനേക നീരുറവകളുണ്ടായിരുന്നുവെങ്കിലും പട്ടണത്തിനകത്തു ആവശ്യമായ ശുദ്ധജലം ലഭിച്ചിരുന്നില്ല. ഇതിനായി പട്ടണത്തിനു പുറത്തുനിന്നും അനേകമൈലുകൾ കുഴൽവഴിയായി ജലം എത്തിക്കേണ്ടിയിരുന്നു. പട്ടണത്തിന്റെ ഭൂപ്രകൃതി ശത്രുക്കളുടെ ആക്രമണത്തെ ചെറുത്തിരുന്നുവെങ്കിലും പട്ടണത്തിനകത്തേക്കു ജലം എത്തിക്കുന്ന കുഴലുകൾ നശിപ്പിച്ചു ശത്രുക്കൾ പലപ്പോഴും ലവൊദിക്ക്യയെ പ്രതിസന്ധിയിലാക്കിയിരുന്നു. സമീപ പട്ടണങ്ങളായ കൊലൊസ്സ്യിയിൽ തണുത്ത നീരുറവകളും, ഹിയരപൊലിസിൽ ചൂടു നീരുറവകളും ഉണ്ടായിരുന്നു. എന്നാൽ ദീർഘദൂരം ഭൂമിക്കടിയിലൂടെ കുഴൽ വഴിയായി കൊണ്ടു വരുന്ന ജലം പലപ്പോഴും മലിനമാകുകയും, ചൂടോ തണുപ്പോ ആയ ജലത്തിന്റെ അവസ്ഥക്കു മാറ്റമുണ്ടായി മന്ദോഷ്ണജലം അഥവാ ചുടും തണുപ്പും ഇല്ലാതെ വാടിയ രൂപം പ്രാപിച്ചാണ് ലവൊദിക്ക്യയിൽ എത്തുന്നത്.

ഏകദേശം ബി.സി. 250 –ൽ സെലൂസിഡ് (Seleucid) ഭരണാധികാരിയായ “അന്തിയോക്കസ് രണ്ടാമൻ ” (Antiochus II) ആണ് ലവൊദിക്ക്യ പട്ടണം പുതുക്കി പണിതത്. അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് “ലെവൊദിക് ”(Laodice) എന്നായിരുന്നു. ഭാര്യയോടുള്ള സ്നേഹപ്രകടനമായി പട്ടണത്തിനു അദ്ദേഹം “ലവൊദിക്ക്യ ” എന്നു നാമകരണം ചെയ്തു. ഏതാനും വർഷങ്ങൾക്കുള്ളിൽ (ബി.സി.253–ൽ) ഭാര്യയെ ഉപേക്ഷിച്ചുവെങ്കിലും പട്ടണത്തിന്റെ നാമം ലവൊദിക്ക്യ എന്നു തന്നെ തുടരുവാൻ അനുവദിച്ചിരുന്നു. സിറിയക്കാരായിരുന്നു ഇവിടത്തെ ആദ്യതാമസക്കാർ എങ്കിലും ജനസംഖ്യയിൽ യഹൂദന്മാർ ഏറെയുണ്ടായിരുന്നു.

**ലവൊദിക്ക്യ പട്ടണത്തിന്റെ പ്രത്യേകതകൾ —**

**(1) ലവൊദിക്ക്യപട്ടണം ധനകാര്യസ്ഥാപനങ്ങളുടെ ഒരു കേന്ദ്രവുമായിരുന്നു (Centre of Banking).**

ലൈക്കസ് നദീതീരത്തു സ്ഥിതി ചെയ്യുന്ന ലവൊദിക്ക്യപട്ടണത്തിലൂടെ മൂന്നു പ്രധാന നിരത്തുകൾ കടന്നു പോയിരുന്നതിനാൽ ഇതൊരു പ്രധാന വാണിജ്യകേന്ദ്രമായിത്തീർന്നു. സമീപ രാജ്യങ്ങളുമായി ഏറെ വ്യവസായ ബന്ധമുള്ളതിനാൽ നിരവധി ധനകൈമാറ്റ സ്ഥാപനങ്ങൾ (Cash exchange Centres) ഇവിടെ പ്രവർത്തിച്ചിരുന്നു. കൂടാതെ റോമൻ ഭരണത്തിൻ കീഴിലുള്ള സാമാധാന ജീവിതാന്തരീക്ഷം ലവൊദിക്ക്യയെ ഒരു സമ്പൽസമൃദ്ധപട്ടണമായി ഉയർത്തി. ലോകത്തിലെ ഏറ്റവും വലിയ ധനാഢ്യരാജ്യങ്ങളുടെ കൂട്ടത്തിൽ ലവൊദിക്ക്യ എണ്ണപ്പെട്ടു. എ.ഡി.17–ലും എ.ഡി.60–ലും ഉണ്ടായ ഭൂകമ്പങ്ങളാൽ ഈ പട്ടണം പൂർണ്ണമായി നശിക്കുവാനിടയായി. പട്ടണം പുതുക്കി പണിയുന്നതിനു റോമൻ ഭരണകൂടം സഹായവാഗ്ദാനം ചെയ്തിട്ടും അതു നിരസിച്ചു. പരസഹായം കൂടാതെ അവരുടേതായ സമ്പത്തിൽ നിന്നു തന്നെ പട്ടണം പുതുക്കിപ്പണിയത്തക്കവണ്ണം അവർ ഏറെ സമ്പന്നരായിരുന്നു.

**(2) ലവൊദിക്ക്യപട്ടണം തുണിവ്യവസായത്തിന്റെ പ്രധാന കേന്ദ്രമായിരുന്നു (Centre of Clothing Industry).**

ലവൊദിക്ക്യയിലെ ലൈക്കസ് നദീതിരത്തു ധാരാളമായി വളർത്തപ്പെട്ട ഒരിനം കറുപ്പു നിറമുള്ള ആടുകളുടെ രോമം കൊണ്ടു നിർമ്മിക്കുന്ന നേർമ്മയുള്ള കറുപ്പു കമ്പിളി വസ്ത്രം ഏറ്റവും പ്രസിദ്ധമായിരുന്നു. കമ്പിളി, പരവിതാനി എന്നിവയുടെ വാണിജ്യവും കയറ്റുമതിയും അവരെ ഏറ്റവും സമ്പന്നരാക്കി.

**(3) ലവൊദിക്ക്യപട്ടണം ഒരു പുരാതനഔഷധ കേന്ദ്രമായിരുന്നു (Centre of ancient medicine).**

വിശേഷിച്ചും കണ്ണിൽ പുരട്ടുവാനുള്ള ലേപനത്തിനു ഏറെ പ്രസിദ്ധമായ പട്ടണമായിരുന്നു (Famous for eyesalve). ലവൊദിക്ക്യയുടെ സമീപപ്രദേശത്തുള്ള ഒരു ക്ഷേത്രത്തോടനുബന്ധിച്ചുള്ള ആതുരവിദ്യാലയത്തിൽ തയ്യാർ ചെയ്യുന്നതായിരുന്നു ഈ ലേപനം. കണ്ണിനും കാതിനും ബാധിക്കുന്ന മിക്കരോഗങ്ങൾക്കും ഇതിനാൽ രോഗശമനം ലഭിച്ചിരുന്നു. റോമൻസാമ്രാജ്യത്തിന്റെ വിവിധസ്ഥലങ്ങളിൽ നിന്നു ഈ ലേപനത്തിനായി അനേക ആവശ്യക്കാർ എത്തിയിരുന്നു. കൂടാതെ അനേക രാജ്യങ്ങളിലേക്കു ലേപനം വിപണത്തിനായി കയറ്റി അയച്ചിരുന്നു. ഇതും അവരുടെ സമ്പൽസമൃദ്ധിക്കു കാരണമായി.

**ലവൊദിക്ക്യ സഭ —**

വെളിപ്പാടു പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന ഏഷ്യാമൈനറിലെ മറ്റു സഭകളെപ്പോലെ തന്നെ ലവൊദിക്ക്യസഭയുടെ ആരംഭത്തെക്കുറിച്ചും വ്യക്തമായ രേഖകൾ പുതിയനിയമതിരുവെഴുത്തുകളിലൂടെ ലഭിക്കുന്നില്ല. എഫെസൊസിലും പരിസരപ്രദേശങ്ങളിലും അപ്പൊസ്തലനായ പൗലൊസ് സുവിശേഷം അറിയിച്ചതു മൂലമായിരിക്കാം (അപ്പൊ.19:10) ഇവിടെയും സഭ സ്ഥാപിതമാകുവാൻ കാരണമായതെന്നു കരുതപ്പെടുന്നു. “*നിങ്ങൾക്കും ലവുദിക്യയിലുള്ളവർക്കും ജഡത്തിൽ എന്റെ മുഖം കണ്ടിട്ടില്ലാത്ത എല്ലാവർക്കും വേണ്ടി* ” (കൊലൊ.2:1) എന്നു കൊലൊസ്യർക്കെഴുതിയതിൻ പ്രകാരം അപ്പൊസ്തലനായ

പൗലൊസ് ലവൊദിക്കയിൽ ചെന്നിട്ടില്ലെന്നു വ്യക്തമാകുന്നു. ഒരു പക്ഷേ കൊലൊസ്യയിൽ ശുശ്രൂഷിച്ച എപ്പഫ്രാസ് വഴിയായിരിക്കാം (കൊലൊ.1:7) ലവൊദിക്ക്യയിലും സുവിശേഷം എത്തുവാനും സഭ സ്ഥാപിതമാകുവാനും ഇടയായത്. " *നിങ്ങൾക്കും* ***ലവുദികൃക്കാർക്കും*** *ഹിയരപൊലിക്കാർക്കും വേണ്ടി അവൻ* (എപ്പഫ്രാസ്) *വളരെ പ്രയാസപ്പെടുന്നു എന്നുള്ളതിന്നു ഞാൻ സാക്ഷി.* ***ലവുദികൃയിലെ*** *സഹോദരന്മാർക്കും നുംഫെക്കും അവളുടെ വീട്ടിലെ സഭെക്കും വന്ദനം ചെല്ലുവിൻ. നിങ്ങളുടെ ഇടയിൽ ഈ ലേഖനം വായിച്ചു തീർന്നശേഷം* ***ലവുദികൃസഭയിൽ*** *കൂടെ വായിപ്പിക്കയും* ***ലവുദികൃയിൽ*** *നിന്നുള്ളതു നിങ്ങളും വായിക്കയും ചെയ്വിൻ"* (കൊലൊ.4:13,15,16) എന്നു അപ്പൊസ്തലനായ പൗലൊസ് കൊലൊസ്യലേഖനത്തിന്റെ അവസാനത്തിൽ പറഞ്ഞിരിക്കുന്നു. ഇതിൽ നിന്നും കൊലൊസ്യ, ലവൊദിക്ക്യ സഭകളും വിശ്വാസികളും തമ്മിൽ ബന്ധമുണ്ടായിരുന്നുവെന്നു മനസ്സിലാക്കാം.

ലൗകിക സമ്പത്തും പ്രസിദ്ധിയും ലവൊദിക്ക്യരെ സ്വാർത്ഥതയിലേക്കും അഹങ്കാരത്തിലേക്കും നയിച്ചു. സമ്പത്തിൽ മാത്രം ആശ്രയിക്കുകയും ലക്ഷ്യം വെക്കുകയും ചെയ്തതിനാൽ ദൈവാശ്രയം തീരെയില്ലെന്ന നിലയിലെത്തി. ഏഷ്യാമൈനറിലെ മറ്റു പ്രവിശ്യകളിലൊക്കെ ജാതീയക്ഷേത്രങ്ങളും പ്രതിഷ്ഠകളും ധാരാളമായി കാണപ്പെട്ടിരുന്നു. എന്നാൽ ലവൊദിക്ക്യയിൽ മൺമറഞ്ഞുപോയതോ നശിച്ചതോ ആയ ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ പോലും കാണാനില്ലായിരുന്നു. യഹൂദന്മാർ തിങ്ങിപ്പാർക്കുന്ന പട്ടണമായിരുന്നുവെങ്കിൽ കൂടെ ക്രിസ്ത്യീയ ആരാധനാലയങ്ങളുണ്ടായിരുന്ന ലക്ഷണങ്ങളും ഇല്ലായിരുന്നു. അതായത് മതവും, വിശ്വാസവും അവർക്കു അന്യമായിരുന്നു. വ്യവസായം, വാണിജ്യം, വിപണനം, ധനസമ്പാദനം എന്നതായിരുന്നു പരമമായ ലക്ഷ്യം. ചുരുക്കി പറഞ്ഞാൽ ദൈവത്തെപ്പോലും അവർക്കു ആവശ്യമില്ലായിരുന്നു എന്നാണിതിൽ നിന്നു മനസ്സിലാക്കുന്നത്. "ദൈവത്തിന്റെയോ മനുഷ്യന്റെയോ സഹായം ലവൊദിക്ക്യക്കാർക്ക് ആവശ്യമില്ല " എന്നൊരു സംസാരം തന്നെ അക്കാലത്തു നിലവിലുണ്ടായിരുന്നത് അവരുടെ സമ്പൽസമൃദ്ധിയെയും ദൈവത്തോടുള്ള അവരുടെ സമീപനത്തെയും വെളിപ്പെടുത്തുന്നു. കർത്താവു ലവൊദിക്ക്യസഭയെ നിശിതമായി വിമർശിച്ചിരിക്കുന്നതിനാൽ വെളിപ്പാടു പുസ്തകത്തെ പുതിയനിയമകാനോനിൽ ഉൾപ്പെടുത്തുന്നത് ഒരിക്കൽ ലവൊദിക്ക്യസഭയുടെ അദ്ധ്യക്ഷൻ എതിർത്തത് അവരുടെ അധഃപതിച്ച ആത്മികജീവിതത്തെ പ്രകടമാക്കുന്നു.

സമ്പന്നതയുടെയും, ഭൗതികപ്രശസ്തിയുടെയും കാര്യങ്ങളിൽ മുഴുകി ജീവിച്ച പട്ടണക്കാരുടെ മദ്ധ്യേ കർത്താവിൽ വിശ്വസിച്ചു, കർത്താവിനെ ആരാധിക്കുന്ന ഒരു ചെറിയ കൂട്ടം ലവൊദിക്ക്യയിൽ ഉണ്ടായിരുന്നു. ഭൗമികമായ അവരുടെ ഉയർച്ചയും, ലോകമയത്വവും, ദൈവാശ്രയക്കുറവും, സഭയെ ആത്മികമായി തളർത്തിയിരുന്നു. ലവൊദിക്ക്യപട്ടണത്തെ സമ്പൽസമൃദ്ധിയിലേക്കും പ്രസിദ്ധിയിലേക്കും ഉയർത്തിയ ചുറ്റുപാടുകളെയും സാഹചര്യങ്ങളെയും അടിസ്ഥാനപ്പെടുത്തിയാണ് സഭാകാന്തൻ അവരോടുള്ള ദൂതു അറിയിക്കുന്നത്. അവരുടെ ദൈനംദിനജീവിതത്തിനായി അകലെ നിന്നു കൊണ്ടു വരപ്പെട്ട മന്ദോഷ്ണജലത്തെ ബന്ധിച്ചും, അവരുടെ സകല സമ്പൽസമൃദ്ധിക്കു വഴിതെളിച്ച വ്യവസായങ്ങളായ ധനവിനിമയം, വസ്ത്രവ്യാപാരം, കണ്ണിലെഴുതുവാനുള്ള ലേപനം എന്നിവയെ ബന്ധപ്പെടുത്തിയും പറഞ്ഞിരിക്കുന്ന കർത്താവിന്റെ വാക്കുകൾ അവരുടെ യഥാർത്ഥ ആത്മീയപാപ്പരത്തത്തെ വെളിപ്പെടുത്തുന്നവയാണ്.

**> മന്ദോഷ്ണജലം —** അനേക മൈലുകൾപ്പുറം നിന്നു കൊണ്ടുവരപ്പെട്ട ചൂടുറവയിലെ ജലം ലവൊദിക്ക്യയിലെത്തുമ്പോൾ ചൂടും അല്ല തണുത്തതും അല്ല എന്ന നിലയിൽ ആയിത്തീരുന്നു. അങ്ങനെയുള്ള സാഹചര്യത്തെ നന്നായി അറിയാവുന്ന അവരോടു കർത്താവു പറയുന്നത് — "*നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു*" (വെളി.3:15).

**> ധനസമ്പത്ത് —** ലവൊദിക്ക്യക്കാർ ബഹുസമ്പന്നർ ആയിരുന്നു. അവർക്കു ഭൂമിയിൽ ആരെയും ആശ്രയിക്കാതെ ജീവിക്കുവാൻ കഴിയുമെന്നു അഭിമാനിച്ചു. അവരോടു കർത്താവു പറയുന്നത് : "*ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും...............എന്നു അറിയാതിരിക്കയാൽ........നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും .............എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി ഉപദേശിക്കുന്നു* " (വെളി.3:17,18).

**> വസ്ത്രവ്യാപാരം —** ലവൊദിക്ക്യക്കാർ ഉൽപ്പാദിപ്പിച്ച കറുത്ത നേർമ്മയുള്ള കമ്പിളി വസ്ത്രത്തിൽ അവർ അഭിമാനിച്ചിരുന്നു. അവരോടു കർത്താവു പറയുന്നത് —: *എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ ...........നഗ്നനും.......എന്നു അറിയാതിരിക്കയാൽ...............നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും.............എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി ഉപദേശിക്കുന്നു* " (വെളി.3:17,18).

**> കണ്ണിലെഴുതുവാനുള്ള ലേപനം —** ലവൊദിക്ക്യയിൽ തയ്യാർ ചെയ്ത കണ്ണിലെഴുതുവാനുള്ള ലേപനം വളരെ പ്രസിദ്ധി നേടിയതായിരുന്നു. അവരോടു കർത്താവിനു പറയുവാനുള്ളത് —: *എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ ............ കുരുടനും എന്നു അറിയാതിരിക്കയാൽ*

*..... നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപനവും എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി ഉപദേശിക്കുന്നു "* (വെളി.3:17,18).

മത്തായിയുടെ സുവിശേഷത്തിലെ സ്വർഗ്ഗരാജ്യത്തിന്റെ ഏഴാമത്തെ ഉപമയായ "വലയുടെ ഉപമ" വെളിപ്പാടു പുസ്തകത്തിലെ ഏഴാമത്തെ സഭയായ ലവൊദിക്ക്യയോടു സാമ്യമുണ്ട്. **മത്താ.13:47-50 —** *"പിന്നെയും സ്വർഗ്ഗരാജ്യം കടലിൽ ഇടുന്നതും എല്ലാവക മീനും പിടിക്കുന്നതുമായോരു വലയോടു സദൃശം. നിറഞ്ഞപ്പോൾ അവർ അതു വലിച്ചു കരെക്കു കയറ്റി, ഇരുന്നുകൊണ്ടു നല്ലതു പാത്രങ്ങളിൽ കൂട്ടിവെച്ചു, ചീത്ത എറിഞ്ഞുകളഞ്ഞു. അങ്ങനെ തന്നേ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽ നിന്നു ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും." "കടൽ "*— ലോകത്തെയും, *"വല "*— സുവിശേഷത്തെയും കുറിക്കുന്നു. ഈ ലോകമാകുന്ന കടലിൽ സകലത്തെയും പിടിക്കുവാൻ സുവിശേഷമാകുന്ന വലക്കു കഴിയും. ഇന്നു ലോകം മുഴുവനും സുവിശേഷമാകുന്ന വലയിടുന്നു. *"നിറഞ്ഞപ്പോൾ അവർ അതു വലിച്ചു കരെക്കു കയറ്റി"* — എന്നതു കർത്താവിന്റെ വരവിൽ സംഭവിക്കുന്നതാണ്. *"ഇരുന്നുകൊണ്ടു നല്ലതു പാത്രങ്ങളിൽ കൂട്ടിവെച്ചു, ചീത്ത എറിഞ്ഞു കളഞ്ഞു"* —എന്നത് രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരെയും വേർതിരിക്കുന്നതിനെ കുറിക്കുന്നു. അന്നു ദൈവദൂതന്മാർ ദുഷ്ടന്മാരെ പിടിച്ച് കരച്ചിലും പല്ലുകടിയും ഉള്ള നിത്യനരകാഗ്നിയിലേക്കു എറിഞ്ഞു കളയും. കർത്താവിന്റെ രാജ്യസ്ഥാപനത്തോടു ബന്ധപ്പെട്ടുള്ള സംഭവങ്ങൾ ഉൾക്കൊള്ളുന്ന ഉപമയെങ്കിലും ലവൊദിക്ക്യകാലഘട്ടത്തിലെ സഭകളെയും അവയുടെ അവസ്ഥയെയും ഈ ഉപമ കുറിക്കുന്നു. എല്ലാവക മീനും വലയിൽ കയറുന്നതുപോലെ രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും ലവൊദിക്ക്യകാലഘട്ടത്തിലെ ക്രൈസ്തവസഭകളിൽ പ്രവേശിക്കപ്പെടുന്നു. ആത്മീകമായി മന്ദോഷ്ണാവസ്ഥയിലും, ആത്മീക കാര്യങ്ങൾക്കു വില കല്പിക്കാതെയും, ഭൗതിക സമ്പത്തിലും നന്മയിലും പ്രശംസിച്ചും ഇന്നത്തെ നാമധേയസഭകൾ ലവൊദിക്ക്യക്കാരെപ്പോലെ ജീവിക്കുന്നു.

**ലവൊദിക്ക്യ എന്ന പേരിന്റെ അർത്ഥം —**

ലവൊദിക്ക്യ (Laodicea) എന്ന പദത്തിന് "ജനത്തിന്റെ അവകാശം " (Rights of the People) എന്നാണർത്ഥം. കർത്താവിന്റെ ദൂതിലെ ഏഴാമത്തെ സഭയുടെ പശ്ചാത്തലവും സഭായുഗത്തിന്റെ അവസാന കാലഘട്ടത്തിലെ ആത്മികനിലയെയും അർത്ഥമാക്കുന്നു. അതായത് ഇന്നത്തെ ജനാധിപത്യവ്യവസ്ഥിതി സകല ആത്മീകകാര്യങ്ങളെയും സ്വാധീനിക്കുന്നതിനെ പേരു സൂചിപ്പിക്കുന്നു. ജനാധിപത്യത്തിൽ ജനം സകല ലൗകികകാര്യങ്ങളിലും അവകാശം പങ്കിടുന്നതുപോലെ ആത്മികകാര്യങ്ങളിലും സ്വന്തമോഹങ്ങൾക്കനുസരിച്ചു (2. തിമൊ.4:3) അവകാശങ്ങൾ പങ്കുവെയ്ക്കുന്നു.

ലവൊദിക്ക്യ എന്ന പദത്തിനു "ജനത്തിന്റെ നീതി " (Justice of the People) എന്നൊരു അർത്ഥം കൂടിയുണ്ട്. ദൈവത്തിന്റെ നീതി പിന്തുടരുന്നതിനു പകരം ജനങ്ങൾ അവരുടേതായ നീതി പിന്തുടരുന്നതിനെ കുറിക്കുന്നു. ഇതും ലവൊദിക്ക്യകാലഘട്ടമായ ഇക്കാലത്തു ക്രിസ്തുവിന്റെ അനുയായികൾ എന്നു സ്വയം അഭിമാനിക്കുന്നവരിൽ കാണപ്പെടുന്ന പ്രത്യേകതയാണ്.

സെലൂസിഡ് ഭരണാധികാരി അന്തിയോക്കസ് രണ്ടാമൻ തന്റെ ഭാര്യയോടുള്ള സ്നേഹപ്രകടനമായാണ് പട്ടണത്തിനു "ലവൊദിക്ക്യ" എന്നു നാമകരണം ചെയ്തത്. ഏതാനും നാളുകൾക്കകം ഭാര്യയെ ഉപേക്ഷിച്ച സാഹചര്യത്തിൽ ആദ്യസ്നേഹം നഷ്ടപ്പെട്ടതിനെയും ഈ പേരു സൂചിപ്പിക്കുന്നു. ഇതും നിലവിലുള്ള സഭകളുടെ അവസ്ഥയെ വെളിപ്പെടുത്തുന്നു.

**ലവൊദിക്ക്യ സഭാകാലഘട്ടം —**

എ.ഡി.1900 മുതൽ കർത്താവിന്റെ പുനരാഗമനം വരെയുള്ള കാലമാണ് ലവൊദിക്ക്യസഭാകാലഘട്ടമായി പൊതുവേ കരുതപ്പെടുന്നത്. കർത്താവിന്റെ രണ്ടാം വരവിനു മുമ്പുള്ള ഇപ്പോഴത്തെ കാലത്തെയും, ഇക്കാലത്തെ നാമധേയരുൾപ്പെട്ട സകല ക്രിസ്തീയസഭാവിശ്വാസികളെയും, ആത്മിക കാര്യങ്ങളിൽ ഓരോരുത്തർക്കു തോന്നിയതുപോലെ ജീവിക്കുന്ന കുത്തഴിഞ്ഞ ആത്മീക സാഹചര്യങ്ങളെയും ലവൊദിക്ക്യകാലഘട്ടം കുറിക്കുന്നു.

**ലവൊദിക്ക്യ ഇന്ന് —**

ലോകസമ്പത്തിലും, ഭൗതികനന്മകളിലും മാത്രം പ്രശംസിച്ച ലവൊദിക്ക്യസഭയെ അവരുടെ ആത്മീക കുറവുകളെ ഉപദേശിക്കുകയും, തുടർന്നു മാനസാന്തരപ്പെടുവാനും കർത്താവു പ്രബോധിപ്പിച്ചു. എന്നാൽ അവർ അനുസരിക്കാഞ്ഞതിനാൽ കർത്താവിന്റെ വായിൽ നിന്നു ഉമിണ്ണു കളയുവാൻ ഇടയായി. ലവൊദിക്ക്യസഭ ഇന്നു ഭൂമുഖത്തില്ല. തുർക്കികളുടെ അധീനതയിലുള്ള ഈ സ്ഥലത്തിന്റെ ഇപ്പോഴത്തെ പേര് "എസ്കി-ഹിസ്സാർ " (Eski-hissar) അഥവാ "പഴയ കോട്ട" എന്നാണ്. സമ്പന്നതയുടെ പ്രതീകമായ ഈ പട്ടണം നശിച്ചു നാമാവശേഷമായി. ജനവാസയോഗ്യമില്ലാത്തതായി ദൈവത്തിന്റെ ന്യായവിധിയുടെ പ്രദർശനമായി നിലകൊള്ളുന്നു.

**വെളി.3:14 — ലവൊദിക്ക്യയിലെ സഭയുടെ ദൂതന്നു എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ അരുളിച്ചെയ്യുന്നതു:**

വെളിപ്പാടു പുസ്തകത്തിൽ ഏഴു സഭകൾക്കായുള്ള ദൂതുകളിൽ അവസാനത്തെ ദൂതാണ് ലവൊദിക്ക്യസഭയുടെ ദൂതനുള്ളത്. സഭാകാലയളവിന്റെ അന്ത്യനാളുകളിലെ സ്ഥിതിവിശേഷങ്ങളും, സ്വഭാവലക്ഷണങ്ങളും ലവൊദിക്ക്യസഭക്കുള്ള ദൂതിലൂടെ പ്രകടമാകുന്നു. ലവൊദിക്ക്യസഭക്കുള്ള ദൂതോടുകൂടി യോഹന്നാൻ ദർശിച്ച "ഇപ്പോൾ ഉള്ള" (വെളി.1:19) കാര്യങ്ങൾ അഥവാ സഭാകാലത്തെക്കുറിച്ചുള്ള ദൂതുകൾ സമാപിക്കുന്നു. ഇനി സംഭവിപ്പാനിരിക്കുന്ന കാര്യങ്ങൾ നാലാം അദ്ധ്യായം മുതൽ ആരംഭിക്കുന്നു. സഭാചരിത്രാധീതകാലം മുതലുള്ള സകല ദുരുപദേശ നാമധേയസഭകളെയും ലവൊദിക്ക്യസഭ പ്രതിനിധീകരിക്കുന്നു. ഏഴു സഭകളിൽ അവസാനത്തെയും കർത്താവിന്റെ അതിനിശിതമായ വിമർശനത്തെയും ഏറ്റു വാങ്ങിയ സഭയാണിത്. കർത്താവിന്റെ വായ്ക്കു മധുരം പകരുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളൊന്നും ഇവർക്കില്ലായിരുന്നു. കയ്പിന്റെ അനുഭവം പകർന്നതിനാൽ ഉമിണ്ണുകളയുന്നതായി കാണുന്നു. കർത്താവിൻ നിന്നു ഇവരുടെ പ്രവർത്തനങ്ങളെക്കുറിച്ചു യാതൊരു അഭിനന്ദനവും ലഭിച്ചതുമില്ല.

ഫിലദെൽഫ്യസഭെക്കുള്ള ദൂതൊഴിച്ചു മറ്റു അഞ്ചു സഭകൾക്കുമുള്ള ദൂതുകൾ ആരംഭിച്ചത് വെളിപ്പാടു പുസ്തകം ഒന്നാം അദ്ധ്യായത്തിൽ യോഹന്നാൻ ദർശിച്ച ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തുവിന്റെ വ്യക്തിത്വവർണ്ണനയോടായിരുന്നു(വെളി.1:12-17). എന്നാൽ ഫിലെദെൽഫ്യസഭക്കെന്നപോലെ ഒന്നാം അദ്ധ്യായത്തിലെ വിശേഷണത്തിനു വിഭിന്നമായി ക്രിസ്തുവിന്റെ ദൈവത്വത്തെ വെളിപ്പെടുത്തിക്കൊണ്ടു ലവൊദിക്ക്യസഭക്കുള്ള ദൂതു ആരംഭിക്കുന്നു. ദൂതിൽ കർത്താവു തന്റെ സ്വഭാവസവിശേഷതയും, ആളത്വമഹിമയും, പദവിയും വ്യക്തമാക്കികൊണ്ടു അവരോടു സംസാരിക്കുന്നു. (1) വിശ്വസ്തനും സത്യവാനുമായ സാക്ഷി (The Faithful and True Witness) (2) ദൈവസൃഷ്ടിയുടെ ആരംഭം (The Begining of the Creation) (3) ആമേൻ (The Amen).

**(1) വിശ്വസ്തനും സത്യവാനുമായ സാക്ഷി (The Faithful and True Witness) —**

ലവൊദിക്ക്യസഭയുടെ ദൂതനു കർത്താവു ആദ്യമായി തന്നെ പരിചയപ്പെടുത്തുന്നത് തന്റെ സ്വഭാവസവിശേഷതയെയാണ്. "വിശ്വസ്തനും സത്യവാനുമായ സാക്ഷി " എന്നത് ക്രിസ്തുവിന്റെ മനുഷ്യത്വത്തെ കുറിക്കുന്നു. അതായത് കർത്താവിന്റെ ഈ ലോകത്തിലെ ജീവിതവും സാക്ഷ്യവും സത്യമായതും വിശ്വസ്തയുള്ളതുമായിരുന്നു. "*വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്കു അധിപതിയും ആയ യേശുക്രിസ്തുവിങ്കൽ നിന്നു നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ*" എന്നു പറഞ്ഞുകൊണ്ടാണ് വെളിപ്പാടു പുസ്തകം ആരംഭിച്ചത് (വെളി.1:5). പരീശന്മാർ ഒരിക്കൽ കർത്താവിനോടു ഇപ്രകാരം പറഞ്ഞു — "*നീ നിന്നെക്കുറിച്ചു തന്നേ സാക്ഷ്യം പറയുന്നു; നിന്റെ സാക്ഷ്യം സത്യമല്ല*" (യോഹ.8:13). അതിനു കർത്താവു ഉത്തരം നൽകിയത് —"*ഞാൻ എന്നെക്കുറിച്ചു തന്നേ സാക്ഷ്യം പറഞ്ഞാലും എന്റെ സാക്ഷ്യം സത്യം ആകുന്നു. ഞാൻ വിധിച്ചാലും ഞാൻ ഏകനല്ല, ഞാനും എന്നെ അയച്ച പിതാവും കൂടെയാകയാൽ എന്റെ വിധി സത്യമാകുന്നു.......... രണ്ടു മനുഷ്യരുടെ സാക്ഷ്യം സത്യം എന്നു നിങ്ങളുടെ ന്യായപ്രമാണത്തിലും* (ആവ.17:6/19:15) *എഴുതിയിരിക്കുന്നുവല്ലോ. ഞാൻ എന്നെക്കുറിച്ചു തന്നേ സാക്ഷ്യം പറയുന്നു; എന്നെ അയച്ച പിതാവും എന്നെക്കുറിച്ചു സാക്ഷ്യം പറയുന്നു*"(യോഹ.8:14-18). "വിശ്വസ്തൻ " എന്നത് കർത്താവിന്റെ മാറ്റമില്ലാത്ത വിശ്വസ്ത സ്വഭാവത്തെക്കുറിക്കുന്നു. **2.തിമൊ.2:13 —** "*നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു; തന്റെ സ്വഭാവം ത്യജിപ്പാൻ അവന്നു കഴികയില്ലല്ലോ; ഈ വചനം വിശ്വാസയോഗ്യമാകുന്നു.*" കർത്താവിന്റെ മറ്റൊരു സ്വഭാവസവിശേഷതയാണ് "സത്യവാൻ " എന്നത്. ഫിലദെൽഫ്യസഭെക്കുള്ള ദൂതിലും താൻ "സത്യവാൻ " എന്നു അവർക്കു പരിചയപ്പെടുത്തി(വെളി.3:7). സത്യമെന്ന പദത്തിനു ഗ്രീക്കിൽ "അലെത്തിനോസ് " (Alethinos)എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. യഥാർത്ഥമായത് (real) അഥവാ കലർപ്പില്ലാത്തത് (genuine) എന്നർത്ഥം. "*ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു* "(യോഹ.14:6); "*സത്യത്തിനു സാക്ഷി നില്ക്കേണ്ടതിന്നു ഞാൻ ജനിച്ചു അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു* " (യോഹ.18:37) എന്നുള്ള കർത്താവിന്റെ പ്രസ്താവനകൾ താൻ സത്യവും അതേപോലെ സത്യവാനായ സാക്ഷി എന്നതും വ്യക്തമാക്കുന്നു. വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ യേശുക്രിസ്തുവിന്റെ സകല വാഗ്ദത്തങ്ങളും സത്യമായതും അതു നിവർത്തിക്കുന്നതിൽ വിശ്വസ്തനുമായിരിക്കും.

**(2) ദൈവസൃഷ്ടിയുടെ ആരംഭം (The Begining of the Creation) —**

ലവൊദിക്ക്യസഭെക്കുള്ള ദൂതിൽ രണ്ടാമതായി കർത്താവു തന്നെ പരിചയപ്പെടുത്തുന്നത് ദൈവസൃഷ്ടിയുടെ ആരംഭമായവൻ എന്നാണ്. ഇതു കർത്താവിന്റെ ആളത്വമാഹാത്മ്യത്തെയും കാലങ്ങൾക്കും യുഗങ്ങൾക്കും അതീതമായ തന്റെ മാറ്റമില്ലായ്മയെയും കുറിക്കുന്നു. ദൈവസൃഷ്ടിയുടെ ആരംഭം എന്നുള്ള ഈ വാക്യത്തെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടു യേശുക്രിസ്തു ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാ

ണെന്നും, യേശുക്രിസ്തു ദൈവത്തിന്റെ സൃഷ്ടികളിൽ ഒന്നാമനും എന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ദുരുപദേശകരുണ്ട്. എന്നാൽ ദൈവസൃഷ്ടിയുടെ ആരംഭം എന്നത് യേശുക്രിസ്തു ദൈവത്തിന്റെ സൃഷ്ടി എന്നോ ദൈവസൃഷ്ടിയിൽ ഒന്നാമൻ എന്നോ അർത്ഥമില്ല. സകലസൃഷ്ടിയുടെയും ആരംഭകൻ (the Beginner of all Creation) എന്ന നിലയിലാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ആരംഭം എന്നതിനു ഗ്രീക്കിൽ ആർച്ചെ (arche) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം ഉത്ഭവഹേതു (source) അഥവാ ഉല്പത്തി (origin) എന്നാണ്. യേശുക്രിസ്തുവിൽ ചരിത്രം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നു. ക്രിസ്തു സകലത്തിന്റെയും കാരണവും, മൂലക്കല്ലും, സൃഷ്ടാവും, സൃഷ്ടിയുടെ പരിപാലകനുമാണ്. സകലത്തിന്റെയും ആരംഭകൻ എന്നതിനെ വിശദമാക്കുന്ന തിരുവചനങ്ങൾ നോക്കുക. **യോഹ.1:1-3 —** *"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല."* **കൊലൊ.1:15 -18 —** *"അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിന്നും മുമ്പെയുള്ളവൻ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിന്നു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്നു."* **എബ്രാ.1:2 —** *"അവനെ താൻ സകലത്തിന്നും അവകാശിയാക്കി വെച്ചു; അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി."* **വെളി.22:13 —** *"ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു."*

**(3) ആമേൻ (The Amen) —**

"വിശ്വസ്തനും സത്യവാനുമായ സാക്ഷി", "ദൈവസൃഷ്ടിയുടെ ആരംഭം" എന്നതിനു പുറമേ "ആമേൻ" ആയവൻ എന്നാണ് ലവൊദിക്ക്യസഭെക്കു ക്രിസ്തു തന്നെ പരിചയപ്പെടുത്തുന്നത്. ദൈവികത്രിത്വത്തിൽ രണ്ടാമനായ ദൈവം എന്ന നിലയിൽ ക്രിസ്തുവിന്റെ ദൈവത്വത്തെ ആമേൻ എന്ന പദവി വെളിപ്പെടുത്തുന്നു. ആമേൻ എന്നത് പഴയനിയമത്തിൽ ദൈവത്തെ സംബോധന ചെയ്യുന്ന നാമമാണ്. യെശയ്യാപ്രവചനത്തിൽ ദൈവത്തെ "സത്യദൈവം" (യെശ.65:16)എന്നു രണ്ടു പ്രാവശ്യം വിളിച്ചിരിക്കുന്നതിൽ എബ്രായഭാഷയിൽ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ആമേൻ ആയ ദൈവം (God of Amen) എന്നാണ്. ഇതിൽ ആമേൻ എന്നതിന്റെ അർത്ഥം സത്യം എന്നാണ്.

എബ്രായഭാഷയിൽ ആമേൻ എന്ന പദത്തിന്റെ മലയാള അർത്ഥം അതേ (Yes), അങ്ങനെയാകട്ടെ(may it be), തീർച്ചയായും (Surely), നിശ്ചയമായും (Certainly) എന്നൊക്കെയാണ്. മൂലഭാഷയിൽ ഈ വാക്കിന്റെ അർത്ഥം ഉറച്ചിരിക്ക (to be firm), നേരായത് (steady), മാറ്റമില്ലാത്തത് (unchanging), വിശ്വസ്തമായത് (trustworthy) എന്നാണ്. കർത്താവു പലപ്പോഴും ആമേൻ എന്ന പദം താൻ പറഞ്ഞ കാര്യത്തിന്റെ ഉറപ്പ്, സത്യസന്ധത, മാറ്റമില്ലായ്മ വ്യക്തമാക്കുവാൻ ഉപയോഗിച്ചിട്ടുണ്ട്(യോഹ.1:51/ യോഹ.3:3/3:5/3:11/10:1/10:7). സകല ദൈവീകവാഗ്ദത്തങ്ങളും ആമേൻ ആയ യേശുക്രിസ്തുമൂലമാണ് മനുഷ്യർക്കു പ്രാപ്തമാകുന്നത്(2.കൊരി.1:20).

യേശുക്രിസ്തു ആമേൻ എന്നതിൽ നിന്നു വ്യക്തമാകുന്നത് — (1) ക്രിസ്തു ദൈവമാണ് (2) തന്റെ ഉപദേശങ്ങൾ മാറ്റമില്ലാത്ത സത്യങ്ങളാണ് (3) തന്റെ വാഗ്ദത്തങ്ങൾ സത്യമായതും പരിപൂർണ്ണമായി വിശ്വസിക്കുവാൻ യോഗ്യവുമാണ്.

ലവൊദിക്ക്യസഭയോട് അരുളിച്ചെയ്തവൻ വിശ്വസ്തനും, സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ ആകുന്നു. ആദിയിൽ ദൈവം സൃഷ്ടിച്ചവ പാപത്താൽ വീഴ്ചയും പരാജയവും നേരിട്ടെങ്കിൽ പുതുസൃഷ്ടിയുടെ ആരംഭവും, കാരണക്കാരനുമായി ക്രിസ്തു ലവൊദിക്ക്യക്കു വെളിപ്പെടുന്നു. ക്രിസ്തു തന്റെ സ്വഭാവസവിശേഷതയും, ആളത്വമഹിമയും, പദവിയും വ്യക്തമാക്കികൊണ്ടു അവരോടു സംസാരിക്കുന്നു. ദൈവസൃഷ്ടിയുടെ ആരംഭമായ സൃഷ്ടാവായ ദൈവമാണ് സംസാരിക്കുന്നത്. ആമേൻ എന്നു പേരുള്ള സൃഷ്ടാവാം ദൈവം പറയുന്നത് എന്തു തന്നെയായാലും അതു മാറ്റം വരാത്തതാണ്. അതു നന്നായി മനസ്സിലാക്കി അവർ താൻ പറയുന്ന ദൂതു ശ്രദ്ധയോടെ കേൾക്കുകയും അനുസരിക്കുകയും വേണം.

**വെളി.3:15 —"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു."**

"വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായവൻ" എന്നു തന്നെ പരിചയപ്പെടുത്തിയ ശേഷം ലവൊദിക്ക്യസഭയെ അറിയിക്കുന്നത് "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു" എന്നാണ്. "ഞാൻ അറിയുന്നു" (I know) എന്നുള്ള പ്രസ്താവന മറ്റെല്ലാ

സഭകൾക്കുമെന്നപോലെ (വെളി.2:3/2:9/2:13/2:19/3:1/3:8/3:15) ലവൊദിക്ക്യസഭയോടും പറയുന്നു. "ഞാൻ അറിയുന്നു"എന്നത് "ക്രിസ്തുസർവ്വജ്ഞൻ" (Christ is Omniscient)എന്നതിനെയാണ് വെളിപ്പെടുത്തുന്നത്. ദൈവം എന്ന നിലയിൽ സകലതും ഉള്ളതുപോലെ അറിയുന്നവനും ജ്ഞാനത്തിന്റെ ഉറവിടവുമാണ്. ക്രിസ്തുവിനു മറഞ്ഞിരിക്കുന്നതും അറിയുവാൻ കഴിയാത്തതുമായ യാതൊന്നുമില്ല (യോഹ.16:30/1.കൊരി.1:30/എബ്രാ.4:13). ക്രിസ്തു സകലസഭകളെയും അറിയുക മാത്രമല്ല അവരുടെ പ്രവൃത്തിയും അറിയുന്നവനാണ്. വെളിപ്പാടിലെ ഏഴു സഭകളിൽ സ്മുർന്ന, പെർഗ്ഗമൊസ് എന്നീ സഭകളൊഴിച്ചു മറ്റു അഞ്ചു സഭകളോടും "നിന്റെ പ്രവൃത്തി അറിയുന്നു " (വെളി.2:2/2:19/3:1/3:8/3:15) എന്നു പ്രസ്താവിച്ചിട്ടുണ്ട്. ലവൊദിക്ക്യസഭയെ സൂഷ്മനിരീക്ഷണം ചെയ്ത കർത്താവ് അവരുടെ സകല പ്രവൃത്തികളെയും വിലയിരുത്തി. അവർ അലസന്മാരോ ഉദാസീനതയുള്ളവരോ ആയിരുന്നില്ല. മറിച്ച് അവർ ഏറെ അദ്ധ്വാനിച്ചു പ്രവർത്തിക്കുന്നവരായിരുന്നു. എന്നാൽ അവരുടെ പ്രവൃത്തികളുടെ ലക്ഷ്യം ധനസമ്പാദനവുമായിരുന്നു എന്നു കർത്താവു മനസ്സിലാക്കി. ആത്മികമായ കാഴ്ചപ്പാട് കർത്താവു അവരിൽ കണ്ടില്ല.

ഒരുവന്റെ പ്രവൃത്തി അവന്റെ യഥാർത്ഥസ്വഭാവത്തെയും ആത്മികനിലയെയും വെളിപ്പെടുത്തുന്നതാണ്. അവരുടെ ഫലങ്ങളാൽ തിരിച്ചറിയാം എന്നു കർത്താവു തന്റെ ശിഷ്യന്മാരോട് പ്രസ്താവിച്ചിട്ടുണ്ട്. **മത്താ.7:16,17 —** *"അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം; മുള്ളുകളിൽ നിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്നു അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു; ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു."* ആത്മാവിനെ അനുസരിച്ചു ജീവിക്കുന്ന ദൈവമക്കൾ ആത്മഫലം കായ്ക്കുന്നവരായിരിക്കും. അവർ ആഴത്തിൽ ദൈവകൃപയിലേക്കു വേരുകൾ ഇറക്കുകയും തൽഫലമായി സകലരും കാണത്തക്കവണ്ണം ഉയരത്തിൽ ഫലം പുറപ്പെടുവിക്കുകയും ചെയ്യും(2.രാജാ.19:30). വിവിധ തരത്തിലുള്ള ഒമ്പതു ആത്മഫലത്തെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസ് ഗലാതൃലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ട് (ഗലാ.5:22). യേശുക്രിസ്തുവിലുള്ള ഒരുവന്റെ വിശ്വാസം അവനെ രക്ഷയിലേക്കു നടത്തുന്നുവെങ്കിൽ പ്രവൃത്തിയാലുള്ള ഫലം പുറപ്പെടുവിക്കൽ രക്ഷിക്കപ്പെട്ടതിന്റെ തെളിവാണ്. പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്പലവും നിർജ്ജീവവുമാകുന്നു എന്നു യാക്കോബ് അപ്പൊസ്തലൻ പറയുന്നു. **യാക്കോ.3:17,20 —** *"അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതാകയാൽ സ്വതവെ നിർജ്ജീവമാകുന്നു. വ്യർത്ഥമനുഷ്യാ, പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ?"*. സർവ്വജ്ഞാനിയായ കർത്താവു ലവൊദിക്ക്യസഭയിൽ കണ്ടതും പ്രവൃത്തിയില്ലാത്ത വിശ്വാസമായിരുന്നു. അവരിൽ അഭിനന്ദിക്കതക്ക പ്രവൃത്തികളൊന്നും കാണാത്തതിനാൽ അവരുടെ യഥാർത്ഥ അവസ്ഥ അവരെ ബോധ്യപ്പെടുത്തി നിശിതമായി വിമർശിക്കുന്നു.

**നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു —**

കർത്താവ് ലവൊദിക്ക്യസഭയുടെ പ്രവൃത്തി സൂഷ്മനിരീക്ഷണം ചെയ്തപ്പോൾ അവരുടെ യഥാർത്ഥ ആത്മീക അധഃപതനത്തിന്റെ അവസ്ഥ അറിയുകയും അതു അവരെ അറിയിക്കുകയും ചെയ്യുന്നു. *"നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു "* എന്നായിരുന്നു അവരെപ്പറ്റിയുള്ള കർത്താവിന്റെ വെളിപ്പെടുത്തൽ. ഉഷ്ണവാൻ, ശീതവാൻ എന്നീ ആലങ്കാരികപ്രയോഗങ്ങൾ യഥാർത്ഥത്തിൽ അവരുടെ പട്ടണത്തിന്റെ പ്രത്യേക സാഹചര്യത്തോടു ബന്ധപ്പെടുന്നതാണ്. ലവൊദിക്ക്യപട്ടണത്തിനകത്തു ശുദ്ധജല ഉറവകളോ തടാകങ്ങളോ ഉണ്ടായിരുന്നില്ല. ഏഷ്യാമൈനറിലെ പട്ടണങ്ങളിൽ വെച്ച് ലവൊദിക്ക്യപട്ടണം ഏറ്റവും സമ്പൽസമൃദ്ധിയുള്ള പട്ടണമായിരുന്നുവെങ്കിലും ശുദ്ധജലത്തിന്റെ അപര്യാപ്ത അവരെ പലപ്പോഴും പ്രതിസന്ധിയിലാക്കുന്ന ഒരു ന്യൂനതയായിരുന്നു. എന്നാൽ ഇതിനു പരിഹാരമായി ജലം അവർ വളരെ ദൂരെ സ്ഥലങ്ങളിൽ നിന്നു കുഴൽ വഴിയായി ലവൊദിക്ക്യയിലേക്കു കൊണ്ടുവന്നിരുന്നു. ആറു മൈൽ അകലെയുള്ള ഹിയരപൊലിസിലെ ഔഷധഗുണമുള്ള ചൂടു നീരുറവകളിൽ നിന്നും പത്തു മൈൽ അകലെയുള്ള കൊലൊസ്സിയിലെ തണുത്തതും നിർമ്മലമായതുമായ നീരുറവയിൽ നിന്നുമാണ് അവർ ജലം കൊണ്ടു വന്നിരുന്നത്. ദീർഘദൂരം കുഴൽ വഴിയായി ഒഴുകി ലവൊദിക്ക്യയിൽ ജലം എത്തുമ്പോഴത്തേക്കും ഹിയരപൊലിസിലെ ജലത്തിന്റെ ചൂടോ, കൊലൊസ്സിയിലെ ജലത്തിന്റെ തണുപ്പോ, നിർമ്മലതയോ ഇല്ലാതെ വാടിയതും, മാലിന്യങ്ങൾ നിറഞ്ഞതുമായുള്ള അവസ്ഥയിലായിരിക്കും. *"നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു "* എന്നത് യഥാർത്ഥത്തിൽ അവരുടെ ആത്മികനിലവാരത്തെ സഭാകാന്തൻ വ്യക്തമാക്കുകയാണ്.

**വെളി.3:16 —"ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും."**

ലവൊദിക്ക്യസഭയുടെ പ്രവൃത്തിയെ ശോധന ചെയ്ത കർത്താവു അവരുടെ ഇപ്പോഴത്തെ

ആത്മികനിഷ്ക്രിയാവസ്ഥ മനസ്സിലാക്കി അവരെ നിശിതമായി വിമർശിക്കുന്നു. *"ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും"* എന്നത് അവർക്കു യഥാർത്ഥത്തിൽ ഞെട്ടൽ ഉളവാക്കുന്നതായിരുന്നു. ഒരുവൻ ലവൊദിക്ക്യപട്ടണത്തിലെത്തി അവിടെ ലഭിക്കുന്ന ചൂടോ തണുപ്പോ അല്ലാത്ത നിലയിലുള്ള വാടിയതും മാലിന്യം നിറഞ്ഞതുമായ വെള്ളം വായിൽ കൊണ്ടാൽ ഉടനെ തുപ്പിക്കളയുന്ന അനുഭവമായിരിക്കും. ഇതു തന്നെയാണ് കർത്താവു അവരുടെ നിർവ്വീര്യമായ ആത്മികാവസ്ഥയോടുള്ള ബന്ധത്തിൽ പറയുന്നതും. കർത്താവു അവരെ രുചിച്ചു നോക്കിയപ്പോൾ കർത്താവിന്റെ വായ്ക്കു മധുരം പകരുന്നതിനു പകരം കയ്പ്പിന്റെ അനുഭവമാണുണ്ടായത്. അതിനാൽ വായിൽ നിന്നു ഉമിണ്ണു അഥവാ തുപ്പിക്കളയും എന്നറിയിച്ചു. അവരുടെ ആത്മീകനില ശീതവുമല്ല, ഉഷ്ണവുമല്ല മറിച്ചു രണ്ടിനുമിടയിൽ ശീതോഷ്ണാവസ്ഥയാണ്. ആത്മീകാർത്ഥത്തിൽ ശീതം അഥവാ തണുപ്പുള്ള അവസ്ഥ യേശുക്രിസ്തുവിനെ നിരാകരിക്കുകയും എതിർക്കുകയും ചെയ്യുന്നവരെന്നു ചിന്തിക്കാം. ലോകത്തിനനുരൂപരായി സുവിശേഷത്തിനു ചെവി കൊടുക്കാത്തവരായിരിക്കും. ചുരുക്കത്തിൽ തണുത്തു വിറങ്ങലിച്ച ഇക്കൂട്ടർ രക്ഷിക്കപ്പെടാത്തവരായിരിക്കും. അതേസമയം ഉഷ്ണം അഥവാ ചൂടുള്ള അവസ്ഥ ആത്മീകമായി ശുഷ്ക്കാന്തിയുള്ളവരും ദൈവീക കാര്യങ്ങളിൽ മുമ്പിൽ നിൽക്കുന്നവരും, ലോകത്തിനനുരൂപരാകാതെ ക്രിസ്തുവിൽ രൂപാന്തരപ്പെട്ട ജീവിതത്തിന്റെ ഉടമകളുമായിരിക്കും. ഇവർ രക്ഷിക്കപ്പെട്ടവരും കർത്താവിനായി എരിഞ്ഞു ശോഭിക്കുന്നവരുമായിരിക്കും. അവരുടെ ജീവിതം അനേകർക്കു ചൂടും വെളിച്ചവും പകരുന്നതായിരിക്കും. എന്നാൽ ശീതോഷ്ണാവസ്ഥ ശീതവുമല്ല ഉഷ്ണവുമല്ല എന്ന നിലയെ വെളിപ്പെടുത്തുന്നു. ആത്മീകജീവിതത്തിലെ നിർവ്വീര്യതയെയും നിഷ്ക്രീയാവസ്ഥയെയും ശീതോഷ്ണാവസ്ഥ വെളിപ്പെടുത്തുന്നു. തണുപ്പു രക്ഷിക്കപ്പെടാത്ത നിലയെ വ്യക്തമാക്കുമ്പോൾ തണുപ്പല്ലാത്ത നില പ്രകടിപ്പിക്കുന്നവർ രക്ഷിക്കപ്പെട്ടു എന്നു അഭിമാനിക്കുകയും രക്ഷിക്കപ്പെട്ടതിന്റെ തെളിവു അഥവാ ഫലം പ്രവൃത്തിയിൽ വെളിപ്പെടുത്താത്തവരാണ്. ചൂട് രക്ഷിക്കപ്പെട്ട നിലയെ വ്യക്തമാക്കുമ്പോൾ ചൂടു കുറഞ്ഞ അവസ്ഥ ദൈവവുമായി, ദൈവവചനവുമായി, സഹവിശ്വാസികളുമായി ശക്തമായ ബന്ധമില്ലാത്തവരെ പ്രതിനിതീകരിക്കുന്നു. ഇവർ പരീശന്മാരെയും സദൂക്ക്യരെയും പോലെ കപടഭക്തിക്കാരാണ്.

"ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനാകയാൽ " -- എന്നത് കർത്താവ് ആലങ്കാരികഭാഷയിൽ ഉപയോഗിക്കുന്ന പ്രയോഗമാണ്. ആ നിലയിൽ ചൂടും തണുത്തതുമായ ആഹാരത്തോടു വിശ്വാസികളെ സാമ്യപ്പെടുത്തുന്നതും, ഇവയ്ക്കു രണ്ടിനുമിടയിലുള്ളവരെ തുപ്പിക്കളയുമെന്നതിനാൽ രക്ഷ നഷ്ടപ്പെടുമെന്നുള്ള നിഗമനത്തിലെത്തിച്ചേരുന്നതും ശരിയല്ല. തണുത്ത ആഹാരവും ചൂടുള്ള ആഹാരവും ആഹാരമെന്ന നിലയിൽ ഉപയോഗിക്കുന്നു. ഇവയുടെ ഉപയോഗം ചില നിബന്ധനകൾക്കും സാഹചര്യങ്ങൾക്കും വിധേയമാകുമ്പോൾ ഏറെ സ്വീകാര്യമാണ്. ഉദാഹരണമായി ഐസ്ക്രീം തണുത്തതായാലേ അതു ആനന്ദദായകമാകുകയുള്ളു. ചൂടാക്കി കഴിച്ചാൽ അതിൽ നിന്നു ലഭിക്കുന്ന രുചിയും ആനന്ദവും കിട്ടുകയില്ല. അതുപോലെ തണുത്ത കാലാവസ്ഥയിൽ ചൂടുള്ള ആഹാരമായിരിക്കും ഏറെ യോജിച്ചത്. എന്നാൽ ചൂടും തണുപ്പും ഇല്ലാതെ ഇടയ്ക്കുള്ള അവസ്ഥ ഏറെ വിരസതയുണ്ടാക്കുന്നതാണ്. ആത്മികമായും ഇതിനു പ്രസക്തിയുണ്ട്. അതുകൊണ്ടാണ് കർത്താവു ലവൊദിക്ക്യസഭയോടു പറഞ്ഞത് "ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും" എന്നത്. *"ഉമിണ്ണുകളയും "* എന്നത് രക്ഷിക്കപ്പെട്ട ഒരുവന്റെ രക്ഷ നഷ്ടപ്പെടും എന്നർത്ഥമില്ല. കർത്താവിന്റെ വായ്ക്കു രുചി പകരാത്ത വിശ്വാസികൾ കർത്താവിന്റെ സന്തോഷത്തിനും അഭിനന്ദനത്തിനും ഉതകുന്നവരല്ല. കർത്താവിന്റെ സാക്ഷികൾ എന്ന നിലയിൽ അവർ അറിയപ്പെടുകയുമില്ല. ആദ്യസ്നേഹം വിട്ടുകളഞ്ഞ എഫെസൊസ് സഭയോടു കർത്താവു പറഞ്ഞത്— *"നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും"* (വെളി.2:5). ഇതു തന്നെയാണ് വായിൽ നിന്നു ഉമിണ്ണുകളയും എന്നു ലവൊദിക്ക്യസഭയോടു പറഞ്ഞപ്പോൾ അതിൽ നിന്നും വ്യക്തമാകുന്നത്. കർത്താവിനായി പ്രവർത്തിക്കാതെ,എരിഞ്ഞു ശോഭിക്കാതെ, നിർവ്വീര്യരായി നടക്കുന്ന ലവൊദിക്ക്യസഭയെ അതിന്റെ സ്ഥാനത്തു നിന്നു മാറ്റും എന്നാണർത്ഥം. വ്യക്തികളായി അവർക്കു രക്ഷ നഷ്ടപ്പെടുകയില്ലെങ്കിലും കർത്താവിന്റെ വായ്ക്കു രുചി പകരാത്ത പ്രാദേശികസഭയെ അതിന്റെ സ്ഥാനത്തു നിന്നു നീക്കുന്നതിനാൽ വിശ്വാസികളും ഏറെ പ്രയാസങ്ങൾ അനുഭവിക്കുവാനിടയാകും. രക്ഷ ഭദ്രമാകയാൽ നഷ്ടമാകുന്ന പ്രശ്നമേയില്ല. കാരണം വിളിച്ച ദൈവം വിശ്വസ്തനാകയാൽ വാക്കു മാറുകയോ വഴിയിൽ ഉപേക്ഷിക്കുകയോ ഇല്ല. *"എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളകയില്ല"*(യോഹ.6:37)എന്നു കർത്താവു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ രക്ഷിക്കപ്പെട്ടവന്റെ സകല പ്രവൃത്തികളും ശോധന ചെയ്യുന്ന ഒരു നാളുണ്ട്. ഈ ലോകജീവിതത്തിൽ പ്രവർത്തിച്ചതൊക്കെ ശോധന ചെയ്യപ്പെടും. അപ്പോൾ ദൈവത്തിന്റെ കാര്യങ്ങളിൽ ഉദാസീനതയോടും തണുത്ത മനോഭാവത്തോടും ജീവിച്ചതും പ്രവർത്തിച്ചതുമൊക്കെ വെളിപ്പെടും. ദൈവത്തിന്റെ മുമ്പാകെ നിലനിൽക്കാത്ത പ്രവർത്തനങ്ങൾ വെന്തു പോകുമെങ്കിലും രക്ഷ

നഷ്ടപ്പെടുകയില്ല. *"ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കും എങ്കിൽ അവന്നു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽ കൂടി എന്നപെലെ അത്രേ "* (1.കൊരി.3:14,15).

"ശീതവാനുമല്ല ഉഷ്ണവാനുമല്ല എന്നാൽ ശീതോഷ്ണവാൻ" എന്ന നില ലവൊദിക്ക്യസഭയിൽ കർത്താവു കാണപ്പെട്ടത് ഇന്നത്തെ സഭകളിലും സഭാവിശ്വാസികളിലും കാണപ്പെടുന്ന ഒരവസ്ഥയാണ്. കർത്താവിന്റെ സ്നേഹം രുചിച്ചറിഞ്ഞു രക്ഷിക്കപ്പെട്ട വിശ്വാസികളിൽ ഒരു കൂട്ടർ കാലങ്ങൾ കഴിയുമ്പോൾ ആത്മീയത കുറഞ്ഞു ദൈവസ്നേഹത്തിൽ നിന്നകന്നു തണുത്തു വിറങ്ങലിച്ചു നിൽക്കുന്ന പ്രകൃതിയിലെത്തിച്ചേരുന്നു. ഇവരെക്കുറിച്ചു തിരുവചനം വെളിപ്പെടുത്തിയിരിക്കുന്നത് സ്നേഹം തണുത്തുപോയവർ (മത്താ.24:12) അഥവാ തണുത്ത ഹൃദയമുള്ളവർ (cold heart), ശീതവാന്മാർ എന്നാണ്. മറ്റൊരുകൂട്ടരാകട്ടെ ദൈവത്തിലും ദൈവീക കാര്യങ്ങളിലും ഉത്സാഹമുള്ളവരായി കർത്താവിനുവേണ്ടി ജീവൻ പോലും കൊടുക്കുവാൻ തയ്യാറുള്ളവർ. ആത്മീക കാര്യങ്ങളിൽ തീക്ഷ്ണതയുള്ളവരും എപ്പോഴും ചൂടു നിലനിറുത്തുന്നവരുമാണ്. ഇവരെക്കുറിച്ചു തിരുവചനം വെളിപ്പെടുത്തിയിരിക്കുന്നത് കത്തുന്ന ഹൃദയമുള്ളവർ (burning heart—ലൂക്കൊ.24:32) എന്നാണ്. ഇനി മൂന്നാമതൊരു കൂട്ടരുണ്ട്. അവർ തണുത്ത ഹൃദയമോ കത്തുന്ന ഹൃദയമോ ഇല്ലാതെ, ഇരുകൂട്ടരിലും മദ്ധ്യേ നിൽക്കുന്നവർ. ഇവരെക്കുറിച്ചു തിരുവചനം വെളിപ്പെടുത്തിയിരിക്കുന്നത് ശീതോഷ്ണഹൃദയമുള്ളവർ (lukewarm heart- വെളി.3:16) എന്നാണ്. ഇവർ ആത്മികകാര്യങ്ങളിൽ യാതൊരു ഉത്സാഹമില്ലാത്തവരും ആത്മഫലം പുറപ്പെടുവിക്കാത്തവരുമാണ്. അവരെക്കുറിച്ചു കർത്താവു പറയുന്നത് —*"നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും. "*

**വെളി.3:17,18 — "ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു"**

ഹിയരപൊലിസിലെ ചൂടുറവയിലെ ജലവും കൊലൊസ്സ്യിലെ നിർമ്മലവും തണുത്തതുമായ ജലവും ഒരു കുഴലിലൂടെ അനേക ദൂരം ഒഴുകി ലവൊദിക്ക്യയിലെത്തുമ്പോൾ ചൂടോ തണുപ്പോ ഇല്ലാതെ ശീതോഷ്ണാവസ്ഥയിൽ മാലിന്യങ്ങൾ നിറഞ്ഞതായി എത്തിച്ചേരുന്നു. ഇത്തരത്തിൽ ലഭിച്ചിരുന്ന ശീതോഷ്ണജലപ്രകൃതിയെ നന്നായി അറിയാവുന്ന ലവൊദിക്ക്യക്കാരോടു അവരുടെ ആത്മികനില ജലത്തോടു ബന്ധപ്പെടുത്തി ആദ്യമായി അവരോടു സംസാരിച്ചു മുന്നറിയിപ്പു നൽകി.

തുടർന്നു ക്രിസ്തു അവരോടു സംസാരിക്കുന്നത് അവർ ഏറ്റവും അഭിമാനിച്ചിരുന്ന അവരുടെ പ്രശംസാവിഷയങ്ങളായ ധനസമ്പത്തിനെയും, വസ്ത്രവ്യാപാരത്തെയും, കണ്ണിലെഴുതുവാനുള്ള ലേപനത്തോടും ബന്ധപ്പെടുത്തിയാണ്. ഈ മൂന്നു മേഖലകളിലും അവർ അഭിമാനിക്കുകയും സ്വയം സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തുവെങ്കിലും കർത്താവു അവരുടെ പ്രശംസ ഏറ്റവും നിർഭാഗ്യകരമായി വിലയിരുത്തി അവരെ ബോദ്ധ്യപ്പെടുത്തുന്നു. അവരുടെ ആത്മികനില ശീതോഷ്ണാവസ്ഥയാകയാൽ അവരെ വായിൽ നിന്നു ഉമിണ്ണുകളയുവാൻ വിധം കർത്താവിനു അവരോടു വെറുപ്പും വിദ്വേഷവും ഉണ്ടെങ്കിലും തുടർന്നും അവരുടെ ആത്മിയപാപ്പരത്തം മനസ്സിലാക്കികൊടുത്തിട്ട് രക്ഷപ്പെടുവാനും ഉദ്ധാരണത്തിനും ബുദ്ധി ഉപദേശിച്ചു ആലോചന പറഞ്ഞു കൊടുക്കുന്നു. അവർ പ്രശംസിച്ച ധനം, വസ്ത്രം, ലേപനം എന്നിവയും ക്രിസ്തു അവരെ ബുദ്ധി ഉപദേശിച്ചതും വെവ്വേറെ ചിന്തിക്കാം.

## (1) ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല —

**"ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും ...... എന്നു അറിയാതിരിക്കയാൽ നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും ...... എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു."**

ലവൊദിക്ക്യക്കാർ ബഹുസമ്പന്നരായിരുന്നു. ധനകാര്യസ്ഥാപനങ്ങൾ, ധനവിനിമയങ്ങളും കൈമാറ്റ കേന്ദ്രങ്ങളും അവരുടെ സമ്പന്നതയെ വിളിച്ചറിയിക്കുന്നവയായിരുന്നു. എന്നാൽ അവരുടെ ധനസമ്പത്ത് അവരുടെ ആത്മികതയെ ബലഹീനമാക്കി. അവരോടു കർത്താവു പറയുന്നത് : ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ എന്നാണ്. ഈ വാക്യത്തിൽ ലവൊദിക്ക്യക്കാർ സ്വയം പ്രശംസിക്കുകയും അഭിമാനിക്കുകയും ചെയ്ത മൂന്നു കാര്യങ്ങൾ — (1) ധനവാൻ (2) സമ്പന്നൻ

(3) ഒന്നിനും മുട്ടില്ല. വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ അവരെ ശോധന ചെയ്തപ്പോൾ അവരെ കണ്ടത് — (1) നിർഭാഗ്യൻ (2) അരിഷ്ടൻ (3) ദരിദ്രൻ എന്നീ അവസ്ഥകളിലാണ്.

**(1) ധനവാൻ (Rich) —** ഞാൻ ധനവാൻ എന്നു ലവൊദിക്ക്യക്കാർ ഏറെ അഭിമാനിച്ചു സ്വയംതൃപ്തി നേടിയിരുന്നു. നാണയവിനിമയ കേന്ദ്രവും ധനകാര്യസ്ഥാപനങ്ങളും ഇവിടെ സ്ഥിതി ചെയ്തിരുന്നു. അവരുടെ നാണയം തന്നെ സ്വർണ്ണമായിരുന്നു. ഭൗമികമായി അവർ വളരയേറെ ധനാഢ്യരുമായിരുന്നു. എന്നാൽ അവരെ ശോധനചെയ്ത കർത്താവ് അവരെ വിളിക്കുന്നത് നിർഭാഗ്യൻ (wretched)എന്നാണ്. ഭൗതികമായി എത്ര ധനം ഉണ്ടായാലും അതു അനുഭവിക്കുവാനുള്ള അവസരമില്ലെങ്കിൽ അതു നിർഭാഗ്യം തന്നെ. ലോകപ്രകാരം ധനവാന്മാരെ ഭാഗ്യവാന്മാർ എന്നു വിളിക്കും. എന്നാൽ ലോകസമ്പത്തുകൾ അഴിഞ്ഞു പോകുന്നതും നിലനിൽക്കുന്നതുമല്ല. ദൈവവചനത്തിൽ ഭാഗ്യവന്മാർ ആരൊക്കെയെന്നു പറയുന്നുണ്ട്. ലംഘനം ക്ഷമിച്ചും പാപം മറെച്ചു കിട്ടിയവൻ ഭാഗ്യവാൻ. കർത്താവ് പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ. യഹോവയെ ഭയപ്പെട്ട്, അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ. അവനെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ. ആത്മികസമ്പത്തു നേടാത്തവർ യഥാർത്ഥത്തിൽ നിർഭാഗ്യരാണ്. *"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? "* (മത്താ.16:26) എന്നു തിരുവചനം പ്രസ്താവിക്കുന്നു. ക്രിസ്തുവിനെ കൂടാതെ ഞാൻ എന്ന മനോഭാവവും അവരുടെ ലോകധനത്തിലുള്ള ആശ്രയവും നിർഭാഗ്യ അവസ്ഥയിലെത്തിച്ചു.

**(2) സമ്പന്നൻ (Wealthy) —** വ്യാവസായികമായും, വാണിജ്യപരമായും അവർ ഭൂമിയിൽ ഏറെ ഉന്നതി പ്രാപിച്ചവരായിരുന്നു. വ്യവസായപ്രാധാന്യമുള്ള പട്ടണങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാന നിരത്തുകൾ ലവൊദിക്ക്യയിലൂടെ കടന്നു പോയിരുന്നു. വ്യാവസായിക വളർച്ച അവരെ ഏറ്റവും വലിയ സമ്പന്നനഗരമാക്കിത്തീർത്തു. അവരുടെ ലോകസമ്പത്ത് അവരുടെ സ്വയപ്രശംസക്കു കാരണമായി. എന്നാൽ അവരെ ശോധന ചെയ്തപ്പോൾ കർത്താവു കണ്ടത് അവർ അരിഷ്ടൻ (miserable) എന്നാണ്. കഷ്ടതയും ദൗർഭാഗ്യവും കൂടിച്ചേർന്നുള്ള പരിതാപകരമായ അവസ്ഥയെ അരിഷ്ടത എന്നു പറയാം. മനുഷ്യന്റെ സകല പ്രത്യാശകളും നഷ്ടപ്പെട്ട നിസ്സഹായതയെ വെളിപ്പെടുത്തുന്ന ബന്ധത്തിൽ അപ്പൊസ്തലനായ പൗലൊസ് ഈ പദം ഉപയോഗിച്ചിട്ടുണ്ട്. **റോമ.7:24 —** *"അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിന്നു അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും?"* ലവൊദിക്ക്യക്കാർ ഭൂമിയിൽ ഏറ്റവും സമ്പന്നർ എങ്കിലും ആത്മികമായി അവർ അരിഷ്ടമനുഷ്യർ ആയിരുന്നു. എന്റെ വിളവു, എന്റെ കളപ്പുര, എന്റെ വസ്തുവക എന്നിങ്ങനെയുള്ള ലൗകിക കാര്യങ്ങളിൽ പ്രശംസിക്കുകയും, ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നേ നിക്ഷേപിക്കുകയും ചെയ്യുന്നവനെ മൂഢൻ എന്നാണ് ദൈവം സംബോധന ചെയ്യുന്നത് (ലൂക്കൊ.12:16-21).

**(3) ഒന്നിനും മുട്ടില്ല (Need of nothing) —** ഞാൻ ധനവാൻ, സമ്പന്നൻ എന്നതിനു പുറമേ എനിക്കു ഒന്നിനും മുട്ടില്ല എന്നും ലവൊദിക്ക്യക്കാർ അഭിമാനിച്ചിരുന്നു. എ.ഡി.60-ലെ ഭൂകമ്പത്താൽ പട്ടണം നശിച്ചപ്പോൾ ആരുടെയും സഹായം വാങ്ങാതെ പട്ടണം പുനഃനിർമ്മാണം നടത്തുവാൻ തക്ക ആസ്തി അവർക്കുണ്ടായിരുന്നു. ലവൊദിക്ക്യ റോമൻപ്രവിശ്യയിലെ ഒരു കോളനി ആയിരുന്നതിനാൽ റോമൻ ഭരണാധികാരികൾ അവരെ സഹായിക്കാമെന്നു പറഞ്ഞിട്ടും അതുപോലും വാങ്ങുവാൻ അവർ കൂട്ടാക്കാതെയുള്ള മനോഭാവം എനിക്കു ഒന്നിനും മുട്ടില്ലെന്നതിനെ പ്രകടമാക്കുന്നു. അവർ ഏറെ ധനവാന്മാരും ഭൗതികസമ്പത്തിൽ ഉന്നതി പ്രാപിച്ചവരും ആയിരുന്നതിനാൽ ആരെയും ആശ്രയിക്കേണ്ട ആവശ്യമില്ലെന്നു അവർ ഹൃദയത്തിൽ കരുതി. ചുരുക്കി പറഞ്ഞാൽ ലവൊദിക്ക്യക്കാർക്കു മനുഷ്യന്റെ മാത്രമല്ല ദൈവത്തിന്റെ സഹായവും ആവശ്യമില്ലായിരുന്നു. ഭൗതികമായും ആത്മികമായും ഒന്നിനും മുട്ടില്ല എന്നു പ്രശംസിച്ച ലവൊദിക്ക്യെയെ കർത്താവു കാണുന്നത് ദരിദ്രൻ (poor) എന്ന നിലയിലാണ്. ഗ്രീക്കിൽ പ്റ്റോച്ചോസ് (ptochos) എന്ന പദമാണ് ദരിദ്രൻ എന്നതിനു ഉപയോഗിച്ചിരിക്കുന്നത്. ഒരു പൈസപോലും കൈവശമില്ലാത്ത നിലയിൽ എത്തിച്ചേരുകയും, ഇനി നിതൃവൃത്തിക്കായി മറ്റാരെയെങ്കിലും ആശ്രയിക്കുകയോ അല്ലെങ്കിൽ ഭിക്ഷ ചോദിച്ചല്ലാതെ ജീവിക്കുവാൻ സാധിക്കാത്ത അവസ്ഥയെയോ ഈ പദം അർത്ഥമാക്കുന്നു. ഭൗതികമായി എനിക്കു ഒന്നിനും മുട്ടില്ല എന്നു അഭിമാനിച്ചുവെങ്കിലും ആത്മീകമായി അവർ ദരിദ്രർ അഥവാ ഭിക്ഷക്കാർക്കു തുല്യമായിത്തീർന്നിരിക്കുന്നു. അവരുടെ ധനസമൃദ്ധിയും, സമ്പന്നതയും, ഒന്നിനും മുട്ടില്ലായ്മയും ദൈവാനുഗ്രഹമായി അവർ കരുതി. എല്ലാവിധത്തിലും, ആത്മീകവും ഭൗതീകവുമായി, ദൈവം തങ്ങളെ ഏറ്റവും അനുഗ്രഹിച്ചിരിക്കുന്നു എന്നുള്ള മനോഭാവവും അവരിൽ ഉണ്ടായി. എന്നാൽ ദൈവദൃഷ്ടിയിൽ അവർ ദരിദ്രർ ആയിരുന്നു. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു(മത്താ.5:3) എന്നു കർത്താവു തന്റെ ഗിരിപ്രഭാഷണത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ആത്മാവിൽ ദരിദ്രർ എന്നത് ഭാഗ്യാവസ്ഥയായി ഇവിടെ രേഖപ്പെടുത്തിക്കാണുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന ദാരിദ്രം ആത്മീയകാര്യങ്ങൾക്കുള്ള അതിയായ വാഞ്ചയെ കുറിക്കുന്നു. ഞാൻ ഒന്നുമില്ല കർത്താവിനെ പിരിഞ്ഞു എനിക്കു ഒന്നും ചെയ്യുവാൻ

കഴിയുകയില്ലെന്ന മനോഭാവമാണ് ആത്മീകദാരിദ്രം. ലോകസമ്പത്തുകളിൽ പ്രശംസിച്ചുകൊണ്ടു എനിക്കു ഒന്നിനും മുട്ടില്ലെന്ന മനോഭാവം ആത്മീകനിഗളത്തെ വെളിപ്പെടുത്തുന്നു.

**"ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും ...... എന്നു അറിയാതിരിക്കയാൽ നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും ...... എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു" —**

ഞാൻ, എനിക്കു എന്ന മനോഭാവത്തിലും, ധനവാൻ, സമ്പന്നൻ, ഒന്നിനും മുട്ടില്ല എന്ന സ്വയം സംതൃപ്തിയിലും കഴിയുന്ന ലവൊദിക്ക്യയെ കർത്താവു അവരുടെ യഥാർത്ഥ നില വെളിപ്പെടുത്തി. നിർഭാഗ്യൻ, അരിഷ്ടൻ, ദരിദ്രൻ എന്നീ അവസ്ഥകളിൽ നിന്നു വിടുതൽ ലഭിച്ചു ആത്മികമായി ധനവാൻ, സമ്പന്നൻ, ക്രിസ്തുവിൽ ഒന്നിനും മുട്ടില്ല എന്ന നിലയിലെത്തിച്ചേരുവാൻ അവരെ ബുദ്ധി ഉപദേശിക്കുന്നു. അതിനായി അവർ ആദ്യമായി തീയിൽ ഊതിക്കഴിച്ച പൊന്നു കർത്താവിൽ നിന്നു വിലെക്കു വാങ്ങണം. തിരുവചനത്തിൽ പൊന്ന് ദൈവതേജസ്സ് അഥവാ ദൈവമഹത്വത്തെ പ്രകടമാക്കുന്നു. പാപം ചെയ്തപ്പോൾ മനുഷ്യന്റെ ദൈവതേജസ്സ് നഷ്ടപ്പെട്ടു. **റോമ.3:23 —** *"ഒരു വ്യത്യാസവുമില്ല;എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു."* എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കുമ്പോൾ നഷ്ടപ്പെട്ട ദൈവതേജസ്സു തിരികെ ലഭിക്കുകയും തുടർന്നു ദൈവത്തിന്റെ തേജസ്സ് പ്രതിഫലിപ്പിക്കുകയും ചെയ്യും. തീയിൽ ഊതിക്കഴിച്ച പൊന്നു ദൈവനീതിയെ പ്രകടമാക്കുന്നു. മനുഷ്യന്റെ നീതിപ്രവൃത്തികൾ ഒക്കെ കറ പിരണ്ടതുണിപോലെ(യെശ.64:6)ആയിരിക്കുമ്പോൾ ദൈവനീതി വിശുദ്ധിയേറിയതാകുന്നു. ദൈവതേജസ്സും, ദൈവനീതിയും സൽപ്രവർത്തികളാലോ, ലോകധനത്താലോ വിലക്കു വാങ്ങുവാൻ കഴിയുകയില്ല. ഇതു തികച്ചും സൗജന്യമാണ്. എന്നാൽ വിശ്വാസം എന്ന വില കൊടുക്കേണ്ടി വരും. ദൈവം ഒരുക്കിയിരിക്കുന്ന ആത്മരക്ഷയെക്കുറിച്ചു യെശയ്യാപ്രവാചകൻ പറഞ്ഞിരിക്കുന്നതു നോക്കുക. **യെശ.50:1,2 —** *"അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ. അപ്പമല്ലാത്തതിന്നു ദ്രവ്യവും തൃപ്തിവരുത്താത്തതിന്നു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്നു? എന്റെ വാക്കു ശ്രദ്ധിച്ചു കേട്ടു നന്മ അനുഭവിപ്പിൻ; പുഷ്ടഭോജനം കഴിച്ചു മോദിച്ചു കൊൾവിൻ."* ദൈവനീതി മനുഷ്യനിലേക്കു പകരപ്പെട്ടത് ക്രിസ്തുയേശുവിലൂടെയാണ്. **1.കൊരി.1:30 —** *"അവൻ നമുക്കു ദൈവത്തിങ്കൽനിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു."* **1.കൊരി.6:11 —** *"നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നേ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു."*

ലവൊദിക്ക്യക്കാരെ സംബന്ധിച്ച് പൊന്ന് അവരുടെ സമ്പൽസമൃദ്ധിയുടെ ഒരു പ്രധാന ഘടകമായിരുന്നു. അവരുടെ നാണയങ്ങൾ തന്നെ പൊന്നു കൊണ്ടുള്ളതായിരുന്നു. നിത്യവും പൊന്നുമായി ഇടപെട്ടിരുന്നതിനാൽ മാലിന്യമുള്ള പൊന്ന് അവർക്കു വേഗത്തിൽ തിരിച്ചറിയുവാൻ കഴിഞ്ഞിരുന്നു. പൊന്നിലെ മാലിന്യങ്ങൾ നീക്കപ്പെടുന്നത് തീയിൽ ഊതിക്കഴിക്കുമ്പോഴാണ്. അതുകൊണ്ടാണ് തീയിൽ ഊതിക്കഴിച്ച പൊന്നു അഥവാ യാതൊരു മാലിന്യവുമില്ലാത്തവ കർത്താവിൽ നിന്നും വിലക്കു വാങ്ങുക എന്നു പറയുന്നത്. നിർഭാഗ്യനും, അരിഷ്ടനും, ദരിദ്രനും എന്ന സ്ഥിതി മാറി കിട്ടുവാൻ തീയിൽ ഊതിക്കഴിച്ച പൊന്നു അഥവാ ദൈവനീതി അവർ പ്രാപിക്കണം. കർത്താവിൽ നിന്നും വിലക്കു വാങ്ങുവാനാണ് ഉപദേശം. അതിനായി അവർ കർത്താവിനു സമീപം വരണം. അവരുടെ ലൗകികസമ്പത്തോ ധനമോ അല്ല അതിനായി വില നൽകേണ്ടത്. അവരുടെ ഹൃദായന്തർഭാഗത്തു നിന്നുയുരുന്ന വിശ്വാസവും, മാനസാന്തരവുമാണ് വിലയായി നൽകേണ്ടത്. ദൈവതേജസ്സു നഷ്ടപ്പെട്ട മാനവജാതിക്കു വീണ്ടും ദൈവതേജസ്സു പകരപ്പെടുവാനുള്ള സകല വിലയും കർത്താവു കാൽവറിയാഗത്തിലൂടെ കൊടുത്തു തീർത്തു. ഇനി ദൈവനീതിയെക്കുറിക്കുന്ന പൊന്നു അഥവാ വിലമതിക്കാനാവാത്ത ആത്മരക്ഷ വിലക്കുവാങ്ങേണ്ടുന്നതു അവരുടെ വിശ്വാസത്തിലൂടെയാണ്. ലോകത്തിലെ പൊന്നു കറ പിടിക്കുന്നതും അഴിഞ്ഞുപോകുന്നതുമാണ്. ലവൊദിക്ക്യക്കാർ വാങ്ങേണ്ടുന്നത് ഒരിക്കലും കറപിടിക്കാത്തതും, അഴിഞ്ഞു പോകാത്തതും, മാലിന്യം ലേശംപോലുമില്ലാത്തതും, സർവ്വലോകത്തേക്കാളും വിലയേറിയതുമായ ആത്മരക്ഷയാണ്. ഇതിനായുള്ള വിശ്വാസം പൊന്നിനേക്കാൾ വിലയേറിയതായി അപ്പൊസ്തലനായ പത്രൊസ് പറയുന്നു. **1.പത്രൊ.1:7 --** *"അഴിഞ്ഞുപോകുന്നതും തീയിൽ ശോധനകഴിക്കുന്നതുമായ പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതു എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചെക്കും തേജസ്സിന്നും മാനത്തിന്നുമായി കാണ്മാൻ അങ്ങനെ ഇടവരും."*

**(2) നഗ്നൻ —**

**"ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു;എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ ...... നഗ്നനും എന്നു അറിയാതിരിക്കയാൽ ...... നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും ...... എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു."**

ധനവാൻ, സമ്പന്നൻ, ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു ലവൊദിക്ക്യക്കാർ സ്വയം പ്രശംസിച്ചു അഭിമാനിച്ചുവെങ്കിലും അവർ നിർഭാഗ്യനും, അരിഷ്ടനും, ദരിദ്രനും ആയിരിക്കയാൽ കർത്താവിന്റെ സമീപേ വന്നു തീയിൽ ഊതിക്കഴിച്ച പൊന്നു അഥവാ ദൈവതേജസ്സും ദൈവനീതിയും പ്രാപിച്ചു ആത്മരക്ഷ പങ്കിടുവാൻ ബുദ്ധി ഉപദേശിച്ചു. സകലത്തെയും ശോധനചെയ്യുന്ന കർത്താവു തുടർന്നും അവരെക്കുറിച്ചു പറയുന്നത്: അവർ നഗ്നർ എന്നാണ്. അതിനായി കർത്താവിൽ നിന്നു അവർ വെള്ളയുടുപ്പു വാങ്ങി ധരിക്കണം. ഈ ബുദ്ധി ഉപദേശവും അവരുടെ സാഹചര്യത്തെ ബന്ധപ്പെടുത്തിയുള്ളതാണ്.

**നഗ്നനും എന്നു അറിയാതിരിക്കയാൽ —**

ലവൊദിക്ക്യക്കാർ ഏറെ സമ്പന്നരെങ്കിലും ദൈവവിഷയമായി അവർ സമ്പന്നരല്ലായിരുന്നു. തുടർന്നു കർത്താവു അവരെ കാണുന്നത് അവർ ആത്മികമായി നഗ്നർ അഥവാ നീതി വസ്ത്രം ധരിക്കാത്തവർ എന്ന നിലയിലാണ്. ലവൊദിക്ക്യ വസ്ത്രവ്യാപാരത്തിൽ ഏറെ അഭിവൃദ്ധി നേടിയിരുന്നു. ലെവൊദിക്ക്യയിലെ ലൈക്കസ് നദീതീരപ്രദേശങ്ങളിൽ ഒരിനം കറുപ്പു നിറമുള്ള ആടുകളെ ധാരാളമായി വളർത്തിയിരുന്നു. ഈ വിശേഷപ്പെട്ട ആടുകളിൽ നിന്നു ലഭിച്ച കറുത്തരോമം കൊണ്ടു ഉണ്ടാക്കിയ കമ്പിളി, പരവിതാനി, നേരിയ മിനുസമുള്ള വസ്ത്രങ്ങൾ എന്നിവ ലോകപ്രസിദ്ധങ്ങളായിരുന്നു. വസ്ത്രവ്യാപാരത്തിലെ ഉയർച്ചയും, പ്രസിദ്ധിയും അവരെ സ്വയം സംതൃപ്തിയിലേക്കും സ്വയം പ്രശംസയിലേക്കും നയിച്ചു. അവർ വിശേഷപ്പെട്ട വിലയേറിയ വസ്ത്രം ധരിച്ചിരുന്നുവെങ്കിലും സകലത്തെയും ശോധന ചെയ്യുന്ന കർത്താവ് അവരെ കാണുന്നത് അവർ ആത്മികമായി നഗ്നർ എന്നാണ്. നഗ്നത തോൽവിയെയും, ലജ്ജയെയും,അപമാനത്തെയും, അടിമത്വത്തെയും, ദുഃഖത്തെയും, നാണക്കേടിനെയും (2.ശമൂ.10:4,5/യെശ.20:1-6/യെഹെ.16:37-39/ യെഹെ.23:26-29/ഹോശേ.2:3,9/മീഖാ.1:8,11/ നഹൂം.3:5) പഴയനിയമഭാഗങ്ങൾ വെളിപ്പെടുത്തുന്നു. ദൈവതേജസ്സും, ദൈവീക കൂട്ടായ്മ ഇല്ലാത്തതിനെയും നഗ്നത കുറിക്കുന്നു. പാപത്താലാണ് നഗ്നത വെളിവായത്. ആദാമും ഹവ്വായും പാപം ചെയ്തപ്പോൾ അവർ നഗ്നർ എന്നറിഞ്ഞു അത്തിയില കൂട്ടിത്തുന്നി ധരിച്ചു(ഉല്പ.3:7-10). അത്തിയില കൊണ്ടുള്ള അങ്കി അവരുടെ സ്വയനീതിയെ പ്രകടമാക്കുന്നു. എന്നാൽ ദൈവം അവർക്കു തോൽകൊണ്ടു ഉടുപ്പുണ്ടാക്കി അവരെ ധരിപ്പിച്ചു(ഉല്പ.3:21). ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ കർത്താവ് ലവൊദിക്ക്യരെ കാണുന്നതും അവർ ആത്മീകമായി നഗ്നർ എന്ന നിലയിലാണ്. എന്നാൽ അവരുടെ നഗ്നത അവർ അറിയാത്ത അവസ്ഥയിലുമാണ്.

**"നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും ...... എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു."**

ലവൊദിക്ക്യക്കാർക്കു വിലയേറിയതും, വിശേഷപ്പെട്ടതുമായ അവർതന്നെ ഉണ്ടാക്കുന്നതുമായ കറുപ്പുവസ്ത്രങ്ങൾ വാങ്ങി ധരിക്കുവാൻ അവർക്കു കഴിയുമായിരുന്നു. എന്നാൽ ദൈവദൃഷ്ടിയിൽ അതു അവരുടെ ആത്മീകനഗ്നതക്കു പരിഹാരമായിരുന്നില്ല. അവരുടെ നീതിപ്രവൃത്തികളാകുന്ന കറുത്തകമ്പിളി വസ്ത്രങ്ങൾ കറപുരണ്ടതും, മുഴിഞ്ഞതുമായി ദൈവസന്നിധിയിൽ വെളിപ്പെട്ടു(യെശ.64:6/സെഖ.3:3,4). അവരുടെ നഗ്നതയുടെ ലജ്ജ മാറുവാൻ അവർ കർത്താവിന്റെ സന്നിധിയിൽ വന്നു വെള്ളയുടുപ്പു വിലെക്കു വാങ്ങി ധരിക്കുവാൻ ബുദ്ധി ഉപദേശിക്കുന്നു. തിരുവചനത്തിൽ വെള്ള വിശുദ്ധി, നിഷ്ക്കളങ്കത, സമ്പൂർണ്ണത എന്നിവയെ കുറിക്കുന്നു(യെശ.1:8). ദൈവത്തിന്റെ വെള്ളവസ്ത്രം പരിശുദ്ധി അഥവാ വിശുദ്ധിയുള്ളതാണ്. അതു വീണ്ടെടുക്കപ്പെട്ടവർക്കു ലഭിക്കുന്നതാണ് (വെളി.4:4/6:11/7:9/7:13,14). ഫിലദെൽഫ്യസഭക്കുള്ള വാഗ്ദത്തത്തിൽ വെള്ളയുടുപ്പു പ്രതിഫലമായി വിവരിച്ചിരിക്കുന്നു. **വെളി.4:5 —** "*അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ടു എന്നോടു കൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും.*" നഗ്നത വെളിവാക്കുന്നതു അപമാനത്തെയും ലജ്ജയെയും കുറിക്കുമ്പോൾ വസ്ത്രം ധരിപ്പിക്കുന്നത് ബഹുമാനിക്കുന്നതിനെയും ആദരിക്കുന്നതിനെയും കുറിക്കുന്നു. ഉദാ — യോസേഫിനെ ഫറവോൻ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു(ഉല്പ.41:42).ബേൽശസ്സർ രാജാവു ദാനീയേലിനെ ധൂമ്രവസ്ത്രം ധരിപ്പിച്ചു(ദാനീ.5:29). പിതാവിന്റെ സന്നിധിയിലേക്കു മടങ്ങിവന്ന പുത്രനെ മേൽത്തരമായ അങ്കി ധരിപ്പിക്കുവാൻ ആജ്ഞാപിച്ചു(ലൂക്കൊ.15:22). വെളിപ്പാടു പുസ്തകത്തിൽ വിശേഷവെള്ള വസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളായി ഫരഞ്ഞിരിക്കുന്നു. **വെളി.19:7,8—** "*നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ*

*കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നേ."* ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ഒരുവനിൽ ദൈവനീതി പകരപ്പെടുന്നു. തുടർന്നു ക്രിസ്തുവിൽ വസിക്കുന്ന അനുഭവത്തിൽ നീതിപ്രവൃത്തികളുൾപ്പെട്ട ആത്മീകഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇങ്ങനെ വിശുദ്ധിയിൽ ജീവിക്കുന്ന വിശ്വാസി യഥാർത്ഥത്തിൽ വിശേഷതയുള്ള വെള്ളയുടുപ്പു ധരിച്ചവനായിരിക്കും.

ലവൊദിക്ക്യസഭ ധനിക, സമ്പന്ന, ഒന്നിനും മുട്ടില്ല എന്നു സ്വയം പ്രശംസിക്കുമ്പോൾതന്നെ അവളുടെ നഗ്നത മറെക്കുവാൻ തക്ക വെള്ളയുടുപ്പു നേടിയിട്ടില്ലായിരുന്നു. അക്കാരണത്താൽ സ്വയനീതിപ്രവൃത്തികളാണ് അവരിൽ വെളിപ്പെട്ടിരുന്നത്. ആദാം ഹവ്വാ എന്നിവർ പാപം ചെയ്തപ്പോൾ അവരുടെ നഗ്നത അവർക്കു ബോദ്ധ്യപ്പെടുകയും അതിനായി സ്വയം അത്തിയില തുന്നിക്കെട്ടി നഗ്നത മറെക്കുവാൻ ശ്രമിച്ചു. ലവൊദിക്ക്യക്കാർ അവരുടേതായ വിശേഷവസ്ത്രങ്ങളിൽ അഥവാ നീതി പ്രവൃത്തികളിൽ ആശ്രയിച്ചു. എന്നാൽ അവർ നഗ്നർ എന്നു അവർ അറിഞ്ഞതേയില്ല. വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ ആയ ക്രിസ്തു അവരുടെ നഗ്നത വെളിപ്പെടുത്തിയിട്ട്, തന്നിൽ നിന്നും വെള്ളയുടുപ്പു വാങ്ങി ധരിക്കുവാൻ ഉപദേശിച്ചു.

രക്ഷിക്കപ്പെട്ടവർ കർത്താവിൽ നിന്നും വെള്ളവസ്ത്രം വാങ്ങി ധരിച്ചിരിക്കുന്നവരാണ്. അവർ ലോകത്തോടനുരൂപപെട്ടു നീതിവസ്ത്രത്തിൽ കറ പുരളുവാൻ അനുവദിക്കരുത് എന്നുള്ള കാര്യവും വിസ്മരിച്ചു കൂടാ (വെളി.19:8/വെളി.7:14/2.പത്രൊ.3:14).

### (3) കുരുടൻ —

**"ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ ...... കുരുടനും ...... എന്നു അറിയാതിരിക്കയാൽ ...... നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു."**

ലവൊദിക്ക്യക്കാരുടെ ദാരിദ്ര്യം, നഗ്നത എന്നിവ ചൂണ്ടിക്കാണിച്ച ശേഷം അവരുടെ അന്ധതയെകുറിച്ചു കർത്താവു തുടർന്നു പറയുന്നു. അവർ ലൗകികകാര്യങ്ങളിൽ മാത്രം ലക്ഷ്യം വെക്കുകയും ആത്മികകാര്യങ്ങളെക്കുറിച്ചു യാതൊരു ദർശനമില്ലാതിരിക്കുകയും ചെയ്യുന്നതിനാലാണ് അന്ധത ബാധിച്ചിരിക്കുന്നത്. ഈ ആത്മീക അന്ധതയാണ് യഥാർത്ഥത്തിൽ അവർ ദരിദ്രരും നഗ്നരും എന്നു മനസ്സിലാക്കാതെ സ്വയം പ്രശംസിക്കുവാനിടയായത്. അന്ധത പൊതുവേ ശാരീരിക അവയവമായ കണ്ണിന്റെ അന്ധതയെ കുറിക്കുന്നു. എന്നാൽ തിരുവചനത്തിൽ അന്ധതയെന്നത് ആത്മിക അന്ധതയെയാണ് വെളിപ്പെടുത്തുന്നത്. ദൈവത്തെ അറിയാതിരിക്കുക, ദൈവവചനത്തിലും ദൈവികപ്രമാണങ്ങളിലും പരിജ്ഞാനം ഇല്ലാതിരിക്കുക, ലൗകികകാര്യങ്ങളിൽ മാത്രം ലക്ഷ്യം വെച്ചു ജീവിക്കുക എന്നിവയൊക്കെയാണ് ആത്മികഅന്ധതക്കുള്ള കാരണങ്ങൾ. ആത്മീകഅന്ധതയെ വെളിപ്പെടുത്തുന്ന വാക്യങ്ങൾ നോക്കുക — മത്താ.15:14/23:16-26 /ലൂക്കൊ.6:39/യോഹ.9:39-41/യോഹ.12:40/ റോമ.2:19/1.യോഹ.2:11. സാത്താൻ മനുഷ്യരുടെ മനസ്സു കുരുടാക്കുന്നതും ആത്മിക അന്ധതക്കു കാരണമാകുന്നു. **2.കൊരി.4:4—** *"ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കരുടാക്കി."* ഒരു വിശ്വാസി ക്രിസ്തുവിൽ ക്രിസ്തുവിൽ വസിച്ചു ആത്മീകമായി വളർച്ച പ്രാപിക്കാത്തതും ആത്മീക അന്ധതയിലേക്കു നയിക്കുന്നു. **2.പത്രൊ.1:5-9 —** *"അതുനിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദരപ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ. ഇവ നിങ്ങൾക്കുണ്ടായി വർദ്ധിക്കുന്നു എങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ചു ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കയില്ല. അവയില്ലാത്തവനോ കുരുടൻ അത്രേ; അവൻ ഹ്രസ്വദൃഷ്ടിയുള്ളവനും തന്റെ മുമ്പിലത്തെ പാപങ്ങളുടെ ശുദ്ധീകരണം മറന്നവനും തന്നേ."*

**"നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു" —**

ലവൊദിക്ക്യക്കാർ അവരുടെ ആത്മീക അന്ധതയെക്കുറിച്ചു അറിയാതെ സ്വയം പ്രശംസിച്ചപ്പോൾ കർത്താവു അവരുടെ യഥാർത്ഥസ്ഥിതി അവരെ ബോദ്ധ്യപ്പെടുത്തിയശേഷം അതിനുള്ള പരിഹാരമാർഗ്ഗവും ഉപദേശിക്കുന്നു. അന്ധതമാറുന്നതിനുള്ള ബുദ്ധി ഉപദേശവും അവരുടെ സാഹചര്യത്തെ ബന്ധപ്പെടുത്തിയുള്ളതാണ്. ലവൊദിക്ക്യയിൽ ഉല്പാദിപ്പിച്ച ഒരിനം ലേപനം സകലവിധ നേത്രരോഗങ്ങൾക്കും സിദ്ധൗഷധമായിരുന്നു. ഏറെ പ്രസിദ്ധിനേടിയ ഈ ലേപനം അനേക രാജ്യങ്ങളിലേക്കു കയറ്റുമതി ചെയ്തിരുന്നു. ഇതിന്റെ ഉല്പാദനവും, പ്രസിദ്ധിയും, വിതരണവും വർദ്ധിച്ചു വന്നിരുന്നതിനാൽ അവരുടെ സമ്പന്നതയെ ഉയർത്തുകയും അതിൽ അവർ ഏറെ സ്വയം

പ്രശംസിക്കുകയും ചെയ്തിരുന്നു. എന്നാൽ കർത്താവു അവരെ കാണുന്നത് ആത്മീക അന്ധരായിട്ടാണ്. അവർ ഉല്പാദിപ്പിക്കുന്ന കണ്ണിൽ എഴുതുവാനുള്ള ലേപനം അവരുടെ ആത്മീക അന്ധതയെ മാറ്റുകയില്ലെന്നും അവർക്കു യഥാർത്ഥ ആത്മീകകാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപനം കർത്താവിൽ നിന്നു വിലെക്കു വാങ്ങുവാനും അവരോടു ബുദ്ധി ഉപദേശിച്ചു.

ഇക്കാലത്ത് അനേകരും സ്വന്തശക്തിയിൽ ആശ്രയിച്ചു ദൈവിക ദർശനമില്ലാതെ കഴിയുന്നു. പരിശുദ്ധാത്മാവിനാലുള്ള വീണ്ടും ജനനം പ്രാപിക്കാതെയും, വീണ്ടും ജനനം പ്രാപിച്ചവർ ആത്മനിറവില്ലാതെയും അന്ധരായും, കുരുട്ടു കണ്ണു അഥവാ തിമിരം ബാധിച്ച അവസ്ഥയിലും കഴിയുന്നു. ശരീരത്തിലെ പ്രധാന അവയവമായ കണ്ണിനു കാഴച ശക്തിയുണ്ടെങ്കിലും ആന്തരികകണ്ണു അഥാവാ ആത്മീക കണ്ണു കുരുടായിരിക്കാം. ലോകത്തിലൊരു ഔഷധവ്യാപാരിയിൽ നിന്നോ വൈദ്യനിൽ നിന്നോ ഇതിനുള്ള ലേപനം ലഭിക്കുകയില്ല. ആത്മീകഅന്ധത മാറുന്നതിനായി വലിയവൈദ്യനായ കർത്താവിന്റെ സമീപം വന്നു സ്വർഗ്ഗീയലേപനം വാങ്ങണം. ഹൃദയാന്തർഭാഗത്തു നിന്നുയരുന്ന വാഞ്ചയും, സമർപ്പണവും, മാനസാന്തരവുമാണ് വിലയായി നൽകേണ്ടത്. സ്വർഗ്ഗീയലേപനം പരിശുദ്ധാത്മാവിനെ കുറിക്കുന്നു. ഒരുവൻ കർത്താവിന്റെ സമീപേവന്നു രക്ഷ പ്രാപിക്കുമ്പോൾ പരിശുദ്ധാത്മാവു ലഭിക്കുന്നു. അപ്പോൾ അവന്റെ ആത്മീകഅന്ധത മാറി ഹൃദയദൃഷ്ടി പ്രകാശിക്കപ്പെടുന്നതിനാൽ ദൈവത്തെ സ്നേഹിക്കുവാനിടയാകുന്നു. തുടർന്നു ആത്മീകകാര്യങ്ങളും ദൈവഹിതവും മനസ്സിലാക്കുവാനുള്ള ഉൾക്കാഴ്ച ഈ ലേപനം തരുന്നു. ഈ ലേപനം തന്നെയാണ് അപ്പൊസ്തലനായ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്ന പരിശുദ്ധാത്മലേപനം അഥവാ അഭിഷേകം. **1.യോഹ.2:27 —** *"അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നേ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയാലും അതു ഭോഷ്കല്ല സത്യം തന്നേ ആയിരിക്കയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ."*

ലവൊദിക്ക്യസഭയുടെ ആത്മപ്രശംസയും, ദൈവാശ്രയമില്ലായ്മയും പഴയനിയമത്തിൽ എഫ്രയീം അഥവാ യിസ്രായേലിനോടുള്ള ബന്ധത്തിലും കാണാം. എഫ്രയീം മനശ്ശെയുടെ സഹോദരനാണ്. ഹോശേയാ പ്രവാചകൻ എഫ്രയീമിനെക്കുറിച്ചു പറയുന്നുവെങ്കിലും തന്റെ ദൂതു യിസ്രായേൽ രാഷ്ട്രത്തോടു ബന്ധപ്പെട്ടുള്ളതാണ്. **ഹോശേ.12:8—** *"എന്നാൽ എഫ്രയീം: ഞാൻ സമ്പന്നനായ്ത്തീർന്നു, എനിക്കു ധനം കിട്ടിയിരിക്കുന്നു; എന്റെ സകലപ്രയത്നങ്ങളിലും പാപമായ യാതൊരു അകൃത്യവും എന്നിൽ കണ്ടെത്തുകയില്ല എന്നിങ്ങനെ പറയുന്നു."* കള്ളത്തുലാസ്സുപയോഗിച്ചും, കള്ളക്കച്ചവടം ചെയ്തും, കൊള്ളലാഭം കൊയ്തും പണംസമ്പാദിക്കുന്നകനാന്യരെപ്പോലെ അവരായിത്തീർന്നു (ഹോശേ.12:7). പക്ഷേ തങ്ങളുടെ ഇടപാടുകളിൽ യാതൊരു അകൃത്യവും ഇല്ലെന്നും അവരുടെ ധനസമ്പത്ത് ദൈവാനുഗ്രഹത്താലാണെന്നും അവർ അവകാശപ്പെട്ടു. അവരുടെ പ്രവർത്തനങ്ങളിൽ യാതൊരു പാപവും ഇല്ലെന്നു സ്വയം സമാധാനിച്ചുവെങ്കിലും ദൈവം അവരുടെ അകൃത്യത്തെ നിശിതമായി ശാസിച്ചു. ലവൊദിക്ക്യയും സ്വയംപ്രശംസിച്ചു അവരുടെ ധനസമ്പത്തിൽ മാത്രം ആശ്രയിച്ചതിനാൽ അവർ ദൈവദൃഷ്ടിയിൽ നിർഭാഗ്യൻ, അരിഷ്ടൻ, ദരിദ്രർ, നഗ്നൻ, അന്ധൻ എന്നിപ്രകാരം കാണപ്പെട്ടു.

ലവൊദിക്ക്യസഭയുടെ ഇന്നത്തെ സഭായുഗം ലവൊദിക്ക്യ കാലഘട്ടത്തെ കുറിക്കുന്നു. "ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ള യുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കു വാങ്ങു വാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു"(വെളി.3:17,18) എന്നുള്ള കർത്താവിന്റെ വാക്കുകൾ ഇന്നത്തെ സഭകളും വിശ്വാസികളും ബുദ്ധി ഉപദേശമായി പിടിച്ചുകൊള്ളേണ്ടതാണ്. നിർഭാഗ്യൻ, അരിഷ്ടൻ, ദരിദ്രർ, നഗ്നൻ, അന്ധൻ എന്നുള്ള കർത്താവിന്റെ വെളിപ്പെടുത്തൽ മനസ്സിലാക്കി ആത്മഭാരത്തോടെ കർത്തൃസന്നിധിയിലേക്കു കടന്നു വരുന്ന ഏവർക്കും ഞാൻ ക്രിസ്തുവിൽ ധനവാൻ; സമ്പന്നൻ, എനിക്കു ക്രിസ്തുവിൽ ഒന്നിന്നും മുട്ടില്ല എന്നു ധൈര്യത്തോടെ പറയുവാൻ സാധിക്കും.

**വെളി.3:19 —"എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കുകയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക."** (As many as I love, I rebuke and chasten. Therefore be zealous and repent)

ലവൊദിക്ക്യസഭയുടെ അധഃപതിച്ച ആത്മീകാവസ്ഥ അവരെ അറിയിച്ചശേഷം അതിനുള്ള പരിഹാരമാർഗ്ഗവും നിർദ്ദേശിച്ചു. തുടർന്നു അവർ അടിയന്തിരമായി മനസ്സിലാക്കേണ്ടതും ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങൾ 3:19-22 വാക്യങ്ങളിൽ കാണാം. (1) കർത്താവിനു അവരോടുള്ള പ്രിയം (വെളി.3:19), (2) അവരുടെ മാനസ്സാന്തരത്തിനായുള്ള പ്രബോധനം (വെളി.3:19), (3) അവരുടെ ഇപ്പോഴത്തെ നിലയിൽ കർത്താവിനു അവർ കൊടുത്തിരിക്കുന്ന സ്ഥാനം (വെളി.3:20), (4) കർത്താവിന്റെ പ്രബോധനം

കേട്ടു ജയിക്കുന്നവനു ലഭിക്കുന്ന പ്രതിഫലം (വെളി.3:21), (5) സകലസഭകളും ശ്രദ്ധിക്കേണ്ടതായ ആഹ്വാനം (വെളി.3:22) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**"എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കുകയും ചെയ്യുന്നു"**—(As many as I love, I rebuke and chasten) —

ലവൊദിക്ക്യസഭ കർത്താവിനോടും, ആത്മീകകാര്യങ്ങളോടും സ്നേഹം കുറഞ്ഞു അവർ ശീതോഷ്ണാവസ്ഥയിലെങ്കിലും കർത്താവു അവരെ സ്നേഹിക്കുന്നു. ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നത് സ്നേഹമുള്ളതിനാലാണ്. ഇല്ലെങ്കിൽ ശ്രദ്ധിക്കാതെ കൈവിട്ടേനെ. വീടുവിട്ടുപോയ ഇളയപുത്രൻ പിതാവിൽ നിന്നും അകന്നു കഴിഞ്ഞെങ്കിലും സ്നേഹനിധിയായ പിതാവ് അവന്റെ മടങ്ങി വരവിനെ കാത്തിരിക്കുന്നു. അവൻ പറയുന്ന ക്ഷമായാചനകളൊന്നും ശ്രദ്ധിക്കാതെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. **ലൂക്കൊ.15:20 —** *"ദൂരത്തുനിന്നു തന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു."* ദൈവവും സ്നേഹവാനായ പിതാവിനു തുല്യനാണ്. ദൈവം ആഗ്രഹിക്കുന്ന വഴിയിലും ദൈവഹിതത്തിലും അവർ എത്തിച്ചേരുന്നതിനാണ് ശാസിക്കുന്നതും ശിക്ഷിക്കുന്നതും. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തിന്റെ ഇത്തരം ഇടപെടൽ കാണാം. **സദൃ.3:11,12 —***"മകനേ, യഹോവയുടെ ശിക്ഷയെ നിരസിക്കരുതു; അവന്റെ ശാസനയിൽ മുഷിയുകയും അരുതു. അപ്പൻ ഇഷ്ടപുത്രനോടു ചെയ്യുന്നതുപോലെ യഹോവ താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു."* **എബ്രാ.12:5-7—***"മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുതു; അവൻ ശാസിക്കുമ്പോൾ മുഷികയുമരുതു. കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു എന്നിങ്ങനെ മക്കളോടു എന്ന പോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു?"* വ്യക്തികളെ മാത്രമല്ല ദൈവഹിതത്തിനെതിരായി പ്രവർത്തിക്കുന്ന സഭകളെയും ശാസനയും ശിക്ഷയും ഉൾപ്പെട്ട കഷ്ടതകളിലൂടെ കടത്തിവിടാറുണ്ട്. ദൈവഹിതത്തിനനുസരണമായി അവരെ നയിക്കുവാനുള്ള കർത്താവിന്റെ സ്നേഹത്തിന്റെ ഇടപെടലാണിതും.

ശാസനയും, ശിക്ഷയും അടങ്ങിയ ഈ വാക്യത്തിലെ കർത്താവിന്റെ പ്രബോധനവും, തുടർന്നു അടുത്ത വാക്യത്തിൽ കർത്താവ് വാതിൽക്കൽ നിന്നു മുട്ടുന്നതും കുറിക്കുന്നത് ലവൊദിക്ക്യയിലെ വിശ്വാസികളോടും അതല്ല അവിശ്വാസികളോടാണ് എന്ന രണ്ടു അഭിപ്രായങ്ങളുണ്ട്.

**(1) വിശ്വാസികളോട് —** രക്ഷിക്കപ്പെട്ട അഥവാ വീണ്ടെടുക്കപ്പെട്ടവരോടു കർത്താവിനു പ്രത്യേക സ്നേഹമുണ്ട്. അവർ ലോകകാര്യങ്ങളിൽ ആകർഷിക്കപ്പെട്ടു ലോകമോഹങ്ങളിൽ കഴിയുമ്പോൾ അവരെ ആത്മീകമായ നേരായ പാതയിലേക്കു കൊണ്ടു വരുവാനാണ് ശാസനയും ശിക്ഷയും അറിയിക്കുന്നത്. ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു എന്നത് ലവൊദിക്ക്യക്കാർ കർത്താവിനെ സഭക്കു പുറത്തു നിറുത്തിയിരിക്കയാൽ വിശ്വാസികളോടു തന്നെയാണ് പറയുന്നതെന്നു ചിലർ അഭിപ്രായപ്പെടുന്നു.

**(2) അവിശ്വാസികളോട് —** കർത്താവിന്റെ ശാസനയും പ്രബോധനവും കുറിക്കുന്നത് രക്ഷിക്കപ്പെടാത്ത അവിശ്വാസികളോടുതന്നെ എന്നതാണ് മറ്റൊരഭിപ്രായം. വിശ്വാസികളെ ദൈവം പ്രത്യേകമായി സ്നേഹിക്കുമ്പോൾ തന്നെ അവിശ്വാസികളെയും അഥവാ നശിച്ചു പോകുന്നവരെയും തന്റെ ആർദ്രകരുണയാൽ ദൈവം സ്നേഹിക്കുന്നു(യോനാ.4:11/മർക്കൊ.10:21/യോഹ.3:16/യോഹ.10:16). അവരെയും ദൈവസന്നിധിയിലേക്കു കൊണ്ടു വരുവാൻ ശാസനകളും ശിക്ഷകളും ദൈവം അയയ്ക്കാറുണ്ട്. തീയിൽ ഊതിക്കഴിച്ച പൊന്നായ ദൈവതേജസ്സും ദൈവനീതിയും, വെള്ളയുടുപ്പായ നീതിവസ്ത്രവും നീതിപ്രവൃത്തികളും, കണ്ണിലെഴുതുന്ന ലേപമായ ദൈവീകപരിജ്ഞാനത്തെക്കുറിക്കുന്ന പരിശുദ്ധാത്മാവും വാങ്ങുവാൻ പറഞ്ഞിരിക്കുന്നത് രക്ഷക്കു ആവശ്യമായ കാര്യങ്ങളായതിനാൽ ലവൊദിക്ക്യയിലെ രക്ഷിക്കപ്പെടാത്തവരോടാണ്.

ദൈവം സകലരെയും സ്നേഹിക്കുന്നു. വിശ്വാസികളെയും അവിശ്വാസികളെയും സ്നേഹിക്കുകയെന്നത് ദൈവസ്നേഹത്തിന്റെ പ്രത്യേകതയാണ്. ദൈവസ്നേഹം രുചിച്ചറിഞ്ഞ വിശ്വാസികൾ ദൈവത്തെ വിട്ടകലുമ്പോഴും, ദൈവസ്നേഹം എന്തെന്നു അനുഭവിച്ചറിയാത്ത രക്ഷിക്കപ്പെടാത്തവരെ ദൈവസന്നിധിയിലേക്കു കൊണ്ടു വരുവാനും ശാസനയും ശിക്ഷയും ഉൾപ്പെട്ട മാർഗ്ഗങ്ങൾ ദൈവം കൈക്കൊള്ളാറുണ്ട്. ദൈവം അയക്കുന്ന ശാസനകളും ശിക്ഷകളും വിശ്വാസികൾ അഥവാ ദൈവമക്കൾ തിരിച്ചറിഞ്ഞു യഥാർത്ഥ മാനസ്സാന്തരത്തിന്റെ അനുഭവത്തിൽ വരുമെങ്കിൽ ദൈവേഷ്ടം നിറവേറപ്പെടുകയാണ്.

**ശാസന (rebuke) —**

ശാസന എന്നത് താക്കീത് നൽകിയോ ശകാരിച്ചു സംസാരിക്കുകയോ ചെയ്യുക എന്നതിനു പുറമേ ഒരുവന്റെ പ്രവൃത്തിയിലുള്ള തെറ്റ് അഥവാ വീഴ്ച തുറന്നു കാണിക്കുന്നതും ഉൾപ്പെടുന്നു.

പാപത്തെക്കുറിച്ചു ബോദ്ധ്യം വരുത്തുന്നതും ശാസനയാണ്(യോഹ.8:46/16:8). കർത്താവ് ലവൊദിക്ക്യക്കാരുടെ പാപങ്ങൾ തുറന്നു കാണിക്കുന്നു. അവർ ഏറെ ആത്മീകർ എന്നു സ്വയം പുകഴുന്നുവെങ്കിലും അവരുടെ ശരിയായ നില അവരെ ബോദ്ധ്യപ്പെടുത്തുന്നു. കർത്താവു പാപങ്ങളെ തുറന്നു കാണിച്ചാൽ അതിനെതിരേ ശബ്ദിക്കുവാനോ, പ്രതികരിക്കുവാനോ, സ്വയം ന്യായീകരിക്കുവാനോ ആർക്കും സാദ്ധ്യമല്ല (റോമ.3:19).

**ശിക്ഷ (chasten) —**

ശിക്ഷയെന്നത് ചെയ്ത കുറ്റത്തിനു പകരം ലഭിക്കുന്നതാണ്. ആത്മീക ബന്ധത്തിൽ ശിക്ഷ എന്നത് ബാലശിക്ഷയെ കുറിക്കുന്നു(എഫെ.6:4). ബാലശിക്ഷ ശൈശവകാലത്തെ പരിശീലനത്തിന്റെ ഭാഗമാണ്. നമ്മുടെ മക്കളെ അവരുടെ ചെറുപ്പകാലത്തു വാക്കുകളിലൂടെയോ ചില സന്ദർഭങ്ങളിൽ അടി കൊടുത്തോ ശിക്ഷിക്കാറുണ്ട്. ഈ ശിക്ഷ അവരെ നേരായപാതയിൽ നയിക്കുന്നതിനാണ്. ദൈവവും തന്റെ മക്കളെ ഈ വിധ കാര്യങ്ങളിലൂടെ പരിശീലിപ്പിക്കാറുണ്ട് (എബ്രാ.12:6,7,10). ശിക്ഷയുടെ പ്രധാന ഉദ്ദേശം തെറ്റുതിരുത്തലും, നേരായപാതയിൽ നയിക്കലുമാണ്. ശിക്ഷ (chasten) എന്നത് ശിക്ഷണം അഥവാ അച്ചടക്കത്തോടും (discipline) ബന്ധപ്പെട്ടിരിക്കുന്നു. ശിക്ഷയും ശിക്ഷണവും സകലജ്ഞാനവും അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീരുവാൻ ഇടയാകുന്നു(അപ്പൊ.7:22).

ദൈവത്തിന്റെ ശാസനയും ശിക്ഷയും പകർന്ന അനേക അവസരങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട്. പാപത്തിന്റെ ഹേതുവാൽ ദൈവം അയച്ച ശാസനയും ശിക്ഷയും മനസ്സിലാക്കി ദൈവസന്നിധിയിൽ അനുതാപത്തോടെ വരുന്ന ദൃശ്യം ദാവീദിനോടുള്ള ബന്ധത്തിൽ കാണാവുന്നതാണ്. ഊരിയാവിന്റെ മരണത്തിനും, അവന്റെ ഭാര്യയായ ബേത്ത്-ശേബായെ തന്റെ ഭാര്യയായി എടുത്തതിലും പാപം കണ്ടെത്തിയ ദൈവം നാഥാൻ പ്രവാചകനെ അയച്ചു ദാവീദിനെ ശാസിക്കുന്നു. നാഥാൻ പ്രവാചകൻ ഒരു ദൃഷ്ടാന്തത്തിലൂടെ ദാവീദിന്റെ പാപം വെളിപ്പെടുത്തിയപ്പോൾ ദാവീദ് മനസ്സിലാക്കി അനുതപിക്കുന്നു. അനുതാപം തന്റെ മരണശിക്ഷ ഒഴിവാക്കപ്പെട്ടെങ്കിലും കുഞ്ഞു മരിച്ചു പോകുവാനിടയായി(2.ശമൂ.12:1-18). ദൈവത്തിന്റെ പ്രവാചകൻ എങ്കിലും ദ്രവ്യാഗ്രഹചിന്തയാൽ യിസ്രായേൽ ജനത്തെ ശപിക്കുവാൻ ഇറങ്ങിത്തിരിച്ച ബിലയാമിനെ ദൈവം ശാസിക്കുന്നു. ശാസനയിലൂടെ തന്റെ തെറ്റു മനസ്സിലാക്കി കിട്ടിയിട്ടും അനുതാപമില്ലാതെ വീണ്ടും ദൈവവഴിവിട്ടു സഞ്ചരിച്ചതിനാൽ മരണശിക്ഷ ലഭിക്കുവാനിടയായി. (സംഖ്യാ.22:21-41/31:8). പരിശുദ്ധാത്മാവിനോടു വ്യാജം കാണിച്ച അനന്യാസിനും സഫീരക്കും ശാസനയും ശിക്ഷയും ലഭിക്കുകയുണ്ടായി(അപ്പൊ.5:1-11).

തന്റെ വായ്ക്കു രുചി പകരാത്ത ലവൊദിക്ക്യസഭയെ തന്റെ വായിൽ നിന്നു ഉമിണ്ണു കളയുവാനാണ് കർത്താവിന്റെ ഭാവമെങ്കിലും താൻ അവരെയും സ്നേഹിക്കുന്നതു കൊണ്ടാണ് ശാസനയും ശിക്ഷയും അവരെ അറിയിക്കുന്നത്. തനിക്കു പ്രീയമുള്ളവരെയാണ് ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതെന്നു അവർ മനസ്സിലാക്കി അവർ തന്റെ സന്നിധിയിലേക്കു വിശുദ്ധി പ്രാപിച്ചു കടന്നു വരണമെന്നു കർത്താവു ആഗ്രഹിക്കുന്നു.

**ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക."** (Therefore be zealous and repent)—

ഇതുവരെ പറഞ്ഞപ്രകാരം അഥവാ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എന്നതാണ് ആകയാൽ എന്ന പദം ഇവിടെ അർത്ഥമാക്കുന്നത്. വ്യക്തിപരമായ പ്രബോധനമാണിത്. അതായത് ലവൊദിക്ക്യസഭയിലെ ഓരോരുത്തരും അവരുടെ യഥാർത്ഥ ആത്മീകാധഃപനം മനസ്സിലാക്കി അതിൽ ജാഗ്രതയുള്ളവരാകുകയും, മാനസാന്തരപ്പെടുകയും വേണം എന്നു കർത്താവു പ്രബോധിപ്പിക്കുന്നു. ജാഗ്രതയുള്ളവനായിരിക്ക (be zealous) എന്നതിനു ഗ്രീക്കിൽ സെലൂ (zeleue = to burn / to boil) എന്നാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം ചൂടാക്കുക അഥവാ തിളപ്പിക്കുക എന്നാണ്. വെളി.3:15 -ൽ ഉഷ്ണം എന്നതിനു ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന സെസറ്റോസ് (zestos = hot / boiled) എന്ന പദവുമായി ഇതിനു ബന്ധമുണ്ട്. അതായത് ആത്മീക കാര്യങ്ങളിൽ അവർ ചൂടുള്ളവരായിരിക്കണം എന്നാണ് ജാഗ്രത എന്നതിൽ നിന്നു മനസ്സിലാക്കേണ്ടത്. അവരുടെ ആത്മീകാവസ്ഥ ശീതവുമല്ല, ഉഷ്ണവുമല്ല മറിച്ചു നിർവീര്യതയെയും നിസ്സംഗതയെയും പ്രകടമാക്കുന്ന ശീതോഷ്ണമായ നിലയാണ്. പൊതുവേ ആത്മീകമായി തണുപ്പ് രക്ഷിക്കപ്പെടാത്ത അവസ്ഥയെയും, ചൂട് രക്ഷിക്കപ്പെട്ടതും ആത്മനിറവുള്ളവരായി ദൈവീക കാര്യങ്ങളിൽ ശുഷ്കാന്തിയോടെ എരിഞ്ഞു ശോഭിക്കുന്ന സ്ഥിതിയെയും വെളിപ്പെടുത്തുന്നു. ലവൊദിക്ക്യസഭ ആത്മീകമായി ഉന്നതിയിലെത്തുവാനും കർത്താവിനു രുചി പകരുന്നതുമായ അനുഭവത്തിലേക്കും വരുവാൻ അവർ ജാഗ്രതയുള്ളവരായിരിക്കണം അഥവാ ചൂടുള്ളതും തിളക്കുന്നതുമായ ആത്മീകനിലയിലെത്തിച്ചേരുകയും വേണമെന്നു പ്രബോധിപ്പിക്കുന്നു. ഇതിനായി അവർ മാനസാന്തരപ്പെടുകയും വേണം എന്നു കർത്താവു പറയുന്നു. മാനസാന്തരം എന്നാൽ മനസ്സുമാറ്റം അഥവാ പശ്ചാത്തപിച്ച് ദൈവത്തോടു ക്ഷമയാചനം ചെയ്യുന്ന മനഃസ്ഥിതി. അതായത് ചെയ്ത തെറ്റിനെക്കുറിച്ചു ബോദ്ധ്യം ഉണ്ടായി, അതു പരിപൂർണ്ണമായി ഉപേക്ഷിച്ചു, പാപമോചനത്തിനായി ദൈവസന്നിധിയിൽ ശരണപ്പെടുന്നതിനെ മാനസാന്തരം എന്നു പറയാം.

ആത്മീകശീതോഷ്ണവസ്ഥക്കും നിർവീര്യതക്കും കാരണം ദൈവത്തിൽ നിന്നകന്നു ലോകകാര്യങ്ങളിൽ മുഴുകി ജീവിക്കുന്നതു മൂലമാണ്. ശീതോഷ്ണാവസ്ഥ മാറിക്കിട്ടുന്നതിന് ഉയരത്തിലുള്ള കാര്യങ്ങൾ ചിന്തിച്ചു ജാഗ്രതയുള്ളവരായി മാനസാന്തരപ്പെടണം. ദൈവമക്കൾ ദൈവീക കൂട്ടായമയിൽ നിന്നകലുമ്പോൾ ശാസനയും ശിക്ഷയും ദൈവം അയക്കും. ഈ അവസരങ്ങളിൽ ദൈവത്തിന്റെ കരം മനസ്സിലാക്കി തിരികെ വന്നാൽ അനുഗ്രഹം ലഭിക്കും. ആത്മീക സമ്പന്നനായിത്തീരുവാൻ ശുദ്ധിയേറിയ പൊന്നും, നഗ്നത മാറുവാനായി വെള്ളവസ്ത്രവും, ശരിയാ കാഴ്ച പ്രാപിക്കുവാനായി ലേപവും സൗജന്യമായി നൽകുവാൻ കർത്താവിനു മനസ്സുണ്ട്. വിശ്വാസത്താൽ പ്രാപിക്കുവാനായി ജാഗ്രതയോടെ മാനസാന്തരപ്പെടണം.

**വെളി.3:20 —"ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."** (Behold, I stand at the door and knock. If anyone hears My voice and opens the door, I will come in to him and dine with him, and he with me)

ലവൊദിക്ക്യസഭയിലുള്ളവർ ജാഗ്രതയുള്ളവരായി മാനസാന്തരപ്പെടണം എന്ന പ്രബോധനത്തിനു ശേഷം അവരോടുള്ള തന്റെ നിലപാടും, പ്രവർത്തനവും,ആഗ്രഹവും അറിയിക്കുന്നു. കർത്താവു അവരെ തുടർന്നും സ്നേഹിക്കുന്നതിനാൽ അവരോടൊപ്പം കൂട്ടായ്മയും സന്തോഷവും പങ്കിടുവാൻ ആഗ്രഹിക്കുന്നു. ഇംഗ്ളീഷിൽ ഇതാ എന്നർത്ഥം വരുന്ന ബിഹോൾഡ് (Behold) വാക്കോടു കൂടി ഈ വാക്യം ആരംഭിക്കുന്നു. പറയുവാൻ പോകുന്ന കാര്യത്തിന്റെ യാഥാർത്ഥ്യതയെയും, പ്രാധാന്യതയയും, കൂടാതെ സത്വരമായ ശ്രദ്ധയെ ആകർഷിക്കുവാനും ഈ പദം ഉപയോഗിക്കുന്നു.

**ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു —** (Behold, I stand at the door and knock)—

ലവൊദിക്ക്യസഭക്കുള്ള ദൂതിൽ കർത്താവു ഇവിടെ പ്രസ്താവിക്കുന്നത് താൻ ഒരു ഭവനത്തിന്റെ വാതിലിനു പുറത്തു നിന്നുകൊണ്ട് പ്രവേശനത്തിനായി മുട്ടുന്നു എന്നാണ്. താൻ ഈ ഭവനത്തെ സമീപിച്ചപ്പോൾ അതിന്റെ വാതിൽ അടച്ചിരുന്നതായി കാണുന്നു. ഭവനത്തിനകത്തുള്ളവരുമായി കൂട്ടായ്മബന്ധം സ്ഥാപിക്കുവാൻ കർത്താവു ആഗ്രഹിച്ചു താൻ തന്നെ അതിനായി മുൻകൈയ്യെടുക്കുന്നു. ഭവനത്തിനകത്തുള്ളവർ വിശ്വാസിയോ, അവിശ്വാസിയോ ഒരുപക്ഷേ സഭയോ ആയിരിക്കാം. വാതിൽ എന്നത് അകത്തേക്കു പ്രവേശിക്കുവാനുള്ള മാർഗ്ഗമാണ്. വ്യക്തികളെ സംബന്ധിച്ച് അതു ഹൃദയവാതിലുമാകാം.

ലോകകാര്യങ്ങളിലും, ലോകോല്ലാസങ്ങളിലും അവർ ശ്രദ്ധവെച്ചിരിക്കുന്നതിനാൽ കർത്താവ് മുട്ടുന്നത് അവർ കേൾക്കുന്നില്ല. കർത്താവിനു അവർ കൊടുത്തിരിക്കുന്ന സ്ഥാനം യഥാർത്ഥത്തിൽ വാതിലിനു പുറത്താണ്. വാതിൽക്കൽ എന്നത് കർത്താവിനെ കൂടാതെയുള്ള പ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടിരിക്കുന്നതിനെ കുറിക്കുന്നു. കർത്താവു മുട്ടുന്നതു വിവിധ രീതികളിലാകാം. ചിലപ്പോൾ വചനത്തിലൂടെ, ചിലപ്പോൾ സാഹചര്യങ്ങളിലൂടെ, മറ്റുചിലപ്പോൾ അവർ അനുഭവിക്കുന്ന കഷ്ടതകളിലൂടെയുമാകാം.

**ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ —** (If anyone hears My voice and opens the door) —

കർത്താവു അകത്തേക്കു പ്രവേശിക്കുവാനായി തന്റെ കരങ്ങൾ കൊണ്ടു മുട്ടുക മാത്രമല്ല അവരോടൊപ്പം കൂട്ടായ്മ പങ്കിടുവാനുമായി തന്റെ ശബ്ദത്താലും ആഹ്വാനം ചെയ്യുന്നു. ബലമായി വാതിൽ തുറക്കുവാനോ അതിനായി ഏതെങ്കിലും തരത്തിലുള്ള സമ്മർദ്ദമോ ഉപയോഗിക്കുവാൻ കർത്താവു ആഗ്രഹിക്കുന്നില്ല. കാരണം ദൈവികപ്രമാണങ്ങളിൽ അന്യോന്യ സ്നേഹവും ആഗ്രഹവും അടിസ്ഥാനപ്പെട്ടിരിക്കുന്നു. കർത്താവിന്റെ ശബ്ദം കേട്ടു വാതിൽ തുറന്ന അനേകരെ പുതിയനിയമത്തിലും പഴയനിയമത്തിലും കാണുന്നുണ്ട്. അബ്രഹാം, മോശെ, ശമൂവേൽ, പൗലൊസ് എന്നിവരതിൽ ഉൾപ്പെടുന്നു. ഇവരോടൊക്കെ ദൈവം ഇടപെട്ടതും വൈവിദ്ധ്യമാർന്ന സാഹചര്യങ്ങളിലുമായിരുന്നു. നല്ലിടയനായ കർത്താവിന്റെ ശബ്ദം കേട്ടു അനുഗമിച്ചാൽ സമൃദ്ധിയുടെയും സുരക്ഷിതത്വത്തിന്റെയും അനുഭവത്തിലേക്കു നയിക്കപ്പെടും(യോഹ.10).

ഒരിക്കൽ പത്രൊസ് കാരാഗ്രഹത്തിൽ നിന്നും മോചിതനായി മർക്കൊസിന്റെ അമ്മ മറിയയുടെ വീടിന്റെ വാതിൽക്കൽ മുട്ടി വിളിച്ചു. അവിടെ പത്രൊസിന്റെ കാരാഗ്രഹവിടുതലിനായി സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചു കൊണ്ടിരിക്കയായിരുന്നു. വാതിൽക്കൽ മുട്ടു കേട്ട രോദാ എന്ന പെൺകുട്ടി പത്രൊസിന്റെ ശബ്ദം തിരിച്ചറിഞ്ഞിട്ടും സന്തോഷത്താൽ പടിവാതിൽ തുറക്കാതെ അകത്തേക്കു ഓടിപ്പോയി മറ്റുള്ളവരെ അറിയിച്ചു. പത്രൊസ് വീണ്ടും മുട്ടിക്കൊണ്ടിരുന്നതിനാൽ അവർ ഒരുമിച്ചു വന്നു വാതിൽ തുറന്നപ്പോൾ പത്രൊസിനെ കാണുവാനിടയായി. അത് അവരുടെ വിസ്മയത്തിനും, സന്തോഷത്തിനും, ഒരുമിച്ചുള്ള കൂട്ടായ്മക്കും, ദൈവനാമമഹത്വത്തിനും സ്ത്രോത്രത്തിനും കാരണമായിത്തീർന്നു (അപ്പൊ.12:12-16). അതുപോലെ കർത്താവിന്റെ ശബ്ദം കേട്ടു ആരെങ്കിലും വാതിൽ തുറന്നാൽ കർത്താവിനു അകത്തുപ്രവേശിക്കുവാൻ സാധിക്കും. "*ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ*

*തുറന്നാൽ"* എന്നത് വ്യക്തിപരമായ പ്രതികരണത്തെക്കുറിക്കുന്നു. ശബ്ദം കേട്ടു തിരിച്ചറിഞ്ഞ് വാതിൽ തുറക്കണം. അതായത് കേട്ടതു അനുസരിക്കേണ്ടതായുണ്ട്.

**ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും —** (I will come in to him and dine with him, and he with Me) —

കർത്താവിന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ കർത്താവു അകത്തു പ്രവേശിച്ചു കൂട്ടായ്മ പുലർത്തി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കും. ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുകയെന്നത് പുരാതനകാലത്തെന്നപോലെ ഇക്കാലങ്ങളിലും അതു കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും പ്രതീകമാണ്. വിശ്വാസികൾ കുഞ്ഞാടിന്റെ കല്യാണസദ്യക്കു യോഗ്യരാണ്(വെളി.19:7-9). അത്താഴം കഴിക്കും(dine)എന്നതിന് ഗ്രീക്കിൽ ഡെയ്പിനിയോ(deipneo)എന്ന പദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇതു ഒരു ദിവസത്തിലെ അവസാനത്തെയോ, പ്രധാനഭക്ഷണത്തെയോ കുറിക്കുന്നു. എന്നാൽ കർത്താവു തന്റെ ശിഷ്യന്മാരുമായി പങ്കിട്ടതും ഇന്നു നാം കർത്താവിന്റെ മരണപുനരുത്ഥാനത്തെ സ്മരിക്കുന്നതുമായ അത്താഴവുമായി (supper—ലൂക്കൊ.22:20/1.കൊരി.11:20,24) ഇതിനു ബന്ധമില്ല. വാതിൽ തുറക്കുന്നവന്റെ അടുക്കൽ കർത്താവു ചെന്നു അവനോടും അവൻ കർത്താവിനോടും ഒരുമിച്ചു അത്താഴം കഴിക്കും. ഇതു നിരന്തരമായ ആത്മീകബന്ധത്തെയും സഖിത്വത്തെയും കുറിക്കുന്നു. കൂടാതെ കർത്താവിനോടും കർത്താവിനുള്ള സകലത്തോടും ഉള്ള കൂട്ടായ്മബന്ധത്തെയും വെളിപ്പെടുത്തുന്നു. കർത്താവിനെ നാം ക്ഷണിച്ചാൽ കർത്താവു അകത്തേക്കു വന്നു നമ്മോടൊപ്പം അത്താഴം കഴിക്കും എന്നതു മാത്രമല്ല നാമും കർത്താവിനോടൊപ്പം അത്താഴം കഴിക്കും എന്നതാണ് പ്രത്യേകത. അതിഥി ആതിഥേയൻ ആകുന്ന രംഗവും ഇവിടെ കാണുന്നു.

ലവൊദിക്ക്യസഭയുടെ വാതിൽക്കൽ കർത്താവു മുട്ടുന്നു. കർത്താവിനു അവർ കൊടുത്തിരിക്കുന്ന സ്ഥാനം വാതിലിനു പുറത്താണ്. അതായത് കർത്താവിനു നൽകേണ്ട സ്ഥാനം കൊടുക്കാതെയോ കർത്താവിനെ കൂടാതെയോ അവർ ഏറെ പ്രവർത്തിക്കുന്നു. ഭൗമിക കാര്യങ്ങളിൽ മാത്രം അവർ ലക്ഷ്യം വെച്ചു സഞ്ചരിക്കുന്നു. "*എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴികയില്ല*" (യോഹ.15:5) എന്നു കർത്താവു പറഞ്ഞിട്ടുണ്ട്. ഒരിക്കൽ കർത്താവിനെ പിരിഞ്ഞു കടലിൽ അദ്ധ്വാനിക്കുവാൻ പോയ ശിഷ്യന്മാരുടെ പ്രവർത്തനം തോൽവിയിൽ ചെന്നെത്തിയതായി തിരുവചനത്തിൽ പ്രസ്താവിച്ചിരിക്കുന്നു (യോഹ.21:1-12). കർത്താവിന്റെ ക്രൂശീകരണത്തിനുശേഷം നിരാശയിലായ പത്രൊസ് ഉൾപ്പെടെ ഏഴു ശിഷ്യന്മാർ തിബെര്യാസ് കടലിൽ മീൻ പിടിക്കുവാൻ മുമ്പു ഉപേക്ഷിച്ച പഴയ വലയും വള്ളവുമായി ഇറങ്ങിത്തിരിച്ചു. എന്നാൽ ഒരു രാത്രിമുഴുവനും അദ്ധ്വാനിച്ചിട്ടും "*ആ രാത്രിയിൽ ഒന്നും പിടിച്ചില്ല.*" കാരണം അവരുടെ അദ്ധ്വാനം കർത്താവിനെ കൂടാതെയുള്ളതായിരുന്നു. എന്നാൽ നിരാശയുടെയും പരാജയത്തിന്റെയും അവസ്ഥയിലും "*കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ*" എന്നുള്ള കർത്താവിന്റെ സ്നേഹമുള്ള വാക്കുകൾ അവർക്കു ശ്രവിക്കുവാനിടയായി. "ഇല്ല" എന്നുള്ള അവരുടെ പരാജയത്തിന്റെ വാക്കുകൾ അവർതന്നെ സമ്മതിച്ചപ്പോൾ "*പടകിന്റെ വലത്തുഭാഗത്തു വലവീശുവിൻ*" എന്നു കല്പിച്ചു. ഇതുവരെ അവർ ഇടതുവശത്തായിരിക്കാം വലയിട്ടത്. അതു വലതുഭാഗത്തേക്കു മാറ്റപ്പെട്ടപ്പോൾ പെരുത്തമീൻ കൂട്ടം വലയിൽ കയറി. വള്ളത്തിന്റെ ഒരു വശത്തുനിന്നു മറ്റേ വശത്തേക്കു കർത്താവിന്റെ വാക്കു കേട്ടു മാറ്റിയപ്പോൾ അത്ഭുതം അനുഭവിച്ചറിയുവാനവർക്കിടയായി. അവരുടെ പരാജയവും വിജയവും തമ്മിൽ ഒരു വള്ളത്തിന്റെ വീതിയിൽ മാത്രമുള്ള അകലമേ ഉണ്ടായിരുന്നുള്ളു. ഏതു സാഹചര്യത്തിലും കർത്താവിനെകൂടാതെയുള്ള പ്രവർത്തനം ഒരിക്കലും വിജയിക്കയില്ലെന്നു ഇതു വ്യക്തമാക്കുന്നു. അത്ഭുതത്താലും സന്തോഷത്താലും പെരുത്ത മീൻകൂട്ടം അടങ്ങിയ വല കരക്കെത്തിച്ചപ്പോൾ കർത്താവു അവർക്കായി അത്താഴം ഒരുക്കിയിരിക്കുന്ന കാഴ്ചയാണ് അവർ കണ്ടത് —"*തീക്കനലും അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും കണ്ടു.*"(യോഹ.21:9) "*വന്നു പ്രാതൽ കഴിച്ചുകൊൾവിൻ*"(യോഹ.21:12) എന്ന കർത്താവിന്റെ ക്ഷണവും കേൾക്കുവാനിടയായി.

വിശ്വാസികൾ ശ്രദ്ധയില്ലാതെ ജീവിക്കുവാനും പാടില്ല. അവർ ദൈവത്തെയും ദൈവവചനത്തെയും സ്നേഹിച്ചുകൊണ്ടു വിശുദ്ധിയിൽ ജീവിക്കുകയും കർത്താവിന്റെ വരവിനെ പ്രതീക്ഷിച്ചു ഒരുക്കത്തോടിരിക്കുകയും വേണം. **യോഹ.14:23 —** "*എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും.*" **ലൂക്കൊ.12:35-37 —** "*നിങ്ങളുടെ അര കെട്ടിയും വിളക്കു കത്തിയും കൊണ്ടിരിക്കട്ടെ. യജമാനൻ കല്യാണത്തിന്നു പോയി വന്നു മുട്ടിയാൽ ഉടനെ വാതിൽ തുറന്നു കൊടുക്കേണ്ടതിന്നു അവൻ എപ്പോൾ മടങ്ങിവരും എന്നു കാത്തു നിൽക്കുന്ന ആളുകളോടു നിങ്ങൾ തുല്യരായിരിപ്പിൻ. യജമാനൻ വരുന്നേരം ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ; അവൻ അര കെട്ടി അവരെ ഭക്ഷണത്തിന്നിരുത്തുകയും വന്നു അവർക്കു ശുശ്രൂഷ ചെയ്കയും ചെയ്യും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.*"

"*ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും*"

എന്നുള്ള ലവൊദിക്ക്യസഭയോടു പറയുന്നതും കർത്താവിന്റെ സ്നേഹത്തിന്റെ വാക്കുകളാണ്. കർത്താവിനെ അറിഞ്ഞിട്ടില്ലാത്തവർ കർത്താവിനെ അറിയുവാനും, ജഡികവിശ്വാസികളായവർ കർത്താവുമായി സജീവ കൂട്ടായ്മബന്ധത്തിലേർപ്പെടുവാനും, ശീതോഷ്ണാവസ്ഥയിലായിരിക്കുന്ന സഭകൾ കർത്താവിനുവേണ്ടി ജ്വലിച്ചു പ്രകാശിക്കുവാനും ഇടയാകണം. അതിനായി അവർ ജാഗ്രയുള്ളവരായി മാനസാന്തരപ്പെടുകയും, ക്രിസ്തുവുമായുള്ള ആത്മിക അത്താഴത്തിൽ പങ്കുകാരാകുകയും വേണം.

**"ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."**

ആലങ്കാരികഭാഷയിൽ വിവരിച്ചിരിക്കുന്ന കർത്താവിന്റെ ക്ഷണം ഉൾപ്പെട്ട ഈ വാക്യത്തിലെ പ്രത്യേകതകൾ നോക്കുക —

(1) കർത്താവിന്റെ സ്ഥാനം —> വാതിൽക്കൽ — വാതിലിനു വെളിയിൽ.
(2) കർത്താവിന്റെ പ്രവർത്തനം —> നിന്നു മുട്ടുന്നു — ദീർഘക്ഷമയോടെ കാത്തു നിൽക്കുന്നു.
(3) കർത്താവിന്റെ ക്ഷണം —> ആരെങ്കിലും കേൾക്കണം.
(4) അവർ ചെയ്യേണ്ടത് —> കർത്താവിന്റെ ശബ്ദം കേട്ടു വാതിൽ തുറക്കണം.
(5) അനുസരിച്ചാൽ സംഭവിക്കുന്നത് —> ഒരുമിച്ചുള്ള അത്താഴം — അന്യോന്യ കൂട്ടായ്മ ബന്ധം.

ഉയിർത്തെഴുന്നേറ്റ മഹത്വധാരി, വിശ്വസ്തനും സത്യവാനുമായ സാക്ഷി, ദൈവസൃഷ്ടിയുടെ ആരംഭം, ആമേൻ ആയ സത്യദൈവം എന്നീ നിലയിൽ വിളങ്ങുന്ന ക്രിസ്തു ലവൊദിക്ക്യക്കാരോടു തന്റെ സ്നേഹവും കരുതലും അറിയിക്കുന്നു. ലവൊദിക്ക്യസഭക്കുള്ള ദൂതെങ്കിലും ഇവിടെ വ്യക്തികളോടുള്ള ക്ഷണവും ആഹ്വാനവുമാണ്. ക്രിസ്തു വാതിൽക്കൽ നിന്നു മുട്ടുന്നു എന്നുള്ള ഈ വാക്യത്തെ അടിസ്ഥാനമാക്കി വിവിധ അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളുമുണ്ട്.

**> കർത്താവിന്റെ പുനരാഗമനം —**

വാതിൽക്കൽ നിന്നു മുട്ടുന്നു എന്നത് ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ വാതിലിനെ കുറിക്കുന്നതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. കർത്താവിന്റെ വരവ് ഏറ്റവും സമീപിച്ചിരിക്കുന്നു അഥവാ വാതിൽക്കൽ ആയിരിക്കുന്നു എന്ന സത്യം ഇതോടൊപ്പം ചിന്തിക്കുന്നു. ഇതിനു ഉപോൽബലമായി ചില വാക്യങ്ങൾ ഉദ്ധരിക്കുന്നു. **മത്താ.24:33 —** *"അങ്ങനെ നിങ്ങൾ ഇതു ഒക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നേ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ."* **മർക്കൊ.13:29 —** *"അങ്ങനെ നിങ്ങളും ഇതു സംഭവിക്കുന്നതു കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നേആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ."* **ലൂക്കൊ.12:36 —** *"യജമാനൻ കല്യാണത്തിന്നു പോയി വന്നു മുട്ടിയാൽ ഉടനെ വാതിൽ തുറന്നുകൊടുക്കേണ്ടതിന്നു അവൻ എപ്പോൾ മടങ്ങിവരും എന്നു കാത്തു നില്ക്കുന്ന ആളുകളോടു നിങ്ങൾ തുല്യരായിരിപ്പിൻ."* **യാക്കോ.5:9—** *"ഇതാ, ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു."* എന്നാൽ ഇവിടെയൊക്കെ പറയുന്ന "വാതിൽക്കൽ" എന്ന പ്രയോഗം കർത്താവിന്റെ പുനരാഗമനത്തെയും, പുനരാഗമനം ഏറ്റവും അടുത്തിരിക്കുന്നു എന്നതിനെയും വ്യക്തമാക്കുന്നുവെങ്കിലും വെളിപ്പാടിലെ വാക്യത്തോടു ചേരുന്നതല്ല. ഇവിടെ അകത്തുള്ളവർ വാതിൽ തുറന്നു കൊടുത്താൽ കർത്താവിനു പ്രവേശിക്കാം എന്ന നിലയാണ്. എന്നാൽ കർത്താവിന്റെ വരവിനെ കുറിച്ചുള്ള സമയം പിതാവിനു മാത്രം അറിയുന്നതാണെന്നു കർത്താവു പറഞ്ഞിട്ടുണ്ട്. **മത്താ.24:36 —** *"ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല."*

**> ലവൊദിക്ക്യസഭയുടെ വാതിൽ —**

വാതിൽക്കൽ എന്നത് ലവൊദിക്ക്യസഭയുടെ വാതിൽ തന്നെ എന്നു ഏറെ പേർ അഭിപ്രായപ്പെടുന്നു. ലവൊദിക്ക്യസഭ ലോകമോഹങ്ങളിൽ മുങ്ങിക്കുളിച്ചു, ദൈവീക കാര്യങ്ങളിൽ ശ്രദ്ധ കൊടുക്കാത്തവരായിരുന്നു. അതായത് സഭക്കു പുറത്തായിരുന്നു ക്രിസ്തുവിനു സ്ഥാനം. അവർ ക്രിസ്തുവിനെക്കൂടാതെ മതപരമായ ചടങ്ങുകളിൽ മാത്രം ആശ്രയിച്ചു കഴിഞ്ഞു. ആയതിനാൽ സഭക്കകത്തേക്കു പ്രവേശിക്കുവാൻ കർത്താവു സഭയുടെ വാതിലിൽ മുട്ടുന്നു. എന്നാൽ ഈ അഭിപ്രായവും പല കാരണങ്ങളാൽ തികച്ചും യോജിക്കാൻ കഴിയുകയില്ല. കർത്താവിനെ ആർക്കും പുറത്തു നിറുത്തുവാൻ കഴിയുകയില്ല. മാത്രവുമല്ല കർത്താവു പൊൻ നിലവിളക്കുകളുടെ അഥവാ സഭകളുടെ നടുവിൽ നടക്കുന്നവനായിട്ടാണ് വെളിപ്പാടു പുസ്തകത്തിലെ ദൂതു ആരംഭിക്കുന്നത്. **വെളി.2:1 —** *"ഏഴു നക്ഷത്രം വലങ്കൈയ്യിൽ പിടിച്ചുംകൊണ്ടു ഏഴുപൊൻനിലവിളക്കുകളുടെ* ***നടുവിൽ നടക്കുന്നവൻ*** *അരുളിച്ചെയ്യുന്നതു:"* ലവൊദിക്ക്യസഭയിൽ രക്ഷിക്കപ്പെട്ടവരായ കുറച്ചു വിശ്വാസികളെങ്കിലും കാണുവാൻ സാദ്ധ്യതയുണ്ട്. അങ്ങനെയെങ്കിൽ രണ്ടോ മൂന്നോ പേർ കർത്താവിന്റെ നാമത്തിൽ കൂടിവരുന്നിടത്തു കർത്താവ് അവരുടെ നടുവിൽ ഉണ്ടായിരിക്കും (മത്താ.18:20) എന്നു വാഗ്ദത്തമുള്ളതിനാൽ കർത്താവു പുറത്തു നിൽക്കേണ്ടി വരുന്നില്ല. സർവ്വവ്യാപിയായ കർത്താവിനു പ്രവേശിക്കുവാൻ സാധിക്കാതെ ഏതെങ്കിലും സാഹചര്യത്തിൽ പുറത്തു നിന്നു എന്നതിനു തിരുവചനത്തിൽ ആധാരവുമില്ല.

പാപവഴിയിലും ഭിന്നതയിലും നടന്ന കൊരിന്തിലും, വിശ്വാസത്തിനു പകരം ന്യായപ്രമാണത്തിലാശ്രയിച്ചു ഉപദേശവിഷയത്തിൽ ഒഴുകിയ ഗലാതൃയിലും, ആദ്യസ്നേഹത്തിൽ നിന്നു വ്യതിചലിച്ച എഫെസൊസിലും കർത്താവു വെളിയിൽ നിന്നു കൊണ്ടു അകത്തു പ്രവേശിക്കുവാൻ അനുവാദം കാത്തു നിൽക്കുന്നതായി കാണുന്നില്ല.

**> അവിശ്വാസിയുടെ ഹൃദയവാതിൽ —**

വാതിൽക്കൽ എന്നത് പാപിയുടെ അഥവാ അവിശ്വാസിയുടെ ഹൃദയവാതിലാണെന്നു മറ്റൊരഭിപ്രായം. രക്ഷാദൂതുകളിലും, രക്ഷയുടെ ആഹ്വാനങ്ങളടങ്ങിയ ലഘുലേഖകളിലും കർത്താവിനായി ഹൃദയവാതിൽ തുറന്നു കൊടുക്കുവാൻ അനേകർ ഈ വാക്യം ഉപയോഗിക്കാറുണ്ട്. കർത്താവു പാപികളുടെ ഹൃദയവാതിലിൽ നിന്നു മുട്ടുന്നതായും ആരെങ്കിലും അതു മനസ്സിലാക്കി ഹൃദയവാതിൽ തുറന്നു കൊടുത്താൽ കർത്താവുമായി കൂട്ടായ്മയുണ്ടായി വീണ്ടും ജനനം പ്രാപിക്കുന്നു. ആരെങ്കിലും എന്നുള്ള പ്രയോഗം വ്യക്തികളോടായതിനാൽ സഭയുടെ വാതിൽ അല്ല; മറിച്ചു അവിശ്വാസിയുടെ ഹൃദയവാതിൽ തന്നെ എന്നു വാദിക്കുന്നു. ഇതിനും എതിരഭിപ്രായമുണ്ട്. കർത്താവു ദൂതു നൽകുന്നത് ലവൊദിക്ക്യസഭയോടാണെന്നും അല്ലാതെ അവിടെയുള്ള വ്യക്തികളോടല്ലെന്നും ആയതിനാൽ സഭയുടെ വാതിൽക്കലാണ് മുട്ടുന്നത് എന്നു പറയുന്നു. ലവൊദിക്ക്യസഭ മുഴുവൻ രക്ഷിക്കപ്പെടാത്തവരാകയാൽ കർത്താവു സഭയുടെ പുറത്തു നിൽക്കുകയാണെന്നു അഭിപ്രായപ്പെടുന്നു. അവർ ജാഗ്രതയുള്ളവരായി മാനസാന്തരപ്പെട്ടാലേ കർത്താവിനു പ്രവേശിക്കുവാൻ കഴിയൂ.

**> വിശ്വാസിയുടെ ഹൃദയവാതിൽ —**

ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു എന്നത് ലവൊദിക്ക്യസഭയോടു പറയുന്നതിനാൽ ഇതു സഭക്കുള്ള ദൂതാണെന്നും, സഭയിൽ രക്ഷിക്കപ്പെട്ടവർ ഉൾക്കൊള്ളുന്നതിനാൽ അവർക്കുള്ള ആഹ്വാനമായി കണക്കാക്കാം എന്ന അഭിപ്രായവുമുണ്ട്. ലോകസമ്പത്തിലാശ്രയിക്കയും ദൈവീകകാര്യങ്ങളിൽ നിർവ്വീര്യരായി കഴിയുകയും ചെയ്യുന്ന ലവൊദിക്ക്യവിശ്വാസികൾ കർത്താവുമായുള്ള കൂട്ടായ്മയും സന്തോഷവും പങ്കിടുവാൻ ഹൃദയവാതിൽ തുറന്നു കൊടുക്കണം. എന്നാൽ ഇതിനു മുമ്പായുള്ള കർത്താവിന്റെ പ്രബോധനത്തിൽ തീയിൽ ഊതിക്കഴിച്ച പൊന്ന്, വെള്ളവസ്ത്രം, കണ്ണിലെഴുതുവാനുള്ള ലേപം എന്നിവ ആത്മീകാർത്ഥത്തിൽ രക്ഷ പ്രാപിക്കുവാനുള്ള കാര്യങ്ങളാകയാൽ അവിശ്വാസികളോടാണ് പറയുന്നതെന്ന എതിരഭിപ്രായവുമുണ്ട്.

കർത്താവിന്റെ ആഹ്വാനം വിശ്വാസികളോടോ, അവിശ്വാസികളോടോ, സഭയോടു മാത്രമായോ എന്നുള്ള വിവിധ വാദങ്ങളും അഭിപ്രായങ്ങളും ഉള്ളപ്പോൾ തന്നെ ഇതിൽ പറഞ്ഞിരിക്കുന്ന പ്രബോധനം സകലർക്കും ആവശ്യമായിരിക്കുന്നു എന്നതാണ് പ്രത്യേകത. വിശ്വാസികൾ ലോകമോഹങ്ങളുപേക്ഷിച്ചു കർത്താവിനോടു കൂട്ടായ്മബന്ധം പുനഃസ്ഥാപിക്കുവാനും, അവിശ്വാസികൾ കർത്താവുമായുള്ള സജീവ ബന്ധത്തിലെത്തിച്ചേരുവാനും, സഭ നിലവിളക്കെന്ന നിലയിൽ ലോകത്തിൽ എരിഞ്ഞു ശോഭിപ്പാനും ഇടയാകണം. കർത്താവു വാതിൽക്കൽ നിൽക്കുന്നു എന്നത് കർത്താവിനെ ഒഴിവാക്കികൊണ്ടുള്ള പ്രവർത്തനങ്ങളെ കുറിക്കുന്നു. വിശ്വാസികളോ, അവിശ്വാസികളോ, സഭയോ എന്നതിനു വ്യത്യാസമില്ല. ക്രിസ്തുവിനെ കൂടാതെയുള്ളതും ക്രിസ്തുവിൽ ആശ്രയിക്കാതെയുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു.

കർത്താവു വാതിൽക്കൽ നിന്നു മുട്ടി വാതിൽ തുറക്കുവാനുള്ള ആഹ്വാനത്തോടു സാമ്യമുള്ള ഒരു ഭാഗം പഴയനിയമത്തിൽ കാണുന്നു. **ഉത്ത.5:2-6 —** *"ഞാൻ ഉറങ്ങുന്നു എങ്കിലും എന്റെ ഹൃദയം ഉണർന്നിരിക്കുന്നു. വാതിൽക്കൽ മുട്ടുന്ന എന്റെ പ്രിയന്റെ സ്വരം; എന്റെ സഹോദരി, എന്റെ പ്രിയേ, എന്റെ പ്രാവേ, എന്റെ നിഷ്കളങ്കേ, തുറക്കുക ........... എന്റെ പ്രിയൻ ദ്വാരത്തിൽ കൂടി കൈനീട്ടി; എന്റെ ഉള്ളം അവനെച്ചൊല്ലി ഉരുകിപ്പോയി...........എന്റെ പ്രിയന്നു തുറക്കേണ്ടതിന്നു ഞാൻ എഴുന്നേറ്റു ......... ഞാൻ എന്റെ പ്രിയന്നു വേണ്ടി തുറന്നു എന്റെ പ്രിയനോ പൊയ്ക്കളഞ്ഞിരുന്നു ........ ഞാൻ അന്വേഷിച്ചു അവനെ കണ്ടെത്തിയില്ല."* ശൂനേംകാരത്തി അവളുടെ ഉറക്കത്തിൽ അവളെ അസ്വസ്ഥമാക്കുന്ന ഒരു സ്വപ്നം കാണുന്നു. അവളുടെ പ്രിയൻ വാതിൽക്കൽ വന്നു മുട്ടിവിളിക്കുന്ന ശബ്ദം അവൾ കേട്ടു. അവൾ അവളുടെ പ്രിയനെ കൂടാതെ വാതിൽ അടച്ചു കിടക്കയിൽ സുഖമായി ഉറങ്ങുകയാണ്. അവൾക്കു എഴുന്നേൽക്കുവാൻ തോന്നിയില്ല. പ്രിയന്റെ ശബ്ദത്തിനു അവൾ പ്രതികരിച്ചതുമില്ല. പ്രിയൻ വാതിൽക്കലുള്ള ദ്വാരത്തിലൂടെ തന്റെ കൈ നീട്ടിയപ്പോൾ കൈയുടെ സൗരഭ്യവാസന തന്റെ പ്രിയന്റേതാണെന്നു അവൾ തിരിച്ചറിയുകയും ചെയ്തു. എന്നിട്ടും അവൾ പ്രതികരിക്കാഞ്ഞതിനാൽ ബലപ്രയോഗത്താൽ അകത്തു പ്രവേശിക്കാതെ പ്രിയൻ ദുഃഖിച്ചുകൊണ്ടു തിരികെ പോയി. ലവൊദിക്ക്യസഭ മാത്രമല്ല ഇന്നത്തെ സഭകളുടെയും വിശ്വാസികളുടെയും ഒരു ചിത്രം കൂടിയാണിത്.

യേശുകർത്താവിനു ലവൊദിക്ക്യസഭയോടുള്ള സ്നേഹത്തിനു ഒരു കുറവും സംഭവിച്ചിട്ടില്ലാത്തതിനാലാണ് അവരുടെ വാതിൽക്കൽ നിന്നു മുട്ടുന്നത്. അവർ ക്രിസ്തുവിന്റെ ശബ്ദം കേട്ടു തിരിച്ചറിഞ്ഞു വാതിൽ തുറന്നു ക്ഷണിച്ചാൽ അവരുമായി കൂട്ടായ്മ പങ്കിടും. അതിനായി ഓരോരുത്തരും സ്വന്തഹൃദയവാതിൽ തുറന്നു കൊടുക്കണം. വ്യക്തിപരമായുള്ള

കൂട്ടായ്മബന്ധത്തിലൂടെയുണ്ടാകുന്ന ആത്മീക ഉന്നതി സഭയുടെയും മൊത്തമായ ആത്മീക ഉണർവിനും ഉന്നതിക്കും കാരണമാകും. കർത്താവു വാതിൽ തുറക്കുവാൻ ശക്തനാണ്. എന്നാൽ ഓരോരുത്തരുടെയും അറിവോടും, സമ്മതത്തോടും, സ്നേഹത്തോടും കൂടിയുള്ള പ്രതികരണമാണ് കർത്താവു ആഗ്രഹിക്കുന്നത്.

**വെളി.3:21 —"ജയിക്കുന്നവന്നു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ചു എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതു പോലെ തന്നേ."** — (To him who overcomes I will grant to sit with Me on My throne, as I also overcame and sat down with My Father on His throne)

കർത്താവിന്റെ സ്നേഹത്തിന്റെ ഇടപെടലുകളായ ശാസനയും ശിക്ഷയും മനസ്സിലാക്കി ജാഗ്രതയുള്ളവരായി മാനസാന്തരപ്പെടുകയും വാതിൽ തുറന്നു കർത്താവുമായി കൂട്ടായ്മബന്ധത്തിലേക്കു പ്രവേശിക്കുകയും ചെയ്യുന്നവർ ജയാളികളാണ്. അവർക്കുള്ള വാഗ്ദത്തമാണ് — *"ജയിക്കുന്നവന്നു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ചു എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നേ."* കർത്താവിൽ വിശ്വസിക്കുന്നവരാണ് ജയാളികൾ (റോമ.8:37/1.യോഹ.5:4,5). അതായത് ജയാളിയായ കർത്താവിന്റെ ജീവിതം പങ്കിടുമ്പോൾ കർത്താവിന്റെ വിജയവും പങ്കിടുകയാണ്. നാം ഭൂമിയിൽ ജനിച്ചപ്പോൾ പാപത്താൽ തോൽവി സംഭവിച്ച ആദാമിന്റെ സന്തതിയെന്നതിനാൽ പരാജയപ്പെട്ട ജീവിതമായിരുന്നു. എന്നാൽ ജയാളിയായ ക്രിസ്തുവിലൂടെ പുതിയ ജനനം പ്രാപിച്ചപ്പോൾ ക്രിസ്തുവിന്റെ വിജയം നമ്മിലേക്കു പകരപ്പെട്ടു.

വെളിപ്പാടു പുസ്തകത്തിൽ ഓരോ സഭകൾക്കുമുള്ള ദൂതിൽ ജയാളികൾക്കു ലഭിക്കുന്ന പ്രതിഫലത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്.

**(1) എഫെസൊസ് —**

വെളി.2:7 —ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും.

**(2) സ്മുർന്ന —**

വെളി.2:11 — രണ്ടാം മരണത്താൽ ദോഷം വരികയില്ല.

**(3) പെർഗ്ഗമൊസ് —**

വെളി.2:17 — മറഞ്ഞിരിക്കുന്ന മന്ന, വെള്ളക്കല്ലു, പുതിയ പേര്.

**(4) തുയഥൈര —**

വെളി.2:26 — ജാതികളുടെ മേൽ അധികാരം, ഇരുമ്പുകോൽകൊണ്ടു അവരെ മേയ്ക്കുവാനധികാരം, ഉദയനക്ഷത്രം.

**(5) സർദ്ദിസ് —**

വെളി.3:5 — വെള്ളയുടുപ്പു ധരിക്കും, ജീവപുസ്തകത്തിൽ പേർ മാച്ചു കളകയില്ല, ദൈവസന്നിധിയിലും ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റു പറയും.

**(6) ഫിലദെൽഫ്യ—**

വെളി.3:12 —ദൈവത്തിന്റെ ആലയത്തിൽ തൂണാക്കും,ദൈവത്തിന്റെ നാമവും, ദൈവത്തിന്റെ നഗരത്തിന്റെ നാമവും, കർത്താവിന്റെ പുതിയനാമവും അവന്റെ മേൽ എഴുതും.

**(7) ലവൊദിക്ക്യ —**

വെളി.3:21 — കർത്താവിനോടൊപ്പം സിംഹാസനത്തിൽ ഇരിക്കുവാനുള്ള വരം.

**വിവിധതരം സിംഹാസനങ്ങൾ —**

(1) ദൈവത്തിന്റെ സിംഹാസനം — സങ്കീ.45:6/103:19/യെശ.6:1/വെളി.4:2

(2) ദാവീദിന്റെ സിംഹാസനം —

ദാവീദിന്റെ ജീവകാലത്തെ — 2.ശമൂ.2:4/5:3

സഹസ്രാബ്ദ കാലത്തെ — യിരെ.30:9/33:17/ഹോശേ.3:5.

(3) അപ്പൊസ്ഥലന്മാർക്കുള്ള 12 സിംഹാസനങ്ങൾ — മത്താ.19:28.

(4) മൂപ്പന്മാരുടെ ഇരുപത്തിനാലു സിംഹാസനങ്ങൾ — വെളി.4:4

(5) വിശ്വാസികൾക്കായുള്ള ന്യായാസനം — ക്രിസ്തുവിന്റെ സിംഹാസനം — 2.കൊരി.5:10.

(6) അവിശ്വാസികൾക്കായുള്ള വെള്ളസിംഹാസനം — വെളി.20:11

(7) സാത്താന്റെ സിംഹാസനം — വെളി.2:13.

**ദൈവസിംഹാനത്തിന്റെ പ്രത്യേകതകൾ —**

**(1) ദൈവത്തിന്റെ സിംഹാസനം സ്വർഗ്ഗത്തിൽ —**

**സങ്കീ.11:4 —** *" യഹോവ തന്റെ വിശുദ്ധമന്ദിരത്തിൽ ഉണ്ടു; യഹോവയുടെ സിംഹാസനം സ്വർഗ്ഗത്തിൽ ആകുന്നു."*

**സങ്കീ.66:1 —** *"സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവുമാകുന്നു."*

**സങ്കീ.103:19 —** *"യഹോവ തന്റെ സിംഹാസനത്തെ സ്വർഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു; അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നു."*

**(2) ദൈവസിംഹാസനം നീതിയുള്ളത് —**

**സങ്കീ.45:6 —** *"ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളതാകുന്നു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോലാകുന്നു."*

**(3) ദൈവസിഹാസനം വിശുദ്ധമായത് —**

**സങ്കീ.47:8 —** *"ദൈവം ജാതികളെ ഭരിക്കുന്നു; ദൈവം തന്റെ വിശുദ്ധസിംഹാസനത്തിൽ ഇരിക്കുന്നു."*

**(4) ദൈവസിംഹാസനം നിത്യമായത് —**

**എബ്രാ.1:8 —** *"ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളതു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ."*

**(5) ദൈവസിംഹാസനം കൃപയുടെ സിംഹാസനം —**

**എബ്രാ.4:16 —** *" അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക."*

**(6) ദൈവസിംഹാസനം മഹത്വത്തിന്റെ സിംഹാസനം —**

**മത്താ.19:28 —** *" മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ....."*

**ജയിക്കുന്നവന്നു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും** (To him who overcomes I will grant to sit with Me on My throne) —

കർത്താവിനോടൊപ്പം സിംഹാസനത്തിൽ ഇരിക്കുവാനുള്ള വരം ലവൊദിക്ക്യസഭയിലെ വിജയിക്കുന്നവർക്കു മാത്രമുള്ള വാഗ്ദത്തമാണ്. കർത്താവിന്റെ വായ്ക്കു രുചി പകരാത്ത അനുഭവത്തിലും, ശീതോഷ്ണാവസ്ഥയിലും കഴിഞ്ഞിരുന്ന അവർ കർത്താവിന്റെ വാതിൽക്കലുള്ള മുട്ടും ശബ്ദവും കേട്ടു വാതിൽ തുറക്കുന്നാൽ കർത്താവുമായി അത്താഴം അഥവാ കൂട്ടായ്മ പങ്കിടുവാൻ സാധിക്കുന്നു. കർത്താവു അതിഥിയായി പ്രവേശിക്കുന്നുവെങ്കിലും തുടർന്നു ആതിഥേയനായി തീരുന്നു. വിരുന്നുശാല സിംഹാസനമുറിയും ആയി മാറ്റപ്പെടുന്നു. രാജാവിനോടൊപ്പം സിംഹാനത്തിലിരിക്കുവാൻ രാജാവിന്റെ റാണിക്കു മാത്രമാണവകാശം. അതുപോലെ രാജാവായ നമ്മുടെ കർത്താവിന്റെ സിംഹാസനത്തിൽ കർത്താവിനോടൊപ്പം ഇരിക്കുവാൻ അവകാശം തന്റെ റാണി എന്ന പദവി അലങ്കരിക്കുന്ന വിശുദ്ധന്മാരുടെ കൂട്ടമായ സഭക്കുള്ളതാണ്. നിത്യതമുഴുവനും കർത്താവിനോടൊപ്പമുള്ള സ്നേഹബന്ധത്തെയും, കൂട്ടായ്മയെയും, വാഴ്ചയെയും സിംഹാസനം പങ്കിടൽ വെളിപ്പെടുത്തുന്നു.

സിംഹാസനം അധികാരത്തിന്റെയും പദവിയുടെയും ഉറവിടത്തെ കുറിക്കുന്നു. പൗരസ്ത്യദേശരാജാക്കന്മാരുടെ സിംഹാസനം ഒന്നിലധികം പേർക്കിരിക്കുവാൻ തക്കവണ്ണം ക്രമീകരിക്കപ്പെട്ടതായിരിക്കും. റാണിക്കു പുറമേ വിശിഷ്ടവ്യക്തികളെ ആദരിക്കുന്നതിനായി രാജാവു അവരെയും സിഹാസനത്തിൽ തന്നോടൊപ്പം ഇരുത്താറുണ്ട്. ലവൊദിക്ക്യക്കുള്ള ദൂതിൽ ജയിക്കുന്ന വന്നു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും എന്നുള്ളതും ഇതേ ആശയമാണുള്ളത്. അതായത് ക്രിസ്തുവെന്ന രാജാവിന്റെ റാണി എന്ന നിലയിലും ക്രിസ്തുവിനാൽ ആദരിക്കപ്പെട്ടവരെന്ന നിലയിലും കർത്താവിനോടൊപ്പം സിംഹാസനത്തിൽ ഇരിക്കുവാൻ ജയാളികളായ ദൈവമക്കൾക്കു വിശേഷഭാഗ്യം ലഭിച്ചിരിക്കുന്നു.

സിംഹാസനത്തിൽ കർത്താവിനോടൊപ്പം ഇരിക്കുവാനുള്ള അവസരം ജയാളികൾക്കുള്ള ഒരു വരം അഥവാ വാഗ്ദത്തമാണ്; മാത്രവുമല്ല അതു ഭാവിയിൽ ലഭിക്കുന്നതുമാണ്. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്നവരെ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ പ്രാപിച്ച വീണ്ടെടുപ്പിനാൽ ഉയിർപ്പിച്ചു നിത്യജീവൻ നൽകി, സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുകയാണ്(എഫെ.2:1-10). ഇപ്പോൾ അവർ ഭൂമിയിൽ ജീവിക്കുന്നുവെങ്കിലും സ്വർഗ്ഗീയപൗരൻ എന്ന നിലയിൽ ആത്മീകമായി സ്വർഗ്ഗസ്ഥലത്തു ഇരിക്കുകയാണ്. എന്നാൽ ക്രിസ്തുവിനോടൊപ്പം സിംഹാസനത്തിൽ ഇരിക്കുവാൻ വരം നൽകും എന്നത് നിത്യതയിൽ അഥവാ ഈ ലോക ജീവിതകാലശേഷം കർത്താവിനോടൊപ്പം സിംഹാസനത്തിൽ ഇരുന്നു അധികാരം പങ്കിടുന്നതും വാഴ്ചയും കുറിക്കുന്നു. തന്നെ അനുഗമിച്ച ശിഷ്യന്മാർ മഹത്വത്തിൽ തന്നോടൊപ്പം സിംഹാസനം പങ്കിടുന്നതിനെക്കുറിച്ചു കർത്താവു പറഞ്ഞിട്ടുണ്ട്. **മത്താ.19:28 —** *"എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽഗോത്രം*

*പന്ത്രണ്ടിനെയും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."* **ലൂക്കൊ.22:29,30** — *"എന്റെ പിതാവു എനിക്കു രാജ്യം നിയമിച്ചു തന്നതുപോലെ ഞാൻ നിങ്ങൾക്കും നിയമിച്ചു തരുന്നു. നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിങ്കൽ തിന്നുകുടിക്കയും സിംഹാസനങ്ങളിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കയും ചെയ്യും."* ഇതു മഹോപദ്രവകാലശേഷമുള്ള സഹസ്രാബ്ദവാഴ്ചയിലാണ് നടക്കുന്നത്. അന്നു കർത്താവിന്റെ 12 ശിഷ്യന്മാരായ അപ്പൊസ്തലന്മാർ (യൂദാക്കു പകരം മത്ഥിയാസ്) യിസ്രായേൽ ഗോത്രങ്ങളെ ക്രിസ്തുവിനോടൊപ്പം സിംഹാസനത്തിലിരുന്നു ഭരിച്ചു ന്യായം വിധിക്കും. സഹസ്രാബ്ദവാഴ്ചക്കു ശേഷം വെള്ളസിംഹാസനം സ്ഥാപിക്കപ്പെടുമ്പോൾ പുതിയനിയമവിശുദ്ധന്മാരായ വീണ്ടെടുക്കപ്പെട്ടവർ ലോകത്തെ ന്യായം വിധിക്കും.

**ഞാനും ജയിച്ചു എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നേ —**

ക്രിസ്തു ക്രൂശിൽ നേടിയ ജയം തന്നിൽ വിശ്വസിച്ച ജയാളികളുമായി പങ്കിടുന്നു. ക്രൂശ് കഷ്ടതയും, നിന്ദയും, പരിഹാസവും, പീഡനവും, തോൽവിയും നിറഞ്ഞതായിരുന്നു. എന്നാൽ തന്റെ മനുഷ്യത്വത്തിൽ ഇതൊക്കെയും സഹിച്ചുകൊണ്ടു മരണത്തെ തോൽപ്പിച്ചുകൊണ്ടു ജയം പ്രാപിച്ചു പിതാവിന്റെ ഇഷ്ടം നിറവേറ്റി. ആയതിനാൽ പിതാവു പുത്രനെ ഏറ്റവും ഉയർത്തി എന്നു മാത്രമല്ല സിംഹാസനത്തിലിരുന്നു സകലതിനെയും ഭരിക്കുവാനുള്ള അധികാരവും കൊടുത്തു. പിതാവായ ദൈവത്താൽ ആദരിക്കപ്പെട്ടവനായ ക്രിസ്തു തന്റെ പിതാവിനോടുകൂടെ സ്വർഗ്ഗസിംഹാസനത്തിൽ ഇരുന്നതുപോലെ തന്നിൽ വിശ്വസിച്ചു വിശ്വാസത്തിനായി വിലകൊടുക്കുകയും, കഷ്ടനഷ്ടങ്ങൾ സഹിക്കുകയും ചെയ്ത, ജയാളികൾക്കും തന്നോടൊപ്പം ഇരിക്കുവാനുള്ള അവകാശവും അധികാരവും കൊടുത്തു.

ഇവിടെ രണ്ടു സിംഹാസനങ്ങളെ കുറിച്ചു പറഞ്ഞിരിക്കുന്നു. (1) "അവന്റെ സിംഹാസനം" — ദൈവത്തിന്റെ സിംഹാസനം. (2) "എന്റെ സിംഹാസനം" — ക്രിസ്തുവിന്റെ സിംഹാസനം. ദൈവത്തിന്റെ സിംഹാസനവും ക്രിസ്തുവിന്റെ സിംഹാസനവും ഒന്നു തന്നെയാണെന്നു അഭിപ്രായമുണ്ട്. വെളി.22:1—*"വീഥിയുടെ നടുവിൽ* **ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ** *നിന്നു പുറപ്പെടുന്നതായി....."* എന്നാൽ ദൈവത്തിന്റെ സിംഹാസനം സ്വർഗ്ഗത്തിലും, ദാവീദിന്റെ സിംഹാസനം എന്നറിയപ്പെടുന്ന ക്രിസ്തുവിന്റെ സിംഹാസനം ഭൂമിയിലും, ക്രിസ്തുവിന്റെ നിത്യമായ സിംഹാസനം സ്വർഗ്ഗത്തിലുമാണെന്നു തിരുവചനം വെളിപ്പെടുത്തിയിട്ടുണ്ട്.

**(1) "അവന്റെ സിംഹാസനം" — ദൈവത്തിന്റെ സിംഹാസനം —**

ക്രൂശിലൂടെ ലോകം, പാപം, മരണം, സാത്താൻ എന്നിവയിന്മേൽ വിജയം നേടി ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു ഇന്നു ദൈവത്തിന്റെ സിംഹാസനത്തിലാണ് ഇരിക്കുന്നത്. ഈ സിംഹാസനത്തിലിരിക്കുന്ന ക്രിസ്തുവിനെക്കുറിച്ചു എബ്രായലേഖനത്തിലും വെളിപ്പാടിലും രേഖപ്പെടുത്തിയിട്ടുണ്ട്. **എബ്രാ.1:3** — *"പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്തു ഇരിക്കയും..."* **എബ്രാ.12:2** — *"തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു."* **വെളി.4:2,3** — *"സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു. ഇരിക്കുന്നവൻ കാഴ്ചെക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ; സിംഹാസനത്തിന്റെ ചുറ്റും കാഴ്ചെക്കു മരതകത്തോടു സദൃശമായോരു പച്ചവില്ലു... "*

**(2) "എന്റെ സിംഹാസനം" — ക്രിസ്തുവിന്റെ സിംഹാസനം —**

ക്രിസ്തുവിന്റെ സിംഹാസനം താഴ്മധരിച്ച മഹത്വധാരിയായ മനുഷ്യപുത്രന്റേതാണ്. രാജാധിരാജാവും കർത്താധികർത്താവും എന്ന നിലയിൽ ഭൂമിയിൽ ഭരണം നടത്തുന്ന സിംഹാസനമാണത്. ഈ സിംഹാസനത്തിൽ വിജയികളായ വിശുദ്ധന്മാരുമായി ഇരുന്നു വാഴും.

**ലൂക്കൊ.1:32,33** — *"കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും ....... അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല."*

**1.കൊരി.6:2** — *"വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നു അറിയുന്നില്ലയോ? "*

**വെളി.2:26,27** — *"ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവന്നു എന്റെ പിതാവു എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കും. അവൻ ഇരിമ്പുകോൽകൊണ്ടു അവരെ മേയിക്കും; അവൻ കുശവന്റെ പാത്രങ്ങൾപോലെ നുറുങ്ങിപ്പോകും."*

**വെളി.21:3**—*"സിംഹാസനത്തിൽ നിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും."*

**വെളി.22:3 —** *"ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും....... അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും."*

*"ജയിക്കുന്നവന്നു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ചു എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നേ. "* എന്നുള്ള ലവൊദിക്ക്യസഭക്കുള്ള വാഗ്ദത്തം ഇന്നത്തെ സഭകൾക്കും വിശ്വാസികൾക്കും കൂടിയുള്ളതാണ്. ശീതോഷ്ണാവസ്ഥയിലും, കർത്താവിന്റെ ഹിതത്തിനൊത്തു ജീവിക്കാതെയും, ഭൗതികകാര്യങ്ങൾക്കു മാത്രം പ്രാധാന്യം കൊടുത്തുകൊണ്ടും ജീവിച്ച ലവൊദിക്ക്യയെ വായിൽ നിന്നു തുപ്പി കളയുമെന്നു അവരെ അറിയിച്ചു. എങ്കിൽ കൂടി കർത്താവു അവരോടു കൃപ കാണിച്ചു സ്നേഹത്തോടെ ബുദ്ധി ഉപദേശം നൽകി. ജയാളികളായവർ ഭൂമിയിൽ ദാവീദിന്റെ സിംഹാസനം എന്നറിയപ്പെടുന്ന ക്രിസ്തുവിന്റെ സിംഹാസനത്തിലും, സ്വർഗ്ഗത്തിൽ ദൈവത്തിന്റെ സിംഹാസനം എന്നറിയപ്പെടുന്ന നിത്യസിംഹാസനത്തിലും ക്രിസ്തുവിനോടൊപ്പം വാഴും.

**വെളി.3:22 —"ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ."**—(He who has an ear, let him hear what the Spirit says to the churches)—

ലെവൊദിക്ക്യയിലെ സഭയുടെ ദൂതനുള്ള എഴുത്തു *"ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ."* എന്ന കർത്താവിന്റെ അഭ്യർത്ഥന അഥവാ ആഹ്വാനത്തോടെ അവസാനിപ്പിക്കുന്നു. ഏഴു തവണ ഏഴു സഭകൾക്കും ഒരേ വിധത്തിലുള്ള ആഹ്വാനമാണ് നൽകിയത് (വെളി.2:7/2:11/2:17/2:29/3:6/3:13/3:22). വെളിപ്പാടു പുസ്തകത്തിൽ തുടർന്നു ഒരിടത്തും ഈ ആഹ്വാനം ആവർത്തിക്കുന്നില്ല. ആദ്യത്തെ മൂന്നു സഭകൾക്ക് (എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്) ആഹ്വാനശേഷം വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നുവെങ്കിൽ അവസാനത്തെ നാലു സഭകൾക്ക് (തുയഥൈര,സർദ്ദിസ്, ഫിലെദെൽഫ്യ, ലെവൊദിക്ക്യ) വാഗ്ദത്തങ്ങൾക്കു ശേഷം ആഹ്വാനം നൽകിയിരിക്കുന്നു. കാര്യസ്ഥനായ പരിശുദ്ധാത്മാവാണ് ഇതു പറയുന്നതെന്നും ഇതിനു പ്രത്യേകതയുണ്ട്. പ്രാദേശിക സഭകൾ പറയുന്നതും പ്രവർത്തിക്കുന്നതും എപ്പോഴും ശരിയായിരിക്കണമെന്നില്ല. സഭയുടെ വാക്കു അവസാനവാക്കായി എടുക്കാതെ പരമാധികാരിയായ പരിശുദ്ധാത്മാവിന്റെ വാക്കാണ് കേൾക്കേണ്ടത്. ഞാൻ പോയി പരിശുദ്ധാത്മാവെന്ന കാര്യസ്ഥനെ ഭൂമിയിലേക്കു അയക്കുമെന്നു കർത്താവു പറഞ്ഞിട്ടുണ്ട് (യോഹ.16). ആ നിലയിൽ സ്വർഗ്ഗത്തിൽ പിതാവിന്റെ സന്നിധിയിൽ നിന്നു പുറപ്പെട്ടവനും, പുത്രനാൽ അയക്കപ്പെട്ടവനുമായ പരിശുദ്ധാത്മാവു ഭൂമിയിൽ സഭാകാലയളവിന്റെ അന്ത്യം വരെ സഭയിൽ വസിക്കുന്നു. ആയതിനാൽ ആത്മാവു പറയുന്നതു കേൾക്കുക മാത്രമല്ല അനുസരിച്ചു ജീവിക്കുകയെന്നതും പ്രാധാന്യമർഹിക്കുന്നു. "സഭകളോടു" എന്നു ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നതിനാൽ ലെവൊദിക്ക്യസഭയോടു മാത്രമല്ല മറ്റു സഭകൾക്കുമുള്ള ആഹ്വാനമാണ്. കൂടാതെ "ചെവിയുള്ളവൻ കേൾക്കട്ടെ" എന്ന പ്രയോഗം വ്യക്തിപരമായ ദൂതിനെയും കുറിക്കുന്നു. അതായത് പെന്തൊക്കൊസ്തു നാൾ സഭയുടെ ആരംഭം മുതൽ കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ സഭ എടുക്കപ്പെടുന്നതുവരെയുള്ള കാലഘട്ടത്തിലെ സകലസഭകൾക്കും, സകല വ്യക്തികൾക്കുമുള്ള ദൂതായി കരുതേണ്ടതാണ്. ഒരു വ്യക്തിപോലും തനിക്കു മുന്നറിയിപ്പു ലഭിച്ചില്ലെന്നു പറയുവാൻ ഇടയാകരുത് എന്ന നിലയിലാണ് ആത്മാവു സംസാരിക്കുന്നത്. ദൈവാത്മാവിന്റെ മുന്നറിയിപ്പു കേൾക്കുക മാത്രമല്ല അതനുസരിച്ചു ജീവിക്കുകയും വേണം. വചനം കേട്ടു അനുസരിക്കുന്നവനെ ബുദ്ധിയുള്ള മനുഷ്യനായി കർത്താവു തന്റെ ഗിരിപ്രഭാഷണത്തിൽ പറയുകയുണ്ടായി. **മത്താ.7:24 –27 —** *"ആകയാൽ എന്റെ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു."*

അപ്പൊസ്തലപ്രവൃത്തി രണ്ടാം അദ്ധ്യായത്തിൽ അഥവാ പെന്തൊക്കൊസ്തുനാളിൽ ആരംഭം കുറിച്ച സഭ വിവിധമായ സ്വഭാവങ്ങളോടെ ഭൂമിയിൽ നിലനിന്ന ശേഷം വെളിപ്പാടു പുസ്തകം മൂന്നാം അദ്ധ്യായത്തിന്റെ അവസാനത്തോടെ അഥവാ ലവൊദിക്ക്യ കാലഘട്ടത്തോടെ സഭാകാലയളവു അവസാനിക്കുന്നു. മൂന്നാം അദ്ധ്യായത്തിനു ശേഷം സഭയെ നാം ഭൂമിയിൽ കാണുന്നില്ല.

സോദോമിന്റെ പാപം പോലെ ലവൊദിക്ക്യകാലഘട്ടത്തിലും പാപം വർദ്ധിച്ചു വരുന്നു. സോദോമിന്റെ പാപത്തിന്റെ മൂലകാരണം ഗർവ്വവും, മ്ളേച്ഛതയും, സ്വാർത്ഥതയുമായിരുന്നു. ആകയാൽ സോദോമിനെ ദൈവത്തിന്റെ വായിൽ നിന്നു ഉമിണ്ണു കളയുവാൻ അഥവാ ഭൂമിയിൽ നിന്നു നീക്കപ്പെടുവാൻ ഇടയായി. **യെഹെ.16:49,50—** *"നിന്റെ സഹോദരിയായ സോദോമിന്റെ അകൃത്യമോ: ഗർവ്വവും തീൻപുളെപ്പും നിർഭയസ്വൈരവും അവൾക്കും അവളുടെ പുത്രിമാർക്കും ഉണ്ടായിരുന്നു; എളിയവനെയും ദരിദ്രനെയും അവൾ സഹായിച്ചതുമില്ല, അവർ അഹങ്കാരികളായി എന്റെ മുമ്പിൽ മ്ളേച്ഛത ചെയ്തു;*

*അതുകൊണ്ടു എനിക്കു ബോധിച്ചതുപോലെ ഞാൻ അവരെ നീക്കിക്കളഞ്ഞു"* അബ്രഹാമിനെ വിട്ടു ലോത്തു കൂടാരം നീക്കി നീക്കി സോദോമിൽ എത്തി. ആ ദേശത്തെക്കുറിച്ചു തിരുവചനം വിശദീകരിക്കുന്നത് : *"യഹോവ സോദോമിനെയും ഗൊമേരയെയും നശിപ്പിച്ചതിനു മുമ്പേ അതു യഹോവയുടെ തോട്ടംപോലെയും സോവർ വരെ മിസ്രയീം ദേശം പോലെയും ആയിരുന്നു"* (ഉല്പ.13:10) എന്നാണ്. യഹോവയുടെ തോട്ടവും മിസ്രയീമ്യ സമ്പത്തും ഒരുമിച്ചു പോയാൽ അതു ഒരിക്കലും വിജയിക്കയില്ല. ലവൊദിക്ക്യ കാലഘട്ടത്തിന്റെയും നില ഇതു തന്നെയാണ്. അബ്രഹാം സോദോം രാജാവിനോടു പറഞ്ഞ വാക്കുകൾ നമുക്കു മാർഗ്ഗദർശനമായിരിക്കണം. **ഉല്പ.14:22—** *"ഞാൻ അബ്രഹാമിനെ സമ്പന്നനാക്കിയെന്നു നീ പറയാതിരിപ്പാൻ ഞാൻ ഒരു ചരടാകട്ടെ ചെരിപ്പു വാറാകട്ടെ നിനക്കുള്ളതിൽ യാതൊന്നുമാകട്ടെ എടുക്കുകയില്ല എന്നു ഞാൻ സ്വർഗ്ഗത്തിന്നും ഭൂമിക്കും നാഥനായി അത്യുന്നതദൈവമായ യഹോവയിങ്കലേക്കു കൈ ഉയർത്തി സത്യം ചെയ്യുന്നു."*

ലോകധനത്തിൽ ലക്ഷ്യം വെച്ചുള്ള യാത്രയിൽ ലവൊദിക്ക്യസഭയിലുള്ളവരുടെ ഉൾക്കണ്ണിനെ സാത്താൻ കുരുടാക്കി. രക്ഷിക്കപ്പെട്ടവർ കാഴ്ചയാലല്ല, വിശ്വാസത്താലാണ് നടക്കേണ്ടത്. തിരുവചനത്തിൽ കാഴ്ചയാൽ നടന്നവരും വിശ്വാസത്താൽ നടന്നവരുമുണ്ട്. അബ്രഹാമിന്റെ സഹോദരപുത്രനായ ലോത്ത് പുറമേയുള്ള കാഴ്ചയാൽ യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും തിരഞ്ഞെടുത്തു. അബ്രഹാമിനെ വിട്ടുപിരിഞ്ഞു കാഴ്ചയാൽ നടന്ന ലോത്ത് സോദോമിൽ എത്തി. ലോത്തിന്റെ യാത്ര തലമുറകൾക്കു വരെ നാശത്തിനു ഇടയാക്കി. എന്നാൽ അബ്രഹാം വിശ്വാക്കണ്ണാൽ നടന്നതിനാൽ ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തെ വിശ്വാസത്താൽ കണ്ടു പ്രത്യാശയോടെ ജീവിച്ചു അനുഗ്രഹിക്കപ്പെടുവാനിടയായി. ഹൃദയദൃഷ്ടി പ്രകാശിച്ചു വിശ്വാസത്താൽ നടന്ന മോശെ സ്വർഗ്ഗീയമായതിനെ അധികം നല്ലതായി കണ്ടു. അതുകൊണ്ടു മിസ്രയീം നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണി അനുഗ്രഹിക്കപ്പെട്ടു. പൊലൊസ് അപ്പൊസ്ഥലൻ ദൈവസന്നിധിയിൽ വരുന്നതിനു മുമ്പു കാഴ്ചയാൽ നടന്നവനായിരുന്നു. എന്നാൽ തന്റെ ഹൃദയക്കണ്ണു തുറക്കപ്പെട്ടനിമിഷം മുതൽ വിശ്വാസത്താൽ യാത്ര ആരംഭിച്ചു. അതുകൊണ്ടു ലോകപ്രകാരം ലാഭമായതിനെ എല്ലാം ചേതം എന്നു എണ്ണി ദൈവത്തിൽ സന്തോഷിക്കുവാനിടയായി.

ലവൊദിക്ക്യസഭ അന്ത്യകാലഘട്ടത്തിലെ ക്രിസ്തീയസഭകളുടെ അവസ്ഥയെ പ്രകടമാക്കുന്നു. ഇന്നത്തെ അനേക സഭകളിലും രക്ഷിക്കപ്പെടാത്തവർ, രക്ഷിക്കപ്പെട്ടവർ, രക്ഷിക്കപ്പെട്ടവരെങ്കിലും ആത്മീകമായി പിൻമാറ്റത്തിലെത്തി ശീതോഷ്ണനിലയിലുള്ള ജഡികവിശ്വാസികളായി സമ്മിശ്രമായി കഴിയുന്നവരും ഉൾപ്പെടുന്നു. വലിയ സഭാഹാളുകൾ, ധാരാളം സഭാംഗങ്ങൾ, അഭ്യസ്ത്യവിദ്യരും ധനാഢ്യരുമായ അംഗങ്ങൾ, നല്ല വാക്ക് ചാതുര്യമുള്ള പ്രാസംഗികർ എന്നിവ സഭയുടെ വളർച്ചയുടെ ലക്ഷണങ്ങളായി കരുതുന്നു. യഥാർത്ഥത്തിൽ കർത്താവിനെ ഒഴിവാക്കികൊണ്ടു പുറമേയുള്ള കാര്യങ്ങളിൽ അഭിമാനം കൊണ്ടു ലവൊദിക്ക്യരെപ്പോലെ ഞാൻ സമ്പന്നൻ എനിക്കു ഒന്നിനും മുട്ടില്ല എന്ന സംതൃപ്തിയുടെ ചിന്തയോടെ കഴിയുന്നു. ഏലിപുരോഹിതന്റെ കാലത്തെപ്പോലെ ദൈവവചനം ദുർല്ലഭമായി, ആത്മികദർശനമേറെയില്ലാതായി, ശുശ്രൂഷാസ്ഥലത്തു ഉറങ്ങി, ആന്തരിക കണ്ണു മങ്ങിപ്പോയ ആത്മീകാധഃപതനത്തിലെത്തിയിരിക്കുന്നു. **1.ശമൂ.3:2,3 —** *"ആ കാലത്തു യഹോവയുടെ വചനം ദുർല്ലഭമായിരുന്നു; ദർശനം ഏറെ ഇല്ലായിരുന്നു. ആ കാലത്തു ഒരിക്കൽ ഏലി തന്റെ സ്ഥലത്തു കിടന്നുറങ്ങി; കാണ്മാൻ വഹിയാതവണ്ണം അവന്റെ കണ്ണു മങ്ങിത്തുടങ്ങിയിരുന്നു."*

കഴുതയെ തിരക്കിപ്പോയ കീശിന്റെ മകനായ ശൗലിനെ ദൈവം യിസ്രായേലിനു രാജാവായി അഭിഷേകം ചെയ്തു (1.ശമൂ.9,10). എന്നാൽ ഇക്കാര്യം വിശ്വസിക്കുവാൻ പോലും ആശ്ചര്യം തോന്നിയ ശൗലിനു ശമൂവേൽ പ്രവാചകനിലൂടെ വ്യക്തമായ അടയാളങ്ങൾ കൊടുത്തിട്ട് ദൈവനാമമഹത്വത്തിനായി ഗിൽഗാലിലേക്കു വരുവാൻ നിർദ്ദേശിച്ചു. എന്നാൽ ശൗൽ വിശ്വാസത്തിൽ വളരാതെ വീണ്ടും അപ്പന്റെ കഴുതകളുടെ പുറകേ സഞ്ചരിക്കുന്നു. എന്നാൽ ദൈവം ശൗലിന്റെ അഭിഷേകം പരസ്യമാക്കപ്പെട്ടപ്പോൾ ജനം ചോദിക്കുകയാണ്—*"ആയാൾ ഇവിടെ വന്നിട്ടുണ്ടോ? "* അതിനു ദൈവം കൊടുത്ത ഉത്തരം *"അവൻ സാമാനങ്ങളുടെ ഇടയിൽ ഒളിച്ചിരിക്കുന്നു"*(1.ശമൂ.10:22) എന്നാണ്. ഇക്കാലത്തെ ദൈവമക്കളുടെയും സ്ഥിതി ഇതു തന്നെയാണ്. ദൈവം കുപ്പയിൽ നിന്നു ഉയർത്തി പ്രഭുക്കന്മാരോടൊപ്പം ഇരുത്തി എന്നു അനുഭവിച്ചറിഞ്ഞിട്ടും വീണ്ടും പഴയ കാര്യങ്ങളിൽ ശ്രദ്ധിച്ചു നടക്കുകയാണ്. ഞങ്ങൾക്കു നേരായ പാത ഉപദേശിക്കുവാൻ, ദൈവത്തിന്റെ സ്നേഹം പകരപ്പെടുവാൻ, സ്വർഗ്ഗത്തിലേക്കുള്ള വഴി ഉപദേശിച്ചു തരും എന്നു പറഞ്ഞ ആയാൾ ഇവിടെ വന്നിട്ടുണ്ടോ എന്നു ഇന്നും അനേകർ ചോദിക്കുകയാണ്. എന്നാൽ അനുഗ്രഹം ലഭിച്ചവർ ലോകത്തിന്റെ മായയിൽ മുഴുകി ഒളിച്ചിരിക്കുകയാണ്. ഇതും ലവൊദിക്ക്യ കാലഘട്ടത്തിന്റെ പ്രത്യേകത തന്നെയാണ്.

ഇതിനു പുറമേ അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, സഭകളിൽ ഭിന്നത, പക്ഷം പിടിക്കൽ, വിശ്വാസികൾ തമ്മിലുള്ള തർക്കം തീർക്കാൻ ലോക കോടതികളിൽ അഭയംപ്രാപിക്കൽ എന്നിങ്ങനെ അനാത്മീക അന്തരീക്ഷത്താൽ സഭകൾ മുന്നോട്ടു പോകുന്നു. ഒന്നാം നൂറ്റാണ്ടിനേക്കാൾ പ്രവചനവും,

വെളിപ്പാടും, വീര്യപ്രവർത്തികളും, അത്ഭുതങ്ങളും, അടയാളങ്ങളും ഇന്നു ഏറെ ആവശ്യമായിരിക്കുന്നു എന്നു പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന ഉപദേഷ്ടാക്കന്മാർ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. തിരുവചനം പഠിക്കുന്നതിനോ ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുന്നതിനോ സഭാവിശ്വാസികൾക്കു സമയമില്ല. ആഴ്ചയുടെ ഒന്നാം ദിനത്തിലെ ഭക്തിയോടെ സംതൃപ്തരായി അനേകർ വിശ്രമിക്കുന്നു. മാനുഷിക കല്പനകളായ ഉപദേശങ്ങൾ മുറുകെ പിടിച്ചുകൊണ്ടു ദൈവത്തെ ആരാധിക്കുന്നത് കേവലം ജല്പനങ്ങളായി മാറുന്നു. മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠനെന്നു എണ്ണപ്പെടുവാൻ തിരുവചനം അനുശാസിക്കുമ്പോൾ എല്ലാവരിലും ഞാനെന്ന മനോഭാവം വർദ്ധിച്ചു വരുന്നു. മനുഷ്യപുത്രൻ വരുമ്പോൾ വിശ്വാസം കണ്ടെത്തുമോ എന്നു കർത്താവു സംശയിച്ചതു യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ കർത്താവിനെ വാതിലിനു പുറത്തു നിറുത്തി അഥവാ കർത്താവിനെ കൂടാതെയുള്ള പ്രവർത്തനങ്ങളിൽ ശുഷ്ക്കാന്തിയോടെ അവർ അദ്ധ്വാനിക്കുന്നു. "*ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തു വരികയും പുറത്തുപോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും*" **(യോഹ.10:9)** എന്നു പറഞ്ഞ കർത്താവിന്റെ വാക്കുകൾക്കു വിലകൊടുക്കുന്നില്ല.

ആത്മീകമായി ഉഷ്ണവാൻ അഥവാ ചൂടോടെ തിളക്കുന്ന അവസ്ഥ കൈവരിക്കുവാൻ കർത്താവിനോടു ചേർന്നു വസിക്കണം. അപ്പോൾ ആത്മഫലം കായ്ക്കുവാനും ഇടയാകും. കർത്താവിനെ പിരിഞ്ഞു ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. **യോഹ.15:4-6 —** "*എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവന്നിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴികയില്ല.*"

# അദ്ധ്യായം — 4

വെളിപ്പാടു പുസ്തകം 4 മുതൽ 22 വരെയുള്ള അദ്ധ്യായങ്ങൾ ഭാവിയിൽ അഥവാ കർത്താവിന്റെ വരവിൽ സഭ മദ്ധ്യാകാശത്തേക്കു എടുക്കപ്പെടുന്നതു മുതലുള്ള സംഭവങ്ങൾ വിശദീകരിക്കുന്നു. "നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും" എന്ന വെളിപ്പാടു.1:19 വാക്യപ്രകാരം മുഴുവൻ പുസ്തകത്തെയും മൂന്നായി തിരിക്കാം.

**(1) "നീ കണ്ടത് "** — *ഭൂതകാലസംഭവങ്ങൾ* —

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെക്കുറിച്ചുള്ള ദർശനം — അദ്ധ്യായം - 1

**(2) "ഇപ്പോൾ ഉള്ളത് "** — *വർത്തമാനകാലസംഭവങ്ങൾ* —

ഏഴുസഭകൾക്കുള്ള ദൂതുകൾ (സഭായുഗം) — അദ്ധ്യായം - 2 — 3

**(3) "ഇനി സംഭവിക്കുവാനുള്ളത് "**— *ഭാവികാലസംഭവങ്ങൾ* —

സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷമുള്ളത് — അദ്ധ്യായം - 4 — 22.

നാലാം അദ്ധ്യായം ആരംഭിക്കുന്നത് സ്വർഗ്ഗം തുറന്നിരിക്കുന്ന കാഴ്ചയോടു കൂടിയാണ്. ഒന്നാം അദ്ധ്യായത്തിൽ ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തുവിനെയും, രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ഭൂമിയിലുള്ള സഭകളെയും, നാലുമുതൽ സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷമുള്ള സംഭവങ്ങളെയും വിവരിക്കുന്നു. വെളിപ്പാടു മൂന്നാം അദ്ധ്യായത്തിനു ശേഷം സഭയെ ഭൂമിയിൽ കാണുന്നില്ല. മുഴുവൻ സഭാകാലയളവിനെയും പ്രതിനിധാനം ചെയ്യുന്ന ഏഴു സഭാകാലഘട്ടങ്ങളാണുള്ളത്. സഭാകാലയളവ് ലെവൊദിക്ക്യ കാലത്തോടെ അവസാനിക്കുന്നു. കർത്താവിന്റെ വാനമേഘങ്ങളിലെ പ്രത്യക്ഷതയിൽ ഭൂമിയിലായിരിക്കുന്ന സഭ എടുക്കപ്പെട്ടു കർത്താവിനോടൊപ്പം ആയിരിക്കുന്നതും, കുഞ്ഞാടിന്റെ കല്യാണവും ഭാവികാലസംഭവങ്ങളും തുടർന്നുള്ള അദ്ധ്യായങ്ങളിൽ ഉൾക്കൊള്ളുന്നു. ആദ്യത്തെ മൂന്നദ്ധ്യായങ്ങളിൽ സഭയെപ്പറ്റി ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. മൂന്നാം അദ്ധ്യായത്തിനുശേഷം സഭയെ കുറിച്ചുള്ള പരാമർശം പത്തൊൻപതാം അദ്ധ്യായത്തിൽ കുഞ്ഞാടിന്റെ കാന്ത (വെളി.19:7,8) എന്ന നിലയിലും, ഇരുപത്തിരണ്ടാം അദ്ധ്യായത്തിൽ *"യേശു എന്ന ഞാൻ സഭകൾക്കുവേണ്ടി നിങ്ങളോടു ഇതു സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു"* (വെളി.22:16) എന്ന പ്രസ്താവനയും മാത്രമാണുള്ളത്. നാലാം അദ്ധ്യായം മുതൽ പത്തൊൻപതാം അദ്ധ്യായം വരെ അഥവാ കുഞ്ഞാടിന്റെ കാന്തയായി സഭ പ്രത്യക്ഷതപ്പെടുന്നതുവരെ ഭൂമിയിലെ സഭയെകുറിച്ചു യാതൊന്നും പറയുന്നില്ല. ഇതു വ്യക്തമാക്കുന്നത് സഭ ഒരു കാരണവാശാലും മഹോപദ്രവത്തിലൂടെ കടക്കുകയില്ലെന്നതിനെയാണ്. സഭയുടെ ഉത്പ്രാപണം സംഭവിക്കുന്നത് മൂന്നും നാലും അദ്ധ്യായങ്ങൾക്കിടയിലാണ്. സഭയുടെ ഉത്പ്രാപണത്തിനു ശേഷം ഭൂമിയിൽ വസിക്കുന്നവർ ദൈവത്തിന്റെ ന്യായവിധിയെ നേരിടേണ്ടി വരും. പീഡനകാലവും മഹാപീഡനകാലവും ഉൾപ്പെട്ട ദിനങ്ങൾക്കു മുമ്പേ സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടു കർത്താവിനോടൊപ്പം ആയിരിക്കുന്നതിനാൽ ദൈവമക്കൾ സംരക്ഷിതരാണ്. ഫിലദെൽഫ്യസഭക്കുള്ള ദൂതിൽ ഇതു വ്യക്തമാക്കിയിട്ടുണ്ട്. **വെളി.3:10 —** *"സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തു കൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും."* ഭൂമിയിൽ ജലപ്രളയമുണ്ടായപ്പോൾ നോഹയും കുടുംബവും പെട്ടകത്തിൽ സംരക്ഷിക്കപ്പെട്ടു. ദൈവികന്യായവിധിയിൽ നിന്നു നോഹക്കും കുടുംബത്തിനും ലഭിച്ച വിടുതലും സംരക്ഷണവും മഹോപദ്രവകാലത്ത് ഉത്പ്രാപണത്തിലൂടെ സഭെക്കു ലഭിക്കുന്ന സംരക്ഷണത്തെക്കുറിക്കുന്നു. മണവാളനായ ക്രിസ്തു മദ്ധ്യാകാശത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ മണവാട്ടിസഭ ഭൂമിയിൽ നിന്നു എടുക്കപ്പെടുന്നു. അപ്പോൾ തന്നെ സഭാമദ്ധ്യേ പാർത്തിരുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവും ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കു മാറ്റപ്പെടുന്നു. സഭയുടെ ഉത്പ്രാപണത്തെ തുടർന്നുള്ള ഏഴുവർഷക്കാലം ഭൂമിയിൽ അന്തിക്രിസ്തുവിന്റെ വാഴ്ച ആരംഭിക്കുന്നു. മഹോപദ്രവകാലമുൾപ്പെട്ട ഈ ഏഴു വർഷങ്ങൾക്കു ശേഷം ക്രിസ്തുവും സഭയും ഒലിവുമലയിലേക്കിറങ്ങി വരും. അവിടെ നടക്കുന്ന ഹർമ്മഗദോൻ യുദ്ധത്തിൽ ലോകരാഷ്ട്രങ്ങളെ തോൽപ്പിച്ചു നശിപ്പിച്ച ശേഷം ഭൂമിയിൽ സഹസ്രാബ്ദ വാഴ്ച ആരംഭിക്കുന്നു. നാലുമുതൽ പത്തൊൻപതുവരെയുള്ള അദ്ധ്യായങ്ങൾ യഥാർത്ഥത്തിൽ യഹൂദാ പശ്ചാത്തലത്തിൽ നടക്കുന്ന സംഭവങ്ങളെന്ന നിലയിൽ പ്രത്യേകതയുണ്ട്. ആയതിനാൽ പഴയനിയമത്തോടുള്ള ബന്ധത്തിൽ കൂടാരം, നിയമപെട്ടകം, യാഗപീഠം, ധൂപകലശം, കെരൂബുകൾ, മുദ്രകൾ, കാഹളങ്ങൾ, ബാധകൾ എന്നിങ്ങനെ അനേക ദൃശ്യങ്ങൾ ഈ ഭാഗങ്ങളിൽ ഉൾക്കൊള്ളുന്നു.

ഒന്നും രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ഏഴു സഭകൾക്കുള്ള ദൂതുകൾ ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ വ്യക്തിപ്രാഭാവങ്ങളെയും വർണ്ണിച്ചുകൊണ്ടു ആരംഭിച്ചു. എന്നാൽ സ്വർഗ്ഗസിംഹാസനത്തിന്റെ ദർശനത്തോടെ നാലാം അദ്ധ്യായം ആരംഭിക്കുന്നു. അതായത് ഭൂമിയിൽ നിന്നു രംഗം സ്വർഗ്ഗത്തിലേക്കു മാറ്റപ്പെടുന്നു. ഭാവിയിൽ എന്തൊക്കെ സംഭവിക്കുമെന്ന കാര്യങ്ങൾ ദൈവജനം അറിയണമെന്നു ദൈവം ആഗ്രഹിക്കുന്നു. അതു

യോഹന്നാനിലൂടെ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നു.

**നാലാം അദ്ധ്യായത്തിലെ പ്രത്യേകതകൾ —**

**(1) സ്വർഗ്ഗവാതിൽ —** (Door of Heaven – 4:1) —

സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതു യോഹന്നാൻ കണ്ടു. ആത്മവിവശനായ യോഹന്നാന്റെ സ്വർഗ്ഗപ്രവേശനം കർത്താവിന്റെ വരവിലുള്ള ഉത്പ്രാപണത്തോടു സാമ്യമുണ്ട്. ഒരിക്കൽ കർത്താവു സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നു തന്റെ വിശുദ്ധജനത്തെ സ്വർഗ്ഗത്തിലേക്കു നയിക്കും. അതായത് സഭാകാലം പൂർത്തീകരിക്കപ്പെടുമ്പോൾ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾക്കു എന്തു സംഭവിക്കുന്നു എന്നുള്ളതും യോഹന്നാന്റെ ദർശനത്തിലൂടെ മനസ്സിലാക്കാം. അന്നു സ്വർഗ്ഗം തുറക്കുകയും ഇവിടെ കയറി വരിക എന്ന കാഹളത്തിനൊത്ത ശബ്ദമുണ്ടായി വിശുദ്ധന്മാർ ഒന്നടങ്കം വാനമേഘങ്ങളിൽ എടുക്കപ്പെടും (1.കൊരി.15:52/1.തെസ്സ.4:13-18). തുടർന്നു ഭൂമിയിൽ ന്യായവിധിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

**(2) സിംഹാസനം—**(Throne—4:2-5) —

വെളിപ്പാടു സിഹാസനത്തിന്റെ പുസ്തകമാണ്. സ്വർഗ്ഗസിംഹാസനത്തിൽ പിതാവായ ദൈവം ഇരിക്കുന്നത് യോഹന്നാൻ കണ്ടു. സിഹാസനം എന്നത് നാലാം അദ്ധ്യായത്തിലെ താക്കോൽ വാക്കാണ്. ഏഴു സഭകൾക്കുള്ള ദൂതു പൂർത്തിയായശേഷം, അനന്തരം എന്ന വാക്കോടെ ആരംഭിക്കുന്ന 11 വാക്യങ്ങളടങ്ങിയ നാലാം അദ്ധ്യായത്തിൽ "സിഹാസനം" എന്ന വാക്ക് 15 പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. സിംഹാസനം, സിംഹാസനത്തിൽ, സിംഹാസനത്തിന്റെ ചുറ്റും, സിംഹാസനങ്ങളിൽ, സിംഹാസനത്തിൽ നിന്നു, സിംഹാസനത്തിന്റെ മുമ്പിൽ, സിംഹാസനത്തിന്റെ നടുവിൽ, സിംഹാസനത്തിന്നു എന്നിങ്ങനെ വിവിധ സന്ദർഭങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. ഭൂമിയിൽ വസിക്കുന്നവരുടെമേൽ ചൊരിയപ്പെടുന്ന ന്യായവിധിയുടെയും സിംഹാസനത്തിൽ ഇരുന്നു വാഴുന്ന കർത്താവിന്റെ അധികാരത്തെയും പൊതുവേ സിംഹാസനം പ്രകടമാക്കുന്നു.

**(3) സിംഹാസനത്തിലിരിക്കുന്ന ദൈവം —** (God in the throne —4:3)—

സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതു യോഹന്നാൻ കണ്ടു. അതു സർവ്വശക്തനായ ദൈവമായിരുന്നു. ഇരിക്കുന്നവൻ കാഴ്ചെക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ എന്നാണ് യോഹന്നാൻ വർണ്ണിച്ചിരിക്കുന്നത്. വെട്ടിത്തിളങ്ങുന്ന പ്രഭ പുറപ്പെടുവിക്കുന്ന സൂര്യകാന്തം ദൈവത്തിന്റെ വിശുദ്ധിയെയും (holiness / purity), ചുമപ്പുനിറത്തിലുള്ള പത്മരാഗം ദൈവനീതിയെയും ദൈവക്രോധത്തെയും (Gods justice and wrath) വെളിപ്പെടുത്തുന്നു.

**(4) പച്ചവില്ല് —** (Rainbow—4:3) —

സിംഹാസനത്തിന്റെ ചുറ്റും കാഴ്ചെക്കു മരതകത്തോടു സദൃശ്യമയോരു പച്ചവില്ലു യോഹന്നാൻ കണ്ടു. മഴവില്ലു സാധാരണയായി അർദ്ധവൃത്താകൃതിയിലായിരിക്കുന്നുവെങ്കിൽ യോഹന്നാൻ കാണുന്നത് പൂർണ്ണവൃത്താകൃതിയിലുള്ള വില്ലാണ്. ഇതു ദൈവത്തിന്റെ സമ്പൂർണ്ണകൃപയെ കുറിക്കുന്നു. വീണ്ടെടുക്കപ്പെട്ട വിശുദ്ധജനം ഇനി തെല്ലും ഭയപ്പെടേണ്ട കാര്യമില്ല എന്നത് സിഹാസനത്തിന്റെ ചുറ്റുമുള്ള പച്ചവില്ലു പ്രകടമാക്കുന്നു.

**(5) ആരാധന** —(Worship—4:6-11)—

സിംഹത്തിനും, കാളെക്കും, മനുഷ്യനും, കഴുകിനും സാദൃശമുള്ള നാലു ജീവികൾ സിംഹാസനത്തിലിരിക്കുന്നവനെ സ്തോത്രം ചെയ്തു വിശ്രമമില്ലാതെ ആരാധിക്കുന്നു. കൂടാതെ ഇരുപത്തിനാലു മൂപ്പന്മാർ സിംഹാസനത്തിലിരിക്കുന്നവന്റെ മുമ്പിൽ വീണു ആരാധിക്കുന്നു. നാലു ജീവികൾ ദൈവത്തിന്റെ സകല സൃഷ്ടികളെയും, 24 മൂപ്പന്മാർ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെയും പ്രതിനിധീകരിക്കുന്നു. സർവ്വശക്തനായ ദൈവത്തെ തന്റെ മഹത്വത്തിനൊത്തു എങ്ങനെ ആരാധിക്കണമെന്നു ഇവരുടെ ആരാധനയിലൂടെ വെളിപ്പെടുന്നു.

വെളിപ്പാടിൽ യോഹന്നാനു സ്വർഗ്ഗീയ ദർശനങ്ങൾ നേരിൽ കാണുവാൻ ഭാഗ്യം ലഭിക്കുന്നതിനു മുമ്പായിതന്നെ യേശുവിന്റെ രൂപാന്തരത്തിനു സാക്ഷിയാകുവാനും അവസരം ലഭിച്ചിരുന്നു (മത്താ.17:1-13/ മർക്കൊ.9:1-13/ലൂക്കൊ.9:28-36). പത്രൊസ്, യാക്കോബ്, യോഹന്നാൻ എന്നീ മൂന്നു ശിഷ്യന്മാർ മറുരൂപമലയിൽ വെച്ചു കർത്താവിന്റെ രൂപാന്തരത്തിനു സാക്ഷികളായി. കർത്താവിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. വസ്ത്രം വെളിച്ചം പോലെ വെള്ളയായി തീർന്നു. ന്യായപ്രമാണദാതാവായ മോശെയും, പ്രവാചകശ്രേഷ്ടനായ ഏലിയാവും അവിടെ തേജസ്സിൽ പ്രത്യക്ഷരായി. രൂപാന്തരം പ്രാപിച്ച കർത്താവിനോടു ഇരുവരും സംസാരിക്കുന്നതായും അവർ കാണുകയും അവരെ തിരിച്ചറിയുകയും ചെയ്തു. മരണത്തിലൂടെ കടന്നുപോയ മോശെ മരിച്ചു മഹത്വത്തിൽ പ്രവേശിച്ചു രൂപാന്തരം പ്രാപിക്കുന്നവരുടെ പ്രതിനിധിയായും, മരണം കാണാതെ എടുക്കപ്പെട്ട ഏലിയാവ് ജീവിനോടെ ശേഷിക്കുന്ന വിശുദ്ധന്മാർ രൂപാന്തരം പ്രാപിക്കുന്നവരുടെ പ്രതിനിധിയായും നിലകൊള്ളുന്നു. മറുരൂപമലയിലെ രൂപാന്തരം ക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിന്റെ നിഴലാണ്.

ഭാവികാലത്തു സംഭവിക്കുന്ന കാര്യങ്ങളുടെ ആരംഭം എന്ന നിലയിൽ നാലാം അദ്ധ്യായം ആയിരിക്കുന്നു.

(1) അദ്ധ്യാ. — 4 - 5 > സ്വർഗ്ഗത്തിൽ എടുക്കപ്പെട്ട സഭ (Church in Heaven)
(2) അദ്ധ്യാ. — 6 -18 > പീഡനകാലം (Tribulation)
(3) അദ്ധ്യാ. — 19 > കുഞ്ഞാടിന്റെ കല്യാണവും രണ്ടാം വരവും (Marriage of the Lamb/ second coming)
(4) അദ്ധ്യാ. — 20 > സഹസ്രാബ്ദവാഴ്ച (Millennium)
(5) അദ്ധ്യാ. — 21 -22 > പുതിയ ആകാശം പുതിയ ഭൂമി,നിത്യവാസം (New Heaven / New Earth / Eternal living)

സഭ ഭൂമിയിൽ നിന്നു മദ്ധ്യാകാശത്തിലേക്കു എടുക്കപ്പെട്ട ശേഷം ദൈവം തന്റെ ജനമായ യിസ്രായേലിനോടു ഇടപെടുന്നു. ഇതിനായി പീഡനകാലം ഭൂമിയിൽ ആരംഭിക്കും. അതായത് സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടു കഴിയുമ്പോൾ ലോകത്തിൽ അന്തിക്രിസ്തുവിന്റെ ഭരണമാരംഭിക്കും. പീഡനകാലത്തു ലോകത്തു പലയിടങ്ങളിലായി ചിതറിപ്പോയ യഹൂദന്മാർ യിസ്രായേലിലേക്കു മടങ്ങിവരും(യെഹെ.36:24,25). ഈ അവസരത്തിൽ യിസ്രായേൽ അഥവാ യഹൂദാജനം അന്തിക്രിസ്തുവാകുന്ന തുമ്പുകെട്ട ഇടയനുമായി ഒരു ഉടമ്പടി ഉണ്ടാക്കും (സെഖ.11:15-17). യഹൂദനു സമാധാനവും ആരാധനാസ്വാതന്ത്ര്യവും ഉടമ്പടിയിൽ വ്യവസ്ഥയുണ്ടായിരിക്കും. ഏഴു വർഷത്തെ ഉടമ്പടി കാലയളവിൽ പകുതി സമയമാകുമ്പോൾ അന്തിക്രിസ്തു യിസ്രായേലുമായുള്ള ഉടമ്പടി ലംഘിക്കും (ദാനീ.9:27). ദൈവാലയം അവന്റെ സ്വാർത്ഥതാല്പര്യങ്ങൾക്കായി ഉപയോഗിക്കും. അവനെ മാത്രമേ ആരാധിക്കാവൂ എന്നു കല്പിക്കും (2.തെസ്സ.2:3,4/മത്താ.24:15-21). അന്തിക്രിസ്തുവിന്റെ ഭരണം ഏഴു വർഷക്കാലമാണ്. ഈ കാലയളവിനെ പീഡനകാലം (Tribulation period) എന്നറിയപ്പെടുന്നു. ഏഴു വർഷത്തിലെ അവസാനത്തെ മൂന്നരവർഷം മഹാപീഡനകാലം(Great Tribulation) ആണ്. മഹാപീഡനകാലമായ മൂന്നരവർഷക്കാലത്തെപ്പറ്റി തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട് (വെളി.11:2/വെളി.12:6/ വെളി.12:15/വെളി.13:5/ദാനീ.7:25/ദാനീ.9:27). പീഡനകാലത്തിന്റെ മദ്ധ്യേ ദാനിയേൽ പ്രവാചകൻ അരുളിച്ചെയ്തതുപോലെ ഒരു മ്ലേച്ഛവിഗ്രഹത്തെ ദൈവാലയത്തിൽ പ്രതിഷ്ഠിക്കപ്പെടും(മത്താ.24:15). എല്ലാവരും അതിനെ ആരാധിക്കുവാൻ കല്പനയുണ്ടാകും. ഇതാണ് യാക്കോബിന്റെ കഷ്ടകാലം എന്നറിയപ്പെടുന്ന മഹാപീഡനകാലത്തിന്റെ ആരംഭം. ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ സംഭവങ്ങളെപ്പറ്റി കർത്താവു തന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ടുണ്ട് (മത്താ.24:3-27). മശിഹ എന്ന നിലയിൽ ക്രിസ്തു ഭൂമിയിൽ വന്നപ്പോൾ യഹൂദന്മാർ തിരിസ്കരിച്ചവരാണ്. പീഡനകാലത്തു അവർ കുത്തിയിങ്കലേക്കു നോക്കുവാനിടയാകും. കർത്താവിലേക്കു പീഡനകാലത്തിൽ നോക്കി ആശ്രയിക്കുന്നവർക്കു രക്ഷയും വിടുതലും ഉണ്ടാകും. തള്ളിക്കളയുന്നവരെ നശിപ്പിക്കുകയും ചെയ്യും. വെളിപ്പാടു നാലാം അദ്ധ്യായം ഭാവികാലസംഭവങ്ങളുടെ ആരംഭം കുറിച്ചുകൊണ്ടു പീഡനകാലത്തിലേക്കു പ്രവേശിക്കുന്നു. ആദ്യമായി യോഹന്നാൻ സർവ്വശക്തനായ ദൈവത്തെയും തന്റെ മഹത്വത്തെയും ദർശിക്കുന്നു.

**വെളി.4:1 — "അനന്തരം സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതു ഞാൻ കണ്ടു; കാഹളനാദം പോലെ എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നോടു: ഇവിടെ കയറി വരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചു തരാം എന്നു കല്പിച്ചു."**

മേലാൽ സംഭവിക്കുവാനിരിക്കുന്ന (വെളി.1:19) കാര്യങ്ങൾ എന്ന നിലയിൽ മൂന്നാമത്തെ രംഗം നാലാം അദ്ധ്യായത്തോടെ ആരംഭിക്കുന്നു.

4:1 —7 > യോഹന്നാൻ സ്വർഗ്ഗത്തിൽ കാണുന്ന കാര്യങ്ങൾ — (Heavenly sight).
4:8 —11 > യോഹന്നാൻ സ്വർഗ്ഗത്തിൽ കേട്ട സ്തോത്രഗീതങ്ങളും കണ്ട ആരാധനയുടെ രംഗങ്ങളും (Heavenly Praise and worship).

**അനന്തരം —** (After these things) —

യോഹന്നാൻ ഇതുവരെ പത്മൊസ് ദ്വീപിൽ ആയിരുന്നു. അവിടെ വെച്ചു മഹത്വധാരിയും ഉയിർത്തെഴുന്നേറ്റവനുമായ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ വ്യക്തിപ്രഭാവങ്ങളെയും ദർശിച്ചു അതിനെ വർണ്ണിച്ചു. തുടർന്നു ഭൂതലത്തിലെങ്ങുമുള്ള സകലസഭകളെയും പ്രതിനിധീകരിച്ചു ഏഷ്യാമൈനറിലുള്ള ഏഴു സഭകൾക്കുള്ള രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ദൂതുകൾ നൽകി. ഇതിലെ സന്ദേശങ്ങൾ പെന്തെക്കൊസ്തുനാൾ സഭ സ്ഥാപിതമായതു മുതൽ കർത്താവിന്റെ വാനമേഘങ്ങളിലെ പ്രത്യക്ഷതയിൽ സഭ എടുക്കപ്പെടുന്നതുവരെയുള്ള കാലഘട്ടത്തെ ഉൾക്കൊള്ളുന്നു. തുടർന്നു സഭയെ കുറിച്ചുള്ള പരാമർശം വെളി.22:16 -ൽ മാത്രമാണുള്ളത്. നാലാം അദ്ധ്യായം വെളിപ്പാടിലെ അടുത്ത രംഗം അനന്തരം എന്ന വാക്കോടെ ആരംഭിക്കുന്നു. ദർശനം പത്മൊസിൽ നിന്നു സ്വർഗ്ഗത്തിലേക്കു

മാറ്റപ്പെടുന്നു. അനന്തരം എന്നാൽ മൂന്നാം അദ്ധ്യായം അവസാനം വരെ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾക്കു ശേഷം, ഇതുവരെ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അഥവാ സഭാകാലയളവിനു ശേഷം എന്നതിനെ കുറിക്കുന്നു. കൂടാതെ അതിന്റെ ശേഷം, ഇതിന്റെ ശേഷം, അനന്തരം എന്നീ പ്രയോഗങ്ങൾ അടുത്ത ദർശനത്തിന്റെ ആരംഭത്തെയും കുറിക്കുന്നു (വെളി.7:1/7:9/15:5/18:1/19:1).

**സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതു ഞാൻ കണ്ടു —**

യോഹന്നാൻ ഇതുവരെ പത്മൊസ് ദ്വീപിൽ ആയിരുന്നു. അവിടെ വെച്ചു സഭാകാലഘട്ടത്തിന്റെ അന്ത്യം വരെയുള്ള കാര്യങ്ങളെകുറിച്ചുള്ള ദൂതുകൾ എഴുതി. ഇനിയും പ്രദർശനരംഗം ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കു മാറ്റപ്പെടുന്നു. ഭാവിയിൽ അഥവാ കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ സഭ എടുക്കപ്പെടുന്നതു മുതലുള്ള കാര്യങ്ങൾ യോഹന്നാനു ബോദ്ധ്യപ്പെടുത്തി കൊടുക്കുവാൻ യോഹന്നാനെ സ്വർഗ്ഗത്തിലേക്കു കർത്താവു ആനയിക്കുന്നു. അതിന്റെ പ്രാരംഭമായി യോഹന്നാൻ സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതായി യോഹന്നാൻ കണ്ടു. നമുക്കും ഭാവിയിൽ എന്തൊക്കെ സംഭവിക്കുമെന്നു അറിയുകയില്ല. എന്നാൽ ദൈവം സകല മറകളും നീക്കി കാര്യങ്ങൾ നമുക്കും മനസ്സിലാക്കുവാൻ കഴിയത്തക്കവിധത്തിൽ സ്വർഗ്ഗത്തിലെ വാതിൽ തുറന്നു യോഹന്നാനെ പ്രവേശിപ്പിക്കുന്നു.

സ്വർഗ്ഗത്തിനു പരദീസ എന്നും പറയാറുണ്ട്. ലൂക്കൊ.23:43; 2.കൊരി.12:3; വെളി.2:7 - എന്നീ ഭാഗങ്ങളിൽ ഈ വാക്കാണുപയോഗിച്ചിരിക്കുന്നത്. പരദീസ എന്ന പേർഷ്യൻ പേരിന്റെ അർത്ഥം പൂന്തോട്ടം, സന്തോഷത്തിന്റെ ഇരിപ്പിടം എന്നൊക്കെയാണ്. പേർഷ്യൻ രാജാക്കന്മാർ അവരുടെ വിശിഷ്ട അതിഥികളെ പരദീസ എന്നറിയപ്പെടുന്ന ഉദ്യാനത്തിലാണ് ആദരിച്ചു ബഹുമാനിച്ചിരുന്നത്. സ്വർഗ്ഗത്തെക്കുറിച്ചുള്ള കാര്യങ്ങൾ വിശദമായി നമുക്കു അറിയില്ലെങ്കിലും തിരുവചനത്തിൽ പറഞ്ഞിട്ടുള്ള സത്യങ്ങളെ അടിസ്ഥാനപ്പെടുത്തി കുറേ കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്. ഉസ്സിയാരാജാവു മരിച്ച ആണ്ടിൽ സ്വർഗ്ഗത്തിൽ കർത്താവു ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു യെശയ്യാപ്രവാചകൻ കണ്ടു (യെശ.6:1-8). സ്വർഗ്ഗത്തിൽ അധിവസിക്കുന്ന ദൈവം സർവ്വശക്തനാണെന്നും ആരാധനക്കു യോഗ്യനാനെന്നും, സ്വർഗ്ഗത്തിൽ സദാ ദൈവത്തെ ആരാധിക്കുന്ന രംഗവും അതിലൂടെ ദൃശ്യമാവുന്നു. ദൈവത്തിനു തന്റെ ജനത്തിനു മദ്ധ്യേ വസിക്കുവാൻ ഒരു വിശുദ്ധമന്ദിരം പണിയണമെന്നു മോശെയോടു കല്പിച്ചു(പുറ.25:8). സമാഗമനകൂടാരവും അതിലെ സകല ഉപകരണങ്ങളും അവയുടെ ക്രമീകരണങ്ങളുമെല്ലാം സ്വർഗ്ഗീയമായതിന്റെ നിഴലായിരിക്കുന്നു (പുറ.25 —40). യോഹന്നാനെ പ്രവേശിപ്പിക്കുവാനായിരുന്നു സ്വർഗ്ഗവാതിൽ തുറക്കപ്പെട്ടത്. സ്വർഗ്ഗം എന്നത് ദൈവത്തിന്റെ വാസസ്ഥലമാണെന്നു തിരുവചനത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

**ആവ.26:15—** "നിന്റെ വിശുദ്ധവാസസ്ഥലമായ സ്വർഗ്ഗത്തിൽ നിന്നു നോക്കി നിന്റെ ജനമായ യിസ്രായേലിനെയും നീ ഞങ്ങളുടെ പിതാക്കന്മാരോടു സത്യം ചെയ്തതുപോലെ ......"

**1.രാജാ.8:30—** *".........നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ കേൾക്കേണമേ; കേട്ടു ക്ഷമിക്കേണമേ."*

**2.ദി.30:27 —***"ഒടുവിൽ ലേവ്യരായ പുരോഹിതന്മാർ എഴുന്നേറ്റു ജനത്തെ അനുഗ്രഹിച്ചു; അവരുടെ അപേക്ഷ കേൾക്കപ്പെടുകയും അവരുടെ പ്രാർത്ഥന അവന്റെ വിശുദ്ധനിവാസമായ സ്വർഗ്ഗത്തിൽ എത്തുകയും ചെയ്തു."*

**യെശ.66:1 —** *"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു."*

**വാതിലുകൾ —**

വാതിൽ പൊതുവേ ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കുള്ള പ്രവേശനത്തെ കുറിക്കുന്നു. വേദപുസ്തകത്തിൽ അനേക വാതിലുകളെപ്പറ്റി പറഞ്ഞിട്ടുണ്ട്. പ്രവേശന വാതിലുകൾ എന്ന നിലയിലായിരിക്കുമ്പോൾ ചില വാതിലുകൾ ആത്മീക സത്യങ്ങളെ വെളിപ്പെടുത്തുന്ന വാതിലുകാളായും കാണുന്നു.

**നെഹെമ്യാവിന്റെ പുസ്തകത്തിലെ വാതിലുകൾ —**

യെരൂശലേം പട്ടണത്തിന്റെ മതിൽ പുനരുദ്ധരിച്ചപ്പോൾ കോട്ടമതിലിനു 12 പടി വാതിലുകൾ പണിത് കാവൽക്കാരായ അധിപതികളെ നിയമിച്ചതായി നെഹമ്യാവിന്റെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു(നെഹ.3:1-12:39).

(1) ആട്ടിൻ വാതിൽ - ( Sheep gate)—3:1
(2) മീൻ വാതിൽ -( Fish gate)— 3:2
(3) പഴയ വാതിൽ -( Old gate)—3:6
(4) താഴ്‌വര വാതിൽ -( Valley gate) —3:13
(5) കുപ്പ വാതിൽ - ( Refuse gate) —3:14
(6) ഉറവു വാതിൽ -(Fountain gate)— 3:15
(7) നീർ വാതിൽ- (Water gate) —3:26

(8) കുതിര വാതിൽ -( Horse gate)—3:28
(9) കിഴക്കേ വാതിൽ-( East gate)—3:29
(10) ഹമ്മീഫ്ഖാദ് വാതിൽ-( Miphkad gate)—3:31
(11) എഫ്രയിം വാതിൽ-( Ephraim gate)— 8:16
(12) കാരാഗൃഹ വാതിൽ-( Prison gate)—12:39.

മൂന്നാം അദ്ധ്യായത്തിൽ അറ്റകുറ്റംതീർത്ത പത്തു വാതിലുകളെപ്പറ്റി പറഞ്ഞിരിക്കുന്നത് വിശ്വാസജീവിതത്തിൽ വിജകരമായ ക്രിസ്തീയജീവിതം കൈവരിക്കുവാൻ ഉതകുന്ന വാതിലുകളായി ചിന്തിക്കാം. ഓരോ വാതിലും നമ്മുടെ രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള ആത്മിക സന്ദേശവും നല്കുനന്നു. നെഹെമ്യാവിന്റെ കാലത്തിൽ യഹൂദന്മാർ കാത്തിരുന്ന മശിഹയുടെ വരവിനെ ദൈവം അവരോടറിയിക്കുന്ന മാദ്ധ്യമമായും വാതിലുകൾ ഇരിക്കുന്നു. പത്തു വാതിലുകളും കർത്താവിന്റെ ഒന്നാം വരവ്, രക്ഷണ്യപ്രവർത്തനങ്ങൾ, കാൽവറിയിലെ യാഗം, മഹത്വപ്രത്യക്ഷത, അന്തിമന്യായവിധി എന്നിവയുടെ സന്ദേശവും ഉൾക്കൊള്ളുന്നു. രക്ഷയുടെ വാതിലായ ആട്ടിൻവാതിൽ മുതൽ ന്യായാസനം വെളിപ്പെടുത്തുന്ന ഹമ്മീഫ്ഖാദ് വാതിൽ വരെയുള്ള ക്രമമായ ആരോഹണം വിശ്വാസജീവിതത്തിന്റെയും ക്രമമായ മുന്നേറ്റമാണ്

**(1) ആട്ടിൻ വാതിൽ - ( Sheep gate)—3:1 —**

യെരൂശലേം ദൈവാലയത്തിൽ യാഗത്തിനായി ആടുകളെ കൊണ്ടു വന്നിരുന്നതിനാൽ ഇത് ആട്ടിൻ വാതിൽ എന്ന പേരിലറിയപ്പെട്ടു. ആട്ടിൻ വാതിലാണ് പണിയുകയും പ്രതിഷ്ഠിക്കയും ചെയ്ത ഏകവാതിൽ. ആട്ടിൻ വാതിൽ ആടുകളുടെ വാതിലെന്ന നിലയിലും (യോഹ.10:7), ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെന്ന (യോഹ.1:29) നിലയിലും യേശുക്രിസ്തുവിനെ കുറിക്കുന്നു. കുറ്റിയും കൊളുത്തും ഇല്ലാത്ത വാതിലാണ് ആട്ടിൻ വാതിൽ. ആയതുപോലെ ആത്മരക്ഷക്കായി സകലർക്കും സദാസമയവും യാതൊരു തടസ്സവുമില്ലാതെ യേശുക്രിസ്തുവിലൂടെ ദൈവീകനഗരത്തിൽ പ്രവേശിക്കുവാൻ കഴിയും.

**(2) മീൻ വാതിൽ -( Fish gate)— 3:2 —**

മത്സ്യവില്പന മീൻ വാതിലിനു സമീപത്തായിരുന്നു. ദൈവനഗരത്തിലേക്കു പ്രവേശിക്കുന്നവർക്കു നാം ചെയ്തുകൊടുക്കേണ്ട ദൈവീകപരിചരണത്തെയും ശുശ്രൂഷയെയും മീൻവാതിൽ വെളിപ്പെടുത്തുന്നു. ആത്മാക്കളെ നേടുന്നതിനെ മീൻ വാതിൽ സൂചിപ്പിക്കുന്നു. “ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും” (മത്താ.4:19/മർക്കൊ.1:19) എന്നു കർത്താവു ശിഷ്യന്മാരോടു പറഞ്ഞത് സുവിശേഷീകരണത്തെ കുറിക്കുന്നു.

**(3) പഴയ വാതിൽ —( Old gate)—3:6 —**

ദൈവവചനത്തിലൂടെയുള്ള പഴയപാതകളെയും സത്യങ്ങളെയും പഴയവാതിൽ കുറിക്കുന്നു (യിരെ.6:16/18:15). ലോകം മുഴുവനും പുതിയതിനെ തിരഞ്ഞു ഓടുമ്പോൾ (അപ്പൊ.17:21),വിശ്വാസി രക്ഷയെയും, നിത്യജീവനെയും, സ്വർഗ്ഗീയമായതിനെയും നോക്കിക്കൊണ്ടു ജീവിക്കണം. പഴയമതിൽ എപ്പോഴും മൂലക്കല്ലോടു ബന്ധപ്പെട്ടിരിക്കുന്നതുപോലെ വിശ്വാസികൾ കർത്താവിനോടു ബന്ധപ്പെട്ടിരിക്കുന്നു (എഫെ.2:20). ലോകം മാറ്റങ്ങൾക്കു ലക്ഷ്യമിടുകയും കുതിക്കുകയും ചെയ്യുമ്പോൾ യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനായിരിക്കുന്നു (എബ്രാ.13:8).

**(4) താഴ്വര വാതിൽ -(Valley gate) —3:13 —**

താഴ്വരവാതിൽ താഴ്മയെ സൂചിപ്പിക്കുന്നു. കർത്താവായ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു താഴ്മധരിച്ചു വന്നതിനെ കുറിക്കുന്നു (ഫിലി.2:1-10). കർത്താവു തന്റെ ശിഷ്യന്മാരുടെ കാൽ കഴുകി താഴ്മയെ പ്രദർശിപ്പിച്ചു (യോഹ.13:5). ദൈവജനത്തിന്റെ ശത്രുവായി അറിയപ്പെട്ട ശൗൽ (അപ്പൊ.9) ദമൊസ്ക്കൊസിൽവെച്ചു ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ പൗലൊസ് (ചെറിയവൻ) ആയി ഏറ്റവും താഴ്മയുള്ളവനായിത്തീർന്നു. താഴ്വരയുടെ അനുഭവത്തിൽമാത്രമേ ദൈവം അനുഗ്രഹിക്കയുള്ളു. നിഗളികളെ ദൈവം വെറുക്കുന്നു.

**(5) കുപ്പ വാതിൽ - (Refuse gate) —3:14 —**

പട്ടണത്തിലെ മാലിന്യങ്ങളും ചപ്പുചവറുകളും കുപ്പവാതിൽ വഴിയാണ് പുറത്തു കൊണ്ടുപോയിരുന്നത്. കുപ്പവാതിൽ വിശ്വാസജീവിതത്തിലെ ശുദ്ധീകരണവും വെടിപ്പാക്കലും വിളിച്ചറിയിക്കുന്നു (യെശ.1:16,17/2.കൊരി.7:1/1.പത്രൊ.2:1/1.യോഹ.1:9). താഴ്വരവാതിലും കുപ്പവാതിലും സമീപത്തായിരിക്കുന്നു. വിശ്വാസജീവിതത്തിൽ താഴ്മധരിക്കുമ്പോൾ സകവലവിധ പാപങ്ങളും മാലിന്യങ്ങളും പുറത്തുകളയുവാൻ ഇടയാകുന്നതിനെ സൂചിപ്പിക്കുന്നു. പൗലൊസിന്റെ ജീവിതം പരിശോധിച്ചാൽ താൻ താഴ്വരവാതിൽ അഥവാ താഴ്മധരിച്ചശേഷം കുപ്പവാതിലിലൂടെ ജീവിതത്തിലെ സകല മാലിന്യങ്ങളും പുറത്തുകളയുന്നു (ഫിലി.3:3-8). നമ്മുടെ ജീവിതത്തിലും രക്ഷിക്കപ്പെട്ട നാളിൽ കുപ്പവാതിൽ സജീവമായിരു

ന്നു. എന്നാൽ കാലം കഴിയുന്തോറും കുപ്പവാതിലിനു പ്രസക്തി നഷ്ടപ്പെടാതെ അതിലൂടെ മാലിന്യങ്ങൾ പുറത്തു കളയണം. എങ്കിലേ വിശുദ്ധീകരണപാതയിൽ ജീവിതം നയിക്കുവാൻ സാദ്ധ്യമാകൂ.

**(6) ഉറവു വാതിൽ -(Fountain gate)— 3:15 —**

ഉറവു വാതിൽ ജീവജലത്തിന്റെ ഉറവയായ കർത്താവിനെ കുറിക്കുന്നു (യോഹ.4:14). ഒരിക്കൽ കുടിക്കുക മാത്രമല്ല എക്കാലത്തും കർത്താവിൽ നിന്നു കുടിക്കണം. ഉറവുവാതിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെയും സൂചിപ്പിക്കുന്നു (യോഹ.7:37-39). ജീവിതത്തിലെ മാലിന്യങ്ങളെല്ലാം കുപ്പവാതിലിലൂടെ പുറന്തള്ളുമ്പോൾ ജീവജലത്തിന്റെ ഉറവായ കർത്താവിലൂടെ ആത്മീകാനുഗ്രഹങ്ങൾ സമൃദ്ധിയായി പാനം ചെയ്യുവാൻ സാധിക്കും. തുടർന്നു ആത്മനിറവിനാൽ ആത്മഫലം പുറപ്പെടുവിച്ചു വിശുദ്ധിയിൽ ജീവിക്കുവാനിടയാകുന്നു. താഴ്വരവാതിൽ, കുപ്പവാതിൽ, ഉറവുവാതിൽ എന്നിവ അടുത്തടുത്തു സ്ഥിതി ചെയ്യുന്നതുപോലെ നമ്മുടെ വിശ്വാസജീവിതത്തിലും ഇതിനു പ്രസക്തിയുണ്ട്.

**(7) നീർ വാതിൽ- (Water gate) —3:26 —**

പട്ടണത്തിനകത്തുള്ള ദൈവാലയത്തിലെ ആവശ്യങ്ങൾക്കായി വെള്ളം കൊണ്ടുപോയിരുന്നത് നീർവാതിലിലൂടെയാണ്. വിശ്വാസിയെ വെടിപ്പാക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന ദൈവവചനത്തെ നീർവാതിൽ കുറിക്കുന്നു (എഫെ.5:26/സങ്കീ.119:9). അറ്റകുറ്റപണി ആവശ്യമില്ലാത്ത നീർവാതിൽ ഏഴാമത്തേതാണ്. ഏഴു എന്ന സംഖ്യ തിരുവചനത്തിൽ സമ്പൂർണ്ണതെയെ വെളിപ്പെടുത്തുന്നു. മാറ്റമില്ലാതെ തിരുത്തലുകൾ ആവശ്യമില്ലാതെ എന്നേക്കും സ്വർഗ്ഗത്തിൽ സ്ഥിരമായിരിക്കുന്ന ദൈവവചനത്തിന്റെ പരിപൂർണ്ണതയെ നീർവാതിൽ കുറിക്കുന്നു (സങ്കീ.119:89). വിജയകരമായ ക്രിസ്തീയജീവിതം നയിക്കുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിക്കുകയും (1.പത്രൊ.2:2), ന്യായപ്രമാണത്തിൽ രാപ്പകൽ സന്തോഷിക്കുകയും വേണം (സങ്കീ.1).

**(8) കുതിര വാതിൽ -( Horse gate)—3:28 —**

യുദ്ധങ്ങൾക്കായി രഥങ്ങളും കുതിരകളും പുറത്തേക്കു പോയിരുന്ന വാതിലാണ് കുതിര വാതിൽ. കുതിര വാതിൽ യുദ്ധം അഥവാ പോരാട്ടത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തീയജീവിതം പോരാട്ടം നിറഞ്ഞതാണ്. നാം യുദ്ധത്തിനായും പോരാട്ടത്തിനായും ഏതു സമയവും കരുതലോടെ ഒരുങ്ങിയിരിക്കണം (2.തിമൊ.2:1-4). സാത്താനെന്ന പൊതുശത്രു നമുക്കുണ്ട്. അവനെ നേരിടാൻ ജഡികമായ ആയുധമല്ല എടുക്കേണ്ടത് (2.കൊരി.10:4). പോരാടാനും ജയിക്കാനാനുമായി ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുക്കണം (എഫെ.6:10-18).

**(9) കിഴക്കേ വാതിൽ-( East gate)—3:29 —**

കിഴക്കേ വാതിൽ ഉദിച്ചുയരുന്ന സൂര്യനുമായി ബന്ധപ്പെട്ടിരിക്കുന്നു. നീതിസൂര്യനായ ക്രിസ്തുവിനെയും (മലാ.4:12), ക്രിസ്തുവിന്റെ ഉത്പ്രാപണത്തെയും (1.തെസ്സ.4:16), ക്രിസ്തുവിന്റെ മടങ്ങിവരവിനെയും (മത്താ.24:27) കിഴക്കേവാതിൽ കുറിക്കുന്നു. പാപത്തിൽ വീണുപോയ ആദാമിനെയും ഹവ്വായെയും ഏദെൻ തോട്ടത്തിന്റെ കിഴക്കേ വാതിൽ വഴിയായിരുന്നു പുറത്താക്കിയിരുന്നത് (ഉല്പ.3:24). എന്നാൽ പാപമോചനത്തിനായും ദൈവീക കൂട്ടായമ്ക്കായും ദൈവത്തിന്റെ വാസസ്ഥലമായ സമാഗമനകൂടാരത്തിലേക്കു പ്രവേശിക്കുവാനുള്ളതും കിഴക്കേവാതിൽ വഴിയായിരുന്നു. ദൈവമഹത്വം ദൈവാലയത്തിന്റെ കിഴക്കേവാതിൽ വഴിയായി പുറപ്പെട്ടു പോകുകയും (യെഹെ.10:16-22/11:22-25), കിഴക്കേ വാതിൽ വഴിയായി തിരികെ വരികയും (യെഹെ.43:1-5) ചെയ്തത് യെഹെസ്കേൽ ദർശിക്കുന്നു.

**(10) ഹമ്മീഫ്ഖാദ് വാതിൽ-( Miphkad gate)—3:31 —**

ന്യായധിപന്മാർ പരാതികൾ കേൾക്കുകയും തീർപ്പു കല്പിക്കുകയും ചെയ്തിരുന്നത് ഹമ്മീഫ്ഖാദ് വാതില്കലായിരുന്നു. പരിശോധന, കണക്കെടുപ്പ്, തിട്ടപ്പെടുത്തൽ എന്നൊക്കെയാണ് ഹമ്മീഫ്ഖാദ് എന്ന എബ്രായപദത്തിനർത്ഥം. ദൈവം സകലരെയും ന്യായം വിധിക്കുന്ന ഒരു വേളയുണ്ട്. വിശ്വാസികൾക്കു ശിക്ഷാവിധിയില്ലെങ്കിലും അവർ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ കണക്കു കൊടുക്കേണ്ടി വരും (റോമ.14:10/1.കൊരി.3:10-20/2.കൊരി.5:10/വെളി.20:11-15).

**പുതിയനിയമത്തിലെ വിവിധവാതിലുകൾ —**

(1) ഇടുക്കു വാതിൽ - മത്താ.7:13
(2) വീതിയുള്ള വാതിൽ - മത്താ.7:13
(3) വിശ്വാസത്തിന്റെ വാതിൽ - അപ്പൊ.14:27
(4) സുവിശേഷത്തിന്റെ വാതിൽ - 1.കൊരി.16:9/വെളി.3:8

(5) ആടുകളുടെ വാതിൽ - യോഹ.10:9

(6) വചനത്തിന്റെ വാതിൽ - കൊലൊ.4:3,4

(7) കർത്താവു മുട്ടുന്ന വാതിൽ - വെളി.3:20

(8) സ്വർഗ്ഗത്തിലെ വാതിൽ - വെളി.4:1.

യോഹന്നാൻ ദർശിച്ച സ്വർഗ്ഗവാതിൽ തനിക്കു അവിടത്തെ കാര്യങ്ങൾ അറിയുവാനുള്ള പ്രവേശന വാതിൽ ആയിരുന്നു. യോഹന്നാനു അവിടെ പ്രവേശനം ലഭിച്ചതും ദൈവമകൻ എന്ന നിലയിലാണ്. എന്നാൽ ഇന്നു സ്വർഗ്ഗപ്രവേശനത്തിനുള്ള ഏക വാതിൽ യേശുക്രിസ്തുവാണെന്നു തിരുവചനം വെളിപ്പെടുത്തുന്നു. **യോഹ.10:9 —** *"ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തു വരികയും പുറത്തു പോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും."* **യോഹ.14:6 —** *"യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല."*

വേദപുസ്തകത്തിൽ തുറന്നിരിക്കുന്ന സ്വർഗ്ഗത്തെപ്പറ്റി വിവിധ സന്ദർഭങ്ങളിൽ പറഞ്ഞിട്ടുണ്ട്.

**ഉല്പ.28:12 —** *"അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽ കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു."*

**യെഹെ.1:1 —** *"മുപ്പതാം ആണ്ടു നാലാം മാസം അഞ്ചാം തീയ്യതി ഞാൻ കേബാർനദീതീരത്തു പ്രവാസികളുടെ ഇടയിൽ ഇരിക്കുമ്പോൾ സ്വർഗ്ഗം തുറന്നു ഞാൻ ദിവ്യദർശനങ്ങളെ കണ്ടു."*

**മത്താ.3:16,17 —** *"യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു; ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി."*

**മർക്കൊ.1:10 —** *"വെള്ളത്തിൽ നിന്നു കയറിയ ഉടനെ ആകാശം പിളരുന്നതും ആത്മാവു പ്രാവുപോലെ തന്റെ മേൽ വരുന്നതും കണ്ടു."*

**ലൂക്കൊ.3:21,22 —** *"ജനം എല്ലാം സ്നാനം ഏല്ക്കയിൽ യേശുവും സ്നാനം ഏറ്റു പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു, പരിശുദ്ധാത്മാവു ദേഹരൂപത്തിൽ പ്രാവു എന്നപോലെ അവന്റെ മേൽ ഇറങ്ങി വന്നു."*

**യോഹ.1:31 —** *"ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ഹൾ കാണും എന്നും അവനോടു പറഞ്ഞു."*

**അപ്പൊ.7:55,56 —** *"അവനോ പരിശുദ്ധാത്മാവു നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്കു ഉറ്റുനോക്കി, ദൈവമഹത്വവുംദൈവത്തിന്റെ വലത്തു ഭാഗത്തു യേശു നിൽക്കുന്നതും കണ്ടു; ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തു ഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു."*

**അപ്പൊ.10:11 —** (പത്രൊസ്) — *"ആകാശം തുറന്നിരിക്കുന്നതും വലിയോരു തുപ്പട്ടിപോലെ നാലു കോണും കെട്ടീട്ടു ഭൂമിയിലേക്കു ഇറക്കിവിട്ടോരു പാത്രം വരുന്നതും അവൻ കണ്ടു."* ഈ സന്ദർഭങ്ങളിലൊക്കെയും ഭൂമിയിലായിരിക്കുന്നവർക്കു തുറന്ന സ്വർഗ്ഗത്തിലൂടെ സ്വർഗ്ഗീയ ദർശനം ലഭിച്ചിരുന്നു. എന്നാൽ യോഹന്നാന്റെ കാര്യത്തിൽ സ്വർഗ്ഗത്തിലുള്ള സകലതും കാണുവാൻ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടുകയായിരുന്നു.

**വെളി.19:11 —** *"അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു."*

യഹൂദാ റബ്ബിമാർ സ്വർഗ്ഗത്തെ ഏഴായി തിരിച്ചിട്ടുണ്ട്. എന്നാൽ യഹൂദന്മാർ പൊതുവേ മൂന്നു സ്വർഗ്ഗമുണ്ടന്നാണ് വിശ്വസിച്ചിരുന്നത്. മിക്ക വേദപണ്ഡിതന്മാർക്കും ഈ അഭിപ്രായമാണുള്ളത്.

**ഒന്നാം സ്വർഗ്ഗം —** എന്നത് മേഘങ്ങൾ ഉൾക്കൊള്ളുന്ന വായുമണ്ഡലത്തെ അഥവാ നമുക്കു മുകളിലുള്ള നീലാകാശത്തെ കുറിക്കുന്നു. *"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു"*(ഉല്പ.1:1), *"വിതാനം ഉണ്ടാക്കീട്ടു ദൈവം വിതാനത്തിൻ കീഴുള്ള വെള്ളവും വിതാനത്തിൻ മീതെയുള്ള വെള്ളവും തമ്മിൽ വേർപിരിച്ചു; അങ്ങനെ സംഭവിച്ചു. ദൈവം വിതാനത്തിന്നു ആകാശം എന്നു പേരിട്ടു"* (ഉല്പ.1:7,8), *"നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശമോ മലകളും താഴ്വരകളും ഉള്ളതായി ആകാശത്തു നിന്നു പെയ്യുന്ന മഴവെള്ളം കുടിക്കുന്നതും നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതുമാകുന്ന ദേശമാകുന്നു"* (ആവ.11:11),*"അവർ നിന്നോടു പാപം ചെയ്കകൊണ്ടു ആകാശം അടഞ്ഞു മഴ പെയ്യാതിരിക്കുമ്പോൾ...."*(1.രാജാ.8:35),*"മഴയും ഹിമവും ആകാശത്തു നിന്നു പെയ്യുകയും ....."* (യെശ.55:10) എന്നീ വാക്യങ്ങളിലെല്ലാം ആകാശത്തിനു സ്വർഗ്ഗമെന്നാണ് മൂലഭാഷയിലെ പ്രയോഗം.

**രണ്ടാം സ്വർഗ്ഗം —** എന്നത് നക്ഷത്രമണ്ഡലം ഉൾപ്പെട്ട ഭാഗത്തെ കുറിക്കുന്നു (ഉല്പ.15:5/സങ്കീ.8:3).

**മൂന്നാം സ്വർഗ്ഗം —** സ്വർഗ്ഗാധിസ്വർഗ്ഗം അഥവാ ദൈവസിംഹാസനമുള്ള സ്ഥലത്തെ കുറിക്കുന്നു (സങ്കീ.33:13,14/യെശ.14:13,14). സ്വർഗ്ഗീയ കാഴ്ചകൾ ലഭിക്കുന്നതിനായി അപ്പൊസ്ഥലനായ പൗലൊസിനെ മൂന്നാം സ്വർഗ്ഗം വരെ എടുക്കപ്പെട്ടു എന്നു തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട് (2.കൊരി.12:2).

യോഹന്നാൻ കണ്ട സ്വർഗ്ഗവാതിൽ ആകാശമണ്ഡലത്തിലെയോ, നക്ഷത്രമണ്ഡലത്തിലെയോ മറ്റേതെതെങ്കിലും സാങ്കൽപ്പികമായ സ്വർഗ്ഗത്തിന്റെ വാതിലോ അല്ലായിരുന്നു. ക്രിസ്തു പാപപരിഹാരമരണശേഷം ഉയിർത്തെഴുന്നേറ്റു കയറിപ്പോയ ദൈവസിംഹാസനസ്ഥലമായ സ്വർഗ്ഗം തന്നെയായിരുന്നു. മൂന്നാം സ്വർഗ്ഗം (2.കൊരി.12:2) എന്നറിയപ്പെടുന്ന സ്വർഗ്ഗാധിസ്വർഗ്ഗത്തെപ്പറ്റി തിരുവചനത്തിലുടനീളം പ്രസ്താവിച്ചിട്ടുണ്ട്. *"ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും"*(യോഹ.14:3). *"ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നതു എന്തു? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും"* (അപ്പൊ.1:11). *"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും......"* (1.തെസ്സ.4:16). *"പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തിരിക്കയും......"* (എബ്രാ.1:3). *"ക്രിസ്തു വാസ്തമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധമന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേക്കത്രേ പ്രവേശിച്ചതു."*(എബ്രാ.9:24). ഈ വാക്യങ്ങളിൽ പരാമർശിച്ചിരിക്കുന്ന സ്വർഗ്ഗത്തിന്റെ വാതിലാണ് യോഹന്നാനു തുറക്കപ്പെട്ടത്.

**"കാഹളനാദം പോലെ എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നോടു: ഇവിടെ കയറി വരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചു തരാം എന്നു കല്പിച്ചു."**

സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറക്കപ്പെട്ടതായി യോഹന്നാൻ കണ്ടു. അതോടൊപ്പം യോഹന്നാനോടു മുമ്പു സംസാരിച്ച കാഹളനാദം പോലെയുള്ള ശബ്ദവും കേട്ടു. ഇവിടെ കയറി വരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ കാണിച്ചുതരാം എന്നതായിരുന്നു തുറന്നസ്വർഗ്ഗവാതിലിലൂടെ യോഹന്നാൻ കേട്ട ആജ്ഞയും അറിയിപ്പും. അതായത് മേലാൽ സംഭവിക്കുന്നകാര്യങ്ങൾ കാണിക്കുന്നതിനായി യോഹന്നാനെ ഒരുക്കുന്ന വിധത്തിൽ കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിലെന്നപോലെ ഒരു കാഹള ശബ്ദം ഉണ്ടായി.

**കാഹളനാദം —**

കാഹളനാദം പോലെ എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നത് പത്മൊസ് ദ്വീപിൽ ആദ്യത്തെ ദർശനത്തിൽ കേട്ട ശബ്ദത്തെ കുറിക്കുന്നു. **വെളി.1:10,11 —***"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി: നീ കാണുന്നതു ഒരു പുസ്തകത്തിൽ എഴുതി ........... ഏഴു സഭകൾക്കും അയക്കുക എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു."* ആ നാദം എന്തെന്നു കാണ്മാൻ തിരിഞ്ഞപ്പോൾ മഹത്വധാരിയായ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ശബ്ദത്തെയും ആണ് യോഹന്നാൻ കാണുകയും കേൾക്കുകയും ചെയ്തത്. അതേ തുടർന്നു യോഹന്നാൻ ഭയപ്പെട്ടു മരിച്ചവനെപ്പോലെ ആ പാദങ്ങളിൽ വീഴുവാനിടയായി. ആദ്യത്തെ ശബ്ദം പത്മൊസ് ദ്വീപിൽ യോഹന്നാന്റെ പുറകിൽ നിന്നു കേട്ടെങ്കിൽ ഇപ്പോഴത്തെ ശബ്ദം യോഹന്നാന്റെ മുമ്പിൽ ഉയരത്തിൽ സ്വർഗ്ഗത്തിൽ നിന്നു കേട്ട ശബ്ദമായിരുന്നു. എന്നാൽ ഈ ശബ്ദം യോഹന്നാനെ ആദ്യത്തെപ്പോലെ ഭയപരവശനാക്കിയില്ല.

പഴയനിയമത്തിൽ യിസ്രായേലിന്റെ മരുഭൂമി യാത്രയിൽ രണ്ടു വെള്ളിക്കാഹളങ്ങളുണ്ടാക്കുവാൻ മോശെയോടു ദൈവം കല്പിച്ചിരുന്നു. വെള്ളിക്കാഹളങ്ങളുടെ ഉപയോഗം ഇതിൽ നിന്നും ഗ്രഹിക്കാം. (സംഖ്യാ.10:1-10) —

(1) സഭയെ വിളിച്ചു കൂട്ടുവാനും പാളയത്തെ പുറപ്പെടുവിക്കുവാനും വെള്ളി കൊണ്ടു രണ്ടു കാഹളങ്ങൾ ഉണ്ടാക്കുക.— സംഖ്യാ.10:1,2

(2) കാഹളം ഊതുമ്പോൾ സഭ മുഴുവനും സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ കൂടണം.—സംഖ്യാ.10:3

(3) ഒരു കാഹളം ഊതുമ്പോൾ യിസ്രായേലിന്റെ പ്രഭുക്കന്മാർ കൂടണം — സംഖ്യാ.10:4

(4) ആദ്യത്തെ ഗംഭീരധ്വനി ഊതുമ്പോൾ കിഴക്കേ പാളയങ്ങൾ യാത്ര പുറപ്പെടണം. — സംഖ്യാ.10:5

(5) രണ്ടാമത്തെ ഗംഭീരധ്വനി ഊതുമ്പോൾ തെക്കേ പാളയങ്ങൾ യാത്ര പുറപ്പെടണം. —സംഖ്യാ.10:6

(6) സഭയെ കൂട്ടേണ്ടതിനു ഊതുമ്പോൾ ഗംഭീരധ്വനി ഊതരുത് — സംഖ്യാ.10:7

(7) ശത്രുവിന്റെ നേരേ യുദ്ധത്തിനു പോകുമ്പോൾ ഗംഭീരധ്വനിയായി കാഹളം ഊതണം.—സംഖ്യാ.10:9.

(8) ഹോമയാഗങ്ങളും സമാധാനയാഗങ്ങളും അർപ്പിക്കുമ്പോൾ കാഹളം ഊതണം — സംഖ്യാ.10:10.

ഇതിൽ നിന്നു കാഹളം വിവിധ ശബ്ദങ്ങൾ പുറപ്പെടുവിക്കാനും, വിവിധ ആവശ്യങ്ങൾക്കായും ഉപയോഗിക്കുന്നതായി കാണുന്നു. സമാഗമനകൂടാരത്തിനടുത്തേക്കു വിളിച്ചു കൂട്ടുവാൻ സാധാരണ ശബ്ദ

ത്തിൽ കാഹളം ഊതുമ്പോൾ, ഗംഭീരധ്വനി രണ്ടു കാര്യങ്ങൾക്കായി ഊതുന്നു — (1) സഭയുടെ പുറപ്പാട് (2) ശത്രുവിനോടുള്ള യുദ്ധത്തിനുള്ള പുറപ്പാട്. ആയതുപോലെ കർത്താവിന്റെ ഒന്നാം പ്രത്യക്ഷത യിൽ പുറപ്പെടുവിക്കുന്ന ഗംഭീരധ്വനി തനിക്കായി വേർതിരിഞ്ഞു കാത്തിരിക്കുന്ന സഭയെ ചേർക്കാ നായി പുറപ്പെടുവിക്കുമെങ്കിൽ, സഭയുമായി വരുന്ന മഹത്വപ്രത്യക്ഷതയിലെ ഗംഭീരധ്വനി ശത്രുവിനോ ടു യുദ്ധത്തിനുള്ള ധ്വനിയായിരിക്കും.

പുതിയനിയമത്തിൽ വിവിധ സന്ദർഭങ്ങളിൽ കർത്താവിന്റെ കാഹളത്തിനൊത്ത ഗംഭീരനാദ ത്തെക്കുറിച്ചു കാണുന്നു.

*(1) ക്രൂശിൽ മരണസമയത്ത് ഉറക്കെ നിലവിളിച്ചപ്പോൾ (മത്തായി.27:46,50), ഈ ഗംഭീരധ്വനി യാൽ ദേവാലയമന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തി, ഭൂമി കുലുങ്ങി, പാറ കൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്ര പ്രാപിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റു.*

*(2) മരിച്ചിട്ടു നാലു നാളായ ലാസറിന്റെ കല്ലറെക്കൽ നിന്നു ലാസറേ പുറത്തു വരിക എന്നു ഉറക്കെ കല്പിച്ച (യോഹ.11:43,44) ഗംഭീരധ്വനിയാൽ ലാസർ ഉയിർത്തെഴുന്നേറ്റു.*

*(3) പുനരാഗമനത്തിൽ മദ്ധ്യാകാശത്തിൽ ഗംഭീരധ്വനി പുറപ്പെടുവിക്കുമ്പോൾ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർ ഒന്നടങ്കം ഉയിർത്തെഴുന്നേൽക്കും(1.തെസ്സ.4:16/യോഹ.5:28).*

*(4) അന്ത്യകാഹളനാദത്തിങ്കൽ രൂപാന്തരപ്പെടുകയും ഉയിർക്കുകയും ചെയ്യും. —1.കൊരി.15:52 -- "നാം എല്ലാവരും നിദ്ര കൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും.കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും."*

*(5) കർത്തൃദിവസത്തിൽ ആത്മവിവശനായ യോഹന്നാൻ കാഹളത്തിനൊത്ത ഒരു മഹാ നാദം കേട്ടു.(വെളി.1:10-12/ 4:1)*

പഴയനിയമത്തിൽ പുറപ്പാടു പുസ്തകത്തിൽ യഹോവയാം ദൈവം സീനായ് പർവ്വതത്തിലേ ക്കിറങ്ങി വന്നപ്പോൾ " *ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹള ധ്വനിയും ഉണ്ടായി; പാളയത്തിലെ ജനം ഒക്കെയും നടുങ്ങി"* എന്നു കാണുന്നു (പുറ.19:16). ദൈവം തന്റെ ജനത്തിനു ന്യായപ്രമാണമടങ്ങിയ പത്തുകല്പനകൾ കൊടുക്കുവാൻ ഇറങ്ങി വന്നപ്പോൾ സർവ്വ ശക്തനായ ദൈവത്തിന്റെ ഗാംഭീര്യം അവിടെ വിളങ്ങി. അന്നു മോശെയും യിസ്രായേൽ മക്കളും ദൈവ ത്തിന്റെ മഹാഗംഭീരധ്വനിയിൽ ഭയപ്പെട്ടു നടുങ്ങിയെങ്കിൽ മദ്ധ്യാകാശത്തിൽ ഉയരുന്ന ഗംഭീരകാഹളധ്വനി നമ്മെ സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകുവാനുള്ള ഇമ്പശബ്ദമായിരിക്കുന്നു. പുതിയനിയമവിശുദ്ധന്മാർ മദ്ധ്യാകാശത്തിൽ മുഴങ്ങിക്കേൾക്കുന്ന കാഹളശബ്ദത്തിനായി കാതോർത്തിരിക്കുന്നു. ഈ നാദം അവരെ ഭയപ്പെടുത്തുന്നതായിരിക്കയില്ല. എന്നാൽ ആശ്വസിപ്പിക്കുന്നതും പ്രത്യാശയുടെ പൂർത്തീകരണ ശബ്ദവുമായിരിക്കും. കാരണം *"സ്ഥൂലമായതും തീ കത്തുന്നതുമായ പർവ്വതത്തിന്നും മേഘതമസ്സ്, കൂരിരുട്ടു, കൊടുങ്കാറ്റു, കാഹളനാദം, വാക്കുകളുടെ ശബ്ദം എന്നിവെക്കും അടുക്കൽ അല്ലല്ലോ നിങ്ങൾ വന്നിരിക്കുന്നതു."* (എബ്രാ.12:18).

ഒന്നാം അദ്ധ്യായത്തിൽ യോഹന്നാൻ കേട്ട കാഹളത്തിനൊത്ത മഹാനാദം തന്നെ ഭയപരവശനാക്കി മരിച്ചവനെപ്പോലെ ക്രിസ്തുവിന്റെ പാദത്തിൽ വീഴുവാനിടയാക്കി. എന്നാൽ ഇവിടെ കേട്ട കാഹളനാദം പോലെയുള്ള ശബ്ദം യോഹന്നാനെ സ്വർഗ്ഗത്തിലേക്കു ക്ഷണിക്കുന്ന ആശ്വാസം പകരുന്ന ശബ്ദമായിരുന്നു.

**ഇവിടെ കയറി വരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചു തരാം എന്നു കല്പിച്ചു —**

തുറന്ന സ്വർഗ്ഗവാതിലിലൂടെ യോഹന്നാൻ കേട്ടത് *"ഇവിടെ കയറി വരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചു തരാം"* എന്നുള്ള ക്രിസ്തുവിന്റെ ആജ്ഞാശബ്ദമായിരുന്നു. വേദപുസ്തകത്തിൽ രണ്ടു പേർക്കാണ് സ്വർഗ്ഗത്തിലെ കാര്യങ്ങൾ കാണുവാനായി അവസരം ലഭിച്ചതും അതിനായി സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടിട്ടുള്ളതും. അവർ അപ്പൊസ്തലനായ പൗലൊസും യോഹന്നാനുമാണ്. അപ്പൊസ്തലനായ പൗലൊസ് മൂന്നാം സ്വർഗ്ഗം വരെ എടുക്കപ്പെട്ടു. മൂന്നാം സ്വർഗ്ഗം എന്നത് ദൈവസിംഹാസനം സ്ഥിതി ചെയ്യുന്നിടമാണ്. **2.കൊരി.12:2-4 —** *"ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു: അവൻ പതിന്നാലു സംവത്സരം മുമ്പെ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു; ശരീരത്തോടെയോ എന്നു ഞാൻ അറിയുന്നില്ല, ശരീരം കൂടാതെയോ എന്നുമറിയുന്നില്ല; ദൈവം അറിയുന്നു. ആ മനുഷ്യൻ പരദീസയോളം എടുക്കപ്പെട്ടു; ശരീരത്തോടെയോ ശരീരം കൂടാതെയോ എന്നു ഞാൻ അറിയുന്നില്ല; ദൈവം അറിയുന്നു. മനുഷ്യന്നു ഉച്ചരിപ്പാൻ പാടില്ലാത്തതും പറഞ്ഞുകൂടാത്തതുമായ വാക്കുകളെ അവൻ കേട്ടു എന്നു ഞാൻ അറിയുന്നു."* ക്രിസ്തുവിലുള്ള ഒരു മനുഷ്യൻ എന്നത് പൗലൊസ് തന്നെയാണ്(2.കൊരി.12:7). 14 വർഷങ്ങൾ താൻ പരദീസായിലുള്ള കാര്യങ്ങൾ രഹസ്യമായി സൂക്ഷിച്ചു. സ്വർഗ്ഗത്തിലെ കാര്യങ്ങൾ സംസാരിക്കുന്നതിൽ വിലക്കപ്പെട്ടിരുന്നു. സ്വർഗ്ഗത്തിൽകേട്ട കാര്യങ്ങൾ അപ്പോൾ വെളിപ്പെടുത്തുവാൻ പാടില്ലാത്തതുകൊണ്ടോ

അനുവാദമില്ലാത്തതുകൊണ്ടോ ആയിരിക്കാമിത്. എന്നാൽ യോഹന്നാന്റെ കാര്യത്തിൽ അതുണ്ടായില്ല. താൻ കണ്ടതും കേട്ടതും എഴുതുവാനായിരുന്നു കല്പന (വെളി.1:19,20).

യോഹന്നാനോടു ഇവിടെ കയറി വരിക എന്ന കാഹളത്തിനൊത്ത ശബ്ദം സഭയുടെ ഉത്പ്രാപണത്തിന്റെ നിഴൽ കൂടിയാണ്. അതായത് കയറി വരിക എന്നുള്ള ആജ്ഞ കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ മരിച്ചു കല്ലറയിലായിരിക്കുന്ന വിശുദ്ധന്മാരും ജീവനോടിരിക്കുന്ന വിശുദ്ധന്മാരും ഒരുമിച്ച് ആരോഹണം ചെയ്യുന്നതിനെ വെളിപ്പെടുത്തുന്ന രീതിയിലാണ് യോഹന്നാനെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടത്. എന്നാൽ ഇതു സഭയുടെ ഉത്പ്രാപണമല്ല. കയറി വരിക എന്നുള്ള ക്ഷണം ലഭിച്ചത് യോഹന്നാനു മാത്രമായിരുന്നു. മേലാൽ സംഭവിപ്പാനുള്ള കാര്യങ്ങൾ കാണിച്ചു കൊടുക്കുന്നതിനുമായിരുന്നു. യോഹന്നാനു കാണിച്ചു കൊടുത്ത കാര്യങ്ങൾ സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം എന്തൊക്കെ സംഭവിക്കും എന്നതിന്റെ വിശദീകരണം കൂടിയാണ്.

നാലാം അദ്ധ്യായത്തിൽ സിംഹാസനത്തോടുള്ള ബന്ധത്തിൽ യോഹന്നാൻ കാണുന്ന കാഴ്ചകൾ ആറായി തിരിക്കാം —

(1) സിംഹാസനത്തിൽ — വെളി.4:2 — (On the Throne)
(2) സിംഹാസനത്തിനു ചുറ്റും — വെളി.4:3,4 — (Around the Throne)
(3) സിംഹാസനത്തിൽ നിന്നു — വെളി.4:5 — (From the Throne)
(4) സിംഹാസനത്തിന്റെ മുമ്പിൽ — വെളി.4:5,6 — (Before the Throne)
(5) സിംഹാസനത്തിന്റെ നടുവിലും ചുറ്റിലും — വെളി.4:6,7 — (In and around the Throne)
(6) സിംഹാസനത്തിലേക്ക് — വെളി.4:8-11 — (Towards the Throne)

**വെളി.4:2 — "ഉടനെ ഞാൻ ആത്മവിവശനായി സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു."**

**> സിംഹാസനത്തിൽ — (On the Throne) —**

ആത്മവിവശനായ യോഹന്നാൻ സ്വർഗ്ഗത്തിൽ ഒരു സിംഹാസനവും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു.

**ഉടനെ ഞാൻ ആത്മവിവശനായി —**

*"ഇവിടെ കയറി വരിക; മേലാൽ സംഭവിക്കുവാനുള്ളതു ഞാൻ നിനക്കു കാണിച്ചുതരാം"* എന്നുള്ള കർത്താവിന്റെ കല്പന കേട്ട ഉടനെ യോഹന്നാൻ ആത്മവിവശനായി. ആദ്യമായി പത്മൊസ് ദ്വീപിൽ വെച്ചു കർത്തൃദിവസത്തിൽ ആത്മവിവശനായി (വെളി.1:10) എന്നുള്ള വിശദീകരണത്തിലെ അതേ അനുഭവമാണ് വീണ്ടും സ്വർഗ്ഗത്തിലെ കാര്യങ്ങൾ കാണുവാനായി യോഹന്നാനുണ്ടായത്. ഈ ആത്മവിവശത കേവലം സ്വപ്നമോ നിദ്രാവസ്ഥയോ ആയിരുന്നില്ല. ആത്മവിവശനായി എന്നാൽ പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിലായി എന്നർത്ഥം. തന്റെ ഭൗതികശരീരം ഭൂമിയിൽ ആയിരുന്നപ്പോൾതന്നെ സ്വർഗ്ഗീയ കാര്യങ്ങൾ കാണുവാൻ ഉതകത്തക്കവിധം യോഹന്നാൻ ആത്മാവിലായി. മേലാൽ സംഭവിക്കുന്ന കാര്യങ്ങൾ കാണുവാൻ പര്യാപ്തമായ വിധത്തിൽ യോഹന്നാനെ ഒരുക്കുന്ന അവസ്ഥയായിരുന്നു ആത്മവിവശത. പ്രവചനങ്ങളെല്ലാം തന്നെ പരിശുദ്ധാത്മാവിന്റെ നിയോഗത്താൽ ആണെന്നു തിരുവചനം വ്യക്തമാക്കുന്നുണ്ട്. **2.പത്രൊ.1:20,21 —** *"തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ."* ശിമ്യോൻ ആത്മനിയോഗത്താൽ ദൈവാലയത്തിൽ ചെന്നു കർത്താവിനെ കണ്ടു (ലൂക്കൊ.2:27). വിശുദ്ധന്മാർക്കു ഏകാത്മാവിനാൽ പിതാവിങ്കലേക്കു പ്രവേശനം ലഭിക്കുന്നു (എഫെ.2:18). പൗലൊസു പറയുന്നതുപോലെ ശരീരത്തോടോ ശരീരം കൂടാതെയോ യോഹന്നാൻ എടുക്കപ്പെട്ടു എന്നു നമുക്കു ഉറപ്പിച്ചു പറയുവാൻ കഴിയുകയില്ല (2.കൊരി.12:2,3). തന്റെ ശരീരം അഥവാ ദേഹം പത്മൊസിൽ ആയിരുന്നപ്പോൾ ദൈവം യോഹന്നാനെ ആത്മാവിൽ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി എന്നു കരുതാം. ഇതേ അനുഭവം വീണ്ടും വെളി.17:3,21:10 (അവൻ എന്നെ ആത്മാവിൽ ഒരു മരുഭൂമിയിലേക്കു കൊണ്ടു പോയി/അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നോരു വന്മലയിൽ കൊണ്ടുപോയി) എന്നീ വാക്യങ്ങളിലും കാണുന്നുണ്ട്. അതായത് വെളിപ്പാടു പുസ്തകത്തിൽ നാലു തവണ യോഹന്നാൻ ആത്മവിവശനായി (വെളി.1:10/4:2/17:3/21:10) എന്നു കാണുന്നു. ദൈവത്തിന്റെ പരമാധികാരത്തെ വെളിപ്പെടുത്തുന്ന സ്വർഗ്ഗീയ കാര്യങ്ങളുടെ ദർശനങ്ങളടങ്ങിയ രംഗങ്ങളിലേക്കു തുടർന്നു പ്രവേശിക്കുന്നു. കർത്തൃദിവസത്തിൽ ആത്മവിവശനായ യോഹന്നാൻ ആദ്യത്തെ ദർശനത്തിൽ ഏഴുപൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയ മഹത്വധാരിയായ ക്രിസ്തുവിനെയും കണ്ടു. എന്നാൽ നാലാം അദ്ധ്യായം മുതൽ ആരംഭിക്കുന്ന കാര്യങ്ങൾ കാണുവാനായി സ്വർഗ്ഗത്തിലേക്കു ആത്മാവിൽ ആനയിക്കപ്പെട്ടു. സ്വർഗ്ഗത്തിലെ കാര്യങ്ങൾ കാണുവാനായി യോഹന്നാൻ ആത്മാവിലായി (He was in

the Spirit). എന്നാൽ തന്റെ ഭൗമശരീരം ആകാശമണ്ഡലത്തിൽ സുഗമമായി സഞ്ചരിക്കത്തക്കവിധത്തിൽ രൂപാന്തരം പ്രാപിച്ചു (He was not transformed for space and time travel) എടുക്കപ്പെട്ടതായി കാണുന്നില്ല.

**സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും —**

"*സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും ഞാൻ കണ്ടു*" എന്നാണ് ആത്മവിവശനായ യോഹന്നാൻ പറയുന്നത്. തുറന്ന സ്വർഗ്ഗവാതിലിലൂടെ സ്വർഗ്ഗത്തിൽ പ്രവേശിച്ചപ്പോൾ താൻ ആദ്യമായി കണ്ടത് സിഹാസനവും സിംഹാസനത്തിൽ ഇരിക്കുന്ന സർവ്വശക്തനായ ദൈവത്തെയുമാണ്. "സിംഹാസനത്തിന്റെ പുസ്തകം" എന്നറിയപ്പെടുന്ന വെളിപ്പാടിൽ "സിംഹാസനം" എന്ന പദം 45 പ്രാവശ്യവും മറ്റു പുതിയനിയമപുസ്തകങ്ങളിൽ 15 പ്രവാശ്യവും ഉപയോഗിച്ചിട്ടുണ്ട്. 11 വാക്യങ്ങളടങ്ങിയ നാലാം അദ്ധ്യായത്തിൽ "സിഹാസനം" എന്ന വാക്ക് 15 പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. സിംഹാസനത്തിൽ, സിംഹാസനത്തിന്റെ ചുറ്റും, സിംഹാസനത്തിൽ നിന്നും, സിംഹാസനത്തിന്റെ മുമ്പിൽ, സിംഹാസനത്തിന്റെ നടുവിൽ എന്നിങ്ങനെ സിംഹാസനത്തോടുള്ള ബന്ധത്തിൽ നിരവധി കാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. സിംഹാസനം എന്നത് ഇരിക്കുവാനുള്ള ഉപകരമെന്നതിനേക്കാൾ ദൈവത്തിന്റെ ആധിപത്യം, പ്രഭാവം, മഹത്വം, പരമാധികാരം, ന്യായവിധി എന്നിവയെ പ്രകടമാക്കുന്നു. ഭൂമിയിലുള്ള സകല സിംഹാസനങ്ങളും സ്വർഗ്ഗത്തിൽ വെച്ചിരിക്കുന്ന ദൈവീകസിംഹസനത്തിന്റെ അധികാരത്തിൻ കീഴിൽ വരുന്നു. സ്വർഗ്ഗത്തിൽ സിംഹാസനം വെച്ചിരിക്കുന്നു എന്നത് ദൈവത്തിന്റെ സിംഹാസനത്തിന്റെ മാറ്റമില്ലായ്മ, സ്ഥിരത, നിലനിൽപ്പ് എന്നിവയെയും കുറിക്കുന്നു. ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തെയാണ് യെശയ്യാപ്രവാചകൻ കണ്ടത് (യെശ.6:1). യോഹന്നാൻ കണ്ട സിംഹാസനം ഭൂമിയിൽ ഭരണം നടത്തുവാനും ന്യായവിധി നടത്തുവാനുള്ള സിംഹാസനമാണെന്നു കരുതാം. എന്നാൽ ഈ സിംഹാസനം ന്യായാസനമാണെന്നു പൊതുവേ വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. സകലവിശ്വാസികളും ന്യായാസനമായ സിംഹാസനത്തിന്റെ മുന്നിൽ ഒരിക്കൽ നിൽക്കേണ്ടി വരുമെന്നു തിരുവചനം വ്യക്തമാക്കുന്നു. **റോമ.14:10** — "*നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കേണ്ടി വരും.*" **2.കൊരി.5:10** — "*അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.*" **1.കൊരി.3:13-15** — "*ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടു വരും; ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നേ ശോധന ചെയ്യും.*"

**സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു —**

സിംഹാസനത്തിന്റെ ആകൃതിയോ, വലിപ്പമോ പരാമർശിക്കാതെ യോഹന്നാന്റെ കണ്ണ് സിംഹാസനത്തിൽ ഇരിക്കുന്നവനിലേക്കു പതിയുന്നു. സിംഹാസനം ദൈവത്തിന്റെ നിത്യസിംഹാസനവും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നു എന്നത് നിത്യനായ ദൈവവുമാണ്. സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ (വെളി.4:3), ഇരിക്കുന്നവൻ, ഇരുന്നവൻ, വരുന്നവൻ (വെളി.4:8), സർവ്വശക്തൻ (വെളി.4:8), പരിശുദ്ധൻ (വെളി.4:8), എന്നെന്നേക്കും ജീവിച്ചിരിക്കുന്നവൻ (വെളി.4:9,10), സർവ്വവും സൃഷ്ടിച്ചവൻ (വെളി.4:11), ആരാധനക്കു യോഗ്യൻ (വെളി.4:11) എന്നിങ്ങനെ സിംഹാസനത്തിലിരിക്കുന്ന പിതാവായ ദൈവത്തെക്കുറിച്ചു നാലാം അദ്ധ്യായത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു. പ്രവാചകന്മാർ കണ്ട അതേ സർവ്വശക്തനായവനെയാണ് യോഹന്നാനും സ്വർഗ്ഗസിംഹാസനത്തിൽ കണ്ടത്.

**യെശ.6:1** — "*ഉസ്സീയാരാജാവു മരിച്ച ആണ്ടിൽ കർത്താവു, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു.*"

**യെഹെ.1:26-28** — "*അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ച പോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു. അവന്റെ അര മുതൽ മേലോട്ടു അതിന്നകത്തു ചുറ്റും തീക്കൊത്ത ശുക്ലസ്വർണ്ണംപോലെ ഞാൻ കണ്ടു; അവന്റെ അര മുതൽ കീഴോട്ടു തീ പോലെ ഞാൻ കണ്ടു; അതിന്റെ ചുറ്റും പ്രകാശവും ഉണ്ടായിരുന്നു. അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു. യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടതു; അതു കണ്ടിട്ടു ഞാൻ കവിണ്ണുവീണു; സംസാരിക്കുന്ന ഒരുത്തന്റെ ശബ്ദവും ഞാൻ കേട്ടു.*"

**ദാനീ.7:9,10** — "*ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ ന്യായാസനങ്ങളെ വെച്ചു. വയോധികനായ ഒരുത്തൻ ഇരുന്നു. അവന്റെ വസ്ത്രം ഹിമം പോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമംപോലെയും അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും*

*ആയിരുന്നു. ഒരു അഗ്നിനദി അവന്റെ മുമ്പിൽനിന്നു പുറപ്പെട്ടു ഒഴുകി; ആയിരമായിരം പേർ അവന്നു ശുശ്രൂഷ ചെയ്തു; പതിനായിരം പതിനായിരം പേർ അവന്റെ മുമ്പാകെ നിന്നു; ന്യായവിസ്താരസഭ ഇരുന്നു; പുസ്തകങ്ങൾ തുറന്നു."*

**വെളി.4:3 — "ഇരിക്കുന്നവൻ കാഴ്ചെക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ; സിംഹാസനത്തിന്റെ ചുറ്റും കാഴ്ചെക്കു മരതകത്തോടു സദൃശമായോരു പച്ചവില്ലു; "** (And He who sat on there was like a jasper and a sardius stone in appearance; and there was a rainbow around the throne, in appearance like an emerald) ).

**> സിംഹാസനത്തിനു ചുറ്റും — വെളി.4:3,4 — (Around the Throne) —**

സ്വർഗ്ഗത്തിലേക്കു പ്രവേശിച്ച യോഹന്നാൻ സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതു കണ്ടു. അതു ത്രിത്വത്തിൽ ഒന്നാമനായ സർവ്വശക്തനും പിതാവാവുമായ ദൈവം തന്നെ ആയിരുന്നു. എന്തെന്നാൽ ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ പുസ്തകം വാങ്ങുവാൻ യോഗ്യനായി സിംഹാസനത്തിനടുത്തു നിൽക്കുന്നതായി വെളി.5:6-ലും, ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവ് സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നതായി വെളി.4:5-ലും കാണുന്നു. കൂടാതെ നാലാം അദ്ധ്യായത്തിൽ പിതാവായ ദൈവത്തെയും അഞ്ചാം അദ്ധ്യായത്തിൽ പുത്രനെയും കുറിച്ചുള്ള കാര്യങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. സർവ്വശക്തനും സൃഷ്ടാവുമായ പിതാവായ ദൈവത്തിന്റെ ആളത്വമാഹാത്മത്തെ മാനുഷികനിലയിൽ ആർക്കും വർണ്ണിക്കുവാൻ അസാദ്ധ്യമാണ്. എന്നാൽ യോഹന്നാൻ ദൈവത്തെ വിലയേറിയതും വെട്ടിത്തിളങ്ങുന്നതുമായ രണ്ടു രത്നങ്ങളോടു സാദൃശ്യപ്പെടുത്തുന്നു. അതായത് അതിന്റെ ശോഭയോടുള്ള ബന്ധത്തിലാണ് സാദൃശപ്പെടുത്തുന്നത്. സിംഹാസനത്തിൽ ഇരിക്കുന്ന ദൈവം കാഴ്ചെക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശനായും ദൈവം ഇരിക്കുന്ന സിംഹാസനത്തിന്റെ ചുറ്റും കാഴ്ചെക്കു മരതകത്തോടു സദൃശമയോരു പച്ചവില്ലും കാണുന്നതായി വർണ്ണിക്കുന്നു.

**ഇരിക്കുന്നവൻ കാഴ്ചെക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ —** (And He who sat on there was like a jasper and a sardius stone in appearance)

യോഹന്നാൻ സിംഹാസനത്തിലേക്കു നോക്കിയപ്പോൾ കണ്ണഞ്ചിപ്പിക്കുന്നതും, നോക്കുവാൻ പോലും സാദ്ധ്യമല്ലാത്ത വിധത്തിൽ വെട്ടിത്തിളങ്ങുന്ന വെളിച്ചമാണ് പ്രതിബിംബിച്ചത്. യഥാർത്ഥത്തിൽ ദൈവം വെളിച്ചമാണ് (1.യോഹ.1:5), വെളിച്ചത്തിന്റെ ഉറവിടവുമാണ്. സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ യോഹന്നാൻ സൂര്യകാന്തം (jasper) പത്മരാഗം (sardius) എന്നീ വിലയേറിയ രത്നങ്ങളുടെ പ്രഭയോടു സാദൃശപ്പെടുത്തി വർണ്ണിക്കുന്നു. പുതിയ യെരൂശലേം നഗരമതിലിന്റെ അടിസ്ഥാനത്തിൽ സൂര്യകാന്തം ഒന്നാം അടിസ്ഥാനമായും പത്മരാഗം പതിനൊന്നാമത്തേതുമായി ഉപയോഗിച്ചിരിക്കുന്നു (വെളി.21:19,20).

**സൂര്യകാന്തം (jasper) —**

സൂര്യകാന്തം പരിശുദ്ധമായതും, വെട്ടിത്തിളങ്ങുന്ന വിലയേറിയ രത്നക്കല്ലാണ്. കണ്ണഞ്ചിപ്പിക്കുന്ന സ്വച്ഛസ്പടികം പോലെ വെണ്മനിറമുള്ള സൂര്യകാന്തം ദൈവത്തിന്റെ വിശുദ്ധിയെ (holiness /purity) പ്രകടമാക്കുന്നു. **സങ്കീ.104:2 —** *"വസ്ത്രം ധരിക്കുമ്പോലെ നീ പ്രകാശത്തെ ധരിക്കുന്നു."* **1.തിമൊ.6:16 —** *".... അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും ....."* **മത്താ.17:2 —** *"അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു, അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു അവന്റെ വസ്ത്രം വെളിച്ചംപോലെ വെള്ളയായി തീർന്നു."* **മർക്കൊ.9:3 —** *"ഭൂമിയിൽ ഒരു അലക്കുകാരന്നും വെളുപ്പിപ്പാൻ കഴിയാതവണ്ണം അവന്റെ വസ്ത്രം അത്യന്തം വെളുപ്പായി തിളങ്ങി."* **ലൂക്കൊ.9:29 —***"അവൻ പ്രാർത്ഥിക്കുമ്പോൾ മുഖത്തിന്റെ ഭാവം മാറി, ഉടുപ്പു മിന്നുന്നവെള്ളയായും തീർന്നു."*

**പത്മരാഗം (sardius/sardian) —**

പത്മരാഗത്തിനു ഇംഗ്ലീഷിൽ സാർദിയസ് എന്നും സാർദിയൻ (sardius /sardian) എന്നും പറയുന്നു. പ്രധാനമായും ഈ രത്നക്കല്ല് സർദ്ദിസിൽ കാണപ്പെട്ടതിനാലാണ് ഈ പേരു ലഭിക്കുവാനിടയായത്. മനോഹരമായ പത്മരാഗം രക്തചുവപ്പുനിറത്തിലുള്ള (blood red /ruby red) വിലയേറിയ രത്നക്കല്ലിൽ ഉൾപ്പെടുന്നു. രക്തചുമപ്പുനിറത്തിലുള്ള പത്മരാഗം ദൈവനീതിയെയും, ദൈവക്രോധത്തെയും (Gods justice and wrath) വെളിപ്പെടുത്തുന്നു. വെളിപ്പാടു പുസ്തകത്തിൽ ആറു മുതലുള്ള അദ്ധ്യായങ്ങളിൽ പാപം നിറഞ്ഞലോകത്തിൽ ചൊരിയുവാൻ പോകുന്ന ദൈവക്രോധത്തെയും പത്മരാഗം സൂചിപ്പിക്കുന്നു.

സിഹാസനത്തിലിരിക്കുന്ന സർവ്വശക്തനായ ദൈവം സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശനാണ്. അതായത് വെണ്മയും ചുവപ്പും കലർന്ന വർണ്ണമുള്ളവൻ. വെണ്മനിറം അടുത്തുകൂടാത്ത വെളിച്ചത്തിന്റെ ഉറവിടമായും, തന്റെ പരിശുദ്ധിയെയും പ്രകടമാക്കുന്നു. എന്നാൽ ചുവപ്പു ന്യായവിധി നടത്തുന്നതിൽ തന്റെ സർവ്വാധികാരത്തെയാണ് വെളിപ്പെടുത്തുന്നത്. യെരൂശലേം പുത്രിമാർ ശൂനേകാരത്തിയോടു *"നിന്റെ പ്രിയന്നു മറ്റു പ്രിയന്മാരേക്കാൾ എന്തു വിശ്ഷതയുള്ളു? "* എന്ന ചോദ്യത്തിനു *"എന്റെ പ്രിയൻ വെണ്മയും ചുവപ്പും ഉള്ളവൻ പതിനായിരംപേരിൽ അതിശ്രേഷ്ഠൻ*

*തന്നേ"* (ഉ.ഗീ.5:9,10) എന്നതായിരുന്നു അവളുടെ ഉത്തരം.

സൂര്യകാന്തവും പത്മരാഗവും വീണ്ടും പഴയനിയമഭാഗങ്ങളിൽ കാണുന്നുണ്ട്. യിസ്രായേലിന്റെ മഹാപുരോഹിതന്റെ മാർപതക്കത്തിന്മേൽ നാലു നിരകളായി 12 രത്നക്കല്ലുകൾ പതിച്ചിരുന്നു. അതിൽ മൂന്നാം നിരയിൽ ആദ്യത്തേതു പത്മരാഗവും നാലാം നിരയിൽ അവസാനത്തേതു സൂര്യകാന്തവുമായിരുന്നു (പുറ.28:17-21). യാക്കോബിന്റെ 12 മക്കളിൽ ആദ്യജാതനായ രൂബേൻ പത്മരാഗത്തോടും, അവസാനജാതനായ ബെന്യാമിൻ സൂര്യകാന്തത്തോടും ബന്ധപ്പെട്ടിരിക്കുന്നു. യോഹന്നാൻ കർത്താവിന്റെ മനോഹാരിത വർണ്ണിക്കുമ്പോൾ രണ്ടു രത്നങ്ങളേ കാണുന്നുള്ളു. കാരണം മനുഷ്യനായ യോഹന്നാന് കാഴ്ചക്ക് അതിന്റെ സമ്പൂർണ്ണമായ തേജസ്സ് താങ്ങാനാവുന്നില്ല എന്നതായിരിക്കണം. മാർപതക്കത്തിലെ ഒടുവിലത്തെ നാമമായ ബെന്യാമിൻ ഇപ്പോൾ ഒന്നാമതായി കാണപ്പെടുന്നത് എന്റെ വലങ്കൈയുടെ മകൻ എന്ന അർത്ഥത്തിലാണ്. ആദ്യജാതനായ രൂബേൻ പിന്നത്തേതിൽ ഒടുക്കത്തവനായി.

**സിംഹാസനത്തിന്റെ ചുറ്റും കാഴ്ചെക്കു മരതകത്തോടു സദൃശമായോരു പച്ചവില്ലു —** (And there was a rainbow around the throne, in appearance like an emerald) —

സിംഹാസനത്തിൽ നിന്നും യോഹന്നാന്റെ ശ്രദ്ധ സിംഹാസനത്തിന്റെ ചുറ്റിലേക്കും തിരിയുന്നു. സിംഹാസനത്തിന്റെ ചുറ്റും ഒരു പച്ചവില്ലു വലയം ചെയ്യപ്പെട്ടിരിക്കുന്നതായി കണ്ടു. പച്ചവില്ലു കാഴ്ചെക്കു മരതകത്തോടു സദൃശമായിരുന്നു. മരതകം (emerald) പച്ചനിറത്തിലുള്ള രത്നക്കല്ലാണ്. പച്ചനിറം ജീവനെ കാണിക്കുന്നു. കൂടാതെ സമൃദ്ധിയും, മനോഹരത്വവും പച്ചയോടു ബന്ധപ്പെട്ടിരിക്കുന്നു. ജലപ്രളയാനന്തരം പെട്ടകത്തിനു പുറത്തുള്ള സ്ഥിതി അറിയുന്നതിനു നോഹ പെട്ടകത്തിന്റെ കിളിവാതിലിലൂടെ വിട്ട പ്രാവ് ജീവന്റെ ലക്ഷണം അറിയിക്കുന്ന വിധത്തിൽ അതിന്റെ വായിൽ പച്ച ഒലിവിലയുമായാണ് മടങ്ങി വന്നത് (ഉല്പ.8:10,11). സിംഹാസനത്തെ മുഴുവനായി വലയം ചെയ്തിരുന്ന പച്ചവില്ല് സമ്പൂർണ്ണവൃത്താകൃതിയിലായിരുന്നു. സാധാരണ മഴവില്ലു വിവിധ വർണ്ണങ്ങളോടെ അർദ്ധവൃത്താകൃതിയിൽ കാണപ്പെടുന്നുവെങ്കിൽ സ്വർഗ്ഗസിംഹാസനത്തിനു ചുറ്റും വലയം ചെയ്തിരുന്ന വില്ലു പച്ചനിറമുള്ളതും സമ്പൂർണ്ണ വൃത്താകൃതിയിലുമായിരുന്നു.

**മഴവില്ലിന്റെ പ്രത്യേകതകൾ —**

> യഥാർത്ഥത്തിൽ നാം കാണുന്ന മഴവില്ല് ആകാശത്തിലെ വെള്ളത്തുള്ളികളിലൂടെ സൂര്യപ്രകാശം കടന്നുവരുമ്പോൾ ഉണ്ടാകുന്ന പ്രതിഭാസത്താൽ രൂപം പ്രാപിക്കുന്നതാണ്. ഇതിനു ഏഴു വർണ്ണങ്ങൾ ഉണ്ടെങ്കിലും അടിസ്ഥാനവർണ്ണം വെളുപ്പാണ്. സർ ഐസക്ക് ന്യൂട്ടൻ തന്റെ പരീക്ഷണത്തിലൂടെ ഇതു തെളിയിച്ചിട്ടുള്ളതാണ്. ഒരു വൃത്താകൃതിയിലുള്ള പ്രതലത്തിൽ ഏഴു വർണ്ണങ്ങൾ തുല്യ അളവിൽ വരച്ചിട്ട് പ്രതലം അതിവേഗം കറക്കിയപ്പോൾ ഏഴു വർണ്ണങ്ങൾക്കു പകരം വെള്ളയാണ് എടുത്തു കാണിക്കപ്പെട്ടത്. ഇംഗ്ലീഷിൽ സപ്തവർണ്ണങ്ങളെ വിബ്ജിയോർ (VIBGYOR) എന്നറിയപ്പെടുന്നു. അവ ഊത (violet), കടും നീല (indigo), നീല (blue), പച്ച (green), മഞ്ഞ (yellow), ഓറഞ്ച്നിറം (orange), ചുമപ്പ് (red) എന്നിവയാണ്. സൂര്യന്റെ തേജസ്സേറിയ വെള്ള പ്രകാശം അന്തരീക്ഷത്തിലെ വെള്ളത്തുള്ളികളിൽ സ്ഫടികമെന്നപോലെ പ്രവർത്തിച്ചു സപ്തവർണ്ണങ്ങൾ പ്രത്യക്ഷപ്പെടുന്നു. ആത്മികമായി ചിന്തിച്ചാൽ വെളിച്ചങ്ങളുടെ പിതാവായ ദൈവത്തിൽ നിന്നു പുറപ്പെടുന്ന വെണ്മയുള്ള രശ്മികൾ അഥവാ പരിശുദ്ധി നമുക്കു വിവിധമായ ദൈവകൃപയായി കാണുവാനും അനുഭവിക്കുവാനും കഴിയുന്നു എന്നതിനെ ഇതു വെളിപ്പെടുത്തുന്നു.

> അർദ്ധവൃത്താകൃതിയിലുള്ള വില്ലു ശത്രുവിനെ നശിപ്പിക്കുവാനുള്ള വില്ലിന്റെ രൂപമാണുള്ളത്. എന്നാൽ മനുഷ്യരുടെ മേൽ ചൂണ്ടപ്പെടേണ്ട വില്ല് ഇന്നു ആകാശത്തേക്കു ചൂണ്ടപ്പെട്ട നിലയിലാണുള്ളത്. മനുഷ്യർ പാപികൾ എന്ന നിലയിൽ ശിക്ഷിക്കപ്പെടേണ്ടവരാണ്. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ പ്രായച്ഛിത്തമരണത്താൽ നമ്മുടെമേൽ പതിക്കേണ്ട ശിക്ഷകൾ മാറ്റപ്പെട്ടിരിക്കുന്നു (യോഹ.3:18/റോമ.8:1/എബ്രാ.10:27,28) എന്നതിനെ ഇതു വ്യക്തമാക്കുന്നു.

> സകലർക്കും കാണത്തക്കവിധത്തിലുള്ള ആകാശത്തിലെ മഴവില്ലു മനുഷ്യരോടുള്ള ദൈവകരുണയെ ബൈബിൾ വെളിപ്പെടുത്തുന്നു. അതുപോലെ സകലർക്കും കാണുവാനും നുകരുവാനും സാധിക്കുന്ന വിധത്തിലാണ് ദൈവത്തിന്റെ കൃപയും വ്യവസ്ഥ ചെയ്തിരിക്കുന്നത്(യോഹ.3:16).

**തിരുവചനത്തിലെ മൂന്നു മഴവില്ലുകൾ, അവയുടെ പ്രത്യേകതകൾ —**

ബൈബിളിൽ ഉല്പത്തി, യെഹെസ്കേൽ, വെളിപ്പാട് എന്നീ മൂന്നു പുസ്തകങ്ങളിലാണ് വില്ലിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. നോഹ, യെഹെസ്കേൽ, യോഹന്നാൻ എന്നിവർക്കാണ് ഇതിനു ദർശനമുണ്ടായത്.

ആദ്യമായി ഉല്പത്തി പുസ്തകത്തിൽ ജലപ്രളയത്തിനു ശേഷം നോഹയോടു ദൈവം ചെയ്ത ഉടമ്പടിയെ (ഉല്പ.9:11-17) മഴവില്ലു ഓർമ്മിപ്പിക്കുന്നു. **ഉല്പ.9:13 —** *"ഞാൻ എന്റെ വില്ലു മേഘത്തിൽ വെക്കുന്നു; അതു ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിന്നു അടയാളമായിരിക്കും."* ഉടമ്പടി നോഹയോടു അരുളിച്ചെയ്തെങ്കിലും ഭൂമിയിലെ സകലസൃഷ്ടികളോടുമുള്ള നിയമമായിരുന്നു മേഘത്തിലെ വില്ല്.

നോഹയും കുടുംബവും പെട്ടകത്തിലൂടെ ജലപ്രളയത്തിൽ നിന്നു രക്ഷപ്പെട്ട ശേഷം അവർ കണ്ട മഴവില്ല് ദൈവത്തിന്റെ ഉടമ്പടി സന്ദേശമായിരുന്നു. മേഘത്തിൽ വെച്ച വില്ലു മനുഷ്യരോടുള്ള ദൈവത്തിന്റെ വിശ്വസ്തത, കൃപ, കരുണ എന്നിവ വെളിപ്പെടുത്തുന്ന ഉടമ്പടിയാണ്. അവർ മഴവില്ലു ആകാശത്തു കാണുമ്പോൾ ഓർക്കേണ്ടത് "*ഇനി സകലജഡത്തെയും നശിപ്പിപ്പാൻ വെള്ളം ഒരു പ്രളയമായി തീരുകയില്ല*" (ഉല്പ.9:15) എന്നതാണ്.

രണ്ടാമതായി മേഘത്തിൽ വില്ലു ദർശിച്ചത് യെഹെസ്കേൽ പ്രവാചകനായിരുന്നു. കെബാർ നദീതീരത്തു പ്രവാസികളുടെ മദ്ധ്യേ പ്രവാചകൻ ഇരിക്കുമ്പോൾ തുറന്നസ്വർഗ്ഗത്തിലൂടെ ചക്രങ്ങളും സിംഹാസനവും അടങ്ങിയ ദർശനത്തിലാണ് വില്ലു (യെഹെ.1:1 -28) കണ്ടത്. **യെഹെ.1:27, 28 —** "*..............അതിന്റെ ചുറ്റും പ്രകാശവും ഉണ്ടായിരുന്നു. അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു.*" യോഹന്നാനെപ്പോലെ യെഹെസ്കേലും കണ്ടത് പൂർണ്ണവൃത്താകൃതിയിലുള്ള വില്ലായിരുന്നു.

മൂന്നാമതായി വെളിപ്പാടിൽ തുറന്നസ്വർഗ്ഗത്തിലൂടെ യോഹന്നാൻ സിംഹാസനത്തിനു ചുറ്റും വില്ലിനെ കാണുന്നു. അതു കാഴ്ചെക്കു മരതകത്തോടു സദൃശമായ പച്ചവില്ലായിരുന്നു. മരതകത്തോടു സദൃശമായ പച്ചവില്ല് ദൈവത്തിന്റെ കരുണ, കൃപ എന്നിവയോടൊപ്പം ജീവനെയും സമൃദ്ധിയെയും വെളിപ്പെടുത്തുന്നു. നോഹ കണ്ട മഴവില്ലു സപ്തവർണ്ണങ്ങൾ അടങ്ങിയിരിക്കുമ്പോൾ യോഹന്നാൻ കണ്ട വില്ല് പച്ചനിറമായിരുന്നു. നോഹയും ദൈവവുമായുള്ള ഉടമ്പടിയിൽ സപ്തവർണ്ണമായ മഴവില്ലു ദൈവകൃപയുടെ അടയാളമായിരുന്നു. അതുപോലെ യോഹന്നാൻ കണ്ട പച്ചവില്ല് പാപത്താൽ ശാപം ഏറ്റുവാങ്ങി മുള്ളും പറക്കാരയും മുളെക്കുവാനിടയായ ഭൂമിയെ (ഉല്പ.3)ദൈവം പുനരുദ്ധരിച്ചു കണ്ണുനീരില്ലാത്ത, ദുഃഖവും മുറവിളിയും ഇല്ലാത്ത, കഷ്ടതയും മരണവുമില്ലാത്ത (വെളി.21)എന്നും സമൃദ്ധിയും ജീവനും നൽകുന്ന വ്യവസ്ഥിതിയിലെത്തിക്കും എന്നുള്ളതിന്റെ അടയാളമാണ്.

സാധാരണ മഴവില്ലു കാണുന്നത് മഴക്കും കൊടുങ്കാറ്റിനും ശേഷമായിരിക്കും. എന്നാൽ നോഹക്കും, യെഹെസ്കേലിനും, യോഹന്നാനും മഴവില്ലിന്റെ ദർശനമുണ്ടായത് വ്യത്യസ്ത സാഹചര്യങ്ങളിലായിരുന്നു.

> നോഹ പേമാരിക്കും കൊടുങ്കാറ്റിനും ശേഷമായിരുന്നു മഴവില്ല് കണ്ടത്(ഉല്പ.9:11). ഇതു കാണിക്കുന്നത് നമ്മുടെ വിശ്വാസജീവിത യാത്രയിൽ ആഞ്ഞടിക്കുന്ന ഈശാനമൂലൻ ഉൾപ്പെട്ട കഷ്ടത പ്രയാസങ്ങൾ എന്നിവയുടെ മദ്ധ്യേ ദൈവം നമ്മെ വിടുവിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുകയും അതിനു ശേഷം നമുക്കു ദൈവത്തിന്റെ കരുണയുടെ സപ്തവർണ്ണങ്ങൾ ദർശിച്ചു ദൈവത്തെ സ്തുതിക്കുവാനും സാധിക്കും എന്നതിനെയാണ്.

> പ്രവാചകനായ യെഹെസ്കേൽ വില്ലു കണ്ടത് കൊടുങ്കാറ്റിനു മദ്ധ്യേയായിരുന്നു (യെഹെ.1:4,28). ഇതു കാണിക്കുന്നത് നമ്മുടെ ആപത്തുവേളകളിലും, കണ്ണുനീരിന്റെ ദിനങ്ങളിലും പ്രശ്നങ്ങളുടെ മദ്ധ്യേതന്നെ ദൈവകൃപ കണ്ടു ആനന്ദിക്കുവാനിടയാകും എന്നതിനെയാണ്.

> എന്നാൽ യോഹന്നാൻ വില്ലു കാണുന്നത് ഭൂമിയിലേക്കു ആഞ്ഞടിക്കുവാൻ പോകുന്ന ദൈവക്രോധത്തിന്റെ കൊടുങ്കാറ്റിനു മുമ്പേയാണ്. ഇതു കാണിക്കുന്നത് ദൈവിക ന്യായവിധി ഭൂമിയിൽ പതിക്കുമ്പോൾ ജയാളികളായ ദൈവമക്കൾ ദൈവത്തിൽ സുക്ഷിതരായിരിക്കും എന്നതിനെയാണ്. യോഹന്നാൻ കണ്ട വില്ലിനു മറ്റൊരു പ്രത്യേകതയും കൂടി ഉണ്ടായിരുന്നു. മഴവില്ലു നാം കാണുന്നത് അർദ്ധവൃത്താകൃതിയെങ്കിൽ അപ്പൊസ്തലനായ യോഹന്നാൻ കണ്ടത് മുഴുവൃത്താകൃതിയിലുള്ള പച്ചവില്ലായിരുന്നു. ഒന്നാമത് പൂർണ്ണരൂപം സജീവവും സമദ്ധിയുമായ സമ്പൂർണ്ണദൈവകൃപയെ പ്രദർശിപ്പിക്കുന്നു. രണ്ടാമതായി ഇന്നു നാം സ്വർഗ്ഗീയ കാര്യങ്ങൾ ഭാഗികമായേ അറിയുന്നുള്ളു. എന്നാൽ ഒരിക്കൽ സ്വർഗ്ഗത്തിൽ നാം ആയിരിക്കുമ്പോൾ സകലവും അതിന്റെ തനിമയിൽ പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കും എന്നതിനെയും വില്ലിന്റെ പൂർണ്ണരൂപം പ്രകടമാക്കുന്നു.

**വെളി.4:4 — "സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തുനാലു സിംഹാസനം; വെള്ളയുടുപ്പു ധരിച്ചും കൊണ്ടു സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാർ; അവരുടെ തലയിൽ പൊൻകിരീടം;"**

സിംഹാസനത്തിൽ ഇരിക്കുന്ന സർവ്വശക്തനായ ദൈവത്തെയും ദൈവത്തിന്റെ മഹത്വത്തെയും യോഹന്നാൻ കണ്ടു. അതിനു ശേഷം സിംഹാസനത്തിനു ചുറ്റും നോക്കിയപ്പോൾ ദൈവത്തിന്റെ വിശുദ്ധി, ദൈവനീതി, ദൈവക്രോധം, ദൈവകരുണ, ദൈവകൃപ എന്നിവ ദർശിക്കുവാൻ കഴിഞ്ഞു. വീണ്ടും യോഹന്നാൻ ദൈവസിംഹാസനത്തിന്റെ ചുറ്റും നോക്കിയപ്പോൾ സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തുനാലു സിംഹാസനവും അതിൽ വെള്ളയുടുപ്പു ധരിച്ചും കൊണ്ടു ഇരിക്കുന്ന മൂപ്പന്മാരെയും അവരുടെ തലയിൽ പൊൻകിരീടവും കണ്ടു. പച്ചവില്ലു സിംഹാസനത്തിനു ചുറ്റും ലംബമായിരുന്നുവെങ്കിൽ (vertically) ഇവിടെ ഇരപത്തിനാലു സിംഹാസനവും സമാന്തരമായിരുന്നു (horizontally) എന്നതാണ് പ്രത്യേകത. ഇരുപത്തിനാലു എന്നത് എന്താണെന്നും ആരെയാണ് പ്രതിനിതീകരിക്കുന്നതെന്നും, സിംഹാസനത്തിൽ ഇരിക്കുന്ന മൂപ്പന്മാർ ആരാണെന്നതിനെയും കുറിച്ചു

നിരവധി അഭിപ്രായങ്ങളുണ്ട്. രാജകൊട്ടാരത്തിൽ രാജാവു കേന്ദ്ര സിംഹാസനത്തിൽ ഇരിക്കുമ്പോൾ മന്ത്രിമാർ ചുറ്റും സിംഹാസനത്തിൽ ഇരിക്കുന്ന രംഗമാണ് ഇവിടെ കാണുന്നത്. *"ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ ന്യായാസനങ്ങളെ വെച്ചു ............ ന്യായവിസ്താരസഭ ഇരുന്നു; പുസ്തകങ്ങൾ തുറന്നു"* (ദാനീ.7:9,10) എന്നുള്ള പ്രവചനഭാഗത്തെ ഇവിടത്തെ സിംഹാസനക്രമീകരണം അനുസ്മരിപ്പിക്കുന്നു.

**സിംഹാസനത്തിൽ ഇരിക്കുന്ന മൂപ്പന്മാർ ആരാണ്? ഇരുപത്തിനാലു എന്നത് ആരെ അഥവാ എന്തിനെ പ്രതിനിതീകരിക്കുന്നു?**

സിംഹാസനത്തിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാർ (1) ദൂതന്മാർ (2) യിസ്രായേൽ (3) മഹോപദ്രവകാലത്തെ വിശുദ്ധന്മാർ (4) യിസ്രായേലും സഭയും ചേർന്നുള്ളവർ (5) ഉത്പ്രാപണത്തിലൂടെ കർത്താവിനോടു കൂടെയായിരിക്കുന്ന വിശുദ്ധന്മാർ, എന്നിങ്ങനെ വിവിധ അഭിപ്രായങ്ങളുണ്ട്. കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ജയാളികളായവരുടെ കൂട്ടമായ സഭയെ പ്രതിനിതീകരിക്കുന്നവരാണ് ഇരുപത്തിനാലു മൂപ്പന്മാർ എന്നു കരുതുന്നതായിരിക്കും ഏറ്റവും അനുയോജ്യമായത്.

**(1) ദൂതന്മാർ —** സിംഹാസനത്തിൽ ഇരിക്കുന്ന മൂപ്പന്മാർ ദൂതന്മാരാണെന്ന അഭിപ്രായമുണ്ടെങ്കിലും അതു ശരിയല്ല.

**ഇരുപത്തിനാലു മൂപ്പന്മാർ ദൂതന്മാരല്ല എന്നതിനുള്ള കാരണങ്ങൾ —**

1. > ദൂതന്മാർ മനുഷ്യരായ ദൈവമക്കളുടെ സേവാത്മാക്കളാണ്. **എബ്രാ.1:14 —** *"അവർ ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷെക്കു അയക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?"* **സങ്കീ.34:7—** *"യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു."* **സങ്കീ.91:11 —** *"നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്നു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും; നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന്നു അവർ നിന്നെ കൈകളിൽ വഹിച്ചു കൊള്ളും."*

2. > ദൂതന്മാർക്കു ആരെയും ഭരിക്കുന്നതിനുള്ള അധികാരം ദൈവം നൽകപ്പെട്ടിട്ടില്ല. എന്നാൽ ദൈവമക്കൾ പുരുത്ഥാനശരീരത്തിൽ ദൂതന്മാരെ വിധിക്കും — **1.കൊരി.6:3 —** *"നാം ദൂതന്മാരെ വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ?"*

3. > മൂപ്പന്മാർ എന്നതിനു ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദം പ്രസ്ബുറ്ററോയ് (Presbueteroi) എന്നാണ്. ഈ പദം മനുഷ്യരെക്കുറിച്ചു പറയുമ്പോഴല്ലാതെ(അപ്പൊ.20:17,28/യാക്കോ.5:14) തിരുവചനത്തിലൊരിടത്തും ദൂതന്മാരോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിട്ടില്ല.

4. > മൂപ്പന്മാർ വെള്ളയുടുപ്പു ധരിച്ചിരിക്കുന്നതായി യോഹന്നാൻ കാണുന്നു. ദൂതന്മാരുടെയും വേഷം വെള്ളയാണെങ്കിലും (മത്താ.28:3/മർക്കൊ.16:5/യോഹ.20:12/അപ്പൊ.1:10) വെള്ളവസ്ത്രം തിരുവചനത്തിൽ വിശുദ്ധന്മാരുടെ നീതിവസ്ത്രത്തോടു ബന്ധപ്പെട്ടിരിക്കുന്നു (വെളി.3:5/വെളി.3:18/ വെളി.6:11/വെളി.7:9/വെളി.19:8).

5. > ദൂതന്മാർ ദൈവസന്നിധിയിൽ നിൽക്കുന്നവരാണ്. **1.രാജാ.22:19 —** *"യഹോവ തന്റെ സിംഹാസനത്തിൽ ഇരിക്കുന്നതും സ്വർഗ്ഗത്തിലെ സൈന്യം ഒക്കെയും അവന്റെ അടുക്കൽ വലത്തും ഇടത്തും നിൽക്കുന്നതും ഞാൻ കണ്ടു."* **ലൂക്കൊ.1:19 —** *"ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രീയേൽ ആകുന്നു."* തിരുവചനത്തിലൊരിടത്തും ദൂതന്മാർ സിംഹാസനത്തിൽ ഇരിക്കുന്നതായി പറഞ്ഞിട്ടില്ല. എന്നാൽ മനുഷ്യരായ ദൈവത്തിന്റെ മക്കൾ ദൈവത്തോടൊപ്പം ഇരിക്കുന്നവരാണ് **(വെളി.3:21 —** *"ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും."* **യോഹ.14:3 —** *"ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും."* **യോഹ.12:26 —** *"എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്തു എന്റെ ശുശ്രൂഷക്കാരനും ഇരിക്കും."*

6. > മൂപ്പന്മാർ തലയിൽ പൊൻകിരീടം ധരിച്ചു കാണപ്പെടുന്നതിനാൽ അവർ ദൂതന്മാരല്ല മനുഷ്യർ തന്നെ എന്നു ഉറപ്പാക്കാം. തിരുവചനത്തിലൊരിടത്തും ദൂതന്മാർ കിരീടം ധരിച്ചു കാണുകയോ അവർക്കു പ്രതിഫലമായി കിരീടം വാഗ്ദത്തം ചെയ്തിട്ടോ ഇല്ല. എന്നാൽ ജയാളികളായ ദൈവമക്കൾക്കാണ് പ്രതിഫലമായി കിരീടം നൽകപ്പെടുന്നത്. കിരീടം എന്നതിനു ഇവിടെ സ്തേഫാനോസ് (Stephanos) എന്ന ഗ്രീക്കു പദമാണുപയോഗിച്ചിരിക്കുന്നത്. ഇതു മരണപര്യന്തം വിശ്വസ്തരായ ജയാളികൾക്കുള്ള കിരീടമാണ്. **വെളി.2:10 —**(സ്മുർന്നസഭ) *"മരണപര്യന്തം വിശ്വസ്തനായിരിക്ക എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും."* **യാക്കോ.1:12 —** *"പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും."* തലയിൽ ധരിച്ചിരിക്കുന്ന കിരീടം രാജത്വത്തെയും വെളിപ്പെടുത്തുന്നു.

അധികാരത്തെ പ്രകടമാകുന്ന വിധത്തിൽ കിരീടത്തെ വെളിപ്പാടിൽ ഉപയോഗിച്ചിട്ടുണ്ട് (വെളി.6:2/9:7/12:1/14:14).

**(2) യിസ്രായേൽ —**

സിംഹാസനത്തിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാർ യിസ്രായേലിനെ പ്രതിനിധീകരിക്കുന്നുവെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഇതും ശരിയല്ല. യഹൂദന്മാർ ഇന്നു വ്യക്തികളായി രക്ഷ പ്രാപിക്കുന്നെങ്കിലും രാഷ്ട്രം ഒന്നടങ്കം രക്ഷയുടെ പാതയിലേക്കു കടന്നു വന്നിട്ടില്ല. അവരുടെ ദേശവ്യാപകമായ രക്ഷയും വീണ്ടെടുപ്പും സംഭവിക്കുന്നത് പീഡനകാലത്തായിരിക്കും (വെളി.6-19 /ദാനീ.12:1-3). ആകയാൽ സ്വർഗ്ഗസിംഹാസനത്തിൽ ഇരിക്കുന്ന മൂപ്പന്മാർ യിസ്രായേലിനെ പ്രതിനിധീകരിക്കുന്നവരല്ല.

**(3) മഹോപദ്രവകാലത്തെ വിശുദ്ധന്മാർ —**

മഹോപദ്രവകാലത്തു രക്ഷ പ്രാപിക്കുന്നവരുടെ പ്രതിനിധികളാവാം എന്ന അഭിപ്രായമുണ്ട്. എന്നാൽ പീഡനകാലം ആരംഭിച്ചിട്ടില്ലാത്തതിനാലും, മഹോപദ്രവ കാലത്തെ വിശുദ്ധന്മാർ എത്തുന്നതിനു മുമ്പു തന്നെ ഇരുപത്തിനാലു മൂപ്പന്മാർ സിംഹാസനത്തിൽ ഇരിക്കുന്നു എന്നതിനാലും സ്വർഗ്ഗസിംഹാസനത്തിൽ ഇരിക്കുന്നവർ മഹോപദ്രവകാലത്തെ വിശുദ്ധന്മാരല്ല. മഹോപദ്രവകാലത്തെ വിശുദ്ധന്മാർ ഇതുവരെയും രക്ഷ പ്രാപിച്ചിട്ടില്ല. സ്വർഗ്ഗസിംഹാസനത്തിലിരിക്കുന്ന 24 മൂപ്പന്മാരുടെ അടുക്കൽ എത്തിച്ചേരുന്ന മഹോപദ്രവകാലത്തിൽ രക്ഷിക്കപ്പെട്ടു വരുന്ന വിശുദ്ധന്മാരെ കുറിച്ചു പറഞ്ഞിരിക്കുന്നതു നോക്കുക. **വെളി.7:11-14**— *"സകലദൂതന്മാരും സിംഹാസനത്തിന്റെയും മൂപ്പന്മാരുടെയും നാലു ജീവികളുടെയും ചുറ്റും നിന്നു സിംഹാസനത്തിന്റെ മുമ്പിൽ കവിണ്ണുവീണു; ആമേൻ; നമ്മുടെ ദൈവത്തിന്നു എന്നെന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും; ആമേൻ എന്നു പറഞ്ഞു ദൈവത്തെ നമസ്കരിച്ചു. മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു: വെള്ളനിലയങ്കി ധരിച്ചിരിക്കുന്ന ഇവർ ആർ? എവിടെ നിന്നു വന്നു എന്നു ചോദിച്ചു. യജമാനൻ അറിയുമല്ലോ എന്നു ഞാൻ പറഞ്ഞതിന്നു അവൻ എന്നോടു പറഞ്ഞതു: ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു."*

**(4) 12 യിസ്രായേൽ ഗോത്രങ്ങളും 12 അപ്പൊസ്തലന്മാരും ചേർന്നുള്ളവർ —**

യിസ്രായേലിന്റെ ഗോത്രങ്ങളെ പ്രതിനിധീകരിച്ചു പന്ത്രണ്ടും, പുതിയനിയമസഭയെ പ്രതിനിധീകരിച്ചു 12 അപ്പൊസ്തലന്മാർ എന്നതിൽ പന്ത്രണ്ടും ഉൾപ്പെട്ട രണ്ടു വിഭാഗങ്ങൾ. വിശുദ്ധനഗരമായ യെരൂശലേമിന്റെ 12 ഗോപുരങ്ങളിൽ 12 ഗോത്രങ്ങളുടെ പേരും നഗരമതിലിനുള്ള അടിസ്ഥാനങ്ങളിൽ 12 അപ്പൊസ്തലന്മാരുടെ പേരും കൊത്തിയിട്ടുണ്ട്(വെളി.21:10-14). പക്ഷേ 12 വീതമുള്ള രണ്ടു വിഭാഗത്തെ പ്രതിനിധീകരിക്കുന്നതാണ് സംഹാസനത്തിൽ ഇരിക്കുന്ന 24 മൂപ്പന്മാർ എന്ന അഭിപ്രായം എല്ലാവരാലും അംഗീകരിക്കപ്പെടുന്നില്ല. കാരണം ഇരുപത്തിനാലു എന്നത് ഒരു വിഭാഗമായി തന്നെ (1.ദിന.24:7-19) നിലകൊള്ളുന്നതിനാൽ പന്ത്രണ്ടു വീതമുള്ള വിഭജനം ശരിയല്ല എന്നതാണ്.

**(5) ഉത്പ്രാപണത്തിലൂടെ കർത്താവിനോടു കൂടെയായിരിക്കുന്ന വിശുദ്ധന്മാർ —**

കർത്താവിന്റെ മദ്ധ്യാകാശത്തിലെ പ്രത്യക്ഷതയിൽ ഉത്പ്രാപണത്തിലൂടെ എടുക്കപ്പെട്ട വിശുദ്ധന്മാരുൾപ്പെട്ട സഭയെ പ്രതിനിധീകരിക്കുന്നവരാണ് 24 മൂപ്പന്മാർ എന്നാണ് പൊതുവേയുള്ള അഭിപ്രായമുള്ളത്. ആയതിനാൽ സിംഹാസനത്തിനു ചുറ്റും ഇരുപത്തിനാലു സിംഹാസനത്തിൽ ഇരിക്കുന്നവർ യഥാർത്ഥത്തിൽ കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്.

സിംഹാസനത്തിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാർ പ്രതിനിധീകരിക്കുന്നത് > ദൂതന്മാർ, > യിസ്രായേൽ, > മഹോപദ്രവകാലത്തെ വിശുദ്ധന്മാർ, > 12 യിസ്രായേൽ ഗോത്രങ്ങളും 12 അപ്പൊസ്തലന്മാരും ചേർന്നുള്ളവർ, > ഉത്പ്രാപണത്തിലൂടെ കർത്താവിനോടു കൂടെയായിരിക്കുന്ന വിശുദ്ധന്മാർ എന്നിങ്ങനെ വിവിധ അഭിപ്രായങ്ങളാണുള്ളത്. കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ജയാളികളായവരുടെ കൂട്ടമായ സഭയെ പ്രതിനിതീകരിക്കുന്നവരാണ് ഇരുപത്തിനാലു മൂപ്പന്മാർ എന്നാണ് പൊതുവിലുള്ള അഭിപ്രായം. വെള്ളയുടുപ്പും ധരിച്ചു തലയിൽ പൊൻകീരീടവുമണിഞ്ഞ് അവർ സിംഹാസനത്തിൽ ഇരിക്കുന്നു. 24 എന്നത് വീണ്ടെടുക്കപ്പെട്ട സകല ജയാളികളായ ദൈവജനത്തെയും പ്രതിനിധീകരിച്ചുകൊണ്ടു ആലങ്കാരികഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പ്രയോഗമാണ്.

സിംഹാസനത്തിൽ ഇരിക്കുന്ന 24 മൂപ്പന്മാരെ ശ്രദ്ധിച്ചു നോക്കിയാൽ അവർ വീണ്ടെടുക്കപ്പെട്ട നീതിമാന്മരാണെന്നും സഭയെ പ്രതിനിധീകരിക്കുന്നവരാണെന്നും മനസ്സിലാക്കാം.

(1) അവർക്കു സിംഹാസനം ഉള്ളതിനാൽ ഭരിക്കുന്നവരാണ് — കർത്താവിനോടൊപ്പം കൂടെ വാഴുന്നവർ (2.തിമൊ.2:11) ആണ്.

(2) അവർ ചുറ്റും ഇരിക്കുന്നതിനാൽ പ്രധാനസിംഹാസനത്തിൽ ഇരിക്കുന്ന സർവ്വശക്തനെ

സഹായിക്കുന്നവരാണ് — അവർ ക്രിസ്തുവിനു കൂട്ടവകാശികളാണ്(റോമ.8:17).

(3) അവർ സിംഹാസനത്തിൽ ഇരിക്കുന്നതിനാൽ അവരുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെട്ടവരാണ് — കർത്താവു വാഗ്ദത്തം ചെയ്തതുപോലെ അവർക്കായി ഒരുക്കിയ സ്ഥലത്തു ഇരിക്കുന്നു (യോഹ.14:1-4).

(4) അവർ വെള്ളയുടുപ്പു ധരിച്ചിരിക്കുന്നതിനാൽ അവർ നീതിമാന്മാരാണ് --- ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചവരാണവർ (വെളി.19:8). വീണ്ടെടുക്കപ്പെട്ടവർ എന്ന നിലയിൽ തങ്ങളുടെ വീണ്ടെടുപ്പിന്റെ ഗാനം അവർ പാടുന്നു (വെളി.5:8-10).

(5) അവർ ധരിച്ചിരിക്കുന്ന പൊൻകിരടത്തിനു മൂലഭാഷയായ ഗ്രീക്കിൽ സ്തേഫാനോസ് (stephanos)എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതു മരണപര്യന്ത്യം വിശ്വസ്തരായ ജയാളികൾക്കുള്ള പ്രതിഫലമാണ് — വിശ്വസ്തരും ജയാളികളും എന്ന നിലയിൽ പ്രതിഫലമായി കിരീടങ്ങൾ അണിയാൽ യോഗ്യരാണവർ (1.കൊരി.9:25/1.തെസ്സ.2:19/2.തിമൊ.4:8/യാക്കോ.1:12/1.പത്രൊ.5:4/ വെളി.2:10/വെളി.3:11).

ലേവ്യപൗരോഹിത്വത്തിൽ ശുശ്രൂഷകൾക്കായി പുരോഹിതന്മാരെ 24 കൂറുകൾ ആയി ക്രമപ്പെടുത്തിയിരുന്നു (1.ദിന.24:7-19/ ലൂക്കൊ.1:8). ദൈവാലയത്തിലെ സംഗീത ശുശ്രൂഷക്കായി 24 കൂറുകൾ ഏർപ്പെടുത്തിയിരുന്നു (1.ദിന.25). ആയതുപോലെ സ്വർഗ്ഗത്തിലും സഭയെ പ്രതിനിധീകരിച്ചു 24 മൂപ്പന്മാർ സിംഹാസനത്തിൽ ഇരിക്കുന്നു. ഇവരുടെ വെള്ളയുടുപ്പു അവരുടെ പൗരോഹിത്വത്തെയും, പൊൻകിരീടം അണിഞ്ഞിരിക്കുന്നുവെന്നത് അവർ രാജാക്കന്മാർ എന്നതിനെയും പ്രകടമാക്കുന്നു. വീണ്ടെടുക്കപ്പെട്ടവർ രാജാക്കന്മാരും പുരോഹിതന്മാരുമാണ്. **1.പത്രൊ.2:9 —** *"നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു."* **വെളി.1:6 —** *"നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും; ആമേൻ."* സിംഹാസനത്തിൽ ഇരിക്കുന്ന 24 മൂപ്പന്മാർ തലയിൽ പൊൻകിരീടം അണിഞ്ഞിരിക്കുന്നതായി യോഹന്നാൻ കണ്ടത് മറ്റൊരു പ്രധാനസത്യത്തെയും വെളിപ്പെടുത്തുന്നു. സഭായുഗത്തിലെ വിശുദ്ധന്മാർക്കാണ് കിരീടം അവരുടെ ശുശ്രൂഷകൾക്കു പ്രതിഫലമായി ലഭിക്കുക. ആയതിനാൽ മദ്ധ്യാകാശത്തിലേക്ക് എടുക്കപ്പെട്ട ശേഷം വിശ്വാസികൾക്കായുള്ള ക്രിസ്തുവിന്റെ ന്യായാസനം (റോമ.14:10/2.കൊരി.5:10) ഇതിനകം സ്ഥാപിച്ചു കിരീടങ്ങൾ നൽകി കഴിഞ്ഞു എന്നും ചിന്തിക്കാം.

**വെളി.4:5 — "സിംഹാസനത്തിൽ നിന്നു മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു; ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു; "**

സ്വർഗ്ഗസിംഹാസനത്തിലും (On the Throne), സിംഹാസനത്തിനു ചുറ്റും (Around the Throne) കണ്ട കാര്യങ്ങൾക്കു ശേഷം യോഹന്നാൻ തുടർന്നു സിംഹാസനത്തിൽ നിന്നും (From the Throne) പുറപ്പെടുന്നതും സിംഹാസനത്തിന്റെ മുമ്പിൽ (Before the Throne) കണ്ട കാര്യങ്ങളും വിശദീകരിക്കുന്നു.

**> സിംഹാസനത്തിൽ നിന്നു — (From the Throne) —**

**സിംഹാസനത്തിൽ നിന്നു മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു —**

സിംഹാസനത്തിൽ നിന്നു മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നുവെന്നത് സിംഹാസനത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തെയും, സിംഹാസനത്തിൽ നിന്നും ഭൂമിയിലേക്കു ന്യായവിധി പുറപ്പെടുവാൻ പോകുന്നതിനെയും കുറിക്കുന്നു. മിസ്രയീമിൽ ഫറവോന്റെ മേൽ അയച്ച ഏഴാമത്തെ ബാധയായ കല്മഴക്കു അകമ്പടിയെന്നോണം ഇടിയുണ്ടായി. **പുറ.9:23 —** *"മോശെ തന്റെ വടി ആകാശത്തേക്കു നീട്ടി; അപ്പോൾ യഹോവ ഇടിയും കല്മഴയും അയച്ചു; തീ ഭൂമിയിലേക്കു പാഞ്ഞിറങ്ങി;യഹോവ മിസ്രയീംദേശത്തിന്മേൽ കല്മഴ പെയ്യിച്ചു."* സീനായ് പർവ്വതത്തിൽ ദൈവം ഇറങ്ങി വന്നപ്പോഴും ഇതുപോലെ ഇടിമുഴക്കവും, മിന്നലും ഉണ്ടായി. **പുറ.19:16 —** *"മൂന്നാം ദിവസം നേരം വെളുത്തപ്പോൾ ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി; പാളയത്തിലുള്ള ജനം ഒക്കെയും നടുങ്ങി."* **പുറ.20:18 —** *"ജനം ഒക്കെയും ഇടിമുഴക്കവും മിന്നലും കാഹളധ്വനിയും പർവ്വതം പുകയുന്നതും കണ്ടു; ജനം അതു കണ്ടപ്പോൾ വിറെച്ചുകൊണ്ടു ദൂരത്തു നിന്നു."*

വെളിപ്പാടു പുസ്തകത്തിൽ ഓരോ പ്രാവശ്യവും രേഖപ്പെടുത്തിയിരിക്കുന്ന ഇടിയും മിന്നലും ഭൂമിയിൽ ചൊരിയുന്ന ദൈവക്രോധത്തിന്റെ ന്യായവിധിയെ വെളിപ്പെടുത്തുന്നു.

**വെളി.8:5 —** ഏഴാം മുദ്രക്കു ശേഷം — *"ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി."*

**വെളി.11:19—**ഏഴാം കാഹളനാദ ശേഷം — *"മിന്നലും നാദവും ഇടിമുഴക്കവും വലിയ കല്മഴയും ഉണ്ടായി."*

**വെളി.16:18—**ഏഴാം കലശത്തിനു ശേഷം—*"മിന്നലും നാദവും ഇടിമുഴക്കവും വലിയ ഭൂകമ്പവും ഉണ്ടായി."*

*"സിംഹാസനത്തിൽ നിന്നു മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു"* എന്നുള്ള

യോഹന്നാന്റെ വാക്കുകൾ ഭൂമിയിന്മേൽ ദൈവക്രോധം പകരപ്പെടുന്നതിനെ അഥവാ പീഡനകാലത്തിന്റെ ആരംഭത്തെ കുറിക്കുന്നു. കൃപാസനം അഥവാ കൃപയുടെ സിംഹാസനം(എബ്രാ.4:16) ന്യായവിധിയുടെ സിംഹാസനമായും മാറുന്നു.

**ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു —**

**> സിംഹാസനത്തിന്റെ മുമ്പിൽ (Before the Throne) —**

*"ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചു കൊണ്ടിരിക്കുന്നു"* എന്നുള്ള വിവരണത്തിലൂടെ മനസ്സിലാക്കുന്നത് ഭൂമിയിൽ സഭയോടൊപ്പമുണ്ടായിരുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവ് സ്വർഗ്ഗസിംഹാസനത്തിന്റെ മുമ്പിൽ പ്രകാശിച്ചുകൊണ്ടു നിലകൊള്ളുന്നുവെന്നാണ്. അതായത് സഭ ഭൂമിയിൽ നിന്നും ഉത്പ്രാപണത്തിലൂടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടപ്പോൾ ഭൂമിയിൽ നിന്നും പരിശുദ്ധാത്മാവും സ്വർഗ്ഗത്തിലേക്കു മാറ്റപ്പെട്ടു. പരിശുദ്ധാത്മാവിന്റെ തുടർന്നുള്ള ശുശ്രൂഷകൾ സ്വർഗ്ഗത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. സമാഗമനകൂടാരത്തിലും ദൈവലയത്തിലും കവരവിളക്കായി ശോഭിച്ച ദീപം സ്വർഗ്ഗത്തിൽ സപ്തപൂർണ്ണമഹിമയോടെ പ്രകാശിക്കുന്നു.

ഏഴു ആത്മാക്കൾ, ഏഴു ദൈവാത്മാക്കൾ എന്നീ പ്രയോഗങ്ങൾ (വെളി.1:4/3:1/4:5/5:6) പരിശുദ്ധാത്മാവിനെ കുറിക്കുന്നു. ഏഴു സംപൂർണ്ണതയെക്കുറിക്കുന്നതിനാൽ ഏഴുആത്മാക്കൾ എന്നത് പരിശുദ്ധാത്മാവിന്റെ സംപൂർണ്ണതയെയാണ് കാണിക്കുന്നത്. പരിശുദ്ധാത്മാവിന്റെ വിവിധശുശ്രൂഷകളെയും, ശക്തിയെയും, പ്രവർത്തനത്തെയും കുറിച്ചു തിരുവചനത്തിൽ കാണുന്നു.

> യെശയ്യാപ്രവചനത്തിൽ പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണത വ്യക്തമാക്കുന്ന ഏഴു സ്വഭാവവൈശിഷ്ട്യത്തെയും ശുശ്രൂഷകളെയും കാണാം (യെശ.11:2).*(1) യഹോവയുടെ ആത്മാവു (2) ജ്ഞാനത്തിന്റെ ആത്മാവു (3) വിവേകത്തിന്റെ ആത്മാവു (4) ആലോചനയുടെ ആത്മാവു (5) ബല ത്തിന്റെ ആത്മാവു (6) പരിജ്ഞാനത്തിന്റെ ആത്മാവു (7) യഹോവഭക്തിയുടെ ആത്മാവു.*

> സെഖര്യാപ്രവചനത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തിയെ കാണാം. **സെഖ.4:2-6 —** *"നീ എന്തു കാണുന്നു എന്നു എന്നോടു ചോദിച്ചതിന്നു ഞാൻ: മുഴുവനും പൊന്നു കൊണ്ടുള്ളോരു വിളക്കു തണ്ടും അതിന്റെ തലെക്കൽ ഒരു കുടവും അതിന്മേൽ ഏഴു വിളക്കും അതിന്റെ തലെക്കുലുള്ള ഏഴു വിളക്കിന്നു ഏഴു കുഴലും............. സൈന്യത്താലല്ല, ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു."*

> വെളിപ്പാട് ഒന്നാം അദ്ധ്യായത്തിൽ കൃപയും സമാധാനവും നല്കി പരിശുദ്ധാത്മാവ് അനുഗ്രഹിക്കുന്നു. **വെളി.1:4,5 —** *"അവന്റെ സിംഹാസനത്തിന്മുമ്പിലുള്ള ഏഴു ആത്മാക്കളുടെ പക്കൽനിന്നും ...........നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ."*

> വെളിപ്പാട് നാലാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവു സ്വർഗ്ഗസിംഹാസനത്തിന്റെ മുമ്പിൽ നിലകൊണ്ട് ഭൂമിയിൽ പീഡനകാലത്തു ന്യായവിധി നടത്തുന്നതിനെ ത്വരിതപ്പെടുത്തുന്നു. **വെളി.4:5—** *"ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു."* ഇവിടെ ദീപങ്ങൾ (lamps) എന്നതിന് ഗ്രീക്കിൽ ലാംപെയിഡ്സ് (lampades) എന്നപദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം ഇംഗ്ലീഷിൽ റ്റോർച്ചസ് (torches) അഥവാ ദീപങ്ങൾ, പന്തങ്ങൾ എന്നാണ്. പഴയനിയമഭാഗങ്ങളിൽ ദീപങ്ങൾ അഥവാ തീപ്പന്തങ്ങൾ യുദ്ധത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഉദാ — **ന്യായാ.7:16 —***"അനന്തരം അവൻ (ഗിദെയോൻ) ആ മുന്നൂറു പേരെ മൂന്നു കൂട്ടമായി വിഭാഗിച്ചു ഓരോരുത്തന്റെ കയ്യിൽ ഓരോ കാഹളവും വെറുംകുടവും കുടത്തിന്നകത്തു ഓരോ പന്തവും കൊടുത്തു."* **നഹൂം.2:4 —** *"രഥങ്ങൾ തെരുക്കളിൽ ചടുചട ചാടുന്നു; വീഥികളിൽ അങ്ങും ഇങ്ങും ഓടുന്നു; തീപ്പന്തങ്ങളെപ്പോലെ അവയെ കാണുന്നു; അവ മിന്നൽ പോലെ ഓടുന്നു."* കർത്താവിന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ പരിശുദ്ധാത്മാവ് പ്രാവിന്റെ (dove)രൂപത്തിലും (മത്താ.3:16/ മർക്കൊ.1:10/ലൂക്കൊ.3:22), സഭയുടെ ആരംഭംകുറിച്ച വേളയിൽ അഗ്നിജ്വാലപോലെപിളർന്ന നാവായും (divided tongues as of fire -- അപ്പൊ.2:3) പ്രത്യക്ഷപ്പെട്ടുവെങ്കിൽ സഭായുഗത്തിനു ശേഷം പീഡനകാലത്തിനു ആരംഭം കുറിച്ചുകൊണ്ടു ഏഴുദീപങ്ങൾ (Seven lamps of fire — വെളി.4:5) അഥവാ തീപന്തങ്ങൾ സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ ജ്വലിക്കുന്നു. പാപത്തിലും മ്ലേച്ഛതയിലും മുഴുകി കഴിയുന്ന ഭൂമിയിലെ നിവാസികളുടെ മേൽ ദൈവക്രോധാഗ്നി പകരപ്പെടുവാൻ യുദ്ധത്തിൽ തീപന്തം പോലെ പരിശുദ്ധാത്മാവും പ്രവർത്തിക്കുന്നു എന്നതിനെ ഇതു വെളിപ്പെടുത്തുന്നു.

സ്വർഗ്ഗത്തിലെമഹിമാസനത്തിന്റെ നിഴലായി ഭൂമിയിൽ സ്ഥാപിക്കപ്പെട്ടതായിരുന്നു സമാഗമനകൂടാരം. സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബങ്ങൾ ആണ് സമാഗമനകൂടാരവും

ഉപകരണങ്ങളുമെന്നു എബ്രായലേഖനത്തിലും പറഞ്ഞിരിക്കുന്നു(എബ്രാ.8:5/9:23,24). ഭൂമിയിലെ സമാഗമനകൂടാരവും വെളിപ്പാടിൽ വിവരിച്ചിരിക്കുന്ന സ്വർഗ്ഗീയകൂടാരവുമായുള്ള സാമ്യങ്ങൾ ശ്രദ്ധിക്കുക ---

| ഭൗമീക കൂടാരം (Earthly Temple) | — | സ്വർഗ്ഗീയ കൂടാരം (Heavenly Temple) |
| --- | --- | --- |
| (1) അതിവിശുദ്ധസ്ഥലം (Holy of Holies) (പുറ.23:33,34) | --- | ദൈവസിംഹാസനം (The Throne of God) (വെളി.4:2) |
| (2) പുരോഹിതന്മാർ (Priests) (പുറ.29,30) | — | മൂപ്പന്മാർ (Elders -- Kings and Priests) (വെളി.4:4) |
| (3) കവരവിളക്ക് (Seven branched Candlestick) (പുറ.25:31-40) | --- | സിംഹാസനത്തിന്റെ മുമ്പിൽ ഏഴു ദീപങ്ങൾ (Seven lamps of Fire) (വെളി.4:5) |
| (4) താമ്രത്തൊട്ടി (Brazen Laver) (പുറ.30:18) | --- | പളുങ്കുകടൽ (Sea of Glass) (വെളി.4:6) |
| (5) കൃപാസനത്തിനു മുകളിൽ കെരൂബുകൾ (Cherubim over the mercy seat) (പുറ.25:18-22) | --- | സിംഹാസനത്തിനു ചുറ്റും നാലു ജീവികൾ (Four living Creatures aroung the throne) (വെളി.4:6) |
| (6) താമ്രയാഗപീഠം (Brazen Altar) (പുറ.27:1-8) | --- | യാഗപീഠം (Altar) (വെളി.6:9-11) |
| (7) ധൂപപീഠം (Incense Altar) (പുറ.30:1-10) | --- | ധൂപപീഠം (Incense Altar) (വെളി.8:3-5) |
| (8) നിയമപെട്ടകം (Ark of Covenant) (പുറ.25:10-16) | --- | നിയമപെട്ടകം (Ark of Covenant) (വെളി.11:19) |

സമാഗമനകൂടാരത്തിൽ വിശുദ്ധസ്ഥലത്തു വെച്ചിരുന്ന ഉപകരണങ്ങളിലൊന്നാണ് നിലവിളക്ക് (പുറ.25:31-40). കാലും തണ്ടും ഉണ്ടായിരുന്നതിനാൽ **നിലവിളക്ക്** എന്നും, തങ്കം കൊണ്ടുണ്ടാക്കിയതിനാൽ **തങ്കവിളക്ക്** എന്നും, നടുവിൽകൂടി ഒരു തണ്ടുള്ളതിനാൽ **വിളക്കുതണ്ട്** എന്നും, പല കവരങ്ങൾ ഉള്ളതിനാൽ **കവരവിളക്ക്** എന്നും വിവിധ പേരുകളാൽ ഈ വിളക്കിനെ അറിയപ്പെട്ടിരുന്നു. സമാഗമനകൂടാരത്തിലെ മുൻകൂടാരത്തിൽ വെച്ചിരുന്ന കവരവിളക്ക് പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ വെളിപ്പെടുത്തുന്നു. യിശ്ശായിയുടെ കുറ്റിയിൽ നിന്നു പുറപ്പെട്ട ക്രിസ്തുവിന്മേൽ വസിക്കുന്ന ആത്മാവിന്റെ വെശിഷ്ട്യങ്ങൾ യെശയ്യാവു വിവരിക്കുമ്പോൾ, പുതിയനിയമപ്രവചനമായ വെളിപ്പാടിൽ യോഹന്നാൻ സ്വർഗ്ഗീയകൂടാരത്തിന്റെ ഉള്ളിൽ ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചു കൊണ്ടിരിക്കുന്നതായി വിവരിക്കുന്നു. സമാഗമനകൂടാരത്തിൽ കവരവിളക്കിന്റെ കിരണങ്ങൾ കാഴ്ചയപ്പമേശമേൽ പ്രതിഫലിപ്പിച്ചതുപോലെ സ്വർഗ്ഗസിംഹാസനത്തിന്റെ മുമ്പിൽ ജ്വലിക്കുന്നു.

**വെളി.4:6 — "സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിന്നൊത്ത കണ്ണാടിക്കടൽ; സിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും നാലു ജീവികൾ; അവെക്കു മുമ്പുറവും പിമ്പുറവും കണ്ണു നിറഞ്ഞിരിക്കുന്നു."**

**സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിന്നൊത്ത കണ്ണാടിക്കടൽ — (Before the throne there was a sea of glass, like crystal) —**

*"സിംഹാസനത്തിന്റെ മുമ്പിൽ ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ ജ്വലിച്ചുകൊണ്ടിരിക്കുന്നു"* എന്നതു കൂടാതെ *"സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിനൊത്ത കണ്ണാടിക്കടലും"* യോഹന്നാൻ കാണുന്നു. *"ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ ജ്വലിച്ചുകൊണ്ടിരിക്കുന്നു"* എന്നത് സിംഹാസനത്തിന്റെ മുമ്പിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും, സമ്പൂർണ്ണതയും, ന്യായവിധിക്കായുള്ള ഒരുക്കവും പ്രകടമാക്കുന്നതുപോലെ *"പളുങ്കിനൊത്ത കണ്ണാടിക്കടലും"* ആലങ്കാരികഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പ്രയോഗമാണ്. സ്വർഗ്ഗത്തിൽ കടൽ ഇല്ല എന്നതു തന്നെ അതിനു കാരണം (വെളി.21:1). *"മിന്നലും നാദവും ഇടിമുഴക്കവും"* ദൈവത്തിന്റെ ന്യായവിധിയെ വെളിപ്പെടുത്തുന്നതുപോലെ *"പളുങ്കിനൊത്ത കണ്ണാടിക്കടൽ"* ദൈവത്തിന്റെ അതുല്യമായ വിശുദ്ധിയെ പ്രകടമാക്കുന്നു. കടൽ സാധാരണ ഇളകിമറിയുന്നതും പ്രക്ഷുബ്ദമായ അനുഭവങ്ങളെയും ചിത്രീകരിക്കുന്നു. **യെശ.57:20,21 —** *"ദുഷ്ടന്മാരോ കലങ്ങി മറിയുന്ന കടൽ പോലെയാകുന്നു; അതിന്നു അടങ്ങിയിരിപ്പാൻ കഴികയില്ല; അതിലെ വെള്ളം ചേറും ചെളിയും മേലോട്ടു*

*തള്ളുന്നു. ദുഷ്ടന്മാർക്കു സമാധാനമില്ല എന്നു എന്റെ ദൈവം അരുളിച്ചെയ്യുന്നു."* സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിനൊത്ത കണ്ണാടിക്കടൽ സ്വച്ഛമായി ഇവിടെ കാണുന്നുവെങ്കിൽ 15-ാം അദ്ധ്യായത്തിൽ യോഹന്നാൻ തീ കലർന്ന പളുങ്കു കടലിനെയും കാണുന്നു. **വെളി.15:2 —** *"തീ കലർന്ന പളുങ്കുകടൽ പോലെ ഒന്നും മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ടു പളുങ്കുകടലിന്നരികെ നിൽക്കുന്നതും ഞാൻ കണ്ടു."*

സീനായ് പർവ്വതത്തിന്റെ അടിവാരത്തു യാഗപീഠം പണിതു യാഗങ്ങൾ അർപ്പിക്കുകയും യാഗരക്തത്താൽ ഉടമ്പടി മുദ്രയിടുകയും ചെയ്തു. അതിനു ശേഷം മോശെ, അഹരോൻ, നാദാബ്, അബീഹൂ എന്നിവരും യിസ്രായേലിലെ 70 മൂപ്പന്മാരും ഉൾപ്പെടെ 74 പേർ സീനായി പർവ്വതത്തിൽ കയറി ദൈവത്തെ കണ്ടു എന്നു പുറപ്പാടു പുസ്തകം 24-ാം അദ്ധ്യായത്തിൽ കാണുന്നു. ഇവർ ദൈവത്തെ കണ്ടതും യോഹന്നാൻ സ്വർഗ്ഗത്തിൽ കണ്ടതുപോലെയുള്ളതായിരുന്നു. **പുറ.24:10 —** *"അവർ യിസ്രായേലിന്റെ ദൈവത്തെ കണ്ടു; അവന്റെ പാദങ്ങൾക്കു കീഴെ നീലക്കല്ലു പടുത്തതളം പോലെയും ആകാശത്തിന്റെ സ്വച്ഛത പോലെയും ആയിരുന്നു."*

ശലോമോൻ രാജാവ് പണിത ദൈവാലയത്തിലും ഒരു താമ്രക്കടൽ ഉണ്ടായിരുന്നു ദൈവാലയത്തിലെ ഉപയോഗത്തിനായി വെള്ളം നിറയ്ക്കുവാൻ വൃത്താകൃതിയിൽ വാർത്തുണ്ടാക്കിയതായിരുന്നു ഈ വലിയ സംഭരണി അഥവാ താമ്രക്കടൽ. **1.രാജാ.7:23 -26 —** *"അവൻ ഒരു കടൽ വാർത്തുണ്ടാക്കി; അതു വൃത്താകാരമായിരുന്നു; അതിന്നു വക്കോടുവക്കു പത്തു മുഴവും ഉയരം അഞ്ചു മുഴവും ചുറ്റും മുപ്പതുമുഴം നൂലളവും ഉണ്ടായിരുന്നു. അതിന്റെ വക്കിന്നു താഴെ, പുറത്തു, മുഴം ഒന്നിന്നു പത്തു കമിഴ് വീതം കടലിന്നു ചുറ്റും ഉണ്ടായിരുന്നു; അതു വാർത്തപ്പോൾ തന്നെ കമിഴും രണ്ടു നിരയായി വാർത്തിരുന്നു. അതു പന്ത്രണ്ടു കാളയുടെ പുറത്തു വെച്ചിരുന്നു; അവയിൽ മൂന്നു വടക്കോട്ടും, മൂന്നു പടിഞ്ഞാറോട്ടും, മൂന്നു തെക്കോട്ടും, മൂന്നു കിഴക്കോട്ടും തിരിഞ്ഞിരുന്നു; കടൽ അവയുടെ പുറത്തു വെച്ചിരുന്നു; അവയുടെ പൃഷ്ടഭാഗം ഒക്കെയും അകത്തോട്ടു ആയിരുന്നു. അതിന്റെ കനം നാലംഗുലം; അതിന്റെ വക്കു പാനപാത്രത്തിന്റെ വക്കുപോലെ താമരപ്പൂവിന്റെ ആകൃതിയിൽ ആയിരുന്നു. അതിൽ രണ്ടായിരം ബത്ത് വെള്ളം കൊള്ളും."* 2.ദിന.4:2-6 —ലും ശലോമോൻ വാർത്തുണ്ടാക്കിയ താമ്രക്കടലിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

സമാഗമനകൂടാരത്തിലെ പിച്ചളത്തൊട്ടിയോടും യോഹന്നാൻ കണ്ട പളുങ്കിനൊത്ത കണ്ണാടിക്കടലിനു സാമ്യമുണ്ട്. സമാഗമനകൂടാരത്തിലെ ശുശ്രൂഷകളിൽ പ്രവേശിക്കുന്നതിനു മുമ്പായി പുരോഹിതന്മാരുടെ കൈകാലുകൾ കഴുകുവാനുള്ള ജലം താമ്രത്തൊട്ടിയിലാണ് സൂക്ഷിച്ചിരുന്നത്. സമാഗമനകൂടാരത്തിലെ വാതില്ക്കൽ സേവ ചെയ്തു വന്ന സ്ത്രീകൾ ദാനം ചെയ്ത ദർപ്പണം കൊണ്ടുണ്ടാക്കിയ താമ്രത്തൊട്ടി (പുറ.38:8) യാഗപീഠത്തിനും കൂടാരത്തിനും മദ്ധ്യേയാണ് വെച്ചിരുന്നത് **പുറ.30:17-21 —***"യഹോവ പിന്നെയും മോശെയോടു കല്പിച്ചതു എന്തെന്നാൽ: കഴുകേണ്ടതിന്നു ഒരു താമ്രത്തൊട്ടിയും അതിന്നു ഒരു താമ്രക്കാലും ഉണ്ടാക്കേണം; അതിനെ സാമാഗമനകൂടാരത്തിന്നും യാഗപീഠത്തിന്നും മദ്ധ്യേ വെച്ചു അതിൽ വെള്ളം ഒഴിക്കേണം. അതിങ്കൽ അഹരോനും അവന്റെ പുത്രന്മാരും കയ്യും കാലും കഴുകേണം. അവർ സമാഗമനകൂടാരത്തിൽ കടക്കയോ യഹോവെക്കു ദഹനയാഗം കഴിക്കേണ്ടതിന്നു യാഗപീഠത്തിങ്കൽ ശുശ്രൂഷിപ്പാൻ ചെല്ലുകയോ ചെയ്യുമ്പോൾ മരിക്കാതിരിക്കേണ്ടതിന്നു വെള്ളം കൊണ്ടു കഴുകേണം. അവർ മരിക്കാതിരിക്കേണ്ടതിന്നു കയ്യും കാലും കഴുകേണം; അതു അവർക്കു തലമുറതലമുറയായി എന്നേക്കുമുള്ള ചട്ടം ആയിരിക്കേണം."* മുമ്പു കണ്ണാടി പോലെ ഇതിലെ ജലം പുരോഹിതന്മാരുടെ മുഖം പ്രതിബിംബിച്ചുവെങ്കിൽ ഇപ്പോൾ സ്വർഗ്ഗസിംഹാസനത്തിനു മുമ്പിലുള്ള താമ്രക്കടലിൽ വെള്ളം ഇല്ല. ഖരരൂപത്തിൽ കാണപ്പെട്ട കണ്ണാടിക്കടൽ വിളിച്ചറിയിക്കുന്നത് സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ എത്തുന്നവർ എന്നേക്കും മാറ്റമില്ലാത്ത വിശുദ്ധി പ്രാപിച്ചവർ എന്നതാണ്. പാപത്തിനടിമപ്പെട്ട മർത്യശരീരത്തിനു പകരം തേജസ്കരിക്കപ്പെട്ട പുതിയ സ്വർഗ്ഗീയ ശരീരം ലഭിച്ചതിനാൽ ഇനി വെള്ളത്താലുള്ള ശുദ്ധീകരണത്തിന്റെ ആവശ്യവുമില്ല.

കർത്താവു തന്റെ മരണത്തിനു മുമ്പു ശിഷ്യന്മാരുടെ കാലുകൾ കഴുകിയപ്പോൾ പത്രൊസിനോടു പറഞ്ഞത് ഇപ്രകാരമായിരുന്നു — ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടു പങ്കില്ല ......... കുളിച്ചിരിക്കുന്നവന്നു കാൽ അല്ലാതെ കഴുകുവാൻ ആവശ്യം ഇല്ല(യോഹ.13:8-10). ഒരിക്കൽ കർത്താവായ യേശുക്രിസ്തുവിനാൽ പാപങ്ങൾ കഴുകപ്പെട്ടവർ അഥവാ കുളിച്ചവർ (രക്ഷിക്കപ്പെട്ടവർ) നിത്യജീവിതത്തിലെ പാപക്കറകൾ കഴുകപ്പെടുവാൻ കാൽ കഴുകണം അഥവാ വിശുദ്ധി പ്രാപിക്കണം(വിശുദ്ധീകരണം). എന്നാൽ തേജസ്കരിക്കപ്പെട്ട ശരീരം ലഭിച്ചു കർത്താവിനോടൊപ്പം വിശുദ്ധിയിൽ വാഴുമ്പോൾ പിന്നീട് പ്രത്യേക വിശുദ്ധീകരണത്തിന്റെ ആവശ്യം ഇല്ല. അവർ വിശുദ്ധനിവാസത്തിൽ പളുങ്കിനൊത്ത കണ്ണാടിക്കടലിൽ വസിക്കുന്നവരാണ്.

കടൽ അഥവാ താമ്രക്കടൽ മുമ്പു സമാഗമനകൂടാരത്തിലെയും ദൈവാലയത്തിലെയും

വാതിൽക്കൽ ആയിരുന്നു. അതായത് വിശുദ്ധസ്ഥലത്തിനു വെളിയിൽ ശുദ്ധീകരണത്തിനായി താമ്രത്തൊട്ടി വെച്ചിരുന്നു. താമ്രത്തൊട്ടിയിലെ ജലം ഇന്നത്തെ സഭായുഗത്തിൽ നമ്മുടെ പാപം കഴുകി കളഞ്ഞു നിർമ്മലത കൈവരിക്കുന്ന ദൈവവചനത്തെ കുറിക്കുന്നു (എഫെ.5:26). എന്നാൽ യോഹന്നാൻ പളുങ്കിനൊത്ത കണ്ണാടിക്കടൽ സ്വർഗ്ഗസിംഹാസനത്തിന്റെ മുമ്പിൽ കാണുന്നു. ഭൂമിയിൽ അശുദ്ധിയൊക്കെ കഴുകിക്കളയാനുപയോഗിച്ച ജലം സ്വർഗ്ഗത്തിൽ ഖരരൂപത്തിൽ പളുങ്കിനൊത്തതായി തീർന്നിരിക്കുന്നതിനാൽ ഇതിൽ ചവിട്ടി നിൽക്കുവാനായിരിക്കും നമുക്കു ഭാഗ്യം ലഭിച്ചിരിക്കുന്നത്. ഏതായാലും ദൈവസിംഹാസനത്തിന്റെ മുമ്പിലുള്ള പളുങ്കിനൊത്ത കണ്ണാടിക്കടൽ ദൈവത്തിന്റെ മാറ്റമില്ലാത്ത വിശുദ്ധിയെയും, അവിടമാസകലം അതിപരിശുദ്ധസ്ഥലം എന്നതിനെയും സൂചിപ്പിക്കുന്നു. **സിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും നാലു ജീവികൾ; അവെക്കു മുമ്പുറവും പിമ്പുറവും കണ്ണു നിറഞ്ഞിരിക്കുന്നു — (And in the midst of the throne, and around the throne, were four living creatures full of eyes in front and in back).**

**> സിംഹാസനത്തിന്റെ നടുവിലും ചുറ്റിലും — വെളി.4:6,7 — (In and around the Throne)**

സിംഹാസനത്തിന്റെ മുമ്പിലെ കാഴ്ചകൾക്കു ശേഷം യോഹന്നാൻ സിംഹാസനത്തിന്റെ നടുവിലും ചുറ്റിലും കണ്ടതിലേക്കു തിരിയുന്നു. *"സിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും നാലു ജീവികൾ; അവെക്കു മുമ്പുറവും പിമ്പുറവും കണ്ണു നിറഞ്ഞിരിക്കുന്നു"* എന്നാണ് യോഹന്നാൻ ഈ വാക്യത്തിൽ വിവരിക്കുന്നത്. നാലു ജീവികൾ സിംഹാസനത്തിന്റെ നടുവിലും ചുറ്റിലും കാണുന്നതിനാൽ ഇവ ദൈവസിംഹാസനത്തിനോടു ഏറ്റവും അടുത്തു നിൽക്കുന്നു എന്നു ചിന്തിക്കാം. യോഹന്നാൻ കണ്ട നാലു ജീവികളെ അനുസ്മരിപ്പിക്കുന്നതും ഇവയ്ക്കു സാമ്യമുള്ളതുമായ കെരൂബുകൾ, സാറാഫുകൾ എന്നിവയെപ്പറ്റിയും തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട്.

> ആദാമും ഹവ്വായും പാപം ചെയ്തപ്പോൾ ഏദെൻ തോട്ടത്തിൽ നിന്നു ദൈവം അവരെ പുറത്താക്കുകയും തോട്ടത്തെ കാവൽ ചെയ്യുവാനായി കെരൂബുകളെ നിറുത്തി. **ഉല്പ.3:24 —** *"ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു; ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴി കാപ്പാൻ അവൻ ഏദെൻ തോട്ടത്തിന്നു കിഴക്കു കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി."*

> രണ്ടു കെരൂബുകളെ പൊന്നു കൊണ്ടു നിർമ്മിച്ച് കൃപാസനത്തിന്റെ രണ്ടു അറ്റത്തും അവയുടെ മുഖം കൃപാസനത്തിനു നേരെ ഇരിക്കത്തക്ക വിധം വെച്ചിരുന്നു. കെരൂബുകൾ മേലോട്ടു ചിറകുകൾ വിടർത്തി ചിറകുകൊണ്ടു കൃപാസനത്തെ മൂടുകയും തമ്മിൽ അഭിമുഖമായിരിക്കുകയും വേണമായിരുന്നു (പുറ.25:18-22).

> വിശുദ്ധസ്ഥലത്തെയും അതിവിശുദ്ധസ്ഥലത്തെയും തമ്മിൽ വേർതിരിച്ചിരുന്ന തിരശ്ശീലയിൽ നെയ്തുകാരന്റെ ചിത്രപ്പണിയായ കെരൂബുകളെ ഉണ്ടാക്കിയിരുന്നു (പുറ.26:1,31).

> ശലോമോൻ പണികഴിപ്പിച്ച ദൈവാലയത്തിലെ ചുവരിന്മേൽ കെരൂബുകളെ കൊത്തി അലങ്കരിച്ചിരുന്നു (1.രാജാ.6:23-30/ 2.ദിന.3:7).

> ആറാറു ചിറകുള്ള ജീവികളെ കുറിച്ചു യെശയ്യാവു സാറാഫുകൾ എന്നാണ് പറഞ്ഞിരിക്കുന്നത്. **യെശ.6:2 —** *"സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തന്നു ആറാറു ചിറകുകളുണ്ടായിരുന്നു; രണ്ടുകൊണ്ടു അവർ മുഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു."*

> യെഹെസ്കേൽ പ്രവാചകന്റെ ദർശനത്തിൽ വ്യത്യസ്ത രൂപത്തിലുള്ള നാലു കെരൂബുകളെകുറിച്ചു പറയുന്നു (യെഹെ.1:4-26/10:10-22). ഓരോന്നിനും നന്നാലു മുഖവും നന്നാലു ചിറകും ഉണ്ടായിരുന്നു. അവ ചക്രങ്ങളോടു ബന്ധിക്കപ്പെട്ട് നാലു വശത്തേക്കും സഞ്ചരിക്കുന്നതും അവയുടെ തലക്കുമീതെ ഒരു സിംഹാസനവും സിംഹാസനത്തിൽ ഇരിക്കുന്നവനെ വഹിച്ചു കൊണ്ടു സദാ യാത്ര ചെയ്യുന്നതായും കാണുന്നു.

> സാത്താനും ഒരിക്കൽ ഉന്നതനിലവാരം പുലർത്തുന്ന കെരൂബുകൾക്കു തുല്യമായിരുന്നു. **യെഹെ.28:14--** *"നീ ചിറകു വിടർത്തു മറെക്കുന്ന കെരൂബ് ആകുന്നു; ഞാൻ നിന്നെ വിശുദ്ധദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു; നീ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചുപോന്നു."*

> ദൈവം കെരൂബിനെ വാഹനമാക്കുന്നു —

**സങ്കീ.18:10 —** *"അവൻ കെരൂബിനെ വാഹനമാക്കി പറന്നു; അവൻ കാറ്റിന്റെ ചിറകിന്മേലിരുന്നു പറപ്പിച്ചു."*

> ദൈവം കെരൂബുകൾക്കു മീതെ അധിവസിക്കുന്നു —

**2.രാജാ.19:15 —** *"ഹിസ്കീയാവു യഹോവയുടെ മുമ്പാകെ പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ : കെരൂബുകൾക്കുമീതെ അധിവസിക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവേ, നീ ഒരുത്തൻ മാത്രം ഭൂമിയിലെ സകല രാജ്യങ്ങൾക്കും ദൈവം ആകുന്നു; നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി."*

**സങ്കീ.80:1 —** *"ആട്ടിൻകൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവനായി യിസ്രായേലിന്റെ ഇടയാനുള്ളോവേ, ചെവിക്കൊള്ളേണമേ; കെരൂബുകളിന്മേൽ അധിവസിക്കുന്നവനേ, പ്രകാശിക്കേണമേ."*

**സങ്കീ.99:1 —** *"യഹോവ വാഴുന്നു; ജാതികൾ വിറക്കട്ടെ; അവൻ കെരൂബുകളുടെ മീതെ വസിക്കുന്നു; ഭൂമി കുലുങ്ങട്ടെ."*

**യെശ.37:16 —** ഹിസ്കീയാവു -- *"യിസ്രായേലിന്റെ ദൈവമായി കെരൂബുകളുടെമീതെ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവേ, നീ ഒരുത്തൻ മാത്രം ഭൂമിയിലെ സർവ്വരാജ്യങ്ങൾക്കും ദൈവമാകുന്നു; നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി."*

ദൈവസിംഹാസനത്തിന്റെ നടുവിലും ചുറ്റിലും നാലു ജീവികളെ കാണപ്പെടുന്നു. അവക്കു പ്രത്യേക ഇരിപ്പിടങ്ങളൊന്നും പറഞ്ഞിട്ടില്ലാത്തതിനാൽ സിംഹാസനത്തിന്റെ കാവൽക്കാരെന്ന നിലയിലും, ദൈവത്തിന്റെ പ്രത്യേക ദൗത്യം ലഭിച്ചവരെന്ന നിലയിലും ആയിരിക്കുന്നു. അവ എപ്പോഴും സിംഹാസനത്തിനടുത്തു കാണപ്പെടുന്നു (വെളി.4:6/5:6,8,14/7:11/14:3,4/19:4). എന്നാൽ ഈ ജീവികൾ ദൂതന്മാരെയോ, മനുഷ്യരെയോ കുറിക്കുന്നില്ല. കാരണം ജീവികളെയും, മൂപ്പന്മാരെയും, ദൂതന്മാരെയും കുറിച്ചു വെവ്വേറെ പറഞ്ഞിട്ടുണ്ട്. ഉദാ: **വെളി.5:11 --** *"പിന്നെ ഞാൻ ദർശനത്തിൽ സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു."* എന്നാൽ ദൈവസിംഹാസനത്തിന്റെ കാവൽക്കാരും, ദൈവീകദൗത്യം നിറവേറ്റുന്നവരെന്ന നിലയിൽ ദൂതഗണത്തിലെ പ്രത്യേക വർഗ്ഗമായി കരുതാം.

**നാലു ജീവികൾ; അവെക്കു മുമ്പുറവും പിമ്പുറവും കണ്ണു നിറഞ്ഞിരിക്കുന്നു (four living creatures full of eyes in front and in back) —**

സമാഗമനകൂടാരത്തിലും ശലോമോന്റെ ദൈവാലയത്തിലും അതിവിശുദ്ധസ്ഥലത്തു കൃപാസനത്തിന്റെ ഇരുവശത്തും അഭിമുഖമായി സ്ഥിതി ചെയ്തിരുന്ന കെരൂബുകളെ പോലെ സ്വർഗ്ഗസിംഹാസനത്തിനു കാവൽക്കാരായി നാലുജീവികളെ യോഹന്നാൻ കാണുന്നു. ജീവികളുടെ എണ്ണം നാല് എന്നത് ഭൂമിയുടെ നാലു ദിക്കുകളെ കുറിക്കുന്നതോടൊപ്പം ഭൂമിയിൽ അവയുടെ പ്രവർത്തന പരിധിയെയും വ്യക്തമാക്കുന്നു. അതായത് സ്വർഗ്ഗത്തിൽ മാത്രമല്ല ഭൂമിയിലും അവയുടെ പ്രവർത്തനവും ശുശ്രൂഷയും നാലുപാടും വ്യാപിക്കുന്നു.

നാലു ജീവികൾക്കും സിംഹാസനമോ കിരീടങ്ങളോ ഇല്ലെങ്കിലും അവെക്കു മുന്നിലും പിന്നിലും കണ്ണുകൾ നിറഞ്ഞിരുന്നു. യെഹെസ്കേലിന്റെ ദർശനത്തിലുള്ള ജീവികൾക്കും ഈ വിധത്തിൽ കണ്ണുകൾ നിറഞ്ഞിരുന്നു. **യെഹെ.1:18 —** *"അവയുടെ വട്ടു പൊക്കമേറിയതും ഭയങ്കരവും ആയിരുന്നു; നാലിന്റെയും വട്ടുകൾക്കു ചുറ്റും അടുത്തടുത്തു കണ്ണുണ്ടായിരുന്നു."* **യെഹെ.10:12 —** *"അവയുടെ ദേഹത്തിൽ എങ്ങും മുതുകിലും കയ്യിലും ചിറകിലും ചക്രത്തിലും, നാലിന്നും ഉള്ള ചക്രത്തിൽ തന്നേ, ചുറ്റും അടുത്തടുത്തു കണ്ണു ഉണ്ടായിരുന്നു."* കണ്ണുകൾ നിറഞ്ഞിരിക്കുന്നുവെന്നത് അവയുടെ ബുദ്ധിശക്തി, ഉണർവ്വ്, ഊർജ്ജസ്വലത, തിരിച്ചറിവ്, ത്രികാലജ്ഞാനം എന്നിവയെ വെളിപ്പെടുത്തുന്നു. നാലു ജീവികളും ദൈവത്തെപ്പോലെ സർവ്വജ്ഞരല്ലെങ്കിലും അവയുടെ ശുശ്രൂഷകളോടുള്ള ബന്ധത്തിൽ അവയുടെ സൂക്ഷ്മനിരീക്ഷണത്തിൽ നിന്നും മറഞ്ഞിരിക്കുന്നതൊന്നും ഉണ്ടായിരിക്കയില്ല എന്നതും ചുറ്റിലെ കണ്ണുകൾ പ്രകടമാക്കുന്നു.

**വെളി.4:7 — "ഒന്നാം ജീവി സിംഹത്തിന്നു സദൃശം; രണ്ടാം ജീവി കാളെക്കു സദൃശം; മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളതു; നാലാം ജീവി പറക്കുന്ന കഴുകിന്നു സദൃശം."** (The first living creature was like a lion,the second living creature like a calf, the third living creature had a face like a man, and the fourth living creature was like a flying eagle)—

സിംഹാസനത്തിന്റെ നടുവിലും ചുറ്റിലും കാണപ്പെട്ട നാലു ജീവികൾക്കും വെവ്വേറെ സാദൃശങ്ങളാണുള്ളത്. *"ഒന്നാം ജീവി സിംഹത്തിന്നു സദൃശം; രണ്ടാം ജീവി കാളെക്കു സദൃശം; മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളതു; നാലാം ജീവി പറക്കുന്ന കഴുകിന്നു സദൃശം."*

യോഹന്നാൻ കണ്ട നാലു ജീവികളോടും അവയുടെ മുഖസാദൃശ്യത്തോടും സാമ്യമുള്ളത് മറ്റു തിരുവചനഭാഗങ്ങളിലും കാണുന്നുണ്ട്.

(1) ജലപ്രളയത്തിനു ശേഷം നോഹയോടും അവന്റെ പുത്രന്മാരോടും ഭൂമിയിലെ സകല സൃഷ്ടികളോടും ദൈവം ഉടമ്പടി ചെയ്യുന്നതായി ഉല്പത്തി പുസ്തകം 9-ാം അദ്ധ്യായത്തിൽ കാണുന്നു (ഉല്പ.9:8-17). *"ഇനി സകലജഡവും ജലപ്രളയത്താൽ നശിക്കയില്ല; ഭൂമിയെ നശിപ്പിപ്പാൻ ഇനി ജലപ്രളയം ഉണ്ടാകുകയുമില്ല എന്നു ഞാൻ നിങ്ങളോടു ഒരു നിയമം ചെയ്യുന്നു"* (ഉല്പ.9:11) എന്നതായിരുന്നു ദൈവകൃപയുടെ ഉടമ്പടി. ഈ ഉടമ്പടി ഭൂമിയിലുള്ള ദൈവസൃഷ്ടിയിൽ ഉൾപ്പെട്ട നാലു വിഭാഗത്തെ പ്രതിനിതീകരിക്കുന്ന മനുഷ്യൻ, പക്ഷികൾ, കന്നുകാലികൾ, കാട്ടുമൃഗങ്ങൾ എന്നിവയോടായിരുന്നു. **ഉല്പ.9:9,10 —** *"ഇതാ, നിങ്ങളോടും നിങ്ങളുടെ സന്തതിയോടും ഭൂമിയിൽ നിങ്ങളോടുകൂടെ ഉള്ള പക്ഷികളും കന്നുകാലികളും കാട്ടുമൃഗങ്ങളുമായ സകലജീവജന്തുക്കളോടും പെട്ടകത്തിൽ നിന്നു പുറപ്പെട്ട സകലരുമായി ഭൂമിയിലെ സകലമൃഗങ്ങളോടും ഒരു നിയമം ചെയ്യുന്നു."* യോഹന്നാൻ കണ്ട നാലുജീവികളോടു ഇതിനു സാമ്യമുണ്ട്. നോഹയും പുത്രന്മാരും > മനുഷ്യൻ /പക്ഷി > കഴുകൻ/

കന്നുകാലി > കാള / കാട്ടുമൃഗം > സിംഹം.

(2) യിസ്രായേലിന്റെ മരുപ്രയാണയാത്രയിൽ ഏതെങ്കിലും സ്ഥലത്ത് പാളയം ഇറങ്ങുമ്പോൾ മൂന്നു ഗോത്രം വീതമുള്ള നാലു കൂട്ടങ്ങളായി സമാഗമനകൂടാരത്തിന്റെ നാലു വശത്തുമായി കൂടാരമടിക്കണമായിരുന്നു. ഈ കൂട്ടങ്ങൾ പ്രധാനഗോത്രത്തിന്റെ പേരുള്ള കൊടിക്കീഴിൽ അണിനിരന്നിരുന്നു (സംഖ്യാ.2:3,10,18,25). സംഖ്യാപുസ്തകത്തിലോ മറ്റു തിരുവചനഭാഗങ്ങളിലോ ഓരോ കൊടികളിലുമുള്ള ചിഹ്നം നേരിട്ടു വ്യക്തമാക്കിയിട്ടില്ലെങ്കിലും ഗോത്രങ്ങളുടെ സ്വഭാവരൂപത്തോടു ബന്ധപ്പെടുത്തി നാലു ഗോത്രങ്ങൾക്കും നാലു ചിഹ്നങ്ങളാൽ ചിന്തിക്കപ്പെടുന്നു. കിഴക്കു വശത്ത് യഹൂദാഗോത്രം സിംഹത്തിന്റെ അടയാളത്തോടും, തെക്ക് രൂബേൻ ഗോത്രം മനുഷ്യന്റെ അടയാളത്തോടും, പടിഞ്ഞാറ് എഫ്രയിം ഗോത്രം കാളയുടെ അടയാളത്തോടും, തെക്ക് ദാൻ ഗോത്രം കഴുകിന്റെ അടയാളത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഈ നാലു ഗോത്രങ്ങളും കെരൂബിന്റെ മുഖത്തോടു സാമ്യമുണ്ട്.

(3) യെഹെസ്കേലിന്റെ ദർശനത്തിൽ ഓരോ ജീവികൾക്കും നന്നാലു മുഖമാണുണ്ടായിരുന്നത്. **യെഹെ.1:5,6,10 —** *“അതിന്റെ നടുവിൽ നാലു ജീവികളുടെ സാദൃശ്യം കണ്ടു; അവയുടെ രൂപമോ: അവെക്കു മനുഷ്യസാദൃശ്യം ഉണ്ടായിരുന്നു. ഓരോന്നിന്നു നന്നാലു മുഖവും നന്നാലു ചിറകും ഉണ്ടായിരുന്നു. അവയുടെ മുഖരൂപമോ: അവെക്കു മനുഷ്യമുഖം ഉണ്ടായിരുന്നു; നാലിന്നും വലത്തുഭാഗത്തു സിംഹമുഖവും ഇടത്തു ഭാഗത്തു കാളമുഖവും ഉണ്ടായിരുന്നു; നാലിന്നും കഴുകുമുഖവും ഉണ്ടായിരുന്നു.”*

(4) യോഹന്നാൻ കണ്ട നാലു ജീവികൾ പുതിയനിയമത്തിലെ നാലു സുവിശേഷങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു. സുവിശേഷകന്മാർ ക്രിസ്തുവിന്റെ ചതുർവിധ സ്വഭാവവൈശിഷ്ടത്തെ ഈ മുഖങ്ങൾക്കനുസൃതമായി ചിത്രീകരിച്ചിരിക്കുന്നു. സിംഹമുഖം ക്രിസ്തു രാജാവ് എന്നതിനെ മത്തായിയും, കാളമുഖം ക്രിസ്തു ശുശ്രൂഷിക്കുന്ന ദാസൻ എന്നതിനെ മർക്കൊസും, മനുഷ്യമുഖം ക്രിസ്തു പൂർണ്ണമനുഷ്യൻ എന്നതിനെ ലൂക്കൊസും, കഴുക്മുഖം ക്രിസ്തു ദൈവം എന്നതിനെ യോഹന്നാനും വിശദീകരിക്കുന്നു.

യെഹെസ്കേലിൽ കെരൂബുകൾക്കു നാലു മുഖങ്ങൾവീതം കാണുമ്പോൾ വെളിപ്പാടിൽ ഓരോ കെരൂബിനും ഓരോ മുഖം മാത്രം കാണുന്നു. യെഹെസ്കേലിന്റെ ദർശനത്തിൽ കാണപ്പെട്ട ജീവികൾ ദൈവത്തിന്റെ മഹത്വത്തോടു (Glory of the Lord —യെഹെ.1:28) ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ യോഹന്നാൻ സിംഹാസനത്തിന്റെ നടുവിലും ചുറ്റിലും കാണപ്പെട്ട നാലു ജീവികൾ ഭൂമിയിൽ പീഢനകാലത്തിൽ ആഞ്ഞടിക്കുവാൻ പോകുന്നു ദൈവത്തിന്റെ ന്യായവിധിയോടു (judgement on Tribulation) ബന്ധപ്പെട്ടിരിക്കുന്നു (വെളി.6:1,2,6/15:17). കൂടാതെ ഈ നാലു ജീവികളും ഭൂമിയിലുള്ള സകല സൃഷ്ടികളെയും പ്രതിനിതീകരിച്ചു സ്വർഗ്ഗത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നതിൽ പങ്കുചേരുന്നു. സിംഹം കാട്ടിലെമൃഗങ്ങളെയും, കാള വളർത്തു മൃഗങ്ങളെയും, കഴുക് പറവജാതികളെയും, മനുഷ്യൻ ദൈവസൃഷ്ടിയുടെ ഉന്നതിയെയും കുറിക്കുന്നു.

**വെളി.4:8 — “നാലു ജീവികളും ഓരോന്നിന്നു ആറാറു ചിറകുള്ളതായി ചുറ്റിലും അകത്തും കണ്ണു നിറഞ്ഞിരിക്കുന്നു. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു അവർ രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞു കൊണ്ടിരിക്കുന്നു.”**

**നാലു ജീവികൾ —**

നാല് എന്ന സംഖ്യ പൊതുവേ നാം അധിവസിക്കുന്ന ഭൂമിയോടു ബന്ധപ്പെടുത്തിയാൽ സകലതും ഉൾക്കൊള്ളുന്ന സർവ്വവ്യാപ്തി അഥവാ സാർവ്വത്രികത്വത്തെ (universality) കുറിക്കുന്നു. ഉദാ: നാലു കാറ്റുകൾ, നാലു കോണുകൾ, നാലു ദിക്കുകൾ. സിംഹാസനത്തിന്റെ നടുവിലും ചുറ്റിലും കാണപ്പെട്ട നാലു സാദൃശ്യത്തിലുള്ള ജീവികളിൽ സിംഹം, കാള, മനുഷ്യൻ, കഴുക് എന്നിവ ഭൂമിയിലുള്ള കാട്ടുമൃഗങ്ങൾ, വളർത്തുമൃഗങ്ങൾ, മനുഷ്യവർഗ്ഗം, പറവജാതികൾ എന്നിവയെ പ്രതിനിതീകരിക്കുന്നു. കാട്ടുമൃഗങ്ങളിൽ രാജാവെന്ന നിലയിൽ ഗാംഭീര്യവും,ശക്തിയും സിംഹം വെളിപ്പെടുത്തുന്നു. വളർത്തുമൃഗങ്ങളിൽ കാള സഹനശക്തി, ക്ഷമ, അദ്ധ്വാനം എന്നിവയെ പ്രകടിപ്പിക്കുന്നു. മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവൻ എന്ന നിലയിൽ ബുദ്ധിയിലും സേവനത്തിലും മുന്നിൽ നിൽക്കുന്നു. കഴുക് ഉയരത്തിൽ വസിക്കുന്നതും കാഴ്ചയിലും വേഗത്തിലും മുന്നിലായിരിക്കുന്നു. ഇവ നാലും ദൈവസൃഷ്ടിയുടെ മഹത്വത്തെ പ്രകീർത്തിക്കുന്നതു കൂടാതെ സാർവ്വലൗകികമായി ഭൂമിയിൽ പീഢനകാലത്തു പകരുവാൻ പോകുന്ന ദൈവികന്യായവിധിയോടും ബന്ധപ്പെട്ടിരിക്കുന്നു(വെളി.6/15:7).

**നാലുജീവികൾക്കും ഓരോന്നിനും ആറാറു ചിറകുള്ളതായി ചുറ്റിലും അകത്തും കണ്ണു നിറഞ്ഞിരുന്നു —**

യെശയ്യാ പ്രവാചകൻ തന്റെ ദർശനത്തിൽ ദൈവസിംഹാസനത്തിനു ചുറ്റും സാറാഫുകൾ എന്ന നാമത്തിൽ സ്വർഗ്ഗീയജീവികളെ കണ്ടു. യെഹെസ്കേലും യോഹന്നാനും പറയുന്നതുപോലെ ഇവരുടെ

സംഖ്യ എത്രയെന്നു പറഞ്ഞിട്ടില്ല. എന്നാൽ അവക്കു ആറാറു ചിറകുകളും ചിറകുകൊണ്ടു ചെയ്യുന്ന പ്രവർത്തനങ്ങളും പറയുന്നു. **യെശെ.6:2 —** *"സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തന്നു ആറാറു ചിറകുണ്ടായിരുന്നു; രണ്ടുകൊണ്ടു അവർ മുഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു."* ചിറകുകൾ കൊണ്ടു മുഖം മൂടുന്നതു ദൈവത്തോടുള്ള ഭക്തിയെയും, കാൽ മൂടുന്നതു അവയുടെ വിനയത്തെയും, പറക്കുന്നതു അവയുടെ സേവനത്തെയും കുറിക്കുന്നു. അതായത് ആറു ചിറകുകളിൽ നാലെണ്ണം ദൈവത്തെ ആരാധിക്കുന്നതിനോടും രണ്ടെണ്ണം ദൈവത്തെ സേവിക്കുന്നതിനോടും ബന്ധപ്പെട്ടിരിക്കുന്നു. തേജോമയനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനുമായ സർവ്വശക്തനായ ദൈവത്തെ നേരിൽ നോക്കാതെ അവയുടെ രണ്ടു ചിറകുകൾകൊണ്ടു മുഖം മറച്ചുകൊണ്ടു നിൽക്കുന്നു. അവർ നിൽക്കുന്ന സ്ഥലം വിശുദ്ധമാകയാലും, വിശുദ്ധനായദൈവത്തോടുള്ള ഭക്തിയാലും അവയുടെ കാലുകൾ രണ്ടു ചിറകുകളാൽ മറെക്കുന്നു. മുഖവും കാലുകളും മറക്കപ്പെട്ട ശേഷം മറ്റു രണ്ടു ചിറകുകൾകൊണ്ടു പറന്നും ദൈവത്തെ സേവിക്കുന്നു.

യെഹെസ്കേൽ പ്രവാചകൻ കണ്ട നാലു ജീവികൾക്കു നന്നാലു മുഖവും നന്നാലു ചിറകുകളും ആണുണ്ടായിരുന്നത്. ചിറകിന്റെ കീഴിൽ മനുഷ്യക്കൈയ്യും, നാലു ചിറകുകളും ഒന്നോടൊന്നു തൊട്ടുമിരുന്നു. കൂടാതെ ചിറകുകൾ മേൽഭാഗം വിടർന്നും, ഈരണ്ടു ചിറകു തമ്മിൽ തൊട്ടും, ഈരണ്ടു ചിറകു കൊണ്ടു ശരീരം മറെച്ചും ഇരുന്നു (യെഹെ.1:6-11).

യെശയ്യാപ്രവാചകനും യോഹന്നാനും കണ്ട ജീവികൾക്കു ആറാറു ചിറകുകൾ ഉണ്ടായിരുന്നുവെങ്കിൽ യെഹെസ്കേൽപ്രവാചകൻ കണ്ട ജീവികൾക്കു നന്നാലു ചിറകുകളാണുണ്ടായിരുന്നത്. യോഹന്നാൻ ഇവയെ സിംഹാസനത്തിന്റെ നടുവിലും ചുറ്റിലും കാണപ്പെടുമ്പോൾ യെശയ്യാവു അവയെ സിംഹാസനത്തിനു ചുറ്റിലും കാണപ്പെടുന്നു. യെഹെസ്കേൽ പ്രവാചകനാകട്ടെ ഇവ ദൈവസിംഹാസനത്തെ വഹിച്ചും കൊണ്ടു നിൽക്കുന്നതായി കാണുന്നു. സാറാഫുകൾ, കെരൂബുകൾ, ജീവികൾ എന്നീ പേരുകളിൽ അറിയപ്പെടുന്ന ഇവയുടെ ആകാരത്തിനും, പ്രകൃതിക്കും, എണ്ണത്തിനും നേരിയ വ്യത്യാസങ്ങൾ കാണപ്പെടുന്നുണ്ട്. ദൈവത്തിന്റെ വിവിധ ശുശ്രൂഷകൾ പ്രാവർത്തികമാക്കുവാൻ തക്ക നിലയിലുള്ള വ്യതിയാനങ്ങളായിരിക്കാം ഈ മാറ്റങ്ങൾ എന്നു കരുതാം.

നാലുജീവികൾക്കും ഓരോന്നിനും ചുറ്റിലും അകത്തും കണ്ണു നിറഞ്ഞിരുന്നതായും യോഹന്നാൻ കാണുന്നു. ഇതു അവയുടെ സമ്പൂർണ്ണ കാഴ്ചശക്തിയെയും ജ്ഞാനത്തെയും കുറിക്കുന്നു. അതായത് അവയുടെ നോട്ടത്തിൽ നിന്നു മറഞ്ഞിരിക്കുന്നതൊന്നും ഉണ്ടായിരിക്കയില്ല എന്നതിനെയും വെളിപ്പെടുത്തുന്നു.

**ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു അവർ രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞു കൊണ്ടിരിക്കുന്നു —**

സ്വർഗ്ഗസിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും കാണപ്പെട്ട നാലു ജീവികൾ സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വിശ്രമംകൂടാതെ സ്തുതിക്കുന്നതും ആരാധിക്കുന്നതും യോഹന്നാൻ കണ്ടു. അവ ദൈവത്തിന്റെ മഹത്വമാർന്ന സ്വഭാവവൈശിഷ്ട്യത്തെ മൂന്നു വിധത്തിൽ പ്രകീർത്തിക്കുന്നു. (1) ഇരിക്കുന്നവൻ ഇരുന്നവൻ വരുന്നവൻ — Gods Everlastingness (2) സർവ്വശക്തിയുള്ള കർത്താവായ ദൈവം — Gods Omnipotence (3) പരിശുദ്ധനായ ദൈവം —Gods Holiness. ഇവയുടെ ആരാധനയും സ്തുതിയും സിംഹാസനത്തിൽ ഇരിക്കുന്ന സൈന്യങ്ങളുടെ യഹോവയെ സാറാഫുകൾ സ്തുതിച്ചു പാടുന്നതിനോടു സാമ്യമുണ്ട്(യെശ.6:1-7). രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു അഥവാ സ്തുതിച്ചുകൊണ്ടിരിക്കുന്നു എന്നത് തുടർമാനമായ സ്തുതിയെ കുറിക്കുന്നു. സ്വർഗ്ഗത്തിൽ രാത്രി ഇല്ലെന്നാണ് തിരുവചനത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നത്(വെളി.22:5). ആയതിനാൽ രാപ്പകൽ എന്നത് ഇടമുറിയാതെയും നിരന്തരമായതുമായ ആരാധനയെ കുറിച്ചുകൊണ്ടു ആലങ്കാരികഭാഷയിൽ പറഞ്ഞിരിക്കുന്നതാണ്. നാലുജീവികളുടെ സ്തുതിഗീതങ്ങൾ ദൈവസൃഷ്ടിയിലെ സകലജീവജാലങ്ങളെയും പ്രതിനിതീകരിച്ചുകൊണ്ടുള്ള ആരാധനയായി കണക്കാക്കാം. നാലാം അദ്ധ്യായത്തിൽ ദൈവം സൃഷ്ടാവ് (God the Creator) എന്ന നിലയിലും അഞ്ചാം അദ്ധ്യായത്തിൽ ദൈവം വീണ്ടെടുപ്പുകാരൻ (God the Redeemer) എന്ന നിലയിലും ആരാധനയാൽ നിറഞ്ഞു നിൽക്കുന്നു.

**(1) ഇരിക്കുന്നവനും, ഇരുന്നവനും വരുന്നവനും (who was and who is and who is to come) — Gods Everlastingness / Eternity —**

സിംഹാസനത്തിൽ ഇരിക്കുന്ന ദൈവം നിത്യൻ അഥവാ എന്നേക്കും മാറ്റമില്ലാത്തവനും ജീവിച്ചിരിക്കുന്നവനും എന്നോർത്തു നാലു ജീവികളും സ്തുതിക്കുന്നു. വെളിപ്പാട് 1:4,8 എന്നീ വാക്യങ്ങളിലെ പ്രസ്താവനയാണ് സ്തുതിയായി ഇവിടെ മുഴങ്ങികേൾക്കുന്നത്. — *"ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽ നിന്നും"* — *"ഞാൻ അല്ഫയും ഓമേഗയും ആകുന്നു എന്നു*

*ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവു അരുളിച്ചെയ്യുന്നു."* ദൈവത്തിനു ആരംഭമോ അവസാനമോ ഇല്ല. ആകയാൽ ദൈവം കാലങ്ങൾക്കതീതനാണ്. നമ്മുടെ വർത്തമാനം, ഭൂതം, ഭാവി എന്നീ കാലങ്ങളോടു ബന്ധപ്പെടുത്തി ചിന്തിച്ചാലും ദൈവത്തിന്റെ മാറ്റമില്ലായ്മ കാണാം. വർത്തമാനകാലത്തിൽ ദൈവം സർവ്വശക്തനായി സിംഹാസനത്തിൽ ഇരിക്കുന്നവനാണ്. ഭൂതകാലത്തിൽ ഇരുന്നവനാണ്. ഭാവിയിൽ സകലത്തെയും ഭരിച്ചുകൊണ്ടു എന്നേക്കും ഇരിക്കുവാനായി വരുന്നവനുമാണ്. സാമ്രാജ്യങ്ങളും ഭരാണാധികാരികളും വരികയും അവയൊക്കെ നീങ്ങിപ്പോകയും ചെയ്യുന്നു. എന്നാൽ ദൈവത്തിനും ദൈവത്തിന്റെ അധികാരങ്ങൾക്കും മാറ്റമില്ല. ഭൂമിയിലെ സകല ജന്തുക്കൾക്കും ആരംഭവും അവസാനവും ഉണ്ട്. എന്നാൽ മനുഷ്യനെ സംബന്ധിച്ച് ആരംഭം ഉണ്ടെങ്കിലും അവസാനമില്ല. അതായത് ദൈവമക്കൾ നിത്യതയിൽ എന്നേക്കും കർത്താവിനോടു കൂടെയും രക്ഷിക്കപ്പെടാത്തവർ എന്നേക്കും പിശാചിനോടൊപ്പം നിത്യനരകാഗ്നിയിലുമായിരിക്കും. ദൈവത്തിന്റെ നിത്യതയെ വെളിപ്പെടുത്തുന്ന നിരവധി ഭാഗങ്ങൾ തിരുവെഴുത്തിലുണ്ട് (ഉല്പ.21:33/സങ്കീ.90:1,2/സങ്കീ.93:2/സങ്കീ.102:24-27/യെശ.40:28/ യെശ.44:6/യെശ.57:15/ മീഖാ.5:2/ഹബ.1:12/1.തിമൊ.1:17). എബ്രായലേഖനത്തിൽ ദൈവത്തിന്റെ ഈ സ്വഭാവവൈശിഷ്ട്യത്തെ മൂന്നു വിധത്തിൽ ചിത്രീകരിച്ചിരിക്കുന്നു. (1) ദൈവം മാറ്റമില്ലാത്തവൻ — (Unchanging God) — എബ്രാ.13:8 — *"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ"* (2) ദൈവീക വാഗ്ദത്തങ്ങൾ മാറ്റമില്ലാത്തത് — (Unchanging Promise) — എബ്രാ.13:5 — *"ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല."* (3) ദൈവീകനഗരം മാറ്റമില്ലാത്തത് — (Unchanging City) — എബ്രാ.13:14 — *"ഇവിടെ നമുക്കു നിലനില്കുന്ന നഗരമില്ലല്ലോ, വരുവാനുള്ളതു അത്രേ നാം അന്വേഷിക്കുന്നതു."*

**(2) സർവ്വശക്തിയുള്ള കർത്താവായ ദൈവം (The Almighty) — Gods Omnipotence —**

സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ നാലു ജീവികളും തുടർന്നു സ്തുതിക്കുന്നത് സർവ്വശക്തിയുള്ള കർത്താവാം ദൈവം അഥവാ സർവ്വശക്തൻ എന്നു പറഞ്ഞു കൊണ്ടാണ്. പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടികൾക്കും അതതിന്റെ ശക്തിക്കു പരിധിയുണ്ട്. എന്നാൽ ദൈവം സർവ്വശക്തൻ എന്ന നിലയിൽ ദൈവത്തിന്റെ ശക്തിക്കു മാത്രം പരിധിയില്ല. ഉല്പ.1:1 -ൽ ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ ശക്തിയും (Creative power), ഉല്പ.1:3 -ൽ ദൈവത്തിന്റെ വാക്കിന്റെ ശക്തിയും (Power of Voice) പ്രകടമാകുന്നു. ദൈവത്തിന്റെ സർവ്വശക്തിയെ കുറിക്കുന്ന നിരവധി ഭാഗങ്ങൾ തിരുവെഴുത്തിൽ കാണുന്നുണ്ട്. **ഉല്പ.18:14** —*"യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ? "* **ആവ.3:24** —*"കർത്താവായ യഹോവേ, നിന്റെ മഹത്വവും നിന്റെ ഭുജവീര്യവും അടിയനെ കാണിച്ചു തുടങ്ങിയല്ലോ; നിന്റെ ക്രിയകൾ പോലെയും ചെയ്‌വാൻ കഴിയുന്ന ദൈവം സ്വർഗ്ഗത്തിലാകട്ടെ ഭൂമിയിലാകട്ടെ ആരുള്ളു? "* **മത്താ.19:26** — *"യേശു അവരെ നോക്കി: അതു മനുഷ്യർക്കു അസാദ്ധ്യം എങ്കിലും ദൈവത്തിന്നു സകലവും സാദ്ധ്യം എന്നു പറഞ്ഞു."* വെളി.1:8 —*"ഞാൻ അല്ഫയും ഓമേഗയും ആകുന്നു എന്നു ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവു അരുളിച്ചെയ്യുന്നു."* **വെളി.15:3** —*"അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും പാടി ചൊല്ലിയതു: സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ."* **വെളി.19:6** — *"ഹാല്ലെലൂയ്യാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു."*

**(3) പരിശുദ്ധനായ ദൈവം (പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ — Holy, Holy, Holy is the Lord God) — Gods Holiness —**

സിംഹാസനത്തിന്റെ നടുവിലും ചുറ്റിലും കാണപ്പെട്ട നാലു ജീവികൾ ദൈവത്തിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. വിശുദ്ധി എന്നത് ദൈവത്തിന്റെ ശ്രദ്ധേയമായ സ്വഭാവസവിശേഷതയാണ്. പരിശുദ്ധൻ പരിശുദ്ധൻ, പരിശുദ്ധൻ എന്നിങ്ങനെ മൂന്നു പ്രാവശ്യം ആവർത്തിച്ചു കൊണ്ടു നിരന്തരമായി ദൈവത്തെ നാലു ജീവികളും സ്തുതിക്കുന്നു. എബ്രായഭാഷയിൽ ഒരു വാക്കു ആവർത്തിച്ചു രണ്ടു തവണ പറയുമ്പോൾ അതിന്റെ പ്രാധാന്യതയെ ഊന്നിപ്പറയുന്നതിനെ കുറിക്കുന്നു. മൂന്നു തവണ പറയുമ്പോൾ അതു ഏറ്റവും പ്രാധാന്യമുള്ളതെന്നു വെളിപ്പെടുന്നു. ആയതുപോലെ നാലു ജീവികളുടെ പരിശുദ്ധൻ എന്നുള്ള ആവർത്തിച്ചുള്ള സ്തുതി ദൈവത്തിന്റെ അപ്രമേയമായതും, അതുല്യവുമായ വിശുദ്ധിയെയാണ് പ്രകടമാക്കുന്നത്. യെശയ്യാപ്രവചനത്തിലും സാറാഫുകൾ ഇപ്രകാരം സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ സ്തുതിക്കുന്നു. **യെശ.6:3** — *"ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു."* എബ്രായഭാഷയിൽ പരിശുദ്ധൻ എന്നതിന് — ക്വഡോഷ് (qadosh) എന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (Qadosh, qadosh, qadosh - is the Lord Almighty). ഗ്രീക്കിൽ ഇതിനു സമാനമുള്ള വാക്ക് -- ഹാഗിയാസോ (hagiazo) എന്നാണ്. ഈ വാക്കുകൾക്കർത്ഥം വേർതിരിക്കുക, വേർതിരിക്കപ്പെട്ടവൻ (to set apart / a person or object set apart for a certain use ) എന്നൊക്കെയാണ്. ദൈവം തന്റെ സ്വഭാവത്തിലും പ്രവൃത്തിയിലും എല്ലാ സൃഷ്ടികളിൽ നിന്നും വേർപെട്ടു

വിശുദ്ധനായിരിക്കുന്നു. ദൈവത്തിന്റെ വിചാരങ്ങളും, വഴികളും മനുഷ്യരുടേതു പോലെയല്ല(യെശ.55:8,9). ഫറവോന്റെ അടിമത്വത്തിൽ നിന്നു വിടുതൽ ലഭിച്ചു ചെങ്കടൽ കടന്ന ജനം ആർപ്പിന്റെ ഗീതം പാടുമ്പോഴും ജയാളികളായ ദൈവജനം പളുങ്കു കടൽ തീരത്തു നിന്നു പാടുമ്പോഴും ദൈവത്തിന്റെ അതുല്യമായ വിശുദ്ധിയെ കീർത്തിക്കുന്നു. **പുറ.15:11 —** *"യഹോവേ, ദേവന്മാരിൽ നിനക്കു തുല്യൻ ആർ? വിശുദ്ധിയിൽ മഹിമയുള്ളവനേ, സ്തുതികളിൽ ഭയങ്കരനേ, അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനേ, നിനക്കു തുല്യൻ ആർ? "* **വെളി.15:3,4 —** *"അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയതു: സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ സകലജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും"*

ദൈവം വിശുദ്ധനും വിശുദ്ധിയിൽ അധിവസിക്കുന്നവനും സകല അശുദ്ധിയിൽ നിന്നും വേർപെട്ടവനുമാണ്. മൂന്നു പ്രാവശ്യമുള്ള പരിശുദ്ധൻ എന്നുള്ള ആവർത്തിച്ചുള്ള സ്തുതി ദൈവത്തിന്റെ മാറ്റമില്ലാത്ത വിശുദ്ധിയെ പ്രഖ്യാപിക്കുന്നതിനോടൊപ്പം ദൈവികത്വിത്വത്തിലെ മൂന്നു ആളത്വങ്ങളായ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവക്കുള്ള സ്തുതിയായും കരുതാം.

**വെളി.4:9,10 — "എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായി സിംഹാസനത്തിൽ ഇരിക്കുന്നവന്നു ആ ജീവികൾ മഹത്വവും ബഹുമാനവും സ്തോത്രവും കൊടുക്കുമ്പോഴൊക്കെയും ഇരുപത്തുനാലു മൂപ്പന്മാരും സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണു, എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്കരിച്ചു:"**

നാലുജീവികളും നിരന്തരമായി അഥവാ ഇടമുറിയാതെ ദൈവത്തെ സ്തുതിച്ചു കൊണ്ടിരിക്കുന്നു. ദൈവം മാറ്റമില്ലാത്തവൻ, ദൈവം സർവ്വശക്തൻ, ദൈവം പരിശുദ്ധൻ എന്നതായിരുന്നു അവയുടെ സ്തുതികളിൽ മുഴങ്ങി കേട്ടത്. ഈവിധം എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായി സിംഹാസനത്തിൽ ഇരിക്കുന്നവനു ദൈവത്തിന്റെ സകലസൃഷ്ടിയെയും പ്രതിനിധീകരിച്ചു നാലു ജീവികളും മഹത്വവും ബഹുമാനവും സ്തോത്രവും കൊടുക്കുന്ന വേളയിൽ ദൈവത്തിന്റെ സകലവീണ്ടെടുക്കപ്പെട്ട മനുഷ്യരെ പ്രതിനിധീകരിച്ചു ഇരുപത്തിനാലു മൂപ്പന്മാരും നാലു ജീവികളോടൊപ്പം ദൈവത്തെ ആരാധിക്കുന്നതിൽ പങ്കുചേരുന്നു. അവർ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണു, എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്കരിക്കുന്നതു യോഹന്നാൻ കണ്ടു. സിംഹാസനത്തിൽ ഇരിക്കുന്ന സർവ്വശക്തന്റെ കാൽക്കൽ വീണു ആരാധിച്ചു സ്തുതിക്കുന്ന മറ്റു സന്ദർഭങ്ങളും ഈ പുസ്തകത്തിൽ കാണുന്നുണ്ട്.

**വെളി.5:8 —** *"വാങ്ങിയപ്പോൾ നാലു ജീവികളും ഇരുപത്തുനാലു മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാടിന്റെ മുമ്പാകെ വീണു."*

**വെളി.5:14 —** *"നാലു ജീവികളും: ആമേൻ എന്നു പറഞ്ഞു; മൂപ്പന്മാർ വീണു നമസ്കരിച്ചു."*

**വെളി.11:16,17 —** *"ദൈവസന്നിധിയിൽ സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാരും കവിണ്ണു വീണു ദൈവത്തെ നമസ്കരിച്ചു പറഞ്ഞതു: സർവ്വശക്തിയുള്ള കർത്താവായ ദൈവമേ, ഇരിക്കുന്നവനും ഇരുന്നവനുമായുള്ളോവേ, നീ മഹാശക്തി ധരിച്ചു വാഴുകയാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു."*

**വെളി.19:4 —** *"ഇരുപത്തിനാലു മൂപ്പന്മാരും നാലു ജീവികളും: ആമേൻ, ഹല്ലെലൂയ്യാ ! എന്നു പറഞ്ഞു സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിച്ചു."*

യെശയ്യാ പ്രവചനത്തിൽ സാറാഫുകൾ അവയുടെ രണ്ടു ചിറകുകൾ കൊണ്ടു മുഖം മൂടി, രണ്ടുകൊണ്ടു പാദം മൂടി, രണ്ടുകൊണ്ടു പറന്നു ദൈവത്തെ സ്തുതിച്ചുവെങ്കിൽ വീണ്ടെടുക്കപ്പെട്ട മനുഷ്യരെ പ്രതിനിധീകരിച്ചുള്ള ഇരുപത്തിനാലു മൂപ്പന്മാർ സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തിന്റെ കാൽക്കൽ വീണു എന്നെന്നേക്കും ജീവിച്ചിരിക്കുന്ന ദൈവത്തെ ആരാധിച്ചു സ്തുതിക്കുന്നതായി കാണുന്നു. കാൽക്കൽ വീഴുക എന്നത് സമ്പൂർണ്ണ സമർപ്പണത്തെ കുറിക്കുന്നു. കൂടാതെ തങ്ങളുടെ ഒന്നുമില്ലായ്മ പ്രകടിപ്പിക്കുന്നതും, സിംഹാസനത്തിൽ ഇരിക്കുന്നവന്റെ സർവ്വശക്തിയെ അംഗീകരിക്കുന്നതിനെയും വെളിപ്പെടുത്തുന്നു.

**വെളി.4:11 — "കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞും കൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്മുമ്പിൽ ഇടും."**

സിംഹാസനത്തിൽ ഇരുന്ന ഇരുപത്തിനാലു മൂപ്പന്മാരും തങ്ങളുടെ സിംഹാസനത്തിൽ

നിന്നെഴുന്നേറ്റു ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ അഥവാ ദൈവീക പാദപീഠത്തിങ്കൽ തങ്ങളുടെ കിരീടങ്ങൾ ഇട്ടുകൊണ്ടു ദൈവത്തെ ആരാധിക്കുന്നതായി യോഹന്നാൻ കാണുന്നു. അവർ ദൈവത്തെ സ്തുതിച്ചത് ഇപ്രകാരമായിരുന്നു. (1) കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവൻ — ദൈവം സൃഷ്ടാവ് (2) എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകുന്നു —ദൈവം സർവ്വശക്തൻ (3) മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ — ദൈവം സ്തുതിക്കു യോഗ്യൻ.

**(1) കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവൻ** — ദൈവം സൃഷ്ടാവ് — മനുഷ്യൻ ദൈവത്തിന്റെ മഹത്വമാർന്ന സൃഷ്ടിയിൽ പെട്ടതാണ്. ദൈവത്തിന്റെ വീണ്ടെടുപ്പു ലഭിച്ചവരെ പ്രതിനിധീകരിച്ചു ഇരുപത്തിനാലു മൂപ്പന്മാർ ദൈവത്തെ ആരാധിക്കുമ്പോൾ മുഴങ്ങിക്കേൾക്കുന്നത് കർത്താവായ ദൈവം സർവ്വവും സൃഷ്ടിച്ചവൻ എന്നാണ്. ദൈവം സകലത്തിന്റെയും സൃഷ്ടാവായി തിരുവചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഉല്പ.1:1 — *"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു."*

ഉല്പ.1:27 — *"ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു."*

പുറ.20:11 — *"ആറു ദിവസംകൊണ്ടു യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി."*

നെഹെ.9:6 — *"നീ, നീ മാത്രം യഹോവ ആകുന്നു; നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകലസൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി."*

മലാ.2:10 — *"ഒരു ദൈവം തന്നെയല്ലോ നമ്മെ സൃഷ്ടിച്ചത്."*

എഫെ.3:9 — *".....സകലവും സൃഷ്ടിച്ച ദൈവത്തിൽ ...."*

വെളി.10:7 — *"ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യം ചെയ്തു."*

**(2) എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകുന്നു** —ദൈവം സർവ്വശക്തൻ — ദൈവം സൃഷ്ടാവു മാത്രമല്ല സർവ്വശക്തനും ആണ്. ദൈവത്തിന്റെ സകലസൃഷ്ടിയും ദൈവത്തിന്റെ ഇഷ്ടത്താൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതുമാണെന്നു അവർ സ്തുതിച്ചു പാടുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു(ഉല്പ.1:31). സകലവും ദൈവഹിതപ്രകാരം ഉണ്ടായി എന്നുള്ളത് ദൈവം സർവ്വശക്തൻ എന്നതിനെ കുറിക്കുന്നു. ദൈവം തനിക്ക് ഇഷ്ടമുള്ളതൊക്കെയും ചെയ്യുന്നു(സങ്കീ.115;3). ഒരു കുശവനു ഒരു പാത്രം മാനത്തിന്നും മറ്റൊരു പാത്രം അപമാനത്തിന്നും ഉണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരം ഉള്ളതു പോലെ (റോമ.9:21)ദൈവത്തിനു തന്റെ ഇഷ്ടപ്രകാരം സകലവും ചെയ്യുവാനുള്ള അധികാരമുണ്ട്.

**(3) മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ —** (You are worthy, O Lord, to receive glory and honour and power) — ദൈവം സ്തുതിക്കു യോഗ്യൻ — ഇരുപത്തിനാലു മൂപ്പന്മാരും ഒരുമിച്ചു ദൈവത്തെ സ്തുതിച്ചു പാടുന്ന മറ്റൊരു വിശേഷതയെന്നത് ദൈവം മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നതാണ്. അവർ ദൈവത്തിനു ലഭിക്കേണ്ട മൂന്നു ഉന്നതികളെ പ്രസ്താവിക്കുന്നു — മഹത്വം (glory), ബഹുമാനം (honour), ശക്തി (power).

മഹത്വം (glory) -- ദൈവം മഹത്വത്തിൽ വസിക്കുന്നതു കൂടാതെ ദൈവത്തിന്റെ സകലപ്രവൃത്തികളും മഹത്വമാർന്നതാണ്.

ബഹുമാനം (honour) — ബഹുമാനം എന്നത് ഭയഭക്തിയുൾപ്പെട്ട സംപൂജ്യത ദൈവത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

ശക്തി (power) — സകലപ്രവൃത്തികളും പ്രാവർത്തികമാക്കുവാനുള്ള കഴിവിനെ ശക്തി പ്രകടമാക്കുന്നു.

ദൈവം മഹത്വവും, ബഹുമാനവും, ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു ഇരുപത്തിനാലു മൂപ്പന്മാർ പ്രസ്താവിക്കുന്നു. അതായത് മഹത്വവും, ബഹുമാനവും, ശക്തിയും അവർ കൊടുക്കകയല്ല മറിച്ചു ഇവ സ്വീകരിക്കുവാൻ ദൈവം സൃഷ്ടാവെന്ന നിലയിൽ യോഗ്യൻ എന്നാണവർ ഉറപ്പോടെ പ്രഖ്യാപിക്കുന്നത്.

**തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്മുമ്പിൽ ഇടും —**

സിംഹാസനത്തിൽ ഇരുന്ന ഇരുപത്തിനാലു മൂപ്പന്മാർ അവരുടെ സിംഹാസനങ്ങളിൽ നിന്നെഴുന്നേറ്റു ദൈവസിംഹാസനത്തിന്റെ മുമ്പിൽ വീണു എന്നേക്കും ജീവിച്ചിരിക്കുന്ന ദൈവത്തെ വാഴ്ത്തി സ്തുതിച്ചു പാടി എന്നതു മാത്രമല്ല; അവർ തങ്ങളുടെ കിരീടങ്ങൾ സിംഹാസനത്തിനു മുമ്പിൽ ഇടുന്നതായും യോഹന്നാൻ കണ്ടു. അവർ ധരിച്ചിരുന്ന കിരീടം രാജകിരീടമല്ല മറിച്ചു ജയാളികളായവർക്കു

ലഭിച്ച കിരീടമായിരുന്നു. കിരീടം താഴെ ഇടുന്നത് അവരുടെ താഴ്മയെ കുറിക്കുന്നു. കിരീടം താഴെ ഇടുന്ന ഒരു ആചാരം റോമൻ സാമ്രാജ്യത്തിൽ പണ്ടു നിലവിലുണ്ടായിരുന്നതായി പറയപ്പെടുന്നു. റോമൻ ചക്രവർത്തിയുടെ അധികാര പരിധിയിൽ അനേക ചെറിയ രാജ്യങ്ങളും അവ ഭരിച്ചിരുന്ന രാജാക്കന്മാരുമുണ്ടായിരുന്നു. എപ്പോഴെങ്കിലും ചക്രവർത്തി ഇവരെ വിളിക്കപ്പെടുമ്പോൾ അവിടെ ഹാജരാകുന്ന രാജാക്കന്മാർ ചക്രവർത്തിയോടുള്ള ബഹുമാനാർത്ഥം തങ്ങളുടെ കിരീടങ്ങളെ ചക്രവർത്തിയുടെ പാദങ്ങളിൽ സമർപ്പിക്കും. പിന്നീട് ഈ കിരീടങ്ങൾ തിരികെ ലഭിക്കുമ്പോൾ അവർ മനസ്സിലാക്കേണ്ടത് തങ്ങൾക്കു വീണ്ടും ഭരിക്കുവാനുള്ള അധികാരവും, അവകാശവും ലഭിച്ചിരിക്കുന്നത് ചക്രവർത്തിയുടെ ദയയാൽ എന്നതിനെയാണ്. ആയതുപോലെ ജയാളികളായ വീണ്ടെടുക്കപ്പെട്ടവരെ പ്രതിനിതീകരിക്കുന്ന മൂപ്പന്മാർ ദൈവത്തെ സ്തുതിച്ചു പാടുമ്പോൾ അവരുടെ കിരീടങ്ങൾ ദൈവമുമ്പാകെ സമർപ്പിക്കപ്പെടുന്നു. ഇതു അവരുടെ താഴ്മയെ കുറിക്കുന്നതോടൊപ്പം അവർക്കു ലഭിച്ചിരിക്കുന്ന സകലതും ദൈവത്തിൽ നിന്നുമാത്രമാണെന്നു അവർ പ്രഖ്യാപിക്കുക കൂടിയാണ്. ദൈവം സൃഷ്ടാവും, എല്ലാറ്റിന്റേയും പരിപാലകനുമാകയാൽ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല സൃഷ്ടികളും ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്നു.

ഒരു ആയുസ്സുമുഴുവൻ കർത്താവിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കു ലഭിക്കുന്ന അംഗീകാരവും ബഹുമതിയുമാണ് നമുക്കു ലഭിക്കുന്ന കിരീടം. ഒരിക്കൽ നാമും കർത്താവിനോടൊപ്പം ആയിരിക്കും. യോഹന്നാൻ സ്വർഗ്ഗത്തിൽ കേട്ട മൂപ്പന്മാരുടെ ഗാനം അന്നു നാമും പാടിസ്തുതിച്ചു ദൈവത്തെ ആരാധിക്കും. “*കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞും കൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്മുമ്പിൽ ഇടും.*” ദൈവസന്നിധിയിൽ വീണു സ്തുതിക്കുമ്പോൾ മൂപ്പന്മാർ തങ്ങളുടെ കിരീടങ്ങൾ അർപ്പിച്ചു സ്തുതിച്ചതു പോലെ നമുക്കും നമ്മുടെ കിരീടങ്ങൾ — നമുക്കു ലഭിച്ച സകല ഉന്നതികളും — ദൈവസന്നിധിയിൽ അർപ്പിക്കുവാൻ സാധിക്കും.

# അദ്ധ്യായം — 5

വെളിപ്പാടു പുസ്തകം നാലും അഞ്ചും അദ്ധ്യായങ്ങൾ സ്വർഗ്ഗത്തിലെ കാര്യങ്ങളെയാണ് വെളിപ്പെടുത്തിയിരിക്കുന്നത്. സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷമുള്ള വിവരങ്ങൾ നാലാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതിന്റെ തുടർച്ചയാണ് അഞ്ചാം അദ്ധ്യായത്തിലും പ്രതിപാദിക്കുന്നത്. ഇനി സംഭവിക്കുവാനുള്ളത് — ഭാവികാല സംഭവങ്ങൾ — വെളിപ്പാടു പുസ്തകം 4 മുതൽ 22 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്നു. തുറന്നിരിക്കുന്ന സ്വർഗ്ഗത്തിൽ നിന്നു യോഹന്നാനോടു ഇവിടെ കയറി വരിക എന്നുള്ള ധ്വനി, വിശുദ്ധന്മാർ ഒന്നടങ്കം വാനമേഘങ്ങളിൽ എടുക്കപ്പെടുന്ന സഭയുടെ ഉത്പ്രാപണത്തോടു സാമ്യമുള്ളതാണെന്നു കണ്ടു. 6 മുതൽ 18 വരെയുള്ള അദ്ധ്യായങ്ങളിൽ ഭൂമിയിലെ പീഡനകാലത്തെ വിവരിക്കുന്നു. എന്നാൽ പീഡനകാലത്തിനു മുമ്പു സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടു സ്വർഗ്ഗത്തിൽ ആയിരിക്കുന്നു. സ്വർഗ്ഗത്തിൽ ദൈവത്തെ ആരാധിക്കുന്ന രംഗങ്ങൾ നാലും അഞ്ചും അദ്ധ്യായങ്ങളിൽ കാണുന്നു. നാലാം അദ്ധ്യായത്തിൽ ദൈവം സൃഷ്ടാവ് (God the Creator) എന്ന നിലയിൽ സർവ്വശക്തനായ ദൈവത്തെ സകല സൃഷ്ടികളും ആരാധിക്കുന്നു. അഞ്ചാം അദ്ധ്യായത്തിൽ ദൈവം വീണ്ടെടുപ്പുകാരൻ (God the Redeemer) എന്ന നിലയിൽ ആരാധന നിറഞ്ഞു നിൽക്കുന്നു. നാലാം അദ്ധ്യായത്തിൽ യോഹന്നാൻ സിംഹാസനമാണ് കാണുന്നതെങ്കിൽ അഞ്ചാം അദ്ധ്യായത്തിൽ യോഹന്നാന്റെ ശ്രദ്ധ സിംഹാസനത്തിലിരിക്കുന്ന ദൈവത്തിന്റെ വലങ്കയ്യിലെ ചുരുളിലേക്കു തിരിയുന്നു. അഞ്ചാം അദ്ധ്യായത്തിലെ കേന്ദ്രവ്യക്തിയും, വിഷയവും അറുക്കപ്പെട്ട കുഞ്ഞാട് എന്ന നാമധേയത്തിൽ കർത്താവായ യേശുക്രിസ്തുവും തന്റെ യോഗ്യതകളുമാണ്. നാലാം അദ്ധ്യായത്തിൽ യോഹന്നാൻ സർവ്വശക്തനായ ദൈവം സകല മഹത്വത്തോടും സിംഹാസനത്തിൽ ഇരിക്കുന്നതും, നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും ദൈവത്തെ ആരാധിക്കുന്നതും കണ്ടു. അഞ്ചാം അദ്ധ്യായത്തിൽ ദൈവം സിംഹാസനത്തിൽ മുദ്രയുള്ളൊരു പുസ്തകവുമായി ഇരിക്കുന്നതും, സിംഹാസനത്തിന്റെ മുമ്പിൽ ഒരു കുഞ്ഞാടു അറുക്കപ്പെട്ടതു പോലെ നിൽക്കുന്നതും യോഹന്നാൻ കാണുന്നു.

**അദ്ധ്യായസംഗ്രഹം —** സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തിന്റെ വലങ്കയ്യിൽ മുദ്രയുള്ള ഒരു പുസ്തകവും, തുടർന്നു *"പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരുള്ളു"* എന്നു അത്യുച്ചത്തിൽ ഘോഷിക്കുന്ന ശക്തനായോരു ദൂതനെയും യോഹന്നാൻ കണ്ടു. സ്വർഗ്ഗത്തിലോ, ഭൂമിയിലോ, ഭൂമിക്കു കീഴിലോ അതിനു യോഗ്യനായ ഒരുവനെ കാണായ്കയാൽ യോഹന്നാൻ ഏറ്റവും കരഞ്ഞു. യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായ യേശുക്രിസ്തു ഇതിനു യോഗ്യനാകയാൽ കരയേണ്ടാ എന്ന് മൂപ്പന്മാരിൽ ഒരുവൻ യോഹന്നാനോടു പറഞ്ഞു. അപ്പോൾ അറുക്കപ്പെട്ട കുഞ്ഞാട് പ്രത്യക്ഷനായി. സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കയ്യിൽ നിന്നു ഏഴു മുദ്രകളുള്ള പുസ്തകം വാങ്ങി. തുടർന്നു ജീവികളും മൂപ്പന്മാരും ഒന്നടങ്കം കുഞ്ഞാടിന്റെ കാൽക്കൽ വീണു വാഴ്ത്തിസ്തുതിച്ചു ആരാധിക്കുന്നു.

**അദ്ധ്യായവിഭജനം —**

(1) ഏഴു മുദ്രകളുള്ള പുസ്തകം (The Book with seven seals) — 5:1 –4
(2) യെഹൂദാഗോത്രത്തിലെ സിംഹവും, ദാവീദിന്റെ വേരും
(The Lion of Judha and the Root of David) — 5:5
(3) കുഞ്ഞാടും പുസ്തകവും (The Lamb and the Book) — 5:6–7
(4) സ്വർഗ്ഗത്തിലെ ആരാധന (The Worship in Heaven) — 5:8–14

**വെളി.5:1 — "ഞാൻ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കയ്യിൽ അകത്തും പുറത്തും എഴുത്തുള്ളതായി ഏഴു മുദ്രയാൽ മുദ്രയിട്ടോരു പുസ്തകം കണ്ടു."**

സ്വർഗ്ഗത്തിൽ നാലുജീവികളും ഇരുപത്തിനാലു മൂപ്പന്മാരും ദൈവത്തെ വാഴ്ത്തി സ്തുതിച്ചു കൊണ്ടിരിക്കുന്ന ദൃശ്യം യോഹന്നാൻ കണ്ടു. തുടർന്നു തന്റെ ശ്രദ്ധ അകത്തും പുറത്തും എഴുത്തുള്ളതും ഏഴു മുദ്രകളാൽ മുദ്രയിട്ടോരു പുസ്തകം വലങ്കയ്യിൽ പിടിച്ചു സ്വർഗ്ഗസിംഹാസനത്തിൽ ഇരിക്കുന്നവങ്കലേക്കു തിരിയുന്നു. അതിലെഴുതിയിരിക്കുന്നതെന്താണന്ന് വായിക്കുവാൻ കഴിഞ്ഞില്ല. കാരണം അതു റോമൻ ആധാരം പോലെ ഏഴു മുദ്രകളാൽ ഭദ്രമാക്കിയിരുന്നു. പുസ്തകം എന്നിവിടെ പറഞ്ഞിരിക്കുന്നത് ചുരുളാണ്. ഇതിൽ പ്രസ്താവിച്ചിരിക്കുന്ന വിവരങ്ങൾ ആരും മാറ്റം വരുത്താതിരിക്കുവാൻ ഏഴു മുദ്രകളാൽ ദൈവം മുദ്രയിട്ടിരിക്കുകയായിരുന്നു. ഇതിന്റെ മുദ്രകൾ ഓരോന്നായി അഴിക്കേണ്ടതായിട്ടുണ്ട്. ചുരുളിന്റെ ഓരോ മുദ്രകളും പൊട്ടിക്കുമ്പോൾ അഥവാ അഴിക്കുമ്പോൾ ഭൂമിയിൽ ന്യായവിധി പകരപ്പെടുന്നതായും കാണുന്നു. ഇതു ചെറിയ ചുരുൾ എങ്കിലും വെളിപ്പാടിലെ ഒരു പ്രധാന പുസ്തകമാണ്. ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കുന്നതിനുള്ള കാര്യപരിപാടികൾ ഇതിൽ ഉൾക്കൊള്ളുന്നു. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ നിയമങ്ങളും ആഗ്രഹങ്ങളും ചോദ്യം ചെയ്യപ്പെടാതെ സുഗമമായി മുന്നേറുമ്പോൾ ഭൂമിയിൽ തന്റെ സൃഷ്ടികളായ മനുഷ്യർ

മത്സരികളായി ദൈവത്തെ അനുസരിക്കാതെ സകല ദൈവീക പരിപാടികളെയും തകിടം മറിക്കുന്നു. ഭൂമിയിൽ ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ കാര്യങ്ങൾ നിറവേറപ്പെടുവാൻ ദൈവം ഇതോടെ ആരംഭം കുറിക്കുന്നു. അറുക്കപ്പെട്ട കുഞ്ഞാടായി ഒരിക്കൽ പ്രത്യക്ഷപ്പെട്ട കർത്താവായ യേശുക്രിസ്തു യഹൂദാഗോത്രത്തിലെ സിംഹമായി സകലത്തിനും നിവർത്തി വരുത്തുവാൻ യോഗ്യനായി ഇവിടെ പ്രത്യക്ഷപ്പെടുന്നു. ഭൂമിയിന്മേൽ ആഞ്ഞടിക്കുവാൻ പോകുന്ന ന്യായവിധികളടങ്ങിയ പുസ്തകം ദൈവത്തിന്റെ കയ്യിൽ നിന്നേറ്റു വാങ്ങുന്നു. ദൈവത്തിന്റെ വലങ്കയ്യിൽ കണ്ട ചുരുൾ യഥാർത്ഥത്തിൽ ഭൂമിയുടെ ആധാരമായി കരുതാം. ഭൂമിയിൽ കർത്താവു ഭരണം സ്ഥാപിക്കുവാൻ പോകുന്നു. അതിന്റെ കൈവശമാക്കലും വ്യവസ്ഥകളും അടങ്ങിയ രേഖകൾ ഉൾക്കൊള്ളുന്ന പ്രമാണം അവകാശിയും യോഗ്യനുമായ ക്രിസ്തുവിനു ദൈവം നൽകുവാൻ പോകുകയാണ്.

**ഞാൻ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കയ്യിൽ —**

സ്വർഗ്ഗസിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതായി യോഹന്നാൻ കണ്ടു. അതു സർവ്വശക്തനും എന്നേക്കും ജീവിച്ചിരിക്കുന്നവനുമായ ദൈവമായിരുന്നു. ദൈവത്തിന്റെ വലങ്കയ്യിൽ അകത്തും പുറത്തും എഴുത്തുള്ളതായി ഏഴു മുദ്രയാൽ മുദ്രയിട്ടൊരു പുസ്തകം കണ്ടു. വലങ്കൈ പൊതുവേ ശക്തിയെയും സ്വാധീനത്തെയും കുറിക്കുന്നു. മനുഷ്യന്റെ വലങ്കയ്യ് ഇക്കാര്യം വെളിപ്പെടുത്തുന്നുവെങ്കിലും ദൈവത്തിന്റെ ഇരു കരങ്ങൾക്കും തമ്മിൽ വ്യത്യസ്തതയുണ്ട് എന്നർത്ഥവുമില്ല. എന്നാൽ ദൈവമക്കളെ ദൈവം തന്റെ വലങ്കൈയ്യാൽ പോറ്റിപുലർത്തിയ രംഗങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട്. ആക്ഷരിക അർത്ഥത്തേക്കാൾ ആത്മീകാർത്ഥത്തിൽ ചിന്തിച്ചാൽ ദൈവത്തിന്റെ വലങ്കൈയ്യുടെ ശക്തിയെ കാണാം.

> ദൈവത്തിന്റെ വലങ്കൈ നമ്മുടെ ശത്രുവിനെ തകർക്കുന്നു — പുറ.15:6

> ദൈവത്തിന്റെ വലങ്കൈ നമ്മെ താങ്ങുന്നു — സങ്കീ.18:35

> നമുക്കു ജയം തരുന്നു — സങ്കീ.44:3

> നമ്മെ രക്ഷിക്കുന്നു — സങ്കീ.60:5

> വീര്യം പ്രവർത്തിക്കുന്നു — സങ്കീ.118:16

> ഭയത്തിൽ നിന്നു വിടുവിക്കുന്നു — വെളി.1:17

യോഹന്നാൻ ദൈവത്തിന്റെ വലങ്കൈയ്യിൽ കണ്ട ചുരുൾ — ഇതിൽ വലങ്കൈയ്യ് എന്ന പ്രയോഗം ദൈവത്തിന്റെ ശക്തിയെ വെളിപ്പെടുത്തുന്നതോടൊപ്പം ചുരുളിന്റെ പ്രാധാന്യതയെയും പ്രകടമാക്കുന്നു. അതായത് ആ ബലമുള്ള കരത്തിൽ നിന്നു മറ്റാർക്കും അതു കൈവശമാക്കുവാൻ സാദ്ധ്യമല്ലെന്നും തന്റെ കൈവശമിരിക്കുന്ന പുസ്തകം ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണെന്നും അർത്ഥം.

**അകത്തും പുറത്തും എഴുത്തുള്ളതായി —** എന്നു പറഞ്ഞിരിക്കുന്നത് വിവിധ കാരണങ്ങൾ കൊണ്ടാകാം.

(1) പഴയകാലങ്ങളിൽ എഴുതുവാനായി പാപ്പിറസ് ചെടികളിൽ നിന്നു രൂപപ്പെടുത്തുന്നതിനു പുറമേ മൃഗങ്ങളുടെ തുകലും ഉപയോഗിച്ചിരുന്നു. ഇപ്രകാരമുള്ള പാപ്പിറസ് ചുരുളുകളും തുകൽച്ചുരുളും ഏറെ ചിലവേറിയതായിരുന്നു. ആയതിനാൽ അകത്തും പുറത്തും അതായതു ഇരുവശങ്ങളിലും എഴുതുവാൻ കാരണമായിരിക്കാം.

(2) എഴുത്തിന്റെ ദൈർഘ്യം കൂടുതലാകയാൽ ഒരു വശത്തു മാത്രം എഴുതിയാൽ ചുരുൾ ഏറെ വലിപ്പവും, കൈകാര്യം ചെയ്യുന്നതിനു പ്രയാസവുമുണ്ടാകാം.

(3) അകത്തും പുറത്തും എഴുത്തുള്ളതിനാൽ ഇതിനോടു ഒന്നും കൂട്ടിച്ചേർക്കുവാൻ കഴിയുകയില്ല. പ്രമാണത്തിലെ വ്യവസ്ഥകൾ പൂർണ്ണമെന്നതിനെയും വെളിപ്പെടുത്തുന്നു(വെളി.22:18).

**ഏഴു മുദ്രയാൽ മുദ്രയിട്ടൊരു പുസ്തകം കണ്ടു —**

പുസ്തകം എന്നിവിടെ പ്രസ്താവിച്ചിരിക്കുന്നത് ചുരുളുകളെ കുറിക്കുന്നു. പഴയകാലങ്ങളിൽ പേപ്പർ കണ്ടു പിടിക്കുന്നതിനു മുമ്പ് എഴുത്തുകൾ പാപ്പിറസ് ചെടികളിൽ രൂപപ്പെടുത്തിയ ചുരുളുകളിലാണ് എഴുതിയിരുന്നത്. സാധാരണ ഇപ്പോഴത്തെ പേപ്പറിന്റെ അളവായ മുന്നൂറു സെന്റീമീറ്റർ നീളവും, ഇരുനൂറ്റിപത്ത് സെന്റീമീറ്റർ (A4) വീതിയും ഏകദേശം ഒരു പാപ്പിറസിനുണ്ടായിരിക്കും. കൂടുതൽ എഴുതുവാൻ ആവശ്യമുള്ളപ്പോൾ വീതിഭാഗം തമ്മിൽ കൂട്ടിത്തുന്നി ഉരുണ്ടതടിയിൽ ചുറ്റും. മുകളിലും താഴെയും ഉരുണ്ടതടിയിൽ ചുരുൾ ഉറപ്പിച്ചിരിക്കുന്നതിനാൽ അവ നിവർത്തി വായിക്കുന്നതിനു പ്രയാസമുണ്ടാകയില്ല. അവ ഭദ്രമായി സൂക്ഷിക്കേണ്ടതാണെങ്കിൽ ചരടുകൊണ്ടു കെട്ടിയ ശേഷം കെട്ടുകൾ കളിമണ്ണ്കൊണ്ടോ മെഴുകുകൊണ്ടോ മുദ്ര വെച്ചു ഭദ്രത ഉറപ്പു വരുത്തുമായിരുന്നു.

ഏഴു മുദ്രയാൽ മുദ്രയിട്ടൊരു പുസ്തകം എന്നത് ഈ ചുരുളിന്റെ പ്രാധാന്യതയെ വെളിപ്പെടുത്തുന്നു. ഏഴു സംപൂർണ്ണതയെ കുറിക്കുന്നതാകയാൽ ദൈവം വ്യവസ്ഥ ചെയ്തിരിക്കുന്ന വിധത്തിൽ യോഗ്യരായവർക്കു മാത്രം പൊട്ടിപ്പാൻ വിധത്തിൽ അടച്ചു സൂക്ഷിക്കുന്ന ക്രമീകരണത്തിന്റെ പൂർണ്ണഭദ്രതയെയും കാണിക്കുന്നു.

ചുരുൾ എഴുതി കഴിഞ്ഞാൽ സാധാരണ അതു ചുരുട്ടി ചരടുകൊണ്ടു കെട്ടിയശേഷം രഹസ്യസ്വഭാവമുള്ളതാണെങ്കിൽ കെട്ടുകൾ മുദ്ര വെയ്ക്കും. യോഹന്നാൻ കണ്ട ചുരുൾ ഏഴു മുദ്രകളാൽ

ഭദ്രമാക്കിയതായിരുന്നു. ഒരു മുദ്ര പൊട്ടിച്ചു ഒരു ചുരുൾ നിവർത്തിയാൽ അടുത്ത മുദ്രവരെ വായിക്കാവുന്നതും വീണ്ടും ഓരോ മുദ്രകൾ പൊട്ടിച്ചാൽ മാത്രം വായിക്കാവുന്ന വിധത്തിലായിരിക്കാം ഏഴു മുദ്രകൾ വെച്ചിരുന്നതെന്നു കരുതാം. അതല്ല ഒറ്റ ചുരുളിൽ ഏഴു മുദ്രകളുള്ളതും അവ തുറക്കുന്ന വേളയിൽ ഏഴു മുദ്രകൾ വഹിച്ച ഒറ്റ ചുരുളെന്ന നിലയിൽ അതിന്റെ ഓരോ മുദ്രയും പൊട്ടിക്കണമായിരുന്നു എന്നും അഭിപ്രായമുണ്ട്.

പഴയകാലങ്ങളിൽ പ്രമാണങ്ങൾ തയ്യാറാക്കിയാൽ അതു ഭദ്രമായി കെട്ടി സൂക്ഷിച്ചിരുന്നു. ഭദ്രമാക്കേണ്ടതോ, രഹസ്യസ്വഭാവമുള്ളതോ ആയ പ്രമാണങ്ങൾ ചരടുകൊണ്ടു കെട്ടി കെട്ടുകൾ മുദ്രവെച്ചിരുന്നു. സാധാരണ ഏഴു മുദ്രകൾ പതിക്കുന്നത് മരണപത്രം (will) തയ്യാർ ചെയ്യുമ്പോൾ മാത്രമായിരുന്നു. റോമൻ നിയമപ്രകാരം മരണപത്രം തയ്യാറാക്കിക്കഴിഞ്ഞാൽ ഏഴു സാക്ഷികളുടെ ഏഴു മുദ്രകളാൽ ഭദ്രമാക്കുക പതിവുണ്ടായിരുന്നു. എപ്പോഴെങ്കിലും ഇതു തുറക്കുന്ന വേളയിൽ ഇതിലെ ഏഴു സാക്ഷികളോ അവർ അധികാരപ്പെടുത്തിയ പ്രതിനിധികളോ ഉണ്ടായിരിക്കണമായിരുന്നു. എന്നാൽ യോഹന്നാൻ കണ്ട ചുരുൾ അപ്രകാരമുള്ളതായിരുന്നില്ല. അതു അതീവപ്രാധാന്യമുള്ള രേഖകൾ അടങ്ങിയ വിലയാധാരത്തിന്റെ (Title deed) സ്വഭാവമുള്ളതായിരുന്നു.

എന്നാൽ യെഹൂദാനിയമപ്രകാരം ഒരാൾ വസ്തു ഉൾപ്പെടെ തനിക്കുള്ളതെന്തും വിൽക്കുമ്പോൾ, ഒരു നിശ്ചിതകാലയളവിൽ വിറ്റതു തിരികെ എടുക്കുവാൻ അഥവാ വീണ്ടെടുക്കുവാൻ വിൽക്കുന്ന ആളിനെയോ അദ്ദേഹത്തിന്റെ അവകാശികളെയോ അനുവദിക്കുന്ന ഒരു വ്യവസ്ഥ എപ്പോഴും പ്രമാണത്തിലുണ്ടായിരിക്കും. അതിൻപ്രകാരം തയ്യാറാക്കുന്ന പ്രമാണം ഒന്നു മുദ്രയിട്ടതും മറ്റേതു തുറന്നതുമായിരിക്കും. അതിൽ മുദ്രയുള്ളതു ഏറ്റവും ഭദ്രമായി സൂക്ഷിച്ചു വെക്കും. എന്നാൽ തുറന്ന (മുദ്ര ചെയ്യപ്പെടാത്ത) പ്രമാണം വിൽക്കുന്നയാളുടെ പക്കൽ സൂക്ഷിക്കും. പ്രമാണത്തിൽ വ്യവസ്ഥചെയ്തിരിക്കുന്ന കാലയളവിൽ വിറ്റയാളിനോ അയാളുടെ ചാർച്ചക്കാരനായ അവകാശിക്കോ അതു വീണ്ടുകൊള്ളുവാൻ അവകാശം ഉണ്ടായിരിക്കും. അപ്പോൾ രണ്ടു പ്രമാണങ്ങളും ഹാജരാക്കും. തദവസരത്തിൽ വീണ്ടെടുക്കുവാനുള്ളതിന്റെ യഥാർത്ഥ അവകാശി താൻ തന്നെ എന്നു മുദ്രയില്ലാത്ത തുറന്ന പ്രമാണത്താൽ വീണ്ടെടുക്കുവാനുദ്ദേശിക്കുന്നയാൾ തെളിയിക്കണം. അവകാശി അയാൾതന്നെയെന്നു ബോദ്ധ്യപ്പെട്ടാൽ മുദ്രയുള്ള പ്രമാണത്തിന്റെ മുദ്രപൊട്ടിച്ചു അതിലെ വ്യവസ്ഥകളനുസരിച്ചു അവകാശിക്കു വീണ്ടു കൊള്ളാം.

ഇപ്രകാരമുള്ള ഒരു വീണ്ടെടുപ്പ് യിരെമ്യാപ്രവചനം 32 -ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. യിരെമ്യാപ്രവാചകനിൽ രാജ്യദ്രോഹകുറ്റം ആരോപിക്കപ്പെട്ടു യെഹൂദാരാജാവായ സിദെക്കീയാവു യിരെമ്യാവിനെ കാരാഗൃഹത്തിൽ അടച്ചു. ബാബിലോണ്യർ വന്നു യെരൂശലേമിനെ ആക്രമിക്കുകയും തുടർന്നു അവർ ബാബിലോണ്യൻ പ്രവാസത്തിലേക്കു പോകുമെന്നും യിരെമ്യാവു പ്രവചിച്ചു. എന്നാൽ ഈ യുദ്ധം ദൈവം അനുവദിച്ചതാണെന്നും അവർ ബാബിലോണ്യർക്കെതിരായി യുദ്ധം ചെയ്താലും വിജയിക്കയില്ലെന്നും അക്കാരണത്താൽത്തന്നെ ബാബിലോണ്യരോടു എതിർക്കാതെ അവർക്കു കീഴടങ്ങുകയാണുത്തമമെന്നും അറിയിച്ചു. ഈ വിധം രാജ്യത്തിലെ ജനങ്ങളെ ശത്രുക്കളുടെ മുമ്പാകെ കീഴടങ്ങാനുള്ള ഉപദേശം രാജ്യദ്രോഹകുറ്റത്തിനു കാരണമായി ആരോപിക്കപ്പെട്ടു. എന്നാൽ എഴുപതു വർഷങ്ങൾ മാത്രമേ യെഹൂദാജനം ബാബിലോണ്യൻ അടിമത്വത്തിൽ കഴിയേണ്ടതുള്ളുവെന്നും അതു കഴിഞ്ഞു അവർ സ്വന്തദേശത്തു വന്നു പാർക്കുമെന്നും യിരെമ്യാവു ദൈവത്തിന്റെ അരുളപ്പാടു പ്രവചനമായി അറിയിച്ചു. ബാബിലോണ്യൻ സൈന്യം ആക്രമണത്തിനായി വന്നപ്പോൾ യിരെമ്യാവു കാരാഗ്രഹത്തിലായിരുന്നു. ദൈവം പ്രവാചകനിലൂടെ അറിയിച്ച വിടുതലും മടങ്ങിവന്നു അവാകാശം പ്രാപിക്കുന്നതിന്റെ ഉറപ്പും പ്രവാചകന്റെ ജീവിതത്തിലെ വ്യവഹാരത്തിലൂടെ ജനത്തെ ഓർമ്മപ്പെടുത്തുന്നു. ദൈവത്തിന്റെ അരുളപ്പാടു പ്രവാചകനു ലഭിച്ചതെന്തെന്നാൽ: "*നിന്റെ ഇളയപ്പനായ ശല്ലൂമിന്റെ മകൻ ഹനമെയേൽ നിന്റെ അടുക്കൽ വന്നു: അനാഥോത്തിലെ എന്റെ നിലം മേടിച്ചുകൊൾക; അതു മേടിപ്പാൻ തക്കവണ്ണം വീണ്ടെടുപ്പിന്റെ അവകാശം നിനക്കുള്ളതല്ലോ എന്നു പറയും*"(യിരെ.32:7). അപ്പോൾ അതു വാങ്ങിക്കൊൾവാൻ ദൈവാലോചനയയും ലഭിച്ചു. യിരെമ്യാവിന്റെ ഇളയപ്പനു അതു വീണ്ടെടുക്കുവാൻ കഴിവില്ലായിരുന്നു. എന്നാൽ അവകാശി എന്ന നിലയിൽ യിരെമ്യാവിനു അതു കഴിയുമായിരുന്നു. ദേശം മുഴുവൻ ശത്രുക്കളുടെ കൈവശമാകുന്ന യുദ്ധസമയത്ത് ആരെങ്കിലും വസ്തു വാങ്ങുമോ? എന്നാൽ ദൈവത്തിന്റെ സ്നേഹവും അവരെ വീണ്ടും അവരുടെ സ്വന്തനാട്ടിലേക്കു കൊണ്ടു വന്നു അവകാശം പ്രാപിക്കുന്നതും ഉറപ്പു വരുത്തുവാൻ പ്രവാചകനിലൂടെ ദൃഷ്ടാന്തമായി വെളിപ്പെടുത്തുകയായിരുന്നു. യഹോവയുടെ അരുളപ്പാടു യിരെമ്യാവിനുണ്ടായതു പ്രകാരം ഇളയപ്പന്റെ മകൻ ഹനമെയേൽ യിരെമ്യവിനു സമീപം വന്നു വസ്തു വീണ്ടുകൊള്ളുവാൻ അപേക്ഷിച്ചു. വില കൊടുത്തശേഷം ആധാരം എഴുതി മുദ്രയിട്ടു സാക്ഷികളെ കൊണ്ടു ഒപ്പിടുവിച്ചു. "*ഇങ്ങനെ ന്യായവും പതിവും അനുസരിച്ചു മുദ്രയിട്ടിരുന്നതും തുറന്നിരുന്നതുമായ ആധാരങ്ങൾ ഞാൻ വാങ്ങി*"(യിരെ.32:11). ഇപ്രകാരം മുദ്രയിട്ടിരുന്നതും തുറന്നതുമായ ആധാരങ്ങളെ ഒരു മൺപാത്രത്തിൽ സൂക്ഷിച്ചു വെയ്ക്കുക എന്നുള്ള ദൈവീകാരുളപ്പാടുപ്രകാരം നേയ്യാവിന്റെ മകനായ ബാരൂക്കിനെ ആധാരങ്ങൾ ഏൽപ്പിച്ചു.

*"ഇനിയും ഈ ദേശത്തു വീടുകളും നിലങ്ങളും മുന്തിരിത്തോട്ടങ്ങളും ക്രയവിക്രയം ചെയ്യും എന്നു യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു"* (യിരെ.32:15) എന്നത് അവരുടെ തിരിച്ചു വരവിനെ ഓർമ്മപ്പെടുത്തുന്നു. ആയതുപോലെ സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തിന്റെ വലങ്കയ്യിൽ ഏഴുമുദ്രകളോടുകൂടിയ ഒരു ചുരുൾ ഇരിക്കുന്നു. ഈ ചുരുൾ ഭൂമിയുടെ ആധാരമാണ് — സാത്താൻ അവകാശമാക്കി ഭരിച്ചുകൊണ്ടിരിക്കുന്ന ഭൂമിയിൽ യഥാർത്ഥ അവകാശി വീണ്ടെടുത്തു ഭരണം സ്ഥാപിക്കുന്നതും ശത്രുവിന്മേൽ ആഞ്ഞടിക്കുന്ന ന്യായവിധിയുടെ വിവരണങ്ങളുമടങ്ങിയ വ്.വസ്ഥകളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കാം.

ഈ ചുരുൾ എന്താണെന്നും, ഇതിൽ എഴുതിയിരിക്കുന്നതും വ്യവസ്ഥ ചെയ്തിരിക്കുന്നതും എന്തൊക്കെയാണെന്നും എന്നതിനെക്കുറിച്ചു വിഭിന്ന അഭിപ്രായങ്ങളാണുള്ളത്. അപ്പോൾത്തന്നെ ഇതു തുറക്കുവാനും ഇതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യനായത് ക്രിസ്തു മാത്രമാണെന്നുള്ളതും ശ്രദ്ധേയമാണ്. ചുരുളിനെപ്പറ്റിയുള്ള നിഗമനങ്ങൾ —

(1) പഴയനിയമവും പുതിയനിയമവും അടങ്ങിയ ചുരുൾ എന്നും അതല്ല പഴയനിയമം മാത്രമാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. ഇനി സംഭവിപ്പാനുള്ള കാര്യങ്ങളാണ് (വെളി.4:1) യോഹന്നാനു ദർശനം ലഭിക്കുന്നതെന്ന കാരണത്താൽ ഈ അഭിപ്രായം ശരിയല്ല.

(2) ദൈവം തന്റെ സ്വന്തജനമായ യിസ്രായേലിന്റെ കൂട്ടിച്ചേർക്കലിനെക്കുറിച്ചുള്ള കാര്യങ്ങലായിരിക്കാം ഇതിലെന്നു ചിലർ അഭിപ്രായപ്പെടുന്നുവെങ്കിലും ഇതും തികെച്ചും ശരിയല്ല. യിസ്രായേലിന്റെ വീണ്ടെടുപ്പു ദൈവത്തിന്റെ കാര്യപരിപാടിയിലുണ്ടെങ്കിലും അങ്ങനെയുള്ള വ്യവസ്ഥകൾ ഭദ്രമായി സൂക്ഷിക്കേണ്ടതോ അങ്ങനെയുള്ള ഒരു ചുരുൾ തുറക്കുവാൻ ഏറ്റവും യോഗ്യനായവന്റെ ആവശ്യമുണ്ടെന്നു കരുതുവാനും കഴിയുകയില്ല.

(3) ദൈവമക്കളുടെയും സഭയുടെയും ശത്രുക്കളായവരുടെ ഉന്മൂലനാശത്തെ വിവരിക്കുന്നതാണ് ഈ ചുരുൾ എന്നു അഭിപ്രായമുണ്ട്. സാത്താൻ ഉൾപ്പെടെയുള്ള സകല ദുഷ്ടാന്മശക്തികളുടെയും നാശം ഇതിൽ അടങ്ങിയിരിക്കുന്നുവെങ്കിലും ഈ അഭിപ്രായവും ശരിയല്ല.

(4) ചുരുൾ നാം അധിവസിക്കുന്ന ഭൂമിയുടെ ആധാരം തന്നെയെന്നു ഏറെപേർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം ഏറ്റവും യോജ്യമാണെങ്കിലും ഇതിനെ ഏതിർക്കുന്നവരുമുണ്ട്. സർവ്വശക്തനായ ദൈവത്തിന്റെ കരത്തിൽ നിന്നു സാത്താന് ഒരിക്കലും ഭൂമി കൈവശമാക്കുവാൻ സാദ്ധ്യമല്ല എന്ന കാരണത്താൽ തന്നെ. ഭൂമിയിലെ ഭരണസംവിധാനങ്ങളൊക്കെ സാത്താന്റെ നിയന്ത്രണത്തിലാണെങ്കിൽ കൂടി *"ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവെക്കുള്ളതാകുന്നു"*(സങ്കീ.24:1) എന്നു തിരുവചനം പ്രഖ്യാപിക്കുന്നു എന്നാണവരുടെ അഭിപ്രായം. എന്നാൽ ദൈവത്തിന്റെ വലങ്കരത്തിലിരിക്കുന്ന ഏഴുമുദ്രകളുള്ള ചുരുൾ പാപത്താൽ മനുഷ്യനിൽ നിന്നു കൈവിട്ടുപോയ ഭൂമിയെ സംബന്ധിച്ചുള്ളതു തന്നെ എന്നു മനസ്സിലാക്കാം.

*"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു"* (ഉല്പ.1:1) എന്ന തിരുവചനത്താൽ ഭൂമി ദൈവത്തിന്റെ വകയാണ്. അതു മനുഷ്യർക്കു നൽകി. *"സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗമാകുന്നു; ഭൂമിയെ അവൻ മനുഷ്യനു കൊടുത്തിരിക്കുന്നു"* (സങ്കീ.115:16). സകല ജീവജാലങ്ങളെയും മനുഷ്യനെയും ദൈവം സൃഷ്ടിച്ചു. ഭൂമി മനുഷ്യന്റെ ഉപയോഗത്തിനായി ആദ്യമനുഷ്യനായ ആദാമിനെ ഏൽപ്പിച്ചു. സകലത്തെയും അടക്കി ഭൂമിയിൽ വാഴുവാൻ ദൈവം മനുഷ്യനെ അധികാരപ്പെടുത്തി(ഉല്പ.1:26-30). എന്നാൽ സാത്താന്റെ ഉപദേശം കേട്ടു പ്രവർത്തിച്ചു സാത്താന്റെ കെണിയിൽ അകപ്പെട്ട മനുഷ്യൻ പാപത്തിനു അടിമയായി (ഉല്പ.3:1-19). അതോടെ ഭൂമി സാത്താന്റെ കൈവശമെത്തിച്ചേർന്നു. ഭൂമി സംബന്ധമായ മനുഷ്യന്റെ അവകാശം നഷ്ടമായി. ഭൂമി ദൈവത്തിന്റേതാണെങ്കിലും മനുഷ്യനിൽ നിന്നു സാത്താൻ അതിനെ കൈവശമാക്കുകയായിരുന്നു. സാത്താൻ ഈ ലോകത്തിന്റെ ദൈവമാണെന്നും അവാനാണ് അതിന്റെ അധിപതിയെന്നും ഭരിക്കുന്നതെന്നും തിരുവചനത്തിലും പ്രസ്താവിച്ചിട്ടുണ്ട്.

**2.കൊരി.4:4** —*"ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ* **ഈ ലോകത്തിന്റെ ദൈവം** *അവിശ്വാസികളുടെ മനസ്സു കുരുടാക്കി."*

**യോഹ.12:31** — *"ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ* **ഈ ലോകത്തിന്റെ പ്രഭുവിനെ** *പുറത്തു തള്ളിക്കളയും."*

**യോഹ.14:30—** "**ലോകത്തിന്റെ പ്രഭു** *വരുന്നു;അവന്നു എന്നോടു ഒരു കാര്യവുമില്ല.*

**യോഹ.16:11—** "**ഈ ലോകത്തിന്റെ പ്രഭു** *വിധിക്കപ്പെട്ടിരിക്കകൊണ്ടു ന്യായവിധിയെക്കുറിച്ചും തന്നേ."*

കർത്താവു ഈ ഭൂമിയിലേക്കു വന്നത് പാപികളെ രക്ഷിപ്പാനും , പാപത്താൽ മനുഷ്യനു നഷ്ടപ്പെട്ട സകലതും വീണ്ടെടുത്തു നൽകുവാനുമാണ്. നാൽപ്പതു പകലും നാൽപ്പതു രാവും കർത്താവു ഉപവസിച്ചു പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ പരീക്ഷകനായ സാത്താൻ കർത്താവിന്റെ സമീപം വരുന്നത് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു (മത്താ.4:1-11/മർക്കൊ.1:12,13/ലൂക്കൊ.4:1-13). ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയിൽ ഒന്നാം മനുഷ്യനായ ആദാം വീണു പോയെങ്കിൽ

കർത്താവു ഇവിടെ ജയിക്കുന്നു. ലോകവും ലോകത്തിലുള്ള സകലതും തന്റേതാണെന്നും അവനെ നമസ്കരിച്ചാൽ അതൊക്കെയും ന്ലകാമെന്നും സാത്താൻ കർത്താവിനോടു പറഞ്ഞു. **ലൂക്കൊ.4:5-7—** *"പിന്നെ പിശാചു അവനെ മേലോട്ടു കൂട്ടിക്കൊണ്ടു പോയി ലോകത്തിലെ സകലരാജ്യങ്ങളെയും ക്ഷണനേരത്തിൽ അവന്നു കാണിച്ചു: ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം; അതു എങ്കൽ ഏൽപ്പിച്ചിരിക്കുന്നു; എനിക്കു മനസ്സുള്ളവന്നു ഞാൻ കൊടുക്കുന്നു. നീ എന്നെ നമസ്കരിച്ചാൽ അതെല്ലാം നിന്റെതാകും എന്നു അവനോടു പറഞ്ഞു."*(ലൂക്കൊ.4:5-8). ദൈവത്തെ മാത്രമേനമസ്കരിച്ചു ആരാധിക്കാവൂ എന്നു എഴുതിയിരിക്കുന്നു എന്നു തിരുവചനത്തിലൂടെ സാത്താനു മറുപടി കൊടുത്തു. എന്നാൽ അവന്റെ ലോകത്തിന്മേലുമുള്ള അവകാശവാദത്തെ കർത്താവു എതിർത്തില്ല. കാരണം ലോകം ദുഷ്ടന്റെ കരങ്ങളിൽ ഇരിക്കുന്നു എന്നതിനാൽ തന്നെ. നഷ്ടപ്പെട്ട ഭൂമി ആദാമിനു തിരിച്ചെടുക്കാനായില്ല. ആദാം പാപത്തിൽ മരിക്കുവാനിടയായി(ഉല്പ.2:17). എന്നാൽ ഒരുവന്റെ നഷ്ടപ്പെട്ട വസ്തുവോ അവകാശമോ അവന്റെ അവകാശിക്കോ ചാർച്ചക്കാരനോ വീണ്ടെടുക്കുവാൻ ന്യായപ്രമാണത്തിൽ വ്യവസ്ഥചെയ്യപ്പെട്ടിരുന്നു(ലേവ്യ.25:23-34,47-49). വീണ്ടെടുപ്പു അനുവദിച്ചിരുന്ന കാലത്തിനകം അവകാശികൾക്കു അതു തിരികെ എടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അതു വാങ്ങിയ പുതിയ ഉടമസ്ഥനു എന്നെന്നേക്കും സ്വന്തമായിത്തീരും. ആദാം നഷ്ടപ്പെടുത്തിയ ഭൂമിയും അതിലുള്ളവരെയും ആദാമിനോ അനന്തരാവകാശികൾക്കോ വീണ്ടെടുക്കുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ദൈവികത്വിത്വത്തിൽ രണ്ടാമനായ പുത്രൻ മനുഷ്യനായി ആദാമിന്റെ കുടുംബത്തിൽ അഥവാ മനുഷ്യകുലത്തിൽ ഭൂജാതനായി. ക്രൂശുമരണത്തിലൂടെ തന്റെ സ്വന്തരക്തം നൽകി ഇതിന്റെ വീണ്ടെടുപ്പർത്ഥം നൽകി തിരികെ വാങ്ങുവാനുള്ള യോഗ്യത നേടി. **1.പത്രൊ.1:18,19 —** *"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്കതുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ."* **എഫെ.1:7 —** *"അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ടു."* **കൊലൊ.1:14,20 —** *"അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പു ഉണ്ടു.... അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി."* എന്നീ തിരുവചനങ്ങൾ ക്രിസ്തുവിന്റെ വീണ്ടെടുപ്പു പ്രവർത്തനത്തെ വിശദമാക്കുന്നു. ദൈവത്തിന്റെ വലങ്കൈയ്യിൽ ഏഴുമുദ്രകളോടിരിക്കുന്ന ചുരുൾ യഥാർത്ഥത്തിൽ വീണ്ടെടുപ്പവകാശത്തിന്റെ ഉടമ്പടി അഥവാ ആധാരമാണ്. ബോവസ്സ് രൂത്തിനെ വീണ്ടെടുക്കുന്നതു മൂപ്പന്മാരുടെ സാന്നിദ്ധ്യത്തിൽ നഗരവാതിൽക്കൽ വെച്ചായിരുന്നു(രൂത്ത്.4:1-12). ആയതുപോലെ ഭൂമിയിൽ സാത്താന്റെ അവകാശവും ആധിപത്യവും മാറ്റിയിട്ട് ക്രിസ്തു തന്റെ രാജ്യം സ്ഥാപിക്കുവാൻ പോകുന്നു. ഇതിനോടനുബന്ധിച്ചുള്ള വിവരണങ്ങളാണ് ഈ ചുരുളിൽ വ്യക്തമാക്കയിരിക്കുന്നതെന്നു കരുതാം.

കർത്താവു പറഞ്ഞ സ്വർഗ്ഗരാജ്യത്തിന്റെ ഉപമകളിൽ അഞ്ചാമത്തേതായ വയലിൽ ഒളിച്ചുവെച്ച നിധിയുടെ ഉപമ (മത്താ.13:44) വെളിപ്പാടു പുസ്തകത്തിലെ അഞ്ചാമത്തെ സഭയായ സർദ്ദിസിനോടു സാമ്യമുണ്ടെന്നു കണ്ടു. ഉപമ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു — **മത്താ.13:44 —** *"സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച നിധിയോടു സദൃശം. അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു, തന്റെ സന്തോഷ ത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി."* ഒളിച്ചുവെച്ച നിധി (the hidden treasure) യിസ്രായേലിനോടു (പുറ.19:5/സങ്കീ.135:4) ബന്ധപ്പെടുത്താമെങ്കിലും പൊതുവിൽ രക്ഷിക്കപ്പെട്ട സകലജാതികളെയും കുറിക്കുന്നു. വയൽ ലോകത്തെ കുറിക്കുന്നു (മത്താ.13:38). ഉപമയിലെ മനുഷ്യൻ വിലയേറിയ നിധി വയലിൽ കാണുകയാൽ തനിക്കുള്ളതൊക്കെയും വിറ്റു വയൽ വാങ്ങി അതു തന്റെ സ്വന്തമാക്കി. പാപികളെ രക്ഷിപ്പാൻ ലോകത്തിലേക്കു വന്നവനും (1.തിമൊ.1:15), എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുവാണ് (1.തിമൊ.2:5) ഇതിലെ നല്ല മനുഷ്യൻ. ദുഷ്ടനായപിശാചിന്റെ അധീനതയിലായിരുന്ന ലോകത്തെയും ലോകക്കാരെയും സ്വന്തമാക്കുവാൻ കാൽവറിക്രൂശിൽ തന്റെ ജീവൻ നൽകേണ്ടി വന്നു. മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനെയും വീണ്ടെടുക്കപ്പെട്ട തന്റെ ജനത്തിനു വേണ്ടി ദൈവം കർത്താവായ യേശുക്രിസ്തുവിലൂടെ സകലത്തിനും സമാപ്തി വരുത്തി രാജ്യം സ്ഥാപിക്കുവാൻ പോകുന്ന കാര്യപരിപാടികളാണ് പുസ്തകത്തിന്റെ ഉള്ളടക്കം. സ്വർഗ്ഗത്തിൽ ക്രമീകരിച്ചു മുദ്രയിട്ടുറപ്പിച്ച കാര്യങ്ങൾ ഒന്നൊന്നായി നിവർത്തിക്കപ്പെടുവാൻ ഓരോ മുദ്രകളും പൊട്ടിപ്പാൻ ക്രിസ്തു യോഗ്യനായിരിക്കുന്നു. കാൽവറിയിൽ നടത്തിയ സ്വന്തയാഗത്താലാണ് ഇതിനുള്ള യോഗ്യത ലഭിച്ചത്.

**വെളി.5:2 — "ആ പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരുള്ളു എന്നു അത്യുച്ചത്തിൽ ഘോഷിക്കുന്ന ശക്തനായോരു ദൂതനേയും കണ്ടു."**

തുടർന്നു യോഹന്നാൻ ശക്തനായോരു ദൂതനെ ദൈവസിംഹാസനത്തിനടുത്തു കണ്ടു. പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരുള്ളു എന്നു അത്യച്ചത്തിൽ ദൂതൻ ഘോഷിക്കുന്നതും യോഹന്നാൻ കേട്ടു. ദൂതന്റെ ഉച്ചത്തിലുള്ള ഘോഷം സകലരും കേൾക്കുവാനുള്ള

വിധത്തിലുള്ള ഒരു വിളംഭരമായിരുന്നു. ശക്തനായ ദൂതൻ ആരാണെന്നു ഇവിടെ പറഞ്ഞിട്ടില്ല. ഒരിക്കൽ ദാനീയേൽ തനിക്കു ലഭിച്ച ദർശനം ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ഗബ്രിയേൽ പ്രത്യക്ഷപ്പെട്ടു അതിന്റെ വ്യാഖ്യനം അറിയിക്കുന്നു (ദാനീ.8:15-17). ഗബ്രിയേൽ എന്ന പേരിന്റെ അർത്ഥം ദൈവത്തിന്റെ ശക്തി (Strength of God) എന്നാകയാൽ വെളിപ്പാടിൽ യോഹന്നാൻ കണ്ട ശക്തനായ ദൂതൻ ഗബ്രിയേൽ ആയിരിക്കാമെന്നു പറയപ്പെടുന്നു. എന്നാൽ യോഹന്നാൻ കാണുന്ന ശക്തനായ ദൂതൻ ഗബ്രിയേലോ മീഖായേലോ ആയിരിക്കാമെന്നു പറയപ്പെടുന്നുവെങ്കിലും വചനപ്രകാരം ഇതിനാധാരമില്ല. ശക്തനായ ദൂതന്റെ അത്യുച്ചത്തിലുള്ള ഘോഷം പ്രപഞ്ചത്തിലെ ഏതു മൂലയിലും കേൾക്കത്തക്ക വിധത്തിലായിരുന്നു. ദൈവത്തിന്റെ വലങ്കയ്യിലിരിക്കുന്ന പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും ആരെങ്കിലും ഉണ്ടോ എന്നുള്ളതായിരുന്നു അറിയിപ്പ്.

ശക്തനായ ദൂതന്റെ പ്രത്യക്ഷത വെളിപ്പാടിൽ മൂന്നിടത്തു കാണുന്നു (വെളി.5:2/10:1/18:21). മൂന്നു സന്ദർഭങ്ങളിലും പ്രത്യേകദൗത്യത്തോടനുബന്ധിച്ചാണ് കാണുന്നത്. (1) വെളി.5:2 -ലെ പ്രത്യക്ഷത പീഡനകാലത്തിന്റെ ആരംഭം കുറിക്കുന്ന വേളയായി കരുതാം. (2) വെളി.10:1 -ൽ പീഡനകാലത്തിന്റെ മദ്ധ്യകാലത്ത് അഥവാ മഹാപീഡനകാലത്തിന്റെ ആരംഭത്തിൽ പ്രത്യക്ഷപ്പെടുന്നു. (3) വെളി.18:21 -ൽ ശക്തനായ ദൂതൻ ബാബിലോണിന്റെ ഉന്മൂലനാശത്തിന്റെ വിളംഭരം കുറിച്ചുകൊണ്ടു പ്രത്യക്ഷനാകുന്നത് പീഡനകാലത്തിന്റെ അവസാനം എന്നു കരുതാം.

**വെളി.5:3,4 — "പുസ്തകം തുറപ്പാനോ നോക്കുവാനോ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ആർക്കും കഴിഞ്ഞില്ല. പുസ്തകം തുറന്നു വായിപ്പാനെങ്കിലും അതു നോക്കുവാനെങ്കിലും യോഗ്യനായി ആരെയും കാണായ്കകൊണ്ടു ഞാൻ ഏറ്റവും കരഞ്ഞു."**

പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരുള്ളുഎന്ന അത്യുച്ചത്തിലുള്ള ശക്തനായ ദൂതന്റെ ഘോഷത്തോടുള്ള പ്രതികരണം പരിപൂർണ്ണ നിശബ്ദത മാത്രമായിരുന്നു. സ്വർഗ്ഗത്തിൽ ജീവികളും ദൂതന്മാരും മൂപ്പന്മാരും ഉൾപ്പെട്ടവർ മാത്രമല്ല ഭൂമിയിലോ ഭൂമിക്കു കീഴിൽ നിന്നോ അതിനു പ്രതികരണമുണ്ടായില്ല. ചുരുക്കത്തിൽ മരിച്ചുപോയ പഴയനിയമവിശുദ്ധന്മാരോ, സഭായുഗത്തിലെ പുതിയനിയമവിശുദ്ധന്മാരോ ഇതിനു യോഗ്യരായി കണ്ടില്ല. അതു മാത്രവുമല്ല സകല ദൈവിക പദ്ധതികളുടെയും നാശത്തിനായി പ്രവർത്തിക്കുന്ന ദുഷ്ടാത്മസേനക്കോ, സാത്താനോ, നരകവാസികൾക്കോ ഇതിനു കഴിഞ്ഞില്ല. സ്വർഗ്ഗം, ഭൂമി, ഭൂമിക്കു കീഴിൽ എന്നിങ്ങനെ സകലഭാഗത്തേക്കും പ്രതിധ്വനിച്ച ശക്തനായ ദൂതന്റെ ഘോഷത്തിങ്കൽ പുസ്തകം തുറപ്പാനോ, വായിക്കുവാനോ, നോക്കുവാനോ യോഗ്യരായി യോഹന്നാൻ ആരെയും കണ്ടില്ല. സൃഷ്ടി മുഴുവനും നിശബ്ദരായി, നിശ്ചലമായി നിൽക്കുകയായിരുന്നു. എന്നാൽ സകലസൃഷ്ടികൾക്കും അതീതനായ ഒരുവനുമാത്രമേ ഇതിനു യോഗ്യതയുള്ളു എന്നതാണ് വാസ്തവം.

പുസ്തകം അഥവാ ചുരുൾ തുറക്കുവാനോ നോക്കുവാനോ വായിക്കുവാനോ ആരെയും യോഗ്യരായി കാണാഞ്ഞതിനാൽ യോഹന്നാൻ ഏറ്റവും കരഞ്ഞു. കരഞ്ഞു (weep) എന്നതിനു ക്ലയിവോ (klaio) എന്ന ഗ്രീക്കു പദമാണുപയോഗിച്ചിരിക്കുന്നത്. ഹൃദയാന്തർഭാഗത്തു നിന്നു വരുന്ന ശക്തമായ തേങ്ങലിനെ ഈ പദം കുറിക്കുന്നു. കർത്താവ് തന്റെ ഈ ലോകജീവകാലത്തു യെരൂശലേമിനെ ഓർത്തു കരഞ്ഞപ്പോഴും (ലൂക്കൊ.19:41), പത്രൊസ് കർത്താവിനെ തള്ളിപ്പറഞ്ഞശേഷം മാനസാന്തരത്തോടുള്ള ബന്ധത്തിൽ അതിദുഃഖത്തോടെ കരഞ്ഞപ്പോഴും (ലൂക്കൊ.22:62) ഉപയോഗിച്ചിരിക്കുന്നത് ഈ ഗ്രീക്കുപദം തന്നെയാണ്. സ്വർഗ്ഗത്തിൽ കണ്ണുനീരോ, ദുഃഖമോ, മുറവിളിയോ ഇല്ല. എന്നാൽ യോഹന്നാൻ സ്വർഗ്ഗത്തിൽ ഈ പ്രത്യേക സാഹചര്യത്തിൽ ഇവിടെ അതിദുഃഖത്തോടെ കരയുന്നു. ദൈവം തന്റെ മക്കളുടെ കണ്ണുനീരൊക്കെ തുടച്ചുകളയും (വെളി.7:17/വെളി.21:4) എന്നു പറഞ്ഞിരിക്കുന്നതുപോലെ യോഹന്നാന്റെ കണ്ണുനീരിനും അല്പസമയത്തിനുള്ളിൽ ആശ്വാസം ലഭിക്കുവാൻ പോകുകയാണ്. മുദ്രയിട്ടപുസ്തകച്ചുരുൾ പൊട്ടിപ്പാൻ യോഗ്യരായി ആരുമില്ല എന്നതിനർത്ഥം ആർക്കും തന്നെ ഈ ലോകത്തെ വീണ്ടെടുക്കുവാൻ കഴിയുന്നില്ല എന്നതു തന്നെ. യോഹന്നാൻ ഏറ്റവും ദുഃഖിച്ചു കരയുവാൻ കാരണമെന്തായിരിക്കും? ഒരുവന്റെ വസ്തുവോ അവകാശമോ വിൽക്കുമ്പോൾ, അവന്റെ അവകാശിക്കോ ചാർച്ചക്കാരനോ വീണ്ടെടുക്കുവാൻ ന്യായപ്രമാണത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരുന്നു(ലേവ്യ.25:23-34). എന്നാൽ വീണ്ടെടുപ്പു അനുവദിച്ചിരുന്ന കാലത്തിനകം അവകാശികൾക്കു അതു തിരികെ എടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അതു കൈവശമിരിക്കുന്ന പുതിയ ഉടമസ്ഥനു എന്നെന്നേക്കും സ്വന്തമായിത്തീരും. ഈ വ്യവസ്ഥ യോഹന്നാനു അറിയാമായിരുന്നു. ആയതിനാൽ സാത്താൻ സൂത്രത്തിൽ കയ്യേറിയ ഭൂമി വീണ്ടെടുക്കുവാൻ അതിന്റെ ആദ്യഅവകാശിക്കോ ചാർച്ചക്കാരനോ കഴിഞ്ഞില്ലെങ്കിൽ എന്നേക്കും സാത്താന്റെ കൈവശം ആയിപ്പോകുമല്ലോ എന്നുള്ള വിചാരമാണ് യോഹന്നാൻ കരയുവാൻ ഇടയാക്കിയ വിഷയം. ആദാമിന്റെ പാപം മൂലം സകലരിലും പാപവും, ദുഃഖവും, മരണവും പരന്നു. ഇതിനു പരിഹാരം ഉണ്ടാകണം. ക്രിസ്തു വാഗ്ദത്ത മശിഹ തന്നെയാണെന്നു യോഹന്നാനറിയാമെങ്കിലും മശിഹയെ യഹൂദാജനം കൊന്നു. ശിഷ്യന്മാർ പലരും രക്തസാക്ഷികളായി, വിശ്വാസികൾ ചിതറപ്പെട്ടു. ഇതിനു പുറമേ ആദ്യസ്നേഹം വിട്ടുകളഞ്ഞ എഫെസൊസ്, പീഡനത്തിലൂടെ കടന്നു പോകുന്ന സ്മുർന്ന,

ബിലെയാമിന്റെയും നിക്കൊലാവ്യരുടെ ഉപദേശത്താൽ സ്വാധീനിക്കപ്പെടുന്ന പെർഗ്ഗമൊസ്, ദുരുപദേശത്തിലേക്കു വലിച്ചിഴക്കപ്പെടുന്ന തുയഥൈര, മരിച്ച അവസ്ഥയിൽ കഴിയുന്ന സർദ്ദിസ്, അല്പമേ ശക്തിയുള്ളുവെങ്കിലും വചനം കാത്തു ഭീതിയോടെ കഴിയുന്ന ഫിലദെൽഫ്യ, മന്ദോഷ്ണാവസ്ഥയിൽ കഴിയുന്ന ലവൊദിക്യ എന്നീ അനുഭവങ്ങളും യോഹന്നാനെ ചിന്താകുലനാക്കി. ദൈവം മാനവജാതിക്കു ഒരുക്കിയ അതിമഹത്തായ വീണ്ടെടുപ്പും തുടർമാനപ്രവർത്തനങ്ങളും വിജയകരമായി സമാപ്തിയിലെത്തണമെങ്കിൽ പുസ്തകച്ചുരുൾ തുറന്നാലേ സാധിക്കൂ എന്നു യോഹന്നാനു അറിയാം. വീണ്ടെടുപ്പുകാരൻ ചാർച്ചക്കാരനും, കഴിവുള്ളവനും, മനസ്സുള്ളവനും ആയിരിക്കണം. എന്നാൽ ആദാം നഷ്ടപ്പെടുത്തിയ സകലതും വീണ്ടെടുക്കുവാനും, മനുഷ്യനു രക്ഷ നൽകുവാനും ദൈവപുത്രനായ ക്രിസ്തുയേശു ആദാമിന്റെ കുടുംബത്തിൽ അഥവാ മനുഷ്യവർഗ്ഗത്തിൽ ജനിച്ചു. നമ്മോടുള്ള സ്നേഹത്താൽ കാൽവറിയിൽ ചിന്തപ്പെട്ട സ്വന്തരക്തത്താൽ വീണ്ടെടുപ്പിനുള്ള പ്രായച്ഛിത്തവില നൽകി വീണ്ടെടുപ്പിനു യോഗ്യനായിത്തീർന്നു. ആയതിനാൽ യോഹന്നാൻ കരയേണ്ട ആവശ്യമില്ല. ശക്തനായ ദൂതന്റെ വിളംഭരത്തിൽ സ്വർഗ്ഗത്തിലും, ഭൂമിയിലും, ഭൂമിക്കു കീഴിലും ആരും യോഗ്യരായി കാണപ്പെട്ടില്ലെങ്കിലും യോഹന്നാന്റെ മുമ്പിൽ ഏറ്റവും യോഗ്യനായ ക്രിസ്തുയേശു പ്രത്യക്ഷപ്പെടുന്നു.

**വെളി.5:5 — "അപ്പോൾ മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു: കരയേണ്ടാ; യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴു മുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു."**

ദൈവം ഒരുക്കിയ വീണ്ടെടുപ്പിനെ തുടർന്നുള്ള പ്രവർത്തനങ്ങൾ പ്രാവർത്തികമാകണമെങ്കിൽ പുസ്തകച്ചുരുൾ വാങ്ങി മുദ്രപൊട്ടിക്കേണ്ടതായിട്ടുണ്ട്. യോഗ്യനായ ഒരു ചാർച്ചക്കാരൻ വന്നില്ലെങ്കിൽ മനുഷ്യന്റെ ഉദ്ധാരണത്തിനും വീണ്ടെടുപ്പിനും സ്വർഗ്ഗം ഒരുക്കിയ തുടർമാന പദ്ധതികൾ പൂർത്തീകരിക്കാതെ പോകുമോ എന്ന ആശങ്കയാൽ യോഹന്നാൻ കരഞ്ഞു. എന്നാൽ യോഹന്നാന്റെ കരച്ചിൽ അല്പനേരത്തേക്കു മാത്രമായിരുന്നു. മൂപ്പന്മാരിൽ ഒരുവൻ യോഹന്നാന്റെ സമീപം എത്തി. കരയേണ്ടാ എന്നു പറഞ്ഞു യോഹന്നാനെ ആശ്വസിപ്പിച്ചു. "കരയേണ്ടാ" എന്നു പറഞ്ഞു മൂപ്പന്മാരിൽ ഒരുവൻ ആശ്വസിപ്പിച്ച വാക്ക് നയിൻ പട്ടണത്തിലെ വിധവയോടും(ലൂക്കൊ.7:13),പള്ളിപ്രമാണിയുടെ ഭവനത്തിൽ മകളുടെ മരണത്തിൽ വിലപിക്കുന്നവരോടും (ലൂക്കൊ.8:52) കർത്താവിന്റെ വായിൽ നിന്നു പുറപ്പെട്ട "കരയേണ്ടാ" എന്ന ആശ്വാസത്തിന്റെ വാക്കിനോടു സാമ്യമുണ്ട്.

കരയേണ്ടാ എന്നു പറഞ്ഞു യോഹന്നാനെ ആശ്വസിപ്പിച്ച ശേഷം അതിനുള്ള കാരണവും യോഹന്നാനെ അറിയിച്ചു. യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴു മുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്നതായിരുന്നു മൂപ്പന്മാരിൽ ഒരുവൻ പ്രഖ്യാപിച്ചത്. ഈ പ്രസ്താവനയിൽ വാഗ്ദത്ത മശിഹാ എന്ന നിലയിൽ ജയാളിയായ കർത്താവിന്റെ രണ്ടു യോഗ്യതാ വിശേഷണങ്ങളാണ് കാണുന്നത്. (1) യെഹൂദാഗോത്രത്തിലെ സിംഹം — The Lion of the tribe of Judha (2) ദാവീദിന്റെ വേര് —The Root of David.

**(1) യെഹൂദാഗോത്രത്തിലെ സിംഹം — The Lion of the tribe of Judha —**

നമ്മുടെ കർത്താവ് യെഹൂദാഗോത്രത്തിലെ സിംഹമാണ്. ഗോത്രപിതാവായ യാക്കോബ് തന്റെ പന്ത്രണ്ടു മക്കളെ അനുഗ്രഹിക്കുന്ന വേളയിൽ യെഹൂദയെ അനുഗ്രഹിക്കുന്ന ഭാഗത്തോടു ഈ വിശേഷത ബന്ധപ്പെട്ടിരിക്കുന്നു. ഈ ഭാഗം ക്രിസ്തുവാകുന്ന മശീഹയെക്കുറിച്ചുള്ള പ്രവചനദൂതായും കണക്കാക്കാം. **ഉല്പ.49:8-10 —** *"യെഹൂദയേ, സഹോദരന്മാർ നിന്നെ പുകഴ്ത്തും; നിന്റെ കൈ ശത്രുക്കളുടെ കഴുത്തിൽ ഇരിക്കും; അപ്പന്റെ മക്കൾ നിന്റെ മുമ്പിൽ നമസ്കരിക്കും. യെഹൂദാ ഒരു ബാലസിംഹം; മകനേ, നീ ഇര പിടിച്ചു കയറിയിരിക്കുന്നു; അവൻ കുനിഞ്ഞു സിംഹം പോലെയും സിംഹിപോലെയും പതുങ്ങിക്കിടക്കുന്നു; ആർ അവനെ എഴുന്നേൽപ്പിക്കും? അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യഹൂദയിൽ നിന്നും രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല; ജാതികളുടെ അനുസരണം അവനോടു ആകും."* ഒരു ബാലസിംഹമായി പ്രസ്താവിച്ച്, രാജകീയപദവി നൽകി യാക്കോബ് യെഹൂദയെ അനുഗ്രഹിക്കുന്നു. അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽ നിന്നും രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല (The scepter shall not depart from Judha, nor the rulers staff from between his feet, until Shiloh comes) എന്നതിൽ അവകാശമുള്ളവൻ എന്നതിനു ഇംഗ്ലീഷിൽ ശീലോവ് (Shiloh) എന്നാണുപയോഗിച്ചിരിക്കുന്നത്. ശീലോവ് എന്ന പദം മശീഹയെ കുറിക്കുന്നു. ശൗൽ യിസ്രായേലിന്റെ ആദ്യത്തെ രാജാവായിരുന്നുവെങ്കിലും അവൻ ബെന്യാമീൻ ഗോത്രക്കാരനായിരുന്നു. ജാതികളെപ്പോലെ ഞങ്ങൾക്കും ഒരു രാജാവിനെ വേണമെന്നു യിസ്രായേൽ പറഞ്ഞു ദൈവഭരണത്തെ നിരസിച്ചു മത്സരിച്ചപ്പോൾ ശൗലിനെ കൊടുക്കുകയായിരുന്നു. എന്നാൽ സ്ഥിരമായ ഒരു രാജ്യഭരണത്തിനു ദൈവം തിരഞ്ഞെടുത്തത് യെഹൂദാഗോത്രത്തിലെ ദാവീദിനെ ആയിരുന്നു. അതായത് അവകാശമുള്ളവനായ ദാവീദ് രാജാവായി ഭരണം ഏൽക്കുന്നതുവരെ യെഹൂദാഗോത്രത്തിനു രാജകീയപദവി ലഭിച്ചിരുന്നില്ല. ആയതുപോലെ യെഹൂദാഗോത്രത്തിലെ സിംഹമായ ക്രിസ്തു പുസ്തകം തുറപ്പാനും മുദ്രപൊട്ടിപ്പാനും

യോഗ്യതയും അവകാശവും ലഭിച്ചവനായി സിംഹാസനത്തിനു മുമ്പിൽ പ്രത്യക്ഷപ്പെടുന്നു.

യിസ്രായേൽ അവരുടെ മരുഭൂമി യാത്രയിൽ സമാഗമനകൂടാരമടിക്കുമ്പോൾ ദൈവത്തിന്റെ കല്പനപ്രകാരം കൂടാരത്തിനു ഒരു വാതിലും അതു കിഴക്കോട്ടു സൂര്യോദയത്തിനു നേരെയും സ്ഥാപിച്ചിരുന്നു. യെഹൂദാ കിഴക്കുവശത്തു പാളയം അടിക്കണമെന്നായിരുന്നു കല്പന (സംഖ്യാ.2:3). കൂടാരത്തിലേക്കു പ്രവേശനം യെഹൂദാഗോത്രം വഴിയായിരുന്നു. യെഹൂദാ എന്ന പേരിന് സ്തുതി (praise) എന്നർത്ഥം (ഉല്പ.29:35). സകലർക്കും മുമ്പിൽ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ടു വിശുദ്ധസ്ഥലത്തേക്കുള്ള പ്രവേശനകവാട സമീപേ യെഹൂദാ നിൽക്കുന്നു. ഒരേഒരു വാതിൽ എന്നതും പ്രവേശനം യെഹൂദാ വഴി എന്നതും നമ്മുടെ കർത്താവിനെയും, കർത്താവിൽ കൂടി പിതാവായ ദൈവത്തിന്റെ സമീപം പ്രവേശിക്കുന്നതിനെയും കുറിക്കുന്നു. പാപികളായ മനുഷ്യർക്കു വിശുദ്ധനായ ദൈവത്തിന്റെ സമീപം ചെല്ലുവാൻ അവകാശവും അനുമതിയും ലഭിച്ചത് ക്രിസ്തുവാകുന്ന യെഹൂദാഗോത്രത്തിലെ സിംഹത്തിലൂടെയാണ്.

പൊതുവേ സിംഹം ശക്തി, കുലീനത, ഗൗരവം, ഗാംഭീര്യം, ജയം എന്നിവയെ പ്രതിനിദാനം ചെയ്യുന്നു. യെഹൂദാഗോത്രത്തിലെ സിംഹം എന്നത് യാക്കോബിന്റെ മക്കളിൽ യെഹൂദയുടെ ശക്തിയും, ധൈര്യവും, കുലീനതയും, ഭരണനിപുണതയെയും അർത്ഥമാക്കുന്നു. ആയതുപോലെ ക്രിസ്തു യെഹൂദാഗോത്രത്തിലെ സിംഹം എന്ന നിലയിൽ സർവ്വശക്തിയുള്ള രാജാവായ മശിഹാ എന്നതിനെ വെളിപ്പെടുത്തുന്നു. യേശുക്രിസ്തു ഭൂമിയിൽ യെഹൂദാകുടുംബത്തിൽ ജനിച്ചു യെഹൂദനായി ജീവിച്ചു. കർത്താവു യെഹൂദാഗോത്രത്തിൽ നിന്നാണ് ഉദിച്ചതെന്നു എബ്രായലേഖനവും വ്യക്തമാക്കുന്നു (എബ്രാ.7:14). ക്രിസ്തുവിനെ യെഹൂദാഗോത്രത്തിലെ സിംഹം അഥവാ രാജാവായി മത്തായിയുടെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നു. യെഹൂദന്മാർ വാഗ്ദത്ത മശീഹയെ കാത്തിരുന്നുവെങ്കിലും ക്രിസ്തുവിനെ മശിഹയായി അവർ അംഗീകരിച്ചില്ല. എന്നു മാത്രമല്ല ക്രിസ്തുവിനെ അവർ ക്രൂശിച്ചു കൊല്ലുകയും ചെയ്തു. എന്നാൽ യെഹൂദാഗോത്രത്തിലെ സിംഹമായ ക്രിസ്തു പാപത്താലുള്ള മരണത്തെ തോൽപ്പിച്ചുകൊണ്ടു ജയം പ്രാപിച്ചു തന്നിൽ വിശ്വസിക്കുന്നവർക്കു ജയം പ്രാപിപ്പാൻ വഴിയൊരുക്കി. അതേസമയം തന്റെ സകലശത്രുക്കളെയും സിംഹത്തിന്റെ ശൗര്യത്തോടെ കീറിക്കളയും. അവരുടെ മേൽ ചൊരിയുന്ന ന്യായവിധികളെ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. തന്റെ ഒന്നാം വരവിൽ സിംഹത്തിന്റെ ശൗര്യം ശത്രുക്കളോടു പൂർണ്ണമായി വെളിപ്പെട്ടില്ലെങ്കിലും ഇനിയുള്ള വരവ് ശത്രുക്കൾ കിടിലം കൊള്ളത്തക്കവിധത്തിൽ രൗദ്രഭാവം നിറഞ്ഞതായിരിക്കും.

**(2) ദാവീദിന്റെ വേര് — The Root of David —**

യെഹൂദാഗോത്രത്തിലെ സിംഹം എന്നതിനു പുറമേ ദാവീദിന്റെ വേര് എന്നുള്ളതും ക്രിസ്തുവിന്റെ മശീഹാ നാമമാണ്. യെശയ്യാപ്രവചനത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള ഈ വിശേഷണം കാണുന്നു. **യെശ.11:1,10** — *"എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്നു ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പു ഫലം കായ്ക്കും.....അന്നാളിൽ വംശങ്ങൾക്കു കൊടിയായി നില്ക്കുന്ന യിശ്ശായിവേരായവനെ ജാതികൾ അന്വേഷിച്ചു വരും; അവന്റെ വിശ്രാമസ്ഥലം മഹത്വമുള്ളതായിരിക്കും."* യേശുക്രിസ്തുവിന്റെ മനുഷ്യത്വം സംബന്ധിച്ച് ദാവീദിന്റെ വേരിൽ (roots in David) നിന്നാണുത്ഭവിച്ചത്. എന്നാൽ യേശുക്രിസ്തുവിന്റെ ദൈവത്വം സംബന്ധിച്ച് ദാവീദിന്റെ വേരാണ് (Root of David). യേശുക്രിസ്തു ദാവീദിന്റെ വേരെന്നത് ദാവീദിന്റെയും ദൈവം എന്നതിനെയും, തന്റെ പുരാതനത്വത്തെയും കുറിക്കുന്നു. ദാവീദ് ക്രിസ്തുവിനെ കർത്താവു എന്നു പറയുന്നുവെങ്കിൽ ക്രിസ്തു ദാവീദിന്റെ പുത്രൻ ആകുന്നതെങ്ങനെ എന്നുള്ള കർത്താവിന്റെ ചോദ്യത്തിനു പരീശന്മാർക്കു ഉത്തരം പറയുവാൻ സാധിച്ചില്ല (മത്താ.22:41–46). കർത്താവിന്റെ മനുഷ്യത്വവും ദൈവത്വവും പരീശന്മാർക്കു മനസ്സിലാകാഞ്ഞതായിരുന്നു കാരണം. ക്രിസ്തു ദാവീദിന്റെ വേരിൽ നിന്നുത്ഭവിച്ചുവെന്നത് (roots in David) കർത്താവിന്റെ മനുഷ്യത്വത്തെയും, ക്രിസ്തു ദാവീദിന്റെ വേര് (Root of David) എന്നത് ക്രിസ്തുവിന്റെ ദൈവത്വത്തെയും പ്രകടമാക്കുന്നു. യേശു ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമെന്ന് വെളിപ്പാടിലും (വെളി.22:16), യേശു ദാവീദിനു മുള അഥവാ സന്തതി എന്ന പ്രയോഗം യിരെമ്യാപ്രവചനത്തിലും (യിരെ.23:5 /യിരെ.33:15) കാണുന്നു. കൂടാതെ മത്തായിയുടെ സുവിശേഷം ഒന്നാം അദ്ധ്യായത്തിലും, ലൂക്കൊസിന്റെ സുവിശേഷം മൂന്നാം അദ്ധ്യായത്തിലും വംശാവലി വിവരിക്കുന്ന വേളയിൽ യേശു ദാവീദിന്റെ സന്തതിയായി രേഖപ്പെടുത്തിയിരിക്കുന്നു. *"ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽ നിന്നു ജനിച്ചു"* എന്നു റോമർക്കെഴുതിയ ലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് വിവരിച്ചിരിക്കുന്നു (റോമ.1:5). *"ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതു ആകുന്നു എന്റെ സുവിശേഷം"* എന്നു പൗലൊസ് തിമൊഥെയൊസിനു എഴുതിയിരിക്കുന്നു (2.തിമൊ.2:8,9). ദാവീദിന്റെ വേര് എന്നുള്ളത് ക്രിസ്തു ദാവീദിന്റെ കുടുംബത്തിൽ നിന്നു ഉത്ഭവിച്ചതാണെന്നും, ആയതിനാൽ പഴയനിയമതിരുവെഴുത്തു പ്രകാരം ക്രിസ്തുമാണ് വാഗ്ദത്തമശിഹ എന്നതിനെയും കാണിക്കുന്നു.

**പുസ്തകവും അതിന്റെ ഏഴു മുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു —**

യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായ ക്രിസ്തുയേശു സർവ്വശക്തനായ ദൈവത്തിന്റെ വലങ്കയ്യിലിരിക്കുന്ന പുസ്തകവും അതിന്റെ ഏഴുമുദ്രകളും തുറപ്പാൻ ജയം പ്രാപിച്ചിരിക്കുന്നു എന്നു യോഹന്നാനോടു പറഞ്ഞു. യെഹൂദാഗോത്രത്തിലെ സിംഹം എന്നത് കർത്താവിന്റെ അധികാരത്തെയും സർവ്വശക്തിയെയും കുറിക്കുന്നു. കുഞ്ഞാടെന്ന വിശേഷണം ദൈവഹിതത്തിനു പരിപൂർണ്ണമായി തന്നെത്തന്നെ വിധേയമാക്കിയ സമർപ്പണത്തെയും അനുസരണത്തെയും കുറിക്കുന്നു. കുഞ്ഞാടെന്ന നിലയിൽ കാൽവറിയിൽ നടന്ന യാഗത്താൽ സകലദുഷ്ടത്മശക്തികളെയും തോല്പിച്ചു വിജയം കൊണ്ടാടി. സിംഹം എന്ന നിലയിൽ വരുവാനുള്ള അന്ത്യകാലയുദ്ധത്തിൽ (വെളി.19:19–21) സാത്താനെ പരിപൂർണ്ണമായി തോല്പിക്കും. ദാവീദിന്റെ വേരും, അവകാശിയും, സന്തതിയും മാത്രമല്ല ദാവീദിന്റെ നിത്യരാജത്വത്തിനു അവകാശിയുമായ കർത്താവു തന്നിൽ ആശ്രയിക്കുന്നവരെ രക്ഷിച്ചു അഭയം നൽകുവാൻ യോഗ്യനായിരിക്കുന്നു. യെഹൂദാ ഗോത്രത്തിലെ സിംഹം എന്ന നിലയിൽ സകല ശത്രുക്കളെയും നശിപ്പിച്ചു ഭരിക്കുവാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു. ദാവീദിന്റെ വേര്, യെഹൂദാഗോത്രത്തിലെ സിംഹം എന്നീ മശീഹാനാമങ്ങൾ ക്രിസ്തുവിൽ കൂടിയുള്ള രക്ഷയെയും, ക്രിസ്തുവിന്റെ ഭരണത്തെയും യഥാക്രമം വെളിപ്പെടുത്തുന്നു. ക്രൂശിൽ ഒരിക്കലും എന്നെന്നേക്കുമായി നടത്തിയ ശരീരയാഗത്താൽ പാപത്തെയും, മരണത്തെയും, സാത്താനെയും, വാഴ്ചകളെയും, അധികാരങ്ങളെയും തോല്പിച്ചു ജയോത്സവം നേടി. ദൈവത്തിന്റെ അഭിഷിക്തനായവൻ എന്ന നിലയിൽ ക്രിസ്തുവിനു സകലത്തിന്മേലും അവകാശവും അധികാരവും ലഭിക്കുവാനിടയായി. ദൈവത്തിന്റെ തുടർന്നുള്ള കാര്യപരിപാടികൾ പൂർത്തീകരിക്കുവാൻ യോഗ്യനായിരിക്കുന്നു.

**വെളി.5:6 — "ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്കുന്നതു കണ്ടു: അതിന്നു ഏഴു കൊമ്പും സർവ്വ ഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കൾ ആയ ഏഴു കണ്ണും ഉണ്ടു."**

യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴു മുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്ന വാക്കുകളെ കേട്ട യോഹന്നാൻ തേജോമയനായ സർവ്വശക്തനായ ദൈവം ഇരിക്കുന്ന സിംഹാസനത്തിലേക്കു തന്റെ ശ്രദ്ധയെ തിരിച്ചു. ഞാൻ കണ്ടു എന്ന പ്രസ്താവനയോടെ യോഹന്നാൻ ദൃശ്യം വിവരിക്കുന്നു. സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്കുന്നതു യോഹന്നാൻ കണ്ടു. അതായത് ശക്തനായ യെഹൂദാഗോത്രത്തിലെ സിംഹത്തെയും, സകലത്തെയും ജയിച്ചു വാഴുന്ന നിത്യരാജാവായ ദാവീദിന്റെ വേരുമായവനെയും കാണുവാനായി ആകാംക്ഷയോടെ നോക്കിയപ്പോൾ കണ്ടത് ഒരു കുഞ്ഞാടിനെയാണ്. എന്നാൽ ഇവിടെ വിവരിക്കുന്ന കുഞ്ഞാട് ഒരു ജന്തുവോ, മൃഗമോ അല്ല. കാരണം തുടർന്നുള്ള വാക്യത്തിൽ കുഞ്ഞാടിനെ "അവൻ " എന്നാണ് പറഞ്ഞിരിക്കുന്നത് (*"അവൻ വന്നു സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കയ്യിൽനിന്നു പുസ്തകം വാങ്ങി"* — വെളി.5:7). ചുരുക്കത്തിൽ യോഹന്നാൻ സ്വർഗ്ഗസിംഹാസനത്തിനടുത്തുകണ്ട കുഞ്ഞാട് കർത്താവായ യേശുക്രിസ്തു തന്നെ. മഹത്വത്തോടെ ഭരിക്കുന്ന ദാവീദിന്റെ നിരയിലുള്ള രാജാധിരാജാവും, സകലത്തിന്മേലും ന്യായവിധി നടത്തുന്ന യെഹൂദാഗോത്രത്തിലെ സിംഹവും ആകുന്നതിനു മുമ്പു ക്രിസ്തു കുഞ്ഞാടായി യോഹന്നാൻ ദർശിക്കുന്നത് ഏറ്റവും ഉചിതമായിരിക്കുന്നു.

കുഞ്ഞാടായി ചിത്രീകരിച്ചിരിക്കുന്ന കർത്താവു സകലരുടെയും മദ്ധ്യേയാണ് യോഹന്നാൻ കാണുന്നത്. സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും എന്നാണ് യോഹന്നാൻ ദൃശ്യം വിവരിച്ചിരിക്കുന്നത്. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ കർത്താവിനെ ആരും തിരിച്ചറിഞ്ഞില്ല. യഹൂദന്മാർ കർത്താവിനെ ക്രൂശിൽ തറച്ചു കൊന്നു. എന്നാൽ മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റ കർത്താവു മഹത്വവും അധികാരവുമുള്ളവനായി സ്വർഗ്ഗത്തിൽ സകലരുടെയും മദ്ധ്യത്തിലും എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചുകൊണ്ടും നിൽക്കുന്നു. നാലു ജീവികൾ സകല സൃഷ്ടികളെയും മൂപ്പന്മാർ സകല വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെയും പ്രതിനിധീകരിക്കുന്നു.,

പഴയനിയമത്തിൽ വീട്ടിൽ ഓമനിച്ചു വളർത്തുന്ന കുഞ്ഞാടെന്ന നിലയിൽ ഉപയോഗിച്ചു കാണുന്നത് നാഥാൻ പ്രവാചകൻ ദാവീദിന്റെ പാപത്തെ ഓർമ്മിപ്പിക്കുന്ന വേളയിലാണ്.(2.ശമൂ.12:1–4). പുതിയ നിയമത്തിൽ "കുഞ്ഞാട് "എന്നതിന് ഗ്രീക്കിൽ "അർനിയോൻ "(arnion) എന്നും "അംനോസ്" (amnos)എന്നുമുള്ള രണ്ടു പദങ്ങളാണുപയോഗിച്ചിരിക്കുന്നത്. അർനിയോൻ എന്നപദം വീട്ടിൽ വളർത്തുന്ന കുഞ്ഞാടിനും (a pet lamb), അംനോസ് എന്ന പദം യാഗത്തിനായുള്ള ആടിനുമാണ് (paschal/sacrificial) ഉപയോഗിച്ചിരിക്കുന്നത്. അർനിയോൻ അഥവാ വീട്ടിൽ വളർത്തുന്ന കുഞ്ഞാട് എന്ന രൂപത്തിൽ വെളിപ്പാടിൽ 31 പ്രാവശ്യവും യോഹന്നാന്റെ സുവിശേഷത്തിൽ ഒരു പ്രാവശ്യവും (യോഹ.21:15) പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു. പുതിയനിയമത്തിലെ മറ്റു ഭാഗങ്ങളിൽ കുഞ്ഞാട് എന്നതിനു

അംനോസ് അഥവാ യാഗത്തിനുള്ള കുഞ്ഞാട് എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (ഉദാ.യോഹ.1:29,36/ അപ്പൊ.8:32/1.പത്രൊ.1:19). ക്രിസ്തുവിന്റെ യാഗമരണം ക്രൂശിൽ പൂർത്തീകരിക്കപ്പെട്ടു പിതാവിനോടൊപ്പം ഇപ്പോൾ സ്വർഗ്ഗസിംഹാസനത്തിലായിരിക്കുന്നതിനാൽ, വെളിപ്പാടിൽ സാധാരണ കുഞ്ഞാടായാണ് അർനിയോൻ എന്ന ഗ്രീക്കു പദത്തിലൂടെ ചിത്രീകരിച്ചിരിക്കുന്നത്.

"കുഞ്ഞാട് " എന്ന പദം തിരുവചനത്തിൽ ആവർത്തിച്ചുപയോഗിച്ചിട്ടുണ്ട്. പുതിയനിയമത്തിൽ കർത്താവായ യേശുക്രിസ്തുവിനെയും, തന്റെ യാഗത്താലുള്ള വീണ്ടെടുപ്പു പ്രവർത്തനത്തെയും ഈ വിശേഷണം കുറിക്കുന്നു. ഉല്പത്തിപുസ്തകത്തിൽ ആദ്യമായി ഹാബേൽ ആടിനെ യാഗം കഴിക്കുന്നു (ഉല്പ.4:4). മോറിയാമലയിൽ വച്ചു യിസ്ഹാക്ക് അബ്രഹാമിനോടു ചോദിക്കുന്നു — "*തീയും വിറകുമുണ്ടു; എന്നാൽ ഹോമയാഗത്തിന്നു ആട്ടിൻകുട്ടി എവിടെ?* "(ഉല്പ.22:7). പെസഹകുഞ്ഞാടിന്റെ രക്തം സ്വന്തം ഭവനത്തിന്റെ വാതിലിന്റെ കട്ടളക്കാൽ രണ്ടിന്മേലും കുറുമ്പടിമേലും പുരട്ടി സംഹാരദൂതനിൽ നിന്നു വിടുതൽ പ്രാപിക്കുവാൻ മിസ്രയീമിൽ യിസ്രായേൽ മക്കളോടു യഹോവ കല്പിച്ചു(പുറ.12). മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ പ്രായശ്ചിത്തമായി കാൽവറിക്രൂശിൽ അകൃത്യയാഗമായിത്തീർന്ന കർത്താവിനെ കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടെന്ന രൂപത്തിൽ യെശയ്യാപ്രവാചകൻ വിവരിക്കുന്നു (യെശ.53). യോഹന്നാൻ സ്നാപകൻ യേശുക്രിസ്തുവിനെ ചൂണ്ടിക്കാട്ടി വിളിച്ചു പറയുന്നു – "*ഇതാ, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്* "(യോഹ.1:29). അപ്പൊസ്തലനായ പത്രൊസ് പറയുന്നു – "*വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ*" (1.പത്രൊ.1:18,19). സ്വർഗ്ഗീയഗായകസംഘം കുഞ്ഞാടിന്റെ മുമ്പാകെ വീണു വന്ദിച്ചു പാടുന്നു – "*അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു*" (വെളി.5:12). പഴയനിയമഭാഗങ്ങളിൽ യാഗം കഴിക്കപ്പെടുന്ന ആടിനാൽ പാപം മറെക്കപ്പെടുന്നു(യെശ.53:7); എന്നാൽ ദൈവത്തിന്റെ കുഞ്ഞാടിന്റെ ഒരിക്കലും എന്നെന്നേക്കുമുള്ള ഒറ്റ യാഗത്താൽ തന്നിലൂടെ പാപം കഴുകിക്കളയപ്പെടുന്നു(എബ്രാ.10:1-18).

യോഹന്നാൻ ക്രിസ്തുവിനെ സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ അറുക്കപ്പെട്ട കുഞ്ഞാടായി കാണുന്നു. കുഞ്ഞാടെന്നത് കർത്താവിന്റെ ഒന്നാം വരവിലെ പ്രതീകമായിരുന്നു. താഴ്മയും, അനുസരണവും, സമർപ്പണവുമുള്ളവനായി, ഒരു കുഞ്ഞാടെന്നപോലെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി ക്രൂശിൽ മരിച്ചു. എന്നാൽ സിംഹം എന്ന രൂപം തന്റെ രണ്ടാം വരവിനോടുള്ള സാഹചര്യത്തെ കുറിക്കുന്നു. നീതിയോടും ന്യായത്തോടും ഭരിക്കുകയും ന്യായവിധി നടത്തുന്ന തന്റെ ശക്തിയെയും അധികാരത്തെയും ഇതു കുറിക്കുന്നു.

തുടർന്നു കുഞ്ഞാടിന്റെ മൂന്നു പ്രത്യേകതകൾ ഈ വാക്യത്തിൽ വിവരിച്ചിരിക്കുന്നു. (1) അറുക്കപ്പെട്ട കുഞ്ഞാട് (2) ഏഴു കൊമ്പുള്ള കുഞ്ഞാട് (3) ഏഴു കണ്ണുള്ള കുഞ്ഞാട്. അറുക്കപ്പെട്ട എന്നത് യാഗമരണത്തെയും (sacrificial death), ഏഴു പൂർണ്ണതയെയും (perfection/completenewss), കൊമ്പ് അധികാരത്തെയും (power/authority), കണ്ണ് അറിവിനെയും (wisdom)കുറിക്കുന്നു.

**(1) അറുക്കപ്പെട്ട കുഞ്ഞാട് — ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്കുന്നതു കണ്ടു (**stood a Lamb as though it had been slain**)—**

സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്കുന്നതു യോഹന്നാൻ കണ്ടു. സ്വർഗ്ഗസിംഹാസനത്തിൽ പിതാവിനോടൊപ്പം ഇരിക്കുകയായിരുന്ന കർത്താവിനെ യോഹന്നാൻ നേരത്തേ കണ്ടിരുന്നില്ല. കാരണം സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശമായ പ്രഭയും, മരതകത്തോടു സദൃശമായ പച്ചവില്ലും, വെള്ളയുടുപ്പു ധരിച്ചു തലയിൽ പൊൻകിരീടവും അണിഞ്ഞു സിംഹാസനങ്ങളിൽ ഇരിക്കുന്ന മൂപ്പന്മാരും, ഇതിനു പുറമേ മുഴക്കവും ഇടിനാദവും, പളുങ്കിനൊത്ത കണ്ണാടിക്കടലും, ജീവികളും എല്ലാം തന്നെ യോഹന്നാനെ അത്ഭുതപ്പെടുത്തിയിട്ടുണ്ടാകണം. പുസ്തകം വാങ്ങുവാനും മുദ്ര പൊട്ടിപ്പാനും ആരെങ്കിലും ഉണ്ടോ എന്നുള്ള ദൂതന്റെ ഘോഷത്തിൽ പിതാവിനോടൊപ്പം സിംഹാസനത്തിൽ ഇരിക്കുകയായിരുന്ന പുത്രൻ മുന്നോട്ടു വന്നു. ദാവീദിന്റെ വേരും, യെഹൂദാഗോത്രത്തിലെ സിംഹവും അവകാശം പ്രാപിച്ചിരിക്കയാൽ കരയേണ്ടാ എന്നു മൂപ്പന്മാരിൽ ഒരുവൻ പറയുന്നതു കേട്ടു അവിടേക്കു ശ്രദ്ധയോടെ നോക്കിയപ്പോൾ കണ്ടത് കുഞ്ഞാടിനെയാണ്. ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്കുന്നതു ഞാൻ കണ്ടു എന്നാണ് യോഹന്നാൻ പ്രസ്താവിച്ചത്. അറുക്കപ്പെട്ട എന്ന വിശേഷണം യാഗത്തോടു ബന്ധത്തിൽ യഹൂദന്മാർക്കു വേഗം മനസ്സിലാകുന്നതാണ്. യാഗപീഠത്തിൽ വെച്ച് യാഗമൃഗത്തിന്റെ കഴുത്താണ് അറുക്കുന്നത്. അക്ഷരാർത്ഥത്തിൽ പറഞ്ഞാൽ അറുക്കപ്പെട്ട എന്നതിനു കഴുത്തു അറുത്തതെന്നു പറയാം (as it had been slain = as it had been throat cut). അറുക്കപ്പെട്ട (slain)

എന്നതിന് ഗ്രീക്കിൽ സ്ഫാട്ടോ (sphatto) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ക്രൂരമായ മരണത്തെയോ, ഭയാജനകമായ രീതിയിൽ കൊലപ്പെടുത്തുന്നതിനെയോ ഈ പദം അർത്ഥമാക്കുന്നു. കാൽവറിക്രൂശിലെ മരണം ഇപ്രകാരമുള്ളതായിരുന്നു. കയീൻ ഹാബേലിനെ കൊന്നു എന്നതിനു ഈ പദം ഉപയോഗിച്ചിട്ടുണ്ട്. **1.യോഹ.3:12 —** *"കയീൻ ദുഷ്ടനിൽ നിന്നുളവായി സഹോദരനെ കൊന്നതുപോലെ അല്ല; അവനെ കൊല്ലുവാൻ സംഗതി എന്തു? "* (Not as Cain, who was of that wicked one, and **slew** his brother). ഇതാ കാൽവറിയിൽ അറുക്കപ്പെട്ട കുഞ്ഞാടായ യേശുക്രിസ്തു മരണത്തെ ജയിച്ചു യോഹന്നാന്റെ മുമ്പിൽ ജീവനോടെ നിൽക്കുന്നു. അതേസമയം ജീവിച്ചിരിക്കുന്ന കുഞ്ഞാടു കാൽവറിയിൽ പ്രായശ്ചിച്ച മരണം നടന്നതിന്റെ തെളിവായി ഇപ്പോഴും ശരീരത്തിൽ യാഗത്താൽ അറുക്കപ്പെട്ട അടയാളം വഹിക്കുന്നു. ഇതു താൻ ക്രൂശീകരണത്തോടനുബന്ധിച്ചു സഹിച്ച പീഡകളുടെ അടയാളമാണ്(യോഹ.20:24-28).മനുഷ്യൻ പാപത്താൽ നഷ്ടപ്പെടുത്തിയ സകലവും തിരികെ ലഭിക്കുവാൻ ദൈവം ഒരുക്കിയ വ്യവസ്ഥകൾ നിറവേറ്റുവാനായി ചാർച്ചക്കാരനായി, വീണ്ടെടുപ്പു വില കാൽവറിയിൽ നൽകിക്കൊണ്ടു സ്വർഗ്ഗസിംഹാസനത്തിന്റെ മുമ്പിൽ യോഗ്യതനേടി നിൽക്കുന്നു.

**(2) ഏഴു കൊമ്പുള്ള കുഞ്ഞാട് —അതിന്നു ഏഴു കൊമ്പും —**

കുഞ്ഞാടിനെ നോക്കിയപ്പോൾ യോഹന്നാൻ കണ്ട മറ്റൊരു പ്രത്യേക അതിനു ഏഴു കൊമ്പുണ്ടായിരുന്നു എന്നതാണ്. അറുക്കപ്പെട്ട അടയാളം ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗത്തെ വെളിപ്പെടുത്തുന്നുവെങ്കിൽ ഏഴു കൊമ്പുകൾ സർവ്വശക്തിയെ (Omnipotence)പ്രകടമാക്കുന്നു. ക്രിസ്തു അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിലെങ്കിലും തന്റെ ശക്തിക്കോ അധികാരത്തിനോ ബലഹീനത സംഭവിച്ചിട്ടില്ല. തിരുവചനത്തിൽ കൊമ്പു പൊതുവേ ശക്തിയെ വെളിപ്പെടുത്തുന്നതു കൂടാതെ രാജകീയ അധികാരത്തെയും വെളിപ്പെടുത്തുന്നു.(ആവ.33:17/1.ശമൂ.2:1,10/2.ശമൂ.22:3/1.രാജാ.22:11/സങ്കീ.18:2/സങ്കീ.75:10/ സങ്കീ.89:17,24/സങ്കീ.92:10/സങ്കീ.112:9/സങ്കീ.132:17/യിരെ.48:25/ദാനീ.7:20,21/ദാനീ.8:5/മീഖാ.4:13/സെഖ.1:18/ ലൂക്കൊ.1:71). ഏഴു എന്ന സംഖ്യ സമ്പൂർണ്ണതയെ കുറിക്കുന്നു. ആകയാൽ യോഹന്നാന്റെ ദർശനത്തിൽ കണ്ട ഏഴു കൊമ്പുള്ള കുഞ്ഞാട് എന്നുള്ള വിശേഷണം കുഞ്ഞാടിന്റെ സമ്പൂർണ്ണശക്തിയെ അഥവാ സർവ്വശക്തൻ (Omnipotence) എന്നതിനെയും രാജകീയപ്രൗഢിയെയുമാണ് (Kingly power) വ്യക്തമാക്കുന്നത്.

**(3) ഏഴു കണ്ണുള്ള കുഞ്ഞാട് — സർവ്വ ഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കൾ ആയ ഏഴു കണ്ണും ഉണ്ടു —**

യോഹന്നാൻ കണ്ട കുഞ്ഞാടിന്റെ മറ്റൊരു പ്രത്യേകത സർവ്വഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കൾ ആയ ഏഴു കണ്ണും ഉണ്ടായിരുന്നുവെന്നതാണ്. ഏഴു സമ്പൂർണ്ണതയെ കുറിക്കുന്നു. കണ്ണു കാഴ്ചശക്തിയെയും ജ്ഞാനത്തെയും വെളിപ്പെടുത്തുന്നു (Omniscience). കർത്താവിന്റെ ദൃഷ്ടിയിൽ നിന്നോ അറിവിൽ നിന്നോ മറഞ്ഞിരിക്കുന്നത് യാതൊന്നും ഇല്ല എന്നാണിതിനർത്ഥം. ഏഴു കണ്ണുകൾ ഉള്ള ഒരു കല്ലിനെക്കുറിച്ചു സെഖര്യാപ്രവചനത്തിൽ പറയുന്ന ഭാഗത്തോടു ഇതിനു സാമ്യമുണ്ട്. **സെഖ.3:9 —** *"ഞാൻ യോശുവയുടെ മുമ്പിൽ വെച്ചിരിക്കുന്ന കല്ലുണ്ടല്ലോ; ഒരേ കല്ലിന്മേൽ ഏഴു കണ്ണുകൾ ഉണ്ടു; ഞാൻ അതിന്റെ കൊത്തുപണി കൊത്തും; ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു."* **സെഖ.4:10 --** *"സർവ്വഭൂമിയിലും ഊടാടിച്ചെല്ലുന്ന യഹോവയുടെ ഈ ഏഴു കണ്ണു സെരുബ്ബാബേലിന്റെ കയ്യിലുള്ള തൂക്കുകട്ട കണ്ടു സന്തോഷിക്കുന്നു."* ഈ പ്രവചനഭാഗം ക്രിസ്തുവിനോടു ബന്ധപ്പെടുത്തിയാൽ കർത്താവിന്റെ സർവ്വജ്ഞാനത്തെയും സർവ്വസാന്നിദ്ധ്യത്തെയും കാണാം. യേശുക്രിസ്തുവാകുന്ന കല്ലിലെ ഏഴു കണ്ണുകൾ തന്നിലുള്ള സമ്പൂർണ്ണജ്ഞാനത്തെ കാണിക്കുന്നു. കാൽവറിയിൽ നടന്ന യാഗത്താൽ കൊത്തുപണി പൂർത്തിയായി. ആ ദിവസത്തിൽ നടന്ന അകൃത്യയാഗം ലോകത്തിനു രക്ഷാകാരണമായിത്തീർന്നു. ഏഴു കണ്ണു സർവ്വജ്ഞാനത്തെയും, സർവ്വഭൂമിയിലും ഊടാടിച്ചെല്ലുന്നു എന്നുള്ളതു സർവ്വസാന്നിദ്ധ്യത്തെയും കുറിക്കുന്നു.

ഏഴു ദൈവാത്മാക്കൾ എന്നത് പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണതയെ കുറിക്കുന്നു. *"ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു"* എന്നു വെളി.4:5-ൽ പറഞ്ഞിട്ടുണ്ട്. സഭ ഭൂമിയിൽ നിന്നും ഉത്പ്രാപണത്തിൽ എടുക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവും സ്വർഗ്ഗത്തിലേക്കു മാറ്റപ്പെടും. പരിശുദ്ധാത്മാവിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ സ്വർഗ്ഗത്തിൽ കേന്ദ്രീകരിച്ചായിരിക്കും. സഭാ കാലത്തിനു ശേഷം ഭൂമിയിൽ പീഡനകാലം ആരംഭിക്കുമ്പോൾ ഭൂമിയിലെ ന്യായവിധി ത്വരിതപ്പെടുത്തുവാൻ പരിശുദ്ധാത്മാവും ഏഴു ദീപങ്ങൾ അഥവാ ജ്വലിക്കുന്ന തീപന്തങ്ങൾ എന്നപോലെ പ്രവർത്തിക്കുമെന്നു കണ്ടു. യോഹന്നാൻ കണ്ട കുഞ്ഞാടിന്റെ പ്രത്യേകതയിൽ *"സർവ്വഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കൾ "* എന്നതിൽ വ്യക്തമാകുന്നത് പരിശുദ്ധാത്മാവ് അതിന്റെ സമ്പൂർണ്ണതയിൽ ഭൂമിയിലെല്ലായിടത്തും സർവ്വസാന്നിദ്ധ്യം കുറിക്കുന്നു (Omnipresence). ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്ത

കർത്താവു കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ ഭൂമിയിലേക്കു അയച്ചു. പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തി (യോഹ.16:8) ഇക്കാലത്തു പാപികളെ രക്ഷയിലേക്കു നടത്തുന്നു. എന്നാൽ സഭായുഗത്തിനു ശേഷം സ്വർഗ്ഗത്തിലേക്കു മാറ്റപ്പെട്ട പരിശുദ്ധാത്മാവു പീഡനകാലത്തു പാപികൾക്കുള്ള ന്യായവിധി ത്വരിതപ്പെടുത്തുന്നു. പീഡനകാലത്ത് ന്യായവിധിയോടുള്ള ബന്ധത്തിൽ സകല പാപികളെയും ശോധനചെയ്തു ന്യായം വിധിക്കും. അതോടൊപ്പം തന്നെ ചില പ്രത്യേക കൂട്ടത്തിന്റെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവു പ്രവർത്തിക്കും എന്നുള്ളതും *"സർവ്വഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കൾ"* എന്നതിൽ നിന്നും ചിന്തിക്കാം.

*"ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്കുന്നതു കണ്ടു: അതിന്നു ഏഴു കൊമ്പും സർവ്വ ഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കൾ ആയ ഏഴു കണ്ണും ഉണ്ടു"* — കുഞ്ഞാടിന്റെ പ്രത്യേകതയിൽ കാണുന്ന കൊമ്പു കർത്താവിന്റെ സർവ്വശക്തി (Omnipotence), ദൈവാത്മാക്കൾ കർത്താവിന്റെ സർസാന്നിദ്ധ്യം (Omnipresence), കണ്ണു കർത്താവിന്റെ സർവ്വജ്ഞാനം (Omniscience) എന്നിവയെ വെളിപ്പെടുത്തുന്നു. ഏഴു എന്നത് സമ്പൂർണ്ണതയെയും വ്യക്തമാക്കുന്നു.

ആദാം മുഖാന്തരം നഷ്ടപ്പെട്ട സകലതും വീണ്ടെടുക്കുവാൻ ചാർച്ചക്കാരൻ എന്ന നിലയിൽ കർത്താവായ യേശുക്രിസ്തു യോഗ്യനായിത്തീർന്നു. യേശുക്രിസ്തു തന്റെ സ്വന്തരക്തത്താൽ കാൽവറിയാഗത്തിലൂടെയാണ് ഇതിനു യോഗ്യത നേടിയത്. ഭൂമിയിന്മേലുള്ള ന്യായവിധി നടത്തുന്നതിനെയും ദൈവീകപദ്ധതികളുടെ പൂർത്തീകരണവും അടങ്ങിയ മുദ്രിതചുരുൾ സിംഹാസനസ്ഥനായ പിതാവായ ദൈവത്തിൽ നിന്നു വാങ്ങുവാൻ പോകുന്നു. ഈ ചുരുൾ വാങ്ങുവാൻ യോഗ്യനായ ആരുമില്ലെങ്കിൽ വന്നു സംഭവിച്ചേക്കാവുന്ന കാര്യങ്ങളെ ഓർത്തപ്പോൾ യോഹന്നാൻ ഏറ്റവും കരയുവാൻ ഇടയായി. എന്നാൽ യോഹന്നാൻ യോഗ്യനായ ചാർച്ചക്കാരനായ വീണ്ടെടുപ്പുകാരനെ നോക്കിയപ്പോൾ കണ്ടത് -- അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിലാണ്. യെഹൂദാഗോത്രത്തിലെ സിംഹവും, ദാവീദിന്റെ വേരുമായവൻ സ്വർഗ്ഗസിംഹാസനത്തിന്റെ മുമ്പിൽ തന്റെ യാഗമരണത്തിന്റെ അടയാളവും വഹിച്ചുകൊണ്ടു നിൽക്കുന്നു. സിംഹത്തെയും, രാജാവിനെയും കാണുവാൻ ആകാംക്ഷയോടെ നോക്കിയ യോഹന്നാൻ കണ്ടത് ഒരു കുഞ്ഞാടു അറക്കപ്പെട്ടതുപോലെയുള്ള രൂപം ആയിരുന്നു. നമ്മുടെ പ്രാണനാഥന്റെ പ്രൗഢിയും, ഗാംഭീര്യവും, മഹത്വവും ഒക്കെ കാണുന്നതിനു മുമ്പായി നാഥൻ നമുക്കുവേണ്ടി അനുഭവിച്ച കഷ്ടതയുടെ ചിത്രം അനുസ്മരിക്കുന്നത് എത്രയോ ശ്രേഷ്ടമായിരിക്കുന്നു. ആയിരങ്ങളിൽ പതിനായിരങ്ങളിൽ സുന്ദരനും ശ്രേഷ്ടനും എന്നു വർണ്ണിക്കപ്പെട്ടവൻ ഇതാ പാപികളും ദോഷികളുമായവരുടെ എന്നന്നേക്കുമായുള്ള ഉദ്ധാരണമടങ്ങിയ മുദ്രിതഗ്രന്ഥം വാങ്ങുവാൻ നിൽക്കുന്നത് അവർക്കുവേണ്ടി ജീവൻ വെച്ചു കൊടുത്തതിന്റെ അടയാളം ശരീരത്തിൽ വഹിച്ചു കൊണ്ടാണ്. *"അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും, അവന്നു രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല"*(യെശ.52:14). *"എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു: നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി"*(യെശ.53:2-5) എന്നു യെശയ്യാ പ്രവാചകൻ വിവരിക്കുന്നു. സിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുന്ന കുഞ്ഞാടായ നമ്മുടെ കർത്താവു തന്റെ ശരീരത്തിൽ വഹിക്കുന്ന മുറിവിന്റെ പാടുകൾ നമ്മുടെ വീണ്ടെടുപ്പിനായി, നിത്യശിക്ഷാവിധിയിൽ നിന്നു നമുക്കു എന്നേക്കുമുള്ള വിടുതൽ ലഭിക്കുവാനായി താൻ ക്രൂശീകരണത്തിലൂടെ സഹിച്ച കഷ്ടാനുഭവങ്ങളുടെ ചിത്രമാണ്. യോഹന്നാൻ സ്വർഗ്ഗത്തിൽ മഹത്വസമ്പൂർണ്ണനായ കർത്താവിനെ തന്റെ സകല പ്രതാപത്തോടും കൂടി കാണുന്നതിനു മുമ്പു കണ്ട രംഗം എത്രയോ ഞെട്ടിപ്പിക്കുന്നതും, വേദനിപ്പിക്കുന്നതുമായ കാഴ്ചയായിരുന്നു. ആയതുപോലെ നാമും സ്വർഗ്ഗത്തിൽ എത്തുമ്പോൾ നമ്മുടെയും കണ്ണുകൾ ചെന്നു പതിക്കുന്നത് — അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ — നമ്മുടെ വീണ്ടെടുപ്പിനു വേണ്ടി ശരീരത്തിൽ അടയാളങ്ങൾ വഹിക്കുന്ന നമ്മുടെ അരുമനാഥനിലേക്കായിരിക്കും എന്നതും യോഹന്നാന്റെ ദർശനം വിശദമാക്കുന്നു. ആ കാഴ്ച നമ്മുടെ സ്നേഹം പതിന്മടങ്ങു വർദ്ധിക്കുവാൻ കാരണമാകും. കർത്താവിന്റെ ഉന്നതി കാണുമ്പോൾ നമ്മിൽ കർത്താവിനോടുള്ള ഭയവും, ഭക്തിയും, ബഹുമാനവും ഉളവാകുമെങ്കിൽ, നമുക്കുവേണ്ടി തന്റെ ശരീരത്തിൽ വഹിക്കുന്ന മുറിവിന്റെ പാടുകളെ കാഴ്ച കർത്താവിനോടുള്ള അപ്രമേയസ്നേഹമായിരിക്കും നമ്മിൽ നിന്നു ഉളവാകുന്നത്.

**വെളി.5:7 — "അവൻ വന്നു സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കയ്യിൽ നിന്നു പുസ്തകം വാങ്ങി."**

*"ഇവിടെ കയറി വരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചു തരാം"* (വെളി.4:1) എന്നുള്ള കല്പന കേട്ട യോഹന്നാൻ ആത്മവിവശനായി സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുകയും അവിടത്തെ

കാഴ്ചകൾ ഒന്നൊന്നായി കണ്ടു കൊണ്ടിരിക്കയാണ്. സ്വർഗ്ഗത്തിലെ കാഴ്ചകളിൽ ഏറ്റവും പ്രധാനമായ ഒരു രംഗത്തിനു യോഹന്നാൻ സാക്ഷ്യം വഹിക്കുന്നു. ലോകത്തിലെ സകലസൃഷ്ടിക്കും വിശേഷാൽ മനുഷ്യവർഗ്ഗത്തിന്റെ ഉദ്ധാരണത്തിനും, അതിൻപ്രകാരം വീണ്ടെടുക്കപ്പെട്ടവർക്കുമായി ഒരുക്കിയിരിക്കുന്ന ദൈവത്തിന്റെ നിത്യനിർണ്ണയത്തിൻ കാര്യപരിപാടികൾ ഉൾക്കൊള്ളുന്നതുമായ പുസ്തകച്ചുരുൾ വാങ്ങുവാൻ അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ കർത്താവു യോഗ്യനായിരിക്കുന്നു. സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും അറുക്കപ്പെട്ട കുഞ്ഞാടെന്നപോലെ നിന്ന കർത്താവു മുന്നോട്ടു വന്നു സിംഹാസനത്തിൽ ഇരിക്കുന്ന പിതാവായ ദൈവത്തിന്റെ വലങ്കയ്യിൽ നിന്നു പുസ്തകം വാങ്ങി. ദാവീദിന്റെ വേരും, യെഹൂദാഗോത്രത്തിലെ സിംഹവും എന്ന ഉന്നതിയുള്ള കർത്താവ്, കാൽവറിയിൽ പൂർത്തിയാക്കിയ യാഗത്തിലൂടെ വീണ്ടെടുപ്പു വില നൽകി കഴിഞ്ഞു. ക്രൂശീകരണത്തിൽ സഹിച്ച കഷ്ടാനുഭവങ്ങളെ വെളിപ്പെടുത്തുന്ന ശരീരത്തിലെ പാടുകൾ സ്വർഗ്ഗത്തിലും തന്നിൽ കാണുന്നു. ക്രൂശീകരണത്തിൽ സഹിച്ച വ്യഥകളെയും പീഡനങ്ങളെയും ഓർമ്മിപ്പിക്കുന്ന അറുക്കപ്പെട്ട അടയാളത്തോടു കൂടി വന്നു കർത്താവ് പുസ്തകം വാങ്ങി.

*"ഇവിടെ കയറി വരിക"* എന്നുള്ള ഗംഭീരധ്വനിയാൽ യോഹന്നാൻ ആത്മവിവശനായി സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടത് സഭയുടെ ഉത്പ്രാപണത്തെക്കുറിക്കുന്നു എന്നു കണ്ടു. തുടർന്നു വിവിധ കാഴ്ചകൾ കണ്ട യോഹന്നാൻ ദൈവത്തിന്റെ വലങ്കയ്യിലിരിക്കുന്ന മുദ്രിതച്ചുരുൾ കർത്താവു വാങ്ങുന്നതിനു സാക്ഷ്യം വഹിക്കുന്നു. ഇതിനു ശേഷം ഭൂമിയിൽ പീഡനകാലം ആരംഭിക്കുന്ന കാര്യങ്ങൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്നു. അതായത് സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷവും, പീഡനകാലത്തിന്റെ ആരംഭത്തിനു മുമ്പും സ്വർഗ്ഗത്തിൽ നടക്കുന്ന അതിമഹത്തായ രംഗമാണ് അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ കർത്താവ് മുദ്രയുള്ള പുസ്തകം വാങ്ങുന്നത്.

**വെളി.5:8 — "വാങ്ങിയപ്പോൾ നാലു ജീവികളും ഇരുപത്തുനാലു മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാടിന്റെ മുമ്പാകെ വീണു."**

വെളി.5:8 മുതൽ അവസാന വാക്യമായ 14 വരെ സ്വർഗ്ഗത്തിൽ ആരാധനയുടെ രംഗങ്ങളാണ് യോഹന്നാൻ വിവരിക്കുന്നത്. വാക്യം 8 മുതൽ 10 വരെ നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും, 11 മുതൽ 14 വരെ സകല സൃഷ്ടികളും (ജീവികളും, മൂപ്പന്മാരും, ദൂതന്മാരും) കുഞ്ഞാടിനെ ആരാധിച്ചു മഹത്വപ്പെടുത്തുന്നു.

സ്വർഗ്ഗത്തിൽ നാലു ജീവികളും, ഇരുപത്തിനാലു മൂപ്പന്മാരും കുഞ്ഞാടിന്റെ മുമ്പാകെ വീണു വന്ദിക്കുന്നു —

സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ അറുക്കപ്പെട്ടപോലെ നിന്ന കുഞ്ഞാടായ കർത്താവു ദൈവത്തിന്റെ വലങ്കയ്യിലിരുന്ന പുസ്തകം വാങ്ങി. ഏഴു മുദ്രയാൽ മുദ്രയിട്ട പ്രസ്തുത പുസ്തകം വാങ്ങിയ നിമിഷത്തിൽ സ്വർഗ്ഗത്തിലെ രംഗങ്ങൾ കുഞ്ഞാടിനെ പ്രകീർത്തിക്കുന്ന സന്തോഷത്തിന്റെയും, സ്തുതിയുടെയും, ആരാധനയുടെയും രംഗങ്ങളായിത്തീർന്നു. ആ മഹൽസംഭവത്തിനു സാക്ഷ്യം വഹിച്ച യോഹന്നാൻ പ്രസ്തുതരംഗം ഇപ്രകാരം വർണ്ണിക്കുന്നു — *"വാങ്ങിയപ്പോൾ നാലു ജീവികളും ഇരുപത്തുനാലു മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാടിന്റെ മുമ്പാകെ വീണു."* നാലാം അദ്ധ്യായത്തിൽ ഇരുപത്തിനാലു മൂപ്പന്മാരും, നാലു ജീവികളും സർവ്വശക്തനായ ദൈവത്തെ ആരാധിക്കുന്നതായി യോഹന്നാൻ കണ്ടു. സർവ്വശക്തനായ ദൈവത്തിനു നൽകിയ ആരാധനയുടെ രംഗങ്ങൾ ഇവിടെയും കുഞ്ഞാടിനോടു ബന്ധത്തിലും കാണുന്നു. സർവ്വശക്തനായ പിതാവായ ദൈവത്തിനു അർപ്പിച്ച ആരാധന കർത്താവിനും നൽകുന്നതു വഴി, ക്രിസ്തുവിന്റെ ദൈവത്വത്തെയും ദൈവീകത്രിത്വത്തിൽ രണ്ടാമൻ എന്നതിനെയും പ്രകടമാക്കുന്നു. ഇരുപത്തിനാലു മൂപ്പന്മാർ വീണ്ടെടുക്കപ്പെട്ട സകല വിശുദ്ധന്മാരെയും നാലു ജീവികൾ ദൈവത്തിന്റെ സകലസൃഷ്ടികളെയും കുറിക്കുന്നുവെന്നു നാലാം അദ്ധ്യാത്തിൽ കണ്ടു. ഇവർ ഇരു കൂട്ടരും സകലത്തിനും യോഗ്യനും മഹോന്നതനുമായ കർത്താവിനെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നതായി യോഹന്നാൻ കണ്ടു. ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാടിന്റെ മുമ്പാകെ വീണു വണങ്ങി നമസ്കരിക്കുന്നു. വീണ (harp) പാട്ടിനെ (Song) അഥവാ സ്തുതിയെ (Praise) കുറിക്കുന്നു. ധൂപവർഗ്ഗം നിറഞ്ഞ പൊൻ കലശം (golden bowls full of incense) പ്രാർത്ഥനയെ (Prayer)കുറിക്കുന്നു. അതായത് ആരാദ്ധ്യപുരുഷനായ അറുക്കപ്പെട്ട കുഞ്ഞാടായ ക്രിസ്തുവിനു സകല വിശുദ്ധന്മാരും സൃഷ്ടികളും ഒത്തൊരുമിച്ചു സ്ത്രോത്രവും, പ്രാർത്ഥനയും (Praise and Prayer) അർപ്പിക്കുന്നു. നാലുജീവികളും ഇരുപത്തിനാലു മൂപ്പന്മാരും ഒരുമിച്ചു ആരാധനയിൽ പങ്കു ചേരുന്നുവെങ്കിലും വീണയും പൊൻകലശവും എടുക്കുന്നത് മൂപ്പന്മാർ മാത്രമാണ്. നാലുജീവികളും ഇവ രണ്ടും എടുക്കുന്നുവെന്നു ഈ വാക്യത്തിൽ തോന്നുന്നുവെങ്കിലും മൂലഭാഷയായ ഗ്രീക്കിൽ മൂപ്പന്മാർമാത്രമാണ് ഇവ എടുക്കുന്നതെന്നു ഈ വാക്യത്തിന്റെ വാചകഘടനയിൽ നിന്നു മനസ്സിലാക്കുന്നതെന്നു പറയപ്പെടുന്നു.

കൂടാതെ ദൂതന്മാരോ, ജീവികളോ വാദ്യോപകരണങ്ങളാൽ സ്തുതിഗാനം ആലപിക്കുന്നതായി തിരുവചനത്തിൽ കാണുന്നില്ല. ഇവ രണ്ടും വീണ്ടെടുക്കപ്പെട്ട പുരോഹിതവർഗ്ഗത്തിന്റെ സ്തുതിസ്തോത്രങ്ങളടങ്ങിയ ആരാധനയോടു ബന്ധപ്പെട്ടിരിക്കുന്നു.

**വീണ (harp) —–**

വീണ പൊതുവേ വാദ്യോപകരണമെന്ന നിലയിൽ സംഗീതത്തോടു ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമതിരുവചനഭാഗങ്ങളിൽ വീണ ഒന്നാമതായി ആരാധനയോടു ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തെ സ്തുതിച്ചു ആരാധിക്കുന്ന വേളയിൽ വീണ ഉപയോഗിച്ചിരുന്നു — ഉദാ —

> 2.ശമൂ6:5 —ദാവീദും യിസ്രായേൽ ഗൃഹമൊക്കെയും യഹോവയുടെ മുമ്പാകെ വീണയോടു കൂടി നൃത്തം ചെയ്തു.

>1.ദിന.15:16 —ദൈവത്തിന്റെ പെട്ടകം യെരൂശലേമിലേക്കു കൊണ്ടു വരുമ്പോൾ വീണ, കിന്നരം, കൈത്താളം എന്നീ വാദ്യങ്ങളാൽ സന്തോഷനാദം ഉയർത്തുവാൻ ദാവീദ് സംഗീതക്കാരെ ഏർപ്പെടുത്തി.

> 1.ദിന.16:5 — പെട്ടകം യെരൂശലേമിൽ കൊണ്ടു വന്നു സ്ഥാപിച്ചപ്പോൾ ദൈവത്തെ വന്ദിച്ചു സ്തോത്രം ചെയ്യുന്ന വേളയിൽ വീണ ഉപയോഗിക്കുന്നു.

> 2.ദിന.29:25 — ഹിസ്കീയാരാജാവ് ദൈവാലയശുദ്ധീകരണം നടത്തിയ ശേഷം ലേവ്യരെ കൈത്താളങ്ങളോടും വീണകളോടും കിന്നരങ്ങളോടും കൂടെ യഹോവയുടെ ആലയത്തിൽ നിറുത്തി.

സങ്കീ.33:2 — യഹോവെക്കു പത്തു കമ്പിയുള്ള വീണകൊണ്ടു സ്തുതി പാടുവാൻ ആഹ്വാനം ചെയ്തിരിക്കുന്നു.

> സങ്കീ.144:9 — പത്തു കമ്പിയുള്ള വീണകൊണ്ടു യഹോവക്കു കീർത്തനം ചെയ്യുമെന്നു ദാവീദ് പറഞ്ഞിരിക്കുന്നു.

> സങ്കീ.150:3 --ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കുമ്പോൾ വിവിധ വാദ്യോപകരണങ്ങളോടൊപ്പം വീണയോടും കിന്നരത്തോടും സ്തുതിക്കുവാൻ ആഹ്വാനം ചെയ്തിരിക്കുന്നു.

രണ്ടാമതായി വീണ പഴയനിയമഭാഗങ്ങളിൽ പ്രവചനത്തോടുള്ള സന്ദർങ്ങളിൽ ഉപയോഗിച്ചിരുന്നതായി കാണുന്നു.

> ബെന്യാമിൻ ഗോത്രത്തിലെ കീശിന്റെ മകനായ ശൗൽ അപ്പന്റെ കാണാതായ കഴുതകളെ തേടിപ്പോയി. യാത്രാമദ്ധ്യേ ശമൂവേൽപ്രവാചകൻ ദൈവകല്പനപ്രകാരം ശൗലിനെ രാജാവായി അഭിഷേകം ചെയ്തു. യഹോവ തന്റെ അവകാശത്തിനു പ്രഭുവായി അഭിഷേകം ചെയ്തതിൽ ആശ്ചര്യം തോന്നിയ ശൗലിനു മൂന്നു അടയാളങ്ങൾ ശമൂവേൽ കൊടുക്കുന്നു. ഒന്ന് — റാഹേലിന്റെ കല്ലറെക്കരികെ വെച്ചു രണ്ടാളെക്കാണും. രണ്ട് — താബോരിലെ കരുവേലകത്തിന്നരികെ മൂന്നുപേരെ കാണും. മൂന്ന് — ഫെലിസ്ത്യരുടെ പട്ടാളം ഉള്ള ദൈവഗിരിയിൽ എത്തുമ്പോൾ ഒരു പ്രവാചക കൂട്ടത്തെ കാണും. യഹോവയുടെ ആത്മാവു ശൗലിന്മേൽ വന്നിട്ടു അവനും പ്രവാചഗണത്തോടൊപ്പം പ്രവചിക്കും. **1.ശമൂ.10:5 —** "അതിന്റെ ശേഷം നീ ഫെലിസ്ത്യരുടെ പട്ടാളം ഉള്ള ദൈവഗിരിക്കു എത്തും; അവിടെ പട്ടണത്തിൽ കടക്കുമ്പോൾ മുമ്പിൽ വീണ, തപ്പു, കുഴൽ, കിന്നരം എന്നിവയോടു കൂടെ പൂജാഗിരിയിൽ നിന്നു ഇറങ്ങി വരുന്ന ഒരു പ്രവാചകഗണത്തെ കാണും; അവർ പ്രവചിച്ചു കൊണ്ടിരിക്കും. യഹോവയുടെ ആത്മാവു ശക്തിയോടെ നിന്റെ മേൽ വന്നിട്ടു നീയും അവരോടുകൂടെ പ്രവചിക്കയും ആൾ മാറിയതുപോലെ ആയിത്തീരുകയും ചെയ്യും."

> യിസ്രായേൽ രാജാവായ യെഹോരാമും, യെഹൂദാരാജാവായ യെഹോശാഫാത്തും, ഏദോം രാജാവും കൂടി ഏലീശാപ്രവാചകന്റെ സമീപം വന്നു യഹോവയുടെ അരുളപ്പാടിനു കാത്തു നിന്നു. അപ്പോൾ എലീശാപ്രവാചകൻ ആവശ്യപ്പെട്ടതിൻ പ്രകാരം വീണക്കാരൻ വന്നു വീണ വായിച്ചപ്പോൾ അവർക്കു പ്രവചനം ലഭിച്ചു. **2.രാജാ.3:15 —** *"എന്നാൽ ഇപ്പോൾ ഒരു വീണക്കാരനെ എന്റെ അടുക്കൽ കൊണ്ടു വരുവിൻ എന്നു പറഞ്ഞു. വീണക്കാരൻ വായിക്കുമ്പോൾ യഹോവയുടെ കൈ അവന്റെ മേൽ വന്നു."*

>ദൈവാലയത്തിലെ വിവിധശുശ്രൂഷകളിൽ ആളുകളെ വേർതിരിച്ചപ്പോൾ സംഗീത ശുശ്രൂഷക്കായി കിന്നരം, വീണ, കൈത്താളം എന്നിവകൊണ്ടു പ്രവചിക്കുന്നവരെ വേർതിരിച്ചുവെന്നു രേഖപ്പെടുത്തിയിരിക്കുന്നു. **1.ദിന.25:1 —** *"ദാവീദും സേനാപതിമാരും കിന്നരം, വീണ, കൈത്താളം എന്നിവകൊണ്ടു പ്രവചിക്കുന്നവരായ ആസാഫിന്റെയും ഹേമാന്റെയും യെദൂഥൂന്റെയും പുത്രന്മാരെ ശുശ്രൂഷകൾക്കായി വേർതിരിച്ചു."*

ദൈവത്തെ സ്തുതിച്ചു ആരാധിക്കുന്ന വേളയിലും, പ്രവചനവേളകളിലും പഴയനിയമഭാഗങ്ങളിൽ വീണ ഉപയോഗിച്ചിരുന്നതായി കണ്ടു. സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ ഇരുപത്തിനാലു മൂപ്പന്മാർ വീണയെടുത്തുകൊണ്ടു കുഞ്ഞാടായ ക്രിസ്തുവിന്റെ മുമ്പിൽ വീഴുന്നത് വീണ്ടെടുപ്പുകാരനായ ക്രിസ്തുവിനെ ആരാധിക്കുന്നതും മാത്രമല്ല തുടർന്നു സംഭവിക്കേണ്ടുന്ന കാര്യങ്ങളടങ്ങിയ പ്രവചനങ്ങളുടെ ആരംഭവുമായി കണക്കാക്കാം.

**ധൂപവർഗ്ഗം നിറഞ്ഞ പൊൻ കലശം (golden bowls full of incense) —**

ഇരുപത്തുനാലു മൂപ്പന്മാരും ഓരോരുത്തൻ വീണക്കു പുറമേ വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാടിന്റെ മുമ്പാകെ വീണു എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശം സമാഗമനകൂടാരത്തിലും ശലോമോന്റെ ദൈവാലയത്തിലും പുരോഹിതന്മാർ ഉപയോഗിച്ചിരുന്നതാണ്. സമാഗമനകൂടാരത്തിലെ വിശുദ്ധസ്ഥലത്തു തങ്കവിളക്ക്, കാഴ്ചയപ്പത്തിന്റെ മേശ, ധൂപപീഠം എന്നിവയുണ്ടായിരുന്നു. ധൂപപീഠം, ധൂപകശം എന്നിവയെപ്പറ്റി പുറപ്പാടിലും എബ്രായ ലേഖനത്തിലും വിവരിച്ചിട്ടുണ്ട്. ധൂപകലശത്തെപ്പറ്റി എബ്രായലേഖനത്തിൽ പറഞ്ഞിരിക്കുന്നത് — **എബ്രാ.9:3 —** *"രണ്ടാം തിരശ്ശീലെക്കു പിന്നിലോ അതിവിശുദ്ധം എന്ന കൂടാരം ഉണ്ടായിരുന്നു. അതിൽ പൊന്നു കൊണ്ടുള്ള ധൂപകലശവും മുഴുവനും പൊന്നു പൊതിഞ്ഞ നിയമപെട്ടകവും അതിന്നകത്തു മന്ന ഇട്ടുവെച്ച പൊൻ പാത്രവും അഹരോന്റെ തളിർത്ത വടിയും നിയമത്തിന്റെ കല്പലകകളും അതിന്റെ മീതെ കൃപാസനത്തെ മൂടുന്ന തേജസ്സിന്റെ കെരൂബുകളും ഉണ്ടായിരുന്നു."* വിശുദ്ധസ്ഥലത്തു വെച്ചിരുന്ന ധൂപപീഠത്തിലെ ഉപയോഗത്തിനായുള്ള സുഗന്ധധൂപവർഗ്ഗനിർമ്മാണത്തെക്കുറിച്ചും (പുറ.30:34-38) മോശെക്കു കല്പന കൊടുത്തിരുന്നു. **പുറ.30:36 --** *"നീ അതിൽ ഏതാനും ഇടിച്ചു പൊടിയാക്കി, ഞാൻ നിനക്കു വെളിപ്പെടുവാനുള്ള സമാഗമനകൂടാരത്തിലെ സാക്ഷ്യത്തിന്നു മുമ്പാകെ വെക്കേണം; അതു നിങ്ങൾക്കു അതിവിശുദ്ധമായിരിക്കേണം."* തീയിൽ ധൂപവർഗ്ഗം ഇട്ടു ദൈവവാസസ്ഥലത്തെ മുഴുവനും സുഗന്ധപൂരിതമാക്കുവാനായിരുന്നു അവിടെ സൂക്ഷിച്ചിരുന്ന പൊന്നുകൊണ്ടുള്ള ധൂപകലശം. ഇതിന്റെ സൗരഭ്യവാസന അതിവിശുദ്ധസ്ഥലത്തു നിറയുമ്പോൾ യഹോവ അതിൽ പ്രമോദിക്കുന്നു.

പൊന്നുകൊണ്ടുണ്ടാക്കിയ ധൂപകലശത്തിൽ സൂക്ഷിച്ചിരുന്ന ധൂപവർഗ്ഗം പ്രാർത്ഥനയെ കുറിക്കുന്നു. **ആവ.33:10 —** *"അവർ നിന്റെ സന്നിധിയിൽ സുഗന്ധധൂപവും യാഗപീഠത്തിന്മേൽ സർവ്വാംഗഹോമവും അർപ്പിക്കും."* **സങ്കീ.141:2 —** *"എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നതു സന്ധ്യായാഗമായും തീരട്ടെ."* **ലൂക്കൊ.1:9-11 —** *"അവൻ കൂറിന്റെ ക്രമപ്രകാരം ദൈവസന്നിധിയിൽ പുരോഹിതനായി ശുശ്രൂഷ ചെയ്തു വരുമ്പോൾ: പൗരോഹിത്യമര്യാദപ്രകാരം കർത്താവിന്റെ മന്ദിരത്തിൽ ചെന്നു ധൂപം കാട്ടുവാൻ അവന്നു നറുക്കു വന്നു. ധൂപം കാട്ടുന്ന നാഴികയിൽ ജനസമൂഹം ഒക്കെയും പുറത്തു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അപ്പോൾ കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നവനായിട്ടു അവന്നു പ്രത്യക്ഷനായി."* **വെളി.8:3,4 —** *"മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി വന്നു യാഗപീഠത്തിന്നരികെ നിന്നു. സിംഹാസനത്തിൻ മുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിന്നു വളരെ ധൂപവർഗ്ഗം അവന്നു കൊടുത്തു."*

ഇരുപത്തുനാലു മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാടിന്റെ മുമ്പാകെ വീണു എന്നതിൽ ഇവിടെ പറഞ്ഞിരിക്കുന്നതുപോലെ ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശം വിശുദ്ധന്മാരുടെ പ്രാർത്ഥനയെ കുറിക്കുന്നു. എന്നാൽ ഈ വാക്യത്തിനെ അടിസ്ഥാനപ്പെടുത്തി പ്രാർത്ഥനയെ തെറ്റായി വ്യാഖ്യാനിക്കുന്നവരുണ്ട്. റോമൻ കത്തോലിക്കസഭ മരിച്ച വിശുദ്ധന്മാരിലൂടെ പ്രാർത്ഥനക്കു പ്രാധാന്യം നൽകുന്നത് ഇതിലുൾപ്പെടുന്നു. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്ന വിശുദ്ധന്മാരുടെ പ്രാർത്ഥന മദ്ധ്യസ്ഥപ്രാർത്ഥനയാണെങ്കിൽ കൂടി ഇതിനൊരു പ്രത്യേകതയുണ്ട്. ക്രിസ്തു വാനമേഘങ്ങളിൽ വരികയും വിശുദ്ധന്മാർ സ്വർഗ്ഗത്തിൽ കർത്താവിനോടൊപ്പം വസിക്കുകയും ചെയ്യുന്നതാണ് സന്ദർഭം. ഈ നിലയിൽ സ്വർഗ്ഗത്തിൽ ഉയരുന്ന പ്രാർത്ഥന ദൈവം ആരംഭിച്ചിരിക്കുന്ന മനുഷ്യന്റെ ഉദ്ധാരണവും, വീണ്ടെടുപ്പിന്റെ വേലകളും പൂർത്തിയാകുന്നതിനു വേണ്ടിയുള്ളതാണെന്നതാണ് പ്രത്യേകത. സകലകാലത്തെയും വിശുദ്ധന്മാരുടെ പ്രാർത്ഥനയായ *"നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ"* (മത്താ.6:10), സകലശത്രുക്കളെയും നശിപ്പിക്കേണമേ, സാത്താന്റെ പ്രവർത്തനങ്ങളെ എന്നേക്കും നശിപ്പിക്കേണമേ എന്നിങ്ങനെയുള്ള അപേക്ഷകൾക്കു ദൈവം ഉത്തരമരുളിയിട്ടില്ല. കൂടാതെ പീഡനകാലത്തും മഹോപദ്രവകാലത്തും ഭൂമിയിൽ ആയിരിക്കുന്ന വിശുദ്ധന്മാർ ദൈവത്തിങ്കലേക്കു നോക്കി നിലവിളിക്കുന്നു. ഈ വക പ്രാർത്ഥനകളെല്ലാമാണ് ഇരുപത്തിനാലു മൂപ്പന്മാർ സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ പുരോഹിതന്മാർ എന്ന നിലയിൽ അർപ്പിക്കുന്നത്.

**വെളി.5:9,10 — "പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിന്നായി വിലെക്കു വാങ്ങി; (വെളി.5:10) ഞങ്ങളുടെ ദൈവത്തിന്നു അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ടു അവർ പാടുന്നു."** (And they sang a new song, saying: Worthy are You to take the book, And to break

its seals; For You were slain, And purchased for God with Your blood, men from every tribe and tongue and people and nation. You have made them to be the kingdom and priests to our God; And they will reign upon the earth)

ദൈവത്തിന്റെ വലങ്കയ്യിൽ നിന്നു കുഞ്ഞാടു പുസ്തകം വാങ്ങിയ നിമിഷം സ്വർഗ്ഗം സന്തോഷത്തിന്റെയും സ്തുതിയുടെയും രംഗമായിത്തീർന്നു. സകലരുടെയും ശ്രദ്ധ കുഞ്ഞാട് അഥവാ ക്രിസ്തുവിൽ ആയിരുന്നു. നാലുജീവികളും മൂപ്പന്മാരും വീണയും, വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചു കൊണ്ടു കുഞ്ഞാടിന്റെ അഥവാ കർത്താവിന്റെ മുമ്പാകെ വീണു വന്ദിച്ചു. തുടർന്നു യോഹന്നാൻ കേട്ടത് അവർ കുഞ്ഞാടിനെ സ്തുതിച്ചു പാടിയ ഗീതമായിരുന്നു. അവർ ഒരു പുതിയ പാട്ടാണ് പാടിയതെന്നും പറഞ്ഞിരിക്കുന്നു. അവർ ആലപിച്ച പുതിയ പാട്ട് സപ്തസമ്പൂർണ്ണമായ സ്തോത്രഗീതമായിരുന്നു.

വെളിപ്പാട് നാലാം അദ്ധ്യായത്തിൽ സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുന്നത് ദൈവത്തിന്റെ സൃഷ്ടി പ്രവർത്തങ്ങളെ അഥവാ ദൈവം സകലത്തിന്റെയും സൃഷ്ടാവ് (Gods work of Creation -- Creator—വെളി.4:11) എന്ന നിലയിലാണ്. എന്നാൽ ഇവിടെ സ്തുതി ഉയരുന്നത് പുത്രനായ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിനായി പൂർത്തീകരിച്ച വീണ്ടെടുപ്പു വേലയെ അഥവാ വീണ്ടെടുപ്പുകാരൻ (Christs work of redemption -- Redeemer — വെളി.5:9,10) എന്നതിനെ ഓർത്തുകൊണ്ടാണ്.

യോഹന്നാൻ സ്വർഗ്ഗത്തിൽ കേട്ട പുതിയ പാട്ട് വീണ്ടെടുപ്പു ഗാനത്തെ കുറിക്കുമ്പോൾ ഇതു പാടിയത് ആരാണ് എന്നതിനെ കുറിച്ചു വിവിധ അഭിപ്രായങ്ങളുണ്ട്. ദൂതന്മാരും, ജീവികളും, മൂപ്പന്മാരും ഒരുമിച്ചു പാടിയതാണെന്നു പറയപ്പെടുന്നുവെങ്കിലും ഇതു ശരിയല്ല. തങ്ങൾക്കു ലഭിച്ച വീണ്ടെടുപ്പിന്റെ കാര്യങ്ങൾ പുതിയ പാട്ടിൽ ഉൾക്കൊള്ളുന്നതിനാൽ ദൂതന്മാരും ജീവികളും ഇതിലില്ല. കാരണം ദൈവം അവർക്കായി വീണ്ടെടുപ്പു പ്രവർത്തനങ്ങൾ നടത്തിതായിട്ടോ അതിനുള്ള ആവശ്യകതയോ കാണുന്നില്ല. വീണ്ടെടുപ്പു ലഭിച്ച യിസ്രായേലാണ് പുതിയ ഗാനം പാടുന്നതെന്നു മറ്റൊരഭിപ്രായമുണ്ടെങ്കിലും ഇതും ശരിയല്ല. കാരണം *"സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെക്കു വാങ്ങി"* എന്നുള്ളത് യിസ്രായേലിനു മാത്രം പാടാവുന്ന അനുഭവമല്ല. എന്നാൽ യോഹന്നാൻ സ്വർഗ്ഗത്തിൽ കേട്ട പുതിയഗാനം ഇരുപത്തിനാലു മൂപ്പന്മാർ പാടിയതാണ്. അവർ സ്വർഗ്ഗത്തിലേക്കു പീഡനകാലത്തിനു മുമ്പിൽ എടുക്കപ്പെട്ട വിശ്വാസികളുടെ കൂട്ടമായ സഭയെ കുറിക്കുന്നു. അവർ യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ എന്ന നിലയിൽ അവർക്കു ലഭിച്ച അനുഗ്രഹവും, പദവിയും ആണ് പാട്ടിലെ സാരാംശം. അവരാണ് *"സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെക്കു വാങ്ങി"* എന്ന അനുഭവമുള്ളവർ. *"അതിൽ യവനനും യെഹൂദനും എന്നില്ല, പരിച്ഛേദനയും അഗ്രചർമ്മവും എന്നില്ല, ബർബ്ബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ എന്നുമില്ല..............."*(കൊലൊ.3:11); *"അതിൽ യെഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രേ."* (ഗലാ.3:28).

സ്വർഗ്ഗത്തിൽ യോഹന്നാൻ കേട്ട പുതിയഗാനം വീണ്ടെടുക്കപ്പെട്ടവരായ ദൈവമക്കൾ ആലപിച്ച സപ്തസമ്പൂർണ്ണമായ സ്തോത്രഗീതമായിരുന്നു. അവർക്കു ലഭിച്ച വീണ്ടെടുപ്പിനോടു ബന്ധത്തിൽ ഏഴു കാര്യങ്ങൾ അവരുടെ സ്തുതിയിൽ മുഴങ്ങിക്കേൾക്കുന്നു.

**(1) നീ യോഗ്യൻ —**

**പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ —** ( Worthy are You to take the book, And to break its seals) ---

ക്രിസ്തു സകലത്തിനും യോഗ്യൻ എന്നാണവർ ആദ്യമായി പാടുന്നത്. അറുക്കപ്പെട്ട കുഞ്ഞാട്, ദാവീദിന്റെ വേര്, യെഹൂദാഗോത്രത്തിലെ സിംഹം, രാജാധിരാജാവ്, സകലത്തെയും സൃഷ്ടിച്ചവൻ, സകലത്തിന്റെയും ലാക്കും കാരണഭൂതനും എന്നിങ്ങനെ വിവിധ നിലകളിൽ ക്രിസ്തു ഉന്നതൻ ആയിരിക്കുന്നു. "പുസ്തകം വാങ്ങുവാനും മുദ്ര പൊട്ടിപ്പാനും" എന്നത് ദൈവം തയ്യാറാക്കിയ വീണ്ടെടുപ്പിന്റെ തുടർമാന പ്രവൃത്തികൾ നടത്തുവാൻ അധികാരമുള്ളവൻ എന്നതിനെ വെളിപ്പെടുത്തുന്നു. ആദാമിലൂടെ മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ടതൊക്കെയും വീണ്ടെടുക്കുവാൻ ചാർച്ചക്കാരനും, മനസ്സുള്ളവനും, പ്രാപ്തിയുള്ളവനും എന്ന നിലയിൽ ക്രിസ്തു യോഗ്യനായ വീണ്ടെടുപ്പുകാരനാണ്. കാൽവറിയിൽ നടന്ന യാഗത്താൽ വീണ്ടെടുപ്പിനു വഴി ഒരുക്കി. ഭൂമിയിന്മേലുള്ള ന്യായവിധി നടത്തുന്നതിനും, രാജ്യം സ്ഥാപിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന മുദ്രിതഗ്രന്ഥം പിതാവിന്റെ വലങ്കയ്യിൽ നിന്നു ഏറ്റു വാങ്ങി. നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും കുഞ്ഞാടായ ക്രിസ്തുവിന്റെ മുമ്പാകെ വീണു അവർ ഉച്ചത്തിൽ സ്തോത്രസ്വരം പുറപ്പെടുവിക്കുന്നു — "പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ."

**(2) നീ അറുക്കപ്പെട്ടു —** (For You were slain) —

*"ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നിൽക്കുന്നതു കണ്ടു"* (വെളി.5:6) എന്നുള്ള യോഹന്നാന്റെ പ്രസ്താവന തന്നെയാണ് ഇവരുടെ സ്തുതിഗാനത്തിലും മുഴങ്ങി കേട്ടത്. ക്രൂശിലെ യാഗത്താൽ ക്രിസ്തു മരിച്ചുവെങ്കിലും, മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റവനായി സകലരുടെയും ശ്രദ്ധയാകർഷിച്ചുകൊണ്ടു അവരുടെ മദ്ധ്യേ ഒരു കുഞ്ഞാടു അറുക്കപ്പെട്ടപോലെ നിൽക്കുകയാണ്. എന്നാൽ ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ വസിക്കുമ്പോഴും കർത്താവിന്റെ ശരീരത്തിൽ താൻ പൂർത്തീകരിച്ച യാഗത്തിന്റെ അടയാളം വഹിക്കുന്നു. കർത്താവിന്റെ ശരീരത്തിലെ മുറിവേറ്റ പാടുകളെ നോക്കികൊണ്ടു വീണ്ടെടുക്കപ്പെട്ടവരായ തന്റെ വിശുദ്ധന്മാർ നന്ദിയുള്ള ഹൃദയത്തോടെ പാടുകയാണ് കർത്താവേ ഞങ്ങൾക്കു വേണ്ടി "നീ അറുക്കപ്പെട്ടു." അതായത് പാപം മൂലം ഞാൻ മരിക്കേണ്ട സ്ഥാനത്തു കർത്താവു മരിച്ചു. ഞാൻ സഹിക്കേണ്ട സകല ശിക്ഷകളും എന്റെ കർത്താവ് സന്തോഷത്തോടെ സ്വയം ഏറ്റു വാങ്ങി എനിക്കു പകരക്കാരനായി ക്രൂശിൽ മരിച്ചു. എന്നിങ്ങനെയുള്ള ചിന്തകളോടെ അവർ കർത്താവിന്റെ ശരീരത്തിലെ പാടുകളെ കണ്ടു നന്ദിയോടെ പാടി സ്തുതിക്കുന്നു.

**(3) നിന്റെ രക്തം കൊണ്ട്** — (And purchased for God with Your blood)—

കർത്താവു തങ്ങളെ വീണ്ടെടുക്കുവാനായി കൊടുത്ത വിലയെകുറിച്ചു ചിന്തിച്ചു പാടുന്നു. കർത്താവേ "നിന്റെ രക്തം കൊണ്ട് " ഞങ്ങളുടെ വീണ്ടെടുപ്പു നടത്തിയിരിക്കുന്നു എന്നാണവർ പാടുന്നത്. രക്തം കൊണ്ടു വിലയ്ക്കു വാങ്ങി എന്നത് ക്രിസ്തുവിന്റെ കാൽവറി മരണത്തെയാണ് സൂചിപ്പിക്കുന്നത്. അതായത് കർത്താവായ യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്താലാണ് വീണ്ടെടുപ്പു ലഭിച്ചത്. **1.യോഹ.1:6 —** *"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."* **1.പത്രൊ.1:18,19 —** *"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി, മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ ക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ."* **എബ്രാ.9:12 --** *"ആട്ടുകൊറ്റന്മാരുടെയും പശുക്കിടാങ്ങളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കമുള്ളോരു വീണ്ടെടുപ്പു സാധിപ്പിച്ചു."*

**(4) സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ —**(Men from every tribe and tongue and people and nation) —

കർത്താവിന്റെ വീണ്ടെടുപ്പു വേലയുടെ ഫലം ആർക്കൊക്കെ ലഭിച്ചു അഥവാ ഫലവ്യാപ്തിയെ കുറിച്ചു പാടുന്നു. നാലു കൂട്ടരെ കുറിച്ചു ഇവിടെ പറഞ്ഞിരിക്കുന്നു. നാല് എന്ന സംഖ്യ ലോകത്തെ (world)കുറിക്കുന്നതോടൊപ്പം സാർവ്വത്രികത്വത്തെയും (universality -- worldwide) വെളിപ്പെടുത്തുന്നു. സകലഗോത്രത്തിലും (tribe / kindred), ഭാഷയിലും (tongue /language), വംശത്തിലും (people /race), ജാതിയിലും (nation/culture) ഉള്ളവർക്കാണ് വീണ്ടെടുപ്പിന്റെ പ്രയോജനം ലഭിച്ചത്. ഈ നാലു കൂട്ടരെക്കുറിച്ചു വീണ്ടും വെളിപ്പാടിൽ പറഞ്ഞിട്ടുണ്ട് (വെളി.7:9/11:9/14:6). "ഗോത്രം" പൂർവ്വപരമ്പരയെയും, "ഭാഷ" എന്നത് വിവിധ ഭാഷകൾ സംസാരിക്കുന്നവരെയും, "വംശം" സകല മനുഷ്യകുലങ്ങളെയും, "ജാതി" വിവിധ സംസ്കാരത്തിലും വിശ്വാസത്തിലുമുള്ളവരെയും കുറിക്കുന്നു. ലോകത്തിലുള്ള സകലർക്കും വേണ്ടിയാണ് ക്രിസ്തു രക്ഷാമാർഗ്ഗം ഒരുക്കിയത്.

സർവ്വഗോത്രത്തിലും, ഭാഷയിലും, വംശത്തിലും, ജാതിയിലും ഉൾപ്പെട്ടവരായ വീണ്ടെടുക്കപ്പെട്ടവർ സ്വർഗ്ഗത്തിൽ സിംഹാസനത്തിനുമുമ്പാകെ ദൈവത്തെ സ്തുതിക്കുന്നു. ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ ഏതെങ്കിലും പ്രത്യേക കൂട്ടത്തിനു വേണ്ടി മാത്രമല്ലെന്നതിനെയും ഇതു കുറിക്കുന്നു. വിശ്വാസത്തോടും അനുതാപഹൃദയത്തോടും ക്രിസ്തുവിന്റെ അടുക്കൽ വരുന്ന ഏവനെയും ദൈവം സ്വീകരിക്കുന്നു. ആയതിനാൽ വീണ്ടെടുപ്പിന്റെ രക്ഷണ്യസുവിശേഷം പങ്കുവെയ്ക്കുമ്പോൾ പ്രത്യേക അതിർ വരമ്പുകൾ ഇടാതെയും സംശയിക്കാതെയും സകലരോടും സുവിശേഷം അറിയിക്കുക. സകലരെയും ദൈവം തന്റെ രാജ്യത്തിലാക്കുവാൻ സന്മനസ്സുള്ളവനാണ്.

അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ കർത്താവു നിറവേറ്റിയ കാൽവറിയാഗത്തിന്റെ നിഴൽ ഉല്പത്തി മുതൽ വെളിപ്പാടുവരെ കാണുന്നു. ഉല്പത്തിയിൽ യിസ്ഹാക്കിനു പകരമായി ദൈവം ഒരുക്കിയ ആട്ടിൻ കുട്ടിയിലൂടെയുള്ള കരുതൽ (ഉല്പ.22) ഒരു വ്യക്തിക്കുള്ള കർത്താവിന്റെ വീണ്ടെടുപ്പിനെയും പ്രായച്ഛിത്ത മരണത്തെയും കുറിക്കുന്നു. പെസഹാ കുഞ്ഞാടിനാലുള്ള സംരക്ഷണം (പുറ.12) ഓരോ കുടുംബത്തിനും ലഭിക്കുകയുണ്ടായത് കുടുംബങ്ങൾക്കു കർത്താവിലൂടെയുള്ള സംരക്ഷണം വെളിപ്പെടുത്തുന്നു. കൊല്ലുവാൻ കൊണ്ടു പോകുന്ന, വായെതുറക്കാതെ നിൽക്കുന്ന കുഞ്ഞാടെന്ന നിലയിൽ യെശയ്യാപ്രവാചകൻ വർണ്ണിക്കുന്നത്(യെശ.53) യിസ്രായേലിനോടു ബന്ധിക്കുന്നതാണെങ്കിലും ക്രിസ്തുവിലൂടെ രാഷ്ട്രങ്ങൾക്കുള്ള സംരക്ഷണം കുറിക്കുന്നു. ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നു യോഹന്നാൻ സ്നാപകൻ ചൂണ്ടിക്കാട്ടിയ കുഞ്ഞാട് ലോകത്തിനു മുഴുവൻ

രക്ഷാകാരണമായി. വെളിപ്പാടു പുസ്തകത്തിൽ യോഹന്നാൻ സാക്ഷീകരിക്കുന്ന അറുക്കപ്പെട്ട കുഞ്ഞാട് (വെളി.5)സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവർക്കു പുതിയ പാട്ടു അഥവാ വീണ്ടെടുപ്പിന്റെ ഗാനം പാടുവാൻ സാധിച്ചു. അതായത് ക്രിസ്തുവിന്റെ യാഗമരണം സർവ്വലോകത്തിനും രക്ഷാകാരണമായി.

**(5) ദൈവത്തിനായി വിലെക്കു വാങ്ങി —** (Purchased for God)—

വീണ്ടെടുപ്പിന്റെ ലക്ഷ്യത്തെക്കുറിച്ചു തുടർന്നു പാടുന്നു. ദൈവത്തിനായി അവരെ വിലയ്ക്കു വാങ്ങുക എന്നതായിരുന്നു ക്രിസ്തുവിന്റെ യാഗമരണത്തിന്റെ ഉദ്ദേശം. "വീണ്ടെടുക്കുക" എന്ന പദം പുരാതനകാലങ്ങളിൽ അടിമചന്തയിൽ നിന്നു അടിമകളെ വിലെക്കു വാങ്ങുന്നതിനെ കുറിക്കുന്നു. വീണ്ടെടുക്കുക എന്നതിനു പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദം "അഗോറാസോ" (agorazo) എന്നാണ്. അടിമചന്തയിൽ നിന്നു അടിമയെ വിലയ്ക്കു വാങ്ങിയശേഷം സ്വതന്ത്രമാക്കി വിട്ടയക്കുന്നതിനെ ഈ പദം കുറിക്കുന്നു. യഥാർത്ഥത്തിൽ കർത്താവും പാപികളായവർക്കുവേണ്ടി വീണ്ടെടുപ്പുവേല നിവർത്തിച്ചതും ഇപ്രകാരമായിരുന്നു. ക്രൂശിൽ തന്റെ ജീവൻ നൽകി ഉടമസ്ഥാവകാശം ദൈവത്തിനായി വിലയ്ക്കു വാങ്ങുകയായിരുന്നു. അതായത് അവർ ദൈവത്തിന്റെ വകയായിരിക്കേണ്ട തിനാണ് രക്തം കൊണ്ടു വിലയ്ക്കു വാങ്ങിയത്. ഇപ്രകാരം സാത്താന്റെ കയ്യിൽ നിന്നും എന്നെന്നേക്കും സ്വതന്ത്രരാക്കി ദൈവത്തിന്റെ വകയാക്കി.

**(6) ഞങ്ങളുടെ ദൈവത്തിന്നു അവരെ രാജ്യവും പുരോഹിതന്മാരും ആക്കി വെച്ചു —** (And have made them to be the kingdom and priests to our God)—

ക്രിസ്തുവിന്റെ വീണ്ടെടുപ്പിനാൽ അവർക്കു ലഭിച്ച പദവികളെ ഓർത്തു വീണ്ടും പാടുന്നത് — ഞങ്ങളുടെ ദൈവത്തിന്നു അവരെ രാജ്യവും പുരോഹിതന്മാരും ആക്കി വെച്ചു എന്നാണ്. വീണ്ടെടുക്കപ്പെട്ടവർ ദൈവീകഭരണത്തിൻ കീഴിലുള്ള പ്രത്യേക കൂട്ടമെന്ന നിലയിൽ അവർ ദൈവരാജ്യത്തിന്റെ ഭാഗമാണ്. ആസ്യയിലെ ഏഴു സഭകൾക്കുള്ള ദൂതു യോഹന്നാൻ ആരംഭിക്കുമ്പോൾ വിശ്വാസികൾക്കായി ക്രിസ്തു ചെയ്ത പ്രവർത്തനങ്ങളെ വർണ്ണിക്കുന്നത് — **വെളി.1:6 —** "*നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു* **തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു** *എന്നെന്നേക്കും മഹത്വവും ബലവും; ആമേൻ.*" രാജ്യം എന്നത് വിശ്വാസത്താലുള്ള നീതീകരണം വഴിയായി ദൈവരാജ്യത്തിന്നു അവകാശികളായതിനെക്കുറിക്കുന്നു. **കൊലൊ.1:12,13 —** "*വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിന്നായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ* **സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെയ്ക്കുകയും** *ചെയ്ത പിതാവിന്നു സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു.*"

വീണ്ടെടുക്കപ്പെട്ടവർ ദൈവരാജ്യത്തിന്റെ ഭാഗവും, രാജാക്കന്മാരുമാണ്. കൂടാതെ അവർ പുരോഹിതന്മാരുമാണ്. പുരോഹിതന്മാരെന്നത് അവർക്കു ദൈവസന്നിധിയിൽ ധൈര്യത്തോടു ചെല്ലുവാനുള്ള സ്വാതന്ത്ര്യത്തെയും, പദവിയെയും കുറിക്കുന്നു. യിസ്രായേൽ ദൈവത്തിന്റെ നിക്ഷേപമെന്ന നിലയിൽ പൗരോഹിത്യവും, രാജത്വവും, വിശുദ്ധജനം എന്ന നാമവും ലഭിച്ചവരായിരുന്നു. **പുറ.19:5,6 —** "*ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ടു അനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്കു സകല ജാതികളിലും വെച്ചു പ്രത്യേക സമ്പത്തായിരിക്കും. ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ. നിങ്ങൾ എനിക്കു ഒരു പുരോഹിതരാജത്വവും വിശുദ്ധജനവും ആകും.*" **യെശ.61:6 --** "*നിങ്ങളോ യഹോവയുടെ പുരോഹിതന്മാർ എന്നു വിളിക്കപ്പെടും; നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകന്മാർ എന്നും നിങ്ങൾക്കു പേരാകും.*" യേശുക്രിസ്തുവിൽ വിശ്വസിച്ചു പാപമോചനം ലഭിച്ച പുതിയ നിയമയിസ്രായേലിനു ലഭിച്ച പദവികളെക്കുറിച്ചു പത്രൊസ് പറഞ്ഞിരിക്കുന്നതു നോക്കുക. **1.പത്രൊ.2:9,10 —** "*നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.*" പുരോഹിതന്മാർ എന്ന നിലയിൽ ഇന്നു വിശ്വാസികൾക്കു ദൈവസന്നിധിയിൽ ധൈര്യത്തോടെ കടന്നു ചെല്ലാം. എല്ലാവിശ്വാസികളും പുരോഹിതന്മാരാകയാൽ യേശുക്രിസ്തുവാകുന്ന മഹാപുരോഹിതനല്ലാതെ മറ്റൊരു മനുഷ്യമദ്ധ്യസ്ഥന്റെയും ആവശ്യവുമില്ല. **1.പത്രൊ.2:5 —** "*നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീകഗൃഹമായി യേശുക്രിസ്തുമുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിതവർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു.*" **എബ്രാ.4:16 —** "*അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക.*" വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ പുരോഹിതന്മാരാകയാൽ, പിതാവായ ദൈവത്തിന്റെ സന്നിധിയിൽ അവർക്കു പ്രവേശിക്കുവാൻ യേശുക്രിസ്തു എന്ന മഹാപുരോഹിതനും മദ്ധ്യസ്ഥനുമൊഴികെ ആരുടെയും ആവശ്യം ഇല്ല. **1.തിമൊ.2:5,6 —** "*ദൈവം ഒരുവനല്ലോ; ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ;*

*എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നേ.''* കർത്താവിന്റെ ക്രൂശിലെ മരണസമയത്ത് ദൈവാലയത്തിലെ തിരശ്ശീല മേൽതൊട്ടു അടിവരെ രണ്ടായി ചീന്തപ്പെട്ടു. അതായത് ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തിനു യേശു തന്റെ ദേഹം എന്ന തിരശ്ശീലയിലൂടെ പുതുവഴി തുറന്നു കൊടുത്തു(എബ്രാ.10:19-22).

''ഞങ്ങളുടെ ദൈവത്തിന്നു അവരെ'' എന്നുള്ള പരാമർശത്തെ ആസ്പദമാക്കി ചിലർ ഇതിനെ തെറ്റായി വ്യാഖ്യാനിച്ചു കാണുന്നു. സഭ മഹോപദ്രവത്തിലൂടെ കടന്നു പോകും എന്നുള്ളതിന്റെ തെളിവായി ഈ വിശേഷണത്തെ കണക്കാക്കുന്നു. വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ ഇപ്പോഴും ഭൂമിയിലായതിനാലാണ് ഇപ്രകാരം അവരെ രാജ്യവും പുരോഹിതന്മാരുമാക്കി, അവർ ഭൂമിയിൽ വാഴുന്നു എന്നു പറയുവാൻ കാരണമെന്നു അഭിപ്രായപ്പെടുന്നു. എന്നാൽ ഈ നിഗമനം തികച്ചും തെറ്റാണ്. ഇവിടെ കയറി വരിക എന്നുള്ള യോഹന്നാനു ലഭിച്ച കാഹളധ്വനിക്കൊത്ത ആജ്ഞ സഭയുടെ ഉത്പ്രാപണത്തോടു ചേരുന്നു. ആറാം അദ്ധ്യായം മുതൽ ഭൂമിയിൽ പീഡനകാലം ആരംഭിക്കുന്നു. അതിനു മുമ്പു പിതാവായ ദൈവം ഒരുക്കിയ വീണ്ടെടുപ്പിന്റെ വേലകൾ പ്രാവർത്തികമാകണമെങ്കിൽ യോഗ്യനായ ചാർച്ചക്കാരൻ അധികാരങ്ങൾ ഏറ്റെടുക്കണം. അറുക്കപ്പെട്ട കുഞ്ഞാടായ ക്രിസ്തു അതിനു യോഗ്യനായി വരുന്നു. യോഹന്നാൻ ഇതിനൊക്കെ സ്വർഗ്ഗത്തിൽ സാക്ഷിയായി. സഭ ഒരിക്കലും മഹോപദ്രവത്തിലൂടെ കടന്നു പോകയില്ല. കൃപായുഗത്തിനു ശേഷമുള്ള സംഭവങ്ങൾ നടക്കുമ്പോൾ ദൈവമക്കൾ കർത്താവിനോടു കൂടെ ആയിരിക്കും. അവരാണ് കുഞ്ഞാടിനെ സ്തുതിച്ചുകൊണ്ടുള്ള സപ്തസ്തോത്രങ്ങളടങ്ങിയ പുതിയവീണ്ടെടുപ്പിൻ ഗാനം സ്വർഗ്ഗത്തിൽ പാടുന്നവർ. ആയതിനാൽ ഞങ്ങളെ എന്നതിനു പകരം അവരെ എന്നുള്ള പ്രയോഗം വിശാലത അഥവാ സർവ്വവ്യാപകത്വം പ്രദർശിപ്പിക്കുന്നതിനു ഉപയോഗിച്ചിരിക്കുന്നതായി കരുതാം. ഇരുപത്തിനാലു മൂപ്പന്മാരും കർത്താവിനെ സ്തുതിച്ചാരാധിക്കുമ്പോൾ സ്ത്രോത്രസ്വരങ്ങൾ അവരിൽ നിന്നു സകലകാലങ്ങളിലുമുള്ള വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെയും ഉൾക്കൊള്ളിച്ചു വിപുലാർത്ഥത്തിൽ വിശേഷിപ്പിക്കുന്നതാണ് അവർ എന്ന പ്രയോഗം.

**(7) അവർ ഭൂമിയിൽ വാഴുന്നു —** (And they will reign upon the earth)—

സ്വർഗ്ഗത്തിൽ ക്രിസ്തുവിനെ സ്തുതിച്ചു പാടുന്നതിൽ മുഴങ്ങിക്കേൾക്കുന്ന മറ്റൊരു സ്ത്രോത്രസ്വരമാണ് അവർ ഭൂമിയിൽ വാഴുന്നു എന്നത്. ദൈവരാജ്യത്തിലെ പൗരന്മാരായ വിശ്വാസികൾ പുരോഹിതന്മാർ മാത്രമല്ല, അവർ രാജാക്കന്മാരും ആണെന്നതിനെയും ഇതു വെളിപ്പെടുത്തുന്നു. രാജാധിരാജാവായ ദൈവത്തിന്റെ കുടുംബത്തിൽ പിറന്നവർ രാജാക്കന്മാരാണ്. അവർ ക്രിസ്തുവിനോടു കൂടെ ഭൂമിയിൽ രാജാക്കന്മാരായി വാഴും. അവർ ഭൂമിയിൽ വാഴുന്നു എന്നത് പ്രവചനഗാനമാണ്. ഭാവിയിൽ അവർ വാഴും എന്നാണിതിനർത്ഥം. ഭൂമിയിൽ വാഴുന്നത് ആയിരമാണ്ടു വാഴ്ചയോടു ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തു വീണ്ടും ഭൂമിയിലേക്കു വരുന്ന സന്ദർഭത്തിൽ ഭൂമിയിൽ രാജ്യം സ്ഥാപിക്കും. ആയിരമാണ്ടു വാഴ്ച എന്നറിയപ്പെടുന്ന ഭൂമിയിലെ വാഴ്ചയിൽ വിശുദ്ധന്മാർ ക്രിസ്തുവിനോടൊപ്പം ഭരണം നടത്തും (വെളി.20:1-6). മൂപ്പന്മാർ സ്വർഗ്ഗത്തിൽ ഗാനം ആലപിക്കുമ്പോൾ ഞങ്ങൾ എന്നതിനു പകരം അവർ എന്ന പ്രയോഗത്തിലൂടെ, അവരുൾപ്പെടെ വീണ്ടെടുക്കപ്പെട്ട സകലരെയും ഈ വീണ്ടെടുപ്പു ഗാനത്തിൽ ഉൾക്കൊള്ളിക്കുന്നതായി കരുതാം.

തുയഥൈര സഭയോടുള്ള ബന്ധത്തിൽ കർത്താവിൽ വിശ്വസ്തരായവർക്കു ലഭിക്കുന്ന പ്രതിഫലവാഗ്ദത്തമാണ് ജാതികളുടെ മേൽ അവർക്കു അധികാരം ലഭിക്കും എന്നുള്ളത് . ഇരുമ്പുകോൽ കൊണ്ടു അവർ ജാതികളെ മേയിക്കുകയും ജാതികൾ കുശവന്റെ പാത്രങ്ങൾപോലെ നുറുങ്ങിപ്പോകുവാനും ഇടയാകും (വെളി.2:26,27). ജാതികളെ ഭരിക്കും എന്നത് ക്രിസ്തുവിന്റെ രണ്ടാം വരവിലെ വിശുദ്ധന്മാരുമായുള്ള മഹത്വപ്രത്യക്ഷതയോടു ബന്ധപ്പെട്ടിരിക്കുന്നു. ഈ ഭരണത്തെക്കുറിച്ചാണ് സങ്കീർത്തനം 2:8,9 -ൽ രേഖപ്പെടുത്തിയിരിക്കുന്നതും വാഗ്ദത്തമായി പറഞ്ഞിരിക്കുന്നതും. **സങ്കീ.2:8,9 —** ''*ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും; ഇരുമ്പുകോൽകൊണ്ടു നീ അവയെ തകർക്കും; കുശവന്റെ പാത്രം പോലെ അവരെ ഉടെക്കും.''* ദൈവമക്കൾ കർത്താധികർത്താവും രാജാധിരാജാവുമായ ക്രിസ്തുവിനോടൊപ്പം രാജ്യം ഭരിക്കും. അവർ ജാതികളുടെമേൽ ഇരുമ്പുകോൽ അഥവാ സകലവിധ അധികാരത്തോടും ഭരിച്ചു വാഴും (വെളി.12:5/വെളി.19:15/വെളി.20:4). മത്സരികളായവരുടെ നാശം കുശവന്റെ ആലയുടെ പുറത്തു കൂട്ടിയിരിക്കുന്ന കലനുറുക്കുകൾപോലെ(യിരെ.19:11) ആയിരിക്കും. വീണ്ടെടുക്കപ്പെട്ടവർ സഹസ്രാബ്ദവാഴ്ചയിൽ അഥവാ കർത്താവിന്റെ ഭൂമിയിലെ തേജസ്സേറിയ ഭരണത്തിൽ കർത്താവിനോടൊപ്പം ഭരിച്ചുവാഴും.

**എന്നൊരു പുതിയ പാട്ടു പാടുന്നു —** (And they sang a new song, saying) —

സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും നിൽക്കുന്ന കർത്താവിനെ സകലരും പുതിയ പാട്ടു പാടി സ്തുതിക്കുന്നതായും യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. പാട്ട് തിരുവചനത്തിൽ ദൈവമക്കൾ ദൈവത്തെ ആരാധിച്ചു സ്തുതിക്കുന്നതിനോടു

ബന്ധപ്പെട്ടിരിക്കുന്നു(പുറ.15/2.ദിന.5:13/2.ദിന.20:21,22/നെഹ.12:42,43/സങ്കീ.21:13/സങ്കീ.101:1/സങ്കീ.104:33/സങ്കീ.147:1/യെശ.5:1/റോമ.15:10/എഫെ.5:19). എന്നാൽ പുതിയ പാട്ട് തിരുവചനത്തിൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കളുടെ പാട്ടാണ്. > സങ്കീ.33:3 — അവന്നു പുതിയ പാട്ടു പാടുവിൻ. > സങ്കീ.40:3 — അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു, നമ്മുടെ ദൈവത്തിന്നു സ്തുതി തന്നേ. > സങ്കീ.96:1 — യഹോവെക്കു ഒരു പുതിയ പാട്ടു പാടുവിൻ; സകല ഭൂവാസികളുമായുള്ളോരേ, യഹോവെക്കു പാടുവിൻ. > സങ്കീ.98:1 — യഹോവെക്കു ഒരു പുതിയ പാട്ടു പാടുവിൻ; അവൻ അത്ഭുതങ്ങളെ പ്രവർത്തിച്ചിരിക്കുന്നു. > സങ്കീ.144:9 — ദൈവമേ, ഞാൻ നിനക്കു പുതിയോരു പാട്ടു പാടും. > സങ്കീ.149:1 — യഹോവെക്കു പുതിയോരു പാട്ടും ഭക്തന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ.

പഴയപാട്ട് സൃഷ്ടിയോടു ബന്ധപ്പെട്ട ഗാനമായിരിക്കുമ്പോൾ (Song of Creation—വെളി.4:11), പുതിയ പാട്ട് വീണ്ടെടുപ്പിന്റെ ഗാനമാണ് (Song of Redemption — വെളി.5:9-14). യോഹന്നാൻ സ്വർഗ്ഗത്തിൽ കേട്ട പുതിയ പാട്ട് വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ അവർക്കു ലഭിച്ചതും ഭാവിയിൽ ലഭിക്കുവാൻ പോകുന്നതുമായ അനുഗ്രഹങ്ങളെയും പദവികളെയും ഓർത്തു ക്രിസ്തുവിനെ സ്തുതിച്ചു പാടുന്ന വീണ്ടെടുപ്പിൻ ഗാനമായിരുന്നു —"പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിന്നായി വിലെക്കു വാങ്ങി; ഞങ്ങളുടെ ദൈവത്തിന്നു അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ടു അവർ പാടുന്നു" (വെളി.5:9,10). ദൈവമക്കളായ നമ്മെ ഇക്കാലത്തു ലോകം നിന്ദിക്കുകയും നമ്മുടെ വിശ്വാസത്തെ പരിഹസിക്കുകയും ചെയ്യുമായിരിക്കും. നമ്മുടെ കർത്താവിനെ ലോകം നിന്ദിച്ചു. അപ്പ്രകാരം നാമും നിന്ദിക്കപ്പെടുമെന്നു കർത്താവു പറഞ്ഞിട്ടുണ്ട് (യോഹ.15:17-27). എന്നാൽ ഒരിക്കൽ ഭാവിയിൽ ക്രിസ്തുവിനോടൊപ്പം ഭൂമിയിൽ വാഴും.

**വെളി.5:11 —"പിന്നെ ഞാൻ ദർശനത്തിൽ സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു; അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു."**

ആത്മവിവശനായി സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ട യോഹന്നാൻ വിവിധ കാഴ്ചകൾ കാണുകയും കേൾക്കുകയും ചെയ്യുന്നു. നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും അറുക്കപ്പെട്ട കുഞ്ഞാടെന്നപോലെ നിൽക്കുന്ന കർത്താവിനെ ആരാധിച്ചു സ്തുതിക്കുന്നത് യോഹന്നാൻ കണ്ടു. അവർ സപ്തസമ്പൂർണ്ണമായ പുതിയ സ്തോത്രഗീതമാണ് ആലപിച്ചത്. ഈ അദ്ധ്യായത്തിൽ 8 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരുമാണ് കർത്താവിനെ ആരാധിച്ചു സ്തുതിക്കുന്നത്. 11 മുതലുള്ള വാക്യങ്ങളിൽ സ്വർഗ്ഗത്തിലെ ഏറിയ കൂട്ടം ദൂതന്മാരും കർത്താവിനെ സ്തുതിക്കുന്നതിൽ അവരോടൊപ്പം പങ്കു ചേരുന്നു. ഇതിനു സാക്ഷ്യം വഹിച്ച യോഹന്നാൻ വിവരിക്കുന്നത് —"*പിന്നെ ഞാൻ ദർശനത്തിൽ സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു; അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു.*" സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നിൽക്കുന്നതും കുഞ്ഞാടിനെ അവർ നമ്സ്കരിച്ചു ആരാധിക്കുന്നതും യോഹന്നാൻ കണ്ടു (വെളി.5:6). അതായത് സകലരുടെയും ശ്രദ്ധയും ആരാധനയും ഏറ്റു വാങ്ങിക്കൊണ്ട് കർത്താവു അവരുടെ മദ്ധ്യത്തിൽ നിൽക്കുന്നു. വീണ്ടും ദർശനത്തിൽ യോഹന്നാൻ കാണുന്നത് ഏറിയ ദൂതന്മാരും കർത്താവിനെ ആരാധിക്കുന്നതിൽ ഇവരുടെ ചുറ്റിലും പങ്കു ചേരുന്നു എന്നതാണ്. "ഏറിയ ദൂതന്മാരുടെ ശബ്ദം ഞാൻ കേട്ടു" എന്നു യോഹന്നാൻ പറയുന്നു. "ഞാൻ കേട്ടു" എന്നത് 27 പ്രാവശ്യവും "ഞാൻ കണ്ടു" എന്നത് 44 പ്രാവശ്യവും വെളിപ്പാട് പുസ്തകത്തിൽ യോഹന്നാന്റെ സാക്ഷ്യമായി രേഖപ്പെടുത്തിയിരിക്കുന്നു. ദൂതന്മാരുടെ എണ്ണത്തെപ്പറ്റി യോഹന്നാൻ വർണ്ണിക്കുന്നത് —

**അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു —**

(And the number of them was myriads of myriads (ten thousand times ten thousand), and thousands of thousands) —

പതിനായിരം എന്ന സംഖ്യക്കു ഗ്രീക്കിൽ മൂറിയാസ് (mooreeas)എന്ന പദമാണുള്ളത്. ഇംഗ്ലീഷിൽ ഇതിനെ മിറിയഡ്സ് (myriads) എന്നും പറയുന്നു. ഗ്രീക്കുകാർ പതിനായിരം അഥവാ മൂറിയാസ് എന്ന പദം എണ്ണമറ്റ ഒരു സംഖ്യയെ വിശദമാക്കുവാനും ഉപയോഗിക്കാറുണ്ട്. മിറിയഡ്സ്, മിറിയഡ്സ് പതിനായിരം പതിനായിരം (myriads and myriads / ten thousand times ten thousand = indefinite number) എന്ന ശൈലി അനന്തമായ എണ്ണത്തെ സൂചിപ്പിക്കുന്നു. അറുക്കപ്പെട്ടപോലെ സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ സകലരുടെയും മദ്ധ്യേ നിൽക്കുന്ന കർത്താവിനെ സ്തുതിച്ചു ആരാധിക്കുന്നതിൽ ദൂതന്മാരും പങ്കു ചേരുന്നു. ദൂതന്മാരുടെ സംഖ്യ പറഞ്ഞറിയിക്കുവാൻ സാദ്ധമല്ലാത്തതിനാലാണ് യോഹന്നാൻ വിശദീകരിക്കുന്നത് — അവരുടെ എണ്ണം പതിനായിരം

പതിനായിരവും ആയിരം ആയിരവും ആയിരുന്നു എന്നത്.

ദൂതന്മാർ ആത്മരൂപികളും (എബ്രാ.1:4), ദൈവത്തിന്റെ വാക്കിനാൽ സൃഷ്ടിക്കപ്പെട്ടവരുമാണ് (സങ്കീ.148:2,5/യെഹെ.28:15). ഗ്രീക്കു ഭാഷയിൽ എയിഞ്ചലോസ് (Angelos) എന്ന പദത്തിൽ നിന്നാണ് ഇംഗ്ലീഷിൽ എയിഞ്ചൽ (Angel) അഥവാ ദൂതൻ എന്ന പേരുണ്ടായത്. എബ്രായഭാഷയിൽ ഇതിനു മാലാഖ് (Malak) എന്ന പദമാണുള്ളത്. ഇവയുടെ സൃഷ്ടിയുടെ ഉദ്ദേശം പ്രധാനമായും രണ്ടാണ് — (1) ദൈവത്തെ ആരാധിപ്പാൻ, ദൈവീക കാര്യപരിപാടികൾ നടപ്പാക്കുവാൻ (എബ്രാ.1:6); (2) ദൈവമക്കളെ ശുശ്രൂഷിപ്പാൻ (എബ്രാ.1:14/ലൂക്കൊ.15:10/ദാനീ.6:22). നിഗളത്താൽ ദൈവത്തോടു പാപം ചെയ്ത ഒരു വിഭാഗം ദൂതന്മാരെ ദൈവം എന്നെന്നേക്കുമായി തള്ളിക്കളഞ്ഞു (യെശ.14:13,14/യെഹെ.28). അവരെ സാത്താന്യദൂതന്മാരെന്നു അറിയപ്പെടുന്നു. പാപം ചെയ്തതിനാൽ ദൈവസന്നിധിയിൽ നിന്നു തള്ളപ്പെട്ട ദൂതന്മാരുടെ വീണ്ടെടുപ്പിനായി ദൈവം ഏതെങ്കിലും രക്ഷാമാർഗ്ഗം ഒരുക്കിയില്ല. എന്നാൽ പാപം ചെയ്ത മനുഷ്യരിലേക്കു ദൈവസ്നേഹം ഒഴുകുകയും അവരുടെ വീണ്ടെടുപ്പിനായി രക്ഷാമാർഗ്ഗം തയ്യാറാക്കുകയും ചെയ്തു. മാത്രവുമല്ല സുവിശേഷം അറിയിക്കുവാനുള്ള രക്ഷാദൂതു ദൂതന്മാരെയല്ല മനുഷ്യരെയാണ് ദൈവം ഏല്പിച്ചത്. ദൈവമക്കൾ ദൈവദൂതന്മാരേക്കാൾ ശ്രേഷ്ടന്മാർ എന്നതിനെ ഇതു സൂചിപ്പിക്കുന്നു. ദൈവത്തിന്റെ കല്പനയാൽ ദൈവശുശ്രൂഷകൾക്കായി സൃഷ്ടിക്കപ്പെട്ട ദൂതന്മാർ ദൈവത്തെ സദാസമയവും ആരാധിച്ചു കൊണ്ടിരിക്കുന്നു. എങ്കിൽ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നാം എത്ര ഭക്തിയോടും, വിനയത്തോടും, വിശുദ്ധിയോടും ദൈവത്തെ ആരാധിക്കേണ്ടതാകുന്നു.

**വെളി.5:12 — "അവർ അത്യുച്ചത്തിൽ: അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു."**

നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും കുഞ്ഞാടായ കർത്താവിനു സപ്തസമ്പൂർണ്ണ സ്തോത്രഗീതം ആലപിച്ചപ്പോൾ മുഴങ്ങിക്കേട്ടത് ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ പ്രവൃത്തികളാണ്. എന്നാൽ നാലു ജീവികളോടും ഇരുപത്തിനാലു മൂപ്പന്മാരോടും കൂടെ ദൂതഗണം ചേർന്നപ്പോൾ ഇവിടെ കേൾക്കുന്ന ഗാനം അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ അവരുടെ മദ്ധ്യേ നിൽക്കുന്ന ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തുവിനു അർപ്പിക്കുന്ന സപ്തസമ്പൂർണ്ണ ബഹുമതികളാണ്. അവ (1) ശക്തി (2) ധനം (3) ജ്ഞാനം (4) ബലം (5) ബഹുമാനം (6) മഹത്വം (7) സ്തോത്രം എന്നിവയാണ്. ഇവയൊക്കെ അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ ക്രിസ്തുവിനു ലഭിപ്പാൻ യോഗ്യൻ എന്നാണ് അവർ അത്യുച്ചത്തിൽ പാടുന്നത്. ഇതുപോലൊരു ആരാധനയുടെ രംഗം വെളിപ്പാട് ഏഴാം അദ്ധ്യായത്തിലും കാണുന്നു. **വെളി.7:11,12 —** *"സകലദൂതന്മാരും സിംഹാസനത്തിന്റെയും മൂപ്പന്മാരുടെയും നാലു ജീവികളുടെയും ചുറ്റും നിന്നു സിംഹാസനത്തിന്റെ മുമ്പിൽ കവിണ്ണുവീണു; ആമേൻ; നമ്മുടെ ദൈവത്തിന്നു എന്നെന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും; ആമേൻ എന്നു പറഞ്ഞു."*

**(1) അറുക്കപ്പെട്ട കുഞ്ഞാട് ശക്തി ലഭിപ്പാൻ യോഗ്യൻ — (worthy to receive the power) —**

കുഞ്ഞാടായ കർത്താവിനു അവർ നൽകുന്ന ഒന്നാമത്തെ ബഹുമതി ക്രിസ്തു ശക്തി ലഭിപ്പാൻ യോഗ്യൻ എന്നാണ്. ക്രിസ്തു ദൈവം എന്ന നിലയിൽ ശക്തിയുടെ ഉറവിടവും സർവ്വശക്തനുമാണ്. യേശുക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്ത അത്ഭുതങ്ങളും, അടയാളങ്ങളും, വീര്യപ്രവൃത്തികളും ദൈവം എന്ന നിലയിൽ തന്റെ സർവ്വശക്തിയെ (Omnipotence) വെളിപ്പെടുത്തുന്നു (യോഹ.2:11/മർക്കൊ.1:21–28/ലൂക്കൊ.4:31–37/മത്താ.8:14/മത്താ.9:18). സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവൻ (എബ്രാ.1:3), സകലത്തെയും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന വ്യാപാരശക്തി (ഫിലി.3:21/വെളി.1:8/വെളി.19:6/മത്താ.28:18) എന്നിവ ക്രിസ്തുവിന്റെ സർവ്വശക്തിയെ വെളിപ്പെടുത്തുന്നു. സ്വർഗ്ഗസിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും അറുക്കപ്പെട്ടപോലെ നിൽക്കുന്ന കുഞ്ഞാടിനു ഏഴു കൊമ്പും സർവ്വഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കൾ ആയ ഏഴു കണ്ണും ഉണ്ടെന്നു (വെളി.5:6) യോഹന്നാൻ സാക്ഷ്യപ്പെടുത്തി. ഏഴുകൊമ്പു ക്രിസ്തുവിന്റെ സർവ്വശക്തിയെയും (Omnipotence),ഏഴു കണ്ണുകൾ കർത്താവിന്റെ സർവ്വജ്ഞാനത്തെയും (Omniscience)കുറിക്കുന്നു. പുസ്തകം വാങ്ങുവാനും മുദ്രപൊട്ടിക്കുവാനും തുടർന്നു അതിലെ സകല കാര്യങ്ങൾ നടത്തുവാനും ശക്തിയും അധികാരവും ക്രിസ്തുവിൽ ഉണ്ടെന്നു അവർ മനസ്സിലാക്കി സ്തുതിക്കുന്നു.

**(2) അറുക്കപ്പെട്ട കുഞ്ഞാട് ധനം ലഭിപ്പാൻ യോഗ്യൻ — (worthy to receive the riches ) —**

യേശുക്രിസ്തു ധനം ലഭിപ്പാൻ യോഗ്യൻ എന്നാണ് അവർ രണ്ടാമതായി അർപ്പിക്കുന്ന ബഹുമതി. ധനം ലഭിപ്പാൻ യോഗ്യൻ എന്നാൽ ആരെങ്കിലും തനിക്കു ധനം കൊടുക്കുവാൻ എന്നല്ല മറിച്ച് താൻ സകല ധനത്തിന്റെയും ഉറവിടമാണെന്നു ഘോഷിക്കുകയാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല ധനവും ക്രിസ്തുവിന്റേതാണ്. താൻ ലോകത്തിൽ ഭൂജാതനായപ്പോൾ വഴിയമ്പലത്തിൽ പോലും സ്ഥലം ലഭിക്കാതെ പശുത്തൊട്ടിയിൽ അഭയം പ്രാപിക്കേണ്ടി വന്നു(ലൂക്കൊ.2:12,16). നമ്മെ സകല സ്വർഗ്ഗീയ

ധനത്താലും നിറക്കേണ്ടതിനു സമ്പന്നനായിരുന്ന കർത്താവു ദരിദ്രനായി എന്നു കാണുന്നു. 2.കൊരി.8:9 — *"നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ."*

**(3) അറുക്കപ്പെട്ട കുഞ്ഞാട് ജ്ഞാനം ലഭിപ്പാൻ യോഗ്യൻ — (worthy to receive the wisdom) —**

സ്വർഗ്ഗീയ ഗായകസംഘം ജയാളിയായ കർത്താവിനു കൊടുക്കുന്ന അടുത്ത ബഹുമതിയാണ് ജ്ഞാനം ലഭിപ്പാൻ യോഗ്യൻ എന്നത്. ഇതു കർത്താവിന്റെ സർവ്വജ്ഞാനത്തെ വെളിപ്പെടുത്തുന്നു (Omniscience). ദൈവം എന്ന നിലയിൽ ക്രിസ്തു ജ്ഞാനത്തിന്റെ ഉറവിടവും സർവ്വജ്ഞനുമാണ് (1.കൊരി.1:30/കൊലൊ.2:3). തനിക്കു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയും ഇല്ല. സകലവും അതിന്റെ തനിമയിൽ കാണുകയും എല്ലാം അറിയുകയും ചെയ്യുന്ന സർവ്വജ്ഞനാണ് ക്രിസ്തു. ക്രൂശീകരണവേളയിൽ പീഡനകൾ സഹിച്ചപ്പോഴും ഒന്നും അറിയാത്തവനെപ്പോലെ ക്രിസ്തു നിന്നു. *"ഹേ, ക്രിസ്തുവേ, നിന്നെ തല്ലിയതു ആർ എന്നു ഞങ്ങളോടു പ്രവചിക്ക എന്നു പറഞ്ഞു"* (മത്താ.26:68) കളിയാക്കി. ക്രിസ്തു ദൈവത്തിന്റെ ശക്തിയും, ദൈവത്തിന്റെ ജ്ഞാനവും ആണെന്നു പൗലൊസ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു(1.കൊരി.1:24).

**(4) അറുക്കപ്പെട്ട കുഞ്ഞാട് ബലം ലഭിപ്പാൻ യോഗ്യൻ — (worthy to receive the strength) —**

കർത്താവ് ബലം ലഭിപ്പാനും യോഗ്യൻ. സാത്താനെയും സകല ദുഷ്ടത്മശക്തികളെയും തകർക്കുവാൻ തക്ക ബലം കർത്താവിനുണ്ട്. യോഹന്നാൻ സ്നാപകൻ കർത്താവിനെ കുറിച്ചു പറഞ്ഞത് — *"എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ ബലവാനാകുന്നു"* (മത്താ.3:11) എന്നാണ്.

**(5) അറുക്കപ്പെട്ട കുഞ്ഞാട് ബഹുമാനം ലഭിപ്പാൻ യോഗ്യൻ — (worthy to receive the honour) —**

അറുക്കപ്പെട്ട കുഞ്ഞാട് അഥവാ കാൽവറിയിൽ യാഗമരണത്തിലൂടെ പ്രായശ്ചിത്തയാഗം നടത്തിയ കർത്താവു എല്ലാ ബഹുമാനവും, പുകഴ്ചയും സ്വീകരിക്കുവാൻ യോഗ്യനാണ്. ക്രൂശുമരണത്തിലൂടെ ദൈവഹിതം നിറവേറ്റിയ ക്രിസ്തുവിനെ പിതാവായ ദൈവം ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി. പിതാവായ ദൈവത്തിൽ നിന്നു ബഹുമാനം ലഭിച്ച കർത്താവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ മടങ്ങുകയും സകലരും യേശുക്രിസ്തു കർത്താവെന്നു ബഹുമാനിച്ചു സ്തുതിക്കുവാനും ഇടയാകും (ഫിലി.2:6-11).

**(6) അറുക്കപ്പെട്ട കുഞ്ഞാട് മഹത്വം ലഭിപ്പാൻ യോഗ്യൻ — (worthy to receive the glory) —**

മഹത്വം അഥവാ തേജസ്സ് ദൈവത്തിനുള്ളതാണ്. അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ സ്വർഗ്ഗസിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുന്ന കർത്താവ് ദൈവം എന്ന നിലയിൽ മഹത്വം സ്വീകരിപ്പാനും യോഗ്യനാണ്. തേജസ്സണിഞ്ഞ ക്രിസ്തുവിനെ കുറിച്ചു യോഹന്നാൻ പറഞ്ഞിരിക്കുന്നത് —**യോഹ.1:14** —*"വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു."* കാനാവിലെ കല്യാണവിരുന്നു ശാലയിൽ പച്ചവെള്ളത്തെ മാധുര്യമുള്ള വീഞ്ഞാക്കിയ അത്ഭുതം ക്രിസ്തുവിന്റെ മഹത്വം തെളിയിക്കുന്നതായിരുന്നു. **യോഹ.2:11** —*"യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽവെച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി."*

**(7) അറുക്കപ്പെട്ട കുഞ്ഞാട് സ്തോത്രം ലഭിപ്പാൻ യോഗ്യൻ — (worthy to receive the blessing) —**

സ്വർഗ്ഗീയ ഗായകസംഘത്തിന്റെ സപ്തസമ്പൂർണ്ണ ഘോഷസ്വരത്തിൽ അർപ്പിച്ച ബഹുമതികളിൽ അവസാനമായി പറയുന്നത് — അറുക്കപ്പെട്ട കുഞ്ഞാട് സ്തോത്രം സ്വീകരിപ്പാൻ യോഗ്യൻ എന്നാണ്. ഇതുവരെ നൽകിയ ബഹുമതികളിൽ വെച്ചു ഏറ്റവും ഉന്നതമായ നിലയിൽ എത്തിച്ചേരുന്നു. ഇരുപത്തിനാലു മൂപ്പന്മാർ പ്രതിനിധാനം ചെയ്യുന്ന സകല വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരും അറുക്കപ്പെട്ട കുഞ്ഞാടിനു സ്തോത്രം അർപ്പിക്കുന്നു. മലയാളത്തിൽ ഇവിടെ സ്തോത്രം എന്ന വാക്കും ഇംഗ്ലീഷിൽ അനുഗ്രഹം (blessing) എന്ന വാക്കുമാണ് ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്കുഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന മൂലപദത്തിന് സ്തോത്രമെന്നും അനുഗ്രഹമെന്നും അർത്ഥമുണ്ട്. മരണത്തെയും സാത്താനെയും തോൽപ്പിച്ചു ഉയിർത്തെഴുന്നേറ്റ ക്രിസ്തു അനുഗ്രഹകാരണമായിരിക്കുമ്പോൾ തന്നെ സ്തോത്രം സ്വീകരിപ്പാനും യോഗ്യനായിരിക്കുന്നു. ആദാമിന്റെ പാപത്താൽ ശാപവും മരണവും മനുഷ്യനിലേക്കു വ്യാപിച്ചു. മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കു വേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ വിലെക്കു വാങ്ങി (ഗലാ.3:12,13). ക്രൂശിലെ മരണം ശാപമായിരുന്നുവെങ്കിലും മനുഷ്യവർഗ്ഗത്തിനു അനുഗ്രഹകാരണമായി. ആയതിനാൻ അനുഗ്രഹീതരായ വീണ്ടെടുക്കപ്പെട്ട സകല വിശുദ്ധന്മാരുടെയും സ്തോത്രവും അനുഗ്രഹവും സ്വീകരിപ്പാനും ക്രിസ്തു യോഗ്യനായിരിക്കുന്നു.

**വെളി.5:13 — "സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളതു ഒക്കെയും: സിംഹാസനത്തിൽ ഇരിക്കുന്നവന്നും കുഞ്ഞാടിന്നും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നതു ഞാൻ കേട്ടു."**

സ്വർഗ്ഗത്തിൽ നാലുജീവികളും ഇരുപത്തിനാലു മൂപ്പന്മാരും, അസംഖ്യം ദൂതഗണവും കുഞ്ഞാടിനെ സ്തുതിച്ചു ആരാധിച്ചു കൊണ്ടിരിക്കുന്നതായി യോഹന്നാൻ വിശദീകരിച്ചു. അറുക്കപ്പെട്ട കുഞ്ഞാടേ, നീ ശക്തിയും, ധനവും, ജ്ഞാനവും, ബലവും, ബഹുമാനവും, മഹത്വവും, സ്തോത്രവും സ്വീകരിക്കുവാൻ യോഗ്യൻ എന്നു പ്രസ്താവിക്കുന്നതും കേട്ടു. ഇതിനെ തുടർന്നു സകലസൃഷ്ടികളും ആരാധനയിൽ പങ്കു ചേരുന്നതായി യോഹന്നാൻ കാണുന്നു. അഞ്ചാം അദ്ധ്യായത്തിൽ ഇതുവരെ ആരാധനയും സ്തുതിയും വീണ്ടെടുപ്പുകാരനെന്ന നിലയിൽ ക്രിസ്തുവിനു നൽകിയ സ്തുതിസ്തോത്രങ്ങൾ ആയിരുന്നുവെങ്കിൽ ഈ വാക്യത്തിൽ സൃഷ്ടാവെന്ന നിലയിൽ പിതാവായ ദൈവത്തിനും, വീണ്ടെടുപ്പുകാരനെന്ന നിലയിൽ പുത്രനായ ക്രിസ്തുവിനും ഒരുപോലെ സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. ഞാൻ കേട്ടു എന്ന പ്രസ്താവനയോടെ യോഹന്നാൻ ആ രംഗം വിശദീകരിക്കുന്നു —*"സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളതു ഒക്കെയും: സിംഹാസനത്തിൽ ഇരിക്കുന്നവന്നും കുഞ്ഞാടിന്നും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നതു ഞാൻ കേട്ടു."* സ്വർഗ്ഗത്തിലും ഭൂമിയിലും, ഭൂമിക്കു കീഴിലും, സമുദ്രത്തിലും എന്നിങ്ങനെ നാലു ഭാഗങ്ങളിൽ വസിക്കുന്ന സകല സൃഷ്ടികളും ഒരുമിച്ചു ചതുർവിധസ്തോത്രഗാനം സ്വർഗ്ഗസിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തിനും, വീണ്ടെടുപ്പിന്റെ ആധാരമടങ്ങിയ മുദ്രിതഗ്രന്ഥം വാങ്ങിക്കൊണ്ടു സിംഹാസനമദ്ധ്യേ നിൽക്കുന്ന ക്രിസ്തുവിനും സ്തുതിസ്തോത്രങ്ങൾ ഘോഷിക്കുന്നു. സകലത്തെയും സൃഷ്ടിച്ച സർവ്വശക്തനായ ദൈവമേ, പാപശാപത്തിൽ നിന്നു വിടുതൽ അഥവാ വീണ്ടെടുപ്പു സാധിപ്പിച്ച വീണ്ടെടുപ്പുകാരനായ കർത്താവേ, സ്തോത്രവും (അനുഗ്രഹവും), ബഹുമാനവും, മഹത്വവും, ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നാണവർ ആശംസിക്കുന്നത്. സർവ്വസൃഷ്ടിയും ശാപത്താൽ ഞരങ്ങിക്കൊണ്ടിരിക്കുന്നതിന്റെ അന്ത്യം എന്ന നിലയിൽ അവയുടെ സന്തോഷഗാനമായി ഇതിനെ കരുതാം. **റോമ.8:19-22 —** *"സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായെക്കു കീഴ്പെട്ടിരിക്കുന്നു, മനഃപൂർവ്വമായിട്ടല്ല, അതിനെ കീഴ്പെടുത്തുന്നവന്റെ കല്പനനിമിത്തമത്രേ. സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ."*

സകലസൃഷ്ടികളും ആകാംക്ഷയോടെ കാത്തിരുന്ന സ്വാതന്ത്ര്യത്തിന്റെ നിമിഷത്തെ ഓർത്തപ്പോൾ സൃഷ്ടികൾക്കു സൃഷ്ടാവിനോടും വീണ്ടെപ്പുകാരനോടുമുള്ള സ്തുതി അവരിൽ തന്നെ അടക്കിവെക്കുവാനോ നിയന്ത്രിക്കുവാനോ സാധിക്കുന്നില്ല. ചതുർഗീതങ്ങളായി അവർ അതു ഘോഷിച്ചു. 148-ാം സങ്കീർത്തനത്തിൽ സകലസൃഷ്ടികളും ദൈവത്തെ ആരാധിക്കുന്ന രംഗം നാം കാണുന്നുണ്ട്. 150-ാം സങ്കീർത്തനത്തിൽ ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കുവാൻ പറഞ്ഞിരിക്കുന്നു. മനുഷ്യനൊഴികെ ദൂതന്മാർക്കോ, ജീവികൾക്കോ, സൃഷ്ടികൾക്കോ ദൈവം രക്ഷയും, വീണ്ടെടുപ്പും ഒരുക്കിയിട്ടില്ല. അവരൊക്കെ വീണ്ടെടുപ്പുഗാനം ഏറ്റു പാടുന്നതേയുള്ളു. സൃഷ്ടാവിന്റെയും വീണ്ടെടുപ്പുകാരന്റെയും പ്രവർത്തനങ്ങൾ ഓർക്കുമ്പോൾ അവർക്കു സ്തുതിഗാനം ഏറ്റു പാടാതിരിക്കുവാൻ കഴിയുന്നില്ല.

**വെളി.5:14 — "നാലു ജീവികളും: ആമേൻ എന്നു പറഞ്ഞു; മൂപ്പന്മാർ വീണു നമസ്കരിച്ചു."**

സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകലസൃഷ്ടിയും സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും, ബഹുമാനവും, മഹത്വവും, ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നതു യോഹന്നാൻ കേട്ടു. ഇതേതുടർന്നു നാലു ജീവികളും: ആമേൻ എന്നു പറഞ്ഞു; മൂപ്പന്മാർ വീണു നമസ്കരിച്ചു എന്നു യോഹന്നാൻ സ്വർഗ്ഗത്തിലെ സംഭവങ്ങൾ വിശദീകരിക്കുന്നു. മനുഷ്യന്റെ വീണ്ടെടുപ്പു സംബന്ധിച്ചുള്ള തുടർമാന പ്രവർത്തികൾ ഉൾക്കൊള്ളുന്ന മുദ്രിതഗ്രന്ഥം യോഗ്യനായവൻ വാങ്ങി. സ്വർഗ്ഗത്തിലെ ഈ ആഹ്ളാദവേള സ്തുതിസ്തോത്രങ്ങളിൽ മുഴുകി. തുടർന്നു കുഞ്ഞാട് പുസ്തകത്തിലെ മുദ്രകൾ ഓരോന്നായി പൊട്ടിക്കുവാൻ പോകുകയാണ്.

**നാലു ജീവികളും: ആമേൻ എന്നു പറഞ്ഞു —**

സ്വർഗ്ഗത്തിൽ മുഴങ്ങിക്കേട്ട സ്തുതിസ്തോത്രങ്ങളുടെ അവസാനത്തിൽ നാലു ജീവികൾ ആമേൻ എന്നു പറഞ്ഞു. ബൈബിളിൽ ലോകത്തിലുള്ള എല്ലാ ഭാഷകളിലും പരിഭാഷപ്പെടുത്താതെ ആമേൻ എന്ന എബ്രായ പദം ഉപയോഗിച്ചിരിക്കുന്നു. "ആമേൻ" എന്ന എബ്രായവാക്കിനു ഗ്രീക്കിൽ "നൈ" (Nai) എന്നപദമാണുപയോഗിച്ചിരിക്കുന്നത്. വെളിപ്പാടു പുസ്തകത്തിൽ ആമേൻ എന്ന എബ്രായപദവും, നൈ എന്ന ഗ്രീക്കു പദവും പരിഭാഷപ്പെടുത്തി "ഉവ്വ് "എന്നു ഉപയോഗിച്ചിട്ടുണ്ട് (വെളി.1:7). ആമേൻ എന്ന എബ്രായപദത്തിന്റെ അർത്ഥം അതേ (yes), അങ്ങനെയാകട്ടെ (may it be), തീർച്ചയായും (surely),

നിശ്ചയമായും (certainly) എന്നൊക്കെയാണ്. പുതിയനിയമത്തിൽ അവസാനം ഉപയോഗിച്ചിരിക്കുന്ന വാക്ക് ആമേൻ ആണ്. വെളിപ്പാടു പുസ്തകത്തിൽ ലവൊദിക്യയിലെ സഭയുടെ ദൂതനു എഴുതുമ്പോൾ "ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ " എന്നു കർത്താവിനെ വിശേഷിപ്പിച്ചിരിക്കുന്നു(വെളി.3:14). സ്വർഗ്ഗത്തിൽ മുഴങ്ങിയ പുതിയഗാനത്തിലടങ്ങിയ സപ്തസ്തോത്രങ്ങൾ ആലപിച്ചു കഴിഞ്ഞപ്പോൾ നാലു ജീവികളും ആമേൻ എന്നു പറഞ്ഞു. ആമേൻ എന്നു നാലു ജീവികൾ പറഞ്ഞപ്പോൾ അതിലൂടെ അർത്ഥമാക്കുന്നത് അവർ കേട്ടതൊക്കെ ശരിയാണെന്നും അങ്ങനെ ആകട്ടെ എന്നു ആശംസിക്കുകയും ചെയ്യുകയായിരുന്നു.

**മൂപ്പന്മാർ വീണു നമസ്കരിച്ചു —**

നാലു ജീവികളും: ആമേൻ എന്നു പറഞ്ഞു; മൂപ്പന്മാർ വീണു നമസ്കരിച്ചു. അതേ, അങ്ങനെയാകട്ടെ, തീർച്ചയായും, നിശ്ചയമായും എന്നർത്ഥം വരുന്ന ആമേൻ എന്ന സ്തോത്രശബ്ദം നാലുജീവികളും ഉരുവിട്ടപ്പോൾ മൂപ്പന്മാർ സിംഹാസനത്തിലിരിക്കുന്ന പിതാവായ ദൈവത്തെയും, സകലമഹത്വത്തോടെ നിൽക്കുന്ന കുഞ്ഞാടായ ക്രിസ്തുവിനെയും വീണു വന്ദിച്ചു. നാലാം അദ്ധ്യായത്തിൽ മൂപ്പന്മാർ അവർക്കു ലഭിച്ച കിരീടങ്ങൾ സിംഹാസനത്തിനു മുമ്പാകെ ഇട്ടുകൊണ്ടു മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞു വീണു നമസ്കരിച്ചാരാധിക്കുന്നതായി കാണുന്നു (വെളി.4:9-11). മൂപ്പന്മാർ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ അടങ്ങിയ സഭയെ പ്രതിനിതീകരിക്കുന്നു. വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർക്ക് എത്രയോ മഹനീയമായ പദവിയും സ്ഥാനമാനങ്ങളുമാണ് ഒരുക്കിയിരിക്കുന്നതും സ്വർഗ്ഗത്തിൽ സംവിധാനം ചെയ്തിരിക്കുന്നതും. ജീവികൾക്കോ ദൂതന്മാർക്കോ, മറ്റൊരു സൃഷ്ടിക്കോ പ്രത്യേകിച്ചു എന്തെങ്കിലും ദൈവം പ്രവർത്തിച്ചതായോ, ഒരുക്കീട്ടുള്ളതായോ തിരുവചനത്തിൽ വായിക്കുന്നില്ല. അവർക്കു സ്വർഗ്ഗത്തിൽ ഇരിപ്പിടങ്ങൾ ഇല്ല. അവർക്കു വിശ്രമം ഇല്ല. അവർ സദാ സേവകാത്മാക്കളായി ശുശ്രൂഷ ചെയ്യുന്നു. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായ സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു വിശ്രമം കൂടാതെ ദൈവത്തിന്റെ പരിശുദ്ധിയെ അവർ വർണ്ണിച്ചു കൊണ്ടേയിരിക്കുന്നു. മത്സരികളും, ദൈവത്തെ സ്നേഹിക്കാത്തവരുമായ മനുഷ്യവർഗ്ഗത്തിനായി ഒരുക്കിയതും, പൂർത്തീകരിക്കുവാൻ പോകുന്ന അനന്തരസംഭവങ്ങളും ഓർക്കുമ്പോൾ നമുക്കു എങ്ങനെ സ്തുതിക്കാതിരിക്കുവാൻ കഴിയും. സിംഹാസനത്തിൽ ഇരിക്കുന്നവനായ സർവ്വശക്തനായ ദൈവത്തിനും, വീണ്ടെടുപ്പുകാരനും രക്ഷകനുമായ കുഞ്ഞാടിന്നും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറഞ്ഞുകൊണ്ടു ആ പാദങ്ങളിൽ നമുക്കും വീഴാം.

# അദ്ധ്യായം — 6

"നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും " എന്ന വെളിപ്പാടു പുസ്തകം 1:19 -വാക്യപ്രകാരം പുസ്തകത്തെ മൂന്നായി തിരിച്ചിരിക്കുന്നു. **നീ കണ്ടത് —** എന്നതിൽ ഒന്നാം അദ്ധ്യായത്തിൽ ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തുവിനെ യോഹന്നാൻ വിവരിച്ചു. **ഇപ്പോൾ ഉള്ളത്** — എന്നതിൽ രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ഏഴു നക്ഷത്രം വലങ്കയ്യിൽ പിടിച്ചും കൊണ്ടു ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവനായ ക്രിസ്തുവിനെയും അതിന്റെ പശ്ചാത്തലത്തിൽ ഏഴു സഭകൾക്കുള്ള ദൂതുകളും വിവരിച്ചു. മൂന്നാമത്തെ ഭാഗമായ **ഇനി സംഭവിക്കുവാനുള്ളത് —** നാലു മുതൽ 22 വരെയുള്ള അദ്ധ്യായങ്ങളിൽ സഭായുഗത്തിനു ശേഷമുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നു. നാലാം അദ്ധ്യായത്തിന്റെ പ്രാരംഭ ഭാഗത്തു കാഹളനാദം പോലെയുള്ള ശബ്ദത്തോടെ സ്വർഗ്ഗത്തിലെ കാഴ്ചകൾ കാണുവാൻ യോഹന്നാൻ ആത്മവിവശനായി എടുക്കപ്പെട്ടു. ഇതു സഭയുടെ മദ്ധ്യാകാശത്തിലേക്കുള്ള ഉത്പ്രാപണത്തോടു സാമ്യമുണ്ട്. നാലും അഞ്ചും അദ്ധ്യായങ്ങളിൽ സ്വർഗ്ഗത്തിൽ സർവ്വശക്തനും സൃഷ്ടാവുമായ ദൈവത്തെയും, വീണ്ടെടുപ്പുകാരനായ കർത്താവിനെയും ആരാധിക്കുന്ന രംഗങ്ങൾ വിവരിച്ചു. സ്വർഗ്ഗത്തിലെ ആരാധനയിൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരും പങ്കുചേരുന്നതിനാൽ പീഡനകാലത്തിനു മുമ്പു തന്നെ സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടതായി കണക്കാക്കാം. ആദാമിലൂടെ നഷ്ടപ്പെട്ട സകലതും വീണ്ടെടുക്കുവാനും, ശത്രുവിന്മേലുള്ള ന്യായവിധി നടത്തുവാനുള്ള ദൈവത്തിന്റെ കാര്യപരിപാടികളടങ്ങിയ ഏഴുമുദ്രകളുള്ള ചുരുൾ പിതാവായ ദൈവത്തിന്റെ വലങ്കയ്യിൽ നിന്നു ക്രിസ്തു വാങ്ങി. മശിഹാനാമത്തെ വെളിപ്പെടുത്തുന്ന യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരും, സർവ്വശക്തിയെ വെളിപ്പെടുത്തുന്ന ഏഴു കൊമ്പും, സർവ്വജ്ഞൻ എന്നതിനെ വെളിപ്പെടുത്തുന്ന ഏഴു ദൈവാത്മാക്കൾ ആയ ഏഴു കണ്ണും ഉള്ള കുഞ്ഞാടായ ക്രിസ്തു ശക്തിയും, ധനവും, ജ്ഞാനവും, ബലവും, ബഹുമാനവും, മഹത്വവും സ്തോത്രവും സ്വീകരിപ്പാൻ യോഗ്യൻ എന്നു സകലരും പറഞ്ഞു വീണു നമസ്കരിക്കുന്നതും യോഹന്നാൻ കണ്ടു. 6 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിൽ ഭൂമിയിൽ പതിക്കുന്ന ദൈവത്തിന്റെ ന്യായവിധികൾ ഉൾക്കൊള്ളുന്ന പീഡനകാലത്തെ സംഭവങ്ങൾ വിവരിക്കുന്നു. നാലും അഞ്ചും അദ്ധ്യായങ്ങൾ സ്വർഗ്ഗത്തിലെ കാഴ്ചകൾ ആയിരുന്നുവെങ്കിൽ ആറാം അദ്ധ്യായത്തിൽ

ക്രിസ്തു ഭൂമിയിൽ ന്യായവിധി പകരുന്ന പീഡനകാലത്തെ കാഴ്ചകൾ കാണുവാനായി യോഹന്നാൻ നമ്മെ ഭൂമിയിലേക്കു നയിക്കുന്നു. ആറു മുദ്രകൾ പൊട്ടിക്കുന്നതും അനന്തരസംഭവങ്ങളുമാണ് ആറാം അദ്ധ്യായത്തിൽ വിവരിക്കുന്നത്. ഏഴു മുദ്രകൾ (seven seals - 6:1-8:1), ഏഴുകാഹളങ്ങൾ (seven trumpets - 8:2-11:19), ഏഴു കലശങ്ങൾ (seven bowls - 15:1-16:21) എന്നിങ്ങനെ മൂന്നു ഭാഗങ്ങളുള്ള ഏഴുവിധ ന്യായവിധികളുടെ പ്രവർത്തനം (21 ന്യായവിധികൾ) ആറാം അദ്ധ്യായത്തോടെ ആരംഭിക്കുന്നു.

കുഞ്ഞാടിന്റെ കോപം ചൊരിയപ്പെടുന്ന പീഡനകാലത്തെക്കുറിച്ചു തിരുവചനത്തിൽ അനേക ഭാഗങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്.

**യെശ.2:10,11,19 —** *"യഹോവയുടെ ഭയങ്കരത്വം നിമിത്തവും അവന്റെ മഹിമയുടെ പ്രഭനിമിത്തവും നീ പാറയിൽ കടന്നു മണ്ണിൽ ഒളിച്ചു കൊൾക. മനുഷ്യരുടെ നിഗളിച്ച കണ്ണു താഴും; പുരുഷന്മാരുടെ ഉന്നത ഭാവം കുനിയും; യഹോവ മാത്രം അന്നാളിൽ ഉന്നതനായിരിക്കും. യഹോവ ഭൂമിയെ നടുക്കുവാൻ എഴു ന്നേൽക്കുമ്പോൾ അവർ അവന്റെ ഭയങ്കരത്വം നിമിത്തവും അവന്റെ മഹിമയുടെ പ്രഭനിമിത്തവും പാറക ളുടെ ഗുഹകളിലും മണ്ണിലെ പൊതുകളിലും കടക്കും."*

**യെശ.34:1-4 —** *"ജാതികളേ, അടുത്തു വന്നു കേൾപ്പിൻ; വംശങ്ങളേ, ശ്രദ്ധ തരുവിൻ; ഭൂമിയും അതിന്റെ നിറവും ഭൂതലവും അതിൽ മുളെക്കുന്നതൊക്കെയും കേൾക്കട്ടെ. യഹോവെക്കു സകലജാതികളോടും കോപവും അവരുടെ സർവ്വസൈന്യത്തോടും ക്രോധവും ഉണ്ടു; അവൻ അവരെ ശപഥാർപ്പിതമായി കുലെക്കു ഏൽപ്പിച്ചിരിക്കുന്നു. അവരുടെ ഹതന്മാരെ എറിഞ്ഞുകളയും; അവരുടെ ശവങ്ങളിൽ നിന്നു നാറ്റം പുറപ്പെടും; അവരുടെ രക്തം കൊണ്ടു മലകൾ ഒഴുകിപ്പോകും. ആകാശത്തിലെ സൈന്യമെല്ലാം അലിഞ്ഞുപോകും; ആകാശവും ഒരു ചുരുൾ പോലെ ചുരുണ്ടു പോകും; അതിലെ സൈന്യമൊക്കെയും മുന്തിരിവള്ളിയുടെ ഇല വാടി പൊഴിയുന്നതുപോലെയും അത്തിവൃക്ഷത്തിന്റെ കായ് വാടി പൊഴിയു ന്നതുപോലെയും പൊഴിഞ്ഞു പോകും."*

**യിരെ.30:7 —** *"ആ നാൾ പോലെ വേറെ ഇല്ലാതവണ്ണംഅതു വലുതായിരിക്കുന്നു കഷ്ടം! അതു യാക്കോ ബിന്റെ കഷ്ടകാലം തന്നേ; എങ്കിലും അവൻ അതിൽ നിന്നു രക്ഷിക്കപ്പെടും."*

**2.തെസ്സ.2:3,4 —** അപ്പൊസ്തലനായ പൗലൊസ് ഈ കാലത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത് – *"ആരും ഏതു വിധേനയും നിങ്ങളെ ചതിക്കരുതു; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിന്നും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ"* (2.തെസ്സ.2:3,4).

**വെളി.3:10 —** *"ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും"* (വെളി.3:10) എന്ന ഫിലദെൽഫ്യസഭയിലെ ദൂതനു നൽകിയ വാഗ്ദത്തിൽ പറഞ്ഞിരിക്കുന്ന പരീക്ഷാകാലം ആറാം അദ്ധ്യായം മുതൽ വിവരിക്കുന്ന പീഡനകാലത്തെ കുറിക്കുന്നു.

**മത്താ.24:21 —** കർത്താവും ഈ കാലത്തെ കുറിച്ചു പറഞ്ഞിട്ടുണ്ട് — *"ലോകാരംഭം മുതൽ ഇന്നു വരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുംആയ വലിയ കഷ്ടം അന്നു ഉണ്ടാകും."*

വെളിപ്പാട് 6:1 മുതൽ 19:21 വരെയുള്ള ഭാഗങ്ങളിൽ വിവരിക്കുന്ന സംഭവങ്ങൾ ദാനീയേൽ പ്രവ ചനം 9:1 -27 ഭാഗങ്ങളിൽ വിവരിക്കുന്ന എഴുപതു ആഴ്ചവട്ടത്തോടു ചേർന്നു ചിന്തിക്കേണ്ടതാണ്. ബാലനായിരുന്നപ്പോൾ യിസ്രായേലിൽ നിന്നും പിടിച്ചു കൊണ്ടു വരപ്പെട്ട ദാനിയേൽ ബാബേൽ പ്രവാ സത്തിൽ ഇരിക്കുകയായിരുന്നു. 68 വർഷക്കാലമായി ബാബിലോണിൽ വസിക്കുന്നു. തന്റെ ജനമായ യിസ്രായേലിന്റെ പ്രവാസകാലം 70 വർഷക്കാലമാണെന്നു യിരെമ്യാപ്രവചനം 25:11,12 വാക്യങ്ങളിൽ നിന്നു മനസ്സിലാക്കി (ദാനീ.9:2).

**യിരെ.25:11,12 —** *"ഈ ദേശമൊക്കെയും ശൂന്യവും സ്തംഭനഹേതുവും ആകും; ഈ ജാതികൾ ബാബേൽ രാജാവിനെ എഴുപതു സംവത്സരം സേവിക്കും എന്നു യഹോവയുടെ അരുളപ്പാടു. എഴുപതു സംവ ത്സരം തികയുമ്പോൾ, ഞാൻ ബാബേൽ രാജാവിനെയും ആ ജാതിയെയും കല്ദയരുടെ ദേശത്തെയും അവരുടെ അകൃത്യം നിമിത്തം സന്ദർശിച്ചു അതിനെ ശാശ്വതശൂന്യമാക്കിത്തീർക്കും എന്നു യഹോവ യുടെ അരുളപ്പാട്."*

നിശ്ചയിക്കപ്പെട്ട ഈ കാലഘട്ടം ഏകദേശം അവസാനിക്കുന്ന വേളയിൽ ദാനീയേൽ യഹൂദാജ നത്തിനുവേണ്ടി ദൈവസന്നിധിയിൽ അഭയയാചനയും പ്രാർത്ഥനയും നടത്തുന്നു (ദാനീ.9:3-20). പ്രാർത്ഥന യിൽ തന്റെ പാപവും തന്റെ ജനമായ യിസ്രായേലിന്റെ പാപവും ഏറ്റുപറഞ്ഞു, ദൈവീകവാഗ്ദത്ത ങ്ങളെ മുറുകെ പിടിച്ചുകൊണ്ട് ഉദ്ധാരണത്തിനായി പ്രാർത്ഥിക്കുന്നു (ദാനീ.9:20). ദാനീയേൽ ഈവിധം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ പ്രാർത്ഥനയ്ക്കു മറുപടിയുമായി ഗബ്രിയേൽ ദൂതനെ ദൈവം ദാനീയേലിന്റെ സമീപത്തേക്കയച്ചു (ദാനീ.9:21). ദാനീയേലിനു ബുദ്ധി ഉപദേശിക്കുന്നതിനും കാര്യങ്ങൾ

ചിന്തിച്ചു ദർശനം ഗ്രഹിക്കുവാനുള്ള കഴിവു നൽകുവാനുമായിരുന്നു ദൂതനെ അയച്ചത്. 70 വർഷങ്ങളുടെ അടിമത്വജീവിതത്തിനു ശേഷം ദൈവം തന്റെ ജനത്തെ ഉദ്ധരിക്കുവാൻ പ്രത്യാശയോടെ പ്രാർത്ഥിച്ച ദാനീയേലിന്റെ പ്രാർത്ഥന കേട്ടു എന്നു മാത്രമല്ല യിസ്രായേലിന്റെ ഭാവി എന്തായിരിക്കുമെന്നുകൂടി ദൈവം ദാനീയേലിനെ അറിയിക്കുന്നു. യഹൂദന്മാർക്കായി ദൈവം ഒരുക്കിയിരിക്കുന്ന കാര്യപരിപാടികളുടെ വിശദീകരണമായിരുന്നു അത്. 70 വർഷത്തെ പ്രവാസകാലം തീരുമെങ്കിലും അവർക്കായി അതിന്റെ ഏഴിരട്ടി അഥവാ 490 വർഷത്തിന്റെ ശുദ്ധീകരണകാലം കൂടി കഴിയുവാനുണ്ടെന്നു വെളിപ്പെടുത്തികൊടുത്തു(ദാനീ.9:24-27). അതായത് ബാബിലോണ്യ പ്രവാസത്തിനു അറുതി വരുമെങ്കിലും എഴുപതു ഏഴുകളുടെ ഒരു കാലം കഴിഞ്ഞിട്ടേ യിസ്രായേലിനു പൂർണ്ണമായ ഉദ്ധാരണം ഉണ്ടാകുകയുള്ളു എന്നായിരുന്നു ദൈവീകാരുളപ്പാട്.

**ദാനീ.9:24-27 —** *"അതിക്രമത്തെ തടസ്ഥം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിന്നു പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്വാനും തക്കവണ്ണം നിന്റെ ജനത്തിന്നും വിശുദ്ധനഗരത്തിന്നും എഴുപതു ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു. അതുകൊണ്ടു നീ അറിഞ്ഞുഗ്രഹിച്ചു കൊള്ളേണ്ടതെന്തെന്നാൽ: യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായോരു പ്രഭുവരെ ഏഴു ആഴ്ചവട്ടം; അറുപത്തുരണ്ടു ആഴ്ചവട്ടംകൊണ്ടു അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നേ വീണ്ടും പണിയും. അറുപത്തുരണ്ടു ആഴ്ചവട്ടം കഴിഞ്ഞിട്ടു അഭിഷിക്തൻ ഛേദിക്കപ്പെടും; അവന്നു ആരും ഇല്ലെന്നു വരും; പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും; അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും."* ദൈവം നിർണ്ണയിച്ചിരിക്കുന്ന 490 വർഷങ്ങൾ കൊണ്ട് യഹൂദാജനത്തോട് ആറു കാര്യങ്ങളിലൂടെ ഇടപെട്ടു എല്ലാറ്റിനും സമാപ്തി വരുത്തുമെന്നു ഗബ്രിയേൽ ദൂതനിലൂടെ ദാനീയേലിനെ അറിയിച്ചു. ആദ്യത്തെ മൂന്നെണ്ണം പാപത്തോടും തുടർന്നുള്ള മൂന്നെണ്ണം നീതി നിർവ്വഹണത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഇതു യിസ്രായേലിനു മാത്രമായുള്ള ദൈവീക പരിപാടിയാണ്. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സകലജാതികളുമുൾപ്പെട്ട സഭ ഉത്പ്രാപണം വഴിയായി സ്വർഗ്ഗത്തിൽ ആയിരിക്കുന്നു. സഭ പീഡനകാലത്തിലൂടെ കടന്നു പോകുകയില്ലെന്നു യിസ്രായേലിനു മാത്രമുള്ള ഒരുക്കങ്ങളിലൂടെ മനസ്സിലാക്കാം. ഭൂമിയിൽ ഇനിയും സംഭവിക്കാനിരിക്കുന്നതും ഏഴു വർഷങ്ങൾ നീളുന്നതതുമായ പീഡനകാലത്തിലൂടെ ദൈവത്തിനു ഒരു ഉദ്ദേശ്യമുണ്ട്. കാരണമില്ലാതെയോ, ലക്ഷ്യമില്ലാതെയോ ദൈവം പ്രവർത്തിക്കുന്നില്ല. ദാനീയേലിനു ഇതു വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ട് (ദാനീ.9:25). യഥാർത്ഥത്തിൽ ഈ ശിക്ഷാവിധികൾ യിസ്രായേലിനെ ശുദ്ധീകരിച്ചു അവരെ ദൈവകൃപയിലേക്കു കൊണ്ടുവരുന്നതിനാണ്. ഈ വിധത്തിൽ ദൈവത്തിന്റെ ആറു ലക്ഷ്യങ്ങൾ ദാനീ.9:24 -ൽ രേഖപ്പെടുത്തിയിരിക്കുന്നു. യിസ്രായേലിനു മാത്രമായുള്ള ദൈവീകനിർണ്ണയങ്ങൾ ഓരോന്നായി നോക്കാം.

**(1) അതിക്രമങ്ങളെ തടസ്ഥം ചെയ്ക —** (To finish the transgression) —

യിസ്രായേലിന്റെ സകല അതിക്രമങ്ങൾക്കും വിരാമമിട്ടു അതൊക്കെ നീക്കം ചെയ്യുക. ക്രിസ്തു എന്നറിയാതെ ചെയ്തതും അവർ ദൈവത്തോടു പ്രവർത്തിച്ചതുമായ സകല അകൃത്യങ്ങളും ഇല്ലായ്മ ചെയ്യുക എന്നതാണ് ലക്ഷ്യം. മഹാപീഡനകാലത്ത് യിസ്രായേൽ ക്രിസ്തുവിങ്കയേക്കു തിരിയുവാനിടയാകും. വലിയോരു ഉണർവ് മഹാപീഡനകാലത്തു യിസ്രായേലിൽ ഉണ്ടാകുവാനിടയാകും.

**(2) പാപങ്ങളെ മുദ്രയിടുക —** (To make an end of sins) —

യിസ്രായേലിന്റെ പാപങ്ങൾ മുദ്രയിട്ട് ദൈവസന്നിധിയിൽ അവരെ നീതീകരിച്ചു കളങ്കമില്ലാത്തവാരാക്കുക. യിസ്രായേൽ ഒരു കൂട്ടമെന്ന നിലയിൽ അവരുടെ പാപങ്ങൾ എന്നേക്കും നീക്കപ്പെടണം. ദൈവത്തോടുള്ള ദാനീയേലിന്റെ പ്രാർത്ഥനയിലെ ഒരു പ്രധാന ഉള്ളടക്കം യിസ്രായേലിന്റെ പാപം ആയിരുന്നു. അവർ ദൈവത്തോടു മത്സരിച്ചു, ദൈവത്തിന്റെ വചനം കേട്ടനുസരിച്ചില്ല, ന്യായപ്രമാണം ലംഘിച്ചു, ദൈവകൃപക്കായി യാചിച്ചില്ല എന്നിങ്ങനെ അനേക പാപങ്ങൾ ദാനീയേൽ ദൈവസന്നിധിയിൽ ഓർക്കുന്നു(ദാനീ.9:5-15). ഇപ്രകാരമുള്ള യിസ്രായേലിന്റെ പാപങ്ങളൊക്കെ മുദ്രയിടപ്പെടണം.

**(3) അകൃത്യത്തിന്നു പ്രായശ്ചിത്തം ചെയ്ക —** (To make reconcilliation for inquity) —

അകൃത്യമെന്നത് യിസ്രായേൽ ക്രിസ്തുവിനെ നിഷേധിച്ചതിനാലുണ്ടായതാണ്. അകൃത്യത്തിനു പ്രായശ്ചിത്തം എങ്ങനെ ഉണ്ടാകും? അവരുടെ പാപപരിഹാരത്തിനായി ഒരു യാഗത്തിലൂടെ പ്രായശ്ചിത്തം വ്യവസ്ഥ ചെയ്തിരിക്കുന്നു. യിസ്രായേലിന്റെ മശിഹാ എന്ന നിലയിൽ ക്രിസ്തുവിന്റെ കാൽവറിയാഗം അവരുടെയും അകൃത്യത്തിനു പ്രായശ്ചിത്തമായി. കാൽവറിയിൽ ഈ പ്രായശ്ചിത്തയാഗം നിറവേറപ്പെട്ടെങ്കിലും യഹൂദൻ അവകാശമാക്കുന്നത് തങ്ങൾ കുത്തിയവങ്കലേക്കു നോക്കുന്ന വേളയി

ൽ മാത്രമാണ് (സെഖ.12:10, 13:1). ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെന്ന നിലയിൽ ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ സർവ്വലോകത്തിലെയും പാപികൾക്കു രക്ഷാകാരണമായി (യോഹ.1:29/1.യോഹ.2:2). സർവ്വലോകത്തിന്റെയും എന്ന പരിധിയിൽ ജാതികളും യിസ്രായേലും ഉൾപ്പെടുന്നു. ക്രിസ്തു സഭക്കുവേണ്ടി മരിച്ചു (എഫെ.5:27); സകലഗോത്രത്തിലും ഭാഷയിലും വംശത്തിലുള്ളവർക്കായി ജീവൻ കൊടുത്തു(വെളി.5:9); തന്റെ സ്വന്തജനമായ യിസ്രായേലിനു വേണ്ടി മരിച്ചു (യെശ.53:8). അവർക്കായും കൂടി ഈ വിധം ഒരുക്കിയ പ്രായശ്ചിത്തയാഗം അവർ സ്വന്ത അനുഭവമാക്കണം. ക്രൂശീകരണവേളയിൽ യിസ്രായേൽ അവരുടെ മശീഹായെ തള്ളക്കളഞ്ഞു ശാപം ഏറ്റു വാങ്ങി. അന്നവർ പറഞ്ഞത് — മത്താ.26:25 — *“അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ”* എന്നായിരുന്നു. എന്നാൽ അവർ വരുത്തിവെച്ച ശാപത്തിനും അകൃത്യത്തിനും പരിഹാരമായി പ്രായശ്ചിത്തം ലഭിക്കുന്നത് കഷ്ടതയുടെ നാളുകളായ പീഡനകാലത്തിൽ അവർ തള്ളിക്കളഞ്ഞ മശീഹായിലേക്കു നോക്കി മാനസാന്തരപ്പെടുമ്പോഴാണ്.

**(4) നിതൃനീതി വരുത്തുക —** (To bring in everlasting righteousness) —

നിത്യനീതി വരുത്തുക, ദർശനവും പ്രവചനവും മുദ്രയിടുക, അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുക എന്നീ മൂന്നു കാര്യങ്ങളും ദൈവനീതിയെ കുറിക്കുന്നതും മശിഹാ തന്റെ രാജ്യം സ്ഥാപിക്കപ്പെടുമ്പോൾ സംഭവിക്കുന്നതുമാണ്. അതിക്രമങ്ങളെ നീക്കം ചെയ്യുകയും, പാപങ്ങൾ മുദ്രയിടുകയും, അതിക്രമങ്ങൾക്കു പ്രായശ്ചിത്തം വരുത്തുകയും ചെയ്യുമ്പോൾ നിത്യനീതി ഉറപ്പാകും. സഹസ്രാബ്ദവാഴ്ചയിലാണിതു സംഭവിക്കുന്നത്. ക്രിസ്തു വീണ്ടും വരുമ്പോൾ തന്റെ നീതിയുള്ള രാജ്യം സ്ഥാപിച്ചു (യിരെ.23:5,6/31:33,34). നീതിയോടെ രാജാവായി ഭരിക്കും (യെശ.4:2-6).

**(5) ദർശനവും പ്രവചനവും മുദ്രയിടുക —** (To seal up vision and prophecy) —

യിസ്രായേലിന്റെ പാപങ്ങൾ നീക്കപ്പെട്ടു നിത്യനീതി വരുത്തിക്കഴിയുമ്പോൾ അവർ ദൈവത്തോടു ചേർന്നു ജീവിക്കുവാനിടയാകും. ദൈവവുമായുള്ള നിരന്തമായ സംസർഗ്ഗം യിസ്രായേൽ ഇക്കാലങ്ങളിൽ തുടരുന്നതിനാൽ വേറെ ദർശനങ്ങളോ പ്രവചനങ്ങളോ ആവശ്യമുണ്ടായിരിക്കയില്ല. തന്മൂലം ദർശനങ്ങളും പ്രവചനങ്ങളും മുദ്രയിടുവാൻ കാരണമാകും. അന്നാളിൽ യിസ്രായേലിനെക്കുറിച്ചുള്ള പഴയനിയമപ്രവചനങ്ങളൊക്കെയും നിവർത്തിയാകും.

**(6) അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുക —** (To annoint the Most Holy) —

ഇതു യെഹെസ്കേൽ പ്രവചനം 40 മുതൽ 48 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്ന കാര്യങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു. സഹസ്രാബ്ദകാലത്തു പണിയപ്പെടുന്ന ദൈവാലയമാണ് ഇവിടെത്തെ പ്രതിപാദ്യവിഷയം. മശിഹാരാജാവ് ഭൂമിയിൽ വന്നു സഹസ്രാബ്ദവാഴ്ച ആരംഭിക്കുന്നതോടു കൂടി ആലയം മഹത്വത്തോടെ നിർമ്മിക്കപ്പെടും. കൃപാസനത്തിനും നിയമപെട്ടകത്തിനും പകരം രാജസിംഹാസനം സ്ഥാപിക്കപ്പെടും. ഇപ്രകാരം സഹസ്രാബ്ദകാലത്ത് അതിപരിശുദ്ധനും രാജപുരോഹിതനുമായ ക്രിസ്തുവിന്റെ അഭിഷേകത്തെക്കുറിച്ചാണ് ദാനീയേലിനു ഗബ്രിയേൽ വഴി ദൈവം വെളിപ്പെടുത്തികൊടുത്തത്.

ഈ ആറു വസ്തുതകളും ദാനീയേലിന്റെ പ്രാർത്ഥനയിൽ അടങ്ങിയിരുന്ന അപേക്ഷകൾക്കുത്തരമായി ഗബ്രിയേലിലൂടെ ദാനീയേലിനു ലഭിച്ചതാണ്. യിസ്രായേലിന്റെ പാപവും അകൃത്യവും നീക്കപ്പെടുകയും മുദ്രയിടുകയും ചെയ്യും (സെഖ.12:10-13:1). അതിക്രമങ്ങൾക്കു യേശുക്രിസ്തുവിന്റെ കാൽവറിയിലെ യാഗമരണത്തിലൂടെ പ്രായശ്ചിത്തമുണ്ടാകും. നിത്യനീതി കൈവരുന്നതോടെ നിത്യസംസർഗ്ഗത്താൽ ദർശനവും പ്രവചനവും മുദ്രയിടുകയും തുടർന്നു അതിപരിശുദ്ധമായതിനെ അഭിഷേകം നടക്കുകയും ചെയ്യും. എന്നാൽ ഈ വിധകാര്യങ്ങളൊക്കെ സാദ്ധ്യമാകുന്നതിന് ദൈവം യിസ്രായേലിനോടു ബന്ധത്തിൽ ഒരു കാലം നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. അതാണ് 490 വർഷങ്ങൾ (49 + 434 +7 = 490) അടങ്ങിയ 70 ആഴ്ചവട്ടം. ആഴ്ചവട്ടം എന്നത് ഏഴു ദിവസങ്ങൾ അല്ല. മറിച്ച് സപ്തവർഷങ്ങൾ അഥവാ ഏഴു വർഷങ്ങൾ എന്നാണ്. ആകയാൽ 70 ആഴ്ചവട്ടങ്ങൾ 70 X 7 = 490 വർഷങ്ങളെ കുറിക്കുന്നു.

490 വർഷങ്ങൾ എന്നത് യിസ്രായേലിന്റെ ചരിത്രത്തിൽ ദൈവവും യിസ്രായേലും അന്യോന്യം സജീവബന്ധത്തിൽ കഴിഞ്ഞിരുന്ന കാലഘട്ടമാണെന്നു മനസ്സിലാക്കാം. 490 എന്ന സംഖ്യ യിസ്രായേലിന്റെ ചരിത്രത്തിൽ അവരോടു ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തെ അവഗണിച്ചു യിസ്രായേൽ ജീവിച്ചിരുന്ന കാലത്തെ ഈ നിശ്ചിതകാലഘട്ടത്തിൽ നിന്നു വിട്ടു കളഞ്ഞിരിക്കുന്നതായും കാണുന്നു. *“ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും”* (ഉല്പ.12:2) എന്നുള്ള അബ്രഹാമിനോടുള്ള ദൈവിക ഉടമ്പടി ആരംഭിക്കുന്നതു മുതൽ ഈ കാലഘട്ടം ആരംഭിക്കുന്നു.

**ഒന്നാമത്തെ 490 വർഷങ്ങൾ —**

അബ്രഹാമിന്റെ കാലം മുതൽ യിസ്രായേൽ മിസ്രയീമിൽ നിന്നു പുറപ്പെടുന്നതുവരെയുള്ള 505 (ബി.സി.2111 മുതൽ ബി.സി.1606 വരെ) വർഷങ്ങളിൽ നിന്നു യിശ്മായേൽ അബ്രഹാമിന്റെ ഭവനത്തിൽ പാർത്തിരുന്ന 15 വർഷങ്ങൾ കുറച്ചാൽ 490 വർഷങ്ങൾ. ദൈവത്തിൽ ആശ്രയിക്കാതെ സ്വന്ത താല്പര്യ

മനുസരിച്ചു പ്രവർത്തിച്ചതാണ് യിശ്മായേലിന്റെ ജനനത്തിനു കാരണമായത്. ഈ കാലങ്ങൾ ദൈവവും അബ്രഹാമും തമ്മിൽ സജീവബന്ധമില്ലായിരുന്നുവെന്നു കണക്കാക്കാം. യിശ്മായലിനെ ഭവനത്തിൽ നിന്നു പുറത്താക്കിയ ശേഷമാണ് ദൈവം അബ്രഹാമിനു വീണ്ടും വെളിപ്പാടുകൾ നൽകി സംസർഗ്ഗം തുടർന്നത്.

**രണ്ടാമത്തെ 490 വർഷങ്ങൾ —**

മിസ്രയീമിലെ അടിമത്വത്തിൽ നിന്നും യിസ്രായേൽ പുറപ്പെടുന്നതു മുതൽ ശലോമോൻ ദൈവാലയപണി പൂർത്തിയാക്കുന്നതുവരെയുള്ള 601 വർഷങ്ങളിൽ (ബി.സി.1606 മുതൽ ബി.സി.1005 വരെ) നിന്നു ന്യായധിപന്മാരുടെ കാലത്തു ദൈവത്തെ ബഹുമാനിക്കാതെ ഓരോരുത്തൻ ബോധിച്ചതുപോലെ നടന്ന 111 വർഷം കുറച്ചാൽ 490 വർഷങ്ങൾ.

**മൂന്നാമത്തെ 490 വർഷങ്ങൾ —**

ശലോമോന്റെ ദൈവാലയ പൂർത്തീകരണം മുതൽ അർത്ഥഹ്ശഷ്ടാരാജാവിന്റെ കല്പന (നെഹെ.2:1-8) പുറപ്പെടുന്ന നാൾ വരെ 560 വർഷങ്ങളിൽ (ബി.സി.1005 മുതൽ ബി.സി.445 വരെ) ബാബിലോണിയൻ പ്രവാസകാലമായ 70 വർഷം കുറച്ചാൽ 490 വർഷങ്ങൾ. 70 വർഷക്കാലം ദൈവം അവരെ ഭരിക്കുന്നില്ല.

**നാലാമത്തെ 490 വർഷങ്ങൾ —**

ദാനീയേൽ പ്രവചനപ്രകാരം എഴുപതു ഏഴുകളുടെ അഥവാ 490 വർഷക്കാലം യിസ്രായേലിന്റെ ഉദ്ധാരണത്തിനും ദൈവം കല്പിച്ചിരിക്കുന്നു. അതായത് അർത്ഥഹ്ശഷ്ടാരാജാവിന്റെ കല്പനമുതൽ (നെഹെ.2:1 -നീസാൻ മാസം 20-ാം ആണ്ടു) യിസ്രായേലിനു ഭാവിയിൽ നടക്കേണ്ട പുനരുദ്ധാരണം വരെ 490 വർഷക്കാലങ്ങൾ. ബി.സി.445 മുതൽ ഇന്നോളം തന്നെ 2452 (445+2007) വർഷങ്ങളാകുന്നു. എങ്കിലും ഇതിൽ വരുന്ന വ്യത്യാസം യിസ്രായേൽ ദൈവവുമായി സംസർഗ്ഗമില്ലാത്ത കാലമാണെന്നു കരുതാം.

ദാനീയേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന 70 ആഴ്ചവട്ടക്കാലം (ദാനീ.9:24)യിസ്രായേലിനെ സംബന്ധിച്ചു ക്രിസ്തു മുഖാന്തരമുള്ള ഉദ്ധാരണത്തിന്റെയും വീണ്ടെടുപ്പിന്റെയും കാലമായിരിക്കുന്നു. ഒന്നിൽ ആരംഭിച്ചു എഴുപതുവരെ തുടർമാനമായി പോകാതെ ആദ്യം ഏഴ് ആഴ്ചവട്ടങ്ങളും (7), പിന്നീട് അറുപത്തിരണ്ട് ആഴ്ചവട്ടങ്ങളും (62), അവസാനം ഒരു ആഴ്ചവട്ടവും (1) എന്നിങ്ങനെ എഴുപതു ആഴ്ചവട്ടങ്ങളെ മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു.

**ഒന്നാം കാലഘട്ടം — ദാനീ.9:25 —**

ഏഴു ആഴ്ചവട്ടം (49 വർഷങ്ങൾ) ബി.സി. 445 മുതൽ ബി.സി.396 വരെ. ഈ കാലഘട്ടത്തിൽ ഏറ്റവും പ്രതികൂലസാഹചര്യത്തിൽ യെരുശെലേം ദൈവാലയത്തിനു ചുറ്റുമുള്ള മതിലുകൾ നെഹെമ്യാവിന്റെ നേതൃത്വത്തിൽ പുതുക്കി പണിയുവാൻ പുറപ്പെടുന്നു (നെഹ.2:5-8). അർത്ഥഹ്ശഷ്ടാരാജാവിന്റെ ഇരുപതാം ആണ്ടിൽ നീസാൻ മാസത്തിൽ ആയിരുന്നു പണിക്കുള്ള അനുമതി പുറപ്പെടുവിച്ചു കിട്ടിയത് (നെഹെ.2:1). ഈ തീയതി ബി.സി.445 മാർച്ച് 14 ആണെന്നു വേദപണ്ഡിതന്മാർ കണക്കാക്കിയിരിക്കുന്നു.

**രണ്ടാം കാലഘട്ടം — ദാനീ.9:26 —**

62 ആഴ്ചവട്ടം (434 വർഷങ്ങൾ) ബി.സി.396 മുതൽ ആരംഭിച്ചു കർത്താവിന്റെ യെരുശെലേമിലേക്കുള്ള രാജകീയപ്രവേശനം വരെയുള്ള കാലം (എ.ഡി.31 എന്നു കണക്കാക്കപ്പെടുന്നു). ഒന്നും രണ്ടും കാലഘട്ടങ്ങൾ ചേരുമ്പോൾ 483 വർഷങ്ങൾ (7 x 7 = 49) + (7 x 62 = 434) ആകെ — 49+434 = 483). ബി.സി.445 മുതൽ 483 വർഷങ്ങൾ സൂര്യവർഷപ്രകാരം (വർഷത്തിൽ 360 ദിനങ്ങൾ — 483 x 360 = 1,73,880 ദിവസങ്ങൾ ) എണ്ണിത്തിട്ടപ്പെടുത്തിയാൽ എ.ഡി.31 - നോടടുത്തു കർത്താവിന്റെ ഭൂമിയിലെ ശുശ്രൂഷാദിനങ്ങളിലെത്തിച്ചേരും. ക്രിസ്തു അഭിഷിക്തനെങ്കിലും യെഹൂദന്മാർ കർത്താവിനെ തിരിസ്കരിച്ചു. കർത്താവിന്റെ യെരൂശലേം പ്രവേശനവും യഹൂദന്മാരുടെ തിരിസ്കരണവും തിരുവചനത്തിൽ കാണുന്നു. *"അവൻ നഗരത്തിന്നു സമീപിച്ചപ്പോൾ അതിനെ കണ്ടു അതിനെക്കുറിച്ചു കരഞ്ഞു; ഈ നാളിൽ നിന്റെ സമാധാനത്തിന്നുള്ളതു നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അതു നിന്റെ കണ്ണിന്നു മറഞ്ഞിരിക്കുന്നു."* (ലൂക്കൊ.19:41,42). *"അവൻ ദിവസേന ദൈവാലയത്തിൽ ഉപദേശിച്ചു പോന്നു; എന്നാൽ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും ജനത്തിൽ പ്രധാനികളായവരും അവനെ നശിപ്പിപ്പാൻ തക്കം നോക്കി "* (ലൂക്കൊ.19:47). *"അവരോ: കൊന്നുകളക, കൊന്നുകളക; അവനെ ക്രൂശിക്ക എന്നു നിലവിളിച്ചു. നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കേണമോ എന്നു പീലാത്തോസ് അവരോടു ചോദിച്ചു; അതിന്നു മഹാപുരോഹിതന്മാർ: ഞങ്ങൾക്കു കൈസരല്ലാതെ മറ്റൊരു രാജാവില്ല എന്നു ഉത്തരം പറഞ്ഞു (യോഹ.19:15). അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല "* (യോഹ.1:11).

**മൂന്നാം കാലഘട്ടം — ദാനീ.9:27 —**

ഒരു ആഴ്ചവട്ടം (7 വർഷങ്ങൾ). സഭയുടെ ഉത്പ്രാപണം മുതൽ ഹർമ്മഗെദ്ദോൻ യുദ്ധം വരെ (സഹസ്രാബ്ദവാഴ്ച ആരംഭം വരെ). ഇക്കാലം യഹോവയുടെ ദിവസം, യാക്കോബിന്റെ കഷ്ടകാലം എന്നിങ്ങനെ അറിയപ്പെടുന്ന ഏഴുവർഷ പീഡനകാലത്തെ കുറിക്കുന്നു. ഈ അവസരത്തിൽ അധർമ്മ മൂർത്തിയെന്നറിയപ്പെടുന്ന അന്തിക്രിസ്തു പ്രത്യക്ഷപ്പെടും. ഇവനാണ് വരുവാനിരിക്കുന്ന പ്രഭു എന്നു ദാനീയേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്നത് (ദാനീ.9:26). ഇവൻ യിസ്രായേലുമായി ഏഴു വർഷത്തേക്കുള്ള ഉടമ്പടി ചെയ്യും. ഇവന്റെ ഭരണത്തിന്റെ തുടക്കം സമാധാനമായ അന്തരീക്ഷമെങ്കിലും ഏഴുവർഷത്തിന്റെ മദ്ധ്യത്തിൽ (മൂന്നരവർഷം കഴിയുമ്പോൾ) ഇവൻ ഉടമ്പടി ലംഘിക്കും. ആകയാൽ ഇവന്റെ ഏഴു വർഷത്തിലെ ഭരണത്തിലെ ആദ്യത്തെ മൂന്നരവർഷം പീഡനകാലവും അവസാനത്തെ മൂന്നരവർഷം മഹാപീഡനകാലവും ആയിരിക്കും. ഇക്കാലത്തു ഭൂമിയിൽ അരങ്ങേറുന്ന സംഭവപരമ്പരകളാണ് വെളിപ്പാടു 6 മുതൽ 19 വരെയും, മത്തായി 24:15-35 വരെയുമുള്ള ഭാഗങ്ങളിൽ വിശദീകരിച്ചിരിക്കുന്നത്.

അറുപത്തിഒൻപതിനും എഴുപതിനും ഇടയിൽ (കർത്താവിന്റെ ഒന്നാം വരവിനു ശേഷവും പീഡനകാലത്തിനു മുമ്പും) ഒരു അനിശ്ചിതകാലയളവ് കാണുന്നുണ്ട്. യിസ്രായേലിനെ തള്ളിക്കളഞ്ഞതു പോലെ അറിയപ്പെടുന്ന ഇക്കാലം സഭായുഗമായി കണക്കാക്കാം. ഇതു സകലജാതികൾക്കായും ഒരുക്കിയിരിക്കുന്ന കൃപാകാലം അഥവാ സഭായുഗമാണ്. പഴയനിയമപ്രവാചകന്മാർക്കിക്കാര്യം മറവായിരുന്നു. യിസ്രായേലിന്റെ മറുതലിപ്പു വഴിയായി ജാതികൾക്കു ലഭിക്കുന്ന കൃപാകാലത്തെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസ് വിശദീകരിച്ചിട്ടുണ്ട്. **റോമ.11:11-15 —** *"എന്നാൽ അവർ വീഴേണ്ടതിന്നോ ഇടറിയതു എന്നു ഞാൻ ചോദിക്കുന്നു. ഒരുനാളും അല്ല; അവർക്കു എരിവു വരുത്തുവാൻ അവരുടെ ലംഘനം ഹേതുവായി ജാതികൾക്കു രക്ഷ വന്നു എന്നേയുള്ളു.............അവരുടെ ഭ്രംശം ലോകത്തിന്റെ നിരപ്പിന്നു ഹേതുവായി എങ്കിൽ അവരുടെ അംഗീകരണം മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെ എന്താകും?"* എന്നാൽ കൃപാകാലം കഴിഞ്ഞുള്ള ദിനങ്ങൾ തന്റെ ജനമായ യിസ്രായേലിന്റെ ഉദ്ധാരണദിനങ്ങളായിരിക്കും.

ദാനീയേൽ പ്രവചനപ്രകാരം (ദാനീ.9:27) മൂന്നാംഘട്ടമായ ഒരാഴ്ചവട്ടക്കാലം അഥവാ ഏഴു വർഷങ്ങൾ യിസ്രായേലിനോടു ബന്ധത്തിൽ അന്തിക്രിസ്തുവിന്റെ സമാധാന ഉടമ്പടിയോടെ ആരംഭിക്കുന്നതും, തുടർന്നു ക്രിസ്തു തന്റെ രാജ്യം സ്ഥാപിച്ചു വാഴുവാനായി പ്രത്യക്ഷപ്പെടുന്നതടക്കമുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നു. വെളിപ്പാട് 6 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിലും ഇതു വിവരിക്കുന്നു. സംഭവങ്ങൾ മൂന്നു ഭാഗങ്ങളായി ഈ 14 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യത്തെ മൂന്നരവർഷക്കാലത്തെ സംഭവങ്ങൾ വെളിപ്പാട് 6 മുതൽ 9 വരെയും, ആദ്യത്തെയും അവസാനത്തെയും മൂന്നരവർഷക്കാലങ്ങൾക്കു മദ്ധ്യേയുള്ള സംഭവങ്ങൾ (അന്തിക്രിസ്തു യിസ്രായേലുമായുള്ള ഉടമ്പടിലംഘിച്ചു അവരെ പീഡിപ്പിക്കുവാൻ ആരംഭിക്കുന്ന) വെളിപ്പാട് 10 മുതൽ 14 വരെയും, അവസാനത്തെ മൂന്നുരവർഷക്കാല സംഭവങ്ങൾ വെളിപ്പാടു 15 മുതൽ 19 വരെയുമുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു.

വെളിപ്പാടു പുസ്തകത്തിലെ ഏഴുമുദ്രകൾ പൊട്ടിക്കുമ്പോഴുണ്ടാകുന്ന അനന്തരസംഭവങ്ങൾ യേശുക്രിസ്തു ഗിരിപ്രഭാഷണത്തിലൂടെ വിശദീകരിച്ച പ്രവചനകാര്യങ്ങളോടു സാമ്യമുണ്ട്.

**വെളിപ്പാട് 6 ലെ സംഭവങ്ങൾ — മത്താ.24 ലെ ഗിരിപ്രഭാഷണപ്രവചനം**

(1) വെള്ളക്കുതിര—അന്തിക്രിസ്തു-(വെളി.6:1,2):കള്ളക്രിസ്തു—മത്താ.24:4,5

(2) ചുവന്ന കുതിര — യുദ്ധം — (വെളി.6:3,4) : യുദ്ധം — മത്താ.24:6

(3) കറുത്ത കുതിര —ക്ഷാമം — (വെളി.6:5,6) : ക്ഷാമം — മത്താ.24:7

(4) മഞ്ഞക്കുതിര — മരണം — (വെളി.6:7,8) : മരണം, ഉപദ്രവം — മത്താ.24:8,9

(5) രക്തസാക്ഷികൾ —(വെളി.6:9-11) : രക്തസാക്ഷി മരണം—മത്താ.24:9

(6) സൗരയൂധ മാറ്റങ്ങൾ, ഭൂവാസികളുടെ കരച്ചിൽ —(വെളി.6:12-17) : സൗരയൂധ മാറ്റങ്ങൾ, ഭൂവാസികളുടെ കരച്ചിൽ (മത്താ.24:10-13,29).

മർക്കൊസ്.13, ലൂക്കൊസ്. 21 എന്നീ അദ്ധ്യായങ്ങളിലും ഇക്കാലത്തെ സമാനമായ സംഭവങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

**അദ്ധ്യായസംഗ്രഹം —**

ഏഴു മുദ്രകളുള്ള പുസ്തകത്തിന്റെ ആദ്യത്തെ ആറു മുദ്രകൾ കുഞ്ഞാടു പൊട്ടിക്കുന്നതിനെയും, അതേ തുടർന്നുള്ള സംഭവങ്ങളെയും വെളിപ്പാടു പുസ്തകം ആറാം അദ്ധ്യായം വിവരിക്കുന്നു. ഭൂമിയിലും ഭൂവാസികളിലും പകരപ്പെടുന്ന ദൈവക്രോധം ഈ സംഭവങ്ങൾ വെളിപ്പെടുത്തുന്നു. ഓരോ മുദ്ര പൊട്ടിക്കുമ്പോഴും പ്രത്യേകതരത്തിലുള്ള ന്യായവിധിയാണ് പകരപ്പെടുന്നത്. ആദ്യത്തെ നാലു മുദ്ര

കൾ പൊട്ടിക്കുമ്പോൾ നാലു ജീവികളും ഓരോരുത്തരായി "വരിക" എന്നു പറയുന്നതായി യോഹന്നാൻ കേട്ടു. "വരിക" എന്നത് യോഹന്നാനെ ക്ഷണിക്കുന്ന ആജ്ഞാശബ്ദം അല്ല; മറിച്ച് ന്യായവിധി പകരപ്പെടുന്ന സംഭവങ്ങൾക്കു മുന്നോടിയായി കുതിരസഞ്ചാരികളെ രംഗത്തിലേക്കു വരുത്തുന്ന ആജ്ഞാശബ്ദമായിരുന്നു. നാലുകുതിരകൾ വെള്ള, ചുവപ്പ്, കറുപ്പ്, മഞ്ഞ എന്നീ വിവിധ വർണ്ണങ്ങളിലുള്ളവയായിരുന്നു. ഇവയുടെ വർണ്ണങ്ങൾ ന്യായവിധിയുടെ വിവിധ സ്വഭാവങ്ങളെയും, പശ്ചാത്തലങ്ങളെയും കാണിക്കുന്നു. ആദ്യത്തെ നാലു മുദ്രകൾ പൊട്ടിക്കുമ്പോൾ ദേശത്തുണ്ടാകുന്ന രാഷ്ട്രീയ സംഭവവികാസങ്ങളും, അഞ്ചാംമുദ്ര പൊട്ടിക്കുമ്പോൾ ആത്മീകലോകത്തിലെ സംഭവവികാസങ്ങളും ആറാം മുദ്ര പൊട്ടിക്കുമ്പോൾ ആഗോളവ്യാപകമായ പ്രകൃതിയിലെ വ്യതിയാനങ്ങളും ദൃശ്യമാകുന്നു. ഒന്നാം മുദ്ര പൊട്ടിക്കുമ്പോൾ രംഗപ്രവേശനം ചെയ്യുന്നത് വെള്ളക്കുതിരപ്പുറത്തു വരുന്ന അന്തിക്രിസ്തുവാണ്. സമാധാനത്തെ വെളിപ്പെടുത്തുന്ന വെള്ളയുമായി വരുന്നുവെങ്കിലും അസമാധാനം പരത്തുന്നു. രണ്ടാമതായി പ്രത്യക്ഷപ്പെടുന്നത് ചുവന്ന കുതിരയാണ്. അതിലെ സഞ്ചാരിക്കു വാൾ ലഭിക്കുന്നു. ചുവപ്പു നിറം രക്തത്തെയും വാൾ യുദ്ധത്തെയും സൂചിപ്പിക്കുന്നു. സമാധാനത്തിന്റെ കപടവേഷത്തിൽ വരുന്ന അന്തിക്രിസ്തു കുലപാതകവും യുദ്ധവും നടത്തുന്നു. മൂന്നാമതായി രംഗപ്രവേശനം ചെയ്യുന്നത് കറുത്ത കുതിരയാണ്. ദുഃഖവും മരണവും കറുപ്പു വിളിച്ചറിയിക്കുന്നു. ആഗോളവ്യാപകമായ ക്ഷാമം ദുഃഖവും മരണവും സമ്മാനിക്കുന്നു. നാലാമതായി പ്രത്യക്ഷപ്പെടുന്നത് മഞ്ഞനിറമുള്ള കുതിരയാണ്. മഞ്ഞനിറം മരണത്തെയും ഭീതിയാലുള്ള വിളർച്ചയെയും വെളിപ്പെടുത്തുന്നു. യുദ്ധം, ക്ഷാമം, കാട്ടുമൃഗങ്ങളാലുള്ള മരണം എന്നിവയാൽ ന്യായവിധി പകരപ്പെടുന്നു. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ രക്തസാക്ഷികളുടെ കരച്ചിൽ കേൾക്കുന്നു. യാഗപീഠത്തിൻ കീഴിൽ കണ്ട ആത്മാക്കൾ രാജ്യത്തിന്റെ സുവിശേഷം അറിയിച്ചതിനാൽ കൊല്ലപ്പെട്ട യഹൂദന്മാരായ രക്തസാക്ഷികളായിരുന്നു. ആറാം മുദ്ര പൊട്ടിച്ചപ്പോൾ അതിഭയങ്കരമായ ഭൂകമ്പവും തുടർന്നു പ്രകൃതിയിൽ അനേക വിധത്തിലുള്ള വ്യതിയാനങ്ങളും ഉണ്ടാകുന്നു. ഇതേ തുടർന്നു സകലഭൂവാസികളും രക്ഷിപ്പാൻ കഴിവില്ലാത്ത നിർജ്ജീവങ്ങളായ ഗുഹകളെയും, മലപ്പാറകളെയും, കുന്നുകളെയും ആശ്രയിക്കുന്നു. കുഞ്ഞാടിന്റെ കോപത്തിൽ നിന്നു മറെക്കപ്പെടുവാൻ കൂട്ടക്കരച്ചിൽ ഉയരുന്നു.

**വെളിപ്പാടു ആറാം അദ്ധ്യായത്തിന്റെ വിഭജനം — ആറു മുദ്രകൾ പൊട്ടിക്കുന്നത് —**

1. **വെളി.6:2 —** ഒന്നാം മുദ്ര — വെള്ളക്കുതിര — ശീതയുദ്ധം —
   ( 1st seal - White Horse -- Cold War)
2. **വെളി.6:3,4 —** രണ്ടാം മുദ്ര — ചുവന്ന കുതിര —രക്തച്ചൊരിച്ചിലുള്ള യുദ്ധം —
   (2nd seal -- Red Horse -- Hot War)
3. **വെളി.6:5,6 —** മൂന്നാം മുദ്ര — കറുത്ത കുതിര — ക്ഷാമം —
   (3rd seal -- Black Horse -- Famine)
4. **വെളി.6:7,8 —** നാലാം മുദ്ര — മഞ്ഞക്കുതിര — യുദ്ധം, ക്ഷാമം, കാട്ടുമൃഗങ്ങളാലുള്ള മരണം —
   (4th seal -- Pale Horse -- Death > by war, starvation and wild beasts )
5. **വെളി.6:9-11 —** അഞ്ചാം മുദ്ര — രക്തസാക്ഷികളുടെ കരച്ചിൽ —
   (5th seal --The cry of Martyred)
6. **വെളി.6:12-17—** ആറാം മുദ്ര — ഭൂകമ്പം, സൗരയൂഥങ്ങൾക്കു വ്യതിയാനം, ഭൂവാസികളുടെ കരച്ചിലും പ്രാർത്ഥനയും — (6th seal -- Earthquake, Cosmic changes, cry and prayer of Earth dwellers).

**വെളി.6:1 — "കുഞ്ഞാടു മുദ്രകളിൽ ഒന്നു പൊട്ടിച്ചപ്പോൾ: നീ വരിക എന്നു നാലു ജീവികളിൽ ഒന്നു ഇടിമുഴക്കംപോലെ പറയുന്നതു ഞാൻ കേട്ടു." —**

വെളിപ്പാട് ആറാം അദ്ധ്യായം ആരംഭിക്കുന്നത് കുഞ്ഞാട് മുദ്രിതഗ്രന്ഥത്തിന്റെ ഒന്നാമത്തെ മുദ്ര പൊട്ടിച്ചപ്പോഴുണ്ടാകുന്ന സംഭവവിശദീകരണത്തോടു കൂടിയാണ്. ഈ സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ച യോഹന്നാൻ ഇക്കാര്യങ്ങൾ വെളിപ്പെടുത്തുന്നു. *"കുഞ്ഞാടു മുദ്രകളിൽ ഒന്നു പൊട്ടിച്ചപ്പോൾ: നീ വരിക എന്നു നാലു ജീവികളിൽ ഒന്നു ഇടിമുഴക്കംപോലെ പറയുന്നതു ഞാൻ കേട്ടു."* സ്വർഗ്ഗസിംഹസനത്തിന്റെ നടുവിലും ചുറ്റിലും കാണപ്പെട്ട നാലു ജീവികളെയും അവയുടെ ആകൃതി, പ്രത്യേകത, പ്രവർത്തനം എന്നിവയെക്കുറിച്ചു വെളി.4:6 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. നാലു ജീവികളും സാറാഫുകൾ, കെരൂബുകൾ എന്നിവയെപ്പോലെ ദൈവത്തിന്റെ ആജ്ഞ അനുസരിച്ചു പ്രവർത്തിക്കുന്നവരും, ദൈവത്തെ സേവിക്കുന്നവരുമാണ്. കുഞ്ഞാടായ യേശുക്രിസ്തു പുസ്തകത്തിന്റെ ആദ്യമുദ്ര പൊട്ടിച്ചപ്പോൾ നാലു ജീവികളിൽ ഒന്നു ഇടിമുഴക്കത്തിന്റെ ശബ്ദത്തിൽ നീ വരിക എന്നു പറയുന്നതു യോഹന്നാൻ കേട്ടു. വെളി.4:7 -ൽ വിവരിച്ചിരിക്കുന്ന ഒന്നാം ജീവി സിംഹത്തിനു സദൃശമായിരുന്നു. ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ ജീവിയുടെ ശബ്ദം ഇടിമുഴക്കത്തിന്റെ ശബ്ദം പോലെയായിരുന്നു എന്നു യോഹന്നാൻ പറഞ്ഞിരിക്കുന്നു. എന്നാൽ മറ്റു മൂന്നു മുദ്ര പൊട്ടിച്ചപ്പോഴും ഇടിമുഴക്ക ശബ്ദം ആവർത്തിച്ചിട്ടില്ല. സിംഹത്തിന്റെ ശബ്ദം ഇടിമുഴക്ക ശബ്ദത്തോടും പൊരുത്തപ്പെടുന്നതി

നാൽ ഒന്നാം ജീവി വെളി.4:7 -ൽ കണ്ട സിംഹസദൃശം തന്നെ എന്നു മനസ്സിലാക്കാം. നീ വരിക എന്നത് ക്രിസ്തുവിനോടോ യോഹന്നാനോടോ പറയുന്നതായിരുന്നില്ല. എന്നാൽ ഭൂമിയിൽ പീഡനകാലത്തിനു ആരംഭം കുറിക്കുന്നതിനു അന്തിക്രിസ്തുവിനോടുള്ള ആജ്ഞയായിരുന്നു. അതായത് അന്തിക്രിസ്തു, എതിർക്രിസ്തു, കള്ളക്രിസ്തു, അധർമ്മമൂർത്തി, അതിക്രമക്കാരൻ എന്നീ വിവിധ നാമങ്ങളിൽ അറിയപ്പെടുന്നവനെ രംഗപ്രവേശനം ചെയ്യിക്കുന്നതിനുള്ള ആഹ്വാനമായിരുന്നു അത്. ഭൂമിയിലുള്ള സകല സംഭവങ്ങളും സ്വർഗ്ഗത്തിലെ ദൈവത്തിന്റെ അനുമതിയോടെയാണ് സംഭവിക്കുന്നുവെന്നു ഇതു വ്യക്തമാക്കുന്നു.

ആദ്യത്തെ നാലു മുദ്രകളും പൊട്ടിക്കുമ്പോൾ പ്രത്യക്ഷപ്പെടുന്ന വിവിധവർണ്ണങ്ങളിലുള്ള കുതിരകളുടെ വർണ്ണന സെഖര്യാപ്രവാചകനുണ്ടായ ഒന്നാമത്തെയും എട്ടാമത്തെയും ദർശനങ്ങളോടു (സെഖ.1:7-17/സെഖ.6:1-8) സാമ്യമുണ്ട്. **സെഖ.1:8—** "ഞാൻ രാത്രിയിൽ ചുവന്ന കുതിരപ്പുറത്തു കയറിയിരിക്കുന്ന ഒരു പുരുഷനെ കണ്ടു; അവൻ ചോലയിലെ കൊഴുന്തുകളുടെ ഇടയിൽ നിന്നു; അവന്റെ പിമ്പിൽ ചുവപ്പും കരാൽ നിറവും വെണ്മയും ഉള്ള കുതിരകൾ ഉണ്ടായിരുന്നു." **സെഖ.6:2 —** "*ഒന്നാമത്തെ രഥത്തിന്നു ചുവന്ന കുതിരകളെയും രണ്ടാമത്തെ രഥത്തിന്നു കറുത്ത കുതിരകളെയും മൂന്നാമത്തെ രഥത്തിന്നു വെളുത്ത കുതിരകളെയും നാലാമത്തെ രഥത്തിന്നുപുള്ളിയും കരാൽ നിറവും ഉള്ള കുതിരകളെയും പൂട്ടിയിരുന്നു.*"

**വെളി.6:2 — "അപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ടു; അവന്നു ഒരു കിരീടവും ലഭിച്ചു; അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു." —**

പുസ്തകത്തിന്റെ ആദ്യമുദ്ര കുഞ്ഞാടു പൊട്ടിച്ചപ്പോൾ സ്വർഗ്ഗസിംഹാസനത്തിന്റെ സമീപമുള്ള നാലു ജീവികളിലൊന്നിന്റെ ഇടിമുഴക്കം പോലെയുള്ള "നീ വരിക" എന്ന ശബ്ദം യോഹന്നാൻ കേട്ടു. അപ്പോൾ ഒരു വെള്ളക്കുതിരയെയും അതിന്മേൽ കയ്യിൽ വില്ലു പിടിച്ചു കൊണ്ടു സവാരി ചെയ്യുന്ന ഒരുവനെയും കാണുന്നു. കുതിരസഞ്ചാരി രംഗപ്രവേശനം ചെയ്യുമ്പോൾ അവന്റെ തലയിൽ കിരീടം ഇല്ലായിരുന്നു. എന്നാൽ അവനു കീരീടം ലഭിക്കുകയും ജയാളിയായി മുന്നേറുന്നതും യോഹന്നാൻ കണ്ടു. കയ്യിൽ വില്ലുമായി വെള്ളക്കുതിരപ്പുറത്തു പ്രത്യക്ഷപ്പെടുന്നവൻ അന്തിക്രിസ്തുവാണ്. ദാനീയേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന "വരുവാനിരിക്കുന്ന പ്രഭു" എന്ന പരാമർശം അന്തിക്രിസ്തുവാകുന്ന ഇവനെക്കുറിച്ചാണ് (ദാനീ.9:26,27). വെള്ളക്കുതിരയും, കയ്യിൽ വില്ലും, തലയിൽ കിരീടവും, ജയത്തോടെയുള്ള മുന്നേറ്റവും അന്തിക്രിസ്തുവിന്റെ സ്വഭാവത്തെയും പ്രവർത്തനങ്ങളെയും വിശദമാക്കുന്നു. വെള്ള സമാധാനവും വിജയവും വെളിപ്പെടുത്തുന്നതു പോലെ അന്തിക്രിസ്തുവിന്റെ പ്രത്യക്ഷത സമാധാനവും വിജയവും വിളിച്ചറിയിക്കുന്നതായിരിക്കും. എന്നാൽ അവൻ പ്രകടിപ്പിക്കുന്ന സമാധാനം വ്യാജമാണ് (1.തെസ്സ.5:3). സമാധാനം വെളിപ്പെടുത്തുന്ന വെള്ള പ്രദർശിപ്പിച്ചു പ്രത്യക്ഷപ്പെടുന്നത് അവന്റെ ഉപായമാണ്. സകലരെയും തന്റെ വശത്താക്കുവാൻ പ്രയോഗിക്കുന്ന ഈ സൂത്രം ആട്ടിൻ തോലിട്ട ചെന്നായുടെ ഉപായമാണ്. പൊള്ളയായ വാഗ്ദത്തങ്ങൾ പ്രഖ്യാപിച്ചു സമാധാനപ്രഭു എന്ന പേരിൽ പ്രശസ്തി നേടും. യിസ്രായേലുമായി അവൻ ഒരു സാമധാന ഉടമ്പടി നടത്തുമെന്നു ദൈവീകാരുളപ്പാടുകൾ സാക്ഷ്യപ്പെടുത്തുന്നതിനാൽ സമാധാനത്തെ വിളിച്ചറിയിക്കുന്ന വെള്ളക്കുതിരപ്പുറത്തുള്ള അവന്റെ പ്രത്യക്ഷത യോജ്യമായിരിക്കുന്നു. വില്ലു പോരാട്ടത്തെയും യുദ്ധത്തെയും സൂചിപ്പിക്കുന്നു. ആയതുപോലെ അന്തിക്രിസ്തുവിന്റെ പ്രവർത്തനം പോരാട്ടവും യുദ്ധവും നിറഞ്ഞതായിരിക്കും. അമ്പില്ലാത്ത വില്ല് പ്രകടമാക്കുന്നത് യുദ്ധവും പോരാട്ടവും രക്തരഹിതമായിരിക്കും എന്നാണ്. ആദ്യപ്രത്യക്ഷതയിൽ തലയിൽ കിരീടം ഇല്ലായിരുന്നു. എന്നാൽ പിന്നീട് ലഭിക്കുന്ന കിരീടം ലോകക്കാർ ഒത്തൊരുമിച്ച് അവനെ സകലസ്ഥാനമാനങ്ങളും നൽകി ബഹുമാനിക്കുന്നതിനെ കുറിക്കുന്നു. ജയിക്കുന്നവനും ജയിപ്പാനായും പുറപ്പെട്ടു എന്നത് ലോകത്തെ മുഴുവനായി അവന്റെ ആധിപത്യത്തിലും കൈക്കുള്ളിലും വിജയത്തോടെ നിയന്ത്രിക്കുന്നതിനെയും ഉറപ്പിക്കുന്നതിനെയും സൂചിപ്പിക്കുന്നു.

വെള്ളക്കുതിരപ്പുറത്തു പ്രത്യക്ഷപ്പെടുന്നതു ക്രിസ്തുവെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഇതിനായി വെളിപ്പാടു 19:11 ലെ വാക്യവുമായി ബന്ധപ്പെടുത്തുന്നു.

**വെളി.19:11 —**"*അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു.*" എന്നാൽ വെളി.6 ലും വെളി. 19 ലും കാണപ്പെടുന്ന കുതിരസഞ്ചാരികളുടെ രംഗപ്രവേശസമയവും, അവരുടെ സ്വഭാവവും പ്രവർത്തനങ്ങളും സൂഷ്മമായി പരിശോധിച്ചാൽ രണ്ടിടത്തും പ്രത്യക്ഷപ്പെടുന്നയാൾ ഒന്നല്ല എന്നു മനസ്സിലാക്കാം. വെളി.6-ൽ അന്തിക്രിസ്തുവും, വെളി.19 -ൽ ക്രിസ്തുവും ആണ് രംഗപ്രവേശനം ചെയ്യുന്നത്. താഴെയുള്ള വസ്തുതകൾ നോക്കുക —

> വെളി. 6:2 -ൽ പ്രത്യക്ഷപ്പെടുന്നത് അന്തിക്രിസ്തു തന്നെയാണ്. അന്തിക്രിസ്തു വെള്ളക്കുതിരപ്പുറത്തു വരുന്നത് സമാധാനവാഹിയെന്നു മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുവാനുള്ള സൂത്രമാണ്. സമാ

ധാനം പകരുന്നവനെന്ന വ്യാജേന പ്രത്യക്ഷപ്പെടുന്നുവെങ്കിലും കലഹക്കാരനാണ്. വെളി.19:12 -ൽ വെള്ളക്കുതിരമേൽ പ്രത്യക്ഷപ്പെടുന്നത് ക്രിസ്തുവാണ്. ഇരു വാക്യങ്ങളിലും വെള്ളക്കുതിര എന്നുള്ള വിശേഷണമുണ്ടെങ്കിലും മറ്റു വസ്തുക്കളുമായി ഇരു വാക്യങ്ങൾക്കും ബന്ധമില്ല.

> വെളി.6-ലെ കുതിരസഞ്ചാരി പ്രത്യക്ഷപ്പെടുന്നത് പീഡനകാലത്തിന്റെ ആരംഭത്തിലാണ്. എന്നാൽ ക്രിസ്തു പ്രത്യക്ഷപ്പെടുന്നത് മഹോപദ്രവകാലത്തിന്റെ അവസാനത്തിലാണ്.

> കർത്താവു മുദ്രകൾ പൊട്ടിച്ചുകൊണ്ടു സ്വർഗ്ഗസിംഹാസനത്തിൽ നിൽക്കുന്നതിനാൽ കുതിരപ്പുറത്തു വരുന്ന സഞ്ചാരി ക്രിസ്തുവല്ല. അന്തിക്രിസ്തു തന്നെയാണ്.

> നമ്മുടെ കർത്താവു യുദ്ധത്തെ പ്രകടമാക്കുന്ന വില്ലു വഹിക്കാറില്ല. തന്റെ വായിൽ നിന്നു മൂർച്ചയുള്ള വാളാണ് പുറപ്പെടുന്നത് (വെളി.19:15).

> വെളി.6:2 -ൽ കുതിര സഞ്ചാരിക്കു ലഭിക്കുന്ന കിരീടവും രാജാധികാരത്തെ പ്രകടമാക്കുന്നില്ല. ഇവിടെ കിരീടം എന്നതിനു മൂലഭാഷയിൽ സ്തേഫാനോസ് (stephanos) എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്. ഇത് വിജയികൾക്കു ലഭിക്കുന്ന കിരീടത്തെ (the victors crown) അർത്ഥമാക്കുന്നു. അതായത് അന്തിക്രിസ്തുവിനു ലഭിക്കുന്ന കിരീടം രാജകിരീടമല്ല. എന്നാൽ ക്രിസ്തു അനേക രാജമുടികൾ അണിഞ്ഞവനാണ് (വെളി.19:12 —തലയിൽ അനേകം രാജമുടികൾ — on His head were many crowns). ക്രിസ്തുവിന്റെ കിരീടത്തെ ഡയഡെമാ (diadema) അഥവാ രാജകിരീടം (the kingly crown) എന്നാണറിയപ്പെടുന്നത്.

പുസ്തകത്തിന്റെ ആദ്യമുദ്ര പൊട്ടിച്ചപ്പോൾ പ്രത്യക്ഷപ്പെടുന്ന വെള്ളക്കുതിരപ്പുറത്തെ സഞ്ചാരി അന്തിക്രിസ്തുവാണെന്നു കർത്താവിന്റെ ഒലിവുമല പ്രഭാഷണം നോക്കിയാൽ വ്യക്തമാകും. ഏഴു മുദ്രകൾ പൊട്ടിക്കുമ്പോഴുണ്ടാകുന്ന സംഭവങ്ങൾ കർത്താവിന്റെ പ്രവചനത്തോടു യോജിക്കുന്നു. ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ വെള്ളക്കുതിരപ്പുറത്തു പ്രത്യക്ഷപ്പെടുന്നവൻ അന്തിക്രിസ്തു തന്നെയെന്നു കർത്താവിന്റെ വെളിപ്പെടുത്തലുകളിലൂടെ മനസ്സിലാക്കാം. **മത്താ.24:4,5 —** *“അതിന്നു യേശു ഉത്തരം പറഞ്ഞതു: ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും.”* **മർക്കൊ.13:5,6 —** *“യേശു അവരോടു പറഞ്ഞു തുടങ്ങിയതു: ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. ഞാൻ ആകുന്നു എന്നു പറഞ്ഞുകൊണ്ടു അനേകർ എന്റെ പേരെടുത്തു വന്നു പലരെയും തെറ്റിക്കും.”* **ലൂക്കൊ.21:8 —** *“അതിന്നു അവൻ: ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. ഞാൻ ആകുന്നു എന്നും സമയം അടുത്തിരിക്കുന്നു എന്നും പറഞ്ഞു അനേകർ എന്റെ പേരെടുത്തു വരും; അവരെ അനുഗമിക്കരുതു.”*

വെള്ളക്കുതിരപ്പുറത്തു പ്രത്യക്ഷപ്പെടുന്നവൻ സമാധാനം ഭൂമിയിൽ സ്ഥാപിക്കുമെങ്കിലും അതു ഗൂഢലക്ഷ്യത്തോടുള്ളതാകയാൽ അവനുണ്ടാക്കുന്ന സമാധാനക്കരാറുകൾ താൽക്കാലികവും വ്യാജവുമായിരിക്കും. അന്തിക്രിസ്തുവിനു ഒരിക്കലും ഭൂമിയിൽ നിത്യസമാധാനം സ്ഥാപിക്കുവാൻ കഴിയുകയില്ല. സാക്ഷാൽ സമാധാനം ദൈവത്തിനു മാത്രമേ നൽകുവാൻ സാധിക്കൂ. ദുഷ്ടാന്മശക്തികളുടെ സമാധാനത്തെക്കുറിച്ചു യെശയ്യാപ്രവാചകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. — യെശ.57:20,21 — *“ദുഷ്ടന്മാരോ കലങ്ങിമറിയുന്ന കടൽ പോലെയാകുന്നു; അതിന്നു അടങ്ങിയിരിപ്പാൻ കഴികയില്ല; അതിലെ വെള്ളം ചേറും ചെളിയും മേലോട്ടു തള്ളുന്നു. ദുഷ്ടന്മാർക്കു സമാധാനമില്ല എന്നു എന്റെ ദൈവം അരുളിച്ചെയ്യുന്നു.”*

**വെളി.6:3 — “അവൻ രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു രണ്ടാം ജീവി പറയുന്നതു ഞാൻ കേട്ടു.” —**

ഏഴു മുദ്രകളുള്ള പുസ്തകത്തിന്റെ രണ്ടാം മുദ്ര കുഞ്ഞാട് പൊട്ടിച്ചപ്പോൾ വരിക എന്നു രണ്ടാമത്തെ ജീവി പറയുന്നതു യോഹന്നാൻ കേട്ടു. ആദ്യമുദ്ര പൊട്ടിച്ചപ്പോൾ ജീവിയുടെ ശബ്ദം ഇടിമുഴക്കം പോലെയായിരുന്നു. എന്നാലിവിടെ ശബ്ദത്തിന്റെ ഗാംഭീര്യത്തെക്കുറിച്ചു പറഞ്ഞിട്ടില്ല. വെളി.4:7 -ൽ വിവരിച്ചിരിക്കുന്ന ജീവികളിൽ രണ്ടാമത്തെ ജീവി കാളെക്കു സദൃശമായിരുന്നു. കാള ക്ഷമയുടെയും അദ്ധ്വാനത്തിന്റെയും മുഖമുദ്രയാണ്. രണ്ടാം ജീവിയും വരിക എന്നു ആഹ്വാനം ചെയ്യുന്നത് യോഹന്നാനോടോ, കുഞ്ഞാടായ ക്രിസ്തുവിനോടോ അല്ല. ലോകത്തിന്മേൽ ദൈവികന്യായവിധി നടത്തുവാനുള്ള കാര്യങ്ങൾ ത്വരിതപ്പെടുത്തുവാൻ ലോകപ്രഭുവായ എതിരാളിയെ രംഗത്തിലേക്കു ആനയിക്കുന്ന ആഹ്വാനമായിരുന്നു.

**വെളി.6:4 — “അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു; അതിന്റെ പുറത്തു ഇരിക്കുന്നവന്നു മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്നു സമാധാനം എടുത്തുകളയേണ്ടതിന്നു അധികാരം ലഭിച്ചു; ഒരു വലിയ വാളും അവന്നു കിട്ടി.” —**

സ്വർഗ്ഗസിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും നിന്നിരുന്ന നാലു ജീവികളിൽ രണ്ടാം ജീവിയുടെ വരിക എന്നുള്ള ആഹ്വാനം മുഴങ്ങിയപ്പോൾ ചുവന്ന നിറത്തിലുള്ള ഒരു കുതിരയും അതിന്മേൽ ഒരു സഞ്ചാരിയും രംഗപ്രവേശനം ചെയ്തു. വിവിധനിറത്തിലുള്ള കുതിരകൾ ഭൂമി

യിൽ പീഡനകാലത്തു പകരപ്പെടുന്ന ന്യായവിധിയുടെ വിവിധസ്വഭാവങ്ങളെ വെളിപ്പെടുത്തുന്നു. വെള്ള സമാധാനത്തെ കുറിക്കുന്നു. എന്നാൽ ചുവപ്പ് പൊതുവേ രക്തത്തെയും യുദ്ധത്തെയും കുറിക്കുന്നു(2. രാജാ.3:22,23). ആദ്യമായി വരുന്ന വെള്ളക്കുതിരപ്പുറത്തെ സഞ്ചാരി പീഡനകാലത്തിന്റെ ആരംഭത്തിൽ സമാധാനപ്രഭുവായി പ്രത്യക്ഷപ്പെടുന്നുവെങ്കിലും അതു താൽക്കാലിക വ്യാജസമാധാനമായിരുന്നു. സമാധാനം അധികനാൾ നീണ്ടു നിന്നില്ല. തുടർന്നു രംഗപ്രവേശനം ചെയ്യുന്ന ചുവന്ന കുതിരപ്പുറത്തെ സഞ്ചാരി ഭൂമിയിൽ രക്തച്ചൊരിച്ചിലുള്ള യുദ്ധത്തിനു വഴി തെളിയിച്ചു. ചില ഇംഗ്ലീഷ് പരിഭാഷകളിൽ ചുവന്ന കുതിര എന്നതിന് — fiery red horse — അഗ്നിച്ചുവപ്പാർന്ന കുതിര എന്നു കാണുന്നു. തീകലർന്ന ചുവപ്പ് ഭൂമിയിൽ ആളി കത്തുന്ന അതിഭയങ്കരമായ യുദ്ധം നടക്കുമ്പോഴുണ്ടാകുന്ന രക്തപ്പുഴയെ വെളിപ്പെടുത്തുന്നു.

ചുവന്ന കുതിരപ്പുറത്ത് ഇരിക്കുന്നവന്ന് രണ്ട് അധികാരങ്ങൾ ലഭിക്കുന്നതായി യോഹന്നാൻ കാണുന്നു. (1) മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്നു സമാധാനം എടുത്തുകളയേണ്ടതിന്നുള്ള അധികാരം (2) ഒരു വലിയ വാൾ

**(1) മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്നു സമാധാനം എടുത്തു കളയേണ്ടതിന്നുള്ള അധികാരം —** സാക്ഷാൽ സമാധാനദായകൻ ദൈവമാണ്. മനുഷ്യർക്കു ലഭിച്ചിരിക്കുന്ന ദൈവത്തിന്റെ ദാനമാണ് സമാധാനം. കർത്താവിന്റെ ജനനത്തിങ്കൽ ആട്ടിടയന്മാർക്കു പ്രത്യക്ഷപ്പെട്ട ദൈവദൂതനോടു ചേർന്ന് സ്വർഗ്ഗീയസൈന്യത്തിന്റെ ഒരു സംഘം "അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കോ.2:14) എന്നു ആലപിച്ചു. ദൈവപ്രസാദമുള്ളമനുഷ്യർ ഭൂമിയിൽ ഉള്ളതുകൊണ്ടാണ് ഇന്നുഭൂമിയിൽ സമാധാനം നിലനിൽക്കുന്നത്. സഭ ഭൂമിയിൽനിന്നു എടുക്കപ്പെടുന്നതോടുകൂടി ഭൂമിയിൽ ദൈവീകസമാധാനം ഇല്ലാതാകുന്നു. അതായത് ഭൂമിയിൽ വസിക്കുന്നവരിൽ ദൈവപ്രസാദം ഇല്ലാതായിത്തീരുന്നതിനാൽ ദൈവസമാധാനം നീക്കപ്പെടുന്നു. സഭ ഭൂമിയിൽനിന്നു എടുക്കപ്പെട്ടതിനോടനുബന്ധിച്ചുള്ള സംഭവങ്ങളാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. യഥാർത്ഥസമാധാനം നഷ്ടമായ സാഹചര്യത്തിൽ വ്യാജസമാധാനവുമായാണ് ഒന്നാം സഞ്ചാരി വെള്ളക്കുതിരപ്പുറത്തു പ്രത്യക്ഷപ്പെട്ടത്. അവന്റെ ദൗത്യം താൽക്കാലികമായിട്ടെങ്കിലും ഏറെക്കുറെ വിജയിച്ചു. അടുത്തതായി ചുവന്നകുതിരപ്പുറത്തെഴുന്നള്ളിയ രണ്ടാമനു മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്നു സമാധാനം എടുത്തുകളയേണ്ടിനു അധികാരം ലഭിച്ചു. സമാധാനം നഷ്ടപ്പെടുമ്പോൾ മനുഷ്യർ സ്നേഹമില്ലാത്തവരും അന്യോന്യം വെറുക്കുന്നവരുമായിത്തീരുന്നു. തദ്വാരാ അക്രമവും, പോരാട്ടവും കൊലയും നടമാടുന്നു. ഭൂമിയിലെ സമാധാനം എടുത്തുകളയുവാൻ സാത്താനു അധികാരമില്ല. എന്നാൽ പീഡനകാലത്ത് ദൈവം ആസൂത്രണം ചെയ്തവിധത്തിൽ ദൈവക്രോധം ഭൂമിയിൽ പകരപ്പെടുവാൻ ചുവന്നക്കുതിരപ്പുറത്തുള്ള സഞ്ചാരിക്കു സമാധാനം എടുത്തുകളയുവാനുള്ള അധികാരം ലഭിക്കുകയായിരുന്നു. നീതിമാനായ ഇയ്യോബിനുള്ളതൊക്കെയും തൊടുവാൻ സാത്താനെ ദൈവം അനുവദിച്ചതുപോലെയുള്ള (ഇയ്യോ.1:12) അവസരമായി ഇതിനെ കണക്കാക്കാം. അന്തിക്രിസ്തുവിനു ലഭിച്ച ഈ അധികാരം വിശദമാക്കുന്നത് ഭൂമിയിൽ പീഡനകാലത്തു നടക്കുന്ന കാര്യങ്ങളെല്ലാം തന്നെ സ്വർഗ്ഗത്തിൽ ആസൂത്രണം ചെയ്തതുതന്നെ എന്നതാണ്. പീഡനകാലത്തു ഭൂമിയിൽ അരങ്ങേറുന്ന പീഡകൾ സാത്താന്റെയോ, എതെങ്കിലും മനുഷ്യരുടെയോ കോപത്താലല്ല, മറിച്ചു ദൈവക്രോധം ഭൂമിയിന്മേൽ പകരപ്പെടുന്നതു മൂലമാണ്. എന്നാൽ സമാധാനം നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന കൊള്ളയും, കൊലയും, യുദ്ധവും ഭൂമിയിൽനിന്നു സമാധാനം എടുത്തു കളയുന്നതോടുകൂടി ഉണ്ടാകുന്ന അനന്തരഫലമാണ്.

**(2) ഒരു വലിയ വാൾ** (A great sword) — ചുവന്ന കുതിരപ്പുറത്തിരിക്കുന്നവന് ഒരു വലിയ വാൾ ലഭിക്കുന്നതായി യോഹന്നാൻ കാണുന്നു. വാൾ യുദ്ധത്തിന്നുള്ള അധികാരത്തെ കുറിക്കുന്നു. ഇവിടെ വാളിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം "മഖൈര" (machaira) എന്നാണ്. ഇതിന്നർത്ഥം മൂർച്ചയേറിയ ചെറിയ വാൾ എന്നാണ്. ഈ വാൾ റോമൻപടയാളികൾ യുദ്ധത്തിനുപയോഗിച്ചിരുന്നു. ഇവിടെ പറഞ്ഞിരിക്കുന്നത് വലിയ വാൾ എന്നാണ്. അത് ആഗോളവ്യാപകമായ ഘോരയുദ്ധത്തിന്റെ സൂചനയാണ്. ഒന്നാം സഞ്ചാരിക്കു അമ്പില്ലാത്ത വില്ലാണു ലഭിച്ചത്. അതായത് രക്തച്ചൊരിച്ചിലില്ലാത്ത വിപ്ളവം (cold war). എന്നാൽ രണ്ടാം സഞ്ചാരിക്കു വലിയ വാൾ ലഭിച്ചു ( hot war-blood shed). ഒന്നാം സഞ്ചാരിയാൽ സ്ഥാപിക്കപ്പെട്ട വ്യാജസമാധാനം യുദ്ധം മൂലമുള്ള രക്തച്ചൊരിച്ചിലിനാൽ നീക്കപ്പെടുകയാണ്.

രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ ഭൂമിയിലുണ്ടാകുന്ന അനന്തരഫലങ്ങൾക്ക് കർത്താവിന്റെ ഒലിവുമലപ്രഭാഷണത്തോടു സാമ്യമുണ്ട്. **മത്താ.24:6 —** *"നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതു തന്നേ; എന്നാൽ അതു അവസാനമല്ല; ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും."* **മർക്കോ.13:7,8 —** *"എന്നാൽ നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതിഗകളെയും കുറിച്ചു കേൾക്കുമ്പോൾ ഭ്രമിച്ചുപോകരുതു. അതു സംഭവിക്കേണ്ടതു തന്നേ; എന്നാൽ അതു അവസാനമല്ല. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും;*

*അവിടവിടെ ഭൂകമ്പവും ക്ഷാമവും ഉണ്ടാകും; ഇതു ഈററുനോവിന്റെ ആരംഭമത്രേ.”* **ലൂക്കോ.21:9,10 —** *“നിങ്ങൾ യുദ്ധങ്ങളെയും കലഹങ്ങളെയും കുറിച്ചു കേൾക്കുമ്പോൾ ഞെട്ടിപ്പോകരുതു; അതു ആദ്യം സംഭവിക്കേണ്ടതു തന്നേ. അവസാനം ഉടനെ അല്ലതാനും എന്നു പറഞ്ഞു. പിന്നെ അവൻ അവരോടു പറഞ്ഞതു: ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. വലിയ ഭൂകമ്പവും, ക്ഷാമവും മഹാവ്യാധികളും അവിടവിടെ ഉണ്ടാകും.”* അസ്സമാധാനം വിതച്ച് സകലരേയും എതിർത്തുകൊണ്ടുള്ള അന്തിക്രിസ്തുവിന്റെ ഉരുക്കുമുഷ്ടിയാലുള്ള ഭരണം ആഗോളവ്യാപകമായ യുദ്ധത്തിനും രക്തച്ചൊരിച്ചിലിനും വഴിതെളിക്കും. *“എങ്കിലും ഇതൊക്കെയും ഈററുനോവിന്റെ ആരംഭമത്രേ”* എന്നാണു കർത്താവു പറഞ്ഞിരിക്കുന്നത് (മത്താ.24:8). ഇവ പീഡനകാലത്തുടനീളം നിലനിൽക്കും. **“**യഹോവയുടെ വലിയ ദിവസം**”**, അഥവാ കർത്താവു തന്റെ ശത്രുക്കളെ ഉന്മൂലനാശം ചെയ്യുന്ന ദിവസം വരെ അന്തിക്രിസ്തുവിന്റെ ഭീകരഭരണം നടമാടും (വെളി.20:10).

**വെളി.6:5 — “മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു മൂന്നാം ജീവി പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു കറുത്ത കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവൻ ഒരു തുലാസ്സു കയ്യിൽ പിടിച്ചിരുന്നു.” —**

കുഞ്ഞാടു മുദ്രിതഗ്രന്ഥത്തിന്റെ മൂന്നാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ സിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുററിലും നിൽക്കുന്ന നാലു ജീവികളിൽ മൂന്നാമത്തെ ജീവി, വരിക എന്ന ആഹ്വാനം നൽകുന്നതായി യോഹന്നാൻ കേട്ടു. വെളി.4:7-ലെ വിശദീകരണപ്രകാരം മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളത് ആയിരുന്നു. യെഹെസ്കേൽപ്രവാചകന്റെ ദർശനത്തിൽ കെരൂബുകളിൽ ഒന്നിനു മനുഷ്യമുഖം ഉണ്ടായിരുന്നു (യെഹെ.1:5,10).

മൂന്നാംജീവിയുടെ ആഹ്വാനത്താൽ രംഗപ്രവേശനം ചെയ്തതു ഒരു കറുത്ത കുതിരയും, അതിന്മേൽ തുലാസ് കയ്യിൽ പിടിച്ചുകൊണ്ടിരിക്കുന്ന ഒരുവനുമാണ്. കറുപ്പുനിറം ക്ഷാമത്തേയും വിലാപത്തേയും കുറിക്കുന്നു. **വിലാ.4:8 —** *“അവരുടെ മുഖം കരിക്കട്ടയെക്കാൾ കറുത്തിരിക്കുന്നു; വീഥികളിൽ അവരെ കണ്ടിട്ടു ആരും അറിയുന്നില്ല; അവരുടെ ത്വക്ക് അസ്ഥികളോടു പററി ഉണങ്ങി മരം പോലെ ആയിത്തീർന്നിരിക്കുന്നു.”* **വിലാ.5:10 —** *“ക്ഷാമത്തിന്റെ കാഠിന്യം നിമിത്തം ഞങ്ങളുടെ ത്വക്ക് അടുപ്പു പോലെ കറുത്തിരിക്കുന്നു.”* **യിരെ.14:1,2 —***“വരൾച്ചയെക്കുറിച്ചു യിരെമ്യാവിന്നുണ്ടായ യഹോവയുടെ വചനം. യെഹൂദാ ദുഃഖിക്കുന്നു; അതിന്റെ പടിവാതിൽക്കൽ ഇരിക്കുന്നവൻ ക്ഷീണിച്ചിരിക്കുന്നു; അവർ കറുപ്പുടുത്തു നിലത്തിരിക്കുന്നു; യെരൂശലേമിന്റെ നിലവിളി പൊങ്ങുന്നു.”* ഒന്നാമൻ അമ്പില്ലാത്ത വില്ലും, രണ്ടാമൻ വലിയ വാളും വഹിച്ചിരുന്നുവെങ്കിൽ കറുത്ത കുതിരപ്പുറത്തെഴുന്നെള്ളിയവൻ കയ്യിൽ തുലാസ്സുമായാണു വരുന്നത്. തുലാസ് നീതിന്യായവ്യവസ്ഥയേയും (law and justice) വാണിജ്യത്തേയും (Commerce) കുറിക്കുന്നു. രാജ്യഭരണത്തോടുള്ള ബന്ധത്തിൽ തുലാസ് നീതിന്യായത്തെ വെളിപ്പെടുത്തുന്നു, ആഹാരസാധനങ്ങളോടുള്ള ബന്ധത്തിൽ തുലാസ് ഭക്ഷ്യസാധനങ്ങളുടെ നിയന്ത്രിതവിതരണത്തെ (rationing) കുറിക്കുന്നു. ആഹാരം അളന്നു ഭക്ഷിക്കുക (to eat bread by weight) എന്നൊരു ശൈലി യഹൂദന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു. ഇതു ഭക്ഷ്യസാധനങ്ങളുടെ ഏറിയക്ഷാമത്തെ കുറിക്കുന്നു. **ലേവ്യ.26:26 —** *“ഞാൻ നിങ്ങളുടെ അപ്പമെന്ന കോൽ ഒടിച്ചിരിക്കുമ്പോൾ പത്തു സ്ത്രീകൾ ഒരടുപ്പിൽ നിങ്ങളുടെ അപ്പം ചുട്ടു നിങ്ങൾക്കു തിരികെ തൂക്കിത്തരും (they shall bring back your bread by weight); നിങ്ങൾ ഭക്ഷിച്ചിട്ടു തൃപ്തരാകയില്ല.”* **യെഹെ.4:17 —** *“ഞാൻ യെരൂശലേമിൽ അപ്പം എന്ന കോൽ ഒടിച്ചു കളയും; അവർ തൂക്കപ്രകാരവും പേടിയോടെയും അപ്പം തിന്നും (they shall eat bread by weight and with anxiety); അവർ അളവു പ്രകാരവും സ്തംഭനത്തോടെയും വെള്ളം കുടിക്കും എന്നു അവൻ എന്നോടു അരുളിച്ചെയ്തു.”* സഞ്ചാരിയുടെ കയ്യിലെ തുലാസ്സും ഇതാണ് വെളിപ്പെടുത്തുന്നത്. ആകയാൽ കറുത്ത കുതിരപ്പുറത്തെത്തുന്ന സഞ്ചാരിയും അവന്റെ കയ്യിലെ തുലാസ്സും ആഗോളവ്യാപകമായ ക്ഷാമത്തേയും (famine) തന്മൂലം ഭക്ഷണസാധനങ്ങളുടെ നിയന്ത്രിതവിതരണത്തേയും(rationing) പ്രകടമാക്കുന്നു. യഥാർത്ഥത്തിൽ ദൈവക്രോധത്തിന്റെ ന്യായവിധി ഭൂമിയിന്മേൽ പകരപ്പെടുകയാണ്.

**വെളി.6:6 — “ഒരു പണത്തിന്നു ഒരിടങ്ങഴി കോതമ്പു; ഒരു പണത്തിന്നു മൂന്നിടങ്ങഴി യവം; എന്നാൽ എണ്ണെക്കും വീഞ്ഞിന്നും കേടു വരുത്തരുതു എന്നു നാലു ജീവികളുടെയും നടുവിൽ നിന്നു ഒരു ശബ്ദം ഞാൻ കേട്ടു.”** (And I heard a voice in the midst of the four living creatures saying, “A quart of wheat for a denarius and three quarts of barley for a denarius; and do not harm the oil and the wine ”) **—**

യുദ്ധവും ക്ഷാമവും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതും അസമാധാനം ഭൂമിയിൽ നടമാടുമ്പോൾ ഇവ ഒത്തുചേർന്നു പോകുകയും ചെയ്യുന്നു. ദേശത്തു യുദ്ധമുണ്ടാകുമ്പോൾ സകലരും യുദ്ധക്കളത്തിലേക്കും, പോരാട്ടങ്ങളിലേക്കും, സൈനീകസേവനങ്ങളിലേക്കും ആനയിക്കപ്പെടുന്നതിനാൽ കൃഷിയിടങ്ങളിൽ വിതയോ, കൊയ്തോ, പ്രവർത്തനങ്ങളോ ഇല്ലാതെ ദേശത്തു ക്ഷാമം ബാധിക്കുന്നു. ഭക്ഷ്യസാധനങ്ങൾക്കു ക്രമാതീധമായ വിലക്കയററമുണ്ടാകുകയും വിതരണം നിയന്ത്രിക്കപ്പെടുകയും ചെയ്യു

ന്നു. എത്ര അദ്ധ്വാനിച്ചാലും നിത്യവൃത്തിക്കു തികയാതെ വരുന്നു. കോതമ്പ്, യവം, എണ്ണ, വീഞ്ഞ് എന്നിവയെക്കുറിച്ചു ഈ വാക്യത്തിൽ പരാമർശിച്ചിരിക്കുന്നു. പഴയകാലത്തെ മൂന്നു പ്രാധാന ഭക്ഷ്യോൽപ്പന്നങ്ങളാണ് — ധാന്യം, എണ്ണ, വീഞ്ഞ് (corn,wine,oil). പഴയനിയമത്തിൽ ദേശത്തിലെ വിളകളെക്കുറിച്ചു പറഞ്ഞിരിക്കുന്ന അവസരങ്ങളിൽ ഇവ മൂന്നും പേരെടുത്തു പ്രസ്താവിച്ചിട്ടുണ്ട് (ആവ.7:13, ആവ.11:14, ആവ.18:4, ആവ.28:51, ഹോശേ.2:8,22). ആയതിനാലാവാം വെളിപ്പാടു പുസ്തകത്തിലും മൂന്നാം മുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന ക്ഷാമത്തോടുള്ള ബന്ധത്തിൽ ധാന്യം, എണ്ണ, വീഞ്ഞ് എന്നീ മൂന്നു വിളകളെക്കുറിച്ചു പറഞ്ഞിരിക്കുന്നത്.

**ഒരു പണത്തിന്നു ഒരിടങ്ങഴി കോതമ്പു** (A quart of wheat for a denarius)—

ഇവിടെ പറഞ്ഞിരിക്കുന്ന ഒരു പണം എന്നത് പഴയകാലത്തെ ഒരു വെള്ളിക്കാശിനു തുല്യമാണ്. കർത്താവിന്റെ ഭൂമിയിലെ ജീവകാലത്ത് ഒരു ജോലിക്കാരനു ഒരു ദിവസത്തെ അദ്ധ്വാനത്തിനു ലഭിക്കുന്ന കൂലിയാണിത് (മത്താ.20:2). മൂന്നാം മുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന സംഭവവികാസങ്ങളിൽ ഭൂമിയിൽ അരങ്ങേറുന്ന ക്ഷാമത്തിന്റെ അവസ്ഥയാണ് ഒരു പണത്തിനു ഒരിടങ്ങഴി കോതമ്പ് എന്നത്. ഒരു ദിവസത്തെ കൂലി മുഴുവൻ വ്യയം ചെയ്താലും അവന്റെ നിത്യവൃത്തിക്കു മാത്രമേ കഷ്ടിച്ചു തികയൂ. അവന്റെ കുടുംബത്തിനുള്ള ആഹാരം വാങ്ങുവാൻ തികയുകയുമില്ല എന്നതാണ് അവസ്ഥ. സാധാരണകാലങ്ങളിൽ ഒരു പണത്തിനു പത്ത് അളവു വരെ ലഭിച്ചിരുന്നുവെങ്കിൽ ക്ഷാമകാലത്ത് ഒരു അളവ് എന്നത് ക്ഷാമത്തിന്റെ കാഠിന്യത്തെ വ്യക്തമാക്കുന്നു.

**ഒരു പണത്തിന്നു മൂന്നിടങ്ങഴി യവം** (three quarts of barley for a denarius) —

ക്ഷാമകാലത്തു ഒരു പണത്തിനു ഒരിടങ്ങഴി കോതമ്പു ലഭിക്കുമെങ്കിൽ യവമാകട്ടെ ഒരു പണത്തിനു മൂന്നിടങ്ങഴി ലഭിക്കും. എന്നാൽ യവം കോതമ്പിനേക്കാൾ വില കുറവും പോഷകമൂല്യം കുറവുമുള്ളതുമാണ്. യവം സാധാരണ കന്നുകാലികൾക്കു വിശേഷാൽ കുതിരക്കു (1.രാജാ.4:28) കൊടുക്കുന്ന ഭക്ഷണമാണ്. കൂടാതെ യവം പൊതുവേ സമൂഹത്തിൽ പാവപ്പെട്ടവരുടെ ഭക്ഷണവുമാണ് (ന്യായാ.7:13/ 2.രാജാ.4:42/യോഹ.6:9). പീഡനകാലത്തു യവം ഭക്ഷിക്കാമെന്നു വിചാരിച്ചാലും വലിയ വിലയും നിയന്ത്രിതവിതരണവും കാരണം വാങ്ങുവാൻ സാധിക്കുകയുമില്ല.

ഒരു പണത്തിന്നു ഒരിടങ്ങഴി കോതമ്പു; ഒരു പണത്തിന്നു മൂന്നിടങ്ങഴി യവം എന്നത് പീഡനകാലത്തു മനുഷ്യർ ഭൂമിയിൽ പകലന്തിയോളം അദ്ധ്വാനിക്കുമെങ്കിലും അവരുടെ തന്നെ നിത്യവൃത്തിക്കുള്ള ആഹാരത്തിനു പോലും തികയുന്നില്ല. മാത്രവുമല്ല തന്റെ കുടുംബത്തെ പോറ്റിപുലർത്തുവാനും കഴിയുന്നില്ല എന്നതിനെയും കുറിക്കുന്നു.

**എന്നാൽ എണ്ണെക്കും വീഞ്ഞിന്നും കേടു വരുത്തരുതു** (do not harm the oil and the wine) —

കോതമ്പ്, യവം എന്നീ ധാന്യങ്ങൾക്കു ക്ഷാമവും വിലക്കയറ്റവും നേരിടുന്നതുമൂലം നിത്യജീവിതത്തിനു ഏറെ ബുദ്ധിമുട്ടുണ്ടാകുന്നു. അപ്പോൾത്തന്നെ എണ്ണെക്കും വീഞ്ഞിനും കേടു വരുത്തരുത് എന്ന നിർദ്ദേശവും ലഭിക്കുന്നു.

എണ്ണ പാചകത്തിന്, വിളക്കു കത്തിക്കുന്നതിന്, സോപ്പുണ്ടാക്കുന്നതിന്, മുറിവുകളിൽ പുരട്ടുന്നതിന് (cooking,lighting, washing,healing) എന്നീ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. എന്നാൽ വീഞ്ഞ് ഉന്മേഷം പകരുന്നതും പൊതുവേ പാനീയമായി ഉപയോഗിക്കുകയും ചെയ്യുന്നു. എണ്ണ ഒലിവിൽ നിന്നും വീഞ്ഞ് മുന്തിരിയിൽ നിന്നും ലഭിക്കുന്നു. പ്രതികൂലാവസ്ഥയിൽ കോതമ്പ് യവം എന്നീ ധാന്യച്ചെടികൾ വേഗത്തിൽ നശിക്കുന്നു. എന്നാൽ ഒലിവിന്റെയും, മുന്തിരിയുടെയും വേരുകൾ മണ്ണിൽ ആഴത്തിലേക്കു ചെല്ലുന്നതിനാൽ പ്രതികൂലാവാസ്ഥയിൽ പെട്ടെന്നു പട്ടു പോകുന്നില്ല.

എണ്ണെക്കും വീഞ്ഞിന്നും കേടു വരുത്തരുതു എന്നത് വിശദീകരിക്കുവാൻ ഏറെ പ്രയാസവും ആയതിനാൽ വിവിധ അഭിപ്രായങ്ങളും ഉണ്ട്.

—> എണ്ണയും വീഞ്ഞും കോതമ്പിനേക്കാളും യവത്തേക്കാളും വിലയേറിയതാണ്. ആയതിനാൽ ഇതു ഏറെയും സമ്പന്നന്മാർ ഉപയോഗിക്കുന്നു. എണ്ണയും വീഞ്ഞും ഇല്ലെങ്കിലും സാധാരണക്കാരന് ജീവിതം നിലനിറുത്താം. എണ്ണയും വീഞ്ഞും ആഡംബരജീവിതത്തോടു ബന്ധപ്പെട്ടിരിക്കുന്നു. വീഞ്ഞു സന്തോഷവും ഉല്ലാസവും നൽകുന്നതും, എണ്ണ മുഖത്തെ മിനുക്കുന്നതും ആണെന്നു തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു. **സങ്കീ.104:15 —** *"മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞും അവന്റെ മുഖത്തെ മിനുക്കുവാൻ എണ്ണയും......"* **സദൃ.21:17 —** *"ഉല്ലാസപ്രിയൻ ദരിദ്രനായ്തീരും; വീഞ്ഞും തൈലവും പ്രിയപ്പെടുന്നവൻ ധനവാനാകയില്ല."* പീഡനകാലത്ത് ക്ഷാമം ഏറി വരുമ്പോൾ സാധാരണക്കാരന് എണ്ണയും വീഞ്ഞും വാങ്ങുവാൻ കഴിയുകയില്ല. എന്നാൽ സമ്പന്നരെ ഇതു ബാധിക്കയുമില്ല. ആകയാൽ എണ്ണെക്കും വീഞ്ഞിനും കേടു വരുത്തരുതു എന്ന നിർദ്ദേശം വിലകൂടിയതും സുഖജീവിതത്തിനു ഉതകുന്നതുമായ എണ്ണയും വീഞ്ഞും സമ്പന്നന്മാർക്കു ധാരാളമായി വാങ്ങുവാൻ അനുവദിക്കപ്പെടുമെന്നു വ്യാഖ്യാനിക്കപ്പെടുന്നു. പീഡനകാലത്തെ ദുരിതങ്ങൾ വർദ്ധിക്കുമ്പോൾ ഏറ്റവും അധികം ആഘാതം ഏൽക്കുന്നത് സാധാരണക്കാരനായിരിക്കും എന്നതിനെ വ്യക്തമാക്കുന്നു.

—> പാചകം, വിളക്കു തെളിയിക്കുക എന്നിവക്കായി എണ്ണയും, പാനീയമായി വീഞ്ഞും നിത്യ

ജീവിതത്തിനു ആവശ്യമെന്നതിനാലാണ് എണ്ണെക്കും വീഞ്ഞിനും കേടു വരുത്തരുത് എന്ന നിർദ്ദേശ മെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

—> പീഡനകാലത്തു ഭൂമിയിൽ ധനവാന്മാരിൽ ഏറിയപങ്കും അന്തിക്രിസ്തുവിന്റെ ഇംഗിതത്തി നനുസരിച്ചു ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരുണ്ടായിരിക്കും. ഇവരുടെ താൽക്കാലിക നിലനിൽപ്പിനു വേണ്ടിയാണ് സാധാരണക്കാരന് അപ്രാപ്തമായ എണ്ണെക്കും വീഞ്ഞിനും കേടു വരു ത്തരുതെന്ന നിർദ്ദേശമെന്നു ചിലർ വ്യാഖ്യാനിക്കുന്നു.

—> ദേശവ്യാപകമായ യുദ്ധത്താൽ അനേകർ മുറിവേൽക്കുകയും ക്ഷാമത്താൽ മരണത്തോടു മല്ലിടുകയും ചെയ്യുന്ന അവസരങ്ങളിൽ അവരുടെ ജീവരക്ഷെക്കായി എണ്ണയും വീഞ്ഞും സംരക്ഷിക്ക പ്പെടേണ്ടതിനാണ് എണ്ണെക്കും വീഞ്ഞിനും കേടു വരുത്തരുത് എന്ന നിർദ്ദേശമെന്നു പെതുവേ അഭിപ്രാ യപ്പെടുന്നു. വിശേഷാൽ ആറാം മുദ്ര പൊട്ടിച്ച ശേഷവും ഏഴാം മുദ്ര പൊട്ടിക്കുന്നതിനു മുമ്പായും ദൈവം വിശുദ്ധന്മാരായ രണ്ടു കൂട്ടരെ സംരക്ഷിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്നു. ഒന്ന് യിസ്രാ യേലിലെ 12 ഗോത്രങ്ങളിൽ നിന്നു 1,44,000 പേരെയും (വെളി.7:17) മറ്റേത് സകലജാതികളിലും നിന്നു എണ്ണമറ്റ വലിയൊരു മഹാപുരുഷാരത്തെയും (വെളി.7:8-17). ഇവരുടെ ആശ്വാസത്തിനു വേണ്ടിയായി രിക്കാം എണ്ണെക്കും വീഞ്ഞിനും കേടു വരുത്തരുത് എന്ന നിർദ്ദേശമെന്നും കരുതാം. കേടു വരുത്തരുത് (do not harm) എന്നാൽ ക്ഷാമം ഉണ്ടാക്കരുത്, അനാവശ്യമായി ഉപയോഗിക്കരുത്, പാഴാക്കരുത്, മിത മായി ഉപയോഗിക്കുക, സംരക്ഷിക്കപ്പെടുക എന്നൊക്കെ അർത്ഥം. എണ്ണ മുറിവുകളുടെ ശമനത്തിനും, വീഞ്ഞ് ആരോഗ്യത്തെ വീണ്ടെടുക്കുന്ന ഉന്മേഷം ലഭിക്കുവാനും ഉപയോഗിക്കുന്നതായി നല്ല ശമര്യക്കാ രന്റെ ഉപമയിൽ കാണുന്നു. **ലൂക്കൊ.10:33 —**“*ഒരു ശമര്യക്കാരനോ വഴിപോകയിൽ അവന്റെ അടുക്കൽ എത്തി അവനെ കണ്ടിട്ടു മനസ്സലിഞ്ഞു അരികെ ചെന്നു എണ്ണയും വീഞ്ഞും പകർന്നു അവന്റെ മുറിവു കളെ കെട്ടി...*” ആയതിനാൽ പീഡനകാലത്ത് യുദ്ധത്താലും ക്ഷാമത്താലും വേദന അനുഭവിക്കുന്നവ രുടെ ആശ്വാസത്തിനായി എണ്ണയും വീഞ്ഞും സംരക്ഷിക്കപ്പെടേണ്ടതിനുള്ള മുൻ കരുതലായി എണ്ണെക്കും വീഞ്ഞിനും കേടു വരുത്തരുതെന്ന നിർദ്ദേശത്തെ കാണക്കാക്കാം.

**നാലു ജീവികളുടെയും നടുവിൽ നിന്നു ഒരു ശബ്ദം ഞാൻ കേട്ടു** (And I heard a voice in the midst of the four living creatures saying) —

നാലു ജീവികളും സ്വർഗ്ഗസിംഹാസനത്തിന്റെ നടുവിലും ചുറ്റിലും നിൽക്കുന്നതായി വെളി.4:7 -ൽ കാണുന്നു. കുഞ്ഞാടു ഓരോ മുദ്ര പൊട്ടിക്കുമ്പോഴും ഓരോ ജീവിയും വരിക എന്നു ആഹ്വാനം ചെയ്യുന്നതായും കണ്ടു. മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ ഒരു കറുത്ത കുതിരയും കുതിരപ്പുറത്തു ഒരു തുലാസ്സു പിടിച്ചു കൊണ്ടു പ്രത്യക്ഷപ്പെടുന്നവനെയും യോഹന്നാൻ കണ്ടു. ഒരു പണത്തിന്നു ഒരിട ങ്ങഴി കോതമ്പു; ഒരു പണത്തിന്നു മൂന്നിടങ്ങഴി യവം; എന്നാൽ എണ്ണെക്കും വീഞ്ഞിന്നും കേടു വരുത്ത രുതു എന്നു നാലു ജീവികളുടെയും നടുവിൽ നിന്നു ഒരു ശബ്ദം ഞാൻ കേട്ടു എന്നു യോഹന്നാൻ തുടർന്നു സാക്ഷീകരിക്കുന്നു. നാലു ജീവികളുടെയും നടുവിൽ നിന്നു പുറപ്പെട്ട ശബ്ദം ജീവികളുടേത ല്ല. കുഞ്ഞാടായ കർത്താവു മുദ്ര പൊട്ടിച്ചു കൊണ്ടിരിക്കുന്നതിനാൽ കർത്താവും അല്ല പറയുന്നതെന്നു ചിന്തിക്കാം. എന്നാൽ ഈ ശബ്ദം സിംഹാസനത്തിലിരിക്കുന്ന സൃഷ്ടാവായ ദൈവത്തിന്റേതാണെന്നു അനേകരും അഭിപ്രായപ്പെടുന്നു. കാരണം അഞ്ചാം മുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന സംഭവങ്ങളിൽ പീഡനകാലത്തെ വിശുദ്ധന്മാർക്കു സർവ്വശക്തനായ ദൈവം ആശ്വാസ അരുളപ്പാടു (വെളി.6:11) നൽകു ന്നതായി കാണുന്നു.

കർത്താവിന്റെ ഒലിവുമലപ്രഭാഷണത്തിലെ“*ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും;* ***ക്ഷാമവും*** *ഭൂകമ്പവും അവിടവിടെ ഉണ്ടാകും*” (മത്താ.24:7) എന്ന വാക്കുകൾ മൂന്നാം മുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന ക്ഷാമത്തോടു സാമ്യമുണ്ട്. യുദ്ധത്തിന്റെയും ക്ഷാമത്തിന്റെയും കാരണങ്ങ ളാൽ പീഡനകാലത്തു മനുഷ്യർ ഏറെ കഷ്ടങ്ങളിലൂടെ കടന്നു പോകും. എത്ര അദ്ധ്വാനിച്ചാലും തന്റെയും കുടുംബത്തിന്റെയും ആഹാരത്തിനു പോലും തികയുകയില്ല. അതേസമയം സമ്പന്നരെ സംബന്ധിച്ചു ക്ഷാമകാലത്തിന്റെ ആദ്യനാളുകളിൽ പ്രയാസമുണ്ടാകയില്ല. അവർക്കു എണ്ണയും വീഞ്ഞും വാങ്ങുവാൻ ശേഷിയുണ്ടായിരിക്കും. പീഡിതർക്കും, യുദ്ധത്തിൽ മുറിവേറ്റവർക്കും ആശ്വാസമായി എണ്ണെയും വീഞ്ഞും സംരക്ഷിക്കപ്പെടേണമെന്നും ദൈവീകാരുളപ്പാടിനാൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഏതായാലും അന്തി ക്രിസ്തു രാജ്യത്തിന്റെ സാമ്പത്തിക മേഖലയിൽ ആധിപത്യം സ്ഥാപിക്കപ്പെടും. ലോകവ്യാപകമായ യുദ്ധത്താലും, ക്ഷാമത്താലും വിലക്കയറ്റമുണ്ടായി ലോകത്തിന്റെ സാമ്പത്തിക ഭദ്രത നശിക്കുവാനിട യാകും.

**വെളി.6:7—“നാലാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു നാലാം ജീവി പറയുന്നതു ഞാൻ കേട്ടു”—**

ഏഴു മുദ്രകളുള്ള പുസ്തകത്തിന്റെ ആദ്യത്തെ മൂന്നു മുദ്രകൾ പൊട്ടിച്ചപ്പോഴും സ്വർഗ്ഗസിംഹാസ നത്തിനടുത്തു നിൽക്കുന്ന ഓരോ ജീവിയും വരിക എന്നു ആഹ്വാനം പുറപ്പെടുവിക്കുന്നു. അതുപോലെ തന്നെ നാലാം മുദ്ര പൊട്ടിച്ചപ്പോഴും വരിക എന്നുള്ള ആഹ്വാനം നാലാം ജീവി പുറപ്പെടുവിക്കുന്ന

തായി യോഹന്നാൻ കേട്ടു. വെളി.4:7 -ൽ വിവരിക്കുന്ന ജീവികളിൽ നാലാമത്തേതു പറക്കുന്ന കഴുകിന്നു സദൃശമായിരുന്നു. പീഡനകാലത്തു ഭൂമിയിൽ ദൈവക്രോധത്തിന്റെ ന്യായവിധി പകരപ്പെടുവാനുള്ള വന്റെ രംഗപ്രവേശനത്തെ വെളിപ്പെടുത്തുന്നതായിരുന്നു നാലാം ജീവിയുടെ ആഹ്വാനം.

**വെളി.6:8 — അപ്പോൾ ഞാൻ മഞ്ഞനിറമുള്ളോരു കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്നു മരണം എന്നു പേർ; പാതാളം അവനെ പിന്തുടർന്നു; അവർക്കു വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാവ്യാധി കൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളവാൻ ഭൂമിയുടെ കാലംശ ത്തിന്മേൽ അധികാരം ലഭിച്ചു."** (I looked, and behold, an ashen (pale) horse; and he who sat on it had the name of Death; and Hades was following with him. Authority was given to them over a fourth of the earth, to kill with sword and with famine and with pestilence and by the wild beasts of the earth)—

**അപ്പോൾ ഞാൻ മഞ്ഞനിറമുള്ളോരു കുതിരയെ കണ്ടു** — (I looked, and behold, an ashen (pale) horse) —

നാലാമത്തെ ജീവിയുടെ ആഹ്വാനം പുറപ്പെട്ട നിമിഷത്തിൽ മറ്റൊരു നിറത്തിലുള്ള കുതിരയെയും അതിന്മേൽ ഒരു സഞ്ചാരിയെയും യോഹന്നാൻ കാണുന്നു. വരിക എന്നുള്ള ജീവികളുടെ ആഹ്വാന ത്താൽ പ്രത്യക്ഷപ്പെടുന്ന കുതിരകളിൽ നാലാമതായും അവസാനമായും പ്രത്യക്ഷപ്പെടുന്നത് മഞ്ഞനി റത്തിലുള്ളതായിരുന്നു. മലയാളത്തിൽ മഞ്ഞ എന്നതിനു ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഇംഗ്ലീഷ് പദ ങ്ങൾ ആഷെൻ (ashen), പെയിൽ (pale) എന്നിവയാണ്. ആഷെൻ ചാരനിറവും പെയിൽ വിളറിയ നിറ വുമാണ്. ഗ്രീക്കിൽ ഇതിനുപയോഗിച്ചിരിക്കുന്ന പദം ക്ലോറോസ് (khlo-ros)എന്നാണ്. ഇതിനർത്ഥം വിള റിയ അഥവാ മഞ്ഞകലർന്ന പച്ച എന്നാണ്. ക്ലോറഫിൽ (chlorophyll) എന്ന ഇംഗ്ലീഷ് പദം ക്ലോറോസ് എന്ന ഗ്രീക്ക് പദത്തിൽ നിന്നുണ്ടായതാണ്. മഞ്ഞനിറം, ചാരനിറം, വിളറിയ മഞ്ഞ കലർന്ന പച്ചനിറം എന്നിവ മരണത്തെയും, ഭയം കൊണ്ടു വിളറി വിറങ്ങലിച്ചതും സ്തംബ്ദമായ അവസ്ഥയെയും കുറിക്കു ന്നു. പൊതുവേ നാലാമത്തെ കുതിരയുടെ നിറം വിളറിയതും രക്തസഞ്ചാരമില്ലാത്തതുമായ ശവത്തിന്റെ നിറത്തെ പ്രകടമാക്കുന്നു. അതായത് മഞ്ഞനിറം വരാൻ പോകുന്ന ആഗോളവ്യാപകമായ മരണത്തിന്റെ മുന്നറിയിപ്പാണ്. അസമാധാനം, യുദ്ധം, ക്ഷാമം, വിലക്കയറ്റം, രക്തച്ചൊരിച്ചിൽ എന്നിവ അരങ്ങേറുന്ന തിനോടൊപ്പം ഈ കുതിരസഞ്ചാരിയുടെ വിവിധ സംഹാരതാണ്ഡവത്താൽ ഭൂമിയിൽ അനേകർ കൊല്ല പ്പെടുകയും ഭൂമി ശവം കൊണ്ടു നിറയപ്പെടുകയും ചെയ്യുന്നു.

**അതിന്മേൽ ഇരിക്കുന്നവന്നു മരണം എന്നു പേർ; പാതാളം അവനെ പിന്തുടർന്നു** (and he who sat on it had the name of Death; and Hades was following with him) —

ആദ്യത്തെ മൂന്നു മുദ്രകൾ പൊട്ടിച്ചപ്പോൾ കുതിരപ്പുറത്തു പ്രത്യക്ഷപ്പെടുന്ന സഞ്ചാരികളുടെ പേരു പറഞ്ഞിട്ടില്ലായിരുന്നു. എന്നാൽ നാലാം മുദ്ര പൊട്ടിച്ചപ്പോൾ മഞ്ഞ അഥവാ വിളറിയ കുതിരപ്പു റത്തെ സവാരിക്കാരന് മരണം (Death) എന്നു പേരെന്നു യോഹന്നാൻ പറയുന്നു. കൂടാതെ മറ്റു സഞ്ചാ രികൾ ഒറ്റക്കാണ് രംഗപ്രവേശനം ചെയ്യുന്നതെങ്കിൽ ഇവിടെ മഞ്ഞക്കുതിരപ്പുറത്തെ സഞ്ചാരിയെ ഒരാൾ അനുഗമിക്കുന്നു. കുതിരപ്പുറത്തിരിക്കുന്നവനെ പിന്തുടരുന്നവന്റെ പേരു പാതാളം (Hades) എന്നാണെന്നും പറഞ്ഞിരിക്കുന്നു. അതായത് മരണത്തെ പാതാളം അനുഗമിക്കുന്നു. പാതാളം എന്ന സവാരിക്കാരനും മറ്റൊരു മഞ്ഞക്കുതിരപ്പുറത്താണോ സഞ്ചരിക്കുന്നതെന്നു വ്യക്തമല്ല. കുതിരപ്പുറത്തു യാത്ര ചെയ്യുന്ന ഒരു പട്ടാളമേധാവി സകലരെയും ആക്രമിച്ചു വാളു കൊണ്ടു കൊന്നു നീങ്ങുമ്പോൾ പട്ടാളമേധാവിയെ പിൻപറ്റി ആജ്ഞ അനുസരിച്ചു പുറകേ കുതിരപ്പുറത്തോ നടന്നോ നീങ്ങുന്ന പടയാളിയെപ്പോലെയാണ് മരണവും പാതാളവും യാത്ര ചെയ്യുന്നത്. മരണവും പാതാളവും സുഹൃത്തുകൾ എന്ന നിലയിൽ ഒരേ ലക്ഷ്യത്തിൽ യാത്ര ചെയ്യുന്നു. മരണം ദേഹത്തോടു ബന്ധപ്പെട്ടിരിക്കുമ്പോൾ പാതാളം ആത്മാവിനോടു ബന്ധപ്പെട്ടിരിക്കുന്നു. മരണം ദേഹത്തെ നാശത്താൽ കൊല്ലുമ്പോൾ അവരുടെ ആത്മാക്കളുടെ സൂക്ഷി പ്പുകാരനാണ് പാതാളം. അതായത് മരണം ദേഹത്തെ എടുക്കുമ്പോൾ പാതാളം ആത്മാവിനെ എടുക്കു ന്നു. "*മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്*" (വെളി.1:18) എന്നു കർത്താവു പറഞ്ഞിട്ടുണ്ട്. താക്കോൽ അധികാരത്തെക്കുറിക്കുന്നതാകയാൽ കർത്താവിനു മരണത്തി ന്മേലും ജീവന്മേലും അധികാരമുണ്ടെന്നർത്ഥം. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു മരണത്തെ ഭയപ്പെടേണ്ട കാര്യമില്ല. മരണം ദേഹം നശിക്കുമ്പോഴുള്ള അവസ്ഥയെങ്കിൽ പാതാളം രക്ഷിക്കപ്പെ ടാതെ മരിച്ചവരുടെ ആത്മാവിന്റെ വാസസ്ഥലമാണ്. ഒരിക്കൽ മരണവും പാതാളവും തങ്ങളിലുള്ള മരി ച്ചവരെ കർത്താവിനു ഏൽപ്പിച്ചു കൊടുക്കുകയും, മരണത്തെയും പാതാളത്തെയും അവയിലുള്ളതൊ ക്കെയും കർത്താവു തീപ്പൊയ്കയിലേക്കു തള്ളിയിടുകയും ചെയ്യും (വെളി.20:13,14).

**അവർക്കു വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാവ്യാധി കൊണ്ടും ഭൂമിയിലെ കാട്ടുമൃഗ ങ്ങളെക്കൊണ്ടും കൊന്നുകളവാൻ ഭൂമിയുടെ കാലംശത്തിന്മേൽ അധികാരം ലഭിച്ചു** (Authority was given to them over a fourth of the earth, to kill with sword and with famine and with pestilence and

by the wild beasts of the earth) —

മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ പ്രത്യക്ഷപ്പെട്ട ചുവന്ന കുതിരപ്പുറത്തെ സഞ്ചാരിക്കു ഭൂമിയിൽ നിന്നു സമാധാനം എടുത്തുകളയുവാനുള്ള അധികാരവും, ഒരു വലിയ വാളും ലഭിച്ചതുപോലെ മഞ്ഞക്കുതിരപ്പുറത്തെ സഞ്ചാരിക്കും അവനെ പിന്തുടരുന്നവനും അവരുടെ ദൗത്യം പൂർത്തിയാക്കുവാൻ അധികാരം ലഭിക്കുന്നു. പക്ഷേ ഇവർക്കു അധികാരപരിധിയും നിശ്ചയിച്ചു പറഞ്ഞിട്ടുമുണ്ട്. മരണത്തിനും പാതാളത്തിനും അവരുടെ ലക്ഷ്യം നിറവേറ്റുവാൻ അഥവാ ഭൂമിയിലുള്ളവരെ നശിപ്പിച്ചു കളയുവാനാണ് അധികാരം ലഭിച്ചിരിക്കുന്നത്. അവർക്കു ലഭിച്ചിരിക്കുന്ന അധികാരം നാലു വിധത്തിൽ ഉപയോഗിക്കാം — (1) വാൾ - sword (2) ക്ഷാമം — famine (3) മഹാവ്യാധി — pestilence – മഹാമാരിയുടെ സ്വഭാവത്താലുള്ള വിനാശം (4) കാട്ടുമൃഗങ്ങൾ — wild beasts. ഈ വിധം ലഭിച്ച നാലു ആയുധങ്ങളാൽ കൊല്ലുവാനുള്ള അധികാരപരിധിയാകട്ടെ ഭൂമിയുടെ കാലാംശത്തിന്മേൽ (over a fourth of the earth) മാത്രമായിരുന്നു. വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാവ്യാധി കൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും പീഡനകാലത്തിൽ മനുഷ്യരെ കൊന്നുകളയുവാൻ സഞ്ചാരികളായ മരണത്തിനും പാതാളത്തിനും അധികാരം കിട്ടിയതും അവർ മുന്നേറുന്നതും യോഹന്നാൻ കണ്ടു.

**വാൾ, ക്ഷാമം, മഹാവ്യാധി (മഹാമാരി) —** എന്നിവ പഴയനിയമതിരുവെഴുത്തുകളിൽ ദൈവീകന്യായവിധിയോടുള്ള ബന്ധത്തിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്.

**2.ദിന.20:8 —** *"ന്യായവിധിയുടെ വാൾ, മഹാമാരി, ക്ഷാമം ..."*

**യിരെ.14:12 —** *"ഞാൻ അവരെ വാൾകൊണ്ടും ക്ഷാമംകൊണ്ടും മഹാമാരികൊണ്ടും മുടിച്ചു കളയും എന്നു അരുളിച്ചെയ്തു."*

**യിരെ.24:10 —** *"ഞാൻ അവർക്കും അവരുടെ പിതാക്കന്മാർക്കും കൊടുത്ത ദേശത്തു നിന്നു അവർ നശിച്ചുപോകുംവരെ ഞാൻ അവരുടെ ഇടയിൽ വാളും ക്ഷാമവും മഹാമാരിയും അയക്കും."*

**യിരെ.32:24 —** *"വാളും, ക്ഷാമവും, മഹാമാരിയുംം ഹേതുവായി ഈ നഗരം അതിനു നേരെ യുദ്ധം ചെയ്യുന്ന കല്ദയരുടെ കയ്യിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നു."*

**യിരെ.44:13 —** *"ഞാൻ യെരൂശലേമിനെ സന്ദർശിച്ചതുപോലെ മിസ്രയീംദേശത്തു പാർക്കുന്നവരെയും വാൾകൊണ്ടും ക്ഷാമംകൊണ്ടും മഹാമാരികൊണ്ടും സന്ദർശിക്കും."*

**യെഹെ.5:12 —** *"നിന്നിൽ മൂന്നിലൊന്നു മഹാമാരികൊണ്ടു മരിക്കും; ക്ഷാമംകൊണ്ടും അവർ നിന്റെ നടുവിൽ മുടിഞ്ഞുപോകും; മൂന്നിൽ ഒന്നു നിന്റെ ചുറ്റും വാൾകൊണ്ടു വീഴും."*

**യെഹെ.6:11,12 —** *"അവർ വാൾകൊണ്ടും ക്ഷാമംകൊണ്ടും മഹാമാരികൊണ്ടും വീഴും. ദൂരത്തുള്ളവൻ മഹാമാരികൊണ്ടു മരിക്കും; സമീപത്തുള്ളവൻ വാളകൊണ്ടു വീഴും; ശേഷിച്ചിരിക്കുന്നവനും രക്ഷിക്കപ്പെട്ടവനും ക്ഷാമംകൊണ്ടു മരിക്കും; ഇങ്ങനെ ഞാൻ എന്റെ ക്രോധം അവരിൽ നിവർത്തിക്കും."*

വാൾ, ക്ഷാമം, മഹാവ്യാധി (മഹാമാരി), കാട്ടുമൃഗങ്ങളാലുള്ള ആപത്ത് എന്നീ നാലു ന്യായവിധികളെപ്പറ്റി യെഹെ. 14:12 മുതൽ 21 വരെയുള്ള ഭാഗത്തു പറഞ്ഞിട്ടുണ്ട്. വിഗ്രഹാരാധനയിലേക്കു തിരിഞ്ഞ യെരൂശലേമിന്റെ മേൽ ദൈവം അയക്കുന്ന നാലു ന്യായവിധികളെക്കുറിച്ചാണിവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഒന്നാമത്തെ ന്യായവിധി ദേശത്തുണ്ടാകുന്ന ക്ഷാമം (യെഹെ.14:13). രണ്ടാമതായി ദുഷ്ടമൃഗത്താലുണ്ടാകുന്ന ന്യായവിധി. (യെഹെ.14:15). മൂന്നാമതായി ദേശത്തിന്റെ നേരേ വരുന്ന വാൾ (യെഹെ.14:17). നാലാമത്തെ ന്യായവിധി മനുഷ്യരെയും മൃഗങ്ങളെയും ഛേദിച്ചു കളയുന്ന മഹാമാരി (യെഹെ.14:19).

**കാട്ടുമൃഗങ്ങൾ —** ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടു കൊന്നു കളയുവാൻ എന്ന പ്രയോഗം മൂന്നു വിധത്തിൽ ചിന്തിക്കാം.

—> ദേശത്തു ക്ഷാമമേറുമ്പോൾ കാട്ടിലെ മൃഗങ്ങൾ ഭക്ഷണം തേടി മനുഷ്യവാസസ്ഥലങ്ങളിലേക്കു വന്നു മനുഷ്യരെ കൊന്നു ഭക്ഷിക്കുവാനിടയാകും.

—> അന്തിക്രിസ്തു അഥവാ എതിർക്രിസ്തുവിന്റെ ആജ്ഞ അനുസരിക്കാത്തവരെയും അവനെ ആരാധിക്കാത്തവരെയും തിരഞ്ഞു പിടിച്ചു ബന്ധിച്ച ശേഷം അവരെ കാട്ടിൽ നിന്നു കൊണ്ടു വരപ്പെട്ട ദുഷ്ടമൃഗങ്ങൾക്കു ആഹാരമായി വലിച്ചെറിഞ്ഞു കൊടുക്കും.

—> കാട്ടുമൃഗം എന്നത് മൃഗത്തെപ്പോലെ ക്രൂരമായി പെരുമാറുന്ന മനുഷ്യരെയോ, ഭരണകൂടത്തെയോ, ഭരണാധികാരികളെയോ കുറിക്കുന്നു. ദാനീയേലിന്റെ ദർശനത്തിലെ മൃഗങ്ങൾ ലോകരാഷ്ട്രങ്ങളെയാണ് അർത്ഥമാക്കുന്നത് (ദാനീ.7:3-7). സിംഹം, കരടി, പുള്ളിപ്പുലി എന്നിവയെല്ലാം ദുഷ്ടമൃഗങ്ങൾ എന്ന നിലയിൽ വിവിധതരത്തിലുള്ള ക്രൂരസ്വഭാവങ്ങളുമുള്ളതുപോലെ ചില ഭരണകൂടങ്ങളിലും ഭരണാധാകാരികളിലും മൃഗീയസ്വഭാവങ്ങൾ കാണാം. വെളിപ്പാടു പുസ്തകം 13-ാം അദ്ധ്യായത്തിൽ ദുഷ്ടമൃഗങ്ങളായ പുള്ളിപ്പുലി, കരടി, സിംഹം എന്നിവയുടെ സാദൃശ്യത്തിൽ സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗം അന്തിക്രിസ്തുവോ അവന്റെ ഭരണകൂടമോ ആയി കരുതാം. ഇപ്രകാരം മൃഗസ്വഭാവമുള്ള ഭരാണാധികാരികളോ, ഭരണകൂടങ്ങളോ മനുഷ്യരെ നിർദ്ദയം കൊല്ലുന്നു.

**കൊന്നുകളവാൻ ഭൂമിയുടെ കാലംശത്തിന്മേൽ അധികാരം ലഭിച്ചു** (Authority was given to them over a fourth of the earth — കാലംശം എന്നാൽ നാലിലൊന്നു (one fourth) എന്നർത്ഥം. മരണത്തിനും പാതാളത്തിനും കൊന്നു കളവാൻ ഭൂമിയുടെ കാലംശത്തിന്മേൽ അധികാരം ലഭിച്ചു എന്നതിന് വിവിധ അഭിപ്രായങ്ങളുണ്ട്. റോമൻ സാമ്രാജ്യത്തെയാണ് കാലംശം എന്നു പറയുന്നതെന്നതെന്നു ചിലർ അഭിപ്രായപ്പെടുന്നു. ലോകജനസംഖ്യയിൽ നാലിലൊന്നിനെ സംഹരിക്കുവാനുള്ള അധികാരമാണിതെന്നാണ് മറ്റൊരഭിപ്രായം. ആദ്യ നാലു മുദ്രകൾ പൊട്ടിക്കുമ്പോൾ പ്രത്യക്ഷപ്പെടുന്ന ഓരോ കുതിരസഞ്ചാരികൾക്കും ലഭിക്കുന്ന അധികാരമെന്ന നിലയിൽ നാലാമന്റെ അവകാശമാണ് കാലംശം അഥവാ നാലിലൊന്നു എന്നതാണ് മൂന്നാമത്തെ അഭിപ്രായം.

വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാവ്യാധി കൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളവാൻ ഭൂമിയുടെ കാലംശത്തിന്മേൽ അധികാരം ലഭിച്ച മരണവും പാതാളവും ജയത്തോടെ മുന്നേറുകയാണ്. യഥാർത്ഥത്തിൽ ദൈവത്തെ ബഹുമാനിക്കുകയോ സ്നേഹിക്കുകയോ ചെയ്യാതെ മറുതലിച്ചു നടക്കുന്ന ജനത്തിന്റെമേൽ ദൈവക്രോധം പകരപ്പെടുകയാണ്. പഴയനിയമകാലത്തു അനുസരണംകെട്ട തന്റെ ജനത്തിന്മേൽ അയച്ച അതേ ന്യായവിധികളുടെ രീതികൾ – വാൾ, ക്ഷാമം, മഹാമാരി, ദുഷ്ടജന്തുക്കളാലുള്ള മരണം — തന്നെയാണ് പീഡനകാലത്തും പകരപ്പെടുന്നതെന്നത് ശ്രദ്ധേയമാണ്. കൊല്ലുവാനുള്ള അധികാരം നാലു രീതിയിലാണ് ഇവിടെ അരങ്ങേറുന്നത്. ഇവയിൽ വാൾ, ക്ഷാമം എന്നിവയാലുള്ള ന്യായവിധി യഥാക്രമം ചുവന്നതും കറുത്തതുമായ കുതിരപ്പുറത്തു വന്നവരിലൂടെ ആരംഭിച്ചതാണ്. മഞ്ഞക്കുതിരപ്പുറത്തു വന്ന മരണവും അവനെ പിന്തുടർന്ന പാതാളവും വാൾ, ക്ഷാമം എന്നിവയ്ക്കു പുറമേ മഹാവ്യാധികൊണ്ടും, കാട്ടുമൃഗങ്ങളെകൊണ്ടും കൂട്ടക്കൊല നടത്തുകയാണ്. യുദ്ധവും ക്ഷാമവും വർദ്ധിക്കുമ്പോൾ തന്നെ അനേകർ മരിക്കുവാനിടയാകും. ശവങ്ങളുടെ ക്രമാധീതമായ വർദ്ധന നിമിത്തം അവയെ കുഴിച്ചിടുവാൻ പോലും അപ്പോൾ ജീവിച്ചിരിക്കുന്നവർക്ക് കഴിയാത്ത സാഹചര്യങ്ങളുണ്ടാകും. ഇതേ തുടർന്നു രോഗങ്ങളും പകർച്ചവ്യാധികളും പൊട്ടിപ്പുറപ്പെടും. കാട്ടിലെ മൃഗങ്ങൾക്കു ആഹാരം ലഭിക്കാതെ വരുമ്പോൾ അവ മനുഷ്യരെ ആക്രമിച്ചു കൊന്നു ഭക്ഷിക്കുവാനും ആരംഭിക്കും. കൂടാതെ മൃഗീയസ്വഭാവമുള്ള അധികാരികളും മനുഷ്യരെ കൂട്ടക്കൊല നടത്തുന്നു.

നാലാം മുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന അനന്തരസംഭവങ്ങൾ കർത്താവു തന്റെ ശിഷ്യന്മാരോടു പറഞ്ഞ ഒലിവുമല പ്രഭാഷണത്തിലും കാണുന്നു. **മത്താ.24:7,8 —** *"ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും;* **ക്ഷാമവും** ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ." വെളിപ്പാട് ആറു മുതൽ ഒൻപതു വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്ന കാര്യങ്ങൾ ഏഴു വർഷത്തെ പീഡനകാലത്തിന്റെ ആദ്യത്തെ മൂന്നരവർഷക്കാലത്തു അരങ്ങേറുന്നവയാണ്. ആകയാൽ ആദ്യത്തെ നാലു മുദ്രകൾ പൊട്ടിക്കുമ്പോൾ പ്രത്യക്ഷപ്പെടുന്ന കുതിരസഞ്ചാരികളിലൂടെ പകരപ്പെടുന്ന ന്യായവിധികൾ എത്ര അതിക്രൂരവും ഭീബൽസവും ആയിരുന്നാലും അതൊക്കെ വരുവാൻ പോകുന്ന നാളിനെ ഓർമ്മിപ്പിക്കുന്ന മുന്നോടി എന്ന നിലയിൽ ഈറ്റുനോവിന്റെ ആരംഭം മാത്രമായിരിക്കും.

**വെളി.6:9 — "അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ: ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിങ്കീഴിൽ കണ്ടു;"** (When He opened the fifth seal, I saw under the altar the souls of those who had been slain for the word of God and for the testimony which they held) —

ആറാം അദ്ധ്യായം 9 – 11 വരെയുള്ള മൂന്നു വാക്യങ്ങൾ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ഭൂമിയിൽ പീഡനകാലത്തു അരങ്ങേറുന്ന ആത്മീയലോകത്തിലെ സംഭവവികാസങ്ങളെ വിവരിക്കുന്നു. ആദ്യത്തെ നാലു മുദ്ര പൊട്ടിച്ചപ്പോൾ ദേശവ്യാപകമായ ക്ഷാമം, യുദ്ധം, മഹാമാരി, മരണം എന്നിവയുൾപ്പെട്ട രാഷ്ട്രീയസംഭവവികാസങ്ങളെയാണ് വിവരിച്ചത്. ആദ്യത്തെ നാലു മുദ്രകൾ സ്വർഗ്ഗത്തിലെ നാലു ജീവികളോടു ബന്ധപ്പെട്ടിരിക്കുന്നു. മുദ്രകൾ പൊട്ടിച്ചപ്പോൾ നാലു ജീവികൾ ഓരോരുത്തരായി വരിക എന്ന ആഹ്വാനം പുറപ്പെടുവിക്കുകയും അതേ തുടർന്നു ഭൂമിയിൽ വിവിധ നിറത്തിലുള്ള കുതിരകളും അതിന്മേൽ വ്യത്യസ്ത ദൗത്യവുമായി വരുന്ന സഞ്ചാരികളെയും കണ്ടു. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ഈ വിധത്തിലുള്ളതൊന്നും ആവർത്തിക്കുന്നില്ല. എന്നാൽ അന്തിക്രിസ്തുവിന്റെ പീഡനം ആത്മീയഗോളത്തിലേക്കു തിരിയുന്നു. അഞ്ചാം മുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന മറ്റൊരു പ്രത്യേകതയെന്നത് സ്വർഗ്ഗത്തിലെ യാഗപീഠത്തിങ്കീഴിൽ രക്തസാക്ഷികളുടെ ആത്മാക്കളെ യോഹന്നാൻ കാണുന്നു എന്നതാണ്.

**അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ: ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും —**

ആദ്യത്തെ നാലു മുദ്രകൾ പൊട്ടിച്ചപ്പോൾ ഭൂമിയിൽ വസിക്കുന്നവരിൽ ദൈവക്രോധത്താലുള്ള ന്യായവിധി പകരപ്പെട്ടു. അവ വ്യാജസമാധാനത്താലുള്ള വിപത്ത്, യുദ്ധം, ക്ഷാമം, മരണം എന്നിവയായിരുന്നു. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ആഗോളവ്യാപകമായി വിശ്വാസികളുടെമേൽ അതികഠിനമായ പീഡനങ്ങൾ ആരംഭിക്കുന്നു. യഥാർത്ഥത്തിൽ വിശ്വാസികളെയും സാത്താന്റെ സഹവർത്തികളായ അവിശ്വാസികളെയും ഇതിലൂടെ ദൈവം വേർതിരിക്കുകയാണ്. രണ്ടു കാരണങ്ങളാലാണ് അവർ പീഡിപ്പിക്കപ്പെട്ടതും രക്തസാക്ഷികളായെതെന്നും യോഹന്നാൻ പറയുന്നു. (1) ദൈവവചനം നിമിത്തം (2) തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും. വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ ഉൾപ്പെട്ട സഭ കർത്താവിന്റെ മദ്ധ്യാകാശത്തിലെ രഹസ്യവരവിൽ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടു. ഭൂമിയിൽ പീഡനകാലം ആരംഭിക്കുന്നു. ദൈവജനമായ യിസ്രായേലിന്റെ കൂട്ടിച്ചേർക്കലിനോടു ബന്ധത്തിൽ ദൈവീക പരിപാടികൾ ഇക്കാലത്തു ഭൂമിയിൽ അരങ്ങേറുന്നു. വിശ്വാസികളായ യഹൂദന്മാർ രാജ്യത്തിന്റെ സുവിശേഷം അറിയിക്കുവാൻ ആരംഭിക്കുന്നു. രാജ്യത്തിന്റെ സുവിശേഷം എന്നാൽ അർത്ഥമാക്കുന്നത് മശീഹാ ദൈവരാജ്യം സ്ഥാപിക്കുവാൻ ഭൂമിയിലേക്കു മടങ്ങി വന്നു എന്നേക്കും നിത്യരാജാവായി രാജ്യം വാഴും എന്ന വാർത്തയാണ്. ഇക്കാലത്തെ സുവിശേഷം കൃപയുടെ സുവിശേഷമാണ് (അപ്പൊ.20:24). എന്നാൽ സഭാകാലത്തിനു ശേഷം പീഡനകാലത്തുള്ളത് ദൈവരാജ്യത്തിന്റെ അഥവാ സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷമായി മാറുന്നു. സകലരും സുവിശേഷത്തിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുവാൻ തിരുവചനത്തെ ആധാരമാക്കി അന്നു പ്രസംഗിക്കും. പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോദ്ധ്യം വരുത്തുന്ന പരിശുദ്ധാത്മാവ് അന്നു സ്വർഗ്ഗത്തിലിരുന്നുകൊണ്ടു പ്രവർത്തിക്കുകയും തൽഫലമായി പലരും രക്ഷിക്കപ്പെടുകയും ചെയ്യും. ദൈവരാജ്യത്തെക്കുറിച്ചുള്ള ദൈവവചന സുവിശേഷഘോഷണവും, അവരുടെ സാക്ഷ്യവും പീഡനകാലത്തു അന്തിക്രിസ്തുവിന്റെ കോപത്തിനിടയാകും. അതിനെ തുടർന്നു വിശ്വാസികളെ ക്രൂരമായി പീഡിപ്പിക്കുകയും സാക്ഷ്യത്തിൽ ഉറച്ചു നിൽക്കുന്നവർ രക്തസാക്ഷിമരണം കൈവരിക്കേണ്ടിയും വരും. പീഡനകാലത്തിന്റെ ആദ്യപകുതിയിൽ വിശ്വാസികളുടെ മേൽ ആഞ്ഞടിക്കുന്ന ഉപദ്രവങ്ങളും പീഡകളും വർദ്ധിച്ചു വരികയും എണ്ണമറ്റ ആത്മാക്കൾ കൊല്ലപ്പെടുകയും ചെയ്യും. വിശുദ്ധന്മാരോടു നേർക്കുനേർ യുദ്ധം നടത്തി അന്തിക്രിസ്തു ജയം പ്രാപിക്കും(വെളി.13:7). മുഴുലോകവും അന്തിക്രിസ്തുവിനെ ദൈവമായി അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യും. എന്നാൽ അവനെ എതിർക്കുന്നവരെ രാജ്യദ്രോഹികളും, അവന്റെ മതവിരോധികളായും പ്രഖ്യാപിച്ചു ക്രൂരമായി പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യും.

**അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിങ്കീഴിൽ കണ്ടു** (I saw under the altar the souls of those who had been slain) — അന്തിക്രിസ്തുവിന്റെ രോഷത്തിനിരയായവരെ അവൻ കൂട്ടക്കൊല നടത്തുന്നു. അവരുടെ ആത്മാക്കളെ യാഗപീഠത്തിങ്കീഴിൽ കണ്ടു എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. സഹസ്രാബ്ദഭരണത്തിനു മുമ്പു ഇവരെ യോഹന്നാൻ സ്വർഗ്ഗത്തിൽ കാണുന്നു — വെളി.20:4,5 — *"ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു."*

**അറുക്കപ്പെട്ടവർ** (slain) — എന്നാൽ ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ യേശുക്രിസ്തുവെന്ന മശീഹായുടെ സാക്ഷ്യം ഹേതുവായും അതിക്രൂരമായ വിധത്തിൽ രക്തസാക്ഷി മരണം കൈവരിച്ചവരെന്നർത്ഥം. അതിക്രൂരമായ ക്രൂശുമരണം വരിച്ച കർത്താവിനെ യോഹന്നാൻ സ്വർഗ്ഗസിംഹാസനത്തിനടുത്തു കാണുന്നതും അറുക്കപ്പെട്ടപോലെയാണ് (വെളി.5:6).

**യാഗപീഠത്തിങ്കീഴിൽ** (under the altar) — യോഹന്നാൻ ഇവിടെ കാണുന്ന യാഗപീഠം സ്വർഗ്ഗത്തിലേതാണ്. വെളിപ്പാട് 4,5 അദ്ധ്യായങ്ങളിൽ യോഹന്നാൻ സ്വർഗ്ഗത്തിലെ സിംഹാസനമുറി കാണുന്നു. ആറാം അദ്ധ്യായത്തിൽ ദൈവാലയം കാണുന്നു. സ്വർഗ്ഗത്തിലെ യാഗപീഠത്തെക്കുറിച്ചു വെളിപ്പാട് 8, 14 എന്നീ അദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുണ്ട്. **വെളി.8:3** —*"മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി വന്നു യാഗപീഠത്തിന്നരികെ നിന്നു."* **വെളി.8:5** —*"ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കു എറിഞ്ഞു."* **വെളി.14:18** —*"തീയുടെമേൽ അധികാരമുള്ള വേറൊരു ദൂതൻ യാഗപീഠത്തിങ്കൽ നിന്നു പുറപ്പെട്ടു, മൂർച്ചയുള്ള കോങ്കത്തി പിടിച്ചിരുന്നവനോടു: ഭൂമിയിലെ മുന്തിരിങ്ങ പഴുത്തിരിക്കയാൽനിന്റെ മൂർച്ചയുള്ള കോങ്കത്തി അയച്ചു മുന്തിരിവള്ളിയുടെ കുല അറുക്കുക എന്നു ഉറക്കെ വിളിച്ചു പറഞ്ഞു."* സ്വർഗ്ഗീയകൂടാരം, സ്വർഗ്ഗസിംഹാസനം, സ്വർഗ്ഗത്തിലെ ദൈവാലയം, വിശുദ്ധമന്ദിരം എന്നതൊക്കെ ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തെക്കുറിക്കുന്നു (യെശ.6:1, ഹബ.2:20).

അറുക്കപ്പെട്ടവരുടെ ആത്മാക്കളെ യാഗപീഠത്തിങ്കീഴിൽ കണ്ടു എന്നത് അവർ സഭാകാലത്തിനു ശേഷം കർത്താവിൽ വിശ്വസിച്ച യിസ്രായേലാണെന്നും അവർ മശീഹാക്കുവേണ്ടി തങ്ങളുടെ ജീവനെത്തന്നെ യാഗമായി അർപ്പിച്ചു രക്തസാക്ഷിമരണം സ്വീകരിച്ചവരാണെന്നും മനസ്സിലാക്കാം. പഴയനിയമയാഗങ്ങളിൽ ഏതെങ്കിലും മൃഗത്തെ യാഗമായി ദൈവസന്നിധിയിൽ അർപ്പിക്കുമ്പോൾ യാഗമൃഗത്തിന്റെ

രക്തം താമ്രയാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിക്കുമായിരുന്നു. **പുറ.29:12 —** *"കാളയുടെ രക്തം കുറെ എടുത്തു നിന്റെ വിരൽകൊണ്ടു യാഗപീഠത്തിന്റെ കൊമ്പുകളിന്മേൽ പുരട്ടി ശേഷമുള്ള രക്തം ഒക്കെയും യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിക്കേണം."* **ലേവ്യ.4:7 —** *"പുരോഹിതൻ രക്തം കുറെ യഹോവയുടെ സന്നിധിയിൽ സമാഗമനകൂടാരത്തിലുള്ള സുഗന്ധവർഗ്ഗത്തിൻ ധൂപപീഠത്തിന്റെ കൊമ്പുകളിൽ പുരട്ടേണം; കാളയുടെ ശേഷം രക്തം മുഴുവനും സമാഗമനകൂടാരത്തിന്റെ വാതില്ക്കൽ ഉള്ള ഹോമയാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിച്ചുകളയേണം."* യാഗത്തിനായി കൊണ്ടു വരുന്ന മൃഗങ്ങളെ യാഗപീഠത്തിന്റെ ചുവട്ടിൽ വച്ചറുത്ത് രക്തം ചൊരിഞ്ഞശേഷം അവയുടെ തോലുരിച്ചു ഖണ്ഡംഖണ്ഡമായി മുറിച്ചു യാഗപീഠത്തിലെ തീയിൽ ദഹിപ്പിക്കും(ലേവ്യ.1:6,7,12,15). പാപശുദ്ധീകരണത്തിനായി രക്തം ചൊരിഞ്ഞ മൃഗത്തിന്റെ മാംസവും അന്തർഭാഗങ്ങളും യാഗപീഠത്തിലെ അഗ്നിയിൽ വെന്തെരിയുമ്പോൾ ശുദ്ധീകരണത്തിനായി ചൊരിയപ്പെട്ട രക്തം യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴുകുന്നു. ഇതു പ്രായശ്ചിത്തയാഗത്തിന്റെ പരിപൂർണ്ണതയെ വെളിപ്പെടുത്തുന്നു. നമ്മുടെ കർത്താവിന്റെ ക്രൂശീകരണത്തോടു ചിന്തിച്ചാൽ കാൽവറി ക്രൂശെന്ന യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴുകിയ രക്തം പ്രായശ്ചിത്തയാഗത്തിന്റെ പൂർത്തീകരണത്തെയും, രക്തത്താലുള്ള വീണ്ടെടുപ്പിനെയും കുറിക്കുന്നു. യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴുകുന്ന രക്തം പാപയാഗവുമായി വന്നവൻ കാണുമ്പോൾ അവന്റെ മനസ്സിൽ ഉയരുന്ന ചിന്ത അവനു പകരമായി രക്തം ഒഴുക്കിയ യാഗവസ്തുവിനെയാണ്. ശരീരത്തിന്റെ ജീവൻ രക്തത്തിൽ ആണെന്നു തിരുവചനം വെളിപ്പെടുത്തുന്നു (ലേവ്യ.17:11). ആകയാൽ വെളിപ്പാടിൽ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ട ആത്മാക്കൾ വെളിപ്പെടുത്തുന്നത് അവർ തങ്ങളുടെ രക്തം അഥവാ ജീവൻ ദൈവമഹത്വത്തിനായി യാഗമായി ഒഴുക്കിക്കളഞ്ഞു അഥവാ സമർപ്പിക്കപ്പെട്ടു എന്നാണ്.

യാഗപീഠത്തിങ്കീഴിൽ രക്തത്തിനു പകരം യോഹന്നാൻ കാണുന്നത് ആത്മാക്കളെയാണ് (souls). രക്തസാക്ഷിമരണം കൈവരിച്ച വിശുദ്ധന്മാരായതിനാലാണ് ആത്മാക്കൾ എന്നു പറഞ്ഞിരിക്കുന്നതും, യാഗപീഠത്തിങ്കീഴിൽ കാണപ്പെടുന്നതും. ശാരീരിക പുനരുത്ഥാനം പ്രാപിച്ചിട്ടില്ലായ്കയാൽ അതിനായി അവർ കാത്തിരിക്കുകയാണെന്നും വ്യക്തമാകുന്നു. ലോകാരംഭം മുതൽ സഭയുടെ ഉത്പ്രാപണം വരെയുള്ള പഴയനിയമപുതിയനിയമ വിശുദ്ധന്മാരായ രക്തസാക്ഷികളാണ് യാഗപീഠത്തിങ്കീഴിൽ അറുക്കപ്പെട്ടവരായി കാണുന്നതെന്നു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ ഇതു തെറ്റായ നിഗമനമാണ്. കർത്താവിന്റെ വരവിൽ എടുക്കപ്പെടുന്നത് മരിച്ചവരും ജീവനോടിരിക്കുന്നവരുമായ സകല വിശുദ്ധന്മാരും എന്നല്ലാതെ രക്തസാക്ഷികളായവരെ മറ്റൊരു പുനരുത്ഥാനത്തിനായി മാറ്റി നിറുത്തുന്നതായി ദൈവവചനം പറയുന്നില്ല. യഥാർത്ഥത്തിൽ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ടവർ ദൈവികകാര്യപരിപാടിയിലുള്ള യിസ്രായേലിന്റെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിലെ ആദ്യഫലം എന്ന നിലയിൽ രക്തസാക്ഷികളായവരാണ്. കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ ക്രിസ്തുവിൽ മരിച്ചവരും, രക്ഷിക്കപ്പെട്ടു അന്നു ജീവനോടിരിക്കുന്ന സകലരും എടുക്കപ്പെടും. ഉത്പ്രാപണത്തിൽ എടുക്കപ്പെട്ടവർ പുനരുത്ഥാനശരീരം ലഭിച്ച് കർത്താവിനോടൊപ്പമായിരിക്കും (1.തെസ്സ.4:16,17). എന്നാൽ യോഹന്നാൻ യാഗപീഠത്തിനടിയിൽ കാണപ്പെടുന്നവർ സഭയുടെ ഉത്പ്രാപണത്തിനു ശേഷം ഭൂമിയിലെ പീഡനകാലത്തിന്റെ ആദ്യപകുതിയിൽ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവരും, തന്മൂലം രക്തസാക്ഷികളായവരുമാണ്. അവർക്കു പുനരുത്ഥാന ശരീരം ലഭിച്ചിട്ടില്ലായ്കയാലാണ് യാഗപീഠത്തിങ്കീഴിൽ കാണപ്പെടുന്നത്. ഏഴുവർഷത്തെ പീഡനകാലത്തിന്റെ ഒടുവിൽ മാത്രമേ ഇവർക്കു പുനരുത്ഥാനശരീരം ലഭിക്കുകയുള്ളു (വെളി.20:4).

**വെളി.6:10 — "വിശുദ്ധനും സത്യവാനും ആയ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു അവർ ഉറക്കെ നിലവിളിച്ചു."** (And they cried with a loud voice, saying, How long, O Lord, holy and true, until You judge and avenge our blood on those who dwell on the earth?) —

കുഞ്ഞാട് മുദ്രിതഗ്രന്ഥത്തിന്റെ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും പീഡനകാലത്ത് അറുക്കപ്പെട്ടവരുടെ അഥവാ രക്തസാക്ഷികളുടെ ആത്മാക്കളെ യാഗപീഠത്തിങ്കീഴിൽ യോഹന്നാൻ കണ്ടു. തുടർന്നു യാഗപീഠത്തിങ്കീഴിൽ നിന്നും യോഹന്നാൻ കേട്ടത് വിശുദ്ധനും സത്യവാനും അവരുടെ നാഥനുമായ ദൈവത്തോടുള്ള ഉറക്കെയുള്ള നിലവിളി അഥവാ പ്രാർത്ഥനയാണ്.

**വിശുദ്ധനും സത്യവാനും ആയ നാഥാ —** (O Lord, holy and true) —

മഹോപദ്രവകാലത്ത് ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ച വിശുദ്ധന്മാർ അന്തിക്രിസ്തുവിന്റെ കോപത്തിനിരയായി രക്തസാക്ഷിമരണം കൈവരിക്കേണ്ടി വന്നു. അവരിൽ ഉൾക്കൊണ്ട ദേഹം ദേഹി ആത്മാവ് (body,soul, spirit) എന്നീ മൂന്നു ഘടകങ്ങളിൽ ദേഹം (body) അതിക്രൂരമായ ശാരീരിക പീഡനത്താൽ നശിപ്പിക്കപ്പെട്ടു. ശാരീരികമരണം സംഭവിച്ചപ്പോൾ അവരുടെ ആത്മാവ് (spirit) കർത്തൃസന്നിധിയിൽ എത്തി വിശ്രമിക്കുകയാണ്. എന്നാൽ ദേഹി അഥവാ ജീവൻ (soul) യാഗപീഠത്തിനടിയിൽ കഴിയുന്നു. പുനരുത്ഥാനശരീരം (resurrected body) ലഭിക്കുവാനായി അവിടെ കാത്തു നിൽക്കുന്നു. യാഗപീഠത്തിങ്കീഴിൽ നിന്നും ദൈവത്തിന്റെ പ്രവർത്തനത്തിനായി ഉയരുന്ന അവരുടെ ഉറക്കെ

യുള്ള നിലവിളി അഥവാ പ്രാർത്ഥന ദൈവത്തിന്റെ സ്വഭാവസവിശേഷതകൾ പ്രസ്താവിച്ചു കൊണ്ടുള്ള തായിരുന്നു. ദൈവം വിശുദ്ധനാണ്, സത്യവാനാണ്, അവരുടെ നാഥൻ അഥവാ കർത്താവാണ്. ഫില ദെൽഫ്യസഭക്കുള്ള ദൂതിൽ യേശുക്രിസ്തുവിനെ വിശുദ്ധനും സത്യവാനും എന്നു വിശേഷിപ്പിച്ചിട്ടുണ്ട് (വെളി.3:7).

**വിശുദ്ധൻ** (Holy) **—** പരിശുദ്ധനായ ദൈവത്തിനു (ലേവ്യാ.11:44,45/വെളി.4:8) പാപം ചെയ്യുന്ന തിനോ പാപം സഹിക്കുന്നതിനോ കഴിയാത്ത പ്രകൃതിയാണുള്ളത്. ആകയാൽ ദൈവം പാപത്തെ വെറുക്കുകയും പാപം ചെയ്യുന്നവരെ ന്യായംവിധിച്ചു ശിക്ഷിക്കുകയും ചെയ്യും(അപ്പൊ.10:42/2.തിമൊ.4:1).

**സത്യവാൻ** (True)**—** ദൈവം സത്യവാൻ എന്നതും ദൈവത്തിന്റെ മറ്റൊരു സ്വഭാവസവിശേഷ തയാണ്. ദൈവത്തിന്റെ സത്യസന്ധതക്കും വിശ്വസ്തതക്കും ഒരിക്കലും മാറ്റം വരികയില്ല. ആയതി നാൽ തന്റെ വാഗ്ദത്തങ്ങൾക്കും ഭംഗം വരികയില്ല (പുറ.34:6/സംഖ്യാ.23:19/ആവ.7:9/ലൂക്കൊ.21:33).

**നാഥൻ** (Lord) **—** ദൈവം മറുവിലനൽകി പാപികളായവരെ വീണ്ടെടുത്തതിനാൽ ദൈവം അവരുടെ കർത്താവ് അഥാവാ നാഥനുമാണ്. അടിമച്ചന്തയിൽ നിന്നും ഒരു അടിമയെ വിലകൊടുത്തു സ്വന്തമാക്കിയ പ്രതീതിയാണിവിടെ കാണുന്നത്. ഉടമസ്ഥാവകാശവും (ownership) അവരുടെ മേലുള്ള അധികാരവും (authority) നാഥൻ എന്ന സംബോധനയിൽ ഉൾക്കൊള്ളുന്നു.

ദൈവം വിശുദ്ധനാകയാൽ തങ്ങളെ പീഡിപ്പിച്ച ദുഷ്ടന്മാരായവരുടെമേൽ ദൈവം ന്യായവിധി അയച്ചു ശിക്ഷിക്കും. ദൈവം സത്യവാൻ ആകയാൽ തന്റെ വാഗ്ദത്തങ്ങൾ പാലിക്കുക തന്നെ ചെയ്യും. ദൈവം കർത്താവ് അഥവാ അവരുടെ ഉടമസ്ഥൻ എന്ന നിലയിൽ അവരെ ചേർത്തുകൊള്ളും. അതു കൊണ്ട് ദൈവത്തിന്റെ സ്വഭാവസവിശേഷതകളെ ഉരുവിട്ടുകൊണ്ടു അവരുടെ ആവശ്യത്തിനായി ഉറക്കെ ദൈവത്തോടു നിലവിളിക്കുന്നു.

**ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു അവർ ഉറക്കെ നിലവിളിച്ചു** ((And they cried with a loud voice, saying, How long, O Lord, holy and true, until You judge and avenge our blood on those who dwell on the earth?) —

മഹോപദ്രവകാലത്തെ രക്തസാക്ഷികളുടെ ആത്മാക്കൾ അവരെ ഉപദ്രവിച്ചവരുടെ മേൽ ദൈവ ത്തിന്റെ ന്യായവിധിയും പ്രതികാരവും പകരപ്പെടുവാനായി ദൈവത്തോടു അവർ ഉറക്കെ നിലവിളിച്ചു എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു.

**അവർ ഉറക്കെ നിലവിളിച്ചു** (they cried with a loud voice) — യാഗപീഠത്തിങ്കീഴിലെ ആത്മാക്കൾ ഉറക്കെ നിലവിളിച്ചു എന്ന പ്രയോഗം അവരുടെ ആവശ്യത്തിന്റെ ഗൗരവത്തെയും, അവരുടെ ശക്തമായ വികാരത്തെയും, പരിഹാരത്തിനായി പ്രവർത്തിക്കേണ്ട അടിയന്തിരസ്വഭാവത്തെയും കുറിക്കുന്നു (മർക്കൊ.10:47/ലൂക്കൊ.17:13). മറ്റൊന്ന് മരിച്ചു കഴിഞ്ഞാലും ആത്മാക്കൾക്കു കാണുവാനും, കേൾക്കുവാ നും, സംസാരിക്കാനും, കാര്യങ്ങൾ ഗ്രഹിക്കാനും കഴിയുമെന്നു ഇതു വ്യക്തമാക്കുന്നു. ലാസറിന്റെയും ധനവാന്റെയും മരണശേഷമുള്ള സംഭവങ്ങളും ഇതു വ്യക്തമാക്കുന്നുണ്ട്(ലൂക്കൊ.16:19-31).

**ഭൂമിയിൽ വസിക്കുന്നവരോടു** (those who dwell on the earth) — സഭയുടെ ഉത്പ്രാപണവും വിശു ദ്ധന്മാരുടെ പുനരുത്ഥാനവും കഴിഞ്ഞു അവർ സ്വർഗ്ഗത്തിലായിരിക്കുന്നു. സഭ എടുക്കപ്പെട്ട ശേഷം പീഡ നകാലത്തു രക്തസാക്ഷി മരണം കൈവരിച്ചവരുടെ ആത്മാക്കൾ യാഗപീഠത്തിങ്കീഴിൽ പുനരുത്ഥാനവും കാത്തു കഴിയുന്നു. മരിച്ചവരുടെ ദേഹിയും (soul) ആത്മാവും (spirit) സ്വർഗ്ഗത്തിൽ ആയിരിക്കുന്നതു കൊണ്ടാണ് അവർ ഭൂമിയിൽ വസിക്കുന്നവരെന്നു പറഞ്ഞുകൊണ്ടു ദുഷ്ടന്മാരുടെമേലുള്ള പ്രതികാര ത്തിനായി ദൈവത്തോടു നിലവിളിക്കുന്നതും. ഭൂമിയിൽ വസിക്കുന്നവർ, ഭൂവാസികൾ എന്നീ പ്രയോഗങ്ങൾ വെളിപ്പാടു പുസ്തകത്തിൽ ദൈവത്തെ അനുസരിക്കാത്ത അവിശ്വാസികളെ കുറിക്കുന്നു (വെളി.3:10/8:13/11:10/13:8/17:2,8).

**ഞങ്ങളുടെ രക്തത്തെക്കുറിച്ചു —** രക്തം ചിന്തിയാണ് വിശ്വാസികളായ അവർ മരിച്ചത്. ആയതിനാൽ അവരുടെ രക്തത്തെക്കുറിച്ചു അഥവാ അവരുടെ ജീവൻ പോകുവാൻ കാരണക്കാരയവരോടു ദൈവ ത്തിന്റെ ന്യായവിധി പകരപ്പെടുവാൻ അപേക്ഷിക്കുന്നു. കയീൻ സ്വന്തസഹോദരനായ ഹാബേലിനെ കൊന്നപ്പോൾ ഹാബേലിന്റെ രക്തത്തിന്റെ നിലവിളി ഭൂമിയിൽ നിന്നു ദൈവം കേട്ടതായി പറഞ്ഞിരിക്കു ന്നു. **ഉല്പ.4:10 —** *"നിന്റെ അനുജന്റെ രക്തത്തിന്റെ ശബ്ദം ഭൂമിയിൽ നിന്നു എന്നോടു നിലവിളിക്കു ന്നു."*

**നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും** (How long, O Lord, holy and true, until You judge and avenge) —

രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചതിനാലും അവരുടെ ഉറച്ച സാക്ഷ്യത്താലും അന്തിക്രി സ്തുവിന്റെ നിർദ്ദയമായ ഉപദ്രവങ്ങളും പീഡകളും ഏറ്റു വാങ്ങി അന്നത്തെ വിശ്വാസികൾ രക്തസാക്ഷി മരണം കൈവരിക്കേണ്ടി വന്നു. സഭ എടുക്കപ്പെട്ട ശേഷമുള്ള ആദ്യത്തെ മൂന്നരവർക്കാലത്തു (മഹോപ ദ്രവ കാലത്തിനു മുമ്പുള്ള സമയം) ഭൂമിയിൽ അരങ്ങേറുന്ന സംഭവങ്ങളാണ് അഞ്ചാം മുദ്ര പൊട്ടിക്കു

മ്പോഴും ഉണ്ടാകുന്നത്. ഇക്കാലത്തുള്ള രക്തസാക്ഷികളായവരുടെ ആത്മാക്കളെ (ജീവനെ) യാണ് സ്വർഗ്ഗീയദൈവാലയത്തിലെ യാഗപീഠത്തിങ്കീഴിൽ യോഹന്നാൻ കാണുന്നത്. കുറ്റക്കാരനായ ഒരുവനെ ശിക്ഷിക്കുന്നതിനു മുമ്പായി അവനെ ന്യായം വിധിച്ച ശേഷമായിരിക്കും ശിക്ഷിക്കുന്നത്. അതു തന്നെയാണ് രകതസാക്ഷികളുടെ ആത്മാക്കളും ആവശ്യപ്പെടുന്നത് — ന്യായവിധിയും (judge), പ്രതികാരവും (avenge). തങ്ങളെ നിർദ്ദയം ഉപദ്രവിക്കുകയും ക്രൂരമായി കൊല്ലുകയും ചെയ്ത ഭൂമിയിലുള്ള ദുഷ്ടന്മാരെ ദൈവം ന്യായം വിധിച്ചു ശിക്ഷിക്കുവാൻ താമസമെന്തേ എന്നാണ് അവരുടെ ഉറക്കെയുള്ള നിലവിളിയിൽ കാണുന്നത്. ദൈവം തന്റെ ശത്രുക്കളെ നിശ്ചയമായും ന്യായം വിധിച്ചു പ്രതികാരം നടത്തും എന്നു അവർക്കു നന്നായി അറിയാം(മത്താ.25:31-34). എന്നാൽ എത്രത്തോളം (how long) എത്രത്തോളം താമസം എന്നാണവർ ദൈവത്തോടു ചോദിക്കുന്നത്. ഹബക്കൂക്ക് പ്രവാചകനും ഇപ്രകാരം നിലവിളിച്ചതായി തിരുവചനത്തിൽ കാണുന്നു. ദൈവജനമായ യിസ്രായേലിന്റെ മദ്ധ്യത്തിൽ സാഹസവും നീതികേടും പീഡനങ്ങളും കലഹങ്ങളും വർദ്ധിച്ചു ദൈവജനം കെട്ടഴിഞ്ഞവരായി ന്യായപ്രമാണം വിട്ടു സഞ്ചരിക്കുന്നത് തന്റെ കണ്മുമ്പിൽ കണ്ടപ്പോൾ ദൈവത്തോടു ഹബക്കൂക്ക് ചോദിച്ചു — *"യഹോവേ എത്രത്തോളം ഞാൻ അയ്യം വിളിക്കുകയും നീ കേൾക്കാതിരിക്കയും ചെയ്യും? "* ദൈവം തന്റെ ജനത്തെ ശിക്ഷിക്കുവാൻ കൽദയജാതിയെ ഉണർത്തും എന്നാണു പ്രവാചകനു ലഭിച്ച മറുപടി (ഹബ.1:1-6). സങ്കീർത്തനങ്ങളിൽ ദാവീദും വിവിധ അവസരങ്ങളിൽ ദൈവത്തോടു ഇപ്രകാരം ചോദിച്ചിട്ടുണ്ട്. **സങ്കീ.35:17 —** *"കർത്താവേ, നീ എത്രത്തോളം നോക്കിക്കൊണ്ടിരിക്കും? "* **സങ്കീ.94:3 —** *"യഹോവേ, ദുഷ്ടന്മാർ എത്രത്തോളം, ദുഷ്ടന്മാർ എത്രത്തോളം ഘോഷിച്ചുല്ലസിക്കും?"*

*"ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു അവർ ഉറക്കെ നിലവിളിച്ചു"* — എന്നത് രക്തസാക്ഷികളായ വിശുദ്ധന്മാരുടെ പ്രാർത്ഥനയാണ്. ശത്രുക്കളുടെ ന്യായവിധിക്കും പ്രതികാരത്തിനായും വിശ്വാസി ദൈവത്തോടു പ്രാർത്ഥിക്കാമോ എന്ന സംശയം ഇതിൽ നിന്നുയരാം. എന്നാൽ ശത്രുക്കളെ സ്നേഹിക്കുക, അവരുടെ നന്മെക്കായി പ്രാർത്ഥിക്കുക എന്നാണ് തിരുവചനം ആവർത്തിച്ചു പ്രബോധിപ്പിക്കുന്നത്. നമ്മുടെ കർത്താവും കൂടാതെ പുതിയനിയമസഭയിലെ ആദ്യരക്തസാക്ഷിയായ സ്തെഫാനോസും ശത്രുക്കളുടെ പാപം ദൈവം ഓർക്കാതെ അവരോടു ക്ഷമിക്കുവാനായി പ്രാർത്ഥിച്ചു. **ലൂക്കൊ.23:34 —** *"എന്നാൽ യേശു: പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ എന്നു പറഞ്ഞു."* **അപ്പൊ.7:59,60 —** *"കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ എന്നു സ്തെഫാനോസ് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ കല്ലെറിഞ്ഞു. അവനോ മുട്ടുകുത്തി: കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞിട്ടു അവൻ നിദ്ര പ്രാപിച്ചു."* കർത്താവു തന്റെ ശിഷ്യന്മാർക്കു ഉപദേശം നൽകിയത് ഇപ്രകാരമായിരുന്നു —*"നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു. എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പെയുണ്ടായിരുന്നു പ്രവാചകന്മാരെയും അവർ അങ്ങനെതന്നേ ഉപദ്രവിച്ചുവല്ലോ* (മത്താ.5:1012). *ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ "* (മത്താ.5:44). യാഗപീഠത്തിങ്കീഴിൽ നിന്നുയുന്ന വിശുദ്ധന്മാരായ രക്തസാക്ഷികളുടെ പ്രാർത്ഥന അവരുടെ ശത്രുക്കളുടെ മേലുള്ള പ്രതികാരത്തിനു വേണ്ടിയായിരുന്നുവെങ്കിലും, ഇതിന്റെ സാഹചര്യവും, ഉദ്ദേശവും, പ്രാർത്ഥന ഉയരുന്ന സ്ഥലവും ശ്രദ്ധിച്ചാൽ കർത്താവിന്റെ ഉപദേശത്തെ നിരാകരിക്കുന്നതല്ല എന്നു മനസ്സിലാക്കാം. ഭൂമിയിൽ വെച്ചു അറുക്കപ്പെട്ട അഥവാ രക്തസാക്ഷികളായ ആത്മാക്കളെ ഇപ്പോൾ സ്വർഗ്ഗീയദൈവാലയത്തിന്റെ യാഗപീഠത്തിങ്കീഴിലാണ് കാണുന്നത്. അവരുടെ പ്രാർത്ഥന ദൈവീകകാര്യപരിപാടികളെ ത്വരിതപ്പെടുത്തുന്നതായിരുന്നു. ദൈവം തന്റെ ശത്രുക്കളെ ന്യായംവിധിച്ചു പ്രതികാരം നടത്തും എന്നു അവർക്കു അറിയാം. എന്നാൽ അവരുടെ അപേക്ഷയിൽ വ്യക്തമാകുന്നത് ദൈവത്തിന്റെ പ്രതികാരപ്രവർത്തനങ്ങൾക്കും, ദൈവരാജ്യസ്ഥാപനത്തിനും, മശീഹാ നിത്യരാജാവായി വാഴുന്നതിനും എത്രത്തോളം താമസം എന്നാണ്. കൂടാതെ ഭൂമിയിൽ വെച്ചു രക്തസാക്ഷികളായ ഇവരുടെ ആത്മാക്കൾ സ്വർഗ്ഗത്തിലെങ്കിലും മണവാട്ടി സഭക്കു ലഭിച്ച പുനരുത്ഥാനശരീരം ഇവർക്കു ലഭിച്ചിട്ടില്ല. ആയതിനാൽ അവർക്കും പുനരുത്ഥാന ശരീരം ലഭിക്കുവാൻ ദൈവീകകാര്യപരിപാടികളെ ത്വരിതപ്പെടുത്തുന്നതിനുള്ള നിലവിളിയാണവരിൽ നിന്നുയരുന്നത്. അവർ ഭൂമിയിൽവെച്ചു ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചതിനാലും അവരുടെ അചഞ്ചലമായ സാക്ഷ്യത്താലും പീഡിപ്പിക്കപ്പെട്ടു രക്തസാക്ഷിമരണം അനുഭവിച്ച വേളയിൽ തങ്ങളെ പീഡിപ്പിക്കപ്പെട്ടവരുടെ പാപം ക്ഷമിക്കേണമേ എന്നു പ്രാർത്ഥിച്ചിട്ടുണ്ടാകും.

**വെളി.6:11 — "അപ്പോൾ അവരിൽ ഓരോരുത്തന്നും വെള്ളനിലയങ്കി കൊടുത്തു; അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം അല്പകാലം**

**കൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി." —**

ഭൂമിയിൽ വെച്ചു അറുക്കപ്പെട്ട ആത്മാക്കളുടെ ഉറക്കെയുള്ള നിലവിളി യാഗപീഠത്തിങ്കീഴിൽ കേട്ട മാത്രയിൽ തന്നേ ദൈവം അതിനുത്തരമരുളിയതായി ഇവിടെ കാണുന്നു. ദൈവം തന്റെ ഭക്തന്മാരുടെ പ്രാർത്ഥന കേൾക്കുകയും ഉത്തരമരുളുകയും ചെയ്യും. **സങ്കീ.34:15—** *"യഹോവയുടെ കണ്ണു നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു. ദുഷ്പ്രവർത്തിക്കാരുടെ ഓർമ്മയെ ഭൂമിയിൽ നിന്നു ഛേദിച്ചു കളയേണ്ടതിന്നു യഹോവയുടെ മുഖം അവർക്കു പ്രതികൂലമായിരിക്കുന്നു."* രാപ്പകൽ ദൈവത്തോടു നിലവിളിക്കുന്നവരുടെ നിലവിളി ദൈവം കേൾക്കുമെന്നു കർത്താവു പ്രാർത്ഥനയോടു ബന്ധത്തിൽ പറഞ്ഞിട്ടുണ്ട് — **ലൂക്കൊ.18:7,8 —***"ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു."* യാഗപീഠത്തിങ്കീഴിലുള്ള ആത്മാക്കളുടെ പ്രാർത്ഥനക്ക് ദൈവം ഉത്തരം നൽകിയത് രണ്ടു വിധത്തിലായിരുന്നു. (1) സമ്മാനം — അപ്പോൾ അവരിൽ ഓരോരുത്തന്നും വെള്ളനിലയങ്കി കൊടുത്തു (2) ആശ്വാസ സന്ദേശം — അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി.

**(1) സമ്മാനം — അപ്പോൾ അവരിൽ ഓരോരുത്തന്നും വെള്ളനിലയങ്കി കൊടുത്തു** — ഭൂമിയിൽവെച്ചു രക്തസാക്ഷികളായി മരിച്ചശേഷം സ്വർഗ്ഗത്തിൽ എത്തിയ വിശുദ്ധന്മാരുടെ നിലവിളികേട്ട സർവ്വശക്തനായ ദൈവം അവരിൽ ഓരോരുത്തനും വെള്ളനിലയങ്കി (white robe) കൊടുത്തു. നിലയങ്കി എന്നാൽ പാദങ്ങളോളം എത്തുന്ന അങ്കി എന്നർത്ഥം (a robe reaching to the feet). നിലയങ്കി സാധാരണ രാജാക്കന്മാരും (1.ശമൂ.24:4) പുരോഹിതന്മാരുമാണ് (പുറ.28:4/ലേവ്യ.16:4) ധരിച്ചിരുന്നത്. രക്തസാക്ഷികളായ ഇവരും രാജാക്കന്മാരും പുരോഹിത ഗണത്തിലും ഉൾപ്പെടുന്നു. വെള്ള വിശുദ്ധിയെ കുറിക്കുന്നു. വെള്ളവസ്ത്രം പൊതുവേ രക്ഷയിൻ നീതിവസ്ത്രത്തെ വെളിപ്പെടുത്തുന്നു. പീഡനകാലത്ത് സ്വർഗ്ഗത്തിൽ എത്തിയ രക്തസാക്ഷികൾക്കു ഓരോരുത്തർക്കും വെള്ളനിലയങ്കി കൊടുത്തു എന്നത് ദൈവത്തിന്റെ നിത്യരക്ഷയെയും, നീതിയെയും, അവരോടുള്ള സ്നേഹത്തെയും ആദരവിനെയും വെളിപ്പെടുത്തുന്നു. അവരുടെ വിശുദ്ധി ദൈവം അംഗീകരിച്ചതിനാലാണ് വെള്ളനിലയങ്കി (വെളി.3:4) അവർക്കു ലഭിക്കുന്നത്. വെള്ളനിലയങ്കി ലഭിച്ചുവെന്നതിനാൽ പുനരുത്ഥാനശരീരം ലഭിച്ചുവെന്നർത്ഥമില്ല. ശരീരമില്ലാത്ത അവസ്ഥയിൽ എങ്ങനെ ആത്മാക്കൾക്കു വെള്ളനിലയങ്കി ധരിക്കുവാൻ കഴിയും എന്നു ചിന്തിക്കുന്നവരുണ്ട്. അപ്പോൾത്തന്നെ പീഡനകാലത്തു സ്വർഗ്ഗത്തിലെത്തിയവർക്കു മാത്രമായി താൽക്കാലികശരീരം ദൈവം കൊടുത്തു കാണും എന്നും ചിലർ കരുതുന്നു. എന്നാൽ താൽക്കാലിക ക്രമീകരണത്തെക്കുറിച്ചൊന്നും തിരുവചനത്തിൽ പറഞ്ഞിട്ടില്ല. വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പലതും ആലങ്കാരികപ്രയോഗങ്ങളാണെന്ന കാര്യം വിസ്മരിക്കുവാൻ പാടില്ല. ആകയാൽ പുനരുത്ഥാനം ലഭിക്കാത്ത ആത്മാക്കൾക്ക് വെള്ളനിലയങ്കി ലഭിച്ചു എന്നതും ആലങ്കാരികപ്രയോഗമായി കണക്കാക്കാം. അവരുടെ വിശുദ്ധി ദൈവം അംഗീകരിച്ചതിനെയും അവരുടെ ഭാഗ്യാവസ്ഥയെയുമാണ് വെള്ളനിലയങ്കിയിലൂടെ നമുക്കു ലഭിക്കുന്ന ആത്മീകസത്യം.

**(2) ആശ്വാസ സന്ദേശം — അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി** — പീഡനകാലത്തിന്റെ ആരംഭകാലങ്ങളിൽ രക്തസാക്ഷികളായി മരിച്ചവർക്കു സ്വർഗ്ഗത്തിൽ വെച്ചു ദൈവം അവർക്കു പ്രതിഫലമായി നീതിവസ്ത്രത്തെ വെളിപ്പെടുത്തുന്ന വെള്ള നിലയങ്കി കൊടുത്തതു മാത്രമല്ല അവർക്കു ആശ്വാസവാക്കുകളാൽ ഉപദേശവും നൽകി. ഇവരെപ്പോലെ രക്തസാക്ഷികളായിത്തീരേണ്ട സകലരും വന്നുചേരുന്നതുവരെ കാത്തിരിക്കണം എന്നതായിരുന്നു ഉപദേശവും ആശ്വാസവാഗ്ദത്തവും. അതായത് അവരുടെ രക്ഷാപൂർത്തീകരണത്തിനു (പുനരുത്ഥാനം) മഹോപദ്രവകാലത്തിന്റെ അന്ത്യം വരെ കാത്തിരിക്കണമെന്നായിരുന്നു അവരോടുള്ള ദൈവീകാരുളപ്പാട്.

**അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം—**

രക്തസാക്ഷികളായവരുടെ ആത്മാക്കളുടെ നിലവിളിക്കുത്തരമായി ദൈവം അവരോടറിയിച്ചത് അവരെപ്പോലെ രക്തസാക്ഷികളായി കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം കുറച്ചു കാലം കൂടി കാത്തിരിക്കണം എന്നാണ്. പീഡനകാലത്തിന്റെ ആരംഭത്തിലാണിവർ എത്തിയത്. ഏഴുവർഷത്തെ പീഡനകാലത്തിൽ ആദ്യ പകുതി കഴിയുമ്പോഴേക്കും അന്തിക്രിസ്തുവിന്റെ അതികഠിനമായി പീഡകൾ വിശ്വാസികളുടെ നേർക്കുണ്ടായി അനേകർ രക്തസാക്ഷികളായി മരിക്കേണ്ടി വരും. കർത്താവു തന്റെ മഹത്വത്തോടെ വീണ്ടും പ്രത്യക്ഷപ്പെട്ടു രാജ്യം സ്ഥാപിക്കുന്നതിനു മുമ്പായി അനേകർ തങ്ങളുടെ വിശ്വാസം ഹേതുവായി അറുക്കപ്പെടേണ്ടി വരും (വെളി.11:7/12:11/14:13/

20:4,5). സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ട ശേഷമുള്ള കാര്യങ്ങൾ അരങ്ങേറുന്നത് യഹൂദന്റെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിലാണ്. ഇപ്പോൾ യാഗപീഠത്തിങ്കീഴിൽ കാണപ്പെടുന്ന രക്തസാക്ഷികളെപ്പോലെ അവരുടെ സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം ദൈവത്തിന്റെ പ്രതികാരഗ്നി ആരംഭിക്കുകയില്ല. വന്നു തികയുവോളം എന്നത് എത്രയാണെന്നു നമുക്കു അറികയില്ല. മഹോപദ്രവകാലത്തിന്റെ അവസാനം ദൈവത്തിന്റെ കാര്യപരിപാടിയിൽ അവസാനത്തെ വിശുദ്ധൻ രക്തം ചിന്തുന്നതോടെ ദൈവീകന്യായവിധി ആരംഭിക്കും. കൃപാകലത്തിലെന്നപോലെ അന്നും ക്രിസ്തുവിനുവേണ്ടി വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്ന ഒരുവനെയും വിട്ടുകളകയില്ല.

**അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി** (they were told that they should rest for a little while longer) —

സഭ എടുക്കപ്പെട്ട ശേഷം പീഡനകാലത്തിന്റെ ആദ്യപകുതിവരെ രക്തസാക്ഷിമരണം കൈവരിച്ചു സ്വർഗ്ഗത്തിൽ എത്തിയ വിശുദ്ധന്മാരുടെ പ്രാർത്ഥനക്കുത്തരമായി അല്പകാലം കൂടി സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി. അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്നാൽ മൂന്നരവർഷം കൂടി അവർ കാത്തിരിക്കണം എന്നാണർത്ഥം. പീഡനകാലം ആകെ ഏഴുവർഷമാണ്. പീഡനകാലത്തെ രണ്ടായി തിരിച്ചാൽ ആദ്യമൂന്നരവർഷം കഴിഞ്ഞുള്ള കാലത്തെ മഹാപീഡനകാലം (Great Tribulation period) എന്നറിയപ്പെടുന്നു. ദൈവം അരുളിച്ചെയ്തതുപോലെ അല്പകാലം അഥവാ മൂന്നരവർഷം കൂടി കഴിഞ്ഞാൽ ദൈവത്തിന്റെ പ്രതികാരാഗ്നി പീഡകരുടെ മേൽ ചൊരിയപ്പെടും. അപ്പൊസ്തലനായ പൗലൊസ് അന്നത്തെ കാലത്തെക്കുറിച്ചു ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. **2.തെസ്സ.1:6-8 —** *"കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസവും പകരം നൽകുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ."*

അന്തിക്രിസ്തുവിന്റെ തേർവാഴ്ച ആരംഭിച്ചിട്ടേയുള്ളു. യാഗപീഠത്തിങ്കീഴിൽ അല്പകാലം കൂടി അവർ സ്വസ്ഥമായി കഴിയണം. ഏഴുവർഷക്കാലം അവൻ കൂട്ടസംഹാരം നടത്തിക്കൊണ്ടിരിക്കും. അവരുടെ സഹഭൃത്യന്മാരും സഹോദരന്മാരുമായി അനേകർ അവിടേക്കു വരുവാനുണ്ട്. അവരോടൊപ്പം അവരും പ്രതിഫലം പ്രാപിക്കും. മഹോപദ്രവകാലത്തിന്റെ അന്ത്യത്തിൽ അവർക്കു പുനരുത്ഥാനശരീരം ലഭിക്കും. അവർ ക്രിസ്തുവിനോടുകൂടി ആയിരം ആണ്ടു വാഴുവാൻ പോകുകയാണ്. ആകയാൽ അല്പകാലം കൂടി എന്നത് സഹസ്രാബ്ദവാഴ്ച ആരംഭിക്കുന്നതുവരെയെന്നു കരുതാം. കാരണം പിശാചിനെ ആയിരം ആണ്ടേക്കു ബന്ധിക്കുന്ന വേളയിൽ അറുക്കെട്ട ആത്മാക്കളെ യോഹന്നാൻ കാണുന്നു വെളി.20:4,5 — *"ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു."* ആകയാൽ അവർ പ്രത്യാശയോടെ കാത്തിരിക്കണം എന്നാണ് ദൈവം അവരോടു പറഞ്ഞതിന്റെ പൊരുൾ. ദാനീയേൽ പ്രവാചകനോടും ദൈവം ഇപ്രകാരം പ്രബോധിപ്പിക്കുകയുണ്ടായി. **ദാനീ.12:13 —** *"നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ചു കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും."*

വെളിപ്പാടു പുസ്തകത്തിൽ അഞ്ചാംമുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന സംഭവവികാസങ്ങൾ കർത്താവിന്റെ ഒലിവുമലപ്രഭാഷണത്തിലെ പ്രവചനങ്ങളുമായി ചേർന്നു പോകുന്നു. സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടശേഷം ദൈവജനമായ യിസ്രായേലിനു സംഭവിക്കുന്ന കാര്യങ്ങളാണിത്. അതികഠിനമായ പീഡകളേറുമ്പോൾ അന്യോന്യം ഇടറുകയും പകെക്കയും ഏല്പിക്കുകയും ചെയ്യും.

**മത്താ.24:9-14 —** *"അന്നു അവർ നിങ്ങളെ ഉപദ്രവത്തിനു ഏൽപ്പിക്കയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകലജാതികളും നിങ്ങളെ പകെക്കും. പലരും ഇടറി അന്യോന്യം ഏൽപ്പിച്ചു കൊടുക്കയും അന്യോന്യം പകെക്കയും ചെയ്യും. കള്ളപ്രവാചകന്മാർ പലരും വന്നു അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നകുകൊണ്ടു അനേകരുടെ സ്നേഹം തണുത്തു പോകും. എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും. രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും."*

**മർക്കൊ.13:9-13 —** *"എന്നാൽ നിങ്ങളെത്തന്നേ സൂക്ഷിച്ചുകൊൾവിൻ; അവർ നിങ്ങളെ ന്യായധിപസംഘങ്ങളിൽ ഏല്പിക്കയും പള്ളകളിൽവെച്ചു തല്ലുകയും എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പാകെ അവർക്കു സാക്ഷ്യത്തിന്നായി നിറുത്തുകയും ചെയ്യും......."*

**ലൂക്കൊ.21:12,13 —** *"ഇതു എല്ലാറ്റിന്നും മുമ്പെ എന്റെ നാമം നിമിത്തം അവർ നിങ്ങളുടെമേൽ കൈ*

*വെച്ചു രാജാക്കന്മാരുടെയും നാടുവാഴികളുടെയും മുമ്പിൽ കൊണ്ടുപോയി ഉപദ്രവിക്കയും പള്ളികളിലും തടവുകളിലും ഏല്പിക്കയും ചെയ്യും. അതു നിങ്ങൾക്കു സാക്ഷ്യം പറവാൻ തരം ആകും."*

**വെളി.6:12 — "ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയോരു ഭൂകമ്പം ഉണ്ടായി; സൂര്യൻ കരിമ്പടംപോലെ കറുത്തു; ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു."** ( I looked when He opened the sixth seal, and behold, there was a great earthquake; and the sun became black as sackcloth of hair, and the moon became like blood ) —

ആദ്യത്തെ നാലു മുദ്രകൾ പൊട്ടിച്ചപ്പോൾ ഭൂമിയിൽ വ്യാജസമാധാനം, യുദ്ധം, ക്ഷാമം, മരണം എന്നിവയുണ്ടായി. ഇതു അന്തിക്രിസ്തുവിന്റെ ഭരണത്താലുള്ള രാഷ്ട്രീയസംഭവങ്ങളെയാണ് വെളിപ്പെടുത്തിയത്. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ അന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസ്താവിച്ചവരെയും അവർ അറിയിച്ച വചനത്തിൽ ഉറച്ചു സാക്ഷ്യത്തോടെ നിന്നവരെയും അന്തിക്രിസ്തുവും അവന്റെ അനുയായികളും ക്രൂരമായി പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തു. ഇതു അന്നത്തെ ആത്മീകസംഭവങ്ങളെ വെളിപ്പെടുത്തുന്നു. എന്നാൽ ആറാം മുദ്ര പൊട്ടിച്ചപ്പോൾ ആഗോളവ്യാപകമായ ഭൂകമ്പം, സൗരയൂധങ്ങൾക്കുള്ള വ്യതിയാനങ്ങൾ എന്നിവയുണ്ടാകുന്നു. ഇതു ഭൂമിശാസ്ത്രപരമായ സംഭവങ്ങളെ വെളിപ്പെടുത്തുന്നു. ആദ്യത്തെ അഞ്ചുമുദ്രകളിൽ നിന്നു വ്യത്യസ്തമായി ആറാമത്തെ മുദ്ര പൊട്ടിക്കുന്നതോടുകൂടി ഭൂവാസികളിന്മേലുള്ള ന്യായവിധിയുടെ പ്രവർത്തനങ്ങളിൽ ദൈവം നേരിട്ടിടപെടുന്നു. അതായത് ആറാം മുദ്ര സർവ്വശക്തനും സൃഷ്ടാവുമായ ദൈവം ഭൂമിയെ കീഴ്മേൽ മറിക്കുന്ന അഥവാ പ്രകൃതിയെ ഇളക്കി മറിക്കുന്ന സംഭവങ്ങളെ വെളിപ്പെടുത്തുന്നു. ഭൂമികുലുക്കം, സൗരയൂധങ്ങൾക്കുള്ള മാറ്റം, പ്രകൃതിക്ഷോഭം എന്നിവ ദൈവത്തിന്റെ ഇടപെടലുകളാണെന്നു പഴയനിയമതിരുവെഴുത്തുകളിൽ കാണുന്നുണ്ട്. ആയതിനാൽ പീഡനകാലത്തുണ്ടാകുന്ന അത്ഭുതകരമായ പ്രകൃതിയിലെ വൻ മാറ്റങ്ങൾ ദൈവത്തിന്റെ കരങ്ങൾ തന്നെയെന്നു യഹൂദനു വേഗത്തിൽ അന്നു മനസ്സിലാകും. വെളി.6:12,13,14 വാക്യങ്ങളിൽ ആറാം മുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന സംഭവങ്ങൾ പ്രകൃതിയിലെ ഏഴു വിധത്തിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് — (1) ഭൂകമ്പം — വലിയ ഭൂകമ്പം (2) സൂര്യൻ — സൂര്യൻ കരിമ്പടം പോലെ കറുക്കുന്നു (3) ചന്ദ്രൻ — ചന്ദ്രൻ രക്തതുല്യമായിത്തീരുന്നു (4) നക്ഷത്രങ്ങൾ — നക്ഷത്രങ്ങൾ ഭൂമിയിലേക്കു വീഴുന്നു (5) ആകാശം — ആകാശം പുസ്തകച്ചുരുൾ ചുരുട്ടുന്നതുപോലെ മാറിപ്പോകുന്നു (6) മലകൾ — മലകൾ അവയുടെ സ്ഥാനത്തു നിന്നു ഇളകിപ്പോകുന്നു (7) ദ്വീപുകൾ — ദ്വീപുകൾ സ്വസ്ഥാനത്തു നിന്നു മാറ്റപ്പെടുന്നു.

ആറാം മുദ്ര പൊട്ടിക്കുമ്പോൾ ഭൂമിയിൽ അരങ്ങേറുന്ന സംഭവങ്ങൾ കർത്താവിന്റെ ഒലിവുമലപ്രഭാഷണത്തിൽ അടങ്ങിയിരിക്കുന്നു. **മത്താ.24:7,29,30 —** *"ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടു പോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും."* **ലൂക്കൊ.21:11,25,26 —** *"വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും അവിടവിടെ ഉണ്ടാകും; ഭയങ്കര കാഴ്ചകളും ആകാശത്തിൽ മഹാലക്ഷ്യങ്ങളും ഉണ്ടാകും. സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിന്നു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും."*

**ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയോരു ഭൂകമ്പം ഉണ്ടായി —**

ഏഴു മുദ്രകളുള്ള ഗ്രന്ഥത്തിന്റെ ആറാമത്തെ മുദ്ര കുഞ്ഞാടായ ക്രിസ്തു പൊട്ടിക്കുമ്പോൾ ആദ്യമായുണ്ടാകുന്നത് അതിഭയങ്കരമായ ഭൂകമ്പമാണ്. തിരുവചനത്തിൽ ഭൂകമ്പം പൊതുവേ ദൈവസാന്നിദ്ധ്യത്തെയും, ദൈവീകപ്രവർത്തനത്തെയും, ദൈവീകന്യായവിധിയെയും കുറിക്കുന്നു.

ന്യായപ്രമാണം നൽകുവാനായി സീനായിപർവ്വതത്തിൽ ദൈവം ഇറങ്ങി വന്നപ്പോൾ ദൈവസാന്നിദ്ധ്യത്തെ പ്രകടമാക്കുംവിധം ഭൂമി കലുങ്ങി.**പുറ.19:18 —** *"യഹോവ തീയിൽ സീനായിപർവ്വതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുകകൊണ്ടു മൂടി; അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി; പർവ്വതം ഒക്കെയും ഏറ്റവും കുലുങ്ങി."*

യെരൂശലേമിന്റെ മേൽ അയക്കപ്പെടുന്ന ന്യായവിധിയിൽ ഭൂകമ്പം ഉൾപ്പെടുന്നു. **യെശ.29:6 —** *"ഇടിമുഴക്കത്തോടും ഭൂകമ്പത്തോടും മഹാനാദത്തോടും കൂടെ ചുഴലിക്കാറ്റും കൊടുങ്കാറ്റും ദഹിപ്പിക്കുന്ന അഗ്നിജ്വാലയുമായി അതു സൈന്യങ്ങളുടെ യഹോവയാൽ സന്ദർശിക്കപ്പെടും."*

യെഹെസ്കേലും ദൈവീകന്യായവിധിയോടു ബന്ധത്തിൽ ഭൂകമ്പത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. **യെഹെ.38:19 —** *"അന്നാളിൽ നിശ്ചയമായിട്ടു യിസ്രായേൽദേശത്തു ഒരു വലിയ ഭൂകമ്പം ഉണ്ടാകും*

*എന്നു ഞാൻ എന്റെ തീക്ഷ്ഷണതയിലും എന്റെ കോപാഗ്നിയിലും അരുളിച്ചെയ്തിരിക്കുന്നു."*

കാൽവറിയിൽ കർത്താവു തന്റെ പ്രാണനെ വിട്ട സമയത്തു ഭൂമി കുലുങ്ങുവാനിടയായി. **മത്താ.27:51,54—** *"അപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയി; ഭൂമി കുലുങ്ങി.....ശതാധിപനും അവനോടുകൂടെ യേശുവിനെ കാത്തു നിന്നവരും ഭൂകമ്പം മുതലായി സംഭവിച്ചതു കണ്ടിട്ടു: അവൻ ദൈവപുത്രൻ ആയിരുന്നു സത്യം എന്നു പറഞ്ഞു ഏറ്റവും ഭയപ്പെട്ടു."* കർത്താവു ഉയിർത്തെഴുന്നേറ്റ അവസരത്തിൽ വലിയോരു ഭൂകമ്പം ഉണ്ടായി. **മത്താ.28:2—** *"പെട്ടെന്നു വലിയോരു ഭൂകമ്പം ഉണ്ടായി; കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നു, കല്ലു ഉരുട്ടി നീക്കി അതിന്മേൽ ഇരുന്നിരുന്നു."*

കാരാഗ്രഹത്തിൽ ബന്ധിതരായിരുന്ന പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു കൊണ്ടിരിക്കുമ്പോൾ ദൈവസാന്നിദ്ധ്യത്തെയും പ്രവർത്തനത്തെയും വെളിപ്പെടുത്തുന്ന ഭൂകമ്പം ഉണ്ടായി. **അപ്പൊ.16:26 —** *"പെട്ടെന്നു വലിയോരു ഭൂകമ്പം ഉണ്ടായി, കാരാഗ്രഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിൽ ഒക്കെയും തുറന്നു പോയി, എല്ലാവരുടെയും ചങ്ങല അഴിഞ്ഞു വീണു."*

ഭൂകമ്പം അഥവാ ഭൂചലനം (earthquake) എന്നതിനു ഗ്രീക്കിൽ "സീസ്മോസ് " (seismos)എന്നു പറയുന്നു. ഈ വാക്കിനർത്ഥം "കുലുക്കൽ " (shaking) എന്നാണ്. യഥാർത്ഥത്തിൽ പീഡനകാലത്തു ഭൂമിയിലുണ്ടാകുന്ന ഭൂകമ്പം ദൈവത്തിന്റെ ക്രോധാഗ്നിയെ പ്രദർശിപ്പിക്കുന്നതും അതു ഭൂമിയെയും ആകാശത്തെയും പിടിച്ചു കുലുക്കുന്ന വിധത്തിലുള്ളതുമായിരിക്കും. ഭൂമിയിൽ ഉണ്ടായിട്ടുള്ള അനേക ഭൂകമ്പങ്ങളെക്കുറിച്ചു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈറ്റുനോവിന്റെ ആരംഭമായ പീഡനകാലത്തിന്റെ മദ്ധ്യേയുണ്ടാകുന്ന ഭൂകമ്പം അതിശക്തവും ഏറ്റവും ഭയാനകവും ആയിരിക്കും. "വലിയോരു" എന്ന വിശേഷണം ഭൂകമ്പത്തിന്റെ ആഗോളവ്യാപ്തിയെക്കുറിക്കുന്നു. ഭൂകമ്പത്താൽ അനേകർ മരണപ്പെടുന്നതു കൂടാതെ വീടുകൾ, വസ്തുവകകൾ, സമ്പാദ്യം എന്നിവ നഷ്ടപ്പെട്ടു ആശയറ്റവരായി ഭയത്തോടെ കഴിയുവാനിടയാകുന്നു. വെളിപ്പാടു പുസ്തകത്തിൽ മൂന്നു വലിയഭൂകമ്പങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. അവ ആറാമത്തെ മുദ്രയോടും (വെളി.6:12), ആറാമത്തെ കാഹളത്തോടും (വെളി11:13), ഏഴാമത്തെ കലശത്തോടും (വെളി.16:18) ബന്ധപ്പെട്ടിരിക്കുന്നു. "യഹോവയുടെ ദിവസം" എന്നറിയപ്പെടുന്ന അന്ത്യനാളിൽ ദൈവം ഭൂമിയെ കുലുക്കും. **ആമോ.8:8 —** *"അതു നിമിത്തം ഭൂമി നടുങ്ങുകയും (ഭൂകമ്പം) അതിൽ പാർക്കുന്ന ഏവരും ഭ്രമിച്ചുപോകയും ചെയ്കയില്ലയോ?"* **യോവേ.2:10 —** *"അവരുടെ മുമ്പിൽ ഭൂമി കുലുങ്ങുന്നു; ആകാശം നടുങ്ങുന്നു."*

**സൂര്യൻ കരിമ്പടംപോലെ കറുത്തു** (the sun became black as sackcloth of hair)—

സ്വർഗ്ഗത്തിൽ ആറാം മുദ്രപൊട്ടിക്കുമ്പോൾ ഭൂമിയിൽ വലിയോരു ഭൂകമ്പം ഉണ്ടാകുകയും തൽഫലമായുള്ള നാശനഷ്ടത്താലും മരണത്താലും ജീവിച്ചിരിക്കുന്ന സകലരിലും ഭീതി നിറയുകയും ചെയ്യുന്നു. ഭൂകമ്പത്തെ തുടർന്നു "സൂര്യൻ കരിമ്പടംപോലെ കറുത്തു" (the sun became black as sackcloth of hair) എന്നു യോഹന്നാൻ വിശദീകരിക്കുന്നു. സൂര്യനിൽ കാണപ്പെടുന്ന വ്യതിയാനവും ദൈവീകന്യായവിധിയുടെ ഭാഗമാണ്. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ച ശേഷം പകലും രാവും വേർപിരിക്കുവാൻ ആകാശവിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാക്കി എന്നു ഉല്പത്തി പുസ്തകത്തിൽ വായിക്കുന്നു. പകൽ വാഴേണ്ടതിനു വലിപ്പമേറിയ വെളിച്ചമായ സൂര്യനെ നിയമിച്ചാക്കി. എന്നാൽ കുഞ്ഞാടിന്റെ ക്രോധം ഭൂമിയിൽ പകരുന്നതിനോടനുബന്ധമായി ദൈവശക്തിയാൽ സൂര്യൻ കരിമ്പടം പോലെ കറുത്തു പോകുന്നു. "കരിമ്പടം"എന്നത് പഴയകാലങ്ങളിൽ വിലാപവേളകളിൽ ധരിക്കുന്ന വസ്ത്രമാണ്. ഇത് ഒരുതരം കറുത്ത ആടിന്റെ രോമത്തിൽ നിന്നുണ്ടാക്കുന്ന പരുക്കൻ വസ്ത്രമാണ്. അതിഭയങ്കരമായ ഭൂകമ്പം ഭൂമിയിൽ നാശവും മരണവും വിതച്ചുവെങ്കിൽ വെളിച്ചവും ചൂടും നൽകേണ്ട സൂര്യൻ ഇരുട്ടു പരത്തിക്കൊണ്ടു വിലാപവേളയിൽ ധരിക്കുന്ന ചാക്കുവസ്ത്രം അണിഞ്ഞിരിക്കുന്നു. "കൂരിരുൾ "തിരുവചനത്തിൽ ദൈവീകന്യായവിധിയോടു ബന്ധപ്പെട്ടിരിക്കുന്നു. **യെശ.50:3 —** *"ഞാൻ ആകാശത്തെ ഇരുട്ടുടുപ്പിക്കയും രട്ടു പുതെപ്പിക്കയും ചെയ്യുന്നു."* **യെഹെ.32:7 —** *"ഞാൻ ആകാശത്തെ മൂടി അതിലെ നക്ഷത്രങ്ങളെ കറുപ്പുടുപ്പിക്കും; ഞാൻ സൂര്യനെ മേഘംകൊണ്ടു മറെക്കും; ചന്ദ്രൻ പ്രകാശം നൽകുകയും ഇല്ല."* മിസ്രയീമിൽ ഫറവോന്റെ നേരെയുള്ള ദൈവീക ഇടപെടലിൽ മൂന്നു ദിവസത്തെ കൂരിരുട്ടുണ്ടായി. **പുറ.10:22,23 —** *"മോശെ തന്റെ കൈ ആകാശത്തേക്കു നീട്ടി, മിസ്രയീംദേശത്തൊക്കെയും മൂന്നു ദിവസത്തേക്കു കൂരിരുട്ടുണ്ടായി. മൂന്നു ദിവസത്തേക്കു ഒരുത്തനെ ഒരുത്തൻ കണ്ടില്ല; ഒരുത്തനും തന്റെ സ്ഥലം വിട്ടു എഴുന്നേറ്റതുമില്ല."* കർത്താവിന്റെ ക്രൂശീകരണവേളയിൽ ദേശത്തു ഇരുട്ടുണ്ടായി. **മത്താ.27:45 —** *"ആറാംമണി നേരംമുതൽ ഒമ്പതാംമണി നേരംവരെ ദേശത്തു എല്ലാം ഇരുട്ടുണ്ടായി"*(മർക്കൊ.15:33). **ലൂക്കൊ.23:44 —** *"ഏകദേശം ആറാംമണി നേരമായപ്പോൾ സൂര്യൻ ഇരുണ്ടുപോയിട്ടു ഒൻപതാം മണിവരെ ദേശത്തു ഒക്കെയും അന്ധകാരം ഉണ്ടായി."* യഹോവയുടെ ദിവസം അഥവാ കർത്താവിന്റെ ദിവസം എന്നറിയപ്പെടുന്ന അന്ത്യനാളിൽ സൂര്യനിൽ വരുന്ന വ്യതിയാനത്തെക്കുറിക്കു പ്രവാചകന്മാരും നമ്മുടെ കർത്താവും പറഞ്ഞിട്ടുണ്ട്. **യെശ.13:9,10—** *"ദേശത്തെ ശൂന്യമാക്കുവാനും*

*പാപികളെ അതിൽ നിന്നു മുടിച്ചുകളവാനും യഹോവയുടെ ദിവസം ക്രൂരമായിട്ടു ക്രോധത്തോടും അതികോപത്തോടും കൂടെ വരുന്നു. ആകാശത്തിലെ നക്ഷത്രങ്ങളും നക്ഷത്രരാശികളും പ്രകാശം തരികയില്ല; സൂര്യൻ ഉദയത്തിങ്കൽ തന്നേ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം നൽകുകയുമില്ല."* **യോവേ.2:31** — *"യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരുംമുമ്പെ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും."* **ആമോ.8:9** — *"അന്നാളിൽ ഞാൻ ഉച്ചെക്കു സൂര്യനെ അസ്തമിപ്പിക്കയും പട്ടാപ്പകൽ ഭൂമിയെ ഇരുട്ടാക്കുകയും ചെയ്യും."* **സെഖ.14:6,7** —*"അന്നാളിൽ വെളിച്ചം ഉണ്ടാകയില്ല; ജ്യോതിർഗ്ഗോളങ്ങൾ മറഞ്ഞു പോകും. യഹോവ മാത്രം അറിയുന്ന ഒരു ദിവസം വരും; അതു പകലല്ല, രാത്രിയുമല്ല; സന്ധ്യാസമയത്തോ വെളിച്ചമാകും."* **മത്താ.24:29** — "ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും. **മർക്കൊ.13:24,25**—*"എങ്കിലോ ആ കാലത്തെ കഷ്ടം കഴിഞ്ഞശേഷം സൂര്യൻ ഇരുണ്ടു പോകയും..."* **ലൂക്കൊ.21:25**—*"സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും."*

**ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു** (the moon became like blood)—

ആറാം മുദ്ര പൊട്ടിച്ചപ്പോൾ പ്രകൃതിയിൽ വരുന്ന വ്യതിയാനത്തിൽ മൂന്നാമതായി യോഹന്നാൻ കണ്ടത് ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു എന്നതാണ്. ഇതും ദൈവക്രോധത്താലുള്ള ന്യായവിധി ഭൂമിയിന്മേൽ പകരുന്ന ദൈവീകപ്രവർത്തനത്തിന്റെ ഭാഗം തന്നെയാണ്. രാത്രിയിൽ വെളിച്ചം പകരുവാനാണ് ചന്ദ്രനെ ദൈവം സൃഷ്ടിച്ചത് (ഉല്പ.1:16). എന്നാൽ പീഡനകാലത്ത് ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീരുന്നതിനാൽ രാത്രിയിൽ വെളിച്ചം നൽകുന്നില്ലെന്നതു മാത്രമല്ല ചന്ദ്രന്റെ ഇപ്രകാരമുള്ള നിറം മനുഷ്യരിൽ ഭീതിയും അത്ഭുതവും ജനിപ്പിക്കുവാനും ഇടയാകും. സൂര്യൻ കരിമ്പടം പോലെ ആകുന്നതും ചന്ദ്രൻ രക്തതുല്യമായിത്തീരുന്നതും ദൈവം അയച്ച ഭൂകമ്പത്തെ തുടർന്നുള്ള പ്രതിഭാസങ്ങളാലാണ്. അഗ്നിപർവ്വതങ്ങളുടെ സ്ഫോടനത്താൽ തിളച്ച ലാവാ ആകാശത്തോളം ഉയരുകയും ദേശത്തുടനീളം ഒഴുകി സകലതും തീയ്ക്കിരയാക്കുന്നു. ഈ ചുട്ടുപഴുത്ത ലാവായിൽ നിന്നുയരുന്ന ചാരവും പുകയും സൂര്യനെ കരിമ്പടത്തിനു തുല്യവും ചന്ദ്രനെ രക്തതുല്യവും ആക്കിത്തീർക്കുന്നു. ചന്ദ്രനിൽ ഉണ്ടാകുന്ന ഈ മാറ്റത്തെക്കുറിച്ചു തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട്. **യെശ.13:10** — *"ചന്ദ്രൻ പ്രകാശം നൽകുകയുമില്ല."* **യോവേ.2:10** — *"സൂര്യനും ചന്ദ്രനും ഇരുണ്ടു പോകുന്നു."* **യോവേ.2:31** — *"ചന്ദ്രൻ രക്തമായും മാറിപ്പോകും."* **മത്താ.24:29** — *"ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും"*(മർക്കൊ.13:24). **ലൂക്കൊ.21:25** —*"സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും."*

**വെളി.6:13 — "അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ടു കുലുങ്ങീട്ടു കായി ഉതിർക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു."** ( And the stars of the heaven fell to the earth, as a fig tree drops its late figs when it is shaken by a mighty wind) —

ദൈവക്രോധം മൂലം ഭൂമിയിന്മേൽ വന്നു പതിക്കുന്ന നാലാമത്തെ വിപത്ത് യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ് — "അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ടു കുലുങ്ങീട്ടു കായി ഉതിർക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു." സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയെല്ലാം ദൈവത്തിന്റെ സൃഷ്ടിയാണ് (ഉല്പ.1:16). പീഡനകാലത്തു ദൈവീകപ്രവർത്തനത്താൽ അവക്കൊക്കെ വ്യതിയാനം സംഭവിക്കുന്നു. അതിഭയങ്കരമായ കൊടുങ്കാറ്റിനാൽ അത്തിവൃക്ഷത്തിൽ നിന്നു പാകമാകാത്ത അത്തിപ്പഴം താഴേക്കു വന്നു പതിക്കുന്നതു പോലെ അക്കാലത്തു ആകാശമണ്ഡലത്തിലെ നക്ഷത്രങ്ങൾ ഭൂമിയിലേക്കു വീഴുന്നു. നക്ഷത്രങ്ങൾ അതിഭീമമായ വലിപ്പം ഉള്ളതിനാൽ ഭൂമിയിൽ പതിക്കുന്നതിനു മുമ്പേ അവ പൊട്ടിത്തെറിച്ചു ഉൽക്കകളായി മാറുന്നു. ആകയാൽ നക്ഷത്രങ്ങൾ എന്നത് നക്ഷത്രങ്ങൾ പൊട്ടിത്തെറിച്ചുണ്ടാകുന്ന ഉൽക്കകൾ ആയിരിക്കുവാനാണ് സാദ്ധ്യത. ആകാശത്തു നിന്നു അഗ്നിഗോളങ്ങൾ പോലെ ഉൽക്കകൾ ഭൂമിയിലേക്കു പാഞ്ഞു വരുന്നതും അവ ഭൂമിയിൽ വന്നു പതിക്കുന്നതും കാണുമ്പോൾ ഭൂവാസികളിൽ അത്ഭുതവും ഭീതിയും നിറയും. പ്രകൃതിയിലൂടെ ദൈവത്തിന്റെ ഇടപെടൽ തന്നെയാണിത്. അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ടു കുലുങ്ങീട്ടു കായി ഉതിർക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു എന്നുള്ള യോഹന്നാന്റെ വിവരണം യെശയ്യാപ്രവാചകന്റെ വാക്കുകളോടെ ചേരുന്നു. **യെശ.34:4** — *"ആകാശത്തിലെ സൈന്യമെല്ലാം അലിഞ്ഞുപോകും; ആകാശവും ഒരു ചുരുൾപോലെ ചുരുണ്ടുപോകും; അതിലെ സൈന്യമൊക്കെയും മുന്തിരിവള്ളിയുടെ ഇല വാടി പൊഴിയുന്നതുപോലെയും അത്തിവൃക്ഷത്തിന്റെ കായ് വാടി പൊഴിയുന്നതുപോലെയും പൊഴിഞ്ഞുപോകും."* കർത്താവും തന്റെ ശിഷ്യന്മാരോടു നക്ഷത്രങ്ങളുടെ വിഴ്ചയെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. **മത്താ.24:29** — *"നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും."*

**വെളി.6:14 — "പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി; എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തു നിന്നു ഇളകിപ്പോയി."** ( Then the sky receded as a scroll when it is rolled up,and every mountain and island was moved out of its place ) —

**പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി —**

ആറാം മുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന അഞ്ചാമത്തെ വിപത്ത് ആകാശത്തിനു വരുന്ന മാറ്റമാണ്. പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി എന്ന് യോഹന്നാൻ വിവരിക്കുന്നു. ഇതും പ്രകൃതിയിലൂടെ ദൈവം ഇടപെടുന്ന ന്യായവിധിയുടെ പ്രവർത്തനമാണ്. പാപ്പിറസ് ചെടികളിൽ നിന്നും മൃഗങ്ങളുടെ തോലിൽ നിന്നും രൂപപ്പെടുത്തിയ പ്രതലങ്ങളായിരുന്നു യോഹന്നാന്റെ കാലത്തു എഴുതുവാനുപയോഗിച്ചിരുന്നത്. അവയിൽ ദൈർഘ്യമുള്ള എഴുത്തുകൾ ചുരുളുകളായി സൂക്ഷിച്ചിരുന്നു. ഈ ചുരുളുകൾ വായിക്കുവാനായി നിവർത്തുകയും വായന കഴിഞ്ഞാൽ ചുരുട്ടി വെക്കുകയും ചെയ്തിരുന്നു. ആയതുപോലെ അന്ത്യനാളിൽ ദൈവവും വിശാലമായ ആകാശത്തെ ചുരുട്ടുകയാൽ ആകാശം മാറിപ്പോകുവാൻ ഇടയാകും. ആകാശത്തിനു വരുന്ന ഈ വ്യതിയാനത്തെ മറ്റു തിരുവചനഭാഗങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. **സങ്കീ.102:25,26 —** *"പൂർവ്വകാലത്തു നീ ഭൂമിക്കു അടിസ്ഥാനമിട്ടു; ആകാശം നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. അവ നശിക്കും നീയോ നിലനിൽക്കും; അവയെല്ലാം വസ്ത്രംപോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ മാറ്റും; അവ മാറിപ്പോകയും ചെയ്യും."* **യെശ.13:13—** *"അങ്ങനെ ഞാൻ ആകാശത്തെ നടുങ്ങുമാറാക്കും."* **യെശ.34:4 —** *"ആകാശവും ഒരു ചുരുൾപോലെ ചുരുണ്ടുപോകും."* **2.പത്രൊ.3:10 —** *"അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും."* **വെളി.21:1 —***"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി."*

**എല്ലാ മലയും ....... സ്വസ്ഥാനത്തു നിന്നു ഇളകിപ്പോയി —**

പ്രകൃതിക്ഷോഭത്തിലൂടെ ഭൂമിയിൽ ഉണ്ടാകുന്ന ആറാമത്തെ വിപത്ത് എല്ലാ മലയും സ്വസ്ഥാനത്തു നിന്നു മാറിപ്പോയി എന്നുള്ളതാണ്. ഉയരവും ശക്തിയുമുള്ള മലകളും പർവ്വതങ്ങളും മാറിപ്പോകുകയെന്നത് സാധാരണമല്ല. എന്നാൽ ദൈവത്തിന്റെ കരം പ്രവർത്തിക്കുമ്പോൾ ഇവയൊക്കെ സ്വസ്ഥാനത്തു നിന്നു മാറ്റപ്പെടും. **യിരെ.4:24 —** *"ഞാൻ പർവ്വതങ്ങളെ നോക്കി; അവ വിറെക്കുന്നതു കണ്ടു. കുന്നുകൾ എല്ലാം ആടിക്കൊണ്ടിരുന്നു."* **നഹൂം.1:5 —** *"അവന്റെ മുമ്പിൽ പർവ്വതങ്ങൾ കുലുങ്ങുന്നു; കുന്നുകൾ ഉരുകിപ്പോകുന്നു; അവന്റെ സന്നിധിയിൽ ഭൂമി ഞെട്ടിപ്പോകുന്നു; മഹീതലവും അതിലെ സകലനിവാസികളും തന്നേ."*

**എല്ലാ ദ്വീപും ....... സ്വസ്ഥാനത്തു നിന്നു ഇളകിപ്പോയി —**

ആറാമത്തെ മുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന ദൈവീക പ്രവർത്തനത്താലുള്ള ഏഴാമത്തെ വിപത്ത് എല്ലാ ദ്വീപും സ്വസ്ഥാനത്തു നിന്നു ഇളകിപ്പോയി എന്നുള്ളതാണ്. ദ്വീപ് എന്നാൽ നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലം. ദൈവകരത്തിന്റെ പ്രവർത്തനത്താൽ സകല ദ്വീപുകളും സ്വസ്ഥാനത്തു നിന്നു ഇളകി മാറ്റപ്പെടും. ആറം മുദ്ര പൊട്ടിച്ചപ്പോഴുണ്ടായ ആദ്യത്തെ വിപത്തായ ഭൂകമ്പത്താലും ദ്വീപുകൾക്കു ഇളക്കമുണ്ടാകാം. സമുദ്രതീരത്തുള്ള ഭൂചലനവും അഗ്നിപർവ്വതസ്ഫോടനവും സൃഷ്ടിക്കുന്ന പ്രകമ്പനത്താൽ ഉയരുന്ന സമുദ്രജലം ദീർഘദൂരത്തിലുള്ള തീരപ്രദേശങ്ങളെയും, മലകളെയും, പർവ്വതങ്ങളെയും, പട്ടണങ്ങളെയും ഇളക്കി മറിക്കുവാൻ സാദ്ധ്യതയുള്ളതാണ്. സമീപകാലത്തു ഇൻഡോനേഷ്യയിലുണ്ടായ ഭൂചലനം ഭാരതത്തിലും പല രാജ്യങ്ങളിലും സുനാമി ദുരന്തത്താൽ വിതച്ച നാശവും മരണവും ഇതിനു ദൃഷ്ടാന്തമായിരിക്കുന്നു. എന്നാൽ അന്ത്യനാളിൽ ഇതിനേക്കാളൊക്കെ ശക്തമായ ന്യായവിധിയുടെ പ്രവർത്തനം ഉണ്ടാകും. അന്നു സകലമലകളും ദ്വീപുകളും സ്വസ്ഥാനത്തു നിന്നു ഇളകിപ്പോകും. **വെളി.16:20 —** *"സകലദ്വീപും ഓടിപ്പോയി; മലകൾ കാണ്മാനില്ലാതെയായി."*

ആറാം മുദ്ര പൊട്ടിക്കുമ്പോഴുണ്ടാകുന്ന ദൈവത്തിന്റെ ന്യായവിധിയുടെ കരങ്ങൾ പ്രകൃതിയെ ഇളക്കി മറിക്കുന്ന ഏഴു വിധത്തിലുള്ള പ്രവർത്തനങ്ങളിലൂടെയാണന്നു കണ്ടു — (1) വലിയ ഭൂകമ്പം (2) സൂര്യൻ കരിമ്പടം പോലെ കറുക്കുന്നു (3) ചന്ദ്രൻ രക്തതുല്യമായിത്തീരുന്നു (4) നക്ഷത്രങ്ങൾ ഭൂമിയിലേക്കു വീഴുന്നു (5) ആകാശം പുസ്തകച്ചുരുൾ ചുരുട്ടുന്നതുപോലെ മാറിപ്പോകുന്നു (6) മലകൾ അവയുടെ സ്ഥാനത്തു നിന്നു ഇളകിപ്പോകുന്നു (7) ദ്വീപുകൾ സ്വസ്ഥാനത്തു നിന്നു മാറ്റപ്പെടുന്നു. ലോകം ഇതുവരെയും കണ്ടിട്ടില്ലാത്ത വിധത്തിലുള്ള ഭയാനകവും ഞെട്ടിപ്പിക്കുന്നതുമായ ദുരന്തകാഴ്ചകൾ സകലരെയും പ്രാണഭയത്തിലേക്കും പരിഭ്രമത്തിലേക്കും എത്തിക്കും. എന്നാൽ ഇതൊക്കെയും ഈറ്റുനോവിന്റെ ആരംഭം എന്ന നിലയിൽ വരാൻ പോകുന്ന വലിയ വിപത്തിന്റെ മുന്നോടി മാത്രമായിരിക്കും.

**വെളി.6:15 — "ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും;**

**വെളി.6:16 — "ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ."**

**വെളി.6:17 — "അവരുടെ മഹാകോപദിവസം വന്നു; ആർക്കു നിൽപ്പാൻ കഴിയും എന്നു പറഞ്ഞു."—**

( And the kings of the earth, the great men, the rich men, the commanders, the mighty men, every slave and every free man, hid themselves in the caves and in the rocks of the mountains And said to the mountains and rocks, Fall on us and hide us from the face of of Him who sits on the throne and from the wrath of the Lamb  For the great day of His wrath has come, and who is able to stand?)

വെളി.6:15 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ സകലഭൂവാസികളുടെ കരച്ചിലും അവരുടെ അപേക്ഷ അഥവാ പ്രാർത്ഥനയുമാണ് വിവരിച്ചിരിക്കുന്നത്. ചരിത്രത്തിലെ ഏറ്റവും മഹത്തായ ഒരു പ്രാർത്ഥനാസമ്മേളനമാണ് ഈ ഭാഗത്തു കാണുന്നത്. അവർക്കു നേരിട്ടിരിക്കുന്ന വിപത്തിന്റെ കാരണം അവർ വ്യക്തമായി മനസ്സിലാക്കിയെങ്കിലും  അവർ അഭയം പ്രാപിച്ച സ്ഥലവും പ്രാർത്ഥനയുടെ വിഷയവും, ഉദ്ദേശവും തെറ്റിപ്പോയി. കുഞ്ഞാടിന്റെ കോപത്തിൽ നിന്നു പാപിക്കു സംരക്ഷണം ലഭിക്കണമെങ്കിൽ കുഞ്ഞാടിനെ ശരണം പ്രാപിക്കണം. ആയതുപോലെ ദൈവം പ്രകൃതിയിലൂടെ അവരോടു ഇടപെട്ടതു വ്യക്തമായി മനസ്സിലാക്കിയ അവർ ദൈവത്തിൽ അഭയം പ്രാപിക്കുകയും അപേക്ഷിക്കുകയും ആയിരുന്നു അഭികാമ്യം.   15 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ — **(1) ഏഴു കൂട്ടം ആളുകൾ** — ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും **(2) അവർ ഒളിക്കുന്ന അഭയസ്ഥാനം —** ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു **(3) അവരുടെ പ്രാർത്ഥന —** ഞങ്ങളുടെ മേൽ വീഴുവിൻ, ഞങ്ങളെ മറപ്പിൻ **(4) പ്രാർത്ഥനയുടെ ഉദ്ദേശം —** സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ **(5) അവരുടെ നിസ്സഹായവസ്ഥ —** അവരുടെ മഹാകോപദിവസം വന്നു; ആർക്കു നിൽപ്പാൻ കഴിയും.

**(1) ഏഴു കൂട്ടം ആളുകൾ —**

**ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും** ( And the kings of the earth, the great men, the rich men, the commanders, the mighty men, every slave and every free man) —

ആറാം മുദ്ര പൊട്ടിച്ചപ്പോഴുണ്ടായ പ്രകൃതിയിലെ വൻ മാറ്റങ്ങളും അതു വഴിയായുണ്ടായ വിപത്തുകളും മനസ്സിലാക്കിയ ഭൂവാസികൾ ഒന്നടങ്കം ഭയവിഹ്വലരായിത്തീർന്നു. അവിശ്വാസികളായ അവർ ദൈവത്തിങ്കലേക്കു തിരിയുന്നതിനു പകരം പ്രാണരക്ഷാർത്ഥം അവർ തിരഞ്ഞെടുത്ത സങ്കേതസ്ഥലങ്ങളിലേക്കു ഓടി ഒളിച്ചു രക്ഷക്കായി നിലവിളിച്ചു. പ്രകൃതിക്ഷോഭം ഏഴു വിധത്തിലുള്ള വിപത്തുകളായി അവരുടെ മേൽ പതിച്ചു. അതുപോലെ ഇവിടെയും ഏഴു തരത്തിലുള്ള ജനവിഭാഗങ്ങൾക്കാണ് ഇപ്പോഴുള്ള ദുരന്തം അഭിമുഖീകരിക്കേണ്ടി വന്നിരിക്കുന്നത്. ഏഴു പൂർണ്ണതയെ വെളിപ്പെടുത്തുന്നതാകയാൽ ഏഴു കൂട്ടമാളുകൾ അന്നത്തെ ലോകത്തിലുള്ള സകലരെയും ഉൾക്കൊള്ളുന്നു. കുഞ്ഞാടിന്റെ കോപത്തിനു അവരെല്ലാം വിധേയരായിത്തീരുന്നു. അതായത് ഒരാൾക്കുപോലും ദൈവത്തിന്റെ ന്യായവിധിയുടെ ഹസ്തങ്ങളിൽ നിന്നു ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ല എന്നതിനെ വെളിപ്പെടുത്തുന്നു.

(i) രാജാക്കന്മാർ — (kings) — ഭൂമിയിലെ ഭരണാധികാരികൾ — രാജാവ്, ചക്രവർത്തി, മന്ത്രി, പ്രധാനമന്ത്രി, പ്രസിഡന്റ് എന്നിങ്ങനെയുള്ള സകല ഭരണാധികാരികളും ഉൾപ്പെടുന്നു.

(ii) മഹത്തുക്കൾ — (great men) — ഭരണകൂടത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാർ, ജനാധിപത്യഭരണത്തിൽ നിയമസഭ, രാജ്യസഭ അംഗങ്ങൾ എന്നിവരുൾപ്പെടും.

(iii) സഹസ്രാധിപന്മാർ — (commanders) — പട്ടാളമേധാവികൾ - കര, കടൽ, ആകാശം.

(iv) ധനവാന്മാർ — (rich men) — വാണിജ്യവും വ്യവസായവും കൈകാര്യം ചെയ്യുന്നവരുൾപ്പെടുന്നു.

(v) ബലവാന്മാർ — (mighty men) — ശക്തിയും ബലവും സ്വാധീനതയും ഉള്ളവർ — പൊതുവേ രാഷ്ട്രീയക്കാരും സംഘടനാനേതാക്കളും ഉൾപ്പെടുന്നു.

(vi) ദാസന്മാർ — (slave) — സമൂഹത്തിൽ താഴ്ന്നവർ, അദ്ധ്വാനിക്കുന്നവർ, വേലക്കാർ എന്നിവർ.

(vii) സ്വതന്ത്രർ — (free man) — സമൂഹത്തിൽ ഉന്നതർ, സ്വന്തമായി വ്യാപാരവ്യവസായങ്ങൾ നടത്തുന്നവർ, സാമ്പത്തികശേഷിയുള്ളവർ എന്നിവരുൾപ്പെടുന്നു.

ഭരണം, അധികാരം, ആയുധശേഷി, ധനശേഷി, സംഘടനാശേഷി എന്നിവയൊന്നുംകൊണ്ടു ദൈവത്തിന്റെ ന്യായവിധിയിൽ നിന്നൊഴിയുവാൻ കഴിയുകയില്ല. മാത്രവുമല്ല ധനവാനും ദരിദ്രനും ആണും പെണ്ണുമെന്നു വ്യത്യസമില്ലാതെ സകലരും ദൈവത്തിലാണ് അഭയം പ്രാപിക്കേണ്ടത്.

**(2) അവർ ഒളിക്കുന്ന അഭയസ്ഥാനം — ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും —** ജാതിഭേദമോ, സമുദായ ഭേദമോ ഇല്ലാതെ അവിശ്വാസികളായ മഹാന്മാരും സാധാരണക്കാരും ഉൾപ്പെട്ട ആബാലവൃദ്ധം ജനങ്ങളും ഗുഹകളിലും മലപ്പാറകളിലും അഭയം പ്രാപിക്കുന്നു. ജീവനില്ലാത്ത മലകൾക്കും പാറകൾക്കും ഒരുവനെ മറെക്കുവാനോ സംരക്ഷണം കൊടുക്കുവാനോ കഴികയില്ല. എന്നു മാത്രമല്ല ഭൂകമ്പത്താൽ ഭൂമി ആടി ഉലയുമ്പോൾ ഗുഹകളും പാറകളും സ്വസ്ഥാനത്തു നിന്നു ഇളകി മാറും. ഫലമോ അഭയം പ്രാപിച്ചവരുടെമേൽ അവയൊക്കെ ശക്തിയോടെ വീണു അവർ

മരണത്തിനിരയാകും. നശ്വരമായ ഭൂമിയിൽ സ്ഥിതി ചെയ്യുന്നതും ഏതു സമയത്തും മാറിപ്പോകാവുന്നതുമായ ഗുഹകൾക്കും മലപ്പാറകൾക്കും ദൈവത്തിന്റെ കോപത്തിൽ നിന്നു ആരെയും സംരക്ഷിക്കുവാൻ കഴിയുകയില്ല. സാക്ഷാൽ അഭയസങ്കേതമായ ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരപ്പെടുന്നതിനു പകരം നിർജ്ജീവങ്ങളായ മലകളെയും, കുന്നുകളെയും, ഗുഹകളെയും, പാറകളെയും ശരണപ്പെടുന്നു. സൃഷ്ടാവിലേക്കു തിരിയുന്നതിനു പകരം സൃഷ്ടിയിലേക്കു തിരിഞ്ഞു അഭയം പ്രാപിക്കുന്നു. ഏദെൻ തോട്ടത്തിലും സംഭവിച്ചതിതാണ്. പാപത്തിൽ വീണുപോയ മനുഷ്യൻ ദൈവശബ്ദം കേട്ടപ്പോൾ ഭയപ്പെട്ടു ഒളിച്ചു (ഉല്പ.3:10). **യെശ.2:19—** *"യഹോവ ഭൂമിയെ നടുക്കുവാൻ എഴുന്നേൽക്കുമ്പോൾ അവർ അവന്റെ ഭയങ്കരത്വം നിമിത്തവും അവന്റെ മഹിമയുടെ പ്രഭനിമിത്തവും പാറകളുടെ ഗുഹകളിലും മണ്ണിലെ പോതുകളിലും കടക്കും.."* എവിടെ ഒളിച്ചാലും ദൈവദൃഷ്ടിയിൽ നിന്നു ഒളിച്ചിരിക്കുവാൻ ആർക്കും സാദ്ധ്യമല്ല. **ആമോ.9:2-5—** *"അവർ പാതാളത്തിൽ തുരന്നു കടന്നാലും അവിടെ നിന്നു എന്റെ കൈ അവരെ പിടിക്കും; അവർ ആകാശത്തിലേക്കു കയറിപ്പോയാലും അവിടെനിന്നു ഞാൻ അവരെ ഇറക്കും. അവർ കർമ്മേലിന്റെ കൊടുമുടിയിൽ ഒളിച്ചിരുന്നാലും ഞാൻ അവരെ തിരഞ്ഞു അവിടെനിന്നു പിടിച്ചുകൊണ്ടു വരും; അവർ എന്റെ ദൃഷ്ടിയിൽ നിന്നു സമുദ്രത്തിന്റെ അടിയിൽ മറഞ്ഞിരുന്നാലും ഞാൻ അവരെ സർപ്പത്തോടു കല്പിച്ചിട്ടു അതു അവരെ കടിക്കും. അവർ ശത്രുക്കളുടെ മുമ്പിൽ പ്രവാസത്തിലേക്കു പോയാലും ഞാൻ അവിടെ വാളിനോടു കല്പിച്ചിട്ടു അതു അവരെ കൊല്ലും. നന്മെക്കായിട്ടല്ല തിന്മക്കായിട്ടു തന്നേ ഞാൻ അവരുടെ മേൽ ദൃഷ്ടിവെക്കും. സൈന്യങ്ങളുടെ യഹോവയായ കർത്താവു ദേശത്തെ തൊടുന്നു; അതു ഉരുകിപ്പോകുന്നു; അതിൽ പാർക്കുന്നവർ ഒക്കെയും വിലപിക്കും."* **സങ്കീ.139:7-12 —** *"നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ടു; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ടു........... ഇരുട്ടുപോലും നിനക്കു മറവായിരിക്കയില്ല; രാത്രി പകൽ പോലെ പ്രകാശിക്കും; ഇരുട്ടും വെളിച്ചവും നിനക്കു ഒരുപോലെ തന്നേ."* **എബ്രാ.4:13 —** *"അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു."*

**(3) അവരുടെ പ്രാർത്ഥന — ഞങ്ങളുടെ മേൽ വീഴുവിൻ —**

ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും അവർ അപേക്ഷിക്കുന്നത് ഞങ്ങളുടെ മേൽ വീഴുവിൻ എന്നാണ്. ജീവരക്ഷെക്കായി ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുവെങ്കിലും ദൈവക്രോധത്തെ തിരിച്ചറിഞ്ഞ അവർ മാനസ്സാന്തരത്തിനു പകരം മലകളോടും പാറകളോടും പറയുന്നത് അവരുടെ മേൽ വീഴുവാനാണ്. ദൈവകോപത്താൽ തങ്ങൾ നിശ്ചയമായി കൊല്ലപ്പെടുമെന്നു അവർ മനസ്സിലാക്കി. ദൈവത്തിന്റെ കരത്തിൽ വീണു മരിക്കുന്നതിനേക്കാൾ അവർ ഈ വേളയിൽ ആഗ്രഹിക്കുന്നത് മലകളും പാറകളും തങ്ങളുടെമേൽ വീണു അവയാൽ മരിക്കുന്നതിനാണ്. അതായത് ദൈവത്തിനു കീഴ്പ്പെടുന്നതിനേക്കാൾ സ്വയം മരണത്തെ സ്വീകരിക്കുവാനാണ് അക്കാലത്തു എല്ലാവരും ആഗ്രഹിക്കുന്നതെന്നു വെളിപ്പെടുന്നു. കർത്താവു ക്രൂശിൽ കിടക്കുമ്പോൾ ഇപ്രകാരം പറഞ്ഞു — **ലൂക്കൊ.23:30 —** *"അന്നു മലകളോടു: ഞങ്ങളുടെ മേൽ വീഴുവിൻ എന്നും കുന്നുകളോടു: ഞങ്ങളെ മൂടുവിൻ എന്നും പറഞ്ഞു തുടങ്ങും."*

**(4) പ്രാർത്ഥനയുടെ ഉദ്ദേശം — സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ —**

പ്രകൃതിയെപ്പോലും നിയന്ത്രിക്കുവാൻ കഴിവുള്ള സർവ്വശക്തനായ ദൈവത്തിന്റെ പ്രവർത്തനങ്ങളാൽ സകലരും സിംഹാസനത്തിൽ ഇരിക്കുന്നവനെയും കുഞ്ഞാടിനെയും ഭയക്കുന്നു. അവർ അനുഭവിക്കുന്ന മരണഭീതിക്കും അതിലേക്കു നയിച്ച ന്യായവിധിയുടെ കാരണക്കാരും സിംഹാസനത്തിലിരിക്കുന്നവനും കുഞ്ഞാടുമാണെന്നും അവർ തിരിച്ചറിഞ്ഞിരിക്കുന്നു. സിംഹാസനത്തിലിരിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ മുഖം കാണാതിരിപ്പാനും കുഞ്ഞാടായ യേശുക്രിസ്തുവിന്റെ കോപം തട്ടാതിരിപ്പാനുമാണ് മലകളോടും പാറകളോടും തങ്ങളുടെ മേൽ വീഴുവാൻ അപേക്ഷിക്കുന്നത്.

**സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും —** സിംഹാസനത്തിൽ ഇരിക്കുന്നവൻ എന്നത് സർവ്വശക്തനായ ദൈവത്തെ കുറിക്കുന്നു(വെളി.4). ദൈവത്തിന്റെ മുഖത്തേക്കു നോക്കുവാൻ ഭയം മൂലം അവർക്കു കഴിയുന്നില്ല. ദൈവത്തിന്റെ മുഖം കാണുവാനാഗ്രഹിച്ച ദൈവത്തിന്റെ ദാസനായ മോശെയോടു ദൈവം ഇപ്രകാരം പറഞ്ഞു — **പുറ.33:20 —** *"നിനക്കു എന്റെ മുഖം കാണ്മാൻ കഴികയില്ല; ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല എന്നും അവൻ കല്പിച്ചു."* എന്നാൽ തേജോമയനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനുമായ ദൈവം ദഹിപ്പിക്കുന്ന അഗ്നി ആയിരിക്കുമ്പോൾ തന്നെ തന്നിൽ അഭയം പ്രാപിക്കുന്നവരുടെ പിതാവും ആയിരിക്കുന്നു. ഈ ബന്ധം പുത്രനായ യേശുക്രിസ്തു മൂലമാണ് ലഭിക്കുന്നത്. *"എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു"* (യോഹ.14:9) എന്നു കർത്താവു പറഞ്ഞു. എന്നാൽ യേശുക്രിസ്തു മൂലം ദൈവത്തോടു നിരപ്പു പ്രാപി

ക്കാത്തവരോടു ദൈവത്തിന്റെ മുഖം പ്രതികൂലമായിരിക്കുന്നു. **സങ്കീ.34:16—** *"ദുഷ്പ്രവൃത്തിക്കാരുടെ ഓർമ്മയെ ഭൂമിയിൽ നിന്നു ഛേദിച്ചുകളയേണ്ടതിന്നു യഹോവയുടെ മുഖം അവർക്കു പ്രതികൂലമായിരിക്കുന്നു."*

**കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ —** കുഞ്ഞാടെന്നത് യേശുക്രിസ്തുവിനെ കുറിക്കുന്നു(വെളി.5). കുഞ്ഞാട് മൃഗങ്ങളിൽ വച്ചു ഏറ്റവും സൗമ്യതയുള്ളതാകയാൽ കുഞ്ഞാടിന്റെ കോപം എന്നത് ഏറെ അതിശയോക്തിയായിത്തോന്നാം. യഹൂദാഗോത്രത്തിലെ സിംഹത്തിന്റെ കോപം എന്നു പറഞ്ഞാൽ ന്യായവിധിയോടു ബന്ധത്തിൽ ചേരുന്നതാണ്. കുഞ്ഞാടായ ക്രിസ്തുവിന്റെ ജീവിതം സൗമ്യതയും താഴ്മയും (മത്താ.11:29) പ്രദർശിക്കുന്നുവെങ്കിലും താൻ യഹൂദാഗോത്രത്തിലെ സിംഹം (വെളി.5:5) എന്ന നിലയിൽ സകലരെയും ന്യായം വിധിക്കുന്നവനുമാണ്. സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വന്ന മനുഷ്യപുത്രനായ യേശുകർത്താവിന്റെ കോപം ജ്വലിക്കുന്നതു ദൈവാലയ ശുദ്ധീകരണത്തോടുള്ള ബന്ധത്തിൽ തിരുവചനത്തിൽ കാണുന്നുണ്ട് (മത്താ.21:12/മർക്കൊ.11:15/ലൂക്കൊ.11:45/യോഹ.2:14,15). *"സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നിൽക്കുന്നതു കണ്ടു"* എന്നാണ് യോഹന്നാൻ ഭൂമിയിൽ ദൈവത്തിന്റെ ന്യായവിധി ആരംഭിക്കുന്നതിനു മുമ്പു പ്രസ്താവിച്ചത് (വെളി.5:6). യേശുക്രിസ്തുവിനു കുഞ്ഞാടു എന്ന പദവി യാഗത്തോടുള്ള അഥവാ ക്രൂശീകരണത്തോടുള്ള ബന്ധത്തിൽ യഹൂദന്മാർക്കു വേഗത്തിൽ മനസ്സിലാകുന്നതാണ്. പീഡനകാലത്തു പ്രകൃതിക്ഷോഭത്താലുള്ള വിപത്തുകൾ കുഞ്ഞാടിന്റെ കോപത്താലുള്ളതെന്നു അന്നത്തെ ജനം തിരിച്ചറിയുന്നതു കൊണ്ടാണ് അവർ കുഞ്ഞാടിന്റെ കോപത്തെ ഭയക്കുന്നത്. എന്നാൽ കുഞ്ഞാടിന്റെ യാഗമരണം മൂലം ദൈവം ഒരുക്കിയ രക്ഷയെ തിരിച്ചറിയുന്നതിനു പകരം ഓടി ഒളിക്കുവാനും സ്വയം മരിക്കുവാനും അവർ ആഗ്രഹിക്കുന്നു. യാഗപീഠത്തിങ്കീഴിലെ രക്തസാക്ഷികൾ ദൈവത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി അവർക്കു രക്ഷാപൂർത്തി വരുത്തുവാനായി ദൈവത്തോടു ഉറക്കെ നിലവിളിച്ചുവെങ്കിൽ, പീഡനകാലത്തെ അവിശ്വാസികൾ ഞങ്ങളെ മറപ്പിൻ എന്നു മലകളോടും പാറകളോടും അപേക്ഷിക്കുന്നു. മിസ്രയീമിന്മേൽ വന്നു പതിച്ച ഓരോ ബാധകളും ദൈവ കരുണയാൽ മാറ്റപ്പെട്ടെങ്കിലും, ഭരണാധികാരിയായ ഫറവോൻ അനുതപിക്കാതെ വീണ്ടും വീണ്ടും തന്റെ ഹൃദയത്തെ കഠിനപ്പെടുത്തിയ പ്രവണത ഇവരിലും കാണുന്നു.

**(5) അവരുടെ നിസ്സഹായവസ്ഥ — അവരുടെ മഹാകോപദിവസം വന്നു; ആർക്കു നിൽപ്പാൻ കഴിയും എന്നു പറഞ്ഞു —** ( For the great day of His wrath has come, and who is able to stand?) —

സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തിന്റെ മുഖം കാണാതവണ്ണവും കുഞ്ഞാടായ കർത്താവിന്റെ കോപം തട്ടാതവണ്ണവും അവരെ മറെപ്പാൻ മലകളോടും പാറകളോടും ഭൂമിയിലെ രാജാക്കന്മാർ മുതൽ സാധാരണക്കാർ വരെയുള്ള ഭൂവാസികൾ ഉറക്കെ നിലവിളിച്ചപേക്ഷിക്കുന്നു. അവർ വന്നുപെട്ടിരിക്കുന്നത് ദൈവത്തിന്റെ ന്യായവിധിയുടെ പീഡനകാലത്താണെന്നും അവർ തിരിച്ചറിയുന്നു. ഇനി മരണമല്ലാതെ മറ്റൊരു മാർഗ്ഗമില്ലെന്നു മനസ്സിലാക്കിയിട്ടു അവരുടെ നിസ്സഹായാവസ്ഥയെ വെളിപ്പെടുത്തുന്നു— (1) അവരുടെ മഹാകോപദിവസം വന്നു (2) ആർക്കു നിൽപ്പാൻ കഴിയും? എന്നു പറഞ്ഞു.

**അവരുടെ കോപദിവസം വന്നു —** അവരുടെ എന്നാൽ ദൈവത്തിന്റെയും കർത്താവിന്റെയും എന്നർത്ഥം. അവിശ്വാസികളായ ഭൂവാസികൾ അവർക്കു നേരിട്ട വിപത്തുകളിലൂടെ ദൈവത്തിന്റെ പ്രവർത്തനത്തെ മനസ്സിലാക്കി. അവർ ഇതുവരെയും ദൈവത്തിനും ദൈവമക്കൾക്കും എതിരായി പ്രവർത്തിച്ചു. അതിനുള്ള ശിക്ഷ അഥവാ പ്രതികാരം തങ്ങൾക്കു ലഭിക്കുന്ന ദിനത്തെക്കുറിച്ചും അവർ തിരിച്ചറിയുന്നു. ആ ദിനമാണ് അവരുടെ കോപദിവസം അഥവാ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും കോപദിവസം.

തിരുവചനത്തിൽ യഹോവയുടെ ദിവസം, കർത്താവിന്റെ ദിവസം എന്നീ വിവിധ പേരുകളാൽ അറിയപ്പെടുന്നു.

**പഴയനിയമത്തിൽ —**

> സൈന്യങ്ങളുടെ യഹോവയുടെ നാൾ—Day of the Lord of Hosts — (യെശ.2:12/ഓബ.15)
> യഹോവയുടെ ദിവസം —Day of the Lord—(യെശ.13:6,9/യോവേ.2:1,11/ആമോ.5:18,20/സെഫ.1:7)
> യഹോവ പ്രതികാരം നടത്തുന്ന ദിവസം — Day of the Lords vengeance — (യെശ.34:8)
> യാക്കോബിനു കഷ്ടകാലം — Time of Jacobs trouble —(യിരെ.30:7)
> യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം —The great and awesome day of the Lord— (യോവേ.2:31)
> യഹോവയുടെ മഹാദിവസം — The geat day of the Lord —(സെഫ.1:14)
> യഹോവയുടെ ക്രോധദിവസം — Day of the Lords wrath —(സെഫ.1:18)
> യഹോവയുടെ ഒരു ദിവസം — The Day of the Lord—(സെഖ.14:1,7)
> ചൂളപോലെ കത്തുന്ന ഒരു ദിവസം — The Day- burning like an oven—(മലാ.4:1)
> യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ —Great and dreadful day of the Lord—(മലാ.4:5)

**പുതിയനിയമത്തിൽ —**

> ഒടുക്കത്തെ നാൾ — The last Day—(യോഹ.12:48)
> കർത്താവായ യേശുവിന്റെ നാൾ —Day of the Lord Jesus— (1.കൊരി.5:5)
> കർത്താവിന്റെ നാൾ — Day of the Christ— (1.തെസ്സ.5:2/2.തെസ്സ.2:2)
> ആ നാൾ — In thatDay —(2.തെസ്സ.1:9)
> കർത്താവിന്റെ ദിവസം — Day of the Lord —(2.പത്രൊ.3:10)
> മഹാദിവസം — The great day —(യൂദാ.6)
> മഹാകോപദിവസം — The great Day of His wrath —(വെളി.6:17)
> ദൈവത്തിന്റെ മഹാദിവസം — The great day of God Almighty — (വെളി.16:14)

**ആർക്കു നിൽപ്പാൻ കഴിയും? എന്നു പറഞ്ഞു —** സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തിന്റെയും, കുഞ്ഞാടായ ക്രിസ്തുവിന്റെയും മഹാകോപദിവസത്തിൽ ആർക്കു നിൽപ്പാൻ കഴിയും? എന്ന പരാജയത്തിന്റെ ചോദ്യത്തോടെ ആറാം അദ്ധ്യായം അവസാനിക്കുന്നു. കർത്താവു മഹാകരുണയുള്ളവനും, നല്ലവനും കഷ്ടദിവസത്തിൽ ആശ്രയവും രക്ഷാസങ്കേതവും എന്നു മനസ്സിലാക്കാതെയുള്ള ചോദ്യമാണിത്. പാപവഴികളിൽ നിന്നു വിട്ടുമാറി മാനസ്സാന്തരപ്പെട്ടു തന്നിൽ ആശ്രയിക്കുന്നവർക്കു ദൈവസന്നിധിയിൽ ധൈര്യത്തോടെ നിൽക്കുവാൻ സാധിക്കും. എന്നാൽ ദൈവത്തെ തള്ളിക്കളയുന്ന അവിശ്വാസികൾക്കു ഒരിക്കലും ദൈവസന്നിധിയിൽ നിവർന്നു നിൽക്കുവാൻ സാദ്ധ്യമല്ല. മാത്രവുമല്ല നിത്യശിക്ഷാവിധി അനുഭവിക്കേണ്ടിയും വരും. പ്രവാചകനായ നഹൂം ഇപ്രകാരം പറയുന്നു — **നഹൂം.1:6,7 —** *"അവന്റെ ക്രോധത്തിൻ മുമ്പിൽ ആർ നില്ക്കും? അവന്റെ ഉഗ്രകോപത്തിങ്കൽ ആർ നിവർന്നു നിൽക്കും? അവന്റെ ക്രോധം തീപോലെ ചൊരിയുന്നു; പാറകൾ അവനാൽ പിളർന്നു പോകുന്നു. യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവും ആകുന്നു; തങ്കൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു."*

"അവരുടെ മഹാകോപദിവസം വന്നു; ആർക്കു നിൽപ്പാൻ കഴിയും? " അഥവാ വിശുദ്ധനും സർവ്വശക്തനുമായ ദൈവത്തിന്റെ സന്നിധിയിൽ ആർക്കു ധൈര്യത്തോടെ നിൽക്കാം എന്ന ചോദ്യം പീഡനകാലത്തു മാത്രമല്ല ഇന്നത്തെ കൃപായുഗത്തിലും ഏറെ പ്രസക്തിയുള്ള ചോദ്യമാണ്. ഇതിനുത്തരം യേശുക്രിസ്തുവിലൂടെ നീതീകരണം പ്രാപിച്ച വിശ്വാസിക്കുമാത്രമേ കഴിയൂ എന്നതാണ്. തിരുവചനഭാഗങ്ങൾ ഇതിനെ സാക്ഷ്യപ്പെടുത്തുന്നു —

**റോമ.5:1,2 —** *"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്.* ***നാം നിൽക്കുന്ന*** *ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു; നാം ദൈവത്തിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു."*

**1.കൊരി.15:1 —** *"എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും* ***നിങ്ങൾ നിൽക്കുന്നതും*** *നിങ്ങൾ വിശ്വസിച്ചതും ....."*

**1.പത്രൊ.5:12 —** *"നിങ്ങളെ പ്രബോധിപ്പിച്ചും* ***നിങ്ങൾ ഈ നിൽക്കുന്ന*** *ദൈവത്തിന്റെ സത്യകൃപയിൽ ആകുന്നു എന്നു സാക്ഷീകരിച്ചുകൊണ്ടു ..... "*

കർത്താവായ യേശുക്രിസ്തുവിൽ ശരണപ്പെട്ടവരായ വിശ്വാസികൾ ദൈവകോപത്തെ ഭയക്കേണ്ടതില്ല. നമ്മുടെ മേൽ ചൊരിയപ്പെടേണ്ട ദൈവകോപം മുഴുവനും നമുക്കു പകരക്കാരനായി കാൽവറിയിൽ ക്രിസ്തു സഹിച്ചു. കൃപാകാലത്തു രക്ഷിക്കപ്പെട്ട സകലരും കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിൽ എടുക്കപ്പെടും. സഭ എടുക്കപ്പെട്ട ശേഷമുള്ള വിപത്തുകളാണ് വെളിപ്പാടു ആറാം അദ്ധ്യായത്തിൽ ആറു മുദ്രകളോടുള്ള ബന്ധത്തിൽ വിവരിച്ചിരിക്കുന്നത്. മാത്രവുമല്ല നമ്മെ രക്ഷിച്ചത് ദൈവകോപത്തിൽ നിന്നു വിടുതൽ നൽകുവാനാണ്.

**റോമ.5:9 —"അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും."**

**1.തെസ്സ.5:9 —** *"ദൈവം നമ്മെ കോപത്തിന്നല്ല, നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടു കൂടെ ജീവിക്കേണ്ടതിന്നു നമുക്കു വേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നതു."*

ഭൂമിയിൽ പീഡനകാലം നടക്കുമ്പോൾ സഭായുഗത്തിലെ വിശ്വാസികളെല്ലാവരും കർത്താവിനോടൊപ്പം ആയിരിക്കും. അതു ഏറ്റവും സന്തോഷവേളയായിരിക്കും. എന്നാൽ ഇന്നു ജീവനുള്ള സത്യദൈവത്തെ സേവിപ്പാനും ദൈവം മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽ നിന്നു വരുന്നതു കാത്തിരിപ്പാനും (1.തെസ്സ.1:9) നമുക്കു അവകാശം ലഭിച്ചിരിക്കുന്നതിനാൽ ദൈവത്തെ സ്തുതിക്കാം.

## അദ്ധ്യായം — 7

വെളിപ്പാടു ഒന്നാം അദ്ധ്യായത്തിൽ ഉയിർത്തെഴുന്നേറ്റവനും മഹത്വധാരിയുമായ ക്രിസ്തുവിനെ

യോഹന്നാൻ പത്മൊസ് ദ്വീപിൽ വെച്ചു കാണുന്നു. രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ഏഴുസഭകൾക്കുള്ള ദൂതുകൾ വിവരിക്കുന്നു. നാലാം അദ്ധ്യായത്തിൽ യോഹന്നാൻ ആത്മവിവശനായി സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. സ്വർഗ്ഗത്തിലേക്കുള്ള യോഹന്നാന്റെ എടുക്കപ്പെടൽ സഭയുടെ ഉത്പ്രാപണത്തോടു താരതമ്യം ചെയ്യാം. തുടർന്നു സ്വർഗ്ഗത്തിൽ വെച്ചു യോഹന്നാൻ കാണുന്ന ദൈവീകന്യായവിധിയുടെ ചിത്രങ്ങൾ യഥാർത്ഥത്തിൽ ഭൂമിയിലെ പീഡനകാലത്തു അരങ്ങേറുന്ന സംഭവങ്ങളാണ്. പത്മൊസ് ദ്വീപിൽ വെച്ചു ആത്മവിവശനായി എടുക്കപ്പെട്ട യോഹന്നാൻ സ്വർഗ്ഗത്തിൽ ഒരു സിംഹാസനവും അതിൽ ഇരിക്കുന്ന സൃഷ്ടാവായ സർവ്വശക്തനായ ദൈവത്തെയും ചുറ്റും നാലു ജീവികളെയും ഇരുപത്തിനാലു മൂപ്പന്മാരെയും കാണുന്നു. അഞ്ചാം അദ്ധ്യായത്തിൽ സിംഹാസനസ്ഥനായ ദൈവത്തിന്റെ വലങ്കൈയ്യിൽ ഇരിക്കുന്ന മുദ്രിതപുസ്തകം തുറപ്പാൻ യോഗ്യനായ ക്രിസ്തുവിനെ, അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ യോഹന്നാൻ കാണുന്നു. ആറാം അദ്ധ്യായത്തിൽ ഏഴുമുദ്രകളുള്ള പുസ്തകത്തിന്റെ ആറു മുദ്രകൾ പൊട്ടിക്കുമ്പോഴുണ്ടാകുന്ന സംഭവങ്ങളെ വിശദീകരിക്കുന്നു. ഓരോ മുദ്ര പൊട്ടിക്കുമ്പോഴും ഭൂമിയിൽ ദൈവത്തിന്റെ ന്യായവിധിയുടെ പ്രവർത്തനങ്ങൾ നടക്കുന്നു. ആദ്യത്തെ നാലു മുദ്രകൾ പൊട്ടിക്കുമ്പോൾ സ്വർഗ്ഗസിംഹസനത്തിന്റെ നടുവിലും ചുറ്റിലും കാണപ്പെട്ട നാലു ജീവികൾ, ഭൂവാസികളുടെ മേൽ ന്യായവിധി നടത്തപ്പെടുവാനായി സംഹാരകർ ഓരോരുത്തർക്കായി ആഹ്വാനം നൽകി അവരെ രംഗപ്രവേശനം ചെയ്യിക്കുന്നു. നാലു മുദ്രകൾ പൊട്ടിക്കുമ്പോൾ നാലു നിറത്തിലുള്ള കുതിരകളും അതിന്മേൽ സഞ്ചാരികളും പ്രത്യക്ഷപ്പെടുന്നു. വിവിധതരത്തിലുള്ള ദൈവീകന്യായവിധികൾ ഇതോടനുബന്ധിച്ചു ഭൂമിയിൽ അരങ്ങേറുന്നു. അഞ്ചും ആറും മുദ്രകൾ പൊട്ടിക്കുമ്പോൾ നാലു ജീവികളുടെ ആഹ്വാനമോ, വിവിധവർണ്ണങ്ങളിലുള്ള കുതിരകളോ പ്രത്യക്ഷപ്പെടുന്നില്ല. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ പീഡനകാലത്തു രക്തസാക്ഷിമരണം കൈവരിച്ച വിശുദ്ധന്മാരെ യാഗപീഠത്തിങ്കീഴിൽ കാണുകയും, അവിടെ നിന്നുയരുന്ന അവരുടെ നിലവിളിയും യോഹന്നാൻ കേൾക്കുന്നു. ഓരോ മുദ്രപൊട്ടിക്കുമ്പോഴും ദൈവീകന്യായവിധിയുടെ പ്രവർത്തനങ്ങളാണ് കാണുന്നത്. ദൈവം അനുവദിച്ചതെങ്കിലും, ആദ്യത്തെ അഞ്ചു മുദ്രകൾ പൊട്ടിക്കുന്നതോടെ ഭൂമിയിൽ ആഗോളവ്യാപകമായി ദുരന്തങ്ങൾ വന്നു പതിച്ചു. ഇപ്രകാരം ഭൂവാസികളുടെ മേൽ ആഞ്ഞടിച്ച ന്യായവിധി ഏറെ കഠിനമായിരുന്നു. എന്നാൽ ആറാം മുദ്രപൊട്ടിച്ചപ്പോൾ ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടലുകളായി ആഗോളവ്യാപകമായി ഭൂപ്രകൃതിയിൽ വൻവ്യതിയാനങ്ങൾ സംഭവിക്കുന്നു. അവ പ്രകൃതിയിലെ ഏഴുവിധ മാദ്ധ്യമങ്ങളിലൂടെ (ഭൂകമ്പം മുതൽ ദ്വീപുകളുടെ സ്ഥാനചലനം വരെ) സകലഭൂവാസികളുൾപ്പെടുന്ന ഏഴുവിധ കൂട്ടത്തിന്മേൽ (രാജാക്കന്മാർ മുതൽ ദാസനും സ്വതന്ത്രനും വരെ) ആഞ്ഞടിച്ചു. ഇതേ തുടർന്നു ഭൂമിയിൽ വസിക്കുന്ന സകലരും ഭ്രമിച്ചു പരക്കം പായുകയും അവരിൽ നിന്നു കൂട്ടനിലവിളി ഉയരുകയും, ജീവരക്ഷക്കായി ഗുഹകളിലും മലപ്പാറകളിലും ഓടി ഒളിക്കുകയും ചെയ്യുന്നു. ആറാം മുദ്ര പൊട്ടിച്ചപ്പോഴുണ്ടാകുന്ന വിപത്തുകൾ യഥാർത്ഥത്തിൽ യഹോവയുടെ ദിവസം എന്നറിയപ്പെടുന്ന ദൈവക്രോധദിനത്തിന്റെ ആരംഭമായിരിക്കുന്നു. ആദ്യത്തെ അഞ്ചു മുദ്രകൾ പൊട്ടിച്ചപ്പോഴുണ്ടാകുന്ന ദുരന്തങ്ങൾ ദൈവത്തിന്റെ ന്യായവിധിയുടെ പ്രവർത്തനങ്ങളാണെന്നു അന്നത്തെ ദൈവമക്കളുടെ സാക്ഷ്യമുന്നറിയിപ്പുണ്ടായിട്ടുകൂടി ഭൂവാസികൾ ദൈവത്തിന്റെ പ്രവർത്തനമാണെന്നു തിരിച്ചറിയുന്നില്ല. എന്നാൽ ആറാം മുദ്ര പൊട്ടിച്ചപ്പോഴുണ്ടാകുന്ന ആഗോളവ്യാപകമായ പ്രകൃതിദുരന്തങ്ങൾ അവരെ മരണഭീതിയിലേക്കു നയിക്കുന്നു. അവർക്കു ചുറ്റിലും സംഭവിക്കുന്നതെല്ലാം ദൈവകരത്തിന്റെ പ്രവർത്തനം തന്നെയെന്നു അവർ വേഗത്തിൽ തിരിച്ചറിയുകയും ചെയ്യുന്നു. ആയതിനാൽ സിംഹാസനത്തിൽ ഇരിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ മുഖം കാണാതവണ്ണവും കുഞ്ഞാടായ ക്രിസ്തുവിന്റെ കോപം തട്ടാതവണ്ണവും അവരെ മറെപ്പാൻ മലകളോടും പാറകളോടും അവർ അപേക്ഷിക്കുന്നു.

"അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും" (വെളി.6:17) എന്നുള്ള ഭൂവാസികളുടെ മരണഭീതി നിറഞ്ഞ നിലവിളിയാലുള്ള ചോദ്യത്തോടെ ആറാം അദ്ധ്യായം അവസാനിക്കുന്നുവെങ്കിൽ ഏഴാം അദ്ധ്യായത്തിൽ ഇതിനുള്ള ഉത്തരം കാണുന്നു. ആറും ഏഴും മുദ്രകൾക്കിടയിൽ രണ്ടു കൂട്ടർ സർവ്വശക്തനായ ദൈവത്തിന്റെയും, കുഞ്ഞാടിന്റെയും മഹാകോപത്തിൽ നിന്നു സംരക്ഷിതരായി ധൈര്യത്തോടെ നിൽക്കുന്നു. പീഡനകാലത്തു ഭൂമിയിൽ ദൈവത്താൽ സംരക്ഷിക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമാണവർ. ആദ്യത്തെ കൂട്ടർ (വെളി.7:1-8) യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളിൽ നിന്നും പന്തീരായിരം വീതം ഒരുലക്ഷത്തിനാല്പത്തിനാലായിരം പേർ. ദൈവത്താൽ സംരക്ഷിതർ എന്ന നിലയിൽ അവരുടെ നെറ്റിയിൽ ദൂതന്മാർ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ടു അവരെ വേർതിരിക്കുന്നു. മുദ്ര, കാഹളം, കലശം എന്നീ ദൈവീകന്യായവിധികളാലുണ്ടാകുന്ന സകലവിധ ദോഷങ്ങളെയും അവർ അതിജീവിക്കുന്നു. ദൈവത്തിന്റെ ന്യായവിധിയിൽ നിന്നു വിടുതൽ ലഭിച്ചു ധൈര്യത്തോടെ നിൽക്കുന്ന രണ്ടാമത്തെ കൂട്ടർ (വെളി.7:9-17) ദൈവരാജ്യത്തിന്റെ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ട സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിൽ നിന്നു ഉള്ളവരായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരമാണ്. എട്ടാം അദ്ധ്യായത്തിൽ ഏഴാം മുദ്ര പൊട്ടിക്കുന്നതിനു മുമ്പായി ദൈവകരുണയുടെ പ്രവർത്തനമാണ് ഇരുകൂട്ടർക്കും ലഭിക്കുന്ന സംരക്ഷണത്തിലൂടെ ഏഴാം അദ്ധ്യായ

ത്തിൽ വ്യക്തമാകുന്നത്. അതായത് ദൈവക്രോധത്തിനിടയിലും ദൈവത്തിൽ ആശ്രയിക്കുന്നവരെ തള്ളിക്കളയുകയില്ലെന്നും അപ്പോഴും ദൈവകരുണ പകരപ്പെടുകയും ചെയ്യുന്നു എന്നതിനെ ഇതു വെളിപ്പെടുത്തുന്നു. ഇരു കൂട്ടരെ സംബന്ധിച്ചും ചില പ്രത്യേകതകളുണ്ട്. ആദ്യകൂട്ടർ (വെളി.7:1-8) മഹാപീഡനകാലത്തിനു മുമ്പു മുദ്രയാൽ സംരക്ഷിക്കപ്പെടുന്നു. രണ്ടാമത്തെ കൂട്ടർ (വെളി.7:9-17) മഹാപീഡനകാലത്തിലൂടെ കടന്നു വരുന്നവരാണ് (വെളി.7:14). ആദ്യത്തെ കൂട്ടർ യിസ്രായേല്യർ മാത്രമായിരിക്കുമ്പോൾ രണ്ടാമത്തെ കൂട്ടർ സകലജാതികളിൽ നിന്നുമുള്ളതാണ്. കൂടാതെ ആദ്യത്തെ കൂട്ടർ എണ്ണത്തിൽ നൂറ്റിനാല്പത്തിനാലായിരം ആയിരിക്കുമ്പോൾ രണ്ടാമത്തെ കൂട്ടർ മാനുഷികനിലയിൽ എണ്ണിക്കൂടാതവണ്ണം സംഖ്യാതീതമാണ്.

ആറാം മുദ്ര (വെളി.6:12-17) പൊട്ടിച്ചശേഷവും ഏഴാം മുദ്ര (വെളി.8:1) പൊട്ടിക്കുന്നതിനു മുമ്പായും ഒരിടവേളയെന്ന നിലയിൽ ഏഴാം അദ്ധ്യായത്തിലെ കാര്യങ്ങൾ ഉൾക്കൊള്ളുന്നു. ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴു കലശങ്ങൾ എന്നിവയെല്ലാം സഭ എടുക്കപ്പെട്ട ശേഷം ഭൂവാസികളുടെ മേൽ വന്നു പതിക്കുന്ന ദൈവക്രോധത്തിന്റെ വിവിധ പ്രവർത്തനങ്ങളാണ്. ഏഴാമത്തെ മുദ്രക്കും, ഏഴാമത്തെ കാഹളത്തിനും, ഏഴാമത്തെ കലശത്തിനും മുമ്പായി ഓരോ ഇടവേള കാണുന്നുണ്ട്. അതായത് ആറും ഏഴും മുദ്രകൾക്കിടയിലും, ആറും ഏഴും കാഹളങ്ങൾക്കിടയിലും, ആറും ഏഴും കലശങ്ങൾക്കിടയിലും കാണുന്ന ഇടവേള ദൈവകരുണയുടെ പ്രദർശനങ്ങളാണ്. ഏഴാം മുദ്ര പൊട്ടിച്ചു കഴിഞ്ഞപ്പോൾ സ്വർഗ്ഗത്തിൽ മൗനതയും (വെളി.8:1), ഏഴാം കാഹളം ഊതിയപ്പോൾ ലോകരാജത്വം ക്രിസ്തുവിനു എന്ന മഹാഘോഷവും (വെളി.11:15), ഏഴാം കലശം ഒഴിച്ചപ്പോൾ സംഭവിച്ചുതീർന്നു എന്നു മഹാശബ്ദവും ഉണ്ടായി (വെളി.16:17). ഏഴാം മുദ്രയും, ഏഴാം കാഹളവും, ഏഴാം കലശവും ദൈവീകന്യായവിധികളുടെ പരിപൂർണ്ണതയെയും സമാപ്തിയെയും കുറിക്കുന്നു. ആദ്യത്തെ നാലു മുദ്രകൾക്കു ശേഷം സ്വർഗ്ഗസിംഹാസനത്തിന്റെ നടുവിലും ചുറ്റിലും കാണപ്പെട്ട നാലു ജീവികളും ന്യായവിധിയോടുള്ള ബന്ധത്തിൽ കാണുന്നില്ല. ഏഴാം അദ്ധ്യായം മുതൽ ദൂതന്മാർ പ്രവർത്തനങ്ങളിലേർപ്പെടുന്നു. ആറാം അദ്ധ്യായത്തിൽ പീഡനകാലത്തു ഒരു കൂട്ടം വിശുദ്ധന്മാരെ സ്വർഗ്ഗത്തിലെ യാഗപീഠത്തിങ്കീഴ് കാണപ്പെട്ടുവെങ്കിൽ ഏഴാം അദ്ധ്യായത്തിൽ വിശുദ്ധന്മാരായ രണ്ടു കൂട്ടരെ ദൈവം സംരക്ഷിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്നു. അവിശ്വാസികളുടെ മേൽ വന്നു പതിച്ച ദൈവീകന്യായവിധികൾ ആറു മുദ്രകൾ പൊട്ടിച്ചപ്പോൾ ദൃശ്യമായെങ്കിൽ ഏഴാം അദ്ധ്യായത്തിൽ ദൈവത്തിൽ ആശ്രയിക്കുന്നവരെ സംരക്ഷിക്കുന്ന രംഗമാണ് ദൃശ്യമാകുന്നത്. ദേശത്തിന്റെ നാലു ദിക്കിൽ നിന്നും തന്റെ വൃതന്മാരെ കൂട്ടിച്ചേർക്കുവാൻ ദൂതന്മാരെ അയക്കും എന്നു കർത്താവു ഒലിവുമലപ്രഭാഷണത്തിൽ പറഞ്ഞ ഭാഗത്തിന്റെ നിവർത്തിയായി ഏഴാം അദ്ധ്യായം നിലകൊള്ളുന്നു. **മത്താ.24:31 —** *"അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുംകൂടെ അയക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും."*

ആറുമുദ്രകൾ പൊട്ടിക്കുമ്പോഴുണ്ടാകുന്ന സംഭവവിവരണങ്ങൾ അടങ്ങിയ ആറാം അദ്ധ്യായത്തിന്റെ ഒരു അനുബന്ധമായി ഏഴാം അദ്ധ്യായത്തിലെ കാര്യങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. ഏഴാം അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്ന വിഷയങ്ങൾ രണ്ടായി തിരിക്കാം —

**(1) വെളി.7:1 -8—** യിസ്രായേലിലെ 12 ഗോത്രങ്ങളിൽ നിന്നും 1,44,000 പേരെ മുദ്രയിട്ടു സംരക്ഷിക്കുന്നു — (First Group - Israel 12 tribes of 1,44,000 -- sealed).

**(2) വെളി.7:9-17 —** സകലജാതികളിൽ നിന്നും ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരത്തെ വീണ്ടെടുക്കുന്നു (മഹാകഷ്ടത്തിൽ നിന്നു വരുന്നവർ — മഹാപീഡനകാലത്തെ വിശുദ്ധന്മാർ)—(Second Group--Tribulation saints --saved).

**വെളി.7:1 — "അതിന്റെ ശേഷം ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിന്നു നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ടു ഭൂമിയുടെ നാലു കോണിലും നിൽക്കുന്നതു ഞാൻ കണ്ടു."**

ആറാം മുദ്ര പൊട്ടിച്ച ശേഷവും ഏഴാം മുദ്ര പൊട്ടിക്കുന്നതിനു മുമ്പായും യോഹന്നാൻ ദർശിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നത് ദൈവത്തിന്റെ കരുണയുടെ പ്രവർത്തനമാണ്. അതായത് ദൈവീകന്യായവിധി വീണ്ടും ആരംഭിക്കുന്നതിനു മുമ്പായി ദൈവീകപരിപാടികൾ പ്രാവർത്തികമാക്കുവാൻ ഒരു കൂട്ടരെ വേർതിരിക്കയും, തന്നിൽ ആശ്രയിക്കുന്ന മറ്റൊരു കൂട്ടരെ രക്ഷിക്കുവാനും ദൈവം പ്രവർത്തിക്കുന്നത് യോഹന്നാൻ വിശദീകരിക്കുന്നു.

**അതിന്റെ ശേഷം —**

"അതിന്റെ ശേഷം" (വെളി.7:1), "ഇതിന്റെ ശേഷം" (വെളി.7:9/15:5), "അനന്തരം" (വെളി.4:1/18:1/19:1) എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ വെളിപ്പാടു പുസ്തകത്തിൽ വിവിധ അവസരങ്ങളിൽ ഉപയോഗി

ച്ചിട്ടുണ്ട്. പുതിയ ഒരു സംഭവത്തെ അഥവാ ദർശനത്തെ കുറിക്കുന്നതാണീ പ്രയോഗങ്ങൾ. ഏഴാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ ഉപയോഗിച്ചിരിക്കുന്ന "അതിന്റെ ശേഷം" എന്നുള്ള പ്രയോഗം വിശദമാക്കുന്നത് — ആറാം മുദ്രയോടുള്ള ബന്ധത്തിലുള്ള ദർശനം കഴിഞ്ഞുവെന്നും യോഹന്നാൻ പുതിയ ഒരു ദർശനം വിശദീകരിക്കുവാൻ പോകുന്നുവെന്നുമാണ്. കൂടാതെ ആറാം അദ്ധ്യായത്തിൽ വിവരിച്ച ആറു മുദ്രകൾ പൊട്ടിച്ചപ്പോഴുണ്ടായ സംഭവങ്ങളുടെ തുടർച്ച അഥവാ അനുബന്ധമാണ് വിശദീകരിക്കുവാൻ പോകുന്നതെന്നും ചിന്തിക്കാം.

**നാലു ദൂതന്മാർ, നാലു കാറ്റ്, നാലു കോൺ —**

"ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിനു നാലു ദൂതന്മാർ നിൽക്കുന്നതായി യോഹന്നാൻ കാണുന്നു " എന്ന ഈ വാക്യത്തിൽ "നാല് " എന്ന സംഖ്യ ആവർത്തിച്ചു ഉപയോഗിച്ചിരിക്കുന്നു. "നാലു ദൂതന്മാർ ", "നാലു കാറ്റ് ", "നാലു കോണ് " എന്നിവയാണ്.

**നാല് എന്ന സംഖ്യയുടെ പ്രത്യേകതകൾ —**

നാല് ലോകത്തിന്റെ സംഖ്യയെന്നാണ് പൊതുവേ പറയുന്നത്. ലോകത്തെ മുഴുവനായി പറയുന്നതിന് നാല് എന്ന സംഖ്യ ഉപയോഗിക്കപ്പെടുന്നു.

(1) നാലാമത്തെ ദിവസം ദൈവം ആകാശം ഭൂമിയും ഉൾപ്പെട്ട ലോകത്തിന്റെ സൃഷ്ടി പൂർത്തിയാക്കി (ഉല്പ.1:1-14).
(2) ദിക്കുകൾ നാല് — തെക്ക്, വടക്ക്, കിഴക്ക്, പടിഞ്ഞാറ്
(3) നാല് കാലാവസ്ഥകൾ — വസന്തം, ഗ്രീഷ്മം, ശിശിരം, ഹേമന്തം
(4) സമ്മിസ്രലോഹബിംബത്തെക്കുറിച്ചുള്ള ദാനീയേലിന്റെ വ്യാഖ്യാനത്തിലെ നാലു ലോകസാമ്രാജ്യങ്ങൾ — ബാബിലോൺ, മേദോ-പാർസ്യ, ഗ്രീക്ക് സാമ്രാജ്യം, റോമൻ സാമ്രാജ്യം (യഥാക്രമം — ഏകഛത്രാധിപത്യ ഭരണം, രാജഭരണം, പട്ടാളഭരണം, ഏകാധിപത്യവും ജനാധിപത്യവും ചേർന്നുള്ള സമ്മിശ്ര ഭരണം — ദാനീ.2:31-45).
(5) യേശുക്രിസ്തുവിനെ ലോകത്തിനു പരിചയപ്പെടുത്തുന്ന നാലു സുവിശേഷങ്ങൾ
(6) നാല് വിഭാഗം മനുഷ്യർ — ഗോത്രങ്ങൾ, ഭാഷകൾ, വംശങ്ങൾ, ജാതികൾ (വെളി.5:9; 7:9).

നാല് എന്ന സംഖ്യ സകലത്തെയും ഉൾക്കൊള്ളുന്നതിനെ കുറിക്കുന്നു. നാലു ദൂതന്മാർ എന്നത് അവരുടെ അധികാരത്തിന്റെയും എണ്ണത്തിന്റെയും പൂർണ്ണതയെ കുറിക്കുന്നു. നാലു കാറ്റുകൾ — തെക്കൻ കാറ്റ്, വടക്കൻ കാറ്റ്, കിഴക്കൻ കാറ്റ്, പടിഞ്ഞാറൻ കാറ്റ് എന്നിവയെ കുറിക്കുന്നു. നാലു കോൺ — എന്നത് ഭൂമിയുടെ തെക്ക്, വടക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നീ ദിക്കുകളെ കുറിക്കുന്നു.

**ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിന്നു നാലു ദൂതന്മാർ —**

ദൂതന്മാർ ദൈവസൃഷ്ടികളാണ്. ദൈവത്തെ ആരാധിക്കുക, ദൈവകല്പനകൾ അനുസരിക്കുക, ദൈവീക കാര്യപരിപാടികൾ നിവർത്തിക്കുക, ദൈവമക്കളെ ശുശ്രൂഷിക്കുക എന്നിവയൊക്കെയാണ് ദൂതന്മാരുടെ കടമകൾ (സങ്കീ.148:2,5; കൊലൊ.1:16; എബ്രാ.1:6; വെളി.7:2,3;; എബ്രാ.1:14). വെളിപ്പാട് അഞ്ചാം അദ്ധ്യായത്തിൽ സിംഹാസനത്തിൽ ഇരിക്കുന്ന സർവ്വശക്തനായ ദൈവത്തെയും, മുദ്രിതപുസ്തകം വാങ്ങുവാൻ യോഗ്യനായ കുഞ്ഞാടിനെയും സ്തുതിച്ചാരാധിക്കുന്ന കൂട്ടത്തിൽ എണ്ണമറ്റ ദൂതന്മാരെ കാണുന്നു (വെളി.5:11). വെളിപ്പാട് എട്ടാം അദ്ധ്യായത്തിൽ ദൂതന്മാർ കാഹളങ്ങളുടെ ന്യായവിധി നടത്തുന്നവരായി കാണുന്നു. ദൂതന്മാർക്കു കാറ്റിന്മേലും (വെളി.7:1), തീയുടെമേലും(വെളി.14:18), വെള്ളത്തിന്മേലും (വെളി.16:5) അധികാരമുള്ളതായി കാണുന്നു. അതായത് പ്രകൃതിശക്തികളെല്ലാം ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്നും അവയൊക്കെ ദൈവത്തിന്റെ ആജ്ഞയെ അനുസരുക്കുന്നുവെന്നും ഇതിലൂടെ മനസ്സിലക്കാം. നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ടു ഭൂമിയുടെ നാലു കോണിലും നിൽക്കുന്നു. "ഭൂമിക്കും, സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടു വരുത്തരുത് " എന്നു വെളി.7:3 -ൽ പറഞ്ഞരിക്കുന്നതിനാൽ ഈ നാലു ദൂതന്മാർക്കും കാറ്റിനാൽ ദൈവത്തിന്റെ ന്യായവിധി നടത്തുവാൻ അധികാരം ലഭിച്ചിട്ടുണ്ട് എന്നു വ്യക്തമാകുന്നു. ഇവർ ഭൂമിയിലെ നാലു കാറ്റിന്റെയും നിയന്ത്രണം സ്വർഗ്ഗത്തിൽ നിന്നും ഏറ്റെടുത്തുകൊണ്ട് ഭൂമിയിൽ നിൽക്കുകയാണ്. ദൈവം അവർക്കു അനുവാദം കൊടുക്കുന്നതുവരെ ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കുവാൻ അവർ ശ്രദ്ധയോടെ നിൽക്കുന്നു. അവരുടെ പ്രവർത്തനത്താൽ ഭൂമിയിലോ വെള്ളത്തിലോ വൃക്ഷങ്ങളിലോ കാറ്റടിക്കയില്ല. ചുരുക്കത്തിൽ ഒരിലപോലും ചലിക്കയില്ല. സകലതും നിശ്ചലമായിത്തീരുന്നു. ഭൂമിയിൽ കാറ്റടിക്കാത്തത് യഥാർത്ഥത്തിൽ ഭൂവാസികളുടെ മേൽ കാറ്റിനാൽ ന്യായവിധി നടത്തുവാൻ വന്ന ദൂതന്മാരാണവർ. എന്നാൽ അവരുടെ പ്രവർത്തനം സ്വർഗ്ഗത്തിലെ ദൈവം തന്റെ ദീർഘക്ഷമയാൽ ന്യായവിധി നടത്തുന്നതിനു അല്പസാവകാശം കൊടുത്തിരിക്കയാണ്. അതായത് ന്യായവിധി നടത്തുന്നതിനു മുമ്പു രണ്ടു കൂട്ടരെ ദൈവം സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്നതാണതിന്റെ കാരണം. കർത്താവു തന്റെ ഒലിവു പ്രഭാഷണത്തിൽ ശിഷ്യഗണത്തോടു പറഞ്ഞത് നോക്കുക — **മത്താ.24:31 —** "*അവൻ*

*തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടും കൂടെ അയക്കും; അവർ അവന്റെ വൃതന്മാരെ ആകാശ ത്തിന്റെ അറുതിമുതൽ അറുതിവരെയും നാലുദിക്കിൽ നിന്നും കൂട്ടിച്ചേർക്കും."*

**നാലുകാറ്റും പിടിച്ചുകൊണ്ടു —**

തെക്കൻ കാറ്റ്, വടക്കൻ കാറ്റ്, കിഴക്കൻ കാറ്റ്, പടിഞ്ഞാറൻ കാറ്റ് എന്നിവയാണ് നാലു കാറ്റുകൾ. സൂര്യൻ, ചന്ദ്രൻ, നക്ഷത്രം എന്നിവയെപ്പോലെ കാറ്റും ദൈവത്തിന്റെ സൃഷ്ടിയാണ്. ഭൂമിയിലെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതും, സകലജീവജാലങ്ങൾക്കാവശ്യമായ അനുകൂല സാഹചര്യങ്ങൾ പ്രകൃതിയിലൂടെ ലഭ്യമാകുന്നതും കാറ്റിലൂടെ ദൈവം രൂപകല്പന ചെയ്ത ബുദ്ധിവൈഭവത്താലാണ് (സങ്കീ.135:7/ സങ്കീ.78:26/സഭാ.1:6). എല്ലാ സൃഷ്ടികളെയും പോലെ കാറ്റും ദൈവസൃഷ്ടിയായതിനാൽ ദൈവത്തിന്റെ ആജ്ഞകൾ അനുസരിക്കുന്നു. **സെഖ.6:5 —** *"ദൂതൻ എന്നോടു ഉത്തരം പറഞ്ഞതു: ഇതു സർവ്വഭൂമിയുടെയും കർത്താവിന്റെ സന്നിധിയിൽ നിന്നിട്ടു പുറപ്പെടുന്ന നാലു കാറ്റാകുന്നു."* **നഹൂം.1:3 —** *"യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്."* **സങ്കീ.18:10 —** *"അവൻ കെരൂബിനെ വാഹനമാക്കി പറന്നു; അവൻ കാറ്റിന്റെ ചിറകിന്മേലിരുന്നു പറപ്പിച്ചു."* കാറ്റിനാൽ ദൈവം തന്റെ മക്കൾക്കു അനുഗ്രഹങ്ങൾ വർഷിക്കുന്നു, സംരക്ഷിക്കുന്നു. **ഉല്പ.8:1 —** *"ദൈവം നോഹെയെയും അവനോടുകൂടെ പെട്ടകത്തിൽ ഉള്ള സകല ജീവികളെയും സകലമൃഗങ്ങളെയും ഓർത്തു; ദൈവം ഭൂമിമേൽ ഒരു കാറ്റു അടിപ്പിച്ചു; വെള്ളം നിലെച്ചു."* യെഹെസ്കേൽ പ്രവാചകന്റെ ദർശനത്തിൽ മരിച്ചവരെ ജീവിപ്പിക്കാൻ വേണ്ടി നാലു കാറ്റിനെ ഉപയോഗിക്കുന്നു. **യെഹെ.37:9,10 —** *"അപ്പോൾ അവൻ എന്നോടു കല്പിച്ചതു: കാറ്റിനോടു പ്രവചിക്ക; മനുഷ്യപുത്രാ, നീ പ്രവചിച്ചു കാറ്റിനോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ശ്വാസമേ, നീ നാലു കാറ്റുകളിൽ നിന്നും വന്നു ഈ നിഹതന്മാർ ജീവിക്കേണ്ടതിന്നു അവരുടെമേൽ ഊതുക. അവൻ എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവചിച്ചപ്പോൾ ശ്വാസം അവരിൽ വന്നു; അവർ ജീവിച്ചു ഏറ്റവും വലിയ സൈന്യമായി നിവർന്നുനിന്നു."* എന്നാൽ കാറ്റ് വീശൽ ദൈവത്തിന്റെ ന്യായവിധിയായും തിരുവചനത്തിൽ കാണുന്നുണ്ട്. **പുറ.15:10 —** *"നിന്റെ കാറ്റിനെ നീ ഊതിച്ചു, കടൽ അവരെ മൂടി; അവർ ഈയംപോലെ പെരുവെള്ളത്തിൽ താണു."* **സങ്കീ.48:7 —** *"നീ കിഴക്കൻ കാറ്റുകൊണ്ടു തർശീശ് കപ്പലുകളെ ഉടെച്ചു കളയുന്നു."* **യിരെ.49:36 —** *"ഞാൻ ഏലാമിന്റെ നേരെ ആകാശത്തിന്റെ നാലു ദിക്കിൽ നിന്നും നാലു കാറ്റു വരുത്തി ഈ എല്ലാ കാറ്റുകളിലേക്കും അവരെ ചിന്നിച്ചു കളയും."* **ദാനീ.7:2 —** *"ദാനീയേൽ വിവരിച്ചു പറഞ്ഞതെന്തെന്നാൽ: ഞാൻ രാത്രിയിൽ എന്റെ ദർശനത്തിൽ കണ്ടതു: ആകാശത്തിലെ നാലു കാറ്റും മഹാസമുദ്രത്തിന്റെ നേരെ അടിക്കുന്നതു ഞാൻ കണ്ടു."* **ഹോശേ.13:15 —** *"അവൻ തന്റെ സഹോദരന്മാരുടെ ഇടയിൽ ഫലപുഷ്ടിയുള്ളവനായിരുന്നാലും ഒരു കിഴക്കൻ കാറ്റു വരും; അവന്റെ ഉറവു വറ്റി കിണർ ഉണങ്ങിപ്പോകുവാൻ തക്കവണ്ണം യഹോവയുടെ കാറ്റു മരുഭൂമിയിൽ നിന്നുവരും."* ദൈവീകന്യായവിധിയുടെ ഭാഗമായി ഒരു കൊടുങ്കാറ്റു ഭൂമിയിലേക്കു അടിക്കുവാൻ പോകുന്നു. കാറ്റിലൂടെയുള്ള സംഹാരത്തിൽ നിന്നു തന്റെ വിശ്വസ്തരെ സംരക്ഷിക്കുവാനാണ് ദൂതന്മാരെ ഇവിടെ നിറുത്തിയിരിക്കുന്നത്. ദൈവം തന്റെ ഹിതത്താൽ പ്രകൃതിയെ നിയന്ത്രിക്കുന്നു. എന്നാൽ ദൈവക്രോധം ചൊരിയുന്ന നാളിൽ സകലപ്രകൃതിശക്തികളെയും ഉപയോഗിച്ചു അവിശ്വാസികളെ ന്യായം വിധിക്കും.

**ഭൂമിയുടെ നാലു കോണിലും നിൽക്കുന്നതു ഞാൻ കണ്ടു—**

ഭൂമിയുടെ നാലു കോണ് എന്നു പറയുന്നത് തെക്ക്, വടക്ക്, കിഴക്ക്, പടഞ്ഞാറ് എന്നീ ദിക്കുകളാണ്. ഭൂമിയിടെ നാലു കോണിൽ നിന്നും അഥവാ നാലു ദിക്കുകളിൽ നിന്നും വരുന്ന കാറ്റിനെ നിയന്ത്രിക്കുവാനാണ് നാലു ദൂതന്മാർ നിൽക്കുന്നത് യോഹന്നാൻ കണ്ടത്. ദൂതന്മാരുടെ ആഗോളവ്യാപകമായ പ്രവർത്തനത്തെ ഭൂമിയുടെ നാലു കോൺ വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ പ്രവർത്തനം നാലു കോണിലേക്കും ചെന്നെത്തുന്നു. **യെശ.11:12 —** *"യിസ്രായേലിന്റെ ഭ്രഷ്ടന്മാരെ ചേർക്കുകയും യെഹൂദയുടെ ചിതറിപ്പോയവരെ ഭൂമിയുടെ നാലു ദിക്കുകളിൽ നിന്നും ഒന്നിച്ചുകൂട്ടുകയും ചെയ്യും."*

**വെളി.7:2,3 — "മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കുനിന്നു കയറുന്നതും കണ്ടു. അവൻ ഭൂമിക്കും സമുദ്രത്തിന്നും കേടു വരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോടു : നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിന്നും വൃക്ഷങ്ങൾക്കും കേടു വരുത്തരുതു എന്നു ഉറക്കെ വിളിച്ചു പറഞ്ഞു."**

ദൈവത്തിന്റെ ന്യായവിധി ആരംഭിക്കുന്നതിനു മുമ്പായി ദൈവത്തിൽ ആശ്രയിക്കുന്നവരെ സംരക്ഷിക്കുവാൻ ദൈവം വഴി ഒരുക്കുന്നു. ദുഷ്ടന്മാരിൽ നിന്നും അവരെ വേർതിരിച്ചു നിറുത്തുവാൻ ദൂതന്മാരെ ദൈവം നിയോഗിക്കുന്നു. അവിശ്വാസികളോടു കൂടെ വിശ്വാസികളെ ദൈവം ഒരിക്കലും നശിപ്പിക്കയില്ല. മാത്രമല്ല ദൈവം തന്റെ ജനത്തെ ന്യായവിധിയിൽ നിന്നു വിടുവിക്കുകയും, സംരക്ഷിക്കുകയും, പോറ്റി പുലർത്തുകയും ചെയ്യുന്ന ദൃഷ്ടാന്തങ്ങൾ തിരുവചനത്തിലുടനീളം കാണാം. ദുഷ്ടത നിറഞ്ഞ ഭൂതലത്തെ ജലപ്രളയത്താൽ നശിപ്പിക്കുവാൻ തീരുമാനിച്ചപ്പോൾ നീതിമാനായ നോഹെയെയും കുടും

ബത്തെയും സംരക്ഷിക്കുവാൻ ദൈവത്തിനു പ്രസാദമായി (ഉല്പ.6-9). വഷളത്തത്തിൽ മുഴുകിജീവിച്ച സൊദോം ഗൊമോരാ പട്ടണത്തെയും നിവാസികളെയും നശിപ്പിച്ചപ്പോൾ ലോത്തിനെയും രണ്ടു പുത്രിമാരെയും ദൈവം രക്ഷിച്ചു (ഉല്പ.19). മിസ്രയീമ്യരുടെ മേൽ ദൈവം അയച്ച ബാധകളിൽ നിന്നു യിസ്രായേൽ ജനത്തെ സംരക്ഷിച്ചു (പുറ.7-12). മിസ്രയീമ്യരെ ചെങ്കടലിൽ മുക്കികൊന്നപ്പോൾ തന്റെ ജനമായ യിസ്രായേലിനെ ചെങ്കടലിലൂടെ കടത്തി രക്ഷിച്ചു (പുറ.14,15). യോശുവായിലൂടെ യെരിഹോപട്ടണം നശിപ്പിക്കപ്പെട്ടപ്പോൾ രാഹാബിനെയും കുടുംബത്തെയും ദൈവം രക്ഷിച്ചു (യോശു.2). യഹോവഭക്തന്മാർക്കായി ഒരു സ്മരണപുസ്തകമുണ്ടെന്നും ദൈവത്തെ ഭയപ്പെടുന്നവരുടെ പേരുകൾ അതിൽ കുറിച്ചു വെച്ചിട്ടുണ്ടെന്നും, ഭാവിയിൽ ഉണ്ടാകുന്ന ഘോരവിപത്തിന്റെ വേളയിൽ അവരെ സംരക്ഷിക്കുകയും ചെയ്യുമെന്നു മലാഖി പ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്നു. **മലാ.3:16 —4:2 —** *“യഹോവഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതി വെച്ചിരിച്ചുന്നു. ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്കു ഒരു നിക്ഷേപം ആയിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു; ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷ ചെയ്യുന്ന മകനെ ആദരിക്കുന്നതുപോലെ ഞാൻ അവരെ ആദരിക്കും.......... ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാങ്ങളെപ്പോലെ തുള്ളിച്ചാടും.”*

ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിന്നു നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ടു ഭൂമിയുടെ നാലു കോണിലും നിൽക്കുന്നതു യോഹന്നാൻ കാണുകയുണ്ടായി. തുടർന്നു യോഹന്നാൻ കാണുന്നത് ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കു നിന്നു കയറിവരുന്ന മറ്റൊരു ദൂതനെയും, ആ ദൂതന്റെ ഉറക്കെയുള്ള അറിയിപ്പുമാണ്. വിശ്വസ്തരായ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ടു തീരുന്നതുവരെ ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടു വരുത്തരുത് എന്നായിരുന്നു ദൂതന്റെ അറിയിപ്പ്.

**മറ്റൊരു ദൂതൻ —**

ഭൂവാസികളുടെ മേൽ ആശ്വാസം പകർന്നുകൊണ്ട് അഥവാ ന്യായവിധി അല്പസമയത്തേക്കു തടഞ്ഞുകൊണ്ട് ദൈവകരുണയുമായി കിഴക്കു നിന്നു കയറി വരുന്ന “മറ്റൊരു ദൂതൻ ” യേശുക്രിസ്തുവാണെന്നു അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ ഇതു ശരിയല്ല. പഴയനിയമതിരുവെഴുത്തുകളിൽ ചില പ്രത്യേക അവസരങ്ങളിൽ പ്രത്യക്ഷപ്പെട്ട ദൂതൻ യേശുക്രിസ്തുവായി കരുതാമെങ്കിലും ക്രിസ്തു ഒരു ദൂതനല്ല. ദൂതന്മാർ ദൈവസൃഷ്ടികളാണ്. യോഹന്നാൻ ഇവിടെ കാണുന്ന “മറ്റൊരു ദൂതൻ ” നാലു കാറ്റും പിടിച്ചുകൊണ്ടു ഭൂമിയുടെ നാലു കോണിലും നിൽക്കുന്ന നാലു ദൂതന്മാരുടെ വർഗ്ഗത്തിൽ പെട്ടതാണ്. കൂടാതെ ഈ ദൂതൻ പറയുന്നത് “ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം” എന്നാണ്. “ഞങ്ങൾ ” എന്ന പ്രയോഗം അവർ ഒരു കൂട്ടമുണ്ടെന്നും വെളിപ്പെടുന്നു. ഭൂമിയുടെ നാലു കോണുകളിൽ നിൽക്കുന്ന നാലു ദൂതന്മാരിൽ നാലു എന്ന സംഖ്യ സാർവ്വത്രികതെ കാണിക്കുന്നതാകയാൽ നാലു ദൂതന്മാർ അനേകമടങ്ങു ദൂതന്മാരെ കുറിക്കുന്നു. അതുപോലെ “മറ്റൊരു ദൂതൻ ” എന്നതും “ഞങ്ങൾ ” എന്ന പ്രയോഗവും നാലു ദൂതന്മാരെപ്പോലെ അനേകദൂതഗണത്തെ കുറിക്കുന്നു.

**ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കുനിന്നു കയറുന്നതും കണ്ടു —**

കിഴക്കുനിന്നു മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കയറിവരുന്നതു യോഹന്നാൻ കണ്ടു. ജീവനുള്ളദൈവം എന്ന പ്രയോഗം പഴയനിയമത്തിൽ ആവർത്തിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ജാതികളുടെ ദൈവം മിഥ്യാമൂർത്തികളും അവയുടെ ആരാധകരെ രക്ഷിക്കുവാൻ കഴിവില്ലാത്തവയായിരിക്കുമ്പോൾ (2.രാജാ.18:26-29/സങ്കീ.115:4-8/സങ്കീ.135:15-18). യിസ്രായേലിന്റെ ദൈവം തന്റെ ജനത്തെ രക്ഷിക്കുകയും പോറ്റിപുലർത്തുകയും ചെയ്യുന്ന ജീവനുള്ളദൈവമാണെന്നു ഇതിലൂടെ വെളിപ്പെടുന്നു(ആവ.5:26, യോശു.3:10,1.ശമൂ.17:26, 1.ശമൂ.17:36, 2.രാജാ.19:4, 2.രാജാ.19:16, സങ്കീ.42:2, സങ്കീ.84:2, യെശ.37:4, യെശ.37:17, യിരെ.10:10, ദാനീ.6:20, ദാനീ.6:26, ഹോശേ.1:10). പുറപ്പാടു പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന മിസ്രയീമിലുണ്ടായ ബാധകൾ ഏറെക്കുറെ മിസ്രയീമ്യദേവന്മാരുടെ ജീവനില്ലായ്മയെ വെളിപ്പെടുത്തുന്നവയായിരുന്നു. ജീവനുള്ളദൈവം അയച്ച ഒന്നാമത്തെ ബാധ നദിയിലെ വെള്ളം രക്തമായിത്തീരുന്നതായിരുന്നു (പുറ.7:20-24). നീലനദിയെ ജീവന്റെ പിതാവ് എന്ന നാമധേയത്തിൽ ദേവനായി സങ്കല്പിച്ചു മിസ്രയീമ്യർ ആരാധിച്ചിരുന്നു. രക്തം മിസ്രയീമ്യർ ഏറെ വെറുത്തിരുന്നപ്പോൾ തന്നെ ഈ ബാധയാൽ നദി മുഴുവനും രക്മായിത്തീർന്നു. എന്നാൽ തങ്ങൾ ആരാധിച്ചതും ആശ്രയിച്ചതുമായ ദേവനു തന്നെത്തന്നെ രക്ഷിക്കുവാനോ ആരാധകരെ രക്ഷിക്കുവാനോ സാധിച്ചില്ല. തുടർന്നു ദൈവം അയച്ച രണ്ടും മൂന്നു നാലും ബാധകളായ തവള (പുറ.8:1-16), പേൻ (പുറ.8:17-19), നായീച്ച (പുറ.8:20-32) എന്നിവയാലുള്ള ആക്രമണമായിരുന്നു. ഇവ മൂന്നും യഥാക്രമം സമുദ്രം, ഭൂമി, ആകാശം എന്നീ മൂന്നു മണ്ഡല

ങ്ങോടു ബന്ധപ്പെട്ടിരിക്കുന്നു. തവളകളുടെദേവൻ, ക്ഷുദ്രജീവികളുടെ ദേവൻ, ഈച്ചകളുടെ ദേവൻ എന്ന റിയപ്പെട്ട ബെയൽസെബൂലായിരുന്നു ഈ മൂന്നു മണ്ഡലങ്ങളിലും വാണിരുന്നത്. എന്നാൽ ജീവനുള്ള ദൈവം അയച്ച തവള, പേൻ, നായീച്ച എന്നിവയാലുള്ള ബാധകളെ തടുക്കുവാനോ നിയന്ത്രിക്കു വാനോ മിസ്രയീമ്യരുടെ ജീവനില്ലാത്ത ദേവനു കഴിഞ്ഞില്ല. അതേസമയം തന്റെ ജനമായ യിസ്രായേ ലിനെ ജീവനുള്ളദൈവം സകലബാധകളിൽ നിന്നും സംരക്ഷിച്ചു. മിഥ്യാമൂർത്തികളുടെ മുമ്പിൽ ഏലി യാവിന്റെയും (1.രാജാ.18), ഹിസ്കീയാവിന്റെയും (2.രാജാ.19:4,16), ദാനീയേലിന്റെയും (ദാനീ.6:20) പ്രാർത്ഥ നക്കുത്തരം നൽകിയ ദൈവം ജീവനുള്ളദൈവം തന്നെ. യിസ്രായേലിനു മാത്രമല്ല പുതിയനിയമവിശ്വാ സികൾക്കും തങ്ങൾ ആശ്രയിക്കുന്ന ദൈവം, ജീവനുള്ളദൈവം തന്നെ എന്നു പുതിയനിയമതിരുവെഴു ത്തുകളും പ്രസ്താവിക്കുന്നു (മത്താ.16:16, മത്താ.26:63, അപ്പൊ.14:15, റോമ.9:26, 2.കൊരി.3:3, 2.കൊരി.6:16,,1. തിമൊ.3:15, 1.തിമൊ.4:10, എബ്രാ.3:12, എബ്രാ.9:14, എബ്രാ.10:31, എബ്രാ.12.22, വെളി.4:9,10, വെളി.10:7, വെളി.15:7). ആകാശം, ഭൂമി, സമുദ്രം എന്നിവയെല്ലാം ഇളകിമറിയുന്ന ദൈവക്രോധത്തിന്റെ ദിനങ്ങളായ പീഡനകാലത്തും ജീവനുള്ളദൈവം തന്നിൽ ആശ്രയിക്കുന്നവരെ വേർതിരിച്ചു സംരക്ഷിക്കുന്നതായി യോഹന്നാൻ കാണുന്നു. അന്തിക്രിസ്തുവുമായി രമ്യതപ്പെടാതെ ദൈവഭാഗത്തു ഉറച്ചു നിൽക്കുന്ന വിശ്വ സ്തരായവരോടുള്ള ദൈവകരുണയാണിവിടെ കാണുന്നത്.

ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായാണ് കയറി വരുന്നത്. പഴയകാലങ്ങളിൽ അടിമത്വം നിലനിന്നിരുന്നപ്പോൾ, അടിമകളെ അവരുടെ യജമാനനു തിരിച്ചറിയുവാനും, അവർ ഓടിപ്പോകാതിരി ക്കുവാനും, അഥവാ ഓടിപ്പോയാൽ വേഗത്തിൽ തിരിച്ചറിയുവാനും മുദ്രയിടിൽ സഹായിച്ചിരുന്നു. അടി മകളെ മാത്രമല്ല, രാജ്യത്തിലെ പടയാളികളെയും വിശേഷാൽ റോമൻ പടയാളികളെ അക്കാലങ്ങളിൽ മുദ്രയിട്ടു വേർതിരിച്ചിരുന്നു. എഴുത്തുകളിലോ, പ്രമാണങ്ങളിലോ, അറിയിപ്പുകളിലോ കൈയൊപ്പു രേഖപ്പെടുത്തുന്നതിനു പകരം മുദ്രമോതിരത്താൽ ആധികാരികത അടയാളം പതിച്ചിരുന്നു. എഴുത്തു കൾ, രഹസ്യസ്വഭാവം നിലനിറുത്തേണ്ട രേഖകൾ എന്നിവ ഉള്ളടക്കം ചെയ്ത കവറുകൾ, അടച്ചുപൂട്ടി യ മുറിയുടെ താഴുകൾ മെഴുകോ അരക്കോ പതിപ്പിച്ച് അതിന്മേലും മുദ്രയിട്ടിരുന്നു. ഇവിടെയെല്ലാം മുദ്ര വെളിപ്പെടുത്തുന്നത് ഉടമസ്ഥാവകാശം, സംരക്ഷണം, ഭദ്രത എന്നിവയൊക്കെയാണ്. തിരുവചന ത്തിലും ഇപ്രകാരമുള്ള മുദ്രയിടിൽ കാണുന്നുണ്ട് (ഉല്പ.41:42/എസ്ഥേ.3:10,12/എസ്ഥേ.8:2,8/ദാനീ.6:17/ മത്താ.27:66). വെളിപ്പാടു പുസ്തകത്തിലെ ഈ വാക്യത്തിൽ മുദ്രയിടുവാനായി കയറി വരുന്ന ദൂതനും അവന്റെ പ്രവർത്തനവും യെഹെസ്കേൽ പ്രവാചകനുണ്ടായ ദർശനത്തോടു സാമ്യമുണ്ട്. യെരൂശലേം നഗരത്തിലെ ദുഷ്ടന്മാരെ ഒന്നടങ്കം നശിപ്പിക്കുവാൻ സംഹാരദൂതന്മാരെ ദൈവം അയച്ചു. എന്നാൽ ജനത്തിന്റെ സകലമ്ലേച്ഛതകൾ കണ്ടും കേട്ടും നെടുവീർപ്പിട്ടു കരയുന്ന ഒരു കൂട്ടം നീതിമാന്മാർ പട്ടണത്തി ലുണ്ടായിരുന്നു. അവർ ദുഷ്ടന്മാരോടൊപ്പം കൊല്ലപ്പെടാതിരിക്കുവാൻ അവരുടെ നെറ്റിയിൽ അയടാള മിട്ടു സംരക്ഷിക്കുവാൻ ശണവസ്ത്രം ധരിച്ചു അരയിൽ മഷിക്കുപ്പിയുമായി വരുന്നവ ഒരുവനോടു ദൈവം കല്പിച്ചു. നീതിമാന്മാരുടെ നെറ്റിയിൽ ദൈവത്തിന്റെ സംരക്ഷണ അടയാളമിട്ടു തീരുവോളം ദൈവത്തിന്റെ ന്യായവിധി താമസിപ്പിച്ചു. ദുഷ്ടന്മാരോടു കൂടെ ദൈവത്തെ പിൻപറ്റുന്ന നീതിമാന്മാരെ ദൈവം ഒരിക്കലും നശിപ്പിക്കയില്ല എന്നതാണ് യെഹെസ്കേലിനുണ്ടായ ദർശനത്തിലൂടെ വെളിപ്പെടു ന്നത് (യെഹെ.9:1-11). സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷമുള്ള ഭൂമിയിലെ പീഡനകാലത്തും ദൈവം വിശുദ്ധന്മാരെ മുദ്രയിട്ടു വേർതിരിക്കുന്നതായി കാണുന്നു. പഴയനിയമ വിശുദ്ധന്മാരെ സംഹാരദൂത നിൽ നിന്നു രക്ഷിക്കുവാൻ ദൈവം പെസഹാകുഞ്ഞാടിന്റെ രക്തത്താലുള്ള മുദ്രയാൽ വേർതിരിച്ചു (പുറ.12:13,22,23). അവർ പാർക്കുന്ന വീടിന്റെ കുറുമ്പടി മേലും കട്ടളക്കാൽ രണ്ടിന്മേലുമായിരുന്നു മുദ്ര. പുതിയനിയമവിശുദ്ധന്മാരെ ദൈവം പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടു വേർതിരിക്കുന്നു(2.കൊരി.1:22/ എഫെ.1:14). ഈ മുദ്ര അവരുടെ ഹൃദയങ്ങളിലായിരുന്നു. എന്നാൽ പീഡനകാലത്തെ വിശുദ്ധന്മാരെ ദൈവം തന്റെ ദൂതന്മാരാൽ അവരുടെ നെറ്റിയിൽ മുദ്രയിട്ടു വേർതിരിക്കുന്നു (വെളി.7:3). കുഞ്ഞാടിന്റും നാമവും പിതാവിന്റെ നാമവുമായിരുന്നു അവരുടെ നെറ്റിയിൽ മുദ്രയായി എഴുതപ്പെട്ടത്(വെളി.14:1). മൃഗത്തെ നമസ്കരിച്ചു പിൻപറ്റുന്നവർക്കു വലങ്കൈയ്യിലോ നെറ്റിയിലോ മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യോ ആയ മുദ്രയുമാണ് ചാർത്തപ്പെടുന്നത് (വെളി.13:16-18). ദൈവത്തിന്റെ ദാസന്മാർക്കു ലഭിക്കുന്ന ദൈവത്തിന്റെ മുദ്ര എന്നെന്നേക്കും സംരക്ഷണം ഉറപ്പായിരിക്കുമ്പോൾ മൃഗത്തിന്റെ മുദ്രയുടെ സംര ക്ഷണം മഹാപീഡനകാലത്തിലേക്കു മാത്രം പരിമിതപ്പെടുന്നു.

ഭൂമിയുടെ നാലു കോണുകളിലും നാലു ദൂതന്മാർ സംഹാരം നടത്തുവാനായി തയ്യാറായി നിൽക്കു മ്പോൾ മറ്റൊരു ദൂതൻ സംരക്ഷിതമുദ്രയുമായി കിഴക്കു നിന്നു കയറി വരുന്നത് യോഹന്നാൻ കാണു ന്നു. സൂര്യോദയദിക്കായ കിഴക്കു നിന്നു ദൂതൻ പ്രത്യക്ഷപ്പെടുന്നതിനെക്കുറിച്ചു പല അഭിപ്രായങ്ങളു ണ്ട്. (1) വെളിച്ചത്തിന്റെ ഉറവിടമായ സൂര്യോദയം കിഴക്കായതിനാൽ അവിടെ നിന്നാണ് ഭൂമിയിൽ സൂര്യ പ്രഭ ഉണ്ടാകുന്നത്. ആയതുപോലെ പീഡനകാലത്തിൽ അന്ധകാരത്തിലും മരണഭീതിയിലും കഴിയുന്ന വിശുദ്ധന്മാർക്കു ദൈവത്തിന്റെ അത്ഭുതപ്രകാശമായ സംരക്ഷണം സൂര്യകിരണംപോലെ കിഴക്കു നിന്നു പുറപ്പെട്ടു വരുന്നു. (2) ബേത്ത്ലേഹെമിൽ ജനിച്ച കർത്താവിനെ അന്വേഷിച്ചു യെരൂശലേമിലെത്തിയ

വിദ്വാന്മാർ പറയുന്നത് ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു (മത്താ.2:2) എന്നാണ്. കിഴക്കു കണ്ട നക്ഷത്രം രക്ഷകന്റെ ജനനത്തെ ചൂണ്ടിക്കാണിക്കുന്നതായി വിദ്വാന്മാർ കരുതിയതുപോലെ പീഡനകാലത്തെ വിശ്വാസികളുടെ രക്ഷെക്കായി സംരക്ഷണ മുദ്രയുമായി ദൂതൻ കിഴക്കു നിന്നു വരുന്നു. ഈ അഭിപ്രായങ്ങൾ വിഷയത്തോടു ബന്ധത്തിൽ ആശ്വാസവും സന്തോഷവും പ്രദർശിപ്പിക്കുന്നതാണെങ്കിലും ദൂതന്റെ കിഴക്കു നിന്നുള്ള വരവ് മലാഖിപ്രവാചകൻ പറഞ്ഞിരിക്കുന്നതിനോടു ഏറെ ചേർച്ചയുണ്ട്. ചൂളപോലെ കത്തുന്ന ഒരു ദിവസം വരും എന്നും അന്ന് സകല ദുഷ്ടന്മാരും താളടിയാകുമെന്നും പ്രവാചകൻ പറയുന്നു. എന്നാൽ ക്രിസ്തുവിനെ ഭയപ്പെടുന്ന വിശുദ്ധന്മാർക്കു നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും (മലാ.4:1–2). കർത്താവിന്റെ ആദ്യവരവിൽ മശീഹയെ യിസ്രായേൽ തള്ളിക്കളഞ്ഞു. എന്നാൽ പീഡനകാലത്തു ദൈവത്തെ ഭയപ്പെടുന്നവരായ ഒരു കൂട്ടത്തെ സംരക്ഷിക്കുവാനായി ദൈവം തയ്യാറാകുന്നു. അതിന്റെ പ്രവർത്തനമാണ് കിഴക്കു നിന്നു കയറി വരുന്ന ദൂതൻ.

**അവൻ ഭൂമിക്കും സമുദ്രത്തിന്നും കേടു വരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോടു :നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിന്നും വൃക്ഷങ്ങൾക്കും കേടു വരുത്തരുതു എന്നു ഉറക്കെ വിളിച്ചു പറഞ്ഞു —**

ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിന്നു നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ടു ഭൂമിയുടെ നാലു കോണിലും നിൽക്കുന്നതു യോഹന്നാൻ കണ്ടു എന്നു വെളി.7:1 -ൽ പറഞ്ഞു. നാലു കോണിലും നിൽക്കുന്ന ഈ ദൂതന്മാർക്കു ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാൻ അധികാരം ലഭിച്ചവരാണെന്നു ഈ വാക്യത്തിലൂടെ മനസ്സിലാക്കാം. എന്നാൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കു നിന്നു കയറി വന്ന ദൂതൻ ഭൂമിയുടെ നാലുകോണിലും ന്യായവിധി നടത്തുവാനായി ഒരുങ്ങി നിൽക്കുന്ന സംഹാരദൂതന്മാരോടു ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ മുദ്രയിട്ടു കഴിയുവോളം ന്യായവിധി നടത്തരുത് എന്നു ഉറക്കെ വിളിച്ചു പറയുന്നതും യോഹന്നാൻ കേട്ടു. അതായത് ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും സംഹാരകൻ കേടു വരുത്തുമ്പോഴുണ്ടാകുന്ന ന്യായവിധിയിൽ നിന്നു ദൈവത്തിന്റെ മുദ്ര ലഭിച്ചവർ സംരക്ഷിതരാകും. ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടു വരുത്തുവാനുള്ള ആദ്യ നാലു കാഹളങ്ങൾ ഊതുമ്പോഴുണ്ടാകുന്ന ന്യായവിധിയിൽ നിന്നും (വെളി.8:1–13), അഞ്ചാമത്തെ ദൂതന്റെ കാഹളത്തോടുള്ള വെട്ടുക്കിളിയാലുള്ള ന്യായവിധിയിൽ നിന്നും (വെളി.9:1–4) മുദ്രയേറ്റവർ സംരക്ഷിക്കപ്പെടുന്നതായി കാണുന്നു.

**വെളി.7:4 — "മുദ്രയേറ്റവരുടെ എണ്ണവും ഞാൻ കേട്ടു; യിസ്രായേൽ മക്കളുടെ സകലഗോത്രത്തിലും നിന്നു മുദ്രയേറ്റവർ നൂറ്റിനാല്പത്തിനാലായിരം പേർ."**

ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിന്നും വൃക്ഷങ്ങൾക്കും കേടു വരുത്തരുതെന്നുള്ള ദൂതന്റെ ഉറക്കെയുള്ള ശബ്ദത്തിനു ശേഷം മുദ്രയേറ്റവരുടെ സംഖ്യയും അവർ ആരൊക്കെയായിരുന്നുവെന്നും വ്യക്തമായി യോഹന്നാൻ കേട്ടു. അന്തിക്രിസ്തുവും കൂട്ടരും അതികഠിനമായ പീഡനം ഭൂമിയിൽ നടത്തുമ്പോൾ പൈശാചികശക്തികളുടെ മുമ്പിൽ മുട്ടുമടക്കാത്ത നൂറ്റിനാൽപ്പത്തിനാലായിരം പേരെ പീഡനകാലത്തെ പ്രത്യേക ദൗത്യത്തിനായി ദൈവം മുദ്രയിട്ടു വേർതിരിക്കുന്നതാണിവിടെ വിശദീകരിക്കുന്നത്. മുദ്രയേറ്റവർ യിസ്രായേൽ മക്കളുടെ സകലഗോത്രത്തിൽ നിന്നു നൂറ്റിനാല്പത്തിനാലായിരം പേരായിരുന്നു.

മുദ്രയേറ്റവരായ 1,44,000 പേർ യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നുള്ളവരാണെന്നു വ്യക്തമായി വാക്യത്തിൽ പറഞ്ഞിരിക്കുമ്പോൾ തന്നെ ഇതിനെപ്പറ്റി വിവിധ അഭിപ്രായങ്ങളും, അവകാശങ്ങളുമുണ്ട്.

(1) ദൈവം വേർതിരിച്ചു സംരക്ഷിക്കുന്ന 1,44,000 പേർ തങ്ങളാണെന്നു ശാബതുകാർ (Seventhday Adventists) അവകാശപ്പെടുന്നു. യഹൂദാശബത്ത് ആചരിക്കുന്ന അവർ മാത്രമേ കർത്താവിന്റെ വരവിൽ അഥവാ ഉത്പ്രാപണവേളയിൽ എടുക്കപ്പെടുകയുള്ളുവെന്നും മറ്റു സകലസഭാവിശ്വാസികളും തള്ളപ്പെട്ടു ദൈവത്തിന്റെ ശിക്ഷാവിധിയിൽ കൂടി കടന്നു പോകുമെന്നും അവർ പഠിപ്പിക്കുന്നു.

(2) ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്ന യഹോവസാക്ഷികൾ (Jehovah Witness) അവകാശപ്പെടുന്നത് അവരുടെ ഉപദേശസത്യങ്ങൾ അവസാനത്തോളം വിശ്വസ്തതയോടെ പിൻപറ്റുന്നവരും ആ നിലയിൽ ജയാളികളുമായ അവരാണ് 1,44,00 പേർ എന്നാണ്.

(3) മൂന്നാമത്തെ അഭിപ്രായം : 1,44,000 എന്ന സംഖ്യ സംപൂർണ്ണതയെ ഉൾക്കൊള്ളുന്നു. 1,44,000 എന്ന സംഖ്യയെ വിഭജിക്കുമ്പോൾ : 12 x 12 x 1000 =1,44,000 എന്നാണ്. ഇതിൽ ആദ്യത്തെ 12 യിസ്രായേൽ 12 ഗോത്രത്തിലുള്ളവർ അഥവാ പഴയനിയമവിശുദ്ധന്മാരെയും രണ്ടാമത്തെ 12 കർത്താവിന്റെ 12 ശിഷ്യന്മാർ അഥവാ പുതിയനിയമവിശുദ്ധന്മാരെയും കുറിക്കുന്നു. അതായത് 1,44,000 എന്ന സംഖ്യ പഴയനിയമപുതിയനിയമ വിശുദ്ധന്മാരെ മുഴുവൻ കുറിക്കുന്നു എന്നാണ്.

(4) മുദ്രയേറ്റ 1,44,000 പേർ സകല യിസ്രായേല്യരെയും കുറിക്കുന്നുവെന്നും അഭിപ്രായമുണ്ട്.

(5) ദൈവത്തിന്റെ മുദ്രയേറ്റ 1,44,000 പേർ പുതിയനിയമസഭ അഥവാ മണവാട്ടിയാം സഭയെക്കുറിക്കുന്നുവെന്നു ചിലർ അഭിപ്രായപ്പെടുന്നു.

മേല്പറഞ്ഞ അഞ്ചു അഭിപ്രായങ്ങളും തെറ്റാണ്. കാരണം മുദ്രയേറ്റവർ യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നുള്ളവരാണെന്നതിനു പുറമേ ഓരോ ഗോത്രത്തിന്റെ പേരും വ്യക്തമായി പറഞ്ഞിട്ടുമുണ്ട്. ആകയാൽ ശാബത്തുകാരോ യഹോവസാക്ഷികളോ ഇതിൽ ഉൾപ്പെടുകയില്ല. പഴയനിയമപുതിയനിയമവിശുദ്ധന്മാരെ ഒന്നടങ്കം ഉൾക്കൊള്ളിച്ചു പറയുന്നതുമല്ല. മുദ്രയേറ്റവർ യിസ്രായേല്യരെ ഒന്നടങ്കം കുറിക്കുന്നുവെന്നും പറയുവാൻ സാധിക്കുകയില്ല. എന്തെന്നാൽ ദൈവം അവിശ്വാസികളായ യഹൂദനിൽ മുദ്ര കുത്തി സംരക്ഷിക്കുകയില്ല. വിശ്വസ്തരായവരെ മുദ്രകുത്തി സംരക്ഷിക്കുന്നത് സുവിശേഷം പറയുവാനാണ്. സഭയെ പുതിയനിയമയിസ്രായേലെന്നു പറയാമെങ്കിലും ഇവിടെ പറഞ്ഞിരിക്കുന്ന മുദ്രയേറ്റവർ മണവാട്ടി സഭയെ പ്രതിനിതീകരിക്കുന്നില്ല. കാരണം ഭൂമിയിൽ പീഡനകാലം നടക്കുമ്പോൾ മണവാട്ടിയാം സഭ മണവാളനായ ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗത്തിലാണ്. കർത്താവു തന്റെ രക്തത്താൽ സ്വന്തമാക്കിയ കാന്തയെ അന്തിക്രിസ്തുവിന്റെ പീഡനത്തിനായി വിട്ടു കൊടുക്കുമോ? അങ്ങനെ ചിന്തിക്കുവാൻ പോലും കഴിയുകയില്ല. ജീവനുള്ള ദൈവത്തിന്റെ മുദ്രയേറ്റ 1,44,000 പേർ പീഡനകാലത്തു ഭൂമിയിൽ സുവിശേഷം പറയുവാൻ വേർതിരിക്കപ്പെട്ട യിസ്രായലിന്റെ 12 ഗോത്രങ്ങളിലെ യിസ്രായേല്യർ അഥവാ യഹൂദന്മാരാണ്. ഇവരത്രേ വെളി.14:1-5 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്ന കുഞ്ഞാടിന്റെ നാമവും പിതാവിന്റെ നാമവും നെറ്റിയിൽ എഴുതപ്പെട്ട 1,44,000 പേർ.

**വെളി.7:5 — "യഹൂദാഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം; രൂബേൻ ഗോത്രത്തിൽ പന്തീരായിരം; ഗാദ് ഗോത്രത്തിൽ പന്തീരായിരം;"**

**വെളി.7:6 — "ആശേർ ഗോത്രത്തിൽ പന്തീരായിരം; നപ്താലി ഗോത്രത്തിൽ പന്തീരായിരം; മനശ്ശെ ഗോത്രത്തിൽ പന്തീരായിരം;"**

**വെളി.7:7 — "ശിമെയോൻ ഗോത്രത്തിൽ പന്തീരായിരം; ലേവി ഗോത്രത്തിൽ പന്തീരായിരം; യിസ്സാഖാർ ഗോത്രത്തിൽ പന്തീരായിരം;"**

**വെളി.7:8 — "സെബൂലോൻ ഗോത്രത്തിൽ പന്തീരായിരം; യോസേഫ് ഗോത്രത്തിൽ പന്തീരായിരം; ബെന്യാമീൻ ഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം പേർ."**

വെളിപ്പാട് 7:5 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയാൽ വേർതിരിക്കപ്പെട്ട യിസ്രായേലിന്റെ 12 ഗോത്രങ്ങളുടെയും പേരുകൾ പറഞ്ഞിരിക്കുന്നു.

മുദ്രയേറ്റ യിസ്രായേലിന്റെ 12 ഗോത്രങ്ങളുടെ പേരും, പേരിന്റെ അർത്ഥവും —

(1) യഹൂദാ — (Judah = praise) — സ്തുതി
(2) രൂബേൻ — (Reuben = Behold I see) — നോക്കൂ ഒരു മകൻ / ഇതാ ഞാൻ കാണുന്നു
(3) ഗാദ് — (Gad = Behold a troop cometh ) — ഭാഗ്യം
(4) ആശേർ — (Asher = Happy /The Lord is my happiness) —സന്തോഷം/ദൈവം എന്റെ സന്തോഷം
(5) നപ്താലി — (Naphtali = wrestling) — പോർ / മൽപ്പിടുത്തക്കാരൻ
(6) മനശ്ശെ — (Manasseh = Forgetting) — മറവി
(7) ശിമെയോൻ — (Simeon = Hearing / Lord is hearing ) — കേൾവി / ദൈവം കേൾക്കുന്നു
(8) ലേവി — (Levi = Attached / Joined / united) — പറ്റിച്ചേരുക / കൂട്ടിച്ചേർത്തത്
(9) യിസ്സാഖാർ—(Issachar= Gods reward / I am certain of my reward)—ദൈവത്തിന്റെ പ്രതിഫലം
(10) സെബൂലോൻ — (Zebulun = A dwelling place / habitation) — വാസസ്ഥലം
(11) യോസേഫ് — (Joseph = May God add) — ദൈവം വർദ്ധിപ്പിക്കട്ടെ
(12) ബെന്യാമീൻ — (Benjamin = The son of my right hand) — വലങ്കൈയ്യുടെ പുത്രൻ

പീഡനകാലത്ത് ഭൂമിയിലെ പ്രത്യേക ദൗത്യത്തിനായി ദൈവം തിരഞ്ഞെടുക്കപ്പെട്ടവരാണിവർ. ഇവരെ എങ്ങനെ തിരഞ്ഞെടുക്കുമെന്നു മാനുഷികബുദ്ധിയിൽ സംശയമുണ്ടാകാം. എ.ഡി. 70-ൽ യെരൂശലേം ദൈവാലയനാശത്തോടെ സകലഗോത്രവിവരങ്ങളും നഷ്ടപ്പെട്ടു. ഓരോ യഹൂദനും താൻ ഏതു ഗോത്രത്തിൽ ഉൾപ്പെടുന്നവനെന്നു അറിയുകയുമില്ല. എന്നാൽ മാനുഷികനിലയിൽ തിരഞ്ഞെടുപ്പു അസാദ്ധ്യമെന്നു കരുതാമെങ്കിലും സർവ്വജ്ഞാനിയായ ദൈവത്തിനു ഓരോരുത്തരെയും ഗോത്രം ഗോത്രമായി തിരഞ്ഞെടുത്തു മുദ്രയിടുന്നതിനു പ്രയാസമുണ്ടാകയില്ല. യിസ്രായേലിൽ ദൈവഭാഗത്ത് താൻ ഒരുവൻ മാത്രം ശേഷിച്ചിരിക്കുന്നുവെന്നു പ്രവാചകനായ ഏലീയാവ് പറയുമ്പോൾ ദൈവം പ്രവചകനോടു പറയുന്നത് ബാലിനെ സേവിക്കാത്ത വിശ്വസ്തരായ 7000 പേരെ യിസ്രായേലിൽ തനിക്കായി ശേഷിപ്പിച്ചിരിക്കുന്നുവെന്നാണ് (1.രാജാ.19:10,18/റോമ.11:4). പീഡനകാലത്തും യിസ്രായേൽ ഗോത്രങ്ങളിൽ നിന്നും 12,000 വീതം 1,44,000 പേരെ ദൈവം വേർതിരിച്ചു പറഞ്ഞതു യോഹന്നാൻ കേട്ടു. യിസ്രായേല്യയഥാസ്ഥാപനം ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തമെന്നനിലയിൽ ഇതിനെ കണക്കാക്കാം. അപ്പൊസ്തലനായ പൗലൊസ്, യിസ്രായേല്യരുടെ യഥാസ്ഥാപനത്തെക്കുറിച്ചു റോമർ 11-ാം അദ്ധ്യാ

യത്തിൽ വിശദീകരിച്ചിട്ടുണ്ട്.

യിസ്ഹാക്കിന്റെ മകൻ യാക്കോബിനുണ്ടായ 12 മക്കളാണ് യിസ്രായേൽ ഗോത്രത്തെ പ്രതിനിതീകരിക്കുന്നത്. യാക്കോബിന്റെ നാലു ഭാര്യമാരിലൂടെ (ലേയാ, റാഹേൽ എന്നീ ഭാര്യമാരും സില്പ, ബിൽഹാ എന്നീ ദാസിമാരും) 12 പുത്രന്മാരും ഒരു പുത്രിയും ജനിച്ചിരുന്നു. ഇതിൽ ലേയയിൽ നിന്നു മാത്രം 7 മക്കൾ ജനിച്ചു (ഉല്പ.30:20,21).

യാക്കോബിന്റെ ഭാര്യമാരും മക്കളും — (ഉല്പ.29:31 — 30:24, 35:18)

**(1) ലേയാ —** (Leah= weary – ക്ഷീണിച്ചത്) — (ലാബാന്റെ മൂത്തമകൾ)

രൂബേൻ (Reuben)
ശിമെയോൻ (Simeon)
ലേവി (Levi)
യെഹൂദാ (Judha)
യിസ്സാഖാർ (Issachar)
സെബൂലൂൻ (Zebulun)
ദീനാ (Dinah = Justice – വിധിക്കുന്നവൻ) (ഏകപുത്രി)

**(2) സില്പ** — (Zilpah = dropping – താഴെ വീഴുന്ന) — (ലേയായുടെ ദാസി)

ഗാദ് (Gad)
ആശേർ (Asher)

**(3) റാഹേൽ** — (Rachel= Lamb – കുഞ്ഞാട്) — (ലാബാന്റെ രണ്ടാമത്തെ മകൾ)

യോസേഫ് (Joseph)
ബെന്യാമീൻ (Benjamin)

**(4) ബിൽഹാ** — (Bilhah = timid – നാണം കുണുങ്ങി) — (റാഹേലിന്റെ ദാസി)

ദാൻ (Dan= Judge – ന്യായാധിപതി)
നഫ്താലി (Naphtali)

യാക്കോബിന്റെ 12 മക്കളുടെ ജനനത്തോടുള്ള ബന്ധത്തിൽ ഇവിടെ പറഞ്ഞിരിക്കുന്നതു കൂടാതെ മറ്റനേകം ഭാഗങ്ങളിലും 12 ഗോത്രങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്.

(1) ഉല്പ.49:3-27 — യാക്കോബ് മക്കളെ അനുഗ്രഹിക്കുന്ന വേളയിൽ
(2) സംഖ്യാ.1:5-15 — യിസ്രായേൽ ഗോത്രങ്ങളുടെ ആദ്യത്തെ ജനസംഖ്യയെടുത്ത വേളയിൽ
(3) സംഖ്യാ.2:3-31 — സമാഗമനകൂടാരം പാളയമടിക്കുമ്പോൾ
(4) സംഖ്യാ.26:4-51 — യെരീഹോ സമഭൂമിയിൽ വെച്ച് യിസ്രായേലിന്റെ ജനസംഖ്യയെടുത്തപ്പോൾ
(5) ആവ.27:12,13 — ഗെരിസീം, ഏബാൽ പർവ്വതത്തിൽ അനുഗ്രഹവും ശാപവും അറിയിക്കുന്നതിനു
(6) ആവ.33:6-25 — മോശെ യിസ്രായേൽ ഗോത്രങ്ങളെ അനുഗ്രഹിക്കുന്ന വേളയിൽ
(7) യോശു.13:7-22:34— കനാൻദേശത്തിന്റെ അവകാശം പങ്കിടുന്ന ക്രമം
(8) 1.ദിന.2:1,2 — യിസ്രായേലിന്റെ സന്തതി പരമ്പരകൾ പറയുന്ന വേളയിൽ
(9) യെഹെ.48:31-34 — യെരൂശലേം നഗരത്തിന്റെ നാലു വശങ്ങളിലും മുമ്മൂന്നു ഗോത്രങ്ങൾ വീതം.

വെളിപ്പാടു പുസ്തകത്തിൽ ദൈവത്തിന്റെ മുദ്രയേറ്റ 12 ഗോത്രങ്ങളെപ്പറ്റി പറഞ്ഞിരിക്കുന്നതിൽ ചില പ്രത്യേകതകൾ കാണുന്നു.

(1) രൂബേൻ ആദ്യജാതനെങ്കിലും യെഹൂദാഗോത്രത്തെക്കുറിച്ചാണ് ആദ്യം പറഞ്ഞിരിക്കുന്നത്. കാരണം മറ്റു ഗോത്രങ്ങളെയെല്ലാം യഹൂദാ നയിക്കുമെന്നും യഹൂദാഗോത്രത്തിൽ നിന്നുമാണ് മശീഹാ വരുന്നതെന്നും പ്രവചനങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനാൽ തന്നെ (ഉല്പ.49:9,10). അറുക്കപ്പെട്ട കുഞ്ഞാടായ കർത്താവിനെ യഹൂദാഗോത്രത്തിലെ സിംഹം എന്നും അറിയപ്പെടുന്നു (വെളി.5:5/എബ്രാ.7:13,14). മാത്രവുമല്ല രൂബേൻ തന്റെ ജേഷ്ഠാവകാശം പിതാവിന്റെ ശയ്യയെ അശുദ്ധമാക്കിയതിനാൽ നഷ്ടപ്പെടുവാനിടയായി (ഉല്പ.35:22/ഉല്പ.49:3,4/1.ദിന.5:1). ആയതിനാൽ രൂബേന്റെ ജേഷ്ഠാവകാശം യോസേഫിനും, പൗരോഹിത്യ പദവി ലേവിക്കും രാജകീയ പദവി യെഹൂദയ്ക്കും ലഭിക്കുവാനിടയായി.

(2) ദാൻ ഗോത്രത്തെ മുദ്രയിടിലിൽ നിന്നു വിട്ടുകളഞ്ഞിരിക്കുന്നു. രണ്ടു കാരണങ്ങളാണ് ഇതോടനുബന്ധിച്ചു പറയപ്പെടുന്നത്.

* ദാൻ ഗോത്രമാണ് യിസ്രായേലിൽ വിഗ്രഹാരാധനക്കു വഴി തെളിച്ചത്. (ന്യായാ.18:30/1.രാജാ.12:30/ ആമോ.8:14). ജനം യെരൂശെലേമിൽ പോയി യാഗങ്ങൾ നടത്താതിരിക്കുവാനും പെരുന്നാളുകൾ ആചരിക്കാതിരിക്കുവാനും യൊരോബെയാം രാജാവ് രണ്ടു കാളക്കുട്ടിയെ പൊന്നു കൊണ്ടു വാർത്തുണ്ടാക്കി ഒന്നിനെ രാജ്യത്തിന്റെ വടക്കേ അറ്റമായ ദാൻ ഗോത്രത്തിൽ പെട്ട ദാനിലും മറ്റൊന്നിനെ തെക്കേ അറ്റമായ എഫ്രയീംഗോത്രത്തിലെ ബേഥേലിലും പ്രതിഷ്ഠിച്ചു. വിഗ്രഹാരാധനക്കു യൊരോബെയാമിനോടു കൂട്ടു നിന്നതിനാൽ ദാനും എഫ്രയീമും ദൈവസന്നിധിയിൽ കുറ്റക്കാരായി (1.രാജാ.12:25-30). ന്യായാധിപന്മാരുടെ ഭരണകാലത്ത് ദാൻ ഗോത്രക്കാർ അവരുടെ അതിർ വിസ്താരമാക്കുവാൻ പോകു

കയും മീഖാവിന്റെ വിഗ്രഹങ്ങളെയും പുരോഹിതനെയും ദാന്യർ അപഹരിക്കുകയും ചെയ്തു (ന്യായാ.18:1-31). എഫ്രയീം മലനാട്ടുകാരനായ മീഖാവ് ഒരു മോഷ്ടാവായിരുന്നു(ന്യായാ.17:1). ദാൻ ഗോത്രക്കാർ അവരുടെ പരിധിവിട്ടു പോകുകയും വിഗ്രഹാരാധികളോടൊപ്പം പാർക്കുകയും ചെയ്തതിനാൽ ദൈവം അവരെ തള്ളിക്കളഞ്ഞു. ജാതികളുടെ ദേവന്മാരെ ചെന്നു സേവിക്കേണ്ടതിനു യാതൊരു കുലവും ഗോത്രവും നിങ്ങളിലുണ്ടാവരുതെന്നും മോശെ യിസ്രായേൽ ഗോത്രങ്ങളോടു കല്പിച്ചിരുന്നു (ആവ.29:18-21).

** യാക്കോബ് മക്കളെ അനുഗ്രഹിക്കുന്ന വേളയിൽ ദാനെ ഒരു പാമ്പായി ചിത്രീകരിച്ചിരിക്കുന്നതിനാൽ സാത്താനും അവന്റെ അഭിഷിക്തനുമായ എതിർക്രിസ്തുവും വരുന്നത് ദാൻ ഗോത്രത്തിലൂടെയായിരിക്കാം എന്നു പറയപ്പെടുന്നു (ഉല്പ.49:17/യിരെ.8:16).

എന്നാൽ സഹസ്രാബ്ദാനുഗ്രഹങ്ങൾ പങ്കിടുന്ന വേളയിൽ ദാനിനെയും കാണുന്നുണ്ട് (യെഹെ.48:1,2,32). ഇതിൽ നിന്നും മനസ്സിലാക്കാവുന്നത് പീഡനകാലത്ത് ജീവനുള്ള ദൈവത്തിന്റെ മുദ്രയേൽക്കാത്തതിനാൽ സംരക്ഷണം ലഭിക്കാതെ അവർ അന്തിക്രിസ്തുവനിനാൽ കൊല്ലപ്പെടും. അവരെ എന്നേക്കും ദൈവം തള്ളിക്കളയുകയില്ല. ആകയാൽ സഹസ്രാബ്ദവാഴ്ചയിൽ ദാനും അവകാശം പങ്കിടും എന്നതിനെ വെളിപ്പെടുത്തുന്നു.

(3) എഫ്രയീമിനെ മുദ്രയിടുന്നതിൽ നിന്നു വിട്ടു കളഞ്ഞിരിക്കുമ്പോൾ മനശ്ശെഗോത്രത്തെ ഉൾപ്പെടുത്തിയിരിക്കുന്നു. എഫ്രയീമും മനശ്ശെയും യോസേഫിന്റെ മക്കളാണ് (ഉല്പ.48:1). സമാഗനകൂടാരം പാളയം ഇറങ്ങുമ്പോഴും യാത്രാവേളയിലും ഗോത്രങ്ങളുടെ കൂട്ടത്തിൽ മനശ്ശെ, എഫ്രയിം ഗോത്രങ്ങളെ കാണുന്നു. യാക്കോബിന്റെ മറ്റു കൊച്ചുമക്കളുടെ പേരുകൾ എടുത്തു പറയാതിരിക്കുമ്പോൾ യോസേഫിന്റെ രണ്ടു മക്കളുടെ പേരുകൾ മാത്രം പറഞ്ഞിരിക്കുന്നത് യാക്കോബ് മനശ്ശെയും ഏഫ്രയീമിനെയും തന്റെ മക്കളായി അംഗീകരിച്ചതിനാലാവാം. **ഉല്പ.48:5,6—** "*മിസ്രയീമിൽ നിന്റെ അടുക്കൽ ഞാൻ വരും മുമ്പെ നിനക്കു മിസ്രയീം ദേശത്തുവെച്ചു ജനിച്ച രണ്ടു പുത്രന്മാരായ മനശ്ശെയും എഫ്രയീമും എനിക്കുള്ളവർ ആയിരിക്കട്ടെ; രൂബേനും ശിമെയോനും എന്നപോലെ അവർ എനിക്കുള്ളവരായിരിക്കട്ടെ. ഇവരുടെ ശേഷം നിനക്കു ജനിക്കുന്ന സന്തതിയോ നിനക്കുള്ളവരായിരിക്കട്ടെ; അവർ തങ്ങളുടെ അവകാശത്തിൽ തങ്ങളുടെ സഹോദരന്മാരുടെ പേരിൻപ്രകാരം വിളിക്കപ്പെടട്ടെ.*" യഥാർത്ഥത്തിൽ ഗോത്രങ്ങളുടെ കൂട്ടത്തിൽ യോസേഫിനെ ഉൾപ്പെടുത്തുമ്പോൾ തന്നെ രണ്ടു മക്കളായ മനശ്ശെയും എഫ്രയീമും സ്വാഭാവികമായി ഉൾപ്പെടും. എന്നാൽ യോസേഫിന്റെ പേരിനു പുറമേ രണ്ടു മക്കളിൽ ഒരാളുടെ പേരു മാത്രം മുദ്രയേറ്റവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു പക്ഷേ മനശ്ശെയുടെ വിശ്വസ്തതയും എഫ്രയീമിന്റെ അവിശ്വസ്തയും കൊണ്ടായിരിക്കാം. അതിനുപരി ദൈവം വെറുത്തിരുന്ന വിഗ്രഹാരാധനയെ എഫ്രയീം പ്രോത്സാഹിപ്പിച്ചവനായിരുന്നു (ആവ.29:18-21/ഹോശേ.4:17). എന്നാൽ എഫ്രയീമിന്റെ തള്ളിക്കളയൽ സംരക്ഷണമുദ്രക്കുമാത്രമായിരുന്നുവെന്നു അവനു ലഭിക്കുന്ന സഹസ്റാബ്ദവാഴ്ചയിലെ അവകാശത്തിലൂടെ തെളിയുന്നു (യെഹെ.48:5,6).

(4) യെരിഹോ സമഭൂമിയിൽ വെച്ചു ജനസംഖ്യയെടുത്തപ്പോൾ ലേവിഗോത്രത്തെ എണ്ണത്തിൽ ഉൾപ്പെടുത്തിയില്ല. അവരെ പ്രത്യേകമായി എണ്ണിയതേയുള്ളു (സംഖ്യാ.26:62). യോശുവാ ദേശം വിഭാഗിച്ചപ്പോൾ ലേവിഗോത്രത്തിനു മാത്രം അവകാശം ഒന്നും നൽകിയില്ല (യോശു.14:4). എല്ലാ യിസ്രായേൽ ഗോത്രങ്ങളിൽ വെച്ചും സമാഗമനകൂടാരത്തിനു ചുറ്റും അടുത്തു വസിപ്പാൻ ഭാഗ്യം ലഭിച്ചവരായിരുന്നു ലേവിഗോത്രം. പൗരോഹിത്യശുശ്രൂഷ അവർക്കായിരുന്നു ദൈവം നൽകിയിരുന്നത്. ജനസംഖ്യയെടുത്തപ്പോൾ അവർ മറ്റുള്ളവരോടൊപ്പം എണ്ണപ്പെടാഞ്ഞതും അതുകൊണ്ടു തന്നേ. യോശുവാ അവകാശം കൊടുത്തപ്പോൾ അവരെ ഒഴിവാക്കിയ കാരണം ലേവ്യർ ദൈവാലയം കൊണ്ടു ഉപജീവനം കഴിക്കേണ്ടതിനാലാണ്. ദൈവം ആയിരുന്നു അവരുടെ സമ്പത്തും അവകാശവും. എന്നാൽ ദൈവത്തിന്റെ മുദ്ര ലഭിച്ച ഗോത്രങ്ങളിൽ ലേവിയെ ഉൾപ്പെടുത്തി സുവിശേഷം അറിയിക്കുവാനുള്ള ചുമതല അവർക്കും നൽകി. ദൈവത്തിന്റെ ദാസന്മാർ അഥവാ സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവനം കഴിക്കണം എന്ന തത്വം കർത്താവു തന്റെ ശിഷ്യന്മാർക്കു നൽകുന്ന നിർദ്ദേശത്തിൽ കാണുന്നു. അപ്പൊസ്തലനായ പൗലൊസും ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട് (മത്താ.10:10/ ലൂക്കൊ.10:7,8/1.കൊരി.9:4/ 1.തിമൊ.5:18).

യിസ്രായേൽ ഗോത്രങ്ങൾ 12 എണ്ണത്തിൽ നിന്നും 12000 വീതം തിരഞ്ഞെടുക്കപ്പെട്ടവർക്കാണ് ജീവനുള്ള ദൈവത്തിന്റെ മുദ്ര അവരുടെ നെറ്റിയിൽ ചാർത്തപ്പെടുന്നത്. അവരെ എങ്ങനെ തിരഞ്ഞെടുക്കും, ആരൊക്കെയാണവർ, കൃത്യമായി 1,44,000 പേരെ മാത്രമോ, എന്തുകൊണ്ടു ചില ഗോത്രങ്ങളെ വിട്ടുകളഞ്ഞു, ചിലരെ ഉൾപ്പെടുത്തി എന്നീവക കാര്യങ്ങളിലേക്കു ഗഹനമായി ചിന്തിച്ചു വ്യാഖ്യാനിക്കാതെ പരിശുദ്ധാത്മാവു തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരം അതുപോലെ വിശ്വസിക്കുക എന്നതാണ് നമ്മുടെ കർത്തവ്യം. ദൈവത്തിന്റെ വിചാരങ്ങളും, തിരഞ്ഞെടുപ്പുകളും, തീരുമാനങ്ങളും മനുഷ്യരുടെ പോലെയല്ല. സകലവും അതതിന്റെ സമയത്തു ഭംഗിയായും കൃത്യമായും ചെയ്യുന്ന

ജീവനുള്ള ദൈവമാണ് നമ്മുടേത്. അവർ യഹൂദന്മാരാണ്. ലോകമെങ്ങും ചിതറിപ്പാർക്കുന്ന യിസ്രായേലിന്റെ 12 ഗോത്രങ്ങളിലുള്ളവരാണ്. ഇവർ പീഡനകാലത്തിലുടനീളം സംരക്ഷിതരായി കർത്താവിനോടൊപ്പം സീയോൻ മലയിൽ കാണപ്പെടുന്നു(വെളി.14:1). യിസ്രായേലിന്റെ ചിതറിപ്പോയവരുടെ കൂട്ടിച്ചേർക്കലും സുവിശേഷത്തിന്റെ ആദ്യകൊയ്തു എന്ന നിലയിലും 1,44,000 പേർ ആയിരിക്കുന്നു (റോമ.11:1,26/ മത്താ.23:37-39/മത്താ.24:31).

**ദൈവരാജ്യത്തിന്റെ സുവിശേഷവും 1,44,000 വിശുദ്ധന്മാരും —**

ദൈവം സംരക്ഷണമുദ്ര ചാർത്തുന്ന 1,44,000 പേർ പീഡനകാലത്തു "ദൈവരാജ്യത്തിന്റെ സുവിശേഷം" അറിയിക്കുവാൻ വേണ്ടി തിരഞ്ഞെടുക്കപ്പെട്ട വിശ്വസ്തരാണ്. സഭ ഭൂമിയിൽ നിന്നു ഉത്പ്രാപണം വഴിയായി സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ട ശേഷമുള്ള മുദ്രയിടീലീണിത്. "ദൈവരാജ്യത്തിന്റെ സുവിശേഷം" എന്നത് സ്നാപകയോഹന്നാന്റെ ദൂതിലേക്കു മടങ്ങിപ്പോകയാണെന്നും അതു തെറ്റാണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. കർത്താവിന്റെ മഹത്വപ്രത്യക്ഷതയെ വിവരിക്കുന്ന ഒലിവുമല പ്രഭാഷണത്തിൽ കർത്താവു പറഞ്ഞിരിക്കുന്നത് നോക്കുക. **മത്താ.24:14 —** "*രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.*" ഇവിടെ പറഞ്ഞിരിക്കുന്ന സുവിശേഷം ഇക്കാലത്തെ സഭായുഗത്തിൽ നടക്കുന്ന സുവിശേഷപ്രസംഗങ്ങളല്ല. സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം പീഡനകാലത്ത് പ്രസംഗിക്കപ്പെടുന്ന രക്ഷാദൂതിനെയാണ് ഇതു കുറിക്കുന്നത്. കർത്താവു അതിനെ "രാജ്യത്തിന്റെ സുവിശേഷം" എന്നു പറയുന്നത് യഹൂദന്മാർ തള്ളിക്കളഞ്ഞ മശിഹാ അഥവാ അഭിഷിക്തനായ രാജാവ് ഒരിക്കൽ രാജ്യം സ്ഥാപിച്ചു രാജാവായി വാഴും എന്ന അർത്ഥത്തിലാണ്. രാജ്യത്തിന്റെ സുവിശേഷം എന്നു പേരുണ്ടെങ്കിലും യേശുക്രിസ്തുവിലൂടെയുള്ള രക്ഷയുടെ ദൂതാണ് അവിടെയും പ്രസംഗവിഷയം.

**പരിശുദ്ധാത്മാവും 1,44,000 വിശുദ്ധന്മാരും —**

മുദ്രയേറ്റ 1,44,000 പേർക്കും, അവർ രാജ്യത്തിന്റെ സുവിശേഷം അറിയിക്കുവാനും, അവരുടെ പ്രസംഗം കേട്ടു രക്ഷിക്കപ്പെടുവാനുമായി പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എപ്രകാരമായിരിക്കുമെന്നതിനു വിവിധ അഭിപ്രായങ്ങളുണ്ട്.

> സഭ മഹോപദ്രവത്തിലൂടെ കടന്നു പോകുമെന്നും ആകയാൽ പീഡനകാലത്തും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും ഭൂമിയിലുണ്ടായിരിക്കുമെന്നു ചിലർ അഭിപ്രായപ്പെടുന്നു.

> പീഡനകാലത്തിനു മുമ്പുതന്നെ സഭയുടെ ഉത്പ്രാപണത്തോടൊപ്പം പരിശുദ്ധാത്മാവും പോകുമെന്നതിനാൽ പീഡനകാലത്തെ പ്രവർത്തനത്തിനായി സ്വർഗ്ഗത്തിൽ നിന്നും വീണ്ടും പരിശുദ്ധാത്മാവ് ഭൂമിയിലേക്കു വരും എന്നാണ്. പെന്തെക്കൊസ്തു നാളിൽ അപ്പൊ.2 -ൽ പരിശുദ്ധാത്മാവു ആദ്യമായി ഭൂമിയിലേക്കു വന്നതുപോലെ 1,44,000 പേരുടെ ശുശ്രൂഷകളോടു ബന്ധത്തിലും, രക്ഷണ്യപ്രവർത്തനങ്ങൾക്കായും വീണ്ടും വരുമെന്നും, ഈ അനുഭവത്തെയാണ് യോവേൽ. 2:28,29-ൽ "*അതിന്റെ ശേഷമോ, ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും.......*" എന്നു പറയുന്നതെന്നും അഭിപ്രായപ്പെടുന്നു.

എന്നാൽ ഈ രണ്ടഭിപ്രായങ്ങളും തെറ്റാണ്. വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ ഏഴു സഭകളോടുള്ള ദൂതു സഭാകാലഘട്ടത്തെക്കുറിക്കുന്നു. സഭാകാലഘട്ടത്തിന്റെ അന്ത്യത്തിൽ യോഹന്നാനോടു "ഇവിടെ കയറി വരിക"എന്നുള്ള വിളി സഭയുടെ ഉത്പ്രാപണത്തോടു ചേരുന്നു. ഉത്പ്രാപണത്തിൽ സഭ ഭൂമിയിൽ നിന്നു എടുക്കപ്പെടുന്നതോടു കൂടി പരിശുദ്ധാത്മാവും സ്വർഗ്ഗത്തിലേക്കു പോകുന്നു. പരിശുദ്ധാത്മാവിന്റെ സ്വർഗ്ഗത്തിലെ സമ്പൂർണ്ണസാന്നിദ്ധ്യത്തെയാണ് വെളി.4:5 -ൽ "*ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു*" എന്നുള്ള പ്രസ്താവന വ്യക്തമാക്കുന്നത്. അതായത് ഭൂമിയിൽ പീഡനകാലം നടക്കുമ്പോൾ സഭയും പരിശുദ്ധാത്മാവും സ്വർഗ്ഗത്തിലായിരിക്കും. എന്നാൽ മഹോപദ്രവനാളുകളിലെ രക്ഷണ്യപ്രവർത്തനങ്ങൾക്കായും വിശേഷാൽ 1,44,000 പേരുടെ ശുശ്രൂഷകൾക്കും പരിശുദ്ധാത്മാവിന്റെ സഹായം ഉണ്ടായിരിക്കും. അതു പഴയനിയമകാലത്ത് ദൈവീകശുശ്രൂഷകൾക്കായി പ്രവാചകന്മാർക്കും, ദൈവദാസന്മാർക്കും, ദൈവം തിരഞ്ഞെടുത്തു ശുശ്രൂഷ ഏൽപ്പിച്ചവർക്കും ആത്മാവു നൽകിയതുപോലെയും, കർത്താവിന്റെ ഭൗമീകകാലത്തെ ശുശ്രൂഷകളെ സഹായിച്ചതുപോലെയും പരിശുദ്ധാത്മാവു അന്നു പ്രവർത്തനനിരതമായിരിക്കും. അല്ലാതെ പീഡനകാലത്ത് പെന്തെക്കൊസ്തുനാളിലെന്നപോലെ പരിശുദ്ധാത്മാവിന്റെ വരവു ഉണ്ടായിരിക്കയില്ല. ഒന്നാം നൂറ്റാണ്ടിൽ യെരൂശലേമിൽ കാത്തിരിക്കുവാൻ പറഞ്ഞതുപോലെ വീണ്ടും പരിശുദ്ധാത്മാവിന്റെ വരവു പ്രതീക്ഷിച്ചു കാത്തിരിക്കുവാനായി 1,44,000 പേരോടോ മറ്റാരോടെങ്കിലുമോ പറയുന്നതായി വചനത്തിലില്ല.

**വെളി.7:9 — "ഇതിന്റെ ശേഷം സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നിൽക്കുന്നതു ഞാൻ കണ്ടു."**

ഏഴാം മുദ്ര പൊട്ടിക്കുന്നതിനു മുമ്പായി യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു 1,44,000 പേരെ ദൂതന്മാർ മുഖാന്തരം മുദ്രയിട്ടു സംരക്ഷിക്കുന്നു. പീഡനകാലത്ത് സുവിശേഷം അറിയിക്കുവാനുള്ള ദൗത്യം അവരിലൂടെയാണ് ദൈവം പ്രാവർത്തികമാക്കുന്നത്. തുടർന്നു ഈ അദ്ധ്യായത്തിലെ 9 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ രണ്ടാമതൊരു കൂട്ടരെ ദൈവം രക്ഷിക്കുന്നു. ആർക്കും എണ്ണിക്കൂടാതവണ്ണം അഥവാ എണ്ണമറ്റ ഒരു മഹാപുരുഷാരം ജാതികളിൽ നിന്നും രാജ്യത്തിന്റെ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടവരാണവർ. കുഞ്ഞാടിനാൽ നടത്തപ്പെടുകയും ആശ്വസിപ്പിക്കപ്പെടുകയും ചെയ്യപ്പെട്ട ഇവർ സന്തോഷവും വിജയവും പങ്കിട്ടുകൊണ്ടു സ്വർഗ്ഗസിംഹാസനത്തിനടുത്തു നിൽക്കുന്നതു യോഹന്നാൻ കണ്ടു. കുഞ്ഞാടിന്റെ രക്തത്താൽ മഹാപീഡനകാലത്തിൽ ദൈവത്താൽ വീണ്ടെടുക്കപ്പെട്ടവരായ ഇവർ സ്വർഗ്ഗീയസംഘത്തോടൊപ്പം സ്വർഗ്ഗത്തിലെ ആരാധനയിൽ പങ്കു ചേരുന്നു. ജീവനുള്ളദൈവത്തിന്റെ മുദ്ര ലഭിച്ച യിസ്രായേൽ ഗോത്രങ്ങളുൾപ്പെട്ട ഒന്നാമത്തെ കൂട്ടരും, സകലജാതികളിൽ നിന്നും വീണ്ടെടുക്കപ്പെട്ട രണ്ടാമത്തെ കൂട്ടരും തമ്മിലുള്ള വ്യത്യാസം —

| **ഒന്നാമത്തെ കൂട്ടർ — വെളി.7:1-8** | | **രണ്ടാമത്തെ കൂട്ടർ — വെളി.7:9-17** |
|---|---|---|
| (1) യഹൂദന്മാർ(യിസ്രായേൽ12 ഗോത്രങ്ങൾ) | —> | സകലജാതികളും |
| (2) മുദ്രയിട്ടു സംരക്ഷിക്കുന്നു (Sealed) | —> | രക്ഷിച്ചു വീണ്ടെടുക്കുന്നു (Saved) |
| (3) സുവിശേഷം അറിയിക്കുന്നു | —> | സുവിശേഷം കേട്ടു രക്ഷിക്കപ്പെടുന്നു |
| (4) എണ്ണത്തിൽ 144000 മാത്രം | —> | എണ്ണത്തിനു അതിരില്ല |
| (5) ഭൂമിയിൽ വെച്ചു മുദ്രയിടുന്നു | —> | സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ നിൽക്കുന്നു |
| (6) മഹാപീഡനത്തിനു മുമ്പു മുദ്ര | —> | മഹാപീഡനത്തിലൂടെ രക്ഷിക്കപ്പെടുന്നു |
| (7) പീഡനകാലത്തുടനീളം സംരക്ഷണം | —> | രക്തസാക്ഷികളായി കൊല്ലപ്പെടുന്നു |
| (8) സീയോൻ മലയിൽ (വെളി.14:1) | —> | രക്തസാക്ഷികളായി സ്വർഗ്ഗത്തിൽ (വെളി.7:9/6:9) |

ഒന്നാമത്തെ കൂട്ടരുടെ മുദ്രയിടിലിനോടുള്ള ബന്ധത്തിൽ ന്യായവിധി അല്പസമയത്തേക്കു തടഞ്ഞുകൊണ്ടുള്ള അറിയിപ്പും, മുദ്രയിടുന്നത് ആരാണെന്നും, മുദ്രയേറ്റവർ ആരാണ്, മുദ്രയേറ്റവരെത്രപേരായിരുന്നു എന്നിങ്ങനെയുള്ള വിവരങ്ങൾ ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു യോഹന്നാൻ വിവരിച്ചു. **"ഇതിന്റെ ശേഷം"** എന്ന പ്രസ്താവനയോടെ മറ്റൊരു കൂട്ടരുടെ വീണ്ടെടുപ്പിനോടുള്ള കാര്യങ്ങൾക്കു യോഹന്നാൻ ആരംഭം കുറിക്കുന്നു. "അതിന്റെ ശേഷം" (വെളി.7:1), "ഇതിന്റെ ശേഷം" (വെളി.7:9/15:5), "അനന്തരം" (വെളി.4:1/18:1/19:1) എന്നീ യോഹന്നാന്റെ പ്രസ്താവനകൾ മറ്റൊരു പുതിയ സംഭവത്തെയോ ദർശനത്തെയോ വിശദീകരിക്കുവാൻ പോകുന്നുവെന്നതിന്റെ വെളിപ്പെടുത്തലാണ്. യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു 144000 പേരെ മുദ്രയിട്ടു ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുവാൻ വേർതിരിച്ചു കഴിഞ്ഞശേഷം രണ്ടാമത്തെ കൂട്ടരെക്കുറിച്ചു ഇപ്രകാരം വിവരിക്കുന്നു : **സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നിൽക്കുന്നതു ഞാൻ കണ്ടു.**

ഭൂമിയിലെ സകലജാതികളിലും ഉൾപ്പെട്ട രണ്ടാമത്തെ കൂട്ടർ സഭയാണെന്നു ചിലർ അഭിപ്രായപ്പെടുന്നെങ്കിലും അതു ശരിയല്ല. കാരണം —

> (1) ഇവർ ആർ? എവിടെ നിന്നു വന്നു എന്നു മൂപ്പന്മാരിൽ ഒരുവൻ യോഹന്നാനോടു ഇവരെക്കുറിച്ചു ചോദിക്കുന്നു (7:13). നാലാം അദ്ധ്യായത്തിൽ കണ്ട സഭയെ പ്രതിനിതീകരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാരിൽ ഒരുവനായിരിക്കാം ചോദിച്ചത്. അതിൽ നിന്നും മണവാട്ടിസഭയുടെ കൂട്ടത്തിലുള്ളവരല്ലെന്നു വ്യക്തമാകുന്നു.

> (2) സഭയുടെ ഉത്പ്രാണത്തിനു ശേഷമാണ് അവർക്കു വീണ്ടെടുപ്പു ലഭിക്കുന്നത് — 7:14 — ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ എന്നു മൂപ്പന്മാരിൽ ഒരുവൻ പറയുന്നു — അതായത് മഹാപീഡനകാലത്ത് രക്ഷിക്കപ്പെട്ടു രക്തസാക്ഷികളായവർ.

> (3) ഒരു പ്രത്യേക കൂട്ടമെന്ന നിലയിൽ ഇവരെ രക്ഷയിലേക്കു നയിച്ചതും വീണ്ടെടുപ്പു ലഭിച്ചതും മുദ്രയേറ്റ 144000 പേരുടെ സുവിശേഷപ്രവർത്തനത്താലായിരിക്കാം. സഭ എടുക്കപ്പെട്ട ശേഷമുള്ള കാര്യങ്ങളാണ് ഇരു കൂട്ടരോടുമുള്ള ബന്ധത്തിൽ യോഹന്നാൻ വിവരിക്കുന്നത്.

ഏഴാം മുദ്ര പൊട്ടിക്കുന്നതിനു മുമ്പും, തുടർന്നുള്ള ന്യായവിധികൾ ആരംഭിക്കുന്നതിനു മുമ്പും സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്കു പ്രവഹിക്കുന്ന ദൈവത്തിന്റെ കരുണ പ്രാപിക്കുന്ന രണ്ടാമത്തെ കൂട്ടരെക്കുറിച്ചാണിവിടെ (വെളി.7:9) യോഹന്നാൻ വിവരിക്കുന്നത്.

(1) ദൈവക്രോധത്തിനിടയിലും കരുണ ലഭിച്ച അവർ ആരാണ് ?
(2) ദൈവകരുണയാൽ വീണ്ടെടുക്കപ്പെട്ടവരുടെ സംഖ്യ എത്ര?
(3) ദൈവകരുണ ലഭിച്ച അവരുടെ ഇപ്പോഴത്തെ അവസ്ഥയെന്ത്?
(4) അവർ ഇപ്പോൾ എവിടെ നിൽക്കുന്നു?

എന്നീ ചോദ്യങ്ങൾക്കുത്തരം ഈ വാക്യത്തിലൂടെ ലഭിക്കുന്നു.

## (1) ദൈവക്രോധത്തിനിടയിലും കരുണ ലഭിച്ച അവർ ആരാണ്?

**സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു ഉള്ളതായി —** മഹാ പീഡനകാലത്ത് ആത്മാക്കളുടെ ഏറ്റവും വലിയൊരു കൊയ്ത്താണിവിടെ കാണുന്നത്. കുഞ്ഞാടിന്റെ രക്ഷണ്യസുവിശേഷം കേട്ടതിനാൽ അന്തിക്രിസ്തുവിന്റെയും മൃഗത്തിന്റെയും മുമ്പിൽ മുട്ടുമടക്കാതെ ധീരതയോടെ ദൈവത്തിൽ ആശ്രയം വെച്ച കൂട്ടരാണിവർ. സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും ഉൾപ്പെട്ടവരാണിവർ. ഈ നാലു കൂട്ടങ്ങളെയും ഉൾപ്പെടുത്തി വെളിപ്പാടു പുസ്തകത്തിൽ വിവിധ സന്ദർഭങ്ങളിൽ (വെളി.5:9/11:9/13:7/14:6/17:15) യോഹന്നാൻ ഉപയോഗിച്ചിട്ടുണ്ട്. "*നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ* " (മർക്കൊ.16:15); " *ആകയാൽ നിങ്ങൾ പിതാവിന്റെയും പുത്രന്റെയും പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചു ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു*" (മത്താ.28:19,20) എന്നീ കർത്താവിന്റെ അന്ത്യകല്പന കൃപാകാലത്തേക്കു മാത്രമുള്ളതല്ല പ്രത്യുത സഭ എടുക്കപ്പെട്ടശേഷം ഭൂമിയിലെ പീഡനകാലത്തെ സുവിശേഷീകരണത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഇക്കാലത്തും കൃപയുടെ സുവിശേഷം കേട്ടു അനേകർ രക്ഷിക്കപ്പെടുകയും മണവാട്ടി സഭയുടെ അംഗങ്ങളായിത്തീരുകയും ചെയ്യുന്നു. എന്നാൽ മണവാട്ടിസഭ എടുക്കപ്പെട്ടശേഷം പീഡനകാലത്തും ദൈവകരുണയുടെ പ്രവർത്തനത്താൽ ഒരു കൂട്ടരെ സുവിശേഷം അറിയിക്കുവാൻ മുദ്രയിട്ടു വേർതിരിക്കുകയും, മറ്റൊരു കൂട്ടരെ സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷയിലും നിന്നു വീണ്ടെടുക്കുകയും ചെയ്യുന്നു. രണ്ടാമത്തെ കൂട്ടർ ദൈവവചനം നിമിത്തവും തങ്ങളുടെ ജീവിതസാക്ഷ്യം ഹേതുവായും അന്തിക്രിസ്തുവിന്റെ പീഡനം ഏറ്റു വാങ്ങി രക്തസാക്ഷി മരണം കൈവരിച്ചവരാണ് (വെളി.7:14). കുഞ്ഞാടായ ക്രിസ്തു അറുക്കപ്പെട്ടത് അഥവാ യാഗമരണം കൈവരിച്ചത് കൃപാകാലത്തെന്നപോലെ പീഡനകാലത്തും "*സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെക്കു വാങ്ങി* " (വെളി.5:9) അഥവാ വീണ്ടെടുത്തു ദൈവത്തോടു നിരപ്പിക്കുവാനാണ്.

## (2) ദൈവകരുണയാൽ വീണ്ടെടുക്കപ്പെട്ടവരുടെ സംഖ്യ എത്ര?

**ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം —** മുദ്രയേറ്റ ആദ്യത്തെ കൂട്ടരുടെ സംഖ്യ 144000 ആയിരിക്കുമ്പോൾ രണ്ടാമത്തെ കൂട്ടരുടെ സംഖ്യയെപ്പറ്റി യോഹന്നാൻ പറയുന്നത് ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം എന്നാണ്. അതായത് മനുഷ്യനാൽ എണ്ണപ്പെടുവാൻ സാദ്ധ്യമല്ലാത്തവിധം ഒരു വലിയകൂട്ടത്തെയാണ് യോഹന്നാൻ കാണുന്നത്. ആകാശത്തിലെ നക്ഷത്രത്തെപ്പോലെയും (ഉല്പ.15:5) കടൽക്കരയിലെ മണൽ പോലെയും (ഉല്പ.32:12) എണ്ണപ്പെടുവാനാകാത്തവിധം അബ്രഹാമിന്റെ സന്തതിയെ വർദ്ധിപ്പിക്കും എന്ന ദൈവ വാഗ്ദത്തത്തോടു ആർക്കും എണ്ണിക്കൂടാത്ത മഹാപുരുഷാരം എന്ന വർണ്ണന ചേരുന്നു. കർത്താവിന്റെ യെരൂശലേമിലേക്കുള്ള യാത്രയിൽ ഒരുവൻ വന്നു, "*കർത്താവേ, രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ എന്നു ചോദിച്ചു.*" " *ഇടുക്കുവാതിലിലൂടെ കടപ്പാൻ പോരാടുവിൻ* " (ലൂക്കൊ.13:23,24) എന്നു അവനോടു പറഞ്ഞശേഷം വരുവാൻ പോകുന്ന വലിയോരു ഉണർവ്വിന്റെയും കൊയ്തിന്റെയും അനുഭവം ഇപ്രകാരം വിവരിച്ചു — "*കിഴക്കുനിന്നും പടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനിന്നും അനേകർ വന്നു ദൈവരാജ്യത്തിൽ പന്തിയിലിരിക്കും. മുമ്പന്മാരായ്തീരുന്ന പിമ്പന്മാരുണ്ടു, പിമ്പന്മാരായ്തീരുന്നു മുമ്പന്മാരും ഉണ്ടു*" (ലൂക്കൊ.13:29,30). ആദ്യമായി സുവിശേഷം കേട്ട യെഹൂദന്മാർ അനേകരും അതു തള്ളിക്കളകയാൽ പിമ്പന്മാരാകുകയും ഒടുവിൽ കേട്ട പുറജാതികൾ സുവിശേഷം സ്വീകരിച്ചു മുമ്പന്മാരുമായിത്തീരുമെന്നും ഇതിലൂടെ വെളിപ്പെടുന്നു. ആയതുപോലെ സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും ഉൾപ്പെട്ട വലിയോരു കൂട്ടം ദൈവരാജ്യത്തിന്റെ സുവിശേഷം സ്വീകരിച്ചു വീണ്ടെടുക്കപ്പെട്ടവരായി നിൽക്കുന്നു. ദൈവത്തിൽ ആശ്രയിച്ച വിശ്വസ്തരായ ഇവർ ഭൂലോകത്തിന്റെ നാലു കോണുകളിൽ നിന്നു മഹോപദ്രവകാലത്ത് വീണ്ടെടുക്കപ്പെട്ട രക്ഷിതഗണവും രക്തസാക്ഷികളുമാണ്.

## (3) ദൈവകരുണ ലഭിച്ച അവരുടെ ഇപ്പോഴത്തെ അവസ്ഥയെന്ത്?

**വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി** (clothed with white robes, with palm branches in their hands)— ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി നിൽക്കുന്നതു യോഹന്നാൻ കണ്ടു. വെള്ളനിലയങ്കിയും (white robes)

കുരുത്തോലയും (palm branches) അവർക്കു ലഭ്യമായ ഉന്നതിയെയും, വിജയത്തെയും, സന്തോഷ ത്തെയും വെളിപ്പെടുത്തുന്നു. അവർ കൈക്കൊണ്ട ദൈവവചനം നിമിത്തവും അവരുടെ ജീവിതസാ ക്ഷ്യം മൂലവും ഭൂമിയിൽ വെച്ച് അന്തിക്രിസ്തുവിന്റെ അതിഭയങ്കരമായ പീഡനത്തിനിരയായി രക്ത സാക്ഷി മരണത്തിലൂടെ കടന്നുപോയെങ്കിലും അവർ ഇപ്പോൾ സ്വർഗ്ഗസിംഹാസനത്തിന്റെ മുമ്പിൽ വിശുദ്ധന്മാരെന്ന പേരു ലഭിച്ച് ആഹ്ലാദത്തോടെ നിൽക്കുന്ന രംഗമാണ് യോഹന്നാന്റെ വിവരണത്തി ലൂടെ നാം കാണുന്നത്.

നിലയങ്കി എന്നാൽ പാദങ്ങളോളം എത്തുന്ന അങ്കി എന്നർത്ഥം (a robe reaching to the feet). പഴയനിയമകാലങ്ങളിൽ നിലയങ്കി സാധാരണ രാജാക്കന്മാരും (1.ശമൂ.24:4) പുരോഹിതന്മാരുമാണ് (പുറ.28:4/ലേവ്യാ.16:4) ധരിച്ചിരുന്നത്. നിലയങ്കി ഇവർ രാജാക്കന്മാരും പുരോഹിതഗണത്തിലും ഉൾപ്പെ ടുന്നവരാണെന്ന് വെളിപ്പെടുന്നു. വെള്ള വിശുദ്ധിയെയും വെള്ളവസ്ത്രം പൊതുവേ രക്ഷയിൻ നീതിവ സ്ത്രത്തെയും കുറിക്കുന്നു. അവരുടെ വിശുദ്ധി ദൈവം അംഗീകരിച്ചതിനാലാണ് വെള്ളനിലയങ്കി (വെളി.3:4) അവർക്കു ധരിക്കുവാൻ ലഭിച്ചിരിക്കുന്നത്. അതായത് ക്രിസ്തുവിന്റെ രക്തത്താൽ അവർക്കു ലഭിച്ച നീതീകരണത്തെയും വിശുദ്ധീകരണത്തെയും വെള്ളനിലയങ്കി വെളിപ്പെടുത്തുന്നു. വെളി.6:9-11 വരെയുള്ള ഭാഗത്തു യാഗപീഠത്തിങ്കീഴിൽ അറുക്കപ്പെട്ടവരുടെ ആത്മാക്കളെയും, അവർക്കു ഓരോരു ത്തർക്കും വെള്ളനിലയങ്കി ലഭിക്കുന്നതായും കാണുന്നു. ഇവർ പീഡനകാലത്തിന്റെ ആരംഭനാളുകളിൽ രക്തസാക്ഷികളായി എത്തിയവരാണെന്നും കണ്ടു. എന്നാൽ ഭൂമിയിൽ പീഡനകാലം മുന്നേറുന്ന അവ സരത്തിൽ അഥവാ മഹാപീഡനകാലത്തു വിശുദ്ധന്മാർ അനേകരും രക്തസാക്ഷികളായി സ്വർഗ്ഗസിംഹാ സനത്തിനടുത്തു എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരമായി വെള്ളനിലയങ്കി ധരിച്ചു നിൽക്കുന്നു.

രക്തസാക്ഷികളായ ഈ വിശുദ്ധന്മാരുടെ കയ്യിൽ കുരുത്തോലയും (palm branches) യോഹ ന്നാൻ കാണുന്നു. കുരുത്തോല തിരുവചനഭാഗങ്ങളിൽ ആഘോഷത്തെയും, ആഹ്ലാദത്തെയും, ജയ ത്തെയും വിശ്രമത്തെയും വെളിപ്പെടുത്തുന്നു. യഹൂദന്മാർക്കുള്ള ഏഴുത്സവങ്ങളിൽ ഒടുവിലത്തെ കൂടാ രപ്പെരുന്നാൾ വേളയിൽ ഭംഗിയുള്ള വൃക്ഷത്തിന്റെ ഫലവും ഈത്തപ്പനയുടെ കുരുത്തോലയും വൃക്ഷ ങ്ങളുടെ കൊമ്പും ആറ്റലരിയും എടുത്തു സന്തോഷം പങ്കിട്ടിരുന്നു (ലേവ്യ.23:40). കർത്താവിന്റെ യെരൂ ശലേമിലേക്കുള്ള പ്രവേശനവേളയിൽ ഈത്തപ്പനയുടെ കുരുത്തോല എടുത്തുംകൊണ്ടു ഹോശന്നാ, യിസ്രായേലിന്റെ രാജാവായി കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്നു ആർത്തു സന്തോഷിച്ചു (യോഹ.12:12,13). റോമാക്കാർ ആഹ്ലാദവേളകളിൽ കുരുത്തോലയും യഹൂദന്മാർ ഒലിവു ശാഖകളും കൈകളിലേന്തി ജയഘോഷം മുഴക്കിയിരുന്നു. കയ്യിൽ കുരുത്തോലയുമായി നിൽക്കുന്ന ഇവർ ജയാളികളാണെന്നു വെളിപ്പെടുന്നു. കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഈ വിശുദ്ധ ന്മാർ പാപത്തിന്മേലും, ലോകത്തിന്മേലും, അന്തിക്രിസ്തുവിന്മേലും ജയം പ്രാപിച്ചു സന്തോഷത്തോടെ നിൽക്കുന്നതിനെയാണ് അവരുടെ കരങ്ങളിലെ കുരുത്തോല വെളിപ്പെടുത്തുന്നത്.

### (4) അവർ ഇപ്പോൾ എവിടെ നിൽക്കുന്നു?

**സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നിൽക്കുന്നതു ഞാൻ കണ്ടു —** ജീവനുള്ള ദൈവത്തിന്റെ മുദ്രയേറ്റ 144000 പേർ ഭൂമിയിൽ ആയിരിക്കുമ്പോൾ സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു വീണ്ടെടുക്കപ്പെട്ട ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിൽക്കുന്നതായി യോഹ ന്നാൻ കണ്ടു. ദൈവവചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവും നിമിത്തം രക്തസാക്ഷികളായവരാണ വർ. വെള്ളനിലയങ്കി ധരിച്ചു സിംഹാസനത്തിനു മുമ്പാകെ നിൽക്കുന്നതിനാൽ ഇവർ ഭൂമിയിൽ നിന്നും വീണ്ടെടുക്കപ്പെട്ടു കർത്തൃസന്നിധിയിൽ ആയിരിക്കുന്നുവെന്നതിനെയും കയ്യിലെ കുരുത്തോല അവ രുടെ ജയത്തെയും ആഹ്ലാദത്തെയും കുറിക്കുന്നു. സിംഹാസനം എന്നത് യോഹന്നാൻ ആത്മവിവശ നായി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടപ്പോൾ കണ്ട ദൈവത്തിന്റെ സിംഹാസനം തന്നെ (വെളി.4:2). ദൈവ സിംഹാസനത്തിനടുത്തു അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ ക്രിസ്തുവിനെയും യോഹന്നാൻ കാണു കയുണ്ടായി(വെളി.5:6). സകലജാതികളിൽനിന്നും വീണ്ടെടുക്കപ്പെട്ട മഹാപുരുഷാരം സിംഹാസനത്തിന്നും കുഞ്ഞാടിനും മുമ്പാകെ നിൽക്കുന്നുവെന്നതു ദൈവത്തിന്റെയും കുഞ്ഞാടായ ക്രിസ്തുവിന്റെയും സാന്നി ദ്ധ്യത്തിൽ അവരായിരിക്കുന്നു എന്നതിനെ കുറിക്കുന്നു. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീ ഴിൽ ദൈവത്തോടു നിലവിളിച്ചു കഴിയുന്ന ഒരു കൂട്ടം വിശുദ്ധന്മാരുടെ ആത്മാക്കളെ യോഹന്നാൻ കണ്ടിരുന്നു. *"അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നുതി കയുവോളം അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം "*(വെളി.6:11) എന്നു പറഞ്ഞു ദൈവം അവരെ ആശ്വസിപ്പിച്ചു. അതിന്റെ നിവർത്തിയെന്നോണം സകലജാതികളിൽ നിന്നും അറുക്കപ്പെട്ടവരായി അഥവാ രക്തസാക്ഷികളായി സ്വർഗ്ഗസിംഹാസനത്തിനടുത്തു എത്തിയവരാണ് ഈ മഹാപുരുഷാരം.

**വെളി.7:10 — "രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നു അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു."**

അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിൽ അറുക്കപ്പെട്ട ആത്മാക്കളുടെ നിലവിളി ഉയർന്നു

കേട്ടെങ്കിൽ ഇവിടെ ഇതാ കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഒരു മഹാപുരുഷാരത്തിന്റെ സ്തോത്രസ്വരമാണ് യോഹന്നാൻ കേൾക്കുന്നത്. യാഗപീഠത്തിങ്കീഴിൽ നിന്നുയർന്ന നിലവിളി അവരുടെ രക്ഷാപൂർത്തീകരണത്തിനായിരുന്നുവെങ്കിൽ സിംഹാസനത്തിനു മുമ്പിൽ നിൽക്കുന്ന വിശുദ്ധന്മാരുടെ അത്യുച്ചത്തിലുള്ള ഘോഷം "രക്ഷ" എന്ന ദൈവത്തിന്റെ ദാനത്തെ ഓർത്തുള്ള സ്തോത്രഗീതമായിരുന്നു. ആറാം മുദ്ര പൊട്ടിച്ചപ്പോൾ പ്രകൃതിയിലെ ഏഴു വിധത്തിലുള്ള ന്യായവിധികളിലൂടെ ദൈവം ഭൂവാസികളുടെ മേൽ ഇടപെട്ടു. ഭൂകമ്പത്തിനു പുറമേ സൂര്യൻ, ചന്ദ്രൻ, നക്ഷത്രം, ആകാശം, മലകൾ, ദ്വീപുകൾ എന്നിവയിലുള്ള അത്ഭുതമാർന്ന വ്യതിയാനങ്ങൾ കണ്ടിട്ടു ഭൂവാസികളൊന്നടങ്കം നടുങ്ങുകയും ഇതൊക്കെ ദൈവത്തിന്റെ പ്രവർത്തനം തന്നെയെന്നു തിരിച്ചറിയുകയും ചെയ്തു. അനേകരും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും അവരുടെ മേൽ വീഴുവാൻ നിലവിളിച്ചു. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും കോപത്തിനു മുമ്പിൽ ഭൂവാസികൾ ഭയപരവശരായി. എന്നാൽ കരുണാസമ്പന്നനായ ദൈവം ക്രോധത്തിനിടയിലും ഭൂവാസികളോടു കരുണ കാണിച്ചു. യിസ്രായേൽ ഗോത്രങ്ങളിൽ നിന്നും 144000 പേരെ മുദ്രയിട്ടു ദൈവസ്നേഹത്തിന്റെ സുവിശേഷം പറയുവാനായി ചുമതലപ്പെടുത്തി. ലോകത്തിന്റെ പാപത്തെ ചുമന്ന ദൈവത്തിന്റെ കുഞ്ഞാടായ കർത്താവായ യേശുക്രിസ്തുവിനെയും, യേശുക്രിസ്തുവിലൂടെ ദൈവം ഒരുക്കിയ രക്ഷാദാനത്തെക്കുറിച്ചും അവർ പ്രസ്താവിച്ചു. അവർ പ്രസ്താവിച്ച സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടവർ അന്തിക്രിസ്തുവിന്റെ പീഡനത്തിനിരയായി. അവർ അന്തിക്രിസ്തുവിന്റെ നിയമങ്ങളെ അനുസരിക്കാതെയും ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സാക്ഷ്യം ധൈര്യത്തോടെ പ്രസ്താവിക്കയാലും രക്തസാക്ഷികളായിത്തീർന്നു. സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു വീണ്ടെടുക്കപ്പെട്ടവരായ അവരിപ്പോൾ വെള്ളനിലയങ്കി ധരിച്ചു (വിശുദ്ധന്മാരായി) കുരുത്തോലയുമായി (ജയാളികളായി) സിംഹാസനത്തന്റെയും കുഞ്ഞാടിന്റെയും മുമ്പാകെ നിൽക്കുന്നു. സിംഹാസനം എന്നത് വെളിപ്പാട് 4, 5 അദ്ധ്യായങ്ങളിൽ സ്വർഗ്ഗത്തിൽ കാണുന്ന ദൈവത്തിന്റെ സിംഹാസനം തന്നെ. ഭൂമിയിൽവെച്ചു അവർ മഹാകഷ്ടത്തിലൂടെ കടന്നു പോകേണ്ടി വന്നുവെങ്കിലും ദൈവകൃപയാൽ എന്നേക്കും നിത്യസുരക്ഷിതർ ആയിരിക്കുന്നു എന്നുള്ള സന്തോഷം അവരിൽ കാണുന്നു. "രക്ഷ" എന്നാൽ ശിക്ഷയിൽ നിന്നുള്ള വിടുതൽ. എന്നേക്കുമുള്ള നരകശിക്ഷയിൽ നിന്നു വിടുതൽ ലഭിച്ചുവെന്നു അവർ ഓർക്കുന്നു. പാപത്തിൽ നിന്നുള്ള വിടുതലും നിത്യരക്ഷയും ഭൂവാസികൾക്കോ, അന്തിക്രിസ്തുവിനോ, അധികാരികൾക്കോ നൽകുവാൻ കഴിയുകയില്ലെന്നു അവർ മനസ്സിലാക്കി. അതുകൊണ്ടാണ് അവർ ആർത്തു പാടുന്നത് : "*രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം.*" രക്ഷ വിലകൊടുത്തു വാങ്ങുവാനോ മനുഷ്യന്റെ ശ്രമത്താലോ നേടുവാൻ സാദ്ധ്യമല്ല എന്നുള്ളതുകൊണ്ടാണ് രക്ഷയെ ദാനം എന്നു പറഞ്ഞിരിക്കുന്നത്. ദാനമായി ലഭിച്ചിരിക്കുന്ന രക്ഷ അവകാശമാക്കി അനുഭവിച്ചവർക്കു ദാതാവിനെ എങ്ങനെ സ്തുതിക്കാതെ മൗനമായിരിക്കുവാൻ കഴിയും. മിസ്രയീമിലെ അടിമത്വത്തിൽ നിന്നും ഫറവോന്റെ ഉരുക്കു മുഷ്ടിയിൽ നിന്നും വിടുതൽ പ്രാപിച്ചു ചെങ്കടൽ കടന്നു മറുകരയെത്തിയ ഒരു മഹാപുരുഷാരം ചെങ്കടൽത്തീരത്തു ആർത്തു പാടി ദൈവത്തെ സ്തുതിച്ചു (പുറ.15). അതുപോലെ മൃഗത്തിന്റെയും അന്തിക്രിസ്തുവിന്റെയും അടിമത്വത്തിൽ നിന്നു കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഒരു മഹാപുരുഷാരം സ്വർഗ്ഗത്തിൽ ദൈവത്തെയും കുഞ്ഞാടിനെയും വാഴ്ത്തിസ്തുതിച്ചാരാധിക്കുന്നു.

"*രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം*" (Salvation belongs to our God who sits on the throne, and to the Lamb). രക്ഷ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നാൽ രക്ഷയുടെ ഉറവിടം ദൈവവും കുഞ്ഞാടുമാണെന്നർത്ഥം. രക്ഷ ഒരു മനുഷ്യരുടെയും പ്രവർത്തിയാലുമല്ല. അതു ദൈവത്തിന്റെ പ്രവർത്തനമാണ്. ആയതിനാൽ ദൈവത്തിന്റെ ദാനമായ രക്ഷയിൽ നമുക്കു സന്തോഷിക്കാമെങ്കിലും അതു നമ്മുടേതെന്നു അവകാശപ്പെടുവാനോ പുകഴുവാനോ കഴിയുകയില്ല. പാപിയായ ഒരുവനോടു സുവിശേഷം അറിയിച്ചു രക്ഷിക്കപ്പെടുമ്പോൾ നാം രക്ഷിക്കപ്പെടുത്തിയെന്നു പറയുവാൻ പാടില്ല. രക്ഷയും അതിനെതുടർന്നുള്ള സാക്ഷ്യജീവിതത്തിനും കാരണക്കാരൻ ദൈവം തന്നെ. ആയതിനാൽ സകല മഹത്വവും പുകഴ്ചയും രക്ഷാമാർഗ്ഗമൊരുക്കിയ ദൈവത്തിനും, കാൽവറിക്രൂശിൽ മരണത്തിലൂടെ രക്ഷ സാദ്ധ്യമാക്കിയ കുഞ്ഞാടായ കർത്താവിനും മാത്രമെന്നും നാം എപ്പോഴും ഓർത്തു സ്തുതിക്കണം. കൂടാതെ ലോകത്തിലനേകരും രക്ഷയെ മനസ്സിലാക്കാതെയും തെറ്റായി ചിന്തിക്കാറുമുണ്ട്. നല്ലജീവിതം, നല്ല പെരുമാറ്റം, സൽപ്രവൃത്തിയും നന്മയും ചെയ്യുക, മതങ്ങളിൽ ആശ്രയിക്കുക എന്നിവ രക്ഷയുടെ ചാലും ഉറവിടവുമായി കരുതാറുണ്ട്. എന്നാൽ ഭൂമിയിൽ വെച്ചു രക്ഷ അനുഭവമാക്കിയ മഹാപുരുഷാരം സ്വർഗ്ഗത്തിൽ ദൈവത്തെ ആർത്തു സ്തുതിക്കുന്ന ഗീതത്തിൽ രക്ഷയുടെ ഉറവിടത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു — "*രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം*"

**വെളി.7:11 — "സകലദൂതന്മാരും സിംഹാസനത്തിന്റെയും മൂപ്പന്മാരുടെയും നാലു ജീവികളുടെയും ചുറ്റുംനിന്നു സിംഹാസനത്തിന്റെ മുമ്പിൽ കവിണ്ണുവീണു; "** (All the angels stood around the throne and the elders and the four living creatures, and fell on their faces before the throne and worshipped God)

സകലജാതികളിൽ നിന്നും വീണ്ടെടുക്കപ്പെട്ട രക്ഷിതഗണം (മഹാപീഡനകാലത്തെ വിശ്വാസികൾ) ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനമായ അവർക്കു ലഭിച്ച രക്ഷയെ ഓർത്തു അത്യുച്ചത്തിൽ സിംഹാസനത്തിനു മുമ്പിൽ ദൈവത്തെയും കുഞ്ഞാടിനെയും ഘോഷിച്ചു സ്തുതിച്ചുകൊണ്ടിരിക്കുമ്പോൾ അവരോടൊപ്പം സ്വർഗ്ഗത്തിലെ മറ്റു മൂന്നു കൂട്ടരും അവരുടെ സന്തോഷത്തിലും വിജയാഹ്ലാദത്തിലും, ആരാധനയിലും പങ്കു ചേരുന്നു. മലയാളത്തിൽ ഈ വാക്യം വായിച്ചാൽ ദൂതന്മാർ മാത്രം സിംഹാസനത്തിന്റെ മുമ്പിൽ വീഴുന്നുള്ളു എന്നു തോന്നിപ്പോകാം. ഇംഗ്ലീഷിൽ ഓരോരുത്തരെയും വ്യക്തമായി പറഞ്ഞിട്ടുണ്ട്. സിംഹാസനത്തിനു ചുറ്റും നിന്ന ദൂതന്മാർ, മൂപ്പന്മാർ, നാലു ജീവികൾ സിംഹാസനത്തിന്റെ മുമ്പിൽ കവിണ്ണുവീണു ആരാധിക്കുന്നു എന്നാണ് കാണുന്നത്. അതായത് മഹാകഷ്ടത്തിലൂടെ കടന്നു വന്നവരായ വീണ്ടെടുക്കപ്പെട്ടവർ, ദൈവത്തെയും വിശ്വാസികളെയും സേവിക്കുന്ന ദൂതന്മാർ, മണവാട്ടിസഭയെ പ്രതിനിതീകരിക്കുന്ന മൂപ്പന്മാർ, ദൈവത്തെ സേവിച്ചാരാധിക്കുന്ന നാലു ജീവികൾ എന്നിങ്ങനെ നാലു കൂട്ടർ ദൈവത്തെയും കുഞ്ഞാടിനെയും ആരാധിക്കുന്നു. സിംഹാസനത്തിന്റെ മുമ്പിൽ കവിണ്ണുവീണു (fell on their faces before the throne) എന്നത് അവരുടെ വിനയത്തെയും ആരാധനയെയും വെളിപ്പെടുത്തുന്നു. സർവ്വശക്തനും, വിശുദ്ധനും, തേജോമയനുമായ ദൈവത്തിന്റെ സന്നിധിയിൽ മനുഷ്യൻ പ്രവേശിക്കുമ്പോൾ അവന്റെ ഒന്നുമില്ലായ്മയും പാപാവസ്ഥയും പ്രകടമാകും. കുഞ്ഞാടിന്റെ രക്തത്താൽ പാപക്കറകൾ കഴുകപ്പെട്ടതിനാലാണ് വിശുദ്ധി ലഭിച്ചിരിക്കുന്നതെന്ന ഓർമ്മ അപ്പോഴും ഉണ്ടായിരിക്കും. ആയതിനാൽ അവർ ദൈവസന്നിധിയിൽ കവിണ്ണുവീഴുന്നു. എന്നാൽ പാപം ചെയ്യാത്ത ദൂതന്മാർ കവിണ്ണുവീഴുന്നത് ദൈവത്തിന്റെ സർവ്വശക്തിയെയും ഉന്നതിയെയും ദർശിച്ചുകൊണ്ടാണെന്നതിൽ സംശയമില്ല. അതിനുപരിയായി സ്വർഗ്ഗത്തിൽ ജാതികളിൽ നിന്നു ഒരു മഹാപുരുഷാരത്തിനു കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുപ്പു ലഭിച്ചു രക്ഷിക്കപ്പെട്ടു എന്നതും അവരുടെ സന്തോഷത്തിനും ആരാധനക്കും കാരണമായത്തീർന്നിരിക്കാം. **ലൂക്കൊ.15:10—** *"അങ്ങനെ തന്നേ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും"* എന്നുള്ള കർത്താവിന്റെ പ്രസ്താവന ഇതിനോടു ചേരുന്നു.

പീഡനകാലത്തെ വിശ്വാസികളെയും വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവർ മണവാട്ടിസഭയുടെ അംഗങ്ങളല്ല. അവരെ സംബന്ധിച്ചു ദൈവത്തിന്റെ ദാനമായ രക്ഷയെക്കുറിച്ചു ഓർക്കുമ്പോൾ എത്ര പാടിയാലും, വർണ്ണിച്ചാലും, സ്തുതിച്ചാലും മതിയാകുകയില്ല. അവർ കൃപാകാലത്തിൽ കർത്താവിനെ തള്ളിക്കളഞ്ഞു പുറം തിരിഞ്ഞവരായിരുന്നു. ആയതിനാൽ സഭയുടെ ഉത്പ്രാപണത്തിൽ അവർ തള്ളപ്പെട്ടു. തുടർന്നു പീഡനകാലത്തു ദൈവീകന്യായവിധി ഭൂമിയിൽ അരങ്ങേറിയപ്പോൾ അതിനിടയിലും ദൈവകരുണ ലോകത്തിലേക്കു ഒഴുകിയതു മനസ്സിലാക്കി രക്ഷ പ്രാപിപ്പാൻ അവർക്കു ഭാഗ്യം ഉണ്ടായി. അവരുടെ ശരീരം ക്രൂരമായി പീഡിപ്പിക്കപ്പെട്ടു. അനേകർ രക്തസാക്ഷികളായി. എങ്കിലും അവരിപ്പോൾ ദൈവസന്നിധിയിലാണ്. ഒരിക്കൽ ദൈവശബ്ദത്തെ നിരാകരിച്ചു പുറംതിരിഞ്ഞവരായ അവർ സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ ദൈവത്തിനഭിമുഖമായി കവിണ്ണുവീണു ആരാധിക്കുന്നു.

**വെളി.7:12 — "ആമേൻ; നമ്മുടെ ദൈവത്തിന്നു എന്നെന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും; ആമേൻ എന്നു പറഞ്ഞു ദൈവത്തെ നമസ്കരിച്ചു."**(saying : Amen! Blessing and glory and wisdom, Thanksgiving and honor and power and might, Be to our God forever and ever. Amen)

മഹോപദ്രവകാലത്ത് വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരൊന്നടങ്കം ദൈവസിംഹാസനത്തിനും കുഞ്ഞാടിന്റെയും മുമ്പാകെ നിന്നുകൊണ്ടു അവർക്കു ലഭിച്ച രക്ഷ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നു ഏറ്റുപറഞ്ഞുകൊണ്ട് അത്യുച്ചത്തിൽ ആർത്തു സ്തുതിക്കുന്നതു യോഹന്നാൻ കണ്ടു. അവരോടൊപ്പം സകലദൂതന്മാരും മൂപ്പന്മാരും ജീവികളും സിംഹാസനത്തിന്റെ മുമ്പാകെ കവിണ്ണുവീണു ആരാധനയിൽ പങ്കുചേർന്നു. രക്ഷ എന്നുള്ളതു ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നത് സകലരും അംഗീകരിച്ചുകൊണ്ടു ആമേൻ പറയുന്നതും യോഹന്നാൻ കേട്ടു. ആമേൻ എന്ന എബ്രായപദത്തിനർത്ഥം അതേ (Yes), അങ്ങനെയാകട്ടെ (may it be), തീർച്ചയായും (surely), നിശ്ചയമായും (certainly) എന്നൊക്കെയാണ്. ആമേൻ എന്ന വാക്ക് തിരുവചനത്തിൽ വിവിധ സന്ദർഭങ്ങളിലുംവിവിധ അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. (1) ഉറപ്പായി പറയുന്ന വാക്ക് —യോഹ.3:3 (2) പ്രത്യാശയുടെ വാക്ക് — യിരെ.28:6 (3) ആശീർവാദത്തിന്റെ വാക്ക് —എബ്രാ.13:25 (4) സ്തോത്രത്തിന്റെ വാക്ക് —വെളി.19:4 (5) കർത്താവിനെക്കുറിച്ചു പറയുന്ന വാക്ക് — വെളി.3:14 (6) പ്രാർത്ഥനയുടെ അവസാനം ഉപയോഗിക്കുന്നവാക്ക് — 1.കൊരി.14:16 (6) ദൈവീകവാഗ്ദങ്ങൾക്കുള്ള വാക്ക് — 2.കൊരി.1:20. ഈ വാക്യ

ത്തിൽ ആമേൻ എന്ന പദം ആദ്യവും അവസാനവും ഉപയോഗിച്ചിരിക്കുന്നു. ആദ്യത്തെ ആമേൻ അങ്ങനെയാകട്ടെ ഞങ്ങളും അതിനോടു പങ്കുചേരുന്നു എന്നതിനെയും അവസാനത്തെ ആമേൻ സ്ത്രോത്രത്തിന്റെ വാക്കും ആയിരിക്കുന്നു.

സർവ്വശക്തനായദൈവത്തിന്റെ വലങ്കൈയ്യിലിരിക്കുന്ന ഏഴുമുദ്രകളുള്ള പുസ്തകം വാങ്ങുവാനും മുദ്രപൊട്ടിക്കുവാനും കുഞ്ഞാടു യോഗ്യനെന്നു കണ്ടപ്പോൾ നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും സകല ദൂതഗണവും ഒത്തൊരുമിച്ചു കുഞ്ഞാടായ കർത്താവിനെ ആരാധിക്കുന്നതായി വെളിപ്പാടു അഞ്ചാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ഈ അവസരത്തിൽ അവർ നൽകിയ സപ്തസമ്പൂർണ്ണ ബഹുമതികൾ (വെളി.5:12) —

(1) ശക്തി — power (2) ധനം — riches
(3) ജ്ഞാനം — wisdom (4) ബലം — strength
(5) ബഹുമാനം — honour (6) മഹത്വം — glory
(7) സ്തോത്രം — blessing

മഹാകഷ്ടത്തിലൂടെ വീണ്ടെടുക്കപ്പെട്ടവർ ദൈവത്തിന്റെ രക്ഷാദാനത്തെ ഓർത്തു സ്തുതിച്ചാരാധിക്കുന്ന രംഗത്തിലും ദൈവത്തിനു സപ്തസമ്പൂർണ്ണബഹുമതികൾ അർപ്പിക്കുന്നു. അവർ നൽകുന്ന ബഹുമതികൾ (വെളി.7:12) —

(1) സ്തുതി – blessing (2) മഹത്വം – glory
(3) ജ്ഞാനം – wisdom (4) സ്തോത്രം – thanksgiving
(5) ബഹുമാനം – honor (6) ശക്തി – power
(7) ബലം — might

ആദ്യത്തെ ആരാധനയിൽ "ധനം" (riches) എന്ന ബഹുമതിക്കു പകരമായി "സ്തോത്രം" (thanksgiving) അഥവാ "നന്ദി " രണ്ടാമത്തേതിൽ ചേർത്തിരിക്കുന്നു എന്നതു മാത്രമാണിവ തമ്മിലുള്ള വ്യത്യാസം. പക്ഷേ ഈ വ്യത്യാസം അഥവാ ധനത്തിനു പകരം നന്ദി അർപ്പിക്കുന്നത് ഇരുകൂട്ടരും തമ്മിലുള്ള വ്യത്യാസത്തെയും വെളിപ്പെടുത്തുന്നു. മണവാട്ടിസഭ സ്വർഗ്ഗത്തിൽ അവരുടെ സ്തോത്രഗാനത്തിൽ "ധനം" എന്ന വാക്കുപയോഗിച്ചിരിക്കുന്നു. ദൈവം പുതിയനിയമസഭയെ തന്റെ ധനം അഥവാ നിക്ഷേപമായി കരുതുന്നു. വിശുദ്ധന്മാരിൽ ക്രിസ്തുവിന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നു വിശ്വാസികൾ അറിയുവാൻ എഫെസ്യലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് പ്രാർത്ഥിക്കുന്നു (എഫെ.1:18). സ്വർഗ്ഗരാജ്യത്തിന്റെ ഉപമയിൽ കർത്താവു "സ്വർഗ്ഗരാജ്യത്തെ" വയലിൽ ഒളിച്ചുവെച്ച നിധിയോടു സദൃശമായി പറഞ്ഞു. "*അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു വയൽ വാങ്ങി*" (മത്താ.13:44). ലോകത്തിലെ സകലമനുഷ്യരെയും ധനമായി കണ്ട ആ നല്ല രക്ഷകൻ യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശ്വാസികൾ ദൈവത്തിന്റെ നിക്ഷേപമാണ്. നാം ദൈവത്തിന്റെ അവകാശവും ധനവുമാണ്. അതുകൊണ്ട് മണവാട്ടിസഭ അവരുടെ സ്തോത്രഗാനത്തിൽ ദൈവത്തിനു ധനം ബഹുമതിയായി നൽകുന്നു. എന്നാൽ മഹോപദ്രവകാലത്തു കർത്താവിൽ ആശ്രയിച്ചവർക്കു നിത്യശിക്ഷയിൽ നിന്നു വിടുതൽ ലഭിച്ചു അതിനെ ഓർത്തു ധനത്തിനു പകരം നന്ദി അർപ്പിക്കുകയാണ് ചെയ്യുന്നത്.

മഹോപദ്രവകാലത്ത് വീണ്ടെടുക്കപ്പെട്ടവർ സ്വർഗ്ഗത്തിൽ ദൈവത്തിനു നൽകുന്ന സ്തോത്രബഹുമതികൾ —

(1) സ്തുതി – (blessing) — ദൈവം അവർക്കായി ചെയ്ത സകല രക്ഷണ്യപ്രവർത്തികളെയും ഓർത്തു സ്തുതിക്കുന്നു.

(2) മഹത്വം – (glory) — മഹത്വം ദൈവത്തിനുള്ളതാണ്. അവരെ വീണ്ടെടുത്തതിനാൽ മഹത്വം കരേറ്റുന്നു.

(3) ജ്ഞാനം – (wisdom) — ദൈവം സർവ്വജ്ഞൻ. ദൈവം അവർക്കായി ഒരുക്കിയ രക്ഷാപരിപാടികളെ ഓർത്തു ദൈവത്തിന്റെ അപ്രമേയ ജ്ഞാനത്തിനി മുമ്പിൽ സാഷ്ടാംഗം കുമ്പിടുന്നു.

(4) സ്തോത്രം – (thanksgiving) — അവർക്കായി ചെയ്ത സകല കാര്യങ്ങളെയും ഓർത്തു നന്ദി കരേറ്റുന്നു.

(5) ബഹുമാനം – (honor) — ദൈവം സകലവിധ ബഹുമാനവും സ്വീകരിപ്പാൻ യോഗ്യനാണ്. അവർക്കു രക്ഷ ഒരുക്കിയതും അതിലേക്കു നയിച്ചതും അവരെ കരുതുന്നവനുമായ ദൈവത്തിനു ബഹുമാനം അർപ്പിക്കുന്നു.

(6) ശക്തി – (power) — ദൈവത്തിന്റെ സർവ്വശക്തിയെക്കുറിക്കുന്നു. അവർക്കെതിരായി പ്രവർത്തിച്ച സകലത്തിന്മേലും ജയം പ്രാപിപ്പാനുള്ള ശക്തി കൊടുത്തതു ദൈവമാണ്.

(7) ബലം — (might) —ദൈവത്തിന്റെ ബലം അഥവാ കഴിവിനാലാണ് ശക്തനായ എതിരാളികളിൽ നിന്നു അവർക്കു വിടുതൽ ലഭിച്ചത്. ശത്രുവിന്മേലുള്ള അമിതബലത്തെ ഓർത്തു അവർ ആരാധി

ക്കുന്നു.

കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട മഹാപുരുഷാരം സ്വർഗ്ഗത്തിൽ ദൈവത്തിനു സപ്ത ബഹുമതികൾ അർപ്പിക്കുന്നത് "എന്നെന്നേക്കും" (forever and ever) എന്നതാണ് പ്രത്യേകത. വെളിപ്പാട് 5:13 -ലും ദൈവത്തിനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവുംബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറഞ്ഞാണ് ആരാധിക്കുന്നത്. അതായത് നിരന്തരമായ സ്തുതിയെ എന്നെന്നേക്കുമെന്നുള്ള വാക്ക് കുറിക്കുന്നു.

**വെളി.7:13 — "മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു: വെള്ളനിലയങ്കി ധരിച്ചിരിക്കുന്ന ഇവർ ആർ? എവിടെ നിന്നു വന്നു എന്നു ചോദിച്ചു."**

സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ ആനന്ദഘോഷവും സ്തുതിയും നടന്നുകൊണ്ടിരിക്കുമ്പോൾ മൂപ്പന്മാരിൽ ഒരുവൻ യോഹന്നാനോടു രണ്ടു ചോദ്യങ്ങൾ ചോദിക്കുന്നു. (1) വെള്ളനിലയങ്കി ധരിച്ചിരിക്കുന്ന ഇവർ ആർ? (2) ഇവർ എവിടെ നിന്നു ദൈവസന്നിധിയിലേക്കു വന്നു? ഇവരാരെന്നോ ഇവരെവിടെനിന്നു വന്നവരോ എന്നുള്ള കാര്യം ചോദ്യം ചോദിച്ചയാൾക്കു അറിയാഞ്ഞിട്ടു ചോദിച്ചതല്ല. എന്നാൽ യോഹന്നാന്റെ മനസ്സിൽ ഉടലെടുത്ത ചോദ്യം മുഖത്തു പ്രതിഫലിച്ചതു കണ്ടപ്പോൾ മൂപ്പന്മാരിൽ ഒരുവൻ ചോദിച്ചതാണിത്. ഇത്തരത്തിലുള്ള ചോദ്യങ്ങളും അവയുടെ ഉത്തരവും തിരുവചനത്തിൽ പലയടങ്ങളിലും കാണുന്നുണ്ട്. അവയുടെ ഉദ്ദേശ്യം എന്നത് പ്രത്യേകിച്ചും പ്രവചനങ്ങളും ദർശനങ്ങളുമടങ്ങിയ ഭാഗങ്ങൾ കേൾക്കുന്നവർക്കും അതു വായിക്കുന്നവർക്കും ഒരുപോലെ വേഗത്തിൽ മനസ്സിലാക്കുവാനും അതിന്റെ വിശദീകരണത്തിനും വേണ്ടിയാണ് (ഉദാ: സെഖ.4:2 —>5,6/ വെളി.5:2—>5:5).

**വെളി.7:14 — "യജമാനൻ അറിയുമല്ലോ എന്നു ഞാൻ പറഞ്ഞതിന്നു അവൻ എന്നോടു പറഞ്ഞതു: ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു."**

ദൈവസിംഹാസനത്തിനു മുമ്പിൽ കാണപ്പെട്ട വെള്ളനിലയങ്കി ധരിച്ചു കൈയ്യിൽ കുരുത്തോലയുമായി നിൽക്കുന്ന മഹാപുരുഷാരം ആരാണെന്നും അവർ എവിടെ നിന്നും വന്നവരാണെന്നുമുള്ള മൂപ്പന്മാരിൽ ഒരുവന്റെ ചോദ്യത്തിനു യോഹന്നാൻ പറഞ്ഞത് യജമാനൻ അറിയുമല്ലോ എന്നാണ്. സഭാകാലത്തെ വിശ്വാസികളല്ലാത്തതിനാലാണ് യോഹന്നാനിൽ ഇവരെക്കുറിച്ചറിയുവാനുള്ള ആകാംക്ഷ ഉണ്ടായത്. ഇരുപത്തിനാലു മൂപ്പന്മാർ പ്രതിനിതീകരിക്കുന്ന മണവാട്ടിസഭ മുന്നമേ സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ കാണപ്പെട്ടതിനാൽ ഈ പുതിയ കൂട്ടത്തെപ്പറ്റി യഥാർത്ഥത്തിൽ യോഹന്നാനു അറിയില്ലായിരുന്നു. അതുകൊണ്ടാണ് യജാമാനൻ അറിയുമല്ലോ എന്നു പറഞ്ഞത്. ഇവിടെ യജമാനൻ എന്നതിനു ഗ്രീക്കിൽ കൂരിയോസ് (kurios = Lord) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനു കർത്താവ്, യജമാനൻ എന്നർത്ഥമാണ്. മൂപ്പന്മാരിൽ ഒരുവനെ കർത്താവ് അഥവാ യജമാനൻ എന്നു വിളിച്ചിരിക്കുന്നതിനാൽ ദൈവത്വം കൊടുത്തിരിക്കുന്നു എന്നർത്ഥമില്ല. കർത്താവ്, യജമാനൻ എന്നിവ ഇവിടെ ബഹുമാനത്തെ കുറിക്കുന്ന സംബോധനയായിരിക്കുന്നു. യജമാനൻ അറിയുന്നുവല്ലോ എന്നു യോഹന്നാൻ പറഞ്ഞപ്പോൾ ആ മഹാപുരുഷാരം ആരാണെന്നും എവിടെ നിന്നു വന്നവരാണെന്നും യോഹന്നാനോടു വിശദീകരിച്ചു. ഒന്നാമത്തെ ചോദ്യമായ ഇവർ ആർ എന്നതിനു രണ്ടാമതായും എവിടെ നിന്നു വരുന്നുവെന്നതിനു ആദ്യമായും ഉത്തരം പറഞ്ഞിരിക്കുന്നു.

### (1) വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനു മുമ്പാകെ ആർത്തുഘോഷിക്കുന്ന ഇവർ എവിടെ നിന്നു വന്നവർ? —

**"ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ"** (These are the ones who come out of the great tribulation) —

സ്വർഗ്ഗസിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിൽക്കുന്ന മഹാപുരുഷാരം "മഹാകഷ്ടത്തിൽ നിന്നു വന്നവർ " എന്നു മൂപ്പന്മാരിൽ ഒരുവൻ വിശദീകരിച്ചു. ആകയാൽ ഇവർ മണവാട്ടി സഭയുടെ അഥവാ കൃപാകാലത്തെ വിശ്വാസികളല്ലെന്നു വ്യക്തമായി തെളിയുന്നു. കൂടാതെ മൂപ്പന്മാരിൽ ഒരുവൻ പുരുഷാരത്തെക്കുറിച്ചു പറഞ്ഞപ്പോൾ "ഇവർ " എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്. മണവാട്ടിസഭയെ പ്രതിനിതീകരിക്കുന്ന 24 മൂപ്പന്മാരിൽ ഒരുവൻ മഹാപുരുഷാരത്തെ കണ്ടപ്പോൾ സഭാവിശ്വാസികളായിരുന്നുവെങ്കിൽ സ്വാഭാവികമായി "ഞങ്ങൾ " എന്നു പറയുമായിരുന്നു. ആകയാൽ പീഡനകാലത്തിനു മുമ്പേ സഭ എടുക്കപ്പെട്ടെന്നും തുടർന്നുള്ള പീഡനകാലത്തിൽ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ട വീണ്ടെടുക്കപ്പെട്ട പ്രത്യേക കൂട്ടമാണിവരെന്നും ഇതിലൂടെ തെളിയുന്നു. ഒന്നാം നൂറ്റാണ്ടിൽ മാത്രമല്ല ഇക്കാലങ്ങളിലും വിവിധ കാരണങ്ങളാൽ വിശ്വാസികൾ കഷ്ടങ്ങളിലൂടെ കടന്നു പോകാറുണ്ട്. കർത്താവു തന്നെ തന്റെ ശിഷ്യന്മാരോടു പറഞ്ഞു — **യോഹ.16:33 —** *"ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു."* എന്നാൽ ക്രിസ്തീയ

ജീവിതത്തിലുണ്ടാകുന്ന ഈ വിധത്തിലുള്ള കഷ്ടങ്ങളുടെ കാര്യമല്ല ഇവിടെ പറയുന്ന മഹാകഷ്ടത്തിന്റെ നാളുകൾ. സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷമുള്ള പീഡനകാലത്തെയാണ് ഇവിടെ പരാമർശിക്കുന്നത്. ഈ കഷ്ടതയുടെ നാളുകളെക്കുറിച്ചു കർത്താവും പറഞ്ഞിട്ടുണ്ട്. **മത്താ.24:21 —** "*ലോകാരംഭംമുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും.*"

### (2) വെള്ളനിലയങ്കി ധരിച്ചു നിൽക്കുന്ന ഇവർ ആർ? —

**"കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു"** (and washed their robes and made them white in the blood of the Lamb) —

ദൈവസിംഹാസനത്തിനു മുമ്പാകെ നിൽക്കുന്ന മഹാപുരുഷാരം ഭൂമിയിലെ മഹാപീഡനകാലത്ത് വീണ്ടെടുക്കപ്പെട്ടവരും അവർ മരണംവഴിയായി എത്തിയവരാണെന്നു പറഞ്ഞശേഷം ഇവർ ആരെന്നതിനെക്കുറിച്ചും യോഹന്നാനു വിശദീകരിച്ചു കൊടുത്തു. സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷയിലും നിന്നു വീണ്ടെടുക്കപ്പെട്ട ഇവർ കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി വെളുപ്പിച്ചവരാണ്. വെളി.7:9–ൽ ഇവർ വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി നിൽക്കുന്നതു യോഹന്നാൻ കണ്ടിരുന്നു. വെള്ളനിലയങ്കിയും കുരുത്തോലയും ജയം, വീണ്ടെടുപ്പ്, ആഘോഷം, വിശ്രമം എന്നിവയെ വെളിപ്പെടുത്തുന്നതായും കണ്ടു. എന്നാൽ ഇവിടെ കുഞ്ഞാടിന്റെ രക്തത്തിൽ അലക്കി വെളുപ്പിച്ച അങ്കി അവർക്കു ലഭ്യമായ നീതീകരണത്തെയും വിശുദ്ധീകരണത്തെയും വെളിപ്പെടുത്തുന്നു. ഒരുവന്റെ മുഷിഞ്ഞതും കറ പുരണ്ടതുമായ വസ്ത്രം രക്തത്തിൽ അലക്കി വെളുപ്പിക്കുവാൻ സാദ്ധ്യമല്ല. രക്തത്തിൽ മുക്കിയാൽ രക്തക്കറ വസ്ത്രത്തിൽ പറ്റിപ്പിടിക്കുകയേയുള്ളു. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി വെളുപ്പിച്ചിരിക്കുന്നു എന്നത് ആലങ്കാരികഭാഷയിലെ പ്രയോഗമാണ്. പാപപരിഹാരത്തിനായുള്ള പഴയനിയമയാഗങ്ങളെല്ലാം രക്തച്ചൊരിച്ചിലിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. രക്തം ജീവനെ വെളിപ്പെടുത്തുന്നു (ലേവ്യ.17:14). പാപം ഇല്ലാത്ത, പാപം അറിയാത്ത, പാപം ചെയ്തിട്ടില്ലാത്ത ഊനമില്ലാത്ത കുഞ്ഞാടായ യേശുക്രിസ്തു കാൽവറിക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ എന്നെന്നേക്കുമുള്ള വീണ്ടെടുപ്പു സാദ്ധ്യമായി. യേശുക്രിസ്തുവിന്റെ യാഗമരണത്തിലൂടെയുള്ള രക്തച്ചൊരിച്ചിൽ തനിക്കും കൂടിയായിരുന്നുവെന്നു വിശ്വസിച്ചു പാപങ്ങൾ ഏറ്റു പറഞ്ഞു, ക്രിസ്തുവിൽ ആശ്രയം വെയ്ക്കുന്ന ഏതൊരുവനും കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു എന്ന നിർവ്വചനത്തിൽ വരുന്നു.

ജലത്തിലല്ലാതെ വസ്ത്രം അലക്കി വെളുപ്പിക്കുക എന്നത് വിചിത്രമായി തോന്നാം. എന്നാൽ ഇപ്രകാരമുള്ള ഒരു പ്രയോഗം യാക്കോബ് തന്റെ മകനായ യെഹൂദായെ അനുഗ്രഹിക്കുന്ന വേളയിൽ തിരുവചനത്തിൽ കാണുന്നു. അവിടെ ജലത്തിനു പകരം വീഞ്ഞും (wine), ദ്രാക്ഷാരസവും(blood of grapes) ആണ് പറഞ്ഞിരിക്കുന്നത്. **ഉല്പ.49:11 —** "*അവൻ മുന്തിരിവള്ളിയോടു ചെറുകഴുതയെയും വിശിഷ്ടമുന്തിരിവള്ളിയോടു കഴുതക്കുട്ടിയെയും കെട്ടുന്നു; അവൻ വീഞ്ഞിൽ തന്റെ ഉടുപ്പും ദ്രാക്ഷാരസത്തിൽ തന്റെ വസ്ത്രവും അലക്കുന്നു*" (He washed his garments in wine, And his clothes in the blood of grapes). യെഹൂദാ ക്രിസ്തുവിനെ പ്രതിനിതീകരിക്കുന്നു. ഭാവിയിൽ ക്രിസ്തുവിന്റെ ഭരണത്തിൽ നടക്കുന്ന കാര്യങ്ങളെ പ്രവചനമായി ഇവിടെ പറഞ്ഞിരിക്കുന്നു. മുന്തിരിവള്ളിയിലോ വിശിഷ്ടമുന്തിരിവള്ളിയിലോ കഴുതക്കുട്ടിയെ ആരും കെട്ടാറില്ല. അങ്ങനെ ചെയ്താൽ മുന്തിരി നശിച്ചു പോകുവാനിടയാകും. എന്നാൽ ക്രിസ്തു രാജാവായി ഭരിക്കുമ്പോൾ ദേശം സകലത്തിലും അത്യന്തസമൃദ്ധിയിൽ ആയിരിക്കുന്നതിനാൽ ഈ വക കാര്യങ്ങൾ സമൃദ്ധിയെ ഒട്ടും ബാധിക്കുകയില്ല. കൂടാതെ കുടിക്കുവാനുള്ള വീഞ്ഞിൽ ഉടുപ്പും ദ്രാക്ഷാരസത്തിൽ വസ്ത്രവും അലക്കും എന്നത് വീഞ്ഞിന്റെയും ദ്രാക്ഷാരസത്തിന്റെ സമൃദ്ധിയെയും കുറിക്കുന്നു. സന്തോഷവും, ഉന്മേഷവും ഓരോരുത്തർ കുടിക്കുക മാത്രമല്ല അതിൽ മുങ്ങിക്കുളിക്കുകയും ചെയ്യുന്ന അനുഭവമായിരിക്കും. ആയതുപോലെ കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി വെളുപ്പിക്കുക എന്നത് ക്രിസ്തുൽ വിശ്വസിക്കുന്ന സകലർക്കും ലഭ്യമാകുന്ന വീണ്ടെടുപ്പിനെയും വിശുദ്ധീകരണത്തെയും കുറിക്കുന്നു.

> വൃത്തിഹീനവും, മുഷിഞ്ഞതും, അശുദ്ധമായതുമായ അങ്കി തിരുവചനത്തിൽ പാപത്തിന്റെ സാന്നിദ്ധ്യത്തെ കുറിക്കുന്നു —

**പുറ.19:10,11,14 —** "*യഹോവ പിന്നെയും മോശെയോടു കല്പിച്ചതു: നീ ജനത്തിന്റെ അടുക്കൽ ചെന്നു ഇന്നും നാളെയും അവരെ ശുദ്ധീകരിക്ക; അവർ വസ്ത്രം അലക്കി, മൂന്നാം ദിവസത്തേക്കു ഒരുങ്ങിയിരിക്കട്ടെ.... മോശെ പർവ്വതത്തിൽനിന്നു ജനത്തിന്റെ അടുക്കൽ ഇറങ്ങിച്ചെന്നു ജനത്തെ ശുദ്ധീകരിച്ചു; അവർ വസ്ത്രം അലക്കുകയും ചെയ്തു.*"

**യെശ.64:6 —**"*ഞങ്ങളുടെ നീതിപ്രവർത്തികൾ ഒക്കെയും കറപിരണ്ട തുണിപോലെ.*"

**സെഖ.3:4 —** "*മുഷിഞ്ഞവസ്ത്രം അവങ്കൽ നിന്നു നീക്കിക്കളവിൻ എന്നു കല്പിച്ചു; പിന്നെ അവനോടു: ഞാൻ നിന്റെ അകൃത്യം നിന്നിൽ നിന്നു പോക്കിയിരിക്കുന്നു; നിന്നെ ഉത്സവവസ്ത്രം ധരി*

*പ്പിക്കും."*

> കഴുകുക (washing) എന്ന പ്രയോഗം ജീവിതത്തിലെ പാപക്കറ കഴുകിക്കളയുന്നതിനെ ദൈവവചനം വിശേഷിപ്പിക്കുന്നു —

**സങ്കീ.51:2,7 —** *"എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ. ഞാൻ നിർമ്മലനാകേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തെക്കാൾ വെളുക്കേണ്ടതിന്നു എന്നെ കഴുകേണമേ."*

> കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെളുപ്പിക്കയെന്നത് യേശുക്രിസ്തുവിലൂടെയുള്ള വിശുദ്ധീകരണത്തെയും നീതീകരണത്തെയും കുറിക്കുന്നു —

**യെശ.1:18 —** *"നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും."*

**മത്താ.26:28 —** *"ഇതു അനേകർക്കുവേണ്ടി പാപമോചനത്തിന്നായി ചൊരിയുന്ന പുതിയനിയമത്തിന്നുള്ള എന്റെ രക്തം."*

**അപ്പൊ.20:28 —** *"നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ .... "*

**റോമ.5:9 —** *"അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ...."*

**1.കൊരി.6:11 —** *"നിങ്ങൾ കർത്താവായ യേശുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നേ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു."*

***എഫെ.2:13* —** *"ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു."*

**എബ്രാ.9:14 —** *"ദൈവത്തിന്നു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ .... എത്ര അധികം ശുദ്ധീകരിക്കും?"*

**1.യോഹ.1:7 —** *"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."*

**കൊലൊ.1:20 —** *"അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി."*

**എബ്രാ.9:22 —** *"രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോടനമില്ല."*

**വെളി.1:6 —** *"നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു..."*

**വെളി.5:9 —** *"നിന്റെ രക്തംകൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിന്നായി വിലെക്കു വാങ്ങി."*

**വെളി.12:11 —** *"അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു."*

**1.പത്രൊ.1:18,19 —** *"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി, മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ."*

കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു എന്നത് അവർക്കു ലഭിച്ചിരിക്കുന്ന വിശുദ്ധിയെ വെളിപ്പെടുത്തുന്നു. കൂടാതെ കൃപാകാലത്തിലെന്നപോലെ മഹാപീഡനകാലത്തെയും രക്ഷക്കുള്ള ഏകമാർഗ്ഗം യേശുക്രിസ്തുവും യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്തിന്റെ അടിസ്ഥാനത്തിലും ആയിരിക്കും. അന്നത്തെ സുവിശേഷത്തെ ദൈവരാജ്യത്തിന്റെ സുവിശേഷം എന്നറിയപ്പെടുമെങ്കിലും കുഞ്ഞാടായ ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ രക്ഷണ്യസുവിശേഷം തന്നെ ആയിരിക്കും. സഭായുഗത്തിൽ ഇക്കൂട്ടർ സുവിശേഷത്തിനു പുറംതിരിഞ്ഞു യേശുക്രിസ്തുവാകുന്ന കുഞ്ഞാടിനെ തിരിസ്കരിച്ചവരായിരുന്നു. മണവാട്ടിസഭ എടുക്കപ്പെട്ട ശേഷം ഭൂമിയിൽ അന്തിക്രിസ്തുവിന്റെ പ്രവർത്തനത്താൽ പീഡനങ്ങളുണ്ടായി. എന്നാൽ അതിനിടയിലും രക്ഷണ്യസുവിശേഷം അറിയിക്കപ്പെടുകയും അനേകർ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുവാനിടയാകുകയും ചെയ്തു. അവർ അന്തിക്രിസ്തുവിന്റെ അതിക്രൂരമായ പീഡനത്തിനിരയാകുകയും തങ്ങളുടെ വിശ്വാസത്തിനായി അവരുടെ ജീവൻ ബലിയർപ്പിക്കേണ്ടിയും വന്നു. ഇവരാണ് സ്വർഗ്ഗത്തിൽ കണ്ട വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി നിൽക്കുന്ന മഹാപുരുഷാരം. ഇവർ മണവാട്ടിസഭയുടെ അംഗങ്ങളല്ല. യോഹന്നാനു അവരെ അറിയില്ലായിരുന്നു. മണവാട്ടിസഭയും പഴയനിയമവിശുദ്ധന്മാരും ഓരോരോ പ്രത്യേക കൂട്ടമായിരിക്കുന്നതുപോലെ മഹാപീഡനകാലവിശുദ്ധന്മാരും ഒരു പ്രത്യേക കൂട്ടമായിരിക്കുന്നുവെന്ന് ഇതിലൂടെ മനസ്സിലാക്കാം. എന്നാലിവർ അവർക്കു ലഭിച്ച രക്ഷണ്യഭാഗ്യത്തെ ഓർത്തു ജയത്തോടെ ഘോഷിക്കുകയും സ്തുതിക്കുകയും ദൈവത്തെ ആരാധിക്കുകയും

ചെയ്യുന്നതായി യോഹന്നാൻ കണ്ടു.

**വെളി.7:15 — "അതുകൊണ്ടു അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്നു അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്കു കൂടാരം ആയിരിക്കും."**

**വെളി.7:16 — "ഇനി അവർക്കു വിശക്കയില്ല ദാഹിക്കയും ഇല്ല; വെയിലും യാതൊരു ചൂടും അവരുടെമേൽ തട്ടുകയുമില്ല."**

**വെളി.7:17 — "സിംഹാനത്തിന്റെ മദ്ധ്യേ കുഞ്ഞാടു അവരെമേച്ചു ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളകയും ചെയ്യും."**

അതുകൊണ്ട് (Therefore / For this reason / That is why) എന്ന വാക്ക്, മഹാപീഡനകാലത്തെ വിശുദ്ധന്മാർക്കു ദൈവസന്നിധിയിൽ നിൽക്കുവാൻ യോഗ്യത ലഭിച്ച കാരണത്തെ സൂചിപ്പിക്കുന്നു. അവർക്കു നീതീകരണവും ശുദ്ധീകരണവും പ്രാപ്തമായതിന്റെ കാരണമെന്നത് അവർ കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി വെളുപ്പിച്ചതിനാലാണ്. അതുകൊണ്ട് അവർ ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും അർഹതയും നേടി. സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഈ മഹാപുരുഷാരം കൃപാകാലത്തെന്ന പോലെ പീഡനകാലത്ത് കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്. അവർ മുറുകെപ്പിടിച്ച വിശ്വാസത്തിനുവേണ്ടി അവരുടെ ജീവൻ കളയേണ്ടി വന്നു. എങ്കിലും അവർ ആനന്ദത്തോടെ സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ അവർക്കു ലഭിച്ച രക്ഷയെ ഓർത്തു ആർത്തുസ്തുതിക്കുന്നു. ഭൂമിയിലെ മഹാപീഡനകാലത്തിൽ യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടു സ്വർഗ്ഗസിംഹാസനത്തിനടുത്തു കാണപ്പെട്ട ഈ പ്രത്യേക കൂട്ടത്തിനു ലഭിക്കുന്ന ഏഴുവിധ വാഗ്ദത്തങ്ങളാണ് തുടർന്നുള്ള വാക്യങ്ങളിൽ കാണുന്നത് (വെളി.7:15 - 17).

**(1) അവർ എപ്പോഴും ദൈവസന്നിധിയിലായിരിക്കും** (Always in the presence of God -- nearness to God) —

**അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്നു** (Therefore they are before the throne of God) —

മഹാപീഡനകാലത്ത് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർക്കു ലഭിക്കുന്ന ആദ്യത്തെ വാഗ്ദത്തം എന്നത് അവർക്ക് എപ്പോഴും ദൈവസന്നിധിയിൽ ദൈവസിംഹാസനത്തിൻ മുമ്പിൽ ആയിരിക്കുവാനുള്ള അർഹതയാണ്. ഇവിടെ പറഞ്ഞിരിക്കുന്ന സിംഹാസനം യോഹന്നാൻ സ്വർഗ്ഗത്തിൽ കണ്ട സിംഹാസനം തന്നെയാണ്(വെളി.4/വെളി.5). പരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ പാപികൾക്കു നിൽക്കുവാൻ കഴിയുകയില്ല. എന്നാൽ ക്രിസ്തുവാകുന്ന കുഞ്ഞാടിന്റെ രക്തത്താൽ വീശുദ്ധീകരണവും, വീണ്ടെടുപ്പും, നീതീകരണവും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പരിശുദ്ധനായ ദൈവത്തിന്റെ മുമ്പാകെ ആയിരിക്കുവാൻ സാധിച്ചത്. അവർ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ കാണപ്പെട്ടു എന്നത് ദൈവത്തെ എപ്പോഴും കണ്ടുകൊണ്ടിരിക്കുവാൻ ഇവർക്കു ഭാഗ്യം ലഭിച്ചിരിക്കുന്നു എന്നതിനെ വ്യക്തമാക്കുന്നു. കർത്താവിന്റെ ഗിരിപ്രഭാഷണമുൾക്കൊള്ളുന്ന ഭാഗ്യവർണ്ണനയിൽ ദൈവത്തെ കാണുവാനും, ആശ്വാസം പ്രാപിക്കുവാനും, സ്വർഗ്ഗരാജ്യം അവകാശമാക്കുവാനും കഴിയുന്നത് ദൈവത്തെയും ദൈവരാജ്യത്തെയും അന്വേഷിച്ചു ജീവിക്കുന്നവർക്കാണെന്നു കർത്താവു പറഞ്ഞു (മത്താ.6:1-12). മഹാകഷ്ടത്തിലൂടെ കടന്നു വന്ന ഈ മഹാപുരുഷാരം ഭൂമിയിൽ വെച്ചു ഇപ്രകാരം ദൈവത്തിൽ ആശ്രയിച്ചു ജീവിച്ചതിനാൽ ദൈവരാജ്യത്തിനവാശവും, എപ്പോഴും ദൈവത്തെ മുഖാമുഖം കാണത്തക്കവിധം തിരുസന്നിധിയിൽ ദൈവസിംഹാസനത്തിനു മുമ്പാകെ ആയിരിക്കുവാനുള്ള മഹാഭാഗ്യവും അവർക്കുണ്ടായി. ദൈവത്തിന്റെ പ്രാകാരങ്ങളിൽ കഴിയുന്നതും ദൈവത്തിന്റെ ആലയത്തിൽ കാവൽക്കാരായിരിക്കുന്നതും കോരഹ് പുത്രന്മാർ ആഗ്രഹിച്ചിരുന്നു. **സങ്കീ.84:10 —** *"നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തെക്കാൾ ഉത്തമമല്ലോ;........എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതില്ക്കാരനായിരിക്കുന്നതു എനിക്കു ഏറെ ഇഷ്ടം."* എന്നാൽ പീഡനകാലത്തെ അതികഷ്ടങ്ങളിലൂടെ കടന്നു വന്ന വിശുദ്ധന്മാർക്കു പ്രാകാരത്തിലോ, ദൈവാലയവാതിൽക്കൽ കാവൽക്കാരായി ഇരിപ്പാനോ അല്ല, മറിച്ചു ദൈവസന്നിധിയിൽ തന്നേ എപ്പോഴും ആയിരിക്കുവാനും ദൈവത്തെ ആർത്തു സ്തുതിക്കുവാനും ഭാഗ്യമുണ്ടായി.

**(2) അവർ എപ്പോഴും ദൈവത്തെ ആരാധിക്കും** (Always they can Worship God -- service to God)—

**അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു** (and serve Him day and night in His temple) —

മഹോപദ്രവകാലത്ത് വീണ്ടെടുപ്പു ലഭിച്ച വിശുദ്ധന്മാർക്കു ലഭിക്കുന്ന മറ്റൊരു നിത്യമായ അനുഗ്രഹമെന്നത് അവർക്കു ദൈവത്തിന്റെ ആലയത്തിൽ രാപ്പകൽ ദൈവത്തെ ആരാധിക്കുവാനുള്ള അവ

കാശമാണ്. ഇവർ മണവാട്ടിസഭയിലുൾപ്പെട്ടവരല്ലെങ്കിലും അവരെപ്പോലെ എപ്പോഴും ദൈവത്തെ വാഴ്ത്തി സ്തുതിച്ചാരാധിപ്പാൻ ഇവർക്കും അർഹതയുണ്ടായിരിക്കുമെന്നു ഇവർക്കു ആരാധനക്കു ലഭിച്ചിരിക്കുന്ന അവകാശത്തിലൂടെ മനസ്സിലാക്കാം. അവന്റെ ആലയത്തിൽ എന്നത് ദൈവസാന്നിദ്ധ്യത്തെയും രാപ്പകൽ അവനെ ആരാധിക്കുന്നു എന്നത് വിശ്രമമില്ലാതെ നിരന്തരമായി ദൈവത്തെ ആരാധിക്കുന്നതിനെയും കുറിക്കുന്നു. ആലയം (temple) എന്നത് ദൈവസാന്നിദ്ധ്യത്തെ (presence of God) വെളിപ്പെടുത്തുമ്പോൾ തന്നെ സ്വർഗ്ഗത്തിൽ ആലയം അഥവാ ദൈവാലയമുണ്ടെന്നു വെളിപ്പാടു പുസ്തത്തിൽ കാണുന്നുമുണ്ട് (വെളി.11:19/14:15/14:17/15:5,6,8/16:1/16:17). സഹസ്രാബ്ദവാഴ്ചയിൽ ഭൂമിയിൽ ഒരു ദൈവാലയമുണ്ടായിരിക്കുമെന്നു പഴയനിയമതിരുവെഴുത്തുകളിൽ പ്രവാചകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട് (യെശ.2:2-5/യെശ.56:5-7/യെഹെ.40-48). എന്നാൽ സഹസ്രാബ്ദവാഴ്ചക്കുശേഷം നിത്യവാസത്തിനൊരുക്കുന്ന പുതിയയെരൂശെലേം എന്നറിയപ്പെടുന്ന സ്വർഗ്ഗത്തിൽ ദൈവാലയമോ മന്ദിരമോ ഉണ്ടായിരിക്കുകയില്ല. അവിടെ രാത്രി ഉണ്ടായിരിക്കയുമില്ല. *"മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു"*(വെളി.21:22). *"രാത്രി അവിടെ ഇല്ലല്ലോ"* (വെളി.21:25). ദൈവത്തിന്റെ മനോഹരത്വം കാണ്മാനും ആയുഷ്കാലമൊക്കെയും ദൈവത്തിന്റെ ആലയത്തിൽ വസിക്കുവാനും ദാവീദ് ആഗ്രഹിച്ചു. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദിന്റെ ആഗ്രഹം മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കും ലഭിക്കുവാനിടയായി. **സങ്കീ.27:4 —** *"ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ."*

**(3) അവർക്കു ലഭിക്കുന്ന സംരക്ഷണം, കൂട്ടായ്മ** (Protection and fellowship of God)— **സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്കു കൂടാരം ആയിരിക്കും** ( He who sits on the throne **will spread His tabernacle over them /** And He who sat on the throne **will dwell among them**)—

പീഡനകാലത്തെ മഹാകഷ്ടത്തിലൂടെ കടന്നു വന്ന വിശുദ്ധന്മാർക്കു ലഭിക്കുന്ന മറ്റൊരു പ്രതിഫലമെന്നത് അവർക്കു ലഭിക്കുന്ന നിത്യസംരക്ഷണവും ദൈവീകകൂട്ടായമയുമാണ്. അവർക്കു സംരക്ഷണം നൽകുന്നത് സിംഹാസനത്തിലിരുക്കുന്ന ദൈവമാണെന്നും (വെളി.4/വെളി.5/വെളി.7:10) ഇവിടെ പറഞ്ഞിരിക്കുന്നു. കുഞ്ഞാടിന്റെ രക്തത്തിൽ വിശുദ്ധീകരണം നേടി ദൈവഭാഗത്തു ഭയംകൂടാതെ ഉറച്ചു നിന്നതിനാൽ ഇവർ അന്തിക്രിസ്തുവിന്റെ അതിക്രൂരമായ പീഡകളേറ്റു രക്തസാക്ഷിത്വം വഹിക്കേണ്ടി വന്നു. വിജയികളായ അവർക്കു പ്രാപ്തകുന്ന പ്രതിഫലമായ സംരക്ഷണം യോഹന്നാൻ വിശദീകരിച്ചിരിക്കുന്നത് ഇംഗ്ലീഷിൽ രണ്ടു വാക്കുകൾ പരിഭാഷയായി ഉപയോഗിച്ചിരിക്കുന്നു — അവ (1) കൂടാരം — tabernacle (2) വസിക്കും — dwell എന്നിവയാണ്. അതായത് — സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്കു കൂടാരം ആയിരിക്കും, സിംഹാസനത്തിൽ ഇരിക്കുന്നവൻ അവരോടൊപ്പം അഥവാ അവരുടെ കൂടെ വസിക്കും എന്നർത്ഥം. പഴയനിയമഭാഗങ്ങളിൽ തന്റെ ജനമായ യിസ്രായേലിനോടൊപ്പം വസിക്കുവാനും അവർക്കു കൂടാരമായിരിക്കുവാനും ദൈവം ഇഷ്ടപ്പെട്ടു (പുറ.25:8/ലേവ്യാ.26:11/യെഹെ.37:27). പീഡനകാലത്തെ കഷ്ടതയിലൂടെ കടന്നുവന്ന ഇവരുടെമേലും ദൈവം തന്റെ ഷെക്കീനാ അഥവാ തേജസ്സ് വെളിപ്പെടുത്തുന്ന കൂടാരം വിരിക്കുകയും അവരോടൊപ്പം വസിക്കുകയും ചെയ്യുമെന്നു ഇതിലൂടെ വെളിപ്പെടുന്നു. കൂടാരം എന്ന പ്രയോഗം യോഹന്നാൻ വെളിപ്പാടിൽ വീണ്ടും ഉപയോഗിച്ചിട്ടുണ്ട് (വെളി.13:6/15:5/21:3). "കൂടാരം" എന്ന പദവും "വസിക്കും" എന്ന പദവും വെളിപ്പാടിൽ ഒരു വാക്യത്തിൽ തന്നെ ഉപയോഗിച്ചിട്ടുമുണ്ട്. **വെളി.21:3 —** *"ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും."* മഹാകഷ്ടത്തിന്റെ നാളുകളിലൂടെ കടന്നു വന്നവർക്കു മാത്രമല്ല, ക്രിസ്തുവിൽ വിശ്വസിക്കുന്ന സകലർക്കും ലഭിക്കുന്ന എന്നേക്കുമുള്ള അനുഗ്രഹമാണ് സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്കു കൂടാരം ആയിരിക്കും എന്നുള്ളത്. ഈ അനുഭവത്തെ അപ്പൊസ്തലനായ പൗലൊസ് വിവിധസന്ദർഭങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. **1.തെസ്സ.4:17 —** *"ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ആയിരിക്കും."* **ഫിലി.2:23 —** *"വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു കൂടെ ഇരിക്കുവാൻ എനിക്കു കാംക്ഷയുണ്ടു."* **2.കൊരി.5:1,9 —** *"കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു. ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു."*

**(4) അവർക്കു ലഭിക്കുന്ന സംതൃപ്തി** (Provision of God -- Perfect satisfaction)—

**ഇനി അവർക്കു വിശക്കയില്ല ദാഹിക്കയും ഇല്ല** (They shall neither hunger anymore nor thirst anymore) —

വെള്ളനിലയങ്കി ധരിച്ചു കൈയ്യിൽ കുരുത്തോലയുമായി ദൈവസിംഹാസനത്തിനടുത്തു നിൽക്കുന്ന എണ്ണമറ്റ മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കു ലഭിക്കുന്ന മറ്റൊരു അനുഗ്രഹമാണ് അവർക്കു

ലഭിക്കുന്ന നിത്യസംതൃപ്തി. അവരുടെ സകല ആവശ്യങ്ങളും നിറവേറ്റപ്പെടും. രക്തസാക്ഷികളായ ഇവർ ഭൂമിയിലായിരുന്നപ്പോൾ അന്തിക്രിസ്തുവിന്റെ പീഡനമേറ്റു ശാരീരികമായി ഏറെ വിശപ്പു ദാഹവും സഹിച്ചിട്ടുമുണ്ട്. എന്നാൽ അവരുടെ കഷ്ടതയുടെ മദ്ധ്യേ നിത്യജീവന്റെ ഉറവിൽനിന്നും ഒരിക്കലും ദാഹിക്കാത്ത ജീവജലം കുടിക്കുകയുണ്ടായി (യോഹ.4:13,14). പീഡനകാലത്തു ഏതെങ്കിലും സാധനങ്ങൾ വാങ്ങുവാനോ വിൽക്കുവാനോ മൃഗത്തിന്റെ മുദ്ര അവരുടെ ശരീരത്തിൽ വഹിക്കണമായിരുന്നു. **വെളി.13:16,17 —** *"അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്‍വാൻ വഹിയാതെയും ആക്കുന്നു."* എന്നാൽ അന്നു അവർ മൃഗത്തിന്റെ മുദ്രയേൽക്കാതെ ദൈവത്തിന്റെ ഭാഗത്തു നിന്നതിനാൽ നിത്യവൃത്തിക്കുള്ള ആഹാരസാധനങ്ങൾ പോലും വാങ്ങാനാവാതെ പട്ടിണി കിടക്കേണ്ടി വന്നു. അക്കാരണത്താൽ അനേകരും രക്തസാക്ഷികളായി മരിച്ചു. എന്നാൽ ഭൂമിയിൽ വെച്ചു വിശക്കുകയും ദാഹിക്കുകയും ചെയ്തു ഏറെ കഷ്ടങ്ങളിലൂടെ കടന്ന ഇവർക്കു സ്വർഗ്ഗത്തിൽ നിത്യമായ സംതൃപ്തി ലഭിക്കുവാനിടയായി. ഇനി അവർക്കു വിശക്കയില്ല ദാഹിക്കയും ഇല്ല.

സഹസ്രാബ്ദവാഴ്ചയിൽ ഭൂമിയിലെ സമൃദ്ധിയെക്കുറിച്ചു യെശയ്യാപ്രവാചകൻ വിവരിക്കുന്നഭാഗത്തോടു ഇവർക്കു ലഭ്യമാകുന്ന അനുഗ്രഹത്തിനു സാമ്യമുണ്ട്. **യെശ.49:10 —** *"അവർക്കു വിശക്കയില്ല, ദാഹിക്കയുമില്ല; മരീചികയും വെയിലും അവരെ ബാധിക്കയില്ല; അവരോടു കരുണയുള്ളവൻ അവരെ വഴിനടത്തുകയും നീരുറവകൾക്കരികെ അവരെ കൊണ്ടു പോകയും ചെയ്യും."* കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ കർത്താവു തന്റെ തേജസ്സിന്റെ സിംഹാസനത്തിലിരുന്നു ന്യായം വിധിക്കുന്ന വേളയിൽ കർത്താവിനായി വിശപ്പും, ദാഹവും, കഷ്ടങ്ങളും സഹിച്ച വിശുദ്ധന്മാരെ ഓർക്കുന്നുണ്ട് (മത്താ.25:31-46).

**(5) അവർക്കു ലഭിക്കുന്ന ആശ്വാസം** (Comfort of God -- shelter) —

**വെയിലും യാതൊരു ചൂടും അവരുടെമേൽ തട്ടുകയുമില്ല** (the sun shall not strike them, nor any heat ) —

മഹോപദ്രവകാലത്തെ കഷ്ടങ്ങൾ സഹിച്ചു സ്വർഗ്ഗത്തിലെത്തിയ വിശുദ്ധന്മാർക്കു ലഭിക്കുന്ന നിത്യാശ്വാസത്തെയാണിവിടെ പറഞ്ഞിരിക്കുന്നത്. വെയിലും യാതൊരു ചൂടും അവരുടെമേൽ തട്ടുകയുമില്ല. ദൈവത്തിലാശ്രയിച്ചു അന്തിക്രിസ്തുവിന്റെ ആജ്ഞകൾ അനുസരിക്കാതെ നിന്നതിനാൽ ഇവർക്കു ഭൂമിയിൽ സകലതും നഷ്ടപ്പെട്ടു. അതോടൊപ്പം ഭവനരഹിതരായിത്തീർന്നതിനാൽ പ്രതികൂലകാലവസ്ഥകളിൽ നിന്നു രക്ഷപ്പെടാനും കഴിഞ്ഞില്ല. ഇതിനു പുറമേ ദൈവീകന്യായവിധി പകരുന്ന കലശം നാലാമത്തെ ദൂതൻ ഭൂമിയിൽ ഒഴിച്ചപ്പോൾ ഭൂവാസികൾ അത്യുഷ്ണത്താൽ വെന്തുപോകത്തക്കവിധത്തിലുള്ള ദൈവക്രോധമാണ് ഭൂമിയിൽ അരങ്ങേറിയത്. **വെളി.16:8,9 —** *"നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു; അപ്പോൾ തീകൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന്നു അധികാരം ലഭിച്ചു. മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി; ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന്നു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല."* എന്നാൽ സ്വർഗ്ഗസിംഹാസനത്തിനു മുന്നിൽ കാണപ്പെട്ട ഇവർ ദൈവീകന്യായവിധി മനസ്സിലാക്കി ദൈവത്തിൽ ശരണപ്പെട്ടവരായിരുന്നു. ആയതിനാൽ അവർക്കു നിത്യാശ്വാസം ലഭിക്കുവാനിടയായി. ദൈവത്തിൽ വിശ്വസ്തരായ അവർക്കു ഇനി സൂര്യന്റെയോ തീയുടെയോ ചൂട് ഒരിക്കലും നേരിടേണ്ടതില്ല. ദൈവം അവർക്കു കൂടാരമായി, തണലായി കുളിർമ്മയേകും.

**(6) അവർക്കു ലഭിക്കുന്ന പരിപാലനം** (Complete Guidance of Lamb) —

**സിംഹാനത്തിന്റെ മദ്ധ്യേ കുഞ്ഞാടു അവരെമേച്ചു ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുകയും** (for the Lamb who is in the midst of the throne will shephered them and lead them to the living fountains of waters) —

മഹാകഷ്ടങ്ങളിലൂടെ സ്വർഗ്ഗത്തിലെത്തിയ മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കു കുഞ്ഞാടിന്റെ നിത്യപരിപാലനവും നടത്തിപ്പും ഉണ്ടായിരിക്കും. സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാട് അവർക്കായി ജീവൻ കൊടുത്ത നല്ലിടയൻ എന്ന നിലയിൽ ആടുകളായ അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുതയും ചെയ്യും. ദൈവം തന്റെ ആടുകളായ ജനത്തിന്റെ ഇടയനാണെന്ന പ്രസ്താവന പഴയനിയമത്തിലുടനീളം കാണാം (സങ്കീ.23 /സങ്കീ.80:1 / യെശ.40:11/ യെഹെ.34:12,15). പുതിയനിയമത്തിൽ യേശുക്രിസ്തുവിനെ ആടുകൾക്കായി തന്റെ ജീവൻ കൊടുത്ത നല്ല ഇടയനായും (Good Shepherd — യോഹ.10:11), തന്റെ ആടുകൾക്കായി ഇപ്പോൾ സ്വർഗ്ഗത്തിൽ വസിക്കുന്ന വലിയ ഇടയനായും (Great Shepherd — എബ്രാ.13:20), ഭാവിയിൽ ആടുകൾക്കായി സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്ന ശ്രേഷ്ഠ ഇടയനായും (Chief Shepherd — 1.പത്രൊ.2:25 / 5:4) ചിത്രീകരിച്ചിട്ടുണ്ട്.

**(7) അവരുടെ ലഭിക്കുന്ന നിത്യസന്തോഷം** (Everlasting Joy of God) —

**ദൈവം താൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളകയും ചെയ്യും** (And God will wipe away every tear from their eyes) —

അന്തിക്രിസ്തുവിന്റെ പീഡനങ്ങളാൽ ഏറെ ദുഃഖിച്ചു കരഞ്ഞവരായ അവർക്കു ഇനി സ്വർഗ്ഗത്തിൽ നിത്യസന്തോഷമാണ് ലഭിക്കുന്നത്. ദൈവം തന്റെ കരങ്ങൾകൊണ്ട് അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ തുടച്ചു ആശ്വസിപ്പിക്കും. സ്നേഹവാനായ ഒരു പിതാവു തന്റെ കുഞ്ഞിന്റെ കണ്ണിൽ കണ്ണുനീർ കാണുമ്പോൾ കുഞ്ഞിന്റെ സമീപം വന്നു ആശ്വസിപ്പിച്ചു, കണ്ണുനീർ കരങ്ങളാൽ തുടക്കുമ്പോൾ സകലദുഃഖവും മാറി സന്തോഷത്തിലേക്കു എത്തിച്ചേരും. ഇതേ അനുഭവമായിരിക്കും കഷ്ടതയിലൂടെ കടന്നു വന്ന വിശുദ്ധന്മാർക്കും ലഭ്യമാകുന്ന ദൈവകരങ്ങളുടെ തലോടൽ. മശീഹായുടെ ഭരണത്തിൻ കീഴിൽ ലഭിക്കുന്ന ആശ്വാസം വർണ്ണിക്കുന്ന വേളയിൽ കണ്ണുനീർ തുടെക്കുന്ന അനുഭവത്തെ യെശയ്യാ പ്രവാചകനും പറഞ്ഞിട്ടുണ്ട്. **യെശ.25:8 —** *"അവൻ മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും; യഹോവയായ കർത്താവു സകലമുഖങ്ങളിലുംനിന്നു കണ്ണുനീർ തുടെക്കയും തന്റെ ജനത്തിന്റെ നിന്ദ സകലഭൂമിയിലും നിന്നു നീക്കിക്കളകയും ചെയ്യും."* പീഡനകാലത്തെ വിശുദ്ധന്മാരെപ്പോലെതന്നെ മണവാട്ടി സഭക്കും ദൈവത്തിന്റെ കരങ്ങളാലുള്ള ആശ്വാസം ലഭിക്കുമെന്നു വെളിപ്പാടിൽ കാണുന്നുണ്ട്. **വെളി.21:4 —***"അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും."* കരുണാസമ്പന്നനും സ്നേഹവാനുമായ ദൈവം ദൈവമക്കളുടെ കണ്ണുനീർ ഈ ലോകത്തിൽ മാത്രമല്ല നിത്യതയിലും തുടെച്ചു ആശ്വസിപ്പിക്കുമെന്നത് എത്രയോ ശ്രേഷ്ടമായിരിക്കുന്നു. സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ഭവനമായ സ്വർഗ്ഗത്തിൽ വിശ്വാസികൾക്കു കണ്ണുനീരുണ്ടാകുമോ? അവിടെ എപ്പോഴും സന്തോഷവും ആനന്ദഘോഷവുമായിരിക്കും എന്നതിൽ സംശയമില്ല. കണ്ണുനീർ തുടെക്കും എന്നത് ആലങ്കാരികഭാഷയിലുള്ള പ്രയോഗമാണെങ്കിലും അവിടെ പ്രധാനമായും രണ്ടു കാരണങ്ങളാൽ കണ്ണിൽ കണ്ണുനീരുണ്ടാകുവാൻ സാദ്ധ്യതയുണ്ട്. ഒന്നാമതായി — വിശ്വാസികൾ സ്വർഗ്ഗഭാഗ്യം അനുഭവിക്കുമ്പോൾ അവർ തങ്ങളുടെ പഴയകാലവുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്ന അവസരത്തിൽ കണ്ണുനീരുണ്ടാകാം. അതായത് ഭൂമിയിലായിരുന്നപ്പോൾ അവർ ദൈവത്തെ നിരസിച്ചു പുറം തിരിഞ്ഞു ദുഃഖിപ്പിച്ചവരായിരുന്നു. എന്നാൽ കരുണയുള്ള ദൈവം അവരെ നിരന്തരം സ്നേഹിച്ചതിനാൽ അവർക്കു ദൈവത്തിന്റെ മക്കളാകുവാൻ സാധിച്ചു. അവർക്കു ലഭ്യമായ ഭാഗ്യാവസ്ഥ ഓർത്തപ്പോഴുണ്ടായ കണ്ണുനീർ ആനന്ദകണ്ണുനീരായിരിക്കാം. രണ്ടാമതായി — അവർ സകല അനുഗ്രഹങ്ങളും നുകർന്നു സ്വർഗ്ഗഭാഗ്യം അനുഭവിക്കുമ്പോൾ അവരുടെ ഉറ്റവരും ഏറ്റവും അടുത്ത ബന്ധുക്കളും ചാർച്ചക്കാരും ദൈവത്തെ നിരസിച്ചതിനാൽ നരകത്തിൽ യാതന അനുഭവിക്കുന്നതോർക്കുമ്പോൾ അവരുടെ കണ്ണിൽ കണ്ണുനീരുണ്ടാകാം. എന്നാൽ സ്വർഗ്ഗത്തിൽ തുടർമാനമായി ദുഃഖിക്കുവാനോ പഴയകാര്യങ്ങളെ ഓർത്തു എപ്പോഴും വ്യാകുലപ്പെടുവാനോ സാധിക്കുകയില്ല. ദൈവം അവരുടെ സകലചിന്തകളും വിഷമതകളും മനസ്സിലാക്കി കണ്ണുനീർ തുടെച്ചു ആശ്വസിപ്പിച്ചു കഴിയുമ്പോൾ ദുഃഖങ്ങളൊക്കെ പരിപൂർണ്ണമായി മാറ്റപ്പെടും. ഥുടർന്നു അവർ തങ്ങളുടെ ശ്രദ്ധമുഴുവനും ദൈവത്തിങ്കലേക്കു തിരിച്ചു ദൈവത്തെ സേവിക്കുവാനും ആരാധിക്കുവാനും തുടങ്ങും.

ആറാം അദ്ധ്യായത്തിൽ അറുക്കപ്പെട്ട കുഞ്ഞാടായ ക്രിസ്തു എഴു മുദ്രകളുള്ള പുസ്തകത്തിന്റെ ആറു മുദ്രകൾ പൊട്ടിച്ചു. ഓരോ മുദ്ര പൊട്ടിച്ചപ്പോഴും ഭൂവാസികളുടെമേൽ കഠിനമായ ദൈവത്തിന്റെ ന്യായവിധികൾ ചൊരിയുകയായിരുന്നു. ഏഴാമത്തെ മുദ്ര പൊട്ടിക്കുന്നതിനോടനുബന്ധമായി ഏഴു കാഹളത്തോടുള്ള ന്യായവിധികൾ ഭൂമിയിൽ ഏറ്റവും കഠിനമായ ദൈവക്രോധം പകരപ്പെടുവാൻ ആരംഭം കുറിക്കുകയാണ്. എന്നാൽ ദൈവക്രോധത്തിനിടയിലും ദൈവകരുണ ഒഴുകുന്നതായി (ഉല്പ.3:21/ഹബ.3:2) ഏഴാം അദ്ധ്യായത്തിൽ കണ്ടു. ഏഴാം മുദ്രമുതലുള്ള അതികഠിനമായ ദൈവക്രോധം ചൊരിയുന്നതിനു മുമ്പു ഒരിടവേളയെന്ന നിലയിൽ ഏഴാം അദ്ധ്യായത്തിൽ രണ്ടു കൂട്ടരെ ദൈവം വീണ്ടെടുക്കുന്നു. അന്നു ജീവിച്ചിരിക്കുന്ന യഹൂദന്മാരുടെ 12 ഗോത്രങ്ങളിൽ നിന്നും പന്തീരായിരം വീതം 1,44,000 പേരെ മുദ്രയിട്ടു ദൈവരാജ്യത്തിന്റെ സുവിശേഷം പറയുവാൻ വേർതിരിക്കുന്നു. അതിനുശേഷം മനുഷ്യനാൽ എണ്ണിക്കൂടാനാവാത്ത ഒരു മഹാപുരുഷാരത്തെ സകലഭൂവാസികളിൽ നിന്നും കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുത്തു രക്ഷിക്കുന്നു. അവർ സ്വർഗ്ഗസിംഹാസനത്തിനടുത്തു ദൈവീകവാഗ്ദത്തങ്ങൾ പ്രാപിച്ച്, ദൈവത്താൽ ആശ്വസിപ്പിക്കപ്പെട്ടവരായി നിൽക്കുന്നു. എന്നാൽ അന്നും രക്ഷകനായക്രിസ്തുവിൽ ആശ്രയം വെയ്ക്കുന്നതിനു പകരം വലിയോരുകൂട്ടം അന്തിക്രിസ്തുവിൽ ആശ്രയിച്ചു മൃഗത്തിന്റെ മുദ്രയും വഹിച്ചുകൊണ്ടു ദൈവത്തെ നിരാകരിക്കുന്നതിനാൽ അവർ നശിച്ചു നിത്യദണ്ഡനത്തിനു വിധേയരായിത്തീരുന്നു എന്ന കാര്യവും ശ്രദ്ധേയമാണ്.

------------------

# വെളിപ്പാട് അദ്ധ്യായം — 8

ഏഴാം മുദ്ര പൊട്ടിക്കുന്നതും അതോടനുബന്ധിച്ചുള്ള ദൈവീകന്യായവിധികളും എട്ടാം അദ്ധ്യായത്തിൽ ഉൾക്കൊള്ളുന്നു. അതായത് ഏഴാം മുദ്ര ഏഴു കാഹളങ്ങളാലുള്ള ന്യായവിധികൾക്കു ആരംഭം കുറിക്കുന്നു. ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ അരമണിക്കൂറോളം മൗനത ഉണ്ടാകുന്നു. തുടർന്നു ഏഴു ദൂതന്മാർക്കു ഏഴു കാഹളം ലഭിക്കുകയും അവർ ഓരോരുത്തരായി കാഹളം ഊതുമ്പോൾ ഭൂമിയിൽ ദൈവത്തിന്റെ അതികഠിനമായ ന്യായവിധികൾ വന്നു പതിക്കുകയും ചെയ്യുന്നു. വെടിക്കെട്ടിൽ ആകാശത്തിലേക്കു തീ കൊളുത്തി വിടുന്ന ഒരു അമിട്ട് ഉയരത്തിൽ ചെന്നു ഏഴു നിരകളായി വിടരുകയും വീണ്ടും അതിലൊന്നു ഏഴു നിരകളായി രൂപപ്പെടുന്നതുപോലെയാണ് ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴു കലശങ്ങൾ എന്നിവയുൾക്കൊള്ളുന്ന 21 ന്യായവിധികൾ. അതായത് ഏഴാമത്തെ മുദ്ര (Seven Seals — വെളി.8:1-11:19) ഏഴു കാഹളങ്ങളെയും (Seven Trumpets — വെളി.8:1-9:21,11:15-19) ഏഴുകലശങ്ങളെയും (Seven Bowls— വെളി.16:1-21) ഉൾക്കൊള്ളുന്നു. ഏഴാമത്തെ മുദ്രപൊട്ടിക്കുന്നതോടുകൂടി കാഹളം, ക്രോധകലശം എന്നിവയാലുള്ള അതിശക്തമായ ന്യായവിധികൾ നടക്കുയാണ്. മുദ്രയിൽ നിന്നു കാഹളത്തിലേക്കും, കാഹളത്തിൽ നിന്നും കലശത്തിലേക്കുമുള്ള വ്യതിയാനം അതിഭയങ്കരമായ ന്യായവിധികൾക്കു ആക്കം കൂട്ടുന്നു. ആദ്യത്തെ നാലു മുദ്രകളിലൂടെ ഭൂവാസികളുടെ മേൽ വിവിധ ന്യായവിധികൾ വന്നു പതിച്ചു. വെള്ളക്കുതിര വ്യാജസമാധാനവും (false peace), ചുവന്ന കുതിര യുദ്ധവും (war), കറുത്ത കുതിര ക്ഷാമവും (famine), മഞ്ഞക്കുതിര മരണവും (death) ഭൂമിയിൽ വിതറി. അഞ്ചാം മുദ്രയിൽ രക്തസാക്ഷികളായ വിശുദ്ധന്മാരുടെ ആത്മാക്കളെ ന്യായപീഠത്തിങ്കീഴിൽ കാണപ്പെടുകയും അവരുടെ നിലവിളിക്കു ദൈവം ആശ്വാസം പകരുകയും ചെയ്യുന്നു. ആറാം മുദ്ര പൊട്ടിച്ചപ്പോൾ തന്റെ വിശുദ്ധന്മാരെ പീഡിപ്പിച്ചവർക്കെതിരേയുള്ള അതികഠിനമായ ന്യായവിധി ഭൂമിയിലേക്കു അയക്കുന്നു. ഭൂകമ്പം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രം, ആകാശം, മല, ദ്വീപ് എന്നിവയിലൂടെയുള്ള ദൈവക്രോധത്തിന്റെ ന്യായവിധികൾ ഭൂവാസികളിൽ മരണഭീതി ഉണർത്തി. ഇവ ദൈവകരങ്ങളുടെ പ്രവർത്തനമാണെന്നു അവർ തിരിച്ചറിഞ്ഞു. അപ്പോഴും ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം നിർജ്ജീവശക്തിയിൽ ആശ്രയിച്ചു. ആറാമത്തെ മുദ്രയോടനുബന്ധിച്ചുള്ള ന്യായവിധികൾ യഹോവയുടെ നാളിനെ ഓർമ്മിപ്പിക്കുന്ന വിധത്തിലുള്ള കഠിനമായ ശിക്ഷാവിധിയായിരുന്നു. എന്നാൽ അതും വരുവാൻ പോകുന്ന ഭയങ്കരദിവസത്തിന്റെ മുന്നോടി എന്ന നിലയിൽ ഈറ്റുനോവിന്റെ ആരംഭമായിരിക്കുന്നു. ആറാം മുദ്രക്കു ശേഷവും ഏഴാം മുദ്ര പൊട്ടിക്കുന്നതിനു മുമ്പായും അല്പം ഇടവേളയെന്ന നിലയിൽ ഏഴാം അദ്ധ്യായത്തിൽ ദൈവത്തിന്റെ ദീർഘക്ഷമയും കരുണയും കാണുന്നു. യിസ്രായേൽ ഗോത്രങ്ങളിൽ നിന്നു 1,44,000 പേരെ മുദ്രയിട്ടു സംരക്ഷിക്കുവാനും, സകലജാതികളിൽ നിന്നു ഒരു മഹാപുരുഷാരത്തെ വീണ്ടെടുക്കുവാനും ദൈവം അവസരമൊരുക്കി. ഏഴാം മുദ്ര പൊട്ടിക്കുന്നതോടുകൂടി പുസ്തകച്ചുരുൾ മുഴുവനും തുറക്കപ്പെടുകയാണ്. തുടർന്നുള്ള സകലതും ഇതോടെ വെളിപ്പെടുന്നു. കുഞ്ഞാടായ ക്രിസ്തു തന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയ ഭൂമിയുടെ വിലയാധാരം അഥവാ അവകാശപത്രത്തെ പ്രതിനിതീകരിക്കുന്ന പുസ്തകച്ചുരുളിന്റെ ഏഴാമത്തേതും അവസാനത്തേതുമായ മുദ്ര പൊട്ടിക്കുന്നതോടെ യഹോവയുടെ നാളിന്റെ ഭയങ്കരത്വം ഭൂവാസികൾ അനുഭവിച്ചറിയുവാൻ പോകുകയാണ്. മുദ്ര, കാഹളം, കലശം എന്നിവയാലുള്ള ന്യായവിധികൾ ഓരോന്നും ഏഴുവർഷപീഡനകാലത്തിന്റെ ഏതൊക്കെ കാലങ്ങളിലാണ് സംഭവിക്കുന്നതെന്നു വിഭിന്ന അഭിപ്രായങ്ങളാണുള്ളത്. മുദ്ര, കാഹളം എന്നിവയാലുള്ള ന്യായവിധികൾ പീഡനകാലത്തിന്റെ (Tribulation period) ആദ്യപകുതിയായ മൂന്നരവർഷക്കാലത്തും, ഏഴാമത്തെ കാഹളത്തോടെ ആരംഭിക്കുന്ന ക്രോധകലശങ്ങളാലുള്ള ന്യായവിധികൾ ഏഴു വർഷത്തെ പീഡനകാലത്തിന്റെ രണ്ടാം പകുതിയായ മൂന്നരവർഷമുൾപ്പെട്ട മഹോപദ്രവകാലത്തുമാണ് (Great Tribulation period) സംഭവിക്കുന്നതെന്നു ഭൂരിപക്ഷം ആൾക്കാരും അഭിപ്രായപ്പെടുന്നു. ഏഴാം മുദ്ര പൊട്ടിക്കുന്നതിനനുബന്ധമായുള്ള ഏഴു കാഹളങ്ങളിൽ (വെളി.8:7 —11:15) നാലെണ്ണം എട്ടാം അദ്ധ്യായത്തിൽ (വെളി.8:7 —8:13) ഉൾക്കൊള്ളുന്നു.

**വെളി 6 മുതൽ 18 വരെയുള്ള 21 ന്യായവിധികൾ — (**Seals, Trumpets, Bowls**)**

**I ഏഴു മുദ്രകൾ (Seven Seals)**

| | | | |
|---|---|---|---|
| ആദ്യത്തെ 6 മുദ്രകൾ (Ch.6) | ഇടവേള (Ch.7) | ഏഴാമത്തെ മുദ്ര (Ch.8:1) | ––– |

**II ഏഴു കാഹളങ്ങൾ (Seven Trumpets)**

| | | | |
|---|---|---|---|
| ആദ്യത്തെ 6 കാഹളങ്ങൾ (Ch.8:2 - 9:21) | ഇടവേള (Ch.10:1-11:13) | ഏഴാമത്തെ കാഹളം (Ch.11:14-19) | ഇടവേള (Ch.12:1 - 14:20) |

**III ഏഴു കലശങ്ങൾ (Seven Bowls)**

| | | | |
|---|---|---|---|
| ആദ്യത്തെ 6 കലശങ്ങൾ (Ch.15:1-16:16) | –– | ഏഴാമത്തെ കലശം (Ch.16:17-21) | ഇടവേള (Ch.17:1-19:10) |

**ഏഴു കാഹളങ്ങൾ — (Seven Trumpets)**

1. വെളി.8:7 — ഭൂമി, വൃക്ഷങ്ങൾ, പച്ചപ്പുല്ല് എന്നിവ മൂന്നിലൊന്നു നശിച്ചു
(one third of land and vegetation destroyed)
2. വെളി.8:8,9 — കടൽ, കടലിലെ ജീവികൾ, കപ്പൽ എന്നിവ മൂന്നിലൊന്നു നശിച്ചു
(one third of ocean life and ships destroyed)
3. വെളി.8:10,11 — നദിയിലെ വെള്ള മൂന്നിലൊന്നു വിഷമുള്ളതായി
(one third of fresh water poisoned)
4. വെളി.8:12 — സൂര്യൻ, ചന്ദ്രൻ, നക്ഷത്രം എന്നിവ മൂന്നിലൊന്നു ഭാഗം ഇരുട്ടായി
(one third of sun, moon,stars darkened)
5. വെളി.9:1-12 — വെട്ടുക്കിളിയാലുള്ള ബാധ
(attack by locusts)
6. വെളി.9:13-21 — കുതിരപ്പടയാലുള്ള ബാധ
(attack by horsemen)
7. വെളി.11:15-19— രാജ്യം സ്ഥാപിക്കപ്പെടുന്നു — രാജത്വം ക്രിസ്തുവിനായിത്തീരുന്നു.
(The Kingdom proclaimed)

**ഏഴു കലശങ്ങൾ — (Seven Bowls)**

1. വെളി.16:2 — അന്തിക്രിസ്തുവിന്റെ അനുയായികൾക്കു വല്ലാത്ത ദുവൃണം
(Plague on the earth -- Terrible sores upon the followers of antichrist)
2. വെളി.16:3 — സമുദ്രജലം വിഷമായിത്തീരുന്നു (രക്തം)
(Plague on the sea -- Poisoning of of all salt water )
3. വെളി.16:4-7 — നദീജലം വിഷമായിത്തീരുന്നു (രക്തം)
(Plague on the rivers -- Poisoning of all river water)
4. വെളി.16:8,9 — സൂര്യനിലെ അതികഠിനമായ ചൂടിൽ മനുഷ്യർ വെന്തു പോയി
(Plague on the sun -- Fearful and blistering heat from the sun)
5. വെളി.16:10,11 — അന്തിക്രിസ്തുവിന്റെ ആസ്ഥാനം ഇരുട്ടിലായി, കഷ്ടത, വൃണം
(Plague on the beast's seat-- Darkness upon the capital of antichrist, pain and sores)
6. വെളി.16:12--16 — യൂഫ്രാത്തേസ് മഹാനദി വറ്റിപ്പോയി
(Plague on the Euphrates -- Euphrates dried up)
7. വെളി.16:17--21 — ആകാശത്തിൽ ബാധ — അതിഭയങ്കരമായ ഭൂമി കുലുക്കം.
(Plague on the air -- The earth utterly shaken)

ന്യായവിധിയോടുള്ള ബന്ധത്തിൽ ഏഴു കാഹളങ്ങൾ, ഏഴു കലശങ്ങൾ എന്നിവ തമ്മിൽ സാമ്യമുണ്ട് —

| കാഹളം | ന്യായവിധി | | കലശം |
|---|---|---|---|
| (1) വെളി.8:7 | : ഭൂമി (Earth) | : | വെളി.16:2 |
| (2) വെളി.8:8,9 | : കടൽ (Sea) | : | വെളി.16:3 |
| (3) വെളി.8:10,11 | : നദി (River) | : | വെളി.16:4-7 |

| | | | |
|---|---|---|---|
| (4) വെളി.8:12 | : പ്രപഞ്ചം (Heavens) | : | വെളി.16:8,9 |
| (5) വെളി.9:1-12 | : മനുഷ്യ പീഡനം(Torment-Mankind) | : | വെളി.16:10,11 |
| (6) വെളി.9:13-21 | : സേനയാലുള്ള ആക്രമണം(Army-Euphrates): | | വെളി.16:12--16 |
| (7) വെളി.11:15-19 | : രാഷ്ട്രങ്ങളുടെ കോപം(Nations in wrath) | : | വെളി.16:17--21 |

**അദ്ധ്യായം - 8— വിഭജനം —**

1 വെളി.8:1-2 — ഏഴാമത്തെ മുദ്ര പൊട്ടിക്കൽ – (The Seventh seal)
2 വെളി.8:3-5 — ദൂതനും സ്വർണ്ണധൂപകലശവും — (The Angel and Golden Censer)
3 വെളി.8:6-7 — ഒന്നാമത്തെ കാഹളം (ഭൂമി) — (The First Trumpet - Land)
4 വെളി.8:8-9 — രണ്ടാമത്തെ കാഹളം (കടൽ) — (The Second Trumpet - Sea)
5 വെളി.8:10,11— മൂന്നാമത്തെ കാഹളം (നദി) — (The Third Trumpet -- River)
6 വെളി.8:12 — നാലാമത്തെ കാഹളം (പ്രപഞ്ചം) — (The Fourth Trumpet -- Universe)
7 വെളി.8:13 — കഷ്ടം എന്ന ന്യായവിധി അറിയിപ്പ് — (Announcement of Woe Judgement)

## വെളി.8:1-2 — ഏഴാമത്തെ മുദ്ര പൊട്ടിക്കൽ (The Seventh seal)

**വെളി.8:1 — "അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അര മണിക്കൂറോളം മൗനത ഉണ്ടായി."** (When He opened the seventh seal, there was silence in heaven for about half an hour.) —

സർവ്വശക്തനായ ദൈവത്തിന്റെ വലങ്കൈയ്യിലിരുന്ന മുദ്രിതപുസ്തകം അവകാശിയും യോഗ്യനുമായ കുഞ്ഞാടായ ക്രിസ്തു വാങ്ങി അതിന്റെ മുദ്രകളോരോന്നായി പൊട്ടിച്ചു. ഏഴുമുദ്രകളിൽ ആറു മുദ്രകൾ പൊട്ടിച്ചു കഴിഞ്ഞപ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലും വ്യത്യസ്തങ്ങളായ സംഭവങ്ങൾ ഉണ്ടായി. പ്രധാനമായും ഭൂമിയിൽ ദൈവത്തിന്റെ ന്യായവിധികൾ ഭൂവാസികളുടെ മേലുണ്ടായി. എന്നാൽ ഏഴാമത്തേതും അവസാനത്തേതുമായ മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അര മണിക്കൂറോളം മൗനത ഉണ്ടായി എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. ഏഴാമത്തെ മുദ്ര പൊട്ടിച്ചതോടെ പുസ്തകച്ചുരുൾ മുഴുവനായും തുറക്കപ്പെടുകയും, തുടർന്നു സ്വർഗ്ഗത്തിലും ഭൂമിയിലും അരങ്ങേറുന്ന സംഭവങ്ങൾ വ്യക്തമാകുകയും ചെയ്യുന്നു. ഏഴാമത്തെ മുദ്ര പൊട്ടിക്കുന്നതുവരെ സ്വർഗ്ഗമാകെ സന്തോഷത്തിന്റെയും, ആർപ്പിന്റെയും, ഘോഷത്തിന്റെയും നാദത്താൽ ശബ്ദമുഖരിതമായിരുന്നു. പത്മൊസിൽ നിന്നും ആത്മവിവശനായി യോഹന്നാൻ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടപ്പോൾ മുതൽ ഏഴാമത്തെ മുദ്ര പൊട്ടിക്കുന്നതുവരെയുള്ള രംഗങ്ങളെ ഓരോന്നായി പരിശോധിച്ചാൽ അനേക ശബ്ദങ്ങൾ യോഹന്നാൻ സ്വർഗ്ഗത്തിൽ കേൾക്കുകയുണ്ടായി.

> ഇവിടെ കയറിവരിക എന്ന കാഹളനാദം പോലെയുള്ള ശബ്ദം (വെളി.4:1).
> സിംഹാസനത്തിൽ നിന്നു മിന്നലും നാദവും ഇടിമുഴക്കവും (വെളി.4:5).
> ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു രാപ്പകൽ വിശ്രമംകൂടാതെ നാലുജീവികൾ പറഞ്ഞു കൊണ്ടിരുന്നു (വെളി.4:8).
> മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു ഇരുപത്തിനാലു മൂപ്പന്മാർ പറഞ്ഞു കൊണ്ടു ദൈവത്തെ ആരാധിക്കുന്നു (വെളി.4:11).
> പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരുള്ളു എന്നു അത്യുച്ചത്തിൽ ഘോഷിക്കുന്ന ശക്തനായോരു ദൂതനെ യോഹന്നാൻ കണ്ടു (വെളി.5:2).
> പുസ്തകം വാങ്ങുവാനും മുദ്ര പൊട്ടിപ്പാനും യോഗ്യനായ ഒരുവനുണ്ട് എന്നു മൂപ്പന്മാരിൽ ഒരാൾ പറയുന്നു (വെളി.5:5–7).
> ജീവികൾ, മൂപ്പന്മാർ, ദൂതന്മാർ, സർവ്വസൃഷ്ടികൾ ദൈവത്തിനു സ്തുതിസ്തോത്രം അർപ്പിക്കുന്നു (വെളി.5:9–14).
> ഒന്നാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ ജീവികളിൽ ഒന്നിന്റെ ഇടിമുഴക്കം പോലെയുള്ള ശബ്ദം (വെളി.6:1).
> രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ രണ്ടാം ജീവിയുടെ ആഹ്വാനം (വെളി.6:3).
> മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ മൂന്നാം ജീവിയുടെ ആഹ്വാനം (വെളി.6:5).
> മൂന്നാം മുദ്രയോടനുബന്ധിച്ചു എണ്ണക്കും വീഞ്ഞിനും കേടു വരുത്തരുതെന്ന ശബ്ദം (വെളി.6:6).
> നാലാം മുദ്ര പൊട്ടിച്ചപ്പോൾ നാലാം ജീവിയുടെ ആഹ്വാനം (വെളി.6:7).

> അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിലെ ഉറക്കെ നിലവിളിയും, ദൈവത്തിന്റെ അരുളപ്പാടും (വെളി.6:9-11).
> ആറാം മുദ്ര പൊട്ടിച്ചപ്പോൾ ഭൂകമ്പം, പെരുങ്കാറ്റ്, ഭൂവാസികളുടെ കരച്ചിൽ (വെളി.6:12-17).
> ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടുവരുത്തരുതെന്ന ഉറക്കെയുള്ള ആഹ്വാനം (വെളി.7:3).
> മുദ്രയേറ്റവരുടെ എണ്ണം വിളിച്ചു പറയുന്നത് (വെളി.7:4).
> വീണ്ടെടുക്കപ്പെട്ട പീഡനകാലത്തെ വിശുദ്ധന്മാരുടെ അത്യുച്ചത്തിലുള്ള ഘോഷം (വെളി.7:10-12).
> വെള്ളനിലയങ്കി ധിച്ചിരിക്കുന്ന ഇവർ ആർ? എവിടെനിന്നു വന്നു? എന്നീ ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരവും (വെളി.7:13-14).

മണവാട്ടി സഭയെ പ്രതിനിതീകരിക്കുന്ന 24 മൂപ്പന്മാർ, കൂടാതെ ജീവികൾ, കെരൂബുകൾ, സാറാഫുകൾ, ദൂതന്മാർ, മഹോപദ്രവകാലത്തെ വിശുദ്ധന്മാർ എന്നിവരടങ്ങിയ കൂട്ടം സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ ദൈവത്തെ ആരാധിച്ചു സ്തുതിച്ചു കൊണ്ടിരിക്കയായിരുന്നു. എന്നാൽ ഏഴാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗീയ സദസ്സ് ഏകദേശം അര മണിക്കൂർ അഥവാ മുപ്പതു മിനിറ്റോളം നിശബ്ദമായി. സ്വർഗ്ഗം ചില നിമിഷങ്ങൾ നിശബ്ദമായെന്ന പ്രസ്താവന തിരുവചനത്തിൽ ഇവിടെ മാത്രമാണു കാണുന്നത്. ഏഴാമത്തെ മുദ്ര പൊട്ടിച്ചപ്പോഴുണ്ടായ നിശബ്ദതക്കു കാരണമായി പല അഭിപ്രായങ്ങളുണ്ട് —

> (1) ഏഴാം മുദ്ര പൊട്ടിച്ചശേഷമുണ്ടാകുന്ന ദൈവീകന്യായവിധികളെ തിരിച്ചറിഞ്ഞ സ്വർഗ്ഗീയ സദസ്സ് മൗനത പാലിച്ചു. ദൈവത്തിന്റെ ന്യായവിധികളെ കാണുമ്പോൾ നിശബ്ദരായിത്തീർന്ന രംഗങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട്. **സങ്കീ.76:9 —** *"ദൈവം ന്യായവിസ്താരത്തിന്നു എഴുന്നേറ്റപ്പോൾ ഭൂമി ഭയപ്പെട്ടു അമർന്നിരുന്നു."* **ഹബ.2:20 —** *"എന്നാൽ യഹോവ തന്റെ വിശുദ്ധമന്ദിരത്തിൽ ഉണ്ടു; സർവ്വഭൂമിയും അവന്റെ സന്നിധിയിൽ മൗനമായിരിക്കട്ടെ."* **സെഫ.1:7 —** *"യഹോവയായ കർത്താവിന്റെ സന്നിധിയിൽ മിണ്ടാതിതിക്ക."* **സെഖ.2:13 —** *"സകലജഡവുമായുള്ളോരേ, യഹോവയുടെ മുമ്പിൽ മിണ്ടാതിരിപ്പിൻ; അവൻ തന്റെ വിശുദ്ധനിവാസത്തിൽനിന്നു എഴുന്നരുളിയിരിക്കുന്നു. "*

> (2) ഏഴാമത്തെ മുദ്ര പൊട്ടിക്കുന്നതോടുകൂടി പുസ്തകച്ചുരുളിലെ സകല കാര്യങ്ങളും വെളിപ്പെടുന്നു. തുടർന്നു നടക്കുവാൻ പോകുന്ന കാഹളധ്വനിയാലും ക്രോധകലശങ്ങളാലും ഭൂവാസികളുടെ മേൽ പതിക്കുവാൻ പോകുന്ന അതിഭയങ്കരമായ ന്യായവിധിയെ മനസ്സിലാക്കിയ സ്വർഗ്ഗീയസദസ്സ് എന്തു ചെയ്യണമെന്നറിയാതെ മൗനത പാലിച്ചു. കൊടുങ്കാറ്റിനു മുമ്പേ ശാന്തതയെന്നോണമായിരുന്നു സ്വർഗ്ഗത്തിലെ മൗനം. ആറു മുദ്രകൾ പൊട്ടിച്ചപ്പോഴുണ്ടായ ന്യായവിധിയേക്കാൾ ഏറ്റവും കഠിനമായവയാണ് ഇനി നടക്കുവാൻ പോകുന്നതെന്ന അറിവു സകലരെയും നിശബ്ദരാക്കി. ദൈവം ഇനി ചെയ്യുവാൻ പോകുന്നതെന്താണെന്നു ശ്രദ്ധിച്ചുകൊണ്ടു സ്തംബ്ധരായി നിന്നുപോയി.

> (3) അര മണിക്കൂർ അഥവാ മുപ്പതു മിനിറ്റു സ്വർഗ്ഗത്തിൽ നിശബ്ദതയുണ്ടായത് വരുവാൻ പോകുന്ന വിപത്തിലെ ഓർത്തുള്ള സ്വർഗ്ഗീയവിലാപമായിരിക്കാം എന്നതാണ് മറ്റൊരഭിപ്രായം. മുപ്പതു എന്ന സംഖ്യ തിരുവചനത്തിൽ വിലാപത്തെ കുറിക്കുന്നു. അഹരോന്റെയും മോശെയുടെയും മരണത്തിൽ യിസ്രായേൽ മുപ്പതു ദിവസം വിലപിച്ചു. **സംഖ്യാ.20:29 —** *"അഹരോൻ മരിച്ചുപോയി എന്നു സഭയെല്ലാം അറിഞ്ഞപ്പോൾ യിസ്രായേൽഗൃഹം ഒക്കെയും അഹരോനെക്കുറിച്ചു മുപ്പതു ദിവസം വിലാപിച്ചുകൊണ്ടിരുന്നു."* **ആവ.34:8 —** *"യിസ്രായേൽമക്കൾ മോശെയെക്കുറിച്ചു മോവാബ്സമഭൂമിയിൽ മുപ്പതുദിവസം കരഞ്ഞുകൊണ്ടിരുന്നു; അങ്ങനെ മോശെയെക്കുറിച്ചു കരഞ്ഞു വിലപിക്കുന്ന കാലം തികഞ്ഞു."*

> (4) ആറാം മുദ്രയുടെ ന്യായവിധിക്കു ശേഷം ദൈവം 144000 പേരെ മുദ്രയിട്ടു സംരക്ഷിക്കുകയും, തുടർന്നു ഒരു മഹാപുരുഷാരത്തെ കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കുകയും ചെയ്തു. ഏഴാം മുദ്രയോടനുബന്ധിച്ചുള്ള ഏഴു കാഹളങ്ങളും ഏഴു കലശങ്ങളും ഭൂവാസികളുടെമേൽ പകരുന്നതിനു മുമ്പു ദൈവം കുറേ നിമിഷങ്ങൾ കൂടി ഭൂവാസികൾക്കു രക്ഷപ്രാപിപ്പാൻ നൽകുകയാണ്. അതായത് കരുണാസമ്പന്നനും ദീർഘക്ഷമയുള്ളവനുമായ സർവ്വശക്തനായ ദൈവം ഭൂവാസികൾ മാനസാന്തരപ്പെടുവാൻ 30 മിനിറ്റുകൾ കൂടി അനുവദിക്കുന്നു. ദുഷ്ടൻ നശിച്ചുപോകുന്നതിനോ മരിക്കുന്നതിനോ ദൈവം ആഗ്രഹിക്കുന്നില്ല. **യെഹെ.33:11 —** *"എന്നാണ, ദുഷ്ടന്റെ മരണത്തിൽ അല്ല, ദുഷ്ടൻ തന്റെ വഴി വിട്ടുതിരിഞ്ഞു ജീവിക്കുന്നതിൽ അത്രേ എനിക്കു ഇഷ്ടമുള്ളതെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്."*

ശബ്ദമുഖരിതമായ സ്വർഗ്ഗത്തിൽ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ അരമണിക്കൂറോളം മൗനത ഉണ്ടായി എന്നത് കാഹളങ്ങൾ ക്രോധകലശങ്ങൾ എന്നിവയാൽ ഭൂമിയിൽ വന്നു പതിക്കുന്ന അതിഭയങ്കരമായ ന്യായവിധിയെ ഓർത്തുള്ള നിശബ്ദതയോ, വിലാപമോ, ദൈവത്തിന്റെ അടുത്ത പ്രവർത്തനത്തെ സ്തംബ്ധരായി നോക്കി നിൽക്കുന്ന നിമിഷങ്ങളോ ആകാം. ഇതിനപ്പുറം ദൈവം തന്റെ ദീർഘക്ഷമ ക്രോധത്തിനിടയിലും പ്രദർശിപ്പിച്ചു ദുഷ്ടനു മാനസാന്തരപ്പെടുവാനുള്ള അവസരമായും ഈ നിശബ്ദതയെ കണക്കാക്കാം.

**വെളി.8:2 — "അപ്പോൾ ദൈവസന്നിധിയിൽ ഏഴു ദൂതന്മാർ നിലക്കുന്നതു ഞാൻ കണ്ടു; അവർക്കു ഏഴു കാഹളം ലഭിച്ചു."** (And I saw the seven angels who stand before God, and to them were given seven trumpets) —

സ്വർഗ്ഗത്തിൽ അരമണിക്കൂറോളമുള്ള മൗനതക്കുശേഷം യോഹന്നാൻ കാണുന്നത് ദൈവസന്നിധിയിൽ ഏഴു ദൂതന്മാർ നിൽക്കുന്നതും അവർക്കു ഏഴു കാഹളം ലഭിക്കുന്നതുമായ കാഴ്ചയാണ്.

**അപ്പോൾ ദൈവസന്നിധിയിൽ ഏഴു ദൂതന്മാർ നിലക്കുന്നതു ഞാൻ കണ്ടു —**

അപ്പോൾ അഥവാ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂർ മൗനതയുണ്ടായതിനെ തുടർന്നുള്ള സമയം. ദൂതന്മാർ ദൈവത്തിന്റെ സൃഷ്ടികളാണ്. അവർ ദൈവസന്നിധിയിൽ നിൽക്കുന്നവരാണ്. ദൈവത്തെ ആരാധിക്കുക, ദൈവത്തിന്റെ കല്പനകൾ അനുസരിക്കുക, ദൈവീകകാര്യപരിപാടികൾ നടപ്പാക്കുക, ദൈവമക്കളെ ശുശ്രൂഷിക്കുക എന്നിവയൊക്കെയാണവരുടെ പ്രധാനകർത്തവ്യങ്ങൾ (എബ്രാ.1:6/വെളി.4:11/കൊലൊ.1:16/എബ്രാ.1:14). അവർ എണ്ണത്തിൽ അസംഖ്യമാണ് (വെളി.5:11). ദൂതന്മാർ ഏറ്റവും ബുദ്ധിയുള്ളവരാണ് (2.ശമൂ.14:20). വിശുദ്ധന്മാരായ ദൂതന്മാരിൽ (യെഹെ.28:15) ഒരു വിഭാഗം പാപം ചെയ്തതിനാൽ അവർക്കു ദൈവസന്നിധിയിൽ നിന്നു സ്ഥാനചലനമുണ്ടായി സ്വർഗ്ഗത്തിൽ നിന്നു വീണു പോകുവാനിടയായി (യെഹെ.28:16,17/യെശ.14:12). അവരെ സാത്താന്യദൂതന്മാർ എന്നറിയപ്പെടുന്നു. ദൈവസന്നിധിയിലായിരിക്കുന്ന വിശുദ്ധദൂതന്മാർ വിവിധ വിഭാഗങ്ങളുണ്ട്. അവർ സാധാരണ ദൂതന്മാർ (എബ്രാ.1:14/വെളി.5:11), പ്രധാനദൂതന്മാർ (യൂദാ.9/ദാനീ.10:13,12:1/1.തെസ്സ.4:16), കെരൂബുകൾ (ഉല്പ.3:24/പുറ.25:18-20/സങ്കീ.18:10,80:1,99:1/യെഹെ.1:4-28;10:1-22), സാറാഫുകൾ (യെശ.6:2,6) എന്നിവയാണ്. ഏഴു പ്രധാന ദൂതന്മാരുണ്ടെന്നു യഹൂദന്മാരുടെ ഇടയിൽ അഭിപ്രായമുണ്ട്. കൂടാതെ അപ്പൊക്രീഫാ പുസ്തങ്ങളിൽ ഏഴു ദൂതന്മാരെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ഊറിയേൽ, റഫായേൽ, റഗുവേൽ, സെറിയേൽ, റെമിയേൽ, ഗബ്രിയേൽ, മീഖായേൽ (Uriel, Raphael, Raguel, Sariel, Remiel, Gabriel, Michael) എന്നിവരാണവർ. ദൂതന്മാരുടെ ശുശ്രൂഷകളെ അടിസ്ഥാനപ്പെടുത്തി ദൈവവചനത്തിലൂടെ ചിന്തിക്കുമ്പോൾ സംരക്ഷണവിഭാഗം, ശത്രുക്കളോടു പോരാടുന്ന വിഭാഗം, ഗായകസംഘം, ദൂതുവാഹികൾ എന്നിങ്ങനെ വിവിധവിഭാഗത്തിലുള്ള ദൂതന്മാരുണ്ട്. എന്നാൽ ഈ വിഭാഗങ്ങളിൽ ദൈവത്തിനു അനവധി ദൂതന്മാരുണ്ടെങ്കിലും മീഖായേലിന്റെയും (ദാനീ.10:13/യൂദാ.9/വെളി.12:7) ഗബ്രിയേലിന്റെയും (ദാനീ.8:16,9:21/ലൂക്കൊ.1:19,26) പേരുകൾ മാത്രമേ തിരുവചനത്തിൽ പറഞ്ഞിട്ടുള്ളു.

ദൈവസന്നിധിയിൽ നിൽക്കുന്ന ഏഴു ദൂതന്മാരെ യോഹന്നാൻ കണ്ടു. ഏഴ് എന്ന സംഖ്യ സംപൂർണ്ണതയെ വെളിപ്പെടുത്തുന്നതാകയാൽ ഈ ദൂതന്മാർ ദൈവത്തിന്റെ ഹിതം സമ്പൂർണ്ണമായി നിറവേറ്റാൻ ദൗത്യം ലഭിച്ചവരാണെന്നു വ്യക്തമാകുന്നു. ഇവരെ എവിടെ നിന്നെങ്കിലും വിളിച്ചു വരുത്തിയതല്ല; മറിച്ച് അവർ എപ്പോഴും ദൈവസന്നിധിയിൽ ദൈവത്തിന്റെ ഹിതം നടപ്പാക്കുവാൻ തയ്യാറായി നിൽക്കുന്നവരാണ്. പ്രധാനദൂതനായ ഗബ്രീയേൽ പ്രത്യേകദൗത്യവുമായി സെഖര്യാപുരോഹിതനു പ്രത്യക്ഷനാകുമ്പോൾ തന്നെ പരിചയപ്പെടുത്തുന്നത് ദൈവസന്നിധിയിൽ നിൽക്കുന്നവനെന്നാണ്. **ലൂക്കൊ.1:19 —** *"ദൂതൻ അവനോടു: ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്ന ഗബ്രീയേൽ ആകുന്നു; നിന്നോടു സംസാരിപ്പാനും ഈ സദ്വർത്തമാനം നിന്നോടു അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു."* ഏഴു ദൂതന്മാർ ദൈവസന്നിധിയിൽ നിൽക്കുന്നു എന്നത് ദൈവസിംഹാസനത്തിനടുത്തു നിൽക്കുവാൻ അവർക്കു അവകാശവും അധികാരവും ലഭിച്ചിരിക്കുന്നു എന്നതിനു പുറമേ ദൈവത്തിന്റെ ആജ്ഞ ഉടനടി അനുസരിക്കുവാൻ തയ്യാറായി നിൽക്കുന്നുവെന്നതിനെയും കാണിക്കുന്നു. അന്ത്യകാലസംഭവങ്ങളെ വിശദീകരിക്കുന്ന വേളയിൽ കർത്താവു ദൂതന്മാരുടെ സാന്നിദ്ധ്യത്തെ പരാമർശിച്ചിട്ടുണ്ട്. വയലിന്റെ ഉപമ (മത്താ.13:40), കടലിൽ ഇടുന്ന വലയുടെ ഉപമ (മത്താ.13:49), മഹത്വത്തോടെ ഭൂമിയിലേക്കു കർത്താവു വരുന്നത് (മത്താ.16:27), തന്റെ വൃതന്മാരെ നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കുവാൻ കാഹളധ്വനിയുമായി അയക്കുന്നത് (മത്താ.24:31) എന്നീ ഭാഗങ്ങളിലെല്ലാം ദൂതന്മാരുടെ പങ്ക് വിശദീകരിച്ചിട്ടുണ്ട്.

**അവർക്കു ഏഴു കാഹളം ലഭിച്ചു —**

ദൈവസന്നിധിയിൽ നിന്ന ഏഴു ദൂതന്മാർക്കു ഏഴു കാഹളം ലഭിച്ചതും യോഹന്നാൻ കണ്ടു. ഏഴാം മുദ്രയോടനുബന്ധമായി തുടർമാനമായി നടക്കേണ്ട കാഹളത്താലുള്ള ദൈവീകന്യായവിധി ഭൂമിയിൽ നടത്തുവാനാണ് ദൂതന്മാർക്കു കാഹളം ലഭിച്ചത്. ഏഴാം മുദ്ര പൊട്ടിച്ചശേഷം ഏഴു കാഹളത്താലും ഏഴു കലശത്താലുമുള്ള ദൈവീകന്യായവിധികൾ നടത്തുന്നതിന്റെ പ്രാരംഭമായാണ് ഏഴു ദൂതന്മാർക്കു കാഹളം നൽകപ്പെടുന്നത്. തിരുവചനത്തിൽ കാഹളം (trumphet) എന്നത് സംഗീതത്തിനുപയോഗിക്കുന്ന വാദ്യോപകരണങ്ങളിൽ ഏറ്റവും പ്രധാന പങ്കു വഹിക്കുന്ന ഒരുപകരണമാണ്.

കാഹളം തിരുവചനത്തിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ട് —

(1) സീനായ് മലയിൽ ദൈവത്തിന്റെ വരവു വിളിച്ചറിയിക്കാൻ — (പുറ.19:16)

(2) പാളയം പുറപ്പെടുവാൻ — (സംഖ്യാ.10:2)

(3) യുദ്ധത്തിനു പോകുവാൻ — (സംഖ്യാ.10:9,10/ന്യായാ.3:27)
(4) പാപപരിഹാരദിവസത്തിൽ (ലേവ്യാ.25:9)
(5) സന്തോഷദിനങ്ങളിൽ, ഉത്സവങ്ങളിൽ (സംഖ്യാ.10:10)
(6) യിസ്രായേൽ യെരീഹോവിൽ പ്രവേശിച്ചപ്പോൾ — (യോശു.6:3-9)
(7) യുദ്ധം വിജയിച്ചതറിയിക്കുവാൻ — (1.ശമൂ.13:3)
(8) രാജാവായി അഭിഷേകം ചെയ്തപ്പോൾ (ശലോമോനെ) — (1.രാജാ.1:34)
(9) പെട്ടകം യെരൂശലേമിലേക്കു കൊണ്ടു വന്നപ്പോൾ — (1.ദിന.15:24)
(10) ശലോമോൻ പണിത ആലയം പ്രതിഷ്ഠിച്ചപ്പോൾ — (2.ദിന.5:12,13)
(11) ഹോമയാഗം അർപ്പിച്ചപ്പോൾ — (2.ദിന.29:27)
(12) പാപത്തിന്റെ ഭയങ്കരത്വത്തെ അറിയിക്കുവാൻ — (യെശ.58:1/യിരെ.4:5/യെഹെ.34:4,6)
(13) കർത്താവിന്റെ വരവിന്റെ മുന്നറിയിപ്പ് — (യോവേ.2:1)
(14) വൃതന്മാരെ നാലു ദിക്കുകളിൽ നിന്നും കൂട്ടി വരുത്തുന്നതിന് — (മത്താ.24:31)
(15) ജീവിക്കുന്നവർ രൂപാന്തരപ്പെടുവാനും, മരിച്ചവർ ഉയിർക്കുവാനും — (1.കൊരി.15:52)
(16) കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ —(1.തെസ്സ.4:16)
(17) കർത്താവിന്റെ ശബ്ദം കാഹളത്തിനൊത്തത് — (വെളി.1:10/4:1).

യിസ്രായേല്യരോടു ബന്ധപ്പെട്ടു കാഹളത്തിനു ഏറ്റവും പ്രാധാന്യമുണ്ടായിരുന്നു. രണ്ടു വിധത്തിലുള്ള കാഹളങ്ങളാണ് അവർ ഉപയോഗിച്ചിരുന്നത്. വെള്ളിക്കാഹളവും, ആട്ടിൻ കൊമ്പുകൊണ്ടുള്ള കാഹളവുമായിരുന്നു അവ. സമാഗമനകൂടാരത്തോടുള്ള ബന്ധത്തിൽ വെള്ളിക്കാഹളങ്ങളാണുപയോഗിച്ചിരുന്നത് (സംഖ്യാ.10:1-10). സീനായ് പർവ്വതത്തിലും (പുറ.19:19) യെരീഹോ പട്ടണം കീഴടക്കിയപ്പോഴും (യോശു.6:4) മുഴങ്ങിക്കേട്ടത് ആട്ടിൻ കൊമ്പു കൊണ്ടുള്ള കാഹളശബ്ദമായിരുന്നു. വെള്ളി വീണ്ടെടുപ്പിനെ കുറിക്കുന്നതിനാൽ വെള്ളിക്കാഹളത്തിന്റെ ഉപയോഗം യിസ്രായേല്യർ ദൈവത്താൽ വീണ്ടെടുക്കപ്പെട്ടവരെന്ന കാര്യവും വ്യക്തമാക്കുന്നു. യഹോവയുടെ ദിവസത്തിൽ ആഞ്ഞടിക്കുന്ന ദൈവത്തിന്റെ ന്യായവിധികളുടെ ഭയാനകതയെ വിളിച്ചറിയിക്കുന്ന കാഹളം ഊതുവാൻ നിർദ്ദേശിക്കുന്നതായി യോവേൽ പ്രവചനത്തിൽ കാണുന്നു (യോവേ.2:1,15).

പഴയനിയമത്തിൽ പ്രധാനമായും കാഹളം ഉപയോഗിച്ചിരുന്നത് യുദ്ധത്തിനായുള്ള മുന്നറിയിപ്പ്, ശത്രുക്കളെ ഭ്രമിപ്പിക്കാൻ, രാജാവിന്റെ ആഗമനം, ദൈവജനത്തെ ഒരുമിച്ചു ചേർക്കുവാൻ എന്നിവക്കൊക്കെയായിരുന്നു. ദൈവസന്നിധിയിൽ നിന്ന ഏഴു ദൂതന്മാർക്കു ലഭിച്ച കാഹളവും ഇതിനെ സൂചിപ്പിക്കുന്നു. രാജാധിരാജാവായ ക്രിസ്തു യുദ്ധത്തിലെന്നോണം ഭൂവാസികളുടെമേൽ ന്യായവിധി നടത്തുവാൻ ആരംഭിക്കുകയാണ്. ഏഴു ദൂതന്മാർക്കു ലഭിച്ച കാഹളം ആസന്നമായ വലിയ ശിക്ഷയെ പ്രകടമാക്കുന്നു.

## വെളി.8:3-5 — ദൂതനും സ്വർണ്ണധൂപകലശവും (The Angel and Golden Censer)

**വെളി.8:3 — "മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി വന്നു യാഗപീഠത്തിന്നരികെ നിന്നു. സിംഹാസനത്തിൻ മുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിന്നു വളരെ ധൂപവർഗ്ഗം അവന്നു കൊടുത്തു** (Then the another angel, having a golden censer, came and stood at the altar. He was given much incense, that he should offer it with the prayers of all the saints upon the golden altar which was before the throne) "

**വെളി.8:4 — "ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽനിന്നു ദൈവസന്നിധിയിലേക്കു കയറി"** —(And the smoke of the incense, with the prayers of the saints, ascended before God from the angels hand).

**വെളി.8:5 — "ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കു എറിഞ്ഞു; ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി"** (Then the angel took the censer, filled it with fire from the altar, and threw it to the earth. And there were noises, thunderings, lightnings, and earthquake) —

ഏഴാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ അരമണിക്കൂറോളം മൗനതയുണ്ടാകുകയും അതിനെ തുടർന്നു ഏഴു ദൂതന്മാർ ദൈവസന്നിധിയിൽ നിൽക്കുന്നതും യോഹന്നാൻ കണ്ടു. അവർക്കു ഏഴു കാഹളം ലഭിച്ചതായും യോഹന്നാൻ വിവരിച്ചു. ഏഴു ദൂതന്മാരിൽ ഒന്നാമത്തെ ദൂതൻ കാഹളമൂതി ശിക്ഷാവിധി ആരംഭിക്കുന്നതിനു മുമ്പായി മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി വന്നു യാഗപീഠത്തിന്നരികെ നിൽക്കുന്ന രംഗം യോഹന്നാന്റെ ശ്രദ്ധയെ ആകർഷിച്ചു. ഒരു പുരോഹിതനെപ്പോലെ നിന്ന ദൂതനു സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിനു ധൂപവർഗ്ഗം ലഭിക്കുന്നു. തുടർന്നു ദൂതൻ യാഗപീഠത്തിലെ കനൽ കൊണ്ടു ധൂപകലശം നിറച്ചിട്ട് ഭൂമിയിലേക്കു എറിഞ്ഞു. മഹാ

പീഡനകാലത്തെ സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനക്കുള്ള മറുപടിയായിട്ടാണ് തുടർന്നുള്ള ന്യായവിധിയുടെ ആരംഭമായി തീക്കനൽ നിറച്ച ധൂപകലശം ഭൂമിയിലേക്കെറിയുന്നത്. ഉടനെ ഇടിമുഴക്കവും, നാദവും, മിന്നലും, ഭൂകമ്പവും ഉണ്ടായി. ഇവയൊക്കെ കുഞ്ഞാടായ ക്രിസ്തു ഏഴാമത്തെ മുദ്ര പൊട്ടിക്കുന്നതിനോടു ബന്ധപ്പെട്ടിരിക്കുന്നു.

**മറ്റൊരു ദൂതൻ** (another angel) —

മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി വന്നു യാഗപീഠത്തിന്നരികെ നിന്നു എന്നു യോഹന്നാൻ പറയുന്നു. മറ്റൊരു ദൂതൻ ആരെന്നോ ആ ദൂതന്റെ പേരെന്താണെന്നോ ഇവിടെ പറഞ്ഞിട്ടില്ല. ആകയാൽ ഈ ദൂതനാരാണെന്നതിനെക്കുറിച്ചു വിവിധ അഭിപ്രായങ്ങളാണുള്ളത്. സ്വർഗ്ഗത്തിൽ ധൂപകലശം എടുത്തു ശുശ്രൂഷിക്കുന്ന ദൂതനെക്കുറിച്ചു പ്രധാനമായും രണ്ടഭിപ്രായങ്ങളാണുള്ളത് —

**(1)** സ്വർണ്ണധൂപകലശവുമായി നിൽക്കുന്ന മറ്റൊരു ദൂതൻ ക്രിസ്തുവാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. അതിനുള്ള കാരണങ്ങൾ —

**(a)** പഴയനിയമകാലത്ത് ദൈവത്തിന്റെ ദൂതൻ എന്ന നിലയിൽ ക്രിസ്തു ദൈവമക്കൾക്കു പ്രത്യക്ഷനായിട്ടുള്ളതിനാൽ മറ്റൊരു ദൂതൻ എന്നത് ക്രിസ്തുവാണ്.

**(b)** ധൂപകലശവുമായുള്ള ശുശ്രൂഷ പുരോഹിതന്മാരുടെ ശുശ്രൂഷയാണ്. ക്രിസ്തു മഹാപുരോഹിതനെന്ന നിലയിൽ ഇവിടെ പറഞ്ഞിരിക്കുന്ന ദൂതൻ ക്രിസ്തു തന്നെയെന്നു ഇതിനാൽ തെളിയുന്നുവെന്നാണ് വാദം.

**(c)** വിശുദ്ധന്മാരുടെ പ്രാർത്ഥന ദൂതന്മാരുടെ അടുക്കലേക്കല്ല പോകുന്നത്. വിശുദ്ധന്മാരുടെ പ്രാർത്ഥന സ്വീകരിക്കുവാൻ ക്രിസ്തു മാത്രം യോഗ്യൻ. പ്രാർത്ഥനകൾക്കു ഉത്തരവും ദുഷ്ടന്മാർക്കുള്ള ശിക്ഷയും നൽകുന്നത് ക്രിസ്തുവാണ്. വിശുദ്ധന്മാരുടെ പ്രാർത്ഥനയെ തള്ളിക്കളയാതെ ശ്രദ്ധിച്ചു അവരെ പ്രതിക്രിയ നടത്തി രക്ഷിക്കുമെന്നു ക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട് (ലൂക്കൊ.18:17).

**(d)** ദൂതൻ എന്നു പറഞ്ഞിരിക്കുന്നതെങ്കിലും ഇവിടെ ദൈവസന്നിധിയിൽ വിശുദ്ധന്മാർക്കായി ക്രിസ്തു മദ്ധ്യസ്ഥനായി നിൽക്കുന്നു. *"ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നേ"* (1.തിമൊ.2:5).

**(2)** സ്വർണ്ണധൂപകലശവുമായി നിൽക്കുന്ന മറ്റൊരുദൂതൻ എന്നത് ക്രിസ്തുവല്ല മറിച്ച് ദൈവസന്നിധിയിൽ കാഹളവുമായി നിൽക്കുന്ന ഏഴു ദൂതന്മാരെപ്പോലെയുള്ള മറ്റൊരു ദൂതനാണെന്നാണ് രണ്ടാമത്തെ അഭിപ്രായം. ഇതിനുള്ള വാദങ്ങൾ —

**(a)** പഴയനിയമകാലത്ത് ദൈവമക്കൾക്കു മുന്നിൽ ദൂതന്മാർ പ്രത്യക്ഷപ്പെടുന്ന സന്ദർഭങ്ങളിൽ അതു യേശുക്രിസ്തു തന്നെയായിരുന്നുവെന്നു ഉറപ്പിച്ചു പറയാവുന്ന സാഹചര്യങ്ങളിൽ പോലും യഹോവയുടെ ദൂതൻ, ദൈവത്തിന്റെ ദൂതൻ (ഹാഗാറിനു — ഉല്പ.16:7,9,10/ഗിദെയോനു — ന്യായാ.6:11,12,20,21,22/മനോഹക്കും ഭാര്യക്കും — ന്യായാ.13:3,9,13,15,1617,18,20,21) എന്നീ വിശേഷണങ്ങളാണ് കാണുന്നത്. "ഒരു ദൂതൻ " എന്ന പ്രസ്താവന ഒരിടത്തും കാണുന്നില്ല.

**(b)** പഴയനിയമത്തിൽ യഹോവയുടെ ദൂതൻ, ദൈവത്തിന്റെ ദൂതൻ എന്ന നിലയിൽ പ്രത്യക്ഷപ്പെട്ടതു ക്രിസ്തുവെങ്കിലും പുതിയനിയമത്തിൽ ഒരു ദൂതനായി ക്രിസ്തു പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

**(c)** യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായ ക്രിസ്തുവിനെ "കുഞ്ഞാട് " എന്ന നിലയിലാണ് സ്വർഗ്ഗസിംഹാസനത്തിൽ മുദ്ര പൊട്ടിക്കുന്ന ബന്ധത്തിൽ കാണുന്നത് (വെളി.5:6,8,12,13/6:1,16/7:10,14,17).

**(d)** മറ്റൊരു (another) എന്നത് മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം "അല്ലോസ് " (allos) എന്നാണ്. ഇതിനർത്ഥം "വേറൊരു" (another) "അതേ തരത്തിലുള്ളത് " (another of the same kind) എന്നാണ്. വെളി.8:2-ൽ ദൈവസന്നിധിയിൽ ഏഴു ദൂതന്മാർ നിൽക്കുന്നതു യോഹന്നാൻ കണ്ടു. ഇതിനടുത്ത വാക്യമായ വെളി.8:3-ൽ "മറ്റൊരു" എന്നു പറഞ്ഞിരിക്കുന്നതിനാൽ ഇവർ ഒരേ ഗണത്തിൽ പെട്ടവരെന്നു വ്യക്തം.

**(e)** വെളിപ്പാടു പുസ്തകത്തിൽ യേശുക്രിസ്തുവിനെ പരാമർശിക്കുന്ന ഭാഗങ്ങളിലെല്ലാം സംശയത്തിനു ഇടമില്ലാതെ വളരെ വ്യക്തമായി തന്റെ വ്യക്തിത്വത്തെ വർണ്ണിച്ചിട്ടുണ്ട്. "മറ്റൊരു ദൂതൻ " എന്ന നിലയിൽ യാഗപീഠത്തിനടുത്തു കാണപ്പെട്ടതു ക്രിസ്തുവായിരുന്നുവെങ്കിൽ നിശ്ചയമായും അതു വ്യക്തമാക്കുമായിരുന്നു.

ഇരിക്കുന്നവൻ, ഇരുന്നവൻ, വരുന്നവൻ (വെളി.1:4)
വിശ്വസ്തസാക്ഷി, മരിച്ചവരിൽ ആദ്യജാതൻ (വെളി.1:5)
നമ്മെ സ്നേഹിക്കുന്നവൻ, പാപം പോക്കിയവൻ (1:6)

മേഘാരൂഢനായി വരുന്നവൻ (വെളി.1:7, 22:7, 22:12, 22:20)
മനുഷ്യപുത്രൻ (വെളി.1:13)
ആദ്യനും അന്ത്യനും (വെളി.1:18)
ജീവിച്ചിരിക്കുന്നവൻ, മരണത്തിന്മേൽ അധികാരമുള്ളവൻ (വെളി.1:18)
മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുള്ളവൻ വെളി.1:18
ജീവവൃക്ഷഫലം കൊടുക്കുന്നവൻ (വെളി.2:7)
ജീവകിരീടം നൽകുന്നവൻ (വെളി.2:10)
വിശുദ്ധനും, വിശ്വസ്തനും, സത്യവാനും (വെളി.3:7/19:11)
ദാവീദിന്റെ താക്കോലുള്ളവൻ (വെളി.3:7)
ദൈവപുത്രൻ (വെളി.2:18)
വിശ്വസ്തനും,സത്യവാനുമായ സാക്ഷി (വെളി.3:14)
യഹൂദാഗോത്രത്തിലെ സിംഹവും, ദാവീദിന്റെ വേരുമായവൻ (വെളി.5:5)
അറുക്കപ്പെട്ട കുഞ്ഞാട് (വെളി.5:6)
കോപമുള്ള കുഞ്ഞാട് വെളി.6:16,17
ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുന്ന കുഞ്ഞാട് (വെളി.7:17)
ദൈവവചനം (വെളി.19:13)
രാജാധിരാജാവും, കർത്താധികർത്താവും (വെളി.19:16)
അല്ഫയും ഒമേഗയും (വെളി.22:13)
ഒന്നാമനും ഒടുക്കത്തവനും വെളി.22:13
ശുഭ്രമായ ഉദയനക്ഷത്രം (വെളി.22:16)
ജീവജലം സൗജന്യമായി കൊടുക്കുന്നവൻ (വെളി..22:17).

മേൽപറഞ്ഞ വാദങ്ങളിൽ രണ്ടാമത്തെ നിഗമനമാണ് അനേകരും സ്വീകരിച്ചിട്ടുള്ളത്. മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി വന്നു യാഗപീഠത്തിന്നരികെ നിന്നു എന്നതിൽ മറ്റൊരു ദൂതൻ ക്രിസ്തുവാണെന്നു ഉറപ്പിച്ചു പറയുവാൻ സാധിക്കുകയില്ല. നമ്മുടെ കർത്താവ് മഹാപുരോഹിതൻ, മദ്ധ്യസ്ഥൻ, നമ്മുടെ പ്രാർത്ഥനകളെ പിതാവിന്റെ സന്നിധിയിൽ എത്തിക്കുന്നവൻ, നമുക്കായി പക്ഷ വാദം കഴിക്കുന്നവൻ എന്നീ വിവിധനിലകളിൽ പ്രവർത്തിക്കുന്നുവെങ്കിലും ഒരു ദൂതനെന്ന നിലയിൽ ചിന്തിക്കുവാൻ കഴിയുകയില്ല. പുതിയനിയമത്തിലൊരിടത്തും കർത്താവ് ദൂതനായി പ്രത്യക്ഷപ്പെട്ട സന്ദർഭങ്ങൾ കാണുന്നുമില്ല. വെളിപ്പാടു പുസ്തകത്തിൽ മറ്റൊരു എന്ന പ്രസ്താവന ആവർത്തിച്ചു കാണുന്നുണ്ട് (വെളി.6:4-മറ്റൊരു കുതിര/10:1- മറ്റൊരു ദൂതൻ/ 12:3 - മറ്റൊരു അടയാളം/13:11 -മറ്റൊരു മൃഗം/14:6-വേറൊരു ദൂതൻ/14:8-വേറൊരു ദൂതൻ/14:15-മറ്റൊരു ദൂതൻ/14:17-മറ്റൊരു ദൂതൻ/ വെളി14:18-വേറൊരു ദൂതൻ/15:1-മറ്റൊരു അടയാളം/18:1- മറ്റൊരു ദൂതൻ/18:4-വേറൊരു ശബ്ദം/20:12-മറ്റൊരു പുസ്തകം). ഇവിടെയൊക്കെ മുൻപറഞ്ഞതിന്റെ തരത്തിൽ പെട്ട, അതേ വിധത്തിലുള്ള എന്ന അർത്ഥത്തിലാണുപയോഗിച്ചിരിക്കുന്നത്. സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ മനുഷ്യപുത്രൻ, അറുക്കപ്പെട്ട കുഞ്ഞാട് എന്നീ നിലയിൽ ക്രിസ്തു നിൽക്കുന്നുവെങ്കിലും ക്രിസ്തു ദൈവവും ത്രിത്വത്തിൽ രണ്ടാമനുമായിരിക്കുന്നു. തേജസ്സിന്റെ പ്രഭയും, തത്വത്തിന്റെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും, പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തു ഇരിക്കയും, ദൈവദൂതന്മാരേക്കാൾ വിശിഷ്ടമായ നാമത്തിനു അവകാശിയായി അവരേക്കാൾ ശ്രേഷ്ഠനായിത്തീർന്നവനുമാണ് ക്രിസ്തു (എബ്രാ.1:3,4). മറ്റൊരു ദൂതൻ എന്നത് ദൈവസന്നിധിയിൽ കല്പന കാത്തുകൊണ്ടു നിൽക്കുന്ന ഏഴു ദൂതന്മാരെപ്പോലെയോ, ദൈവത്തെ ആരാധിച്ചുകൊണ്ടു നിൽക്കുന്ന ദൂതഗണത്തിൽപ്പെട്ടവനോ ആയിരിക്കാം. ആയതിനാൽ യാഗപപീഠത്തിലെ പ്രത്യേക ശുശ്രൂഷ ചെയ്യുവാൻ അധികാരം ലഭിച്ച ദൂതൻ എന്നു കരുതുന്നതാണ് ഏറെ യോജിച്ചത്.

**ഒരു സ്വർണ്ണധൂപകലശവുമായി വന്നു യാഗപീഠത്തിന്നരികെ നിന്നു** (Then the another angel, having a golden censer, came and stood at the altar) —

ഏഴാമത്തെ മുദ്ര പൊട്ടിച്ചപ്പോഴുണ്ടായ നിശബ്ദതക്കുശേഷം ദൈവസന്നിധിയിൽ നിന്ന ഏഴു ദൂതന്മാർക്കു കാഹളം ലഭിച്ചു. അതിനെ തുടർന്നു മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി യാഗപീഠത്തിനരികെ വന്നു നിൽക്കുന്നതു യോഹന്നാൻ കണ്ടു. പഴയനിയമത്തിൽ ഭൂമിയിലെ സമാഗമനകൂടാരത്തിന്റെ ഒരു പതിപ്പെന്നവണ്ണം സ്വർഗ്ഗത്തിലെ കൂടാരവും നിലകൊള്ളുന്നു (എബ്രാ.8:5/എബ്രാ.9:1-5/യെശ.6:1-7). സമാഗമനകൂടാരത്തിലെ താമ്രത്തൊട്ടിക്കും അതിലെ ജലത്തിനും സാമ്യമെന്നോണം നാലാം അദ്ധ്യായത്തിൽ പളുങ്കിനൊത്ത കണ്ണാടിക്കടൽ സ്വർഗ്ഗീയസിംഹാസനത്തിന്റെ മുമ്പിൽ കാണുകയുണ്ടായി(വെളി.4:6). കൂടാതെ മുദ്രിതപുസ്തകം സർവ്വശക്തനായ ദൈവത്തിന്റെ വലങ്കൈയ്യിൽ നിന്നു കുഞ്ഞാടു വാങ്ങിയപ്പോൾ നാലു ജീവികളും 24 മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന

എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാടിന്റെ മുമ്പിൽ വീഴുന്നതായും കാണുന്നു (വെളി.5:8). അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ അറുക്കപ്പെട്ടവരുടെ ആത്മാവു യാഗപീഠത്തിങ്കീഴിൽ കണ്ടു. ഈ യാഗപീഠം താമ്രയാഗപീഠത്തെ കുറിക്കുന്നു(വെളി.6:9). എട്ടാം അദ്ധ്യായത്തിൽ യോഹന്നാൻ വിവരിച്ചിരിക്കുന്നത് മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി യാഗപീഠത്തിന്നരികെ നിൽക്കുന്നുവെന്നാണ്. അതായത് താമ്രയാഗപീഠത്തിലെ കനൽ ലഭിക്കുന്നതിനാണ് അവിടെ നിന്നത്. സ്വർണ്ണധൂപകലശത്തിൽ നിന്നുയരുന്ന പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയെ കുറിക്കുന്നു. സ്വർഗ്ഗത്തിലെ യാഗപീഠത്തെക്കുറിച്ചു വീണ്ടും വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട് (വെളി.9:13/14:18/16:7).

**യാഗപീഠവും ധൂപപീഠവും (താമ്രയാഗപീഠവും സ്വർണ്ണധൂപപീഠവും — Brazen Altar and Golden Altar) —**

സമാഗമനകൂടാരത്തിൽ പ്രാകാരവാതിൽക്കൽ വെച്ചിരുന്ന യാഗപീഠത്തെ താമ്രയാഗപീഠമെന്നും (Brazen Altar), അതിപരിശുദ്ധസ്ഥലത്തോടടുത്തു തിരശ്ശീലക്കു പുറത്തായി വെച്ചിരുന്ന ധൂപപീഠത്തെ സ്വർണ്ണപീഠം (Golden Altar) എന്നും അറിയപ്പെട്ടിരുന്നു. യാഗപീഠത്തിന്റെയും (പുറ.27:1–8), ധൂപപീഠത്തിന്റെയും (പുറ.30:1–10) നിർമ്മാണത്തെയും അതു വെക്കേണ്ട സ്ഥാനത്തെപ്പറ്റിയും ദൈവം കല്പന നൽകിയിട്ടുണ്ട്. യാഗപീഠത്തിൽ പാപപരിഹാരത്തിനായി മൃഗങ്ങളെ യാഗം അർപ്പിക്കുമ്പോൾ ധൂപപീഠത്തിൽ സുഗന്ധധൂപവർഗ്ഗമിട്ടു സൗരഭ്യവാസന ഉയർത്തുന്ന സ്ഥലവുമാണ്. ഹോമയാഗപീഠത്തിൽ സദാസമയം യാഗം അർപ്പിച്ചിരുന്നു. എന്നാൽ ധൂപപീഠത്തിൽ ധൂപം അർപ്പിച്ചിരുന്നത് കാലത്തും വൈകിട്ടും (പുറ.30:7,8) മാത്രമായിരുന്നു. മറ്റൊരു പ്രത്യേകതയെന്നത് രണ്ടു യാഗപീഠങ്ങൾക്കും കൊമ്പുകളുണ്ടായിരുന്നു. താമ്രയാഗപീഠം ക്രിസ്തുവിന്റെ ഏകയാഗത്താൽ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തിയതിനെയും, ധൂപപീഠം ക്രിസ്തു ഉയിർത്തെഴുന്നേറ്റു പിതാവിന്റെ വലതുഭാഗത്തിരുന്നു നമുക്കായി കഴിക്കുന്ന പക്ഷവാദശുശ്രൂഷയെയും കുറിക്കുന്നു. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ അറുക്കപ്പെട്ടവരുടെ ആത്മാക്കളെ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ടു. ഈ യാഗപീഠം താമ്രയാഗപീഠത്തെക്കുറിക്കുന്നു(വെളി.6:9). കാരണം പഴയനിയമയാഗത്തിൽ യാഗമൃഗത്തിന്റെ രക്തം കുറച്ചു യാഗപീഠത്തിങ്കീഴിൽ ഒഴിക്കുമായിരുന്നു. സ്വർഗ്ഗത്തിൽ കാണപ്പെട്ട ഈ യാഗപീഠം കുഞ്ഞാടായ ക്രിസ്തുവിന്റെ യാഗത്തെ കുറിക്കുന്നു. എന്നാൽ ധൂപപീഠത്തിലെ മഹാപുരോഹിതന്റെ ശുശ്രൂഷയെപ്പറ്റി പറഞ്ഞിരിക്കുന്നത് : "*അവൻ യഹോവയുടെ സന്നിധിയിൽ യാഗപീഠത്തിന്മേൽ ഉള്ള തീക്കനൽ ഒരു കലശത്തിൽ നിറെച്ചു സൗരഭ്യമുള്ള ധൂപചൂർണ്ണം കൈ നിറയെ എടുത്തു തിരശ്ശീലക്കകത്തു കൊണ്ടു വരേണം.........അവൻ യഹോവയുടെ സന്നിധിയിൽ ധൂപവർഗ്ഗം തീയിൽ ഇടേണം*"(ലേവ്യ.16:12,13).

**ധൂപപീഠവും ധൂപകലശവും (സ്വർണ്ണധൂപപീഠവും സ്വർണ്ണധൂപകലശവും** – Golden Altar and Golden Censer**) —**

**ധൂപപീഠം** (Golden Altar) സമാഗമനകൂടാരത്തിലെ വിശുദ്ധസ്ഥലത്തുള്ള മൂന്നുപകരണങ്ങളിൽ ഒന്നായിരുന്നു. ഖദിരമരം കൊണ്ടുണ്ടാക്കി പൊന്നുകൊണ്ടു പൊതിഞ്ഞതിനാൽ ഇതിലെ സ്വർണ്ണധൂപപീഠമെന്നും പറയുന്നു. തങ്കവിളക്ക്, കാഴ്ചയപ്പത്തിന്റെ മേശ, ധൂപപീഠം എന്നിവയാണ് വിശുദ്ധസ്ഥലത്തുള്ള മൂന്നു ഉപകരണങ്ങൾ. തിരശ്ശീലയുടെ മുൻവശത്തായിരുന്നു ധൂപപീഠത്തിന്റെ സ്ഥാനം. അതായത് വിശുദ്ധസ്ഥലത്തെയും അതിവിശുദ്ധസ്ഥലത്തെയും വേർതിരിക്കുന്ന തിരശ്ശീലയുടെ മുമ്പിലായിരുന്നു സ്വർണ്ണധൂപപീഠം (പുറ.30:6/40:26). കൃപാസനത്തിലെ കെരൂബുകളുടെ മദ്ധ്യേ വസിച്ചിരുന്ന സർവ്വശക്തനായ യഹോവ യുടെ മുന്നിലായിരുന്നു ധൂപപീഠം. കൃപാസനവും ധൂപപീഠവും തമ്മിൽ വേർതിരിച്ചിരുന്നത് തിരശ്ശീലയാലായിരുന്നു. കാൽവറിക്രൂശിൽ ക്രിസ്തു പ്രാണനെ വിട്ടപ്പോൾ മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയ തിരശ്ശീല (മത്താ.27:51) ഇതിനെ കുറിക്കുന്നു. തിരശ്ശീല ചീന്തപ്പെട്ടതോടെ കൃപാസനത്തിന്റെ തൊട്ടു മുന്നിൽ ധൂപപീഠമായിരിക്കുന്നു. യാഗമരണത്തിനുശേഷം ഉയിർത്തെഴുന്നേറ്റ ക്രിസ്തു ധൂപപീഠത്തിന്റെ സ്ഥാനം വഹിക്കുന്നു. അതായത് ദൈവസിംഹാസനത്തിനു മുമ്പിൽ ധൂപപീഠത്തിന്റെ പൊരുളായ ക്രിസ്തു സ്ഥാനം വഹിക്കുന്നു. പിതാവിന്റെ സന്നിധിയിൽ നമുക്കായി പക്ഷവാദശുശ്രൂഷ ചെയ്യുന്നതിനെ ഇതു വെളിപ്പെടുത്തുന്നു.

**ധൂപകലശം** (Golden Censer) ധൂപപീഠത്തിനാവശ്യമായുള്ള ഉപകരണമാണ്. ധൂപകലശം പൊന്നുകൊണ്ടു നിർമ്മിച്ചതും ഇതു സമാഗമനകൂടാരത്തിലും ദൈവാലയത്തിലും (1.രാജാ.7:50; 2.ദിന.4:22) ഉപയോഗിച്ചിരുന്ന പാത്രവുമാണ്. സുഗന്ധധൂപവർഗ്ഗമിട്ടു ധൂപാർപ്പണത്തിനു ഇതുപയോഗിക്കുന്നു (ലേവ്യാ.10:1/യെഹെ.8:11). സുഗന്ധധൂപവർഗ്ഗം ഈ പാത്രത്തിൽ എടുത്തു വിശുദ്ധസ്ഥലത്തേക്കു കൊണ്ടു പോകുന്നതിനു പുറമേ താമ്രയാഗപീഠത്തിൽ നിന്നു തീക്കനൽ എടുത്തു സ്വർണ്ണധൂപപീഠത്തിലെ ഉപയോഗത്തിനു കൊണ്ടു പോകുവാനും ഉപയോഗിക്കുന്നു. ധൂപകലശത്തിന്റെ കാര്യം പുറപ്പാടു പുസ്തകത്തിൽ പറയുന്നില്ലെങ്കിലും അതിവിശുദ്ധസ്ഥലത്തുള്ള ഉപകരണങ്ങളുടെ കൂട്ടത്തിൽ പൊന്നുകൊണ്ടുള്ള ധൂപകലശം ഉണ്ടായിരുന്നതായി എബ്രായലേഖനത്തിൽ കാണുന്നു (എബ്രാ.9:4). ധൂപകലശത്തിൽ ഉപ

യോഗിച്ചിരുന്ന അഗ്നി യാഗപീഠത്തിൽ നിന്നും എടുത്തതായിരിക്കണമെന്നു കല്പിച്ചിരുന്നു. യാഗപീഠത്തിലെ അഗ്നി കെട്ടുപോകുവാൻ പാടില്ല (ലേവ്യാ.6:12). ഇതു സ്വർഗ്ഗത്തിൽ നിന്നും പകരപ്പെട്ട അഗ്നിയാണ്. അന്യാഗ്നി കൊണ്ടു വന്ന നാദാബും അബീഹൂവും (ലേവ്യാ.10:1), താന്താന്റെ ധൂപകലശവും ധൂപവർഗ്ഗവും തീയുമായി വന്ന കോരഹ്, ദാഥാൻ, അബീരാം എന്നിവരും കൂട്ടരും (സംഖ്യാ.16:17,18,35), പുരോഹിതനല്ലാതിരിക്കേ ധൂപകലശവുമായി ധൂപപീഠത്തിനരികിൽ വന്ന ഉസ്സിയ രാജാവും (2.ദിന.26:16–21) ദൈവത്തിൽ നിന്നു ശിക്ഷകളേറ്റു വാങ്ങി. ധൂപവർഗ്ഗത്തിന്റെ നിർമ്മാണത്തെക്കുറിച്ചു ദൈവം കല്പന നൽകിയിട്ടുണ്ട്. **പുറ.30:34,35 —** *“യഹോവ പിന്നെയും മോശെയോടു കല്പിച്ചതു എന്തെന്നാൽ: നീ നറുപശ, ഗുല്ഗുലു, ഹൽബാനപ്പശ എന്നീ സുഗന്ധവർഗ്ഗവും നിർമ്മലസാമ്പ്രാണിയും എടുക്കേണം; എല്ലാം ഒരുപോലെ തൂക്കം ആയിരിക്കണം. അതിൽ ഉപ്പും ചേർത്തു തൈലക്കാരന്റെ വിദ്യപ്രകാരം നിർമ്മലവും വിശുദ്ധവുമായ ധൂപവർഗ്ഗമാക്കേണം.”* നറുപശ നറുമണത്തെയും വസ്തുക്കൾ തമ്മിൽ യോജിപ്പിക്കുന്നതിനെയും കാണിക്കുന്നു. ഇതു പാപികളായ മനുഷ്യരെ നീതിമാനായ ദൈവത്തോടു ചേർത്തു ബന്ധിക്കുന്ന ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. സുഗന്ധധൂപമുണ്ടാക്കുവാനുപയോഗിക്കുന്ന രണ്ടാമത്തെ സുഗന്ധദ്രവ്യം ഔഷധശക്തിയുള്ള ഗുല്ഗുലുവാണ്. സകല പാപരോഗങ്ങൾക്കും ക്രിസ്തുവിലൂടെയുള്ള സൗഖ്യത്തെ കുറിക്കുന്നു. മൂന്നാമത്തെ സുഗന്ധദ്രവ്യമായ ഹൽബാനപ്പശ നറുപശപോലെ സുഗന്ധം പരത്തുന്നതും പശയെന്നനിലയിൽ ചേർത്തു ബന്ധിക്കുന്നതിനെയും കാണിക്കുന്നു. ഇതു ക്രിസ്തുവിന്റെ സ്നേഹത്താലുള്ള ഒരുമയെയും കൂട്ടായ്മയെയും പ്രദർശിപ്പിക്കുന്നു. നാലാമത്തെ ധൂപവർഗ്ഗം നിർമ്മല സാമ്പ്രാണിയാണ്. മറ്റു മൂന്നു സുഗന്ധദ്രവ്യങ്ങളും സ്വയം മണം പരത്തുമ്പോൾ സാമ്പ്രാണി തീയിൽ ഇട്ടു കഴിഞ്ഞാലേ മണം ആസ്വദിക്കുവാൻ കഴിയൂ. നിർമ്മലത ക്രിസ്തുവിന്റെ ഊനമില്ലായ്മയെ കാണിക്കുന്നു. സാമ്പ്രാണി തീയിൽ അമരുമ്പോൾ സൗരഭ്യം പകരുന്നത് ദൈവക്രോധാഗ്നിയിലൂടെ ക്രിസ്തു കടന്നുപോയതും അതിലൂടെ ഉയർന്ന സൗരഭ്യവാസനയുമാണ്. നാലു സുഗന്ധദ്രവ്യങ്ങളും കർത്താവിന്റെ ഭൂമിയിലെ ശുശ്രൂഷയോടുള്ള നാലു സുവിശേഷങ്ങളിലൂടെ ചിത്രീകരിച്ചിരിക്കുന്ന സ്വഭാവസവിശേഷതകളെയും വെളിപ്പെടുത്തുന്നു. ഉപ്പ് വസ്തുക്കളെ കേടുകൂടാതെ ദീർഘകാലം സൂക്ഷിക്കുന്നു. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനായിരിക്കുന്ന വസ്തുതയെ വെളിപ്പെടുത്തുന്നു(എബ്രാ.13:8).

**സിംഹാസനത്തിൻ മുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിന്നു വളരെ ധൂപവർഗ്ഗം അവന്നു കൊടുത്തു** (He was given much incense, that he should offer it with the prayers of all the saints upon the golden altar which was before the throne) —

സ്വർണ്ണധൂപകലശവുമായി യാഗപീഠത്തിത്തിനരികെ വന്ന മറ്റൊരു ദൂതനു സിംഹാസനത്തിനു മുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിന്നു വളരെ ധൂപവർഗ്ഗം കൊടുത്തതു യോഹന്നാൻ കണ്ടു. ഈ വാക്യത്തിൽ കാണുന്ന ചില പ്രത്യേകതകൾ —

**(1) സ്വർണ്ണപീഠം സിംഹാസനത്തിന്റെ മുമ്പിൽ —**

സമാനകൂടാരത്തിലും ദൈവാലയത്തിലും വിശുദ്ധസ്ഥലത്തായിരുന്നു സ്വർണ്ണധൂപപീഠത്തിന്റെ സ്ഥാനം. എന്നാൽ സ്വർഗ്ഗത്തിൽ സർവ്വശക്തനായ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിലായിരുന്നു ഇതിന്റെ സ്ഥാനം എന്നു യോഹന്നാന്റെ പ്രസ്താവനയിലൂടെ നമുക്കു മനസ്സിലാക്കാം.

**(2) സ്വർണ്ണധൂപപീഠത്തിലുള്ള ദൂതന്റെ ശുശ്രൂഷ —**

സ്വർണ്ണധൂപപീഠത്തിലുള്ള ശുശ്രൂഷ പുരോഹിതന്മാർക്കുള്ളതാണ്. എന്നാൽ ദൈവസിംഹാസനത്തിനു മുമ്പിലുള്ള സ്വർണ്ണപീഠത്തിനരികെ പ്രത്യേക ദൗത്യവുമായി നിൽക്കുന്ന ദൂതൻ പുരോഹിതദൂതനല്ല. ദൈവീകശുശ്രൂഷയ്ക്കായി അയക്കപ്പെട്ട സേവകാത്മാവെന്ന (എബ്രാ.1:14) പദവിമാത്രമാണുള്ളത്.

**(3) സകലവിശുദ്ധന്മാരുടെയും പ്രാർത്ഥന —**

സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയെന്നത് പീഡനകാലത്തെ മാത്രം സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയെയാണ് ഉദ്ദേശിക്കുന്നതെന്നു ചിലർ അഭിപ്രായപ്പെടുന്നു. അഞ്ചാം മുദ്രപൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിൽ നിന്നുയരുന്ന ഉറക്കെ നിലവിളിയോടുള്ള പ്രാർത്ഥനക്കു (വെളി.6:10) ഉത്തരമായിട്ടാണ് ന്യായവിധികൾ ആരംഭിക്കുന്നത് എന്നതു തന്നെ കാരണം. എന്നാൽ ഹാബേൽ തുടങ്ങി സകല പഴയനിയമ വിശുദ്ധന്മാരും, സഭായുഗത്തിലെ വിശുദ്ധന്മാരും, പീഡനകാലത്തെ വിശുദ്ധന്മാരും അവരുടെ പ്രാർത്ഥനയും സകലവിശുദ്ധന്മാരുടെ പ്രാർത്ഥന എന്നതിൽ ഉൾപ്പെടുന്നുവെന്നു അനേകരും അഭിപ്രായപ്പെടുന്നു. വിശുദ്ധന്മാരുടെ പ്രാർത്ഥനെക്കു ഉത്തരം ഉടനടി ലഭിച്ചില്ലെങ്കിലും അത് ദൈവത്തിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തുകയും അവരുടെ കണ്ണുനീർ തുരുത്തിയിൽ ആക്കി സൂക്ഷിക്കുമെന്നും ദാവീദിന്റെ പ്രാർത്ഥനയിലൂടെ കാണുന്നു. **സങ്കീ.56:8 —** *“നീ എന്റെ ഉഴൽചകളെ എണ്ണുന്നു; എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ ആക്കിവെക്കേണമേ; അതു നിന്റെ പുസ്തകത്തിൽ ഇല്ലയോ?”* പഴയനിയമപുതിയനിയമ തിരുവെഴുത്തുകൾ പരിശോധിച്ചാൽ വിശുദ്ധന്മാരുടെ അനേക പ്രാർത്ഥന

കൾക്കു ദൈവം ഉത്തരം നൽകുവാനുണ്ട്. അതൊക്കെ ദൈവം തക്കസമയത്തു ഉത്തരം അരുളുക തന്നെ ചെയ്യും. ദൈവനിഷേധികളായ ദുഷ്ടന്മാരോടു ദൈവം പ്രതികാരം ചെയ്യണമെന്നതു സങ്കീർത്തനങ്ങളിൽ ദാവീദിന്റെ പ്രാർത്ഥനകളിൽ മുഴങ്ങിക്കേൾക്കുന്ന ശബ്ദമാണ് (ഉദാ.സങ്കീ.58). ദൈവത്തോടു പ്രാർത്ഥിക്കേണ്ടതു എപ്രകാരമാണെന്നു കർത്താവു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (മത്താ.6:9-13). ഈ പ്രാർത്ഥനയിൽ *"നിന്റെ രാജ്യം വരേണമേ"* (മത്താ.6:10) എന്നുള്ള അപേക്ഷ കർത്താവിന്റെ ശിഷ്യന്മാരുടെ മാത്രമല്ല കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സകലവിശുദ്ധന്മാരുടെയും അപേക്ഷയാണ്. ഇതിനുള്ള ഉത്തരം ലഭിക്കാൻ പോകുന്നതേയുള്ളു (വെളി.11:15). ആയതുപോലെ ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ സ്വർഗ്ഗീയ യാഗപീഠത്തിങ്കീഴിൽ യോഹന്നാൻ കണ്ടു. അവരെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്ത ഭൂമിയിൽ വസിക്കുന്ന ദുഷ്ടന്മാരോടുള്ള ദൈവത്തിന്റെ ന്യായവിധിക്കായുള്ള അവരുടെ പ്രാർത്ഥനക്കുത്തരം നൽകേണ്ടതുണ്ട് (വെളി.6:9-11). ആകയാൽ സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയെന്നത് മഹാപീഡനകാലത്തെ വിശുദ്ധന്മാരുടെ പ്രാർത്ഥന മാത്രമല്ല പഴയനിയമപുതിയനിയവിശുദ്ധന്മാരും സകലവിശുദ്ധന്മാർ എന്നതിൽ ഉൾപ്പെടുന്നുവെന്ന് ചിന്തിക്കാം. ശത്രുവായ സാത്താന്റെ മേൽ ന്യായവിധി അയക്കുക, സാത്താനെ എന്നെന്നേക്കും നശിപ്പിക്കുക, ക്രിസ്തു രാജത്വം ഏറ്റെടുക്കുക, ഭൂമിയിൽ രാജ്യം സ്ഥാപിക്കുക എന്നിവയൊക്കെ പ്രാർത്ഥനയിൽ ഉൾപ്പെടുന്നു.

**(4) സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിനാണ് ധൂപവർഗ്ഗം —**

ധൂപവർഗ്ഗം പ്രാർത്ഥനയോടു ബന്ധപ്പെട്ടിരിക്കുന്നതായി തിരുവചനഭാഗങ്ങളിൽ കാണുന്നു. സെഖര്യാപുരോഹിതൻ ദൈവാലയത്തിൽ ധൂപം കാട്ടുന്ന വേളയിൽ ജനം പുറത്തു നിന്നു പ്രാർത്ഥിക്കുന്നതായി കാണുന്നു. **ലൂക്കൊ.1:10 —** *"ധൂപം കാട്ടുന്ന നാഴികയിൽ ജനസമൂഹം ഒക്കെയും പുറത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു."* പ്രാർത്ഥന ദൈവസന്നിധിയിൽ ധൂപമായിത്തീരട്ടെയെന്നു ദാവീദ് ആഗ്രഹിച്ചു. **സങ്കീ.141:2 —** *"എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നതു സന്ധ്യായാഗമായും തീരട്ടെ."* പ്രാർത്ഥനയോടു ചേർക്കേണ്ടതിനു ദൂതനു ധൂപവർഗ്ഗം കൊടുത്തു എന്നതിൽ ധൂപവർഗ്ഗം ക്രിസ്തു നമുക്കായി കാൽവറിക്രൂശിൽ ഒരുക്കിയ പ്രായശ്ചിത്തയാഗത്തെ കുറിക്കുന്നു. കുഞ്ഞാടായ ക്രിസ്തുവിന്റെ യാഗമരണത്തിന്റെ അടിസ്ഥാനത്തിൽ അഥവാ അതോടുകൂടി സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയാണ് കൂട്ടിച്ചേർക്കുന്നത്. ഇവ രണ്ടും കൂടി ധൂപപീഠത്തിൽ നിന്നുയരുമ്പോൾ സൗരഭ്യവാസനയായി ദൈവത്തിനു പ്രസാദമുള്ളതായിത്തീരുന്നു.

സുഗന്ധധൂപവർഗ്ഗത്തിന്റെ ഉയരുന്ന പുക ദൈവത്തിങ്കലേക്കുയരുന്ന നമ്മുടെ ആരാധനയെയും പ്രാർത്ഥനയെയും കുറിക്കുന്നു. അതായത് നമ്മുടെ ആരാധന, സ്തോത്രം, പ്രാർത്ഥന എന്നിവയെല്ലാം ദൈവത്തിനു സൗരഭ്യവാസന പകരുന്നതായിരിക്കണം. ക്രിസ്തു നിവർത്തിച്ച യാഗത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ ആരാധനയും പ്രാർത്ഥനയും സ്തോത്രവും ദൈവത്തിനു സൗരഭ്യവാസനയായിത്തീരുന്നത്. സുഗന്ധധൂപവർഗ്ഗം ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും, സ്വഭാവസവിശേഷതകളെയും വെളിപ്പെടുത്തുന്നു. പിതാവിന്റെ ഹിതം നിറവേറ്റിയ ക്രിസ്തുയേശുവിലൂടെയാണ് ദൈവസന്നിധിയിലേക്കു പാപികളായ മനുഷ്യർക്കു പ്രവേശനം ലഭിച്ചിരിക്കുന്നത് (എഫെ.3:12/എബ്രാ.4:16/എബ്രാ.10:19-22).

ധൂപവർഗ്ഗം പ്രാർത്ഥനയെ കുറിക്കുന്നെന്നു അഞ്ചാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു. **വെളി.5:8 —** *".......... വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻ കലശവും......."* കൂടാതെ ധൂപവർഗ്ഗം പ്രാർത്ഥനയോടുള്ള ബന്ധത്തിൽ ക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും പക്ഷവാദശുശ്രൂഷകളായും ചിന്തിക്കാം. **റോമ.8:34 —** *"ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു."* **റോമ.8:26,27 —** *"അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണനില്ക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവു വിശുദ്ധന്മാർക്കു വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ടു ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു."*

**(5) വളരെ ധൂപവർഗ്ഗം അവന്നു കൊടുത്തു —**

ഏഴു മുദ്രകളുള്ള പുസ്തകം കുഞ്ഞാട് വാങ്ങിയപ്പോൾ നാലു ജീവികളും 24 മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാടിന്റെ മുമ്പാകെ വീഴുന്നതു യോഹന്നാൻ കണ്ടു (വെളി.5:8). ഇവിടെ 24 മൂപ്പന്മാരാണ് വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശം പിടിക്കുന്നതെങ്കിൽ ഏഴാം മുദ്ര പൊട്ടിച്ചതിനെ തുടർന്നു ഒരു ദൂതനാണ് ഇതു കൈകാര്യം ചെയ്യുന്നത്. ദൂതൻ പുരോഹിതശുശ്രൂഷ ചെയ്യുന്നതെങ്കിലും ദൈവത്തിന്റെ ദൗത്യം നിറവേറ്റുന്ന സേവകാത്മാവെന്ന നിലയിലായിരുന്നു (എബ്രാ.1:14) ദൂതന്റെ ശുശ്രൂഷ. സമാഗമനകൂടാരത്തിലും ദൈവാലയത്തിലും ധൂപവർഗ്ഗമെടുത്തിരുന്നത്

പുരോഹിതനായിരുന്നു. എന്നാലിവിടെ ധൂപവർഗ്ഗം ദൂതൻ എടുക്കുകയല്ല മറിച്ച് വളരെ ധൂപവർഗ്ഗം ദൂതനു കൊടുക്കുകയാണുണ്ടായത്. ഒരു പക്ഷേ ദൈവം ആയിരിക്കും ദൂതനു ധൂപവർഗ്ഗം കൊടുത്തത്. സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിനാണ് വളരെ ധൂപവർഗ്ഗം ദൂതനു കൊടുത്തത്. സുഗന്ധധൂപവർഗ്ഗം ക്രിസ്തുവിന്റെ ആളത്വത്തെയും യാഗപീഠത്തിലെ തീക്കനൽ തന്റെ മരണത്തെയും കുറിക്കുന്നതാകയാൽ ഇതിലൂടെ ഉയരുന്ന പുക ക്രിസ്തുവിന്റെ ആളത്വവും പ്രവർത്തനവും ഒരുപോലെ വെളിപ്പെടുന്നു. ആയതിനാൽ സകലവിശുദ്ധന്മാരുടെയും പ്രാർത്ഥന ഉയരുന്നയിടത്തേക്കു ദൈവത്തിന്റെ കണ്ണും, ചെവിയും മുഖവും പ്രവർത്തനസജ്ജമാകുന്നു (സങ്കീ.34:15).

**വെളി.8:4 — "ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽനിന്നു ദൈവസന്നിധിയിലേക്കു കയറി."** (And the smoke of the incense, with the prayers of the saints, ascended before God from the angels hand).

പഴയനിയമകാലത്ത് സമാഗമനകൂടാരത്തിലെയും ദൈവാലയത്തിലെയും ധൂപപീഠത്തിൽ നിന്നും ധൂപവർഗ്ഗത്തിന്റെ പുക പുരോഹിതനിലൂടെ ദൈവസന്നിധിയിലേക്കു ഉയരുന്നു. എന്നാൽ സ്വർഗ്ഗസിംഹാസനത്തിനു മുമ്പിലുള്ള യാഗപീഠത്തിന്റെ അരികിൽ നിന്ന ദൂതനു വളരെ ധൂപവർഗ്ഗം ലഭിച്ചു. തുടർന്നു ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടു കൂടെ ദൂതന്റെ കയ്യിൽ നിന്നും ദൈവസന്നിധിയിലേക്കു കയറി എന്നും യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. ധൂപവർഗ്ഗത്തിന്റെ പുക ഉയരുന്നത് സകലവിശുദ്ധന്മാരുടെയും പ്രാർത്ഥന ദൈവസന്നിധിയിലെത്തുന്നതിനെ കുറിക്കുന്നു.

പഴയനിയമത്തിലെ ധൂപകലശവും, ധൂപവർഗ്ഗവും, ധൂപപീഠവും പുതിയനിയമത്തിൽ വിശുദ്ധന്മാരുടെ പ്രാർത്ഥനയോടു ബന്ധപ്പെട്ടിരിക്കുന്നു. അതായത് സമാഗമനകൂടാരവും അതിന്റെ ഉപകരണങ്ങളും പ്രവർത്തനവും ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ശുശ്രൂഷകളെയും കുറിക്കുന്നു. വിശേഷാൽ ധൂപവർഗ്ഗവും, ധൂപപീഠവും സ്വർഗ്ഗീയപിതാവിന്റെ സന്നിധിയിൽ ക്രിസ്തു നമുക്കായി കഴിക്കുന്ന മദ്ധ്യസ്ഥപ്രവർത്തനങ്ങളെ വ്യക്തമാക്കുന്നു. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ ക്രിസ്തുവാണ് (1.തിമൊ.2:5,6). അവർക്കുവേണ്ടി ദൈവസന്നിധിയിൽ അപേക്ഷിക്കുന്നു (യോഹ.17:9). ക്രിസ്തു സർവ്വലോകത്തിന്റെയും പാപങ്ങൾക്കു പ്രായശ്ചിത്തമായി ദൈവസന്നിധിയിൽ പക്ഷവാദശുശ്രൂഷ ചെയ്യുന്നു (1.യോഹ.2:1,2). ക്രിസ്തു കാൽവറിയിൽ നിവർത്തിച്ച യാഗത്തിന്റെ അടിസ്ഥാനത്തിൽ വിശുദ്ധന്മാരുടെ പ്രാർത്ഥന ദൈവം കേൾക്കുവാനിടയായി.

ദൂതന്റെ കയ്യിൽനിന്നു ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടു കൂടെ ദൈവസന്നിധിയിൽ കയറി. അതായത് സകലവിശുദ്ധന്മാരുടെയും പ്രാർത്ഥന ധൂപവർഗ്ഗത്തിന്റെ സൗരഭ്യമുള്ള പുകയോടു ചേർന്നു ദൂതനിലൂടെയാണ് ദൈവസന്നിധിയിലെത്തിയത്. വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുള്ള ബന്ധത്തിൽ ദൂതന്മാരുടെ പങ്കു തിരുവചനത്തിൽ പല അവസരങ്ങളിലും കാണുന്നുണ്ട്. യെഹൂദാജനത്തിനു വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്ന ദാനീയേലിന്റെ സമീപം പ്രാർത്ഥനക്കു ദൈവത്തിന്റെ ഉത്തരവുമായി ഗബ്രീയേൽ ദൂതൻ വരുന്നു (ദാനീ.9:21). ദാനീയേലിന്റെ പ്രാർത്ഥനയുടെ ആരംഭത്തിൽ തന്നെ ദൈവം തന്റെ ദൂതനെ പ്രാർത്ഥനക്കുത്തരവുമായി ദാനീയേലിനു സമീപത്തേക്കു അയച്ചുവെങ്കിലും പാർസിരാജ്യത്തിന്റെ പ്രഭു 21 ദിവസം ദൂതനോടു എതിർത്തു നിന്നു. അപ്പോൾ പ്രധാനപ്രഭുക്കന്മാരിലൊരുവനായ മീഖായേൽ ഗബ്രീയേലിനെ സഹായിപ്പാൻ വന്നു എന്നും കാണുന്നു (ദാനീ.10:13). യോഹന്നാൻ സ്നാപകന്റെ പിതാവായ സെഖര്യാപുരോഹിതന്റെ പ്രാർത്ഥനക്കുത്തരവുമായി ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രീയേൽ ദൂതൻ പ്രത്യക്ഷനായി (ലൂക്കൊ.1:13,19) എന്നും കാണുന്നു. കൊർന്നല്യോസിന്റെ പ്രാർത്ഥന ദൈവത്തിന്റെ മുമ്പിൽ എത്തിയെന്ന വാർത്തയുമായി കൊർന്നല്യോസിന്റെ സമീപം ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നു (അപ്പൊ.10:3,4).

സുഗന്ധധൂപവർഗ്ഗം ക്രിസ്തുവിന്റെ ആളത്വത്തെയും തീക്കനൽ ക്രിസ്തുവിന്റെ മരണത്തെയും കുറിക്കുന്നു. ആകയാൽ സുഗന്ധധൂപവർഗ്ഗം താമ്രയാഗപീഠത്തിലെ കനലിൽ ഇടുമ്പോൾ ഉയരുന്ന പുക ക്രിസ്തുവിന്റെ ആളത്വത്തെയും പ്രവർത്തനത്തെയും ഒരുപോലെ വെളിപ്പെടുത്തുന്നു.

ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടെ ദൈവസന്നിധിയിലേക്കു കയറി എന്നതു സകല പ്രാർത്ഥനകളും ദൂതന്മാരിലൂടെയോ മനുഷ്യമദ്ധ്യസ്ഥരിലൂടെയോ ആണ് ദൈവസന്നിധിയിൽ എത്തുന്നതെന്നു ചിന്തിക്കുവാനും പാടില്ല. ദൂതൻ വിശുദ്ധന്മാരുടെ പ്രാർത്ഥന ദൈവസന്നിധിയിലെത്തിക്കുകയല്ല മറിച്ചു ദൂതന്റെ കയ്യിലെ ധൂപകലശത്തിലൂടെ പ്രാർത്ഥന നേരിട്ടു ക്രിസ്തുവിലൂടെ ദൈവസന്നിധിയെത്തുകയായിരുന്നു. ആകയാൽ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായ ക്രിസ്തു വഴിയല്ലാതെ ദൂതന്മാരിലൂടെയോ ജീവിച്ചതോ മരിച്ചതോ ആയ വിശുദ്ധന്മാരിലൂടെയോ ഉള്ള പ്രാർത്ഥനെക്കു തിരുവചനത്തിൽ ആധാരമില്ല.

ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടെ ദൈവസന്നിധിയിലേക്കു കയറി എന്നതു പ്രാർത്ഥനയുടെ പ്രാധാന്യത്തെയും കുറിക്കുന്നു. നമ്മുടെ ചെറുതും വലുതുമായ ആവശ്യങ്ങളടങ്ങിയ അപേക്ഷകൾ ധൂപവർഗ്ഗത്തിന്റെ സൗരഭ്യവാസനയടങ്ങിയ പുക പോലെ ഉയരങ്ങളിലേക്കു ദൈവ

സന്നിധിയിൽ എത്തിച്ചേരുന്നു. നമ്മുടെ പ്രാർത്ഥനകൾക്കു നാം വിചാരിച്ച രീതിയിലും സമയത്തും ഉത്തരം ലഭിക്കാതെ വരുമ്പോൾ സ്വർഗ്ഗം അടഞ്ഞിരിക്കുന്നുവെന്നും, അവ ദൈവസന്നിധിയിൽ എത്തുന്നില്ലെന്നും, ദൈവം കേൾക്കുന്നില്ലെന്നും നാം കരുതിപ്പോകാറുണ്ട്. എന്നാൽ നമ്മുടെ എല്ലാ അപേക്ഷകളും എല്ലാ ഞരക്കങ്ങളും ദൈവം കേൾക്കുന്നുവെന്നും അവ സിംഹാസനത്തിലിരിക്കുന്ന ദൈവത്തിന്റെ സന്നിധിയിൽ എത്തുന്നുവെന്നുമുള്ള വസ്തുത നാം ഒരിക്കലും വിസ്മരിക്കുവാൻ പാടില്ല.

**വെളി.8:5 — "ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കു എറിഞ്ഞു; ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി."** (Then the angel took the censer, filled it with fire from the altar, and threw it to the earth. And there were noises, thunderings, lightnings, and earthquake) —

സ്വർണ്ണധൂപകലശത്തിലെ ധൂപവർഗ്ഗത്തിന്റെ പുകയോടൊപ്പം ചേർക്കപ്പെട്ട പ്രാർത്ഥന ദൂതന്റെ കയ്യിൽ നിന്നും ദൈവസന്നിധിയിലേക്കുയർന്നു. സകലവിശുദ്ധന്മാരുടെയും പ്രാർത്ഥന സൗരഭ്യവാസനയായി ദൈവം സ്വീകരിച്ചതിന്റെ തെളിവാണ് തുടർന്നുള്ള ദൂതന്റെ പ്രവർത്തനം യോഹന്നാൻ വിവരിക്കുന്നത്. സിംഹാസനത്തിലിരിക്കുന്ന ദൈവത്തിന്റെ ആജ്ഞയെന്നോണം ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കു എറിഞ്ഞു. ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി. ഭൂവാസികളുടെമേൽ ദൈവത്തിന്റെ തുടർന്നുള്ള ന്യായവിധികളുടെ മുന്നോടിയായിട്ടാണ് ദൂതൻ തീക്കനൽ നിറച്ച ധൂപകലശം ഭൂമിയിലേക്കെറിയുന്നത്.

**ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കു എറിഞ്ഞു** (Then the angel took the censer, filled it with fire from the altar, and threw it to the earth)—

സിംഹാസനത്തിനു മുമ്പിൽ ദൈവസന്നിധിയിലെ പ്രത്യേക ദൗത്യത്തിനു ശേഷം ഒഴിഞ്ഞ ധൂപകലശവുമായി ദൂതൻ താമ്രയാഗപീഠത്തിനരികിലേക്കു ചെന്നു. അവിടെ വെച്ചു ദൂതൻ ധൂപകലശത്തിൽ യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കു എറിഞ്ഞു. വിശുദ്ധന്മാരുടെ പ്രാർത്ഥനക്കുള്ള ദൈവത്തിന്റെ പെട്ടന്നുള്ള ഉത്തരവും, മാനസാന്തരപ്പെടാത്ത ഭൂവാസികളുടെ മേലുള്ള ശിക്ഷയുമാണിവിടെ കാണുന്നത്. വിശുദ്ധന്മാരുടെ പ്രാർത്ഥനക്കുത്തരമായാണ് ദൂതനു ലഭിച്ച ദൈവത്തിന്റെ നിർദ്ദേശം. താമ്രയാഗപീഠം കാൽവറിയിലെ ക്രൂശിനെ പ്രതിനിതീകരിക്കുന്നു. സകലഭൂവാസികളുടെയും പാപത്തിനുള്ള ശിക്ഷയായി ദൈവക്രോധാഗ്നി കാൽവറിയിൽ ക്രിസ്തുവിന്മേൽ വന്നു പതിച്ചു. ക്രിസ്തു ഇപ്രകാരം നിവർത്തിച്ച പ്രായശ്ചിത്തയാഗത്തിൽ ആശ്രയം വെച്ചവർക്കു കാൽവറിയിലെ യാഗപീഠത്തിലൂടെ ശിക്ഷയിൽ നിന്നു വിടുതൽ ലഭിച്ചു. ഒരു കൂട്ടരുടെ രക്ഷെക്കുകാരണമായിത്തീർന്ന അതേ യാഗപീഠത്തിലെ കനലുകൾ തന്നെ മാനസാന്തരപ്പെടാത്ത ഭൂവാസികളുടെ നാശത്തിനായി ദൂതൻ ഭൂമിയിലേക്കെറിയുന്ന കാഴ്ചയാണിവിടെ കാണുന്നത്. അവിശ്വസ്തരും ദൈവനിഷേധികളുമായവരോടുള്ള ദൈവീകന്യായവിധിയുടെ പ്രവർത്തനമാണിത്. തീക്കനൽ എറിയുന്നത് ഭൂവാസികളുടെ പാപത്തിന്മേലുള്ള ദൈവക്രോധത്തെ ചിത്രീകരിക്കുന്നു. യെരൂശലേം നഗരത്തിന്മേൽ ചൊരിയപ്പെടുന്ന ദൈവക്രോധത്തെക്കുറിച്ച് യെഹെസ്കേലിനുണ്ടായ ദർശനത്തോടിതിനു സാമ്യമുണ്ട്. യെരൂശലേമിൽ നടമാടുന്ന കൂട്ടക്കൊലയിൽ ദൈവത്തിന്റെ വിശ്വസ്തന്മാരെ നെറ്റിയിൽ മുദ്രയിട്ടു വേർതിരിക്കുന്നതായി യെഹെസ്കേൽ ഒൻപതാം അദ്ധ്യായത്തിലും (യെഹെ.9:2-4), ഇപ്രകാരം മുദ്രയിട്ടയാളോടു കെരൂബുകൾ സഞ്ചരിക്കുന്ന അഗ്നിരഥമദ്ധ്യഭാഗത്തു നിന്നും കുറേ തീക്കനൽ എടുത്തു യെരൂശലേം നഗരത്തിൽ വിതറുവാനും ദൈവം കല്പിച്ചു. **യെഹെ.10:2 —** *"അവൻ ശണവസ്ത്രം ധരിച്ച പുരുഷനോടു സംസാരിച്ചു: നീ കെരൂബിന്റെ കീഴെ തിരിഞ്ഞുകൊണ്ടിരിക്കുന്ന ചക്രങ്ങളുടെ നടുവിൽ ചെന്നു കെരൂബുകളുടെ ഇടയിൽ നിന്നു നിന്റെ കൈ നിറയ തീക്കനൽ എടുത്തു നഗരത്തിൽ വിതറുക എന്നു കല്പിച്ചു."* സർവ്വശക്തനായ ദൈവത്തിന്റെ മഹത്വത്തെ ദർശിച്ച യെശയ്യാവ് തന്റെ ഒന്നുമില്ലായ്മയും പാപവും മനസ്സിലാക്കി. മറ്റുള്ളവരെ നോക്കി നിങ്ങൾക്കു അയ്യോ കഷ്ടം എന്നു ആറു പ്രാവശ്യം പറഞ്ഞുവെങ്കിൽ തന്നിലേക്കു നോക്കിയപ്പോൾ എനിക്കു അയ്യോ കഷ്ടം എന്നു പറയുവാൻ ദൈവീകദർശനം ഇടയാക്കി. പാപങ്ങളേറ്റുപറഞ്ഞപ്പോൾ യാഗപീഠത്തിലെ കനൽ കൊണ്ടു യെശയ്യാവിനെ ശുദ്ധീകരിച്ചു ദൈവീകശുശ്രൂഷകളേൽപ്പിച്ചു. **യെശ.6:6,7 —** *"അപ്പോൾ സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽ നിന്നു കൊടിൽകൊണ്ടു ഒരു തീക്കനൽ എടുത്തു കയ്യിൽ പിടിച്ചുകൊണ്ടു എന്റെ അടുക്കൽ പറന്നു വന്നു, അതു എന്റെ വായ്ക്കു തൊടുവിച്ചു: ഇതാ, ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന്നു പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു."* യാഗപീഠത്തിലെ തീക്കനലിന്റെ സ്പർശനം ദൈവകരുണയിലൂടെ ലഭിക്കുന്ന രക്ഷക്കും ശുദ്ധീകരണത്തിനും ഇടയാക്കുന്നവെങ്കിൽ തീക്കനൽ എറിയുന്നത് ദൈവക്രോധത്താലുള്ള ശിക്ഷാവിധിയെ പ്രകടമാക്കുന്നു. ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗത്തെ അംഗീകരിക്കുന്നവർക്കു ദൈവകരുണയാലുള്ള നിത്യജീവനും, നിരസിക്കുന്നവർക്കു ന്യായവിധിയുമാണ് ലഭിക്കുന്നത് (യോഹ.3:16—18/ യോഹ.3:36). മാനസാന്തരപ്പെട്ടു ക്രിസ്തുവാകുന്ന യാഗപീഠത്തിനരികിൽ വന്നു അഭയം പ്രാപിക്കാതെ

ദൈവത്തോടു തുടർമാനമായി മറുതലിച്ചു ജീവിക്കുന്ന ഭൂവാസികളുടെമേൽ (വെളി.9:20,21) യാഗപീഠത്തിലെ തീക്കനൽ എറിയുകയാണ്. കാഹളങ്ങളിലൂടെയുള്ള ദൈവീകന്യായവിധി ഭൂവാസികളുടെ മേൽ ആരംഭിക്കുന്നതിനു മുമ്പു ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറച്ചു ഭൂമിയിലേക്കു എറിയുന്നു. ഇതിനെ തുടർന്നുണ്ടാകുന്ന ആറു കാഹളങ്ങളിലൂടെയുള്ള ന്യായവിധികളും തീയുമായി ബന്ധപ്പെട്ടിരിക്കുന്നു.

1. ഒന്നാമത്തെ കാഹളം — രക്തം കലർന്ന കല്മഴയും തീയും (വെളി.8:7)
2. രണ്ടാമത്തെ കാഹളം — തീ കത്തുന്ന വൻമലപോലെ (വെളി.8:8)
3. മൂന്നാമത്തെ കാഹളം — ദീപം പോലെ ജ്വലിക്കുന്ന മഹാ നക്ഷത്രം (വെളി.8:10)
4. നാലാമത്തെ കാഹളം — സൂര്യനിൽ ബാധിക്കുന്നത് (വെളി.8:12)
5. അഞ്ചാമത്തെ കാഹളം — പെരുഞ്ചൂളയിലെ പുക പോലെ (വെളി.9:2)
6. ആറാമത്തെ കാഹളം — തീ, പുക, ഗന്ധകം എന്നീ ബാധകൾ (വെളി.9:18)

**ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി —** (And there were noises, thunderings,lightnings, and an earthquake)

ധൂപകലശത്തിൽ ദൂതൻ യാഗപീഠത്തിലെ തീക്കനൽ നിറച്ച് ഭൂമിയിലേക്കെറിഞ്ഞ ഉടനെ ഭൂമിയിൽ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി. യിസ്രായേൽ ജനത്തിനു പത്തു കല്പനകൾ നൽകാനായി ദൈവം സീനായ് പർവ്വതത്തിലേക്കു ഇറങ്ങി വന്നപ്പോൾ ഇപ്രകാരം ഇടിമുഴക്കവും നാദവും മിന്നലും ഉണ്ടായി (പുറ.19:16). ഇതു ദൈവത്തിന്റെ വരവിനെയും സാന്നിദ്ധ്യത്തെയും കുറിക്കുന്നു. ഒന്നാമത്തെ കാഹളധ്വനിക്കു മുമ്പായി അതായത് ഏഴാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ ഭൂമിയിലുണ്ടാകുന്ന ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഏഴാമത്തെ കാഹളം ധ്വനിക്കുമ്പോഴും (വെളി.11:19) ഏഴാമത്തെ കലശം ഒഴിക്കുമ്പോഴും (വെളി.16:18) ആവർത്തിക്കുന്നതായി കാണുന്നു. വെളിപ്പാടു പുസ്തകം നാലാം അദ്ധ്യായത്തിൽ സിംഹാസനത്തിൽ നിന്നു മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെട്ടു എന്നു കാണുന്നു (വെളി.4:5). ഇതു സിംഹാസനത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തെയും, ഭൂമിയിലെ പീഡനകാലത്തിന്റെ ആരംഭത്തെയും, സിംഹാസനത്തിൽ നിന്നും ഭൂമിയിലേക്കു അയക്കുവാൻ പോകുന്ന ദൈവീകന്യായവിധികളെയും കുറിക്കുന്നതായി കണ്ടു. ഏഴാം മുദ്ര പൊട്ടിച്ചപ്പോഴുണ്ടാകുന്ന സംഭവങ്ങളിൽ മിന്നൽ, നാദം, ഇടി മുഴക്കം എന്നിവക്കു പുറമേ ഭൂകമ്പവും കൂടി ഉണ്ടാകുന്നു. ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അര മണിക്കൂറോളം നിശബ്ദതയുണ്ടായി. എന്നാൽ തുടർന്നു ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടു സ്വർഗ്ഗത്തിലേക്കുയർന്നതിന്റെ ഫലമായി ദൈവം ദുഷ്ടന്മാരുടെ മേൽ ന്യായവിധി ആരംഭിക്കുകയായി. ഇടിമുഴക്കം, നാദം, മിന്നൽ, ഭൂകമ്പം എന്നിവ ഭൂമണ്ഡലത്തെ മുഴുവൻ പ്രകമ്പനം കൊള്ളിക്കുന്നതും ഭൂവാസികളുടെമേൽ തുടർമാനമായി നടക്കേണ്ട ന്യായവിധികളുടെ ആരംഭവുമായിരിക്കുന്നു.

**വെളി.8:6 — "ഏഴു കാഹളമുള്ള ദൂതന്മാർ എഴുവരും കാഹളം ഊതുവാൻ ഒരുങ്ങിനിന്നു"** (So the seven angels who had the seven trumpets prepared themselves to sound) —

ഏഴാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അര മണിക്കൂറോളം നിശബ്ദതയുണ്ടാകുകയും അപ്പോൾ ദൈവസന്നിധിയിൽ നിൽക്കുന്ന ഏഴു ദൂതന്മാർക്കു കാഹളം ലഭിക്കുന്നതും യോഹന്നാൻ അദ്ധ്യായത്തിന്റെ പ്രാരംഭ വാക്യങ്ങളിൽ വിശദീകരിച്ചു. തുടർന്നു സമാഗമനകൂടാരത്തിലും ദൈവാലയത്തിലും പുരോഹിതന്മാർ ശുശ്രൂഷിക്കുന്നതുപോലെ മറ്റൊരു ദൂതൻ സ്വർണ്ണധൂപപീഠത്തിലെ ശുശ്രൂഷക്കായി വന്നു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽനിന്നു ദൈവസന്നിധിയിലേക്കുയർന്നു. അതിനു ശേഷം ഈ ദൂതൻ ധൂപകലശത്തിൽ യാഗപീഠത്തിലെ തീക്കനൽ നിറെച്ചു ഭൂമിയിലേക്കെറിഞ്ഞപ്പോൾ ഭൂമിയെ പ്രകമ്പനം കൊള്ളിക്കുന്ന വിധത്തിൽ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി. ഏഴാം മുദ്ര പൊട്ടിച്ചപ്പോഴുണ്ടായ സംഭവങ്ങളാണ് ഇതുവരെയും നടന്നത്. ആദ്യത്തെ നാലു മുദ്രകൾ പൊട്ടിച്ചപ്പോൾ വിവിധ നിറങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കുതിരകളിൽ രംഗപ്രവേശം ചെയ്യുന്നവർക്കു ന്യായവിധി നടത്തുവനുള്ള അധികാരം ലഭിക്കുന്നതുപോലെയാണ് ഏഴാം മുദ്ര പൊട്ടിപ്പോൾ ഏഴു ദൂതന്മാർക്കു ലഭിക്കുന്ന ഏഴു കാഹളം. ഏഴു കാഹളവും വ്യത്യസ്തങ്ങളായ ദൈവീകന്യായവിധികൾ ഉൾക്കൊള്ളുന്നു. യുദ്ധസമയത്ത് ശത്രുരാജ്യത്തെ ആക്രമിക്കുവാൻ സൈന്യാധിപന്റെ ഉത്തരവിനായി കാത്തു നിൽക്കുന്നതുപോലെ സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ ഉത്തരവിനായി ഏഴു കാഹളമുള്ള ദൂതന്മാർ ഏഴുവരും കാഹളം ഊതുവാൻ ഒരുങ്ങിനിന്നു. ഏഴു ദൂതന്മാർ ഏഴു കാഹളവുമായി ദൈവത്തിന്റെ ശിക്ഷാവിധി നടപ്പാക്കാൻ ഒരുങ്ങി നിൽക്കുന്ന ഈ ഭാഗത്തോടു സാമ്യമുള്ളതാണ് യെരിഹോ പട്ടണം കീഴടക്കലും അതിന്റെ നാശവും. **യോശു.6:4 —**

*"ഏഴു പുരോഹിതന്മാർ ആട്ടിൻകൊമ്പുകൊണ്ടുള്ള ഏഴു കാഹളം പിടിച്ചുകൊണ്ടു പെട്ടകത്തിന്റെ മുമ്പിൽ നടക്കേണം; ഏഴാം ദിവസം ഏഴു പ്രാവശ്യം പട്ടണത്തെ ചുറ്റുകയും പുരോഹിതന്മാർ കാഹളം ഊതുകയും വേണം."* ഇങ്ങനെ ചെയ്തപ്പോൾ യെരീഹോ മതിൽ വീഴുവാനിടയായി. പീഡനകാലത്തു ഏഴു ദൂതന്മാർ ഓരോരുത്തരായി ഊതുന്ന കാഹളത്തിലൂടെയും അതിനെ തുടർന്നു ഒഴിക്കപ്പെടുന്ന ക്രോധ കലശത്തിലൂടെയും ദൈവത്തിന്റെ ന്യായവിധി ഭൂവാസികളുടെ മേലും അന്തിക്രിസ്തുവിന്റെ മേലും വന്നു പതിക്കുന്നു.

ഏഴുകളുടെ പുസ്തകമായ വെളിപ്പാടിൽ ഏഴു ന്യായവിധികളുൾപ്പെടുന്ന മുദ്ര, കാഹളം, കലശം എന്നിവ ഓരോന്നും നാലും മൂന്നും ഉൾപ്പെട്ട രണ്ടു വിഭാഗങ്ങളായി കാണപ്പെടുന്നു. മുദ്രകളിൽ ആദ്യത്തെ നാലെണ്ണം വിവിധനിറത്തിലുള്ള കുതിരകളോടുള്ള ബന്ധത്തിലും മൂന്നെണ്ണം വ്യത്യസ്ത വിധത്തിലുമായിരിക്കുന്നു. അതുപോലെ കാഹളത്തിലും കലശത്തിലും ആദ്യത്തെ നാലെണ്ണം കര, കടൽ, നദി, ആകാശമണ്ഡലം എന്നിവയെ ബാധിക്കുന്നുവെങ്കിൽ തുടർന്നുള്ള മൂന്നെണ്ണം ഇതിൽ നിന്നും വ്യത്യസ്തമായുമിരിക്കുന്നു. ആദ്യത്തെ നാലു കാഹളങ്ങൾ പ്രകൃതിയിലൂടെയുള്ള ന്യായവിധികളാണ്. കര, കടൽ, നദി എന്നിവയിലൂടെയും, ആകാശമണ്ഡലത്തിലെ സൂര്യൻ, ചന്ദ്രൻ, നക്ഷത്രം എന്നിവയിലൂടെയുള്ള ശിക്ഷാവിധിയും അടങ്ങിയിരിക്കുന്നു(വെളി.8). അഞ്ചും ആറും കാഹളങ്ങളിൽ സാത്താന്യശക്തികളിലുടെയുള്ള ദണ്ഡനവും മരണവും ലോകജനതക്കുണ്ടാകുന്നു (വെളി.9). ഏഴാമത്തെ കാഹളത്താൽ ലോകരാഷ്ട്രങ്ങളിൽ പ്രതിസന്ധി ഉടലെടുക്കുന്നു (വെളി.11:15-19). അതായത് ആദ്യത്തെ നാലു കാഹളങ്ങൾ ദൈവത്തിന്റെ സൃഷ്ടികളോടു ബന്ധപ്പെട്ടും തുടർന്നുള്ള മൂന്നെണ്ണം മനുഷ്യവർഗ്ഗത്തോടും ബന്ധപ്പെട്ട ന്യായവിധികളാണ്.

**വെളി.8:7 — "ഒന്നാമൻ ഊതി; അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി; വൃക്ഷങ്ങളിൽ മൂന്നിലൊന്നു വെന്തുപോയി; എല്ലാ പച്ചപ്പുല്ലും വെന്തുപോയി."** (The first angel sounded : And hail and fire followed, mingled with blood, and they were thrown to the earth. And a third of the trees were burned up, and all green grass was burned up)—

ഏഴാമത്തെ മുദ്ര പൊട്ടിച്ചതിനോടനുബന്ധമായി ഭൂമിയിലേക്കെറിഞ്ഞ തീക്കനൽ നിറച്ച ധൂപകലശത്താൽ ഭൂമിയിൽ ഇടിമുഴക്കവും നാദവും ഭൂകമ്പവും ഉണ്ടായി. തുടർന്നു ഏഴുകാഹളം ലഭിച്ച ദൂതന്മാരിൽ ഒന്നാമത്തെ ദൂതൻ തന്റെ കാഹളം ഊതി ദൈവീകശിക്ഷാവിധിക്കു ആരംഭം കുറിച്ചു. അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി; വൃക്ഷങ്ങളിൽ മൂന്നിലൊന്നു വെന്തുപോയി; എല്ലാ പച്ചപ്പുല്ലും വെന്തുപോയി. ഫറവോന്റെ അടിമത്വത്തിൽ കഴിയേണ്ടി വന്ന ദൈവജനമായ യിസ്രായേലിന്റെ നിലവിളി കേട്ട ദൈവം മിസ്രയീമിലേക്കയച്ച ബാധയെ അനുസ്മരിക്കുന്നതാണിത്. ഒന്നാം കാഹളം ധ്വനിക്കുന്നതോടു കൂടി രക്തം കലർന്ന കൽമഴയും, തീയും ഭൂമിയിൽ ചൊരിയപ്പെടുന്നു. മിസ്രയീമിന്റെ മേലുണ്ടായ ഏഴാമത്തെ ബാധയിലെ കല്മഴയും തീയും (പുറ.9:18-26) ഒന്നാം കാഹളധ്വനിയിൽ ഉണ്ടാകുന്നു. യഹോവയുടെ ദിവസം എന്നറിയപ്പെടുന്ന ദൈവക്രോധദിവസത്തിൽ ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടാകുമെന്നു യോവേൽ പ്രവാചകൻ അറിയിച്ചിട്ടുണ്ട് (യോവേ.2:30).

**ഒന്നാമൻ ഊതി; അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു** (The first angel sounded : And hail and fire followed, mingled with blood) —

കല്മഴ ദൈവത്തിന്റെ പെട്ടെന്നുള്ള ന്യായവിധിയെയും (sudden judgement), തീ ദൈവകോപത്തെയും (wrath of God), രക്തം മരണത്തെയും (ശാരീരികവും ആത്മീകവുമായ മരണം — physical and spiritual death) കുറിക്കുന്നു. കല്മഴയും, തീയും രക്തവും ദൈവീകന്യായവിധികളോടു ബന്ധപ്പെട്ടിരിക്കുന്നതായി തിരുവചനത്തിൽ കാണുന്നുണ്ട്.

**കല്മഴ (hail), തീ (fire), രക്തം (blood) —**

(1) സകലവിധ മ്ലേച്ഛതകളിലും മുങ്ങിക്കുളിച്ച സോദോം ഗൊമോരാ പട്ടണങ്ങളെയും നിവാസികളെയും നശിപ്പിക്കുവാനായി ദൈവം ആകാശത്തു നിന്നു ഗന്ധകവും തീയും വർഷിപ്പിച്ചു.

**ഉല്പ.19:24 —** "യഹോവ സോദോമിന്റെയും ഗൊമോരായുടെയും മേൽ യഹോവയുടെ സന്നിധിയിൽ നിന്നു, ആകാശത്തു നിന്നു തന്ന, **ഗന്ധകവും തീയും** വർഷിപ്പിച്ചു. ആ പട്ടണങ്ങൾക്കും പ്രദേശത്തിനു മുഴുവനും ആ പട്ടണങ്ങളിലെ സകലനിവാസികൾക്കും നിലത്തെ സസ്യങ്ങൾക്കും ഉന്മൂലനാശം വരുത്തി."

(2) മിസ്രയീമിൽ നിന്നു യിസ്രായേൽ ജനത്തെ വിടുവിക്കുവാനായി ദൈവം മിസ്രയീമിലേക്കു കല്മഴയും തീയും അയച്ചു.

**പുറ.9:22,23 —** "പിന്നെ യഹോവ മോശെയോടു: മിസ്രയീംദേശത്തു എല്ലാടവും മനുഷ്യരുടെയും മൃഗങ്ങളുടെയും മേലും മിസ്രയീം ദേശത്തുള്ള സകല സസ്യത്തിന്മേലും **കല്മഴ** വരുവാൻ നിന്റെ കൈ

ആകാശത്തേക്കു നീട്ടുക എന്നു കല്പിച്ചു. മോശെ തന്റെ വടി ആകാശത്തേക്കു നീട്ടി;അപ്പോൾ യഹോവ ഇടിയും കല്മഴയും അയച്ചു; **തീ** ഭൂമിയിലേക്കു പാഞ്ഞിറങ്ങി; യഹോവ മിസ്രയീംദേശത്തിന്മേൽ കല്മഴ പെയ്യിച്ചു."

(3) യിസ്രായേൽ ജനത്തോടുള്ള മോശെയുടെ അന്ത്യസന്ദേശത്തിൽ ദുഷ്ടതയും അവിശ്വസ്തതയും കാണിക്കുന്നവരുടെമേൽ ദൈവകോപം തീയായി ജ്വലിച്ചു ദഹിപ്പിക്കപ്പെടുമെന്നു പറഞ്ഞിരിക്കുന്നു.

**ആവ.32:22 —** "എന്റെ കോപത്താൽ **തീ** ജ്വലിച്ച് പാതാളത്തിന്റെ ആഴത്തോളം കത്തും; ഭൂമിയെയും അതിന്റെ അനുഭവത്തെയും ദഹിപ്പിച്ചു പർവ്വതങ്ങളുടെ ആടിസ്ഥാനങ്ങളെ കരിച്ചുകളയും."

(4) യോശുവയോടും യിസ്രായേലിനോടും യുദ്ധത്തിനായി പുറപ്പെട്ട അഞ്ചു അമോര്യരാജാക്കന്മാരെയും അവരുടെ സൈന്യത്തെയും ദൈവം ഗിബെയോനിൽ വെച്ചു കുഴക്കുകയും ആകാശത്തു നിന്നു കല്മഴ പെയ്യിച്ചു കൊല്ലുകയും ചെയ്തു.

**യോശു.10:11 —** "അങ്ങനെ അവർ യിസ്രായേലിന്റെ മുമ്പിൽനിന്നു ഓടി; ബേത്ത്-ഹോരോൻ ഇറക്കത്തിൽവെച്ചു അസേക്കവരെ യഹോവ ആകാശത്തിൽ നിന്നു വലിയ **കല്ലു അവരുടെ മേൽ പെയ്യിച്ചു** അവരെ കൊന്നു."

(5) ഇയ്യോബിന്റെ അജ്ഞതയെ ദൈവം അവനു മനസ്സിലാക്കിക്കൊടുക്കുന്ന വേളയിൽ ശത്രുക്കളെ എതിരിടാനും തോൽപ്പിക്കുവാനും സംഗ്രഹിച്ചു വെച്ചിരിക്കുന്ന കന്മഴയുടെ കാര്യം ഇയ്യോബിനു വ്യക്തമാക്കി കൊടുക്കുന്നു.

**ഇയ്യോ.38:22,23 —** "നീ ഹിമത്തിന്റെ ഭണ്ഡാരത്തോളം ചെന്നിട്ടുണ്ടോ? **കന്മഴയുടെ** ഭണ്ഡാരം നീ കണ്ടിട്ടുണ്ടോ? ഞാൻ അവയെ കഷ്ടകാലത്തേക്കും പോരും പടയുമുള്ള നാളിലേക്കും സംഗ്രഹിച്ചു വെച്ചിരിക്കുന്നു."

(6) ദുഷ്ടന്മാരുടെമേൽ തീയും ഗന്ധകവും വർഷിപ്പിക്കും.

**സങ്കി.11:6 —** "ദുഷ്ടന്മാരുടെ മേൽ അവൻ കണികളെ വർഷിപ്പിക്കും; **തീയും ഗന്ധകവും** ഉഷ്ണക്കാറ്റും അവരുടെ പാനപാത്രത്തിലെ ഓഹരിയായിരിക്കും."

(7) ദൈവം ഇടിമുഴക്കുമ്പോൾ ആകാശത്തിൽ മേഘങ്ങളിലൂടെ ആലിപ്പഴവും ദീക്കനലും പൊഴിക്കുന്നു.

**സങ്കീ.18:13 —** "യഹോവ ആകാശത്തിൽ ഇടി മുഴക്കി, അത്യുന്നതൻ തന്റെ നാദം കേൾപ്പിച്ചു, ആലിപ്പഴവും **തീക്കനലും** പൊഴിഞ്ഞു."

(8) മിസ്രയീമിൽ നിന്നും ജനത്തെ വിട്ടയക്കുവാൻ മിസ്രയീമ്യരുടെമേൽ അയച്ച പത്തു ബാധകളെ സങ്കീർത്തനക്കാരൻ വർണ്ണിക്കുമ്പോൾ കൽമഴയും അഗ്നിജ്വാലയും അയച്ചതിനെപ്പറ്റി പറയുന്നു.

**സങ്കീ.105:32 —** "അവൻ അവർക്കു മഴെക്കു പകരം **കൽമഴയും** അവരുടെ ദേശത്തിൽ **അഗ്നിജ്വാലയും** അയച്ചു."

(9) എഫ്രയീമിന്റെ അഹങ്കാരത്തെ ശാസിക്കുന്ന വേളയിൽ അവർക്കു ശിക്ഷ നൽകുവാൻ വരുന്ന ഒരുവന്റെ ശക്തി കൊടുങ്കാറ്റോടു കൂടിയ കല്മഴയായി ചിത്രീകരിച്ചിരിക്കുന്നു.

**യെശ.28:2 —** "ഇതാ, ശക്തിയും ബലവുമുള്ള ഒരുത്തൻ കർത്താവിങ്കൽ നിന്നു വരുന്നു; തകർത്ത കൊടുങ്കാറ്റോടു കൂടിയ **കല്മഴ** പോലെയും കവിഞ്ഞൊഴുകുന്ന മഹാ ജലപ്രവാഹം പോലെയും അവൻ അവരെ വെറുങ്കൈകൊണ്ടു നിലത്തു തള്ളിയിടും."

**യെഹെ.28:17 —** "ഞാൻ ന്യായത്തെ അളവുചരടും നീതിയെ തൂക്കുകട്ടയും ആക്കിവെയ്ക്കും; **കന്മഴ** വ്യാജശരണത്തെ നാക്കിക്കളയും; വെള്ളം ഒളിപ്പിടത്തെ ഒഴുക്കി കൊണ്ടുപോകും."

(10) വിഗ്രഹാരാധികളായ യിസ്രായേൽ മൂപ്പന്മാരെ ശാസിക്കുന്ന വേളയിൽ രക്തരൂപേണയുള്ള ദൈവക്രോധം മരണമാണെന്നു വ്യക്തമാകുന്നു.

**യെഹെ.14:19 —** "ഞാൻ ദേശത്തു മഹാമാരി അയച്ചു, അതിൽ നിന്നു മനുഷ്യരെയും മൃഗങ്ങളെയും ഛേദിച്ചുകളവാൻ തക്കവണ്ണം എന്റെ ക്രോധം രക്തരൂപേണ അതിന്മേൽ പകർന്നാൽ ......"

(11) ഗോഗിന്റെ മേലുള്ള ന്യായവിധി യെഹെസ്കേൽ പ്രവാചകനിലൂടെ ദൈവം അറിയിക്കുന്നത് അവർക്കു നേരേ മഹാമാരി, രക്തം, ആലിപ്പഴം, തീ, ഗന്ധകം എന്നിവയാൽ ശിക്ഷിക്കും എന്നാണ്.

**യെഹെ.38:22 —** "ഞാൻ മഹാമാരികൊണ്ടും **രക്തംകൊണ്ടും** അവനെ ന്യായം വിധിക്കും; ഞാൻ അവന്റെ മേലും അവന്റെ പടക്കൂട്ടങ്ങളുടെമേലും അവനോടുകൂടെയുള്ള പല ജാതികളുടെ മേലും പെരുമഴയും വലിയ ആലിപ്പഴവും **തീയും ഗന്ധകവും** വർഷിപ്പിക്കും."

(12) യഹോവയുടെ നാളിന്റെ ഭയങ്കരത്വം വർണ്ണിക്കുമ്പോൾ യോവേൽ പ്രവാചകൻ രക്തവും തീയും പുകത്തൂണും ആകാശത്തിലും ഭൂമിയിലും അത്ഭുതമായി കാണപ്പെടും എന്നു പറയുന്നു.

**യോവേ.2:30 —** "ഞാൻ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങളെ കാണിക്കും; **രക്തവും തീയും** പുകത്തൂണും തന്നേ."

(13) ദൈവജനത്തിന്റെ അലസതയും ദൈവീകകാര്യങ്ങളിലുള്ള ശുഷ്ക്കാന്തിയില്ലായ്മയും ദർശിച്ചു ദൈവീകാരുളപ്പാടുകൾ അറിയിച്ച ഹഗ്ഗായി പ്രവാചകൻ, ദൈവം അവരെ ദണ്ഡിപ്പിക്കുന്ന വിധങ്ങളിൽ

കൽമഴയും ഉൾപ്പെടുന്നതായി കാണുന്നു.

***ഹഗ്ഗാ.2:17*** **—** "വെൺകതിരും വിഷമഞ്ഞും **കൽമഴയും** കൊണ്ടു ഞാൻ നിങ്ങളെ നിങ്ങളുടെ കൈകളുടെ സകല പ്രവൃത്തികളിലും ദണ്ഡിപ്പിച്ചു; എങ്കിലും നിങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല എന്നു യഹോവയുടെ അരുളപ്പാട്."

ഒന്നാമത്തെ ദൂതൻ തനിക്കു ലഭിച്ച കാഹളം ഊതിയപ്പോൾ മിസ്രയീമ്യരുടെമേൽ വന്നു പതിച്ച ഏഴാമത്തെ ബാധയെന്നോണവും, യോവേൽ പ്രവാചകൻ യഹോവയുടെ ഭയങ്കരദിനത്തിലുണ്ടാകുന്ന സംഭവങ്ങളുടെ വിവരണപ്രകാരവും പീഡനകാലത്ത് ദൈവക്രോധം ഭൂമിയിലേക്കു പകരുന്നു. രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞു. രക്തം എങ്ങനെ തീയോടും കല്മഴയോടും കലരുന്ന തെന്നു നമുക്കു അറിയില്ല. സോദോമിന്റെയും ഗൊമോരയുടെയും മേൽ സ്വർഗ്ഗത്തിൽ നിന്നു അഗ്നി അയച്ച ദൈവം, ഫറവോന്റെയും മിസ്രയീമ്യരുടെ മേലും കല്മഴയും രക്തവും അയച്ച ദൈവം പീഡന കാലത്ത് രക്തം കലർന്ന കല്മഴയും തീയും ഭൂമിയിലേക്കയക്കുന്നു. ദൈവത്തിന്റെ സർവ്വശക്തിയെ തെളിയിക്കുന്നതാണ് ഇവയുടെ ഒരുമിച്ചുള്ള പതനം. ഭൂമിമേൽ വന്നു പതിച്ച ദൈവത്തിന്റെ ശിക്ഷാ വിധി ഭൂവാസികളുടെ പാപത്തിനുള്ള ശിക്ഷയാണ്. പഴയനിയമത്തിൽ ഹാബേൽ തുടങ്ങി പീഡ നകാലമുൾപ്പെടെയുള്ള സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനക്കുത്തരമാണ് ദൈവത്തിന്റെ ന്യായവി ധിയുടെ പ്രവർത്തനം. ആദ്യകാഹളത്തിലൂടെ ആരംഭിക്കുന്ന ശിക്ഷാവിധികളായ രക്തം, കല്മഴ, തീ എന്നിവക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. പാപത്തിനു ശമ്പളം മരണമായിരിക്കുമ്പോൾ തന്നെ ദുഷ്ടൻ വിശുദ്ധന്മാരോടു പ്രവർത്തിച്ച അതേ രീതിയിൽ തന്നെ അവർക്കു പകരം കൊടുക്കുന്നതായും ദൈവീ കശിക്ഷാവിധികളെ വിചിന്തനം ചെയ്യാം. ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുകയും ദുഷ്ടന്റെ മുമ്പിൽ ധൈര്യത്തോടെ ദൈവഭാഗത്തു നിന്നതിനാലും എണ്ണമറ്റ വിശുദ്ധന്മാരെ വിവിധ കാലങ്ങളിൽ ജീവ നോടെ കല്ലെറിഞ്ഞു കൊന്നിട്ടുണ്ട്. ഇപ്രകാരം പീഡിപ്പിച്ചവരുടെമേൽ സ്വർഗ്ഗത്തിൽ നിന്നും ന്യായവിധി കല്മഴയായി വന്നു പതിക്കുന്നു. ദൈവത്തിലും ദൈവവചനത്തിലും സാക്ഷ്യമുള്ളവരായി ജീവിച്ച അനേ കവിശുദ്ധന്മാരെ ജീവനോടെ തീയാൽ ചുട്ടു കൊന്നിട്ടുണ്ട്. അവരുടെ മേൽ ദൈവവും സ്വർഗ്ഗത്തിൽ നിന്നു തീ അയച്ചു അവരെ അഗ്നിക്കിരയാക്കുന്നു. അനേക വിശുദ്ധന്മാർ രക്തം ചിന്തി വിവിധ മാർഗ്ഗങ്ങ ളിലൂടെ കൊല്ലപ്പെട്ടിട്ടുണ്ട്. അതിനു പകരമായി ദൈവവും ഭൂവാസികളായ ദുഷ്ടന്മാരുടെ രക്തം ചിന്തുവാൻ ഇടയാക്കുന്നു (ആവ.35:33/യെശ.26:21/സങ്കീ.79:10).

**ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി —**

ഒന്നാമത്തെ ദൂതന്റെ കാഹളധ്വനിയോടു ആരംഭിച്ച ദൈവീകന്യായവിധികളാൽ ഭൂമിയിലെ മൂന്നി ലൊന്നു വെന്തു പോയി. മൂന്നിലൊന്നു എന്നുള്ള പ്രസ്താവന റോമൻ സാമ്രാജ്യത്തെക്കുറിച്ചാണ് പറയു ന്നതെന്നു ചിലർ അഭിപ്രായപ്പെടുന്നുവെങ്കിലും ഇതിനു ഉപോൽബലകമായ തെളിവുകളൊന്നും തിരു വചനത്തിൽ കാണുന്നില്ല. മൂന്നിലൊന്നു എന്നതിൽ മൂന്നു എന്ന സംഖ്യ ദൈവീകകാര്യങ്ങളെയും ത്വിത്വ ത്തെയും കാണിക്കുന്നതിനാൽ മൂന്നിലൊന്ന് എന്നത് മനുഷ്യന്റെ ആത്മികഭാഗത്തെ കുറിക്കുന്നതാ ണെന്നും ആകയാൽ ആത്മീകനാശത്തെയുമാണ് കുറിക്കുന്നതെന്നും അഭിപ്രായമുണ്ട്. എന്നാൽ ഇതിനും തിരുവചനത്തിൽ ആധാരമില്ല. മൂന്നിലൊന്ന് എന്നത് ഭൂമിയുടെ ഒരു ഭാഗം എന്നു ചിന്തിക്കുന്നതാണ് ഏറെ യോജ്യം. ആയതുപോലെ വൃക്ഷങ്ങളിൽ, കടലിൽ, സമുദ്രജീവികളിൽ, കപ്പലുകളിൽ, നദികളിൽ, വെള്ളത്തിൽ, സൂര്യനിൽ, ചന്ദ്രനിൽ, നക്ഷത്രങ്ങളിൽ എന്നിവയിലൊക്കെ മൂന്നിലൊന്നു എന്നത് അവ യിലൊക്കെ ഒരു ഭാഗത്തിന്മേൽ മാത്രം ദൈവക്രോധം പകരപ്പെട്ടു എന്നു ചിന്തിക്കുന്നതാണ് അഭികാ മ്യം. ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി എന്നതിൽ മറ്റൊരു കാര്യം കൂടി ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. അതായത് ദൈവം ന്യായവിധി അയച്ചപ്പോൾ മൂന്നിൽ രണ്ടു ഭാഗം സംരക്ഷിച്ചു. ഇതും ദൈവത്തിന്റ ദീർഘക്ഷമയും കരുണയുമാണ് പ്രദർശിപ്പിക്കുന്നത്. ദൈവക്രോധാഗ്നി തിരിച്ചറിയുന്ന ജനം ദൈവത്തി ങ്കലേക്കു മടങ്ങിവരുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിഭയങ്കരമായ ന്യായവിധി നടക്കുമ്പോഴും ദൈവം തന്റെ വിശുദ്ധന്മാരെ ഭദ്രമായി സൂക്ഷിക്കും എന്നത് മൂന്നിൽ രണ്ടു സംരക്ഷണത്തിലൂടെ മനസ്സിലാ ക്കാം. ദേശത്തും ദേശവാസികളുടെ മേലും ദൈവക്രോധാഗ്നി പകരുമ്പോൾ ദൈവമക്കളെ സംരക്ഷിച്ച സംഭവങ്ങൾ തിരുവെഴുത്തിൽ കാണുന്നുണ്ട്. സോദോമിനെയും ഗൊമോരായും അതിലെ നിവാസിക ളെയും അഗ്നിക്കിരയാക്കിയപ്പോൾ ലോത്തിനെയും കുടുംബത്തെയും രക്ഷിച്ചു (ഉല്പ.19:29). മിസ്രയീം ദേശത്തു ദൈവം വിവിധ ബാധകളെ അയച്ചപ്പോഴും മിസ്രയീമിൽ വസിച്ചിരുന്ന തന്റെ ജനമായ യിസ്രാ യേലിനെ ബാധിക്കാതെ അവരെ സംരക്ഷിച്ചു. വിശേഷാൽ പീഡനകാലത്ത് ഒന്നാമത്തെ കാഹളധ്വനി യാൽ ഭൂമിയിലേക്കയച്ച ന്യായവിധിക്കു തുല്യമായ വിപത്ത് മിസ്രയീമിന്മേലയച്ചപ്പോൾ ദൈവജനം പാർത്തി രുന്ന ഗോശെൻ ദേശത്തെ ഒഴിവാക്കി. **പുറ.9:25,26 —** "*മിസ്രയീംദേശത്തു എല്ലാടവും മനുഷ്യരെയും മൃഗങ്ങളെയും വയലിൽ ഇരുന്ന സകലത്തെയും കല്മഴ സംഹരിച്ചു; കല്മഴ വയലിലുള്ള സകലസസ്യ ത്തെയും നശിപ്പിച്ചു; പറമ്പിലെ വൃക്ഷത്തെ ഒക്കെയും തകർത്തു കളഞ്ഞു. യിസ്രായേൽമക്കൾ പാർത്ത ഗോശെൻദേശത്തു മാത്രം കല്മഴ ഉണ്ടായില്ല.*" സാത്താനായ സിംഹത്തിന്റെ വായിൽ നിന്നും സകല ദുഷ്പ്രവൃത്തിയിൽ നിന്നു കർത്താവു രക്ഷിക്കുമെന്നു അപ്പൊസ്തലനായ പൗലൊസ് ഉറച്ചപ്രത്യാശ

യോടെ പറയുന്നു(2.തിമൊ.4:17,18).
**വൃക്ഷങ്ങളിൽ മൂന്നിലൊന്നു വെന്തുപോയി; എല്ലാ പച്ചപ്പുല്ലും വെന്തുപോയി** (And a third of the trees were burned up, and all green grass was burned up)—

ഒന്നാമത്തെ ദൂതന്റെ കാഹളധ്വനിയെത്തുടർന്നുണ്ടായ രക്തം കലർന്ന കല്മഴയും തീയും ഭൂമിയിലേക്കു ചൊരിഞ്ഞപ്പോൾ വൃക്ഷങ്ങളിൽ മൂന്നിലൊന്നും എല്ലാ പച്ചപ്പുല്ലും വെന്തു പോകയും ചെയ്തു. സസ്യങ്ങൾ പ്രകൃതിയിലെ കാർബൺഡയോക്സൈഡ് ഉപയോഗിക്കുകയും ഓക്സിജൻ ഉല്പാദിപ്പിച്ചു പുറന്തള്ളുകയും ചെയ്യുന്നു. വൃക്ഷങ്ങളിൽ മൂന്നിലൊന്നും പച്ചപ്പുല്ലും വെന്തുപോകുന്നതിനാൽ അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് കുറയുകയും കാർബൺഡയോക്സൈഡിന്റെ അളവു കൂടുകയും ചെയ്യുന്നു. മനുഷ്യന്റെ പ്രാണവായുവായ ഓക്സിജനിൽ വരുന്ന കുറവ് നിരവധി രോഗങ്ങൾക്കും അതുവഴി മനുഷ്യന്റെ മരണത്തിനുമിടയാക്കുന്നു. മൂന്നിലൊന്നു മാത്രം നശിപ്പിക്കപ്പെടുന്നത് ദൈവത്തിന്റെ കരുണയും ദീർഘക്ഷമയുമാണ്. പച്ചപ്പുല്ലു മുഴുവനായും നശിപ്പിക്കപ്പെട്ടപ്പോൾ വൃക്ഷങ്ങളിൽ മൂന്നിൽ രണ്ടു ഭാഗം ഒഴിവാക്കപ്പെട്ടു. കർത്താവിനെ അഭയം പ്രാപിക്കുവാൻ അനുവദിക്കപ്പെടുന്ന ഒരവസരമായും മൂന്നിൽ രണ്ടിന്റെ ഒഴിവാക്കലിലൂടെ വെളിപ്പെടുന്നു. വൃക്ഷങ്ങൾ സമൂഹത്തിലെ ഉന്നതരെയും ഭരണാധികാരികളെയും, പച്ചപ്പുല്ല് താഴ്ന്നവരെയും സാധാരണ മനുഷ്യരെയും കുറിക്കുന്നുവെന്നു അഭിപ്രായമുണ്ട്. എന്നാൽ പ്രതീകാത്മകമായി ചിന്തിക്കുന്നതിനേക്കാൾ അക്ഷരാർത്ഥത്തിൽ തന്നെ എടുക്കുന്നതായിരിക്കും ഉത്തമം. അതായത് രക്തം കലർന്ന കല്മഴയും തീയും ഭൂമിയിൽ പതിച്ചപ്പോൾ അവിടെ ഉണ്ടായിരുന്ന വൃക്ഷങ്ങളിൽ മൂന്നിലൊരു ഭാഗവും പച്ചപ്പുല്ല് എല്ലാം വെന്തു പോയിയെന്നു സാരം.

**വെളി.8:8 — "രണ്ടാമത്തെ ദൂതൻ ഊതി; അപ്പോൾ തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്കു എറിഞ്ഞിട്ടു കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു"**

**വെളി.8:9 — "സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്നു ചത്തുപോയി; കപ്പലുകളിലും മൂന്നിലൊന്നു ചേതം വന്നു."** (Then the second angel sounded: And something like a great mountain burning with fire was thrown into the sea, and a third of the sea became blood. And a third of the living creatures in the sea died, and a third of the ships were destroyed) **—**

ഒന്നാമത്തെ ദൂതന്റെ കാഹളധ്വനിയാൽ ദൈവീകന്യായവിധി വന്നു പതിച്ചത് ഭൂമിയിൽ (കരപ്രദേശം —land) ആയിരുന്നുവെങ്കിൽ രണ്ടാമത്തെ ദൂതന്റെ കാഹളധ്വനിയാലുണ്ടായ ന്യായവിധി സമുദ്രത്തിലായിരുന്നു. "രണ്ടാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്കു എറിഞ്ഞിട്ടു കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു. സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്നു ചത്തുപോയി; കപ്പലുകളിലും മൂന്നിലൊന്നു ചേതം വന്നു" എന്നു യോഹന്നാൻ വിവരിക്കുന്നു. അതായത് രണ്ടാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ നടന്ന സംഭവങ്ങൾ ഇപ്രകാരമാണ് —

(1) തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്ക് എറിയപ്പെട്ടു.
(2) കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു.
(3) സമുദ്രത്തിലെ മത്സ്യങ്ങളുൾപ്പെടെ സകലജീവികളും മൂന്നിലൊന്നു ചത്തുപോയി.
(4) സമുദ്രത്തിലുണ്ടായിരുന്ന കപ്പലുകളിൽ മൂന്നിലൊന്ന് നശിച്ചുപോയി.

**(1) തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്ക് എറിയപ്പെട്ടു —** രണ്ടാമത്തെ ദൂതൻ ഊതി; അപ്പോൾ തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്കു എറിഞ്ഞിട്ടു —

ഏഴു കാഹളങ്ങൾ ലഭിച്ചവരിൽ രണ്ടാമന്റെ കാഹളം മുഴങ്ങിയ നിമിഷത്തിൽ ദൈവത്തിന്റെ വാക്കിനാൽ സൃഷ്ടിക്കപ്പെട്ട സമുദ്രത്തിന്റെ മൂന്നിലൊന്നു ഭാഗത്തിലൂടെ ഭൂവാസികളുടെ പാപത്തിന്മേലുള്ള ന്യായവിധി പകരപ്പെടുകയാണ്. ഏഴാമത്തെ മുദ്രയോടനുബന്ധിച്ചും (തീക്കനൽ), ഒന്നാമത്തെ കാഹളത്തോടനുബന്ധിച്ചും (രക്തം കലർന്ന കല്മഴ, തീ) തീയുടെ സാന്നിദ്ധ്യമുള്ളതുപോലെ രണ്ടാമത്തെ കാഹളത്തിലും ദൈവത്തിന്റെ ന്യായവിധിയിൽ തീ ഉൾപ്പെട്ടിരിക്കുന്നു. സമുദ്രത്തിലേക്കു എറിയപ്പെടുന്നതു തീ കത്തുന്ന വൻമലയല്ല. യോഹന്നാൻ വിവരിക്കുന്നത് തീ കത്തുന്ന വൻമലപോലെ അഥവാ വലിയ അഗ്നിപർവ്വതം പോലെയൊന്നു സമുദ്രത്തിലേക്കെറിയപ്പെട്ടതായി കണ്ടു എന്നാണ്. സൗരയൂഥത്തിലെ ഗ്രഹങ്ങൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴുണ്ടാകുന്ന ഭീമാകരമായ ഉൽക്ക (meteor) തീപന്തം പോലെ വീഴാറുണ്ടെന്നു പറയപ്പെടുന്നു. ഈ വിധത്തിൽ ഭൂമിയിലേക്കു വീഴപ്പെടുന്ന ഉൽക്ക ഭൂമിയിൽ ഏറെ ആഘാതം സൃഷ്ടിക്കുന്നതിനു പുറമേ ഭൂമിയുടെ ആഴങ്ങളിലേക്കു ചൂഴ്ന്നിറങ്ങി വലിയ ഗർത്തം തന്നെയുണ്ടാക്കുന്നു. ഏറെ ചുറ്റളവിലും ആഴത്തിലും പതിക്കുന്ന ഇതിന്റെ പ്രകമ്പനത്താൽ ഭീമമായ നാശം സംഭവിക്കുന്നു. സമുദ്രത്തിൽ വന്നു പതിച്ചാലും ഇതിന്റെ ആഘാതത്തിനും ശക്തിക്കും കുറവു വരുന്നില്ല. കരയെയും കടലിനെയും ആകാശത്തെയും വാക്കിനാൽ സൃഷ്ടിച്ച സർവ്വശക്തനായ ദൈവത്തിനു തന്റെ ന്യായവിധികൾ അയക്കുവാൻ സ്വർഗ്ഗത്തിൽ നിന്നു നേരിട്ടോ ഇല്ലെങ്കിൽ സൗരയൂഥത്തെ ഇളക്കിയോ പ്രവർത്തിക്കുവാൻ കഴിയും. ഇതിനെ വ്യക്തമാക്കുന്നതാണ് തീ കത്തുന്ന വൻമലപോലെയൊന്നു

സമുദ്രത്തിലേക്ക് എറിയപ്പെട്ടു എന്നുള്ള പ്രസ്താവന.

സഭ എടുക്കപ്പെട്ട ശേഷം യിസ്രായേലിനോടുള്ള ബന്ധത്തിൽ നടക്കുന്ന ന്യായവിധികളായതിനാൽ മെഡിറ്ററേനിയൻ കടലിനെയാണ് സമുദ്രം എന്നു ഇവിടെ പറയുന്നതെന്നു പൊതുവേ അഭിപ്രായപ്പെടുന്നു. എന്നാൽ ആകെയുള്ള സമുദ്രവിസ്തീർണ്ണത്തെ അടിസ്ഥാനപ്പെടുത്തി ചിന്തിച്ചാൽ മെഡിറ്ററേനിയൻ കടൽ മാത്രം ആകെയുള്ളതിന്റെ മൂന്നിലൊന്നു വരികയില്ലെന്നും അഭിപ്രായമുണ്ട്.

**(2) കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു —**

തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്കു ഏറിഞ്ഞപ്പോൾ സമുദ്രത്തിലെ മൂന്നിലൊന്നു ഭാഗത്തെ ഉപ്പുവെള്ളം രക്തമായിത്തീർന്നു. വന്നു പതിച്ചത് ഭീമാകരമായ ഉൽക്കയാണെങ്കിൽ അതിലൂടെയുണ്ടാകുന്ന രാസപരിവർത്തനത്താൽ ജലം രക്തമായിത്തീരാൻ സാദ്ധ്യതയുണ്ടെന്നു പറയപ്പെടുന്നു. അതുമല്ലെങ്കിൽ അഗ്നിപർവ്വതം പോലെയുള്ള ഉൽക്ക സമുദ്രത്തിൽ വന്നു പതിച്ചപ്പോഴുണ്ടാകുന്ന ആഘാതത്താൽ സമുദ്രജീവികൾ കൂട്ടത്തോടെ ചത്തൊടുങ്ങുമ്പോഴുണ്ടാകുന്ന രക്തമാകാനും സാദ്ധ്യതയുണ്ട്. എന്നാൽ വെള്ളം രക്തമായിത്തീരുന്നത് മിസ്രയീമ്യരുടെമേലുണ്ടായ ദൈവം അയച്ച ഒന്നാമത്തെ ബാധയെ അനുസ്മരിപ്പിക്കുന്നതാണ് (പുറ.7:19–21). മോശെയുടെ കയ്യിലെ വടി കൊണ്ടു നദിയിലെ വെള്ളത്തിൽ അടിച്ചപ്പോൾ വെള്ളം ഒക്കെയും രക്തമായിത്തീർന്നു. നദിയിലെ മത്സ്യം എല്ലാം ചത്തു നാറുകയും ചെയ്തു എന്നു കാണുന്നു. മോശെ വടി കൊണ്ടു വെള്ളത്തെ അടിച്ചപ്പോൾ രക്തമായിത്തീർന്നെങ്കിൽ സ്വർഗ്ഗത്തിൽ നിന്നയച്ച അഗ്നിപർവ്വതത്തിനു തുല്യമായത് ഭൂമിയിലേക്കെറിഞ്ഞപ്പോൾ സമുദ്രജലം മൂന്നിലൊന്നു രക്തമായിത്തീർന്നു. ദൈവക്രോധത്തിങ്കലും മൂന്നിൽ രണ്ടു ഭാഗത്തെ ദൈവം സംരക്ഷിച്ചത് ഭൂവാസികളോടുള്ള കരുണയും ദീർഘക്ഷമയുമാണ്.

**(3) സമുദ്രത്തിലെ മത്സ്യങ്ങളുൾപ്പെടെ സകലജീവികളും മൂന്നിലൊന്നു ചത്തുപോയി — സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്നു ചത്തുപോയി —**

രണ്ടാമത്തെ ദൂതന്റെ കാഹളധ്വനിയാൽ സമുദ്രത്തിൽ സംഭവിക്കുന്ന അടുത്ത സംഭവം എന്നത് സമുദ്രത്തിലെ മത്സ്യങ്ങളുൾപ്പെടെ സകലജീവികളും മൂന്നിലൊന്നു ചത്തുപോയി എന്നതാണ്. സമുദ്രജലം മുഴുവൻ രക്തമായിത്തീർന്നതിനാലും സമുദ്രത്തിൽ വന്നു പതിച്ച അഗ്നിപർവ്വതത്തിനു തുല്യമായ വസ്തുവിന്റെ ആഘാതത്താലും അതു വരുത്തിയ നാശത്താലുമാണ് സമുദ്രത്തിൽ പ്രാണനുള്ള സഷ്ടികളിൽ മൂന്നിലൊന്നു ചത്തു പോകുവാനിടയായത്. ഭൂമിയുടെ ഏകദേശം നാലിൽ മൂന്നു ഭാഗം സമുദ്രമാണ്. ആകയാൽ സമുദ്രത്തിന്റെ മൂന്നിലൊന്നു ഭാഗത്തെ മത്സ്യമുൾപ്പെടെയുള്ള സകലജീവികളും നശിച്ചുപോയത് മനുഷ്യരുടെ ഭക്ഷണത്തെയും സമ്പത്തിനെയും ഏറെ ബാധിക്കുന്നതാണ്.

**(4) സമുദ്രത്തിലുണ്ടായിരുന്ന കപ്പലുകളിൽ മൂന്നിലൊന്ന് നശിച്ചുപോയി —കപ്പലുകളിലും മൂന്നിലൊന്നു ചേതം വന്നു —**

സമുദ്രജീവികളിൽ മൂന്നിലൊന്നു നശിച്ചു പോകുന്നതിനു പുറമേ സമുദ്രത്തിലുള്ള കപ്പലുകളിൽ മൂന്നിലൊന്നിനു നാശം സംഭവിക്കുന്നു. തീ കത്തുന്ന അഗ്നിപർവ്വതം പോലെയൊന്നു കടലിൽ വന്നു പതിക്കുമ്പോഴുണ്ടാകുന്ന ഓളം നിമിത്തം കപ്പലുകൾ മറിഞ്ഞ് വൻ നാശനഷ്ടങ്ങളുണ്ടാകുന്നു. കൂടാതെ ഇതിന്റെ പതനത്താലുള്ള ആഘാതവും, സ്ഫോടനവും, വ്യതിയാനങ്ങളും അതിഭയങ്കരമായ സുനാമിയാലുള്ള വിപത്തിലേക്കു നയിക്കുന്നു. 2004 -ൽ ഇൻഡോനേഷ്യയിലുണ്ടായ സുനാമിയാൽ (tsunami = tidal waves) ആയിരക്കണത്തിനു ദൂരത്തിലുള്ള കടൽത്തീരങ്ങളിലൂടെ അനേകരുടെ ജീവനും സ്വത്തിനും നാശമുണ്ടായി. എങ്കിൽ ദൈവത്തിന്റെ ക്രോധാഗ്നിയാൽ സമുദ്രത്തിലേക്കു ചൊരിയപ്പെടുന്ന ന്യായവിധിയുടെ ആഘാതം എത്രമാത്രമെന്നു ചിന്തിക്കുവനേ കഴിയുകയില്ല. ഭക്ഷ്യസാധനങ്ങൾ, യുദ്ധോപകരണങ്ങൾ, അവശ്യവസ്തുക്കൾ എന്നിവയുടെ നീക്കത്തിനു പുറമേ യാത്രക്കും നാവികസേനയുടെ ആവശ്യത്തിനും കപ്പൽ ഉപയോഗിക്കുന്നതാകയാൽ കപ്പലിനു വരുന്ന ചേതം ദേശത്തിന്റെ സമ്പത്തിനെയും മനുഷ്യജീവനെയും ബാധിക്കുന്നു. അതായത് കപ്പലുകളുടെ ചേതം മൂലം ഭൂമിയിൽ ക്ഷാമവും മരണവും ഉണ്ടാകുവാനിടയാകുന്നു. അപ്പോഴും ദൈവം മൂന്നിൽ രണ്ടു ഭാഗത്തെ സംരക്ഷിക്കുന്നത് ദൈവത്തിന്റെ ദീർഘമയുടെ പ്രദർശനമായി കരുതാം.

**വെളി.8:10—"മൂന്നാമത്തെ ദൂതൻ ഊതി; അപ്പോൾ ദീപംപോലെ ജ്വലിക്കുന്ന ഒരു മഹാ നക്ഷത്രം ആകാശത്തുനിന്നു വീണു; നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവകളിന്മേലും ആയിരുന്നു വീണത്.**

**വെളി.8:11 — "ആ നക്ഷത്രത്തിന്നു കാഞ്ഞിരം എന്നു പേർ; വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരം പോലെ ആയി. വെള്ളം കയ്പ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി." —** (Then the third of the angel sounded : And a great star fell from heaven, burning like a torch, and it fell on a third of the rivers and on the springs of the water. The name of the star is Wormwood. A third of the waters

became wormwood, and many men died from the water, because it was made bitter) —

കാഹളം മുഴങ്ങിയപ്പോഴുണ്ടായ ന്യായവിധികളിൽ ഒന്നാമത്തേത് ഭൂമിയിലും രണ്ടാമത്തേത് കടലിലും ആയിരുന്നുവെങ്കിൽ മൂന്നാമത്തെ കാഹളധ്വനിയാലുണ്ടായ ബാധ നദിയിലായിരുന്നു. ആദ്യത്തെ രണ്ടു കാഹളങ്ങളിലെന്നപോലെ മൂന്നാമത്തേതിലും തീയുടെ സാന്നിദ്ധ്യം കാണുന്നുണ്ട്. ആകാശത്തുനിന്നു വീണ അഗ്നിപോലെ ജ്വലിക്കുന്ന മഹാനക്ഷത്രത്തിന്റെ പേര് കാഞ്ഞിരം എന്നാണെന്നും, അതു വെള്ളത്തിൽ വന്നു വീണതിനാൽ വെള്ളം കയ്പുള്ളതായി മനുഷ്യരിൽ പലരും മരിച്ചുപോയി എന്നും പറഞ്ഞിരിക്കുന്നു.

**മൂന്നാമത്തെ ദൂതൻ ഊതി; അപ്പോൾ ദീപംപോലെ ജ്വലിക്കുന്ന ഒരു മഹാ നക്ഷത്രം ആകാശത്തുനിന്നു വീണു; നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവകളിന്മേലും ആയിരുന്നു വീണത് —**

ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവം, ദൈവസൃഷ്ടിയുടെ അടയാളമായിട്ടും, കാലം, ദിവസം, സംവത്സരം എന്നിവ അറിയുവാനും, ഭൂമിയെ പ്രാകശിപ്പിക്കുവാനും സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയെ ഉണ്ടാക്കി ആകാശവിതാനത്തിൽ നിറുത്തി എന്നു ഉല്പത്തി പുസ്തകത്തിൽ വായിക്കുന്നു (ഉലപ.1:14-19). തുടർന്നു തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ വാസത്തിനായി ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കുകയും, തോട്ടത്തെ നനക്കുവാൻ പീശോൻ, ഗീഹോൻ, ഹിദ്ദേക്കൽ, ഫ്രാത്ത് എന്നീ നാലു ശാഖകളുള്ള നദിയും പുറപ്പെടുവിച്ചു (ഉല്പ.2:8-15). ആകാശത്തിലെ സകലസൃഷ്ടികളും ഭൂമിയിലെ നദികളും മനുഷ്യന്റെ ആവശ്യത്തിനുള്ളതായിരുന്നു. എന്നാൽ ഭൂവാസികളുടെ പാപം മൂലമുണ്ടാകുന്ന ദൈവീകന്യായവിധി ചൊരിയുന്ന മൂന്നാമത്തെ കാഹളത്തിന്റെ പ്രത്യേകതയെന്നത്, ഏതൊക്കെ ആവശ്യങ്ങൾക്കു സൃഷ്ടിയിലെ ഓരോന്നും മനുഷ്യന്റെ ആവശ്യത്തിനായി ചമച്ചുവെങ്കിൽ അവയിലൂടെ തന്നെ അവനെ ന്യായം വിധിക്കുന്നുവെന്നാണ്. ഇവിടെ ദൈവം ന്യായവിധി നടത്തുവാനായി ഉപയോഗിക്കുന്ന രണ്ടു മാദ്ധ്യമങ്ങൾ നക്ഷത്രവും നദിയുമാണ്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ എന്നിവയെല്ലാം അതതിന്റെ ഭ്രമണപാതയിലൂടെ സഞ്ചരിക്കുവാൻ ദൈവം ക്രമീകരണം ചെയ്തിരിക്കുന്നു. കടൽത്തീരത്തെ മണലുപോലെയുള്ള ആകാശത്തിലെ നക്ഷത്രങ്ങളെ മനുഷ്യനു എണ്ണുവാൻ സാധിക്കുകയില്ല. എന്നാൽ അവയുടെ പേരും എണ്ണവും സർവ്വശക്തനായ ദൈവത്തിനറിയാം (ഇയ്യോ.9:9,10). നക്ഷത്രങ്ങൾ വലിപ്പമേറിയവയാണ്. അവയിൽ ഒരെണ്ണം നാം വസിക്കുന്ന ഭൂമിയിൽ വന്നു പതിച്ചാൽ ഭൂമി നിശ്ശേഷം നശിക്കുവാനിടയാകും. നക്ഷത്രം ഭൂമിയുടെ ഭ്രമണപതത്തിലേക്കു കയറിയാലുടൻ അന്തരീക്ഷവായുവുമായുള്ള സമ്പർക്കത്തിൽ അവ കത്തിയെരിയുകയോ പല കഷണങ്ങളായി രൂപം പ്രാപിക്കുകയോ ചെയ്യുമെന്നതിനാൽ ഭൂമിയിൽ വലിയ ആപത്തുണ്ടാകുന്നില്ല. ഇതും ദൈവത്തിന്റെ സംവിധാനം തന്നെയെന്നതിൽ സംശയം വേണ്ടാ. പീഡനകാലത്തു മൂന്നാമത്തെ ദൂതൻ തന്റെ കാഹളം ഊതുമ്പോൾ ദീപംപോലെ ജ്വലിക്കുന്ന ഒരു മഹാനക്ഷത്രം ആകാശത്തിൽ നിന്നു വീഴുന്നു. അതു വന്നുപതിച്ചത് നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവകളിന്മേലും ആയിരുന്നു. അതായത് അഗ്നിപോലെജ്വലിക്കുന്ന മഹാനക്ഷത്രം പലകഷണങ്ങളായി നദികളിലും നീരുറവകളിലും പതിക്കുന്നു.

**ആ നക്ഷത്രത്തിന്നു കാഞ്ഞിരം എന്നു പേർ; വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരംപോലെ ആയി; വെള്ളം കയ്പ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി** (The name of the star is Wormwood. A third of the waters became wormwood, and many men died from the water, because it was made bitter) —

ആകാശത്തുനിന്നു തീപന്തംപോലെ ജ്വലിക്കുന്ന മഹാനക്ഷത്രം വീണത് നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവകളിന്മേലും ആയിരുന്നു . നക്ഷത്രത്തിന്റെ പേര് കാഞ്ഞിരം (wormwood) എന്നായിരുന്നു. തീപന്തത്തിന്റെ ആകൃതിയിലുള്ള ഒരു വലിയ ഉൽക്ക ആയിരിക്കാമിത്. അതിന്റെ പതനത്താൽ വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരം പോലെ കയ്പ്പാകുകയും അതുമൂലം മനുഷ്യർ മരിക്കുവാനുമിടയായി. നദികളെ ദേവതകളായി ആരാധിക്കുന്ന അനേകർ മിസ്രയീമിലെന്നപോലെ ഇക്കാലങ്ങളിലുമുണ്ട്. ദൈവീകശിക്ഷാവിധി പീഡനകാലവേളയിൽ പകരപ്പെടുമ്പോൾ അവയെ തടഞ്ഞു നിറുത്തുവാനോ തങ്ങളുടെ ആരാധകരെ രക്ഷിക്കുവാനോ അവരും അശക്തരാണെന്ന കാര്യം തുടർന്നുണ്ടാകുന്ന അനന്തരസംഭവങ്ങൾ വ്യക്തമാക്കുന്നു.

**ആ നക്ഷത്രത്തിന്നു കാഞ്ഞിരം എന്നു പേർ —**

ആകാശമണ്ഡലത്തിലെ നക്ഷത്രങ്ങൾ മനുഷ്യനു എണ്ണുവാൻ സാദ്ധ്യമല്ലെങ്കിലും അതിന്റെ സ്രഷ്ടാവായ ദൈവത്തിനു അവയുടെ എണ്ണം മാത്രമല്ല അവ ഓരോന്നിന്റെയും പേരും, പ്രവർത്തനവും ഒക്കെ അറിയാം. മൂന്നാം കാഹളത്തോടനുബന്ധിച്ചു ദൈവീകശിക്ഷാവിധിയുടെ ഭാഗമായി ഭൂമിയിലേക്കു വരുന്ന മഹാ നക്ഷത്രത്തിന്റെ പേര് കാഞ്ഞിരം എന്നാണ്. ഈ നക്ഷത്രത്തിന്റെ പേര് കാഞ്ഞിരം എന്നു ദൈവം നൽകിയതാണോ അതോ മരണകരമായ വിപത്തിനു വഴി തെളിക്കുന്നതിനാൽ അതിനു ലഭിച്ച പേരാണോ എന്നറിയില്ല. കാഞ്ഞിരം എന്ന മലയാളപദത്തിനർത്ഥം കയ്പായത്, കൈയ്പ്പുള്ള കായോടു കൂടിയ വൃക്ഷം എന്നാണ്. ഇംഗ്ലീഷിൽ വേംവുഡ് (wormwood) എന്നാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം കൃമികളെയും പുഴുക്കളെയും നശിപ്പിക്കുന്ന ഒരിനം ചെടി, കാഞ്ഞിരം, കശപ്പ് എന്നാണ്. ഗ്രീക്കിൽ

അപ്സിന്തോസ് (apsinthos) എന്നറിയപ്പെടുന്ന പദത്തിന് കയ്പായത് ഏതെങ്കിലും വിപത്ത് എന്നിവയെ കുറിക്കുന്നതിനുപയോഗിക്കുന്നു. കാഞ്ഞിരം ഔഷധഗുണമുള്ളതെങ്കിലും ഏറെ കയ്പുള്ളതാണ്. മറ്റു ഔഷധങ്ങളോടൊപ്പം ചിലരോഗങ്ങൾക്കു ചികിത്സക്കായി ഉപയോഗിക്കാറുണ്ട്. എന്നാൽ കാഞ്ഞരത്തിന്റെ ഇലയുടെ നീര് മാത്രമായി ഉപയോഗിക്കുന്നത് മരണത്തിനിടയാക്കും. പുരാതനകാലത്ത് ഈ വൃക്ഷത്തിന്റെ ഇലകളുപയോഗിച്ച് ലഹരിപാനീയം ഉണ്ടാക്കിയിരുന്നു. എന്നാൽ മരണകരമായ വിഷമടങ്ങിയിരിക്കുന്നതിനാൽ ഇതിന്റെ ഉല്പാദനം നിരോധിച്ചതായി പറയപ്പെടുന്നു. പുതിയനിയമത്തിൽ ഇവിടെ മാത്രമാണ് കാഞ്ഞിരം എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. കയ്പ്, ദൈവീകന്യായവിധി, കഷ്ടം, അന്യായം, വിഷം, ഘോരവിപത്ത് എന്നിവയോടനുബന്ധിച്ചു കാഞ്ഞിരം എന്ന പദം പഴയനിയമഭാഗങ്ങളിൽ കാണുന്നു (സദൃ.5:4/യിരെ.9:15/യിരെ.23:15/വിലാ.3:15/വിലാ.3:19/ആമോ.5:7/ആമോ.6:12).

(1) അസന്മാർഗ്ഗികത ആദ്യം സന്തോഷം തരുന്നുവെങ്കിലും അവസാനം കാഞ്ഞിരം പോലെ കൈപ്പുള്ളതായിരിക്കുമെന്നു ശലോമോൻ പറയുന്നു. സദൃ.5:4 — പിന്നെത്തേതിലോ അവൾ കാഞ്ഞിരം പോലെ കൈപ്പും ഇരുവായ്ത്തലവാൾപോലെ മൂർച്ചയും ഉള്ളവൾ തന്നേ.
(2) ദൈവജനമായ യിസ്രായേൽ ദൈവവഴി വിട്ടു സഞ്ചരിച്ചതിനാൽ അവരോടു ന്യാവിധി നടത്തും എന്നു പ്രവാചകൻ പറയുന്നു — യിരെ.9:15 — യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഈ ജനത്തെ കാഞ്ഞിരംകൊണ്ടു പോഷിപ്പിച്ചു നഞ്ചുവെള്ളം കുടിപ്പിക്കും.
(3) കള്ളപ്രവാചകന്മാരെ ശാസിക്കുന്നതിനോടനുബന്ധമായി അവരെ കാഞ്ഞിരം തീറ്റിക്കും എന്നു പറയുന്നു — യിരെ.23:15 —അതുകൊണ്ടു സൈന്യങ്ങളുടെ യഹോവ പ്രവാചകന്മാരെക്കുറിച്ചു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ അവരെ കാഞ്ഞിരം തീറ്റി നഞ്ചുവെള്ളം കുടിപ്പിക്കും.
(4) സ്വജനത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്ന യിരെമ്യാപ്രവാചകൻ സ്വയം വിലപിക്കുന്നു — വിലാ.3:15 — അവൻ എന്നെ കൈപ്പുകൊണ്ടു നിറെച്ചു, കാഞ്ഞിരംകൊണ്ടു മത്തു പിടിപ്പിച്ചിരിക്കുന്നു.
(5) ദൈവത്തിന്റെ കരുണക്കായി വിലപിക്കുന്നു — വിലാ.3:19 —നീ എന്റെ കഷ്ടതയും അരിഷ്ടതയും കാഞ്ഞിരവും കൈപ്പും ഓർക്കേണമേ.
(6) യിസ്രായേൽ ദൈവത്തിങ്കലേക്കു മടങ്ങിവരുവാൻ പറയുന്നതോടൊപ്പം ജനത്തിന്റെ അനീതിയെ പ്രസ്താവിക്കുന്നു — ആമോ.5:7 — ന്യായത്തെ കാഞ്ഞിരം ആക്കിത്തീർക്കുകയും നീതിയെ നിലത്തു തള്ളിയിട്ടുകളകയും ചെയ്യുന്നവരേ
(7) യിസ്രായേല്യർ ന്യായത്തെ നഞ്ചായും നീതിയെ കാഞ്ഞിരവുമായി മാറ്റിയിരിക്കുന്നുവെന്നു പറഞ്ഞു അവരെ ശാസിക്കുന്നു — ആമോ.6:12 —കുതിര പാറമേൽ ഓടുമോ? അവിടെ കാളയെ പൂട്ടി ഉഴുമോ? എന്നാൽ നിങ്ങൾ ന്യായത്തെ നഞ്ചായും നീതിഫലത്തെ കാഞ്ഞിരമായും മാറ്റിയിരിക്കുന്നു.

**വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരംപോലെ ആയി —**

ആകാശത്തു നിന്നു ഒരു മഹാനക്ഷത്രം തീജ്വാലപോലെ ഭൂമിയിലേക്കു വരികയും അതു നദികളിലേക്കും നീരുറവകളിലേക്കും വന്നു പതിക്കയും ചെയ്തു. കാഞ്ഞിരം എന്ന നക്ഷത്രമാണ് വീഴുവാനിടയായത്. കാഞ്ഞിരം എന്ന പേര് തിരുവചനത്തിൽ കയ്പിനെയും, വിഷത്തെയും, മരണത്തെയും, ദൈവീകന്യായവിധിയെയും കുറിക്കുന്നതാകയാൽ വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരത്തിന്റെ അനുഭവമായിത്തീർന്നു. മൂന്നാം കാഹളത്തിലൂടെ ദൈവത്തിന്റെ ന്യായവിധി ഭൂവാസികളിൽ പകരപ്പെടുന്നത് അവർ പാനം ചെയ്യുന്ന ജലത്തിലൂടെയാണെന്നതിനെ ഇതു വ്യക്തമാക്കുന്നു. കാഞ്ഞിരം എന്ന നക്ഷത്രം നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവകളിന്മേലും വീണതിനാൽ വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരം പോലെ കയ്പും വിഷം നിറഞ്ഞതുമായി.

**വെള്ളം കയ്പ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി —**

കാഞ്ഞിരം കലർന്നവെള്ളം കയ്പ്പ് അഥവാ വിഷം നിറഞ്ഞതാകയാൽ അതുപയോഗിച്ച മനുഷ്യർ മരിക്കുവാനിടയായി. സകലജീവജാലങ്ങൾക്കും അവയുടെ ജീവന്റെ നിലനിൽപ്പിന് ജലം അത്യന്താപേക്ഷിതമാകയാൽ മനുഷ്യർക്കു മാത്രമല്ല മരണം സംഭവിച്ചതെന്നു കരുതാം. കാഞ്ഞിരം കലർന്ന വെള്ളത്തിനുണ്ടായിരുന്ന മത്സ്യങ്ങളും ജീവികളും കൂടാതെ ജലം കുടിച്ച ഭൂമിയിലെ സകല മൃഗങ്ങളും നശിക്കുവാനിടയാകും. മിസ്രയീമ്യരുടെ മേലുണ്ടായ ബാധയോടു ഇതിനു പ്രത്യക്ഷത്തിൽ സാമ്യമില്ലെങ്കിലും ഒന്നാമത്തെ ബാധയായ വെള്ളം രക്തമാകുന്നതിനോടു (പുറ.7:21,24) ചേർന്നു ഇവിടത്തെ ന്യായവിധിയെ ചിന്തിക്കാം. അന്നു നദിയിലെ വെള്ളം രക്തമായിത്തീർന്നതിനാൽ നദിയിലെ മത്സ്യം ചാകുകയും നദി നാറുകയും ചെയ്തു. നദിയിലെ വെള്ളം കുടിപ്പാൻ മിസ്രയീമ്യർക്കു കഴിഞ്ഞില്ല. എന്നാൽ മൂന്നാം കാഹളത്താലുള്ള ന്യായവിധിയാൽ വെള്ളം കാഞ്ഞിരംപോലെ കയ്പും വിഷവും ആയിത്തീരുന്നതിനാൽ മനുഷ്യരും മൃഗങ്ങളും മത്സ്യങ്ങളും ഒരുപോലെ നശിക്കുവാനിടയാകും. ചെങ്കടൽ കടന്ന ദൈവജനത്തിനു കനാനിലേക്കുള്ള യാത്രയിൽ ശൂർ മരുഭൂമിയിൽ വെച്ചു കയ്പു വെള്ളത്തിന്റെ അനു

ഭവമുണ്ടായി. മൂന്നു ദിവസം മരുഭൂമിയിൽ വെള്ളം കിട്ടാതെ അവർ സഞ്ചരിച്ചു. മാറായിൽ എത്തിയപ്പോൾ വെള്ളം ലഭിച്ചുവെങ്കിലും മാറായിലെ ജലം കയ്പ് ആയിരുന്നതിനാൽ അവർക്കു കുടിക്കുവാൻ സാധിച്ചില്ല. എന്നാൽ മാറായിലെ കയ്പിന്റെ അനുഭവത്തെ ദൈവം മാറ്റിക്കൊടുത്തു. മോശെ ദൈവത്തിന്റെ നിർദ്ദേശപ്രകാരം ദൈവം കാണിച്ചു കൊടുത്ത മരം വെട്ടി വെള്ളത്തിൽ ഇട്ടപ്പോൾ മാറായിലെ ജലത്തിന്റെ കയ്പ് മാറി അതു മധുരമുള്ളതായിത്തീർന്നു. മാത്രവുമല്ല മാറായിൽ നിന്നും അവർ എലീമിൽ വിശ്രമത്തിന്റെയും അനുഗ്രഹത്തിന്റെയും അനുഭവം പങ്കുവെക്കുവാനുമിടയായി. അവിടെ 12 നീരുറവും 70 ഈത്തപ്പനയും ഉണ്ടായിരുന്നിടത്തു വെള്ളത്തിനരികേ അവർ പാളയമിറങ്ങി (പുറ.15:22-27). ദൈവജനത്തിനോടുള്ള ബന്ധത്തിൽ മാറായിലെ കയ്പായ ജലത്തെ മാധുര്യമുള്ളതാക്കുവാൻ ഒരു മരം വെട്ടപ്പെട്ടു. പീഡനകാലത്തു ഭൂവാസികൾ പാനം ചെയ്തുകൊണ്ടിരുന്ന മാധുര്യമുള്ള ജലം കയ്പാക്കുവാൻ സ്വർഗ്ഗത്തിൽ നിന്നു കാഞ്ഞിരം വരുന്നു. രണ്ടും ക്രിസ്തുവിലൂടെയുള്ള രക്ഷയും ശിക്ഷയും വെളിപ്പെടുത്തുന്നു. ക്രിസ്തു കാൽവറിക്രൂശിൽ കഴിച്ച യാഗത്താൽ പാപമോചനവും മാധുര്യമുള്ള ജീവിതവും പ്രദാനം ചെയ്യുന്നതെങ്കിൽ അതേ പ്രായച്ഛിത്തയാഗത്തിൽ വിശ്വസിക്കാത്തവർക്കു കയ്പിന്റെ അനുഭവവും മരണവും ആയിരിക്കും ലഭിക്കുന്നത്. കൂടാതെ പീഡനകാലത്ത് ദൈവത്തിന്റെ ജനം കർത്താവിനോടൊപ്പം ആയിരിക്കുന്നതിനാൽ ഭൂമിയിൽ വസിക്കുന്ന ദുഷ്ടന്മാർക്കായി വെള്ളത്തെ ശുദ്ധീകരിക്കേണ്ട ആവശ്യമില്ല. അവർ ദൈവത്തെ അനുസരിക്കാത്തവരും സാത്താന്റെ ഹിതത്തിനനുസരിച്ചു പ്രവർത്തിക്കുന്നവരുമാകായാൽ അവർക്കു വിശ്രമത്തിനും അനുഗ്രഹത്തിനും പകരം ലഭിക്കുന്നത് മരണമാണ്.

**വെളി.8:12 — "നാലാമത്തെ ദൂതൻ ഊതി; അപ്പോൾ സൂര്യനിൽ മൂന്നിലൊന്നിന്നും ചന്ദ്രനിൽ മൂന്നിലൊന്നിന്നും നക്ഷത്രങ്ങളിൽ മൂന്നിലൊന്നിന്നും ബാധ തട്ടി; അവയിൽ മൂന്നിലൊന്നു ഇരുണ്ടുപോയി രാവും പകലും മൂന്നിലൊന്നു വെളിച്ചമില്ലാതെയായി."** (Then the fourth angel sounded: And a third of the sun was struck, a third of the moon, and a third of the stars so that a third of them were darkened. A third of the day did not shine, and likewise the night.) —

ഒന്നാമത്തെ ദൂതന്റെ കാഹളശബ്ദത്തെ തുടർന്നു ദൈവീകന്യായവിധി കരയെയും, രണ്ടാമത്തെ ദൂതന്റേതു സമുദ്രത്തെയും മൂന്നാമത്തെ ദൂതന്റേതു നദിയെയും ബാധിച്ചു. ഇതിലൂടെ സംഭവിച്ച ദുരിതങ്ങൾ അവയിലൊക്കെ മൂന്നിലൊന്നു ഭാഗത്തിന്മേലാണുണ്ടായത്. എന്നാൽ നാലാമത്തെ ദൂതൻ തന്റെ കാഹളം മുഴക്കുന്നതോടു കൂടി ദൈവീകന്യായവിധി ഭൂമിയിൽ നിന്നു ആകാശത്തിലേക്കു നീങ്ങുകയാണ്. നാലാമത്തെ ദൂതന്റെ കാഹളധ്വനിയാലുണ്ടാകുന്ന ബാധകൾ സൂര്യൻ, ചന്ദ്രൻ, നക്ഷത്രം എന്നിവയുടെ മൂന്നിലൊന്നു ഭാഗത്തെയാണ് ബാധിക്കുന്നത്. ആദ്യത്തെ മൂന്നു കാഹളങ്ങളെ അപേക്ഷിച്ചു നാലാമത്തെ കാഹളത്താലുള്ള ന്യായവിധി മൂന്നിലൊന്നു ഭാഗത്തെയാണ് ബാധിക്കുന്നതെങ്കിലും അതിന്റെ ഫലവ്യാപ്തി സമ്പൂർണ്ണമായിരിക്കാൻ സാദ്ധ്യതയുണ്ട്. അതായത് സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയുടെ മൂന്നിലൊന്നു ഭാഗത്തുണ്ടാകുന്ന ബാധയാൽ അവയുടെ മൂന്നിലൊന്നു ഭാഗം ഇരുണ്ടുപോകുമെന്നതിനാൽ ഇതു ആഗോളവ്യാപകമായിരിക്കുമെന്നു ന്യായമായി കരുതാം. ആദ്യമൂന്നു കാഹളങ്ങളിലൂടെ കര, കടൽ, നദി എന്നിവയിലെ മൂന്നിലൊന്നിനു നാശം സംഭവിച്ചപ്പോൾ മൂന്നിൽരണ്ടു ഭാഗം ദൈവം സംരക്ഷിച്ചിരുന്നു. എന്നാൽ നാലാമത്തെ കാഹളത്തിലൂടെ ജ്യോതിർഗോളങ്ങളിലെ മൂന്നിലൊന്നിനുണ്ടാകുന്ന ബാധ സകലജീവജാലങ്ങളെയും ആഗോളവ്യാപകമായി ബാധിക്കുമെന്നതിനാൽ എങ്ങനെ മൂന്നിലൊന്നു സംരക്ഷിക്കപ്പെടുമെന്നു ചിന്തിച്ചുപോകാം. മിസ്രയീം ദേശത്തു കൽമഴയുണ്ടായപ്പോൾ യിസ്രായേൽമക്കൾ പാർത്ത ഗോശെൻ ദേശത്തെയും(പുറ.9:26), മൂന്നു ദിവസം മിസ്രയീംദേശത്തൊക്കെയും കൂരിരുട്ടാണ്ടായപ്പോൾ അവിടെ പാർത്ത യിസ്രായേൽ മക്കളെയും (പുറ.10:23) ബാധയിൽ നിന്നു വിടുവിച്ചു. ആയതിനാൽ ജ്യോതിർഗോളങ്ങളുടെ ഭാഗീകഗ്രഹണം നടക്കുമ്പോഴും അതിന്റെ ബാധയിൽ നിന്നു മൂന്നിരണ്ടിനെ സംരക്ഷിക്കുവാൻ ദൈവത്തിനു കഴിയും. പ്രപഞ്ചസൃഷ്ടിയിൽ നാലാം ദിവസമാണ് ദൈവം സൂര്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളെയും ഉണ്ടാക്കി ആകാശവിതാനത്തിൽ നിർത്തിയത് (ഉല്പ.1:14-19). കാലം, ദിവസം, സംവത്സരം എന്നിവ അറിയുവാനും ഭൂമിയെ പ്രകാശിപ്പിക്കുവാനുമാണ് ഇവയെ സൃഷ്ടിച്ചതെന്നും തിരുവചനം പ്രഖ്യാപിക്കുന്നു. നാലാം ദിവസത്തെ തന്റെ സൃഷ്ടിയെ ഓർത്തും നല്ലതെന്നു ദൈവം കണ്ടു ആനന്ദിച്ചു. എന്നാൽ നാലാം ദിനത്തിലെ സൃഷ്ടിയെ നാലാം കാഹളം കൊണ്ടു ദൈവത്തെ ബഹുമാനിക്കുകയോ അനുസരിക്കുകയോ ദൈവം എന്നു അംഗീകരിക്കുകയോ ചെയ്യാത്ത ഭൂവാസികളുടെ മേൽ ന്യായവിധി പകരുന്ന കാഴ്ചയാണിവിടെ കാണുന്നത്.

നാലാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ഉണ്ടായ ഭാഗീകമായ ബാധയും അതിനെതുടർന്നുണ്ടായ ഇരുളും മിസ്രയീമ്യരുടെമേലുണ്ടായ ഒമ്പതാമത്തെ ബാധയായ മൂന്നു ദിവസത്തെ കൂരിരുട്ടിന്റെ ഭയാനകതയോടു സാമ്യമുണ്ട്. **പുറ.10:21,22—** "*അപ്പോൾ യഹോവ മോശെയോടു : മിസ്രയീംദേശത്തു സ്പർശിക്കത്തക്ക ഇരുൾ ഉണ്ടാകേണ്ടതിന്നു നിന്റെ കൈ ആകാശത്തേക്കു നീട്ടുക എന്നു കല്പിച്ചു. മോശെ തന്റെ കൈ ആകാശത്തേക്കു നീട്ടി, മിസ്രയീംദേശത്തൊക്കെയും മൂന്നു ദിവസത്തേക്കു കൂരിരുട്ടുണ്ടായി. മൂന്നു ദിവസത്തേക്കു ഒരുത്തനെ ഒരുത്തൻ കണ്ടില്ല;*

*ഒരുത്തനും തന്റെ സ്ഥലം വിട്ടു എഴുന്നേറ്റതുമില്ല. എന്നാൽ യിസ്രായേൽ മക്കൾക്കു എല്ലാവർക്കും തങ്ങളുടെ വാസസ്ഥലങ്ങളിൽ വെളിച്ചം ഉണ്ടായിരുന്നു."*

**അപ്പോൾ സൂര്യനിൽ മൂന്നിലൊന്നിന്നും ചന്ദ്രനിൽ മൂന്നിലൊന്നിന്നും നക്ഷത്രങ്ങളിൽ മൂന്നിലൊന്നിന്നും ബാധ തട്ടി; അവയിൽ മൂന്നിലൊന്നു ഇരുണ്ടുപോയി രാവും പകലും മൂന്നിലൊന്നു വെളിച്ചമില്ലാതെയായി**

സൂര്യൻ ചന്ദ്രൻ നക്ഷത്രങ്ങൾ എന്നിവയിൽ മൂന്നിലൊന്നിനു ബാധ തട്ടുകയും അതുമൂലം അവയുടെ മൂന്നിലൊന്നു ഇരുണ്ടുപോകുകയും ചെയ്തു. തൽഫലമായി രാവും പകലും മൂന്നിലൊന്നിനു വെളിച്ചമില്ലാതായി. രാവും പകലും മൂന്നിലൊന്നു വെളിച്ചമില്ലാതായി എന്നു പറഞ്ഞാൽ പകലിന്റെ സമയ ദൈർഘ്യം കുറഞ്ഞുവെന്നർത്ഥം. 12 മണിക്കൂർ പകലിന്റെ മൂന്നിലൊന്നായ 4 മണിക്കൂർ ഇരുട്ടായി മാറുന്നു. അതോടെ പകൽ 8 മണിക്കൂറും രാത്രി16 മണിക്കൂറുമായി മാറ്റപ്പെടുന്നു. മൂന്നു ജ്യോതിർഗോളങ്ങൾക്കും സംഭവിക്കുന്ന ബാധ ഭൂമിയിൽ ദൂരവ്യാപകമായ പ്രശ്നങ്ങൾക്കു തുടക്കം കുറിക്കുന്നു. പകൽ മൂന്നിലൊന്നു സമയം കുറയുന്നതിനാൽ പണിശാലകളിൽ ജോലിസമയം കുറയുന്നതോടൊപ്പം തൊഴിലാളികൾക്കു വേതനത്തിലും കുറവു സംഭവിക്കുന്നു. വ്യവസായശാലകളിലും, കൃഷിയിടങ്ങളിലും ഉല്പാദനം കുറയുന്നതിനാൽ നിത്യോപയോഗസാധനങ്ങൾക്കു വിലവർദ്ധനയും ക്ഷാമവും നേരിടുന്നു. സൂര്യന്റെ ചൂടു മൂന്നിലൊന്നു കുറയുന്നതിനാൽ കാലാവസ്ഥയിൽ മാറ്റമുണ്ടായി അതീവശൈത്യമുണ്ടാകുന്നു. ഇതു കൂടാതെ രാത്രിക്കു സമയമേറുന്നതിനാൽ ഇരുട്ടിന്റെ പ്രവർത്തനങ്ങൾ വർദ്ധിച്ചു സാമൂഹ്യജീവിതം ഏറെ ദുസഹമായിത്തീരുന്നു. ജ്യോതിർഗോളങ്ങിലുണ്ടാകുന്ന മൂന്നിലൊന്നു ഇരുട്ട് ഭാഗീകഗ്രഹണമായിരിക്കാം. ഇതുമൂലം സൂര്യനിൽ നിന്നു പ്രവഹിക്കുന്ന ചൂടു കുറയുമെങ്കിലും ഇതു താൽക്കാലികമായിരിക്കും. കാരണം നാലാമത്തെ കലശത്താലുള്ള ന്യായവിധിയിൽ സൂര്യന്റെ ചൂട് അത്യന്തം വർദ്ധിച്ചു മനുഷ്യർ വെന്തുപോകത്തക്കതായി തീരുന്നതായി കാണുന്നു. **വെളി.16:8,9 —** *"നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു: അപ്പോൾ തീ കൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന്നു അധികാരം ലഭിച്ചു. മനുഷ്യൻ അത്യുഷ്ണത്താൽ വെന്തുപോയി..."*

ആകാശത്തിലെ ഇപ്രകാരമുള്ള വൻമാറ്റത്തെപ്പറ്റിയും അന്നു അരങ്ങേറുന്ന സംഭവങ്ങളെക്കുറിച്ചും യഹോവയുടെ ദിവസത്തോടു ബന്ധപ്പെടുത്തി പ്രവാചകന്മാർ അറിയിച്ചിട്ടുണ്ട്.

**യെശ.13:9,10 —** *"ദേശത്തെ ശൂന്യമാക്കുവാനും പാപികളെ അതിൽ നിന്നു മുടിച്ചുകളവാനും യഹോവയുടെ ദിവസം ക്രൂരമായിട്ടു ക്രോധത്തോടും അതികോപത്തോടും കൂടെ വരുന്നു. ആകാശത്തിലെ നക്ഷത്രങ്ങളും നക്ഷത്രരാശികളും പ്രകാശം തരികയില്ല; സൂര്യൻ ഉദയത്തിങ്കൽ തന്നേ ഇരുണ്ടു പോകും; ചന്ദ്രൻ പ്രകാശം നൽകുകയുമില്ല."*

**യെഹെ.32:7,8 —** *"നിന്നെ കെടുത്തുകളയുമ്പോൾ ഞാൻ ആകാശത്തെ മൂടി അതിലെ നക്ഷത്രങ്ങളെ കറുപ്പുടുപ്പിക്കും; ഞാൻ സൂര്യനെ മേഘംകൊണ്ടു മറെക്കും; ചന്ദ്രൻ പ്രകാശം നല്കുകയും ഇല്ല. ആകാശത്തിലെ ശോഭയുള്ള ജ്യോതിസ്സുകളെ ഒക്കെയും ഞാൻ നിന്റെ നിമിത്തം കറുപ്പുടുപ്പിക്കയും നിന്റെ ദേശത്തിൽ അന്ധകാരം വരുത്തുകയും ചെയ്യും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു."*

**യോവേ.2:1,2 —** *"സീയോനിൽ കാഹളം ഊതുവിൻ; എന്റെ വിശുദ്ധപർവ്വതത്തിൽ അയ്യം വിളിപ്പിൻ; യഹോവയുടെ ദിവസം വരുന്നതുകൊണ്ടും ദേശത്തിലെ സകലനിവാസികളും നടുങ്ങിപ്പോകട്ടെ. ഇരുട്ടും അന്ധകാരവുമുള്ളോരു ദിവസം; മേഘവും കൂരിരുട്ടുമുള്ളോരു ദിവസം തന്നേ."*

**യോവേ.2:10 —** *"അവരുടെ മുമ്പിൽ ഭൂമി കുലുങ്ങുന്നു; ആകാശം നടുങ്ങുന്നു; സൂര്യനും ചന്ദ്രനും ഇരുണ്ടുപോകുന്നു; നക്ഷത്രങ്ങൾ പ്രകാശം നൽകാതിരിക്കുന്നു....യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരുംമുമ്പേ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും."*

**യോവേ.2:30,31 —** *"ഞാൻ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങളെ കാണിക്കും: രക്തവും തീയും പുകത്തൂണും തന്നേ. യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരുംമുമ്പേ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും."*

**യോവേ.3:15 —** *"സൂര്യനും ചന്ദ്രനും ഇരുണ്ടുപോകും; നക്ഷത്രങ്ങൾ പ്രകാശം നല്കുകയുമില്ല."*

**ആമോ.8:9 —** *"അന്നാളിൽ ഞാൻ ഉച്ചെക്കു സൂര്യനെ അസ്തമിപ്പിക്കയും പട്ടാപ്പകൽ ഭൂമിയെ ഇരുട്ടാക്കുകയും ചെയ്യും."*

നമ്മുടെ കർത്താവും ആ നാളുകളെ കുറിച്ചു പറഞ്ഞിട്ടുണ്ട് —

**മത്താ.24:29 —** *"ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും."*

**മർക്കൊ.13:24 —** *"ഏങ്കിലോ ആ കാലത്തെ കഷ്ടം കഴിഞ്ഞശേഷം സൂര്യൻ ഇരുണ്ടുപോകയും ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കയും ആകാശത്തു നിന്നു നക്ഷത്രങ്ങൾ വീണുകൊണ്ടിരിക്കയും ആകാശത്തിലെ ശക്തികൾ ഇളകിപ്പോകയും ചെയ്യും."*
**ലൂക്കൊ.21:25 —** *"സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടുംകൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിന്നു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും."*

നാലുകാഹളങ്ങളാലുള്ള ദൈവത്തിന്റെ ന്യായവിധികൾ മനുഷ്യരെയാകമാനം കിടിലം കൊള്ളിക്കുമെങ്കിലും ഇപ്രാകരമുള്ള സംഭവങ്ങളൊക്കെ ഈറ്റുനോവിന്റെ ആരംഭമായി മാത്രം കണക്കാക്കേണ്ടതുള്ളു. കാരണം ഇതിനേക്കാൾ അതിഭയങ്കരമായ സംഭവങ്ങൾ തുടർന്നു ഭൂമിയിൽ അരങ്ങേറുവാൻ പോകുകയാണ്.

**വെളി.8:13 — "അനന്തരം ഒരു കഴുകു: ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളനാദം ഹേതുവായി ഭൂവാസികൾക്കു കഷ്ടം, കഷ്ടം, കഷ്ടം എന്നു ഉറക്കെ പറഞ്ഞുകൊണ്ടു ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കാൺകയും കേൾക്കയും ചെയ്തു."** (Then I looked, and I heard an eagle flying in midheaven, saying with a loud voice, Woe, woe, woe to those who dwell on the earth, because of the remaining blasts of the trumpet of the three angels who are about to sound) —

നാലാം കാഹളത്തിനുശേഷം അഞ്ചാമത്തെ കാഹളം ഊതുന്നതിനു മുമ്പായി ഒരിടവേള കാണുന്നു. ഏഴാം മുദ്രപൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ അരമണിക്കൂറോളം മൗനതയുണ്ടായി. അതു ഭൂമിയിൽ വന്നുപതിക്കുന്ന അതിഭയങ്കരമായ ന്യായവിധിയെ കണ്ടുകൊണ്ടുള്ള നിശബ്ദതയോ, സ്വർഗ്ഗീയവിലാപമോ, ദൈവത്തിന്റെ പ്രവർത്തനത്തെ സ്വർഗ്ഗീയഗണം സ്തംബ്ദരായി നോക്കി ഭക്തിയോടെ നില്ക്കുന്നതോ, ഭൂവാസികൾക്കു മാനസാന്തരപ്പെടുവാൻ ദൈവം നൽകുന്ന അവസരമോ ആയിരുന്നു. അതുപോലെ തുടർന്നുള്ള കാഹളങ്ങൾ മുഴക്കുന്നതിനുമുമ്പു ഭൂവാസികളുടെമേൽ വരുന്ന ന്യായവിധിയെക്കുറിച്ചു അവർക്കു മുന്നറിയിപ്പുകൊടുക്കുന്ന ഇടവേളയായി ഇതിനെ കരുതാം. ഇനിയുള്ള മൂന്നു ദൂതന്മാരും കാഹളം ഊതുവാൻ ഒരുങ്ങി നിൽക്കുകയാണ്.

**അനന്തരം ഒരു കഴുകു:** —

ആദ്യത്തെ നാലു കാഹളത്തോടനുബന്ധിച്ചുള്ള ന്യായവിധികൾക്കു ശേഷം യോഹന്നാൻ മറ്റൊരു രംഗത്തിനു സാക്ഷ്യം വഹിക്കുന്നതിനെയാണ് "അനന്തരം" എന്ന വാക്കിലൂടെ വെളിപ്പെടുന്നത്. അഞ്ചും ആറും ഏഴും കാഹളം ഊതുന്നതിനു മുമ്പ് ആകാശമദ്ധ്യേ പറക്കുന്ന ഒരു കഴുകനെ യോഹന്നാൻ കാണുന്നു. മൂലഭാഷയിൽ നിന്നുള്ള പരിഭാഷയിൽ ആകാശമദ്ധ്യേ പ്രത്യക്ഷപ്പെടുന്നത് ദൂതൻ (angel) എന്നും ചിലതിൽ കഴുകൻ (eagle)എന്നും കാണപ്പെടുന്നു. ഏതായാലും ദൈവത്തിന്റെ സന്ദേശം ഭൂവാസികളെ അറിയിക്കുന്നത് ദൂതനോ കഴുകോ ആകാം. ദൈവദൂതന്മാർ ദൈവത്തിന്റെ സന്ദേശവാഹകരായി തിരുവചനത്തിൽ കാണുന്നുണ്ട്. അതുപോലെ വെളിപ്പാടു പുസ്തകത്തിൽ സ്വർഗ്ഗസിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും കാണപ്പെട്ട നാലു ജീവികളിൽ നാലാമത്തെ ജീവി പറക്കുന്ന കഴുകിനു സദൃശമായിരുന്നു(വെളി.4:7). ആയതിനാൽ ദൂതുവാഹി കഴുകു അല്ല ദൂതൻ തന്നെ എന്നു പറയുവാനും സാദ്ധ്യമല്ല. മൃഗജാലങ്ങളിൽ ഉൾപ്പെട്ട സൃഷ്ടികൾ സംസാരിച്ച സംഭവങ്ങൾ തിരുവചനത്തിലുണ്ട്. ഏദെൻ തോട്ടത്തിൽ പാമ്പ് ഹവ്വായോടു സംസാരിച്ചതും (ഉല്പ.3:1–5), ബിലെയാമിന്റെ കഴുത ബിലെയാമിനോടു സംസാരിച്ചതുമാണ് (സംഖ്യാ.22:28/2.പത്രൊ.2:16) ആ സംഭവങ്ങൾ. ബിലെയാമിന്റെ കഴുതയുടെ വായ് തുറന്നു കഴുതയെക്കൊണ്ടു പ്രവാചകനെ ഉപദേശിപ്പാനും ദൈവികന്യായവിധിയെക്കുറിച്ചു മുന്നറിയിപ്പു നൽകുവാനും കഴിഞ്ഞ ദൈവത്തിനു കഴുകിനെകൊണ്ടും ദൈവീകന്യായവിധിയുടെ കഷ്ടങ്ങൾ ഭൂവാസികളെ അറിയിപ്പാൻ സാധിക്കും. കഴുകു ആകാശത്തിൽ ഏറ്റവും ഉയരത്തിൽ പറക്കുന്നതും, പറക്കുന്നതിൽ അതിവേഗതയുള്ളതും, ഇരയുടെ നീക്കത്തെ വളരെ ദൂരത്തിൽ നിന്നു തന്നെ സൂഷ്മനിരീക്ഷണം നടത്തി അതിനെ ആക്രമിക്കുവാൻ കഴിവുള്ള പക്ഷിയുമാണ്. പഴയനിയമഭാഗങ്ങളിൽ ദൈവത്തിന്റെ ന്യായവിധികൾ ശത്രുക്കളുടെമേൽ വേഗത്തിലും സൂഷ്മതയോടും നടത്തപ്പെടുന്നതിന്റെ സാദൃശ്യമായി കഴുകിനെ പരാമർശിച്ചിട്ടുണ്ട്. ദൈവത്തെ അനുസരിക്കാത്ത യിസ്രായേലിന്മേൽ ശിക്ഷ നടപ്പാക്കുവാൻ കഴുകനെപ്പോലെ ഒരു ജാതിയെ അവരുടെ നേരേ വരുത്തും — **ആവ.28:49 —** *"യഹോവ ദൂരത്തു നിന്നു, ഭൂമിയുടെ അറുതിയിൽ നിന്നു, ഒരു ജാതിയെ കഴുകൻ പറന്നു വരുന്നതുപോലെ നിന്റെ മേൽ വരുത്തും."* ആസന്നമായ യിസ്രായേലിന്റെ ന്യായവിധി അശ്ശൂർസൈന്യത്താൽ നടത്തുമെന്നു അറിയിക്കുന്ന വേളയിൽ — **ഹോശേ.8:1 —** *"അവർ എന്റെ നിയമത്തെ ലംഘിച്ചു എന്റെ ന്യായപ്രമാണത്തിന്നു വിരോധമായി അതിക്രമം ചെയ്തതുകൊണ്ടു കാഹളം വായിൽ വെക്കുക;*

*കഴുകനെപ്പോലെ യഹോവയുടെ ആലയത്തിന്മേൽ ചാടിവീഴുക."* നീതികേടു പ്രവർത്തിച്ച ദൈവജനത്തെ ശിക്ഷിക്കുവാൻ ഏറ്റവും ദുഷ്ടജാതിയായ കൽദയരെ ഉണർത്തി കഴുകനെപ്പോലെ അയക്കുമെന്നു ഹബക്കൂക്കിനോടു ദൈവം പറഞ്ഞു. **ഹബ.1:8 —** *"തിന്നുവാൻ ബദ്ധപ്പെടുന്ന കഴുകനെപ്പോലെ അവർ പറന്നു വരുന്നു."*

**ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളനാദം ഹേതുവായി ഭൂവാസികൾക്കു കഷ്ടം, കഷ്ടം, കഷ്ടം എന്നു ഉറക്കെ പറഞ്ഞുകൊണ്ടു ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കാണ്കയും കേൾക്കയും ചെയ്തു —**

ഏഴുദൂതന്മാർക്കു ലഭിച്ച ഏഴു കാഹളത്തിൽ ആദ്യത്തെ നാലെണ്ണം ഊതിയപ്പോൾ ഭൂമിയിൽ ദൈവത്തിന്റെ അതിഭയങ്കരമായ ന്യായവിധികളുണ്ടായി. അഞ്ചാം കാഹളധ്വനി ഉയരുന്നതിനു മുമ്പ് ആകാശമദ്ധ്യേ ഒരു കഴുകു പ്രത്യക്ഷപ്പെടുന്നു. ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളം ഹേതുവായി ഭൂവാസികൾക്കു കഷ്ടം, കഷ്ടം, കഷ്ടം എന്നു ഉറക്കെ പറഞ്ഞുകൊണ്ടു ആകാശമദ്ധ്യേ ഒരു കഴുകു പറക്കുന്നതു യോഹന്നാൻ കാണുകയും കേൾക്കുകയും ചെയ്തു. ആദ്യത്തെ നാലെണ്ണത്തേക്കാൾ ഭൂവാസികളുടെ മേലുള്ള ശിക്ഷാവിധി ഏറ്റവും കഠിനമായിരിക്കുമെന്നു ഇതിലൂടെ വ്യക്തമാകുന്നു. കഷ്ടം, അയ്യോ കഷ്ടം, ഹാ കഷ്ടം എന്നീ വിളിച്ചുപറയൽ പൊതുവേ തിരുവചനത്തിൽ ന്യായവിധി, സർവ്വനാശം, ശാപം എന്നിവയെ കുറിക്കുന്നു.

**ഇയ്യോ.10:15 —** ഞാൻ ദുഷ്ടനെങ്കിൽ എനിക്കു അയ്യോ കഷ്ടം.

**സഭാ.10:16 —** ബാലനായ രാജാവും അതികാലത്തു ഭക്ഷണം കഴിക്കുന്ന പ്രഭുക്കന്മാരും ഉള്ള ദേശമേ, നിനക്കു അയ്യോ കഷ്ടം!

**യെശ.5:8,12,,19,20,,21,23/6:5 —** അയ്യോ കഷ്ടം.

**വിലാ.5:16 —** ഞങ്ങൾ പാപം ചെയ്കകൊണ്ടു ഞങ്ങൾക്കു അയ്യോ കഷ്ടം.

**യെഹെ.13:3 —** സ്വന്തമനസ്സിനെയും കണ്ടിട്ടില്ലാത്ത കാര്യങ്ങളെയും പിന്തുടരുന്ന ബുദ്ധികെട്ട പ്രവാചകന്മാർക്കു അയ്യോ കഷ്ടം!

**ഹബ.2:6,9,12,,15,19 —** അയ്യോ കഷ്ടം.

**മത്താ.11:21 —** കോരസീനേ, നിനക്കു ഹാ കഷ്ടം; ബേത്ത്സയിദേ, നിനക്കു ഹാ കഷ്ടം.

**മൂന്നു കഷ്ടം അറിയിപ്പ് :**

ഒരു പദം രണ്ടു തവണ ആവർത്തിച്ചു പറയുന്നത് പറഞ്ഞ കാര്യത്തെ ഊന്നിപറയുന്നതിനാണ്. എന്നാൽ ഇവിടെ കഷ്ടം, കഷ്ടം, കഷ്ടം (Woe, woe, woe) എന്നു മൂന്നു തവണ പറയുന്നത് ആസന്നമായ അതിദാരുണമായ ന്യായവിധിയുടെ മുന്നറിയിപ്പായും, ഇനി ഊതുവാനുള്ള മൂന്നു കാഹളത്തിൽ ഓരോന്നിനും ഭൂവാസികൾക്കു ഓരോ കഷ്ടം പറയുന്നതുമായിരിക്കാം. അയ്യോ, അയ്യോ (alas, alas — വെളി.18:10,16,19), കഷ്ടം, കഷ്ടം (woe, woe — യെഹെ.16:23) എന്നുള്ളത് രണ്ടുതവണ പറയുന്നതു തന്നെ ശാപത്തിന്റെയും നാശത്തിന്റെയും ആയിരിക്കുമ്പോൾ മൂന്നു തവണ പറയുന്ന കഷ്ടം അതിദാരുണമായ നാശത്തെ കുറിക്കുന്നു.

**ആകാശമദ്ധ്യേ ഉയരുന്ന ഉറക്കെയുള്ള ശബ്ദം :**

ദൂതൻ അഥവാ കഴുകൻ ആകാശമദ്ധ്യേ പറന്നാണ് കഷ്ടം, കഷ്ടം, കഷ്ടം എന്ന മുന്നറിയിപ്പു വിളിച്ചു പറയുന്നത്. ആകാശമദ്ധ്യേ എന്നത് സൂര്യൻ നട്ടുച്ചക്കു ആകാശത്തിൽ വരുന്ന സ്ഥാനമാണ്. ആകയാൽ ഭൂമിയിൽ എല്ലാവർക്കും ദൈവം അയക്കുന്ന ദൂതനെ കാണുവാൻ സാധിക്കും. കൂടാതെ ആകാശമദ്ധ്യേ ഉയരുന്ന ഉറക്കെയുള്ള ശബ്ദം സകലർക്കും കേൾക്കുവാനും കഴിയും എന്നതിനെയും വ്യക്തമാക്കുന്നു.

**ന്യായവിധിയുടെ ലക്ഷ്യം :**

ന്യായവിധിയുടെ ലക്ഷ്യം അഥവാ ന്യായവിധി ആർക്കാണുണ്ടാകുന്നതെന്നും യോഹന്നാൻ കേട്ടു. ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളം ഹേതുവായി ഭൂവാസികൾക്കാണ് കഷ്ടം ഉണ്ടാകുന്നത്. *"ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതിരിക്കും"* (വെളി.6:10) എന്നുള്ള പീഡനകാലത്തെ വിശുദ്ധന്മാരുടെ പ്രാർത്ഥനക്കുത്തരവുമായി ഇതിനെ കരുതാം. ഭൂവാസികൾ എന്നാൽ ഭൂമിയിൽ വസിക്കുന്നവർ എന്നാണ്. വെളിപ്പാടു പുസ്തകത്തിൽ ഭൂവാസികൾ എന്ന പ്രസ്താവന ദൈവത്തെ അംഗീകരിക്കാതെ മറുതലിക്കുന്ന രക്ഷിക്കപ്പെടാത്ത ജനത്തെ കുറിക്കുന്നു (വെളി.3:10/6:10/8:13/11:10/12:12/13:8/13:12/13:14/14:6/17:2/17:8). സ്വർഗ്ഗീയമായ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാതെയോ ദൈവത്തിലോ ദൈവവചനത്തിലോ

ആശ്രയിക്കാതെയോ ലോകത്തെ മാത്രം ലക്ഷ്യം വച്ച് ജീവിക്കുന്നവരാണ് ഭൂവാസികൾ എന്നിവിടെ വിശേഷിപ്പിക്കുന്നത്. യോഹന്നാൻ തന്റെ ലേഖനത്തിൽ ഇപ്രകാരമുള്ളവരെക്കുറിച്ചു പറഞ്ഞിട്ടുണ്ട് (1. യോഹ.3:15-17).

ആദ്യത്തെ നാല് കാഹളങ്ങളുടെ ശിക്ഷാവിധികൾ അതിഭയങ്കരമായ ദുരിതങ്ങളാണു ഭൂമിയിൽ ഉണ്ടായത്. എന്നാൽ ഇവയേക്കാൾ ശക്തിയേറിയതും ഭയാജനകവും കഷ്ടമേറിയതുമായ സംഭവങ്ങൾ വരാനിരിക്കുന്നതേയുള്ളു എന്നതിന്റെ മുന്നറിയിപ്പായിരുന്നു ഭൂവാസികൾക്കുള്ള ത്രിവിധമായ കഷ്ടങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ്. ആ നാളുകൾ പ്രതികാരത്തിന്റെ നാളുകൾ ആയിരിക്കുമെന്നു കർത്താവും പറഞ്ഞിട്ടുണ്ട് (ലൂക്കൊ.21:22). ആറാം മുദ്രപൊട്ടിച്ചപ്പോൾ ജ്യോതിർഗോളങ്ങളിലുണ്ടായ മാറ്റവും തുടർന്നു ആകാശത്തിലും ഭൂമിയിലും അരങ്ങേറിയ ഭയാജനകമായ സംഭവങ്ങൾ അന്നത്തെ ഭൂവാസികൾ ഭ്രമിച്ചുപോകുവാനിടയായി. കുഞ്ഞാടിന്റെയും സിംഹാസനത്തിലിരിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെയും മഹാകോപത്താലാണിതൊക്കെയുണ്ടായതെന്നു ഭൂവാസികൾ തിരിച്ചറിഞ്ഞു. എങ്കിലും ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം തങ്ങളെ രക്ഷിക്കാനാവാത്ത ഗുഹകളെയും മലപ്പാറകളെയും അവർ അഭയം പ്രാപിച്ചു (വെളി.6:12-17). തുടർന്നു ഏഴാം മുദ്രപൊട്ടിച്ചപ്പോഴും, ആദ്യത്തെ നാലു കാഹളം ഊതിയപ്പോഴും ഭൂവാസികളുടെ മേലുണ്ടായ ദൈവീകന്യായവിധികൾ അവരുടെ മാനസാന്തരത്തിലേക്കു നടത്തിയില്ല. അപ്പോഴും ന്യായവിധി വീണ്ടും ആരംഭിക്കുന്നതിനു മുമ്പായി ദൈവം ദൂതനിലൂടെ അവർക്കു കഷ്ടങ്ങളുടെ മുന്നറിയിപ്പു നൽകി. ഇതു ദൈവത്തിന്റെ കരുണയെയും ദീർഘക്ഷമയെയും വ്യക്തമാക്കുന്നു (2.പത്രൊ.3:9). എന്നാൽ ദൈവം ഇത്രയേറെ അവസരങ്ങൾ കൊടുത്തിട്ടും, ദീർഘക്ഷമ കാണിച്ചിട്ടും ഭൂവാസികൾ ദൈവത്തെ അംഗീകരിക്കുകയോ, അനുസരിക്കുകയോ, മാനസാന്തരപ്പെടുകയോ ചെയ്യാതെ തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളിൽ സഞ്ചരിക്കുകയാണുണ്ടായതെന്നു വെളിപ്പാടിൽ തുടർന്നുള്ള അദ്ധ്യായങ്ങളിൽ കാണുന്നു.

**വെളി.9:20,21 —** *"ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളെയും,കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്നു, വെള്ളി, ചെമ്പു, കല്ലു, മരം ഇവകൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണിവിട്ടു മാനസാന്തരപ്പെട്ടില്ല. തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല."*

**വെളി.16:9—***"മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി; ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന്നു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല."*

**വെളി.16:11 —** *"അവർ കഷ്ടത നിമിത്തം നാവു കടിച്ചുംകൊണ്ടു കഷ്ടങ്ങളും വ്രണങ്ങളും ഹേതുവാൽ സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ തങ്ങളുടെ പ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെട്ടില്ല."*

ദൈവം നൽകിയ അവസരങ്ങളും മുന്നറിയിപ്പുകളും അവഗണിച്ചുകൊണ്ടു ജീവിക്കുന്ന ഭൂവാസികൾ നശിക്കുവാനിടയാകും. കർത്താവു തന്റെ ശിഷ്യന്മാരോടു ഇക്കാലങ്ങളിലെ കഷ്ടങ്ങളെക്കുറിച്ചു മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. **മത്താ.24:21 —** *"ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും."* ഇതിനിടയിലും നോഹയുടെ കാലത്തെപ്പോലെ അന്നത്തെ ജനവും ഭൂമിയിലുള്ള കാര്യങ്ങളെ മാത്രം ചിന്തിച്ചുകൊണ്ടു കെട്ടഴിഞ്ഞവരായി ജീവിക്കും. **മത്താ.24:38 —** *"ജലപ്രളയത്തിന്നു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയനാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു കൊടുത്തും പോന്നു; ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല."* അപകടമുന്നറിയിപ്പു ലഭിച്ച നോഹയുടെ കാലത്തെ തലമുറ അതൊക്കെ നിസാരമാക്കി അവഗണിക്കുകയും ദൈവത്തിന്റെ അരുളപ്പാടുകളെ നിരാകരിക്കുകയും ചെയ്തതിനാൽ ഒറ്റ ദിവസം കൊണ്ടു ദൈവത്തിന്റെ ന്യായവിധി ഭൂവാസികളുടെമേൽ പതിച്ച് അവർ നശിക്കുവാനിടയായി (ഉല്പ.24:37-42/ലൂക്കൊ.17:26-37/എബ്രാ.11:7). ആയതുപോലെ ഏഴു മുദ്രകളിലൂടെയും ആദ്യ നാലു കാഹളങ്ങളിലൂടെയും ദൈവത്തിന്റെ ന്യായവിധിയും തുടർന്നുള്ള അപകടമുന്നറിയിപ്പും അവഗണിക്കുന്ന ഭൂവാസികളൊന്നടങ്കം നശിക്കുവാനിടയാകും. ജലപ്രളയത്തിൽ നിന്നു നോഹയും കുടുംബവും രക്ഷപ്പെട്ടതുപോലെ അന്നും ദൈവത്തെ അന്വേഷിച്ചു അഭയം പ്രാപിക്കുന്നവർ രക്ഷ പ്രാപിക്കുവാനിടയാകും.

..........................................................................................

# വെളിപ്പാട് — അദ്ധ്യായം — 9

അഞ്ചും ആറും കാഹളം ഊതുമ്പോഴുണ്ടാകുന്ന ദൈവീകന്യായവിധികൾ ഒൻപതാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ഒന്നാമത്തെ കാഹളമൂതിയപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്നും വൃക്ഷങ്ങളിൽ മൂന്നിലൊന്നും എല്ലാ പച്ചപ്പുല്ലും വെന്തുപോയി (വെളി.8:7). രണ്ടാമത്തെ കാഹളം ഊതിയപ്പോൾ തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിൽ വന്നു പതിച്ചിട്ടു കടലിൽ മൂന്നിലൊന്നു രക്തമായി മാറുകയും തുടർന്നു സമുദ്രത്തിലെ ജീവനുള്ളതിൽ മൂന്നിലൊന്നിനും കപ്പലുകളിൽ മൂന്നിലൊന്നിനും നാശം സംഭവിച്ചു (വെളി.8:8,9). മൂന്നാമത്തെ കാഹളം ഊതിയപ്പോൾ തീപോലെ ജ്വലിക്കുന്ന കാഞ്ഞിരമെന്ന പേരുള്ള മഹാനക്ഷത്രം ആകാശത്തു നിന്നു നദികളിൽ പതിച്ചു മൂന്നിലൊന്നു കുടിവെള്ളം കാഞ്ഞിരം പോലെ കൈപ്പാകുകയും അതു കുടിച്ചവർ പലരും മരിക്കുവാനിടയായി (വെളി.8:10,11). നാലാമത്തെ കാഹളം ഊതിയപ്പോൾ സൂര്യൻ, ചന്ദ്രൻ, നക്ഷത്രം എന്നിവയിലെ മൂന്നിലൊന്നു ഭാഗം ഇരുളാകുകയും തൽഫലമായി രാവും പകലും മൂന്നിലൊന്നു വെളിച്ചമില്ലാതെയായി (വെളി.8:12). അതിനു ശേഷം ഇനി ഊതുവാനുള്ള മൂന്നു കാഹളത്താൽ ഭൂവാസികൾക്കു സംഭവിക്കുന്ന അതിദാരുണമായ ദുരിതങ്ങളുടെ മുന്നറിയിപ്പായി മൂന്നു കഷ്ടം ആകാശമദ്ധ്യേ ഘോഷിക്കപ്പെട്ടു (വെളി.8:13). ആദ്യത്തെ നാലു മുദ്രകളും കാഹളങ്ങളും ഭൂമിയോടു ബന്ധപ്പെട്ട ന്യായവിധികളായിരുന്നു. അതായത് നാലു മുദ്രകളോടനുബന്ധിച്ചു നാലു കുതിര സഞ്ചാരികൾ പ്രത്യക്ഷപ്പെടുകയും തുടർന്നു വ്യാജസമാധാനം, യുദ്ധം, ക്ഷാമം, മരണം എന്നിവയുണ്ടായി. നാലു കാഹളങ്ങളിലൂടെ കര, കടൽ, നദി, ആകാശം എന്നിവയിലൂടെ ഭൗമീകമായുള്ള ന്യായവിധിയുണ്ടായി. അവസാനത്തെ മൂന്നു മുദ്രകൾ രക്തസാക്ഷികളുടെ നിലവിളി, സൗരയൂധത്തിലെ മാറ്റങ്ങൾ, സ്വർഗ്ഗീയമൗനതയും വിശുദ്ധന്മാരുടെ നിലവിളിക്കുത്തരമായി നടക്കുന്ന സംഭവങ്ങളും ഉൾപ്പെട്ട സ്വർഗ്ഗീയമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നു. ആയതുപോലെ അവസാന മൂന്നു കാഹളങ്ങൾ സ്വർഗ്ഗീയമായ ന്യായവിധിയെ വെളിപ്പെടുത്തുന്നു. ആദ്യത്തെ നാലു കാഹളങ്ങളിലൂടെ ദൈവം മനുഷ്യനോടു പരോക്ഷമായി കര, കടൽ, നദി, ആകാശം എന്നീ സൃഷ്ടികളിലൂടെ ഇടപെട്ടവെങ്കിൽ തുടർന്നുള്ള മൂന്നു കാഹളങ്ങളിലൂടെ മനുഷ്യനോടു പ്രത്യക്ഷത്തിൽ ഇടപെടുകയാണ്. അവസാനത്തെ മൂന്നു കാഹളങ്ങളും നരകത്തോടും സാത്താന്യശക്തികളോടും ബന്ധപ്പെട്ടിരിക്കുന്നു. ആദ്യത്തെ നാലു കാഹളങ്ങളും അവയുടെ വിശദീകരണവും കേവലം ഏഴു വാക്യങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നുവെങ്കിൽ (വെളി.8:6–12), അഞ്ചും ആറും കാഹളങ്ങൾക്കായി മാത്രം യോഹന്നാൻ ഇരുപത്തിയൊന്നു വാക്യങ്ങളിലൂടെ സംഭവങ്ങൾ വിശദീകരിക്കുന്നു(വെളി.9:1–21). ആകാശമദ്ധ്യേ ഘോഷിക്കപ്പെട്ട കഷ്ടം കഷ്ടം കഷ്ടം എന്നുള്ള ന്യായവിധികളുടെ മുന്നറിയിപ്പിന്റെ (വെളി.8:13) അതിഭയങ്കരത്വത്തെയും പ്രത്യാഘാതത്തെയും ഇതു വ്യക്തമാക്കുന്നു. മൂന്നു കഷ്ടങ്ങളും മഹോപദ്രവകാലത്തിൽ ഭൂവാസികൾ നേരിടുന്ന ഏറ്റവും അതിദാരുണവും വേദനാജനകവുമായ സംഭവങ്ങളുൾക്കൊള്ളുന്നു. ആകാശമദ്ധ്യേ ഘോഷിക്കപ്പെട്ട ആദ്യത്തെ രണ്ടു കഷ്ടങ്ങൾ ഒൻപതാം അദ്ധ്യായത്തിലെ അഞ്ചും ആറും കാഹളത്തോടു ബന്ധപ്പെട്ടിരിക്കുന്നു. സാത്താന്യശക്തികളുടെ രൂപവും പ്രവർത്തനവും ഇവയിലൂടെ കാണാം. ഓരോ ന്യായവിധി പുരോഗമിക്കുന്തോറും സാത്താൻ തന്റെ ഒളിഞ്ഞുള്ള പ്രവർത്തനങ്ങളിൽ നിന്നു പടിപടിയായി നേരിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു. ഏദെൻതോട്ടത്തിൽ മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചയുടെ ഫലമായാണ് (ഉല്പ.3:1–13) സാത്താൻ പ്രവർത്തനമാരംഭിച്ചത്. അന്നു ദൈവം സാത്താനെ ശപിക്കുകയും അവനോടു യുദ്ധം പ്രഖ്യാപിക്കയും ചെയ്തു (ഉല്പ.3:15). ദൈവത്തെയും ദൈവമക്കളെയും അന്നുമുതൽ സാത്താനും എതിരിടുവാനും ദൈവീകപ്രവർത്തനങ്ങളെ അട്ടിമറിക്കുവാനും ആരംഭിച്ചു. പഴയനിയമപുതിയമതിരുവെഴുത്തുകളിലുടനീളം സാത്താന്റെ പ്രവർത്തനങ്ങളെ കാണാം. കർത്താവിനെപ്പോലും സാത്താൻ പരീക്ഷിച്ചു. ശിഷ്യന്മാരെയും ആദിമസഭയിലെ വിശ്വാസികളെയും അവൻ ലക്ഷ്യമിട്ടു പുറകേ നടന്നു പീഡിപ്പിച്ചു. അപ്പൊസ്തലനായ പൗലൊസിനെ വിവിധസന്ദർഭങ്ങളിലും വ്യത്യസ്തമായ രീതികളിലും നിരവധി തവണ കഷ്ടപ്പെടുത്തി. ദൈവം ഒരുക്കിയ രക്ഷണ്യപദ്ധതികളെയും അവൻ അട്ടി മറിക്കുന്നു. ദൈവത്തിനു മഹത്വം വരുന്നതെന്തിനെയും അവൻ എതിർക്കുന്നു. സാത്താൻ ഈ ലോകത്തിന്റെ പ്രഭുവാണ് (യോഹ.14:30/ 2.കൊരി.4:4). സഭായുഗത്തിൽ സാത്താനും അവന്റെ കൂട്ടരും വെളിച്ചദൂതന്മാരായി വേഷംകെട്ടി നടക്കുന്നുവെങ്കിൽ (2.കൊരി.11:14,15) പീഡനകാലത്ത് സകലമുഖംമൂടിയും ഉപേക്ഷിച്ചു നേരിട്ടു സംഹാരതാണ്ഡവം ആരംഭിക്കുന്നു. അഞ്ചും ആറും കാഹളം ധ്വനിക്കുന്നതോടുകൂടി രണ്ടു സാത്താന്യശക്തികൾ ഭൂവാസികളെ പീഡിപ്പിക്കുവാൻ രംഗപ്രവേശനം ചെയ്യുന്നു.

**അദ്ധ്യായം - 9 വിഭജനം —**

**(1) വെളി. 9:1 - 12 —** അഞ്ചാമത്തെ കാഹളം — അഗാധകൂപത്തിൽ നിന്നു വെട്ടുക്കിളി —
(Fifth Trumpet - The Locusts from the Bottomless Pit) -

**(2) വെളി.9:13 - 21 —** ആറാമത്തെ കാഹളം — യൂഫ്രാത്തേസിൽ നിന്നു നാലു ദൂതന്മാർ —
(Sixth Trumpet - The four Angels from the Euphrates) -

**വെളി.9:1 — "അഞ്ചാമത്തെ ദൂതൻ ഊതി; അപ്പോൾ ഒരു നക്ഷത്രം ആകാശത്തുനിന്നു ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു; അവന്നു അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു."** (Then the fifth angel sounded : And I saw a star fallen from heaven to the earth. To him was given the key to the bottomless pit)

അഞ്ചാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ ആകാശത്തു നിന്നു ഒരു നക്ഷത്രം ഭൂമിയിൽ വീണുകിടക്കുന്നതും തുടർന്നു വീണുകിടന്ന ഈ നക്ഷത്രത്തിനു ആഗാധകൂപത്തിന്റെ താക്കോൽ ലഭിക്കുന്നതും യോഹന്നാൻ കണ്ടു. ആകാശമദ്ധ്യേ മുഴങ്ങിക്കേട്ട മൂന്നു കഷ്ടങ്ങളിൽ ആദ്യത്തെ കഷ്ടം അഞ്ചാമത്തെ ദൂതന്റെ കാഹളധ്വനിയോടു ആരംഭിക്കുകയാണ്. ഇതിനെ തുടർന്നു ഭൂവാസികളെ അതികഠിനമായി ദണ്ഡിപ്പിക്കുവാൻ രണ്ടു തരത്തിലുള്ള സാത്താന്യശക്തികളെ സ്വതന്ത്രരാക്കുന്നത് ഒൻപതാം അദ്ധ്യായത്തിൽ കാണുന്നു.

**അപ്പോൾ ഒരു നക്ഷത്രം ആകാശത്തുനിന്നു ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു—** (Then the fifth angel sounded : And I saw a star fallen from heaven to the earth)

യോഹന്നാൻ തന്റെ ദർശനത്തിൽ ഇതിനു മുമ്പും ആകാശത്തു നിന്നു നക്ഷത്രങ്ങൾ ഭൂമിയിലേക്കു വീഴുന്നതു കണ്ടു എന്നു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. **വെളി.6:13 —**"*അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ടു കുലുങ്ങീട്ടു കായി ഉതിർക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു.*" **വെളി.8:8 —** "*തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്കു എറിഞ്ഞിട്ടു...*" **വെളി.8:10 —**"*ദീപം പോലെ ജ്വലിക്കുന്ന ഒരു മഹാനക്ഷത്രം ആകാശത്തിൽ നിന്നു വീണു.*" എന്നാൽ അതൊക്കെ അക്ഷരാർത്ഥത്തിൽ തന്നെ സൗരയൂഥത്തിലെ നക്ഷത്രവും ഗ്രഹവും ഒക്കെ ആയിരിക്കുമ്പോൾ അഞ്ചാം കാഹളത്തോടു ബന്ധത്തിൽ പറഞ്ഞിരിക്കുന്ന നക്ഷത്രം ഒരു ജ്യോതിർനക്ഷത്രമല്ല മറിച്ചു ദൂതഗണത്തിലുൾപ്പെട്ടതാണ്. അവനു അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു എന്നും അവൻ അഗാധകൂപം തുറന്നു എന്നുമുള്ള പ്രസ്താവനകളിൽ നക്ഷത്രത്തിനു വ്യക്തിത്വം കൊടുത്തിരിക്കുന്നതിനാൽ ആകാശത്തു നിന്നു വന്നത് ദൂതൻ തന്നെയെന്നതാണ് വെളിപ്പെടുന്നത്. സാധാരണഭാഷയിൽ കായികതാരം, സിനിമാതാരം എന്നൊക്കെ കളിക്കാരെയും അഭിനയക്കാരെയും പറയുന്നതുപോലെ അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ച ദൂതനെ ആലങ്കാരികഭാഷയിൽ നക്ഷത്രം എന്നു വർണ്ണിക്കുന്നതാകാം. ഏഴു സഭകളുടെ ദൂതന്മാരെ നക്ഷത്രമായും (വെളി.1:20), ദൂതന്മാരെ പ്രഭാതനക്ഷത്രവുമായി (ഇയ്യോ.38:6), സ്വർഗ്ഗത്തിൽ നിന്നു വീണുപോയ സാത്താനായ ലൂസിഫറിനെ അരുണോദയപുത്രനായ ശുക്രനെന്നും (യെശ.14:12) തിരുവചനത്തിൽ ആലങ്കാരികഭാഷയിൽ വിശേഷിപ്പിച്ചിട്ടുണ്ട്. അഞ്ചാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ ആകാശത്തു നിന്നു ഒരു നക്ഷത്രം ഭൂമിയിലേക്കു വന്നു വീഴുന്നതല്ല മറിച്ചു ഭൂമിയിൽ വീണു കിടക്കുന്നതാണ് യോഹന്നാൻ കണ്ടത്. വീണുകിടക്കുന്ന നക്ഷത്രത്തിനു വ്യക്തിത്വം കൊടുത്തിരിക്കുന്നതിനാൽ ഇതൊരു ദൂതൻ തന്നെയെന്നതിൽ സംശയമില്ല.

അഞ്ചാം കാഹളം ഊതിയപ്പോൾ ഭൂമിയിൽ വീണുകിടക്കുന്നതും, അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചതും, അതുപയോഗിച്ചു അഗാധകൂപം തുറന്നതുമായ ദൂതൻ ആരാണെന്നതിന് പ്രധാനമായും രണ്ടഭിപ്രായങ്ങളാണുള്ളത് —

**അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ച ദൂതൻ ആര് —**

**അഭിപ്രായം (1) — സാത്താന്യദൂതൻ —**

**1. > ഭൂമിയിലേക്കു വീണത് സാത്താന്യദൂതൻ —**

ആകാശത്തു നിന്നു വീണുകിടക്കുന്ന ദൂതൻ സാത്താൻ തന്നെയെന്നാണ് ഒന്നാമത്തെ അഭിപ്രായം. കാരണം സാത്താൻ വീണുപോയ ദൂതനാണെന്നു തിരുവചനത്തിൽ കാണുന്നു. **യെശ.14:12 —**"*അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു!* " **യെഹെ.28:16,17 —** "*നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ടു നിറഞ്ഞു നീ പാപം ചെയ്തു; അതുകൊണ്ടു ഞാൻ നിന്നെ അശുദ്ധൻ എന്നു എണ്ണി ദേവപർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു; മറെക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയരഥങ്ങളുടെ മദ്ധ്യേനിന്നു മുടിച്ചു കളഞ്ഞു. നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭനിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി, ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു, രാജാക്കന്മാർ നിന്നെ കണ്ടു രസിക്കത്തക്കവണ്ണം നിന്നെ അവരുടെ മുമ്പിൽ ഇട്ടുകളഞ്ഞു.*" **ലൂക്കൊ.10:18 —** "*അവൻ അവരോടു: സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നു വീഴുന്നതു ഞാൻ കണ്ടു.*" സാത്താൻ

ദൈവസന്നിധിയിൽ നിൽക്കുവാൻ ആഗ്രഹിക്കുന്നവനും രാപ്പകൽ ദൈവമക്കളെ കുറ്റം ചുമത്തുന്നവനു മാണ് (ഇയ്യോ.1:6/വെളി.12:10). ഭൂമിയിൽ പീഡനകാലം നടക്കുന്ന വേളയിൽ സാത്താൻ സ്വർഗ്ഗീയദൂതഗ ണത്തോടു യുദ്ധം ചെയ്തു തോറ്റു പോകുകയും തുടർന്നു ഭൂമിയിലേക്കു തള്ളപ്പെടുവാനുമിടയായി. **വെളി.12:7-9 —** " *പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പ ത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും. സ്വർഗ്ഗത്തിൽ അവ രുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചു കളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു; അവന്റെ ദൂതന്മാരെയും അവനോടു കൂടെ തള്ളിക്കളഞ്ഞു."* ഈ വാക്യങ്ങളിലെല്ലാം സ്വർഗ്ഗത്തിൽ നിന്നു വീഴുവാനിടയായ ദൂതന്മാർ സാത്താ ന്യദൂതന്മാരാണ്. ആയതിനാൽ അഞ്ചാം കാഹളത്തിനെ തുടർന്നു ആകാശത്തിൽ നിന്നു വീണു കിട ക്കുന്ന ദൂതനും സാത്താന്യദൂതനാണ്.

**2. > അഗാധകൂപത്തിന്റെ രാജാവായ ദൂതൻ —**

**വെളി.9:11 —** *"അഗാധദൂതൻ അതിന്നു രാജാവായിരുന്നു; അവന്നു എബ്രായഭാഷയിൽ അബ ദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊല്ലുവോൻ എന്നും പേർ."* യോഹന്നാൻ കണ്ട വീണുകിടക്കുന്ന ദൂതൻ തന്നെയാണ് അഗാധകൂപത്തിന്റെ ദൂതനെന്നും ഇവൻ വിനാശകൻ എന്നർത്ഥമുള്ള പേരുള്ള വനും സാത്താന്യശക്തികളുടെ രാജാവുമെന്നു അഭിപ്രായപ്പെടുന്നു.

**3. > അഗാധകൂപത്തിന്റെ താക്കോൽ —**

ആകാശത്തിൽ നിന്നു ഭൂമിയിൽ വീണുകിടക്കുന്ന ദൂതനു അഗാധകൂപത്തിന്റെ താക്കോൽ ലഭി ക്കുകയും അതുപയോഗിച്ചു അഗാധകൂപത്തിന്റെ വാതിൽ തുറന്നു (വെളി.9:1) സാത്താന്യശക്തികളെ സ്വതന്ത്രരാക്കുന്നു. താക്കോൽ അധികാരത്തെ കുറിക്കുന്നതാകയാൽ പീഡനകാലത്തു ദൈവീകന്യായ വിധിയുടെ കഷ്ടങ്ങൾ ഭൂവാസികളുടെമേൽ വരുത്തുന്നതിനായി ദൈവം സാത്താനെ അനുവദിക്കുക യാണെന്നു അഭിപ്രായപ്പെടുന്നു. ആദ്യത്തെ നാലു മുദ്രകൾ പൊട്ടിച്ചപ്പോൾ പ്രത്യക്ഷപ്പെട്ട കുതിരസ ഞ്ചാരികൾക്കു ഭൂവാസികളുടെമേൽ ദൈവീകന്യായവിധികൾ വരുത്തുവാൻ അധികാരം ലഭിച്ചതുപോലെ ആയിരിക്കാം ഇവിടെയും അഗാധകൂപത്തിന്റെ താക്കോൽ സാത്താന്യദൂതനു ലഭിക്കുന്നതും.

**അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ച ദൂതൻ ആര് —**

**അഭിപ്രായം (2) — ദൈവദൂതൻ —**

അഞ്ചാം കാഹളം ഊതിയപ്പോൾ ഭൂമിയിൽ വീണുകിടക്കുന്നതും, അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചതും, അതുപയോഗിച്ചു അഗാധകൂപം തുറന്നതുമായ ദൂതൻ ദൈവദൂതൻ തന്നെയെന്നതാണ് മറ്റൊ രഭിപ്രായം —

**1. > ഭൂമിയിലേക്കു വീണ ദൂതൻ ദൈവദൂതൻ —**

ആകാശത്തുനിന്നും അഥവാ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ കാണപ്പെട്ട ദൂതൻ ദൈവത്തിന്റെ കാര്യപരിപാടികൾ നടത്തുവാൻ ഭരമേൽപ്പിക്കപ്പെട്ട ദൂതൻ എന്ന നിലയിൽ ദൈവദൂതൻ എന്നഭിപ്രായ പ്പെടുന്നു. വീണു എന്നു പറഞ്ഞിരിക്കുന്നത് ദൂതന്റെ ഔദ്യോഗികസ്ഥാനത്തിനുണ്ടായ വീഴ്ച അഥവാ പാപം ചെയ്ത നിലയിൽ വീണു എന്നു ചിന്തിക്കുവാൻ പാടില്ല. സ്വർഗ്ഗത്തിൽ നിന്നു ദൈവത്തിന്റെ ആജ്ഞ അനുസരിച്ചു ഇറങ്ങി വന്നതാകാം. അതായത് സ്വർഗ്ഗത്തിൽ നിന്നുള്ള അവരോഹവേഗത്തെ കാണിക്കുന്നതാണ് വീഴുക എന്ന പദം.

**2. > അഗാധകൂപത്തിന്റെ രാജാവായ ദൂതൻ —**

അഗാധകൂപത്തിന്റെ രാജാവായ ദൂതൻ എന്നു വെളി.9:11-ൽ പറഞ്ഞിരിക്കുന്ന ദൂതനും വെളി.9:1-ൽ പറഞ്ഞിരിക്കുന്ന ദൂതനും ഒന്നല്ല എന്നഭിപ്രായമുണ്ട്. യോഹന്നാൻ ഭൂമിയിൽ കാണപ്പെട്ട ദൂതൻ ദൈവ ത്തിന്റെ ഹിതം നിറവേറ്റാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ദൈവദൂതനാണ്. എന്നാൽ അഗാധകൂപം തുറന്നപ്പോൾ കാണപ്പെട്ട സാത്താന്യദൂതനാണ് വിനാശകൻ എന്ന പേരിലുള്ള രാജാവായ അഗാധകൂപ ദൂതൻ. ഭൂതങ്ങളോടൊപ്പം അഗാധകൂപത്തിൽ ബന്ധനത്തിലായിരിക്കുന്ന ഈ ദൂതൻ വീണുപോയ ദൂത നാണ്.

**3. > അഗാധകൂപത്തിന്റെ താക്കോൽ —**

അഗാധകൂപം സാത്താന്യദൂതന്മാരുടെ തടവറയും ആവാസകേന്ദ്രവുമായതിനാൽ സാത്താന്യദൂ തന്മാരിൽ ഒരുവനെതന്നെ അതിന്റെ താക്കോൽ അഥവാ അധികാരം ദൈവം ഏല്പിക്കുമെന്നു കരുതു വാൻ കഴിയുകയില്ല. സകലദൈവീകപദ്ധതികളെയും തകിടം മറിക്കുന്നവനും, അസത്യവാദിയും, വിനാ ശകനും, വഞ്ചകനുമായ സാത്താനെ അഴിച്ചു വിടുവാൻ ഒരു സാത്താന്യദൂതനെ ദൈവം ഉപയോഗിക്കു വാൻ സാദ്ധ്യതയില്ല. സ്വർഗ്ഗസിംഹാസനത്തിനു ചുറ്റും എണ്ണമറ്റ ദൈവദൂതന്മാർ ദൈവത്തെ സേവിച്ചും, ആരാധിച്ചും, ദൈവകല്പനകൾ നിറവേറ്റുവാൻ സദാ തയ്യാറായിരിക്കുകയും ചെയ്യുന്നു. കാൽവറിയിൽ സാത്താന്റെയും അവന്റെ വർഗ്ഗത്തിന്റെയും തല തകർത്തു മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ തന്റെ ഏകജാതനായവൻ കൈവശപ്പെടുത്തിയെങ്കിൽ അതു വീണ്ടും സാത്താന്റെ കയ്യി

ലേക്കു കൊടുക്കുമെന്നതു  ചിന്തനീയമല്ല.

**അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ച ദൂതൻ ആര് ?  — നിഗമനം —**

അഞ്ചാം കാഹളം ഊതിയപ്പോൾ ഭൂമിയിൽ വീണുകിടക്കുന്നതും, അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചതും, അതുപയോഗിച്ചു അഗാധകൂപം തുറന്നതുമായ ദൂതൻ സാത്താന്യദൂതനാണെന്നും അതല്ല ദൈവത്തിന്റെ ദൂതൻ തന്നെയെന്നും  രണ്ടഭിപ്രായങ്ങളും നിലനിൽക്കുന്നു.  ദൂതൻ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ വീണു കിടക്കുന്നതു കണ്ടെന്നുള്ള യോഹന്നാന്റെ പ്രസ്താവനയും, താക്കോൽ അല്പകാലത്തേക്കു മാത്രമാണു സാത്താന്യദൂതനെ ഏല്പിക്കുന്നതെന്നുമുള്ള നിഗമനത്തിലും സാത്താന്യദൂതനായിരിക്കാമെന്നു ബഹുഭൂരിപക്ഷം വേദപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. ദൈവം സർവ്വശക്തനായതിനാൽ സാത്താന്യദൂതന്മാരെക്കൊണ്ടുപോലും ദൈവത്തിന്റെ കാര്യങ്ങൾ പ്രവർത്തിപ്പാൻ കഴിയും. എന്നാൽ വെളി.20-ാം അദ്ധ്യായത്തിൽ അഗാധകൂപത്തിന്റെ താക്കോലുമായി രംഗപ്രവേശനം ചെയ്യുന്ന ഒരു ദൂതനെ കാണുന്നുണ്ട്. **വെളി.20:1-3 —** *“അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചു വിടേണ്ടതാകുന്നു.”*    ഇവിടെ പ്രത്യക്ഷപ്പെടുന്ന ദൂതനും ഒമ്പതാം അദ്ധ്യായത്തിൽ കാണുന്ന ദൂതനും ദൈവത്തിന്റെ ദൂതൻ തന്നെ എന്നു ചിന്തിക്കുന്നതാണ് ഏറെ ഉചിതം. ആദാമിന്റെ വീഴ്ചയാൽ സകലമനുഷ്യരും പാപികളായിത്തീർന്നു. പാപത്തിനുള്ള ശമ്പളം മരണമായതിനാൽ സകലമനുഷ്യരും മരണത്തിനധീനരായി. ഇതിനൊക്കെ കാരണക്കാരനായത് സൂത്രശാലിയും വഞ്ചകനുമായ പിശാചാണ്. എന്നാൽ കാൽവറിയിൽ പൂർത്തീകരിക്കപ്പെട്ട യേശുക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗത്താൽ പിശാചിനെ തോൽപ്പിക്കുവാൻ കഴിഞ്ഞു. കാൽവറിയിൽ ജയാളിയായ ക്രിസ്തു മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ കൈവശമാക്കി. ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തുവിനെ പത്മൊസ്ദ്വീപിൽ വച്ച് ദർശിച്ച യോഹന്നാൻ ഇക്കാര്യം കേൾക്കുകയുണ്ടായി. **വെളി.1:18 —** *“ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ടു.”* മനുഷ്യവർഗ്ഗത്തെ വഞ്ചിച്ചു സകലഅധികാരവും അവനിൽ നിന്നു കവർന്നെടുത്ത സാത്താനെ വീണ്ടും അല്പനേരത്തേക്കെങ്കിലും സാത്താന്റെ തടവറയായ അഗാധകൂപത്തിന്റെ താക്കോൽ ദൈവം ഏല്പിച്ചുവെന്നു വിശ്വസിക്കുവാൻ ന്യായമില്ല. യോഹന്നാൻ കണ്ട ദൂതൻ ഒരു പക്ഷേ അഗാധകൂപത്തിനു പുറത്തു കാവൽ നിന്ന ദൂതനായിരിക്കാം. ആയതിനാൽ അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചതും അതുപയോഗിച്ചു തുറക്കുന്നതുമായ ദൂതൻ ദൈവം ശുശ്രൂഷ ഏൽപ്പിച്ച ദൈവദൂതൻ തന്നെയെന്നു വിശ്വസിക്കുന്നതാണ് ഏറെ അഭികാമ്യം.

**അവന്നു അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു —** (To him was given the key to the bottomless pit)

അഞ്ചാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ ആകാശമദ്ധ്യേ വിളംഭരം ചെയ്യപ്പെട്ട ഒന്നാമത്തെ കഷ്ടം ആരംഭിക്കുകയായി. അതിന്റെ പ്രാരംഭമായി യോഹന്നാൻ കണ്ടത് ഭൂമിയിൽ വീണുകിടക്കുന്ന ഒരു ദൂതനെയാണ്. പ്രത്യേകദൗത്യവുമായി ദൈവീകാജ്ഞയനുസരിക്കാൻ എത്തിയ ദൂതൻ ദൈവദൂതനായിക്കാനാണ് സാദ്ധ്യത. ഒരു പക്ഷേ സാത്താന്യദൂതനാണെങ്കിൽ കൂടി ദൈവകല്പന അനുസരിക്കുവാൻ  ബാദ്ധ്യസ്ഥനുമാണ്. ആ നിലയിൽ ദൂതൻ ആരാണെന്നതിനെക്കുറിച്ചു ഏറെ ചിന്തിക്കേണ്ട കാര്യവുമില്ല.  തുടർന്നു ഈ ദൂതന് അഗാധകൂപത്തിന്റെ താക്കോൽ ലഭിക്കുന്നതും യോഹന്നാൻ കണ്ടു.

**ദൈവദൂതന്മാർ —**

ദൂതന്മാർ ദൈവത്തിന്റെ സൃഷ്ടികളാണ് (സങ്കീ.148:5). എപ്പോഴാണ് സൃഷ്ടിക്കപ്പെട്ടതെന്നു അറിയില്ലെങ്കിലും ഭൂമിക്കു അടിസ്ഥാനമിട്ടപ്പോൾ ദൈവപുത്രന്മാർ സന്തോഷിച്ചു എന്നു കാണുന്നു (ഇയ്യോ.38:4-7).  ദൈവദൂതന്മാർ പ്രധാനമായി രണ്ടു തരത്തിലുണ്ട്. കെരൂബുകൾ (ഉല്പ.3:24/പുറ.25:8/ യെഹെ.10:1-20) സാറാഫുകൾ (യെശ.6:1-8) എന്ന പേരിൽ അവർ അറിയപ്പെടുന്നു.

**സാത്താന്യദൂതന്മാർ —**

വിശുദ്ധദൂതന്മാരിൽ ഒരു വിഭാഗം പാപം ചെയ്തതിന്റെ ഫലമായി അവർ ദൈവസന്നിധിയിൽ നിന്നു പുറത്താക്കപ്പെട്ടു. അവരാണ് സാത്താന്യദൂതന്മാർ.  എബ്രായഭാഷയിൽ സേറ്റൻ (SATAN) എന്നും ഗ്രീക്കിൽ സാറ്റനാസ് (SATANAS) എന്നുമുള്ള പദങ്ങളിൽനിന്നാണ്  സാത്താൻ (SATAN) എന്ന പദം വന്നിട്ടുള്ളത്. ഗ്രീക്കിൽ ഭൂതം, ദുർഭൂതം, ദുരാത്മാവ് എന്നർത്ഥമുള്ള ഡെയ്മോൻ (DAiMON) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ദൈവശാസ്ത്രപഠനത്തിൽ ഭൂതങ്ങളെ അഥവാ സാത്തനെക്കുറിച്ചുള്ള പഠനത്തിനു ഡെമെനോളജി (DEMONOLOGY) എന്നു പറയുന്നു. സാത്താന്യദൂതന്മാരുടെ പ്രവർത്തനത്തോടു ബന്ധപ്പെടുത്തിയാൽ അവർ നാലു വിഭാഗങ്ങളുണ്ട് (1) സാത്താൻ (2) സ്വതന്ത്രസാത്താന്യദൂതന്മാർ (3) ബന്ധനസ്ഥരായ സാത്താന്യ ദൂതന്മാർ (4) ദുരാത്മാക്കൾ അഥവാ ഭൂതങ്ങൾ.

**(1) സാത്താൻ** (SATAN) —

തിരുവചനത്തിൽ സാത്താനെക്കുറിച്ചും അവന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ധാരാളം പറഞ്ഞി ട്ടുണ്ട്. ഏദെൻ തോട്ടം മുതൽ ഇവന്റെ പ്രവർത്തനം കാണുന്നു. ദൈവം ഒരുക്കിയ രക്ഷയെ നിർവ്വീര്യ മാക്കുവാൻ യേശുക്രിസ്തുവിന്റെ ജനനം മുതൽ ഉയിർത്തെഴുന്നേൽക്കുന്നതുവരെ അക്ഷീണം പ്രവർത്തി ച്ചു. കർത്താവിനെപ്പോലും അവൻ പരീക്ഷിച്ചു. എന്നാൽ കാൽവറിയാഗത്താൽ യേശുക്രിസ്തു സാത്താന്റെ മേൽ വിജയം കൊണ്ടാടി. സഭായുഗത്തിൽ ദൈവത്തിനു മഹത്വം കൊടുക്കുന്ന ഏതിനെയും സകല ആത്മീകപ്രവർത്തനങ്ങളെയും അവൻ എതിർക്കുന്നു. വിശ്വാസികളെ പീഡിപ്പിക്കുന്നതും, സഭയിൽ അനാ ത്മീകതയുണർത്തുന്നതും ഇവന്റെ പ്രവർത്തനമാണ്. എന്നാൽ ഇവനെയും കൂട്ടരെയും എന്നേക്കും നിത്യ നരകാഗ്നിയിലേക്കു തള്ളിയിടും.

**(2) സ്വതന്ത്രസാത്താന്യ ദൂതന്മാർ** (UNCHAINED SATANIC ANGELS)—

സാത്താനോടു ചേർന്നു പ്രവർത്തനങ്ങളിലേർപ്പെടുന്നുവെങ്കിലും വിശേഷിച്ചും അന്തരീക്ഷത്തിൽ വസിച്ചു പ്രവർത്തിക്കുന്നവരാണിവർ (വെളി.12:7-9). നിങ്ങൾ മുമ്പേ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാ വിനും അധിപതിയായവനെയും അനുസരിച്ചു നടന്നു (എഫെ.2:2) എന്ന വാക്യത്തിൽ ഇവരുടെ പ്രവർത്ത നമേഖല ആകാശമണ്ഡലമായി കരുതാം. ഇവർ സ്വതന്ത്രരായതിനാൽ എവിടെയും എപ്പോഴും ദൈവജ നത്തിനെതിരായി പ്രവർത്തിക്കുവാൻ കഴിയും. ഇക്കൂട്ടരുടെയും അന്ത്യം തീപ്പൊയ്കയിലാണ്.

**(3) ബന്ധനസ്ഥരായ സാത്താന്യ ദൂതന്മാർ** (CHAINED SATANIC ANGELS)—

ദൈവത്തോടു പാപം ചെയ്ത ഒരു കൂട്ടം ദൂതന്മാരാണിവർ. ഇവരെക്കുറിച്ചു പത്രൊസിന്റെ ലേഖ നത്തിൽ പറഞ്ഞിരിക്കുന്നു. **2.പത്രൊ.2:4 —** *"പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധ തമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും...."* മനുഷ്യവർഗ്ഗത്തെ മുഴുവൻ നശിപ്പിക്കുവാൻ കഴിവുള്ള ഈ ദൂതന്മാരെ ചങ്ങലയാൽ ബന്ധിച്ചു നാശകൂപമാകുന്ന അഗാധ കൂപത്തിലാക്കിയിരിക്കയാണ്. എന്നാൽ പീഡനകാലത്ത് അഞ്ചാം കാഹളം ധ്വനിക്കുന്നതോടുകൂടി ഭൂവാ സികളെ പീഡിപ്പിക്കുന്നതിനായി ഇവരെ തുറന്നു വിടും. അഞ്ചും ആറും കാഹളത്തോടനുബന്ധമായി ഭൂമിയിൽ നടക്കുന്ന അതിഭയങ്കരമായ പീഡകൾ ഇവരുടെ പ്രവർത്തനത്താലാണ്. എന്നേക്കും ബന്ധിത രായ മറ്റൊരു കൂട്ടത്തെക്കുറിച്ചു യൂദാ പറയുന്നുണ്ട്. **യൂദാ.6 —** *"തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങല യിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു."* എന്നാൽ മറ്റു സാത്താന്യദൂതന്മാരോടൊപ്പം ഇവ രെയും ഗന്ധകത്തീപ്പൊയ്കയിലേക്കു എന്നെന്നേക്കുമുള്ള ദണ്ഡനത്തിനായി തള്ളിയിടപ്പെടും.

**(4) ദുരാത്മാക്കൾ അഥവാ ഭൂതങ്ങൾ** (EVIL SPIRITS)—

സാത്താന്യസൈന്യത്തിലെ ഒരു വിഭാഗമാണ് ദുരാത്മാക്കൾ അഥവാ ഭൂതങ്ങൾ. ഇവർ ബന്ധിത രല്ല. സാത്താനാണ് ഭൂതങ്ങളുടെ തലവൻ (മത്താ.9:34/മത്താ.12:24). ഭൂതങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട് (സങ്കീ.106:37/യെശ.13:21/യെശ.34:13/മത്താ.8:16/മത്താ.9:32,33/മത്താ.10:8/ മത്താ.12:22/അപ്പൊ.19:12/1.കൊരി.10:20,21/). ഭൂതങ്ങൾ വ്യക്തിത്വമുള്ളവരും, അമാനുഷിക ശക്തിയുള്ളവ രും, സംഘമായി പ്രവർത്തിക്കുന്നവരും, മനുഷ്യരിൽ ഒന്നിൽകൂടുതൽ ദുരാത്മാക്കൾ കുടിപാർക്കുവാൻ കഴിവുള്ളവരാണെന്നും ഗെരസേന്യദേശത്തിലെ മനുഷ്യനിലെ ദുരാത്മാവിനെ കർത്താവു ഒഴിപ്പിച്ച സംഭവ ത്തിലൂടെ മനസ്സിലാക്കാം (മത്താ.8:28-34/ലൂക്കൊ.8:26-39). ദുരാത്മാക്കൾ അഥവാ ഭൂതങ്ങൾ മനുഷ്യന്റെ ആത്മീകത നശിപ്പിക്കുന്നു, ശാരീരികരോഗങ്ങൾ ഉണ്ടാക്കുന്നു, മാനസ്സികനിലയും തകരാറിലാക്കുന്നു.

**ദുരാത്മാക്കളുടെയും ഭൂതങ്ങളുടെയും പ്രവർത്തനങ്ങൾ —**

സാത്താനും അവന്റെ ശുശ്രൂഷക്കാരായ ദുരാത്മാക്കളും ഭൂതങ്ങളും സകല തിന്മയും പ്രവർത്തി ക്കുന്നു (2.കൊരി.11:14,15). ദുരാത്മാക്കളുടെ പ്രവർത്തനങ്ങൾ വൈവിദ്ധ്യമാർന്നതാണ് —

(1) വിശ്വാസികളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു, തന്ത്രങ്ങൾ മെനയുന്നു (എഫെ.6:10-12).

(2) ദുരുപദേശങ്ങൾ പ്രോത്സാഹിപ്പിക്കുന്നു (1.തിമൊ.4:1)

(3) വിഗ്രഹാരാധന പ്രോത്സാഹിപ്പിക്കുന്നു (ലേവ്യ.17:7/ആവ.32:17/സങ്കീ.106:36-38)

(4) ശാരീരികമായ രോഗങ്ങളും വൈകല്യങ്ങളും ഉണ്ടാക്കുന്നു (സംസാരശേഷി —മത്താ.9:32,33/ കാഴ്ച — മത്താ.12:22/ചന്ദ്രരോഗം — മത്താ.17:15-18/മർക്കൊ.9:20/ തന്നത്താൻ ഉപദ്രവിക്കുക — മർക്കൊ.5:5/ ആത്മഹത്യ— മർക്കൊ.9:22)

(5) മാനസിക രോഗങ്ങൾ ഉണ്ടാക്കുന്നു, ആത്മഹത്യയിലേക്കു നയിക്കുന്നു (ലൂക്കൊ.8:27-29/മർക്കൊ.9:22).

(6) ദൈവത്തിന്റെ അനുവാദത്തോടെ വിശ്വാസികളിൽ കഷ്ടമുണ്ടാക്കുന്നു (ഇയ്യോ.2:7-9/ 2കൊരി.12:7)

(7) സഭയിൽ സ്വാർത്ഥത, ഭിന്നത ഉണ്ടാക്കുന്നു (യാക്കോ.3:14,15).

വിശ്വാസികൾ സാത്താനെയും, ഭൂതങ്ങളെയും, ദുരാത്മാക്കളെയും ഭയപ്പെടേണ്ടതില്ല. പക്ഷേ അവന്റെ തന്ത്രങ്ങളെ മനസ്സിലാക്കി കരുതലോടെ ജീവിക്കണം. *"നിങ്ങളുടെ പ്രതിയോഗിയായ പിശാചു*

*അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു"* എന്നു പത്രൊസ് അപ്പൊസ്തലൻ മുന്നറിയിപ്പു നൽകുന്നുണ്ട് (1.പത്രൊ.5:8). മരിച്ചുപോയ ദുഷ്ടന്മാരും, ആത്മഹത്യചെയ്തവരും ദുരാത്മാവായി, ദുർഭൂതങ്ങളായി ഭൂമിയിൽ അലഞ്ഞു സഞ്ചരിക്കാറുണ്ടെന്നു പറഞ്ഞു കേൾക്കാറുണ്ട്. തിരുവചനപ്രകാരം ഇതു ശരിയല്ല. മരിച്ചുപോയ വിശുദ്ധന്മാരുടെ ആത്മാക്കൾ ദൈവസന്നിധിയിലും (ലൂക്കൊ.16:22), രക്ഷിക്കപ്പെടാത്തവരുടെ ആത്മാക്കൾ യാതനാസ്ഥലത്തുമാണ് (സങ്കീ.9:17/യെഹെ.32:17-24/ലൂക്കൊ.16:23/വെളി.20:13) മരണാനന്തരം എത്തുന്നത്. ദുഷ്ടാത്മാക്കൾ (രക്ഷിക്കപ്പെടാതെ മരിച്ചവർ) പാതാളമാകുന്ന തടവറയിൽ ബന്ധനസ്ഥരായിരിക്കുന്നതിൽ അവർക്കു ഭൂമിയിൽ സഞ്ചരിക്കുവാൻ കഴിയുകയില്ല. കർത്താവിനോടു ചേർന്നു വസിക്കുന്ന ഒരു വിശ്വാസിക്കു സാത്താനെയോ, ദുരാത്മാവിനെയോ, ദുർഭൂതത്തെയോ ഭയപ്പെടേണ്ട ആവശ്യമില്ല.

**സ്വർഗ്ഗവും നരകവും —**

ദൈവവും സാത്താനും യാഥാർത്ഥ്യമായിരിക്കുന്നതുപോലെ സ്വർഗ്ഗവും നരകവും യാഥാർത്ഥ്യമാണ്. മരണാനന്തരം ദൈവമക്കൾ സ്വർഗ്ഗത്തിലേക്കാണ് പോകുന്നത്. എന്നാൽ പിശാചിന്റെ കൂട്ടർ അഥവാ രക്ഷിക്കപ്പെടാത്തവർ താൽക്കാലിക തടവറയായ യാതാനാ സ്ഥലത്തായിരിക്കുമെത്തുക. അവരുടെ അന്ത്യന്യായവിധിക്കു ശേഷം എന്നേക്കുമുള്ള ദണ്ഡനത്തിനായി തീപ്പൊയ്കയിലെത്തും. അതുപോലെ സാത്താനെയും അവന്റെ അനുയായികളെയും അന്ത്യന്യായവിധി നടത്തി തീപ്പൊയ്കയിലേക്കു തള്ളുന്നതിനു മുമ്പായി വിവിധ തരത്തിലുള്ള തവറകളും ഉണ്ട്.

**പാപികളുടെ തടവറകളും സാത്താന്യ തടവറകളും —**

**(1) അന്ധതമസ്സ് (Darkness) —** ഗ്രീക്കിൽ റ്റാർട്ടാറൂ (tartaroo) എന്നും ലാറ്റിൻ ഭാഷയിൽ റ്റാർട്ടാറസ് (tartarus) എന്നും പറയുന്നു. പാപം ചെയ്ത ദൂതന്മാരുടെ വാസസ്ഥലമാണിത്. പാപം ചെയ്ത ദൂതന്മാരെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു സൂക്ഷിച്ചിരിക്കുകയാണെന്നു പത്രൊസ് പറഞ്ഞിരിക്കുന്നു (2.പത്രൊ.2:4).

**(2) നരകം (Hell) —** ഗ്രീക്കിൽ ഹെയിഡ്സ് (hades) എന്നും എബ്രായഭാഷയിൽ ഷീയോൾ (sheol) എന്നും പറയുന്നു. രക്ഷിക്കപ്പെടാത്തവർ മരണശേഷം ചെന്നെത്തുന്ന യാതനാസ്ഥലമാണിത്. ധനവാൻ മരണാനന്തരം യാതനാസ്ഥലത്താണെത്തിയതെന്നു കാണുന്നു (ലൂക്കൊ.16:23).വെള്ളസിംഹാസനത്തിനു മുമ്പാകെയുള്ള അന്ത്യന്യായവിധിക്കു ശേഷം യാതനാശ്തലത്തു നിന്നും തീപ്പൊയ്കയിലേക്കു മാറ്റും (വെളി.20:12-15).

**(3) അഗാധകൂപം (Bottomless Pit) —** ഗ്രീക്കിൽ എബിസ് (abyss) എന്ന പദത്തിനു അഗാധം അഥവാ അടിയില്ലാത്ത (bottomless) എന്നർത്ഥം. ദുരാത്മാക്കൾ, ദുർഭൂതങ്ങൾ, സാത്താന്യദുഷ്ടശക്തിയുള്ള ദൂതന്മാർ എന്നിവരുടെ തടവറയാണിത്. അഗാധകൂപത്തിലെ ദുഷ്ടത്മശക്തികളുടെ നായകൻ വിനാശകൻ എന്നർത്ഥമുള്ള അപ്പൊല്ലുവോൻ അഥവാ അബദ്ദോൻ ആണ് (വെളി.9:11). പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ ആയിരം ആണ്ടേക്കു ബന്ധിച്ചിടുന്ന തടവറയുമാണ് (വെളി.20:1-3).

**(4) തീപ്പൊയ്ക (Lake of Fire )—**ഗ്രീക്കിൽ ഗേഹന്ന (gehanna) എന്നും എബ്രായഭാഷയിൽ ഗേ (gay)എന്നും പറയുന്നു. രക്ഷിക്കപ്പെടാത്ത പാപികൾ, സാത്താനും അവന്റെ ശുശ്രൂഷകരുമായ ദുഷ്ടാത്മശക്തികൾ, ഭൂതങ്ങൾ, ദുരാത്മാക്കൾ, ദുഷ്ടദൂതന്മാർ എന്നിങ്ങനെ സകലരെയും തള്ളിക്കളയുന്ന നിത്യദണ്ഡനസ്ഥലമാണ് തീപ്പൊയ്ക (മത്താ.5:22,29,30/മത്താ.10:28/മത്താ.23:33/വെളി.20:14,15).

**ദൈവമക്കളുടെ വാസസ്ഥലം —**

**(1) പറുദീസ (Paradise) —** ദൈവത്തെ അന്വേഷിക്കുകയും ദൈവകൃപ പ്രാപിച്ചവരുമായ നീതിമാന്മാരായവരുടെ വാസസ്ഥലമാണിത്. ഇതിനെ അബ്രഹാമിന്റെ മടി എന്നും ഇതിനെ വിളിക്കപ്പെട്ടിരുന്നു. ദരിദ്രനായ ലാസർ മരണാനന്തരം ഇവിടെയാണ് എത്തിയത് (ലൂക്കൊ.16:22). കർത്താവു രാജത്യം പ്രാപിച്ചു വരുമ്പോൾ തന്നെ ഓർക്കേണമേ എന്നു അപേക്ഷിച്ച ദുഷ്പ്രവർത്തിക്കാരനു കർത്താവു വാഗ്ദത്തം നൽകിയതും പറുദീസാ ആയിരുന്നു (ലൂക്കൊ.23:43). പറുദീസാ ആശ്വാസത്തിന്റെയും സന്തോഷത്തിന്റെയും, വിശ്രമത്തിന്റെയും സ്ഥാനമാണ്. ക്രൂശുമരണശേഷം കർത്താവു അധോമണ്ഡലത്തിലിറങ്ങി സകലവിശുദ്ധന്മാരെയും സ്വർഗ്ഗത്തിലേക്കു കയറ്റി എന്നും (സങ്കീ.68:18/ലൂക്കൊ.23:43/എഫെ.4:8-10/), ആയതിനാൽ പറദീസയിൽ ഇപ്പോൾ ആരുമില്ലയെന്നും അഭിപ്രായമുണ്ട്.

**(2) കർത്താവിനോടൊപ്പം (With the Lord) —** സഭായുഗത്തിലെ രക്ഷിക്കപ്പെട്ട സകലരും മരണാനന്തരം ആയിരിക്കുന്നത് കർത്താവിനോടൊപ്പമാണ് (2.കൊരി.5:8/ഫിലി.1:23/1.തെസ്സ.4:17).

**(3) പുതിയ ആകാശം പുതിയ ഭൂമി (New heavens and earth) —** ദൈവത്തോടൊപ്പം നിത്യം വസിക്കുന്ന സ്ഥലം (വെളി.20:4-6/വെളി.21:1-4). ന്യായവിധി, നിത്യമരണം, നിത്യദണ്ഡനം എന്നിവക്കു ശേഷം പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരൂശലേം എന്നിവ സ്ഥാപിക്കപ്പെടുന്നു. സഹസ്രാബ്ദം

തീരുന്നതുവരെ ഭൂമിയിൽ മരണം ഉണ്ടായിരുന്നു. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടതിനാൽ ഇനിമേൽ മരണം ഉണ്ടാകുകയില്ല. മനുഷ്യരോടു കൂടെ ദൈവം വസിക്കുവാനാഗ്രഹിച്ചത് പുതിയ ആകാശം പുതിയഭൂമി എന്നിവയുടെ സ്ഥാപനത്തോടെ സാദ്ധ്യമാകുന്നു (വെളി.21). പരിശുദ്ധാത്മാവു ഇന്നു നമ്മോടു കൂടെ ഭൂമിയിൽ വസിക്കുന്നു. ആയിരമാണ്ട് വാഴ്ചയിൽ ദൈവമക്കളോടൊപ്പം പരിശുദ്ധാത്മാവും ക്രിസ്തുവും വസിക്കുന്നു. എന്നാൽ പുതിയ ആകാശം പുതിയ ഭൂമി സ്ഥാപിതമാകുന്നതോടെ പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമക്കളോടൊപ്പം യുഗായുഗം വസിക്കും.

**അഗാധകൂപം** (pit of abyss = bottomless pit) —

അഗാധകൂപം എന്നാൽ അഗാധത്തിലുള്ള കൂപം അഥവാ അഗാധത്തിലുള്ള ഗർത്തം എന്നാണ്. ഇതു കൂരിരുട്ടു നിറഞ്ഞതും അത്യഗാധമായ ആഴത്തിൽ കുഴിയുള്ള തടവറയുമാണ്. വെളിപ്പാടു പുസ്തകത്തിൽ അഗാധകൂപത്തെപ്പറ്റി ഏഴു പ്രാവശ്യം പറഞ്ഞിട്ടുണ്ട് (വെളി.9:1/9:2/9:11/11:7/17:8/20:1/20:3). ഗ്രീക്കിൽ എബിസ് (abyss) എന്ന പദത്തിനു അഗാധം അഥവാ അടിയില്ലാത്ത (bottomless) എന്നർത്ഥം. അഗാധകൂപം രക്ഷിക്കപ്പെടാതെ മരിച്ചവരുടെ ഇടക്കാല തടവറയോ, ഒടുക്കത്തെ നരകമായ തീപ്പൊയ്കയോ അല്ല. അഗാധകൂപം സാത്താന്യശക്തികളുടെ തടവറയാണ് — (1) സാത്താൻ — വെളി.9:11 ; വെളി.20:1–3/ (2) ദുരാത്മാവ് — ലൂക്കൊ.8:31; 2.പത്രൊ.2:4; യൂദാ.6 (3) സാത്താന്യമൃഗം — വെളി.11:7; വെളി.17:8. സാത്താനോടു കൂടി വീണുപോയ ദൂതന്മാരല്ല മറിച്ചു ആദാമ്യയുഗത്തിനു മുമ്പു അഥവാ ഭൂമി പുനഃസ്ഥാപിക്കുന്നതിനു മുമ്പു അടയ്ക്കപ്പെട്ടവരാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. അതായത് ഭൂമി പാഴായും ശൂന്യമായും തീരത്തക്കവണ്ണം (ഉല്പ.1:2) പാപം ചെയ്തവരെ ഭൂമിക്കടിയിലെ അഗാധകൂപത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. പക്ഷേ തിരുവചനത്തിൽ ഇതിനു വ്യക്തമായ രേഖയില്ല. പാപം ചെയ്ത അപ്പൊല്ലുവോൻ അഥവാ അബദ്ദോനും സംഘവുമാണ് അഗാധകൂപത്തിൽ അടക്കപ്പെട്ടിരിക്കുന്നത്(വെളി.9:11). യാതനാസ്ഥലമായ പാതാളം (hades) രക്ഷിക്കപ്പെടാത്ത പാപികൾ ചെന്നെത്തുന്ന സ്ഥലമാണ് (ലൂക്കൊ.16:23). എന്നാൽ അഗാധകൂപം (bottomless pit) സാത്താന്യദൂതന്മാരുടെ തടവറയായി കരുതാം. ഗെരസേന്യദേശത്തെ ഭൂതബാധിതനായ മനുഷ്യനെ കർത്താവു സൗഖ്യമാക്കിയപ്പോൾ ഭൂതങ്ങൾ അവരെ പാതാളത്തിലേക്ക് അഥവാ അഗാധകൂപത്തിലേക്കയക്കരുതെന്നു കർത്താവിനോടു അപേക്ഷിച്ചു (ലൂക്കൊ.8:31/മത്താ.8:31). സാത്താന്യശക്തികൾ പോലും ഏറ്റവും അധികം അഗാധകൂപത്തെ ഭയപ്പെടുന്നുവെന്നത് ഇതിലൂടെ അഗാധകൂപത്തിന്റെ ഭയങ്കരത്വം വെളിപ്പെടുത്തുന്നു. അഗാധകൂപം താൽക്കാലിക തടവറയാണ്. എന്നാൽ ബന്ധിതരായതും അല്ലാത്തതുമായ സകലസാത്താന്യശക്തികളുടെയും നിത്യദണ്ഡനം ഗന്ധകത്തീപ്പൊയ്കയിലാണ് (വെളി.19:20/വെളി.20:10/മത്താ.25:41).

**വെളി.9:2 — "അവൻ അഗാധകൂപം തുറന്നു; ഉടനെ പെരുഞ്ചൂളയിലെ പുകപോലെ കൂപത്തിൽനിന്നു പുക പൊങ്ങി; കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി."**(And he opened the bottomless pit, and smoke arose of a great furnace. So the sun and the air were darkened because of the smoke of the pit)

അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ച ദൂതൻ അതുപയോഗിച്ചു അഗാധകൂപം തുറന്നു. തുറന്ന മാത്രയിൽ പെരുഞ്ചൂളയിലെ പുകപോലെ അഗാധകൂപത്തിൽ നിന്നു പുക പുറത്തേക്കു പ്രവഹിച്ചു. കൂപത്തിൽ നിന്നുയർന്ന പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി.

**അവൻ അഗാധകൂപം തുറന്നു** — (And he opened the bottomless pit)

അഗാധകൂപത്തിന്റെ താക്കോൽ കർത്താവിന്റെ കൈവശമാണ് (വെളി.1:18). താക്കോൽ അധികാരത്തെയും അവകാശത്തെയും കുറിക്കുന്നു. അഞ്ചാം കാഹളത്തോടനുബന്ധിച്ചുള്ള ന്യായവിധി ആരംഭിക്കുന്നതിനായി താക്കോൽ ദൂതനെ ഏൽപ്പിക്കുകയും ദൂതൻ അഗാധകൂപം തുറക്കുകയും ചെയ്തു.

**ഉടനെ പെരുഞ്ചൂളയിലെ പുകപോലെ കൂപത്തിൽനിന്നു പുക പൊങ്ങി** — (and smoke arose of a great furnace.)

അഗാധകൂപം സാത്താന്റെ ദണ്ഡനസ്ഥലമായ താൽക്കാലിക തടവറയാണ്. ദൈവത്തെ സ്വീകരിക്കാത്ത പാപികളുടെയും, സകല സാത്താന്യശക്തികളുടെയും നിത്യദണ്ഡനസ്ഥലമായ നരകം ഗന്ധകത്തീപ്പൊയ്കയാണ്. കർത്താവു നരകത്തെ തീച്ചൂളയോടു സാമ്യപ്പെടുത്തിയിട്ടുണ്ട് (മത്താ.13:42,50). അഗാധകൂപം സാത്താന്യശക്തികളുടെ താൽക്കാലിക തടവറയാണെങ്കിലും അവിടെയും തീച്ചൂളയുടെയും തീയുടെയും സാന്നിദ്ധ്യം ഉണ്ട്. അതുകൊണ്ടാണ് അഗാധകൂപം തുറന്ന ഉടനെ പെരുഞ്ചൂളയിലെ പുകപോലെ കൂപത്തിൽ നിന്നു പുക പൊങ്ങി എന്നു പറഞ്ഞിരിക്കുന്നത്. തീയുള്ളിടത്തു പുക ഉയരുന്നത് സ്വാഭാവികമാണ്.

പഴയനിയമതിരുവെഴുത്തുകളിൽ പുക ഉയരുന്നത് ദൈവസാന്നിദ്ധ്യത്തെയും ന്യായവിധിയെയും കുറിക്കുന്നു —

**ദൈവസാന്നിദ്ധ്യം —**

> സീനായ് പർവ്വതത്തിൽ ദൈവം — **പുറ.19:18 —** *"യഹോവ തീയിൽ സീനായിപർവ്വതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുകകൊണ്ടു മൂടി; അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി; പർവ്വതം ഒക്കെയും ഏറ്റവും കുലുങ്ങി."*

**ന്യായവിധി —**

> സെദോം ഗൊമോരെക്കു നേരെയുള്ള ന്യായവിധി —**ഉല്പ.19:28 —** *"സൊദോമിന്നും ഗൊമോരെക്കും ആ പ്രദേശത്തിലെ സകലദിക്കിന്നും നേരെ നോക്കി, ദേശത്തിലെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങുന്നതു കണ്ടു."*

> യിസ്രായേലിന്റെ ശത്രുക്കളുടെ മേലുള്ള ന്യായവിധി – **യെശ.34:10 —***"രാവും പകലും അതു കെടുകയില്ല; അതിന്റെ പുക സദാകാലം പൊങ്ങിക്കൊണ്ടിരിക്കും; തലമുറതലമുറയായി അതു ശൂന്യമായ്ക്കിടക്കും; ഒരുത്തനും ഒരുനാളും അതിൽകൂടി കടന്നു പോകയുമില്ല."*

> യഹോവയുടെ ദിവസത്തോടനുബന്ധിച്ചുള്ള ന്യായവിധി – **യോവേ.2:30 —** *"ഞാൻ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങളെ കാണിക്കും; രക്തവും തീയും പുകത്തൂണും തന്നേ."*

> നീനെവേനഗരത്തിനെതിരായുള്ള ന്യായവിധി – **നഹൂം.2:13 —***"ഞാൻ നിന്റെ നേരെ വരും; ഞാൻ അതിന്റെ രഥങ്ങളെ ചുട്ടു പുകയാക്കും."*

വെളിപ്പാടു പുസ്തകത്തിൽ ദൈവീകവിശുദ്ധിയോടും ന്യായവിധിയോടും പുക ബന്ധപ്പെട്ടിരിക്കുന്നു —

**ദൈവീകവിശുദ്ധി —**

> **വെളി.8:4 —** *"ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽ ദൈവസന്നിധിയിലേക്കു കയറി."*

> **വെളി.15:8 —** *"ദൈവത്തിന്റെ തേജസ്സും ശക്തിയും ഹേതുവായിട്ടു ദൈവാലയം പുകകൊണ്ടു നിറഞ്ഞു."*

**ന്യായവിധി —**

> **വെളി.9:17,18 —***"കുതിരകളുടെ തല സിംഹങ്ങളുടെ തലപോലെ ആയിരുന്നു. വായിൽ നിന്നു തീ, പുക, ഗന്ധകം എന്നീ മൂന്നുബാധയാൽ മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചുപോയി."*

> **വെളി.14:11 —** *"അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും."*

> **വെളി.18:9 —** *"അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ ...."*

> **വെളി.18:18 —***"അവളുടെ ദഹനത്തിന്റെ പുക കണ്ടു: മഹാനഗരത്തോടു തുല്യമായ നഗരം ഏതു എന്നു നിലവിളിച്ചു പറഞ്ഞു."*

> **വെളി.19:3 —** *"അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു എന്നു പറഞ്ഞു."*

അഗാധകൂപത്തിന്റെ വാതിൽ തുറന്ന മാത്രയിൽ പെരുഞ്ചൂളയിലെ പുക പോലെ കൂപത്തിൽ നിന്നു പുക പൊങ്ങി എന്നുള്ള പ്രസ്താവന ഒരു അഗ്നിപർവ്വതം പൊട്ടുമ്പോഴുണ്ടാകുന്ന പ്രതീതിയാണുർത്തുന്നത്. ഇവിടെ ഉയരുന്ന പുക ദൈവീകന്യായവിധിയെ വെളിപ്പെടുത്തുന്നു. അഗാധകൂപമെന്ന തടവറയിൽ അശുദ്ധാത്മജീവികളും ദുരാത്മാക്കളും ഉൾപ്പെട്ട സാത്താന്യസൈന്യമാണ് തടവുകാരായി കിടക്കുന്നത്. അടിത്തട്ടില്ലാത്ത അത്യഗാധമായ കുഴിയിൽ യുഗായുഗങ്ങളായി പെരുഞ്ചൂളയുടെ അനുഭവത്തിൽ കിടക്കുന്ന തടവറ തുറക്കുമ്പോൾ നാറ്റം വമിക്കുന്ന പുക ഉയരുന്നത് സ്വാഭാവികമാണ്.

**കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി —** (So the sun and the air were darkened because of the smoke of the pit)

യുഗങ്ങളായി അടച്ചിട്ടിരുന്ന അഗാധകൂപത്തിന്റെ വാതിൽ തുറന്നപ്പോൾ അതിശക്തമായ പുക ഉയരുകയുണ്ടായി. അതുനിമിത്തം സൂര്യനും ആകാശവും ഇരുണ്ടുപോയി എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. ആറാം മുദ്ര പൊട്ടിച്ചപ്പോൾ സൂര്യൻ കരിമ്പടംപോലെ കറുത്തു (വെളി.6:2). നാലാമത്തെ കാഹളം ഊതിയപ്പോൾ സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും മൂന്നിലൊന്നിനു ബാധ തട്ടിയതു മൂലം അവയിൽ മൂന്നിലൊന്നു ഇരുണ്ടുപോകുകയും തൽഫലമായി രാവും പകലും മൂന്നിലൊന്നിനു വെളിച്ചമില്ലാതെയായി(വെളി.8:12). സൂര്യനിൽ ഇപ്രകാരം വന്നു സംഭവിച്ച ബാധകൾക്കു പുറമേ അഞ്ചാമത്തെ കാഹളധ്വനിയെ തുർന്നു അഗാധകൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോകുവാനിടയായി. ആകാശം എന്നത് അന്തരീക്ഷത്തെ കുറിക്കുന്നു. അതായത് ഭൂമി മുഴുവനും പുകയാൽ മൂടുകയും സൂര്യൻ വെളിച്ചം ബഹിർഗമിക്കാതവണ്ണം ഇരുണ്ടു പോകുവാനും ഇടയായി. അഗാധകൂപത്തിലെ ഇരുളും പുകയുമായിരുന്നു ഇതിനൊക്കെ കാരണം. പുക വേദനയുളവാക്കുന്ന ദൈവീകന്യായവിധിയെ കുറിക്കുന്നു. പുക ക്രമാധീതമായി വർദ്ധിച്ചാൽ മനുഷ്യൻ മാത്രമല്ല സകലജീവജാലങ്ങളും ശ്വാസം മുട്ടി മരിക്കുവാനിടയാകും. പുക ഒരു ബാധയായി ഈ അദ്ധ്യായത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. **വെളി.9:18 —** *"തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചുപോയി."*

ഇരുട്ടു സാത്താന്റെ സാന്നിദ്ധ്യത്തെയും, പ്രവർത്തനത്തെയും, ദൈവമില്ലാത്ത അവസ്ഥയെയും കുറിക്കുന്നു (എഫെ.5:8/എഫെ.6:12/കൊലൊ.1:13/1.പത്രൊ.2:9).

**വെളി.9:3 —"പുകയിൽനിന്നു വെട്ടുക്കിളി ഭൂമിയിൽ പുറപ്പെട്ടു. അതിന്നു ഭൂമിയിലെ തേളിന്നുള്ള ശക്തി ലഭിച്ചു."**(Then out of the smoke locusts came upon the earth. And to them was given power, as the scorpions of the earth have power)

ഒന്നാം വാക്യത്തിൽ ആകാശത്തു നിന്നു ഭൂമിയിൽ ഒരു ദൂതനും, രണ്ടാം വാക്യത്തിൽ അഗാധ കൂപത്തിൽ നിന്നു ഭൂമിയിൽ പുകയും, മൂന്നാം വാക്യത്തിൽ പുകയിൽ നിന്നു ഭൂമിയിൽ വെട്ടുക്കിളിയും യോഹന്നാൻ കാണുന്നു. അഗാധകൂപത്തിൽ നിന്നുയർന്ന അതികഠിനമായ പുകയിൽനിന്നും ലോകം ഇതുവരെയും കണ്ടിട്ടില്ലാത്ത ഒരു വിചിത്രജീവി ഭൂമിയിലേക്കു പുറപ്പെട്ടു വരുന്നു. അതിന്റെ പേരും ആകൃതിയും വെട്ടുക്കിളിയോടു ചേരുമെങ്കിലും ഭൂമിയിലെ തേളിന്നുള്ള ശക്തി അവക്കു ലഭിച്ചു. തേളിന്റെ ശക്തി എന്നത് മനുഷ്യരെ കുത്തി മരണവേദനയിലാക്കുന്ന വിഷത്തിന്റെ ശക്തിയാകാം. അഗാധകൂപത്തിന്റെ കവാടം തുറന്നപ്പോൾ യുഗങ്ങളായി അടക്കപ്പെട്ട സാത്തനും ദുരാത്മാക്കളും ദുർഭൂതങ്ങളും വെട്ടുക്കിളിയുടെ ആകൃതി സ്വീകരിച്ചു ഒരു വിചിത്രജീവിയായി ഭൂമിയിൽ ദുരിതങ്ങൾ വരുത്തുവാൻ രംഗപ്രവേശനം ചെയ്യുകയാണ്. വെട്ടുക്കിളി അതിന്റെ സഞ്ചാരപാതയിൽ പച്ചയായ തലപ്പുള്ള സകലതിനെയും നശിപ്പിക്കുന്ന ഒരു ജീവിയാണ്. വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും ഇലകളും പൂക്കളും ഫലങ്ങളും നിമിഷനേരംകൊണ്ടു തിന്നു തീർക്കും. വലിയ ശബ്ദത്തോടെ വൻ പടയായി വരുന്ന വെട്ടുക്കിളികൾ സൂര്യപ്രകാശത്തെ തടഞ്ഞ് ദേശം മുഴുവൻ അന്ധകാരത്തിലാക്കുന്നു. മിസ്രയീമ്യരുടെമേൽ ദൈവം അയച്ച എട്ടാമത്തെ ബാധ വെട്ടുക്കിളിയായുള്ള ആക്രമണമായിരുന്നു(പുറ.10:4-15). പഴയനിയമത്തിൽ വിനാശത്തിന്റെ പ്രതീകമായും, ദൈവത്തിന്റെ ന്യായവിധിയോടു ബന്ധത്തിലും ഇതിന്റെ ശക്തിയും പ്രവർത്തനവും കാണാം. **ആവ.28:38 —** *"നീ വളരെ വിത്തു നിലത്തിലേക്കു കൊണ്ടുപോകും; എന്നാൽ വെട്ടുക്കിളി തിന്നുകളകകൊണ്ടു കുറെ മാത്രം കൊയ്യും."*

**2.ദിന.7:13 —** *"മഴ പെയ്യാതിരിക്കേണ്ടതിന്നു ഞാൻ ആകാശം അടെക്കയോ ദേശത്തെ തിന്നു മുടിക്കേണ്ടതിന്നു വെട്ടുക്കിളിയോടു കല്പിക്കയോ ....."*

**സങ്കീ.105:34 —** *"അവൻ കല്പിച്ചപ്പോൾ വെട്ടുക്കിളിയും തുള്ളനും അനവധിയായി വന്നു, അവരുടെ ദേശത്തിലെ സസ്യം ഒക്കെയും അവരുടെ വയലിലെ വിളയും തിന്നു കളഞ്ഞു."*

**യോവേ.2:25 —***"ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നൽകും."*

അഞ്ചാം കാഹളത്താലുള്ള കഷ്ടത്തിൽ അഗാധകൂപത്തിൽ നിന്നു പുറപ്പെടുന്ന വെട്ടുക്കിളികൾ ലോകചരിത്രത്തിൽ ഇതുവരെയും കണ്ടിട്ടില്ലാത്ത വിചിത്രജീവിയാണ്. സാധാരണ വെട്ടുക്കിളികൾ വൃക്ഷത്തലപ്പുകളും സസ്യങ്ങളും മാത്രം ലക്ഷ്യംവെച്ചു തിന്നു നശിക്കുമ്പോൾ ഇവിടെ കാണപ്പെടുന്ന വെട്ടുക്കിളികൾ മനുഷ്യനെമാത്രം ലക്ഷ്യംവെച്ചു കുത്തി വേദനിപ്പിക്കുവാൻ വരികയാണ്. തിരുവചനത്തിൽ വെട്ടുക്കിളി ദൈവക്രോധത്താലുള്ള ന്യായവിധിയെ കുറിക്കുന്നു. അതുകൊണ്ടാണ് ഇവിടെയും ന്യായവിധിയോടുള്ള ബന്ധത്തിൽ ഈ വിചിത്രജീവിയെ വെട്ടുക്കിളി എന്നു പറഞ്ഞിരിക്കുന്നത്. അതിനു തേളിന്നുള്ള ശക്തി ലഭിച്ചു എന്നും കാണുന്നു. സാധാരണ വെട്ടുക്കിളിക്കു മനുഷ്യനെ കുത്തുവാനുള്ള വാലോ മുള്ളോ ഇല്ല. *"തേളിന്നുള്ള ശക്തി ലഭിച്ചു"* (വെളി.9:3), *"തേൾ മനുഷ്യനെ കുത്തുമ്പോൾ ഉള്ള വേദന പോലെ"* (വെളി.9:5), *"തേളിന്നുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ട് "* (വെളി.9:10) എന്നുള്ള പ്രസ്താവനയിൽ നിന്ന് ഇവ സാധാരണ വെട്ടുക്കിളിയല്ല എന്നു വെളിപ്പെടുന്നു. *"പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം തരുന്നു; ഒന്നും നിങ്ങൾക്കു ഒരിക്കലും ദോഷം വരുത്തുകയും ഇല്ല"* (ലൂക്കൊ.10:19) എന്നു കർത്താവു ശിഷ്യന്മാരോടായി പറഞ്ഞു. എന്നാൽ ദൈവത്തെ അംഗീകരിക്കുകയോ അനുസരിക്കുകയോ ചെയ്യാതെ ലോകത്തിലെ കാര്യങ്ങൾ മാത്രം ശ്രദ്ധവെച്ചു സാത്താന്റെ ഹിതത്തിനൊത്തു ജീവിക്കുന്ന പീഡനകാലത്തെ ഭൂവാസികളെ സാത്താന്യശക്തികളെക്കൊണ്ടു തന്നെ ദൈവം മരണവേദനയിലാക്കുന്നു. എന്നാലും അവർ മാനസാന്തരപ്പെട്ടില്ല എന്ന കാര്യമാണ് നാം കേൾക്കുന്നത്.

**വെളി.9:4 — "നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ ഭൂമിയിലെ പുല്ലിന്നും പച്ചയായതൊന്നിന്നും യാതൊരു വൃക്ഷത്തിന്നും കേടു വരുക്കരുതു എന്നു അതിന്നു കല്പന ഉണ്ടായി."**(They were commanded not to harm the grass of the earth, or any green thing, or any tree, but only those men who do not have the seal of God on their foreheads)

അഗാധകൂപത്തിൽ നിന്നു വെട്ടുക്കിളിയുടെ രൂപത്തിൽ പുറത്തുവന്ന അന്ധകാരശക്തികൾക്കു ഭൂമിയിലുള്ള അവരുടെ പ്രവർത്തനങ്ങൾക്കു മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടു കല്പന വരുന്നു. ആരാണിവർക്കു ഉത്തരവു നൽകിയത്? ഭൂമിയിൽ വീണുകിടന്ന ദൂതൻ സാത്താന്യദൂതനായതിനാൽ സാത്താ

നാണ് കല്പന നൽകുന്നതെന്നു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ ഈ നിഗമനം യുക്തിക്കു ചേരുകയില്ല. കാരണം സാത്താന്റെ ശത്രു ദൈവമക്കളായിരിക്കുന്നതിനാൽ അവരെ ഒഴിവാക്കി അവന്റെ ആൾക്കാരെ മാത്രം നശിപ്പിക്കുക എന്നത് സംഭവ്യമല്ല. ആയതിനാൽ അഗാധകൂപത്തിന്റെ താക്കോൽ കൊടുത്ത ദൈവം തന്നെയാണ് ദൈവത്തിന്റെ ദാസന്മാരുടെ സംരക്ഷണത്തിനും ഉത്തരവു നൽകുന്നതെന്നു കരുതാം. അതുമല്ലെങ്കിൽ ദൈവത്തിൽ നിന്നും അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ച ദൈവദൂതൻ അഥവാ അഗാധകൂപത്തിനു കാവൽ കിടന്ന ദൂതൻ നൽകുന്ന നിർദ്ദേശവുമായിരിക്കാം. രണ്ടു കല്പനകളാണ് ഈ വാക്യത്തിലൂടെ അശുദ്ധാത്മജീവിയായ വെട്ടുക്കിളിക്കു ലഭിക്കുന്നത്. (1) നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ ആർക്കും കേടു വരുത്തരുത് (2) ഭൂമിയിലെ പുല്ലിന്നും പച്ചയായതൊന്നിന്നും യാതൊരു വൃക്ഷത്തിന്നും കേടു വരുത്തരുത്.

**(1) നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ ആർക്കും കേടു വരുത്തരുത് —**

വെട്ടുക്കിളിയുടെ പ്രകൃതിയെന്നത് കേടു വരുത്തുകയെന്നതാണ്. എന്നാൽ സ്വർഗ്ഗത്തിലെ ദൈവം ദുഷ്ടാത്മശക്തികളുടെ പ്രവർത്തനങ്ങൾക്കു നിയന്ത്രണം വെക്കുന്നതിൽ ആദ്യത്തേതു ദൈവമക്കളെ തൊടുവാൻ പാടില്ലെന്ന കല്പനയാണ്. വെളിപ്പാട് ഏഴാം അദ്ധ്യായത്തിൽ (ആറാം മുദ്രക്കുശേഷം) യിസ്രായേൽ ഗോത്രങ്ങളിൽ നിന്നു 144,000 വിശുദ്ധന്മാരെ പീഡനകാലത്തെ ദൈവീകകാര്യപരിപാടികളുടെ പ്രവർത്തനത്തിനായി തിരഞ്ഞെടുത്തു മുദ്രയിട്ടിരുന്നു. അവരുടെ നെറ്റിയിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ടു തീരുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടു വരുത്തരുതെന്നു കല്പനയും ദൂതനു കൊടുത്തിരുന്നു(വെളി.7:1-8). ഏഴാം മുദ്രയിലും തുടർന്നുള്ള നാലു കാഹളങ്ങളിലൂടെയുമുണ്ടായ അനന്തരസംഭവങ്ങളിലൂടെയും അവർ കടന്നുപോയെങ്കിലും ദൈവം അവരെ അത്ഭുതകരമായി സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അഞ്ചാം കാഹളത്തിലും വെട്ടുക്കിളിയാലുള്ള വിപത്തിൽ നിന്നും ദൈവം അവരെ സൂക്ഷിക്കുന്നു. സൊദോം ഗൊമോരാ ദേശത്തെ നശിപ്പിച്ചപ്പോൾ ലോത്തിനെയും കുടുംബത്തെയും മിസ്രയീമ്യബാധയിൽ നിന്നു ഗോശെൻ ദേശത്തു പാർത്തിരുന്ന യിസ്രായേൽജനത്തെയും സംരക്ഷിച്ച ദൈവം പീഡനകാലത്തു തന്റെ ജനത്തെയും സംരക്ഷിക്കുന്നു.

**(2) ഭൂമിയിലെ പുല്ലിന്നും പച്ചയായതൊന്നിന്നും യാതൊരു വൃക്ഷത്തിന്നും കേടു വരുത്തരുത് —**

അഗാധകൂപത്തിൽ നിന്നു വെട്ടുക്കിളിയുടെ രൂപത്തിൽ പുറത്തു ചാടിയ പാതാളജീവികളായ ദുരാത്മാക്കൾക്കു ലഭിച്ച രണ്ടാമത്തെ കല്പന ഭൂമിയിലെ പുല്ലിനും പച്ചയായതൊന്നിനും വൃക്ഷത്തിനും കേടു വരുത്തരുത് എന്നാണ്. വെട്ടുക്കിളികൾ സാധാരണയായി സസ്യങ്ങളും വൃക്ഷത്തലപ്പുകളും പുല്ലും എന്നിങ്ങനെ പച്ചയായ സകലതും തിന്നു നശിപ്പിക്കുന്ന പ്രകൃതിയാണ്. പച്ചയായതൊക്കെ അതിന്റെ ആഹാരമെന്ന നിലയിൽ അവയൊക്കെ തിന്നു നശിപ്പിക്കുവാനേ അവക്കറിയൂ. എന്നാൽ അഞ്ചുമാസത്തെ പ്രത്യേക ജോലിയുമായി രംഗപ്രവേശനം ചെയ്യുന്ന ഈ വെട്ടുക്കിളിക്കുള്ള ആഹാരം പറഞ്ഞിട്ടുമില്ല. മനുഷ്യനെ കുത്തി വേദനിപ്പിക്കുവാൻ ജോലി കൊടുത്തിരിക്കുന്നതിനാൽ ഒരു പക്ഷേ അതിന്റെ ആഹാരം മനുഷ്യന്റെ രക്തമോ മാംസമോ ആയിരിക്കാം. ദൈവത്തെ വിളിച്ചപേക്ഷിക്കാത്ത സകലമനുഷ്യരിലും വിഷം കുത്തിവച്ച് മരണവേദനയിലാക്കുക എന്നതാണ് അതിനു കൊടുത്തിരിക്കുന്ന ഉത്തരവ്. ഒന്നാമത്തെ കാഹളത്തെ തുടർന്നു വൃക്ഷങ്ങളിലെ മൂന്നിലൊന്നും എല്ലാ പച്ചപ്പുല്ലും വെന്തു പോകുവാനിടയായി(വെളി.8:7). കര, കടൽ, നദി, ആകാശം എന്നിവയിലൂടെയുള്ള ആദ്യത്തെ നാലു ശിക്ഷാവിധികൾ കഴിഞ്ഞപ്പോൾ ദൈവം തന്റെ സൃഷ്ടിയിലൂടെയല്ല ന്യായവിധി അയക്കുന്നതെന്നു പച്ചയായതൊന്നിനും കേടു വരുത്തരുതു എന്നുള്ള കല്പനയിലൂടെ വെളിപ്പെടുന്നു.

നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ ആർക്കും കേടു വരുത്തരുത് എന്ന കല്പനയിൽ മറ്റൊരു കല്പനയും അനുമതിയും കൂടി അടങ്ങിയിരിക്കുന്നു. അതായത് ദൈവമക്കൾ അഥവാ വിശ്വാസികളല്ലാത്തവരെയെല്ലാം ആക്രമിക്കുവാനും കേടു വരുത്തുവാനും ദണ്ഡിപ്പിക്കുവാനും ദുഷ്ടാത്മശക്തിക്കു അധികാരം ലഭിച്ചിരിക്കുന്നു എന്നാണ്. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യരെയെല്ലാം ആക്രമിച്ചു കഷ്ടത വരുത്തുവാൻ സാത്താനെ അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ യിസ്രായേല്യരായ 144,000 പേർ മാത്രമാണോ സംരക്ഷിക്കപ്പെടുന്നത്? അന്നു ഘോഷിക്കുന്ന ദൈവരാജ്യത്തിന്റെ സുവിശേഷം കേട്ടു യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ സംരക്ഷിക്കപ്പെടുമോ? ദൈവം അവരെയും തള്ളിക്കളകയില്ല എന്നാണുത്തരം. കാരണം മൃഗത്തിന്റെ മുദ്രയേൽക്കാതെയോ പ്രതിമയെ നമസ്കരിക്കാതെയോ ജീവിക്കുവാൻ പോലും സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ വിശ്വസ്തതയോടെ ദൈവഭാഗത്തു നിന്നവരെ ദൈവം തള്ളിക്കളയുമെന്നു ചിന്തിക്കുവാൻ കഴിയുകയില്ല. 144,000 പേരുടെ തിരഞ്ഞെടുപ്പും മുദ്രയിടീലും തന്നെ സുവിശേഷം പ്രസ്താവിച്ചു ഭൂവാസികളെ ദൈവവഴിയിലേക്കു നയിക്കുവാനാണ്. മിസ്രയീമിൽ അരങ്ങേറിയ സകലബാധകളിൽ നിന്നും യിസ്രായൽമക്കളെ ദൈവം സംരക്ഷിച്ചതുപോലെയും (പുറ.8:22/9:4/10:23), ദുഷ്ടജനമായ യെരീഹോനിവാസികളിൽ നിന്നും രാഹാബിനെ അത്ഭുതകരമായി രക്ഷിച്ചതുപോലെയും (യോശു.2:17-21)ദൈവത്തിങ്കലേക്കു തിരിയുന്നവർ നെറ്റിയിൽ ദൈവത്തിന്റെ മുദ്ര നേരത്തേ പതിച്ചിരുന്നില്ലെങ്കിലും ദൈവത്താൽ വീണ്ടെടുക്കപ്പെട്ടവർ എന്ന നിലയിൽ അവരെയും രക്ഷിക്കും (വെളി.22:4/2.തിമൊ.2:19).

**വെളി.9:5 — "അവരെ കൊല്ലുവാനല്ല, അഞ്ചുമാസം ദണ്ഡിപ്പാനത്രേ അതിന്നു അധികാരം ലഭിച്ചതു; അവരുടെ വേദന, തേൾ മനുഷ്യനെ കുത്തുമ്പോൾ ഉള്ള വേദനപോലെ തന്നേ."**(And they were not given authority to kill them, but to torment them for five months. Their torment was like the torment of a scorpion when it strikes a man)

അഗാധകൂപത്തിൽ നിന്നു പുറത്തേക്കു ചാടിയ വിചിത്രരൂപത്തിലുള്ള വെട്ടുക്കിളിക്കു ലഭിച്ച മൂന്നാമത്തെ നിർദ്ദേശത്തോടൊപ്പം അതു പ്രാവർത്തികമാക്കുവാനുള്ള അധികാരവും, പീഡനത്തിന്റെ കാലാവധിയും, എങ്ങനെ ദണ്ഡിപ്പിക്കണമെന്നും ഇവിടെ പറഞ്ഞിരിക്കുന്നു. *"അവരെ കൊല്ലുവാനല്ല, അഞ്ചുമാസം ദണ്ഡിപ്പാനത്രേ അതിന്നു അധികാരം ലഭിച്ചതു; അവരുടെ വേദന, തേൾ മനുഷ്യനെ കുത്തുമ്പോൾ ഉള്ള വേദനപോലെ തന്നേ."* ഇയ്യോബിന്റെ കാര്യത്തിൽ പ്രസ്താവിച്ചിരിക്കുന്നപോലെ ദൈവം അനുവദിക്കുന്നവിധത്തിലും നിർദ്ദേശത്തിലും മാത്രമേ ഇവിടെയും സാത്താന്യശക്തിക്കു പ്രവർത്തിക്കുവാൻ അനുവാദമുള്ളു (ഇയ്യോ.1:12). (1) നിർദ്ദേശം — നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്തവരെ ആക്രമിക്കാം പക്ഷേ കൊല്ലരുത് (2) അധികാരം — ദണ്ഡിപ്പിക്കുക (3) ദണ്ഡന കാലാവധി — അഞ്ചുമാസം (4) എങ്ങനെ ദണ്ഡിപ്പിക്കണം? തേൾ കുത്തുന്നതുപോലെ കുത്തി വേദനിപ്പിക്കണം.

**(1) നിർദ്ദേശം —** നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്തവരെ ആക്രമിക്കാം പക്ഷേ കൊല്ലരുത് —

പിശാചിനു മരണത്തിന്മേൽ അധികാരമുണ്ടെങ്കിലും (എബ്രാ.2:14) സർവ്വശക്തനായ ദൈവത്തിന്റെ ആജ്ഞ അനുസരിക്കുവാനും പിശാചു ബാദ്ധ്യസ്ഥനാണെന്ന് ഇതിലൂടെ വെളിപ്പെടുന്നു. അതായത് പീഡനകാലത്ത് അരങ്ങേറുന്ന സകല കഷ്ടതകളും സാത്താനാണ് നയിക്കുന്നതെങ്കിലും ദൈവമാണ് അതൊക്കെ നിയന്ത്രിക്കുന്നതും അനുവദിക്കുന്നതെന്നും മനസ്സിലാക്കാം. ദൈവത്തിന്റെ സർവ്വാധികാരത്തെയാണിത് കുറിക്കുന്നത്. ദുഷ്ടന്മാരെ കൊല്ലുവാനല്ല അവർ ദുർമ്മാർഗ്ഗം വിട്ടു ദൈവവഴിയിൽ സഞ്ചരിക്കണമെന്നാണ് ദൈവത്തിന്റെ ലക്ഷ്യം. അഞ്ചാം കാഹളത്തോടനുബന്ധിച്ചു അരങ്ങേറുന്ന അതികഠിനമായ പീഡനങ്ങളിലൂടെയും ഭൂവാസികളുടെ മാനസാന്തരത്തിനു വഴി തെളിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

**(2) അധികാരം —** ദണ്ഡിപ്പിക്കുക — ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരൊഴികെ സകലരെയും ദണ്ഡിപ്പിക്കുവാനാണ് അധികാരം ലഭിച്ചിരിക്കുന്നത്. അതായത് വിശ്വാസികൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു. ദണ്ഡിപ്പിക്കുക (torment) എന്നാൽ പീഡിപ്പിക്കുക, കഷ്ടപ്പെടുത്തുക എന്നൊക്കെ അർത്ഥം. നിത്യനരകത്തിലെ ഗന്ധകത്തീപ്പൊയ്കയിലെ അനുഭവം അതികഠിനമായ വേദന ഉളവാക്കുന്ന നിത്യദണ്ഡനമാണ്. ഇവിടെ സാത്താന്യസൈന്യത്തിനു ലഭിച്ച അധികാരമായ ദണ്ഡനവും അതികഠിനമായ വേദനയുളവാക്കുന്ന പീഡയാണ്. ആർക്കും സഹിക്കുവാൻ കഴിയാത്തവിധം വേദനയാൽ പുളയുകയും, ഏതു വിധേനയും മരിച്ചാൽ മതിയെന്നു അയ്യം വിളിച്ചുകൊണ്ടുള്ള നെട്ടോട്ടമടങ്ങിയ ദണ്ഡനമായിരിക്കും അരങ്ങേറുക.

**(3) ദണ്ഡന കാലാവധി —** അഞ്ചുമാസം — ഭൂവാസികളെ ദണ്ഡിപ്പിക്കുവാൻ സാത്താനു അധികാരം ലഭിച്ചത് അഞ്ചുമാസം അഥവാ 150 ദിവസത്തേക്കായിരുന്നു. ഒരു വെട്ടുക്കിളിയുടെ ജീവകാലം അഞ്ചുമാസമാണെന്നു പറയപ്പെടുന്നു. അതുകൊണ്ടായിരിക്കാം ദണ്ഡനത്തിനും കാലാവധി അഞ്ചുമാസം നിശ്ചയിച്ചിരിക്കുന്നത്. അതായത് വെട്ടുക്കിളിയുടെ ഒരു തലമുറയെ ഇവിടെ ദണ്ഡനത്തിനായി ഉപയോഗിക്കുന്നു. അല്പനാൾ, കുറച്ചു നാൾ, പരിമിതമായ കാലയളവ് എന്നിവയെ വെളിപ്പെടുത്തുന്നതാണ് അഞ്ചുമാസം. അഞ്ചുമാസത്തെ ദണ്ഡനം ഈറ്റുനോവിന്റെ ആരംഭം എന്ന നിലയിൽ ഒരു താൽക്കാലിക വിനാശമായി കരുതാം. എന്നാൽ അതിഭയങ്കരമായ മരണവേദന ഉളവാക്കുന്ന ദണ്ഡനത്തിലൂടെയും ഭൂവാസികൾ മാനസാന്തരപ്പെടുന്നില്ലെങ്കിൽ അതിദാരുണമായ കഷ്ടങ്ങൾ പിന്നാലെ അവർ നേരിടേണ്ടി വരും. നോഹയുടെ കാലത്തുണ്ടായ ദൈവീകന്യായവിധിയും 150 ദിവസങ്ങളായിരുന്നു. വഷളത്വം നിറഞ്ഞ മനുഷ്യരെ ഭൂമിയിൽ നിന്നു നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചപ്പോൾ നോഹയെയും കുടുംബത്തെയും പെട്ടകത്തിലൂടെ ജലപ്രളയത്തിൽ നിന്നും രക്ഷപ്പെടുത്തി. ജലപ്രളയത്തോടു ബന്ധത്തിൽ 40 രാവും 40 പകലുമാണ് ഭൂമിയിൽ മഴ പെയ്തതെങ്കിലും (ഉല്പ.7:12) 150 ദിവസം വെള്ളം ഉയർന്നുകൊണ്ടിരുന്നു (ഉല്പ.7:24). എന്നാൽ പീഡനകാലത്തെ ഭൂവാസികളെ 150 ദിവസത്തേക്കു ദണ്ഡിപ്പിക്കുകയാണ് ചെയ്യുന്നത്.

**(4) എങ്ങനെ ദണ്ഡിപ്പിക്കണം? —** തേൾ കുത്തുന്നതുപോലെ കുത്തി വേദനിപ്പിക്കണം — അഗാധകൂപത്തിൽ നിന്നു പുകയോടൊപ്പം പുറത്തിറങ്ങിയപ്പോൾത്തന്നെ വെട്ടുക്കിളിക്ക് ഭൂമിയിലെ തേളിനുള്ള ശക്തി ലഭിച്ചിരുന്നു(വെളി.9:3). തേളിനുള്ള ശക്തി എന്നത് ഇരയെ കുത്തി വേദനിപ്പിക്കുവാനുള്ള കഴിവാണ്. തേളിന്നുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ട് (വെളി.9:10) എന്നും പറഞ്ഞിരിക്കുന്നു. സാധാരണ വെട്ടുക്കിളികൾക്കു വാലോ വിഷമുള്ളോ ഇല്ല. കൂടാതെ മനുഷ്യരെ കുത്തുകയോ വേദനിപ്പിക്കുകയോ ഇല്ല. എന്നാൽ തേളിനെപ്പോലെ ശക്തി ലഭിച്ചതും വാലും വിഷമുള്ളുമടങ്ങിയ വെട്ടുക്കിളി മനുഷ്യരെ കുത്തി വേദനിപ്പിക്കുവാൻ വന്ന സാത്താന്യശക്തിയാണ്.

**വെളി.9:6 — "ആ കാലത്തു മനുഷ്യർ മരണം അന്വേഷിക്കും; കാണ്കയില്ലതാനും; മരിപ്പാൻ**

**കൊതിക്കും; മരണം അവരെ വിട്ടു ഓടിപ്പോകും."**(In those days men will seek death and will not find it; they will desire to die, and death will flee from them)

അഗാധകൂപത്തിൽ നിന്നിറങ്ങിയ വെട്ടുക്കിളിയെന്ന നാമധേയത്തിലുള്ള വിചിത്ര സാത്താന്യജീവിക്ക് ഭൂവാസികളെ അവയുടെ വിഷമുള്ളാൽ കുത്തി വേദനിപ്പിക്കുവാനുള്ള ശക്തി ലഭിച്ചു. അഞ്ചുമാസമായിരുന്നു ദണ്ഡനത്തിനുള്ള കാലയളവ്. അവയുടെ കുത്തേൽക്കുന്ന മനുഷ്യൻ അതിവേദനയോടെ പ്രാണരക്ഷാർത്ഥം ഭൂമിയിൽ നെട്ടോട്ടം ആരംഭിക്കും. മാനസാന്തരപ്പെട്ടു ദൈവത്തിൽ ആശ്രയിക്കാതെ ലോകവഴിയിൽ ജീവിക്കുന്ന പീഡനകാലത്തെ സകല മനുഷ്യരും ഈ വിചിത്രജീവിയുടെ ആക്രമണത്തിനിരയാകും. ഇതിന്റെ വിഷമുള്ളാലുള്ള കുത്തു ശരീരത്തിലേൽക്കുന്നതിനെ തുടർന്നു മരണവേദനയാണുണ്ടാകുക. വിഷം ശരീരത്തിൽ പ്രവേശിച്ച നിമിഷം മുതൽ ശരീരത്തിൽ പലവിധത്തിലുള്ള പ്രവർത്തനങ്ങളുണ്ടാകാം. ക്രമാധീതമായ അളവിൽ വിദ്യുച്ഛക്തി ശരീരത്തിൽ കടന്നുപോകുന്നതുപോലെയുള്ള അനുഭവത്തോടൊപ്പം കുത്തേറ്റഭാഗത്തു അതികഠിനമായ വേദനയും ശരീരമാസകലം നീരും ചൊറിച്ചിലും അസ്വസ്ഥതയും ഉണ്ടാകാം. ഭൂവാസികളെ വിഷത്താൽ കുത്തി കൊല്ലുവാനല്ല, അഞ്ചുമാസം വേദനിപ്പിക്കുവാനാണ് വിചിത്രജീവിയായ വെട്ടുക്കിളിക്കു അധികാരം ലഭിച്ചത്. ഇവയുടെ കുത്തേൽക്കുന്നവരിൽ വിവരിക്കാനാവത്തവിധം അതികഠിനമായ മരണവേദനയാണുണ്ടാകുക. അന്നാളിൽ ഭൂമിയിലുണ്ടാകുന്ന സംഭവത്തെക്കുറിച്ചു യോഹന്നാൻ വിശദീകരിക്കുന്നത് — *"ആ കാലത്തു മനുഷ്യർ മരണം അന്വേഷിക്കും; കാൺകയില്ലതാനും; മരിപ്പാൻ കൊതിക്കും; മരണം അവരെ വിട്ടു ഓടിപ്പോകും."* എന്നാണ്. അതായത് ആ നാളുകളിൽ മനുഷ്യർ തങ്ങളുടെ ജീവനേക്കാൾ അധികം മരണത്തെ ആഗ്രഹിക്കും എന്നു സാരം. മരണവേദന അനുഭവിച്ചു ജീവിക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് മരിക്കുന്നതെന്നു കരുതി ഭൂവാസികൾ മരണവഴികളെ തേടി അലയും. ഒരു പക്ഷേ അന്നു കടലിലോ കായലിലോ ആഴമുള്ളവെള്ളത്തിലോ ചാടിയോ, ഓടുന്ന വാഹനങ്ങൾക്കു മുമ്പിൽ ചാടിയോ, ബഹുനില കെട്ടിടങ്ങളുടെ മുകളിൽ നിന്നു ചാടിയോ, മൂർച്ചയുള്ള ആയുധങ്ങളുപയോഗിച്ചു സ്വയം കുത്തിയോ, വിഷം കഴിച്ചോ, തോക്കിൽ നിന്നു സ്വയം വെടിയുണ്ട പായിച്ചോ ആത്മഹത്യ ചെയ്യാമെന്നു വിചാരിച്ചാലും മരിക്കുവാൻ കഴിയുകയില്ല. ചുരുക്കിപ്പറഞ്ഞാൽ അഞ്ചു മാസത്തേക്കു ഭൂമിയിൽ മരണം തന്നെ അകന്നു നിൽക്കുമെന്നു കരുതാം. യഥാർത്ഥത്തിൽ ഭൂമിയിൽ 150 ദിവസം നരകയാതനയായിരിക്കും ഭൂവാസികൾ അനുഭവിക്കുക. മരണവേദനയടങ്ങിയ ദണ്ഡനത്തിലൂടെ ഭൂവാസികൾ കടന്നു പോകുമ്പോൾ അവർ മാനസാന്തരപ്പെട്ടു ദൈവത്തിൽ അഭയം പ്രാപിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ ദൈവത്തിൽ അഭയം പ്രാപിക്കുവാൻ കൂട്ടാക്കാതെ മരണത്തിലൂടെ രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്നതും പിശാചിന്റെ അടിമത്വത്തിൽ കഴിയുന്നതു മൂലമാണ്. ആറാം മുദ്ര പൊട്ടിച്ചപ്പോഴുണ്ടായ ദൈവീകന്യായവിധികൾ ഭൂവാസികൾ തിരിച്ചറിഞ്ഞെങ്കിലും അവർ അന്നും അയ്യംവിളിച്ചത് ഇതുപോലുള്ള ആഗ്രഹത്തോടായിരുന്നു. **വെളി.6:15,16 —** *"ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും; ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ."* ദുഃഖത്തിന്റെയും മരണവേദനയുടെയും തീച്ചൂളയിലൂടെ കടന്നുപോയ ഇയ്യോബ് മരണത്തിനായി ആഗ്രഹിച്ചിരുന്നു. അപ്രകാരമുള്ള അവസ്ഥയിൽ മരണത്തെ ആഗ്രഹിക്കുന്നതും അതിനായി പ്രവർത്തിക്കുന്നതുമായ കാര്യത്തെ ഇയ്യോബ് പറഞ്ഞിരിക്കുന്നത് — **ഇയ്യോ.3:21 —** *"അവർ മരണത്തിനായി കാത്തിരിക്കുന്നു, അതു വരുന്നില്ലതാനും; നിധിക്കായി ചെയ്യുന്നതിലുമധികം അവർ അതിനായി കുഴിക്കുന്നു."* എങ്കിലും ഇയ്യോബ് ദൈവത്തെ ശപിക്കുകയോ തള്ളിപ്പറയുകയോ ചെയ്തില്ല. അപ്പൊസ്തലനായ പൗലൊസ് മരണത്തിനായി ആഗ്രഹിച്ചിരുന്നുവെങ്കിലും അതു ക്രിസ്തുവനോടൊപ്പം എന്നേക്കും നിത്യസന്തോഷത്തിൽ കഴിയുവാനായിരുന്നു. **ഫിലി.1:23 —** *"വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്; അതു അത്യുത്തമമല്ലോ."* വെട്ടുക്കിളിയുടെ കുത്തേൽക്കുന്നതു മൂലമുണ്ടാകുന്ന ദണ്ഡനം മരണവേദനയുളവാക്കുന്നതെങ്കിലും ദണ്ഡനകാലാവധി അഞ്ചുമാസമായതിനാൽ അതു താൽക്കാലിക ദണ്ഡനമാണ്. വേദനയനുഭവിക്കുമ്പോൾ ദൈവത്തിൽ ആശ്രയം വെക്കാതെ മരണത്തിനായി ആഗ്രഹിക്കുന്നത് ദൈവം ഒരുക്കിയ രക്ഷയെ നിരാകരിക്കലും കൂടിയാണ്. ഭൂമിയിൽ താൽക്കാലിക വേദനയുളവാക്കുന്ന ദണ്ഡനത്തിൽ ഭൂവാസികൾ മരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിത്യതനിത്യതയോളമുള്ള നരകത്തിലെ ദണ്ഡനത്തിൽ മരണത്തെ എത്രമാത്രം ആഗ്രഹിക്കും എന്നു വർണ്ണിക്കുവാനേ സാദ്ധ്യമല്ല. യഥാർത്ഥത്തിൽ ഭൂമിയിലെ നൂറ്റിയൻപതുദിവസത്തെ താൽക്കാലിക ദണ്ഡനം മരണവേദനയായി അനുഭവപ്പെടുന്നുവെങ്കിൽ അതു നരകത്തിൽ അനുഭവിക്കുവാൻ പോകുന്ന നിത്യവേദനയുടെ രുചിനോക്കലിന്റെ മുന്നോടി ആയിരിക്കുന്നു. എന്നാൽ താൽക്കാലിക ദണ്ഡനത്തിൽ ദൈവത്തിങ്കലേക്കു തിരിയുന്നവർക്കു നിത്യനരകത്തിലെ നിത്യവേദനയിൽ നിന്നു വിടുതൽ ലഭിക്കും എന്ന സന്ദേശവും പ്രസക്തമാണ്.

**വെളി.9:7 — "വെട്ടുക്കിളിയുടെ രൂപം യുദ്ധത്തിന്നു ചമയിച്ച കുതിരെക്കു സമം; തലയിൽ പൊൻകി**

**രീടം ഉള്ളതുപോലെയും മുഖം മാനുഷമുഖംപോലെയും ആയിരുന്നു."**
**വെളി.9:8 — "സ്ത്രീകളുടെ മുടിപോലെ അതിന്നു മുടി ഉണ്ടു; പല്ലു സിംഹത്തിന്റെ പല്ലുപോലെ ആയിരുന്നു."**
**വെളി.9:9 —ഇരിമ്പുകവചംപോലെ കവചം ഉണ്ടു; ചിറകിന്റെ ഒച്ച പടെക്കു ഓടുന്ന അനേകം കുതിരത്തേരുകളുടെ ഒച്ചപോലെ ആയിരുന്നു."**
**വെളി.9:10 — തേളിന്നുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ടു; മനുഷ്യരെ അഞ്ചു മാസം ഉപദ്രവിപ്പാൻ അതിന്നുള്ള ശക്തി വാലിൽ ആയിരുന്നു."**

അഗാധകൂപത്തിൽ നിന്നു പുറത്തേക്കു വന്ന വിചിത്രരൂപത്തിലുള്ള വെട്ടുക്കിളിയെക്കുറിച്ചുള്ള വർണ്ണനകളാണ് ഈ വാക്യങ്ങളിൽ യോഹന്നാൻ വിവരിക്കുന്നത്. അവയുടെ തല മുതൽ വാൽ വരെയുള്ള ഓരോ ഭാഗങ്ങളും വിവരിച്ചിരിക്കുന്നു. ഇവ സാധാരണ വെട്ടുക്കിളിയല്ല. എന്നാൽ ന്യായവിധിയോടുള്ള ബന്ധത്തിൽ പ്രത്യക്ഷപ്പെടുന്നതിനായിരിക്കാം വെട്ടുക്കിളി എന്നു പറഞ്ഞിരിക്കുന്നത്.

യെഹൂദയിൽ യോവാശ് രാജാവിന്റെ ഭരണകാലത്ത് വലിയൊരുകൂട്ടം വെട്ടുക്കിളിയുടെ ആക്രമണം ഉണ്ടായതായി യോവേൽപ്രവചനത്തിൽ കാണുന്നു(യോവേ.2:1–10). ആക്രമണത്താൽ ദേശത്തിലെ വിളവുകൾ മുഴുവനായി നശിച്ച് ദേശം ക്ഷാമത്തിലായി. ദേശവാസികളുടെ പാപത്തിന്മേലുള്ള ദൈവീക ശിക്ഷാവിധിയായിരുന്നു വെട്ടുക്കിളിയാലുള്ള ആക്രമണം. യോവേൽ പ്രവാചകൻ വെട്ടുക്കിളിയുടെ രൂപത്തെയും അവയുടെ ആക്രമണപ്രവർത്തനത്തെയും വിവരിച്ചിരിക്കുന്ന ഭാഗത്തോടു യോഹന്നാന്റെ വിവരണവുമായി സാമ്യമുണ്ട്. **യോവേ.2:4 –10 —** *"അവരുടെ രൂപം കുതിരകളുടെ രൂപംപോലെ; അവർ കുതിരച്ചേവകരെപ്പോലെ ഓടുന്നു. അവർ പർവ്വതശിഖരങ്ങളിൽ രഥങ്ങളുടെ മുഴക്കംപോലെ കുതിച്ചു ചാടുന്നു; അഗ്നിജ്വാല താളടിയെ ദഹിപ്പിക്കുന്ന ശബ്ദംപോലെയും പടെക്കു നിരന്നു നില്ക്കുന്ന ശക്തിയുള്ള പടജ്ജനം പോലെയും തന്നെ. അവരുടെ മുമ്പിൽ ജാതികൾ നടുങ്ങുന്നു; സകലമുഖങ്ങളും വിളറിപ്പോകുന്നു; അവർ വീരന്മാരെപ്പോലെ ഓടുന്നു; യോദ്ധാക്കളെപ്പോലെ മതിൽ കയറുന്നു; അവർ പാത വിട്ടു മാറാതെ താന്താന്റെ വഴിയിൽ നടക്കുന്നു. അവർ തമ്മിൽ തിക്കാതെ താന്താന്റെ പാതയിൽ നേരെ നടക്കുന്നു; അവർ മുറിവേൽക്കാതെ ആയുധങ്ങളുടെ ഇടയിൽകൂടി ചാടുന്നു. അവർ പട്ടണത്തിൽ ചാടിക്കടക്കുന്നു; മതിലിന്മേൽ ഓടുന്നു; വീടുകളിന്മേൽ കയറുന്നു; കള്ളനെപ്പോലെ കിളിവാതിലുകളിൽകൂടി കടക്കുന്നു. അവരുടെ മുമ്പിൽ ഭൂമി കുലുങ്ങുന്നു; ആകാശം നടുങ്ങുന്നു; സൂര്യനും ചന്ദ്രനും ഇരുണ്ടുപോകുന്നു; നക്ഷത്രങ്ങൾ പ്രകാശം നൽകാതിരിക്കുന്നു."*

അഗാധകൂപത്തിൽ നിന്നു ആക്രമണത്തിനായി പുറത്തേക്കു വന്ന വെട്ടുക്കിളിയുടെ രൂപത്തിലുള്ള ദുരാത്മാവായ ഭീകരജീവിയുടെ എട്ടു പ്രത്യേകതൾ ഈ വാക്യങ്ങളിൽ യോഹന്നാൻ വിശദീകരിക്കുന്നു.

**(1) ആകൃതി — വെട്ടുക്കിളിയുടെ രൂപം യുദ്ധത്തിന്നു ചമയിച്ച കുതിരെക്കു സമം** (The shape of the locusts was like horses prepared for battle) —

അവയുടെ ആകൃതി യുദ്ധത്തിനായി തയ്യാറായി ഒരുക്കപ്പെട്ട കുതിരയോടു സാമ്യമുണ്ട്. അതായത് യുദ്ധം ചെയ്യുവാനായി പുറപ്പെടുന്ന സൈന്യത്തിന്റെ ഭാഗമെന്നവണ്ണം അവക്കു ശത്രുവിന്റെ കോട്ടയെ ലക്ഷ്യമാക്കി ഓടുവാനും ആക്രമിക്കുവാനും കഴിയും.

**(2) തല — തലയിൽ പൊൻകിരീടം ഉള്ളതുപോലെയും** (On their heads were crowns of something like gold) —

യോഹന്നാൻ അതിന്റെ തലയിലേക്കു നോക്കിയപ്പോൾ പൊൻകിരീടം അണിഞ്ഞിരിക്കുന്നപോലെ കാണപ്പെട്ടു. പൊൻകിരീടം (stephanos = gold crown) വിജയികൾക്കുള്ളതാണ്. ആകയാൽ അവർക്കു ലഭിച്ചിരിക്കുന്ന ദൗത്യവും അധികാരവും വിജയകരമായി നിറവേറ്റുമെന്നതിനെ പൊൻകിരീടം കുറിക്കുന്നു. അവിശ്വാസികളായ മനുഷ്യരെ വിഷമുള്ളാൽ കുത്തിവേദനിപ്പിക്കുന്നതിൽ അവ ജയം പ്രാപിക്കുന്നു.

**(3) മുഖം — മുഖം മാനുഷമുഖംപോലെയും ആയിരുന്നു** (and their faces were like the faces of men) —

ആകൃതി വെട്ടുക്കിളിയുടേതെങ്കിലും മുഖം മനുഷ്യന്റെ മുഖം പോലെയായിരുന്നു. അതായത് ചിന്തിക്കുവാനും, തീരുമാനമെടുക്കുവാനുമുള്ള അവയുടെ ബുദ്ധിശക്തിയായി മാനുഷമുഖത്തെ ചിന്തിക്കാം. നെറ്റിയിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയുള്ളവരെ തൊടാതിരിക്കുവാനും അവിശ്വാസികളെ ഒന്നടങ്കം തിരിച്ചറിഞ്ഞു ആക്രമിക്കുവാനും ലഭിച്ചിരിക്കുന്ന അധികാരം ബുദ്ധിയോടും വിവേകത്തോടും ഉപയോഗിക്കുവാൻ കഴിവുണ്ടായിരിക്കും.

**(4) മുടി — സ്ത്രീകളുടെ മുടിപോലെ അതിന്നു മുടി ഉണ്ടു** (They had hair like womens hair) —

സാധാരണവെട്ടുക്കിളിക്കു മുടി ഉണ്ടായിരിക്കുകയില്ല. കാലുകളിൽ രോമം മാത്രമായിരിക്കും ഉണ്ടായിരിക്കുക. എന്നാൽ അഗാധകൂപകത്തിൽ നിന്നു പുറപ്പെട്ട വിചിത്രജീവിക്കു മുടിയും അതു സ്ത്രീകളുടെ മുടിപോലെയുള്ളതാണെന്നും യോഹന്നാൻ വിവരിക്കുന്നു. അവയുടെ തലയിലായിരുന്നു മുടിയുണ്ടായിരുന്നതെന്നു അനുമാനിക്കാം. നീണ്ടമുടി സ്ത്രീക്കു മാനമായിരിക്കുന്നുവെന്നു തിരുവചനം പറയുന്നു (1.കൊരി.11:15). എന്നാൽ വിചിത്രജീവിയുടെ കോതിവെക്കാത്തതും നീളമുള്ളതുമായ മുടി അതിന്റെ രൂപത്തെ വികൃതവും ഭയാജനകവും ആക്കുന്നു.

**(5) പല്ല് — പല്ലു സിംഹത്തിന്റെ പല്ലുപോലെ ആയിരുന്നു** (and their teeth were like lions) —

സാധാരണ വെട്ടുക്കിളിക്കു പല്ലുണ്ടായിരിക്കയില്ല. എന്നാൽ വെട്ടുക്കിളിയുടെ രൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെടുന്ന വിചിത്രജീവിക്ക് പല്ലുണ്ടായിരുന്നു. അതിന്റെ പല്ല് സിംഹത്തിന്റെ പല്ലുപോലെ ആയിരുന്നുവെന്നതാണ് മറ്റൊരു പ്രത്യേകത. പൊതുവേ സിംഹം രൗദ്രഭാവം പ്രകടിപ്പിക്കുമ്പോൾ അതിന്റെ പല്ല് ശത്രുവിനെ കടിച്ചുകീറി കൊല്ലുന്ന പ്രതീതിയാണ് ഉണർത്തുന്നത്. അഗാധകൂപത്തിൽ നിന്നു പ്രത്യക്ഷപ്പെടുന്ന വിചിത്രരൂപത്തിലുള്ള വെട്ടുക്കിളിയുടെ പല്ല് സിംഹത്തിന്റെ പല്ലുപോലെ ആയിരുന്നു എന്നത് അതിനെ കാണുന്ന മനുഷ്യരിൽ അതിയായ അത്ഭുതവും ഭീതിയും ജനിപ്പിക്കുന്ന പ്രതീതി ഉളവാക്കുന്നു എന്നതാണ്. ദേശത്തിനു നേരെ വരുന്ന ശത്രുവിനെ യോവേൽ പ്രവാചകൻ വിശദീകരിക്കുന്നതിനോടു ഇതിനു സാമ്യമുണ്ട്. **യോവേ.1:6** —"*ശക്തിയുള്ളതും സംഖ്യയില്ലാത്തതുമായോരു ജാതി എന്റെ ദേശത്തിന്റെ നേരെ വന്നിരിക്കുന്നു; അതിന്റെ പല്ലു സിംഹത്തിന്റെ പല്ലു; സിംഹിയുടെ അണപ്പല്ലു അതിനുണ്ടു.*"

**(6) ഇരുമ്പുകവചം — ഇരിമ്പുകവചംപോലെ കവചം ഉണ്ടു** ( And they had breastplates like breastplates of iron) —

പാതാളജീവിയായ ഈ ദുഷ്ടജീവി ഇരിമ്പു കവചംപോലെ കവചവും ധരിച്ചിരിക്കുന്നു. ഇരുമ്പു കവചം പോലെ എന്നുള്ള വിശേഷണം വ്യക്തമാക്കുന്നത് അവ ഇരുമ്പു കവചം ധരിച്ചിരിക്കുന്നുവെന്നല്ല മറിച്ചു അതുപോലെ തോന്നത്തക്കവിധം കവചം കാണപ്പെട്ടു എന്നാണ്. ഒരു പക്ഷേ ചെതുമ്പലുപോലെയുള്ള ഭാഗമായിരിക്കാം. യുദ്ധത്തിൽ ശരീരത്തിലെ പ്രധാനഭാഗങ്ങളെ സംരക്ഷിക്കുവാനുപയോഗിക്കുന്നതാണ് നെഞ്ചുഭാഗത്തു ധരിക്കുന്ന ഇരിമ്പുകവചം. ആകയാൽ യോഹന്നാൻ കണ്ട വെട്ടുക്കിളി യുദ്ധത്തിലെന്നപോലെ ആക്രമിക്കുവൻ പുറപ്പെട്ടു വന്നതാണെന്നും കവചം ധരിച്ചിരിക്കയാൽ അതിനെ ഒരുത്തർക്കും മുറിവേൽപ്പിക്കുവാനോ കൊല്ലുവാനോ സാദ്ധ്യമല്ലെന്നും ഇതിലൂടെ മനസ്സിലാക്കാം.

**(7) ചിറക് — ചിറകിന്റെ ഒച്ച പടെക്കു ഓടുന്ന അനേകം കുതിരത്തേരുകളുടെ ഒച്ചപോലെ ആയിരുന്നു** and the sound of their wings was like the sound of chariots with many horses running into battle) —

വിചിത്രജീവിയുടെ മറ്റൊരു പ്രത്യേകതയെന്നത് അവക്കു ചിറകുണ്ടായിരുന്നു എന്നതാണ്. അതായത് അവക്കു എവിടെയും പറന്നെത്തുവാൻ കഴിയുമെന്നതിനെ വ്യക്തമാക്കുന്നു. അവയുടെ ചിറകുകുകൾ ചലിപ്പിക്കുമ്പോഴുണ്ടാകുന്ന ശബ്ദം യുദ്ധത്തിൽ പങ്കെടുത്തു ഓടുന്ന അനേകം കുതിരത്തേരുകളുടെ ശബ്ദം പോലെയായിരുന്നുവെന്നും യോഹന്നാൻ വിശദീകരിക്കുന്നു. ഇവയുടെ ചിറകടിയുടെ ആരവം ഭയം ജനിപ്പിക്കുന്ന ആക്രമണത്തെയും യുദ്ധത്തെയും ഉണർത്തുന്നു (2.രാജാ.7:6/യിരെ.47:3/ യോവേ.2:4,5/).

**(8) വാല് — തേളിന്നുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ടു; മനുഷ്യരെ അഞ്ചു മാസം ഉപദ്രവിപ്പാൻ അതിന്നുള്ള ശക്തി വാലിൽ ആയിരുന്നു** (They had tails like scorpions, and there were stings in their tails Their power was to hurt men five months) —

അഗാധകൂപത്തിൽ നിന്നു പുറപ്പെട്ട ജീവിക്കു വെട്ടുക്കിളി, കുതിര, മനുഷ്യൻ, സ്ത്രീ, സിംഹം എന്നതിനു പുറമേ തേളിന്റെയും സമ്മിശ്രരൂപമാണുണ്ടായിരുന്നത്. തേളിന്നുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ടു; മനുഷ്യരെ അഞ്ചു മാസം ഉപദ്രവിപ്പാൻ അതിന്നുള്ള ശക്തി വാലിൽ ആയിരുന്നു എന്നത് ഈ പാതാളജീവിയുടെ എട്ടാമത്തെ പ്രത്യേകതയാണ്. അതായത് അന്ധകാരജീവിയായ വെട്ടുക്കിളിയുടെ വാലിലാണ് ശക്തിയും വിഷവും സംഭരിച്ചിരിക്കുന്നത്. സാധാരണവെട്ടുക്കിളികൾ മനുഷ്യരെ ആക്രമിക്കാറില്ല. മാത്രവുമല്ല അതിനു വിഷമോ വിഷമുള്ളോ ഇല്ല. എന്നാൽ പീഡനകാലത്ത് ദൈവം ഭൂവാസികളുടെ മേൽ അയക്കുന്ന ന്യായവിധിയുടെ ഭാഗമെന്നോണം വിചിത്രരൂപത്തിലുള്ള വെട്ടുക്കിളിക്ക് മനുഷ്യരെ വിഷമുള്ളാൽ കുത്തി 150 ദിവസത്തേക്കു മരണവേദനയുടെ അനുഭവം കൊടുക്കുവാൻ ഇവക്കു അധികാരം നൽകപ്പെട്ടിരിക്കുന്നു.

**വെളി.9:11 — അഗാധദൂതൻ അതിന്നു രാജാവായിരുന്നു; അവന്നു എബ്രായഭാഷയിൽ അബദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊല്ലുവോൻ എന്നും പേർ."**(And they had a king over them the angel

of the bottomless pit, whose name in Hebrew is Abaddon, but in Greek he has the name Apollyon)

വെട്ടുക്കിളി, കുതിര, മനുഷ്യൻ, സ്ത്രീ, സിംഹം, തേൾ എന്നിവയോടു സദൃശ്യമായ സമ്മിശ്രരൂപത്തിലുള്ള വിചിത്രമായ ദുഷ്ടജീവി അഗാധകൂപത്തിൽ നിന്നു പുറത്തേക്കിറങ്ങിയത് യോഹന്നാൻ കണ്ടു. അഗാധകൂപത്തിൽ തടവിലായിരിക്കുന്ന അന്തേവാസികളായ ദുരാത്മാക്കൾ വീണുപോയ സാത്താന്യദൂതന്മാരാണ്. അഗാധകൂപം അഗാധത്തിലുള്ള കൂപവും അടിത്തട്ടില്ലാത്ത അഗാധവുമായ കുഴിയുമാണ്. സാത്താന്യശക്തികൾ പോലും ഇവിടെ ചെന്നെത്തുവാൻ ഭയപ്പെടത്തക്കവണ്ണം അത്രക്കും ദുരിതം നിറഞ്ഞ ദണ്ഡനസ്ഥലമാണ്. സമയത്തിനു മുമ്പു അഥവാ അന്ത്യന്യായവിധിക്കു മുമ്പു ഇവിടേക്കു തങ്ങളെ അയക്കരുതെന്നു ഭൂതങ്ങൾ കർത്താവിനോടു അപേക്ഷിച്ചതായി തിരുവചനത്തിൽ കാണുന്നുണ്ട് (ലൂക്കൊ.8:31). സാധാരണ വെട്ടുക്കിളിക്കു രാജാവോ നേതാവോ ഇല്ല. സദൃശവാക്യങ്ങളിൽ ശലോമോൻ ഇതു വ്യക്തമാക്കിയിട്ടുമുണ്ട്. **സദൃ.30:27 —** "*വെട്ടുക്കിളിക്കു രാജാവില്ല എങ്കിലും അതൊക്കെയും അണിയണിയായി പുറപ്പെടുന്നു.*" എന്നാൽ അഗാധകൂപവാസികളായ ഇവക്കു രാജാവുണ്ടായിരുന്നു എന്നതും ഇവയുടെ പ്രത്യേകതയാണ്. രാജാവിന്റെ പേരും പറഞ്ഞിട്ടുണ്ട്. "*അഗാധദൂതൻ അതിന്നു രാജാവായിരുന്നു; അവന്നു എബ്രായഭാഷയിൽ അബദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊല്ലുവോൻ എന്നും പേർ*" എന്നു യോഹന്നാൻ വിശദീകരിക്കുന്നു. എബ്രായഭാഷയിൽ അബദ്ദോൻ എന്നാൽ നാശം (destruction) എന്നും ഗ്രീക്കിൽ അപ്പൊല്ലുവോൻ എന്നാൽ നാശകൻ (destroyer) എന്നുമർത്ഥം. നാശകൻ തകർക്കുന്നവൻ എന്നർത്ഥത്തിൽ അബദ്ദോൻ, അപ്പൊല്ലുവോൻ എന്നു പേരുള്ള അഗാധകൂപത്തിലെ ബന്ധിതനായ സാത്താന്യദൂതപ്രമുഖൻ സാത്താനല്ല. കാരണം സാത്താൻ അഥവാ പിശാച് ഇപ്പോൾ ബന്ധിതനല്ല. അവൻ വളരെ സ്വാതന്ത്രത്തോടെ ഭൂമിയിൽ ഊടാടി സഞ്ചരിക്കുന്നവനാണ് (ഇയ്യോ.1:7/1.പത്രൊ.5:8). എന്നാൽ സാത്താനെ ആയിരം ആണ്ടേക്കു ചങ്ങലയിട്ടു അഗാധകൂപത്തിൽ അടെച്ചു പൂട്ടും (വെളി.20:1–3). അബദ്ദോൻ അഥവാ അപ്പൊല്ലുവോൻ എന്ന പേരിലറിയപ്പെടുന്ന അഗാധകൂപപ്രമുഖൻ സാത്താനോടു ചേർന്നു പ്രവർത്തിക്കുന്ന ദുരാത്മാക്കളുടെ ഒരു വിഭാഗത്തിന്റെ അധിപതി അഥവാ രാജാവാണ്. അവനും അഗാധകൂപത്തിലെ അന്ധകാരത്തിൽ ബന്ധനസ്ഥനായി അടക്കപ്പെട്ടവനാണ്. അഞ്ചാം കാഹളത്തോടനുബന്ധിച്ചുള്ള ഒന്നാമത്തെ കഷ്ടത്തിൽ ഭൂവാസികളെ ദണ്ഡിപ്പിക്കുവാൻ അഗാധകൂപത്തിൽ നിന്നും സ്വതന്ത്രരാക്കപ്പെടുന്ന ദുരാത്മാക്കളുടെ പ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കുന്നവനാണ് അബദ്ദോൻ അഥവാ അപ്പൊല്ലുവോൻ. സാത്താനും അവന്റെ കൂട്ടരും സകലവും നശിപ്പിക്കുകയും തകർക്കുകയും ചെയ്യുമ്പോൾ കർത്താവു ജീവനും സമൃദ്ധിയും നൽകുന്നു. **യോഹ.10:10 —** "*മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു.*"

**വെളി.9:12 — കഷ്ടം ഒന്നു കഴിഞ്ഞു; ഇനി രണ്ടു കഷ്ടം പിന്നാലെ വരുന്നു."**(One woe is past. Behold, still two more woes are coming after these things)

നാലു കാഹളങ്ങളിലൂടെയുള്ള ന്യായവിധികൾക്കു ശേഷം ഇനി ഊതുവാനുള്ള മൂന്നു കാഹളങ്ങള നാദം ഹേതുവായി ഭൂവാസികൾക്കു കഷ്ടം, കഷ്ടം, കഷ്ടം എന്നു ഉറക്കെ ആകാശമദ്ധ്യേ ഘോഷിക്കുന്നതു യോഹന്നാൻ കേട്ടു (വെളി.8:13). ഇപ്രകാരം അറിയിക്കപ്പെട്ട മൂന്നു കഷ്ടങ്ങളിൽ ഒന്നാമത്തെ കഷ്ടത്തിലൂടെയുള്ള ദൈവീകന്യായവിധി ഭൂവാസികളിൽ വന്നു പതിച്ചത് അഗാധകൂപത്തിൽ നിന്നു പുറത്തേക്കു വന്ന വിചിത്രരൂപത്തിലുള്ള വെട്ടുക്കിളി മൂലമായിരുന്നു. അഞ്ചുമാസത്തേക്കു ഭൂവാസികൾ ഇവയുടെ ദണ്ഡനത്തിനു വിധേയരായി. ഇവയുടെ വിഷമുള്ളാലുള്ള കുത്തു മരണവേദന ഉളവാക്കി. മരണവേദന അനുഭവിച്ചപ്പോൾ അവർ മരണത്തിനായി കൊതിച്ചുവെങ്കിലും അഞ്ചുമാസത്തേക്കു ഭൂമിയിൽ മരണം അകന്നു നിന്നു. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ ആർക്കും കേടു വരുത്തരുതെന്നു സാത്തന്യശക്തിക്കു ലഭിച്ച നിർദ്ദേശത്താൽ വിശ്വാസികൾ ദണ്ഡനത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. എന്നാൽ നെറ്റിയിൽ മുദ്രയില്ലാത്തവരായ സാത്താന്റെ അനുയായികളെ സാത്താന്റെ സൈന്യം ആക്രമിക്കുന്നതാണിവിടെ കാണുന്നത്. ദൈവത്തിന്റെ സർവ്വശക്തിയെ തിരിച്ചറിഞ്ഞു ഭൂവാസികൾ ദൈവത്തിൽ ആശ്രയം വെക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. സാത്താന്യശക്തികളെ ഉപയോഗിച്ചു ഭൂവാസികളെ മരണവേദനയിലാക്കി അവരെ മാനസാന്തരാനുഭവത്തിലേക്കു നയിക്കുക എന്ന മാർഗ്ഗം വിചിത്രമായി തോന്നാമെങ്കിലും അതിലൂടെ ദൈവത്തിന്റെ സ്നേഹവും, ദയയും, ദീർഘക്ഷമയുമാണു കാണുവാൻ സാധിക്കുന്നത്. ഭൂമിയിലെ 150 ദിവസത്തെ മരണവേദനയെന്നത് നിത്യനരകത്തിലെ ദണ്ഡനവുമായി താരതമ്യപ്പെടുത്തിയാൽ തുലോം ലഘുവാണ്. അതായത് 150 ദിവസത്തെ കഷ്ടതയിൽ അവർ ദൈവത്തിൽ ആശ്രയം വെക്കുമെങ്കിൽ യുഗായുഗം സന്തോഷം അനുഭവിച്ചുകൊണ്ടു സ്വർഗ്ഗസന്തോഷം അനുഭവിക്കുവാൻ ഇടയാകും.

"കഷ്ടം ഒന്നു കഴിഞ്ഞു; ഇനി രണ്ടു കഷ്ടം പിന്നാലെ വരുന്നു." അവസാനത്തെ മൂന്നു കാഹളങ്ങൾ (three trumpets) മൂന്നു കഷ്ടം (three woes) എന്ന പേരിലും അറിയപ്പെടുന്നു. കാരണം കാഹളം ഊതുന്നതിനു പ്രാരംഭമായി കഷ്ടം, കഷ്ടം, കഷ്ടം എന്നു മൂന്നു തവണ കാഹളന്യായവിധിയോടു

ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നു. ഒന്നാമത്തെ കഷ്ടം അഞ്ചാം കാഹളത്തെ പ്രതിനിതീകരിക്കുന്നതും അതിലൂടെ അധോലോകജീവികളെ തുറന്നു വിട്ടു ഭൂവാസികളെ മരണവേദനയാൽ ദണ്ഡിപ്പിച്ചുവെങ്കിൽ തുടർന്നുള്ള രണ്ടു കഷ്ടം ആറാമത്തെ കാഹളത്തോടും (വെളി.9:13-21) ഏഴാമത്തെ കാഹളത്തോടും (വെളി.11:15-19) ബന്ധപ്പെട്ടുള്ളതാണ്. ഒന്നാമത്തെ കഷ്ടമായ അഞ്ചുമാസത്തെ ന്യായവിധിയാലുള്ള ദണ്ഡനം അതിഭയങ്കരമായിരുന്നിട്ടുകൂടി അതു ഏതുമില്ലയെന്നു ബോദ്ധ്യപ്പെടുത്തുന്ന സംഭവവികാസങ്ങളാണ് തുടർന്നുള്ള രണ്ടു കഷ്ടങ്ങളിൽ ഉൾക്കൊള്ളുന്നത്. രണ്ടാം കഷ്ടത്തിൽ നദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദുഷ്ടദൂതന്മാരെ അഴിച്ചു വിട്ടു മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുവാൻ യാഗപീഠത്തിൽ നിന്നു കല്പന പുറപ്പെടുന്നു.

**വെളി.9:13 — ആറാമത്തെ ദൂതൻ ഊതി; അപ്പോൾ ദൈവസന്നിധിയിലെ സ്വർണ്ണപീഠത്തിന്റെ കൊമ്പുകളിൽ നിന്നു ഒരു ശബ്ദം കാഹളമുള്ള ആറാം ദൂതനോടു: "**(Then the sixth angel sounded: And I heard a voice from the four horns of the golden altar which is before God)

വെളി.9:13 മുതൽ 21 വരെയുള്ള ഭാഗം യൂഫ്രാത്തേസ് മഹാനദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദുഷ്ടദൂതന്മാരെ അഴിച്ചു വിടുന്നതും അവരുടെ നേതൃത്വത്തിലുള്ള കുതിരപ്പടയുടെ ആക്രമണവുമാണ് അടങ്ങിയിരിക്കുന്നത്. ഒൻപതാം അദ്ധ്യായത്തിൽ അഞ്ചും ആറും കാഹളത്താലുള്ള ന്യായവിധിയാണ് കാണുന്നത്. രണ്ടും സാത്താന്യശക്തികളായ ദുഷ്ടദൂതന്മാരുടെ പ്രവർത്തനങ്ങളാണ്. ആകാശമദ്ധ്യേ ഘോഷിക്കപ്പെട്ട മൂന്നു കഷ്ടങ്ങളിൽ ആദ്യത്തെ രണ്ടു കഷ്ടങ്ങൾ അഞ്ചും ആറും കാഹളന്യായവിധികളാണ് (വെളി.8:13). വിചിത്രവും, ഭയാജനകവുമായ രൂപവും, സാത്താന്യ സ്വഭാവമുള്ളതുമായ വെട്ടുക്കിളികൾ നെറ്റിയിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയില്ലാത്തവരുടെ മേൽ കുത്തിമുറിവേൽപ്പിച്ചു മരണവേദനയുളവാക്കി. മനുഷ്യരെ മരണവേദനയിലാക്കി ദണ്ഡിപ്പിക്കുക എന്നല്ലാതെ മനുഷ്യരെ കൊല്ലുവാൻ പാതാള വെട്ടുക്കിളിക്കു അധികാരമില്ലായിരുന്നു. എന്നാൽ ആറാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ ദൈവത്തിൽ ആശ്രയം വെക്കാത്ത മനുഷ്യവർഗ്ഗത്തിൽ മൂന്നിലൊന്നിനെ കൊന്നു കളയുവാനാണ് സാത്താന്യശക്തികൾക്കു അനുവാദം ഉണ്ടായത്. യൂഫ്രത്തേസ് നദീതീരത്തു ബന്ധിതരായി കിടക്കുന്ന നാലു ദുഷ്ടദൂതന്മാരെ അഴിച്ചു വിടുന്നതോടു കൂടി ഇരുപതുകോടി സാത്താന്യ കുതിരപ്പടയുടെ ആക്രമണം ഉണ്ടാകുന്നു. പാതാളകുതിരപ്പടയും വെട്ടുക്കിളിയെപ്പോലുള്ള സങ്കരരൂപത്തിലുള്ള ജീവിയാണ്. കുതിര, സിംഹം, പാമ്പ് എന്നിവയുടെ മിശ്രിതരൂപമാണിവക്കുള്ളത്. ഇവയുടെ വായിൽ നിന്നു പുറപ്പെടുന്ന തീ, പുക, ഗന്ധകം എന്നിവയാലും വാലിലെ സർപ്പത്തലയാലുള്ള ദംശനത്താലുമാണ് മനുഷ്യർ കൊല്ലപ്പെടുന്നത്. പാതാളസേനയുടെ ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്നു കൊല്ലപ്പെടുവാനിടയായെങ്കിലും ജീവിച്ചിരിക്കുന്ന ശേഷം മനുഷ്യർ മാനസാന്തരപ്പെട്ടു ദൈവസന്നിധിയിലേക്കു മടങ്ങിവരുന്നതിനു പകരം ദുഷ്പ്രവൃത്തികളിലും വിഗ്രഹാരാധനയിലും പാപവഴികളിലും അവർ സഞ്ചരിക്കുന്നതായി കാണുന്നു.

**ആറാമത്തെ ദൂതൻ ഊതി** (Then the sixth angel sounded:)—

ഏഴു മുദ്ര, ഏഴു കാഹളം, ഏഴു കലശം എന്നിങ്ങനെയുള്ള 21 ന്യായവിധികളിൽ ഇതുവരെയും 12 എണ്ണമാണ് (7 മുദ്ര+5 കാഹളം) സഭ എടുക്കപ്പെട്ട ശേഷം ഭൂവാസികളുടെ മേൽ ഉണ്ടായത്. ഓരോ ന്യായവിധികളും ഭൂവാസികളിൽ കഷ്ടവും ദുരിതവും വിതറുന്നവയായിരുന്നു. ഓരോ ന്യായവിധി കഴിയുന്തോറും തുടർന്നു അരങ്ങേറുന്ന ന്യായവിധിയുടെ ദുരിതങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നതായി കാണുന്നു. ആറാമത്തെ ദൂതൻ കാഹളം മുഴക്കുന്നതോടുകൂടി ആകാശമദ്ധ്യേ ഘോഷിക്കപ്പെട്ട മൂന്നു കഷ്ടങ്ങളിൽ രണ്ടാമത്തെ കഷ്ടത്തിലേക്കു പ്രവേശിക്കുകയാണ്.

**അപ്പോൾ ദൈവസന്നിധിയിലെ സ്വർണ്ണപീഠത്തിന്റെ കൊമ്പുകളിൽ നിന്നു ഒരു ശബ്ദം കാഹളമുള്ള ആറാം ദൂതനോടു:** (And I heard a voice from the four horns of the golden altar which is before God)—

ആറാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ ദൈവസന്നിധിയിലെ സ്വർണ്ണയാഗപീഠത്തിന്റെ കൊമ്പുകളിൽ നിന്നു ഒരു ശബ്ദം യോഹന്നാൻ കേട്ടു. ആ ശബ്ദം ആറാമത്തെ കാഹളമൂതിയ ദൂതൻ തുടർന്നു ചെയ്യേണ്ട നിർദ്ദേശമായിരുന്നു. ദൈവസന്നിധിയിലെ യാഗപീഠത്തിന്റെ കൊമ്പുകളിൽ നിന്നു ഒരു ശബ്ദം കേട്ടു എന്നല്ലാതെ ആരുടേതായിരുന്നു എന്നു പറഞ്ഞിട്ടില്ല. ആറാമത്തെ ദൂതനുള്ള നിർദ്ദേശം കുഞ്ഞാടായ കർത്താവായ യേശുക്രിസ്തുവിന്റേതായിരിക്കാം. കാരണം കർത്താവു ദൈവസിംഹാസനത്തിനടുത്തു നിൽക്കുന്നതായി യോഹന്നാൻ വിവരിച്ചിരുന്നു. കൂടാതെ പിതാവായ ദൈവത്തിന്റെ വലങ്കയ്യിൽ നിന്നു മുദ്രിത പുസ്തകം വാങ്ങുകയും അതിന്റെ മുദ്രകളോരോന്നായി പൊട്ടിച്ചു കൊണ്ടിരിക്കുകയുമാണ് (വെളി.5:6,7,9). കർത്താവല്ലെങ്കിൽ ഒരു പക്ഷേ സ്വർണ്ണധൂപകലശവുമായി യാഗപീഠത്തിന്നരികെ നിന്ന ദൂതനായിരിക്കാം(വെളി.8:3).

ദൈവസന്നിധിയിലെ സ്വർണ്ണയാഗപീഠത്തിന്റെ കൊമ്പുകളിൽ നിന്നാണ് ശബ്ദം യോഹന്നാൻ കേട്ടത്. പഴയനിയമത്തിൽ സമാഗമനകൂടാരത്തിലും ശലോമോന്റെ ദൈവാലയത്തിലും ഉണ്ടായിരുന്ന യാഗപീഠവും സ്വർണ്ണധൂപപീഠവും അതിലെ ശുശ്രൂഷയും യോഹന്നാൻ ഏഴാം മുദ്രയോടുള്ള ബന്ധത്തിൽ സ്വർഗ്ഗത്തിൽ കണ്ടതാണ്. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ അറുക്കപ്പെട്ട അഥവാ രക്തസാക്ഷികളായ വിശുദ്ധന്മാരുടെ ആത്മാക്കളുടെ നിലവിളി യാഗപീഠത്തിങ്കീഴിൽ കേട്ടു (വെളി.5:9-11). ഏഴാം മുദ്ര പൊട്ടിച്ചതിനെ തുടർന്നു മറ്റൊരു ദൂതൻ വന്നു യാഗപീഠത്തിന്നരികെ നിൽക്കുകയും അവനു സകല വിശുദ്ധന്മാരുടെ പ്രാർത്ഥനയോടു ചേർക്കേണ്ടതിന്നു വളരെ ധൂപവർഗ്ഗം ലഭിച്ചു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽ നിന്നു ദൈവസന്നിധിയിലേക്കു ഉയർന്നു. എന്നാൽ ഇതേ ധൂപകലശത്തിൽ യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കെറിഞ്ഞപ്പോൾ അതു ന്യായവിധിയുടെ ധൂപകലശമായി മാറി (വെളി.8:3-5). ഏതായാലും വിശുദ്ധന്മാരുടെ പ്രാർത്ഥനക്കുത്തരമെന്ന നിലയിലാണ് സ്വർണ്ണയാഗപീഠത്തിന്റെ കൊമ്പുകളിൽ നിന്നു ശബ്ദം ഉണ്ടാകുന്നത്.

**യാഗപീഠവും, ധൂപപീഠവും —**

> സമാഗമനകൂടാര നിർമ്മാണത്തിൽ മോശെക്കു നൽകിയ കല്പനയിൽ യാഗപീഠത്തിന്റെ നിർമ്മാണത്തെക്കുറിച്ചു പുറ.27:1 മുതൽ 8 വരെയും ധൂപപീഠത്തിന്റെ നിർമ്മാണത്തെയും ശുശ്രൂഷകളെയും കുറിച്ചു പുറ.30:1 മുതൽ 10 വരെയും കാണുന്നു.

> താമ്രയാഗപീഠം ഖദിരമരം കൊണ്ടുണ്ടാക്കി താമ്രം പൊതിഞ്ഞിരുന്നു. എന്നാൽ സ്വർണ്ണധൂപപീഠം ഖദിരമരം കൊണ്ടുണ്ടാക്കി സ്വർണ്ണം പൊതിഞ്ഞിരുന്നു.

> താമ്രയാഗപീഠം പ്രാകാരത്തിലും ധൂപപീഠം വിശുദ്ധസ്ഥലത്തുമായിരുന്നു വെച്ചിരുന്നത്.

> താമ്രയാഗപീഠത്തിൽ യാഗം നടക്കുന്നുവെങ്കിൽ സ്വർണ്ണധൂപപീഠത്തിൽ സുഗന്ധവർഗ്ഗങ്ങളുടെ സൗരഭ്യവാസന ഉയരുന്നു.

> താമ്രയാഗപീഠം കാൽവറിക്രൂശിൽ പാപയാഗമായി മരിച്ച യേശുക്രിസ്തുവിനെയും സ്വർണ്ണധൂപപീഠം ദൈവസന്നിധിയിൽ പക്ഷവാദം ചെയ്യുന്ന യേശുക്രിസ്തുവിനെയും കുറിക്കുന്നു. ആത്മീകാർത്ഥത്തിൽ മനുഷ്യരോടുള്ള ബന്ധത്തിൽ താമ്രയാഗപീഠം ഒരുവനെ ശുദ്ധീകരിക്കുന്നുവെങ്കിൽ ധൂപപീഠം പുരോഹിതവൃത്തിക്കുള്ള പ്രവേശനവും ആരാധനയെയും കുറിക്കുന്നു.

> താമ്രയാഗപീഠത്തിനും സ്വർണ്ണധൂപപീഠത്തിനും കൊമ്പുകളുണ്ടായിരുന്നു. തിരുവചനപ്രകാരം കൊമ്പു പൊതുവേ ശക്തി, അധികാരം, ഉന്നതി എന്നിവയെ കുറിക്കുന്നു. താമ്രയാഗപീഠത്തിന്റെ കൊമ്പുകൾ യാഗങ്ങളുടെ ശക്തിയെയും അതുപോലെ യേശുക്രിസ്തു ഒരിക്കലും എന്നേക്കുമായി നിവർത്തിച്ച യാഗത്തിന്റെ ഉന്നതിയെയും കുറിക്കുന്നു. സ്വർണ്ണധൂപപീഠത്തിലെ കൊമ്പുകൾ ധൂപപീഠമായ കർത്താവായ യേശുക്രിസ്തു നമുക്കായി ചെയ്തുകൊണ്ടിരിക്കുന്ന പക്ഷവാദശുശ്രൂഷയുടെ ശ്രേഷ്ടതയെയും കുറിക്കുന്നു. പഴയനിയമയാഗത്തിൽ യാഗമൃഗത്തിന്റെ രക്തം കുറച്ചെടുത്തു യാഗപീഠത്തിന്റെ കൊമ്പുകളിൽ ചുറ്റും പുരട്ടാറുണ്ടായിരുന്നു (ലേവ്യാ.4:7/16:18). രക്തം പുരണ്ട കൊമ്പു പ്രസ്താവിക്കുന്നത് യേശുക്രിസ്തുമൂലമുള്ള രക്ഷയും വിശുദ്ധീകരണവുമാണ്. ആറാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ സ്വർണ്ണധൂപപീഠത്തിന്റെ കൊമ്പുകളിൽ നിന്നാണ് ഒരു കല്പനാശബ്ദം യോഹന്നാൻ കേട്ടത്. ആശ്രയിക്കുന്നവർക്കു രക്ഷയായിത്തീർന്ന അതേ കൊമ്പുകൾ പീഡനകാലത്ത് ദൈവീകന്യായവിധികൾ മനസ്സിലാക്കിയിട്ടും അഭയം പ്രാപിക്കാത്തവരുടെമേൽ ദൈവീകന്യായവിധി നടത്തുവാനുള്ള കല്പന കൊമ്പുകളിൽ നിന്നു പുറപ്പെടുന്നു.

**വെളി.9:14 — യൂഫ്രാത്തേസ് എന്ന മഹാനദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചുവിടുക എന്നു പറയുന്നതു ഞാൻ കേട്ടു.”**(saying to the sixth angel who had the trumpet, Release the four angels who were bound at the great river Euphrates)

**തിരുവചനത്തിലെ യൂഫ്രാത്തേസ് മഹാനദി —** ആറാം കാഹളധ്വനി ഉയർന്നപ്പോൾ യൂഫ്രാത്തേസ് എന്ന മഹാനദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചു വിടുക എന്നു സ്വർണ്ണയാഗപീഠത്തിന്റെ കൊമ്പുകളിൽ നിന്നു ഒരു ശബ്ദം ആറാമത്തെ ദൂതനോടു കല്പിക്കുന്നതായി യോഹന്നാൻ കേട്ടു. നാലു ദൂതന്മാരും ബന്ധനസ്ഥരായിരിക്കുന്നതിനാൽ അവർ ദുഷ്ടദൂതന്മാരാണെന്നു അനുമാനിക്കാം. കാരണം ദൈവദൂതന്മാർ ദൈവത്തിന്റെ ഹിതം നിറവേറ്റുവാൻ സദാ തയ്യാറായി നിൽക്കുന്നവരാകയാൽ അവരെ ബന്ധിക്കേണ്ട ആവശ്യമില്ല. ലോകത്തെയും മനുഷ്യവർഗ്ഗത്തെയും മാത്രമല്ല ദൈവത്തിന്റെ സകല പ്രവർത്തനങ്ങളെയും ആക്രമിച്ചു നശിപ്പിക്കുവാൻ തയ്യാറായി നിൽക്കുന്ന അപകടകാരികളായ ഈ ദുഷ്ടദൂതന്മാരെ ദൈവം മുന്നമേ ബന്ധിച്ചിരിക്കുകയാണ്. എന്നാൽ ആറാം കാഹളത്തെ തുടർന്നു ഏറ്റവും അപകടകാരികളായ ഈ ദുഷ്ടദൂതന്മാരെ അഴിച്ചു വിടുവാൻ സ്വർഗ്ഗത്തിൽ നിന്നു കല്പനയുണ്ടായി. നാല് എന്ന സംഖ്യ സകലത്തെയും ഉൾക്കൊള്ളുന്നതിനെയും അധികാരത്തിന്റെയും എണ്ണത്തിന്റെയും പൂർണ്ണതയെയും കുറിക്കുന്നു. ആറാം മുദ്ര പൊട്ടിച്ചതിനു ശേഷവും ഏഴാം മുദ്രപൊ

ട്ടിക്കുന്നതിനു മുമ്പായും ഏഴാം അദ്ധ്യായത്തിൽ നാലു ദൂതന്മാരെ കാണുകയുണ്ടായി. **വെളി.7:1 —** *"അതിന്റെശേഷം ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിന്നു നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ടു ഭൂമിയുടെ നാലുകോണിലും നിൽക്കുന്നതു ഞാൻ കണ്ടു."* ഇവർ ദൈവത്തിന്റെ ആജ്ഞ നിറവേറ്റുവാൻ ഒരുങ്ങി നിന്ന നാലു ദൈവദൂതന്മാരായിരുന്നു. എന്നാൽ നദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാർ ദുഷ്ടദൂതന്മാരും അസംഖ്യം ദുഷ്ടാത്മശക്തികളുടെ വൻപടയെ നയിക്കുന്ന നേതാക്കളുമാണ്.

യൂഫ്രാത്തേസ് എന്ന മഹാനദീതീരത്താണ് (the great river Euphrates) നാലു ദൂതന്മാരെയും ബന്ധിച്ചിരിക്കുന്നത്. യൂഫ്രാത്തേസ് നദിയുടെ ഒരു വശത്തു യിസ്രായേലും സൗദി അറേബ്യയും മറ്റേ വശത്തു ഇറാക്കും സ്ഥിതി ചെയ്യുന്നു. കൂടാതെ ഇറാക്കിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ബാബിലോണിന്റെ ഇരുവശങ്ങളിലൂടെ സമാന്തരമായി ഒഴുകുന്ന രണ്ടു നദികളാണ് യൂഫ്രാത്തേസും ടൈഗ്രീസും. അർമീനിയൻ പർവ്വതനിരകളിൽ നിന്നാണ് യൂഫ്രാത്തേസ് നദിയുടെ ആരംഭം. യിസ്രായേൽ, തുർക്കി, സിറിയ, ഇറാക്ക്, ബാബിലോൺ എന്നീ രാജ്യാതിർത്തികളിലൂടെ 1750 മൈൽ (2850 കി.മീ) ദൂരത്തിൽ ഒഴുകി പേർഷ്യൻ ഉൾക്കടലിൽ പതിക്കുന്നതിനു മുമ്പായി 65 കി.മീ. വടക്കുവെച്ചു ടൈഗ്രീസ് നദിയുമായി ഒത്തു ചേരുന്നു. യൂഫ്രാത്തേസ്, ടൈഗ്രീസ് നദികളുടെ ഇടക്കുള്ള സമതലപ്രദേശമാണ് മെസൊപ്പൊട്ടാമിയ. മെസൊപ്പൊട്ടാമിയ എന്ന വാക്കിനർത്ഥം നദികൾക്കിടയിലുള്ള നാട് എന്നാണ്. ഏറ്റവും ആഴമുള്ള യൂഫ്രാത്തേസ് നദിയിൽ വേനൽക്കാലത്തുപോലും വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. അർമ്മീനിയൻ പർവ്വതനിരകളിലെ മഞ്ഞുരുകുന്നതുമൂലമാണിതു സംഭവിക്കുന്നത്. യൂഫ്രാത്തേസ് എന്നതിന്റെ എബ്രായനാമം പെരാത്ത് (Perath) എന്നാണ്. ഏദെൻ തോട്ടത്തിൽ നിന്നു പുറപ്പെടുന്ന നാലു നദികളിൽ ഒന്നാണ് മലയാളത്തിൽ ഫ്രാത്ത് എന്നറിയപ്പെടുന്ന യൂഫ്രാത്തേസ്. **ഉല്പ.2:14 —** *"മൂന്നാം നദിക്കു ഹിദ്ദേക്കൽ എന്നു പേർ; അതു അശ്ശൂരിന്നു കിഴക്കോട്ടു ഒഴുകുന്നു; നാലാം നദി ഫ്രാത്ത് ആകുന്നു"* (The name of the third river is Hiddekel, it is the one which goes toward the east of Assyria. The fourth river is the Euphrates). മൂന്നാമത്തെ നദിയായ ടൈഗ്രീസ് (Tigris) എന്നതിന്റെ എബ്രായനാമമാണ് ഹിദ്ദേക്കൽ (Hiddekel) എന്നത്. മിസ്രയീം, ബാബിലോൺ എന്നിവ യിസ്രായേലിന്റെ ശത്രുക്കളുടെ പ്രതീകമായി കാണുന്നതുപോലെ ദൈവീകശിക്ഷാവിധിയുടെ പ്രതീകമായി യൂഫ്രാത്തേസ് കാണപ്പെടുന്നു (വെളി.9:14/വെളി.16:12).

തിരുവചനത്തിൽ ഏറെ പ്രാധാന്യമുള്ള നദിയാണ് യൂഫ്രാത്തേസ്. ആദ്യപുസ്തകമായ ഉല്പത്തിയിലും അവസാനപുസ്തകമായ വെളിപ്പാടിലും പരാമർശിച്ചിട്ടുണ്ട് (ഉല്പ.2:14/വെളി.9:14/16:12). യോർദ്ദാൻ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെടുന്ന നദിയാണ് യൂഫ്രാത്തേസ്. യൂഫ്രാത്തേസിനെ മഹാനദി (ഉല്പ.15:18/ആവ.1:7/യോശു.1:4/വെളി.9:14/വെളി.16:12) എന്നു തിരുവചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു. ഈ വിശേഷണം അതിന്റെ നീളത്തെയോ വലിപ്പത്തെയോ കണക്കാക്കിയല്ല, മറിച്ച് അവിടെ നടന്നിട്ടുള്ള പല പ്രധാന സംഭവങ്ങളോടും, ഭാവിയിൽ നടക്കേണ്ട സംഭവങ്ങളുടെ പ്രാധാന്യത്തെയും അടിസ്ഥാനപ്പെടുത്തിയാണ്.

**യൂഫ്രാത്തേസ് നദീതീരത്തു നടന്നിട്ടുള്ള പ്രധാന സംഭവങ്ങൾ —**

നദിയുടെ ഉത്ഭവം ഏദെൻ തോട്ടത്തിൽ നിന്നാകയാൽ പഴയനിയമത്തിലെ അനേക സംഭവങ്ങൾ ഈ നദീതീരങ്ങളോടു ബന്ധപ്പെട്ടു നടന്നിട്ടുണ്ട്.

(1) മനുഷ്യൻ ആദ്യമായി പാപത്തിൽ അകപ്പെട്ടത് ഇവിടെ വെച്ചായിരുന്നു(ഉല്പ.3).
(2) ആദ്യത്തെ കൊലപാതകം (ഉല്പ.4:8).
(3) ദൈവത്തിനെതിരായി സംഘം ചേരൽ—ശിനാർ ദേശത്തു ബാബേൽ ഗോപുരം(ഉല്പ.11:1-9).
(4) യുദ്ധത്തിനായി സംഘം ചേരൽ (ഉല്പ.14:1).
(5) ദൈവം അബ്രഹാമിനു ഫ്രാത്തു നദീതീരം വരെയുള്ള ദേശം നൽകി നിയമം ചെയ്തു(ഉല്പ.15:18).
(6) ബാബിലോൺ വിഗ്രഹാരാധനയുടെ കേന്ദ്രം.
(7) യിസ്രായേൽ ജനത്തെ അടിമകളായി കൊണ്ടു പോയത് ബാബിലോണിലേക്കായിരുന്നു(സങ്കീ.137:1).
(8) നദീ തീരത്തു നിന്നു നാലു ദുഷ്ടദൂതന്മാരെ അഴിച്ചു വിടുന്നു (വെളി.9:14).
(9) ആറാമത്തെ കലശം യൂഫ്രാത്തേസ് മഹാനദിയിൽ ഒഴിച്ചപ്പോൾ നദി വറ്റിപ്പോയി (വെളി.16:12).
(10) ബാബിലോൺ നഗരം ഭാവിയിൽ പണിതുയർത്തുകയും സാത്താന്യഭരണം നടക്കുന്നതും ഇവിടെയാണ് (വെളി.18).
(11) ഭാവിയിൽ സകലസാത്താന്യശക്തികളെയും എതിരിട്ടു നശിപ്പിക്കുന്നതും ഇവിടെയാണ്.

**വെളി.9:15 — ഉടനെ മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുവാൻ ഇന്ന ആണ്ടു, മാസം, ദിവസം, നാഴികെക്കു ഒരുങ്ങിയിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചുവിട്ടു."**(So the four angels, who had been prepared for the hour and day and month and year, were released to kill a third of mankind)

ആറാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ യൂഫ്രാത്തേസ് മഹാനദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചു വിടുക എന്ന ശബ്ദം കാഹളം മുഴക്കിയ ആറാമത്തെ ദൂതനോടു പറയുന്നതു യോഹന്നാൻ കേട്ടു. തൽക്ഷണം നാലു ദൂതന്മാരെയും അഴിച്ചു വിട്ടു. ബന്ധനസ്ഥരായിരുന്ന നാലു ദുഷ്ടദൂതന്മാരും ഭൂവാസികളിൽ അക്രമം നടത്തുവാൻ തക്കം നോക്കിയിരിക്കുന്നവരായിരുന്നു. മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുവാനാണ് അവർക്കു അനുവാദം ലഭിച്ചത്. അഗാധകൂപത്തിലെ വെട്ടുക്കിളിയാലുള്ള ദണ്ഡനം അഞ്ചു മാസമായിരുന്നതിനാൽ ഇവിടെ പറഞ്ഞിരിക്കുന്ന ആണ്ടു, മാസം, ദിവസം, നാഴികെക്കു (the hour and day and month and year) എന്നതിനെ കുതിരപ്പടയുടെ 13 മാസത്തെ ദണ്ഡനകാലാവധിയായി ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ഇതു ദണ്ഡനകാലത്തിന്റെ ദൈർഘ്യത്തെയല്ല മറിച്ചു ന്യായവിധിക്കായുള്ള ദൈവം നിയമിച്ചു ഉറപ്പിച്ചിരിക്കുന്ന സമയത്തെയാണ് സൂചിപ്പിക്കുന്നതെന്നും പറയപ്പെടുന്നു. ഏതായാലും ദൈവം തന്റെ മുൻനിർണ്ണയപ്രകാരമുള്ള സമയത്തു തന്നെ സകലവും നിവർത്തിക്കും. ഇതിനായി ആണ്ട്, മാസം, ദിവസം, നാഴിക ഒക്കെ ദൈവം നിർണ്ണയിച്ചിട്ടുണ്ട്. അക്കാലത്തു അഴിച്ചുവിടപ്പെട്ട ഭൂതകുതിരപ്പടയാൽ ദൈവം വിഭാവന ചെയ്ത സമയത്ത് മനുഷ്യരിൽ മൂന്നിലൊന്നിനെ കൊന്നുകളയും. മിസ്രയീമിലെ പത്താമത്തെയും അവസാനത്തെയും ബാധയിൽ ആദ്യജാതന്മാരെ അർദ്ധരാത്രിയിൽ കൊന്നതുപോലെയായിരിക്കും കുതിരപ്പടയുടെയും ആക്രമണം. നാലാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ യുദ്ധം, ക്ഷാമം, മഹാമാരി, കാട്ടുമൃഗങ്ങൾ എന്നിവയാൽ ഭൂവാസികളിൽ നാലിലൊന്നു കൊല്ലപ്പെട്ടു(വെളി.6:8). ആറാം കാഹളത്തോടെ അഴിച്ചു വിടപ്പെട്ട നാലു ദുഷ്ടദൂതന്മാർ ശേഷിക്കുന്ന മനുഷ്യരിൽ മൂന്നിലൊന്നിനെ കൊന്നു കളയുവാൻ നേതൃത്വം വഹിക്കും.

**വെളി.9:16 — കുതിരപ്പടയുടെ സംഖ്യ പതിനായിരം മടങ്ങു ഇരുപതിനായിരം എന്നു ഞാൻ കേട്ടു."**
(Now the number of the army of the horsemen was two hundred million; I heard the number of them) —

യൂഫ്രാത്തേസ് മഹാനദീതീരത്തു ബന്ധിച്ചിരുന്ന നാലു ദുഷ്ടദൂതന്മാരെ അഴിച്ചു വിട്ടയുടനെ യോഹന്നാൻ കേട്ടത് ഈ നാലു ദൂതന്മാരുടെ കീഴിലുള്ള ദുഷ്ടാത്മസേന അഥവാ കുതിരപ്പടയുടെ സംഖ്യയായിരുന്നു. *"കുതിരപ്പടയുടെ സംഖ്യ പതിനായിരം മടങ്ങു ഇരുപതിനായിരം എന്നു ഞാൻ കേട്ടു."* പതിനായിരം മടങ്ങു ഇരുപതിനായിരം (two hundred million = 200 പത്തുലക്ഷം) എന്നാൽ 20 കോടിയാണ്.

സാത്താനു സൈന്യവും കുതിരപ്പടയും ഉണ്ടോ? യഹോവ സേബായോത്ത് അഥവാ സൈന്യങ്ങളുടെ ദൈവം എന്നു യഹോവയായ ദൈവത്തെ തിരുവചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു. ദൈവം സൈന്യാധിപനാകയാൽ തനിക്കു രഥങ്ങളും സൈന്യവുമുണ്ട്.

**2.രാജാ.2:11 —** *"അവർ സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ അഗ്നിരഥവും അഗ്ന്യശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു; അങ്ങനെ ഏലീയാവു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു."*

**2.രാജാ.6:17 —** *"യഹോവ ബാല്യക്കാരന്റെ കണ്ണു തുറന്നു; എലീശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ടു മല നിറഞ്ഞിരിക്കുന്നതു അവൻ കണ്ടു."*

**സങ്കീ.68:17 —** *"ദൈവത്തിന്റെ രഥങ്ങൾ ആയിരമായിരവും കോടികോടിയുമാകുന്നു; കർത്താവു അവരുടെ ഇടയിൽ, സീനായിൽ, വിശുദ്ധമന്ദിരത്തിൽ തന്നേ."*

**വെളി.19:14 —** *"സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു."*

ദൈവത്തിനു സൈന്യം ഉള്ളതുപോലെ സാത്താനും സൈന്യവും കുതിരപ്പടയുമൊക്കെയുണ്ട്. എന്നാൽ ദൈവത്തിന്റെ സൈന്യം ദൈവദൂതന്മാരായിരിക്കുമ്പോൾ സാത്താന്റെ സൈന്യം ദുഷ്ടദൂതന്മാരും ദുരാത്മാക്കളും ദുർഭൂതങ്ങളുമാണ്. മഹാസർപ്പമായ പിശാചും അവന്റെ ദൂതന്മാരും ദൈവദൂതനായ മീഖായേലിനോടും ദൂതന്മാരോടും പടവെട്ടിയെന്നു കാണുന്നതിനാൽ സാത്താനും സൈന്യവും കുതിരപ്പടയുമുണ്ട്.

**വെളി.12:7 —** *"പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും."*

ആറാം കാഹളത്തെത്തുടർന്നു മനുഷ്യവർഗ്ഗത്തിൽ മൂന്നിലൊന്നിനെ കൊല്ലുവാൻ പുറപ്പെട്ടിരിക്കുന്ന കുതിരപ്പടയുടെ എണ്ണം 20 കോടി എന്നത് ഏറ്റവും അത്ഭുതകരമായിരിക്കുന്നു. 20 കോടി കുതിരപ്പട എന്ന പ്രസ്താവന അസംഖ്യം എന്നോ എണ്ണിക്കൂടാനാവാത്തതോ എന്ന നിലയിൽ ഉപയോഗിച്ചിരിക്കുന്ന ആലങ്കാരിക പ്രയോഗമാണെന്നും അഭിപ്രായമുണ്ട്. എന്നാൽ ഇത്രയും വലിയ കൂട്ടത്തിനു അനയാസമായി അവരുടെ കൃത്യം നിറവേറ്റുവാൻ സാധിക്കും. ഭൂമിയിൽ ഇപ്രകാരമുള്ള ഒരു പടയെക്കുറിച്ചു ചിന്തിക്കുവാൻ തന്നെ ഏറെ പ്രയാസമാണ്. കാരണം ഇത്രയും വലിയ ഒരു സൈന്യത്തെ ഭൂമിയിലൊരിക്കലും അണി നിരത്തിയിട്ടില്ല. മാത്രവുമല്ല അങ്ങനെ ഒരു കൂട്ടത്തെ മേലിൽ അണിനിരത്താ

മെന്നു വിചാരിക്കുവാനും കഴിയുകയില്ല. എന്നാൽ ഇവിടെ പ്രസ്താവിച്ചിരിക്കുന്ന കുതിരപ്പട മനുഷ്യഭടന്മാരല്ല. അശ്വസദൃശമായ വിചിത്രജീവികളുടെ മേൽ കയറി വരുന്ന 20 കോടി ദുരാത്മാക്കളാണ്. മഹാനദീതീരത്തു നിന്നു സ്വതന്ത്രരായ നാലു ദൂതന്മാരും 20 കോടി കുതിരപ്പടയുടെ തലവന്മാരാണ്. അതായത് ഓരോരുത്തരുടെ നിയന്ത്രണത്തിലും 5 കോടി വീതമുള്ള ദുഷ്ടാത്മകൊലയാളിപ്പടകൾ ഉൾക്കൊള്ളുന്നു. ഇവരും അഗാധകൂപത്തിൽ നിന്നു പുറപ്പെട്ടു വരുന്ന 20 കോടി ഭൂതാത്മാക്കൾ തന്നെയായിരിക്കണം.

**വെളി.9:17 — ഞാൻ കുതിരകളെയും കുതിരപ്പുറത്തു ഇരിക്കുന്നവരെയും ദർശനത്തിൽ കണ്ടു എങ്ങനെ എന്നാൽ : അവർക്കു തീനിറവും രക്തനീലവും ഗന്ധകവർണ്ണവുമായ കവചം ഉണ്ടായിരുന്നു; കുതിരകളുടെ തല സിംഹങ്ങളുടെ തലപോലെ ആയിരുന്നു; വായിൽനിന്നു തീയും ഗന്ധകവും പുറപ്പെട്ടു "**(And thus I saw the horses in the vision: those who sat on them had breastplates of fiery red, hyacinth blue, and sulphur yellow; and the heads of the horses were like the heads of lions; and out of their mouths came fire, smoke, and brimstone)

ആത്മവിവശനായി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട യോഹന്നാൻ ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങൾ കണ്ടുകൊണ്ടിരിക്കയാണ്. ആറാം കാഹളത്തോടുള്ള ബന്ധത്തിൽ ഭൂമിയിൽ അരങ്ങേറുന്ന ദൈവത്തിന്റെ ന്യായവിധികൾ ദർശിച്ച യോഹന്നാൻ തുടർന്നു കാണുന്നത് ന്യായവിധി നടത്തുവാൻ പ്രത്യക്ഷപ്പെട്ട കുതിരകളെയും കുതിരപ്പുറത്തിരിക്കുന്നവരെയുമാണ്. 20 കോടി കുതിരപ്പടയിലെ കുതിരപ്പുറത്തിരിക്കുന്നവരെക്കുറിച്ചാണ് ആദ്യമായി വിവരിക്കുന്നത്.

**അവർക്കു തീ നിറവും രക്തനീലയും ഗന്ധകവർണ്ണവുമായ കവചം ഉണ്ടായിരുന്നു** (those who sat on them had breastplates of fiery red, hyacinth blue, and sulphur yellow) —

കുതിരപ്പുറത്തിരിക്കുന്ന ഭടന്മാരുടെ കവചത്തെക്കുറിച്ചുള്ള വർണ്ണനയാണിവിടെ കാണുന്നത്. കവചം ശരീരത്തിലെ പ്രധാന അവയവങ്ങൾ സംരക്ഷിക്കപ്പെടുവാൻ നെഞ്ചിന്റെ ഭാഗത്തു ചുറ്റും ധരിക്കുന്നതാണ്. മൂന്നു പ്രത്യേകതകൾ അവർ ധരിച്ചിരിക്കുന്ന കവചത്തിനുണ്ട്. (1) തീ നിറം (2) രക്തനീല (3) ഗന്ധകവർണ്ണം. തീയുടെ നിറം ചുമപ്പാണ് (fiery red). രണ്ടാമത്തെ നിറം രക്തനീലം. ഇംഗ്ലീഷിൽ ഹയാസിന്ത് ബ്ലൂ (hyacinth blue) എന്നു പറഞ്ഞിരിക്കുന്നു. ഹയാസിന്ത് ലില്ലിവർഗ്ഗത്തിൽ പെട്ട ഒരിനം പുഷ്പമാണ്. സാധാരണ നീലനിറമാണുള്ളത്. രക്തനീലം എന്നത് രക്തം കലർന്ന അഥവാ കടുപ്പമുള്ള നീലയാണ്. പ്രത്യേകിച്ചും വാതകങ്ങൾ ഉപയോഗിച്ചു കത്തിക്കുമ്പോഴുണ്ടാകുന്ന നീല നിറം. എന്നാൽ ആകാശനീലിമയല്ല. രക്തനീലവർണ്ണം പുകയോടു ബന്ധപ്പെട്ടിരിക്കുന്നു. ഗന്ധകവർണ്ണം (sulphur yellow) എന്നത് മഞ്ഞനിറമാണ്. തീ സകലത്തിനെയും കത്തിക്കുന്നതാണ്. ഗന്ധകം തീ ആളികത്തുന്നതും കത്തുമ്പോൾ അതിൽ നിന്നു ശ്വാസതടസ്സം വരത്തക്ക പുക വമിക്കുന്നതുമാണ്. ഈ മൂന്നു വർണ്ണങ്ങളും നരകത്തിന്റെ പ്രത്യേകതയെയാണ് ചിത്രീകരിക്കുന്നത്. ഈ സഞ്ചാരികൾ ഇരിക്കുന്ന കുതിരയുടെ വായിൽ നിന്നു പുറപ്പെടുന്നതും തീ, പുക, ഗന്ധകം എന്നിവയാണ് (വെളി.9:18). തീ, പുക, ഗന്ധകം നരകത്തോടു ബന്ധപ്പെട്ടിരിക്കുന്നു (വെളി.19:20/20:10/21:8). ഇപ്രകാരം മൂന്നു വർണ്ണങ്ങളിലുള്ള കവചധാരികളായ ദുരാത്മാക്കളെ ഭൂവാസികൾക്കു എതിർക്കുവാനോ തോല്പിക്കുവാനോ അപകടപ്പെടുത്തുവാനോ സാദ്ധ്യമല്ലെന്ന കാര്യവും ഇതിലൂടെ വ്യക്തമാകുന്നു. ദൈവത്തിന്റെ കോപത്താലുള്ള ന്യായവിധി പാപികളായ മനുഷ്യവർഗ്ഗത്തിന്മേൽ ഇവരിലൂടെ വന്നു പതിക്കുന്നു.

**കുതിരകളുടെ തല സിംഹങ്ങളുടെ തലപോലെ ആയിരുന്നു; വായിൽനിന്നു തീയും ഗന്ധകവും പുറപ്പെട്ടു** (And the heads of the horses were like the heads of lions; and out of their mouths came fire, smoke, and brimstone) —

കുതിരപ്പുറത്തു പ്രത്യക്ഷപ്പെട്ടവരുടെ കവചത്തെപ്പറ്റി പറഞ്ഞശേഷം യോഹന്നാൻ കുതിരകളുടെ പ്രത്യേകതകളെക്കുറിച്ചു വിശദീകരിക്കുന്നു. അവയുടെ ഉടൽ കുതിരക്കു സാമ്യമുണ്ടെങ്കിലും തല സിംഹത്തിന്റെ തല പോലെയും വാൽ സർപ്പത്തിന്റെ വാലുപോലെയുമായിരുന്നു. കുതിരകളുടെ വായിൽ നിന്നു തീയും ഗന്ധകവും പുറപ്പെട്ടു. ആകയാൽ ഇവ സാധാരണ കുതിരകളല്ലെന്നു വ്യക്തമാകുന്നു. കുതിര പൊതുവേ തിരുവചനത്തിൽ യുദ്ധത്തോടും പോരാട്ടത്തോടും ബന്ധപ്പെട്ടിരിക്കുന്നു (ആവ.11:4/ആവ.20:1/യേശു.11:4/സദൃ.21:31/യിരെ.6:23/ദാനീ.11:40). സിംഹമാകട്ടെ അതിന്റെ ഇരയുടെമേൽ ചാടിവീണു കടിച്ചുകീറി കൊല്ലുന്ന പ്രകൃതിയാണുള്ളത്. ആകയാൽ കുതിരയുടെയും സിംഹത്തിന്റെയും മിശ്രിത രൂപം വ്യക്തമാക്കുന്നത് അവ ശത്രുവിനോടു പോരാടാനും, അവരുടെമേൽ ചാടിവീണു ആക്രമിച്ചു കൊല്ലുവാനും വന്നിരിക്കുന്നു എന്നതിനെയാണ്. വായിൽ നിന്നു തീയും ഗന്ധകവും പുറപ്പെട്ടു എന്നത് ഭൂതാത്മാക്കളായ ദുഷ്ടാത്മസേന മനുഷ്യനെ കൊല്ലുന്ന മാർഗ്ഗത്തെയാണ് വ്യക്തമാക്കുന്നത്. വായിൽ നിന്നു "തീയും ഗന്ധകവും പുറപ്പെട്ടു" എന്നു മലയാള പരിഭാഷയിൽ പറഞ്ഞിരിക്കുന്നതെങ്കിൽ ഇംഗ്ലീ

ഷിൽ "തീയും, പുകയും, ഗന്ധകവും പുറപ്പെട്ടു" (out of their mouths came fire, smoke, and brimstone) എന്നാണ്. തീയും പുകയും ഗന്ധകയും ഒത്തൊരുമിക്കുമ്പോൾ നരകത്തിലെ അന്തരീക്ഷമാണുണ്ടാകുന്നത്.

**വെളി.9:18 — വായിൽനിന്നു പുറപ്പെടുന്ന തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചുപോയി "** (By these three plagues a third of the mankind was killed -- by the fire and the smoke and the brimstone which came out of their mouths)

കുതിരയെപ്പോലെ ഉടലും സിംഹത്തെപ്പോലെ തലയുമുള്ള ദുഷ്ടജീവിയുടെ സിംഹവായിൽ നിന്നു പുറപ്പെട്ട തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചുപോയി എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. തീ, പുക, ഗന്ധകം എന്നിവയെ മൂന്നു ബാധകൾ എന്നു പറഞ്ഞിരിക്കുന്നു. ദൈവത്തെ അംഗീകരിക്കാത്ത മിസ്രയീമിന്മേലും ഫറവോന്റെ മേലും ദൈവം അയച്ച ബാധകളെ ഇവ ഓർമ്മിപ്പിക്കുന്നു. ഗന്ധകം വേഗത്തിൽ കത്തുന്നതിനാൽ സാധാരണ യുദ്ധോപകരണ വസ്തുവായി ധാരാളമായി ഉപയോഗിക്കുന്നു. ഗന്ധകം അതിവേഗത്തിൽ കത്തുന്ന ഇന്ധനമാണ്. തീ ഗന്ധകത്തെ കത്തിക്കുന്നു. പുക ഗന്ധകത്തിന്റെയും തീയുടെയും പ്രവർത്തനത്തിൽ പുറന്തള്ളുന്ന വസ്തുവാണ്. ഇവിടെ കുതിരകളുടെ വായിൽ നിന്നു പുറപ്പെടുന്ന തീ സകലത്തിനെയും കത്തിക്കുന്നു. പുകയാൽ കണ്ണുതുറക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാക്കുന്നതോടൊപ്പം മനുഷ്യർ ശ്വാസം മുട്ടി മരിക്കുവാനും ഇടയാകുന്നു. ഗന്ധകം തീ ആളിക്കത്തുവാൻ ഇടയാക്കുന്നതോടൊപ്പം തീയുടെയും പുകയുടെയും അളവും വ്യാപ്തിയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. തീയും പുകയും ഗന്ധകവും നരകത്തിലെയും പ്രത്യേകത അനുഭവമായിരിക്കുന്നു. ഇവ ദൈവത്തിന്റെ ന്യായവിധിയുടെ ഉപകരണമായും തിരുവചനത്തിൽ കാണുന്നുണ്ട്. **സങ്കീ.11:6 —** *"ദുഷ്ടന്മാരുടെമേൽ അവൻ കണികളെ വർഷിപ്പിക്കും; തീയും ഗന്ധകവും ഉഷ്ണക്കാറ്റും അവരുടെ പാനപാത്രത്തിലെ ഓഹരിയായിരിക്കും."* അധർമ്മത്തിലും മ്ലേച്ഛതയിലും ജഡികമോഹങ്ങളിലും മുങ്ങിക്കുളിച്ച സോദോം ഗൊമോരാ പട്ടണത്തെയും നിവാസികളെയും നശിപ്പിക്കുവാൻ ദൈവം സ്വർഗ്ഗത്തിൽ നിന്നു ഗന്ധകവും തീയും വർഷിപ്പിച്ചു. **ഉല്പ.19:24,25.28 —** *"യഹോവ സൊദോമിന്റെയും ഗൊമോരയുടെയും മേൽ യഹോവയുടെ സന്നിധിയിൽനിന്നു, ആകാശത്തു നിന്നു തന്നെ, ഗന്ധകവും തീയും വർഷിപ്പിച്ചു. ആ പട്ടണങ്ങൾക്കും പ്രദേശത്തിന്നു മുഴുവനും ആ പട്ടണങ്ങളിലെ സകലനിവാസികൾക്കും നിലത്തെ സസ്യങ്ങൾക്കും ഉന്മൂലനാശം വരുത്തി. .... ദേശത്തിലെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങുന്നതു കണ്ടു."* **ലൂക്കൊ.17:29 —** *"എന്നാൽ ലോത്ത് സൊദോം വിട്ട നാളിൽ ആകാശത്തുനിന്നു തീയും ഗന്ധകവും പെയ്തു എല്ലാവരെയും മുടിച്ചുകളഞ്ഞു."* **യൂദാ.7 —** *"അതുപോലെ സൊദോമും ഗൊമോരയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്കു സമമായി ദുർന്നടപ്പു ആചരിച്ചു അന്യജഡം മോഹിച്ചു നടന്നതിനാൽ നിത്യഗ്നിയുടെ ശിക്ഷാവിധി സഹിച്ചുകൊണ്ടു ദൃഷ്ടാന്തമായി കിടക്കുന്നു."* പീഡനകാലത്തു ഭൂമിയിലരങ്ങേറുന്ന ദണ്ഡനങ്ങൾ ദൈവത്തിന്റെ പ്രവർത്തനത്താലുള്ളതാണെന്നു മനസ്സിലാക്കിയിട്ടു കൂടി അവർ ദൈവത്തിൽ ശരണപ്പെടാതെ മറുതലിക്കുന്നു. ദുരാത്മസേനയുടെ വായിൽ നിന്നു പുറപ്പെടുന്ന തീ, പുക, ഗന്ധകം എന്നിവയാൽ മരണവേദന അനുഭവിക്കുന്നതു യഥാർത്ഥത്തിൽ നിത്യനരകത്തിലെ അനുഭവത്തിന്റെ സ്വാദു നോക്കലാണ്. തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചുപോയി എന്നു പറയുന്നുവെങ്കിലും അവർ വീണ്ടും യാത്രചെയ്യുന്നത് തീയും, പുകയും, ഗന്ധകവും അടങ്ങിയ നിത്യനരകാഗ്നിയിലേക്കാണ്.

**വെളി.9:19 — കുതിരകളുടെ ശക്തി വായിലും വാലിലും ആയിരുന്നു; വാലോ സർപ്പത്തെപ്പോലെയും തലയുള്ളതും ആയിരുന്നു; ഇവയാലത്രേ കേടു വരുത്തുന്നതു."**(For their power is in their mouth and in their tails; for their tails are like serpents, having heads; and with them they do harm)

ആറാമത്തെ കാഹളത്തെ തുടർന്നു പ്രത്യക്ഷപ്പെട്ട കുതിരയെപ്പോലെ ഉടലും സിംഹത്തെപ്പോലെ തലയുമുള്ള ദുഷ്ടജീവിയുടെ വായിൽ നിന്നു പുറപ്പെടുന്ന തീ, പുക, ഗന്ധകം എന്നീ ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചുപോയി എന്നു പറഞ്ഞു. മനുഷ്യരെ കേടു വരുത്തുവാനും കൊല്ലുവാനും രംഗപ്രവേശനം ചെയ്ത കുതിരയുടെ രൂപത്തിലുള്ള ദുഷ്ടജീവിക്കു വായിൽ മാത്രമല്ല വാലിലും ശക്തി ഉണ്ടായിരുന്നു. അതിന്റെ വാല് സർപ്പത്തെപ്പോലെയും തലയുള്ളതും ആയിരുന്നു. സർപ്പമെന്നതിനു ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദം ഒഫിസ് (ophis) എന്നാണ്. പുതിയനിയമത്തിൽ സാത്താനെ ചിത്രീകരിക്കുന്നതിനു ഈ പദം ഉപയോഗിച്ചിരിക്കുന്നു (വെളി.12:9,14,15/വെളി.20:2/2.കൊരി.11:3). വാല് സർപ്പത്തെപ്പോലെ എന്നാൽ സർപ്പത്തിന്റെ വാലുപോലെ നീളമുള്ളതും, സർപ്പത്തെപ്പോലെ തലയുള്ളതെന്നാൽ വിഷപ്പല്ലും, വിഷം നിറഞ്ഞ ഗ്രന്ഥിയും ഉണ്ടെന്നർത്ഥം. വായിൽ കൂടി പുറപ്പെടുന്ന തീ, പുക, ഗന്ധകം എന്നിവ മനുഷ്യന്റെ മരണത്തിനു കാരണമായിത്തീരുന്നു. കൂടാതെ വാല് സർപ്പ

ത്തിന്റെപോലെയും തലയുള്ളതും ആകയാൽ ഇതിന്റെ ദംശനത്താൽ ഉഗ്രവിഷം ശരീരത്തിൽ പ്രവേശിച്ചു മരണത്തിനു കാരണമായിത്തീരുന്നു. അതായത് കുതിര,സിംഹം, സർപ്പം എന്നിവയുടെ സമ്മിശ്രരൂപത്തിലുള്ള സാത്താന്യദുഷ്ടജീവിക്ക് മുന്നിലും പിന്നിലും നിൽക്കുന്ന മനുഷ്യരെ ആക്രമിച്ചു കൊല്ലുവാൻ കഴിയും എന്നതാണിതിന്റെ പ്രത്യേകത. വായിലൂടെ തീയും, പുകയും, ഗന്ധകവും തുപ്പുന്നതും, വാലിലൂടെ സർപ്പത്തെപ്പോലെ വിഷം പുറപ്പെടുവിക്കുന്നതുമായ ഈ വിചിത്രജീവി യഥാർത്ഥമായുള്ളതല്ല മറിച്ച് ആലങ്കാരികഭാഷയിൽ വർണ്ണിക്കുന്നതാകാം എന്നഭിപ്രായവുമുണ്ട്. കൂടാതെ ആധുനികയുഗത്തിലെ മിസ്സൈൽ, യുദ്ധവിമാനങ്ങൾ, ഹെലികോപ്റ്ററുകൾ, റ്റാങ്കുകൾ എന്നിവക്കു മുന്നിലൂടെയും പിന്നിലൂടെയും ശത്രുക്കളെ ആക്രമിച്ചു കൊല്ലുവാൻ സാധിക്കുമെന്നതിനെയാണ് കുറിക്കുന്നതെന്നും അഭിപ്രായമുണ്ട്. ഏതായാലും ദൈവത്തിൽ ആശ്രയം വെക്കാതെ സാത്താന്റെ ഇംഗിതത്തിനനുസരിച്ചു പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഭൂവാസികളിൽ മൂന്നിലൊന്നിനെ ദൈവം മരണത്താൽ നശിപ്പിക്കും.

**വെളി.9:20 — ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളെയും, കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്നു, വെള്ളി, ചെമ്പു, കല്ലു, മരം ഇവകൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല."**
**വെളി.9:21 — തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല."**

ഒൻപതാം അദ്ധ്യായത്തിലെ അവസാനത്തെ രണ്ടു വാക്യങ്ങളിലൂടെ യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നത് ഏറ്റവും ദുഃഖകരമായ ഒരു പ്രസ്താവനയാണ്. *"ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളെയും, കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്നു, വെള്ളി, ചെമ്പു, കല്ലു, മരം ഇവകൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല. തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല."* മാനസാന്തരപ്പെട്ടില്ല, മാനസാന്തരപ്പെട്ടില്ല എന്നു ആവർത്തിച്ചു പറയുന്നത് അവരുടെ ഹൃദയകാഠിന്യത്തെ കുറിക്കുന്നു. പാപത്തിന്റെ ചതിയാലാണ് ഹൃദയകാഠിന്യമുണ്ടാകുന്നതെന്നു എബ്രായലേഖനത്തിൽ പറഞ്ഞിരിക്കുന്നു(എബ്രാ.3:13). ദൈവത്തോടുള്ള മത്സരം മൂലമാണ് മാനസാന്തരത്തിനുള്ള ഹൃദയാവസ്ഥ ഉണ്ടാകാത്തത്. കഠിനഹൃദയം (എബ്രാ.3:8), തെറ്റിപ്പോകുന്ന ഹൃദയം (എബ്രാ.3:10), അവിശ്വാസമുള്ള ഹൃദയം (എബ്രാ.3:12), ദുഷ്ടഹൃദയം (എബ്രാ.3:12) എന്നിങ്ങനെയുള്ള നാല് ഹൃദയാവസ്ഥകളും പാപത്തിൽ ജീവിക്കുന്നതുമൂലമാണുണ്ടാകുന്നത്. മിസ്രയീമിൽ അരങ്ങേറിയ ഓരോ ബാധ കഴിയുമ്പോഴും ഫറവോന്റെ ഹൃദയം കഠിനപ്പെട്ടു എന്നു പുറപ്പാടു പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു(പുറ.7:13/7:14/7:22/8:15/8:19/8:32/8:34/9:7/9:35/13:15). അതുപോലെ പീഡനകാലത്ത് ദൈവീകന്യായവിധികൾ കണ്ടിട്ടും ദൈവത്തിന്റെ സന്നിധിയിൽ മുട്ടു മടക്കുന്നതിനു പകരം അവരുടെ ഹൃദയം കഠിനമാക്കുകയാണുണ്ടായത്. കൂടാതെ മാനസാന്തരപ്പെട്ടില്ല എന്നുള്ള ആവർത്തന പ്രസ്താവന ഒന്നു അവരുടെ ആരാധനയോടു ബന്ധത്തിലും മറ്റേതു പ്രവൃത്തിയോടു ബന്ധത്തിലുമാണ്. അതായത് ദുർഭൂതങ്ങളെയും ജീവനില്ലാത്ത വിഗ്രഹങ്ങളെയും ആരാധിക്കുന്നതിൽ നിന്നു അവർ മാനസാന്തരപ്പെട്ടില്ല. മാത്രവുമല്ല കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നീ ദുഷ്പ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരവും അവർക്കുണ്ടായില്ല. ഇവ രണ്ടും (ദൈവത്തോടും, തന്റെ പ്രവൃത്തിയോടും) പുതിയനിയമപ്രകാരം കർത്താവു ക്രോഡീകരിച്ചു പറഞ്ഞ രണ്ടു പ്രധാനകല്പനയോടു ബന്ധപ്പെട്ടിരിക്കുന്നു(മർക്കൊ.12:28-31). മരണകരമായ വേദനയുളവാക്കുന്ന അഞ്ചുമാസത്തെ ദണ്ഡനത്തിനു ശേഷം നാലു ദുഷ്ടദൂതന്മാരുടെ നേതൃത്വത്തിലുള്ള സംഹാരത്താൽ ഭൂവാസികളിൽ മൂന്നിലൊന്നു മൃഗീയമായി കൊല്ലപ്പെടുവാനിടയായിടയായി. ഈ സംഭവങ്ങൾക്കു ദൃക്സാക്ഷികളായ ശേഷമുള്ള ഭൂവാസികളോ ദൈവത്തിൽ ആശ്രയം വെക്കുന്നതിനു പകരം ദുർഭൂതങ്ങളെ ആരാധിക്കുകയും തങ്ങളുടേതായ പ്രവൃത്തികളിൽ തുടരുകയുമാണുണ്ടായത്. എക്കാലത്തുമുള്ള മനുഷ്യരുടെ സ്വഭാവമാണിവിടെ വെളിപ്പെടുന്നത്. ദൈവം പോറ്റിപുലർത്തിയ യിസ്രായേൽജനം പോലും പലപ്പോഴും ദൈവത്തോടു മത്സരിച്ചു ദൈവത്തെ ദുഃഖിപ്പിക്കുന്നതായി പഴയനിയമചരിത്രങ്ങളിൽ കാണുന്നുണ്ട്. **യെശ.1:2,3 —** *"ആകാശമേ, കേൾക്ക; ഭൂമിയേ, ചെവിതരിക; യഹോവ അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുല്തൊട്ടിയെയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല."* പുതിയനിയമത്തിലും മനുഷ്യന്റെ നില ഏറെ വ്യത്യസ്തമല്ല. **റോമ.1:21-23 —** *"അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത*

*ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു."*

**ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ —**

ആറാം കാഹളത്തെ തുടർന്നുണ്ടായ തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധയാൽ മാത്രം ഭൂവാസികളിൽ മൂന്നിലൊന്നു കൊല്ലപ്പെടുവാനിടയായി. ഇതിനു പുറമേ മുമ്പുണ്ടായ മുദ്ര, കാഹളം എന്നിവയാലുള്ള ന്യായവിധികളിലൂടെ ഭൂവാസികളിൽ അനേകരും മരിക്കുവാനിടയായിട്ടുണ്ട്. ആയതിനാൽ ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരെന്നാൽ മുദ്ര തുടങ്ങി ആറാം കാഹളം വരെയുള്ള 13 (7+6) ന്യായവിധികളാൽ കൊല്ലപ്പെടാതെ ജീവിക്കുവാൻ അവസരം ലഭിച്ചിരിക്കുന്ന ദൈവത്തിൽ ആശ്രയം വെക്കാത്ത ഭൂവാസികൾ എന്നു സാരം.

**ദുർഭൂതങ്ങളെയും, കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്നു, വെള്ളി, ചെമ്പു, കല്ലു, മരം ഇവകൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല** (But the rest of mankind, who were not killed by these plagues, did not repent of the works of their hands, that they do not worship demons, and idols of gold, silver, brass, stone, and wood, which can neither see nor hear nor walk) —

പീഡനകാലത്തുണ്ടാകുന്ന ദണ്ഡനങ്ങളുൾപ്പെടെയുള്ള സകല ശിക്ഷാവിധികളും മനുഷ്യനെ ദൈവത്തിങ്കലേക്കു കൊണ്ടു വരുന്നതിനുള്ള ദൈവീക കാര്യപരിപാടിയുടെ ഭാഗമാണ്. എന്നാൽ ശിക്ഷാവിധികളുടെ ഉറവിടം വ്യക്തമായി അവർ മനസ്സിലാക്കിയിട്ടും ദൈവസന്നിധിയിൽ മുട്ടു മടക്കുന്നില്ല എന്നുള്ള വസ്തുത ഏറ്റവും ദുഃഖകരമായതാണ്. മുദ്രകൾ അഴിച്ചപ്പോൾ വ്യാജസമാധാനം, യുദ്ധം, ക്ഷാമം, മരണം, പീഡനം, ഭൂകമ്പം, സൗരയൂഥത്തിലെ മാറ്റങ്ങൾ, പ്രകൃതിക്ഷോഭം എന്നിവ ഭൂമിയിലുണ്ടായി. ആദ്യത്തെ നാലു കാഹളമൂതിയപ്പോൾ കര, കടൽ, നദി, ആകാശം എന്നിവയിലൂടെയുള്ള ന്യായവിധികൾ ഭൂമിയിൽ അരങ്ങേറി. അഞ്ചും ആറും കാഹളത്താൽ ഭൂവാസികൾ ഇതുവരെയും കണ്ടിട്ടില്ലാത്ത വിചിത്രദുഷ്ടാത്മജീവികളാലുള്ള ആക്രമണം ഉണ്ടായി. ആറാം കാഹളത്താൽ മാത്രം ഭൂവാസികളിൽ മൂന്നിലൊന്നു കൊല്ലപ്പെടുവാനിടയായി. ഇത്രയേറെ മനുഷ്യർ പെട്ടെന്നു കൊല്ലപ്പെടുവാനിടയായ സാഹചര്യത്തിൽ വാസസ്ഥലങ്ങൾ ഒക്കെയും ശവങ്ങളാൽ നിറഞ്ഞിരിക്കും. ആകപ്പാടെ മരണഭീതിയുണർത്തുന്നഭയാനകമായ അന്തരീക്ഷം, ചുറ്റും ചീഞ്ഞഴുകി നാറ്റം വമിക്കുന്ന ശവങ്ങൾ. ഇപ്രകാരമുള്ള ന്യായവിധികൾ അരങ്ങേറുമ്പോൾത്തന്നെ ദൈവരാജ്യത്തിന്റെ സുവിശേഷം തിരഞ്ഞെടുക്കപ്പെട്ട 1,44,000 ദൈവദാസന്മാരിലൂടെ ദൈവം അന്നത്തെ ലോകത്തോടു അറിയിക്കുകയും ചെയ്യുന്നു. എന്നിട്ടും സർവ്വശക്തനായ ദൈവം ഒരുക്കിയ രക്ഷയെക്കുറിച്ചു ചിന്തിക്കുവാനോ രക്ഷകനായ കർത്താവിൽ ആശ്രയം വെച്ചു രക്ഷ പ്രാപിപ്പാനോ അവർ കൂട്ടാക്കിയില്ല. ദൈവം ഒരുക്കിയ ഇത്രവലിയ രക്ഷയെ തള്ളിക്കളഞ്ഞു എന്നു മാത്രമല്ല ദുർഭൂതങ്ങളെയും വിഗ്രഹങ്ങളെയും ആരാധിക്കുകയാണുണ്ടായത്. അവർ ദൈവത്തെയും ദൈവം ഒരുക്കിയ രക്ഷയെയും നിരാകരിച്ചുകൊണ്ടു ചെയ്ത അഞ്ചു വിധത്തിലുള്ള പാപങ്ങളെ യോഹന്നാൻ വിവരിച്ചിരിക്കുന്നു. (1)വിഗ്രഹാരാധന (2) കുലപാതകം (3) ക്ഷുദ്രം (4) ദുർന്നടപ്പ് (5) മോഷണം.

**ദുർഭൂത ആരാധന, വിഗ്രഹാരാധന (Demon worship - idolatary) —**

"*ദുർഭൂതങ്ങളെയും, കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്നു, വെള്ളി, ചെമ്പു, കല്ലു, മരം ഇവകൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല*" എന്നുള്ളതാണ് അവർ ചെയ്ത ഒന്നാമത്തെ പാപം. ഈ പാപം ദൈവം മോശെയിലൂടെ നൽകിയ 10 കല്പനകളിൽ ആദ്യത്തെ രണ്ടു കല്പനകളുടെ ലംഘനം കൂടിയാണ് (പുറ.20:1-5/ ആവ.5:7-9/ 2.രാജാ.17:35-39). ദുർഭൂതങ്ങളെ ആരാധിക്കുന്നതും വിഗ്രഹാരാധനയും രണ്ടായി പറയുന്നുവെങ്കിലും ഇവ രണ്ടും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതും ഒത്തുചേർന്നു പോകുന്നതുമായ പാപങ്ങളാണ്. അതായത് ഒരു വിഗ്രഹത്തെയോ അന്യദൈവത്തെയോ ആരാധിക്കുകയെന്നത് ഭൂതങ്ങളെ ആരാധിക്കുന്നതിനു തുല്യമാണ്. ഒരു കല്ലിനെയോ, വൃക്ഷത്തെയോ, ഏതെങ്കിലും രൂപത്തിലുള്ള വിഗ്രഹത്തെയോ ഒരുവൻ ആരാധിക്കുമ്പോൾ അതിൽത്തന്നെ ദൈവം ഇല്ലാതിരിക്കുന്നതിനാൽ ദുർഭൂതങ്ങളായിരിക്കും ആരാധന സ്വീകരിക്കുന്നതും ആരാധകരെ അവയുടെ സ്വാധീനത്തിലാക്കുന്നതും. ഇക്കാരണത്താൽ തന്നെ മനുഷ്യർ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും തുടരുകയെന്നതു മാത്രമല്ല ഭൂതങ്ങൾ ശരീരത്തിൽ ആവഹിക്കപ്പെടാനും കാരണമായിത്തീരുന്നു. പഴയനിയമഭാഗങ്ങളിൽ ഭൂതങ്ങളെ ആരാധിക്കുന്നതും അവക്കു ബലിയർപ്പിക്കുന്നതും കാണുന്നുണ്ട്. **ആവ.32:17 —** "*അവർ ദുർഭൂതങ്ങൾക്കു, ദൈവമല്ലാത്തവെക്കു, തങ്ങൾ അറിയാത്ത ദേവന്മാർക്കു ബലി കഴിച്ചു.*" **സങ്കീ.96:5 —** "ജാതികളുടെ ദേവന്മാരൊക്കെയും മിത്ഥ്യാമൂർത്തികളത്രേ; യഹോവയോ ആകാശത്തെ ഉണ്ടാക്കിയിരിക്കുന്നു." **സങ്കീ.106:37,38 —** "*തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും അവർ ഭൂതങ്ങൾക്കു ബലി കഴിച്ചു.*

*അവർ കുറ്റമില്ലാത്ത രക്തം, പുത്രീപുത്രന്മാരുടെ രക്തം തന്നേ ചൊരിഞ്ഞു; അവരെ കനാന്യവിഗ്രഹങ്ങൾക്കു ബലി കഴിച്ചു.*" "*വിഗ്രഹാരാധന വിട്ടോടുവിൻ* " (1.കൊരി.10:14) എന്നു വിശ്വാസികളെ പ്രബോധിപ്പിക്കുന്നതോടൊപ്പം ജാതികൾ ഭൂതങ്ങൾക്കാണ് ബലികഴിക്കുന്നതെന്നു അപ്പൊസ്തലനായ പൗലൊസ് പ്രസ്താവിച്ചിരിക്കുന്നു. **1.കൊരി.10:20 —** "*ജാതികൾ ബലികഴിക്കുന്നതു ദൈവത്തിന്നല്ല ഭൂതങ്ങൾക്കു കഴിക്കുന്നു എന്നത്രേ.*"

"കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്നു, വെള്ളി, ചെമ്പു, കല്ലു, മരം ഇവകൊണ്ടുള്ള ബിംബങ്ങൾ " എന്നത് വിഗ്രഹത്തെയും അവയുടെ സ്വഭാവത്തെയും അവയെ ചമപ്പാനുപയോഗിക്കുന്ന വസ്തുക്കളെയും കുറിക്കുന്നു. സർവ്വശക്തനായ ദൈവം ആരാലും സൃഷ്ടിക്കപ്പെട്ടതല്ല. ദൈവം തന്റെ സൃഷ്ടികളുടെ ആവശ്യങ്ങൾ അറിയുക മാത്രമല്ല കാണുവാനും, കേൾക്കുവാനും, അവർക്കായി പ്രവർത്തിപ്പാനും ശക്തനാണ്. എന്നാൽ വിഗ്രഹങ്ങൾ മനുഷ്യരാൽ നിർമ്മിച്ചതാണ്. മനുഷ്യരുടെ കൈവേലയാകയാൽ ഭൂമിയിലുള്ള പൊന്നു, വെള്ളി, ചെമ്പു, കല്ലു, മരം എന്നിവയാൽ ഉണ്ടാക്കിയതുമാണ്. അക്കാരണത്താൽത്തന്നെ അവ നിർജ്ജീവങ്ങളാണ്.

പുരാതനകാലത്താകട്ടെ, ആധുനികകാലത്താകട്ടെ മനുഷ്യൻ തന്നേക്കാൾ ശക്തിയുള്ള ഏതിനെയും നേരിട്ടോ, രൂപസാദൃശ്യം ഉണ്ടാക്കിയോ ആരാധിക്കുവാൻ വെമ്പൽ കൊള്ളുന്നു. ആഹാരം, ശാരീരികസുഖം, എന്നിവ ലഭിച്ചു കഴിഞ്ഞാൽ മൂന്നാമതൊരു ആവശ്യം അവന്റെ ഹൃദയത്തിലേക്കു വരുന്നു. അത് ഏതിനെയെങ്കിലും വണങ്ങി ആരാധിക്കണമെന്നുള്ളതാണ്. യെശയ്യാ പ്രവാചകന്റെ വാക്കുകൾ നോക്കുക.

**യെശ.44:16,17 —**ൽ ഇങ്ങനെയുള്ള ഒരു മനുഷ്യനെ കാണാം.— *അതിൽ (മരക്കഷണം) ഒരംശം കൊണ്ടു അവൻ തീ കത്തിക്കുന്നു; ഒരംശം കൊണ്ടു ഇറച്ചി ചുട്ടുതിന്നുന്നു; അങ്ങനെ അവൻ ചുട്ടുതിന്നു തൃപ്തനാകുന്നു; അവൻ തീ കാഞ്ഞു; നല്ല തീ, കുളിർ മാറി എന്നു പറയുന്നു. അതിന്റെ ശേഷിപ്പു കൊണ്ടു അവൻ ഒരു ദേവനെ, ഒരു വിഗ്രഹത്തെ തന്നേ, ഉണ്ടാക്കി അതിന്റെ മുമ്പിൽ സാഷ്ടാംഗം വീണു നമസ്കരിക്കുകയും അതിനോടു പ്രാർത്ഥിച്ചു: എന്നെ രക്ഷിക്കേണമേ; നീ എന്റെ ദേവനല്ലോ എന്നു പറകയും ചെയ്യുന്നു.*

ഏതു മനുഷ്യനിലും തന്നെ നിർമ്മിച്ച ദൈവത്തെക്കുറിച്ചുള്ള ചിന്ത അന്തർലീനമായിരിക്കുന്നു.

പൗലോസ് അഥേനാപുരുഷന്മാരോടു പറയുന്നതു നോക്കുക. —

**അപ്പൊ. 17:23 —** *ഞാൻ ചുറ്റി നടന്നു നിങ്ങളുടെ പൂജാസ്ഥലങ്ങളെ നോക്കുമ്പോൾ അജ്ഞാതദേവനു എന്നു എഴുത്തുള്ള ഒരു വേദിക്കല്ലു കണ്ടു; എന്നാൽ നിങ്ങൾ അറിയാതെ പൂജിക്കുന്നതു തന്നേ ഞാൻ നിങ്ങളോടു അറിയിക്കുന്നു.*

മനുഷ്യൻ കൈപ്പണിയായ വിഗ്രഹങ്ങൾ ജീവനില്ലാത്തതും ആരാധകരെ നേരായ പാതയിൽ നടത്തുവാൻ കഴിവില്ലാത്തവയുമാണ്. വിഗ്രഹങ്ങളുടെ ജീവനില്ലായ്മ വെളിപ്പെടുത്തുന്ന അനേക വാക്യങ്ങൾ തിരുവചനത്തിലുണ്ട്.

**ആവ.4:28 —**"*കാണ്മാനും കേൾപ്പാനും ഭക്ഷിപ്പാനും മണക്കുവാനും പ്രാപ്തിയില്ലാത്തവയായി മരവും കല്ലും കൊണ്ടു മനുഷ്യരുടെ കൈപ്പണിയായ ദേവന്മാരെ നിങ്ങൾ അവിടെ സേവിക്കും.*"

**സങ്കീ.115:4-7 —** "*അവരുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും ആകുന്നു; മനുഷ്യരുടെ കൈവേല തന്നേ. അവെക്കു വായുണ്ടെങ്കിലും സംസാരിക്കുന്നില്ല; കണ്ണുണ്ടെങ്കിലും കാണുന്നില്ല. അവെക്കു ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല; മൂക്കുണ്ടെങ്കിലും മണക്കുന്നില്ല. അവെക്കു കയ്യുണ്ടെങ്കിലും സ്പർശിക്കുന്നില്ല; കാലുണ്ടെങ്കിലും നടക്കുന്നില്ല; തൊണ്ടകൊണ്ടു സംസാരിക്കുന്നതുമില്ല.*"

വിഗ്രഹങ്ങളെ സേവിക്കുന്നവർക്കു സംഭവിക്കുന്ന ദുരിതങ്ങളും പീഡകളും വിഗ്രഹങ്ങളുടെ കോപം കൊണ്ടാണെന്നു ആരാധകർ ചിന്തിക്കുന്നു. അവയുടെ കോപം മാറ്റുവാനുള്ള പരിഹാരക്രീയയായി വീണ്ടും വിഗ്രഹങ്ങളെ സേവിച്ചു പ്രസാദിപ്പിക്കുവാൻ തത്രപ്പെടുന്നു. അതുകൊണ്ടാണ് സാത്താന്യശക്തികൾ അവരുടെ ആരാധകരെത്തന്നെ ദണ്ഡിപ്പിക്കുകയും പീഡിപ്പിക്കുകയും ചെയ്തിട്ടുംകൂടി അവർ വിഗ്രഹസേവയിൽ തുടരുവാനുള്ള കാരണവും.

ദൈവത്തേക്കാളും ഉന്നതി ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്ത കാരണത്താലാണ് ദുഷ്ടദൂതന്മാർ അഗാധകൂപത്തിലേക്കു വീഴുവാനിടയായത് (യെശ.14:12-15). സകലരും സാത്താനെ നമസ്കരിക്കുകയും ആരാധിക്കുകയും വേണമെന്നു അവൻ ആഗ്രഹിക്കുന്നു (മത്താ.4:8-10). അഞ്ചും ആറും കാഹളത്താലുള്ള ന്യായവിധികൾ ദുർഭൂതങ്ങളും ദുരാത്മാക്കളുമായ സാത്താന്യശക്തികളുടെ ആക്രമണത്താലാണുണ്ടാകുന്നത്. ദുർഭൂതങ്ങൾ അവയുടെ ആരാധകരെത്തന്നെ തിരഞ്ഞുപിടിച്ചു ദണ്ഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നു. ഇതെല്ലാം വ്യക്തമായി അറിഞ്ഞും, കണ്ടും, രക്ഷയുടെ സുവിശേഷം 144000 പേരിലൂടെ കേട്ടിട്ടും മാനസാന്തരപ്പെടാതെ ഹൃദയം കഠിനമാക്കിയ ജീവനോടെ ശേഷിക്കുന്ന ഭൂവാസികളെക്കുറിച്ചാണ് യോഹന്നാൻ പ്രസ്താവിച്ചിരിക്കുന്നത് — "*ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളെയും, കാണ്മാനും കേൾപ്പാനും നടപ്പാനും വഹി*

*യാത്ത പൊന്നു, വെള്ളി, ചെമ്പു, കല്ലു, മരം ഇവകൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല."*

**വെളി.9:21 — "തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നിവ വിട്ടു മാനസാന്തര പ്പെട്ടതുമില്ല."** (And they did not repent of their murders or their sorceries or their sexual immorality or their thefts)

ദുർഭൂതങ്ങളെയും വിഗ്രഹങ്ങളെയും നമസ്കരിക്കുകയും ദൈവം ഒരുക്കിയ രക്ഷയെ നിരാകരിച്ചു അവരുടെ കൈപ്പണിവിട്ടു മാനസാന്തരപ്പെട്ടില്ല എന്നതു അവർ ദൈവത്തോടു ചെയ്ത ഒന്നാമത്തെ പാപമായിരിക്കുന്നു. തുടർന്നു ഈ വാക്യത്തിൽ അവരുടെ നാലു പാപപ്രവൃത്തികളെക്കുറിച്ചും പറഞ്ഞിരിക്കുന്നു — കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നിവയായിരുന്നു. പീഡനകാലത്ത് ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരപ്പെടുന്നതിനു പകരം പാപത്തിൽ മുങ്ങിക്കുളിച്ചു ജീവിക്കുന്നതിനു പ്രോത്സാഹിപ്പിക്കുന്ന അതേ പാപങ്ങൾ തന്നെയാണ് കൃപായുഗമായ ഇക്കാലത്തും അനേകർ പ്രവർത്തിക്കുന്നതെന്ന പ്രത്യേകതയും ഇതിനുണ്ട്.

**കുലപാതകം** (murder) —

പീഡനകാലത്ത് കുലപാതകം സർവ്വസാധാരണമായി ജീവിതത്തിന്റെ ഒരു ഭാഗമായിത്തീരുന്ന കാഴ്ചയാണിത്. മനുഷ്യാത്മാവിനു സർവ്വലോകത്തേക്കാളും വില ദൈവം കല്പിക്കുമ്പോൾ (മത്താ.16:26) സത്യദൈവത്തെ അറിയാത്ത ഭൂവാസികൾ മനുഷ്യജീവനു യാതൊരു വിലയും കല്പിക്കുന്നില്ല. കുലപാതകം ദൈവം നൽകിയ പത്തു കല്പനകളിൽ ആറാമത്തെ കല്പനയുടെ ലംഘനമാണ് (പുറ.20:13/ ആവ.5:17). ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യകൊലപാതകം തന്നെ ദൈവത്തോടും, ആരാധനയോടും ബന്ധത്തിലുള്ളതായിരുന്നു. ആദ്യമാതാപിതാക്കളുടെ ആദ്യപുത്രനായ കയീൻ തന്റെ സഹോദരനായ ഹാബേലിനെ കൊന്നു (ഉല്പ.4:8). അസൂയനിറഞ്ഞ സ്വന്തസഹോദരന്മാർ യോസേഫിനെ കൊല്ലുവാൻ ദുരാലോചന നടത്തി (ഉല്പ.37:18). ദാവീദിനെ ഏതു വിധേനെയും കൊല്ലുവാൻ ദൈവത്താൽ അഭിഷിക്തനായ ശൗൽ തക്കം പാർത്തു പ്രവർത്തിച്ചു. സ്വന്തമകനായ അബ്ശാലോം പിതാവായ ദാവീദിനെ കൊന്നു രാജ്യഭരണം കൈക്കലാക്കുവാൻ ശ്രമിച്ചു. ഭൂതങ്ങളെ പ്രസാദിപ്പിക്കുവാനായി തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും ഭൂതങ്ങൾക്കു ബലികഴിച്ചു രക്തം ചിന്തിച്ച സംഭവങ്ങൾ യിസ്രായേലിന്റെ ചരിത്രത്തിൽ കാണുന്നു (സങ്കീ.106:37,38). ദൈവത്തെ അനുഭവിച്ചറിഞ്ഞവർ ഇപ്രകാരം സാത്താന്റെ ഉപകരണങ്ങളായി പ്രവർത്തിച്ചുവെങ്കിൽ ലോകക്കാരുടെ കാര്യം പറയേണ്ടതില്ല. പക, പിണക്കം, വിദ്വേഷം, സ്നേഹമില്ലായ്മ, കുലപാതകം ഒക്കെ പ്രകൃതമനുഷ്യനോടു ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. എന്നാൽ ആധുനികയുഗത്തിലും ഇതൊക്കെ ഏറെ വർദ്ധിച്ചു വരുന്നു. ശത്രുക്കളെയും സ്നേഹിക്കുന്നതാണ് ദൈവസ്നേഹം. ഈ ദൈവസ്നേഹത്തിൽ തങ്ങളെത്തന്നെ സമർപ്പിക്കാത്തതിനാലാണ് മറ്റുള്ളവരെ സ്നേഹിക്കാൻ സാധിക്കാത്തതും മനുഷ്യജീവനു വിലകൽപ്പിക്കാതെ അവരെ കൊലപാതകത്തിലേക്കു നയിക്കുന്നതും. അക്കാലത്ത് ഏതു സാധാരണ പ്രശ്നപരിഹാരവും കൊലപാതകത്തിൽ അവസാനിക്കുന്നതുപോലെതന്നെ ദൈവീകവിശ്വാസത്തിന്റെ പേരിലും വിശ്വാസികളെ മൃഗീയമായി പീഡിപ്പിക്കയും, കൊലപ്പെടുത്തുന്നതും സർവ്വസാധാരണമായിത്തീരും.

**ക്ഷുദ്രം** (sorceries) —

പീഡനകാലത്ത് ദൈവത്തിങ്കലേക്കു തിരിയുന്നതിനു പകരം അവർ ചെയ്യുന്ന അടുത്ത പാപപ്രവൃത്തി ക്ഷുദ്രം ആണ്. ഇതു വിഗ്രാഹാരാധനയോടു ബന്ധപ്പെട്ടിരിക്കുന്നു. ക്ഷുദ്രം എന്ന വാക്കിനു ക്രൂരമായത്, ആഭിചാരം, കൂടപത്രം എന്നീ അർത്ഥങ്ങളുമുണ്ട്. വിഗ്രഹാരാധനയിൽ നിന്നുടലെടുക്കുന്ന അന്ധവിശ്വാസവും അനാചാരവും ക്ഷുദ്രത്തിൽ അടങ്ങിയിരിക്കുന്നു. വിഗ്രഹങ്ങളിൽ ഉൾക്കൊള്ളുന്ന ദുർഭൂതങ്ങളെയും ദുഷ്ടാത്മശക്തികളെയും പൂജിച്ചും ദുർമന്ത്രങ്ങൾ ഉരുവിട്ടും അവയെക്കൊണ്ടു ചെയ്യുന്ന മന്ത്രപ്രയോഗമാണ് ക്ഷുദ്രം. സ്വന്ത അഭീഷ്ടകാര്യസിദ്ധിക്കായും മറ്റുള്ളവരെ നശിപ്പിക്കുവാനും പീഡിപ്പിക്കുവാനും ചെയ്യുന്ന ദുർമന്ത്രവാദമാണിത്. സാത്താന്യശക്തിയാൽ ലക്ഷണവും പ്രവചനവും നടത്തുക, ക്ഷുദ്രവും മന്ത്രവാദവും ചെയ്യുക എന്നിവയൊക്കെ ദൈവം വെറുക്കുന്ന പ്രവൃത്തികളാണെന്നു തിരുവചനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

**പുറ.22:18** —"ക്ഷുദ്രക്കാരത്തിയെ നീ ജീവനോടെ വെക്കരുതു."

**ലേവ്യ.19:31** —"വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും അടുക്കൽ പോകരുതു. അവരാൽ അശുദ്ധരായ്ത്തീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കയും അരുതു. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു."

**ലേവ്യ.20:6** — "വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും പിന്നാലെ പരസംഗം ചെയ്വാൻ പോകുന്നവന്റെ നേരെയും ഞാൻ ദൃഷ്ടി വെച്ചു അവനെ അവന്റെ ജനത്തിൽ നിന്നു ഛേദിച്ചു കളയും."

**ലേവ്യ.20:27** —"വെളിച്ചപ്പാടോ മന്ത്രവാദമോ ഉള്ള പുരുഷൻ ആകട്ടെ സ്ത്രീയാകട്ടെ മരണശിക്ഷ അനുഭ

വിക്കേണം; അവരെ കല്ലെറിഞ്ഞു കൊല്ലണം; അവരുടെ രക്തം അവരുടെ മേൽ ഇരിക്കും."

**ആവ.18:9-12** —"നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു എത്തിയശേഷം അവിടത്തെ ജാതികളുടെ മ്ളേച്ഛതകൾ നീ പഠിക്കരുതു. തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുതു. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവെക്കു വെറുപ്പു ആകുന്നു; ഇങ്ങനെയുള്ള മ്ളേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളയുന്നു."

**2.രാജാ.21:6** — "അവൻ തന്റെ മകനെ അഗ്നിപ്രവേശം ചെയ്യിക്കയും മുഹൂർത്തം നോക്കുകയും ആഭിചാരം പ്രയോഗിക്കയും വെളിച്ചപ്പാടന്മാരെയും ലക്ഷണം പറയുന്നവരെയും നിയമിക്കയും ചെയ്തു. യഹോവയെ കോപിപ്പിപ്പാൻ തക്കവണ്ണം അവന്നു അനിഷ്ടമായതു പലതും ചെയ്തു."

ക്ഷുദ്രം എന്നതിനു ഇംഗ്ലീഷിൽ സോസെറി (sorcery) എന്നു പറയുന്നു. ഗ്രീക്കിലെ ഫാർമകിയാ (pharmakia) എന്ന പദത്തിൽ നിന്നുമാണ് സോസെറി എന്ന പദം വന്നിട്ടുള്ളതാണ്. കൂടാതെ ഫാർമകിയാ എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് മരുന്നുകളോടു ബന്ധപ്പെട്ട ഫാർമസി (pharmacy) എന്ന ഇംഗ്ലീഷ് പദം ലഭിച്ചതും. ക്ഷുദ്രത്തോടു ചേർത്തു ചിന്തിക്കുമ്പോൾ മയക്കു മരുന്നുകളുടെ സാന്നിദ്ധ്യമാണ് ഫാർമസി എന്ന പദം ഉൾക്കൊള്ളുന്നത്. ആഭിചാരവും ക്ഷുദ്രവും ദുർമന്ത്രവാദങ്ങളും നടത്തുന്നവർ പൈശാചികശക്തികൾക്കു മാത്രമല്ല മയക്കുമരുന്നുകൾക്കും അടിമകളായി സകലതും മതിമറന്നു പ്രവർത്തിക്കുന്നു. ഈ പ്രവണത പീഡനകാലത്തു ഏറ്റവും വർദ്ധിച്ചു വരുന്നതിനാൽ സ്വയം നശിക്കുക മാത്രമല്ല മറ്റുള്ളവരുടെ നാശത്തിനും കാരണമായിത്തീരുന്നു. ലഹരിമരുന്നുകൾക്കു അടിമപ്പെടുന്ന ഒരു പറ്റം ഭൂവാസികളെയാണ് യോഹന്നാൻ പീഡനകാലത്തു കാണുന്നത്.

**ദുർന്നടപ്പ്** (immorality) —

ദുർന്നടപ്പ് എന്ന പാപപ്രവൃത്തി ദൈവം നൽകിയ കല്പനകളിൽ ഏഴാം കല്പനയായ വ്യഭിചാരം ചെയ്യരുതെന്നുള്ളതിന്റെ ലംഘനമാണ് (പുറ.20:14). സ്വർഗ്ഗത്തിൽ നിന്നും തീയും ഗന്ധകവും ഇറക്കി സൊദോം ഗൊമോരാ പട്ടണത്തെയും പട്ടണവാസികളെയും ഒന്നടങ്കം നശിപ്പിക്കുവാനാടയായ പാപം ദുർന്നടപ്പായ ലൈംഗീകപാപമാണ് (ഉല്പ.19). ദുർന്നടപ്പ് എന്നതിനു ഇംഗ്ലീഷിൽ ഇമ്മൊറാലിറ്റി (immorality) എന്നും ഫോർണിക്കേഷൻ (fornication) എന്നും വിവിധ പരിഭാഷകളിൽ ഉപയോഗിച്ചിട്ടുണ്ട്. ഈ വാക്കുകളുടെ അർത്ഥം ദുർമ്മാർഗ്ഗം, വ്യഭിചാരം എന്നാണ്. ഗ്രീക്കിൽ ഇതിനെ പോണിയാ (porneia) എന്നു പറയുന്നു. ഇതു വ്യഭിചാരം, അശ്ലീലം, ലൈംഗികവൈകൃതങ്ങൾ എന്നിവയെക്കുറിക്കുന്നു. പോണിയാ (porneia) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് പോണോഗ്രാഫി (pornography) എന്ന ഇംഗ്ലീഷ് പദം വന്നിട്ടുള്ളത്. വ്യഭിചാരം, പരസംഗം തുടങ്ങിയ സകലലൈംഗികപ്രവർത്തനങ്ങളും ഇതിലുൾപ്പെടുന്നു.

പുതിയനിയമത്തിൽ ദുർന്നടപ്പിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ —

**1.കൊരി.5:1** — *"നിങ്ങളുടെ ഇടയിൽ ദുർന്നടപ്പു ഉണ്ടെന്നു കേൾക്കുന്നു. ഒരുത്തൻ തന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊള്ളുന്നുപോൽ; അതു ജാതികളിൽപോലും ഇല്ലാത്ത ദുർന്നടപ്പു തന്നേ."*

**1.കൊരി.6:18** —*"ദുർന്നടപ്പു വിട്ടോടുവിൻ "*

**ഗലാ.5:19** — *"ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ് ......"*

**എഫെ.5:3,4** — *"ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുതു; അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കു ഉചിതം."*

**എഫെ.5:18** — *"വീഞ്ഞുകുടിച്ചു മത്തരാകരുതു; അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലോ."*

**കൊലൊ.3:5** — *"ആകയാൽ ദുർന്നടപ്പു, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ."*

**യൂദാ.7** — *"അതുപോലെ സൊദോമും ഗൊമോരയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്കു സമമായി ദുർന്നടപ്പു ആചരിച്ചു അന്യജഡം മോഹിച്ചു നടന്നതിനാൽ നിത്യാഗ്നിയുടെ ശിക്ഷാവിധി സഹിച്ചുകൊണ്ടു ദൃഷ്ടാന്തമായി കിടക്കുന്നു."*

ദുർഭൂതങ്ങളുടെയും സാത്താന്യദുരാത്മാക്കളുടെയും പ്രവർത്തനത്താൽ അനേകർ മരിക്കുവാനിടയായിട്ടും ജീവനോടെ ശേഷിച്ചിരിക്കുന്നവർ സൊദോം ഗൊമോരാ പട്ടണവാസികളെപ്പോലെ വ്യഭിചാരത്തിലും ദുർന്നടപ്പിലും തുടരുകയാണുണ്ടായത്. അതായത് അവരുടെ തെറ്റിനെ മനസ്സിലാക്കി അവർ മാനസാന്തരപ്പെട്ടില്ല.

**മോഷണം** (theft) —

കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പ് എന്നീ മൂന്നു പ്രവൃത്തികൾക്കു പുറമേ വിട്ടുകളയാത്ത നാലാമത്തെ പാപപ്രവൃത്തിയാണ് മോഷണം. ദൈവം മോശെ മൂലം നൽകിയ കല്പനകളിൽ എട്ടാമത്തെ

കല്പനയായ മോഷ്ടിക്കരുത് (പുറ.20:15) എന്ന കല്പനയുടെ ലംഘനമാണിത്. കള്ളം, ചതി, വഞ്ചന, കള്ളസ്സാക്ഷ്യം, പിടിച്ചുപറി, ബലാൽക്കാരം എന്നിങ്ങനെയുള്ളതെല്ലാം മോഷണത്തിൽ ഉൾപ്പെടുന്നു. ഇതു പാപമുള്ള ഹൃദയത്തിൽ നിന്നു പുറപ്പെടുന്നുവെന്നു കർത്താവു പറഞ്ഞിട്ടുണ്ട്. **മത്താ.15:19 —** *"ദുശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസ്സാക്ഷ്യം, ദൂഷണം, എന്നിവ ഹൃദയത്തിൽ നിന്നു പുറപ്പെടുന്നു."* ആറാമത്തെ കാഹളത്തിൽത്തന്നെ ജനസംഖ്യയിൽ മൂന്നിലൊന്നു മരണത്തിനിരയായി. ഇതിനെത്തുടർന്നുണ്ടായ രോഗം, ക്ഷാമം, പ്രതിസന്ധി എന്നിവയാൽ ദേശത്തിന്റെയും ദേശവാസികളുടെയും സാമ്പത്തികനില തകർന്നു ദാരിദ്രത്തിലേക്കു പതിക്കുന്നു. ജീവൻ നിലനിറുത്തുവാനും, കുടുംബത്തെ പോറ്റുവാനും അവശ്യസാധനങ്ങൾ വാങ്ങുവാനും നിവർത്തിയില്ലാതെ മോഷണം തൊഴിലായി അനേകർ സ്വീകരിക്കുന്നു. ഇക്കരണങ്ങളാൽ വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും ഏറെ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. ദേശത്തിലെ ക്രമസമാധനം താറുമാറാകുന്നു. ന്യായാധിപന്മാരുടെ കാലത്തെന്നവണ്ണം ഓരോരുത്തനുബോധിച്ചതുപോലെ എന്ന അവസ്ഥയിലെത്തിച്ചേരുന്നു. ആറാം കാഹളത്തെതുടർന്നുണ്ടായ ന്യായവിധിക്കു മുമ്പു തന്നെ ഭൂവാസികൾ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പ്, എന്നിവക്കു പുറമേ മോഷണവും അവരുടെ ജീവിതത്തിൽ പ്രവർത്തികമാക്കിയിരുന്നു എന്നു അനുമാനിക്കാം. അതുകൊണ്ടാവാം അവർ ഈവക പാപങ്ങൾ വിട്ടു മാനസാന്തരപ്പെട്ടതുമില്ല എന്നു യോഹന്നാൻ പറയുന്നത്.

അഞ്ചും ആറും കാഹളങ്ങളത്തെ തുടർന്നുള്ള രണ്ടു കഷ്ടങ്ങളിലൂടെ രണ്ടു ഭീകരദുഷ്ടത്മശക്തികളാലുള്ള ന്യായവിധികൾ ഭൂമിയിലുണ്ടാകുന്നു. ലോകം ഇന്നുവരെയും കണ്ടിട്ടില്ലാത്തതും കടന്നുപോയിട്ടില്ലാത്തതുമായ പീഡകളാണിവയിലൂടെയുണ്ടാകുന്നത്. ഇവയാലുള്ള ദണ്ഡനം അതികഠിനമാണെങ്കിലും നിത്യനരകത്തിൽ ഒരുക്കിയിരിക്കുന്ന യാതനയുടെ ചെറിയൊരംശം മാത്രമായിരിക്കുന്നു എന്നതാണിതിന്റെ പ്രത്യേകത. ഭൂമിയിൽ നരകയാതനയിലൂടെ ഭൂവാസികളെ ദൈവം കടത്തിവിടുതിന്റെ ലക്ഷ്യം അവരുടെ മാനസാന്തരമാണ്. തങ്ങൾ നമസ്കരിക്കയും ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്ന ദുരാത്മാക്കളും ദുർഭൂതങ്ങളും അവരെത്തന്നെ ദണ്ഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുമ്പോൾ ജീവനുള്ള ദൈവത്തിന്റെ സ്നേഹത്തെ മനസ്സിലാക്കി അവർ ദൈവസന്നിധിയിലേക്കു മടങ്ങിവരണമെന്നു ദൈവം ആഗ്രഹിക്കുന്നു. ജീവനും മരണവും ദൈവം അവരുടെ മുമ്പിൽ വെച്ചിരിക്കുന്നു. അവരാണ് തിരഞ്ഞെടുക്കേണ്ടത്. എന്നാൽ അവർ ദൈവം ഒരുക്കിയ രക്ഷയെ നിരാകരിച്ചുകൊണ്ടു മരണത്തെ തിരഞ്ഞെടുത്തു നശിക്കുവാനിടയാകുന്നു. പീഢനകാലത്ത് അതിഭയങ്കരമായ ശിക്ഷാവിധികളിലൂടെ ഭൂവാസികൾ കടന്നു പോകുന്ന വേളയിലും ദൈവസ്നേഹത്തിന്റെ സുവിശേഷം 144,000 പേരിലൂടെ ദേശമെല്ലാം ഘോഷിക്കപ്പെടും. ആറാം കാഹളത്തോട് ബന്ധത്തിൽത്തന്നെ മനുഷ്യർ മൂന്നിലൊന്നു മരിക്കുവാനിടയായി. ഭൂമിയിലരങ്ങേറിയ സംഭവങ്ങൾ കാണുകയും, നിത്യരക്ഷക്കുള്ള ദൂതു കേൾക്കുകയും തുടർന്നു ജീവിക്കുവാൻ അവസരം ലഭിച്ച മനുഷ്യർ മാനസാന്തരപ്പെട്ടില്ല. എന്നു മാത്രമല്ല അവരുടെ പാപപ്രവൃത്തിയായ കൊലപാതകം, ക്ഷുദ്രം, ദുർന്നടപ്പ്, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല എന്ന വിവരണവുമാണ് യോഹന്നാനിലൂടെ കേൾക്കുന്നത്. ദുഷ്ടത്മശക്തികളാലുള്ള ശിക്ഷാവിധിയും തുടർമാനസംഭവങ്ങളും ഭൂമിയിൽ നടക്കുമ്പോൾ കൃപാകാലത്തുള്ള വിശ്വാസികൾ അതിൽ ഉൾപ്പെടുന്നില്ല. കാരണം രക്ഷിക്കപ്പെട്ട വിശ്വാസികളടങ്ങിയ മണവാട്ടി സഭ കർത്താവിനോടു കൂടെയായിരിക്കും.

.......................................................

# വെളിപ്പാട് — അദ്ധ്യായം — 10

സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം വെളിപ്പാടു ഒൻപതാം അദ്ധ്യായം വരെയുള്ള സംഭവങ്ങൾ പീഡനകാലത്തിന്റെ ആദ്യപകുതിയിൽ നടക്കുന്നവയാണെന്നു കരുതാം. അങ്ങനെയെങ്കിൽ വെളിപ്പാട് പത്താം അദ്ധ്യായം പീഡനകാലത്തിന്റെ രണ്ടാം ഭാഗമായ മഹാപീഡനകാലത്തിലേക്കു കയറുന്നതിന്റെ മുഖവുരയാണ്. അതായത് ഏഴാം കാഹളമൂതുന്നതിനു പ്രാരംഭമായി അരങ്ങേറുന്ന സംഭവങ്ങൾ മൂന്നരവർഷ മഹാപീഡനകാലത്തിന്റെ ആരംഭത്തെ കുറിക്കുന്നു. നാല്പത്തിരണ്ടുമാസം (വെളി.11:2/വെളി.13:5), ആയിരത്തിരുനൂറ്ററുപതു ദിവസം (വെളി.11:3 /വെളി.12:6), ഒരു കാലം ഇരു കാലം അരക്കാലം (വെളി.12:14)) എന്നിങ്ങനെ മഹാപീഡനകാലമായ മൂന്നരവർഷത്തെപ്പറ്റി ആവർത്തിച്ചു പതിനൊന്നു മുതലുള്ള അദ്ധ്യായങ്ങളിൽ യോഹന്നാൻ പറയുന്നതു തന്നെ പീഡനകാലത്തിന്റെ ആദ്യപകുതി കഴിയുന്നു എന്നതിന്റെ തെളിവാണ്.

ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴു കലശങ്ങൾ എന്നിങ്ങനെയുള്ള 21 ന്യായവിധികൾ, സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം ഭൂമിയിൽ അരങ്ങേറുന്ന ദൈവത്തിന്റെ ശിക്ഷാവിധികളാണ്. പീഡനകാലത്തു ഭൂവാസികളുടെ മേലുള്ള വൈവിധ്യമാർന്ന ശിക്ഷാവിധികളിലൂടെ ദൈവം ആഗ്രഹിക്കുന്നത് അവർ സാത്താന്യവഴികൾ വിട്ടു ദൈവത്തിൽ ആശ്രയിക്കുകയും അതിലൂടെ അവരുടെ മാനസാന്തരവുമാണ്. ആകെയുള്ള 21 ന്യായവിധികളിൽ ഓരോന്നു പിന്നിടുന്തോറും അടുത്ത ശിക്ഷയുടെ കാഠിന്യം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുവാൻ കഴിയുന്നത്. മറ്റൊരു പ്രത്യേകതയെന്നത് ഓരോ ആറാമത്തെ ന്യായവിധി കഴിയുമ്പോഴും ഏഴാമത്തെ ശിക്ഷാവിധി പകരുന്നതിനു മുമ്പ് ഒരിടവേള കാണുന്നുണ്ട്. ഏഴാമത്തെ മുദ്ര, ഏഴാമത്തെ കാഹളം, ഏഴാമത്തെ കലശം എന്നിവ ആ നിരയിലുള്ള ശിക്ഷാവിധികളുടെ സാമാപ്തിയെ കുറിക്കുന്നതോടൊപ്പം ശിക്ഷയുടെ കാഠിന്യത്തെയും കൂടാതെ അടുത്ത ശിക്ഷാവിധികളെ അവതരിപ്പിക്കുകയും ചെയ്യുന്നു. ആയതിനാൽ ഓരോ ഏഴാമത്തെ ശിക്ഷാവിധി ആരംഭിക്കുന്നതിനു മുമ്പായി ഒരിടവേളയും ക്രമീകരിച്ചിരിക്കുന്നു. ഇപ്രകാരം ഒരുക്കിയിരിക്കുന്ന ഇടവേള ദൈവത്തിന്റെ ദീർഘക്ഷമയുടെയും കരുണയുടെയും പ്രദർശനമാണ്. ശിക്ഷാവിധികൾ കാണുകയും അനുഭവിക്കുകയും ചെയ്യുന്നവർക്കു ദൈവത്തിൽ അഭയം പ്രാപിക്കുവാൻ സമയം നൽകുകയാണിതിന്റെ ഉദ്ദേശ്യം. കൂടാതെ മൃഗത്തിന്റെ മുദ്രയേൽക്കാതെയും സാത്താന്റെ പ്രവർത്തനങ്ങൾക്കു കൂട്ടു നിൽക്കാതെയും നിർഭയത്തോടെ ദൈവഭാഗത്തു കഷ്ടത സഹിച്ചു നിൽക്കുന്ന അന്നത്തെ ദൈവമക്കൾക്കു ദൈവത്തിന്റെ കരുതലിനെയോർത്തു സ്തുതിക്കുവാനും വിശ്വാസം വർദ്ധിപ്പിക്കുവാനുമുള്ള വേളയായും കണക്കാക്കാം.

ആറാം മുദ്രക്കു ശേഷവും (വെളി.6:1-17) ഏഴാമത്തെ മുദ്ര പൊട്ടിക്കുന്നതിനു (വെളി.8:1) മുമ്പായും രണ്ടു പ്രധാന സംഭവങ്ങൾ ഏഴാം അദ്ധ്യായത്തിൽ (വെളി.7:1-17) ഒരിടവേളയെന്നോണം വിവരിക്കുന്നു. ഒന്നാമത് യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു പന്തീരായിരം വീതം 1,44,000 പേരെ മുദ്രയിട്ടു വേർതിരിക്കുന്നു(വെളി.7:1-8). രണ്ടാമത് സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിൽ നിന്നു ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരത്തെ വീണ്ടെടുക്കുന്നു (വെളി.7:9-17). ആറു മുദ്രകൾ വിവരിക്കുന്ന ആറാം അദ്ധ്യായത്തിനു ശേഷം ഏഴാമത്തെ മുദ്ര പൊട്ടിക്കുന്നത് എട്ടാം അദ്ധ്യായത്തിലാണ് കാണുന്നത്. ഇതിനിടയിലുള്ള ഏഴാം അദ്ധ്യായം ദൈവത്തിന്റെ ദീർഘക്ഷമയെയും കരുണയെയും പ്രദർശിപ്പിക്കുന്ന ഇടവേളയാണ്. കൂടാതെ ഏഴാം മുദ്രയോടാരംഭിക്കുന്ന കാഹളങ്ങളാലുള്ള ശിക്ഷാവിധികളുടെ ഒരു മുഖവുരയായും ഇരിക്കുന്നു. മുദ്രകളിലെന്നപോലെ ആറാം കാഹളവും (വെളി.8:6

-9:21) ഏഴാം കാഹളവും (വെളി.11:15) തമ്മിലും ഒരിടവേളയുണ്ട്. അദ്ധ്യായം 10 മുതൽ 11:14 വരെയുള്ള വാക്യങ്ങൾ ഇടവേളയിലുള്ള സംഭവങ്ങളെ വിവരിക്കുന്നു. കൂടാതെ ഏഴാം കാഹളം (വെളി.11:15) ഏഴു ക്രോധകലശത്താലുള്ള (വെളി.16:1-21) ശിക്ഷാവിധിയുടെ മുഖവുരയുമായിരിക്കുന്നു.

ഏഴു കാഹളങ്ങളിൽ ആറെണ്ണം ഊതിക്കഴിഞ്ഞു. ഇനി ഏഴാമത്തെ കാഹളം മുഴക്കുന്നതിനു മുമ്പായി മൂന്നു മുഖ്യമായ കാര്യങ്ങൾ കൂടി ആറാം കാഹളത്തെത്തുടർന്നു നടക്കുന്നു. ഇവയ്ക്കു ശേഷം മാത്രമാണ് ഏഴാമത്തെ കാഹളം ഊതുന്നത് (വെളി.11:15). ഏഴാം കാഹളം മുഴങ്ങുന്നതിനു മുമ്പുള്ള ഇട വേളയിൽ (വെളി.10:1-11:14) നടക്കുന്ന മൂന്നു പ്രത്യേക സംഭവങ്ങൾ —

(1) വെളി.10:1-11 : ബലവാനായ ദൈവദൂതനും, ചെറുപുസ്തകവും, സന്ദേശവും (The mighty angel of God with the little book and the message)
(2) വെളി.11:1,2 : ദൈവാലയത്തിന്റെ അളക്കൽ (The measuring of the temple of God)
(3) വെളി.11:3-14 : രണ്ടു സാക്ഷികളുടെ പ്രവർത്തനം (The ministry of the two witnesses of God).

**അദ്ധ്യായവിഷയം —**

വെളിപ്പാടു പുസ്തകം പത്താം അദ്ധ്യായത്തിലെ പ്രധാന വിഷയം ബലവാനായ ദൂതനും ചെറു പുസ്തകവും (The mighty angel of God and the little book) എന്നതാണ്.

**അദ്ധ്യായസംഗ്രഹം —**

ബലവാനായൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്നതു യോഹന്നാൻ കണ്ടു. മേഘം ഉടുത്തും, തലയിൽ ആകാശവില്ലു ധരിച്ചും, മുഖം സൂര്യനെപ്പോലെയും, കാൽ തീത്തൂണുപോലെയുമുള്ള ദൂതന്റെ കയ്യിൽ തുറന്നോരു ചെറുപുസ്തകവും ഉണ്ടായിരുന്നു. അത്യുച്ചത്തിൽ ദൂതൻ ആർത്തപ്പോൾ ഏഴു ഇടിയും നാദം മുഴക്കി. ഒരു കാൽ സമുദ്രത്തിന്മേലും മറ്റേക്കാൽ ഭൂമിമേലും വെച്ച ദൂതന്റെ ശബ്ദം സിംഹത്തിന്റെ അലർച്ചപോലെയായിരുന്നു. മഹത്വവും, തേജസ്സും, പ്രഭയും, ശക്തിയും മാത്രമല്ല കടലിലും കരയിലും അധികാരമുള്ള ദൂതൻ ആകാശത്തേക്കു കരങ്ങളുയർത്തി ഇനി കാലം അഥവാ താമസം ഉണ്ടാകയി ല്ലെന്നു എന്നേക്കും ജീവിച്ചിരിക്കുന്ന സ്രഷ്ടാവാം ദൈവത്തെച്ചൊല്ലി സത്യം ചെയ്തു പറയുന്നു. കൂടാതെ ഏഴാം കാഹളനാദകാലത്തിൽ ദൈവത്തിന്റെ മർമ്മം തന്റെ ദാസന്മാർക്കു അറിയിച്ചു കൊടുത്തതുപോലെ നിവൃത്തിയാകുമെന്നും ഘോഷിച്ചു. ദൂതന്റെ കയ്യിലിരിക്കുന്ന തുറന്ന പുസ്തകം വാങ്ങുവാനായി സ്വർഗ്ഗ ത്തിൽ നിന്നു യോഹന്നാനു കല്പന ലഭിച്ചു. അതിൻപ്രകാരം യോഹന്നാൻ ദൂതന്റെ സമീപം ചെന്നു ചെറുപുസ്തം ആവശ്യപ്പെട്ടു. ദൂതൻ പറഞ്ഞതുപോലെ യോഹന്നാൻ അതു വാങ്ങി ഭക്ഷിച്ചപ്പോൾ വായിൽ തേൻ പോലെയും വയറ്റിൽ കയ്പിന്റെ അനുഭവും ഉണ്ടായി. അനേകം വംശങ്ങളെയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ചു പ്രവചിക്കേണ്ടി വരുമെന്നു പറഞ്ഞിരിക്കുന്നതിനാൽ വായിൽ തേനിന്റെ മാധുര്യവും വയറ്റിൽ കയ്പിന്റെ അഥവാ വേദനയുടെയും ദുഃഖത്തിന്റെയും അനുഭവം പകർന്ന ഗ്രന്ഥം പ്രവചന പുസ്തകമാണെന്നു അനുമാനിക്കാം.

**അദ്ധ്യായവിഭജനം —**

| | | |
|---|---|---|
| വെളി.10: 1-2 | : സ്വർഗ്ഗത്തിൽ നിന്നും ബലവാനായ ദൂതൻ | (Mighty angel from heaven) |
| വെളി.10: 3-4 | : ഏഴു ഇടിനാദവും സന്ദേശവും | (Seven thunders and the message) |
| വെളി.10: 5-7 | : ദൂതന്റെ പ്രതിജ്ഞ | (Affirmation of the angel) |
| വെളി.10:8-11 | : ചെറിയപുസ്തകവും, സന്ദേശവും | (The little book and the message) |

**വെളി.10:1 — "ബലവാനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നിറങ്ങുന്നതു ഞാൻ കണ്ടു. അവൻ മേഘം ഉടുത്തും തലയിൽ ആകാശവില്ലു ധരിച്ചും മുഖം സൂര്യനെപ്പോലെയും കാൽ തീത്തൂണുപോ ലെയും ഉള്ളവൻ."** ( I saw still another mighty angel coming down from heaven, clothed with a cloud. And a rainbow was on his head, his face was like the sun, and his feet like pillars of fire)

ഏഴു കാഹളവുമായി നിൽക്കുന്ന ഏഴു ദൂതന്മാരിൽ ആറു പേർ ഇതുവരെ കാഹളം ഊതി. ഏഴാ മത്തെ ദൂതൻ കാഹളം ഊതുവാനായി തയ്യാറായി നിൽക്കുമ്പോൾ യോഹന്നാൻ "മറ്റൊരു ദൂതനെ" കാണുന്നു. "ഞാൻ കണ്ടു " എന്നുള്ള പ്രസ്താവന പുതിയൊരു ദർശനത്തെ കുറിക്കുന്നു. കാഹളവു മായി നിന്ന ഏഴു ദൂതന്മാരിലും, വെളിപ്പാടു പുസ്തകത്തിൽ യോഹന്നാൻ ഇതുവരെ കണ്ട മറ്റു ദൂതന്മാ രിലും വ്യത്യസ്തമായി ചില പ്രത്യേകതകൾ ഈ ദൂതനെക്കുറിച്ചു വിവരിച്ചിരിക്കുന്നു. "അവൻ മേഘം ഉടുത്തും തലയിൽ ആകാശവില്ലു ധരിച്ചും മുഖം സൂര്യനെപ്പോലെയും കാൽ തീത്തൂണുപോലെയും ഉള്ളവൻ " എന്നുള്ള വിശേഷണം വെളിപ്പാട് ഒന്നാം അദ്ധ്യായത്തിൽ (വെളി.1:12-17) യോഹന്നാൻ വിവ രിച്ച മഹത്വധാരിയായ ക്രിസ്തുവിനോടു സാമ്യമുണ്ട്. ആയതിനാൽ ഇവിടെ യോഹന്നാൻ കണ്ട "ബല വാനായ മറ്റൊരു ദൂതൻ " ക്രിസ്തു തന്നെയെന്നു ഒരു കൂട്ടർ അഭിപ്രായപ്പെടുന്നു. മേഘങ്ങളെ തന്റെ

തേരാക്കി, കാറ്റിൽ ചിറകിന്മേൽ സഞ്ചരിക്കുന്നു (സങ്കീ.104:3,4); മേഘാരൂഢനായി വരുന്നു (വെളി.1:7); അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ (വെളി.1:16); കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃശവും (വെളി.1:15) എന്നുള്ള പ്രസ്താവനകൾ ക്രിസ്തുവിനെക്കുറിക്കുന്നവയാണ്. ആയതിനാൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്ന ബലവാനായ ദൂതൻ ക്രിസ്തു തന്നെയെന്ന അഭിപ്രായത്തിനു പിൻബലമേകുന്നു.

യോഹന്നാൻ കാണുന്ന സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന ബലവാനായ മറ്റൊരു ദൂതൻ ക്രിസ്തുവല്ലെന്നു മറ്റൊരു കൂട്ടർ താഴെ വിവരിക്കുന്ന കാരണങ്ങളാൽ അഭിപ്രായപ്പെടുന്നു.

(1) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്നു എന്നത് ഏതെങ്കിലും ഔദ്യോഗിക നിലയിൽ നിന്നുള്ള വരവിനെ കുറിക്കുന്നതല്ല മറിച്ചു എവിടെ നിന്നു വരുന്നുവെന്നതിനെ കുറിക്കുകയാണ്. യോഹന്നാൻ കണ്ട ബലവാനായ ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരികയാണ്. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്നതിനാൽ പ്രസ്തുത ദൂതൻ ക്രിസ്തുവാണെന്നു ചിന്തിക്കുവാൻ കഴിയുകയില്ല. മാത്രവുമല്ല ഭൂമിയിലെ പീഡനകാലം തീരുന്നതിനു മുമ്പു ക്രിസ്തു ഭൂമിയിലേക്കിറങ്ങി വരുമെന്നു തിരുവചനത്തിലൊരിടത്തും പറഞ്ഞിട്ടുമില്ല. കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിനു ശേഷമുള്ള പ്രത്യക്ഷത മനുഷ്യപുത്രനെന്ന നിലയിൽ വളരെ വ്യക്തമായി തിരുവചനത്തിൽ പരാമർശിച്ചിട്ടുണ്ട് (മത്താ.24:30/മത്താ.25:31/2.തെസ്സ.1:6).

(2) “മറ്റൊരു” എന്നതിനു ഗ്രീക്കിൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന “അല്ലോസ് ” എന്ന പദത്തിനർത്ഥം വേറൊരു അഥവാ അതേതരത്തിലുള്ളത് എന്നാണ് (അല്ലോസ് = അതേ തരത്തിലുള്ളത് — allos = another of the same kind). വെളിപ്പാടു 8:3 -ൽ കാണുന്നതുപോലെ ഇവിടെ പ്രത്യക്ഷനാകുന്ന ദൂതനും ദൈവീകനിർദ്ദേശം നടപ്പിലാക്കുവാൻ വന്ന വേറൊരു ദൂതൻ തന്നെ.

(3) പഴയനിയമത്തിൽ യഹോവയുടെ ദൂതൻ, ദൈവത്തിന്റെ ദൂതൻ എന്ന നിലയിൽ ക്രിസ്തു പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും പുതിയനിയമത്തിലൊരിടത്തും ക്രിസ്തു ദൂതനെന്ന നിലയിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല.

(4) വെളിപ്പാടു പുസ്തകത്തിൽ ഒരു ദൂതൻ എന്ന നിലയിൽ ക്രിസ്തുവിനെ കാണുന്നില്ല. യേശു ക്രിസ്തുവിക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗങ്ങളിലെല്ലാം യോഹന്നാൻ ക്രിസ്തുവിന്റെ വ്യക്തിത്വത്തെ വ്യക്തമായി വർണ്ണിച്ചിട്ടുണ്ട്. ഉദാ — വിശ്വസ്തസാക്ഷി, മരിച്ചവരിൽ ആദ്യജാതൻ, മനുഷ്യപുത്രൻ, ആദ്യനും അന്ത്യനും (1:5/1:13/1:18) ...........(കൂടുതൽ വിശദീകരണത്തിനായി വെളി.8:3- മറ്റൊരു ദൂതൻ എന്നത് നോക്കുക).

(5) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ബലവാനായ ദൂതൻ സകലവും സൃഷ്ടിച്ചവനെച്ചൊല്ലി സത്യം ചെയ്യുന്നതായി കാണുന്നു. വെളി.10:6,7 — “*ഇനി കാലം ഉണ്ടാകയില്ല; ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്തു ദൈവത്തിന്റെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചു കൊടുത്തതുപോലെ നിവൃത്തിയാകുമെന്നു ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ ച്ചൊല്ലി സത്യം ചെയ്തു.*” സത്യം ചെയ്ത ദൂതൻ ക്രിസ്തുവായിരുന്നുവെങ്കിൽ, താൻ ദൈവവും സൃഷ്ടാവുമായിരിക്കയാൽ തന്നെകൊണ്ടു തന്നേ സത്യം ചെയ്യുമായിരുന്നു. ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ ദൈവം തന്നെക്കൊണ്ടു തന്നേ സത്യം ചെയ്തിട്ടുള്ളതായാണ് തിരുവചനഭാഗങ്ങൾ വ്യക്തമാക്കുന്നത് (ഉല്പ.22:18/യെശ.45:23/യിരെ.49:13/യിരെ.51:14/ആമോ.6:8/എബ്രാ.6:13-16). ആകയാൽ സൃഷ്ടാവിനെ ച്ചൊല്ലി സത്യം ചെയ്യുന്നതു ദൂതനാണ്.

(6) ഏഴാം കാഹളമൂതുന്നതിനു മുമ്പു പ്രത്യക്ഷപ്പെടുന്ന ബലവാനായ ദൂതൻ ഉയിർത്തെഴുന്നേറ്റ മഹത്വധാരിയായ ക്രിസ്തുവായിരുന്നുവെങ്കിൽ യോഹന്നാൻ ക്രിസ്തുവിനെ നിശ്ചയമായി തിരിച്ചറിയുകയും ആ പാദപീഠത്തിൽ വീണു നമസ്കരിക്കുകയും ചെയ്യുമായിരുന്നു. കാരണം പത്മൊസ് ദ്വീപിൽ വെച്ചു മഹത്വധാരിയായ ക്രിസ്തുവിനെ ദർശിച്ചപ്പോൾ യോഹന്നാനുണ്ടായ പ്രതികരണം അപ്രകാരമായിരുന്നു (വെളി.1:17). ഇവിടെ പ്രത്യക്ഷപ്പെടുന്ന ദൂതൻ വെളിപ്പാടു പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ദൂതന്മാരിൽ നിന്നു വ്യത്യസ്തനെങ്കിലും മറ്റൊരു ദൂതനെന്ന നിലയിലാണ് യോഹന്നാൻ രംഗം വിവരിക്കുന്നത് — “*ബലവാനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്നത് ഞാൻ കണ്ടു.*”

നാല്പതു പകലും നാല്പതു രാവും മോശെ യഹോവയായ ദൈവത്തോടൊപ്പം സീനായ്പർവ്വതത്തിൽ കഴിഞ്ഞശേഷം ഇറങ്ങിവന്നപ്പോൾ മോശെയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചതായി കാണുന്നു (പുറ.34:29). മോശെയുടെ മുഖത്തു പ്രകാശിച്ച ദൈവതേജസ്സു നിമിത്തം യിസ്രായേൽ മക്കൾക്കു മോശെയുടെ മുഖത്തേക്കു നോക്കുവാൻ കഴിഞ്ഞില്ല. അതിനായി അവരോടു സംസാരിച്ചപ്പോൾ മോശെ തന്റെ മുഖത്തു ഒരു മൂടുപടം ഇട്ടു (പുറ.34:33-35). നാല്പതു രാവും നാല്പതു പകലും മാത്രം ദൈസന്നിധിയിൽ കഴിഞ്ഞ മോശെയുടെ മുഖം ഇത്രയേറെ ശോഭിച്ചെങ്കിൽ യുഗായുഗങ്ങളായി ദൈവസന്നിധിയിൽ സേവചെയ്യുന്ന ദൈവദൂതന്മാരുടെ തേജസ്സ് എത്രമാത്രമായിരിക്കുമെന്നു വർണ്ണിക്കുവാൻ സാദ്ധ്യമല്ല. ആകയാൽ യോഹന്നാൻ ദർശിച്ച ബലവാനായ ദൂതന്റെ വിശേഷണങ്ങൾ അടിസ്ഥാനപ്പെടുത്തി ഈ

ദൂതനെ ക്രിസ്തു തന്നെയെന്നു പറയുവാൻ കഴിയുകയില്ല. മേഘം ഉടുത്തും, തലയിൽ ആകാശവില്ലു ധരിച്ചും, മുഖം സൂര്യനെപ്പോലെയും, കാൽ തീത്തൂൺപോലെയും, സമുദ്രത്തിന്മേലും ഭൂമിമേലും അധികാരമുള്ളവനായും, സിംഹസമാനമായ ശബ്ദത്തോടും സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്ന ബലവാനായ ദൂതനു ക്രിസ്തുവിനോടു സാമ്യമുണ്ടെങ്കിലും അതു മഹത്വധാരിയായ ക്രിസ്തുവാണെന്നുള്ള നിഗമനത്തിലെത്തുവാൻ കഴിയുകയില്ല. ദൈവകല്പന സദാസമയത്തും അനുസരിക്കുവാൻ തയ്യാറായി കോടാകോടി ദൂതന്മാർ ദൈവസിംഹാസനത്തിനടുത്ത് ശ്രദ്ധാലുക്കളായി നിലകൊള്ളുന്നു. അവരിലൊരു ദൂതനെ ദൈവത്തിന്റെ ആജ്ഞ നിറവേറ്റുവാനായി സ്വർഗ്ഗത്തിൽ നിന്നു അയക്കപ്പെട്ടതാണ് ഇവിടെ പ്രത്യക്ഷപ്പെടുന്ന ദൂതൻ എന്നു ചിന്തിക്കുന്നതാണ് ഏറെ ഉചിതം. തന്റെ കയ്യിലുള്ള തുറന്ന ചെറിയപുസ്തകം യോഹന്നാനെ ഏൽപ്പിക്കുകയെന്നതായിരുന്നു ബലവാനായ ദൂതന്റെ പ്രധാനദൗത്യം.

സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ബലവാനായ ദൂതന്റെ പ്രത്യേകതകൾ —

**മേഘം ഉടുത്തും —**

സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന ബലവാനായ ദൂതൻ ശരീരമാസകലം മേഘത്താൽ പൊതിയപ്പെട്ട ദൃശ്യമാണ് യോഹന്നാൻ കണ്ടത്. മേഘം ദൂതന്റെ ശക്തി, മഹത്വം, ഉന്നതി എന്നിവയെ ഇതിലൂടെ വെളിപ്പെടുത്തുന്നു. തിരുവചനത്തിൽ മേഘം വിവിധമായ കാര്യങ്ങളെ പ്രതിനീതീകരിക്കുന്നു. ഒന്നാമതായി ദൈവസാന്നിദ്ധ്യത്തെ കുറിക്കുന്നു (പുറ.24:15-18). രണ്ടാമതായി ദൈവീകകാര്യപരിപാടികൾ നടത്തപ്പെടുവാൻ ദൂതന്മാരെ ഉപയോഗിക്കുന്നതുപോലെ മേഘങ്ങളെയും ദൈവം ഉപയോഗിക്കുന്നു (സങ്കീ.104:3,4/എബ്രാ.1:7,14). മൂന്നാമതായി ദൈവീകന്യായവിധികളെ മേഘം വെളിപ്പെടുത്തുന്നു (ദാനീ.7:13). നാലാമതായി കർത്താവിന്റെ മദ്ധ്യാകാശത്തിലെ പ്രത്യക്ഷതയിലും സഭയുടെ ഉത്പ്രാപണത്തിലും മേഘങ്ങളുടെ സാന്നിദ്ധ്യം കാണുന്നു (1.തെസ്സ.4:17). അഞ്ചാമതായി മേഘം കർത്താവിന്റെ മഹത്വപ്രത്യക്ഷതയെയും തുടർന്നുള്ള ദൈവീകന്യായവിധിയെയും വിളിച്ചറിയിക്കുന്നു(വെളി.1:7;വെളി.14:14-16; മത്താ.24:30; മർക്കൊ.13:26;ലൂക്കൊ.21:27). ഇവിടെ മേഘം ഉടുത്തുകൊണ്ടു പ്രത്യക്ഷപ്പെടുന്ന ദൂതന്റെ ആഗമനം ക്രിസ്തുവിന്റെ രണ്ടാം വരവിനെ വിളംബരം ചെയ്യുന്നതും തുടർന്നു അരങ്ങേറുന്ന ന്യായവിധികളുടെ മുന്നോടിയായും കരുതാം.

**തലയിൽ ആകാശവില്ലു ധരിച്ചും —**

മേഘം ഉടുത്തുകൊണ്ടു വരുന്ന ബലവാനായ ദൂതൻ തലയിൽ ആകാശവില്ലും ധരിച്ചിരിക്കുന്നതായി യോഹന്നാൻ കണ്ടു. മേഘത്താൽ ചുറ്റപ്പെട്ട ദൂതന്റെ തലയിൽ സൂര്യപ്രകാശം അടിച്ചപ്പോൾ സപ്തവർണ്ണങ്ങളടങ്ങിയ മഴവില്ലുപോലെ യോഹന്നാനു ദൃശ്യമായി. മേഘം ദൈവത്തിന്റെ ന്യായവിധിയെ പ്രകടമാക്കുന്നുവെങ്കിൽ ദൈവക്രോധത്തിനിടയിലും ദൈവത്തിന്റെ മാറ്റമില്ലാത്ത കരുണയെയാണ് മഴവില്ലു പ്രകടമാക്കുന്നത്. ജലപ്രളയത്തിനുശേഷം ഭൂമിയെ ഒരിക്കലും ജലത്താൽ നശിപ്പിക്കയില്ലെന്നു നോഹയോടും പുത്രന്മാരോടും ദൈവം പ്രസ്താവിച്ചു (ഉല്പ.9:18-17). അതിന്റെ അടയാളമായി മേഘത്തിൽ വില്ലു വെച്ചു. അതായത് മഴവില്ല് ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തത്തെ വിളിച്ചറിയിക്കുന്നു. ആയതുപോലെ ബലവാനായ ദൂതന്റെ തലയിലെ ആകാശവില്ല് വെളിപ്പെടുത്തുന്നത് ദൈവവീക വാഗ്ദത്തത്തിന്റെ മാറ്റമില്ലായ്മയും, പീഡനകാലത്ത് ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവർക്കു ലഭിക്കുന്ന കരുണയും സംരക്ഷണവുമാണ്.

**മുഖം സൂര്യനെപ്പോലെയും —**

ബലവാനായ ദൂതനിൽ യോഹന്നാൻ കണ്ട മറ്റൊരു പ്രത്യേകത ദൂതന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിക്കുന്നതായിരുന്നു എന്നാണ്. ദൈവകല്പന നിറവേറ്റാനായി ദൈവസന്നിധിയിൽ നിന്നിറങ്ങി വന്ന ദൂതനിൽ പ്രതിഫലിച്ച ദൈവത്തിന്റെ മഹത്വമാണ് മുഖം സൂര്യനെപ്പോലെ ആയിത്തീരുവാനുള്ള കാരണം. വെളിപ്പാടു 18-ാം അദ്ധ്യായത്തിലും ഇപ്രകാരമുള്ള ഒരു ദൂതനെ കാണുന്നുണ്ട്. വെളി.18:1— "*അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു.*"

**കാൽ തീത്തൂൺപോലെയും —**

ബലവാനായ ദൂതന്റെ മറ്റൊരു പ്രത്യേകത കാൽ തീത്തൂൺപോലെ ആയിരുന്നു എന്നാണ്. കാൽ അധികാരത്തെയും, തീ ദൈവത്തിന്റെ അതുല്യമായ വിശുദ്ധിയെയും പാപത്തിന്മേലുള്ള ന്യായവിധിയെയും, തൂൺ ദൈവത്തിന്റെ മാറ്റമില്ലാത്ത അഥവാ കുലുക്കം സംഭവിക്കാത്ത പ്രവർത്തനങ്ങളെയും വാഗ്ദത്തങ്ങളെയും കുറിക്കുന്നു. ആയതുപോലെ ഭൂമിയിൽ ദൈവത്തിന്റെ ന്യായവിധികൾ നടത്തപ്പെടുവാൻ ബലവാനായ ദൂതനു ലഭിച്ചിരിക്കുന്ന അധികാരത്തെയും, ന്യായവിധിയുടെ തീക്ഷ്ണതയെയും തീത്തൂൺപോലെയുള്ള കാൽ അർത്ഥമാക്കുന്നു.

**വെളി.10:2,3 —** "അവന്റെ കയ്യിൽ തുറന്നോരു ചെറുപുസ്തകം ഉണ്ടായിരുന്നു. അവൻ വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിമേലും വെച്ചു, സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തു; ആർത്തപ്പോൾ ഏഴു ഇടിയും നാദം മുഴക്കി."(He had a little book open in his hand. And he set his right foot

on the sea and his left foot on the land,and cried with a loud voice, as when a lion roars. When he cried out, seven thunders uttered their voices)

സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്കിറങ്ങി വന്ന ബലവാനായ ദൂതന്റെ പ്രത്യക്ഷതയിലുള്ള വിശേഷണങ്ങൾ യോഹന്നാൻ വർണ്ണിച്ചു. അതിനുശേഷം യോഹന്നാൻ വിവരിക്കുന്നത് ദൂതന്റെ പ്രവർത്തനങ്ങളെയാണ്.

**അവന്റെ കയ്യിൽ തുറന്നോരു ചെറുപുസ്തകം ഉണ്ടായിരുന്നു —**

ദൂതന്റെ കയ്യിൽ തുറന്ന ഒരു ചെറിയ പുസ്തകം യോഹന്നാൻ കണ്ടു. അതായത് വെളി.5:7 -ൽ സിംഹാസനത്തിലിരിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ വലങ്കയ്യിൽ നിന്നു ക്രിസ്തു വാങ്ങിയ പുസ്തകത്തിൽ നിന്നു ഇതു വ്യത്യസ്തമായിരുന്നു. ക്രിസ്തു വാങ്ങിയ പുസ്തകം ഏഴു മുദ്രകളാൽ അടക്കപ്പെട്ടിരുന്നുവെങ്കിൽ ബലവാനായ ദൂതന്റെ കയ്യിൽ കാണപ്പെട്ടത് തുറന്ന ഒരു ചെറിയ പുസ്തകമായിരുന്നു. ക്രിസ്തു വാങ്ങിയ പുസ്തകം തുറക്കപ്പെടുവാൻ ഏഴു മുദ്രകളോരോന്നായി അഴിക്കേണ്ടി വന്നപ്പോൾ ഈ പുസ്തകം തുറക്കപ്പെട്ട നിലയിലാണ് യോഹന്നാൻ കണ്ടത്. അതായത് സാധാരണ പുസ്തകച്ചുരുൾ എന്ന നിലയിൽ അടക്കപ്പെടാതെ എഴുതിയ അവസ്ഥയിൽ തന്നെ ആയിരുന്നുവെന്നു ചിന്തിക്കാം. ദൂതന്റെ കയ്യിലെ ചെറിയ പുസ്തകം ബലവാനായ ദൂതന്റെ ദൗത്യത്തിലേക്കു വിരൽ ചൂണ്ടുന്നു. അതു പ്രവചനപുസ്തകവുമായിരുന്നു. എന്നാൽ ഏഴു മുദ്രകളുണ്ടായിരുന്നതും അതു ക്രിസ്തുവാകുന്ന കുഞ്ഞാടിനാൽ അഴിക്കപ്പെട്ടതുമായ ഭൂമിയുടെ അവകാശപത്രിക ഉൾക്കൊള്ളുന്ന പുസ്തകം ക്രിസ്തുവിന്റെ കരങ്ങളിലാണ്.

**അവൻ വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിമേലും വെച്ചു —**

സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ബലവാനായ ദൂതന്റെ കാൽ തീത്തൂൺ പോലെയുള്ളതായിരുന്നുവെന്നു ഒന്നാം വാക്യത്തിൽ യോഹന്നാൻ വെളിപ്പെടുത്തി. കാൽ അധികാരത്തെയും, തീ ദൈവത്തിന്റെ അതുല്യമായ വിശുദ്ധിയെയും പാപത്തിന്മേലുള്ള ന്യായവിധിയെയും, തൂൺ ദൈവത്തിന്റെ മാറ്റമില്ലാത്ത അഥവാ കുലുക്കം സംഭവിക്കാത്ത പ്രവർത്തനങ്ങളെയും കുറിക്കുന്നുവെന്നു കണ്ടു. കാൽ തീത്തൂൺ പോലെ കാണപ്പെട്ട ദൂതൻ തന്റെ വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിമേലും വെച്ചു. കർത്താവിന്റെ പ്രതിനിധിയായി അഥവാ ക്രിസ്തുവിന്റെ ദൗത്യം സ്വീകരിച്ചു വന്ന ദൂതനു ലഭിച്ച അധികാരം തന്റെ ആഗമനദൗത്യം നിറവേറ്റുവാനായി ഉപയോഗിക്കുന്നു. വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിമേലും വെച്ചത് കടലിലും കരയിലും ഒരുപോലെ അധികാരമുണ്ടെന്നു വ്യക്തമാക്കപ്പെടുന്നു. കടലും കരയും സൃഷ്ടിച്ചവനായ (ഉല്പ.1/സങ്കീ.24:1,2/സങ്കീ.95:5) ദൈവത്താൽ അയക്കപ്പെട്ട ദൂതൻ അതിന്മേൽ തന്റെ കാൽ ചവിട്ടി അവകാശവും തുടർന്നുള്ള പ്രവർത്തനത്തിനായി അധികാരവും സ്ഥാപിക്കുന്നു. പഴയനിയമത്തിൽ ഇപ്രകാരം പാദംവെയ്ക്കുന്നത് അവകാശം സ്ഥാപിക്കുന്നതിനെ കുറിക്കുന്നു(ആവ.11:24/യോശു.1:3). ബലവാനായ ദൂതൻ സമുദ്രത്തിന്മേലും ഭൂമിമേലും കാലുകൾ വെയ്ക്കുന്നത് അതിന്മേലുള്ള സമ്പൂർണ്ണ അധികാരം സ്ഥാപിക്കുന്നതോടൊപ്പം തന്റെ ദൗത്യം ഭൂലോകത്തിലുള്ള സകലരെയും ബാധിക്കുന്നതാണെന്നും അർത്ഥമാക്കുന്നു.

**സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തു —**

സമുദ്രത്തിന്മേലും ഭൂമിമേലും രണ്ടുകാലുകളും വെച്ചു അവകാശവും അധികാരവും സ്ഥാപിച്ച ബലവാനായ ദൂതൻ തുടർന്നു സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തു. സിംഹം മൃഗങ്ങളുടെ രാജാവായി അറിയപ്പെടുന്നു. ഇരയെ തന്റെ കരങ്ങൾക്കുള്ളിലാക്കുമ്പോഴോ ഇരയെ ആക്രമിച്ചു കൊന്നതിനു ശേഷമോ സാധാരണയായി സിംഹം അത്യുച്ചത്തിൽ അലറുന്നു(ആമോ.3:4). ആയതുപോലെ ഭൂമിയിലും സമുദ്രത്തിലും കാലുകൾ വെച്ചു അവകാശം സ്ഥാപിച്ചതിന്റെ വിജയമെന്നോണമാണ് ദൂതൻ സിംഹം അലറുപോലെ അത്യുച്ചത്തിൽ ആർത്തത്. സിംഹത്തിന്റെ അത്യുച്ചത്തിലുള്ള അലർച്ച ദൈവീകന്യായവിധിയുടെ മുന്നോടിയായി തിരുവചനത്തിൽ കാണുന്നുണ്ട് (ഹോശേ.11:10/ആമോ.3:8). കൂടാതെ ക്രിസ്തുവിനെ യഹൂദാഗോത്രത്തിലെ സിംഹമായും വെളിപ്പാടിൽ പറഞ്ഞിട്ടുണ്ട് (വെളി.5:5). ദൈവസിംഹാസനത്തിനടുത്തു ദൈവത്തിൽ ആശ്രയം വെയ്ക്കുന്ന സകലമനുഷ്യരുടെയും പാപത്തിന്റെ പ്രായശ്ചിത്തമെന്ന നിലയിൽ അറുക്കപ്പെട്ട കുഞ്ഞാടായി കണ്ടു(വെളി.5:6). അതേസമയം ദൈവത്തെ അനുസരിക്കാത്തവരുടെമേൽ ന്യായവിധി നടത്തുന്ന ദൈവക്രോധത്തെയാണ് യഹൂദാഗോത്രത്തിലെ സിംഹം (വെളി.5:5) പ്രതിനിധാനം ചെയ്യുന്നത്. ആയതിനാൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ബലവാനായ ദൂതൻ അത്യുച്ചത്തിൽ ആർത്തത് ക്രിസ്തുവിന്റെ ശക്തി, അധികാരം, മഹത്വം, വിജയം എന്നിവയെ പ്രകടമാക്കുന്നു.

**ആർത്തപ്പോൾ ഏഴു ഇടിയും നാദം മുഴക്കി** (When he cried out, seven thunders uttered their voices) **—**

ബലവാനായ ദൂതൻ സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തപ്പോൾ ഏഴു ഇടിയും നാദം മുഴക്കി എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. ദൂതന്റെ അത്യുച്ചത്തിലുള്ള ആർപ്പിന്റെ മറുപ

ടിയെന്നോണമാണ് ഏഴു ഇടിയും നാദം മുഴക്കിയത്. വെളിപ്പാടു പുസ്തകത്തിൽ ഏഴു എന്ന സംഖ്യ ആവർത്തിച്ചുപയോഗിച്ചിരിക്കുന്നത് എല്ലാറ്റിന്റെയും പൂർണ്ണതയെ (completion / perfectness) കുറിക്കുന്നതാണ്. ഇടിമുഴക്കം തിരുവചനത്തിൽ ദൈവസാന്നിദ്ധ്യത്തോടുള്ള ബന്ധത്തിലും (പുറ.19:16/വെളി.4:5) ദൈവീകന്യായവിധിയോടുള്ള ബന്ധത്തിലും (പുറ.9:23/2.ശമൂ.22:14/സങ്കീ.18:13/യെശ.29:6/വെളി.8:5/വെളി.11:19/വെളി.16:18) ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ ശത്രുക്കളെ പരിഭ്രമിപ്പിച്ചു അവരുടെമേൽ വിജയം കൊള്ളുന്ന വേളയിലും ഇടിമുഴക്കം കാണുന്നു (1.ശമൂ.7:10). ദൈവസാന്നിദ്ധ്യം, ദൈവീകന്യായവിധി, ശത്രുക്കളുടെമേലുള്ള ജയഘോഷം എന്നിവക്കു പുറമേ ദൈവീകസന്ദേശവുമായി ഇടിനാദത്തെ എടുക്കാം. ഏഴു ഇടിനാദങ്ങളുടെ സങ്കീർത്തനം എന്നറിയപ്പെടുന്ന 29-ാം സങ്കീർത്തനത്തിൽ യഹോവയുടെ ശബ്ദം ഏഴുപ്രാവശ്യം ഇടിനാദമെന്നോണം മുഴങ്ങുന്നു (29:3,4,5,7,8,9).

ബലവാനായ ദൂതൻ സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തപ്പോൾ അതിനു മറുപടിയായി ഏഴു ഇടിയും നാദം മുഴങ്ങിയത് ദൈവസാന്നിദ്ധ്യം, ദൈവീകന്യായവിധി, ശത്രുക്കളുടെമേലുള്ള ജയഘോഷം എന്നിവ വെളിപ്പെടുത്തുന്നതോടൊപ്പം യോഹന്നാനു മാത്രം മനസ്സിലാകത്തക്ക വിധത്തിലുള്ള ദൈവത്തിന്റെ സമ്പൂർണ്ണസന്ദേശങ്ങളുമായിരുന്നു.

**വെളി.10:4 — "ഏഴു ഇടിനാദം മുഴക്കിയപ്പോൾ ഞാൻ എഴുതുവാൻ ഭാവിച്ചു; എന്നാൽ ഏഴു ഇടി മുഴക്കിയതു എഴുതാതെ മുദ്രയിട്ടേക്ക എന്നു സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദം കേട്ടു."** (Now when the seven thunders uttered their voices, I was about to write; but I heard a voice from heaven saying to me, Seal up the things which the seven thunders uttered, and do not write them)

സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ബലവാനായ ദൂതൻ തന്റെ വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിമേലും വെച്ചിട്ട് സിംഹശബ്ദത്താൽ അത്യുച്ചത്തിൽ ആർത്തപ്പോൾ ഏഴു ഇടി നാദം മുഴങ്ങി. ബലവാനായ ദൂതന്റെ ആർപ്പ് ഒരു ശബ്ദം മാത്രമായിരിക്കുമ്പോൾ ഏഴു ഇടിയുടെ നാദം കേവലം ഒരു ശബ്ദം മാത്രമായിരുന്നില്ല. അതു ഒരാളുടെ ഇടിമുഴക്കം പോലെയുള്ള ഭാഷണമായിരുന്നു. അതിന്റെ പൊരുൾ മനസ്സിലാക്കിയ യോഹന്നാൻ അതേക്കുറിച്ചു എഴുതുവാൻ ഭാവിച്ചപ്പോൾ അതു എഴുതാതെ മുദ്രയിട്ടേക്കുക എന്ന ഒരു കല്പന യോഹന്നാനു സ്വർഗ്ഗത്തിൽ നിന്നു ലഭിച്ചു. "എഴുതാതെ മുദ്രയിട്ടേക്ക" എന്ന ശബ്ദത്തിന്റെ ഉടമ ആരാണെന്നു വ്യക്തമല്ല. അതു സിംഹാസനത്തിലിരിക്കുന്ന ദൈവത്തിന്റെയോ, സിംഹാസനത്തിന്റെ മുമ്പിൽ പുസ്തകത്തിന്റെ മുദ്രകൾ പൊട്ടിച്ചുകൊണ്ടു നിൽക്കുന്ന ക്രിസ്തുവിന്റെയോ അല്ലെങ്കിൽ ദൈവകല്പനപ്രകാരം സ്വർഗ്ഗസിംഹാസനത്തിന്റെ സമീപത്തുള്ള ഏതെങ്കിലും ദൂതന്റെ ശബ്ദമോ ആയിരിക്കാം. കർത്തൃദിവസത്തിൽ പത്മൊസ് എന്ന ദ്വീപിൽവെച്ചു ആത്മവിവശനായ യോഹന്നാനു ആദ്യമായി ലഭിച്ച നിർദ്ദേശം നീ കാണുന്നതു ഒരു പുസ്തകത്തിൽ എഴുതുക (വെളി.1:10) എന്നതായിരുന്നു. നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എഴുതുക എന്നു തുടർന്നു നിർദ്ദേശിച്ചു(വെളി.1:19,20). എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്,തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്ക്യ എന്നീ ഏഴു സഭയുടെ ദൂതനു എഴുതുക (വെളി.2:1/2:8/2:12/2:18/3:1/3:7/3:14) എന്ന പ്രത്യേക കല്പനയും യോഹന്നാനു ലഭിച്ചിരുന്നു. പത്താം അദ്ധ്യായത്തിൽ എഴുതാതെ മുദ്രയിട്ടേക്ക എന്ന കല്പനക്കുശേഷവും താൻ കണ്ട ദർശനങ്ങളെക്കുറിച്ചു എഴുതുവാൻ യോഹന്നാനു കല്പന ലഭിച്ചിട്ടുണ്ട് (വെളി.14:13/19:9/21:5). തുറന്നപുസ്തകം എന്നറിയപ്പെടുന്ന വെളിപ്പാടിൽ എഴുതാതെ മുദ്രയിട്ടേക്ക അഥവാ വെളിപ്പെടുത്തരുത് എന്നു പറഞ്ഞിരിക്കുന്ന ഏകഭാഗമാണിത്. *"മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവെക്കുള്ളതത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകലവചനങ്ങളും അനുസരിച്ചുനടക്കേണ്ടതിന്നു എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു"* (ആവ.29:28) എന്ന വചനപ്രകാരം മുദ്രയിട്ടേക്കുക എന്ന ദൈവകല്പനയിൽ അതെന്താണെന്നു നാം പ്രത്യേകിച്ചു വ്യാഖ്യാനിച്ചു അർത്ഥങ്ങൾ നൽകേണ്ടതില്ല.

**വെളി.10:5 — "സമുദ്രത്തിന്മേലും ഭൂമിമേലും നില്ക്കുന്നവനായി ഞാൻ കണ്ട ദൂതൻ വലങ്കൈ ആകാശത്തേക്കു ഉയർത്തി:** "(The angel whom I saw standing on the sea and on the land raised up his hand to heaven)

ഏഴു ഇടിനാദം മുഴക്കിയതു എഴുതാതെ വിട്ടേക്കുക എന്നുള്ള സ്വർഗ്ഗത്തിലെ ശബ്ദം കേട്ടതിനു ശേഷം യോഹന്നാൻ ബലവാനായ ദൂതനിലേക്കു വീണ്ടും തന്റെ ശ്രദ്ധയെ തിരിച്ചു. സമുദ്രത്തിന്മേലും ഭൂമിമേലും നിൽക്കുന്നവനായി കണ്ട ദൂതൻ വലങ്കൈ ആകാശത്തേക്കു ഉയർത്തുന്നതു അപ്പോൾ യോഹന്നാൻ കണ്ടു. അഗ്നിത്തൂൺപോലെയുള്ള വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിമേലുംവെച്ചാണ് ദൂതൻ നിൽക്കുന്നത് (വെളി.10:2). കയ്യിൽ തുറന്നോരു ചെറുപുസ്തകം ഉണ്ടായിരുന്നു (വെളി.10:2). എന്നാൽ ചെറിയപുസ്തകം ഏതു കരത്തിലായിരുന്നുവെന്നു ഇവിടെ പറഞ്ഞിട്ടില്ല. ദൈവത്താൽ ദൗത്യം ലഭിച്ച ദൂതൻ അതോടനുബന്ധിച്ചുള്ള വ്യക്തമായ ചില പ്രധാനകാര്യങ്ങൾ നടത്തുവാൻ പോകുന്നുവന്നതിനെയാണ് "നിൽക്കുന്നവനായി ഞാൻ കണ്ട ദൂതൻ " എന്നുള്ള യോഹന്നാന്റെ പ്രസ്താവന കുറിക്കുന്നത്.

വലങ്കൈ ആകാശത്തേക്കു ഉയർത്തിയെന്നത് ദൈവീകവാസസ്ഥലമായ സ്വർഗ്ഗത്തിലേക്കു ഉയർത്തി എന്നാണർത്ഥമാക്കുന്നത്. പഴയനിയമതിരുവെഴുത്തുകളിൽ ആകാശത്തേക്കു കൈകൾ ഉയർത്തുന്നത് സത്യംചെയ്യുന്നതിന്റെ ഭാഗമായി കാണുന്നു. **ഉല്പ.14:22 —**"*അതിന്നു അബ്രാം സൊദോംരാജാവി നോടു പറഞ്ഞതു: ഞാൻ അബ്രാമിനെ സമ്പന്നനാക്കിയെന്നു നീ പറയാതിരിപ്പാൻ ഞാൻ ഒരു ചരടാ കട്ടെ ചെരിപ്പുവാറാകട്ടെ നിനക്കുള്ളതിൽ യാതൊന്നുമാകട്ടെ എടുക്കയില്ല എന്നു ഞാൻ സ്വർഗ്ഗത്തിന്നും ഭൂമിക്കും നാഥനായി അത്യുന്നതദൈവമായ യഹോവയിങ്കലേക്കു കൈ ഉയർത്തി സത്യം ചെയ്യുന്നു.*" **ആവ.32:40 —** "*ഞാൻ ആകാശത്തേക്കു കൈ ഉയർത്തി സത്യം ചെയ്യുന്നതു ....*" **ദാനീ.12:7 —** "*ശണ വസ്ത്രം ധരിച്ചു നദിയിലെ വെള്ളത്തിന്മീതെ നിൽക്കുന്ന പുരുഷൻ വലങ്കൈയ്യും ഇടങ്കൈയ്യും സ്വർഗ്ഗ ത്തേക്കുയർത്തി: .....*" ബലവാനായ ദൂതൻ ആകാശത്തിലേക്കു വലങ്കൈ ഉയർത്തിയെന്നത് താൻ പറയു വാൻ പോകുന്ന കാര്യം സത്യമാണെന്നും അതു ദൈവസന്നിധിയിൽ ഉറക്കെ പ്രസ്താവിക്കുവാൻ പോകുകയാണെന്നും വെളിപ്പെടുന്നു.

**വെളി.10:6,7 — "ഇനി കാലം ഉണ്ടാകയില്ല; ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദ ത്തിന്റെ കാലത്തു ദൈവത്തിന്റെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചു കൊടുത്തതുപോലെ നിവൃത്തിയാകുമെന്നു ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യം ചെയ്തു."** (And swore by Him who lives forever and ever, who created heaven and the things that are in it, the earth and the things that are in it, and the sea and the things that are in it, that there should be delay no longer, but in the days of the sounding of the seventh angel, when he is about to sound, the mystery of God would be finished, as He declared to His servants the prophets)

സമുദ്രത്തിന്മേലും ഭൂമിമേലും നിൽക്കുന്നവനായി യോഹന്നാൻ കണ്ട ദൂതൻ തന്റെ വലങ്കൈ ആകാശത്തേക്കുയർത്തി സർവ്വശക്തനും, സകലത്തിന്റെയും സൃഷ്ടാവും, എന്നെന്നേക്കും ജീവിച്ചിരി ക്കുന്നവനുമായ നിത്യനായ ദൈവത്തെച്ചൊല്ലി സത്യം ചെയ്യുന്നു. ഇനി കാലം അഥവാ താമസമുണ്ടാകു കയില്ലയെന്നും, ദൈവത്തിന്റെ മർമ്മം പ്രവാചകന്മാരായ ദൈവത്തിന്റെ ദാസന്മാർക്കു അറിയിച്ചുകൊടു ത്തുപോലെ സകലവും താമസംവിനാ നിവൃത്തിയാകുമെന്നായിരുന്നു ദൂതന്റെ സത്യപ്രഖ്യാപനത്തിന്റെ ഉള്ളടക്കം.

**ഇനി കാലം ഉണ്ടാകയില്ല —**

"ഇനി കാലം ഉണ്ടാകയില്ല" എന്നാൽ "ഇനി താമസം ഉണ്ടാകയില്ല" എന്നാണർത്ഥം. അതായത് ഇത് കാലത്തിന്റെ അന്ത്യത്തെ കുറിക്കുന്നതല്ല, മറിച്ച് ദൈവീകപ്രവർത്തനങ്ങൾക്കു കാലതാമസമുണ്ടാ കയില്ല എന്നാണ്. കാലം എന്നതിനു ക്രോണോസ് (chronos = time / delay) എന്ന ഗ്രീക്കു പദമാ ണിവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ പദത്തിനു "കാലം" എന്നും "താമസം" എന്നും രണ്ടർത്ഥങ്ങളു ണ്ട്. ബലവാനായ ദൂതന്റെ വരവ് പീഡനകാലത്തിന്റെ മദ്ധ്യേ ആയതിനാൽ ഇനി മൂന്നവർഷത്തെ മഹാ പീഡനകാലവും അതിനുശേഷമുള്ള സഹസ്രാബ്ദവാഴ്ചയും നടക്കേണ്ടതിനാൽ കാലത്തിന്റെ അന്ത്യ ത്തെയല്ല, മറിച്ച് ദൈവീകകാര്യപരിപാടികളുടെ അന്ത്യത്തിനു താമസമില്ലെന്ന ആശയമാണെടുക്കേണ്ട ത്. ഏഴാമത്തെ ദൂതൻ കാഹളം ഊതിക്കഴിയുമ്പോൾ ഏഴു കലശങ്ങളുടെ ന്യായവിധിക്കു ആരംഭം കുറി ക്കുകയാണ്. അതിനുശേഷം ഭൂമിയുടെ ഭരണം താമസംവിനാ കർത്താവു ഏറ്റെടുക്കും(വെളി.11:11-15). അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിൽ നിന്നു അറുക്കപ്പെട്ടവരുടെ അഥവാ രക്തസാക്ഷിക ളുടെ നിലവിളി ഉയർന്നിരുന്നു. അല്പകാലം കൂടി സ്വസ്ഥമായി പാർക്കേണമെന്നുള്ള മറുപടി അവർക്കും ലഭിച്ചിരുന്നു (വെളി.6:9-11). ന്യായപ്രമാണം അയഞ്ഞും, ന്യായം വെളിപ്പെടാതെയും, ദുഷ്ടൻ നീതി മാനെ വളഞ്ഞാക്രമിക്കുകയും, ന്യായം വക്രതായി വെളിപ്പെടുകയും ചെയ്യുന്ന കാലങ്ങളിൽ ദൈവം എന്തേ ദുഷ്ടനെ ശിക്ഷിക്കാതെ വിടുന്നതെന്തേ എന്നു ഹബക്കൂക്ക് പ്രവാചകൻ ദൈവത്തോടു പരാതി പ്പെട്ടു. ദൈവം അതിനുത്തരം നൽകിയത് ഇപ്രകാരമായിരുന്നു — **ഹബ.2:3 —** "*ദർശനത്തിന്നു ഒരു അവധിവെച്ചിരിക്കുന്നു; അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സമയം തെറ്റുകയില്ല; അതു വൈകി യാലും അതിന്നായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയുമില്ല.*" ദൈവത്തിന്റെ കാര്യപരി പാടികൾക്കു താമസമെന്നു തോന്നിയാലും അതു വേഗത്തിൽ പൂർത്തീകരിക്കപ്പെടുകതന്നെ ചെയ്യും. ദാനീയേലിന്റെ പുസ്തകത്തിൽ, ഈ അതിശയകാര്യങ്ങളുടെ അവസാനം എപ്പോഴുണ്ടാകുമെന്ന ചോദ്യ ത്തിനു ഉത്തരം നൽകുന്നതു വെളിപ്പാടിലെ ദൂതന്റെ പ്രഖ്യാപനത്തോടു ചേരുന്നു. **ദാനീ.12:7 —** "*ശണ വസ്ത്രം ധരിച്ചു നദിയിലെ വെള്ളത്തിന്മീതെ നിൽക്കുന്ന പുരുഷൻ വലങ്കൈയ്യും ഇടങ്കൈയ്യും സ്വർഗ്ഗ ത്തേക്കുയർത്തി: എന്നേക്കും ജീവിച്ചിരിക്കുന്നവാണ, ഇനി കാലവും കാലങ്ങളും കാലാർദ്ധവും ചെല്ലും; അവർ വിശുദ്ധജനത്തിന്റെ ബലത്തെ തകർത്തുകളഞ്ഞ ശേഷം ഈ കാര്യങ്ങൾ ഒക്കെയും നിവൃത്തി യാകും എന്നിങ്ങനെ സത്യം ചെയ്യുന്നതു ഞാൻ കേട്ടു.*" കാലവും, കാലങ്ങളും, കാലാർദ്ധവും എന്നാൽ

(1 + 2+ 1/2) മൂന്നരവർഷം. മഹാപീഠനകാലമായ മൂന്നരവർഷങ്ങൾക്കു ശേഷം സകലകാര്യങ്ങളും നിവൃത്തിയാകും അഥവാ താമസമുണ്ടാകയില്ലെന്നർത്ഥം.

**ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്തു —**

ഏഴാമത്തെ ദൂതൻ കാഹളമൂതുമ്പോൾ ലോകരാജത്വം ക്രിസ്തുവിനു ആയിത്തീരുന്നു എന്നുള്ള പ്രഖ്യാപനം സ്വർഗ്ഗത്തിലുണ്ടാകുന്നു (വെളി.11:15). സഹസ്രാബ്ദയുഗത്തിന്റെ ആരംഭത്തെയാണിതു കാണിക്കുന്നത്. എന്നാൽ ഇപ്രകാരമുള്ള മഹാഘോഷത്തോടെയുള്ള പ്രഖ്യാപനം ഉണ്ടാകുന്നവെങ്കിലും 18-ാം അദ്ധ്യായം വരെയുള്ള ന്യായവിധികൾ പൂർത്തിയായശേഷം 19-ാം അദ്ധ്യായത്തിൽ മാത്രമാണ് കർത്താവ് രാജത്വം ഏറ്റെടുക്കുന്നത്. മഹോപദ്രവകാലത്തെ രണ്ടാംപകുതിയിൽ ഏഴാമത്തെ കാഹളമൂതുന്നതോടുകൂടി ദൈവീകകാര്യപരിപാടികൾ അതിന്റെ സമാപ്തിയിലേക്കു നീങ്ങുകയാണ്. ഏഴാമത്തെ കാഹളമൂതുന്നതോടുകൂടി ഏഴു കലശങ്ങളാലുള്ള ന്യായവിധിക്കു ആരംഭം കുറിക്കുകയും അവ ഏറെ താമസിയാതെ പര്യവസാനിക്കുകയും ചെയ്യും. ഇക്കാലത്തു ദൈവത്തിന്റെ മർമ്മം തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചുകൊടുത്തതുപോലെ നിവൃത്തിയാകുമെന്നു ദൂതൻ സത്യം ചെയ്യുന്നു.

**ദൈവത്തിന്റെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചു കൊടുത്തതുപോലെ നിവൃത്തിയാകുമെന്നു —**

ദൈവീകവെളിപ്പാടിനാൽ മാത്രം അറിയുവാൻ സാധിക്കുന്ന രഹസ്യങ്ങളെയാണ് ദൈവീകമർമ്മം (Mystery of God / Divine Mystery) എന്ന പേരിൽ അറിയപ്പെടുന്നത്. അതു ഒരു കാലത്ത് മനുഷ്യർക്കു മറഞ്ഞിരുന്നതും പിന്നീട് ദൈവം തന്റെ നിശ്ചയപ്രകാരമുള്ള സമയത്ത് മറനീക്കി വെളിപ്പെടുത്തിത്തന്ന സത്യങ്ങളുമാണ് മർമ്മം. അപ്പൊസ്തലനായ പൗലൊസ് ദൈവീകമർമ്മത്തെക്കുറിച്ചു റോമർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു — **റോമ.16:24-26 —** *"പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ടു ഇപ്പോൾ വെളിപ്പെട്ടുവന്നതും നിത്യദൈവത്തിന്റെ നിയോഗപ്രകാരം സകലജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിന്നായി പ്രവാചകന്മാരുടെ എഴുത്തുകളാൽ അറിയിച്ചിരുന്നതുമായ മർമ്മത്തിന്റെ വെളിപ്പാടിന്നു അനുസരണമായുള്ള എന്റെ സുവിശേഷത്തിന്നും യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിന്നും ഒത്തവണ്ണം നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിയുന്ന ഏകജ്ഞാനിയായ ദൈവത്തിന്നു യേശുക്രിസ്തുമുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകട്ടെ. ആമേൻ."*

മർമ്മം എന്ന പദം പുതിയനിയമത്തിൽ വിവിധസന്ദർഭങ്ങളിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് —

(1) മർക്കൊ.4:11 — ദൈവരാജ്യത്തിന്റെ മർമ്മം
(2) റോമ.11:25 — യിസ്രായേലിന്റെ ഹൃദയകാഠിന്യം എന്ന മർമ്മം (രഹസ്യം)
(3) 1.കൊരി.4:1 — ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാർ
(4) 1.കൊരി.15:51 — ഉത്പ്രാപണത്തിന്റെ മർമ്മം (വിശുദ്ധന്മാരുടെ രൂപാന്തരം)
(5) എഫെ.1:9 — ദൈവഹിതത്തിന്റെ മർമ്മം
(6) എഫെ.3:1-6 — ക്രിസ്തുവിൽ ശരീരമായ സഭയെന്ന മർമ്മം
(7) എഫെ.3:9 — അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മം - സകലജാതികളുടെയും വീണ്ടെടുപ്പ്
(8) എഫെ.5:31,32 —ക്രിസ്തുവിന്റെ മണവാട്ടിയായ സഭ എന്ന മർമ്മം
(9) എഫെ.6:19 — സുവിശേഷത്തിന്റെ മർമ്മം
(10) കൊലൊ.1:25,26 — വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്ന മർമ്മം
(11) കൊലൊ.1:27 —വിശ്വാസികളിൽ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ഇരിക്കുന്നു എന്ന മർമ്മം
(12) കൊലൊ.2:2 —ക്രിസ്തുവെന്ന ദൈവമർമ്മത്തിന്റെ പരിജ്ഞാനം
(13) കൊലൊ.4:3 — ബന്ധനകാരണമായ ക്രിസ്തുവിന്റെ മർമ്മം
(14) 2.തെസ്സ.2:7,8—അധർമ്മത്തിന്റെ മർമ്മം -ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും
(15) 1.തിമൊ.3:9 — വിശ്വാസത്തിന്റെ മർമ്മം
(16) 1.തിമൊ.3:16 — ദൈവഭക്തിയുടെ മർമ്മം — ക്രിസ്തുവിന്റെ ജഡധാരണം
(17) വെളി.1:20 — ഏഴു നക്ഷത്രത്തിന്റെ മർമ്മം
(18) വെളി.10:6 — ദൈവത്തിന്റെ മർമ്മം
(19) വെളി.17:5,7 — മർമ്മം മഹതിയാൻ ബാബിലോൻ, മൃഗത്തിന്റെ മർമ്മം

ക്രിസ്തുവിന്റെ വരവ്, സഭയെക്കുറിച്ചുള്ള ദൈവീകമർമ്മങ്ങൾ, യിസ്രായേലും ജാതികളും ഒരുപോലെ സുവിശേഷത്താൽ ദൈവരാജ്യത്തിനവകാശികളാകുന്നത്, അധർമ്മമൂർത്തിയുടെ നാശം, യഹോവയുടെ ദിവസത്തെ വെളിപ്പെടുത്തുന്ന കാലത്തിന്റെ അന്ത്യം എന്നിങ്ങനെയുള്ള ദൈവീകമർമ്മങ്ങൾ യെശയ്യാവ്, യിരെമ്യാവ്, യെഹെസ്കേൽ, ദാനീയേൽ തുടങ്ങിയ പ്രവാചകന്മാരിലൂടെ വെളിപ്പെടുത്തിയിരുന്നു. അതിൽ മിക്കതും പുതിയനിയമത്തിലും വെളിപ്പാടിലും മറ നീക്കി വെളിപ്പെടുത്തുന്നതുവരെ മർമ്മ

മായിത്തന്നെ നിലകൊണ്ടു. ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്തു ദൈവത്തിന്റെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചുകൊടുത്തതുപോലെ നിവൃത്തിയാകുമെന്നു ദൂതൻ സത്യം ചെയ്യുന്നു. ദൂതൻ ഇപ്രകാരം പ്രസ്താവിക്കുന്ന സമയത്തു സഭ കർത്താവിനോടൊപ്പം ആയിരിക്കുന്നതിനാൽ ദൈവത്തിന്റെ മർമ്മം എന്നത് സഭയെക്കുറിക്കുന്നതല്ല എന്നു വ്യക്തമാകുന്നു. പാപത്താൽ നഷ്ടപ്പെട്ട സകലവും ക്രിസ്തുവിനാൽ വീണ്ടെടുക്കുകയും അതോടൊപ്പം സാത്താനെയും ദുഷ്ടന്മാരെയും എന്നെന്നേക്കുമായി നശിപ്പിച്ചു മഹത്വമേറിയ രാജ്യം ക്രിസ്തു സ്ഥാപിക്കുന്നതുമാണ് ഇവിടെ ബലവാനായ ദൂതൻ പരാമർശിക്കുന്ന ദൈവത്തിന്റെ മർമ്മം എന്നു ചിന്തിക്കാം. ഏഴാമത്തെ ദൂതന്റെ കാഹളധ്വനിയോടെ സകലദൈവീകമർമ്മങ്ങളും മറയില്ലാതെ വ്യക്തമായി ദൃശ്യമാകും.

**ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യം ചെയ്തു —**

സമുദ്രത്തിന്മേലും ഭൂമിമേലും പാദങ്ങൾ ചവിട്ടി നിൽക്കുന്ന ദൂതൻ വലങ്കൈ ആകാശത്തിലേക്കുയർത്തി സത്യം ചെയ്യുന്നു. ഇനി താമസമുണ്ടാകുകയില്ലെന്നും ഏഴാമത്തെ ദൂതന്റെ കാഹളധ്വനി ഉയരുന്ന കാലത്തു ദൈവത്തിന്റെ മർമ്മം തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചുകൊടുത്തതുപോലെ നിവൃത്തിയാകുമെന്നായിരുന്നു പറഞ്ഞത്. ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലിയായിരുന്നു സത്യം ചെയ്തത്.

ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തിനെയും സൃഷ്ടിച്ചവനും നിത്യനുമായ സർവ്വശക്തനായ ദൈവത്തെച്ചൊല്ലി സത്യംചെയ്യുന്ന ദൂതന്റെ പ്രവൃത്തി, കർത്താവു ശിഷ്യന്മാരോടായി പറഞ്ഞ കല്പനക്കു നിരക്കാത്തതാണെന്നു അഭിപ്രായമുണ്ട്. **മത്താ.5:34,35 —** *"ഞാനോ നിങ്ങളോടു പറയുന്നതു: അശേഷം സത്യം ചെയ്യരുതു; സ്വർഗ്ഗത്തെക്കൊണ്ടു അരുതു, അതു ദൈവത്തിന്റെ സിംഹാസനം; ഭൂമിയെക്കൊണ്ടു അരുതു, അതു ദൈവത്തിന്റെ പാദപീഠം; യെരൂശലേമിനെക്കൊണ്ടു അരുതു, അതു മഹാരാജാവിന്റെ നഗരം."* ഇവിടെ കർത്താവു ഉപദേശിക്കുന്നത് കള്ളസ്സത്യത്തോടുള്ള ബന്ധത്തിലാണ് (മത്താ.5:33-36). പരീശന്മാർ പലപ്പോഴും മറ്റുള്ളവരെ വഞ്ചിക്കുവാനും ചതിക്കുവാനും സത്യം ചെയ്യാറുണ്ട്. എന്നാൽ ദൈവമക്കളുടെ വാക്ക് എപ്പോഴും സത്യം ഉൾക്കൊള്ളുന്നതും അതു ഉവ്വു ഉവ്വു എന്നും ഇല്ല ഇല്ല എന്നും സ്പഷ്ടമായി സത്യം പ്രകടിപ്പിക്കുന്നതായിരിക്കണമെന്നുമാണ് കർത്താവു ശിഷ്യന്മാരെ ഉപദേശിച്ചത്. തിരുവചനത്തിൽ പഴയനിയമത്തിലും പുതിയനിയമത്തിലും ഉടമ്പടി, ശപഥം എന്നിവയുൾപ്പെട്ട അനേകസന്ദർഭങ്ങളിൽ സത്യം ചെയ്തിരിക്കുന്നത് കാണുന്നു. അബ്രഹാം (ഉല്പ.14:23, ഉല്പ.21:23, ഉല്പ.24:4), യിസ്ഹാക്ക് (ഉല്പ.26:31), യാക്കോബ് (ഉല്പ.31:53), യോസേഫ് (ഉല്പ.50:5), ദാവീദ്(1.ശമൂ.20:3), ദൈവം(ഉല്പ.22:18, പുറ.6:8,2.ശമൂ.3:10, എബ്രാ.6:13).

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന പ്രഖ്യാപനത്തോടെ തിരുവെഴുത്തു ആരംഭിക്കുന്നു. തുടർന്നു വെള്ളം ഒരു സ്ഥലത്തു കൂടട്ടെ എന്നു കല്പിക്കുകയും വെള്ളത്തിന്റെ കൂട്ടത്തിനു ദൈവം സമുദ്രം എന്നു പേരുമിട്ടു (ഉല്പ.1:10). ആകാശം, ഭൂമി, സമുദ്രം എന്നീ പ്രധാന മൂന്നു മണ്ഡലങ്ങളിൽ ആവശ്യമായതെല്ലാം ദൈവം സൃഷ്ടിച്ചു. ഏഴാം കാഹളമൂതുന്നതിനു മുന്നോടിയായി പ്രത്യക്ഷപ്പെടുന്ന ദൂതൻ സൃഷ്ടാവ്, നിത്യനായദൈവം എന്നിങ്ങനെ ദൈവത്തിന്റെ രണ്ടു സ്വഭാവസവിഷേതകളെ വെളിപ്പെടുത്തിക്കൊണ്ടാണ് സത്യം ചെയ്യുന്നത്. സൃഷ്ടിയിൽ ദൈവീകത്രിത്വത്തിലെ പിതാവു, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു ആളത്വങ്ങളും ഉൾക്കൊള്ളുന്നതിനാൽ സത്യം ചെയ്യുന്ന ദൂതൻ ക്രിസ്തുവല്ലെന്നു വ്യക്തമാകുന്നു. അതായത് പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേകനാം ദൈവത്തിന്റെ നാമത്തിലാണ് ദൂതൻ സത്യം ചെയ്യുന്നത്. ദൈവം സൃഷ്ടാവെന്ന നിലയിൽ സകലത്തിന്മേലും ഉടമസ്ഥതയും അധികാരവും ഉള്ളവനും, എന്നെന്നേക്കും ജീവിച്ചിരിക്കുന്നവൻ അഥവാ നിത്യദൈവം എന്ന നിലയിൽ നിത്യരാജത്വം വഹിക്കുന്നവനുമാണ്. ഇനി ദൈവത്തിന്റെ പ്രവർത്തനങ്ങൾക്കു താമസമുണ്ടാകയില്ലെന്നും, ഏഴാമത്തെ ദൂതന്റെ കാഹളധ്വനിയോടെ ദൈവത്തിന്റെ മർമ്മം പ്രവാചകന്മാർക്കു അറിയിച്ചുകൊടുത്തതുപോലെ നിവൃത്തിയാകുമെന്നുമായിരുന്നു സൃഷ്ടാവും, എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായ ദൈവത്തെച്ചൊല്ലി ദൂതൻ സത്യം ചെയ്തത്.

**വെളി.10:8 — "ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട ശബ്ദം പിന്നെയും എന്നോടു സംസാരിച്ചു: നീ ചെന്നു സമുദ്രത്തിന്മേലും ഭൂമിമേലും നില്ക്കുന്ന ദൂതന്റെ കയ്യിൽ തുറന്നിരിക്കുന്ന പുസ്തകം വാങ്ങുക എന്നു കല്പിച്ചു."** (Then the voice which I heard from heaven spoke to me again and said, Go take the little book which is open in the hand of the angel who stands on the sea and on the earth)

വെളിപ്പാടു 10:8 മുതൽ 11 വരെയുള്ള ഭാഗത്തു സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ബലവാനായദൂതന്റെ കയ്യിലെ ചെറിയപുസ്തകവും അതിന്റെ സന്ദേശവും അടങ്ങിയിരിക്കുന്നു.

**ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട ശബ്ദം പിന്നെയും എന്നോടു സംസാരിച്ചു:**

സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ദൂതൻ സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തപ്പോൾ ഏഴു ഇടിയും നാദം മുഴക്കി. പ്രത്യേകഭാഷണമടങ്ങിയ ഏഴു ഇടിനാദത്തിന്റെ പൊരുൾ മനസ്സിലാക്കിയ യോഹന്നാൻ എഴുതുവാൻ ഭാവിച്ചപ്പോൾ അതു എഴുതാതെ മുദ്രയിട്ടേക്കുക എന്നൊരു ശബ്ദം സ്വർഗ്ഗത്തിൽ നിന്നു യോഹന്നാൻ കേട്ടു. സ്വർഗ്ഗത്തിൽ നിന്നു കേട്ട ശബ്ദം സർവ്വശക്തനായ ദൈവത്തിന്റെയോ കർത്താവിന്റെയോ ആയിരിക്കാം. തുടർന്നു യോഹന്നാൻ കേൾക്കുന്നത് സൃഷ്ടാവും എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനുമായ ദൈവത്തെസാക്ഷിനിറുത്തിയുള്ള ദൂതന്റെ പ്രസ്താവനയും സത്യം ചെയ്യലുമാണ്. ഏഴു ഇടിനാദത്തിന്റെ വിശദീകരണം എഴുതാതെ മുദ്രയിട്ടേക്കുക എന്ന കല്പനാശബ്ദം സ്വർഗ്ഗത്തിൽ നിന്നു കേട്ടതുപോലെ വീണ്ടും സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം യോഹന്നാനോടു സംസാരിച്ചു. അതു ദൂതന്റെ കയ്യിലിരിക്കുന്ന തുറന്നപുസ്തകത്തോടു ബന്ധത്തിൽ യോഹന്നാനുള്ള സ്വർഗ്ഗീയകല്പനയായിരുന്നു.

**നീ ചെന്നു സമുദ്രത്തിന്മേലും ഭൂമിമേലും നില്ക്കുന്ന ദൂതന്റെ കയ്യിൽ തുറന്നിരിക്കുന്ന പുസ്തകം വാങ്ങുക എന്നു കല്പിച്ചു —**

വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിമേലും വെച്ചു നിൽക്കുന്നതായി കണ്ട ദൂതന്റെ കയ്യിൽ നിന്നും തുറന്നിരിക്കുന്ന പുസ്തകം വാങ്ങുവാൻ സ്വർഗ്ഗത്തിൽ നിന്നു യോഹന്നാനു കല്പന ലഭിച്ചു. സമുദ്രത്തിന്മേലും ഭൂമിമേലും നിൽക്കുന്ന എന്ന ആവർത്തിച്ചുള്ള പ്രസ്താവന ദൂതന്റെ ഭൂമിയിലുള്ള സകലത്തിന്മേലുമുള്ള അധികാരത്തെയും, പ്രസ്താവിക്കുന്ന കാര്യങ്ങൾ സകലരെയും ബാധിക്കുന്നതാണെന്നും അർത്ഥമാക്കുന്നു. വെളിപ്പാടു അഞ്ചാം അദ്ധ്യായത്തിൽ ദൈവത്തിന്റെ വലങ്കൈയ്യിലിരുന്ന മുദ്രയിട്ട പുസ്തകത്തിൽ നിന്നു വ്യത്യസ്തമായി ദൂതന്റെ കയ്യിലിരിക്കുന്ന പുസ്തകം മുദ്രയില്ലാത്തതും തുറന്നതുമായിരുന്നു. ഈ ചെറിയതുറന്നപുസ്തകം ഏതാണെന്നും അതിലടങ്ങിയിരിക്കുന്ന സന്ദേശത്തെപ്പറ്റിയും വിവിധ അഭിപ്രായങ്ങളുണ്ട്.

**തുറന്നിരിക്കുന്ന പുസ്തകം —**

ഒന്നാമത്തെ അഭിപ്രായം —> വെളിപ്പാടു 5-ാം അദ്ധ്യായത്തിൽ സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തിന്റെ വലങ്കൈയ്യിൽ അകത്തും പുറത്തും എഴുത്തുള്ളതായി കാണപ്പെട്ടതും ഏഴു മുദ്രകളാൽ അടക്കപ്പെട്ടതും അതു കുഞ്ഞാടായ ക്രിസ്തു വാങ്ങി മുദ്രകളോരോന്നായി അഴിക്കപ്പെട്ട അതേ പുസ്തകം തന്നെയാണ് ദൂതന്റെ കയ്യിലിരിക്കുന്നത് എന്നാണ്. ഇതിൽ ഭൂമിയുടെ അവകാശപത്രികയും തുടർന്നു നടക്കേണ്ട ന്യായവിധികളുമാണിതിലെ ഉള്ളടക്കം എന്നു അഭിപ്രായപ്പെടുന്നു.

രണ്ടാമത്തെ അഭിപ്രായം —> അന്ത്യകാലം വരെ ഈ വചനങ്ങളെ അടച്ചു മുദ്രയിടുക എന്നു ദാനീയേലിനോടു പറഞ്ഞിരുന്ന പുസ്തകമാണിതെന്നാണ്. ദാനീ.12:4,9 — *"നീയോ ദാനീയേലേ, അന്ത്യകാലംവരെ ഈ വചനങ്ങളെ അടെച്ചു പുസ്തകത്തിന്നു മുദ്രയിടുക .... ഈ വചനങ്ങൾ അന്ത്യകാലത്തേക്കു അടെച്ചും മുദ്രയിട്ടും ഇരിക്കുന്നു."* അന്ത്യകാലമെന്നത് ദാനീയേലിന്റെ 70-ാം ആഴ്ചവട്ടത്തിന്റെ അവസാന പകുതി അഥവാ മാഹോപദ്രവകാലമെന്നാണ്. ദാനീയേലിന്റെ കാലത്തു മുദ്രയിട്ടതും ഇപ്പോൾ തുറക്കപ്പെട്ട നിലയിൽ പുസ്തകം ദൂതന്റെ കയ്യിൽ ഇരിക്കുന്നു. അന്ത്യകാലത്തു തുടർന്നു നടക്കേണ്ട ന്യായവിധികളും യിസ്രായേലിനോടു ബന്ധത്തിലുള്ള കാര്യങ്ങളുമാണിതിലെ ഉള്ളടക്കം എന്നഭിപ്രായപ്പെടുന്നു.

ബലവാനായ ദൂതന്റെ കയ്യിൽ കാണപ്പെട്ട തുറന്ന ചെറിയപുസ്തകം ഏതാണെന്നും അതിലെ സന്ദേശമെന്താണെന്നും തിരുവചനത്തിലൂടെ കൃത്യമായ വിശദീകരണം ലഭിക്കുന്നില്ല. എന്നാൽ വെളിപ്പാടു അഞ്ചാം അദ്ധ്യായത്തിൽ പരാമർശിച്ചിരിക്കുന്ന ഏഴു മുദ്രകളുള്ളതും, അതു കുഞ്ഞാടായ ക്രിസ്തുവിനാൽ തുറക്കപ്പെട്ടതുമായ പുസ്തകത്തിൽ നിന്നു വ്യത്യസ്തമായ മറ്റൊരു തുറന്ന പുസ്തകമാണ് ദൂതന്റെ കയ്യിലിരിക്കുന്നതെന്നു ചിന്തിക്കാം. അതായത് ദൂതന്റെ കയ്യിലിരിക്കുന്ന പുസ്തകം ദാനീയേലിനോടു അന്ത്യകാലംവരെ മുദ്രയിടുവാൻ പറഞ്ഞിരിക്കുന്ന അതേ പുസ്തകം തന്നെയെന്നനുമാനിക്കുന്നതാണ് ഏറെ യോജ്യം. *"ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്തു ദൈവത്തിന്റെ മർമ്മം തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചുകൊടുത്തതുപോലെ നിവൃത്തിയാകുമെന്നു"* (വെളി.10:6) പറഞ്ഞിരിക്കുന്ന വാക്യത്തിൽ നിന്നും ഈ പുസ്തകത്തിലെ ഉള്ളടക്കം മഹോപദ്രവകാലത്തിൽ തുടർന്നു നടക്കുന്ന സംഭവങ്ങളുടെ വിവരണമാണെന്നു മനസ്സിലാക്കാം. കൂടാതെ യോഹന്നാൻ *"ഇനിയും അനേകം വംശങ്ങളെയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ചു പ്രവചിക്കേണ്ടി വരും"* (വെളി.10:11) എന്നുള്ള പ്രസ്താവന ദൂതന്റെ കയ്യിലിരിക്കുന്ന പുസ്തകത്തിലെ സന്ദേശം പ്രവചനമാണെന്നും വെളിപ്പെടുന്നു.

**വെളി.10:9 — "ഞാൻ ദൂതന്റെ അടുക്കൽ ചെന്നു ആ ചെറുപുസ്തകം തരുവാൻ പറഞ്ഞു. അവൻ എന്നോടു: നീ ഇതു വാങ്ങി തിന്നുക; അതു നിന്റെ വയറ്റിനെ കൈപ്പിക്കും എങ്കിലും വായിൽ തേൻപോലെ മധുരിക്കും എന്നു പറഞ്ഞു."** (So I went to the angel and said to him Give me the little book. And he said to me, Take and eat it; and it will make your stomach bitter, but it will be as sweet as honey in your mouth)

ദൂതന്റെ കയ്യിൽ നിന്നും തുറന്ന ചെറുപുസ്തകം വാങ്ങുവാൻ സ്വർഗ്ഗത്തിൽ നിന്നു കല്പന ലഭിച്ച പ്രകാരം യോഹന്നാൻ സമുദ്രത്തിന്മേലും ഭൂമിമേലും പാദം ഉറപ്പിച്ചു നിൽക്കുന്ന ദൂതന്റെ അടുക്കൽ ചെന്നു പുസ്തകം ആവശ്യപ്പെട്ടു. വാങ്ങുക എന്നു ദൈവകല്പന ലഭിച്ചുവെങ്കിൽ യോഹന്നാൻ ദൂതനോടു പുസ്തകം ആവശ്യപ്പെടുകയാണുണ്ടായത്. കാലത്തിന്റെ അന്ത്യത്തിൽ അഥവാ മഹാപീഡനകാലത്തിന്റെ ആരംഭസമയത്തു ഭൂമിയിൽ തുടർമാനമായി നടക്കേണ്ട ന്യായവിധികളും, ദൈവീകസന്ദേശങ്ങളും, അന്തിക്രിസ്തുവിനോടുള്ള യുദ്ധവും, ദുഷ്ടനെയും സാത്താനെയും എന്നെന്നേക്കും നശിപ്പിക്കുന്നതും, അനേക പ്രവചനങ്ങളും അടങ്ങിയ പ്രവചനപുസ്തകം ദൂതന്റെ കൈവശം സ്വർഗ്ഗത്തിൽ നിന്നു കൊടുത്തയച്ചതാണ്. ഈ വിധത്തിൽ സുപ്രധാനകാര്യങ്ങളടങ്ങിയ പുസ്തകം ദൂതനല്ല കൊടുക്കേണ്ടത്, മറിച്ച് സ്വർഗ്ഗീയകല്പനപ്രകാരം യോഹന്നാൻ എടുക്കുകയാണു വേണ്ടത്. ആയതിനാലാണ് യോഹന്നാന്റെ ആവശ്യത്തിങ്കൽ പുസ്തകം യോഹന്നാന്റെ കയ്യിലേക്കു കൊടുക്കുന്നതിനു പകരം വാങ്ങുക അഥവാ എടുക്കുക (Take and eat it) എന്നു ദൂതൻ പറയുന്നത്.

സഭായുഗമായ ഇക്കാലത്തും തിരുവെഴുത്തുകളെ സംബന്ധിച്ചും ആത്മീകമായി ഇതിനു പ്രസക്തിയുണ്ട്. പരിശുദ്ധാത്മസഹായത്താൽ നമുക്കു ലഭിച്ചിരിക്കുന്ന ദൈവവചനം ചില സന്ദർഭങ്ങളിൽ പൊരുൾതിരിച്ചു തരുവാൻ ആരെങ്കിലും സഹായിക്കേണ്ടിവരുമെങ്കിലും തിരുവചനം എടുക്കേണ്ടതും ഉൾക്കൊള്ളേണ്ടതും ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്.

**നീ ഇതു വാങ്ങി തിന്നുക —**

ദൂതൻ യോഹന്നാനോടു *"നീ ഇതു വാങ്ങി തിന്നുക; അതു നിന്റെ വയറ്റിനെ കൈപ്പിക്കും എങ്കിലും വായിൽ തേൻപോലെ മധുരിക്കും എന്നു പറഞ്ഞു."* യെഹെസ്കേൽ പ്രവാചകനും ഇതുപോലൊരു അനുഭവമുണ്ടായതായി കാണുന്നു. **യെഹെ.3:1-3 —** *"അവൻ എന്നോടു: മനുഷ്യപുത്രാ, നീ കാണുന്നതു തിന്നുക; ഈ ചുരുൾ തിന്നിട്ടു ചെന്നു യിസ്രായേൽഗൃഹത്തോടു സംസാരിക്ക എന്നു കല്പിച്ചു. ഞാൻ വായ്തുറന്നു, അവൻ ആ ചുരുൾ എനിക്കു തിന്മാൻ തന്നു എന്നോടു: മനുഷ്യപുത്രാ, ഞാൻ നിനക്കു തരുന്ന ഈ ചുരുൾ നീ വയറ്റിൽ ആക്കി ഉദരം നിറക്ക എന്നു കല്പിച്ചു. അങ്ങനെ ഞാൻ അതു തിന്നു; അതു വായിൽ തേൻ പോലെ മധുരമായിരുന്നു."* ചുരുൾ അഥവാ പുസ്തകം ഭക്ഷിച്ച ശേഷം യെഹെസ്കേൽ കഠിനഹൃദയമുള്ളവരും ദൈവവഴി വിട്ടു സഞ്ചരിച്ചവരുമായ യിസ്രായേൽഗൃഹത്തോടു സംസാരിക്കുവാൻ പറഞ്ഞുവെങ്കിൽ യോഹന്നാൻ സംസാരിക്കേണ്ടത് അനേകം വംശങ്ങളെയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ചായിരുന്നു (വെളി.10:11). ശാരീരികബലത്തിനും പ്രവർത്തനത്തിനും ആവശ്യമായത് ഭൗതികഭക്ഷണമാണ്. എന്നാൽ യോഹന്നാനോടും യെഹെസ്കേൽ പ്രവാചകനോടും പറയുന്നത് പുസ്തകം ഭക്ഷിക്കുവാനാണ്. പുസ്തകം ഭക്ഷിക്കുവാൻ സാധിക്കുകയില്ലെന്നു മാത്രമല്ല എങ്ങനെയും ഭക്ഷിച്ചാൽത്തന്നെ ശരീരത്തിനാവശ്യമായ പോഷകമൂല്യങ്ങളൊന്നും

ലഭിക്കുകയുമില്ല. ആയതിനാൽ പുസ്തകം ഭക്ഷിക്കുക എന്നത് ആലങ്കാരികഭാഷാപ്രയോഗമാണ്. പ്രവചനങ്ങളും, ന്യായവിധികളും, പ്രബോധനങ്ങളുമടങ്ങിയ ദൈവീകസന്ദേശം ജനത്തിനു കൈമാറുന്നതിനു മുമ്പു സംസാരിക്കുന്ന ആൾ ഉൾക്കൊള്ളണമെന്നാണിതിനർത്ഥം. സന്ദേശത്തിന്റെ പൊരുളും അനന്തര ഫലവും ധ്യാനിച്ചു മനസ്സിലാക്കാതെ മറ്റുള്ളവരോടു പറയുവാൻ സാധിക്കുകയില്ല. ഇവിടെ ദൂതനിലൂടെ യോഹന്നാനു ലഭിക്കുന്ന സന്ദേശം വാങ്ങി തിന്നുക എന്നാണ്. പുസ്തകം ഭക്ഷിക്കുക, തിന്നുക എന്നാൽ അതിന്റെ ഉള്ളടക്കം ശരിയായി മനസ്സിലാക്കി, ധ്യാനിച്ചു ഹൃദയത്തിൽ സംഗ്രഹിക്കുക എന്നാണർത്ഥം. ദൈവവചനം ദൈവമക്കളുടെ ആത്മീകാഹാരമാണ്. ദൈവവചനത്തെ അപ്പം (മത്താ.4:4), പാൽ (1.പത്രൊ.2:2), ഭക്ഷണം (solid food — കട്ടിയായ ഭക്ഷണം —1.കൊരി.3:1,2), തേൻ (സങ്കീ.119:103) എന്നിങ്ങനെ ആഹാരത്തോടു ഉപമിച്ചിട്ടുണ്ട്.

**അതു നിന്റെ വയറ്റിനെ കൈപ്പിക്കും —**

ദൂതന്റെ കയ്യിലിരിക്കുന്ന തുറന്ന പുസ്തകം വാങ്ങുക എന്ന സ്വർഗ്ഗത്തിൽ നിന്നു കേട്ട ശബ്ദത്തെ തുടർന്നു യോഹന്നാൻ ദൂതനോടു പുസ്തകം ആവശ്യപ്പെട്ടു. അതിനു മറുപടിയെന്നോണം ദൂതൻ യോഹന്നാനോടു പറഞ്ഞത് നീ ഇതു വാങ്ങി തിന്നുക; അതു നിന്റെ വയറ്റിനെ കൈപ്പിക്കും എന്നാണ്. ഭക്ഷിക്കുമ്പോൾ വായിൽ തേനിന്റെ മാധുര്യം ഉണ്ടാകുമെങ്കിലും വയറ്റിനെ കൈപ്പിക്കുന്ന അനുഭവമാണ് ദൂതൻ വിശദീകരിച്ചത്. ഇരുവായ്ത്തലയുള്ള തിരുവചനത്തിന്റെ പ്രത്യേകതയാണിവിടെ കാണുന്നത്. ദൈവവചനം ഒരേ സമയം മധുരവും കൈപ്പും നിറഞ്ഞതാണ്. ദൈവത്തിന്റെ കരുണ, ദൈവത്തിന്റെ പരിപാലനം, പാപികളോടുള്ള ദൈവത്തിന്റെ സ്നേഹം എന്നിവയെല്ലാം തിരുവചനം വായിക്കുന്ന ഒരുവനിൽ ദൈവവചനത്തിന്റെ മാധുര്യം ആസ്വാദ്യതയുള്ളതായി മാറുന്നു. അതേസമയം പാപികളോടുള്ള ദൈവത്തിന്റെ കോപം, നിത്യന്യായവിധി, ന്യായാസനത്തിലും വെള്ളസിംഹാസനത്തിലും അരങ്ങേറുന്ന ന്യായവിധികൾ, തീപ്പൊയ്കയിൽ തള്ളിയിടുന്നത് എന്നിവയെല്ലാം ഒരുവനിൽ കൈപ്പായ അനുഭവം പകരുന്നു. ന്യായവിധിയാലുള്ള ശിക്ഷയുടെ ഭയാനകത ഓർക്കുമ്പോൾ മാത്രമല്ല ദൈവവചനത്തിലൂടെ മനുഷ്യന്റെ പാപത്തെ ഉണർത്തുമ്പോഴും കൈയ്പ്പിന്റെ അനുഭവം ഉണ്ടാകുന്നു. നാഥാൻ പ്രവാചകനിലൂടെ ദാവീദിന്റെ പാപം ഉണർത്തപ്പെട്ടപ്പോൾ ദാവീദിന്റെ ഹൃദയം ഏറ്റവും തകർന്നു കൈയ്പ്പിന്റെ അനുഭവത്തിലേക്കു എത്തിച്ചേരുവാനിടയായി (2.ശമൂ.12/സങ്കീ.51). ദൈവത്തിന്റെ അരുളപ്പാടുകൾ അറിയിക്കുവാൻ അയച്ച പഴയനിയമത്തിലെ പ്രവാചകന്മാരുടെയെല്ലാം ശുശ്രൂഷകൾ ഇപ്രകാരം മാധുര്യത്തിന്റെയും കൈയ്പ്പിന്റെയും സമ്മിശ്രരൂപങ്ങളായിരുന്നു. "യഹോവയാൽ ഉയർത്തപ്പെട്ടവൻ" എന്ന പേരിന്റെ ഉടമയായ യിരെമ്യാവിനെ കരയുന്ന അഥവാ "വിലപിക്കുന്ന പ്രവാചകൻ" എന്നാണറിയപ്പെട്ടത്. യെഹൂദായിലെ ജനങ്ങൾ വിഗ്രഹാരാധനയിലേക്കും ദുഷ്ടതയിലേക്കും നീങ്ങിയപ്പോൾ അവരോടു ദൈവത്തിന്റെ ന്യായവിധികൾ അറിയിക്കുവാൻ യിരെമ്യാവിനെ ദൈവം അയെച്ചു. അവരോടു അറിയിക്കേണ്ട ന്യായവിധിയുടെ സന്ദേശം തന്റെ ഹൃദയത്തെ തകർത്തു എന്നു മാത്രമല്ല പ്രവാചകനിൽ കൈപ്പിന്റെ അനുഭവമുണ്ടാക്കുകയും അതു തന്നിലൂടെ വിലാപത്തിന്റെ ദൂതായി പുറത്തു വന്നു.

**എങ്കിലും തേൻ പോലെ മധുരിക്കും —**

ദൂതന്റെ കൈവശമിരിക്കുന്ന തുറന്ന പുസ്തകം വാങ്ങി ഭക്ഷിച്ചാൽ വയറ്റിനെ കൈപ്പിക്കുമെങ്കിലും അതു വായ്ക്കു തേനിന്റെ മാധുര്യമായിരിക്കും ലഭിക്കുക. ദൈവവചനത്തിലെ ദൂതിന്റെ ആസ്വാദ്യതയും ആനന്ദവുമാണ് തേനിന്റെ മാധുര്യത്തിന്റെ അനുഭവം. ഒരുവന്റെ വ്യക്തിപരമായ ജീവിതത്തിൽ കൈയ്പിന്റെ അനുഭവം ദൈവവചനത്തിലൂടെ പകരപ്പെടുന്നുവെങ്കിലും ദൈവവചനം അനുസരിച്ചാൽ മാധുര്യമുള്ളതായിത്തീരും. തിരുവചനം ഭക്ഷിച്ചപ്പോൾ യിരെമ്യാപ്രവാചകനു ഹൃദയത്തിലാനന്ദം ഉണ്ടായി. **യിരെ.15:16 —** *"ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിനു ആനന്ദവുമായി."* ദൈവവചനം ശരിയായി ആസ്വദിക്കുന്നവർക്കു അതു മാധുര്യമായി അനുഭവപ്പെടും. **സങ്കീ.19:10—** *"അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ; തേനിലും തേങ്കട്ടയിലും മധുരമുള്ളവ."* **സങ്കീ.119:103 —** *"തിരുവചനം എന്റെ അണ്ണാക്കിന്നു എത്ര മധുരം! അവ എന്റെ വായിക്കു തേനിലും നല്ലതു."*

**വെളി.10:10 — "ഞാൻ ദൂതന്റെ കയ്യിൽ നിന്നു ചെറുപുസ്തകം വാങ്ങി തിന്നു; അതു എന്റെ വായിൽ തേൻപോലെ മധുരമായിരുന്നു; തിന്നു കഴിഞ്ഞപ്പോൾ എന്റെ വയറു കൈച്ചുപോയി."** (Then I took the little book out of the angels hand and ate it, and it was as sweet as honey in my mouth. But when I had eaten it, my stomach became bitter)

യോഹന്നാൻ ദൂതന്റെ കയ്യിൽ നിന്നു തുറന്ന ചെറിയപുസ്തകം വാങ്ങി തിന്നപ്പോൾ വായിൽ തേൻപോലെ മധുരമുള്ളതായും വയറ്റിൽ കൈയ്പ്പിന്റെ അനുഭവവും ഉണ്ടായി. കഴിഞ്ഞ വാക്യത്തിലെ ദൂതന്റെ പ്രസ്താവനയിൽ ആദ്യം വയറ്റിലുണ്ടാകുന്ന കയ്പ്പും പിന്നീട് വായിലുണ്ടാകുന്ന മധുരവും പറ

ഞ്ഞുവെങ്കിൽ ഇവിടെ യോഹന്നാന്റെ അനുഭവം വായിൽ മധുരവും പിന്നീട് വയറ്റിൽ കൈയ്പ്പുമാണ് പറഞ്ഞിരിക്കുന്നത്. തിരുവചനം വായിൽ മധുരവും ഉദരത്തിൽ കൈയ്പ്പും ഏതൊരു വിശ്വാസിയുടെയും അനുഭവമാണ്. ദൈവമക്കൾ എന്ന നിലയിൽ ദൈവവചനം പിതാവിന്റെ കല്പനകളാകയാൽ ഏറ്റവും മാധുര്യമുള്ളതായിരിക്കും. അതേസമയം ന്യായവിധിയുടെ കാര്യങ്ങൾ മറ്റുള്ളവരോടു അറിയിക്കുമ്പോൾ അതു കയ്പ്പേറിയ അനുഭവവുമായിരിക്കും. ദൈവവചനം മറ്റുള്ളവരോടു അറിയിക്കണമെങ്കിൽ ഭൗമീകാഹാരംപോലെതന്നെ ദൈവവചനവും ഭക്ഷിക്കണം. എങ്കിൽ മാത്രമേ തിരുവചനം സമൃദ്ധിയായി അറിയിക്കുവാൻ കഴിയൂ. തിരുവചനം ഭക്ഷിക്കുകയെന്നാൽ തിരുവെഴുത്തുകളെ വായിക്കുകയും, ധ്യാനിക്കുകയും, ഹൃദയത്തിൽ സംഗ്രഹിക്കുകയും ചെയ്യുകയെന്നാണർത്ഥം. ഇന്നത്തെ സഭകളിലും വിശ്വാസികളിലും കാണപ്പെടുന്ന നിർവ്വീര്യതക്കും, ഫലശൂന്യതക്കും കാരണം തിരുവചനം വേണ്ടവിധം ഭക്ഷിക്കുന്നില്ലെന്നതു തന്നെ. തിരുവചനം ജീവിതത്തിലേക്കു പകർത്തിയാൽ മാത്രമേ ദൈവത്തിനായി ഫലം കായ്ക്കാനും സാക്ഷ്യമുള്ളവരായി ജീവിക്കുവാനും കഴിയൂ.

യോഹന്നാൻ ചെറുപുസ്തകം വാങ്ങി തിന്നപ്പോൾ അതു വായിൽ തേൻപോലെ മധുരമായും വയറ്റിൽ വേദന അഥവാ കൈയ്പ്പിന്റെ അനുഭവവും ഉണ്ടായി. ആറാമത്തെ ദൂതൻ കാഹളം ഊതിക്കഴിഞ്ഞു. ഏഴാമത്തെ ദൂതൻ കാഹളമൂതുവാൻ തയ്യാറായി നിൽക്കുന്നു. തുടർമാനമായി നടക്കേണ്ട ദൈവീകപ്രവർത്തനങ്ങളെ വിവിരിക്കുന്ന ദൈവീകസന്ദേശങ്ങളായിരുന്നു ചെറുപുസ്തകത്തിലെ ഉള്ളടക്കമെന്നു ചിന്തിക്കാം. എന്നാൽ യോഹന്നാൻ അതു വിശദീകരിക്കുന്നതിനു മുമ്പു താൻതന്നെ അതു മനസ്സിലാക്കുകയും ഗ്രഹിക്കുകയും വേണമെന്നു പുസ്തകം ഭക്ഷിക്കുവാൻ ആവശ്യപ്പെട്ടതിൽ നിന്നു മനസ്സിലാക്കാം. ദൈവീകന്യായവിധികളടങ്ങിയ സന്ദേശങ്ങൾ ഉൾക്കൊള്ളുമ്പോൾ തനിക്കു മാധുര്യവും കൈയ്പ്പും അനുഭവപ്പെടുന്നു. ദൈവത്തിൽ ആശ്രയിക്കുന്നവർക്കു ലഭിക്കുന്ന ദൈവീകപരിപാലനത്തിന്റെ ശ്രേഷ്ടത മനസ്സിലാക്കിയപ്പോൾ യോഹന്നാനു ആനന്ദമുണ്ടായി. എന്നാൽ വരുവാൻ പോകുന്ന അതിഭയങ്കരമായ ദൈവക്രോധത്തിന്റെ ന്യായവിധികളെ ഉൾക്കൊണ്ടപ്പോൾ വേദനയുടെ അഥവാ കൈയ്പ്പിന്റെ അനുഭവവുമുണ്ടായി.

**വെളി.10:11 — "അവൻ എന്നോടു: നീ ഇനിയും അനേകം വംശങ്ങളെയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ചു പ്രവചിക്കേണ്ടിവരും എന്നു പറഞ്ഞു."** (And he said to me, You must prophesy again about many peoples, nations, tongues, and kings)

സമുദ്രത്തിന്മേലും ഭൂമിമേലും നിൽക്കുന്നവനായി യോഹന്നാൻ കണ്ട ദൂതൻ വീണ്ടും യോഹന്നാനോടു പറഞ്ഞത് നീ ഇനിയും അനേകം വംശങ്ങളെയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ചു പ്രവചിക്കേണ്ടിവരും എന്നാണ്. അതായത് ദൂതന്റെ കൈവശം ഇരുന്ന പുസ്തകം പ്രവചനപുസ്തകമായിരുന്നുവെന്നു അനുമാനിക്കാം. യോഹന്നാൻ ദൂതന്റെ നിർദ്ദേശപ്രകാരം പുസ്തകം ഭക്ഷിച്ചുകഴിഞ്ഞപ്പോൾ മാധുര്യവും കൈയ്പ്പും ഉണ്ടായി. അതായത് പുസ്തകത്തിലെ കാര്യങ്ങൾ ഉൾക്കൊള്ളുകയും ദൈവത്തിലാശ്രയിക്കുന്നവർക്കുള്ള ദൈവീകപരിപാലനത്തെ മനസ്സിലാക്കുകയും ചെയ്യുമ്പോൾ അവർക്കു ആനന്ദവും, മറുതലിക്കുന്നവർക്കു വന്നുചേരുന്ന ശിക്ഷാവിധികളെ മനസ്സിലാക്കിയപ്പോൾ വേദനയും ഉണ്ടാകുന്നു. പുസ്തകത്തിലെ ഉള്ളടക്കം ഗ്രഹിച്ച യോഹന്നാന്റെ അടുത്ത ദൗത്യം അതേക്കുറിച്ചു വംശങ്ങളോടും, ജാതികളോടും, ഭാഷക്കാരോടും രാജാക്കന്മാരോടും അറിയിക്ക എന്നതാണ്. വംശങ്ങൾ, ജാതികൾ, ഭാഷക്കാർ എന്നത് വെളിപ്പാട് 5:9, 7:9 എന്നീ ഭാഗങ്ങളിൽ കാണുന്നു. രാജാക്കന്മാരെ കുറിച്ചുള്ള ഇവിടത്തെ പരാമർശനം രാജാക്കന്മാരുടെ മേൽ ദൈവത്തിന്റെ ആധിപത്യം തുടർന്നുള്ള അദ്ധ്യായങ്ങളിൽ പ്രകടമാകുന്നതുകൊണ്ടായിരിക്കാം (വെളി.16:14/17:10/17:12). യോഹന്നാൻ ദൈവത്തിന്റെ സന്ദേശം ജനങ്ങൾക്കെത്തിച്ചുകൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നതിനാലാണ് ഇനിയും യോഹന്നാൻ പ്രവചിക്കേണ്ടി വരും എന്നു പറഞ്ഞിരിക്കുന്നത്. യോഹന്നാനു പകരം സ്വർഗ്ഗത്തിലെ ഒരു ദൂതനെയും ദൈവം ഇതിനായി ഉപയോഗിക്കുന്നില്ല എന്ന കാര്യവും ഇവിടെ ഏറ്റവും ശ്രദ്ധേയമാണ്.

ദൈവമക്കൾക്കുള്ള ആത്മീക ഭക്ഷണമാണ് ദൈവവചനം. ദൈവവചനം ഭക്ഷിച്ചു കഴിഞ്ഞാൽ മറ്റുള്ളവരോടു ദൈവത്തിന്റെ വചനം പങ്കുവെക്കേണം എന്നുള്ള ദൈവപൈതലിന്റെ ഉത്തരവാദിത്വത്തെയും ഈ ഭാഗം വെളിപ്പെടുത്തുന്നു. പ്രവചിക്കേണ്ടി വരും എന്നു യോഹന്നാനോടു പറഞ്ഞിരിക്കുന്നതിനാൽ പ്രവാചകന്മാരും പ്രവചനങ്ങളും ഇന്നും നിലനിൽക്കുന്നു എന്നു തെറ്റായി വ്യാഖ്യാനിക്കുന്നവരുമുണ്ട്. പ്രവചിക്കേണമെന്നു യോഹന്നാനോടാണ് പറഞ്ഞതും അതിൻപ്രകാരം തുടർന്നുള്ള അദ്ധ്യായങ്ങളിൽ വെളിപ്പാടിന്റെ തുടർന്നുള്ള പ്രവചനഭാഗങ്ങളും യോഹന്നാൻ എഴുതി പൂർത്തീകരിക്കപ്പെട്ടു. അനേകം വംശങ്ങളും, ജാതികളും, ഭാഷക്കാരും, രാജാക്കന്മാരും വായിച്ചു ഗ്രഹിക്കുവാനുള്ള പ്രവചനമാണിത്. വെളിപ്പാടോടു കൂടി സകലപ്രവചനങ്ങളും പൂർത്തീകരിക്കപ്പെട്ടു. ഇപ്രകാരം തിരുവചനം പൂർണ്ണമായി നമുക്കു ലഭിച്ചിരിക്കുന്നതിനാൽ ഇനി ആരും പ്രവചിക്കേണ്ട ആവശ്യമില്ല. എന്നാൽ സുവിശേഷദൂതുകൾ അറിയിക്കേണ്ട ഉത്തരവാദിത്വം ഓരോ വിശ്വാസിക്കും ഉണ്ട്. കർത്താവു തന്റെ ശിഷ്യഗണത്തിനു കൊടുത്ത കല്പനയും ഇതു തന്നെയാണ് (മത്താ.28:19-20/മർക്കൊ.16:15).

..............................................................................

## വെളിപ്പാട് — അദ്ധ്യായം — 11

**രണ്ടു സാക്ഷികളും ഏഴാമത്തെ കാഹളവും (TWO WITNESSES AND THE SEVENTH TRUMPET)**

സഭ ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടശേഷം ഭൂമിയിൽ പീഡനകാലം അരങ്ങേറുന്നു. വെളിപ്പാട് ഒൻപതാം അദ്ധ്യായത്തിൽ വിവരിക്കുന്ന ആറാമത്തെ കാഹളന്യായവിധിയോടെ പീഡനകാലത്തിന്റെ ആദ്യപകുതി കഴിയുന്നുവെന്നും, പത്താം അദ്ധ്യായം മുതൽ തുടർന്നുള്ള രണ്ടാം പകുതിയായ മൂന്നരവർഷത്തെ മഹാപീഡനകാലത്തെ സംഭവങ്ങൾക്കു ആരംഭം കുറിക്കുന്നുവെന്നും പൊതുവേ അഭിപ്രായപ്പെടുന്നു. വെളിപ്പാട് 10:1 മുതൽ 11:14 വരെയുള്ള ഭാഗങ്ങൾ ഏഴാം കാഹളധ്വനിക്കു മുമ്പുള്ള ഒരിടവേളയാണ്. പത്താം അദ്ധ്യായത്തിൽ സ്വർഗ്ഗത്തിൽനിന്നിറങ്ങി വന്ന ബലവാനായ ദൂതൻ, ഏഴു ഇടിനാദങ്ങൾ, ദൂതന്റെ പ്രതിജ്ഞ, ചെറിയപുസ്തകവും സന്ദേശവും എന്നിവ ഉൾക്കൊള്ളുന്നു. പതിനൊന്നാം അദ്ധ്യായം 14-ാം വാക്യം വരെ ഇടവേള തുടരുന്നു. 11:15 -ൽ കാഹളങ്ങളിൽ ഏഴാമത്തെയും അവസാനത്തേതുമായ ധ്വനി ഉയരുന്നു. ഏഴാമത്തെ കാഹളശബ്ദമുയരുമ്പോൾ ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു എന്നും അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷവുമുണ്ടാകുന്നു(വെളി.11:15). ഇക്കാരണത്താൽ 10,11 അദ്ധ്യായങ്ങൾ കർത്താവിന്റെ വരവിനെ വിളിച്ചറിയിക്കുന്നവയാണ്. കർത്താവിന്റെ വരവിന്റെ മുന്നോടികളായി 10 -ൽ ബലവാനായ സ്വർഗ്ഗീയദൂതനും 11 -ൽ രണ്ടു മനുഷ്യസാക്ഷികളും പ്രത്യക്ഷപ്പെടുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ദൂതന്റെ കയ്യിൽ നിന്നും വാങ്ങിയ ചെറുപുസ്തകം യോഹന്നാൻ ഭക്ഷിച്ചശേഷം അഥവാ അതിലെ കാര്യങ്ങൾ ഉൾക്കൊണ്ടിട്ട് വംശങ്ങളോടും, ജാതികളോടും, ഭാഷക്കാരോടും, രാജാക്കന്മാരോടും പ്രവചനാത്മാവിനാൽ തുടർന്നു സംഭവിക്കാനുള്ള കാര്യങ്ങളെ വിവരിക്കുന്നു.

പതിനൊന്നാം അദ്ധ്യായത്തിൽ വിവരിക്കുന്ന കാര്യങ്ങൾ യിസ്രായേലിന്റെ ആത്മീകജീവിതത്തോടു ബന്ധപ്പെട്ടിരിക്കുന്നതും വിവരണങ്ങൾ യഹൂദാപശ്ചാത്തലത്തിൽ നടക്കുന്നതുമായ സംഭവങ്ങളുമാണ്. 1948 മേയ് 14-ാം തീയതി യിസ്രായേൽ രാഷ്ട്രം സ്ഥാപിതമായി. യഹൂദന്മാർക്കു അവരുടേതായ ഒരു സ്വതന്ത്രരാഷ്ട്രമുണ്ടായിട്ടും ദൈവാലയം പണിയുവാനും ആരാധനകൾ പുനഃസ്ഥാപിക്കുവാനും അവർക്കു ഇതുവരെയും സാധിച്ചിട്ടില്ല. മോശെ മൂലം മരുഭൂമിയിൽ സ്ഥാപിതമായ സമാഗമനകൂടാരത്തിന്റെയും അതിനുശേഷം ശലോമോൻ രാജാവിന്റെ കാലത്തു പണിയപ്പെട്ട ദൈവാലയത്തിന്റെയും മാതൃകയിൽ യെരൂശലേമിൽ ദൈവാലയം പണിയപ്പെടണമെന്നു യഹൂദന്മാർ ആഗ്രഹിക്കുന്നു. സഭ ഭൂമിയിൽ നിന്നു ഉത്പ്രാപണം വഴിയായി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട ശേഷം ഭൂമിയിൽ പീഡനകാലം ആരംഭിക്കുന്നു. പീഡനകാലത്തിൽ യിസ്രായേൽ അന്നത്തെ ഭരാണാധികാരികൾ ഉൾപ്പെട്ട അന്തിക്രിസ്തുവുമായി ഒരു ഉടമ്പടിയിലേർപ്പെടുന്നു. പ്രസ്തുത ഉടമ്പടിയിലൂടെ യിസ്രായേലിനു സമാധാനവും ആരാധനാസ്വാതന്ത്ര്യവും വാഗ്ദത്തം ലഭിക്കുന്നു. തുടർന്നു പഴയനിയമത്തിൽ വിവരിച്ചിരിക്കുന്ന മാതൃകയിൽ യഹൂദന്മാർ യെരൂശലേമിൽ ദൈവാലയം പണിയും. ഇതാണ് പീഡനകാലത്തെ ദൈവാലയം (Tribulation Temple) എന്ന പേരിൽ അറിയപ്പെടുന്നത്. ഇപ്രകാരം പീഡനകാലത്തു പണിയപ്പെടുന്ന ദൈവാലയത്തെക്കുറിച്ചുള്ള പരാമർശങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട് (വെളി.11:1,2/ ദാനീ.9:27/ 11:31/12:11/മത്താ.24:15/മർക്കൊ.13:14/2.തെസ്സ.2:3,4). ഏഴു വർഷത്തെ പീഡനകാലത്തിന്റെ മദ്ധ്യേ അന്തിക്രിസ്തു യിസ്രായേലുമായുള്ള ഉടമ്പടി ലംഘിക്കുകയും യെഹൂദന്മാരെ അതികഠിനായി പീഡിപ്പിക്കു

കയും ആരാധനാസ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയും ചെയ്യും. അക്കാലത്ത് എതിർക്രിസ്തു ദൈവാലയത്തിൽ ഇരുന്നു താൻ തന്നെയാണ് ദൈവമെന്നു അവകാശപ്പെടുകയും ചെയ്യും.

യെരൂശലേം അഥവാ സമാധാനത്തിന്റെ നാട് എന്നറിയപ്പെടുന്ന സ്ഥലത്ത് ദൈവാലയം പണിയണമെന്നത് യെഹൂദന്റെ അതിയായ ആഗ്രഹമാണ്. മുഹമ്മദ്നബിയുടെ ജന്മനാടായ മെക്കയെ വിശുദ്ധ നഗരമായി മുസ്ലീങ്ങൾ കരുതുന്നു. മെക്ക കൂടാതെ അവരുടെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു വിശുദ്ധസ്ഥലമാണ് ഡോം ഓഫ് ദി റോക്ക് (Dome of the Rock). ഡോം ഓഫ് ദി റോക്ക് എന്ന സ്ഥലത്തു നിന്നാണ് മുഹമ്മദ് നബി സ്വർഗ്ഗത്തിലേക്കു കയറിപ്പോയതെന്നു മുസ്ലീങ്ങൾ വിശ്വസിക്കുന്നു. ഇവിടെയാണ് യഹൂദൻ ദൈവാലയം പണിയുവാൻ ആഗ്രഹിക്കുന്നതും. വിശ്വാസവീരനായ അബ്രഹാം തന്റെ ഏകജാതനായ യിസ്ഹാക്കിനെ ദൈവ കല്പനപ്രകാരം യാഗം കഴിക്കുവാൻ കൊണ്ടുപോയ മോറിയമലയാണ് (ഉല്പ.22:1-14) ഡോം ഓഫ് ദി റോക്ക് എന്നും പൊതുവേ അംഗീകരിക്കപ്പെടുന്നു. ദാവീദ് ജനത്തെ എണ്ണി ദൈവത്തോടു പാപം ചെയ്കയാൽ ദാവീദിന്റെ മേൽ ദൈവീകശിക്ഷാവിധി ഉണ്ടായി. തന്റെ തെറ്റു മനസ്സിലാക്കി അനുതപിച്ചപ്പോൾ യെബൂസ്യനായ അരവ്നയുടെ കളത്തിൽ യഹോവയുടെ ദൂതൻ പ്രത്യക്ഷനായ സ്ഥലത്തു ഒരു യാഗപീഠം പണിയുവാൻ ദൈവം കല്പിച്ചു(2.ശമൂ.24:18). അരവ്നയോടു വിലക്കു വാങ്ങിയതും (2. ശമൂ.24:24) പിൽക്കാലത്തു ശലോമോൻ ദൈവാലയം പണിതതും (2.ദിന.3:1) ഡോം ഓഫ് ദി റോക്ക് എന്നപേരിൽ ഇന്നു മുസ്ലീങ്ങളുടെ കൈവശമിരിക്കുന്ന സ്ഥലത്താണ്.

**തിരുവചനത്തിൽ കാണപ്പെടുന്ന വിവിധ ദൈവാലയങ്ങൾ —**

ദൈവം, തനിക്കായി വേർതിരിക്കപ്പെട്ട, യിസ്രായേൽജനത്തിന്റെ നടുവിൽ വസിക്കുവാൻ തയ്യാറാക്കിയ മാർഗ്ഗങ്ങളിലൊന്നായിരുന്നു സമാഗമനകൂടാരം. സമാഗമനകൂടാരത്തിനു പുറമേ മറ്റു ദൈവാലയങ്ങളും തിരുവചനത്തിൽ കാണുന്നു.

**(1) ഏദെൻ തോട്ടത്തിലെ ദൈവാലയം (Temple in Eden) —**

സ്വർഗ്ഗത്തിൽ അധിവസിക്കുന്ന ദൈവം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു മനുഷ്യരോടൊപ്പം വസിക്കുവാനും നടക്കുവാനും, സംസാരിപ്പാനും, കൂട്ടായ്മ പങ്കിടുവാനും ആഗ്രഹിച്ചു. ഏദെനിൽ ആദാമിനോടും ഹവ്വായോടും ചേർന്നു വസിച്ചു. ഇതായിരുന്നു ഭൂമിയിലെ ഒന്നാമത്തെ ദൈവാലയം. ഇതിനു ചുമരുകളോ പ്രാകാരങ്ങളോ യാഗപീഠങ്ങളോ ഇല്ലായിരുന്നു. എന്നാൽ മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചയാൽ ദൈവവുമായുള്ള കൂട്ടായ്മക്കും ഒത്തൊരുമിച്ചുള്ള വാസത്തിനും തടസ്സമായി (ഉല്പ.2,3).

**(2) സമാഗമനകൂടാരം (Tabernacle)—**

മിസ്രയീമ്യ അടിമത്വത്തിൽ ദൈവജനത്തിന്റെ പരിതാപകരമായ അവസ്ഥ ദൈവം കണ്ടു. മോശെ മുഖാന്തരം മിസ്രയീമിൽ നിന്നു വിടുവിച്ചു കനാനിലേക്കു അവരെ നടത്തി. അവർ സഞ്ചരിച്ച മരുഭൂമിയിൽ അവരോടൊപ്പം വസിക്കുവാൻ ദൈവം ആഗ്രഹിച്ചു. അതിനായി ദൈവം മോശെക്കു കൊടുത്ത മാതൃകപ്രകാരം സമാഗമനകൂടാരം പണിഞ്ഞു. ഈ ദൈവനിവാസം താൽക്കാലികവും യാത്രയിൽ കൊണ്ടുപോകത്തക്കവിധം മാറ്റി സ്ഥാപിക്കുവാൻ കഴിയുന്നതുമായിരുന്നു (പുറ.25-30/പുറ.35:30-40:38/ലേവ്യാ.10:1-7).

**(3) ശലോമോന്റെ ദൈവാലയം (Solomons Temple)—**

യിസ്രായേൽ ജനം വാഗ്ദത്തനാടായ കനാനിൽ പ്രവേശിച്ചശേഷം യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായ ദാവീദ് ദൈവാലയം പണിയുവാൻ ആഗ്രഹിച്ചു. ദാവീദ് യുദ്ധവീരനായ രാജാവെന്ന നിലയിൽ രക്തച്ചൊരിച്ചിൽ നടത്തിയവനും, വാൾ കൈയ്യിലുള്ളവനുമായിരുന്നു. ആയതിനാൽ ദൈവാലയം പണിയുവാനുള്ള ദാവീദിന്റെ ആഗ്രഹം ദൈവം അനുവദിച്ചില്ല. ദാവീദിന്റെ ആഗ്രഹം തന്റെ മകനായ ശലോമോനിലൂടെ നിവർത്തിയാകുമെന്നു ദൈവം ദാവിദിനോടറിയിച്ചു. ശലോമോൻ അതിമനോഹരമായ ദൈവാലയം പണിതു. സമാഗമനകൂടാരം മാറ്റി സ്ഥാപിച്ചുകൊണ്ടിരുന്നുവെങ്കിൽ ശലോമോന്റെ ദൈവാലയം സ്ഥിരമായ വാസസ്ഥലമായിരുന്നു. കാലം കഴിഞ്ഞതോടെ ദൈവജനം ദൈവസന്നിധി വിട്ടു വിഗ്രഹങ്ങളുടെ പുറകേ പോയി. ബാബിലോണ്യരാജാവായ നെബുഖദ്നേസർ ശലോമോൻ പണിത ഈ ദൈവാലയത്തെ ഇടിച്ചു നശിപ്പിച്ചു. ഉപകരണങ്ങൾ, സ്വർണ്ണം, താമ്രം, എന്നിവ കവർന്നെടുക്കുകയും ജനത്തെ അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോകുകയും ചെയ്തു (2.ശമൂ.7:1-29 / 1.രാജാ.8:1-66 /യിരെ.32:28-44).

**(4) സെരൂബ്ബാബേലിന്റെ ദൈവാലയം (Zerubbabels Temple)—**(God in Zerubbabels Temple)–

ബാബിലോണ്യപ്രവാസത്തിലായിരുന്നവർ മടങ്ങി വന്നു. സെരൂബ്ബാബേലിന്റെയും മഹാപുരോഹിതനായ യോശുവയുടെയും നേതൃത്വത്തിൽ ദൈവാലയം പണിതു. **എസ്രാ.6:15,16 --** *"ദാര്യാവേശ്‌രാജാവിന്റെ വാഴ്ചയുടെ ആറാം ആണ്ടിൽ ആദാർമാസം മൂന്നാം തീയ്യതി ഈ ആലയം പണിതു തീർന്നു. യിസ്രായേൽ മക്കളും പുരോഹിതന്മാരും ലേവ്യരും ശേഷം പ്രവാസികളും സന്തോഷത്തോടെ ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠ കഴിച്ചു."* ശലോമോന്റെ ദൈവാലയത്തിന്റെ മനോഹാരിത കണ്ട മൂപ്പന്മാർ പുതിയ ദൈവാലയത്തിന്റെ അടിസ്ഥാനം കണ്ടപ്പോൾ കരഞ്ഞുപോയി. കാരണം

ശലോമോന്റെ ആലയവുമായി തുലനം ചെയ്യുമ്പോൾ സെരൂബ്ബാബേൽ പണിതത് അത്ര ശ്രേഷ്ഠമായിരുന്നില്ല. പഴയ സൗന്ദര്യമോ പ്രൗഢിയോ ഇതിനില്ലായിരുന്നു(എസ്രാ.3:8,12). എന്നാൽ ദൈവം ഇതിൽ വസിക്കുകയും ഇതിനെ ഇഷ്ടപ്പെടുകയും ചെയ്തു. ദൈവം പുറമേയുള്ള ഭംഗിയല്ല, അവരുടെ ഹൃദയാന്തർഭാഗത്തെയാണ് നോക്കിയത്. പല യുദ്ധങ്ങളാൽ ഈ ദൈവാലയം അശുദ്ധമാക്കപ്പെട്ടു. കാലക്രമേണ അതു നശിച്ചുപോയി (എസ്രാ.6:1-22/എസ്രാ.3:1-8/ഹഗ്ഗാ.1-2).

**(5) ഹെരോദാവിന്റെ ദൈവാലയം (Herods Temple)—**

ഹെരോദാവു പണിത ഈ ആലയത്തിന്റെ നിർമ്മാണത്തെപ്പറ്റി തിരുവചനത്തിൽ പറയുന്നില്ല. അതായത് ദൈവഹിതപ്രകാരമോ ദൈവമാതൃകപ്രകാരമോ പണിതതായിരുന്നില്ല. ഹെരോദാവു മഹാക്രൂരനും ദുഷിച്ചവനുമായിരുന്നു. ഇദ്ദേഹത്തിനു ദൈവഭയമോ യഹൂദന്മാരോടു പ്രത്യേക താൽപര്യമോ ഇല്ലായിരുന്നു. അക്കാരണത്താൽ തന്നെ ദൈവാലയം പണിതതിന്റെ ലക്ഷ്യം സ്വാർത്ഥത മാത്രമായിരുന്നു. മറ്റുള്ളവരുടെ മുമ്പാകെ താൻ വെറുക്കപ്പെട്ടവനാണെന്നു ഹെരോദാവിനു തന്നെ അറിയാമായിരുന്നു. തന്റെ മരണശേഷം തന്നെ ആരും ഓർക്കുകയില്ലെന്നു നിശ്ചയമുണ്ടായിരുന്നു. ആയതിനാൽ തന്റെ പേർ എന്നും നിലനിൽക്കുവാനായിരുന്നു ദൈവാലയം പണിതത്. യഹൂദന്മാരുടെ പ്രീതി സമ്പാദിക്കുക എന്ന ലക്ഷ്യവും ഉണ്ടായിരുന്നു. പുതിയനിയമകാലത്ത് ഹെരോദാവിന്റെ ദൈവാലയം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ദൈവാലയമാണിത് (യോഹ.2:20). കള്ളന്മാരുടെ ഗുഹയാക്കി തീർത്തുവെന്നാണ് കർത്താവു ഈ ആലയത്തെപ്പറ്റി പറഞ്ഞത് (മത്താ.21:13). ഹെരോദാവു പണിത ദൈവാലയത്തിന്റെ നാശത്തെക്കുറിച്ച് കർത്താവു മുന്നമേ പറഞ്ഞിരുന്നു (മത്താ.24:2). റോമയിലെ തീത്തോസ് കൈസർ തകർത്തു അതിരുന്നസ്ഥലം ഉഴുതു മറിച്ചു (മർക്കൊ.13:2/ലൂക്കൊ.1:11-20;2:22-38;2:42-51;4:21-24/യോഹ.2:19,20). പിന്നീട് മുസ്ലീങ്ങൾ ഇവിടം കൈവശപ്പെടുത്തി ഹെരോദാവിന്റെ ദൈവാലയം നിന്ന സ്ഥാനത്ത് അവർ പള്ളി പണിതു. ഈ ഭാഗം ഇപ്പോഴും പാലസ്തീൻ മുസ്ലീങ്ങളുടെ കൈവശമാണ്.

**(6) ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവാലയം (Temple of Christ)—**

**യോഹ.2:19,21—** *"യേശു അവരോടു : ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു. ......അവനോ തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞതു."* ക്രിസ്തു ഇമ്മാനുവേലായി മനുഷ്യരോടൊപ്പം വസിച്ചു. യേശുക്രിസ്തുവിന്റെ വാസം മനുഷ്യനെ ദൈവത്തോടു സമീപസ്ഥരാക്കി. എന്നാൽ ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവലായവും നശിപ്പിക്കപ്പെട്ടു. റോമൻ പടയാളികൾ ഈ ആലയത്തെ മരത്തോടു ചേർത്തു ആണി അടിച്ചു താഴ്ത്തിയപ്പോൾ ഈ മന്ദിരവും ഇല്ലാതായി.

**(7) കൃപാകാലത്തെ ദൈവാലയം (Temple in Man)—** (God in Man)–

ഓരോ വിശ്വാസിയിലുമുള്ള ആലയമാണിത്. ക്രിസ്തു വീണ്ടും വരുന്നതുവരെ വിശ്വാസികളുടെ ഹൃദയത്തിൽ ദൈവം വസിക്കുന്നു. **1.കൊരി.3:16 —** *"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?"* **2.കൊരി.6:16 —** *"ദൈവാലയത്തിനു വിഗ്രഹങ്ങളോടു എന്തു യോജ്യത. നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ."* **കൊലൊ.1:27 —** *"മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു."* നമ്മുടെ ശരീരം വിശുദ്ധമാണെങ്കിലേ വിശുദ്ധനായ ദൈവം വസിക്കുകയുള്ളു. ദൈവത്തിനു നമ്മുടെ ശരീരത്തിൽ അല്പകാലം മാത്രമേ വസിക്കുവാൻ കഴിയൂ. എന്തെന്നാൽ നമ്മുടെ ശരീരം മരണത്തിനധീനമാണ്. മരണത്തോടു കൂടി ഭൗമികദേഹം നശിക്കും. പാപത്താൽ പ്രവേശിച്ച മരണത്താൽ ഈ ശരീരം നശിക്കുന്നതാണ് (1.കൊരി.6:19,20/2.കൊരി.6:16-17).

**(8) പീഡനകാലത്തെ ദൈവാലയം (Tribulation period Temple)—**

സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം പീഡനകാലത്തു ഭൂമിയിൽ അന്തിക്രിസ്തുവിന്റെ സഹായത്തോടെ യെഹൂദന്മാർ പണിയുന്ന ആലയമാണിത്. പീഡനകാലത്തു പണിയപ്പെടുന്ന ആലയമായതിനാൽ ഇതിനെ പീഡനകാലത്തെ ദൈവാലയം എന്നറിയപ്പെടുന്നു (ദാനീ.9:27;11:45;12:7/മത്താ.24:15/2തെസ്സ.2:3,4/വെളി.11:1,2). പീഡനകാലത്തിന്റെ ആരംഭത്തിൽ യിസ്രായേൽ എതിർക്രിസ്തുവുമായി ഉടമ്പടി ഉണ്ടാക്കുന്നു. യെരൂശലേമിൽ ദൈവാലയം നിർമ്മിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന സ്ഥലം ഇന്നു അറബികളുടെ കൈവശമായിരിക്കുന്നതിനാൽ അതു വിട്ടുകിട്ടുവാൻ കൂടിയാണ് യിസ്രായേൽ എതിർക്രിസ്തുവുമായി കൂട്ടുകൂടുന്നത് (ദാനീ.9:24-27). ഇപ്പോൾ മുസ്ലീങ്ങൾ പുണ്യസ്ഥലമായി കരുതുന്ന ഡോം ഓഫ് ദി റോക്കിൽ ആയിരിക്കും പീഡനകാലത്തെ ദൈവാലയം പണിയുന്നത്. മുഹമ്മദ് നബി ഇവിടെ നിന്നാണ് സ്വർഗ്ഗത്തിലേക്കു കയറിപ്പോയതെന്നു മുസ്ലീങ്ങൾ വിശ്വസിക്കുന്നു. അന്തിക്രിസ്തുവിന്റെ സഹായത്തോടെ ദൈവാലയം പണിതശേഷം മോശെയുടെ ന്യായപ്രമാണപ്രകാരമുള്ള പഴയനിയമയാഗങ്ങൾ പുഃനസ്ഥാപിക്കപ്പെടും (ദാനീ.9:27/12:11). അതായത് ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവിനെയും എന്നേക്കുമുള്ള പ്രായശ്ചിത്ത യാഗത്തെയും അവർ ഓർക്കുന്നില്ല. എന്നാൽ പീഡനകാലത്തിന്റെ മദ്ധ്യേ

യുള്ള മഹാപീഡനകാലത്ത് എതിർക്രിസ്തു യിസ്രായേലുമായി ഉടമ്പടി ലംഘിക്കുകയും ദൈവാലയത്തിൽ സ്വന്തം പ്രതിമ സ്ഥാപിക്കുകയും ചെയ്യും (വെളി.13:14). അന്നു അവർ പീഡനങ്ങൾ ഏൽക്കുമ്പോൾ തങ്ങൾ ക്രൂശിൽ തറച്ചു കൊന്നത് തങ്ങൾ കാത്തിരുന്ന മശീഹാ ആയിരുന്നു എന്നു തിരിച്ചറിയും. അങ്ങനെ അവർ ഒന്നടങ്കം കുത്തിയവങ്കലേക്കു നോക്കുവാൻ ഇടയാകും. പീഡനകാലത്തു നിർമ്മിക്കപ്പെടുന്ന ദൈവാലയത്തെയാണ് അളക്കുവാൻ വെളിപ്പാടു പുസ്തകത്തിൽ യോഹന്നാനോടു കല്പിക്കുന്നത് (വെളി.11:1,2).

**(9) സഹസ്രാബ്ദകാലത്തെ ദൈവാലയം (Millennium Temple)—**

മഹാപീഡനകാലം കഴിയുന്നതോടെ ക്രിസ്തുവും സഭയും ഭൂമിയിലേക്ക് ഇറങ്ങിവരികയും ആയിരം ആണ്ടേക്കു പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു അഗാധകൂപത്തിൽ ബന്ധിക്കും (വെളി.20:1-3). ക്രിസ്തുവും സഭയും ഭൂമിയിൽ ആയിരം ആണ്ടു വാഴുകയും ചെയ്യും. ആയിരം ആണ്ടു വാഴ്ചയിൽ പീഡനകാലത്തെ ദൈവാലത്തിനു പകരം യെരൂശലേമിൽ നമ്മുടെ കർത്താവു സ്ഥാപിക്കപ്പെടുന്ന ദൈവാലയമാണ് സഹസ്രാബ്ദ കാലത്തെ ദൈവാലയം (യെശ.66:20/യെഹെ.40-48/ഹഗ്ഗാ.2:9/സെഖ.6:12,13).

**(10) നിത്യകൂടാരം - നിത്യതയിലെ ദൈവാലയം (Eternal Temple)—**

എല്ലാറ്റിലും മഹത്തായ ദൈവാലയമായിരിക്കുമിത്. സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും, അതിന്റെ മന്ദിരം ആയിരിക്കും (വെളി.21:22/വെളി.22:1-21). **2.കൊരി.5:11 —**"*കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു.*"

**അദ്ധ്യായവിഷയം —**

ദൈവാലയം അളക്കൽ, രണ്ടു സാക്ഷികൾ, ഏഴാമത്തെ കാഹളം (The measuring of the Temple, the two witnesses and the seventh Trumpet) എന്നിവയാണ് 11-ാം അദ്ധ്യായത്തിലെ വിഷയം.

**അദ്ധ്യായസംഗ്രഹം —**

ഏഴാമത്തെ ദൂതൻ കാഹളമൂതുന്നതിനു മുമ്പായി നടക്കുന്ന സംഭവങ്ങളാണ് ഇടവേളയെന്ന നിലയിൽ വെളി.11:1 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. ഒരു അളവുകോൽ യോഹന്നാനു ലഭിക്കുകയും അതുപയോഗിച്ചു ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുവാനും, പ്രാകാരത്തെ അളക്കാതെ വിട്ടേക്കുവാനും കല്പന ലഭിച്ചു. പീഡനകാലത്ത് യെരൂശലേമിൽ സ്ഥാപിക്കുന്ന യഹൂദന്മാരുടെ ദൈവാലയമാണിത്. അളക്കാതെ വിട്ടേക്കുന്ന ഭാഗം പുറജാതികൾക്കുള്ളതും അവർ മഹാപീഡനകാലമായ മൂന്നരവർഷം യെരൂശലേമിനെ ചവിട്ടി മെതിക്കും എന്നു പറഞ്ഞിരിക്കുന്നു. അക്കാലത്തു ദൈവത്തിന്റെ രണ്ടു സാക്ഷികൾ അവിടെ ശുശ്രൂഷകൾക്കായി വരുന്നു. ഇവരുടെ ശുശ്രൂഷകൾ ആഴത്തിൽ നിന്നു കയറിവരുന്ന മൃഗത്തെ അഥവാ അന്തിക്രിസ്തുവിനെ കോപിപ്പിക്കുന്നു. അവരുടെ ശുശ്രൂഷയുടെ അന്ത്യത്തിൽ അന്തിക്രിസ്തുവിനാൽ അവർ ഇരുവരും കൊല്ലപ്പെടുകയും മഹാനഗരമായ യെരൂശലേമിന്റെ തെരുവീഥിയിൽ അവരുടെ ശവം ആരും മറവു ചെയ്യാതെ മൂന്നര ദിവസം കിടക്കുകയും ചെയ്യും. ഇവരുടെ ശവം കാണുന്ന ലോകജനത മുഴുവനും സന്തോഷിച്ചാഹ്ലാദിക്കും. അവരുടെ ആഹ്ലാദതിമിർപ്പിനിടയിൽ മൂന്നരദിവസത്തിനുശേഷം രണ്ടു സാക്ഷികളുടെയും ശരീരങ്ങൾ പുനരുത്ഥാനം പ്രാപിച്ച് മേഘത്തിൽ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടുന്നതും അവർ കാണും. മരിച്ചവർ ജീവൻ പ്രാപിച്ചു എടുക്കപ്പെടുന്നതു ഭയത്തോടെ നോക്കി നിൽക്കുമ്പോൾത്തന്നെ വലിയോരു ഭൂകമ്പം ഉണ്ടാകുകയും നഗരത്തിന്റെ പത്തിലൊന്നു ഇടിഞ്ഞുവീഴുകയും അതിലെ നിവാസികൾ ഏഴായിരം പേർ കൊല്ലപ്പെടുകയും ചെയ്യുന്നു. ഈ സംഭവത്തോടെ ഇടവേള അവസാനിക്കുകയും ഏഴാമത്തെ കാഹളം മുഴങ്ങുകയും ചെയ്യുന്നു. അപ്പോൾ "*ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി.*" സ്വർഗ്ഗസിംഹാസനങ്ങളിൽ ഇരിക്കുന്ന 24 മൂപ്പന്മാരും സാഷ്ടാംഗം വീണു ദൈവത്തെ നമസ്കരിച്ചു സ്തുതിക്കുന്നു. തുടർന്നു സ്വർഗ്ഗത്തിലെ ദൈവാലയം തുറക്കപ്പെടുകയും നിയമപെട്ടകം പ്രത്യക്ഷമാകുകയും ചെയ്യുന്നു. അപ്പോൾത്തന്നെ ദൈവസാന്നിദ്ധ്യത്തെയും, ന്യായവിധിയെയും പ്രകടമാക്കുന്ന മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കല്മഴയും ഉണ്ടാകുന്നു.

**അദ്ധ്യായവിഭജനം —**

**വെളി.11: 1 -2 —** ദൈവാലയം അളക്കുന്നത് (Measuring of the Temple of God)

**വെളി.11: 3-14 —** ദൈവത്തിന്റെ രണ്ടു സാക്ഷികളുടെ ശുശ്രൂഷ
(The ministry of the two witnesses of God)

**വെളി.11:15-19 —** ഏഴാമത്തെ കാഹളം : രാജത്വപ്രഖ്യാപനം
(The seventh Trumpet : The Kingdom Proclaimed)

**വെളി.11:1 — "പിന്നെ ദണ്ഡുപോലെയുള്ള ഒരു കോൽ എന്റെ കയ്യിൽ കിട്ടി കല്പന ലഭിച്ചതു: നീ**

**എഴുന്നേറ്റു ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക."** (Then I was given a reed like a measuring rod. And the angel stood, saying, Rise and measure the temple of God, and the altar, and those who worship there)

സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ബലവാനായ ദൂതനെ കുറിച്ചുള്ള ദർശനമാണ് യോഹന്നാൻ പത്താം അദ്ധ്യായത്തിൽ വിവരിച്ചത്. ദൂതന്റെ കയ്യിലിരുന്ന തുറന്ന പുസ്തകം വാങ്ങി ഭക്ഷിച്ചപ്പോൾ അതു വായിൽ തേൻപോലെ മധുരവും വയറ്റിൽ കൈയ്പ്പ് അഥവാ വേദനയുടെ അനുഭവവും ഉളവാക്കി. ഇനിയും അനേകരെക്കുറിച്ചു പ്രവചിക്കേണ്ടി വരും എന്ന അറിയിപ്പും യോഹന്നാൻ കേട്ടു. പതിനൊന്നാം അദ്ധ്യായത്തിൽ അടുത്ത ദർശനം ആരംഭിക്കുന്നു. പിന്നെ ദണ്ഡുപോലെയുള്ള ഒരു കോൽ യോഹന്നാന്റെ കൈയ്യിൽ കിട്ടി. അതുപയോഗിച്ചു ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക എന്ന കല്പനയും യോഹന്നാനു ലഭിച്ചു.

**പിന്നെ ദണ്ഡുപോലെയുള്ള ഒരു കോൽ എന്റെ കയ്യിൽ കിട്ടി കല്പന ലഭിച്ചതു:** (Then I was given a reed like a measuring rod. And the angel stood, saying,) —

ദണ്ഡുപോലെയുള്ള ഒരു കോൽ എന്നത് അളക്കുന്നതിനുള്ള കോലാണ്. യോർദ്ദാൻ നദീതീരത്തു വളരുന്ന ഒരിനം ഈറ പോലെയുള്ള ചെടിയിൽ നിന്നാണ് ഇത് എടുക്കുന്നത്. ഏകദേശം 12 മുതൽ 20 അടി വരെ ഉയരത്തിൽ വളരുന്ന ഇതിന്റെ തണ്ട് ബലമുള്ളതും അതേസമയം വളവും ഭാരവും ഇല്ലാത്തതുമാകയാൽ അളവുകോലായി രൂപപ്പെടുത്തി ഉപയോഗിക്കുന്നു. ഇതിനെ ഓടക്കോൽ (യെഹെ.29:6) എന്നും അറിയപ്പെടുന്നു. ആറുമുഴം നീളമുള്ള അളവുദണ്ഡാണ് യെഹെസ്കേൽ പ്രവാചകൻ ദർശിക്കുന്നത് (യെഹെ.40:5). ദണ്ഡുപോലെയുള്ള ഒരു കോൽ യോഹന്നാനു കൊടുക്കുന്നതും തുടർന്നു ചെയ്യേണ്ട കാര്യങ്ങൾ കല്പനയായി നൽകുന്നതും സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ബലവാനായ ദൂതനായിരിക്കാം (വെളി.10:9-11). ചില ഇംഗ്ലീഷ് പരിഭാഷകളിൽ ദൂതൻ പറയുന്നതായി കാണുന്നു (And the angel stood, saying). അതേ സമയം മലയാളത്തിലും മറ്റു ചില ഇംഗ്ലീഷ് പരിഭാഷകളിലും ദൂതൻ പറയുന്നതായി കാണുന്നില്ല. ആകയാൽ യോഹന്നാനു ലഭിക്കുന്ന കല്പന ബലവാനായ ദൂതന്റേതല്ലെങ്കിൽ വെളി.10:4,8 എന്നീ വാക്യങ്ങളിൽ യോഹന്നാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട ശബ്ദത്തിന്റെ ഉടമയിൽ നിന്നായിരിക്കാം. അതു സർവ്വശക്തനായ ദൈവത്തിന്റെയോ അല്ലെങ്കിൽ ക്രിസ്തുവിന്റേയോ ആയിരിക്കാം.

**നീ എഴുന്നേറ്റു ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക** (Rise and measure the temple of God, and the altar, and those who worship there)

ദണ്ഡുപോലെയുള്ള ഒരു കോൽ യോഹന്നാന്റെ കയ്യിൽ കിട്ടി. തുടർന്നു യോഹന്നാൻ കേൾക്കുന്നത് എഴുന്നേൽക്കുക, അളക്കുക (Rise and measure) എന്ന കല്പനയാണ്. എഴുന്നേൽക്കുക എന്നത് രണ്ടു കാലുകളിൽ എഴുന്നേറ്റു നിൽക്കുക എന്നതിനേക്കാളും ഇവിടെ അർത്ഥമാക്കുന്നത് യോഹന്നാൻ ചെയ്യേണ്ട കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി സത്വരമായി പ്രവർത്തിക്കേണ്ട ആവശ്യകതയെ കുറിക്കുന്നു. താൻ ചെയ്യേണ്ടത് അളക്കുക എന്നതാണ്. അളക്കേണ്ടത് ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും ആകുന്നു. സാധാരണയായി ഒരു പുരയിടം അളക്കുന്നത് അതിരുകൾ നിശ്ചയിച്ചു സ്വന്തമാക്കുവാനോ വിൽക്കുവാനോ ആണ്. അല്ലെങ്കിൽ അതിൽ ഒരു കെട്ടിടംനിർമ്മിക്കുന്നതിനായോ, കേടുപാടുകൾ തീർത്തു പുനഃരുദ്ധരിക്കുന്നതിനോ അതുമല്ലെങ്കിൽ ഇടിച്ചു കളയുന്നതിനോ അളവെടുക്കുന്നു. പഴയനിയമപ്രവാചകന്മാരുടെ ദർശനങ്ങളിൽ അളവെടുക്കുന്ന ദൃശ്യങ്ങൾ തിരുവചനത്തിൽ കാണുന്നു. ദൈവത്തിന്റെ വക എന്നു സ്ഥാപിച്ചു അതു സംരക്ഷിക്കുന്ന സന്ദർഭങ്ങളിലും (വെളി.21:15-17/യെഹെ.40:3/സെഖ.2:1-5), ന്യായവിധി അഥവാ നശിപ്പിക്കുന്നതോടുള്ള ബന്ധത്തിലും (2.ശമൂ.8:2/2.രാജാ.21:13/യെശ.28:17/ വിലാ.2:8/ആമോ.7:7,8,17) അളവെടുപ്പു കാണുന്നുണ്ട്. ഇവിടെ യോഹന്നാനോടു അളക്കുക, അളക്കാതെ വിടുക എന്നുള്ള കല്പനകളിൽ സംരക്ഷണവും നാശവും അടങ്ങിയിരിക്കുന്നു. ആലയം,യാഗപീഠം, അതിലുള്ള ആരാധകർ എന്നിവരെ അളക്കുക എന്നാൽ അവരെ ദൈവം സംരക്ഷിക്കുന്നതിനെ കുറിക്കുന്നു. പുറത്തുള്ള പ്രാകാരം അളക്കാതെ വിടുക എന്നാൽ മശിഹയെ തള്ളിക്കളഞ്ഞ യഹൂദാജനത്തെ ദൈവം ശിക്ഷിക്കുവാൻ പോകുന്നു എന്നതിനെ കുറിക്കുന്നു.

വെളിപ്പാട് ഏഴാം അദ്ധ്യായത്തിൽ യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു 1,44,000 വിശുദ്ധന്മാരെ അവരുടെ നെറ്റിയിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ടു വേർതിരിച്ചു. ഇവിടെ ദൈവാലയത്തിൽ ആരാധിക്കുന്നവരെ ദൈവം നൽകിയ ദണ്ഡുകൊണ്ടു അളന്നു വേർതിരിക്കുന്നു. മുദ്രയിടുന്നതും അളക്കുന്നതും പൊതുവിൽ ദൈവത്തിന്റെ കരുണയെയാണ് പ്രകടമാക്കുന്നത്. അതായത് പീഡനകാലത്ത് ദൈവത്തിൽ ആശ്രയിക്കുന്നവർ ദൈവത്തിന്റെ വകയാണെന്നും അവരെ നാശത്തിനു വിട്ടുകൊടുക്കാതെ സംരക്ഷിക്കും എന്നതിനെയും കുറിക്കുന്നു. മുദ്രയിടുമ്പോൾ ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയാലും അളക്കുമ്പോൾ യോഹന്നാൻ ദൈവം നൽകിയ ദണ്ഡിനാലും ആണ് ദൗത്യം നിറവേറ്റുന്നത്. ദൈവം നൽകുന്ന അഥവാ ദൈവാലോചനപ്രകാരമുള്ള പ്രമാണത്തിലായിരിക്കണം ദൈവകല്പന പൂർത്തീകരിക്കേണ്ടതെന്ന കാര്യവും ഇതിലൂടെ വ്യക്തമാകുന്നു. യോഹന്നാനു ലഭിച്ച ദണ്ഡിനു പരമാവധി

പത്തോ പന്ത്രണ്ടോ അടി നീളം കാണുമായിരിക്കും. ലോകത്തിലെ ഒരു മനുഷ്യനും അതിൽ കൂടുതൽ നീളം ഉണ്ടായിരിക്കയില്ല. ലോകത്തിലെ ഏതു മനുഷ്യനെയും അളക്കുവാൻ ഈ വടി മതിയാകും എന്നർത്ഥം. അതായത് സകലരും ദൈവീകപ്രമാണത്താൽ ദൈവഹിതപ്രകാരം അളക്കപ്പെടും. ദൈവം അനുശാസിക്കുന്ന പ്രമാണത്തിലൂടെ കടന്നുപോയാൽ അവർ സംരക്ഷിക്കപ്പെടുമെന്നതിനെയും കുറിക്കുന്നു.

"നീ എഴുന്നേറ്റു ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക " എന്ന കല്പനയായിരുന്നു യോഹന്നാനു ലഭിച്ചത്. ഈ ആലയം ഏതാണ്? സ്വർഗ്ഗത്തിലെ ആലയമാണോ? സ്വർഗ്ഗത്തിലെ ആലയമെങ്കിൽ ജാതികൾക്കു അതിനെ ചവിട്ടുവാൻ അഥവാ മെതിക്കുവാൻ സാധിക്കുമോ? ബൈബിളിൽ പ്രധാനമായും അഞ്ചു ദൈവാലയങ്ങൾ കാണുന്നു. അവ ശലോമോൻ പണിത ദൈവാലയം, സെരൂബാബേൽ പണിത ദൈവാലയം, ഹെരോദാവു പണിത ദൈവാലയം, പീഡനകാലത്തെ ദൈവാലയം, സഹാസ്രാബ്ദ കാലത്തെ ദൈവാലയം എന്നിവയാണ്. ശലോമോനും സെരൂബാബേലും പണിത ദൈവാലയങ്ങൾ നശിപ്പിക്കപ്പെട്ടു. ഹെരോദാവ് പണിത ദൈവാലയം ഇന്നു നിലനിൽക്കുന്നില്ല. കർത്താവ് ഇതിന്റെ നാശത്തെക്കുറിച്ചു മുന്നമേ പറഞ്ഞപ്രകാരം കല്ലിന്മേൽ കല്ലു ശേഷിക്കാതെ നശിപ്പിക്കപ്പെടുവാനിടയായി (മത്താ.24:2). ആകയാൽ അന്ത്യകാലത്ത് അഥവാ പീഢനകാലത്ത് യെരൂശലേമിൽ പണിയപ്പെടുന്ന ദൈവാലയമാണിവിടെ അളക്കുവാൻ പറയുന്നത്. ഭൂമിയിൽ പണിയപ്പെടുന്ന ആലയമായതിനാൽ ജാതികൾക്കു ഇതിനെ ചവിട്ടുവാൻ സാധിക്കും. ദൈവത്തിന്റെ ആലയം എന്ന പേരിലാണ് ഇതും അറിയപ്പെടുന്നത്. അന്ത്യകാലത്ത് മഹാപീഡനകാലത്തിന്റെ മദ്ധ്യത്തിൽ എതിർക്രിസ്തു ദൈവാലയം മലിനമാക്കുമെന്നു ദാനീയേലിന്റെ പ്രവചനത്തിൽ പരാമർശിക്കപ്പെടുന്ന ദൈവാലയമാണിത്(ദാനീ.9:27). മത്തായിയുടെ സുവിശേഷത്തിൽ കർത്താവും ഈ ദൈവാലയത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. **മത്താ.24:15 —** *"എന്നാൽ ദാനീയേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നിൽക്കുന്നതു കാണുമ്പോൾ — വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ".* മഹാപീഢനകാലത്ത് എഴുന്നേൽക്കുന്ന എതിർക്രിസ്തു ദൈവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്നു നടിച്ചു സകലത്തിനും മീതെ തന്നെത്തന്നെ ഉയർത്തുമെന്നു അപ്പൊസ്തലനായ പൗലൊസും രേഖപ്പെടുത്തിയിരിക്കുന്നു (2.തെസ്സ.2:4).

ദൈവത്തിന്റെ ആലയത്തെയും, യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുവാൻ യോഹന്നാനോടു പറഞ്ഞിരിക്കുന്നത് ആലങ്കാരികഭാഷയിലെ പ്രയോഗമാണെന്നും ആകയാൽ ഇതു സഭയെക്കുറിച്ചുള്ളതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. വിശ്വാസികൾ ഉൾക്കൊള്ളുന്ന പുതിയ നിയമസഭയെ ദൈവത്തിന്റെ ആലയം (1.കൊരി.3:16/എഫെ.2:21) എന്ന പേരിൽ അറിയപ്പെടുന്നതിന്റെ അടിസ്ഥാനത്തിലുള്ള നിഗമനമാണിത്. എന്നാൽ ഇപ്രകാരമുള്ള നിഗമനം ശരിയല്ല. കാരണം അളക്കൽ ഭൂമിയിൽ നടക്കുന്നതിനാലും പീഡനകാലത്തിനു മുമ്പേ സഭ ഭൂമിയിൽ നിന്നെടുക്കപ്പെടുന്നതിനാലും തന്നെ. കൂടാതെ സഭയെങ്കിൽ ഇതിലെ നമസ്കാരികളിൽ ഒരു കൂട്ടരെ അളക്കുകയും മറ്റൊരു കൂട്ടരെ അളക്കാതെ വിടുകയും ചെയ്യേണ്ട ആവശ്യവും ഇല്ല.

യോഹന്നാനോടു അളക്കുവാൻ പറഞ്ഞിരിക്കുന്നത് ദൈവത്തിന്റെ ആലയം, യാഗപീഠം, അതിൽ നമസ്കരിക്കുന്ന ആരാധകർ എന്നിവയാണ്. ഇവിടെ ദൈവത്തിന്റെ ആലയം എന്നതിനു ഉപയോഗിച്ചിരിക്കുന്നത് നായോസ് (Naos) എന്ന ഗ്രീക്കു പദമാണ്. ഇതു വിശുദ്ധസ്ഥലം അതിവിശുദ്ധസ്ഥലം എന്നിവ ഉൾപ്പെട്ട അകത്തെ ആലയമാണ്. യാഗപീഠം എന്നത് വിശുദ്ധസ്ഥലത്തിനു പുറത്തുള്ള താമ്രയാഗപീഠമാണ്. വിശുദ്ധസ്ഥലത്തും അതിവിശുദ്ധസ്ഥലത്തും പുരോഹിതന്മാർക്കു മാത്രമാണ് പ്രവേശനം. എന്നാൽ യാഗപീഠത്തിനടുത്തു ആരാധകർക്കു യാഗവസ്തുവുമായി കടന്നു വരാം. ആലയത്തെയും യാഗപീഠത്തെയും കൂടാതെ അതിൽ നമസ്കരിക്കുന്നവരെയും അളക്കുവാനാണ് യോഹന്നാന് കല്പന ലഭിച്ചത്. ആലയവും യാഗപീഠവും എന്നത് മഹോപദ്രവകാലത്ത് ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന ദൈവാലയവും നമസ്കരിക്കുന്നവർ എന്നത് പീഡനകാലത്ത് ദൈവത്തെ ആരാധിക്കുന്ന ഒരു ന്യൂനപക്ഷമായ യഹൂദന്മാരുമാണ് (യെഹെ.14:22/റോമ.11:4,5).

**വെളി.11:2 — "ആലയത്തിന്നു പുറത്തുള്ള പ്രാകാരം അളക്കാതെ വിട്ടേക്ക; അതു ജാതികൾക്കു കൊടുത്തിരിക്കുന്നു; അവർ വിശുദ്ധനഗരത്തെ നാല്പത്തുരണ്ടു മാസം ചവിട്ടും."** (But leave out the court which is outside the temple, and do not measure it, for it has been given to the Gentiles. And they will tread the holy city underfoot for forty-two months)

ഒന്നാം വാക്യത്തിൽ നീ എഴുന്നേറ്റു അളക്കുക എന്ന കല്പന യോഹന്നാനു ലഭിച്ചുവെങ്കിൽ രണ്ടാം വാക്യത്തിൽ അളക്കാതെ വിട്ടേക്ക എന്ന കല്പനയാണ് ലഭിച്ചത്. അതായത് ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുവാൻ ആദ്യം പറഞ്ഞുവെങ്കിൽ തുടർന്നു ആലയത്തിനു പുറത്തുള്ള പ്രാകരം അളക്കാതെ വിട്ടേക്കുക എന്ന നിർദ്ദേശമാണ് യോഹന്നാന് ലഭിച്ചത്. രണ്ടാമത്തെ കല്പനയടങ്ങിയ ഈ വാക്യത്തിൽ മൂന്നു കാര്യങ്ങൾ ഉൾക്കൊള്ളുന്നു — (1) ദൈവാലയത്തിനു പുറത്തുള്ള പ്രാകാരം അളക്കാതെ വിട്ടേക്കുക (2) ആലയത്തിനു പുറത്തുള്ള

പ്രാകാരം ജാതികൾക്കു കൊടുത്തിരിക്കുന്നു (3) ജാതികൾ വിശുദ്ധനഗരത്തെ നാല്പത്തുരണ്ടു മാസം ചവിട്ടും. ഒന്നാം വാകൃത്തിൽ ദൈവലായത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക എന്ന കല്പനയിലൂടെ അവ ദൈവത്തിന്റെ വകയാണെന്നും ദൈവം അതിലുള്ളവരെ സംരക്ഷിക്കുമെന്നുള്ള വസ്തുതയെ വെളിപ്പെടുത്തുന്നു. എന്നാൽ പ്രാകാരത്തെ അളക്കാതെ വിട്ടേക്കുക എന്ന കല്പനയിലൂടെ അതിലുള്ളവർ ദൈവത്തിന്റെ വകയല്ലാത്തതിനാൽ അവർ സംരക്ഷിതരാകാതെ നശിപ്പിക്കപ്പെടും എന്ന വസ്തുതയാണ് വെളിപ്പെടുന്നത്. സമാഗനകൂടാരത്തിന്റേതിൽ നിന്നു വിഭിന്നമായി ദൈവാലയങ്ങൾക്കു വിവിധപ്രാകാരങ്ങളുണ്ട്. സമാഗമനകൂടാരത്തിനു ഒരു പ്രാകാരം (Court) മാത്രമാണുണ്ടായിരുന്നത്. ശലോമോൻ പണിത ദൈവാലയത്തിനു പുരോഹിതന്മാരുടെ പ്രാകാരം (Court of Priests), ജാതികളുടെ പ്രാകാരം (Court of Gentiles) എന്നിങ്ങനെ രണ്ടു പ്രാകാരങ്ങളുണ്ടായിരുന്നു. എന്നാൽ ഹെരോദാവിന്റെ ദൈവാലയത്തിനു നാലു പ്രാകാരങ്ങളുണ്ടായിരുന്നു. അവ ജാതികളുടെ പ്രാകാരം (Court of Gentiles), സ്ത്രീകളുടെ പ്രാകാരം (Court of Women), യിസ്രായേലിന്റെ പ്രാകാരം (Court of Israel), പുരോഹിതന്മാരുടെ പ്രാകാരം (Court of Priests), എന്നിവയായിരുന്നു.

**(1) ജാതികളുടെ പ്രാകാരം (Court of Gentiles) —** വിശുദ്ധസ്ഥലം അതിവിശുദ്ധസ്ഥലം എന്നിവ ഉൾപ്പെടുന്ന ഭാഗമാണ് ദൈവാലയം. അതു കഴിഞ്ഞ് ഏറ്റവും പുറത്തുള്ള ഭാഗമാണ് ജാതികളുടെ പ്രാകാരം. പുറജാതിക്കാർ ഇതിനപ്പുറം അകത്തേക്കു പ്രവേശിച്ചാൽ മരണശിക്ഷയുണ്ടാകും.

**(2) സ്ത്രീകളുടെ പ്രാകാരം (Court of Women) —** ജാതികളുടെ പ്രാകാരം കഴിഞ്ഞു ഉള്ളിലുള്ള ഭാഗമായ സ്ത്രീകളുടെ പ്രാകാരത്തിൽ യഹൂദാസ്ത്രീകൾക്കു മാത്രം പ്രവേശനം. അതിനപ്പുറത്തേക്കു സ്ത്രീകൾക്കു പ്രവേശനമില്ല.

**(3) യിസ്രായേലിന്റെ പ്രാകാരം (Court of Israel) —** സ്ത്രീകളുടെ പ്രാകാരത്തിനുള്ളിലായി സ്ഥിതിചെയ്യുന്ന യിസ്രായേലിന്റെ പ്രാകാരത്തിൽ യിസ്രായേൽ പുരുഷന്മാർക്കു പ്രവേശിക്കാം. അതിനപ്പുറം പുരോഹിതന്മാർക്കൊഴിച്ചു ആർക്കും പ്രവേശനമില്ല.

**(4) പുരോഹിതന്മാരുടെ പ്രാകാരം (Court of Priests) —** ഏറ്റവും ഉള്ളിലായി വിശുദ്ധസ്ഥലത്തോടു സമീപം പുരോഹിതന്മാരുടെ പ്രാകാരം. പുരോഹിതന്മാർക്കു മാത്രം ഇവിടെ പ്രവേശിക്കാം.

പ്രാകാരം അളക്കാതെ വിട്ടേക്ക എന്നത് പീഡനകാലത്ത് അന്തിക്രിസ്തുവിന്റെ സഹായത്തോടെ യഹൂദന്മാർ യെരൂശലേമിൽ പണിയപ്പെടുന്ന ദൈവാലയത്തിന്റെ പ്രാകാരമാണ്. ശലോമോന്റെ ദൈവാലയത്തിനും ഹെരോദാവിന്റെ ദൈവാലയത്തിനും ജാതികൾക്കുള്ള പ്രാകാരം ഉണ്ടായിരുന്നു. പീഡനകാലത്തു പണിയപ്പെടുന്ന ദൈവാലയവും ഇവയുടെ ഇതേ മാതൃകയിലായിരിക്കും. ആയതിനാൽ പുറജാതിക്കാർക്ക് പ്രത്യേക പ്രാകാരം ഇതിലുണ്ടായിരിക്കും. അന്ത്യകാലത്തു അഥവാ പീഡനകാലത്തു യെരൂശലേമിൽ ദൈവാലയം പണിയപ്പെടും എന്നതിന്റെ തെളിവാണ് യോഹന്നാനു ലഭിക്കുന്ന കല്പന. പീഡനകാലത്തെ ദൈവാലയത്തെക്കുറിച്ചു തിരുവചനത്തിൽ അനേക പരാമർശങ്ങളുണ്ട് (ദാനീ.9:27/ദാനീ11:45/ മത്താ.24:15/2.തെസ്സ.2:4). യിസ്രായേൽ ഒരു സ്വതന്ത്രരാഷ്ട്രമായിത്തീർന്നെങ്കിലും ദൈവാലയം പണിയുവാൻ അവർക്കു സാധിച്ചിട്ടില്ല. അവർ ദൈവാലയം പണിയുവാനുദ്ദേശിക്കുന്ന സ്ഥലത്ത് മുസ്ലീങ്ങളുടെ പള്ളി നിൽക്കുകയാണ്. എന്നാൽ യഹൂദന്റെ സംരക്ഷകനെന്ന വ്യാജേന പ്രത്യക്ഷപ്പെടുന്ന എതിർക്രിസ്തു യിസ്രായേലുമായി ഏഴു വർഷത്തെ ഉടമ്പടി ഉണ്ടാക്കും. ഇതിലൂടെ യിസ്രായേലിനു സമാധാനവും ആരാധനാസ്വാതന്ത്ര്യവും എതിർക്രിസ്തു വാഗ്ദാനം ചെയ്യും. ഉടമ്പടിയിലൂടെ യഹൂദൻ ദൈവാലയം പണിയുവാൻ ആഗ്രഹിക്കുന്ന സ്ഥലം എതിർക്രിസ്തുവിന്റെ സഹായത്തോടെ മുസ്ലീങ്ങളിൽ നിന്നു കൈവശപ്പെടുത്തി ദൈവാലയം നിർമ്മിക്കും. യെരൂശലേമിൽ പണിയപ്പെടുന്ന ദൈവാലയം പീഡനകാലമായ ഏഴു വർഷത്തിന്റെ ആരംഭനാളുകളിലായിരിക്കും. ദൈവാലയത്തിൽ പഴയനിയമകാലത്തെന്നവണ്ണം യാഗങ്ങൾ പുനരാരംഭിക്കും. മൂന്നരവർഷമാകുമ്പോൾ അതായത് മഹാപീഡനകാലത്തിന്റെ ആരംഭത്തിൽ എതിർക്രിസ്തു യിസ്രായേലുമായുള്ള ഉടമ്പടി ലംഘിക്കുകയും, യഹോവെക്കുള്ള യാഗങ്ങൾ നിർത്തലാക്കിയിട്ട് ദൈവാലയത്തിൽ സ്വന്തം പ്രതിമ സ്ഥാപിക്കുകയും ചെയ്യും (ദാനീ.9:27/2.തെസ്സ.2:3,4/മത്താ.24:15/വെളി.13:14). ഇതിനെ എതിർക്കുന്ന യെഹൂദനെ ഒന്നടങ്കം എതിർക്രിസ്തുവും കൂട്ടാളികളും ക്രൂരമായി പീഡിപ്പിക്കും(വെളി.13:15-17).

"ആലയത്തിന്നു പുറത്തുള്ള പ്രാകാരം അളക്കാതെ വിട്ടേക്ക; അതു ജാതികൾക്കു കൊടുത്തിരിക്കുന്നു; അവർ വിശുദ്ധനഗരത്തെ നാല്പത്തുരണ്ടു മാസം ചവിട്ടും" എന്നാണ് യോഹന്നാനു ലഭിച്ച കല്പന. അതായത് ദൈവാലയത്തിന്റെ പ്രാകാരത്തെ ദൈവം തള്ളിക്കളകയും അതു ജാതികൾക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു. ജാതികൾ അഥവാ എതിർക്രിസ്തുവിന്റെ കൂട്ടാളികൾ അവിടം കൈവശമാക്കി തങ്ങളുടെ ആധിപത്യം ഉറപ്പിച്ചു മ്ലേച്ഛത പ്രവർത്തിക്കും. വിശുദ്ധനഗരത്തെ നാല്പത്തുരണ്ടു മാസം അഥവാ 1260 ദിവസമടങ്ങുന്ന മൂന്നരവർഷം ചവിട്ടി മെതിക്കുകയും ചെയ്യും. വിശുദ്ധനഗരം എന്നത് തിരുവചനത്തിൽ യെരൂശലേമിനെ കുറിക്കുന്നു (നെഹെ.11:1,18/യെശ.48:2/യെശ.52:1/ദാനീ.9:24/മത്താ.4:5/മത്താ.27:53). ജാതികളുടെ അധീനതയിൽ വിശുദ്ധനഗരമായ യെരൂശലേം ചവിട്ടി മെതിക്കപ്പെ

ടുന്നത് കർത്താവും പറഞ്ഞിട്ടുണ്ട്. **ലൂക്കൊ.24:15 —** *"അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകലജാതികളിലേക്കും ബദ്ധരായി കൊണ്ടുപോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ യെരൂശലേം ചവിട്ടിക്കളകയും ചെയ്യും."* പുറജാതികളുടെ കാല്ക്കീഴാകുന്ന കാലം ദാനീയേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന എഴുപതാം ആഴ്ചവട്ടത്തിന്റെ അവസാനത്തെ പകുതിയാണ്. ഇതോടുകൂടി യെരൂശലേം സകലജാതികളുടെയും ശ്രദ്ധാവിഷയമായി അവർക്കെതിരായി കൂട്ടം കൂടും (സെഖ.12:2–4/14:2,12). പ്രാകാരം ജാതികൾക്കു കൊടുക്കുന്നതും, വിശുദ്ധനഗരമായ യെരൂശലേമിനെ ജാതികൾ ചവിട്ടാൻ അനുവദിക്കുന്നതും, യിസ്രായേലിനെ ജാതികൾ പീഡിപ്പിക്കുവാൻ അനുവദിക്കുന്നതും ദൈവത്തിന്റെ പ്രവർത്തനങ്ങളാണ്. യിസ്രായേലിനെ പീഡിപ്പിക്കുവാൻ അനുവദിച്ച ദൈവം തന്നെയാണ് പീഡകരെ ശിക്ഷിക്കുന്നതും എന്ന കാര്യം യിസ്രായേലിനോടുള്ള ദൈവത്തിന്റെ കരുതൽ വ്യക്തമാകുന്നു.

മഹാപീഡനകാലമായ 42 മാസങ്ങൾ അഥവാ 1260 ദിനങ്ങൾ ഭൂമിയിൽ ഏറ്റവും ഭയാജനകമായ ദിനങ്ങളായിരിക്കും. ജാതികളുടെകാലമായ നാല്പത്തുരണ്ടു (42) മാസങ്ങൾ കഴിയുന്നതോടെ (മൂന്നര വർഷം അഥവാ 1260 ദിവസങ്ങൾ) ക്രിസ്തു ഭൂമിയിലേക്കു വരും(വെളി.19:11–16). അന്തിക്രിസ്തുവിനെയും കൂട്ടരെയും തോൽപ്പിച്ചു നശിപ്പിക്കും (വെളി.19:17–21). അതിനുശേഷം സകലജാതികളെയും ന്യായം വിധിക്കുകയും (മത്താ.25:31–46), ഭൂമിയിൽ കർത്താവ് സഹസ്രാബ്ദവാഴ്ച ആരംഭിക്കുകയും ചെയ്യും (വെളി.20:1–10).

**വെളി.11:3 — "അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കും വരം നല്കും; അവർ രട്ടു ഉടുത്തും കൊണ്ടു ആയിരത്തിരുനൂറ്ററുപതു ദിവസം പ്രവചിക്കും."** (And I will give power to my two witnesses, and they will prophesy one thousand two hundred and sixty days, clothed in sackcloth)

ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുവാനും അപ്പോൾത്തന്നെ പുറത്തുള്ള പ്രാകാരത്തെ അളക്കാതെ വിട്ടേക്കുക എന്ന കല്പന യോഹന്നാനു ലഭിച്ചു. പീഡനകാലത്ത് ദൈവം തന്നിൽ ആശ്രയിക്കുന്നവരെ വിശേഷാൽ തന്റെ ജനമായ യിസ്രായേലിനെ സംരക്ഷിക്കുകയും കരുതുകയും ചെയ്യുന്നതിനെയാണ് അളന്നു വേർതിരിക്കുന്നതിലൂടെ മനസ്സിലാക്കുന്നത്. തുടർന്നു അവരുടെ രക്ഷക്കായി അവരോടു സുവിശേഷം അറിയിക്കുവാനായി രണ്ടു സാക്ഷികളെ അവരുടെ മദ്ധ്യേ അയക്കുന്നു. വെളി.11:15-ൽ ലോകരാജത്വം ക്രിസ്തുവിനു ആയിത്തീർന്നിരിക്കുന്നുവെന്ന പ്രഖ്യാപനം സ്വർഗ്ഗത്തിൽ ഉണ്ടാകുന്നു. ദൈവം തന്റെ നിർണ്ണായകമായ പ്രവർത്തനങ്ങൾ ഏതെങ്കിലും ആരംഭിക്കുന്നതിനു മുമ്പായി വഴി നിരത്തേണ്ടതിനു അഥവാ മുന്നോടിയായി ദൂതുവാഹകരെ അയക്കാറുണ്ട്. യേശുക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവിനു മുമ്പായി യോഹന്നാൻ സ്നാപകനെ അയച്ചു. പീഡനകാലയളവിൽ ലോകരാജത്വം ക്രിസ്തു ഏറ്റെടുക്കുന്നതിനു മുമ്പായി ആദ്യമായി സ്വർഗ്ഗത്തിൽ നിന്നു ബലവാനായ ദൂതനെയും ഇപ്പോൾ രണ്ടു സാക്ഷികളെയും അയക്കുന്നത് വഴി നിരത്തുന്ന പ്രക്രീയയായി കണക്കാക്കാം.

**അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കും വരം നല്കും** (And I will give power to my two witnesses )**—**

അന്നു എന്നാൽ ജാതികൾ വിശുദ്ധനഗരമായ യെരൂശലേമിനെ ചവിട്ടി മെതിക്കുന്ന കാലയളവിൽ എന്നാണ്. അതായത് ഏഴുവർഷ പീഡനകാലത്തിന്റെ മദ്ധ്യേ ആരംഭിക്കുന്ന 42 മാസം അഥവാ 1260 ദിവസം (42 x 30) ഉൾക്കൊള്ളുന്ന മൂന്നരവർഷ മഹാപീഡനകാലത്തിന്റെ ആരംഭത്തിൽ എന്നർത്ഥം. ദൈവത്തിന്റെ സകലപ്രവർത്തനങ്ങൾക്കും അതു പീഡനകാലത്തിലാണെങ്കിൽ പോലും ദൈവത്തിന്റെ സാക്ഷികൾ ഉണ്ടായിരിക്കും എന്നത് ഏറ്റവും ശ്രദ്ധേയമാണ്. സാക്ഷികളുടെ വരവ്, അവരെ അധികാരപ്പെടുത്തുന്നത്, അവരുടെ ശുശ്രൂഷ, അവരുടെ പ്രത്യേകതകൾ എന്നിവയെല്ലാം യോഹന്നാൻ സ്വർഗ്ഗത്തിൽ നിന്നും കേൾക്കുകയാണ്. എന്റെ രണ്ടു സാക്ഷികൾ എന്നു അവരെക്കുറിച്ചു പറഞ്ഞിരിക്കുന്നതിനാൽ യോഹന്നാൻ കേട്ട ശബ്ദം കർത്താവിന്റേതു തന്നെയായിരുന്നുവെന്നതിൽ സംശയം വേണ്ട. സാക്ഷികളെ അയക്കുന്നതും അവരുടെ പ്രവർത്തനത്തിനായി വരം അഥവാ ശക്തി നൽകുന്നതും കർത്താവാണ്. അവരുടെ പ്രവർത്തന കാലയളവ് 1260 ദിവസമായിരിക്കും. പ്രവചനം അഥവാ ദൈവത്തിന്റെ ദൂത് അവരോടു അറിയിക്കുക എന്നതാണ് സാക്ഷികളുടെ ദൗത്യം. അവരുടെ ഭൂമിയിലുള്ള പ്രവർത്തന വിജയത്തിനാണ് കർത്താവ് അവർക്കു ശക്തി നൽകുന്നത്.

സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടതിനു ശേഷവും ഭൂമിയിലുള്ള ശേഷിപ്പിനോടുള്ള ദൈവത്തിന്റെ കരുണയും മാറ്റമില്ലാത്ത ദൈവത്തിന്റെ സ്വഭാവസവിശേഷതകളും അയക്കപ്പെട്ട സാക്ഷികളോടുള്ള ബന്ധത്തിലും അവരുടെ ശുശ്രൂഷകളോടുള്ള ബന്ധത്തിലും പ്രകടമാകുന്നു. ദൈവം തന്റെ പ്രവൃത്തികളൊക്കെ ഒരു വീഴ്ചയുമില്ലാതെ എത്ര കൃത്യതയോടെ ഇവിടെയും നടത്തുന്നുവെന്നതിനെ ഇതോടനുബന്ധത്തിൽ കാണാം —

> ദൈവത്തിന്റെ സുപ്രധാനമായ ഏതൊരു പ്രവർത്തനത്തിനു മുമ്പും മുന്നമേ സാക്ഷികളെ

അയക്കുന്നുവെന്നത് (യെശ.40:3/മലാ.3:1/മലാ.4:5/മത്താ.3:3/യോഹ.1:23) ഇവിടെയും രണ്ടു സാക്ഷികളെ അയക്കുന്നതിലൂടെ കാണുന്നു.

> ന്യായവിധി നടത്തുന്നതിനു മുമ്പു ദുഷ്ടനെ നേർവഴിയിലേക്കു നടത്തുവാനുള്ള സന്ദേശം അറിയിക്കുന്നത് പീഡനകാലത്തും ദൈവം ഒരുക്കുന്നു.

> ന്യായപ്രമാണപ്രകാരം തീർപ്പുകല്പിക്കുന്നത് രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിലായിരുന്നു (സംഖ്യാ.35:30/ആവ.17:6/ആവ.19:15). "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" എന്ന കർത്താവിന്റെ സാക്ഷ്യത്തെ എതിർത്ത പരീശന്മാരോടു ന്യായപ്രമാണപ്രകാരമുള്ള ഇരു സാക്ഷ്യത്തിന്റെ പ്രമാണത്തെ കർത്താവ് വിശദീകരിച്ചു (യോഹ.8:17). സഹോദരൻ തെറ്റു ചെയ്താൽ രണ്ടു മൂന്നു സാക്ഷികളുടെ സാന്നിദ്ധ്യത്തിലായിരിക്കണം തീർപ്പു കല്പിക്കേണ്ടതെന്നു കർത്താവു പറഞ്ഞിട്ടുണ്ട് (മത്താ.18:16). കർത്താവു തന്റെ ശിഷ്യന്മാരെ ശുശ്രൂഷക്കായി അയച്ചത് ഈരണ്ടായാണ് (മർക്കൊ.6:7/ലൂക്കൊ.10:1). അപ്പൊസ്തലന്മാരുടെ കാലത്ത് ദൈവവേലക്കായി ഇരുവരെ വേർതിരിച്ചയച്ചതായി കാണുന്നു (അപ്പൊ.13:2/അപ്പൊ.15:39,40). "*രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴിയാൽ ഏതു കാര്യവും ഉറപ്പാകും*" എന്ന ന്യായപ്രമാണവ്യവസ്ഥ പൗലൊസ് ഉദ്ധരിച്ചിരിക്കുന്നു (2.കൊരി.13:1). "*രണ്ടു മൂന്നു സാക്ഷികൾ മുഖേനയല്ലാതെ ഒരു മൂപ്പന്റെ നേരെ അന്യായം എടുക്കരുതു*" എന്നു തിമൊഥെയൊസിന്റെ ലേഖനത്തിൽ എഴുതിയിരിക്കുന്നു (1.തിമൊ.5:19). "*മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവന്നു കരുണ കൂടാതെ രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴി കേട്ടു മരണശിക്ഷ കല്പിക്കുന്നുവല്ലോ*" എന്നു എബ്രായലേഖനത്തിൽ കാണുന്നു (എബ്രാ.10:28). ആയതുപോലെ പീഡനാകാലത്തെ പ്രവചനശുശ്രൂഷകൾക്കായി കർത്താവ് രണ്ടു സാക്ഷികളെയാണ് അയക്കുന്നതെന്ന കാര്യവും ശ്രദ്ധേയമാണ്.

**രണ്ടു സാക്ഷികൾ —**

മഹാപീഡനകാലത്ത് ഭൂമിയിലെ ദൈവത്തിന്റെ പ്രവർത്തനങ്ങൾക്കായി വരം നൽകി അയക്കപ്പെടുന്ന രണ്ടു സാക്ഷികൾ ആരാണെന്നും അവർ എവിടെ നിന്നു വരുന്നുവെന്നും തിരുവചനത്തിൽ പറഞ്ഞിട്ടില്ല. എന്നാൽ അവരുടെ പ്രത്യേകത, പ്രവർത്തനരീതി, പ്രവർത്തനകാലാവധി, അധികാരം, ശുശ്രൂഷയിലെ വിജയം, അവരുടെ അന്ത്യം എന്നിത്യാദി കാര്യങ്ങൾക്കു വിശദീകരണം ലഭിക്കുന്നുണ്ട്. അവർ ആരാണെന്നു തിരുവചനത്തിൽ വ്യക്തമായി പറഞ്ഞിട്ടില്ലാത്തതിനാൽ അവരുടെ ശുശ്രൂഷകളെയും അവരുടെ പ്രത്യേകതകളെയും അടിസ്ഥാനപ്പെടുത്തി ബൈബിൾ പഠിതാക്കളുടെ ഇടയിൽ വിവിധ അഭിപ്രായങ്ങളുണ്ട്. അപ്പോൾത്തന്നെ ഈ രണ്ടു സാക്ഷികൾക്കു വ്യക്തിത്വം നൽകിയും അല്ലാതെയും ചിന്തിക്കുന്നുമുണ്ട്.

**രണ്ടു സാക്ഷികൾ പ്രതിരൂപങ്ങളായി ആലങ്കാരികഭാഷാപ്രയോഗമെന്ന നിലയിൽ —**

> പഴയനിയമവും പുതിയനിയമവും (Old Testament & New Testament)
> യിസ്രായേലും ദൈവവചനവും (Israel & Word of God)
> യിസ്രായേലും സഭയും (Israel & Church)
> ന്യായപ്രമാണവും പ്രവാചകന്മാരും (Law & Prophets)
> ന്യായപ്രമാണവും സുവിശേഷവും (Law & Gospel)

രണ്ടു സാക്ഷികൾ എന്നതിനു ആളത്വം കൊടുത്തു പറഞ്ഞിരിക്കുന്നതിനാൽ പ്രതിരൂപങ്ങളായി ഇപ്രകാരം ചിന്തിക്കുന്നത് ശരിയല്ല. എന്റെ രണ്ടു സാക്ഷികൾ, അവർക്കു വരം നൽകും, അവർ രട്ടുടുത്തുകൊണ്ടു പ്രവചിക്കും (വെളി.11:3), അവരുടെ വായിൽ നിന്നു തീ പുറപ്പെട്ടു ശത്രുക്കളെ ദഹിപ്പിച്ചുകളയും (വെളി.11:5), അവരുടെ പ്രവചനകാലത്തു മഴ പെയ്യിക്കാതിരിക്കാനുള്ള അധികാരം, വെള്ളത്തെ രക്തമാക്കുവാനുള്ള ശക്തി, ഭൂമിയിൽ അവരുടെ ഹിതപ്രകാരം ബാധകളെ അയക്കുവാനുള്ള കഴിവ് (വെളി.11:6), അവർ പടവെട്ടുന്നത്, അവരുടെ മരണം (വെളി.11:7), തെരുവീഥിയിൽ അവരുടെ ശവം കിടക്കുന്നത് (വെളി.11:11), ജീവൻ വീണ്ടും ലഭിച്ചു കാൽ ഊന്നി നിൽക്കുന്നത്, അവരുടെ സ്വർഗ്ഗാരോഹണം (വെളി.11:11,12) എന്നിവയെല്ലാം അവർ മർത്യശരീരങ്ങളുള്ള രണ്ടു വ്യക്തികളാണെന്നതിനെ വെളിപ്പെടുത്തുന്നു.

**രണ്ടു സാക്ഷികൾ വ്യക്തികളെന്ന നിലയിൽ —**

> രണ്ടു ദൈവദൂതന്മാർ (Two Angels of God)
> മുദ്രയിട്ടു വേർതിരിച്ച 1,44,000 പേരിൽ രണ്ടു പേർ (Two from 140000 sealedones)
> ഏലീയാവും യോഹന്നാൻ സ്നാപകനും (Elijah & John Baptist)
> ഹാനോക്കും ഏലീയാവും (Enoch & Elijah)
> മോശെയും ഏലീയാവും (Moses & Elijah)
> മോശെയുടെയും ഏലിയാവിന്റെയും ആത്മാവോടെ വന്ന സാക്ഷികൾ
(Two witnesses came with the spirit of Moses & Elijah)

**(1) രണ്ടു ദൈവദൂതന്മാർ —**

ഇവിടെ രംഗപ്രവേശനം ചെയ്യുന്ന രണ്ടു സാക്ഷികളും 1260 ദിവസം ഭൂമിയിൽ ദൈവത്തിന്റെ പ്രവചനം അഥവാ ദൂതു അറിയിക്കുയകയാണ് ഇരുവരുടെയും ദൗത്യം. ദൂതന്മാർ ദൈവത്തിന്റെ ദൂതു വാഹികളും ദൈവമക്കളുടെ സേവാകാത്മാക്കളുമാണ്. ദൈവത്തിന്റെ ദൂതുകൾ അഥവാ ചെറിയ സന്ദേശങ്ങൾ അറിയിക്കുവാൻ ദൂതന്മാരെ വിവിധ സന്ദർഭങ്ങളിൽ ഭരമേൽപ്പിച്ചിട്ടുണ്ടെങ്കിലും രക്ഷണ്യസുവിശേഷമുൾപ്പെടെയുള്ള ദൈവത്തിന്റെ ദൂതുകൾ അറിയിക്കുവാൻ ദൂതന്മാരെ ഉപയോഗിച്ചിട്ടില്ല. സുവിശേഷദൂതുകൾ അറിയിക്കുവാൻ മനുഷ്യരെയാണ് ദൈവം ഉപയോഗിക്കുന്നത്. നിങ്ങൾ എന്റെ സാക്ഷികൾ എന്നു ശിഷ്യഗണത്തോടു കർത്താവു പറഞ്ഞിട്ടുണ്ട്. ദൈവമക്കൾ ദൈവത്തിന്റെ സാക്ഷികളാണ്. അതുകൊണ്ടാണ് അവരെ എന്റെ സാക്ഷികൾ എന്നു വിളിക്കുന്നതും പീഡനകാലത്ത് സുവിശേഷമടങ്ങുന്ന ദൈവദൂതുകൾ അറിയിക്കുവാൻ ഉപയോഗിക്കുന്നതും. ആയതിനാൽ ഇവിടെ ശുശ്രൂഷക്കായി വരുന്നവർ ഇരുവരും സ്വർഗ്ഗത്തിൽ നിന്നയക്കപ്പെട്ട ദൈവദൂതന്മാർ എന്നു ചിന്തിക്കുവാൻ കഴിയുകയില്ല. അവർ മർത്യശരീരമുള്ള രണ്ടു വ്യക്തികൾ തന്നെയാണ്.

**(2) മുദ്രയിട്ടു വേർതിരിച്ച 1,44,000 പേരിൽ രണ്ടു പേർ —**

മഹാപീഡനകാലത്ത് ഭൂമിയിലെ പ്രവർത്തനങ്ങൾക്കായി ദൈവം അയക്കുന്ന രണ്ടു സാക്ഷികൾ 144000 പേരിൽ നിന്നുള്ള രണ്ടുപേരാണെന്നാണ് മറ്റൊരഭിപ്രായം. ആറാമത്തെ മുദ്ര പൊട്ടിച്ചതിനുശേഷവും ഏഴാമത്തെ മുദ്ര പൊട്ടിക്കുന്നതിനു മുമ്പായുമുള്ള ഇടവേളയിൽ ദൈവം യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു പന്തീരായിരം വീതം 144000 പേരെ നെറ്റിയിൽ മുദ്രയിട്ടു വേർതിരിക്കുന്നു (വെളി.7:2-8). അവർ വിശ്വസ്തർ എന്ന നിലയിൽ സകല കഷ്ടതകളും സഹിച്ച് അന്തിക്രിസ്തുവിന്റെ വാഴ്ചയായ പീഡനകാലത്ത് ദൈവഭാഗത്തു നിൽക്കുന്ന സാക്ഷികളാണ്. മഹാപീഡനകാലത്ത് പ്രത്യക്ഷപ്പെടുന്ന ഇരു സാക്ഷികളും ഒരു പക്ഷേ ദൈവം മുദ്രയിട്ടു സംരക്ഷിച്ച 14400 പേരിൽ ഉൾപ്പെട്ടവരായിരിക്കാം. അവർ തങ്ങളുടെ സ്വന്തജനത്തിനു മുമ്പാകെ സാക്ഷികളായി ദൈവം എഴുന്നേൽപ്പിച്ചവരായിരിക്കാം. എന്നാൽ ഇരു സാക്ഷികളും 144000 പേരിൽ ഉൾപ്പെട്ടവരാണെന്നു വചനത്തിൽ പറഞ്ഞിട്ടില്ലായ്കയാൽ ഇരു സാക്ഷികളും അവരിൽ നിന്നു തന്നേയെന്ന ഉറച്ച നിഗമനത്തിലെത്തുന്നത് ഉചിതമല്ല. കൂടാതെ ഈ രണ്ടു സാക്ഷികളുടെ ശുശ്രൂഷയാലാണ് 144000 പേർ മാനസാന്തരത്താൽ മുദ്രയിടപ്പെടുന്നതും സംരക്ഷിക്കപ്പെടുന്നതെന്നും അഭിപ്രായവുമുണ്ട്.

**(3) ഏലീയാവും യോഹന്നാൻ സ്നാപകനും —**

ഇവിടെ പറയുന്ന രണ്ടു സാക്ഷികൾ ഏലീയാവും യോഹന്നാൻ സ്നാപകനും ആണെന്നു ചിലർ അഭിപ്രായപ്പെടുന്നു. മലാഖിപ്രവചനത്തിൽ അന്ത്യകാലത്തു ഏലീയാപ്രവാചകനെ അയക്കുമെന്നും അവൻ വന്നു അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും എന്നു പറഞ്ഞിട്ടുണ്ട്. **മലാ.4:5,6 —** *"യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിന്നു മുമ്പെ ഞാൻ നിങ്ങൾക്കു ഏലീയാപ്രവാചകനെ അയക്കും. ഞാൻ വന്നു ഭൂമിയെ സംഹാര ശപഥംകൊണ്ടു ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന്നു അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും."* ഇതിനു പുറമേ, സാക്ഷികളുടെ പ്രവചനകാലത്ത് മഴപെയ്യാതവണ്ണം ആകാശത്തെ അടച്ചുകളയുവാൻ അവർക്കു അധികാരമുണ്ടെന്നുള്ള പ്രസ്താവനയുംകൂടി ചേർത്തു ചിന്തിച്ചാൽ ഒരു സാക്ഷി ഏലീയാവായിരിക്കാം. എന്നാൽ യോഹന്നാൻ സ്നാപകൻ ക്രിസ്തുവിന്റെ മുന്നോടിയായിട്ടാണ് വരുന്നത്. ഏലീയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും (ലൂക്കൊ.1:17) എന്നു യോഹന്നാന്റെ ജനനത്തോടനുബന്ധിച്ചു അരുളപ്പാടുണ്ടായെങ്കിലും താൻ ഏലീയാവല്ലെന്നു (യോഹ.1:21) യോഹന്നാൻ പറഞ്ഞിട്ടുണ്ട്. ആകയാൽ സാക്ഷികളായ ഇരുവരിൽ ഒരാൾ ഏലീയാപ്രവാചകനായി ചിന്തിക്കാമെങ്കിലും മറ്റേയാൾ യോഹന്നാൻ സ്നാപകനല്ല. യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പുള്ള പീഡനകാലത്തിൽ യോഹന്നാൻ സ്നാപകൻ വീണ്ടും വരും എന്നു ചിന്തിക്കാൻ കഴിയുകയില്ല.

**(4) ഹാനോക്കും ഏലീയാവും —**

ഹാനോക്കും ഏലീയാവും പ്രവാചന്മാരെന്ന നിലയിൽ പീഡനകാലത്തെ ശുശ്രൂഷക്കായി വരുന്ന ഇരു സാക്ഷികളും ഹാനോക്കും ഏലീയാവും ആണെന്നു അഭിപ്രായമുണ്ട്. യിസ്രായേൽ ഭരിച്ചിരുന്ന മഹാദുഷ്ടനായ ആഹാബ് രാജാവിന്റെ കാലത്തായിരുന്നു പ്രവാചകനായ ഏലീയാവ് രംഗപ്രവേശനം ചെയ്യുന്നത് (1.രാജാ.17). എന്നാൽ ഹാനോക്കാകട്ടെ അബ്രഹാമിനു അനേകവർഷങ്ങൾക്കു മുമ്പു ഭൂമിയിൽ ജീവിച്ചവനും ദൈവത്തോടൊപ്പം നടന്നവനുമായിരുന്നു. ഹാനോക്കു പ്രവാചകനായിരുന്നുവെന്നു യൂദായുടെ ലേഖനത്തിൽ കാണുന്നു (യൂദാ.14,15). മഹാപീഡനകാലത്തെ ഇരുസാക്ഷികളുടെ ശുശ്രൂഷ പ്രവചനമായതിനാൽ ഹാനോക്കും ഏലീയാവും തന്നെയെന്നു അഭിപ്രായപ്പെടുന്നു.

ഹാനോക്കും ഏലീയാവും മരണം കാണാതെ എടുക്കപ്പെട്ടവരാകയാൽ ഇവരാണ് മഹാപീഡനകാലത്ത് പ്രത്യക്ഷപ്പെടുന്ന സാക്ഷികളെന്നു അനേകർ അഭിപ്രായപ്പെടുന്നു. അഗ്നിരഥവും അഗ്ന്യശ്വങ്ങളും വന്നു ഏലീയാവിനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു എടുത്തു(2.രാജാ.2:11). ദൈവത്തോടു

കൂടെ നടന്ന ഹാനോക്കിനെ ദൈവം സ്വർഗ്ഗത്തിലേക്കെടുത്തു (ഉല്പ.5:24). *"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ….. "* (എബ്രാ.9:27) എന്നത് ദൈവീകപ്രമാണമായതിനാൽ ഏലീയാവും ഹാനോക്കും മരിക്കാനായിട്ടാണ് ഭൂമിയിലേക്കു വന്നതെന്നഭിപ്രായപ്പെടുന്നു. എന്നാൽ ഭൂമിയിൽ ജനിച്ചവരെല്ലാം നിശ്ചയമായി മരിക്കും എന്ന പ്രമാണത്തിനു ഒരപവാദമുണ്ട്. അതു കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിൽ ജീവിച്ചിരിക്കുന്നവർ മരണം കാണാതെ എടുക്കപ്പെടുമെന്നുള്ളതാണ് (1.കൊരി.15:52/1.തെസ്സ.4:16-18). ആകയാൽ ഭൂമിയിൽ നിന്നു മരണമില്ലാതെ എടുക്കപ്പെട്ടവരെന്ന നിലയിൽ ഏലീയാവും ഹാനോക്കും ഭൂമിയിലേക്കു തിരികെവന്നു മരിക്കേണ്ട ആവശ്യമില്ല.

ആകയാൽ പ്രവചനശുശ്രൂഷ നടത്തുവാൻ വരുന്ന ഇരുവരും പ്രവാചകന്മാരെന്ന നിലയിൽ അവരെ പരിഗണിക്കാമെങ്കിലും, മരണം കാണാതെ എടുക്കപ്പെട്ടവരാകയാൽ മരിക്കുവാനായി ഭൂമിയിലേക്കു വരുന്നവരെന്ന നിലയിൽ ഏലീയാവിനെയും ഹാനോക്കിനെയും പരിഗണിക്കുവാൻ കഴിയുകയില്ല. എന്നാൽ സാക്ഷികളായ ഇരുവരുടെയും പ്രവചനകാലത്തെ പ്രവർത്തങ്ങളോടനുബന്ധത്തിൽ *"മഴ പെയ്യാതവണ്ണം ആകാശം അടച്ചുകളയുവാൻ അവർക്കു അധികാരം ഉണ്ട് "*എന്ന പ്രസ്താവന (വെളി.11:6) ഏലീയാപ്രവാചകന്റെ അധികാരത്തോടു യോജിക്കുന്നു.

**(5) മോശെയും ഏലീയാവും —**

മഹാപീഡനകാലത്തെ ശുശ്രൂഷക്കായി ഇവിടെ അയക്കപ്പെടുന്ന രണ്ടു സാക്ഷികൾ മോശെയും ഏലീയാവും ആയിരിക്കാമെന്നാണ് മറ്റൊരഭിപ്രായം. ബൈബിൾ പഠിതാക്കൾ ഏറെയും ഈ അഭിപ്രായത്തോടു യോജിക്കുന്നു. അവരുടെ പ്രവർത്തനങ്ങളെയും അവർക്കു ലഭിക്കുന്ന അധികാരങ്ങളെയും വിശദീകരിക്കുന്ന 11-ാം അദ്ധ്യായത്തിലെ തുടർന്നുള്ള വാക്യങ്ങൾ സാക്ഷികൾ ഇരുവരും മോശെയും ഏലീയാവും ആയിരിക്കാമെന്നതിലേക്കു വിരൽ ചൂണ്ടുന്നു. അതായത് മോശെയും ഏലീയാവും ഭൂമിയിൽ ജീവിച്ചിരുന്ന വേളയിലെ സംഭവങ്ങളോടും അവരുടെ പ്രവർത്തനങ്ങളോടും പീഡനകാലത്തിലെ ഇരു സാക്ഷികളുടെ പ്രവർത്തനവുമായി യോജിച്ചു വരുന്നു. സാക്ഷികൾ മോശെയും ഏലീയാവും ആണെന്ന അഭിപ്രായത്തിനുള്ള കാരണങ്ങൾ നോക്കാം —

> 1 — വിശുദ്ധനഗരത്തെ ജാതികൾ 42 മാസം ചവിട്ടി മെതിക്കുകയും അന്നു രണ്ടു സാക്ഷികൾ 1260 ദിവസം പ്രവചിക്കുകയും ചെയ്യുമെന്നു പറഞ്ഞിരിക്കുന്നു (വെളി.11:2,3). അതായത് സാക്ഷികൾ ഇരുവരും പ്രവാചകന്മാരായിരുന്നു (വെളി.11:3,6). മോശെയും ഏലീയാവും പ്രവാചകന്മാരാകയാൽ ഇവരായിരിക്കും പ്രവചനദൗത്യം നിറവേറ്റുന്നതെന്നു ചിന്തിക്കാം.

> 2 — മലാഖിപ്രവചനത്തിൽ പ്രവാചകന്മാരായ മോശെയെയും ഏലീയാവിനെയും കുറിച്ചു ഒരുമിച്ചു പറഞ്ഞിട്ടുണ്ട്. **മലാ.4:4 -6 —** *" ഞാൻ ഹോരേബിൽവെച്ചു എല്ലാ യിസ്രായേലിന്നും വേണ്ടി* ***എന്റെ ദാസനായ മോശെയോടു*** *കല്പിച്ചിരിക്കുന്ന ന്യായപ്രമാണവും ചട്ടങ്ങളും വിധികളും ഓർത്തുകൊൾവിൻ. യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിന്നു മുമ്പെ ഞാൻ നിങ്ങൾക്കു* ***ഏലീയാപ്രവാചകനെ അയക്കും.*** *ഞാൻ വന്നു ഭൂമിയെ സംഹാര ശപഥംകൊണ്ടു ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന്നു അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും."*

> 3 — യേശുക്രിസ്തു മറുരൂപമലയിൽ രൂപാന്തരപ്പെട്ട സമയത്ത് മോശെയും ഏലീയാവും പ്രത്യക്ഷരായി. അവർ യേശുവിനോടു സംസാരിക്കുന്നതായി പത്രൊസ്, യാക്കോബ്, യോഹന്നാൻ എന്നീ ശിഷ്യന്മാർ കണ്ടു. **മത്താ.17:1-3 —** *"ആറു ദിവസം കഴിഞ്ഞശേഷം യേശു പത്രൊസിനെയും യാക്കോബിനെയും അവന്റെ സഹോദരനായ യോഹന്നാനെയും കൂട്ടി തനിച്ചു ഒരു ഉയർന്ന മലയിലേക്കു കൊണ്ടുപോയി, അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു അവന്റെ വസ്ത്രം വെളിച്ചംപോലെ വെള്ളയായി തീർന്നു. മോശെയും ഏലീയാവും അവനോടു സംഭാഷിക്കുന്നതായി അവർ കണ്ടു."* **മർക്കൊ.9:4 —** *"അപ്പോൾ ഏലീയാവും മോശെയും അവർക്കു പ്രത്യക്ഷമായി യേശുവിനോടു സംഭാഷിച്ചുകൊണ്ടിരുന്നു."*

> 4 — മോശെ ന്യായപ്രമാണദാതാവും ഏലീയാവ് പ്രവാചകന്മാരിൽ ശ്രേഷ്ടനും ആണ്. യിസ്രായേലിന്റെ ചരിത്രത്തിൽ പ്രമുഖസ്ഥാനം വഹിച്ച ഇരുവരും അന്ത്യകാലത്ത് യിസ്രായേലിനോടുള്ള ബന്ധത്തിൽ വീണ്ടും രംഗപ്രവേശനം ചെയ്യുന്നത് അവഗണിക്കാനാവുന്നതല്ല.

> 5 — മോശെയെപ്പോലെ ഒരു പ്രവാചകനെ ദൈവം എഴുന്നേൽപ്പിക്കുമെന്നുള്ള വാഗ്ദത്തം സാക്ഷികൾ ഒരാൾ മോശെയെന്നു കരുതുന്നു. **ആവ.18:15 —** *"നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്നു എഴുന്നേൽപ്പിച്ചുതരും; അവന്റെ വചനം നിങ്ങൾ കേൾക്കണം."* അന്ത്യകാലത്ത് ദൈവം എഴുന്നേൽപ്പിക്കുന്ന പ്രവാചകന്മാരിൽ ഒരുവൻ മോശെയായിരിക്കാം എന്നഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ആവ.18:15-19 വരെയുള്ള ഭാഗങ്ങൾ മോശെയെപ്പോലൊരു പ്രവാചകൻ എന്നത് കർത്താവായ യേശുക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത് (അപ്പൊ.3:22,23/അപ്പൊ.7:37).

> 6 — മഹാപീഡനകാലത്തു പ്രവചനശുശ്രൂഷക്കായി വരുന്ന രണ്ടു സാക്ഷികളുടെ പ്രവർത്തന

ങ്ങളും, മോശെയുടെയും ഏലീയാവിന്റെ ജീവകാലത്തുള്ള പ്രവർത്തനങ്ങളും അത്ഭുതങ്ങളും തമ്മിൽ സാമ്യമുണ്ട്.

* മിസ്രയീമ്യരെയും ഫറവോനെയും മോശെ പത്തു ബാധകളാൽ ദണ്ഡിപ്പിച്ചതിൽ ഒന്നാമത്തേത് വെള്ളത്തെ രക്തമാക്കി തീർക്കുന്നതായിരുന്നു (പുറ.7:20/8:6/8:17/8:24/9:6/9:10/9:24/10:14/10:22/12:29). വെളി.11:6 — *"വെള്ളത്തെ രക്തമാക്കുവാനും ഇച്ഛിക്കുമ്പോഴൊക്കെയും സകലബാധകൊണ്ടും ഭൂമിയെ ദണ്ഡിപ്പിപ്പാനും അധികാരം ഉണ്ടു"* എന്ന വാക്യത്തിലെ അത്ഭുതമാർന്നപ്രവർത്തനം മോശെയുടെ പ്രവർത്തനത്തോടു യോജിക്കുന്നു.

* ഏലീയാവിനെ കൊല്ലുവാൻ അഹസ്യാരാജാവിന്റെ കല്പനപ്രകാരം അയച്ച 102 പേരെ ആകാശത്തുനിന്നു തീ ഇറക്കി ഏലീയാവു ദഹിപ്പിച്ചു (2.രാജാ.1:10–12). ആഹാബ്‌രാജാവിന്റെ കാലത്ത് ഏലീയാവ് ആകാശത്തു നിന്നു തീ ഇറക്കുകയും (1.രാജാ.18:37,38), മഴ പെയ്യാതവണ്ണം ആകാശത്തെ അടക്കുകയും ചെയ്തു(1.രാജാ.17:1/യാക്കോ.5:17,18). *"അവരുടെ പ്രവചനകാലത്തു മഴപെയ്യാതവണ്ണം ആകാശം അടെച്ചുകളവാൻ അവർക്കു അധികാരം ഉണ്ടു"* (വെളി.11:6) എന്ന വാക്യത്തിലെ അധികാരം ഏലീയാപ്രവാചകന്റെ അധികാരത്തോടു യോജിക്കുന്നു.

**(6) മോശെയുടെയും ഏലിയാവിന്റെയും ആത്മാവോടെ വന്ന സാക്ഷികൾ —**

മഹാപീഡനകാലത്തെ പ്രവർത്തനങ്ങൾക്കായി ദൈവം അധികാരം നൽകി എഴുന്നേൽപ്പിക്കുന്ന രണ്ടു സാക്ഷികൾ ഏതെങ്കിലും പ്രതിരൂപങ്ങളോ മുൻകാലങ്ങളിൽ ജീവിച്ചിരുന്ന ഏതെങ്കിലും വ്യക്തികളോ അല്ല എന്നു അഭിപ്രായപ്പെടുന്നവരുണ്ട്. സാക്ഷികൾ ഇരുവരും പീഡനകാലത്തു ഭൂമിയിൽ ജീവിച്ചിരിക്കുന്നവരും, മോശെയുടെയും ഏലീയാവിന്റെയും ആത്മാവോടും ശക്തിയോടും അധികാരത്തോടും കൂടി ദൈവം അയക്കുന്നവരാണെന്നും കരുതുന്നു. അതായത് മോശെയെയോ ഏലീയാവിനെയോ, ഏലീയാവിനെയോ ഹാനോക്കിനെയോ, മുൻകാലങ്ങളിൽ ജീവിച്ചു സ്വർഗ്ഗത്തിലേക്കു മാറ്റപ്പെട്ട ആരെയെങ്കിലുമോ ജീവൻ നൽകി ഭൂമിയിലേക്കു വിടുന്നതല്ല. "*അന്നു* (പീഡനകാലത്ത്) *ഞാൻ എന്റെ രണ്ടു സാക്ഷികൾക്കും വരം നൽകും"* എന്നു പറഞ്ഞിരിക്കുന്നതിനാൽ മുൻകാലങ്ങളിൽ അധികാരം ലഭിച്ചവർ മാത്രം ആയിരിക്കണമെന്നില്ല എന്നതാണ് ഈ നിഗമനത്തിന്റെ അടിസ്ഥാനം.

അന്നു കർത്താവു അയക്കുന്ന രണ്ടു സാക്ഷികൾ ആരാണെന്നു ദൈവവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ അവരുടെ ശുശ്രൂഷയും, പ്രവർത്തനരീതിയും, അധികാരവും കണക്കിലെടുത്തു അനേക നിഗമനങ്ങൾ വേദപഠിതാക്കളുടെ മദ്ധ്യേയുണ്ട്. മോശെയും ഏലീയാവും ആയിരിക്കാമെന്നു പൊതുവേ അഭിപ്രായപ്പെടുന്നു. അവരാരാണെന്നു തിരുവചനത്തിലൂടെ വെളിപ്പെടുത്തി കിട്ടാത്തതിനാൽ ഒരു ഉറച്ച നിഗമനത്തിലെത്തിച്ചേരുവാനും പാടില്ല. ഒരു പക്ഷേ മോശെയും ഏലീയവും അല്ലെങ്കിൽ മോശെയുടെയും ഏലീയാവിന്റെയും ആത്മാവിനോടും ശക്തിയോടും കൂടി വെളിപ്പെടുന്ന രണ്ടുപേരായിരിക്കാം. ദൈവം സർവ്വശക്തനാകയാൽ തന്റെ ശുശ്രൂഷകൾക്കായി ഭൂമിയുള്ളവരെയോ, ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കു മാറ്റപ്പെട്ടവരെയോ അയക്കുവാൻ ദൈവം പ്രാപ്തനാണെന്ന കാര്യം നമുക്കു ഓർക്കാം.

"അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കു വരം നൽകും" എന്ന കർത്താവിന്റെ പ്രസ്താവന മറ്റു ചില ആത്മീകസത്യങ്ങളിലേക്കും വിരൽ ചൂണ്ടുന്നു. അവർ ഭൂമിയിൽ അയക്കപ്പെട്ടത് കർത്താവിന്റെ വേലക്കാണ്. അവർ കർത്താവിന്റെ വക എന്നുള്ളതിനെയാണ് എന്റെ സാക്ഷികൾ എന്ന പ്രസ്താവന കുറിക്കുന്നത്. അവർക്കു വരം അഥവാ ശക്തി നൽകുന്നത് ഭൂമിയിലുള്ള കർത്താവിന്റെ ശുശ്രൂഷകൾ വിജയകരമായി നിറവേറ്റുന്നതിനാണ്. ഇക്കാലത്തും നമ്മോടുള്ള ബന്ധത്തിൽ ചിന്തിച്ചാലും നാമും ലോകത്തിൽ കർത്താവിന്റെ സാക്ഷികളാണ്. കർത്താവിന്റെ സാക്ഷികൾ എന്ന നിലയിൽ തന്റെ ശുശ്രൂഷകൾ നിറവേറ്റുവാൻ ഭൂമിയിൽ നമ്മെ ആക്കിയിരിക്കുകയാണ്. തന്റെ മഹത്വകരമായ പ്രവർത്തനങ്ങൾക്കു നമുക്കും ദൈവം വിവിധകൃപാവരങ്ങളും ശക്തിയും നൽകുന്നു. അനുസരണത്തോടെ കർത്താവിന്റെ ബലമുള്ള കരങ്ങളിൽ അമർന്നിരുന്നു പ്രവർത്തിച്ചാൽ നിശ്ചയമായും ശുശ്രൂഷകളിൽ വിജയവും തദ്വാരാ ദൈവത്തിനു മഹത്വവും ഉണ്ടാകും.

**അവർ രട്ടു ഉടുത്തുംകൊണ്ടു ആയിരത്തിരുനൂറ്ററുപതു ദിവസം പ്രവചിക്കും** (And they will prophesy one thousand two hundred and sixty days, clothed in sackcloth)—

കർത്താവിന്റെ സാക്ഷികളായി അയക്കപ്പെട്ട ഇരുവരുടെയും മൂന്നു പ്രത്യേകതകൾ ഇവിടെ കാണുന്നു. (1) രട്ടു ഉടുത്തുകൊണ്ടുള്ള പ്രവർത്തനം (2) ശുശ്രൂഷാകാലയളവ് 1260 ദിവസം (3) ദൈവത്തിന്റെ പ്രവചനം അറിയിക്കലായിരുന്നു അവരുടെ ദൗത്യം.

**> അവരുടെ പ്രത്യക്ഷതയും പ്രവർത്തനവും — രട്ടുടുത്തുകൊണ്ടായിരുന്നു —**

രണ്ടുസാക്ഷികളും രട്ടുടുത്തുകൊണ്ടായിരുന്നു ദൈവീകശുശ്രൂഷ നിവർത്തിച്ചത്. ഇരുവരുടെയും വസ്ത്രധാരണത്തിലൂടെ അവരുടെ സന്ദേശത്തെക്കുറിച്ചുള്ള സൂചന ലഭിക്കുന്നു. പൊതുവേ ചണനൂൽകൊണ്ടുണ്ടാക്കിയ വസ്ത്രത്തെയാണ് രട്ട് (sackcloth) എന്നറിയപ്പെടുന്നത്. പഴയനിയമകാലങ്ങളിൽ ഇവ

സാധാരണയായി ആടുകളുടെയോ ഒട്ടകത്തിന്റെയോ രോമത്താൽ നിർമ്മിക്കപ്പെട്ട ഭാരമുള്ള പരുക്കൻ വസ്തമാണ്. വിലാപം, ദുഃഖം, താഴ്മ, മാനസാന്തരം എന്നിവയെ രട്ടുടുക്കൽ വെളിപ്പെടുത്തുന്നു. രട്ടുടുത്ത വിവിധ സന്ദർഭങ്ങൾ തിരുവചനത്തിൽ കാണാം —

**വിലാപവേളയിൽ —**

ഉല്പ.37:34 — തന്റെ മകനായ യോസേഫ് കൊല്ലപ്പെട്ടു എന്നറിഞ്ഞ യാക്കോബ് അരയിൽ രട്ടുശീല ചുറ്റി ഏറിയനാൾ ദുഃഖിച്ചു.

2.ശമൂ.3:31 — അബ്നേരിന്റെ മരണവാർത്തയറിഞ്ഞ ദാവീദ് സകലജനത്തോടും ചാക്കുശീല ഉടുത്തുവിലപിപ്പാൻ പറഞ്ഞു

**ദുഃഖവേളയിൽ —**

2.രാജാ.6:30—അരാംരാജാവായ ബെൻ-ഹദദ് ശമര്യയെ വളഞ്ഞുനിരോധിക്കയാൽ ദേശത്തു അതികഠിനമായ ക്ഷാമമുണ്ടായി. ക്ഷാമത്തിന്റെ കാഠിന്യത്തെക്കുറിച്ചു ദേശവാസിയായ ഒരു സ്ത്രീയിൽ നിന്നു കേട്ട യിസ്രായേൽ രാജാവായ യെഹോരാം വസ്ത്രം കീറി രട്ടു ഉടുത്തു ദുഃഖിച്ചു.

ഇയ്യോ.16:15 — ദുഃഖവേളയിൽ ഇയ്യോബ് രട്ടുടുത്തു വിനയപ്പെട്ടു.

**അനുതാപ മാനസാന്തര വേളയിൽ —**

1.ദിന.21:16 — ദാവീദ് ജനത്തെ എണ്ണുകയാലുണ്ടായ ദൈവീകശിക്ഷാവിധിക്കു മുമ്പിൽ ദാവീദം മൂപ്പന്മാരും രട്ടുടുത്തു സാഷ്ടാംഗം വീണു അനുതപിച്ചു.

യെശ.22:12 — യെരൂശലേം നഗരത്തിനു ശത്രുക്കളുടെ ആക്രമണഭീഷണിയുണ്ടായപ്പോൾ ദേശവാസികൾ രട്ടുടുത്തു അനുതപിക്കുന്നതിനു പകരം തിന്നുക കുടിക്ക എന്നു പറഞ്ഞാനന്ദിച്ചു.

യിരെ.4:8 — യിസ്രായേൽ മാനസാന്തരപ്പെടുവാനുള്ള പ്രബോധനത്തിൽ രട്ടുടുക്കുവാനും വിലപിച്ചു മുറയിടുവാനും പറഞ്ഞിരിക്കുന്നു.

യിരെ.6:26 — ദൈവത്തിന്റെ ന്യായവിധികളോടുള്ള ബന്ധത്തിൽ രട്ടുടുത്തു ദുഃഖിക്കുവാനും വിലപിക്കുവാനും പറഞ്ഞിരിക്കുന്നു.

യോനാ.3:5,6,8 —നീനെവേക്കാർ ദൈവത്തിന്റെ ന്യായവിധികളെ കേട്ടപ്പോൾ അവരൊന്നടങ്കം രട്ടുടുത്തു അനുതപിച്ചു.

മത്താ.11:21 —മാനസാന്തരത്തിന്റെ തെളിവായി രട്ടുടുക്കുന്നതു പറഞ്ഞിരിക്കുന്നു.

**വിനയം പ്രകടിപ്പിക്കുന്ന വേളയിൽ —**

1.രാജാ.20:31,32 — യിസ്രായേൽ രാജാവായ ആഹാബുമായുള്ള യുദ്ധത്തിൽ ആരംരാജാവായ ബെൻ-ഹദദ് തോറ്റപ്പോൾ ബെൻ-ഹദദിന്റെ ഭൃത്യന്മാർ അരെക്കു രട്ടും തലയിൽ കയറും കെട്ടി ആഹാബിന്റെ മുമ്പിൽ വിനയത്തോടെ ജീവരക്ഷക്കായി അഭയം പ്രാപിച്ചു.

2.രാജാ.19:1 — സൻഹരീബിന്റെ ഭീഷണികേട്ട ഹിസ്കീയാരാജാവ് വസ്ത്രം കീറി രട്ടുടുത്തു കൊണ്ടു വിനയത്തോടെ യഹോവയുടെ ആലയത്തിൽ ചെന്നു ദുഃഖിച്ചു.

**പ്രവാചകന്മാരുടെ വേഷം —**

യെശ.20:2 — പ്രവാചകനായ യെശയ്യാവ് രട്ടുടുത്തവനായിരുന്നു.

ദാനീ.9:3 — പ്രവാചകനായ ദാനീയേൽ ഉപവസിച്ചും രട്ടുടുത്തും വെണ്ണീരിൽ ഇരുന്നുകൊണ്ടു പ്രാർത്ഥിച്ചു.

മത്താ.3:4— യോഹന്നാൻ സ്നാപകൻ ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽ വാറും ധരിച്ചവനായിരുന്നു.

സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ട ശേഷമുള്ള മഹാപീഡനകാലത്തിൽ അവിശ്വാസികളായാവർ ലോകമോഹങ്ങളിൽ മുങ്ങിക്കുളിച്ചു ആഡംഭരവസ്ത്രങ്ങൾ ധരിച്ചാനന്ദിക്കുമ്പോൾ ഇരുസാക്ഷികളും രട്ടുടുത്തവരായി അന്നത്തെ ജനങ്ങളോട് ദൈവത്തിന്റെ ന്യായവിധികളടങ്ങിയ സന്ദേശം അറിയിക്കുന്നു. വിലാപം, ദുഃഖം, താഴ്മ, അനുതാപം, മാനസാന്തരം എന്നിവയെ രട്ടുടുക്കൽ വെളിപ്പെടുത്തുന്നതിനാൽ പ്രവാകന്മാരായ ഇരുവരുടെയും സന്ദേശങ്ങളിലും ഇവയൊക്കെ ഉൾക്കൊള്ളുന്നു. ആസന്നമായ ന്യായവിധിയെ ചൂണ്ടിക്കാട്ടിക്കൊണ്ടു മാനസാന്തരപ്പെടേണ്ട ആവശ്യകതയെ അറിയിച്ച സ്നാപകയോഹന്നാന്റെ ദൂതുപോലെയുള്ളതായിരിക്കും ഇരുസാക്ഷികളുടെയും രട്ടുടുത്തുകൊണ്ടുള്ള സന്ദേശം.

**> അവരുടെ ശുശ്രൂഷാകാലയളവ് — 1260 ദിവസമായി ക്ലിപ്തപ്പെടുത്തിയിരുന്നു —**

പ്രവാചകന്മാരായ ഇരുസാക്ഷികളുടെയും ഭൂമിയിലെ ശുശ്രൂഷാ കാലയളവ് 1260 ദിനങ്ങളാണ് (30 ദിനങ്ങളുള്ള 42 മാസങ്ങൾ). ഇതു ഏഴുവർഷപീഡനകാലത്തിലെ രണ്ടാമത്തെ പകുതിയായ മൂന്നരവർഷമായ മഹാപീഡനകാലത്തെക്കുറിക്കുന്നു. ഈ കാലയാളവിലാണ് ജാതികൾ വിശുദ്ധനഗരമായ യെരൂശലേമിനെ ചവിട്ടുന്നത്. ദാനീയേൽ പ്രവചനത്തിലും വെളിപ്പാടിലും ഈ കാലത്തെക്കുറിച്ചു വിവിധരീതിയിൽ പറഞ്ഞിട്ടുണ്ട് —

* കാലവും കാലങ്ങളും കാലാർദ്ധവും —(time,times, and a half a time) (ദാനീ.7:25/12:7)

* ആഴ്ചവട്ടത്തിന്റെ മദ്ധ്യേ (half a week) – (ദാനീ.9:27)

* 1260 ദിവസം (1260 days) — വെളി.11:3,12:6
* ഒരു കാലവും ഇരുകാലവും അരക്കാലവും (time,times, and a half a time) — വെളി.12:14
* നാല്പത്തിരണ്ടു മാസം (forty-two months) —വെളി.11:2,13:5

രണ്ടുസാക്ഷികളുടെയും ശുശ്രൂഷാകാലയളവ് 1260 ദിവസം എന്നു പറഞ്ഞിരിക്കുന്നെങ്കിലും അവരുടെ ശുശ്രൂഷയുടെ ആരംഭത്തെയോ അവസാനത്തയോ കുറിച്ചു കൃത്യമായി പ്രസ്താവിച്ചിട്ടില്ല. 1260 ദിവസം എന്നത് മഹാപീഡനകാലത്തിന്റെ മൂന്നരവർഷത്തെക്കുറിക്കുന്നതാകയാൽ അനേകസംഭവങ്ങൾ ഇവരുടെ ശുശ്രൂഷക്കു ശേഷവും നടക്കുന്നുമുണ്ട്. അന്നവർ ഭൂമിയിൽ ജീവിച്ചിരിക്കുന്നില്ല. ആയതിനാൽ ഇരുവരുടെയും ശുശ്രൂഷ മഹാപീഡനകാലത്തിനു അല്പം മുമ്പു ആരംഭിച്ചിരിക്കാം. ഏതായാലും അവരുടെ ശുശ്രൂഷ 1260 ദിനങ്ങൾ തന്നെ.

**> അവരുടെ ഭൂമിയിലുള്ള ശുശ്രൂഷ — പ്രവചനമായിരുന്നു —**

ഇരുസാക്ഷികളും രട്ടുടുത്തുംകൊണ്ടു 1260 ദിവസം പ്രവചിക്കും. അതായത് മഹാപീഡനകാലത്ത് ദൈവത്തിന്റെ അരുളപ്പാടുകൾ അറിയിക്കുന്ന പ്രവാചകന്മാരായിരുന്നു ഇരുവരും. "Prophet" (പ്രവാചകൻ) എന്ന ഇംഗ്ലീഷ് പദം ഗ്രീക്കുഭാഷയിലെ "Prophetes" (പ്രോഫറ്റെസ്) എന്ന പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. ഈ ഗ്രീക്കു പദത്തിൽ Pro എന്നാൽ "മുമ്പേ" എന്നും Phemi എന്നാൽ "സംസാരിക്കുക" (Pro = forth , Phemi = to speak)എന്നുമാണർത്ഥം. അതായതു മുമ്പേ സംസാരിക്കുന്നവൻ അഥവാ മുൻകൂട്ടി സംസാരിക്കുന്നവൻ (One who speaks forth). ഈ വാക്കിനു "for" അഥവാ "വേണ്ടി" എന്നു മറ്റൊരു അർത്ഥവും കൂടിയുണ്ട്. അതായതു മറ്റൊരാൾക്കുവേണ്ടി സംസാരിക്കുന്നവൻ. ഭാവികാര്യങ്ങൾ മുൻകൂട്ടി പറയുക മാത്രമല്ല ദൈവത്തിനുവേണ്ടി ദൈവീകാരുളപ്പാടുകൾ മനുഷ്യരോടു അറിയിക്കുന്നവരുമാണ് പ്രവാചകന്മാർ എന്നകാര്യം ഇതിലൂടെ വെളിപ്പെടുന്നു. ജാതികൾ വിശുദ്ധനഗരമായ യെരൂശലേമിനെ ഏറ്റവുമധികം വഷളാക്കുന്ന വേളയിലാണ് ദൈവത്തിന്റെ സാക്ഷികളായ ഇരുവരുടെയും പ്രവർത്തനം. അവരുടെ രട്ടുടുത്തുള്ള സാക്ഷ്യം ആത്മീകമായി അധഃപതിച്ച ലോകജനതയുടെ പരിതാപകരമായ അവസ്ഥകണ്ടു വ്യാകുലപ്പെടുന്നതിനെ കുറിക്കുന്നു. അവരുടെ പ്രവർത്തനവിജയത്തിനായുള്ള ശക്തി പകരുന്നത് ദൈവമാണ്. ഇരുസാക്ഷികളും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കും. യേശുക്രിസ്തുവിൽ വിശ്വസിച്ചു അഭയം പ്രാപിച്ചാൽ രക്ഷയും, മറുതലിക്കുന്നവർക്കുണ്ടാകുന്ന ന്യായവിധിയും അവർ പ്രസ്താവിക്കും. കൂടാതെ കർത്താവിന്റെ മഹത്വപ്രത്യക്ഷത, അന്തിക്രിസ്തുവിന്റെ തോൽവി, സഹസ്രാബ്ദവാഴ്ച എന്നിവയെക്കുറിച്ചും അക്കാലങ്ങളിൽ ഘോഷിക്കപ്പെടും. സകലരും അവർക്കെതിരായി കൂട്ടംകൂടുമെങ്കിലും അവരെ ഏല്പിച്ചിരിക്കുന്ന സാക്ഷ്യസന്ദേശത്തിന്റെ അന്ത്യകാലാവധിവരെ അവർ ഭൂമിയിൽ സുരക്ഷിതരായിരിക്കും.

**വെളി.11:4 — "അവർ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന രണ്ടു ഒലിവ്വൃക്ഷവും രണ്ടു നിലവിളക്കും ആകുന്നു."** (These are the two olive trees and the two lamstands standing before the God of the earth)

ഇരുസാക്ഷികൾക്കു നൽകപ്പെടുന്ന അധികാരം, അവരുടെ വേഷം, ശുശ്രൂഷാകാലാവധി, അവരുടെ ദൗത്യം എന്നിവ പ്രസ്താവിച്ചശേഷം അവരുടെ വ്യക്തിത്വം (identity), സാക്ഷ്യം (testimony) പ്രവർത്തനം (function) എന്നിവ വെളിപ്പെടുത്തുന്നു. *"അവർ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന രണ്ടു ഒലിവുവൃക്ഷവും രണ്ടു നിലവിളക്കും ആകുന്നു."* എന്നു വിശേഷിപ്പിച്ചിരിക്കുന്നു. അവരുടെ മൂന്നു വിശേഷതകൾ — (1) അവർ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്നവരാണ് (2) അവർ ഇരുവരും രണ്ടു ഒലിവുവൃക്ഷങ്ങളാണ് (3) അവർ ഇരുവരും രണ്ടു നിലവിളക്കുകളാണ്.

പീഡനകാലത്തെ രണ്ടു വിശ്വസ്തസാക്ഷികളുടെ പ്രവർത്തനങ്ങളെ വർണ്ണിക്കുവാൻ പഴയനിയമകാലത്തു യെരൂശലേമിൽ പ്രകാശം വിതറി ശോഭിച്ച രണ്ടു വിശ്വസ്തസാക്ഷികളിലേക്കു പോകുന്നു. അവർ ഇരുവരും സെഖര്യാപ്രവചനത്തിൽ (സെഖ.4:1-14) പറഞ്ഞിരിക്കുന്ന യോശുവായും സെരൂബ്ബാബേലുമാണ്. സെഖര്യാവിനുണ്ടായ അഞ്ചാമത്തെ ദർശനം വിളക്കുതണ്ടും ഒലിവു മരങ്ങളുമായിരുന്നു. സമാഗമകൂടാരത്തിൽ വിശുദ്ധസ്ഥലത്തു സ്ഥാപിച്ചിരുന്ന പൊൻനിലവിളക്ക് അവിടെയുള്ള ശുശ്രൂഷകൾക്കു പ്രകാശം നൽകിയിരുന്നു. പുറത്തുനിന്നുള്ള വെളിച്ചം കൂടാരത്തിനകത്തു അനുവദനീയമല്ലായ്കയാൽ അവിടമാകെ പ്രകാശം ലഭിക്കുവാനുള്ള ഏക ഉപകരണമായിരുന്നു തങ്കവിളക്ക്. കവരവിളക്ക് എന്നും അറിയപ്പെടുന്ന നിലവിളക്കിന്റെ തണ്ട് യേശുക്രിസ്തുവിനെയും ഇരുവശങ്ങളിലുള്ള കവരങ്ങൾ വിശ്വാസികളെയും കുറിക്കുന്നു. അങ്ങനെ ക്രിസ്തുവും ക്രിസ്തുവിന്റെ അവയവങ്ങളായ സഭയും ഒത്തൊരുമിച്ച് ലോകത്തിൽ പ്രകാശം പകരുന്നു. സമാഗമനകൂടാരത്തിൽ പൊൻനിലവിളക്കിൽ എണ്ണ പകരുവാനാളുണ്ടായിരുന്നു. എന്നാൽ സെഖര്യാവിന്റെ ദർശനത്തിൽ നിലവിളക്കിന്റെ ഇരുഭാഗത്തു നിൽക്കുന്ന ഒലിവുമരങ്ങളിൽ നിന്നു നേരിട്ട് ഒലിവെണ്ണ തങ്കവിളക്കിലേക്കു പകരപ്പെടുന്നു. പ്രവാസത്തിൽ നിന്നു മടങ്ങിയെത്തിയവർ സെരൂബ്ബാബേലിനോടൊപ്പം ദൈവാലയം പണിയുവാൻ ആരംഭിച്ചപ്പോൾ അനേകവൈഷമ്യങ്ങളും നിരാശപ്പെടുത്തുന്ന സന്ദർഭങ്ങളും നേരിടേണ്ടി വന്നു. ഈ അവസര

ത്തിൽ സെഖര്യാവിന്റെ ദർശനത്തിൽ നിലവിളക്കുകൾക്കു നേരിട്ടു ഒലിവുവൃക്ഷത്തിൽ നിന്നു എണ്ണ ലഭിച്ചതുപോലെ ദൈവകൃപയാലും ശക്തിയാലും ദൈവാലയത്തിന്റെ പണി പൂർത്തീകരിക്കപ്പെടുമെന്നു സെരൂബ്ബാബേലിനു ഉറപ്പു ലഭിച്ചു. രണ്ടു ഒലിവുമരങ്ങളെയും നിലവിളക്കിനെയും ദർശിച്ച സെഖര്യാവ് *"വിളക്കുതണ്ടിന്നു ഇടത്തുഭാഗത്തും വലത്തുഭാഗത്തും ഉള്ള രണ്ടു ഒലിവുമരം എന്താകുന്നു എന്നു ചോദിച്ചു"* (സെഖ.4:11). അതിനുത്തരം *"ഇവർ സർവ്വഭൂമിയുടെയും കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന രണ്ടു അഭിഷിക്തന്മാർ എന്നു പറഞ്ഞു "* (സെഖ.4:14). ഒലിവുവൃക്ഷം നൽകുന്ന ഒലിവെണ്ണ ദൈവാലയത്തിലെ നിലവിളക്കിലേക്കു പകരപ്പെടുകയും, നിലവിളക്കു ദൈവാലയത്തിൽ പ്രകാശം നൽകുകയും ചെയ്യുന്നു. മഹാപുരോഹിതനായ യോശുവയും (സെഖ.3) ഗവർണറായ സെരൂബ്ബാബേലും (സെഖ.4) ആയിരുന്നു രണ്ടു അഭിഷിക്തന്മാർ.

പുരാതനകാലങ്ങളിൽ വിളക്കു കത്തിക്കുവാനായി ഒലിവുവൃക്ഷത്തിൽ നിന്നുള്ള ഒലിവെണ്ണയായിരുന്നു സാധാരണയായി ഉപയോഗിച്ചിരുന്നത്. ഒലിവെണ്ണ വിളക്കു കത്തിക്കുന്നതിനു പുറമേ വിശേഷ ഔഷധമായും യഹൂദന്മാർ ഉപയോഗിച്ചിരുന്നു. ആത്മീകാർത്ഥത്തിൽ എണ്ണ പരിശുദ്ധാത്മാവിനെ കുറിക്കുന്നു. പീഡനകാലത്ത് ദൈവത്തിന്റെ സാക്ഷികളായി വരുന്ന ഇരുവരും കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന ഒലിവുവൃക്ഷങ്ങളും നിലവിളക്കുകളുമാണ്. ഒലിവുവൃക്ഷമെന്ന നിലയിൽ പരിശുദ്ധാത്മാവിന്റെ ശക്തിയും നിലവിളക്കെന്ന നിലയിൽ ദൈവത്തിന്റെ പ്രകാശവും മഹോപദ്രവകാലത്ത് അധർമ്മമൂർത്തിയുടെ പ്രവർത്തനങ്ങൾക്കെതിരെ അന്ധകാരലോകത്തിൽ പ്രകാശം പരത്തും. സെരൂബ്ബാബേലിനു യഹോവയുടെ അരുളപ്പാടുണ്ടായി അവരെ ശക്തീകരിച്ചതുപോലെ പീഡനകാലത്തെ ഇരുസാക്ഷികളെയും ദൈവം ശക്തീകരിക്കും. **സെഖ.4:6,7 —***"സെരൂബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. സെരൂബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായ്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും."* അന്ത്യകാലത്ത് യിസ്രായേലിനോടുള്ള ബന്ധത്തിൽ ദൈവീകകാര്യപരിപാടികൾ നടപ്പിലാക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട രണ്ട് അഭിഷിക്തന്മാരായിരുന്നു യോഹന്നാൻ ദർശിച്ച ഇരു സാക്ഷികളും.

പീഡനകാലത്ത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എപ്രകാരമായിരിക്കും? സഭായുഗത്തിൽ അഥവാ കൃപാകാലത്ത് പരിശുദ്ധാത്മാവ് രക്ഷിക്കപ്പെടുന്ന ഓരോരുത്തരിലും വസിക്കുന്നു. സഭ ഭൂമിയിൽ നിന്നെടുക്കുന്നതോടുകൂടി പരിശുദ്ധാത്മാവും ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കു പോകുന്നു. എന്നാൽ പീഡനകാലത്തെ പ്രവർത്തനങ്ങൾക്കായി പഴയനിയമകാലത്തെന്നപോലെ പരിശുദ്ധാത്മാവ് തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളിൽ വസിക്കും. യോവേൽ പ്രവചനം രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പ്രവചനം മുഴുവനായി നിറവേറുന്നത് യിസ്രായേലിന്റെ മാനസാന്തരവും യഥാസ്ഥാപനവും നടക്കുന്ന വേളയിലാണ് ?

**വെളി.11:5 — "ആരെങ്കിലും അവർക്കു ദോഷം ചെയ്വാൻ ഇച്ഛിച്ചാൽ അവരുടെ വായിൽനിന്നു തീ പുറപ്പെട്ടു അവരുടെ ശത്രുക്കളെ ദഹിപ്പിച്ചുകളയും; അവർക്കു ദോഷം വരുത്തുവാൻ ഇച്ഛിക്കുന്നവൻ ഇങ്ങനെ മരിക്കേണ്ടിവരും."** (And if anyone wants to harm them, fire poceeds from their mouth and devours their enemies. And if any wants to harm them,he must be killed in this manner)

ദൈവം ശക്തിയും അധികാരവും നൽകി അയക്കപ്പെട്ട ഇരു സാക്ഷികളും ഒലിവുവൃക്ഷമെന്ന നിലയിൽ ദൈവത്തിന്റെ അഭിഷിക്തരും, നിലവിളക്കെന്ന നിലയിൽ അന്ധകാരലോകത്തിനു വെളിച്ചം പകരുവാൻ വന്നവരുമാണ്. യഹോവയുടെ കോപദിവസത്തിനു മുമ്പേ ദൈവത്തിൽ അഭയം പ്രാപിക്കാത്തവർക്കുണ്ടാകുന്ന അതികഠിനമായ ശിക്ഷാവിധികളുൾക്കൊള്ളുന്ന അവരുടെ സാക്ഷ്യസന്ദേശങ്ങൾ ഭൂവാസികളെ ഭ്രമിപ്പിക്കും. ഭൂമിയിൽ വസിക്കുന്നവരെ ഇരുസാക്ഷികളും ദണ്ഡിപ്പിക്കകൊണ്ടു (വെളി.11:9,10) അവർ സകലരുടെയും ശത്രുക്കളായിത്തീരും. എന്നാൽ അവരുടെ ശുശ്രൂഷയുടെ അന്ത്യം വരെ അഥവാ ദൈവം അനുവദിക്കുന്നതുവരെ ഭൂവാസികൾക്കു അവരെ എതിർക്കുവാനോ, ദോഷം പ്രവർത്തിക്കുവാനോ കൊല്ലുവാനോ സാധിക്കുകയില്ല. *"ആരെങ്കിലും അവർക്കു ദോഷം ചെയ്വാൻ ഇച്ഛിച്ചാൽ അവരുടെ വായിൽനിന്നു തീ പുറപ്പെട്ടു അവരുടെ ശത്രുക്കളെ ദഹിപ്പിച്ചുകളയും; അവർക്കു ദോഷം വരുത്തുവാൻ ഇച്ഛിക്കുന്നവൻ ഇങ്ങനെ മരിക്കേണ്ടിവരും."* തീ പൊതുവേ ദൈവത്തിന്റെ ന്യായവിധിയെ കുറിക്കുന്നു. ദൈവത്തിന്റെ സാക്ഷികൾക്കെതിരായി ഹൃദയത്തിൽ ചിന്തിച്ചാൽ പോലും അവർ അതു മനസ്സിലാക്കി ശത്രുക്കളെ മരണത്തിനിരയാക്കും. ശത്രുക്കളെ അഗ്നിയാൽ ഭസ്മീകരിക്കുന്നത് ഏലീയാപ്രവാചകൻ തന്റെ ശുശ്രൂഷാകാലത്തു പ്രയോഗിച്ചതാണ് (1.രാജാ.18:37,38/2.രാജാ.1:10-12). *"അവരുടെ വായിൽനിന്നു തീ പുറപ്പെട്ടു അവരുടെ ശത്രുക്കളെ ദഹിപ്പിച്ചുകളയും"* എന്നതിനാൽ അവരുടെ വായിൽ നിന്നു ആവശ്യമുള്ളപ്പോഴൊക്കെ അഗ്നി പുറപ്പെടുമോ? ഏലീയാവ് ശത്രുക്കളെ അഗ്നിക്കിരയാക്കിയ രണ്ടു സന്ദർഭങ്ങളിലും സ്വർഗ്ഗത്തിൽ നിന്നു തന്റെ അപേക്ഷയാൽ അഗ്നിയിറങ്ങിയതാണ്. ദൈവവചനത്തെ തീയോടു ബന്ധപ്പെടുത്തിയിട്ടുണ്ട് (യിരെ.20:9/യിരെ.23:29/ലൂക്കൊ.24:32). കൂടാതെ യിരെമ്യാപ്രവചനത്തിൽ ദൈവവചനത്തെ തീയായും ജനത്തെ വിറകായും ചിത്രീകരിച്ചിരിക്കുന്നു (യിരെ.5:14). ആയതിനാൽ അവ

രുടെ വായിൽ നിന്നു അക്ഷരാർത്ഥത്തിൽ തീ പുറപ്പെടും എന്നു ചിന്തിക്കുന്നതിനേക്കാൾ തീയാകുന്ന ദൈവവചനത്തിന്റെ ശക്തിയാലും, അവരുടെ ഹിതത്താലും അപേക്ഷയാലും സ്വർഗ്ഗത്തിൽ നിന്നു ദൈവം ശത്രുക്കളുടെമേൽ അഗ്നി അയക്കുന്നതിനാലുമാണ് അവരുടെ ശത്രുക്കൾ മരിക്കേണ്ടി വരുന്നതെന്നു ചിന്തിക്കുന്നതാണ് ഉചിതം.

**വെളി.11:6 — "അവരുടെ പ്രവചനകാലത്തു മഴപെയ്യാതവണ്ണം ആകാശം അടച്ചുകളവാൻ അവർക്കു അധികാരം ഉണ്ടു. വെള്ളത്തെ രക്തമാക്കുവാനും ഇച്ഛിക്കുമ്പോഴൊക്കെയും സകലബാധകൊണ്ടും ഭൂമിയെ ദണ്ഡിപ്പിപ്പാനും അധികാരം ഉണ്ടു."** (These have power to shut heaven, so that no rain falls in the days of their prophecy; and they have power over the waters to turn them to blood, and to strike the earth with all plagues, as often as they desire)

സാക്ഷികളിരുവരുടെയും പ്രവചനകാലത്ത് ഭൂമിയിൽ മഴയെ തടുത്തു നിറുത്തുക, വെള്ളത്തെ രക്തമായി മാറ്റുക, ഭൂവാസികളെ ബാധകളാൽ ദണ്ഡിപ്പിക്കുക എന്നീ അധികാരങ്ങളും ദൈവം അവർക്കു നൽകിയിട്ടുണ്ട്. ഈ അധികാരങ്ങൾ അവരെ ഏൽപ്പിച്ചിരിക്കുന്ന ശുശ്രൂഷകളുടെ വിജയത്തിനായി അവ രാഗ്രഹിക്കുന്ന സമയമെല്ലാം ഉപയോഗിക്കുവാനും സാധിക്കും. പഴയനിയമകാലത്ത് മഴയെ തടഞ്ഞു നിറുത്തിയത് ഏലീയാപ്രവാകനായിരുന്നുവെങ്കിൽ (1.രാജാ.17:1/ലൂക്കൊ.4:25/യാക്കോ.5:17,18), വെള്ളത്തെ രക്തമാക്കുകയും വിവിധബാധകളാൽ ശത്രുക്കളെ ദണ്ഡിപ്പിക്കുകയും ചെയ്തത് മോശെയായിരുന്നു (പുറ.7:20/8:6/8:17/8:24/9:6/9:10/9:24/10:14/10:22/12:29/1.ശമൂ.4:8). എന്നാൽ പീഡനകാലത്തെ രണ്ടുസാക്ഷി കൾക്കും ഈ അധികാരങ്ങൾ പ്രയോഗിക്കുവാൻ കഴിയും. ഇവർക്കു ലഭിച്ചിരിക്കുന്ന അധികാരങ്ങൾ യഥാർത്ഥത്തിൽ മത്സരികളായ ഭൂവാസികളുടെ മേലുള്ള ദൈവത്തിന്റെ കഠിനമായ ന്യായവിധികളാണ്. യിസ്രായേലിലെ ആഹാബ് രാജാവിന്റെ കാലത്ത് ദൈവം ഏലീയാവിനാൽ മൂന്നരവർഷക്കാലം മഴ പെയ്യാതെ ആകാശത്തെ അടച്ചുകളഞ്ഞതിനാൽ ദേശത്ത് ക്ഷാമം അതികഠിനമായിത്തീർന്നു (1.രാജാ.17:1/18:2). വെളിപ്പാടു പുസ്തകത്തിൽ മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ ഒരു കറുത്തകുതിരയെയും അതിന്മേൽ തുലാസുമായി പ്രത്യക്ഷപ്പെടുന്ന ഒരുവനെയും കണ്ടു. മരണവും ക്ഷാമവും ആയിരുന്നു തുടർന്നു ഭൂമി യിൽ അരങ്ങേറിയത് (വെളി.6:5,6). ദൈവജനമായ യിസ്രായേലിന്റെ നിലവിളികേട്ട ദൈവം മിസ്രയീമ്യ രുടെയും ഫറവോന്റെയും മേൽ ന്യായവിധി നടത്തുവാനായി മോശെയെ അധികാരപ്പെടുത്തി അയച്ചു. ഒന്നാമതായി വെള്ളത്തെ രക്തമാക്കുകയും തുടർന്നു വിവിധബാധകളാൽ അവരെ ദണ്ഡിപ്പിക്കുകയും ചെയ്തു (പുറ.7-12). വെളിപ്പാടു പുസ്തകത്തിൽ രണ്ടാമത്തെ ദൂതൻ കാഹളമൂതിയപ്പോൾ തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്കു എറിഞ്ഞിട്ടു കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു. തുടർന്നു സമുദ്രത്തിൽ പ്രാണനുള്ളതൊക്കെ ചത്തുപോയി (വെളി.8:8,9).

പതിനൊന്നാം അദ്ധ്യായം 5, 6 വാക്യങ്ങളിൽ ഇരുസാക്ഷികളുടെയും 4 അത്യത്ഭുതകരമായ ശക്തികളാണ് കാണുന്നത്. (1) ശത്രുക്കളെ തീയാൽ ദഹിപ്പിക്കുവാൻ കഴിയും (2) മൂന്നരവർഷക്കാല ത്തേക്കു മഴ പെയ്യിക്കാതിരിപ്പാൻ കഴിയും (3) വെള്ളത്തെ രക്തമാക്കുവാൻ കഴിയും (4) ഭൂമിയെ വിവിധ ബാധകളാൽ ദണ്ഡിപ്പിക്കുവാൻ കഴിയും. *"അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കും വരം നൽകും"* (വെളി.11:3) എന്നു കർത്താവു വാഗ്ദത്തം ചെയ്തപ്രകാരം ദൈവീകപ്രവർത്തനങ്ങൾക്കായി ലഭിച്ച വര മായിരുന്നു അവരിൽ കാണപ്പെട്ട നാല് അധികാരങ്ങളും. ഇരുസാക്ഷികളുടെയും അധികാരങ്ങൾ വിചി ന്തനം ചെയ്താൽ അവ പഴയനിയമകാലഘട്ടത്തിൽ മോശെയും ഏലീയാവും ദൈവീകശുശ്രൂഷക്കായി ഉപയോഗിച്ചിരിരുന്ന അധികാരങ്ങളോടു യോജിക്കുന്നു. മോശെ യിസ്രായേലിന്റെ വിടുതലിനായി മിസ്ര യീമ്യരോടും ഫറവോനോടും എതിർത്തപ്പോൾ വിവിധബാധകളാൽ അവരെ ദണ്ഡിപ്പിക്കുകയും വെള്ളത്തെ രക്തമാക്കിയും തീർത്തു (പുറ.7-12). യിസ്രായേൽ ഭരിച്ചിരുന്ന ദുഷ്ടനായ ആഹാബ് രാജാവിനോടും അദ്ദേഹത്തിന്റെ ഭാര്യയായ ഈസേബെലിനോടും ഏലീയാവ് എതിർത്തപ്പോൾ മൂന്നരവർഷക്കാലം മഴ പെയ്യിക്കാതെ ആകാശത്തെ അടച്ചുകളയുകയും സ്വർഗ്ഗത്തിൽ നിന്നു അഗ്നി ഇറക്കി ശത്രുക്കളെ ദഹിപ്പി ക്കുകയും ചെയ്തു (1.രാജാ.17:1/1.രാജാ.18:37,38/യാക്കോ.5:17,18/2രാജാ.1:10-12). എന്നാൽ മഹോപദ്രവ കാലത്ത് അധർമ്മമൂർത്തിയോടും അവന്റെ കൂട്ടാളികളോടും എതിർത്ത് യിസ്രായേലിന്റെയും സകലജാ തികളുടെയും രക്ഷക്കായി ദൈവം അയച്ച രണ്ടു സാക്ഷികൾ മുൻകാലങ്ങളിൽ മോശെയും ഏലീ യാവും പ്രയോഗിച്ച അതേ അധികാരങ്ങൾ ഉപയോഗിക്കുന്നു. ഇരുസാക്ഷികൾക്കും അത്ഭുതമാർന്നശ ക്തി ദൈവത്തിൽനിന്നു ലഭിക്കുന്നതും അവർ അതുപയോഗിക്കുന്നതും അവരെ ഏൽപ്പിച്ചിരിക്കുന്ന ശുശ്രൂഷ നിവർത്തിക്കുവാനും പ്രവർത്തനത്തിന്റെ അന്ത്യംവരെ ആരും അവരെ തടയുവാനിരിക്കാനു മാണ്. കൂടാതെ ക്രിസ്തുവിങ്കലേക്കു യഹൂദനെ തിരിക്കുവാനും യിസ്രായേലിന്റെ കൂട്ടിച്ചേർക്കൽ ത്വരി തപ്പെടുത്തുവാനുമാണ്.

**വെളി.11:7 — "അവർ തങ്ങളുടെ സാക്ഷ്യം തികെച്ചശേഷം ആഴത്തിൽനിന്നു കയറിവരുന്ന മൃഗം അവരോടു പടവെട്ടി അവരെ ജയിച്ചു കൊന്നുകളയും."** (When they finish their testimony, the beast that ascends out of the bottomless pit will make war against them, overcome them, and kill them)

വിശുദ്ധനഗരമായ യെരൂശലേമിൽ ജാതികൾ മ്ലേച്ഛതപ്രവർത്തിക്കുന്ന നാളുകളിൽ ദൈവം ശക്തി പകർന്നയച്ച ഇരുസാക്ഷികളുടെയും രക്തസാക്ഷ്യമരണത്തെക്കുറിച്ചാണ് 7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത് (വെളി.11:7-10 — The Martyrdom of the two Witnesses). രണ്ടു ഒലിവുവൃക്ഷങ്ങളും രണ്ടു നിലവിളക്കുകളുമായ ഇരുസാക്ഷികൾ ദൈവത്തിന്റെ അഭിഷിക്തർ എന്ന നിലയിൽ അന്നത്തെ ഭൂവാസികൾക്കു വെളിച്ചം പകരുന്നവരായിരുന്നു. 1260 ദിവസം ഭൂമിയിൽ ദൈവത്തിന്റെ വചനം അറിയിക്കുവാൻ അവരെ ദൈവം ഭരമേൽപ്പിച്ചിരുന്നു. വിലാപം, ദുഃഖം, അനുതാപം, താഴ്മ, മാനസാന്തരം എന്നിവയെ പ്രകടമാക്കുന്ന രട്ടുടുത്തുകൊണ്ടു അവർ തങ്ങളുടെ സാക്ഷ്യം തികെക്കുന്നു. അവരുടെ ഭൂമിയിലെ സാക്ഷ്യസമയം കഴിയുമ്പോൾ ആഴത്തിൽ നിന്നു കയറിവരുന്ന മൃഗം അവരോടു പടവെട്ടി അവരെ ജയിച്ചു കൊന്നു കളയുവാൻ ഇടയാകുന്നു. അവരുടെ സാക്ഷ്യസമയത്തു അവരെ ആർക്കും എതിർക്കുവാനോ, കൊല്ലുവാനോ സാദ്ധ്യമായിരുന്നില്ല. അതായത് അവരുടെ പ്രവചനകാലം മുഴുവൻ അവർ ദൈവത്താൽ സുരക്ഷിതിരായിയിരുന്നു. എന്നാൽ അനേക മുൻകാലപ്രവാചകന്മാരെപ്പോലെ ഇവരുടെയും ശുശ്രൂഷാന്ത്യത്തിൽ ശത്രു അവരെ കീഴടക്കാനും കൊല്ലുവാനും ഇടയായത് ദൈവം ശത്രുവിനെ അനുവദിച്ചതിനാൽ മാത്രമാണ് (വെളി.13:4,7). ഇരുസാക്ഷികളെയും ഏൽപ്പിച്ചിരുന്ന ദൗത്യം അവർ പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ സ്വർഗ്ഗത്തിലേക്കു ദൈവം അവരെ വിളിച്ചു എന്നു മാത്രമേയുള്ളു. ആയതിനാൽ ശത്രുവിന്റെ വിജയത്തിനു പ്രസക്തിയില്ലെന്നു മാത്രമല്ല അതു താൽക്കാലികവുമായിരുന്നു. ഇരുവരും അപ്പൊസ്തലനായ പൗലൊസിനെപ്പോലെ നല്ലപോർപൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തവരായിരുന്നു (2.തിമൊ.4:7)

ഇരുസാക്ഷികളോടും പടവെട്ടി അവരെ കൊന്നുകളയുന്നത് ആഴത്തിൽനിന്നു കയറിവരുന്ന മൃഗമാണ് (the beast that ascends out of the bottomless pit). "ആഴത്തിൽ നിന്നു കയറിവരുന്ന മൃഗം" എന്ന വിശേഷണം അന്തിക്രിസ്തുവിനെക്കുറിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ 36 പ്രാവശ്യം മൃഗത്തെക്കുറിച്ചു പരാമർശമുള്ളതിൽ ആദ്യത്തേത് ഈ വാക്യത്തിലാണുള്ളത്. 13,17 അദ്ധ്യായങ്ങളിൽ മൃഗത്തെക്കുറിച്ചു കൂടുതൽ വിശദീകരണം ലഭിക്കുന്നു. ആഴത്തിൽ നിന്നു എന്നതിനു ഇംഗ്ലീഷിൽ അഗാധകൂപത്തിൽ (out of the abyss) അഥവാ അടിത്തട്ടില്ലാത്ത കുഴി (bottomless pit) എന്നാണുപയോഗിച്ചിരിക്കുന്നത്. അഗാധകൂപം ചില ദുരാത്മാക്കളുടെ അഥവാ സാത്താന്യശക്തികളുടെ താവളമാണ്. ഇതു കൂരിരുട്ടു നിറഞ്ഞതും അത്യഗാധമായ ആഴത്തിൽ കുഴിയുള്ള തടവറയുമാണ്. വെളിപ്പാടു പുസ്തകത്തിൽ അഗാധകൂപത്തെപ്പറ്റി ഏഴു പ്രാവശ്യം പറഞ്ഞിട്ടുണ്ട് (വെളി.9:1/9:2/9:11/11:7/17:8/20:1/20:3). ഗ്രീക്കിൽ എബിസ് (abyss) എന്ന പദത്തിനു അഗാധം അഥവാ അടിയില്ലാത്ത (bottomless) എന്നർത്ഥം. പാപം ചെയ്ത അപ്പൊല്ലുവോൻ അഥവാ അബദ്ദോനും സംഘവുമാണ് അഗാധകൂപത്തിൽ അടക്കപ്പെട്ടിരിക്കുന്നതെന്നു വെളിപ്പാടു ഒൻപതാം അദ്ധ്യായത്തിൽ കാണുന്നു (വെളി.9:11). മഹാപീഡനകാലത്ത് ദൈവത്തിന്റെ രണ്ടു സാക്ഷികളുടെ നേർക്കു വരുന്ന മൃഗം അഗാധകൂപത്തിൽ നിന്നാകയാൽ അത് സാത്താനാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ ആഴത്തിൽ നിന്നു കയറിവരുന്ന മൃഗം സാത്താനല്ല, മറിച്ചു സാത്താന്റെ ശക്തിയോടു വരുന്ന അന്തിക്രിസ്തുവാണ്. അത് ഒരു രാജാവോ രാജ്യമോ ആയിരിക്കാം. സാത്താനെ മൃഗം എന്നു വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിട്ടില്ല. മൃഗം എന്നത് അന്തിക്രിസ്തു അഥവാ എതിർക്രിസ്തുവിനെ വിശേഷിപ്പിക്കുവാൻ ആലങ്കാരികഭാഷാപ്രയോഗമാണ്. പ്രവചനഭാഗങ്ങളിൽ മൃഗം (beast) എന്ന വിശേഷണം ലോകത്തിലെ രാജാവിനെയോ അല്ലെങ്കിൽ രാജ്യത്തെയോ (king or kingdom) കുറിക്കുന്നു (ദാനീ.7). ആകയാൽ ഇവിടെ ഇരു സാക്ഷികളുടെ മുമ്പാകെ പടവെട്ടാനായി ആഴത്തിൽ നിന്നു വരുന്ന മൃഗം അന്തിക്രിസ്തുവിനെ പ്രതിനിധീകരിക്കുന്ന രാജാക്കന്മാരോ രാജ്യങ്ങളോ ആയിരിക്കാം. "ആഴത്തിൽ " എന്നുള്ള വിശേഷണം അവരിൽ അന്തർലീനമായിരിക്കുന്ന സാത്താന്യപ്രകൃതിയെയും സ്വഭാവത്തെയും കുറിക്കുന്നുവെന്നു ചിന്തിക്കാം. അന്നത്തെ ഭരണകൂടത്തിനും മതപരമായ ആചാരങ്ങൾക്കും അന്തിക്രിസ്തുവിന്റെ സകലസംവിധാനങ്ങൾക്കുമെതിരേ ഇരുസാക്ഷികളും സംസാരിച്ചത് അന്തിക്രിസ്തുവിനെ പ്രകോപിപ്പിച്ചു. തുടർന്നു അവർ ഇരുവരോടും മൃഗം പടവെട്ടി അവരെ പരസ്യമായി കൊല്ലുവാനിടയായി. ആരെങ്കിലും ഇരുസാക്ഷികൾക്കു ദോഷം ചെയ്വാൻ ഇച്ഛിച്ചാൽ അപ്പോൾത്തന്നെ അവരെ നിഗ്രഹിക്കുവാനുള്ള ശക്തിയും അധികാരവും ദൈവം ഇരുവർക്കും നൽകിയിരുന്നു. എന്നാൽ ദൈവം അവരെ ഏൽപ്പിച്ച ദൗത്യം അവർക്കനുവദിച്ചകാലത്തിനുള്ളിൽ പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ ഭൂമിയിലെ ശുശ്രൂഷകളിൽ നിന്നു വിടുതൽ ലഭിക്കുവാൻ അവർക്കു ദൈവം മരണം അനുവദിക്കുകയായിരുന്നു. അവരുടെ മേലുള്ള ദൈവത്തിന്റെ സംരക്ഷണം മാറ്റിയതിനാൽ മാത്രമാണ് അന്തിക്രിസ്തുവിനു അവരോടു പടവെട്ടുവാനും, ജയിക്കുവാനും, അവരെ കൊല്ലുവാനും സാധിച്ചത്. അവരുടെ സാക്ഷ്യം തികെക്കുന്നതുവരെ ശത്രുവിനു അവരുടെമേൽ അധികാരം ലഭിച്ചില്ല. ദൈവം അനുവദിച്ചതിനാൽ അന്തിക്രിസ്തു അല്പനേരത്തേക്കെങ്കിലും ജയാളിയായി മാറുന്നു. അവരെ ജയിച്ചു എന്നതിനു ഗ്രീക്കിൽ നിക്കാവോ (nikavo = overcomers) എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം ജയാളികൾ (overcomers) എന്നാണ്. ജയാളികൾ എന്ന നിലയിൽ വിശ്വാസികളെ വിശേഷിപ്പിക്കുവാൻ തിരുവചനത്തിൽ ഈ വാക്കുപയോഗിച്ചിട്ടുണ്ട് (1.യോഹ.2:13,14/1.യോഹ.4:4/

1.യോഹ.5:4,5വെളി.2:7,11,17/3:5,12,21/17.14/). ഇരുസാക്ഷികളും അന്തിക്രിസ്തുവിനാൽ തോൽവി സംഭവിച്ചു കൊല്ലപ്പെട്ടുവെങ്കിലും അവർ മരണത്തെ ജയിച്ച ക്രിസ്തുവിൽ ജയാളികളാണ്. ഭൂമിയിൽ കർത്താവിന്റെ ഹിതം നിറവേറ്റുവാനായി ശത്രുവിനാൽ ഇരുവരും മരണം ആസ്വദിക്കയായിരുന്നു. അന്തിക്രിസ്തു ദൈവത്തിന്റെ സാക്ഷികളുടെ മേൽ ജയാളിയായി അത്യധികം സന്തോഷിച്ചുവെങ്കിലും അവന്റെ വിജയം താൽക്കാലികമായിരുന്നു.

**വെളി.11:8 — "അവരുടെ കർത്താവു ക്രൂശിക്കപ്പെട്ടതും ആത്മികമായി സൊദോം എന്നും മിസ്രയീം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വീഥിയിൽ അവരുടെ ശവം കിടക്കും."** (And their dead bodies will lie in the street of the great city which spiritually is called Sodom and Egypt, where also our Lord was crucified)

അവരുടെ കർത്താവ് എന്നാൽ 1260 ദിവസത്തെ പ്രവർത്തനത്തിനായി ഇരു സാക്ഷികൾക്കു ശക്തി നൽകി അധികാരപ്പെടുത്തി അവരെ അയച്ച യേശുക്രിസ്തുവാണ്. മഹാനഗരം എന്നത് യെരൂശലേമിനെ കുറിക്കുന്നു. ഇരുസാക്ഷികളും കൊല്ലപ്പെട്ടത് അവരെ അയച്ച കർത്താവിനെ ക്രൂശിച്ച യെരൂശലേമിൽ തന്നെ. അനേകം പ്രവാചകന്മാരെയും, കർത്താവിനെയും കൊലപ്പെടുത്തിയ യെരൂശലേമിൽ വെച്ചുതന്നെ കർത്താവു അയച്ച രണ്ടു സാക്ഷികളെയും കൊല്ലുന്നു. സൊദോം എന്നും മിസ്രയീം എന്നും അറിയപ്പെട്ട മഹാനഗരമായ യെരൂശലേമിന്റെ തെരുവീഥിയിൽ സാക്ഷികളായ ഇരുവരുടെയും ശവം കിടക്കും. ഒരിക്കൽ വിശുദ്ധനഗരം എന്നറിയപ്പെട്ട യെരൂശലേമിനു ഇന്നു ആത്മീകമായി സോദോം എന്നും മിസ്രയീം എന്ന പേരു ലഭിച്ചിരിക്കയാണ്. യെരൂശലേമിന്റെ ആത്മീകമായുള്ള ശോചനീയമായ അവസ്ഥ മൂലമാണ് അതിനെ സൊദോം എന്നും മിസ്രയീം എന്ന പേരിലറിയപ്പെട്ടത്. യെരൂശെലേം ലോകദൃഷ്ടിയിൽ സമൃദ്ധിപ്രാപിച്ചവരും, സമ്പന്നരും, ഉന്നതരും ആയിരുന്നു. എന്നാൽ ആത്മീകവീക്ഷണത്തിൽ യെരൂശലേം സകലദുഷ്പ്രവൃത്തികളുടെയും, ലോകമോഹങ്ങളുടെയും, വിഗ്രഹാരാധനയുടെയും, അടിമത്വത്തിന്റെയും, ദൈവജനപീഡനത്തിന്റെയും പാതയിൽ സഞ്ചരിച്ച മിസ്രയീമിനെപ്പോലെയും, അസന്മാർഗ്ഗത്തിന്റെയും ദുർന്നടപ്പിന്റെയും പാതയിൽ സഞ്ചരിച്ച സൊദോമിനെപ്പോലെയും ആയിത്തീർന്നിരിക്കുന്നു.

**സൊദോം —** സൊദോം പൊതുവേ ജഡത്തിന്റെ (flesh) പ്രവർത്തനമായ ദുർന്നടപ്പിനെ (immorality) കുറിക്കുന്നു. അസന്മാർഗ്ഗികതക്കും ദുർന്നടപ്പിനും എതിരായി സ്വർഗ്ഗത്തിൽ നിന്നു ദൈവം തീ അയച്ചു നശിപ്പിച്ച പട്ടണമാണ്. ദൈവത്തെ മറന്നു ദൈവവഴിവിട്ടു സഞ്ചരിച്ച യെരൂശലേമിന്റെ അധിപതികളെ യെശയ്യാപ്രവാചകൻ സൊദോം അധിപതികളെന്നും യെരൂശലേമിലെ ജനത്തെ ഗോമോരാജനമെന്നും വിളിച്ചിരിക്കുന്നു (യെശ.1:10). സൊദോമും ഗൊമോരായും സകലപാപങ്ങളുടെയും ദുർന്നടപ്പുകളുടെയും ഉറവിടമായി വെളിപ്പെടുന്നു (ഉല്പ.19:4-11). സൊദോം എന്നത് ദുർന്നടപ്പിന്റെ പര്യായമായി ത്തീർന്നു. അസന്മാർഗ്ഗത്തിനും ദുർന്നടപ്പിനും ദൈവം ശിക്ഷിച്ച പട്ടണമായി തിരുവചനത്തിലുടനീളം സൊദോമിനെ കാണുന്നു (ആവ.29:22/യെശ.1:9,10/യിരെ.49:18/ആമോ.4:11/ സെഫ.2:9/മത്താ.10:15/ ലൂക്കൊ.10:12/2.പത്രൊ.2:6/യൂദാ.7 ).

**മിസ്രയീം —** മിസ്രയീം പൊതുവേ ലോകത്തെ (world) പ്രതിനിധീകരിക്കുന്നു. കൂടാതെ വിഗ്രഹാരാധന (idolatary യെശ.19/യെഹെ.20:7,8/സങ്കീ.81:10), അടിമത്വം (slavery-- ആവ.5:6/ന്യായാ.6:8/ നെഹെ.9:17/യിരെ.34:13), ദൈവവഴി വിട്ടുള്ള സഞ്ചാരം (getting out of the will of God -- ഉല്പ.12:10), ദൈവജനപീഡനം (persecution of children of God -- പുറ.3:7) എന്നിവയുടെ ചിഹ്നമായും മിസ്രയീം ഇരിക്കുന്നു. മിസ്രയീമ്യരുടെ പാപപ്രവൃത്തികൾ നിമിത്തം അവരെയും ദൈവം നശിപ്പിച്ചു.

ഏഴുമുദ്രകൾ, ആറുകാഹളങ്ങൾ എന്നിവയുൾക്കൊള്ളുന്ന ദൈവത്തിന്റെ 13 ന്യായവിധികൾ ഭൂമിയിൽ അരങ്ങേറി. യുദ്ധം, അസമാധാനം, ക്ഷാമം, മരണം, സൗരയൂഥത്തിലെ മാറ്റങ്ങൾ, ഭൂകമ്പം, വെട്ടുക്കിളിയാലുള്ള ആക്രമണം, കുതിരപ്പടയാലുള്ള മരണം എന്നിങ്ങനെ അതികഠിനമായ കഷ്ടങ്ങളിലൂടെ ഭൂവാസികൾ കടന്നുപോയി. ഓരോ ഏഴാമത്തെ ന്യായവിധി ആരംഭിക്കുന്നതിനു മുമ്പായി മാനസാന്തരത്തിനു അവസരം കൊടുത്തുകൊണ്ട് ദൈവം തന്റെ ദീർഘക്ഷമ ഭൂവാസികളോടു പ്രദർശിപ്പിച്ചു. എന്നാൽ അവർ ദൈവത്തിങ്കലേക്കു തിരിഞ്ഞു ദൈവത്തിൽ അഭയം പ്രാപിച്ചില്ല എന്നു മാത്രമല്ല അന്തിക്രിസ്തുവിനോടു ചേർന്നു ദൈവത്തോടു മത്സരിച്ചു. യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു 144000 പേരെ മുദ്രയിട്ടു സംരക്ഷിച്ചു ദൈവത്തിന്റെ പ്രവർത്തനങ്ങൾക്കായി വേർതിരിച്ചു. കൂടാതെ ദൈവത്തിന്റെ രണ്ടു സാക്ഷികളെയും പീഡനകാലത്തെ രക്ഷണ്യപ്രവർത്തനങ്ങൾക്കായി അവരുടെമദ്ധ്യേ അയച്ചു. എന്നാൽ യെരൂശലേമിലെ ജനങ്ങൾ മിസ്രയീമിലെയും സൊദോമിലെയും ജനങ്ങളെപ്പോലെ ലോകത്തിന്റെ വഴിയിലും ദുർമ്മാർഗ്ഗങ്ങളിലും സഞ്ചരിച്ചു. ദൈവം അയച്ച രണ്ടു സാക്ഷികളുടെ വാക്കു അവർ കേട്ടില്ല. സാക്ഷികളുടെ സാക്ഷ്യസമയം കഴിഞ്ഞപ്പോൾ ആഴത്തിൽനിന്നു കയറിവന്ന മൃഗം അഥവാ അന്തിക്രിസ്തു അവരോടു പടവെട്ടി അവരെ ജയിച്ചു കൊന്നുകളയുവാൻ ഇടയായി. *"അവരുടെ കർത്താവു ക്രൂശിക്കപ്പെട്ടതും ആത്മികമായി സൊദോം എന്നും മിസ്രയീം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വീഥി*

*യിൽ അവരുടെ ശവം കിടക്കും."* എന്നുള്ള വിവരണം നഗരത്തിന്റെയും നഗരവാസികളുടെയും ഏറ്റവും മ്ലേച്ഛകരമായ അവസ്ഥയെയും അവരുടെമേൽ പതിക്കുവാൻ പോകുന്ന ദൈവീകന്യായവിധകളെയും വെളിപ്പെടുത്തുന്നു. കർത്താവു പറഞ്ഞിരിക്കുന്നതു നോക്കുക — **മത്താ.10:15** — *"ന്യായവിധിദിവസത്തിൽ ആ പട്ടണത്തേക്കാൾ സൊദോമ്യരുടെയും ഗമോര്യരുടെയും ദേശത്തിന്നു സഹിക്കാവതാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."*

**വെളി.11:9 — "സകലവംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും; അവരുടെ ശവം കല്ലറയിൽ വെപ്പാൻ സമ്മതിക്കയില്ല."** (Then those from the peoples, tribes, tongues, and nations will see their dead bodies three-and-a half days, and not allow their dead bodies to be put of into graves)

ദൈവത്തിന്റെ ഇരു സാക്ഷികളും തങ്ങളുടെ സാക്ഷ്യം തികെച്ചു കഴിയുമ്പോൾ ആഴത്തിൽ നിന്നു കയറി വരുന്ന മൃഗം അഥവാ അന്തിക്രിസ്തു അവരോടു പടവെട്ടി അവരെ ജയിച്ചു കൊന്നു കളയും. കർത്താവിനെ ക്രൂശിച്ചതും, വിഗ്രഹാരാധനയ്ക്കും, മത്സരത്തിനും, ദുർന്നടപ്പിനും പര്യായങ്ങളായ മിസ്രയീം സൊദോം എന്നീ പട്ടണങ്ങളെപ്പോലെ പ്രസിദ്ധിയാർജ്ജിച്ച മഹാനഗരമായ യെരൂശലേമിന്റെ തെരുവീഥിയിൽ ദൈവത്തിന്റെ അഭിഷിക്തന്മാരും പ്രവാചകന്മാരുമായ ഇരുവരുടെയും ശവം ലോകത്തിനു കൂത്തുകാഴ്ചയായി കിടക്കും. ലോകത്തിലുള്ള സകലരും മൂന്നരദിവസം കാണത്തക്കവിധം യെരൂശലേമിന്റെ തെരുവീഥിയിൽ അപമാനിതരായി അനാഥശവങ്ങളെന്നോണം പരസ്യമായി പ്രദർശിപ്പിക്കപ്പെടും. *"സകലവംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും"* എന്നത് അന്നു യെരൂശലേം സന്ദർശിക്കുന്ന ലോകനേതാക്കന്മാരെക്കുറിച്ചായിരിക്കാമെന്നു അഭിപ്രായമുണ്ട്. വെളിപ്പാടു എഴുതിയ യോഹന്നാന്റെ കാലഘട്ടത്തിലും അതു കഴിഞ്ഞ് ഏറെക്കാലം വരെയും ഈ അഭിപ്രായം ശരിയാണെങ്കിലും ഇന്നത്തെ കാലഘട്ടത്തിൽ ഇതിനു വ്യത്യാസമുണ്ട്. ഇക്കാലത്തു ഭൂമിയിലെവിടെയും സംഭവിക്കുന്ന കാര്യങ്ങൾ നിമിഷങ്ങൾക്കുള്ളിൽത്തന്നേ നമ്മുടെ ഭവനങ്ങളിൽ നേരിൽ കാണുന്ന പ്രതീതിയിൽ ടെലിവിഷൻ, കമ്പ്യൂട്ടർ മാദ്ധ്യമങ്ങളിലൂടെ കാണുന്നതിനു സാധിക്കും. ആയതിനാൽ *"സകലവംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും"* എന്നത് അന്നു യെരൂശലേം സന്ദർശിക്കുന്ന ലോകനേതാക്കന്മാർ മാത്രമല്ല ഭൂലോകത്തിലെ സകലരും കാണും എന്നതിനെയും വെളിപ്പെടുത്തുന്നു. അപ്പോൾത്തന്നെ ലോകം കണ്ട മറ്റൊരു കാര്യവും കൂടി അതിൽ അടങ്ങിയിരിക്കുന്നു. ഇരുസാക്ഷികളുടെ ശവശരീരം മാത്രമല്ല ദൈവത്തിന്റെ സാക്ഷികളെന്ന നിലയിൽ 1260 ദിവസം യെരൂശലേമിന്റെ തെരുവീഥികളിൽ രട്ടുടുത്തുകൊണ്ടു വിളിച്ചറിയിച്ച സന്ദേശങ്ങളും, സാക്ഷ്യങ്ങളും, അത്ഭുതപ്രവൃർത്തികളും യെരൂശലേമ്യർ മാത്രമല്ല സകലവംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും കാണുവാനും കേൾക്കുവാനും ഇടയാകും.

**അവരുടെ ശവം കല്ലറയിൽ വെപ്പാൻ സമ്മതിക്കയില്ല —** ദൈവത്തിന്റെ അഭിഷിക്തന്മാരുടെ ശവശരീരം ലോകം മുഴുവൻ കാണത്തക്കവിധം യെരൂശലേമിന്റെ തെരുവീഥിയിൽ അപമാനിതരായി ഉപേക്ഷിക്കപ്പെടും എന്നു മാത്രമല്ല ഇരുവരുടെയും ശവം കല്ലറയിൽ വെപ്പാൻ അവർ സമ്മതിക്കയുമില്ല. ദൈവത്തിന്റെ പ്രവാചകന്മാരുടെ വാക്കു അവർ കേൾക്കാതെ മത്സരിക്കുന്നതിനു പുറമേ അന്തിക്രിസ്തുവിനാൽ സാക്ഷികൾ കൊല്ലപ്പെട്ടു കഴിഞ്ഞപ്പോൾ അവരുടെ മരണത്തിൽ സന്തോഷിക്കുന്ന പ്രവണതയും കാണുന്നു. അതായത് അവരുടെ മരണത്തിൽ അവർ തൃപ്തിപ്പെടാതെ തുടർന്നു ദൈവത്തിന്റെ സാക്ഷികളുടെ ശവശരീരത്തെയും അപമാനിക്കുന്നു. പുരാതനകാലങ്ങളിൽ ശത്രുക്കളുടെ ശവശരീരങ്ങൾ ഇപ്രകാരം മറവുചെയ്യാതെ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയെന്നാൽ കൊല്ലപ്പെട്ട ശത്രുക്കളോടുള്ള വിദ്വേഷവും അനാദരവുമാണ് അതിലൂടെ വെളിപ്പെടുന്നത്. ഇപ്രകാരം ഒരുവന്റെ ശവത്തോടു പെരുമാറാൻ യിസ്രായേല്യരെ അവരുടെ ന്യായപ്രമാണം അനുവദിക്കുന്നില്ല (ആവ.21:22,23). യഹോവയുടെ വിശുദ്ധന്മാരോടുള്ള ലോകരുടെ പ്രതികാരം ആസാഫ് പറഞ്ഞിരിക്കുന്നതു നോക്കുക — **സങ്കീ.79:1-3 —** *"ദൈവമേ, ജാതികൾ നിന്റെ അവകാശത്തിലേക്കു കടന്നിരിക്കുന്നു; അവർ നിന്റെ വിശുദ്ധമന്ദിരത്തെ അശുദ്ധമാക്കുകയും യെരൂശലേമിനെ കൽകുന്നുകളാക്കുകയും ചെയ്തിരിക്കുന്നു. അവർ നിന്റെ ദാസന്മാരുടെ ശവങ്ങളെ ആകാശത്തിലെ പക്ഷികൾക്കും നിന്റെ വിശുദ്ധന്മാരുടെ മാംസത്തെ കാട്ടുമൃഗങ്ങൾക്കും ഇരയായി കൊടുത്തിരിക്കുന്നു. അവരുടെ രക്തത്തെ വെള്ളംപോലെ അവർ യെരൂശലേമിന്നു ചുറ്റും ചിന്തിക്കളഞ്ഞു; അവരെ കുഴിച്ചിടുവാൻ ആരും ഉണ്ടായിരുന്നതുമില്ല."*

ഇരുസാക്ഷികളുടെയും ശവശരീരം കല്ലറയിൽ വെക്കുവാൻ സമ്മതിക്കാത്തതു അവരുടെ ഒടുങ്ങാത്ത പകയെന്നതിനു പുറമേ മറ്റുചില കാരണങ്ങളും കാണുന്നുണ്ട്. ഇരുസാക്ഷികളുടെ ശുശ്രൂഷാകാലത്ത് അവർക്കെതിരായി ദോഷം പ്രവർത്തിക്കുകയോ, ഏതെങ്കിലും ദോഷം നിരൂപിക്കുകയോ ചെയ്യുന്നവർ മരണത്തിനിരയാകും. കൂടാതെ ഭൂവാസികൾ വിവിധബാധകളാൽ ദണ്ഡിപ്പിക്ക

പ്പെട്ടു. ഇങ്ങനെ ഇരുസാക്ഷികളും അജയ്യരായി ഒരു ശക്തിക്കും അവരെ കീഴടക്കാൻ കഴിയാതെ പോയപ്പോൾ അന്തിക്രിസ്തു ഭൂവാസികളുടെ രക്ഷകനായി വരികയും ദൈവത്തിന്റെ സാക്ഷികളെ തോല്പിച്ചു കൊല്ലുകയും ചെയ്തു. കൊല്ലപ്പെട്ട ദൈവത്തിന്റെ സാക്ഷികളുടെ ശവം കല്ലറയിൽ വെക്കാതെ തെരുവീഥിയിലിട്ടതു വഴി അന്തിക്രിസ്തുവിന്റെ സർവ്വശക്തിയെ ലോകത്തിനു കാണിച്ചുകൊടുക്കുകയും, സാക്ഷികൾ ചൂണ്ടിക്കാട്ടിയ ദൈവത്തേക്കാൾ വലിയവനായൊരു രക്ഷകൻ തങ്ങൾക്കുമുണ്ടെന്നു വെളിപ്പെടുത്തുകയായിരുന്നു. മറ്റൊരു കാരണമെന്നത് സാക്ഷികളുടെ തോൽവിയും, മരണവും, ശവശരീരങ്ങൾ തെരുവീഥിയിൽ അനാഥമായി കിടക്കുന്നതും, കല്ലറയിൽ വെക്കാത്തതും ദൈവഹിതം തന്നെയെന്നും, അതിലൂടെയും ദൈവത്തിനു പ്രത്യേക ഉദ്ദേശമുണ്ടെന്നും മനസ്സിലാക്കാം. ഭൂവാസികൾ മുഴുവനും നോക്കി നിൽക്കുമ്പോൾത്തന്നെ മൂന്നരദിവസം കഴിയുമ്പോൾ അന്തിക്രിസ്തുവിനാൽ കൊല്ലപ്പെട്ടവർക്കു ദൈവം ജീവശ്വാസം നൽകി മരണത്തിന്മേലും അധികാരമുള്ള ദൈവശക്തിയെ ലോകത്തിനു കാണിച്ചുകൊടുക്കുകയുമായിരുന്നു.

**വെളി.11:10 — "ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതുകൊണ്ടു ഭൂവാസികൾ അവർ നിമിത്തം സന്തോഷിച്ചു ആനന്ദിക്കയും അന്യോന്യം സമ്മാനം കൊടുത്തയക്കുകയും ചെയ്യും."** (And those who dwell on the earth will rejoice over them, make merry, and send gifts to one another, because these two prophets tormented those who dwell on the earth)

ഇരുസാക്ഷികളുടെയും തോൽവിയും മരണവും ഭൂവാസികളിൽ അത്യധികമായ സന്തോഷകാരണമായിത്തീർന്നു. ദൈവത്തിന്റെ പ്രവാചകന്മാർ മൃഗം അഥവാ അന്തിക്രിസ്തുവിനാൽ കൊല്ലപ്പെട്ടതാണ് അവരെ ആർത്തുല്ലസിക്കുവാനിടയാക്കിയത്. ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ വിവിധ ബാധകളാൽ ദണ്ഡിപ്പിക്കുന്നവരായിരുന്നു. മിസ്രയീമ്യ സൊദോം പട്ടണനിവാസികളെപ്പോലെ ദൈവത്തോടു മത്സരിച്ചും ലോകമോഹങ്ങളിലും ദുർമ്മാർഗ്ഗങ്ങളിലും മുഴുകി നടന്ന ഭൂവാസികളോട് ദൈവസന്ദേശങ്ങളടങ്ങിയ അവരുടെ പ്രവചനസാക്ഷ്യങ്ങൾ അവരെ നിരന്തരമായി അസ്വസ്ഥരാക്കിയിരുന്നു. "ഭൂവാസികൾ" എന്ന പദം വെളിപ്പാടു പുസ്തകത്തിൽ ആവർത്തിച്ചു വരുന്ന പദമാണ് (വെളി.6:10/8:13/13:8/13:12/13:14/14:6/17:2/17:8). ദൈവത്തെയും ദൈവവ്യവസ്ഥകളെയും നിരാകരിച്ചു സാത്താന്റെ ഉപകരണങ്ങളായി ജീവിക്കുന്ന ലോകജനങ്ങളാണ് "ഭൂവാസികൾ" എന്ന പേരിൽ അറിയപ്പെടുന്നത്. സാക്ഷികളിരുവരുടെയും മരണത്തിൽ ഭൂവാസികളുടെ അടക്കനാവാത്ത പകയും വിദ്വേഷവും അവരുടെ പ്രവർത്തനങ്ങളിലൂടെ പ്രകടമാകുന്നു. (1) പ്രവാചകന്മാരുടെ ശവം കല്ലറയിൽ വെക്കുവാൻ അവർ സമ്മതിക്കയില്ല (2) തെരുവീഥിയിൽ അപമാനിതരായി കിടക്കുന്ന ശവങ്ങൾ കണ്ട് ഭൂവാസികൾ സന്തോഷിച്ചാനന്ദിക്കും (3) സന്തോഷവേളയിന്നപോലെ അവർ അന്യോന്യം സമ്മാനം കൊടുത്തയക്കും. ക്രിസ്തുമസ്സ് നാളുകളിൽ സമ്മാനം കൈമാറുന്നതുപോലെ ഇവരുടെ മരണത്തിലും സമ്മാനങ്ങൾ കൈമാറി മരണം ആഘോഷിക്കുന്നു. മൃഗത്തിന്റെ വിജയമാണവർ കൊണ്ടാടുന്നത്. ക്രൂശിക്കപ്പെട്ട യേശുകർത്താവിനെ പരിഹസിച്ചതുപോലെ തന്റെ പ്രവാചകന്മാരുടെ മരണത്തിലും ഭൂവാസികൾ ആനന്ദിക്കുന്നു.

*"ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതുകൊണ്ടു ഭൂവാസികൾ അവർ നിമിത്തം സന്തോഷിച്ചു ആനന്ദിക്കയും അന്യോന്യം സമ്മാനം കൊടുത്തയക്കുകയും ചെയ്യും"* എന്നുള്ള വാക്യം മറ്റൊരു സത്യത്തെക്കൂടി വെളിപ്പെടുത്തുന്നു. ഇരുസാക്ഷികളുടെ സാക്ഷ്യപ്രവർത്തനങ്ങളും, പ്രവർത്തനത്താൽ ഭൂവാസികൾക്കുണ്ടായ ദണ്ഡനവും, സാക്ഷികളുടെ തോൽവിയും മരണവും, തുടർന്നുള്ള ആഘോഷങ്ങളും യെരൂശലേം നിവാസികളിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല എന്നതും വെളിപ്പെടുത്തുന്നു. അതായത് "ഭൂമിയിൽ വസിക്കുന്നവരെ", "ഭൂവാസികളെ" എന്നീ പ്രയോഗങ്ങൾ ലോകമെങ്ങുമുള്ള ജനത്തെ ബാധിക്കുന്നു എന്നു സാരം.

**വെളി.11:11 — "മൂന്നരദിവസം കഴിഞ്ഞശേഷം ദൈവത്തിൽനിന്നു ജീവശ്വാസം അവരിൽ വന്നു അവർ കാൽ ഊന്നിനിന്നു — അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു" —** (Now after the three-and-a-half days the breath of life from God entered them, and they stood on their feet, and great fear fell on those who saw them)

പീഡനകാലത്തെ പ്രവർത്തനങ്ങൾക്കായി ദൈവം ശക്തീകരിച്ചു അയച്ച ഇരുസാക്ഷികളുടെയും രക്തസാക്ഷിമരണത്തെക്കുറിച്ചാണ് 7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞത് (വെളി.11:7-10 — The death fo two Witnesses). തുടർന്നു 11,12 വാക്യങ്ങളിൽ അവരുടെ പുനരുത്ഥാനത്തെക്കുറിച്ചു (വെളി.11:11,12 — The Resurrection of the two Witnesses) രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ അഭിഷിക്തന്മാരായ പ്രവാചകന്മാർ ഇരുവരുടെയും ശവശരീരം യെരൂശലേം തെരുവീഥിയിൽ അപമാനിക്കപ്പെട്ടും നിന്ദിക്കപ്പെട്ടും ലോകർക്കു കൂത്തുകാഴ്ചയായും കിടക്കുന്നു. അതിൽ ഭൂവാസികളൊന്നടങ്കം സന്തോഷിക്കുകയും അന്യോന്യം സമ്മാനങ്ങൾ കൊടുത്തയക്കുകയും ചെയ്യുന്നതു കൂടാതെ മൃഗം അഥവാ ജയാളിയായ അന്തിക്രിസ്തുവിനെ അവരുടെ സർവ്വശക്തനായ ദൈവം എന്നു വാഴ്ത്തിപുകഴ്ത്തിയും ആഘോഷിക്കുകയാണ്. എന്നാൽ പെട്ടെന്നു അവരുടെ ആഹ്ലാദതിമിർപ്പിനും മൃഗത്തെ വാഴ്ത്തി

സ്തുതിക്കുന്നതിനും സ്വർഗ്ഗത്തിലെ ദൈവം തിരശ്ശീലയിടുന്നു.

*"മൂന്നരദിവസം കഴിഞ്ഞശേഷം ദൈവത്തിൽനിന്നു ജീവശ്വാസം അവരിൽ വന്നു അവർ കാൽ ഊന്നിനിന്നു — അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു"*

**മൂന്നരദിവസം കഴിഞ്ഞശേഷം —** എന്നത് ഒരു ശവശരീരം ഊതിവീർത്തു നാറ്റംവെച്ചു അഴുകി നശിക്കുവാൻ സമയം കഴിഞ്ഞു എന്തു ചിന്തിക്കാം. അതായത് ദൈവത്തിന്റെ സാക്ഷികൾ ഇരുവരും മരിച്ചു എന്നു ലോകജനതയ്ക്കു പൂർണ്ണമായി ബോദ്ധ്യപ്പെട്ടു കഴിഞ്ഞു. മരിച്ചിട്ടു നാലുനാൾ കഴിഞ്ഞ ലാസറിന്റെ ഉയിർപ്പിലും ദൈവമഹത്വം വെളിപ്പെടുവാനെന്നവണ്ണം ഇപ്രകാരം സംഭവിക്കുന്നു. **യോഹ.11:39,40 —** *"കല്ലുനീക്കുവിൻ എന്നു യേശു പറഞ്ഞു. മരിച്ചവന്റെ സഹോദരിയായ മാർത്ത: കർത്താവേ, നാറ്റം വെച്ചു തുടങ്ങി; നാലുദിവസമായല്ലോ എന്നു പറഞ്ഞു. യേശു അവളോടു: വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും....."* മൂന്നരദിവസം എന്ന പ്രയോഗം അക്ഷരാർത്ഥത്തിൽത്തന്നെ എടുക്കേണ്ടതാണ്. അതായത് മൂന്നരവർഷമായ മഹാപീഡനകാലത്തോടോ മറ്റേതെങ്കിലും കാര്യങ്ങളോടോ ബന്ധപ്പെടുത്തി ചിന്തിക്കേണ്ടതില്ല.

**ദൈവത്തിൽ നിന്നു ജീവശ്വാസം അവരിൽ വന്നു —** മരിച്ചു മൂന്നരദിവസം കഴിഞ്ഞപ്പോൾ ദൈവത്തിന്റെ സാക്ഷികളുടെ മൃതശരീരത്തിൽ ദൈവത്തിൽനിന്നു ജീവശ്വാസം വന്നു അവർ ജീവനുള്ള ദേഹികളായിത്തീർന്നു. മനുഷ്യന്റെ സൃഷ്ടിയിൽ, *"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു"* (ഉല്പ.2:7) എന്നതുപോലെ ആയിരുന്നു ഇരുസാക്ഷികൾക്കും ദൈവത്തിൽ നിന്നു ജീവൻ ലഭിച്ചത്.

**കാൽ ഊന്നി നിന്നു — അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു —** ദൈവത്തിൽ നിന്നു ജീവശ്വാസം അവരിൽ വന്നപ്പോൾ ചലമറ്റു കിടന്ന ശവശരീരത്തിൽ ജീവനുണ്ടാകുകയും തൽഫലമായി അവർ കാൽ ഊന്നി എഴുന്നേറ്റു നിൽക്കുവാനും ഇടയായി. കാൽ ഊന്നി നിന്നു എന്നത് ശരീരത്തിൽ ജീവൻ ലഭിച്ചതിന്റെ ലക്ഷണമായിരുന്നു. മൂന്നരദിവസം തെരുവിൽ സകലരാലും ഉപേക്ഷിക്കപ്പെട്ടും നിന്ദിക്കപ്പെട്ടും കിടന്ന ഇരുസാക്ഷികളുടെയും ശവശരീരങ്ങളിൽ ജീവൻവെച്ചു കാൽ ഊന്നി നിൽക്കുന്ന കണ്ട ഭൂവാസികൾ ഭയപരവശരായിത്തീർന്നു.

ജീവനിന്മേലും മരണത്തിന്മേലും അധികാരമുള്ളവനാണ് ദൈവം. ദൈവത്തിനു അസാദ്ധ്യമായതൊന്നുമില്ല. ദൈവജനത്തിന്റെ പാപം മൂലം പ്രവാസത്തിലേക്കു അയക്കപ്പെട്ട യിസ്രായേലിന്റെ ജീവനില്ലാത്ത അവസ്ഥയിൽ നിന്നു ജീവൻ ലഭിക്കുന്നത് ഉണങ്ങിയ അസ്ഥികൾ ജീവൻ പ്രാപിക്കുന്നപോലെയായിരുന്നു. ഉണങ്ങിയ അസ്ഥികൾ നിറഞ്ഞ താഴ്വരയുടെ ദർശനത്തിൽ യെഹെസ്കേൽ പ്രവാചകനു ലഭിക്കുന്ന അരുളപ്പാട് നോക്കുക — **യെഹെ.37:4-6 —** *"അവൻ എന്നോടു കല്പിച്ചതു: നീ ഈ അസ്ഥികളെക്കുറിച്ചു പ്രവചിച്ചു അവരോടു പറയേണ്ടതു: ഉണങ്ങിയ അസ്ഥികളേ, യഹോവയുടെ വചനം കേൾപ്പിൻ! യഹോവയായ കർത്താവു ഈ അസ്ഥികളോടു ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ ജീവിക്കേണ്ടതിന്നു ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും. ഞാൻ നിങ്ങളുടെമേൽ ഞരമ്പുവെച്ചു മാംസം പിടിപ്പിച്ചു നിങ്ങളെ ത്വക്കുകൊണ്ടു പൊതിഞ്ഞു നിങ്ങൾ ജീവിക്കേണ്ടതിന്നു നിങ്ങളിൽ ശ്വാസം വരുത്തും; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും."* യെഹെസ്കേൽ ഇപ്രകാരം പ്രവചിച്ചു കഴിഞ്ഞപ്പോൾ ദൈവത്തിൽ നിന്നു ജീവശ്വാസം വന്നു അവർ ജീവനുള്ളവരായി ഏറ്റവും വലിയ സൈന്യമായി നിവർന്നു നിന്നു (യെഹെ.37:10). ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ലെന്നു പറഞ്ഞിട്ട്, അങ്ങനെയുള്ളവരുടെ ശരീരം പാപംനിമിത്തം മരിച്ചാലും അവർ ജീവിക്കപ്പെടുമെന്നു അപ്പൊസ്തലനായ പൗലൊസ് പറയുന്നു. **റോമ.8:10,11 —** *"ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവു നീതി നിമിത്തം ജീവനാകുന്നു. യേശുവിനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽനിന്നു ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും."*

കർത്താവായ യേശുക്രിസ്തുവിനെ അന്നത്തെ ജനം പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്തശേഷം ക്രൂരമായി പീഡിപ്പിച്ചു ക്രൂശിൽ തറച്ചുകൊന്നു. കർത്താവിന്റെ ശരീരം അരിമത്യയിലെ യോസേഫിന്റെ കല്ലറയിൽ വെക്കുവാൻ അനുവാദം ലഭിച്ചു. മൂന്നു ദിനങ്ങൾ സാത്താനും അവന്റെ കൂട്ടരുമായ യഹൂദമതപ്രമാണികളും ഭരണാധികാരികളും ആർത്തുല്ലസിച്ചു. എന്നാൽ റോമാഗവൺമെന്റിന്റെ മുദ്രയുള്ള കല്ലറയെ പിളർന്നുകൊണ്ടു കർത്താവു ഉയിർത്തെഴുന്നേറ്റപ്പോൾ അന്നത്തെ ജനം അന്ധാളിച്ചു. കർത്താവിന്റെ ശരീരം അരിമത്യയിലെ യോസേഫിന്റെ കല്ലറയിൽ വെക്കുവാനും റോമൻ ഭരണാധികാരികളുടെ മുദ്രയിലും കാവലിലും സൂക്ഷിക്കപ്പെടുവാനും ഇടയായത് ദൈവഹിതപ്രകാരമായിരുന്നു. ശിഷ്യന്മാർ കർത്താവിന്റെ ശരീരം കൊണ്ടുപോയിരുന്നുവെങ്കിൽ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പു ശിഷ്യന്മാർ മെനഞ്ഞ കെട്ടുകഥയായി ലോകം ചിന്തിക്കുമായിരുന്നു. കർത്താവിന്റെ ക്രൂശീകരണത്തിനും മരണത്തിനും

അനേകർ സാക്ഷികളാകുകയും, ശരീരം അധികാരികളുടെ മുദ്രയോടെ കല്ലറയിൽ മൂന്നുനാൾ ഇരുന്നിട്ടും കർത്താവു ഉയിർത്തെഴുന്നേറ്റപ്പോൾ അതൊരു കെട്ടു കഥയായി രൂപപ്പെടുത്തുവാൻ മതപ്രമാണികൾ കിണഞ്ഞുപരിശ്രമിച്ചതായി തിരുവചനത്തിൽ കാണുന്നു(മത്താ.28:11-15).

കർത്താവിന്റെ ഇരുസാക്ഷികൾ അന്തിക്രിസ്തുവിനാൽ വധിക്കപ്പെടുകയും അവരുടെ ശരീരങ്ങൾ കല്ലറയിൽ വെക്കാൻ അനുവദിക്കാതെ യെരൂശലേമിന്റെ തെരുവീഥിയിൽ കിടന്നതും ദൈവഹിത പ്രകാരമായിരുന്നു. അതിലൂടെ ദൈവത്തിന്റെ മഹത്വവും അന്തിക്രിസ്തുവിന്മേലുള്ള ദൈവത്തിന്റെ വിജയവും ഭൂവാസികൾ അറിയുവാൻ ഇടയായി. അവരുടെ ശത്രുക്കളായ സാക്ഷികളിരുവരും മൂന്നരദിവസം തെരുവീഥിയിൽ കിടക്കുവാൻ ഇടയായതും ഭൂവാസികൾ ഒന്നടങ്കം പ്രസ്തുത രംഗം കാണുവാനിടയായതും കെട്ടുകഥകൾക്കോ ഊഹാപോഹങ്ങൾക്കോ വഴികൊടുക്കാതെ അവരുടെ മരണത്തിനു ഉറപ്പുണ്ടായി. ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചവരാകയാൽ ഭൂവാസികൾ സന്തോഷിച്ചാനന്ദിക്കാനിടയായി. അതായത് അവരുടെ ശുശ്രൂഷകളും തുടർന്നുള്ള മരണവും യെരൂശലേം നഗരവാസികൾ മാത്രമല്ല ഭൂമിയിൽ സകലരും കാണുവാനിടയായി. ആധുനികദൃശ്യമാദ്ധ്യമങ്ങളും അതിവേഗത്തിലുള്ള വാർത്താവിതരണസംവിധാനങ്ങളും നൊടിനേരത്തിനുള്ളിൽ സംഭവങ്ങൾ ഭൂവാസികളുടെ മുമ്പിൽ എത്തിച്ചുകൊടുക്കുന്നു. അവരെ ദണ്ഡിപ്പിച്ച ശത്രുക്കളായ ദൈവത്തിന്റെ സാക്ഷികളുടെ മരണവും അന്തിക്രിസ്തുവിന്റെ വിജയവും ലോകം കൊണ്ടാടുന്നു. യെരൂശലേം തെരുവീഥിയിൽ അനാഥരായി അപമാനിക്കപ്പെട്ടു കിടക്കുന്ന പ്രവാകന്മാരുടെ ശവശരീരം ലോകം കാണത്തക്കവിധം നീണ്ട 84 മണിക്കൂർ ദൃശ്യമാദ്ധ്യമങ്ങൾ സംപ്രേഷണം നടത്തിക്കൊണ്ടിരിക്കുന്നു. 84 മണിക്കൂർ കഴിഞ്ഞപ്പോൾ ലോകജനത നോക്കി നിൽക്കുമ്പോൾത്തന്നെ, നീരുവെച്ചു ഊതിവീർത്ത ശവശരീരങ്ങളിൽ ജീവൻ ലഭിച്ചു അവർ കാൽ ഊന്നി നിൽക്കുന്ന കാഴ്ച ഭൂവാസികളെ ഏറ്റവും ഭയപരവശരാക്കിത്തീർത്തു. അന്തിക്രിസ്തുവിനോടൊപ്പം കൂട്ടാളികളായിനിന്നു പ്രവർത്തിച്ച ഭൂവാസികൾ അനേകരെ കൊന്നിട്ടുണ്ടെങ്കിലും അവരുടെ ആയുസ്സിൽ മരിച്ചു കഴിഞ്ഞശേഷം ജീവൻ പ്രാപിക്കുന്നതിനു സാക്ഷികളാകുന്നത് ആദ്യമായാണ്. അതും മരിച്ചിട്ടു മൂന്നദിവസം കഴിഞ്ഞ ശവശരീരം ജീവൻപ്രാപിച്ചു കാൽകുത്തി നിൽക്കുന്ന അത്ഭുതമാർന്ന കാഴ്ച അവരിൽ ഏറ്റവും ഭയമുളവാക്കി. എന്നാൽ തുടർന്നുള്ള ന്യായവിധിയും മരണവും നടക്കുന്നതുവരെ ഭയത്തോടെ നോക്കി നിൽക്കുന്നുവെങ്കിലും മരണത്തിന്മേലും ജീവനിന്മേലും അധികാരമുള്ള സർവ്വശക്തനായ ദൈവത്തിൽ അഭയം പ്രാപിക്കുവാൻ അവർ കൂട്ടാക്കിയില്ല.

**വെളി.11:12 — "ഇവിടെ കയറിവരുവിൻ എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു മഹാശബ്ദം പറയുന്നതു കേട്ടു; അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി; അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു."** (And they heard a loud voice from heaven saying to them, Come up here, And they ascended to heaven in a cloud, and their enemies saw them)

ഇരുസാക്ഷികളുടെയും ഭൂമിയിലുള്ള മൂന്നരവർഷത്തെ ശുശ്രൂഷകൾക്കുശേഷം അവർ ആഴത്തിൽ നിന്നു കയറിവന്ന മൃഗത്താൽ കൊല്ലപ്പെടുകയും, അവരുടെ ശരീരങ്ങൾ മൂന്നരദിവസം മഹാനഗരമായ യെരൂശലേമിന്റെ തെരുവീഥിയിൽ പ്രദർശിക്കപ്പെടുകയും ചെയ്യും. എന്നാൽ മൂന്നരദിവസം കഴിയുമ്പോൾ ദൈവത്തിൽ നിന്നു ജീവൻ ലഭിച്ച് അവർ എഴുന്നേറ്റു നിൽക്കും. മരിച്ചവർ ജീവൻ പ്രാപിക്കുന്ന അത്ഭുതമായ കാഴ്ചകണ്ടുകൊണ്ടു ഭയപരവശരായി നിൽക്കവേ, ഭൂവാസികൾ മറ്റൊരു അത്യത്ഭുതമാർന്ന സംഭവത്തിനും ദൃക്സാക്ഷികളായിത്തീരുന്നു. അത് പുനരുത്ഥാനം പ്രാപിച്ച ഇരുവരും സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുന്ന കാഴ്ചയായിരുന്നു. യോഹന്നാൻ പ്രസ്തുതരംഗം ഇപ്രകാരം വിവരിക്കുന്നു — *"ഇവിടെ കയറിവരുവിൻ എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു മഹാശബ്ദം പറയുന്നതു കേട്ടു; അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി; അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു."*

**ഇവിടെ കയറിവരുവിൻ എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു മഹാശബ്ദം പറയുന്നതു കേട്ടു** (And they heard a loud voice from heaven saying to them, Come up here) **—**

ദൈവത്തിന്റെ ഇരുസാക്ഷികൾക്കും ജീവൻ ലഭിച്ച് നഗരവീഥിയിൽ എഴുന്നേറ്റു നിൽക്കുന്ന വേളയിൽ സ്വർഗ്ഗത്തിൽ നിന്നും ഒരു മഹാശബ്ദം കേൾക്കുവാനിടയായി. "ഇവിടെ കയറി വരുവിൻ " എന്നതായിരുന്നു സ്വർഗ്ഗത്തിൽ നിന്നുള്ള ആജ്ഞാസ്വരം. വിശ്വസ്തസാക്ഷികളായായ ഇരുവരോടുമുള്ള സ്വർഗ്ഗത്തിൽ നിന്നുള്ള ശബ്ദം കർത്താവിന്റേതായിരുന്നു എന്നു കരുതാം. പത്മൊസ് ദ്വീപിൽ സഭകളെക്കുറിച്ചുള്ള ദർശനങ്ങൾക്കു ശേഷം മേലാൽ സംഭവിപ്പാനുള്ളതു കാണിച്ചു കൊടുക്കേണ്ടതിനു "ഇവിടെ കയറി വരിക" എന്നു യോഹന്നാനോടു പറഞ്ഞ അതേ ശബ്ദം തന്നെയായിരുന്നു (വെളി.4:1) ഇരുസാക്ഷികൾക്കും പുനരുത്ഥാനശേഷം ലഭിച്ചത്. സകലഭൂവാസികളും കേൾക്കത്തക്ക വിധത്തിലുള്ള ശബ്ദമായിരുന്നതിനാലാണ് "മഹാശബ്ദം" എന്നു വിശേഷിപ്പിച്ചിരിക്കുന്നത്.

**അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി; അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു** (And they ascended to heaven in a cloud, and their enemies saw them) **—**

ഇവിടെ കയറിവരുവിൻ എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു മഹാശബ്ദം കേട്ട നിമിഷത്തിൽ സാക്ഷികളിരുവരും സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. ഇരുവരുടെയും സ്വർഗ്ഗാരോഹണം അവർ നോക്കിക്കൊ

ണ്ടിരിക്കുന്ന വേളയിലായിരുന്നു. കർത്താവു ക്രൂശിക്കപ്പെട്ടു അടക്കപ്പെട്ടശേഷം മൂന്നാനാൾ ഉയിർത്തെഴുന്നേറ്റതുപോലെ ഇരുവരും മൂന്നര ദിവസങ്ങൾക്കുശേഷം ഉയിർത്തെഴുന്നേറ്റു. മരിച്ചവരെ ഉയിർപ്പിക്കുന്ന സർവ്വശക്തനായദൈവത്തിന്റെ കരം അവിടെയും പ്രവർത്തിച്ചു. അവരുടെ ശത്രുക്കളുടെ മുമ്പിൽ വെച്ചുതന്നെ അവർ മേഘങ്ങളിൽ എടുക്കപ്പെടുവാനിടയായി. മേഘം എന്നത് ഷെക്കീനാ അഥവാ ദൈവതേജസ്സിനെ കുറിക്കുന്നു. ഇരുവരുടെയും സ്വർഗ്ഗാരോഹണത്തിന്റെ ദൃശ്യം കർത്താവിന്റെയും, എലീശാപ്രവാചകന്റെയും, സഭയുടെയും എടുക്കപ്പെടലിനോടു സാമ്യമുണ്ട്. കർത്താവ് ഒലിവ്മലയിൽ ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിലാണ് സ്വർഗ്ഗരോഹണം ചെയ്തത്. **അപ്പൊ.1:9 —** *"ഇതു പറഞ്ഞശേഷം അവർ കാൺകെ അവൻ ആരോഹണം ചെയ്തു; ഒരു മേഘം അവനെ മൂടീട്ടു അവൻ അവരുടെ കാഴ്ചെക്കു മറഞ്ഞു."* ഏലീശാപ്രവാചകന്റെ സ്വർഗ്ഗാരോഹണം ശിഷ്യനായ എലീശായുടെ സാന്നിദ്ധ്യത്തിലായിരുന്നു. **2.രാജാ.2:11 —** *"അവർ സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ അഗ്നിരഥവും അഗ്നാശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു; അങ്ങനെ ഏലീയാവു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു കയറി."* കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിൽ ക്രിസ്തുവിൽ മരിച്ചവരും ജീവനോടിരിക്കുന്ന സകലരും ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും(1.തെസ്സ.4:16,17). ഇരുസാക്ഷികളുടെയും സ്വർഗ്ഗാരോഹണം കർത്താവിന്റെയും, ഏലീയാപ്രവാചകന്റെയും, സഭയുടെയും എടുക്കപ്പെടലിനോടു ചേരുന്നുവെങ്കിലും സഭയുടെ എടുക്കപ്പെടൽ രഹസ്യസ്വഭാവമുള്ളതാകയാൽ ദൈവമക്കളല്ലാത്ത ആരും ഇതിനു ദൃക്സാക്ഷികൾ ആയിരിക്കുകയില്ല. കർത്താവിന്റെയും ഏലീയാപ്രവാചകന്റെയും സ്വർഗ്ഗാരോഹണം യഥാക്രമം ശിഷ്യന്മാരും എലീശാപ്രവാചകനും അവരുടെ സ്നേഹിതരെന്ന നിലയിൽ കാണുന്നുവെങ്കിൽ മഹാപീഡനകാലത്തെ ഇരുസാക്ഷികളുടെ സ്വർഗ്ഗാരോഹണം അവരുടെ ശത്രുക്കളായവർ കണ്ടു ഭയപ്പെടുവാൻ ഇടയാകുന്നു.

ശത്രുക്കളുടെ മുമ്പിൽ വെച്ചുള്ള ഇരുസാക്ഷികളുടെയും ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും ചില ആത്മീകസത്യങ്ങളിലേക്കു വിരൽ ചൂണ്ടുന്നു —

**—>** മരിച്ചു മൂന്നുദിവസം കഴിഞ്ഞ ശരീരങ്ങളിലേക്കു ജീവൻ പകരുവാൻ ഇടയായത് ദൈവത്തിന്റെ പ്രവർത്തനമാണെന്നു ഭൂവാസികൾ തിരിച്ചറിയുന്നു. ഭൂവാസികളെ ദണ്ഡിപ്പിച്ച പ്രവാചകന്മാരെ തോൽപ്പിച്ചുകൊന്ന മൃഗം അഥവാ അന്തിക്രിസ്തു അവരുടെ രക്ഷകൻ എന്നു വിചാരിച്ചുവെങ്കിലും ഇരുസാക്ഷികളുടെ ഉയിർത്തെഴുന്നേൽപ്പു കണ്ടപ്പോൾ മരണത്തിന്മേൽ അധികാരമുള്ള സർവ്വശക്തനായ ദൈവത്തിന്റെ ഭുജവീര്യം അവർ മനസ്സിലാക്കുവാൻ അവസരം ഉണ്ടാകുന്നു.

**—>** ഇരു സാക്ഷികളും മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവരാകയാൽ അവർ ദൈവത്തിന്റെ ദാസന്മാരാണെന്നു ലോകം അറിയുവാനിടയാകുന്നു. ആകയാൽ 1260 ദിവസം അവർ പറഞ്ഞതും പ്രവർത്തിച്ചതും ദൈവത്തിന്റെ ദൂതായിരുന്നുവെന്നു ചിന്തിക്കുവാൻ സാഹചര്യം ഉണ്ടാകുന്നു.

**—>** മൂന്നരദിവസം ഭൂവാസികൾ മൃഗത്തിന്റെ വിജയം കൊണ്ടാടി മൃഗത്തെ അവരുടെ ദൈവമായി അംഗീകരിച്ചു വാഴ്ത്തിസ്തുതിക്കുന്നു. എന്നാൽ ഇരുസാക്ഷികളുടെ ഉയിർത്തെഴുന്നേൽപ്പും അനന്തരസംഭവങ്ങളും അവരുടെ ദൈവം മരിച്ചിട്ടില്ലെന്നും മൃഗത്തെ തോൽപ്പിക്കുവാൻ ശക്തൻ എന്നും വെളിപ്പെടുന്നു.

**—>** മഹാപീഡനകാലത്തെ വിശ്വാസികളെ സംബന്ധിച്ചു ഇരുസാക്ഷികളുടെ ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗരോഹണവും ദൈവത്തിലുള്ള അവരുടെ വിശ്വാസവും പ്രത്യാശയും വർദ്ധിക്കുവാനും ഇടയാകുന്നു. മഹോപദ്രവകാലത്തിൽ ജീവിക്കുന്ന അവർ ഭൂവാസികളിൽ നിന്നു അതികഠിനമായ ദണ്ഡനങ്ങൾ ഏൽക്കാനിടയായാലും മൃഗത്തിന്റെ കരത്താൽ അവർ നിഷ്ഠൂരമായി കൊല്ലപ്പെട്ടാലും ദൈവത്തിന്റെ പുനരുത്ഥാനശക്തിയാൽ അവർ ജീവിക്കപ്പെടും എന്ന പ്രത്യാശ അവരുടെ കഷ്ടങ്ങളിൽ അവർ ശക്തി പ്രാപിക്കുവാനിടയാകുന്നു.

വെളിപ്പാടു 11:3 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്ന ഇരുസാക്ഷികളുടെ ശുശ്രൂഷയോടുള്ള ബന്ധത്തിൽ (വെളി.11:3-12 — Ministry of the two witnesses), കൃപാകാലത്തിൽ ജീവിക്കുന്ന വിശ്വാസികളായ നമുക്കും അനേക ആത്മീകപ്രബോധനങ്ങൾ ലഭിക്കുന്നു.

### (1) വെളി.11:3 — സാക്ഷികളുടെ പ്രത്യേകതകൾ (Features) —

(1) എന്റെ സാക്ഷികൾ (my witnesses) —

(2) ദൈവത്തിൽ നിന്നു അധികാരം (authority) — വരം നൽകും.

(3) സാക്ഷികളുടെ വേഷം (appearance)— രട്ടുടുത്തുകൊണ്ട് (clothed in sackcloth)—

(4) സമയം (time) — 1260 ദിവസം —

(5) ദൂത് (Message) — പ്രവചനം (Prophesy) —

സാത്താന്റെ അധീനതയിലായിരിക്കുന്ന അന്ധകാരലോകത്തിലേക്ക് കർത്താവിനാൽ അയക്കപ്പെട്ട കർത്താവിന്റെ സാക്ഷികളാണ് നാമും. ശുശ്രൂഷകൾക്കായി കർത്താവിൽ നിന്നു വരം അഥവാ

അധികാരം ലഭിച്ചവരാണ്. വിശ്വാസികളായ നമ്മുടെ വേഷവും, പ്രവർത്തനവും, വാക്കുകളും രട്ടിന്റെ പ്രദർശനങ്ങളായിരിക്കണം. അതായത് വിലാപം, ദുഃഖം, താഴ്മ, അനുതാപം, മാനസാന്തരം,ന്യായവിധി എന്നിവയെ തിരുവചനസാക്ഷ്യത്തിലൂടെ വെളിപ്പെടുത്തണം. ഇരുസാക്ഷികൾക്കു 1260 ദിവസം കൊടുത്തതുപോലെ ദൈവം ഒരു നിശ്ചിതകാലയളവു ഭൂമിയിലെ പ്രവർത്തനങ്ങൾക്കായി നമുക്കും നൽകിയിട്ടുണ്ട്. നമ്മെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം എന്നത് കർത്താവിന്റെ സാക്ഷികളായി പ്രവചനം അഥവാ ദൈവത്തിനുവേണ്ടി ദൈവീകാരുളപ്പാടുകൾ ലോകത്തോടു അറിയിക്കുക എന്നതാണ്.

**(2) വെളി.11:4 — സാക്ഷികളുടെ പ്രവർത്തനം (Function of two witnesses) —**

(1) രണ്ടു ഒലിവുവൃക്ഷങ്ങൾ (Two Olive trees)

(2) രണ്ടു നിലവിളക്കുകൾ (Two Lampstands)

നാം ദൈവത്തിന്റെ ഒലിവുവൃക്ഷങ്ങളും നിലവിളക്കുകളുമാണ്. ഒലിവുവൃക്ഷമെന്ന നിലയിൽ ആത്മഫലം പുറപ്പെടുവിക്കുന്നവരും, നിലവിളക്കെന്ന നിലയിൽ ലോകത്തിനു ക്രിസ്തുവിന്റെ വെളിച്ചം നൽകേണ്ടവരുമാണ്.

**(3) വെളി.11:5,6 —സാക്ഷികളുടെ ശക്തി** (Power of two witnesses)

(1) വായിൽ നിന്നു തീ (Fire from mouth)

(2) ആകാശത്തെ അടക്കുക (shut heaven)

(3) വെള്ളത്തെ രക്തമാക്കുക (water to blood)

(4) വിവിധ ബാധകൾ വരുത്തുക (punish with plagues)

സാക്ഷ്യം തികെക്കുവാനും അതു പൂർത്തീകരിപ്പാനും ഉയരത്തിൽ നിന്നു വിവിധകൃപാവരങ്ങളാൽ നമ്മെ ദൈവം അഭിഷേകം ചെയ്തിട്ടുണ്ട്. ദൈവത്തിൽ നിന്നു ലഭിക്കുന്ന വരങ്ങളും, ശക്തികളും, അധികാരങ്ങളും സ്വയരക്ഷെക്കു വേണ്ടിയല്ല മറിച്ച് ദൈവീകശുശ്രൂഷകൾ വിജയകരമായി പൂർത്തീകരിക്കുവാൻ ലഭിച്ചിരിക്കുന്നവയാണെന്ന കാര്യം എപ്പോഴും ഓർത്തിരിക്കണം.

**(4) വെളി.11: 7-12 —സാക്ഷികളുടെ മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം** (Death, Resurrection, and Ascension of two witnesses)—

നാം ദൈവത്തിന്റെ സാക്ഷികൾ എന്ന നിലയിൽ ദൈവം അനുവദിച്ച സമയത്തിനുള്ളിൽ സാക്ഷ്യം തികച്ചശേഷം ലോകം വിട്ടു കടന്നു പോകേണ്ടവരാണ്. ഭൂമിയിൽ നാം സ്ഥിരതാമസത്തിനു വന്നവരല്ല. നാം ലോകത്തിൽ പ്രവാസികളും പരദേശികളുമാണ്. പാപത്താലുണ്ടായ മരണം ഒരിക്കൽ നാമും അനുഭവിക്കണം. എന്നാൽ മരണത്തെ ജയിച്ച കർത്താവിൽ അഭയം പ്രാപിച്ചവരാകയാൽ നാമും ജയാളികളാണ്. ശാരീരികമരണം സംഭവിക്കുമ്പോൾ ശത്രുവായ പിശാചു ജയിച്ചു എന്നു തോന്നുന്നുവെങ്കിലും പിശാചിന്റെ ആഹ്ലാദം അല്പനേരത്തേക്കേയുള്ളൂ. നമ്മുടെ സാക്ഷ്യം നിറവേറ്റിക്കഴിഞ്ഞാൽ മരണം വഴിയായി വിശ്രമദേശത്തിൽ ചെന്നു ചേരേണ്ടവരാണ്. കർത്താവിന്റെ സാക്ഷികളായി ഭൂമിയിൽ ശോഭിച്ചെരിഞ്ഞടങ്ങിയവരും, പ്രവർത്തനസമയത്തു രക്തസാക്ഷികളായവരും ഉൾപ്പെടെ അനേകരെ തിരുവചനത്തിൽ കാണുന്നു (എബ്രാ.11/2.തിമൊ.4:7,8/അപ്പൊ.7:2-60). അവരൊക്കെ ദൈവത്തിന്റെ സാക്ഷികളെന്നനിലയിൽ നിത്യതയിൽ കർത്താവിനോടൊപ്പം സന്തോഷിച്ചാനന്ദിക്കുന്നു. ഭൂമിയിൽ കർത്താവിന്റെ പ്രവർത്തനത്തിൽ പ്രതിസന്ധികളും പ്രയാസങ്ങളും ഉണ്ടാകാം. സൊദോമിനും മിസ്രയീമിനും തുല്യമായ ലോകത്തിലാണ് നാം സാക്ഷ്യം വഹിക്കുന്നത്. കൂരിരുൾ താഴ്വരയ്ക്കുസമാനമായ ചുറ്റുപാടുകളിലൂടെ കടന്നുപോകേണ്ടി വരാം. എന്നാൽ ദൈവത്തിന്റെ സാക്ഷികളായ തന്റെ മക്കളുടെ ഒരു മുടിയിൽ പോലും തൊടുന്നതിനു ദൈവത്തിന്റെ അനുവാദം സാത്താനു ആവശ്യമാണെന്ന സത്യം (ഇയ്യോ.1:12/2:6) ശുശ്രൂഷ തികെച്ചശേഷം മാത്രമുള്ള ഇരുസാക്ഷികളുടെ മരണത്തിലൂടെ വെളിപ്പെടുന്നു. മരണം സാക്ഷ്യജീവിതത്തിന്റെ അവസാനമല്ല. “ഇവിടെ കയറി വരുവിൻ ”എന്ന ശബ്ദം നാമും ഒരിക്കൽ കേൾക്കും. ഇരുസാക്ഷികളെപ്പോലെ നാമും പുനരുത്ഥാനം പ്രാപിച്ചു സ്വർഗ്ഗത്തിലേക്കെടുക്കപ്പെടും.

**വെളി.11:13 — “ആ നാഴികയിൽ വലിയോരു ഭൂകമ്പം ഉണ്ടായി; നഗരത്തിൽ പത്തിലൊന്നു ഇടിഞ്ഞു വീണു; ഭൂകമ്പത്തിൽ ഏഴായിരംപേർ മരിച്ചുപോയി; ശേഷിച്ചവർ ഭയപരവശരായി സ്വർഗ്ഗത്തിലെ ദൈവത്തിന്നു മഹത്വം കൊടുത്തു.”** (In the same hour there was a great earthquake, and a tenth of the city fell. In the earthquake seven thousand people were killed, and the rest were afraid and gave glory to the God of heaven)

ദൈവത്തിന്റെ ഇരുസാക്ഷികളും ആഴത്തിൽ നിന്നു വന്ന മൃഗത്താൽ കൊല്ലപ്പെടുകയും മൂന്നര ദിവസം യെരൂശലേം തെരുവീഥിയിൽ അവരുടെ മൃതശരീരങ്ങൾ പരസ്യമായി പ്രദർശിപ്പിക്കപ്പെടുകയും ചെയ്തു. മൃഗത്തിന്റെ വിജയത്തിൽ ഭൂവാസികൾ ആഹ്ലാദിക്കുകയും മൂന്നരദിവസം കഴിഞ്ഞപ്പോൾ അവർ ദൈവത്തിൽ നിന്നു ജീവൻ ലഭിച്ചു ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. ഭൂവാസികൾ അവരുടെ ആയുസ്സിൽ ഒരിക്കലും കണ്ടിട്ടില്ലാത്തതും അവരുടെ ശാസ്ത്രത്തിനോ അവരുടെ രക്ഷകനായ മൃഗ

ത്തിനോ കഴിയാത്ത മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പ് ഭൂവാസികളിൽ അത്യന്ത്യം ഭീതിയുളവാക്കി. ഭയന്നു വിറങ്ങലിച്ചു നിൽക്കുന്ന വേളയിൽ ഉയരങ്ങളിൽ നിന്നു ലോകം നടുങ്ങുമാറ് ഇവിടെ കയറി വരുവിൻ എന്ന ശബ്ദവും തുടർന്നു ഇരുവരും ഉയരങ്ങളിലേക്കു എടുക്കപ്പെടുന്ന കാഴ്ചയും അവരുടെ ആശ്ചര്യവും ഭീതിയും വർദ്ധിപ്പിച്ചു. ഭൂവാസികളിൽ വീണ്ടും ഭയം വർദ്ധിപ്പിക്കുന്ന കാര്യങ്ങളാണ് തുടർന്നു യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്. *"ആ നാഴികയിൽ വലിയോരു ഭൂകമ്പം ഉണ്ടായി; നഗരത്തിൽ പത്തിലൊന്നു ഇടിഞ്ഞുവീണു; ഭൂകമ്പത്തിൽ ഏഴായിരംപേർ മരിച്ചുപോയി; ശേഷിച്ചവർ ഭയപരവശരായി സ്വർഗ്ഗത്തിലെ ദൈവത്തിന്നു മഹത്വം കൊടുത്തു."*

**ആ നാഴികയിൽ വലിയോരു ഭൂകമ്പം ഉണ്ടായി** (In the same hour there was a great earthquake)—

ആ നാഴികയിൽ എന്നാൽ ഇരുസാക്ഷികളും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുക്കപ്പെടുന്നതു കണ്ടു ഭൂവാസികൾ ഭയത്തോടെ നിൽക്കുന്ന നിമിഷത്തിൽ എന്നാണ്. യെരൂശലേമിലുണ്ടായ ഭൂകമ്പം, നാശം, മരണം എന്നിവ ഇരുസാക്ഷികളോടു ഭൂവാസികൾ ചെയ്ത ദുഷ്ടതകൾക്കെതിരായുള്ള ദൈവത്തിന്റെ ശിക്ഷാവിധികളാണ്. അതായത് തന്റെ ദാസന്മാരുടെ രക്തം യെരൂശലേം തെരുവീഥിയിൽ ചിന്നിച്ചിതറുവാനിടയായതിനും അവരുടെ ശവശരീരങ്ങളെ നിന്ദിച്ചപമാനിച്ചതിനും എതിരായി ദേശവാസികളോടുള്ള ദൈവത്തിന്റെ ക്രോധത്തിന്റെ പ്രതികരണമായിരുന്നു അവിടെയുണ്ടായ വലിയഭൂചലനം. ആറാം മുദ്ര പൊട്ടിച്ചപ്പോഴും (വെളി.6:12), ഏഴാം മുദ്ര പൊട്ടിച്ചശേഷം ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കു എറിഞ്ഞപ്പോഴും (വെളി.8:5), ഏഴാം കാഹളശേഷവും (വെളി.11:19) ഭൂകമ്പം ഉണ്ടായതായി കാണുന്നു. കൂടാതെ ഭൂമിയിൽ ഇതുവരെയും ഉണ്ടായിട്ടില്ലാത്ത അതിഭയങ്കരമായോരു ഭൂകമ്പം ഏഴാമത്തെ കലശം ആകാശത്തിൽ ഒഴിക്കുമ്പോൾ (വെളി.16:18) ഉണ്ടാകുവാൻ പോകുന്നു. കർത്താവിന്റെ ക്രൂശുമരണത്തിലും (മത്താ.27:51,52), ഉയിർത്തെഴുന്നേൽപ്പിലും (മത്താ.28:2), ദൈവത്തിന്റെ സാക്ഷികളായ പൗലൊസും ശീലാസും കാരഗൃഹത്തിലടക്കപ്പെട്ടപ്പോഴും (അപ്പൊ.16:25,26) ഭൂകമ്പം ഉണ്ടായിട്ടുണ്ട്. പീഡനകാലത്തെ ഇരുസാക്ഷികളുടെ മരണത്തോടനുബന്ധിച്ചുണ്ടാകുന്ന ഭൂകമ്പം യെരൂശലേം നഗരത്തെ സർവ്വശക്തനായ ദൈവം പിടിച്ചു കുലുക്കുന്ന പ്രതീതിയാണുർത്തുന്നത്.

**നഗരത്തിൽ പത്തിലൊന്നു ഇടിഞ്ഞുവീണു; ഭൂകമ്പത്തിൽ ഏഴായിരംപേർ മരിച്ചുപോയി** (And a tenth of the city fell. In the earthquake seven thousand people were killed)—

യെരൂശലേം നഗരത്തിലുണ്ടായ വലിയഭൂകമ്പത്താൽ നഗരത്തിന്റെ പത്തിലൊന്നു ഇടിഞ്ഞു വീഴുകയും അതുവഴിയായി ദേശവാസികൾ ഏഴായിരം പേർ മരിക്കുവാനും ഇടയായി. അപ്പോൾത്തന്നെ പത്തിലൊമ്പതുഭാഗം നാശം കൂടാതെ നിലനിറുത്തിയതും ജനസംഖ്യയിൽ ഏറിയജനത്തെ മരണത്തിനിരയാക്കാതെ ഒഴിവാക്കിയതും ദൈവകരുണയുടെയും ദീർഘക്ഷമയുടെയും പ്രദർശനങ്ങളാണ്. നഗരത്തിന്റെ പത്തിലൊന്നു മാത്രം ദൈവകോപത്തിനിരയാകുന്നത് ശേഷമുള്ള ഭൂവാസികൾക്കുള്ള മുന്നറിയിപ്പായും കരുതാം. അതായത് വീണ്ടും അവർ ദൈവവഴിവിട്ടു സഞ്ചരിക്കുകയും മൃഗത്തോടൊപ്പം നിന്നു ദൈവീകപ്രമാണങ്ങളെയും ദൈവദാസന്മാരെയും അപമാനിച്ചാൽ അവർ പാർക്കുന്ന നഗരവും അതുപോലെ നശിക്കുവാനിടാകും.

ഭൂകമ്പത്താൽ നഗരത്തിന്റെ പത്തിലൊന്നു ഇടിഞ്ഞു വീണതിനു പുറമേ ഏഴായിരം നഗരവാസികൾ മരിക്കുവാനും ഇടയായി. ഏഴായിരം പേർ എന്നത് ഒരു പക്ഷേ യെരൂശലേമിലെ ജനസംഖ്യയുടെ പത്തിലൊന്നായിരിക്കാം. ഏലീയാവിന്റെ കാലത്ത് ബാലിന്നു മടങ്ങാത്ത മുഴങ്കാലും അവനെ ചുംബനം ചെയ്യാത്ത വായുമുള്ളവരായി ആകെ ഏഴായിരം പേരെ ദൈവത്തിനായി വേർതിരിച്ചു സംരക്ഷിച്ചുവെങ്കിൽ (1.രാജാ.19:18/റോമ.11:4), മഹോപദ്രവകാലത്ത് ദുഷ്ടന്മാരായ ഏഴായിരം യെരൂശലേം നഗരവാസികളെ ദൈവം മരണത്തിനിരയാക്കുന്നു. ഏഴായിരം പേർ മരിച്ചുപോയി എന്നു മരിച്ചവരുടെ സംഖ്യ കൃത്യമായി പറഞ്ഞിരിക്കുന്നത് ഒരു പക്ഷേ ഏറെ ദേശവാസികൾ മരിച്ചുപോയി എന്നതിന്റെ വിശേഷണമായിരിക്കാം. എന്നാൽ അങ്ങനെ ചിന്തിക്കുന്നതിനേക്കാളും മരണപ്പെട്ടവരുടെ സംഖ്യ ദൈവം വളരെ കൃത്യമായി പറഞ്ഞിരിക്കുന്നു എന്നും ചിന്തിക്കാം. മരണപ്പെട്ട ഏഴായിരം പേർ മൃഗത്തോടൊപ്പം നിന്നു ഇരുസാക്ഷികളുടെയും രക്തം ചിന്തിച്ചതും കൊന്നതിനു കൂട്ടു നിന്നവരുമായിരിക്കാം. യഹോവഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും ദൈവസന്നിധിയിൽ സ്മരണപുസ്തകം ഉള്ളതുപോലെ (മലാ.3:16) യഹോവയുടെ ദാസന്മാരെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നവരുടെയും പേരുകൾ കൃത്യമായി ദൈവം എഴുതിസൂക്ഷിക്കുന്നുണ്ടാവാം. ഏതായാലും മത്സരികളായ കോരഹിനെയും കൂട്ടരെയും ഭൂമി വായ് പിളർന്നു വിഴുങ്ങി മരണത്തിനിരയാക്കിയതുപോലെ (സംഖ്യാ.16:21-33) ദൈവത്തിന്റെ സാക്ഷികളിരുവരുടെ മരണത്തിനുത്തരവാദികളായവരെയും ദൈവം ശിക്ഷിക്കുന്നു.

**ശേഷിച്ചവർ ഭയപരവശരായി സ്വർഗ്ഗത്തിലെ ദൈവത്തിന്നു മഹത്വം കൊടുത്തു** (And the rest were afraid and gave glory to the God of heaven)—

വലിയഭൂകമ്പമുണ്ടായപ്പോൾ നഗരത്തിന്റെ പത്തിലൊന്നു ഇടിഞ്ഞുവീഴുകയും ദേശവാസികളായ ഏഴായിരം പേർ മരിക്കുകയും ചെയ്തു. ഇതിനൊക്കെ ദൃക്സാക്ഷികളായി മരണത്തിൽ നിന്നു രക്ഷപ്പെ

ട്ടവരായ ശേഷിച്ചവർ ഭയപരവശരായി ദൈവത്തിനു മഹത്വം കൊടുത്തു. മരിച്ചവർ ഉയിർത്തെഴുന്നേൽക്കുന്നതും,സ്വർഗ്ഗത്തിൽ നിന്നുണ്ടായ ശബ്ദവും, അവരുടെ സ്വർഗ്ഗാരോഹണവും തുടർന്നുണ്ടായ ഭൂകമ്പവും നാശവും മരണവും എല്ലാം ദൈവത്തിന്റെ പ്രവർത്തനങ്ങളാണെന്നു ഭൂവാസികൾ തിരിച്ചറിയുന്നു.

ശേഷിച്ചവർ എന്നത് മരണത്തിൽ നിന്നു രക്ഷപ്പെട്ടവരെ കുറിക്കുന്നു. ഭയപരവശരായി എന്നതിനു എംഫോബോസ് (emphobos = alarmed / trempled) എന്ന ഗ്രീക്കു പദമാണുപയോഗിച്ചിരിക്കുന്നത്. കർത്താവിന്റെ കല്ലറക്കൽ വെട്ടിത്തിളങ്ങുന്ന വസ്ത്രധാരികളായ ദൂതന്മാരെ സ്ത്രീകൾ കണ്ടു ഭയപ്പെട്ടപ്പോഴും (ലൂക്കൊ.24:5), ഉയിർത്തെഴുന്നേറ്റ കർത്താവു ശിഷ്യന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അവർ ഞെട്ടി ഭയപ്പെട്ടപ്പോഴും (ലൂക്കൊ.24:37), കൈസര്യയിൽ കൊർന്നല്യൊസ് ദൈവദൂതനെ കണ്ടപ്പോൾ ഉറ്റുനോക്കി ഭയപരവശനാപ്പോഴും (അപ്പൊ.10:4), ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചുള്ള പൗലൊസിന്റെ പ്രസംഗം കേട്ടപ്പോൾ ഫെലിക്സ് ഭയപരവശനായപ്പോഴും (അപ്പൊ.24:25) ഇതേ പദമാണുപയോഗിച്ചിരിക്കുന്നത്. ഇരുസാക്ഷികളുടെ മരണത്തെ തുടർന്നുണ്ടായ സംഭവങ്ങളിലൂടെ ദൈവത്തിന്റെ അത്ഭുതമാർന്ന പ്രവർത്തനത്തെ തിരിച്ചറിഞ്ഞ ജനം സ്തംഭരായി നോക്കിനിന്നു എന്നതാണ് ശേഷിച്ചവർ ഭയപരവശരായി എന്നതിലൂടെ വെളിപ്പെടുന്നത്.

ഭൂകമ്പത്താൽ ഏഴായിരം പേർ കൊല്ലപ്പെട്ടപ്പോൾ ശേഷിച്ച ജനം സ്വർഗ്ഗത്തിലെ ദൈവത്തിന്നു മഹത്വം കൊടുക്കുന്ന കാഴ്ചയാണ് തുടർന്നു രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവത്തെ സ്വർഗ്ഗത്തിലെ ദൈവം (God of Heaven) എന്ന വിശേഷണം പുതിയനിയമത്തിൽ രണ്ടു പ്രാവശ്യം കാണുന്നു (വെളി.11:13/ വെളി.16:11). എന്നാൽ പഴയനിയമത്തിൽ 21 ഭാഗങ്ങളിലായി ഉപയോഗിച്ചിരിക്കുന്നതിൽ 8 പ്രാവശ്യം എസ്രായിൽ തന്നെ കാണുന്നു (ഉല്പ.24:4,7/2.ദിന.36:23/എസ്രാ.1:2,5:11,12,6:9,10,7:12,21,23/നെഹെ.1:4,5,2:4.20/ സങ്കീ.136:26/ദാനീ.2:18,19,37,44/യോനാ.1:9). ജീവനുള്ള സർവ്വശക്തനായ ദൈവത്തിന്റെ ഉന്നതിയെ ജാതികളുടെ ജീവനില്ലാത്ത ദേവന്മാരുമായി താരതമ്യപ്പെടുത്തുന്ന വേളയിലാണ് സ്വർഗ്ഗത്തിലെ ദൈവം എന്ന വിശേഷണം പഴയനിയമഭാഗങ്ങളിൽ കാണുന്നത്. ആയതുപോലെ ഇരുസാക്ഷികളുടെ ഉയിർത്തെഴുന്നേൽപ്പും അനന്തരസംഭവങ്ങളും ഭൂവാസികളിൽ ഭയമുണ്ടാക്കിയപ്പോൾ അവരുടെ രക്ഷകനെന്നു തോന്നിയ മൃഗത്തിന്റെ ശക്തിയില്ലായ്മയും ഇരുസാക്ഷികളുടെ ദൈവത്തിന്റെ സർവ്വശക്തിയും മനസ്സിലാക്കിയപ്പോഴാണ് അവർ സ്വർഗ്ഗത്തിലെ ദൈവത്തിനു മഹത്വം കൊടുത്തത്.

ശേഷിച്ചവർ ഭയപരവശരായി സ്വർഗ്ഗത്തിലെ ദൈവത്തിന്നു മഹത്വം കൊടുത്തു എന്നത് ദൈവത്തിന്റെ സർവ്വശക്തിയെ അവർ അംഗീകരിക്കുകയാണ്. കുറേപേർ കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടിട്ടുണ്ടാകാം. എന്നാൽ മരണത്തിൽ നിന്നു വിടുതൽ ലഭിച്ച സകലരും ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടു എന്നു ചിന്തിക്കുവാൻ കഴിയുകയില്ല. കാരണം തുടർന്നുള്ള അദ്ധ്യായങ്ങളിൽ അനേകർ മൃഗത്തോടു ചേർന്നു നിന്നു ദൈവത്തിനെതിരായി പ്രവർത്തിക്കുന്നതായി കാണുന്നു. മൃഗത്തെ ആരാധിക്കുന്നവർ (വെളി.13:4/വെളി.16:2), ദൈവത്തിന്റെ ശിക്ഷാവിധികൾ മനസ്സിലാക്കിയിട്ടും ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ ദൈവത്തിനു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല (വെളി.15:9,11,21/വെളി.16:21) എന്നീ വേദഭാഗങ്ങൾ ദൈവത്തിനു മഹത്വം കൊടുത്തവരെല്ലാം രക്ഷയുടെ അനുഭവത്തിലേക്കു വന്നില്ല എന്നതിനെ വെളിപ്പെടുത്തുന്നു. സ്വർഗ്ഗത്തിലെ ദൈവത്തിനു അവർ മഹത്വം കൊടുത്തതു യേശുകർത്താവിന്റെ മുമ്പിൽ ഗദരദേശത്തിലെ ഭൂതഗ്രസ്തനിലെ അശുദ്ധാത്മാവു മഹത്വം കരേറ്റിയതുപോലെയായിരിക്കണം (മർക്കൊ.5:6,7). അതായത് ഇരുസാക്ഷികളോടുള്ള ബന്ധത്തിലുണ്ടായ സംഭവങ്ങളെല്ലാം ദൈവത്തിന്റെ കരങ്ങളാണു പ്രവർത്തിച്ചതെന്നു അവർ മനസ്സിലാക്കി ഭയപ്പെടുന്നു. അവരിലുടലെടുത്ത ഭയവും ഭക്തിയും മഹത്വം നൽകലും ദൈവത്തിന്റെ സർവ്വശക്തിയോടുള്ള അംഗീകാരമായിരുന്നു. എന്നാൽ അവയൊന്നും അവരെ മാനസാന്തരത്തിലേക്കും ക്രിസ്തുവിലുള്ള രക്ഷയിലേക്കും നയിച്ചില്ല. ദൈവത്തിന്റെ ന്യായവിധികളുടെ മുമ്പാകെ ഹൃദയം കഠിനപ്പെടുത്തിയ ഫറവോന്റെ കാര്യത്തിലെന്നപോലെ (പുറ.8:15/19,32/9:7,35) അവരുടെയും ഹൃദയം കഠിനപ്പെടുകയാണുണ്ടായതെന്നു അനന്തരസംഭവങ്ങൾ വെളിപ്പെടുത്തുന്നു.

**വെളി.11:14 — "രണ്ടാമത്തെ കഷ്ടം കഴിഞ്ഞു; മൂന്നാമത്തെ കഷ്ടം വേഗം വരുന്നു."** (The second woe is past. Behold, the third woe is coming quickly)

വെളിപ്പാട് 11.14 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ മൂന്നാമത്തെ കഷ്ടവും ഏഴാമത്തെ കാഹളവും വിവരിക്കുന്നു (11.14 —19 — The seventh Trumpet and third Woe). ആകാശമദ്ധ്യേ ഘോഷിക്കപ്പെട്ട മൂന്നു കഷ്ടങ്ങൾ വെളി.8:13 -ൽ യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട് — *"അനന്തരം ഒരു കഴുകു: ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളനാദം ഹേതുവായി ഭൂവാസികൾക്കു കഷ്ടം, കഷ്ടം, കഷ്ടം എന്നു ഉറക്കെ പറഞ്ഞുകൊണ്ടു ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കാണ്കയും കേൾക്കയും ചെയ്തു."* നാലാമത്തെ കാഹളത്തിനു ശേഷവും അഞ്ചാമത്തെ കാഹളത്തിനു മുമ്പായുമാണ് കഷ്ടത്തിന്റെ ഘോഷം ഉണ്ടായത്. അതുപ്രകാരം ആദ്യത്തെ രണ്ടു കഷ്ടങ്ങൾ അഞ്ചും ആറും കാഹളധ്വനിയോടെ അരങ്ങേറി (വെളി.8:14 —9:21). മൂന്നാമത്തെ കഷ്ടം ആരംഭിക്കുന്നതിനു മുമ്പു ഒരി

ടവേളയിലെ സംഭവങ്ങൾ വിവരിക്കപ്പെട്ടു(10:1--11:13). സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ബലവാനായ ദൂതന്റെ ശുശ്രൂഷയും (വെളി.10:1-11), അതിനുശേഷം ദൈവത്തിന്റെ ആലയത്തെ അളക്കുന്നതും, ഇരു സാക്ഷികളുടെ ശുശ്രൂഷകളും അനന്തരസംഭവങ്ങളും ഇടവേളയിൽ ഉൾക്കൊള്ളുന്നു. യെരൂശലേം നഗ രത്തിലുണ്ടാകുന്ന ഭൂകമ്പം, നാശം, മരണം എന്നിവയോടെ കഴുകു ഘോഷിച്ച രണ്ടാമത്തെ കഷ്ടം അവ സാനിക്കുന്നു. "*മൂന്നാമത്തെ കഷ്ടം വേഗം വരുന്നു*" എന്നത് ഏഴാമത്തെ കാഹളധ്വനിയോടെ ആരംഭി ക്കുന്നു എന്നതിനെ കുറിക്കുന്നു. ഏഴാമത്തെ കാഹളം ഏഴു ക്രോധകലശങ്ങളാലുള്ള ന്യായവിധിയെയും അവതരിപ്പിക്കുന്നു.

ഏഴാമത്തെ കാഹളനാദം വെളി.11:15 -ൽ ഉയരുമ്പോൾ ആറാം കാഹളത്തെ തുടർന്നുണ്ടായ ഇട വേള (വെളി.10:1--11:14) അവസാനിക്കുന്നു. ഏഴാമത്തെ കാഹളം ഭൂവാസികളുടെമേൽ അതികഠിനായ ശിക്ഷാവിധികൾ ചൊരിയുന്നതോടൊപ്പം ക്രിസ്തുവിന്റെ മടങ്ങിവരവിനെയും രാജ്യസ്ഥാപനത്തെയും വിശദീകരിക്കുന്നു. ഏഴുക്രോധകലശങ്ങളടങ്ങിയ ഏഴാമത്തെ കാഹളം മൂന്നു കഷ്ടങ്ങളിൽ ഏറ്റവും വലിയ ന്യായവിധികളടങ്ങിയതാണ്. 16-ാം അദ്ധ്യായത്തിൽ ക്രോധകലശത്താലുള്ള ന്യായവിധി ആരം ഭിക്കുന്നു. 12 മുതൽ 15 വരെയുള്ള അദ്ധ്യായങ്ങൾ ക്രോധകലശത്താലുള്ള ന്യായവിധിക്കു മുമ്പുള്ള ഇട വേളയാണ്.

**വെളി.11:15 — "ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി."** (Then the seventh angel sounded: And there were loud voices in heaven, saying, The kingdoms of this world have become the kingdoms of our Lord and of His Christ, and He shall reign forever and ever)

ഭാവിയിൽ സംഭവിക്കുന്ന കാര്യങ്ങൾ യോഹന്നാൻ തനിക്കു ലഭിച്ച സ്വർഗ്ഗീയദർശനങ്ങളിലൂടെ കണ്ടുകൊണ്ടിരിക്കയാണ്. ഇരുസാക്ഷികളോടുള്ള ബന്ധത്തിൽ ഭൂമിയിലെ കാര്യങ്ങളാണ് 11:1-മുതൽ 14 വരെ കാണുവാനിടയായത്. 11:15 -ൽ സ്വർഗ്ഗത്തിൽ നടക്കുന്ന കാര്യങ്ങൾക്കു യോഹന്നാൻ സാക്ഷ്യം വഹിക്കുന്നു. ഏഴു മുദ്രകളും ആറു കാഹളങ്ങളും അടങ്ങിയ 13 ന്യായവിധികൾ കഴിഞ്ഞു. തുടർന്നു പതു നാലാമത്തെ ന്യായവിധി ഉൾക്കൊള്ളുന്ന ഏഴാമത്തെ കാഹളധ്വനി ഉയർന്നപ്പോൾ "*ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി*" എന്നു യോഹന്നാൻ വിവരിക്കുന്നു.

ഏഴാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ അര മണിക്കൂറോളം മൗനത ഉണ്ടായെങ്കിൽ (വെളി.8:1) ഏഴാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ സ്വർഗ്ഗത്തിൽ ഏറ്റവും വലിയ ശബ്ദത്തോടുള്ള മഹാഘോഷം ഉണ്ടായി. ഏഴാം മുദ്രയിൽ മൗനതയുണ്ടായത് തുടർന്നു സംഭവിക്കുവാൻ പോകുന്ന അതികഠിനമായ ശിക്ഷാവിധികളെ കണ്ടിട്ടാണെങ്കിൽ ഏഴാമത്തെ കാഹളത്തിൽ മഹാഘോഷമുണ്ടാ യത് സകലതും ക്രിസ്തുവിന്റെ കരങ്ങളിൽ വന്നുചേരുന്നതിനെ കണ്ടുകൊണ്ടായിരുന്നു. രണ്ടു കാര്യ ങ്ങളാണ് സ്വർഗ്ഗത്തിലെ മഹാഘോഷത്തിൽ നിന്നുയർന്നു കേട്ടത്.

**> ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു** (The kingdoms of this world have become the kingdoms of our Lord and of His Christ)—
ലോകരാജത്വം ക്രിസ്തു ഏറ്റെടുക്കുന്നതിനെ കുറിച്ചുള്ള കാര്യം ദൈവത്തിന്റെ മർമ്മമായി ബലവാനായ ദൂതൻ വെളിപ്പാടു പുസ്തകം 10-ാം അദ്ധ്യായത്തിൽ പ്രഖ്യാപിക്കുന്നതു കാണുന്നു. *വെളി.10:6,7* — "*ഇനി കാലം ഉണ്ടാകയില്ല; ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്തു ദൈവത്തിന്റെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചു കൊടുത്തതുപോലെ നിവൃത്തിയാകുമെന്നു ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യം ചെയ്തു.*"

ഏഴാമത്തെ കാഹളം തുടർന്നുള്ള ക്രോധകലശങ്ങളാലുള്ള ന്യായവിധികൾ ഉൾക്കൊള്ളുന്നു. പഴയനിയമത്തിൽ വിവിധ സന്ദർഭങ്ങൾക്കായി കാഹളധ്വനി പുറപ്പെടുവിക്കുന്നതിൽ ഒരുവനെ രാജാ വായി അഭിഷേകം ചെയ്യുന്ന വേളയിലും കാഹളധ്വനി ഉയരാറുണ്ട് (1.രാജാ.1:39/2.രാജാ.9:13/2.രാജാ.11:12 -14). ഇവിടെയും ഏഴാമത്തെ കാഹളം ക്രോധകലശത്താലുള്ള ശിക്ഷാവിധികൾക്കു ആരംഭം കുറിക്കു ന്നതോടൊപ്പം ക്രിസ്തു രാജാവായി ലോകരാജത്വം ഏറ്റെടുക്കുന്നതിന്റെ അഭിഷേകമായും ഇരിക്കുന്നു. സഹസ്രാബ്ദകാലത്തിൽ രാജാധിരാജാവായി വാഴുവാൻ ക്രിസ്തു അഭിഷേകം ചെയ്യപ്പെടുന്നതിന്റെ ഘോഷസ്വരമാണ് സ്വർഗ്ഗത്തിൽ ഉയരുന്നത്. എന്നാൽ "*ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു*" എന്നുള്ള പ്രഖ്യാപനം നടക്കുമ്പോൾ സഹസ്രാബ്ദവാഴ്ചക്കു മുമ്പുള്ള ഏഴുവർഷത്തെ പീഡനകാലം മുഴുവൻ തീർന്നിട്ടില്ല. 18-ാം അദ്ധ്യായം വരെയുള്ള ന്യായവിധി കൾക്കുശേഷം 19-ാം അദ്ധ്യായത്തിൽ മാത്രമാണ് (വെളി.19:6) ലോകരാജത്വം കർത്താവു ഏറ്റെടുക്കുന്ന തെന്ന കാര്യവും ശ്രദ്ധേയമാണ്. അതായത് രാജത്വപ്രഖ്യാപനം മുന്നമേ ഘോഷിക്കപ്പെടുന്നു എന്നാണി തിൽ നിന്നു മനസ്സിലാക്കാവുന്നത്. ഒരു രാജ്യത്തിലെ തിരഞ്ഞെടുപ്പു വേളയിൽ വോട്ടെണ്ണിക്കഴിഞ്ഞു

ജയം പ്രഖ്യാപിക്കുമ്പോൾ ജയിച്ചവർ അധികാരം ഏറ്റെടുത്തില്ലെങ്കിലും ജയാളികളായവരുടെ കൂട്ടം അധികാരത്തിലേറിയതുപോലെ ആർത്തുഘോഷിക്കുന്നു. ആയതുപോലെ എതിരാളിയായ സാത്താന്റെമേൽ അന്തിമവിജയം വരിക്കുവാൻ ചില കാര്യങ്ങൾ കൂടി ക്രമീകരിക്കേണ്ടതുണ്ടെങ്കിലും ക്രിസ്തുവിന്റെ വിജയത്തിനു മാറ്റമില്ലാത്തതിനാൽ *"ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു"* എന്ന പ്രഖ്യാപനം ഉണ്ടാകുന്നു. യഥാർത്ഥത്തിൽ ലോകവും അതിലുള്ളതും ദൈവത്തിന്റേതാണെങ്കിലും ഇന്നത്തെ ലോകത്തിന്റെ അധപതി സാത്താനാണ്. ഈ ലോകത്തിന്റെ ദൈവവും (2.കൊരി.4:4),ലോകത്തിന്റെ പ്രഭുവുമായ (യോഹ.12:31) സാത്താനെ അന്തിമമായി തോൽപ്പിച്ചു ക്രിസ്തു ലോകരാജത്വം ഏറ്റെടുക്കും. അവനെ വീണു നമസ്കരിച്ചാൽ ലോകത്തിലുള്ള സകലരാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കൊടുക്കാമെന്നു കർത്താവിനോടു ഒരിക്കൽ പിശാചു പറഞ്ഞതാണ് (മത്താ.4:8-11). എന്നാൽ കർത്താവു അവനെ ശാസിക്കുകയും ക്രൂശുമരണത്തിൽ ശരീരയാഗത്താൽ പിശാചിന്മേൽ ജയം കൊണ്ടാടുകയും ചെയ്തു.

"നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും" എന്നതിൽ കർത്താവ് പിതാവായ ദൈവത്തെയും അവന്റെ ക്രിസ്തു എന്നത് ദൈവപുത്രനായ യേശുക്രിസ്തുവിനെയും കുറിക്കുന്നു. പുതിയനിയമത്തിലുടനീളം കർത്താവ് എന്ന വിശേഷണം യേശുക്രിസ്തുവിനെ കുറിക്കുമ്പോൾ വെളിപ്പാടു പുസ്തകത്തിൽ കൂടുതലും പിതാവായ ദൈവത്തെ കുറിക്കുന്നു.

**> അവൻ എന്നെന്നേക്കും വാഴും** (And He shall reign for ever and ever)—

ക്രിസ്തുവിന്റെ ഭൂമിയിലെ സഹസ്രാബ്ദവാഴ്ച ആയിരമാണ്ടു മാത്രമായിരിക്കുമ്പോൾ പുതിയ ആകാശവും പുതിയ ഭൂമിയും ഉൾപ്പെട്ട രാജ്യത്തിലെ വാഴ്ച നിത്യതനിത്യതയോളം തുടരും. എന്നെന്നേക്കും എന്നതിനു മൂലഭാഷയിലുപയോഗിച്ചിരിക്കുന്ന പദത്തിനർത്ഥം യുഗായുഗങ്ങൾ (aion = forever/without end)എന്നാണ്. എന്നെന്നേക്കുമുള്ള ക്രിസ്തുവിന്റെ വാഴ്ചയെക്കുറിച്ചു പഴയനിയമത്തിലും പുതിയനിയമത്തിലും പ്രവചനരൂപേണ പറഞ്ഞിട്ടുണ്ട് (പുറ.15:18/സങ്കീ.2:2-9/യെശ.2:2,3/ദാനീ.2:35,44,45/6:26/7:14,26,27/മീഖാ.4:13/സെഖ.14:9/ലൂക്കൊ.1:31-33/മത്താ.6:10/വെളി.15:2-4/). രാജാധിരാജാവും കർത്താധികർത്താവുമായി ക്രിസ്തു എന്നെന്നേക്കും വാഴും. ക്രിസ്തുവിന്റെ നിത്യമായ ഭരണത്തിന്റെ വരവിനെ കുറിക്കുന്ന പ്രഖ്യാപനമാണ് ഏഴാം കാഹളധ്വനിയിൽ ഉയർന്നു കേട്ടത് — *"ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി."*

**വെളി.11:16 — "ദൈവസന്നിധിയിൽ സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാരും കവിണ്ണുവീണു ദൈവത്തെ നമസ്കരിച്ചുപറഞ്ഞതു:"** (And the twenty-four elders who sat before God on their thrones fell on their faces and worshiped God, saying)

ഏഴാമത്തെ കാഹളത്തിങ്കൽ ലോകരാജത്വവും അതിന്റെ വാഴ്ചയും സർവ്വശക്തനായ ദൈവത്തിനും ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ മഹാഘോഷമുണ്ടായി. അപ്പോൾ സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ സിംഹാസനങ്ങളിൽ ഇരുന്ന 24 മൂപ്പന്മാരും കവിണ്ണുവീണു ദൈവത്തെ നമസ്കരിച്ചു. വെളിപ്പാടു നാലാം അദ്ധ്യായത്തിൽ, ഇവിടെ കയറി വരിക എന്ന സ്വർഗ്ഗത്തിലെ ശബ്ദത്തോടെ ആത്മവിവശനായ യോഹന്നാൻ സ്വർഗ്ഗീയകാഴ്ചകൾക്കു സാക്ഷ്യം വഹിക്കുന്നു. അവിടെ സിംഹാസനസ്ഥനായ സർവ്വശക്തനായ ദൈവത്തെയും, ചുറ്റിൽ 24 സിംഹാസനങ്ങളിൽ ശുഭ്രവസ്ത്രധാരികളും തലയിൽ പൊൻകിരീടവും ധരിച്ച 24 മൂപ്പന്മാരെയും കണ്ടു (വെളി.4:1-4). സർവ്വശക്തനായ ദൈവത്തോടൊപ്പം സ്വർഗ്ഗീയസദസ്സിൽ ഇരിക്കുവാനും സന്തോഷിക്കുവാനും മഹാഭാഗ്യം ലഭിച്ച ഇവർ ദൂതന്മാരോ ഗോത്രത്തലവന്മാരോ അല്ല. അവർ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും ഉത്പ്രാപണത്തിലൂടെ കർത്താവിനോടൊപ്പം സ്വർഗ്ഗത്തിൽ എത്തിച്ചേർന്ന സഭയുടെ പ്രതിനിധികളുമാണെന്നു വെളിപ്പാടു നാലാം അദ്ധ്യായത്തിൽ യോഹന്നാന്റെ വിവരണത്തിലൂടെ കാണുകയുണ്ടായി. സ്വർഗ്ഗീയ സദസ്സിൽ സിംഹാസനത്തിലിരിക്കുന്ന 24 മൂപ്പന്മാരും സർവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെ വീണു നമസ്കരിക്കുന്നത് വിവിധ സന്ദർഭങ്ങളിൽ കാണുന്നുണ്ട് (വെളി.4:10,11/5:8,14/7:11/19:4). സഭ ഏറ്റവും പ്രത്യാശയോടെ നോക്കിയിരിക്കുന്ന ഭാവികാലസംഭവങ്ങളുടെ നിവർത്തിയിലേക്കു നയിക്കുന്ന കാര്യങ്ങളാണ് ഏഴാം കാഹളത്തോടെ സ്വർഗ്ഗത്തിൽ ഘോഷിക്കപ്പെട്ടത്. ശത്രുവായ പിശാചിനെ തോൽപ്പിച്ചു ക്രിസ്തു ലോകരാജത്വം ഏറ്റെടുത്തു എന്നെന്നേക്കും രാജാധിരാജാവായി വാഴുമ്പോൾ തങ്ങളും ക്രിസ്തുവിനോടൊപ്പം വാഴും എന്നുള്ള അതിസന്തോഷമാണ് അവർ ദൈവസന്നിധിയിൽ കവിണ്ണുവീണു ദൈവത്തെ നമസ്കരിക്കുവാനിടയാക്കിയത്.

**വെളി.11:17 — "സർവ്വശക്തിയുള്ള കർത്താവായ ദൈവമേ, ഇരിക്കുന്നവനും ഇരുന്നവനുമായുള്ളോവേ, നീ മഹാശക്തി ധരിച്ചു വാഴുകയാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു."**

**വെളി.11:18 — "ജാതികൾ കോപിച്ചു: നിന്റെ കോപവും വന്നു: മരിച്ചവരെ ന്യായംവിധിപ്പാനും നിന്റെ ദാസന്മാരായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ചെറിയവരും വലിയവരുമായി നിന്റെ ഭക്ത**

**ന്മാർക്കും പ്രതിഫലം കൊടുപ്പാനും ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിപ്പാനും ഉള്ള കാലവും വന്നു."** (We give You thanks, O Lord God Almighty, The One who is and who was and who is to come, Because You have taken Your great power and reigned. The nations were angry, and Your wrath has come, And the time of the dead, that they should be judged, And that You should reward Your servants the prophets and the saints, And those who fear Your name, small and great, And should destroy those who destroy the earth)

സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാരും കവിണ്ണുവീണു ദൈവത്തെ നമസ്കരിച്ചു സ്തുതിപാടുന്നു. ദൈവത്തിന്റെ സ്വഭാവസവിശേഷതകളും ദൈവം തുടർന്നു ചെയ്യുവാൻ പോകുന്ന കാര്യങ്ങളുമാണവരുടെ സ്തുതിഗാനത്തിലുള്ളത്. ലോകരാജത്വം ദൈവം ഏറ്റെടുത്തിരിക്കയാൽ സകലത്തിന്റെയും സമാപ്തിക്കു കാലമായിരിക്കുന്നുവെന്നും അവരുടെ സപ്തസ്തോത്രഗാനത്തിലൂടെ ധ്വനിക്കുന്നു.

(1) സർവ്വശക്തിയുള്ള കർത്താവായ ദൈവമേ — കർത്താവായ ദൈവം സർവ്വശക്തൻ (Lord God Almighty)

(2) ഇരിക്കുന്നവനും ഇരുന്നവനുമായുള്ളോവേ — നിത്യനായ ദൈവം (Eternal God)

(3) മഹാശക്തി ധരിച്ചു വാഴുകയാൽ — ശക്തനായ രാജാവ് (Powerful King)

(4) ജാതികൾ കോപിച്ചു: നിന്റെ കോപവും വന്നു — ശത്രുവിനോടുള്ള ദൈവക്രോധം വെളിപ്പെട്ടു (Wrath of God revealed)

(5) മരിച്ചവരെ ന്യായം വിധിപ്പാനും — ന്യായാധിപനായ ദൈവം (God of Judgement)

(6) നിന്റെ ദാസന്മാരായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ചെറിയവരും വലിയവരുമായി നിന്റെ ഭക്തന്മാർക്കും പ്രതിഫലം കൊടുപ്പാനും — വിശുദ്ധന്മാർക്കുള്ള പ്രതിഫലം നൽകുന്ന ദൈവം (God who give reward to the Saints)

(7) ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിപ്പാനും ഉള്ള കാലം വന്നു — അന്തിമന്യായവിധി നടത്തുന്ന ദൈവം (God who perform final Judgement)

**(1) സർവ്വശക്തിയുള്ള കർത്താവായ ദൈവമേ — കർത്താവായ ദൈവം സർവ്വശക്തൻ (Lord God Almighty) —**

സ്വർഗ്ഗീയ സദസ്സിലെ 24 മൂപ്പന്മാരുടെ സ്തോത്രത്തിൽ ആദ്യമായി അവർ പറയുന്നത് ദൈവം സർവ്വശക്തിയുള്ള കർത്താവായ ദൈവം എന്നാണ്. സർവ്വശക്തൻ, കർത്താവ്, ദൈവം എന്നീ മൂന്നു വിശേഷണങ്ങളും ദൈവത്തിന്റെ സ്വഭാവസവിശേഷതകളാണ്.

**സർവ്വശക്തൻ** (Almighty)— എന്നതിന് പഴയനിയമത്തിൽ ഏലോഹിം (Elohim) എന്നും എൽ സദായി (El-Shaddai) എന്നുമുള്ള രണ്ടു എബ്രായ പദങ്ങളാണുപയോഗിച്ചിരിക്കുന്നത്. എല്ലാറ്റിനെയും സൃഷ്ടിക്കുവാനുള്ള ദൈവത്തിന്റെ കഴിവ് (Creative Power), ദൈവത്തിന്റെ സർവ്വശക്തി (Omnipotence), ദൈവത്തിന്റെ സമ്പൂർണ്ണ അധികാരം (Sovereignty) എന്നീ മൂന്നു കാര്യങ്ങൾ ഏലോഹിം എന്ന എബ്രായപദം വെളിപ്പെടുത്തുന്നു. തന്റെ എല്ലാ സൃഷ്ടികൾക്കും ആവശ്യമയതെല്ലാം നൽകി കരുതുവാൻ മതിയായ സർവ്വശക്തനായ ദൈവം എന്നതിനെ എൽ-സദായി എന്ന പദം അർത്ഥമാക്കുന്നു.

**കർത്താവ്** (Lord) — എന്ന നിലയിൽ ദൈവം യജമാനനും കർത്തൃത്വം നടത്തുന്നവനുമാണ്. യജമാനൻ, ഉടമസ്ഥൻ, കർത്താവ് എന്നതിന് എബ്രായഭാഷയിൽ അദോനായ് (Adonai) എന്ന പദമാണു പയോഗിച്ചിരിക്കുന്നത്. ഒരു ദാസനോ അടിമക്കോ അവന്റെ യജമാനൻ ഏതൊക്കെ നിലയിൽ ബന്ധപ്പെട്ടിരിക്കുന്നുവോ അതുപോലെ തന്റെ ജനത്തിന്റെ ഉടയവനായ ദൈവം അവരെ കരുതി, സൂക്ഷിച്ചു, പരിപാലിച്ചു ഭരിച്ചു നിയന്ത്രിക്കുന്നതിനെയാണ് അദോനായ് എന്ന നാമം അർത്ഥമാക്കുന്നത്.

**ദൈവം** (God)— എന്ന നിലയിലും സ്തുതിസ്തോത്രം ഉയരുന്നു. ദൈവം തന്നെ വെളിപ്പെടുത്തിയിരിക്കുന്ന നാമമാണ് യഹോവ (Jehovah / Yahweh) എന്ന എബ്രായപദം. ഞാൻ ആകുന്നവൻ ഞാനാകുന്നു എന്നാണർത്ഥം. യിസ്രായേൽ ജനത്തിന്റെ വീണ്ടെടുപ്പുകാരൻ എന്ന നിലയിലാണ് ദൈവം യഹോവ എന്ന നാമത്തിൽ അറിയപ്പെട്ടത് (പുറ.3:14/പുറ.6:3).

സർവ്വശക്തിയുള്ള കർത്താവായ ദൈവമേ എന്നു 24 മൂപ്പന്മാർ പാടിസ്തുതിക്കുമ്പോൾ അവരോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ മൂന്നു സ്വഭാവസവിശേഷതകളും വെളിപ്പെടുന്നു. സൃഷ്ടാവെന്ന നിലയിൽ ദൈവത്തിന്റെ സർവ്വശക്തിയെയും, കർത്താവെന്ന നിലയിൽ അവരെ കരുതി പരിപാലിച്ചു സകല അനുഗ്രഹങ്ങളാലും നിറച്ചതിനെയും, ദൈവം എന്ന നിലയിൽ അവർക്കു ലഭിച്ച വീണ്ടെടുപ്പിനെയും അവർ ഓർക്കുന്നു.

**(2) ഇരിക്കുന്നവനും ഇരുന്നവനുമായുള്ളോവേ** (The One who is and who was and who is to come)

**— നിത്യനായ ദൈവം (Eternal God) —**

സ്വർഗ്ഗീയസദസ്സിൽ സാഷ്ടാംഗം വീണു നമസ്കരിച്ച 24 മൂപ്പന്മാരുടെ സ്തോത്രസംഗീതത്തിൽ രണ്ടാമതായി കേൾക്കുന്നത് *"ഇരിക്കുന്നവനും ഇരുന്നവനുമായുള്ളോവേ"* എന്നാണ്. നിത്യനായ ദൈവം (God is Eternal) എന്നാണവർ ദൈവത്തെ വിശേഷിപ്പിക്കുന്നത്. നിത്യനായ ദൈവം (ഉല്പ.21:33/ യെശ.40:28) എന്നാൽ ദൈവത്തിനു ആരംഭമോ അവസാനമോ ഇല്ല എന്നാണ്. *"ഇരിക്കുന്നവനും, ഇരുന്നവനും വരുന്നവനും"* എന്ന വിശേഷണം വെളിപ്പാടിൽ ഇതിനു മുമ്പു മൂന്നു തവണ ഉപയോഗിച്ചിട്ടുണ്ട് (വെളി.1:4/1:8/4:8). *"ഇരിക്കുന്നവനും ഇരുന്നവനുമായുള്ളോവേ"* ((The One who is and who was) എന്നത് ചില ഇംഗ്ലീഷ് പരിഭാഷകളിൽ *"ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായുള്ളോവേ"* (The One who is and who was and who is to come) എന്നാണ് കാണുന്നത്. മലയാളപരിഭാഷയിൽ *"വരുന്നവൻ"* എന്നത് വിട്ടു കളഞ്ഞിരിക്കുന്നു. വെളി.16:5 ലും *"ഇരിക്കുന്നവനും ഇരുന്നവനും"* എന്നു മാത്രമാണ് പറഞ്ഞിട്ടുള്ളത്. സ്വർഗ്ഗത്തിൽ 24 മൂപ്പന്മാർ പാടുന്ന സ്തോത്രഗാനത്തിൽ *"വരുന്നവൻ"* എന്ന ഭാഗം വിട്ടുകളഞ്ഞത് ഏഴാം കാഹളധ്വനി ഉയർന്നപ്പോൾ *"ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു"* എന്ന പ്രഖ്യാപനം ഉണ്ടായതിനാലാണെന്നു കരുതാം. അതായത് വരുവാനുള്ളവൻ വന്നു കഴിഞ്ഞു എന്നുള്ള ഉറപ്പാണതിൽ പ്രകടമാകുന്നത്.

**(3) മഹാശക്തി ധരിച്ചു വാഴുകയാൽ** (Because You have taken Your great power and reigned) —
**ശക്തനായ രാജാവ് (Powerful King) —**

വെളിപ്പാടു 4:10,11 വാക്യങ്ങളിൽ ദൈവം സൃഷ്ടാവ് (God the Creator) എന്ന നിലയിലും, വെളി.5:9 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ ദൈവം വീണ്ടെടുപ്പുകാരനെന്ന (God the Redeemer) നിലയിലും 24 മൂപ്പന്മാർ വീണുവണങ്ങി ദൈവത്തെ മഹത്വപ്പെടുത്തി. എന്നാൽ ഈ വാക്യത്തിൽ മഹാശക്തി ധരിച്ചു വാഴുകയാലാണ് അവർ ദൈവത്തെ സ്തുതിക്കുന്നത്. അതായത് ജയാളിയായ ശക്തനായ രാജാവെന്ന (God the Powerful King) നിലയിൽ അവർ മഹത്വപ്പെടുത്തുന്നു. മഹാപീഡനകാലം കഴിയുന്നതുവരെ ഭൂമിയിലെ അധികാരം ഏറ്റെടുക്കുന്നില്ലെങ്കിലും രാജത്വപ്രഖ്യാപനം സ്വർഗ്ഗത്തിൽ വിളംബരം ചെയ്തിരിക്കയാൽ, ക്രിസ്തു അന്നു മഹാശക്തി ധരിച്ചു വാഴുന്നത് അവർ മുന്നമേ ദർശിച്ചു സ്തുതികരേറ്റുന്നു.

**(4) ജാതികൾ കോപിച്ചു: നിന്റെ കോപവും വന്നു — ശത്രുവിനോടുള്ള ദൈവക്രോധം വെളിപ്പെട്ടു** (Wrath of God revealed) —

സർവ്വശക്തനായ ദൈവം (Almighty God > Omnipotence), നിത്യനായ ദൈവം (Eternal God > Self Existence), ശക്തനായ രാജാവ് (Powerful King > Soverignty of God) എന്നിങ്ങനെ ദൈവത്തിന്റെ മൂന്നു സ്വഭാവസവിശേഷതകൾ വെളിപ്പെടുത്തി 24 മൂപ്പന്മാർ ദൈവത്തെ മഹത്വപ്പെടുത്തി. തുടർന്നുഭൂമിയിലെ വാഴ്ചയെ അടിസ്ഥാനമാക്കി നാലു കാര്യങ്ങൾ അവർ പ്രസ്താവിക്കുന്നു. (1)ശത്രുവിനോടുള്ള ദൈവക്രോധം (2) മരിച്ചവരെ ന്യായം വിധിക്കൽ (3) വിശുദ്ധന്മാർക്കു പ്രതിഫലം നൽകൽ (4) ഭൂമിയെ നശിപ്പിക്കുന്നവർക്കുള്ള നാശം. ഇവ നാലു കാര്യങ്ങളും ഏഴാമത്തെ കാഹളത്തെ തുടർന്നു ഭാവിയിൽ നടക്കുവാൻ പോകുന്നത് മുന്നമേ മനസ്സിലാക്കി 24 മൂപ്പന്മാർ ദൈവത്തെ മഹത്വപ്പെടുത്തുകയാണ്.

**ജാതികൾ കോപിച്ചു: നിന്റെ കോപവും വന്നു —** ഭൂവാസികളുടെ കോപവും ദൈവത്തിന്റെ കോപവും ഇവിടെ പ്രസ്താവിക്കുന്നു. മനുഷ്യരുടെ കോപം പാപത്തോടു ബന്ധപ്പെട്ടതായിരിക്കുമ്പോൾ ദൈവക്രോധം നീതിയോടും വിശുദ്ധിയോടും ബന്ധപ്പെട്ടിരിക്കുന്നു. അതായത് ദൈവക്രോധം വെളിപ്പെടുന്നത് മനുഷ്യന്റെ പാപത്തോടും അനീതിയോടും വിശുദ്ധിയില്ലായ്മയോടുമാണ്. ദൈവം സർവ്വശക്തനാകയാൽ ദൈവക്രോധത്തിനു മുമ്പിൽ ഒരു മനുഷ്യനും പിടിച്ചു നിൽക്കുവാൻ സാദ്ധ്യമല്ല. ആറാം മുദ്രപൊട്ടിച്ചപ്പോഴുണ്ടായ ദൈവക്രോധത്തിൽ ഭൂവാസികളുടെ പ്രതികരണം ഇതു വെളിപ്പെടുത്തുന്നു. **വെളി.6:15-17 —** *"ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും;ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ. അവരുടെ മഹാകോപദിവസം വന്നു; ആർക്കു നിൽപ്പാൻ കഴിയും എന്നു പറഞ്ഞു."* ജാതികൾ കോപിച്ചു എന്നു പറയുന്നത് പീഡനകാലയളവിൽ ദൈവത്തോടും ദൈവീകപ്രമാണങ്ങളോടും ദൈവത്തെ അനുസരിക്കുന്ന വിശ്വാസികളോടുമുള്ള ബന്ധത്തിലാണ് ജാതികളുടെ കോപം വെളിപ്പെടുന്നത്. അക്കാലത്ത് അന്തിക്രിസ്തുവിന്റെ കൂട്ടാളികൾ ഒരുമിച്ചുനിന്നു കിസ്തുവിനോടു എതിർത്തു കോപിക്കും. ജാതികൾ ദൈവത്തോടു കോപിക്കേണ്ട കാര്യമൊന്നുമില്ല. ദൈവം അവർക്കാവശ്യമായതെല്ലാം കൊടുത്തു എന്നു മാത്രമല്ല അവർ രക്ഷിക്കപ്പെടുവാൻ ദൈവത്തിന്റെ ന്യായവിധികൾ പലതും താമസിപ്പിക്കുക വഴി അവരോടുള്ള ദീർഘക്ഷമയും കരുണയും പ്രദർശിപ്പിച്ചു അവരെ സ്നേഹിച്ചു. എന്നിട്ടും ദൈവസ്നേഹത്തിനെതിരായി മറുതലിക്കുകയും സാത്താനോടും മൃഗത്തോടും ചേർന്നു നിന്നു ദൈവത്തെ എതിർത്തു. അവർക്കായുള്ള രക്ഷണ്യദൂതുമായി ദൈവം അവരുടെ സമീപത്തേക്കയച്ച രണ്ടു സാക്ഷികളുടെയും രക്തം യെരൂശലേമിന്റെ തെരുവീഥി

യിൽ ചിന്നിച്ചിതറപ്പെടുവാൻ അവർ കൂട്ടു നിന്നു.

രണ്ടാം സങ്കീർത്തനത്തിൽ ജാതികളുടെ കോപവും അതിനെതിരായി ദൈവത്തിന്റെ ക്രോധവും വെളിപ്പെടുന്നതു കാണാം. **സങ്കീ.2:1-5 —**“*ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായതു നിരൂപിക്കുന്നതും എന്തു? യഹോവെക്കും അവന്റെ അഭിഷിക്തന്നും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേൽക്കയും അധിപതികൾ തമ്മിൽ ആലോചിക്കയും ചെയ്യുന്നതു: നാം അവരുടെ കെട്ടുകളെ പൊട്ടിച്ചു അവരുടെ കയറുകളെ എറിഞ്ഞുകളക. സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു; കർത്താവു അവരെ പരിഹസിക്കുന്നു. അന്നു അവൻ കോപത്തോടെ അവരോടു അരുളിച്ചെയ്യും; ക്രോധത്തോടെ അവരെ ഭ്രമിപ്പിക്കും.*” ജാതികളുടെമേൽ ദൈവത്തിന്റെ ക്രോധം ചൊരിയാൻ പോകുന്നതിനെയോർത്താണ് സ്വർഗ്ഗീയസദസ്സിൽ സ്തോത്രമുയരുന്നത്. ജാതികൾ ഒരുമിച്ചുകൂടി ദൈവത്തോടു യുദ്ധത്തിനു വരുന്നത് അവർ കാണുന്നു. ആറാമത്തെ ക്രോധകലശം യൂഫ്രാത്തേസ് മഹാനദിയിൽ ഒഴിക്കുമ്പോൾ നദിയിലെ വെള്ളം വറ്റുകയാൽ ദൈവത്തിന്റെ സകലശത്രുക്കളും ഹർമ്മഗെദോൻ എന്ന സമതലപ്രദേശത്തിൽ എത്തിച്ചേരുവാനിടയാകും(വെളി.16:12-16/19:19). അവിടെ വെളിപ്പെടുന്ന ദൈവക്രോധത്തിൽ സകലശത്രുക്കളും താളടിയാകും. മഹാദൈവത്തിന്റെ അത്താഴം എന്ന നിലയിൽ അവരുടെ ശവങ്ങൾ ഭക്ഷിക്കുവാൻ ആകാശത്തിൽ പറക്കുന്ന സകലപക്ഷികൾക്കും ഒരു ദൂതനിലൂടെ ക്ഷണം ഉണ്ടാകും (വെളി.19:17,18).

**(5) മരിച്ചവരെ ന്യായം വിധിപ്പാനും — ന്യായാധിപനായ ദൈവം** (God of Judgement) **—**

അഞ്ചാമതായി 24 മൂപ്പന്മാർ ദൈവത്തെ സ്തുതിക്കുന്നത് മരിച്ചവരെ ന്യായം വിധിക്കുന്ന ന്യായാധിപനായ ദൈവം എന്ന നിലയിലാണ്. ദൈവം ജീവനുള്ളവരെയും മരിച്ചവരെയും ഒരുപോലെ ന്യായം വിധിക്കും എന്നു മാത്രവുമല്ല, ദൈവത്തിന്റെ ന്യായവിധികൾ നീതിയുള്ളവയുമാണ്.

മരിച്ചവർ എന്നത് പൊതുവേ > പഴയനിയമകാലവിശുദ്ധന്മാർ > പുതിയനിയമകാലവിശുദ്ധന്മാർ > മഹോപദ്രവകാലവിശുദ്ധന്മാർ എന്നീ മൂന്നു വിഭാഗത്തിലുള്ളവരും, ഈ മൂന്നു വിഭാഗത്തിലുള്ള അവിശ്വാസികളും ഉൾക്കൊള്ളുന്നു. ഇതിൽ ഉത്പ്രാപണം വഴിയായി എടുക്കപ്പെട്ട സഭയിലെ വിശുദ്ധന്മാർ സ്വർഗ്ഗത്തിൽ ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെയായിരിക്കും നിൽക്കുക (2.കൊരി.5:10/ റോമ.14:10-12). അവിശ്വാസികൾ ഒന്നടങ്കം ആയിരം ആണ്ടു വാഴ്ചക്കുശേഷം സ്ഥാപിക്കപ്പെടുന്ന വെള്ള സിംഹാസനത്തിനു മുമ്പിൽ നിൽക്കേണ്ടി വരും (വെളി.20:11-15). ആയതിനാൽ മരിച്ചവരെ ന്യായം വിധിക്കുവാനുള്ള കാലം വന്നു എന്നു മൂപ്പന്മാർ പറയുന്നത് വിശേഷാൽ അവരുടെ അടുത്ത സ്തുതിയിൽ വിശുദ്ധന്മാർക്കുള്ള പ്രതിഫലത്തെ പരാമർശിക്കുന്നതിനാൽ, മരിച്ചവർ എന്നത് പഴയനിയമാകാലവിശുദ്ധന്മാരെയും മഹാപീഡനകാലത്തു മരണപ്പെട്ട വിശുദ്ധന്മാരെയും എന്നു കരുതാം. അതായത് ഹാബേൽ മുതൽ ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗമരണം വരെയും, ക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ സഭ എടുക്കപ്പെട്ടശേഷം ഭൂമിയിലെ പീഡനകാലത്തിന്റെ അവസാനം വരെയുമുള്ള വിശുദ്ധന്മാരും ഇതിൽ ഉൾപ്പെടും.

**(6) നിന്റെ ദാസന്മാരായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ചെറിയവരും വലിയവരുമായി നിന്റെ ഭക്തന്മാർക്കും പ്രതിഫലം കൊടുപ്പാനും** (And that You should reward Your servants the prophets and the saints, And those who fear Your name, small and great) **— വിശുദ്ധന്മാർക്കുള്ള പ്രതിഫലം നൽകുന്ന ദൈവം** (God who give reward to the Saints) **—**

മരിച്ചവരെ ന്യായം വിധിക്കുക മാത്രമല്ല തന്റെ ദാസന്മാർക്കും, പ്രവാചകന്മാർക്കും, വിശുദ്ധന്മാർക്കും, ഭക്തന്മാർക്കും പ്രതിഫലം കൊടുപ്പാനും കാലം വന്നു എന്നു അവരുടെ സ്തോത്രഘോഷത്തിൽ കേൾക്കുന്നു. സഭയെ പ്രതിനിധീകരിക്കുന്ന 24 മൂപ്പന്മാർക്കു പ്രതിഫലമായി കർത്താവിനോടൊപ്പം ഇരിക്കുവാനുള്ള സിംഹാസനവും, ധരിക്കുവാൻ വെള്ളയുടുപ്പും തലയിൽ വെക്കുവാൻ പൊൻകിരീടവും ലഭിച്ചിരിക്കുന്നു. കൂടാതെ കർത്താവിനോടൊപ്പമുള്ള വാഴ്ച സഹസ്രാബ്ദത്തിലാണുണ്ടാവുക(2.തിമൊ.2:11/ ലൂക്കൊ.19:17/ലൂക്കൊ.22:30). ആകയാൽ പഴയനിയമകാലത്തെയും മഹോപദ്രവകാലത്തെയും ദൈവദാസന്മാർക്കു നൽകുന്ന പ്രതിഫലത്തെക്കുറിച്ചാണിവിടെ പറയുന്നത്. ഇവരുടെ പുനരുത്ഥാനം ഉത്പ്രാപണത്തിലൂടെ സഭ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട ശേഷവും, സഹസ്രാബ്ദവാഴ്ചക്കായി ക്രിസ്തു ഭൂമിയിലേക്കു വരുന്നതിനു മുമ്പും ആയിരിക്കും നടക്കുക. ദൈവം ന്യായം വിധിച്ചു പ്രതിഫലം കൊടുക്കുന്ന നാലു കൂട്ടരെക്കുറിച്ചു 24 മൂപ്പന്മാരുടെ സ്തോത്രത്തിൽ കാണുന്നു. (1) ദാസന്മാർ (2) പ്രവാചകന്മാർ (3) വിശുദ്ധന്മാർ (4) ഭക്തന്മാർ അഥവാ ദൈവനാമത്തെ ഭയപ്പെടുന്നവർ.

(1) ദാസന്മാർ (Servants) — യജമാനനായ ദൈവത്തിന്റെ ദാസന്മാർ അഥവാ ശുശ്രൂഷക്കാർ എന്ന നിലയിൽ അവരുടെ സേവനത്തിനുള്ള പ്രതിഫലം (Servents for their service).

(2) പ്രവാചകന്മാർ (Prophets) — ദൈവീകാരുളപ്പാടുകൾ അറിയിച്ച അവരുടെ ശുശ്രൂഷകൾക്ക് (Prophets for their Prophesy / Ministry)

(3) വിശുദ്ധന്മാർ (Saints )— ദൈവത്തിനായി വേർതിരിക്കപ്പെട്ടവരെന്ന നിലയിൽ വിശുദ്ധിയോടെ ജീവിച്ചവർ (Saints for their Seperation and Holiness living )

(4) ഭക്തന്മാർ അഥവാ ദൈവനാമത്തെ ഭയപ്പെടുന്നവർ (Those who fear God's name) — ദൈവീകപ്രമാണങ്ങൾ അനുസരിച്ചു ദൈവനാമത്തെ ഭയപ്പെട്ടു യഹോവഭക്തന്മാരായി ജീവിച്ച വർ (Those who fear God's name by their Obedience and Submission)

പ്രതിഫലം കൊടുക്കുന്നതിൽ കാണുന്ന മറ്റൊരു പ്രത്യേകതയെന്നത് ദാസന്മാർ, പ്രവാചക ന്മാർ, വിശുദ്ധന്മാർ, ഭക്തന്മാർ എന്നീ നാലു കൂട്ടരിലും *"ചെറിയവരും വലിയവരുമായി"* എല്ലാവർക്കും കൊടുക്കും എന്നതാണ്. "ചെറിയവരും വലിയവരും" (small and great) എന്ന വിശേഷണം സകലർക്കും അഥവാ ആബാലവൃദ്ധം എന്നതിനെ കുറിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ ആവർത്തിച്ചു വരുന്ന വിശേഷണമാണിത് (വെളി.13:6/19:5/19:18/20:12). കൂടാതെ പ്രതിഫലം നൽകുന്നതിന് അവരുടെ കുടും ബമഹിമയോ, കീർത്തിയോ, പ്രവർത്തിച്ച സാഹചര്യമോ മാനദണ്ഡമായി എടുക്കപ്പെടുന്നില്ല. അവർ വലിയവർ എന്ന നിലയിൽ സകലരാലും അറിയപ്പെട്ടവരോ പ്രശസ്തി നേടിയവരോ, ചെറിയവർ എന്ന നിലയിൽ ആരാലും അറിയപ്പെടാത്തവരോ നിശബ്ദസേവനം നടത്തിയവരോ ആയിരിക്കാം. എന്നാൽ പ്രതിഫലം നൽകുന്നത് അവരുടെ സേവനം, ശുശ്രൂഷ, വിശുദ്ധി, ദൈവഭയം (service, ministry,holiness, fear of God) എന്നിവയെ അടിസ്ഥാനപ്പെടുത്തി അവരുടെ സാക്ഷ്യജീവിതത്തോടു ബന്ധത്തിലാണ്.
**(7) ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിപ്പാനും ഉള്ള കാലം വന്നു** (And should destroy those who destroy the earth)**— ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കുന്ന ദൈവം** (God who destroy the destroyers of earth ) —

സ്വർഗ്ഗത്തിൽ 24 മൂപ്പന്മാർ ഘോഷിച്ച സപ്തസ്തോത്രവർണ്ണനയിൽ അവർ ഏഴാമതായി പ്രകീർത്തിക്കുന്നത് ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിപ്പാനുള്ള കാലം ആസന്നമായി എന്നാണ്. ഭൂമിയെ നശിപ്പിക്കുന്നവർ ആരാണ്? ഭൂമിക്കു നാശം വരുത്തുന്ന രണ്ടു ഘടകങ്ങൾ കാണാം. ഒന്ന് വിവിധ നാശനഷ്ടങ്ങളുണ്ടാക്കി ഭൂമിയെയും ഭൂമണ്ഡലത്തെയും നശിപ്പിക്കുന്നവർ. അതായത് മനുഷ്യന്റെ പാപ സ്വഭാവത്താൽ പിണക്കവും വിദ്വേഷവും സ്വർത്ഥതയും ഉണ്ടായി അന്യോന്യം കൊല്ലുവാനും നശിപ്പി ക്കുവാനും പ്രയോഗിക്കുന്ന രാസായുധങ്ങൾ അണുവായുധങ്ങൾ എന്നിവ സൃഷ്ടിക്കുന്ന ഭീകരനാശം. രണ്ട്, ദൈവം സൃഷ്ടിച്ച, ദൈവം നല്ലതെന്നു പ്രഖ്യാപിച്ച ഭൂമിയെയും അതിലെ നിവാസികളെയും ദൈവത്തിൽ നിന്നകറ്റി പാപത്തിലേക്കു ഒഴുക്കിക്കളഞ്ഞവരാണ് ഭൂമിയെ നശിപ്പിക്കുന്നവർ. കയീൻ മുതൽ സകല ദുഷ്ടന്മാരും, പാപികളും, അവിശ്വാസികളും, അഭക്തരും, അന്തിക്രിസ്തുവും, മൃഗവും, സാത്താനും ഇതിൽ ഉൾപ്പെടുന്നു. നോഹെയുടെ കാലത്തെപ്പോലെയുള്ള അവസ്ഥയാണ് ഇന്നു നമ്മുടെ ഭൂമിയിലും നിലനിൽക്കുന്നത്. അക്കാലത്തെക്കുറിച്ചു ദൈവം പറഞ്ഞിരിക്കുന്നത് നോക്കുക. **ഉല്പ.6:11,12 —** *"എന്നാൽ ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി; ഭൂമി അതിക്രമംകൊണ്ടു നിറഞ്ഞിരുന്നു. ദൈവം ഭൂമിയെ നോക്കി, അതു വഷളായി എന്നു കണ്ടു; സകലജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു."* ഇങ്ങനെ യുള്ള ഭൂമിയിൽ ജീവിച്ച നോഹെയും കുടുംബത്തെയും ദൈവം രക്ഷിച്ചപ്പോൾ ഭൂമിയെ വഷളാക്കിയ അഥവാ നശിപ്പിച്ച ജനത്തെ ഒന്നടങ്കം മരണത്തിനിരയാക്കി. ആയതുപോലെ ഏഴാമത്തെ കാഹളധ്വനി യെത്തുടർന്നു ഭൂമിയെ നശിപ്പിക്കുന്നവരെ ദൈവം നശിപ്പിക്കുവാൻ പോകുകയാണ്. സ്വർഗ്ഗതുല്യമായി സൃഷ്ടിക്കപ്പെട്ട ഭൂമിയിൽ മനുഷ്യനെ ദൈവം സകല അധികാരങ്ങളോടും വാഴാൻ അനുവദിച്ചു. എന്നാൽ സാത്താന്റെ വഞ്ചനയിൽ കുടുങ്ങിയ മനുഷ്യൻ പാപത്തിനടിമയായി. അന്നുമുതൽ നാശകനായ സാത്താൻ ഭൂമിയെയും നിവാസികളെയും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

എല്ലാ നാശത്തിനും കാരണക്കാരനായ സാത്താനെ നശിപ്പിക്കുവാനുള്ള കാലം വന്നു എന്നാണ് 24 മൂപ്പന്മാർ പറയുന്നത്. ഭൂമിയെ നശിപ്പിച്ചവന്റെ നാശം തിരുവചനത്തിൽ കാണുന്നു. **വെളി.19:20,21 —** *"മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചു കെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു. ശേഷിച്ചവരെ കുതിരപ്പു റത്തിരിക്കുന്നവന്റെ വായിൽ നിന്നു പുറപ്പെടുന്ന വാൾകൊണ്ടു കൊന്നു അവരുടെ മാംസം തിന്നു സക ലപക്ഷികൾക്കും തൃപ്തിവന്നു."* **വെളി.20:10 —** *"അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാച കനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും."* ജാതികൾക്കുണ്ടാകുന്ന ന്യായവിധിയെക്കുറിച്ചു കർത്താവു തന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ടുണ്ട്. മത്തായി 25:31 മുതൽ 46 വരെയുള്ള വാക്യങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. യേശുക്രിസ്തു തേജസ്സിന്റെ സിംഹാസനത്തിലിരുന്നുകൊണ്ടു ജാതികളെ ന്യായം വിധിക്കുന്നു. അന്നു നീതിമാനെയും ദുഷ്ടനെയും ചെമ്മരിയാടും കോലാടും എന്നപോലെ വേർതിരിക്കും. മഹാപീഡനകാലത്തിൽ ദൈവ ഭാഗത്തു നിന്നു കഷ്ടം സഹിച്ച യിസ്രായേൽ മക്കളോടു ജാതികൾ എപ്രകാരം ഇടപെട്ടു എന്നതാണ് ജാതികളുടെ ന്യായവിധിക്കു മാനദണ്ഡമായെടുക്കുന്നത്. *"എനിക്കു വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നു, എനിക്കു ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു"* എന്നത് യഹൂദനെ കരുതിയതിനെ കുറിക്കുന്നു. കരുതാ

തെ തിരിസ്കരിച്ചു പീഡിപ്പിച്ചവരെ കോലാടുകളായി ഇടത്തുഭാഗത്തു വേർതിരിച്ചു നിത്യാഗ്നിയിലേക്കു തള്ളിയിടും. ഇതിനും പുറമേ, അന്ത്യനായവിധിയെ കുറിച്ചും വെളിപ്പാടു പുസ്തകത്തിൽ കാണുന്നു. ദുഷ്ടന്മാരെയും, പാപികളെയും, അഭക്തരെയും, ക്രിസ്തുവിൽ അഭയം പ്രാപിക്കാത്ത സകലരെയും വെള്ളസിംഹാസനത്തിലെ ന്യായവിധിക്കുശേഷം തീപ്പൊയ്കയിലേക്കു തള്ളിയിടും (വെളി.20:15).

വെളിപ്പാടു 11:15 മുതൽ 18 വരെയുള്ള വാക്യങ്ങൾ ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളുടെ ഒരു ദീർഘദർശനമാണ്. ഏഴാമത്തെ കാഹളം ക്രോധകലശത്താലുള്ള ശിക്ഷാവിധികൾക്കു ആരംഭം കുറിക്കുന്നതോടൊപ്പം രാജാവായി ക്രിസ്തു ലോകരാജത്വം ഏറ്റെടുക്കുന്നതിനെയും വെളിപ്പെടുത്തുന്നു. എന്നാൽ "*ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു*" എന്നുള്ള പ്രഖ്യാപനം നടക്കുമ്പോൾ സഹസ്രാബ്ദവാഴ്ചക്കു മുമ്പുള്ള ഏഴുവർഷത്തെ പീഡനകാലം മുഴുവൻ തീർന്നിട്ടില്ല. 18-ാം അദ്ധ്യായം വരെയുള്ള ന്യായവിധികൾക്കുശേഷം 19-ാം അദ്ധ്യായത്തിൽ മാത്രമാണ് (വെളി.19:6) ക്രിസ്തു രാജത്വം ഏറ്റെടുക്കുന്നത്. സഭയുടെ മദ്ധ്യാകാശത്തിലെ എടുക്കപ്പെടൽ മുതൽ കർത്താവിന്റെ ഭൂമിയിലേക്കുള്ള മഹത്വപ്രത്യക്ഷതയും അനന്തരസംഭവങ്ങളും ഈ അവസരത്തിൽ വിചിന്തനം ചെയ്യുന്നതു നല്ലതായിരിക്കും.

**(1) ക്രിസ്തുവിന്റെ പുനരാഗമനം (Second coming of Christ) —**

കർത്താവിന്റെ പുനരാഗമനത്തിനു രണ്ടു ഘട്ടങ്ങൾ ഉണ്ട്.

(1) യേശുക്രിസ്തു തനിക്കായി കാത്തിരിക്കുന്ന വിശുദ്ധന്മാരുൾപ്പെട്ട സഭയെ ചേർക്കുവാനായി സ്വർഗ്ഗത്തിൽ നിന്നിറങ്ങി മദ്ധ്യാകാശത്തിലേക്കുള്ള വരവ് (1. തെസ്സ.4:16,17/ഫിലി.3:20,21).

(2) യേശുക്രിസ്തു തന്റെ സിംഹാസനം സ്ഥാപിക്കുവാൻ സഭയുമായി വരുന്ന മഹത്വപ്രത്യക്ഷത (വെളി.1:7/യൂദാ.14,15/ മത്താ.24,25) — ഭൂമിയിൽ ഭരണം സ്ഥാപിക്കുവാനും പാപികളുടെ ന്യായവിധിക്കുമായി വിശുദ്ധന്മാരുമായുള്ള പരസ്യപ്രത്യക്ഷത (Second advent of the King in Glory).

സഭാകാന്തനായ കർത്താവിന്റെ രണ്ടാം വരവിന്റെ ഒന്നാം ഘട്ടത്തിനു "ഉത്പ്രാപണം" (Rapture) എന്നും രണ്ടാം ഘട്ടത്തിനു "മഹത്വപ്രത്യക്ഷത" എന്നും പറയുന്നു. റാപ്റ്റോ (Rapto = to seize/ to carry off) എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് റാപ്ചർ (Rapture) എന്ന വാക്കു ഉടലെടുത്തിട്ടുള്ളത്. ഗ്രീക്കിൽ ഇതിനു "ഹർപസോ" (Harpazo)എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോകുക, താങ്ങിക്കൊണ്ടു പോകുക, റാഞ്ചിക്കൊണ്ടു പോകുക, ബലമായി പിടിച്ചു കൊണ്ടുപോകുക എന്നീ അർത്ഥങ്ങളാണ് ഈ വാക്കുകൾക്കുള്ളത്. ഇരുമ്പ് കാന്തത്തിന്റെ ശക്തിയാൽ ആകർഷിക്കപ്പെടുന്നതു പോലെയുള്ള ഒരനുഭവമാണിത്. കർത്താവു മദ്ധ്യാകാശത്തിൽ വരുമ്പോൾ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുകയും, ജീവനോടിരിക്കുന്ന രക്ഷിക്കപ്പെട്ട വിശുദ്ധന്മാർ മരണം കാണാതെ രൂപാന്തരം പ്രാപിച്ചു കർത്താവിനെ എതിരേൽപ്പാൻ ഉയരത്തിലേക്കു എടുക്കപ്പെടുകയും ചെയ്യും. ഒന്നാം വരവ് രഹസ്യമാണെങ്കിൽ രണ്ടാം വരവ് പരസ്യമായിരിക്കും. സഭയുടെ ഉത്പ്രാപണത്തെപ്പറ്റി പുതിയനിയമത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും പഴയനിയമതിരുവെഴുത്തുകളിൽ ഉത്പ്രാപണം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ക്രിസ്തുവിന്റെ പുനരാഗമനം അഥവാ മഹത്വപ്രത്യക്ഷതയെപ്പറ്റി പഴയനിയമത്തിലുടനീളം രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലെ മഹത്വപ്രത്യക്ഷതയിൽ ആയിരമായിരം വിശുദ്ധന്മാരുമായി മഹത്വധാരിയായ കർത്താവു പ്രത്യക്ഷപ്പെടും. അന്നു പാപികൾ ഭയന്നു മുറവിളിക്കും. (യെശ.2:2-4/ യെശ.9:7/ ദാനീ.7:13,14/ സെഖ.14:4/ മത്താ.24:30/ ലൂക്കൊ.21:26,27/ 2.തെസ്സ.2:7,8/വെളി.19:6-20/ വെളി.20:4). മദ്ധ്യാകാശത്തിലേക്കുള്ള കർത്താവിന്റെ വരവ് അഥവാ ഉത്പ്രാപണത്തിനു മുമ്പു അടയാളങ്ങളൊന്നുമുണ്ടായിരിക്കയില്ല. മാത്രവുമല്ല അതിനുമുമ്പു നിവൃത്തിയാകേണ്ട ഒരു പ്രവചനവും അവശേഷിച്ചിട്ടില്ല. ഉത്പ്രാപണം ഏതു സമയത്തും സംഭവിക്കും. മത്തായി 24,25 അദ്ധ്യായങ്ങളിൽ കാണുന്ന അടയാളങ്ങൾ ഉത്പ്രാപണത്തെയല്ല മറിച്ച് മഹത്വപ്രത്യക്ഷതയോടുള്ള ബന്ധത്തിലുള്ളവയാണ്.

**(2) പീഡനകാലം (Tribulation period) —**

സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ട ശേഷം ക്രിസ്തുവിന്റെ ന്യായാസനം, പഴയനിയമവിശുദ്ധന്മാരുടെ പുനരുത്ഥാനം, കുഞ്ഞാടിന്റെ കല്യാണം എന്നിവ സ്വർഗ്ഗത്തിൽ നടക്കുമ്പോൾ ഭൂമിയിൽ ഏഴു വർഷത്തെ പീഡനകാലമായിരിക്കും. ഈ അവസരത്തിൽ യഹൂദാജനം അന്തിക്രിസ്തുവാകുന്ന തുമ്പുകെട്ട ഇടയനുമായി ഒരു ഉടമ്പടി ഉണ്ടാക്കും (സെഖ.11:15-17). എന്നാൽ ഏഴു വർഷത്തെ ഉടമ്പടികാലയളവിൽ പകുതി സമയമാകുമ്പോൾ അന്തിക്രിസ്തു യിസ്രായേലുമായുള്ള ഉടമ്പടി ലംഘിക്കും (ദാനീ.9:27). ദൈവാലയം അവന്റെ സ്വാർത്ഥതാല്പര്യങ്ങൾക്കായി ഉപയോഗിക്കും. അവനെ മാത്രമേ ആരാധിക്കാവൂ എന്നു സകലരോടും കല്പിക്കും (2.തെസ്സ.2:3,4/ മത്താ.24:15-21). അന്തിക്രിസ്തുവിന്റെ ഭരണം ഏഴു വർഷക്കാലമാണ്. ഈ കാലയളവ് പീഡനകാലം (Tribulation period) എന്നറിയപ്പെടുന്നു. ഏഴു വർഷത്തിൽ അവസാനത്തെ മൂന്നരവർഷം മഹാപീഡനകാലം അഥവാ മഹോപദ്രവകാലം (Great Tribulation

period) എന്നറിയപ്പെടുന്നു. മഹാപീഡനകാലമായ മൂന്നരവർഷത്തെപ്പറ്റി തിരുവചനത്തിൽ പറഞ്ഞിട്ടു ണ്ട് (വെളി.11:2/വെളി.12:6/വെളി.12:15/വെളി.13:5/ ദാനീ.7:25/ദാനീ.9:27). പീഡനകാലത്തു സഭ ഭൂമിയിൽ ഉണ്ടായിരിക്കുകയില്ല. പീഡനകാലത്തിൽ യഹൂദന്മാരിൽ ഒരു ശേഷിപ്പ് ദൈവത്തിങ്കലേക്കു നോക്കി രക്ഷ പ്രാപിക്കും (സെഖ.13:8,9).

**(3) പുനരുത്ഥാനം (ഉയിർപ്പ്) (Resurrection) —**

പുനരുത്ഥാനം എന്നതിന് ഗ്രീക്കിൽ അനാസ്റ്റാസിസ് (anastasis = rising again / standing up again) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം വീണ്ടും എഴുന്നേൽക്കുക, വീണ്ടും എഴു ന്നേറ്റു നിൽക്കുക എന്നാണ്. ശരീരപുനരുത്ഥാനത്തെ ഇതു കുറിക്കുന്നു. മരണത്തോടുകൂടി ആത്മാവു ശരീരത്തിൽ നിന്നു വേർപെടുന്നുവെങ്കിൽ പുനരുത്ഥാനത്തിൽ ശരീരവും ആത്മാവും വീണ്ടും ഒന്നിച്ചു ചേരുന്നു. തിരുവചനം രണ്ടു വിധത്തിലുള്ള പുനരുത്ഥാനങ്ങളെപ്പറ്റി വിവരിക്കുന്നു — (1) ഒന്നാം പുന രുത്ഥാനം — നീതിമാന്മാരുടെ പുനരുത്ഥാനം (2) രണ്ടാം പുനരുത്ഥാനം — ദുഷ്ടന്മാരുടെ അഥവാ പാപികളുടെ പുനരുത്ഥാനം. നീതിമാന്മാരുടെ പുനരുത്ഥാനമെന്നാൽ ദൈവമക്കളുടെ ഉയിർത്തെഴു ന്നേൽപ്പാണ്. ഇതു ജീവന്നായുള്ള പുനരുത്ഥാനമാണ്. ആദ്യഫലമായി മരിച്ചവരിൽ നിന്നു ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ലഭിക്കുന്നു. അവർ ദൈവ ത്തോടൊപ്പം എന്നേക്കും വാഴുന്നതിനാണ് ഈ പുനരുത്ഥാനം. പെന്തൊക്കോസ്തു നാൾ മുതൽ കർത്താ വിന്റെ രണ്ടാം വരവിലെ മദ്ധ്യാകാശത്തിലുള്ള രഹസ്യപ്രത്യക്ഷതവരെയുള്ള കാലയളവിൽ ക്രിസ്തു വിൽ മരിച്ചവരും അപ്പോൾ ജീവനോടിരിക്കുന്നവരും ഉൾപ്പെട്ട ശരീരമാകുന്ന ക്രിസ്തുവിന്റെ സഭയുടെ പുനരുത്ഥാനം ഇതിൽ ഉൾപ്പെടുന്നു. കൂടാതെ മഹോപദ്രവകാലത്തിന്റെ അവസാനവും, സഹസ്രാബ്ദ വാഴ്ചയുടെ ആരംഭത്തിലും വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കും. ദാനിയേൽ പ്രവചനത്തിൽ മഹോപ ദ്രവകാലത്തിനു ശേഷം നടക്കുന്ന പുനരുത്ഥാനത്തെക്കുറിച്ചു പറയുന്നുണ്ട്. കാലാവസാനം വരെ വിശ്ര മിക്കുവാൻ (ദാനീ.12:13) പറയുന്നതിൽ കാലാവസാനം എന്നത് മഹോപദ്രവകാലത്തിന്റെ അവസാനമാ ണെന്നു ചിന്തിക്കാം. ഒന്നാം പുനരുത്ഥാനമെന്നത് പുതിയനിയമവിശുദ്ധന്മാരെന്നു തോന്നാമെങ്കിലും പഴയനിയമവിശുദ്ധന്മാരും ഇതിൽ ഉൾപ്പെടുന്നു. അതായത് ഒന്നാം പുനരുത്ഥാനം ഒരേ സമയത്തു നട ക്കുന്നതല്ല; മറിച്ച് ഒരേ രീതിയിലും വ്യത്യസ്ത സമയങ്ങളിലും ദൈവമക്കൾക്കു മാത്രവുമുള്ളതുമാണ്. സഭ എടുക്കപ്പെട്ടശേഷം ഏഴുവർഷപീഡനകാലത്തിലും സഹസ്രാബ്ദവാഴ്ചക്കായി ക്രിസ്തു ഭൂമിയി ലേക്കു വരുന്നതിനു മുമ്പും നീതിമാന്മാരുടെ പുനരുത്ഥാനം നടക്കും.

**ജീവനായുള്ള ഒന്നാം പുനരുത്ഥാനത്തിലുൾപ്പെടുന്നവർ** (Resurrection of Saints)—

> ക്രിസ്തുവിന്റെ ശരീരമാകുന്ന പുതിയനിയമസഭ (ക്രിസ്തുവിൽ മരിച്ചവരും ജീവനോടിരി ക്കുന്ന രക്ഷിക്കപ്പെട്ടവരും - 1.തെസ്സ.4:16,17)

> മഹോപദ്രവകാലത്തിന്റെ മദ്ധ്യത്തിൽ രണ്ടു സാക്ഷികളുടെ പുനരുത്ഥാനം (വെളി.11:11,12)

> പഴയനിയമ വിശുദ്ധന്മാർ (ദാനീ.12:1,2/യെശ.26:19–21)

> മഹോപദ്രവകാലത്തിലെ വിശുദ്ധന്മാരും രക്തസാക്ഷികളായി മരിക്കുന്നവരും(വെളി.7:14/20:4)

**നിത്യശിക്ഷയ്ക്കായുള്ള രണ്ടാം പുനരുത്ഥാനം** (Resurrection of Sinners)—

ദുഷ്ടന്മാരുടെ അഥവാ പാപികളുടെ പുനരുത്ഥാനമാണിത്. സഹസ്രാബ്ദവാഴചയുടെ അവ സാനമാണ് ഇതു നടക്കുന്നത്. വെള്ളസിംഹാസനത്തിനു മുമ്പാകെ നിറുത്തി ന്യായവിധി നടത്തുവാ നുള്ള പുനരുത്ഥാനമാണിത് (വെളി.20:11–15). കയീൻ മുതൽ പഴയനിയമകാലത്തും പുതിയനിയമകാ ലത്തും ദൈവത്തെ അനുസരിക്കാതെ പാപത്തിലും അധർമ്മത്തിലും ജീവിച്ച സകല പാപികളും, പീഡ നകാലത്തു മൃഗത്തിന്റെ മുദ്രയേറ്റവരും, മുദ്ര, കാഹളം, കലശം മുതലായ ദൈവീകന്യായവിധികളിലൂടെ മാനസാന്തരപ്പെടാതെ മരിച്ചവരും, ആയിരമാണ്ടുശേഷം സാത്താനെ അഴിച്ചുവിട്ടപ്പോൾ ഗോഗ്, മാഗോഗ് യുദ്ധത്തിനു സന്നാഹമുണ്ടായപ്പോൾ ആകാശത്തുനിന്നുതീ ഇറങ്ങി ദഹിപ്പിക്കപ്പെട്ടവരായ ദുഷ്ടന്മാരും വെള്ളസിംഹാസനത്തിലുള്ള നിത്യശിക്ഷാവിധിക്കായി പുനരുത്ഥാനം പ്രാപിക്കും.

**(4) ക്രിസ്തുവിന്റെ ന്യായാസനം (Judgement Seat of Christ)—**

ക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ സഭ എടുക്കപ്പെട്ട ശേഷം സ്വർഗ്ഗത്തിൽ വിശുദ്ധ ന്മാരുടെ ന്യായവിധിക്കായി സ്ഥാപിക്കപ്പെടുന്നതാണ് ക്രിസ്തുവിന്റെ ന്യായാസനം. ക്രിസ്തുയേശുവി ലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല (റോമ.8:1) എന്നു അപ്പൊസ്തലനായ പൗലൊസ് പറയുന്നു. എന്നാൽ അവർ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടതാണ് (റോമ.14:10–12). ന്യായാ സനം (Judgement Seat) എന്നതിനു ഗ്രീക്കിൽ ബേമാ (bema) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. കളിക്കളത്തിൽ അതിന്റെ ന്യായാധിപൻ കളികൾ പരിശോധിക്കുവാനും, വിജയികൾക്കു സമ്മാനം കൊടു ക്കുവാനായും ഇരിക്കുന്ന സ്ഥലത്തെ ബേമാ കുറിക്കുന്നു. ആയതുപോലെ വിശ്വാസികളുടെ പ്രവൃത്തി കളെ ശോധനചെയ്തു പ്രതിഫലം നൽകുന്ന സ്ഥലമാണ് ക്രിസ്തുവിന്റെ ന്യായാസനം. ന്യായാസനം പ്രതിഫലം നൽകുന്ന സിംഹാസനവും വെള്ളസിംഹാസനം പാപികളെ ശിക്ഷിക്കുന്ന ന്യായപീഠവുമാ

ണ്. രണ്ടു സിംഹാസനങ്ങളിലും ഇരിക്കുന്ന ന്യായാധിപൻ ദൈവപുത്രനും മനുഷ്യവർഗ്ഗത്തിനു രക്ഷ ഒരുക്കിയവനുമായ യേശുക്രിസ്തുവാണ്.

പുതിയനിയമവിശുദ്ധന്മാർ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കുക മാത്രമല്ല ഓരോരുത്തരും കണക്കു ബോധിപ്പിക്കേണ്ടതായുമുണ്ട് (റോമ.14:12). ഓരോരുത്തരായി ന്യായാസനത്തിനു മുമ്പാകെ നിൽക്കുമ്പോൾ ക്രിസ്തുവുമായുള്ള കൂടിക്കാഴ്ചദിനം എന്ന നിലയിൽ കർത്താവിനുവേണ്ടിയുള്ള അദ്ധ്വാനത്തിനുള്ള ആദരിക്കുന്നവേളയും, പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ കണക്കിടുന്ന വേളയുമാണ്. കർത്താവിനായി ഭൂമിയിൽ നടത്തിയ ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങൾക്കും പ്രതിഫലം ലഭിക്കും (1.കൊരി.3:8/മത്താ.5:12). കർത്താവിനായി ശുഷ്ക്കാന്തിയോടെ അദ്ധ്വാനിച്ചവർക്കു ലഭിക്കുന്ന കിരീടങ്ങളെക്കുറിച്ചും തിരുവചനത്തിൽ കാണുന്നു.

**വിശ്വാസികൾക്കു ലഭിക്കുന്ന കിരീടങ്ങൾ —**

**(1) ജീവകിരീടം (Crown of Life) —** പരീക്ഷകൾ സഹിച്ച് അവസാനം വരെ വിശ്വസ്തതയോടെ നിൽക്കുന്നവർക്കും, ക്രിസ്തുവിനുവേണ്ടി കഷ്ടതയും ഉപദ്രവും സഹിക്കയും തൽഫലമായി രക്തസാക്ഷികളാകുന്നവർക്ക് (വെളി.2:10/യാക്കോ.1:12).

**(2) നീതിയുടെ കിരീടം (Crown of Righteousness) —** പൗലൊസിനെപ്പോലെ നല്ലപോർപൊരുതി ഓട്ടം തികെച്ചു വിശ്വാസം കാത്തവർക്ക് — 2.തിമൊ.4:8

**(3) വാടാത്ത കിരീടം (Imperishable Crown) —** വർജ്ജിക്കേണ്ടത് വർജ്ജിച്ചു അങ്കം പൊരുതുന്നവർക്ക് — 1.കൊരി.9:25

**(4) തേജസ്സിന്റെ കിരീടം (Crown of Glory) —** ആട്ടിൻകൂട്ടത്തിനു മാതൃകയായി ജീവിച്ചു അദ്ധ്യക്ഷത ചെയ്യുന്ന മൂപ്പന്മാർക്ക് — 1.പത്രൊ.5:4

**(5) പ്രശംസാകിരീടം (Crown of Rejocing) —** ജീവിതത്തിൽ കർത്താവിനായി ആത്മാക്കളെ നേടുന്നവർക്കു — 1.തെസ്സ.2:19

**വിശ്വാസികൾ ന്യായാസനത്തിൽ കണക്കുകൊടുക്കേണ്ടവ —**

(1) ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് (2.കൊരി.5:10/ റോമ.14:12)

(2) സംസാരിക്കുന്ന ഏതു നിസ്സാരവാക്കുകൾക്കും (മത്തായി.12:36/യാക്കോ.5:9

(3) ഹൃദയത്തിലെ ആലോചനകൾക്ക് (1.കൊരി.4:5)

(4) ലഭിച്ച താലന്തുകൾക്ക് (മത്താ.25:21)

**(5) കുഞ്ഞാടിന്റെ കല്യാണം (Marriage of the Lamb) —**

കുഞ്ഞാടിന്റെ കല്യാണത്തെക്കുറിച്ചു വെളിപ്പാടു പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. **വെളി.19:7-9** —*"നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ. പിന്നെ അവൻ എന്നോടു: കുഞ്ഞാടിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു എഴുതുക എന്നു പറഞ്ഞു."* കല്യാണം എന്നു കേൾക്കുമ്പോൾ ഭൂമിയിൽ നടക്കുന്ന വിവാഹത്തോടു ബന്ധപ്പെടുത്തി ചിന്തിക്കാറുണ്ട്. എന്നാൽ കുഞ്ഞാടിന്റെ കല്യാണം എന്ന പ്രയോഗം തികെച്ചും സ്വർഗ്ഗീയവിവാഹത്തെക്കുറിക്കുന്നതും ആലങ്കാരികഭാഷാപ്രയോഗവുമാണ്. പുനരുത്ഥാനം പ്രാപിച്ച വിശുദ്ധന്മാർ വിവാഹം കഴിക്കയുമില്ല വിവാഹത്തിനു കൊടുക്കപ്പെടുകയുമില്ല എന്ന കർത്താവു തന്നെ വ്യക്തമാക്കിയിട്ടുണ്ട് (ലൂക്കൊ.20:35). എന്നാൽ കുഞ്ഞാടായ യേശുക്രിസ്തു മണവാളനും, തന്റെ രക്തത്താൽ സമ്പാദിച്ച വിശ്വാസികളുടെ കൂട്ടമായ സഭ മണവാട്ടിയുമായി എണ്ണപ്പെടുന്നു. അവർ തമ്മിലുള്ള ബന്ധത്തെയാണ് കുഞ്ഞാടിന്റെ കല്യാണം എന്ന നിലയിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ഭൗമീകവിവാഹങ്ങളിൽ വരനും വധുവും തമ്മിലുള്ള കൂട്ടുത്തരവാദിത്തം, പങ്കാളിത്തം, സ്നേഹം, വിട്ടുപിരിയാനാവാത്ത സജീവബന്ധം എന്നിവ വിവാഹത്തിലൂടെ പ്രകടമാകുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഇപ്രകാരമുള്ള അപ്രമേയസ്നേഹവും ഒരിക്കലും വിട്ടുപിരിയാനാവാത്ത ബന്ധവും ചിത്രീകരിക്കുവാനാണ് ക്രിസ്തുവും സഭയും മണവാളനും മണവാട്ടിയും എന്ന നിലയിൽ ചിത്രീകരിക്കപ്പെടുന്നത്.

കുഞ്ഞാടായ യേശുക്രിസ്തുവും തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സഭയും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കയാണ് (2.കൊരി.11:2). നിർമ്മലകന്യകയെന്ന നിലയിൽ മണവാളനായ ക്രിസ്തുവുമായുള്ള വിവാഹത്തിനായി മണവാട്ടിസഭ കാത്തിരിക്കയാണ്. താമസംവിനാ മണവാളനായ ക്രിസ്തു മദ്ധ്യാകാശത്തിലേക്കു വരികയും മണവാട്ടി സഭയെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുകയും ചെയ്യും (യോഹ.14:1-6/1.തെസ്സ.4:13-18). സ്വർഗ്ഗത്തിലെ ന്യായാസനത്തിൽ വെച്ചു മണവാട്ടിയുടെ സകലപ്രവൃത്തികളെയും ശോധനചെയ്തു കറ കളങ്കം എന്നിവ സമ്പൂർണ്ണമായി മാറ്റി ശുദ്ധീകരിച്ചാദരിക്കും. ഇതോടൊപ്പം പഴയനിയമവിശുദ്ധന്മാരുടെ പുനരുത്ഥാനം നടക്കും. തുടർന്നു സ്വർഗ്ഗത്തിലിൽ കുഞ്ഞാടിന്റെ കല്യാണം നടക്കും. അപ്പോൾ ഭൂമിയിൽ മഹാപീഡനകാലത്തിന്റെ അവസാനദിനങ്ങളായിരിക്കും.

കുഞ്ഞാടിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ (വെളി.19:9) പഴയനിയമവിശുദ്ധന്മാരാണെന്നു കരുതാം. ആകയാൽ അവരുടെ പുനരുത്ഥാനം സഭ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട ശേഷം നടക്കും. ക്ഷണിക്കപ്പെട്ടവരെന്ന നിലയിൽ പഴയനിയമവിശുദ്ധന്മാരെ കൂടാതെ മറ്റു ചിലരും സദസ്സിലുണ്ടാകും. അവർ മഹാപീഡനകാലത്തു ക്രിസ്തുവിനെ സ്വീകരിച്ചവർ, യേശുവിന്റെ സാക്ഷ്യം നിമിത്തം രക്തസാക്ഷികളായ ജാതികളിലും യഹൂദന്മാരിലും നിന്നുമുള്ള മഹാപുരുഷാരം, യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു മുദ്രയിട്ടു വേർതിരിച്ച 140000 വിശുദ്ധന്മാർ എന്നിവരാണ്.

**(6) ഹർമ്മഗെദ്ദോൻ (Armageddon) യുദ്ധം —**

അന്തിക്രിസ്തുവിന്റെ സൈന്യം യഹൂദന്മാരുമായി നടത്തുന്ന യുദ്ധത്തെയാണ് ഹർമ്മഗെദ്ദോൻ യുദ്ധം എന്നറിയപ്പെടുന്നത്. വെളിപ്പാടു 16:12-16 -ൽ പറഞ്ഞിരിക്കുന്ന ഹർമ്മഗെദ്ദോൻ യുദ്ധസന്നാഹം ആറാമത്തെ ക്രോധകലശത്തെത്തുടർന്നുള്ള വിവരണമാണ്. അതായത് കർത്താവിന്റെ മഹത്വപ്രത്യക്ഷതക്കു മുമ്പുള്ളത്. ഭൂമിയിൽ പീഡനകാലത്തിന്റെ മദ്ധ്യഭാഗത്തു ആരംഭിക്കുന്ന പോരാട്ടങ്ങൾക്കും യുദ്ധസന്നാഹങ്ങൾക്കും ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവു അന്ത്യം കുറിക്കുന്നു. ഹർമ്മഗെദ്ദോൻ യുദ്ധത്തെപ്പറ്റി വെളി.19:17-19 വാക്യങ്ങളിൽ കാണുന്നു. ഈ ഭാഗത്തു ഹർമ്മഗെദ്ദോൻ എന്ന പേരു കാണുന്നില്ലെങ്കിലും മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യവും യുദ്ധത്തിനായി ഒരുമിച്ചുകൂടുന്ന സ്ഥലമാണിത്. ഹർമ്മഗെദ്ദോൻ (Armageddon) എന്നത് മെഗിദ്ദോമല (Mount Megiddo) യുടെ എബ്രായപേരാണ്. മെഗിദ്ദോമല യെരുശലേമിൽ നിന്നു 60 മൈൽ തെക്കു ഭാഗത്തു സ്ഥിതി ചെയ്യുന്നു. യിസ്രായേലിന്റെ അനേക യുദ്ധങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ലോകചരിത്രത്തിന്റെ അവസാനയുദ്ധമായ ഹർമ്മഗെദോൻ യുദ്ധവും ഇവിടെ വെച്ചായിരിക്കും നടക്കുക (വെളി.19:19-21). മഹാപീഡനത്തിന്റെ അന്ത്യത്തിൽ നടക്കുന്ന പ്രസ്തുത യുദ്ധത്തിൽ യിസ്രായേലിന്റെ സഹായത്തിനായാണ് വിശുദ്ധന്മാരോടും സ്വർഗ്ഗീയ സൈന്യത്തോടുമൊപ്പം ക്രിസ്തു ഇറങ്ങി വരുന്നത്. ക്രിസ്തുവിന്റെ ഈ വരവിനെ മഹത്വപ്രത്യക്ഷത എന്നും പറയാം.

**(7) സഹസ്രാബ്ദവാഴ്ച (Millenium) —**

ക്രിസ്തു തന്റെ വിശുദ്ധന്മാരുമായി ഭൂമിയിലേക്കു വന്നു ആയിരമാണ്ടു വാഴും. ആയിരം ആണ്ടു വാഴ്ചയെ സഹസ്രാബ്ദവാഴ്ച അഥവാ മില്ലിനിയം (Millenium) എന്നറിയപ്പെടുന്നു. ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ രാജാവിന്റെ നഗരമായ യെരുശലേം ശത്രുസൈന്യങ്ങളാൽ ചുറ്റപ്പെടും. യഹൂദന്മാരുടെ സകലശക്തിയും ബലഹീനമാകുമ്പോൾ, തീയിൽ കൂടി എന്നപോലെ മഹാപീഡനകാല അനുഭവത്തിലൂടെ അവർ ദിനങ്ങൾ തള്ളുമ്പോൾ, കർത്താവു ഒലിവുമലയിൽ വരികയും അന്തിക്രിസ്തുവിന്മേലും അവന്റെ സൈന്യത്തിന്മേലും വിജയം വരിക്കുകയും ചെയ്യും (വെളി.19:11-17). ഈ സമയത്തു ചിതറിപ്പോയ യിസ്രായേലിനു ഒരു കൂട്ടിച്ചേർക്കൽ ഉണ്ടാകും (ഹോശേ.14:4-7 /യോവേ.3:18-21/ ആമോ.9:13-15). യുദ്ധവിജയശേഷം പിശാചും സാത്താനുമായ പഴയപാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ബന്ധിച്ചു ചങ്ങലയിലിടും (വെളി.20:1-3). സഹസ്രാബ്ദവാഴ്ചയിൽ ഭൂമിയിലെ സകലജാതികൾക്കും ക്രിസ്തുവിന്റെ ഭരണസമയം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദിനങ്ങളായിരിക്കും.

**വെളി.11:19 — "അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു, അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി; മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി."** (Then the temple of God was opened in heaven, and the ark of His covenant was seen in His temple. And there were lightnings, noises, thunderings, an earthquake, and great hail)

പതിനൊന്നാം അദ്ധ്യായം ഭൂമിയിൽ യെരൂശലേമിലെ ദൈവാലയത്തോടു ആരംഭിക്കുന്നുവെങ്കിൽ അദ്ധ്യായം അവസാനിക്കുന്നത് സ്വർഗ്ഗത്തിലെ ദൈവാലയത്തിന്റെ കാഴ്ചയും അനന്തരസംഭവങ്ങളോടുമാണ്. ഭൂമിയിലെ ദൈവാലയത്തിന്റെ കാഴ്ച ഏഴാം കാഹളധ്വനിക്കുമുമ്പായിരുന്നുവെങ്കിൽ സ്വർഗ്ഗീയദൈവാലയത്തിന്റെ കാഴ്ച ഏഴാം കാഹളധ്വനിക്കു ശേഷമായിരുന്നു.

**അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു, അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി** (Then the temple of God was opened in heaven, and the ark of His covenant was seen in His temple) —

ഭൂമിയിൽ മാത്രമല്ല ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിലും ദൈവാലയം ഉണ്ടെന്നു ഈ വാക്യത്തിലൂടെ മനസ്സിലാക്കാം. *"ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്കു ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കേണം. തിരുനിവാസവും അതിന്റെ ഉപകരണങ്ങളും ഞാൻ കാണിക്കുന്ന മാതൃകപ്രകാരമൊക്കെയും തന്നേ ഉണ്ടാക്കേണം"* (പുറ.25:8,9) എന്നു സമാഗമനകൂടാരത്തിന്റെ നിർമ്മാണത്തിനായി മോശെക്കു കല്പന ലഭിച്ചിരുന്നു. സ്വർഗ്ഗത്തിലെ വിശുദ്ധമന്ദിരം അഥവാ ദൈവാലയത്തിന്റെ മാതൃക തന്നെയായിരിക്കണം സമാഗമനകൂടാര നിർമ്മാണത്തിനായി മോശെക്കു ലഭിച്ചതും. സ്വർഗ്ഗത്തിൽ താമ്ര

ത്തൊട്ടിയെ അനുസ്മരിക്കുന്ന പളുങ്കിനൊത്ത കണ്ണാടിക്കടൽ (വെളി.4:6), യാഗപീഠം (വെളി.8:3,5), സ്വർണ്ണ യാഗപീഠം (വെളി.8:3) എന്നിവയെക്കുറിച്ചു യോഹന്നാൻ വിവരിച്ചു. ഇവക്കു പുറമേ ഏഴാമത്തെ കാഹളധ്വനിക്കു ശേഷം സ്വർഗ്ഗത്തിൽ നിയമപെട്ടകവും (വെളി.11:19)കാണുന്നു. വെളിപ്പാടു 4:1 -ൽ *"സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതു ഞാൻ കണ്ടു"* എന്നു യോഹന്നാൻ പറയുന്നു. അത് മേലാൽ സംഭവിക്കുവാനുള്ള കാര്യങ്ങൾ യോഹന്നാനെ കാണിക്കുവാനായിരുന്നു. വെളിപ്പാട് 11:19 -ൽ *"സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു"* എന്നത് പീഡനകാലത്തെ വിശ്വാസികൾക്കു ലഭിക്കുന്ന ദൈവീകകൂട്ടായ്മയും ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തങ്ങളുടെ പ്രദർശനവുമായിരുന്നു. വെളിപ്പാടു 19:11 -ൽ *"സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു"* എന്നത് ക്രോധകലശങ്ങളാലുള്ള ന്യായവിധികൾക്കു ശേഷം രാജാധിരാജാവും കർത്താധികർത്താവുമായ ക്രിസ്തുവിന്റെ പ്രത്യക്ഷതയെ കുറിക്കുന്നു.

**"അപ്പോൾ"** എന്നാൽ ഏഴാമത്തെ കാഹളധ്വനിയെ തുടർന്നുണ്ടായ സ്വർഗ്ഗീയഘോഷത്തിനും, പുതിയനിയമസഭയെ പ്രതിനിതീകരിക്കുന്ന 24 മൂപ്പന്മാരുടെ സപ്തസ്തോത്രസ്തുതികൾക്കു ശേഷവും എന്നാണ്.

**സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു, അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി —**

സ്വർഗ്ഗത്തിലെ ദൈവാലയം തുറക്കുന്നതും അപ്പോൾ ദൈവാലയത്തിൽ ദൈവത്തിന്റെ നിയമപെട്ടകം ഇരിക്കുന്നതും യോഹന്നാൻ കണ്ടു. സമാഗനകൂടാരത്തിലും അതിനുശേഷം സ്ഥാപിക്കപ്പെട്ട ദൈവാലയത്തിലും വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും തമ്മിൽ വേർതിരിക്കുന്ന തിരശ്ശീലക്കുള്ളിൽ അതിവിശുദ്ധസ്ഥലത്ത് മദ്ധ്യഭാഗത്തായി നിയമപെട്ടകം വെച്ചിരുന്നു. തിരശ്ശീലയുടെ മറ്റേവശത്ത് വിശുദ്ധസ്ഥലത്ത് പെട്ടകത്തിനു എതിർവശത്തായി പൊന്നുകൊണ്ടുള്ള ധൂപപീഠമായിരുന്നു. നിയമപെട്ടകം (The Ark of the Covenant) വിശ്വാസികളോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ എന്നേക്കുമുള്ള മാറ്റമില്ലാത്ത വിശ്വസ്തതയെയും കൂട്ടായ്മയെയും (Unbroken faithfulness and fellowship to the Saints) കുറിക്കുമ്പോൾ, അവിശ്വാസികളോടുള്ള ബന്ധത്തിൽ പാപത്തിന്മേലുള്ള ദൈവീകന്യായവിധിയെ (Judgement on earthdwellers -- unbelievers) ചിത്രീകരിക്കുന്നു.

**നിയമപെട്ടകത്തിന്റെ വിവിധപേരുകൾ —**

(1) ദൈവത്തിന്റെ പെട്ടകം (Ark of God)- 1.ശമൂ.3:3/2.ശമൂ6:2
(2) ദൈവത്തിന്റെ നിയമപെട്ടകം (Ark of the covenant of God)- ന്യായാ.20:27
(3) യഹോവയുടെ നിയമപെട്ടകം
(Ark of the covenant of the Lord)—സംഖ്യാ.10:33/യോശു.3:3
(4) സൈന്യങ്ങളുടെ യഹോവയുടെ നിയമപെട്ടകം
(Ark of the covenant of the LORD of Hosts) - 1.ശമൂ.4:4
(5) കർത്താവായ യഹോവയുടെ പെട്ടകം (Ark of the Lord God)—1.രാജാ.2:26
(6) സർവ്വഭൂമിയുടെയും നാഥനായ യഹോവയുടെ പെട്ടകം
(Ark of the LORD, the Lord of all the earth)-യോശു.3:13
(7) ദൈവത്തിൻ ബലത്തിന്റെ പെട്ടകം (Ark of Gods strength)—2.ദിന.6:41/സങ്കീ.132:8
(8) സാക്ഷ്യപെട്ടകം (Ark of the testimony)—പുറ.25:22/പുറ.30:6/സംഖ്യാ.7:89
(9) വിശുദ്ധപെട്ടകം (Holy Ark) — 2.ദിന.35:3
(10) മഹത്വത്തിന്റെ പെട്ടകം (Ark of Glory) —സങ്കീ.78:61

**കൃപാസനം (Mercy Seat) —**

അതിപരിശുദ്ധസ്ഥലത്തു രണ്ടുപകരണങ്ങളുണ്ട്. നിയമപെട്ടകം എന്ന പേരിൽ ഒരു ഉപകരണം മാത്രം കാണുന്നുള്ളുവെങ്കിലും നിയമപെട്ടകം കൃപാസനം എന്നിവ ചേർന്നുള്ളതാണ് നിയമപെട്ടകം എന്നപേരിലറിയപ്പെടുന്നത്. ന്യായപ്രമാണകല്പലകൾ അടങ്ങിയ കല്പലകൾ വെച്ചിരിക്കുന്ന പെട്ടിയെ നിയമപെട്ടകമെന്നും, പെട്ടിയുടെ മൂടിയെ കൃപാസനം എന്നും പറയുന്നു. മൂലഭാഷയിൽ കൃപാസനത്തിനു മൂടുക എന്നാണർത്ഥം. പാപത്തെ മൂടിക്കളയുന്ന അഥവാ പാപപരിഹാരം വരുത്തുന്ന ഉപകരണം എന്ന ആശയവും കൃപാസനത്തിനുണ്ട്. സാക്ഷ്യപെട്ടകത്തിന്റെ മൂടിയായ കൃപാസനത്തിൽ മരം ചേർത്തിട്ടില്ല. കൃപാസനവും അതിന്മീതെ ഇരിക്കുന്ന കെരൂബുകളും സ്വർണ്ണം കൊണ്ടാണുണ്ടാക്കിയിരിക്കുന്നത്. യേശു കർത്താവു ഒരുക്കിയിരിക്കുന്ന രക്ഷ പൂർണ്ണമായും ദൈവീകമാണെന്നതിനെ കാണിക്കുന്നു. ദൈവം കൃപ നിറഞ്ഞവനായി വെളിപ്പെടുന്ന സ്ഥലമാണ് കൃപാസനം. പൊന്നുകൊണ്ടുള്ള കെരൂബുകൾ ദൈവതേജസ്സിനെ കുറിക്കുന്നു. പെട്ടകത്തിനു മീതെ കൃപാസനത്തിൽ രക്തം തളിക്കുവാനായി മഹാപുരോഹിതൻ വർഷത്തിൽ ഒരിക്കൽ മാത്രം നിയമപെട്ടകം ഇരിക്കുന്ന അതിപരിശുദ്ധസ്ഥലത്തു പ്രവേശിച്ചിരുന്നു (ലേവ്യാ.16:11,34/എബ്രാ.9:3-7).

**നിയമപെട്ടകത്തിനകത്തുള്ള ഉപകരണങ്ങൾ** (The Ark and its contents) —

നിയമപെട്ടകത്തിനകത്തു നിയമത്തിന്റെ കല്പലകകൾ, മന്ന ഇട്ടു വച്ച പൊൻ പാത്രം, അഹ

രോന്റെ തളിർത്തവടി എന്നിവയുണ്ടായിരുന്നു. **എബ്രാ.9:4** —*"പൊന്നുകൊണ്ടു പൊതിഞ്ഞ നിയമപെട്ട കവും അതിനകത്തു മന്ന ഇട്ടുവെച്ച പൊൻപാത്രവും അഹരോന്റെ തളിർത്തവടിയും നിയമത്തിന്റെ കല്പലകകളും ....."* —

(1) ദൈവവും യിസ്രായേലും തമ്മിലുള്ള ഉടമ്പടിയെ നിരന്തരം ഓർമ്മപ്പെടുത്തുന്ന നിയമത്തിന്റെ കല്പലകൾ - (പുറ.25:16,21 /എബ്രാ.9:4)

(2) സ്വർഗ്ഗത്തിൽ നിന്നുള്ള ദൈവത്തിന്റെ അപ്പത്തെ സൂചിപ്പിക്കുന്ന മന്ന ഇട്ടു വച്ച പൊൻപാത്രം — (പുറ.16:33/ യോഹ.6/എബ്രാ.9:4)

(3) ദൈവത്തിന്റെ പൗരോഹിത്യ തിരഞ്ഞെടുപ്പു സംബന്ധിച്ചു യിസ്രായേലിനുള്ള സാക്ഷ്യ മായി അഹരോന്റെ തളിർത്ത വടി (സംഖ്യാ.17:10/എബ്രാ.9:4).

പീഡനകാലത്തു യെരൂശലേമിൽ പണിയപ്പെടുന്ന ദൈവാലയത്തിൽ അന്തിക്രിസ്തുവും മൃഗവും മ്ലേച്ഛതപ്രവർത്തിക്കുമെങ്കിലും ദൈവമഹത്വവും, തേജസ്സും, നീതിയും, വിളങ്ങുന്ന സ്വർഗ്ഗത്തിലെ ദൈവാ ലയത്തെ അശുദ്ധമാക്കുവാൻ ഒരു സാത്താന്യശക്തികൾക്കും കഴിയുകയില്ല. ഏഴാം കാഹളശേഷവും ക്രോധകലശങ്ങളാലുള്ള ന്യായവിധികൾ ആരംഭിക്കുന്നതിനു മുമ്പും, തുറക്കപ്പെട്ട ദൈവാലയവും അതി നകത്തെ നിയമപെട്ടകവും മഹാപീഡനകാല വിശ്വാസികൾക്ക് വിശേഷാൽ യഹൂദന്മാർക്കു ലഭിക്കുന്ന അനേക ആത്മീകനന്മകളെ വെളിപ്പെടുത്തുന്നു —

**(1) നിയമപെട്ടകം** — ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നതിനാൽ ക്രിസ്തുവിലുള്ള അവ രുടെ സുരക്ഷിതത്വത്തെ കുറിക്കുന്നു.

**(2) കല്പലകകൾ** — നിയമപെട്ടകത്തിനകത്തുള്ള കല്പലകകൾ യിസ്രായേലുമായുള്ള ദൈവ ത്തിന്റെ ഉടമ്പടിയെ നിരന്തരം ഓർമ്മപ്പെടുത്തുന്നതുപോലെ പീഡനകാലത്തും അവർക്കു ദൈവീ കവാഗ്ദത്തങ്ങൾ പൂർണ്ണമായി അനുഭവിക്കുവാൻ സാദ്ധ്യമാകുന്നു.

**(3) മന്ന ഇട്ടുവെച്ച പൊൻപാത്രം** — നിയമപെട്ടകത്തിലെ മന്ന ഇട്ടുവെച്ച പൊൻപാത്രം മരുഭൂ മിയിൽ യാത്രാമദ്ധ്യേ യിസ്രായേലിനു ഭക്ഷണം ഒരുക്കിയതിനെ കുറിക്കുന്നതോടൊപ്പം മഹാപീഡനകാലത്ത് യിസ്രായേലിനു ആവശ്യമായതെല്ലാം ദൈവം നൽകും എന്നതിനെ കുറി ക്കുന്നു.

**(4) അഹരോന്റെ തളിർത്തവടി** — നിയമപെട്ടകത്തിൽ വെച്ചിരിക്കുന്ന അഹരോന്റെ തളിർത്ത വടി പുനരുത്ഥാനത്തെക്കുറിക്കുന്നതാകയാൽ ദൈവത്തിൽ അഭയം പ്രാപിക്കുന്ന യഹൂദനു ലഭി ക്കുന്ന പുനരുത്ഥാനത്തെയും കുറിക്കുന്നു.

**(5) കൃപാസനം** — നിയമപെട്ടകത്തോടു ബന്ധപ്പെട്ട രക്തം തളിക്കപ്പെട്ട കൃപാസനം ക്രിസ്തു വിന്റെ രക്തത്താൽ യഹൂദനു ലഭിക്കുന്ന പാപമോചനവും ദൈവകൃപയും കാണിക്കുന്നു.

**(6) തുറക്കപ്പെട്ട ദൈവാലയം** — മഹാപീഡനകാലത്ത് യഹൂദനു ലഭിക്കുന്ന ദൈവവുമായുള്ള നിരന്തര കൂട്ടായ്മയും ദൈവസന്നിധിയിലേക്കുള്ള അവരുടെ പ്രവേശനത്തെയും കുറിക്കുന്നു.

**(7) നിയമപെട്ടകം കണ്ടു** — അവർക്കു സ്വർഗ്ഗീയകാര്യങ്ങൾ കാണുവാനും അനുഭവിക്കുവാനും ലഭിക്കുന്ന അവകാശത്തെ കുറിക്കുന്നു. പഴയനിയമകാലത്തു അതിപരിശുദ്ധസ്ഥലത്തിരിക്കുന്ന നിയമപെട്ടകത്തിനടുത്തേക്കു സാധാരണ ആർക്കും പ്രവേശിക്കുവാനോ അതിനെ കാണുവാനോ സാധിക്കയില്ലായിരുന്നു. വർഷത്തിലൊരിക്കൽ മഹാപാപപരിഹാരദിനത്തിൽ കൃപാസനത്തിൽ രക്തം തളിക്കുവാൻ മാത്രം നിയമപെട്ടകത്തിനടുത്തേക്കു മഹാപുരോഹിതൻ പ്രവേശിക്കാവൂ. ഇപ്പോൾ ക്രിസ്തുവിന്റെ രക്തത്തിന്റെ അടിസ്ഥാനത്തിൽ വിശുദ്ധനായ ദൈവത്തിന്റെ സന്നിധി യിലേക്കു യഹൂദനു പ്രവേശിക്കുവാൻ അനുവാദവും അവകാശവും ലഭിച്ചിരിക്കുന്നു. മാത്രവു മല്ല യിസ്രായേലിന്റെ മരുയാത്രയിൽ കനാൻ ദേശത്തേക്കുള്ള യാത്രയിലുടനീളം അവരോടൊ പ്പമുണ്ടായിരുന്ന നിയമപെട്ടകം ദൈവസാന്നിദ്ധ്യത്തെ വിളിച്ചറിയിക്കുന്നതായിരുന്നു (യോശു.3:11 –17/പുറ.25:22/സംഖ്യാ.14:43,44/1.ശമൂ.14:18,19/സങ്കീ.80:1/സങ്കീ.132:8). കനാനിലേക്കു യാത്ര ചെയ്ത യിസ്രായേലിനു നിയമപെട്ടകത്തിന്റെ സാന്നിദ്ധ്യം അവർക്കു യാത്രയിൽ ധൈര്യം പകർന്നു കൊടുത്തതുപോലെ പീഡനകാലത്ത് സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ കാണപ്പെട്ട നിയമപെ ട്ടകം മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കു ശക്തിയും ധൈര്യവും നൽകുന്ന കാഴ്ചയായിരി ക്കുന്നു. നിയമപെട്ടകത്തിന്റെ സാന്നിദ്ധ്യം യിസ്രായേലിനു അനുഗ്രഹമായിരുന്നുവെങ്കിൽ ജാതി കൾക്കു നിയമപെട്ടകം ശിക്ഷാകാരണമായിത്തീർന്നു (1.ശമൂ.5,6). ആയതുപോലെ പീഡനകാ ലത്തെ ജാതികൾക്കും നിയമപെട്ടകത്തിന്റെ സാന്നിദ്ധ്യം അവരുടെമേലുണ്ടാകുന്ന ന്യായവിധി യെയും കുറിക്കുന്നു.

**മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി —**

സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നപ്പോൾ ദൈവത്തിന്റെ നിയമപെട്ടകം ദൈവത്തിന്റെ ആലയ ത്തിൽ കാണപ്പെട്ടു. യോഹന്നാൻ ദൈവത്തിന്റെ നിയമപെട്ടകത്തെ നോക്കി നിൽക്കുമ്പോൾ ഭൂമിയിൽ മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി. ദൈവസാന്നിദ്ധ്യം, സർവ്വശ

ക്തി, ദൈവക്രോധം, ദൈവീകന്യായവിധി എന്നിവയെ വെളിപ്പെടുത്തുന്നു. വെളിപ്പാടു പുസ്തകത്തിൽ ഇപ്രകാരമുള്ള ദൈവീകന്യായവിധികൾ വിവിധസന്ദർഭങ്ങളിൽ കാണുന്നുണ്ട് —

(1) സിംഹാസനത്തോടുള്ള ബന്ധത്തിൽ — വെളി.4:5 — സിംഹാസനത്തിൽനിന്നു മിന്നലും നാദവും ഇടിമുഴക്കവും

(2) യാഗപീഠത്തോടുള്ള ബന്ധത്തിൽ — വെളി.8:5 — ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും

(3) ദൈവത്തിന്റെ രണ്ടു സാക്ഷികളുടെ സ്വർഗ്ഗാരോഹണത്തിൽ — വെളി.11:13 — വലിയോരു ഭൂകമ്പം

(3) നിയമപെട്ടകത്തോടുള്ള ബന്ധത്തിൽ — വെളി.11:19 — മിന്നലും, നാദവും, ഇടിമുഴക്കവും, ഭൂകമ്പവും, വലിയ കന്മഴയും

(4) ദൈവാലയത്തിലെ സിംഹാസനത്തോടുള്ള ബന്ധത്തിൽ — വെളി.16:18,21 — മിന്നലും നാദവും ഇടിമുഴക്കവും വലിയഭൂകമ്പവും, കന്മഴയും.

നിയമപെട്ടകത്തിന്റെ കാഴ്ച യിസ്രായേലിനു ലഭിക്കുന്ന ദൈവത്തിന്റെ കൂട്ടായ്മ, ദൈവസാന്നിദ്ധ്യം, ദൈവീകവാഗ്ദത്തങ്ങളുടെ മാറ്റമില്ലായ്മ, പാപപരിഹാരം, ദൈവകരുണ എന്നിവയെ വെളിപ്പെടുത്തുന്നുവെങ്കിൽ, ദൈവത്തോടും യിസ്രായേലിനോടും എതിർത്തു നിൽക്കുന്ന ഭൂവാസികളോടുള്ള ബന്ധത്തിൽ മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും കന്മഴയും അവർക്കെതിരായുള്ള ദൈവക്രോധത്തെയും ശിക്ഷയെയും വെളിപ്പെടുത്തുന്നു.

# വെളിപ്പാട് — അദ്ധ്യായം — 12

**സൂര്യനെ അണിഞ്ഞ സ്ത്രീയും തീ നിറമുള്ള മഹാസർപ്പവും (Woman clothed with the sun and a great red Dragon) —**

**യിസ്രായേലിനോടു സാത്താൻ പടവെട്ടുന്നു (Satan fighting against Israel)**

വെളിപ്പാടു 12 -ാം അദ്ധ്യായത്തോടെ യിസ്രായേലിനോടുള്ള ബന്ധത്തിലുള്ള കാര്യങ്ങൾക്കും മഹാപീഡനകാലമായ മൂന്നരവർഷത്തിൽ അരങ്ങേറുന്ന സാത്താന്യശക്തികളുടെ പ്രവർത്തനങ്ങൾക്കും ശക്തി വർദ്ധിക്കുന്നു. ഏഴു മുദ്രകളും ഏഴു കാഹളങ്ങളും ഉൾക്കൊള്ളുന്ന 14 ന്യായവിധികൾ ഭൂമിയിൽ അരങ്ങേറി. ഏഴാമത്തെ കാഹളം വെളി.11:15 -ൽ മുഴങ്ങുകയുണ്ടായി. തുടർന്നു ഏഴു കലശങ്ങളാലുള്ള ന്യായവിധികൾക്കു മുമ്പായി ഒരിടവേളയെന്നോണം വെളിപ്പാട് 12:1 മുതൽ 14:20 വരെയുള്ള ഭാഗങ്ങൾ നിലകൊള്ളുന്നു. ഒന്നാമത്തെ ഇടവേള ആറും ഏഴും മുദ്രകൾക്കിടയിലും (വെളി.7:1-17), രണ്ടാമത്തെ ഇടവേള ആറും ഏഴും കാഹളങ്ങൾക്കിടയിലും (വെളി.10:1-14), മൂന്നാമത്തെ ഇടവേള ഏഴാമത്തെ കാഹളത്തിനുശേഷവും ക്രോധകലശങ്ങളാലുള്ള ന്യായവിധിക്കു മുമ്പും (വെളി.12:1-14:20) ക്രമീകരിച്ചിരിക്കുന്നു. ഏഴാമത്തെ കാഹളധ്വനിക്കു മുമ്പായി യോഹന്നാനു ബലവാനായ ദൂതനിൽ നിന്നു തുറന്നോരു ചെറുപുസ്തകം ലഭിക്കുകയുണ്ടായി. അതു വാങ്ങി ഭക്ഷിച്ചപ്പോൾ ഇനിയും അനേകം വംശങ്ങളെയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ചു പ്രവചിക്കേണ്ടി വരും എന്നുള്ള അറിയിപ്പും യോഹന്നാനു ലഭിച്ചു (വെളി.11:10,11). അപ്രകാരം വെളിപ്പാടു 12-ാം അദ്ധ്യായം മുതൽ യോഹന്നാന്റെ പ്രവചനസന്ദേശം ആരംഭിക്കുന്നു.

വെളിപ്പാടു പുസ്തകം സംഭവങ്ങളുടെ ക്രമമനുസരിച്ചല്ല രേഖപ്പെടുത്തിയിരിക്കുന്നത്. 4 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളിൽ പീഡനകാലത്തെ സംഭവങ്ങളെ വിശദീകരിച്ചു. 10,11 അദ്ധ്യായങ്ങൾ ഇടവേളയെന്ന നിലയിലായിരുന്നു. 12 മുതൽല 19 വരെയുള്ള അദ്ധ്യായങ്ങളിൽ വീണ്ടും പീഡനകാലസംഭവങ്ങളെ വിവരിക്കുന്നു. കൂടാതെ 12 മുത്ല 19 വരെയുള്ള രണ്ടാം ഭാഗത്ത് ചില പ്രധാനവ്യക്തികളെയും 12 മുതലുള്ള അദ്ധ്യായങ്ങളിൽ കാണുന്നു. വിശേഷാൽ 12 -ാം അദ്ധ്യായം ആരംഭിക്കുന്നത് സ്വർഗ്ഗത്തിൽ കണ്ട രണ്ട് അടയാളങ്ങൾ അഥവാ അത്ഭുതങ്ങളുടെ (signs / wonders) വിശദീകരണത്തോടെയാണ്. യോഹന്നാന്റെ ദർശനം ചിലത് കഴിഞ്ഞകാലസംഭവങ്ങൾ ആയിരിക്കുമ്പോൾ ചിലത് ഭാവിയിൽ സംഭവിക്കുവാൻ പോകുന്നതുമാണ്. 12 -ാം അദ്ധ്യായത്തിൽ വിവരിക്കുന്ന കാര്യങ്ങളോടു ബന്ധപ്പെട്ടുള്ള വിവരങ്ങളാണ് തുടർന്നുള്ള അദ്ധ്യായങ്ങളിൽ കാണുന്നത്. ആകയാൽ 12-ൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ശരിയായി ചിന്തിക്കേണ്ടതുണ്ട്. അതിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെ തെറ്റായി വ്യാഖ്യാനിച്ചാൽ വെളിപ്പാടു പുസ്കത്തിന്റെ തുടർന്നുള്ള പഠനം തിരുവചനത്തിനു നിരക്കുന്നതല്ലാതായിത്തീരും.

വെളിപ്പാടു 12 ,13 അദ്ധ്യായങ്ങളിൽ മഹാപീഡനകാലത്തിലെ ഏഴു ശ്രദ്ധേയവ്യക്തികളെ കാണാം (Seven great persons of the Great Tribulation) —

(1) വെളി.12:1,2 — സ്ത്രീ — യിസ്രായേൽ രാഷ്ട്രത്തെ പ്രതിനിധീകരിക്കുന്നു

(The woman who represent the nation Israel)
(2) വെളി.12:3,4 — തീ നിറമുള്ള മഹാസർപ്പം —സാത്താനെ പ്രതിനിതീകരിക്കുന്നു
(The great red dragon represent Satan)
(3) വെളി.12:5— ആൺകുട്ടി — യേശുക്രിസ്തുവിനെ കുറിക്കുന്നു
(The male child refers Lord Jesus) —
(4) വെളി.12:7 —മീഖായേൽ — വിശുദ്ധദൂതന്മാരെ പ്രതിനിതീകരിക്കുന്നു
(Michael who represent holy angels) —
(5) വെളി.12:17 — സ്ത്രീയുടെ സന്തതിയിലെ ശേഷിപ്പ് — യിസ്രായേന്റെ ശേഷിപ്പ്
(The remnant of the woman refers remnant of Israel) —
(6) വെളി.13:1 -10 — സമുദ്രത്തിൽ നിന്നുള്ള മൃഗം —ലോകഭരണാധികാരി
(The beast out of the sea represent world dictator) —
(7) വെളി.13:11-17 — ഭൂമിയിൽ നിന്നുള്ള മൃഗം — കള്ളപ്രവാചകൻ
(The beast out of the earth represent false prophet and religious leader of the world)

മഹാപീഡനകാലത്തിലെ സംഭവങ്ങളെ വിശദീകരിക്കുന്ന വെളിപ്പാടു 12 -ാം അദ്ധ്യായം മുതൽ യിസ്രായേലിനു സകലരാലും ഏറ്റവും ഭയങ്കരമായ വിദ്വേഷവും പീഡകളും അനുഭവിക്കേണ്ടി വരുന്നതായി കാണുന്നു. അതിനായി യഹൂദന്മാരോടു സാത്താനും കൂട്ടാളികളും തുറന്നയുദ്ധത്തിനായി അണി നിരക്കുന്നു. കഠിനമായ പീഡാവേളകളിലൂടെ യിസ്രായേൽ കടന്നുപോകുമ്പോഴും തന്റെ ജനത്തെ യഹോവയായ ദൈവം കരുതുകയും പരിപാലിക്കുകയും ചെയ്യുന്ന കാഴ്ചയും ശ്രദ്ധേയമാണ്. 12,13 അദ്ധ്യായങ്ങൾ ഒരുമിച്ചു ചിന്തിക്കുമ്പോൾ മഹാപീഡനകാലത്തിലെ സാത്താന്യപ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്ന മൂന്നു പ്രധാനവ്യക്തികളെയും കാണാം. സാത്താൻ, അന്തിക്രിസ്തു, കള്ളപ്രവാചകൻ (Satan, Antichrist, False Prophet) എന്നിവരാണവർ. ഈ മൂവരും സാത്താന്യത്രിത്വത്തിൽ (Satanic trinity) ഉൾപ്പെട്ടവരും ദൈവത്തോടും ദൈവജനത്തോടും സദാ എതിർത്തു പ്രവർത്തിക്കുന്ന ദുഷ്ടശക്തികളുമാണ്. ദൈവത്തിന്റെ സകല പരിപാടികളെയും തകിടം മറിച്ചുകൊണ്ടു എങ്ങനെയും യിസ്രായേലിനെ നശിപ്പിക്കുക എന്ന ഏക ചിന്തയോടെ മുന്നേറുന്ന സാത്താന്യത്രിത്വത്തെ 12,13 അദ്ധ്യായങ്ങളിൽ സസൂക്ഷ്മം ശ്രദ്ധിച്ചാൽ കാണുവാൻ സാധിക്കും. തീ നിറമുള്ള മഹാസർപ്പം (വെളി.12:3), പഴയപാമ്പ് (വെളി.12:9), സഹോദരന്മാരെ കുറ്റം ചുമത്തുന്ന അപവാദി (വെളി.12:10) എന്നിങ്ങനെ പിശാചിന്റെ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ വിവിധപേരുകൾ ഈ അദ്ധ്യായത്തിൽ പിശാചിനു നൽകിയിരിക്കുന്നു. അപവാദിയായ പിശാച് എല്ലായിപ്പോഴും മാനുഷികവ്യക്തിത്വങ്ങളിലൂടെ പ്രവർത്തിക്കുന്നു. ഈ അദ്ധ്യായത്തിൽ മൃഗം (ലോകഭരണാധികാരി), കള്ളപ്രവാചകൻ എന്നിവരിലൂടെ പിശാച് തന്റെ പ്രവർത്തനം നടത്തുന്നു. 12-ാം അദ്ധ്യായത്തിൽ യിസ്രായേലിനെ ഊർജ്ജസ്വലതയുള്ള ഒരു മാതാവായി ചിത്രീകരിച്ചിരിക്കുന്നു. യിസ്രായേലിന്റെ ചരിത്രത്തിലെ അതിപ്രധാന സംഭവങ്ങളിലൊന്നായ ക്രിസ്തുവിന്റെ ജനനം സകലരെയും ഭരിക്കുന്ന ഒരു ആൺകുട്ടിയായും ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

സാത്താൻ ദൈവത്തിന്റെ സകല പ്രവർത്തനങ്ങളെയും നശിപ്പിക്കുവാൻ അക്ഷീണം പ്രവർത്തിക്കുന്നു. കൂടാതെ അവന്റെ ഏറ്റവും വലിയ ശത്രു യിസ്രായേലുമായിരിക്കുന്നു. യിസ്രായേൽ സകലരാലും തള്ളപ്പെടുവാനും നിന്ദിക്കപ്പെടുവാനും പീഡിപ്പിക്കപ്പെടുവാനും മാത്രവുമല്ല ദൈവത്തിന്റെ കോപപാത്രമായി തീരുവാനും ഇടയായ കാരണങ്ങൾ എന്താണ്? പല കാരണങ്ങൾ ഇതിനു പറയുവാൻ കഴിയും. ദൈവത്തെയും ദൈവീകന്യായപ്രമാണങ്ങളെയും വിട്ടു വിഗ്രഹാരാധനയിലും ലോകമോഹങ്ങളിലും മുഴുകി ജാതികളുമായി ഇടകലർന്നു ജീവിച്ച യിസ്രായേൽ ദൈവത്താൽ തള്ളപ്പെടുവാനിടയായി എന്നതു തന്നെ ആദ്യകാരണം. ആവർത്തനപുസ്കത്തിൽ മോശെയുടെ മൂന്നാമത്തെ പ്രഭാഷണത്തിലും, ലേവ്യാപുസ്തകത്തിലും ഇക്കാര്യം വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു (ആവ.28:15-68/ ലേവ്യാ.26:14-39). മറ്റൊന്ന്, സാത്താന്റെ മുഖ്യശത്രുവായ ക്രിസ്തു അവരിൽ നിന്നാണ് ഉത്ഭവിക്കുവാനിടയായത്. ഉല്പ.3:15 —ൽ "*അവൻ നിന്റെ തല തകർക്കും*" എന്ന പ്രവചനവാഗ്ദത്തം സ്ത്രീയുടെ സന്തതിയായി ജനിച്ച ക്രിസ്തുവും, സകലപാപങ്ങളുടെയും ഉറവിടമായ സാത്തനും തമ്മിലുള്ള നിത്യശത്രുതയെ വെളിപ്പെടുത്തുന്നു. വിശ്വാസവീരനായ അബ്രഹാമിനോടു ദൈവം ഉടമ്പടി ചെയ്തപ്പോൾ യിസ്രായേലിനെ ദൈവം തന്റെ സ്വന്തജനമായി അംഗീകരിച്ചു അവരെ സകലജാതികളിലും ശ്രേഷ്ടത നൽകി ആദരിച്ചു. ഇവയൊക്കെ യിസ്രായേലിനെ സാത്താന്റെ ബദ്ധശത്രുവായിത്തീരുവാനിടയാക്കിയ സാഹചര്യങ്ങളായിരുന്നു. എന്നാൽ ദൈവം അവരെ എന്നേക്കും തള്ളിക്കളയുകയോ സാത്താന്റെ കരങ്ങളിൽ വിട്ടുകൊടുക്കുകയോ ചെയ്യുകയില്ല. വെളിപ്പാടു പുസ്തകത്തിലെ 12 മുതലുള്ള അദ്ധ്യായങ്ങളിൽ യിസ്രായേൽ ഒരു പ്രധാന കഥാപാത്രമായിത്തീർന്നിരിക്കുന്നതുതന്നെ ദൈവത്തിനു അവരോടുള്ള സ്നേഹവും പിശാചിനു അവരോടുള്ള ഒടുങ്ങാത്ത പകയും വെളിപ്പെടുത്തുന്നു. 12-ാം അദ്ധ്യായത്തിൽ യുദ്ധവും പോരാട്ടവും ആക്രമണവും വിവിധ പശ്ചാത്തലങ്ങളിൽ അരങ്ങേറുന്നു. ആദ്യമായി ഭൂമിയിലും (വെളി.12:1-6), രണ്ടാമതായി സ്വർഗ്ഗത്തിലും (വെളി.12:7-12), മൂന്നാമതായി വീണ്ടും ഭൂമിയിലും (വെളി.12:13-17) യുദ്ധകോലാ

ഹലങ്ങൾ അരങ്ങേറുന്നു. ഇരുചേരികളിൽ, യിസ്രായേലിനെ പ്രതിനിതീകരിച്ചു സ്ത്രീയും, സാത്താനെ പ്രതിനിതീകരിച്ചു മഹാസർപ്പവുമാണ് രംഗത്തിൽ തെളിഞ്ഞു കാണുന്നത്. സ്തീയോടുള്ള ബന്ധത്തിൽ ആൺകുട്ടി, യിസ്രായേലിന്റെ ശേഷിപ്പ്, പ്രധാനദൂതനായ മീഖായേൽ, വിശുദ്ധദൂതന്മാർ എന്നിവരെ കാണാം. മറുചേരിയിൽ സാത്താനെ പ്രതിനിതീകരിക്കുന്ന മഹാസർപ്പത്തോടുള്ള ബന്ധത്തിൽ സാത്താന്യദൂതന്മാർ, മൃഗം, കള്ളപ്രവാചകൻ എന്നിവർ അണിനിരക്കുന്നു.

**അദ്ധ്യായവിഷയം —**

മഹാപീഡനകാലത്ത് സാത്താൻ യിസ്രായേലിനോടു പടവെട്ടി അവരെ നശിപ്പിക്കുവാൻ ശ്രമിക്കുന്ന കാര്യങ്ങളാണ് വെളിപ്പാടു പുസ്തകം 12-ാം അദ്ധ്യായത്തിലെ വിഷയം. സ്വർഗ്ഗത്തിലും ഭൂമിയിലും ഇതോടനുബന്ധിച്ചുള്ള നിരവധി സംഘട്ടനങ്ങൾ അരങ്ങേറുന്നു.

**അദ്ധ്യായസംഗ്രഹം —**

ഏഴു ക്രോധകലശങ്ങളാലുള്ള ന്യായവിധി ഭൂവാസികളുടെമേൽ ചൊരിയുന്നതിനു മുമ്പുള്ള ഒരിടവേളയാണ് 12,13,14 അദ്ധ്യായങ്ങൾ. 11-ാം അദ്ധ്യായത്തിൽ ദൈവത്തിന്റെ രണ്ടു സാക്ഷികളുടെ ഭൂമിയിലെ ശുശ്രൂഷകളെയും, ഏഴാമത്തെ കാഹളധ്വനിയോടനുബന്ധിച്ചുള്ള സംഭവങ്ങളും സ്വർഗ്ഗത്തിലെ ദൈവാലയം തുറക്കുന്ന കാഴ്ചയും യോഹന്നാൻ വിവരിച്ചു. സമുദ്രത്തിന്മേലും ഭൂമിമേലും നിൽക്കുന്നവനായി യോഹന്നാൻ കണ്ട ദൂതൻ യോഹന്നാനോടു പറഞ്ഞത് "*നീ ഇനിയും അനേകം വംശങ്ങളെയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ചു പ്രവചിക്കേണ്ടി വരും*" എന്നാണ് (വെളി.10:11). 12-ാം അദ്ധ്യായത്തിൽ "*സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി*" എന്നുള്ള വാക്കുകളോടെ യോഹന്നാൻ വീണ്ടും പ്രവചനം ആരംഭിക്കുന്നു. ആഴ്ചവട്ടത്തിന്റെ മദ്ധ്യത്തിൽ അഥവാ പീഡനകാലത്തിന്റെ അവസാന മൂന്നരവർഷമായ മഹാപീഡനകാലത്തു പ്രത്യക്ഷപ്പെടുന്ന ഏഴു ശ്രദ്ധേയവ്യക്തികളിൽ അഞ്ചുപേരെ 12-ാം അദ്ധ്യായത്തിൽ കാണാം. (1) സൂര്യനെ അണിഞ്ഞ സ്ത്രീ (2) മഹാസർപ്പം (3) ആൺകുട്ടി (4) മീഖായേൽ (5) യിസ്രായേലിന്റെ ശേഷിപ്പ് എന്നിവരാണവർ. ദർശനത്തിൽ ആദ്യമായി യോഹന്നാൻ കാണുന്നത് ഒരു സ്ത്രീയെയാണ്. ഈ സ്ത്രീ സൂര്യനെ അണിഞ്ഞവളും, ചന്ദ്രൻ കാൽക്കീഴെ ഉള്ളവളും, 12 നക്ഷത്രംകൊണ്ടുള്ള കിരീടം ധരിച്ചവളുമായാണ് രംഗപ്രവേശനം ചെയ്യുന്നത്. ദൈവത്തിൽ നിന്നു ലഭിച്ച അനുഗ്രഹവും അംഗീകാരവും തെളിയിക്കുന്ന പ്രകാശം അവൾ അണിഞ്ഞിരിക്കുന്നു. ചന്ദ്രന്റെ പ്രഭയിൽ കാൽ ഊന്നി നിൽക്കുന്നു. 12 ഗോത്രങ്ങളാകുന്ന കിരീടം അവൾ തലയിൽ ധരിച്ചിരിക്കുന്നു. ഇപ്രകാരം സൂര്യൻ, ചന്ദ്രൻ, നക്ഷത്രം എന്നിവയോടു ബന്ധപ്പെടുത്തി വർണ്ണിക്കുന്നതിലൂടെ സ്ത്രീ മഹോപദ്രവകാലത്തെ യിസ്രായേലിനെ പ്രതിനിതീകരിക്കുന്നു എന്നു മനസ്സിലാക്കാം. യോഹന്നാൻ കണ്ട സൂര്യനെ അണിഞ്ഞസ്ത്രീ ഗർഭിണി എന്ന നിലയിൽ പ്രസവനോവുള്ളവളായി നിലവിളിക്കുന്നു. സൂര്യനെ അണിഞ്ഞ സ്ത്രീക്കു ശേഷം രണ്ടാമതായി തീ നിറമുള്ള ഒരു മഹാസർപ്പത്തെ യോഹന്നാൻ കാണുന്നു. ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ മഹാസർപ്പം അതിന്റെ വാലുകൊണ്ടു തൂത്തുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞശേഷം ഗർഭിണിയായ സ്ത്രീ പ്രസവിക്കുന്ന കുട്ടിയെ വിഴുങ്ങിക്കളയുവാൻ തയ്യാറായി നിൽക്കുന്നു. എന്നാൽ പ്രസവാനന്തരം ആൺകുട്ടി സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുകയും, സ്ത്രീ ദൈവം അവൾക്കായി ഒരുക്കിയിരിക്കുന്ന സ്ഥലത്തേക്കും അഭയം പ്രാപിക്കുകയും ചെയ്തു. തുടർന്നു സ്വർഗ്ഗത്തിൽ മീഖായേൽ വിശുദ്ധദൂതന്മാരോടൊപ്പം മഹാസർപ്പവും അവന്റെ ദുഷ്ടദൂതന്മാരുമായി പടവെട്ടുന്നു. യുദ്ധത്തിൽ വിശുദ്ധദൂതഗണം വിജയിക്കുകയും പിശാചും സാത്താനും എന്ന മഹാസർപ്പത്തെയും അവന്റെ കൂട്ടാളികളെയും ഭൂമിയിലേക്കു തള്ളിക്കളയുകയും ചെയ്യുന്നു. സാത്താനും കൂട്ടരും പരാജിതരായി സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വീഴ്ത്തപ്പെട്ടതിനാൽ സ്വർഗ്ഗീയസദസ്സിൽ നിന്നു സന്തോഷത്തിന്റെ മഹാശബ്ദം ഉയരുന്നതും യോഹന്നാൻ കേട്ടു. ഭൂമിയിലേക്കു സാത്താൻ തള്ളപ്പെട്ടതിനാൽ അവന്റെ സകലകോപവും ഭൂമിയിൽ വസിക്കുന്നവരോടു തിരിയുമെന്നും, അവന്റെ പ്രവർത്തനത്തിനു അല്പകാലമേയുള്ളു എന്നു മനസ്സിലാക്കിയ സാത്താൻ മഹാക്രോധത്തോടെ പ്രതികാരം ചെയ്യുമെന്നും സ്വർഗ്ഗീയ സദസ്സിൽ നിന്നു മുന്നറിയിപ്പും ഉണ്ടായി. ഭൂമിയിലേക്കു തള്ളപ്പെട്ട സാത്താൻ ആൺകുട്ടിയെ (യേശുക്രിസ്തുവിനെ) പ്രസവിച്ച സ്ത്രീയെ (യിസ്രായേലിനെ) പീഡിപ്പിക്കുവാൻ തുടങ്ങി. എന്നാൽ യിസ്രായേൽ ജനത്തെ അവരുടെ മരുയാത്രയിൽ യഹോവയായദൈവം കഴുകിന്റെ ചിറകിന്മേൽ വഹിച്ചു രക്ഷിച്ചതുപോലെ പീഡനകാലത്തും ദൈവം സ്ത്രീയെ 1260 ദിവസം സംരക്ഷിച്ചു പോറ്റിപുലർത്തുന്നു. സ്ത്രീയെ ഒഴുക്കിക്കളയുവാൻ സാത്താൻ നദിപോലെ വെള്ളം പുറപ്പെടുവിച്ചെങ്കിലും ദൈവം അതിൽ നിന്നും അവളെ രക്ഷിക്കുന്നു. അതായത് യിസ്രായേൽ ജനത്തെ മുഴുവനായി മൂടിക്കളയേണ്ടതിനു ശത്രുവായ സാത്താൻ നദിപോലെ ശത്രുക്കളെ അണി നിരത്തിയെങ്കിലും ദൈവം തന്റെ ജനത്തെ സംരക്ഷിക്കുന്നു. സ്ത്രീയോടുള്ള പ്രതികാരം ഫലപ്രദമാകാത്തതിനാൽ മഹാസർപ്പത്തിന്റെ കോപം വർദ്ധിച്ച് അവളുടെ സന്തതിയിൽ ശേഷിപ്പുള്ള ജനത്തിന്റെ നേരെ ആക്രമണത്തിനായി തിരിയുന്നു.

**അദ്ധ്യായവിഭജനം —**

**വെളി.12:1-2 :** സൂര്യനെ അണിഞ്ഞോരു സ്ത്രീ : യിസ്രായേൽ
(The woman clothed with the Sun : Israel)

**വെളി.12:3-4 :** മഹാസർപ്പം : സാത്താൻ
(The Great Red Dragon : Satan)

**വെളി.12:5-6 :** ആൺകുട്ടി : യേശുക്രിസ്തു
(The Male - Child: Jesus Christ)

**വെളി.12:7-9 :** സ്വർഗ്ഗത്തിലെ സംഘട്ടനം — മീഖായേലും വിശുദ്ധദൂതന്മാരും സാത്താനെയും ദൂതന്മാരെയും സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കുന്നു
(Conflict in Heaven -- Satan cast out of Heaven by the Archangel, Michael)

**വെളി.12:10-12 :** സാത്താന്റെ കോപവും തോൽവിയും, വിശുദ്ധന്മാരുടെ അന്തിമവിജയവും പ്രഖ്യാപിക്കുന്നു
(Announcement of Satans coming wrath, defeat & the ultimate victory of Saints)

**വെളി.12:13-16 :** സാത്താൻ സ്ത്രീയെ പീഡിപ്പിക്കുന്നു, മരുഭൂമിയിൽ 1260 ദിവസം ദൈവം സംരക്ഷിക്കുന്നു
(Satans Persecution towards woman (Israel) - God preserve her for 1260 days)

**വെളി.12:17 :** യിസ്രായേലിൽ ശേഷിപ്പുള്ളവരെ സാത്താൻ പീഡിപ്പിക്കുന്നു
(Satans Persecution towards Godly Remnant of Israel)

**വെളി.12:1-2 :** സൂര്യനെ അണിഞ്ഞോരു സ്ത്രീ : യിസ്രായേൽ
(The woman clothed with the Sun : Israel)

**വെളി.12:1 — സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി; സൂര്യനെ അണിഞ്ഞോരു സ്ത്രീ; അവളുടെ കാല്ക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു** (Now a great sign appeared in heaven: a woman clothed with the sun, with the moon under her feet and on her head a garland of twelve stars) —

യോഹന്നാൻ തന്റെ ദർശനത്തിന്റെ വിവരണം ആരംഭിക്കുന്നത് സ്വർഗ്ഗത്തിൽ കണ്ട വലിയ അടയാളത്തിന്റെ കാഴ്ചയോടാണ്. ഈ അദ്ധ്യായത്തിൽ രണ്ടു അടയാളങ്ങളാണ് വിവരിക്കുന്നത് (വെളി.12:1-6). ഒന്നാമത്തേത് ആൺകുട്ടിയെ പ്രസവിച്ച സൂര്യനെ അണിഞ്ഞോരു സ്ത്രീ (12:1) രണ്ടാമത്തേത് തീ നിറമുള്ള മഹാസർപ്പം (12:3).

**സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി** (Now a great sign appeared in heaven) —

മൂലഭാഷയായ ഗ്രീക്കിൽ വലിയത് എന്നതിനു മെഗാ (mega) എന്നും അടയാളം എന്നതിനു സെമീയോൺ (semeion) എന്നുമുള്ള വാക്കുകളാണുപയോഗിച്ചിരിക്കുന്നത്. യോഹന്നാൻ തന്റെ സുവിശേഷത്തിൽ 17 പ്രാവശ്യവും വെളിപ്പാടിൽ 7 പ്രാവശ്യവും അടയാളം, അത്ഭുതം, അതിശയം എന്നീ അർത്ഥമുള്ള സെമീയോൺ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. വെളിപ്പാടിൽ രേഖപ്പെടുത്തിയിരിക്കുന്ന 7 അടയാളങ്ങളിൽ അഥവാ അത്ഭുതങ്ങളിൽ മൂന്നെണ്ണം സ്വർഗ്ഗത്തിലും (12:1/12:3/15:1), നാലെണ്ണം ഭൂമിയിലും (13:13/13:14/16:14/19:20) കാണപ്പെടുന്നു. അതിൽ തന്നെ ഒരെണ്ണം മാത്രം നല്ല അടയാളത്തോടു ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ (12:1), ആറെണ്ണം സാത്താന്യപ്രവർത്തനത്തോടും ദൈവത്തിന്റെ ന്യായവിധികളോടും ബന്ധപ്പെട്ടിരിക്കുന്നു. വലിയൊരു (mega) എന്നത് ആകൃതിയിലോ പ്രാധാന്യത്തിലോ ശ്രദ്ധേയമായിരിക്കുമ്പോൾ അടയാളം, അത്ഭുതം (semeion) എന്നത് പ്രതിരൂപത്തെ കുറിക്കുന്ന ചിഹ്നം അഥവാ ആലങ്കാരികഭാഷയിലെ വർണ്ണന ആയിരിക്കുന്നു. 12:1 ലെ അടയാളം വലിയതെന്ന നിലയിൽ പ്രാധാന്യമുള്ളതും അതു സ്വർഗ്ഗത്തിൽ കാണപ്പെടുന്നതെങ്കിലും അതിന്റെ ശരിയായ പ്രത്യക്ഷത ഭൂമിയിലാണ് അരങ്ങേറുന്നത്. മഹാപീഡനകാലത്ത് സാത്താനാൽ യിസ്രായേലിന്മേലുണ്ടാകുന്ന അതികഠിനമായ ഉപദ്രവങ്ങളാണ് വലിയൊരു അടയാളമായി യോഹന്നാൻ ഇവിടെ വിവരിക്കുന്നത്.

**സൂര്യനെ അണിഞ്ഞോരു സ്ത്രീ; അവളുടെ കാല്ക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു** (a woman clothed with the sun, with the moon under her feet and on her head a garland of twelve stars) —

സ്വർഗ്ഗത്തിൽ കണ്ട വലിയൊരു അടയാളം യോഹന്നാൻ വിവരിക്കുന്നത് ഒരു സ്ത്രീയെ കുറിച്ചായിരുന്നു. സ്ത്രീ സൂര്യനെ അണിഞ്ഞവളും, അവളുടെ കാല്ക്കീഴ് ചന്ദ്രനും, തലയിൽ 12 നക്ഷത്രം കൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു. യോഹന്നാൻ വിവരിക്കുന്ന സൂര്യനെ അണിഞ്ഞ സ്ത്രീയെയും അവൾ പ്രസവിച്ച ആൺകുട്ടിയെയും കുറിച്ചു അനേക വ്യാഖ്യാനങ്ങളും അഭിപ്രായങ്ങളും കാണുന്നുണ്ട്.

**(A) സൂര്യനെ അണിഞ്ഞോരു സ്ത്രീ യേശുവിന്റെ അമ്മയായ മറിയ —**

(1) *"ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും; ഇരുമ്പു*

*കോൽകൊണ്ടു നീ അവരെ തകർക്കും"* എന്ന സങ്കീർത്തനവാക്യവും (സങ്കീ.2:8,9), *"അവൾ സകലജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്പാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു"* (വെളി.12:4) എന്ന വെളിപ്പാടിലെ വാക്യവും യേശുക്രിസ്തുവിനെ കുറിക്കുന്നതിനാൽ ആൺകുട്ടിയുടെ അമ്മയായ സൂര്യനെ അണിഞ്ഞ സ്ത്രീ മറിയ തന്നെയെന്നു ചിലർ വാദിക്കുന്നു.

> ഇരു വാക്യങ്ങളിലും ഇരുമ്പുകോൽകൊണ്ടു തകർക്കുകയും മേയ്ക്കുകയും ചെയ്യുന്നത് യേശുക്രിസ്തുവിനെ കുറിക്കുന്നുവെങ്കിലും വെളിപ്പാടിലെ സൂര്യനെ അണിഞ്ഞൊരു സ്ത്രീ മറിയയാണെന്നു സ്ഥാപിക്കുവാൻ ഇതിലൂടെ കഴിയുകയില്ല. രണ്ടാം സങ്കീർത്തനത്തിൽ പറയുന്നത് യേശുക്രിസ്തുവിന്റെ പുനരുത്ഥാനബന്ധത്തിലും വെളിപ്പാടിൽ പറയുന്നത് ജനനത്തോടുള്ള ബന്ധത്തിലുമാണ്. ഒന്നിൽ തകർക്കുകയും മറ്റൊന്നിൽ മേയ്ക്കുകയും ചെയ്യുന്നു. തകർക്കുന്നത് മഹത്വപ്രത്യക്ഷതയോടുള്ള വേളയിൽ ശത്രുക്കളെയും, മേയ്ക്കുന്നത് സഹസ്രാബ്ദവാഴ്ചയിലെ ഭരണത്തിലുമായിരിക്കും.

(2) *"പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നു കളവാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു"* (വെളി.12:4). യേശു ജനിച്ചയുടനെ ഹെരോദാവായ മഹാസർപ്പം യേശുവിനെ കൊല്ലുവാൻ ശ്രമിച്ചതിനാൽ ആൺകുട്ടിയെ പ്രസവിച്ച സ്ത്രീ മറിയ തന്നെയെന്നു അഭിപ്രായപ്പെടുന്നു.

> മഹാസർപ്പമായി വെളിപ്പാടിൽ രംഗപ്രവേശനം ചെയ്യുന്നത് സാത്താനാണ്. ഹെരോദാവിനെ മഹാസർപ്പമായി തിരുവചനത്തിലൊരിടത്തും വിശേഷിപ്പിച്ചിട്ടില്ല. യേശുവിനെ പ്രസവിച്ച ഉടനെ കൊല്ലുവാൻ ഹെരോദാവു മറിയത്തിന്റെ മുമ്പിൽ നിന്നതുമില്ല. വിദ്വാന്മാർ തന്നെ കളിയാക്കി എന്നു ഹെരോദാവു കണ്ടിട്ടാണ് കൂട്ടക്കൊല നടത്തുവാൻ ആളയച്ചത് (മത്താ.2:16). കൂടാതെ മറിയ ഒരിക്കലും സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്തതായോ, സ്വർഗ്ഗത്തിൽ ഒരു ആൺകുട്ടിയെ പ്രസവിച്ചതായോ തിരുവചനത്തിൽ കാണുന്നില്ല. ആയതിനാൽ സൂര്യനെ അണിഞ്ഞ നിലയിൽ യോഹന്നാൻ കണ്ട സ്ത്രീ യേശുവിന്റെ അമ്മ മറിയയല്ല.

(3) *"കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്നു എടുക്കപ്പെട്ടു"* (വെളി.12:5) എന്നത് യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തെ കുറിക്കുന്നതാകയാൽ ഈ ഭാഗത്തു പരാമർശിക്കുന്ന സ്ത്രീ മറിയമാണ്.

> വെളിപ്പാടിലെ ആൺകുട്ടി ദൈവത്തിന്റെ അടുക്കലേക്കും സിംഹാസനത്തിലേക്കും എടുക്കപ്പെട്ടത് പ്രസവിച്ച ഉടനെയാണ്. എന്നാൽ യേശുക്രിസ്തു ഏകദേശം മുപ്പത്തിമൂന്നര വർഷക്കാലം ഭൂമിയിൽ ജീവിച്ചു മരിച്ചു അടക്കപ്പെട്ടശേഷം ഉയിർത്തെഴുന്നേറ്റാണ് സ്വർഗ്ഗാരോഹണം ചെയ്തത്. കൂടാതെ കുട്ടി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടെങ്കിൽ യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുകയായിരുന്നു.

(4) *"സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോയി; അവിടെ അവളെ 1260 ദിവസം പോറ്റേണ്ടതിന്നു ദൈവം ഒരുക്കിയോരു സ്ഥലം അവൾക്കുണ്ടു"* (വെളി.12:6). പ്രസവാനന്തരം മറിയ മരുഭൂമിയിലേക്കു ഓടിപ്പോയതിനാൽ ഇവിടെ പ്രസ്താവിച്ചിരിക്കുന്ന സ്ത്രീ മറിയയാണെന്നു അഭിപ്രായപ്പെടുന്നു.

> വെളിപ്പാടിൽ മരുഭൂമിയിലേക്ക് ഓടിപ്പോയത് സ്ത്രീ തനിയേയായിരിക്കുമ്പോൾ മറിയ പ്രസവാനന്തരം ഓടിപ്പോയത് യോസേഫിനോടും ശിശുവിനോടും കൂടെ മിസ്രയീമിലേക്കായിരുന്നു. 1260 ദിവസം പോറ്റി പുലർത്തിയെന്നത് പീഢനകാലത്തിന്റെ അവസാന മൂന്നരവർഷക്കാലം യിസ്രായേലിനു ദൈവത്തിൽ നിന്നു ലഭിക്കുന്ന സംരക്ഷണത്തെയാണു കുറിക്കുന്നത്.

**(B) സൂര്യനെ അണിഞ്ഞ സ്ത്രീ മണവാട്ടി സഭയെയും ആൺകുട്ടി വിശുദ്ധിയോടെ ജീവിക്കുന്നവരെയും പ്രതിനിതീകരിക്കുന്നു —**

സൂര്യനെ അണിഞ്ഞും, ചന്ദ്രനെ കാല്ക്കീഴും, 12 നക്ഷത്രങ്ങൾ കിരീടങ്ങളായി തലയിൽ ധരിച്ചും നിൽക്കുന്ന സ്ത്രീ ക്രിസ്തുവിന്റെ മണവാട്ടിയായ പുതിയനിയമസഭയാണെന്നും, അതിൽത്തന്നെ വിശുദ്ധിയോടെ കാത്തിരിക്കുന്നവരാണ് ആൺകുട്ടിയെന്നും, രക്ഷ നഷ്ടപ്പെടുകയാൽ ദൈവസന്നിധിയിൽ നിന്നു തള്ളപ്പെട്ട സ്ത്രീയാണ് മരുഭൂമിയിലേക്കു ഓടിപ്പോയവരെന്നും വാദിക്കുന്നവരുണ്ട്.

> ഈ അഭിപ്രായം തിരുവചനത്തിനു നിരക്കുന്നതല്ല. സൂര്യനെ അണിഞ്ഞു മഹാപീഡനകാലത്തു ഗർഭിണിയായി നിൽക്കുന്ന സ്ത്രീ പുതിയനിയമസഭയല്ല. മണവാട്ടി സഭ മഹോപദ്രവകാലത്തിലല്ല മറിച്ചു ക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലെ വരവായ ഉത്പ്രാപണത്തിൽ സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുന്നു. സഭ മഹോപദ്രവത്തിലൂടെ കടന്നുപോകുകയില്ലെന്നു തിരുവചനം വ്യക്തമായി പ്രസ്താവിക്കുമ്പോൾ 1260 ദിവസം മരുഭൂമിയുടെ അനുഭവത്തിൽ ദൈവം സംരക്ഷിക്കുന്നത് മണവാട്ടി സഭയെയല്ല മറിച്ചു മഹാപീഡനകാലത്തെ യിസ്രായേലിനെയാണ്. സഭയെ തിരുവചനത്തിലൊരിടത്തും വിവാഹിതയായിട്ടു പറഞ്ഞിട്ടില്ല. വിവാഹം നിശ്ചയം ചെയ്യപ്പെട്ട നിർമ്മലകന്യകയായിട്ടാണ് പറഞ്ഞിരിക്കുന്നത് (2.കൊരി.11:2). വിവാഹം കഴിയാത്ത സഭയെ അമ്മയെന്നു വിശേഷിപ്പിക്കുവാൻ കഴിയുകയില്ല. കൂടാതെ വിവാഹശേഷം സഭ ഗർഭിണിയാകു

ന്നതായോ നോവു കിട്ടി നിലവിളിക്കുന്നതായോ പ്രവസിക്കുന്നതായോ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വെളി.19:7 -ൽ മാത്രമാണ് കുഞ്ഞാടിന്റെ കല്യാണം എന്ന വിശേഷണത്തോടെ വിവാഹത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത്.

**(C) നാമധേയക്രിസ്ത്യാനികൾ സ്ത്രീയെയും, പരിശുദ്ധാത്മാത്മസ്നാനം കാത്തിരുന്നു പ്രാപിച്ചവർ ആൺകുട്ടിയെയും പ്രതിനിതീകരിക്കുന്നു —**

സൂര്യനെ അണിഞ്ഞസ്ത്രീ നാമധേയക്രിസ്തീയസമൂഹത്തെയും അതിൽ പരിശുദ്ധാന്മസ്നാനം പ്രാപിച്ചവർ മാത്രമാണ് സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട ആൺകുട്ടിയും എന്നു അഭിപ്രായപ്പെടുന്നവരുണ്ട്.

> പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചുള്ള അറിവില്ലായ്മയിൽ നിന്നുണ്ടാകുന്ന തെറ്റായ നിഗമനമാണിത്. രക്ഷിക്കപ്പെടുന്നവർ പരിശുദ്ധാത്മസാനം പ്രാപിച്ചവരാണ്. സഭായുഗത്തിൽ രക്ഷിക്കപ്പെടുന്നവർ മണവാട്ടി സഭയുടെ അംഗങ്ങളാണ്. അവർ പീഡനകാലത്തിനു മുമ്പു തന്നെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടും. മഹാപീഡനകാലത്തു യോഹന്നാൻ കാണുന്ന സ്ത്രീ യിസ്രായേലിനെ കുറിക്കുന്നു.

**(D) സൂര്യനെ അണിഞ്ഞ സ്ത്രീ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവരെയും, എടുക്കപ്പെട്ട ആൺകുട്ടി വിവാഹജീവിതം ത്യജിച്ചവരെയും പ്രതിനിതീകരിക്കുന്നു —**

പരിശുദ്ധാത്മസ്നാനം കാത്തിരുന്ന പ്രാപിച്ചവരെ സ്ത്രീയായും, അതിൽ തന്നെ വിവാഹജീവിതമുൾപ്പെടെ ലോകത്തിലുള്ള സകല സുഖസൗകര്യങ്ങളും പരിത്യജിച്ചു ഭക്തിയോടെ ജീവിക്കുന്നവരെ ആൺകുട്ടിയായും ചിത്രീകരിക്കുന്നവരുണ്ട്.

> പരിശുദ്ധാത്മാവു കാത്തിരുന്ന പ്രാപിക്കേണ്ടതല്ല. രക്ഷിക്കപ്പെട്ടവർ കർത്താവിനോടൊപ്പം സ്വർഗ്ഗത്തിൽ വസിക്കുമ്പോൾ ഭൂമിയിൽ പീഡനകാലമായിരിക്കും. വിവാഹജീവിതം ത്യജിച്ചു ജീവിക്കണമെന്നു ഉപദേശമായി തിരുവചനത്തിൽ കാണുന്നില്ല. യോഹന്നാൻ കാണുന്ന സ്ത്രീ പീഡനകാലത്തെ യിസ്രായേൽ രാഷ്ട്രത്തെ കുറിക്കുന്നതാകയാൽ ആൺകുട്ടി എന്നത് യഹൂദാഗോത്രത്തിൽ പിറന്ന യേശുക്രിസ്തുവിനെ കുറിക്കുന്നു.

**സൂര്യനെ അണിഞ്ഞ സ്ത്രീയും, സ്ത്രീ പ്സവിച്ച ആൺകുട്ടിയും ആര്? —**

യോഹന്നാൻ കണ്ട സൂര്യനെ അണിഞ്ഞ സ്ത്രീയെയും അവൾ പ്രസവിച്ച ആൺകുട്ടിയെയും കുറിച്ചു നിരവധി അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളും ഉള്ളതിനാൽ ഇവർ ആരാണെന്നു തിരുവചനത്തിലൂടെ പരിശോധിക്കാം —

**സൂര്യനെ അണിഞ്ഞൊരു സ്ത്രീ യിസ്രായേലും ആൺകുട്ടി യേശുക്രിസ്തുവും ആകുന്നു.**

**(1) വെളിപ്പാടു പുസ്തകത്തിൽ കാണുന്ന 4 സ്ത്രീകളിൽ ഒരുവൾ യിസ്രായേൽ —** (Out of 4 women In Revelation, one is ISRAEL) —

(1) ഈസബേൽ (വെളി.2:20) (Jezebel) — തുയഥൈര സഭയിൽ പ്രവാചകി എന്ന പേരിൽ ദുർന്നടപ്പും വിഗ്രഹസേവയും ദുരുപദേശവും പ്രോത്സാഹിപ്പിക്കുന്ന സ്ത്രീ

(2) ബാബിലോൺ എന്ന മഹാ വേശ്യ (വെളി.17:4) (Babylon, the mother of Harlots) — അന്ത്യനാളുകളിലെ മതപരമായ ദുരുപദേശത്തിന്റെ ഉറവിടം

(3) കാന്ത (വെളി.19:7) (Bride- NT Saints)— പുതിയനിയമ സഭ — ക്രിസ്തുവിന്റെ മണവാട്ടി എന്ന നിലയിൽ ക്രിസ്തുവുമായി ഭൂമിയിലേക്കു വരുന്ന വിശുദ്ധർ

(4) സൂര്യനെ അണിഞ്ഞ സ്ത്രീ (12:1) (Woman clothed Sun)— യിസ്രായേൽ രാഷ്ട്രം.

**(2) പഴയനിയമത്തിൽ യിസ്രായേലിനെ ഭാര്യയായി ചിത്രീകരിച്ചിരിക്കുന്നു —** (In OT Israel is portrayed as Wife of Jehovah) —

പഴയനിയമത്തിൽ യഹോവയായ ദൈവത്തെ ഭർത്താവായും യിസ്രായേലിനെ ഭർത്താവിനോടു വിശ്വസ്തതയില്ലാത്ത ഭാര്യയായും ചിത്രീകരിച്ചിട്ടുണ്ട് —

യെശ.54:5 — *"നിന്റെ സൃഷ്ടാവാകുന്നു നിന്റെ ഭർത്താവു; സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം."*

യിരെ.3:6 — *"വിശ്വാസത്യാഗിനിയായ യിസ്രായേൽ ചെയ്തിരിക്കുന്നതു നീ കണ്ടുവോ?"*

യിരെ.3:8 — *"വിശ്വാസത്യാഗിനിയായ യിസ്രായേൽ വ്യഭിചാരം ചെയ്ത ഹേതുവാൽ....."*

യിരെ.3:14 — *"ഞാനല്ലോ നിങ്ങളുടെ ഭർത്താവു."*

യിരെ.3:20 —*"യിസ്രായേൽഗൃഹമേ, ഒരു ഭാര്യ ഭർത്താവിനോടു വിശ്വാസപാതകം ചെയ്തു അവനെ വിട്ടുകളയുന്നതുപോലെ നിങ്ങൾ എന്നോടു വിശ്വാസപാതകം ചെയ്തിരിക്കുന്നു."*

യിരെ.31:32— *"ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്നു യഹോവയുടെ അരുളപ്പാട്."*

യെഹെ.16:32 —*"ഭർത്താവിന്നു പകരം അന്യന്മാരെ പരിഗ്രഹിച്ചു വ്യഭിചാരം ചെയ്യുന്ന സ്ത്രീയേ!"*

ഹോശേ.2:16 — *"അന്നാളിൽ നീ എന്നെ ബാലീ (ഉടയവനേ) എന്നല്ല ഈശീ (ഭർത്താവേ) എന്നു വിളിക്കും എന്നു യഹോവയുടെ അരുളപ്പാടു"*

**(3) പഴയനിയമത്തിൽ യിസ്രായേലിനെ അമ്മയായി ചിത്രീകരിച്ചിരിക്കുന്നു —** (In OT Israel is depicted as Mother) —

സംയുക്തരാഷ്ടമായ യിസ്രായേൽ യഹൂദാ എന്നും യിസ്രായേൽ എന്നും വിഭജിക്കപ്പെട്ട നിലയിൽ അവർ ഒരമ്മയുടെ പുത്രിമാർ എന്ന നിലയിലും പറഞ്ഞിട്ടുണ്ട്. —

യെശ.50:1 — *"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിങ്ങളുടെ അമ്മയെ ഉപേക്ഷിച്ചു കളഞ്ഞതിന്റെ ഉപേക്ഷണപത്രം എവിടെ? "*

യെശ.51:18 — *"അവൾ പ്രസവിച്ച സകലപുത്രന്മാരിലുംവെച്ചു അവളെ വഴിനടത്തുന്നതിന്നു ഒരുത്തനും ഇല്ല; അവൾ വളർത്തിയ എല്ലാമക്കളിലുംവെച്ചു അവളെ കൈക്കു പിടിച്ചു കൂട്ടിക്കൊണ്ടു പോകുന്നതിന്നു ആരുമില്ല."*

യെഹെ.23:1,2,4 — *"യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ: മനുഷ്യപുത്രാ, ഒരമ്മയുടെ മക്കളായ രണ്ടു സ്ത്രീകൾ ഉണ്ടായിരുന്നു. അവരുടെ പേരോ ഒഹൊലാ എന്നതു ശമര്യയും ഒഹൊലീബാ എന്നതു യെരൂശലേമും ആകുന്നു."*

ആകയാൽ വെളിപ്പാട് 12-ൽ കാണപ്പെടുന്ന സ്ത്രീ യിസ്രായേൽ എന്നു ചിന്തിക്കുന്നതായിരിക്കും ഏറെ യോജിച്ചത്.

**(4) യോസേഫിന്റെ സ്വപ്നവുമായുള്ള സാമ്യം —** (Resemblance of the dream of Joseph) —

*"സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി; സൂര്യനെ അണിഞ്ഞോരു സ്ത്രീ; അവളുടെ കാല്ക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു"* (വെളി.12:1) എന്നുള്ള യോഹന്നാന്റെ വിവരണം ഉല്പത്തി പുസ്തകത്തിൽ യോസേഫ് കണ്ട സ്വപ്നത്തോടു ചേരുന്നു. *"അവൻ മറ്റൊരു സ്വപ്നം കണ്ടു തന്റെ സഹോദരന്മാരോടു അറിയിച്ചു: ഞാൻ പിന്നെയും ഒരു സ്വപ്നം കണ്ടു; സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും എന്നെ നമസ്കരിച്ചു എന്നു പറഞ്ഞു."* (ഉല്പ.37:9). സൂര്യൻ യിസ്രായേലിന്റെ ഗോത്രപിതാവിനെയും (യാക്കോബ്) ചന്ദ്രൻ ഗോത്രമാതാവിനെയും (റാഹേൽ) 11 നക്ഷത്രങ്ങൾ (യോസേഫിന്റെ സഹോദരന്മാർ) 11 ഗോത്രങ്ങളെയും കുറിക്കുന്നു. യോസേഫിന്റെ സ്വപ്നത്തിലെ സൂര്യനെ പ്രതിനിതീകരിക്കുന്ന യാക്കോബ്, ദൈവം അബ്രഹാമിനോടു ചെയ്ത ഉടമ്പടിയിലെ അവകാശിയാണ് (ഉല്പ.12:1,2). യോഹന്നാൻ കണ്ട സ്ത്രീ സൂര്യനെ അണിഞ്ഞവളും ചന്ദ്രൻ കാൽക്കീഴെ ഉള്ളവളും 12 നക്ഷത്രം കൊണ്ടുള്ള കിരീടവും ധരിച്ചിരിക്കുന്നു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പ്രകാശം പരത്തുന്നവയാണ്. എന്നാൽ സൂര്യനും നക്ഷത്രങ്ങളും പ്രകാശം സ്വയം പരത്തുമ്പോൾ ചന്ദ്രൻ പ്രകാശത്തെ പ്രതിഫലിപ്പിക്കുകയാണു ചെയ്യുന്നത്. സർവ്വലോകത്തിനും ദൈവീകപ്രകാശം നൽകുവാനായി തിരഞ്ഞെടുത്ത ജനത യിസ്രായേലായിരുന്നു. പീഡനകാലത്തിൽ യിസ്രായേൽ എന്ന സമൂഹം ഗോത്രപിതാക്കന്മാരായ അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരെ അണിഞ്ഞിരിക്കുന്നതായി കാണുന്നു.

> **സൂര്യൻ —** സൂര്യനെ അണിഞ്ഞ എന്ന വർണ്ണന സ്വർഗ്ഗീയമഹത്വത്തെ കുറിക്കുന്നു (clothed with the sun speaks heavelly glory). അതായത് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും വാഗ്ദത്തങ്ങൾ ലഭിച്ചവരുമായ യിസ്രായേലിന്റെ സ്ഥാനവും, ഉയർച്ചയും, മഹത്വവും(ആവ.14:2/1.രാജാ.3:8/യെശ.43:20) ഇത് വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ പ്രഭ യിസ്രായേലിനെ മഹത്വം അണിഞ്ഞവളാക്കിയിരിക്കുന്നു.

> **ചന്ദ്രൻ —** അവളുടെ കാല്ക്കീഴ് ചന്ദ്രൻ എന്ന വിശേഷണം പരമാധികാരത്തെയും ശക്തിയെയും (Moon under her feet pictures dominion and power) വെളിപ്പെടുത്തുന്നു. വിശേഷാൽ യിസ്രായേലിന്റെ ഉയർച്ചയെയും അവരുമായുള്ള ദൈവത്തിന്റെ ഉടമ്പടിയാലുള്ള ബന്ധത്തെയും ചിത്രീകരിക്കുന്നു. അമാവാസ്യ (New Moon) അഥവാ പൂർണ്ണചന്ദ്രൻ യിസ്രായേലിന്റെ യാഗങ്ങളോടും ആരാധനയോടും ബന്ധപ്പെട്ടിരിക്കുന്നു (1.ദിന.23:31/2.ദിന.8:13/എസ്രാ.3:5/ സങ്കീ.81:3). ദൈവത്തിൽ നിന്നും ലഭിക്കുന്ന പ്രകാശം യിസ്രായേൽ ലോകത്തിനു പ്രതിഫലിപ്പിക്കുന്നു.

> **നക്ഷത്രങ്ങൾ —** 12 നക്ഷത്രങ്ങൾ യിസ്രായേലിന്റെ 12 ഗോത്രങ്ങളെ (twelve stars denote twelbe tribes of Israel) കുറിക്കുന്നു. അബ്രഹാമിന്റെ സന്തതിപരമ്പരയെ നക്ഷത്രം എന്നു വിശേഷിപ്പിട്ടുണ്ട് (ഉല്പ.15:5). തലയിൽ ധരിച്ചിരിക്കുന്ന കിരീടം എന്നത് ഗ്രീക്കിൽ സ്തേഫാനോസ് (stephanos) അഥവാ വിജയികൾക്കു കൊടുക്കുന്ന കിരീടത്തെ കുറിക്കുന്നു. ഇതും മഹാപീഡനകാലത്തു സാത്താന്റെ സകലവിധമായ പീഡകളും കഷ്ടങ്ങളും ക്ഷമയോടെ സഹിച്ചു വീണുപോകാതെ വിജയിയായി നിൽക്കുന്ന യിസ്രായേലിനെ കുറിക്കുന്നു. 12 നക്ഷത്രങ്ങൾ കിരീടങ്ങളായി തലയിലുള്ള് യിസ്രായേൽ 12 ഗോത്രങ്ങളെ പ്രതിനിധീകരിക്കുന്നുവെന്നാണ്.

**(5) യിസ്രായേലിനെ കുറിച്ചു സൂര്യൻ, ചന്ദ്രൻ, നക്ഷത്രം എന്നിങ്ങനെയുള്ള സങ്കീർത്തനത്തിലെ**

**പരാമർശം —** (A hint of Sun, Moon, Star in Psalms) —

*"ഞാൻ എന്റെ നിയമത്തെ ലംഘിക്കയോ എന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടതിന്നു ഭേദം വരുത്തുകയോ ചെയ്കയില്ല. ഞാൻ ഒരിക്കൽ എന്റെ വിശുദ്ധിയെക്കൊണ്ടു സത്യം ചെയ്തിരിക്കുന്നു; ദാവീദിനോടു ഞാൻ ഭോഷ്കു പറകയില്ല.* **അവന്റെ സന്തതി ശാശ്വതമായും അവന്റെ സിംഹാസനം എന്റെ മുമ്പിൽ സൂര്യനെപ്പോലെയും ഇരിക്കും. അതു ചന്ദ്രനെപ്പോലെയും ആകാശത്തിലെ വിശ്വസ്തസാക്ഷിയെപ്പോലെയും എന്നേക്കും സ്ഥിരമായിരിക്കും**" (സങ്കീ.89:34-37). ഈ വാക്യങ്ങളിലെ സൂര്യൻ, ചന്ദ്രൻ, ആകാശത്തിലെ വിശ്വസ്തസാക്ഷി എന്നിവ യോഹന്നാൻ കണ്ട സ്ത്രീയുടെ വിശേഷണങ്ങളോടു ചേരുന്നു. ദൈവം അബ്രഹാമിനോടു ചെയ്ത ഉടമ്പടി ദാവീദിലൂടെ പൂർത്തീകരിക്കപ്പെടുന്ന കാര്യമാണിവിടെ പ്രസ്താവിക്കുന്നത്. സന്തതി എന്നത് ദൈവം തിരഞ്ഞെടുത്ത തന്റെ ജനമായ യിസ്രായേൽ തന്നെ. യോഹന്നാൻ കാണുന്ന ആൺകുട്ടിയെ പ്രസവിച്ച സ്ത്രീ, സൂര്യനെ അണിഞ്ഞ്, കാൽക്കീഴ് ചന്ദ്രനും തലയിൽ 12 നക്ഷത്രങ്ങൾ ധരിച്ചതുമായവൾ യിസ്രായേൽ എന്നതിനെ സങ്കീർത്തനഭാഗവും വെളിപ്പെടുത്തുന്നു.

**(6) യിസ്രായേലിനെ കുറിച്ചു യെശയ്യാപ്രവചനത്തിലെ പരാമർശം —**(A reflection in Isiah prophesy) —

യെശ.60:1-3,20 —*"എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ടു ജാതികളെയും മൂടുന്നു; നിന്റെ മേലോ യഹോവ ഉദിക്കും; അവന്റെ തേജസ്സും നിന്റെ മേൽ പ്രത്യക്ഷമാകും. ജാതികൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും. നിന്റെ സൂര്യൻ ഇനി അസ്തമിക്കയില്ല; നിന്റെ ചന്ദ്രൻ മറഞ്ഞുപോകയുമില്ല; യഹോവ നിന്റെ നിത്യപ്രകാശമായിരിക്കും; നിന്റെ ദുഃഖകാലം തീർന്നുപോകും. "*

**(7) യിസ്രായേൽ പ്രസവവേദന അനുഭവിക്കുന്ന സ്ത്രീയായി ചിത്രീകരിച്ചിട്ടുണ്ട് —** (Israel - woman in travail (birth pang) — അന്ത്യകാലത്ത് ഈറ്റുനോവിലൂടെ കടന്നുപോകുന്ന സ്ത്രീയായി യിസ്രായേലിനെ വിശ്ഷിപ്പിച്ചിട്ടുണ്ട്.

യെശ.26:17,18 — *"യഹോവേ, പ്രസവം അടുത്തിരിക്കുന്ന ഗർഭിണി നോവുകിട്ടി തന്റെ വേദനയിൽ നിലവിളിക്കുന്നതുപോലെ ഞങ്ങൾ നിന്റെ മുമ്പാകെ ആയിരുന്നു. ഞങ്ങൾ ഗർഭം ധരിച്ചു നോവു കിട്ടി പ്രസവിച്ചാറെ, കാറ്റിനെ പ്രസവിച്ചതുപോലെ ഇരുന്നു; ദേശത്തു ഒരു രക്ഷയും ഞങ്ങൾ പ്രവർത്തിച്ചിട്ടില്ല; ഭൂവാസികൾ പിറന്നു വീണതുമില്ല."*

യിരെ.4:31 — *"ഈറ്റുനോവു കിട്ടിയവളുടെ ഒച്ചപോലെയും കടിഞ്ഞൂൽകുട്ടിയെ പ്രസവിക്കുന്നവളുടെ ഞരക്കംപോലെയും ഒരുശബ്ദം ഞാൻ കേട്ടു; നെടുവീർപ്പിട്ടും കൈമലർത്തിയുംകൊണ്ടു: അയ്യോ കഷ്ടം! എന്റെ പ്രാണൻ കുലപാതകന്മാരുടെ മുമ്പിൽ ക്ഷയിച്ചുപോകുന്നു എന്നു പറയുന്ന സീയോൻ പുത്രിയുടെ ശബ്ദം തന്നേ."*

യിരെ.13:21 — *"നോവു കിട്ടിയ സ്ത്രീയെപ്പോലെ നിനക്കു വേദന പിടിക്കയില്ലയോ?"*

മീഖാ.4:10 — *"സീയോൻപുത്രിയേ, ഈറ്റുനോവു കിട്ടിയവളെപ്പോലെ വേദനപ്പെട്ടു പ്രസവിക്ക. "*

മീഖാ.5:3 — *"അതുകൊണ്ടു പ്രസവിപ്പാനുള്ളവൾ പ്രസവിക്കുവോളം അവൻ അവരെ ഏല്പിച്ചുകൊടക്കും; അവന്റെ സഹോദരന്മാരിൽ ശേഷിപ്പുള്ളവർ യിസ്രായേൽമക്കളുടെ അടുക്കൽമടങ്ങിവരും."*

**(8) നിയമപെട്ടകത്തിന്റെ കാഴ്ച —** (Vision of ARK) —

വെളിപ്പാട് 11-ാം അദ്ധ്യായം അവസാനിക്കുന്നത് സ്വർഗ്ഗത്തിലെ ദൈവാലയത്തിലെ നിയമപെട്ടകത്തിന്റെ കാഴ്ചയോടാണ് (വെളി.11:19). 12-ാം അദ്ധ്യായം ആരംഭിക്കുന്നത് സൂര്യനെ അണിഞ്ഞൊരു സ്ത്രീയോടാണ്. നിയമപെട്ടകം ദൈവജനമായ യിസ്രായേലിനോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ യോഹന്നാൻ കാണുന്ന സ്ത്രീയും യിസ്രായേലിനോടു ബന്ധപ്പെട്ടിരിക്കുന്നു എന്നു ന്യായമായി കരുതാം.

**(9) നീതിസൂര്യനായ ക്രിസ്തുവും യിസ്രായേലും —** (Sun of Righteousness) —

*"എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടെ ഉദിക്കും "* (മലാ.4:2) എന്ന വാക്യം നീതിസൂര്യനനായ ക്രിസ്തുവുമായുള്ള യിസ്രായേലിന്റെ ബന്ധത്തെ കുറിക്കുന്നു. ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതക്കു മുമ്പു ഭൂമിയിലെ മഹാപീഡനകാലത്തു നടക്കുന്ന സംഭവങ്ങളെ മലാഖി 4-ൽ വിവരിക്കുന്നു. ചൂളപോലെ കത്തുന്ന ദിവസത്തെ വിശദീകരിക്കുന്ന ഈ ഭാഗം ചിന്തിച്ചാൽ യിസ്രായേലിനു ലഭിക്കുന്ന സംരക്ഷണത്തെ കാണാം. ആകയാൽ യോഹന്നാൻ മഹാപീഡനകാലത്തു കാണുന്ന സ്ത്രീ യിസ്രായേലെന്നു വെളിപ്പെടുന്നു.

**(10) കഴുകിന്റെ ചിറകുകളാലുള്ള സംരക്ഷണം —** (Protection under the wings of the Eagle) —

*"അപ്പോൾ സ്ത്രീക്കു മരുഭൂമിയിൽ തന്റെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിന്നു വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു; അവിടെ അവളെ സർപ്പത്തോടു അകലെ ഒരുകാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു"* (വെളി.12:14) എന്ന വാക്യത്തിൽ കഴുകിന്റെ ചിറകു സഹായത്തിനായും

സംരക്ഷണത്തിനായും ലഭിച്ചിട്ടുള്ളത് യിസ്രായേലിനാണെന്നു പഴയനിയമഭാഗങ്ങൾ വ്യക്തമാക്കുന്നു (പുറ.19:4/ആവ.32:10,11). മരുഭൂമിയിലേക്കു ഓടിപ്പോയ സ്ത്രീക്കു ലഭിക്കുന്ന സഹായവും സംരക്ഷണവും മഹാപീഡനകാലമായ 1260 ദിവസം യിസ്രായേലിനു ലഭിക്കുന്ന സംരക്ഷണത്തെ കുറിക്കുന്നു.

**(11) വെളിപ്പാടിൽ മരുഭൂമിയിലേക്കു ഓടിപ്പോകുന്ന സ്ത്രീയും യെഹസ്കേലിലെ മരുഭൂമിയിലെ വ്യവഹാരവും —** യിസ്രായേലിന്റെ ഭാവി കൂട്ടിച്ചേർക്കലും ന്യായവിധിയും അടങ്ങിയ ദർശനത്തിൽ അവരെ ജാതികളുടെ മരുഭൂമിയിൽ കൊണ്ടുച്ചെന്നു അവരോടു വ്യവഹരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. യെഹെ.20:35 — *"ഞാൻ നിങ്ങളെ ജാതികളുടെ മരുഭൂമിയിലേക്കു കൊണ്ടുച്ചെന്നു അവിടെവെച്ചു മുഖാമുഖമായി നിങ്ങളോടു വ്യവഹരിക്കും. മിസ്രയീംദേശത്തിന്റെ മരുഭൂമിയിൽവെച്ചു നിങ്ങളുടെ പിതാക്കന്മാരോടു ഞാൻ വ്യവഹരിച്ചതുപോലെ നിങ്ങളോടും വ്യവഹരിക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു."*

**(12) ഹോശേയാപ്രവചനത്തിൽ മരുഭൂമിയിലെ സ്ത്രീ യിസ്രായൽ —** അന്തിക്രിസ്തുവിന്റെ പീഡനത്തിൽ നിന്നും യിസ്രായേലാകുന്ന സ്ത്രീ ഓടിപ്പോകുന്നതിനെക്കുറിച്ചു ഹോശേയാപ്രവാചകൻ പറയുന്നു. ഹോശേ.2:14–21 — *"അതുകൊണ്ടു ഞാൻ അവളെ വശീകരിച്ചു മരുഭൂമിയിൽ കൊണ്ടുചെന്നു അവളോടു ഹൃദ്യമായി സംസാരിക്കും ......."*

**(13) പ്രധാനദൂതനായ മീഖായേൽ യിസ്രായേലിനോടു ബന്ധപ്പെട്ടിരിക്കുന്നു —** (Michael, archangel related to Israel) —

*"പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും"* (വെളി.12:7) എന്ന വാക്യവും, *"ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണനിൽക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേൽക്കും"* (ദാനീ.12:1) എന്ന ദാനീയേൽപ്രവചനത്തിലെ വാക്യവുമായി ചേർത്തു ചിന്തിച്ചാൽ മീഖായേൽ യിസ്രായേലിന്റെ സഹായത്തിനായി വരുന്നതു വ്യക്തമാകുന്നു.

**വെളി.12:2 — അവൾ ഗർഭിണിയായി നോവുകിട്ടി വേദനപ്പെട്ടു നിലവിളിച്ചു** (Then being with child, she cried out in labor and in pain to give birth) —

യോഹന്നാൻ സ്വർഗ്ഗത്തിൽ കണ്ട സൂര്യനെ അണിഞ്ഞു കാൽക്കീഴു ചന്ദ്രനും തലയിൽ 12 നക്ഷത്രംകൊണ്ടുള്ള കിരീടവും ധരിച്ചു നിൽക്കുന്ന സ്ത്രീ ഗർഭിണിയായിരുന്നു. അവൾ പ്രസവനോവുള്ളവളായി നിലവിളിക്കുന്നതും യോഹന്നാൻ കാണുന്നു. ഗർഭിണിയായി നോവുകിട്ടിയ സ്ത്രീയായി യിസ്രായേലിനെ ആലങ്കാരികഭാഷയിൽ ഇവിടെ ചിത്രീകരിക്കപ്പെടുകയാണ്. സ്ത്രീ ഗർഭിണിയായി നോവുകിട്ടി നിലവിളിക്കുന്നതിനാൽ സ്ത്രീ ഒരിക്കലും പുതിയനിയമസഭയല്ലെന്നു ഇതിലൂടെ വ്യക്തമാകുന്നു. കാരണം ക്രിസ്തുവിന്റെ മണവാട്ടിയാകുന്ന സഭ ഒരിക്കലും ഗർഭിണിയാകുകയോ പ്രസവിക്കുകയോ ചെയ്യുന്നതായി തിരുവചനത്തിലില്ല.

യിസ്രായേലിനെതിരേയുള്ള സാത്താന്റെ പീഡനവും ഉപദ്രവുമാണ് പ്രസവവേദനയോടു താരതമ്യപ്പെടുത്തിയിരിക്കുന്നത്. പാപത്തിൽ വീണ മനുഷ്യന്റെ വീണ്ടെടുപ്പിനായി സ്ത്രീയുടെ സന്തതിയായി ഒരു രക്ഷകൻ വരും എന്നുള്ള വാഗ്ദത്തം ഉണ്ടായപ്പോൾ (ഉല്പ.3:15) മുതൽ സാത്താൻ യിസ്രായേലിനെ ആക്രമിക്കുവാൻ തുടങ്ങിയതാണ്. യിസ്രായേലിനോട് വിശേഷാൽ മശീഹായുടെ വരവിനു കാരണക്കാരായ യഹൂദാഗോത്രത്തോടു സാത്താൻ നടത്തിയ നിരന്തരമായ പോരാട്ടങ്ങൾ തിരുവചനത്തിലുടനീളം കാണാം. അബ്രഹാമിനെ വിളിച്ചു വേർതിരിച്ച ദൈവം അബ്രഹാമിനെ അനുഗ്രഹിക്കുകയും വാഗ്ദത്തസന്തതിയെക്കുറിച്ചുള്ള അറിയിപ്പും നൽകി. അബ്രഹാമിലൂടെ പുറപ്പെടുന്ന സന്തതിയെ നശിപ്പിക്കുവാൻ സാത്താൻ ഏറെ പ്രവർത്തിച്ചു. യിസ്ഹാക്ക് യാക്കോബ് എന്നിവരെയും സാത്താൻ വിട്ടില്ല. യിസ്രായേല്യരെന്ന നിലയിൽ ദൈവജനം സാത്താന്റെ പീഡകളാൽ പ്രസവവേദനക്കു തുല്യമായ വേദനകളാൽ പുളഞ്ഞു. യിസ്രായേൽജനതയെ ഭൂമുഖത്തു നിന്നു തുടച്ചു നീക്കുവാൻ സാത്താൻ ഫറവോനിലൂടെ മിസ്രയീമിൽ പ്രവർത്തിച്ചു. എന്നാൽ സകലകഷ്ടങ്ങളിൽ നിന്നും വേദനയിൽ നിന്നും ദൈവം അവരെ വിടുവിച്ചു. ചെങ്കടലിന്റെ അനുഭവത്തിലൂടെ മറുകരയെത്തിയപ്പോൾ, അവർ വേർപെട്ടവരെന്ന നിലയിൽ, ഇതാ തനിച്ചു പാർക്കുന്നവർ ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നില്ല എന്ന പ്രസ്താവന അവരിൽ നിവർത്തിക്കപ്പെട്ടു. മരുയാത്രയിലും സാത്താൻ അവരെ പീഡിപ്പിച്ചു. യിസ്രായേൽ ക്ഷീണിച്ചും തളർന്നും ഇരിക്കുമ്പോൾ അവരുടെ പിമ്പിൽ പിന്നണിയിലുള്ള ബലഹീനരെ അമാലേക്ക് ആക്രമിച്ചു (ആവ.25:18,19). ഇക്കാരണത്താൽ അമാലേക്കിന്റെ ഓർമ്മ ആകാശത്തിന്റെ കീഴിൽ നിന്നു അശേഷം മായിച്ചു കളയും (പുറ.17:14) എന്ന ദൈവകല്പനയുണ്ടായി. അതിനുശേഷവും യിസ്രായേൽ നിരവധി യുദ്ധങ്ങളിലൂടെയും പോരാട്ടങ്ങളിലൂടെയും കടന്നുപോകേണ്ടി വന്നു. ശൂശൻരാജധാനിയിൽ ഹാമാനിലൂടെ യഹൂദന്മാരെ മുഴുവനായി നശിപ്പിക്കുവാൻ സാത്താൻ ശ്രമിച്ചു. അമാലേക്യരാജാവായ ആഗാഗിന്റെ വംശത്തിൽ പെട്ടവനായിരുന്നു ഹാമാൻ. എന്നാൽ എസ്ഥേർ വഴിയായി

ഹാമാനൊരുക്കിയ കഴുമരത്തിൽ നിന്നു ദൈവജനമായ യിസ്രായേലിനെ ദൈവം രക്ഷിച്ചു (എസ്ഥേ.7:10). പിന്നീടുള്ള ചരിത്രങ്ങളും കാണിക്കുന്നത് സാത്താൻ യിസ്രായേലിനെ നിരന്തരമായി പീഡിപ്പിക്കുന്ന കാഴ്ചയാണ്. യിസ്രായേലാകുന്ന സ്ത്രീ, തന്നെ തകർക്കുന്ന വാഗ്ദത്തസന്തതിയായ ക്രിസ്തുവിനു ജന്മം കൊടുക്കും എന്നുള്ള ചിന്തയാണ് സാത്താനെ ഇത്രയേറെ ക്രോധത്തോടെ യിസ്രായേലിനെ തിരെ പ്രവർത്തിക്കുവാൻ കാരണമാക്കിയത്.

കർത്താവിന്റെ ഒന്നാമത്തെ വരവിൽ അവർ പ്രസവവേദന അനുഭവിച്ചു. അവരിൽ നിന്നു മശീഹാ വരുവാനിടയായി (റോമ.9:5). വീണ്ടും കർത്താവിന്റെ മഹത്വപ്രത്യക്ഷതക്കു മുമ്പും അവർ പ്രസവവേദന യെന്നോണം അതിവേദനകളും പീഡകളും സഹിക്കേണ്ടി വരും. യിസ്രായേൽ തങ്ങൾക്കു ലഭിച്ച വാഗ്ദ ത്തപ്രകാരം മശീഹാക്കായി കാത്തിരുന്നു. പക്ഷേ മശീഹായുടെ ഒന്നാം വരവിൽ സ്ത്രീ പ്രസവിച്ച സന്തതിയെ അവർ മനസ്സിലാക്കിയില്ല. എന്നാൽ കർത്താവു മഹത്വത്തോടെ വീണ്ടും വരും. ഒന്നാം വര വിൽ യിസ്രായേൽ മശീഹായെ തള്ളിക്കളഞ്ഞുവെങ്കിൽ രണ്ടാം വരവിൽ യിസ്രായേൽ തങ്ങളുടെ രക്ഷ കനായ മശീഹായെ തിരിച്ചറിഞ്ഞ് സ്വീകരിക്കുവാനിടയാകും. എന്നാൽ മശീഹായുടെ മഹത്വപ്രത്യക്ഷ തക്കു മുമ്പായും പ്രസവവേദനയിലെന്നോണം അതിവേദനയാകുന്ന പീഡകളും എതിർപ്പുകളും നിന്ദ കളും യിസ്രായേൽ സഹിക്കേണ്ടി വരും.

**വെളി.12:3-4 : മഹാസർപ്പം : സാത്താൻ (The Great Red Dragon : Satan)**

**വെളി.12:3 —സ്വർഗ്ഗത്തിൽ മറ്റൊരു അടയാളം കാണായി: ഏഴു തലയും പത്തു കൊമ്പും തല യിൽ ഏഴു രാജമുടിയുമായി തീനിറമുള്ളോരു മഹാസർപ്പം**

**വെളി.12:4 — അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞു കളഞ്ഞു. പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകള വാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു** (And another sign appeared in heaven: behold, a great, fiery red dragon having seven heads and ten horns, and seven diadems on his heads. His tail drew a third of the stars of heaven and threw them to the earth. And the dragon stood before the woman who was ready to give birth, to devour her Chid as soon as it as born) —

12-ാം അദ്ധ്യായത്തിൽ യോഹന്നാൻ സ്വർഗ്ഗത്തിൽ രണ്ടു അടയാളങ്ങൾ കാണുന്നു. ഒന്നാമത്തേത് സൂര്യനെ അണിഞ്ഞു ഒരു രാജ്ഞിയുടെ പ്രതാപത്തോടെ നിൽക്കുന്ന സ്ത്രീ അഥവാ യിസ്രായേൽ ആയിരുന്നു. രണ്ടാമത്തേത് തീ നിറമുള്ള മഹാസർപ്പം (a great, fiery red dragon) അഥവാ സാത്താൻ. വെളിപ്പാട്.12:3,4 വാക്യങ്ങളിൽ രണ്ടാമത്തെ അടയാളമെന്ന നിലയിൽ കാണപ്പെടുന്ന സർപ്പത്തിന്റെ പ്രത്യേ കതകളും പ്രവർത്തനങ്ങളും നോക്കുക —

**മഹാസർപ്പത്തിന്റെ പ്രത്യേകതകൾ** (Dragon -- His identity) —

(1) മഹാസർപ്പം (a great dragon)
(2) തീ നിറം ( fiery red)
(3) ഏഴു തല (seven heads)
(4) പത്തു കൊമ്പ് (ten horns)
(5) തലയിൽ ഏഴു രാജമുടി (seven diadems on his heads)

**മഹാസർപ്പത്തിന്റെ പ്രവർത്തനങ്ങൾ** (Dragon -- His activity) —

(1) ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ മഹാസർപ്പം വാൽകൊണ്ടു വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞു കളഞ്ഞു (His tail drew a third of the stars of heaven and threw them to the earth)

(2) പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം സ്ത്രീയുടെ മുമ്പിൽ നിന്നു (And the dragon stood before the woman who was ready to give birth, to devour her Chid as soon as it as born)

**വെളി.12:3 —സ്വർഗ്ഗത്തിൽ മറ്റൊരു അടയാളം കാണായി** (And another sign appeared in heaven)—

അടയാളം, അത്ഭുതം, അതിശയം എന്നീ അർത്ഥത്തിൽ ഗ്രീക്കിൽ സെമീയോൺ(semeion)എന്ന പദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. പ്രതിരൂപം അഥവാ ആലങ്കാരികഭാഷാവർണ്ണനയാണ് ഇതു വെളിപ്പെടുന്നത്. ഒന്നാമത്തെ അടയാളമായ സ്ത്രീ യിസ്രായേലിനെ പ്രതിനിതീകരിക്കുന്നുവെങ്കിൽ രണ്ടാമത്തെ അടയാളമായ തീ നിറമുള്ള മഹാസർപ്പം സാത്താനെ പ്രതിനിധീകരിക്കുന്നു. സ്ത്രീയുടെ ശത്രുവായ സാത്താനാണ് സ്വർഗ്ഗത്തിൽ മറ്റൊരടയാളമായി രംഗപ്രവേശനം ചെയ്യുന്ന്. ആദ്യത്തെ അടയാളം നല്ലതും നന്മയുടെ പ്രതീകവുമായിരിക്കുമ്പോൾ രണ്ടാമത്തെ അടയാളം ഭീകരരൂപിയും തിന്മയുടെ പ്രതീ കവുമായിരിക്കുന്നു.

**ഏഴു തലയും പത്തു കൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീനിറമുള്ളോരു മഹാ സർപ്പം** (A great, fiery red dragon having seven heads and ten horns,and seven diadems on his heads)

— (Dragon -- His identity) —

**(1) മഹാസർപ്പം (a great dragon >** Great power and control in the world**)** —

സൂര്യനെ അണിഞ്ഞ സ്ത്രീയുടെ വിവരണത്തെ തുടർന്നു സ്വർഗ്ഗത്തിൽ കണ്ട രണ്ടാമത്തെ അടയാളം എന്നത് മഹാസർപ്പം ആയിരുന്നു. ഇത് സാത്താൻ തന്നെയാണെന്നു വെളി. 12:9, വെളി.20:2 എന്നീ വാക്യങ്ങളിലൂടെ വെളിപ്പെടുന്നു. "മഹാ" എന്നുള്ള വിശേഷണം ലോകത്തിന്മേൽ സാത്താനുള്ള ശക്തിയും സ്വാധീനതയെയും കുറിക്കുന്നു (great –power and control in the world ). മത്താ.4:8,9 — "*പിന്നെ പിശാചു അവനെ ഏറ്റവും ഉയർന്നോരു മലമേൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു: വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്നു അവനോടു പറഞ്ഞു.*" മഹാസർപ്പം (Great Dragon = വ്യാളി/ഉഗ്രസർപ്പം) എന്നത് അതിന്റെ ഭീകരരൂപത്തെ വെളിപ്പെടുത്തുന്നു. ഗ്രീക്കിൽ മഹാസർപ്പം എന്നതിനു ഡ്രാക്കോൺ (drakon) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇത് ഭീകരരൂപിയായ ചിറകുള്ള സർപ്പത്തെ കുറിക്കുന്നു. ഡ്രാഗൺ അഥവാ മഹാസർപ്പത്തിനു ചിറകും സർപ്പത്തിന്റെ ആകൃതിയുമാണുള്ള്. ചിറക് പറക്കുവാൻ സഹായിക്കുന്നു. അതായത് എവിടെയും വളരെവേഗത്തിൽ (high speed) പറന്നെത്തുവാനുള്ള കഴിവിനെ സൂചിപ്പിക്കുന്നു. സർപ്പത്തിന്റെ ആകൃതി അതിന്റെ സ്വഭാവം വഞ്ചനയുള്ളതാണെന്നു (cunning / deception) സൂചിപ്പിക്കുന്നു. അവന്റെ രൂപം ചിലപ്പോൾ സിംഹത്തിന്റേതും ആവാം. 1.പത്രൊ.5:8 — "*നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു.*" മഹാസർപ്പം എന്ന വിശേഷണം പുതിയനിയമത്തിൽ വെളിപ്പാടിൽ മാത്രം 12 തവണ ഉപയോഗിച്ചിരിക്കുന്നു (വെളി.12:3,4,7,9,13,16,17; 13:2,4,11; 16:13; 20:2). സാത്താന്റെ സ്വഭാവത്തോടും പ്രവൃത്തിയോടും ബന്ധപ്പെടുത്തി വിവിധപേരുകളാൽ സാത്താനെ വിശേഷിപ്പിച്ചിട്ടുണ്ട് —

(1) തീ നിറമുള്ള മഹാസർപ്പം (Great fiery red dragon– 12:3) — മരണത്തെയും രക്തച്ചൊരിച്ചിലിനെയും കുറിക്കുന്നു

(2) പഴയപാമ്പ് (Serpent of old -12:9)— ഏദെൻ തോട്ടത്തിലെ പിശാച്.

(3) അപവാദി (Accuser-12:10)- വിശുദ്ധന്മാരെ കുറ്റം ചുമത്തുന്നവൻ.

(4) പിശാചും സാത്താനും എന്നുള്ള പഴയപാമ്പായ മഹാസർപ്പം (Devil, Satan,Serpent of the old, Dragon -- വെളി.20:2) - ഏദെൻതോട്ടം മുതൽ ഇന്നും ദൈവത്തിന്റെയും ദൈവമക്കളുടെയും ശത്രുവായി പ്രവർത്തിക്കുന്നവൻ.

വെളിപ്പാടു 12-ാം അദ്ധ്യായത്തിലെ വിഷയം പീഡനകാലത്ത് യിസ്രായേലിനോടു പടവെട്ടുന്ന സാത്താൻ എന്നതാണ്. ആയതിനാൽ ഈ അദ്ധ്യായത്തിൽ സാത്തന്റെ പ്രവർത്തനം 4 വിധത്തിൽ അരങ്ങേറുന്നതായി കാണുന്നു —

**> കുലപാതകൻ (Murderer) —** വെളി.12:1-6 —സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നു കളയുവാൻ അഥവാ കൊല്ലുവാൻ സ്ത്രീയുടെ മുമ്പിൽ കുലപാതകനായ സാത്താൻ നിൽക്കുന്നു.

**> വഞ്ചകൻ (Deceiver) —** വെളി.12:7-9 — ഭൂതലത്തെ മുഴുവൻ തെറ്റിച്ചു കളയുന്ന പഴയപാമ്പാകുന്ന വഞ്ചകനാണവൻ

**> അപവാദി (Accuser) —** വെളി.12:10,11 — സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയാണവൻ.

**> പീഡകൻ (Persecutor) —** വെളി.12:11-17 — ഗർഭിണിയായ സ്ത്രീയെ ഉപദ്രവിക്കുവാനോ അവൾ പ്രസവിച്ച ആൺകുട്ടിയെ കൊല്ലുവാനോ അവനു സാധിച്ചില്ല. കൂടാതെ അവനും കൂട്ടാളികളും വിശുദ്ധദൂതന്മാരുമായി യുദ്ധം ചെയ്തിട്ടു അവരെ ജയിക്കുവാനും കഴിഞ്ഞില്ല. ഇനിയും അവനു അല്പകാലമേയുള്ളു എന്നറിഞ്ഞു മഹാക്രോധത്തോടെ ഭൂമിയിൽ വിശേഷാൽ യിസ്രായേലിന്റെ ശേഷിപ്പിനോടു തിരിഞ്ഞ് അവരെ കഠിനമായി പീഡിപ്പിക്കുന്നു.

ഇന്നു സാത്താൻ വെളിച്ചദൂതന്റെ വേഷത്തിൽ നടക്കുന്നവെങ്കിൽ മഹാപീഡനകാലത്ത് അവന്റെ സകലമറവും നീക്കി ഭീകരരൂപിയെന്നോണം മഹാസർപ്പമായി പ്രത്യക്ഷപ്പെടും.

**(2) തീ നിറം ( fiery red >** He is murderer: Jn.8:44**)** —

യോഹന്നാൻ കണ്ട മഹാസർപ്പത്തിന്റെ മറ്റൊരു പ്രത്യേകത അതിന്റെ നിറം തീയുടേതായിരുന്നു. ഇംഗ്ലീഷിൽ ഇതിന്റെ നിറം തീ ചുവപ്പ് (fiery red) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. തീ നിറം അഥവാ ചുവപ്പ് രക്തത്തെ കുറിക്കുന്നതിനാൽ അവന്റെ സ്വഭാവം രക്തച്ചൊരിച്ചിലും കുലപാതകവും (blood-shed and murder) എന്നു വെളിപ്പെടുന്നു. രണ്ടാം മുദ്രപൊട്ടിച്ചപ്പോൾ പ്രത്യക്ഷപ്പെടുന്ന മരണം വിതക്കുന്ന കുതിരയുടെ നിറം ചുവപ്പായിരുന്നു (വെളി.6:4). ഏഴാമത്തെ കലശത്താലുള്ള ന്യായവിധിയെതുടർന്നു കാണപ്പെടുന്ന ഭീകരരൂപിയായ മൃഗത്തിന്റയും മഹാവേശ്യയുടെയും നിറം കടും ചുവപ്പായിരുന്നു (വെളി.17:3,4). ആദ്യമാതാപിതാക്കളുടെ ആദ്യപുത്രനായ കയീൻ തന്റെ സഹോദരനായ ഹാബേലിനെ കൊല്ലുന്നതും പഴയപാമ്പായ സാത്താന്റെ ഇംഗിതത്താലാണ്. കയീൻ മുതൽ മഹോപദ്രവകാലത്തിന്റെ

അന്ത്യംവരെയും നടക്കുന്ന സകല രക്തച്ചൊരിച്ചിലുകൾക്കും കുലപാതകങ്ങൾക്കും കാരണക്കാരനും ഇവൻ തന്നേ. *"അവൻ ആദിമുതൽ കുലപാതകൻ ആയിരുന്നു."* എന്നു കർത്താവു പറഞ്ഞിട്ടുണ്ട് (യോഹ8:44 ). മഹാപീഡനകാലത്തിന്റെ ആരംഭത്തിൽ യിസ്രായേലിനെ പീഡപ്പിക്കുവാനും അവരെ ഒന്നടങ്കം കുലചെയ്യുവാനും ഭീകരരൂപിയായി തീ നിറത്തോടെ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നു. ക്രിസ്തുവിന്റെ ഒന്നാം വരവിൽ കുലപാതകനായ സാത്താൻ പ്രത്യക്ഷപ്പെട്ടു. കർത്താവിനെയും ദൈവമക്കളെയും പരീക്ഷിക്കുവാനായി പദ്ധതികൾ മെനഞ്ഞു. കർത്താവിന്റെ രണ്ടാം വരവായ മഹത്വപ്രത്യക്ഷതക്കു മുമ്പും അവൻ ഭീകരരൂപിയായി കൊല്ലുവാനും, മുടിക്കുവാനും, അഗ്നിക്കിരയാക്കുവാനും രംഗപ്രവേശനം ചെയ്യുന്നു.

**(3) ഏഴു തല (seven heads >** His wisdom**) —**

മഹാസർപ്പത്തിന്റെ മറ്റൊരു പ്രത്യേകത അതിനു ഏഴു തലയുണ്ടായിരുന്നു എന്നാണ്. ഏഴു തല അതിന്റെ ഭീകരരൂപത്തെയും അതിന്റെ ദുഷ്ടാത്മസ്വഭാവത്തെയും ബുദ്ധിയെയും കുറിക്കുന്നു. കൂടാതെ ഏഴു തലയെന്ന വിശേഷണം ലോകഭരണാധികാരികളുടെ കൂട്ടുകെട്ടിനോടു ബന്ധപ്പെടുത്തി ആലങ്കാരികഭാഷാപ്രയോഗവുമായിരിക്കാം.

**> ഏഴു മലകളിൽ പണിതിരിക്കുന്ന റോമൻ പട്ടണം —** റോമൻനഗരം 7 മലകളിന്മേൽ പണിയപ്പെട്ടിരിക്കയാൽ ഈ മലകളിലെ 7 പട്ടണങ്ങളെയാണ് ഏഴുതലയെന്ന നിലയിൽ മഹാസർപ്പത്തിന്റെ ഏഴു തലയെന്നും അഭിപ്രായപ്പെടുന്നു. ടൈബർ നദിയുടെ ഇടത്തേക്കരയിലെ 7 മലകളെ കേന്ദ്രീകരിച്ചാണ് റോമൻ പട്ടണം ആദ്യമായി പണിയപ്പെട്ടത്. വെളി.17:9,10 — *"തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു. അവ ഏഴു രാജാക്കന്മാരും ആകുന്നു."*

**> ഏഴുസാമ്രാജ്യങ്ങളുടെ സഖ്യത —** മഹാപീഡനകാലത്ത് യിസ്രായേലിനെ ഭരിക്കുന്ന ഏഴു സാമ്രാജ്യങ്ങളുടെ തലവനായ ലോകഭരണാധികാരിയെ ഏഴു തലയെന്ന വിശേഷണം കുറിക്കുന്നു. നാലു മൃഗങ്ങളെക്കുറിച്ചുള്ള ദാനീയേലിന്റെ ദർശനത്തിൽ നാലാമത്തെ മൃഗത്തിനു 10 കൊമ്പുകളുണ്ടായിരുന്നു. പത്തു കൊമ്പുകളെ ദാനീയേൽ നോക്കിക്കൊണ്ടിരിക്കുമ്പോൾ മറ്റൊരു ചെറിയകൊമ്പു അതിനിടയിൽ മുളച്ചു വരികയും അതിനാൽ ആദ്യത്തെ മൂന്നെണ്ണം പറിഞ്ഞുപോകുകയും ചെയ്യുന്നു (ദാനീ.7:8,24). പുതുതായി വന്ന കൊമ്പിന്റെ കീഴിൽ ഏഴു സാമ്രാജ്യങ്ങളുടെ സഖ്യതയെയാണ് ഏഴു തലയെന്നും അഭിപ്രായമുണ്ട്.

യിസ്രായേലിന്റെ മുൻകാലചരിത്രം പരിശോധിച്ചാൽ അതിന്റെ നാശത്തിനായി കാലാകാലങ്ങളിലായി അനേകരാജ്യങ്ങളെയും രാജാക്കന്മാരെയും യിസ്രായേലിനെതിരേ സാത്താൻ അണിനിരത്തിയിട്ടുണ്ട്. മിസ്രയീം മുതൽ റോമൻ സാമ്രാജ്യംവരെ 6 പ്രബലരാഷ്ട്രശക്തികൾ ഇതിൽ പങ്കുകാരായിരിക്കുന്നു.

(1) മിസ്രയിം —(Egypt) — ഫറവോനാൽ കീഴിൽ യിസ്രായേൽ പീഡിപ്പിക്കപ്പെടുന്നു (പുറ.1:22)

(2) അശൂർ (അസ്സീറിയാ — (Assyria)— സെൻഹേരീബിന്റെ നേതൃത്വത്തിൽ (2.രാജാ.18:13-19:37)

(3) ബാബേൽ (ബാബിലോൺ)—(Babylon)— നെബൂഖദ്നേസ്സറിന്റെ ഭരണത്തിൽ (2.രാജാ.24,25)

(4) മേദോ -പാർസ്യ —(Medo-Persia)— അഹശ്വേരോശ് രാജാവിന്റെ ഭരണസമയം (എസ്ഥേ.3)

(5) യവന (ഗ്രീക്ക് സാമ്രാജ്യം)—(Greece) — അന്ത്യോഖ്യസ് എപ്പിഫാനസ് (ദാനീ.11:21-32)

(6) റോമാ (റോമൻ സാമ്രാജ്യം)— (Rome)— കൈസറിന്റെ ഭരണം- ഹെരോദാവ്(മത്താ.2:16-18)

ഏഴാമത്തെ രാഷ്ട്രം എന്നത് പുരുദ്ധരിക്കപ്പെടുന്ന ആധുനികറോമൻ സാമ്രാജ്യമാണെന്നു പറയപ്പെടുന്നു (Antichrists future empire - Modern Rome). ഈ ഏഴു ലോകസാമ്രാജ്യങ്ങളുടെയും ഭരണാധിപൻ സാത്താൻ തന്നെയായിരിക്കും. ഏഴാമത്തെ രാജ്യവും രാജാവും ഇതുവരെയും രൂപപ്പെട്ടിട്ടില്ലെന്നു യോഹന്നാൻ സൂചന നൽകുന്നുമുണ്ട്. വെളി.17:9,10 — *"തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു. അവ ഏഴു രാജാക്കന്മാരും ആകുന്നു; അഞ്ചുപേർ വീണുപോയി; ഒരുത്തൻ ഉണ്ടു; മറ്റവൻ ഇതുവരെ വന്നിട്ടില്ല; വന്നാൽ പിന്നെ അവൻ കുറഞ്ഞോന്നു ഇരിക്കേണ്ടതാകുന്നു."*

**> ഭീകരരൂപവും ദുഷ്ടസ്വഭാവത്തിന്റെ പരിപൂർണ്ണതയും —** ഏഴു തല സർവ്വപരിജ്ഞാനത്തെ കുറിക്കുന്നു (seven heads speaks vast intelligence) — സാത്താനു ഏഴു തലയുണ്ടെന്നു തിരുവചനത്തിലൊരിടത്തും പറഞ്ഞിട്ടില്ല. നമ്മുടെ ശത്രുക്കൾക്കു ഏഴു തലയുണ്ടെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം അവർക്കു ഏറെ ബുദ്ധിയും പരിജ്ഞാനവും ഉണ്ടെന്നാണ്. ഏഴു എന്നത് പരിപൂർണ്ണതയെ കുറിക്കുന്നു. സാത്താൻ ജ്ഞാനത്തിൽ സമ്പൂർണ്ണനാണ് (യെഹെ.28:12). അവൻ കൗശലമേറിയവനാണ് (ഉല്പ.3:1). ആകയാൽ ഏഴുതലയെന്നത് അവന്റെ രൂപം ഭയം ഉളവാക്കുന്നതും, അവന്റെ പ്രവർത്തനം തികഞ്ഞ ജ്ഞാനത്തോടെയായിരിക്കും എന്നതിനെ സൂചിപ്പിക്കുന്നു.

**(4) പത്തു കൊമ്പ് (ten horns >** His power over the world**) —**

മഹാസർപ്പത്തിനു ഏഴു തലക്കു പുറമേ പത്തു കൊമ്പും ഉണ്ടായിരുന്നു. തിരുവചനത്തിൽ കൊമ്പു പൊതുവേ ശക്തിയെയും രാജകീയഅധികാരത്തെയും വെളിപ്പെടുത്തുന്നു.(ആവ.33:17/1.ശമൂ.2:1,10/

2.ശമൂ.22:3/1.രാജാ.22:11/സങ്കീ.18:2/സങ്കീ.75:10/സങ്കീ.89:17,24/സങ്കീ.92:10/സങ്കീ.112:9/സങ്കീ.132:17/യിരെ.48:25/ദാനീ.7:7,20,21,24/ദാനീ.8:5/മീഖാ.4:13/സെഖ.1:18–21/ലൂക്കൊ.1:71/വെളി.5:6/വെളി.13:1/ വെളി.17:3,12). പത്ത് എന്ന സംഖ്യ പരീക്ഷണത്തെയും (testing), സാർവ്വത്രികത്വത്തെയും (universality), ഭരണപരമായ പൂർണ്ണതയെയും (completeness of administrative power) കുറിക്കുന്നു.

> പത്ത് എന്ന സംഖ്യ പരീക്ഷണസമയത്തെ കുറിക്കുന്നു (period of testing)—

**ഉല്പ.24:55 -** *"ബാല ഒരു പത്തു ദിവസമെങ്കിലും ഞങ്ങളോടു കൂടെ പാർത്തിട്ടു പിന്നെ പോരട്ടെ എന്നു പറഞ്ഞു."* റിബേക്കയുടെ തീരുമാനത്തെയും ഒരുക്കത്തെയും അല്പകാലം പരീക്ഷിക്കപ്പെടുന്നു.

**സംഖ്യ.14:22 —** *"എന്റെ തേജസ്സും മിസ്രയീമിലും മരുഭൂമിയിലുംവെച്ചു ഞാൻ ചെയ്ത അടയാളങ്ങളും കണ്ടിട്ടുള്ള പുരുഷന്മാർ ഇപ്പോൾ പത്തു പ്രാവശ്യം എന്നെ പരീക്ഷിക്കയും ..... "*യിസ്രായേൽ ദൈവത്തോടു മത്സരിക്കുന്നതിനെക്കുറിച്ചു ദൈവം പറയുന്നു.

**ദാനീ.1:12 —***"അടിയങ്ങളെ പത്തു ദിവസം പരീക്ഷിച്ചു നോക്കിയാലും"* എന്നു ദാനീയേൽ വിചാരകനോടു പറയുന്നു. പീഡിതസഭയായ സ്മുർന്നയോടു സഭാകാന്തൻ പറയുന്നത്

**വെളി.2:10 -** *"നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ; നിങ്ങളെ പരീക്ഷിക്കേണ്ടതിന്നു പിശാചു നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു; പത്തു ദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും."*

> പത്ത് എന്ന സംഖ്യ സാർവ്വത്രികത്വത്തെ കുറിക്കുന്നു (universality) > 10 കന്യകമാർ, 10 കുഷ്ടരോഗികൾ, 10 കല്പനകൾ.

> പത്ത് എന്ന സംഖ്യ ഭരണപരമായ പൂർണ്ണതയെയും കുറിക്കുന്നു (completeness of administrative power) —

ആവ.1:15 —*"ആകയാൽ ഞാൻ നിങ്ങളുടെ ഗോത്രത്തലവന്മാരായി ....... പത്തുപേർക്കു അധിപതിമാർ ഇങ്ങനെ നിങ്ങൾക്കു തലവന്മാരും ഗോത്രപ്രമാണികളുമായി നിയമിച്ചു."*

ലൂക്കൊ.19:13,17 — *"അവൻ പത്തു ദാസന്മാരെ വിളിച്ചു അവർക്കു പത്തു റാത്തൽ വെള്ളി കൊടുത്തു........ നന്നു നല്ല ദാസനേ, നീ അത്യല്പത്തിൽ വിശ്വസ്തൻ ആയതുകൊണ്ടു പത്തു പട്ടണത്തിന്നു അധികാരമുള്ളവൻ ആയിരിക്ക എന്നു കല്പിച്ചു."*

സാത്തൻ പരീക്ഷകൻ എന്നതിനു പുറമേ അവന്റെ ഭരണത്തിന്റെ സാർവ്വത്രികത്വത്തെയും ഭരണപരമായ മഹത്വത്തെയും പൂർണ്ണതയെയും കുറിക്കുന്നു.

മഹാപീഡനകാലത്ത് പുനരുദ്ധരിക്കപ്പെടുന്ന റോമാസാമ്രാജ്യത്തിൽ 10 രാജ്യങ്ങൾ ചേർന്നുണ്ടാക്കുന്ന സഖ്യത്തിൽ ഭരണം നടത്തുന്ന സംയുക്തരാജ്യങ്ങളിലെ രാജാക്കന്മാരാണ് മഹാസർപ്പത്തിന്റെ 10 കൊമ്പുകൾ. **ദാനീ.7:24,25 —** *"ഈ രാജ്യത്തുനിന്നുള്ള പത്തുകൊമ്പുകളോ എഴുന്നേൽപ്പാനിരിക്കുന്ന പത്തു രാജാക്കന്മാരാകുന്നു; അവരുടെ ശേഷം മറ്റൊരുത്തൻ എഴുന്നേൽക്കും; അവൻ മുമ്പിലത്തവരോടു വ്യത്യാസമുള്ളവനായി മൂന്നു രാജാക്കന്മാരെ വീഴിച്ചുകളയും. അവൻ അത്യുന്നതനായവന്നു വിരോധമായി വമ്പു പറകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും."* **വെളി.17:12 —** *"നീ കണ്ട പത്തുകൊമ്പു പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടു ഒന്നിച്ചു ഒരു നാഴിക നേരത്തേക്കു രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കുംതാനും."*

**(5) തലയിൽ ഏഴു രാജമുടി (seven diadems on his heads >** His perfect authority in the world system) **—**

പേർഷ്യൻ രാജാക്കന്മാർ അവരുടെ കിരീടത്തിനുചുറ്റും നീലച്ചരടിൽ വെളുത്ത അടയാളമുള്ള പട്ട അഥവാ ചരട് കെട്ടിയിരുന്നു. ഇതാണ് ഡയഡം അഥവാ രാജമുടി എന്ന പേരിലറിയപ്പെട്ടത് (Diadem is a blue band marked with white with which Persian Kings used to bind on tiara -- * From RWP -e-sword). മഹാസർപ്പത്തിന്റെ ഏഴു തലയിൽ ഏഴുരാജമുടി കാണുന്നു. ചില പരിഭാഷകളിൽ രാജമുടി (Diadem) എന്നതിനു കിരീടം (Crown) എന്നാണു പറഞ്ഞിരിക്കുന്നത്. ഗ്രീക്കിൽ "ഡയഡെമാ" (diadema) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. രാജകീയപദവിയെയും (royal status), വിജയത്തെയും (Victor) രാജമുടി കുറിക്കുന്നു. ഏഴു എന്ന സംഖ്യ പൂർണ്ണതയെ കുറിക്കുന്നതാകയാൽ തലയിലെ രാജമുടികൾ സാത്താന്റെ രാജകീയ അധികാരം, പദവി, വിജയം എന്നിവയുടെ പൂർണ്ണതയെ വെളിപ്പെടുത്തുന്നു. അവൻ ഭൂലോകത്തെ മുഴുവൻ തന്റെ ഭരണാധികാരത്തിൻ കീഴിലാക്കും. വെളിപ്പാടു 13:1 -ൽ സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗം 10 രാജമുടികൾ ധരിച്ചിരിക്കുന്നു.

എന്നാൽ രാജാവും ജയാളിയുമായ ക്രിസ്തു അനേകം രാജമുടികൾ ധരിച്ചിരിക്കുന്നതായി കാണുന്നു (വെളി.19:12). മഹാസർപ്പം 7 രാജമുടികളും സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗം 10 രാജമുടികളും

ധരിച്ചിരിക്കുമ്പോൾ രാജാവും ജയാളിയുമായ ക്രിസ്തു "അനേകം രാജമുടികൾ" ധരിച്ചിരിക്കുന്നു എന്നത് രാജാധിരാജാവായ കർത്താവിന്റെ ഉന്നതിയെ കുറിക്കുന്നു.

**വെളി.12:4 — അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞു കളഞ്ഞു. പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു** (His tail drew a third of the stars of heaven and threw them to the earth. And the dragon stood before the woman who was ready to give birth, to devour her Chid as soon as it as born) —

വെളിപ്പാടു 12:3 -ൽ സ്വർഗ്ഗത്തിൽ കണ്ട രണ്ടാമത്തെ അടയാളമായ മഹാസർപ്പത്തിന്റെ അഞ്ചു പ്രത്യേകതകൾ വിവരിച്ചു. തുടർന്നു 12:4-ൽ മഹാസർപ്പത്തിന്റെ രണ്ടു പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു — (DRAGON -- His activity)

(1) ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ മഹാസർപ്പം വാൽകൊണ്ടു വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞു കളഞ്ഞു (Drew a third of the stars of heaven with tail and threw them to the earth)

(2) പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം സ്ത്രീയുടെ മുമ്പിൽ നിന്നു (stood before the woman to devour her child > to destroy the child)

**> അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞു കളഞ്ഞു** (His tail drew a third of the stars of heaven and threw them to the earth)

ഏഴു തലയും പത്തു കൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീ നിറമുള്ള മഹാസർപ്പം അതിന്റെ വാൽകൊണ്ടു ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞതായി യോഹന്നാൻ കാണുന്നു.

**വാൽ —** അന്ത്യം (end), അവസാനം (at the end /at last) എന്നിവയെയും ദുരുപദേശം പരത്തുന്നതിനെയും (false teaching) ആലങ്കാരികഭാഷാപ്രയോഗമായി പഴയനിയമത്തിൽ "വാൽ" എന്നുപയോഗിച്ചിട്ടുണ്ട്. ആവ.28:13 — *"ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന നിന്റെ ദൈവമായ യഹോവയുടെ കല്പനകൾ കേട്ടു പ്രമാണിച്ചു നടന്നാൽ യഹോവ നിന്നെ വാലല്ല, തല ആക്കും; നീ ഉയർച്ച തന്നേ പ്രാപിക്കും; താഴ്ച പ്രാപിക്കയില്ല."* യെശ.9:14,15 — *"അതുകൊണ്ടു യഹോവ യിസ്രായിൽ നിന്നു തലയും വാലും പനമ്പട്ടയും പോട്ടപ്പുല്ലും ഒരു ദിവസത്തിൽ തന്നേ ഛേദിച്ചുകളയും. മൂപ്പനും മാന്യപുരുഷനും തന്നേ തല; അസത്യം ഉപദേശിക്കുന്ന പ്രവാചകൻ തന്നേ വാൽ."* വെളിപ്പാടു പുസ്തകത്തിൽ അഞ്ചാമത്തെ കാഹളത്തോടനുബന്ധിച്ചു പ്രത്യക്ഷപ്പെടുന്ന ഭീകരൂപിയായ വെട്ടുക്കിളിയുടെ വാൽ ശക്തിയുടെ കേന്ദ്രവും മനുഷ്യരെ വേദനിപ്പിക്കുവാനും പീഡിപ്പിക്കുവാനും ഉപയോഗിക്കുന്നതായും കാണുന്നു. വെളി.9:10 — *"തേളിനുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ടു; മനുഷ്യരെ അഞ്ചുമാസം ഉപദ്രവിപ്പാൻ അതിനുള്ള ശക്തി വാലിൽ ആയിരുന്നു."* അന്ത്യനാളുകളിൽ പ്രത്യക്ഷപ്പെടുന്ന ഭീകരൂപിയായ മഹാസർപ്പം ശക്തിയേറിയവനും, ദുരുപദേശത്താൽ സകലരെയും തന്റെ വശത്താക്കുവാൻ കഴിവുള്ളവനും, അവനെ എതിർക്കുന്ന സകലരെയും പീഡിപ്പിക്കുന്നവനും എന്നതിനെ "വാൽ" എന്ന ആലങ്കാരികഭാഷാപ്രയോഗം വെളിപ്പെടുത്തുന്നു.

**നക്ഷത്രം —** തിരുവചനഭാഗങ്ങളിൽ നക്ഷത്രം എന്നത് ദൂതന്മാർക്കുള്ള ആലങ്കാരികപ്രയോഗമാണ്. ഇയ്യോ.38:6 -*"പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കയും ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ"* ദാനീ.8:10— *"അതു ആകാശത്തിലെ സൈന്യത്തോളം വലുതായിത്തീർന്നു, സൈന്യത്തിലും നക്ഷത്രങ്ങളിലും ചിലതിനെ നിലത്തു തള്ളിയിട്ടു ചവിട്ടിക്കളഞ്ഞു."* വെളി.9:1 — *"അഞ്ചാമത്തെ ദൂതൻ ഊതി; അപ്പോൾ ഒരു നക്ഷത്രം ആകാശത്തുനിന്നു ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു; അവന്നു അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു."* സാത്താനെ അരുണോദയപുത്രനായ ശുക്രൻ (Lucifer, the day star) എന്നു വിശേഷിപ്പിച്ചിട്ടുണ്ട് (യെശ.14:12).

മഹാസർപ്പം അതിന്റെ വാലുകൊണ്ടു ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞുകളഞ്ഞു എന്നത് മഹാസർപ്പം അതിന്റെ അത്യന്തശക്തിയാൽ ആകാശത്തിലെ അഥവാ സ്വർഗ്ഗത്തിലെ നക്ഷത്രങ്ങളായ ദൂതന്മാരെ ഭൂമിയിലേക്കു വീഴ്ത്തിക്കളഞ്ഞു എന്നു സാരം. ഒരിക്കൽ ദൈവത്തേക്കാൾ വലിയവനായിത്തീരാൻ വ്യാമോഹിച്ച സാത്താൻ അഥവാ ലൂസിഫർ സ്വർഗ്ഗത്തിൽ നിന്നു പുറംതള്ളപ്പെട്ടു (യെശ.14:12-15/യെഹെ.28:12-17). അവന്റെ ആദ്യവീഴ്ചയിൽ അവനെയും അവനോടൊപ്പം നിന്നവരെയും ദൈവം തള്ളിക്കളഞ്ഞുവെങ്കിൽ, മഹാപീഡനകാലത്തിൽ മഹാസർപ്പമായ സാത്താൻ സ്വർഗ്ഗത്തിൽ നിന്നു ദൂതന്മാരിൽ മൂന്നിലൊന്നിനെ തള്ളിക്കളയുന്നു. സാത്താൻ സ്വർഗ്ഗത്തിൽ നിന്നു വീഴ്ത്തപ്പെട്ട് ഭൂമിയിൽ ഊടാടി സഞ്ചരിക്കുന്നുവെങ്കിലും അവൻ ഇന്നും ദൈവമക്കൾക്കെതിരായി അപവാദം പറയുവാനും, ആരോപണം ഉന്നയിക്കുവാനും, കുറ്റം ചുമത്തുവാനും (വെളി.12:10 /ഇയ്യോ.1:6,7) ദൈവസന്നിധിയിൽ കയറിയിറങ്ങി നടക്കുകയാണ്. സഭ ഭൂമിയിൽ നിന്നെടു

ക്കപ്പെട്ടശേഷം പീഡനകാലത്തും ഭൂമിയിൽ വസിക്കുന്ന ദൈവമക്കളോടുള്ള അവന്റെ പ്രവർത്തനങ്ങളിൽ മാറ്റം വരുന്നില്ല. വാൽ "അസത്യം ഉപദേശിക്കുന്ന പ്രവാചകൻ" (The prophet who teaches lies, he is the tail — യെശ.9:15) അഥവാ "ഭോഷ്ക്കുപദേശിച്ചു വഞ്ചിക്കുന്നവൻ" എന്നതിനെ കുറിക്കുന്നതിനാൽ അവൻ ദൈവദൂതന്മാരിൽ ഒരു സംഘത്തെ സൂത്രത്തിൽ തന്റെ വശത്താക്കി ഭൂമിയിലെ പ്രവർത്തനത്തിനായി തള്ളിയിടുന്നതായിരിക്കാം. അല്ലെങ്കിൽ മീഖായേയലും ദൂതന്മാരുമുൾപ്പെട്ട സ്വർഗ്ഗീയസൈന്യത്തോടു സാത്താനും തന്റെ ദൂതന്മാരും പടവെട്ടുന്നതിനു മുമ്പായി (വെളി.12:7) തന്റെ കൂട്ടരിൽ ഒരു സംഘത്തെ സാത്താൻ ഭൂമിയിലെ പ്രവർത്തനങ്ങൾക്കായി തള്ളിയിടുന്നതുമായിരിക്കാം. എന്നാൽ സ്വർഗ്ഗീയസൈന്യത്തോടു പടവെട്ടി സാത്താൻ തോല്പിക്കപ്പെട്ടപ്പോൾ അവൻ സ്വർഗ്ഗത്തിൽ നിന്നും എന്നന്നേക്കുമായി തള്ളപ്പെടുന്നതായി കാണുന്നു (വെളി.12:8,9). യുദ്ധത്തിനു മുമ്പായി അവന്റെ വാലിനാൽ ചുരുട്ടിക്കൂട്ടി എറിയപ്പെട്ടവരുടെ സംഖ്യ കൃത്യമായി പറഞ്ഞിട്ടില്ലെങ്കിലും അവരുടെ ഏകദേശ സംഖ്യ ലഭിക്കുന്നു. "*ആകാശത്തിലെ നക്ഷത്രങ്ങളിൽ* (ദൂതന്മാരിൽ) *മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞുകളഞ്ഞു*" (വെളി.12:4). സ്വർഗ്ഗത്തിലെ ദൂതന്മാരുടെ സംഖ്യ "*പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു* (And the number f them was myriads of myriads (ten thousand times ten thousands) and thousands of thousands)" എന്നു കാണുന്നു (വെളി.5:11). ആറാമത്തെ കാഹളമൂതിയപ്പോൾ യൂഫ്രാത്തേസ് എന്ന മഹാനദീതീരത്തു ബന്ധിച്ചിരിക്കുന്ന 4 സാത്താന്യദൂതന്മാരെ അഴിച്ചു വിടുന്നതും തുടർന്നു 20 കോടി കുതിരപ്പടയെയും കുറിച്ചു കേൾക്കുന്നു (വെളി.9:13–16). സാത്താനു ഇത്രയധികം സൈന്യം ഉണ്ടെങ്കിൽ ദൈവത്തിന്റെ സൈന്യത്തിന്റെ എണ്ണം എത്രമാത്രം എന്നു ചിന്തിക്കുവാനേ കഴിയുന്നില്ല!

**> പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു** (And the dragon stood before the woman who was ready to give birth, to devour her Chid as soon as it as born)—

ഏഴുതലയും പത്തുകൊമ്പും തലയിൽ ഏഴു രാജമുടികളുമായി പ്രത്യക്ഷപ്പെടുന്ന മഹാസർപ്പത്തിന്റെ രണ്ടാമത്തെ പ്രവർത്തനമാണിവിടെ വിവരിച്ചിരിക്കുന്നത്. കുട്ടിയെ പ്രസവിച്ചാലുടനെ അതിനെ തിന്നുകളയുവാൻ അഥവാ നശിപ്പിക്കുവാൻ സാത്താൻ തയ്യാറായി നിൽക്കുന്നു. ഇതു പീഡനകാലത്തിൽ യിസ്രായേൽ കടന്നുപോകുന്ന അതിഭയങ്കരമായ കഷ്ടതകളെ കുറിക്കുന്നുതാണെങ്കിലും, യിസ്രായേലിനോടുള്ള സാത്താന്റെ ക്രോധം യുഗായുങ്ങളായി നടന്നുവരുന്നതിനെയും കുറിക്കുന്നു. സ്ത്രീയോടുള്ള സാത്താന്റെ ഇപ്രകാരമുള്ള പക മനുഷ്യന്റെ പാപത്തിലേക്കുള്ള ആദ്യവീഴ്ചയോടനുബന്ധിച്ചു ദൈവത്തിന്റെ വാഗ്ദത്തം ഉണ്ടായപ്പോൾ മുതൽ ആരംഭിച്ചതാണ്. ഉല്പ.3:15 —"*ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും.*" ഇതിനുശേഷമുള്ള പഴയനിയമതിരുവെഴുത്തുകൾ പരിശോധിച്ചാൽ ദൈവജനത്തോടുള്ള സാത്താന്റെ നിരന്തരപോരാട്ടങ്ങളും പ്രവർത്തനങ്ങളും കാണാം. ദൈവീകവാഗ്ദത്തത്താൽ അറിയിക്കപ്പെട്ടതും പ്രവാചകന്മാർ വിവരിച്ചതുമായ വീണ്ടെടുപ്പുകാരന്റെ ജനനത്തെയും പ്രവർത്തനങ്ങളെയും നശിപ്പിക്കുവാനും ഇല്ലാതാക്കുവാനും അക്ഷീണം സാത്താൻ പ്രവർത്തിച്ചു. അവന്റെ പോരാട്ടം അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ജീവിതത്തിലുണ്ടായി. വാഗ്ദത്തസന്തതി യിസ്രായേലിൽ നിന്നു പുറപ്പെടുമെന്നുള്ള അറിവാണ് സാത്താൻ യിസ്രായേലിനോടു ഇത്രയേറെ പടവെട്ടുവാനുള്ള കാരണം. വാഗ്ദത്തമശീഹാക്കു ജന്മം നൽകുന്ന യിസ്രായേലിനെ നശിപ്പിക്കുവാൻ അനേകം മഹാസർപ്പങ്ങൾ ചരിത്രത്തിലുടനീളം നിൽക്കുന്നുണ്ടായിരുന്നു. മിസ്രയീമിലെ ഫറവോനും ബാബേൽരാജാവായ നെബൂഖദ്നേസറും യിസ്രായേലിനെ പീഡിപ്പിച്ചവരിൽ മുമ്പന്മാരാണ്. അവരെ മഹാസർപ്പങ്ങളായി പറഞ്ഞിട്ടുണ്ട്. യിരെ.51:34 —"*ബാബേൽരാജാവായ നെബൂഖദ്നേസർ എന്നെ തിന്നുമുടിച്ചു കളഞ്ഞു, അവൻ എന്നെ വെറുമ്പാത്രമാക്കി, മഹാസർപ്പം എന്നപോലെ* (like a monster) *അവൻ എന്നെ വിഴുങ്ങിക്കളഞ്ഞു, എന്റെ സ്വാദുഭോജ്യങ്ങളെക്കൊണ്ടു വയറു നിറെച്ചു, എന്നെ തള്ളിക്കളഞ്ഞു.*" യെഹെ29:3 —"*മിസ്രയീംരാജാവായ ഫറവോനേ, തന്റെ നദികളുടെ നടുവിൽ കിടന്നു: ഈ നദി എനിക്കുള്ളതാകുന്നു; ഞാൻ അതിനെ എനിക്കായിട്ടുണ്ടാക്കിയിരിക്കുന്നു എന്നു പറയുന്ന മഹാനക്രമേ* (great monster), *ഞാൻ നിനക്കു വിരോധമായിരിക്കുന്നു.*" മിസ്രയീമിൽവെച്ചു അവരെ ഒന്നടങ്കം നശിപ്പിച്ചു കളയുവാൻ അവൻ പരിശ്രമിച്ചു. പക്ഷേ യഹോവയായദൈവം യിസ്രായേലിനെ കഴുകന്റെ ചിറകിലെന്നപോലെ അവരെ സംരക്ഷിച്ചു ചെങ്കടൽ കടത്തി പരിപാലിച്ചു. കനാൻ ലക്ഷ്യമാക്കിയുള്ള അവരുടെ മരുപ്രയാണത്തിൽ മഹാസർപ്പമായ അവൻ അമാലേക്യരിലൂടെ പ്രവർത്തിച്ചു. യിസ്രായേൽ ക്ഷീണിച്ചും തളർന്നും ഇരിക്കുമ്പോൾ അവരുടെ പിന്നണിയിലുള്ള ബലഹീനരെ ഒക്കെയും സംഹരിച്ചു (ആവ.25:18,19). കനാനിൽവെച്ചു നിരവധിരാജാക്കന്മാരെ അവൻ ഒരുമിച്ചുകൂട്ടി അവരോടു യുദ്ധം ചെയ്തു. പിന്നീട് അമാലേക്യരാജാവായ ആഗാഗിന്റെ വംശത്തിൽപെട്ട ഹാമാനിലൂടെ യഹൂദന്മാരെ ഒന്നടങ്കം സംഹരിക്കുവൻ കളം ഒരുക്കി (എസ്ഥേ.3:4–11). എസ്ഥേർ വഴിയായി ദൈവജനത്തിനു

ദൈവം രക്ഷ നൽകി. യേശുക്രിസ്തു കന്യകമറിയത്തിലൂടെ ഭൂജാതനായപ്പോൾ സാത്താൻ ക്രിസ്തുവിനെ കൊല്ലുവാൻ ഹെരോദാരാജാവിലൂടെ പ്രവർത്തിച്ചു (മത്താ.2:1-18). മഹാസർപ്പമായ പിശാചു കർത്താവിനെ പരീക്ഷിക്കുവാനായി അടുത്തുവന്നു. ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി താഴേക്കു തള്ളിയുവാൻ ശ്രമിച്ചു (മത്താ.3:1-6). അവസാനം കർത്താവിന്റെ ശിഷ്യന്മാരിൽ ഒരുവനായ യൂദായിലൂടെ സാത്താൻ പ്രവർത്തിച്ചു കർത്താവിനെ നശിപ്പിക്കുവാൻ ശ്രമിച്ചു (മത്താ.26:47-49/മർക്കൊ.14:43-46/ലൂക്കൊ.22:47,48/യോഹ.18:2-5). ക്രൂശുമരണത്തിലൂടെ കർത്താവിനെ എന്നെന്നേക്കുമായി നശിപ്പിക്കാമെന്നു സാത്താൻ ആഗ്രഹിച്ചു സന്തോഷിച്ചുവെങ്കിലും കാൽവറിയിലെ ക്രൂശുമരണത്തിലൂടെ കർത്താവു സാത്താനെ പരാജയപ്പെടുത്തി ജയിക്കുവാനിടയായി.

**വെളി.12:5 — അവൾ സകലജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്പാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു; കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസത്തിലേക്കും പെട്ടെന്നു എടുക്കപ്പെട്ടു** (She bore a male Child who was to rule all nations with a rod of iron. And her child was caught up to God and His throne) —

പന്ത്രണ്ടാം അദ്ധ്യായത്തിന്റെ പ്രാരംഭവാക്യങ്ങളിൽ സ്വർഗ്ഗത്തിൽ കണ്ട രണ്ടു അടയാളങ്ങളിൽ ആദ്യത്തേത് സൂര്യനെ അണിഞ്ഞ സ്ത്രീയും രണ്ടാമത്തേത് തീ നിറമുള്ള മഹാസർപ്പവും ആയിരുന്നു. അടയാളമായി ഇവിടെ പരാമർശിച്ചത് യഥാക്രമം യിസ്രായേലിനെയും സാത്താനെയും കുറിച്ചുള്ള ആലങ്കാരികഭാഷാവർണ്ണനയായിരുന്നു. എന്നാൽ ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന ആൺകുട്ടിയെ അടയാളമായല്ല ചിത്രീകരിച്ചിരിക്കുന്നത്. ആകയാൽ ആൺകുട്ടിയെ കുറിച്ചു പറഞ്ഞിരിക്കുന്ന സംഭവങ്ങൾ അക്ഷരാർത്ഥിലുള്ള പ്രസ്താവനകളാണ്.

**അവൾ സകലജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്പാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു** (She bore a male Child who was to rule all nations with a rod of iron)—

രണ്ടാമത്തെ അടയാളമായ തീ നിറമുള്ള മഹാസർപ്പം സാത്താൻ തന്നെയെന്നതിനു അഭിപ്രായഭിന്നതയില്ല. സൂര്യനെ അണിഞ്ഞു രാജ്ഞിയുടെ മഹത്വത്തോടെ നിൽക്കുന്ന സ്ത്രീ യിസ്രായേലാണ്. എന്നാൽ സ്ത്രീയെക്കുറിച്ചു : > കന്യകമറിയം, > പുതിയനിയമസഭ > നാമധേയക്രിസ്തീയസമൂഹം > രക്ഷിക്കപ്പെട്ടശേഷം കാത്തിരുന്നു പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവർ > സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോയതിനാൽ രക്ഷ നഷ്ടപ്പെട്ട കൂട്ടർ എന്നിങ്ങനെ വിവിധ അഭിപ്രായങ്ങളുണ്ട്. ഇതെല്ലാം വാസ്തവവിരുദ്ധങ്ങളായ പ്രസ്താവനകൾ മാത്രമാണെന്നു കണ്ടു കഴിഞ്ഞു. അതുപോലെ സ്ത്രീ പ്രസവിച്ച ആൺകുട്ടി ക്രിസ്തുവാണെന്നു തിരുവചനഭാഗങ്ങളിലൂടെ വെളിപ്പെടുന്നുവെങ്കിലും അതിനെതിരായി പ്രധാനമായി രണ്ടു വിപരീത അഭിപ്രായങ്ങൾ കാണുന്നു — (Two wrong teachings > (a) Sealed 140000 saints from 12 tribes of Israel > (b) New Testament Saints -- Church -- and their rapture).

(1) ആൺകുട്ടി പീഡനകാലത്ത് ദൈവത്തിന്റെ മുദ്രയാൽ വേർതിരിക്കപ്പെട്ട 140000 പേർ (Sealed 140000 saints from 12 tribes of Israel and their taking to heaven during Great Tribulation)— ഇരുമ്പുകോൽകൊണ്ടു തകർക്കുകയും മേയ്ക്കുകയും ചെയ്യുന്നതു ക്രിസ്തുവാണെങ്കിലും ഇവിടെ പറഞ്ഞിരിക്കുന്ന ആൺകുട്ടി പീഡനകാലത്ത് യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു 12,000 വീതം മുദ്രയിട്ടവർ തന്നെയെന്നു വാദിക്കുന്നു. സാത്താനും സൈന്യവും സ്വർഗ്ഗത്തിൽ നിന്നു തോൽപ്പിക്കപ്പെട്ടു ഭൂമിയിലേക്കു തള്ളപ്പെട്ടപ്പോൾ സാത്താൻ ഭൂമിയിൽ തന്റെ പ്രതികാരം ദൈവത്തിന്റെ മുദ്രയേറ്റ 140000 പേരിലേക്കു തിരിയുന്നു. തദവസരത്തിൽ സാത്താന്റെ കരങ്ങളിൽ അവരെ ഏല്പിക്കപ്പെടാതിരിക്കാൻ മഹോപദ്രവകാലത്ത് അവരെ സ്വർഗ്ഗത്തിലേക്കെടുക്കുന്നു. രണ്ടാം സങ്കീർത്തനത്തിൽ കർത്താവു ജാതികളെ ഇരുമ്പുകോൽകൊണ്ടു തകർക്കുമ്പോൾ 140000 പേർ കൂട്ടവകാശികളായി ഭൂമിയെ മേയിക്കും എന്നും വാദിക്കുന്നു!

> സൂര്യനെ അണിഞ്ഞു നിൽക്കുന്ന സ്ത്രീ ഒരു സമൂഹമെന്ന നിലയിൽ യിസ്രായേലിനെ കുറിക്കുന്നതാകയാൽ അവൾ പ്രസവിച്ച ആൺകുട്ടി ക്രിസ്തു തന്നെയെന്നതിൽ സംശയിക്കേണ്ട ആവശ്യമില്ല (വെളി.12:5/വെളി.19:15/സങ്കീ.2:9). യിസ്രായേൽ വംശത്തിലൂടെയാണ് യേശുക്രിസ്തു ഭൂമിയിൽ വന്നത് (റോമ.1:5/റോമ.9:4,5). യിസ്രായേൽ എന്ന സമൂഹമായ സ്ത്രീയുടെ സന്തതിയായി ജനിച്ച ആൺകുട്ടി പീഡനകാലത്ത് ദൈവത്തിന്റെ മുദ്രയാൽ വേർതിരിക്കപ്പെട്ട 144000 പേരെ പ്രതിനിതീകരിക്കുന്നില്ല. അവർ അരെയും മേയ്ക്കുകയോ ഭരിക്കുകയോ ചെയ്യുന്നില്ല. കർത്താവിന്റെ മദ്ധ്യാകാശത്തിലുള്ള വരവിൽ സഭയുടെ എടുക്കപ്പെടലല്ലാതെ പീഡനകാലത്തിന്റെ മദ്ധ്യേ ആരെയെങ്കിലും സാത്താനിൽ നിന്നു രക്ഷിക്കുവാൻ സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുമെന്നു വിവരിക്കുന്ന ഒരു വാക്യവും തിരുവചനത്തിലില്ല.

(2) രണ്ടാമത്തെ അഭിപ്രായം : സ്ത്രീ പ്രസവിച്ച ആൺകുട്ടി പുതിയനിയമസഭയാണെന്നും, ആൺകുട്ടി സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടുന്നത് സഭയുടെ ഉത്പ്രാപണത്തെക്കുറിക്കുന്നുവെന്നുമാണ്. (New Testament Saints > Church and their rapture). സൂര്യനെ അണിഞ്ഞ സ്ത്രീ കന്യകമറിയമാണെന്നു വിശ്വസിക്കുന്നവരാണ് ഏറെയും ആൺകുട്ടിയെ സഭയായി ചിത്രീകരിക്കുന്നത്.

> ആൺകുട്ടി എന്നതിനു ഉപയോഗിച്ചിരിക്കുന്ന മൂലഭാഷയിലെ വാക്കുകൾ പരിശോധിച്ചാൽ ആൺകുട്ടി സഭയല്ലെന്നു വ്യക്തമാകും. ആൺകുട്ടി (man child) എന്നതിനു ഗ്രീക്കിൽ ഹിയോൻ ആർസൻ (hyion arsen) എന്ന രണ്ടു പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിൽ ഹിയോൻ (hyion) എന്നതിനു പുത്രനെന്നും (son), ആർസൻ (arsen) എന്നതിനു ആൺ (male) എന്നുമാണർത്ഥം. ഗ്രീക്കിലെ ഈ രണ്ടു വാക്കുകളും പുല്ലിംഗത്തെ കുറിക്കുന്നു. സഭയെ എപ്പോഴും സ്ത്രീലിംഗരൂപത്തിൽ വിശേഷിപ്പിച്ചിരിക്കുന്നതിനാൽ ആൺകുട്ടി എന്ന വിശേഷണം സഭയെ കുറിക്കുന്നില്ല. കർത്താവിന്റെ മണവാട്ടിയായ പുതിയനിയമസഭ ഭൂമിയിലെ പീഡനകാലത്തിനു മുമ്പുതന്നെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെടും. പഴയനിയമതിരുവെഴുത്തുകൾ പരിശോധിച്ചാലും ആൺകുട്ടി എന്ന പ്രയോഗത്തിലൂടെ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നുമുണ്ട്. പുറ.12:5 — *"ആട്ടിൻകുട്ടി ഊനമില്ലാത്തതും ഒരു വയസ്സു പ്രായമുള്ള ആണുമായിരിക്കേണം."* ലേവ്യാ.1:3 — *"അവൻ വഴിപാടായി കന്നുകാലികളിൽ ഒന്നിനെ ഹോമയാഗം കഴിക്കുന്നുവെങ്കിൽ ഊനമില്ലാത്ത ആണിനെ അർപ്പിക്കണം."* 1.കൊരി.5:7 — *"നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നേ."* ആകയാൽ സ്ത്രീ പ്രസവിച്ച ആൺകുട്ടി യേശുക്രിസ്തു തന്നെയെന്നത് ഏറെ വ്യക്തമായി വെളിപ്പെടുന്നു.

"അവൾ" എന്നത് യിസ്രായേലും "ആൺകുട്ടി" എന്നത് യിസ്രായേൽ വംശത്തിലൂടെ ഭൂജാതനായ യേശുക്രിസ്തുവും, "സകലജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്പാനുള്ളോരു" എന്നത് ക്രിസ്തുവിന്റെ ഭരണത്തെയും ക്രിസ്തു ലോകധഭരണാധികാരി എന്നതിനെയും കുറിക്കുന്നു. വാഗ്ദത്തസന്തതിയായ ക്രിസ്തുവിന്റെ വരവിനെ അട്ടിമറിക്കുവാനും എന്നന്നേക്കുമായി വരവിനെ തടയുവാനുമായി സാത്താൻ അക്ഷീണം പ്രവർത്തിച്ചതായി പഴയനിയമതിരുവെഴുത്തുകളിലൂടെ വെളിപ്പെടുന്നു. എന്നിട്ടും യിസ്രായേലാകുന്ന സ്ത്രീ സകലജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്പ്പാനുള്ളോരു ആൺകുട്ടിയായ ക്രിസ്തുവിനെ പ്രസവിച്ചു അഥവാ അവരിലൂടെ ക്രിസ്തു ജാതനാകുവാനിടയായി. ക്രിസ്തുവിന്റെ വരവു യിസ്രായേലിലൂടെയാണെന്നു വ്യക്തമാക്കുന്ന ചില തിരുവെഴുത്തുകൾ ശ്രദ്ധിക്കുക —

> സാത്താന്റെ തലയെ തകർക്കുന്ന സന്തതിയെക്കുറിച്ചുള്ള വാഗ്ദത്തവും നിവർത്തിയും (Promise)—

ഉല്പ.3:15 —*"ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും."*

യെശ.7:14 — *"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും."*

യെശ.9:6 — *"നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കും."*

> അബ്രഹാമിന്റെ വംശത്തിൽ ദാവീദിന്റെ സന്തതിയായി (In the line of Abraham > son of David) —

മത്താ.1:1 — *"അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി:.... "*

റോമ.1:5 — *"ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽനിന്നു ജനിക്കയും....."*

> യിസ്രായേലിലൂടെ (Through Israel) –

റോമ.9:5 —*"ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചതു....."*

യെഹൂദാഗോത്രത്തിലിലൂടെയുള്ള വരവ് (Through tribe of Judah > Root of David) —

ഉല്പ.49:10 — *"അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽനിന്നും രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല."*

മീഖാ.5:2 — *"നീയോ, ബേത്ത്ലേഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതുംപുരാതനമായതും തന്നേ."*

വെളി.5:5 — *"യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ"*

**യിസ്രായേലിൽ നിന്നു ജാതനായ ആൺകുട്ടി യേശുക്രിസ്തു —** (Male Child - Christ - came through Israel) —

Male Child > Identity (1) Rule Over the world > Ruler (2)Caught upto Heaven > Ascension)

സൂര്യനെ അണിഞ്ഞ് ചന്ദ്രൻ കാൽക്കീഴായും നക്ഷത്രങ്ങളെ കിരീടമായും ധരിച്ചിരിക്കുന്ന സ്ത്രീ യിസ്രായേൽ ആയിരിക്കുമ്പോൾ അവൾ പ്രസവിച്ച ആൺകുട്ടി യേശുക്രിസ്തു തന്നെ. ആൺകുട്ടി സഭയെന്നും, പരിശുദ്ധാത്മസ്നാനം പ്രാപിച്ചവരാണെന്നും, വിശുദ്ധിയോടെ ജീവിച്ച ജയാളികളുടെ കൂട്ടമാണെന്നും, മുദ്രയേറ്റ 144000 പേരാണെന്നും, സ്ത്രീ യിസ്രായേലിനെ കുറിക്കുന്നതാകയാൽ സ്ത്രീയുടെ സന്തതിയായ ആൺകുട്ടി യെഹൂദാസമൂഹമാണെന്നും എന്നിങ്ങനെയുള്ള പ്രസ്താവനകളും പഠിപ്പി

ക്കലും തിരുവചനത്തിനു നിരക്കുന്നതല്ല. സ്ത്രീ യിസ്രായേൽ ആയിരിക്കുന്നതിനാൽ അവൾ പ്രസവിച്ച ആൺകുട്ടി യിസ്രായേലിൽ നിന്നു ഉത്ഭവിച്ച (റോമ.9:5) യേശുക്രിസ്തുവിനെയാണ് വെളിപ്പെടുത്തുന്നത്. യെശ.9:6,7 വാക്യങ്ങളിൽ പ്രവാചകൻ ഇതിനെ സാക്ഷീകരിക്കുന്നു — "*നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു.*" വെളിപ്പാട് 12: 5 -ൽ "*സകലജാതികളെയും ഇരുമ്പുകോൽ കൊണ്ടു മേയ്പാനുള്ളോരു ആൺകുട്ടി*" എന്നാണ് യോഹന്നാൻ പറയുന്നത്. സങ്കീർത്തനം 2: 8 - ൽ "*ഇരുമ്പുകോൽകൊണ്ടു നീ അവരെ തകർക്കും*" എന്നുള്ളത് ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയിൽ ശത്രുക്കളെ തകർക്കുന്നതും സഹസ്രാബ്ദവാഴ്ചക്കാലത്ത് മുഴുലോകത്തിന്റെയും പരമാധികാരിയായി അവരെ മേയ്ക്കുന്നതും വ്യക്തമാക്കുന്നു.

തുയഥൈരസഭയുടെ ദൂതനു നൽകിയ ദൂതിൽ ജയിക്കുന്നവർക്കു "*ജാതികളുടെമേൽ അധികാരം കൊടുക്കും; അവൻ ഇരുമ്പുകോൽകൊണ്ടു അവരെ മേയിക്കും; അവർ കുശവന്റെ പാത്രങ്ങൾപോലെ നുറുങ്ങിപ്പോകും*" (വെളി.2:27) എന്നുള്ള വാക്യത്തെ ആസ്പദമാക്കി സ്ത്രീ പ്രസവിച്ച ആൺകുട്ടി പീഡനകാലത്തെ യഹൂദാസമൂഹമാണെന്നു വാദിക്കുന്നവരുണ്ട്. ഇവിടെ തുയഥൈര സഭയോടുള്ള ബന്ധത്തിൽ കർത്താവിൽ വിശ്വസ്തരായവർക്കു ലഭിക്കുന്ന പ്രതിഫലവാഗ്ദത്തമാണ് ജാതികളുടെ മേൽ അവർക്കു അധികാരം ലഭിക്കും എന്നുള്ളത്. പിതാവിനോടുള്ള സമ്പൂർണ്ണ അനുസരണത്തിലും ഹിതത്തിലും പ്രവൃത്തികൾ പൂർത്തീകരിച്ച പുത്രനെ പിതാവായദൈവം ആദരിച്ചുയർത്തിയതുപോലെ ക്രിസ്തു കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കുന്നവനും ഉയർച്ച ലഭിക്കും എന്നാണിവിടെ പറയുന്നത്. ജാതികളുടെമേൽ അധികാരം കൊടുക്കും, ഇരുമ്പുകോൽകൊണ്ടു മേയിക്കും എന്നത് ക്രിസ്തുവിന്റെ രണ്ടാം വരവിലെ വിശുദ്ധന്മാരുമായുള്ള മഹത്വപ്രത്യക്ഷതയോടു ബന്ധപ്പെട്ടിരിക്കുന്നു. അന്നു ദൈവമക്കൾ കർത്താധികർത്താവും രാജാധിരാജാവുമായ ക്രിസ്തുവിനോടൊപ്പം രാജ്യം ഭരിക്കും. അവർ ജാതികളുടെമേൽ ഇരുമ്പുകോൽ അഥവാ സകലവിധ അധികാരത്തോടും ഭരിച്ചു വാഴും (വെളി.12:5/വെളി.19:15/വെളി.20:4). മഹാപീഡനകാലത്തെ യിസ്രായേൽ ആരെയും തർക്കുകയോ മേയിക്കുകയോ ചെയ്യുന്നില്ല. ആകയാൽ യോഹന്നാൻ വിവരിക്കുന്ന സ്ത്രീ പ്രസവിച്ച ആൺകുട്ടി യേശുക്രിസ്തു തന്നെ. ആൺകുട്ടി പീഡനകാലത്തെ യെഹൂദാസമൂഹമാണെന്നു ചിന്തിച്ചാൽ അവർ ഒരിക്കലും ഇരുമ്പുകോൽ കൊണ്ടു തകർക്കുകയോ ഇരുമ്പുകോൽകൊണ്ടു ആരെയും മേയ്ക്കുകയോ ചെയ്യുമെന്നു വിശദമാക്കുന്ന തിരുവചനഭാഗങ്ങളൊന്നും കാണുന്നില്ല. അവർ ജയാളികളുടെ കൂട്ടം എന്ന നിലയിൽ അംഗീകാരവും തിരഞ്ഞെടുപ്പും മഹത്വവും ലഭിച്ചവർ എന്നേയുള്ളു.

**കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്നു എടുക്കപ്പെട്ടു** (And her child was caught up to God and His throne) —

"അവൾ സകലജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്പാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു; കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്നു എടുക്കപ്പെട്ടു" (വെളി.12:5) എന്ന വാക്യം ഭൂമിയിലെ മഹാപീഡനകാല സംഭവങ്ങളോടനുബന്ധിച്ചു പറയുന്നുവെങ്കിലും യഥാർത്ഥത്തിൽ യേശുക്രിസ്തുവിന്റെ ജനനത്തെയും സ്വർഗ്ഗാരോഹണത്തെയും (birth and ascension) കുറിക്കുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തെ യോഹന്നാൻ ആലങ്കാരികഭാഷാപ്രയോഗത്തിൽ അവതരിപ്പിക്കുന്നു. ഭൂമിയിലെ ഏകദേശം മുപ്പത്തിമൂന്നരവർഷത്തെ ജീവിതാന്ത്യത്തിലാണ് ക്രിസ്തു ക്രൂശിലേറ്റപ്പെട്ടത്. അല്ലാതെ ജനിച്ചയുടനെ ക്രിസ്തുവിനെ ദൈവത്തിന്റെ അടുക്കലേക്കും സിംഹാസനത്തിലേക്കും പെട്ടെന്നു എടുക്കപ്പെടുകയല്ലായിരുന്നു. ക്രൂശുമരണവും പുനരുത്ഥാനവും (cross and resurrection) ആയിരുന്നു സാത്താന്റെ തോൽവിയോടു ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങൾ. ഇവ രണ്ടും സാത്താന്റെ മേലുള്ള ജയത്തിനു ആവശ്യവുമായിരുന്നു. പാപത്തിൽ വീണ മനുഷ്യന്റെ വീണ്ടെടുപ്പിനായി സർവ്വശക്തനായ ദൈവം അപ്പോൾത്തന്നെ വഴിയൊരുക്കിയിരുന്നു. ഉല്പ.3:15 —"*ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും.*" സാത്താൻ ക്രിസ്തുവിന്റെ കുതികാൽ (heel) തകർക്കും എന്നത് കർത്താവിനെ ക്രൂശുമരണത്തിലൂടെ തകർക്കുന്നതും, ക്രിസ്തു സാത്താന്റെ തല തകർക്കും എന്നത് മരണത്തിലും പുനരുത്ഥാനത്തിലൂടെയും സാത്താന്റെ തല എന്നേക്കും തകർക്കുന്നതിനെയും (എഫെ.1:20 -23/കൊലൊ.2:14,15) കുറിക്കുന്നു. ക്രിസ്തു ക്രൂശിൽ മരിച്ചശേഷം ഉയിർത്തെഴുന്നേറ്റില്ലായിരുന്നുവെങ്കിൽ സാത്താൻ തോൽക്കുകയോ, മാനവരാശിക്കൊരുക്കിയിരുന്ന രക്ഷ പൂർത്തിയാകുകയോ ചെയ്യുകയില്ലായിരുന്നു. "കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്നു എടുക്കപ്പെട്ടു" (And her child was caught up to God and His throne) എന്നത് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നിറവേറിയതാണ്. അതിനുശേഷം ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുകയും ഇപ്പോൾ ദൈവത്തിന്റെ വലത്തുഭാഗത്തു സിംഹാസനത്തിൽ ഇരിക്കുകയും ചെയ്യുന്നു.

**വെളി.12:6 — സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോയി; അവിടെ അവളെ ആയിരത്തിരുനൂററുപതു ദിവസം പോറ്റേണ്ടതിന്നു ദൈവം ഒരുക്കിയോരു സ്ഥലം അവൾക്കുണ്ടു** (Then the woman fled into the

wilderness, where she has a place prepared by God, that they should feed her there one thousand two hundred and sixty days) —

*“സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോയി ”* എന്നത് മഹാപീഡനകാലത്ത് യിസ്രായേൽ എന്ന സ്ത്രീ രക്ഷാസങ്കേതത്തിലേക്കു സാത്താന്റെ പീഡനത്തിൽ നിന്നു തെറ്റിയൊഴിയുവാൻ ഓടിയെന്നർത്ഥം. *“അവിടെ അവളെ 1260 ദിവസം പോറ്റേണ്ടതിന്നു ദൈവം ഒരുക്കിയോരു സ്ഥലം അവൾക്കുണ്ടു ”* എന്നത് ഏഴു വർഷപീഡനകാലത്തിൽ അവസാനത്തെ 1260 ദിവസം അഥവാ മൂന്നരവർഷം ഉൾക്കൊള്ളുന്ന മഹാപീഡനകാലത്തിൽ ദൈവം യിസ്രായേലിനെ രക്ഷാസങ്കേതത്തിൽ പോറ്റിപ്പുലർത്തി സംരക്ഷിക്കുന്നതിനെ കുറിക്കുന്നു. ഈ വാക്യത്തിലും ഇതിനു തൊട്ടു മുമ്പുള്ള വാക്യത്തിലും വിവരിച്ച സംഭവങ്ങൾ തമ്മിൽ ദീർഘമായ ഇടവേളയുണ്ടെന്ന വസ്തുത ഓർത്തിരിക്കണം. *“അവൾ സകലജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്പാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു; കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്നു എടുക്കപ്പെട്ടു”* (വെളി.12:5). ഇത് യിസ്രായേലാകുന്ന സ്ത്രീ ക്രിസ്തുവാകുന്ന ആൺകുട്ടിയെ പ്രസവിച്ച അഥവാ ജന്മം നൽകിയ കാര്യവും, ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തെയും കുറിക്കുന്നു. ക്രിസ്തുവിന്റെ ജനനവും സ്വർഗ്ഗാരോഹണവും (birth and ascension) തമ്മിൽ ഏകദേശം മുപ്പത്തിമൂന്നരവർഷത്തെ ഇടവേളയുണ്ട്. ആയതുപോലെ *“സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോയി; അവിടെ അവളെ ആയിരത്തിരുനൂറ്ററുപതു ദിവസം പോറ്റേണ്ടതിന്നു ദൈവം ഒരുക്കിയോരു സ്ഥലം അവൾക്കുണ്ടു”* എന്നത് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണവും കഴിഞ്ഞ്, സഭാകാലവും കഴിഞ്ഞു മഹാപീഡനകാലയളവിൽ നടക്കുന്ന കാര്യവുമാണ്. എന്നാൽ യിസ്രായേൽ എന്ന സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോകുന്നതും അവിടെ സംരക്ഷണം ലഭിക്കുന്നതും സ്വർഗ്ഗത്തിൽ മീഖായേലും ദൂതന്മാരും മഹാസർപ്പവും അവന്റെ ദൂതന്മാരും തമ്മിലുള്ള യുദ്ധത്തിനു ശേഷമാണ് നടക്കുന്നത്. കാരണം സ്വർഗ്ഗത്തിൽ നടക്കുന്ന യുദ്ധവും അനന്തരസംഭവങ്ങളും (വെളി.12:7-12) വിവരിച്ചശേഷം വീണ്ടും യിസ്രായേലാകുന്ന സ്ത്രീയെ മഹാസർപ്പം പീഡിപ്പിക്കുന്ന കാര്യങ്ങൾ (വെളി.12:13-16) വിവരിക്കുന്നു. അതായത് സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടാകുകയും യുദ്ധം കഴിയുന്നതുവരെയും സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോകുന്നില്ല. യുദ്ധം ഉണ്ടാകുന്നത് എഴുപതാം ആഴ്ചവട്ടത്തിന്റെ മദ്ധ്യത്തിലാണ്. സ്വർഗ്ഗത്തിൽ നിന്നും മഹാസർപ്പമായ സാത്താനെയും കൂട്ടരെയും തോല്പിച്ചു ഭൂമിയിലേക്കു തള്ളിക്കളഞ്ഞതിനാൽ അവന്റെ ക്രോധം ഏറ്റവും വർദ്ധിക്കുവാനിടയായി. സാത്താനെ തകർക്കുന്ന ആൺകുട്ടിക്കു ഭൂജാതനാകുവാൻ അവസരം കൊടുത്തതും ദൈവം തിരഞ്ഞെടുക്കപ്പെട്ടതുമായ യിസ്രായേലിന്റെ നേരേ സാത്താൻ സകല പ്രതികാരവുമായി തിരിയുന്നു. മറ്റൊരു പ്രത്യേകത ഇവിടെനിന്നു മനസ്സിലാക്കാവുന്നത് സൂര്യധാരിണിയായ സ്ത്രീ കന്യകമറിയയല്ലെന്നുള്ളതാണ്. യേശു ഭൂജാതനായപ്പോൾ യോസേഫും മറിയയും കുട്ടിയെ രക്ഷിക്കുവാനായി മിസ്രയീമിലേക്കാണു പോയത് (മത്താ.2:12-15). എന്നാൽ യിസ്രായേലാകുന്ന സൂര്യനെ അണിഞ്ഞസ്ത്രീ മരുഭൂമിയിലേക്കാണ് ഓടിപ്പോയത്. യിസ്രായേലാകുന്ന സ്ത്രീ കൂടാതെ കുട്ടിയെ രക്ഷിക്കുവാനല്ല മറിച്ച് സ്വയരക്ഷയ്ക്കായിട്ടാണ് മരുഭൂമിയിലേക്കോടിപ്പോകുന്നത്. യിസ്രായേൽ മരുഭൂമിയിലേക്കു പോകുന്നതിനെക്കുറിച്ചു ആവർത്തിച്ചു തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ജാതികളോ, സഭയോ അങ്ങനെ പോകുമെന്നു പറഞ്ഞിട്ടില്ല(യെശ.16:1-5/യെശ.42:11-13/യെഹെ.20:33-44/ഹോശേ.2:14-23).

**സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോയി** (Then the woman fled into the wilderness) ---

അന്തിക്രിസ്തുവിന്റെ പീഡനം അതികഠിനമാകുമ്പോൾ സ്ത്രീ അഥവാ യിസ്രായേൽ മരുഭൂമിയിലേക്കു ഓടിപ്പോകും. അന്നു സകലകഷ്ടങ്ങളും സഹിച്ചുകൊണ്ടു ഒരു വിഭാഗം യെരൂശലേമിൽത്തന്നെ നിൽക്കുമെന്നും ചിന്തിക്കാം. അവർ വെളിപ്പാടു 11:3 -ൽ കാണുന്ന കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന ഒലിവുവൃക്ഷവും നിലവിളക്കുമായ രണ്ടു സാക്ഷികളുടെ പ്രവർത്തനത്താൽ ദൈവരാജ്യത്തിന്റെ സുവിശേഷം കേട്ടു ദൈവസ്നേഹത്തെ അറിയുവാനും രക്ഷിക്കപ്പെടുവാനും ഇടയാകും. മഹാപീഡനകാലത്തിലെ അത്യന്തദുരിതങ്ങളുടെ മദ്ധ്യേ ഒരു വിഭാഗം മരുഭൂമിയിലേക്കു ഓടിപ്പോകും. ദൈവം അവരെ 1260 ദിനങ്ങൾ മഹാസർപ്പമായ സാത്താനിൽ നിന്നു രക്ഷിച്ചു പോറ്റിപ്പുലർത്തും. ഏതു മരുഭൂമിയിലേക്കാണ് ഓടിപ്പോകുന്നതെന്നു പറഞ്ഞിട്ടില്ലെങ്കിലും ദൈവം ഒരുക്കിയോരു സ്ഥലത്താണെന്നു വെളിപ്പെടുത്തിയിരിക്കുന്നു.

**മരുഭൂമിയെപ്പറ്റിയുള്ള വിവിധ അഭിപ്രായങ്ങൾ —**

> യെശയ്യാവിന്റ പ്രവചനം — മോവാബിലേക്കും ഏദോമിലേക്കും യിസ്രായേലിന്റെ ഓടിപ്പോക്കിനെക്കുറിച്ചു യെശയ്യാവ് പ്രവചിക്കുന്നു (യെശ.16:1-5). മഹാപീഡനകാലത്ത് സേലാ അഥവാ പെട്രാ അവരുടെ അഭയസ്ഥാനമായിരിക്കുമെന്നും കാണുന്നു. യെശ.33:16 — *“ഇങ്ങനെയുള്ളവൻ ഉയരത്തിൽ വസിക്കും; പാറക്കോട്ടകൾ അവന്റെ അഭയസ്ഥാനമായിരിക്കും; അവന്റെ അപ്പം അവന്നു കിട്ടും; അവന്നു വെള്ളം മുട്ടിപ്പോകയില്ല.”* ഏശാവിന്റെ സന്തതികളാണ് ഏദോമ്യർ. യാക്കോബിന്റെ സഹോദരനായ ഏശാവ് എന്നതിനു മറുപേർ ഏദോം എന്നാണ്. ഇതിനർത്ഥം ചുവപ്പ് എന്നാണ്. ചുവന്നപാറകളുള്ള

ദേശത്താണ് അവർ താമസിച്ചിരുന്നത് (ഉല്പ.25:25,30/36:8). യിസ്രായേൽ ചെങ്കടൽ കടന്നുള്ള യാത്രാമദ്ധ്യേ ഏദോമ്യരുടെ ദേശത്തുകൂടി യാത്രാനുമതി ചോദിച്ചപ്പോൾ അനുവദിച്ചില്ലെന്നു മാത്രമല്ല വാളുമായി വരുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു(സംഖ്യാ.20:14–21). ആയതിനാൽ അവർ ശേഷിപ്പില്ലാതെ നശിപ്പിക്കപ്പെടുമെന്നു ദൈവം അറിയിച്ചു. യെശയ്യാപ്രവചനത്തിൽ പാറക്കോട്ടകൾ എന്നത് ഏദോമ്യരുടെ നഗരമായ പെട്രായെക്കുറിക്കുന്നു. ഒരു വാണിജ്യനഗരമായിരുന്ന പെട്രാ ആദ്യം റോമൻ സൈന്യം പിടിച്ചെടുക്കുകയും പിന്നീട് അറബികളുടെ കൈവശമാകുകയും ചെയ്തു. എന്നാൽ പിൽക്കാലത്തു നഗരം നിശ്ശേഷം നശിക്കുവാനിടയായി. ഏദോം പട്ടണം ശേഷിപ്പില്ലാതെ നശിപ്പിക്കപ്പെടുമെന്നുള്ള ദൈവീകാരുളപ്പാടു നിറവേറി. യിരെ.49:17,18 — *"ഏദോം സ്തംഭനവിഷയമായിത്തീരും; അതിനരികത്തുകൂടി കടന്നുപോകുന്ന ഏവരും സ്തംഭിച്ചു അതിന്റെ സകല ബാധകളും നിമിത്തം ചൂളകുത്തും. സോദോമിന്റെയും ഗൊമോരയുടെയും അവയുടെ അയൽപട്ടണങ്ങളുടെയും ഉന്മൂലനാശശേഷം എന്നപോലെ അവിടെയും ആരും പാർക്കയില്ല; ഒരു മനുഷ്യനും അവിടെ വസിക്കയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു."* ഇന്നു പെട്രാ അഥവാ ഏദോം നഗരം പാറകളാൽ ചുറ്റപ്പെട്ടു പാറകൾക്കുള്ളിൽ സ്ഥിതിചെയ്യുന്നു. അതിനകത്തു അഭയം പ്രാപിക്കുന്നവരെ കണ്ടെത്തുവാനോ സുഗമമായി പ്രവേശിക്കുവാനോ സാധിക്കാതവണ്ണം പാറക്കോട്ടകളാൽ പൊതിയപ്പെട്ടിരിക്കുന്നു. പാറക്കോട്ടകൾ യിസ്രായേലിന്റെ അഭയസ്ഥാനമായിരിക്കും എന്നു യെശയ്യാ പ്രവാചകൻ പറഞ്ഞത് മഹാപീഡനകാലത്ത് യിസ്രായേലിനു ദൈവം ഒരുക്കിയിരിക്കുന്ന അഭയസ്ഥാനമാണ്.

> യെഹെസ്കേലിന്റെ ദർശനം — യിസ്രായേലിന്റെ ഭാവി കൂട്ടിച്ചേർക്കലും ന്യായവിധിയും അടങ്ങിയ ദർശനത്തിൽ അവരെ ജാതികളുടെ മരുഭൂമിയിൽ കൊണ്ടുച്ചെന്നു അവരോടു വ്യവഹരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. യെഹെ.20:35 — *"ഞാൻ നിങ്ങളെ ജാതികളുടെ മരുഭൂമിയിലേക്കു കൊണ്ടുച്ചെന്നു അവിടെവെച്ചു മുഖാമുഖമായി നിങ്ങളോടു വ്യവഹരിക്കും. മിസ്രയീംദേശത്തിന്റെ മരുഭൂമിയിൽവെച്ചു നിങ്ങളുടെ പിതാക്കന്മാരോടു ഞാൻ വ്യവഹരിച്ചതുപോലെ നിങ്ങളോടും വ്യവഹരിക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു."*

> ദാനീയേലിന്റെ ദർശനം — ദാനീ.11:40,41 — *"പിന്നെ അന്ത്യകാലത്തു തെക്കെദേശത്തിലെ രാജാവു അവനോടു എതിർത്തുമുട്ടും; വടക്കെദേശത്തിലെ രാജാവു രഥങ്ങളോടും കുതിരച്ചേവകരോടും വളരെ കപ്പലുകളോടും കൂടെ ചുഴലിക്കാറ്റുപോലെ അവന്റെ നേരെ വരും; അവൻ ദേശങ്ങളിലേക്കു വന്നു കവിഞ്ഞു കടന്നുപോകും; അവൻ മനോഹരദേശത്തിലേക്കും കടക്കും; പതിനായിരം പതിനായിരം ഇടറിവീഴും; എങ്കിലും ഏദോമും, മോവാബും, അമ്മോന്യശ്രേഷ്ഠന്മാരും അവന്റെ കയ്യിൽ നിന്നു വഴുതിപ്പോകും."* ഏദോമും, മോവാബും, അമ്മോനും അന്തിക്രിസ്തുവിൽ നിന്നു രക്ഷപ്പെടുകയും മഹാപീഡനകാലത്ത് യിസ്രായേലിനു സുരക്ഷിത സ്ഥാനമായിരിക്കും — ദാനീയേൽ പ്രവചനത്തിൽ കാണുന്ന സൂചനപ്രകാരം ഏദോം, മോവാബ്, അമ്മോൻ എന്നീ ദേശങ്ങളിലായിരിക്കാം സംരക്ഷണം ലഭിക്കുക. കാരണം ഈ മൂന്നു ദേശങ്ങളിലൊഴികെ മറ്റെല്ലാ മേഖലകളിലും മഹാപീഡനകാലത്ത് ഒരു മഹായുദ്ധം ഉണ്ടാകുമെന്നതിനാൽത്തന്നെ.

**അവിടെ അവളെ ആയിരത്തിരുനൂറ്ററുപതു ദിവസം** (they should feed her there one thousand two hundred and sixty days)—

1260 ദിവസം എന്നത് മഹാപീഡനകാലത്തെ കുറിക്കുന്നു (വെളി.11:2,3/12:14/13:5). മഹാപീഡനകാലം അഥവാ യാക്കോബിന്റെ കഷ്ടകാലം എന്നറിയപ്പെടുന്ന അന്ത്യനാളുകൾ യിസ്രായേലിന്മേൽ സാത്താൻ പ്രതികാരം നടത്തുന്നനാളുകളായിരിക്കും. പ്രവാചകനായ യിരെമ്യാവു അക്കാലത്തെക്കുറിച്ചു ഇപ്രകാരം പറഞ്ഞിരിക്കുന്നു — യിരെ.30:5–7 — *"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നാം നടുക്കത്തിന്റെ മുഴക്കം കേട്ടിരിക്കുന്നു; സമാധാനമല്ല, ഭയമത്രെ ഉള്ളതു. പുരുഷൻ പ്രസവിക്കുമാറുണ്ടോ എന്നു ചോദിച്ചു നോക്കുവിൻ! ഏതു പുരുഷനും നോവുകിട്ടിയ സ്ത്രീയെപ്പോലെ കൈ നടുവിനു കൊടുത്തിരിക്കുന്നതും ഏതു മുഖവും വിളറിയിരിക്കുന്നതും ഞാൻ കാണുന്നതു എന്തു? ആ നാൾപോലെ വേറെ ഇല്ലാതവണ്ണം അതു വലുതായിരിക്കുന്നു കഷ്ടം! അതു യാക്കോബിന്നു കഷ്ടകാലം തന്നേ; എങ്കിലും അവൻ അതിൽനിന്നു രക്ഷിക്കപ്പെടും."* അന്നത്തെ കാലയളവിലുണ്ടാകുന്ന സംഭവങ്ങളും അവർക്കു ലഭിക്കുന്ന ദൈവീകസംരക്ഷണത്തെക്കുറിച്ചും കർത്താവു പറഞ്ഞിട്ടുണ്ട്. മത്താ.24:15–21 (മർക്കൊ.13:14–19) — *"എന്നാൽ ദാനീയേൽപ്രവാചകൻമുഖാന്തരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നിൽക്കുന്നതു നിങ്ങൾ കാണുമ്പോൾ — വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ — അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ. വീട്ടിന്മേൽ ഇരിക്കുന്നവർ വീട്ടിലുള്ളതു എടുക്കേണ്ടതിന്നു ഇറങ്ങരുത്; വയലിലുള്ളവൻ വസ്ത്രം എടുപ്പാൻ മടങ്ങിപ്പോകരുതു. ആ കാലത്തു ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! എന്നാൽ നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ. ലോകാരംഭംമുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും."*

**പോറ്റേണ്ടതിന്നു ദൈവം ഒരുക്കിയോരു സ്ഥലം അവൾക്കുണ്ടു** (where she has a place prepared by God, that they should feed her) —

ദൈവം തന്റെ മക്കളെ താൻ ഒരുക്കിയ സ്ഥലത്തു ഭദ്രമായി സൂക്ഷിക്കുക മാത്രമല്ല അവരെ പോറ്റിപ്പുലർത്തുകയും ചെയ്യുന്നു.

> ഭൂമി വഷളത്വം കൊണ്ടുനിറഞ്ഞ ഭൂമിയെ ദൈവം ജലപ്രളയത്താൽ നശിപ്പിച്ചപ്പോൾ നോഹെയും കുടുംബത്തെയും സംരക്ഷിച്ചു പോറ്റിപ്പുലർത്തി (ഉല്പ.7).

> ജനിക്കുന്ന ഏതു ആൺകുട്ടിയെയും നദിയിലിട്ടു കൊന്നുകളയണമെന്ന ഫറവോന്റെ കല്പന യുണ്ടായിരുന്നിട്ടും മോശെയെ അത്ഭുതകരമായി ഫറവോന്റെ കൊട്ടാരത്തിൽത്തന്നെ ദൈവം സംര ക്ഷിച്ചു പോറ്റിപുലർത്തി(പുറ.2).

> പഴയനിയമകാലത്ത് ദൈവം യിസ്രായേലിനെ മിസ്രയീമിൽ നിന്നു വിടുവിച്ചു 40 വർഷം മരു ഭൂമിയിൽ പോറ്റിപ്പുലർത്തി വഴിനടത്തി (പുറ).

> യിസ്രായേലിലെ ദുഷ്ടനും ദൈവവിരോധിയുമായ ആഹാബിന്റെ ഭരണകാലത്തു ദൈവീക ശിക്ഷാവിധയായി മൂന്നരവർഷത്തെ വരൾച്ചയും ക്ഷാമവും ദൈവം ദേശത്തിലേക്കയച്ചു. എന്നാൽ ദൈവം തന്റെ പ്രവാചകനായ ഏലീയാവിനെ ക്ഷാമം തീരുവോളം ദൈവം താൻ ഒരുക്കിയസ്ഥലങ്ങളായ കെരീ ത്തിലും, സാരെഫാത്തിലും ക്ഷേമമായി പോറ്റി പുലർത്തി (1.രാജാ.17).

> യിസ്രായേൽദേശത്തു ആഹാബിന്റെ പത്നിയായ ഈസബെൽ യഹോവയുടെ പ്രവാചക ന്മാരെ കൊല്ലുമ്പോൾ കൊട്ടാരത്തിലെ ഗൃഹവിചാരകനായ ഓബദ്യാവ് യഹോവയുടെ പ്രവാചകന്മാ രിൽ നൂറുപേരെ ഓരോ ഗുഹയിൽ അമ്പതു വീതമായി ഒളിപ്പിച്ചു അപ്പവും വെള്ളവും കൊടുക്കുന്നു (1. രാജാ.18:13).

> ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നുവെന്നു പറഞ്ഞ ഏലീയാവിനോടു ദൈവം പറ ഞ്ഞത് —"*ബാലിന്നു മടങ്ങാത്ത മുഴങ്കാലും അവനെ ചുംബനം ചെയ്യാത്ത വായുമുള്ളവരായി ആകെ ഏഴായിരംപേരെ ഞാൻ യിസ്രായേലിൽ ശേഷിപ്പിച്ചിരിക്കുന്നു എന്നാണ്* " (1.രാജാ.19:18).

കർത്താവു പറഞ്ഞു — "*ഞാൻ സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലം ഒരുക്കി യാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടു ക്കൽ ചേർത്തുകൊള്ളും.*" (യോഹ.14:2,3). ഭൂമിയിൽ അന്തിക്രിസ്തുവിന്റെ ഭരണം തുടങ്ങുന്നതിനു മുമ്പു നമ്മുടെ കർത്താവു താൻ ഒരുക്കിയസ്ഥലത്തു നമ്മെ കൊണ്ടുപോയി പോറ്റിപുലർത്തേണ്ടതിനു നിശ്ച യമായും വരും. സഭ എടുക്കപ്പെട്ടശേഷവും ഭൂമിയിലെ മഹാപീഡനകാലത്ത് തന്റെ ജനമായ യിസ്രായേ ലിനെ സംരക്ഷിക്കുവാനും പോറ്റിപ്പുലർത്തുവാനും ഒരു സ്ഥലം ദൈവം ഒരുക്കീട്ടുണ്ട്.

**വെളി.12:7 — പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പ ത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും** (And war broke out in heaven: Michael and his angels fought with the dragon; and the dragon and his angels fought) —(Confict in Heaven - 12:7-9)

സൂര്യനെ അണിഞ്ഞു പ്രതാപത്തോടെ നിന്ന സ്ത്രീ സകലരെയും മേയ്പാനുള്ളൊരു ആൺകു ട്ടിയെ പ്രസവിച്ചു. മഹാസർപ്പം കുട്ടിയെ വിഴുങ്ങിക്കളയുവാൻ കാത്തു നിന്നുവെങ്കിലും അതു സാധിച്ചി ല്ല. കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും എടുക്കപ്പെട്ടു. കുട്ടിയെ നശി പ്പിക്കുവാൻ കഴിയാതെ വന്നപ്പോൾ മഹാസർപ്പം സ്ത്രീയെ ആക്രമിക്കുവാൻ തുടങ്ങി. എന്നാൽ ദൈവം അവളെ 1260 ദിവസം പോറ്റിസംരക്ഷിക്കുവാൻ ഒരുക്കിയിരുന്ന രക്ഷാസങ്കേതത്തിലേക്കു സ്ത്രീ ഓടി പ്പോയി. മഹാപീഡനകാലത്തെ സംഭവങ്ങളോടു ബന്ധപ്പെടുത്തി കർത്താവിന്റെ ജനനം മുതലുള്ള കാര്യ ങ്ങൾ ആലങ്കാരികഭാഷയിൽ പറഞ്ഞിരിക്കുന്നതാണെന്നു മുൻ വാക്യങ്ങളിലൂടെ ചിന്തിച്ചു. യുദ്ധവും പോരാട്ടവും ഉൾക്കൊള്ളുന്ന സംഭവങ്ങളാണ് 12–ാം അദ്ധ്യായത്തിൽ വിവരിക്കുന്നത്. പ്രാരംഭവാക്യങ്ങ ളിൽ ഭൂമിയിൽ യിസ്രായലാകുന്ന സൂര്യനെ അണിഞ്ഞസ്ത്രീയോടു സാത്താനായ മഹാസർപ്പം പോരാ ടുന്നു. എന്നാൽ യിസ്രായാലാകുന്ന സ്ത്രീയുടെ മരുഭൂമിയിലേക്കു ഓടിപ്പോക്കും അവിടെ ലഭിക്കുന്ന സംരക്ഷണവും വിവരിക്കുന്നതിനു മുമ്പു മറ്റൊരു സംഭവത്തിലേക്കു യോഹന്നാൻ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. പോരാട്ടം അഥവാ യുദ്ധരംഗം കുറച്ചു സമയത്തേക്കു ഭൂമിയിൽ നിന്നു സ്വർഗ്ഗത്തി ലേക്കു മാറുന്നു. സ്വർഗ്ഗത്തിലെ യുദ്ധം ഒരടയാളമായോ അത്ഭുതമായോ പറയുന്നില്ല. കാരണം സ്വർഗ്ഗ ത്തിലെ യുദ്ധവും സാത്താന്റെ സാന്നിദ്ധ്യവും യാഥാർത്ഥമായതാണ് (എഫെ.6:10–12).

**പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി** (And war broke out in heaven) —

സ്വർഗ്ഗത്തിൽ യുദ്ധമോ? ഭൂമി പിശാചിന്റെ പ്രവർത്തനമണ്ഡലമെന്ന നിലയിൽ ഭൂമിയിൽ യുദ്ധം സർവ്വസാധാരണമാണ്. എന്നാൽ ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി എന്നു കേൾക്കുന്നതു തന്നെ വിരോധാഭാസമായിത്തോന്നാം. എന്നാൽ സ്വർഗ്ഗത്തിൽ ഇപ്പോൾ യുദ്ധമുണ്ടാകു

ന്നത് യുഗായുഗങ്ങൾക്കുമുമ്പായി സ്വർഗ്ഗത്തിൽ ലൂസിഫറും കൂട്ടരും ആരംഭിച്ച യുദ്ധത്തിന്റെ തുടർമാന പോരാട്ടമാണിത്. അന്നു തള്ളിക്കളയപ്പെട്ടെങ്കിലും സാത്താനു സ്വർഗ്ഗസ്ഥലങ്ങളിൽ കയറിയിറങ്ങാനുള്ള അനുമതിയുണ്ടായിരുന്നതായി തിരുവചനത്തിലൂടെ മനസ്സിലാക്കാം. ആയതിനാൽ ഇക്കാലത്ത് സാത്താന്റെ പ്രവർത്തനമേഖല ഒരേസമയം ഭൂമിയിലും സ്വർഗ്ഗത്തിലും ആയിരിക്കുന്നു. എന്നാൽ ഈ അദ്ധ്യായത്തിൽ നടക്കുന്ന അന്ത്യയുദ്ധത്തോടുകൂടെ സാത്താന്റെ സാന്നിദ്ധ്യം സ്വർഗ്ഗത്തിൽ നിന്നു എന്നേക്കുമായി ഇല്ലാതാകുകയാണ്. അതായത് മഹാപീഡനകാലത്ത് സ്വർഗ്ഗത്തിൽ നടക്കുന്ന യുദ്ധത്തോടെ സാത്താനും കൂട്ടരും വിശുദ്ധദൂതന്മാരാൽ തോൽപ്പിക്കപ്പെട്ടു സ്വർഗ്ഗത്തിൽ നിന്നു എന്നേക്കുമായി നിഷ്കാസിതരാകുകയും അവന്റെ പ്രവർത്തനം ഭൂമിയിൽ കേന്ദ്രീകരിക്കപ്പെടുന്നു.

സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി എന്നു യോഹന്നാൻ പറയുന്നുവെങ്കിലും യുദ്ധം എവിടെവച്ചാണ് നടന്നതെന്നു വ്യക്തമാക്കിയിട്ടില്ല. സ്വർഗ്ഗത്തിൽ സിംഹാസനത്തിനു മുന്നിലോ മറ്റേതെങ്കിലും ഭാഗത്തോ ആയിരിക്കാം യുദ്ധം നടക്കുന്നത്. അതുമല്ലെങ്കിൽ ആകാശവിതാനത്തിലുമാകാം. ദൈവസിംഹാസനവും അതിന്റെ ചുറ്റും സദാ സ്തോത്രത്തിന്റെയും സന്തോഷത്തിന്റെയും സ്വരങ്ങൾ ഉയരുന്നസ്ഥലവും നിത്യസമാധാനത്തിന്റെ ഉറവിടവുമാകയാൽ സിംഹാസനത്തിന്റെ മുമ്പിൽ യുദ്ധം അരങ്ങേറുമെന്നത് ചിന്തിക്കാനാവില്ല. എന്നാൽ സ്വർഗ്ഗം എന്ന വാക്ക് മൂന്നുസ്വർഗ്ഗങ്ങൾ ഉൾക്കൊള്ളുന്നതാണെന്നു തിരുവചനത്തിൽ സൂചനയുണ്ട്. അനേകവേദപണ്ഡിതന്മാരും ഇതിനോടു ചേരുന്നുമുണ്ട്.

> **ഒന്നാം സ്വർഗ്ഗം —** ആകാശത്തെ (sky/air) കുറിക്കുന്നു.

ഉല്പ.1:1 — "*ആദിയിൽ ദൈവം ആകാശവും ഭൂമിയും ഉണ്ടാക്കി*" (In the begining God created the heavens and the earth)

ഉല്പ.15:5— "*നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു*" (Look now toward heaven, and count the stars if you are able to number them)

വെളി.19:17 —"*ആകാശമദ്ധ്യേ പറക്കുന്ന സകലപക്ഷികളോടും...*" (all the birds that fly in the midst of heaven)

> **രണ്ടാം സ്വർഗ്ഗം —** നക്ഷത്രമണ്ഡലം —

മത്താ.24:29 —"*ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും*" (the moon will not give its light; the stars will fall from heaven)

ഇയ്യോ.22:14 —"*ആകാശമണ്ഡലത്തിൽ അവൻ ഉലാവുന്നു*" (He walks above the circle of heaven)

> **മൂന്നാം സ്വർഗ്ഗം —** ദൈവസിംഹാസനമിരിക്കുന്ന സാക്ഷാൽ സ്വർഗ്ഗം. ഇവിടെയാണ് രക്ഷിക്കപ്പെട്ട സകലവിശുദ്ധന്മാരുടെയും വാസസ്ഥലം (ലൂക്കൊ.23:43).

2.കൊരി.12:2 —"*ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു: അവൻ പതിന്നാലു സംവത്സരം മുമ്പെ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു*" (such a one was caught up to the third heaven).

ദൈവസിംഹാസനമിരിക്കുന്ന സ്ഥലം സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും സ്തുതിയുടെയും സ്ഥലമായിരിക്കുന്നതിനാൽ മഹാസർപ്പവുമായുള്ള യുദ്ധം ഒന്നാം സ്വർഗ്ഗമായ ആകാശമണ്ഡലത്തിലായിരിക്കാം നടക്കുന്നതെന്നു അനുമാനിക്കാം. ഇപ്രകാരമുള്ള യുദ്ധത്തെ ഇതിനു മുമ്പും തിരുവചനത്തിൽ കാണുന്നുണ്ട്. ദാനീയേലിന്റെ പ്രാർത്ഥനക്കു മറുപടിയുമായി ദൈവം തന്റെ ദൂതനെ അവന്റെ സമീപത്തേക്ക് അയച്ചുവെച്ചെങ്കിലും പാർസിരാജാവായ പ്രഭു (സാത്താൻ) 21 ദിവസം ആകാശമണ്ഡലത്തിൽ ദൂതനെ എതിർത്തുനിന്നു. ഒടുവിൽ പ്രധാനദൂതനായ മീഖായേൽ സഹായത്തിനു വന്നുവെന്നും പറയുന്നു (ദാനീ.10:13). ദൈവത്തോടു സമനാകുവാൻ ആഗ്രഹിച്ചു പ്രവർത്തിച്ചനാൾ മുതൽ സാത്താൻ യുദ്ധം തുടങ്ങിയതാണ് (യെശ.14:12-14/യെഹെ.28:11-18). എന്നാൽ ഇന്നും സാത്താനു ദൈവസന്നിധിയിൽ കയറിച്ചെല്ലുവാനുള്ള അനുവാദം നിഷേധിച്ചിട്ടില്ല (1.രാജാ.22:19-23/ഇയ്യോ.1:6/2:1/സെഖ.3:1/ വെളി.12:10). സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടശേഷം മഹാപീഡനകാലത്തു സ്വർഗ്ഗത്തിൽ യുദ്ധമുണ്ടായി സാത്താനെ എന്നെന്നേക്കുമായി പുറന്തള്ളുന്നതുവരെ സ്വർഗ്ഗത്തിൽ കയറിച്ചെല്ലാം. എന്നാൽ അതിനു മുമ്പായി, വിശുദ്ധന്മാർക്കായുള്ള ന്യായാസനം സ്വർഗ്ഗത്തിൽ സ്ഥാപിക്കുകയും തുടർന്നുള്ള വിസ്താരവേളയിൽ സാത്താൻ വിശുദ്ധന്മാർക്കെതിരായി അപവാദം പറയുവാനും ഉണ്ടായിരിക്കുമെന്നു കരുതാം. ആകാശമണ്ഡലത്തിൽ നടക്കുന്ന യുദ്ധത്തോടെ സ്വർഗ്ഗത്തിലേക്കുള്ള കയറിയിറങ്ങുന്ന അനുവാദം സാത്താനു ഇല്ലാതാകുന്നു. അതുവരെയും ഭൂമിയിലും സ്വർഗ്ഗത്തിലും ആകാശമണ്ഡലത്തിലും ഓടിനടന്നു അദ്ധ്വാനിക്കുകയാണ്. "ഈ ലോകത്തിന്റെ ദൈവം" (2.കൊരി.4:4), "ആകാശത്തിലെ അധപതി" (എഫെ.2:2), "സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേന" (എഫെ.6:12) എന്നിങ്ങനെയുള്ള സാത്താന്റെ വിശേഷണങ്ങൾ അവന്റെ അധികാരമേഖലകളെ വെളിപ്പെടുത്തുന്നു.

**മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും** (Michael and his angels fought with the dragon; and the dragon and his angels fought, but they did not prevail)–

ഈ ഭാഗത്ത് പീഡനകാലത്തെ മറ്റൊരു പ്രധാനവ്യക്തിയായ ദൈവത്തിന്റെ പ്രധാനദൂതനായ മീഖായേലിനെ കാണുന്നു. 12,13 അദ്ധ്യായങ്ങളിൽ മഹാപീഡനകാലത്ത് കാണപ്പെടുന്ന ഏഴു ശ്രദ്ധേയ വ്യക്തികളിൽ നാലാമത്തെ വ്യക്തിയാണ് മീഖായേൽ (സ്ത്രീ, മഹാസർപ്പം, ആൺകുട്ടി, മീഖായേൽ, ശേഷിപ്പ്, കടലിൽനിന്നുള്ള മൃഗം, ഭൂമിയിൽ നിന്നുള്ള മൃഗം) . സ്വർഗ്ഗത്തിൽ നടക്കുന്നയുദ്ധത്തിൽ പങ്കെടുക്കുന്ന ഇരുചേരികളിൽ ഒരു വശത്ത് പ്രധാനദൂതനായ മീഖായേലും അവന്റെ ദൂതന്മാരും ആയിരിക്കുമ്പോൾ മറു വശത്ത് മഹാസർപ്പമായ സാത്തനും അവന്റെ ദൂതന്മാർ അഥവാ സഹായികളുമാണ്. യുദ്ധത്തിലേക്കും അനന്തരസംഭവങ്ങളിലേക്കും കടക്കുന്നതിനു മുമ്പു യുദ്ധം നയിക്കുന്ന പ്രധാനവ്യക്തികളായ മീഖായേലിനെയും സാത്താനെയും കുറിച്ചു നോക്കാം.

**(1) മീഖായേൽ** (Michael - His identity) —

ബൈബിളിൽ അഞ്ചിടത്തു മീഖായേൽ എന്ന പേരു കാണന്നു.

> ദാനീ.10:13 - പ്രധാനപ്രഭുക്കന്മാരിൽ ഒരുത്തനായ മീഖായേൽ (Michael one of the chief Princes)
> ദാനീ.10:21 - പ്രഭുവായ മീഖായേൽ (Michael Your Prince)
> ദാനീ.12:1 - മഹാപ്രഭുവായ മീഖായേൽ (Michael, the Great Prince)
> യൂദാ.9 - പ്രധാനദൂതനായ മീഖായേൽ (Michael the Archangel)
> വെളി.12:7 - മീഖായേലും അവന്റെ ദൂതന്മാരും (Michael and his angels)

യൂദാ.9 -ൽ മീഖായേൽ പ്രധാനദൂതനായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ദാനീയേൽ.10:13-ൽ മീഖായേൽ, പ്രഭുക്കന്മാരിൽ ഒരുവൻ എന്നു പറഞ്ഞിരിക്കുന്നു. പ്രധാനദൂതന്മാരായി മീഖയേയിന്റെയും ഗബ്രിയേലിന്റെ പേരുകൾ തിരുവചനത്തിൽ പറഞ്ഞിരിക്കുമ്പോൾ ഏഴു പ്രധാനദൂതന്മാരുണ്ടെന്നു യഹൂദന്മാരുടെ ഇടയിൽ അഭിപ്രായവുമുണ്ട്. ദൂതന്മാരെക്കുറിച്ചു പഠിക്കുമ്പോൾ അവരുടെ ശുശ്രൂഷകളെ അടിസ്ഥാനപ്പെടുത്തി സംരക്ഷണവിഭാഗം, ശത്രുക്കളോടു പോരാടുന്നതിനുള്ള വിഭാഗം, ഗായകസംഘം, ദൂതുവാഹികൾ എന്നിങ്ങനെ ദൂതന്മാർ പല വിഭാഗത്തിലുൾപ്പെടുന്നു. ദൈവത്തിനായി യുദ്ധം ചെയ്യേണ്ടി വരുമ്പോൾ മീഖായേലിനെയും (ദാനീ.10:13/ യൂദാ.9/വെളി.12:7), ദൈവീകവാഗ്ദത്തങ്ങൾ അറിയിക്കുന്ന വേളയിൽ ഗബ്രിയേലിനെയും കാണുന്നു(ലൂക്കൊ.1:19,26).

യഹോവസാക്ഷികൾ, ശാബ്ബത്തുകാർ തുടങ്ങിയ ചില ദുരുപദേശസംഘടനകൾ മീഖായേൽ യേശുക്രിസ്തുവാണെന്നു പഠിപ്പിക്കുന്നു. മീഖായേൽ യേശുക്രിസ്തുവാണെന്നു സ്ഥാപിക്കുവാൻ നിരത്തുന്ന ന്യായങ്ങൾ —

(1) മീഖായേലിന്റെ പേരിന്റെ അർത്ഥം ദൈവത്തെപ്പോലെ ആരുള്ളു എന്നാണ്. ആകയാൽ ദൈവത്തെപ്പോലെ മറ്റാരുമില്ലയെന്നതിനാൽ യേശുക്രിസ്തു ദൈവമല്ല, മീഖായേലാണ്.

(2) മീഖായേലിനു സഹായത്തിനായി ദൂതന്മാരുണ്ട്. ദൂതന്മാർ സഹായിയായിട്ടുള്ള യേശുക്രിസ്തു ദൂതപ്രമുഖനാണ്.

(3) മീഖായേലിനെ പ്രധാനദൂതൻ എന്നു വിളിച്ചിരിക്കുന്നതിനാൽ ദൂതന്മാരുടെ പ്രധാനി യേശുക്രിസ്തു അഥവാ മീഖായേലാണ്.

(4) ഉത്പ്രാപണത്തിൽ പ്രധാനദൂതന്റെ ശബ്ദത്തോടെ വരുന്നത് യേശുക്രിസ്തുവാണ്.

എന്നാൽ ഇപ്രകാരമുള്ള നിഗമനങ്ങൾ തിരുവചനാടിസ്ഥാനത്തിൽ തികെച്ചും തെറ്റാണെന്നു മാത്രമല്ല യേശുക്രിസ്തുവിന്റെ ദൈവത്വത്തോടുള്ള അവഹേളനവുമാണ്. യേശുക്രിസ്തു ത്രിത്വത്തിൽ രണ്ടാമനായ ദൈവമാണെന്നത് തിരുവചനം സംശയലേശമെന്യേ വ്യക്തമാക്കുന്നു.

**മീഖായേലിന്റെ പ്രത്യേകതകൾ —**

—> മീഖായേൽ എന്ന പേരിനർത്ഥം "ദൈവത്തെപ്പോലെ ആരുള്ളു?" എന്നാണ് (Michael = who is like God?). സാത്താന്റെ ആദ്യനിഗളത്തിൽ അവൻ പറഞ്ഞത് *"ഞാൻ അത്യുന്നതനോടു സമനാകും "* (യെശ.14:14) എന്നാണ്. എന്നാൽ മീഖായേൽ എന്ന പേരിന്റെ അർത്ഥത്തിലൂടെ ലഭിക്കുന്ന സാക്ഷ്യം "ദൈവത്തെപ്പോലെ ആരുള്ളു?" ആരുമില്ല എന്നതാണ്. പ്രധാനദൂതൻ വഹിക്കുന്ന പേര് നിഗളിച്ച സാത്തനുള്ള ഉത്തരം എന്നു മാത്രമല്ല ദൈവത്തിന്റെ ഉന്നതിയെക്കുറിച്ചുള്ള സാക്ഷ്യവുമാകുന്നു.

—> മീഖായേലിനു മഹാപ്രഭു ((Michael, the Great Prince) ) എന്നും ദൈവത്തിന്റെ പ്രധാനദൂതൻ (Michael the Archangel) എന്ന വിശേഷണമുണ്ട് (ദാനീ.10:21/ദാനീ.12:1/യൂദാ.9). ദൈവത്തിന്റെ പ്രഭുവായ മീഖായേലിന്റെ ഏറിയ അധികാരവും ശക്തിയും വെളിപ്പെടുത്തുന്നു.

—> മീഖായേലിന്റെ ഉത്തരവനുസരിക്കാൻ അവന്റെ കീഴിൽ ദൂതന്മാരുണ്ട് (വെളി.12:7 - *"മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി"*). സാത്താനു ദൂതഗണം ഉണ്ടെന്നു തിരുവചനം പറയുന്നതിനാൽ പ്രധാനദൂതനായ മീഖായേലിനും ദൂതസംഘം ഉണ്ടായിരിക്കും.

—> സാത്താനോടു എതിർക്കാനുള്ള അത്യന്തശക്തി മീഖായേലിനുണ്ടായിരുന്നു. എന്നാൽ ദൈവഹിതമനുസരിച്ചു മാത്രം പ്രവർത്തിക്കുന്ന ദൂതനായിരുന്നു — യൂദാ.9 — *"പ്രധാനദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ചു പിശാചിനോടു തർക്കിച്ചു വാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ: കർത്താവു നിന്നെ ഭത്സിക്കട്ടെ എന്നു പറഞ്ഞതേയുള്ളു "*. മോശെയുടെ ശരീരത്തെക്കുറിച്ചുണ്ടായ തർക്കം എന്താണെന്നു വെളിപ്പെടുത്തിയിട്ടില്ല. ഒരുപക്ഷേ മോശെ മിസ്രയീമ്യനെ അടിച്ചുകൊന്നതിനാൽ കുലപാതകൻ എന്ന നിലയിൽ തർക്കിച്ചു തടഞ്ഞതായിരിക്കാം. അല്ലെങ്കിൽ മോശെയുടെ ശവശരീരം ഭൂമിയിൽ യിസ്രായേൽ കാണത്തക്കവണ്ണം ശേഷിപ്പിക്കുവാൻ സാത്താൻ ആഗ്രഹിച്ചിരിക്കാം. അങ്ങനെയുണ്ടായാൽ യിസ്രായേൽ മോശെയെ ദൈവത്തിനു പകരമായി ആരാധിക്കുവാനും തദ്വാരാ ജനത്തെ വിഗ്രഹാരാധനയിലേക്കു നയിക്കുവാനും സാത്താൻ ചിന്തിച്ചിരിക്കാം. മീഖായേൽ സാത്താനോടു തർക്കിച്ചപ്പോൾ *ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ: കർത്താവു നിന്നെ ഭത്സിക്കട്ടെ എന്നു പറഞ്ഞതേയുള്ളു* എന്ന പ്രസ്താവനയിൽ മനസ്സിലാക്കുന്നത് പ്രധാനദൂതനായ മീഖായേലിനു സാത്താനെതിരേ പ്രവർത്തിക്കുവാൻ ശക്തിയുണ്ടെങ്കിലും തന്റെ ദൈവത്തിലുള്ള ആശ്രയമാണ് വെളിപ്പെടുന്നത്. മീഖായേൽ യേശുക്രിസ്തുവല്ലെന്നുള്ളതിനു ഒരു തെളിവുകൂടി പ്രസ്തുത വാക്യത്തിലൂടെ ലഭിക്കുന്നു. യേശുക്രിസ്തു മീഖായേൽ ആയിരുന്നുവെങ്കിൽ നിശ്ചയമായും സാത്താനെ ഭത്സിക്കുമായിരുന്നു. കാരണം യേശുക്രിസ്തു സാത്താനെയും ഭൂതത്തെയും അനേകപ്രാവശ്യം ഭത്സിച്ചിട്ടുണ്ട് (മത്താ.17:18/മർക്കൊ.1:25/മർക്കൊ.9:25/ലൂക്കൊ.4:35).

—> സഭയുടെ ഉത്പ്രാപണത്തിൽ പ്രധാനദൂതനായ മീഖായേലിന്റെ സാന്നിദ്ധ്യമുണ്ട്(1.തെസ്സ.4:16)

—> യിസ്രായേലിന്റെ കഷ്ടകാലത്തിൽ അഥവാ പീഡനകാലത്ത് മീഖായേൽ അവരുടെ സഹായിയായി എഴുന്നേൽക്കുമെന്നു പറഞ്ഞിട്ടുണ്ട്. — ദാനീ.12:1 - *"ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണനിൽക്കുന്ന മഹാപ്രഭുമാകുന്ന മീഖായേൽ എഴുന്നേൽക്കും; ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും"* മഹാപീഡനകാലത്തെ യിസ്രായേലിനെ സംരക്ഷിക്കുവാനുള്ള ചുമതല മീഖായേലിനെ ദൈവം ഏല്പിക്കുമെന്നതണിതിലൂടെ വെളിപ്പെടുന്നത്.

**(2) സാത്താൻ** (Satan - His identity) —

ദൈവത്തിന്റെ പ്രധാനദൂതനായ മീഖായേലിനോടും വിശുദ്ധദൂതന്മാരോടും പോരാടുന്നത് മഹാസർപ്പമായ സാത്താനാണ്. സാത്താനെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്ന അനേകവേദഭാഗങ്ങൾ തിരുവചനത്തിലുണ്ട് (യെശ.14:12-20/യെഹെ.28:12-19/1.പത്രൊ.5:8). ദൈവത്തോടു പാപം ചെയ്ത ദൂതന്മാരുടെ തലവനാണ് സാത്താൻ. ആദാമ്യസൃഷ്ടിക്കു മുമ്പുതന്നെ സാത്താൻ ഉണ്ടായിരുന്നുവെന്നത് അവൻ പാപം ചെയ്ത ദൂതനാണെന്നു മനസ്സിലാക്കാം. ദൈവത്തോടു സമനാകുവാൻ ആഗ്രഹിച്ചു നിഗളിച്ചു സാത്താൻ പാപം ചെയ്യുന്നതിനു മുമ്പു സാത്താനും ഒരു സൗന്ദര്യപൂർണ്ണനായ ദൈവദൂതനായിരുന്നു. ദൈവസന്നിധിയൽ വിവിധശുശ്രൂഷകൾ ചെയ്തു ഏറിയമഹത്വത്തോടെ നിന്ന ഇവനെ അരുണോദയപുത്രനായ ശുക്രൻ എന്നാണ് (O Lucifer, son of the morning -> Lucfer= Day Star) യെശയ്യാപ്രവാചകൻ വിശേഷിപ്പിച്ചിരിക്കുന്നത് (യെശ.14:12).

മീഖായേലുമായി പടവെട്ടുന്ന മഹാസർപ്പം സാത്താൻ തന്നെയാണെന്നു വെളിപ്പാട് 12:9,10 വാക്യങ്ങളിലൂടെ വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവന്റെ സ്വഭാവവും പ്രവൃത്തിയും അനുസരിച്ച് വിവിധപേരുകളിൽ സാത്താനെ അറിയപ്പെടുന്നു.

**(1) ശുക്രൻ (Lucifer—യെശ.14:12) —**

ദൈവത്തോടു മത്സരിച്ചു സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കപ്പെട്ടപ്പോൾ വിവരിക്കുന്ന നാമമാണിത്. ശുക്രൻ എന്ന പേരിന്റെ എബ്രായരൂപം ഹീലേൽ (Heylel= shining) എന്നാണ്. ഇതിനർത്ഥം പ്രകാശിക്കുന്ന എന്നാണ്. ഹീലേൽ എന്ന പദം ഹലാൽ (halal = to shine, boast, praise) എന്ന പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. പ്രകാശിക്കുക, പുകഴ്ത്തുക, സ്തുതിക്കുക എന്നൊക്കെയാണർത്ഥം. ശുക്രൻ എന്ന മലയാളപദത്തിന്റെ ലാറ്റിൻ രൂപമാണ് ലൂസിഫർ. തേജോമയനായ ദൈവത്തിന്റെ സന്നിധിയിൽ ജ്വലിച്ചു പ്രകാശിച്ചു ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തുന്നവനായിരുന്നു ശുക്രൻ. എന്നാൽ തന്റെ

വീഴ്ചയിൽ അനുതാപമില്ലാതെ പ്രകാശവാൻ എന്ന ചിന്തയിൽ സ്വയം പുകഴ്ത്തി വിഹരിക്കുന്നു. വെളിച്ചവാഹി എന്നു പേരുണ്ടെങ്കിലും വെളിച്ചമെന്നു നടിക്കുന്നവനും അന്ധകാരത്തിന്റെ ഉറവിടവുമായിരിക്കുന്നു.

**(2) അരുണോദയപുത്രൻ (Son of the morning/ Son of the Dwan—യെശ.14:12) —**

ലൂസിഫർ അഥവാ ശുക്രൻ എന്ന പേരിന്റെ വിശേഷണമായിട്ടാണ് അരുണോദയപുത്രൻ എന്നു പറഞ്ഞിരിക്കുന്നത്. എബ്രായഭാഷയിൽ ബെൻ ഷാക്കാർ (ben shachar) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം ഉദയസൂര്യന്റെ പുത്രൻ അഥവാ പ്രകാശപുത്രൻ എന്നാണ്. സാത്താൻ പാപത്തിൽ വീഴുന്നതിനുമുമ്പുള്ള അവന്റെ പ്രതാപശോഭയെ കുറിക്കുന്നു. എന്നാൽ ഇന്നു സാത്തൻ ഇരുട്ടിന്റെ പുത്രൻ എന്ന നിലയിലാണ് അവന്റെ പ്രവർത്തനം.

**(3) പഴയപാമ്പ് (Serpent of the old — വെളി.12:9/വെളി.20:2) —**

പാമ്പ് എന്ന വിശേഷണം അവന്റെ കുശാഗ്രമായ ബുദ്ധിയെയും വഞ്ചനാസ്വഭാവത്തെയും കുറിക്കുന്നു. പഴയ എന്നത് ആദാമ്യസൃഷ്ടിക്കു മുമ്പേയുള്ള സാത്തന്റെ പ്രവർത്തനത്തെ വെളിപ്പെടുത്തുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യനെ ഏദെൻതോട്ടത്തിൽവെച്ചു ചതിച്ച സാത്താന്യപ്രവർത്തനത്തെയും പഴയപാമ്പ് എന്ന വിശേഷണം ഓർമ്മിപ്പിക്കുന്നു. സർപ്പത്തിന്റെ ആകൃതി അവന്റെ സ്വഭാവം വഞ്ചന (cunning /deception) നിറഞ്ഞതാണെന്നു കാണിക്കുന്നു.

**(4) തീ നിറമുള്ള മഹാസർപ്പം (Great fiery red Dragon — വെളി.12:3,7,9/വെളി.20:2) —**

സാത്തന്റെ സ്വഭാവമായ രക്തച്ചൊരിച്ചിലും കുലപാതകവുമാണ് (blood shedding and murder) തീ നിറം അഥവാ തീ ചുവപ്പു പ്രകടമാക്കുന്നത്. മഹാ (great) എന്നുള്ള വിശേഷണം ലോകത്തിന്മേൽ സാത്താനുള്ള ശക്തിയും സ്വാധീനതയും (power and control over the world) കുറിക്കുന്നു.

**(5) പിശാച് (Devil — വെളി.12:9 / വെളി.20:2,10) —**

എബ്രായഗ്രീക്കു ഭാഷകളിൽ പിശാച് എന്ന പദത്തിനുള്ള വാക്കുകളുടെ അർത്ഥം നോക്കിയാൽ പിശാചിന്റെ സ്വഭാവും പ്രവൃത്തിയും ശരിക്കും വെളിപ്പെടും. പിശാചിനെ കുറിച്ചുള്ള പഠനത്തിനു ഡീമനോളൊജി (Demonology) അഥവാ ഭൂതശാസ്ത്രം എന്നു പറയുന്നു. മലയാളത്തിൽ ഭൂതം, ദുർഭൂതം, ദുരാത്മാവ് എന്നിവക്കു ഇംഗ്ലീഷിൽ ഡീമൻ (Demon) എന്നും ഗ്രീക്കിൽ ഡെയ്മൻ (Daimon) എന്നും പറയുന്നു.

എബ്രായഭാഷയിൽ പിശാചിനു ഉപയോഗിച്ചിരിക്കുന്ന രണ്ടു പദങ്ങളിൽ സയീർ (sair= with hairs) എന്നാൽ രോമമുള്ളവൻ എന്നും ഷെഡ് (shed=destroyer)എന്നാൽ നശിപ്പിക്കുന്നവൻ എന്നുമർത്ഥം. ക്രൂരമൃഗത്തിന്റെ സ്വഭാവവും സകലതും നശിപ്പിക്കുന്ന പിശാചിന്റെ പ്രവണതയെയും കുറിക്കുന്നു.

ഗ്രീക്കുഭാഷയിൽ പിശാചിനു മൂന്നു പദങ്ങളുപയോഗിച്ചിരിക്കുന്നു. (1) ഡൈമോൺ (Daimon = great / lord) എന്നാൽ ദിവ്യൻ അഥവാ മഹാൻ എന്നർത്ഥം. കൂടാതെ ദുർഭൂതം, ദുരാത്മാവ് എന്നീ അർത്ഥങ്ങളുമുണ്ട്. പിശാച്  ഈ ലോകത്തിന്റെ ദൈവം എന്ന നിലയിൽ സകലരും മഹാനായി കരുതുന്നു. (2) ഡൈമോണിയൻ (Daimonian= shadow/ cover) എന്നാൽ നിഴൽ, മറെക്കുന്നവൻ എന്നർത്ഥം. വിശ്വാസികളുടെആത്മീകദൃഷ്ടിയെ കുരുടാക്കുകയും സകലതും മറക്കുകയും ചെയ്യുന്നു (3) ഡയബോളോസ് (Diabolos = false accuser/ slanderer) എന്നാൽ കുറ്റം ചുമത്തുന്നവൻ, അപവാദി എന്നർത്ഥം. വിശ്വാസികളെ അപവാദം പറയുകയും ദുഷിക്കുകയും ചെയ്യുന്ന സ്വഭാവത്തെ വിളിച്ചറിയിക്കുന്നു.

**(6) സാത്താൻ (Satan — വെളി.12:9 / വെളി.20:2,10) —**

എബ്രായഭാഷയിൽ സാറ്റാനസ് (SATANAS) എന്ന പദമാണ് സേറ്റൻ (SATAN) എന്നു പറയുകയും സാത്താൻ എന്നു മലയാളത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നത്. എബ്രായഭാഷയിൽ സേറ്റൻ എന്നാൽ കുറ്റം ചുമത്തുന്നവൻ, എതിരാളി (adversary / Opponent )എന്നർത്ഥം. പൗലൊസ് സാത്താൻ എന്നതിന് സാറ്റാനസ്സും (സാത്താൻ) ഡയോബോളോസും (പിശാച്) മാറിമാറി ഉപയോഗിച്ചിട്ടുണ്ട്. സാത്തൻ കുറ്റം ചുമത്തുന്നവൻ, എതിരാളി എന്നീ നിലയിൽ ദൈവത്തെയും ദൈവമക്കളെയും കുറ്റം ചുമത്തുകയും എതിർക്കുകയും ചെയ്യുന്നു. ചിലപ്പോൾ സാത്താൻ വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു (2.കൊരി.11:14). ചിലസമയങ്ങളിൽ വിശ്വാസികളുടെ പ്രതിയോഗിയായി അലറുന്ന സിംഹം എന്നപോലെ ചുറ്റി നടക്കുന്നു (1.പത്രൊ.5:8).

**(7) ഈ ലോകത്തിന്റെ പ്രഭു (The Ruler of this World—യോഹ.12:31/യോഹ.14:30/യോഹ.16:11) —**

ലോകം എന്നത് ദൈവത്തെ മാറ്റി നിറുത്തിക്കൊണ്ടുള്ള ഭരണസംവിധാനത്തെ കുറിക്കുന്നു. ഈ ലോകത്തിന്റെ പ്രഭു എന്ന നിലയിൽ സകലരാലും മാനിക്കപ്പെടുന്നു. ലോകത്തിലെ സകലകാര്യങ്ങളിലും നേതൃത്വം വഹിച്ചു ഭൂവാസികളെ ദൈവത്തിൽ നിന്നകറ്റുകയെന്നതാണിവന്റെ ജോലി. ലോകത്തിന്റെ പ്രഭു എന്നു മലയാളത്തിൽ പറഞ്ഞിരിക്കുന്നത് ഇംഗ്ലീഷിൽ ഭരണാധികാരി എന്നാണു കാണുന്നത്. അതായത് സാത്താൻ ലോകത്തിന്റെ പ്രഭുവും ഭരണാധികാരിയുമെന്നതിനെ കുറിക്കുന്നു. സമാധാനവും സന്തോഷവും നൽകുന്ന ദൈവത്തിന്റെ ഭരണത്തിൽ നിന്നു ലോകക്കാരെ അകറ്റി സാത്താൻ

സകലത്തിന്റെയും അദൃശ്യഭരണാധികാരിയായി അവരുടെ പ്രഭുവായി വാഴുന്നു.

**(8) ഈ ലോകത്തിന്റെ ദൈവം (The god of this age —2.കൊരി.4:4) —**

*"ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി"* എന്ന തിരുവചനം സാത്താന്റെ പ്രവർത്തനത്തെയും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തിനെയും വിശദീകരിക്കുന്നു. മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചക്കു കാരണക്കാരനായ സാത്താൻ അവനെ വശത്താക്കി തന്നിൽ ആശ്രയിക്കുവാനും ദൈവത്തെ എതിർക്കുവാനും പ്രേരിപ്പിക്കുന്നു. മാത്രവുമല്ല മനുഷ്യന്റെ സകല ആവശ്യങ്ങൾക്കും താൻ മതിയായവൻ എന്നും ലോകത്തിന്റെ പ്രഭു എന്ന നിലയിൽ തന്റെ വാക്കനുസരിക്കുവാനും, ദൈവം എന്ന നിലയിൽ തന്നെ ആരാധിക്കുവാനും ആവശ്യപ്പെടുന്നു. ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷം കേട്ടു ലോകരുടെ ഹൃദയവും കണ്ണും തുറക്കാതിരിക്കുന്നതിനായി അവരുടെ മനസ്സു കുരുടാക്കി ഇരുട്ടു നിറക്കുന്നു. സാത്താൻ ലോകത്തിന്റെ ദൈവം എന്ന നിലയിൽ അവിശ്വാസികളിൽ വാഴുന്നു.

**(9) ആകാശത്തിലെ അധിപതി (The prince of the power of the air —എഫെ.2:2) —**

സാത്താൻ ആകാശത്തിലെ അധിപതിയാണ്. സ്വർഗ്ഗത്തിൽ നിന്നു വീഴത്തപ്പെട്ടവനാണ് സാത്താനും കൂട്ടരും. അവനും അവന്റെ കൂട്ടരും ആകാശമണ്ഡലങ്ങളിലൂടെ സഞ്ചരിച്ച് ഭൂമിയിൽ സകല വിധമായ ദുഷ്പ്രവത്തികൾക്കും വിത്തു പാകുന്നു. അവിശ്വാസികളിൽ ദൈവത്തോടും ദൈവജനത്തോടും വിദ്വേഷമുളവാക്കുന്നു. വിശ്വാസികളിൽ സംശയങ്ങളും പാപം ചെയ്യുവാനുള്ള പ്രവണതയും വർദ്ധിപ്പിച്ച് ലോകരെപ്പോലെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്നു.

**(10) അനുസരണക്കേടിന്റെ മക്കളിൽ വ്യാപരിക്കുന്ന ആത്മാവ് (Of the spirit that is now working — എഫെ.2:2) —**

അനുസരണക്കേടിന്റെ മക്കളിൽ അഥവാ അവിശ്വാസികളിൽ വസിക്കുന്നത് ലോകത്തിന്റെ ആത്മാവ് അഥവാ സാത്താന്റെ ആത്മാവാണ്. പരിശുദ്ധാത്മാവിനെതിരായുള്ള പ്രവർത്തനങ്ങളെല്ലാം സാത്താന്റെ ആത്മാവിൽ നിന്നാണ്. ഈ ദുരാത്മാവിന്റെ പ്രവർത്തനത്താൽ ദുഷ്പ്രവത്തികളിൽ മുഴുകി ലോകരെല്ലാം സാത്താന്റെ കരങ്ങൾക്കുള്ളിലായിത്തീരുന്നു. ഇന്നു ലോകരിൽ വസിക്കുന്നതും പ്രവർത്തിക്കുന്നതുമായ സാത്താന്റെ ആത്മാവിനെ ലോകത്തിന്റെ ആത്മാവ് എന്നു വിളിക്കുന്നു. എന്നാൽ വിശ്വാസികൾ ദൈവത്തിന്റെ ആത്മാവിനെയാണ് പ്രാപിച്ചത് (1.കൊരി.2:12).

**(11) ഭോഷ്കിന്റെ പിതാവ് (Father of liar—യോഹ.8:44) —**

*"അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു"* എന്നത് സാത്താനെക്കുറിച്ചുള്ള യേശു കർത്താവിന്റെ സാക്ഷ്യമാണ്. ഭോഷ്കിന്റെ പിതാവെന്ന വിശേഷണം സാത്താന്റെ സ്വഭാവത്തെയും അവന്റെ പ്രവൃത്തിയെയും വെളിപ്പെടുത്തുന്നു. ഇന്നു നടമാടുന്ന സകല കള്ളവും, കപടവും, വഞ്ചനയും, ചതിയും ഭോഷ്കിന്റെ പിതാവായ സാത്താനിൽ നിന്നു പുറപ്പെടുന്നു. ഏദെനിൽവെച്ചു ഹവ്വായോടു ഭോഷ്കു പറഞ്ഞു വശത്താക്കി അവളിൽ ഭോഷ്കിന്റെ വിത്തു പാകുവാനും സാത്താനു കഴിഞ്ഞു. ഏദെൻതോട്ടത്തിൽ ആരംഭിച്ച ഭോഷ്കിന്റെ പ്രവർത്തനം സാത്താൻ ഇന്നും തുടരുന്നു.

**(12) ദുഷ്ടൻ (The evil one —1.യോഹ.5:19) —**

*"സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു"* എന്ന വാക്യത്തിൽ ദുഷ്ടൻ എന്നത് സാത്താനാണ്. സ്നേഹമോ, കരുതലോ, ദയയോ, കരുണയോ കൂടാതെ പ്രവർത്തിക്കുന്നവനാണ് ദുഷ്ടൻ. എല്ലാ ദുഷ്ടതയും പാപമായി കണക്കാക്കാമെങ്കിലും എല്ലാ പാപവും ദുഷ്ടത നിറഞ്ഞതായിരിക്കയില്ല. കരുണകൂടാതെ വന്യമൃഗത്തെപ്പോലെ പെരുമാറുന്നവനാണ് ദുഷ്ടൻ. ഇന്നത്തെ ലോകം ദുഷ്ടനായ സാത്താന്റെ അധീനതയിൽ കിടക്കുന്നു. എന്നാൽ ദൈവമക്കളെ ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നും (ഗലാ.1:3) ദുഷ്ടനിൽ നിന്നും വിടുവിക്കുവാനിടയായത് യേശുക്രിസ്തുവിന്റെ കാൽവറിക്രൂശിലെ മരണത്തിലൂടെയാണ്.

**(13) ബെലീയാൽ (Belial–2.കൊരി.6:15) —**

അവിശ്വാസികളിൽ നിന്നു വിശ്വാസികൾ വേർപെടുന്നതിനെക്കുറിച്ചു പറയുമ്പോഴാണ് അപ്പൊസ്തലനായ പൗലൊസ് ചോദിക്കുന്നത് —ക്രിസ്തുവിന്നും ബെലീയാലിന്നും തമ്മിൽ എന്തു പൊരുത്തം? ബെലീയാൽ എന്നത് സാത്താന്റെ മറ്റൊരു പേരാണ്. ഈ വാക്കിനർത്ഥം വിലയില്ലാത്തവൻ (worthless/hopeless) എന്നാണ്. ക്രിസ്തുവിനും സാത്താനും തമ്മിൽ ബന്ധമില്ലാത്തതുപോലെ വിശ്വാസികൾക്കു അവിശ്വാസികളുമായി ഒരു ബന്ധവും ഉണ്ടാകുവാൻ പാടില്ല. സാത്താൻ വിലയില്ലാത്തവനും നാശയോഗ്യനും ആകയാൽ അവനിൽ ആശ്രയിക്കുന്നവനും നശിക്കുവാനിടയാകും.

**(14) ബെയെത്സെബൂൽ (Beelzebul— മത്താ.12:24/മർക്കൊ.3:22/ലൂക്കൊ.11:15) —**

ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂൽ എന്നാണ് തിരുവചനത്തിൽ കാണുന്നത്. കർത്താവു ഭൂതഗ്രസ്തനെ സൗഖ്യമാക്കിയപ്പോൾ അതു ബെയെത്സെബൂൽ എന്ന ഭൂതത്തലവനെക്കൊണ്ടാണ് സൗഖ്യം കൊടുത്തതെന്നു യെഹൂദാപ്രമാണികൾ പറഞ്ഞു പിറുപിറുത്തു. ബെയെത്സെബൂൽ എന്നത്

ഫെലിസ്ത്യരുടെ എക്രോനിലെ ദേവനാണ് (2.രാജാ.1:2). ബെയെത്സെബൂൽ എന്ന എബ്രായനാമത്തി നർത്ഥം "ഈച്ചകളുടെദേവൻ" എന്നും "പറക്കുന്നവരുടെ പ്രഭു" എന്നുമാണ്. അതായത് എവിടെയും പറന്നെത്താൻ കഴിയുന്ന ദുരാത്മാക്കളുടെ പ്രഭുവാണ് ബെയെത്സെബൂൽ എന്നു കരുതാം.

**(15) ശത്രു (Enemy) — മത്താ.13:27,28 —**

*"യജമാനനേ, വയലിൽ നല്ലവിത്തല്ലയോ വിതെച്ചതു? പിന്നെ കള എവിടെനിന്നു വന്നു എന്നു ചോദിച്ചു. ഇതു ശത്രു ചെയ്തതാകുന്നു എന്നു അവൻ അവരോടു പറഞ്ഞു."*

**(16) അബദ്ദോൻ / അപ്പൊല്ലുവോൻ (Abaddon/ Apollyon— വെളി.9:11) —**

എബ്രായഭാഷയിൽ അബദ്ദോൻ എന്നാൽ നാശം (destruction) എന്നും ഗ്രീക്കിൽ അപ്പൊല്ലുവോൻ എന്നാൽ നാശകൻ (destroyer) എന്നുമർത്ഥം. നാശകൻ തകർക്കുന്നവൻ എന്നർത്ഥത്തിൽ അബദ്ദോൻ, അപ്പൊല്ലുവോൻ എന്നു പേരുകൾ അഗാധകൂപത്തിലെ ബന്ധിതനായ സാത്താന്യദൂതപ്രമുഖനെ കുറിക്കുന്നു.

**(17) കുലപാതകൻ (Murderer) — വെളി.12:1-6 —**

സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നു കളയുവാൻ അഥവാ കൊല്ലുവാൻ സ്ത്രീയുടെ മുമ്പിൽ കുലപാതകനായ സാത്താൻ നിൽക്കുന്നു.

**(18) വഞ്ചകൻ (Deceiver) — വെളി.12:7-9 —**

ഭൂതലത്തെ മുഴുവൻ തെറ്റിച്ചു കളയുന്ന പഴയപാമ്പാകുന്ന വഞ്ചകനാണവൻ.

**(19) അപവാദി (Accuser) — വെളി.12:10,11 —**

സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയാണവൻ.

**(20) പീഡകൻ (Persecutor) — വെളി.12:11-17 —**

ഗർഭിണിയായ സ്ത്രീയെ ഉപദ്രവിക്കുവാനോ അവൾ പ്രസവിച്ച ആൺകുട്ടിയെ കൊല്ലുവാനോ അവനു സാധിച്ചില്ല. കൂടാതെ അവനും കൂട്ടാളികളും വിശുദ്ധദൂതന്മാരുമായി യുദ്ധം ചെയ്തിട്ടു അവരെ ജയിക്കുവാനും കഴിഞ്ഞില്ല. ഇനിയും അവനു അല്പകാലമേയുള്ളു എന്നറിഞ്ഞു മഹാക്രോധത്തോടെ ഭൂമിയിൽ വിശേഷാൽ യിസ്രായേലിന്റെ ശേഷിപ്പിനോടു തിരിഞ്ഞ് അവരെ കഠിനമായി പീഡിപ്പിക്കുന്നു. സാത്താൻ പീഡകൻ എന്ന നിലയിൽ അവന്റെ പ്രവൃത്തിയെ അനുസ്മരിപ്പിക്കുന്ന പേരാണിത്.

സ്വർഗ്ഗത്തിലെ യുദ്ധത്തിൽ പോരാടുന്നത് പ്രകൃത്യതീതശക്തികളായ ദൂതന്മാരാണ്. പക്ഷേ അവർ ദൈവദൂതന്മാരും സാത്താന്യദൂതന്മാരുമാണ്. അവരെ നയിക്കുന്നത് ഒരു വശത്ത് ദൈവത്തിന്റെ പ്രധാന ദൂതനായ മീഖായേലും, മറുവശത്ത് ദുഷ്ടാത്മശക്തികളുടെ തലവനും മഹാസർപ്പവുമായ സാത്താനുമാണ്. സ്വർഗ്ഗത്തിൽ യുദ്ധമുണ്ടായതിനെപ്പറ്റി യോഹന്നാൻ വിവരിക്കുന്നത് — *"മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും."* സ്വർഗ്ഗത്തിൽ അരങ്ങേറുന്നയുദ്ധത്തിനു തുടക്കം കുറിച്ചത് ആരാണു വെളിപ്പെടുത്തിയിട്ടില്ല. മഹാസർപ്പമായ സാത്താൻ യിസ്രായേലാകുന്ന സ്ത്രീയെ ഉപദ്രവിക്കുവാൻ തുടങ്ങിയ ശേഷം യുദ്ധത്തെപ്പറ്റി വിവരിക്കുന്നതിനാൽ മീഖായേലായിരിക്കണം ദൈവകല്പനപ്രകാരം സാത്താനോടു പോരാട്ടം ആരംഭിച്ചത്. യുദ്ധരംഗം ആകാശമണ്ഡലമായിരിക്കുമെന്നും ചിന്തിക്കാം. ദൂതന്മാർ ആത്മരൂപികളായതിനാൽ അവർ തമ്മിലുള്ള യുദ്ധത്തിൽ ഏതെല്ലാം ആയുധങ്ങൾ ഉപയോഗിച്ചുവെന്നും വ്യക്തമല്ല. എന്നാൽ ദൂതന്മാർ ചിലയവസരങ്ങളിൽ മനുഷ്യശരീരത്തിൽ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നതു തിരുവചനം സാക്ഷ്യപ്പെടുത്തുന്നു. യുദ്ധം മിക്കവാറും ആകാശമണ്ഡലത്തിൽ അരങ്ങേറുന്നതിനാൽ ഒരു പക്ഷേ ഇരുചേരിയിലുള്ളവരും ഭൗമീകായുധങ്ങൾ ഉപയോഗിക്കാനും സാദ്ധ്യതയുണ്ട്. ഏതായാലും രണ്ടു തുല്യശക്തികൾ തമ്മിയുള്ള യുദ്ധമാകയാൽ അതിഭയങ്കരമായ യുദ്ധം തന്നെയായിരിക്കും നടക്കുക. എന്നാൽ സാത്താൻ ദൈവത്തിന്റെ ശത്രുവും തോൽപ്പിക്കപ്പെട്ടവനും ആകയാൽ അവന്റെയും കൂട്ടാളികളുടെയും ശക്തിക്കു പരിമിതികളുണ്ട്. യുദ്ധത്തിന്റെ മറ്റൊരു പ്രത്യേകതയെന്നത് ഭൂമിയിലെ മനുഷ്യർക്കു കാണത്തക്കവണ്ണം ദൃശ്യമണ്ഡലത്തിലല്ല യുദ്ധം നടക്കുന്നത്. എന്നാൽ യുദ്ധത്തിന്റെ അനന്തരഫലം ഭൂമിയിലായിരിക്കും ഉണ്ടാകുക. സ്വർഗ്ഗത്തിൽ നടന്ന ഘോരയുദ്ധത്തിന്റെ അവസാനം മഹാസർപ്പവും കൂട്ടരും തോൽക്കുവാനിടയായി.

**വെളി.12:8 — സ്വർഗ്ഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല** (nor was a place found for them in heaven any longer) —

സ്വർഗ്ഗത്തിൽ നടക്കുന്ന ഘോരയുദ്ധത്തിന്റെ അന്ത്യത്തിൽ സാത്താനും കൂട്ടരും തോൽവിയടഞ്ഞു. യുദ്ധത്തിൽ തോറ്റു പുറത്താകുന്നതുവരെ സാത്താൻ ഭൂമിയിലും സ്വർഗ്ഗത്തിലും പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. എന്നാൽ മീഖായേലുമായുള്ള യുദ്ധത്തോടു കൂടി സാത്താൻ സ്വർഗ്ഗത്തിൽ നിന്നു എന്നെന്നേക്കുമായി തള്ളപ്പെട്ടു. സ്വർഗ്ഗത്തിൽ അവരുടെ അഥവാ സാത്താന്റെയും കൂട്ടരുടെയും സ്ഥലം പിന്നെ കണ്ടതുമില്ല എന്നു യോഹന്നാൻ സാക്ഷീകരിക്കുന്നു. എന്നാൽ സ്വർഗ്ഗത്തിൽ നിന്നും അവന്റെ വിഹാരരംഗം എന്നേക്കുമായി അവസാനിക്കുംമുമ്പു മറ്റൊരു സുപ്രധാനസംഭവം സ്വർഗ്ഗത്തിൽ നടന്നിരിക്കും.

വിശ്വാസികൾക്കായുള്ള സ്വർഗ്ഗത്തിലെ ന്യായാസനത്തിന്റെ സ്ഥാപനമാണത്. സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടു കുഞ്ഞാടിന്റെ കല്യാണത്തിനു മുമ്പാണിതു നടക്കേണ്ടുന്നത്. അന്നു സകലവിശ്വാസികളും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കണം (റോമ.14:10-12/2.കൊരി.5:10). അവരുടെ വേലകളെ കർത്താവു പരിശോധിച്ച് ആദരിക്കേണ്ടവരെ വിവിധ കിരീടങ്ങൾ നൽകി ബഹുമാനിക്കും (1.കൊരി.3:10-15). അന്നു സാത്താൻ വിശ്വാസികൾക്കെതിരേ അപവാദം പറയുവാനും, ദുഷിക്കുവാനും തെളിവുകളുടെ കൂമ്പാരവുമായി പ്രതിഭാഗവക്കീലിനെപ്പോലെ ന്യായാസനത്തിനരികിൽ ഉണ്ടായിരിക്കും. തദവസരത്തിൽ വിശ്വാസികൾ ലജ്ജിതരായി നിന്നുപോകാം. എന്നാൽ കർത്താവു വിശ്വാസികളെ തന്റെ രക്തം കൊടുത്തു വിലക്കുവാങ്ങിയിരിക്കയാൽ അവരെ തള്ളിക്കളയാതെ തിരുസന്നിധിയിൽ ചേർത്തുകൊള്ളും.

**വെളി.12:9 — ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയപാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു. അവന്റെ ദൂതന്മാരെയും അവനോടു കൂടെ തള്ളിക്കളഞ്ഞു** (So the great dragon was cast out, that serpent of old, called the Devil and Satan, who deceives the whole world; he was cast to the earth, and his angels were cast out with him) —

മീഖായേലിന്റെ നേതൃത്വത്തിലുള്ള സ്വർഗ്ഗീയസേനകളും സാത്താന്റെ നേതൃത്വത്തിലുള്ള പൈശാചികസേനകളും തമ്മിലുള്ള യുദ്ധത്തിൽ സാത്താനും കൂട്ടരും തോൽക്കുവാനിടയായി. ദൈവത്തിന്റെ പ്രധാനദൂതനായ മീഖായേൽ മഹാസർപ്പമായ സാത്താനെയും അവന്റെ സഹായികളെയും ഭൂമിയിലേക്കു തള്ളിക്കളഞ്ഞു. യുദ്ധത്തിനു മുമ്പുവരെ സാത്താനു സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയുമായിരുന്നു. കാരണം അവനെ വിലക്കുകയോ പുറത്താക്കുകയോ ചെയ്തിട്ടില്ലായിരുന്നു. എന്നാൽ യുദ്ധാനന്തരം അവനു സ്വർഗ്ഗത്തിൽ ഒരിക്കലും പ്രവേശിക്കുവാൻ കഴിയുകയില്ല. അവന്റെ സ്ഥലം പിന്നെ സ്വർഗ്ഗത്തിൽ കണ്ടതുമില്ല എന്നു യോഹന്നാൻ കഴിഞ്ഞ വാക്യത്തിൽ സാക്ഷ്യപ്പെടുത്തിയിരുന്നു. ദാനീയേലിന്റെ എഴുപതാം ആഴ്ചവട്ടത്തിന്റെ മദ്ധ്യഭാഗത്താണ് സാത്താന്റെ ഭൂമിയിലേക്കുള്ള പതനം സംഭവിക്കുന്നത്.

വെളി.12:9 -ൽ സാത്തന്റെ പ്രത്യേകതകളെയും, യുദ്ധാനന്തരമുണ്ടായ സംഭവങ്ങളെയും വിവരിക്കുന്നു.

**പ്രത്യേകതകൾ :** (Features of the enemy)

**(1) ഭൂതലത്തെ മുഴുവൻ തെറ്റിച്ചു കളയുന്നവൻ** (who deceives the whole world) — സാത്താൻ ഭൂതലത്തെ മുഴുവൻ തെറ്റിക്കുകയും ചതിക്കുകയും ചെയ്യുന്നവനാണ്. ഭൂതലം എന്നാൽ ദൈവം സൃഷ്ടിച്ച മനോഹരഭൂമിയും അതിലെ നിവാസികളും ഉൾപ്പെടുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ ആദ്യത്തെ ആറു ദിവസംകൊണ്ടു സകലത്തെയും ഉണ്ടാക്കി *"താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു"* (ഉല്പ.1:31). എന്നാൽ ദൈവത്തിന്റെ പ്രവൃത്തിയിൽ അസൂയാലുവായി സകലത്തെയും തെറ്റിച്ചുകളയുവാൻ മനുഷ്യനെ ചതിച്ചു പാപത്തിലേക്കു നയിച്ചു. അന്നു മുതൽ ഇന്നുവരെയും സാത്താന്റെ ജോലി ദൈവീകമായ സകലത്തെയും സകലതിനെയും തെറ്റിക്കുകയും ചതിക്കുകയും എന്നതാണ്.

**(2) പിശാച് (Devil) —** പിശാച് എന്നാൽ കുറ്റം ചുമത്തുന്നവൻ, അപവാദി എന്നർത്ഥം ( false accuser/ slanderer). വിശ്വാസികളെ രാപ്പകൽ കുറ്റം ചുമത്തുന്ന അപവാദിയാണ് സാത്താൻ (ഇയ്യോ.1:6-12/സെഖ.3:1).

**(3) സാത്താൻ (Satan) —** സാത്തൻ കുറ്റം ചുമത്തുന്നവൻ, എതിരാളി (adversary/ enemy) എന്നീ നിലയിൽ ദൈവത്തെയും ദൈവമക്കളെയും കുറ്റം ചുമത്തുകയും എതിർക്കുകയും ചെയ്യുന്നു.

**(4) മഹാസർപ്പം (the great dragon) —** മഹാസർപ്പമെന്നത് സാത്താനാണ്. മഹാസർപ്പം എന്ന വിശേഷണം സാത്താന്റെ സ്വഭാവമായ രക്തച്ചൊരിച്ചിലിനെയും കുലപാതകത്തെയും (blood shedding and murder) പ്രകടമാക്കുന്നു. മഹാ (great) എന്നുള്ള വിശേഷണം ലോകത്തിന്മേൽ സാത്താനുള്ള ശക്തിയും സ്വാധീനതയും (power and control over the world) കുറിക്കുന്നു.

**(5) പഴയപാമ്പ് (serpent of old) —** സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യനെ ഏദെൻതോട്ടത്തിൽവെച്ചു ചതിച്ച സാത്താന്യപ്രവർത്തനത്തെ പഴയപാമ്പ് എന്ന വിശേഷണം ഓർമ്മിപ്പിക്കുന്നു. സർപ്പത്തിന്റെ ആകൃതി അവന്റെ സ്വഭാവം വഞ്ചന (cunning /deception) നിറഞ്ഞതാണെന്നു കാണിക്കുന്നു.

**യുദ്ധാനന്തര സംഭവം :** (Incident after war > So the great dragon was cast out, that serpent of old, called the Devil and Satan, who deceives the whole world; he was cast to the earth, and his angels were cast out with him).

സ്വർഗ്ഗീയസൈന്യത്തോടു യുദ്ധം ചെയ്ത പൈശാചികശക്തികൾ തോൽക്കുവാനിടയായി. *"ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയപാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു. അവന്റെ ദൂതന്മാരെയും അവനോടു കൂടെ തള്ളിക്കളഞ്ഞു."* സാത്താനെ മാത്രമല്ല അവന്റെ സകല സൈന്യത്തെയും സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു തള്ളിക്കളഞ്ഞു. അതോടു

കൂടി അവന്റെ പ്രവർത്തനം ഭൂമിയിൽ മാത്രമായിത്തീരുന്നു.

**വെളി.12:10 — അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞുകേട്ടതു: ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു; നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ** (Then I heard a loud voice saying in heaven, Now salvation, and strength, and the kingdom of our God, and the power of His Christ have come, for the accuser of our brethren, who accused them before our God day and night, has been cast down) —

വെളി.12:10 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ സാത്താന്റെ കോപവും തോൽവിയും, വിശുദ്ധന്മാരുടെ അന്തിമവിജയപ്രഖ്യാപനവും കാണുന്നു (Announcement of Satans coming wrath, defeat & the ultimate victory of Saints). സ്വർഗ്ഗത്തിൽ നടന്ന യുദ്ധത്തിൽ മഹാസർപ്പമായ സാത്താനെയും അവന്റെ കൂട്ടരെയും മീഖായേലും ദൈവദൂതന്മാരും ചേർന്നു തോൽപ്പിച്ചു ഭൂമിയിലേക്കു തള്ളിക്കളഞ്ഞു. സാത്താനെയും അവന്റെ ദുഷ്ടത്മസേനയെയും എന്നെന്നേക്കുമായി സ്വർഗ്ഗീയമണ്ഡലത്തിൽ നിന്നു നിഷ്കാസനം ചെയ്യപ്പെട്ടപ്പോൾ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം ഉയരുന്നു. സഹസ്രാബ്ദവാഴ്ചയുടെയും എല്ലാറ്റിന്മേലും ക്രിസ്തുവിന്റെ ആധിപത്യം തുടങ്ങുന്നതിന്റെയും ആരംഭം കുറിക്കലാണ് അവിടെ ഉയർന്നു കേട്ട മഹാശബ്ദം. സമാധാനഭരണത്തിനു മുന്നോടിയായി സകലഭിന്നതകളുടെയും കലഹങ്ങളുടെയും കാരണക്കാരനായ പിശാചിനെ സ്വർഗ്ഗത്തിൽ നിന്നു അടിച്ചിറക്കുന്നു. അതിന്റെ സന്തോഷധ്വനിയാണു ഒരു മഹാശബ്ദമായി യോഹന്നാൻ കേട്ടത്. സാത്താന്റെ പതനത്തോടനുബന്ധിച്ചുയരുന്ന മഹാഘോഷത്തിൽ രണ്ടു കാര്യങ്ങൾ വ്യക്തമായി കാണാം — (1) സ്വർഗ്ഗത്തിൽ സ്തുതിസ്തോത്രങ്ങളടങ്ങിയ ആരാധന ഉയരുന്നു — (Worship in heaven– വെളി.12:10–12); (2) ഭൂമിയിലുണ്ടാകുവാൻ പോകുന്ന മഹാകഷ്ടത്തെക്കുറിച്ചുള്ള പ്രഖ്യാപനവും പീഡനവും (Announcement of woe to earth dwellers and persecution — വെളി.12:12–17).

**അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞുകേട്ടതു:** (Then I heard a loud voice saying in heaven) —

സാത്താനെയും കൂട്ടരെയും ദൈവദൂതസംഘം തോല്പ്പിച്ചു ഭൂമിയിലേക്കു തള്ളിക്കളഞ്ഞു സ്വർഗ്ഗീയമണ്ഡലം ശുദ്ധീകരിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം യോഹന്നാൻ കേട്ടു. അവിടെ ഉയർന്ന സ്വരം സന്തോഷത്തിന്റെ ധ്വനിയായിരുന്നു. സ്വർഗ്ഗത്തിൽ ഇപ്രകാരം പൊട്ടിപ്പുറപ്പെടുന്ന ശബ്ദം അനേക സന്ദർഭങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (വെളി.4:8–11/5:9–14/7:9–12/11:15–18/15:3,4/19:1–8). സാത്താനെ പുറത്താക്കിയപ്പോളുയർന്ന ശബ്ദം "മഹാശബ്ദം" എന്നാണ് യോഹന്നാൻ വിശദീകരിച്ചിരിക്കുന്നത്. "മഹാശബ്ദം" എന്നത് ഏറ്റവും ഉച്ചത്തിൽ, അനേകർ ചേർന്നുള്ള ആർപ്പിന്റെ ഘോഷത്തെ കുറിക്കുന്നു. മഹാശബ്ദം ആരുടെയൊക്കെയാണെന്നു രേഖപ്പെടുത്തിയിട്ടില്ല. സ്വർഗ്ഗീയദൂതഗണത്തിന്റെ ആയിരിക്കാൻ സാദ്ധ്യതയില്ല. കാരണം ഘോഷസ്വരത്തിൽ "നമ്മുടെ സഹോദരന്മാരെ" എന്ന വിശേഷണം ഉപയോഗിച്ചിരിക്കുന്നതിനാൽ തന്നെ. ദൂതന്മാർ സേവകാത്മാക്കളും (എബ്രാ.1:14); വിശുദ്ധന്മാരുടെ സഹഭൃത്യന്മാരുമാണ് (വെളി.19:10/22:8,9). ദൂതന്മാർ വിശുദ്ധന്മാരുടെ സഹോദരന്മാരെന്നു തിരുവചനത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. ആകയാൽ സ്വർഗ്ഗത്തിൽ കേട്ട ശബ്ദം വീണ്ടെടുക്കപ്പെട്ടതും മഹത്വീകരണം ലഭിച്ചതുമായ വിശുദ്ധന്മാരുടേതായിരിക്കാം. അല്ലെങ്കിൽ അഞ്ചാം മുദ്രപൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ട മഹാപീഡനകാലത്തെ രക്തസാക്ഷികളുടേതാകാം (വെളി.6:9–11). കാരണം ദൈവത്തിന്റെ ന്യായവിധിയുടെ വേഗത്തിലുള്ള പൂർത്തീകരണത്തിനായി അവരുടെ നിലവിളി ഉയർന്നതാണ്. സാത്താനെ സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കിയപ്പോൾ അവന്റെ അന്തിമന്യായവിധി ആസന്നമായി എന്നുള്ള അറിവു അവരുടെ മഹാസന്തോഷത്തിനു കാരണമായി.

**ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു —** (Now salvation, and strength, and the kingdom of our God, and the power of His Christ have come) —

സ്വർഗ്ഗത്തിൽ ഉയർന്നുകേട്ട ഈ പ്രഖ്യാപനം മഹോപദ്രവകാലത്തോടനുബന്ധിച്ചു സംഭവിക്കേണ്ടുന്ന യിസ്രായേലിന്റെ രക്ഷ, യിസ്രായേലിന്റെ കൂട്ടിച്ചേർക്കൽ, ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയുടെ ആരംഭം , സഹസ്രാബ്ദഭരണം എന്നിവയെക്കുറിക്കുന്നു. ഏഴാമത്തെ കാഹളധ്വനി ഉയർന്നപ്പോഴും ഇപ്രകാരമുള്ള ഘോഷം ഉണ്ടായി (വെളി.11:15–18). സാത്താന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള പുറത്താക്കലിനെ തുടർന്നു സ്വർഗ്ഗീയസദസ്സിൽ ഉയർന്നു കേട്ട മഹാഘോഷത്തിൽ വിശുദ്ധന്മാരുടെ നാലുവിധ സ്തോത്രസ്വരങ്ങൾ അടങ്ങിയിരിക്കുന്നു.

**(1) ദൈവത്തിന്റെ രക്ഷ —** (The Salvation of God) —

ഒന്നാമതായി അവർ ദൈവത്തിന്റെ രക്ഷയെ കീർത്തിക്കുന്നു. വ്യക്തിപരമായ രക്ഷയേക്കാളുപരി പാപത്തിന്റെയും ശാപത്തിന്റെയും ഫലമായി സാത്താന്റെ സകല ആധിപത്യത്തിൽ നിന്നുമുള്ള

സൃഷ്ടിയുടെ പൂർണ്ണമായ വീണ്ടെടുപ്പാണിവിടെ അർത്ഥമാക്കുന്നത്. അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരമുള്ള ഒരു വീണ്ടെടുപ്പിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. **റോമ.8:19-22 —** *"സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായെക്കു കീഴ്പെട്ടിരിക്കുന്നു, മനപൂർവ്വമായിട്ടല്ല, അതിനെ കീഴ്പെടുത്തിയവന്റെ കല്പനനിമിത്തമത്രേ. സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ."* സാത്താന്റെ തോൽവിക്കുശേഷം ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയോടെ സകലസൃഷ്ടിക്കും ലഭിക്കുവാൻ പോകുന്ന സമ്പൂർണ്ണ വിടുതലാണ് അവർ ദർശിക്കുന്നതും സ്തുതിക്കുന്നതുമായ ദൈവത്തിന്റെ രക്ഷ.

**(2) ദൈവത്തിന്റെ ശക്തി —** (The Strength of God) —

ഇത് ദൈവത്തിന്റെ സർവ്വശക്തിയെ (Gods Omnipotence) കുറിക്കുന്നു.ലോകം മുഴുവൻ അടക്കിവാണിരുന്ന സാത്തന്യശക്തികളുടെ മേൽ ആഞ്ഞടിച്ചു സകലത്തിനെയും തകർക്കുന്നദൈവത്തിന്റെ സർവ്വശക്തിയെ വിശുദ്ധന്മാർ ദർശിക്കുന്നു. മഹോപദ്രവകാലത്ത് സാത്താന്യശക്തികളൊന്നടങ്കം വിശ്വാസികളെ പീഡിപ്പിക്കുകയും അവരുടെമേൽ ആധിപത്യവും നടത്തിയിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ഭരണത്തിൽ സാത്താന്യശക്തികളൊന്നടങ്കം നശിപ്പിക്കപ്പെടും.

**(3) ദൈവത്തിന്റെ രാജ്യം —** (The Kingdom of God) —

ക്രിസ്തുവിന്റെ വരവിൽ ആരംഭിക്കുന്ന സഹസ്രാബ്ദകാലയളവിലെ രാജ്യത്തെയാണ് ദൈവത്തിന്റെ രാജ്യം എന്നു പറയുന്നത്. ക്രിസ്തു വാണരുളുന്ന ആയിരമാണ്ടുവാഴ്ചയിൽ ഭൂമിയിൽ സന്തോഷവും സമാധാനവും നടമാടും എന്നു മാത്രമല്ല സകല രാഷ്ട്രങ്ങളും ക്രിസ്തുവിന്റെ ഭരണത്തിൻ കീഴിൽ ആയിരിക്കും.

**(4) ക്രിസ്തുവിന്റെ ആധിപത്യം —** (The Power of His Christ) —

അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു എന്നാണ് വിശുദ്ധഗണം പാടി ഘോഷിക്കുന്നത്. അവന്റെ ക്രിസ്തുവിന്റെ എന്ന വിശേഷണം വെളിപ്പാടു 11:15 ൽ ഏഴാമത്തെ കാഹളത്തോടനുബന്ധിച്ചു പറഞ്ഞിട്ടുണ്ട്. അവന്റെ ക്രിസ്തു എന്നത് പിതാവായ ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തു എന്നാണ്. വിശേഷാൽ യഹോവയുടെ അഭിഷിക്തൻ അഥവാ സകല അധികാരവുമുള്ള വാഗ്ദത്തമശീഹ എന്നതിനെ അവന്റെ ക്രിസ്തു എന്ന വിശേഷണം വെളിപ്പെടുത്തുന്നു. ആധിപത്യം എന്നത് ക്രിസ്തുവിന്റെ അധികാരത്തെ (authority) കുറിക്കുന്നു. ക്രിസ്തു അഭിഷിക്തൻ എന്ന നിലയിൽ സർവ്വശക്തനായ ദൈവത്താൽ സകല അധികാരവും ലഭിച്ചിട്ടുണ്ട് (സങ്കീ.2:8/മത്താ.28:18/യോഹ.17:2).

**നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ —** (for the accuser of our brethren, who accused them before our God day and night, has been cast down) —

ദൈവത്തിന്റെ രക്ഷയും, ദൈവത്തിന്റെ ശക്തിയും, ദൈവത്തിന്റെ രാജ്യവും, അഭിഷിക്തനായ ക്രിസ്തുവിന്റെ ഭരണത്തിലൂടെയുള്ള സാർവ്വാധിപത്യവും ആരംഭിക്കുവാൻ വഴിതെളിച്ചത് സാത്താൻ സ്വർഗ്ഗസ്ഥലങ്ങളിൽ നിന്നു തള്ളപ്പെടുവാനിടയായതിനാലാണ്. സ്വർഗ്ഗത്തിൽ അവന്റെ ഇതുവരെയുമുള്ള ജോലി എന്നത് വിശുദ്ധസഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുകയും അവർക്കെതിരേ അപവാദം പറയുകയും ആയിരുന്നു. രാപ്പകൽ (day and night) എന്നത് ഇടമുറിയാതെയുള്ള പ്രവർത്തനത്തെ (uninterrupted and continuous action) കുറിക്കുന്നു. വെളിപ്പാടിൽ അഞ്ചു പ്രാവശ്യം രാപ്പകൽ എന്ന വിശേഷണം ഉപയോഗിച്ചിട്ടുണ്ട് —> വെളി.4:8 —സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു —> വെളി.7:15— അവർ ദൈവത്തിന്റെ സിംഹാസനത്തിൻമുമ്പിൽ ഇരുന്നു അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു. —> വെളി.12:10 — നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ. —> വെളി.14:11 — അതിന്റെ പേരിന്റെ മുദ്ര ഏൽക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല. —> വെളി.20:10 — അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും. ഇനി ഒരിക്കലും സ്വർഗ്ഗസ്ഥലങ്ങളിൽ വിശുദ്ധന്മാർക്കെതിരേ അപവാദം പറയുവാൻ സാത്താൻ ഇല്ലല്ലോ എന്നോർത്തു വിശുദ്ധന്മാർ ദൈവത്തെ സ്തുതിക്കുന്നു. അപവാദിയായ സാത്താനെ എന്നെന്നേക്കും നശിപ്പിക്കുന്നതിന്റെ ആദ്യപടിയെന്നോണമാണ് സ്വർഗ്ഗത്തിൽ നിന്നു നിഷ്കാസിതനാകുന്നതെന്നു ഓർത്താണ് സ്വർഗ്ഗീയസദസ്സ് ആർത്തു സ്തുതിക്കുന്നത്. ഭൂമിയിലേക്കവനെ തള്ളിക്കളഞ്ഞാലും താമസംവിനാ ആയിരം ആണ്ടേക്കു ചങ്ങലയാൽ ബന്ധിക്കുകയും (വെളി.20:1-3) അതുകഴിഞ്ഞ് തീപ്പൊയ്കയിലേക്കും തള്ളിയിടുകയും ചെയ്യും (വെളി.20:7-10). ഒരു ന്യായാധിപന്റെ മുമ്പാകെ പ്രതിക്കെതിരായി വക്കീൽ കുറ്റാരോപണങ്ങൾ നിരത്തുന്നതുപോലെ ദൈവസന്നിധിയിൽ വിശുദ്ധന്മാരെക്കുറിച്ചു രാപ്പകൽ അപവാദം പറയുന്നവനാണ് സാത്താൻ. ദൈവസ

ന്നിധിയിൽ വിശുദ്ധന്മാർക്കെതിരേ അപവാദം പറഞ്ഞ ദൃഷ്ടാന്തങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്(ഇയ്യോ.1:7-12-2/ഇയ്യോ.2:1-8/ സെഖ.3:1,2/ലൂക്കൊ.22:31).

**വെളി.12:11 — അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല** (And they overcame him by the blood of the Lamb and by the word of their testimony, and they did not love their lives to the death) —

ദൈവത്തിന്റെ ദൂതന്മാർ സാത്താനെയും കൂട്ടരെയും തോല്പിച്ചു സ്വർഗ്ഗത്തിൽ നിന്നു തള്ളിയിട്ടപ്പോൾ സ്വർഗ്ഗത്തിൽ ഉയർന്നു കേട്ട മഹാസന്തോഷമാണ് ഈ വാക്യത്തിലും ഉയരുന്നത്. അവർ ജയിച്ചു എന്നത് ദൂതന്മാരുടെ വിജയത്തെയല്ല കുറിക്കുന്നത്. എന്നാൽ സാത്താനോടും അവന്റെ കൂട്ടരോടും സാത്താന്റെ സകലപ്രവർത്തനങ്ങളോടും എതിർത്തു നിന്നു പോരാടിയ മഹോപദ്രവകാലത്തെ വിശുദ്ധന്മാരെയാണ് ജയാളികൾ എന്ന നിലയിൽ ഇവിടെ അവർ എന്നു പറയുന്നത്. അവർ ജയം പ്രാപിക്കുവാനിടയായ മൂന്നു കാരണങ്ങൾ ഇവിടെ പറഞ്ഞിരിക്കുന്നു. (1) കുഞ്ഞാടിന്റെ രക്തത്താൽ —(Victory through the blood of Lamb > Justification by faith through the blood of Jesus (2) തങ്ങളുടെ സാക്ഷ്യവചനത്താൽ (Victory through the word of their testimony > Faithful witness (3) മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിക്കാതെ പ്രവർത്തിച്ചതിനാൽ (Victory through forsaking their lives to death > Willingness to be martyred). കൃപാകാലത്തു കർത്താവിൽ അഭയം പ്രാപിച്ചു ജയാളിയാകുന്നതിന്റെയും മൂന്നു പടികൾ ഇവ തന്നെയാണ്. ഒന്നാമതായി ക്രിസ്തു കാൽവറിക്രൂശിൽ ചൊരിയപ്പെട്ട രക്തത്താൽ പാപങ്ങളെ കഴുകി ശുദ്ധീകരണം പ്രാപിക്കുക. രണ്ടാമതായി സാക്ഷ്യവചനത്താൽ ഏറ്റുപറഞ്ഞു രക്ഷിക്കപ്പെടുക. ഇനിമേൽ സാത്താനു തന്റെ മേൽ അധികാരമോ അവകാശമോ ഇല്ലെന്നുള്ള സാക്ഷ്യം. മൂന്നാമതായി മരണപര്യന്തം സ്വയത്തെ സ്നേഹിക്കാതെ ക്രിസ്തുവിൽ ജീവിക്കുക. അതായത് ക്രിസ്തുവിന്റെ ക്രൂശെടുത്തു സ്വയത്തെ മരിപ്പിക്കുക. മഹോപദ്രവകാലത്ത് ജയം പ്രാപിച്ച വിശുദ്ധന്മാരുടെ ജയത്തിന്റെ പടികൾ ശ്രദ്ധിക്കാം —

**(1) കുഞ്ഞാടിന്റെ രക്തത്താൽ— Victory through the blood of Lamb** > Justification by faith through the blood of Jesus **— അവർ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും —**

പീഡനകാലത്തെ വിശുദ്ധന്മാർ ജയാളികളാകുവാനിടയായതിന്റെ ആദ്യത്തെ കാരണം ഘോഷിക്കപ്പെടുന്നത് കുഞ്ഞാടിന്റെ രക്തത്താൽ എന്നാണ്. കുഞ്ഞാടിന്റെ രക്തം എന്നത് ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്തെ കുറിക്കുന്നു. ഏഴുസഭകൾക്കുള്ള ദൂത് ആരംഭിക്കുന്നതിനു മുമ്പുള്ള പ്രസ്താവനയിലും രക്തത്താലുള്ള വിടുതൽ അഥവാ വിജയത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. **വെളി.1:6 —** *"നമ്മെ സ്നേഹിക്കുന്നവന്നും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവന്നു എന്നെന്നേക്കും മഹത്വവും ബലവും; ആമേൻ."* കൃപാകാലത്തെ വിശ്വാസികളെന്നപോലെ മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കും ക്രിസ്തുവിന്റെ രക്തത്താലുള്ള ജയം പ്രാപിക്കാം. **1.യോഹ.1:7 —** *"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."* **കൊലൊ.2:15 —** *"വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടായി അവരെ പരസ്യമായ കാഴ്ചയാക്കി."* **എബ്രാ.2:14 —** *"മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു."* അപ്പൊസ്തലനായ പത്രൊസ് പറയുന്നത് കുഞ്ഞാടിന്റെ വിലയേറിയ രക്തത്താലാണ് സകലർക്കും വീണ്ടെടുപ്പു ലഭിക്കുവാനിടയായത് (1.പത്രൊ.1:18,19). ആറാം മുദ്ര പൊട്ടിച്ചതിനു ശേഷമുള്ള ഇടവേളയിൽ സ്വർഗ്ഗത്തിൽ വെള്ളനിലയങ്കി ധരിച്ചൊരു വലിയകൂട്ടത്തെ യോഹന്നാൻ കാണുകയുണ്ടായി. അവർ മഹാകഷ്ടത്തിൽ നിന്നു വന്നവരാണെന്നും അവർ കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെളുപ്പിച്ചവരാണെന്നും യോഹന്നാനോടു മൂപ്പന്മാരിൽ ഒരുവൻ പറയുകയുണ്ടായി (വെളി.7:13,14). സാത്താനെ ജയിക്കുവാനുള്ള അതിപ്രധാന കാര്യമെന്നത് കുഞ്ഞാടായ ക്രിസ്തു കാൽവറിക്രൂശിൽ ചൊരിഞ്ഞ രക്തത്തിന്റെ അടിസ്ഥാനത്തിൽ നിറവേറ്റിയ രക്ഷ വിശ്വാസത്താൽ അവകാശമാക്കുകയെന്നതാണ്.

**(2) തങ്ങളുടെ സാക്ഷ്യവചനത്താൽ (Victory through the word of their testimony** > Faithful witness by their testimony **— തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും —**

മഹോപദ്രവകാലത്തെ വിശുദ്ധന്മാർ സാത്താന്റെ ശക്തിയെ തോൽപ്പിച്ചു ജയാളികളാകുവാനിടയായ രണ്ടാമത്തെ കാരണമെന്നത് അവരുടെ സാക്ഷ്യവചനത്താലാണ്. സാത്താനിൽ നിന്നു അതിഭയങ്കരമായ പീഡകളുണ്ടായപ്പോഴും, അനേകർ രക്തസാക്ഷികളായി മരണത്തിനിരയായപ്പോഴും അവർ

ജയത്തോടെ ദൈവഭാഗത്തു നിൽക്കുവാനിടയായതും അവരെ ശക്തിപ്പെടുത്തിയതും ദൈവത്തിന്റെ വചനമാണ്. ഒരു പീഡകൾക്കും അവരുടെ വായിലെ സാക്ഷ്യവചനത്തെ നീക്കിക്കളയുവാൻ സാധിച്ചില്ല. അപ്പൊസ്തലനായ യോഹന്നാനെ പത്മൊസ്ദ്വീപിലേക്കു നാടുകടത്തിയതിന്റെ കാരണവും ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തമായിരുന്നു (വെളി.1:9).

**(3) മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിക്കാതെ പ്രവർത്തിച്ചതിനാൽ (Victory through forsaking their lives to death** > Willingness to be martyred > putting Christ above their life **— മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല —**

അവരുടെ ജയത്തിനിടയാക്കിയ മൂന്നാമത്തെ കാരണമെന്നത് മരണപര്യന്തം അവർ തങ്ങളുടെ പ്രാണനെ സ്നേഹിക്കാതെ പ്രവർത്തിച്ചതിനാലാണ്. അവരുടെ പ്രാണനെ സ്നേഹിച്ചിരുന്നുവെങ്കിൽ സാത്തനെ എതിർക്കാനോ ജയിക്കുവാനോ സാധിക്കുകയില്ലായിരുന്നു. ദൈവത്തോടുള്ള ഭക്തിയും വിശ്വസ്തതയുമാണ് അവരുടെ പ്രാണൻ വെച്ചുകൊടുത്തുപോലും പോരാടുവാനിടയാക്കിയത്. ദൈവത്തിനായി പ്രാണനെ വെച്ചുകൊടുത്തു മരണപര്യന്തം പ്രവർത്തിച്ച അനേക സന്ദർഭങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട്. പീഡിതസഭയായ സ്മൂർന്നയിലെ ദൂതനോടു കർത്താവു പറയുന്നത് — **വെളി.2:8,10 —** *"മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നതു: ...... നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ; നിങ്ങളെ പരീക്ഷിക്കേണ്ടതിന്നു പിശാചു നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു; പത്തു ദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും; മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും."* **ഫിലി.1:21,23 —** *"എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അതു അത്യുത്തമല്ലോ"* **അപ്പൊ.20:24 —** *"എങ്കിലും എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന്നു സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശു തന്ന ശുശ്രൂഷയും തികക്കേണം എന്നേ എനിക്കുള്ളു"* **റോമ.8:38,39 —** *"മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേറുപിരിക്കുവാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു."* അപ്പൊസ്തലനായ പൗലൊസിനെപ്പോലെ ഇപ്രകാരമുള്ള ആത്മീകചിന്തയുള്ളവർക്കു മാത്രമേ പിശാചിനോടു ഫലപ്രദമായി പോരാടി ജയിക്കുവാൻ കഴിയൂ. ജീവൻ കൊടുത്തും പ്രവർത്തിക്കുവാൻ തയ്യാറാകുന്നവനു മാത്രമേ ജയം ലഭിക്കൂ എന്നു സുവിശേഷങ്ങളിലും കാണുന്നു. **മത്താ.10:22 —** *"എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും; അവസാനത്തോളം സഹിച്ചുനിൽക്കുന്നവനോ രക്ഷിക്കപ്പെടും."* **മത്താ.10:38,39 —** *"തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല. തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും."* **മർക്കൊ.8:35 —** *"ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും."* **ലൂക്കൊ.9:23,24 —** *"എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ടു എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും."* കാൽവറിയിലെ യാഗമരണത്തിലൂടെയും തുടർന്നുള്ള ഉയിർത്തെഴുന്നേല്പിലൂടെയുമാണ് കർത്താവു സാത്താനെ എന്നെന്നേക്കുമായി തോൽപിച്ചത്. ആയതുപോലെ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട അനുഭവം ഒരുവന്റെ ജീവിതത്തിലുണ്ടാകുമ്പോൾ സ്വയമെല്ലാം മാറുകയും ക്രിസ്തുവിൽ ജീവിക്കുന്ന അനുഭവത്തിൽ സാത്താനെ തോല്പിക്കാനും സാധിക്കും. നാൾതോറും എന്റെ ക്രൂശെടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ എന്നു കർത്താവു പറഞ്ഞത് ഓരോ ദിനവും കർത്താവിന്റെ ശക്തിയാൽ സാത്താനെ ജയിക്കുന്നതിനാണ്. അതായത് ഓരോദിവസവും സ്വയമില്ലാതായി ക്രിസ്തുവിൽ ജീവിക്കുമ്പോൾ അതു ക്രൂശെടുത്തു അനുഗമിക്കുകയാണ്. അപ്പോൾ കർത്താവിന്റെ ശക്തിയാൽ സാത്താനെ തോല്പിക്കാം.

**വെളി.12:12 — ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിന്നും അയ്യോ കഷ്ടം; പിശാചു തനിക്കു അല്പകാലമേയുള്ളു എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു** (Therefore rejoice, O heavens, and you who dwell in them! Woe to the inhabitants of the earth and the sea! For the devil has come down to you, having great wrath, because he knows that he has a short time) —

വെളി.12:10 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ സാത്താന്റെ തോൽവിയും, വിശുദ്ധന്മാരുടെ വിജയ പ്രഖ്യാപനവും ഉൾക്കൊള്ളുന്നു (Announcement of Satans defeat & victory of Saints). സ്വർഗ്ഗം

സദാ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ഉറവിടമെങ്കിലും സ്വർഗ്ഗത്തിൽ ആനന്ദഘോഷമുയരുന്ന മൂന്നു പ്രത്യേക സന്ദർഭങ്ങൾ തിരുവചനത്തിൽ കാണുന്നു —

(1) പാപി മാനസാന്തരപ്പെടുമ്പോൾ — വ്യക്തിരപമായ രക്ഷയിങ്കൽ —

**ലൂക്കൊ.15:7 —** *"അങ്ങനെ തന്നേ മാനസാന്തരംകൊണ്ടു ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കുറിച്ചുള്ളതിനേക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു."*

(2) സാത്താനെ തോൽപ്പിച്ചു പുറത്താക്കുമ്പോൾ — ദൈനംദിന വിശ്വാസജീവിതത്തിൽ —

**വെളി.12:12 —** *"ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദിപ്പിൻ .."*

(3) കുഞ്ഞാടിന്റെ കല്യാണത്തെ ദർശിച്ചുകൊണ്ട് — ഭാവിയിൽ സംഭവിക്കുവാൻ പോകുന്നതിന്റെ ദർശനത്തിൽ —

**വെളി.19:7 —** *"നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു."*

സാത്താന്റെ പതനത്തെ തുടർന്നു സ്വർഗ്ഗത്തിൽ സ്തുതിസ്തോത്രങ്ങളടങ്ങിയ ആരാധന ഉയരുന്നു — (Worship in heaven– വെളി.12:10-12). അതിനുശേഷം ഭൂമിയിലുണ്ടാകുവാൻ പോകുന്ന മഹാകഷ്ട ത്തെക്കുറിച്ചുള്ള പ്രഖ്യാപനവും പീഡനവും കാണുന്നു (Announcement of woe to earth dwellers and persecution — വെളി.12:12-17). നാലാമത്തെ കാഹളധ്വനിക്കു ശേഷവും അഞ്ചാമത്തെ കാഹളത്തിനു മുമ്പായും ഭൂവാസികൾക്കുണ്ടാകുന്ന കഷ്ടത്തെക്കുറിച്ചു ആകാശമദ്ധ്യേ മൂന്നു കഷ്ടങ്ങളുടെ വിളംഭര ത്തെ യോഹന്നാൻ വിവരിച്ചിരുന്നു. വെളി.8:13 — *"അനന്തരം ഒരു കഴുകു: ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളനാദം ഹേതുവായി ഭൂവാസികൾക്കു കഷ്ടം, കഷ്ടം, കഷ്ടം എന്നു ഉറക്കെ പറഞ്ഞുകൊണ്ടു ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കാൺകയും കേൾക്കയും ചെയ്തു."* ഇവിടെ സാത്താന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള പുറത്താക്കലോടനുബന്ധിച്ചു ഭൂവാസികൾക്കുണ്ടാകുന്ന കഷ്ടത്തെ അയ്യോ കഷ്ടം എന്ന മുന്നറിയിപ്പു സ്വർഗ്ഗത്തിൽ ഉയരുന്നു.

സാത്താന്റെ തോൽവിയിലുയരുന്ന സ്വർഗ്ഗസന്തോഷത്തിന്റെ അവസാനഭാഗം "ആകയാൽ" എന്ന വിശേഷണത്തോടെ യോഹന്നാൻ വിവരിക്കുന്നു. "ആകയാൽ" (Therefore / for this reason) എന്ന വിശേഷണം സാത്താന്റെ തോൽവിയും ഭൂമിയിലേക്കുള്ള പുറത്താക്കലും വിശുദ്ധന്മാർക്കു ലഭിച്ച ജയവും എന്നതിനെ കുറിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള സാത്താന്റെ പുറത്താക്കൽ സ്വർഗ്ഗവാസികൾക്കു നിത്യാ നന്ദത്തിനു കാരണമായപ്പോൾ ഭൂമിയിലുള്ളവർക്കു മഹാകഷ്ടത്തിന്റെ നാളുകളായിത്തീരുന്നു. ഭൂമിയി ലുള്ളവർക്കു സ്വർഗ്ഗവാസികളോടൊപ്പം സന്തോഷിക്കുവാൻ സാധിക്കുകയില്ല. സ്വർഗ്ഗത്തിലുണ്ടാകുന്ന ആനന്ദവും ഭൂമിയിൽ പതിക്കുവാൻ പോകുന്ന മഹാകഷ്ടവും യോഹന്നാൻ വിവരിക്കുന്നത് — *"ആക യാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിന്നും അയ്യോ കഷ്ടം; പിശാചു തനിക്കു അല്പകാലമേയുള്ളു എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടു ക്കൽ ഇറങ്ങിവന്നിരിക്കുന്നു"* (Therefore rejoice, O heavens, and you who dwell in them! Woe to the inhabitants of the earth and the sea! For the devil has come down to you, having great wrath, because he knows that he has a short time). ഭൂമിക്കും സമുദ്രത്തിനും (the earth and the sea) എന്നത് ഭൂമിയിൽ വസിക്കുന്ന സകലരെയും ഉൾക്കൊള്ളുന്നു. സ്വർഗ്ഗത്തിലെ യുദ്ധത്തിൽ തോൽക്കുകയും അവിടെ നിന്നു പുറത്താക്കപ്പെടുകയും ചെയ്ത സാത്താൻ മഹാകോപത്തോടെ ഭൂമിയിലുള്ളവരെ പീഡിപ്പിക്കുവാൻ തുടങ്ങുന്നതിനെയാണ് സ്വർഗ്ഗവാസികൾ മുന്നറിയിപ്പായി മഹാകഷ്ടത്തെ വിളിച്ചറിയിക്കുന്നത്. പീഡന കാലത്തിനു മുമ്പുതന്നെ സഭ എടുക്കപ്പെട്ടതിനാൽ കൃപാകാലത്തിൽ ക്രിസ്തുവിൽ അഭയം പ്രാപിച്ച വർ മഹാകഷ്ടത്തെക്കുറിച്ചു ഭയപ്പെടേണ്ട ആവശ്യമില്ല. എന്നാൽ അന്നു ഭൂമിയിലുണ്ടായിരിക്കുന്ന സാത്താന്റെ ഏറ്റവും വലിയ ശത്രുവായ യിസ്രായേലിനെതിരായി പ്രവർത്തിക്കുവാൻ അവൻ മഹാ ക്രോധത്തോടെ കച്ചകെട്ടി ഇറങ്ങുകയാണ്. അല്കാലം എന്നത് മഹാപീഡനകാലമായ അവസാനനാളു കൾ അഥവാ ക്രിസ്തു സഹസ്രാബ്ദവാഴ്ചക്കായി ഭൂമിയിലേക്കു വരുന്നതിനു മുമ്പുള്ള കാലത്തെ കുറി ക്കുന്നു. തനിക്കു പ്രവർത്തിക്കുവാൻ ഇനി അല്പകാലം അഥവാ 1260 ദിനങ്ങൾ മാത്രമേയുള്ളുവെന്നും, താൻ അത്യന്തികമായി പരാജയപ്പെട്ടു നിത്യമരണത്തിൽ പതിക്കുമെന്നും അവനു നന്നായി അറിയാം. ആകയാൽ മരിക്കുവാൻ പോകുന്നവന്റെ മരണപരാക്രമം എന്നോണം അവൻ ഭൂമിയിൽ മഹാപീഡനം അഴിച്ചുവിടുവാൻ പോകുന്നു. അന്ന് ഭൂമിയിൽ ഏറ്റവും ഭീകരത നിറഞ്ഞ അന്തരീക്ഷമായിരിക്കും ഉടലെ ടുക്കുക.

**വെളി.12:13 — തന്നെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു എന്നു മഹാസർപ്പം കണ്ടിട്ടു ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചുതുടങ്ങി** (Now when the dragon saw that he had been cast to the earth, he persecuted the woman who gave birth to the male child) —

വെളി.12:13-16 — സാത്താൻ സ്ത്രീയെ പീഡിപ്പിക്കുന്നു; മരുഭൂമിയിൽ 1260 ദിവസം ദൈവം അവളെ സംരക്ഷിക്കുന്നു (Satans persecution towards woman (Israel); God preserve her for 1260 days in the wilderness).

പ്രധാനദൂതനായ മീഖായേലിന്റെ നേതൃത്വത്തിലുള്ള വിശുദ്ധദൂതന്മാരുമായുള്ള യുദ്ധത്തിൽ സാത്തൻ തോൽപ്പിക്കപ്പെട്ടു ഭൂമിയിലേക്കു വീഴ്ത്തപ്പെട്ടു. സ്വർഗ്ഗത്തിൽ ഇനി ഒരിക്കലും പ്രവേശിക്കുവാൻ കഴിയാത്തവിധമായിരുന്നു അവന്റെ പതനം. സ്വർഗ്ഗത്തിലുണ്ടായ തോൽവിയും പതനവും പുറത്താക്കലും അവന്റെ കോപം ഏറ്റവും വർദ്ധിക്കുവാനിടയാക്കി. അവന്റെ പ്രവർത്തനമണ്ഡലം ഭൂമിയിൽ മാത്രം ക്ലിപ്തപ്പെടുകയാണ്. സകലദൈവീകപരിപാടികളെയും ഉന്മൂലനാശം ചെയ്യുവാൻ അവസാനമായി ഒരു പോരാട്ടവുംകൂടി നടത്തുവാൻ അവൻ ഒരുങ്ങുന്നു. അല്പകാലം മാത്രമേ തന്റെ നാശത്തിനുള്ളുവെന്നു മനസ്സിലാക്കിയ സാത്താൻ മഹാക്രോധത്തോടെ ഭൂമിയിൽ പോരാട്ടം ആരംഭിക്കുന്നു. ഭൂമിയിലേക്കു പതിച്ച അവന്റെ പ്രതികാരപ്രവർത്തനത്തെപ്പറ്റിയാണ് യോഹന്നാൻ ഈ വാക്യത്തിൽ വിവരിക്കുന്നത് — *"തന്നെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു എന്നു മഹാസർപ്പം കണ്ടിട്ടു ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിട്ടു തുടങ്ങി."* ഇതിൽ മഹാസർപ്പം എന്നത് സാത്താനെയും (വെളി.12:4,7,9,10), ആൺകുട്ടി എന്നത് യേശുക്രിസ്തുവിനെയും (വെളി.12:5), ആൺകുട്ടിയെ പ്രസവിച്ച (വെളി.12:2) സ്ത്രീ എന്നത് യേശുക്രിസ്തുവിനു ഭൂമിയിൽ ജാതനാകുവാൻ വഴിതെളിച്ച യിസ്രായേലിനെയും (വെളി.12:1) കുറിക്കുന്നു. സാത്താൻ തന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള പതനം കണ്ടിട്ടു അഥവാ മനസ്സിലാക്കിയപ്പോൾ അവന്റെ സകലക്രോധവും ആൺകുട്ടിയെ പ്രസവിച്ച സൂര്യധാരിണിയായസ്ത്രീയോടു തിരിയുന്നു. ആൺകുട്ടിയായ യേശുക്രിസ്തു സാത്താനെ തോൽപ്പിച്ചതിനാൽ ക്രിസ്തുവിനോടു പൊരുതുവാനോ എതിർത്തു നിൽക്കുവാനോ സാത്താനു കഴിയുന്നില്ല. കാൽവറിയിൽ അവന്റെ സകല പരിപാടികളും വിഫലമായി. അവന്റെ ആജീവനാന്തശത്രുവും ക്രൂശിൽ തന്റെ തലയെ തകർത്തവനുമായ ക്രിസ്തുവിനെ നശിപ്പിക്കുവാൻ പരാജയപ്പെട്ടതിനാൽ ക്രിസ്തുവിനു ഭൂമിയിൽ വരുവാൻ വഴിയൊരുക്കിയ യിസ്രായേലിന്മേൽ പീഡനം ആരംഭിക്കുന്നു. അവന്റെ ആദ്യപോരാട്ടം ആൺകുട്ടിയെ പ്രസവിച്ച സ്ത്രീ അഥവാ യിസ്രായേലിനോടായിരുന്നു. ഉപദ്രവിച്ചു തുടങ്ങി (persecuted) എന്നതിനു ഗ്രീക്കിൽ ഡയോകോ (dioko = pursue, chase, hunt) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം പിന്തുടരുക, വളഞ്ഞുപിടിക്കുക, വേട്ടയാടുക എന്നൊക്കെയാണ്. മഹാപീഡനകാലത്തു സാത്താൻ ഒരു ദുഷ്ടമൃഗത്തെപ്പോലെ യിസ്രായേലിനെ വളഞ്ഞുപിടിച്ചു ആക്രമിക്കുകയും, തദവസരത്തിൽ പ്രാണരക്ഷാർത്ഥം ഓടുമ്പോൾ പുറകേ പിന്തുടർന്നു വേട്ടയാടുന്നതിനെയും "ഉപദ്രവിച്ചു തുടങ്ങി " എന്ന വിശേഷണത്തിലൂടെ മനസ്സിലാക്കാം. അക്കാലത്തെ കഷ്ടത്തെക്കുറിച്ചു കർത്താവു ഒലിവുമല പ്രഭാഷണത്തിൽ വിശദീകരിച്ചിട്ടുണ്ട് (മത്താ.24:15-22). യിസ്രായേൽ ജനത്തെ ഫറവോനുംകൂട്ടരും പീഡിപ്പിച്ചതുപോലെ, ഏലീയാപ്രവാചകനെ ആഹാബും ഈസബേലും പീഡിപ്പിച്ചതുപോലെ, കർത്താവിനെ റോമൻ സൈന്യവും പുരോഹിതവർഗ്ഗവും പീഡിപ്പിച്ചതുപോലെ, അപ്പൊസ്തലന്മാരെയും ദൈവദാസന്മാരെയും സുവിശേഷം അറിയിച്ചതിനാൽ സകലരും പീഡിപ്പിച്ചതുപോലെ മഹോപദ്രവകാലത്തു സാത്തനും കൂട്ടരും അന്നത്തെ വിശ്വാസികളെ കഠിനമായി ഉപദ്രവിക്കും. യിസ്രായേലിനോടുള്ള മഹാസർപ്പമായ സാത്താന്റെ പോരാട്ടത്തെക്കുറിച്ചു വെളി.12:1 മുതൽ 6- വരെ വിവരിച്ചതിന്റെ തുടർച്ചയായാണ് ഇവിടെ 12:13 മുതലുള്ള വാക്യങ്ങളിൽ വിശദീകരിക്കുന്നത്. തുടർന്നുള്ള യോഹന്നാന്റെ വിശദീകരണങ്ങൾ ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളാണ്.

**വെളി.12:14 — അപ്പോൾ സ്ത്രീക്കു മരുഭൂമിയിൽ തന്റെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിന്നു വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു; അവിടെ അവളെ സർപ്പത്തോടു അകലെ ഒരുകാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു** (But the woman was given two wings of a great eagle, that she might fly into the wilderness to her place, where she is nourished for a time and times and half a time, from the presence of the serpent) —

മഹാസർപ്പമായ സാത്താൻ തനിക്കു അല്പകാലമേയുള്ളുവെന്നറിഞ്ഞ് മഹാക്രോധത്തോടെ ഭൂമിയിൽ പ്രവർത്തനമാരംഭിക്കുന്നു. ആദ്യമായി തന്റെ രോഷം മുഴുവനും സൂര്യധാരിണിയായ സ്ത്രീയോടു അഥവാ ക്രിസ്തുവിനു ഭൂമിയിൽ വരുവാൻ പാത്രമായ യിസ്രായേലിനോടു തിരിയുന്നു. എന്നാൽ മൂന്നരവർഷം അഥവാ 1260 ദിനങ്ങടങ്ങിയ ഒരുകാലവും ഇരുകാലവും അരക്കാലവും മഹാസർപ്പത്തിൽ നിന്നു അകന്നു ജീവിക്കുവാൻ സ്ത്രീക്കു ദിവ്യസംരക്ഷണം ലഭിക്കുന്നു. അവൾക്കൊരുക്കിയിരിക്കുന്ന സംരക്ഷണസ്ഥലമായ മരുഭൂമിയിൽ ചെന്നെത്തേണ്ടതിനു വലിയകഴുകിന്റെ രണ്ടു ചിറകു ലഭിച്ചു. മഹാസർപ്പം എന്നത് സാത്താനെയും, സ്ത്രീ എന്നത് യിസ്രായേലിനെയും കുറിക്കുന്ന വിശേഷണങ്ങൾപോലെ വലിയകഴുകിന്റെ ചിറകു ലഭിച്ചു എന്നതും പ്രതിരൂപമാണ്. പറക്കുവാനായി ലഭിച്ച ചിറക് ദൈവത്തിൽ നിന്നു ലഭിക്കുന്ന ദിവ്യസംരക്ഷണയെ കുറിക്കുന്നു.

**അപ്പോൾ സ്ത്രീക്കു മരുഭൂമിയിൽ** (into the wilderness) — മഹാസർപ്പമായ സാത്താന്റെ പീഡനത്തിൽ നിന്നു സംരക്ഷണം ലഭിക്കുവാൻ സ്ത്രീ അഥവാ യിസ്രായേൽ ഓടിപ്പോകുന്നതു മരുഭൂമിയിലേ

ക്കാണ്. മരുഭൂമി എന്നത് ഏതെങ്കിലും പ്രതിരൂപമോ നിഴലോ അല്ല. അക്ഷരാർത്ഥത്തിൽ മരുഭൂമി തന്നെ ആയിരിക്കണം. മരുഭൂമി ഏകാന്തതയെ കുറിക്കുന്നു. യിസ്രായേൽ ജനത്തെ സംബന്ധിച്ചു മരുഭൂമിയിലെ ജീവിതം ഏറ്റവും പ്രാധാന്യമുള്ളതാണ്. മരുഭൂമിയിലൂടെയാണ് ദൈവം തന്റെ ജനത്തെ കനാനിലേക്കു നടത്തിയതും, അവരോടു ഹൃദ്യമായി സംസാരിച്ചതും, കൂട്ടായമബന്ധം പുലർത്തിയതും. ആകയാൽ പീഡനകാലത്തും തന്റെ ജനമായ യിസ്രായേലിനോടു ഹൃദ്യമായി ഇടപെടുകയും അവരെ തന്റെ കൈക്കുള്ളിൽ ഭദ്രമായി സംരക്ഷിക്കുകയും ചെയ്യുന്ന സ്ഥലമാണ് മരുഭൂമി. മഹാസർപ്പത്തിന്റെ ആക്രമണത്തെ തുടർന്നു യിസ്രായേൽ ഓടിപ്പോയ സങ്കേതസ്ഥലമായ മരുഭൂമി ഏതാണെന്നു പറഞ്ഞിട്ടില്ല. ഏദോമിന്റെ തലസ്ഥാനമായ സേല അഥവാ പെട്രായിലേക്കാണ് അവർ ഓടിപ്പോയതെന്നു വേദപഠിതാക്കൾ പൊതുവേ അഭിപ്രായപ്പെടുന്നു. ചാവുകടലിനും (Dead sea) അക്വാബാ ഉൾക്കടലിനും (Aqaba) മദ്ധ്യേ പാറക്കൂട്ടങ്ങളാൽ ചുറ്റപ്പെട്ട സ്ഥലമാണ് പെട്രാ. ഏദോമ്യരുടെ തലസ്ഥാനവും രാജധാനിയും ഉൾക്കൊള്ളുന്ന ഈ നഗരം പാറകളാൽ ചുറ്റപ്പെട്ടതും പാറക്കൂട്ടങ്ങളുടെ ഉള്ളിൽ സ്ഥിതി ചെയ്യുന്നതിനാലുമാണ് പെട്രാ (Petra) എന്ന പേരു ലഭിച്ചത്.

**തന്റെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിന്നു** (that she might fly to her place) — മഹാസർപ്പത്തിന്റെ പിടിയിൽ നിന്നു രക്ഷപ്പെടുന്നതിന് ദൈവം അവൾക്കു അഥവാ യിസ്രായേലിനു ഒരുക്കിയിരിക്കുന്ന സ്ഥലമാണ് തന്റെ സ്ഥലത്തേക്കു എന്നുള്ള വിശേഷണം കുറിക്കുന്നത്. തന്റെ ജനത്തെ ശത്രുവിന്റെ കരത്തിലമരാതെ അവർക്കായി ദൈവം അവരുടേതായ സ്ഥാനങ്ങൾ മുന്നമേ ഒരുക്കുന്നു. മാത്രവുമല്ല അവർക്കായുള്ള സങ്കേതനഗരത്തിലെത്തുവാൻ പ്രകൃതിക്കതീതമായ വിധത്തിലുള്ള ശക്തിയും നൽകുന്നു. മഹോപദ്രവകാലത്ത് ദൈവരാജ്യത്തിന്റെ സുവിശേഷം കേട്ടു ദൈവത്തിൽ അഭയം പ്രാപിച്ചവരാണവർ. ആ ശേഷിപ്പ് സാത്താന്റെ പീഡനത്തിനിരയാകാതെ രക്ഷപ്പെട്ടു അവരുടേതായ ഒളിസങ്കേതത്തിൽ പറന്നെത്തുകയാണ്. പറക്കാനായി അവർക്കു കഴികയില്ലെങ്കിലും അവരുടെ സംരക്ഷണം പറന്നു രക്ഷപ്പെടുന്ന വിധത്തിലായിരിക്കും. അതിവേഗത്തിലും യാതൊരു തടസ്സവും കൂടാതെ യാത്രചെയ്യുന്നതിനെയാണ് പറന്നെത്തുകയെന്ന വിശേഷണത്തിലൂടെ മനസ്സിലാക്കാവുന്നത്.

**വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു** (but the woman was given two wings of a great eagle) —

മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കു അവർക്കൊരുക്കിയിരിക്കുന്ന സങ്കേതനഗരത്തിലേക്കു പറന്നെത്തുന്നതിനു വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. ചെങ്കടൽ കടന്നു കനാനിലേക്കുള്ള മരുഭൂമിയിലൂടെയുള്ള യാത്രയിൽ കഴുകിന്റേതുപോലുള്ള സംരക്ഷണം ലഭിച്ച ഒരേ ഒരു ജനത യിസ്രായേൽ മാത്രമാണ്. കഴുകൻ തന്റെ കുഞ്ഞുങ്ങളെ സൂക്ഷിക്കുന്നതുപോലെ ദൈവം ഉയരത്തിൽ ഇരുന്നു അവരെ നിരീക്ഷിക്കയും മരുഭൂമിയിൽ അവർക്കാവശ്യമായതെല്ലാം കൊടുത്തു സംരക്ഷിച്ചു പോറ്റിപ്പുലർത്തി. ചെങ്കടൽ കടന്നു സീനായ്മരുഭൂമിയുടെ അടിവാരത്തു പാളയമടിച്ചിരിക്കുന്ന ജനത്തോടറിയിക്കുവാൻ യഹോവ മോശെയോടു കല്പിച്ചത് തന്റെ ജനത്തെ കഴുകന്മാരുടെ ചിറകിന്മേൽ വഹിച്ചാണ് ഇതുവരെയും കൊണ്ടുവന്നത് എന്നാണ്. **പുറ.19:4 —** *"ഞാൻ മിസ്രയീമ്യരോടു ചെയ്തതും നിങ്ങളെ കഴുകന്മാരുടെ ചിറകിന്മേൽ വഹിച്ചു എന്റെ അടുക്കൽ വരുത്തിയതും നിങ്ങൾ കണ്ടുവല്ലോ."* നീണ്ടവർഷങ്ങൾ യിസ്രായേലിനെ മരുഭൂമിയിലൂടെ നടത്തിയ മോശെ തന്റെ വിടവാങ്ങൽ സന്ദേശങ്ങളിൽ ദൈവത്തിന്റെ കരുതലിനെ അവരോടു ഓർമ്മിപ്പിക്കുവാനുള്ളതും ദൈവത്തിന്റെ കരുതൽ കഴുകൻ തന്റെ കുഞ്ഞുങ്ങളോടെന്നപോലെയാണെന്നാണ്. **ആവ.32:11 —** *"കഴുകൻ തന്റെ കൂടു അനക്കി കുഞ്ഞുങ്ങൾക്കു മീതെ പറക്കുമ്പോലെ താൻ ചിറകു വിരിച്ചു അവനെ എടുത്തു തന്റെ ചിറകിന്മേൽ അവനെ വഹിച്ചു."* മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കും ദൈവത്തിന്റെ സംരക്ഷണം അനുഭവിക്കുവാൻ സാധിക്കുന്നു എന്നതിനെയാണ് വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു എന്നതിലൂടെ ഗ്രഹിക്കാവുന്നത്. താങ്ങി ഉയർത്തി സംരക്ഷണം നൽകുന്ന ദൈവകരങ്ങളെയാണ് ചിറകുകൾ എന്നു പറയുന്നത്. "ലഭിച്ചു" എന്നതിൽ ദാതാവിനെ വ്യക്തമാക്കിയില്ലെങ്കിലും ഏതുകാലത്തും തന്നിൽ ആശ്രയിക്കുന്നവരെ സംരക്ഷിച്ചുപോറ്റിപ്പുലർത്തുന്ന സർവ്വശക്തനായ ദൈവത്തെ കുറിക്കുന്നു. കഴുകൻ ഏറ്റവും ഉയരത്തിൽ പറക്കുകയും വസിക്കുകയും ചെയ്യുന്ന വലിയപക്ഷിയാണ്. എത്ര ഉയരത്തിൽ പറന്നാലും താഴെയുള്ള കാര്യങ്ങൾ വ്യക്തമായി കാണുവാനും അതനുസരിച്ചു പ്രവർത്തിക്കുവാനുമുള്ള കഴിവ് കഴുകനുണ്ട്. ആയതുപോലെ അത്യുന്നതനായ ദൈവം, ഉയരങ്ങളിൽ വസിക്കുന്നവനെങ്കിലും സകലതും കാണുകയും അതനുസരിച്ചു പ്രവർത്തിക്കുകയും തന്റെ മക്കളെ കരുതിപ്പോറ്റിപ്പുലർത്തുന്ന രാജാധിരാജാവാണ്.

തിരുവചനത്തിൽ ചിറക് ശക്തിയെയും (strength), വേഗത്തെയും(speed), കുറിക്കുന്നതോടൊപ്പം അതിലൂടെ ലഭിക്കുന്ന സംരക്ഷണത്തെയും (protection) വ്യക്തമാക്കുന്നു.

**യെശ.40:31 —** *"യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ* (strength) *പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോ*

*കാതെ നടക്കുകയും ചെയ്യും."*

**സങ്കീ.18:10 —** *"അവൻ കെരൂബിനെ വാഹനമാക്കി പറന്നു; അവൻ കാറ്റിന്റെ ചിറകിന്മേലിരുന്നു പറപ്പിച്ചു"* (speed).

**ആവ.32:11 —** *"താൻ ചിറകു വിരിച്ചു അവനെ എടുത്തു തന്റെ ചിറകിന്മേൽ അവനെ വഹിച്ചു"* (protection).

**രൂത്ത്.2:12 —** *"യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻകീഴെ ആശ്രയിച്ചു വന്നിരിക്കുന്ന നിനക്കു അവൻ പൂർണ്ണപ്രതിഫലം തരുമാറാകട്ടെ എന്നുത്തരം പറഞ്ഞു."* (Trust and protection).

**മത്താ.23:37—** *"കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്കു എത്രവട്ടം മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സായില്ല."* (protection)

സങ്കീർത്തനങ്ങളിൽ ചിറക് എന്ന വിശേഷണത്തിലൂടെ ദൈവത്തിന്റെ സൂഷ്മമായ പരിപാലനത്തെയും സംരക്ഷണത്തെയും ആവർത്തിച്ചു പറഞ്ഞിരിക്കുന്നു.

**സങ്കീ.17:9 —** "നിന്റെ ചിറകിന്റെ നിഴലിൽ (shadow of Your wing) എന്നെ മറെച്ചുകൊള്ളേണമേ."

**സങ്കീ.36:7 —** "ദൈവമേ, നിന്റെ ദയ എത്ര വിലയേറിയതു! മനുഷ്യപുത്രന്മാർ നിന്റെ ചിറകിൻ നിഴലിൽ (shadow of Your wing) ശരണം പ്രാപിക്കുന്നു."

**സങ്കീ.57:1 —** "ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു; അതേ, ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം ഞാൻ നിന്റെ ചിറകിൻനിഴലിൽ (shadow of Your wing) ശരണം പ്രാപിക്കുന്നു."

**സങ്കീ.61:4 —** "ഞാൻ നിന്റെ കൂടാരത്തിൽ എന്നേക്കും വസിക്കും; നിന്റെ ചിറകിൻ മറവിൽ (shelter of Your wings) ഞാൻ ശരണം പ്രാപിക്കും."

**സങ്കീ.63:7 —** "നീ എനിക്കു സഹായമായിത്തീർന്നുവല്ലോ; നിന്റെ ചിറകിൻനിഴലിൽ (shadow of Your wings) ഞാൻ ഘോഷിച്ചാനന്ദിക്കുന്നു."

**സങ്കീ.91:4 —** "തന്റെ തൂവലുകൾകൊണ്ടു അവൻ നിന്നെ മറെക്കും; അവന്റെ ചിറകിൻ കീഴിൽ (under His wings) നീ ശരണം പ്രാപിക്കും."

*"അപ്പോൾ സ്ത്രീക്കു മരുഭൂമിയിൽ തന്റെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിന്നു വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു"* എന്നുള്ളത് മഹാസർപ്പമായ സാത്താന്റെ പിടിയിൽ നിന്നു ദൈവം ഒരുക്കിയിരിക്കുന്ന സങ്കേതനഗരത്തിൽ അതിവേഗത്തിൽ ചെന്നെത്തുവാനുള്ള ദൈവീകസഹായത്തെ കുറിക്കുന്നു. എന്നാൽ അവർ ഓടിപ്പോകുന്ന മരുഭൂമി, വേഗത്തിൽ പറന്നെത്തുവാൻ കഴുകിന്റെ ചിറകുകൾ ലഭിക്കുന്നത്, കഴുകൻ എന്ന വിശേഷണം എന്നിവയെക്കുറിച്ചു മറ്റഭിപ്രായങ്ങളുമുണ്ട്.

**> മരുഭൂമിയിൽ തന്റെ സ്ഥലത്തേക്കു —** ഒരുക്കിയിരിക്കുന്ന മരുഭൂമി ഏദോമിന്റെ തലസ്ഥാനമായ പെട്രായാണെന്നു പറയപ്പെടുന്നു. ഏദോം, മോവാബ്, അമ്മോൻ എന്നീ ദേശങ്ങൾ മഹോപദ്രവകാലത്ത് അന്തിക്രിസ്തുവിന്റെ ആക്രമണത്തിൽ നിന്നു ഒഴിവാക്കിയിട്ടുള്ള രാജ്യങ്ങളാണെന്നു ദാനീയേൽ പ്രവചനത്തിൽ പറയുന്നുണ്ട് (ദാനീ.11:40,41). പാറക്കോട്ടകൾ അവന്റെ അഭയസ്ഥാനമായിരിക്കും (യെശ.33:16) എന്ന യെശയ്യാവിന്റെ വാക്കുകളും, അവരെ ജാതികളുടെ മരുഭൂമിയിൽ കൊണ്ടുച്ചെന്നു അവരോടു വ്യവഹരിക്കുമെന്നുള്ള യെഹെസ്കേലിന്റെ സന്ദേശവും ഏദോമിന്മേൽ (പെട്രാ) വിരൽ ചൂണ്ടുന്ന വേദഭാഗങ്ങളാണ്.

**> രണ്ടു ചിറകു ലഭിച്ചു —** എന്നുള്ളത് യെരൂശലേമിൽ നിന്നും സങ്കേതസ്ഥലത്തേക്ക് മഹാപദ്രവകാലത്തെ വിശുദ്ധന്മാർക്കു ആകാശത്തിലൂടെ പറന്നെത്തുവാൻ ലഭിക്കുന്ന വിമാനത്തെയാണ് രണ്ടു ചിറകുകൾ കുറിക്കുന്നതെന്നും ചിലർ അഭിപ്രായപ്പെടുന്നു.

**> കഴുകൻ —** അമേരിക്കയുടെ ദേശീയചിഹ്നം കഴുകാകയാൽ (eagle is the national symbol of United States) മഹോപദ്രവകാലത്തു യിസ്രായേലിനു ഒളിസങ്കേതത്തിലെത്തുവാൻ അമേരിക്കയുടെ ആകാശസേനയുടെ സഹായം ലഭിക്കുന്നതിനെ കുറിക്കുന്നുവെന്നു അഭിപ്രായപ്പെടുന്നു.

ഈ വിധത്തിലുള്ള അഭിപ്രായങ്ങൾ പൂർണ്ണമായി തള്ളിക്കളയേണ്ടതില്ല. ദൈവം തന്റെ ജനത്തെ ഏതു വിധത്തിലും ശത്രുവായ മഹാസർപ്പത്തിൽ നിന്നു അകറ്റി സൂക്ഷിച്ചു പരിപാലിക്കും എന്നതിനു സംശയമില്ല. യിസ്രായേലിനെ മിസ്രയീമിൽ നിന്നു വിടുവിച്ചു കനാനിലേക്കു അത്ഭുതമായി നടത്തിയതുപോലെ മഹോപദ്രവകാലത്തും തന്നിൽ ആശ്രയിക്കുന്ന ജനത്തെ ഏതു വിധത്തിലും വിടുവിച്ചു സംരക്ഷിക്കും.

**അവിടെ അവളെ സർപ്പത്തോടു അകലെ ഒരുകാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു** (where she is nourished for a time and times and half a time, from the presence of the serpent) —

**അവിടെ —** എന്നാൽ ദൈവം പീഡനകാലത്തെ വിശുദ്ധന്മാരുടെ സംരക്ഷണത്തിനായി ഓടിഒ

ളിക്കുവാൻ ഒരുക്കിയസ്ഥലം.

**അവളെ —** എന്നാൽ സഭയെടുക്കപ്പെട്ടശേഷം ദൈവത്തിൽ അഭയം പ്രാപിച്ച യിസ്രായേൽ ജനത്തെ കുറിക്കുന്നു.

**സർപ്പത്തോടു അകലെ —** പഴയപാമ്പ്, മഹാസർപ്പം, സർപ്പം എന്നിവയെല്ലാം അപവാദിയും ദൈവീകകാര്യപരിപാടികളെ തകിടം മറിക്കുവാൻ സദാ പ്രയത്നിക്കുന്ന സാത്താനെ കുറിക്കുന്നു. ക്രിസ്തുവിനോടു എതിർത്തു നിൽക്കുവാൻ സാധിക്കാതെയും, സ്വർഗ്ഗീയ ദൂതന്മാരാൽ സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കപ്പെട്ടവനുമായ സാത്താൻ മഹാക്രോധത്തോടെ ഭൂമിയിൽ ദൈവജനമായ യിസ്രായേലിനെ ആക്രമിക്കുവാൻ ഒരുമ്പെടുന്നു. ദൈവത്തിൽ ആശ്രയിച്ച മഹോപദ്രവകാലത്തെ വിശുദ്ധന്മാരുൾപ്പെട്ട യിസ്രായേലിനെ സർപ്പമായ സാത്താൻ തൊടാതെവണ്ണം സാത്താനിൽ നിന്നു അകലെ നിറുത്തുന്നു. ദൈവം അവർക്കായി അഭയം കൊടുത്തിരിക്കുന്ന സങ്കേതപട്ടണം സാത്താനു അറിയാമെങ്കിലും അവനു അതിനെ സമീപിക്കുവാനോ അവരുടെമേൽ ആക്രമിക്കുവാനോ ദൈവീകപരിപാലനം മൂലം കഴിയുകയില്ല.

**ഒരുകാലവും ഇരുകാലവും അരക്കാലവും —** എന്നത് മഹാപീഡനകാലമായ മൂന്നരവർഷം അഥവാ 1260 ദിവസത്തെ കുറിക്കുന്നു. സഭ ഭൂമിയിൽ നിന്നു ഉത്പ്രാപണം വഴിയായി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടശേഷമുള്ള ഏഴു വർഷപീഡനകാലത്തിൽ അവസാനത്തെ മൂന്നരവർഷമാണിത്. ഇക്കാലത്തെക്കുറിച്ചു തിരുവചനത്തിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് (ദാനീ.7:25/ദാനീ.12:7/മത്താ.24:21/വെളി.11:2,3/വെളി.12:6/വെളി.13:5). അന്നു ലോകത്തിൽ അന്തിക്രിസ്തുവിന്റെ ഭരണമായിരിക്കും (ദാനീ.11:31/ദാനീ.12:11/മത്താ.24:15/2.തെസ്സ.2:3,4). മഹാപീഡനകാലം എന്നറിയപ്പെടുന്ന 1260 ദിവസങ്ങൾ ഭൂമിയിൽ വിശ്വാസികൾക്കു അതിഭയങ്കരമായ പീഡനങ്ങളുടെ കാലമായിരിക്കും. അതിൽ നിന്നു ഓടി ദൈവം ഒരുക്കിയിരിക്കുന്നവർ സുരക്ഷിതരായിരിക്കും. എന്നാൽ മുന്നറിയിപ്പു കാര്യമാക്കാതെ നിൽക്കുന്നവർ രക്തസാക്ഷികളായി മരിക്കേണ്ടി വരും. ഇങ്ങനെ അനേകർ കൂട്ടക്കൊലക്കിരയായിത്തീരും. അതു ദൈവീകശിക്ഷവിധിയുടെ ഭാഗമല്ല മറിച്ചു അന്തിക്രിസ്തുവിന്റെ പൈശാചികമായ പീഡനം നിമിത്തമായിരിക്കും. കർത്താവു നൽകിയ മുന്നറിയിപ്പു നോക്കുക — മത്താ.24:16–21 — *"അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ........... ലോകാംരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും."*

**പോറ്റി രക്ഷിച്ചു** (she is nourished) — മഹാപീഡനകാലമായ മൂന്നരവർഷം അഥവാ 1260 ദിനങ്ങൾ ദൈവം തന്റെ കരുണയാൽ യിസ്രായേലിനെ അവർക്കായി ഒരുക്കിയിരിക്കുന്ന സങ്കേതദേശത്ത് ഭദ്രമായി സൂക്ഷിക്കുകയും പോറ്റിപ്പുലർത്തുകയും ചെയ്യും. പോറ്റി രക്ഷിച്ചു എന്നാൽ അവർക്കാവശ്യമായതെല്ലാം കൊടുത്തു സംരക്ഷിച്ചു പരിപാലിച്ചുവെന്നർത്ഥം. വിശേഷാൽ അന്നു ഭൂമിയിൽ സാത്താന്യ മൃഗമുദ്രയേൽക്കാതെ ഭൂമിയിൽ സാധനങ്ങൾ വാങ്ങുവാനോ വിൽക്കുവാനോ സാധിക്കാത അവസരങ്ങളായിരിക്കും. **വെളി.13:17 —** *"മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു."* എന്നാൽ പഴയനിയമകാലത്തു ദൈവം തന്റെ ജനമായ യിസ്രായേലിനെ മരുഭൂമിയിൽ ഇറച്ചിയും അപ്പവുംകൊടുത്തു പോറ്റിപ്പുലർത്തിയതുപോലെ (പുറ.16:12) ഇവരെയും പോറ്റി രക്ഷിക്കും. മാത്രവുമല്ല ഏലീയാവിനെ കെരീത്തിലും, അതിനുശേഷം സാരെഫാത്തിലെ വിധവയുടെ വീട്ടിലും പോറ്റിപ്പുലർത്തിയതുപോലെ (1.രാജാ.17:1–16) മഹാപീഡനകാലത്തെ വിശ്വാസികളെയും ദൈവം അത്യത്ഭുതമായി സംരക്ഷിക്കും. എന്നാൽ സങ്കേതനഗരത്തിലെത്തും വരെയുള്ള കഷ്ടതയും, ദുരിതവും, പലായനവും ഏറ്റവും ദുരിതപൂർണ്ണമായിരിക്കും. സെഖര്യാപ്രവാചകൻ ഇതേപ്പറ്റി പറഞ്ഞിരിക്കുന്നതു നോക്കുക — **സെഖ.13:8,9 —** "എന്നാൽ സർവ്വദേശത്തിന്മേലും മൂന്നിൽ രണ്ടംശം ഛേദിക്കപ്പെട്ടു പ്രാണനെ വിടും; മൂന്നിൽ ഒരംശം ശേഷിപ്പിച്ചിരിക്കും എന്നു യഹോവയുടെ അരുളപ്പാടു. മൂന്നിൽ ഒരംശം ഞാൻ തീയിൽ കൂടി കടത്തി വെള്ളി ഊതിക്കഴിക്കുന്നതുപോലെ അവരെ ഊതിക്കഴിക്കും; പൊന്നു ശോധന കഴിക്കുന്നതുപോലെ അവരെ ശോധന കഴിക്കും; അവർ എന്റെ നാമത്തെ വിളിച്ചപേക്ഷിക്കയും ഞാൻ അവർക്കു ഉത്തരം അരുളുകയും ചെയ്യും; അവർ എന്റെ ജനം എന്നു ഞാൻ പറയും; യഹോവ എന്റെ ദൈവം എന്നു അവരും പറയും.

**വെളി.12:15 — സർപ്പം സ്ത്രീയെ ഒഴുക്കിക്കളയേണ്ടതിന്നു അവളുടെ പിന്നാലെ തന്റെ വായിൽനിന്നു നദിപോലെ വെള്ളം ചാടിച്ചു** (So the serpent spewed water out of his mouth like a flood after the woman, that he might cause her to be carried away by the flood) —

സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കപ്പെട്ട സാത്താൻ യിസ്രായേലാകുന്ന സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങി. എന്നാൽ യിസ്രായേലിനു 1260 ദിനങ്ങൾ അവൾക്കായി ഒരുക്കിയിരിക്കുന്ന സങ്കേതനഗരത്തിലേക്കു ഓടിപ്പോകുവാൻ വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു. ഇങ്ങനെ യിസ്രായേലിനു ദൈവത്താൽ ലഭിച്ച സഹായവും സംരക്ഷണവും കണ്ടപ്പോൾ സാത്താൻ വീണ്ടും ക്രോധമുള്ളവനായിത്തീർന്നു. യിസ്രായേൽ ഓടിപ്പോയ വഴിക്കു *"സർപ്പം സ്ത്രീയെ ഒഴുക്കിക്കളയേണ്ടതിന്നു അവളുടെ പിന്നാലെ തന്റെ വായിൽ നിന്നു നദിപോലെ വെള്ളം ചാടിച്ചു."*

നദിപോലെ വെള്ളം ചാടിച്ചു എന്നതിനു വിവിധ അഭിപ്രായങ്ങൾ കാണുന്നുണ്ട്.

> 1. യിസ്രായേലിനെ ദൈവം ഒളിപ്പിച്ചു താമസിപ്പിക്കുന്ന സങ്കേതദേശത്തിലേക്കു സാത്താൻ ജലപ്രളയത്താൽ അവരെ മുക്കിക്കൊല്ലുവാൻ ശ്രമിക്കും. അതിനായി അനേക നദികളെ അവിടേക്കു തിരിച്ചു പ്രവഹിപ്പാനിടയാക്കും.

> 2. നദിപോലെ വെള്ളം എന്നത് വ്യാപകമായ ദുരുപദേശത്തെ കുറിക്കുന്നു. മഹാപീഡനകാലത്ത് വിവിധങ്ങളായ ദുരുപദേശങ്ങൾ ദേശമെങ്ങും ഒഴുകുവാനിടയാകും. അതിലൂടെ ദൈവജനത്തെ നശിപ്പിക്കാമെന്നു സാത്താൻ വ്യാമോഹിക്കുന്നു.

> 3. യിസ്രായേലിന്റെ പുറകേ ഒരു മഹാസൈന്യത്തെ സാത്താൻ തയ്യാറാക്കി അവരെ നശിപ്പിക്കുവാൻ അയക്കും.

സർപ്പം എന്നത് സാത്താനെയും അവന്റെ പ്രവർത്തനങ്ങളെയും വർണ്ണിക്കുവാൻ ആലങ്കാരിക ഭാഷയിൽ വിശേഷിപ്പിച്ചിരിക്കുന്നതുപോലെ വായിൽ നിന്നു നദിപോലെ വെള്ളം ചാടിച്ചു എന്നതും ആലങ്കാരികഭാഷാപ്രയോഗമാണ്. നദിപോലെ വെള്ളം എന്നത് അവരെ ആക്രമിച്ചുകൊല്ലുവാൻ അയക്കപ്പെട്ട സൈന്യവ്യൂഹത്തെക്കുറിക്കുന്നു എന്നു ചിന്തിക്കുന്നതാണ് ഏറെ യോജ്യം. അതായത് യെരൂശലേമിൽ നിന്നു പ്രാണരക്ഷാർത്ഥം ഓടുന്ന യിസ്രായേലിനെ ഒന്നടങ്കം കൊല്ലുവാൻ പുറകേ അയക്കപ്പെടുന്ന അന്തിക്രിസ്തുവാകുന്ന സാത്താന്റെ സൈന്യത്തെയാണ് നദിപോലെ വെള്ളം ചാടിച്ചു എന്നതിലൂടെ വ്യക്തമാകുന്നത്. മിസ്രയീമിലെ അടിമത്വത്തിൽ നിന്നു വിടുതൽ ലഭിച്ച ദൈവജനത്തെ ഒന്നടങ്കം ചെങ്കടൽ കടക്കുന്നതിനു മുമ്പു കൊന്നു മുടിക്കുവാൻ അവരുടെ പുറകേ ഫറവോൻ അയച്ച സൈന്യത്തെപ്പോലെ അന്തിക്രിസ്തുവും നദിപോലെ സൈന്യവ്യൂഹത്തെ അയക്കുന്നു. വെള്ളത്തിൽ മുക്കിക്കളയുന്നതുപോലെ അവരെ തന്റെ സൈന്യത്താൽ നശിപ്പിച്ചുകളയാമെന്നു സാത്താൻ ആഗ്രഹിക്കുന്നു.

ദൈവജനത്തിന്റെ പരിശോധന, പീഡനങ്ങൾ എന്നിവയെയും ജലപ്രളയം അഥവാ പെരുവെള്ളത്തോടു ബന്ധപ്പെടുത്തി തിരുവചനഭാഗങ്ങളിൽ കാണുന്നുണ്ട് (ഇയ്യോ.27:20/സങ്കീ.18:16/സങ്കീ.32:6/സങ്കീ.124:4/സങ്കീ.144:7/യെശ.43:2).

**വെളി.12:16 — എന്നാൽ ഭൂമി സ്ത്രീക്കു തുണ നിന്നു; മഹാസർപ്പം വായിൽ നിന്നു ചാടിച്ച നദിയെ ഭൂമി വായ്തുറന്നു വിഴുങ്ങിക്കളഞ്ഞു** (But the earth helped the woman, and the earth opened its mouth and swallowed up the flood which the dragon had spewed out of his mouth) —

മഹാസർപ്പമായ സാത്താന്റെ പീഡനങ്ങളിൽ നിന്നു ഓടിപ്പോയ യിസ്രായേലാകുന്ന സ്ത്രീയെ നശിപ്പിക്കുവാൻ അവൾക്കുപുറകേ എണ്ണമറ്റ അഥവാ നദിപോലെ വെള്ളത്തെ അഥവാ സൈന്യത്തെ അയച്ചു. എന്നാൽ ദൈവഹിതം മനസ്സിലാക്കിയ പ്രകൃതിശക്തികൾ യിസ്രായേലിനു തുണനിന്നു. മിസ്രയീമിൽ നിന്നു പ്രാണരക്ഷാർത്ഥം കനാൻ ലക്ഷ്യമാക്കി ഓടിപ്പോകുന്ന യിസ്രായേലിനെ കൊന്നു കളയുവാൻ ഫറവോനും സൈന്യവും നദിപോലെ അവർക്കു പുറകേ ചെന്നു. എന്നാൽ അവരെ പിന്തുടർന്ന ശത്രുക്കളൊന്നടങ്കം ചെങ്കടലിൽ മുങ്ങിച്ചാകുവാൻ ഇടയായി. അതിനായി സമുദ്രത്തെ ദൈവം ഉപയോഗിച്ചു (പുറ.15:12). കോരഹ്, ദാഥാൻ, അബീരാം എന്നിവർ ദൈവത്തിനെതിരായി മത്സരിച്ചപ്പോൾ ഭൂമി വായ് പിളർന്നു അവരെ മൂടിക്കളഞ്ഞു (സംഖ്യാ.16:28-33/സംഖ്യാ.26:10/ആവ.11:6/സങ്കീ.106:17). ആയതുപോലെ മഹാപീഡനകാലത്ത് ദൈവത്തിൽ ആശ്രയം വെച്ചവർ അവരുടെ സങ്കേതനഗരത്തിലേക്കോടുന്ന യാത്രാമദ്ധ്യേ അവരെ കൊല്ലുവാൻ നദിപോലെ വെള്ളത്തെ അഥവാ എണ്ണമറ്റ സൈന്യത്തെ അയക്കുമ്പോഴും ഭൂമി വായ് തുറന്നു വെള്ളത്തെ അഥവാ സൈന്യത്തെ വിഴുങ്ങിക്കളയുന്നു. ഭൂമി അന്തിക്രിസ്തുവിന്റെ സൈന്യത്തെ വിഴുങ്ങിക്കളയുന്നത് ഒരുപക്ഷേ ഭൂകമ്പത്താലായിരിക്കാം. വെളിപ്പാടു പുസ്തകത്തിൽ അനേകപ്രവശ്യം വിവരിക്കുന്ന ഭൂകമ്പങ്ങൾ ദൈവത്തിന്റെ ന്യായവിധികളെ പ്രദർശിപ്പിക്കുന്നു (വെളി.8:5/11:13/11:19/16:18).

**വെളി.12:17 — മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു; അവൻ കടല്പുറത്തെ മണലിന്മേൽ നിന്നു** (And the dragon was enraged with the woman, and he went to make war with the rest of her offspring, who keep the commandments of God and have the testimony of Jesus Christ) —

ക്രിസ്തുവാകുന്ന ആൺകുട്ടിയെ ഒരു വിധത്തിലും സാത്താനു തോല്പിക്കുവാൻ കഴിഞ്ഞില്ല. കൂടാതെ സ്വർഗ്ഗത്തിലുണ്ടായ യുദ്ധത്തിൽ മഹാസർപ്പമായ സാത്താനും കൂട്ടരും ദൈവദൂതന്മാരാൽ തോൽപ്പിക്കപ്പെട്ടു ഭൂമിയിലേക്കു തള്ളിക്കളയപ്പെട്ടു. അതേ തുടർന്നു സ്ത്രീയാകുന്ന യിസ്രായേലിനെ ഉപദ്രവിക്കുവാൻ മഹാക്രോധത്തോടെ ഒരുങ്ങിപ്പുറപ്പെട്ടു. എന്നാൽ ദൈവം യിസ്രായേലിനെ അവർക്കായി തയ്യാറാക്കിയ സങ്കേതസ്ഥലത്തിൽ അഭയം നൽകി സഹായിച്ചു. അവിടെ 1260 ദിവസങ്ങൾ യിസ്രായേലിനെ ദൈവം പോറ്റിപ്പുലർത്തി. അവിടെയും സാത്താൻ തന്റെ സൈന്യവ്യൂഹത്തെ നദിപോലെ അയച്ചിട്ടും ഫലമുണ്ടായില്ല എന്നു മാത്രമല്ല ഭൂമി വായ് പിളർന്നു സാത്താന്റെ കൂട്ടാളികളെയെല്ലാം വിഴുങ്ങി

ക്കളഞ്ഞു. ഇപ്രകാരമുള്ള തോൽവികൾ ഒന്നിനുപുറകേ ഒന്നൊന്നായി അനുഭവിച്ച മഹാസർപ്പം സ്ത്രീയോടു കോപിച്ചു. എന്നാൽ സ്ത്രീയെ നശിപ്പിക്കുവാനോ ഉപദ്രവിക്കുവാനോ കഴിയായ്കയാൽ സ്ത്രീയുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു തിരിയുന്നു. അവരെക്കുറിച്ചു യോഹന്നാൻ ഇപ്രകാരം വിവരിക്കുന്നു — *"ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു; അവൻ കടല്പുറത്തെ മണലിന്മേൽ നിന്നു."*

ഇവിടെ പറഞ്ഞിരിക്കുന്ന സന്തതിയിൽ ശേഷിപ്പുള്ളവരെക്കുറിച്ചു വിവിധ അഭിപ്രായങ്ങളുണ്ട്—

> 1. യിസ്രായേൽ ഗോത്രത്തിലെ 14000 പേർ — ആറാം മുദ്രക്കുശേഷം യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു മുദ്രയിട്ടു വേർതിരിക്കപ്പെട്ട 14000 പേർ (വെളി.7:2-8/വെളി.14:1-5)എന്നു അഭിപ്രായപ്പെടുന്നു.

> 2. മഹോപദ്രവകാലത്തെ ജാതീയവിശ്വാസികൾ — സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ള നിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നിൽക്കുന്ന വിശുദ്ധന്മാർ (വെളി.7:9). ഇവർ ജാതികളെങ്കിലും വിശ്വാസത്താൽ അബ്രഹാമിന്റെ മക്കൾ എന്നു വിളിക്കപ്പെടുന്നു. **ഗലാ.3:6-8** — *"അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു; അതു അവന്നു നീതിയായി കണക്കിട്ടു എന്നുണ്ടല്ലോ. അതുകൊണ്ടു വിശ്വാസികൾ അത്രേ അബ്രഹാമിന്റെ മക്കൾ എന്നു അറിവിൻ."* ആകയാൽ മഹോപദ്രവകാലത്തു വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നവർ എന്ന നിലയിൽ അബ്രഹാമിന്റെ മക്കളും തദ്വാരാ യിസ്രായേല്യരുമായി കരുതാം.

മുകളിലുള്ള രണ്ടഭിപ്രായങ്ങളും തള്ളിക്കളയാവുന്നതല്ല. രണ്ടുകൂട്ടരിലുള്ളവരും ശേഷിപ്പിൽ ഉൾപ്പെടാം. എന്നാൽ മഹോപദ്രവകാലത്തെ യിസ്രായേലിന്റെ ശേഷിപ്പിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഈ ഭാഗത്തെ അവരെപ്പറ്റിയുള്ള വിശേഷണവും കൂടി നോക്കിയാൽ ശേഷിപ്പ് ആരാണെന്നു വ്യക്തമായി മനസ്സിലാക്കാം. *"ദൈവകല്പനപ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതി"* എന്നാണ് വിശേഷണം. മഹാപീഡകാലത്ത് മഹാസർപ്പമായ സാത്താന്റെ ഉപദ്രവം ഉണ്ടാകുമ്പോൾ യിസ്രായേലിൽ ബഹുഭൂരിഭാഗവും മരുഭൂമിയിലേക്കു ഓടിപ്പോകും. എന്നാൽ ഒരു വിഭാഗം യെരൂശലേമിൽത്തന്നെ സകല പീഡകളും സഹിച്ച് വസിക്കുവാനിടയാകും. ഒരുപക്ഷേ ഇവർ ദൈവം അയച്ച രണ്ടു സാക്ഷികളുടെ ദൂതു കേട്ടു കർത്താവിൽ വിശ്വസിച്ചവരായിരിക്കാം. മരുഭൂമിയിലേക്കോടിപ്പോയി അഭയം പ്രാപിക്കാതെ സകല കഷ്ടങ്ങളും സഹിച്ചു നിൽക്കുന്ന ഇക്കൂട്ടരാണ് സ്ത്രീയുടെ സന്തതിയായ ശേഷിപ്പ്. ദൈവകല്പനകൾ പ്രമാണിച്ചു യേശുക്രിസ്തുവിന്റെ സാക്ഷ്യവും ഉയർത്തിപ്പിടിച്ചു നിൽക്കുന്ന (വെളി.12:17/വെളി.14:12/യോഹ.15:9,10) ഇവരെ ആക്രമിച്ചു കീഴ്പെടുത്തി ഏതുവിധേനയും പീഡിപ്പിക്കുവാനും തകർക്കാനും ക്രോധത്തോടെ സാത്താൻ പുറപ്പെടുന്നു.

"**അവൻ** കടൽപ്പുറത്തെ മണലിന്മേൽ നിന്നു" എന്നത് സാത്താൻ തന്റെ ലക്ഷ്യം നിറവേറ്റാനായി അവന്റെ സഹായിയെ കാത്തു കടല്പുറത്തെ മണലിന്മേൽ നിന്നു എന്നു ചിന്തിക്കാം. മണൽ ജനസമൂഹത്തെ വിശേഷാൽ ജാതീയസമൂഹത്തെ കുറിക്കുന്നു. എന്നാൽ "**അവൻ** കടൽപ്പുറത്തെ മണലിന്മേൽ നിന്നു" എന്നത് ചില കയ്യെഴുത്തു പ്രതികളിൽ കടലിൽ നിന്നു കയറി വരുന്ന മൃഗത്തിന്റെ ദർശനത്തോടുള്ള ബന്ധത്തിൽ "**ഞാൻ** കടൽപ്പുറത്തെ മണലിൽ നിന്നു" എന്നാണ് കാണുന്നത്. കൂടാതെ ഇംഗ്ലീഷ് പരിഭാഷയിൽ (NKJV) വെളിപ്പാടു 13 -ാം അദ്ധ്യായത്തിന്റെ ആരംഭവാക്യമായാണ് (13:1) രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൻപ്രകാരം "ഞാൻ" എന്നത് യോഹന്നാൻ തുടർന്നുള്ള ദർശനങ്ങൾക്കായി ഭൂമിയിൽ കൽപ്പുറത്തെ മണലിന്മേൽ നിന്നു എന്നാണർത്ഥമാക്കുന്നത്.

..........................................................................

# വെളിപ്പാട് — അദ്ധ്യായം — 13

**രണ്ടു മൃഗങ്ങളുടെ ദർശനം (VISION OF THE TWO BEASTS) :**
— സമുദ്രത്തിൽ നിന്നും കയറി വരുന്ന മൃഗം (THE BEAST CAME OUT OF THE SEA),
— ഭൂമിയിൽ നിന്നു കയറി വരുന്ന മൃഗം (THE BEAST CAME OUT OF THE EARTH)

**ആമുഖം:** വെളിപ്പാടു പുസ്തകത്തിലെ മർമ്മപ്രധാനമായ ഒരദ്ധ്യായത്തിലേക്കു കടക്കുകയാണ്. മർമ്മപ്രധാനമെന്നത് ഏതെങ്കിലും ആത്മീകമായ കാര്യങ്ങളുടെ ഉന്നതിയെ അടിസ്ഥാനപ്പെടുത്തിയല്ല. മറിച്ച് തിന്മയുടെ പ്രതീകങ്ങളായ ചില പൈശാചിക ശക്തികളെ ഇതിൽ കാണുന്നു. സാത്താന്റെ കൂട്ടാളികളായ രണ്ടു മൃഗങ്ങളെയും മൃഗത്തിന്റെ സംഖ്യയായ 666 -ും ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. യോഹന്നാൻ കണ്ട രണ്ടു മൃഗങ്ങളിൽ ആദ്യത്തേതു കടലിൽ നിന്നും, രണ്ടാമത്തേതു കരയിൽ നിന്നുമാണ് വരുന്നത്. ആദ്യത്തെ മൃഗം ഏറ്റവും ഭയാജനകമായ സമ്മിശ്രരൂപത്തിലുള്ളതാണ്. സമുദ്രത്തിൽ നിന്നു കയറിവരുന്ന ഒന്നാമത്തെ മൃഗം അന്തിക്രിസ്തു അഥവാ എതിർക്രിസ്തുവിന്റെ പ്രതിരൂപമാണ്. ഇതൊരു രാഷ്ട്രീയനേതാവോ ലോകഭരണാധികാരിയോ ആകാം. രണ്ടാമതായി കരയിൽ നിന്നു കുഞ്ഞാടിനുള്ളതുപോലെ കൊമ്പോടും മഹാസർപ്പത്തിന്റെ സംസാരത്തോടും കൂടെ വരുന്ന മൃഗം ഒരു മതനേതാവെന്ന നിലയിൽ കള്ളപ്രവാചകന്റെ പ്രതിരൂപമാണ്. "സ്ത്രീയുടെ സന്തതി" എന്ന വിശേഷണം യേശുക്രിസ്തുവിനെ കുറിക്കുന്നതുപോലെ "സർപ്പത്തിന്റെ സന്തതി" എന്ന വിശേഷണം സാത്താനെയും കുറിക്കുന്നു (ഉല്പ.3:15). അന്തിക്രിസ്തുവും കള്ളപ്രവാചകനും സർപ്പത്തിന്റെ സന്തതി പരമ്പരയാണ്. ദൈവീകത്രിത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ആളത്വങ്ങൾ അടങ്ങിയിരിക്കുന്നതുപോലെ "സ്ത്രീയുടെ സന്തതി" എന്നറിയപ്പെടുന്ന സാത്താനിലും സാത്താന്യത്രിത്വം കാണുന്നു. ത്രിത്വത്തിൽ ഒന്നാമനായ പിതാവായ ദൈവത്തിന്റെ അനുകരണമാണ് പഴയപാമ്പും മഹാസർപ്പവുമായ സാത്താൻ (വെളി.12:9). ത്വിത്വത്തിൽ രണ്ടാമനായ യേശുക്രുസ്തുവിന്റെ അനുകരണമാണ് സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗമായ അന്തിക്രിസ്തു (വെളി.13:1-10). ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിന്റെ അനുകരണമാണ് കരയിൽ നിന്നു കയറിവരുന്ന രണ്ടാമത്തെ മൃഗമായ കള്ളപ്രവാചകൻ (വെളി.13:11 -18).

**അദ്ധ്യായവിഷയം —**

മഹാപീഡനകാലത്ത് ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന രണ്ടുമൃഗങ്ങളാണ് അദ്ധ്യായവിഷയം. മൃഗം എന്നു വിശേഷിപ്പിക്കുന്നുവെങ്കിലും അവ മൃഗീയസ്വഭാവത്തോടുള്ള രണ്ടു വ്യക്തികളാണ്. ഒന്നു അന്തിക്രിസ്തുവും മറ്റേത് കള്ളപ്രവാചകനും. അന്തിക്രിസ്തുവിന്റെ പ്രത്യക്ഷതയോടെ മൃഗത്തെയും മൃഗത്തിന്റെ പ്രതിമയെയും സകലരും നമസ്കരിക്കുവാൻ ആജ്ഞാപിക്കുന്നു. അതിനെ നമസ്കരിക്കാത്തവർ അതികഠിനമായ പീഡനങ്ങളിലൂടെ കടന്നു രക്തസാക്ഷികളായി കൊല്ലപ്പെടുന്നു. കൂടാതെ മൃഗ

ത്തിന്റെ ആശ്രിതർക്കു പ്രത്യേക മുദ്ര നൽകി വേർതിരിക്കുന്നു. മൃഗമെന്നത് ഒരു മനുഷ്യനാണെന്നും അതിന്റെ സംഖ്യ 666 എന്നും വിശദീകരിക്കുന്നു.

**അദ്ധ്യായസംഗ്രഹം —**

വെളിപ്പാട് 12 -ൽ മഹാപീഡനകാലത്തിലെ അഞ്ചു ശ്രദ്ധേയ വ്യക്തികളെ കണ്ടു. അവർ (1) സൂര്യനെ അണിഞ്ഞു ഏറിയ പ്രതാപത്തോടു കൂടി നിൽക്കുന്ന സ്ത്രീ, (2) തീ നിറമുള്ള മഹാസർപ്പം, (3) സ്ത്രീ പ്രസവിച്ച ആൺകുട്ടി, (4) പ്രധാനദൂതനായ മീഖായേൽ, (5) സ്ത്രീയുടെ സന്തതിയിലെ ശേഷിപ്പ് എന്നിവരാണ്. വെളിപ്പാട് 13 -ൽ രണ്ടു വ്യക്തികളെ കൂടി കാണാം. അവർ (1) സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗം (2) കരയിൽ നിന്നു കയറിവരുന്ന മൃഗം എന്നിവരാണ്. മഹാപീഡനകാലത്തിൽ പ്രത്യക്ഷപ്പെടുന്ന മൃഗങ്ങൾ രണ്ടും യഥാക്രമം അന്തിക്രിസ്തുവും കള്ളപ്രവാചകനുമാണ്.

സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗം ഭീകരരൂപിയും ഒരു സങ്കലിത മൂർത്തീഭാവവുമാണ്. പത്തു കൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളുമാണ് അതിന്റെ പ്രത്യേകതകൾ. പുള്ളിപ്പുലി, കരടി, സിംഹം എന്നീ ക്രൂരതയുള്ള വന്യമൃഗങ്ങളുടെ രൂപം വഹിക്കുന്നത് അതിന്റെ ക്രൂരമായ പ്രവർത്തനങ്ങളെ വെളിപ്പെടുത്തുന്നു. കടൽപ്പുറത്തു മണലിന്മേൽ കാത്തു നിന്ന മഹാസർപ്പമായ സാത്താൻ തന്റെ സഹായത്തിനായി വന്ന മൃഗത്തിനു തന്റെ ശക്തിയും, സിംഹാസനവും, അധികാരവും നൽകുന്നു. രംഗം ശ്രദ്ധിച്ചുകൊണ്ടിരുന്ന യോഹന്നാൻ തുടർന്നു കാണുന്നത് അതിന്റെ ഏഴുതലയിൽ ഒരെണ്ണം മാരകമായ മുറിവേറ്റ നിലയിലെങ്കിലും ക്ഷണത്തിൽ മുറിവു കരിയുവാനിടയാകുന്ന കാഴ്ചയാണ്. സർവ്വഭൂമിയും മൃഗത്തെ കണ്ടു നമസ്കരിക്കുകയും അതിന്റെ അതുല്യ ശക്തിയെ വാഴ്ത്തുകയും ചെയ്യുന്നു. തലയിൽ ദൂഷണനാമങ്ങൾ വഹിക്കുന്ന പ്രസ്തുത മൃഗം ദൈവത്തെയും ദൈവത്തിന്റെ വാസസ്ഥലത്തെയും ദുഷിച്ചു. തുടർന്നു മൃഗത്തിനു ഭൂമിയിലുള്ള സകലവിശുദ്ധന്മാരോടും പോരാടുന്നതിനും അവരെ ജയിപ്പാനും അധികാരം ലഭിച്ചു. മഹാപീഡനകാലത്തു അതികഠിനമായ ശിക്ഷാവിധികളരങ്ങേറുമ്പോഴും വിശുദ്ധന്മാരുടെ സഹിഷ്ണുതയും വിശ്വാസവും (Patience and Faith) ആവശ്യമാണെന്നു പറഞ്ഞിരിക്കുന്നു. അറുക്കപ്പെട്ട കുഞ്ഞാടായ കർത്താവിലൂടെയുള്ള വീണ്ടെടുപ്പിന്റെ ധ്വനി ഉയർത്തി ചെവിയുള്ളവൻ കേൾക്കട്ടെ എന്ന മുന്നറിയിപ്പോടെ ആദ്യഭാഗം അവസാനിക്കുന്നു.

അദ്ധ്യായത്തിലെ രണ്ടാം ഭാഗമായ 13:11 മുതൽ 18 വരെയുള്ള വാക്യങ്ങൾ ഭൂമിയിൽ നിന്നു കയറിവരുന്ന മൃഗത്തെക്കുറിച്ചു വിവരിക്കുന്നു. സമുദ്രത്തിൽ നിന്നു കയറിവന്ന മൃഗം അന്തിക്രിസ്തുവിനെ കുറിക്കുന്നുവെങ്കിൽ ഭൂമിയിൽ നിന്നു കയറിവരുന്ന മൃഗം കള്ളപ്രവാചകന്റെ പ്രതിരൂപമാണ്. കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പും, സംസാരം മഹാസർപ്പത്തിന്റെ പോലെയായിരുന്നു എന്നതാണ് മൃഗത്തിന്റെ പ്രത്യേകത. രണ്ടു മൃഗങ്ങളും ഒത്തുചേർന്നു അധികാരം പങ്കുവെയ്ക്കുന്നു. കരയിൽ നിന്നു കയറിവന്ന രണ്ടാമത്തെ മൃഗം അഥവാ കള്ളപ്രവാചകൻ ഏലീയാവിനെപ്പോലെ ആകാശത്തു നിന്നു ഭൂമിയിലേക്കു അഗ്നി ഇറക്കി ഏറിയ അത്ഭുതങ്ങൾ കാണിച്ചു ഭൂവാസികളെ ഭ്രമിപ്പിക്കുന്നു. മരണകരമായ മുറിവേറ്റിട്ടും രക്ഷപ്രാപിച്ച മൃഗത്തിന്റെ പ്രതിമ ഉണ്ടാക്കുവാനും അതിനെ നമസ്കരിക്കുവാനും ഭൂവാസികളോടു ആജ്ഞാപിക്കുന്നു. മൃഗത്തിന്റെ ആരാധകരെ മുദ്രയിട്ടു വേർതിരിക്കുന്നു. മുദ്രയേൽക്കാത്തവർക്കു അന്നു ആഹാരസാധനങ്ങളോ മറ്റെന്തെങ്കിലുമോ ക്രയവിക്രയം ചെയ്യുവാൻ സാദ്ധ്യമല്ലാത്ത നിലയുണ്ടാകുന്നു. മൃഗത്തിന്റെ സ്ഥാന ചിഹ്നം 666 എന്ന സംഖ്യയാണെന്നും പറയുന്നു. അന്തിക്രിസ്തുവാകുന്ന ഒന്നാം മൃഗത്തിന്റെ പീഡനത്തിൽ മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കു സഹിഷ്ണുതയും വിശ്വാസവും (patience and faith) ആവശ്യമാണെന്നു പറഞ്ഞു. എന്നാൽ രണ്ടാം മൃഗമായ കള്ളപ്രവാചകന്റെ പീഡനത്തിൽ മഹോപദ്രവകാല വിശുദ്ധന്മാർക്ക് ജ്ഞാനം (wisdom - spiritual) ആവശ്യമാണെന്നു പറഞ്ഞവസാനിപ്പിക്കുന്നു.

**അദ്ധ്യായവിഭജനം —**

**വെളി.13:1 —10 — സമുദ്രത്തിൽ നിന്നുള്ള മൃഗം— അന്തിക്രിസ്തു(ലോകഭരണാധികാരി)—**
**(The Beast out of the sea - Antichrist)**

13:1,2 — മൃഗത്തെക്കുറിച്ചുള്ള വിവരണം
(The description of the beast)

13:3 — മൃഗത്തിനേറ്റ മരണകരമായ മുറിവ്
(Deadly wound of the beast)

13:4 — മൃഗത്തിന്റെ അധികാരവും ജനപ്രീതിയും
(The authority and popularity of the beast)

13:5,6 — മൃഗത്തിന്റെ ദൈവദൂഷണം
(The blasphemies of the beast)

13:7,8 — മൃഗം വിശുദ്ധന്മാർക്കെതിരായി പോരാടുന്നു
(The beast makes war agaist saints)
13:9,10 — സകലർക്കുമുള്ള മുന്നറിയിപ്പ്
(Warning to all)

**വെളി.13:11 — 17 — ഭൂമിയിൽ നിന്നുള്ള മൃഗം — കള്ളപ്രവാചകൻ —**
**(The Beast out of the earth - False Prophet)**
13:11 — രണ്ടാമത്തെ മൃഗത്തിന്റെ വിവരണം
(The second beast and description)
13:12-14 — മൃഗം അധികാരം പ്രദർശിപ്പിക്കുന്നു
(The beast exercising all the authority)
13:15-17 — മൃഗത്തിന്റെ ആരാധകരെ മുദ്രയാൽ വേർതിരിക്കുന്നു
(The sealing and separating of the worshippers of beast)
13:18 — മൃഗത്തിന്റെ സ്ഥാനചിഹ്നം - 666
(The designation of the beast -666)

**വെളി.13:1 — അപ്പോൾ പത്തു കൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറുന്നതു ഞാൻ കണ്ടു** (Then I stood on the sand of the sea. And I saw a beast rising up out of the sea, having seven heads and ten horns, and on his horns ten crowns, and on his heads a blasphemous name) —

അവൻ കടല്പ്പുറത്തെ മണലിന്മേൽ നിന്നു എന്ന വാക്യത്തോടെ വെളിപ്പാടു 12-ാം അദ്ധ്യായം അവസാനിച്ചു. യിസ്രായേലാകുന്ന സ്ത്രീയെ ഒന്നടങ്കം നശിപ്പിക്കുവാൻ നദിപോലെ ഒരു സൈന്യവ്യൂഹത്തെ മഹാസർപ്പമായ സാത്താൻ അയച്ചു. എന്നാൽ സൈന്യത്തെ മുഴുവനും ഭൂമി വിഴുങ്ങിക്കളഞ്ഞതിനാൽ താൻ വീണ്ടും തോൽപ്പിക്കപ്പെട്ടു എന്ന ചിന്തയോടെ മഹാക്രോധത്തിൽ മഹാസർപ്പം സ്ത്രീയുടെ ശേഷിപ്പിനെതിരേ തിരിയുന്നു. പുതിയ മുന്നേറ്റത്തിനും ആക്രമണത്തിനും തന്റെ സഹായികളെയും കാത്തു മഹാസർപ്പമായ സാത്താൻ കടലിലെ മണൽപ്പുറത്തു കാത്തു നിൽക്കുന്നു. എന്നാൽ ഇംഗ്ലീഷ് പരിഭാഷയിൽ ഞാൻ കടല്പ്പുറത്തെ മണലിന്മേൽ നിന്നു എന്ന വാക്യത്തോടെ 13-ാം അദ്ധ്യായം ആരംഭിക്കുന്നത്. അതായത് മഹാപീഡനകാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളുടെ തുടർന്നുള്ള സംഭവങ്ങൾ കാണുന്നതിനായി യോഹന്നാൻ കടല്പ്പുറത്തെ മണലിന്മേൽ നിന്നു എന്നു സാരം.

യോഹന്നാൻ ഇതുവരെയും ഏറിയപങ്കും സ്വർഗ്ഗത്തിലെ ദർശനങ്ങൾ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ വാക്യത്തോടെ ഭൂമിയിലെ സംഭവങ്ങൾ യോഹന്നാൻ ദർശിക്കുന്നു. സമുദ്രത്തിൽ നിന്നു കയറി വരുന്ന മൃഗത്തെയാണ് ആദ്യം കാണുന്നത്. അതിപ്രകാരം വർണ്ണിക്കുന്നു — "*അപ്പോൾ പത്തു കൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറുന്നതു ഞാൻ കണ്ടു*" —
യോഹന്നാൻ കണ്ട മൃഗത്തിന്റെ പ്രത്യേകതകൾ — (1) പത്തു കൊമ്പ് (2) ഏഴു തല (3) പത്തു രാജമുടി (4) തലയിൽ ദൂഷണനാമം (5) മൃഗത്തിന്റെ രൂപം (6) സമുദ്രത്തിൽനിന്നു കയറി വരുന്നു.

**(1) പത്തു കൊമ്പ്** (Ten horns > power and authority) —

വെളിപ്പാടു 12-ൽ കണ്ട മഹാസർപ്പത്തിന്റെ പ്രത്യേകത വിശദീകരിച്ചത് "*ഏഴു തലയും പത്തു കൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീ നിറമുള്ളോരു മഹാസർപ്പം*" എന്നായിരുന്നു. അതു സാത്താനെ കുറിക്കുമ്പോൾ ഇവിടെ പറഞ്ഞിരിക്കുന്ന പ്രത്യേകത അന്തിക്രിസ്തുവിനോടു ബന്ധത്തിലാണ്. സാത്താനെ വിശദീകരിച്ചപ്പോൾ ആദ്യം തലയെപ്പറ്റിയും പിന്നീട് കൊമ്പും രാജമുടിയുമായിരുന്നെങ്കിൽ ഇവിടെ കൊമ്പിനെക്കുറിച്ചു ആദ്യം പറഞ്ഞിരിക്കുന്നു. തിരുവചനത്തിൽ കൊമ്പു ശക്തിയെയും രാജകീയഅധികാരത്തെയും വെളിപ്പെടുത്തുന്നു. കൂടാതെ കൊമ്പ് ആക്രമണത്തെയും പ്രതിരോധത്തെയും (attack and defense) കുറിക്കുന്നു. പത്ത് എന്ന സംഖ്യ പരീക്ഷണത്തെയും (testing), സാർവ്വത്രികത്വത്തെയും (universality), ഭരണപരമായ പൂർണ്ണതയെയും (completeness of administrative power) കുറിക്കുന്നു. മഹാപീഡനകാലത്ത് പുനരുദ്ധരിക്കപ്പെടുന്ന റോമാസാമ്രാജ്യത്തിൽ 10 രാജ്യങ്ങൾ ചേർന്നുണ്ടാക്കുന്ന സഖ്യത്തിൽ ഭരണം നടത്തുന്ന സംയുക്തരാജ്യങ്ങളിലെ 10 രാജാക്കന്മാരെയും 10 കൊമ്പു കുറിക്കുന്നു (ദാനീ.7:24,25/വെളി.17:12).

**(2) ഏഴു തല** (Seven heads)—

സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗത്തിന്റെ രണ്ടാമത്തെ പ്രത്യേകത അതിനു ഏഴു തലയുണ്ടായിരുന്നു എന്നതാണ്. ഏഴുതലയുള്ള ഒരു മൃഗത്തെ കൊല്ലാൻ വളരെ പ്രയാസമാണ്. കാരണം ഒരു തല തകർത്താലും മറ്റു ആറു തല ജീവനോടെ ശേഷിക്കും എന്നതിനാൽ തന്നേ. തല പൊതുവേ തിരുവചനത്തിൽ നേതൃത്വത്തെ (leadership) കുറിക്കുന്നു. ഏഴു എന്ന സംഖ്യ പൂർണ്ണതയെ കുറിക്കുന്നു. ഏഴു തല മൃഗത്തിന്റെ ഭയാജനകമായരൂപത്തെയും, ദുഷ്ടസ്വഭാവത്തെയും, അതിബുദ്ധിയെയും, നേതൃത്വപാഠവത്വത്തെയും കുറിക്കുന്നു. കൂടാതെ എഴു തലയെന്നത് രണ്ടു കാര്യങ്ങളുടെ ആലങ്കാരികപ്രയോഗവുമായി കണക്കാക്കാം. റോമൻ സാമ്രാജ്യം 7 മലകളിൽ പണിതിരിക്കുന്നതിനാൽ പ്രസ്തുത മലകളിലെ 7 പട്ടണങ്ങളായിരിക്കാം എന്ന ഒന്നാമത്തെ അഭിപ്രായം. രണ്ടാമത്തെ അഭിപ്രായമെന്നത് മഹാപീഡനകാലത്ത് ലോകഭരണാധികാരിയായി എഴുന്നേൽക്കുന്ന ഏഴു രാജ്യങ്ങളുടെ തലവനായ ഭരണാധികാരിയായിരിക്കാം ഏഴു തല. മിസ്രയിം, അശൂർ, ബാബിലോൺ, മേദ്യ-പാർസ്യ, ഗ്രീസ്, റോം (Egypt, Assyria, Babylon, Medo-Persia, Greece, Rome  എന്നിവയാണ് ആറു സാമ്രാജ്യങ്ങൾ. ഏഴാമത്തേതു പുനരുദ്ധരിക്കുന്ന റോം (Reconstituted Rome / Antichrists future kingdom) അഥവാ അന്തിക്രിസ്തുവിന്റെതാണ്.

**(3) പത്തു രാജമുടി** (Ten crowns / diadems) –

കൊമ്പുകളിൽ പത്തു രാജമുടിയുള്ളതാണ് മൃഗത്തിന്റെ മൂന്നാമത്തെ പ്രത്യേകത. മഹാസർപ്പത്തിന്റെ വർണ്ണനയിൽ പറഞ്ഞത് തലയിൽ ഏഴു രാജമുടി ഉണ്ടായിരുന്നു എന്നാണ്. രാജകീയപദവിയെയും (royal status), വിജയത്തെയും (Victor) രാജമുടി കുറിക്കുന്നു.  പത്തു എന്ന സംഖ്യ മാനുഷിക പൂർണ്ണതയെ (human completeness) കുറിക്കുന്നു. കൊമ്പുകളിലെ പത്തുരാജമുടികൾ  മൃഗമായ അന്തിക്രിസ്തുവിനു ലഭിക്കുന്ന മാനുഷിക പൂർണ്ണഅംഗീകാരത്തെയും, അന്തിക്രിസ്തുവിന്റെ രാജകീയ അധികാരം, പദവി, വിജയം എന്നിവയുടെ പൂർണ്ണതയെയും വെളിപ്പെടുത്തുന്നു.

**(4) തലയിൽ ദൂഷണനാമങ്ങൾ** (blasphemous name on heads) –

സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗത്തിന്റെ മറ്റൊരു പ്രത്യേകതയെന്നത് തലയിൽ ദൂഷണനാമം എഴുതപ്പെട്ടിരിക്കുന്നു അഥവാ ദൂഷണനാമം വഹിക്കുന്നു എന്നതാണ്. ഏഴു തലയുള്ളതിനാൽ ഏഴു തലയിലും ദൂഷണനാമങ്ങളുണ്ട്. എന്നാൽ പേരുകൾ വെളിപ്പെടുത്തിയിട്ടില്ല. ഏഴുതലയിലും ദൂഷണനാമങ്ങൾ വഹിക്കുന്നത് മൃഗത്തിന്റെ തുടർന്നുള്ള പ്രവൃത്തിയെയും സ്വഭാവത്തെയും വെളിപ്പെടുത്തുന്നു. ദൈവത്തെയും ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തെയും ദൈവീകമായ സകലത്തിനെയും ദുഷിക്കുക എന്നതാണ് മൃഗത്തിന്റെ പ്രത്യേകത.  ദൈവം എന്ന നാമത്തിലായിരിക്കും അവന്റെ പ്രത്യക്ഷത. ദൈവം എന്നു നടിക്കുന്നതു തന്നെ ദൈവദൂഷണമാണെന്നു തിരുവചനത്തിൽ കാണുന്നു (യോഹ.10:33).

**(5) മൃഗം** –

"മൃഗം" എന്നത് ആലങ്കാരികഭാഷാവർണ്ണനയാണ്. മൃഗീയസ്വഭാവത്തോടെ ജാതീയരാഷ്ട്രങ്ങൾക്കിടയിൽ നിന്നു എഴുന്നേൽക്കുന്ന ഒരു ലോകഭരാണാധികാരി അഥവാ അന്തിക്രിസ്തുവിനെയാണ് മൃഗമെന്ന നിലയിൽ വിശേഷിപ്പിച്ചിരിക്കുന്നത്. വേദപുസ്തകത്തിൽ എതിർക്രിസ്തു അഥവാ അന്തിക്രിസ്തു (antichrist) എന്ന പേര് യോഹന്നാന്റെ ലേഖനത്തിൽ നാലു വാക്യങ്ങളിലായി അഞ്ചു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (1.യോഹ.2:18/2:22/4:3/2.യോഹ.7).

മൃഗം അഥവാ അന്തിക്രിസ്തുവിന്റെ പ്രവർത്തനത്തെ ശ്രദ്ധിച്ചാൽ മഹോപദ്രവകാലത്ത് സാത്താന്റെ പ്രവർത്തനം മനസ്സിലാക്കുവാൻ സാധിക്കും. ദൈവത്തേക്കാൾ വലിയവനാകുവാനും അതിനായി പ്രവർത്തിക്കുകയും ചെയ്തതിനാൽ സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കപ്പെട്ടവനാണ് സാത്താൻ (യെശ.14:12-17). ദൈവത്തിന്റെ സകലപ്രവർത്തനങ്ങളും സാത്താൻ അനുകരിക്കുന്നു. ദൈവീകത്രിത്വത്തിലെന്നപോലെ സാത്താന്യത്രിത്വത്തിൽ സാത്താൻ, അന്തിക്രിസ്തു, കള്ളപ്രവാചകൻ എന്നീ ആളത്വങ്ങളിൽ അഭിനയിക്കുന്നു. യേശുക്രിസ്തു ദൈവീകത്വിത്വത്തിൽ രണ്ടാമൻ ഭൂവാസികളുടെ രക്ഷെക്കായി മനുഷ്യനായി ഭൂമിയിലേക്കു വന്നു. ദൈവവും യേശുക്രിസ്തുവും പിതാവും പുത്രനും എന്ന ബന്ധം പോലെ സാത്താനും അന്തിക്രിസ്തുവും അഭിനയിക്കുന്നു. വെളിപ്പാടിൽ കാണുന്ന അന്തിക്രിസ്തു മനുഷ്യവേഷത്തിൽ ജീവനുള്ള ശ്വാസോച്ഛ്വാസം ചെയ്യുന്ന സാത്താന്റെ പ്രതിനിധിയാണ്. സാത്താനാൽ അഭിഷിക്തനും സാത്താന്റെ പുത്രനുമാണ് അന്തിക്രിസ്തു എന്ന മനുഷ്യമൃഗം. അന്തിക്രിസ്തു ഒരു മനുഷ്യനാണെങ്കിലും അവനെ മൃഗത്തോടു താരതമ്യപ്പെടുത്തി യോഹന്നാനും ദാനീയേൽ പ്രവാചകനും ചിത്രീകരിച്ചിരിക്കുന്നു. അതു അവന്റെ മൃഗീയസ്വഭാവത്തെയും പ്രവർത്തനത്തെയും ബന്ധപ്പെടുത്തിയാണ്.

അന്തിക്രിസ്തു എന്ന നാമത്തിനു പുറമേ അവന്റെ ആളത്വവും പ്രവൃത്തിയും ബന്ധപ്പെടുത്തി

നിരവധി നാമങ്ങൾ കാണുന്നുണ്ട് —

കള്ളക്രിസ്തു — മർക്കൊ.13:22 (false christ)
നാശയോഗ്യൻ — 2.തെസ്സ.2:3 (The man of sin)
അധർമ്മമൂർത്തി — 2.തെസ്സ.2:3 (The son of perdition)
മൃഗം — വെളി.11:7 (The beast)
ചെറിയകൊമ്പ് — ദാനീ.7:8 (The little horn)
ഉഗ്രഭാവവും ഉപായ ബുദ്ധിയുമുള്ള രാജാവ് — ദാനീ.8:23 (A king with fierce features)
വരുവാനുള്ള പ്രഭു — ദാനീ.9:26 (The prince who is to come)
തന്നിഷ്ടക്കാരൻ - ദാനീ.11:36 (The wilful king).

**(6) സമുദ്രത്തിൽ നിന്നു കയറുന്നു —**

"സമുദ്രം" എന്നതു ആലങ്കാരികഭാഷാപ്രയോഗമാണ്. പ്രാദേശികാർത്ഥത്തിൽ മെഡിറ്ററേനിയൻ സമുദ്രത്തെ കുറിക്കുന്നതെങ്കിലും ജാതീയരാഷ്ട്രസമൂഹത്തെ കടൽ ചിത്രീകരിക്കുന്നു. ദാനീയേലിന്റെ ദർശനത്തിൽ കാണുന്ന നാലു മൃഗങ്ങളും മഹാസമുദ്രത്തിൽ നിന്നു കയറി വരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (ദാനീ.7:2,3). മഹാസമുദ്രമെന്നത് മനുഷ്യവർഗ്ഗത്തെ വിശേഷാൽ ജാതീയരാഷ്ട്രങ്ങളെ കുറിക്കുന്നു. രണ്ടിടത്തും പ്രത്യക്ഷപ്പെടുന്ന മൃഗം രൂപസാദൃശ്യമുള്ളതിനാലും വിഷയം അന്യോന്യം ബന്ധപ്പെട്ടു നിൽക്കുന്നതിനാലും വെളിപ്പാടിൽ മൃഗം കയറി വരുന്ന സമുദ്രം അന്നത്തെ ജാതീയരാഷ്ട്രങ്ങളെ കുറിക്കുന്നു എന്നു ചിന്തിക്കുന്നതാണ് ഏറെ യോജ്യം. കൂടാതെ കടൽ എപ്പോഴും ഇളകി മറിയുന്ന അഥവാ അസ്വസ്തതയെ ചിത്രീകരിക്കുന്നതിനാൽ ഇളകിമറിയുന്ന ജാതികളെയും രാഷ്ട്രങ്ങളെയും പ്രതിനിതീകരിക്കുന്നു (യെശ.57:20). വെളിപ്പാട് 17:15 -ൽ വെള്ളം എന്ന വിശേഷണം വംശങ്ങളും, പുരുഷാരങ്ങളും, ജാതികളും, ഭാഷകളും ആണെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ സമുദ്രം എന്നത് സാത്താന്റെ തടവറയായ അഗാധകൂപം എന്നു ചിന്തിക്കുന്നവരുമുണ്ട് (വെളി.11:7/വെളി.17:8).

**വെളി.13:2 — ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ്പോലെയും ആയിരുന്നു. അതിന്നു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു** (Now the beast which I saw was like a leopard, his feet were like *the feet of* a bear, and his mouth like the mouth of a lion. The dragon gave him his power, his throne, and great authority) —

സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു തള്ളപ്പെട്ട തീ നിറമുള്ള മഹാസർപ്പത്തിനു 7 തലയും, 10 കൊമ്പും, തലയിൽ 7 രാജമുടിയും ഉണ്ടായിരുന്നു. എന്നാൽ സർപ്പത്തിന്റെ സഹായിയായി കടലിൽ നിന്നു കയറിവന്ന മൃഗത്തിനു 10 കൊമ്പും, 7 തലയും, കൊമ്പുകളിൽ 10 രാജമുടിയും, തലയിൽ ദൂഷണനാമങ്ങളും കാണുന്നു. ഒന്നു സർപ്പമായിരിക്കുമ്പോൾ രണ്ടാമത്തേതു മൃഗം എന്നതാണ് പ്രധാനവ്യത്യാസം. കൂടാതെ മഹാസർപ്പത്തേക്കാൾ മൂന്നു രാജമുടിയും, തലയിൽ ദൂഷണനാമങ്ങളും അധികമായി മൃഗത്തിൽ കാണപ്പെടുന്നു. വെളിപ്പാടു 13:2-ൽ യോഹന്നാൻ സമുദ്രത്തിൽ നിന്നു കയറി വരുന്ന മൃഗത്തിന്റെ മറ്റു പ്രത്യേകതകളും, മൃഗത്തിനു മഹാസർപ്പത്തിൽ നിന്നു ലഭിക്കുന്ന പദവികളും വിവരിക്കുന്നു — "*ഞാൻ കണ്ട മൃഗം* ***പുള്ളിപ്പുലിക്കു*** *സദൃശവും അതിന്റെ കാൽ* ***കരടിയുടെ*** *കാൽപോലെയും വായ്* ***സിംഹത്തിന്റെ*** *വായ്പോലെയും ആയിരുന്നു. അതിന്നു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു.*"

യോഹന്നാൻ വിവരിക്കുന്ന ഈ മൃഗത്തിനു ദാനീയേൽപ്രവാചകൻ കാണുന്ന ദർശനത്തിലെ മൃഗങ്ങളോട് സാമ്യമുണ്ട്. ആകയാൽ യോഹന്നാന്റെ ദർശനം സൂഷ്മപരിശോധന നടത്തുന്നതിനു പ്രാരംഭമായി ദാനീയേലിന്റെ ദർശനത്തിലെ നാലു മൃഗങ്ങളെക്കുറിച്ചു മനസ്സിലാക്കുന്നത് ഏറ്റവും അനിവാര്യമാണ്. **ദാനീ.7:2-8 —** "*ദാനീയേൽ വിവരിച്ചു പറഞ്ഞതെന്തെന്നാൽ: ഞാൻ രാത്രിയിൽ എന്റെ ദർശനത്തിൽ കണ്ടതു: ആകാശത്തിലെ നാലു കാറ്റും മഹാസമുദ്രത്തിന്റെ നേരെ അടിക്കുന്നതു ഞാൻ കണ്ടു. അപ്പോൾ തമ്മിൽ ഭേദിച്ചിരിക്കുന്ന നാലുമഹാമൃഗങ്ങൾ സമുദ്രത്തിൽ നിന്നു കരേറിവന്നു. ഒന്നാമത്തേതു* ***സിംഹത്തോടു*** *സദൃശവും കഴുകിൻ ചിറകുള്ളതുമായിരുന്നു; ഞാൻ നോക്കിക്കൊണ്ടിരിക്കെ അതിന്റെ ചിറകു പറിഞ്ഞുപോയി; അതിനെ നിലത്തുനിന്നു പൊക്കി, മനുഷ്യനെപ്പോലെ നിവർത്തുനിർത്തി, അതിന്നു മാനുഷഹൃദയവും കൊടുത്തു. രണ്ടാമതു* ***കരടിയോടു*** *സദൃശമായ മറ്റൊരു മൃഗത്തെ കണ്ടു; അതു ഒരു പാർശ്വം ഉയർത്തിയും വായിൽ പല്ലിന്റെ ഇടയിൽ മൂന്നു വാരിയെല്ലു കടിച്ചുപിടിച്ചുംകൊണ്ടു നിന്നു; അവർ അതിനോടു: എഴുന്നേറ്റു മാംസം ധാരാളം തിന്നുക എന്നു പറഞ്ഞു. പിന്നെ* ***പുള്ളിപ്പുലിക്കു*** *സദൃശമായ മറ്റൊന്നിനെ കണ്ടു, അതിന്റെ മുതുകത്തു പക്ഷിയുടെ നാലു ചിറകുണ്ടായിരുന്നു; മൃഗത്തിന്നു നാലു തലയും ഉണ്ടായിരുന്നു; അതിന്നു ആധിപത്യം ലഭിച്ചു. രാത്രി ദർശനത്തിൽ ഞാൻ പിന്നെയും ഘോരവും ഭയങ്കരവും അതിബലവും ഉള്ള* ***നാലാമതൊരു മൃഗത്തെ*** *കണ്ടു; അതിന്നു വലിയ*

*ഇരിമ്പുപല്ലു ഉണ്ടായിരുന്നു; അതു തിന്നുകയും തകർക്കുകയും ചെയ്തിട്ടു ശേഷമുള്ളതിനെ കാൽകൊണ്ടു ചവിട്ടിക്കളഞ്ഞു; മുമ്പെ കണ്ട സകലമൃഗങ്ങളിലുംവെച്ചു ഇതു വ്യത്യാസമുള്ളതായിരുന്നു; അതിന്നു പത്തു കൊമ്പുണ്ടായിരുന്നു. ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ, അവയുടെ ഇടയിൽ മറ്റൊരു ചെറിയ കൊമ്പു മുളെച്ചുവന്നു; അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ പറിഞ്ഞുപോയി; ഈ കൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു."* നെബുഖദ്നേസർ രാജാവ് സ്വപ്നം കണ്ടു ഏകദേശം 48 വർഷങ്ങൾക്കു ശേഷം ദാനീയേൽ തന്റെ ദർശനത്തിൽ മഹാസമുദ്രത്തിൽ നിന്നു നാലു മൃഗങ്ങൾ കയറി വരുന്നതു കാണുന്നു. ദാനീയേൽ പ്രവചനം രണ്ടാം അദ്ധ്യായത്തിൽ നെബൂഖദ്നേസർ രാജാവ് സ്വപ്നത്തിൽ കണ്ട സമ്മിശ്രലോഹബിംബം ലോകത്തിൽ വരുവാൻ പോകുന്ന നാലു ലോകസമ്രാജ്യങ്ങളെക്കുറിച്ചുള്ളതായിരുന്നു. ദാനീയേൽ കാണുന്ന നാലുമൃഗങ്ങളെക്കുറിച്ചുള്ള ദർശനവും പ്രസ്തുത ലോകസാമ്രാജ്യങ്ങളെക്കുറിച്ചുള്ളതായിരുന്നു. രാജാവിന്റെ സ്വപ്നം ചരിത്രപരമായ കാര്യങ്ങളെ വിശദീകരിക്കുന്നുവെങ്കിൽ പ്രവാചകന്റെ സ്വപ്നം ദൈവജനത്തിന്മേൽ നാലു ലോകസാമ്രാജ്യങ്ങളുടെ സ്വാധീനതയെ വ്യക്തമാക്കുന്നു. ദാനീയേൽ കണ്ട നാലു വന്യമൃഗങ്ങളും നാലു സാമ്രാജ്യങ്ങളെ കുറിക്കുന്നു. സിംഹം ബാബിലോണ്യൻ സാമ്രാജ്യത്തെയും, കരടി മേദ്യ-പാർസ്യ സാമ്രാജ്യത്തെയും, പുള്ളിപ്പുലി യവനസാമ്രാജ്യത്തെയും (ഗ്രീക്ക്), നാലാമത്തെ മൃഗം റോമൻ സാമ്രാജ്യത്തെയും കുറിക്കുന്നു (Lion > Babylon / Bear > Medo-Persia / Leopard > Greece / Wild Animal > Rome).

**ഒന്നാം മൃഗം (ദാനീ.7:4) —** *"ഒന്നാമത്തേതു* ***സിംഹത്തോടു*** *സദൃശവും കഴുകിൻ ചിറകുള്ളതുമായിരുന്നു; ഞാൻ നോക്കിക്കൊണ്ടിരിക്കെ അതിന്റെ ചിറകു പറിഞ്ഞുപോയി; അതിനെ നിലത്തുനിന്നു പൊക്കി, മനുഷ്യനെപ്പോലെ നിവർത്തുനിർത്തി, അതിന്നു മാനുഷഹൃദയവും കൊടുത്തു."* ദാനീയേൽ കണ്ട ഒന്നാമത്തെ മൃഗം ബാബിലോണിനെയും അതിന്റെ രാജാവായ നെബുഖദ്നേസറിനെയും കുറിക്കുന്നു. ഒന്നാമത്തെ മൃഗം സിംഹത്തോടു സദൃശവും കഴുകിൻ ചിറകുള്ളതുമായിരുന്നു. മൃഗങ്ങളിൽ രാജാവായ സിംഹവും, പക്ഷികളിൽ രാജാവായ കഴുകന്റെയും ഏകോപിച്ചുള്ള രൂപം നെബൂഖദ്നേസർ കണ്ട ബിംബത്തിലെ തങ്കത്തല അഥവാ രാജത്വത്തോടു ചേരുന്നു. കഴുകിൻ ചിറക് സൈന്യങ്ങളുടെ കഴുകിനു തുല്യമായ വേഗതയെ പ്രകടമാക്കുന്നു. ചിറക് പറിഞ്ഞുപോയത് സൈന്യശക്തി നഷ്ടപ്പെട്ടു മൃഗതുല്യനായതിനെയും ബാബേലിന്റെ അധഃപതനത്തെയും കുറിക്കുന്നു. നിലത്തു നിന്നു പൊക്കി മനുഷ്യനെപ്പോലെ നിവർത്തുനിർത്തി മാനുഷഹൃദയം കൊടുത്തു എന്നത് മനുഷ്യനെപ്പോലെ കാലിന്മേൽ നിറുത്തി, സുബോധം കൊടുത്തതിനെയും നെബൂഖദ്നേസറിനെ വീണ്ടും സിംഹാസനത്തിലിരുത്തിയതിനെയും വെളിപ്പെടുത്തുന്നു.

**രണ്ടാം മൃഗം (ദാനീ.7:5) —** *"രണ്ടാമതു* ***കരടിയോടു*** *സദൃശമായ മറ്റൊരു മൃഗത്തെ കണ്ടു; അതു ഒരു പാർശ്വം ഉയർത്തിയും വായിൽ പല്ലിന്റെ ഇടയിൽ മൂന്നു വാരിയെല്ലു കടിച്ചുപിടിച്ചുംകൊണ്ടു നിന്നു; അവർ അതിനോടു: എഴുന്നേറ്റു മാംസം ധാരാളം തിന്നുക എന്നു പറഞ്ഞു."* ദാനീയേൽ കണ്ട കരടിയോട് സദൃശമായ രണ്ടാമത്തെ മൃഗം മേദ്യപേർഷ്യരാജ്യങ്ങളെ കുറിക്കുന്നു. കോരശും ദാര്യാവേശും ആയിരുന്നു ഇവിടത്തെ ഭരണകർത്താക്കൾ. അതിന്റെ ഒരു വശം ഉയർന്നിരിക്കുന്നതെന്നത് മെദോ-പാർസ്യൻ സഖ്യത്തിൽ പേർഷ്യയുടെ മേൽക്കോയ്മയെ കുറിക്കുന്നു. വിശേഷാൽ പേർഷ്യൻ സാമ്രാജ്യത്തിനുണ്ടായിരുന്ന അത്യധിമായ സൈന്യശക്തിയെ കുറിക്കുന്നു. മൂന്നു വാരിയെല്ലു കടിച്ചുപിടിച്ചുകൊണ്ടു നിന്നു എന്നത് ബാബിലോൺ, ഈജിപ്റ്റ്, ലിബിയ എന്നീ രാജ്യങ്ങളെ തോല്പിച്ചു കീഴടക്കി നിൽക്കുന്നതിനെ കുറിക്കുന്നു. എഴുന്നേറ്റു മാംസം ധാരാളം തിന്നുകയെന്നത് ശത്രുക്കളുടെ മേൽ ആക്രമിച്ചു അവരെ കൊല്ലുകയും അവരെ ക്ഷാമത്തിലാക്കുന്നതിനെയും വെളിപ്പെടുത്തുന്നു.

**മൂന്നാം മൃഗം (ദാനീ.7:6) —** *"പിന്നെ* ***പുള്ളിപ്പുലിക്കു*** *സദൃശമായ മറ്റൊന്നിനെ കണ്ടു, അതിന്റെ മുതുകത്തു പക്ഷിയുടെ നാലു ചിറകുണ്ടായിരുന്നു; മൃഗത്തിന്നു നാലു തലയും ഉണ്ടായിരുന്നു; അതിന്നു ആധിപത്യം ലഭിച്ചു."* ദാനീയേൽ കണ്ട പുള്ളിപ്പുലിക്കു സദൃശമായ മൂന്നാമത്തെ മൃഗം ഗ്രീക്കു സാമ്രാജ്യത്തെ പ്രതിനതീകരിക്കുന്നു. പുള്ളിപ്പുലി വന്യമൃഗങ്ങളിൽ ഏറ്റവും വേഗതയുള്ളതാണ്. ദാനീയേൽ കണ്ട പുള്ളിപ്പുലിയുടെ മുതുകത്തു നാലു ചിറകുണ്ടായിരുന്നു എന്നത് അതിന്റെ അതിവേഗതയെ വെളിപ്പെടുത്തുന്നതോടൊപ്പം മിന്നൽ വേഗത്തിൽ ശത്രുരാജ്യങ്ങളെ തോൽപ്പിക്കുവാനുള്ള കഴിവിനെ വ്യക്തമാക്കുന്നു. അതിനു നാലു തലയുണ്ടായിരുന്നു എന്നത് അലക്സാണ്ടർ ചക്രവർത്തിയുടെ നാലു സൈന്യാധിപന്മാരെ കുറിക്കുന്നു. ചക്രവർത്തിയുടെ അകാലനിര്യാണത്താൽ നാലു തലകളായ നാലു സൈന്യാധിപന്മാർക്കു സാമ്രാജ്യം അവകാശമായി ലഭിച്ചു ആധിപത്യം സ്ഥാപിക്കുന്നതിനെയും വെളിപ്പെടുത്തുന്നു.

**നാലാം മൃഗം (ദാനീ.7:7,8) —** *"രാത്രി ദർശനത്തിൽ ഞാൻ പിന്നെയും ഘോരവും ഭയങ്കരവും അതിബലവും ഉള്ള* ***നാലാമതൊരു മൃഗത്തെ*** *കണ്ടു; അതിന്നു വലിയ ഇരിമ്പുപല്ലു ഉണ്ടായിരുന്നു; അതു തിന്നുകയും തകർക്കുകയും ചെയ്തിട്ടു ശേഷമുള്ളതിനെ കാൽകൊണ്ടു ചവിട്ടിക്കളഞ്ഞു; മുമ്പെ*

*കണ്ട സകലമൃഗങ്ങളിലുംവെച്ചു ഇതു വ്യത്യാസമുള്ളതായിരുന്നു; അതിന്നു പത്തു കൊമ്പുണ്ടായിരുന്നു. ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ, അവയുടെ ഇടയിൽ മറ്റൊരു ചെറിയ കൊമ്പു മുളെച്ചുവന്നു; അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ പറിഞ്ഞുപോയി; ഈ കൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു."* ദാനീയേൽ കണ്ട ഘോരവും ഭയങ്കരവും അതിബലവുമുള്ള നാലാമത്തെ മൃഗം റോമൻസാമ്രാജ്യത്തെ പ്രതിനിതീകരിക്കുന്നു. മറ്റു മൂന്നു മൃഗങ്ങളോടു ബന്ധപ്പെട്ടിട്ടുള്ള സാമ്രാജ്യങ്ങളിൽ നിന്നു വ്യത്യസ്ഥമായുള്ള ഭരണരീതിയാണ് റോമൻസാമ്രാജ്യത്തിനുണ്ടായിരുന്നത്. യോഹന്നാൻ മറ്റു മൂന്നു മൃഗങ്ങൾക്കും സിംഹം, കരടി, പുള്ളിപ്പുലി എന്നിങ്ങനെ സാദൃശം പറഞ്ഞപ്പോൾ നാലാമത്തെ മൃഗത്തിനു ഭൂമിയിലുള്ള ഒന്നിന്റേയും സാദൃശം പറഞ്ഞിട്ടില്ല. കാരണം ഇതു മറ്റേതു മൃഗങ്ങളോടും തുലനം ചെയ്യാൻ കഴിയാത്തവിധം വ്യത്യസ്തമായതും ഘോരമൃഗവുമായതിനാലാണ്. അതിനു വലിയ ഇരിമ്പു പല്ലുണ്ടായിരുന്നതും തിന്നുകയും തകർക്കുകയും കാൽകൊണ്ടു ചവിട്ടിക്കളയുകയും ചെയ്തു എന്നത് റോമൻസാമ്രാജ്യത്തിന്റെ ഭീകരമായ ഭരണത്തെയും സകലതും നശിപ്പിച്ചുകളയുന്ന പ്രവണതയെയും കുറിക്കുന്നു. സകലമൃഗങ്ങളിൽ നിന്നു ഇതു വ്യത്യാസപ്പെട്ടിരുന്നു എന്നത് മുമ്പുള്ള സാമ്രാജ്യങ്ങളേക്കാളും ഭീകരമായ ഭരണത്തെ വ്യക്തമാക്കുന്നു. ഘോരമൃഗത്തിന്റെ തലയിൽ 10 കൊമ്പുണ്ടായിരുന്നത് റോമൻ സാമ്രാജ്യത്തിലെ 10 രാജാക്കന്മാരെ സൂചിപ്പിക്കുന്നു. അവയുടെ ഇടയിൽ നിന്നു മുളെച്ചു വന്ന ചെറിയകൊമ്പ് അന്തിക്രിസ്തുവിന്റെ നിഴലായ അന്ത്യോക്കസ് എപ്പിഫാനാസിനെ കുറിക്കുന്നു. കൂടാതെ ഭാവിയിൽ റോമാസാമ്രാജ്യം 10 രാജാക്കന്മാർ ചേർന്നു പുനരുദ്ധരിക്കുന്ന കാലത്ത് എഴുന്നേൽക്കുന്ന അന്തിക്രിസ്തുവിനെയും സൂചിപ്പിക്കുന്നു. മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ പറിഞ്ഞുപോയി എന്നത് മുളെച്ചുവന്ന ചെറിയകൊമ്പിനാൽ മൂന്നു രാജാക്കന്മാർ വീഴ്ത്തപ്പെടുന്നതിനെ കുറിക്കുന്നു. ചെറിയകൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു എന്നത് അവന്റെ ദൃഷ്ടി സകലത്തിന്മേൽ എത്തുന്നതിനെയും അവന്റെ സംസാരത്താൽ നിഗളവും ദൂഷണം പുറപ്പെടുന്നതിനെയും കാണിക്കുന്നു. ഈ ചെറിയകൊമ്പു ഭാവിയിൽ ദൈവത്തിനെതിരേ ദൂഷണവുമായി അരങ്ങേറുന്ന അന്തിക്രിസ്തുവാണ്.

ദാനീയേൽ ദർശിച്ച നാലു മൃഗങ്ങളും നാലു സാമ്രാജ്യങ്ങളെയാണ് വെളിപ്പെടുത്തിയത്. സിംഹം എന്ന ബാബിലോൺ, കരടിയായ മേദ്യ-പാർസി, പുള്ളിപ്പുലിയായ യവനസാമ്രാജ്യം, ഘോരവും ഭയങ്കര മൃഗവുമായ റോമൻ സാമ്രാജ്യം എന്നിവയായിരുന്നു അവ. നാലുമൃഗങ്ങളും വന്യക്രൂരമൃഗങ്ങൾ ആയിരിക്കുന്നതുപോലെ അവയുടെ സ്വഭാവത്തിലും പ്രവർത്തനത്തിലും നാലുവ്യത്യസ്ത സാമ്രാജ്യങ്ങൾ ദാനീയേൽ ദർശിച്ച രീതിയിലും ക്രമത്തിലും ഭൂമിയിൽ ആധിപത്യം സ്ഥാപിച്ചു കടന്നുപോയി. യോഹന്നാന്റെ ദർശനത്തിൽ മൂന്നു മൃഗങ്ങളെയും ദാനീയേലിൽ നാലു മൃഗങ്ങളെയും കാണുന്നു. യോഹന്നാൻ കാണുന്നത് ദാനീയേൽ പ്രവചനത്തിലെ നാലുമൃഗങ്ങളുടെ സമ്മിശ്രദർശനമാണ്. ദാനീയേലിന്റെ ദർശനത്തിൽ റോമൻസാമ്രാജ്യത്തെ പ്രതിനിതീകരിക്കുന്ന നാലാമത്തെ ഘോരമൃഗത്തിന്റെ ഭരണസമയത്താണ് യോഹന്നാൻ ജീവിച്ചിരുന്നത്. ആയതിനാൽ യോഹന്നാൻ തന്റെ ജീവകാലത്തെ ഘോരമൃഗത്തെ വിവരിക്കാതെ അതിനു മുമ്പുള്ള മൂന്നു മൃഗങ്ങളുടെ വിശദീകരണമാണ് നൽകിയിരിക്കുന്നത്. ദാനീയേൽ സിംഹം, കരടി, പുള്ളപ്പുലി, ഘോരമൃഗം എന്നിങ്ങനെ ക്രമത്തിൽ പറയുമ്പോൾ യോഹന്നാൻ പുള്ളിപ്പുലി, കരടി, സിംഹം എന്ന ക്രമത്തിൽ പറഞ്ഞിരിക്കുന്നു. അതായത് ദാനീയേൽ സിംഹത്തിൽ ആരംഭിക്കുമ്പോൾ യോഹന്നാൻ സിംഹത്തിൽ അവസാനിപ്പിക്കുന്നു. ദാനീയേൽ മുന്നോട്ടുനോക്കി വരുവാനുള്ള നാലു ലോകസാമ്രാജ്യങ്ങളെക്കുറിച്ചു പറയുന്നുവെങ്കിൽ യോഹന്നാൻ മുമ്പോട്ടു നോക്കി തന്റെ കാലത്ത് ആധിപത്യം സ്ഥാപിച്ച റോമൻ സാമ്രാജ്യം മുതൽ പിന്നിലേക്കുള്ള മൂന്നു ലോകരാഷ്ട്രങ്ങളെ ദർശിക്കുന്നു. ദാനീയേൽ മൃഗങ്ങളെ വെവ്വേറെ കാണുമ്പോൾ യോഹന്നാൻ മൃഗങ്ങളുടെ സമ്മിശ്രരൂപത്തെയാണ് കാണുന്നത്. അതായത് യോഹന്നാൻ 4 വ്യത്യസ്ത ഭരണകൂടത്തെയല്ല മറിച്ച് മൃഗമാകുന്ന അന്തിക്രിസ്തുവിൽ അടങ്ങിയിരിക്കുന്ന വ്യത്യസ്തമൃഗീയസ്വഭാവത്തെയാണ് കാണുന്നത്.

ഇനി യോഹന്നാൻ കണ്ട ദർശനത്തിലേക്കു മടങ്ങിവരാം. **"ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ്പോലെയും ആയിരുന്നു. അതിന്നു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു"** —

**ഞാൻ കണ്ട മൃഗം** (Called a beast > wild animal > brutal, savage, ferocious > He will be fearful and powerful man) —

ദാനീയേൽ നാലു മൃഗങ്ങളെ കാണുന്നതിൽ മൂന്നെണ്ണത്തിനു സിംഹം, കരടി, പുള്ളിപ്പുലി എന്നീ പേരുകളാൽ വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലും നാലാമത്തെ മൃഗത്തെ ഘോരമൃഗം എന്നുമാത്രം വിശേഷിപ്പിച്ചിരിക്കുന്നു. എന്തെന്നാൽ സിംഹത്തേക്കാളും കരടിയേക്കാളും പുള്ളിപ്പുലിയേക്കാളും മാത്രവുമല്ല ഭൂമിയിൽ താൻ കണ്ടിട്ടുള്ള യാതൊരു മൃഗങ്ങളോടും സാമ്യപ്പെടുത്തുവാൻ കഴിയാത്തതുമായ രൂപത്തിലുള്ള മൃഗമായതിനാലാണ് ഘോരമൃഗം എന്നു പറഞ്ഞിരിക്കുന്നത്. ദാനീയേൽ കണ്ട ഘോരവും ഭയങ്കരവും അതിബലവുമുള്ള നാലാമത്തെ മൃഗം റോമൻസാമ്രാജ്യത്തെ പ്രതിനിതീകരിക്കുന്നു. യോഹ

ന്നാൻ ജീവിച്ചിരുന്നത് ഈ ഘോരമൃഗത്തിന്റെ അഥവാ റോമൻഭരണസമയത്തായിരുന്നു. ക്രിസ്തുവിശ്വാസികളെ ക്രൂരമായി പീഡിപ്പിക്കുകയും കൂട്ടക്കൊല നടത്തുകയും ചെയ്ത വേറൊരു കാലം ചരിത്രത്തിൽ ഉണ്ടായിട്ടില്ല എന്നു പറയാം. വിശ്വാസികളെ എരിയുന്ന തീച്ചൂളയിലേക്കു വലിച്ചെറിയുക, തിളച്ച എണ്ണയിൽ മുക്കിക്കൊല്ലുക, തീപ്പന്തങ്ങളായി രാജപാതയിൽ കത്തിച്ചു പ്രകാശിപ്പിക്കുക, വന്യമൃഗങ്ങൾക്കു എറിഞ്ഞുകൊടുത്തു അവരെ പിച്ചിച്ചീന്തുന്നതു കണ്ടു രസിക്കുക, ഇരുമ്പു നെരിപ്പോടിലിട്ടു വറുത്തു കൊല്ലുക, ഈർച്ചവാളുകളാൽ അറുക്കുക, മരത്തിന്മേൽ ചേർത്തു ബന്ധിച്ചു ആണിയടിച്ചു കൊല്ലുക എന്നിങ്ങനെ ക്രൂരമായ പീഡനമുറകൾ ഇക്കാലത്തു അരങ്ങേറി. അന്തിക്രിസ്തുവിന്റെ ഭരണകാലത്തും ഈ വിധത്തിലുള്ള കൊടുംഘോരകൃത്യങ്ങൾ ഉണ്ടാകും എന്നു യോഹന്നാൻ മനസ്സിലാക്കുന്നു.

**പുള്ളിപ്പുലിക്കു സദൃശവും** (body like a leopard > His rise to power will be swift) —

യോഹന്നാൻ കണ്ട മൃഗത്തിന്റെ ഒന്നാമത്തെ പ്രത്യേകത അതു പുള്ളിപ്പുലിക്കു സദൃശമായിരുന്നു എന്നതാണ്. ദാനീയേൽ പ്രവാചകൻ കാണുന്നതും ഇതു തന്നെയാണ്. "*പിന്നെ* ***പുള്ളിപ്പുലിക്കു*** *സദൃശമായ മറ്റൊന്നിനെ കണ്ടു, അതിന്റെ മുതുകത്തു പക്ഷിയുടെ നാലു ചിറകുണ്ടായിരുന്നു; മൃഗത്തിന്നു നാലു തലയും ഉണ്ടായിരുന്നു; അതിന്നു ആധിപത്യം ലഭിച്ചു.*" ദാനീയേൽ കണ്ട പുള്ളിപ്പുലിക്കു സദൃശമായ മൂന്നാമത്തെ മൃഗം ഗ്രീക്കു സാമ്രാജ്യത്തെയാണ് പ്രതിനതീകരിച്ചത്. പുള്ളിപ്പുലി അതിവേഗതയോടും ഏറിയ ശൗര്യത്തോടെയും ഇരയുടെ മേൽ ചാടി വീഴുന്നു. ആയതുപോലെ അന്തിക്രിസ്തു തന്റെ എതിരാളികളുടെ മേൽ അതിശീഘ്രം ചാടിവീണു കീഴ്പെടുത്തുന്നതു പുള്ളിപ്പുലിക്കു സമാനമായ ഉടൽ വെളിപ്പെടുത്തുന്നു.

**അതിന്റെ കാൽ കരടിയുടെ കാൽപോലെയും** (Feet like bear > He will crush his opponents) —

ഘോരമൃഗത്തിന്റെ ഉടൽ പുള്ളുപ്പുലിക്കു സമാനമായിരുന്നുവെങ്കിൽ അതിന്റെ കാൽ കരടിയുടെ കാൽ പോലെയായിരുന്നുവെന്നു യോഹന്നാൻ വിശദീകരിക്കുന്നു. ദാനീയേലും കാണുന്നത് കരടിയോടു സദൃശമായ മൃഗത്തെയാണ്. "*രണ്ടാമതു* ***കരടിയോടു*** *സദൃശമായ മറ്റൊരു മൃഗത്തെ കണ്ടു; അതു ഒരു പാർശ്വം ഉയർത്തിയും വായിൽ പല്ലിന്റെ ഇടയിൽ മൂന്നു വാരിയെല്ലു കടിച്ചുപിടിച്ചുംകൊണ്ടു നിന്നു; അവർ അതിനോടു: എഴുന്നേറ്റു മാംസം ധാരാളം തിന്നുക എന്നു പറഞ്ഞു.*" ദാനീയേൽ കണ്ട കരടിയോട് സദൃശമായ രണ്ടാമത്തെ മൃഗം മേദ്യപേർഷ്യരാജ്യങ്ങളെ കുറിക്കുന്നു. കരടി നടപ്പിൽ ഒട്ടും ഭംഗിയില്ലാത്തതും വേഗതയില്ലാത്തതുമായ ഏറെ ബലശാലിയായ ക്രൂരവന്യമൃഗമാണ്. കരടി രക്തക്കൊതിയനും സാവധാനത്തിൽ നടക്കുന്ന മൃഗവുമാണ്. കൂടാതെ മാർഗ്ഗമദ്ധ്യേയുള്ള സകലതിനെയും ചവിട്ടിമെതിച്ചു നശിപ്പിക്കുന്ന സ്വഭാവവുമുണ്ട്. ഇപ്രകാരമുള്ള സ്വഭാവത്തോടു അരങ്ങേറുന്ന മേദ്യ-പേർഷ്യരാജ്യങ്ങളെ ദാനീയേൽ ദർശിച്ചുവെങ്കിൽ ഭാവിയിൽ ഉദയം ചെയ്യുന്ന അന്തിക്രിസ്തുവിനെ യോഹന്നാൻ കരടിയുടെ കാൽ പോലെയുള്ള മൃഗമായി കാണുന്നു. കരടിക്കു പിൻകാലുകളിൽ നിവർന്നു നിന്നു മുൻകാലുകൾകൊണ്ടു പോരാടാൻ കഴിവുണ്ട്. ആയതിനാൽ പോരാടിയും കാൽകൊണ്ടു സകലത്തെയും ചവിട്ടിമെതിച്ചു കരടി നശിപ്പിക്കുന്നതുപോലെ അന്തിക്രിസ്തു മഹാപീഡനകാലത്തിൽ വിശ്വാസികളോടു പോരാടി അവരെ ചവിട്ടിമെതിക്കും എന്നു യോഹന്നാൻ വ്യക്തമാക്കുന്നു.

**വായ് സിംഹത്തിന്റെ വായ്പോലെയും ആയിരുന്നു** (Mouth like a lion > He will devour all who stands his way) —

യോഹന്നാൻ കണ്ട ഘോരമൃഗം ഉടൽ പുള്ളിപ്പുലിക്കു സദൃശവും, കാൽ കരടിയുടെ കാൽപോലെയും ആയിരിന്നുവെങ്കിൽ അതിന്റെ വായ് സിംഹത്തിന്റെ വായ്പോലെയുള്ളതായിരുന്നു. അതായത് മൃഗത്തിന്റെ വായ് അഥവാ തല സിംഹത്തിന്റേതായിരുന്നു. ദാനീയേൽ കാണുന്ന മൃഗം സിംഹത്തോടു സദൃശമുള്ളതാണ്. ദാനീ.7:4 — "*ഒന്നാമത്തേതു* ***സിംഹത്തോടു*** *സദൃശവും കഴുകിൻ ചിറകുള്ളതുമായിരുന്നു; ഞാൻ നോക്കിക്കൊണ്ടിരിക്കെ അതിന്റെ ചിറകു പറിഞ്ഞുപോയി; അതിനെ നിലത്തുനിന്നു പൊക്കി, മനുഷ്യനെപ്പോലെ നിവർത്തുനിർത്തി, അതിന്നു മാനുഷഹൃദയവും കൊടുത്തു.* " ദാനീയേൽ കണ്ട ഒന്നാമത്തെ മൃഗം സിംഹശക്തിയോടുള്ള ബാബിലോണിനെയും അതിന്റെ രാജാവായ നെബുഖദ്നേസറിനെയും കുറിക്കുന്നു. സിംഹം മൃഗങ്ങളിൽ രാജാവ് ആയിരിക്കുന്നു. സിംഹത്തിന്റെ വായ് ക്രൂരതയെയും അലർച്ചയെയും കുറിക്കുന്നു. അന്തിക്രിസ്തുവാകുന്ന മൃഗത്തെ യോഹന്നാൻ ദർശിക്കുന്നത് സിംഹത്തിന്റെ വായ് എന്നപോലെ ആയിരുന്നു. ഭാവിയിൽ അന്തിക്രിസ്തുവിന്റെ ഭരണത്തിൽ നടമാടുന്ന സിംഹസ്വഭാവവും, തലയുയർത്തിയുള്ള നിൽപ്പും, വായിലൂടെയുള്ള പേടിപ്പെടുത്തുന്ന ഗർജ്ജനവും യോഹന്നാൻ ദർശിക്കുന്നു.

**അതിന്നു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു —**

സമുദ്രത്തിൽ നിന്നു കയറിവന്ന മൃഗം പുള്ളിപ്പുലിക്കു സദൃശവും, അതിന്റെ കാൽ കരടിയുടെ കാൽ പോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. മഹാപീഡനകാലത്ത് പ്രത്യക്ഷപ്പെടുന്ന അന്തിക്രിസ്തുവിനെയും അന്തിക്രിസ്തുവിന്റെ ക്രൂരമായ സ്വഭാവത്തെയും ഭരണത്തെയുമാണ് വ്യത്യസ്ത മൃഗസാദൃശം വ്യക്തിമാക്കിയതെന്നു കണ്ടു. അന്തിക്രിസ്തുവിനു പ്രവർത്തനത്തിനും വിജ

യത്തിനുമായുള്ള സകലതും കൊടുക്കുന്നത് മഹാസർപ്പമായ സാത്താനാണ്. അന്തിക്രിസ്തുവിന്റെ സകല ശക്തിയും മഹാസർപ്പമായ സാത്താനിൽ നിന്നു വരുന്നു. ദാനീയേൽ ദർശിച്ചപ്രകാരംഭൂമിയിൽ ദുഷ്ടന്മാരും നീചന്മാരുമായ ഭരണാധികാരികൾ വിശ്വാസികളെ പീഡിപ്പിച്ചും കൊലചെയ്തും തിരശ്ശീലക്കുള്ളിൽ മറഞ്ഞു. എന്നാൽ യോഹന്നാൻ കാണുന്നത് മഹാപീഡനനാളുകളിൽ ജനസമുദ്രത്തിൽ നിന്നു കയറിവരുന്ന പത്തുകൊമ്പും 7 തലയുമുള്ള അന്തിക്രിസ്തുവാകുന്ന ഘോരമൃഗത്തെയാണ്. ബാബിലോൺ, മേദ്യ-പേർഷ്യ, ഗ്രീസ്, റോം എന്നീ സാമ്രാജ്യങ്ങളിൽ ഭരണം നടത്തിക്കൊണ്ടിരുന്ന ദുഷ്ടാത്മശക്തികളുടെ തനിപകർപ്പായി അവരിൽ കുടികൊണ്ട സാത്താന്യശക്തികൾ ഒരുമിച്ചു അന്തിക്രിസ്തുവിൽ വസിച്ചു പീഡനം അഴിച്ചു വിടും. ലോകത്തിൽ ഇതുവരെയും സംഭവിച്ചിട്ടില്ലാത്ത വലിയ കഷ്ടം അന്നാളുകളിൽ അരങ്ങേറും.

അന്തിക്രിസ്തുവിന്റെ പ്രവർത്തനത്തിനായി മഹാസർപ്പമായ സാത്താൻ മൂന്നു കാര്യങ്ങൾ കൊടുക്കുന്നതായി യോഹന്നാൻ പറയുന്നു.

**(1) മഹാസർപ്പത്തിന്റെ ശക്തി (His Power) —**

അന്തിക്രിസ്തു തന്റെ സ്വയശക്തികൊണ്ടു മാത്രമല്ല ഭരിക്കുന്നത് മറിച്ച് മഹാസർപ്പമായ സാത്താൻ നൽകുന്ന ശക്തിയാലുമാണ്. അതിനായി അന്ധകാരപ്രഭുവായ സാത്താൻ  അന്തിക്രിസ്തുവിനെ സകലദുഷ്ടാത്മശക്തിയാലും നിറക്കും. ദൈവത്തോടു എതിർത്തു നിൽക്കുവാനും ദൈവവിശ്വാസികളെ പീഡിപ്പിക്കുവാനും അന്തിക്രിസ്തുവിനു ലഭിക്കുന്ന ശക്തിയാണിത്.

**(2) മഹാസർപ്പത്തിന്റെ സിംഹാസനം (His Throne) —**

മഹാസർപ്പത്തിന്റെ ശക്തിക്കു പുറമേ അവന്റെ സിംഹാസനവും കൊടുക്കുന്നു. പുത്രനായ യേശുക്രിസ്തു പിതാവിന്റെ സിംഹാസനം പങ്കിടുന്നതുപോലെ അന്തിക്രിസ്തു മഹാസർപ്പത്തിന്റെ സിംഹാസനവും പങ്കിടും. സാത്താനു സിംഹാസനം ഉള്ളതായി വെളിപ്പാട് 2:13 -ൽ കാണുന്നു. ഈ ലോകം ദുഷ്ടന്റെ അധീനത്തിലാകയാൽ സിഹാസനത്തിലിരുന്നു ഭരണം നടത്തുവാനുള്ള അവകാശവും ലഭിക്കുന്നു. ദൃശ്യലോകം സാത്താന്റെ കരങ്ങൾക്കുള്ളിലെങ്കിലും ഇതുവരെയും സാത്താൻ പ്രത്യക്ഷത്തിൽ സിംഹാസനത്തിലിരുന്നു ഭരിച്ചിട്ടില്ല. എന്നാൽ അന്തിക്രിസ്തുവിനെ സിംഹാസനത്തിലിരുത്തി സാത്താൻ തന്റെ രാജ്യം സ്ഥാപിച്ചു അധികാരം പങ്കിടുന്നു. ഇതും ക്രിസ്തു സഹസ്രാബ്ദത്തിൽ സ്ഥാപിക്കപ്പെടുന്ന ഭരണത്തിന്റെ അനുകരണമാണ്.

**(3) മഹാസർപ്പത്തിന്റെ അധികാരം (His Authority) —**

സിംഹാസനത്തിനു പുറമേ ലോകം മുഴുവൻ ഭരിച്ചു തന്റെ കാൽക്കീഴാക്കുന്നതിനുള്ള അധികാരവും മഹാസർപ്പത്തിൽ നിന്നു അന്തിക്രിസ്തുവിനു ലഭിക്കുന്നു. അവന്റെ ഇഷ്ടംപോലെ എന്തും ചെയ്യുന്നതിനുള്ള അനുവാദമാണ് മഹാസർപ്പത്തിൽ നിന്നു ലഭിക്കുന്ന അധികാരം. കർത്താവു മരുഭൂമിയിൽ വെച്ചു പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ സാത്താൻ പറഞ്ഞത് സാത്താനെ നമസ്കരിച്ചാൽ ലോകത്തിലുള്ള രാജ്യങ്ങളെയും അവയുടെ മഹത്വവും നൽകാം എന്നാണ് (മത്താ.4:8-10). സാത്താന്റെ വാഗ്ദാനത്തിലൂടെ മനസ്സിലാകുന്നത് ലോകവും അതിന്റെ മഹത്വവും അവന്റെ കൈക്കുള്ളിലാണെന്നാണ്. എന്നാൽ കർത്താവു പിശാചിന്റെ വാഗ്ദത്തത്തെ നിരസിച്ചു. ഇവിടെ അന്തിക്രിസ്തുവാകുന്ന ലോകനേതാവ് സാത്താന്റെ സകല വാഗ്ദത്തങ്ങളും വാങ്ങി മഹാസർപ്പത്തിന്റെ ശക്തിയോടും, സിംഹാസനത്തോടും, അധികാരത്തോടും ലോകത്തെ അടക്കിഭരിക്കുവാൻ പുറപ്പെടുന്നു.

**വെളി.13:3 — അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവു പൊറുത്തുപോയി; സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു** (And I *saw* one of his heads as if it had been mortally wounded, and his deadly wound was healed. And all the world marveled and followed the beast) —

പത്തുകൊമ്പും ഏഴു തലും പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളുമുള്ളൊരു മൃഗം സമുദ്രത്തിൽ നിന്നു കയറി വരുന്നു. അതിന്റെ ഉടൽ പുള്ളിപ്പുലിയുടെയും, കാൽ കരടിയുടേതും, വായ് സിംഹത്തിന്റെയും സദൃശ്യവുമുള്ള വിചിത്രമൃഗമായിരുന്നു. എന്നാൽ തുടർന്നു യോഹന്നാൻ വിശദീകരിക്കുന്നത് അതിന്റെ ഏഴു തലകളിൽ ഒരെണ്ണം മരണകരമായ മുറിവുള്ളതായി കണ്ടുവെങ്കിലും, മരണകരമായ മുറിവ് പെട്ടെന്ന് പൊറുത്തു പോയെന്നാണ്. സർവ്വഭൂവാസികളും മൃഗത്തെ കണ്ടു വിസ്മയിക്കുന്നു. മരണകരമായ മുറിവുണ്ടായത് വാളാൽ ഏറ്റ മുറിവാണെന്നു 14-ാം വാക്യത്തിലൂടെ മനസ്സിലാക്കാം. മൃഗത്തിന്റെ ഒരു തലക്ക് മരണകരമായ മുറിവുണ്ടായതിനെയും മുറിവ് പൊറുത്തുപോയതിനെയും കുറിച്ച് നിരവധി അഭിപ്രായങ്ങളുണ്ട് —

(1) അന്തിക്രിസ്തുവായി പ്രത്യക്ഷപ്പെടുന്നത് യൂദാ ഈസ്കര്യോത്താവ് (Judas Iscariot) ആണെന്നു ചിലർ അഭിപ്രായപ്പെടുന്നു. കാരണം അന്തിക്രിസ്തുവിനെ വിശേഷിപ്പിക്കുന്ന നാശയോഗ്യൻ (son of perdition -- 2.തെസ്സ.2:3) എന്ന വിശേഷണം യൂദായെയും (യോഹ.17:12) കുറിച്ചു പറഞ്ഞി

രിക്കുന്നതിനാൽ തന്നെ. കൂടാതെ യേശുക്രിസ്തു യൂദായെ പിശാച് (യോഹ.6:70,71) എന്നു വിളിച്ചിട്ടുണ്ട്. എന്നാൽ അന്തിക്രിസ്തുവായി വരുന്നയാൾ യൂദാ ആണെന്നു വിശ്വസിക്കുവാനോ യൂദാ ഉയിർത്തെഴുന്നേൽക്കുമെന്നോ തിരുവചനത്തിൽ കാണുന്നില്ല.

(2) അന്തിക്രിസ്തു റോമൻ ചക്രവർത്തിയായിരുന്ന നീറോ (Emperor Nero)തന്നെയെന്നു ചിലർ അഭിപ്രായപ്പെടുന്നു. അതിക്രൂരവും, നിന്ദ്യവുമായ ഭരണമദ്ധ്യേ റോമൻ സെനറ്റ് അദ്ദേഹത്തെ എതിർക്കുകയും രാജ്യത്തിന്റെ പൊതുശത്രുവായി പ്രഖ്യാപിക്കുകയും ചെയ്തു.അതിനെതുടർന്നു നീറോ എ.ഡി.68 – ൽ ആത്മഹത്യ ചെയ്തു. എന്നാൽ നീറോയുടെ മരണം അന്നത്തെ ജനങ്ങൾ വിശ്വസിച്ചില്ല. അദ്ദേഹം പാർത്യയിൽ ഒളിച്ചു താമസിക്കുകയാണെന്നും ഏറിയ സൈന്യത്തോടെ വീണ്ടും അധികാരത്തിലേറുമെന്നും ജനങ്ങൾ കരുതി. ഇപ്രകാരമുള്ള വിശ്വാസത്തെ മുതലെടുത്തുകൊണ്ട് നീറോയുടെ മരണശേഷം അനേകർ നീറോയെന്നവകാശപ്പെട്ടു ഭരണം കയ്യാളാൻ ശ്രമിച്ചതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. വാളാൽ മുറിവേറ്റ മൃഗം നീറോയാണെന്നും, ഒരിക്കൽ നീറോ ഉയിർത്തെഴുന്നേറ്റു വരുമെന്നും നീറോയെപ്പറ്റിയുള്ള ഐതിഹ്യങ്ങളോടു ബന്ധപ്പെടുത്തി പറയുന്നു. നീറോയെ ഒരു മൃഗമായി ചിത്രീകരിക്കാമെങ്കിലും നീറോ ഉയിർത്തെഴുന്നേറ്റു വരുമെന്നു വിശ്വസിക്കുവാൻ കഴിയുകയില്ല.

(3) മഹാസർപ്പത്തിന്റെ ശക്തിയോടും അധികാരത്തോടും പ്രവർത്തിക്കുന്ന എതിർക്രിസ്തുവിന്റെ തലക്ക് മുറിവുണ്ടായത് കാൽവറി ക്രൂശിൽ യേശുക്രിസ്തു തകർത്ത തലയായിരിക്കാം എന്നു പറയപ്പെടുന്നു. സഭ ഉത്പ്രാപണത്തിലൂടെ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷം സാത്താൻ ഭൂമിയിൽ വീണ്ടും അധികാരത്തിലേറുന്നതിനെയാണ് മുറിവു പൊറുത്തുപോയതെന്നു അഭിപ്രായപ്പെടുന്നു.

(4) മഹാപീഡനകാലത്തുണ്ടാകുന്ന യുദ്ധത്തിൽ എതിർക്രിസ്തു കൊല്ലപ്പെടുമെന്നും അതിനുശേഷം ഉയിർത്തെഴുന്നേൽക്കുമെന്നുമാണ് മറ്റൊരഭിപ്രായം. വെളിപ്പാടു പുസ്തകം 17–ാം അദ്ധ്യായത്തിൽ മൃഗത്തിന്മേൽ പ്രത്യക്ഷപ്പെടുന്ന രക്താംബരധാരിണിയായ സ്ത്രീയുടെ കാലത്തുണ്ടാകുന്ന യുദ്ധത്തിൽ അന്തിക്രിസ്തു കൊല്ലപ്പെട്ടു അവന്റെ ആത്മാവു അഗാധകൂപത്തിൽ പതിക്കും. എന്നാൽ സാത്താൻ അവനു ഉയിർത്തെഴുന്നേൽപ്പു നൽകി അഗാധകൂപത്തിൽ നിന്നു പുറത്തുകൊണ്ടുവരും എന്നു പറയപ്പെടുന്നു. വെളിപ്പാടു.17:8 നെ ആസ്പദമാക്കിയുള്ള അഭിപ്രായമാണിത്. ദൈവത്തിന്റെ സകലകാര്യങ്ങളും സാത്താൻ അനുകരിക്കുമെങ്കിലും മരിച്ചവരെ ഉയിർപ്പിക്കുവാനുള്ള ശക്തി സാത്താനില്ല. എന്നാൽ മഹോപദ്രവകാലത്തെ തുടർമാനപ്രവർത്തനങ്ങൾക്കായി (2.തെസ്സ.2:3) ദൈവം സാത്താനു ഈ പ്രത്യേക അവസരത്തിൽ അന്തിക്രിസ്തുവിനെ ഉയിർപ്പിക്കുവാനുള്ള ശക്തി നൽകും എന്നും പറയുന്നു.

(5) ഏഴുതലയിൽ ഏഴാമത്തെ തലയായ എതിർക്രിസ്തുവിന്റെ രാജ്യം ഉടലെടുക്കുന്ന വേളയിൽ യുദ്ധമുണ്ടാകുകയും യുദ്ധത്തിൽ എതിർക്രിസ്തുവിനു വാളാൽ ഏറ്റ മുറിവാണിതെന്നും പറയപ്പെടുന്നു. വീണ്ടും അധികാരത്തിലേറുന്നതിനെ മുറിവു പൊറുത്തുപോയതെന്നു അഭിപ്രായപ്പെടുന്നു.

(6) മഹാപീഡനകാലത്ത് പുനരുദ്ധരിക്കപ്പെടുന്ന റോമാസാമ്രാജ്യത്തിൽ 10 രാജ്യങ്ങൾ ചേർന്നുണ്ടാക്കുന്ന സഖ്യത്തിൽ ഭരണം നടത്തുന്ന സംയുക്തരാജ്യങ്ങളിലെ 10 രാജാക്കന്മാരെ 10 കൊമ്പു കുറിക്കുന്നു (ദാനീ.7:24,25/വെളി.17:12). എന്നാൽ അവർ തമ്മിലുള്ള അധികാരം പങ്കിടുന്ന വേളയിലെ തർക്കത്തിൽ അന്തിക്രിസ്തുവിനേറ്റ മുറിവാണിതെന്നു പറയപ്പെടുന്നു. തുടർന്നു മൂന്നു രാജാക്കന്മാർ നീക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തശേഷം തൽസ്ഥാനത്ത് ഒരു ചെറിയകൊമ്പ് മുളച്ചു വരുന്നു. ഈ മുളച്ചു വരുന്ന കൊമ്പ് മുറിവു പൊറുത്തുപോയതിനെ കുറിക്കുന്നു.

(7) മരണകരമായ മുറിവേറ്റിട്ടും പൊറുത്ത മൃഗം (വെളി.13:3), വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗം (വെളി.13:14) എന്നത് റോമൻ സാമ്രാജ്യത്തെയും കുറിച്ചാണെന്നു അഭിപ്രായപ്പെടുന്നു. അതായത് ഏഴാമത്തെ തല അന്തിക്രിസ്തുവിന്റെ ആഗമനത്തിൽ പുനരുദ്ധരിക്കപ്പെടുന്ന റോമൻ സാമ്രാജ്യമെന്നു പൊതുവേ അഭിപ്രായപ്പെടുന്നു. യിസ്രായേലിന്റെ ചരിത്രത്തിലെ ഏഴു ഭരണസാമ്രാജ്യങ്ങളെ ഏഴു തല കുറിക്കുന്നു. അവ (1) മിസ്രയീം — Egypt (2) അസീറിയ — Assyria (3) ബാബിലോൺ — Babylon (4) പേർഷ്യ — Persia (5) ഗ്രീസ് — Greece (6) റോം — Rome (7) അന്ത്യകാലത്ത് പുനരുദ്ധരിക്കപ്പെടുന്ന റോമാസാമ്രാജ്യം — Revived Roman Empire എന്നിവയാണ്. *"അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ ഞാൻ കണ്ടു"* എന്നത് റോമൻ സാമ്രാജ്യത്തിന്റെ അധഃപതനത്തെയും, *"അതിന്റെ മരണകരമായ മുറിവു പൊറുത്തുപോയി"* എന്നത് റോമൻ സാമ്രാജ്യം അന്തിക്രിസ്തുവിന്റെ വരവിൽ പുനരുദ്ധരിക്കപ്പെട്ടു വീണ്ടും ശക്തി പ്രാപിക്കുന്നതിനെയും കുറിക്കുന്നു.

*"അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവു പൊറുത്തുപോയി; സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു"* എന്ന വാക്യത്തെ അടിസ്ഥാനപ്പെടുത്തി അനേക നിഗമനങ്ങൾ കണ്ടു. മരണകരമായ മുറിവു പൊറുത്തുപോകുന്നതു യോഹന്നാൻ ദർശനത്തിൽ കാണുന്നതാകയാൽ ഭാവിയിൽ പ്രത്യക്ഷപ്പെടുന്ന അന്തിക്രിസ്തുവിന്റേതാണ്. ആകയാൽ ഒരിക്കൽ ഭൂമിയിൽ ജീവിച്ചിരുന്നരും മരിച്ചവരുമായ ഈസ്കര്യോത്താ യൂദാ, നീറോ തുടങ്ങിയ മൃഗീയസ്വഭാവക്കാരുടെ ഉയിർത്തെഴുന്നേൽപ്പല്ല അന്തിക്രിസ്തു എന്നു നിസ്സംശയം പറയാം. എന്നാൽ

മറ്റു അഭിപ്രായങ്ങൾ പൂർണ്ണമായി തള്ളിക്കളയുവാനും സാധിക്കയില്ല. ഒരു പക്ഷേ അവന്റെ തലക്കേറ്റ മരണകരമായ മുറിവ് കാൽവറിക്രൂശിൽ കർത്താവിന്റെ ക്രൂശുമരണത്തോടു ബന്ധപ്പെട്ടതാകാം. റോമൻ സാമ്രാജ്യം അന്ത്യകാലത്തു പുനരുത്ഥരിക്കപ്പെടുന്നതോ, ദശരാഷ്ട്രസംഘടനയിലുണ്ടാകുന്ന യുദ്ധത്തിൽ അന്തിക്രിസ്തുവിനുണ്ടാകുന്ന തോൽവിയും അതിനുശേഷം ചെറിയകൊമ്പെന്നവണ്ണം മുളച്ചു അധികാരത്തിലേറുന്നതോ ആയിരിക്കാം. മഹാപീഡനകാലത്ത് പ്രത്യക്ഷപ്പെടുന്ന അന്തിക്രിസ്തു യഥാർത്ഥമായി കൊല്ലപ്പെടുകയും അതിനുശേഷം ഉയിർത്തെഴുന്നേൽക്കാൻ ദൈവം അനുവദിക്കുകയുമാകാം.

എന്നാൽ ഇതിനൊക്കെ ഉപരിയായി ചിന്തിക്കേണ്ട മറ്റൊന്ന് സാത്താൻ വഞ്ചകനും ദൈവീകമായ സകലത്തെയും അനുകരിക്കുന്നവനും എന്ന നിലയിൽ അവന്റെ മരണവും പുനരുത്ഥാനവും മനുഷ്യരെ ഭ്രമിപ്പിക്കുവാൻ അവന്റെ അഭിനയവുമാകാം. ക്രൂശീകരണവേളയിൽ കർത്താവു ക്രൂശിൽ മരിച്ചു എന്നു സാത്താനു ഉറപ്പുണ്ടായിരുന്നു. എന്നാൽ കർത്താവിന്റെ ശിഷ്യന്മാർ ശരീരം മോഷ്ടിച്ചു മാറ്റിവെച്ചാൽ മരിച്ചവരുടെ ഇടയിൽ നിന്നു ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നു പ്രചരിക്കുവാനിടാകുമെന്നു സാത്താൻ തന്റെ കുശാഗ്രബുദ്ധിയിൽ ചിന്തിച്ചു പരിഹാരത്തിനായി പ്രവർത്തിച്ചു (മത്താ.27:62–66). ആയതുപോലെ സാത്താൻ അന്തിക്രിസ്തുവിനെ ഒളിപ്പിക്കുകയും മരണപ്പെട്ട വാർത്ത പ്രചരിപ്പിക്കുകയും ചെയ്തശേഷം വീണ്ടും പ്രത്യക്ഷപ്പെടുത്തിയാൽ മരിച്ചവരെ ഉയിർപ്പിക്കുവാൻ സാത്താനു ശക്തിയുണ്ടെന്നു ഭൂവാസികൾ വിശ്വസിക്കുവാനിടയാകും. ഇതിലൂടെ തന്നെയും ദൈവമായി ഭൂവാസികൾ അംഗീകരിക്കുവനിടയാകുമെന്നു സാത്താൻ കരുതുന്നു. ആകയാൽ പുനരുത്ഥാനത്തിലും തനിക്കു ശക്തിയുണ്ടെന്നു തെളിയിക്കുന്ന സാത്താന്റെ അഭിനയമായിരിക്കാം അന്തിക്രിസ്തുവിന്റെ മരണകാരണമായ മുറിവും അതിനുശേഷമുള്ള സൗഖ്യവും.

**സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു**

(And all the world marveled and followed the beast) —

അന്തിക്രിസ്തുവിന്റെ മരണകരമായ മുറിവും തുടർന്നുള്ള അവന്റെ പ്രത്യക്ഷതയും സകലഭൂവാസികളെയും വിസ്മയിപ്പിച്ചു എന്നു യോഹന്നാൻ വിശദീകരിക്കുന്നു. മൃഗമായ അന്തിക്രിസ്തുവിന്റെ രൂപവും ഭാവവും കണ്ടു ഭയപരവശരായി നിൽക്കുന്ന ഭൂവാസികൾ വീണ്ടും അവന്റെ ദൈവതുല്യമായ പുനരുത്ഥാനശക്തിയാൽ, അതു വ്യാജമാണെങ്കിൽ കൂടെ, ഭ്രമിച്ചുപോകുന്നു. ആറാം മുദ്രക്കുശേഷം ദൈവത്തിന്റെ രണ്ടു പ്രവാചകന്മാരെ ആഴത്തിൽ നിന്നു കയറി വന്ന മൃഗം കൊല്ലുകയുണ്ടായി. പ്രവാചകന്മാരുടെ ശവശരീരം മൂന്നരദിവസം യെരൂശലേം തെരുവീഥിയിൽ കിടക്കുന്നതു കണ്ട ഭൂവാസികൾ ആർത്തു സന്തോഷിച്ചു. എന്നാൽ മൂന്നരദിവസം കഴിഞ്ഞപ്പോൾ അവരുടെ പുനരുത്ഥാനം കണ്ട ഭൂവാസികൾ ഭയപരവശരായിത്തീർന്നു (വെളി.11:9–11). ഇപ്രകാരമുള്ള ഒരു രംഗത്തിന്റെ പകർപ്പായിരിക്കാം സാത്താൻ അന്തിക്രിസ്തുവിലൂടെ അവതരിപ്പിക്കുന്നതും. ഏതായാലും സർവ്വഭൂമിയും മൃഗമായ അന്തിക്രിസ്തുവിനെ കണ്ടു വിസ്മയിച്ചു.

**വെളി.13:4 — മൃഗത്തിന്നു അധികാരം കൊടുത്തതുകൊണ്ടു അവർ മഹാസർപ്പത്തെ നമസ്കരിച്ചു. മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുതുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു** (So they worshiped the dragon who gave authority to the beast; and they worshiped the beast, saying, Who *is* like the beast? Who is able to make war with him?) —

മൃഗമായ എതിർക്രിസ്തുവിന്റെ പ്രത്യക്ഷത കണ്ട ഭൂവാസികൾ ഭ്രമിച്ചു വിസ്മയിച്ചു നിൽക്കുന്നു. അവരുടെ ഭയവും, വിസ്മയവും അവരെ ആരാധനയിലേക്കു നയിക്കുന്നു (wonder to worship).

**മൃഗത്തിനു അധികാരം കൊടുത്തുകൊണ്ടു അവർ മഹാസർപ്പത്തെ നമസ്കരിച്ചു** (So they worshiped the dragon who gave authority to the beast)—

സമുദ്രത്തിൽ നിന്നു കയറി വന്ന മൃഗത്തിനു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു എന്നു വെളി.13:2 -ൽ പറയുകയുണ്ടായി. മഹാസർപ്പം സാത്താനെയും, മൃഗം അന്തിക്രിസ്തു അഥവാ എതിർക്രിസ്തുവിനെയും കുറിക്കുന്നു. ഭൂവാസികൾ മൃഗത്തെ കണ്ടാണ് വിസ്മയിച്ചതെങ്കിലും ആരാധന ലഭിക്കുന്നത് ആദ്യം മൃഗത്തിനു അധികാരം കൊടുത്ത മഹാസർപ്പത്തിനും അതിനു ശേഷം മൃഗത്തിനുമെന്ന ക്രമത്തിലാണ്. അതായത് സാത്താനാണ് സകലത്തെയും നയിക്കുന്നതും നിയന്ത്രിക്കുന്നതെന്നും ഭൂവാസികൾ മനസ്സിലാക്കികഴിഞ്ഞു എന്നു സാരം. സകലരും തന്നെ നമസ്കരിച്ചാരാധിക്കണമെന്നത് സാത്താന്റെ അതിയായ മോഹമാണ്. മരുഭൂമിയിൽ വെച്ചു കർത്താവിനോടുപോലും തന്നെ നമസ്കരിക്കുവാൻ സാത്താൻ ആവശ്യപ്പെട്ടു (മത്താ.4:8–10). എന്നാൽ കർത്താവ് തിരുവചനത്തിലൂടെ അവനെ തോല്പിച്ചു. ഇപ്പോഴിതാ മഹാപീഡനകാലത്ത് മൃഗത്തിലുടെ സാത്താനു

സകലരാലും ആരാധന ലഭിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് എതിർക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് നോക്കുക. **2.തെസ്സ.2:3,4 —** *"ആദ്യമേ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിന്നും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ."*

**മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുതുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു** (And they worshiped the beast, saying, Who *is* like the beast? Who is able to make war with him?) —

സമുദ്രത്തിൽ നിന്നു കയറിവന്ന മൃഗത്തെ കണ്ട ഭൂവാസികളുടെ പ്രതികരണം ആദ്യം വിസ്മയം ആയിരുന്നു. തുടർന്നു വിസ്മയം ആരാധനയിലേക്കും അതിനുശേഷം സ്തുതിസ്തോത്രത്തിലേക്കും എത്തുന്നു (The vision of the beast led them to wonder, worship and praising). സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷം അന്തിക്രിസ്തുവിന്റെ ഭരണത്തിൽ സാത്താൻ ദൈവതുല്യമായി ഉയർത്തപ്പെടുകയും അവനെ മാത്രമേ ആരാധിക്കാവൂ എന്ന കല്പനയുണ്ടാകും. എതിർക്രിസ്തുവിന്റെ പ്രവർത്തനങ്ങളും ശക്തിയും കാണുന്ന ജനം ഭയപരവശരായി അവനെ നമസ്കരിക്കുവാനിടയാകും. *മൃഗത്തോടു തുല്യൻ ആർ?* എന്നത് അന്തിക്രിസ്തുവിന്റെ വ്യക്തിത്വത്തെയും (related to his person, power and attributes) *അതിനോടു പൊരുതുവാൻ ആർക്കു കഴിയും?* എന്നത് അവന്റെ പ്രവർത്തനത്തോടും (related to his authority and acts) ബന്ധപ്പെട്ടിരിക്കുന്നു. രാഷ്ട്രീയവും, ഭരണപരവും, മതപരവും, സൈനീകശക്തിയും ഇങ്ങനെ ലോകത്തിലെ സകലവും മൃഗമായ എതിർക്രിസ്തുവിന്റെ നിയന്ത്രണത്തിലാകയാൽ മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുതുവാൻ ആർക്കു കഴിയും? എന്നീ ചോദ്യങ്ങൾക്കു ഉത്തരം ആരുമില്ല എന്നാണ് ലഭിക്കുക. അന്നത്തെ ദൃശ്യമാദ്ധ്യമങ്ങളുടെ സഹായത്താൽ ലോകമെങ്ങും അന്തിക്രിസ്തുവിന്റെ പ്രവർത്തനങ്ങളെയും ശക്തിയെയും കാണുന്ന ജനം ഒന്നടങ്കം അവനെ ആരാധിച്ചു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുവാനിടയാകും.

മിസ്രയീമ്യ അടിമത്വത്തിൽ നിന്നു വിടുതൽ ലഭിച്ചു ചെങ്കടൽ കടന്ന യിസ്രായേൽ ജനം സർവ്വശക്തനായ ദൈവത്തിന്റെ അതുല്യതയെ ഓർത്തു സ്തുതിച്ചു. **പുറ.15:11 —** *"യഹോവേ, ദേവന്മാരിൽ നിനക്കു തുല്യൻ ആർ? വിശുദ്ധിയിൽ മഹിമയുള്ളവനേ, സ്തുതികളിൽ ഭയങ്കരനേ, അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനേ, നിനക്കു തുല്യൻ ആർ?"* ആയതുപോലെ മഹാപീഡനകാലത്ത് അന്തിക്രിസ്തുവിനെ ദൈവതുല്യനാക്കി അവന്റെ വ്യക്തിത്വത്തെയും ശക്തിയെയും പ്രകീർത്തിക്കുന്നു. എന്നാൽ സാത്താനെയും അന്തിക്രിസ്തുവിനെയും ദൈവതുല്യരാക്കി എത്രതന്നെ ലോകം വാഴ്ത്തി സ്തുതിച്ചാലും കർത്താവിന്റെ വരവിൽ സകല സാത്താന്യശക്തികളെയും എന്നന്നേക്കുമായി തോൽപ്പിച്ചു നശിപ്പിക്കും.

**വെളി.13:5 — വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിന്നു ലഭിച്ചു; നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു** (And he was given a mouth speaking great things and blasphemies, and he was given authority to continue for forty-two months) —

സമുദ്രത്തിൽ നിന്നു കയറിവന്ന മൃഗത്തെയും അതിനു സകല അധികാരവും കൊടുത്ത മഹാസർപ്പത്തെയും ഭൂവാസികൾ നമസ്കരിക്കുന്ന വേളയിൽ യോഹന്നാൻ വീണ്ടും കാണുന്നത് മൃഗത്തിനു ഭൂമിയിലെ പ്രവർത്തനത്തിനായ് ലഭിക്കുന്ന പ്രത്യേക അവയവവും, പ്രവർത്തനകാലത്തിന്റെ കാലപരിധിയുമാണ്. അവ ഇപ്രകാരമാണ് — (1) ഭൂമിയിൽ അവന്റെ പ്രവർത്തനം വമ്പും ദൂഷണവും പറയുക എന്നതാണ്. (2) അതിനായി മൃഗത്തിനു വായ് ലഭിക്കുന്നു. (3) നാല്പത്തിരണ്ടു മാസമാണ് വമ്പും ദൂഷണവും പറഞ്ഞ് പ്രവർത്തിക്കുവാനുള്ള കാലാവധി.

ഏഴു തലയുള്ള മൃഗത്തിന്റെ ഏഴാമത്തെ തലക്കായിരിക്കാം വമ്പും ദൂഷണവും സംസാരിക്കുവാനുള്ള വായ് ലഭിക്കുകയെന്നു ദാനീയേലിന്റെ ദർശനത്തിൽ മുളച്ചു വരുന്ന കൊമ്പിനോടു ബന്ധപ്പെടുത്തി ചിന്തിച്ചാൽ മനസ്സിലാക്കാം.

**ദാനീ.7:8 —** *"ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ, അവയുടെ ഇടയിൽ മറ്റൊരു ചെറിയകൊമ്പു മുളെച്ചുവന്നു; അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ പറിഞ്ഞുപോയി; ഈ കൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു."*

അന്തിക്രിസ്തുവാകുന്ന മൃഗത്തിന്റെ പ്രവർത്തനത്തെയും കാലപരിധിയെയും കുറിച്ചു ദാനീയേൽ പ്രവചനത്തിൽ കാണുന്നുണ്ട്.

**ദാനീ.7:25 —** *"അവൻ അത്യുന്നതായവന്നു വിരോധമായി വമ്പു പറകയും അത്യുന്നതനായ*

*വന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും. "*

**ദാനീ.8:25—** *"അവൻ നയബുദ്ധിയാൽ തന്റെ ഉപായം സാധിപ്പിക്കയും സ്വഹൃദയത്തിൽ വമ്പു ഭാവിച്ചു, നിശ്ചിന്തയോടെയിരിക്കുന്ന പലരെയും നശിപ്പിക്കയും കർത്താധികർത്താവിനോടു എതിർത്തു നിന്നു കൈ തൊടാതെ തകർന്നുപോകയും ചെയ്യും."*

**ദാനീ.11:36 —** *"രാജാവോ ഇഷ്ടംപോലെ പ്രവർത്തിക്കും; അവൻ തന്നെത്താൻ ഉയർത്തി, ഏതു ദേവന്നും മേലായി മഹത്വീകരിക്കയും ദൈവാധിദൈവത്തിന്റെ നേരെ അപൂർവ്വകാര്യങ്ങളെ സംസാരിക്കയും, കോപം നിവൃത്തിയാകുവോളം അവന്നു സാധിക്കയും ചെയ്യും; നിർണ്ണയിക്കപ്പെട്ടിരിക്കുന്നതു സംഭവിക്കുമല്ലോ. "*

മഹാസർപ്പമായ സാത്താനെപ്പോലെ മൃഗമായ അന്തിക്രിസ്തുവും വമ്പും ദൂഷണവും സംസാരിക്കുന്നവനായിരിക്കും. ദൈവമല്ലാതിരിക്കെ ദൈവമാണെന്നു അഭിനയിക്കുകയെന്നത് ഭോഷ്കും ദൈവദൂഷണവുമാണ്. *"അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിന്നും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ"* (2.തെസ്സ.2:4). കർത്താവു സാത്താനെക്കുറിച്ചു പറയുന്നത് അവൻ ഭോഷ്കു പറയുന്നവനും ഭോഷ്കിന്റെ അപ്പനും ആകുന്നു എന്നാണ് (യോഹ.8:44).

*"വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിന്നു ലഭിച്ചു; നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു"* (And he was given a mouth speaking great things and blasphemies, and he was given authority to continue for forty-two months) — പ്രവർത്തനത്തിനായുള്ള അധികാരം ആരാണ് കൊടുത്തതെന്നു രേഖപ്പെടുത്തിയിട്ടില്ല.സാത്താനിൽ നിന്നു ലഭിച്ചു എന്നു ചിന്തിക്കുന്നതിനേക്കാൾ ദൈവമാണ് അവനു അധികാരവും അനുവാദവും കൊടുത്തതെന്നു ചിന്തിക്കുന്നതാണ് ഏറെ യോജിക്കുന്നത്. അത് അന്തിക്രിസ്തുവിന്മേലുള്ള ദൈവത്തിന്റെ സർവ്വശക്തിയെ കുറിക്കുന്നതോടൊപ്പം മഹാപീഡനത്തിലെ സകലകാര്യങ്ങളിന്മേലും ദൈവത്തിന്റെ ആധിപത്യം വ്യക്തമാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ അനുവാദമില്ലാതെ സാത്താനു ദൈവമക്കളോടുള്ള ബന്ധത്തിൽ യാതൊന്നും ചെയ്യുവാൻ കഴിയുകില്ല (ഇയ്യോ.1:12/ലൂക്കൊ.22:31,32/യോഹ.19:10,11). ഇയ്യോബിനെ പരീക്ഷിക്കുവാൻ സാത്താനു ദൈവം അനുവാദം കൊടുത്തതുപോലെ മഹാപീഡനകാലത്തെ സംഭവങ്ങൾക്കും ദൈവം സാത്താനു അധികാരം നൽകി കാലപരിധിയും വ്യവസ്ഥ ചെയ്തിരിക്കുന്നതാകാം. വെളിപ്പാടു പുസ്തകത്തിൽ മുദ്രകളോടുള്ള ബന്ധത്തിലും (വെളി.6:4 —ഭൂമിയിൽ സമാധാനം എടുത്തു കളയുവാനുള്ള അധികാരം, വെളി.6:8 —മനുഷ്യരെ കൊന്നു കളയുവാനുള്ള അധികാരം, വെളി.7:2 —ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാനുള്ള അധികാരം) കാഹളങ്ങളോടുള്ള ബന്ധത്തിലും (വെളി.9:5 - ഭൂവാസികളെ അഞ്ചുമാസം ദണ്ഡിപ്പിക്കുവാനുള്ള അധികാരം) ഭൂവാസികളുടെമേൽ ന്യായവിധി നടത്തുവാനുള്ള അധികാരം സാത്താനു ലഭിച്ചിരുന്നതായി കാണുന്നുണ്ട്. വമ്പും ദൂഷണവും സംസാരിക്കുന്ന വായ് മൃഗത്തിനു ലഭിച്ചത് 42 മാസം പ്രവർത്തിക്കുവനാണ്. 42 മാസം എന്നത് മഹാപീഡനകാലത്തിലെ 30 ദിവസങ്ങൾ വീതമുള്ള 42 മാസം അഥവാ 1260 ദിനങ്ങളാണ്. കാലപരിധി ദൈവത്തിന്റെ മുൻനിർണ്ണയത്തിൽ നിശ്ചയിക്കപ്പെട്ടിരിക്കയാൽ അതിനുശേഷം അവനു അധികാരം ഉണ്ടായിരിക്കയില്ല എന്നതും ശ്രദ്ധേയമാണ്.

**വെളി.13:6 — അതു ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണത്തിന്നായി വായ്തുറന്നു** (Then he opened his mouth in blasphemy against God, to blaspheme His name, His tabernacle, and those who dwell in heaven) —

മൃഗമായ അന്തിക്രിസ്തുവിനു ലഭിച്ച വായും അധികാരവും ഉപയോഗിച്ചു ദൈവദൂഷണത്തിനായി വായ്തുറക്കുന്നു. ദൈവത്തെ ദുഷിക്കുകയാണ് അവന്റെ ലക്ഷ്യം. ദൈവത്തെ ദൂഷിക്കുവാനായി വായ് തുറന്നപ്പോൾ അവൻ ദൈവത്തോടുള്ള ബന്ധത്തിൽ മൂന്നു കാര്യങ്ങളെ ദുഷിക്കുന്നു. (1) ദൈവത്തിന്റെ നാമം — God's name (2) ദൈവത്തിന്റെ കൂടാരം — God's Tabernacle (3) സ്വർഗ്ഗത്തിൽ വസിക്കുന്നവർ — Those who dwell in heaven.

**(1) ദൈവത്തിന്റെ നാമം —** God's name —

ദൈവത്തിന്റെ നാമം എന്നത് ദൈവത്തിന്റെ ആളത്വത്തെയും സ്വഭാവസവിശേഷതകളെയും കുറിക്കുന്നു. ദൈവത്തിന്റെ നാമം "യഹോവ" അഥവാ "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" (Jehovah - I AM WHO I AM) എന്നാണ് മോശെയോടു പറഞ്ഞത് (പുറ.3:14). സൃഷ്ടാവാം സർവ്വശക്തനായ ദൈവം (ഏലോഹിം), വീണ്ടെടുപ്പുകാരനായ ദൈവം (യഹോവ), കരുതുന്ന ദൈവം (എൽ-സദായി), സമാധാനത്തിന്റെ ദൈവം (യഹോവ ശാലോം) എന്നിങ്ങനെയുള്ള അനവധി നാമങ്ങൾ ദൈവത്തിനുണ്ട്. അവയൊക്കെ ദൈവത്തിന്റെ സ്വഭാവസവിശേഷതകളെ കുറിക്കുന്നു. എന്നാൽ മൃഗമായ അന്തിക്രിസ്തു ദൈവത്തെ മാനിക്കുന്നില്ലെന്നു മാത്രമല്ല ദൈത്തിന്റെ സ്വഭാവസവിശേഷതകളെ ഒന്നടങ്കം ദുഷിക്കുന്നു. ദൈവം

യിസ്രായേലിനു നൽകിയ പത്തു കല്പനകളിൽ ആദ്യത്തെ നാലെണ്ണം ദൈവത്തോടു ബന്ധപ്പെട്ടിരിക്കുന്നു (പുറ.20:1-11). ഞാൻ നിന്റെ ദൈവം ആകുന്നു ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടായിരിക്കരുത്, ഒരു വിഗ്രഹവും ഉണ്ടാക്കുകയോ നമസ്കരിക്കുകയോ അരുത്, യഹോവയുടെ നാമം വൃഥാ എടുക്കരുത്, ശബ്ബത്ത് നാളിൽ സ്വസ്ഥമായിരുന്നു ദൈവത്തെ ആരാധിക്കുക എന്നിങ്ങനെയുള്ളതെല്ലാം ലംഘിച്ചു ദൈവനാമത്തെ ദുഷിക്കുന്നു.

**(2) ദൈവത്തിന്റെ കൂടാരം —** God’s Tabernacle — ദൈവത്തെ ദുഷിക്കുന്നതോടുള്ള ബന്ധത്തിൽ അന്തിക്രിസ്തുവാകുന്ന മൃഗം ദൈവത്തിന്റെ കൂടാരത്തെയും ദുഷിക്കുന്നു.

**(a) ദൈവത്തിന്റെ കൂടാരം സ്വർഗ്ഗം —**

ദൈവത്തിന്റെ കൂടാരമെന്നത് ആദ്യമായി സ്വർഗ്ഗത്തെ അഥവാ ദൈവത്തിന്റെ വാസസ്ഥലത്തെ കുറിക്കുന്നു (എബ്രാ.9:24). സ്വർഗ്ഗത്തിൽ അത്യുന്നതനായ ദൈവത്തിനു സമനായി എന്നേക്കുമായി വാഴാമെന്നു ആഗ്രഹിച്ചവനാണ് സാത്താൻ. എന്നാൽ സാത്താനെയും കൂട്ടരെയും സ്വർഗ്ഗത്തിൽ നിന്നു എന്നെന്നക്കുമായി പുറത്താക്കപ്പെട്ടതിനാൽ അവന്റെ ക്രോധം വർദ്ധിച്ചു അവനു നഷ്ടപ്പെട്ട സ്വർഗ്ഗത്തെ ദുഷിക്കുന്നു.

**(b) ദൈവത്തിന്റെ കൂടാരം പീഡനകാലത്തെ ദൈവാലയം —**

ദൈവത്തിന്റെ കൂടാരം എന്നത് പീഡനകാലത്ത് യെരൂശലേമിൽ പണിയപ്പെടുന്ന ദൈവാലയത്തെയും കുറിക്കുന്നു. നാശയോഗ്യനും അധർമ്മമൂർത്തിയുമായ അന്തിക്രിസ്തു പ്രസ്തുത ദൈവാലയത്തിൽ ഇരുന്നു ദൈവം എന്നു നടിച്ചു സകലത്തിന്നും മീതെ തന്നെത്താൻ ഉയർത്തും(2.തെസ്സ.2:4) എന്നു തിരുവചനം രേഖപ്പെടുത്തുന്നു. അന്തിക്രിസ്തുവിന്റെ ഇപ്രകാരമുള്ള പ്രവർത്തനം ദൈവത്തിന്റെ കൂടാരത്തെ ദുഷിക്കുകയും അപമാനിക്കുകയും ചെയ്യുന്നതിനു തുല്യമാണ്.

**(c) ദൈവത്തിന്റെ കൂടാരം പുതിയയെരൂശലേം —**

വെളിപ്പാട്.21:3 -ൽ യെരൂശലേം എന്ന വിശുദ്ധനഗരത്തെ ദൈവത്തിന്റെ കൂടാരം എന്നു പറഞ്ഞിട്ടുണ്ട്. പുതിയ ആകാശവും പുതിയഭൂമിയും ഉൾപ്പെട്ട പുതിയയെരൂശലേമിൽ കർത്താവ് തന്റെ വിശുദ്ധന്മാരുമൊത്തു വസിക്കും. അവർ കർത്താവിന്റെ വരവിൽ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടവരാണ്. സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ട ശേഷം സഭയുമായി കർത്താവു വീണ്ടും വരുമെന്നും സാത്താനെയും അന്തിക്രിസ്തുവിനെയും അവന്റെ സകല സന്തതികളെയും നശിപ്പിക്കുമെന്ന അറിവ് അന്തിക്രിസ്തുവിൽ ക്രോധം വർദ്ധിപ്പിക്കും. ആകയാൽ അന്തിക്രിസ്തു ദൈവത്തിന്റെ കൂടാരമായ പുതിയയെരൂശലേമിനെയും ദൈവത്തെയും വിശുദ്ധന്മാരെയും ദുഷിക്കാനിടയുണ്ട്.

**(3) സ്വർഗ്ഗത്തിൽ വസിക്കുന്നവർ —** Those who dwell in heaven —

ദൈവത്തെയും, ദൈവത്തിന്റെ കൂടാരത്തെയും കൂടാതെ ദൈവത്തോടൊപ്പം സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിക്കുന്നു. സ്വർഗ്ഗത്തിൽ വസിക്കുന്നവർ എന്നാൽ പ്രധാനമായും ഉത്പ്രാപണത്തിലൂടെ എടുക്കപ്പെട്ട വിശുദ്ധന്മാരുടെ കൂട്ടമാണ്. ഇവർക്കു പുറമേ പഴയനിയമവിശുദ്ധന്മാർ, പീഡനകാലത്തെ രക്തസാക്ഷികൾ, കെരൂബുകൾ, സാറാഫുകൾ, വിശുദ്ധദൂതന്മാർ എന്നിവരും സ്വർഗ്ഗത്തിൽ വസിക്കുന്നു. സ്വർഗ്ഗത്തിൽ വസിക്കുന്ന സകലരെയും മൃഗമായ അന്തിക്രിസ്തു ദുഷിക്കും.

**വെളി.13:7 — വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ ജയിപ്പാനും അതിന്നു അധികാരം ലഭിച്ചു; സകലഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു** ( It was granted to him to make war with the saints and to overcome them. And authority was given him over every tribe, tongue, and nation) —

മഹാസർപ്പം തന്റെ ശക്തിയും, സിംഹാസനവും, വലിയ അധികാരവും മൃഗത്തിനു കൊടുത്തതായി വെളി.13:2-ൽ കാണുന്നു. മൃഗത്തിനു ലഭിച്ച അധികാരം കണ്ട സർവ്വഭൂമിയും മൃഗത്തെ നമസ്കരിച്ചു (വെളി.13:3). തുടർന്നു വമ്പും ദൂഷണവും സംസാരിക്കുന്ന വായും 42 മാസം പ്രവർത്തിക്കുവാനുള്ള അധികാരവും ലഭിച്ചു. എന്നാൽ ദൂഷണത്തിനുള്ള വായും അതിനായുള്ള കാലപരിധിയും ലഭിച്ചത് പീഡനകാലത്തെ സംഭവങ്ങൾ ദൈവത്തിന്റെ നിർണ്ണയപ്രകാരം നടക്കുന്നതിനു ദൈവം അനുവദിച്ചതായിരിക്കാം. ദൈവനാമത്തെയും, ദൈവകൂടാരത്തെയും, സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിക്കുന്ന വേളയിൽ മൃഗത്തിനു വീണ്ടും അധികാരം ലഭിക്കുന്നതായി ഈ വാക്യത്തിൽ കാണുന്നു. കഴിഞ്ഞവാക്യത്തിൽ അന്തിക്രിസ്തു വായാൽ ദൂഷിച്ചുവെങ്കിൽ തുടർന്നു അവനു പ്രവർത്തിക്കുവാനുള്ള അധികാരമാണ് ലഭിക്കുന്നത്. *“വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ ജയിപ്പാനും അതിന്നു അധികാരം ലഭിച്ചു; സകലഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു”* എന്നു യോഹന്നാൻ വിവരിക്കുന്നു. വിശുദ്ധന്മാരോടു പോരാടുവാനും അവരെ ജയിപ്പാനും ലഭിക്കുന്ന അധികാരവും ദൈവത്തിൽ നിന്നു ലഭിച്ച അനുവാദമായിരിക്കാം. ഇരുകൂട്ടരോടാണ് പോരാടുന്നതിനും ജയിക്കുന്നതിനുമുള്ള അധികാരം ലഭിക്കുന്നത്.

**(1) വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ ജയിപ്പാനും അതിന്നു അധികാരം ലഭിച്ചു —** (It was granted to him to make war with the saints and to overcome them) —

ഇവിടെ വിശുദ്ധന്മാർ എന്നത് പീഡനകാലത്തെ യിസ്രായേലിലെ വിശുദ്ധന്മാരെ കുറിക്കുന്നു. താഴെ വിവരിക്കുന്ന വാക്യങ്ങളിൽ വിശുദ്ധന്മാർ എന്നത് യിസ്രായേലിനെ കുറിക്കുന്നു.

**യെശ.4:4 —** *"സീയോനിൽ മിഞ്ചിയിരിക്കുന്നവനും യെരൂശലേമിൽ ശേഷിച്ചിരിക്കുന്നവനും, ഇങ്ങനെ യെരൂശലേമിൽ ജീവനുള്ളവരുടെ കൂട്ടത്തിൽ പേർ എഴുതിയിരിക്കുന്ന ഏവനും തന്നേ, വിശുദ്ധൻ എന്നു വിളിക്കപ്പെടും."*

**ദാനീ.7:27 —** *"പിന്നെ രാജത്വവും ആധിപത്യവും ആകാശത്തിൻ കീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിന്നു ലഭിക്കും."*

**ദാനീ.12:7 —** *"ഇനി കാലവും കാലങ്ങളും കാലാർദ്ധവും ചെല്ലും; അവർ വിശുദ്ധജനത്തിന്റെ ബലത്തെ തകർത്തുകളഞ്ഞ ശേഷം ഈ കാര്യങ്ങൾ ഒക്കെയും നിവൃത്തിയാകും എന്നിങ്ങനെ സത്യം ചെയ്യുന്നതു ഞാൻ കേട്ടു."*

അന്തിക്രിസ്തുവിന്റെ പോരാട്ടത്തിനും യുദ്ധത്തിനും ഇരയാകുന്ന വിശുദ്ധന്മാർ എന്ന കൂട്ടം യിസ്രായേലിന്റെ ശേഷിപ്പാണ്. യിസ്രായേലാകുന്ന സ്ത്രീയെ ദൈവം അവൾക്കായി ഒരുക്കിയിരിക്കുന്ന സങ്കേതത്തിൽ 1260 ദിനങ്ങൾ പോറ്റിപ്പുലർത്തുമ്പോൾ യെരൂശലേമിൽ തന്നെ ദൈവത്തിന്റെ ഭാഗത്തു നിൽക്കുന്നവരാണിവർ. സന്തതിയിൽ ശേഷിപ്പുള്ളവർ എന്ന വിശേഷിപ്പിച്ചിരിക്കുന്ന ഇവരോടാണ് മഹാസർപ്പം യുദ്ധം ചെയ്യുവാൻ പുറപ്പെട്ടത് (വെളി.12:17). അന്തിക്രിസ്തുവിന്റെ സകലപീഡനങ്ങളും സഹിച്ചു ദൈവത്തിനും അവർ പിടിച്ചിരിക്കുന്ന വിശ്വാസത്തിനും വേണ്ടി സ്വന്തജീവൻപോലും കളയുവാൻ തയ്യാറായി നിൽക്കുന്നവരാണീ വിശുദ്ധന്മാർ. വിശുദ്ധന്മാരോടു യുദ്ധം ചെയ്യുവാനും അവരെ ജയിപ്പാനും അധികാരം അന്തിക്രിസ്തുവിനു ലഭിക്കുന്നുവെങ്കിൽ കൂടി ഏറിയപങ്കും അവരെ ശാരീരികമായി മാത്രമേ ജയിക്കുവാൻ കഴിയൂ. ദൈവീകവിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്ന ഇവരുടെ ദൈവവിശ്വാസത്തെ തോൽപ്പിക്കുവാ നശിപ്പിക്കുവാനോ മൃഗത്തിനു കഴിയുകയില്ല.

**(2) സകലഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു** (And authority was given him over every tribe, tongue, and nation) —

യിസ്രായേൽ സന്തതിയിലെ ശേഷിപ്പുള്ള വിശുദ്ധന്മാരോടു മാത്രമല്ല സകലഗോത്രത്തിന്മേലും വംശത്തിന്മേലും ജാതിമേലും യുദ്ധം ചെയ്തു അവരെ ജയിപ്പാനുള്ള അധികാരവും അന്തിക്രിസ്തുവിനു ലഭിച്ചു. ഗോത്രം എന്നത് യിസ്രായേലിന്റെ 12 ഗോത്രങ്ങളും ഉൾപ്പെടും. സകലവംശത്തിലും ഭാഷയിലും ജാതിയിലും ഉൾക്കൊള്ളുന്ന വിശുദ്ധന്മാർ ആരാണെന്നതിനെക്കുറിച്ചു ആറാം മുദ്രക്കുശേഷമുള്ള സംഭവങ്ങളിലൂടെ സൂചന ലഭിക്കുന്നു. **വെളി.7:9—** *"ഇതിന്റെ ശേഷം സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നിൽക്കുന്നതു ഞാൻ കണ്ടു."* ഇക്കൂട്ടർ അന്തിക്രിസ്തുവിന്റെ പീഡനത്താൽ രക്തസാക്ഷികളായി സ്വർഗ്ഗത്തിൽ എത്തിയവരാണ്. സകലഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും ലഭിക്കുന്ന അധികാരം അന്തിക്രിസ്തുവനു ലഭിക്കുന്ന സാർവ്വലൗകികമായുള്ള അധികാരമാണ്. അന്നു ലോകവ്യാപകമായി മഹോപദ്രവകാലത്തെ വിശുദ്ധന്മാരുടെ കൂട്ടക്കൊല അരങ്ങേറും.

**വെളി.13:8 — ലോകസ്ഥാപനംമുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും** (All who dwell on the earth will worship him, whose name have not been written in the Book of Life of the Lamb slain from the foundation of the world) —

വെളിപ്പാടു 13 - ന്റെ പ്രാരംഭവാക്യങ്ങളിൽ സർവ്വഭൂമിയും മഹാസർപ്പത്തെയും മൃഗത്തെയും നമസ്കരിച്ചാരാധിക്കുന്നു (13:3,4). സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗത്തോടുള്ള ബന്ധത്തിൽ വിസ്മയത്തിൽ നിന്നും ആരാധനയിലേക്കും ആരാധനയിൽ നിന്നു സ്തുതിസ്തോത്രങ്ങളിലേക്കുമാണ് ഭൂവാസികൾ ചെന്നെത്തിയത്. ഈ വാക്യത്തിൽ യോഹന്നാൻ പറയുന്നത് ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ മൃഗത്തെ നമസ്കരിക്കും എന്നാണ്. ആരാധന ദൈവത്തിനു മാത്രം നൽകേണ്ട സ്ഥാനത്ത് അന്തിക്രിസ്തുവിനെയും മൃഗത്തെയും പ്രതിനിതീകരിക്കുന്ന ഒരു മനുഷ്യനായ ലോകഭരണാധികാരിയെ നമസ്കരിച്ചാരാധിക്കുന്നു.

*"ലോകസ്ഥാപനംമുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും"* (All who dwell on the earth will worship him, whose name have not been written in the Book of Life of the Lamb slain from the foundation of the

world) എന്ന വാക്യം മൂലഭാഷയായ ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തപ്പോഴുണ്ടായ ഘടനയിൽ രണ്ടു വിധത്തിൽ വ്യാഖ്യാനിച്ചു കാണുന്നു. (1) അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ ലോകസ്ഥാപനം മുതൽ പേരെഴുതിയവർ (2) ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തത്തിൽ പേരെഴുതിയിട്ടുള്ളവർ.

**(1) അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ ലോകസ്ഥാപനം മുതൽ പേരെഴുതിയവർ —** ഈ പേരെഴുത്ത് ദൈവത്തിന്റെ മുൻനിർണ്ണയത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ലോകസ്ഥാപനം മുതൽ ദൈവത്തിന്റെ മക്കൾ ആരെല്ലാം എന്നത് ദൈവത്തിനു മുന്നമേ അറിയാം എന്നുള്ളതാണിതിൽ അടങ്ങിയിരിക്കുന്നത്. അറുക്കപ്പെട്ട കുഞ്ഞാടിനെ കുറിച്ചു പറയാതെ "*ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന*" എന്ന വെളിപ്പാട് 17:8 -ലെ വാക്യത്തിലെ ആശയവുമായി ഈ വ്യാഖ്യാനത്തിനു സാമ്യമുണ്ട്. അപ്പൊസ്തലനായ പൗലൊസ് പറയുന്നത് ദൈവത്തിന്റെ മക്കളെ ലോകസ്ഥാപനത്തിനു മുമ്പെ തിരഞ്ഞെടുത്തിരിക്കുന്നു എന്നാണ്. —**എഫെ.1:4 —** "*നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും....*"

**(2) ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തത്തിൽ പേരെഴുതിയിട്ടുള്ളവർ —** കർത്താവായ യേശുക്രിസ്തു 2000 വർഷങ്ങൾക്കു മുമ്പു കാൽവറിക്രൂശിൽ മരിച്ചുവെങ്കിലും ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടെന്നാണ് ഇതിലൂടെ മനസ്സിലാക്കാവുന്നത്. അതായത് അനാദിയായി കർത്താവു ദൈവത്തിന്റെ കുഞ്ഞാടായി നിയമിക്കപ്പെട്ടവനാണ്. ലോകസ്ഥാപനം എന്നാൽ ഭൂമിയെയും ഭൂമണ്ഡലത്തെയും സൃഷ്ടിച്ച നാളുകളെ കുറിക്കുന്നു. താൻ സൃഷ്ടിക്കപ്പെടുന്ന മനുഷ്യൻ പാപത്തിലകപ്പെടുമെന്നും അതിന്റെ പ്രായശ്ചിത്തമായി രക്തം ചിന്തിയുള്ള ഒരു ഉത്തമയാഗം ആവശ്യമാണെന്നും ദൈവം കരുതി. ഇതിനായി ദൈവപുത്രനായ യേശുക്രിസ്തുവിനെ അറുക്കപ്പെട്ട കുഞ്ഞാടായി ദൈവം തന്റെ മുൻനിർണ്ണയത്തിൽ തീരുമാനിച്ചുറപ്പിച്ചു. അതുകൊണ്ടാണ് ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടെന്നു കർത്താവിനെ വിശേഷിപ്പിച്ചിരിക്കുന്നത്. സകലമനുഷ്യരെയും രക്ഷിക്കുവാൻ ദൈവം ഒരുക്കിയ വഴിയാണ് കുഞ്ഞാടായ യേശുക്രിസ്തുവിന്റെ യാഗം. കർത്താവിനെക്കുറിച്ചു അപ്പൊസ്തലനായ പത്രൊസ് വിശദീകരിക്കുന്നതും ഇതിനെ വ്യക്തമാക്കുന്നു — **1.പത്രൊ.1:20 —** "*അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്തു വെളിപ്പെട്ടവനും ആകുന്നു.*"

ലോകസ്ഥാപനം മുതൽ നമ്മുടെ പേരുകൾ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരുന്നെന്നും, ലോകസ്ഥാപനം മുതൽ ക്രിസ്തു അറുക്കപ്പെട്ടവനായി കാണപ്പെട്ടു എന്നുമുള്ള രണ്ടഭിപ്രായങ്ങളും സ്വീകാര്യമാണ്. ലോകസ്ഥാപനം മുതൽ നമ്മുടെ പേരുകൾ തന്റെ പുസ്തകത്തിൽ എഴുതിയിരുന്നു എന്നത് ദൈവത്തിന്റെ മഹാജ്ഞാനത്തിൽ ഉൾപ്പെടുന്നു. ദൈവം സർവ്വജ്ഞാനിയാകയാൽ ലോകത്തിലുള്ള സകലരെയും കുറിച്ചുള്ള മുന്നറിവു തനിക്കുണ്ട്. ആരൊക്കെ ദൈവത്തെ അംഗീകരിക്കുമെന്നും ആരൊക്കെ നിരാകരിക്കുമെന്നും ദൈവത്തിനറിയാം. അംഗീകരിക്കാത്തവർ നിത്യമരണത്തിൽ കുടുങ്ങി നശിക്കാതെ നിത്യജീവൻപ്രാപിച്ചു ദൈവമക്കൾ ആകുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനായി രക്ഷണ്യസുവിശേഷം സകലരിലേക്കും എത്തിക്കുവാൻ ദൈവം തന്റെ മക്കളെ ഏൽപ്പിച്ചിരിക്കുന്നു (2.പത്രൊ.3:9/1.തിമൊ.2:4/റോമ.8:29,30/മത്താ.28:19,20). അതുപോലെ പിതാവായ ദൈവത്തിന്റെ മുന്നറിവിൽ ഉൾപ്പെടുന്നതാണ് സകലമനുഷ്യർക്കും രക്ഷപ്രാപിപ്പാൻ ലോകസ്ഥാപനം മുതൽ ഒരുക്കപ്പെട്ട പുത്രനായ യേശുക്രിസ്തുവിന്റെ യാഗമരണത്തെക്കുറിച്ചുള്ള മുന്നറിവ്.

**ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും** (All who dwell on the earth will worship him, whose name have not been written in the Book of Life of the Lamb)—

കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്തവർ എന്നാൽ രക്ഷിക്കപ്പെടാത്ത അവിശ്വാസികൾ എന്നർത്ഥം. യേശുക്രിസ്തുവിൽ വിശ്വസിച്ചു മരണത്തിൽ നിന്നു വിടുതൽ ലഭിച്ചു നിത്യജീവൻ പ്രാപിക്കുന്നവരുടെ പേരുകളാണ് കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതപ്പെടുന്നത്. കർത്താവു തന്റെ ശിഷ്യന്മാരോടു പറഞ്ഞത് — **ലൂക്കൊ.10:20 —** "*നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ എന്നാണ്.*" വെളിപ്പാടിൽ തന്നെ വിവിധ സന്ദർഭങ്ങളിൽ രക്ഷിക്കപ്പെടുന്നവരുടെ പേർ ജീപുസ്തകത്തിൽ എഴുതുന്നതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. **വെളി.20:15 —**"*ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.*" **വെളി.21:27 —** "*കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല.*" കർത്താവിൽ വിശ്വസിക്കാത്ത അവിശ്വാസികളുടെ പേര് ജീവപുസ്തകത്തിൽ എഴുതുകയില്ല.

ഭൂവാസികൾ എന്ന പ്രയോഗം വെളിപ്പാടു പുസ്തകത്തിൽ പൊതുവേ രക്ഷിക്കപ്പെടാത്ത അവിശ്വാസികളെ കുറിക്കുന്നു (വെളി.3:10/6:10/8:13/11:10/13:12/13:14/17:2/17:8). ലോകസ്ഥാപനം മുതൽ കുഞ്ഞാ

ടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അന്തിക്രിസ്തുവിനെ വണങ്ങി നമസ്കരിച്ചാരാധിക്കും. എന്നാൽ മഹോപദ്രവകാലത്തും രക്ഷപ്രാപിക്കുവാൻ കുഞ്ഞാടാകുന്ന യേശു ക്രിസ്തുവിലൂടെ ലോകസ്ഥാപനത്തിനു മുമ്പെ ഒരുക്കിയ വഴിയും നിലനിൽക്കുന്നു എന്നത് ദൈവകരുണയെ പ്രദർശിപ്പിക്കുന്നു.

**വെളി.13:9 — ചെവിയുള്ളവൻ കേൾക്കട്ടെ** (If anyone has an ear, let him hear) —

സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗത്തെക്കുറിച്ചുള്ള വിശേഷണങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം അവസാനിപ്പിക്കുന്നതിനു മുമ്പായി "ചെവിയുള്ളവൻ കേൾക്കട്ടെ" എന്ന ആഹ്വാനവും നൽകുന്നു. പുതിയനിയമത്തിൽ അനേകപ്രാവശ്യം ആവർത്തിച്ചു പറഞ്ഞിരിക്കുന്ന മുന്നറിയിപ്പാണ് "ചെവിയുള്ളവൻ കേൾക്കട്ടെ" എന്നത് (മത്താ.11:15/മത്താ13:9/മത്താ.13:43/മർക്കൊ.4:9/മർക്കൊ.4:23/ലൂക്കൊ.8:8/ലൂക്കൊ.14:35). കേൾക്കുന്ന കാര്യങ്ങൾ ഏറെ ശ്രദ്ധയോടെ പിടിച്ചുകൊള്ളേണ്ടതും, മറക്കാൻ ഇടയാകരുതെന്നും പ്രബോധിപ്പിക്കുന്നതിനെ പ്രസ്തുത വിശേഷണം കുറിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ സഭകൾക്കുള്ള സപ്തസന്ദേശങ്ങളിൽ *"ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ"* (വെളി.2:7/വെളി.2:11/വെളി.2:17/വെളി.2:29/വെളി.3:6/വെളി.3:13/വെളി.3:22) എന്നാണു പറഞ്ഞിരിക്കുന്നത്. മൃഗത്തോടുള്ള ബന്ധത്തിൽ *"ചെവിയുള്ളവൻ കേൾക്കട്ടെ"* എന്നു മാത്രം പറഞ്ഞിട്ട് *"ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു"* എന്ന ഭാഗം വിട്ടുകളഞ്ഞിരിക്കുന്നത് സഭ ഈ അവസരത്തിൽ സ്വർഗ്ഗത്തിൽ ആയതിനാലാണ്. സഭ മഹോപദ്രവത്തിലൂടെ കടന്നുപോകയില്ല എന്നതിനെയും ഇതു വ്യക്തമാക്കുന്നു.

"ചെവിയുള്ളവൻ കേൾക്കട്ടെ" എന്ന മുന്നറിയിപ്പും ആഹ്വാനവും കുഞ്ഞാടിന്റെ ജീവപുസ്തകത്തിലെ പേരെഴുത്തിനോടുള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. അതായത് ലോകസ്ഥാപനത്തിനു മുമ്പു ഒരുക്കിയിരിക്കുന്ന യേശുക്രിസ്തുവിലൂടെ രക്ഷ മഹോപദ്രവകാലത്തു ജീവിക്കുന്ന സകലർക്കും അവകാശമാക്കാം എന്നുള്ളതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. മൃഗത്തിനെ കണ്ടു വിസ്മയിക്കുകയും ഭയന്നു അതിനെ വണങ്ങുന്നുവെങ്കിലും അവർക്കും ദൈവകൃപയിലേക്കു മാനസാന്തരം വഴിയായി കടന്നുവരുവാനുള്ള ദൈവകരുണയെ ഈ ആഹ്വാനം വിളിച്ചറിയിക്കുന്നു.

**വെളി.13:10 — അടിമയാക്കി കൊണ്ടുപോകുന്നവൻ അടിമയായിപ്പോകും; വാൾകൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടി വരും; ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണുതയും വിശ്വാസവുംകൊണ്ടു ആവശ്യം** (He who leads into captivity shall go into captivity; he who kills with the sword must be killed with the sword. Here is the patience and the faith of the saints.) —

മഹാപീഡനകാലത്ത് അന്തിക്രിസ്തുവിന്റെ ക്രൂരമായ ഭരണത്തിൻ കീഴിൽ അന്നത്തെ വിശ്വാസികൾ എപ്രകാരമായിരിക്കണമെന്നും, അവരെ പീഡിപ്പിക്കുന്നവർക്കു എന്തു സംഭവിക്കും എന്നതിനെയും പ്രസ്താവിച്ചുകൊണ്ട് ഒന്നാമത്തെ മൃഗത്തോടുള്ള കാര്യങ്ങൾ അവസാനിപ്പിക്കുന്നു. അന്തിക്രിസ്തുവിന്റെ ഭരണകാലത്ത് അവനെ നമസ്കരിച്ചു അവന്റെ ഹിതമനുസരിച്ചു കഴിയുന്നവർക്കു സുഖസന്തോഷങ്ങളുടെ നാളുകളായിരിക്കും. എന്നാൽ കർത്താവിൽ അഭയം പ്രാപിച്ചു അന്തിക്രിസ്തുവിനെ അംഗീകരിക്കാതെയും വിശ്വാസത്തിൽ മുറുകെപ്പിടിച്ചുംകൊണ്ടു നിൽക്കുന്ന അന്നത്തെ വിശുദ്ധന്മാരുടെ ജീവിതം ഏറ്റവും പരിതാപകരമായിരിക്കും. അപ്പോൾ അവർ പ്രതികാരത്തിനു മുതിരാതെ സകലതും ദൈവത്തിൽ സമർപ്പിച്ചുകൊണ്ടു ജീവിക്കുകയാണ് വേണ്ടതെന്നു യോഹന്നാൻ പറയുന്നു.

**അടിമയാക്കി കൊണ്ടുപോകുന്നവൻ അടിമയായിപ്പോകും; വാൾകൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടി വരും** (He who leads into captivity shall go into captivity; he who kills with the sword must be killed with the sword) —

അന്തിക്രിസ്തുവിന്റെ പീഡനകാലത്ത് ദൈവജനത്തെ പീഡിപ്പിക്കുന്നവർക്കു ലഭിക്കുന്ന ശിക്ഷയാണിവിടെ പ്രസ്താവിച്ചിരിക്കുന്നത്. പീഡനകാലവിശുദ്ധന്മാരെ പിടിച്ചുകെട്ടി അടിമകളാക്കി കൊണ്ടുപോകാം. എന്നാൽ അങ്ങനെ ചെയ്യുന്നവരുടെ അന്ത്യം എന്നത് അവരും അടിമകളായിത്തീരും എന്നതാണ്. ദൈവജനം വാളാൽ ദേഹോപദ്രവം ഏല്പിക്കപ്പെട്ടു കൊല്ലപ്പെടാം. അപ്രകാരം കൊല ചെയ്യുന്നവരുടെ അന്ത്യവും വാളാലുള്ള മരണമായിരിക്കും.

**ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണുതയും വിശ്വാസവുംകൊണ്ടു ആവശ്യം** (Here is the patience and the faith of the saints.) —

അന്തിക്രിസ്തും കൂട്ടരും മഹോപദ്രവവിശുദ്ധന്മാരെ ക്രൂരമായി പീഡിപ്പിച്ചു തുറുങ്കിൽ അടക്കുകയും, അടിമകളാക്കി പീഡിപ്പിക്കുകയും, അനേകരെയും യാതൊരു കരുണയുമില്ലാതെ വേദനിപ്പിച്ചു കൊല്ലുകയും ചെയ്യാം. എന്നാൽ ഇപ്രകാരമുള്ള അവസരങ്ങളിൽ പീഡകരോട് എതിർക്കാതെയും, പകരത്തിനു പകരം ചെയ്യാതെയും ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു സഹിഷ്ണുതയും വിശ്വാസവും മുറുകെപ്പിടി

ക്കുകയാണ് വേണ്ടത്. പഴയനിയമ പ്രമാണം എന്നത് പകരത്തിനു പകരം എന്നതായിരുന്നു. എന്നാൽ പുതിയനിയമത്തിൽ കർത്താവ് അതിനു വ്യതിയാനം വരുത്തി. കർത്താവ് ക്രൂശീകരണവേളയിൽ പത്രൊസിനോടു പറയുന്നതു വാൾ എടുക്കുന്നവർ വാളാൽ നശിക്കും എന്നാണ്. **മത്താ.26:52 —** "*യേശു അവനോടു: വാൾ ഉറയിൽ ഇടുക; വാൾ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചു പോകും.*" വിതക്കുന്നതെന്തോ അതുതന്നെ കൊയ്യും എന്നതാണ് പ്രമാണം (ഗലാ.6:7). ക്രൂശീകരണവേളയിൽ കർത്താവു വായ് തുറക്കാതെ സൗമ്യനായി നിന്നതിനെ പത്രൊസ് പറയുന്നു. **1.പത്രൊ.2:23 —** "*തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായിവിധിക്കുന്നവങ്കൽ കാര്യം ഭരമേൽപ്പിക്കയത്രേ ചെയ്തതു.*" ആകയാൽ കർത്താവിനെ പിൻപറ്റുന്ന വിശ്വാസികളും കർത്താവിന്റെ മാതൃക തുടരണം. ദുഷ്ടനെതിരേ തിന്മ പ്രവർത്തിക്കാതെ നന്മ ചെയ്തുകൊണ്ട് കർത്താവിൽ സകലതും ഏല്പിക്കണം. **1.പത്രൊ.4:19 —** "*അതുകൊണ്ടു ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ടു തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സ്രഷ്ടാവിങ്കൽ ഭരമേൽപ്പിക്കട്ടെ.*" **1. പത്രൊ.4:14 —** "*ക്രിസ്തവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവു നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലോ.*" കഷ്ടങ്ങളുടെയും പീഡകളുടെയും മദ്ധ്യേ പാർക്കുന്ന മഹാപീഡനകാലത്തെ വിശുദ്ധന്മാർക്കു അവരുടെ കണ്ണുനീരിന്റെ വേളയിൽ പ്രതികാരമല്ല മറിച്ചു സഹിഷ്ണുതയും വിശ്വാസവും (patience and the faith of the saints) ആവശ്യമാണെന്നു യോഹന്നാൻ പറയുന്നു. കർത്താവിലുള്ള അടിയുറച്ച വിശ്വാസം കഷ്ടങ്ങളിൽ സഹിഷ്ണുതയും വിശ്വാസവും വർദ്ധിച്ചു വരുവാൻ ഇടയാകും. എതിർക്രിസ്തുവും അവന്റെ കൂട്ടാളികളും തങ്ങളെ എത്രതന്നെ കഷ്ടപ്പെടുത്തിയാലും ജീവൻപോലും ഉപേക്ഷിക്കേണ്ടി വന്നാലും ഒരിക്കൽ കർത്താവു തന്റെ ശത്രുക്കളെ ഒന്നടങ്കം നശിപ്പിക്കുകയും തങ്ങൾക്കു ലഭിക്കുന്ന നിത്യസന്തോഷത്തിന്റെ ചിന്തയുമാണ് സഹിഷ്ണുതയും വിശ്വാസവും വർദ്ധിപ്പിക്കുന്നത്. കഷ്ടതയാകുന്ന തീച്ചൂളയുടെ മദ്ധ്യേയും പിറുപിറുക്കാതെ, എതിർക്കാതെ, സ്വയരക്ഷെക്കുപോലും ജഡികായുധമെടുക്കുകയോ പ്രതികരിക്കുകയോ ചെയ്യാതെ ആത്മീകായുധങ്ങളായ സഹിഷ്ണുതയും വിശ്വാസവും എടുത്തുകൊണ്ടു നിൽക്കുക. എതിർക്രിസ്തുവിന്മേൽ ദൈവം ന്യായവിധി അയക്കുകയും തന്റെ വിശുദ്ധന്മാർക്കു നിത്യസന്തോഷവും ആശ്വാസവും നൽകുകയും ചെയ്യും.

**വെളി.13:11 — മറ്റൊരു മൃഗം ഭൂമിയിൽ നിന്നു കയറുന്നതു ഞാൻ കണ്ടു; അതിന്നു കുഞ്ഞാടിന്നുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു; അതു മഹാസർപ്പം എന്നപോലെ സംസാരിച്ചു** (Then I saw another beast coming up out of the earth, and he had two horns like a lamb and spoke like a dragon) —

വെളിപ്പാടു 12-ാം അദ്ധ്യായത്തിൽ 7 തലയും 10 കൊമ്പും തലയിൽ 7 ഏഴുരാജമുടിയുമായി തീ നിറമുള്ള മഹാസർപ്പത്തെ കണ്ടു. മഹാസർപ്പം സാത്താനെ പ്രതിനിതീകരിക്കുന്നു. 13-ാം അദ്ധ്യായത്തിൽ പ്രാരംഭഭാഗത്ത് 10 കൊമ്പും 7 തലയും കൊമ്പുകളിൽ 10 രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറി വരുന്നു. പുള്ളിപ്പുലി, കരടി, സിംഹം എന്നീ ക്രൂരമൃഗങ്ങളുടെ സമ്മിശ്രരൂപത്തിലുള്ള മൃഗം അന്തിക്രിസ്തുവിനെ കുറിക്കുന്നു. യോഹന്നാൻ മറ്റൊരു മൃഗത്തെ ഇതിനു പിന്നാലെ കാണുന്നു. അത് കള്ളപ്രവാചകനെ കുറിക്കുന്നു. ഭൂമിയിൽ നിന്നു കയറിവരുന്ന ഈ മൃഗത്തിനു കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പും അതിന്റെ സംസാരം മഹാസർപ്പത്തിന്റെതുപോലെയുമായിരുന്നു. ദൈവീതത്വിത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവ ഉൾക്കൊള്ളുന്നതുപോലെ സാത്താന്യത്രിത്വത്തിലെ മൂവരാണ് മഹാസർപ്പം, അന്തിക്രിസ്തു, കള്ളപ്രവാചകൻ. ദൈവത്തിന്റെ സകലതും അനുകരിക്കുന്നവനാണ് സാത്താൻ. അവൻ ചതിയനും വഞ്ചകനും വഴിതെറ്റിക്കുന്നവനുമാണ്. ഏദെൻതോട്ടത്തിൽ തുടങ്ങി ഇന്നുവരെയും അവന്റെ പ്രവർത്തനം വക്രതനിറഞ്ഞതാണ്. അവൻ വെളിച്ചദൂതന്റെ വേഷത്തിൽ വിവിധരൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്നു. സാത്താൻ ഭോഷ്കിന്റെയും, വഞ്ചനയുടെയും, ചതിവിന്റെയും ഉറവിടമാകയാൽ അവന്റെ അനുയായികളും അതേ പാതയിൽ സഞ്ചരിക്കുന്നവരാണ്.

പുതിയനിയമത്തിലും പഴയനിയമത്തിലും കള്ളപ്രവാചകന്മാരെക്കുറിച്ചു ആവർത്തിച്ചു മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ആവർത്തനപുസ്തകത്തിൽ മോശെ യിസ്രായേൽ മക്കൾക്കു നൽകുന്ന സന്ദേശത്തിൽ കള്ളപ്രവാചകന്മാരെ തിരിച്ചറിയേണ്ട ആവശ്യകതയെ വ്യക്തമാക്കുന്നു. യഹോവെക്കു വിരോധമായി ദ്രോഹം സംസാരിക്കുകയും ദൈവജനം ദൈവവഴിവിട്ടു സഞ്ചരിക്കുവാനിടയാക്കുന്നതുമായ ഇവരെ കൊന്നു അവരുടെ മദ്ധ്യേനിന്നു ദോഷം നീക്കിക്കളയണമെന്നും പറയുന്നു (ആവ.13:2-6). കള്ളപ്രവാചകന്മാരുടെ വ്യാജദർശനങ്ങൾ മൂലം ദൈവത്തിന്റെ പ്രവാചകന്മാരെയും കള്ളപ്രവാചകന്മാരെയും തിരിച്ചറിയുവാൻ കഴിയാത്ത സാഹചര്യത്തെ യിരെമ്യാപ്രവാചകൻ വിശദീകരിക്കുന്നു. അവരെ ഭത്സിക്കുന്നതോടൊപ്പം ദൈവജനം അവരുടെ വാക്കുകളിൽ കുടുങ്ങരുതെന്നും പ്രബോധിപ്പിക്കുന്നു (യിരെ.23:13-40/യിരെ.27:9-18/യിരെ.29:8-32). പുതിയനിയമത്തിൽ കർത്താവും അപ്പൊസ്തലന്മാരും ഇവരെക്കുറിച്ചു

മുന്നറിയിപ്പു നൽകിയിട്ടുണ്ട്. **മത്താ.7:15 —**"*കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു.*" **2.പത്രൊ.2:1 —**"*എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും.*" തുടർന്നു അപ്പൊസ്തലൻ അവരുടെ പ്രവർത്തനവും അവർക്കു സംഭവിക്കുന്ന നാശവും വിശദീകരിക്കുന്നു (2.പത്രൊ.2:2-22). **1.യോഹ.4:1 —** "*പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ.*"

കള്ളപ്രവാചകന്മാരുടെ വിശേഷതകളെക്കുറിച്ചും തിരുവചനത്തിലുടനീളം പറഞ്ഞിട്ടുണ്ട്.

(1) ലഹരിയിൽ ചാഞ്ചാടുന്നവർ (യെശ.28:7 — intoxicating drink -- drunkard)
(2) കാറ്റായിത്തീരുന്നവർ (യിരെ.5:13 — wind)
(3) വഷളന്മാർ (യിരെ.23:11 —profane / wicked)
(4) വ്യഭിചാരത്തിലും വ്യാജത്തിലും നടക്കുന്നവർ (യിരെ.23:14 — adulterers / immoral)
(5) സ്വന്തഹൃദയത്താൽ പ്രവചിക്കുന്നവർ (യെഹെ.13:2—prophesy out of their own heart)
(6) ശൂന്യപ്രദേശത്തിലെ കുറുക്കന്മാർ (യെഹെ.13:4 —foxes in the desert)
(7) പണം വാങ്ങി ലക്ഷണം പറയുന്നവർ (മീഖാ.3:11 — divine for money -- covetous)
(8) ലഘുബുദ്ധികളും വിശ്വാസപാതകന്മാരും (സെഫ.3:4 —insolent and treacherous)
(9) ആടുകളുടെ വേഷത്തിൽ വരുന്നവർ (മത്താ.7:15 —dressed in sheeps clothing -- crafty).

കള്ളപ്രവാകന്മാർ പീഢനകാലത്ത് എഴുന്നേൽക്കുമെന്നു പറഞ്ഞിട്ടുണ്ട്. **മത്താ.24:11 —** "*കള്ളപ്രവാചകന്മാർ പലരും വന്നു അനേകരെ തെറ്റിക്കും.*" **മത്താ.24:24 —**"*കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.*" മൃഗമായ അന്തിക്രിസ്തു അഥവാ എതിർക്രിസ്തു മഹാപീഢനകാലത്ത് ദൈവത്തിനും ദൈവജനത്തിനെതിരായും പ്രവർത്തിക്കുന്നതുപോലെ കരയിൽ നിന്നു കയറി വരുന്ന മൃഗമായ അന്തിക്രിസ്തുവും പ്രവർത്തിക്കും. തിരുവചനത്തിലുടനീളം കണ്ട കള്ളപ്രവാചകന്മാരുടെ സകല ദുഷ്പ്രവൃത്തികളും ഉൾക്കൊണ്ട് മഹാസർപ്പമായ സാത്താന്റെ ശക്തിയോടും അധികാരത്തോടും കൂടെ ഭൂമിയിൽ നിന്നു അവൻ എഴുന്നേൽക്കുന്നു.

**മറ്റൊരു മൃഗം ഭൂമിയിൽ നിന്നു കയറുന്നതു ഞാൻ കണ്ടു** (Then I saw another beast coming up out of the earth —

സമുദ്രത്തിൽ നിന്നു കയറി വന്ന ഘോരമൃഗത്തെയും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും യോഹന്നാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരു മൃഗം ഭൂമിയിൽ നിന്നു കയറുന്നതു യോഹന്നാൻ കണ്ടു. മറ്റൊരു എന്നതിനു ഗ്രീക്കിൽ "അല്ലോസ് "(allos) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം മുമ്പേ കണ്ട ഇനത്തിൽപെട്ട (another of the same kind and quality) എന്നാണ്. മൃഗം എന്നു വിശേഷിപ്പിക്കുന്നുവെങ്കിലും ഇതും ഒരു മനുഷ്യനാണ്. സമുദ്രത്തിൽ നിന്നു കയറി വന്ന മൃഗം അന്തിക്രിസ്തുവിനെ കുറിക്കുമ്പോൾ ഭൂമിയിൽ നിന്നു കയറിവന്ന മൃഗം കള്ളപ്രവാചകനെ കുറിക്കുന്നു. രണ്ടാമത്തെ മൃഗം കള്ളപ്രവാചകനാണെന്നു വെളിപ്പാടു പുസ്തകത്തിലെ മൂന്നു വാക്യങ്ങളിലൂടെ കാണാം.

**വെളി.16:13 —** "*മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു.*"

**വെളി.19:20 —** "*മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏൽപ്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു.*"

**വെളി.20:10 —** "*അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും.*"

ഭൂമിയിൽ നിന്നു കയറുന്ന എന്ന വിശേഷണത്തിൽ ഭൂമി എന്നത് പാലസ്തീനോ യിസ്രായേലോ ആയിരിക്കാമെന്നു പൊതുവേ അഭിപ്രായപ്പെടുന്നു. അതായത് അന്തിക്രിസ്തു ജാതികളുടെ ഇടയിൽ നിന്നു എഴുന്നേൽക്കുന്ന ഒരു ലോകഭരണാധികാരിയായിരിക്കുമ്പോൾ കള്ളപ്രവാചകൻ യിസ്രായേലിൽ നിന്നു തന്നെയെഴുന്നേൽക്കുന്ന യഹൂദനായ ഒരു മതനേതാവായിരിക്കും. മഹാപീഢനകാലത്ത് ലോകത്തിലുള്ള മതവിശ്വാസത്തെ നിയന്ത്രിക്കുകയും സാത്താന്റെ ഹിതത്തിനൊത്തു അവനെ ആരാധിക്കുവാനും പ്രേരിപ്പിക്കുന്ന ഒരു ലോകമതനേതാവായിരിക്കും രണ്ടാമത്തെ മൃഗമായ കള്ളപ്രവാചകൻ.

**അതിന്നു കുഞ്ഞാടിന്നുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു (**and he had two horns like a lamb) —

യോഹന്നാൻ കണ്ട ഒന്നാമത്തെ മൃഗത്തിനു 7 തലയും 10 കൊമ്പും ഉണ്ടായിരുന്നുവെങ്കിൽ

രണ്ടാമത്തെ മൃഗത്തിനു 1 തലയും 2 കൊമ്പുമാണുണ്ടായിരുന്നത്. ഒന്നാമത്തെ മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ് പോലെയുമായിരുന്നു. എന്നാൽ രണ്ടാമത്തെ മൃഗത്തിനു കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു. കുഞ്ഞാടിനെപ്പോലെയല്ല കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്. ഒന്നാമത്തെ മൃഗം അന്തിക്രിസ്തുവിനെ കുറിക്കുന്നതും രാഷ്ട്രീയവും ദേശീയവുമായ സകല അധികാരങ്ങളുമുള്ള ഒരു വ്യക്തിയോ ഭരണകൂടമോ രാജ്യമോ ആകാം. എന്നാൽ രണ്ടാമത്തെ മൃഗം മഹാപ്രവാചകനും സർവ്വലോകമതങ്ങളെയും ഏകോപിച്ചു വാഴുന്ന മതനേതാവും ആയിരിക്കും. മാത്രവുമല്ല രണ്ടാമത്തെ മൃഗത്തിന്റെ പ്രത്യക്ഷത കുഞ്ഞാടിനുള്ളകുപോലെ രണ്ടുകൊമ്പോടാണ്. കർത്താവു പറഞ്ഞു കള്ളപ്രവാചകന്മാരെ സൂക്ഷിച്ചു കൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു: അകമെയോ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു (മത്താ.7:15). ആടിന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടുന്ന കള്ളപ്രവാചകന്മാരുടെ ഏകോപിച്ചുള്ള പ്രവർത്തനമായിരിക്കും മഹാപീഡനകാലത്ത് പ്രത്യക്ഷപ്പെടുന്ന കള്ളപ്രവാചകനെന്ന ലോകൈക മതനേതാവിന്റേത്. ഒന്നാമത്തെ മൃഗത്തിന്റെ രൂപം പുള്ളിപ്പുലി, കരടി, സിംഹം എന്നീ ക്രൂരമൃഗങ്ങളോടു സാമ്യമുള്ള പേടിപ്പെടുത്തുന്ന രൂപമായിരുന്നു. കൂടാതെ അന്തിക്രിസ്തു സകലത്തെയും നശിപ്പിക്കുകയും, എതിർക്കുകയും, കൊല്ലുകയും ചെയ്യുമ്പോൾ രണ്ടാമത്തെ മൃഗം കുഞ്ഞാടിനെപ്പോലെ സൗമ്യത പ്രദർശിപ്പിക്കുന്നു. ഭയപ്പെടത്തക്ക കൊമ്പുകളുമില്ല. അടിച്ചമർത്തി ഒരു സ്വേച്ഛാധിപതിയെപ്പോലെ മുന്നേറുകയും ഭരിക്കുകയും ചെയ്യുന്നതിനു പകരം കള്ളപ്രവാചകന്റെ സമീപനം കുഞ്ഞാടിനെപ്പോലെ സൗമ്യതയും മാന്യതയും (meekness and gentleness) പ്രദർശിപ്പിക്കുന്നു. കുഞ്ഞാടിനെ അനുകരിച്ചു ആത്മീയഭാവം അവന്റെ പ്രത്യക്ഷതയിൽ കാണുന്നു. എന്നാൽ ആട്ടിൻതോലിട്ട ചെന്നായെപ്പോലെ കള്ളപ്രവാചകന്റെയും ലക്ഷ്യം സകലതും സാത്താന്റെ കാൽക്കീഴാക്കുക എന്നതാണ്.

കൊമ്പു പൊതുവേ ശക്തിയെയും (power & strength) രാജകീയ അധികാരത്തെയും (royal status) ഉയർച്ചയെയും (greatness) കുറിക്കുന്നു. ആയതിനാൽ കള്ളപ്രവാചകൻ ഏറിയശക്തിയും അധികാരവുമുള്ള ഉന്നത വ്യക്തിയായിരിക്കുമെന്നു ചിന്തിക്കാം. തലയിൽ രാജമുടിയോ കിരീടമോ ഇല്ലാത്തതിനാൽ രാഷ്ട്രീയഅധികാരമില്ലെങ്കിലും മതപരമായ അധികാരമുള്ളവനായിരിക്കും. രണ്ട് എന്ന സംഖ്യ സാക്ഷ്യത്തെ (testimony) കുറിക്കുന്നതാകയാൽ, കള്ളപ്രവാചകൻ സാത്താന്റെയും അന്തിക്രിസ്തുവിന്റെയും സാക്ഷിയായി പ്രവർത്തിക്കുന്നതിനെ വെളിപ്പെടുത്തുന്നു. രാഷ്ട്രീയവും മതപരവുമായുമായ അധികാരത്തോടെഅന്തിക്രിസ്തുവും കള്ളപ്രവാചകനും പ്രവർത്തിക്കും. മാത്രവുമല്ല മഹപീഡനകാലത്ത് ദൈവം അയെക്കുന്ന രണ്ടു സാക്ഷികൾക്കെതിരെ (വെളി.11:3) മൃഗത്തോടൊപ്പം നിന്നു പോരാടി അവരെ ജയിക്കുവാൻ വന്നവനാണെന്നും ചിന്തിക്കാം.

**അതു മഹാസർപ്പം എന്നപോലെ സംസാരിച്ചു** (and spoke like a dragon) —

കരയിൽ നിന്നു കയറിവന്ന മൃഗം പ്രത്യക്ഷതയിൽ കുഞ്ഞാടിനെപ്പോലെ രണ്ടു കൊമ്പുള്ളതായി വിനയം പ്രദർശിപ്പിച്ചു കാണപ്പെട്ടെങ്കിൽ അതിന്റെ സംസാരം മഹാസർപ്പത്തിന്റേതായിരുന്നു. മഹാസർപ്പത്തിന്റെ സംസാരം കാപട്യവും വഞ്ചനയും നിറഞ്ഞതും പാപത്തിൽ വീഴ്ത്തുന്നതുമായ ശബ്ദവുമാണ്. ഏദെൻതോട്ടത്തിൽ മഹാസർപ്പത്തിന്റെ സംസാരം മാനവജാതിയെ ഒന്നടങ്കം പാപത്തിൽ വീഴ്ത്തുന്നതിനിടയാക്കി. **ഉല്പ.3:1 —** *"യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളേക്കാളും പാമ്പു കൗശലമേറിയതായിരുന്നു. അതു സ്ത്രീയോടു: തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു."* ഏദെൻ തോട്ടത്തിൽ ആദ്യസംസാരത്തിൽ തന്നെ മനുഷ്യനെ ചതിച്ച അതേ സംസാരം ഇന്നും സഭാകാലയളവിലും മുഴങ്ങുന്നു. സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടശേഷം മഹാപീഡനകാലയളവിലും കള്ളപ്രവാചകന്റെ നാവിലൂടെ വഞ്ചനയുടെ ശബ്ദം മുഴങ്ങുന്നു. പ്രവാചകൻ എന്നാൽ കാര്യങ്ങൾ മുമ്പുകൂട്ടി പറയുന്നവനും, ഒരാൾക്കു വേണ്ടി സംസാരിക്കുവാൻ അയക്കപ്പെട്ടവനുമാണ്. ദൈവത്തിന്റെ പ്രവാചകന്മാരെല്ലാം ദൈവാത്മാവിനാൽ ദൈവത്തിനു വേണ്ടി ദൈവീകാരുളപ്പാടുകൾ അറിയിക്കുന്നവരായിരുന്നു. കള്ളപ്രവാചകൻ പിശാചിന്റെ നാവാണ്. പിശാചിന്റെ ആത്മാവിലാണ് കള്ളപ്രവാചകൻ സംസാരിക്കുന്നത് (1.രാജാ.22:22,23). *"അതു മഹാസർപ്പം എന്നപോലെ സംസാരിച്ചു"* എന്നത് മഹാസർപ്പമായ സാത്താന്റെ ആത്മാവിനാൽ സാത്താന്യഅരുളപ്പാടുകൾ സാത്താനുവേണ്ടി സംസാരിച്ചു എന്നർത്ഥം. ഒന്നാമത്തെ മൃഗത്തിന്റെ സംസാരവിഷയം ദൈവദൂഷണമായിരുന്നു. ദൈവത്തിന്റെ നാമത്തെയും ദൈവത്തിന്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിച്ചുകൊണ്ടു സംസാരിച്ചു (വെളി.13:6). രണ്ടാം മൃഗമായ കള്ളപ്രവാചകന്റെ സംസാരവിഷയവും ദൈവദൂഷണമാകാം. ഇതിനു പുറമേ ഭൂവാസികൾ മൃഗത്തിന്റെ പ്രതിമയുണ്ടാക്കുവാനും അതിനെ നമസ്കരിക്കുവാനും, നമസ്കരിക്കാത്തവരെ കൊല്ലുവാനുള്ള കല്പനകൊടുക്കുന്നതുമെല്ലാമായിരിക്കാം രണ്ടാം മൃഗത്തിന്റെ സംസാരം.

**വെളി.13:12 —അതു ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ അതിന്റെ അധികാരം എല്ലാം നടത്തി ഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണകരമായ മുറിവു പൊറുത്തുപോയ ഒന്നാംമൃഗത്തെ നമസ്കരിക്കുമാറാക്കുന്നു** (And he exercises all the authority of the first beast in his presence, and causes the earth and those who dwell in it to worship the first beast, whose deadly wound was healed) —

രണ്ടാമത്തെ മൃഗം കുഞ്ഞാടിന്റെ സൗമ്യതയോടു പ്രത്യക്ഷപ്പെടുന്നുവെങ്കിലും അതിന്റെ സംസാരം മഹാസർപ്പത്തിന്റെ പോലെയായിരുന്നു. കൊമ്പു അതിന്റെ അധികാരത്തെയും, രണ്ട് എന്ന സംഖ്യ സാക്ഷ്യത്തെയും ഇരുവർ ഒരുമിച്ചുള്ള പ്രവർത്തനത്തെയും കുറിക്കുന്നതായും കണ്ടു. തുടർന്നു യോഹന്നാൻ കാണുന്നത് ഒന്നാമത്തെ മൃഗത്തിനു മുമ്പാകെ രണ്ടാമത്തെ മൃഗം അതിന്റെ അധികാരങ്ങൾ പ്രദർശിപ്പിക്കുകയും ഒന്നാമത്തെ മൃഗമായ അന്തിക്രിസ്തുവിനെ ഭൂവാസികൾ നമസ്കരിക്കുവാൻ വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളുമാണ്.

**അതു ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ അതിന്റെ അധികാരം എല്ലാം നടത്തി** (And he exercises all the authority of the first beast in his presence) —

ഒന്നാമത്തെ മൃഗത്തിനു പീഡനകാലത്തെ പ്രവർത്തനങ്ങൾക്കായി മഹാസർപ്പമാണ് തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തത് (വെളി.13:2). ഒന്നാമത്തെ മൃഗത്തിനു ലഭിച്ച അധികാരങ്ങൾ രണ്ടാമത്തെ മൃഗത്തിനും ഉണ്ട്. അധികാരങ്ങൾ രണ്ടാമത്തെ മൃഗവുമായി പങ്കുവെയ്ക്കുകയോ ചില അധികാരങ്ങൾ കൈമാറുകയോ അല്ല. രണ്ടാമത്തെ മൃഗത്തിനും മഹാസർപ്പമാണ് അധികാരങ്ങൾ നൽകുന്നത്. ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ രണ്ടാമത്തെ മൃഗം അധികാരം എല്ലാം നടത്തി (he exercises) എന്നത് തനിക്കു മറ്റേതിനേക്കാൾ അധികാരം ഉണ്ടെന്നു കാണിക്കുകയല്ല മറിച്ചു തനിക്കു മഹാസർപ്പം നൽകിയ അധികാരങ്ങളെ പ്രദർശിപ്പിച്ചു എന്നാണ് മനസ്സിലാക്കേണ്ടത്. അധികാരം എല്ലാം (all the authority) എന്നത് രണ്ടാമത്തെ മൃഗത്തിനു ലഭിച്ച സകല അധികാരങ്ങളെയും കുറിക്കുന്നു. ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ (in the presence of the first beast) എന്നത് മൃഗത്തിനു പുറമേ സകലഭൂവാസികളുടെ മുമ്പാകെ എന്നും ചിന്തിക്കാം. അധികാരം പ്രദർശിപ്പിക്കുന്നത് രണ്ടു മൃഗങ്ങളും അതായത് അന്തിക്രിസ്തുവും കള്ളപ്രവാചകനും തമ്മിൽ ആർക്കാണ് ശക്തിയേറിയതെന്നു തെളിയിക്കുവാനല്ല മറിച്ച് അവർ യോജിച്ചു പ്രവർത്തിക്കുന്നതിനും കൂടിയാണ്.

**ഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണകരമായ മുറിവു പൊറുത്തുപോയ ഒന്നാംമൃഗത്തെ നമസ്കരിക്കുമാറാക്കുന്നു** (And causes the earth and those who dwell in it to worship the first beast, whose deadly wound was healed) —

ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ രണ്ടാമത്തെ മൃഗം അതിന്റെ സകല അധികാരവും പ്രദർശിപ്പിച്ചു. ഒന്നാമത്തെ മൃഗമായ അന്തിക്രിസ്തുവിന്റെ മുമ്പിലാണ് രണ്ടാമത്തെ മൃഗമായ അന്തിക്രിസ്തു തന്റെ അധികാരം പ്രദർശിപ്പിച്ചതെങ്കിലും ലോകം മുഴുവനും ദൃശ്യമാദ്ധ്യമങ്ങളുടെ സഹായത്താൽ ഭൂമിയിലുള്ളവർ കാണുന്നു. തുടർന്നു രണ്ടാമത്തെ മൃഗം മരണകരമായ മുറിവുപൊറുത്തുപോയ ഒന്നാം മൃഗത്തെ സകലരും നമസ്കരിക്കുവാൻ പ്രേരിപ്പിക്കുന്നു. കള്ളപ്രവാചകനായ തന്നെ ആരാധിക്കുകയല്ല മറിച്ചു അന്തിക്രിസ്തുവിനെ സകലരും ആരാധിക്കണമെന്ന വസ്തുതയാണ് ഇവിടെ വെളിവാകുന്നത്. കള്ളപ്രവാചകന്റെ ഈ പ്രവർത്തനം സാത്താന്യത്രിത്വത്തിലേക്കു വിരൽ ചൂണ്ടുന്നു. കള്ളപ്രവാചകൻ ദൈവീകത്രിത്വത്തിലെ പരിശുദ്ധാത്മാവിന്റെ അനുകരണമാണ്. പരിശുദ്ധാത്മാവു ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തുവിലേക്കു സകലരെയും നയിക്കുകയും ക്രിസ്തുവിലൂടെ പിതാവായ ദൈവത്തെ നമസ്കരിക്കുവാൻ തയ്യാറാക്കുകയുമാണ് ചെയ്യുന്നത് (യോഹ.16:8-15). ആയതുപോലെ ഇവിടെ കള്ളപ്രവാചകൻ ആരാധന ആഗ്രഹിക്കാതെ അന്തിക്രിസ്തുവിനെ സകലരും ആരാധിക്കണമെന്നും അതിലൂടെ സാത്താനെ സകലരും നമസ്കരിപ്പിക്കുവാൻ ഇടയാക്കുകയും ചെയ്യുന്നു.

ദൈവീകത്രിത്വത്തിലെ പരിശുദ്ധാത്മാവും സാത്താന്യത്രിത്വത്തിലെ കള്ളപ്രവാചകനും തമ്മിലുള്ള വ്യത്യാസങ്ങൾ —

(1) ദൈവീകത്രിത്വത്തിലെ മൂന്നാമനാണ് പരിശുദ്ധാത്മാവ് (മത്താ.28:19).
സാത്താന്യത്രിത്വത്തിലെ മൂന്നാമനാണ് കള്ളപ്രവാചകൻ (വെളി.16:13).
(2) പരിശുദ്ധാത്മാവ് സകലരെയും സത്യത്തിലേക്കു വഴി നടത്തുന്നു (യോഹ.16:13).
കള്ളപ്രവാചകൻ സകലരെയും തെറ്റിക്കുന്നു (വെളി.13:11,14).
(3) പരിശുദ്ധാത്മാവ് ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നു (യോഹ.16:13,14).
കള്ളപ്രവാചകൻ അന്തിക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നു (വെളി.13:12).
(4) പരിശുദ്ധാത്മാവ് ഭൂമിയിലേക്കു ആദ്യമായി വന്നപ്പോൾ പെന്തെക്കൊസ്തുനാളിൽ സ്വർഗ്ഗത്തിൽ നിന്നു അഗ്നി ഇറങ്ങി (അപ്പൊ.2:3).

മനുഷ്യർകാൺകെ കള്ളപ്രവാചകൻ ആകാശത്തിൽ നിന്നു അഗ്നി ഇറക്കി (വെളി.13:13).
(5) പരിശുദ്ധാത്മാവ് ജീവൻ നൽകുന്നു (റോമ.8:2).
കള്ളപ്രവാചകൻ കൊല്ലുന്നു (വെളി.13:15).
(6) പരിശുദ്ധാത്മാവ് ദൈവത്തിനുള്ളവരെ മുദ്രയിടുന്നു (എഫെ.1:13).
കള്ളപ്രവാചകൻ സാത്താനുള്ളവരെ പ്രത്യേക മുദ്രയിടുന്നു (വെളി.13:16,17).
(1) The Holy Spirit is the third person of the heavenly Trinity (Matt.28:19),
while the false prophet is the third person of the hellish trinity (Rev.16:13).
(2) The Holy Spirit leads men into all truth (John.16:13),
while the false prophet seduces men into all error (Rev.13:11,14).
(3) The Holy Spirit glorifies Christ (Jn.16:13,14),
while the false prophet glorifies antichrist (Rev.13:12).
(4) The Holy Spirit made fire to come down from heaven at Pentecost (Act.2:3),
while the false prophet will do likewise on earth in view of men (Rev.13:13).
(5) The Holy Spirit gives life (Rom.8:2),
while the false prophet kills (Rev.13:15).
(6) The Holy Spirit marks with a seal to all those who belong to God (Eph.1:13),
while the false prophet marks those who worship Satan (Rev.13:16,17).
(From Willmingtons Guide to the Bible Page:566).

"*മരണകരമായ മുറിവു പൊറുത്തുപോയ*" (whose deadly wound was healed) എന്ന വിശേഷണവും പ്രാധാന്യം അർഹിക്കുന്നു. ക്രിസ്തു സ്വർഗ്ഗസിംഹാസനത്തിനടുത്തു "*ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നിൽക്കുന്നു*" (A Lamb as it had been slain – വെളി.5:6) എന്നതിന്റെ അനുകരണമാണിത്. "*അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ എന്നു പറഞ്ഞു*" (വെളി.5:12) സ്വർഗ്ഗത്തിൽ സകലരും ക്രിസ്തുവിനെ ആരാധിക്കുന്നതു സാത്താൻ കണ്ടതാണ്. അറുക്കപ്പെട്ട കുഞ്ഞാട് എന്നത് ക്രിസ്തു മരിച്ചതിനെയും പുനരുത്ഥാനം (death and resurrection) പ്രാപിച്ചതിനെയും കുറിക്കുന്നു. ഇവിടെ ഒന്നാമത്തെ മൃഗത്തെ ലോകത്തിനു കാട്ടിക്കൊടുക്കുന്നത് "*മരണകരമായ മുറിവു പൊറുത്തുപോയ*" അഥവാ മരിച്ചുയിർത്തെഴുന്നേറ്റ അവരുടെ രക്ഷകൻ എന്ന നിലയിലാണ്. അന്തിക്രിസ്തുവാകുന്ന മൃഗത്തിന്റെ മരണപുനരുത്ഥാനത്തിലൂടെ അതു വ്യാജമാണെങ്കിൽ കൂടി ഭൂവാസികളെ ഭ്രമിപ്പിച്ചു ആരാധനക്കു സജ്ജരാക്കുന്നു.

കുഞ്ഞാടിന്റെ സൗമ്യതയോടെ വരുന്ന കള്ളപ്രവാചകനായ ലോകമതമേതാവി സമാധാനപ്രിയനായി കാണപ്പെടും. ലോകത്തിലെ മതങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ അവസാനിപ്പിക്കുകയെന്നതാണ് തന്റെ ലക്ഷ്യമെന്നു അറിയിക്കും. ഇന്നു ലോകത്തിൽ വിശേഷാൽ അറബിരാഷ്ട്രങ്ങളും യിസ്രായേലും തമ്മിൽ മതപരമായ വിദ്വേഷമാണുള്ളത്. പഴയനിയമകാലഘട്ടം മുതൽ ഇന്നുവരെയും യിസ്രായേലും അറബിരാഷ്ട്രങ്ങളും തമ്മിൽ ബദ്ധശത്രുക്കളാണ്. യഹൂദനും മുസ്ലീമും തമ്മിലുള്ള വിദ്വേഷം ഇന്നും നിലനിൽക്കുന്നു. എന്നാൽ ആർക്കും ഇവർ തമ്മിലുള്ള ശത്രുത അവസാനിപ്പിക്കുവാൻ സാദ്ധ്യമല്ലാതിരിക്കുമ്പോൾ മഹാപീഡനകാലത്ത് സമാധാനദൂതനായി പ്രത്യക്ഷപ്പെടുന്ന രണ്ടാം മൃഗമായ കള്ളപ്രവാചകൻ സമാധാനത്തിനായി പ്രവർത്തിക്കും. യിസ്രായേലും യഹൂദനും തമ്മിലുള്ള വിദ്വേഷം മതത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ മതമേതാവി എന്ന നിലയിൽ കള്ളപ്രവാചകന്റെ പ്രവർത്തനം അവർ തമ്മിലുള്ള സമാധാന ഉടമ്പടിയിലേക്കു നയിക്കും. ലോകത്തിലുള്ള സകലരെയും തന്റെ ലാവണ്യവാക്കുകളിലൂടെ ആകർഷിച്ചു തന്നോടുള്ള ആദരവിലും ബഹുമാനത്തിലും അവരെ എത്തിക്കും. അനേക നൂറ്റാണ്ടുകളായി ദൈവാലയം പണിയുവാൻ ആഗ്രഹിച്ച യിസ്രായേലിനു അവർ ആഗ്രഹിച്ച സ്ഥലത്തു തന്നെ ദൈവാലയം പണിയുവാനുള്ള സാഹചര്യം അന്തിക്രിസ്തുവും കള്ളപ്രവാചകനും കൂടി ഒരുക്കിക്കൊടുക്കും. എന്നാൽ ദൈവാലയം പണിയപ്പെട്ടു കഴിഞ്ഞു യഹൂദൻ ദൈവത്തെ ആരാധിച്ചു തുടങ്ങുമ്പോൾ അന്തിക്രിസ്തുവിന്റെ സ്വഭാവത്തിനും സമീപനത്തിനും മാറ്റം വരും. താൻ ദൈവമാണെന്നു അവകാശപ്പെട്ടുകൊണ്ടു തന്റെ പ്രതിമ ദൈവാലയത്തിൽ സ്ഥാപിച്ചു സകലരും അതിനെ നമസ്കരിക്കുവാൻ കല്പിക്കും (2..തെസ്സ.2:4). കള്ളപ്രവാചകനും അന്തിക്രിസ്തുവിനോടൊപ്പം നിന്നു സകലരും അന്തിക്രിസ്തുവിനെ ആരാധിക്കുവാൻ പ്രോത്സാഹിപ്പിക്കും. അപ്പോൾ മാത്രമാണ് അവനോടൊപ്പം നിന്ന യഹൂദൻ അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും ചതി മനസ്സിലാക്കുക. അന്തിക്രിസ്തുവിനെ ആരാധിക്കുവാൻ വിസമ്മതിക്കുന്ന സകലരുടെയും നേർക്കു അന്തിക്രിസ്തുവും കള്ളപ്രവാചകനും ചേർന്നു അതിക്രൂരമായ പീഡനങ്ങൾ ആരംഭിക്കും.

**വെളി.13:13,14 —അതു മനുഷ്യർ കാണ്കെ ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറങ്ങുമാറു വലിയ**

**അടയാളങ്ങൾ പ്രവൃത്തിക്കയും, മൃഗത്തിന്റെ മുമ്പിൽ പ്രവൃത്തിപ്പാൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ടു ഭൂവാസികളെ തെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന്നു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു പറകയും ചെയ്യുന്നു** (He performs great signs, so that he even makes fire come down from heaven on the earth in the sight of men. And he deceives those who dwell on the earth by those signs which he was granted to do in the sight of the beast, telling those who dwell on the earth to make an image to the beast who was wounded by the sword and lived) —

ഭൂമിയിൽ നിന്നു കയറി വന്ന രണ്ടാമത്തെ മൃഗമായ കള്ളപ്രവാചകൻ ആദ്യത്തെ മൃഗമായ അന്തിക്രിസ്തുവിനെ ഭൂമിയിൽ വസിക്കുന്നവർ നമസ്കരിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. അതിനായി മരണകരമായ മുറിവേറ്റിട്ടും പൊറുത്തുപോയ മൃഗത്തെ കാട്ടി രണ്ടാമത്തെ മൃഗം സകലരുടെയും ശ്രദ്ധയെ ആകർഷിക്കുന്നു. തുടർന്നു കള്ളപ്രവാചകനായ രണ്ടാം മൃഗത്തിന്റെ മൂന്നു വിധപ്രവർത്തനങ്ങൾ ഈ വാക്യത്തിൽ കാണുന്നു —

(1) അതു മനുഷ്യർ കാൺകെ ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറങ്ങുമാറു വലിയ അടയാളങ്ങൾ പ്രവൃത്തിക്കുന്നു (2) മൃഗത്തിന്റെ മുമ്പിൽ പ്രവൃത്തിപ്പാൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ടു ഭൂവാസികളെ തെറ്റിക്കുന്നു (3) വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന്നു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു പറയുന്നു.

**അതു മനുഷ്യർ കാൺകെ ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറങ്ങുമാറു വലിയ അടയാളങ്ങൾ പ്രവൃത്തിക്കയും** — (He performs great signs, so that he even makes fire come down from heaven on the earth in the sight of men) —

ഭൂമിയിൽ വസിക്കുന്ന സകലരെയുംകൊണ്ട് അന്തിക്രിസ്തുവിനെ ദൈവമായി അംഗീകരിപ്പിച്ചു അവരെ ആരാധിപ്പിക്കുകയെന്നതാണ് രണ്ടാമത്തെ മൃഗമായ കള്ളപ്രവാചകന്റെ ദൗത്യം. അതിനായി ആദ്യമായി രണ്ടാമത്തെ മൃഗം മനുഷ്യർ കാൺകെ ആകാശത്തു നിന്നു തീ ഇറങ്ങുമാറു വലിയ അടയാളങ്ങൾ കാണിക്കുന്നു. മനുഷ്യർ കാൺകെ വലിയ അടയാളങ്ങൾ പ്രവൃത്തിക്കയും എന്നതിൽ നിന്നു വ്യക്തമാകുന്നത് ആകാശത്തു നിന്നു ഭൂമിയിലേക്കു തീ ഇറക്കുക മാത്രമല്ല തുടർമാനമായി ഒന്നിനു പുറകേ ഒന്നായി അനേക അടയാളങ്ങൾ ചെയ്തു എന്നതിനെയാണ്. യേശുക്രിസ്തു ഭൗമീകശുശ്രൂഷാവേളയിൽ അനേക അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട് (യോഹ.2:11,23). അവയിലൂടെ ദൈവമഹത്വം വെളിപ്പെട്ടതിനാൽ അനേകർ വിശ്വസിക്കുവാനിടയായി. അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുവാൻ സാത്താന്റെ കഴിവ് തിരുവചനത്തിൽ കാണുന്നുണ്ട്. മോശെയും അഹരോനും മിസ്രയീമിൽ ഫറവോന്റെ മുമ്പാകെ നിൽക്കുമ്പോൾ ഒരു അടയാളമെന്ന നിലയിൽ അഹരോന്റെ വടി നിലത്തിട്ടപ്പോൾ അതു സർപ്പമായിത്തീർന്നു. മിസ്രയീമ്യ മന്ത്രവാദികളും അവരുടെ മന്ത്രത്താൽ അതുപോലെ ചെയ്തതായി കാണുന്നു. എന്നാൽ അഹരോന്റെ വടി അവരുടെ വടികളെ വിഴുങ്ങിക്കളഞ്ഞു (പുറ.7:10-12). ഇത് സാത്താന്റെ അടയാളങ്ങളും അത്ഭുതങ്ങളും ദൈവമുമ്പാകെ ഏതുമില്ലെന്ന കാര്യത്തെയാണ് കാണിക്കുന്നത്. ദൈവീകന്യായവിധി ചൊരിയുന്ന സമയങ്ങളിലും (ഉല്പ.19:24/ലേവ്യാ.10:1,2/2.രാജാ.1:9-12) ദൈവമഹത്വം വെളിവാകുന്ന സമയങ്ങളിലും (1.രാജാ18:38,39/1.ദിന.21:26/2.ദിന.7:1) ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറങ്ങി വന്നിട്ടുണ്ട്.

കർത്താവിന്റെ ഭൗമീകശുശ്രൂഷാനാളുകളിൽ ശാസ്ത്രിമാരും പരീശന്മാരിലും ചിലർ കർത്താവ് ഒരു അടയാളം ചെയ്തുകാണുവാൻ ആഗ്രഹിച്ചു ആവശ്യപ്പെട്ടെങ്കിലും കർത്താവു ചെയ്തില്ല (മത്താ.12:38). കർത്താവു യഥാർത്ഥമശീഹായാണോ എന്നതിനുള്ള തെളിവിനായിരുന്നു അവരുടെ അടയാളത്തിന്റെ അന്വേഷണം. യഹൂദന്മാർ അടയാളം അന്വേഷിക്കുന്നവരാണെന്നു അപ്പൊസ്തലനായ പൗലൊസ് പറയുന്നു (1.കൊരി.1:22). കർത്താവു ചെയ്യുവാൻ നിരസിച്ച അടയാളവും അത്ഭുതങ്ങളും ഇവിടെ സാത്താന്റെ കൂട്ടാളിയായ കള്ളപ്രവാചകൻ ചെയ്തു ഭൂമിയിൽ വസിക്കുന്നവരെ സാത്താന്റെ ആരാധകരായി മാറ്റുന്നു. മഹാപീഡനകാലത്ത് അന്തിക്രിസ്തുവും കള്ളപ്രവാചകനും അത്ഭുതങ്ങളോടും അടയാളങ്ങളോടും പ്രവർത്തിക്കുമ്പോൾ അന്നത്തെ യഹൂദന്മാരുൾപ്പെട്ട ലോകജനത സാത്താന്യആരാധനയിലേക്കു ചെന്നെത്തുന്നതിനെപ്പറ്റി തെസ്സലൊനിക്യലേഖനത്തിൽ വിവരിക്കുന്നു. **2.തെസ്സ.2:9,10 —** *"അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകലശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകലവഞ്ചനയോടുംകൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും."*

പെന്തെക്കൊസ്തുനാളിൽ 120 പേരുള്ള ഒരു കൂട്ടം ഒരുമിച്ചുകൂടിയിരുന്നപ്പോൾ (അപ്പൊ.1:15) കൊടുങ്കാറ്റിന്റെ മുഴക്കത്തോടെ പരിശുദ്ധാത്മാവ് ഭൂമിയിലേക്കിറങ്ങിവന്നതായി അപ്പൊസ്തപ്രവൃത്തികളിൽ വായിക്കുന്നു. അത്ഭുതമായ നിലയിൽ അഗ്നിജ്വാലകൾപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി (അപ്പൊ.2:1-3). ഭൂമിയിൽ സഭാകാലത്തിന്റെ ആരംഭവും പരിശുദ്ധാത്മാവിന്റെ പ്രവർത്ത

നവും ആരംഭം കുറിച്ചുകൊണ്ടുള്ളതായിരുന്നു സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അഗ്നിയിയുടെ പ്രത്യക്ഷത. മഹാപീഡനകാലത്ത് പരിശുദ്ധാത്മാവിനെ അനുകരിക്കുന്ന കള്ളപ്രവാചകന്റെ ആത്മാവിന്റെ പ്രകടമായ ദൃശ്യമായിരിക്കാം ആകാശത്തിൽ നിന്നിറക്കിയ അഗ്നിയെന്നു അഭിപ്രായമുണ്ട്.

മനുഷ്യർ കാൺകെ ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറക്കിയത് മൃഗമായ കള്ളപ്രവാചകന്റെ അത്ഭുതമാർന്ന അടയാളമാണ്. ഏലീയാവ് യഥാർത്ഥപ്രവാചകനെന്നു മറ്റുള്ളവർ മനസ്സിലാക്കുവാൻ സ്വർഗ്ഗത്തിൽ നിന്നു കൊടുത്ത അടയാളമായിരുന്നു ആകാശത്തു നിന്നിറങ്ങി വന്ന അഗ്നി (1.രാജാ.18:36-38/ 2.രാജാ.1:9-12). എന്നാലിതാ ഏലീയാവിനെപ്പോലെ ആകാശത്തു നിന്നു തീ ഇറക്കുവാൻ മൃഗത്തിനും സാധിക്കുന്നു. മഹാപീഡനകാലത്ത് ദൈവീകപ്രവർത്തനങ്ങൾക്കായി ദൈവം ഭൂമിയിലേക്കയച്ച രണ്ടു സാക്ഷികൾക്ക് അവരുടെ വായിൽ നിന്നു തീ പുറപ്പെടുവിച്ചു ശത്രുക്കളെ ദഹിപ്പിച്ചുകളയുവാൻ കഴിയുമായിരുന്നു (വെളി.11:5). മഹാപീഡനകാലത്ത് മൃഗവും അവരെ അനുകരിക്കുന്നതുമാകാം.

**മൃഗത്തിന്റെ മുമ്പിൽ പ്രവൃത്തിപ്പാൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ടു ഭൂവാസികളെ തെറ്റിക്കുകയും —** (And he deceives those who dwell on the earth by those signs which he was granted to do in the sight of the beast) —

ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറക്കുന്നതുൾപ്പെടെയുള്ള അത്ഭുതമാർന്ന വലിയ അടയാളങ്ങൾ മനുഷ്യർ കാൺകെ രണ്ടാമത്തെ മൃഗം കാണിക്കുന്നു. തുടർന്നു ഒന്നാമത്തെ മൃഗത്തിന്റെ മുമ്പിൽ പ്രവൃത്തിപ്പാൻ രണ്ടാം മൃഗത്തിനു ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ടു രണ്ടാം മൃഗമായ കള്ളപ്രവാചകൻ ഭൂവാസികളെ തെറ്റിക്കുന്നു. മറ്റുള്ളവരെ തെറ്റിക്കുക, വഞ്ചിക്കുക, വശീകരിക്കുക എന്നാതാണ് എപ്പോഴും സാത്താന്റെ പ്രവർത്തനം. ഇത് കള്ളപ്രവാചകനിലും ഇവിടെ ദൃശ്യമാകുന്നു. വെളിപ്പാടു പുസ്തകത്തിൽ സാത്താന്യപ്രവർത്തനത്തോടുള്ള ബന്ധത്തിൽ ഈ പദം ആവർത്തിച്ചു ഉപയോഗിച്ചിരിക്കുന്നു. (1) തെറ്റിക്കുക – വെളി.2:20;12:9;13:14 (2) വശീകരിക്കുക – വെളി.18:23;20:8 (3) ചതിക്കുക —വെളി.19:20 (4) വഞ്ചിക്കുക —വെളി.20:3,10. അന്ത്യകാലത്ത് കള്ളപ്രവാചകന്റെ ഇപ്രകാരമുള്ള പ്രവർത്തനങ്ങളെക്കുറിച്ചു കർത്താവു മുന്നറിയിപ്പു നൽകിയിട്ടുണ്ട്. **മത്താ.24:5 —***"ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും* ***തെറ്റിക്കും****."* **മത്താ.24:11—***"കള്ളപ്രവാചകന്മാർ പലരും വന്നു അനേകരെ* ***തെറ്റിക്കും."*** **മത്താ.24:24 —***"കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും* ***തെറ്റിപ്പാനായി*** *വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും."* **മർക്കൊ.13:6 —***"ഞാൻ ആകുന്നു എന്നു പറഞ്ഞുകൊണ്ടു അനേകർ എന്റെ പേരെടുത്തു വന്നു പലരെയും* ***തെറ്റിക്കും."*** തെറ്റിക്കുക, ചതിക്കുക (deceive) എന്നതിനു മൂലഭാഷയായ ഗ്രീക്കിൽ പ്ലാനാഓ (planao) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം അലഞ്ഞുതിരിയുക (Wander), ചുറ്റിസഞ്ചരിക്കുക (roam), വഴിവിട്ടു നടക്കുക (be out of the way) എന്നൊക്കെയാണ്. യഥാർത്ഥത്തിൽ കള്ളപ്രവാചകന്റെ പ്രവർത്തനം എന്നത് മനുഷ്യരെ ദൈവപാതയിൽ നിന്നകറ്റി തെറ്റായപാതയിലേക്കു നയിച്ചു വട്ടം കറക്കി ചതിക്കുകയെന്നതാണ്. കള്ളപ്രവാചകന്റെ പ്രതീകമായ രണ്ടാം മൃഗം തനിക്കു ലഭിച്ച അടയാളങ്ങളെക്കൊണ്ടു ഭൂവാസികളെ തെറ്റിക്കും. "ഭൂവാസികൾ" എന്ന പദം വെളിപ്പാടു പുസ്തകത്തിൽ ആവർത്തിച്ചു വരുന്ന പദമാണ് (വെളി.6:10/8:13/13:8/13:12/13:14/14:6/17:2/17:8). ദൈവത്തെയും ദൈവവ്യവസ്ഥകളെയും നിരാകരിച്ചു സാത്താന്റെ ഉപകരണങ്ങളായി ജീവിക്കുന്ന ലോകജനങ്ങളാണ് "ഭൂവാസികൾ" എന്ന പേരിൽ അറിയപ്പെടുന്നത്. ഇത് പൊതുവേ അവിശ്വാസികളെ കുറിക്കുന്നു. അവിശ്വാസികളൊന്നടങ്കം കള്ളപ്രവാചകന്റെ അത്ഭുതങ്ങളും അടയാളങ്ങളും കണ്ട് അവനിൽ ശരണപ്പെടും. ഇതിനാൽ ദൈവത്തിന്റെ സത്യസുവിശേഷത്തെ ത്യജിച്ചു ദൈവദൂഷണത്തിനായി അവനോടൊപ്പം അണിനിരക്കുവാനിടയാകും. ഇത് അവരടെ ന്യായവിധിക്കു കാരണമായിത്തീരും. എന്നാൽ ദൈവത്തിന്റെ മക്കളെ അവനു ചതിക്കുവാനോ തെറ്റിക്കുവാനോ കഴിയുകയില്ല. കള്ളപ്രവാചകന്റെ വശീകരണവാക്കുകളും തെറ്റായ ഉപദേശങ്ങളും അവർക്കു തിരിച്ചറിയുവാൻ സാധിക്കുന്നതിനാൽ വിശ്വാസത്തിൽ നിന്നു ഒഴുകിപ്പോകുവാനിടയാകുകയില്ല.

**വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന്നു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു പറകയും ചെയ്യുന്നു** (telling those who dwell on the earth to make an image to the beast who was wounded by the sword and lived) —

ആകാശത്തു നിന്നു തീ ഇറക്കുന്നതുൾപ്പെടെയുള്ള അത്ഭുതങ്ങൾ കാണിക്കുക, ഭൂവാസികളെ തെറ്റിക്കുക എന്നിവക്കു പുറമേ വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന്നു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു രണ്ടാമത്തെ മൃഗമായ കള്ളപ്രവാചകൻ പറകയും ചെയ്യുന്നു. അടയാളങ്ങളും അത്ഭുതങ്ങളും കാണിച്ചു സകലഭൂവാസികളെയും വശീകരിച്ച കള്ളപ്രവാചകൻ അവരെ വിഗ്രഹാരാധനയിലേക്കു നയിക്കുന്നു. *"ഒരു വിഗ്രഹവും ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുതു"* (പുറ.20:4) എന്നാണ് ദൈവകല്പന. എന്നാൽ ദൈവകല്പനയെ ലംഘിച്ചുകൊണ്ടു കള്ളപ്രവാചകൻ അന്തിക്രിസ്തുവിന്റെ

പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു ആജ്ഞാപിക്കുന്നു.

അന്തിക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നത് "വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗം" എന്നാണ്. "അറുക്കപ്പെട്ട കുഞ്ഞാട് " എന്നത് ക്രൂശുമരണശേഷം ഉയിർത്തെഴുന്നേറ്റ അഥവാ പുനരുത്ഥാനം പ്രാപിച്ച ക്രിസ്തുവിനെ കുറിക്കുന്നു. "വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗം" എന്നത് മരണകരമായ മുറിവേറ്റിട്ടും ജീവിച്ചുയിർത്തെഴുന്നേറ്റ അന്തിക്രിസ്തുവിനെ കുറിക്കുന്നു. ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റതിനാൽ സകലരുടെയും ആരാധനവിഷയമായി. ആയതുപോല അന്തിക്രിസ്തുവിനും സകലഭൂവാസികളുടെയും ആരാധന ലഭിക്കുവാൻ അവനെ വാളാൽ മുറിവേറ്റിട്ടും ജീവിച്ചവൻ എന്ന നിലയിൽ വിശേഷിപ്പിച്ചു ഭൂവാസികളോടു പ്രതിമയുണ്ടാക്കുവാൻ ആവശ്യപ്പെടുന്നു. മൃഗത്തിന്റെ പ്രതിമ എന്ന വിശേഷണം വെളിപ്പാടു പുസ്തകത്തിൽ അനേകപ്രവശ്യം പറഞ്ഞിട്ടുണ്ട് (വെളി.13:14,15/14:9,11/15:2/16:2/19:20/20:4). സാത്താനോ, അന്തിക്രിസ്തുവോ, കള്ളപ്രവാചകനോ അല്ല പ്രതിമ ഉണ്ടാക്കുന്നതെന്ന കാര്യവും ശ്രദ്ധേയമാണ്. രണ്ടാം മൃഗമായ കള്ളപ്രവാചകന്റെ ഭ്രമിപ്പിക്കുന്ന അത്ഭുതങ്ങളും അടയാളങ്ങളും കണ്ടു ഭൂവാസികൾ ഭയപ്പെടുന്നു. അവരുടെ ഭയം അവരെ ആരാധനയിലേക്കു നയിക്കുന്നു. പരിശുദ്ധാത്മാവ് ക്രിസ്തുവിനെ മഹത്വപ്പെടുത്തി ആരാധിക്കുവാൻ പ്രേരിപ്പിക്കുന്നതുപോലെ സാത്താന്യത്രിത്വത്തിലെ മൂന്നാമനായ കള്ളപ്രവാചകൻ സാത്താന്യത്രിത്വത്തിൽ രണ്ടാമനായ അന്തിക്രിസ്തുവിനെ നമസ്കരിക്കുവാൻ ഭൂവാസികളെ പ്രേരിപ്പിക്കുന്നു. അതിനായി അന്തിക്രിസ്തുവിന്റെ പ്രതിമയെ ഉണ്ടാക്കുവാൻ കല്പിക്കുന്നു.

മോശെ സീനായ് മലയിൽ ദൈവസന്നിധിയിൽ നിന്നു ഇറങ്ങിവരുവാൻ താമസിച്ചതിനാൽ തങ്ങൾക്കു ആരാധിക്കുവാനായി ഒരു ദൈവത്തെ ഉണ്ടാക്കിത്തരണമെന്നു അഹരോനോടു പറഞ്ഞു. അതിനായി ജനം നൽകിയ അവരുടെ പൊന്നുകൊണ്ടു അഹരോൻ ഒരു കാളക്കുട്ടിയെ ഉണ്ടാക്കിക്കൊടുത്തു (പുറ.32:1-6). എന്നാൽ ഇവിടെ കള്ളപ്രവാചകൻ അന്തിക്രിസ്തുവിന്റെ പ്രതിമ ഉണ്ടാക്കുവാൻ ജനത്തോട് ആവശ്യപ്പെടുകയും അവർതന്നെ മൃഗത്തിന്റെ പ്രതിമയുണ്ടാക്കുകയും ചെയ്യുന്നു. അതോടുകൂടി ലോകത്തിലുള്ള സകലരും ഒരു മതത്തിൻ കീഴിലേക്കു നയിക്കപ്പെടുന്നു. മഹാപീഡനകാലത്ത് യെഹൂദന്റെ ചിരകാലാഭിലാഷമായ ദൈവാലയം യെരുശലേമിൽ അവർ ആഗ്രഹിച്ച സ്ഥലത്തുതന്നെ അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും മദ്ധ്യസ്ഥതയിൽ സ്ഥാപിക്കപ്പെടുകയും യഹൂദൻ അവിടെ ദൈവത്തെ ആരാധിക്കുകയും ചെയ്യും. എന്നാൽ താമസംവിനാ അന്തിക്രിസ്തുവിന്റെ പ്രതിമ ഉണ്ടാക്കുവാൻ കള്ളപ്രവാചകൻ ജനത്തോട് ആവശ്യപ്പെടും. അവർ ഉണ്ടാക്കിയ പ്രതിമ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു അതിനെ നമസ്കരിക്കുവാൻ സകലരോടും ആവശ്യപ്പെടും. ഇതാണ് ശൂന്യമാക്കുന്ന മ്ലേച്ഛബിംബം (the abomination of desolation) എന്ന വിശേഷണത്താൽ ദാനീയേൽപ്രവാചകനും കർത്താവും പറഞ്ഞിരിക്കുന്നത് (ദാനീ.9:27/ദാനീ.11:31/ദാനീ.12:11). മത്താ.24:15 — "*എന്നാൽ ദാനീയേൽപ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നിൽക്കുന്നതു നിങ്ങൾ കാണുമ്പോൾ — വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ.*"

രണ്ടാം മൃഗമായ കള്ളപ്രവാചകന്റെ വഴിതെറ്റിക്കുന്നതും വശീകരിക്കുന്നതുമായ അടയാളങ്ങളും അത്ഭുതങ്ങളും നിമിത്തം ഭൂവാസികൾ വിഗ്രഹാരാധനയിൽ ചെന്നെത്തുന്നു. അവർ ആരാധിക്കുന്നത് അവർ ഉണ്ടാക്കിയ അന്തിക്രിസ്തുവിന്റെ പ്രതിമയെയാണ്. ശൂന്യമാക്കുന്ന മ്ലേച്ഛബിംബം എന്ന വിശേഷമത്താൽ തിരുവചനത്തിൽ അറിയപ്പെടുന്ന പ്രതിമ യെരൂശലേം ദൈവാലയത്തിൽ സ്ഥാപിക്കപ്പെടും. സാത്താനു സ്വർഗ്ഗത്തിൽ സിംഹാസനം സ്ഥാപിക്കുവാനോ ആരാധനസ്വീകരിക്കുവാനോ ആരാധനക്കായി സ്വർഗ്ഗവാസികളോടു ആജ്ഞാപിക്കുവാനോ കഴിയാത്ത സ്ഥിതിയുണ്ടായി. ആയതിനാൽ ഭൂമിയിൽ വിശുദ്ധനഗരമെന്നറിയപ്പെട്ട യെരൂശലേമിൽ യഹൂദന്റെ ആരാധനസ്ഥലം തന്നെ അവൻ തന്റെ താവളമായി തിരഞ്ഞെടുക്കുന്നു.

**വെളി.13:15 — മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമെക്കു ആത്മാവിനെ കൊടുപ്പാൻ അതിന്നു ബലം ലഭിച്ചു** (He was granted power to give breath to the image of the beast, that the image of the beast should both speak and cause as many as would not worship the image of the beast to be killed) —

കള്ളപ്രവാചകൻ ഭൂവാസികളെക്കൊണ്ടു എതിർക്രിസ്തുവിന്റെ പ്രതിമ ഉണ്ടാക്കുവാൻ ആജ്ഞാപിക്കുന്നതായി കഴിഞ്ഞവാക്യത്തിൽ കണ്ടു. ഈ വാക്യത്തിൽ പ്രതിമക്കു ലഭിക്കുന്ന പ്രത്യേക കഴിവുകളും രണ്ടാമത്തെ മൃഗമായ കള്ളപ്രവാചകനു ലഭിക്കുന്ന വിശേഷമായ അധികാരത്തെയും വിശദീകരിക്കുന്നു. പ്രതിമയ്ക്കു ലഭിക്കുന്ന രണ്ടു കഴിവുകളിൽ ഒന്നു സംസാരിക്കുവാനുള്ള ശക്തിയും, മറ്റേത് ആരാധിക്കാത്തവരെ കൊല്ലിക്കാനുള്ള കഴിവുമാണ്. പ്രതിമയ്ക്കു സംസാരിക്കാനും പ്രവർത്തിക്കാനുമുള്ള ശക്തി കൊടുക്കുവാൻ കള്ളപ്രവാചകനു ബലം ലഭിക്കുന്നു.

മഹാപീഡനകാലം വിഗ്രഹാരാധനയുടെ കേന്ദ്രമായി ഭൂമി മാറുന്നു. മനുഷ്യന്റെ കൈകളാൽ ഉണ്ടാക്കുന്ന പ്രതിമകളെയും അതിന്റെ പ്രതികരണശേഷിയില്ലായ്മയെയും കുറിച്ചു തിരുവചനത്തിൽ വിശദീ

കരിച്ചിട്ടുണ്ട്.
**സങ്കീ.115:5-8—**"*അവെക്കു വായുണ്ടെങ്കിലും സംസാരിക്കുന്നില്ല; കണ്ണുണ്ടെങ്കിലും കാണുന്നില്ല........*"
**സങ്കീ.135.16-18 —**"*അവെക്കു വായുണ്ടെങ്കിലും സംസാരിക്കുന്നില്ല; കണ്ണുണ്ടെങ്കിലും കാണുന്നില്ല; അവെക്കു ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല; അവയുടെ വായിൽ ശ്വാസവുമില്ല.......*"
**യെശ.46:7 —** "*അവർ അതിനെ തോളിൽ എടുത്തുകൊണ്ടുപോയി അതിന്റെ സ്ഥലത്തു നിർത്തുന്നു........*"
**യിരെ.10:5—**"*അവ വെള്ളരിത്തോട്ടത്തിലെ തൂണുപോലെയാകുന്നു; അവ സംസാരിക്കുന്നില്ല; അവെക്കു നടപ്പാൻ വഹിയായ്കകൊണ്ടു അവയെ ചുമന്നുകൊണ്ടു പോകണം......*"
**ഹബ.2:19 —**"*മരത്തോടു: ഉണരുക എന്നും ഊമക്കല്ലിനോടു: എഴുന്നേൽക്ക എന്നും പറയുന്നവന്നു അയ്യോ കഷ്ടം!..........*"

കള്ളപ്രവാചകൻ ആത്മാവിനെ കൊടുക്കുന്ന മൃഗത്തിന്റെ പ്രതിമെക്ക് സംസാരിക്കുവാനും നമസ്കരിക്കാത്തവരെ കൊല്ലിക്കാനുള്ള ആജ്ഞകൊടുക്കുവാനും സാധിക്കും. ഇതിനുള്ള ശക്തി കള്ളപ്രവാചകനാണ് നൽകുന്നത്. ഒന്നാമത്തെ മൃഗത്തിനു മഹാസർപ്പമായ സാത്താൻ അധികാരം കൊടുക്കുന്നതുപോലെ (വെളി.13:2,3) രണ്ടാമത്തെ മൃഗത്തിനും മഹാസർപ്പമായ സാത്താൻ തന്നെയാണ് പ്രതിമയ്ക്ക് ജീവൻ നൽകുവാനുള്ള ശക്തി കൊടുക്കുന്നത് (വെളി.13:5).

ലോഹത്തിലോ, പ്ലാസ്റ്റിക്കിലോ, കല്ലിലോ ഉണ്ടാക്കിയിട്ടുള്ള പ്രതിമകൾക്ക് മനുഷ്യന്റെയോ പിശാചിന്റെയോ ആത്മാവിനെ കൊടുത്തതായി ലോകത്തിൽ ഇതുവരെയും സംഭവങ്ങളുണ്ടായിട്ടില്ല. ശാസ്ത്രസാങ്കേതികവിദ്യകളൊന്നും അതിനെ സാധൂകരിക്കുന്നുമില്ല. ആത്മാവ് ദൈവത്തിന്റെ വകയും അതിന്മേലുള്ള സർവ്വാധികാരവും ദൈവത്തിനുമാത്രമാണുള്ളത്. പ്രതിമെക്കു സംസാരിക്കുവാനും പ്രവർത്തിക്കുവാനുമുള്ള ആത്മാവിനെ കൊടുക്കുവാനുള്ള ശക്തി ദൈവം സാത്താനു നൽകുമെന്നു ചിന്തിക്കുവാൻ കഴിയുകയില്ല. എന്നാൽ ഇക്കാലങ്ങളിൽ മനുഷ്യൻ ഉണ്ടാക്കുന്ന ഇലക്ട്രോണിക്ക് റോബോട്ടുകൾ അഥവാ യന്ത്രമനുഷ്യർക്ക് സംസാരിക്കാനും പ്രവർത്തിക്കുവാനുമുള്ള കഴിവിനെ ആധുനികശാസ്ത്രം വെളിപ്പെടുത്തുന്നു. കൂടാതെ "പ്രതിമെക്കു ആത്മാവിനെ കൊടുപ്പാൻ" എന്നതിൽ ആത്മാവിനു ഇംഗ്ലീഷിൽ ബ്രീത്ത് (breath) അഥവാ ശ്വാസം എന്നും ലൈഫ് (life) അഥവാ ജീവൻ എന്നുമുള്ള പദങ്ങളാണു പയോഗിച്ചിരിക്കുന്നത്. ആകയാൽ ആത്മാവിനെ കൊടുപ്പാൻ മൃഗത്തിനു ബലം ലഭിച്ചു എന്നത് പ്രതിമെക്കു ജീവനുള്ളതിനെപ്പോലെ സംസാരിപ്പാനും പ്രവർത്തിപ്പാനുമുള്ള കഴിവായി ചിന്തിക്കാം. അതായത് ആധുനികശാസ്ത്രസാങ്കേതികജ്ഞാനത്താലുളവാകുന്ന ബുദ്ധിയാൽ പ്രതിമെക്കു കൊടുക്കുന്ന ചൈതന്യമായി ഇതിനെ കണക്കാക്കാം. ഏതായാലും സംസാരിക്കുന്ന പ്രതിമയുടെ മുമ്പിൽ ലോകവാസികൾ മുട്ടുമടക്കുവാനിടയാകുന്നു.

പ്രതിമെക്കു സംസാരിക്കുവാനുള്ള ശക്തിക്കു പുറമേ അതിനെ നമസ്കരിക്കതത്തവരെ കൊല്ലിക്കേണ്ടതിനുള്ള ശക്തിയും ലഭിക്കുന്നു. ആരൊക്കെ നമസ്കരിക്കുന്നുവെന്നും ആരൊക്കെ നമസ്കരിക്കുവാൻ കൂട്ടാക്കുന്നില്ല എന്നുമുള്ള ജ്ഞാനവും ഇതിനുണ്ടായിരിക്കാം. നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനുള്ള ശക്തിയെന്നത് പ്രതിമ നേരിട്ടു കൊല്ലുകയല്ല മറിച്ച് കൊല്ലുവാനുള്ള ആജ്ഞയും ഉത്തരവും നൽകുന്നുവെന്നാണ് ഇവിടെ വെളിപ്പെടുന്നത്. ദാനീയേൽ പ്രവാചകന്റെ കാലത്ത് നെബൂഖെദ്നേസറിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെ തീച്ചൂളയിലെറിഞ്ഞു കൊന്നുകളയുന്നതുപോലെ (ദാനീ3:6) അന്തിക്രിസ്തുവിന്റെ പ്രതിമയെയും നമസ്കരിക്കാത്തവരെ കൊന്നു കളയും. തീച്ചൂളയിൽ എറിഞ്ഞുകൊല്ലുന്നതിനു പകരം ഇവിടെ ശിരഛേദനം (വെളി.20:4) ഉൾപ്പെടെയുള്ള ക്രൂരമായ പീഡനങ്ങളായിരിക്കും നടക്കുക. ഇക്കാലങ്ങളിൽ യേശുക്രിസ്തുവിനെ സ്വീകരിക്കുന്നവർക്കു സാധാരണയായി പീഡനങ്ങളോ രക്തസാക്ഷിമരണമോ ഏൽക്കേണ്ടി വരികയില്ല. എന്നാൽ സഭ എടുക്കപ്പെട്ടശേഷമുള്ള മഹാപീഡനകാലത്ത് യേശുക്രിസ്തുവിനെ സ്വീകരിച്ചു ദൈവഭാഗത്തു നിൽക്കുന്നവർ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടു കൊല്ലപ്പെടും. മൃഗമായ അന്തിക്രിസ്തുവിനെയും അന്തിക്രിസ്തുവിന്റെ പ്രതിമയെയും നമസ്കരിക്കാത്തവർ പീഡനങ്ങളേറ്റു രക്തസാക്ഷിമരണം കൈവരിച്ച വിശുദ്ധന്മാരെ മുൻ അദ്ധ്യായങ്ങളിൽ കാണുകയുണ്ടായി (വെളി.6:9-11/വെളി.7:13,14/വെളി.12:11). വെളിപ്പാടു 20 -ാം അദ്ധ്യായത്തിൽ തല ഛേദിക്കപ്പെട്ടു രക്തസാക്ഷികളായിത്തീർന്ന വിശുദ്ധന്മാരെക്കുറിച്ചു യോഹന്നാൻ പറഞ്ഞിട്ടുണ്ട്. **വെളി.20:4 —** "*യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുടെ ആത്മാക്കളെയും ഞാൻ കണ്ടു.*"

സത്യദൈവത്തെ നമസ്കരിക്കുന്നതിനു പകരം മഹോപദ്രവകാലത്ത് വിഗ്രഹാരാധനയുൾപ്പെടെ സാത്താന്യശക്തികളെ നമസ്കരിച്ചാരാധിക്കുന്നവരുടെ എണ്ണം ഏറ്റവും വർദ്ധിക്കും. യെരൂശലേമിലെ യഹൂദന്മാർ മാത്രമല്ല ലോകത്തിലെ മുഴുവൻ ജനങ്ങളോടും മൃഗത്തിന്റെ പ്രതിമയെ നമസ്കരിച്ചാരാധിക്കുവാൻ ആജ്ഞാപിക്കും. അന്തിക്രിസ്തുവാകുന്ന ലോകഭരണാധികാരിയും കള്ളപ്രവാചകനായ ലോകമതമേതാവിയും കൂടി ഒത്തൊരുമിച്ചു വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കും. അതായത് ഭരണകൂടവും മതവും കൂടി ഒത്തൊരുമിച്ചു പ്രവർത്തനമാരംഭിക്കുമ്പോൾ അവർക്കെതിരേ നിൽക്കുവാൻ

അന്നത്തെ ജനത്തിനു അവരുടെ ജീവൻ തന്നെ കൊടുക്കേണ്ടി വരും. ലോകം ഇതുവരെയും കണ്ടിട്ടുള്ള തിനേക്കാൾ അതിഭീകരമായ ഭരണത്തിൽ വിശ്വാസികൾ പീഡിപ്പിക്കപ്പെടും. ഇക്കാലത്തെക്കുറിച്ചു കർത്താവു പ്രസ്താവിച്ചിട്ടുണ്ട് (മത്താ.24:9–14).

**വെളി.13:16,17 — അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസ ന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു.** (He causes all, both small and great, rich and poor, free and slave, to receive a mark on their right hand or on their foreheads, and that no one may buy or sell except one who has the mark or the name of the beast, or the number of his name) —

ഭൂവാസികൾ അന്തിക്രിസ്തുവിന്റെ സംസാരിക്കുന്ന പ്രതിമയെ നമസ്കരിക്കുവാൻ കല്പിക്കുന്ന തോടൊപ്പം കല്പന പ്രാവർത്തികമാക്കുവാൻ രണ്ടാം മൃഗമായ കള്ളപ്രവാചകൻ ഏർപ്പെടുത്തുന്ന നട പടിയാണ് ഈ വാക്യത്തിൽ കാണുന്നത്.

**അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരു മായ എല്ലാവർക്കും** (He causes all, both small and great, rich and poor, free and slave) —

മഹാപീഡനകാലത്ത് മുദ്രയേൽക്കുന്നതിൽ നിന്നു ആരെയും ഒഴിവാക്കിയിട്ടില്ല. അതു ചെറിയ വരും വലിയവരും, സമ്പന്നന്മാരും ദരിദ്രന്മാരും, സ്വതന്ത്രന്മാരും ദാസന്മാരുമായി ലോകത്തിലുള്ള സക ലരും ഏൽക്കേണ്ടതാണ്. ചെറിയവരും വലിയവരും എന്നത് ജീവിതസാഹചര്യത്തോടും (small and great = relating to their status), സമ്പന്നന്മാരും ദരിദ്രന്മാരും എന്നത് വസ്തുകസമ്പാദ്യങ്ങളോടും (rich and poor = relating to wealth and possessions), സ്വതന്ത്രന്മാരും ദാസന്മാരുമെന്നത് സമൂഹത്തിലെ അവ രുടെ നിലവാരത്തോടും (free and slave = relating to their state in society )ബന്ധപ്പെടുത്തിയുള്ളതാണ്. അന്നത്തെ ലോകഭരണകൂടവും ലോകമതനേതൃത്വവും ഒരുമിച്ചു തീരുമാനിക്കുന്ന കാര്യങ്ങൾ നിയമ മായി അംഗീകരിച്ചിരിക്കുന്നതിനാൽ ആർക്കും അന്തിക്രിസ്തുവിനെയോ കള്ളപ്രവാചകനെയോ എതിർക്കു വാൻ കഴിയുകയില്ല. അക്കാരണത്താൽത്തന്നെഅന്തിക്രിസ്തുവിന്റെ പ്രത്യേക അടയാളമായ മുദ്രയേൽക്കു വാൻ വിസമ്മതിക്കുന്നവർ മരണത്തിനിരയാകും. സകലരെയും മുദ്രയിടുക എന്നാൽ അന്തിക്രിസ്തു വിന്റെ ആരാധകരെ വേർതിരിക്കുക എന്ന ലക്ഷ്യത്തിനുപരിയായി അന്തിക്രിസ്തുവിനെ ആരാധിക്കാ ത്തവരെ കണ്ടെത്തുവാനും അങ്ങനെയുള്ളവരുടെ മേൽ സാമ്പത്തിക ഉപരോധം പ്രഖ്യാപിക്കുന്നതിനും കൂടിയാണ്.

**വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു** (to receive a mark on their right hand or on their foreheads, and that no one may buy or sell except one who has the mark or the name of the beast, or the number of his name) —

ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാ വരും മൂന്നു തിരിച്ചറിയൽ മാർഗ്ഗങ്ങളിൽ ഏതെങ്കിലുമൊന്നു സ്വീകരിച്ചേ മതിയാകൂ. അവ (1) മൃഗ ത്തിന്റെ അടയാളം — a mark (2) മൃഗത്തിന്റെ പേര് — the name of the beast (3) പേരിന്റെ സംഖ്യ — the number of his name.

പുരാതനകാലങ്ങളിൽ അടിമകളെയും മൃഗങ്ങളെയും രാജ്യത്തിലെ പടയാളികളെയും പ്രത്യേക മുദ്രയാൽ വേർതിരിച്ചിരുന്നു. മുദ്രയിടീൽ ഉടമസ്ഥാവകാശം കുറിക്കുന്നതോടൊപ്പം തിരിച്ചറിയുന്നതിനും ഉപയോഗിക്കുന്നു.

തിരുവചനത്തിൽ പഴയനിയമത്തിലും പുതിയനിയമത്തിലും മുദ്ര അഥവാ അടയാളമിടുന്നതി നെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്.

**ഉല്പ.4:15 —** *"കയീനെ കാണുന്നവർ ആരും കൊല്ലാതിരിക്കേണ്ടതിന്നു യഹോവ അവന്നു ഒരു അടയാളം വെച്ചു."* ഹാബേലിനെ കൊല ചെയ്ത കയീനെ കാണുന്നവർ അവനെ കൊന്നുകളയാതിരി ക്കേണ്ടതിനു ദൈവം നൽകിയ അടയാളമായിരുന്നു. എന്റെ കുറ്റം പൊറുപ്പാൻ കഴിയുന്നതിനേക്കാൾ വലിയതാകുന്നു എന്നുള്ള കയീന്റെ നിലവിളിക്കുള്ള സംരക്ഷണമായിരുന്നു.

**യെശ.44:5 —** *"ഞാൻ യഹോവെക്കുള്ളവൻ എന്നു ഒരുത്തൻ പറയും; മറ്റൊരുത്തൻ തനിക്കു യാക്കോബിന്റെ പേരെടുക്കും; വേറൊരുത്തൻ തന്റെ കൈമേൽ: യഹോവെക്കുള്ളവൻ എന്നു എഴുതി, യിസ്രായേൽ മറുപേർ എടുക്കും."* ഇവിടത്തെ അടയാളമിടീൽ യിസ്രായേൽ ദൈവത്തിന്റെ വകയാണെ ന്നതിനെ കുറിക്കുന്നു.

**യെഹെ.9:4 —** *"അവനോടു യഹോവ: നീ നഗരത്തിന്റെ നടുവിൽ, യെരൂശലേമിന്റെ നടുവിൽകൂടി ചെന്നു, അതിൽ നടക്കുന്ന സകലമ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റി കളിൽ ഒരു അടയാളം ഇടുക എന്നു കല്പിച്ചു."* നെബൂഖദ്നേസറിന്റെ സൈന്യം യെരൂശലേം നഗരം

നശിപ്പിച്ച സമയത്ത് ഒരു അടയാളമിടുന്നതായി കാണുന്നു. പട്ടണത്തിൽ ജനത്തിന്റെ മ്ലേച്ഛതകൾ നിമിത്തം നെടുവീർപ്പിട്ടു കരയുന്ന ഒരു ചെറിയ കൂട്ടം ജനത്തെ സംഹാരദൂതൻ നശിപ്പിക്കാതിരിപ്പാൻ അവരുടെ നെറ്റിമേൽ അടയാളമിടുവാൻ ദൈവം കല്പിക്കുന്നു (യെഹെ.9:4-6).

**ഗലാ.6:17 —** *"ഞാൻ യേശുക്രിസ്തുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു."* അപ്പൊസ്തലനായ പൗലൊസ് ശരീരത്തിൽ വഹിക്കുന്ന യേശുക്രിസ്തുവിന്റെ ചൂടടയാളം താൻ യേശുക്രിസ്തുവിന്റെ വകയാണെന്നതിനെ കുറിക്കുന്നു.

**വെളി.7:3 —** *"നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിന്നും വൃക്ഷങ്ങൾക്കും കേടു വരുത്തരുതു എന്നു ഉറക്കെ വിളിച്ചു പറഞ്ഞു."* യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു 144,000 വിശുദ്ധന്മാരുടെ നെറ്റിയിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ടു വേർതിരിച്ചു (വെളി.7:2-8). അവർ ദൈവത്തിന്റെ വകയാണെന്നും ഭൂവാസികളുടെമേൽ പതിക്കുന്ന ദൈവക്രോധത്തിൽ നിന്നു അവരെ സംരക്ഷിക്കുന്നതിനുമായിരുന്നു മുദ്രയിട്ടത്.

മഹാപീഡനകാലത്ത് അന്തിക്രിസ്തുവിന്റെ മുദ്രിടുന്നത് അവർ സാത്താന്റെ വകയാണെന്നും ദൈവജനത്തിന്മേൽ പതിക്കുന്ന അന്തിക്രിസ്തുവിന്റെ മഹാക്രോധത്തിൽ നിന്നു അന്തിക്രിസ്തുവിന്റെ ആരാധകരെ സംരക്ഷിക്കുന്നതിനുമാണ്. സാത്താൻ ദൈവീകമായ സകലത്തെയും അനുകരിക്കുന്നവനാണ്. ദൈവം തന്റെ ജനത്തെ മഹാപീഡനകാലത്തു മുദ്രയിട്ടു വേർതിരിച്ചതിനെ കള്ളപ്രവാചകൻ അനുകരിക്കുന്നതുമാവാം.

അന്തിക്രിസ്തുവിന്റെ മുദ്രയേൽക്കുന്നവൻ മൃഗത്തിന്റെ അഥവാ അന്തിക്രിസ്തുവിന്റെ ആരാധകനും അന്നത്തെ ഭരണത്തോടും മതത്തോടും കൂറുള്ളവനും ആയിരിക്കും. ആ നിലയിൽ രാജ്യത്തിന്റെ സകല ആനുകൂല്യങ്ങളും ലഭിക്കുന്നതാകയാൽ മൃഗത്തിന്റെ മുദ്ര വഹിക്കുന്നതിൽ അന്നത്തെ ഭൂവാസികൾ അഭിമാനിക്കുകയും ചെയ്യും. എന്നാൽ അവരുടെ അന്ത്യം നിത്യനാശമായിരിക്കും. മൃഗത്തിന്റെ മുദ്രയെക്കുറിച്ചും, അതേൽക്കുന്നവർക്കുള്ള ശിക്ഷയെക്കുറിച്ചും, മുദ്രയേൽക്കാതെ പീഡനങ്ങളിലൂടെ കടന്നുപോയ വിശുദ്ധന്മാരെക്കുറിച്ചും തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട് (വെളി.14:9,11/15:2/16:2/19:20/20:4).

അന്തിക്രിസ്തുവിന്റെ അടയാളത്തിനു മലയാളത്തിൽ മുദ്ര എന്നും ഇംഗ്ലീഷിൽ മാർക്ക് (mark) എന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇതിനു മൂലഭാഷയായ ഗ്രീക്കിൽ ഖറഗ്മ (Charagma) എന്ന പദമാണു പയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം കൊത്തിയുണ്ടാക്കുക (engrave) എന്നാണ്. അതായത് മൃഗമുദ്ര തൊലിപ്പുറത്തു പതിക്കുന്ന വെറും അടയാളമല്ല മറിച്ചു ശരീരത്തിൽ മുറിവുണ്ടാകത്തക്കവിധത്തിൽ ആഴത്തിൽ കൊത്തി എഴുതുന്നതായിരിക്കും. പെട്ടന്നു കാണത്തക്കവിധം തൊലിപ്പുറത്തു രേഖപ്പെടുത്തുന്നതോ, പച്ചകുത്തുന്നതുപോലെയോ, അതുമല്ലെങ്കിൽ നഗ്നനേത്രങ്ങൾക്കു ദൃശ്യമാകാത്തവിധം അതിസൂഷ്മമായി ആധുനിക സാങ്കേതികവിദ്യയാൽ പതിക്കപ്പെടുന്നതോ ആയ അടയാളമായിരിക്കും. എന്നാൽ ഇപ്രകാരം പതിക്കപ്പെടുന്ന മുദ്ര ഒരു വിധത്തിലും മായിച്ചു കളയുവാനോ മാറ്റം വരുത്തുവാനോ സാധിക്കുകയില്ല. മൃഗത്തിന്റെ മുദ്ര പതിക്കുന്നത് വലങ്കൈമേലോ നെറ്റിയിലോ ആയിരിക്കും. മിസ്രയീമ്യ അടിമത്വത്തിൽ നിന്നു വീണ്ടെടുക്കപ്പെട്ട ദൈവജനം ദൈവത്തിന്റെ ഭുജബലത്തെക്കുറിച്ചു ഓർക്കേണമെന്നു ദൈവം മോശെയോടു പറയുമ്പോഴും, തിരുവചനത്തിന്റെ പ്രാധാന്യതയെക്കുറിച്ചു മോശെ ആവർത്തന പുസ്തകത്തിൽ വിശദീകരിക്കുമ്പോഴും ദൈവത്തിന്റെ ന്യായപ്രമാണം അവരുടെ കയ്യിലും നെറ്റിയിലും ഉണ്ടായിരിക്കേണമെന്നു പറയുന്നു.

**പുറ.13:9 —** *"യഹോവയുടെ ന്യായപ്രമാണം നിന്റെ വായിൽ ഉണ്ടായിരിക്കേണ്ടതിന്നു ഇതു നിനക്കു നിന്റെ കയ്യിന്മേൽ അടയാളമായും നിന്റെ കണ്ണുകളുടെ നടുവിൽ ജ്ഞാപകമായും ഇരിക്കേണം."*

**പുറ.13:16 —** *"ഇതു നിന്റെ കയ്യിന്മേൽ അടയാളമായും നിന്റെ കണ്ണുകളുടെ നടുവിൽ നെറ്റിപ്പട്ടമായും ഇരിക്കേണം."*

**ആവ.6:8 —** *"അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടേണം; അവ നിന്റെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായി ഇരിക്കേണം."*

**ആവ.11:18 —** *"ആകയാൽ നിങ്ങൾ എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിച്ചു നിങ്ങളുടെ കൈമേൽ അടയാളമായി കെട്ടുകയും അവ നിങ്ങളുടെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായിരിക്കയും വേണം."*

വലങ്കൈ ശക്തിയെയും പ്രവർത്തനത്തെയും കുറിക്കുന്നു. നെറ്റി സകലരാലും വേഗത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഭാഗവും മനസ്സിന്റെയും ചിന്തയുടെയും കേന്ദ്രമെന്നതിനെയും കുറിക്കുന്നു. ആകയാൽ വല

കൈയ്യും നെറ്റിയും ശരീരത്തിന്റെ പ്രധാനഭാഗമായി കണക്കാക്കാം. അന്തിക്രിസ്തുവിന്റെ മുദ്ര സകല രാലും കാണപ്പെടവണ്ണം വലങ്കൈമേലോ നെറ്റിയിലോ പതിക്കപ്പെടും. ദൈവമക്കൾ ദൈവത്തിന്റെ ന്യായപ്ര മാണവും ദൈവത്തിന്റെ പ്രവർത്തികളും എപ്പോഴും ഓർക്കണമെന്നും അവ അവരുടെ കൈമേലും നെറ്റി യിലും വഹിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. അതിന്റെ അനുകരണമെന്നപോലെ അന്തിക്രിസ്തു വിന്റെ അടയാളവും ഭൂവാസികൾ വഹിക്കണമെന്നു സാത്താൻ ആഗ്രഹിക്കുന്നു. അതിനായി ആജ്ഞ പുറപ്പെടുവിക്കുന്നു. അന്തിക്രിസ്തുവിന്റെ മുദ്രയേൽക്കപ്പെട്ടവർ മൃഗത്തിന്റെ അടിമയെന്നതിനെയാണ് വ്യക്തമാക്കുന്നത്.

ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ സക ലരും അന്തിക്രിസ്തുവിന്റെ ഏതെങ്കിലുമൊരു മുദ്രയേൽക്കണം. അവ (1) മൃഗത്തിന്റെ അടയാളം (a mark), (2) മൃഗത്തിന്റെ പേര് (the name of the beast), (3) പേരിന്റെ സംഖ്യ (the number of his name) എന്നിവയാണ്. അടയാളം അഥവാ മുദ്രകൾ മൂന്നെണ്ണമുണ്ടങ്കിലും അവയെക്കുറിച്ചുള്ള കൂടുതൽ വിശ ദീകരണം തിരുവചനത്തിലൂടെ നമുക്കു ലഭിക്കുന്നില്ല. അതായത് മൃഗത്തിന്റെ അടയാളമേതാണെന്നോ, മൃഗത്തിന്റെ പേര് ഏതാണന്നോ, പേരിന്റെ സംഖ്യ 666 എന്നും ഒരു മനുഷ്യന്റെ സംഖ്യാണെന്നും പറയു ന്നുവെങ്കിലും ഏതു മനുഷ്യനാണെന്നോ വ്യക്തമാകുന്നില്ല. സകലഭൂവാസികളും മുദ്രയേൽക്കേണ്ടത് അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും ആജ്ഞയാണെങ്കിലും കുഞ്ഞാടിന്റെ രക്തത്താൽ മഹാ പീഡനകാലത്ത് വീണ്ടെടുക്കപ്പെട്ടവരും ദൈവത്തിന്റെ മുദ്രയേറ്റവരുമായവരുമായ വിശുദ്ധന്മാർ മുദ്ര യേൽക്കുവാൻ വിസമ്മതിക്കും. മൃഗത്തിന്റെ മുദ്രയേറ്റവർ മൃഗത്തിന്റെ അടിമകളാണ്.

**മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു** (and that no one may buy or sell except one who has the mark or the name of the beast, or the number of his name) — അന്തിക്രിസ്തുവിന്റെ മുദ്ര ഏല്ക്കുവാൻ അന്നു ലോകത്തിലുള്ള സകല രോടും കള്ളപ്രവാചകൻ ആജ്ഞാപിക്കും. അന്തിക്രിസ്തുവിന്റെ അടയാളമേൽണമെന്നത് മൃഗത്തിന്റെ ആരാധകരെ വേർതിരിക്കുവാനും അല്ലാത്തവരെ കണ്ടെത്തുവാനുമാണ്. ആരാധിക്കുവാൻ കൂട്ടാക്കാത്ത വരുടെമേൽ സാമ്പത്തിക ഉപരോധം കൊണ്ടു വരുന്നതിനെയാണ് ഈ വാക്യത്തിൽ രേഖപ്പെടുത്തിയി രിക്കുന്നത്. ഇപ്രകാരമുള്ള നിബന്ധനയാൽ സകലരെയും ബലപ്രയോഗത്തിലൂടെ നിർബന്ധിച്ചു അന്തി ക്രിസ്തുവിന്റെ ആരാധകർ അഥവാ അടിമകളാക്കുക എന്ന ലക്ഷ്യവും ഉൾക്കൊള്ളുന്നു. മൃഗത്തിന്റെ മുദ്രയുള്ളവനല്ലാതെ ആർക്കും സാധനങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യാൻ കഴിയാത്ത അവ സ്ഥയിലേക്കു ചെന്നെത്തുന്നു. വാങ്ങുകയോ വിൽക്കുകയോ ചെയ്വാൻ വഹിയാത്ത അവസ്ഥ എന്നത് മനുഷ്യന്റെ ഭൂമിയിലെ താമസത്തിനും നിലനിൽപ്പിനും അത്യന്താപേക്ഷിതമായ സകലത്തിന്മേലും ഉപ രോധം വരുത്തുന്നതിനെ കുറിക്കുന്നു. ആഹാരം, വസ്ത്രം, പാർപ്പിടം, വ്യവസായം, ജോലി, വിദ്യാഭ്യാ സം, സഞ്ചാരം എന്നിങ്ങനെ സകലത്തിന്മേലും മൃഗത്തിന്റെ മുദ്രയേൽക്കാത്തവർക്കു ഉപരോധം ഉണ്ടാ കും. ഇപ്പോൾത്തന്നെ ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, എ.റ്റി.എം, എന്നിങ്ങനെയുള്ള മാദ്ധ്യമങ്ങളി ലൂടെ പണം നേരിട്ടു കൈകാര്യം ചെയ്യാതെ ആവശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കുന്നു. റ്റിക്കറ്റു ബുക്കു ചെയ്യുന്നതിനായി റെയിൽവേസ്റ്റേഷൻ കൗണ്ടറിൽ കാശുമായി കാത്തു നിൽക്കേണ്ട ആവശ്യമില്ല. സാധ നങ്ങളുടെ വിലനൽകാനായി കാശോ ചെക്കോ കൊടുക്കേണ്ടാ. സകലതും കാർഡിലെ നമ്പറിലൂടെ നട ത്തപ്പെടുന്ന ഒരു യുഗത്തിൽ നാം ജീവിക്കുന്നു. കുറേക്കൂടി കഴിയുമ്പോൾ ഇതിനൊക്കെയും വീണ്ടും പരിഷ്കാരങ്ങൾ ഉണ്ടാകാം. സാധനങ്ങൾ വാങ്ങിക്കുന്നതിനോ, ആശുപത്രിയിൽ രോഗചികിത്സക്കായി പ്രവേശനം ലഭിക്കുന്നതിനോ, തുടങ്ങി ഏതൊന്നിനും കാർഡ് വേണമെന്നും, അപ്രകാരമുള്ള കാർഡ് സാത്താന്റെ മുദ്രയേറ്റാലേ ലഭിക്കൂ എന്ന നിബന്ധന വന്നാലുള്ള അവസ്ഥയെക്കുറിച്ചു ചിന്തിക്കുക. എന്നാൽ മഹാപീഡനകാലത്തു ഇതൊക്കെ സംഭവിക്കുവാൻ പോകുകയാണ്. ലേസർ രശ്മിയാൽ ശരീ രത്തിൽ ഇടുന്ന അടയാളത്താൽ കാർഡിന്റെ ആവശ്യവും ഇല്ലാതാകും. ഇപ്രകാരം ഇടുന്ന അടയാളം മായിച്ചു കളയുവാനോ മാറ്റം വരുത്തുവാനോ സാദ്ധ്യമല്ല. ഒരു സ്കാനറുടെ സഹായത്താൽ അടയാ ളത്തെ വേഗത്തിൽ തിരിച്ചറിയുവാൻ സാധിക്കും. ഇലക്ട്രോണിക്കു രംഗത്തുണ്ടായിരിക്കുന്ന സാങ്കേതി കവിദ്യകളുടെ വളർച്ച ഇതിനൊയൊക്കെ സാക്ഷ്യപ്പെടുത്തുന്നു.

മൃഗത്തിന്റെ മുദ്രയേൽക്കാൻ വിസമ്മതിക്കുന്നവരുടെ ഭൂമിയിലെ ജീവിതം ഏറ്റവും പരിതാപകര മായിരിക്കും. അനേകരും വിശ്വാസത്തിനു വേണ്ടി പട്ടിണികിടന്നു മരിക്കേണ്ടി വരും. വെളിപ്പാടു പുസ്തകം ആറാം അദ്ധ്യായത്തിൽ മൂന്നാം മുദ്രപൊട്ടിച്ചപ്പോഴുണ്ടാകുന്ന സംഭവങ്ങളെ ഇതിനോടൊത്തു ചിന്തി ക്കേണ്ടതാണ്. ദേശത്തുണ്ടാകുന്ന അതിഭയങ്കരമായ ക്ഷാമത്തെക്കുറിച്ചു അവിടെ വിവരിക്കുന്നു. തുലാസും പിടിച്ചുകൊണ്ടു രംഗപ്രവേശനം ചെയ്യുന്ന കുതിരസഞ്ചാരി വരുവാൻ പോകുന്ന ക്ഷാമത്തെയും അന്നത്തെ റേഷനിംഗ് സംമ്പ്രദായത്തെയും സൂചിപ്പിക്കുന്നു. **വെളി.6:5,6 —** "*മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക*

*എന്നു മൂന്നാം ജീവി പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു കറുത്ത കുതിരയെ ഞാൻ കണ്ടു; അതിന്മേൽ ഇരിക്കുന്നവൻ ഒരു തുലാസു കയ്യിൽ പിടിച്ചിരുന്നു. ഒരു പണത്തിന്നു ഒരിടങ്ങഴി കോതമ്പു; ഒരു പണത്തിന്നു മൂന്നിടങ്ങഴി യവം; എന്നാൽ എണ്ണെക്കും വീഞ്ഞിന്നും കേടു വരുത്തരുതു എന്നു നാലു ജീവികളുടെയും നടുവിൽ നിന്നു ഒരു ശബ്ദം ഞാൻ കേട്ടു."* അന്തിക്രിസ്തുവിന്റെ ഭരണത്തിൻ കീഴിൽ അവന്റെ മുദ്രയേൽക്കാത്തവർക്കാർക്കും ഭക്ഷ്യസാധനങ്ങൾ വാങ്ങുവാനോ വിൽക്കുവാനോ സാധിക്കാത്തതിനാൽ അനേകരും മരിക്കുവാനിടയാകും.

ഇക്കാലത്തെക്കുറിച്ചു കർത്താവു പറഞ്ഞിട്ടുണ്ട് (മത്താ.24:15-25). മുദ്രയേൽക്കാതെ കർത്താവിൽ ശരണപ്പെടുന്നവർ പട്ടിണിയിലും ദുരിതത്തിലും യാതനയിലും കഴിയുമ്പോൾ അന്നത്തെ വിശ്വാസികൾ വിശേഷാൽ ജാതീയവിശ്വാസികൾ അവർക്കുള്ളതിൽ നിന്നു യഹൂദനു നൽകി അവരെ അല്പമെങ്കിലും ആശ്വസിപ്പിക്കുന്നതും കർത്താവു പറഞ്ഞിട്ടുണ്ട് (മത്താ.25:31-40). മത്താ.25:31 മുതൽ 46 വരെയുള്ള വാക്യങ്ങൾ കർത്താവിന്റെ വരവും ജാതീയ രാഷ്ട്രങ്ങളുമാണ് വിഷയം. ഇവിടെ സഹോദരന്മാർ (brethren), ചെമ്മരിയാട് (shep), കോലാട് (goat) എന്നിങ്ങനെ മൂന്നു കൂട്ടത്തെ കാണാം. സഹോദരന്മാർ എന്നത് പീഡനകാലത്തെ യിസ്രായേലായി കരുതാം. ചെമ്മരിയാട് പീഡനകാലത്തെ വിശ്വാസികൾ വിശേഷാൽ ജാതീയവിശ്വാസികൾ. കോലാട് കർത്താവിനെ തള്ളിക്കഞ്ഞ് അന്തിക്രിസ്തുവിനെ ആരാധിക്കുന്നവരായി കരുതാം. **മത്താ.25:35-40 —** *"എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു, ഞാൻ അതിഥിയായിരുന്നു...... നഗ്നനായിരുന്നു......രോഗിയായിരുന്നു..... തടവിൽ ആയിരുന്നു....... എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും."* പീഡനകാലത്ത് അന്തിക്രിസ്തുവിന്റെ മുദ്രയേൽക്കാതെ നിന്ന യഹൂദന്മാർക്കു സാധനങ്ങൾ വാങ്ങുന്നതിനോ വിൽക്കുന്നതിനോ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. ഈ അവസരത്തിൽ ചെമ്മരിയാടാകുന്ന വിശ്വാസികൾ വിശേഷാൽ ജാതീയവിശ്വാസികൾ അവരുടെ ജീവനെ പകെച്ചുകൊണ്ടു യഹൂദനെ സഹായിച്ചതിനാൽ അവർ കർത്താവിനെ സഹായിച്ചതായും ആശ്വസിപ്പിച്ചതായും എണ്ണപ്പെടുന്നു. എന്നാൽ കോലാടാകുന്ന അവിശ്വാസികൾ അന്തിക്രിസ്തുവിന്റെ മുദ്രയേറ്റുകൊണ്ട് വിശുദ്ധന്മാർക്കെതിരായി പോരാടുന്നു (വെളി.12:17).

**വെളി.13:18 — ഇവിടെ ജ്ഞാനംകൊണ്ടു ആവശ്യം. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ; അതു ഒരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ അറുനൂറ്ററുപത്താറു** (Here is wisdom. Let him who has understanding calculate the number of the beast, for it is the number of a man: His number is six hundred and sixty-six) —

അന്തിക്രിസ്തുവിന്റെ ഭരണകാലമായ മഹാപീഡനകാലത്തിൽ ഭൂവാസികൾ സകലരും മൃഗത്തിന്റെ മുദ്രയേൽക്കുവാൻ നിർബന്ധിതരാകും. വലങ്കൈമേലോ നെറ്റിയിലോ ആയിരിക്കും മുദ്രയേൽക്കേണ്ടത്. ഭൂമിയിൽ ജീവിക്കുന്നതിനും ക്രയവിക്രയങ്ങൾ നടത്തുന്നതിനും നിത്യോപയോഗകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും മുദ്ര അനിവാര്യമായിത്തീരും. മുദ്രയേൽക്കാതെ കർത്താവിൽ ശരണപ്പെടുന്നവരുടെ ജീവിതം ഏറ്റവും ദുരിതപൂർണ്ണമായിരിക്കും. ജീവൻപോലും അവർ വിശ്വാസത്തിനായി നൽകേണ്ടിവരുന്ന കാലമായിരിക്കുമത്.

*"ഇവിടെ ജ്ഞാനംകൊണ്ടു ആവശ്യം. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ; അതു ഒരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ അറുനൂറ്ററുപത്താറു"* എന്നു പറഞ്ഞുകൊണ്ട് 13-ാം അദ്ധ്യായം അവസാനിക്കുന്നു.

**ഇവിടെ ജ്ഞാനം കൊണ്ടു ആവശ്യം** (Here is wisdom)**—**

അന്തിക്രിസ്തുവാകുന്ന ഒന്നാം മൃഗത്തിന്റെ പീഡനത്തിൽ മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കു സഹിഷ്ണുതയും വിശ്വാസവും (patience and faith) ആവശ്യമാണെന്നു പറഞ്ഞു (വെളി.13:10). എന്നാൽ രണ്ടാം മൃഗമായ കള്ളപ്രവാചകന്റെ പീഡനത്തിൽ മഹോപദ്രവകാല വിശുദ്ധന്മാർക്ക് ജ്ഞാനം അഥവാ ആത്മീകജ്ഞാനം (wisdom - spiritual) ആവശ്യമാണെന്നു പറയുന്നു. മുദ്രയേൽക്കാതെ അന്തിക്രിസ്തുവിന്റെ പീഡനങ്ങളിലൂടെയും സാമ്പത്തിക ഉപരോധങ്ങളിലൂടെയും കടന്നുപോകുന്ന വിശുദ്ധന്മാർ ദൈവീകജ്ഞാനത്തിൽ നിറഞ്ഞു ജീവിക്കേണ്ടതാണ്. എന്തൊക്കെ പ്രലോഭനങ്ങളും പീഡനങ്ങളുമുണ്ടായാലും അതൊക്കെ താൽക്കാലികമാണെന്നും, ഒരുപക്ഷേ തങ്ങളുടെ ജീവൻ വെടിയേണ്ടി വന്നാലും അവർക്കായി നിത്യസമാധനാവും സന്തോഷവും ദൈവം ഒരുക്കിയിട്ടുണ്ടെന്ന ജ്ഞാനമാണ് അവർക്കാവശ്യം.

**ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ; അതു ഒരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ അറുനൂറ്ററുപത്താറു** (Let him who has understanding calculate the number of the beast, for it is the number of a man: His number is six hundred and sixty-six) —

അന്തിക്രിസ്തുവിന്റെ പീഡനകാലത്തിൽ അവന്റെ പ്രവർത്തനങ്ങളെയും ദൈവത്തിനെതിരായുള്ള അവന്റെ നീക്കങ്ങളെക്കുറിച്ചും തിരിച്ചറിഞ്ഞു ജീവിക്കുവാൻ ദൈവീകജ്ഞാനം ആവശ്യമാണെന്നു പറഞ്ഞശേഷം മൃഗത്തിന്റെ വ്യക്തിത്വത്തെക്കുറിച്ചു പറയുന്നു. മൃഗത്തിന്റെ സംഖ്യ ഗണിക്കുവാൻ ബുദ്ധിയുള്ളവനെ പരിശുദ്ധാത്മാവു ആഹ്വാനം ചെയ്യുന്നു. സംഖ്യ ഒരു മനുഷ്യന്റെ സംഖ്യയാണെന്നും അതിന്റെ സംഖ്യ 666 ആണെന്നും പറഞ്ഞിരിക്കുന്നു.

**ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ —**

ബുദ്ധിയുള്ളവൻ എന്നത് മനുഷ്യന്റെ ബുദ്ധിയെ ബന്ധപ്പെടുത്തിയുള്ളതല്ല മറിച്ചു ആത്മീകകാര്യങ്ങളെ മനസിലാക്കുവാനാവശ്യമായ ദൈവീകബുദ്ധി അഥവാ ദൈവീകപരിജ്ഞാനത്തെ കുറിക്കുന്നു (ദാനീ.9:22/12:10). ദൈവീകജ്ഞാനത്താൽ മഹാപീഡനകാലവിശ്വാസികൾക്കു അന്തിക്രിസ്തുവിനെ തിരിച്ചറിയുവാൻ സാധിക്കും. ഗണിക്കട്ടെ (calculate) എന്ന പദത്തെ ആസ്പദമാക്കി മൃഗത്തിന്റെ സംഖ്യ നിശ്ചയിക്കുവാൻ അനേകർ നിരവധി കണക്കുകൂട്ടലുകൾ നടത്തുന്നുണ്ട്. ഓരോ ഭാഷകളിലെയും അക്ഷരങ്ങൾക്കു വിശേഷാൽ എബ്രായ ഗ്രീക്കു ഭാഷയിലെ അക്ഷങ്ങൾക്കു അക്കവില നൽകി 666 എന്ന സംഖ്യയിൽ എത്തിച്ചേരുന്നതാണ് ഇതിൽ മുന്നിൽ നിൽക്കുന്നത്. എബ്രായഭാഷയിലെ ആലേഫ് മുതൽ തൗ വരെയുള്ള 22 അക്ഷരങ്ങൾക്കും, ഗ്രീക്കുഭാഷയിലെ ആൽഫാ മുതൽ ഒമേഗാവരെയുള്ള 24 അക്ഷരങ്ങൾക്കും വില നൽകി അനേകർ 666 എന്ന സംഖ്യ കിട്ടത്തക്കവണ്ണം ഓരോരോ പേരുകൾ കണ്ടുപിടിക്കാറുണ്ട്. പക്ഷേ ഇപ്രകാരമുള്ള കണക്കുകൂട്ടലുകൾ മാനുഷികബുദ്ധിയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. നീറോ, കലിഗുള, ഡൊമീഷ്യൻ, നെപ്പോളിയൻ, ഹിറ്റ്ലർ എന്നിങ്ങനെ മൺമറഞ്ഞുപോയ ചരിത്രപുരുഷന്മാരുടെ പേരുകളിലെ അക്ഷരങ്ങൾക്കു വില നൽകി മൃഗത്തോടു ബന്ധപ്പെടുത്തി കാണുന്നുണ്ട്. എന്നാൽ അന്തിക്രിസ്തു ഇനി വരുവാനുള്ളവനാകയാൽ ഭൂമിയിൽ ജീവിച്ചവരും മരിച്ചുപോയതുമായ ഒരു വ്യക്തിയോടും മൃഗത്തിന്റെ സംഖ്യയുമായി ബന്ധപ്പെടുത്താനാവില്ല. അന്തിക്രിസ്തുവാകുന്ന മൃഗത്തെ ഭൂവാസികൾക്കു തിരിച്ചറിയുവാൻ കഴിയുകയില്ല. എന്നാൽ കർത്താവിൽ ശരണം പ്രാപിച്ച അന്നത്തെ വിശുദ്ധന്മാർക്കു അവൻ എഴുന്നേൽക്കുമ്പോൾ തന്നെ തിരിച്ചറിയുവാൻ സാധിക്കും. അതായത് അവന്റെ പ്രവർത്തനങ്ങൾക്കു ശേഷമല്ല മറിച്ച് ദൈവീകപരിജ്ഞാനത്താൽ അവന്റെ പേരിന്റെ സംഖ്യ ഗണിച്ചു തിരിച്ചറിയുവാൻ സാധിക്കും.

**അതു ഒരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ അറുനൂറ്ററുപത്താറു —**

അതു ഒരു മനുഷ്യന്റെ സംഖ്യയാണെന്നു പറഞ്ഞിരിക്കുന്നതിനാൽ അന്തിക്രിസ്തു ഒരു ഭരണകൂടമോ രാജ്യമോ അല്ലെന്നു വ്യക്തമാകുന്നു. അന്തിക്രിസ്തു അഥവാ മൃഗം 666 എന്ന സംഖ്യയോടു ബന്ധപ്പെട്ടുള്ള ഒരു മനുഷ്യനാണ്. 666 എന്ന സംഖ്യ 3 ആറുകൾ ചേർന്നതാണ്. സാത്താന്യത്രിത്വത്തിലെ മഹാസർപ്പം, അന്തിക്രിസ്തു, കള്ളപ്രവാചകൻ എന്നിവർ യഥാക്രമം ഓരോ ആറിനെയും പ്രതിനിതീകരിക്കുന്നുവെന്നും ചിന്തിക്കാം.

ആറ് (6) എന്ന സംഖ്യ മനുഷ്യനെയും മനുഷ്യന്റെ അപൂർണ്ണതയും കുറിക്കുമ്പോൾ ഏഴ് (7) എന്ന സംഖ്യ ദൈവത്തോടും ദൈവീകമായ കാര്യങ്ങളുടെ പൂർണ്ണതയെയും കുറിക്കുന്നു. തിരുവചനത്തിൽ ആറ് (6) എന്ന സംഖ്യക്കു മനുഷ്യനോടുള്ള ബന്ധത്തിലെ പ്രസക്തി നോക്കാം —

(1) മനുഷ്യനെ സൃഷ്ടിച്ചത് ആറാമത്തെ ദിവസമാണ് (ഉല്പ.1:26–31).

(2) മനുഷ്യൻ 6 ദിവസം അദ്ധ്വാനിച്ചശേഷം ഏഴാമത്തെ ദിവസം വിശ്രമിക്കേണം. 6 ദിവസം മന്ന പെറുക്കേണം (ഉല്പ.2:15/പുറ.16:26).

(3) അടിമയെ ആറു വർഷം കഴിയുമ്പോൾ സ്വതന്ത്രരാക്കും (പുറ.21:2).

(4) നിലം തുടർച്ചയായി ആറു വർഷം കൃഷി ചെയ്യുകയുള്ളു (ലേവ്യ.25:3).

(5) നെബൂഖദ്നേസർ രാജാവ് നിർമ്മിച്ച ബിംബത്തിനു 60 മുഴം ഉയരം, 6 മുഴം വണ്ണം. 6 വിധത്തിലുള്ള വാദ്യനാദങ്ങൾ മുഴക്കി (ദാനീ.3:1,5).

6 എന്നത് മനുഷ്യന്റെയും 7 എന്നത് ദൈവത്തിന്റെയും അക്കമായി എടുക്കാം. 7 എന്ന സംഖ്യ പൂർണ്ണതയെ കുറിക്കുമ്പോൾ അതിൽ നിന്നു 1 കുറവായ 6 അപൂർണ്ണതയെയും മനുഷ്യന്റെ ബനഹീനതയെയും കുറിക്കുന്നു. 666 എന്ന സംഖ്യയിൽ അപൂർണ്ണത മൂന്നു പ്രാവശ്യം ആവർത്തിച്ചിരിക്കുകയാണ്. അതായത് തോൽവിയൽ നിന്നും തോൽവിയിലേക്കും വീണ്ടും തോൽവിയിലേക്കും (failure + failure + failure) ചെന്നത്തുന്നതായി കാണാം. വെളിപ്പാടു 12,13 അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന മഹസർപ്പവും രണ്ടു മൃഗങ്ങളും സാത്താന്യത്രിത്വത്തിലെ അനുകരണങ്ങളാണ്. ദൈവീകത്രിത്വം 777 എന്നു പറയാമെങ്കിൽ സാത്തന്യത്രിത്വത്തെ 666 എന്ന് പറയാം. സാത്താന്യത്രിത്വത്തെ കുറിക്കുന്ന 666 ന് എത്ര ശക്തിയുണ്ടെങ്കിലും ദൈവത്തിന്റെ ശക്തിയോളം തുല്യതയുണ്ടാകുകയില്ല. മൃഗം ദൈവമായി അവകാ

ശപ്പെട്ടു ഭൂമിയിൽ സകലതും ചെയ്യുമെങ്കിലും അവൻ ദൈവമല്ല. 666 എന്ന സംഖ്യ വെളിപ്പെടുത്തുന്ന ദുരാത്മാവു കുടികൊള്ളുന്ന ഒരു മനുഷ്യനെയാണ് (വെളി.13:4/2.തെസ്സ.2:4).

മഹാപീഡനകാലത്തിൽ ലോകമാസകലം ഒരു ഭരണകൂടത്തിന്റെയും ഒരു മതത്തിന്റെയും ഒരു സാമ്പത്തികആസ്ഥാനത്തിന്റെയും കേന്ദ്രീകരണമാണുണ്ടാകുക. ഇതിനെതിരായി പ്രവർത്തിക്കുകയോ ശബ്ദിക്കുകയോ ചെയ്യുന്നവൻ മരണത്തിനിരയാകും. സകലരെയും മൃഗമുദ്രകുത്തി മൃഗത്തിന്റെ ആരാധകരായി മാറ്റുവാൻ നിയമങ്ങളുണ്ടാക്കും. അന്നു ക്രിസ്തുവിൽ അഭയം പ്രാപിക്കുന്നവർ പീഡിപ്പിക്കപ്പെടും. ശിരച്ഛേദനമായരിക്കും അവർക്കുണ്ടാകുന്ന ശിക്ഷ. അന്തിക്രിസ്തുവിന്റെ വാഴ്ചാകാലം അടിമത്വത്തിന്റെയും, പീഢകളുടെയും, ദൈവദൂഷണത്തിന്റെയും, സകലവിധ പൈശാചികപ്രവർത്തനങ്ങളുടെയും തേർവാഴ്ചയായിരിക്കും. എന്നാൽ സഭാകാലത്തെ വിശ്വാസികൾ എത്രയോ ധന്യർ. ഉത്പ്രാപണത്തിന്റെ മഹത്തായ വാഗ്ദത്തം നമുക്കു ലഭിച്ചിരിക്കുന്നു (1.തെസ്സ.4:1618/തീത്തൊ.2:12,13). വിശുദ്ധന്മാരുടെ കൂട്ടമായ സഭ പീഡനകാലത്തിനു മുമ്പേ സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുന്നതിനാൽ അന്തിക്രിസ്തുവിന്റെ മുദ്രയേൽക്കുവാനോ പീഡനങ്ങളേൽക്കുവാനോ ഇടയാകുകയില്ല. ദൈവം ഒരുക്കിയിരിക്കുന്ന രക്ഷാപദ്ധതിയെ ഓർത്തു ദൈവത്തെ നമുക്കു സ്തുതിക്കാം. അതോടൊപ്പം കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിനു മുമ്പു അനേകരെ അന്തിക്രിസ്തുവിന്റെ മുദ്രയേൽക്കുവാൻ വിടാതെ ദൈവത്തിന്റെ മുദ്ര അവരുടെ ഹൃദയങ്ങളിൽ ചാർത്തപ്പെടുവാൻ പ്രവർത്തിക്കാം. അതിനായി നിർമ്മല സുവിശേഷം അറിയിക്കുവാനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട്.

സംഖ്യയാൽ മനുഷ്യന്റെ എല്ലാ ആവശ്യങ്ങളും നിയന്ത്രിക്കപ്പെടുന്ന കാലത്തിലേക്കു ലോകം അതിവേഗത്തിൽ കുതിച്ചു പായുന്നു. എറ്റിഎം, ഡെബിറ്റു കാർഡ്, ബാങ്കിംഗ്, ടാക്സ്, വ്യാപാരം എന്നീ മേഖലകളെല്ലാം മനുഷ്യനെ സംഖ്യയോടു ബന്ധിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഇലക്ട്രോണിക്കു കംമ്പ്യൂട്ടർ മേഖലകളിലെ വളർച്ച ഇതിനു പുതിയവ്യതിയാനങ്ങൾക്കു വഴിതുറക്കുന്നു. ഇതൊക്കെയും വെളിപ്പെടുത്തുന്നത് യേശുകർത്താവിന്റെ വരവ് ഏറ്റവും സമീപിച്ചിരിക്കുന്നു എന്ന വസ്തുതയെയാണ്.

.........................................................................................................

# വെളിപ്പാട് — അദ്ധ്യായം — 14

14000 പേരും കുഞ്ഞാടിന്റെ വിജയകരമായ ന്യായവിധിയും
(THE 144,000 AND THE VICTORIOUS JUDGMENT OF THE LAMB)

**ആമുഖം :**

വെളിപ്പാട് 12 -ൽ തീ നിറമുള്ള മഹാസർപ്പത്തെയും 13-ൽ രണ്ടു ഘോരമൃഗങ്ങളെയും കണ്ടു. അവ സാത്താനെയും, അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും കുറിക്കുന്നു. ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ എന്നിവക്കുശേഷം ക്രോധകലശങ്ങളാലുള്ള ദൈവീകന്യായവിധിയുടെ മുമ്പായുള്ള ഒരിടവേളയായി 14 -ാം അദ്ധ്യായം ആയിരിക്കുന്നു. കൂടാതെ 12,13 അദ്ധ്യായങ്ങളിലെ ഏഴു മൂർത്തികളുടെ വിവരണത്തിനുശേഷവും 16-ാം അദ്ധ്യായത്തിലാരംഭിക്കുന്ന ഏഴു ക്രോധകലശങ്ങളുടെയും മദ്ധ്യേയുള്ള ഇടവേളയാണിത്. കുഞ്ഞാടായ ക്രിസ്തുവിന്റെ വിജയം, ദൂതന്മാരുടെ നിരന്തരമായ അറിയിപ്പുകൾ, മൃഗത്തിന്റെ ആരാധകർക്കുണ്ടാകുന്ന ന്യായവിധി എന്നിവ 14-ാം അദ്ധ്യായത്തിൽ കാണാം. ഇവയൊക്കെ ഭൂമിയിൽ അരംഗേറുവാൻ പോകുന്നതിന്റെ പ്രവചനങ്ങളാണ്. കുഞ്ഞാടും 144,000 വിശുദ്ധന്മാരും സീയോൻ മലയിൽ വിജയാഹ്ലാദത്തോടെ നിൽക്കുന്ന രംഗത്തോടെ 14-ാം അദ്ധ്യായം ആരംഭിക്കുന്നു. മൃഗത്തിന്റെ ആരാധകരായ ഭൂവാസികളുടെമേൽ ചൊരിയപ്പെടുന്ന ന്യായവിധികളുടെ അറിയിപ്പുകളോടെ അദ്ധ്യായം അവസാനിക്കുന്നു. ഈ അദ്ധ്യായത്തിൽ രണ്ടു പ്രാധാന കാര്യങ്ങൾ കാണാം. ഒന്ന്, മൃഗത്തിന്റെ മുദ്രയേൽക്കുവാൻ വിസമ്മതിച്ചു സാത്താനോടും, അന്തിക്രിസ്തുവിനോടും കള്ളപ്രവാചകനോടും എതിർത്തു ജീവിച്ചവരായ വിശുദ്ധന്മാർക്കു ലഭിക്കുന്ന വിജയവും (വെളി.14:1-5); മറ്റൊന്ന് മൃഗത്തിനും അവന്റെ പരിവാരങ്ങൾക്കും ഉണ്ടാകുന്ന ശിക്ഷാവിധികളുമാണ് (വെളി.14:6-20). ഏഴാം അദ്ധ്യായത്തിൽ ഏഴാം മുദ്ര പൊട്ടിക്കുന്നതിനു മുമ്പായി 144,000 പേരെ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ടു വേർതിരിക്കുന്നതായി കണ്ടു. അപ്രകാരം വേർതിരിക്കപ്പെട്ട 144,000 പേർ കുഞ്ഞാടിനോടൊപ്പം സ്വർഗ്ഗസീയോനിൽ വിജയാഹ്ലാദത്തോടെ നിൽക്കുന്ന കാഴ്ച ഈ അദ്ധ്യായത്തിൽ കാണുന്നു.

**അദ്ധ്യായവിഷയം :**

കുഞ്ഞാടിന്റെയും കുഞ്ഞാടിന്റെ ആരാധകരുടെയും വിജയവും മൃഗത്തിന്റെ ആരാധകർക്കുണ്ടാ

കുന്ന ന്യായവിധിയുമാണ് (The victory of the Lamb and His worshippers and the judgment on the worshippers of the Beast) അദ്ധ്യായവിഷയം.

**അദ്ധ്യായസംഗ്രഹം :**

ആറാം മുദ്ര പൊട്ടിച്ചപ്പോൾ ഭൂമിയിൽ അതിഭയങ്കരമായ ഭൂകമ്പവും തുടർന്നു പ്രകൃതിയിൽ ഭയാജനകമായ സംഭവങ്ങളും ഉണ്ടാകുന്നു. ഭൂവാസികൾ ഭയപരവശരായി രക്ഷിപ്പാൻ കഴിയാത്ത നിർജ്ജീവങ്ങളായ ഗുഹകളെയും, മലപ്പാറകളെയും, കുന്നുകളെയും ആശ്രയിക്കുന്നു. കുഞ്ഞാടിന്റെ കോപത്തിൽ നിന്നു മറഞ്ഞിരിക്കുവാൻ ലോകമെമ്പാടും കൂട്ടക്കരച്ചിൽ ഉയരുന്നു (വെളി.6:12-17). തുടർന്നു ഏഴാമത്തെ മുദ്ര പൊട്ടിക്കുന്നതിനു മുമ്പായി യിസ്രായിന്റെ 12 ഗോത്രങ്ങളിൽ നിന്നു 12000 പേർ വീതം ആകെ 144,000 പേരെ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ടു വേർതിരിക്കുന്നു (വെളി.7:1-8). പീഡനകാലത്തു ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുവാനായി വേർതിരിക്കപ്പെട്ട യഹൂദന്മാരായ ഇവർ ദൈവത്തിന്റെ മുദ്രയാൽ സംരക്ഷിതരായിരുന്നു. ഇവരാണ് വെളിപ്പാടു 14-ാം അദ്ധ്യായത്തിൽ യേശുക്രിസ്തുവാകുന്ന കുഞ്ഞാടിനോടൊപ്പം സ്വർഗ്ഗസീയോനിൽ കാണപ്പെടുന്ന കർത്താവിന്റെ വിശ്വസ്തരായ അനുയായികൾ (വെളി.14:1). പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും വലിയോരു ഇടിമുഴക്കംപോലെയും സ്വർഗ്ഗത്തിൽ ഒരു ഘോഷം കേൾക്കുന്നു. ഘോഷം വൈണികന്മാർ വീണ മീട്ടുന്നതുപോലെയായിരുന്നു (the sound of harpists playing their harps). സിംഹാസനത്തിനും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെ ഒരു പാട്ടു കേൾക്കുന്നു. അവിടെ മുഴങ്ങിക്കേട്ടത് വീണ്ടെടുപ്പിൻ ഗാനമായിരുന്നു. സ്വർഗ്ഗസിംഹാസനത്തിനടുത്തു നിന്നു കേട്ട പാട്ട് ഭൂമിയിൽ നിന്നു വിലക്കു വാങ്ങിയ 144,000 പേർക്കല്ലാതെ ആർക്കും പഠിക്കുവാനും കഴിഞ്ഞില്ല. കാരണം വീണ്ടെടുപ്പിന്റെ അനുഭവത്തിലൂടെ കടന്നു പോകാത്തവർക്ക് വണ്ടെടുപ്പിന്റെ ഗാനം മനസ്സിലാക്കുവാനോ, പഠിക്കുവാനോ, പാടുവാനോ കഴിയുകയില്ല. 144,000 പേരുടെ പ്രത്യേകതയെന്തെന്നാൽ അവർ ഭൂമിയിൽ നിന്നു വിലെക്കുവാങ്ങപ്പെട്ടവരും (redeemed from the earth), മാലിന്യമേൽക്കാത്തവരും (not defiled with women), കുഞ്ഞാടിനോടൊപ്പം എപ്പോഴും അനുഗമിക്കുന്നവരും (who follow the Lamb always), ആദ്യഫലമെന്ന നിലയിൽ വീണ്ടെടുക്കപ്പെട്ടവരും (first fruits to God and to the Lamb), അവരുടെ വായിൽ ഭോഷ്കില്ലാത്തവരും (no guile in their mouth), കളങ്കമേശാത്തവരുമായിരുന്നു (വെളി.14:2-5). തുടർന്നു മൂന്നു ദൈവദൂതന്മാർ പ്രത്യേക ദൗത്യവുമായി പ്രത്യക്ഷപ്പെടുന്നു (without fault). ഒന്നാമത്തെ ദൂതൻ നിത്യസുവിശേഷവും (വെളി.14:6,7 – Everlasting Gospel), രണ്ടാമത്തെ ദൂതൻ ബാബിലോണിന്റെ വീഴ്ചയെയും (വെളി.14:8 – Fall of babylon), മൂന്നാമത്തെ ദൂതൻ മൃഗമായ അന്തിക്രിസ്തുവിന്റെ ആരാധകർക്കുള്ള ന്യായവിധിയും (വെളി.14:9-11 – judgment to the beast worshippers) വിളംബരം ചെയ്യുന്നു. അതിനുശേഷം വിശുദ്ധന്മാർക്കു ലഭിക്കുന്ന അനുഗ്രഹത്തെക്കുറിച്ചും അറിയിപ്പുണ്ടാകുന്നു (വെളി.14:12,13). തുടർന്നു മേഘത്തിന്മേൽ മനുഷ്യപുത്രനു സദൃശനായൊരുവൻ അരിവാളുമായി പ്രത്യക്ഷപ്പെടുന്നു. കൊയ്ത്തിനു സമയമായി എന്നുള്ള അറിയിപ്പു ലഭിച്ചയുടനെ അരിവാൾ ഭൂമിയിലേക്കു കൊയ്ത്തിനായി എറിഞ്ഞു (വെളി.14:14-16). അപ്പോൾ മറ്റൊരു ദൂതൻ മൂർച്ചയുള്ള കൊങ്കത്തിയുമായി വന്നു. കോങ്കത്തി ഭൂമിയിലേക്കെറിഞ്ഞു ഭൂമിയിലെ മുന്തിരിക്കുല അറുത്തു ദൈവകോപത്തിന്റെ ചക്കിൽ ഇട്ടു. ചക്കു നഗരത്തിനു പുറത്തുവെച്ചു മെതിച്ചപ്പോൾ ചക്കിൽ നിന്നു രക്തം ബഹുദൂരത്തോളം ഒഴുകി (വെളി.14:17-20).

**അദ്ധ്യായവിഭജനം :**

| | | |
|---|---|---|
| വെളി.14:1 - 5 | : | സീയോൻ മലയിൽ കുഞ്ഞാടും 140000 പേരും<br>(The Lamb and the 144000 on Mount Zion) |
| വെളി.14: 6-7 | : | നിത്യസുവിശേഷവുമായി വരുന്ന ദൂതൻ<br>(The Angel with the Eternal Gospel) |
| വെളി.14:8 | : | ബാബിലോനിന്റെ പതനം അറിയിക്കുന്നു<br>(Babylons fall announced) |
| വെളി.14:9-11 | : | മൃഗത്തിന്റെ ആരാധകരുടെമേലുള്ള ന്യായവിധി<br>(Judgment on Worshippers of the Beast) |
| വെളി.14:12-13 | : | കർത്താവിൽ മരിക്കുന്ന വിശുദ്ധന്മാർക്കുള്ള അനുഗ്രഹം<br>(The Blessings of the Saints who die in the Lord) |
| വെളി.14:14-20 | : | ഭൂമിയിലെ കൊയ്ത്ത്<br>(The Harvesting of Earth) |

**വെളി.14:1 — പിന്നെ ഞാൻ സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന നൂറ്റിനാൽപ്പത്തിനാലായിരം പേരും നിൽക്കുന്നതു കണ്ടു** (Then I looked, and behold, a Lamb standing on Mount Zion, and with Him one hundred

and forty-four thousand, having His Father's name written on their foreheads) —

സീയോൻ മലയിൽ കുഞ്ഞാടും, കുഞ്ഞാടായ കർത്താവിനോടുകൂടെ നെറ്റിയിൽ കർത്താവിന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന 144,000 പേരും നിൽക്കുന്നതു യോഹന്നാൻ കാണുന്നു. **പിന്നെ ഞാൻ സീയോൻമലയിൽ കുഞ്ഞാടും** (Then I looked, and behold, a Lamb standing on Mount Zion) —

പിന്നെ ഞാൻ (Then I looked, and behold) എന്ന വാക്കുകളോടെ വെളിപ്പാടു പുസ്തകത്തിലെ മറ്റൊരു ദർശനത്തിനു യോഹന്നാൻ ആരംഭം കുറിക്കുന്നു. ഞാൻ കണ്ടു എന്ന യോഹന്നാന്റെ സാക്ഷ്യവിശേഷണം മറ്റൊരു ദർശനത്തിലേക്കു നയിക്കുന്ന രീതിയിൽ വെളിപ്പാടിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് (വെളി4:1/6:2,5/7:9/14:1,14). സീയോൻ മലയിൽ കുഞ്ഞാടു നിൽക്കുന്ന കാഴ്ചയാണ് ആദ്യമായി യോഹന്നാന്റെ ശ്രദ്ധയെ ആകർഷിക്കുന്നത്. കുഞ്ഞാട് എന്ന വിശേഷണം യേശുക്രിസ്തുവിനെ കുറിക്കുന്നു. മഹാസർപ്പം യിസ്രായേലിന്റെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്വാൻ കടല്പുറത്തെ മണലിന്മേൽ നിന്നു എന്നു വെളിപ്പാടു 12-ാം അദ്ധ്യായത്തിൽ കണ്ടു (വെളി.12:17). എന്നാൽ കർത്താവു സീയോൻ മലയിൽ നിൽക്കുന്നു. കടല്പുറത്തെ മണൽ സ്ഥിരതയില്ലായ്മയെയും, ഉറപ്പില്ലായ്മയെയും കുറിക്കുമ്പോൾ മല സ്ഥിരതയെയും ഉറപ്പിനെയും വെളിപ്പെടുത്തുന്നു.

**സീയോൻമലയിലെ കുഞ്ഞാട് —**

യഹൂദാഗോത്രത്തിലെ സിംഹം (വെളി.5:5) എന്ന വിശേഷണമുള്ള കർത്താവു ഇവിടെ കുഞ്ഞാടായി കാണപ്പെടുന്നു. വെളിപ്പാടിൽ വിവിധനിലകളിൽ കർത്താവിനെ കുഞ്ഞാടായി ചിത്രീകരിച്ചിരിക്കുന്നു —

(1) അറുക്കപ്പെട്ട കുഞ്ഞാട് (5:6/13:8 — Lamb as slain)
(2) ആരാധനക്കുയോഗ്യനായ കുഞ്ഞാട് (വെളി.5:8,12,13 — Lamb honourable for worship)
(3) രക്ഷാദാനത്തിന്റെ കുഞ്ഞാട് (വെളി.7:10 — Lamb, the source of Salvation)
(4) അങ്കി വെളുപ്പിക്കുവാൻ ഉതകുന്ന രക്തമുള്ള കുഞ്ഞാട് (വെളി.7:14 — Lamb, whose blood can purify the cloth)
(5) മേയ്ക്കുന്ന (ഇടയനായ) കുഞ്ഞാട് (വെളി.7:17 — Lamb, the shepherd)
(6) കർത്താധികർത്താവും രാജാധിരാജാവുമായ കുഞ്ഞാട് (വെളി.17:14 — Lamb, the Lord of Lords and King of Kings).

സീയോൻ മലയിലെ കുഞ്ഞാട് (Lamb of Zion —വെളി.14:1) എന്നത് ലോകത്തിന്റെ പാപത്തെ ചുമന്നു യാഗമരണത്തിലൂടെ ജയാളിയായ ദൈവത്തിന്റെ കുഞ്ഞാടാണ് (Lamb of God). മാത്രവുമല്ല തന്നിൽ അഭയംപ്രാപിച്ചവരോടൊപ്പം നിൽക്കുമ്പോൾ കുഞ്ഞാടിന്റെ രൂപം തന്റെ സൗമ്യതയെയും (meekness) തന്റെ ജീവൻകൊടുത്തു സമ്പാദിച്ച അഥവാ വീണ്ടെടുക്കപ്പെട്ട വസ്തുതയെയും (redemption) കുറിക്കുന്നു.

കുഞ്ഞാട് യേശുക്രിസ്തുതന്നെയെന്നതിൽ സകലരും യോജിക്കുമ്പോൾ സീയോൻമലയേതാണെന്നതിനെച്ചൊല്ലി രണ്ടഭിപ്രായങ്ങളുണ്ട് — **സീയോൻ മല >** (1) ഭൗമീകസീയോൻ (2) സ്വർഗ്ഗീയസീയോൻ.

**(1) ഭൗമീകസീയോൻ** (Earthly Zion - Jerusalem) — ഭൂമിയിലെ യെരൂശലേമായ സീയോനാണിത്. ദാവീദിന്റെ നഗരം എന്നറിയപ്പെട്ടിരുന്നു (2.ശമൂ.5:7). യിസ്രായേലിന്റെ തലസ്ഥാനവും ദൈവത്തിന്റെ നിയമപെട്ടകം ഇരുന്ന സ്ഥലവുമാണ് സീയോൻ (1.രാജാ.8:1). സീയോൻകോട്ട എന്നും ഇതിനെ വിളിച്ചിരുന്നു.

**(2) സ്വർഗ്ഗീയസീയോൻ** (Heavenly Zion - Heavenly Jerusalem) — ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗീയയെരൂശലേം അഥവാ സ്വർഗ്ഗസീയോനാണിത് — സങ്കീ.50:2 — *"സൗന്ദര്യത്തിന്റെ പൂർണ്ണതയായ സീയോനിൽനിന്നു ദൈവം പ്രകാശിക്കുന്നു."* സ്വർഗ്ഗസീയോനെ സമാഗമനപർവ്വതമെന്നും യെശയ്യാപ്രവചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു (യെശ14:13). ജീവനുള്ളദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരൂശലേം എന്നും സീയോനെ എബ്രായലേഖനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു (എബ്രാ.12:22).

കുഞ്ഞാടും കുഞ്ഞാടിനോടൊപ്പമുള്ള 144,000 പേരും നിൽക്കുന്ന സീയോൻമല ഭൂമിയിലുള്ള സീയോനല്ല മറിച്ച് സ്വർഗ്ഗീയയെരൂശലേമായ സീയോൻ തന്നെയാണ് (വെളി.21:2,10). എബ്രായലേഖനവും റോമാലേഖനവും ഇതിനെ സാധൂകരിക്കുന്നു. **എബ്രാ.12:22-24 —** *"പിന്നെയോ സീയോൻപർവ്വതത്തിന്നും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയയെരൂശലേമിന്നും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിന്നും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭെക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിന്നും ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിന്നും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നതു."* **റോമ.11:26 —** "ഇങ്ങനെ യിസ്രാ

*യേൽ മുഴുവനും രക്ഷിക്കപ്പെടും. വിടുവിക്കുന്നവൻ സീയോനിൽനിന്നു വരും; അവൻ യാക്കോബിൽ നിന്നു അഭക്തിയെ മാറ്റും. അവൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം."* രണ്ടാം വരവിൽ യേശുക്രിസ്തു സ്വർഗ്ഗസീയോനിൽ നിന്നാണ് ഭൂമിയിലേക്കു വരുന്നത് (റോമ.11:26). എന്നാൽ കർത്താവിനോടൊപ്പം നിൽക്കുന്ന 144,000 മുദ്രയേറ്റവരോടു ബന്ധപ്പെടുത്തി ഇവർ നിൽക്കുന്ന സീയോൻ മലയെ ഭൗമികസീയോൻ എന്നു സ്ഥാപിച്ചുകാണുന്നുണ്ട്. അന്തിക്രിസ്തുവിന്റെ ഭരണാന്ത്യത്തിൽ കർത്താവിന്റെ ഭൂമിയിലേക്കുള്ള വരവിനെ വിശദീകരിക്കുന്ന തിരുവചനഭാഗങ്ങൾ (യെശ.11:9-12/യെശ.24:23/യോവേ.2:32/സെഖ.14:4) ഇവിടെ ഉപയോഗിക്കുന്നതുമൂലം സംഭവിക്കുന്ന തെറ്റാണിത്. കൂടാതെ ഏഴാം അദ്ധ്യായത്തിൽ 144,000 പേർ മുദ്രയിട്ടു വേർതിരിക്കപ്പെടുകയും പതിനാലാം അദ്ധ്യായത്തിൽ അവർ സ്വർഗ്ഗസീയോനിൽ കാണപ്പെടുന്നുവെങ്കിൽ അവർ രക്തസാക്ഷികളായി മരിച്ചു എന്നും ദൈവത്തിന്റെ മുദ്രക്കു യാതൊരു പ്രസക്തിയും ഇല്ലാതാകുമോ എന്നും വാദിക്കുന്നു.

ഇതിനുത്തരം എന്നത് വെളിപ്പാടു പുസ്തകത്തിലെ വിവരണങ്ങളെല്ലാം തന്നെ ക്രമമായി സംഭവിക്കുന്നവയല്ല എന്ന കാര്യം ആദ്യമായി ഓർക്കണം. 144,000 പേർ സ്വർഗ്ഗസീയോനിൽ നിൽക്കുന്നത് ഭൂമിയിൽ മഹാപീഡനം കഴിഞ്ഞു അരങ്ങേറുന്ന സംഭവമായി കരുതാൻ സാദ്ധ്യമല്ല. ഭൂമിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളുടെ മുൻദർശനം എന്ന നിലയിൽ യോഹന്നാൻ സ്വർഗ്ഗസീയോനിൽ കാണുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായ നമ്മെ ഉയിർപ്പിച്ചു, ജീവിപ്പിച്ചു, സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു (എഫെ.2:1-7) എന്നു പറഞ്ഞാൽ ഇപ്പോൾ അക്ഷരാർത്ഥത്തിൽ സ്വർഗ്ഗത്തിൽ ഇരിക്കുന്നു എന്നു പറയാനാവില്ല. പക്ഷേ ആത്മീകമായി അങ്ങനെയാണുതാനും. ആയതുപോലെ കുഞ്ഞാടിനോടൊപ്പം 144,000 മുദ്രിതർ സീയോൻമലയിൽ നിൽക്കുന്നു എന്ന കാഴ്ച ഭൂമിയിൽ അരങ്ങേറുവാൻ പോകുന്നതിന്റെ സ്വർഗ്ഗസീയോനിലെ കാഴ്ച തന്നെയാണ് യോഹന്നാൻ കാണുന്നത്. ഭൂമിയിൽ പീഡനകാലത്തു അതിഭയങ്കരമായ കഷ്ടങ്ങളിലൂടെ കടന്നുപോകുന്ന വിശുദ്ധന്മാർക്കു ഇത് ആശ്വാസം പകരുന്ന കാഴ്ചതന്നെയാണ്. കൂടാതെ വെളി.14:3 — *"അവർ സിംഹാസനത്തിന്നും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെ ഒരു പുതിയ പാട്ടു പാടി; ഭൂമിയിൽനിന്നു വിലെക്കു വാങ്ങിയിരുന്ന നൂറ്റിനാൽപ്പത്തിനാലായിരം പേർക്കല്ലാതെ ആർക്കും ആ പാട്ടു പഠിപ്പാൻ കഴിഞ്ഞില്ല"* — എന്ന വാക്യം അവർ സ്വർഗ്ഗസീയോനിൽ നിൽക്കുന്നവരാണെന്നു വ്യക്തമാക്കുന്നു.

**അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന നൂറ്റിനാൽപ്പത്തിനാലായിരം പേരും നിൽക്കുന്നതു കണ്ടു** (and with Him one hundred and forty-four thousand, having His Father's name written on their foreheads) —

സീയോൻമല സ്വർഗ്ഗീയസീയോൻ ആയിരിക്കുമ്പോൾ അതു ഭൗമീകസീയോനാണെന്നു പഠിപ്പിക്കുന്നവരുണ്ടെങ്കിൽ കുഞ്ഞാടിനോടൊപ്പം നിൽക്കുന്ന 144,000 പേരെക്കുറിച്ചു നിരവധി അഭിപ്രായങ്ങളാണുള്ളത്.

(1) വെളിപ്പാട് ഏഴാമദ്ധ്യായത്തിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ടു വേർതിരിക്കപ്പെട്ട 144,000 പേരും (വെളി.7:1-8), 14-ാം അദ്ധ്യായത്തിൽ കുഞ്ഞാടിനോടൊപ്പം സീയോൻമലയിൽ കാണപ്പെടുന്ന 144,000 പേരും (വെളി.14:1) രണ്ടു കൂട്ടരാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. അതിന്റെ കാരണം ആദ്യത്തേതിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയെന്നു പറഞ്ഞിരിക്കുമ്പോൾ രണ്ടാമത്തേതിൽ അവന്റെ നാമവും പിതാവിന്റെ നാമവും എന്നു പറഞ്ഞിരിക്കുന്നതിനാൽ തന്നെ. വെളിപ്പാട് 7-ൽ കാണുന്ന 144,000 പേർ പീഡനകാലത്ത് മുദ്രയിട്ടു വേർതിരിച്ച യിസ്രായേല്യരും, വെളിപ്പാടു 14 -ൽ കാണുന്ന 144,000 പേർ പീഡനകാലത്ത് ജാതികളിൽ മുദ്രയിടപ്പെട്ട മറ്റൊരു കൂട്ടരാണെന്നും അഭിപ്രായപ്പെടുന്നു.

> 7-ാം അദ്ധ്യായത്തിലും 14-ാം അദ്ധ്യായത്തിലും പറഞ്ഞിരിക്കുന്ന 144,000 പേർ ഒന്നു തന്നെയാണ്. മഹോപദ്രവകാലത്ത് 144,000 പേരടങ്ങുന്ന ഇരുകൂട്ടരെപ്പറ്റിയും അവരുടെ പ്രവർത്തനങ്ങളെപ്പറ്റിയും വെവ്വേറെ ഒരിടത്തും പറഞ്ഞിട്ടില്ല. ഒരേ സംഖ്യയായതിനാലും നെറ്റിയിൽ മുദ്രയേറ്റവരെന്ന നിലയിലും അവർ ഏഴാമദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നപ്രകാരമുള്ള യിസ്രായേലിന്റെ 12 ഗോത്രങ്ങളിലുള്ളവരാണ്. രണ്ടു അദ്ധ്യായങ്ങളിൽ പറയുന്നുവെന്ന കാരണത്താൽ അവർ വ്യത്യസ്തരാണെന്നു പറയുവാൻ സാദ്ധ്യമല്ല. മഹോപദ്രവകാലാംരഭത്തിൽ മൃഗത്തോടുള്ള പോരാട്ടവേളയിലും, മഹോപദ്രവകാലാവസാനത്തിൽ മൃഗത്തിന്മേലുള്ള വിജയാഹ്ലാദവേളയിലും പറയുന്നുവെന്നേയുള്ളു. ഏഴാമദ്ധ്യായത്തിലെ മുദ്രയിൽ ദൈവത്തിന്റെ നാമം മാത്രമേയുള്ളു എന്നകാരണത്താലും ഇരുകൂട്ടരാണെന്നു പറയുവാൻ കഴിയുകയില്ല. പിതാവായ ദൈവത്തിന്റെ മുദ്ര എന്നു പറയുമ്പോൾ പുത്രന്റെയും ഉൾപ്പെടുന്നു (യോഹ.17:9,10). പിതാവും പുത്രനും അവരുടേതായ പ്രത്യേകമുദ്രകൾ ചാർത്തി ആരെയും വേർതിരിക്കുമെന്നു ചിന്തിക്കുന്നത് തിരുവചനത്തിനു നിരക്കുന്നതല്ല. പീഡനകാലത്ത് രണ്ടു കൂട്ടരെ വെളിപ്പാട് 7-ൽ കാണുന്നു. ഒന്ന് യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു 144,000 പേരും (7:18), ജാതികളിൽ നിന്നു എണ്ണിക്കൂടാത്ത പുരുഷാരവുമാണ് (7:9-17). ഇതിനു പുറമേ വേറൊരു 144,000 പേരെ വീണ്ടും മുദ്രയിടുമെന്നു കരുതുന്നത് യുക്തമല്ല.

(2) ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്ന യഹോവസാക്ഷികൾ (Jehovah Witness) എന്ന ദുരുപദേശക്കാർ അവകാശപ്പെടുന്നത് കുഞ്ഞാടിനോടൊപ്പം സീയോൻ മലയിൽ നിൽക്കുന്നവർ തങ്ങളാണെന്നാണ്. ക്രിസ്തുവിനെപ്പോലുള്ള പുനരുത്ഥാനത്തിനു യോഗ്യരും, ക്രിസ്തുവിനോടൊപ്പം ഭരിക്കുവാനും രാജകീയപുരോഹിതവർഗ്ഗമെന്നറിയപ്പെടുവാനും അവർ മാത്രമാണെന്നാണ്.

> എന്നാൽ അവരുടെ അവകാശവാദം തെറ്റാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം ജയാളികളും, രാജകീയപുരോഹിതവർഗ്ഗവും, ക്രിസ്തുവിനെപ്പോലെ പുനരുത്ഥാനത്തിനു യോഗ്യരുമാണ്. കൂടാതെ യഹോവസാക്ഷികൾ ക്രിസ്തുവിന്റെ ദൈവത്വത്തെ അംഗീകരിക്കാത്തവരെന്ന നിലയിൽ അവരുടെ നെറ്റിയിൽ ക്രിസ്തുവിന്റെ നാമമുദ്രയേൽക്കുക സംഭവ്യമല്ല.

(3) ദൈവത്തിന്റെ മുദ്ര വഹിക്കുന്ന 1,44,000 പേർ തങ്ങളാണെന്നു ശാബ്ബതുകാർ (Seventhday Adventists) അവകാശപ്പെടുന്നു. യഹൂദാശബത്ത് ആചരിക്കുന്ന അവർ മാത്രമേ നിർമ്മലകന്യകയെന്ന നിലയിൽ യഥാർത്ഥവിശ്വാസം പുലർത്തി കർത്താവിന്റെ വരവിൽ അഥവാ ഉത്പ്രാപണവേളയിൽ എടുക്കപ്പെടുകയുള്ളുവെന്നും മറ്റു സകലസഭാവിശ്വാസികളും തള്ളപ്പെട്ടു ദൈവത്തിന്റെ ശിക്ഷാവിധിയിൽ കൂടി കടന്നു പോകുമെന്നും അവർ പഠിപ്പിക്കുന്നു.

> ദൈവത്തിന്റെ മുദ്രവഹിക്കുന്ന 144,000 പേർ ശാബ്ബത്തുകാർ എന്ന അവകാശവാദവും തെറ്റാണ്. ശാബ്ബത്താചരിക്കാത്തത് പാപമാണെന്നും അങ്ങനെയല്ലാത്തവർ സ്വർഗ്ഗത്തിനവകാശിയല്ലെന്നുമുള്ള പഠിപ്പിക്കൽ ദുരുപദേശം നിറഞ്ഞതാണ്. പുതിയനിയമസഭക്കുള്ള ഉപദേശമെന്നത് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷ എന്നതാണ്. തങ്ങളാണ് 144,000 പേരെന്നു പറഞ്ഞാൽ ശാബ്ബത്തുകാരുടെ അംഗസംഖ്യ 144,000 (ജീവിച്ചിരിക്കുന്നവരും മരിച്ചവരും ഉൾപ്പെടെ) മാത്രമേയുള്ളു എന്നു കരുതേണ്ടി വരും.

(4) 144,000 പേരെക്കുറിച്ചുള്ള വിശേഷണത്തിൽ *"അവർ കന്യകമാരാകയാൽ സ്ത്രീകളോടു കൂടെ മാലിന്യപ്പെടാത്തവർ"* (വെളി.14:4) എന്നതിനെ അടിസ്ഥാനപ്പെടുത്തി വിവാഹം കഴിക്കാതെ ലോകത്തിലുള്ള സകലവും ത്യജിച്ചു ജീവിക്കുന്ന തങ്ങളാണ് 144,000 പേരെന്നു ചില സഭാവിശ്വാസികൾ അവകാശപ്പെടുന്നു.

> വിവാഹം കഴിക്കാതെ ജീവിക്കുന്നവരാണ് 144,000 പേരെന്ന അവകാശവാദം തെറ്റാണ്. വിവാഹത്തെ തിരുവചനം എതിർക്കുന്നില്ല എന്നു മാത്രമല്ല വിവാഹജീവിതം മാലിന്യമുള്ളതാണെന്നു പറയുന്നതുമില്ല. ഇവിടെ മലിനപ്പെടാതെയെന്നത് ലോകർ മൃഗത്തെ വണങ്ങി സകലമ്ലേച്ഛതകളിലും മുങ്ങിക്കുളിച്ചു നടന്നപ്പോൾ ദൈവത്തിന്റെ മുദ്രയാൽ വേർതിരിക്കപ്പെട്ടവർ കറ, കളങ്കം എന്നിവയേശാതെ വിശുദ്ധിയോടെ ജീവിച്ചു എന്നു സാരം.

(5) സീയോൻമലയിൽ നിൽക്കുന്ന മുദ്രയുള്ള 1,44,000 പേർ പുതിയനിയമസഭ അഥവാ മണവാട്ടിയാം സഭയെക്കുറിക്കുന്നുവെന്നു ചിലർ അഭിപ്രായപ്പെടുന്നു.

> സഭയെ പുതിയനിയമയിസ്രായേലെന്നു പറയാമെങ്കിലും ഇവിടെ പറഞ്ഞിരിക്കുന്ന മുദ്രയേറ്റവർ മണവാട്ടി സഭയെ പ്രതിനിതീകരിക്കുന്നില്ല. കാരണം ഭൂമിയിൽ പീഡനകാലം നടക്കുമ്പോൾ മണവാട്ടിയാം സഭ മണവാളനായ ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗത്തിലാണ്. കർത്താവു തന്റെ രക്തത്താൽ സ്വന്തമാക്കിയ കാന്തയെ അന്തിക്രിസ്തുവിന്റെ പീഡനത്തിനായി വിട്ടു കൊടുക്കുകയില്ല. ജീവനുള്ള ദൈവത്തിന്റെ മുദ്രയേറ്റ 1,44,000 പേർ പീഡനകാലത്തു ഭൂമിയിൽ സുവിശേഷം പറയുവാൻ വേർതിരിക്കപ്പെട്ട യിസ്രായേലിന്റെ 12 ഗോത്രങ്ങളിലെ യിസ്രായേല്യർ അഥവാ യഹൂദന്മാരാണ്. ഇവരത്രേ വെളി.14:1–5 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്ന കുഞ്ഞാടിന്റെ നാമവും പിതാവിന്റെ നാമവും നെറ്റിയിൽ എഴുതപ്പെട്ട 1,44,000 പേർ.

**സീയോൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ കുഞ്ഞാടിന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന 144,000 പേർ ആരാണ്?**

സീയോൻമലയിൽ കുഞ്ഞാടിനോടൊപ്പം നിൽക്കുന്ന 144,000 പേരും (വെളി.14), വെളിപ്പാടു പുസ്തകം ഏഴാം അദ്ധ്യായത്തിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ടു വേർതിരിച്ച യിസ്രായേലിന്റെ 12 ഗോത്രങ്ങളിലുള്ള144,000 പേരും (വെളി.7) ഒന്നുതന്നെയാണ്. കുഞ്ഞാടിന്റെ നാമവും പിതാവിന്റെ നാമവും ഇവരുടെ നെറ്റിയിൽ എഴുതിയിരിക്കുന്നു. മുദ്ര വെളിപ്പെടുത്തുന്നത് അവർ പിതാവായദൈവത്തിന്റെയും വീണ്ടെടുപ്പു നൽകി രക്ഷ നൽകിയ കുഞ്ഞാടിന്റെയും വകയെന്നതാണ്. അവർ മൃഗത്തിന്റെ വകയോ ആരാധകരോ അല്ല. അവർ ദൈവത്താൽ സംരക്ഷിതരും ദൈവത്തിന്റെ ദാസന്മാരുമാണ്. മാത്രവുമല്ല 144,000 പേർ പീഡനകാലത്തു ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുവാൻ ദൗത്യം ലഭിച്ചവരുമാണ്. ഏഴാം അദ്ധ്യായത്തിൽ മുദ്രയാൽ വേർതിരിക്കപ്പെട്ട 144,000 പേർ യഹൂദന്മാരാണെന്നും അവരുടെ തിരഞ്ഞെടുപ്പിനെയും സംരക്ഷണത്തെക്കുറിച്ചും കുറിച്ചു പറഞ്ഞിരിക്കുന്നുവെങ്കിൽ 14–ാം അദ്ധ്യായത്തിൽ പ്രസ്തുത 144,000 പേരുടെ പ്രത്യേകതയെയും, ഉന്നതിയെയും, ജീവിതവിശുദ്ധിയെയും തുടങ്ങി നിരവധി കാര്യങ്ങൾ വർണ്ണിച്ചിരിക്കുന്നു. അവർ കുഞ്ഞാടിനോടൊപ്പം നിൽക്കുന്നു, സ്വർഗ്ഗസിംഹാസനത്തിനു മുന്നിൽ പുതിയപാട്ടു പാടുന്നു, കുഞ്ഞാടു പോകുന്നേടത്തൊക്കെ കുഞ്ഞാടിനെ അനുഗമിക്കു

ന്നു, അവർ വേർപെട്ടവരാണ്, അവർ വീണ്ടെടുക്കപ്പെട്ടവരെന്ന നിലയിൽ ആദ്യഫലമാണ് എന്നിത്യാദി കാര്യങ്ങൾ ഏഴാം അദ്ധ്യായത്തിന്റെ അനുബന്ധമെന്നോണം അവരെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

യേശുക്രിസ്തുവിന്റെ രക്തത്താൽ കൃപാകാലത്ത് വീണ്ടെടുക്കപ്പെട്ടവരാണ് കാന്തനായ കർത്താവിന്റെ മണവാട്ടി പദമലങ്കരിക്കുന്ന വിശുദ്ധന്മാരുടെ കൂട്ടമായ മണവാട്ടി സഭ. എന്നാൽ സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷം പീഡനകാലത്ത് മുദ്രയാൽ വേർതിരിക്കപ്പെട്ട കൂട്ടമാണ് 144,000 പേരുൾക്കൊള്ളുന്ന യിസ്രായേല്യർ. ഇവരും രക്ഷിതഗണമാണ്. ഇവരാണ് സീയോൻമലയിൽ കുഞ്ഞാടിനോടൊപ്പം നിൽക്കുന്നവർ. എന്നാൽ ഇവർ മണവാട്ടി പദമലങ്കരിക്കുന്നില്ല. കാരണം സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടശേഷം കർത്താവിൽ വിശ്വസിച്ചവരാണ്. സഭയും മുദ്രയാൽ വേർതിരിക്കപ്പെട്ട 144,000 പേരും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ നോക്കാം —

| 144,000 മുദ്രിതർ | —— സഭ |
|---|---|
| (1) യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നുള്ളവർ (വെളി.7:4–8) | > സർവ്വഗോത്രങ്ങളിലും ഭാഷയിലും, വംശത്തിലും ജാതിയിലും നിന്നുള്ളവർ (വെളി.5:9) |
| (2) നെറ്റിയിൽ മുദ്ര (വെളി.7:3/വെളി.14:1) | > നമ്മുടെ ഹൃദയങ്ങളിൽ മുദ്ര (2.കൊരി.1:22/ഗലാ.4:6) |
| (3) മുദ്രയിട്ടത് ദൂതൻ (വെളി.7:2,3) | > നമ്മെ മുദ്രയിട്ടത് പിതാവാം ദൈവം (2.കൊരി.1:21,22) |
| (4) സീയോൻ മലയിൽ നിൽക്കുന്നു(വെളി.14:1) | > കർത്താവിനോടൊപ്പം സ്വർഗ്ഗത്തിൽ (യോഹ.14:3) |
| (5) മുദ്രയുടെ ഉദ്ദേശ്യം പീഡനകാലത്തെ സംരക്ഷണം (വെളി.9:3,4) | > വീണ്ടെടുപ്പിന്റെ ഉറപ്പ് (എഫെ.1:14/4:30) |
| (6) ഭൂമിയിൽ നിന്നു വിലക്കു വാങ്ങപ്പെട്ടവർ (വെളി.14:3) | > ഭൂമിയിൽ നിന്നു വിലക്കു വാങ്ങപ്പെട്ടവർ (1.കൊരി.6:19) |
| (7) സ്വർഗ്ഗത്തിൽ പാട്ടു കേട്ടുപഠിക്കുന്നവർ (വെളി.14:3) | > സ്വർഗ്ഗത്തിൽ പാടുന്നവർ (14:2,3) |
| (8) മാലിന്യപ്പെടാത്ത കന്യകമാർ (വെളി.14:4) | > നിർമ്മല കന്യക (2.കൊരി.11:2) |
| (9) കുഞ്ഞാടു പോകുന്നന്നേടത്തൊക്കെയും അനുഗമിക്കുന്നു (വെളി.14:1,4) | > ക്രിസ്തുവിനെ അനുഗമിക്കുന്നവർ (മത്താ.16:24/19:28/ യോഹ.12:26/14:3/1.തെസ്സ.4:17) |
| (10) ആദ്യഫലമായി വീണ്ടെടുക്കപ്പെട്ടവർ (വെളി.14:4) | > ആദ്യജാതന്മാരുടെ സഭ (എബ്രാ.12:23) |
| (11) മനുഷ്യരുടെ ഇടയിൽ നിന്നു വീണ്ടെടുക്കപ്പെട്ടവർ (വെളി.14:4) | > വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നടപ്പിൽ നിന്നു വീണ്ടെടുക്കപ്പെട്ടവർ (1.പത്രൊ.1:18) |
| (12) അവരുടെ വായിൽ ഭോഷ്ക്കു ഉണ്ടായിരുന്നില്ല (വെളി.14:5) | > ഭോഷ്ക്കു ഉപേക്ഷിച്ചു സത്യത്തിൽ നടക്കാൻ വിളിക്കപ്പെട്ടവർ (എഫെ.4:24,25) |
| (13) അവർ കളങ്കമില്ലാത്തവർ (വെളി.14:5) | > വിശുദ്ധരും നിഷ്ക്കളങ്കരും (എഫെ.1:4/കൊലൊ.1:22) |

**വെളി.14:2 — പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും വലിയോരു ഇടിമുഴക്കംപോലെയും സ്വർഗ്ഗത്തിൽ നിന്നു ഒരു ഘോഷം കേട്ടു; ഞാൻ കേട്ട ഘോഷം വൈണികന്മാർ വീണമീട്ടുന്നതുപോലെ ആയിരുന്നു** (And I heard a voice from heaven, like the voice of many waters, and like the voice of loud thunder. And I heard the sound of harpists playing their harps) —

യിസ്രായിലെ 12 ഗോത്രങ്ങളിൽ നിന്നു മുദ്രയിട്ടു വേർതിരിച്ച 144,000 വിശുദ്ധന്മാർ കുഞ്ഞാടായ ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗസീയോനിൽ നിൽക്കുന്ന കാഴ്ചക്കു യോഹന്നാൻ സാക്ഷ്യം വഹിച്ചു.

തുടർന്നു സ്വർഗ്ഗത്തിൽ കേട്ട ഘോഷത്തെക്കുറിച്ചു വിശദീകരിക്കുന്നു. സ്വർഗ്ഗത്തിൽ കേട്ട ഘോഷം പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും വലിയോരു ഇടിമുഴക്കംപോലെയും വൈണികന്മാർ വീണമീട്ടുന്നതുപോലെയുമായിരുന്നു. "സ്വർഗ്ഗത്തിൽ നിന്നു ഒരു ഘോഷം കേട്ടു" എന്നുള്ള യോഹന്നാന്റെ സാക്ഷ്യത്തിൽ നിന്നു രംഗം സ്വർഗ്ഗമാണെന്നും കുഞ്ഞാടും 144,000 പേരും നിൽക്കുന്നത് സ്വർഗ്ഗസീയോനിൽ തന്നെയാണെന്നതിനെയും നിസ്സംശയം തെളിയിക്കുന്നു.

**പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും വലിയോരു ഇടിമുഴക്കംപോലെയും സ്വർഗ്ഗത്തിൽ നിന്നു ഒരു ഘോഷം കേട്ടു** (And I heard a voice from heaven, like the voice of many waters, and like the voice of loud thunder) —

കുഞ്ഞാടും, വിശ്വസ്തരും വേർതിരിക്കപ്പെട്ടവരുമായ 144,000 പേരും സ്വർഗ്ഗസീയോനിൽ നിൽക്കുമ്പോൾ അവിടെ കേട്ട പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും വലിയോരു ഇടിമുഴക്കംപോലെയുമുള്ള ഘോഷം സ്തോത്രസംഗീതമായിരുന്നു. സ്വർഗ്ഗത്തിലെ ഇപ്രകാരമുള്ള ഘോഷം യോഹന്നാന്റെ ആദ്യ അനുഭവമല്ല. മുമ്പു പലപ്രാവശ്യം യോഹന്നാൻ ഇപ്രകാരമുള്ള ഘോഷം കേട്ടതായി വിവരിച്ചിട്ടുണ്ട് (വെളി.4:1/10:4/10:8/11:12/12:10). കുഞ്ഞാടും 144,000 പേരും സ്വർഗ്ഗസീയോനിൽ നിൽക്കുമ്പോൾ ഉയർന്നുകേട്ട ഘോഷം നീണ്ടു നിൽക്കുന്നതും ഏറ്റവും ഉച്ചത്തിലുള്ളതുമായിരുന്നു. പെരുവെള്ളത്തിന്റെ ഇരെച്ചൽ ഉച്ചത്തിൽ ഇടമുറിയാതെയുള്ള ശബ്ദത്തെയും, വലിയ ഇടിമുഴക്കം നടുങ്ങുമാറുള്ള ശബ്ദത്തെയും സൂചിപ്പിക്കുന്നു. യെഹെസ്കേൽ പ്രവചനത്തിൽ ദൈവമഹത്വസാന്നിദ്ധ്യത്തെ വർണ്ണിക്കുമ്പോഴും വെളിപ്പാടിൽ മഹത്വധാരിയായ ക്രിസ്തുവിനെ വർണ്ണിക്കുമ്പോഴും പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയുള്ള ശബ്ദം രേഖപ്പെടുത്തിയിട്ടുണ്ട്. **യെഹെ.43:2 —** *"അപ്പോൾ യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സു കിഴക്കു വഴിയായി വന്നു; അതിന്റെ മുഴക്കം പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെ ആയിരുന്നു."* **വെളി.1:15 —***"അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും ആയിരുന്നു"* ഇടിമുഴക്കം ദൈവസാന്നിദ്ധ്യത്തെയും ദൈവത്തിന്റെ സർവ്വശക്തിയെയും (Presence of God and Gods awesome power) കുറിക്കുന്നതായി പുറപ്പാടിലും വെളിപ്പാടു പുസ്തകത്തിലും കാണുന്നുണ്ട്.
**പുറ.19:16—** *"മൂന്നാം ദിവസം നേരം വെളുത്തപ്പോൾ ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി; ജനം ഒക്കെയും നടുങ്ങി."*
**വെളി.4:5 —** *"സിംഹാസനത്തിൽനിന്നു മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു."*

ആകയാൽ സ്വർഗ്ഗത്തിൽ നിന്നു കേട്ട ഘോഷം വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടെ സംഘത്തിന്റെ ഇടമുറിയാതെയുള്ള സ്തോത്രഗീതമായിരിക്കുമ്പോൾത്തന്നെ ദൈവത്തിന്റെ സാന്നിദ്ധ്യത്തെയും ദൈവത്തിന്റെ സർവ്വശക്തിയെയും വെളിപ്പെടുത്തുന്നതുമായിരുന്നു.

**ഞാൻ കേട്ട ഘോഷം വൈണികന്മാർ വീണമീട്ടുന്നതുപോലെ ആയിരുന്നു** (And I heard the sound of harpists playing their harps) —

സ്വർഗ്ഗത്തിൽ നിന്നും കേട്ട ഘോഷത്തെ യോഹന്നാൻ വീണ്ടും വർണ്ണിക്കുന്നത് ഞാൻ കേട്ട ഘോഷം വൈണികന്മാർ വീണമീട്ടുന്നതുപോലെ ആയിരുന്നു എന്നാണ്. സ്വർഗ്ഗത്തിൽ വീണയുണ്ടോ? വെളിപ്പാടു പുസ്തകം 5-ാം അദ്ധ്യായത്തിൽ 24 മൂപ്പന്മാരുടെ കൈവശം വീണയുള്ളതായി കാണുന്നു. **വെളി.5:8 —** *"വാങ്ങിയപ്പോൾ നാലുജീവികളും ഇരുപത്തുനാലു മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ട് കുഞ്ഞാടിന്റെ മുമ്പാകെ വീണു."* ഭൂമിയുടെ വിലയാധാരം സിംഹാസനസ്ഥനായ ദൈവത്തിന്റെ കൈയ്യിൽ നിന്നും വാങ്ങുവാൻ ആരുമില്ലാതിരുന്ന സമയത്തു അറുക്കപ്പെട്ടവനായ കുഞ്ഞാടായ ക്രിസ്തു പുസ്തകം വാങ്ങിയപ്പോൾ ഉയരുന്ന സ്തോത്രരംഗമാണിത്. ചിന്താഭാരത്താൽ കലങ്ങിമറിഞ്ഞ ശൗലിന്റെ ഹൃദയത്തിനു ആശ്വാസം പകർന്നത് ദാവീദിന്റെ വീണനാദത്താലായിരുന്നു (1.ശമൂ.16:23). കൂടാതെ വീണ ആരാധനയോടും, സ്തോത്രത്തോടും, സന്തോഷത്തോടും ബന്ധപ്പെട്ടിരിക്കുന്നു (1.ദിന.15:16; 16:5; സങ്കീ.33:2).

### ആരാധനായോഗങ്ങളിൽ വാദ്യോപകരണം അനുവദനീയമോ?

സ്വർഗ്ഗത്തിൽ വൈണികന്മാർ വീണമീട്ടുന്നതുപോലെയുള്ള ഘോഷം യോഹന്നാൻ കേട്ടതിനെ അടിസ്ഥാനപ്പെടുത്തി ആരാധനയോഗങ്ങളിൽ വീണയുൾപ്പെടെയുള്ള വാദ്യോപകരണങ്ങൾ ഉപയോഗിക്കാമെന്നു പ്രബോധിപ്പിക്കുന്നവരുണ്ട്. എന്നാൽ തിരുവചനാടിസ്ഥാനത്തിൽ തെറ്റായ ഉപദേശമാണിത്. ഈ വാക്യത്തിൽ വൈണികന്മാർ വീണ മീട്ടി എന്നല്ല ഘോഷം വീണമീട്ടുന്നതുപോലെയെന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവാലയത്തിലെ വിവധ ശുശ്രൂഷകളിലും ദൈവത്തെ സ്തുതിച്ചു ആരാധിക്കുന്ന വേളയിലും പഴയനിയമത്തിൽ വാദ്യോപകരണങ്ങളുടെ സാന്നിദ്ധ്യം പറഞ്ഞിട്ടുണ്ട്. പുതിയനിയമ ആരാധനയോടുള്ള ബന്ധത്തിൽ സംഗീതോപകരണങ്ങൾ ഒന്നും തന്നെ പറഞ്ഞിട്ടില്ല. സ്തോത്രഗാനത്തോ

ടുള്ള ബന്ധത്തിലുള്ള താഴെക്കൊടുത്തിരിക്കുന്ന പുതിയനിയമ തിരുവെഴുത്തുകൾ നോക്കുക —
**മത്താ.26:30 —** *"പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവ്മലെക്കു പുറപ്പെട്ടു."*
**മർക്കൊ.14:26 —** *"പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവ്മലെക്കു പോയി."*
**അപ്പൊ.16:25 —** *"അർദ്ധരാത്രിക്കു പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു."*
**എഫെ.5:19 —** *"ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും ......."*
**കൊലൊ.3:16 —** *"സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും......."*
**എബ്രാ.2:12 —***"ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും; സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും."*
**എബ്രാ.13:15 —** *"അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക."*
**യാക്കോ.5:13 —***"നിങ്ങളിൽ കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ; സുഖം അനുഭവിക്കുന്നവൻ പാട്ടു പാടട്ടെ."*

ദൈവത്തെ സ്തുതിക്കുന്ന വേളയിലും, ദൈവമക്കൾ കൂടുന്നവേളകളിലും, കൺവെൻഷൻയോഗങ്ങളിലും, ഇതര ആത്മീകകൂട്ടായ്മയോഗങ്ങളിലും സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ലെന്നു അർത്ഥമാക്കേണ്ടതില്ല. എന്നാൽ നമ്മുടെ ആരാധനായോഗങ്ങളിൽ കർത്താവിന്റെ മരണപുനരുത്ഥാനത്തെയോർത്തു വിശുദ്ധന്മാർ കൂടിവന്നു കർത്തൃമേശയോടെ ആരാധിക്കുന്ന വേളയിൽ സംഗീതോപകരണങ്ങളാലോ, ബാൻഡ്, ചെണ്ട എന്നിവയുടെ അകമ്പടിയാലോ അല്ല ദൈവത്തെ ആരാധിക്കേണ്ടത്. പാപചേറ്റിൽ നിന്നു ഉയർത്തപ്പെട്ട പുതിയനിയമവിശ്വാസി ജീവനുള്ള യാഗമെന്ന നിലയിൽ തന്റെ ശരീരത്താൽ (റോമ.12:1) ദൈവകൃപകളെ ധ്യാനിച്ച് അധരഫലമെന്ന സ്തോത്രയാഗത്താലാണ് (എബ്രാ.13:15/സങ്കീ.50:23) ആരാധിക്കേണ്ടുന്നത്.

യോഹന്നാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട ഘോഷം പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയും, ഇടിമുഴക്കംപോലെയും, വീണയുടെ നാദം പോലെയും എന്നാണ് ഓരോന്നിനെക്കുറിച്ചും പറഞ്ഞിരിക്കുന്നത്. സ്വർഗ്ഗത്തിൽ പെരുവെള്ളമോ, ഇടിയോ, വീണയോ ഉണ്ടെന്നു സ്ഥാപിക്കുകയല്ല, മറിച്ചു ഓരോന്നും ആലങ്കാരികഭാഷയിൽ വർണ്ണിച്ചു അവെക്കു ആത്മീകാർത്ഥം നൽകുകയാണ്. ഇവിടെ പറഞ്ഞിരിക്കുന്നത് വീണയോ, വീണയുടെ ശബ്ദമോ അല്ല മറിച്ചു വീണയുടെ നാദം പോലെയുള്ള ഘോഷം എന്നാണ്. വെളിപ്പാടു പുസ്തകത്തിലെ പല വർണ്ണനകളും ആലങ്കാരികഭാഷാപ്രയോഗങ്ങളാകയാൽ ഇതിന്റെയും ആത്മീകാർത്ഥമാണെടുക്കേണ്ടത്. സ്വർഗ്ഗത്തിൽ കേട്ട വീണയുടെപോലെയുള്ള ഘോഷം ആരാധനയെയും, സ്തോത്രത്തെയും സന്തോഷത്തെയും കുറിക്കുന്നു.

**വെളി.14:3 — അവർ സിംഹാസനത്തിന്നും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെ ഒരു പുതിയ പാട്ടു പാടി; ഭൂമിയിൽനിന്നു വിലെക്കു വാങ്ങിയിരുന്ന നൂറ്റിനാൽപ്പത്തിനാലായിരം പേർക്കല്ലാതെ ആർക്കും ആ പാട്ടു പഠിപ്പാൻ കഴിഞ്ഞില്ല** (They sang as it were a new song before the throne, before the four living creatures, and the elders; and no one could learn that song except the hundred *and* forty-four thousand who were redeemed from the earth) —

പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും, വലിയോരു ഇടിമുഴക്കംപോലെയും, വീണയുടെ ശബ്ദംപോലെയും കേട്ട ഘോഷം സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ കേട്ട ഒരു പുതിയ പാട്ടായിരുന്നു. പാട്ടിന്റെ പ്രത്യേകതയെന്നത് അത് ഇടമുറിയാതെയും, ദൈവസാന്നിദ്ധ്യത്തെ വിളിച്ചറിയിക്കുന്ന സകലരെയും നടുക്കുന്ന ശബ്ദത്തോടും, സന്തോഷമാധുര്യത്തോടും കൂടിയതായിരുന്നു. എന്നാൽ സിംഹാസനത്തിന്നും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെ സ്വർഗ്ഗത്തിൽ കേട്ട പുതിയപാട്ടു ആരാണ് പാടിയതെന്നതിനെക്കുറിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. ദൈവത്തിന്റെ മുദ്രയാൽ വേർതിരിക്കപ്പെട്ട 12 ഗോത്രങ്ങളിലെ 144,000 പേരാണന്നും, സഭയാണെന്നും പറയപ്പെടുന്നു. എന്നാൽ 24 മൂപ്പന്മാർ സഭയെ പ്രതിനിതീകരിക്കുന്നതിനാലും അവർക്കു മുമ്പിൽ പാടി എന്നു പറഞ്ഞിരിക്കുന്നതിനാലും ഇവിടെ പാടിയത് സഭയല്ലെന്നു ചിന്തിക്കുന്നതിൽ അപാകതയില്ല. 144,000 പേർക്കല്ലാതെ ആർക്കും ആ പാട്ടു പഠിപ്പാൻ കഴിഞ്ഞില്ല എന്നു പറഞ്ഞിരിക്കുന്നതിനാൽ അവരലല്ല പാടിയതല്ലെന്നു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ സ്വർഗ്ഗസീയോനിൽ കുഞ്ഞാടിനോടൊപ്പം നിൽക്കുന്ന 144,000 പേർക്കല്ലാതെ പാട്ടു പഠിക്കുവാൻ കഴിഞ്ഞില്ല എന്ന വിശേഷണത്തെ മാത്രം അടിസ്ഥാനപ്പെടുത്തി അവരല്ല പാടിയതെന്നു പറയുവാനും കഴികയില്ല. അതായത് അവർക്കല്ലാതെ മറ്റാർക്കും പഠിപ്പാൻ കഴിഞ്ഞില്ല എന്നുള്ളതിനെ പാടുവാൻ കഴിഞ്ഞില്ലെന്നു ചിന്തിക്കുവാൻ പാടില്ല. കുഞ്ഞാടിനോടൊപ്പം സ്വർഗ്ഗസീയോനിൽ നിൽക്കുന്ന 144,000 പേർ വീണ്ടെടുക്കപ്പെട്ടവരോടൊപ്പം പാടുന്നു എന്നു കരുതാം.

പുതിയപാട്ട് എന്നത് ആരും കേട്ടിട്ടില്ലാത്തതോ, പുതുതായി രൂപപ്പെടുത്തിയതോ, ആരും ഇതു വരെയും പാടാത്തതെന്നോ എന്നർത്ഥമില്ല. ലഭിച്ച വിടുതലിന്റെയും വീണ്ടെടുപ്പിന്റെയും അനുഭവത്തെ അടിസ്ഥാനപ്പെടുത്തി ഹൃദയാന്തർഭാഗത്തുനിന്നുയരുന്ന ഏതു പാട്ടും പുതിയപാട്ടാണ്. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും ഉയരത്തപ്പെട്ടപ്പോൾ ദാവീദിന്റെ വായിൽ വീണ്ടെടുപ്പിന്റെ ഒരു പുതിയ പാട്ട് ഉയർന്നതായി കാണുന്നു (സങ്കീ.40:1-3). സ്വർഗ്ഗത്തിൽ പുതിയപാട്ടു ഇതിനു മുമ്പും ആലപിക്കുന്നതിനെക്കുറിച്ചു യോഹന്നാൻ വിവരിച്ചിട്ടുണ്ട്.

(1) ഇരുപത്തിനാലു മൂപ്പന്മാർ അഥവാ പീഡനകാലത്തിനു മുമ്പേ എടുക്കപ്പെട്ട വിശ്വാസികളുടെ കൂട്ടമായ സഭ സ്വർഗ്ഗത്തിൽ തങ്ങൾക്കു ലഭിച്ച വീണ്ടെടുപ്പിനെക്കുറിച്ചും സകലത്തിനും യോഗ്യനായ ക്രിസ്തുവിനെക്കുറിച്ചും സ്തുതിച്ചു പാടുന്നു — വെളി.5:9,10 – "*പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിന്നായി വിലെക്കു വാങ്ങി; ഞങ്ങളുടെ ദൈവത്തിന്നു അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ടു അവർ പാടുന്നു.*"

(2) സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ നിൽക്കുന്ന കർത്താവിനെ സ്വർഗ്ഗത്തിലെ എണ്ണമറ്റ ദൂതസംഘം സപ്തസമ്പൂർണ്ണബഹുമതികൾ അർപ്പിച്ചു പാടുന്നു – വെളി.5:12 – "*അവർ അത്യുച്ചത്തിൽ: അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു.*"

(3) സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ഉള്ള സകലരും ദൈവത്തെയും ക്രിസ്തുവിനെയും ചതുർവിധസ്തോത്രഗാനത്താൽ സ്തുതിച്ചു പാടുന്നു — വെളി.5:13 – "*സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളതൊക്കെയും: സിംഹാസനത്തിൽ ഇരിക്കുന്നവന്നും കുഞ്ഞാടിന്നും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നതു ഞാൻ കേട്ടു.*"

(4) പീഡനകാലത്തു അന്തിക്രിസ്തുവിന്റെ നിയമങ്ങളെ അനുസരിക്കാതെയും ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സാക്ഷ്യം ധൈര്യത്തോടെ പ്രസ്താവിക്കയാലും രക്തസാക്ഷികളായിത്തീർന്നവർ വെള്ള നിലയങ്കി ധരിച്ചു കുരുത്തോലയുമായി സ്വർഗ്ഗത്തിൽ വീണ്ടെടുപ്പിൻ ഗാനം പാടുന്നു — വെളി.7;10 – "*രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നു അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു.*"

പതിനാലാം അദ്ധ്യായത്തിൽ സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ പുതിയപാട്ടായ വീണ്ടെടുപ്പിൻ ഗാനം പാടിയവരെക്കുറിച്ചു സൂചനകൾ തിരുവചനത്തിലൂടെ ലഭിക്കുന്നുണ്ട് —

(1) വെളിപ്പാടു പുസ്തകം 15-ാം അദ്ധ്യായത്തിൽ ഇവരെക്കുറിച്ചു പറഞ്ഞിരിക്കുന്നു. അവർ പാടിയ പുതിയ പാട്ട് മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടായിരുന്നു. **വെളി.15:2-4 –** "*തീ കലർന്ന പളുങ്കുകടൽപോലെ ഒന്നും മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുകൊണ്ടു പളുങ്കുകടലിന്നരികെ നിൽക്കുന്നതും ഞാൻ കണ്ടു. അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയതു: സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ, സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ സകലജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും.*"

മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടു പാടുന്ന വൈണീകന്മാർ പളുങ്കു തീരത്തു നിൽക്കുന്നവരും രക്തസാക്ഷികാളായി സ്വർഗ്ഗസീയോനിലെത്തിയവരുമായ യിസ്രായേലിന്റെ മുദ്രിതസംഘമാണ്. അവർ തന്നെയാണ് ഇവിടെ സിംഹാസനത്തിന്നും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെ വീണ്ടെടുപ്പിന്റെ പുതിയ പാട്ടു പഠിക്കുവാനും പാടുവാനും കഴിയുന്നവർ.

(2) വെളിപ്പാട് 14:1 മുതൽ 5 വരെയുള്ള വാക്യങ്ങളിൽ സീയോൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ ക്രിസ്തുവിന്റെയും പിതാവിന്റെയും നാമം എഴുതിയിരിക്കുന്ന 144,000 പേരെയും കാണുന്നു. ദൈവത്താൽ വേർതിരിക്കപ്പെട്ട 144,000 പേരുടെ പ്രത്യേകതകളാണ് ഈ വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കുഞ്ഞാടിന്റെ ഗായകസംഘത്തിന്റെ സവിശേഷതകളാണിവിടെ കാണുന്നത്.

(1) അവർ കുഞ്ഞാടിനോടൊപ്പം സ്വർഗ്ഗസീയോനിൽ നിൽക്കുന്നു

(2) അവരുടെ നെറ്റിയിൽ ക്രിസ്തുവിന്റെയും പിതാവിന്റെയും നാമം എഴുതിയിരിക്കുന്നു

(3) ഭൂമിയിൽ നിന്നു വിലെക്കു വാങ്ങിയവർ

(4) വീണ്ടെടുപ്പിൻ ഗാനം പഠിക്കുവാൻ കഴിഞ്ഞവർ

(5) അവർ മാലിന്യപ്പെടാത്തവർ

(6) കുഞ്ഞാടിനോടൊപ്പം അനുഗമിക്കുന്നവർ

(7) അവർ ആദ്യഫലമായി മനുഷ്യരുടെ ഇടയിൽ നിന്നു വീണ്ടെടുക്കപ്പെട്ടവർ

(8) അവരുടെ വായിൽ ഭോഷ്കില്ലാത്തവർ

(9) അവർ കളങ്കമില്ലാത്തവർ.

144,000 പേരെയും അവരുടെ വിശേഷതകളെയും പടിപടിയായി വർണ്ണിച്ചിരിക്കുന്ന ഭാഗമായതിനാൽ ഇവിടെ പുതിയ പാട്ടു പാടുന്നവരും 144,000 പേർ തന്നെയാണെന്നു കരുതാം. ആകയാൽ വീണ്ടെടുക്കപ്പെട്ടവരും, വേർപെട്ടവരും, വിശുദ്ധിയിൽ ജീവിക്കുന്നവരുമായ 144,000 പേർ വീണ്ടെടുപ്പിൻ ഗാനം പഠിക്കുന്നവർ മാത്രമല്ല പാടുന്നവരുമാണ്. പീഡനകാലത്തെ അതികഠിനമായ കഷ്ടതകളിലൂടെ കടന്നു പോകയും അതിന്റെ മദ്ധ്യേ വീണ്ടെടുപ്പിന്റെ മാധുര്യം അനുഭവിക്കുവാനിടയായവരുമാണ് അവർ. അങ്ങനെയുള്ളവർക്കാണ് പുതിയപാട്ടു പാടുവാൻ കഴിയുന്നത് (സങ്കീ.40:3/96:1/98:1/149:1). അപ്രകാരം വീണ്ടെടുപ്പിന്റെ അനുഭവമില്ലാത്തവർക്കു പുതിയപാട്ടു പഠിക്കുവാനോ പാടുവാനോ കഴിയുകയില്ല. വീണ്ടെടുക്കപ്പെട്ട യിസ്രായേലിന്റെ 144,000 വിശുദ്ധന്മാരോടൊപ്പം സ്വർഗ്ഗീയ ഗായകരും ദൈവത്തെ സ്തുതിക്കുന്നതിൽ ഒത്തു ചേരുന്നു.

**വെളി.14:4 — അവർ കന്യകമാരാകയാൽ സ്ത്രീകളോടുകൂടെ മാലിന്യപ്പെടാത്തവർ. കുഞ്ഞാടു പോകുന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു; അവരെ ദൈവത്തിന്നും കുഞ്ഞാടിന്നും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽ നിന്നു വീണ്ടെടുത്തിരിക്കുന്നു** (These are the ones who were not defiled with women, for they are virgins. These are the ones who follow the Lamb wherever He goes. These were redeemed from *among* men, *being* firstfruits to God and to the Lamb) —

സ്വർഗ്ഗസീയോനിൽ കാണപ്പെട്ട 144,000 പേരുടെ വിശേഷതകളെക്കുറിച്ചു ആദ്യത്തെ മൂന്നു വാക്യങ്ങളിൽ യോഹന്നാൻ വിവരിച്ചു. അവർ കുഞ്ഞാടിനോടൊപ്പം സ്വർഗ്ഗസീയോനിൽ നിൽക്കുന്നു. അവരുടെ നെറ്റിയിൽ ക്രിസ്തുവിന്റെയും പിതാവിന്റെയും നാമം എഴുതിയിരിക്കുന്നു. മാത്രവുമല്ല അവർ സ്വർഗ്ഗത്തിൽ പുതിയഗാനം അഥവാ വീണ്ടെടുപ്പിൻ ഗാനം പാടുന്നവരുമാണ്. തുടർന്നു നാലും അഞ്ചും വാക്യങ്ങളിലും അവരുടെ വിശേഷതകൾ വീണ്ടും വർണ്ണിക്കുന്നു.

**അവർ കന്യകമാരാകയാൽ സ്ത്രീകളോടു മാലിന്യപ്പെടാത്തവർ** (These are the ones who were not defiled with women, for they are virgins) —

പീഡനകാലത്തു ജീവനുള്ള ദൈവത്തിന്റെ മുദ്രയാൽ വേർതിരിക്കപ്പെട്ട ഇവരെക്കുറിച്ചുള്ള വിശേഷണത്തിൽ യോഹന്നാൻ പറയുന്നത് അവർ കന്യകമാരാണ്, അവർ സ്ത്രീകളോടു മലിനപ്പെടാത്തവരാണ്. സഭയെ കന്യകയെന്നു ഏകവചനത്തിൽ ചിത്രീകരിച്ചിരിക്കുമ്പോൾ 144,000 പേരെക്കുറിച്ചു പറഞ്ഞിരിക്കുന്നത് കന്യകമാർ എന്ന ബഹുവചനരൂപത്തിലാണ്. ആകയാൽ സഭയും 144,000 പേരും ഒരേ കൂട്ടരല്ല. കന്യകമാർ എന്ന നിലയിൽ 144,000 പേരും സ്ത്രീകളാണെന്നും, സ്ത്രീകളോടു മലിനപ്പെടാത്തവർ എന്ന നിലയിൽ എല്ലാവരും പുരുഷന്മാരാണെന്നും വിവാഹം കഴിക്കാത്തവരാണെന്നും ഇതിനർത്ഥമില്ല. യിസ്രായേലിനെ സീയോൻപുത്രിയായ കന്യകയെന്നും (യെശ.37:22/വിലാ.2:13) സഭയെ നിർമ്മലകന്യക എന്നും (2.കൊരി.11:2) തിരുവചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നതിൽ സ്ത്രീകളും പുരുഷന്മാരും ഉൾക്കൊള്ളുന്നു. കൂടാതെ വിവാഹം കഴിക്കുന്നത് വിലക്കുകയോ, വിവാഹജീവിതം മലിനപ്പെടുന്ന അവസ്ഥയാണെന്നോ തിരുവചനത്തിൽ സൂചനപോലുമില്ല. മറിച്ചു *"വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ"* എന്നാണ് എബ്രായലേഖനത്തിൽ പറഞ്ഞിരിക്കുന്നത് (എബ്രാ.13:4). വിവാഹമോചനത്തെക്കുറിച്ചുള്ള പരീശന്മാരുടെ ചോദ്യത്തിനു കർത്താവു മറുപടി പറഞ്ഞ അവസരത്തിലും വിവാഹത്തിന്റെ പരിപാവനതയെ വിശദീകരിച്ചു(മത്താ.19:3-12). എന്നാൽ തിരുവചനം തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് ക്രിസ്തുവിന്റെ കാന്തയാകുവാനായി വിവാഹം കഴിക്കാതെ ജീവിക്കുന്ന സഭാസമൂഹങ്ങളുണ്ട്. ആകയാൽ 144,000 പേർ "കന്യകമാർ", അവർ "സ്ത്രീകളോടു മലിനപ്പെടാത്തവർ" എന്നിങ്ങനെയുള്ള വിശേഷണങ്ങൾ ആലങ്കാരികഭാഷാ വർണ്ണനകളാണ്. അവരുടെ സ്വഭാവത്തിന്റെ പവിത്രത വെളിപ്പെടുത്തുകയാണിവിടെ. ക്രിസ്തുവിനോടുള്ള ഏകാഗ്രതയിലും നിർമ്മലതയിലും ജീവിക്കുന്നവരാണ് പുതിയനിയമത്തിൽ "കന്യക" എന്നുള്ള വിശേഷണം. ദൈവത്തെ വിട്ടു വിഗ്രഹങ്ങളെ ആരാധിക്കുന്നത് (idolatry) അസാന്മാർഗ്ഗികത്തോടും വ്യഭിചാരത്തോടും (fornication and adultery) തിരുവചനത്തിൽ ഉപമിച്ചിട്ടുണ്ട് (പുറ.34:15,16/ആവ.31:16/ ന്യായാ.2:17/ന്യായാ.8:27,33/ ഹോശേ.9:1/യാക്കോ.4:4). പീഡനകാലത്ത് അന്തിക്രിസ്തുവിന്റെ പ്രതിമക്കു മുമ്പിൽ സകലരും വണങ്ങിയപ്പോൾ 144,000 പേർ അന്തിക്രിസ്തുവിനെ ആരാധിക്കാതെയോ അനുസരിക്കാതെയോ ദൈവത്തിന്റെ വിശ്വസ്തരായി ജീവിച്ചു. അവർ അന്യദൈവങ്ങളെയോ ഭരണാധികാരികളെയോ ആരാധിക്കാത്തവരായിരുന്നു. ദൈവത്തെക്കാൾ ഉപരിയായി ഏതിനെയെങ്കിലും സ്നേഹിക്കുകയോ ആരാധിക്കുകയോ ചെയ്യുക എന്നാൽ അതു വിഗ്രഹാരാധനയും വ്യഭിചാരവുമാണ്. യിസ്രായേൽ ദൈവത്തെ വിട്ടു അന്യദേവന്മാരെ ആരാധിച്ചപ്പോൾ അവർ വ്യഭിചാരം ചെയ്യുന്നതായി പഴയനിയമത്തിൽ പ്രവാചകന്മാർ പ്രസ്താവിച്ചിട്ടുണ്ട്.

"അവർ കന്യകമാരാകയാൽ സ്ത്രീകളോടു മാലിന്യപ്പെടാത്തവർ " എന്നതിൽ നിന്നു വെളിപ്പെ

ടുന്നത് അവർ ദൈവത്തോടു ഏകാഗ്രതയുള്ളവരും, അന്തിക്രിസ്തുവിനെ ആരാധിക്കാത്തവരും, ലോകത്തിനു അനുരൂപരാകാതെ ആത്മീകനിർമ്മലതയിൽ ജീവിച്ച വിശുദ്ധഗണവും എന്നാണ്.

**കുഞ്ഞാടു പോകുന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു** (These are the ones who follow the Lamb wherever He goes)—

ദൈവത്താൽ മുദ്രിതരായ 144,000 പേരുടെ മറ്റൊരു വിശേഷതയെന്നത് അവർ കുഞ്ഞാടു പോകുന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നവരാണ്. ദൈവത്താൽ വേർതിരിക്കപ്പെട്ട അവർ ദൈവത്തിൽ സമ്പൂർണ്ണസമർപ്പണവും അനുസരണവും ഉള്ളവരെന്നു അവരുടെ അനുഗമിക്കൽ വെളിപ്പെടുത്തുന്നു. സ്വർഗ്ഗസീയോനിൽ കർത്താവിനെ അനുഗമിക്കുന്നതു സഭയല്ല. സഭ കാന്തയെന്ന നിലയിൽ കർത്താവിനോടൊപ്പം നടക്കുന്നവരും കർത്താവിനോടൊപ്പം സ്വർഗ്ഗത്തിൽ ഇരിക്കുന്നവരുമാണ്. അവർ ഭൂമിയിലായിരുന്നപ്പോൾ കർത്താവിനെ അനുഗമിച്ചതിനാലാണ് മണവാട്ടി പദം അലങ്കരിക്കപ്പെടുവാൻ ഭാഗ്യം ലഭിച്ചത്. കർത്താവു ഭൂമിയിൽ വെച്ചു തന്റെ ശിഷ്യന്മാരോടു ഇപ്രകാരം പറഞ്ഞു — **മത്താ.16:24 —** *"ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ."* തന്റെ ശിഷ്യന്മാരും തുടർന്നു കർത്താവിൽ അഭയം പ്രാപിച്ചവരും ഭൂമിയിൽ കർത്താവിനെ അനുഗമിക്കുകയും ഉത്പ്രാപണവേളയിൽ സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുകയും ചെയ്തു. എന്നാൽ ഇവിടെ കുഞ്ഞാടിനെ അനുഗമിക്കുന്നവർ സഭയുടെ ഉത്പ്രാപണത്തിനു ശേഷം മഹോപദ്രവകാലത്ത് കർത്താവിൽ ശരണപ്പെട്ടവരാണ്. കൃപാകാലത്ത് അനുഗമിക്കുവാൻ അവസരമുണ്ടായിട്ടും അന്നു അനുഗമിക്കാത്ത ഇവർ സ്വർഗ്ഗസന്തോഷം അനുഭവിക്കുന്നുവെങ്കിലും മണവാട്ടി അല്ലാത്തതിനാൽ സ്വർഗ്ഗത്തിൽ ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ്. ക്രിസ്തുവിനോടൊപ്പം ഇരിക്കുന്നവരല്ല. ഇവരെ തോഴിമാരായി കരുതാം. കാരണം മണവാളനും മണവാട്ടിയും പോകുന്നേടത്തൊക്കെ അവരെ അനുഗമിക്കുന്നത് കന്യകമാരായ തോഴിമാരാണ്.

**അവരെ ദൈവത്തിന്നും കുഞ്ഞാടിന്നും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽ നിന്നു വീണ്ടെടുത്തിരിക്കുന്നു** (These were redeemed from *among* men, *being* firstfruits to God and to the Lamb)—

സ്വർഗ്ഗസീയോനിൽ കുഞ്ഞാടിനോടൊപ്പം നിൽക്കുന്ന 144,000 പേർ വീണ്ടെടുക്കപ്പെട്ടവരാണ്. അവരുടെ വീണ്ടെടുപ്പിനെക്കുറിച്ചു യോഹന്നാൻ വിവരിക്കുന്നത് അവരെ ദൈവത്തിന്നും കുഞ്ഞാടിന്നും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽ നിന്നു വീണ്ടെടുത്തിരിക്കുന്നു.

**അവരെ ദൈവത്തിന്നും കുഞ്ഞാടിന്നും** (to God and to the Lamb)— ദൈവത്തിനും കുഞ്ഞാടിനുമായി വീണ്ടെടുത്തിരിക്കുന്നതെന്നത് അവരു മുദ്രയിലൂടെ വെളിപ്പെടുന്നു. കുഞ്ഞാടിന്റെയും പിതാവായ ദൈവത്തിന്റെയും നാമമാണ് അവരുടെ നെറ്റിയിലുള്ളത് (വെളി.14:1). മുദ്ര ഉടമസ്ഥാവകാശത്തെ കുറിക്കുന്നതാകയാൽ അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും വകയാണ്.

**ആദ്യഫലമായി** (*being* firstfruits)— ദൈവത്തിന്റെയും കുഞ്ഞാടിന്റെയും നാമത്തിലുള്ള മുദ്രയാൽ അവരെ വീണ്ടെടുത്തത് ദൈവത്തിന്നും കുഞ്ഞാടിന്നും ആദ്യഫലമായാണ്. 144,000 പേർ ആദ്യഫലമായി വിശേഷിപ്പിച്ചിരിക്കുന്നു എന്ന കാരണത്താൽ ഇവരും സഭയിൽ ഉൾപ്പെടുന്നു എന്ന അഭിപ്രായം ശരിയല്ല. 144,000 പേർ സഭ എടുക്കപ്പെട്ട ശേഷം മഹോപദ്രവകാലത്തു വീണ്ടെടുക്കപ്പെട്ടവരാണ്. സഭയെ ആദ്യജാതന്മാരുടെ സഭയെന്നും (Church of the firstborn –എബ്രാ.12:23), ഒരു വിധം ആദ്യഫലം (a kind of first fruits-- യാക്കോ.1:18) എന്നും തിരുവചനത്തിൽ വിശേഷിപ്പിച്ചിട്ടുണ്ട്. എന്നാൽ യിസ്രായേലിനെക്കുറിച്ചു പറയുമ്പോൾ ആദ്യഫലം എന്നു പറഞ്ഞിട്ടുമുണ്ട്. **യിരെ.2:3 —** യിസ്രായേൽ യഹോവെക്കു വിശുദ്ധവും അവന്റെ വിളവിന്റെ ആദ്യഫലവും ആകുന്നു. വീണ്ടെടുക്കപ്പെട്ടവരിൽ ഉൾക്കൊള്ളുന്ന സഭ, യിസ്രായേൽ, 144,000 പേർ എന്നീ കൂട്ടങ്ങളെയെല്ലാം ഓരോരോ വിധത്തിൽ ആദ്യഫലമെന്നു എടുക്കുന്നതായിരിക്കും ഉചിതം.

ആദ്യഫലത്തിന്റെ പ്രത്യേകതയെന്നത് (1) ആദ്യഫലം ദൈവത്തിനുള്ളതാണ് (Firstfruit belonged to God). അതായത് വിളവെടുക്കുമ്പോൾ ആദ്യമുണ്ടാകുന്ന ഫലം ദൈവത്തിനായി സമർപ്പിച്ചിരുന്നു (ആവ.26:1–11). (2) ആദ്യഫലം ഏറ്റവും നല്ല ഫലമായിരിക്കും (Firstfruit is the best fruit). (3) ആദ്യഫലം തുടർന്നുള്ള വിളവെടുപ്പിനെയും (Firstfruit reveals the coming harvest) കുറിക്കുന്നു. അതായത് ആദ്യഫലം ദൈവത്തിന്റേതും, ഏറ്റവും മികച്ചതും, മുൻകൂറായുള്ളതും, പിമ്പെയുള്ള വിളവിനെ പ്രതിനിധാനം ചെയ്യുന്നതുമാണ്. പഴയനിയമത്തിൽ ആദ്യഫലപെരുന്നാൾ വേളയിൽ കൊണ്ടു വരുന്ന കറ്റ പുരോഹിതൻ ദൈവസന്നിധിയിൽ നീരാജനം (wave the sheaf before the Lord) ചെയ്യുന്നു. വിളവെടുപ്പു മുഴുവനും ദൈവത്തിന്റേതാണെന്നു നീരാജനം ചെയ്ത കറ്റയാൽ അർത്ഥമാക്കുന്നു (ലേവ്യാ.23:9–14). അതുപോലെ യിസ്രായേൽ ഗോത്രങ്ങളിൽ നിന്നു മുദ്രയാൽ വേർതിരിക്കപ്പെട്ട 144,000 പേർ ആദ്യഫലം എന്ന നിലയിൽ തുടർന്നു വരുന്ന വലിയ കൊയ്ത്ത് അഥവാ വീണ്ടെടുപ്പിനെയും കുറിക്കുന്നു.

**മനുഷ്യരുടെ ഇടയിൽ നിന്നു വീണ്ടെടുത്തിരിക്കുന്നു** (These were redeemed from *among* men)— മുദ്രയാൽ വേർതിരിക്കപ്പെട്ട 144,000 പേർ മനുഷ്യരുടെ ഇടയിൽ നിന്നു വീണ്ടെടുക്കപ്പെട്ടവരാണ്. ഇംഗ്ലീഷിൽ വീണ്ടെടുത്തിരിക്കുന്നു എന്നതിനു വിലക്കു വാങ്ങിയിരിക്കുന്നു എന്നാണ്. അടിമച്ചന്ത

യിൽ നിന്നു അടിമയെ യജമാനൻ വിലകൊടുത്തു സ്വന്തമാക്കുന്നതിനെ ഇതു സൂചിപ്പിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ വിലക്കുവാങ്ങപ്പെട്ടവരാണിവർ എന്നു സാരം. വീണ്ടെടുപ്പിനെക്കുറിച്ചു ചിന്തിക്കുമ്പോൾ ലോകത്തിലുള്ള സകലവിശ്വാസികളെയും യേശുക്രിസ്തുവിന്റെ രക്തത്താൽ ദൈവത്തിനായി വിലയ്ക്കു വാങ്ങിയതാണ് (അപ്പൊ.20:28/1.കൊരി.6:19/1കൊരി.7:23). അവർ കർത്താവിന്റെ മണവാട്ടിയെന്ന പദവിയിൽ ആയിരിക്കുന്നു. എന്നാൽ മഹോപദ്രവകാലത്ത് മുദ്രയാൽ വേർതിരിക്കപ്പെടുന്ന 144,000 പേർ ആദ്യഫലമെന്നോണം ദൈവത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്.

**വെളി.14:5 — ഭോഷ്കു അവരുടെ വായിൽ ഉണ്ടായിരുന്നില്ല; അവർ കളങ്കമില്ലാത്തവർ തന്നേ** (And in their mouth was found no deceit, for they are without fault before the throne of God) —

സീയോൻ മലയിൽ കുഞ്ഞാടിനോടൊപ്പം നിൽക്കുന്ന 144,000 പേരുടെ രണ്ടു വിശേഷതകൾ കൂടി ഈ വാക്യത്തിൽ കാണുന്നു. (1) അവരുടെ വായിൽ ഭോഷ്കില്ലാത്തവർ (2) അവർ കളങ്കമില്ലാത്തവർ.

**ഭോഷ്കു അവരുടെ വായിൽ ഉണ്ടായിരുന്നില്ല** (And in their mouth was found no deceit/ lies) **—**

സകല മനുഷ്യരുടെയും വായ് ഭോഷ്കിനാൽ നിറഞ്ഞിരിക്കുന്നു. പിശാചിന്റെ സന്തതികളെന്ന നിലയിൽ പിശാചിൽ നിന്നു ലഭിച്ചതാണ് ഭോഷ്ക്. കർത്താവു ഭോഷ്കിന്റെ ഉറവിടത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. യോഹ.8:44 — "*നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു. അവൻ ആദി മുതൽ കുലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നിൽക്കുന്നതുമില്ല. അവൻ ഭോഷ്കു പറയുമ്പോൾ സ്വന്തത്തിൽ നിന്നു എടുത്തു പറയുന്നു; അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു.*" ഭോഷ്കു അതവാ കള്ളത്തിന്റെ വിപരീതമാണ് സത്യം എന്നത്. കർത്താവ് സത്യം ആകുന്നു (യോഹ.14:6), സത്യത്തിനു സാക്ഷി നിൽക്കേണ്ടതിനാണ് ജനിച്ചത് (യോഹ.18:37). ആകയാൽ കർത്താവിൽ വിശ്വസിച്ചു വീണ്ടെടുക്കപ്പെട്ടവരെന്ന നിലയിൽ 144,000 വിശുദ്ധന്മാരുടെ വായിൽ ഭോഷ്കില്ലാത്തവരായിരുന്നു. അവർ സത്യം സംസാരിക്കുന്നവരാണ്. അവർ സെഫന്യാപ്രവാചകൻ പറഞ്ഞിരിക്കുന്നതുപോലെ നീതികേടും ഭോഷ്ക്കും ചതിവും അവരിൽ നിന്നു മാറ്റപ്പെട്ടവരാണ്. **സെഫ.3:13 —** "*യിസ്രായേലിൽ ശേഷിപ്പുള്ളവർ നീതികേടു പ്രവർത്തിക്കയില്ല; ഭോഷ്കു പറകയുമില്ല; ചതിവുള്ള നാവു അവരുടെ വായിൽ ഉണ്ടാകയില്ല.*" സത്യത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യൻ ഭോഷ്കു ഉപേക്ഷിക്കുവാൻ പൗലൊസ് പ്രബോധിപ്പിക്കുന്നു. **എഫെ.4:22-24 —** "*മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ.*"

**അവർ കളങ്കമില്ലാത്തവർ തന്നേ** (for they are without fault – blameless – before the throne of God) —

കുഞ്ഞാടിനോടൊപ്പം സ്വർഗ്ഗസീയോനിൽ നിൽക്കുന്ന 144,000 പേരുടെ വായിൽ ഭോഷ്കോ വഞ്ചനയോ ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല അവർ ദൈവസന്നിധിയിൽ കളങ്കമില്ലാത്തവരുമാണ്. അതായത് അവർ ഊനമില്ലാത്തവരും വിശുദ്ധജീവിതത്തിന്റെ ഉടമകളുമാണ്. യാഗമൃഗം ഊനമില്ലാത്തും കുറ്റമറ്റതുമായിരിക്കണമെന്ന നിർദ്ദേശത്തിനു കൊടുത്തിരിക്കുന്ന അതേ വാക്കാണ് കളങ്കമില്ലാത്തവർ എന്നു ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടതിനാൽ അവർ കുറ്റമില്ലാത്തവരും നിഷ്കളങ്കരുമായിത്തീർന്നു. ക്രിസ്തുവിന്റെ മരണത്താലാണ് ഇതു സാദ്ധ്യമായതെന്നു കൊലൊസ്യലേഖനത്തിൽ പറഞ്ഞിരിക്കുന്നു **കൊലൊ.1:21,22—** "*മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ടു അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന്നു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു.*" പുതിയനിയമത്തിൽ കളങ്കമില്ലാത്തവർ എന്ന വിശേഷണം ക്രിസ്തുവിൽ വിശ്വസ്തരായ ആത്മീക നിർമ്മലതപാലിക്കുന്നരെ കുറിച്ചാണ് (എഫെ.1:4/എഫെ.5:27/കൊലൊ.1:22/ഫിലി.2:14). സീയോൻ മലയിൽ നിൽക്കുന്ന 144,000 പേർ കളങ്കമില്ലാത്തവർ എന്ന വിശേഷണത്തിലൂടെ വെളിപ്പെടുന്നത് അവർ ദൈവസന്നിധിയിൽ കുറ്റമില്ലാത്തവരും, വിശേഷാൽ വെളിപ്പാട് 17 -ലെ മഹാവേശ്യയുടെ അധഃപതിച്ച മതതത്വങ്ങളാലും അന്നത്തെ ദേശവ്യാപകമായ വിഗ്രഹാരാധനയാലും കളങ്കപ്പെടാത്തവരെന്നാണ്.

**വെളി.14:6 — വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകലജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോടു അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു** (Then I saw another angel flying in the midst of heaven, having the everlasting gospel to preach to those who dwell on the earth -- to every nation, tribe, tongue, and people) —

വെളിപ്പാടു 13-ാം അദ്ധ്യായത്തിൽ രണ്ടു മൃഗങ്ങളെയും, 14-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ സ്വർഗ്ഗസീയോനിൽ കുഞ്ഞാടിനോടൊപ്പം 144,000 പേരെയും യോഹന്നാൻ കണ്ടതായി വിവരിച്ചു. തുടർന്നു (വെളി.14:6-20) യോഹന്നാൻ മഹാപീഡനകാലത്തു ഭൂമിയിൽ അരങ്ങേറുന്ന സംഭവങ്ങൾ ദർശിക്കുന്നു. ഈ അദ്ധ്യായത്തിൽ ആറു ദൂതന്മാരെ കാണുന്നുണ്ട് (വെളി.14:6,8,9,15,17,18). അതിൽ മൂന്നു ദൂതന്മാർ ദൈവത്തിന്റെ ന്യായവിധി പ്രഖ്യാപിക്കുന്നു. നിത്യസുവിശേഷവുമായി വരുന്ന ഒന്നാമത്തെ ദൂതൻ, ഭൂവാസികളുടെമേൽ ദൈവത്തിന്റെ അന്ത്യന്യായവിധി വരുന്നുവെന്നും, അതിനു മുമ്പായി അവസാന അവസരം എന്നവണ്ണം അവർ സൃഷ്ടാവായ ദൈവത്തെ നമസ്കരിക്കുവാൻ ആജ്ഞാപിക്കുന്നു. തുടർന്നു രണ്ടാമത്തെ ദൂതൻ പ്രത്യക്ഷനാകുന്നത് സകലജാതികളെയും വഴിതെറ്റിച്ച മഹതിയാം ബാബിലോൺ വീണുപോയി എന്ന പ്രഖ്യാപനവുമായാണ്. മൂന്നാമത്തെ ദൂതന്റെ പ്രഖ്യാപനം, മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ചു മൃഗത്തിന്റെ മുദ്രയേൽക്കുന്ന സകലഭൂവാസികളും അഗ്നിഗന്ധകങ്ങളിൽ നിത്യദണ്ഡനം അനുഭവിക്കേണ്ടി വരുമെന്നാണ്.

**വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു** (Then I saw another angel flying in the midst of heaven) —

**വേറൊരു ദൂതൻ —** യോഹന്നാൻ മറ്റൊരു ദൂതനെ കാണുന്നു. ഇതുവരെയും പറഞ്ഞിട്ടുള്ളതിൽ ഉൾപ്പെടാത്ത മറ്റൊരു ദൂതനായതുകൊണ്ടാണ് വേറൊരു ദൂതൻ എന്നു പറയുന്നത്. വെളിപ്പാടു പുസ്തകത്തിൽ 12 വരെയുള്ള അദ്ധ്യായങ്ങളിൽ വിവിധ ദർശനങ്ങളോടനുബന്ധിച്ച് അനേക ദൂതന്മാരെ കാണുകയുണ്ടായി. സ്വർഗ്ഗത്തിൽ ദൈവദൂതസംഘത്തിന്റെ എണ്ണത്തെക്കുറിച്ചു യോഹന്നാൻ വർണ്ണിച്ചത് "അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു" (വെളി.5:11) എന്നാണ്. എന്നാൽ ഇവിടെ വേറൊരു ദൂതൻ എന്നുള്ള യോഹന്നാന്റെ വിശേഷണം ഏഴു മുദ്രകളും ഏഴുകാഹളങ്ങളിലും ഉൾപ്പെടാത്ത മറ്റൊരു ദൂതൻ എന്നും കരുതാം. അതായത് ഏഴാമത്തെ കാഹളധ്വനിക്കുശേഷം (വെളി.11:15) ദൈവത്തിന്റെ ന്യായവിധി സന്ദേശവുമായി വരുന്ന മറ്റൊരു ദൂതൻ.

**ആകാശമദ്ധ്യേ —** വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്ന കാഴ്ചയാണ് യോഹന്നാൻ കണ്ടത്. ആകാശമദ്ധ്യേ എന്നത് സൂര്യൻ മദ്ധ്യാഹ്നസമയത്ത് ആകാശത്തിൽ വരുന്ന സ്ഥാനമാണ്. ഒരു മറവും കൂടാതെ ഭൂമിയിൽ സകലർക്കും ദൂതനെ കാണുവാൻ സാധിക്കും. കൂടാതെ ആകാശമദ്ധ്യേ ഉയരുന്ന ഉറക്കെയുള്ള ശബ്ദം സകലർക്കും കേൾക്കുവാനും കഴിയും.

**പറക്കുന്നതു ഞാൻ കണ്ടു —** എന്ന വിശേഷണം ദൂതൻ ഒരിടത്തു മാത്രമല്ല, ഭൂമി മുഴുവനും ആകാശത്തിലൂടെ സഞ്ചരിച്ചു തന്റെ ദൗത്യം നിറവേറ്റുന്നതിനെ കുറിക്കുന്നു. സാത്താനും അന്തിക്രിസ്തുവും കൂട്ടാളികളും വിശ്വാസികൾക്കെതിരായി പീഡനങ്ങൾ അഴിച്ചുവിടുമ്പോൾ ദൈവീകസന്ദേശം ഭൂതലത്തിൽ അറിയിക്കാൻ ഏറ്റവും പ്രയാസമായിരിക്കും. തദവസരത്തിൽ ഭൂമിക്കുമുകളിൽ ആകാശമദ്ധ്യേയുള്ള ദൂതന്റെ പ്രവർത്തനത്തെ സാത്താനും കൂട്ടർക്കും തടയാനും സാധിക്കുകയില്ല. വളരെ വേഗത്തിലും ഭൂമി മുഴുവനും ദൈവീകസന്ദേശം പറന്നുകൊണ്ടു നിവർത്തിക്കുവാനും കഴിയും.

**ഭൂവാസികളായ സകലജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോടു അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു** (having the everlasting gospel to preach to those who dwell on the earth -- to every nation, tribe, tongue, and people) —

മഹാപീഡനകാലത്ത് ദൂതൻ മുഖാന്തരം ആകാശമദ്ധ്യേ പറന്നുകൊണ്ട് അറിയിക്കുന്ന ദൂതിന് ചില പ്രത്യേകകൾ ഈ വാക്യത്തിൽ കാണുന്നു —

(1) ദൂത് സാർവ്വലൗകീകമായതാണ് (2) ദൂത് സുവിശേഷമാണ് (3) ദൂത് നിത്യസുവിശേഷമാണ്.

**(1) ദൂത് സാർവ്വലൗകികമായത് (Message is universal)—**

യെരൂശലേമിലോ, റോമിലോ മാത്രമല്ല ഭൂവാസികളായ സകലജാതിയും, ഗോത്രവും, ഭാഷയും, വംശവും അറിയുവാനുള്ള ദൂതാണിത്. ദൈവീകന്യായവിധികളടങ്ങിയ മുന്നറിയിപ്പുകൾ ഉൾക്കൊള്ളുന്നുവെങ്കിലും ദേശവ്യാപകമായി ദൈവസന്നിധിയിലേയ്ക്കു വരുവാനുള്ള രക്ഷണ്യസന്ദേശവും കൂടിയാണിത്. സകലജാതികളിലും, ഗോത്രങ്ങളിലും, ഭാഷകളിലും വംശങ്ങളിലും ദൂതറിയിക്കുവാനായി ലോകത്ത് ഒരു ഭാഷ നിലവിലുണ്ടായിരിക്കേണ്ടേ എന്ന സംശയത്തിനു ഇവിടെ പ്രസക്തി ഇല്ല. കാരണം ദൈവം ദൂതനെ സുവിശേഷവുമായി ചുമതലപ്പെടുത്തിയിരിക്കുന്നതു തന്നെ ഇതിനു പരിഹാരമായാണെന്നു കരുതാം. നൊടിനേരത്തിനുള്ളിൽ ദൂതന് സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലെത്തി ദൈവകല്പന നിറവേറ്റുവാൻ സാധിക്കുന്നുവെങ്കിൽ, അത്യന്തം കഴിവും ശക്തിയും ബുദ്ധിയും നിറഞ്ഞ ഈ ദൈവദൂതനു ലോകത്തിലെ ഭാഷയുടെ കാര്യത്തിലും അജ്ഞനായിരിക്കയില്ല. സകലജാതികളും, വംശങ്ങളും, ഗോത്രങ്ങളും അവരുടെ ഭാഷകൾ ഏതു തന്നെയായലും അവരുടേതായ ഭാഷയിൽ പ്രായവ്യത്യാസമില്ലാതെ സകലർക്കും മനസ്സിലാക്കുവാനും ഗ്രഹിക്കുവാനും കഴിയുന്ന വിധത്തിലായിരിക്കും ദൂതന്റെ സന്ദേശം.

അന്തിക്രിസ്തുവിനെയും പ്രതിമയെയും നമസ്കരിക്കാതെ ജീവനുള്ള ദൈവത്തിങ്കലേയ്ക്കു തിരിയുവാനുള്ള ലോകത്തോടുള്ള അന്ത്യസന്ദേമാണിത്. ആകാശമദ്ധ്യേ പറന്നുകൊണ്ടു ദൂതൻ അറിയി

ക്കുന്ന സുവിശേഷം രാജ്യാതിർത്തികളുടെ പരിമിതിയില്ലാതെ ഇതുവരെയും ഭൂമിയിൽ കേട്ടിട്ടില്ലാത്ത സകലയിടങ്ങളിലും സകലരിലും ചെന്നെത്തും. സാർവ്വലൗകികമായി പീഡനകാലത്ത് ഘോഷിക്കുന്ന സുവിശേഷത്തിനു ശേഷം ഭൂമിയിൽ ദൈവകൃപയുടെ സുവിശേഷം ഒരിക്കലും മനുഷ്യരാലോ ദൂതന്മാരാലോ ഘോഷിക്കപ്പെടുകയില്ല. ഇവിടെ പറഞ്ഞിരിക്കുന്ന സുവിശേഷഘോഷണത്തോടെ ഭൂവാസികളുടെ മേൽ പതിക്കുന്ന ദൈവക്രോധത്തിന്റെ നാളുകൾ എണ്ണപ്പെടുകയായി. ലോകാന്ത്യത്തെപ്പറ്റി കർത്താവിന്റെ പ്രവചനവാക്കുകൾ ഇതിനോടു ചേരുന്നു. **മത്താ.24:14 —** *"രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും."*

**(2) ദൂത് സുവിശേഷമാണ് (Message is Gospel) —**

സ്വർഗ്ഗത്തിലെ ദൂതൻ ഭൂമിയിൽ അറിയിക്കുന്ന ദൂത് സുവിശേഷമാണ്. സുവിശേഷം എന്നാൽ നല്ല വാർത്ത, നല്ല വർത്തമാനം, നല്ല വിശേഷം, സുവാർത്ത, സദ്വർത്തമാനം എന്നൊക്കെയാണർത്ഥം. സുവിശേഷമെന്നത് ദൈവപുത്രനായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവാർത്തയാണ്. മനുഷ്യന്റെ ആത്മീയ, നിത്യതയുടെ വിശേഷങ്ങൾ സുവിശേഷത്തിൽ അടങ്ങിയിരിക്കുന്നു. മഹാപീഡനകാലത്ത് ദൂതൻ മുഖാന്തരം അറിയിക്കപ്പെടുന്ന ദൂതു ന്യായവിധിയെ വെളിപ്പെടുത്തുന്നുവെങ്കിലും ദൈവത്തിൽ ആശ്രയിക്കുന്നവർക്കു രക്ഷാകാരണമായിത്തീരുന്ന സുവിശേഷമാണ്.

**(3) ദൂത് നിത്യസുവിശേഷമാണ് (Message is everlasting or eternal Gospel)—**

ആകാശമദ്ധ്യേ പറക്കുന്ന ദൂതൻ അറിയിക്കുന്ന സുവിശേഷം നിത്യസുവിശേഷമാണ്. സകലകാലത്തേക്കുള്ളതും, എന്നേക്കും നിലനില്ക്കുന്നതും, നിത്യജീവൻ നൽകുന്നതുമായ സുവിശേഷമായതുകൊണ്ടുമാണ് നിത്യസുവിശേഷമെന്നു (for all ages, everlasting, eternal and also the source of eternal life) പറയുന്നത്. കാലാകാലങ്ങളായി പ്രസംഗിക്കപ്പെടുന്നതുകൊണ്ടും ഇതിനെ നിത്യസുവിശേഷമെന്നു വിളിക്കാം. രക്ഷയുടെ ദൂതും ദൈവകൃപയുമാണ് എല്ലാ സുവിശേഷത്തിന്റെയും അടിസ്ഥാനം. പാപമോചനത്തിന്റെയും നിത്യജീവന്റെയും സന്ദേശം നിത്യസുവിശേഷത്തിലും അടങ്ങിയിട്ടുണ്ട്. അന്ത്യകാലത്തു വിളിച്ചറിയിക്കുന്നനിത്യസുവിശേഷത്തിന്റെ ശരിയായ ഉള്ളടക്കം അടുത്ത വാക്യത്തിൽ (വെളി.14:7) യോഹന്നാൻ വിശദീകരിച്ചിട്ടുണ്ട് — (1) ദൈവത്തെ ഭയപ്പെടുക — (Fear God) (2) ദൈവത്തിനു മഹത്വം കൊടുക്കുക (Give Glory to God) (3) സൃഷ്ടാവ് എന്ന നിലയിൽ ദൈവത്തെ നമസ്കരിക്കുക (Worship God as Creator). കൃപാകാലത്ത് മണവാട്ടി സഭയിലേക്കു ചേർക്കപ്പെടുവാൻ ഭൂമിയിൽ ഘോഷിക്കുന്ന സുവിശേഷമല്ലിത്. യഥാർത്ഥത്തിൽ നിത്യസുവിശേഷം സഭ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടശേഷമുള്ള കാലയളവിൽ ഭൂമിയിൽ മഹാപീഡനകാലത്ത് ഘോഷിക്കപ്പെടുന്ന സുവിശേഷമാണ്. നിത്യന്യായവിധിക്കു മുമ്പായി അത്യുച്ചത്തിൽ ആകാശമദ്ധ്യേ ലോകമെമ്പാടും അറിയിക്കുന്ന അവസാനത്തെ സുവിശേഷമാണിത്.

പ്രസംഗിക്കപ്പെടുന്ന സുവിശേഷത്തെ തിരുവചനാടിസ്ഥാനത്തിൽ പ്രധാനമായി നാലായി തിരിക്കാം —

**(1) രാജ്യത്തിന്റെ സുവിശേഷം** (Gospel of Kingdom – മത്താ.3:1-3/4:23/ലൂക്കൊ.10:9-11)**—**

കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ രാജ്യം സ്ഥാപിച്ചു രാജാവായി വാഴുമെന്നതാണ് രാജ്യത്തിന്റെ സുവിശേഷത്തിന്റെ ആശയം. ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിലൂടെയുള്ള വാഴ്ച ദാവീദിനോടുള്ള വാഗ്ദത്തമായിരുന്നു **2.ശമൂ.7:16 —** *"നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും; നിന്റെ സിംഹാസനവും എന്നേക്കും ഉറെച്ചിരിക്കും."* യെശയ്യാപ്രവാചകനും കർത്താവിന്റെ രാജ്യത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. **യെശ.9:7 —** *"ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നിലനിർത്തും."* കർത്താവിന്റെ ഭൂമിയിലെ ജനനത്തെ മറിയയോടറിയിച്ച ഗബ്രീയേൽ ദൂതന്റെ വാക്കുകളിലും യേശുക്രിസ്തുവിന്റെ നിത്യരാജത്വത്തെക്കുറിച്ചു പറയുന്നു. **ലൂക്കൊ.1:32,33 —** *"അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിന്നു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു." "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെടുവിൻ "* എന്ന ദൈവരാജ്യസുവിശേഷം കർത്താവിനു വഴിയൊരുക്കുവാൻ വന്ന യോഹന്നാൻ സ്നാപകൻ ലോകത്തോട് വിളിച്ചറിയിച്ചു (മത്താ.3:1). കർത്താവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ രാജ്യത്തിന്റെ സുവിശേഷം കർത്താവ് അറിയിച്ചു (മർക്കൊ.1:14,15). ദൈവരാജ്യത്തിന്റെ സുവിശേഷം രാജ്യസ്ഥാപനവും നിത്യരാജത്വവുമായിരിക്കുമ്പോൾത്തന്നെ യേശുക്രിസ്തുവിലൂടെയുള്ള പാപമോചനത്തെയും വീണ്ടെടുപ്പിനെയും പ്രസ്താവിക്കുന്നു. യേശുക്രിസ്തുവിനോടൊപ്പം രാജ്യഭരണത്തിൽ പങ്കുചേരുന്നതിനെയും കുറിക്കുന്നു. സഭ എടുക്കപ്പെട്ടശേഷം മഹാ

പീഡനകാലമായ അന്തിക്രിസ്തുവിന്റെ വാഴ്ചയിൽ ദൈവരാജ്യത്തിന്റെ സുവിശേഷം വീണ്ടും ഭൂമിയിൽ പ്രസംഗിക്കപ്പെടും (മത്താ.24:14).

**(2) കൃപയുടെ സുവിശേഷം** (Gospel of Grace – അപ്പൊ.20:24)—

രാജ്യത്തിന്റെ സുവിശേഷം ദൈവരാജ്യസ്ഥാപനത്തെക്കുറിച്ചായിരിക്കുമ്പോൾ കൃപയുടെ സുവിശേഷം ദൈവകൃപയെ കുറിച്ചുള്ളതാകുന്നു. എന്താണ് ദൈവകൃപ? മനുഷ്യനു ദൈവസന്നിധിയിൽ ചെല്ലുവാനോ ഏതെങ്കിലും അനുഗ്രഹം പ്രാപിക്കുവാനോ അർഹതയില്ലാതെ മരണത്തിനും നരകയാതനക്കും വിധിക്കപ്പെട്ട സമയത്ത് നിത്യമരണത്തിൽ നിന്നു രക്ഷിച്ചു ദൈവമക്കളാക്കുവാൻ ദൈവം ഒരുക്കിയ വഴിയാണ് കൃപയുടെ സുവിശേഷം. കൃപാസുവിശേഷം ദൈവത്തിന്റെ ദാനവും യേശുക്രിസ്തുവിലെ വിശ്വാസത്താലുള്ള രക്ഷയുമാണ്. **എഫെ.2:8 –** *"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു."* യേശുക്രിസ്തു മാനവരാശിയുടെ വീണ്ടെടുപ്പിനും രക്ഷെക്കുമായി കാൽവറിയിൽ അകൃത്യയാഗമായി മരിച്ചു, അടക്കപ്പെട്ടു, മൂന്നാം നാളിൽ മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റു എന്നതാണ് കൃപയുടെ സുവിശേഷത്തിന്റെ അടിസ്ഥാനം. കർത്താവിന്റെ ഒന്നാം വരവു മുതൽ സഭയെ ചേർക്കുവാൻ മദ്ധ്യാകാശത്തിൽ വരുന്നതു വരെയുള്ള കാലഘട്ടത്തെ കൃപാകാലം എന്നറിയപ്പെടുന്നു. കൃപാകാലത്തു രക്ഷിക്കപ്പെടുവാൻ നൽകുന്ന സന്ദേശം ആയതിനാലും കൃപയുടെ സുവിശേഷം എന്നു അറിയപ്പെടുന്നു.

**(3) നിത്യസുവിശേഷം** (Eternal Gospel– വെളി.14:6,7)—

എന്നേക്കും നിലനില്ക്കുന്നതും, നിത്യജീവൻ നൽകുന്നതുമായ സുവിശേഷമായതുകൊണ്ടുമാണ് നിത്യസുവിശേഷമെന്നു (for all ages, everlasting, eternal and also the source of eternal life) പറയുന്നത്. യുഗായുഗങ്ങളായി പ്രസംഗിക്കപ്പെടുന്നതുകൊണ്ടും ഇതിനെ നിത്യസുവിശേഷമെന്നു വിളിക്കാം. ദൈവകൃപയും, യേശുക്രിസ്തുവിലൂടെയുള്ള രക്ഷയുമാണ് എല്ലാ സുവിശേഷത്തിന്റെയും അടിസ്ഥാനം. ന്യായവിധിയാണ് വിളിച്ചു പറയുന്നതെങ്കിലുംപാപമോചനത്തിന്റെയും നിത്യജീവന്റെയും സന്ദേശം നിത്യസുവിശേഷത്തിൽ അടങ്ങിയിട്ടുണ്ട്. നിത്യസുവിശേഷത്തിന്റെ ഉള്ളടക്കം മൂന്നായി തിരിക്കാം (വെളി.14:7) – (1) ദൈവത്തെ ഭയപ്പെടുക – (Fear God) (2) ദൈവത്തിനു മഹത്വം കൊടുക്കുക (Give Glory to God) (3) സൃഷ്ടാവ് എന്ന നിലയിൽ ദൈവത്തെ നമസ്കരിക്കുക (Worship God as Creator).

**(4) വേറൊരു സുവിശേഷം** (A different Gospel – 2.കൊരി.11:4,5/ഗലാ.1:6–12)—

ഇതിനും സുവിശേഷമെന്നു പേരുണ്ടെങ്കിലും നിർമ്മലസുവിശേഷത്തിനെതിരായുള്ളതാണ്. ദുരുപദേശക്കാർക്കും പാപികൾക്കും ചതിക്കുഴിയുടെ അഗാധത്തിലേക്കു വീഴുവാൻ അവരെ സംബന്ധിച്ചുള്ള സുവാർത്തയാണിത്. വേറൊരു സുവിശേഷം എന്നു അപ്പൊസ്തലനായ പൗലൊസ് വിശേഷിപ്പിക്കുന്നത് സത്യസുവിശേഷത്തിനെതിരായുള്ള ദുരുപദേശത്തെയാണ്. അതായത് രക്ഷിക്കപ്പെടുവാൻ വിശ്വാസം മാത്രം പോരാ എന്നും അതിനായി ചില കർമ്മങ്ങൾ കൂടി പാലിക്കേണ്ടതുണ്ടെന്നും ഉപദേശിക്കുന്ന ദുരുപദേശത്തെയാണ് വേറൊരു സുവിശേഷം എന്നു പറയുന്നത്. വേറൊരു സുവിശേഷം അഥവാ ദുരുപദേശം പ്രസ്താവിക്കുന്നവർ ശപിക്കപ്പെട്ടവനെന്നു അപ്പൊസ്തലൻ പറയുന്നു.

പ്രസംഗിക്കപ്പെടുന്ന പ്രധാന നാലു സുവിശേഷങ്ങൾക്കു പുറമേ സുവിശേഷത്തിന്റെ സ്വഭാവത്തെയും, സുവിശേഷം അനുസരിക്കുന്നവർക്കു ലഭിക്കുന്ന ആത്മഫലത്തെയും അടിസ്ഥാനപ്പെടുത്തി തിരുവചനത്തിൽ വിവിധ സുവിശേഷങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട് —

(1) സത്യത്തിന്റെ സുവിശേഷം
(ഗലാ.2:5/കൊലൊ.1.:3 – Gospel of Truth)

(2) പ്രത്യാശയുടെ സുവിശേഷം
(കൊലൊ.1:23 – Gospel of Hope)

(3) സമാധാനത്തിന്റെ സുവിശേഷം
(എഫെ.6:15/ഫിലി.4:6,7 – Gospel of Peace)

(4) വാഗ്ദത്തത്തിന്റെ സുവിശേഷം
(എഫെ.3:6 – Gospel of Promise)

(5) അമർത്യതയുടെ സുവിശേഷം
(2.തിമൊ.1:10 – Gospel of Immortality)

(6) രക്ഷയുടെ സുവിശേഷം
(എഫെ.1:13 – Gospel of Salvation)

(7) തേജസ്സിന്റെ സുവിശേഷം
(2.കൊരി.4:4 – Gospel of Light)

(8) ദൈവകൃപയുടെ സുവിശേഷം
(അപ്പൊ.20:24 – Gospel of Grace)

(9) ദൈവത്തിന്റെ സുവിശേഷം

(മർക്കൊ.1:14/റോമ.15:15 — Gospel of God)

(10) ദൈവത്തിന്റെ മഹത്വമുള്ള സുവിശേഷം

(1.തിമൊ.1:11 — Glorious Gospel of God )

(11) യേശുക്രിസ്തുവിന്റെ സുവിശേഷം

(മർക്കൊ.1:1/ 2.തിമൊ.2:8/2.തെസ്സ.1:7 — Gospel of Jesus Christ)

(12) സകലമനുഷ്യർക്കുമുള്ള സുവിശേഷം

(റോമ.16:24-26 — Gospel for All Men)

(13) എന്റെ സുവിശേഷം

(റോമ.2:16 — Gospel of Mine)

ഭൂമിക്കുമുകളിൽ ആകാശമദ്ധ്യേ ദൂതൻ പറക്കുന്നത് ഭൂവാസികളായ സകലരോടും നിത്യസുവിശേഷം അറിയിക്കുവാനാണ്. സഭാകാലമായ കൃപാകാലത്തിനു ശേഷവും ഭൂമിയിൽ വസിക്കുന്നവരോടുള്ള ദൈവത്തിന്റെ ദീർഘക്ഷമയും മഹാകരുണയുമാണ് നിത്യസുവിശേഷവുമായി വരുന്ന ദൂതന്റെ ദൗത്യം പ്രകടിപ്പിക്കുന്നത്. ഏഴു മുദ്രകളും ഏഴു കാഹളങ്ങളും ഉൾക്കൊള്ളുന്ന ദൈവീകന്യായവിധി ഭൂമിയിൽ അരങ്ങേറി. എന്നാൽ തുടർന്നുള്ള അതികഠിനമായ ഏഴുക്രോധകലശങ്ങളാലുള്ള ദൈവീകന്യായവിധി ഭൂമിയിൽ അരങ്ങേറുന്നതിനുമുമ്പു ഭൂവാസികൾക്കു രക്ഷപ്രാപിക്കുവാൻ ഒരവസരവും കൂടി കൊടുക്കുന്നതാണ് ദൂതന്റെ നിത്യസുവിശേഷവുമായുള്ള വരവ്. കരുണാസമ്പന്നനായ ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ നശിപ്പിക്കുന്നതിനു മുമ്പു അഥവാ ന്യായവിധി അയയ്ക്കുന്നതിനു മുമ്പു അവർ മത്സരിക്കുന്നവരാണെങ്കിൽ കൂടി മുന്നറിയിപ്പും രക്ഷാമാർഗ്ഗവും അറിയിക്കുന്നതായി തിരുവചനത്തിലുടനീളം കാണുന്നു. ഉദാഹരണമായി, വഷളത്വം നിറഞ്ഞ ഭൂമിയെ നശിപ്പിക്കുന്നതിനു മുമ്പായി നോഹയിലൂടെ ദൈവനീതി അറിയിക്കപ്പെട്ടു (ഉല്പ.6). സോദോം ഗൊമോരാ പട്ടണങ്ങളുടെ നിലവിളി ദൈവസന്നിധിയിൽ ചെന്നപ്പോൾ ദേശത്തിന്മേൽ ന്യായവിധി അയക്കുന്ന കാര്യം അബ്രഹാമിനോടു മറച്ചുവെച്ചില്ലെന്നു മാത്രമല്ല ലോത്തിനു മുന്നറിയിപ്പും നൽകി (ഉല്പ.18/19:1-5). ദൈവജനമായ യിസ്രായേലിനെ വിട്ടയപ്പാൻ കൂട്ടാക്കാഞ്ഞ ഫറവോന്റെമേൽ ദൈവീകന്യായവിധി ചൊരിയുന്നതിനു മുമ്പായി ദൈവം എത്രയെത്ര അവസരങ്ങളാണ് കൊടുത്തത് (പുറ.7-14). നീനെവേ പട്ടണം നശിപ്പിക്കുന്നതിനു മുമ്പായി രക്ഷാസന്ദേശവുമായി യോനാപ്രവാചകനെ നീനവേയിലേക്കയച്ചു (യോനാ.4:11). ആയതുപോലെ മഹാപീഡനകാലത്ത് നിത്യസുവിശേഷവുമായി ദൂതനെ സ്വർഗ്ഗത്തിൽ നിന്നയക്കുന്നു.

സുവിശേഷഘോഷണം അഥവാ ദൈവീകന്യായവിധിയിൽ നിന്നുള്ള രക്ഷസന്ദേശം അറിയിക്കുവാനുള്ള ചുമതല ദൈവദൂതന്മാരെയല്ല മറിച്ചു വീണ്ടെടുക്കപ്പെട്ട മനുഷ്യരെയാണ് ഏല്പിച്ചിരിക്കുന്നതെന്നു തിരുവചനം വ്യക്തമായി ഘോഷിക്കുന്നു. അങ്ങനെയെങ്കിൽ നിത്യസുവിശേഷവുമായി ഒരു ദൈവദൂതനെ അയയ്ക്കപ്പെടുന്നത് നമുക്കു വിസ്മയം ഉളവാക്കുന്നതാണ്. ദൂതന്മാർ ദൈവീകസന്ദേശവാഹകരും ദൈവീകന്ദേശമറിയിക്കുന്ന ദൈവമക്കളുടെ സേവകാത്മാക്കളുമാണ്. എന്നാൽ ദൈവമക്കൾക്കു ലഭിച്ചിരിക്കുന്ന പദവി കൃപാകാലത്തേക്കുള്ളതായിരിക്കാം എന്നു ചിന്തിക്കുന്നതാണ് ഉചിതം. മഹാപീഡനകാലത്ത് അന്തിക്രിസ്തുവും കൂട്ടരും ഭൂമി അടക്കി ഭരിക്കുമ്പോൾ, അവനെ എതിർക്കുന്നവരെ കരുണകൂടാതെ വധിക്കുമ്പോൾ, ദൈവീകസന്ദേശം അറിയിക്കുവാൻ ദൈവം ഒരുക്കിയ വഴിയായിരിക്കാമിത്. കൃപാകാലത്ത് സുവിശേഷഘോഷണം ദൂതന്മാർക്കു കൊടുത്തിരുന്നുവെങ്കിൽ അവർ നിമിഷനേരത്തിനകം പൂർത്തിയാക്കുമായിരുന്നു. എന്നാൽ മനുഷ്യരുടെ കരങ്ങളിലാണ് കൃപയുടെ സുവിശേഷം ഏൽപ്പിച്ചിരിക്കുന്നത്. ജാതികളെ ദൈവസഭയിലേക്കു പ്രവേശിപ്പിക്കുന്നതിന്റെ നാന്ദിയായി കൊർന്നേല്യൊസിന്റെ പ്രാർത്ഥനക്കുത്തരമായി സുവിശേഷം കേൾക്കുവാനായി പത്രൊസിനെ വിളിക്കുക എന്നറിയിക്കുന്ന ദൗത്യമായിരുന്നു സ്വർഗ്ഗീയദൂതനു ദൈവം നൽകിയിരുന്നത് (അപ്പൊ.10:31,32). തന്റെ മണവാട്ടിപദമലങ്കരിക്കുന്നവർ തന്നെ ഭൂമിയിൽ കൃപാകാലത്ത് സുവിശേഷം പങ്കുവെക്കണമെന്നതാണ് കർത്താവിന്റെ ഇഷ്ടം. കാരണം സ്വർഗ്ഗത്തിൽ അതിന്റെ ആസ്വാദ്യത ഏറ്റവും ശ്രേഷ്ഠമായിരിക്കും എന്നതു തന്നെ. ദൂതൻ സുവിശേഷം അറിയിച്ചു എന്നു കാണുന്ന ഏക വാക്യം കർത്താവിന്റെ ജനനത്തോടുള്ള ബന്ധത്തിലാണ്. **ലൂക്കൊ.2:10 —** *"ദൂതൻ അവരോടു: ഭയപ്പെടേണ്ടാ; സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു."* എന്നാലിത് കർത്താവിന്റെ ജനനത്തിന്റെ സുവിശേഷം അഥവാ സദ്വർത്തമാനം അറിയിക്കലാണ്.

**വെളി.14:7 — ദൈവത്തെ ഭയപ്പെട്ടു അവന്നു മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ എന്നു അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു** (Saying with a loud voice, "Fear God and give glory to Him, for the hour of His judgment has come; and worship Him who made heaven and earth,

the sea and springs of water") —

മഹാപീഡനകാലത്ത് ദൈവീകന്യായവിധി ഭൂമിയിൽ പതിക്കുന്നതിനു മുമ്പു ദൈവം അയച്ച ദൂതൻ നിത്യസുവിശേഷവുമായി ഭൂമിയിൽ ആകാശമദ്ധ്യേ പറക്കുന്നതു യോഹന്നാൻ കണ്ടു. അന്നത്തെ ഭൂവാസികളെ അറിയിക്കുന്ന നിത്യസുവിശേഷത്തിന്റെ ആഹ്വാനവും, ഉള്ളടക്കവും, അതനുസരിക്കേണ്ട കാരണങ്ങളും ഈ വാക്യത്തിൽ വിവരിച്ചിരിക്കുന്നു.

**സുവിശേഷ ആഹ്വാനം** (Gospel command) —

(1) ദൈവത്തെ ഭയപ്പെടുക – (Fear God) —
(2) ദൈവത്തിനു മഹത്വം കൊടുക്കുക – (Give Glory to God)
(3) ദൈവത്തെ നമസ്കരിക്കുക (Worship God).

**സുവിശേഷം അനുസരിക്കേണ്ടതിന്റെ കാരണങ്ങൾ** (Reason for the obedience to Gospel) —

(1) ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു (The hour of Judgment has come)
(2) ആകാശവും ഭൂമിയും നീരുറവും ഉണ്ടാക്കിയവനാണ് ദൈവം
– ദൈവം സൃഷ്ടാവ് (God is the Creator)

**സുവിശേഷം അറിയിച്ച രീതി** (Gospel Preaching manner) —

ആകാശമദ്ധ്യേ പറന്നുകൊണ്ട് അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു.
(Saying loudly by flying in the mid air).

**ദൈവത്തെ ഭയപ്പെടുക – (Fear God) —**

ദൂതൻ അറിയിച്ച നിത്യസുവിശേഷത്തിലെ ആദ്യആഹ്വാനം ദൈവത്തെ ഭയപ്പെടുക എന്നാണ്. ഭയപ്പെടുക എന്നാൽ ദൈവത്തിന്റെ വിശുദ്ധിയും സർവ്വശക്തിയും മനസ്സിലാക്കി ദൈവത്തിൽ ആശ്രയിച്ചു ദൈവത്തെ ബഹുമാനിക്കുകയെന്നാണർത്ഥം. മനുഷ്യൻ പാപം ചെയ്തു ദൈവതേജസ്സു നഷ്ടമാക്കിയതിനാൽ അവരിൽ ദൈവഭയം ഇല്ലാതെയായി (റോമ.3:18,23). സകലരും ദൈവത്തെ ഭയപ്പെടുക അഥവാ ദൈവത്തെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്നു. അബ്രഹാമിക്കുറിച്ചു ദൈവം പറയുന്നത് *"നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു"* (ഉല്പ.22:12) എന്നാണ്. അതായത് ഏകജാതനെ യാഗം കഴിക്കുവാൻ തയ്യാറായ അബ്രഹാം ദൈവത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തവനായിരുന്നെന്നർത്ഥം. തിരുവചനത്തിലുടനീളം ദൈവഭയം അഥവാ ദൈവഭക്തിയുടെ ആവശ്യകതയെക്കുറിച്ചു പറയുന്നുണ്ട്. ഇയ്യോ.28:28 —*"കർത്താവിനോടുള്ള ഭക്തി തന്നേ ജ്ഞാനം; ദോഷം അകന്നു നടക്കുന്നതു തന്നേ വിവേകം."* സദൃ.1:7 —*"യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു."* സങ്കീ.128:1 — *"യഹോവയെ ഭയപ്പെട്ടു, അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ."* 1.പത്രൊ.2:17 —*"ദൈവത്തെ ഭയപ്പെടുവിൻ."* ഭൂമിയിലുള്ള സകലരും സാത്താനെയോ, അന്തിക്രിസ്തുവിനെയോ, മൃഗത്തെയോ ഭയപ്പെടാതെ ദൈവത്തെയാണ് ഭയപ്പെടേണ്ടത്. ആരെ ഭയപ്പെടേണമെന്നു കർത്താവു പറഞ്ഞതു ശ്രദ്ധിക്കുക — മത്താ.10:28 —*"ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ."* ദൈവത്തെ ഭയപ്പെടുമ്പോൾ ദൈവത്തെ സ്നേഹിക്കുവാനും ഇടയാകും.

**(2) ദൈവത്തിനു മഹത്വം കൊടുക്കുക – (Give Glory to God) —**

ആകാശമദ്ധ്യേ പറക്കുന്ന ദൈവദൂതന്റെ രണ്ടാമത്തെ ആഹ്വാനം എന്നത് ദൈവത്തിനു മഹത്വം കൊടുക്കുക എന്നാണ്. സൃഷ്ടാവായ ദൈവത്തെ വിട്ടു സൃഷ്ടിക്കു മഹത്വം കൊടുക്കുന്നത് ഭൂവാസികളുടെ ഏറ്റവും പരിതാപരമായ അവസ്ഥയും അവരുടെ മൂഢത മൂലവുമാണ്. **റോമ.1:21 —***"അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി."* ഏഴാമത്തെ കാഹളധ്വനിക്കു മുമ്പായി വലിയോരു ഭൂകമ്പം ഉണ്ടായി അനേകർ മരിച്ചപ്പോൾ അവിടെ ശേഷിച്ചവർ സ്വർഗ്ഗത്തിലെ ദൈവത്തിനു മഹത്വം കൊടുത്ത അവസരത്തെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നു. **വെളി.11:13 —** *"ശേഷിച്ചവർ ഭയപരവശരായി ദൈവത്തിന്നു മഹത്വം കൊടുത്തു."* അത് ദൈവത്തിന്റെ സർവ്വശക്തിയെ ഭയപ്പെട്ടു മഹത്വം നൽകിയതായിരുന്നു. ആയതുപോലെ മഹാപീഡനകാലത്തെ ഭൂവാസികൾ ദൈവത്തെ ഭയപ്പെടുകയും മഹത്വപ്പെടുത്തുകയും വേണമെന്നു നിത്യസുവിശേഷത്തിലൂടെ ദൂതൻ അറിയിക്കുന്നു.

**(3) ദൈവത്തെ നമസ്കരിക്കുക (Worship God) –**

ദൂതന്റെ അവസാനത്തെയും മൂന്നാമത്തെയും ആഹ്വാനം ദൈവത്തെ നമസ്കരിക്കുക അഥവാ ആരാധിക്കുക എന്നാണ്. യിസ്രായേലിനു ദൈവം കൊടുത്ത 10 കല്പകളിൽ ആദ്യത്തേത് യഹോവയായ ദൈവമല്ലാതെ അന്യദൈവങ്ങൾ അവർക്കുണ്ടായിക്കരുതെന്നും, രണ്ടാമത്തേത് യാതൊന്നിന്റെയും വിഗ്രഹം ഉണ്ടാക്കരുതെന്നും അതിനെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതെന്നുമാണ് (പുറ.20:1–6).

മഹോപദ്രവാലത്ത് അന്തിക്രിസ്തുവിനെയും, മൃഗത്തിന്റെ പ്രതിമയെയും ആരാധിക്കുവാൻ ലോകഭരണാധികാരികൾ കല്പന പുറപ്പെടുവിക്കുമ്പോൾ (വെളി.13:12) ആകാശമദ്ധ്യേ വിളിച്ചറിയിക്കുന്ന നിത്യസുവിശേഷം കേട്ടു ദൈവത്തെ ഭയപ്പെടുകയും, മഹത്വം കൊടുക്കുകയും, ആരാധിക്കുകയും വേണം. ലഭിച്ച അവസരം തക്കത്തിൽ ഉപയോഗിക്കാതെ ദൈവത്തെ ഭയപ്പെടുകയും, മഹത്വം കൊടുക്കുകയും നമസ്കരിക്കുകയും ചെയ്യാത്തവർ ഒരിക്കൽ മരണഭീതിയോടെ ദൈവത്തെ സാംഷ്ടാംഗം നമസ്കരിക്കേണ്ടി വരും. **ഫിലി.2:10,11 —** *"യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും."*

**(4) ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു (The hour of Judgment has come) —**

ദൂതൻ അറിയിച്ച നിത്യസുവിശേഷം ഭൂവാസികൾ കൈക്കൊള്ളേണ്ട ആവശ്യകതയെയാണിവിടെ പറയുന്നത്. ദൈവത്തിന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നതിനാൽ ഇനി മറ്റൊരവസരം ലഭിക്കുകയില്ല. ന്യായവിധി എന്നത് മഹാപീഡനകാലത്ത് സാത്താന്യശക്തികൾക്കു നേർക്കുണ്ടാകുന്ന അന്ത്യശിക്ഷാവിധിയെ കുറിക്കുന്നു. ക്രോധകലശങ്ങളാലുള്ള ന്യായവിധി ആരംഭിച്ചു കഴിഞ്ഞാൽ ആർക്കും പിന്നീട് രക്ഷപ്രാപിക്കുവാൻ സാധിക്കയില്ല. ഭൂമിയിലുള്ള സകല അവിശ്വാസികളെയും അന്നു നശിപ്പിക്കും. സമയം തുലോം കുറവായതിനാൽ അവസരം നഷ്ടപ്പെടുത്താനിരിക്കുവാൻ ദൂതന്റെ അവസാനത്തെ അറിയിപ്പാണ് — ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു എന്ന പ്രഖ്യാപനം.

**(5) ആകാശവും ഭൂമിയും നീരുറവും ഉണ്ടാക്കിയവനാണ് ദൈവം — ദൈവം സൃഷ്ടാവ് (God is the Creator) —**

ദൈവത്തെ ഭയപ്പെടുകയും, മഹത്വപ്പെടുത്തുകയും, നമസ്കരിക്കുയും ചെയ്യേണ്ട മറ്റൊരു കാരണം ദൈവം സൃഷ്ടാവായതിനാലാണെന്നു പറയുന്നു. ആകാശവും ഭൂമിയും നീരുറവും ഉണ്ടാക്കിയ ദൈവം സൃഷ്ടാവെന്ന നിലയിൽ ആരാധനക്കും യോഗ്യനാണ്. ഭൂമിയിലുള്ള സകലത്തിന്റെയും സൃഷ്ടാവ് ദൈവമാണ്. മാത്രവുമല്ല സകലസൃഷ്ടിയും ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുകയും ചെയ്യുന്നു(ഉല്പ.1:1/സങ്കീ.19:1-4/യെശ.40:28/യെശ.41:18-20). മഹാപീഡനകാലത്ത് ഭൂമിയിൽ സകലമനുഷ്യരുടെയും ആരാധന ആഗ്രഹിക്കുന്ന സാത്താനും, അന്തിക്രിസ്തുവിനും ആകാശമോ, ഭൂമിയോ, നീരുറവയോ സൃഷ്ടിക്കുവാനോ ഇല്ലാതാക്കുവാനോ കഴികയില്ലെന്ന കാര്യം ഭൂവാസികൾ മനസ്സിലാക്കണം. ആകാശവും ഭൂമിയും നീരുറവും ദൈവം സൃഷ്ടിച്ചിരിക്കേ അതിൽ വസിക്കുകയും ഉപയോഗിക്കുകയും ചെയ്തിട്ടു ദൈവത്തെ നിന്ദിക്കുന്ന പ്രവണതയാണ് ദൈവത്തിനു മഹത്വം കൊടുക്കാത്തത്. നിത്യമായി ഇതിൽ വസിക്കാം ഇതൊക്കെ ഉപയോഗിക്കാം എന്നു കരുതുന്നവർ ലജ്ജിക്കുവനിടയാകും. ആകാശത്തെയും ഭൂമിയെയും നീരുറവയെയും ദൈവം ഇളക്കി മറിക്കുവാൻ പോകുന്നു. നിത്യസുവിശേഷം കൈക്കൊള്ളാതെ ദൈവത്തെ തിരിസ്കരിച്ചതിനാൽ ആകാശത്തിലും, ഭൂമിയിലും, നീരുറവകളിലും ദൈവത്തിന്റെ ന്യായവിധികൾ ക്രോധകലശങ്ങളായി വന്നു പതിക്കുന്നതു 16-ാം അദ്ധ്യായത്തിൽ തന്നെ കാണുന്നു (വെളി.16:2,3,4,8,17).

**(6) ആകാശമദ്ധ്യേ പറന്നുകൊണ്ട് അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു —(Saying loudly by flying in the mid air) —**

സഭാകാലത്ത് ഭൂമിയിൽ കൃപയുടെ സുവിശേഷം ദൈവം മനുഷ്യരിലൂടെ ഭൂമിയിലുടനീളം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ സഭയുടെ ഉത്പ്രാപണത്തിനുശേഷം മഹാപീഡകാലവേളയിൽ ദൂതനിലൂടെയാണ് സുവിശേഷം അന്നത്തെ ഭൂവാസികളെ അറിയിക്കുന്നത്. യോഹന്നാൻ തന്റെ ദർശനത്തിൽ അന്നു നടത്തപ്പെടുന്ന സുവിശേഷത്തെക്കുറിച്ചു സാക്ഷീകരിക്കുന്നത് — ദൂതൻ "ആകാശമദ്ധ്യേ പറന്നുകൊണ്ട് അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു" എന്നാണ്. അക്കാലത്തു പ്രസ്താവിക്കുന്ന സുവിശേഷത്തിന്റെ പ്രത്യേകതകൾ ഈ സാക്ഷ്യത്തിൽ കാണാം —

**(1) ആകാശമദ്ധ്യേ (in the mid air) —**

ആകാശമദ്ധ്യേ എന്നാൽ നട്ടുച്ചക്ക് സൂര്യൻ വന്നു നിൽക്കുന്ന സ്ഥാനമായി കരുതാം. അതായത് ഒരു മറവും കൂടാതെ ഭൂമിയിലുള്ള സകലർക്കും പ്രാസംഗികനായ ദൂതനെ കാണുകയും ദൂതു കേൾക്കുകയും ചെയ്യാം. അന്തിക്രിസ്തുവും കൂട്ടരും വാഴുന്ന ഭൂമിയിൽ ആകാശവിതാനം പ്രസംഗവേദിയായി രൂപപ്പെടുത്തുന്നു.

**(2) പറന്നുകൊണ്ട് (by flying) —**

ഇന്നു ഭൂമിയിൽ ദൈവദാസന്മാർ കാൽനടയായും വാഹനങ്ങളിലൂടെയും സുവിശേഷം അറിയിക്കുന്നുവെങ്കിൽ മഹാപീഡനകാലത്ത് ദൂതൻ പക്ഷിയെപ്പോലെ പറന്നുകൊണ്ടു നിത്യസുവിശേഷം ലോകത്തോടറിയിക്കും. പറന്നുകൊണ്ടു സുവിശേഷം പറയുന്നതിനാൽ അതിവേഗത്തിലും യാത്രാതടസ്സങ്ങളില്ലാതെയും ദൈവദൂതു അറിയിക്കുവാൻ സാധിക്കും.

**(3) അത്യുച്ചത്തിൽ (loudly) —**

മറ്റൊരു പ്രത്യേകതയെന്നത് സകലഭൂവാസികളും കേൾക്കത്തക്ക അത്യുച്ചത്തിലുള്ള ശബ്ദത്തിലായിരിക്കും സുവിശേഷം മുഴങ്ങിക്കേൾക്കുവാനിടയാകുന്നത്. സ്വർഗ്ഗത്തിലെ ശബ്ദങ്ങൾ പലപ്പോഴും പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും ഇടിമുഴക്കംപോലെയുമുള്ളതാണെന്നു വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെടുത്തിയാൽ ദൂതന്റെ അത്യുച്ചത്തിലുള്ള ശബ്ദവും ഇടിമുഴക്കം പോലെ ഗാംഭീര്യവും സകലരെയും ആകർഷിക്കുന്നതും നടുക്കുന്നതുമായയ ശബ്ദമായിരിക്കും. ഇന്നു ഭൂമിയിൽ അത്യുച്ചത്തിൽ പറയണമെങ്കിൽ ഉച്ചഭാഷിണികളുടെ ആവശ്യമുണ്ട്. അതും ഒരു നിശ്ചിതപരിധിവരെയോ കേൾക്കുവാൻ സാധ്യമാകൂ. എന്നാൽ മഹാപീഡനകാലത്തെ നിത്യസുവിശേഷം ദൂരപരിധിയില്ലാതെ അത്യുച്ചത്തിൽ അറിയിക്കുവാൻ യാതൊരു ഉപകരണങ്ങളുടെയും സഹായം ആവശ്യമില്ല.

**(4) പറഞ്ഞുകൊണ്ടിരുന്നു (saying) —**

ദൂതന്റെ സുവിശേഷഘോഷണത്തിന്റെ മറ്റൊരു പ്രത്യേകതയെന്നത് – പറഞ്ഞുകൊണ്ടിരുന്നു എന്നാണ്. അതായത് ഇടമുറിയാതെ, വിശ്രമമില്ലാതെ, രാത്രിയോ പകലോ എന്നില്ലാതെ തുടർമാനമായി സുവിശേഷം അറിയിച്ചുകൊണ്ടിരിക്കും എന്നു സാരം.

മഹാപീഡനകാലത്ത് അന്തിക്രിസ്തുവിനെ ഉപേക്ഷിച്ചു ദൈവത്തെ ഭയപ്പെടുകയും, മഹത്വം കൊടുക്കുകയും, നമസ്കരിക്കുകയും ചെയ്യുക എന്നത് ഏറ്റവും ദുഷ്കരമായ കാര്യമാണ്. അതിനായി ജീവൻപോലും വെടിയേണ്ടി വരും. തദവസരത്തിൽ നെബൂഖദ്നേസർ ഉണ്ടാക്കിയ സ്വർണ്ണബിംബത്തെ നമസ്കരിക്കാതെ മരണഭയമില്ലാതെ ദൈവഭാഗത്തു നിന്ന എബ്രായബാലന്മാരായ ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നിവരുടെ ധൈര്യമാണാവശ്യം. **ദാനീ.3:6,17,18** – *"...... സ്വർണ്ണബിംബത്തെ നമസ്കരിക്കേണം. ആരെങ്കിലും വീണു നമസ്കരിക്കാതെ ഇരുന്നാൽ, അവനെ ആ നാഴികയിൽ തന്നേ, എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയും. ഞങ്ങൾ സേവിക്കുന്ന ദൈവത്തിന്നു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽനിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കയുമില്ല എന്നു അറിഞ്ഞാലും എന്നു ഉത്തരം പറഞ്ഞു."*

**വെളി.14:8 – രണ്ടാമതു വേറൊരു ദൂതൻ പിൻചെന്നു: വീണുപോയി; തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി എന്നു പറഞ്ഞു** (And another angel followed, saying, "Babylon is fallen, is fallen, that great city, because she has made all nations drink of the wine of the wrath of her fornication") —

രണ്ടാമത്തെ ദൂതൻ ഘോഷിക്കുന്നത് ബാബിലോന്റെ പതനത്തിന്റെ അറിയിപ്പാണ്. വെളിപ്പാടു 17,18 അദ്ധ്യായങ്ങളിൽ ബാബിലോണിനെക്കുറിച്ചും അതിന്റെ വീഴ്ചയെക്കുറിച്ചും വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മഹാപീഡനകാലത്ത് ഭൂവാസികൾ ആശ്രയിച്ചതും ഉൾക്കൊണ്ടു നിന്നതുമായ ബാബിലോന്റെ വീഴ്ച മുന്നമേ അവരെ ദൂതൻ അറിയിക്കുകയാണ്. ന്യായവിധി സന്ദേശം അറിയിക്കുന്ന വിധം വാക്യത്തിൽ പറഞ്ഞിട്ടില്ലെങ്കിലും രണ്ടാമത്തെ ദൂതനും ആകാശമദ്ധ്യേ പറന്നുകൊണ്ടു ന്യായവിധി സന്ദേശം പറഞ്ഞുകൊണ്ടിരുന്നു എന്നു കരുതാം.

**രണ്ടാമതു വേറൊരു ദൂതൻ പിൻചെന്നു** (And another angel followed) **—**

ഒന്നാമത്തെ ദൂതന്റെ പുറകേ മറ്റൊരു ദൂതൻ പിൻചെല്ലുന്നു. വേറൊരു ദൂതൻ എന്നാൽ ഏഴു കാഹളങ്ങൾ വഹിച്ച ദൂതന്മാരോ, നിത്യസുവിശേഷവുമായി വന്ന ദൂതനോ അല്ലാത്ത വേറൊരു ദൂതൻ എന്നാണ്. ഒന്നാമത്തെ ദൂതൻ ലോകത്തോടു സുവിശേഷം അഥവാ സുവാർത്ത അറിയിച്ചപ്പോൾ രണ്ടാമത്തെ ദൂതൻ ന്യായവിധിയുടെ അഥവാ ദുഃഖത്തിന്റെ സന്ദേശമാണറിയിക്കുന്നത്. പിൻചെന്നു, പുറകേ ചെന്നു എന്ന വിശേഷണത്തിലൂടെ ഇവിടെ മനസ്സിലാക്കാവുന്നത് ഒന്നാമത്തെ ദൂതനെപ്പോലെ തന്നെ ആകാശമദ്ധ്യേ പറന്നുകൊണ്ടു ഒന്നാമത്തെ ദൂതൻപോയ മാർഗ്ഗേപിൻചെന്നു ന്യായവിധിയുടെ ദൂതു ഘോഷിച്ചു എന്നാണ്.

**വീണുപോയി; തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി എന്നു പറഞ്ഞു** (saying, "Babylon is fallen, is fallen, that great city, because she has made all nations drink of the wine of the wrath of her fornication") —

ഒന്നാമത്തെ ദൂതന്റെ പുറകേ പ്രത്യക്ഷപ്പെട്ട രണ്ടാമത്തെ ദൂതൻ അന്തിക്രിസ്തുവിന്റെ ഭരണത്തിൻ കീഴുള്ള ലോകത്തോട് അറിയിക്കുന്ന ന്യായവിധിയുടെ സന്ദേശം — വീണുപോയി; തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി എന്നാണ്. ബാബിലോണിന്റെ വീഴ്ചയെപ്പറ്റി മുൻകൂറായി ദൂതൻ ലോകരെ അറിയിക്കുകയാണ്. പഴയനിയമകാലത്ത് ഏറിയസമ്പത്തിലും, അസന്മാർഗ്ഗികതക്കും, ദുഷ്ടതക്കും, വിഗ്രഹാരാധനക്കും പേരുകേട്ട പട്ടണമായിരുന്നു ബാബിലോൺ (ദാനീ.4). ആയതിനാൽ ദുഷ്ടതയും, വിഗ്രഹാരാധനയും, അസന്മാർഗ്ഗികതയും ഉൾക്കൊള്ളുന്ന ഏതു നഗരവും ബാബിലോണിന്റെ പ്രതീകമാണ്.

**വീണുപോയി, വീണുപോയി (Babylon is fallen, is fallen, that great city) —**

ബാബിലോൻ മതപരമായും, രാഷ്ട്രീയപരമായും, സമ്പത്ത്ഘടനാപരമായും ഏറെ ഉറച്ചതും, ഒരു കാരണവശാലും മാറ്റപ്പെടുവാനോ, നശിച്ചുപോകുവാനോ സാദ്ധ്യതയില്ലെന്നാണ് അന്തിക്രിസ്തുവും അനുയായികളും കണക്കുകൂട്ടിയിരുന്നത്. എന്നാൽ ബാബിലോണിന്റെ വീഴ്ചയെക്കുറിച്ചുള്ള ആകാശമദ്ധ്യേയുള്ള ദൂതന്റെ പ്രഖ്യാപനം അന്തിക്രിസ്തുവിന്റെ അനുയായികൾക്കു നടുക്കമുണ്ടാകുമ്പോൾ അന്തിക്രിസ്തുവിനാൽ പീഡ അനുഭവിക്കുന്ന അന്നത്തെ ദൈവജനത്തിനു ഏറെ ആശ്വാസകാരണമായിത്തീരുന്നു. വീണുപോയി എന്നതിനുപയോഗിച്ചിരിക്കുന്ന മൂലഭാഷയിലെ പദത്തിനർത്ഥം നശിച്ചുപോയി എന്നാണ് (Gk: pipto -peto --> to fall= to ruin). വീണുപോയി, വീണുപോയി എന്നു രണ്ടുപ്രാവശ്യമുള്ള അറിയിപ്പു വീഴ്ചയുടെ അഥവാ നാശത്തിന്റെ ഉറപ്പിനു ഊന്നൽ നൽകുന്നു. മറ്റൊന്നു ബാബിലോണിന്റെ രണ്ടു തരത്തിലുള്ള വീഴ്ചയെയും ആവർത്തനം കുറിക്കുന്നു. ഒന്നാമത്തേത് ബാബിലോണിന്റെ മതപരമായ നാശം (Destruction of Babylon--World religion—വെളി.17). രണ്ടാമത്തേത് ബാബിലോൺ സാമ്രാജ്യനാശം —രാഷ്ട്രീയവും വാണിജ്യപരവും (Destruction of the Kingdom of Babylon – വെളി.18). **തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി എന്നു പറഞ്ഞു** (that great city, because she has made all nations drink of the wine of the wrath of her fornication") —

മഹതിയാം ബാബിലോൻ എന്ന വിശേഷണത്തിൽ രണ്ടു ബാബിലോണുകളെ വെളിപ്പാടു പുസ്തകത്തിൽ അവയുടെ നാശത്തോടു ബന്ധത്തിൽ കാണുന്നു. ഒന്നു ലോകമതങ്ങളുടെ വിശേഷാൽ വിഗ്രഹാരാധയിലധിഷ്ടിതമയാതിന്റെ കേന്ദ്രം. രണ്ടാമത്തേതു ലോകരാഷ്ട്രീയത്തിന്റെയും വാണിജ്യത്തിന്റെയും സിരാകേന്ദ്രമായ ബാബിലോൺ. ഇവ രണ്ടിന്റെയും സമ്പൂർണ്ണനാശം വെളിപ്പാടു 18,19 അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. അന്തിക്രിസ്തുവിന്റെയും മൃഗത്തിന്റെയും ഭരണത്തിൻ കീഴുള്ള രാഷ്ട്രീയവും, മതപരവും, സാമൂഹ്യവും, വാണിജ്യപരവുമായ കുത്തഴിഞ്ഞ ലോകവ്യവസ്ഥിതിയെ ബാബിലോൺ എന്ന നാമധേയത്തിലൂടെ അറിയപ്പെടുന്നു.

ബാബേൽ അഥവാ ബാബിലോണിന്റെ ആരംഭം ഉല്പത്തി പുസ്തകത്തിൽ കാണുന്നു. ജലപ്രളയാനന്തരം ഭൂമിയിലെ ആദ്യവീരനായ നിമ്രോദാണ് ബാബേൽ രാജ്യം സ്ഥാപിച്ചതെന്നു കരുതാം. **ഉല്പ.10:8-10 —** "*കൂശ് നിമ്രോദിനെ ജനിപ്പിച്ചു; അവൻ ഭൂമിയിൽ ആദ്യവീരനായിരുന്നു; അവൻ യഹോവയുടെ മുമ്പാകെ നായാട്ടു വീരനായിരുന്നു; അതുകൊണ്ട്: യഹോവയുടെ മുമ്പാകെ നിമ്രോദിനെപ്പോലെ നായാട്ടുവീരൻ എന്നു പഴഞ്ചൊല്ലായി. അവന്റെ രാജ്യത്തിന്റെ ആരംഭം ശിനാർദേശത്തു ബാബേൽ ...........*" അവൻ ദൈവത്തിനെതിരായി മനുഷ്യനെ സംഘടിപ്പിക്കുന്നതിലും, ദൈവത്തോടു എതിർത്തു മത്സരിക്കുന്നതിലും, മനുഷ്യരെ അടിച്ചമർത്തുന്നതിലും മുമ്പനായിരുന്നു. നിമ്രോദാണ് ശിനാർദേശത്ത് ആകാശത്തോളം എത്തുന്ന ഗോപുരം പണിയുവാൻ ജനങ്ങളെ സംഘടിപ്പിച്ച നേതാവ്. ദൈവത്തോടു മത്സരിച്ചു വലിയ പട്ടണവും ഉയർന്നഗോപുരവും പണിതു ബാബേലിൽ പാർക്കുവാൻ ബാബേൽ നിവാസികൾ ആഗ്രഹിച്ചു. എന്നാൽ ദൈവത്തിനെതിരായുള്ള സംയുക്തഭരണവും, സംഘടിക്കലും ദൈവം അനുവദിച്ചില്ല. അന്നുവരെയും അവർ സംസാരിച്ചിരുന്നു ഒരേഭാഷ ദൈവം കലക്കി. അവർ വിവിധ ഭാഷക്കാരായിത്തീർന്നു (ഉല്പ.11:1-9). തമ്മിൽ തമ്മിൽ സംസാരിക്കുവാൻ കഴിയാഞ്ഞതിനാൽ സംയുക്തമായി ഗോപുരം പണിയുവാൻ അവർക്കു കഴിഞ്ഞില്ല. "*സർവ്വഭൂമിയിലെയും ഭാഷ യഹോവ അവിടെ വെച്ചു കലക്കികളകയാൽ അതിനു ബാബേൽ എന്നു പേരായി; യഹോവ അവരെ അവിടെ നിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചുകളഞ്ഞു*"(ഉല്പ.11:9). സ്വർഗ്ഗത്തോളം എത്തത്തക്കവിധം അവർ പണിയുവാൻ ആഗ്രഹിച്ച ഗോപുരത്തിന്റെ പേർ ബാബേൽ എന്നായിരുന്നു. ബാബേൽ (babel) എന്ന പേരിന്റെ അർത്ഥം ദൈവങ്ങളുടെ വാതിൽ (the gate of the gods) എന്നാണ്. എബ്രായഭാഷയിൽ ബാബേൽ എന്ന വാക്കിനോടു ശബ്ദസാമ്യമുള്ള ബാലാൽ (balal) എന്ന വാക്കിനർത്ഥം കലക്കം (confusion) എന്നാണ്. ദൈവത്തോടു മത്സരിച്ചു സ്വർഗ്ഗത്തിലെത്തി അധികാരം സ്ഥാപിക്കുവാനും, പേരുണ്ടാക്കുവാനും, അന്യദൈവങ്ങളെ വണങ്ങുവാൻ ദൈവങ്ങളുടെ വാതിലെന്ന ഗോപുരം ഉണ്ടാക്കുവാനും ആഗ്രഹിച്ചവരിലേക്കു ദൈവീകന്യായവിധി പകരപ്പെട്ടു. ദൈവങ്ങളുടെ വാതിൽ എന്ന പേരു കലക്കത്തിന്റെ വാതിലായിത്തീരുവാനിടയായി (the gate of gods became the gate of confusiion). ബാബേലിൽ സ്വർഗ്ഗത്തിലെത്തുവോളം ഗോപുരം ഉണ്ടാക്കുവാൻ ശ്രമിക്കുന്നതായി കാണുന്നു. എന്നാൽ വെളിപ്പാടിൽ ബാബിലോണിന്റെ പാപം സ്വർഗ്ഗത്തോളം എത്തുന്നു. **വെളി.18:5 —** "*അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ടു.*" ഉല്പത്തിൽ നിമ്രോദ് ആഗ്രഹിച്ചതും ഹൃദയത്തിൽ രൂപകല്പന ചെയ്തതുമായ സംയുക്തബാബേൽ വെളിപ്പാടിൽ അന്തിക്രിസ്തുവും അനുയായികളും ചേർന്നു ബാബിലോണെന്ന നാമധേയത്തിൽ ഒത്തൊരുമിച്ചു ദൈവത്തിനെതിരായി നീങ്ങുന്നു.

ദൈവത്തെ ബഹുമാനിക്കാതെ സ്വയത്തിൽ അഭിമാനിക്കുകയും തന്റെ പ്രതാപമഹത്വത്തിനായി പണിത രാജധാനിയെ നോക്കി "മഹതിയാം ബാബിലോൺ" എന്നു വാഴ്ത്തിയ ബാബേൽ രാജാവായ നെബൂഖദ്നേസറിന്മേലുള്ള ദൈവീകന്യായവിധിയും ഇവിടെ ശ്രദ്ധാർഹമാണ്. ദാനീയേലിലൂടെ പാപ

പരിഹാരത്തിനായി ദൈവം അവസരം കൊടുത്തെങ്കിലും നെബൂഖദ്നേസർ തിരുത്തുവാൻ തയ്യാറായില്ല. ഫലമോ ദൈവത്തിന്റെ ന്യായവിധിയാൽ രാജാവ് കാളയെപ്പോലെ പുല്ലുതിന്നുന്ന അവസ്ഥയിലേക്കും, മനുഷ്യരുടെ ഇടയിൽ നിന്നു കാട്ടിലേക്കു നീക്കപ്പെടുവാനും ഇടയായി (ദാനീ.4:29-33).

സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ട ശേഷം ദുർന്നടപ്പിന്റെ പര്യായമായി ബാബിലോൺ ചെന്നെത്തുന്നു. മഹതിയാം ബാബിലോൺ എന്നത് ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായിത്തീരുന്നതിനെയും കാണിക്കുന്നു. "*തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി* " (because she has made all nations drink of the wine of the wrath of her fornication) എന്നാണ് രണ്ടാമത്തെ ദൂതൻ ആകാശമദ്ധ്യേ വിളിച്ചറിയിക്കുന്നത്. അന്തിക്രിസ്തുവിന്റെ നേതൃത്വത്തിൽ ലോകത്തെ മദ്യത്തിന്റെ ലഹരിയെന്നോണം അസാന്മാർഗ്ഗിയതക്കും, വിഗ്രഹാരാധനക്കും അടിമയാക്കും (വെളി.18:2,3,9-13,16-19). ഉല്പത്തിയിൽ ആരംഭം കുറിച്ച ബാബേൽ ബാബിലോണ്യരെന്ന നാമധേയത്തിൽ ചരിത്രത്തിലുടനീളം കാണുന്നു. അവരെക്കുറിച്ചു പ്രവാചകന്മാരായ യെശയ്യാവും യിരെമ്യാവും പ്രവചിച്ചിട്ടുണ്ട് (യെശ.13,14/യിരെ.50,51). ബാബിലോണിന്റെ പുനർനിർമ്മാണം നടക്കുകയും അന്തിക്രിസ്തുവിന്റെ കാലത്ത് ബാബിലോൺ ലോകത്തിന്റെ വാണിജ്യകേന്ദ്രമായിത്തീരുകയും ചെയ്യും. ബാബിലോണിന്റെ സമ്പൂർണ്ണവീഴ്ച വെളിപ്പാടു 17,18 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**വെളി.14:9,10 — മൂന്നാമതു വേറൊരു ദൂതൻ അവരുടെ പിന്നാലെ വന്നു അത്യുച്ചത്തിൽ പറഞ്ഞതു: മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏല്ക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടി വരും; വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിന്നും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും** (Then a third angel followed them, saying with a loud voice, if anyone worships the beast and his image, and receives *his* mark on his forehead or on his hand, she himself shall also drink of the wine of the wrath of God, which is poured out full strength into the cup of His indignation. He shall be tormented with fire and brimstone in the presence of the holy angels and in the presence of the Lamb) —

ഒന്നാമത്തെ ദൂതൻ ആകാശമദ്ധ്യേ പറന്നുകൊണ്ട് ന്യായവിധിയോടൊപ്പം സദ്വർത്തമാനമായ നിത്യസുവിശേഷം ഭൂവാസികളെ അറിയിച്ചു. ദൈവത്തെ ഭയപ്പെടുക, മഹത്വം കൊടുക്കുക, നമസ്കരിക്കുക എന്നീ ആഹ്വാനങ്ങൾ നൽകി. രണ്ടാമത്തെ ദൂതൻ വരുവാൻ പോകുന്ന ദൈവത്തിന്റെ ന്യായവിധിയെ പ്രസ്താവിച്ചു. ഭൂവാസികളെ തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി എന്നുള്ളതായിരുന്നു രണ്ടാമത്തെ ദൂതന്റെ പ്രഖ്യാപനം. രണ്ടു ദൂതന്മാർക്കു പുറകേ വന്ന മൂന്നാമത്തെ ദൂതനും ദൈവത്തിന്റെ ന്യായവിധി അറിയിക്കുന്നു. മൃഗത്തെയും മൃഗത്തിന്റെ വിഗ്രഹത്തെ ആരാധിക്കുന്നവർക്കും മൃഗമുദ്രയേൽക്കുന്നവർക്കും നിത്യദണ്ഡനം അനുഭവിക്കേണ്ടി വരുമെന്നാണ് ഭൂവാസികളെ ദൂതൻ അറിയിച്ചത്.

**മൂന്നാമതു വേറൊരു ദൂതൻ അവരുടെ പിന്നാലെ വന്നു അത്യുച്ചത്തിൽ പറഞ്ഞതു:** (Then a third angel followed them, saying with a loud voice) —

മറ്റു രണ്ടു ദൂതന്മാർക്കു പിന്നാലെ ആകാശമദ്ധ്യേ പറന്നുകൊണ്ടാണ് മൂന്നാമത്തെ ദൂതനും വരുന്നത്. കൂടാതെ സകലഭൂവാസികളും കേൾക്കത്തക്കവണ്ണം അത്യുച്ചത്തിലാണ് ദൈവത്തിന്റെ ന്യായവിധികൾ ലോകരെ അറിയിച്ചത്. ആകാശമദ്ധ്യേ ആയതിനാൽ ഭൂമിയിലുള്ള അന്തിക്രിസ്തുവിനും കൂട്ടർക്കും ദൈവത്തിന്റെ ദൂത് അറിയിക്കുന്ന ദൂതനെ തടയുവാനോ എതിർക്കുവനോ സാധിക്കുകയില്ല. അത്യുച്ചത്തിൽ ആകാശമദ്ധ്യേ മുഴങ്ങിക്കേൾക്കുന്നതിനാൽ സകലരും അതു ശ്രവിക്കുവാനിടയാകും. ഭൂമിയിലുള്ള ആരും ദൈവത്തിന്റെ ന്യായവിധിയും രക്ഷണ്യദൂതും കേട്ടില്ലെന്നു പറയുവൻ കഴിയുകയില്ല. ഇവിടെയും ദൈവത്തിന്റെ ദീർഘക്ഷമയാണ് വെളിപ്പെടുന്നത്. ന്യായവിധി ലോകത്തിന്മേൽ ആഞ്ഞടിക്കുന്നതിനു മുമ്പായി രക്ഷപ്രാപിപ്പാൻ ഒരവസരം കൂടി ദൈവം നൽകുകയാണ് (1.തിമൊ.2:4/2.പത്രൊ.3:9).

**മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏല്ക്കുന്നവൻ** ( if anyone worships the beast and his image, and receives *his* mark on his forehead or on his hand) — ആരെങ്കിലും മൃഗത്തെയും മൃഗത്തിന്റെ പ്രതിമയെയും നമസ്കരിക്കുകയും അതിന്റെ മുദ്രയേൽക്കുകയും ചെയ്താൽ അവർക്കു ലഭിക്കുന്ന ദൈവീകശിക്ഷാവിധികളെക്കുറിച്ചാണ് മൂന്നാമത്തെ ദൂതൻ അറിയിക്കുന്നത് . ഭൂവാസികൾ സമുദ്രത്തിൽ നിന്നു കയറിവന്ന മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുവാനും മൃഗത്തിന്റെ മുദ്രയേൽക്കുവാനും ഭൂമിയിൽ നിന്നു കയറിവന്ന മൃഗം നിർബന്ധിക്കുന്നതായി വെളിപ്പാടു പുസ്തകം 13-ാം അദ്ധ്യായത്തിൽ യോഹന്നാൻ വിവരിച്ചിരുന്നു."*അതു ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ അതിന്റെ അധികാരം എല്ലാം നടത്തി ഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണകരമായ മുറിവു പൊറുത്തുപോയ ഒന്നാം മൃഗത്തെ നമസ്കരിക്കുമാറാക്കുന്നു*" (വെളി.13:12). മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ചു അതിന്റെ മുദ്രയേൽക്കുന്നവൻ സാത്താന്റെ വകയാണെന്നും, മഹാസർപ്പമായ സാത്താനെയാണ് യഥാർത്ഥത്തിൽ അവർ നമസ്കരിക്കുന്നതെന്നും മനസ്സിലാ

ക്കാം (വെളി.13:4). സകലരും നെറ്റിയിലോ കൈമേലോ മൃഗമുദ്രയേൽക്കുവാനും, അതിനു വിസമ്മതി ക്കുന്നവരുടെ മേൽ സാമ്പത്തിക ഉപരോധമുൾപ്പെടെയുള്ള കാര്യങ്ങളാൽ പീഡിപ്പിക്കുവാനും അവരെ കൊല്ലുവാനും വ്യവസ്ഥ ചെയ്യുന്നു. *"മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതി മയെ നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമെക്കു ആത്മാവിനെ കൊടുപ്പാൻ അതിന്നു ബലം ലഭിച്ചു. അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വത ന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകോ ചെയ്‌വാൻ വഹി യാതെയും ആക്കുന്നു"* (വെളി.13:15-17). പീഡനകാലത്ത് ഇപ്രകാരമുള്ള സാഹചര്യത്തിൽ മൃഗത്തെയും മൃഗത്തിന്റെ പ്രതിമയെയും നമസ്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്രയേൽക്കുന്നവർക്കുമുണ്ടാകുന്ന നിത്യദണ്ഡനത്തെയാണ് മൂന്നാമത്തെ ദൂതൻ ആകാശമദ്ധ്യേ വിളിച്ചറിയിക്കുന്നത്.

**ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടി വരും** (she himself shall also drink of the wine of the wrath of God, which is poured out full strength into the cup of His indignation)

മൃഗത്തിന്റെ ആരാധകരായി അതിന്റെ മുദ്രയേറ്റു സാത്താന്റെ അനുയായികളായി ജീവിക്കുന്ന ഭൂവാസികൾക്കുള്ള ശിക്ഷയെന്നത് അവർ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരി ക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടി വരും എന്നതാണ്. അവർ മഹതിയാം ബാബിലോൺ എന്ന മഹാവേശ്യയുടെ ദുർന്നടപ്പിന്റെ ക്രോധമദ്യം ആവോളം കുടിച്ചവരെന്ന നിലയിൽ (വെളി.14:8) ദൈവ ക്രോധമദ്യവും യാതൊരു കരുണയുമില്ലാതെ കുടിക്കേണ്ടി വരുമന്നാണ് ദൂതൻ അറിയിക്കുന്ന ന്യായവി ധിയുടെ സന്ദേശം. ദൈവക്രോധമദ്യം കുടിക്കുകയെന്നത് (to drink the wine of God's wrath or fury) പഴയനിയമത്തിൽ ദൈവീകന്യായവിധി പകരുന്നതിന്റെ ആലങ്കാരിക വർണ്ണനയാണ്. **ഇയ്യോ.21:20** —*"അവന്റെ സ്വന്ത കണ്ണു അവന്റെ നാശം കാണട്ടെ; അവൻ തന്നേ സർവ്വശക്തന്റെ ക്രോധം കുടിക്ക ട്ടെ."* **സങ്കീ.75:8** —*"യഹോവയുടെ കയ്യിൽ ഒരു പാനപാത്രം ഉണ്ടു; വീഞ്ഞു നുരെക്കുന്നു; അതു മദ്യം കൊണ്ടു നിറെഞ്ഞിരിക്കക്കുന്നു; അവൻ അതിൽ നിന്നു പകരുന്നു; ഭൂമിയിലെ സകലദുഷ്ടന്മാരും അതിന്റെ മട്ടു വലിച്ചു കുടിക്കും."* **യെശ.51:17** —*"യഹോവയുടെ കയ്യിൽ നിന്നു അവന്റെ ക്രോധത്തിന്റെ പാന പാത്രം കുടിച്ചിട്ടുള്ള യെരൂശലേമേ, ഉണരുക, ഉണരുക; എഴുന്നേറ്റുനില്ക്ക; നീ പരിഭ്രമത്തിന്റെ പാനപാ ത്രപുടം കുടിച്ചു വറ്റിച്ചുകളഞ്ഞിരിക്കുന്നു."* **യിരെ.25:15** —*"യിസ്രായേലിന്റെ ദൈവമായ യഹോവ എന്നോടു ഇപ്രകാരം അരുളിച്ചയ്തു: ഈ ക്രോധമദ്യം നിറഞ്ഞ പാനപാത്രം എന്റെ കയ്യിൽനിന്നു വാങ്ങി ഞാൻ നിന്നെ അയക്കുന്ന ജാതികളെ ഒക്കെയും കുടിപ്പിക്ക."* ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പി ല്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യമാണ് സാത്താന്യനമസ്കാരികൾ കുടിക്കേണ്ടി വരുന്നത്. സാധാ രണയായി വെള്ളം ചേർത്താണ് വീഞ്ഞിന്റെ വീര്യവും ലഹരിയും കുറക്കുന്നത്. ഇതിന്റെ വെളിച്ച ത്തിൽ ചിന്തിക്കുമ്പോൾ, കലർപ്പില്ലാതെ പകർന്നിരിക്കുന്നു ദൈവക്രോധമദ്യം എന്നാൽ ദൈവത്തിന്റെ കോപം പകരപ്പെടുമ്പോൾ അതിൽ യാതൊരുവിധ കരുണയോ, കൃപയോ, ദയയോ ഉണ്ടാകയില്ലെന്നു സാരം.

**വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിന്നും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും** ( He shall be tormented with fire and brimstone in the presence of the holy angels and in the presence of the Lamb) —

മൃഗത്തെയും മൃഗത്തിന്റെ പ്രതിമയെയും നമസ്കരിക്കുകയും മൃഗത്തിന്റെ മുദ്രയേറ്റു സാത്താന്റെ അനുയായികളായി ജീവിക്കുന്നവർ ദൈവത്തിന്റെ കരുണകൂടാതെയുള്ള ക്രോധമദ്യം കുടിക്കുക മാത്ര മല്ല അവർ അഗ്നിയിലും ഗന്ധകത്തിലും ദണ്ഡനം അനുഭവിക്കേണ്ടിയും വരും. അഗ്നിഗന്ധകങ്ങളിലുള്ള ദണ്ഡനം ദുഷ്ടന്മാർക്കുള്ളതാണ്. അഗ്നിയും ഗന്ധകവും തിരുവചനത്തിൽ ദൈവത്തിന്റെ ന്യായവിധി യോടു ബന്ധപ്പെട്ടിരിക്കുന്നു. സോദോം ഗോമേരാ പട്ടണങ്ങളെ നശിപ്പിക്കുവാൻ ദൈവം സ്വർഗ്ഗത്തിൽ നിന്നു അഗ്നിയും ഗന്ധകവും ഭൂമിയിലേക്കിറക്കി (ഉല്പ.19:24/ലൂക്കൊ.17:29/2.പത്രൊ.2:6/യൂദാ.7).

മൃഗത്തിന്റെ ആരാധകർക്കുണ്ടാകുന്ന ദണ്ഡനം വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ ആയിരിക്കുമെന്നതാണ് പ്രത്യേകത. വിഗ്രഹാരാധികളായ അവർ ഒരുകാലത്തു വിശുദ്ധന്മാരെ പീഡിപ്പി ക്കുകയും കുഞ്ഞാടായ കർത്താവിനു മഹത്വം കൊടുക്കാതെ കർത്താവിനെ നിന്ദിച്ചവരുമാണ്. അഗ്നിഗ ന്ധകപൊയ്കയിൽ കിടന്നു മരണവേദനയാൽ വിഗ്രഹാരാധികൾ പിടയുമ്പോൾ അവർ കുഞ്ഞാടായ കർത്താവിനെയും, കർത്താവിനെ വാഴ്ത്തി സ്തുതിക്കുന്ന വിശുദ്ധദൂതഗണത്തെയും കാണുവാനിടയാ കും. കൂടാതെ അവരാൽ പീഡിപ്പിക്കപ്പെട്ടവരായ ദൈവമക്കളെ ദൈവസന്നിധിയിൽ കാണുകയും അവർ അനുഭവിക്കുന്ന സ്വർഗ്ഗസന്തോഷത്തെ മൃഗത്തിന്റെ ആരാധകർ കാണുവാനുമിടയാകും. സ്വർഗ്ഗത്തിൽ അബ്രഹാമിന്റെ മടിയിലിരുന്നു ആശ്വസിക്കുമ്പോൾ പാതാളത്തിലെ ജ്വാലയിൽ കിടന്നു യാതന അനു ഭവിക്കുന്ന ധനവാന്റെ അനുഭവമായിരിക്കും (ലൂക്കൊ.16: 23,24) മൃഗത്തെ ആരാധിക്കുന്നവർക്കും അന്നുണ്ടാ

കുക.

ദൈവത്തെ ഭയപ്പെടുകയോ, ദൈവത്തിനു മഹത്വം കൊടുക്കുകയോ, ദൈവത്തെ നമസ്കരിക്കുകയോ ചെയ്യാതെ, ദൂതനിലൂടെ അറിയിച്ച നിത്യസുവിശേഷത്തെ നിരാകരിച്ചു യേശുക്രിസ്തുവിനെ തള്ളിക്കളഞ്ഞ മൃഗത്തിന്റെ ആരാധകർ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അതിനു വിശുദ്ധ ദൂതന്മാരും കുഞ്ഞാടും സാക്ഷിയായിരിക്കും. മഹോപദ്രവകാലത്തിന്റെ അവസാനം സകലവിശുദ്ധദൂതന്മാരുമായി കർത്താവു തന്റെ തന്റെ തേജസ്സിന്റെ സിംഹാസനം വയ്ക്കുന്നതിനോടുള്ള പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഈ ഭാഗത്തോടു ഒത്തു ചേരുന്നു. **മത്താ.24:31 -46 —** *"മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകലവിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും ....... പിന്നെ അവൻ ഇടത്തുള്ളവരോടു : എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ ..... ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും."*

**വെളി.14:11 — അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല** (And the smoke of their torment ascends forever and ever; and they have no rest day or night, who worship the beast and his image, and whoever receives the mark of his name) —

മൃഗത്തിന്റെ ആരാധകരുടെമേൽ ദൈവക്രോധം കരുണയില്ലാതെ പകരപ്പെടുമെന്നും, അവർ വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കേണ്ടി വരുമെന്നും മൂന്നാമത്തെ ദൂതൻ ആകാശമദ്ധ്യേ വിളിച്ചറിയിച്ചു. തുടർന്നു ന്യായവിധിയുടെ സന്ദേശം അവസാനിപ്പിച്ചുകൊണ്ടു പ്രസ്താവിക്കുന്നത് അവർക്കുണ്ടാകുന്ന ദണ്ഡനം എത്രകാലത്തേക്കായിരിക്കും എന്നും അവരുടെ അപ്പോഴത്തെ അവസ്ഥ എന്തായിരിക്കുമെന്നും എന്നാണ്. — *"അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല."*

**അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും** (And the smoke of their torment ascends forever and ever) **—**

മൃഗത്തിന്റെ ആരാധകർക്കു ലഭിക്കുന്ന ശിക്ഷാവിധി നിത്യദണ്ഡനമായിരിക്കും. അവരുടെ ദണ്ഡനത്തിന്റെ അഥവാ അതിഭയങ്കരമായ പീഡയുടെ പുക എന്നെന്നേക്കും പൊങ്ങും എന്നാണ് ദൂതൻ അറിയിക്കുന്നത്. ദണ്ഡനത്തിന്റെ "പുക " എന്നത് തീയും ഗന്ധകവും നിറഞ്ഞ തീപൊയ്കയുടെ പുക എന്നതിനപ്പുറം അതിൽ കിടന്നു നിലവിളിക്കുന്നവരുടെ വേദനയെ പുകയായി കരുതാം. "പൊങ്ങും" എന്നത് തുടർമാനവും ഇടവിടാതെയും ഉയരുന്ന വേദനയെ കുറിക്കുന്നു. കൂടാതെ ദണ്ഡനം "എന്നെന്നേക്കും " എന്ന വിശേഷണത്തിലൂടെ മനസ്സിലാക്കേണ്ടത് മൃഗത്തിന്റെ ആരാധകർക്കുള്ള ലഭിക്കുന്ന ദണ്ഡനം താൽക്കാലികമല്ല മറിച്ചു നിത്യതമുഴുവനും യുഗായുഗങ്ങളോളം നീണ്ടു നിൽക്കുന്നു എന്നതാണ്. ദൈവം എന്നെന്നേക്കും ജീവിച്ചിരിക്കവനാകയാൽ (വെളി.1:18/15:7) പാപത്തോടുള്ള തന്റെ ക്രോധവും എന്നെന്നേക്കുമുള്ളതാണ്.

**മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല** (And they have no rest day or night, who worship the beast and his image, and whoever receives the mark of his name) —

മൃഗത്തിന്റെ ആരാധകർക്കു നിത്യദണ്ഡനം മാത്രമല്ല രാവോ പകലോ എന്നില്ലാതെ ഒരുസ്വസ്ഥതയും ലഭിക്കുകയില്ല. കർത്താവിൽ ശരണപ്പെട്ടവർ നിത്യസ്വസ്ഥത അനുഭവിക്കുമ്പോൾ മൃഗത്തെയും പ്രതിമയെയും നമസ്കരിച്ചു നടന്നവർ നിത്യദണ്ഡനം അനുഭവിക്കുവാനിടയാകുന്നു. കർത്താവിന്റെ ആശ്വാസ ആഹ്വാനത്തെ അവർ തള്ളിക്കളഞ്ഞവരാണ്. **മത്താ.11:30 —** *"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."* നിത്യാഗ്നിയിലുള്ള നിത്യദണ്ഡനത്താൽ അവർക്കു ഒരു സ്വസ്ഥതയും ഉണ്ടാകയില്ല. ദൈവം നിത്യനാണ്, എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനാണ്. ആകയാൽ ദൈവത്തിന്റെ ദീർഘക്ഷമയെയും ദൈവം നൽകിയ എണ്ണമറ്റ അവസരങ്ങളെയും ചവിട്ടിക്കളഞ്ഞ് സാത്താന്റെ പുറകേ പോയവർക്കു എന്നെന്നേക്കുമുള്ള നിത്യദണ്ഡനമായിരിക്കും ലഭിക്കുക. അതേ സമയം ദൈവത്തിൽ അഭയം പ്രാപിച്ചവർ എന്നേന്നേക്കും സ്വസ്ഥത അനുഭവിക്കും. ദുഷ്ടന്മാർ തീപ്പൊയ്കയിൽ രാവോ പകലോ എന്നില്ലാതെ നിത്യാഗ്നിയിൽ കിടന്നു പുളയുമ്പോൾ ദൈവമക്കൾ രാവും പകലുമെന്നില്ലാതെ ദൈവത്തെ ആരാധിച്ചു സ്വർഗ്ഗസന്തോഷം നുകർന്നുകൊണ്ടിരിക്കും.

മഹോപദ്രവകാലത്തു മാത്രമല്ല സകലകാലത്തുമുള്ള എല്ലാ ദുഷ്ടന്മാർക്കും പാപികൾക്കും ദൈവ

വിരോധികൾക്കും വിഗ്രഹാരാധികൾക്കും ഒരുക്കിയിരിക്കുന്നതാണ് അഗ്നിഗന്ധകത്തിലെ നിത്യദണ്ഡനം. മരണം കഴിഞ്ഞു നിത്യതയില്ല, നരകമില്ല, ശിക്ഷാവിധിയില്ല എന്നൊക്കെ പഠിപ്പിക്കുന്നവർക്കുള്ള അതി ശക്തമായ ദൈവീകമുന്നറിയിപ്പാണ് —*"അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല."*

**വെളി.14:12 — ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ടു ഇവിടെ ആവശ്യം** (Here is the patience of the saints; here *are* those who keep the commandments of God and the faith of Jesus) —

മൃഗത്തെയും, അതിന്റെ പ്രതിമയെയും വണങ്ങി, മൃഗമുദ്രയേറ്റു സാത്താന്റെ അനുയായികളായി ജീവിക്കുകയും ദൈവജനത്തെ പീഡിപ്പിക്കുകയും ചെയ്യുന്ന ദുഷ്ടന്മാർക്കു അഗ്നിഗന്ധകത്തിലുള്ള നിത്യ ദണ്ഡനം ലഭിക്കുമെന്നു അറിയിക്കുന്നതോടൊപ്പം വിശുദ്ധന്മാർക്കുള്ള പ്രബോധനവും പ്രസ്താവിക്കുന്നു. പഴയനിയമപുതിയനിയമകാലത്തെന്നോണം മഹോപദ്രവകാലത്തും ദൈവത്തിൽ അഭയം പ്രാപിക്കുന്നവരെ വിശുദ്ധന്മാർ (Saints) എന്നാണ് വിളിച്ചിരിക്കുന്നത്. മൂലഭാഷയിൽ വിശുദ്ധൻ എന്നതിനർത്ഥം വേർതിരിക്കപ്പെട്ടവൻ (Saints > set apart ones ) എന്നാണ്. മഹാപീഡനകാലത്തും യേശുക്രിസ്തുവിൽ വിശ്വസിച്ചവരാകയാൽ അവരും ദൈവത്തിനായി വേർതിരിക്കപ്പെട്ടവരാണ്. മഹോപദ്രവകാലത്തെ വിശുദ്ധന്മാർ പീഡയുടെ മദ്ധ്യേ കാത്തുകൊള്ളേണ്ട മൂന്നു പ്രമാണങ്ങൾ അവരെ ഓർമ്മിപ്പിക്കുന്നു. (1) ദൈവകല്പന (Commandment) — ദൈവകല്പന പാലിക്കുക — keep the commandments of God (2) വിശ്വാസം (Faith) — യേശുക്രിസ്തിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുക — Be firm in the faith of Jesus (3) സഹിഷ്ണുത (Perseverance) — കഷ്ടങ്ങളിൽ സഹിഷ്ണുതയുള്ളവരായിരിക്കുക — Keep Patience / perseverance in troubles.

അന്തിക്രിസ്തുവിന്റെ ഭരണകാലത്ത് അതിക്രൂരമായ പീഡനങ്ങളിലൂടെ കടന്നുപോകുന്ന വിശുദ്ധന്മാരുടെ പ്രതികരണം അഥവാ അവർ പിടിച്ചുകൊള്ളേണ്ട മൂന്നാമത്തെ പ്രബോധനമാണിത്.

> സമുദ്രത്തിൽ നിന്നു കയറിവന്നമൃഗത്തോടനുബന്ധിച്ചുള്ള പീഡാവേളകളിൽ വിശുദ്ധന്മാരെ പ്രബോധിപ്പിച്ചത് അവർ സഹിഷ്ണുതയും വിശ്വാസവും ഉള്ളവരായിരിക്കണം എന്നാണ്. വെളി.13:10 —*"ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണുതയും വിശ്വാസവും ആവശ്യം."*

> ഭൂമിയിൽ നിന്നു കയറിവന്ന മൃഗത്തോടനുബന്ധിച്ചു വിശുദ്ധന്മാർക്കുള്ള പ്രബോധനം — അവർ ജ്ഞാനം ഉള്ളവരായിരിക്കണമെന്നാണ്. വെളി.13:17 - *"മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു. ഇവിടെ ജ്ഞാനംകൊണ്ടു ആവശ്യം."*

> ആകാശമദ്ധ്യേ പ്രത്യക്ഷപ്പെട്ട മൂന്നാമത്തെ ദൂതൻ വിളിച്ചറിയിക്കുന്നത് പീഡനമദ്ധ്യേ വിശുദ്ധന്മാർ ദൈവകല്പന, വിശ്വാസം സഹിഷ്ണുത എന്നിവയിൽ നിലനിൽക്കണം എന്നാണ്.

**(1) ദൈവകല്പന (Commandment) — ദൈവകല്പന പാലിക്കുക — keep the commandments of God —** അന്തിക്രിസ്തുവിന്റെ പീഡനകാലത്ത് വിശുദ്ധന്മാർ ദൈവകല്പനകൾ പാലിച്ചു ജീവിക്കണം. രക്ഷപ്രാപിക്കുവാൻ ദൈവകല്പനകൾ ആവശ്യമുള്ളതുപോലെ തുടർമാനജീവിതത്തിനും ദൈവകല്പനകൾ പാലിക്കണം. ദൈവകല്പനകൾ പാലിച്ചു ജീവിച്ചാൽ ജീവിതത്തിൽ ഉണ്ടാകുന്ന സകലപ്രതികൂലതകളെയും സന്തോഷത്തോടെ അഭിമുഖീകരിക്കുവാൻ സാദ്ധ്യമാകും. ദൈവകല്പനകളെ പ്രമാണിക്കുമ്പോൾ കർത്താവിനെ അറിയേണ്ടുംവണ്ണം അറിയുവാനും ദൈവം സ്നേഹം നിറഞ്ഞുകവിയുവാനും ഇടയാകും. **1.യോഹ.2:3,6 —** *"അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു അതിനാൽ അറിയാം." "അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു."* വചനത്തിൽ നിലനിൽക്കുമ്പോൾ കർത്താവിന്റെ ശിഷ്യന്മാരായി അറിയപ്പെടും (യോഹ.8:31).

**(2) വിശ്വാസം (Faith) — യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുക — Be firm in the faith of Jesus —** മഹാപീഡനകാലത്തെ വിശുദ്ധന്മാരോടു ദൂതൻ തുടർന്നു പറയുന്നത് അവർ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കണം എന്നാണ്. അന്തിക്രിസ്തുവിന്റെ ക്രൂരമായ ഭരണനാളുകളിൽ പ്രാണഭയത്തോടെ ജീവിക്കുന്ന വിശ്വാസികൾ അവരുടെ ജീവൻ കൊടുക്കേണ്ടി വന്നാലും യേശുക്രിസ്തുവിലുള്ള വിശ്വാസം ത്യജിച്ചു കളയുവാൻ പാടില്ല. എബ്രായലേഖനത്തിൽ പരാമർശിച്ചിരിക്കുന്ന വിശ്വാസവീരന്മാരുടെ പാത അവർ പിന്തുടരണം.

**(3) സഹിഷ്ണുത (Perseverence) — കഷ്ടങ്ങളിൽ സഹിഷ്ണുതയുള്ളവരായിരിക്കുക — Keep Patience / perseverance in troubles —** ദൈവകല്പനകൾ പാലിച്ച് യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുമ്പോൾ സഹിഷ്ണുത ലഭിക്കുവാനിടയാകും. കഷ്ടങ്ങളും ദുരിതങ്ങളും

ജീവിതത്തിലുണ്ടാകുമ്പോൾ ക്ഷമയോടെ ദീർഘക്ഷമയോടെ സഹിക്കുകയും അതിനെ നേരിടാനുള്ള കഴിവുമാണ് സഹിഷ്ണുത. മഹാപീഡനകാലത്ത് വിശുദ്ധന്മാരുടെ കണ്ണുനീരിന്റെ വേളയിൽ അവരിൽ തെളിഞ്ഞുകാണേണ്ട സവിശേഷതയാണ് സഹിഷ്ണുത. ദൈവകല്നകൾ പാലിക്കുകയും കർത്താവിലുള്ള വിശ്വാസം വർദ്ധിക്കുകയും ചെയ്യുമ്പോൾ സഹിഷ്ണുത വെളിപ്പെടും. തങ്ങളെ പീഡിപ്പിക്കുന്ന സകലദുഷ്ടന്മാരെയും കർത്താവു പ്രതികാരം നടത്തി നിത്യദണ്ഡനത്തിലേക്കു അയക്കുമെന്നും അന്നു തങ്ങൾക്കു ലഭിക്കുന്ന നിത്യസന്തോഷത്തിന്റെ ചിന്തയുമാണ് അവരിൽ സഹിഷ്ണുത വർദ്ധിക്കുവാനിടയാകുന്നത്. **റോമ.5:3 –** “*കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.*”

അന്തിക്രിസ്തുവിന്റെ ഭരണനാളുകൾ വിശുദ്ധന്മാരുടെ വിശ്വാസത്തെയും സഹിഷ്ണുതയെയും പരിശോധിക്കപ്പെടുന്ന ദിനങ്ങളായിരിക്കും. ദൈവകല്പനകൾ അനുസരിക്കുവാനും, യേശുക്രിസ്തുവിൽ വിശ്വസിക്കുവാനും, സഹിഷ്ണുത കാണിക്കുവാനും ഏറെ വൈഷമ്യമുള്ള ദിനങ്ങളായിരിക്കുമത്. യേശുക്രിസ്തുവിന്റെ സാക്ഷിയായി ജീവിക്കുക എന്നത് സാത്താന്റെ ശത്രുവായിത്തീരുകയെന്നതാണ്. അക്കാരണത്താൽ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും രക്തസാക്ഷിമരണംപോലും കൈവരിക്കേണ്ടിയും വരാം. “*അധർമ്മം പെരുകുന്നതുകൊണ്ടു അനേകരുടെ സ്നേഹം തണുത്തുപോകും*” (മത്താ.24:12). അന്നാളുകളിൽ ദൂതൻ പ്രബോധിപ്പിക്കുന്നതുപോലെ – “*ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ടു ഇവിടെ ആവശ്യം.*”

**വെളി.14:13 — ഞാൻ സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദം കേട്ടു; അതു പറഞ്ഞതു: എഴുതുക: ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു** (Then I heard a voice from heaven saying to me, “Write: Blessed *are* the dead who die in the Lord from now on.” Yes, says the Spirit, that they may rest from their labors, and their works follow them) —

ആകാശമദ്ധ്യേ പറന്നുകൊണ്ടു മൂന്നു ദൂതന്മാർ നിത്യസുവിശേഷം, ബാബിലോണിന്റെ പതനം, മൃഗത്തിന്റെ ആരാധകർക്കുള്ള നിത്യദണ്ഡനം എന്നിവ ഭൂവാസികളെ അറിയിച്ചു. അതിനുശേഷം നാലാമതായി കേൾക്കുന്ന ശബ്ദം സ്വർഗ്ഗത്തിൽ നിന്നാണ്. മഹോപദ്രവകാലത്തെ വിശുദ്ധന്മാരോടുള്ള ഭാഗ്യവർണ്ണനയും ഒടുവിലായി പരിശുദ്ധാത്മാവിന്റെ പ്രതികരണവുമാണ് കേൾക്കുന്നത്. ദൈവകല്പന കാത്തു, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ നിലനിന്നു, പ്രതികാരമോ പിറുപിറുപ്പോ ഇല്ലാതെ സഹിഷ്ണുതയോടെ അന്തിക്രിസ്തുവിന്റെ ക്രൂരമായ പീഡനങ്ങളെ നേരിട്ടു മരണത്തെ അഭിമുഖീകരിക്കുമ്പോൾ അവർക്കു ആശ്വാസമേകുന്ന മൂന്നു വാഗ്ദത്തങ്ങളാണ് സ്വർഗ്ഗത്തിൽ നിന്നു കേൾക്കുന്നത്. (1) കർത്താവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ (2) കർത്താവിൽ അഭയം പ്രാപിച്ചു ജീവിക്കുന്നവർക്കു മാത്രമേ നിത്യവിശ്രമം ലഭിക്കുകയുള്ളു (3) കർത്താവിൽ മരിക്കുന്നവരുടെ പ്രവൃത്തികൾ അവരെ പിന്തുടരും — അവർക്കു പ്രതിഫലം ലഭിക്കും.

**ഞാൻ സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദം കേട്ടു** (Then I heard a voice from heaven)—

മൂന്നു ദൂതന്മാരുടെ ആകാശമദ്ധ്യേയുള്ള വിളംഭരശേഷം യോഹന്നാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേൾക്കുന്നു. സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു, മഹാശബ്ദം കേട്ടു, മഹാഘോഷം കേട്ടു എന്നിങ്ങനെ വെളിപ്പാടു പുസ്തകത്തിൽ ഒൻപതു പ്രാവശ്യം ആവർത്തിച്ചു പറഞ്ഞിരിക്കുന്നതിൽ ആറാമത്തേതാണിത് (വെളി.10:4/10:8/11:12/12:10/14:2/14:13/18:4/19:5/21:3). ഇവിടെ കേൾക്കുന്ന ശബ്ദം സ്വർഗ്ഗസിംഹാസനത്തിൽ നിന്നാണ് വരുന്നത്. അതൊരു ദൂതന്റെ ശബ്ദമല്ല. മരണത്തെ അഭിമുഖീകരിക്കുന്ന പീഡനകാല വിശ്വാസികളെ ധൈര്യപ്പെടുത്തുവാനായി സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിക്കേൾക്കുന്ന ശബ്ദം പിതാവായ ദൈവത്തിന്റേതു തന്നെ. മരണത്തെ മുഖാമുഖം കണ്ടുകൊണ്ട് നിൽക്കുന്ന വിശുദ്ധന്മാർക്കു സ്വർഗ്ഗത്തിലെ ദൈവം നേരിട്ടു നൽകുന്ന സന്ദേശമാണിത്. അവരോടുള്ള വ്യക്തിപരമായ സ്നേഹവവും കരുതലുമാണിതിൽ അടങ്ങിയിരിക്കുന്നത്.

**അതു പറഞ്ഞതു: എഴുതുക** (saying to me, Write)—

സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടതു യോഹന്നാനോടു “എഴുതുക” എന്നുള്ള ആജ്ഞയായിരുന്നു. എഴുതുക എന്നുള്ള യോഹന്നാനു ലഭിക്കുന്ന ആജ്ഞ വെളിപ്പാടു പുസ്തകത്തിൽ 12 പ്രാവശ്യം ആവർത്തിരിക്കുന്നു (വെളി.1:11/1:20/2:1/2:8/2:12/2:18/3:1/3:7/3:14/14:13/19:9/21:5). “എഴുതുക” എന്ന ആവർത്തിച്ചുള്ള ആജ്ഞയിലൂടെ വ്യക്തമാകുന്നത് വെളിപ്പാടു പുസ്തകത്തിലെ ദൂതുകൾ ദൈവം പറഞ്ഞതുപോലെ യോഹന്നാൻ എഴുതി എന്നാണ്. അതായത് യോഹന്നാൻ മാനുഷിക എഴുത്തുകാരനെങ്കിലും താൻ എഴുതിയത് ദൈവാത്മപ്രേരണയാൽ ദൈവത്തിന്റെ വാക്കുകളും വാഗ്ദത്തങ്ങളുമായിരുന്നു എന്നു വെളിപ്പെടുന്നു.

**ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ** (Blessed *are* the dead who die in the

Lord from now on)—

സ്വർഗ്ഗത്തിൽ നിന്നു പിതാവായ ദൈവം യോഹന്നാനോടു എഴുതുവാൻ പറഞ്ഞത് പീഡയനുഭവിക്കുന്ന മഹോപദ്രവവിശുദ്ധന്മാർക്കുള്ള വാഗ്ദത്തമാണ്. "ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ" എന്നാണ് അറിയിച്ചത്. അന്തിക്രിസ്തുവിന്റെ അതിക്രൂരമായ പീഡനങ്ങളിലൂടെ കടന്നുപോകുന്നവർക്കും രക്തസാക്ഷിമരണം കൈവരിക്കുന്നവർക്കും ലഭിക്കുന്ന ആശ്വാസവചനമാണിത്. വെളിപ്പാടു പുസ്തകത്തിലെ ഏഴു ഭാഗ്യവർണ്ണനകളിൽ (seven beatitudes) രണ്ടാമത്തേത് മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കുള്ള ഭാഗ്യവാഗ്ദത്തമാണ് (വെളി.1:3/14:13/16:15/19:9/20:6/22:7/22:14).

കർത്താവിൽ മരിക്കുന്നവർ എക്കാലത്തും ഭാഗ്യമുള്ളതാണ്. ക്രിസ്തുവിൽ മരിക്കുക എന്നത് വിലയേറിയതും, ലാഭവും, അത്യുത്തമമാണെന്നും തിരുവചനം പ്രസ്താവിക്കുന്നു. **സങ്കീ.116:15 —** "*തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു.*" **ഫിലി.1:21, 23 —** "*എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു*"... "*വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അതു അത്യുത്തമമല്ലോ.*" ശരീരം വിട്ടു കർത്താവിനോടൊപ്പം വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നുവെന്നു കൊരിന്ത്യലേഖനത്തിൽ പറഞ്ഞിരിക്കുന്നു. **2.കൊരി.5:8 —** "*ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു.*" ക്രിസ്തുവിൽ ജീവിക്കുന്നവർക്കുമാത്രമേ ക്രിസ്തുവിൽ മരിക്കുവാനും സാദ്ധ്യമാകൂ. ക്രിസ്തുവിൽ വിശ്വസിക്കാതെയും, ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കാതെയും മതപരമായ കർമ്മങ്ങളിലും കൂദാശകളിലും ആശ്രയിച്ചു ജീവിക്കുന്നവർ ക്രിസ്തുവിൽ ജീവിക്കുന്നവരല്ല. അങ്ങനെയുള്ളവർ മരിക്കുമ്പോൾ അവരുടെ ചരമവാർത്തയോടുള്ള ചിത്രത്തിന്റെ അടിക്കുറിപ്പിൽ ക്രിസ്തുവിൽ നിദ്രപ്രാപിച്ചു എന്നു കാണാറുണ്ട്. കൂടാതെ അവരുടെ ശവസംസ്കാര പ്രസംഗങ്ങളിൽ മരിച്ചു കിടക്കുന്ന വ്യക്തി നല്ലപോർപൊരുതി ഓട്ടം തികെച്ചു ക്രിസ്തുവിൽ മരിച്ചു എന്നും പറഞ്ഞുകേട്ടിട്ടുണ്ട്. ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കാത്തവർ ക്രിസ്തുവിൽ ജീവിക്കുന്നവരുമല്ല, ക്രിസ്തുവിൽ മരിക്കുന്നവരുമല്ല. അവർ പാപത്തിൽ ജീവിച്ചവരും പാപത്തിൽ മരിച്ചവരുമാണ്. അവർക്കു മരണാനന്തരം നിത്യദണ്ഡനമാണ് ലഭിക്കുക. ക്രിസ്തുവിൽ മരിക്കുന്നത് ഏറ്റവും ഭാഗ്യകരമായ അവസ്ഥയാണ്. ക്രിസ്തുവിൽ വിശ്വസിച്ചു ജീവിക്കുന്നവർ വിശുദ്ധന്മാരാണ്. ഇപ്രകാരമുള്ള വിശുദ്ധന്മാരുടെ മരണത്തെയാണ് ക്രിസ്തുവിൽ മരിക്കുക എന്ന വിശേഷണത്തിലൂടെ സൂചിപ്പിക്കുന്നത്.

ഇക്കാലങ്ങളിൽ ശവസംസ്കാരശുശ്രൂഷകളിൽ ഏറ്റവും അധികം ഉപയോഗിക്കുന്ന ഒരു വാക്യമാണ് — "ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ "എന്നത്. കർത്താവിൽ മരിക്കുന്ന ഏതുകാലത്തെ വിശുദ്ധന്മാരും ഭാഗ്യവാന്മാരാണ്. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്ന "കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ " എന്നത് മഹാപീഡനകാലത്തെ വിശുദ്ധന്മാരാണെന്ന കാര്യം ശ്രദ്ധേയമാണ്. "ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ" എന്ന വാക്യത്തിൽ ഇന്നു മുതൽ എന്നതിനു രണ്ടു വ്യാഖ്യാനങ്ങളുണ്ട്.

(1) യോഹന്നാനോടു എഴുതുക എന്നു ദൈവം പറഞ്ഞ സമയം മുതൽ (വെളി.1:11) എക്കാലവും മരിക്കുന്ന വിശുദ്ധന്മാർ. എന്നാൽ ഇതു ശരിയല്ല. ഇന്നു മുതൽ എന്നത് മഹാപീഡനകാലത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

(2) മഹാപീഡനകാലത്തിന്റെ ആരംഭം മുതൽ അതിന്റെ അന്ത്യംവരെ അന്തിക്രിസ്തുവിന്റെയും മൃഗത്തിന്റെയും ക്രൂരമായ പീഡനങ്ങളേറ്റുവാങ്ങി രക്തസാക്ഷിമരണമുൾപ്പെടെ മരിക്കുന്ന പീഡനകാല വിശുദ്ധന്മാർ.

സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷം മഹോപദ്രവകാലത്തു അരങ്ങേറുന്ന പീഡകളിലൂടെ രക്തസാക്ഷിമരണം കൈവരിക്കുന്ന വിശുദ്ധന്മാർക്കു ആശ്വാസം നൽകുന്ന വാഗ്ദത്തമാണ് ദൈവം ഈ വാക്യത്തിലൂടെ അറിയിക്കുന്നത്. ആയതിനാൽ "ഇന്നു മുതൽ " കർത്താവിൽ മരിക്കുന്ന മൃതന്മാർ എന്നത് മഹോപദ്രവകാലത്തെ വിശുദ്ധന്മാരായ രക്തസാക്ഷികളെയാണ് ഉദ്ദേശിക്കുന്നത്. മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലുവാൻ അന്നു ആജ്ഞയുണ്ടാകുന്നു (വെളി.13:15). ഇപ്രകാരം വധിക്കപ്പെടുന്ന മഹാപീഡനകാലവേളയെയാണ് "ഇന്നു മുതൽ " എന്നതിലൂടെ മനസ്സിലാക്കാവുന്നത്. മഹോപദ്രവകാലത്തെ വിശുദ്ധന്മാർ ക്രൂരമായി പീഡിപ്പിക്കപ്പെടുമ്പോൾ അവർക്കു ഓർമ്മിക്കാനുള്ളത് — തങ്ങളുടെ ശരീരത്തെ മാത്രമേ മൃഗത്തിനു കൊല്ലുവാൻ കഴിയൂ എന്നും, ശാരീരികമരണാനന്തരം അവരുടെ ദേഹിയും ആത്മാവും നിമിഷനേരത്തിനകം കർത്താവിന്റെ സന്നിധിയിൽ എത്തുമെന്നാണ്. അതുകൊണ്ടാണ് അവർ ദേഹത്തെ കൊല്ലുവാൻ മാത്രം കഴിയുന്നവനെ ഭയപ്പെടാതെ ക്രിസ്തുവിൽ ജീവിച്ചതും ക്രിസ്തുവിൽ മരിക്കുന്നതും (ലൂക്കൊ.12:4,5). അന്തിക്രിസതുവിനോടൊപ്പം മൂന്നരവർഷക്കാലം സുഖിച്ചശേഷം നിത്യദണ്ഡനത്തിൽ കഴിയുന്നതിനേക്കാൾ എത്രയോ ശ്രേഷ്ടമാണ് ക്രിസ്തുവിനുവേണ്ടി ജീവൻകൊടുക്കുന്നതെന്ന് മഹാപീഡനകാലവിശുദ്ധന്മാർ ചിന്തിക്കുന്നു. രക്തസാക്ഷിമരണം കൈവരിക്കുന്നതിനാൽ ഭൂമിയിലെ സകലകഷ്ടങ്ങളിൽ നിന്നും, ഉപദ്രവങ്ങളിൽ നിന്നും അവർ മോചി

തരായിത്തീരുന്നു. മാത്രവുമല്ല രക്തസാക്ഷി മരണം കൈവരിച്ചതിനാൽ ജീവകിരീടം നൽകി (വെളി.2:10) സ്വർഗ്ഗത്തിൽ അവർ ആദരിക്കപ്പെടുന്നു. ദൈവകല്പനകൾ കാത്തും, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ നിലനിന്നും, സഹിഷ്ണുതയോടെ കഷ്ടങ്ങൾ സഹിച്ചവരുമായ ഇവർ മൃഗത്തിന്റെ പ്രതിമയെ നമസ്കരിത്താവരും, മൃഗമുദ്രയേൽക്കാത്തവരുമാണ്. ആയതിനാൽ ഇവർ കരുണയില്ലാതെ പീഡനം അനുഭവിക്കുന്നവരും, നിത്യജീവിതത്തിനായുള്ള സാധനങ്ങൾ വാങ്ങുവാനുള്ള അവസരംപോലും നിഷേധിക്കപ്പെട്ടവരും, തലഛേദിക്കപ്പെടുവാൻ വിധിക്കപ്പെട്ടവരുമാണ്. ഇവരെയാണ് ഭാഗ്യവാന്മാർ എന്നു ദൈവം വിളിക്കുന്നത്. ദൈവദൃഷ്ടിയിൽ അവർ ഭാഗ്യവാന്മാരാണ്. കാരണം, ഒന്നാമത് അവർ നിത്യഭാഗ്യം അനുഭവിക്കുവാൻ പോകുന്നു എന്ന നിലയിൽ ഭാഗ്യവാന്മാർ. രണ്ടാമത് മഹാപീഡനകാലത്തിന്റെ അവശേഷിക്കുന്ന നാളുകളിൽ ഇനിയും കഷ്ടങ്ങളും പീഡകളും അനുഭവിക്കാതെ മരണത്താൽ മോചിക്കപ്പെട്ടു നിത്യവിശ്രമത്തിലേക്കു മാറ്റപ്പെടുന്ന നിലയിൽ അവർ ഭാഗ്യവാന്മാരാണ്.

ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മഹോപദ്രവകാലവിശുദ്ധന്മാർ ആരെല്ലാം എന്നതിനെക്കുറിച്ചും വെളിപ്പാടിലൂടെ വിവരം ലഭിക്കുന്നുണ്ട്. പീഡിതസഭയെന്നറിയപ്പെട്ട സമുർന്നയിലെ മരണപര്യന്ത്യം വിശ്വസ്തരായവർ (വെളി.2:8–11), അശുദ്ധസഭയെന്നറിയപ്പെട്ട പെർഗ്ഗമൊസിലെ കർത്താവിന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസ് (വെളി.2:13), അഞ്ചാം മുദ്രപൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ട അറുക്കപ്പെട്ടവരുടെ ആത്മാക്കൾ (വെളി.6:9), സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നും വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി നിൽക്കുന്ന എണ്ണിക്കൂടാനാവാത്ത വീണ്ടെടുക്കപ്പെട്ട ഒരു മഹാപുരുഷാരം (വെളി7:9,14) എന്നിങ്ങനെ മഹോപദ്രവിശുദ്ധന്മാരുടെ നിര നീണ്ടുപോകുന്നു.

**അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു** (Yes, says the Spirit, that they may rest from their labors, and their works follow them) —

ഇന്നുമുതൽ അഥവാ ആഴ്ചവട്ടത്തിന്റെ രണ്ടാം പകുതിയായ മൂന്നരവർഷത്തിന്റ ആരംഭം മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ എന്നു സ്വർഗ്ഗത്തിൽ നിന്നുകേട്ട ശബ്ദം പിതാവായ ദൈവത്തിന്റേതായിരുന്നു. അതേ തുടർന്നു പരിശുദ്ധാത്മാവും ഇതിനെ സാക്ഷ്യപ്പെടുത്തുന്നു. "അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു" എന്നാണ് ആത്മാവു പറയുന്നത്.

**അതേ, .... എന്നു ആത്മാവു പറയുന്നു (Yes, says the Spirit) —**

ആത്മാവു നേരിട്ടു സാക്ഷ്യപ്പെടുത്തുന്ന സന്ദർഭം വെളിപ്പാടു പുസ്തകത്തിൽ രണ്ടിടത്തു കാണപ്പെടുന്നു (വെളി.14:13/22:17). എന്നാൽ ഏഴുസഭകൾക്കുള്ള ദൂതുകൾ കർത്താവു അറിയിക്കുമ്പോൾ ആത്മാവും സഭകളോടു പറയുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (വെളി.2:7/2:11/2:17/2:29/3:6/3:13/3:22). അതേ (yes) എന്നതിനു മൂലഭാഷയിൽ നൈയ് (nai) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. എബ്രായഭാഷയിൽ ഇതിനുസമാനമായ പദം ആമേൻ (amen)എന്നാണ്. കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ എന്നുള്ള പിതാവായ ദൈവത്തിന്റെ വാഗ്ദത്തത്തോട് പരിശുദ്ധാത്മാവാം ദൈവവും പൂർണ്ണമായി യോജിക്കുന്നു എന്നതിന്റെ സ്ഥിരീകരണമാണ് അതേ എന്നു ആത്മാവു പറയുന്നത്.

**അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു** (that they may rest from their labors) —

മൃഗത്തിന്റെ ആരാധകർക്കു രാവും പകലും എന്നു ഭേദമില്ലാതെ നിത്യദണ്ഡനമാണു ലഭിക്കുക. — വെളി.14:11 — "*അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല.*" എന്നാൽ ആത്മാവിന്റെ സാക്ഷ്യമെന്നത് മഹോപദ്രവകാലവിശുദ്ധന്മാർ അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു എന്നാണ്. പ്രയത്നം എന്നതിനു മൂലഭാഷയിൽ കോപോസ് (kopos) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം അദ്ധ്വാനം, പ്രയത്നം (labour) എന്നാണെങ്കിലും ദുരിതം, വേദന, തളർച്ച (trouble, pain, weariness) എന്നിവയെയും കുറിക്കുന്നു. അന്തിക്രിസ്തുവിന്റെ ഭരണകാലത്ത് കർത്താവിനു വേണ്ടി പറയുവാനോ, പ്രവർത്തിക്കുവാനോ കഴിയാത്ത സാഹചര്യത്തിൽ അവരിൽ കാണത്തക്ക പ്രയത്നം ഇല്ല. എന്നാൽ കർത്താവിന്റെ ഭാഗത്ത് മൃഗത്തെ എതിർത്തുകൊണ്ടു നിൽക്കുന്നതിനാൽ അവർ സഹിക്കുന്ന ദുരിതവും, വേദനയും അതിലൂടെയുണ്ടാകുന്ന തളർച്ചയും ക്രിസ്തുവിൽ അവരുടെ പ്രയത്നമായി എടുക്കാം. അതായത് ജീവച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നത് ഏറെ ഭാഗ്യം എന്നു കരുതപ്പെടുന്ന നാളുകളായിരിക്കും മഹപീഡനകാലഘട്ടം. മൃഗത്തെ നമസ്കരിക്കാത്തതിനാൽ വിശുദ്ധന്മാർക്കെതിരേ അന്തിക്രിസ്തുവിന്റെ പ്രതികാര നാളുകളായിരിക്കുമത്. മൃഗമുദ്രയേൽക്കാത്തതിനാൽ ആഹാരവും, വസ്ത്രവും, വെള്ളവും, വെളിച്ചവും, മരുന്നും, സകലവും നിഷേധിക്കപ്പെയും. ഇപ്രകാരമുള്ള പ്രതികൂലസാഹചര്യത്തിൽ ജീവൻവെച്ചുകൊടുത്തുകൊണ്ടുള്ള അവരുടെ ജീവിതം ക്രിസ്തുവിൽ അവരുടെ പ്രയത്നമാണ്. ശാരീരികമരണം

അവരുടെ പ്രയത്നങ്ങളിൽ നിന്നു അഥവാ ദുരിതങ്ങളിൽ നിന്നു വിശ്രമം നൽകും. കർത്താവിൽ വിശ്വസിച്ചതിനാൽ ഭൂമിയിൽ അവർ വിശ്രമമില്ലാതെ ഓടി അലയുകയും, മരണഭീതിയോടെ കഴിഞ്ഞുവെങ്കിലും മരണശേഷം നിത്യവിശ്രമത്തിൽ അവർ പ്രവേശിക്കുന്നു. അന്തിക്രിസ്തുവും, മൃഗവും, അനുയായികളും നിത്യദണ്ഡനത്തിലേക്കു പ്രവേശിച്ചു രാവും പകലും വിശ്രമമില്ലാതെ യാതന അനുഭവിക്കുമ്പോൾ ക്രിസ്തുവിൽ ജീവിച്ചുമരിച്ച വിശുദ്ധന്മാർ നിത്യവിശ്രമത്തിൽ കഴിയുന്നു. അവരുടെ നിത്യസ്വസ്ഥതയെക്കുറിച്ചു വെളിപ്പാടിൽ തന്നെ യോഹന്നാൻ വിവരിച്ചിട്ടുണ്ട്. **വെളി.7:14-17 —** *"ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു. അതുകൊണ്ടു അവർ ദൈവത്തിന്റെ സിംഹാസനത്തിൻമുമ്പിൽ ഇരുന്നു അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്കു കൂടാരം ആയിരിക്കും. ഇനി അവർക്കു വിശക്കയില്ല ദാഹിക്കയും ഇല്ല; വെയിലും യാതൊരു ചൂടും അവരുടെമേൽ തട്ടുകയുമില്ല. സിംഹാസനത്തിന്റെ മദ്ധ്യേ ഉള്ള കുഞ്ഞാടു അവരെ മേച്ചു ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളകയും ചെയ്യും."*

**അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു** (and their works follow them) —

മഹോപദ്രവകാലവിശുദ്ധന്മാർ അവരുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണം. തുടർന്നു ആത്മാവു പറയുന്നത് അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നാണ്. പ്രവൃത്തി എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദം എർഗോൺ (ergon) എന്നാണ്. ഇതിനർത്ഥം പ്രവർത്തനം, സേവനം എന്നാണ് (deeds, works). അവരുടെ പ്രവൃത്തി എന്നത് കർത്താവിലുള്ള അവരുടെ സേവനങ്ങളാണ്. ദൈവകല്പനകാത്തു, വിശ്വാസത്തിൽ ഉറച്ചു, സഹിഷ്ണുതയോടെ മഹോപദ്രവകാലത്ത് ജീവിച്ചതാണവരുടെ സേവനം അഥവാ പ്രവൃത്തി. ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന്നു തങ്ങൾ എന്തുചെയ്യേണമെന്ന അപ്പം തിന്നു തൃപ്തരായി അനുഗമിച്ച പുരുഷാരത്തിന്റെ ചോദ്യത്തിനു കർത്താവു കൊടുത്ത ഉത്തരം പ്രവൃത്തിയെ വെളിപ്പെടുത്തുന്നു. **യോഹ.6:29—** *"യേശു അവരോടു: ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്നു ഉത്തരം പറഞ്ഞു."* ഇതിന്റെ വെളിച്ചത്തിൽ മഹോപദ്രവകാലവിശുദ്ധന്മാരുടെ പ്രവൃത്തി എന്നു പറയുന്നത് അവർക്കു കായികമായി കർത്താവിനുവേണ്ടി പ്രവർത്തിക്കാനായില്ലെങ്കിലും അവർ കർത്താവിൽ വിശ്വസിക്കുന്നവരാകയാൽ അതു അവരുടെ ക്രിസ്തുവിലുള്ള പ്രവൃത്തിയായി കണക്കാക്കപ്പെട്ടു. അവർ ഭൂമിയിൽ അനുഭവിച്ച ദുരിതങ്ങളും പ്രയാസങ്ങളും നിമിത്തം സ്വർഗ്ഗത്തിൽ അവർ ആദരിക്കപ്പെടും. പ്രവൃത്തി പിന്തുടരുന്നു എന്നത് മരണശേഷം അവരുടെ സേവനം സ്വർഗ്ഗത്തിൽ ഓർമ്മിക്കപ്പെടും അഥവാ പ്രതിഫലം നൽകി ആദരിക്കപ്പെടും എന്നാണ്.

മൃഗത്തെ ആരാധിക്കുന്നവർക്കു നിത്യശിക്ഷാവിധി ലഭിക്കുന്നത് അവരുടെ ഭൂമിയിലെ പ്രവൃത്തി അവരെ പിന്തുടരുന്നതിനാലാണ്. ആയതുപോലെ ദൈവത്തിൽ ആശ്രയിക്കുന്നവരുടെയും ഭൂമിയിലെ പ്രവൃത്തി അവരെ പിന്തുടരും. അതായത് അവരുടെ പ്രവൃത്തിയാൽ അവർ ആദരിക്കപ്പെടും.

കർത്താവിനുവേണ്ടി ചെയ്യുന്ന പ്രയത്നങ്ങളും, പ്രവൃത്തികളും, സേവനങ്ങളും, അദ്ധ്വാനങ്ങളും മരണശേഷം പിന്തുടരുന്നു എന്നത് മഹോപദ്രവകാലത്തു മാത്രമല്ല എക്കാലത്തും ജീവിക്കുന്ന വിശുദ്ധന്മാരോടും ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ മരണാനന്തരം ഭൂമിയിൽ നിന്നു അവന്റെ വസ്തുവകകളോ, സമ്പത്തോ, സ്ഥാനമാനങ്ങളോ അവന്റെ കൂടെ കൊണ്ടുപോകുവാൻ സാദ്ധ്യമല്ല. എന്നാൽ അവൻ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ആർജ്ജിച്ച നല്ലതും ചീത്തയുമായ പ്രവൃത്തികൾ (deeds done either good or bad will follow after death) അവനെ പിന്തുടരും. **2.കൊരി.5:10 —** *"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു."* യേശുക്രിസ്തുവിൽ വിശ്വസിക്കുകയും, ഉയരത്തിലെ കാര്യങ്ങൾ ചിന്തിച്ചു സാക്ഷ്യമുള്ളവരായി ജീവിക്കുയും ചെയ്യുന്നവരെ സ്വർഗ്ഗത്തിൽ പ്രതിഫലം നൽകി ആദരിക്കപ്പെടും. **എബ്രാ.6:10 —** *"ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല."* സ്വർഗ്ഗീയകാര്യങ്ങൾ ചിന്തിച്ചു അതിനായി അദ്ധ്വാനിക്കുന്നവർ ബുദ്ധിയോടെ സ്വർഗ്ഗത്തിൽ നിക്ഷേപിക്കുന്നവരായി കണക്കാക്കപ്പെടും. **മത്താ.6:20 —** *"പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. "* എന്നാൽ വിശ്വാസികളുടെ പ്രവൃത്തിയെ തീയാൽ ശോധന ചെയ്യുന്ന ഒരു ദിവസം ഉണ്ട്. ശോധനയിങ്കൽ വിലയേറിയ പൊന്നു, വെള്ളി, കല്ലു എന്നിങ്ങനെയും മരം, പുല്ലു, വൈക്കോൽ എന്നിങ്ങനെ വിലയില്ലാത്തതും തീയിൽ വെന്തുപോകുന്നതുമായ പ്രവൃത്തികളായി വെളിപ്പെടും. അവനവന്റെ പ്രവൃത്തികൾ അവരെ പിന്തുടരുമെന്നതിനാൽ സ്വർഗ്ഗത്തിൽ ചിലർ ആദരിക്കപ്പെടുമ്പോൾ ചിലർ ലജ്ജിക്കപ്പെടുവാനും ഇടയാകും (1.കൊരി.3:11-15).

**വെളി.14:14 — പിന്നെ ഞാൻ വെളുത്തോരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രന്നു സദൃശനായ ഒരുത്തൻ തലയിൽ പൊൻകിരീടവും കയ്യിൽ മൂർച്ചയുള്ള അരിവാളുമായി ഇരിക്കുന്നതും കണ്ടു** (Then I looked, and behold, a white cloud, and on the cloud sat *One* like the Son of Man, having on His head a golden crown, and in His hand a sharp sickle) —

അന്തിക്രിസ്തുവിന്റെയും മൃഗത്തിന്റെയും പീഡനങ്ങളിലൂടെ കടന്നുപോകുന്ന മഹോപദ്രവകാലവിശുദ്ധന്മാർക്കു ആശ്വാസവചനങ്ങൾ അറിയിച്ചശേഷം യോഹന്നാൻ വീണ്ടും ഭൂമിയിന്മേലുള്ള ദൈവത്തിന്റെ ന്യായവിധി സന്ദേശത്തിലേക്കു മടങ്ങി വരുന്നു. വെളിപ്പാട് 14:14 മുതൽ 20 വരെയുള്ള വാക്യങ്ങൾ ഭൂമിയിൽ ദൈവത്തിന്റെ കൊയ്ത്തിനെ അഥവാ ന്യായവിധിയെ വിശദീകരിക്കുന്നു. യിസ്രായേലിന്റെ കൃഷിയോടനുബന്ധിച്ചും രണ്ടു കൊയ്ത്താണ് നടക്കുന്നത്. ആദ്യം ഗോതമ്പ് കൊയ്ത്ത്, അതിനുശേഷം മുന്തിരിയുടെ വിളവെടുപ്പ്. ആദ്യത്തേതു ഉണങ്ങിയ നിലയിലുള്ള ഗോതമ്പ് കൊയ്ത്തായിരിക്കുമ്പോൾ രണ്ടാമത്തേതു മുന്തിരി പഴുത്തു പാകമായ അവസ്ഥയിലെ വിളവെടുപ്പായിരിക്കുന്നു. ആയതുപോലെതന്നെ ദൈവവും മഹാപീഡനകാലത്ത് രണ്ടു കൊയ്ത്തുകൾ നടത്തുന്നു — (1) വെളി.14:14 -16 —വിളഞ്ഞുണങ്ങിയ വിളവിന്റെ കൊയ്ത്ത് (The harvest of the earth) (2) വെളി.14:17-20 — പഴുത്ത മുന്തിരിക്കുല അറുക്കലും ചക്കിലെ മെതിപ്പും (The vine of the earth and putting in the winepress).

വെളി.14:14 — 20 വരെയുള്ള വാക്യങ്ങളിലെ രണ്ടു കൊയ്ത്തുകളിലും ചില പ്രത്യേകതകൾ കാണാം — (1) കൊയ്ത്തുകാർ (Reapers) — മനുഷ്യപുത്രനായ യേശുക്രിസ്തുവും വിശുദ്ധദൂതന്മാരും (2) കൊയ്ത്ത് അഥവാ വിളവെടുപ്പ് (Reaping) — ഭൂമിയിലെ ഉണങ്ങിയ വിളവും പഴുത്ത മുന്തിരിക്കുലയും (3) കൊയ്ത്തിന്റെ കാരണം (Reason for reaping) — വിളവു വിളഞ്ഞുണങ്ങി, മുന്തിരി പഴുത്തു (4) കൊയ്ത്തിന്റെ അനന്തരഫലം (Cosequences of Reaping) — ചക്കിലെ മുന്തിരി മെതിപ്പിൽ രക്തം ബഹുദൂരത്തോളം ഒഴുകി. ഈ ഭാഗത്തുള്ള കൊയ്ത്തും ന്യായവിധിയും സസൂഷ്മമായി പരിശോധിച്ചാൽ വെള്ളസിംഹാസനത്തിന്റെ മുമ്പാകെയുള്ള ദുഷ്ടന്മാരുടെ അന്ത്യന്യായവിധിയല്ല മറിച്ച് മഹാപീഡനകാലയളവിൽ ജാതീയരാഷ്ട്രങ്ങളോടുള്ള ന്യായവിധിയുടെ ഇടപെടലായി കണക്കാക്കാം (മത്താ.25:31 -46/ മത്താ.13:37-40). വെളിപ്പാടു 14-ാം അദ്ധ്യായത്തിലെ ഈ അവസാഭാഗം ദൈവത്തിന്റെ ക്രോധം ഭൂമിയിലേക്കു മഹാപീഡനകാലത്തു പകരുന്നതിനെ വെളിപ്പെടുത്തുന്നു. ഇരു കൊയ്ത്തുകളോടു ബന്ധപ്പെട്ടുള്ള ന്യായവിധിയും (വെളി.14:14-20), ഏഴുകലശങ്ങളാലുള്ള ന്യായവിധിയും (വെളി.15,16) ഇതിൽ ഉൾപ്പെടുന്നു. ധാന്യക്കൊയ്ത്ത് ഏഴുകലശങ്ങളാലുള്ള ന്യായവിധിയെയും, മുന്തിരിക്കൊയ്ത്ത് ഹർമ്മഗെദ്ദോൻ ന്യായവിധിയെയും കുറിക്കുന്നു. വെളിപ്പാടു 13 -ൽ ശക്തിയാർജ്ജിച്ചു കണ്ട മൃഗത്തിന്റെയും സാത്താന്യശക്തികളുടെയും സമൂലനാശം ഇവിടത്തെ ന്യായവിധികളിലൂടെ ഉണ്ടാകുന്നു.

*"പിന്നെ ഞാൻ വെളുത്തോരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രന്നു സദൃശനായ ഒരുത്തൻ തലയിൽ പൊൻകിരീടവും കയ്യിൽ മൂർച്ചയുള്ള അരിവാളുമായി ഇരിക്കുന്നതും കണ്ടു"* എന്നു യോഹന്നാൻ ഭൂമിയിലെ കൊയ്ത്തിന്റെ പ്രാരംഭമായി പറയുന്നു.

**പിന്നെ ഞാൻ വെളുത്തോരു മേഘവും .... കണ്ടു** (Then I looked, and behold, a white cloud) —

"ഞാൻ കണ്ടു" എന്ന യോഹന്നാന്റെ പ്രസ്താവന (വെളി.4:1/6:2/6:5/6:7/7:9/14:1) പുതിയൊരു വിഷയത്തിലേക്കു നമ്മുടെ ശ്രദ്ധയെ തിരിക്കുന്നു. ആദ്യം ഒരു വെളുത്ത മേഘത്തെയാണ് കാണുന്നത്. "വെളുപ്പു " പരിശുദ്ധി, വിശുദ്ധി, നീതി (holiness, righteousness) എന്നിവയെ കുറിക്കുന്നു. "മേഘം" ദൈവത്തിന്റെ സാന്നിദ്ധ്യം, ദൈവത്തിന്റെ മഹത്വം, ദൈവത്തിന്റെ ഗാംഭീര്യം (presence, glory, majesty) എന്നിവയെ വെളിപ്പെടുത്തുന്നു (മത്താ.17:5/അപ്പൊ.1:9). ദൈവമഹത്വത്തെയും സാന്നിദ്ധ്യത്തെയും പ്രദർശിപ്പിക്കുന്ന മേഘസ്തംഭം (white cloud > Shekinah glory) ചെങ്കടൽ കടക്കാൻ ഒരുങ്ങുന്ന യിസ്രായേല്യർക്കു മുമ്പും പിമ്പുമായി കാവൽ നിൽക്കുന്നതായി കാണുന്നു (പുറ.14:19,20).

**മേഘത്തിന്മേൽ മനുഷ്യപുത്രന്നു സദൃശനായ ഒരുത്തൻ** (and on the cloud sat *One* like the Son of Man) —

വെളുത്തോരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രനു സദൃശ്യനായ ഒരുവനെയും യോഹന്നാൻ കണ്ടു. അതായത് മേഘത്തെ സിംഹാസനമാക്കി അതിൽ ഇരിക്കുന്നവൻ മനുഷ്യപുത്രനു സദൃശനായി യോഹന്നാൻ കാണുന്നു. ഇതു നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെ. കാരണം ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നവനും മനുഷ്യപുത്രൻ എന്ന നാമം വഹിക്കുന്നവനും ക്രിസ്തുവാണെന്നു തിരുവെഴുത്തുകളിൽ കാണുന്നു.

വെളി.1:7 — *"ഇതാ അവൻ മേഘാരൂഢനായി വരുന്നു."*

മത്താ.24:30 — *"മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും."*

മത്താ.26:64 — *"യേശു അവനോടു: ഞാൻ ആകുന്നു; ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും."*

വെള്ളമേഘവും, മേഘത്തിൽ ഇരിക്കുന്നവനും, മനുഷ്യപുത്രന്നു സദൃശനായവനും എന്നുള്ള യോഹന്നാന്റെ പ്രസ്താവന പ്രവാചകനായ ദാനീയേലിന്റെ ദർശനത്തോടും ചേരുന്നു. ദാനീ.7:13-14 — *"രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു; അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി. സകലവംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന്നു അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു."*

"മനുഷ്യപുത്രൻ" എന്ന നാമം യേശുക്രിസ്തുവിനെ കുറിക്കുന്നു. ക്രിസ്തുവിന്റെ മനുഷ്യത്വത്തെ വെളിപ്പെടുത്തുന്ന നാമമാണത്. മത്തായിയുടെ സുവിശേഷത്തിൽ തന്നെ മനുഷ്യപുത്രൻ എന്ന വിശേഷണം അനേക പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട് (മത്താ.8:20/9:6/10:23/11:19/12:8/12:32/12:40/13:37/13:41/16:13/16:27/16:28/17:9/17:12/17:22/18:11/19:28/20:18/20:28/24:27/24:30/24:37/24:39/24:44/25:13/25:31/26:2/26:24/26:65/26:64).

മത്താ.8:20 — *"യേശു അവനോടു: കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്കു കൂടുകളും ഉണ്ടു; മനുഷ്യപുത്രന്നോ തല ചായിപ്പാൻ ഇടം ഇല്ല എന്നു പറഞ്ഞു."*

മത്താ.9:6 — *"എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം ഉണ്ടു."*

മത്താ.24:27 — *"മിന്നൽ കിഴക്കു നിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവും ആകും."*

മത്താ.24:30 — *"അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും."*

മർക്കൊ.2:28 —*"അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിന്നും കർത്താവു ആകുന്നു എന്നു പറഞ്ഞു."*

ഒരിക്കൽ മനുഷ്യനായി ലോകത്തിൽ വന്നു മനുഷ്യരുടെ പാപപരിഹാരത്തിനായി മരിച്ചുവെങ്കിൽ, ഇനി രാജാവും ന്യായാധിപതിയുമായി ഭൂമിയിലേക്കു വന്നു സകല ദുഷ്ടന്മാരെയും ന്യായം വിധിക്കും. ന്യായവിധിയെല്ലാം മനുഷ്യപുത്രനായ ക്രിസ്തുവിനു പിതാവു നൽകിയിരിക്കുന്നു.

യോഹ.5:22 — *"പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രന്നു കൊടുത്തിരിക്കുന്നു."*

യോഹ.5:27 — *"അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവന്നു അധികാരവും നല്കിയിരിക്കുന്നു."*

"മനുഷ്യപുത്രൻ" എന്ന നാമം സ്വർഗ്ഗത്തിൽ അധിവസിച്ച ദൈവമായ ക്രിസ്തു ദാവീദിന്റെ സന്തതിയായി ഭൂമിയിൽ വന്നതും, മാനവജാതിയുടെ രക്ഷക്കായി തന്നത്താൻ താഴ്ത്തി ക്രൂശിലെ മരണത്തിലൂടെ നിത്യരക്ഷ ഒരുക്കിയവനുമായ മനുഷ്യപുത്രനായ ക്രിസ്തുവിനെ കുറിക്കുന്നു. മനുഷ്യപുത്രനെന്ന നാമം ക്രിസ്തുവിന്റെ മനുഷ്യത്വത്തെ വെളിപ്പെടുത്തുന്ന മനോഹരനാമമാണ്. മേൽകൊടുത്തിരിക്കുന്ന വാക്യങ്ങൾ കൂടാതെ അനേക തിരുവെഴുത്തുകൾ "മനുഷ്യപുത്രൻ" എന്ന നാമത്തെ പ്രസ്താവിക്കുന്നു (മർക്കൊ.8:31/മർക്കൊ.9:9/ലൂക്കൊ.6:22/ലൂക്കൊ.7:34/ലൂക്കൊ.9:22/യോഹ.6:27/യോഹ.6:62/യോഹ.8:28).

മേഘത്തിന്മേൽ മനുഷ്യപുത്രന്നു സദൃശനായ ഒരുത്തൻ (and on the cloud sat *One* like the Son of Man) യേശുക്രിസ്തു തന്നെയെന്നു തിരുവചനത്തിലൂടെ വളരെ വ്യക്തമായി വെളിപ്പെടുമ്പോൾ അതല്ല മേഘത്തിൽ പ്രത്യക്ഷപ്പെടുന്നത് ദൂതനാണെന്നും, പൊൻകിരീടധാരികളായ 24 മൂപ്പന്മാരെ പ്രതിനിധീകരിക്കുന്ന ഒരാളാണെന്നുമുള്ള അഭിപ്രായങ്ങളുണ്ട്. എന്നാൽ തിരുവചനം ശരിക്കും പഠിക്കാതെ പറയുന്ന അഭിപ്രായങ്ങളായി ഇതിനെ കരുതാം. കർത്താവു ഭൂമിയെ ന്യായം വിധിക്കുവാൻ ഒരിക്കലും അരിവാളോ കോങ്കത്തിയോ (വെളി.14:16) എടുക്കേണ്ടതില്ലെന്നും, മേഘത്തിൽ പ്രത്യക്ഷപ്പെട്ടവന്റെ തലയിൽ വെളുത്ത പഞ്ഞിപോലുള്ള തലമുടിയില്ലെന്നും (വെളി.1:14), തലയിൽ രാജമുടികൾ (വെളി.19:12) കാണുന്നില്ലെന്നും അക്കാരണത്താൽ ക്രിസ്തുവല്ല എന്ന അബദ്ധചിന്താഗതിയാലുണ്ടാകുന്ന അഭിപ്രായപ്രകടനമാണിത്. കാരണം കോങ്കത്തിയും, വെളുത്തപഞ്ഞിപോലുള്ള മുടിയും, രാജമുടികളും വെളിപ്പാടിലെ ആലങ്കാരികഭാഷാ വർണ്ണനകളാണെന്ന അടിസ്ഥാനതത്വം മറന്നുപോകുന്നതിനാലാണ് ഇപ്രകാരമുള്ള തെറ്റായ ചിന്തക്കു കാരണമാകുന്നത്.

**തലയിൽ പൊൻകിരീടവും** (having on His head a golden crown) —

ഭൂമിയിലെ കൊയ്ത്തിനായി വാനമേഘങ്ങളിൽ വരുന്ന മനുഷ്യപുത്രനായവന്റെ മറ്റൊരു പ്രത്യേകതയെന്നത് തലയിൽ പൊൻ കിരീടം ഉണ്ടായിരുന്നു എന്നാണ്. "പൊന്ന്" തിരുവചനത്തിൽ ദൈവത്വത്തെയും, രാജത്വത്തെയും, സ്വഭാവത്തോടു ബന്ധപ്പെടുത്തി നശിക്കാത്തതിനെയും (Gold > symbol of deity and kingship and by nature it shows imperishable) കുറിക്കുന്നു.

"കിരീടം" എന്നതിനു ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദം "സ്റ്റേഫാനോസ് " എന്നാണ്. ഇതു വിജയികൾക്കു ലഭിക്കുന്നതാണ്. രാജാക്കന്മാരണിയുന്ന കിരീടത്തെ "ഡയഡെമാ" (diadema) എന്നാണ് പറയുന്നത്.

തിരുവചനത്തിൽ വിജയികൾക്കു ലഭിക്കുന്ന വിവിധകീരീടങ്ങളുണ്ട്.

(1) വാടാത്ത കിരീടം (സ്വയത്യാഗികൾക്ക്) — 1.കൊരി.9:25
(2) പ്രശംസാ കിരീടം (ആത്മാക്കളെ നേടുന്നവർക്ക്) —1.തെസ്സ.2:19
(3) നീതിയുടെ കിരീടം (വിശ്വസ്തതയ്ക്ക്) —2.തിമൊ.4:8
(4) ജീവകിരീടം (പരീക്ഷ സഹിക്കുന്നവർക്ക്) — യാക്കോ.1:12
(5) തേജസ്സിന്റെ കിരീടം (ആട്ടിൻകൂട്ടത്തെ മേയ്ക്കുന്നവർക്ക്) — 1.പത്രൊ.5:4

വെളുത്ത മേഘത്തിൽ വരുന്ന മനുഷ്യപുത്രനായ ക്രിസ്തു തലയിൽ പൊൻ കിരീടം അണിഞ്ഞിരിക്കുന്നു. "പൊന്നു" ദൈവത്വത്തെയും "കിരീടം" വിജയത്തെയും കുറിക്കുന്നു. തലയിൽ രാജമുടി (ഡയഡെമാ / diadema) കാണപ്പെടാത്തതിനാൽ താൻ രാജാവെന്ന നിലയിലല്ല, മറിച്ചു ദൈവം എന്ന നിലയിലും, സകലശത്രുക്കളെയും ജയിക്കാനുള്ള ജയാളിയുടെ ഭാവത്തിലുമാണ് ക്രിസ്തുവിന്റെ വരവ്.

**കയ്യിൽ മൂർച്ചയുള്ള അരിവാളുമായി ഇരിക്കുന്നതും കണ്ടു** (and in His hand a sharp sickle) —

മേഘത്തെ സിംഹാസനമാക്കി എഴുന്നള്ളുന്ന പൊൻകിരീടധാരിയായ മനുഷ്യപുത്രന്റെ മറ്റൊരു പ്രത്യേകതയെന്നത് തന്റെ കയ്യിൽ മൂർച്ചയുള്ള അരിവാളുണ്ടെന്നതാണ്. ധാന്യക്കൊയ്ത്തിനായി വരുന്നവന്റെ കയ്യിൽ അരിവാളും (വെളി.14:14) മുന്തിരിക്കുല അറുക്കാൻ വരുന്നവന്റെ കയ്യിൽ കോങ്കത്തിയും (വെളി.14:17) പിടിച്ചിരിക്കുന്നതായി പറയുന്നു. ഇംഗ്ലീഷിൽ ഇവക്കു രണ്ടിനും സിക്കിൾ (sickle) എന്നാണ് പറഞ്ഞിരിക്കുന്നത്. മൂലഭാഷയിൽ രണ്ടിനും "ഡ്രെപ്പാനോൻ " (drepanon = sickle ) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ആയതിനാൽ അരിവാളിനെയും കോങ്കത്തിയെയും വിഭിന്നമായി കാണേണ്ടതില്ല. അരിവാൾ അഥവാ കോങ്കത്തി നീണ്ട 'റ' ആകൃതിയിൽ ഇരുമ്പിനാൽ ഉണ്ടാക്കിയതും ഒരറ്റം നീളമുള്ള തടിപ്പിടിയാൽ ബന്ധിച്ചതുമാണ്. ഇതിന്റെ ആകൃതി വളഞ്ഞതാകയാൽ അതിനുള്ളിൽ പിടിക്കപ്പെടുന്ന ഏതും പുറത്തുപോകയില്ലെന്നും കുറിക്കുന്നു. കൂടാതെ മൂർച്ചയുള്ള എന്ന വിശേഷണം ധാന്യച്ചെടിയായാലും മുന്തിരിക്കുലയായാലും രണ്ടാമതൊരു തവണ കൂടി അതിനെ മുറിക്കേണ്ടാത്തവിധം മുറിച്ചെടുക്കുവാൻ കഴിയുന്നതിനെയും വെളിപ്പെടുത്തുന്നു. കയ്യിൽ മൂർച്ചയുള്ള അരിവാളുമായി വരുന്ന മനുഷ്യപുത്രനായ ക്രിസ്തു തന്റെ ശത്രുക്കളെ ഒന്നടങ്കം കൊയ്ത്തിലെന്നപോലെ അറുത്തുമുറിക്കുന്ന രംഗമാണിവിടെ കാണുന്നത്. അരിവാൾ പിടിച്ചിരിക്കുന്നത് കൊയ്ത്തു നടത്തുവാനാണ്. അരിവാൾ ന്യായവിധിയുടെ പ്രതീകമാണ്. ദുഷ്ടന്മാരുടെ മേലുള്ള ന്യായവിധിയുടെ കൊയ്ത്താണിത്.

**വെളി.14:15 — മറ്റൊരു ദൂതൻ ദൈവാലയത്തിൽനിന്നു പുറപ്പെട്ടു, മേഘത്തിന്മേൽ ഇരിക്കുന്നവനോടു: കൊയ്ത്തിന്നു സമയം വന്നതുകൊണ്ടു നിന്റെ അരിവാൾ അയച്ചു കൊയ്ക; ഭൂമിയിലെ വിളവു വിളഞ്ഞുണങ്ങിയിരിക്കുന്നു എന്നു ഉറക്കെ വിളിച്ചു പറഞ്ഞു** (And another angel came out of the temple, crying with a loud voice to Him who sat on the cloud, Thrust in Your sickle and reap, for the time has come for You to reap, for the harvest of the earth is ripe) —

വെളുത്തോരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രനു സദൃശനായ ഒരുവൻ തലയിൽ പൊൻകിരീടവും കയ്യിൽ മൂർച്ചയുള്ള അരിവാളുമായി ഇരിക്കുന്നതു യോഹന്നാൻ കണ്ടു. മഹോപദ്രവകാലാവസാനത്തിൽ മേഘാരൂഢനായി സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലെ ന്യായവിധിക്കായി ആഗതനാകുന്നത് നമ്മുടെ കർത്താവു തന്നെ. തുടർന്നു യോഹന്നാൻ കാണുന്നത് സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ നിന്നും വരുന്ന മറ്റൊരു ദൂതനെയാണ്. മേഘത്തെ വാഹനമാക്കി എഴുന്നള്ളുന്ന ജയാളിയായവനോടു ദൂതൻ ഉറക്കെ പറയുന്നത് — (1) കൊയ്ത്തിനു സമയം വന്നിരിക്കുന്നു (2) അരിവാൾ ഭൂമിയിലേക്കു അയച്ചു കൊയ്യുക (3) ഭൂമിയിലെ വിളവു വിളഞ്ഞുണങ്ങിയിരിക്കുന്നു.

**മറ്റൊരു ദൂതൻ ദൈവാലയത്തിൽനിന്നു പുറപ്പെട്ടു, മേഘത്തിന്മേൽ ഇരിക്കുന്നവനോടു: ഉറക്കെ വിളിച്ചു പറഞ്ഞു** (And another angel came out of the temple, crying with a loud voice to Him who sat on the cloud) —

**മറ്റൊരു ദൂതൻ** (And another angel)— എന്നത് ഈ അദ്ധ്യായത്തിൽ കാണപ്പെടുന്ന നാലാ

മത്തെ ദൂതനെയാണ്. അതായത് നിത്യസുവിശേഷവുമായി വന്ന ഒന്നാമത്തെ ദൂതൻ (വെളി.14:6), ബാബിലോണിന്മേലുള്ള ന്യായവിധി അറിയിച്ച രണ്ടാമത്തെ ദൂതൻ (വെളി.14:8), മൃഗത്തിന്റെ ആരാധകർക്കുള്ള ന്യായവിധി അറിയിച്ച മൂന്നാമത്തെ ദൂതൻ (വെളി.14:9) എന്നിവർക്കു ശേഷം വരുന്ന നാലാമത്തെ ദൂതൻ. മറ്റൊരു ദൂതൻ എന്ന വിശേഷണത്തെ ബന്ധപ്പെടുത്തി ഇതിനു തൊട്ടുമുമ്പു മേഘത്തിന്മേൽ വന്ന മനുഷ്യപുത്രനെ ദൂതനായി കരുതുവാനും പാടില്ല. ദൂതന്മാർ ദൈവത്തിന്റെ സന്ദേശവാഹകരാണ്. ഇവിടത്തെ ദൂതൻ പിതാവായ ദൈവത്തിന്റെ സന്ദേശം മനുഷ്യപുത്രനായ ക്രിസ്തുവിനു എത്തിക്കുന്നതാണ് രംഗം.

**ദൈവാലയത്തിൽ നിന്നു പുറപ്പെട്ടു** (came out of the temple) — അഥവാ സ്വർഗ്ഗത്തിലെ ആലയത്തിൽ നിന്നു പുറപ്പെട്ടു (വെളി.14:17) എന്നത് സ്വർഗ്ഗീയസിംഹാസനത്തിൽ ദൈവസന്നിധിയിൽ നിന്നു പുറപ്പെട്ടു എന്നതിനെ അർത്ഥമാക്കുന്നു.

**ഉറക്കെ വിളിച്ചു പറഞ്ഞു** (crying out with a loud voice) — എന്നത് സന്ദർഭത്തിന്റെയും ദൂതിന്റെയും ഗൗരവത്തെയും, ദൈവത്തിൽ നിന്നു ലഭിച്ച അധികാരത്തെയും കുറിക്കുന്നു. ക്രിസ്തുവിനോടു ദൂതൻ ഉറക്കെ വിളിച്ചു പറയുകയും നിന്റെ അരിവാൾ അയച്ചു കൊയ്യുക എന്നു ആജ്ഞ കൊടുക്കുകയും ചെയ്ത വാക്യത്തെ അടിസ്ഥാനപ്പെടുത്തി മേഘത്തിന്മേൽ മനുഷ്യപുത്രനായി പ്രത്യക്ഷപ്പെട്ടവൻ ക്രിസ്തുവല്ല എന്നു ചിലർ വാദിക്കുന്നുണ്ട്. കാരണം ദൂതന്മാർ മഹത്വധാരിയായ ക്രിസ്തുവിനു കല്പനകൊടുക്കുവാനോ ഏതെങ്കിലും പ്രവർത്തിക്കുവാനോ ആജ്ഞാപിക്കുവാനോ അധികാരമില്ല എന്ന കാര്യം ശരിയാണ്. എന്നാൽ ഇവിടെ മനുഷ്യപുത്രനായ ക്രിസ്തുവിനു ദൂതൻ ആജ്ഞ കൊടുക്കുകയല്ല മറിച്ചു പിതാവായ ദൈവത്തിന്റെ സന്ദേശം പുത്രനായ ക്രിസ്തുവിനു ദൂതൻ കൈമാറുന്നതേയുള്ളൂ. അന്ത്യന്യായവിധിയെ സംബന്ധിച്ചുള്ള കാര്യങ്ങളും അതിന്റെ നാളും നാഴികയും പിതാവിനു മാത്രമേ അറികയുള്ളു എന്നു പുത്രനായ കർത്താവു പറഞ്ഞിട്ടുണ്ട്. മത്താ.24:36 — "*ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല.*" അപ്പൊ.1:7 —"*അവൻ അവരോടു: പിതാവു തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല.*" ആകയാൽ ന്യായവിധി നടത്തുവാനുള്ള ദൈവത്തിന്റെ നിർദ്ദേശങ്ങൾ തന്റെ ദൂതൻ മുഖാന്തരം പുത്രനായ ക്രിസ്തുവിനു നൽകുന്നു.

**കൊയ്ത്തിന്നു സമയം വന്നതുകൊണ്ടു** (for the time has come for You to reap) —

സർവ്വശക്തനായ ദൈവത്തിന്റെ സന്ദേശം മനുഷ്യപുത്രനായ ക്രിസ്തുവിനു ദൂതൻ മുഖാന്തരം ആദ്യമായി അറിയിക്കുന്നത് കൊയ്ത്തിനു സമയം വന്നിരിക്കുന്നു എന്നാണ്. അതായത് ഭൂവാസികൾക്കുള്ള കൃപാകാലം കഴിഞ്ഞു. ഇതുവരെയും ദൈവത്തെ മറുതലിക്കുന്നവർക്കു രക്ഷിക്കപ്പെടുവാൻ ദൈവം ദീർഘക്ഷമയോടെ അവസരങ്ങൾ നൽകി കാത്തിരിക്കുകയായിരുന്നു. ന്യായവിധിയുടെ കാര്യങ്ങൾ പുത്രനു അധികാരം നൽകി ഏല്പിച്ചിരിക്കുന്നതിനാൽ (യോഹ.5:22,27/അപ്പൊ.10:42/അപ്പൊ.17:31) ന്യായവിധി തുടങ്ങുവാൻ സമയമായിരിക്കുന്നു എന്നു ദൈവം പുത്രനെ അറിയിക്കുന്നു. "ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു" (വെളി.14:7) എന്ന് നിത്യസുവിശേഷം അറിയിച്ച ഒന്നാമത്തെ ദൂതൻ വിളിച്ചു പറഞ്ഞതും, "കൊയ്ത്തിനു സമയം വന്നിരിക്കുന്നു" (വെളി.14:15) എന്ന് നാലാമത്തെ ദൂതൻ വിളിച്ചു പറഞ്ഞതും ഒന്നു തന്നെ. ഭൂവാസികളുടെമേൽ ദൈവക്രോധത്തിന്റെ അരിവാൾ എറിയുവാൻ സമയമായി എന്നു സാരം.

**നിന്റെ അരിവാൾ അയച്ചു കൊയ്ക** (Thrust in Your sickle and reap) —

ദൂതൻ ക്രിസ്തുവിനു കൈമാറുന്ന ദൈവത്തിന്റെ രണ്ടാമത്തെ സന്ദേശമെന്നത് — "നിന്റെ അരിവാൾ അയച്ചു കൊയ്യുക" എന്നാണ്. അരിവാൾ അയക്കേണ്ടത് ഭൂമിയിലേക്കാണ്. അരിവാൾ - കൊയ്ത്തിനെയും, കൊയ്ത്തു - പൊതുവേ മരണത്തെയും നാശത്തെയും വിശേഷാൽ ന്യായവിധിയെയും (sickle pictures for reaping. Reaping pictures for death and destruction especially judgment) കുറിക്കുന്നു. കൊയ്ത്തിനു മറ്റൊരു വശം കൂടിയുണ്ട്. ആത്മാക്കൾ രക്ഷിക്കപ്പെടുന്നതിനെ വിളവെടുപ്പും കൊയ്ത്തുമായി ചിന്തിക്കാം (soul saving can be pictured as harvest and reaping).

**ഭൂമിയിലെ വിളവു വിളഞ്ഞുണങ്ങിയിരിക്കുന്നു** (for the harvest of the earth is ripe) —

ഭൂമിയിലെ കൊയ്ത്തു നടത്തേണ്ടുന്നതും അതിനായി അരിവാൾ അയക്കേണ്ടുന്നതിനും കാരണം ഭൂമിയിലെ വിളവു വിളഞ്ഞുണങ്ങിയിരിക്കുന്നു എന്നതാണ്. കൊയ്ത്തു അഥവാ ന്യായവിധിയുടെ സമയം ആയിരിക്കുന്നു എന്നതിനെ വെളിപ്പെടുത്തുന്നു. "*അരിവാൾ ഇടുവിൻ; കൊയ്ത്തിന്നു വിളഞ്ഞിരിക്കുന്നു*" (യോവേ.3:13) എന്നു യോവേൽ പ്രവാചകനും "*ധാന്യം വിളയുമ്പോൾ കൊയ്ത്തായതുകൊണ്ടു അവൻ ഉടനെ അരിവാൾ വെക്കുന്നു*" (മർക്കൊ.4:29) എന്നു കർത്താവും പറയുന്നു. കർത്താവായ യേശുക്രിസ്തു തന്റെ ഒന്നാം വരവിൽ താൻ ദാസരൂപമെടുത്തു വേഷത്തിൽ മനുഷ്യനായി ലോകത്തിൽ വന്നു. എന്നാൽ തന്റെ രണ്ടാം വരവിൽ ന്യായാധിപതിയായി വരും. അന്നു ജീവിക്കുന്നവരെയും മരിച്ചവരെയും ന്യായം

വിധിക്കും (2.തിമൊ.4:1). ഒന്നാം വരവിൽ വിതക്കുന്നവനായി വന്നുവെങ്കിൽ രണ്ടാം വരവിൽ കൊയ്യുന്ന വനായി വരും.

**വെളി.14:16 — മേഘത്തിന്മേൽ ഇരിക്കുന്നവൻ അരിവാൾ ഭൂമിയിലേക്കു എറിഞ്ഞു ഭൂമിയിൽ കൊയ്ത്തു നടന്നു** (So He who sat on the cloud thrust in His sickle on the earth, and the earth was reaped) —

മേഘത്തിന്മേൽ ഇരിക്കുന്നവനും (വെളി.14:14,16) ന്യായം വിധിപ്പാൻ അധികാരം ലഭിച്ചവനുമായ ന്യായാധിപനായ (യോഹ.5:27) ക്രിസ്തു അരിവാൾ ഭൂമിയിലേക്കെറിഞ്ഞു ഭൂമിയിൽ കൊയ്ത്തു നടന്നു. എന്നാൽ ഭൂമിയിലെ അന്ത്യന്യായവിധി അരങ്ങേറുന്നത് മഹോപദ്രവകാലാവസാനത്തിങ്കലാണെന്ന (വെളി.19:17-21) കാര്യവും ശ്രദ്ധേയമാണ്. അതായത് ഭൂമിയിലേക്കു ന്യായവിധിയുടെ അരിവാൾ എറിയുന്നത് മഹോപദ്രവകാലാവസാനം അരങ്ങേറുവാൻ പോകുന്ന ന്യായവിധികളുടെ ഒരു പ്രവചനദർശനമായി എടുക്കാം.

വെളിപ്പാട്.14:14 മുതൽ16 വരെയുള്ള ധാന്യകൊയ്ത്ത് മത്തായി.13 - ലെ കൊയ്ത്തിനോടു ബന്ധപ്പെടുത്തിയും ചിന്തിക്കാം. വെളിപ്പാടിലെ ധാന്യക്കൊയ്ത്തിൽ (വെളി.14:14-16) അരിവാൾ എറിഞ്ഞു ഭൂമിയിൽ കൊയ്തു നടന്നു എന്നല്ലാതെ ശേഖരണത്തെക്കുറിച്ചോ നശിപ്പിക്കുന്നതിനെക്കുറിച്ചോ പറയുന്നില്ല. എന്നാൽ മുന്തിരിക്കുല കോങ്കത്തിയാൽ അറുക്കുന്ന ഭാഗത്ത് (വെളി.14:17-20) മുന്തിരിക്കുല ദൈവകോപത്തിന്റെ ചക്കിൽ ഇട്ടു മെതിക്കുന്നതായി പറയുന്നുണ്ട്.

സ്വർഗ്ഗരാജ്യത്തിന്റെ ഉപമയിൽ കോതമ്പും കളയും ഒരുമിച്ചു വളരുവാനനുവദിക്കുകയും അവസാനം കള തീയിലിട്ടു ചുട്ടുകളയുകയും കോതമ്പു കളപ്പുരയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. **മത്താ.13:29,30 —** *"പക്ഷേ കള പറിക്കുമ്പോൾ കോതമ്പും കൂടെ പിഴുതുപോകും. രണ്ടുംകൂടെ കൊയ്ത്തോളം വളരട്ടെ; കൊയ്ത്തുകാലത്തു ഞാൻ കൊയ്യുന്നവരോടു മുമ്പേ കള പറിച്ചുകൂട്ടി ചുട്ടുകളയേണ്ടതിന്നു കെട്ടുകളായി കെട്ടുവാനും കോതമ്പു എന്റെ കളപ്പുരയിൽ കൂട്ടിവെപ്പാനും കല്പിക്കും എന്നു പറഞ്ഞു."* വെളിപ്പാടു പുസ്തകത്തിലെ ധാന്യക്കൊയ്ത്തിലും ഇപ്രകാരം ചിന്തിക്കാം. കളയാകുന്ന മഹാപീഡനകാലത്തെ അന്തിക്രിസ്തുവിന്റെ ആരാധകരെയും അവിശ്വാസികളെയും അരിവാളെറിഞ്ഞു ന്യായവിധിക്കായി കൂട്ടുകയും അതിനുശേഷം പീഡനകാലവിശുദ്ധന്മാരെ ശേഖരിച്ചു സഹസ്രാബ്ദവാഴ്ചക്കായി പ്രവേശിപ്പിക്കുകയുമാവാം. വെളിപ്പാടു 14-ാം അദ്ധ്യായം അന്തിക്രിസ്തുവിന്റെയും അവിശ്വാസികളുടെയും മേലുള്ള ദൈവീകന്യായവിധിയെ വിവരിക്കുന്നതുകൊണ്ടാകാം അന്നത്തെ വിശ്വാസികളുടെ കാര്യം എടുത്തു പറയാതിരിക്കുന്നത്.

**വെളി.14:17 — മറ്റൊരു ദൂതൻ സ്വർഗ്ഗത്തിലെ ആലയത്തിൽനിന്നു പുറപ്പെട്ടു; അവൻ മൂർച്ചയുള്ളോരു കോങ്കത്തി പിടിച്ചിരുന്നു** (Then another angel came out of the temple which is in heaven, he also having a sharp sickle) —

വെളിപ്പാടു 14:14 മുതൽ 20 വരെയുള്ള വാക്യങ്ങൾ ഭൂമിയിൽ ദൈവത്തിന്റെ കൊയ്ത്തിനെ വിവരിക്കുന്നു. ന്യായവിധിയെ സംബന്ധിച്ചു രണ്ടു പ്രതിരൂപങ്ങൾ ഈ ഭാഗത്തു കാണാം. ഇരു കൊയ്ത്തുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ നോക്കാം —

| വെളി.14:14-16 | വെളി.14:17-20 |
|---|---|
| (1) ധാന്യക്കൊയ്ത്ത് | മുന്തിരിക്കൊയ്ത്ത് |
| (2) വിളവെടുപ്പ് | മുന്തിരി അറുക്കൽ |
| (3) ഉണങ്ങിയ നില | പഴുത്തു പാകമായ അവസ്ഥ |
| (4) കൊയ്യുന്നത് ക്രിസ്തു | കൊയ്യുന്നത് ദൂതൻ |
| (5) കൊയ്ത്തിനുശേഷമുള്ള വിവരണമില്ല | കൊയ്ത്തിനുശേഷം ചക്കിലിട്ടു മെതിക്കുന്നു |
| (6) ഏഴു കലശങ്ങളാലുള്ള ന്യായവിധി | ഹർമ്മഗെദ്ദോൻ ന്യായവിധിയെ കുറിക്കുന്നു |
| (7) അവിശ്വാസികളുടെ ന്യായവിധി | ഭൂമിയിൽ നിന്നു മുളച്ച മുന്തിരിയുടെ ന്യായവിധി |

തിരുവചനത്തിൽ മൂന്നു വ്യത്യസ്ത മുന്തിരികളെ കാണാം. (1) പഴയകാല മുന്തിരി — (Past Vine > Israel) (2) വർത്തമാനകാല മുന്തിരി — (Present Vine > Jesus Christ ) (3) ഭാവികാല മുന്തിരി — (Future

Vine > Vine from earth -- Rev.14:17-20 - Gentile world system after the rapture of Church) എന്നിവയാണ്. ഓരോന്നിന്റെയും വിശേഷതകളെക്കുറിച്ചു നോക്കാം —

**(1) പഴയകാലമുന്തിരി —** യിസ്രായേലിനെ കുറിക്കുന്നു (സങ്കീ.80:8,9/യെശ.5:1-7/ യിരെ.2:21/യെഹെ.19:10-14/ഹോശേ.10:1). ഇതു മിസ്രയീമിൽ നിന്നു കൊണ്ടു വന്നു കനാനിൽ നട്ടതാണ്. എന്നാൽ അതു അതു ഫലം കായ്ച്ചപ്പോൾ കാട്ടു മുന്തിരിയാണ് പുറപ്പെടുവിച്ചത്. മാത്രവുമല്ല തോട്ടത്തിലേക്കു വന്ന ഉടമസ്ഥന്റെ പുത്രനെ തോട്ടത്തിൽനിന്നു പുറത്താക്കി കൊന്നുകളകയും ചെയ്തു (മത്താ.21:33-46).

**(2) വർത്തമാനകാല മുന്തിരി —** സ്വർഗ്ഗത്തിൽ നിന്നുള്ള മുന്തിരിയായ കർത്താവായ യേശുക്രിസ്തുവിനെ കുറിക്കുന്നു. യോഹന്നാന്റെ സുവിശേഷം 15 -ൽ പറഞ്ഞിരിക്കുന്ന സാക്ഷാൽ മുന്തിരിവള്ളിയാണിത്. കർത്താവിൽ അഭയം പ്രാപിക്കുന്നവർ യഥാർത്ഥമുന്തിരിവള്ളിയുടെ കൊമ്പുകളായിത്തീരുന്നു. യോഹ.15:1 — *"ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു."*

**(3) ഭാവികാല മുന്തിരി —** ഭൂമിയിൽ മുളച്ചുവന്ന മുന്തിരി. വെളി.14:17-20 -ൽ വിശദീകരിച്ചിരിക്കുന്ന മുന്തിരിയാണിത്. ദൈവക്രോധത്തിനു കാരണമായിത്തീരുന്ന അന്ത്യകാലത്തെ ലോകമാണിത്. മൃഗവും അന്തിക്രിസ്തുവും ആരാധകരും ഉൾപ്പെട്ട മുന്തിരി.

വെളി.14;17-20 — ജാതികളുടെമേൽ ദൈവത്തിന്റെ ന്യായവിധി പതിക്കുന്നതിനെയാണ് മുന്തിരിക്കുല അറുക്കുന്നതായി പ്രസ്താവിച്ചിരിക്കുന്നത്. യിസ്രായേലിൽ കോതമ്പ് കൊയ്ത്തിനുശേഷമാണ് മുന്തിരിക്കൊയ്ത്തു നടക്കുന്നത്. ആയതുപോലെ ദൈവവും ധാന്യക്കൊയ്ത്തിനുശേഷം മുന്തിരിക്കൊയ്ത്തും നടത്തുന്നു. ധാന്യക്കൊയ്ത്തു ക്രോധകലശത്താലുള്ള ന്യായവിധിയോടും മുന്തിരിക്കൊയ്ത്ത ഹർമ്മഗെദ്ദോൻ ന്യായവിധിയോടും ബന്ധപ്പെട്ടിരിക്കുന്നു.

**മറ്റൊരു ദൂതൻ സ്വർഗ്ഗത്തിലെ ആലയത്തിൽനിന്നു പുറപ്പെട്ടു; അവൻ മൂർച്ചയുള്ളോരു കോങ്കത്തി പിടിച്ചിരുന്നു** (Then another angel came out of the temple which is in heaven, he also having a sharp sickle) —

ധാന്യക്കൊയ്ത്തിൽ നിന്നു മുന്തിരിക്കൊയ്ത്തിലേക്കു യോഹന്നാന്റെ ദർശനം മാറുന്നു. ഇതു ഹർമ്മഗെദ്ദോൻ യുദ്ധത്തിലേക്കു വിരൽ ചൂണ്ടുന്നു. പതിനാലാം അദ്ധ്യായത്തിൽ പരാമർശിക്കപ്പെടുന്ന അഞ്ചാമത്തെ ദൂതനാണിത്. സ്വർഗ്ഗത്തിലെ ആലയത്തിൽ നിന്നു പുറപ്പെട്ടു എന്നതിലൂടെ മനസ്സിലാക്കാവുന്നത് ഈ ദൂതൻ ദൈവസന്നിധിയിൽ നിന്നു വരുന്ന ദൂതനെന്നാണ്. പ്രസ്തുത ദൂതൻ മൂർച്ചയുള്ളോരു കോങ്കത്തി പിടിച്ചിരുന്നു. കോങ്കത്തിയും 14-ാം വാക്യത്തിലെ അരിവാളും ഒന്നു തന്നെയാണ്. ഇംഗ്ലീഷിൽ ഇവെക്കു രണ്ടിനും സിക്കിൾ (sickle) എന്നാണ് പറഞ്ഞിരിക്കുന്നത്. മൂലഭാഷയിൽ രണ്ടിനും അരിവാൾ എന്നർത്ഥമുള്ള ഡ്രെപ്പാനോൻ (drepanon = sickle ) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ധാന്യക്കൊയ്ത്തിൽ അരിവാൾ പിടിച്ചിരുന്നത് ക്രിസ്തുവാണെങ്കിൽ ഇവിടെ മുന്തിക്കൊയ്ത്തിൽ അരിവാൾ ദൂതനാണ് പിടിച്ചിരിക്കുന്നത്. വെളിപ്പാടു പുസ്തകത്തിൽ ദൂതന്മാർക്കു ഏറിയ സ്ഥാനവും ശുശ്രൂഷകളും കാണാം. ഏഴുമുദ്ര, ഏഴു കാഹളം, ഏഴു കലശം എന്നിവയിൽ ദൂതന്മാരുടെ സാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്നു. ഇവിടെ മഹോപദ്രവനാളിന്റെ അവസാനത്തിലും ന്യായവിധികൾ നടത്തുവാൻ ക്രിസ്തുവിനോടൊപ്പം വിശുദ്ധദൂതന്മാരും അണി നിരക്കുന്നു.

**വെളി.14:18 — തീയുടെമേൽ അധികാരമുള്ള വേറൊരു ദൂതൻ യാഗപീഠത്തിങ്കൽനിന്നു പുറപ്പെട്ടു, മൂർച്ചയുള്ള കോങ്കത്തി പിടിച്ചിരുന്നവനോടു: ഭൂമിയിലെ മുന്തിരിങ്ങ പഴുത്തിരിക്കയാൽ നിന്റെ മൂർച്ചയുള്ള കോങ്കത്തി അയച്ചു മുന്തിരിവള്ളിയുടെ കുല അറുക്കുക എന്നു ഉറക്കെ വിളിച്ചു പറഞ്ഞു** (And another angel came out from the altar, who had power over fire, and he cried with a loud cry to him who had the sharp sickle, saying, Thrust in your sharp sickle and gather the clusters of the vine of the earth, for her grapes are fully ripe) —

ഭൂമിയിലെ അധർമ്മികളുടെ കൊയ്ത്തിനായി സ്വർഗ്ഗസിംഹാസനത്തിനടുത്തു നിന്നു അഥവാ ദൈവസന്നിധിയിൽ നിന്നു പുറപ്പെട്ടു വന്ന ദൂതൻ മൂർച്ചയുള്ളോരു കോങ്കത്തി പിടിച്ചിരിക്കുന്നു. അപ്പോൾ വേറൊരു ദൂതൻ അവിടെ വരുന്നു. ഇതു പതിനാലാം അദ്ധ്യായത്തിൽ കാണുന്ന ആറാമത്തെ ദൂതനാണ് ഈ ദൂതന്റെ അധികാരവും ദൂതൻ എവിടെ നിന്നു വരുന്നുവെന്നും വാക്യത്തിൽ പറഞ്ഞിരിക്കുന്നു.

**തീയുടെമേൽ അധികാരമുള്ള വേറൊരു ദൂതൻ യാഗപീഠത്തിങ്കൽനിന്നു പുറപ്പെട്ടു** (And another angel came out from the altar, who had power over fire)—

തീയുടെ മേൽ അധികാരമുള്ളവനും യാഗപീഠത്തിങ്കൽ നിന്നു വരുന്നവനുമാണ് ഇവിടെ രംഗപ്രവേശനം ചെയ്യുന്ന ആറാമത്തെ ദൂതൻ. തിരുവചനം പരിശോധിച്ചാൽ ദൂതന്മാർക്കു വിവിധ ഉത്തരവാദിത്തങ്ങളും ജോലികളും ദൈവം നൽകിയിരിക്കുന്നതായി കാണാം. ദൂതന്മാർ ദൈവത്തിന്റെ സൃഷ്ടികളാണ് (സങ്കീ.148:2,5/നെഹെ.9:6/കൊലൊ.1:16/യെഹെ.28:15). അവരെ സൃഷ്ടിച്ചതിനു വിവിധ ഉദ്ദേശ

ങ്ങളുമുണ്ട്. ദൈവത്തെ ആരാധിക്കുക, ദൈവീകകാര്യപരിപാടികൾ നടപ്പാക്കുക, ദൈവീകസന്ദേശങ്ങൾ എത്തിക്കുക (എബ്രാ.1:6/വെളി.7:11,12/ദാനീ.8:16/), ദൈവമക്കളെ ശുശ്രൂഷിക്കുക (എബ്രാ.1:14/സങ്കീ.34:17) എന്നിവയൊക്കെ ദൂതന്മാരുടെ കർത്തവ്യങ്ങളാണ്.

ദൈവത്തിന്റെ ന്യായവിധിയെ വെളിപ്പെടുത്തുന്ന മുന്തിരിക്കൊയ്ത്തിനോടനുബന്ധിച്ചു പ്രത്യക്ഷപ്പെടുന്ന ഈ ദൂതൻ തീയുടെ മേൽ അധികാരമുള്ളവനും യാഗപീഠത്തിങ്കൽ നിന്നും വരുന്നവനുമാണ്. ഏഴാമത്തെ മുദ്രപൊട്ടിക്കുന്നതിനുമുമ്പും യിസ്രായേലിലെ 12 ഗോത്രങ്ങളിൽ നിന്നു 144,000 പേരെ മുദ്രയിടുന്ന വേളയിലും ഭൂമിക്കും സമുദ്രത്തിനും കേടു വരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരെ കാണുന്നു(വെളി7:2).

മുന്തിരിക്കുല അറുക്കാൻ കോങ്കത്തിയുമായി വന്ന ദൂതൻ സ്വർഗ്ഗത്തിലെ ആലയത്തിൽ അഥവാ സിംഹാസനത്തിനടുത്തു നിന്നു പുറപ്പെട്ടുവെങ്കിൽ ഇവിടത്തെ ദൂതൻ തീയുടെ അധികാരമുള്ളവനും യാഗപീഠത്തിങ്കൽ നിന്നുമാണ് വരുന്നത്. തീ സകലത്തെയും കത്തിച്ചു ചാരമാക്കുവാൻ കഴിവുള്ളതാണ്. ദൈവീകന്യായവിധി (ഉല്പ.19:24/എബ്രാ.12:29/2.രാജാ.1:10-14), ദൈവസാന്നിദ്ധ്യം (പുറ.3:2/ദാനീ.7:9/2.തെസ്സ.1:6), ദൈവമഹത്വം (പുറ.24:17), ശുദ്ധീകരിക്കൽ (1.പത്രൊ.1:7), പരിശോധന (1.കൊരി.3:13,15) എന്നിങ്ങനെ വിവിധ പ്രതിരൂപങ്ങളായി അഗ്നിയെ തിരുവചനത്തിൽ വിശേഷിപ്പിച്ചിട്ടുണ്ട്.

അഞ്ചാമത്തെ മുദ്രയും ഏഴാമത്തെ മുദ്രയും പൊട്ടിച്ചപ്പോൾ യാഗപീഠത്തെക്കുറിച്ചു കാണുകയുണ്ടായി. യാഗപീഠത്തിങ്കീഴ് വിശുദ്ധന്മാരുടെ ആത്മാക്കളുടെ നിലവിളി ഉയരുകയും അതിനുത്തരമായി അവർ അല്പകാലം കൂടി കാത്തിരിക്കേണമെന്ന ആശ്വാസനിർദ്ദേശവും കേൾക്കുന്നു. പിന്നീട് നാം കാണുന്നത് ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കെറിയുകയും അതിനെതുടർന്നു ഭൂമിയിൽ ദൈവീകന്യായവിധി അരങ്ങേറുന്നതുമാണ്.

**വെളി.6:9-11 —** *"അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ: ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിങ്കീഴിൽ കണ്ടു; വിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു അവർ ഉറക്കെ നിലവിളിച്ചു. അപ്പോൾ അവരിൽ ഓരോരുത്തന്നും വെള്ളനിലയങ്കി കൊടുത്തു; അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നുതികയുവോളം അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി."*

**വെളി.8:3-5 —** *"മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി വന്നു യാഗപീഠത്തിന്നരികെ നിന്നു. സിംഹാസനത്തിൻ മുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകലവിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിന്നു വളരെ ധൂപവർഗ്ഗം അവന്നു കൊടുത്തു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽനിന്നു ദൈവസന്നിധിയിലേക്കു കയറി. ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കു എറിഞ്ഞു; ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി."*

"തീയുടെമേൽ അധികാരമുള്ള വേറൊരു ദൂതൻ യാഗപീഠത്തിങ്കൽനിന്നു പുറപ്പെട്ടു" എന്നുള്ള പ്രസ്താവന ഈ ദൂതൻ സ്വർഗ്ഗീയ യാഗപീഠത്തോടു ബന്ധപ്പെട്ടവനും അവിടെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ദൂതനും ആയതുകൊണ്ടാണ്. വെളി.14:17 -ൽ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിലെ ആലയത്തിൽ നിന്നു പുറപ്പെട്ടു എന്നു പറഞ്ഞപ്പോൾ വെളി.14:18-ൽ വേറൊരു ദൂതൻ യാഗപീഠത്തിങ്കൽ നിന്നു പുറപ്പെട്ടു എന്നു പറഞ്ഞിരിക്കുന്നു. യാഗപീഠത്തിങ്കൽ നിന്നു വന്ന ദൂതന്റെ വരവ് യാഗപീഠത്തിങ്കീഴ് ഉയർന്നു കേട്ട വിശുദ്ധന്മാരുടെ പ്രാർത്ഥനക്കു ഉത്തരമാണ്. "*വിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും*" ഇതായിരുന്നു അവരുടെ പ്രാർത്ഥന. "*അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം*" എന്നതായിരുന്നു അവർക്കു ലഭിച്ച ഉത്തരം. ഭൂമിയിൽ അവരെ പീഡിപ്പിച്ച ദുഷ്ടന്മാരുടെ മേൽ ദൈവത്തിന്റെ ക്രോധാഗ്നി പകരപ്പെടുവാൻ ദൈവത്തിന്റെ സമയമായി, അവരുടെ പ്രാർത്ഥനക്കുള്ള മറുപടിയുടെ സമയമായി എന്നുള്ളതിനെയാണ് യാഗപീഠത്തിൽ നിന്നുമുള്ള ദൂതന്റെ വരവ്.

**മൂർച്ചയുള്ള കോങ്കത്തി പിടിച്ചിരുന്നവനോടു: ഭൂമിയിലെ മുന്തിരിങ്ങ പഴുത്തിരിക്കയാൽ നിന്റെ മൂർച്ചയുള്ള കോങ്കത്തി അയച്ചു മുന്തിരിവള്ളിയുടെ കുല അറുക്കുക എന്നു ഉറക്കെ വിളിച്ചു പറഞ്ഞു** (And he cried with a loud cry to him who had the sharp sickle, saying, Thrust in your sharp sickle and gather the clusters of the vine of the earth, for her grapes are fully ripe) —

സ്വർഗ്ഗീയയാഗപീഠത്തിങ്കൽ നിന്നു വന്ന ദൂതൻ മൂർച്ചയുള്ള കോങ്കത്തി പിടിച്ച ദൂതനോടു ഭൂമിയിലെ മുന്തിരിങ്ങ പഴുത്തിരിക്കയാൽ കോങ്കത്തി ഭൂമിയിലേക്കയച്ചു മുന്തിരിവള്ളിയുടെ കുല അറുക്കുക എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. ധാന്യക്കൊയ്ത്തിന്റെ ദൈവീകസന്ദേശം ദൂതൻ ക്രിസ്തുവിനെ അറിയിച്ചുവെങ്കിൽ മുന്തിരിക്കൊയ്ത്തിന്റെ ദൈവീകസന്ദേശം ദൂതൻ മറ്റേ ദൂതനെ അറിയിക്കുകയാണ്. 'മൂർച്ച

യുള്ള കോങ്കത്തി' എന്നതിൽ കോങ്കത്തിയുടെ ആകൃതി വളഞ്ഞതാകയാൽ അതിൽ പിടിക്കപ്പെടുന്നത് വഴുതിപ്പോകുവാൻ സാദ്ധ്യമില്ലെന്നും, മൂർച്ചയുള്ളതെന്ന വിശേഷണം കത്തിയിൽ പിടിക്കപ്പെടുന്നത് ന്യായവിധിക്കായി സമൂലമായി വെട്ടിയെടുക്കുമെന്നതുമാണ്. മൂർച്ചയുള്ള കോങ്കത്തി ഉടനെ അയക്കേണ്ട കാരണം ഭൂമിയിലെ മുന്തിരിങ്ങ പഴുത്തു പാകമായി എന്നതാണ്. പാകമായി നിൽക്കുന്ന ഈ മുന്തിരി വള്ളി ഭൂമിയിൽ നിന്നു മുളച്ചു വന്നതാണ്. അതു മിസ്രയീമിൽ നിന്നുള്ളതോ, സ്വർഗ്ഗത്തിൽ നിന്നുള്ളതോ അതിനോടു ഒട്ടിച്ചു ചേർത്തതോ അല്ല.

സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വന്ന സാക്ഷാൽ മുന്തിരിയാകുന്ന ക്രിസ്തുവിൽ വിശ്വസിച്ച വരുടെ കൂട്ടമായ മണവാട്ടിസഭ മഹോപദ്രവകാലത്തിനു മുമ്പു സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. ക്രിസ്തു എന്ന സാക്ഷാൽ മുന്തിരിവള്ളിയെ യിസ്രായേലും ജാതികളും തള്ളിക്കളഞ്ഞു. ഭൂമി മുഴുവനും ഇക്കാ ലത്തു വലിയോരു മുന്തിരിവള്ളി പടർന്നു പന്തലിച്ചു. മഹതിയാം ബാബിലോൺ എന്ന പേരിൽ ദുഷ്ട തയുടെയും അധർമ്മത്തിന്റെയും വിഗ്രഹാരാധനയുടെയും വളത്തിൽ അതു വളർന്നു ഏറിയ ഫലം പുറ പ്പെടുവിച്ചു. സോദോമിനും ഗോമോറെക്കും സമാനമായി വളർന്നു. കാട്ടുമുന്തിരി എന്ന നിലയിൽ അതു മുഴുവനും വിഷവും കൈയ്പ്പും നിറഞ്ഞതായിരുന്നു. മുന്തിരി പഴുത്തു പാകമായതിനാൽ അഥവാ ഭൂമി പാപംകൊണ്ടു നിറഞ്ഞതിനാൽ ദൈവത്തിന്റെ ന്യായവിധിയുടെ കോങ്കത്തി ഭൂമിയിൽ വന്നു പതിക്കു വാൻ സമയമായി.

**വെളി.14:19 — ദൂതൻ കോങ്കത്തി ഭൂമിയിലേക്കു എറിഞ്ഞു, ഭൂമിയിലെ മുന്തിരിക്കുല അറുത്തു, ദൈവ കോപത്തിന്റെ വലിയ ചക്കിൽ ഇട്ടു** (So the angel thrust his sickle into the earth and gathered the vine of the earth, and threw *it* into the great winepress of the wrath of God) —

മേഘത്തിൽ പ്രത്യക്ഷനായ മനുഷ്യപുത്രന്റെ ഭൂമിയിലെ കൊയ്ത്തിനുശേഷം ദൂതൻ മുന്തിരി ക്കുല അറുക്കൽ നടത്തുകയും ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇടുകയും ചെയ്യുന്നു. ദുഷ്ടന്മാരെ ദൈവത്തിന്റെ കാൽകൊണ്ടു മെതിക്കും.

**ദൂതൻ കോങ്കത്തി ഭൂമിയിലേക്കു എറിഞ്ഞു, ഭൂമിയിലെ മുന്തിരിക്കുല അറുത്തു** (So the angel thrust his sickle into the earth and gathered the vine of the earth) **—**

**ഭൂ**മിയിലെ മുന്തിരിങ്ങാ പഴുത്തിരിക്കയാൽ മൂർച്ചയുള്ള കോങ്കത്തി ഭൂമിയിലേക്കെറിഞ്ഞു കൊയ്യുക എന്ന ദൈവീകസന്ദേശം ലഭിച്ച ദൂതൻ കോങ്കത്തിയുമായി നിൽക്കുന്ന മറ്റേ ദൂതനെ അറിയിച്ചു. ആജ്ഞ ലഭിച്ച ദൂതൻ മൂർച്ചയുള്ള കോങ്കത്തി അഥവാ ദൈവീകന്യായവിധിയുടെ മൂർച്ചയുള്ള വാൾ ഭൂമിയിലേ ക്കെറിഞ്ഞു. ഭൂമിയിലെ മുന്തിരിക്കുല അറുത്തു. ഭൂമിയിലെ മുന്തിരിക്കുല എന്നത് അന്തിക്രിസ്തുവും, മൃഗവും, ആരാധകരുമുൾപ്പെടുന്നു. പൊതുവേ മൃഗത്തിന്റെ മുദ്ര വഹിക്കുന്നവരായ മാനസാന്തരപ്പെ ടാത്ത അവിശ്വാസികളെ കുറിക്കുന്നു.

**ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ടു** (And threw *it* into the great winepress of the wrath of God)—

സ്വർഗ്ഗത്തിലെ ആലയത്തിൽ നിന്നു പുറപ്പെട്ടുവന്ന ദൂതൻ കോങ്കത്തിയാൽ ഭൂമിയിലെ മുന്തിരി ക്കുല അറുത്തശേഷം മെതിക്കുവാനായി അവ ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ടു. ചക്ക് ശിക്ഷാ വിധിയുടെ പ്രതീകമാണ്. ഇവിടെ മുന്തിരിച്ചക്ക് എന്ന ആലങ്കാരികഭാഷാപ്രയോഗം നീതിമാനായ ദൈവ ത്തിന്റെ കോപത്തെയും, ക്രോധത്തെയും, ശിക്ഷാവിധിയെയും വെളിപ്പെടുത്തുന്നു. ഭൂമിയിൽ നിന്നു അറുത്തെടുത്ത മുന്തിരിക്കുല മെതിക്കുവാനായി ദൈവക്രോധത്തിന്റെ വലിയ ചക്കിലേക്കെറിയപ്പെട്ടു. അടുത്ത അദ്ധ്യായത്തിൽ ദൈവത്തിന്റെ ഏഴുകലശങ്ങളായ അതിഭയങ്കരമായ ന്യായവിധി ഭൂമിയിൽ അരങ്ങേറുവാൻ പോകുകയാണ്. ഭൂമിയിൽ പതിക്കുന്ന അതിശക്തമായ ഏഴുകലശത്താലുള്ള ദൈവീക ന്യായവിധിയുടെ വിപത്തിൽ നിന്നു രക്ഷപ്രാപിക്കുന്നവർ മുന്തിരിക്കുല എന്നപോലെ അറുത്തെടുക്കപ്പെട്ടു ദൈവക്രോധചക്കിൽ ആട്ടുവാനായി എറിയപ്പെടും.

**വെളി.14:20 — ചക്കു നഗരത്തിന്നു പുറത്തുവെച്ചു മെതിച്ചു; ചക്കിൽനിന്നു രക്തം കുതിരകളുടെ കടി വാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി** (And the winepress was trampled outside the city, and blood came out of the winepress, up to the horses bridles, for one thousand six hundred furlongs) —

ഭൂമിയിലെ മുന്തിരിങ്ങ അഥവാ സകല ദുഷ്ടാത്മശക്തികളെയും അറുത്തെടുത്തു ദൈവക്രോധ ചക്കിൽ ഇട്ടു. ചക്കു നഗരത്തിന്റെ പുറത്തുവെച്ചു മെതിച്ചു. ചക്കിൽ മുന്തിരിക്കുല ആട്ടിയപ്പോൾ അതിൽ നിന്നൊഴുകിയത് മുന്തിരിച്ചാറിനു പകരം രക്തമായിരുന്നു. മുന്തിരിക്കുല മനുഷ്യരെ വിശേഷാൽ മൃഗ ത്തിന്റെ മുദ്ര വഹിക്കുന്നവരെ പ്രതിനിതീകരിക്കുന്നു. ചക്കിൽ എറിയപ്പെട്ടത് മനുഷ്യരായതിനാലാണ് രക്തമൊഴുകുവാൻ കാരണമായത്. അതിലെ രക്തം ബഹുദൂരം ഒഴുകുവാനും ഇടയായി. ദൈവത്തിന്റെ കാൽകൊണ്ടു സകലദുഷ്ടന്മാരെയും മുന്തിരിപോലെ ചവിട്ടും (യെശ.63:1-6/യോവേ.3:12,13/വെളി.19:15).

**ചക്കു നഗരത്തിന്നു പുറത്തുവെച്ചു മെതിച്ചു** (And the winepress was trampled outside the city) —

മുന്തിരിക്കുല ചക്കിലിട്ട് ആട്ടി പിഴിഞ്ഞെടുക്കുന്നത് യിസ്രായേലിൽ സർവ്വസാധാരണമാണ്. ഇവിടെ ചക്കിലിട്ട് മുന്തിരിക്കുല ആട്ടുന്നത് ദുഷ്ടന്മാരോടുള്ള ദൈവത്തിന്റെ ശിക്ഷാവിധിയുടെ പ്രതീകമാണ്. ഏഴുമുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴുകലശങ്ങൾ എന്നിവപോലെ അവിശ്വാസികളായ ഭൂവാസികളോടുള്ള ദൈവക്രോധത്തെ മുന്തിരിച്ചക്കു വെളിപ്പെടുത്തുന്നു. നഗരവാതിലിനു പുറത്തുവെച്ചാണ് മുന്തിക്കുല മെതിച്ചതെന്നും കാണുന്നു. പാപം ചെയ്തിട്ടില്ലാത്ത നമ്മുടെ കർത്താവ് നഗരവാതിലിനു പുറത്തുവെച്ചാണ് കഷ്ടമനുഭവിക്കുവാനിടയായത്. **എബ്രാ.13:12 —** *"അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്നു നഗരവാതിലിന്നു പുറത്തുവെച്ചു കഷ്ടം അനുഭവിച്ചു."* നീതിമാനായ കർത്താവിനെ നഗരവാതിലിനു പുറത്തു കൊണ്ടുപോയി ദുഷ്ടന്മാർ ചക്കിൽ മെതിച്ചു രക്തം പിഴിഞ്ഞെടുത്തുവെങ്കിൽ ഒരിക്കൽ നീതികെട്ടവരായ സകലരെയും നഗരവാതിനുപുറത്തു വെച്ചു മെതിക്കപ്പെടും. യെരൂശലേം വിശുദ്ധനഗരമായതിനാൽ ജാതികളുടെ ന്യായവിധിയും ദുഷ്ടന്മാരുടെ രക്തം ചിന്തലും യെരൂശലേമിനു വെളിയിലായിരിക്കുമെന്നും അതുകൊണ്ടാണ് ചക്കു നഗരത്തിനു പുറത്തുവെച്ചു മെതിച്ചു എന്നു പറയപ്പെടുന്നതെന്നും അഭിപ്രായമുണ്ട്. നഗരവാതിലിനു പുറത്തുള്ള മെതിപ്പു കർത്താവിന്റെ രണ്ടാം വരവിൽ സംഭവിക്കുന്നതിന്റെ മുൻകൂട്ടിയുള്ള ദർശനമാണ്. **വെളി.19:15 —** *"ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരിമ്പുകോൽകൊണ്ടു അവരെ മേയ്ക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്കു അവൻ മെതിക്കുന്നു."*

**ചക്കിൽനിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി** (And blood came out of the winepress, up to the horses bridles, for one thousand six hundred furlongs) —

ചക്കിൽ നിന്നു വീഞ്ഞിനുപകരം രക്തമാണ് ഒഴുകുന്നത്. അത് ഉയരത്തിലും വളരെ ദൂരത്തിലും ഒഴുകി. ഹർമ്മഗെദ്ദോനിലെ മഹാസംഹാരത്തിൽ സംഭവിക്കുന്നതാണിത്. സർവ്വഭൂതലത്തിലുമുള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു ഹർമ്മഗെദ്ദോൻ എന്ന സ്ഥലത്തു കൂട്ടിച്ചേർക്കപ്പെടും (വെളി.16:14). ഇതിനെ യഹോശാഫാത്ത് താഴവര എന്നു യോവേൽ പ്രവാചകനും വഴിപോക്കരുടെ താഴ്വര എന്നു യെഹസ്കേലും പറയുന്നു. മഹാസംഹാരത്തിനായി ക്രിസ്തു രക്താംബരധാരിയായി ഏദോമിൽ നിന്നു വരുന്നതായി യെശയ്യാവും പറയുന്നു. യെരൂശലേം നഗരത്തിന്റെ സമീപപ്രദേശങ്ങളാണിവയൊക്കെ. പഴയനിയമപ്രവചനങ്ങൾ ബാബിലോണ്യ ആക്രമണത്തോടു ബന്ധപ്പെട്ടു ചിലതൊക്കെ സംഭവിച്ചുവെങ്കിലും അതിന്റെ പൂർണ്ണമായ നിവൃത്തി കർത്താവിന്റെ വരവിലുള്ള മഹാസംഹാരത്തിൽ സംഭവിക്കും.

**യോവേ.3:2,12,13 —** *"ഞാൻ സകലജാതികളെയും കൂട്ടി* യഹോശാഫാത്ത് താഴ്വരയിൽ *ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു വ്യവഹരിക്കയും ചെയ്യും. ജാതികൾ ഉണർന്നു യഹോശാഫാത്ത് താഴ്വരയിലേക്കു പുറപ്പെടട്ടെ. അവിടെ ഞാൻ ചുറ്റുമുള്ള സകലജാതികളെയും ന്യായം വിധിക്കേണ്ടതിന്നു ഇരിക്കും. അരിവാൾ ഇടുവിൻ; കൊയ്ത്തിന്നു വിളഞ്ഞിരിക്കുന്നു; വന്നു ചവിട്ടുവിൻ; ചക്കു നിറഞ്ഞിരിക്കുന്നു; തൊട്ടികൾ കവിഞ്ഞിരിക്കുന്നു; അവരുടെ ദുഷ്ടത വലുതല്ലോ."*

**യെഹെ.39:11 —** *"അന്നു ഞാൻ ഗോഗിന്നു യിസ്രായേലിൽ ഒരു ശ്മശാനഭൂമി കൊടുക്കും. കടലിന്നു കിഴക്കുവശത്തു വഴിപോക്കരുടെ താഴ്വര തന്നെ"* (valley of the passengers).

**യെശ.34:6 —** *"യഹോവെക്കു ബൊസ്രയിൽ ഒരു യാഗവും ഏദോം ദേശത്തു ഒരു മഹാസംഹാരവും ഉണ്ടു."*

**യെശ.63:1–3 —** *"ഏദോമിൽ നിന്നു, രക്താബരം ധരിച്ചുകൊണ്ടു ബൊസ്രായിൽനിന്നു വരുന്നോരിവൻ ആർ? നിന്റെ ഉടുപ്പു ചുവന്നിരിക്കുന്നതെന്തു? നിന്റെ വസ്ത്രം മുന്തിരിച്ചക്കു ചവിട്ടുന്നവന്റേതുപോലെ ഇരിക്കുന്നതെന്തു?."*

മഹോപദ്രകാലാവസാനത്തിൽ ക്രിസ്തു വരുമ്പോഴുള്ള മഹാസംഹാരത്തിൽ സംഭവിക്കുന്നതാണ് യോഹന്നാൻ വെളിപ്പാടിൽ വിവരിക്കുന്നത്. *"ചക്കിൽനിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി"* (And blood came out of the winepress, up to the horses bridles, for one thousand six hundred furlongs). യെരൂശലേമിനു സമീപം ഹർമ്മഗെദ്ദോൻ എന്ന സ്ഥലത്തു അനേകായിരങ്ങൾ ക്രിസ്തുവിനോടു യുദ്ധം ചെയ്യുവാൻ കൂടി വരും. അന്തിക്രിസ്തുവും മൃഗവും നയിക്കുന്ന ഭൂലോകസൈന്യം ക്രിസ്തുവിനോടെതിർക്കുന്ന വേളിൽ അവരൊന്നടങ്കം ക്രൂരമായി കൊല്ലപ്പെടും. ഹർമ്മഗെദ്ദോനിലെ മഹാസംഹാരത്തിൽ പലസ്തീൻ നാടുമുഴുവൻ രക്തപ്പുഴയായി മാറും. രക്തപ്പുഴ കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങുകയും ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകുകയും ചെയ്യും. കുതിരയുടെ കടിവാളം അഥവാ കടിഞ്ഞാണിന്റെ സ്ഥാനം ഏകദേശം നാലടി ഉയര

മായി കരുതാം. 200 നാഴിക എന്നത് 200 മൈൽ അഥവാ 1600 ഫർലോങ്ങാണ്. അതായത് മഹാസംഹാരത്തിൽ ദുഷ്ടന്മാരുടെ രക്തം നാലടി ഉയരത്തിലും 200 മൈൽ നീളത്തിലും ഒഴുകി എന്നു സാരം.

*"ചക്കിൽനിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി"* എന്ന വിശേഷണത്തിനു വിവിധ അഭിപ്രായങ്ങളുണ്ട്.

1. > കുതിരകളുടെ കടിവാളങ്ങളോളം ഉയരത്തിലും 200 നാഴിക ദൂരത്തോളവും രക്തം ഒഴുകി എന്നത് ആലങ്കാരികഭാഷാ വർണ്ണനയാകയാൽ ഇത്രയും രക്തം ഒഴുകുവാൻ സാദ്ധ്യതയില്ലെന്നും ആകയാൽ ഏറെ രക്തം ഒഴുകി എന്നു കരുതിയാൽ മതി എന്നഭിപ്രായപ്പെടുന്നു.

2. > 1600 (ഫർലോങ്ങ്) എന്നത് ഒരു പ്രതീകാത്മകസംഖ്യയാണ്. 40 എന്നത് ശിക്ഷാവിധിയെ സൂചിപ്പിക്കുന്നു. 40 നെ 40 കൊണ്ടു ഗുണിക്കുമ്പോൾ 1600 () കിട്ടുമെന്നതിനാൽ ദുഷ്ടന്മാരുടെ സമ്പൂർണ്ണനാശത്തെ കുറിക്കുന്നു എന്നഭിപ്രായപ്പെടുന്നു.

3. > രക്തം നദിയിൽ ചേർന്നിട്ട് രക്തപ്പുഴയായി നാലടി ആഴത്തിലും 200 മൈൽ ദൂരത്തിലും ഒഴുകിയതാവാം എന്നാണ് മറ്റൊരഭിപ്രായം.

4. > യെരൂശലേം നഗരത്തിന്റെ തെക്കു വടക്കുള്ള ദൂരമാണ് 200 മൈൽ — തെക്ക് ഏദോം, ബൊസ്രാ (യെശ.63:1 -6) മുതൽ യെരൂശലേമിലെ യഹോശാഫാത്ത് താഴ്വരയും (യോവേ.3:2,11 -14) വടക്ക് മെഗിദ്ദോവരെയും (വെളി.16:14,16) ഉള്ള ദൂരമായി 200 മൈൽ എന്നു കരുതപ്പെടുന്നു.

കുഞ്ഞാടും വീണ്ടെടുക്കപ്പെട്ടവരായ 144,000 വിശുദ്ധന്മാരും സ്വർഗ്ഗസീയോനിൽ നിൽക്കുന്ന കാഴ്ചയോടെ 14-ാം അദ്ധ്യായം ആരംഭിച്ചുവെങ്കിൽ അവസാനിക്കുന്നത് ദുഷ്ടന്മാരുടെ രക്തം പുഴക്കു സമാനമായി ആഴത്തിലും ഏറെ ദൂരത്തിലും ഒഴുകുന്ന കാഴ്ചയോടാണ്. സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷവും ഭൂവാസികളോടു കരുണ പ്രദർശിപ്പിക്കുന്ന ദൈവത്തെ ഈ അദ്ധ്യായത്തിൽ കാണുന്നു. മുന്നറിയിപ്പിനും മാനസാന്തരത്തിനുമായി മൂന്നു ദൂതന്മാരെ ന്യായവിധിക്കു മുമ്പായി അയച്ചു. നിത്യസുവിശേഷവുമായി ഒന്നാമത്തെ ദൂതൻ, ബാബിലോണിന്റെ പതനത്തെ അറിയിച്ച രണ്ടാമത്തെ ദൂതൻ. മൃഗത്തെയും പ്രതിമയെയും ആരാധിക്കുന്നവർക്കുണ്ടാകുന്ന നിത്യദണ്ഡനം അറിയിച്ച മൂന്നാമത്തെ ദൂതൻ. എന്നാൽ അവർ നല്ല മുന്തിരിയായ കർത്താവിനെ വീണ്ടും തള്ളിക്കളഞ്ഞു. കർത്താവിൽ അഭയം പ്രാപിച്ച മഹാപീഡനകാലവിശുദ്ധന്മാർക്കുള്ള ഭാഗ്യവാഗ്ദത്തങ്ങൾ നൽകിയശേഷം ദുഷ്ടന്മാരുടെ ന്യായവിധിയിലേക്കു കർത്താവു തിരിയുന്നു. 200 മൈൽ നീളത്തിൽ 4 അടി ഉയരത്തിൽ അതിക്രമത്തിന്റെ കവിച്ചിലിൽ എത്തിയ ദുഷ്ടന്മാരുടെ രക്തം മുഴുപലസ്തീനിന്റെയും താഴ്വരയിൽ ഒഴുകുന്നു. *"ചക്കു നഗരത്തിന്നു പുറത്തുവെച്ചു മെതിച്ചു; ചക്കിൽനിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി."*

ഇക്കാലത്തു ദൈവം കരുണയോടെ ദീർഘമയോടെ ലോകത്തോടു ഇടപെടുന്നു. ഒന്നാം വരവിൽ കർത്താവിനെ തള്ളിക്കളഞ്ഞതുപോലെ അനേകർ കർത്താവിനെ ഇക്കാലത്തും തള്ളിക്കളയുന്നു. എന്നാൽ സ്വർഗ്ഗത്തിൽ നിന്നു വന്ന സാക്ഷാൽ മുന്തിരിവള്ളിയായ ക്രിസ്തുവിനെ കണ്ടെത്തിയവർ തന്നിൽ ഒട്ടിച്ചു ചേർക്കപ്പെട്ടവരെന്ന നിലയിൽ താമസംവിനാ സ്വർഗ്ഗത്തിലേക്കെടുക്കപ്പെടും. ക്രിസ്തുവിനെ തള്ളിക്കളഞ്ഞ് ലോകത്തിന്റെ മുന്തിരിവള്ളിയോടു ഒച്ചിച്ചേർന്നു ജീവിക്കുന്നവർ വെട്ടപ്പെട്ടു ദൈവക്രോധചക്കിൽ എറിയപ്പെടും. അപ്പോൾ അവരുടെ രക്തം ബഹുദൂരത്തോളം ഒഴുകുവാനിടയാകും.

———————————————

# വെളിപ്പാട് — അദ്ധ്യായം — 15

### ഒടുവിലത്തെ ഏഴു ബാധകളുടെ ദർശനം

(THE VISION OF THE LAST SEVEN PLAGUES )

**ആമുഖം :**

മഹാപീഡനകാലത്തിൽ ഭൂമിയിൽ അരങ്ങേറുന്ന 21 ദൈവീകന്യായവിധികളിൽ ഏഴു മുദ്രകളും ഏഴു കാഹളങ്ങളും ഉൾപ്പെട്ട 14 എണ്ണം കഴിഞ്ഞു. അവശേഷിക്കുന്ന ഏഴു ന്യായവിധികൾ സ്വർഗ്ഗത്തിൽ നിന്നു ഭൂവാസികളുടെ മേൽ പതിക്കുവാൻ പോകുകയാണ്. 14 ന്യായവിധികൾ ഭൂവാസികളുടെമേൽ വന്നു പതിച്ചപ്പോഴും ദൈവത്തിങ്കലേക്കു തിരിയുവാൻ ദൈവം ഭൂവാസികൾക്കു മതിയായ അവസരങ്ങൾ കൊടുത്തിരുന്നത് ദൈവത്തിന്റെ ദീർഘക്ഷമയെയും കരുണയെയും പ്രദർശിപ്പിക്കുന്നു. കഴിഞ്ഞ 14 ന്യായവിധികളേക്കാൾ ഏറ്റവും കഠിനവും ഭയാജനകവുമായ ശിക്ഷാവിധികളാണ് തുടർന്നു അരങ്ങേറുവാൻ പോകുന്നത്. ഏഴു ക്രോധകലശങ്ങളാലുള്ള ന്യായവിധികൾ ഭൂമിയിൽ നടത്തുവാനായി ദൈവം സ്വർഗ്ഗത്തിൽനിന്നു തന്റെ ദൂതന്മാരെ അയയ്ക്കുന്നു. നാലാമത്തെ കാഹളധ്വനിക്കുശേഷം ആകാശമദ്ധ്യേ

ഉയർന്നുകേട്ട ഭൂവാസികൾക്കു കഷ്ടം, കഷ്ടം, കഷ്ടം (woe, woe, woe) എന്ന പ്രഖ്യാപനത്തിലെ മൂന്നാമത്തെ കഷ്ടമായി ഏഴു ക്രോധകലശത്താലുള്ള ന്യായവിധിയെ കരുതാം (വെളി.8:13). വെളിപ്പാടു പുസ്തകത്തിൽ എട്ടു വാക്യങ്ങൾ മാത്രം അടങ്ങിയ 15-ാം അദ്ധ്യായം ചെറുതെങ്കിലും ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കുന്നു. ഇനി ഭൂമിയിൽ അരങ്ങേറുവാൻ പോകുന്ന സംഭവങ്ങളുടെയും വിശേഷാൽ 16-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന പ്രകാരം ഭൂമിയിലേക്കു പതിക്കുന്ന ഏഴുക്രോധകലശങ്ങളുടെയും ആമുഖം (introduction), അവതാരിക (preface), ഉപക്രമം (prelude), പ്രസ്താവന (proclamation) എന്നിങ്ങനെ 15-ാം അദ്ധ്യായം നിലകൊള്ളുന്നു.

ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ശിക്ഷിക്കുന്നതിനു മുമ്പു പാപത്തിലകപ്പെടാതിരിക്കുവാനുള്ള ഉപദേശവും, ശിക്ഷാവിധി അയക്കുന്നതിനു മുമ്പു മാനസാന്തരത്തിനായുള്ള മുന്നറിയിപ്പുകളും നൽകുന്ന രംഗങ്ങൾ തിരുവചനത്തിലുടനീളം കാണാം. ഉദാഹരണമായി, ആദാമിനെയും ഹവ്വായെയും ഏദെൻ തോട്ടത്തിലാക്കിയപ്പോൾ അവർ മരിക്കാതിരിക്കേണ്ടതിനു അവർക്കു മുന്നറിയിപ്പു നൽകിയിരുന്നു (ഉല്പ.3:3). ഭൂമിയിൽ ദുഷ്ടന്മാർ വർദ്ധിച്ചുപെരുകിയപ്പോൾ മനുഷ്യരെ മുഴുവനായി നശിപ്പിച്ചുകളയുവാൻ ദൈവം തീരുമാനിച്ചു. ജലപ്രളയത്താലുള്ള ന്യായവിധി അയെക്കുന്നതിനു മുമ്പായി നോഹെയെ ദൈവം അറിയിക്കുകയും അവനിലൂടെ ദൈവനീതി ലോകത്തോടു പ്രസംഗിക്കപ്പെടുവാനും ഇടയാക്കി(ഉല്പ.6/2.പത്രൊ.2:5). സോദോം ഗൊമോരാ പട്ടണങ്ങളെ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചപ്പോൾ ന്യായവിധിയുടെ കാര്യം അബ്രഹാമിനെ അറിയിച്ചു (ഉല്പ.18). എന്നു മാത്രമല്ല ലോത്തിനു മുന്നറിയിപ്പും നൽകി (ഉല്പ.19:1-5). മിസ്രയീമിലെ ഫറവോന്റെമേൽ അന്തിമശിക്ഷാവിധി ചൊരിയുന്നതിനു മുമ്പായി ഫറവോനു അനേക മുന്നറിയിപ്പുകളും രക്ഷപ്രാപിപ്പാനുള്ള അവസരങ്ങളും നൽകി (പുറ.7-14). നീനവേപട്ടണത്തെ ഒന്നടങ്കം നശിപ്പിക്കുന്നതിനു മുമ്പായി യോനാപ്രവാചകനെ രക്ഷാദൂതുമായി അയെച്ചു (യോനാ.4:11). ആറാമത്തെ മുദ്രപൊട്ടിച്ചശേഷവും (വെളി.6:12-17) ആറാമത്തെ കാഹധ്വനിക്കുശേഷവും (വെളി.11:15-19) ഏഴാമത്തെ മുദ്രയാലും ഏഴാമത്തെ കാഹളത്താലും ദൈവക്രോധം ഭൂമിയിൽ ചൊരിയപ്പെടുന്നതിനു മുമ്പായി ദൈവത്തിന്റെ ദീർഘക്ഷമയെ പ്രദർശിപ്പിക്കുന്ന ഇടവേളകൾ കാണുന്നു (വെളി.7:1-17/വെളി.10:1-11:14). ആയതുപോലെ മഹാപീഡനകാലയളവിൽ ഏഴുക്രോധകലശങ്ങളാലുള്ള അതിഭയങ്കരമായ ന്യായവിധി ഭൂമിയിൽ ആഞ്ഞടിക്കുന്നതിനു മുമ്പു ഒരു ഇടവേളയെന്നവണ്ണം വെളിപ്പാടു 15 ദൈവത്തിന്റെ ന്യായവിധികളെക്കുക്കുറിച്ചു വിവരണം നൽകുന്നു. ദൈവീകമുന്നറിയിപ്പുകൾ മനസ്സിലാക്കി ദൈവത്തിങ്കലേക്കു തിരിയുന്നതിനുള്ള അവസരമായും ഇതിനെ കരുതാം. വെളിപ്പാടു 15-ാം അദ്ധ്യായം ദൈവത്തിന്റെ ദീർഘക്ഷമയെയും വിശുദ്ധിയെയും പ്രഖ്യാപിക്കുന്നതോടൊപ്പം തന്നിൽ ആശ്രയം വെച്ച വിശ്വസ്തരും വിശുദ്ധന്മാരുമായ ദൈവജനത്തിനുള്ള ആശ്വാസസന്ദേശവും കൂടിയാണ്.

**അദ്ധ്യായവിഷയം :**

(1) ഒടുവിലത്തെ ഏഴു ബാധകളുമായി വരുന്ന ഏഴു ദൂതന്മാരുടെ ദർശനം .
(2) മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടു പാടുന്ന ജയാളികൾ.
(3) സ്വർഗ്ഗത്തിലെ ദൈവാലയം തുറക്കുകയും അവിടെ നിന്നും ഏഴു ദൂതന്മാർ പുറപ്പെടുന്നു.
(4) ഏഴു ദൂതന്മാർക്കു ദൈവത്തിന്റെ ക്രോധകലശം നിറഞ്ഞ പൊൻകലശം കൊടുക്കുന്നു.
(5) ദൈവാലയം ദൈവത്തിന്റെ തേജസ്സും ശക്തിയും കൊണ്ടു നിറയുന്നു.

**അദ്ധ്യായസംഗ്രഹം :**

ദൈവത്തിന്റെ ഭാവിന്യായവിധികളെ പ്രദർശിപ്പിച്ച ധാന്യക്കൊയ്ത്തിനും, മുന്തിരി അറുക്കലിനും ശേഷം യോഹന്നാൻ വലുതും അത്ഭുതവുമായ മറ്റൊരു അടയാളം സ്വർഗ്ഗത്തിൽ കാണുന്നു. അത് ഏഴു ബാധകൾ അഥവാ ഏഴു ക്രോധകലശങ്ങളാൽ ഭൂവാസികളുടെമേൽ ന്യായവിധി ചൊരിയുവാനായി വരുന്ന ഏഴു ദൂതന്മാരായിരുന്നു. ദൈവത്തോടു മത്സരിക്കുകയും മൃഗത്തിന്റെ ആരാധകരായി കഴിയുകയും ചെയ്യുന്ന ഭൂവാസികളെ ശിക്ഷിക്കുവാൻ ഏഴുക്രോധകലശങ്ങളുമായി ദൈവം അയച്ച ദൂതന്മാരാണവർ. അതോടൊപ്പം കണ്ണാടിക്കടന്നിരികെ ഒരു കൂട്ടം ജയാളികളെയും യോഹന്നാൻ കാണുന്നു. അവർ മൃഗത്തോടു ജയിച്ചവരും അഗ്നിശോധനയിലൂടെ കടന്നുപോയ രക്തസാക്ഷികളുമാകയാൽ അവിടത്തെ കണ്ണാടിക്കടൽ തീ കലർന്ന പളുങ്കുകടൽപോലെ കാണപ്പെടുന്നു. അവർ മോശെയുടെയും കുഞ്ഞാടിന്റെയും വീണ്ടെടുപ്പിൻ ഗാനം പാടി ദൈവത്തിന്റെ സ്വഭാവസവിശേഷകളെ പ്രകീർത്തിച്ചു സ്തുതിക്കുന്നു. ഇതിനുശേഷം സ്വർഗ്ഗത്തിലെ ദൈവാലയം തുറക്കപ്പെടുകയും ദൈവക്രോധത്തിന്റെ ഏഴുപൊൻകലശങ്ങൾ ഭൂമിയിൽ ന്യായവിധി നടത്തുന്നതിനായി ഏഴു ദൂതന്മാർക്കു കൊടുക്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ സ്വർഗ്ഗത്തിലെ ആലയം ദൈവതേജസ്സും ദൈവശക്തിയും കൊണ്ടു മൂടപ്പെടുന്നു.

**അദ്ധ്യായവിഭജനം :**

വെളി.15:1 : ഏഴു ദൂതന്മാർ ഏഴു ബാധയുമായി വരുന്നതിന്റെ അടയാളം

(The Sign of the Seven Angels coming with Seven Plagues)

വെളി.15: 2 -4 : മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടു പാടുന്ന ജയാളികൾ
(The Victors who sing the songs of Moses and the Lamb)

വെളി.15:5 - 6 : സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറക്കുകയും ഏഴു ദൂതന്മാർ പുറപ്പെടുകയും ചെയ്യുന്നു

(The Tabernacle of Testimony in Heaven opened and Seven Angels came out from the Temple)

വെളി.15:7- 8 : ദൈവക്രോധം നിറഞ്ഞ ഏഴു പൊൻകലശം ഏഴു ദൂതന്മാർക്കു കൊടുക്കുന്നു
(The Seven Golden Vials of Gods wrath given to the Seven Angels).

**വെളി.15:1 — ഞാൻ വലുതും അത്ഭുതവുമായ മറ്റൊരു അടയാളം സ്വർഗ്ഗത്തിൽ കണ്ടു; ഒടുക്കത്തെ ഏഴു ബാധയുമുള്ള ഏഴു ദൂതന്മാരെ തന്നെ; അതോടുകൂടെ ദൈവക്രോധം തീർന്നു** (Then I saw another sign in heaven, great and marvelous: seven angels having the seven last plagues, for in them the wrath of God is complete) —

ഭൂമിയിൽ മഹോപദ്രവകാലത്ത് നടക്കേണ്ട ദൈവീകന്യായവിധികളുൾക്കൊള്ളുന്ന ധാന്യക്കൊയ്ത്തിന്റെയും മുന്തിരിക്കുല അറുക്കലിന്റെയും മുൻകൂട്ടിയുള്ള ദർശനവിവരണങ്ങൾക്കു ശേഷം യോഹന്നാൻ ദൈവത്തിന്റെ ഒടുവിലത്തെ ഏഴു ബാധകളിലേക്കു തിരിയുന്നു. ഏഴു ബാധകൾ അഥവാ ഏഴു ക്രോധകലശങ്ങൾ എന്ന പേരിലറിയപ്പെടുന്ന ദൈവത്തിന്റെ ശിക്ഷാവിധികൾ ക്രിസ്തു മുഖാന്തരം ദൈവം ഭൂമിയിൽ ദുഷ്ടന്മാരുടെ മേൽ നടപ്പാക്കുന്നു. ഏഴു ദൂതന്മാരാൽ ഏഴു ക്രോധകലശങ്ങൾ ഭൂമിയിൽ ഒഴിക്കുന്നതിനു മുമ്പായി ദൈവത്തിന്റെ ദീർഘക്ഷമയെ പ്രദർശിപ്പിക്കുന്നതാണ് ഈ അദ്ധ്യായത്തിലെ വിവരണങ്ങൾ. സ്വർഗ്ഗത്തിൽ ഏഴു ദൂതന്മാർ ദൈവത്തിന്റെ ഏഴുക്രോധകലശങ്ങളുമായി ഭൂമിയിൽ ശിക്ഷാവിധി നടപ്പാക്കുവാൻ തയ്യാറായി നിൽക്കുന്ന കാഴ്ചയാണ് യോഹന്നാൻ വിവരിക്കുന്നത്.

യോഹന്നാന്റെ വിവരണത്തിൽ നിന്നു നമുക്കു ചില പ്രധാന കാര്യങ്ങൾ ലഭിക്കുന്നു.

(1) വലുതും അത്ഭുതവുമായ കാഴ്ച യോഹന്നാൻ കാണുന്നു
(2) കാഴ്ചയുടെ രംഗം സ്വർഗ്ഗമാണ്.
(3) കാഴ്ച മറ്റൊരു അടയാളമാണ്—മുമ്പുള്ളരണ്ടു അടയാളങ്ങൾക്കുശേഷമുള്ള മൂന്നാമത്തെ അടയാളം
(4) ഏഴു ബാധകളുമായി നിൽക്കുന്ന ഏഴു ദൂതന്മാരെയാണ് തുടർന്നു സംഭവിക്കേണ്ടതിന്റെ അടയാളമായി യോഹന്നാൻ കാണുന്നത്
(5) ഏഴു ബാധകൾ ഒടുവിലത്തേതാണ്
(6) ബാധകൾ ദൈവക്രോധത്താൽ വരുന്നതാണ്
(7) ഏഴു ബാധകളോടെ ദൈവക്രോധം തീരുന്നു.

**ഞാൻ വലുതും അത്ഭുതവുമായ മറ്റൊരു അടയാളം സ്വർഗ്ഗത്തിൽ കണ്ടു** (Then I saw another sign in heaven, great and marvelous) —

യോഹന്നാൻ വലുതും അത്ഭുതവുമായ മറ്റൊരു അടയാളം സ്വർഗ്ഗത്തിൽ കണ്ടു. ഇതിനു മുമ്പു രണ്ടു അടയാളങ്ങളെ യോഹന്നാനിലൂടെ നാം കാണുകയുണ്ടായി. അവ (1) ആൺകുട്ടിയെ പ്രസവിച്ച സൂര്യനെ അണിഞ്ഞോരു സ്ത്രീ (12:1) (2) തീ നിറമുള്ള മഹാസർപ്പം (12:3). മൂന്നാമത്തെ അടയാളം എഴു ബാധകളുമായി നിൽക്കുന്ന ഏഴു ദൂതന്മാരെയാണ്. ആൺകുട്ടിയെ പ്രസവിച്ച സ്ത്രീ യിസ്രായേലും, തീ നിറമുള്ള മഹാസർപ്പം സാത്താനെയും പ്രതിനിതീകരിക്കുന്നു. മൂന്നാമത്തെ അടയാളം വലുതും അത്ഭുതവുമായത് ദൈവക്രോധത്തോടുള്ള ബന്ധത്തിലുള്ളതാണ്. ദൈവക്രോധത്തിന്റെ എഴു ബാധകളുമായി ഏഴു ദൂതന്മാരുടെ പ്രത്യക്ഷതയാണത്. അടയാളം (sign > semeion in Greek = an indication ) എന്നത് ഒരു വിഷയത്തിന്റെ ആഴമേറിയ സത്യങ്ങളും പ്രധാനപ്പെട്ട കാര്യങ്ങളും വിനിമയം ചെയ്യുവാനും സൂചിപ്പിക്കുവാനും ഉപയോഗിക്കുന്ന പ്രതീകമാണ്. മറ്റൊരു (another > allos in Greek = different one of the same kind) എന്ന വിശേഷണം ഇതുവരെ കണ്ട അടയാളങ്ങളുടെ അതേ തരത്തിലുള്ളതെന്നാണ്, എന്നാൽ ആവർത്തനവുമല്ല. അടയാളമെന്ന നിലയിൽ യോഹന്നാൻ കാണുന്നത് ദൂതന്മാരുടെ കാഴ്ചയല്ല. എന്നാൽ ദൈവകോപത്തിന്റെ ക്രോധകലശവുമായി ഏഴുദൂതന്മാർ ഭൂമിയിൽ അതിഭയങ്കരമായ ന്യായവിധി നടത്തുവാൻ ഒരുങ്ങി നിൽക്കുന്ന കാഴ്ചയാണ് അടയാളമെന്ന നിലയിൽ കാണുന്നത്. അവ

രുടെ പ്രത്യക്ഷത വരുവാൻ പോകുന്ന ന്യായവിധിയുടെ ചിഹ്നമായതിനാലാണ് അടയാളം എന്നു പറഞ്ഞിരിക്കുന്നത്.

സ്വർഗ്ഗത്തിൽ കണ്ട അടയാളം വലുതും (great > in Greek > mega = big,) അത്ഭുതവുമായി (marvelous > in Greek > thaumastos = wonderful) യോഹന്നാൻ വിശേഷിപ്പിക്കുന്നു. ഭൂമിയിലും സ്വർഗ്ഗത്തിലും അരങ്ങേറുന്ന അനേക കാര്യങ്ങൾക്കു യോഹന്നാൻ ഇതുവരെ സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ താൻ കണ്ട കാര്യങ്ങൾ ഇതുവരെ കണ്ടിട്ടുള്ള കാഴ്ചകളേക്കാൾ വലുതും അത്ഭുതവുമായതാണ്. ഭൂമിമേൽവന്നു പതിക്കുവാൻ പോകുന്ന ദൈവത്തിന്റെ അതിഭയങ്കരമായ അന്ത്യന്യായവിധികളുടെ ദർശനമാണ് യോഹന്നാനെ ഇത്രയേറെ അത്ഭുതപ്പെടുത്തിയത്.

**ഒടുക്കത്തെ ഏഴു ബാധയുമുള്ള ഏഴു ദൂതന്മാരെ തന്നെ**
(seven angels having the seven last plagues) —

കർത്താവിന്റെ ഭൂമിയിലേക്കുള്ള വരവിനു മുമ്പായി പാപികളായ ഭൂവാസികളുടെമേൽ ദൈവത്തിന്റെ ശിക്ഷാവിധികൾ ചൊരിയുവാനായി ഒടുവിലത്തെ ഏഴു ബാധകളുടെ കലശവുമായി ഏഴു ദൂതന്മാർ ഒരുങ്ങി നിൽക്കുന്ന കാഴ്ചയാണ് യോഹന്നാൻ ദർശിക്കുന്നത്. *"ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം"* (വെളി.14:10) മൃഗത്തിന്റെ ആരാധകരായ ഭൂവാസികൾ കുടിക്കുവാൻ പോകുന്നു. മഹോപദ്രവകാലത്തുള്ള ദൈവീകശിക്ഷാവിധിയുടെ അന്തിമഘട്ടത്തെ ഒടുവിലത്തെ ബാധകൾ സൂചിപ്പിക്കുന്നു. ഏഴു ബാധകൾ (വെളി.14:1,6,8) എന്നതും ഏഴുക്രോധകലശം (വെളി.16) എന്നതും ഒന്നു തന്നെയാണ്. ഏഴു കലശന്യായവിധി ഏഴുമുദ്രകളാലുള്ള ന്യായവിധിയുമായി ചില സാമ്യങ്ങളുണ്ടെങ്കിലും അവ ഒരുപോലുള്ളതോ ആവർത്തനമോ അല്ല.

ഇവിടെ കാണപ്പെടുന്ന ഏഴു ദൂതന്മാർ മുൻ അദ്ധ്യായങ്ങളിൽ പ്രത്യേകദൗത്യങ്ങളുമായി വന്ന ദൂതന്മാരല്ല. ഏഴു ബാധയിലും ഏഴു ദൂതന്മാരിലും എണ്ണമായി പറഞ്ഞിരിക്കുന്ന ഏഴു സമ്പൂർണ്ണതയെ കാണിക്കുന്നു. അതായത് ഏഴുദൂതന്മാരാലുള്ള ഏഴു ബാധകൾ ദുഷ്ടന്മാരുടെമേലുള്ള ദൈവക്രോധത്താലുള്ള സമ്പൂർണ്ണനാശത്തെ കുറിക്കുന്നു. ഏഴു കലശത്താലുള്ള ന്യായവിധി മഹോപദ്രവകാലത്തിനു അന്ത്യംകുറിക്കുന്നതിനോടൊപ്പം ലോകത്തിന്മേലുള്ള ദൈവത്തിന്റെ ശിക്ഷാവിധികൾക്കും തിരശ്ശീലയിടപ്പെടുന്നു. ദൈവീകന്യായവിധിയോടുള്ള ബന്ധത്തിൽ ഏഴിനു മറ്റൊരു പ്രസക്തി കൂടിയുണ്ട്. ദൈവത്തെ അനുസരിക്കാതെ പാപത്തിൽ ജീവിക്കുന്നവർക്കു ദൈവം ഏഴു മടങ്ങു ബാധ അഥവാ ശിക്ഷ നൽകുമെന്നു ലേവ്യാപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

**ലേവ്യ.26:18 —** *"നിങ്ങൾ എന്റെ വാക്കു കേൾക്കാതിരുന്നാൽ നിങ്ങളുടെ പാപങ്ങൾ നിമിത്തം ഞാൻ നിങ്ങളെ* ***ഏഴുമടങ്ങു ശിക്ഷിക്കും****."*

**ലേവ്യ.26:21 —** *"നിങ്ങൾ എനിക്കു വിരോധമായി നടന്നു എന്റെ വാക്കു കേൾക്കാതിരുന്നാൽ ഞാൻ നിങ്ങളുടെ പാപങ്ങൾക്കു തക്കവണ്ണം* ***ഏഴു മടങ്ങു ബാധ നിങ്ങളുടെമേൽ വരുത്തും****."*

**ലേവ്യ.26:23,24 —** *"നിങ്ങൾക്കു ബോധംവരാതെ നിങ്ങൾ എനിക്കു വിരോധമായി നടന്നാൽ ഞാനും നിങ്ങൾക്കു വിരോധമായി നടന്നു നിങ്ങളുടെ പാപങ്ങൾ നിമിത്തം* ***ഏഴുമടങ്ങു നിങ്ങളെ ദണ്ഡിപ്പിക്കും.****"*

ദൈവത്തിനു വിരോധമായി നടന്നു ദൈവത്തിന്റെ വാക്കു കേൾക്കാതിരിക്കുന്ന മഹോപദ്രവകാലത്തെ ദുഷ്ടലോകത്തിന്മേൽ ഏഴു മടങ്ങു ശിക്ഷ ദൈവം ഏഴുദൂതന്മാരിലൂടെ നടപ്പാക്കുന്നു.

**അതോടുകൂടെ ദൈവക്രോധം തീർന്നു** (for in them the wrath of God is complete) —

ഒടുവിലത്തെ ഏഴു ബാധകളടങ്ങിയ ഏഴു ക്രോധകലശത്താലുള്ള ന്യായവിധിക്കു ശേഷം ദൈവക്രോധം തീർന്നു എന്നാണ് യോഹന്നാൻ പറയുന്നത്. ദുഷ്ടന്മാരുടെ സമ്പൂർണ്ണനാശത്തെ ഇതു വ്യക്തമാക്കുന്നു. മഹാപീഡനകാലയളവിൽ ഭൂമിയിലെ പാപികളായ ദുഷ്ടന്മാരുടെ മേൽ ദൈവം അയക്കുന്ന ദണ്ഡനങ്ങളാണ് ദൈവക്രോധം എന്നിവിടെ പറഞ്ഞിരിക്കുന്നത്. സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടശേഷം മഹോപദ്രവകാലത്ത് ഭൂവാസികളുടെമേൽ ദൈവം 21 ന്യായവിധികളാണയക്കുന്നത്. ഏഴു വീതമുള്ള മൂന്നു ശിക്ഷാവിധികളടങ്ങിയ ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ ഏഴു കലശങ്ങൾ എന്നിവയിൽ അവസാനത്തെ ഏഴു കലശങ്ങൾ ദൈവത്തിന്റെ അതിഭയങ്കരമായ ന്യായവിധികളാണ്. ആറാം അദ്ധ്യായത്തിൽ ആരംഭിച്ച മഹോപദ്രവകാലത്തെ ശിക്ഷാവിധികളിൽ ഒടുക്കത്തെ ഏഴു കലശത്താലുള്ള ശിക്ഷാവിധി ഇതുവരെ കണ്ടതിലേക്കും വെച്ചു അതികഠിനവും അതിഭയാജനകവുമാണ്. ഇതിനെതുടർന്നുണ്ടാകുന്ന ദുഷ്ടജനത്തിന്റെ സംഹാരത്തിനു ശേഷം സമാധാനവും സന്തോഷവും നീതിയും വിളയാടുന്ന സഹസ്രാബ്ദവാഴ്ചെക്കു വഴിയൊരുങ്ങുന്നു.

**വെളി.15:2 — തീ കലർന്ന പളുങ്കുകടൽപോലെ ഒന്നും മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ടുപളുങ്കുകടലിന്നരികെ നില്ക്കു**

**ന്നതും ഞാൻ കണ്ടു** (And I saw something like a sea of glass mingled with fire, and those who have the victory over the beast, over his image and over his mark and over the number of his name, standing on the sea of glass, having harps of God) —

ദൈവക്രോധത്തിന്റെ ഒടുവിലത്തെ ഏഴു കലശങ്ങളേന്തി നിൽക്കുന്ന ഏഴു ദൂതന്മാരുടെ കാഴ്ച ഏറ്റവും വലുതും അത്ഭുതവുമായ മറ്റൊരു അടയാളമായി സ്വർഗ്ഗത്തിൽ കണ്ട യോഹന്നാൻ തുടർന്നു കാണുന്നത് ഒരു ജയാളികളുടെ കൂട്ടത്തെയാണ്. ദൈവത്തിന്റെ ക്രോധകലശങ്ങൾ ദൂതന്മാർ ഭൂമിയിൽ ഒഴിക്കുന്നതിനു മുമ്പായി, മൃഗത്തെയും പ്രതിമയെയും ജയിച്ച ദൈവജനം സ്വർഗ്ഗത്തിലെ പളുങ്കുകടലിന്നരികെ സന്തോഷത്തോടെ നിൽക്കുന്നു. യോഹന്നാൻ സ്വർഗ്ഗത്തിലെ കാഴ്ച ഇപ്രകാരം വിവരിക്കുന്നു — *"തീ കലർന്ന പളുങ്കുകടൽപോലെ ഒന്നും മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ടുപളുങ്കുകടലിന്നരികെ നില്ക്കുന്നതും ഞാൻ കണ്ടു."* താൻ കണ്ടതെന്താണെന്നും, ജയാളികൾ നിൽക്കുന്നതെവിടെയാണെന്നും, അവർ ആരെയാണ് ജയിച്ചതെന്നും, അവർ എന്തു ചെയ്യുന്നു എന്നുമുള്ള കാര്യങ്ങൾ ഈ വാക്യത്തിൽ കാണുന്നു. (1) തീ കലർന്ന പളുങ്കുകടൽപോലെ ഒന്നു കാണുന്നു (2) അവിടെ നിൽക്കുന്ന ജയാളികൾ മൃഗത്തോടും, അതിന്റെ പ്രതിമയോടും, അതിന്റെ പേരിന്റെ സംഖ്യയോടും ജയിച്ചവരാണ് (3) ജയാളികളായ അവർ ദൈവത്തിന്റെ വീണകൾ പിടിച്ചിരിക്കുന്നു (4) അവർ നിൽക്കുന്നത് സ്വർഗ്ഗത്തിലെ പളുങ്കുകടലിന്നരികെയാണ്. എന്നാൽ അതിപ്പോൾ തീ കലർന്ന പളുങ്കുകടൽപോലെ കാണപ്പെടുന്നു.

**തീ കലർന്ന പളുങ്കുകടൽപോലെ**
(And I saw something like a sea of glass mingled with fire) —

ജയാളികളായ മഹോപദ്രവകാലത്തെ രക്തസാക്ഷികൾ ആനന്ദത്തോടെ നിൽക്കുന്നത് സ്വർഗ്ഗത്തിലെ പളുങ്കുകടലിന്നരികെയാണ്. സഭയുടെ സ്വർഗ്ഗത്തിലേക്കുള്ള ഉത്പ്രാപണശേഷം യോഹന്നാൻ സ്വർഗ്ഗസിംഹാനത്തിനടുത്തു കണ്ട അതേ പളുങ്കിനൊത്ത കണ്ണാടിക്കടൽ (a sea of glass, like crystal) തന്നെയാണ് ഇവിടെ പരാമർശിക്കുന്ന പളുങ്കുകടലും (sea of glass) തീ കലർന്ന പളുങ്കുകടലും (like a sea of glass mingled with fire). **വെളി.4:6 —** *"സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിനൊത്ത കണ്ണാടിക്കടൽ."* എന്നാൽ സ്വർഗ്ഗസിംഹാസനത്തിന്റെ മുമ്പിൽ കണ്ട കടൽ യഥാർത്ഥ കടലല്ല. കാരണം പുതിയ ആകാശവും പുതിയ ഭൂമിയും ഉൾക്കൊള്ളുന്ന വിശുദ്ധനഗരത്തിൽ സമുദ്രം ഇല്ല. **വെളി.21:1 —** *"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞു പോയി; സമുദ്രവും ഇനി ഇല്ല."* ആകയാൽ യോഹന്നാൻ കണ്ട കടൽ പളുങ്കിനൊത്ത കണ്ണാടിക്കടൽ അഥവാ സുതാര്യമായ സ്ഫടികംപോലെയുള്ള ഒരു പ്രതലമായി (transparent and reflecting crystal platform) കരുതാം. പളുങ്കിനൊത്ത കണ്ണാടിക്കടൽ ദൈവത്തിന്റെ അതുല്യമായ വിശുദ്ധിയെ പ്രകടമാക്കുന്നു. കൂടാതെ സ്ഫടികസമാനമായ സമുദ്രം പോലെ തോന്നിക്കുന്ന പളുങ്കുകടൽ ദൈമമഹത്വത്തിന്റെയും, സമാധാനത്തിന്റെയും പ്രതീകമാണ്. ദൈവതേജസ്സിന്റെ പ്രഭയാണ് സ്വർഗ്ഗസിംഹാസനമാകെ വെട്ടിത്തിളങ്ങുവാനിടയാകുന്നത്. കടൽ സാധാരണ ഇളകിമറിയുന്നതും പ്രക്ഷുബ്ദമായ അനുഭവങ്ങളെയും വെളിപ്പെടുത്തുന്നു. കലങ്ങി മറിയുന്ന കടൽ ദുഷ്ടന്മാരുടെ സമാധാനമില്ലായ്മയെ ചിത്രീകരിക്കുന്നു (യെശ.57:20,21). എന്നാൽ സിംഹാസനത്തിനു മുമ്പിൽ കാണുന്ന പളുങ്കിനൊത്ത കണ്ണാടിക്കടൽ ഇളക്കമില്ലാതെ കണ്ണാടിപോലെ വെട്ടിത്തിളങ്ങിക്കൊണ്ടു സ്വച്ഛമായി നിലകൊള്ളുന്നത് സ്വർഗ്ഗത്തിലെ നിർമ്മലതയെയും സമാധാനത്തെയും പ്രകടമാക്കുന്നു.

സഭയുടെ ഉത്പ്രാപണാനന്തരം സിംഹാസനത്തിനു മുമ്പിൽ കാണപ്പെട്ട പളുങ്കിനൊത്ത കണ്ണാടിക്കടൽ മഹാപീഡനകാലാന്ത്യത്തിൽ യോഹന്നാൻ തീ കലർന്ന പളുങ്കുകടലിനു സമാനമായാണ് കാണുന്നത്. ഇതിനു പ്രധാനമായും രണ്ടഭിപ്രായങ്ങളുണ്ട്.

**(1) അഗ്നിശോധനയിലൂടെ കടന്നു വന്ന രക്തസാക്ഷികൾ പളുങ്കിനൊത്ത കണ്ണാടിക്കടലിന്നരികെ നിന്നതിനാൽ —**

അന്നു യോഹന്നാൻ കണ്ട വിശുദ്ധന്മാരുടെ കൂട്ടം (വെളി.4) ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ രക്ഷിക്കപ്പെട്ടവരാണ്. അവരിൽ രക്തസാക്ഷികളുണ്ടെങ്കിലും എല്ലാവരും രക്തസാക്ഷികളായി വന്നവരല്ല. എന്നാൽ മഹാപീഡനകാലാവസാനത്തിൽ സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ കാണപ്പെടുന്നവർ രക്തസാക്ഷികളാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിനായി ജീവൻ നൽകിയവരാണവർ. കൂടാതെ അന്തിക്രിസ്തുവിന്റെയും മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും ഭൂമിയിലെ തേർവാഴ്ചയിൽ യേശുക്രിസ്തുവിന്റെ സാക്ഷികളെന്ന നിലയിൽ അവർ അഗ്നിശോധനയിലും തീച്ചൂളക്കു സമാനമായ അനുഭവങ്ങളിലൂടെയും (1.പത്രൊ.4:12) കടന്നു പോയവർ ആണ്. അതുകൊണ്ടായിരിക്കാം സിംഹാസനത്തിന്റെ മുമ്പിൽ അവർ നിന്നപ്പോൾ അവരുടെ സാന്നിദ്ധ്യത്താൽ കണ്ണാടിക്കടൽ രക്തത്തിന്റെയും തീയുടെയും നിറം പ്രാപിക്കുവാനിടയായത്.

**(2) തീ കലർന്ന പളുങ്കുകടൽ ദൈവത്തിന്റെ ന്യായവിധിയെ പ്രകടിപ്പിക്കുന്നു —** വെളി.4:6

-ൽ കാണപ്പെട്ട പളുങ്കിനൊത്ത കണ്ണാടിക്കടൽ ദൈവത്തിന്റെ ദൈവത്തിന്റെ പരിശുദ്ധി, നിർമ്മലത, നീതി, കരുണ (symbol of holiness, righteousness and grace) എന്നിവയെ വെളിപ്പെടുത്തുന്നു. എന്നാൽ വെളി.15:2 -ൽ കാണപ്പെടുന്ന തീ കലർന്ന പളുങ്കുകടൽ ദൈവത്തിന്റെ ന്യായവിധിയെ (symbol of judgement) പ്രദർശിപ്പിക്കുന്നു. തിരുവചനത്തിൽ തീ ദൈവത്തിന്റെ ക്രോധത്തെയും ന്യായവിധിയെയും (Fire in scripture is a symbol of wrath and judgment of God) വെളിപ്പെടുത്തുന്നു (സംഖ്യാ.11:1/16:35/ ആവ.9:3/യെശ.66:15/2.തെസ്സ1:6,7/എബ്രാ.12:29). കൃപാകാലം കഴിഞ്ഞും മഹാപദ്രവകാലത്ത് ഭൂവാസികൾക്കു രക്ഷ പ്രാപിപ്പാനുള്ള അനേക അവസരങ്ങൾ ദൈവം നൽകി. എന്നാൽ ദൈവകരുണയെയും ദൈവസ്നേഹത്തെയും അവർ ചവിട്ടിക്കളഞ്ഞ് മൃഗത്തിന്റെ ആരാധകരായി ജീവിക്കുകയും ദൈവവിശ്വാസികളെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തു. ദൈവത്തിൽ ആശ്രയിച്ചവർ പീഡകളനുഭവിച്ചു രക്തസാക്ഷികളായി സ്വർഗ്ഗത്തിൽ പളുങ്കിനൊത്ത കണ്ണാടിക്കടലിന്നരികെ നിൽക്കുന്നു. തുടർന്നു ദൈവക്രോധത്തിന്റെ സപ്തകലശങ്ങൾ ശത്രുക്കളുടെ മേൽ വർഷിപ്പിക്കുന്നതിനായി ദൂതന്മാരെ ദൈവം ഏല്പിക്കുന്നു. ദൈവസിംഹാസനത്തിൽ നിന്നു ഭൂവാസികളുടെ മേൽ പകരുവാനുള്ള അതിഭയങ്കരമായ ന്യായവിധികലശങ്ങൾ പുറപ്പെടുന്നതിലായിരിക്കാം സ്ഫടികക്കടൽ ദൈവക്രോധത്തെ വെളിപ്പെടുത്തുന്ന തീ നിറമായി കാണപ്പെട്ടത്.

**മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ** (and those who have the victory over the beast, over his image and over his mark and over the number of his name) —

ദൈവസിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുന്ന കൂട്ടം മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവരാണ്. മിസ്രയീമ്യരെയും ഫറവോനെയും വിട്ടു ചെങ്കടൽ കടന്ന യിസ്രായേല്യരെപ്പോലെ അന്തിക്രിസ്തുവിനെയും സാത്താനെയും നമസ്കരിക്കാതെ ജയാളികളായ മഹോപദ്രവ വിശുദ്ധന്മാർ സ്വർഗ്ഗീയകടലിന്നരികെ നിൽക്കുന്നു. മഹോപദ്രവകാല വിശുദ്ധന്മാരായ അവർ അഗ്നിജ്വാലക്കു സമാനമായ ശോധനയിങ്കൽ വിജയിച്ചവരാണ്. മഹോപദ്രവകാലത്ത് യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരാണവർ (വെളി.6:9 -11/7:9-17/12:11/14:13). ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊണ്ടു അഗ്നിശോധനയിങ്കൽ സഹിഷ്ണുത വെളിപ്പെടുത്തിയവരാണവർ (വെളി.14:12). ജയാളികളായ ഇക്കൂട്ടർ ലോകത്തിൽ മൂന്നു ശക്തികളോടു പോരാടി ജയിച്ചവരാണെന്നു യോഹന്നാൻ ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നു. (1) മൃഗത്തോട് — victory over the beast (2) മൃഗത്തിന്റെ പ്രതിമയോട് — victory over the image of the beast (3) മൃഗത്തിന്റെ പേരിന്റെ സംഖ്യയോട് — victory over the mark of the beast and over the number of his name

**(1) മൃഗത്തോട് — (victory over the beast) —** മഹോപദ്രവകാല വിശുദ്ധന്മാർ മൃഗത്തോടു പോരാടി ജയിച്ചവരാണ്. മൃഗത്തോട് ജയിച്ചവർ എന്നാൽ മൃഗത്തെ ആരാധിക്കുവാനോ സേവിക്കുവാനോ അനുസരിക്കുവാനോ കൂട്ടാക്കാതെ ദൈവത്തെ മാത്രം സേവിച്ചവരെന്നർത്ഥം. വെളിപ്പാടു.13 -ൽ രണ്ടു മൃഗത്തെ കാണുന്നു. ഒന്നാമത്തേത് സമുദ്രത്തിൽ നിന്നു കയറി വരുന്ന മൃഗം അഥവാ അന്തിക്രിസ്തു (വെളി.13:1-10). രണ്ടാമത്തേത് കരയിൽ നിന്നു കയറി വരുന്ന മൃഗം അഥവാ കള്ളപ്രവാചകൻ (വെളി.13:11 -17). മൃഗത്തിന്റെ ശക്തിയും അധികാരവും രൂപവും ഭാവവും കണ്ടു ഭയപ്പെട്ട സകലഭൂവാസികളും മൃഗത്തെ ആരാധിക്കുന്നു. **വെളി.13:4 —** *"മൃഗത്തിന്നു അധികാരം കൊടുത്തതുകൊണ്ടു അവർ മഹാസർപ്പത്തെ നമസ്കരിച്ചു: മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുതുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു."* എന്നാൽ ദൈവത്തിൽ ആശ്രയം വെച്ച വിശുദ്ധന്മാർ മൃഗത്തെ ആരാധിക്കാതെ എതിർത്തു നിന്നതിനാൽ അവർ ബഹുകഷ്ടങ്ങളിലൂടെ കടന്നുപോകേണ്ടിവന്നു. അതിനായി അവർ ജീവൻ പോലും നൽകേണ്ടിവന്നു. മരണം വരെ അവരുടെ ജീവനെ സ്നേഹിക്കാതെ വിശ്വാസത്തിൽ ഉറച്ചു നിന്നു. **വെളി.12:11 —** *"അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല."*

**(2) മൃഗത്തിന്റെ പ്രതിമയോട് — victory over the image of the beast —**

മൃഗത്തെ ആരാധിക്കുക മാത്രമല്ല മൃഗത്തിന്റെ പ്രതിമ ഉണ്ടാക്കുവാനും അതിനെ നമസ്കരിക്കുവാനും പീഡനകാലത്ത് കല്പനയുണ്ടായി. **വെളി.13:13-15 —** *"അതു മനുഷ്യർ കാൺകെ ആകാശത്തു നിന്നു ഭൂമിയിലേക്കു തീ ഇറങ്ങുമാറു വലിയ അടയാളങ്ങൾ പ്രവൃത്തിക്കയും മൃഗത്തിന്റെ മുമ്പിൽ പ്രവൃത്തിപ്പാൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ടു ഭൂവാസികളെ തെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന്നു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു പറകയും ചെയ്യുന്നു. മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയെ നസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമെക്കു ആത്മാവിനെ കൊടുപ്പാൻ അതിന്നു ബലം ലഭിച്ചു."* എന്നാൽ ദൈവത്തിൽ ആശ്രയിച്ച വിശുദ്ധന്മാർ ലോകഭരണാധികാരികളുടെ കല്പനകൾ അനുസരിക്കാതെ മൃഗത്തെ നമസ്കരിക്കുകയോ അതിന്റെ പ്രതിമയെ ഉണ്ടാക്കി വണങ്ങുകയോ ചെയ്യാത്തതിനാൽ അവർ പീഡിപ്പി

ക്കപ്പെട്ടു. അനേകരെ കൽത്തുറുങ്കുകളിൽ ബന്ധിക്കുകയും അനേകരെ വാളാൽ അറുക്കുകയും കൊല്ലു കയും ചെയ്തു (വെളി.13:10). അവർ യേശുവിങ്കലുള്ള വിശ്വാസത്താൽ രക്തസാക്ഷികളായി മരിക്കേണ്ടി വന്നു. അവർ പോരാടിയത് ലോകപ്രകാരമുള്ള ആയുധം കൊണ്ടല്ലായിരുന്നു. എന്നാൽ വിശുദ്ധന്മാ രുടെ സഹിഷ്ണുതയും വിശ്വാസവും കൊണ്ടാവശ്യം എന്ന പ്രബോധനം മുറുകെ പിടിച്ചുള്ള പോരാട്ട മാണവരെ ജയാളികളാക്കിത്തീർത്തത്. **വെളി.13:10 —** *"അടിമയാക്കി കൊണ്ടുപോകുന്നവൻ അടിമയാ യിപ്പോകും; വാൾകൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടി വരും; ഇവിടെ വിശുദ്ധന്മാരുടെ സഹി ഷ്ണുതയും വിശ്വാസവുംകൊണ്ടു ആവശ്യം."* ലോകത്തിൽ ഭൂവാസികളുടെ മുമ്പിൽ അവർ പരാജിത രായി കാണപ്പെട്ടെങ്കിലും ദൈവസന്നിധിയിൽ അവർ ജയാളികളായിത്തീർന്നു.

**(3) മൃഗത്തിന്റെ പേരിന്റെ സംഖ്യയോട് — victory over the mark of the beast and over the number of his name —**

പളുങ്കുകടൽത്തീരത്തു നിൽക്കുന്ന ജയാളികൾ മൃഗത്തിന്റെ പേരിന്റെ സംഖ്യയോടും പോരാടി ജയിച്ചവരായിരുന്നു. സാത്താന്യശക്തികളുടെ ആജ്ഞകൾ അനുസരിക്കാത്തതിനാലും, മൃഗത്തിന്റെ മുദ്ര യേൽക്കാതിരുന്നതിനാലും ദൈവമക്കളുടെ ഭൂമിയിലെ നിത്യജീവിതം ഏറെ പരിതാപകരമായിരുന്നു. മൃഗമുദ്രയേറ്റവർക്കുമാത്രമേ ആഹാരസാധനങ്ങൾ വാങ്ങുവാനോ നിത്യവൃത്തിക്കുള്ള വക കണ്ടെത്തു വാനോ സാധിച്ചിരുന്നുള്ളു. ആഹാരം, വസ്ത്രം, പാർപ്പിടം, രോഗചികിത്സ, ജോലി, വിദ്യാഭ്യാസം, സഞ്ചാരം എന്നിങ്ങെയുള്ളതെല്ലാം മുദ്രയേൽക്കാത്തവർക്കു നിഷേധിക്കപ്പെട്ട കാലമായിരുന്നു മഹാപീഡനകാ ലം. **വെളി.13:16,17 —***"അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കു ന്നു."* ഭക്ഷിക്കുവാൻ യാതൊന്നും ഇല്ലാതെ വിശന്നു പൊരിഞ്ഞ പീഡനകാലവിശുദ്ധന്മാർ അവരുടെ വിശ്വാസം ത്വജിച്ചു കളയാതെ നിത്യജീവിതത്തിനായി ദൈവത്തിൽ മാത്രം ആശ്രയിച്ചു കഴിഞ്ഞതി നാൽ അവർ ദൈവസന്നിധിയിൽ ജയാളികളായി എണ്ണപ്പെട്ടു.

**ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ടുപളുങ്കുകടലിന്നരികെ നില്ക്കുന്നതും ഞാൻ കണ്ടു** (standing on the sea of glass, having harps of God) —

മഹോപദ്രവകാലവിശുദ്ധന്മാർ ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ടു പളുങ്കുകടലിന്നരികെ നിൽക്കുന്നതും യോഹന്നാൻ കണ്ടു. വീണ തിരുവചനത്തിൽ പൊതുവേ സന്തോഷത്തെയും ആരാധന യെയും കുറിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ ദൈവത്തെ സ്തുതിക്കുന്ന വേളയിൽ വീണയുടെ സാന്നിദ്ധ്യം കാണുകയുണ്ടായി (വെളി.5:8/14:2). ആയതിനാൽ സാത്താന്യശക്തികളെ ജയിച്ച ജയാളിക ളായ വിശുദ്ധന്മാരുടെ കരങ്ങളിൽ വീണകൾ കാണപ്പെട്ടത് അവരുടെ ഇപ്പോഴത്തെ സന്തോഷത്തെയും അതോടനുബന്ധിച്ചു ദൈവത്തെ സ്തുതിക്കുന്നതിനെയും വെളിപ്പെടുത്തുന്നു. അവർക്കു എന്തുകൊ ണ്ടാണ് ദൈവത്തിന്റെ വീണകളേന്തി സ്വർഗ്ഗീയപളുങ്കു കടലിന്നരികെ നിൽക്കുവാനും പാടുവാനും ആന ന്ദിക്കുവാനും ഇടയായത്? യേശുക്രിസ്തുവിലുള്ള വിശ്വാസംനിമിത്തം സ്വന്തജീവനെ സ്നേഹിക്കാതെ, മരണത്തെ ഭയപ്പെടാതെ ജീവിച്ചതു തന്നെ കാരണം. **1.കൊരി.15:55-57 —** *"ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ളു എവിടെ? മരണത്തിന്റെ വിഷമുള്ളു പാപം; പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിന്നു സ്തോത്രം."* ലോകദൃഷ്ടിയിൽ അവർ പരാജിതരും ബുദ്ധിയില്ലാത്തവരുമായി കണക്കാ ക്കപ്പെടാം. എന്നാൽ നിത്യതയിൽ നുകരുവാൻ പോകുന്ന അനുഗ്രഹങ്ങളും, അനുഭവിക്കുവാൻ പോകുന്ന ഭാഗ്യാവസ്ഥകളുമായി തുലനം ചെയ്യുമ്പോൾ ഭൂമിയിലെ അല്പകാലക്ലേശങ്ങൾ ഏതുമില്ല എന്നെണ്ണു വാൻ ഇടയായി. ആയതിനാൽ അവർ ദൈവസന്നിധിയിൽ നിന്നു ആനന്ദത്തോടെ ദൈവത്തെ സ്തുതി ക്കുന്നു.

സ്വർഗ്ഗത്തിൽ വിശുദ്ധന്മാർ ദൈവത്തിന്റെ വീണകൾ പിടിച്ചുകൊണ്ടു നിൽക്കുന്നതിനാൽ ആരാ ധനയോഗങ്ങളിൽ വീണയുൾപ്പെടെയുള്ള സകല വാദ്യമേളങ്ങളോടും പാടാം എന്നു ചിലർ വ്യാഖ്യാ നിച്ചു കാണുന്നുണ്ട്. സ്വർഗ്ഗത്തിൽ വിശുദ്ധന്മാർ വീണകളുമായി ദൈവത്തെ സ്തുതിച്ചു പാടുമ്പോൾ വേർപാടുകാർ ആരാധനയോഗങ്ങളിൽ വാദ്യോപകരണങ്ങൾ ഉപയോഗിക്കരുതെന്നു പഠിപ്പിക്കുന്നു എന്ന കുറ്റാരോപണവുമായി അനേകർ രംഗത്തു വരുന്നുണ്ട്. ദൈവത്തിന്റെ വീണ ദൈവീകസന്തോഷത്തെയും ദൈവീകസമാധാനത്തെയും പ്രകടമാക്കുന്നു. വീണ പൊതുവേ സന്തോഷത്തെയും ആരാധനയെയും കുറിക്കുന്നതാണ്. മഹോപദ്രവകാലത്തെ രക്തസാക്ഷികളായ വിശുദ്ധന്മാർ ദൈവത്തെ ആനന്ദത്തോടും സമാധാനത്തോടും ദൈവത്തെ ആരാധിച്ചു സ്തുതിച്ചു പാടി എന്നതിനെ ആലങ്കാരികഭാഷയിൽ പറ ഞ്ഞിരിക്കുന്നതാണ് വീണയുടെ പരാമർശം. ഏഴു പൊൻ നിലവിളക്ക്, ഏഴു നക്ഷത്രം, പെരുവെള്ളം, ഇടിമുഴക്കം, കുഞ്ഞാട്, മറഞ്ഞിരിക്കുന്ന മന്ന, വെള്ളക്കല്ല്, കുരുത്തോല, വെള്ളനിലയങ്കി, അരിവാൾ, കോങ്കത്തി, പളുങ്കുകടൽ, തീ കലർന്ന പളുങ്കുകടൽ എന്നിവയെല്ലാംപോലെ വീണയും ആലങ്കാരികഭാ

ഷാവർണ്ണനയായി എടുക്കേണ്ടതാണ്. ആത്മീകമായി വിശകലനം ചെയ്യാതെ അക്ഷരാർത്ഥത്തിൽ ദൈവവചനത്തെ വ്യാഖ്യാനിച്ചാൽ അബദ്ധങ്ങളിൽ ചെന്നെത്തുവാനിടയാകും. ദൈവത്തെ സ്തുതിക്കുന്ന വേളകളിലും വിശുദ്ധന്മാരുടെ കൂടിവരവുകളിലും വാദ്യോപകരണങ്ങൾ ഉപയോഗിക്കരുതെന്നു ഇതിനർത്ഥമില്ല. എന്നാൽ കർത്താവിന്റെ മരണപുനരുത്ഥാനത്തെ വെളിപ്പെടുത്തുന്ന അപ്പവീഞ്ഞുകളോടെ കർത്താവിനെ ആരാധിക്കുന്ന വേളയിൽ വാദ്യോപകരണത്തിന്റെ ശബ്ദമല്ല മുഴങ്ങിക്കേൾക്കേണ്ടത്. അധരഫലം എന്ന സ്തോത്രയാഗമാണ് പുതിയനിയമവിശുദ്ധന്മാരിൽ നിന്നുയരേണ്ടത് (സങ്കീ.50:23/എബ്രാ.13:15/റോമ.12:1).

**വെളി.15:3 — അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയതു: സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ** (They sing the song of Moses, the servant of God, and the song of the Lamb, saying: "Great and marvelous are Your works, Lord God Almighty! Just and true are Your ways, O King of the saints!) —

ദൈവീകന്യായവിധിയുടെ ക്രോധകലശങ്ങൾ ഭൂമിയിൽ പതിക്കുന്നതിനു മുമ്പായി മഹോപദ്രവകാലജയാളികളായ വിശുദ്ധന്മാർ സ്വർഗ്ഗസിംഹാസനത്തിനു മുമ്പിലെ പളുങ്കുകടൽത്തീരത്തു നിൽക്കുന്ന കാഴ്ച യോഹന്നാൻ വിവരിച്ചു. ഇവർ യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു മുദ്രയിട്ടു വേർതിരിച്ച 144,000 പേരും (വെളി.7:1–8), രക്തസാക്ഷികളായ സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു ആർക്കും എണ്ണിക്കൂടാനാവാത്ത പുരുഷാരവും (വെളി.7:9–17) ഉൾപ്പെടുന്നവരാണ്. ദൈവസിംഹാസനത്തിനു മുമ്പിൽ പളുങ്കിനൊത്ത കണ്ണാടിക്കടൽ കാണുന്നുവെങ്കിൽ (വെളി.4:6) മഹോപദ്രവകാലവിശുദ്ധന്മാർ നിൽക്കുന്ന പളുങ്കിനൊത്ത കണ്ണാടിക്കടൽ തീ കലർന്ന പളുങ്കുകടലായി (വെളി.15:2) കാണപ്പെടുന്നു. അഗ്നിജ്വാലക്കു സമാനമായ ശോധനയിലൂടെ അവർ കടന്നു വന്നതിനാലോ, അവർ ചിന്തിയ രക്തത്തിന്റെ കാര്യം വെളിപ്പെടുത്തുന്നതിനാലോ, ദൈവകോപത്താലുള്ള ന്യായവിധികൾ ദുഷ്ടന്മാരുടെമേൽ സ്വർഗ്ഗസിംഹാസനത്തിൽ നിന്നു പുറപ്പെടുവാൻ പോകുന്നതിനാലോ ആയിരിക്കാം ജയാളികളായ വിശുദ്ധന്മാരുടെ സാന്നിദ്ധ്യം പളുങ്കുകടൽ തീയുടെ നിറം പ്രാപിക്കുവാനിടയായത്. അവർ ദൈവസന്നിധിയിൽ നിന്നുകൊണ്ടു ദൈവത്തെ പാടിസ്തുതിക്കുന്നു. അഞ്ചാം മുദ്രപൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ട വിശുദ്ധന്മാരുടെ ആത്മാക്കൾ തങ്ങളുടെ പീഡകർക്കെതിരേയുള്ള ദൈവത്തിന്റെ ന്യായവിധിക്കായി നിലവിളിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവരുടെ പ്രാർത്ഥനക്കുത്തരമായി ദുഷ്ടന്മാരുടെമേൽ ദൈവം ന്യായവിധി നടത്തുവാൻ പോകുന്നു എന്നുള്ള അറിവ് അവർക്കു ഏറെ ആശ്വാസവും ആനന്ദവും നൽകുന്നു. അവർക്കു ഇപ്രകാരം ലഭിച്ച ആശ്വാസവും, ആനന്ദവും, ജയവും ദൈവത്തെ സ്തുതിക്കുവാൻ കാരണമായിത്തീർന്നു. ആയതിനാൽ അവർ വീണ്ടെടുപ്പിന്റെ ഇരട്ടഗാനങ്ങളുൾക്കൊള്ളുന്ന മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടുപാടി ദൈവത്തിന്റെ സ്വഭാവസവിശേഷതകളെ കീർത്തിക്കുന്നു.

**അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയതു:** (They sing the song of Moses, the servant of God, and the song of the Lamb, saying:)—

ഭൂവാസികളുടെമേൽ അതിഭയങ്കരമായ ശിക്ഷാവിധികളടങ്ങിയ ക്രോധകലശങ്ങൾ പതിക്കുന്നതിനു മുമ്പായി മഹോപദ്രവകാലവിശുദ്ധന്മാർ ദൈവത്തെ സ്തുതിക്കുന്ന ഗീതങ്ങൾ സ്വർഗ്ഗത്തിൽ ആലപിക്കുന്നു. ദൈവത്തിന്റെ വീണകൾ പിടിച്ചുകൊണ്ടാണ് അവർ സ്വർഗ്ഗീയപളുങ്കുതീരത്ത് അഥവാ ദൈവസിംഹാസനത്തിനു മുമ്പിൽ നിൽക്കുന്നത്. സ്വർഗ്ഗത്തിലെ ഗാനാലാപനവും അവരുടെ കൈയ്യിലെ വീണയും അവരുടെ സന്തോഷത്തെയും അത്യാനന്ദത്തെയും മാത്രമല്ല ദൈവത്തെ വാഴ്ത്തിസ്തുതിക്കുന്നതിനെയും വെളിപ്പെടുത്തുന്നു. അവർ പാടുന്നത് ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടുമാണെന്ന് യോഹന്നാൻ പറയുന്നു.

മോശെയുടെ പാട്ട് എന്നത് പഴയനിയമത്തിൽ രണ്ടു ഭാഗങ്ങളിൽ കാണുന്നുണ്ട്. (1) ഫറവോന്റെ അടിമത്വത്തിൽ നിന്നു വിടുതൽ പ്രാപിച്ച യിസ്രായേൽജനം ചെങ്കടൽ കടന്നു മറുകരയിൽ കാലൂന്നിയപ്പോൾ പാടിയ പാട്ടാണ് മോശെയുടെ പാട്ട്. ദൈവത്തിന്റെ ജനമായ യിസ്രായേലിന്റെ ശത്രുവായ ഫറവോന്റെ മേൽ ജയം നൽകി, ദൈവം തന്റെ ജനത്തെ ചെങ്കടൽ കടത്തി, ഫറവോനെയും സൈന്യത്തെയും ചെങ്കടലിന്റെ അഗാധത്തിലേക്കു താഴ്ത്തിയതു കണ്ണാലെ കണ്ട യിസ്രായേൽ ജനം ദൈവത്തെ വാഴ്ത്തിസ്തുതിച്ച പാട്ടാണിത് (പുറ.15:1–21). (2) മോശെയുടെ പാട്ട് എന്നു അറിയപ്പെടുന്ന മറ്റൊരു ഗീതം ആവർത്തപുസ്തകത്തിൽ കാണുന്നുണ്ട് (ആവ.32). മോശെയുടെ ജീവിതാന്ത്യത്തിൽ യിസ്രായേൽ ജനത്തിനു മോശെയിലൂടെ ദൈവം അവർക്കു നൽകുന്ന പാട്ടാണിത്. യിസ്രായേൽ ജനത്തോടുള്ള ദൈവത്തിന്റെ കരുതലിനെയും സ്നേഹത്തെയും പ്രകടമാക്കുന്നതോടൊപ്പം ദൈവത്തോടു അവർ വിശ്വസ്തരായി ദൈവത്തെ സ്തുതിച്ചു സേവിക്കേണ്ട ആവശ്യകതയും ഈ പാട്ടിൽ അടങ്ങിയിരിക്കുന്നു.

കുഞ്ഞാടിന്റെ പാട്ട് എന്നത് ക്രിസ്തുവിലൂടെ ലഭിച്ച രക്ഷയെ വെളിപ്പെടുത്തുന്നു. സ്വർഗ്ഗസിം

ഹാസനത്തിനു മുമ്പാകെ വീണ്ടെടുക്കപ്പെട്ടവരായ ദൈവമക്കൾ കർത്താവായ യേശുക്രിസ്തുവിനെ സ്തുതിച്ചു പാടിയതും കുഞ്ഞാടിന്റെ പാട്ടായിരുന്നു. വെളി.5:9,10 — *"പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിന്നായി വിലെക്കു വാങ്ങി; ഞങ്ങളുടെ ദൈവത്തിന്നു അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ടു അവർ പാടുന്നു."*

മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടുകൾ ശത്രുവിന്മേലുള്ള ജയത്തിന്റെയും, രക്ഷയുടെയും വീണ്ടെടുപ്പിന്റെയും വിജയഗീതങ്ങളായിരിക്കുന്നു. രണ്ടു പാട്ടുകൾക്കും തമ്മിൽ ചില പ്രത്യേകതകൾ കാണുന്നുണ്ട്. (1) മോശെയുടെ പാട്ടു ആദ്യമായി ചെങ്കടലിന്റെ തീരത്തു യിസ്രായേല്യർപാടിയെങ്കിൽ (പുറ.15), മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടു സ്വർഗ്ഗത്തിൽ കണ്ണാടിക്കടൽത്തീരത്തു മഹോപദ്രവ കാലവിശുദ്ധന്മാർ പാടും (വെളി.15:2). (2) മോശെയുടെ പാട്ട് മിസ്രയീമിന്റെയും ഫറവോന്റെയും നാശത്തെ ഓർത്തു ജയഗീതം പാടിയെങ്കിൽ ഭാവിയിൽ അന്തിക്രിസ്തുവിന്റെയും ബാബിലോണിന്റെയും നാശത്തെ ഓർത്തു മോശെയുടെയും കുഞ്ഞാടിന്റെയും ജയഗീതം പീഡനകാലവിശുദ്ധന്മാർ പാടും (3) മോശെയുടെ പാട്ട് മിസ്രയീമിൽ നിന്നുള്ള ദൈവജനത്തിന്റെ പുറപ്പാടിനെ കുറിക്കുന്നു. എന്നാൽ ഭാവിയിൽ പാടുന്ന മോശെയുടെയും കുഞ്ഞാടിന്റെയും പാട്ട് ദൈവജനം ഭൂമിയിൽ അന്തിക്രിസ്തുവിൽ നിന്നു രക്ഷപ്പെട്ടതിനെയും സ്വർഗ്ഗത്തിനു അവകാശികളായതിനെയും കുറിക്കുന്നു.

മഹോപദ്രകാലവിശുദ്ധന്മാർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടുന്നത് അവരുടെ ശത്രുവിന്മേലുള്ള ജയവും, കുഞ്ഞാടായ യേശുക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പും ഈ പാട്ടുകളിലൂടെ വെളിപ്പെടുന്നു. മോശെയുടെ പാട്ട് എന്നറിയപ്പെടുന്ന പാട്ടുകൾ ഉൾക്കൊള്ളുന്ന പുറപ്പാട് 15 -ലും ആവ.32 -ലും ദൈവത്തിന്റെ സർവ്വശക്തി, വിശ്വസ്തത, ശത്രുക്കളുടെമേലുള്ള ജയം എന്നിവ പ്രകടമാകുന്നു. എന്നാൽ കുഞ്ഞാടിന്റെ പാട്ട് ദൈവം ഒരുക്കിയ യേശുക്രിസ്തുവിലൂടെയുള്ള രക്ഷയും വീണ്ടെടുപ്പും ഉൾക്കൊള്ളുന്നു.

മഹോപദ്രകാല വിശുദ്ധന്മാർ മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചു സ്വർഗ്ഗീയപളുങ്കുകടൽത്തീരത്തു നിന്നു സ്തുതിഗാനങ്ങൾ ആലപിക്കുന്ന രംഗം ഫറവോന്റെ അടിമത്വത്തിൽ നിന്നു വിടുതൽ പ്രാപിച്ചു ചെങ്കടലിന്റെ അങ്ങേക്കരയിൽ നിൽക്കുന്ന യിസ്രായേലിനോടു ചേരുന്നു. പെസഹാകുഞ്ഞാടിന്റെ രക്തത്താൽ മിസ്രയീമിൽ നിന്നു വിടുതലും രക്ഷയും യിസ്രായേല്യരോട് ലഭിച്ചു. ദൈവത്തിന്റെ സർവ്വശക്തിയാൽ ചെങ്കടൽ പിളർക്കപ്പെട്ടു മറുകരയിൽ എത്തുവാൻ സാധിച്ചു. അവരെ കൊല്ലുവാനായി പിന്തുടർന്ന ഫറവോന്റെ സൈന്യത്തെ ഒന്നടങ്കം ദൈവം ചെങ്കടലിന്റെ ആഴത്തിൽ ജീവനോടെ മൂടി. വിടുതലും, രക്ഷയും, വീണ്ടെടുപ്പും ലഭിച്ച യിസ്രായേൽ അന്നു ചെങ്കടൽത്തീരത്തു മോശെയുടെ ഗീതങ്ങൾ പാടി ദൈവത്തെ സ്തുതിച്ചു. അവരുടെ പാട്ടിന്റെ പ്രസക്തഭാഗം ഇപ്രകാരമായിരുന്നു —പുറ.15:2 — *"എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ; അവൻ എനിക്കു രക്ഷയായ്ത്തീർന്നു."* പുറപ്പാടു 15 -ാം അദ്ധ്യായത്തിൽ യിസ്രായേലിനു ലഭിച്ച രക്ഷയുടെ സ്തുതിഗാനങ്ങൾ ഉയരുന്നുവെങ്കിൽ, വെളിപ്പാടു 15-ാം അദ്ധ്യായത്തിൽ യിസ്രായേലിന്റെയും സകലജാതികളുടെയും നാവിൽനിന്നു സ്തുതിഗാനങ്ങൾ ഉയരുന്നു. സ്വർഗ്ഗീയപളുങ്കുകടൽത്തീരത്തു അഥവാ ദൈവസന്നിധിയിൽ മഹോപദ്രവകാലത്തെ ജയാളികളായ വിശുദ്ധന്മാർ മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടു പാടുന്നു.

**വെളി.15:3 — സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ.**
**വെളി.15:4 — കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏകപരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങിവന്നതിനാൽ സകലജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും** ("Great and marvelous are Your works, Lord God Almighty! Just and true are Your ways, O King of the saints! Who shall not fear You, O Lord, and glorify Your name? For You alone are holy. For all nations shall come and worship before You, For Your judgments have been manifested") —

വിശുദ്ധന്മാർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും സ്വർഗ്ഗസിംഹാസന്നത്തിനു മുമ്പിൽ പാടി ദൈവത്തെ സ്തുതിക്കുന്നു. തുടർന്നു അവർ ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളെ ഓർത്തു ദൈവത്തിന്റെ സ്വഭാവസവിശേഷതകളെ കീർത്തിക്കുന്നു.

വീണ്ടെടുക്കപ്പെട്ട പുതിയനിയമവിശ്വാസികൾ ഉൽപ്രാപണാനന്തരം അവർ സ്വർഗ്ഗീയസന്നിധിയിൽ പളുങ്കിനൊത്ത കണ്ണാടിക്കടലിന്നരികെ (വെളി.4:6) ദൈവസന്നിധിയിൽ ആയിരിക്കുന്നു. അവർക്കു

ലഭിച്ച വിടുതലിനെയും രക്ഷയെയും ഓർത്തു അന്നു അവർ സപ്തസമ്പൂർണ്ണ സ്തുതിഗീതങ്ങൾ ആലപിക്കുന്നതായി യോഹന്നാൻ വർണ്ണിച്ചു (വെളി.5:9,10). സപ്തസ്തുതിഗാനങ്ങളിലെ ഉള്ളടക്കം ഇപ്രകാരമായിരുന്നു — (1) കർത്താവേ നീ യോഗ്യൻ (2) കർത്താവേ നീ അറുക്കപ്പെട്ടു (3) കർത്താവേ നിന്റെ രക്തത്താൽ ഞങ്ങളെ വിലെക്കു വാങ്ങി (4) കർത്താവേ, അവിടുന്നു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെയാണ് വീണ്ടെടുത്തത് (5) കർത്താവേ അവിടുന്നു ഞങ്ങളെ ദൈവത്തിനായി വിലെക്കു വാങ്ങി (6) കർത്താവേ അവിടുന്നു ഞങ്ങളെ പിതാവായ ദൈവത്തിനു രാജ്യവും പുരോഹിതന്മാരും ആക്കി വെച്ചു (7) കർത്താവേ അവർ (വീണ്ടെടുക്കപ്പെട്ടവർ) ഭൂമിയിൽ വാഴുന്നു — രാജാക്കന്മാർ.

മഹോപദ്രവകാല വിശുദ്ധന്മാരും സ്വർഗ്ഗത്തിലെ പളുങ്കിനൊത്ത കണ്ണാടിക്കടൽത്തീരത്തു നിന്നു ദൈവത്തെ സ്തുതിക്കുന്നതിലും സപ്തസമ്പൂർണ്ണ സ്തുതിഗീതങ്ങൾ അടങ്ങിയിരിക്കുന്നു. അവരുടെ സപ്തസ്തുതിഗാനത്തിലെ ഉള്ളടക്കം ഇപ്രകാരമായിരിക്കുന്നു — (1) സർവ്വശക്തിയുള്ള ദൈവമായ കർത്താവേ (2) നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ (3) സർവ്വജാതികളുടെയും രാജാവേ (4) നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ (5) കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? (6) നീയല്ലോ ഏകപരിശുദ്ധൻ (7) നിന്റെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ സകലജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും.

**(1) സർവ്വശക്തിയുള്ള ദൈവമായ കർത്താവേ (Lord God Almighty!) —**

സപ്തസ്തുതികളിൽ ആദ്യമായി മുഴങ്ങിക്കേൾക്കുന്നത് കർത്താവ് സർവ്വശക്തൻ എന്നതാണ്. ഇതു കുഞ്ഞാടായ കർത്താവിന്റെ സ്വഭാവസവിശേഷതയാണ്. പ്രപഞ്ചത്തിലെ സകല സൃഷ്ടികൾക്കും ശക്തിയുണ്ടെങ്കിലും അവയ്ക്കൊക്കെ പരിധിയുണ്ട്. എന്നാൽ യേശുക്രിസ്തു ദൈവമെന്ന നിലയിൽ സർവ്വശക്തനാണ്. സർവ്വശക്തിയുള്ള ദൈവമായ കർത്താവെന്നു വെളിപ്പാടിൽ മറ്റു രണ്ടിടത്തു കൂടി കർത്താവിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട് (വെളി.1:8/വെളി.19:6). യേശുക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും ദൈവം എന്ന നിലയിൽ തന്റെ സർവ്വശക്തിയെ വെളിപ്പെടുത്തുന്നു (യോ.2:1-11/മർക്കൊ.1:21-28/ലൂക്കൊ.4:31-37). മഹോപദ്രവകാലത്തെ വിശുദ്ധന്മാർ ഭൂമിയിലായിരുന്നപ്പോൾ മൃഗത്തിന്റെയും അതിന്റെ പീഡനശക്തിയെയും അനുഭവിച്ചറിഞ്ഞവരാണ്. എന്നാൽ സകല ദുഷ്ടാത്മശക്തികളെയും ജയിക്കുവാൻ കഴിവുള്ള സർവ്വശക്തി കുഞ്ഞാടായ കർത്താവിനു മാത്രമാണെന്ന കാര്യവും അവർ അനുഭവിച്ചറിഞ്ഞു.

**(2) നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ (Great and marvelous are Your works)—**

അവർ രണ്ടാമതായി സ്തുതിക്കുന്നത് കർത്താവിന്റെ പ്രവൃത്തികളെ ഓർത്തുകൊണ്ടാണ്. കർത്താവ് സകലത്തിന്റെയും സൃഷ്ടാവ് എന്നതിനെ ഇതു വെളിപ്പെടുത്തുന്നു. സൃഷ്ടാവ് എന്ന നിലയിൽ കർത്താവിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായതാണ്. പഴയനിയമതിരുവെഴുത്തുകൾ ഇതിനെ വെളിപ്പെടുത്തുന്നുണ്ട്. സങ്കീ.92:5 —"*യഹോവേ, നിന്റെ പ്രവൃത്തികൾ എത്ര വലിയവയാകുന്നു; നിന്റെ വിചാരങ്ങൾ അത്യന്തം അഗാധമായവ തന്നേ.*" സങ്കീ.98:1 — "*അവൻ അത്ഭുതങ്ങളെ പ്രവർത്തിച്ചിരിക്കുന്നു; അവന്റെ വലങ്കൈയ്യും അവന്റെ വിശുദ്ധഭുജവും അവന്നു ജയം നേടിയിരിക്കുന്നു.*" സങ്കീ.139:14 — "*ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു.*" മഹാപീഡനകാലത്ത് അവരെ പീഡിപ്പിച്ച മൃഗത്തിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമെന്നു തോന്നപ്പെട്ടെങ്കിലും അതിനെയും തകർത്തു ജയിക്കുവാൻ സഹായിച്ച കർത്താവിന്റെ പ്രവൃത്തികളാണ് വലുതും അത്ഭുതവുമായി അവർ സാക്ഷ്യപ്പെടുത്തുന്നത്.

**(3) സർവ്വജാതികളുടെയും രാജാവേ (O King of the saints!) —**

കർത്താവിന്റെ മാറ്റപ്പെടാത്ത രാജത്വത്തെ ഓർത്തു അവർ സ്തുതിക്കുന്നു. കർത്താവ് സർവ്വജാതികളുടെയും രാജാവും രാജാധിരാജാവുമാണ്. സർവ്വജാതികളുടെ എന്നതിനു ഇംഗ്ലീഷിൽ വിശുദ്ധന്മാരുടെ രാജാവ് എന്നാണ് (O King of the saints!) കാണുന്നത്. കുഞ്ഞാടായ ക്രിസ്തു അറുക്കപ്പെട്ടവനായി താഴ്മയുള്ളവനായി ഒരിക്കൽ കാണപ്പെട്ടുവെങ്കിൽ ഇനി താൻ പ്രത്യക്ഷനാകുന്നത് രാജാധിരാജാവായാണ്. യഹൂദന്മാരും ജാതികളും ഉൾപ്പെട്ട സകല വിശുദ്ധന്മാരുടെയും രാജാവാണ് ക്രിസ്തു. മഹാപീഡനകാലത്തിൽ അന്തിക്രിസ്തുവും കള്ളപ്രവാചകനും കൂടി ഭൂവാസികളെ ഭരിച്ചത് അല്പകാലത്തേക്കായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ രാജത്വം നിത്യമായതാണ്. സർവ്വജാതികളുടെയും രാജാവെന്നോർത്തു മഹോപദ്രവകാല വിശുദ്ധന്മാർ കർത്താവിനെ സ്തുതിക്കുന്നു.

**(4) നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ (Just and true are Your ways)—**

മഹോപദ്രവകാല വിശുദ്ധന്മാർ ദൈവസന്നിധിയിൽ നിന്നുകൊണ്ടു തുടർന്നു സ്തുതിക്കുന്നത് കർത്താവിന്റെ വഴികളെ ഓർത്താണ്. കർത്താവിന്റെ സകല വഴികളും നീതിയും സത്യവും നിറഞ്ഞതാണെന്നു അവർ സാക്ഷ്യപ്പെടുത്തുന്നു. അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും വഴികൾ അനീ

തിയും അസത്യവും നിറഞ്ഞ ദുർമ്മാർഗ്ഗത്തിന്റെ വഴികളായിരുന്നുവെന്നു അവർ മനസ്സിലാക്കിയതുകൊണ്ടാണ് യേശുക്രിസ്തുവാകുന്ന വഴിയിലും സത്യത്തിലും അവർ ആശ്രയിക്കാനിടയായത്.

**(5) കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? —**

സ്വർഗ്ഗത്തിൽ പീഡനകാലവിശുദ്ധന്മാരുടെ കൂട്ടം അടുത്തതായി ആർത്തു പാടുന്നത് കർത്താവു ആരാധനക്കു യോഗ്യനെന്നാണ്. “കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? ” എന്ന അവരുടെ ചോദ്യത്തിനു ആരുമില്ല എന്നാണുത്തരം ലഭിക്കുക. മൃഗത്തിന്റെ പ്രതിമയെ ഉണ്ടാക്കുവാനും അതിനെ നമസ്കരിക്കുവാനും ഭൂമിയിൽ കല്പനയുണ്ടായപ്പോൾ ദൈവത്തിൽ ആശ്രയിച്ചവർ അതു കൂട്ടാക്കാത്തതിനാൽ അതിഭയങ്കരമായ കഷ്ടങ്ങളിലൂടെ കടന്നുപോകേണ്ടിവന്നു. അക്കാലത്തു അവർ കർത്താവിനെ നമസ്കരിക്കുവാനുള്ള കാരണം മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ആരാധനക്കുയോഗ്യൻ കർത്താവു ഒരുവൻ മാത്രമാണെന്ന അവരുടെ അറിവായിരുന്നു. അതിപ്പോൾ സ്വർഗ്ഗത്തിൽ പ്രസ്തവിച്ചുകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുന്നു.

**(6) നീയല്ലോ ഏകപരിശുദ്ധൻ (You alone are holy)—**

കർത്താവിന്റെ വിശുദ്ധിയെ പ്രസ്താവിച്ചു അവർ സ്തുതിക്കുന്നു. നീയല്ലോ ഏക പരിശുദ്ധൻ എന്നു അവർക്കു പാടുവാനും സ്തുതിക്കുവാനും ഇടയായത് അവർ കർത്താവിനെ അനുഭവിച്ചറിഞ്ഞതിനാലാണ്. പീഡനകാലത്തു ഭൂമിയിൽ ദൈവമെന്നപേരിലും രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെട്ടവയൊക്കെ അശുദ്ധിയുടെയും അസന്മാർഗ്ഗികത്വത്തിന്റെയും കൂമ്പാരമായിരുന്നു. അതു മനസ്സിലാക്കിയ അക്കാലത്തെ ദൈവജനം വിശുദ്ധനായ ദൈവത്തെ പിൻപറ്റി ജീവിക്കുവാനിടയായി. അവർക്കു വിശുദ്ധന്മാരെന്ന പേരു ലഭിക്കുവാനിടയായത് വിശുദ്ധനായ ദൈവത്തിൽ ആശ്രയിച്ചതുകൊണ്ടാണ്.

**(7) നിന്റെ ന്യായവിധികൾ വിളങ്ങിവന്നതിനാൽ സകലജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും (For all nations shall come and worship before You, For Your judgments have been manifested—**

മഹോപദ്രവത്തിലൂടെ കടന്നുപോയ വിശുദ്ധന്മാർ ദൈവസിംഹാസനത്തിനു മുമ്പിൽ ആർത്തു സ്തുതിക്കുന്നതിൽ അവസാനമായി പറയുന്നത് കർത്താവ് ന്യായാധിപൻ എന്നാണ്. നിന്റെ ന്യായവിധികൾ വിളങ്ങിവന്നതിനാൽ അഥവാ ദുഷ്ടന്മാരുടെ മേലുള്ള ശിക്ഷാവിധികൾക്കു ആരംഭം കുറിക്കുന്നതിനാൽ സകലജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും എന്നാണ് അവർ പറയുന്ന്. യാഗപീഠത്തിങ്കീഴു കാണപ്പെട്ട രക്തസാക്ഷികളായ വിശുദ്ധന്മാരുടെ ആത്മാക്കൾ അവരുടെ പ്രതികാരകരുടെ നേർക്കു ദൈവത്തിന്റെ ശിക്ഷാവിധികൾ താമസിക്കുന്നതെന്തേ എന്നു ചോദിച്ചു നിലവിളിക്കുകയുണ്ടായി (വെളി.6:9-11). അവരുടെ പ്രാർത്ഥനക്കുത്തരമായി ദൈവത്തിന്റെ ന്യായവിധികൾ ആരംഭിക്കുന്നു. തീ കലർന്ന പളുങ്കുകടൽപോലെയുള്ള തീരത്തു അഥവാ ദൈവസന്നിധിയിൽ മഹോപദ്രവ വിശുദ്ധന്മാർ നിൽക്കുമ്പോൾ ദുഷ്ടന്മാരുടെമേൽ ചൊരിയുവാൻ പോകുന്ന ദൈവത്തിന്റെ ന്യായവിധിയുടെ ചിത്രം വിളങ്ങിവരുന്ന കാഴ്ച അവരെ ആഹ്ലാദത്താൽ നിറക്കുന്നു. ന്യായവിധി ആരംഭിച്ചുകഴിയുമ്പോൾ സകലജാതികളും ദൈവസന്നിധിയിൽ വന്നു നമസ്കരിക്കും എന്ന് അവരുടെ സ്തോത്രഗീതത്തിൽ മുഴങ്ങിക്കേൾക്കുന്നു. അന്നു സകലജാതികളും വന്നു കർത്താവിന്റെ സന്നിധിയിൽ വണങ്ങുന്ന കാഴ്ച ഒരു മുൻദർശനമായി അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. **ഫിലി2:9-11 —** *“അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിന്നും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാനാവും യേശുക്രിസ്തു കർത്താവ് എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏറ്റുപറകയും ചെയ്യേണ്ടിവരും.”*

മഹോപദ്രവകാലവിശുദ്ധന്മാർ കർത്താവിനെ സ്തുതിച്ചു ആലപിക്കുന്ന വേളയിൽ അവരുടെ ഗാനത്തിൽ സപ്തസ്തോത്രങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. അവർക്കു ലഭിച്ച രക്ഷയെ പ്രസിദ്ധമാക്കുന്ന മോശെയുടെയും കുഞ്ഞാടിന്റെയും ഇരട്ടപ്പാട്ടുകൾ ദൈവസന്നിധിയിൽ ആലപിക്കുന്നതിൽ ആരാധനയുടെ ഒരു മനോഹര ചിത്രം ദൃശ്യമാകുന്നു. അവരുടെ സ്തുതിസ്തോത്രത്തിൽ നമുക്കു പിൻപറ്റാവുന്ന അനേക ആത്മീകമൂല്യങ്ങൾ അടങ്ങിയിരിക്കുന്നു. ലഭിച്ച നന്മകൾക്കു നന്ദി പറയുന്നതാണ് സ്തോത്രം. ദൈവത്തിന്റെ സ്വഭാവസവിശേഷതകളെ വാഴ്ത്തുന്നതാണ് സ്തുതി. ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും ആലപിക്കുന്നത് അവർക്കു ലഭിച്ച രക്ഷ, വീണ്ടെടുപ്പ്, അനുഗ്രഹം, നന്മ, മൃഗത്തിന്മേലുള്ള വിജയം എന്നിവയുൾക്കൊള്ളുന്ന സ്തോത്രഗീതമാണ്. തുടർന്നു കർത്താവിന്റെ സ്വഭാവസവിശേഷതകളെ വെളിപ്പെടുത്തുന്ന ഏഴു കാര്യങ്ങളിലൂടെ അവർ കർത്താവിനു സ്തുതി കരേറ്റുയാണ്. അവരുടെ ആരാധനയിൽ കാണുന്ന മറ്റൊരു സവിശേഷതയെന്നത് അവർ പാടിയ സപ്തസ്തുതികളിൽ ഒന്നുപോലും തങ്ങളുടെ നേട്ടത്തെയോ, വിശ്വാസത്തെയോ, പ്രവൃത്തിയെയോ വെളിപ്പെടുത്തുന്നില്ലെന്നു മാത്രമല്ല ദൈവത്തെ മാത്രം ഉന്നം വെച്ചുകൊണ്ടുള്ള സ്തുതി ആയിരിക്കുന്നു. അവർ ഏറെ കഷ്ടം സഹിച്ചവരും വിശ്വാസത്തിനായി ജീവൻപോലും കൊടുത്തവരെന്ന നിലയിൽ

സ്വയം പുകഴുവാൻ അനേക കാര്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അവരുടെ വായിൽ നിന്നു മുഴങ്ങി ക്കേൾക്കുന്നത് ദൈവത്തിന്റെ സവിശേഷതകൾ മാത്രമായിരുന്നു. *"നിന്റെ പ്രവൃത്തികൾ, നിന്റെ വഴി കൾ, നിന്റെ നാമം, നീ ഏകപരിശുദ്ധൻ, നിന്റെ ന്യായവിധികൾ "* എന്നിവയെല്ലാം സ്വയത്തിൽ നിന്നു അകന്നു നിൽക്കുന്നതിന്റെ തെളിവുകളാണ്.

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം നാം ദൈവത്തെ ആരാധിക്കുവാനാണ് കൂടി വരുന്നത്. ആരാ ധനവേള ദൈവത്തിനു സ്തോത്രവും സ്തുതിയും അർപ്പിക്കുവാൻ മാത്രമുള്ള അവസരമാണ്. പ്രാർത്ഥ കളോ, അപേക്ഷകളോ, ആവശ്യങ്ങൾ ഉന്നയിക്കലോ ആയിരിക്കരുത്. ആരാധനവേളയിലെ പാട്ട്, സങ്കീർത്ത നവായന, തിരുവചനധ്യാനം എന്നിവയെല്ലാം കർത്താവിന്റെ മരണപുനരുത്ഥാനത്തെ പ്രസ്താവിക്കുന്ന തും, ദൈവത്തിനു സ്തോത്രസ്തുതികൾ അർപ്പിക്കുന്നവയുമായിരിക്കണം. സ്തോത്രഗീതങ്ങൾ, ആരാ ധനഗീതങ്ങൾ എന്നു തലക്കെട്ടിലുള്ള പാട്ടുകളായാലും ആരാധനക്കായി തിരഞ്ഞെടുക്കുമ്പോൾ വ്യക്തിപരമായ അപേക്ഷ അടങ്ങിയിട്ടുണ്ടെങ്കിൽ ആ പാട്ടുകൾ ആരാധനക്കായി ഉപയോഗിക്കുന്നതു ഉചിതമല്ല. മഹോപദ്രവകാലവിശുദ്ധന്മാർ ദൈവസന്നിധിയിൽ ദൈവത്തെ ആരാധിക്കുന്ന ദൃശ്യം നമുക്കു മാർഗ്ഗദർശകമായിത്തീരട്ടെ.

**വെളി.15:5 — ഇതിന്റെശേഷം സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറന്നതു ഞാൻ കണ്ടു** (After these things I looked, and behold, the temple of the tabernacle of the testimony in heaven was opened) —

സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ ജയാളികളായ മഹോപദ്രവകാലവിശുദ്ധന്മാർ അവർക്കു ലഭിച്ച ജയത്തെയും അനുഗ്രഹത്തെയും ഓർത്തുകൊണ്ടു കർത്താവിനെ സപ്തസ്തോത്രങ്ങളാൽ പാടിസ്തു തിക്കുന്ന രംഗം യോഹന്നാൻ കഴിഞ്ഞവാക്യങ്ങളിലൂടെ വിശദീകരിച്ചു. തുടർന്നു സ്വർഗ്ഗത്തിലെ സാക്ഷ്യ കൂടാരമായ ദൈവാലയം തുറക്കുന്നതും ഏഴു ക്രോധകലശങ്ങളുമായി വരുന്ന ഏഴു ദൂതന്മാരുടെ പ്രത്യ ക്ഷതയും വിവരിക്കുന്നു.

**ഇതിന്റെ ശേഷം ഞാൻ കണ്ടു** (After these things I looked) എന്ന യോഹന്നാന്റെ വിവരണം പുതിയ ഒരു ദർശനത്തിനു ആരംഭം കുറിക്കുന്നതിനെ സൂചിപ്പിക്കുന്നു. അനന്തരം (4:1,19:11), ഇതിന്റെ ശേഷം (7:9), പിന്നെ (14:1,14) എന്നിവയെല്ലാം വെളിപ്പാടു പുസ്തകത്തിൽ പുതിയവിവരണത്തിനു തുടക്കം കുറിക്കുന്ന പ്രയോഗങ്ങളാണ്. ഇവിടെ യോഹന്നാൻ ആരംഭം കുറിക്കുന്ന വിവരണം വെളി പ്പാടു 16-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ഭൂമിയിലേക്കു ചൊരിയപ്പെടുന്ന ദൈവക്രോധത്തിന്റെ ഏഴുബാധകളടങ്ങിയ ക്രോധകലശങ്ങളുടെ ദർശനമാണ്.

**സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറന്നതു ഞാൻ കണ്ടു** (And behold, the temple of the tabernacle of the testimony in heaven was opened) —

ഒടുക്കത്തെ ഏഴു ബാധകളുമായി വരുന്ന ഏഴു ദൂതന്മാരുടെ വലുതും അത്ഭുതവുമായ കാഴ്ചക്കു ശേഷം യോഹന്നാൻ മറ്റൊരു ദർശനം കാണുന്നു. സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറ ക്കുന്ന കാഴ്ചയാണത്.

**സാക്ഷ്യകൂടാരം —**

സാക്ഷ്യകൂടാരമെന്നത് സമാഗമനകൂടാരത്തെ കുറിക്കുന്നു. സമാഗമനകൂടാരം യിസ്രായേൽ മക്കളുടെ മരുപ്രയാണയാത്രയിൽ അവരുടെ ആരാധന കേന്ദ്രമായിരുന്നു. ഇതു യഥാർത്ഥത്തിൽ മനോഹരമായ ഒരു കൂടാരമായിരുന്നു. യാത്രയിൽ ഇളക്കിക്കൊണ്ടു പോകുവാനും ആവശ്യമുള്ള വേളയിൽ പെട്ടന്ന് സ്ഥാപിക്കുവാൻ സാദ്ധ്യമായ വിധത്തിലുമായിരുന്നു ഇതിന്റെ ക്രമീകരണം. ദൈവം കാണിച്ചു കൊടുത്ത മാതൃകപ്രകാരം മോശെയാണിത് ചമച്ചത്. *"ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്കു ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കേണം. തിരുനിവാസവും അതിന്റെ ഉപകരണങ്ങളും ഞാൻ കാണിക്കുന്ന മാതൃകപ്രകാരമൊക്കെയും തന്നേ ഉണ്ടാക്കേണം"* (പുറ25:8,9). പക്ഷേ ഈ വാസസ്ഥലം താൽക്കാലികമായിരുന്നു. ഏകദേശം 480 വർഷങ്ങൾക്കുശേഷം ദൈവകല്പനപ്രകാരം ശലോമോൻ അതിമനോഹരമായ ആലയം പണിഞ്ഞു(1.രാജാ.6:1). അതും മാറ്റപ്പെടുവാൻ ഇടയായി. എന്നാൽ ഇന്നു ദൈവം വിശ്വാസികളുടെ ഹൃദയങ്ങളിൽ വസിക്കുന്നു (1.കൊരി.3:16). സമാഗനകൂടാരത്തെ വിവിധപേ രുകളാൽ അറിയപ്പെടുന്നു. (1) വിശുദ്ധമന്ദിരം (പുറ.25:8/എബ്രാ.9:1), (2) സമാഗമനകൂടാരം (സംഖ്യാ.10:3/ പുറ.33:7), (3) സാക്ഷ്യകൂടാരം (അപ്പൊ.7:44), (4) യഹോവയുടെ തിരുനിവാസം (1.ദിന.21:29), (5) ദൈവത്തിന്റെ സമാഗമന കൂടാരം (2.ദിന.1:3), (6) തിരുനിവാസം (പുറ.25:9/സങ്കീ.84:1), (7) കൂടാരം (എബ്രാ.9:2). സമാഗമനകൂടാരം യിസ്രായേൽ മക്കളുടെ ആരാധനകേന്ദ്രമായിന്നെങ്കിലും ഇതിലെ ഓരോ ഉപകരണങ്ങളിലൂടെയും ദൈവം അവരെ പഠിപ്പിക്കുന്ന ആത്മീയദൃഷ്ടാന്തങ്ങളായിരുന്നു (കൊലൊ.2:17, എബ്രാ.8:5, എബ്രാ.9:23,24,28, എബ്രാ.10:1-5,9-12). കൂടാതെ ഭൂമിയിലെ സമാഗമനകൂടാരം സ്വർഗ്ഗീയമായ തിന്റെ നിഴലുമായിരിക്കുന്നു (പുറ.25:40/എബ്രാ.8:5). സമാഗമനകൂടാരം ദൈവം മനുഷ്യരെ എതിരേൽക്കുന്ന സ്ഥലമായിരുന്നു. സമാഗമനം എന്ന വാക്കിനു കണ്ടുമുട്ടുക, എതിരേൽക്കുക, ഒന്നിച്ചു കൂടുക എന്നാ

ണർത്ഥം. ഒരു യിസ്രായേല്യൻ യഹോവയുടെ അടുത്തേക്കു വരണമെന്നാഗ്രഹിച്ചാൽ സമാഗമനകൂടാരവാതിൽക്കൽ വരണം (പുറ.25:21,22). ദൈവത്തിന്റെ അരുളപ്പാടുകളും ആലോചനകളും അവർക്കു മോശെയിലൂടെ കേൾക്കാം. ഇത് ദൈവത്തിനും മനുഷ്യനും ഇടയിലുള്ള മദ്ധ്യസ്ഥനായ യേശുക്രിസ്തുവിനെ കുറിക്കുന്നു (യോഹ.14:6/1.തിമൊ.2:5).

വെളിപ്പാടു പുസ്തകത്തിൽ സ്വർഗ്ഗത്തിലെ ദൈവാലയത്തെക്കുറിച്ചു അനേക പരാമർശങ്ങൾ കാണുന്നുണ്ട്. ഏഴാമത്തെ കാഹളധ്വനിക്കുശേഷം സ്വർഗ്ഗത്തിലെ ദൈവാലയം തുറക്കുന്നതും അപ്പോൾ ദൈവാലയത്തിൽ നിയമപെട്ടകം ഇരിക്കുന്നതും യോഹന്നാൻ കണ്ടതായി വിവരിച്ചിരുന്നു. **വെളി.11:19 —** *"അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു, അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി; മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി."* നിയമപെട്ടകത്തിനകത്തു നിയമത്തിന്റെ കല്പലകൾ, മന്ന ഇട്ടുവെച്ച പൊൻപാത്രം, അഹരോന്റെ തളിർത്തവടി എന്നിവയുണ്ടായിരുന്നു (എബ്രാ.9:4). നിയമത്തിന്റെ കല്പലകൾ ദൈവവും യിസ്രായേലും തമ്മിലുള്ള ഉടമ്പടിയെയും, മന്ന ഇട്ടുവെച്ച പൊൻപാത്രം സ്വർഗ്ഗത്തിൽ നിന്നുള്ള ദൈവത്തിന്റെ അപ്പത്തെയും, അഹരോന്റെ തളിർത്തവടി പൗരോഹിത്യതിരഞ്ഞെടുപ്പു സംബന്ധിച്ചു യിസ്രായേലിനോടുള്ള ദൈവത്തിന്റെ സാക്ഷ്യത്തെയും കുറിക്കുന്നു. സാക്ഷ്യകൂടാരം എന്ന പേരും നിയമപെട്ടകത്തെ കുറിക്കുന്നു. പത്തു കല്പനകൾ അടങ്ങിയ രണ്ടു സാക്ഷ്യത്തിന്റെ കല്പലകൾ ഇതിനുള്ളിൽ ഇരിക്കുന്നതിനാൽ ഇതിനെ സാക്ഷ്യകൂടാരമെന്നു പറയുന്നു (പുറ.32:15/അപ്പൊ.7:44). സമാഗമനകൂടാരം അഥവാ സാക്ഷ്യകൂടാരം ആകമാനം ക്രിസ്തുവിലൂടെ ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗത്തിന്റെ സാക്ഷ്യമാണ്. സാക്ഷ്യകൂടാരമെന്നത് പൊതുവേ മഹാപരിശുദ്ധസ്ഥലത്തെ കുറിക്കുന്നു. മോശെയുടെ ന്യായപ്രമാണത്തിലെ പത്തു കല്പനകൾ എഴുതിയ കല്പലകളാണ് സാക്ഷ്യം എന്ന പേരിൽ അറിയപ്പെട്ടത് (പുറ.32:15/ആവ.10:4/ അപ്പൊ.7:44). അന്തിക്രിസ്തുവിന്റെയും മൃഗത്തിന്റെയും ആരാധകർ ദൈവത്തിന്റെ കല്പനകൾ ലംഘിച്ചതിനാൽ സാക്ഷ്യകൂടാരത്തിൽ നിന്നു തന്നേ ദൈവക്രോധം പുറപ്പെടുന്നു എന്നതും ശ്രദ്ധേയമാണ്.

"സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറന്നതു ഞാൻ കണ്ടു " എന്നതിൽ ദൈവാലയം (temple) എന്നതിനു മൂലഭാഷയിൽ "നവോസ് " (naos) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതു ദൈവസാന്നിദ്ധ്യം വസിക്കുന്ന അതിപരിശുദ്ധസ്ഥലത്തെ കുറിക്കുന്നു. അതിപരിശുദ്ധസ്ഥലത്തിരിക്കുന്ന സാക്ഷ്യപെട്ടകത്തിനരികിലേക്കു ആർക്കും പ്രവേശിക്കുവാൻ അനുവാദമില്ലായിരുന്നു. എന്നാൽ വർഷത്തിലൊരിക്കൽ മഹാപാപപരിഹാരദിനത്തിൽ മതിയായ യാഗാർപ്പണശേഷം മഹാപുരോഹിതനു മാത്രം പ്രവേശിക്കാൻ അനുവാദമുണ്ടായിരുന്നു. **എബ്രാ.9:7 —** *"രണ്ടാമത്തേതിലോ, ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ മാത്രം ചെല്ലും; രക്തം കൂടാതെ അല്ല; അതു അവൻ തന്റെയും ജനത്തിന്റെയും അബദ്ധങ്ങൾക്കു വേണ്ടി അർപ്പിക്കും."* വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും ഒരു കട്ടിയുള്ള തിരശ്ശീലയാൽ വേർതിരിച്ചിരുന്നു. പ്രസ്തുത തിരശ്ശീലയാണ് കാൽവറിക്രൂശിൽ ക്രിസ്തു മരിച്ചപ്പോൾ മേൽതൊട്ടു അടിവരെ ചീന്തപ്പെടുവാനിടയായത് (മത്താ.27:51/മർക്കൊ.15:38/ലൂക്കൊ.23:45). പിതാവായ ദൈവത്തിങ്കലേക്കുള്ള വഴി ക്രിസ്തുമൂലം സകലർക്കും തുറക്കപ്പെട്ടതിനെയും, ക്രിസ്തുവിന്റെ രക്തത്താൽ പാപികളായ മനുഷ്യരുടെ വിശുദ്ധീകരണവും നീതീകരണവും പൂർത്തീകരിക്കപ്പെട്ടതിനെയും തിരശ്ശീല ചീന്തൽ വെളിപ്പെടുത്തുന്നു. സർവ്വശക്തനും വിശുദ്ധനുമായ ദൈവത്തിന്റെ സന്നിധിയിലേയ്ക്കു സകലർക്കും പ്രവേശിക്കുവാനിടയാകുന്നത് ക്രിസ്തു തന്റെ ദേഹമെന്ന തിരശ്ശീലയിൽ കൂടി ഒരുക്കിയ പുതുവഴിയാലാണ് (എബ്രാ.10:19-22). ഇക്കാലത്ത് സകലർക്കും യേശുക്രിസ്തുവിലൂടെ പ്രവേശനം അനുവദിച്ചിട്ടുണ്ട്. അതിവിശുദ്ധസ്ഥലത്തേയ്ക്കു തിരശ്ശീല, പ്രവേശനം തടഞ്ഞു നിറുത്തിയതുപോലെ ഇന്നും മഹോപദ്രവകാലത്തും മറ്റൊരു തിരശ്ശീല തടഞ്ഞുനിറുത്താനുണ്ടെന്നു പറയാം. അതു കർത്താവായ യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിനെ അനുസരിക്കാതെ തള്ളിക്കളയുന്നവർക്കു പിതാവിന്റെ സന്നിധിയിലേക്കോ വിശുദ്ധീകരണത്തിലേക്കോ നീതീകരണത്തിലേക്കോ പ്രവേശിക്കുവാൻ സാദ്ധ്യമല്ല (യോഹ.3:16/യോഹ.14:6).

"സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറന്നതു ഞാൻ കണ്ടു " എന്ന യോഹന്നാന്റെ വിവരണം മറ്റൊരു ആത്മീകസത്യത്തെയും വെളിപ്പെടുത്തുന്നു. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ തിരശ്ശീല ചീന്തപ്പെടുകയും ഏതെങ്കിലും യാഗങ്ങളോ മനുഷ്യമദ്ധ്യസ്ഥന്റെയോ ആവശ്യമില്ലാതെ സകലർക്കും പ്രവേശനം സാദ്ധ്യമാകുകയും ചെയ്തു. എന്നാൽ മഹോപദ്രവകാലാവസാനത്തിങ്കൽ ദൈവാലയം അഥവാ അതിപരിശുദ്ധസ്ഥലം തുറന്നതു കണ്ടു എന്നത് ദൈവം തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കാത്തവരുടെമേൽ ദൈവക്രോധം പകരുന്നതിനായി തുറക്കപ്പെടുന്നതിനെയാണ് വെളിപ്പെടുത്തുന്നത്. സാക്ഷ്യപെട്ടകത്തിന്റെ മീതെ വച്ചിരുന്ന ഉപകരണമാണ് കൃപാസനം. കൃപാസനം എന്ന വാക്കിനു എബ്രായഭാഷയിൽ മൂടി എന്നാണർത്ഥം. അതായത് പാപങ്ങളെ മൂടുവാൻ കഴിയുന്ന പാപയാഗത്തിന്റെ രക്തം ആണ്ടുതോറും കൃപാസനത്തിനു മുകളിൽ തളിച്ചിരുന്നു. നിയമപെട്ടകത്തെ മൂടുന്ന കൃപാസനം മനുഷ്യരോടുള്ള ദൈവത്തിന്റെ നീതിയും കരുണയും പ്രദർശിപ്പിക്കുന്നു. എന്നാൽ മഹോപദ്രവകാലത്ത്

ദൈവം അവർക്കു രക്ഷപ്രാപിപ്പാനുള്ള മതിയായ അവസരങ്ങൾ കൊടുത്തിട്ടും ദൈവത്തിങ്കലേക്കു തിരിയാത്തതിനാൽ സാക്ഷ്യകൂടാരമായ ദൈവാലയത്തിന്റെ വാതിൽ തുറന്നു കൃപാസനത്തിൽ നിന്നു ദൈവക്രോധം പുറപ്പെടുന്നു.

**വെളി.15:6 — ഏഴു ബാധയുള്ള ഏഴു ദൂതന്മാരും ശുദ്ധവും ശുഭ്രവുമായുള്ള ശണവസ്ത്രം ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയുംകൊണ്ടു ദൈവാലയത്തിൽനിന്നു പുറപ്പെട്ടുവന്നു** (And out of the temple came the seven angels having the seven plagues, clothed in pure bright linen, and having their chests girded with golden bands) —

സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറക്കപ്പെടുകയും ഏഴു ബാധയുള്ള ഏഴു ദൂതന്മാർ അതിവിശുദ്ധസ്ഥലത്തു നിന്നു ഇറങ്ങിവരുന്നതും യോഹന്നാൻ കാണുന്നു. പഴയനിയമകാലത്തെ സാക്ഷ്യകൂടാരമായ ദൈവാലയവും ഉപകരണങ്ങളും സ്വർഗ്ഗീയമായതിന്റെ സാദൃശ്യങ്ങളായിരിക്കുമ്പോൾ യഥാർത്ഥ സ്വർഗ്ഗീയദൈവാലയത്തിൽ നിന്നു വിശുദ്ധദൂതന്മാർ പുറപ്പെട്ടു വരുന്നു. ഏറെ മുൻകരുതലുകളോടുകൂടെ ആണ്ടിലൊരിക്കൽ മാത്രം അതിവിശുദ്ധസ്ഥലത്തേക്കു മഹാപുരോഹിതൻ കയറിപ്പോയിരുന്നുവെങ്കിൽ അവിടെ നിന്നു ദൈവത്തിന്റെ ഏഴു ദൂതന്മാർ പുറപ്പെട്ടു വരുന്നു. ദൈവദൂതന്മാർ പാപമില്ലാത്ത വിശുദ്ധഗണം ആയതിനാണ് അവർക്കു ദൈവസന്നിധിയിൽ പ്രവേശനം ലഭിച്ചിരുന്നത്. "*ഏഴു ബാധയുള്ള ഏഴു ദൂതന്മാരും ശുദ്ധവും ശുഭ്രവുമായുള്ള ശണവസ്ത്രം ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയുംകൊണ്ടു ദൈവാലയത്തിൽനിന്നു പുറപ്പെട്ടുവന്നു*" എന്നു യോഹന്നാൻ ദൂതന്മാരെക്കുറിച്ചു വിവരിക്കുന്നു. അവർ ദൈവത്തിന്റെ ആജ്ഞകൾ അനുസരിക്കുന്നവരെന്ന നിലയിൽ തുടർന്നു നടത്തുവാൻ പോകുന്ന അവരുടെ ദൗത്യത്തിന്റെ പ്രാധാന്യതയെയും ദൈവത്തിന്റെ നീതിയെയും വിശുദ്ധിയെയും പ്രകടിപ്പിക്കുന്നവയാണ് അവരുടെ പ്രത്യക്ഷതയുടെ വേഷവിശേഷണങ്ങൾ. കൂടാതെ ഏഴു ദൂതന്മാരുടെ വസ്ത്രങ്ങൾ പഴയനിയമകാലത്തെ പുരോഹിതവസ്ത്രത്തെ ഓർമ്മിപ്പിക്കുന്നു. അവർ നടത്തുവാൻ പോകുന്ന ദൗത്യങ്ങൾ ദൈവീകമായതെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്.

**ഏഴു ബാധയുള്ള ഏഴു ദൂതന്മാരും** (the seven angels having the seven plagues) —

ഏഴു ദൂതന്മാരും വെളി.15:1 -ൽ വിവരിച്ച ഒടുക്കത്തെ ബാധയുമായി വരുന്ന ഏഴു ദൂതന്മാർ തന്നെ. അവർ ശുദ്ധവും ശുഭ്രവുമായ ശണവസ്ത്രം ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും കൊണ്ടാണ് വരുന്നത്. വെളിപ്പാട് ഒന്നാം അദ്ധ്യായത്തിൽ മഹത്വധാരിയായ ക്രിസ്തുവിനെ യോഹന്നാൻ ദർശിച്ചപ്പോൾ ക്രിസ്തു നിലയങ്കി ധരിച്ചു മാറത്തുപൊൻകച്ചയും കെട്ടിയിരുന്നതായി കാണപ്പെട്ടു(വെളി.1:13). ഇക്കാരണത്താൽ കലശവുമായി വിശുദ്ധസ്ഥലത്തു നിന്നു വരുന്ന ദൂതന്മാർ ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നുവെന്നു ധരിക്കുവാനും പാടില്ല. കാരണം ഇവർ സംഖ്യയിൽ ഒന്നിൽ കൂടുതലുണ്ട്.

ഏഴു സമ്പൂർണ്ണതയെ കാണിക്കുന്നതിനാൽ ഏഴു ബാധകളുമായി വരുന്ന ഏഴു ദൂതന്മാർ ദൈവക്രോധത്താൽ ദുഷ്ടന്മാരുടെമേലുള്ള സമ്പൂർണ്ണനാശത്തെയും ദൈവത്തെ അനുസരിക്കാതെ ജീവിക്കുന്നവർക്കു ഏഴിരട്ടി ശിക്ഷ (ലേവ്യ.26:18,21,23,24) നൽകുന്നതിനെയും കുറിക്കുന്നു. ഏഴു ദൂതന്മാരെ ഒരുമിച്ചു വെളിപ്പാടിൽ പല ഭാഗങ്ങളിൽ കാണുകയുണ്ടായി. വെളിപ്പാടു 2,3 അദ്ധ്യായങ്ങളിൽ കാണുന്ന സഭയുടെ ഏഴു ദൂതന്മാർ യഥാർത്ഥത്തിൽ ദൂതന്മാരല്ല മറിച്ചു അവർ സഭയുടെ ഇടയന്മാരോ അദ്ധ്യക്ഷന്മാരോ ആയിരിക്കുന്നു. എന്നാൽ ദൈവത്തിന്റെ കാഹളന്യായവിധിയുമായി ഏഴു ദൂതന്മാർ ഒരുമിച്ചു പ്രത്യക്ഷപ്പെടുകയുണ്ടായി (വെളി.8:6). അതിനുശേഷം മഹോപദ്രവകാലാന്ത്യത്തിൽ ഏഴു ദൂതന്മാർ ദൈവക്രോധത്തിന്റെ ഏഴു ബാധയുമായി ദൈവീകന്യായവിധി ഭൂമിയിൽ നടത്തുവാനയി അധികാരം ലഭിച്ചവരായി പ്രത്യക്ഷപ്പെടുന്നു. ഏഴു ബാധയെന്നത് വെളിപ്പാട് 16–ാം അദ്ധ്യായത്തിൽ വിവരിക്കുന്ന ദൈവക്രോധത്തിന്റെ ഏഴു കലശങ്ങളാണ്. കലശങ്ങളാലുള്ള ന്യായവിധി ഇതുവരെ ഭൂമിയിൽ അരങ്ങേറിയ ദൈവീകശിക്ഷാവിധികളെ അപേക്ഷിച്ചു അതിഭയങ്കരമായ ശിക്ഷാവിധികളാണ്. അതുകൊണ്ടാണിതിനെ ഒടുക്കത്തെ ബാധയെന്നും ഇതോടുകൂടെ ദൈവക്രോധം അവസാനിച്ചു (വെളി.15:1) എന്നും പറഞ്ഞിരിക്കുന്നത്. ദൂതന്മാർ ദൈവീകസന്ദേശവാഹകരും ദൈവമക്കളുടെ സേവകാത്മാക്കളുമാണ്. മഹോപദ്രവകാലാന്ത്യത്തിൽ ഭൂമിയിൽ ദൈവത്തിന്റെ അതിഭയങ്കരമായ ക്രോധകലശങ്ങളാലുള്ള ശിക്ഷാവിധി നടപ്പാക്കുവാൻ ഏഴു ദൂതന്മാരെയാണ് ഭരമേൽപ്പിക്കുന്നത്. ദൂതന്മാർ വിശുദ്ധരും, അതിമാനുഷശക്തിയുള്ളവരും, ബുദ്ധിയുള്ളവരുമാണ്. ദൈവകല്പനകൾ വീഴ്ചയില്ലാതെ നിറവേറ്റുന്നവരുമാണ്. ദൂതന്മാരെ ന്യായവിധി നടപ്പാക്കുവാൻ നിയോഗിച്ചിച്ചുള്ള സന്ദർഭങ്ങൾ പലതും തിരുവചനത്തിൽ കാണുന്നുണ്ട്. (1) ചെങ്കടൽ കടന്നുള്ള യിസ്രായേൽ മക്കളുടെ യാത്രയിൽ അവർക്കെതിരായുള്ള ജാതീയരാജാക്കന്മാരെ ഓടിച്ചു കളയുവാൻ ദൈവം ഒരു ദൂതനെ അവർക്കു മുമ്പായി അയെക്കുന്നു. **പുറ.33:2** —"*പാലും തേനും ഒഴുകുന്ന ദേശത്തേക്കു തന്നേ, പോകുവിൻ. ഞാൻ ഒരു ദൂതനെ നിനക്കു മുമ്പായി അയക്കും; കനാന്യർ,അമോര്യൻ, ഹിത്യൻ, പെരിസ്യൻ, ഹിവ്യൻ, യെബൂസ്യൻ എന്നിവരെ ഞാൻ ഓടിച്ചുകളയും.*" (2) ഹിസ്കീയാരാജാവിന്റെ കാലത്ത് യിസ്രായേലിനു വിരോധമായി പുറപ്പെട്ട അശ്ശൂർ സൈന്യത്തെ

മുഴുവനും ഒറ്റ രാത്രികൊണ്ട് ഒരു ദൈവദൂതൻ സംഹരിച്ചു. **2.രാജാ.19:35 —** *"അന്നു രാത്രി യഹോവ യുടെ ദൂതൻ പുറപ്പെട്ടു അശ്ശൂർപാളയത്തിൽ ഒരുലക്ഷത്തെണ്പത്തയ്യായിരം (1,85,000) പേരെ കൊന്നു; ജനം രാവിലെ എഴുന്നേറ്റപ്പോൾ അവർ എല്ലാവരും ശവങ്ങളായി കിടക്കുന്നതു കണ്ടു."* (3) മഹാപീഡ നകാലത്ത് സ്വർഗ്ഗത്തിൽ മഹാസർപ്പമായ പിശാചിനോടു യുദ്ധം ചെയ്തു പുറത്താക്കുവാൻ പ്രധാനദൂ തനായ മീഖായേലിനെയും ദൂതന്മാരെയും ദൈവം അയെക്കുന്നു. **വെളി.12:7,8 —** *"പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും. സ്വർഗ്ഗത്തിൽ പിന്നെ അവരുടെ സ്ഥാനം കണ്ടതുമില്ല."* ഒരൊ റ്റദൂതനാൽ മഹാസംഹാരം നിമിഷനേരംകൊണ്ടു നടത്താമെങ്കിൽ ഏഴു ദൂതന്മാർ ഏഴു ബാധയുമായി ഒരുമിച്ചു വന്നാൽ എത്രഭയങ്കരമായ ന്യായവിധികളായിരിക്കും ഭൂമിയിൽ അരങ്ങേറുക!

**ശുദ്ധവും ശുഭ്രവുമായുള്ള ശണവസ്ത്രം ധരിച്ചും** (clothed in pure bright linen) —

ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുവാൻ വരുന്ന ഏഴു ദൂതന്മാർ ശുദ്ധവും ശുഭ്രവുമായുള്ള ശണവസ്ത്രം ധരിച്ചിരിക്കുന്നു. ദൈവസന്നിധിയിൽ നിന്നു പുറപ്പെടുന്ന ഏഴു ദൂതന്മാരുടെ വേഷം അവർ ദൈവത്തിന്റെ പ്രതിനിധികളെന്ന നിലയിൽ ദൈവത്തിന്റെ വിശുദ്ധി, നീതി, നിയമപാലനം (holiness, righteousness, justice) എന്നിവയെ വെളിപ്പെടുത്തുന്നു. ശുദ്ധവും ശുഭ്രവുമായ ശണവസ്ത്രം പവിത്ര തയെയും വിശുദ്ധിയെയും (holiness and purity) കുറിക്കുന്നു. ദാനീയേലിനുണ്ടായ ദൈവമഹത്വദർശ നത്തിലും ശണവസ്ത്രത്തെക്കുറിച്ചുള്ള പരാമർശം കാണുന്നു. ദാനീ.10:4,5 — *"ഞാൻ ഹിദ്ദേക്കൽ എന്ന മഹാ നദീതീരത്തു ഇരിക്കയിൽ തലപൊക്കിനോക്കിയപ്പോൾ, ശണവസ്ത്രം ധരിച്ചും അരെക്കു ഊഫാ സ്തങ്കംകൊണ്ടുള്ള കച്ചകെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു."* കുഞ്ഞാടിന്റെ കാന്തയുടെ വസ്ത്രവും ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രമാണ്. അതു വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളാ ണെന്നും പറഞ്ഞിരിക്കുന്നു (വെളി.19:7,8). നിലയങ്കി പുരോഹിതവേഷമാണ്. മഹാപുരോഹിതൻ ശുദ്ധവും ശുഭ്രവുമായ നിലയങ്കി ധരിച്ചുകൊണ്ടാണ് സാക്ഷ്യകൂടാരത്തിൽ പ്രവേശിക്കാറുള്ളത്. യിസ്രായേൽ ജന ത്തിന്റെ മദ്ധ്യസ്ഥനായി ദൈവത്തിന്റെ പ്രതിനിധിയായി പ്രവർത്തിക്കുന്നു. ആയതുപോലെ ഏഴു ദൂത ന്മാരും വിശേഷവസ്ത്രം ധരിച്ചു അതിവിശുദ്ധസ്ഥലത്തു നിന്നു ഇറങ്ങി വരുന്നത് ദൈവത്തിന്റെ പ്രതി നിധികളെന്ന നിലയിലാണ്. അവരുടെ വെണ്മയേറിയ വസ്ത്രം ദൈവത്തിന്റെ വിശുദ്ധിയെ പ്രഖ്യാപി ക്കുന്നതോടൊപ്പം നീതിയോടെ നടത്തുന്ന ന്യായവിധിയെയും കുറിക്കുന്നു.

**മാറത്തു പൊൻകച്ച കെട്ടിയുംകൊണ്ടു ദൈവാലയത്തിൽനിന്നു പുറപ്പെട്ടുവന്നു** (and having their chests girded with golden bands)—

ഏഴുദൂതന്മാരും ശുദ്ധവും ശുഭ്രവുമായ ശണവസ്ത്രം ധരിച്ചിരിക്കുന്നതിനു പുറമേ അവരുടെ മാറത്തു പൊൻകച്ചകെട്ടിയിരിക്കുന്നതായും യോഹന്നാൻ കാണുന്നു. മഹത്വധാരിയായ ക്രിസ്തുവിനെ യോഹന്നാൻ കണ്ടപ്പോഴും ക്രിസ്തുവിന്റെ മാറത്തു പൊൻകച്ച ഉണ്ടായിരുന്നു (വെളി.1:13). പൊന്നു ദൈവമഹത്വത്തെയും (gold stands for the glory of God) കച്ച സേവനത്തിന്റെ അഥവാ പ്രവൃത്തിയുടെ ഒരുക്കത്തെയും (girding stands for the preparation) കുറിക്കുന്നു. ക്രിസ്തുവിന്റെ പൊൻകച്ച ക്രിസ്തു ന്യായാധിപൻ എന്നതിനെയും കുറിക്കുന്നു. പഴയനിയമകാലങ്ങളിൽ ന്യായാധിപന്മാർ ഔദ്യോഗികവേ ഷമായി മാറത്തു കച്ച ധരിക്കാറുണ്ടായിരുന്നു. പൊൻകച്ച രാജകീയവേഷവും കൂടിയാണ്. ക്രിസ്തു മഹാപുരോഹിതനും, രാജാധിരാജാവും ആയിരിക്കുമ്പോൾ തന്റെ പ്രതിനിധികളായി ക്രോധകലശവു മായി ഭൂമിയിലേക്കയപ്പെടുന്ന ദൂതന്മാരുടെ മാറത്തുപൊൻകച്ച കെട്ടിയ വേഷം അവരുടെ ദൗത്യത്തെ കുറിക്കുന്നു. അവർ ക്രിസ്തുവിനുവേണ്ടി ഭൂമിയിൽ ശിക്ഷാവിധി നടത്തുവാൻ രാജകീയാധികാരമുള്ള ഏഴു ദൂതന്മാരാണ്. അവരുടെ പ്രവൃത്തി ദൈവമഹത്വത്തിനും കാരണമാകുന്നു.

ഏഴു ബാധയുള്ള ഏഴു ദൂതന്മാരും ശുദ്ധവും ശുഭ്രവുമായ ശണവസ്ത്രം ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയുംകൊണ്ടു ദൈവാലയത്തിൽ നിന്നാണ് പുറപ്പെട്ടു വരുന്നത്. ദൈവാലയം എന്നത് അതിവിശുദ്ധസ്ഥലമാണ്. അവിടെയാണ് നിയമപെട്ടകവും അതിനകത്തു പത്തുകല്പനകൾ ഉൾക്കൊ ള്ളുന്ന രണ്ടു കല്പലകകളും വെച്ചിരിക്കുന്നത്. ദൈവത്തിന്റെ വാക്കുകൾ അഥവാ കല്പനകൾ അനുസ രിക്കാത്തതിനാലാണ് ഭൂവാസികളെ ദൈവം ശിക്ഷിക്കുന്നത് (യെശ.24:5,6). ദൈവത്തിന്റെ കല്പനകൾ ലംഘിച്ച പീഡനകാലത്തെ മൃഗത്തിന്റെ ആരാധകരെ ശിക്ഷിക്കുവാൻ അതിപരിശുദ്ധസ്ഥലത്തുനിന്നു തന്നെ ഏഴു ദൂതന്മാരെ അയക്കുന്നു. മാത്രവുമല്ല സ്വർഗ്ഗീയദൈവാലയത്തിലെ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ട രക്തസാക്ഷികളായ വിശുദ്ധന്മാരുടെ ആത്മാക്കളുടെ പ്രാർത്ഥനക്കുത്തരമായി (വെളി6:9–11) ദൈവാലയത്തിൽ നിന്നു ഏഴു ദൂതന്മാരെ അയെക്കുന്നതും ശ്രദ്ധേയമാണ്.

**വെളി.15:7 — അപ്പോൾ നാലു ജീവികളിൽ ഒന്നു എന്നെന്നേക്കും ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ ക്രോധം നിറഞ്ഞ ഏഴു പൊൻകലശം ആ ഏഴു ദൂതന്മാർക്കു കൊടുത്തു** (Then one of the four living creatures gave to the seven angels seven golden bowls full of the wrath of God who lives forever and ever) —

സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറക്കുകയും അവിടെനിന്നു ഏഴു ദൂതന്മാർ വിശേഷവസ്ത്രവും ധരിച്ചു മാറത്തു പൊൻകച്ചകെട്ടിയും പുറപ്പെട്ടു വന്നു. അപ്പോൾ സ്വർഗ്ഗസിംഹാസനത്തിനടുത്തുള്ള ജീവികളിൽ ഒന്നു എന്നെന്നേക്കും ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ ക്രോധം നിറഞ്ഞ ഏഴു പൊൻകലശം ഏഴു ദൂതന്മാർക്കും കൊടുത്തു.

**അപ്പോൾ നാലു ജീവികളിൽ ഒന്നു** (Then one of the four living creatures) —

ജീവികളെ കെരൂബുകൾ എന്നും അറിയപ്പെടുന്നു. നാലുജീവികളെ ആദ്യമായി വെളിപ്പാടു പുസ്തകം നാലാം അദ്ധ്യായത്തിൽ ദൈവസിംഹാസനത്തിന്റെ നടുവിലും ചുറ്റിലും കാണപ്പെടുന്നു (വെളി.4:6-9). അവയിൽ ഒന്നാം ജീവി സിംഹത്തിന്നു സദൃശ്യവും, രണ്ടാം ജീവി കാളെക്കു സദൃശ്യവും, മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളതും, നാലാം ജീവി പറക്കുന്ന കഴുകിന്നു സദൃശ്യവുമായി കാണപ്പെട്ടു. ഓരോന്നിന്നും ആറാറു ചിറകുള്ളതായി ചുറ്റിലും അകത്തും കണ്ണു നിറഞ്ഞിരുന്നു. ഇരിക്കുന്നവനും, ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നു രാപ്പകൽ വിശ്രമംകൂടാതെ നാലു ജീവികളും ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. ദൈവത്തെ സ്തുതിക്കുന്നവരായും, സിംഹാസനത്തിന്റെ കാവൽക്കാരായും, ദൈവത്തിന്റെ പ്രത്യേക ദൗത്യങ്ങൾ നിറവേറ്റുന്നവരുമായി അവ സിംഹാസനത്തിനടുത്തു സദാ കാവൽനിൽക്കുന്നു (വെളി.5:6,8,11,14/7:11/14:3,4/19:4). കൂടാതെ ആദ്യത്തെ നാലു മുദ്രകൾ പൊട്ടിച്ചപ്പോൾ വരിക എന്നു ഓരോ ജീവിയും ഓരോ മുദ്രപൊട്ടിച്ചപ്പോഴും പറയുന്നു (വെളി.6:1,3,5,7). ജീവികളുടെ ചുറ്റിലും അകത്തും കണ്ണുകൾ നിറഞ്ഞിരിക്കുന്നു എന്നത് അവയുടെ ബുദ്ധിശക്തി, ഊർജ്ജസ്വലത, ത്രികാലജ്ഞാനം എന്നിവയെ വെളിപ്പെടുത്തുന്നു. അവരുടെ ദൗത്യനിർവ്വഹണത്തോടുള്ള ബന്ധത്തിൽ അവയുടെ ദൃഷ്ടിയിൽ നിന്നും യാതൊന്നിനും മറഞ്ഞിരിക്കുവാൻ സാദ്ധ്യമല്ല. നാലു ജീവികൾക്കു സമാനമായ കെരൂബുകളെയും (ഉല്പ.3:24/പുറ.25:18-22/പുറ.25:1,31/1.രാജാ.6:23-30/2.ദിന.3:7), സാറാഫുകളെയും (യെശ.6:2) തിരുവചനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

ആദാമും ഹവ്വായും പാപം ചെയ്തപ്പോൾ അവരെ ദൈവം ഏദെൻതോട്ടത്തിൽ നിന്നു പുറത്താക്കി കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി കാവൽ നിറുത്തി (ഉല്പ.3:24). പാപികൾ എന്ന നിലയിൽ അവർ തിരികെ ഏദെനിൽ പ്രവേശിക്കാതിരിക്കുവാനായിരുന്നു കെരൂബുകളുടെ കാവൽ. എന്നാൽ സമാഗമനകൂടാരത്തിൽ അതിവിശുദ്ധസ്ഥലത്തിരുന്ന നിയമപെട്ടകത്തിന്റെ മൂടിയായ കൃപാസനത്തിന്മേൽ രണ്ടു കെരൂബുകളെ അടിപ്പുപണിയായി പൊന്നുകൊണ്ടു ഉണ്ടാക്കുവാൻ കല്പന കൊടുത്തപ്പോൾ വാൾ ഉണ്ടാക്കുവാൻ കല്പിച്ചില്ല. കൃപാസനത്തിന്റെ രണ്ടറ്റത്തും സ്ഥാപിക്കപ്പെട്ടവ മേലോട്ടു ചിറകു വിടർത്തി ചിറകുകൊണ്ടു കൃപാസനത്തെ മൂടുകയും ചെയ്തിരുന്നു (പുറ.25:18-20). ഇങ്ങനെ രണ്ടറ്റത്തുമായി നിറുത്തിയിരുന്ന കെരൂബുകളുടെ കൈകളിൽ ശിക്ഷാവിധിയുടെ വാളില്ലായിരുന്നു. കാരണം പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ കൊല്ലപ്പെടുന്ന മൃഗത്തിന്റെ രക്തം കൃപാസനത്തിൽ തളിച്ചിരുന്നു എന്നതിനാലാണ്. കാലസമ്പൂർണ്ണതയിൽ ക്രിസ്തു കാൽവറിക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ തന്നിൽ വിശ്വസിക്കുന്നവരുടെ പാപങ്ങൾ മൂടപ്പെടുകയും ശിക്ഷാവിധി ഇല്ലാതാകുകയും ചെയ്തു. ഇന്നു ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തിനു യേശുക്രിസ്തുവാകുന്ന മദ്ധ്യസ്ഥന്റെ സാന്നിദ്ധ്യത്താൽ ശിക്ഷാവിധിയെ ഭയപ്പെടേണ്ടതില്ല. എന്നാൽ മഹോപദ്രവകാലത്തു ദൈവത്തെ അനുസരിക്കാതെ അന്തിക്രിസ്തുവിനെയും മൃഗത്തെയും നമസ്കരിച്ചു കഴിയുന്നവരെ ശിക്ഷിക്കുവാൻ ക്രോധകലശം കെരൂബുകളിൽ ഒന്നു ഏഴു ദൂതന്മാർക്കും എടുത്തുകൊടുക്കുന്നു.

**എന്നെന്നേക്കും ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ** (God who lives forever and ever)—

ദൈവത്തിന്റെ സ്വഭാവസവിശേഷതകളിലൊന്ന് ദൈവം എന്നെന്നേക്കും ജീവിച്ചിരിക്കുന്നവൻ അഥവാ ദൈവം നിത്യൻ (God is Eternal) എന്നത്. ദൈവത്തിനു ആരംഭമോ അവസാനമോ ഇല്ല. താൻ ദൈവമാണെന്നും, തന്റെ ഭരണം എന്നെന്നേക്കുമുള്ളതാണെന്നും മൃഗം അവകാശപ്പെടുകയും, ആയതിനാൽ തന്നെ മാത്രം സകലരും ആരാധിക്കണമെന്നും മഹോപദ്രവകാലത്ത് മൃഗം കല്പന പുറപ്പെടുവിക്കുന്നു. എന്നാൽ മൃഗത്തെയും മൃഗത്തിന്റെ ആരാധകരുടെയുംമേൽ ദൈവത്തിന്റെ ക്രോധകലശങ്ങൾ ചൊരിയപ്പെടുവാൻ എന്നെന്നേക്കും ജീവിക്കുന്നവനായ ദൈവം ഒടുവിലത്തെ ശിക്ഷാവിധികൾക്കു തുടക്കമിടുന്നു. യുഗായുഗങ്ങളായി ജീവിക്കുന്ന ദൈവം ദുഷ്ടന്മാരുടെമേലുള്ള ന്യായവിധികൾ താമസിപ്പിക്കുകയായിരുന്നു. സകലരും അവരുടെ പാപങ്ങളും ദുഷ്ടതകളും മനസ്സിലാക്കി മാനസാന്തരപ്പെടുവാൻ ദൈവം മതിയായ അവസരങ്ങൾ കൊടുത്തു. എന്നാൽ അനേകരും ദൈവത്തിന്റെ ദീർഘക്ഷമയെ പരി

ഹസിച്ചു ദൈവത്തിന്റെ കൃപാവഴികളെ തള്ളിക്കളഞ്ഞു (1.പത്രൊ.3:3,4,8,9).

**ദൈവത്തിന്റെ ക്രോധം നിറഞ്ഞ ഏഴു പൊൻകലശം ആ ഏഴു ദൂതന്മാർക്കു കൊടുത്തു** (gave to the seven angels seven golden bowls full of the wrath of God)—

സ്വർഗ്ഗത്തിലെ അതിപരിശുദ്ധസ്ഥലത്തു നിന്നു ശുദ്ധവും ശുഭ്രവുമായ ശണവസ്ത്രം ധരിച്ചും മാറത്ത പൊൻകച്ച കെട്ടിയും ഏഴു ദൂതന്മാർ ഇറങ്ങി വന്നു. പുരോഹിതരാജത്വവേഷങ്ങളാണ് അവർ അണിഞ്ഞിരുന്നത്. അവരുടെ വേഷം ദൈവത്തിന്റെ വിശുദ്ധിയെയും മഹത്വത്തെയും പ്രകടമാക്കുന്നു. അപ്പോൾ ദൈവസന്നിധിയിൽ നിൽക്കുന്ന നാലു കെരൂബുകളിലൊന്ന് (വെളി.4:6) എന്നെന്നേക്കും ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ ക്രോധം നിറഞ്ഞ ഏഴു പൊൻകലശം ഏഴു ദൂതന്മാർക്കും കൊടുത്തു. ഏഴു ദൂതന്മാരും യോഹന്നാൻ സ്വർഗ്ഗത്തിൽ മറ്റൊരു അടയാളമായി കണ്ട ഏഴു ബാധയുള്ള ഏഴു ദൂതന്മാർ തന്നെയാണ് (വെളി.15:1). ഭൂമിയിൽ മഹാപീഡനകാലാന്ത്യത്തിൽ അന്ത്യന്യായവിധികൾ നടത്തുവാൻ ചുമതലപ്പെടുത്തിയവരായിരുന്നു ഈ ഏഴു ദൂതന്മാരും. അവർക്കു ദൈവക്രോധകലശം കൊടുത്തു എന്നത് അവർക്കു ന്യായവിധി നടത്തുവാനുള്ള അധികാരം നൽകി എന്നതിനെ കുറിക്കുന്നു.

ഇവിടെ പരാമർശിക്കുന്ന കലശം (കിണ്ണം, ചെറുപാത്രം) അതിന്റെ അടിഭാഗത്തേക്കാൾ മുകൾഭാഗം വിസ്താരമുള്ളതായിരിക്കും. ഇപ്രകാരമുള്ള ആകൃതി അതിൽ എടുക്കുന്ന എന്തും സാവധാനം പകരുന്നതിനു പകരം അതിവേഗത്തിലും ഒട്ടും ശേഷിക്കാതെയും കമഴ്ത്തി ഒഴിക്കുന്നതിനു സഹായമാകുന്നു. ദൂതന്മാരെ ഏല്പിക്കുന്ന പൊൻകലശത്തിലൂടെയും ദൈവക്രോധം അതിവേഗത്തിലും ഒട്ടും ബാക്കിവരാതെയും ദുഷ്ടന്മാരുടെമേൽ പകരപ്പെടുന്നതിനെയും ഇതു സൂചിപ്പിക്കുന്നു.

പഴയനിയമകാലത്ത് യിസ്രായേലിന്റെ പുരോഹിതന്മാർ ദൈവാലയശുശ്രൂഷകളിൽ കലശം അഥവാ കിണ്ണം ഉപയോഗിച്ചിരുന്നു (1.രാജാ.7:50/2.രാജാ.25:15/1.ദിന.28:17). സമാഗമനകൂടാരം ചമെപ്പാൻ മോശെക്കു കല്പനകൊടുത്തപ്പോൾ യാഗങ്ങളോടുള്ള ബന്ധത്തിലും കലശത്തെ കാണുന്നുണ്ട് (പുറ27:3/പുറ.38:3). വെളിപ്പാടു പുസ്തകത്തിലും പൊൻകലശത്തെക്കുറിച്ചുള്ള പരാമർശം കാണാം. യെഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായ കർത്താവായ യേശുക്രിസ്തു പുസ്തകം വാങ്ങുവാനും മുദ്രപൊട്ടിപ്പാനും ജയംപ്രാപിച്ചിരിക്കുന്നു എന്ന പ്രഖ്യാപനത്തിൽ ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവുമായി വീണു ആരാധിക്കുന്ന രംഗം കാണുന്നു. *വെളി.5:8 — "വാങ്ങിയപ്പോൾ നാലു ജീവികളും ഇരുപത്തുനാലു മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാടിന്റെ മുമ്പാകെ വീണു."* ഇവിടത്തെ പൊൻകലശത്തിൽ വിശുദ്ധന്മാരുടെ പ്രാർത്ഥന നിറഞ്ഞിരിക്കുമ്പോൾ മഹോപദ്രവകാലാന്ത്യത്തിൽ ഏഴു ദൂതന്മാർക്കു ലഭിക്കുന്ന പൊൻകലശത്തിൽ ദൈവക്രോധം നിറഞ്ഞിരിക്കുന്നു. അഞ്ചാം മുദ്രപൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ട വിശുദ്ധന്മാരുടെ പ്രാർത്ഥന (വെളി.6:9-11) ദൈവം തന്റെ പൊൻകലശത്തിൽ അതിപരിശുദ്ധസ്ഥലത്തു സൂക്ഷിച്ചിരുന്നു എന്നു കരുതാം. അതായത് വിശുദ്ധന്മാരുടെ കണ്ണുനീർ ദൈവത്തിന്റെ തുരുത്തിയിൽ ശേഖരിച്ചുവെച്ചു (സങ്കീ.56:8). ഏഴാമത്തെ മുദ്രപൊട്ടിച്ചപ്പോൾ ഒരു ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കെറിഞ്ഞു. ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി (വെളി.8:5). ഭൂമിയിലെ ദുഷ്ടന്മാരുടെ അതിക്രമങ്ങൾ അതിന്റെ പാരമ്യത്തിലെത്തിയപ്പോൾ അവരെ നശിപ്പിക്കുവാനായി ദൈവക്രോധത്തിന്റെ പൊൻ കലശം ഭൂമിയിലേക്കെറിയുവാൻ ദൈവം നടപടി എടുക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അതിപരിശുദ്ധസ്ഥലത്തിരിക്കുന്ന ക്രിസ്തുവാകുന്ന പൊൻകലശത്തിൽ പ്രാർത്ഥനയും വിശ്വാസവും ആശ്രയവും സൂക്ഷിക്കാതെയും, രക്ഷയുടെ പാനപാത്രം എടുത്തു വിളിച്ചപേക്ഷിക്കാതെയും ഇരിക്കുന്ന മൃഗത്തിന്റെ ആരാധകരുടെമേൽ ന്യായവിധിയുടെ ക്രോധകലശങ്ങൾ ഒരിക്കൽ മുഴുവനായി ചൊരിയപ്പെടും.

**വെളി.15:8 — ദൈവത്തിന്റെ തേജസ്സും ശക്തിയും ഹേതുവായിട്ടു ദൈവാലയം പുകകൊണ്ടു നിറഞ്ഞു; ഏഴു ദൂതന്മാരുടെ ബാധ ഏഴും കഴിയുവോളം ദൈവാലയത്തിൽ കടപ്പാൻ ആർക്കും കഴിഞ്ഞില്ല** (The temple was filled with smoke from the glory of God and from His power, and no one was able to enter the temple till the seven plagues of the seven angels were completed) —

ദൈവത്തിന്റെ സാക്ഷ്യകൂടാരമാകുന്ന ദൈവാലയം തുറന്നപ്പോൾ ഏഴു ദൂതന്മാർ പുറത്തു വരികയും, സ്വർഗ്ഗത്തിലെ നാലു കെരൂബുകളിലൊന്നു അവർക്ക് ദൈവത്തിന്റെ ക്രോധം നിറഞ്ഞ ഏഴു പൊൻകലശം കൊടുക്കുകയും ചെയ്തു. ഉടനെ ദൈവത്തിന്റെ തേജസ്സും ശക്തിയും വെളിപ്പെട്ടതിനാൽ സ്വർഗ്ഗീയദൈവാലയം പുകകൊണ്ടു നിറഞ്ഞു. ഒടുക്കത്തെ ബാധയായ ഏഴു ബാധകളും കഴിയുവോളം ദൈവാലയത്തിൽ കടപ്പാൻ ആർക്കും കഴിഞ്ഞില്ല.

**ദൈവത്തിന്റെ തേജസ്സും ശക്തിയും ഹേതുവായിട്ടു ദൈവാലയം പുകകൊണ്ടു നിറഞ്ഞു** (The temple was filled with smoke from the glory of God and from His power) —

ദൈവത്തിന്റെ തേജസ്സിന്റെയും ശക്തിയുടെയും പ്രതീകമായി ദൈവാലയം പുകകൊണ്ടു നിറഞ്ഞു. ദൈവാലയം എന്നത് പിതാവായ സർവ്വശക്തനായ ദൈവത്തിന്റെ വാസസ്ഥലമായ അതിപരിശുദ്ധസ്ഥലത്തെ കുറിക്കുന്നു. അതിപരിശുദ്ധസ്ഥലം പുകകൊണ്ടു നിറഞ്ഞത് (1) ദൈവത്തിന്റെ തേജസ്സും (Glory of God) (2) ദൈവത്തിന്റെ ശക്തിയും (Power of God) കൊണ്ടായിരുന്നു. ദൈവമഹത്വം അഥവാ തേജസ്സ് ദൈവത്തിന്റെ സാരാംശമാണ്. ശക്തിയെന്നത് ദൈവത്തിന്റെ സ്വഭാവസവിശേഷതകളിലൊന്നായ സർവ്വശക്തിയെക്കുറിക്കുന്നു (Omnipotence of God).

ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ അടയാളങ്ങളായി പുകയും മേഘവും ഉയരുന്നത് പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

> ദൈവം സീനായ് പർവ്വതത്തിൽ ഇറങ്ങിയപ്പോൾ തീച്ചൂളപോലെ **പുക** ഉയർന്നു. **പുറ.19:18 —** *"യഹോവ തീയിൽ സീനായ്പർവ്വതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുകകൊണ്ടു മൂടി; അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി; പർവ്വതം ഒക്കെയും ഏറ്റവും കുലുങ്ങി."*

> മരുഭൂമിയിൽ സമാഗമനകൂടാരത്തിൽ ദൈവതേജസ്സു നിറഞ്ഞപ്പോൾ **മേഘം** സമാഗമനകൂടാരത്തെ മൂടുകയുണ്ടായി. **പുറ.40:34 —** *"അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി; യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെച്ചു."*

> ശലോമോൻ പണിഞ്ഞ ദൈവാലയത്തിൽ ദൈവത്തിന്റെ തേജസ്സു നിറഞ്ഞപ്പോൾ **മേഘം** വന്നു മൂടി. **1.രാജാ.8:10 —** *"പുരോഹിതന്മാർ വിശുദ്ധമന്ദിരത്തിൽനിന്നു പുറപ്പെട്ടപ്പോൾ മേഘം യഹോവയുടെ ആലയത്തിൽ നിറഞ്ഞു."*

> യെശയ്യാവിന്റെ ദർശനത്തിൽ സാറാഫുകൾ ദൈവത്തെ ആരാധിച്ചു സ്തുതിക്കുമ്പോൾ ദൈവാലയം പുകകൊണ്ടു നിറയുന്നു. ആരാധനയോടു ബന്ധത്തിൽ അവിടെയുണ്ടായ പുക ദൈവത്തിന്റെ പരിശുദ്ധിയും മഹത്വവും (Smoke represent Holiness and Glory of God) നിമിത്തമായിരുന്നു. **യെശ.6:3,4 —** *"ഒരുത്തനോടു ഒരുത്തൻ ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു. അവർ ആർക്കുന്ന ശബ്ദത്താൽ ഉമ്മരപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങി ആലയം പുകകൊണ്ടു നിറഞ്ഞു."*

എന്നാൽ വെളിപ്പാടിൽ ക്രോധകലശത്തോടുള്ള ബന്ധത്തിൽ ഉയരുന്ന പുക പാപത്തിനെതിരേയുള്ള ദൈവത്തിന്റെ നീതിയെയും, ന്യായവിധിയെയും, ദൈവകോപത്തെയും (Smoke pictures God's Divine Justice and Judgment and wrath against sin) പ്രദർശിപ്പിക്കുന്നു. ഭൂമിയിലെ ദുഷ്ടന്മാരെ മുഴുവൻ നശിപ്പിച്ചു സഹസ്രാബ്ദഭരണത്തിനു ആരംഭം കുറിക്കുന്നതുവരെ ദൈവാലയം ദൈവത്തിന്റെ മഹത്വത്താലും ശക്തിയാലും പുകയാൽ നിറഞ്ഞിരിക്കും. പഴയനിയമത്തിൽ പുക പൊതുവേ ദൈവസാന്നിദ്ധ്യത്തെ കുറിക്കുന്നുവെങ്കിലും പുതിയനിയമത്തിൽ ന്യായവിധിയെ വിളംബരം ചെയ്യുന്നു. ഇതു തിരിച്ചറിയാതെ സമുദായപട്ടക്കാർ കലശത്തിൽ കുന്തുരുക്കം പുകച്ചു പുക ഉയരുമ്പോൾ ദൈവസാന്നിദ്ധ്യമുണ്ടായെന്നു അഭിമാനിച്ചു വൃഥാ സായൂജ്യമടയുകയും സഭാജനങ്ങളെ വഴി തെറ്റിക്കുകയും ചെയ്യുന്നു.

**ഏഴു ദൂതന്മാരുടെ ബാധ ഏഴും കഴിയുവോളം ദൈവാലയത്തിൽ കടപ്പാൻ ആർക്കും കഴിഞ്ഞില്ല** (and no one was able to enter the temple till the seven plagues of the seven angels were completed) —

ഭൂമിയിൽ അരങ്ങേറുവാൻ പോകുന്ന ന്യായവിധിയുടെ പശ്ചാത്തലത്തിൽ സ്വർഗ്ഗത്തിലെ ദൈവാലയം പുകയാൽ നിറഞ്ഞു. ഏഴു ദൂതന്മാർക്കു ലഭിച്ച ഏഴുബാധകളുടെ കലശങ്ങൾ ഭൂമിയിൽ ഒഴിച്ചു ദൈവക്രോധത്താലുള്ള ശിക്ഷാവിധി കഴിയുവോളം സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ കടപ്പാൻ ആർക്കും കഴിഞ്ഞില്ലെന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തിക്കൊണ്ടു 15-ാം അദ്ധ്യായത്തിലെ വിവരണം അവസാനിപ്പിക്കുന്നു.

സമാഗമനകൂടാരത്തിന്മേലും ശലോമോൻ പണിത ദൈവാലയത്തിന്മേലും ദൈവതേജസ്സു ഇറങ്ങിവന്ന അവസരങ്ങളിൽ ഇപ്രകാരം ശുശ്രൂഷയ്ക്ക് തടസ്സമുണ്ടായിട്ടുണ്ട്. **പുറ.40:35 —** *"മേഘം സമാഗമനകൂടാരത്തിന്മേൽ അധിവസിക്കയും യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെക്കയും ചെയ്തതുകൊണ്ടു മോശെക്കു അകത്തു കടപ്പാൻ കഴിഞ്ഞില്ല."* **1.രാജാ.8:11 —** *"യഹോവയുടെ തേജസ്സു യഹോവയുടെ ആലയത്തിൽ നിറഞ്ഞിരുന്നതുകൊണ്ടു മേഘംനിമിത്തം ശുശ്രൂഷ ചെയ്യേണ്ടതിന്നു നില്പാൻ പുരോഹിതന്മാർക്കു കഴിഞ്ഞില്ല."*

ഏഴു കലശങ്ങളാലുള്ള ന്യായവിധിയോടെ മഹാപീഡനകാലത്തിനു സമാപ്തി വരുന്നു. ഭൂവാസികൾക്കു ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷ പ്രാപിപ്പാൻ എണ്ണമറ്റ അവസരങ്ങൾ ദൈവം നൽകി. എന്നാൽ

അവർ ദൈവത്തിന്റെ രക്ഷണ്യപദ്ധതികളെ നിസ്സാരമാക്കി തള്ളിക്കളയുകയും ദൈവനാമത്തെ ദുഷിക്കുകയും ചെയ്തു. ആകയാൽ ഒടുവിലത്തെ ന്യായവിധി ആരംഭിച്ചു കഴിഞ്ഞാൽ ആരുടെയും പക്ഷവാദ പ്രാർത്ഥനകളും കേൾക്കുകയില്ല. സോദോം ഗോമോരാ പട്ടണങ്ങളുടെമേൽ ദൈവം ന്യായവിധി ചൊരിയുന്നതിനു മുമ്പായി ലോത്തിനുവേണ്ടി പക്ഷവാദം ചെയ്യുവാൻ അബ്രഹാമിനെ ദൈവം അനുവദിച്ചു (ഉല്പ.18:16–33). മോശെയുടെ അസാന്നിദ്ധ്യത്തിൽ യഹോവെക്കു പകരം സ്വർണ്ണക്കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ച യിസ്രായേലിന്റെമേൽ ദൈവത്തിന്റെ ന്യായവിധി ചൊരിയുന്ന വേളയിൽ യിസ്രായേലിനുവേണ്ടി പക്ഷവാദം ചെയ്യുന്നതിനു മോശെക്കു അവസരം ലഭിച്ചു (പുറ.32:11–14). എന്നാൽ മഹോപദ്രവ കാലാന്ത്യത്തിൽ ഒടുക്കത്തെ ബാധയായ ഏഴുക്രോധകലശങ്ങൾ ചൊരിയുന്നതിനു മുമ്പായിത്തന്നെ സ്വർഗ്ഗത്തിലെ ദൈവാലയം അടയുന്നു. രക്ഷപ്രാപിപ്പാനും മനംതിരിവിനുമുള്ള അവസരങ്ങൾ സഭയുടെ ഉത്പ്രാപണത്തിനുശേഷവും അനുവദിച്ചിട്ടും അവയൊക്കെ പാഴാക്കിക്കളഞ്ഞു.

മത്സരികളായ യെഹൂദാജനത്തിന്മേലുള്ള ന്യായവിധി അനിവാര്യവും സുനിശ്ചിതവുമാണെന്നും ആകയാൽ അവർക്കായി യിരെമ്യാപ്രവാചകൻ എത്ര പ്രാർത്ഥിച്ചാലും കേൾക്കുകയില്ലെന്നും ദൈവം പറയുന്നു. **യിരെ.15:1 —** "*യഹോവ എന്നോടു അരുളിച്ചെയ്തതു : മോശെയും ശമൂവേലും എന്റെ മുമ്പാകെ നിന്നാലും എന്റെ മനസ്സു ഈ ജനത്തിങ്കലേക്കു ചായ്കയില്ല; ഇവരെ എന്റെ മുമ്പിൽനിന്നു ആട്ടിക്കളക; അവർ പൊയ്ക്കൊള്ളട്ടെ.*" യെരൂശലേമിന്റെ നാശത്തെക്കുറിച്ചു 40– ൽപരം വർഷം യിരെമ്യാപ്രവാചകൻ മുന്നറിയിപ്പു നൽകിയിട്ടും ജനം കൂട്ടാക്കാഞ്ഞതിനാൽ അവർ ജാതികളാൽ പിടിക്കപ്പെട്ടു പ്രവാസികളായി അന്യദേശത്തു പാർക്കേണ്ടി വന്നു. അപ്പോൾ പ്രവാചകൻ ദൈവസന്നിധിയിൽ വിലപിക്കുന്നത് **വിലാ.3:44 —** "*ഞങ്ങളുടെ പ്രാർത്ഥന കടക്കാതവണ്ണം നീ മേഘംകൊണ്ടു നിന്നെത്തന്നെ മറെച്ചു*" എന്നാണ്. ആയതുപോലെ ദൈവത്തിന്റെ ക്രോധകലശം ഭൂമിയിൽ ഒഴിക്കുന്ന ന്യായവിധിസമയത്ത് ആർക്കും യാചിക്കുവാനോ പ്രാർത്ഥിക്കുവാനോ ദൈവം അവസരം നൽകുന്നില്ല.

ഭൂമിയിൽ ദൈവത്തിന്റെ ന്യായവിധി ആരംഭിച്ചു കഴിഞ്ഞതിനാൽ ദൈവത്തിന്റെ തീരുമാനത്തിനു യാതൊരു മാറ്റവുമില്ലെന്നും, ആർക്കും അതിനെ തടയുവാനോ, ദുഷ്ടന്മാർക്കായി പക്ഷവാദം ചെയ്യുവാനോ സാധിക്കുകയില്ല എന്നതിനെയാണ് ബാധഏഴും കഴിയുവോളം ദൈവാലയത്തിൽ ആർക്കും കടപ്പാൻ കഴിഞ്ഞില്ല എന്നു പറഞ്ഞിരിക്കുന്നതിന്റെ സാരം. അനുതാപമില്ലാത്തവരുടെമേൽ ചരതിച്ചുവെച്ചിരുന്ന ദൈവക്രോധം ഒരു തടസ്സവും കൂടാതെ ഇടതടവില്ലാതെ ചൊരിയപ്പെടും എന്നതിനെ ഇതു വ്യക്തമാക്കുന്നു.

ഒടുക്കത്തെ ഏഴു ബാധയുള്ള ഏഴു ദൂതന്മാരുടെ കാഴ്ചയോടെ ആരംഭിക്കുന്ന 15–ാം അദ്ധ്യായം ഏഴു ദൂതന്മാരുടെ ബാധ ഏഴും കഴിയുവോളം സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ കടപ്പാൻ ആർക്കും കഴിഞ്ഞില്ല എന്ന വാക്കുകളോടെ അദ്ധ്യായം അവസാനിക്കുന്നു. 16–ാം അദ്ധ്യായത്തിൽ അരങ്ങേറുന്ന അതിഭയങ്കരമായ ന്യായവിധിയുടെ പശ്ചാത്തലമാണ് 15 – ൽ കാണുവാനിടയായത്. ദൈവത്തിൽ ആശ്രയംവെച്ച മഹോപദ്രകാലവിശുദ്ധന്മാർ ദൈവസന്നിധിയിൽ നിന്നുകൊണ്ട് ദൈവത്തെ പാടിസ്തുതിക്കുമ്പോൾ ഭൂമിയിലെ ന്യായവിധികൾക്കു ആരംഭം കുറിക്കുന്നു. തന്റെ ഏകജാതനായ പുത്രനെ തള്ളിക്കളഞ്ഞവരുടെമേൽ ദൈവത്തിന്റെ ക്രോധകലശങ്ങൾ പതിക്കുവാൻ പോകുന്നു. "*ന്യായപ്രമാണം അയഞ്ഞിരിക്കുന്നു, ന്യായം ഒരുനാളും വെളിപ്പെട്ടു വരുന്നതുമില്ല; ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നു; അതുകൊണ്ടു ന്യായം വക്രതയായി വെളിപ്പെട്ടു വരുന്നു*" (ഹബ.1:4) എന്നിങ്ങനെയുള്ള സാഹചര്യത്തിൽ ഹബക്കൂക്ക് പ്രവാചകൻ ദൈവത്തിങ്കലേക്കു നിലവിളിക്കുന്നു. അതിനുത്തരമായി ദൈവം പറഞ്ഞത് താൻ ഉഗ്രതയും വേഗതയുമുള്ള ജാതിയായ കല്ദയരെ ഉണർത്തി അതിക്രമക്കാരെ മുഴുവൻ ശിക്ഷിക്കും (ഹബ.1:6) എന്നാണ്. എന്നാൽ അവരാലുള്ള ദൈവത്തിന്റെ ന്യായവിധിയുടെ ഭയങ്കരത മനസ്സിലാക്കിയ പ്രാവാചകൻ ദൈവത്തോടു നിലവിളിച്ചു പക്ഷവാദം കഴിക്കുന്നത് — **ഹബ.3:2 —** "*യഹോവേ,.... ക്രോധത്തിങ്കൽ കരുണ ഓർക്കേണമേ*" എന്നായിരുന്നു. ദൈവകോധത്തെ തടഞ്ഞു നിറുത്തുവാൻ മനുഷ്യർക്കാർക്കും സാദ്ധ്യമല്ല. എന്നാൽ ദൈവക്രോധം ജ്വലിച്ചിട്ടുള്ള സന്ദർഭങ്ങളിൽ ദൈവത്തിന്റെ കരുണയും പ്രദർശിപ്പിച്ചിട്ടുള്ള വേളകളും തിരുവചനത്തിൽ കാണുന്നുണ്ട്. ആദാം ഹവ്വാ പാപം ചെയ്തപ്പോൾ അവരുടെ നഗ്നത മറെക്കുവാൻ ദൈവം തോൽകൊണ്ടു ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു (ഉല്പ.3:21). അതു പാപികൾക്കു ദൈവത്തിന്റെ കരുണയാൽ ലഭിക്കുന്ന രക്ഷാവസ്ത്രത്തെ കുറിക്കുന്നു. ജലപ്രളയത്താൽ ഭൂമിയെ നശിപ്പിച്ചത് ദൈവക്രോധത്താലായിരുന്നു. എന്നാൽ ഒരു പെട്ടകത്തിലൂടെ നോഹെയെയും കുടുംബത്തെയും ജീവജാലങ്ങളെയും രക്ഷിച്ചത് ദൈവക്രോധത്തിനിടയിലുള്ള ദൈവകരുണയായിരുന്നു (ഉല്പ.6,7,8). സോദോം ഗോമോരാ നിവാസികളുടെ പാപത്താൽ പട്ടണങ്ങളുടെമേൽ തീയും ഗന്ധകവും ആകാശത്തു നിന്നു ചൊരിഞ്ഞു പ്രദേശം ചാവുകടലായി മാറി. എന്നാൽ അതിൽ വസിച്ച ലോത്തിനെയും കുടുംബത്തെയും രക്ഷിച്ചത് ദൈവകരുണയുടെ പ്രദർശനമായിരുന്നു (ഉല്പ.19).

എന്നാൽ സർവ്വലോകരുടെയും പാപം നിമിത്തം ലോകത്തെ നശിപ്പിക്കുന്നതിനു മുമ്പായി തന്റെ ഏകജാതനായപുത്രനെ പ്രായച്ഛിത്തമരണത്തിനായി ദൈവം നൽകിയത് ദൈവകരുണയാണ് (യോഹ.3:16). "*അവനെ തകർത്തു കളവാൻ യഹോവെക്കു ഇഷ്ടം തോന്നി*" (യെശ.53:10) എന്ന തിരുവചനം വെളിപ്പെടുത്തുന്നത് പാപികളെ നിത്യമരണത്തിൽ നിന്നു വിടുവിക്കുവാൻ തന്റെ പ്രിയപുത്രനെ തകർത്തു കളഞ്ഞു എന്നാണ്. സകലഭൂവാസികൾക്കും ദൈവക്രോധത്തിൽ നിന്നും രക്ഷപ്രാപിപ്പാൻ സർവ്വശക്തനായ ദൈവം ഒരുക്കിയ രക്ഷണ്യപദ്ധതിയാണ് ക്രിസ്തുവിലൂടെയുള്ള നീതീകരണം. ദൈവക്രോധം ആരംഭിക്കുന്നതിനു മുമ്പു ദൈവം അനേക അവസരങ്ങൾ നൽകുന്നു. "*ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു*" (2.പത്രൊ.3:10) എന്നു അപ്പൊസ്തലനായ പത്രൊസ് വിവരിച്ചിരിക്കുന്നു. സഭാകാലത്തായാലും അതിനുശേഷമുള്ള മഹോപദ്രവകാലത്തായാലും ദൈവത്തിന്റെ കരുണയെ ആരും വൃഥാവാക്കാതെ സമയം തക്കത്തിൽ ഉപയോഗിച്ചു ദൈവക്രോധത്തിൽ നിന്നു രക്ഷ പ്രാപിക്കണം. ന്യായവിധി ആരംഭിച്ചു കഴിഞ്ഞാൽ ദൈവകരുണയ്ക്കായി യാചിക്കുവാൻ സാദ്ധ്യമല്ല.

മഹോപദ്രവകാലവിശുദ്ധന്മാർ സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ നിന്നു ദൈവത്തെ സ്തുതിക്കുമ്പോൾ പാടുന്ന മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടിലെ അവസാനത്തെ വരികൾ ഏറ്റവും ശ്രദ്ധേയമാണ്. "*നിന്റെ ന്യായവിധികൾ വിളങ്ങിവന്നതിനാൽ സകലജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും*" (വെളി.15:4). അതായത് അന്ന് "*യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടി വരും*" (ഫിലി2:10,11).

---------------------------

# വെളിപ്പാട് — അദ്ധ്യായം — 16

## ദൈവക്രോധത്തിന്റെ ഏഴു കലശങ്ങൾ
(THE SEVEN BOWLS OF GOD'S WRATH)

**ആമുഖം :**

ദൈവക്രോധത്തിന്റെ ഏഴു ബാധകളടങ്ങിയ ഏഴുക്രോധകലശങ്ങൾ ഭൂവാസികളുടെമേൽ ചൊരിയുന്നതിന്റെ പ്രാരംഭവിവരണങ്ങൾ ആമുഖമെന്നവണ്ണം 15-ാം അദ്ധ്യായത്തിൽ വെളിപ്പെടുത്തിയിരുന്നു. 15-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ഏഴു അന്ത്യബാധകളും 16-ാം അദ്ധ്യായത്തിൽ ഒഴിക്കപ്പെടുന്ന ദൈവക്രോധത്തിന്റെ ഏഴുപൊൻകലശങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ

മഹോപദ്രകാലവിശുദ്ധന്മാർ അവർക്കു ലഭിച്ച അനുഗ്രഹത്തെയും വീണ്ടെടുപ്പിനെയും ഓർത്തുകൊണ്ടു മോശെയുടെയും കുഞ്ഞാടിന്റെയും ഗാനങ്ങൾ അതിസന്തോഷത്തോടെ ആലപിക്കുന്നതു 15-ാം അദ്ധ്യായത്തിൽ കാണുകയുണ്ടായി. അതിനുശേഷം സപ്തസ്തോത്രസ്തുതികളാൽ മഹോപദ്രവകാലവിശുദ്ധന്മാർ ദൈവത്തെ വാഴ്ത്തിപുകഴ്ത്തി ആരാധിക്കുന്നു. ദൈവത്തിന്റെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ അഥവാ ആരംഭിച്ചുകഴിഞ്ഞതിനാൽ സകലജാതികളും ദൈവത്തെ നമസ്കരിക്കുവാനിടയാകുമെന്നും അവർ പ്രസ്താവിക്കുന്നു. വിശുദ്ധഗണത്തിന്റെ ആനന്ദഘോഷത്തെത്തുടർന്നു ശുദ്ധവും ശുഭ്രവുമായ ശണവസ്ത്രം ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയുംകൊണ്ടു ഏഴു ദൂതന്മാർ സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ നിന്നു പുറപ്പെടുന്നു. അപ്പോൾ നാലു ജീവികൾ അഥവാ കെരൂബുകളിലൊന്നു ഭൂമിയിലെ ന്യായവിധിക്കായി ജീവനുള്ള ദൈവത്തിന്റെ ഏഴു ക്രോധകലശങ്ങൾ ദൂതന്മാരെ ഏല്പിക്കുന്നു. അപ്പോൾ ദൈവാലയത്തിൽ ദൈവതേജസ്സും ശക്തിയും നിറഞ്ഞു.

ഏഴു ദൂതന്മാരാൽ ഏഴുക്രോധകലശങ്ങളിലൂടെ ഭൂമിയിലക്കു ഒഴിക്കപ്പെടുന്ന ഓരോന്നും ഓരോരോ വ്യത്യസ്ത ബാധകളായാണ് അനുഭവപ്പെടുന്നത്. ഏഴു ക്രോധകലശങ്ങളാലുള്ള അതിഭയങ്കരബാധകൾ മിസ്രയീമിലെ പത്തു ബാധകളോടും (പുറ.7-12), വെളിപ്പാടു പുസ്തകത്തിൽ വിവരിച്ച ഏഴുകാഹളന്യായവിധിയാലുള്ള കഷ്ടങ്ങളോടും (വെളി.8-11) സാമ്യമുണ്ട്.

**(1) മിസ്രയീമ്യരുടെ മേൽ ദൈവം മോശെയിലൂടെ അയച്ച പത്തു ബാധകൾ:**

| | | |
|---|---|---|
| 1. വെള്ളം രക്തമായി | — water into blood – | (പുറ.7:20-24) |
| 2. തവള | — frog – | (പുറ.8:1-14) |
| 3. പേൻ | — lice – | (പുറ.8:16-18) |
| 4. നായീച്ച | — flies – | (പുറ.8:20-24) |
| 5. കന്നുകാലികളിൽ വ്യാധി | — cattle diseases – | (പുറ.9:3-6) |
| 6. പുണ്ണ് | — boils – | (പുറ.9:8-11) |
| 7. കല്മഴയും തീയും | — hail with fire – | (പുറ.9:22-26) |
| 8. വെട്ടുക്കിളികൾ | — locusts – | (പുറ.10:12-19) |
| 9. മൂന്നു ദിവസം അന്ധകാരം | — three-day darkness – | (പുറ.10:21-24) |
| 10. കടിഞ്ഞൂൽ സംഹാരം | — slaying of the first born– | (പുറ.12:29-30) |

**(2) ഏഴു കാഹളങ്ങൾ — (Seven Trumpets):**

**1. ഭൂമി —** രക്തം കലർന്ന കല്മഴ, തീ — ഭൂമി, വൃക്ഷങ്ങൾ, പച്ചപ്പുല്ല് എന്നിവ മൂന്നിലൊന്നു നശിച്ചു > വെളി.8:7 (one third of land and vegetation destroyed)

**2. കടൽ —**വെള്ളം രക്തമായി — കടലിലെ ജീവികൾ, കപ്പൽ എന്നിവ മൂന്നിലൊന്നു നശിച്ചു >വെളി.8:8,9
(one third of ocean life and ships destroyed)

**3. നദി —** നദിയിലെ വെള്ളം മൂന്നിലൊന്നു വിഷമുള്ളതായി > വെളി.8:10,11
(one third of fresh water poisoned)

**4. സൂര്യൻ, ചന്ദ്രൻ, നക്ഷത്രം** എന്നിവ മൂന്നിലൊന്നു ഭാഗം ഇരുട്ടായി > വെളി.8:12
(one third of sun, moon,stars darkened)

**5. അഗാധകൂപം** തുറന്നു, അതിൽ നിന്നു പുകയും ഭീകരരൂപമുള്ള വെട്ടുക്കിളിയും > വെളി.9:1-12
(attack by locusts)

**6. യൂഫ്രാത്തേസ്** മഹാനദീതീരത്തു ബന്ധിച്ചിരുന്ന നാലു ദൂതന്മാരെ അഴിച്ചു വിടുന്നു, കുതിരപ്പടയാലുള്ള ബാധ > വെളി.9:13-21
(attack by horsemen)

**7. അന്തിമവിജയം**, രാജ്യം സ്ഥാപിക്കപ്പെടുന്നു —രാജത്വം ക്രിസ്തുവിനായിത്തീരുന്നു>വെളി.11:1519
(The Kingdom proclaimed)

**ഏഴു കലശങ്ങൾ — (Seven Bowls):**

1. വെളി.16:2 — അന്തിക്രിസ്തുവിന്റെ അനുയായികൾക്കു വല്ലാത്ത ദുർവ്രണം
(Plague on the **EARTH**--Terrible sores upon the followers of antichrist)
2. വെളി.16:3 — സമുദ്രജലം രക്തമായിത്തീരുന്നു
(Plague on the **SEA** -- Sea water becomes blood)
3. വെളി.16:4-7 — നദീജലം രക്തമായിത്തീരുന്നു
(Plague on the **RIVERS** -- River water becomes blood)
4. വെളി.16:8,9 — സൂര്യനിലെ അതികഠിനമായ ചൂടിൽ മനുഷ്യർ വെന്തുപോയി
(Plague on the **SUN** -- Fearful and blistering heat from the sun)

5. വെളി.16:10,11 — അന്തിക്രിസ്തുവിന്റെ ആസ്ഥാനം ഇരുട്ടിലായി, കഷ്ടത, വ്യണം

(Plague on the **BEAST's SEAT**-Darkness upon the capital of antichrist,pain& sores)

6. വെളി.16:12-16 — യൂഫ്രാത്തേസ് മഹാനദി വറ്റിപ്പോയി

(Plague on the **EUPHRATES** -- Euphrates dried up)

7. വെളി.16:17-21 — ആകാശത്തിൽ ബാധ — അതിഭയങ്കരമായ ഭൂമി കുലുക്കം.

(Plague on the **AIR** -- The earth utterly shaken)

**ഏഴു കാഹളങ്ങൾ, ഏഴു കലശങ്ങൾ എന്നിവ തമ്മിലുള്ള സാമ്യങ്ങൾ:**

| കാഹളം | | ന്യായവിധി | | കലശം |
|---|---|---|---|---|
| (1) വെളി.8:7 | : | ഭൂമി (Earth) | : | വെളി.16:2 |
| (2) വെളി.8:8 | : | കടൽ (Sea) | : | വെളി.16:3 |
| (3) വെളി.8:10 | : | നദി (River) | : | വെളി.16:4 |
| (4) വെളി.8:12 | : | സൂര്യൻ (Sun) | : | വെളി.16:8 |
| (5) വെളി.9:2 | : | അന്ധകാരം (Darkness) | : | വെളി.16:10 |
| (6) വെളി.9:14 | : | യൂഫ്രാത്തേസ് മഹാനദി (River Euphrates) | : | വെളി.16:12 |
| (7) വെളി.11:19 | : | ഭൂകമ്പം (Earthquake) | : | വെളി.16:18 |

**ഏഴു കാഹളങ്ങൾ, ഏഴു കലശങ്ങൾ എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ :**

(1) കാഹളന്യായവിധികൾ ദൈവകോപത്തിന്റെ അന്തിമബാധകളല്ല. കാഹളത്തിനുശേഷവും ശിക്ഷാവിധികളുണ്ട്. എന്നാൽ കലശത്താലുള്ള ശിക്ഷാവിധികൾ അന്തിമമാണ്. ഇതോടുകൂടെ ദൈവ ക്രോധം തീരുന്നു.

(2) കലശത്താലുള്ള ന്യായവിധി അതിവേഗത്തിൽ വന്നു പതിക്കുന്നു. ഒരു പരന്നപാത്രത്തിലെ ദ്രാവകം കമഴ്ത്തിയാൽ ഒരുമിച്ചു വീഴുന്നതുപോലെ യാതൊരു തടസ്സവുമില്ലാതെ കാഹളധ്വനിന്യായവിധിയേക്കാൾ അതിവേഗത്തിൽ കലശത്താലുള്ള നാശം മത്സരികളുടെമേൽ വന്നു പതിക്കുന്നു.

(3) കാഹളന്യായവിധിയാലുള്ള നാശം പരിമിതവും ഭാഗികവുമാണ്. ഭൂമി, കടൽ, നദി, സൂര്യൻ എന്നിവയിൽ മൂന്നിലൊന്നിനു മാത്രം നാശം സംഭവിക്കുമ്പോൾ കലശത്താലുള്ള നാശം സമ്പൂർണ്ണമായിരിക്കുന്നു. അതായത് വെളിപ്പാട് 8,9 അദ്ധ്യായങ്ങളിൽ വിവരിക്കുന്ന ആറു കാഹളങ്ങളാൽ ഭൂമിയിലെ പ്രത്യേക ഭാഗങ്ങളിൽ ഭാഗികമായി നാശം സംഭവിക്കുന്നു. എന്നാൽ വെളിപ്പാട് 16 -ൽ ആദ്യത്തെ ആറു ക്രോധകലശങ്ങളാൽ ഭൂമിയുടെ സകലഭാഗങ്ങളിലും സമ്പൂർണ്ണനാശം സംഭവിക്കുന്നു.

(4) കാഹളങ്ങളിലൂടെയുള്ള ബാധകൾ ഭൂവാസികളുടെ മാനസാന്തരം ലക്ഷ്യമിടുന്നുവെങ്കിൽ, കലശത്താലുള്ള ബാധകളിലൂടെ മാനസാന്തരപ്പെടാത്ത മത്സരികളുടെമേലുള്ള ദൈവക്രോധവും അവരുടെ സമ്പൂർണ്ണനാശത്തെയും ലക്ഷ്യമിടുന്നു.

മുദ്ര, കാഹളം എന്നിങ്ങനെയുള്ള 14 ശിക്ഷാവിധികളുടെ മദ്ധ്യേയും ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരപ്പെടുവാൻ ദൈവം ഭൂവാസികൾക്കു എണ്ണമറ്റ അവസരങ്ങൾ നൽകുന്നുണ്ട്. ആയതുപോലെ ഒടുക്കത്തെ ഏഴു ബാധയുടെ മദ്ധ്യേയും ദൈവത്തിങ്കലേക്കു തിരിഞ്ഞു വരുവാൻ ദൈവം ആഗ്രഹിക്കുന്നതായി സൂചന ലഭിക്കുന്നു. "*ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന്നു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല*" (വെളി.16:9), "*കഷ്ടങ്ങളും വ്യണങ്ങളും ഹേതുവാൽ സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ തങ്ങളുടെ പ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെട്ടില്ല*" (വെളി.16:11) എന്നീ വാക്യങ്ങൾ അവരുടെ മാനസാന്തരത്തിനുള്ള ദൈവത്തിന്റെ ആഗ്രഹത്തെ വെളിപ്പെടുത്തുന്നു. എന്നാൽ ദൈവഹിതത്തിനു അവർ കീഴ്പ്പെടാതെ ദൈവനാമത്തെ ദുഷിക്കുകയാണുണ്ടാകുന്നത്. ഏഴാം ക്രോധകലശം ഒഴിക്കുന്നതോടുകൂടി സംഭവിച്ചുതീർന്നു എന്നു ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽ നിന്നു കേൾക്കുന്നു. ദുഷ്ടന്മാരുടെ നാശം സമ്പൂർണ്ണമായെന്നും ദൈവക്രോധം ഇതോടുകൂടി അവസാനിച്ചു എന്നതിനെയും ഇതു വെളിപ്പെടുത്തുന്നു.

ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ എന്നിങ്ങനെയുള്ള 14 ന്യായവിധികളെത്തുടർന്നു മഹാപീഡ കാലാന്ത്യത്തിൽ ഏഴു അതിഭയങ്കരങ്ങളായ പീഡകൾ ഉൾക്കൊള്ളുന്ന ദൈവക്രോധകലശങ്ങൾ ഭൂമിയിൽ പതിക്കുന്നു. ഏഴു കലശങ്ങളാലുള്ള ബാധകൾ വന്നു പതിക്കുന്നത് അന്തിക്രിസ്തുവിന്റെ അനുയായികളിലാണ് (വെളി.16:2,10). ഭൂമിയിൽ ഉണ്ടാകുവാൻ പോകുന്ന വലിയ കഷ്ടങ്ങളെക്കുറിച്ചു നമ്മുടെ കർത്താവ് മുന്നറിയിപ്പു നൽകിയിട്ടുണ്ട്. **മത്താ.24:21 —** "*ലോകാരംഭംമുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും.*" ഇതിന്റെ അന്ത്യത്തിൽ കർത്താവു ഭൂമിയേലിക്കിറങ്ങിവരികയും സകലശത്രുക്കളെയും മത്സരികളെയും തോൽപ്പിച്ചു നശിപ്പിക്കുകയും ചെയ്യും. ഇതോടുകൂടെ ദൈവക്രോധം തീരുകയും (വെളി.15:1) സമാധാനവും, സന്തോഷവും, നീതിയും നിറഞ്ഞ സഹസ്രാബ്ദവാഴ്ചെയ്ക്കു തുടക്കം കുറിക്കപ്പെടുകയും ചെയ്യപ്പെടുന്നു.

**അദ്ധ്യായവിഷയം :**

ദൈവക്രോധം നിറഞ്ഞ ഏഴു പൊൻകലശം ലഭിച്ച ഏഴു ദൂതന്മാർ അവ ഭൂമിയിൽ ഒഴിക്കുന്നതും, തുടർന്നു ഭൂമിയിലുണ്ടാകുന്ന അനന്തരസംഭവങ്ങളുമാണ് അദ്ധ്യായവിഷയം.

**അദ്ധ്യായസംഗ്രഹം :**

സാക്ഷ്യകൂടാരത്തിൽ നിന്നു പുറപ്പെട്ടു വന്ന ഏഴു ദൂതന്മാർക്കു ദൈവക്രോധത്തിന്റെ ഏഴുപൊൻ കലശം ലഭിക്കുന്നു. നിങ്ങൾ പോയി ക്രോധകലശം ഏഴും ഭൂമിയിൽ ഒഴിച്ചുകളവിൻ എന്ന ദൈവകല്പന അവർക്കു ലഭിച്ചു. ഇതിനെത്തുടർന്നു ഏഴുക്രോധകലശങ്ങളുടെ ഇടമുറിയാത്ത ഘോരവർഷവും വ്യത്യസ്തബാധകളും ഭൂമിയിൽ അരങ്ങേറുന്നു. ഒന്നാമത്തെ കലശം ഭൂമിയിൽ ഒഴിച്ചപ്പോൾ മനുഷ്യരുടെ മേൽ വല്ലാത്ത ദുർവ്രണം ഉണ്ടായി. രണ്ടാമത്തെ ദൂതൻ ക്രോധകലശം സമുദ്രത്തിൽ ഒഴിച്ചപ്പോൾ സമുദ്രജലം മുഴുവനും മരിച്ചവന്റെ രക്തംപോലെ മലിനമായിത്തീർന്നു. മൂന്നാമത്തെ ക്രോധകലശം വന്നു പതിച്ചത് നദികളിലായിരുന്നു. നദികളിലെയും നീരുറവകളിലെയും ജലം രക്തമായിത്തീർന്നു. നാലാമത്തെ ദൂതൻ തന്റെ ക്രോധകലശം സൂര്യനിൽ ഒഴിച്ചു. അതോടുകൂടി സൂര്യന്റെ ചൂട് ക്രമാതീതമായി വർദ്ധിച്ചു മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി. അഞ്ചാമത്തെ കലശം മൃഗത്തിന്റെ സിംഹാസനത്തിലാണ് ഒഴിക്കപ്പെട്ടത്. ഇതോടെ എതിർക്രിസ്തുവിന്റെ സാമ്രാജ്യമൊന്നടങ്കം അന്ധകാരത്താൽ മൂടപ്പെട്ടു. ആറാമത്തെ കലശം യൂഫ്രാത്തേസ് മഹാനദിയിൽ ഒഴിച്ചപ്പോൾ മഹാനദി വറ്റിപ്പോയി. ആറും ഏഴും മുദ്രക്കിടയിലും, ആറും ഏഴും കാഹളത്തിനിടയിലും ഒരിടവേള കാണുന്നതുപോലെ ഏഴാമത്തെ കലശം പതിക്കുന്നതിനു മുമ്പായും ഒരിടവേള കാണുന്നു. ഈ സമയത്ത് സാത്താന്യത്രിത്വം പ്രത്യക്ഷപ്പെടുന്നു. മഹാസർപ്പം, മൃഗം, കള്ളപ്രവാചകൻ എന്നിവയുടെ വായിൽ നിന്നു പുറപ്പെട്ടുവരുന്ന തവളയെപ്പോലെയുള്ള അശുദ്ധാത്മാക്കളാണത്. കൂടാതെ ഇടവേളയിൽ ഭൂതലത്തിലെ രാജാക്കന്മാർ ഹർമ്മഗെദ്ദോനിൽ യുദ്ധത്തിനായി ഒത്തുചേർക്കപ്പെടുന്നു. അതിനുശേഷം ഏഴാമത്തെ ദൂതൻ തന്റെ ക്രോധകലശം ആകാശത്തിൽ ഒഴിക്കുന്നു. അപ്പോൾ സംഭവിച്ചുതീർന്നു എന്നു ഒരു മഹാശബ്ദം കേൾക്കുകയും അതിനെ തുടർന്നു മിന്നലും, നാദവും, ഇടിമുഴക്കവും, വലിയ ഭൂകമ്പവും സർവ്വനാശവും ഉണ്ടാകുന്നു.

**ഏഴുക്രോധകലശങ്ങളാലുള്ള സംഭവങ്ങൾ കഴിഞ്ഞുപോയ ചരിത്രസംഭവങ്ങളെ കുറിക്കുന്നുവോ?**

മഹാപീഡനകാലാന്ത്യത്തിൽ അന്തിക്രിസ്തുവിന്റെ തേർവാഴ്ചയിൽ നടക്കേണ്ട ഭാവികാര്യങ്ങളാണ് ഏഴുക്രോധകലശങ്ങളാലുള്ള ന്യായവിധിയും അനന്തരസംഭവങ്ങളും. അവ ഒരിക്കലും കഴിഞ്ഞകാല ചരിത്രസംഭവങ്ങളുമായി ബന്ധപ്പെട്ടവയല്ല. എന്നാൽ ചില വ്യാഖ്യാതാക്കൾ ദൈവത്തിന്റെ ഏഴുക്രോധ കലശത്താലുള്ള ശിക്ഷാവിധിയെത്തുടർന്നുണ്ടാകുന്ന സംഭവങ്ങൾ മുൻകാലങ്ങളിൽ ലോകചരിത്രത്തിൽ അരങ്ങേറിയ സംഭവങ്ങളുമായി ചേർത്തു ചിന്തിക്കുന്നു. ഒന്നാം ക്രോധകലശം 18-ാം നൂറ്റാണ്ടിൽ നടന്ന ഫ്രഞ്ചുവിപ്ലവത്തോടും, രണ്ടാം ക്രോധകലശം അതിനോടനുബന്ധിച്ചുള്ള നാവികയുദ്ധങ്ങളോടും, മൂന്നാം ക്രോധകലശം നെപ്പോളിയൻ ചക്രവർത്തിയുടെ യുദ്ധങ്ങളോടും, തുടർന്നുള്ള ഓരോ കലശങ്ങളും ചരിത്രത്തിലരങ്ങേറിയ വിവിധ സംഭവങ്ങളോടും ബന്ധിപ്പിക്കുന്നു. ഇപ്രകാരമുള്ള വ്യാഖ്യാനം വസ്തുതകൾക്കു നിരക്കുന്നതല്ല. വെളിപ്പാടിലെ നാലാം അദ്ധ്യായം മുതലുള്ള വിവരണങ്ങൾ ഇനിമേൽ സംഭവിക്കാനിരിക്കുന്ന യോഹന്നാന്റെ ദർശനത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ദൈവക്രോധകലശത്താലുള്ള ന്യായവിധിയാൽ ഉണ്ടാകുന്ന ബാധകൾ ഏറെക്കുറെ മിസ്രയീമിൽ മോശെയിലൂടെ ഫറവോന്റെ ഭരണസമയത്തു അരങ്ങേറിയ ബാധകളുമായി സാമ്യമുണ്ട്. അന്നു അവയൊക്കെ അക്ഷരാർത്ഥത്തിൽ സംഭവിച്ചതാണ്. ഫറവോനെയും സൈന്യത്തെയും പുറകിൽ കണ്ടു ഭയന്നോടുന്ന യിസ്രായേലിന്റെ മുമ്പാകെ ആർത്തിരമ്പുന്ന ചെങ്കടലിനെ വിഭാഗിച്ചു അതിലൂടെ ഉണങ്ങിയ നിലത്തെന്നപോലെ അവരെ നടത്തുവാൻ ദൈവത്തിനു സാദ്ധ്യമെങ്കിൽ (പുറ.14:21) ഒരു നദിയെ വറ്റിക്കുവാൻ ദൈവത്തിനു അസാദ്ധ്യമോ? ചെങ്കടലിനെ മാത്രമല്ല വേനൽക്കാലത്തും കരകവിഞ്ഞൊഴുകുന്ന യോർദ്ദാനെ വിഭാഗിച്ചു (യോശു.3:15-17) തന്റെ ജനത്തിനു ആശ്വാസം നൽകിയ ദൈവം ജീവിക്കുന്നു. കിഴക്കുനിന്നുള്ള രാജാക്കന്മാർ ഉണങ്ങിയ നിലത്തുകൂടെ അനായാസം യാത്രചെയ്തു അവരെ യുദ്ധത്തിനായി എത്തിച്ചേർക്കുന്നതിനാണ് മഹാനദിയായ യൂഫ്രത്തേസ് നദി വറ്റിക്കുന്നത്. മിസ്രയീമിലെ ബാധകൾ ആക്ഷരികമായിരുന്നുവെങ്കിൽ ക്രോധകലശങ്ങളാൽ അരങ്ങേറുന്ന ബാധകളും ഭാവിയിൽ സംഭവിക്കും എന്നതിനു സംശയിക്കേണ്ട ആവശ്യമില്ല.

**അദ്ധ്യായവിഭജനം :**

| | | |
|---|---|---|
| വെളി.16:1 | : | ക്രോധകലശം ഒഴിക്കുവാനുള്ള ദൈവകല്പന<br>(Command of God to pour the Bowls ) |
| വെളി.16: 2 | : | ഒന്നാമത്തെ കലശം — ഭൂമിയിൽ ബാധ - ദുർവ്രണം<br>(First Bowl > Plague on the Earth - Painful Sore) |

| | | |
|---|---|---|
| വെളി.16:3 | : | രണ്ടാമത്തെ കലശം — സമുദ്രത്തിൽ ബാധ - ജലം രക്തമായി<br>(Second Bowl > Plague on the Sea --Water turned to blood ) |
| വെളി.16:4 - 7 | : | മൂന്നാമത്തെ കലശം — നദികളിലും നീരുറവകളിലും ബാധ-ജലം രക്തമായി<br>(Third Bowl > Plague on Rivers & Waters - Water turned to blood) |
| വെളി.16:8 - 9 | : | നാലാമത്തെ കലശം — സൂര്യനിൽ ബാധ - അത്യുഷ്ണം<br>(Fourth Bowl > Plague on the Sun - Scorching Heat) |
| വെളി.16:10 -11 | : | അഞ്ചാമത്തെ കലശം — മൃഗത്തിന്റെ സിംഹാസനത്തിൽ ബാധ -അന്ധകാരം<br>(Fifth Bowl > Plague on the Beast's seat - Darkness) |
| വെളി.16:12 - 16 | : | ആറാമത്തെ കലശം — യൂഫ്രാത്തേസ് മഹാനദിയിൽ ബാധ - വെള്ളം വറ്റി<br>(Sixth Bowl > Plague on the River Euphrates - River dried) |
| വെളി.16:17 - 21 | : | ഏഴാമത്തെ കലശം — ആകാശത്തിൽ ബാധ - ഭൂകമ്പം, കല്മഴ<br>(Seventh Bowl> Plague on Air-Widespread destruction by earthquake & hail) |

**വെളി.16:1 — നിങ്ങൾ പോയി ക്രോധകലശം ഏഴും ഭൂമിയിൽ ഒഴിച്ചുകളവിൻ എന്നു ഒരു മഹാ ശബ്ദം ദൈവാലയത്തിൽനിന്നു ഏഴു ദൂതന്മാരോടും പറയുന്നതു ഞാൻ കേട്ടു** (Then I heard a loud voice from the temple saying to the seven angels, "Go and pour out the bowls of the wrath of God on the earth) —

സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയത്തിൽനിന്നു പുറപ്പെട്ടു വന്ന ഏഴു ദൂതന്മാർക്കു ദൈവത്തിന്റെ ക്രോധം നിറഞ്ഞ ഏഴു പൊൻകലശം ലഭിക്കുകയുണ്ടായി. ഭൂമിയിൽ ദൈവത്തിന്റെ ന്യായ വിധി നടത്തുവാൻ അവർ തയ്യാറായി നിൽക്കുമ്പോൾ സ്വർഗ്ഗത്തിൽ നിന്നും ദൈവകല്പന ലഭിക്കുന്നു. **നിങ്ങൾ പോയി ക്രോധകലശം ഏഴും ഭൂമിയിൽ ഒഴിച്ചുകളവിൻ** (Go and pour out the bowls of the wrath of God on the earth) —

ദൈവത്തിനും, ദൈവീകപ്രമാണങ്ങൾക്കും, ദൈവവിശ്വാസികൾക്കും എതിരായി പ്രവർത്തിക്കുകയും മത്സരിക്കുകയും ദുഷ്ടതയിൽ ജീവിക്കുകയും ചെയ്ത അന്തിക്രിസ്തുവിനും അവന്റെ നമസ്കാരികൾക്കും നൽകേണ്ട അതിഭയങ്കരമായ ശിക്ഷാവിധി നടപ്പാക്കപവാനുള്ള കല്പന സ്വർഗ്ഗത്തിൽ നിന്നു ദൈവം നേരിട്ടു തന്റെ ദൂതന്മാർക്കു കൊടുക്കുന്നു. ഏഴു ദൂതന്മാരും സ്വർഗ്ഗത്തിൽ നിന്നും പോയി ക്രോധകലശം ഏഴും ഭൂമിയിൽ ഒഴിച്ചുകളയുവാനാണ് കല്പന. ഭൂമി എന്നത് കേവലം കരപ്രദേശം എന്നർത്ഥത്തിലല്ല മറിച്ച് ഭൂവാസികളുടെ മുഴുവൻ വാസസ്ഥലത്തെയാണ് ലക്ഷ്യമിടുന്നത്. ക്രോധകലശം എന്നത് ഏഴു ബാധകളുൾക്കൊള്ളുന്ന ദൈവീകന്യായവിധികളാണ്. ഏഴു എന്ന സംഖ്യ പൂർണ്ണതയെ കാണിക്കുന്നതാകയാൽ ദുഷ്ടന്മാരുടെ മേൽ പതിക്കുന്ന ഏഴുക്രോധകലശങ്ങൾ അവരുടെമേലുള്ള സമ്പൂർണ്ണനാശത്തെയും വെളിപ്പെടുത്തുന്നു. സമാഗമനകൂടാരത്തിലും ദൈവാലയത്തിലും ഉണ്ടായിരുന്ന പൊൻകലശങ്ങൾ പാപികളായ മനുഷ്യരിൽ ദൈവകൃപ പകരുവാൻ ഉപയോഗിച്ചിരുന്നു. എന്നാൽ മഹാപീഡനകാലത്ത് ദൈവവിരോധികളായ മൃഗത്തിന്റെ ആരാധരുടെമേൽ ന്യായവിധി പകരുവാൻ അതേ പൊൻകലശങ്ങൾ ഉപയോഗിക്കുന്നു. കൂടാതെ സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ വിശുദ്ധന്മാരുടെ പ്രാർത്ഥന നിറച്ചിരുന്ന പൊൻകലശങ്ങൾ അവരുടെ പീഡകരുടെമേലുള്ള ന്യായവിധി പകരുവാൻ ഉപയോഗിക്കുന്നതും ശ്രദ്ധേയമാണ്.

**എന്നു ഒരു മഹാശബ്ദം ദൈവാലയത്തിൽനിന്നു ഏഴു ദൂതന്മാരോടും പറയുന്നതു ഞാൻ കേട്ടു—** (Then I heard a loud voice from the temple saying to the seven angels) —

ഭൂമിയിൽ ദൈവക്രോധകലശങ്ങൾ ഒഴിച്ചുകളയുവാനുള്ള കല്പന സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ നിന്നു ഒരുമഹാശബ്ദമായി ഉയരുന്നു. മഹാ അഥവാ വലിയത് എന്നുള്ള പ്രയോഗം വെളിപ്പാടു പുസ്തകത്തിൽ അനേകപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. മൂലഭാഷയായ ഗ്രീക്കിൽ മഹാ അഥവാ വലിയത് എന്നതിനു മെഗാ (mega = great) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ദൈവാലയത്തിൽ നിന്നുയരുന്ന മഹാശബ്ദം ദൈവത്തിന്റെ അതിഭയങ്കരമായ ന്യായവിധിയോടു ബന്ധപ്പെട്ടിരിക്കുന്നു.

യോഹന്നാൻ കേൾക്കുവാനിടയായ മഹാശബ്ദം ആരുടേതാണ്? ഏഴുക്രോധകലശങ്ങൾ ഏഴു ദൂതന്മാർക്കു ലഭിച്ച നിമിഷത്തിൽ ദൈവത്തിന്റെ തേജസ്സും ശക്തിയും ഹേതുവായിട്ടു ദൈവാലയം പുകകൊണ്ടു നിറയുകയും ദൈവാലയത്തിൽ കടപ്പാൻ ആർക്കും കഴിഞ്ഞില്ല എന്നു യോഹന്നാൻ വിവരിച്ചിരുന്നു (വെളി.15:8). ആകയാൽ ദൈവാലയത്തിൽ ദൈവസാന്നിദ്ധ്യം വെളിപ്പെടുന്നതിനാൽ അവിടെനിന്നുയർന്ന ഗംഭീരനാദം ന്യായാധിപനും സർവ്വശക്തനുമായ ദൈവത്തിന്റേതു തന്നെ. ദൈവാരാധന വിഗ്രഹാരാധനയായി മാറ്റിയ കപടഭക്തിക്കാരായ ജനത്തെ ന്യായാധിപനായ ദൈവം ശാസിക്കുന്നത് യെശയ്യാപ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇവിടെ ഉയരുന്ന ന്യായവിധിനാദത്തോടു ചേരുന്നു. **യെശ.66:6 —**"*നഗരത്തിൽ നിന്നു ഒരു മുഴക്കം കേൾക്കുന്നു; മന്ദിരത്തിൽ നിന്നു ഒരു നാദം*

*കേൾക്കുന്നു; തന്റെ ശത്രുക്കളോടു പ്രതിക്രിയ ചെയ്യുന്ന യഹോവയുടെ നാദം തന്നെ.”*

*“ഏഴു ദൂതന്മാരോടും പറയുന്നതു ഞാൻ കേട്ടു ”* എന്ന യോഹന്നാന്റെ പ്രസ്താവന, ദൈവത്തിന്റെ കല്പന ഓരോ ദൂതന്മാരോടും അവരുടെ പ്രവർത്തനത്തിനുള്ള ആജ്ഞയും കൂടിയായിരുന്നു എന്നതിനെ കുറിക്കുന്നു.

**വെളി.16:2 — ഒന്നാമൻ പോയി തന്റെ കലശം ഭൂമിയിൽ ഒഴിച്ചു; അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്കരിക്കുന്നവരുമായ മനുഷ്യർക്കു വല്ലാത്ത ദുർവ്രണം ഉണ്ടായി** (So the first went and poured out his bowl upon the earth, and a foul and loathsome sore came upon the men who had the mark of the beast and those who worshiped his image) —

ഒന്നാമത്തെ കലശം > അന്തിക്രിസ്തുവിന്റെ അനുയായികൾക്കു വല്ലാത്ത ദുർവ്രണം (Plague on the **EARTH**--Terrible sores upon the followers of antichrist)

ദൈവകല്പന ദൈവാലയത്തിൽ നിന്നുയർന്ന മാത്രയിൽ ഏഴുദൂതന്മാരും അവരെ ഏല്പിച്ചിരിക്കുന്ന ദൗത്യം നിറവേറ്റുവാനായി ഭൂമിയെ ലക്ഷ്യമാക്കി പുറപ്പെടുന്നു. ഒന്നാമത്തെ ദൂതൻ എവിടെയാണ് തന്റെ കലശം ഒഴിച്ചതെന്നും, ആരുടെമേലാണ് ന്യായവിധി പകർന്നതെന്നും, അതിന്റെ അനന്തരഫലം എന്നായിരുന്നുവെന്നും ഇവിടെ കാണുന്നു —

(1) ദൈവക്രോധം നിറഞ്ഞ പൊൻകലശം ഭൂമിയിൽ ഒഴിച്ചു
(2) മൃഗത്തിന്റെ മുദ്രയുള്ളവരും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കുന്നവരിലുമാണ് കലശം ഒഴിച്ചത്
(3) കലശത്താൽ ഭൂവാസികളിൽ വല്ലാത്ത ദുർവ്രണം ഉണ്ടായി.

**ഒന്നാമൻ പോയി തന്റെ കലശം ഭൂമിയിൽ ഒഴിച്ചു** (So the first went and poured out his bowl upon the earth) —

ദൈവകല്പന ലഭിച്ച ഒന്നാമത്തെ ദൂതൻ തന്റെ കലശം ഭൂമിയിൽ ഒഴിക്കുവാനായി പോയി. കലശത്തിന്റെ ആകൃതി വാവാട്ടം വിസ്താരത്തിലും പരന്നതുമാകയാൽ അതിലുൾക്കൊള്ളുന്ന സകലതും നിമിഷനേരത്തിലും അതിവേഗത്തിലും ഒട്ടും അവശേഷിക്കാതെയും ഒരുമിച്ചു പകരപ്പെടുവാൻ സാദ്ധ്യമാകും. ആയതുപോലെ ഒന്നാമത്തെ കലശം ഭൂമിയിലേക്കു കമഴ്ത്തുമ്പോൾ അതിലടങ്ങിയിരിക്കുന്ന ദൈവീകശിക്ഷാവിധി അതിവേഗത്തിലും ഇടമുറിയാതയും മൃഗത്തിന്റെ ആരാധകരിൽ പകരപ്പെടുന്നു. ഭൂമിയിൽ എന്നത് യെരൂശലേമിലോ, റോമിലോ, ഭൂമിയുടെ ഏതെങ്കിലും പ്രത്യേക ഭാഗത്തെയോ മാത്രമല്ല ഭൂവാസികൾ പാർക്കുന്ന സകലലോകത്തെയും കുറിക്കുന്നു.

**അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്കരിക്കുന്നവരുമായ മനുഷ്യർക്കു (**came upon the men who had the mark of the beast and those who worshiped his image) —

ഒന്നാമത്തെ കലശത്താലുള്ള ദൈവക്രോധം വന്നു പതിച്ചത് മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്കരിക്കുന്നവരുമായ മനുഷ്യരിലായിരുന്നു. അതായത് പീഡനകാലത്ത് ദൈവത്തിൽ ആശ്രയംവെച്ചു ജീവിച്ചവരായ വിശ്വാസികളെ ദൈവക്രോധകലശം ബാധിച്ചില്ല. മിസ്രയീമിൽ ദൈവം ബാധകൾ അയച്ചപ്പോൾ അവിടെ താമസിച്ചിരുന്ന യിസ്രായേല്യരുടെ കൂടാരങ്ങളെ ദൈവം സൂക്ഷിച്ചു സംരക്ഷിച്ചതുപോലെ (പുറ.8:22/9:4/10:23/12:13) ഭൂമിയിൽ മഹാപീഡനകാലയളവിലുള്ള വിശ്വാസികളെയും ദൈവം കാത്തു സൂക്ഷിക്കും.

മൃഗത്തിന്റെ മുദ്രയേറ്റവരിലും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കുന്നവരിലുമാണ് ഒന്നാം ദൂതന്റെ കലശം വന്നുപതിക്കുന്നത്. മൃഗത്തിന്റെ മുദ്രയേൽക്കേണ്ടതും മൃഗത്തിന്റെ പ്രതിമയെ ഉണ്ടാക്കി നമസ്കരിക്കേണ്ടുന്നതുമായ ആവശ്യകതയും സന്ദർഭങ്ങളും വെളിപ്പാടു പുസ്തകം 13-ാം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. പത്തുകൊമ്പും ഏഴുതലയും കൊമ്പുകളിൽ പത്തു രാജമുടിമുടിയും തലയിൽ ദൂഷണനാമങ്ങളുമുള്ള ഒരു മൃഗം സമുദ്രത്തിൽ നിന്നു കയറി വരുന്നതിനെ യോഹന്നാൻ വിശദീകരിച്ചു (വെളി.13:1,2). അതിന്റെ പ്രതിമയെ നമസ്കരിക്കുവാനും (വെളി.13:12,15) അതിന്റെ മുദ്രയേൽക്കുവാനുമാണ് (വെളി.13:16-18) ഭൂമിയിൽ വസിക്കുന്നവർക്കു കലപ്ന ഉണ്ടാകുന്നത്. മഹാപീഡനകാലത്ത് ആകാശമദ്ധ്യേ പ്രത്യക്ഷപ്പെട്ട മൂന്നാമത്തെ ദൂതൻ ഭൂവാസികൾക്കു നൽകിയ മുന്നറിയിപ്പും, അതു ലംഘിക്കുന്നവർക്കുണ്ടാകുന്ന ദണ്ഡനത്തിന്റെ നിവൃത്തിയും കൂടിയാണ് ഇവരുടെമേൽ വന്നു പതിക്കുന്ന ക്രോധപാത്രം. **വെളി.14:9-11 —**“*മൂന്നാമതു വേറൊരു ദൂതൻ അവരുടെ പിന്നാലെ വന്നു അത്യുച്ചത്തിൽ പറഞ്ഞതു: മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏല്ക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും; വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിന്നും മുമ്പാകെ അഗ്നിഗന്ധങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല.”*

**വല്ലാത്ത ദുർവ്രണം ഉണ്ടായി** (and a foul and loathsome sore came upon the men) —

ഒന്നാമത്തെ ദൂതൻ തന്റെ കലശം ഭൂമിയിൽ ഒഴിച്ചപ്പോൾ മൃഗത്തിന്റെ മുദ്രയേറ്റവരിലും മൃഗ

ത്തിന്റെ പ്രതിമയെ നമസ്കരിക്കുന്നവരുമായ  മനുഷ്യർക്കെല്ലാം വല്ലാത്ത ദുർവ്രണം ഉണ്ടായി. ഇപ്രകരമുള്ള ദുർവ്രണത്താലുള്ള (പുണ്ണു) ബാധ യിസ്രായേലിന്റെ മിസ്രയീമിൽ നിന്നുള്ള പുറപ്പാടിനോടനുബന്ധിച്ചു  മിസ്രയീമ്യരിൽ വന്നിട്ടുള്ളതാണ് (പുറ.9:2-11). മിസ്രയീമിലുണ്ടായ ആറാമത്തെ ബാധയിൽ മനുഷ്യരുടെമേലും മൃഗങ്ങളുടെമേലും പുണ്ണായി പൊങ്ങി പരുവായിത്തീർന്നിരുന്നു. എന്നാലിവിടെ മഹോപദ്രവകാലാന്ത്യത്തിൽ കലശത്താലുള്ള ന്യായവിധി മനുഷ്യരുടെമേൽ മാത്രമായി പറഞ്ഞിരിക്കുന്നു. സർവ്വശക്തനായ ദൈവത്തെ ആരാധിക്കുന്നതിനു പകരം ഭീകരമൃഗത്തെയും അതിന്റെ പ്രതിമയെയും ആരാധിക്കുന്നവർ മൃഗതുല്യരായിത്തീർന്നിരിക്കയാണ്. ആയതിനാൽ മനുഷ്യരുടെമേലും മൃഗങ്ങളുടെമേലും എന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലാതെ മൃഗത്തിന്റെ ആരാധകരായ മനുഷ്യരെല്ലാം മൃഗങ്ങളായിത്തീർന്നിരിക്കുന്നു എന്നും ചിന്തിക്കാം. ഒരുപക്ഷേ കുതിര, കഴുത, ഒട്ടകം കന്നുകാലി, ആട് എന്നിങ്ങനെയുള്ള സകലമൃഗങ്ങളെയും ബാധയിൽ നിന്നു ദൈവം ഒഴിവാക്കിയതുമാകാം.

ഒന്നാമത്തെ ബാധയാൽ മനുഷ്യരിൽ വല്ലാത്ത ദുർവ്രണം (and a foul and loathsome sore came upon the men  / it became a loathsome and malignant sore on the people) ഉണ്ടായി. വല്ലാത്ത (loathsome and malignant) എന്നതിന് മൂലഭാഷയായ ഗ്രീക്കിൽ  കാകോസ് പോണെറോസ് എന്ന പദങ്ങളാണുപയോഗിച്ചിരിക്കുന്നത് (loathsome and malignant  > kakos and poneros = painful and incurable).   ഇതിനർത്ഥം വേദനാജനകവും സുഖമാകാത്തതുമെന്നാണ്.  ഗ്രീക്കിൽ ഹെൽകോസ് (helkos = ulcer >  inflamed, oozing, ulcerous sore) എന്ന പദമാണ് വ്രണം അഥവാ പുണ്ണിനു ഉപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം നീരുവെച്ചു വീങ്ങിയതും ചലം അഥവാ പഴുപ്പ് ഒലിക്കുന്നതുമായ വ്രണം എന്നാണ്.

മഹാപീഡനകാലാവസാനത്തിങ്കൽ വന്നു പതിക്കുന്ന ഒന്നാമത്തെ ക്രോധകലശത്താൽ ദൈവത്തിൽ ആശ്രയംവെച്ചവരെ പരിപൂർണ്ണസുരക്ഷിതരായി  ദൈവം കാത്തുകൊള്ളും. എന്നാൽ മൃഗത്തിന്റെ ആരാധകരുടെമേൽ വന്നു പതിക്കുന്ന ബാധ അവരുടെ ശരീരമാസകലം  അറപ്പുളവാക്കുന്ന ദുർവ്രണങ്ങളാൽ മൂടപ്പെടും. ഒന്നാമത്തെ ബാധയായുണ്ടാകുന്ന വ്രണം അഞ്ചാമത്തെ ബാധയുടെ സമയത്തും കാണപ്പെടുന്നതിനാൽ (വെളി.16:11) ഇതു പൊറുത്തുപോകാത്ത വ്രണമായി കരുതാം. ആകയാൽ ഇവരുടെ മേലുണ്ടാകുന്ന വ്രണം അർബുദത്താലുള്ള വ്രണത്തിനു (Cancer sore) സമാനമായിരിക്കും. ഇതിന്റെ പ്രത്യേകതയെന്നത് അസഹ്യമായ വേദനയും, എപ്പോഴും ചലം ഒഴുകിക്കൊണ്ടിരിക്കുന്നതും, വീങ്ങി നീരുവെച്ചതും, ദുർഗന്ധം വമിക്കുന്നതുമായിരിക്കും.  ഈച്ചകൾ പൊതിഞ്ഞു പുഴുക്കൾ നിറഞ്ഞതായ വ്രണഭാഗം ഒരിക്കലും കരിയാത്തവയായിരിക്കും. എന്നുമാത്രമല്ല വ്രണം ബാധിക്കുന്ന ഭാഗം അടർന്നടർന്നു ക്രമേണ ശരീരഭാഗങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കും. ആയതുപോലെ മൃഗത്തിന്റെ ആരാധകർക്കു ഈ ദുർവ്രണത്താൽ രാവും പകലും ഒരു സ്വസ്തതയും ഉണ്ടായിരിക്കയില്ല (വെളി.14:11). മൃഗം ദൈവമാണെന്നു അവകാശപ്പെട്ടു സകലരും തന്നെ ആരാധിക്കണമെന്നു കല്പിച്ചുവെങ്കിലും (വെളി.13:12,14,15) മൃഗത്തിനു അതിന്റെ ആരാധകരെ സഹായിക്കുവാനോ, വ്രണത്താലുള്ള വേദനമാറ്റുവാനോ, വ്രണം സുഖപ്പെടുത്തി ഇല്ലാതാക്കുവാനോ  ശക്തി ഉണ്ടായിരിക്കയുമില്ല.

**വെളി.16:3 — രണ്ടാമൻ തന്റെ കലശം സമുദ്രത്തിൽ ഒഴിച്ചു; അപ്പോൾ അതു മരിച്ചവന്റെ രക്തം പോലെ ആയിത്തീർന്നു; സമുദ്രത്തിലെ ജീവജന്തു ഒക്കെയും ചത്തുപോയി** (Then the second angel poured out his bowl on the sea, and it became blood as of a dead man; and every living creature in the sea died) —

രണ്ടാമത്തെ കലശം > സമുദ്രജലം രക്തമായിത്തീരുന്നു — Plague on the **SEA**  -- Sea water becomes blood) —

**രണ്ടാമൻ തന്റെ കലശം സമുദ്രത്തിൽ ഒഴിച്ചു** (Then the second angel poured out his bowl on the sea) —

ഒന്നാമത്തെ ദൈവക്രോധകലശത്താൽ ഭൂമിയിലെ സകല മനുഷ്യരിലും ദുർവ്രണം ഉണ്ടാകുകയും മനുഷ്യർ അതിവേദനയോടെ നിലവിളിക്കുന്ന സമയത്തു തന്നെ  അടുത്ത കലശത്തിലെ ബാധ വന്നു സമുദ്രത്തിൽ പതിക്കുന്നു. മനുഷ്യനിൽ നിന്നു ബാധ പ്രകൃതിയിലേക്കു നീങ്ങുന്നു. അതിന്റെയും അനന്തരഫലം ഭൂവാസികളായ മനുഷ്യരാണ് അനുഭവിക്കുവാനിടയാകുന്നത്. സമുദ്രത്തിൽ വന്നു പതിക്കുന്ന ബാധമൂലം സമുദ്രജലമെല്ലാം മരിച്ചവന്റെ രക്തംപോലെ ആയിത്തീരുകയും സമുദ്രത്തിലെ ജീവജന്തുക്കൾ ഒന്നടങ്കം ചത്തുപോകുവാനുമിടയാകുന്നു. മിസ്രയീമിലുണ്ടായ ഒന്നാമത്തെ ബാധയെത്തുടർന്നു നദീജലം രക്തമായിത്തീർന്നു നദിയിലെ ജീവജന്തുക്കൾ ചത്തു നാറിയതിനോടും (പുറ.7:20-24), വെളിപ്പാടു പുസ്തകത്തിലെ രണ്ടാം കാഹളധ്വനിയെത്തുടർന്നു സമുദ്രജലം രക്തമായതിനോടും (വെളി.8:8,9) രണ്ടാം കലശത്താലുള്ള ബാധയ്ക്കു സാമ്യമുണ്ട് . മിസ്രയീമ്യബാധയാൽ നദിയിലെ വെള്ളം രക്തമായിത്തീർന്നു നദിയിലെ മത്സ്യം ചാകുകയും നദി നാറുകയും ചെയ്തു. രണ്ടാമത്തെ കാഹളത്തെ തുടർന്നുണ്ടായ ബാധയാൽ സമുദ്രത്തിലെ ജലം മൂന്നിലൊന്നു രക്തമായിത്തീർന്നിട്ട് സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്നു ചത്തുപോകയും കപ്പലുകളിൽ മൂന്നിലൊന്നു നശിക്കുകയും ചെയ്തു.

അതായത് മിസ്രയീമിലെ ബാധ നൈൽ നദിയിൽ മാത്രമായും, കാഹളന്യായവിധിയാൽ സമുദ്രത്തിലെ മൂന്നിലൊന്നിനു മാത്രമായും നാശമുണ്ടായപ്പോൾ രണ്ടാമത്തെ കലശത്താൽ സകല സമുദ്രത്തിലും സർവ്വനാശം സംഭവിക്കുന്നു. വെളിപ്പാടിലെ മിക്കസംഭവങ്ങളും മദ്ധ്യപൂർവ്വദേശത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ സമുദ്രം എന്നത് മെഡിറ്ററേനിയൻ കടൽ മാത്രമായിരിക്കുമെന്നു ചിന്തിക്കുന്നവരുമുണ്ട്.
**അപ്പോൾ അതു മരിച്ചവന്റെ രക്തംപോലെ ആയിത്തീർന്നു; സമുദ്രത്തിലെ ജീവജന്തു ഒക്കെയും ചത്തുപോയി** (and it became blood as of a dead man; and every living creature in the sea died) —

രണ്ടാമത്തെ ദൂതൻ ക്രോധകലശം സമുദ്രത്തിൽ ഒഴിച്ചപ്പോൾ സമുദ്രജലം മുഴുവനും മരിച്ചവന്റെ രക്തംപോലെ ആകുകയും അതിലെ ജീവജന്തുക്കളൊക്കെയും ചത്തുപോയി എന്നും യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. മരിച്ചവന്റെ രക്തത്തിന്റെ പ്രത്യേകതയെന്നത് അതിനു ജീവനുണ്ടായിരിക്കയില്ലെന്നു മാത്രമല്ല കറുത്ത നിറം പ്രാപിച്ച് ദുഷിച്ചു കട്ടിയായിത്തീരും. സമുദ്രജലം മനുഷ്യൻ കുടിക്കുവാൻ ഉപയോഗിക്കുന്നില്ലെങ്കിലും മനുഷ്യന്റെ നിലനിൽപ്പിനെ തന്നെ ഈ മാറ്റങ്ങൾ ബാധിക്കുന്നു. സമുദ്രജലം കട്ടിയായിത്തീരുമ്പോൾ കാലാവസ്ഥക്രമീകരണങ്ങൾക്കു മാറ്റമുണ്ടാകുന്നു, യാത്രക്കും ചരക്കു നീക്കത്തിനും ഉപയോഗിക്കുന്ന കപ്പലുകൾക്കും ബോട്ടുകൾക്കും യാത്രചെയ്യാനും സാധിക്കുകയില്ല. ഇതിനൊക്കെ ഉപരിയായി വെള്ളം രക്തംപോലെ ഉറഞ്ഞു ദുഷിക്കുന്നതിനാൽ സമുദ്രത്തിലെ ജീവജന്തുക്കളൊന്നാകെ ചത്തുപോകുന്നു. ചീഞ്ഞുചത്തുപൊങ്ങി തീരത്തു വന്നടിയുന്ന സകലസമുദ്രജന്തുക്കളുടെയും അവശിഷ്ടങ്ങൾ അസഹനീയമായ ദുർഗന്ധം പുറപ്പെടുവിക്കുന്നതോടൊപ്പം പകർച്ചവ്യാധികളും ഭൂമിയിൽ അരങ്ങേറുവാൻ കാരണമായിത്തീരുന്നു. കൂട്ടക്കുരുതി കഴിഞ്ഞു നിശ്ചലമായി ദുഷിച്ചരക്തംപോലെ ഉറഞ്ഞുനിൽക്കുന്ന സമുദ്രത്തിന്റെ കാഴ്ച മൃഗത്തിന്റെ ആരാധകരെ ഒന്നടങ്കം ഭയപ്പെടുത്തുന്നതായിരിക്കും. നിത്യസുവിശേഷവുമായി ആകാശമദ്ധ്യേ വന്ന ദൂതൻ വിളിച്ചു പറഞ്ഞത് — "*ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ* " (വെളി.14:7) എന്നാണ്. എന്നാൽ ഭൂവാസികൾ അതിനെ ശ്രദ്ധിക്കാതെ ദൈവത്തിന്റെ രക്ഷയെ അഗണ്യമാക്കിക്കളഞ്ഞതിനാൽ ദൈവത്തിന്റെ ക്രോധകലശം ഇവയിലെല്ലാം വന്നു പതിക്കുന്നു.
**വെളി.16:4 — മൂന്നാമത്തെ ദൂതൻ തന്റെ കലശം നദികളിലും നീരുറവകളിലും ഒഴിച്ചു; അവ രക്തമായിത്തീർന്നു** (Then the third angel poured out his bowl on the rivers and springs of water, and they became blood) —

മൂന്നാമത്തെ കലശം > നദീജലം രക്തമായിത്തീരുന്നു — (Plague on the **RIVERS** -- River water becomes blood)

ഒന്നാമത്തെ കലശം ഭൂമിയിലും രണ്ടാമത്തെകലശം സമുദ്രത്തിലും ഒഴിച്ചുവെങ്കിൽ മൂന്നാമത്തേതു ഒഴിച്ചത് നദികളിലും നീരുറവകളിലുമായിരുന്നു. രണ്ടാമത്തെ കലശത്താൽ സമുദ്രജലം മുഴുവനും രക്തമായിത്തീർന്നതുപോലെ മൂന്നാമത്തെ ബാധയാൽ നദികളിലെയും നീരുറവകളിലെയും ജലം രക്തമായിത്തീർന്നു. ഒന്നാം കലശത്താൽ മൃഗത്തിന്റെ ആരാധകരിലെല്ലാം വല്ലാത്ത ദുർവ്രണം ഉണ്ടായി. അതിവേദനയോടെ അവർ നിലവിളിച്ചുകൊണ്ടിരിക്കുമ്പോഴാണ് സമുദ്രത്തിലെ ബാധയാൽ ദുരിതങ്ങൾ ഏറുന്നത്. നദികളിലെയും നീരുറവകളിലെയും വെള്ളം കുടിച്ചു വേദനയും ദുരിതവും അല്പം ശമിപ്പിക്കാമെന്നു വിചാരിക്കുമ്പോഴാണ് മൂന്നാമത്തെ കലശത്തിന്റെ പതനത്താൽ കുടിവെള്ളം മുഴുവൻ രക്തമായിത്തീരുന്നത്.

യിസ്രായേൽ മക്കളുടെ മിസ്രയീമിൽ നിന്നുള്ള പുറപ്പാടിനോടനുബന്ധിച്ചു മിസ്രയീമിൽ അരങ്ങേറിയ ഒന്നാമത്തെ ബാധയോടു (പുറ.7:14-24/സങ്കീ.78:44) മൂന്നാമത്തെ ക്രോധകലശത്തിനു സാമ്യമുണ്ട്. മിസ്രയീമിലെ ബാധയാൽ നദിയിലെ വെള്ളം രക്തമായിത്തീരുവാനും നദിയിലെ മത്സ്യം ചത്തുനാറുവാനും ഇടയായി. എന്നാൽ ക്രോധകലശത്താൽ നദികളിലെയും നീരുറവകളിലെയും വെള്ളം രക്തമായിത്തീർന്നു എന്നു പറഞ്ഞിട്ടുണ്ടെങ്കിലും അതുമൂലമുള്ള അനന്തരസംഭവങ്ങൾ വിശേഷാൽ നദിയിലെ ജീവജന്തുക്കളുടെ നാശം പറഞ്ഞിട്ടില്ല. "*നദിയിലെ വെള്ളം കുടിപ്പാൻ കഴിവില്ലായ്കകൊണ്ടു മിസ്രയീമ്യർ എല്ലാവരും കുടിപ്പാൻ വെള്ളത്തിനായി നദിയരികെ ഒക്കെയും ഓലി കുഴിച്ചു*" (വെളി.7:24) എന്നു പറഞ്ഞിരിക്കുന്നതിനാൽ വെള്ളം രക്തമായിത്തീർന്നത് മിസ്രയീമിലെ നൈൽനദിയിൽ മാത്രമായിരുന്നുവെന്നു ചിന്തിക്കാം.

മഹാപീഡനകാലത്തെ മൂന്നാം കാഹളത്താലുള്ള ബാധയോടും (വെളി.8:10-11) മൂന്നാമത്തെ ക്രോധകലശബാധയ്ക്ക് സാമ്യമുണ്ട്. **വെളി.8:10,11 —**"*മൂന്നാമത്തെ ദൂതൻ ഊതി; അപ്പോൾ ദീപം പോലെ ജ്വലിക്കുന്ന ഒരു മഹാനക്ഷത്രം ആകാശത്തുനിന്നു വീണു; നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവകളിന്മേലും ആയിരുന്നു വീണതു. ആ നക്ഷത്രത്തിന്നു കാഞ്ഞിരം എന്നു പേർ; വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരംപോലെ ആയി; വെള്ളം കയ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി.*" മൂന്നാമത്തെ കാഹളധ്വനിയാലുള്ള ന്യായവിധി നദികളിൽ മൂന്നിലൊന്നിനെയും നീരുറവകളെയും മാത്രമായി ബാധിച്ചു അതിലെ വെള്ളം കയ്പായിത്തീർന്നു അഥവാ വിഷമുള്ളതായിത്തീർന്നതിനാൽ മനുഷ്യർ മരിക്കുവാനിടയാകുന്നു. ഇതിനെതുടർന്നു ദൈവം അയച്ച രണ്ടു സാക്ഷികളുടെ

പ്രവർത്തനത്താൽ ഭൂമിയിൽ മഹാപീഡനകാലമായ 1260 ദിവസം വിവിധ ബാധകളാൽ ഭൂവാസികൾ ദണ്ഡിപ്പിക്കപ്പെടുന്നു. ആകാശത്തു നിന്നു വരുന്ന മഴവെള്ളം കുടിക്കാമെന്നു വിചാരിച്ചാൽപോലും അതിനെയും ദൈവം അടക്കുവാൻ ഏർപ്പാടു ചെയ്യുന്നു. **വെളി.11:6 —** *"അവരുടെ പ്രവചനകാലത്തു മഴപെയ്യാതവണ്ണം ആകാശം അടെച്ചുകളവാൻ അവർക്കു അധികാരം ഉണ്ടു. വെള്ളത്തെ രക്തമാക്കുവാനും ഇച്ഛിക്കുമ്പോഴൊക്കെയും സകലബാധകൊണ്ടും ഭൂമിയെ ദണ്ഡിപ്പിക്കുവാനും അധികാരം ഉണ്ടു."*

മൂന്നാമത്തെക്രോധകലശത്താൽ ഭൂമിയിലെ സകല നദികളിലെയും നീരുറവകളിലെയും ജലം ഒന്നടങ്കം രക്തമായിത്തീരുന്നു. ഭൂമിയിലെ സകല നദികളിലെയും നീരുറവകളിലെയും ജലമെല്ലാം ഒരുപോലെ രക്തമായിത്തീരുന്നതെങ്ങനെ എന്നു സംശയിക്കാം. കാനാവിലെ കല്യാണവീട്ടിൽ കല്പാത്രങ്ങളിലെ ജലം മാധുര്യമേറിയ വീഞ്ഞാകുവാൻ കർത്താവു വിചാരിച്ചാൽ മതിയായിരുന്നു എന്നതോർത്താൽ ഇതിൽ ഒട്ടും സംശയിക്കേണ്ടതില്ല. സമുദ്രത്തിലെ ബാധയാൽ ജലം രക്തമായിത്തീർന്നു കട്ടിപിടിക്കുന്നുവെങ്കിൽ നദികളിലെയും നീരുറവകളിലെയും ജലം ഉറഞ്ഞു കട്ടിയാകുന്നില്ല. വിശ്വാസികളുടെ രക്തത്തിനായി ദാഹിച്ച മൃഗത്തിന്റെ ആരാധകർക്കു ക്രോധകലശബാധയിലൂടെ രക്തം തന്നെ അവർക്കു കുടിക്കുവാൻ ദ്രാവകരൂപത്തിലാക്കിക്കൊടുക്കുന്നത് ഏറ്റവും ശ്രദ്ധേയമാണ്.

**വെളി.16:5 — അപ്പോൾ ജലാധിപതിയായ ദൂതൻ ഇവ്വണ്ണം പറയുന്നതു ഞാൻ കേട്ടു: ഇരിക്കുന്നവനും ഇരുന്നവനുമായി പരിശുദ്ധനായുള്ളോവേ, നീ ഇങ്ങനെ ന്യായം വിധിച്ചതുകൊണ്ടു നീതിമാൻ ആകുന്നു** (And I heard the angel of the waters saying: "Righteous are you, who are and who were, O Holy One, because You judged these things) —

**വെളി.16:6 — വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം അവർ ചിന്നിച്ചതുകൊണ്ടു നീ അവർക്കു രക്തം കുടിപ്പാൻ കൊടുത്തു; അതിന്നു അവർ യോഗ്യർ തന്നേ** (For they have shed the blood of saints and prophets, And You have given them blood to drink. For it is their just due) —

**വെളി.16:7 — അവ്വണ്ണം യാഗപീഠവും: അതേ, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ എന്നു പറയുന്നതു ഞാൻ കേട്ടു** (And I heard another from the altar saying, Even so, Lord God Almighty, true and righteous are Your judgments) —

നാലാമത്തെ കലശം സൂര്യനിൽ ഒഴിക്കുന്നതിനു മുമ്പായി ചെറിയൊരു ഇടവേളയായി 5,6,7 വാക്യങ്ങളിലെ വിശദീകരണം കാണുന്നു. ആദ്യത്തെ മൂന്നു കലശത്താൽ ദൈവത്തിന്റെ ന്യായവിധികൾ ഭൂമിയിൽ അരങ്ങേറുന്നു. ദേഹമാസകലം ദുർവ്രണം ബാധിച്ചു അലറിനിലവിളിച്ചോടുന്ന മൃഗത്തിന്റെ ആരാധകർ. ദേശത്തെ കുടിവെള്ളസ്രോതസ്സുകളായ സകല നദികളും നീരുറവകളും രക്തമായിത്തീർന്നതിനാൽ ശുദ്ധജലം ലഭിക്കുന്നില്ല. വേദനയുടെയും ദാഹത്തിന്റെയും മദ്ധ്യേ മറ്റൊരു പോംവഴിയുമില്ലാതെ രക്തം കുടിച്ചുപോകുന്നു. അഴുകിനാറുന്ന വ്യണങ്ങൾ ഉപ്പുവെള്ളത്തിൽ കഴുകി ആശ്വാസം പ്രാപിക്കാമെന്നു വിചാരിച്ചാൽ സമുദ്രജലമെല്ലാം രക്തമായിത്തീർന്നു ഉറഞ്ഞുപോയിരിക്കുന്നു. തുടർന്നു നാലാമത്തെ കലശം സൂര്യനിൽ പതിക്കുമ്പോൾ മനുഷ്യരെ ജീവനോടെ നെരിപ്പോടിലിട്ടു ചുട്ടുപൊള്ളിക്കുന്ന വിധത്തിലുള്ള ബാധ. അവർക്കു നേരിടുന്ന ഈവിധത്തിലുള്ള അതിഭയങ്കരമായ പീഡകൾ ദൈവത്തിന്റെ ക്രോധത്താലാണെന്നു മനസ്സിലാക്കുന്ന മൃഗത്തിന്റെ ആരാധകർ സ്വാഭാവികമായി ദൈവത്തെ ദുഷിക്കുവാനിടയാകും. ദൈവം കരുണാസമ്പന്നനും ദീർഘക്ഷമയുള്ളവനുമെങ്കിൽ എന്തുകൊണ്ടു അവരെ കരുണയില്ലാതെ ശിക്ഷിക്കുന്നുവെന്നു ആക്ഷേപമുണ്ടാകാം. ആയതിനാൽ തുടർന്നുള്ള ബാധകൾ അവരുടെമേൽ ചൊരിയുന്നതിനുമുമ്പു അവരുടെ ആരോപണത്തിനു വിശദീകരണം രേഖപ്പെടുത്തിയിരിക്കുന്നു. അവർക്കു ലഭിക്കേണ്ട ശിക്ഷകൾ തികച്ചും ന്യായമാണെന്നും അതിനു അവർ തികെച്ചും അർഹരാണെന്നും ഒരു ദൂതനും അതിനുശേഷം യാഗപീഠവും സാക്ഷ്യപ്പെടുത്തുന്നു.

**അപ്പോൾ ജലാധിപതിയായ ദൂതൻ ഇവ്വണ്ണം പറയുന്നതു ഞാൻ കേട്ടു:** (And I heard the angel of the waters saying) **—**

മൂന്നാമത്തെ ദൂതൻ തന്റെ കലശം നദകളിലും നീരുറവകളിൽ ഒഴിച്ചപ്പോൾ ജലമാകെ രക്തമായിത്തീർന്നു. അപ്പോൾ ജലത്തിന്റെ അധിപനായ ദൈവദൂതൻ പറയുന്ന സാക്ഷ്യത്തെ യോഹന്നാൻ വിവരിക്കുന്നു. ദൂതന്മാർ ദൈവത്തിന്റെ സൃഷ്ടികളാണ്. ദൈവത്തെ അനുസരിക്കുക, ദൈവകല്പനകൾ നിറവേറ്റുക എന്നിവയോടൊപ്പം ദൂതന്മാർ ദൈവമക്കളുടെ സേവകരുമാണ്. ദൂതന്മാർക്കു ദൈവം ഏറിയ ഉത്തരവാദിത്വങ്ങൾ നൽകി ഓരോരോ ശുശ്രൂഷകൾ ഭരമേൽപ്പിച്ചിട്ടുണ്ട്. ആകാശം, ഭൂമി, കാറ്റ്, കടൽ, സൂര്യൻ, ചന്ദ്രൻ എന്നിവക്കെല്ലാം അധിപതികളായ ദൈവദൂതന്മാരുണ്ടെന്നു കരുതാം. വെളിപ്പാടു പുസ്തകത്തിൽത്തന്നെ വിവിധ അധികാരികളായ ദൈവദൂതന്മാരെ കാണുന്നുണ്ട്. (1) *കാറ്റുകളുടെമേൽ അധികാരമുള്ള നാലു ദൂതന്മാർ* - വെളി.7:1 — കാറ്റിനെ മനുഷ്യനന്മെക്കായി കാലാവസ്ഥക്രമീകരിച്ചു നിയന്ത്രിക്കുക, ദൈവീകാജ്ഞപ്രകാരം ശത്രുക്കളെ ശിക്ഷിക്കുവാൻ പ്രവർത്തിപ്പിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ അധികാരത്തിൽ ഉൾപ്പെടുന്നു. (2) *തീയുടെമേൽ അധികാരമുള്ള ദൂതൻ* - വെളി.14:18 — തീ കത്തിക്കുവാനും, ചൂടു നൽകുവാനും മാത്രമല്ല അഗ്നിയാൽ ദൈവീകശിക്ഷാവിധി നടത്തുന്നതും ഇവ

രുടെ ചുമതലയാണ്. (3) *ജലത്തിന്മേൽ അധികാരമുള്ള ദൂതൻ* - വെളി.16:5 — ജലം മനുഷ്യരുടെ ഉപയോഗത്തിനായി നൽകുന്നതിനോടൊപ്പം കാലാവസ്ഥാ ക്രമീകരണം നടത്തി മനുഷ്യന്റെ ആവശ്യങ്ങളെ സഹായിക്കുന്നു. മാത്രവുമല്ല ദൈവീകാശിക്ഷാവിധികൾ അടങ്ങിയ ബാധകളായ ജലപ്രളയം, ജലത്തെ രക്തമാക്കി ക്രമീകരിക്കുക എന്നിങ്ങനെയുള്ള അധികാരങ്ങളും ജലത്തിന്റെ അധിപതിയുടെ അധികാരത്തിൽ നിക്ഷിപ്തമായിരിക്കുന്നു. ഇവിടത്തെ ജലാധിപതിക്കു കടൽ, നദി, നീരുറവ എന്നിവയുടെയെല്ലാം ഉത്തരവാദിത്വം ദൈവം നൽകിയിരിക്കുന്നതായി കരുതാം. ഒരു പക്ഷേ സ്വർഗ്ഗത്തിലെ വിവിധ ഡിപ്പാർട്ടുമെന്റിൽ വാട്ടർ അതോറിറ്റിയുടെ ചെയർമാനായിരിക്കാം ജലാധിപതിയായ ദൂതൻ!

മൃഗത്തിന്റെ ആരാധകരായ ദുഷ്ടജനമൊന്നടങ്കം ദൈവക്രോധകലശത്താൽ ദൈവത്തെ ദുഷിക്കുവാൻ സാദ്ധ്യതയുള്ളതിനാൽ ദൈവത്തിന്റെ പ്രവൃത്തിയെ ന്യായീകരിച്ചുകൊണ്ടുള്ള സാക്ഷ്യമാണ് ദൂതൻ പറയുന്നത്. ഭൂമി, സമുദ്രം, നദി, സൂര്യൻ എന്നിവയുടെയെല്ലാം അനുഗ്രഹങ്ങൾ രുചിച്ചു ജീവിച്ചിട്ട് അതിന്റെ സൃഷ്ടാവായ ദൈവത്തെ മൃഗത്തിന്റെ ആരാധകർ ദുഷിക്കുന്നു (വെളി.16:9,11,21). മൂന്നാം കലശത്താൽ കുടിവെള്ളമെല്ലാം രക്തമായിത്തീരുമ്പോൾ മൃഗത്തിന്റെ ആരാധകരിൽ നിന്നുയർന്നേക്കാവുന്ന ദൈവദൂഷണത്തെ മുൻകണ്ടുകൊണ്ടു ദൈവത്തിന്റെ ശിക്ഷാവിധിയെ ന്യായീകരിക്കുന്നതോടൊപ്പം ദൈവത്തെ ദൂതൻ സ്തുതിക്കുന്നു.

**ഇരിക്കുന്നവനും ഇരുന്നവനുമായി പരിശുദ്ധനായുള്ളോവേ** (Holy One, who are and who were) —

അന്തിക്രിസ്തുവിന്മേലും അവന്റെ ആരാധകരുടെമേലും ചൊരിയപ്പെടുന്ന അതിഭയങ്കരമായ ന്യായവിധികൾക്കു അവർതന്നെ കാരണക്കാരാകുന്നു എന്നതിന്റെ ന്യായീകരണമാണ് ദൂതന്റെ സ്തുതിയിലൂടെ വെളിപ്പെടുന്നത്. മഹോപദ്രകാലവിശുദ്ധന്മാർ സ്വർഗ്ഗീയപളുങ്കുകടലിന്നരികെനിന്നു മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടുകൾ പാടുന്നതു (വെളി.15:3,4) ജലാധിപതിയായ ദൂതന്റെ സ്തോത്രത്തിലും പ്രതിധ്വനിക്കുന്നു.

**ഇരിക്കുന്നവനും ഇരുന്നവനും** (Who are and who were)—

ഭൂവാസികൾ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തെ ശപിക്കുകയും ദുഷിക്കുകയും ചെയ്യുമ്പോൾ ദൂതൻ ദൈവത്തെ സംബോധനചെയ്യുന്നത് “ഇരിക്കുന്നവനും ഇരുന്നവനുമായി പരിശുദ്ധനായുള്ളോവേ ” എന്നാണ്. വെളിപ്പാടു പുസ്തകത്തിന്റെ പ്രാരംഭവിവരണത്തിൽ കർത്താവിനെ യോഹന്നാൻ വിശേഷിപ്പിച്ചത് — “ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനും” (The One who is and who was and who is to come)— (വെളി.1:4/1:8/4:8) എന്നാണ്. എന്നാലിവിടെ “വരുന്നവൻ ” (The One who is to come) എന്നുള്ള വിശേഷണം ദൂതൻ പറയാത്ത് (വെളി.11:17/16:) കർത്താവ് ന്യായവിധി നടത്തുവാനും രാജ്യസ്ഥാപനത്തിനുമായി വന്നു കഴിഞ്ഞു എന്നതിനാലാണ്. ഏഴാം കാഹളധ്വനി ഉയർന്നപ്പോൾ ലോകരാജത്വം നമ്മുടെ കർത്താവിനു വന്നു ചേർന്നു എന്നുള്ള പ്രഖ്യാപനവും മുഴങ്ങിക്കേട്ടത് (വെളി.11:15) വരുവാനുള്ളവൻ വന്നു കഴിഞ്ഞു എന്നതിനെ വ്യക്തമാക്കുന്നു. ആയതിനാൽ ദൂതൻ പറയുന്നത് ഇരിക്കുന്നവനും ഇരുന്നവനും എന്നാണ്. ഇരിക്കുന്നവനും ഇരുന്നവനും എന്നാൽ ആരംഭമോ അവസാനമോ ഇല്ലാത്ത നിത്യനായ ദൈവം (God is Eternal) എന്നാണ്. മൃഗത്തിനും ആരാധകർക്കും ആരംഭം ഉണ്ട്. ദൈവം എന്ന വ്യാജേന ആരാധിക്കപ്പെടുന്ന മൃഗം നിത്യൻ അല്ലാതിരിക്കുമ്പോൾ അവന്റെ മേൽ ന്യായവിധികൾ അയക്കുന്ന സർവ്വശക്തനായവൻ നിത്യനായ ദൈവമാണ്. ദൈവം ഇരിക്കുന്നവനും ഇരുന്നവനും ആകയാൽ ദൈവം നിത്യൻ എന്ന നിലയിൽ പാപികളുടെമേലുള്ള ദൈവത്തിന്റെ ന്യായവിധികൾക്കും മാറ്റമില്ല എന്നു ദൂതൻ സാക്ഷ്യപ്പെടുത്തുന്നു.

**പരിശുദ്ധനായുള്ളോവേ** (O Holy One) —

ജലാധിപതിയായ ദൂതൻ ദൈവത്തിന്റെ ശിക്ഷാവിധിയെ ന്യായീകരിച്ചുകൊണ്ടു രണ്ടാമതായി പറയുന്നത് ദൈവം പരിശുദ്ധൻ എന്നാണ്. പരിശുദ്ധി ദൈവത്തിന്റെ സ്വഭാവസവിശേഷതയാണ്. ദൈവം പരിശുദ്ധനായതിനാൽ പാപത്തെ സഹിക്കുവാനോ, ന്യായീകരിക്കുവാനോ, ശിക്ഷിക്കാതിരിക്കുവാനോ കഴികയില്ല. ആയതിനാൽ പാപികളിന്മേൽ ചൊരിയപ്പെടുന്ന അതിഭയങ്കരമായ ദൈവീകശിക്ഷാവിധികൾ ന്യായീകരിക്കപ്പെടുന്നവയാണ്.

**നീ ഇങ്ങനെ ന്യായം വിധിച്ചതുകൊണ്ടു നീതിമാൻ ആകുന്നു** (Because You have judged these things) —

മൂന്നാമതായി ദൂതൻ ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്നത് ദൈവം നീതിമാൻ (God is Righteous) എന്നാണ്. പരിശുദ്ധനായ ദൈവം നീതിമാനുമാകുന്നു. വിശുദ്ധീകരണം പ്രായോഗികമാക്കുന്നതാണ് നീതീകരണം. വിശുദ്ധനായ ദൈവം തന്റെ നീതി പാപികളിലും നീതികെട്ടവരുമായ മനുഷ്യരിലേക്കും പകർന്നു വിശുദ്ധിയോടെ ഇടപെടുമ്പോൾ താൻ നീതിമാൻ എന്നു തെളിയുന്നു. അതുപോലെ പാപികളെയും നീതികെട്ടവരെയും ന്യായം വിധിക്കുന്നതും ദൈവം നീതിമാൻ ആയതിനാലാണ്. മൂന്നാം കലശബാധയാൽ തന്റെ അധീനതയിലുള്ള ജലമെല്ലാം രക്തമാക്കിത്തീർത്തു പാപികളായ ഭൂവാസികളെ ഇങ്ങനെ ന്യായം വിധിക്കുന്നതുകൊണ്ടു ദൈവം നീതിമാൻ ആകുന്നു എന്നു ജലത്തിന്റെ അധിപ

നായ ദൂതൻ സാക്ഷ്യപ്പെടുത്തുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

**വെളി.16:6 — വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം അവർ ചിന്നിച്ചതുകൊണ്ടു നീ അവർക്കു രക്തം കുടിപ്പാൻ കൊടുത്തു; അതിന്നു അവർ യോഗ്യർ തന്നേ** (For they have shed the blood of saints and prophets, And You have given them blood to drink. For it is their just due) —

ന്യായവിധിയോടുള്ള ബന്ധത്തിൽ ജലാധിപതിയായ ദൈവദൂതൻ ദൈവത്തെ വിശേഷിപ്പിച്ചത് (1) ദൈവം ഇരിക്കുന്നവനും ഇരുന്നവനുമാണ് — ദൈവം നിത്യൻ (2) ദൈവം പരിശുദ്ധൻ (3) ദൈവം നീതിമാൻ. ഭൂവാസികളുടെമേലുള്ള അതിഭയങ്കരമായ ന്യായവിധി ദൈവം അയെക്കുവാനുള്ള കാരണ മെന്താണെന്നും അതിനു അവർ കുറ്റക്കാരാണോ എന്നും, തുടർന്നു ജലാധിപതിയായ ദൈവദൂതൻ അറിയിക്കുന്നു — "*വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം അവർ ചിന്നിച്ചതുകൊണ്ടു നീ അവർക്കു രക്തം കുടിപ്പാൻ കൊടുത്തു; അതിന്നു അവർ യോഗ്യർ തന്നേ.*" അന്തിക്രിസ്തുവും അവന്റെ ആരാധകരും വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം ചിന്തിച്ചവരാണ്. വിശുദ്ധന്മാരെന്നത് സകലവിശ്വാസികളെയും, പ്രവാചകന്മാർ എന്നത് ദൈവത്തിൽ നിന്നു അരുളപ്പാടുകൾ മനുഷ്യരോട് അറിയിക്കുന്നവരെയും കുറിക്കുന്നു (വെളി.11:18/18:24). മഹാപീഡനകാലത്ത് മൃഗത്തിന്റെ പ്രതിമയെ ഉണ്ടാക്കുവാനും, അതിനെ ആരാധിക്കുവാനും, മൃഗമുദ്രയേൽക്കുവാനും കല്പനയുണ്ടായി. എന്നാൽ തങ്ങളുടെ പ്രാണനെ സ്നേഹിക്കാതെ ദൈവഭാഗത്തു ഉറച്ചു നിന്നതിനാൽ അതികഠിനമായ പീഡ കളേൽക്കേണ്ടി വന്നു. വിശുദ്ധന്മാരായ പീഡനകാലവിശ്വാസികളെ അവർ ക്രൂരമായി ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്തു. വിശുദ്ധന്മാരും പ്രവാചകന്മാരുമുൾപ്പെടെ അനേകരുടെ രക്തം അവർ ചിന്നിച്ചു. ദൈവം ഭൂമിയിലേക്കയച്ച രണ്ടു പ്രവാചകന്മാരെ അവർ കൊലപ്പെടുത്തി എന്നു മാത്രമല്ല അവരുടെ ശവം മറവുചെയ്യാൻ അനുവദിക്കാതെ മഹാനഗരത്തിന്റെ തെരുവീഥിയിൽ മൂന്നരദിവസം കിടക്കുവാനി ടയാക്കുന്നു (വെളി.11:8-10). രാഷ്ട്രം ഒന്നടങ്കം വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു മദിച്ച കാഴ്ചയും കാണുന്നു (വെളി.17:6).

ആകാശമദ്ധ്യേ പ്രത്യക്ഷപ്പെട്ട മൂന്നാമത്തെ ദൂതൻ മൃഗത്തിന്റെ ആരാധകർക്കു നൽകിയ മുന്നറി യിപ്പു സന്ദേശം അവർ ഗൗരവമായി എടുക്കുന്നില്ല. "*അവർ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പി ല്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും*" എന്നായിരുന്നു മുന്നറിയിപ്പ് (വെളി.14:10). വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം ചിന്തിയവർക്കു അഥവാ രക്തം കുടിച്ചവർക്ക് ദൈവം നീതിയോടെ ന്യായം വിധിക്കുന്നു. ശരീരമാകെ ദുർവ്രണത്താൽ മൂടപ്പെട്ടു അതിവേദനയിൽ കഴിയുന്ന വർക്കു ദാഹിക്കുമ്പോൾ വെള്ളത്തിനു പകരം രക്തമാണ് കുടിക്കാൻ ലഭിക്കുന്നത്. ഒരിക്കൽ അവർ രക്തദാഹികളായി ദൈവമക്കളുടെ രക്തം ചിന്തിച്ചെങ്കിൽ ഇപ്പോൾ ദൈവം അവരെ പകരം ശിക്ഷിക്കു ന്നത് കുടിക്കുവാൻ രക്തം നൽകിയാണ്.

രക്തദാഹികളായി വിശുദ്ധന്മാരെ പീഡിപ്പിക്കുകയും കൊല്ലുകയും രക്തം ചിന്തുകയും ചെയ്ത ഭൂവാസികൾക്കു ദൈവം രക്തം കുടിക്കുവാൻ കൊടുക്കുന്നത് ദൈവത്തിന്റെ നീതിയെ പ്രദർശിപ്പിക്കു ന്നതാണെന്നു പറഞ്ഞ ദൂതൻ വീണ്ടും പറയുന്നത് കുറ്റക്കാരെന്ന നിലയിൽ അവർ ശിക്ഷെക്കു യോഗ്യർ എന്നാണ്. ന്യായപ്രമാണപ്രകാരം അവർക്കു ശിക്ഷ ലഭിക്കുന്നു എന്നതും ശ്രദ്ധേയമാണ്. **ആവ.19:20 —** "*ജീവനു പകരം ജീവൻ, കണ്ണിനു പകരം കണ്ണു, പല്ലിനു പകരം പല്ലു, കൈക്കു പകരം കൈ, കാലിനു പകരം കാൽ.*" ദൈവനിഷേധികൾക്കു അവർ ചെയ്യുന്ന ദുഷ്ടതക്ക് അതേ അച്ചിൽത്തന്നെ ദൈവം പകരം കൊടുക്കും. യെശയ്യാപ്രവാചകൻ പറയുന്നതു നോക്കുക — **യെശ.49:26 —** "*നിന്നെ ഞെരുക്കു ന്നവരെ ഞാൻ അവരുടെ സ്വന്തമാംസം തീറ്റും; വീഞ്ഞുപോലെ സ്വന്തരക്തം കുടിച്ചു അവർക്കു ലഹരി പിടിപ്പിക്കും; യഹോവയായ ഞാൻ നിന്റെ രക്ഷിതാവും യാക്കോബിന്റെ വീരൻ നിന്റെ വീണ്ടെടുപ്പുകാ രനും ആകുന്നു എന്നു സകലജഡവും അറിയും.*" പുതിയനിയമത്തിൽ ഗലാത്യലേഖനത്തിൽ പറയു ന്നത് — "*മനുഷ്യൻ വിതെക്കുന്നതു തന്നേ കൊയ്യും*" (ഗലാ.6:7) എന്നാണ്.

പാപവും അനീതിയും പ്രവർത്തിക്കുകയും, ദൈവത്തോടു അനുസരണക്കേടു കാണിക്കുകയും ചെയ്യുന്നവർക്കു അവർ പ്രവർത്തിച്ച മാതൃകയിൽ തന്നെ ശിക്ഷ മടക്കികൊടുക്കുന്ന ദൃഷ്ടാന്തങ്ങൾ തിരുവചനഭാഗങ്ങളിൽ കാണുന്നുണ്ട്.

(1) ജനിക്കുന്ന ആൺകുട്ടികളെയൊക്കെയും വെള്ളത്തിലിട്ടു കൊന്നുകളയേണമെന്നു ഫറവോൻ കല്പിച്ചു (പുറ.1:22). ഇതിനുള്ള ശിക്ഷ ദൈവം അയച്ചത് സകല ആദ്യജാതന്മാരുടെയും സംഹാരമായി രുന്നു (പുറ.12:29). ഇതിനു പുറമേ ഫറവോന്റെ സകലസൈന്യത്തെയും വെള്ളത്തിൽ മുക്കിക്കൊന്നു (പുറ.14:28).

(2) മോശെ ഒരു കൂശ്യസ്ത്രീയെ വിവാഹം ചെയ്തതുകൊണ്ടു മിര്യാം മോശെക്കു വിരോധ മായി സംസാരിച്ചു (സംഖ്യാ.12:1). അതിനുള്ള ശിക്ഷയായി മിര്യാം ഹിമംപോലെ വെളുത്തു കുഷ്ടരോ ഗിയായിത്തീർന്നു (സംഖ്യാ.12:10). കൂശ്യസ്ത്രീ കറുത്തതാകയാലാണ് മിര്യാമിനു നീരസം ഉണ്ടായതെന്നു പറയപ്പെടുന്നു. അങ്ങനെയെങ്കിൽ മിര്യാമിന്റെ ശരീരം ഹിമംപോലെ ദൈവം വെളുപ്പിച്ചുകൊടുത്തു.

(3) അമാലേക്യരെ പൂർണ്ണമായി നശിപ്പിച്ചുകളയണമെന്ന ദൈവകല്പന ലംഘിച്ച ശൗലിന്റെ മരണം ഒരു അമാലേക്യനാൽ സംഭവിക്കുവാൻ ദൈവം അനുവദിച്ചു (1.ശമൂ.15:3,8/ 2.ശമൂ.1:10).

(4) മൊർദ്ദെഖായിയെയും യഹൂദന്മാരെയും കൊല്ലുവാൻ സൂത്രങ്ങൾ ഒരുക്കി കഴുമരം ഉണ്ടാക്കിയ ഹാമാൻ അതേ കഴുമരത്തിൽ തൂക്കപ്പെട്ടു (എസ്ഥേർ.7:10).

അന്തിക്രിസ്തുവിന്റെ ഭരണകാലത്ത് അതിക്രൂരമായ പീഡകളിലൂടെ കടന്നുപോകുന്ന വിശുദ്ധന്മാർ അവർക്കെതിരായി പ്രവർത്തിക്കുന്നവരോടു എതിർക്കാതെ സകലതും ദൈവത്തിൽ സമർപ്പിക്കുവാനുള്ള ആഹ്വാനം ലഭിച്ചിരുന്നു. സഹിഷ്ണുതയും വിശ്വാസം ഉള്ളവരായിരിക്ക (വെളി.13:10), ജ്ഞാനം ഉള്ളവരായിരിക്ക (വെളി.13:17), ദൈവകല്പന പാലിക്കുക, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുക, കഷ്ടങ്ങളിൽ സഹിഷ്ണുതയുള്ളവരായിരിക്ക (വെളി.14:12) എന്നിവയയായിരുന്നു പ്രബോധനങ്ങൾ. പ്രതികാരം സ്വയം ചെയ്യാതെ ദൈവത്തിൽ ഭരമേൽപ്പിക്കേണ്ടതാകുന്നു എന്നു അപ്പൊസ്തലനായ പൗലൊസ് പറയുന്നു. **റോമ.12:19 —** *"പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടം കൊടുപ്പിൻ; പ്രതികാരം എനിക്കുള്ളതു; ഞാൻ പകരം ചെയ്യും എന്നു കർത്താവു അരുളിച്ചെയ്യുന്നു."* വിശുദ്ധന്മാരായവർ ക്ഷമയോടെ സഹിഷ്ണുതയോടെ സകലവും സഹിച്ചാൽ ദൈവം അവരുടെ പ്രതികാരകരുടെമേൽ ന്യായവിധി അയെക്കും എന്നു മാത്രമല്ല അവർ പ്രവർത്തിച്ച മാതൃകയിൽ തന്നെ അവരെ ശിക്ഷിക്കുകയും ചെയ്യും.

**വെളി.16:7 — അവ്വണ്ണം യാഗപീഠവും: അതേ, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ എന്നു പറയുന്നതു ഞാൻ കേട്ടു** (And I heard another from the altar saying, Even so, Lord God Almighty, true and righteous are Your judgments) —

മഹോപദ്രവകാലത്തെ വിശുദ്ധന്മാരുടെ രക്തംചൊരിയിച്ചവർക്കു ദൈവം കുടിക്കുവാൻ കൊടുക്കുന്നത് രക്തമാണ്. രക്തദാഹികളായ അവർക്കു ലഭിക്കുന്നത് തക്ക ശിക്ഷയാണെന്നും അതിനവർ യോഗ്യരാണെന്നും ഇപ്രകാരമുള്ള ദൈവീകന്യായവിധി ദൈവത്തിന്റെ നീതി വെളിപ്പെടുത്തുന്നുവെന്നും ജലാധിപതിയായ ദൂതൻ സാക്ഷ്യപ്പെടുത്തി. അതിനുശേഷം ശബ്ദം ഉയരുന്നത് യാഗപീഠത്തിൽ നിന്നാണ്. മനുഷ്യന്റെ പാപപരിഹാരസ്ഥാനമായ യാഗപീഠത്തിൽ നിന്നുയരുന്ന ശബ്ദം യോഹന്നാൻ കേട്ടത് ഇപ്രകാരമായിരുന്നു — *"അതേ, സർവ്വശക്തിയുള്ള കർത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ."* പാപപരിഹാരത്തിന്റെ അഭയസ്ഥാനവും കൃപയുടെ ഉറവിടവുമായ യാഗപീഠത്തിങ്കൽനിന്നു ഭൂമിയിൽ നടക്കുന്ന ശിക്ഷയെ സാധൂകരിക്കുന്നത് ഏറെ ചിന്തനീയമാണ്. അത്രത്തോളം ഭൂമിയിലെ ദുഷ്ടതയും പാപവും പെരുകുവാൻ ഇടയായെന്നു സാരം. ജലാധിപതിയായ ദൂതൻ സാക്ഷ്യപ്പെടുത്തിയ കാര്യങ്ങൾ യാഗപീഠവും അംഗീകരിക്കുന്നതിന്റെ പ്രകടനമാണ് യാഗപീഠത്തിൽ നിന്നുയരുന്ന "അതേ" അഥവാ ആമേൻ എന്ന ശബ്ദം.

യാഗപീഠത്തിൽ നിന്നു ഉയരുന്ന സ്തുതിയും മഹോപദ്രകാലവിശുദ്ധന്മാർ സ്വർഗ്ഗീയപളുങ്കുകടലിന്നരികെ നിന്നു ആലപിക്കുന്ന ഇരട്ടസ്തോത്രഗാനത്തോടു ചേരുന്നു (വെളി.15:3). യാഗപീഠത്തിൽ നിന്നു കേൾക്കുന്ന ശബ്ദം ആരുടേതെന്നു ഉറപ്പിച്ചു പറയുവാൻ കഴിയുന്നില്ല. ഇതിനു രണ്ടഭിപ്രായങ്ങളുണ്ട്. (1) *"തീയുടെമേൽ അധികാരമുള്ള വേറൊരു ദൂതൻ യാപീഠത്തിങ്കൽ നിന്നു പുറപ്പെട്ടു"* എന്നു മുന്തിരിക്കുല അറുക്കന്നതോടനുബന്ധിച്ചു കാണുന്നതിനാൽ യാഗപീഠത്തിലെ ദൂതന്റെ ശബ്ദമാണിതെന്നു അഭിപ്രായപ്പെടുന്നു — വെളി.14:18 (2) യാഗപീഠത്തിങ്കീഴു കാണപ്പെട്ട അറുക്കപ്പെട്ടവരുടെ ആത്മാക്കൾ (വെളി.6:9-11) എന്നതാണ് രണ്ടാമത്തെ അഭിപ്രായം.

യാഗപീഠത്തിൽ നിന്നുയരുന്ന ശബ്ദം അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ട അറുക്കപ്പെട്ട ആത്മാക്കളുടേതെന്നു ചിന്തിക്കുന്നതാണ് ഉചിതം. അന്തിക്രിസ്തുവിനെ അംഗീകരിക്കാതെയും, നമസ്കരിക്കാതെയും, മൃഗത്തിന്റെ മുദ്രയേൽക്കാതെയും കഴിഞ്ഞവരെ കരുണകൂടാതെ ക്രൂരമായി പീഡിപ്പിച്ചു കൂട്ടക്കൊല നടത്തിയിരുന്നു. അവരുടെ ആത്മാക്കൾ യാഗപീഠത്തിങ്കീഴിൽ കിടന്നുകൊണ്ടു അവരുടെ പ്രതികാരകരുടെമേലുള്ള ന്യായവിധിക്കായി നിലവിളിച്ചിരുന്നു (വെളി.6:9-11). അവരെ ക്രൂരമായി പീഡിപ്പിച്ചു രക്തം ചിന്നിച്ചവരുടെമേൽ ഇപ്പോൾ ദൈവം തക്കശിക്ഷ അയച്ചിരിക്കുന്നതിനാൽ അവരൊന്നടങ്കം ദൈവത്തെ സ്തുതിക്കുന്നതാണ് യാഗപീഠത്തിൽനിന്നുയരുന്ന ശബ്ദം. കലശബാധയാൽ മൃഗത്തിന്റെ ആരാധകരായ അവരെ പീഡിപ്പിച്ചവർ മരണദാഹത്താൽ രക്തം കുടിച്ചുപോകുന്ന അവസ്ഥ കണ്ടിട്ടു, കർത്താവായ ദൈവം സർവ്വശക്തനാണെന്നും, ദൈവത്തിന്റെ ന്യായവിധികൾ സത്യവും നീതിയും നിറഞ്ഞതാണെന്നും അവർ സാക്ഷ്യപ്പെടുത്തുന്നു.

**വെളി.16:8 — നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു; അപ്പോൾ തീ കൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന്നു അധികാരം ലഭിച്ചു** (Then the fourth angel poured out his bowl on the sun, and power was given to him to scorch men with fire) —

നാലാമത്തെ കലശം — (വെളി.16:8,9) — സൂര്യനിൽ ബാധ — അത്യുഷ്ണം (Fourth Bowl >

Plague on the Sun - Scorching Heat). നാലാമത്തെ കലശത്തിനു നാലാമത്തെ കാഹളന്യായവിധിയോടു സാമ്യമുണ്ട്. നാലാമത്തെ കലശം സൂര്യനിൽ മാത്രം പതിക്കുകയും സൂര്യന്റെ ചൂട് വർദ്ധിക്കുകയും ചെയ്യുന്നുവെങ്കിൽ നാലാമത്തെ കാഹളധ്വനിയാൽ സൂര്യൻ, ചന്ദ്രൻ, നക്ഷത്രം എന്നിവയുടെ മൂന്നിലൊന്നിനെ മാത്രമാണ് ബാധിക്കുന്നത്. **വെളി.8:12 —** *"നാലാമത്തെ ദൂതൻ ഊതി; അപ്പോൾ സൂര്യനിൽ മൂന്നിലൊന്നിന്നും ചന്ദ്രനിൽ മൂന്നിലൊന്നിന്നും നക്ഷത്രങ്ങളിൽ മൂന്നിലൊന്നിന്നും ബാധതട്ടി; അവയിൽ മൂന്നിലൊന്നു ഇരുണ്ടുപോയി രാവും പകലും മൂന്നിലൊന്നു വെളിച്ചമില്ലാതെയായി."*

**നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു** (Then the fourth angel poured out his bowl on the sun) —

ആദ്യത്തെ മൂന്നു കലശങ്ങൾ യഥാക്രമം ഭൂമി, സമുദ്രം, നദി എന്നിവയിൽ ഒഴിച്ചപ്പോൾ നാലാമത്തെ ദൂതൻ തന്റെ കലശം സൗരയൂഥത്തിലെ സൂര്യനിൽ ഒഴിച്ചു. മനുഷ്യരുടെയും സകലജീവജാലങ്ങളുടെയും നിലനില്പിനും വളർച്ചക്കും മാത്രമല്ല ഭൂമിയിലെ കാലാവസ്ഥക്രമീകരണങ്ങൾക്കും സകലർക്കും ചൂടും വെളിച്ചവും നല്കുവാനാണ് ദൈവം സൂര്യനെ സൃഷ്ടിച്ചു സൗരയൂഥത്തിൽ ആക്കിയത്. ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവം നാലാം ദിവസമാണ് സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും സൃഷ്ടിച്ചാക്കിയത്. സൂര്യനെ സൃഷ്ടിച്ചു ആകാശവിതാനത്തിൽ നിറുത്തിയതിനു ദൈവത്തിനു പ്രത്യേക ഉദ്ദേശമുണ്ടായിരുന്നു. **ഉല്പ.1:14-19 —** *"പകലും രാവും തമ്മിൽ വേർപിരിവാൻ ആകാശവിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ; അവ അടയാളങ്ങളായും കാലം, ദിവസം, സംവത്സരം എന്നിവ തിരിച്ചറിയാനായും ഉതകട്ടെ; ഭൂമിയെ പ്രകാശിപ്പാൻ ആകാശവിതാനത്തിൽ അവ വെളിച്ചങ്ങളായിരിക്കട്ടെ എന്നു ദൈവം കല്പിച്ചു; അങ്ങനെ സംഭവിച്ചു. പകൽ വാഴേണ്ടതിന്നു വലിപ്പമേറിയ വെളിച്ചവും രാത്രി വാഴേണ്ടതിന്നു വലിപ്പം കുറഞ്ഞ വെളിച്ചവും ആയി രണ്ടു വലിയ വെളിച്ചങ്ങളെ ദൈവം ഉണ്ടാക്കി; നക്ഷത്രങ്ങളെയും ഉണ്ടാക്കി. ഭൂമിയെ പ്രകാശിപ്പിപ്പാനും പകലും രാത്രിയും വാഴുവാനും വെളിച്ചത്തെയും ഇരുളിനെയും തമ്മിൽ വേർപിരിപ്പാനുമായി ദൈവം അവയെ ആകാശവിതാനത്തിൽ നിർത്തി; നല്ലതു എന്നു ദൈവം കണ്ടു. സന്ധ്യയായി ഉഷസ്സുമായി, നാലാം ദിവസം."* മനുഷ്യനു ചൂടും, തണുപ്പും, വെളിച്ചവും, ഊർജ്ജവും ഉൾപ്പെടെ സകല നന്മകളും നൽകുവാൻ സൃഷ്ടിച്ചു ആകാശവിതാനത്തിൽ നിറുത്തിയ സൂര്യൻ, ദൈവക്രോധകലശപതനത്താൽ മനുഷ്യന്റെ പീഡകനായി മാറുന്നു. ചുരുക്കത്തിൽ നന്മയുടെ ഉറവിടമായ സൂര്യൻ മനുഷ്യന്റെ സംഹാരത്തിന്റെയും തിന്മയുടെയും ഉറവിടമായിത്തീരുന്നു.

**അപ്പോൾ തീ കൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന്നു അധികാരം ലഭിച്ചു** (and power was given to him to scorch men with fire) —

നാലാമത്തെ കാഹളന്യായവിധിയാൽ സൂര്യന്റെ മൂന്നിലൊന്നിനെ ബാധിച്ച് സൂര്യൻ ഇരുണ്ടുപോകുകയും മൂന്നിലൊന്നു വെളിച്ചമില്ലാതെയുമായി. ഫലത്തിൽ ഭൂമിയിൽ ചൂടു കുറയുകയാണെങ്കിലും സൂര്യനിൽ നിന്നു പുറപ്പെടുന്ന സൂര്യകിരണങ്ങൾ അതീവ മാരകമായിരിക്കും. എന്നാൽ നാലാമത്തെ കലശം ദൂതൻ സൂര്യനിൽ ഒഴിച്ചപ്പോൾ ബാധ സൂര്യനെ മുഴുവനായി ബാധിക്കുകയും സൂര്യന്റെ ചൂട് ക്രമാതീതമായി വർദ്ധിക്കുവാനും ഇടയായി. "അപ്പോൾ തീ കൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന്നു അധികാരം ലഭിച്ചു " എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. സൂര്യകിരണങ്ങളുടെ ശക്തി വർദ്ധിച്ച് ചൂടു ഏറ്റവും കഠിനമാകുമ്പോൾ ഭൂമിയിൽ മനുഷ്യർക്കു അതു സഹിക്കുവാൻ കഴിയാത്ത നില വന്നു ചേരുന്നു. മനുഷ്യരെ നെരിപ്പോട്ടിലിട്ടു തീച്ചൂളയിലൂടെ വറുത്തെടുക്കുന്ന പ്രതീതിയായിരിക്കും അപ്പോഴുണ്ടാകുന്നത്. ഇതിനു പുറമേ സൂര്യന്റെ ചൂട് ക്രമാതീതമായി വർദ്ധിച്ചാൽ ഉത്തരദക്ഷിണധ്രുവങ്ങളിലുള്ള മഞ്ഞുമലകൾ ഉരുകി സമുദ്രത്തിൽ പതിക്കുകയും അതു സമുദ്രതീരത്തുള്ള സകല രാജ്യങ്ങളും സമുദ്രത്തിനടിയിലാകുവാനും ഇടയാകും.

"സൂര്യന് അധികാരം ലഭിച്ചു " എന്നത് സുര്യന്റെ മേലുള്ള ദൈവത്തിന്റെ പരമാധികാരത്തെ കുറിക്കുന്നു. ദൈവത്തിന്റെ സൃഷ്ടികളെല്ലാം ദൈവഹിതപ്രകാരവും ദൈവകല്പനപ്രകാരവുമാണ് പ്രവർത്തിക്കേണ്ടത്. ദൈവം ആദിയിൽ സൂര്യനെ സൃഷ്ടിച്ചപ്പോൾ മനുഷ്യന്റെ നന്മക്കായി പ്രവർത്തിക്കുവാനാണ് കല്പിച്ചാക്കിയത്. അതിൽ നിന്നും വിഭിന്നമായി പ്രവർത്തിക്കണമെങ്കിൽ ദൈവം കല്പിക്കണം. ദൈവത്തെ അനുസരിക്കാത്ത മത്സരികളായ മൃഗത്തിന്റെ ആരാധകരായ ഭൂവാസികളെ ശിക്ഷിക്കുവാൻ ദൈവം സൂര്യനു അധികാരം കൊടുക്കുന്നു.

"മനുഷ്യർ " എന്നത് മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്കരിക്കുന്നവരുമാണ് (വെളി.16:2). ദൈവത്തിന്റെ ശിക്ഷാവിധിയെന്ന നിലയിൽ തീയുടെ അനുഭവമായിരിക്കും ദൈവമത്സരികളായവർക്കു ലഭിക്കുക. ദേഹമാസകലം ദുർവ്രണം ബാധിക്കുകയും, ദേശമാസകലം കുടിവെള്ളം രക്തമായിത്തീരുകയും ചെയ്യുന്ന അവസരത്തിൽ സൂര്യന്റെ ഇപ്രകാരമുള്ള തീ കത്തിക്കുന്ന ചൂട് മൃഗത്തിന്റെ ആരാധകരുടെ ജീവിതം നരകയാതനയിൽ എത്തിക്കും. എന്നാൽ മിസ്രയീമിലെ സകല ബാധകളിൽ നിന്നും യിസ്രായേലിനെ സംരക്ഷിച്ച ദൈവം ഭൂമിയിൽ മഹാപീഢനകാലവിശ്വാസികളെയും അത്ഭുതകരമായി സൂര്യനിലെ ബാധയിൽ നിന്നു സംരക്ഷിക്കുകതന്നെ ചെയ്യും. അതുപോലെ രക്തസാ

ക്ഷികളായി സ്വർഗ്ഗത്തിൽ എത്തിയവർക്കു ദൈവം തന്നെ അവർക്കു കൂടാരമായിരിക്കയാൽ വെയിലും ചൂടും തട്ടാതെ നിത്യമായി ആശ്വസിക്കാനിടയാകും. **വെളി.7:15,16 —** *"സിംഹാസനത്തിൽ ഇരിക്കുന്ന വൻ അവർക്കു കൂടാരം ആയിരിക്കും; ഇനി അവർക്കു വിശക്കയില്ല ദാഹിക്കയും ഇല്ല; വെയിലും യാതൊരു ചൂടും അവരുടെമേൽ തട്ടുകയുമില്ല."*

യഥാർത്ഥത്തിൽ മരണശേഷം ധനവാനും ലാസറും നിത്യതയിൽ പങ്കുവെക്കുന്ന അനുഭവമായിരിക്കും മൃഗത്തിന്റെ ആരാധകർക്കും ദൈവമക്കൾക്കും ലഭിക്കുക (ലൂക്കൊ.16:19-31). ധനവാൻ നരകത്തിന്റെ തീജ്വാലയിൽ കിടന്നു ഒരു തുള്ളി വെള്ളത്തിനായി കേണപേക്ഷിക്കുന്ന അവസ്ഥ അന്നത്തെ ഭൂവാസികൾക്കു ഭൂമിയിൽ വെച്ചുതന്നെ അനുഭവിക്കേണ്ടി വരും — **ലൂക്കൊ.16:23-25 —** *"ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടുനോക്കി ദൂരത്തു നിന്നു അബ്രഹാമിനെയും അവന്റെ മടിയിൽ ലാസരിനെയും കണ്ടു: അബ്രഹാംപിതാവേ, എന്നോടു കനിവുണ്ടാകേണമേ; ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന്നു അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു. അബ്രഹാം: മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നു ഓർക്ക; ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു; നീയോ വേദന അനുഭവിക്കുന്നു."*

**വെളി.16:9 — മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി; ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന്നു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല** (And men were scorched with great heat, and they blasphemed the name of God who has power over these plagues; and they did not repent and give Him glory) —

നാലാമത്തെ ദൂതൻ തന്റെ കലശം സൗരയൂഥത്തിൽ അഥവാ ആകാശവിതാനത്തിൽ ഒഴിച്ചപ്പോൾ തീകൊണ്ടു ഭൂവാസികളെ ചുടുവാൻ തക്കവണ്ണം സൂര്യനു അധികാരം ലഭിച്ചു. തുടർന്നു മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി. ബാധകളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളാണെന്നു മൃഗത്തിന്റെ ആരാധകർ തിരിച്ചറിഞ്ഞിട്ടും അവർ മനം തിരിഞ്ഞില്ല. എന്നു മാത്രമല്ല ദൈവത്തിന്റെ നാമത്തെ ദുഷിക്കുകയാണുണ്ടായത്.

**മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി** (And men were scorched with great heat) —

ദൈവക്രോധകലശം സൂര്യനിൽ പതിക്കുന്നതിനാൽ സൂര്യന്റെ ചൂട് വർദ്ധിക്കുകയും മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോകുവാനും ഇടയാകുന്നു. മൂലഭാഷയായ ഗ്രീക്കിൽ വെന്തുപോയി എന്നതിനു കൗമാറ്റിസോ (kaumatizo = burn) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം പൊള്ളലേറ്റു എന്നാണ്. ഇംഗ്ലീഷിൽ സ്കോച്ച്ട് (scorched) എന്നതിനു പൊള്ളുക, വരളുക, വാടിക്കരിയുക എന്നർത്ഥം. മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി എന്നല്ലാതെ അവർ മരിച്ചുപോയി എന്നു പറഞ്ഞിട്ടില്ല. ദൈവക്രോധകലശം അയെക്കുന്നതിന്റെ ലക്ഷ്യം ദുഷ്ടന്മാരുടെ സമ്പൂർണ്ണ നാശമാണെങ്കിലും അവർ മാനസാന്തരപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. ആകയാൽ അത്യുഷ്ണത്താൽ വെന്തുപോയി എന്നത് ശരീരമാസകലം തീപ്പൊള്ളൽ ഏറ്റു കരിഞ്ഞു എന്നു കരുതാം. ദുഷ്ടജനത്തെ തീയാൽ ദണ്ഡിപ്പിച്ചു ശിക്ഷിക്കുന്ന സമാനമായ ന്യായവിധികൾ പ്രവാചകന്മാരായ യെശയ്യാവും മലാഖിയും രേഖപ്പെടുത്തിയിട്ടുണ്ട്. **യെശ.24:4-6 —** *"ഭൂമി ദുഃഖിച്ചു വാടിപ്പോകുന്നു; ഭൂതലം ക്ഷയിച്ചു വാടിപ്പോകുന്നു; ഭൂമിയിലെ ഉന്നതന്മാർ ക്ഷീണിച്ചുപോകുന്നു. ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു; അവർ പ്രമാണങ്ങളെ ലംഘിച്ചു ചട്ടത്തെ മറിച്ചു നിത്യനിയമത്തിന്നു ഭംഗം വരുത്തിയിരിക്കുന്നു. അതുകൊണ്ടു ഭൂമി ശാപഗ്രസ്തമായി അതിൽ പാർക്കുന്നവർ ശിക്ഷ അനുഭവിക്കുന്നു; അതുകൊണ്ടു* ഭൂവാസികൾ ദഹിച്ചുപോയി *ചുരുക്കംപേർ മാത്രം ശേഷിച്ചിരിക്കുന്നു."*
**മലാ.4:1 —** *"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകലദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു."*

**ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന്നു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല** (and they blasphemed the name of God who has power over these plagues; and they did not repent and give Him glory) —

ആദ്യത്തെ നാലു ബാധകളാൽ നേരിട്ട അതിഭയങ്കരങ്ങളായ അനർത്ഥങ്ങൾ നിമിത്തം ഭൂവാസികൾ മാനസാന്തരത്തിന്റെ അനുഭവത്തിൽ എത്തിച്ചേരേണ്ടതാണ്. എന്നാൽ സൃഷ്ടാവും സർവ്വശക്തനുമായ ദൈവത്തിന്റെ സന്നിധിയിൽ വന്നു മാനസാന്തരപ്പെടുവാനോ ദൈവത്തെ സ്തുതിക്കുവാനോ അവർ കൂട്ടാക്കുന്നില്ലെന്നു മാത്രമല്ല ദൈവത്തിന്റെ നാമത്തെ ദുഷിക്കുകയാണുണ്ടായത്. മിസ്രയീമിലെ ഓരോ ബാധകൾ കഴിയുന്തോറും ഫറവോന്റെ ഹൃദയം കഠിനപ്പെട്ടതുപോലെ മഹോപദ്രവകാലത്തെ ഭൂവാസി

കൾ അവരുടെ ഹൃദയങ്ങളെ കഠിനപ്പെടുത്തി. ദൈവത്തിന്റെ ശിക്ഷാവിധികൾ അന്ത്യകാലത്തെ മനുഷ്യ മനസ്സുകളെയും മാനസാന്തരത്തിലേക്കു നയിക്കുന്നില്ല. അവർക്കു നേരിട്ടിരിക്കുന്ന ബാധകളെല്ലാം ദൈവ ത്തിൽ നിന്നു വരുന്നതാണെന്നും, ബാധകളുടെമേൽ സർവ്വശക്തനായ ദൈവത്തിനാണ് അധികാരം എന്നും അവർ മനസ്സിലാക്കി. അവർ ദൈവമെന്നു കരുതി ആരാധിച്ച മൃഗത്തിനോ അതിന്റെ പ്രതി മക്കോ ശക്തിയില്ലെന്നും അവരെ രക്ഷിക്കുവാൻ അവർ ബലഹീനരാണെന്നും മനസ്സിലാക്കി. എന്നിട്ടും സർവ്വശക്തനായ ദൈവത്തിനു മഹത്വം കൊടുത്തു മാനസാന്തരപ്പെടാതെ ദൈവനാമത്തെ ദുഷിക്കുക യാണ്.

ആറാമത്തെ കാഹളധ്വനിയാലുണ്ടായ ന്യായവിധിയിലും ഭൂവാസികൾ മാനസാന്തരപ്പെട്ടില്ല എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തിയിരുന്നതു നോക്കുക. **വെളി.9:20,21—**"*ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളെയും, കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്നു, വെള്ളി, ചെമ്പു, കല്ലു, മരം ഇവകൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല. തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല.*"

യെരൂശലേം ദൈവാലയത്തിൽ നിന്നു കൊണ്ടുവന്ന വിശുദ്ധപാത്രങ്ങളിൽ വീഞ്ഞുകുടിച്ചു അതിനെ അശുദ്ധമാക്കിയ ബേൽശസ്സരിന്റെമേൽ ദൈവീകശിക്ഷാവിധി കൊട്ടാരമതിലിൽ എഴുതപ്പെടുന്നു. എഴുത്തുകണ്ട "*രാജാവിന്റെ മുഖഭാവം മാറി; അവൻ വിചാരങ്ങളാൽ പരവശനായി: അരയുടെ ഏപ്പു അഴിഞ്ഞു കാൽമുട്ടുകൾ ആടിപ്പോയി* " (ദാനീ.5:6). രാജാവിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട ദൈവപുരുഷ നായ ദാനീയേൽ ദൈവത്തിന്റെ ശിക്ഷാവിധിയുടെ കാരണം വ്യക്തമായി അറിയിച്ചിട്ടും ബേൽശസ്സറിൽ മാനസാന്തരത്തിന്റെ അനുഭവമുണ്ടാകുകയോ ദൈവത്തെ മഹത്വീകരിക്കുകയോ ചെയ്യുന്നില്ല. ദാനീയേ ലിന്റെ വാക്കുകൾ നോക്കുക — **ദാനീ.5:22,23 —** "*ബേൽശസ്സരേ, ഇതൊക്കെയും അറിഞ്ഞിട്ടും തിരുമേനിയുടെ ഹൃദയത്തെ താഴ്ത്താതെ സ്വർഗ്ഗസ്ഥനായ കർത്താവിന്റെ നേരേ തന്നെത്താൻ ഉയർത്തി അവന്റെ ആലയത്തിലെ പാത്രങ്ങളെ അവർ തിരുമുമ്പിൽ കൊണ്ടുവന്നു; തിരുമേനിയും മഹത്തുക്കളും തിരുമനസ്സിലെ ഭാര്യമാരും വെപ്പാട്ടികളും അവയിൽ വീഞ്ഞുകുടിച്ചു; കാണ്മാനും കേൾപ്പാനും അറിവാനും വഹിയാത്ത പൊന്നു, വെള്ളി, താമ്രം, ഇരിമ്പു, മരം, കല്ലു എന്നിവകൊണ്ടുള്ള ദേവന്മാരെ സ്തുതിച്ചു; തിരുമനസ്സിലെ ശ്വാസവും എല്ലാ വഴികളും കൈവശമുള്ളവനായ ദൈവത്തെ മഹത്വീകരിച്ചതുമില്ല.*" ഫലമോ "*ആ രാത്രിയിൽ തന്നേ കല്ദയരാജാവായ ബേൽശസ്സർ കൊല്ലപ്പെട്ടു*" (ദാനീ.5:30).

അത്യുഷ്ണത്താൽ മനുഷ്യൻ വെന്തുപോകുന്നുവെങ്കിലും മരിക്കുന്നില്ല. ഇതിനിടയിലും മാന സാന്തരപ്പെടുവാൻ ദൈവം നല്കിയിരിക്കുന്ന അവസരവും അവർ നഷ്ടപ്പെടുത്തുന്നു. മാനസാന്തരപ്പെ ട്ടില്ല, മാനസാന്തരപ്പെട്ടില്ല (വെളി.16:9,11) എന്നു രണ്ടു പ്രാവശ്യം ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയി രിക്കുന്നത് എന്തിനെ വെളിപ്പെടുത്തുന്നു? സമാധാനമില്ലായ്മ, ഭൂകമ്പം, സൗരയൂഥത്തിലെ മാറ്റങ്ങൾ, കൽമഴ, ആകാശത്തിലെ തീ, സമുദ്രത്തിലെ മാറ്റം, നദീജലം വിഷമാകുന്നത്, അഗാധകൂപത്തിലെ വെട്ടു ക്കിളി, തേൾ, യുദ്ധം, തീ, പുക, ഗന്ധകം, അർബുദവ്രണങ്ങൾ, രക്തക്കടൽ, രക്തനദി, രക്തനീരുറവകൾ, തീച്ചൂളപോലുള്ള സൂര്യതാപം എന്നിങ്ങനെയുള്ള ശിക്ഷകൾക്കൊന്നും അവരെ കുറ്റബോധമുള്ളവരാ ക്കിത്തീർക്കുവാൻ സാധിച്ചില്ലെന്ന കാര്യമാണ് വെളിപ്പെടുന്നത്. മഹാപീഡനകാലത്തിൽ അവരുടെ മാന സാന്തരത്തിനായി ഇതുവരെയും 18 (7+7+4)ശിക്ഷാവിധികൾ ദൈവം അവരുടെമേൽ അയച്ചു. എന്നാൽ "*ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന്നു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല*" എന്ന യോഹന്നാന്റെ പ്രസ്താവന അവരുടെ ഹൃദയകാ ഠിന്യത്തെ കുറിക്കുന്നതോടൊപ്പം പാപികളുടെമേൽ ആർദ്രകരുണയുള്ള ദൈവത്തിന്റെ ദീർഘക്ഷമയെയും വെളിപ്പെടുത്തുന്നു.

ദൈവാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തുന്നുവെങ്കിൽ (യോഹ.16:8) സാത്താന്യദുരാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കു റിച്ചും ന്യായവിധിയെക്കുറിച്ചും ബോദ്ധ്യം വരുത്താതെ തങ്ങളെത്തന്നെ ന്യായീകരിക്കുവാനും ദൈവത്തെ ദുഷിക്കുവാനും ഭൂവാസികളെ പ്രോത്സാഹിപ്പിക്കുന്നു. സർവ്വശക്തനായ ദൈവത്തിനു മഹത്വം കൊടു ക്കുവാൻ അവർ കൂട്ടാക്കുന്നില്ല.

**വെളി.16:10 — അഞ്ചാമത്തവൻ തന്റെ കലശം മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചു; അപ്പോൾ അതിന്റെ രാജ്യം ഇരുണ്ടുപോയി** (Then the fifth angel poured out his bowl on the throne of the beast, and his kingdom became full of darkness) —

അഞ്ചാമത്തെ കലശം — വെളി.16:10,11 — കൂരിരുട്ട് — അന്തിക്രിസ്തുവിന്റെ ആസ്ഥാനം ഇരുട്ടി ലായി, കഷ്ടത, വ്രണം (Plague on the **BEAST's SEAT** - Darkness upon the capital of antichrist, pain & sores) —

ദൈവത്തിന്റെ ക്രോധകലശം ലഭിച്ച അഞ്ചാമത്തെ ദൂതൻ തന്റെ കലശം മൃഗത്തിന്റെ സിംഹാസനത്തിന്മേലാണ് ഒഴിച്ചത്. ഇതുമൂലം മൃഗത്തിന്റെ സാമ്രാജ്യം മുഴുവൻ അന്ധകാരത്തിലായി. മിസ്രയീമിലുണ്ടായ ഒൻപതാമത്തെ ബാധയുമായി ഇതിനു സാമ്യമുണ്ട്. **പുറ.10:22,23 —** *"മോശെ തന്റെ കൈ ആകാശത്തേക്കു നീട്ടി, മിസ്രയീംദേശത്തൊക്കെയും മൂന്നു ദിവസത്തേക്കു കൂരിരുളുണ്ടായി. മൂന്നു ദിവസത്തേക്കു ഒരുത്തനെ ഒരുത്തൻ കണ്ടില്ല; ഒരുത്തനും തന്റെ സ്ഥലം വിട്ടു എഴുന്നേറ്റതുമില്ല. എന്നാൽ യിസ്രായേൽമക്കൾക്കു എല്ലാവർക്കും തങ്ങളുടെ വാസസ്ഥലങ്ങളിൽ വെളിച്ചം ഉണ്ടായിരുന്നു."*

അഞ്ചാമത്തെ കാഹളത്താലുള്ള ന്യായവിധിയിൽ സൂര്യനും ആകാശവും ഇരുണ്ടുപോകുവാനിടയായി. **വെളി.9:2 —** *"അവൻ അഗാധകൂപം തുറന്നു; ഉടനെ പെരുഞ്ചൂളയിലെ പുകപോലെ കൂപത്തിൽ നിന്നു പുക പൊങ്ങി; കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി."*

യേശുകർത്താവ് ക്രൂശിൽ മരിച്ച സമയത്ത്, പിതാവായ ദൈവം യെരൂശലേം നഗരമൊന്നടങ്കം അന്ധകാരമാക്കി. **ലൂക്കൊ.23:44—** *"ഏകദേശം ആറാം മണി നേരമായപ്പോൾ സൂര്യൻ ഇരുണ്ടുപോയിട്ടു ഒൻപതാം മണിവരെ ദേശത്തു ഒക്കെയും അന്ധകാരം ഉണ്ടായി."* (മത്താ.27:45/മർക്കൊ.15:33).

**അഞ്ചാമത്തവൻ തന്റെ കലശം മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചു** (Then the fifth angel poured out his bowl on the throne of the beast) —

ആദ്യത്തെ നാലു ക്രോധകലശങ്ങളാലുള്ള ബാധകൾ ഭൂമി, സമുദ്രം, നദികൾ, നീരുറവകൾ എന്നിവയെ ബാധിച്ചുവെങ്കിൽ അഞ്ചാമത്തേത് മഹാപീഢനകാലത്തെ സകലപാപത്തിന്റെയും, തിന്മയുടെയും, ദൈവനിഷേധത്തിന്റെയും മൂർത്തീഭാവവും ഉറവിടവുമായ മൃഗത്തെ ലക്ഷ്യമിടുന്നു. തുടർന്നുള്ള ആറും ഏഴും കലശങ്ങളും ഈ ലോകത്തിന്റെ അന്ധകാരശക്തികളെ താളടിയാക്കുകയാണ് ദൈവത്തിന്റെ ലക്ഷ്യം. അഞ്ചാമത്തവൻ തന്റെ ക്രോധകലശം മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചു.

"മൃഗം" എന്നത് അന്തിക്രിസ്തുവിനെ കുറിക്കുന്നു. വെളിപ്പാടു 13-ാം അദ്ധ്യായത്തിൽ സമുദ്രത്തിൽ നിന്നു കയറിവന്ന മൃഗത്തിനു മഹാസർപ്പത്തിൽ നിന്നു അധികാരം ലഭിക്കുന്നു (വെളി.13:2). സകലരും മൃഗത്തെയും മഹാസർപ്പത്തെയും നമസ്കരിക്കുന്നു. **വെളി.13:4 —** *"മൃഗത്തിന്നു അധികാരം കൊടുത്തതുകൊണ്ടു അവർ മഹാസർപ്പത്തെ നമസ്കരിച്ചു; മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുതുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു."*

"സിംഹാസനം " ഏതാണെന്നതിനെക്കുറിച്ചു വിവിധ അഭിപ്രായങ്ങളുണ്ട്. അവ (1) അന്തിക്രിസ്തുവിന്റെ സിംഹാസനം ഇരിക്കുന്ന സ്ഥലം, (2) മൃഗത്തിന്റെ പ്രതിമ സ്ഥാപിച്ചിരിക്കുന്ന സ്ഥലം —2. തെസ്സ.2:4, (3) ബാബിലോൺ, (4) യെരൂശലേം, (5) റോം, (6) അന്തിക്രിസ്തുവിന്റെ അധീനതയിലുള്ള രാജ്യങ്ങൾ എന്നിവയാണ്. എന്നാൽ അഞ്ചാമത്തെ ദൂതൻ തന്റെ കലശം മൃഗത്തിന്റെ സിംഹാസനത്തിൽ ഒഴിച്ചപ്പോൾ മൃഗത്തിന്റെ രാജ്യം ഇരുണ്ടുപോയി എന്നു പറഞ്ഞിരിക്കുന്നതിനാൽ മൃഗം അഥവാ അന്തിക്രിസ്തുവിന്റെ ഭരണത്തിൻകീഴിലുള്ള സാമ്രാജ്യങ്ങളെല്ലാം എന്നു കരുതുന്നതാണ് ഉത്തമം.

**അപ്പോൾ അതിന്റെ രാജ്യം ഇരുണ്ടുപോയി** (And his kingdom became full of darkness) —

അഞ്ചാമത്തെ കലശത്താലുള്ള അന്ധകാരം ലോകവ്യാപകമായ ഒന്നല്ല, മറിച്ചു മൃഗത്തിന്റെ ആസ്ഥാനത്തെ മാത്രം ബാധിക്കുന്നതായിരിക്കും. ദൈവക്രോധത്തിന്റെ കലശത്തിൽ നിന്നു അന്ധകാരത്തിന്റെ ന്യായവിധി മൃഗത്തിന്റെ സിംഹാസനത്തിൽ പതിക്കുമ്പോൾ അവന്റെ അധീനതയിലുള്ള സാമ്രാജ്യമെല്ലാം അന്ധകാരത്തിലമരുന്നു. മിസ്രയീമിലെ അന്ധകാരം മൂന്നു ദിവസമായിരുന്നുവെങ്കിൽ മൃഗത്തിന്റെ രാജ്യത്തിന്മേലുണ്ടായ കൂരിരുട്ട് എത്രകാലത്തേക്കെന്നു പറഞ്ഞിട്ടില്ല. മിസ്രയീമിലെ അന്ധകാരത്താൽ *"മൂന്നു ദിവസത്തേക്കു ഒരുത്തനെ ഒരുത്തൻ കണ്ടില്ല; ഒരുത്തനും തന്റെ സ്ഥലം വിട്ടു എഴുന്നേറ്റതുമില്ല"* (പുറ.12:23) എന്നാണ് വിവരിച്ചിരിക്കുന്നത്. അപ്പോൾ ക്രോധകലശത്താലുള്ള സമയപരിധിയില്ലാത്ത കൂരിരുട്ട് മൃഗത്തെയും, അവന്റെ ആരാധകരെയും, രാജ്യത്തെയും എത്രമാത്രം കഷ്ടത്തിലാക്കി എന്നു വർണ്ണിക്കുവാൻ അസാദ്ധ്യം. ഒരിറ്റു വെളിച്ചമില്ലാതെ ദേശമാസകലം കൂരിരുട്ടിൽ മൂടപ്പെടുമ്പോൾ തമ്മിൽ തമ്മിൽ കാണുവാനോ എന്തെങ്കിലും കഴിക്കുവാനോ നിവർത്തിയില്ലാതെ പട്ടിണിയും ദുരിതവും കഷ്ടപ്പാടുകളും ഏറും. ചുരുക്കത്തിൽ മൃഗത്തിന്റെ രാജ്യമാസകലം നരകത്തിലെ പ്രതീതിയാണ് സംജാതമാകുന്നത്.

മൃഗത്തിന്റെ സാമ്രാജ്യമെല്ലാം അന്ധകാരത്തിലമരുമ്പോൾ വൈദ്യുതിയുടെ വെളിച്ചത്താൽ അതിനെ നേരിടാമെന്നു വിചാരിച്ചാലും ഫലപ്രദമാകുകയില്ല. സമുദ്രവും നദികളുമൊക്കെ രക്തമായി ജലസംഭരണികളൊക്കെ ഉറഞ്ഞു ദുഷിക്കുകയും, ഭൂമി മുഴുവനും താറുമാറായി കിടക്കുകയും ചെയ്തിരിക്കുന്ന വേളയിൽ എങ്ങനെയാണ് വൈദ്യുതി ഉല്പാദിക്കാവുന്നത്? അറ്റോമിക്ക്, തെർമൽ നിലയങ്ങളിലും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ പറ്റിയ അനുകൂലസാഹചര്യങ്ങൾ ഉണ്ടായിരിക്കയില്ല.

ഇക്കാലയളവിലുള്ള അന്ധകാരന്യായവിധിയെക്കുറിച്ചു പ്രവാചകന്മാർ മുന്നമേ ലോകത്തെ അറി

യിച്ചിട്ടുണ്ട്.

**യോവേ.2:2 —** *"ഇരുട്ടും അന്ധകാരമുള്ളോരു ദിവസം; മേഘവും കൂരിരുട്ടുമുള്ളോരു ദിവസം തന്നേ."*

**നഹൂം.1:6,8 —** *അവന്റെ ക്രോധത്തിൻമുമ്പിൽ ആർ നില്ക്കും? അവന്റെ ഉഗ്രകോപത്തിങ്കൽ ആർ നിവർന്നു നിൽക്കും? അവന്റെ ക്രോധം തീ പോലെ ചൊരിയുന്നു ..... തന്റെ ശത്രുക്കളെ അവൻ അന്ധകാരത്തിൽ പിന്തുടരുന്നു."*

**സെഫ.1:15 —** *"ആ ദിവസം ക്രോധദിവസം, കഷ്ടവും സങ്കടവും ഉള്ള ദിവസം, ശൂന്യതയും നാശവും ഉള്ള ദിവസം, ഇരുട്ടും അന്ധകാരവും ഉള്ള ദിവസം, മേഘവും മൂടലും ഉള്ള ദിവസം."*

**വെളി.16:11 — അവർ കഷ്ടത നിമിത്തം നാവു കടിച്ചുംകൊണ്ടു കഷ്ടങ്ങളും വ്രണങ്ങളും ഹേതുവാൽ സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ തങ്ങളുടെ പ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെട്ടില്ല** (And they gnawed their tongues because of pain. They blasphemed the God of heaven because of their pains and their sores, and did not repent of their deeds) —

ശരീരമാസകലം അതിവേദനയുള്ള വ്രണങ്ങൾ, ചുറ്റുപാടും രക്തസമുദ്രം, കുടിവെള്ളത്തിന്റെ അഭാവം, വെന്തുപോകുന്ന അതികഠിനമായ ചൂട്, തമ്മിൽ തമ്മിൽ കാണുവാനോ എന്തെങ്കിലും ചെയ്യുവാനോ ആകാത്തവിധത്തിലെ കുറ്റാകൂരിരുട്ട് എന്നിവയെല്ലാം ഭൂവാസികളുടെ ജീവിതം ഏറ്റവും ദുസ്സഹമാക്കിയിരിക്കുന്നു. എന്നിട്ടും അവിശ്വാസികളായ ദുഷ്ടജനം ദൈവത്തിങ്കലേക്കു നോക്കുവാനോ, സ്വന്ത തെറ്റുകൾ മനസ്സിലാക്കുവാനോ, മാനസാന്തരപ്പെടുവാനോ കൂട്ടാക്കുന്നില്ല. അപ്പോഴുള്ള അവരുടെ പ്രവൃത്തിയെക്കുറിച്ചു യോഹന്നാൻ പറയുന്നത് — *"അവർ കഷ്ടത നിമിത്തം നാവു കടിച്ചുംകൊണ്ടു കഷ്ടങ്ങളും വ്രണങ്ങളും ഹേതുവാൽ സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ തങ്ങളുടെ പ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെട്ടില്ല"* എന്നാണ്.

**അവർ കഷ്ടത നിമിത്തം നാവു കടിച്ചുംകൊണ്ടു** – (And they gnawed their tongues because of pain) —

അതിവേദനകൊണ്ടു പുളയുമ്പോഴാണ് സാധാരണയായി മനുഷ്യർ നാവു കടിച്ചു സ്വയം ആശ്വസിക്കുന്നത്. സഹിക്കുവാൻ കഴിയാത്ത വേദനയെ വെളിപ്പെടുത്തുന്ന പ്രവൃത്തിയാണ് നാവു കടിക്കുന്നത്. ഇവിടെ ഭൂവാസികളിൽ ചൊരിയപ്പെട്ട ക്രോധകലശത്താൽ വന്നു സംഭവിച്ച കഷ്ടത നിമിത്തം അവർ നാവു കടിക്കുന്നു. എന്നാൽ വേദനയുടെ മദ്ധ്യേയും അതേ നാവുകൊണ്ടു സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിക്കുകയും ചെയ്യുന്നു. സൂര്യന്റെ ചൂട് വർദ്ധിച്ച് അത്യുഷ്ണത്താൽ ശരീരമാസകലം പൊള്ളിയടർന്നപ്പോൾ അവർ ദൈവത്തിന്റെ നാമത്തെ ദുഷിക്കുകയുണ്ടായി (വെളി.16:9). ഇവിടെ അഞ്ചുബാധകളും ഒന്നോടൊന്നുചേർന്നു ഭൂവാസികളെ കഷ്ടതയിലും ദുരിതത്തിലും മരണവേദനയിലും ആഴ്ത്തിയപ്പോൾ അവർ നാവു കടിച്ചുംകൊണ്ടു സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിക്കുന്നു.

**കഷ്ടങ്ങളും വ്രണങ്ങളും ഹേതുവാൽ** (because of their pains and their sores)—

കഷ്ടങ്ങളും വ്രണങ്ങളും കാരണത്താലാണവർ ദൈവത്തെ ദുഷിക്കുന്നത്. ഒന്നാമത്തെ ബാധയിലൂടെയാണ് അവരിൽ വല്ലാത്ത ദുർവ്രണം ഉണ്ടായത്. ഒന്നാമത്തെ ബാധയാലുണ്ടായ കഷ്ടങ്ങളും വ്രണങ്ങളും ഇതുവരെയും പൊറുത്തുപോയില്ല എന്നു ഇതിലൂടെ മനസ്സിലാക്കാം. ദൈവത്തെയും ദൈവനാമത്തെയും ഭൂവാസികൾ അവരുടെ കഷ്ടതയുടെമദ്ധ്യേ ദുഷിക്കുവാനുള്ള സാദ്ധ്യത മുൻകൂട്ടി ദർശിച്ചുകൊണ്ടാണ് ഒരു ദൂതനും അതിനുശേഷം യാഗപീഠവും ദൈവത്തിന്റെ ന്യായവിധികളെ ന്യായീകരിച്ചു ദൈവത്തെ മഹത്വപ്പെടുത്തിയത് (വെളി.16:5-7).

**സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ തങ്ങളുടെ പ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെട്ടില്ല** (They blasphemed the God of heaven because of their pains and their sores, and did not repent of their deeds)—

അവർക്കുണ്ടാകുന്ന കഷ്ടങ്ങളും, വേദനകളും, ദുരിതങ്ങളും ദൈവത്തിൽ നിന്നു വരുന്നതാണെന്നു സ്പഷ്ടമായി അറിഞ്ഞിട്ടും തങ്ങളുടെ പാപപ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെട്ടു ദൈവസന്നിധിയിൽ ശരണപ്പെടുന്നില്ല. കഷ്ടങ്ങളും വ്രണങ്ങളും ഹേതുവാൽ സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിക്കുകയാണ്. അവരുടെ ദേശം മുഴുവനും അന്ധകാരത്തിലമർന്നിട്ടും തങ്ങളുടെ പാപപ്രവൃത്തികളെ വിട്ടുകളഞ്ഞില്ല എന്നത് ഏറ്റവും ശോചനീയമയിരിക്കുന്നു. തിരുവചനത്തിൽ കൂരിരുട്ടിലൂടെ അനേകർ കടന്നുപോയിട്ടുണ്ട്. ഇപ്രകാരമുള്ള അന്ധകാരസമയങ്ങൾ ചിലരുടെ മാനസാന്തരത്തിനും, ഉയർത്തപ്പെടലിനും ഇടയാക്കി വെളിച്ചത്തിലേക്കു കടന്നുവെങ്കിൽ ചിലരുടെ ജീവിതത്തിലെ അന്ധകാരം അവരുടെ എന്നേക്കുമുള്ള നാശത്തിനും വഴി തെളിയിച്ചിട്ടുണ്ട്.

> മിസ്രയീമിലുണ്ടായ ബാധയാൽ ദേശം അന്ധകാരമായപ്പോഴും ഫറവോൻ മാനസാന്തരപ്പെട്ടില്ല (പുറ.10:21-29). ഫറവോന്റെ ജീവിതം എന്നന്നേക്കും അന്ധകാരമയമായി.

> ദൈവത്തെ അനുസരിക്കാതെ തർശീശിലേക്കു പോയതിനാൽ യോനാ മത്സ്യത്തിന്റെ വയറ്റിൽ മൂന്നു ദിവസം അന്ധകാരത്തിലമർന്നു. എന്നാൽ അന്ധകാരമദ്ധ്യേയുള്ള തന്റെ മാനസാന്തരത്തിന്റെ അയ്യംവിളി യോനായെ വീണ്ടും വെളിച്ചത്തിൽ നടക്കുവാൻ ഇടയാക്കി.

> യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ താൻ മൂന്നു ദിവസത്തെ അന്ധകാരത്തിൽ ഇറങ്ങിയെങ്കിലും എന്നേക്കുമുള്ള കൂരിരുളിനെ ജയിച്ചുകൊണ്ടു ഉയിർത്തെഴുന്നേൽക്കപ്പെട്ടു.

> കർത്താവിന്റെയും വിശ്വാസികളുടെയും നേരെ തിരിഞ്ഞ ശൗലിന്റെ മേൽ ദൈവം അയച്ച മൂന്നു ദിവസത്തെ അന്ധകാരം അവനെ ദൈവത്തിനു കൊള്ളാവുന്ന മാനപാത്രമായ പൗലൊസാക്കി വെളിച്ചത്തിൽ ജീവിക്കുവാനിടയായി. (അപ്പൊ.9:9).

> അഞ്ചാം കലശത്താൽ മൃഗത്തിന്റെ രാജ്യമെമ്പാടും സമയപരിധിയില്ലാതെ അന്ധകാരത്തിൽ മൂടപ്പെട്ടപ്പോൾ ഭൂവാസികളും മൃഗവും ദൈവത്തെ ദുഷിച്ചതല്ലാതെ മാനസാന്തരപ്പെട്ടില്ല.

മഹാപീഡനകാലത്തെ ഭൂവാസികൾ അവരുടെ ദൈവമായ മൃഗത്തിന്റെ മുഖമുദ്രയായ ദൈവദൂഷണമാണ് (വെളി.13:1,5,6) ഏറിയ കഷ്ടങ്ങളിലും പിൻതുടരുന്നത്. അവരിൽ വസിക്കുന്ന മൃഗത്തിന്റെ ആത്മാവ് അവരെ സ്വയനീതീകരണത്തിനും ദൈവദൂഷണത്തിനുമായി പ്രോത്സാഹിപ്പിച്ച് മാനസാന്തരത്തിൽ നിന്നകറ്റുന്നു. ആദ്യത്തെ അഞ്ചുബാധകളും യഥാർത്ഥത്തിൽ അവർ ദൈവത്തിങ്കേക്കു തിരിഞ്ഞു മാനസാന്തരപ്പെടുവാനുള്ള ദൈവത്തിന്റെ അന്തിമവിളികളായി കരുതാം. ദൈവത്തിന്റെ കരുണയെയും ദീർഘക്ഷമയെയും ശ്രദ്ധിക്കാതെ അപ്പാടെ തള്ളിക്കളയുന്നവർ തുടർന്നു അന്ത്യശിക്ഷാവിധിയിലേക്കു നടത്തപ്പെടും. 21 ന്യായവിധികളിൽ 19 എണ്ണം കഴിഞ്ഞിരിക്കുന്നു. അവസാനത്തെ രണ്ടു ന്യായവിധികൾ ചൊരിയുന്നതോടുകൂടി ദുഷ്ടന്മാരുടെ സമ്പൂർണ്ണനാശം സംഭവിക്കും.

**വെളി.16:12 — ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കുനിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുങ്ങേണ്ടതിന്നു അതിലെ വെള്ളം വറ്റിപ്പോയി** ( Then the sixth angel poured out his bowl on the great river Euphrates, and its water was dried up, so that the way of the kings from the east might be prepared) —

> ആറാമത്തെ കലശം യൂഫ്രാത്തേസ് മഹാനദിയിൽ ഒഴിക്കുന്നു — വെളി.16:12 — യൂഫ്രാത്തേസ് മഹാനദി വറ്റിപ്പോയി—(Plague on the **EUPHRATES** -- Euphrates dried up)—

> ഇടവേള ഭൂതലത്തിലെ രാജാക്കന്മാർ ഹർമ്മഗെദ്ദോനിൽ ഒത്തുചേരുന്നു — വെളി.16:13-16 — (Interlude : The kings of the earth are gathered together to the place called in Hebrew : Armageddon)

**ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു** (Then the sixth angel poured out his bowl on the great river Euphrates) —

ആദ്യത്തെ അഞ്ചു കലശങ്ങളിലൂടെ കഷ്ടങ്ങളും ദുരിതങ്ങളും നിമിഷനേരത്തിനുള്ളിൽ മൃഗത്തിന്റെ ആരാധകരുടെമേൽ പതിച്ചുവെങ്കിൽ ആറാമത്തെ കലശത്തിലൂടെ ഉടനടി ബാധകളൊന്നും ഉണ്ടാകുന്നില്ല. എന്നാൽ അവരുടെ നാശത്തിലേക്കു നയിക്കുന്നതും വരുവാൻ പോകുന്നതുമായ ഒരു വൻയുദ്ധത്തിന്റെ സന്നാഹമാണ് ആറാമത്തെ കലശത്താൽ ഉടലെടുക്കുന്നത്. യൂഫ്രാത്തേസ് എന്ന മഹാനദിയിലാണ് (the great river Euphrates) ആറാമത്തെ കലശം ഒഴിക്കുന്നത്. ആറാമത്തെ കാഹളമൂതിയപ്പോൾ ഉണ്ടായ സംഭവങ്ങളും യൂഫ്രാത്തേസ് മഹാനദീതീരത്തോടു ബന്ധപ്പെട്ടിരിക്കുന്നു (വെളി.9:13-19). കാഹളധ്വനിയെ തുടർന്നു നദീതീരത്തു ബന്ധിതരായ നാലു ദുഷ്ടദൂതന്മാരെ അഴിച്ചുവിടുകയും അപ്പോൾ 20 കോടി ദുഷ്ടാത്മകൊലയാളിപ്പടകൾ ആക്രമണത്തിനായി അണിനിരക്കുകയും ചെയ്യുന്നു.

തിരുവചനത്തിൽ ഏറെ പ്രാധാന്യമുള്ള നദിയാണ് യൂഫ്രാത്തേസ്. ആദ്യപുസ്തകമായ ഉല്പത്തിയിലും അവസാനപുസ്തകമായ വെളിപ്പാടിലും പരാമർശിച്ചിട്ടുണ്ട് (ഉല്പ.2:14/വെളി.9:14/16:12). യോർദ്ദാൻ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെടുന്ന നദിയാണ് യൂഫ്രാത്തേസ്. യൂഫ്രാത്തേസിനെ മഹാനദി (ഉല്പ.15:18/ആവ.1:7/യോശു.1:4/വെളി.9:14/വെളി.16:12) എന്നു തിരുവചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു. ഈ വിശേഷണം അതിന്റെ നീളത്തെയോ വലിപ്പത്തെയോ കണക്കാക്കിയല്ല, മറിച്ച് അവിടെ നടന്നിട്ടുള്ള പല പ്രധാന സംഭവങ്ങളോടും, ഭാവിയിൽ നടക്കുവാനുള്ള സംഭവങ്ങളുടെ പ്രാധാന്യതയെയും അടിസ്ഥാനപ്പെടുത്തിയാണ്. ദൈവം അബ്രഹാമിനോടു വാഗ്ദത്തം ചെയ്തതും യിസ്രായേലിനു അവകാശമായി കൊടുത്തതതുമായ ദേശത്തിന്റെ കിഴക്കേ അതിർത്തിയാണ് യൂഫ്രാത്തേസ് നദീതീരം (ഉല്പ.15:18/ആവ.1:7/യോശു.1:4).

ഏകദേശം 1750 മൈൽ (2850 കി.മീ) നീളവും 600 മുതൽ 1200 അടിവരെ വീതിയും 10 അടി മുതൽ 30 അടിവരെ ആഴവുമുള്ള യൂഫ്രാത്തേസ് നദി കിഴക്കൻ രാജ്യങ്ങളെയും പടിഞ്ഞാറൻ രാജ്യങ്ങളെയും തമ്മിൽ വേർതിരിക്കുന്ന പ്രകൃതിസിദ്ധമായ അതിരായി നിലകൊള്ളുന്നു. യൂഫ്രാത്തേസ് നദിയുടെ ഒരു വശത്തു യിസ്രായേലും സൗദി അറേബ്യയും മറ്റേ വശത്തു ഇറാക്കും സ്ഥിതി ചെയ്യുന്നു. കൂടാതെ ഇറാക്കിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ബാബിലോണിന്റെ ഇരുവശങ്ങളിലൂടെ സമാന്തരമായി ഒഴുകുന്ന രണ്ടു നദികളാണ് യൂഫ്രാത്തേസും ടൈഗ്രീസും. അർമീനിയൻ പർവ്വതനിരകളിൽ (Mount Ararat) നിന്നാണ് യൂഫ്രാത്തേസ് നദിയുടെ ആരംഭം. യിസ്രായേൽ, തുർക്കി, സിറിയ, ഇറാക്ക്, ബാബിലോൺ എന്നീ രാജ്യാതിർത്തികളിലൂടെ 1750 മൈൽ (2850 കി.മീ) ദൂരത്തിൽ ഒഴുകി പേർഷ്യൻ ഉൾക്കടലിൽ പതിക്കുന്നതിനു മുമ്പായി 65 കി.മീ. വടക്കുവെച്ചു ടൈഗ്രീസ് നദിയുമായി ഒത്തുചേരുന്നു. യൂഫ്രാത്തേസ്, ടൈഗ്രീസ് നദികളുടെ ഇടയ്ക്കുള്ള സമതലപ്രദേശമാണ് മെസൊപ്പൊട്ടാമിയ. മെസൊപ്പൊട്ടാ

മിയ എന്ന വാക്കിനർത്ഥം 'നദികൾക്കിടയിലുള്ള നാട് ' (the land between the rivers > Euphrates and Tigris -- Mesopotamia) എന്നാണ്. ഏറ്റവും ആഴമുള്ള യൂഫ്രാത്തേസ് നദിയിൽ വേനൽക്കാലത്തുപോലും വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. അർമ്മീനിയൻ പർവ്വതനിരകളിലെ (Mount Ararat) മഞ്ഞുരുകുന്നതുമൂലമാണിതു സംഭവിക്കുന്നത്. യൂഫ്രാത്തേസ് എന്നതിന്റെ എബ്രായനാമം പെരാത്ത് (Perath) എന്നാണ്. ഏദെൻതോട്ടത്തിൽ നിന്നു പുറപ്പെടുന്ന നാലു നദികളിൽ ഒന്നാണ് മലയാളത്തിൽ ഫ്രാത്ത് എന്നറിയപ്പെടുന്ന യൂഫ്രാത്തേസ്. **ഉല്പ.2:14 —** *"മൂന്നാം നദിക്കു ഹിദ്ദേക്കൽ എന്നു പേർ; അതു അശ്ശൂരിന്നു കിഴക്കോട്ടു ഒഴുകുന്നു; നാലാം നദി ഫ്രാത്ത് ആകുന്നു"* (The name of the third river is Hiddekel, it is the one which goes toward the east of Assyria. The fourth river is the Euphrates). മൂന്നാമത്തെ നദിയായ ടൈഗ്രീസ് (Tigris) എന്നതിന്റെ എബ്രായനാമമാണ് ഹിദ്ദേക്കൽ (Hiddekel) എന്നത്. മിസ്രയീം, ബാബിലോൺ എന്നിവ യിസ്രായേലിന്റെ ശത്രുക്കളുടെ പ്രതീകമായി കാണുന്നതുപോലെ ദൈവീകശിക്ഷാവിധിയുടെ പ്രതീകമായി യൂഫ്രാത്തേസ് കാണപ്പെടുന്നു (വെളി.9:14/വെളി.16:12).

**കിഴക്കുനിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുങ്ങേണ്ടതിന്നു അതിലെ വെള്ളം വറ്റിപ്പോയി** (And its water was dried up, so that the way of the kings from the east might be prepared) —

ആറാമത്തെ ദൂതൻ തന്റെ കലശം യൂഫ്രാത്തേസ് മഹാനദിയിൽ ഒഴിച്ചപ്പോൾ സംഭവിച്ചതെന്താണെന്നും, അതെന്തിനായിരുന്നുവെന്നും വിവരിച്ചിരിക്കുന്നു. (1) ക്രോധകലശം പതിച്ചപ്പോൾ യൂഫ്രാത്തേസ് മഹാനദിയിലെ വെള്ളം വറ്റിപ്പോയി (2) നദിയിലെ വെള്ളം വറ്റിയത് കിഴക്കുനിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുക്കേണ്ടതിനായിരുന്നു.

ഏകദേശം 600 മുതൽ 1200 അടിവരെ വീതിയും 10 അടി മുതൽ 30 അടിവരെ ആഴവുമുള്ളതുമാണ് യൂഫ്രാത്തേസ് നദി. വേനൽക്കാലത്തുപോലും ഇതിന്റെ ഇരുകരകളും കവിഞ്ഞൊഴുകുന്നതു യൂഫ്രാത്തേസ് മഹാനദിയുടെ പ്രത്യേകതയാണ്. നാലാമത്തെ കലശത്താൽ സൂര്യന്റെ ചൂട് അതികഠിനമായി വർദ്ധിക്കുന്ന വേളയിൽ അർമേനിയൻ പർവ്വതനിരകളിലെ ഹിമപാളികൾ ഉരുകി നദിയിലേക്കു പതിക്കുവാനിടയാകുന്നു. ഇതു മഹാനദിയിലെ ജലനിരപ്പ് ഏറ്റവും ഉയരുവാനുമിടയാകുകയും ആർക്കും നദി കടന്നു മറുകരെ എത്തുവാൻ അസാദ്ധ്യമാകുകയും ചെയ്യും. ആയതിനാൽ ദൈവത്തിന്റെ ക്രോധകലശം യൂഫ്രാത്തേസ് മഹാനദിയിൽ ഒഴിക്കുകയും അതിലെ ജലം വറ്റിപ്പോകുകയും ചെയ്യുന്നു. അതായത് മഹാനദിയായ യൂഫ്രാത്തേസിലെ വെള്ളത്തെ ദൈവം വറ്റിച്ചു ഉണങ്ങിയ നിലമാക്കി തീർക്കുന്നു.

കിഴക്കു നിന്നു അഥവാ സൂര്യോദയദിക്കിൽ നിന്നുവരുന്ന രാജാക്കന്മാർക്കു വഴി ഒരുക്കേണ്ടതിനാണ് നദിയെ വറ്റിക്കുന്നത്. ജപ്പാൻ, പേർഷ്യാ, അഫ്ഗാനിസ്ഥാൻ, ഇൻഡ്യാ, ചൈന എന്നീരാജ്യങ്ങളെ കിഴക്കൻ രാജ്യങ്ങളായും, അന്തിക്രിസ്തുവിന്റെ അധീനതയിലുള്ള യൂറോപ്യൻ രാജ്യങ്ങളെ പടിഞ്ഞാറൻ രാജ്യങ്ങളായും കരുതപ്പെടുന്നു. റോമൻ സാമ്രാജ്യത്തിന്റെ കിഴക്കേ അതിർത്തിയും യൂഫ്രാത്തേസ് നദിയാണ്. കിഴക്കൻ രാജ്യങ്ങളുടെ സൈന്യങ്ങളാണ് യൂഫ്രാത്തേസ് കടന്നു വരേണ്ടത്. ലോകസേനകളുടെ സുഗമമായ നീക്കത്തിനു മഹാനദി ഏറെ തടസ്സമായിരിക്കുന്നു. അങ്ങനെ ദൈവത്തിന്റെ ശത്രുക്കളായ സകലരാജ്യങ്ങളെയും പാലസ്റ്റീനിലെ ഹർമ്മഗെദ്ദോൻ എന്ന സ്ഥലത്തു കൊണ്ടു വരുന്നതിനാണ് ദൈവം നദിയിലെ വെള്ളം വറ്റിക്കുന്നത്. കൂടാതെ അശ്ശൂരിൽ ശേഷിച്ചിരിക്കുന്ന ഒരു കൂട്ടം യിസ്രായേലിനെ മടക്കി അവരുടെ സ്വദേശത്തെത്തിക്കുവാനും ദൈവം പരിപാടി ഇടുന്നു. അശ്ശൂരിലെ ശേഷിപ്പിനെ ചെരിപ്പു നനയാതെ നടക്കുമാറാക്കുമെന്നു യെശയ്യാപ്രവാചകൻ പ്രവചിച്ചിട്ടുണ്ട്. **യെശ.11:15,16 —** *"യഹോവ മിസ്രയീംകടലിന്റെ നാവിന്നു ഉന്മൂലനാശം വരുത്തും; അവൻ ഉഷ്ണക്കാറ്റോടുകൂടെ നദിയുടെ മീതെ കൈ ഓങ്ങി അതിനെ അടിച്ചു ഏഴു കൈവഴികളാക്കി ചെരിപ്പു നനയാതെ കടക്കുമാറാക്കും. മിസ്രയീമിൽനിന്നു പുറപ്പെട്ട നാളിൽ യിസ്രായേലിന്നുണ്ടായിരുന്നതുപോലെ, അശ്ശൂരിൽനിന്നു അവന്റെ ജനത്തിൽ ശേഷിക്കുന്ന ശേഷിപ്പിന്നു ഒരു പെരുവഴിയുണ്ടാക്കും."*

കരവിഞ്ഞൊഴുകുന്ന യൂഫ്രാത്തേസ് മഹാനദിയെ വറ്റിച്ചു ദൈവത്തിന്റെ ശത്രുക്കൾക്കു യാത്ര ചെയ്യുവാൻ സഹായിക്കുന്നത് ദൈവത്തിനു അവരോടുള്ള ദയയോ കരുണയോ കൊണ്ടല്ല. മിസ്രയീമിൽ നിന്നുള്ള പുറപ്പാടിൽ ചെങ്കടലും (പുറ.14:21), കനാനിലേക്കുള്ള പ്രവേശനത്തിൽ യോർദ്ദാനും (യോശു.3:14-17) വറ്റിച്ചതുപോലെയുള്ള ഒന്നായിരിക്കും യൂഫ്രാത്തേസിലൂടെയുള്ള വഴിയൊരുക്കൽ. ചെങ്കടലിനെ വിഭാഗിച്ചപ്പോൾ ദൈവത്തിനു രണ്ടു ഉദ്ദേശ്യങ്ങളുണ്ടായിരുന്നു. ഒന്ന് തന്റെ ജനമായ യിസ്രായേലിനെ ശത്രുവിൽ നിന്നു രക്ഷിച്ചു മറുകര കടത്തുക. മറ്റൊന്ന് അവരെ പിന്തുടരുന്ന ശത്രുക്കളെ ഒന്നടങ്കം ചെങ്കടലിൽ മുക്കിക്കൊല്ലുക. അതുപോലെ യൂഫ്രാത്തേസ് മഹാനദിയെ വറ്റിക്കുമ്പോഴും ദൈവത്തിനു ചില ഉദ്ദേശ്യങ്ങളുണ്ട്. മഹാപീഡനകാലയളവിനു സമാപ്തികുറിച്ചു സകലവിശുദ്ധന്മാർക്കും ആശ്വാസം നൽകുന്നതോടൊപ്പം സഹസ്രാബ്ദവാഴ്ചെക്കു ആരംഭം കുറിക്കുവാനും, അതിനായി സകലശത്രുക്കളെയും യുദ്ധത്തിനായി ഒരിടത്തുകൂട്ടിവരുത്തി അവരെ ഒന്നടങ്കം തോല്പിച്ചു നശിപ്പിക്കുക എന്നതുമാണ് ദൈവത്തിന്റെ ലക്ഷ്യം. കിഴക്കു നിന്നു വരുന്ന സൈന്യം ഉണങ്ങിയ നിലമെന്നപോലെ വളരെ സന്തോഷത്തോടെ മഹാനദി കടന്നെത്തുന്നവർ വാസ്തവത്തിൽ ഒരു കെണിയിൽ അകപ്പെടുകയാണ്. അവർ അത്യാഹ്ലാദത്തോടെ ദൈവത്തിനെതിരായി അണിനിരക്കുമെങ്കിലും അവരുടെ ഉന്മൂലനാശമായി

രിക്കും അവിടെ സംഭവിക്കുക.

**വെളി.16:13 — മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു** (And I saw three unclean spirits like frogs coming out of the mouth of the dragon, out of the mouth of the beast, and out of the mouth of the false prophet) —

ആറും ഏഴും മുദ്രകൾക്കും കാഹളങ്ങൾക്കുമിടയിൽ ഓരോ ഇടവേളകൾ കാണുന്നതുപോലെ ആറും ഏഴും കലശങ്ങൾക്കിടയിലുള്ള ഒരിടവേളയാണ് വെളി.16:13 മുതൽ 16 വരെയുള്ള വാക്യങ്ങളിലൂടെയുള്ള വിവരണങ്ങൾ. ഏഴാമത്തെ കലശം ഒഴിക്കുന്നതോടുകൂടി ഭൂമിയിലെ ദുഷ്ടന്മാരുടെ സമ്പൂർണ്ണ നാശം സംഭവിക്കുന്നു. എന്നാൽ ദീർഘക്ഷമയും മഹാകാരുണ്യവാനുമായ ദൈവം അവരുടെ മാനസാന്തരത്തിനായിരിക്കാം വീണ്ടും ഏഴാമത്തെ കലശത്താലുള്ള ന്യായവിധിക്കു മുമ്പായി ഒരിടവേള ക്രമീകരിച്ചിരിക്കുന്നത്. ആറാം ക്രോധകലശപതനത്താൽ യൂഫ്രാത്തേസ് നദി വറ്റിപ്പോകുന്നു. അതു ഭൂമിയിൽ അരങ്ങേറുവാൻ പോകുന്ന മഹായുദ്ധത്തിനു ശത്രുക്കളെ ഒരിടത്തു കൂട്ടുന്നതിനായിരുന്നു. ഏഴാം കലശപതനത്തിനു മുമ്പായുള്ള ഇടവേളയിൽ ഹർമ്മഗെദ്ദോനിൽ നടക്കുന്ന യുദ്ധത്തിന്റെ പ്രാരംഭം എന്ന നിലയിൽ നാലു കാര്യങ്ങൾ തുടർന്നുള്ള നാലു വാക്യങ്ങളിലൂടെ കാണാം —

(1) 16:13 — സാത്താന്യത്രിത്വത്തിന്റെ പ്രത്യക്ഷത
(2) 16:14 — സാത്താന്യത്രിത്വത്തിന്റെ പ്രവർത്തനം
(3) 16:15 — മഹോപദ്രകാലവിശുദ്ധന്മാർക്കുള്ള പ്രബോധനം
(4) 16:16 — യഹോവയുടെ ദിവസത്തിലെ യുദ്ധത്തിനായി ഹർമ്മഗെദ്ദോനിലെ കൂടിച്ചേരൽ.

യൂഫ്രാത്തേസ് നദിയിൽ ആറാമത്തെ കലശം ഒഴിച്ചപ്പോൾ നദി വറ്റിപ്പോയി. അതിനുശേഷം യോഹന്നാൻ ദർശനത്തിലൂടെ കാണുന്നത് സാത്താന്യത്രിത്വത്തിന്റെ പ്രത്യക്ഷതയാണ്. അത് മഹാസർപ്പത്തിന്റെയും മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും വായിൽ നിന്നും ഓരോ തവളകളെപ്പോലെ പുറപ്പെടുന്ന അശുദ്ധാത്മാക്കളാണ്. *"മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു"* എന്നു യോഹന്നാൻ തന്റെ ദർശനത്തെ വിവരിക്കുന്നു.

**സാത്താന്യത്രിത്വം —**

ദൈവീകത്രിത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവ ഉൾക്കൊള്ളുന്നതുപോലെ സാത്താന്യത്രിത്വത്തിലെ മൂവരാണ് മഹാസർപ്പം, അന്തിക്രിസ്തു, കള്ളപ്രവാചകൻ. ദൈവീകമായതെന്തും അഭിനയിച്ചു സകലരെയും ആകർഷിച്ചു തന്റെ അനുയായികളാക്കുന്ന പ്രവർത്തനമാണ് സാത്താനുള്ളത്. സാത്താന്യത്രിത്വത്തെ വെളിപ്പാട് 12,13 അദ്ധ്യായങ്ങളിൽ കാണുന്നു. > (1) 7 തലയും 10 കൊമ്പും തലയിൽ 7 ഏഴുരാജമുടിയുമായി പ്രത്യക്ഷപ്പെട്ട തീ നിറമുള്ള മഹാസർപ്പം ത്രിത്വത്തിൽ ഒന്നാമനായ സാത്താനെ പ്രതിനിതീകരിക്കുന്നു(വെളി.12:3). > (2) 10 കൊമ്പും 7 തലയും കൊമ്പുകളിൽ 10 രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറി വരുന്നു. പുള്ളിപ്പുലി, കരടി, സിംഹം എന്നീ ക്രൂരമൃഗങ്ങളുടെ സമ്മിശ്രരൂപത്തിലുള്ള മൃഗം ത്രിത്വത്തിൽ രണ്ടാമനായ അന്തിക്രിസ്തുവിനെ പ്രതിനിതീകരിക്കുന്നു (വെളി.13:1,2). > (3) കുഞ്ഞാടിനുള്ളതുപോലെ രണ്ടുകൊമ്പും മഹാസർപ്പതിന്റേപോലുള്ള സംസാരവുമായി ഭൂമിയിൽനിന്നു കയറിവരുന്ന രണ്ടാമത്തെ മൃഗം സാത്താന്യത്രിത്വത്തിലെ മൂന്നാമനായ കള്ളപ്രവാചകനെ പ്രതിനിതീകരിക്കുന്നു (വെളി.13:11). രണ്ടാമത്തെ മൃഗം കള്ളപ്രവാചകൻ ആണെന്നു ഇവിടെ വ്യക്തമാക്കുകയും (വെളി.16:13), വീണ്ടും രണ്ടിടത്തു ആവർത്തിച്ചു പറഞ്ഞിട്ടുമുണ്ട് (വെളി.19:20/20:10).

**മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും—**

സാത്താന്യത്രിത്വമുൾക്കൊള്ളുന്ന മഹാസർപ്പം, മൃഗം, കള്ളപ്രവാചകൻ എന്നിവയുടെ വായിൽ നിന്നു തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നു. **വായിൽ നിന്നു** എന്നുള്ളത് അവയുടെ സംസാരം അഥവാ ആരെയും ആകർഷിക്കുകയും പാട്ടിലാക്കുകയും ചെയ്യുന്ന സ്വാധീനശക്തിയെ കുറിക്കുന്നു (mouth > source of influence). വായിൽ നിന്നു പുറപ്പെടുന്ന തിന്മയെയും അശുദ്ധിയെയും കുറിച്ചു നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ട്. **മത്താ.12:34 —***"ഹൃദയം നിറഞ്ഞു കവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത്."* **മത്താ.15:11 —** *"മനുഷ്യനെ അശുദ്ധിവരുത്തുന്നതു വായിക്കകത്തു ചെല്ലുന്നതല്ല, വായിൽ നിന്നു പുറപ്പെടുന്നതത്രേ; അതു മനുഷ്യനെ അശുദ്ധനാക്കുന്നു."* തിന്മയുടെ പ്രതീകങ്ങളായ മൂവരുടെയും വായിൽ നിന്നു പുറപ്പെടുന്നത് തിന്മയുടെയും അശുദ്ധിയുടെയും സംസാരങ്ങളും ഉപദേശങ്ങളും ആയിരിക്കും. അവയുടെ വായിൽ നിന്നു പുറപ്പെടുന്ന സംസാരത്തിന്റെ സ്വാധീനശക്തിയാൽ സകലരും ആകർഷിക്കപ്പെടുവാനുമിടയാകും.

**തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു —**

മിസ്രയീമിലുണ്ടായ രണ്ടാമത്തെ ബാധ തവളയാലുള്ളതായിരുന്നു. ഫറവോന്റെ അരമനയിലും,

ശയനഗൃഹത്തിലും, കട്ടിലിന്മേലും, ഭൃത്യന്മാരുടെ വീടുകളിലും, ജനത്തിന്മേലും, അപ്പം ചുടുന്ന അടുപ്പു കളിലും, മാവു കുഴെക്കുന്ന തൊട്ടികളിലും തവളകൾ മൂടപ്പെട്ടു (പുറ.7:1–14/സങ്കീ.78:45/സങ്കീ.105:30). എന്നാൽ ആറാം കലശത്തെ തുടർന്നുള്ളത് തവളകളുടെ പ്രത്യക്ഷതയല്ല മറിച്ചു തവളയെപ്പോലുള്ളവയുടെ പ്രത്യക്ഷതയാണ് യോഹന്നാൻ കാണുന്നത്. തവളകളുടെ പ്രത്യേകതയെന്ത്?

(1) ലേവ്യാപുസ്തകത്തിൽ യിസ്രായേലിനു അശുദ്ധവും അറപ്പും ആയിരിക്കേണ്ടുന്നതുമായ ജീവികളുടെ പ്രത്യേകത വിവരിച്ചിരിക്കുന്നതിൽ തവളയും ഉൾപ്പെടുമെന്നു കരുതാം. ലേവ്യാ.11:10 — *"എന്നാൽ കടലുകളിലും നദികളിലും ഉള്ള വെള്ളത്തിൽ ചലനം ചെയ്യുന്ന എല്ലാറ്റിലും വെള്ളത്തിലുള്ള സകലജന്തുക്കളിലും ചിറകും ചെതുമ്പലുമില്ലാത്തതു ഒക്കെയും നിങ്ങൾക്കു അറെപ്പായിരിക്കേണം."* തവള അശുദ്ധവും അറപ്പായിരിക്കേണ്ടുന്നതുമായ ജീവിയാകയാൽ ഇവിടത്തെ തവളയെപ്പോലുള്ളവ യുടെ പ്രത്യക്ഷത അതിന്റെ അശുദ്ധമായ സ്വാധീനത്തെയും അതിന്റെ പ്രവൃത്തിയിലുള്ള അറപ്പ് അഥവാ മ്ലേച്ഛതയെ കുറിക്കുന്നു.

(2) തവളയുടെ ശബ്ദം ആസ്വാദ്യകരമല്ലാത്തതും കാതടപ്പിക്കുന്നതുമാണ്. വാതോരാതെയുള്ള ശബ്ദം ഏറ്റവും അരോചകമായി കേൾക്കുന്നവർക്കു അനുഭവപ്പെടും. ആകയാൽ തവളയെപ്പോലെയു ള്ളതെന്നതിൽ നിന്നു മനസ്സിലാക്കാവുന്നത് സാത്താന്യത്രിമൂർത്തികളുടെ വായിൽ നിന്നു വരുന്നതെല്ലാം അശുദ്ധി നിറഞ്ഞതും, അരോചകവും, അർത്ഥമില്ലാത്തതും, വ്യർഥാജല്പനങ്ങളുമായിരിക്കും എന്നാണ്. ദുഷ്ടാത്മശക്തികളുടെ പ്രവർത്തനം മരണത്തിന്റെയും, ചതിയുടെയും, വിഷത്തിന്റെയും വാക്കുകളായി രിക്കും. **റോമ.3:13 —** *"അവരുടെ തൊണ്ട തുറന്ന ശവക്കുഴി; നാവുകൊണ്ടു അവർ ചതിക്കുന്നു; സർപ്പ വിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ടു."*

തവളയെപ്പോലുള്ള മൂന്നു അശുദ്ധാത്മാക്കളാണ് മഹാസർപ്പം, മൃഗം, കള്ളപ്രവാചകൻ എന്നിവ രുടെ വായിൽ നിന്നു പുറപ്പെട്ടു വരുന്നത്. അശുദ്ധാത്മാക്കൾ എന്നത് സാത്താന്യദുരാത്മാക്കളെ കുറി ക്കുന്നു. കർത്താവു തന്റെ ശിഷ്യന്മാർക്കു അശുദ്ധാത്മാക്കളെ പുറത്താക്കുവാനുള്ള അധികാരം കൊടു ത്തിരുന്നു (മത്താ.10:1). കർത്താവു കഫർന്നഹൂമിലായിരിക്കുമ്പോൾ പള്ളിയിൽവെച്ചു ഒരു അശുദ്ധാ ത്മാവു ബാധിച്ചവനെ സൗഖ്യമാക്കി (മർക്കൊ.1:23). യെരൂശലേമിന്റെ ചുറ്റുമുള്ള പട്ടണങ്ങളിൽനിന്നു കൊണ്ടു വന്ന അശുദ്ധാത്മാക്കൾ ബാധിച്ചവരെ പത്രൊസ് സൗഖ്യമാക്കി (അപ്പൊ.5:16). അശുദ്ധാത്മാ ക്കൾ എന്നത് ഭൂതാത്മാക്കളാണ്. അവ ശരീരമില്ലാത്ത ആത്മാക്കൾ ആയതിനാൽ മനുഷ്യന്റെയോ മൃഗ ങ്ങളുടെയോ ശരീരത്തിൽ കയറിയായിരിക്കും പലപ്പോഴും പ്രവർത്തിക്കുക. ഇവ മനുഷ്യമനസ്സുകളെ കുരുടാക്കുകയും ദൈവീകപ്രവർത്തികളെ എതിർക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ സാത്താന്യത്രിമൂർത്തികളുടെ വായിൽ നിന്നു പുറപ്പെടുന്ന തവളയെപ്പോലുള്ള അശുദ്ധാത്മാക്കൾ യിസ്രാ യേലിനും ദൈവത്തിനും എതിരായുള്ള യുദ്ധത്തിനു ഭൂതലത്തിലുള്ള രാജാക്കന്മാരെ മെഗിദ്ദോ താഴ്വര യിൽ കൂട്ടിച്ചേർക്കും .

**വെളി.16:14 — ഇവ സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാ ദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നേ —** (For they are spirits of demons, performing signs, which go out to the kings of the earth and of the whole world, to gather them to the battle of that great day of God Almighty) —

മഹാസർപ്പത്തിന്റെയും, മൃഗത്തിന്റെയും, കള്ളപ്രവാചകന്റെയും വായിൽനിന്നു പുറപ്പെടുന്ന തവ ളെയെപ്പോലുള്ള മൂന്നു അശുദ്ധാത്മാക്കൾ ആരാണെന്നും, ആരെയാണ് കൂട്ടിച്ചേർക്കുന്നതെന്നും, എന്തി നാണ് കൂട്ടിച്ചേർക്കുന്നതെന്നും, എപ്രകാരമാണ് അശുദ്ധാത്മാക്കളുടെ പ്രവർത്തനം എന്നും ഈ വാക്യ ത്തിൽ വിവരിച്ചിരിക്കുന്നു.

**ഇവ ഭൂതാത്മാക്കൾ തന്നേ —** (For they are spirits of demons) —

സാത്താന്യത്രിത്വത്തിലെ മഹാസർപ്പത്തിന്റെയും, മൃഗത്തിന്റെയും, കള്ളപ്രവാചകന്റെയും വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നത് യോഹന്നാൻ കഴിഞ്ഞ വാക്യ ത്തിൽ വിശദീകരിച്ചു. ഈ അശുദ്ധാത്മാക്കൾ ആരാണ്? "ഇവ ഭൂതാത്മാക്കൾ തന്നേ" (For they are spirits of demons) എന്നു യോഹന്നാൻ വ്യക്തമായി പറഞ്ഞിരിക്കുന്നു.

ഭൂതാത്മാക്കൾ അഥവാ ദുരാത്മാക്കൾ എന്നതിനു ഗ്രീക്കിൽ ഡെയ്മൻ (daimon) എന്നും ഇംഗ്ലീ ഷിൽ ഡെമൻ (demon) എന്നും പറയുന്നു. ഭൂതങ്ങൾ സാത്താന്റെ ദൂതന്മാരാണ്. അവ ആത്മരൂപികളും സാത്താന്റെ ഹിതപ്രകാരം പ്രവർത്തിക്കുന്നവയുമാണ്. ഭൂതാത്മാക്കളെക്കുറിച്ചുള്ള വ്യക്തമായ വിവരണം വെളിപ്പാടു പുസ്തകത്തിൽ ലഭിക്കുന്നു. **വെളി.12:9 —** *"ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയപാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു; അവന്റെ ദൂതന്മാ രെയും അവനോടുകൂടെ തള്ളിക്കളഞ്ഞു."* ദൈവസന്നിധിയിൽനിന്നു തള്ളിക്കളയപ്പെട്ട സാത്താനും അവന്റെ ദൂതന്മാരുമായ ഭൂതാത്മാക്കളും ദൈവത്തോടും ദൈവീകപ്രമാണങ്ങളോടും മത്സരിക്കുന്നു.

സാത്താനോടു ചേർന്നു പ്രവർത്തിക്കുന്ന ഭൂതാത്മാക്കളുടെ പ്രത്യേകതകൾ —

(1) ഭൂതാത്മാക്കൾ സാത്താന്യദൂതന്മാരാണ് (വെളി.12:9)
(2) ദൈവദൂതന്മാരോടു പടവെട്ടുന്നു (വെളി.12:4-9)
(3) ഭൂതങ്ങൾ അശുദ്ധാത്മാക്കളാണ് (മത്താ.10:1/മർക്കൊ.1:27)
(4) ദൈവത്തെ ആരാധിക്കുന്നവരെ ഇല്ലാതാക്കുവാൻ ചുറ്റിനടക്കുന്നു (1.പത്രൊ.5:8/2.കൊരി.11:14,15)
(5) സാത്താനും ദൂതന്മാരും അവിശ്വാസികളുടെ മനസ്സു കുരുടാക്കുന്നു (2.കൊരി.4:4)
(6) വിശ്വാസികളെ ശാരീരികമായി ഉപദ്രവിക്കുന്നു (2.കൊരി.12:7/1.പത്രൊ.5:8)
(7) വിഗ്രഹാരാധന, ബലി പ്രോത്സാഹിപ്പിക്കുന്നു (ആവ.32:17/സങ്കീ.106:36-38)
(8) ഭോഷ്കിന്റെ ആത്മാവായി പ്രവർത്തിക്കുകയും വശീകരിക്കുകയും ചെയ്യും (1.രാജാ.22:22)
(9) വ്യാജോപദേശം നൽകുന്നു (1.തിമൊ.4:1).

മഹോപദ്രവകാലാന്ത്യത്തിൽ ആറാം കലശത്തെ തുടർന്നുണ്ടായ ബാധയിൽ സാത്താന്യത്രിമൂർത്തികളുടെ വായിൽ നിന്നു പുറപ്പെട്ട തവളയെപ്പോലുള്ളവ അശുദ്ധാത്മാക്കളായ ഭൂതാത്മാക്കളാണ്. വൃത്തിഹീനമായ ചതുപ്പുപ്രദേശങ്ങളിലും അന്ധകാരത്തിന്റെ നിഴലിലും പാർത്തു വാതോരാതെ അലമുറയിടുന്ന തവളകളെപ്പോലെ ഈ ഭൂതാത്മാക്കൾ സകലജാതികളുടെയും ലോകരാഷ്ട്രങ്ങളുടെയും ചെവികൾ ഭോഷ്ക്കിനാൽ നിറെക്കും. അതു സർവ്വശക്തനായ ദൈവത്തിനെതിരായി സംഘടിക്കുവാനും യുദ്ധം ചെയ്യുവാനുമുള്ള വശീകരണവാക്കുകളായിരിക്കും. പഴയനിയമത്തിൽ അശുദ്ധാത്മാക്കൾ ആഹാബ് രാജാവിനെ യുദ്ധത്തിനായി വശീകരിച്ചതുപോലെ (2.ദിന.18:18-22) ക്രിസ്തുവിനെ തോൽപ്പിക്കുവാൻ ഭൂതാത്മാക്കൾ അത്ഭുതങ്ങൾ കാട്ടി സകലരെയും യുദ്ധത്തിനായി വശീകരിക്കും.

**സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ —** ( which go out to the kings of the earth and of the whole world) —

തവളയെപ്പോലുള്ള അശുദ്ധാത്മാക്കളായ ഭൂതാത്മാക്കൾ ആരെയാണ് വഞ്ചിക്കുന്നതും വശീകരിക്കുന്നതെന്നും പ്രസ്താവിച്ചിരിക്കുന്നു. സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെയാണ് അവ ലക്ഷ്യമിടുന്നത്. അന്തിക്രിസ്തുവിന്റെ ഭരണത്തിൻ കീഴിലല്ലാത്ത രാജാക്കന്മാരെ ഹർമ്മഗെദ്ദോനിലെ യുദ്ധത്തിനായി ഭൂതാത്മാക്കൾ വശീകരിക്കും. ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചെക്കുള്ള പ്രവർത്തനങ്ങളെ തകർക്കുവാൻ ലോകത്തിലെ സകലഭരണാധികാരികളെയും സൈന്യത്തെയും ഒന്നിച്ചു അണിനിരത്തുക എന്നതാണ് ഭൂതാന്മാക്കളുടെ പ്രവർത്തനം. ദൈവത്തോടു യുദ്ധം ചെയ്യേണ്ടതിന്നു ഭൂരാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും വശീകരിക്കുവാൻ സാത്താന്റെയും, മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും ദുരാത്മാക്കളായ ഭൂതാത്മാക്കൾക്കു സാധിക്കും. യിസ്രായേൽ ഒഴികെ സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരും മൃഗത്തോടു ചേർന്നുനിന്നു പ്രവർത്തിക്കും.

**സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ—** (to gather them to the battle of that great day of God Almighty) —

സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ കൂട്ടിച്ചേർക്കുന്നത് സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനാണ്. വാതോരാതെ ശബ്ദിക്കുന്ന തവളകളെപ്പോലെ മുറവിളിക്കുന്ന ഭൂതാത്മാക്കൾ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനു ലോകരാഷ്ട്രങ്ങളെ വശീകരിച്ചുകൊണ്ടു വരുന്നു. ലോകരാഷ്ട്രങ്ങളും സാത്താന്യത്രിമൂർത്തികളും ഒരുമിച്ചുചേർന്നു ക്രിസ്തുവിനെതിരായി ചെയ്യുന്ന യുദ്ധമാണ് ഹർമ്മഗെദ്ദോൻ യുദ്ധം. ഈ യുദ്ധത്തെ സർവ്വശക്തനായദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധം എന്ന പേരിലറിയപ്പെടുന്നു. ദൈവത്തിന്റെ ശത്രുക്കളെ ഒന്നടങ്കം ഹർമ്മഗെദ്ദോനിലേക്കു കൂട്ടിവരുത്തുക എന്നതാണ് ദൈവം ലക്ഷ്യമിടുന്നത്. അതിനായി ശത്രുവിനെക്കൊണ്ടു തന്നെ അവരുടെ നാശത്തിനായുള്ള കെണി തയ്യാറാക്കുന്നു. ദൈവമാണ് അവരെ അവിടേക്കു കൂട്ടിവരുത്തുന്നതെന്നു ഈ അദ്ധ്യായത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട് (വെളി.16:16). സാത്താന്യത്രിമൂർത്തികളും, ഭൂതാന്മാക്കളും, ലോകരാഷ്ട്രങ്ങളും ഒന്നിച്ചണിനിരന്നാലും ദൈവത്തിന്റെ ഹിതം മാത്രമേ നടക്കുകയുള്ളു. കാരണം ദൈവം സർവ്വാധികാരിയായതിനാൽ തന്നെ.

**അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെടുന്ന** (performing signs) —

ഭൂതാത്മാക്കൾ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അനേകരെ വഞ്ചിക്കും (മർക്കൊ.13:22/വെളി.13:13,14). കർത്താവായ യേശുക്രിസ്തുവിന്റെ വാഴ്ചയെ തകർക്കുവാനാണ് ഭൂതാന്മാക്കൾ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു മുന്നേറുന്നത്. അത്ഭുതം ചെയ്യുവാനുള്ള അധികാരം യഥാർത്ഥത്തിൽ ദൈവമാണ് നൽകുന്നത്. ദൈവം തന്റെ എതിരാളികളെ യുദ്ധക്കളത്തിലേക്കു എത്തിക്കുവാൻ ആദ്യമായി യൂഫ്രാത്തേസ് മഹാനദി വറ്റിച്ചു കൊടുത്തു. തുടർന്നു അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചു സകലരെയും വശീകരിക്കുവാൻ ദൈവം ഭൂതാത്മാക്കളെ അനുവദിക്കുന്നു.

ഭൂതാത്മാക്കളുടെ വശീകരണവാക്കുകളിൽ വീഴുന്ന ലോകരാഷ്ട്രങ്ങൾ ദൈവത്തോടു യുദ്ധം ചെയ്യുവാനായി ആനയിക്കപ്പെടുന്നു. യിസ്രായേലിനെ ആക്രമിക്കുക, പാലസ്റ്റീൻ കൈവശമാക്കുക എന്നിങ്ങനെയുള്ള മോഹങ്ങൾ നൽകിയാണ് അവരെ രണാങ്കണത്തിലേക്കു ഭൂതാന്മാക്കൾ നയിക്കുന്നത്.

അതു സാത്താന്യശക്തികളുടെ വഞ്ചനയാണ്. അവർക്കു ദൈവത്തോടു യുദ്ധം ചെയ്യുവാൻ ആഗ്രഹമില്ലായിരുന്നുവെങ്കിലും സാത്താന്യവഞ്ചനയാൽ യുദ്ധഭൂമിയിൽ അകപ്പെട്ടുപോകുന്നു. അങ്ങനെ അവരെല്ലാം സർവ്വശക്തനായദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനായി അണിനിരക്കുന്നു. ദൈവനിഷേധികളും സാത്താന്റെ പക്ഷക്കാരുമായ സകലരെയും ദൈവം വേർതിരിച്ചു നിറുത്തുന്ന ദിനമാണ് ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധദിനം. കർത്താവിന്റെ രണ്ടാവരവ് ഏറ്റവും സമീപമായെന്നു മനസ്സിലാക്കുന്ന സാത്താൻ, ലോകശക്തികളെ ഒന്നടങ്കം സങ്കടിപ്പിച്ചു അതിനെ തടയുവാനുള്ള അവസാനത്തെ ശ്രമം എന്ന നിലയിലാണ് ഇവിടെ കൂടുന്നത്. എന്നാൽ യഹോവയുടെ മഹത്തും ഭയങ്കരവുമായ ആ ദിനത്തിൽ രാജ്യങ്ങളെ യഹോശാഫാത്ത് താഴ്വരയിൽ ദൈവം ഒരുമിച്ചുകൂട്ടി ന്യായവിധി നടത്തുമെന്നു പ്രവാചകന്മാർ മുന്നമേ അറിയിച്ചിട്ടുണ്ട്.

**യോവേ.3:2,9,12,13 —** *"ഞാൻ സകലജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു വ്യവഹരിക്കുകയും ചെയ്യും..... ഇതു ജാതികളുടെ ഇടയിൽ വിളിച്ചുപറവിൻ! വിശുദ്ധയുദ്ധത്തിന്നു ഒരുങ്ങിക്കൊൾവിൻ!.....ജാതികൾ ഉണർന്നു യഹോശാഫാത്ത് താഴ്വരയിലേക്കു പുറപ്പെടട്ടെ. അവിടെ ഞാൻ ചുറ്റുമുള്ള സകലജാതികളെയും ന്യായം വിധിക്കേണ്ടതിന്നു ഇരിക്കും. അരിവാൾ ഇടുവിൻ; കൊയ്ത്തിന്നു വിളഞ്ഞിരിക്കുന്നു; വന്നു ചവിട്ടുവിൻ; ചക്കു നിറഞ്ഞിരിക്കുന്നു; തൊട്ടികൾ കവിഞ്ഞിരിക്കുന്നു; അവരുടെ ദുഷ്ടത വലുതല്ലോ."*

**സെഖ.14:2-4 —** *"ഞാൻ സകലജാതികളെയും യെരൂശലേമിനോടു യുദ്ധത്തിന്നായി കൂട്ടിവരുത്തും ........എന്നാൽ യഹോവ പുറപ്പെട്ടു, താൻ യുദ്ധദിവസത്തിൽ പൊരുതതുപോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും; ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും; ഏറ്റവും വലിയോരു താഴ്വര ഉളവായ്‌വരും; മലകളുടെ ഒരു പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും."*

അന്തിക്രിസ്തുവിന്റെ നേതൃത്വത്തിൽ ദൈവത്തിനും ദൈവത്തിന്റെ അഭിഷിക്തനുമായ ക്രിസ്തുവിനും എതിരായി സംഘടിക്കുന്നതും യുദ്ധം ചെയ്യുന്നതും അവരുടെ നാശത്തിൽത്തന്നെ കലാശിക്കും. രണ്ടാം സങ്കീർത്തനത്തിൽ പ്രവചനമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഇവിടെ പ്രസക്തമാണ്. സങ്കീ.2:2,4 — *" യഹോവെക്കും അവന്റെ അഭിഷിക്തന്നും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേല്ക്കയും അധിപതികൾ തമ്മിൽ ആലോചിക്കയും ചെയ്യുന്നതു: സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു; കർത്താവു അവരെ പരിഹസിക്കുന്നു."* അങ്ങനെ സാത്തന്യത്രിമൂർത്തികളും ഭൂതാത്മാക്കളും ചേർന്നു സകലജാതികളെയും രാഷ്ട്രങ്ങളെയും ദൈവത്തിനെതിരായി യുദ്ധത്തിനായി ഒത്തുചേരുമെങ്കിലും അവർ ഒന്നടങ്കം തോല്പിക്കപ്പെട്ടു നശിക്കുവാനിടയാകും.

സർവ്വശക്തനായ ദൈവത്തിനെതിരേ യുദ്ധം ചെയ്യുവാൻ ഭൂമിയിലെ സകലരാജാക്കന്മാരെയും കൂട്ടിച്ചേർക്കുവാൻ സാത്താന്യത്രിമൂർത്തികൾ അവരുടെ മുമ്പിൽ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും. ദൈവദാസനായ മോശെ മിസ്രയീമിൽ ദൈവത്തിന്റെ ന്യായവിധികൾ നടത്തിയപ്പോൾ അനേക അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കുകയുണ്ടായി. എന്നാൽ മോശെ കാണിച്ച അത്ഭുതങ്ങൾ മിസ്രയീമിലെ മന്ത്രവാദികൾക്കും ഏറെക്കുറെ ചെയ്യുവാൻ സാധിച്ചു. അതായത് മോശെയുടെ ദൈവത്തോളം സാത്താനും ശക്തിയുണ്ടെന്നു ഫറവോനെ കാണിച്ചു കൊടുത്തു ദൈവത്തോടു മത്സരിക്കുവാൻ ഫറവോനെ വശീകരിക്കുകയായിരുന്നു. മിസ്രയീമിലെ മന്ത്രവാദികളുടെ അത്ഭുതങ്ങളിലും വശീകരണവാക്കുകളിലും ആകർഷിക്കപ്പെട്ട ഫറവോന്റെ അന്ത്യം ചെങ്കടലിലായിരുന്നു. സാത്താന്യത്രിമൂർത്തികൾ വശീകരിച്ചു കൊണ്ടുവരുന്നവരുടെ അന്ത്യവും ദൈവം ഒരുക്കുന്ന കൊലക്കളത്തിലായിരിക്കും.

**വെളി.16:15— ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ —** ("Behold, I am coming as a thief. Blessed is the one who stays awake and keeps his clothes, so that he will not walk about naked and men will not see his shame.") —

മഹോപദ്രവകാലത്തു ഭൂമിയിലായിരിക്കുന്ന വിശുദ്ധന്മാർക്കുള്ള പ്രബോധനമാണ് ഈ വാക്യത്തിൽ കാണുന്നത്. അവർക്കുള്ള മുന്നറിയിപ്പും ആശ്വാസവും ഇതിൽ അടങ്ങിയിരിക്കുന്നു. അന്ത്യബാധയായ ഏഴാം കലശം ഭൂമിയിൽ ചൊരിയപ്പെടുന്നതിനു മുമ്പായി മനുഷ്യപുത്രനായ ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും തന്റെ വിശുദ്ധന്മാരെ പ്രത്യാശയാൽ നിറക്കുകയും അവർ ഒരുങ്ങിയിരിക്കുവാനും വിശുദ്ധിയിൽ നടക്കുവാനും പ്രബോധിപ്പിക്കുന്നു. ശിക്ഷാവിധികളുടെ അന്ധകാരവേളയിലും കർത്താവിന്റെ വാഗ്ദത്തം മുഴങ്ങിക്കേൾക്കുന്നു. ഭൂമിയിൽ പീഡ അനുഭവിക്കുന്ന വിശുദ്ധന്മാരുടെ കാര്യം കർത്താവു മറന്നു പോകുന്നില്ല. അവരെ പ്രത്യായയിലും ആനന്ദത്തിലും നിറക്കുന്ന പ്രഖ്യാപനമാണ് കർത്താവ് വേഗം വരുന്നു എന്നത്. ആകയാൽ അവർ സൂഷ്മതയോടെ വിശുദ്ധിയോടെ നടക്കണം. അങ്ങനെ കർത്താവിനെ ധൈര്യത്തോടെ ലജ്ജിപ്പാനിടയാകാതെ സ്വീകരിപ്പാൻ തയ്യാറാകണം. *"ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും*

*കൊള്ളുന്നവൻ ഭാഗ്യവാൻ "* എന്നത് ഹർമ്മഗെദ്ദോൻ അഥവാ മെഗിദ്ദോ താഴ്‌വരയിലേക്കു ലോകസൈന്യം ഒഴുകിയെത്തുന്ന വേളയിൽ തന്റെ വിശ്വസ്തരായ വിശുദ്ധന്മാർക്കുള്ള പ്രബോധനവും ആശ്വാസവചനവുമാണിത്.

**ഞാൻ കള്ളനെപ്പോലെ വരും** ("Behold, I am coming as a thief") —

*"ഞാൻ കള്ളനെപ്പോലെ വരും"* എന്നത് കർത്താവുതന്നെ നേരിട്ടു പറയുന്നതാണെന്നത് "ഞാൻ " എന്ന പ്രസ്താവനയിലൂടെ വെളിപ്പെടുന്നു. മറ്റു മൂന്നിടത്തുകൂടി വെളിപ്പാടു പുസ്തകത്തിൽ കർത്താവു വീണ്ടും വരുന്നുവെന്നകാര്യം താൻ തന്നെ പ്രസ്താവിക്കുന്നുണ്ട്. **വെളി.22:7 —** *"ഇതാ, ഞാൻ വേഗത്തിൽ വരുന്നു."* **വെളി.22:12 —** *"ഇതാ, ഞാൻ വേഗം വരുന്നു."* **വെളി.22:20 —** *"അതേ, ഞാൻ വേഗം വരുന്നു."* കള്ളനെപ്പോലെ വരും എന്നത് കർത്താവ് വേഗത്തിലും നിനച്ചിരിക്കാത്ത സമയത്തും വരും എന്നതിനെ വെളിപ്പെടുത്തുന്നു. "നാളെ രാത്രി എട്ടു മണിക്കു നിങ്ങളുടെ വീട്ടിൽ വന്നു സകലതും എടുത്തുകൊണ്ടുപോകും" എന്നു കള്ളൻ ഒരിക്കലും മുന്നറിയിപ്പു തരികയില്ല. കള്ളൻ വരുന്നത് മോഷ്ടിക്കുവാനും കവർന്നെടുക്കുവാനുമാണ്. എന്നാൽ കർത്താവു വരുന്നത് തനിക്കു അവകാശപ്പെട്ട വിശുദ്ധന്മാരെന്ന വിലയേറിയ സമ്പത്തിനെ കൊണ്ടുപോകുവാനാണ്.

കള്ളനെപ്പോലെ വരുമെന്ന പ്രസ്താവന പുതിയനിയമതിരുവെഴുത്തുകളിൽ കർത്താവിന്റെ വരവിനെയും കർത്താവിന്റെ നാളിനെയും സംബന്ധിച്ചു പറഞ്ഞിട്ടുണ്ട്.

ഒലിവുമലപ്രഭാഷണത്തിൽ കർത്താവു വീണ്ടും വരുന്നതിന്റെ സമയത്തെക്കുറിച്ചു പറഞ്ഞത് കള്ളൻ നിനച്ചിരിക്കാത്ത നാഴികയിൽ വരുന്നതുപോലെ താനും വരും എന്നാണ്. ഒരുങ്ങിയിരിക്കുന്ന വിശ്വാസികൾ ഏറെ ഭാഗ്യശാലികൾ ആയിരിക്കുമ്പോൾ ഒരുക്കമില്ലാത്തവർ നീതിമാനായ ലോത്തിനെപ്പോലെ ആത്മീകമായി ഒന്നും നേടാതെ സകലതും നഷ്ടപ്പെട്ട നിർഭാഗ്യരായിരിക്കും. **മത്താ.24:42-44 —** *"നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീടു തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്നു അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ. "*

അപ്പൊസ്തലനായ പൗലൊസ് പറയുന്നത് കർത്താവിന്റെ മടങ്ങിവരവ് പെട്ടെന്നുള്ളതാകയാൽ വിശ്വാസികൾ ഉണർന്നും ജാഗരിച്ചും സുബോധവുമുള്ളവരായി ഇരിക്കണമെന്നാണ്. ആ നാൾ കള്ളൻ എന്നപോലെ വിശ്വാസികളെ പിടിപ്പാൻ അവർ ഇരുട്ടിലുള്ളവരല്ല. **1.തെസ്സ.5:2-5 —** *"കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്നു നിങ്ങൾ തന്നേ നന്നായി അറിയുന്നുവല്ലോ. അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരും പോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും; അവർക്കു തെറ്റിയൊഴിയാവതുമല്ല. എന്നാൽ സഹോദരന്മാരേ, ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല; നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുളിന്നുമുള്ളവരല്ല. "*

പത്രൊസ് അപ്പൊസ്തലൻ പറയുന്നത് കർത്താവിന്റെ പുനരാഗമനം കള്ളന്റെ വരവുപോലെ ആരും പ്രതീക്ഷിക്കാത്ത സമയത്തായിരിക്കും എന്നാണ്. **2.പത്രൊ.3:10 —** *"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും."*

സർദ്ദീസ് സഭയ്ക്കുള്ള ദൂതിൽ കർത്താവു അവരെക്കുറിച്ചു പറയുന്നത് അവർക്കു ജീവനുണ്ടെന്നു പേരുണ്ടെങ്കിലും അവർ മരിച്ചവരാണ്. ആകയാൽ ഉണർന്നു ജീവിച്ചില്ലെങ്കിൽ താൻ കള്ളനെപ്പോലെ പ്രതീക്ഷിക്കാത്ത സമയത്തു വന്നു അവരുടെമേൽ ശിക്ഷാവിധി നടപ്പാക്കും എന്നാണ്. **വെളി.3:3 —** *"ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർത്തു അതു കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികെക്കു നിന്റെമേൽ വരും എന്നു നീ അറികയും ഇല്ല."*

കള്ളനപ്പോലെ വരും എന്ന കർത്താവിന്റെ പ്രസ്താവന മഹോപദ്രവകാലത്തുള്ള അവിശ്വാസികളെ സംബന്ധിച്ച് അവർ പ്രതീക്ഷിക്കാത്തതും നിനച്ചിരിക്കാത്ത വേളയിലുമാകയാൽ അവർ ഭൂമിയിൽ നേടിയതെല്ലാം നഷ്ടപ്പെടുകയും നിത്യനാശത്തിൽ ചെന്നെത്തുകയും ചെയ്യും. എന്നാൽ മൃഗത്തിന്റെയും അനുയായികളുടെയും ക്രൂരമർദ്ദനങ്ങളേറ്റു പീഡകളേറ്റു ജീവിക്കുന്ന വിശ്വാസികളെ സംബന്ധിച്ചു കർത്താവിന്റെ മുന്നറിയിപ്പ് ഏറെ ആശ്വാസത്തിന്റെ വാക്കുകളായിരിക്കുന്നു.

**തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ —** ("Blessed is the one who stays awake and keeps his clothes, so that he will not walk about naked and men will not see his shame.") —

മഹാപീഡനകാലത്തിന്റെ അന്ത്യദിനങ്ങളിൽ കഷ്ടതകളും ദുരിതങ്ങളും അനുഭവിച്ചു ദൈവകല്പനകാത്തുകൊണ്ടു വിശ്വാസത്തോടും പ്രത്യാശയോടും ജീവിക്കുന്ന ഒരുകൂട്ടം വിശുദ്ധന്മാർക്കുള്ള

കർത്താവിന്റെ പ്രബോധനമാണിവിടെ മുഴങ്ങിക്കേൾക്കുന്നത്. സഭാകാലത്തെന്നപോലെ അവരുടെ ജീവിതത്തിൽ സൂക്ഷിക്കുകയും ജാഗരിക്കുകയും ചെയ്യേണ്ട കാര്യങ്ങളാണിവിടെ അവരോടറിയിക്കുന്നത്. അപ്രകാരം ജീവിക്കുന്നവർക്കു വാഗ്ദത്തവും നൽകുന്നു. (1) തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിക്കുക (2) അതിനായി ജാഗരിക്കുക (3) ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ.

സൂക്ഷിക്കുക, ജാഗരിക്കുക എന്നത് ഉറങ്ങാതെ ഉണർന്നു ഏറ്റവും ശ്രദ്ധയോടെ ഒരുങ്ങി ഇരിക്കുന്നതിനെ കുറിക്കുന്നു. പത്തുകന്യകമാരുടെ ഉപമയിൽ മണവാളനെ എതിരേൽക്കാൻ അവർ ഒരുങ്ങിയിരിക്കണമെന്നതിനപ്പുറം, ഒരു പടയാളിയെന്ന നിലയിലുള്ള ജാഗ്രതയെയാണിവിടെ വെളിപ്പെടുന്നത്. അന്ത്യന്യായവിധിയോടനുബന്ധിച്ചു ലോകം യുദ്ധക്കളത്തിലേക്കു നീങ്ങുന്ന അവസരത്തിൽ പീഡനകാലവിശ്വാസിയും പടയാളിയെന്നവണ്ണം തന്റെ ഉടുപ്പു സൂക്ഷിച്ചു ജാഗരിച്ചും ഇരിക്കണം. പടയാളി തന്റെ ജോലിസമയത്തു ഉറങ്ങിയാൽ അവൻ ശിക്ഷിക്കപ്പെടുകയും ലജ്ജിതനായിത്തീരുകയും ചെയ്യപ്പെടും.

**ജാഗരിക്കുക** (stays awake = vigilant > intimate fellowship) — എന്നാൽ ഏറ്റവും ശ്രദ്ധയോടെയും കരുതലോടെയും ഉണർന്നിരിക്കുക എന്നാണ്. മറ്റെല്ലാറ്റിലും നിന്നു ശ്രദ്ധമാറ്റി ഒരേഒരു ലക്ഷ്യത്തിലേക്കു മാത്രം നോക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. മഹാപീഡനകാലവിശ്വാസികൾക്കു ഇപ്രകാരം ജാഗരിക്കുവാൻ സാധിക്കുന്നത് കർത്താവുമായുള്ള കൂട്ടായ്മ ബന്ധത്തിലാണ്. അതിൽ അവർ വർദ്ധിച്ചു വരണം.

**ഉടുപ്പു സൂക്ഷിക്കുക** (keeps his clothes) — എന്നാൽ രക്ഷാവസ്ത്രം അഥവാ നീതിയുടെ അങ്കി ലഭിച്ചവരായ മഹോപദ്രവകാല വിശുദ്ധന്മാർ തങ്ങളുടെ അങ്കിയിൽ കറ, കളങ്കം, ചുളുക്കം എന്നിവ പറ്റിപ്പിടിക്കാതെ കർത്താവിന്റെ വരവോളം വിശുദ്ധിയിൽ ജീവിക്കണം എന്നതിനെ കുറിക്കുന്നു. ഉടുപ്പു സൂക്ഷിക്കേണ്ട ചുമതല ഓരോ വിശ്വാസിക്കും ആയിരിക്കുന്നു.

**തന്റെ ലജ്ജ കാണുമാറു നഗ്നനായി നടപ്പാതിരിപ്പാൻ —** എന്നത് ലോകത്തിൽ അവർ ജീവിക്കുമ്പോൾ ദൈവനാമമഹത്വത്തിനു ഭംഗം വരുത്താതെ ജീവിക്കണം എന്നതിനെ കുറിക്കുന്നു. ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ ക്രിസ്തുവിലായിത്തീരുന്നു. പിന്നീട് ക്രിസ്തുവിന്റെ സ്വഭാവം ആണ് അവനിൽ മറ്റുള്ളവർ കാണേണ്ടത്. പീഡനകാലവിശ്വാസികളായാലും അവർ ആത്മീകർ എന്ന നിലയിൽ ആത്മീകഫലം പുറപ്പെടുവിച്ചു ജീവിക്കണം. അങ്ങനെയല്ലാത്ത ജീവിതങ്ങൾ തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കുകയാണ്.

**ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ —** പ്രതീക്ഷിക്കാത്ത സമയത്തു കർത്താവു വരുമെന്നതിനാൽ വിശ്വാസികൾ വിശുദ്ധിയും ജാഗ്രതയും ഉള്ളവരായിരിക്കണം. അവർ കർത്താവുമായുള്ള കൂട്ടായ്മയിൽ നടന്നു, ആത്മഫലം പുറപ്പെടുവിച്ചു ജീവിക്കുമ്പോൾ വിശുദ്ധിയിൽ ജീവിക്കുവാനിടയാകുന്നു. ആത്മീയ ഒരുക്കത്തോടെ ഏതുസമയത്തും കർത്താവിനെ സ്വീകരിക്കുവാൻ തയ്യാറായി ജീവിക്കുന്നവർ ഭാഗ്യവാന്മാർ എന്നു കർത്താവു പറയുന്നു. വെളിപ്പാടു പുസ്തകത്തിലെ ഏഴുഭാഗ്യവർണ്ണനകളിൽ ഒന്നാണിത് (വെളി.1:3/14:13/16:15/19:9/20:6/22:7/22:14). രണ്ടാമത്തെ ഭാഗ്യവർണ്ണന രക്തസാക്ഷികളായ വിശുദ്ധന്മാർക്കുള്ളതായിരുന്നുവെങ്കിൽ (വെളി.14:13), മൂന്നാമത്തെ ഭാഗ്യവർണ്ണന (വെളി.16:15) മൃഗത്തോടു പൊരുതി ജീവിക്കുന്ന പീഡനകാലവിശ്വാസികൾക്കുള്ളതാണ്.

*"ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ "* — എന്ന കർത്താവിന്റെ ആഹ്വാനം മഹോപദ്രവകാലത്ത് അതികഠിനമായ പീഡകൾ സഹിച്ചു കഴിയുന്ന വിശുദ്ധന്മാരോടാണെങ്കിലും, സഭാകാലത്തിലെ സകലവിശ്വാസികളും ഏറെ ജാഗ്രതയോടെ പിൻപറ്റേണ്ടതാണ്. വിശ്വാസികൾ ഉറക്കത്തിൽ നിന്നുണർന്നു, ഇരുട്ടിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ചു, മര്യാദയായി നടക്കുകയും ക്രിസ്തുവിനെ ധരിക്കുകയും വേണമെന്ന അപ്പൊസ്തലനായ പൗലൊസിന്റെ പ്രബോധനത്തിനു ഇതിനോടു സാമ്യമുണ്ട്. **റോമ.13:11-14 —** *"ഇതു ചെയ്യേണ്ടതു ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. പകൽസമയത്തു എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല. കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി ചിന്തിക്കരുതു."*

**വെളി.16:16 — അവ അവരെ എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു** (And they gathered them together to the place called in Hebrew, Armageddon) —

മഹാപീഡനകാലവിശ്വാസികൾക്കുള്ള മുന്നറിയിപ്പും ആശ്വാസവാക്കുകൾക്കും ശേഷം ആറാം കലശത്തോടു ബന്ധത്തിലുള്ള സംഭവത്തിലേക്കു മടങ്ങി വരുന്നു. വെളി.16:14 - ന്റെ തുടർച്ചയായുള്ള വാക്യമാണിത്. അതിപ്രകാരം ചേർത്തു വായിക്കാം വെളി.16:14,16 — *"ഇവ സർവ്വഭൂതലത്തിലും ഉള്ള*

*രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ അത്ഭു തങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നേ.— അവ അവരെ എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു."*

അവ അവരെ എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു എന്നു പറഞ്ഞിരിക്കുന്നതിൽ അവ എന്നത് മഹാസർപ്പം, മൃഗം, കള്ളപ്രവാചകൻ എന്നിവയുടെ വായിൽ നിന്നു പുറപ്പെട്ടു വന്ന അശുദ്ധാത്മാക്കളായ ഭൂതാത്മാക്കളാണ്. അവ അത്ഭുതങ്ങൾ കാട്ടി വശീകരി ച്ചാണ് സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ ഹർമ്മഗെദ്ദോനിൽ യുദ്ധത്തിനായി കൂട്ടി വരുത്തിയത്.

ഹർമ്മഗെദ്ദോൻ എന്ന പേര് എബ്രായനാമമാണ്. ഹർ + മെഗിദ്ദോ (Har + Megiddo) എന്നീ രണ്ടു പദങ്ങളിൽ നിന്നു വന്നിട്ടുള്ളതാണ്. ഹർ എന്നതിനു പർവ്വതം, മല, താഴ്വര (Har = mountain) എന്നും മെഗിദ്ദോ എന്നത് പാലസ്റ്റീനിലുള്ള ഒരു സ്ഥലവുമാണ്. ആകയാൽ ഹർ + മെഗീദ്ദോ എന്നാൽ മെഗിദ്ദോ പർവ്വതം, മെഗിദ്ദോ മല മെഗിദ്ദോ താഴ്വരഎന്നാണ് (Mountain of Megiddo or Hill of Megiddo, Valley of Megiddo). മറ്റൊരു അർത്ഥവും കൂടി രേഖപ്പെടുത്തി കാണുന്നുണ്ട്. ഹർ എന്നാൽ പർവ്വതം, മല എന്നും മെഗിദ്ദോ എന്നാൽ സൈന്യങ്ങളുടെ താവളം (Place pf troops), കശാപ്പു സ്ഥലം (place of slaughter) എന്നുമാണ്. കൂടാതെ ഇതിനെ എസ്ദ്രെയിലോൻ സമതലം (Plain of Esdraelon) എന്നും യിസ്രായേൽ താഴ്വര (Valley of Jezereel) എന്നും അറിയപ്പെടുന്നു.

മെഗിദ്ദോ യെരൂശലേമിൽനിന്നും 60 മൈൽ ദൂരത്തു അതിന്റെ തെക്കുഭാഗത്തു സ്ഥിതി ചെയ്യു ന്നു. ഈ താഴ്വരക്കു ഏകദേശം 20 മൈൽ നീളവും 14 മൈൽ വീതിയുമുണ്ട്. ഇതിനെ "യഹോശാ ഫാത്ത് താഴ്വര" (Valey of Jehoshaphat) എന്നു യോവേൽ പ്രവാചകനും (യോവേ.3:2,12,13), "വഴിപോ ക്കരുടെ താഴ്വര" (Valley of travellers) എന്നു യെഹെസ്കേലും (യെഹെ.39:11) പറയുന്നു. കർമ്മേൽ പർവ്വതത്തിനും കിദ്രോൻ താഴ്വരക്കും ഇടയിലുള്ള അതിവിശാലമായ സ്ഥലമാണിത്. കർമ്മേൽ പർവ്വ തത്തിൽ നിന്നു നോക്കിയാൽ ഈ പ്രദേശം വ്യക്തമായി കാണാം. "യുദ്ധങ്ങളുടെ യുദ്ധഭൂമി " എന്നും "സകലലോകസേനകൾക്കും പറ്റിയ യുദ്ധഭൂമി " എന്നും ഇതിനെ വിശേഷിപ്പിച്ചിട്ടുണ്ട്.

പഴയനിയമഭാഗങ്ങളിൽ യിസ്രായേലിന്റെ ചരിത്രത്തിലെ അനേക യുദ്ധങ്ങൾക്കും പോരാട്ട ങ്ങൾക്കും സംഭവങ്ങൾക്കും വേദിയായിരുന്ന സ്ഥലമാണ് മെഗിദ്ദോ.

(1) മെഗിദ്ദോവെള്ളത്തിന്നരികെ വെച്ചാണ് ദെബോരയും ബാരാക്കും സീസെരയുടെ സൈന്യത്തെ തോൽപ്പിച്ചത് — (ന്യായാ.5:19-21)

(2) ഗിദെയോൻ മിദ്യാന്യരെ കണ്ടുമുട്ടിയസ്ഥലം — യിസ്രായേൽ താഴ്വര (ന്യായാ.6:33/ന്യായാ.7)

(3) യിസ്രായേലിന്റെ ആദ്യരാജാവായ ശൗലിന്റെ മരണം നടന്ന സ്ഥലം — (ഗിൽബോവാ പർവ്വതം യിസ്രായേൽ താഴ്വരയിലുള്ള പർവ്വതശിഖരമാണ്) — (1.ശമൂ.31)

(4) ശലോമോന്റെ ഭരണകാലത്ത് കോട്ട പണിയപ്പെട്ടിരുന്ന പട്ടണവും രഥനഗരങ്ങൾ കുതിരച്ചേ വകർ എന്നിവയുടെ പട്ടാള കേന്ദ്രവുമായിരുനന്നു മെഗിദ്ദോ — (1.രാജാ.4:12/1.രാജാ.9:15-19).

(5) യെഹൂദാരാജാവായ അഹസ്യാവു യേഹൂവിന്റെ വെട്ടേറ്റ് ഓടിപ്പോയി മരിച്ചുവീണത് മെഗി ദ്ദോവിലാണ് — (2.രാജാ.9:27)

(6) യഹൂദാരാജാവായ യോശീയാവു മെഗിദ്ദോവിൽവെച്ചു കൊല്ലപ്പെട്ടു — (2.രാജാ.23:29,30 /2.ദി ന.35:22-24)

(7) 'മെഗിദ്ദോതാഴ്വരയിലെവിലാപം പോലെ ' എന്നു സെഖര്യാപ്രവാചകൻ വിശേഷിപ്പിച്ചു പ്രവചിച്ച യുദ്ധസ്ഥലം — (സെഖ.12:11).

അന്തിക്രിസ്തുവിന്റെ സൈന്യം യഹൂദന്മാരുമായി നടത്തുന്ന അവസാനയുദ്ധത്തെയാണ് ഹർമ്മ ഗോദ്ദോൻ യുദ്ധം എന്ന പേരിലറിയപ്പെടുന്നത്. അന്തിക്രിസ്തുവും ഭൂരാജാക്കന്മാരും അവരുടെ സൈന്യവും യുദ്ധത്തിനായി ഒരുമിച്ചുകൂടുന്ന സ്ഥലമാണ് ഹർമ്മഗെദ്ദോൻ (Armageddon) അഥവാ മെഗിദ്ദോമല (Mount Megiddo). ലോകചരിത്രത്തിലെ അവസാനയുദ്ധമായ ഹർമ്മഗെദ്ദോൻ യുദ്ധം ഇവിടെ വെച്ചായിരിക്കും നടക്കുക (വെളി.19:19-21). മഹാപീഡനകാലത്തിന്റെ അന്ത്യത്തിൽ നടക്കുന്ന യുദ്ധത്തിൽ യിസ്രായേ ലിന്റെ സഹായത്തിനായി ക്രിസ്തു വിശുദ്ധന്മാരോടൊപ്പം സ്വർഗ്ഗീയസൈന്യത്തിന്റെ അകമ്പടിയിൽ ഭൂമിയിലേക്കിറങ്ങി വരുന്നതിവിടെയാണ്. അവിടെ ക്രിസ്തു തന്റെ വായിലെ ശ്വാസത്താൽ ശത്രുക്കളെ ഒന്നടങ്കം ഒടുക്കിക്കളയും (വെളി.19:11-16). ദുഷ്ടന്മാരെ മുഴുവനും മുന്തിരിക്കുല എന്നപോലെ ദൈവ ക്രോധ ചക്കിലിടും. ചക്കിൽ നിന്നു വീഞ്ഞിനു പകരം രക്തമായിരിക്കും ഒഴുകുന്നത്. "*രക്തം അന്നു കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി* " (വെളി.14:20) എന്നു ക്രോധകലശത്തിനു മുമ്പു പറഞ്ഞത് ഹർമ്മഗെദ്ദോനിലെ മഹാസംഹാരത്തിൽ നിവൃത്തിയാകും. ഹർമ്മ ഗെദ്ദോനിൽ കൂട്ടിച്ചേർക്കപ്പെടുന്ന ഭൂരാജാക്കന്മാർക്കും സൈന്യങ്ങൾക്കും ഭൂവാസികൾക്കും ഹർമ്മഗെ ദ്ദോനിലെ കൂടിച്ചേരൽ യിസ്രായേലിനോടും ദൈവത്തോടും എതിരായുള്ള ഒരു യുദ്ധം മാത്രമായിരി ക്കും. എന്നാൽ ഇതിനെക്കുറിച്ചു വെളിപ്പാടിൽ പറഞ്ഞിരിക്കുന്നത് 'മഹാദൈവത്തിന്റെ അത്താഴം'

(വെളി.19:18) എന്നാണ്. അന്നു ഭൂമിയിലെ സകലപറവജാതികളും ദുഷ്ടന്മാരുടെ മാംസം തിന്നു തൃപ്തി പ്രാപിക്കും (വെളി.19:21).

**വെളി.16:17 — ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു; അപ്പോൾ സംഭവിച്ചുതീർന്നു എന്നു ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നു വന്നു** (Then the seventh angel poured out his bowl into the air, and a loud voice came out of the temple of heaven, from the throne, saying, "It is done!") —

ആകാശത്തിൽ ബാധ — വെളി.16:17-21 — അതിഭയങ്കരമായ ഭൂമി കുലുക്കം (Plague on the **AIR** -- The earth utterly shaken)

അവിശ്വാസികളായ ഭൂവാസികളുടെമേൽ ചൊരിയപ്പെടുന്ന അവസാനത്തെ ന്യായവിധിയാണ് ഏഴാമത്തെ കലശം. "*അതോടുകൂടെ ദൈവക്രോധം തീർന്നു* " (വെളി.15:1) എന്ന പ്രസ്താവന ഏഴാമത്തെ ക്രോധകലശത്തോടെ നിവൃത്തിയാകുന്നു (വെളി.15:1). ദുഷ്ടലോകത്തിന്മേൽ അയക്കുന്ന ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴു കലശങ്ങൾ എന്നിങ്ങനെ 21 ന്യായവിധികളിൽ അവസാനത്തേതാണ് ഏഴാമത്തെ കലശം. ഏഴാമത്തെ കലശം ഒഴിക്കുന്നതിനെ തുടർന്നുണ്ടാകുന്ന സംഭവങ്ങളോടനുബന്ധിച്ചു കർത്താവിന്റെ മഹത്വപ്രത്യക്ഷതയുണ്ടാകുകയും ഭൂമിയിൽ സഹസ്രാബ്ദവാഴ്ചെക്കു ആരംഭം കുറിക്കപ്പെടുകയും ചെയ്യും. ഏഴാമത്തെ ക്രോധകലശം ബാബിലോണിന്മേലുണ്ടാകുവാൻ പോകുന്ന അതിഭയങ്കരമായ ന്യായവിധിയുടെ (വെളി.17,18) ആരംഭവുമായി കരുതാം. ഏഴാമത്തെ കാഹളത്താലുള്ള ശിക്ഷാവിധികളും (വെളി.11:19) ഏഴാമത്തെ കലശത്താലുള്ള ശിക്ഷാവിധികളും (വെളി.16:17-21) തമ്മിൽ സാമ്യമുണ്ട്. മിന്നലും, നാദവും ഇടിമുഴക്കവും, ഭൂകമ്പവും കല്മഴയും രണ്ടിലും സംഭവിക്കുന്നു.

**ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു** (Then the seventh angel poured out his bowl into the air) —

സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയത്തിൽ നിന്നു ഒടുവിലത്തെ ഏഴു ബാധയുമായി വന്ന ദൂതന്മാരിൽ ഏഴാമത്തെ ദൂതൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു. ആകാശത്തെ ഉണ്ടാക്കിയ സർവ്വശക്തനായ ദൈവത്തെ നമസ്കരിച്ചാരാധിക്കണമെന്നു ക്രോധകലശങ്ങൾ ചൊരിയുന്നതിനു മുമ്പു ആകാശമദ്ധ്യേ ഒരു ദൈവദൂതൻ ഭൂവാസികളോട് അറിയിച്ചിരുന്നു (വെളി.14:7). എന്നാൽ ദൂതന്റെ ആഹ്വാനത്തെ തള്ളിക്കളഞ്ഞുകൊണ്ടു മൃഗത്തെയും അതിന്റെ പ്രതിമയെയും അവർ നമസ്കരിച്ചു. ഭൂമി (വെളി.16:2), സമുദ്രം (വെളി.16:3), നീരുറവകൾ (വെളി.16:4), സൂര്യൻ (വെളി.16:8) എന്നിവയ്ക്കുശേഷം ആകാശവിതാനത്തിൽ ചൊരിയപ്പെടുന്ന അവസാനത്തെ ക്രോധകലശം ഭൂമിയിൽ അതിഭയങ്കരമായ ബാധകളാണ് അരങ്ങേറുക. ഏഴു സമ്പൂർണ്ണതയെ കുറിക്കുന്നതിനാൽ ഏഴാമത്തെ കലശം ദുഷ്ടന്മാരുടെ സമ്പൂർണ്ണനാശത്തെയും വെളിപ്പെടുത്തുന്നു. ആകാശം എന്നത് വായുമണ്ഡലവും നക്ഷത്രമണ്ഡലവും ഉൾപ്പെട്ട വിതാനത്തെ കാണിക്കുന്നു. "*ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു* " (സങ്കീ.19:1). എന്നാൽ ലോകത്തിന്റെ ദൈവം (god of this age— 2.കൊരി.4:4), അന്ധകാരത്തിന്റെ ലോകാധിപതി (rulers of darkness — എഫെ.6:12) എന്നിങ്ങനെ സാത്താൻ ആകാശത്തിന്റെ അധിപതിയായി (Prince of the power of the Air – എഫെ.2:2) ഭൂമിയിൽ വഷളത്വം പ്രവർത്തിക്കുന്നു. മഹാപീഡനകാലയളവിൽ ഏഴാമത്തെ കാഹളത്തെ തുടർന്നു സ്വർഗ്ഗത്തിലുണ്ടായ യുദ്ധത്തിൽ സ്വർഗ്ഗീയദൂതന്മാർ സാത്താനെയും അവന്റെ ദൂതന്മാരെയും ഭൂമിയിലേക്കു തള്ളിക്കളഞ്ഞിരുന്നു (വെളി.12:9). ആകയാൽ സാത്താനും ഭൂതാന്മാക്കളും ഭൂമിയിൽ ആകാശമണ്ഡലമുൾപ്പെടെയുള്ള സ്ഥലങ്ങളിൽ സ്വാതന്ത്ര്യത്തോടെ വിഹരിക്കുന്നു. കൂടാതെ ആധുനികലോകത്തിൽ ആകാശവിതാനം യുദ്ധത്തിന്റെ ഒരു പ്രധാന കേന്ദ്രമായിത്തീർന്നിരിക്കുന്ന സാഹചര്യത്തിൽ സാത്താനായിരിക്കും അവയൊക്കെ നിയന്ത്രിക്കുന്നത്. അക്കരാണത്താലാകാം ദൈവം ആകാശത്തിലും ദൈവക്രോധത്തിന്റെ ബാധ ഒഴിക്കുവാൻ ദൂതനെ അയക്കുന്നത്.

**അപ്പോൾ സംഭവിച്ചുതീർന്നു എന്നു** ("It is done!") —

ഏഴാമത്തെ ദൂതൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചപ്പോൾ സ്വർഗ്ഗീയദൈവാലയത്തിന്റെ സിംഹാസനത്തിൽ നിന്നു 'ഒരു മഹാശബ്ദം' വിളംബരമായി മുഴങ്ങിക്കേൾക്കുന്നു. സംഭവിച്ചു തീർന്നു (It is done) എന്നുള്ള പ്രഖ്യാപനം സാത്താന്യശക്തികളുടെ ന്യായവിധിയെ സംബന്ധിച്ചു തിരുവെഴുത്തുകളിൻ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളുടെ നിവൃത്തിയെ കുറിക്കുന്നു. യാക്കോബിന്റെ കഷ്ടകാലത്തിന്റെ അന്ത്യവും, ദുഷ്ടന്മാരുടെമേലുള്ള ദൈവീകന്യായവിധിയുടെ സമാപ്തിയെയും വിളംബരം വെളിപ്പെടുത്തുന്നു. സംഭവിച്ചു തീർന്നു എന്നതിനു ഗ്രീക്കിൽ "ജിനോമായ് " (ginomai = it is done) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ദുഷ്ടന്മാരുടെ മേലുള്ള ദൈവക്രോധ ശിക്ഷാവിധികൾ സകലതും പൂർത്തീകരിക്കപ്പെട്ടു എന്നതിനെ കുറിക്കുന്നു. പാപികളും ദോഷികളുമായ അവിശ്വാസികളുടെ ദുഃഖകരമായ അന്ത്യത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഇതുപോലുള്ള ഒരു ശബ്ദം കാൽവറിക്രൂശിൽ 2000 വർഷങ്ങൾക്കു മുമ്പു മുഴങ്ങിക്കേൾക്കുകയുണ്ടായി. അന്നു ക്രിസ്തുവിൽ നിന്നു കേട്ട ശബ്ദം നിവൃ

ത്തിയായി (It is finished) എന്നാണ് (യോഹ.19:30). ഗ്രീക്കിൽ "റ്റെറ്റലെസ്റ്റായ് "(tetelestai) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇത് ലോകജനതയുടെ പാപപരിഹാരവും വീണ്ടെടുപ്പും സംബന്ധിച്ചുള്ള കാര്യങ്ങളുടെ തിരുവചനപ്രകാരമുള്ള സന്തോഷകരമായ പൂർത്തീകരണത്തെ കുറിക്കുന്നു. പാപികളും ദോഷികളുമായ മനുഷ്യർ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവർക്കു ലഭിക്കുന്ന അനുഗ്രഹത്തിന്റെ പാതയോടു ബന്ധപ്പെട്ടിരിക്കുന്നു. കാൽവറിയിൽ മുഴങ്ങിക്കേട്ട ശബ്ദം പാപികളുടെ നീതീകരണത്തിനായി ദൈവക്രോധം പുത്രന്റെമേൽ പകരപ്പെടുകയും അതിന്റെ പൂർത്തീകരണത്തെയും കുറിക്കുന്നുവെങ്കിൽ വെളിപ്പാടിലെ ശബ്ദം അവിശ്വാസികളായ പാപികളുടെമേൽ ചൊരിയപ്പെട്ട ദൈവക്രോധത്തിന്റെ പൂർത്തീകരണത്തെയും കുറിക്കുന്നു. ഒന്നു യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കുള്ള രക്ഷാപൂർത്തീകരണശബ്ദവും, മറ്റേത് യേശുക്രിസ്തുവിനെ തിരിസ്കരിക്കുന്നവർക്കുന്നവർക്കുള്ള നിത്യനാശത്തിന്റെ പൂർത്തീകരണശബ്ദവുമാണ്.

**ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നു വന്നു** (And a loud voice came out of the temple of heaven, from the throne) —

**മഹാശബ്ദം —** ആകെയുള്ള 21 ന്യായവിധികളിൽ ഏഴാമത്തെ മുദ്രപൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ മൗനത ഉണ്ടായി (വെളി.8:1). എന്നാൽ ഏഴാമത്തെ കാഹളധ്വനിയിലും ഏഴാമത്തെ കലശത്തിലും സ്വർഗ്ഗത്തിൽ യഥാക്രമം മഹാഘോഷവും (വെളി.11:15) മഹാശബ്ദവും (വെളി.16:17) ഉണ്ടായി. ഏഴാമത്തെ മുദ്ര പൊട്ടിച്ചപ്പോഴുണ്ടായ മൗനത സംഭവിക്കുവാൻ പോകുന്ന ന്യായവിധിയുടെ ഭയങ്കരതയെ പ്രകടമാക്കുന്നു. ഏഴാമത്തെ കാഹളത്തെ തുടർന്നുള്ള മഹാഘോഷം ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയോടുള്ള ബന്ധത്തിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെ വെളിപ്പെടുത്തുന്നു. എന്നാൽ ഏഴാമത്തെ കലശത്താലുയരുന്ന മഹാശബ്ദം സകലതും സംഭവിച്ചു തീർന്നു എന്നതിനെ കുറിക്കുന്നു. ഏഴാമത്തെ കലശം ആകാശത്തിൽ ഒഴിച്ചപ്പോൾ യോഹന്നാൻ കേട്ടത് ഒരു മഹാശബ്ദം ആയിരുന്നു. ഗ്രീക്കിൽ മെഗാ (mega) എന്ന പദമാണ് മഹാ എന്നതിനുപയോഗിച്ചിരിക്കുന്നത്. വെളിപ്പാടു പുസ്തകത്തിൽ അനേകപ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ഏഴാമത്തെ കലശത്തോടുള്ള ബന്ധത്തിൽത്തന്നെ 6 തവണ ഉപയോഗിച്ചിരിക്കുന്നു—> മഹാശബ്ദം (16:17), —> വലിയ ഭൂകമ്പം (18), —> വലുതായൊരു ഭൂകമ്പം (18), —> മഹാനഗരം (19), —> വലിയ കല്മഴ (21), —> ഏറ്റവും വലുതാകകൊണ്ടു (21) എന്നിവയാണവ.

കർത്താവിന്റെ മഹാശബ്ദം ഉയരുന്ന വിവിധ സന്ദർഭങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട് —

(1) ക്രൂശിൽ മരണസമയത്ത് ഉറക്കെ നിലവിളിച്ചപ്പോഴുയർന്ന (മത്തായി.27:46,50) മഹാശബ്ദത്താൽ ദൈവാലയമന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തി, ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്ര പ്രാപിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റു.

(2) മരിച്ചിട്ടു നാലു നാളായ ലാസറിന്റെ കല്ലറെക്കൽ നിന്നു ലാസറേ പുറത്തു വരിക എന്നുള്ള മഹാശബ്ദത്താൽ (യോഹ.11:43,44) ലാസർ ഉയിർത്തെഴുന്നേറ്റു.

(3) പുനരാഗമനത്തിൽ മദ്ധ്യാകാശത്തിൽ മഹാശബ്ദം ഉയരുമ്പോൾ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർ ഒന്നടങ്കം ഉയിർത്തെഴുന്നേൽക്കും (1.തെസ്സ.4:16/യോഹ.5:28).

(4) കർത്തൃദിവസത്തിൽ ആത്മവിവശനായ യോഹന്നാൻ കർത്താവിന്റെ കാഹളത്തിനൊത്ത ഒരു മഹാശബ്ദം കേട്ടു (വെളി.1:10-12).

ആയതുപോലെ ഏഴാമത്തെ കലശത്തോടനുബന്ധിച്ചു ഉയർന്നു കേട്ട മഹാശബ്ദം മഹോപദ്രവകാലത്തെ ഭൂവാസികളുടെ മേലുള്ള ദൈവക്രോധത്തിന്റെ സമാപ്തിയെ കുറിക്കുന്നു.

**ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നു —** സംഭവിച്ചു തീർന്നു എന്ന മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽ നിന്നാണ് ഉയരുന്നത്. ഏഴുക്രോധകലശങ്ങൾ ലഭിച്ച ഏഴുദൂതന്മാരും സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയത്തിൽ നിന്നാണ് പുറപ്പെടുന്നത് (വെളി.15:5-7). അവർക്കു ഏഴു പൊൻകലശം ലഭിച്ചപ്പോൾ ദൈവാലയം പുകകൊണ്ടു നിറഞ്ഞു; ഏഴു ദൂതന്മാരുടെ ബാധ ഏഴും കഴിയുവോളം ദൈവാലയത്തിൽ കടപ്പാൻ ആർക്കും കഴിഞ്ഞില്ല (വെളി.15:8) എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തിയിരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ സാന്നിദ്ധ്യമാണ് ഇവിടെ നിറഞ്ഞിരിക്കുന്നത്.

മഹാശബ്ദം ആരുടേതാണ്? സർവ്വശക്തനായ ദൈവത്തിന്റെയോ ക്രിസ്തുവിന്റെയോ? സ്വർഗ്ഗീയ ദൈവാലയത്തിൽ സർവ്വശക്തനായദൈവത്തോടൊപ്പം പുത്രനായ ക്രിസ്തുവും ഉണ്ട്. ഇവിടെ ന്യായവിധിയുടെ സമാപ്തിയെ വിളംബരം ചെയ്യുന്ന മഹാശബ്ദം ക്രിസ്തുവിന്റേതു തന്നെ എന്നു കരുതാം. കാരണം സകല ദുഷ്പ്രവൃത്തിക്കാരുടെയും പാപികളുടെയും ന്യായവിധി നടത്തുവാനുള്ള അധികാരം പുത്രനു നൽകിയിരിക്കുന്നു എന്നതിനാൽ തന്നേ (യോഹ.5:27).

**വെളി.16:18 — മിന്നലും നാദവും ഇടിമുഴക്കവും വലിയ ഭൂകമ്പവും ഉണ്ടായി; ഭൂമിയിൽ മനുഷ്യർ ഉണ്ടായതുമുതൽ അതുപോലെ അത്ര വലുതായോരു ഭൂകമ്പം ഉണ്ടായിട്ടില്ല** (And there were noises and thunderings and lightnings; and there was a great earthquake, such a mighty and great earth-quake as had not occurred since men were on the earth) —

ഏഴാമത്തെ കലശം ആകാശത്തിൽ ഒഴിച്ചപ്പോൾ ഭൂമിയിലെ അന്തരീക്ഷത്തെ മുഴുവൻ അതു ബാധിക്കുകയും തുടർന്ന് മിന്നലും നാദവും ഇടിമുഴക്കവും വലിയഭൂകമ്പവും ഉണ്ടായി. ഏഴാമത്തെ മുദ്ര പൊട്ടിച്ചപ്പോഴും (വെളി.8:5), ഏഴാമത്തെ കാഹളം ഊതിയപ്പോഴും (വെളി.11:19) മിന്നലും നാദവും ഇടി മുഴക്കവും ഭൂകമ്പവും ഭൂമിയിൽ ഉണ്ടായി. എന്നാൽ ഏഴാമത്തെ കാഹളത്തെ തുടർന്നുണ്ടായ മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും ന്യായവിധിയുടെ സമാപ്തി എന്ന നിലയിൽ അതിഭയങ്കരമായിരിക്കുന്നു. യോഹന്നാൻ അതിനെക്കുറിച്ചു പറയുന്നത് *"ഭൂമിയിൽ മനുഷ്യർ ഉണ്ടായതുമുതൽ അതുപോലെ അത്ര വലുതായോരു ഭൂകമ്പം ഉണ്ടായിട്ടില്ല"* എന്നാണ്.

യിസ്രായേൽ ജനത്തിനു പത്തു കല്പനകൾ നൽകാനായി ദൈവം സീനായ് പർവ്വതത്തിലേക്കു ഇറങ്ങി വന്നപ്പോൾ ഇപ്രകാരം ഇടിമുഴക്കവും നാദവും മിന്നലും ഉണ്ടായി (പുറ.19:16). ഇതു ദൈവ ത്തിന്റെ വരവിനെയും സാന്നിദ്ധ്യത്തെയും കുറിക്കുന്നു.

ആത്മവിവശനായി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട യോഹന്നാൻ സ്വർഗ്ഗസിംഹാനത്തിൽ നിന്നു മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നതായി സാക്ഷ്യപ്പെടുത്തി (വെളി.4:5). ഇതു ദൈവത്തിന്റെ സാന്നിദ്ധ്യത്തെയും മഹത്വത്തെയും വെളിപ്പെടുത്തുന്നു.

കാൽവറിക്രൂശിൽ മരണസമയത്ത് ഉയർന്ന കർത്താവിന്റെ മഹാശബ്ദം ഭൂമി കുലുങ്ങുവാനും പാറകൾ പിളരുവാനുമിടയായി. അവിടെ ഉണ്ടായ സംഭവങ്ങൾ ക്രിസ്തു ദൈവപുത്രനായിരുന്നു എന്ന സ്വർഗ്ഗത്തിന്റെ സാക്ഷ്യമായിരുന്നു. **മത്താ.27:52 —** *"ഭൂമി കുലുങ്ങി; പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു."* എന്നാൽ അന്ത്യന്യായവിധിയായ ഏഴാം കാഹളത്തോടനുബന്ധിച്ചു ഉണ്ടാകുന്ന മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും ദുഷ്ടന്മാരുടെ മേൽ ചൊരിയപ്പെടുന്ന ദൈവത്തിന്റെ ക്രോധകലശത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

ഭൂവാസികളുടെമേൽ വന്നു പതിക്കുന്ന അതിഭയങ്കരമായ ഭൂകമ്പമുൾപ്പെടെയുള്ള ദൈവീന്യായ വിധിയെക്കുറിച്ചു പ്രവാചകന്മാർ മുന്നമേ അറിയിച്ചിട്ടുണ്ട് —

**യെശ.24:18-20 —** *"ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങുന്നു. ഭൂമി പൊടുപൊടെ പൊട്ടുന്നു; ഭൂമി കിറുകിറെ കീറുന്നു; ഭൂമി കിടുകിട കിടുങ്ങുന്നു. ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നു; കാവൽമാടംപോലെ ആടുന്നു; അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു; അതു വീഴും; എഴുന്നേൽക്കയുമില്ല."*

**യോവേ.3:16 —** *"യഹോവ സീയോനിൽ നിന്നു ഗർജ്ജിച്ചു, യെരൂശലേമിൽനിന്നു തന്റെ നാദം കേൾപ്പിക്കും; ആകാശവും ഭൂമിയും കുലുങ്ങിപ്പോകും; എന്നാൽ യഹോവ തന്റെ ജനത്തിന്നു ശരണവും യിസ്രായേൽമക്കൾക്കു ദുർഗ്ഗവും ആയിരിക്കും."*

**ഹഗ്ഗാ.2:6 —** *"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇനി കുറഞ്ഞൊന്നു കഴിഞ്ഞിട്ടു ഞാൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും."*

കർത്താവിന്റെ പാദസ്പർശനത്താൽ ഉണ്ടാകുന്ന മഹാഭൂകമ്പത്തിൽ ഒലിവുമല കിഴക്കു പടിഞ്ഞാറായി പിളർന്നുപോകുമെന്നു സെഖര്യാപ്രവാചകൻ പറയുന്നു.

**സെഖ.14:4 —** *"അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരേ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും; ഒലിവുമല കിഴക്കു പടിഞ്ഞാറായി നടുവേ പിളർന്നുപോകും; ഏറ്റവും വലിയോരു താഴ്വര ഉളവായ്‌വരും; മലകളുടെ പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും."*

*"ഭൂമിയിൽ മനുഷ്യർ ഉണ്ടായതുമുതൽ അതുപോലെ അത്ര വലുതായോരു ഭൂകമ്പം ഉണ്ടായിട്ടില്ല"* — എന്നാണ് യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നത്. മനുഷ്യർ ഉണ്ടായതുമുതൽ എന്നാൽ ആദാമ്യ സൃഷ്ടിമുതൽ മഹോപദ്രവകാലത്തിന്റെ അന്ത്യം വരെയുള്ള നാളുകളിൽ എന്നർത്ഥം. ലോകസൃഷ്ടി മുതൽ ഇന്നുവരെയും മാത്രമല്ല പീഡനകാലാന്ത്യംവരെയുമുള്ള സകലഭൂകമ്പങ്ങളിൽവെച്ചു അതിഭയങ്കരമായ ഭൂകമ്പമായിരിക്കും ഏഴാം കലശത്തെ തുടർന്നുണ്ടാകുക.

**വെളി.16:19 — മഹാനഗരം മൂന്നംശമായി പിരിഞ്ഞു; ജാതികളുടെ പട്ടണങ്ങളും വീണുപോയി; ദൈവ കോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാബാബിലോന്നു കൊടുക്കേണ്ടതിന്നു അവളെ ദൈവസന്നിധിയിൽ ഓർത്തു** (Now the great city was divided into three parts, and the cities of the nations fell. And great Babylon was remembered before God, to give her the cup of the wine of the fierceness of His wrath) —

ആകാശത്തിലൊഴിച്ച ദൈവക്രോധകലശത്താൽ അതിഭയങ്കരമായ ഭൂകമ്പം ഉണ്ടായി. ഭൂകമ്പത്തിന്റെ പ്രത്യാഘാതമെന്ന നിലയിൽ മഹാനഗരം മൂന്നംശമായി പിരിഞ്ഞു. അതോടൊപ്പം ജാതികളുടെ പട്ടണങ്ങളും നശിക്കുവാനിടയായി.

മഹാനഗരം ഏതാണെന്നതിനെ കുറിച്ചു വ്യാഖ്യാതാക്കളുടെ ഇടയിൽ വിവിധ അഭിപ്രായങ്ങളുണ്ട് —

(1) റോമാനഗരം
(2) ബാബിലോൺ — ബാബിലോണിനെ മഹാനഗരം എന്നു പറഞ്ഞിട്ടുണ്ട് (വെളി.18:10,16).
(3) യെരൂശലേം — യെരൂശലേമിനെ മഹാനഗരം എന്നു പറഞ്ഞിരിക്കുന്നു (വെളി.11:8).

**മഹാനഗരം മൂന്നംശമായി പിരിഞ്ഞു; ജാതികളുടെ പട്ടണങ്ങളും വീണുപോയി** (Now the great city was divided into three parts, and the cities of the nations fell) –––

മഹാനഗരം എന്നത് യെരൂശലേം തന്നെയെന്നു ചിന്തിക്കുന്നതാണ് ഏറെ യോജിക്കുന്നത്. മഹാനഗരവും ജാതികളുടെ പട്ടണങ്ങളും നശിച്ചു എന്നു ഒരു വാക്യത്തിൽ തന്നെ പ്രസ്താവിച്ചിരിക്കുന്നതിൽ മഹാനഗരം എന്നത് യെരൂശലേമിനെ കുറിക്കുമ്പോൾ ജാതികളുടെ പട്ടണങ്ങൾ ബാബിലോണും അതിനോടു സഖ്യതയുള്ള ജാതീയപട്ടണങ്ങളുമാണ്. ആറാമത്തെ കാഹളം കഴിഞ്ഞു ഏഴാമത്തെ കാഹളത്തിനു മുമ്പായുള്ള ഇടവേളയിൽ ദൈവം അയച്ച ഇരുസാക്ഷികളുടെ മരണത്തോടു ബന്ധപ്പെട്ട പ്രസ്താവനയിൽ മഹാനഗരം എന്നത് യെരൂശലേമാണെന്നു മനസ്സിലാക്കാം. **വെളി.11:8 —** "*അവരുടെ കർത്താവു ക്രൂശിക്കപ്പെട്ടതും ആത്മികമായി സോദോം എന്നും മിസ്രയിം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വീഥിയിൽ അവരുടെ ശവം കിടക്കും.*" ഒരിക്കൽ വിശുദ്ധനഗരം എന്നറിയപ്പെട്ട യെരൂശലേമിനു ഇന്നു ആത്മീകമായി സോദോം എന്നും മിസ്രയീം എന്ന പേരു ലഭിച്ചിരിക്കയാണ്. യെരൂശലേമിന്റെ ആത്മീകമായുള്ള ശോചനീയമായ അവസ്ഥയെ ഇതു വെളിപ്പെടുത്തുന്നു. കർത്താവു യെരൂശലേമിനെക്കുറിച്ചു ഇപ്രകാരം പറഞ്ഞു — **മത്താ.10:15 —** "*ന്യായവിധിദിവസത്തിൽ ആ പട്ടണത്തേക്കാൾ സൊദോമ്യരുടെയും ഗമോര്യരുടെയും ദേശത്തിന്നു സഹിക്കാവതാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.*" അന്തിക്രിസ്തുവും മൃഗത്തിന്റെ ആരാധകരും ചേർന്നു യെരൂശലേമിനെ മിസ്രയീമിനും സോദോമിനും തുല്യമാക്കി മ്ലേച്ഛതയിൽ മുഴുകുവാനിടയാക്കി. ഏഴാം കലശത്താലുള്ള ഭൂകമ്പത്തെ തുടർന്നു മഹാനഗരമായ യെരൂശലേം മൂന്നായി പിരിഞ്ഞു. ഏഴാമത്തെ കാഹളന്യായവിധിയാൽ ഉണ്ടായ ഭൂകമ്പത്തിൽ യെരൂശലേം നഗരത്തിന്റെ പത്തിലൊന്നിനു നാശം സംഭവിക്കുകയും ഭയപരവശരായ അനേകർ ദൈവത്തിലാശ്രയിക്കുവാനുമിടയായി. **വെളി.11:13 —** "*ആ നാഴികയിൽ വലിയോരു ഭൂകമ്പം ഉണ്ടായി; നഗരത്തിൽ പത്തിലൊന്നു ഇടിഞ്ഞുവീണു; ഭൂകമ്പത്തിൽ ഏഴായിരംപേർ മരിച്ചുപോയി; ശേഷിച്ചവർ ഭയപരവശരായി സ്വർഗ്ഗത്തിലെ ദൈവത്തിന്നു മഹത്വം കൊടുത്തു.*" എന്നാൽ ഏഴാം കാഹളത്തിൽ മഹാനഗരമായ യെരൂശലേംനഗരം ഭൂകമ്പത്താൽ മൂന്നായി പിളർന്നു ഇടിഞ്ഞുവീണു.

ഭൂകമ്പത്താലുണ്ടാകുന്ന യെരൂശലേം മഹാനഗരത്തിന്റെ പിളർപ്പും നാശവും ദൈവത്തിന്റെ ന്യായവിധി എന്നു തോന്നിക്കാമെങ്കിലും കർത്താവിന്റെ സഹസ്രാബ്ദവാഴ്ചെക്കുള്ള ഒരുക്കത്തെയാണ് യെരൂശലേമിന്റെ പിളർപ്പു കാണിക്കുന്നത്. യെരൂശലേമിന്റെ ഭൂപ്രകൃതിതന്നെ മാറ്റിമറിക്കുന്ന കാര്യങ്ങളാണ് സെഖര്യാപ്രവാചകൻ മുന്നമേ പ്രസ്താവിച്ചിട്ടുള്ളത്. സെഖ.14:4–10 — "*അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരേ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും; ഒലിവുമല കിഴക്കു പടിഞ്ഞാറായി നടുവേ പിളർന്നുപോകും; ഏറ്റവും വലിയോരു താഴ്‌വര ഉളവായ്‌വരും; മലകളുടെ പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും. എന്നാൽ മലകളുടെ താഴ്‌വര ആസൽവരെ എത്തുന്നതുകൊണ്ടു നിങ്ങൾ എന്റെ മലകളുടെ താഴ്‌വരയിലേക്കു ഓടിപ്പോകും; യെഹൂദാരാജാവായ ഉസ്സീയാവിന്റെ കാലത്തു നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതുപോലെ നിങ്ങൾ ഓടിപ്പോകും. എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകല വിശുദ്ധന്മാരും വരും. അന്നാളിൽ വെളിച്ചം ഉണ്ടാകയില്ല; ജ്യോതിർഗോളങ്ങൾ മറഞ്ഞുപോകും. യഹോവ മാത്രം അറിയുന്ന ഒരു ദിവസം വരും; അതു പകലല്ല, രാത്രിയുമല്ല; സന്ധ്യാസമയത്തോ വെളിച്ചമാകും. അന്നാളിൽ ജീവനുള്ള വെള്ളം യെരൂശലേമിൽനിന്നു പുറപ്പെട്ടുപാതി കിഴക്കേ കടലിലേക്കും പാതി പടിഞ്ഞാറെ കടലിലേക്കും ഒഴുകും; അതു ഉഷ്ണകാലത്തും ശീതകാലത്തും ഉണ്ടാകും; യഹോവ സർവ്വഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും. ദേശം മുഴുവനും മാറി ഗേബ മുതൽ യെരൂശലേമിന്നു തെക്കു രിമ്മോൻവരെ സമഭൂമിയായിത്തീരും..*"

**ജാതികളുടെ പട്ടണങ്ങളും വീണുപോയി** (and the cities of the nations fell) —

ഏഴാം കലശമൊഴിച്ചപ്പോഴുണ്ടായ അതിശക്തമായ ഭൂകമ്പത്താൽ യെരൂശലേം നഗരം പിളർക്കപ്പെട്ടു. കൂടാതെ ജാതികളുടെ പട്ടണങ്ങളും വീണുപോയി അഥവാ നശിച്ചുപോയി. ബാബിലോൺ വീഴുമ്പോൾ അതിനോടൊത്തൊരുമിച്ചു നിൽക്കുന്ന പട്ടണങ്ങളും നശിക്കുവാനിടയാകും. യെരൂശലേം, ബാബിലോൺ എന്നീ രണ്ടു പട്ടണങ്ങളെക്കുറിച്ചു പരാമർശിച്ചിരിക്കുന്നത് രണ്ടിടത്തും മഹോപദ്രവകാലത്തിൽ മൃഗത്തിന്റെ ആധിപത്യം നിറഞ്ഞു നിന്നിരുന്നതിനാൽ തന്നെ. വിശേഷാൽ യെരൂശലേമിൽ മൃഗത്തിന്റെ പ്രതിമയെ സ്ഥാപിക്കുകയും മൃഗത്തെ ആരാധിക്കുകയും ചെയ്തിരുന്നു. ജാതികളുടെ പട്ടണങ്ങൾ എന്നത് ബാബിലോണും അതിനോടു സഖ്യതയിലുള്ള രാഷ്ട്രങ്ങളുമാണ്. അതായത് ബാബിലോണും റോമും ചേർന്നുള്ള ദശരാഷ്ട്രസംഘടനയിലെ അംഗങ്ങളായിരിക്കാനാണ് സാദ്ധ്യത. വെളിപ്പാട് 17,18 അദ്ധ്യായങ്ങളിൽ ബാബിലോണിനെക്കുറിച്ചും അതിന്റെ വീഴ്ചയെ കുറിച്ചും വിവരിച്ചിട്ടുണ്ട്. എന്നാൽ ബാബിലോണിന്റെ വീഴ്ചയെക്കുറിച്ചു ദൈവക്രോധകലശം ഭൂമിയിൽ ഒഴിക്കുന്നതിനു മുമ്പായി ഒരു ദൂതൻ ആകാശമദ്ധ്യേ വിളിച്ചു പറഞ്ഞിരുന്നു. **വെളി.14:8 —** "*രണ്ടാമതു വേറൊരു ദൂതൻ പിൻചെന്നു: വീണുപോയി; തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ*

*വീണുപോയി എന്നു പറഞ്ഞു."* വീണുപോയി എന്നതിനു ഉപയോഗിച്ചിരിക്കുന്ന മൂലഭാഷയിലെ പദം പിപ്റ്റോ പെറ്റോ (pipto -peto = ruined) എന്നാണ്. ഇതിനർത്ഥം വീണു നശിച്ചുപോയി എന്നാണ്.

**ദൈവകോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാബാബിലോന്നു കൊടുക്കേണ്ടതിന്നു അവളെ ദൈവ സന്നിധിയിൽ ഓർത്തു** (And great Babylon was remembered before God, to give her the cup of the wine of the fierceness of His wrath) —

ഏഴാമത്തെ ക്രോധകലശത്താലുണ്ടായ അതിഭയങ്കരമായ ഭൂകമ്പത്താൽ യെരൂശലേം പട്ടണം മൂന്നായി പിളർന്നു. ബാബിലോണും അതിന്റെ സഖ്യതയിലുള്ള ജാതീയപട്ടണങ്ങളും നശിച്ചു. അതിഭയങ്കരമായ ന്യായവിധികൾ അരങ്ങേറുന്ന സമയത്ത് ദൈവം മഹാബാബിലോണിനെ ഓർക്കുന്നു. ദൈവം നോഹയെ ഓർത്തു (ഉല്പ.8:1), ദൈവം അബ്രഹാമിനെ ഓർത്തു (ഉല്പ.19:29), ദൈവം റാഹേലിനെ ഓർത്തു (ഉല്പ.30:22) എന്നിങ്ങനെ പറഞ്ഞിരിക്കുന്നിടത്തെല്ലാം ദൈവം അവരെ മറന്നു എന്നല്ല മറിച്ചു അവർക്കായി ദൈവം ഉടനെ പ്രവർത്തിക്കുവാൻ പോകുന്നു എന്നതിനെയാണ് കാണിക്കുന്നത്. ബാബിലോണിനോടുള്ള ബന്ധത്തിൽ *"അവളെ ദൈവസന്നിധിയിൽ ഓർത്തു"* എന്നത് ന്യായവിധിയുടെ മദ്ധ്യേ ബാബിലോണിനെ മറന്നുപോയതുകൊണ്ടോ ഏതെങ്കിലും വിധത്തിൽ കരുണ കാണിക്കുവാനോ അല്ല. എന്നാൽ ദൈവക്രോധത്താലുള്ള ശിക്ഷാവിധികൾ ബാബിലോൺ മറ്റു സഖ്യരാഷ്ട്രങ്ങളുമായി അനുഭവിക്കുമ്പോൾത്തന്നെ ദൈവകോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാബാബിലോണിനു മാത്രമായി പ്രത്യേകിച്ചു കൊടുക്കേണ്ടതിനാണ് ഓർക്കുന്നത്. കാരണം അവൾ തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ചതാണ് (വെളി.14:8). അതിനുള്ള പ്രത്യേക ശിക്ഷയ്ക്കാണ് ദൈവം ഓർക്കുന്നത് അഥവാ പ്രവർത്തിക്കുവാൻ പോകുന്നത്. വെളിപ്പാട് 17,18 അദ്ധ്യായങ്ങളിൽ ബാബിലോണിന്മേലുള്ള ദൈവീകന്യായവിധിയുടെ നടത്തിപ്പും പൂർത്തീകരണവും കാണാം.

**വെളി.16:20 — സകലദ്വീപും ഓടിപ്പോയി; മലകൾ കാണ്മാനില്ലാതെയായി** (Then every island fled away, and the mountains were not found) —

അതിശക്തമായ ഭൂകമ്പത്തെ തുടർന്നുള്ള പ്രത്യാഘാതങ്ങളാണ് സകലദ്വീപും ഓടിപ്പോയി, മലകൾ കാണാനില്ലാതെയായി എന്നുള്ള പ്രസ്താവന. ഭൂകമ്പത്തിന്റെ പ്രകമ്പനത്താൽ സംഭവിക്കുന്ന ഭൂമിശാസ്ത്രപരമായ വ്യതിയാനങ്ങളാണിവ. ഇവയൊക്കെ ദൈവപുത്രനായ ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവിനും സഹസ്രാബ്ദവാഴ്ചെക്കായി രാജ്യം സ്ഥാപിക്കുന്നതിനുമുള്ള പ്രാരംഭപ്രവൃത്തികളും വഴിയൊരുക്കലുമായി കരുതാം. പ്രകൃതിയിലെ ഇപ്രകാരമുള്ള മാറ്റങ്ങൾ യഥാർത്ഥത്തിൽ പഴയസൃഷ്ടികളൊക്കെ തുടച്ചുനീക്കപ്പെട്ടശേഷം (വെളി.20:11), പുതിയസൃഷ്ടിയുടെ ആരംഭത്തിന്റെ (വെളി.21:1,2) മുൻകൂട്ടിയുള്ള ദർശനവുമാണ്.

ആറാം മുദ്രപൊട്ടിച്ചപ്പോഴും വലിയോരു ഭൂകമ്പം ഉണ്ടാകുകയും എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തു നിന്നു ഇളകിപ്പോകുകയും ചെയ്തു (വെളി.6:14). സമീപകാലത്തു ഇൻഡോനേഷ്യയിലുണ്ടായ ഭൂചലനം ഭാരതത്തിലും പല രാജ്യങ്ങളിലും സുനാമി ദുരന്തത്താൽ വിതച്ച നാശവും മരണവും ഇതിനു ദൃഷ്ടാന്തമായിരിക്കുന്നു. എന്നാൽ അന്ത്യനാളിൽ ദൈവത്തിന്റെ അവസാനക്രോധകലശത്താൽ ഇതിനേക്കാളൊക്കെ ശക്തമായ ന്യായവിധിയുടെ പ്രവർത്തനം ഉണ്ടാകും. അന്നു സകലമലകളും ദ്വീപുകളും സ്വസ്ഥാനത്തു നിന്നു അപ്രത്യക്ഷമാകും.

**സകലദ്വീപും ഓടിപ്പോയി** (Then every island fled away) —

ദ്വീപ് എന്നാൽ നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലം. സകലദ്വീപും ഓടിപ്പോകും എന്നാൽ ദ്വീപുകളൊക്കെ മാറ്റപ്പെടും അഥവാ വെള്ളത്താൽ മൂടപ്പെടും എന്നർത്ഥം. ഓടിപ്പോയി എന്ന പ്രസ്താവന മുമ്പു രണ്ടിടത്തു വെളിപ്പാടിൽ ഉപയോഗിച്ചിരുന്നു. ഒന്നു മരണത്തോടു ബന്ധത്തിലും മറ്റൊന്നു ജീവരക്ഷയോടുള്ള ബന്ധത്തിലുമായിരുന്നു. **വെളി.9:6 —** *"ആ കാലത്തു മനുഷ്യർ മരണം അന്വേഷിക്കും; കാണ്കയില്ലതാനും; മരിപ്പാൻ കൊതിക്കും; മരണം അവരെ വിട്ടു ഓടിപ്പോകും."* **വെളി.12:6 —** *"സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോയി; അവിടെ അവളെ ആയിരത്തിരുനൂറ്ററുപതു ദിവസം പോറ്റേണ്ടതിന്നു ദൈവം ഒരുക്കിയോരു സ്ഥലം അവൾക്കുണ്ടു."* സകലദ്വീപും ഓടിപ്പോയി എന്നുള്ള പ്രസ്താവന ഭൂമിയിലെ നാശത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

സകലദ്വീപും മാറ്റപ്പെടുന്നത് ദൈവകരത്തിന്റെ പ്രവർത്തനത്താലാണുണ്ടാകുന്നത്. സമുദ്രതീരത്തുള്ള ഭൂചലനവും അഗ്നിപർവ്വതസ്ഫോടനവും സൃഷ്ടിക്കുന്ന പ്രകമ്പനത്താൽ ഉയരുന്ന സമുദ്രജലം സകലദ്വീപുകളെയും സമുദ്രത്തിനടിയിലാക്കുന്നു. ആറാമത്തെ മുദ്രയാൽ ആരംഭിച്ച ദ്വീപുകളുടെ നാശം ഏഴാമത്തെ കലശന്യായവിധിയോടെ പൂർണ്ണനാശത്തിൽ എത്തിച്ചേരുന്നു.

**മലകൾ കാണ്മാനില്ലാതെയായി** (And the mountains were not found) —

ആറാമത്തെ മുദ്രപൊട്ടിച്ചപ്പോഴുണ്ടായ സംഭവങ്ങളിലും എല്ലാ മലയും ഇളകിപ്പോകുന്നു (വെളി.6:14). എന്നാൽ ആദാമ്യസൃഷ്ടിക്കുശേഷം ഇന്നുവരെയും ഉണ്ടായിട്ടുള്ള ഭൂകമ്പത്തോക്കാൾ അതിഭയങ്കരമായ ഭൂകമ്പമാണ് ഏഴാം കലശപതനെത്തുടർന്നുണ്ടാകുന്നത്. സകലദ്വീപും വെള്ളത്തിനടിയിൽ താഴ്ന്നു

പോകുന്നതിനു പുറമേ കരപ്രദേശങ്ങളിലെ മലകളും ഇല്ലാതായിത്തീരുന്നു. മലകൾ എന്നത് പർവ്വതങ്ങളും ഉയരത്തിലുള്ള കുന്നുകളും കൊടുമുടികളും ഉൾപ്പെടുന്നു. മലകൾ കാണ്മാനില്ലാതെയായി എന്നാൽ മലകൾ ഭൂമിയിലേക്കു താഴ്ന്നിറങ്ങി അവിടമാസകലം സമതലപ്രദേശമായെന്നർത്ഥം. ഇതു ദൈവപുത്രനും രാജാധിരാജാവുമായ ക്രിസ്തുവിന്റെ വരവിനോടുനുബന്ധിച്ചുള്ള വഴിയൊരുക്കൽ തന്നെ. പ്രവാചകനായ സെഖര്യാവ് ഒലിവുമലയിൽ സംഭവിക്കുന്ന മാറ്റങ്ങൾ മുന്നമേ രേഖപ്പെടുത്തിയിരിക്കുന്നു. **സെഖ.14:4,5 —** *"അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരേ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും; ഒലിവുമല കിഴക്കു പടിഞ്ഞാറായി നടുവേ പിളർന്നുപോകും; ഏറ്റവും വലിയോരു താഴ്‌വര ഉളവായ്‌വരും; മലകളുടെ പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും. എന്നാൽ മലകളുടെ താഴ്‌വര ആസൽവരെ എത്തുന്നതുകൊണ്ടു നിങ്ങൾ എന്റെ മലകളുടെ താഴ്‌വരയിലേക്കു ഓടിപ്പോകും.."*

**വെളി.16:21 — താലന്തോളം ഘനമുള്ള കല്ലായി വലിയ കന്മഴ ആകാശത്തുനിന്നു മനുഷ്യരുടെമേൽ പെയ്തു; കന്മഴയുടെ ബാധ ഏറ്റവും വലുതാകകൊണ്ടു മനുഷ്യർ ആ ബാധനിമിത്തം ദൈവത്തെ ദുഷിച്ചു** (And great hail from heaven fell upon men, each hailstone about the weight of a talent. And great hail from heaven fell upon men, each hailstone about the weight of a talent. Men blasphemed God because of the plague of the hail, since that plague was exceedingly great) —

ഏഴാമത്തെ കലശം ആകാശത്തിൽ ഒഴിച്ചപ്പോഴുണ്ടായ ഭൂകമ്പത്താൽ മഹാനഗരമായ യെരൂശലേം പട്ടണം മൂന്നംശമായി പിളർന്നു. ബാബിലോൺ ഉൾപ്പെടെയുള്ള ജാതീയപട്ടണങ്ങളും നാശത്തിനിരയായി. ലോകചരിത്രത്തിൽ ഇതുവരെയും സംഭവിച്ചിട്ടില്ലാത്തവിധത്തിലുള്ള അതിശക്തമായ ഭൂകമ്പമായിരുന്നു ദൈവക്രോധകലശത്താലുണ്ടായത്. അതിന്റെ  പ്രകമ്പനത്താൽ സകലദ്വീപും മലകളും ഇല്ലാതായി. ഭയാജനകവും ഞെട്ടിക്കുന്നതുമായ അനുഭവങ്ങളിലൂടെ കഷ്ടിച്ചു രക്ഷപ്രാപിക്കുന്നവർ അതിഭയങ്കരമായ മറ്റൊരു വിപത്തിനു ഇരയായിത്തീരുന്നു. ആകാശത്തുനിന്നും ഭാരമുള്ള കല്ലുകൾ കല്മഴ എന്നവണ്ണം മനുഷ്യരുടെമേൽ വന്നുപതിക്കുന്നു. ഇത്രവലിയ ബാധയുണ്ടായപ്പോഴും ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരപ്പെടുന്നതിനു പകരം ദൈവത്തെ ദുഷിക്കുകയാണുണ്ടായതെന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു.

**താലന്തോളം ഘനമുള്ള കല്ലായി വലിയ കന്മഴ ആകാശത്തുനിന്നു മനുഷ്യരുടെമേൽ പെയ്തു** (And great hail from heaven fell upon men, each hailstone about the weight of a talent) —

മൃഗത്തിന്റെ ആരാധകരും ദൈവനിഷേധികളും ദൈവത്തിനെതിരായി യുദ്ധത്തിനായി സംഘടിച്ചവരും ഒന്നടങ്കം ദൈവത്തിന്റെ ന്യായവിധിയെ ഏറ്റുവാങ്ങുന്നു. താലന്തോളം ഘനമുള്ള കല്ലുകൾ ആകാശത്തുനിന്നു മഴപോലെ പെയ്തു ഭൂമിയിൽ മനുഷ്യരുടെമേൽ വന്നു പതിക്കുന്നു.

> മിസ്രയീമിലേക്കു ദൈവം അയച്ച ഏഴാമത്തെ ബാധ കല്മഴയുടെ വീഴ്ചയായിരുന്നു. **പുറ.9:23,24 —** *"മോശെ തന്റെ വടി ആകാശത്തേക്കു നീട്ടി; അപ്പോൾ യഹോവ ഇടിയും കല്മഴയും അയച്ചു; തീ ഭൂമിയിലേക്കു പാഞ്ഞിറങ്ങി; യഹോവ മിസ്രയീംദേശത്തിന്മേൽ കല്മഴ പെയ്യിച്ചു."*

> യോശുവയോടും യിസ്രായേലിനോടും യുദ്ധത്തിനായി പുറപ്പെട്ട അഞ്ചു അമോര്യരാജാക്കന്മാരെയും അവരുടെ സൈന്യത്തെയും ദൈവം ഗിബെയോനിൽ വെച്ചു കുഴയ്ക്കുകയും ആകാശത്തുനിന്നു കല്മഴ പെയ്യിച്ചു കൊല്ലുകയും ചെയ്തു. **യോശു.10:11 —** *"അങ്ങനെ അവർ യിസ്രായേലിന്റെ മുമ്പിൽനിന്നു ഓടി; ബേത്ത്-ഹോരോൻ ഇറക്കത്തിൽവെച്ചു അസേക്കവരെ യഹോവ ആകാശത്തിൽ നിന്നു വലിയ കല്ലു അവരുടെ മേൽ പെയ്യിച്ചു അവരെ കൊന്നു."*

> അന്ത്യനാളുകളിൽ മഹാമാരികൊണ്ടും രക്തംകൊണ്ടും കല്മഴകൊണ്ടും ദേശത്തുള്ള സകല ശത്രുക്കളെയും ന്യായം വിധിക്കുമെന്നു യെഹെസ്കേൽ പ്രവാചകൻ പറഞ്ഞിരിക്കുന്നു(യെഹെ.38:18–22). **യെഹെ.38:22 —** *"ഞാൻ മഹാമാരികൊണ്ടും രക്തംകൊണ്ടും അവനെ ന്യായം വിധിക്കും; ഞാൻ അവന്റെ മേലും അവന്റെ പടക്കൂട്ടങ്ങളുടെമേലും അവനോടുകൂടെയുള്ള പലജാതികളുടെമേലും പെരുമഴയും വലിയ ആലിപ്പഴവും തീയും ഗന്ധകവും വർഷിപ്പിക്കും."*

> മഹോപദ്രവകാലത്തെ ഒന്നാമത്തെ കാഹളന്യായവിധിയിലും സമാനമായ ശിക്ഷാവിധിയായി കല്മഴ ദൈവം അയച്ചിരുന്നു. **വെളി.8:7 —** *"ഒന്നാമൻ ഊതി; അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി; വൃക്ഷങ്ങളിൽ മൂന്നിലൊന്നു വെന്തുപോയി; എല്ലാ പച്ചപ്പുല്ലും വെന്തുപോയി."*

എന്നാൽ ഇരുപത്തിഒന്നാമത്തെ ന്യായവിധിയിലൂടെ ഭൂവാസികളുടെമേലുണ്ടാകുന്ന കല്മഴ അതികഠിനാമായിരിക്കുന്നു. കാരണം താലന്തോളം ഘനമുള്ള കല്ലുകളായാണ് മഴയായി ഭൂമിയിലേക്കു വരുന്നത്.  ഒരു താലന്ത് എന്നത് ഏകദേശം നൂറുപൗണ്ട് (100) — ഏകദേശം 50 കിലോഗ്രാം — ഭാരമുണ്ടാകും. നൂറുപൗണ്ട് (100) ഭാരമുള്ള കല്ല് ആകാശത്തിൽ നിന്നു മഴപോലെ പെയ്തു മനുഷ്യന്റെ മേൽ പതി

ക്കുമ്പോഴുണ്ടാകുന്ന അവസ്ഥ ചിന്തിക്കുക !!. ഭാരത്തോടൊപ്പം ആകാശത്തിലെ ഉയരങ്ങളിൽനിന്നു വരുമ്പോൾ വേഗതയും കൂടുമെന്നതിനാൽ വന്നു പതിക്കുമ്പോഴുണ്ടാകുന്ന ഭാരവും ശക്തിയും ആഘാതവും നിർണ്ണയിക്കുക അസാദ്ധ്യമാണ്.

ആകാശത്തു നിന്നു പെയ്തിറങ്ങുന്നതു ഒരുപക്ഷേ കല്ല് ആയിരിക്കയില്ല മറിച്ചു മഞ്ഞുകട്ടകൾ ആയിരിക്കാം. ആകാശവിതാനത്തിലെ മഞ്ഞുപാളികൾ അഥവാ മഴമേഘങ്ങളാണല്ലോ മഴയായി നമുക്കു ലഭിക്കുന്നത്. എങ്കിൽ ഘനമുള്ള മഞ്ഞുകട്ടകൾ തന്നെ ദൈവം തന്റെ കോപദിവസത്തേയ്ക്കു ദുഷ്ടന്മാരുടെ സംഹാരത്തിനായ് ശേഖരിച്ചു വച്ചിരിക്കാം. ഇയ്യോബിന്റെ അജ്ഞതയെ ദൈവം അവനു മനസ്സിലാക്കിക്കൊടുക്കുന്ന വേളയിൽ ശത്രുക്കളെ എതിരിടാനും നശിപ്പിക്കുവാനും സംഗ്രഹിച്ചു വെച്ചിരിക്കുന്ന കന്മഴയുടെ കാര്യം ഇയ്യോബിനു വ്യക്തമാക്കി കൊടുക്കുന്നു. **ഇയ്യോ.38:22,23 —** *"നീ ഹിമത്തിന്റെ ഭണ്ഡാരത്തോളം ചെന്നിട്ടുണ്ടോ? കന്മഴയുടെ ഭണ്ഡാരം നീ കണ്ടിട്ടുണ്ടോ? ഞാൻ അവയെ കഷ്ടകാലത്തേക്കും പോരും പടയുമുള്ള നാളിലേക്കും സംഗ്രഹിച്ചു വെച്ചിരിക്കുന്നു."* ദൈവം ആകാശത്തിൽ സൂക്ഷിച്ചിരിക്കുന്ന ഹിമത്തിന്റെ ഭണ്ഡാരത്തിൽ നിന്നു ദുഷ്ടന്മാരെ ശിക്ഷിക്കുവാൻ ഏറിയ ഭാരത്തിലും, ഘനത്തിലും, ശക്തിയിലും മഞ്ഞുകട്ടകളെയായിരിക്കാം അവസാനത്തെ ക്രോധകളലശത്താൽ കല്ലുകളെന്നപോലെ ഭൂമിയിലേക്കു മഴയായി പെയ്യുന്നത്.

**കന്മഴയുടെ ബാധ ഏറ്റവും വലുതാകകൊണ്ടു മനുഷ്യർ ആ ബാധനിമിത്തം ദൈവത്തെ ദുഷിച്ചു** (Men blasphemed God because of the plague of the hail, since that plague was exceedingly great) —

ആകാശത്തുനിന്നു മഴപോലെ ഭൂമിയിലേക്കു പെയ്ത കല്മഴ ഏറ്റവും വലുതായിരിക്കുന്നു. ഭാരമുള്ള കല്ലുകൾ ആകാശത്തിൽ നിന്നു പതിക്കുമ്പോൾ വീടുകളും, കുടിലുകളും, കിടപ്പാടങ്ങളും, മനുഷ്യരും, വളർത്തുമൃഗങ്ങളും, സകലജന്തുക്കളും നശിക്കുവാനിടയാകും. മനുഷ്യരുടെമേൽ വിശേഷാൽ കുഞ്ഞുങ്ങളുടെമേൽ വന്നു പതിച്ചു അവരൊക്കെ കൂട്ടത്തോടെ ചതരഞ്ഞുകിടക്കുന്ന രംഗങ്ങൾ അതിഭയാജനകമായ കാഴ്ചയായിരിക്കും. ദേശമാസകലം ചതഞ്ഞരഞ്ഞു കൊല്ലപ്പെട്ട ശവങ്ങളുടെയും, അംഗഹീനരായ മനുഷ്യരുടെയും ദൃശ്യമാണുണ്ടാകുക. എന്നാൽ ജീവനോടിരിക്കുന്നവർ അവർക്കുനേർക്കുണ്ടായ കല്മഴയുടെ ബാധ ദൈവത്തിൽ നിന്നാണെന്നു മനസ്സിലാക്കിയിട്ടും ദൈവത്തിനു മഹത്വം കൊടുത്തു ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം ദൈവത്തെ ദുഷിക്കുകയാണുണ്ടാകുന്നത്. സാത്താന്റെ ജോലി എല്ലായിപ്പോഴും ദൈവദൂഷണമാകായാൽ ഇവരും സാത്താന്റെ അനുയായികൾ എന്ന നിലയിൽ ദൈവത്തെ ദുഷിക്കുന്നു. മഹാപീഡനകാലത്തിൽ അവർ ആരാധിക്കുന്ന മൃഗത്തിന്റെ സ്വഭാവമായ ദൈവദൂഷണമാണ് (വെളി.13:1,5,6) അവർ അനുകരിക്കുന്നത്. അന്ത്യകലശത്താലുള്ള കല്മഴബാധ മിസ്രയീമിലുണ്ടായ ഏഴാമത്തെ ബാധയോടു സാമ്യമുണ്ട് (പുറ.9:22–26). അവിടെയും ഫറവോനും അവന്റെ ഭൃത്യന്മാരും ബാധനിമിത്തം മാനസാന്തരപ്പെടാതെ ഹൃദയം കഠിനമാക്കി ദൈവത്തോടു പാപം ചെയ്യുകയാണുണ്ടായത് (പുറ.9:34). മഹോപദ്രകാലത്തിന്റെ അവസാനത്തിൽ അന്ത്യനായവിധി ഭൂവാസികളുടെമേൽ ആഞ്ഞടിച്ചപ്പോഴും ന്യായവിധിയായ കല്മഴ നിമിത്തം ദൈവത്തെ ദുഷിക്കുന്നു. മോശെയുടെ ന്യായപ്രമാണപ്രകാരം യഹോവയുടെ നാമത്തെ ദുഷിക്കുന്നവനെ കല്ലെറിഞ്ഞുകൊല്ലേണമെന്നാണ് വ്യവസ്ഥ (ലേവ്യാ.24:16). ആയതുപോലെ അന്തിക്രിസ്തുവിനോടൊപ്പം അന്ത്യകാലത്തിൽ ദൈവത്തിനെതിരായി അണിനിരക്കുന്ന ദൈവദൂഷകരായ ഭൂവാസികളെ ദൈവം സ്വർഗ്ഗത്തിൽ നിന്നു കല്ലെറിഞ്ഞു കൊല്ലുന്നു.

വെളിപ്പാടു ആറു മുതൽ പതിനാറുവരെയുള്ള (വെളി.6 –16) അദ്ധ്യായങ്ങളിൽ മുദ്ര, കാഹളം, കലശം എന്നിങ്ങനെ ഓരോന്നിലും ഏഴുവീതമുള്ള ഇരുപത്തിഒന്നു (21) ന്യായവിധികൾ ഭൂമിയിൽ ഉണ്ടായി. കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട മണവാട്ടിയാം സഭയെ ഭൂമിയിൽ നിന്നു ഉത്പ്രാപണം വഴി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടശേഷമാണ് ഭൂവാസികളായ അവിശ്വാസികളുടെമേൽ ദൈവത്തിന്റെ ന്യായവിധികൾ ചൊരിയപ്പെടുന്നത്. ഏഴു വീതമുള്ള മൂന്നു പരമ്പരയുൾക്കൊള്ളുന്ന ശിക്ഷാവേളയിൽ ഓരോ ആറാമത്തെ ന്യായവിധിയിലും ദൈവം ഒരിടവേള ക്രമീകരിച്ചിരിക്കുന്നു. ഓരോ ഏഴാമത്തെ ന്യായവിധി ചൊരിയുന്നതിനു മുമ്പും ഇപ്രകാരം ഒരുക്കപ്പെട്ട ഇടവേള ഭൂവാസികളുടെ മാനസാന്തരത്തിനുള്ള അവസരം നൽകലായിരുന്നു. ക്രോധത്തിനിടയിലും ദൈവകരുണയുടെ പ്രദർശനമാണിവിടെ വെളിപ്പെടുന്നത്. പക്ഷേ ഏറ്റവും ദുഃഖകരമായ സത്യമെന്നത് അവർ മാനസാന്തരപ്പെട്ടില്ല എന്നു മാത്രമല്ല ബാധകൾ നിമിത്തം ദൈവത്തെ ദുഷിക്കുകയാണുണ്ടായത്. ദൈവാലയത്തിലെ സാക്ഷ്യകൂടാരത്തിൽ നിന്നു ഏഴു പൊൻകലശവുമായി ഇറങ്ങിവന്ന ഏഴുദൂതന്മാരും ക്രോധകലശമോരോന്നും ദൈവകല്പനപ്രാകാരം ഭൂവാസികളുടെമേൽ ഒഴിച്ചു. ഭൂമി, സമുദ്രം, നദികൾ, സൂര്യൻ, മൃഗത്തിന്റെ സിംഹാസനം, യൂഫ്രാത്തേസ് നദി, ആകാശം എന്നിവയിലാണ് ക്രോധകലശം ഒഴിച്ചത്. ഇരുപത്തിഒന്നാമത്തെ ന്യായവിധിയോടെ ഭൂവാസികളുടെമേലുള്ള ന്യായവിധി അവസാനിക്കുന്നു. അതോടുകൂടെ ദൈവക്രോധം തീർന്നു (വെളി.15:1) എന്നു പ്രഖ്യാപനം നിവൃത്തിയായി. അതിഭയങ്കരമായ ഇരുപത്തിഒന്നാമത്തെ അന്ത്യന്യായവിധിയുണ്ടായപ്പോഴും ജീവിച്ചിരിക്കുന്ന അവിശ്വാസികളായ ഭൂവാസികൾ ദൈവത്തിൽ അഭയം

പ്രാപിക്കാത്തതിനാൽ നിത്യശിക്ഷാവിധിയിലേക്കു കടക്കുന്നു. മഹോപദ്രവകാലത്തിന്റെ അന്ത്യത്തിൽ ഒടുക്കത്തെ ബാധയായ ഏഴാമത്തെ ക്രോധകലശത്തിന്റെ പൂർത്തീകരണത്തോടെ ദുഷ്ടന്മാരുടെമേലുള്ള ന്യായവിധി അവസാനിക്കുന്നു. തുടർന്നു ക്രിസ്തുവിന്റെ വരവിനും സഹസ്രാബ്ദവാഴ്ചെക്കുള്ള ഒരുക്കങ്ങളും ആരംഭിക്കുന്നു. 17,18 അദ്ധ്യായങ്ങൾ മതപരമായ ബാബിലോണിന്റെയും, രാഷ്ട്രീയവും വാണിജ്യപരവുമായ ബാബിലോണിന്റെയും നാശത്തെ വിവരിക്കുന്നു.

കർത്താവിൽ ശരണം പ്രാപിച്ച വിശ്വാസികളായ നാം എത്രയോ ഭാഗ്യമുള്ളവരാണ്. സഭയുടെ മണവാളനായ ക്രിസ്തുയേശു നമുക്കായി സ്ഥലം ഒരുക്കുവാൻ പോയിരിക്കയാണ് (യോഹ.14:1-3). ദൂതസംഘവുമായി വേഗം വരും. മഹാപീഡനകാലം ആരംഭിക്കുന്നതിനു മുമ്പുതന്നെ രക്ഷിക്കപ്പെട്ട സകലരും സ്വർഗ്ഗത്തിലേക്കെടുക്കപ്പെടും. എന്നാൽ സഭയുടെ എടുക്കപ്പെടലിനു മുമ്പുവരെയും കർത്താവിൽ വിശ്വസിക്കാതെയും രക്ഷിക്കപ്പെടാതെയും ഇരിക്കുന്നവർ അതിഭയങ്കരമായ ന്യായവിധികളിലൂടെ കടന്നുപോകേണ്ടി വരും. അന്നും രക്ഷിക്കപ്പെടുവാനുള്ള അവസരമുണ്ടെങ്കിലും അവർ മണവാട്ടി സഭയോടെ ചേർക്കപ്പെടുന്നില്ല. സ്വർഗ്ഗപ്രവേശനം ലഭിച്ചു എന്നു മാത്രം. കർത്താവിനെ അനുഗമിക്കുവാൻ അവർക്കു ഭാഗ്യമുണ്ടെങ്കിലും മണവാട്ടി എന്ന നിലയിൽ കർത്താവിനോടൊപ്പം ഇരിക്കുവാൻ അവകാശമില്ല. എന്നാൽ കർത്താവിന്റെ വരവു താമസിക്കുന്നത് രക്ഷിക്കപ്പെടാത്തവർക്കു നിത്യസൗഭാഗ്യം അനുഭവിക്കുവാൻ ലഭിക്കുന്ന രക്ഷയുടെ അവസരമായി കരുതാം (2.പത്രൊ.3:9,10). മാനസാന്തരത്തിന്റെ ആവശ്യകത തിരുവചനത്തിലുടനീളം പ്രസ്താവിച്ചു കാണുന്നു. ലൂക്കൊ.13:3 — "*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചുപോകും.*" യോഹ.3:18 — "*അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല.*" ആയതുപോലെ രക്ഷിക്കപ്പെട്ട വിശ്വാസികൾക്കും ഏറിയ ഉത്തരവാദിത്തങ്ങളുണ്ട്. അനേകരെ നിത്യദണ്ഡനത്തിൽ നിന്നും ഒരിക്കലും കെടാത്ത തീച്ചൂളയിൽ നിന്നും വലിച്ചെടുത്തു നിത്യജീവന്റെ അവകാശികളാക്കുവാനുള്ള ചുമതല അവരിൽ നിക്ഷിപ്തമായിരിക്കുന്നു. പുനരുത്ഥാനം ചെയ്ത കർത്താവ് സ്വർഗ്ഗത്തിലേക്കു പോകുന്നതിനു മുമ്പു തന്റെ ശിഷ്യന്മാർക്കു നൽകിയ ഉപദേശവും വാഗ്ദത്തവും (മത്താ.28:19,20) കർത്താവിൽ ശരണപ്പെടുന്ന സകല ശിഷ്യന്മാർക്കും കൂടിയുള്ളതാണ്. നമ്മുടെ ഉത്തരവാദിത്തം > (1) പുറപ്പെടുക (2) ഉപദേശിക്കുക (3) ശിഷ്യരാക്കുക. അതിനായുള്ള ശക്തിയും കഴിവും ലഭിക്കുന്നത് തന്റെ വാഗ്ദത്തത്തിലൂടെയാണ് > ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട് എന്നതാണ് വാഗ്ദത്തം. കർത്താവിനായി ഏറെ അദ്ധ്വാനിച്ച അപ്പൊസ്തലനായ പൗലൊസ് വിശ്വാസികളെ പ്രബോധിപ്പിക്കുന്നത് നാം പിൻപറ്റേണ്ടതാണ് (റോമ.13:11-14) — (1) ഉറക്കത്തിൽ നിന്നു ഉണരുക (2) ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളക (3) മര്യാദയായി നടക്കുക (4) യേശുക്രിസ്തുവിനെ ധരിക്കുക.

.................................................................................................

# വെളിപ്പാട് — അദ്ധ്യായം — 17

## മതപരമായ ബാബിലോണിന്മേലുള്ള ന്യായവിധി

## (THE JUDGMENT OF RELIGIOUS BABYLON )

**ആമുഖം :**

വെളിപ്പാട് 16-ാം അദ്ധ്യായത്തോടെ പീഡനകാലത്തെ 21 ന്യായവിധികൾ അവസാനിക്കുന്നു. എന്നാൽ തുടർന്നുള്ള 17,18 അദ്ധ്യായങ്ങൾ ബാബിലോണിന്റെ പതനത്തെ കുറിക്കുന്ന വിവരണങ്ങളാണ്. മഹോപദ്രവകാലത്തിന്റെ അന്ത്യത്തിൽ ഒടുക്കത്തെ ബാധയായ ഏഴാമത്തെ ക്രോധകലശത്തിന്റെ പൂർത്തീകരണത്തോടെ സഹസ്രാബ്ദവാഴ്ചെക്കുള്ള ഒരുക്കങ്ങൾ ആരംഭിക്കുന്നു. തുടർന്നു ക്രിസ്തു ഭൂമിയിലേക്കു വരികയും സാത്താനെയും മൃഗത്തെയും കള്ളപ്രവാചകനെയും ന്യായംവിധിച്ചു ശിക്ഷിച്ച ശേഷം (വെളി.19:19,20) സഹസ്രാബ്ദസമാധാനഭരണത്തിനു ആരംഭം കുറിക്കും. പതിനാറാം അദ്ധ്യായത്തിനുശേഷമുള്ള കാര്യങ്ങൾ വെളി.19:11 -ലെ സ്വർഗ്ഗം തുറന്നിരിക്കുന്ന ദർശനത്തോടെയാണ് ആരംഭിക്കുന്നത്.

കർത്താവു വാനമേഘങ്ങളിൽ പ്രത്യക്ഷനാകുമ്പോൾ കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെടും. വെളിപ്പാട് മൂന്നാം അദ്ധ്യായത്തിനുശേഷം സഭയെ ഭൂമിയിൽ കാണുന്നില്ല. വിശ്വാസത്യാഗിയായ നാമധേയക്രൈസ്തവരും അവിശ്വാസികളും മാത്രമേ അന്നു ഭൂമിയിൽ ഉണ്ടായിരിക്കുകയുള്ളു. കർത്താവിനെ തിരിസ്കരിച്ച ഇക്കൂട്ടർ സാത്താന്റെ അനുയായികളായി ദൈവത്തിനെതിരായി പ്രവർത്തിച്ചുകൊണ്ടു ന്യായവിധിക്കു ഓഹരിക്കാരായിത്തീരുന്നു.

വെളി.17:1 മുതൽ 19:10 വരെയുള്ള ഭാഗങ്ങൾ നാലാമത്തെ ഇടവേളയാണ്. ഒന്നാമത്തെ ഇടവേള ആറും ഏഴും മുദ്രകൾക്കിടയിലും (വെളി.7:1-17), രണ്ടാമത്തെ ഇടവേള ആറും ഏഴും കാഹളങ്ങൾക്കിടയിലും (വെളി10:1-14), മൂന്നാമത്തെ ഇടവേള ക്രോധകലത്താലുള്ള ന്യായവിധിക്കു മുമ്പും (വെളി.12:1-14:20), നാലാമത്തെ ഇടവേള ക്രോധകലശന്യായവിധിക്കുശേഷവും (വെളി.17:1 -19:10) ക്രമീകരിച്ചിരിക്കുന്നു.

മഹതിയാം ബാബിലോണിന്റെ നാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് ദൈവക്രോധകലശം ഒഴിക്കുന്നതി മുമ്പായി ആകാശമദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ട ദൈവദൂതൻ വിളംബരം ചെയ്തിരുന്നു. **വെളി.14:8 —** *"രണ്ടാമതു വേറൊരു ദൂതൻ അവരുടെ പിന്നാലെചെന്നു: വീണുപോയി; തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി എന്നു പറഞ്ഞു."* ഇതിന്റെ നിവൃത്തി 17 -ൽ മർമ്മം മഹതിയാം ബാബിലോൻ എന്ന സർവ്വലോകമതത്തിന്റെ നാശവും, 18-ൽ സാത്താന്യസിംഹാസനത്തിന്റെ ഇരിപ്പിടമായ ബാബിലോൻ എന്ന രാഷ്ട്രീയവ്യാപാരസാമ്രാജ്യത്തിന്റെ നാശവും ഉൾക്കൊള്ളുന്നു.

വെളിപ്പാടു 16-ാം അദ്ധ്യായത്തിൽ നടക്കുന്ന സംഭവങ്ങളുടെ തുടർച്ചയല്ല 17, 18 അദ്ധ്യായങ്ങളിലെ വിശദീകരണങ്ങൾ. 21-ാമത്തെ ന്യായവിധിയായ ഏഴാം ക്രോധകലശത്തോടെ ദൈവക്രോധം തീരുകയും (15:1), കർത്താവിന്റെ മഹത്വപ്രത്യക്ഷതയോടനുബന്ധിച്ചുള്ള സംഭവങ്ങൾ അരങ്ങേറുകയും ചെയ്യുന്നു. ആറും ഏഴും കലശത്തോടെ ഹർമ്മദ്ദോൻ യുദ്ധവും വലിയ ഭൂകമ്പവും കല്മഴയും ഭൂമിയിൽ ഉണ്ടാകുന്നു. ഭൂകമ്പത്തോടെയാണ് 18-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന അക്ഷരീകബാബിലോണിന്റെ നാശം സംഭവിക്കുന്നത് (വെളി.16:19). മൃഗത്തിന്റെ സാമ്രാജ്യമായ ബാബിലോണിന്റെയും മറ്റു ജാതീയ പട്ടണങ്ങളുടെയും നാശത്തിനു മുമ്പായിരിക്കും 17-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന മതപരമായ ബാബിലോണിന്റെ നാശം.

പീഡനകാലവേളയിൽ രണ്ടു സാത്താന്യമൃഗങ്ങളുടെ അരങ്ങേറ്റം വെളിപ്പാട് 13-ാം അദ്ധ്യായത്തിൽ കാണുകയുണ്ടായി. ഒന്നു പത്തുകൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറിവന്നു (13:1,2). മറ്റൊന്ന് കുഞ്ഞാടിനെപ്പോലെ രണ്ടു കൊമ്പും മഹാസർപ്പത്തിന്റെ സംസാരവുമായി ഭൂമിയിൽ നിന്നു കയറി വന്നു (13:11). ഒന്നാമത്തെ മൃഗം അന്തിക്രിസ്തുവും രണ്ടാമത്തേത് കള്ളപ്രവാചകനുമായിരുന്നു. പതിമൂന്നാം (13) അദ്ധ്യായത്തിൽ കണ്ട ഭൂമിയിൽ നിന്നു കയറിവന്ന രണ്ടാമത്തെ മൃഗമായ കള്ളപ്രവാചകനെ പതിനേഴാം (17) അദ്ധ്യായത്തിൽ പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യയായും (17:2) കടുഞ്ചുവപ്പുള്ള മൃഗത്തിന്മേൽ ഇരിക്കുന്ന സ്ത്രീയായും (17:3) വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവായിട്ടും (17:5)ചിത്രീകരിച്ചിരിക്കുന്നു. 17 -ൽ മതപരമായ അഥവാ മർമ്മമായ ബാബിലോണിന്റെ നാശത്തെക്കുറിച്ചു പറയുമ്പോൾ 18-ൽ അക്ഷരീക ബാബിലോണിനെക്കുറിച്ചു പറയുന്നു. ഏഴാമത്തെക്രോധകലശത്തിന്റെ പതനത്തെ തുടർന്നു മഹായുദ്ധമുണ്ടാകുകയും ക്രിസ്തു തന്റെ മഹത്വത്തോടെ ഭൂമിയിലേക്കു എഴുന്നള്ളുകയും ചെയ്യും (വെളി.19:11). എന്നാൽ 17, 18 അദ്ധ്യായങ്ങൾ യഥാർത്ഥത്തിൽ സാത്താനും, അന്തിക്രിസ്തുവും, കള്ളപ്രവാചകനും കൂടി ഭൂമിയിൽ നടത്തിയ അന്ധകാരപ്രവർത്തനങ്ങളും തുടർന്നു ഇരു ബാബിലോണുകളുടെ നാശവും ഉൾക്കൊള്ളുന്ന മുൻകാലസംഭവങ്ങളുമാണ്.

**അദ്ധ്യായവിഷയം :**

> മതപരമായ ബാബിലോണിന്റെ നാശം (The Judgment of Religious Babylon)
> സഭാബാബിലോണിന്റെ നാശം (The destruction of Ecclesiastical Babylon)
> അന്ത്യലോകമതത്തിന്റെ നാശം (The destruction of final world religion)

> ആത്മീയതയില്ലാത്ത ബാബിലോണിന്റെ പതനം (The Fall of Unspiritual Babylon)
> മഹാവേശ്യയുടെ അന്ത്യന്യായവിധി (The Doom of the great Harlot)
> മർമ്മം മഹതിയാം ബാബിലോൺ (MYSTERY, Babylon the Great)

**അദ്ധ്യായസംഗ്രഹം :**

ഏഴുക്രോധകലശമുള്ള ദൂതന്മാരിൽ ഒരുവൻ മഹാവേശ്യയായ ബാബിലോണിന്മേലുള്ള ന്യായവിധി കാണിച്ചുകൊടുക്കുവാൻ യോഹന്നാനെ ക്ഷണിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട മണവാട്ടി സഭയെ കർത്താവു ചേർത്തുകൊണ്ടശേഷം ഈ ലോകത്തിൽ ശക്തിയോടെ രംഗപ്രവേശനം ചെയ്തു കരുത്താർജ്ജിക്കുന്ന ഒരു മതസംവിധാനത്തെയാണ് സ്ത്രീ എന്ന നിലയിൽ കാണുന്നത്. അവൾ പെരുവെള്ളത്തിന്മീതെ അഥവാ സകലജാതീയരാഷ്ട്രങ്ങളാലും ആദരിക്കപ്പെട്ടവളായി അവരുടെമേൽ അധികാരമുള്ളവളായാണ് ഇരിക്കുന്നത്. കൂടാതെ ഏഴുതലയും പത്തുകൊമ്പും ദൂഷണനാമങ്ങൾ നിറഞ്ഞു കടുഞ്ചുവപ്പുള്ള മൃഗത്തിന്മേൽ അവൾ സവാരി ചെയ്യുന്നു. അവൾ ധൂമ്രവും കടുഞ്ചുവപ്പുനിറവും ഉള്ള വസ്ത്രം ധരിച്ചും, പൊന്നും, രത്നവും, മുത്തും അണിഞ്ഞും കയ്യിൽ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞിരിക്കുന്ന സ്വർണ്ണപാനപാത്രവും പിടിച്ചിരിക്കുന്നു. അവളുടെ നെറ്റിയിൽ അവളുടെ പേർ എഴുതിക്കാണുന്നു — "മർമ്മം: മഹതിയാം ബാബിലോൻ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ്." വിശുദ്ധന്മാരുടെ രക്തം കുടിച്ചു മത്തയായ സ്ത്രീയെ കണ്ടു യോഹന്നാൻ ആശ്ചര്യപ്പെട്ടു നിൽക്കുമ്പോൾ ദൂതൻ സ്ത്രീയെയും മൃഗത്തെയും കുറിച്ചു വിവരിച്ചു അവയുടെ അർത്ഥം പറഞ്ഞുകൊടുക്കുന്നു. അന്ത്യകാലത്ത് യിസ്രായേലിനും ദൈവത്തിനുമെതിരേ ഒന്നിച്ചുകൂടുന്ന ദുഷ്ടശക്തികൾ ഒടുവിൽ അന്യോന്യം ഭിന്നിച്ചു നശിക്കുന്നു. ദൈവം മൃഗത്തെയും പത്തു രാജാക്കന്മാരെയും സ്ത്രീക്കെതിരായി തിരിച്ചു അവളെ നശിപ്പിക്കുവാനിടയാക്കുന്നു. മഹാവേശ്യയുടെ അഥവാ മതപരമായ ബാബിലോണിന്റെ അന്ത്യന്യായവിധിയോടെ 17-ാം അദ്ധ്യായം അവസാനിക്കുന്നു.

**അദ്ധ്യായവിഭജനം :**

| | | |
|---|---|---|
| വെളി.17:1,2 | : | മഹാവേശ്യയുടെ ന്യായവിധി കാണുവാൻ യോഹന്നാനു ദൂതന്റെ ക്ഷണം (Invitation of the Angel to John to see the judgment of the Great Harlot) |
| വെളി.17: 3,4 | : | മൃഗത്തിന്മേൽ ഇരിക്കുന്ന സ്ത്രീ (The woman sitting on the beast) |
| വെളി.17:5 | : | മൃഗത്തിന്മേലിരിക്കുന്ന സ്ത്രീയുടെ പേര് (The name of the woman on the beast ) |
| വെളി.17:6 -7 | : | വിശുദ്ധന്മാരുടെ രക്തം കുടിച്ചു മത്തയായ സ്ത്രീ (The woman drunken with the blood of Saints) |
| വെളി.17:8 | : | മൃഗത്തെക്കുറിച്ചുള്ള വിവരണം (The description of the beast) |
| വെളി.17:9 -11 | : | മൃഗത്തിന്റെ ഏഴു തലകൾ (The seven heads of the beast) |
| വെളി.17:12 -14 | : | മൃഗത്തിന്റെ പത്ത് കൊമ്പുകൾ (The ten horns of the beast) |
| വെളി.17:15 | : | സ്ത്രീ ഇരുന്ന പെരുവെള്ളത്തിന്റെ വിശദീകരണം (The explanation of the many waters) |
| വെളി.17:16-18 | : | മഹാവേശ്യയുടെ അന്ത്യന്യായവിധി (The doom of the great harlot) |

**വെളി.17:1,2 — പിന്നെ ഏഴു കലശമുള്ള ഏഴു ദൂതന്മാരിൽ ഒരുവൻ വന്നു എന്നോടു സംസാരിച്ചു: വരിക, ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയവളായി; പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി ഞാൻ കാണിച്ചുതരാം എന്നു പറഞ്ഞു** (Then one of the seven angels who had the seven bowls came and talked with me, saying to me, "Come, I will show you the judgment of the great harlot who sits on many waters, "with whom the kings of the earth committed fornication, and the inhabitants of the earth were made drunk with the wine of her fornication.") —

ഏഴു ദൈവക്രോധകലശം വഹിച്ച ഏഴു ദൂതന്മാരിൽ ഒരുവൻ മഹാബാബിലോണിന്മേലുള്ള ദൈവീകന്യായവിധി കാണിച്ചുകൊടുക്കുവാനായി യോഹന്നാനെ ക്ഷണിച്ചു. മഹാബാബിലോണെന്ന മഹാവേശ്യയുടെ പ്രവർത്തനങ്ങളും പ്രത്യേകതയുമാണ് 1,2 വാക്യങ്ങളിൽ കാണുന്നത്. (1) ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു (2) ഭൂവാസികളെ വേശ്യാവൃത്തിയാൽ അവൾ മത്തരാക്കി

(3) പെരുവെള്ളത്തിന്മീതെയാണ് ബാബിലോണിന്റെ ഇരിപ്പ്.

**പിന്നെ ഏഴു കലശമുള്ള ഏഴു ദൂതന്മാരിൽ ഒരുവൻ വന്നു എന്നോടു സംസാരിച്ചു: വരിക, മഹാവേശ്യയുടെ ന്യായവിധി ഞാൻ കാണിച്ചുതരാം എന്നു പറഞ്ഞു** (Then one of the seven angels who had the seven bowls came and talked with me, "Come, I will show you the judgment of the great harlot) —

"പിന്നെ" എന്നത് ഏഴുക്രോധകലശങ്ങൾ ഭൂമിയിൽ ഒഴിച്ചശേഷം നടന്ന സംഭവം എന്നല്ല. മഹാവേശ്യയായ ബാബിലോണിന്റെ നാശത്തെ ദൈവക്രോധകലശത്തോടു (വെളി.16:1–21) ബന്ധപ്പെടുത്തുന്നു എന്നു മാത്രം. അതായത് അന്ത്യന്യായവിധിയായ ദൈവക്രോധകലശം ഭൂമിയിൽ ഒഴിച്ചു കഴിയുമ്പോൾ ബാബിലോണിന്റെ പതനവും പൂർത്തീകരിക്കപ്പെടുന്നു. കലശം വഹിച്ച ഏഴുദൂതന്മാരിൽ ഒരുവനാണ് ബാബിലോണിന്റെ നാശം യോഹന്നാനു കാണിച്ചു കൊടുക്കുന്നത്.

ഏഴു കലശം വഹിക്കുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ രണ്ടു വിഭിന്ന സന്ദർഭങ്ങളിൽ രണ്ടു വ്യത്യസ്തങ്ങളായ ദർശനങ്ങൾ കാണിച്ചുകൊടുക്കുവാൻ യോഹന്നാനെ ക്ഷണിക്കുന്നതായി കാണുന്നു.

> (1) വെളി.17:1,2 — പിന്നെ ഏഴു കലശമുള്ള ഏഴു ദൂതന്മാരിൽ ഒരുവൻ വന്നു എന്നോടു സംസാരിച്ചു: **വരിക,** ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയവളായി; പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന **മഹാവേശ്യയുടെ ന്യായവിധി ഞാൻ കാണിച്ചുതരാം** എന്നു പറഞ്ഞു

> (2) വെളി.21:9 — അന്ത്യബാധ ഏഴും നിറഞ്ഞ ഏഴു കലശം ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുത്തൻ വന്നു എന്നോടു: **വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചു തരാം.** വെളി.17:1,2 - വാക്യങ്ങളിലേത് മഹാവേശ്യയും (great harlot / great whore), വെളി.21:9 - ലേത് മണവാട്ടിയുമാണ് (bride). വേശ്യ സകലവിധ അസാന്മാർഗ്ഗികതയുടെയും സാത്താന്യപ്രവർത്തനങ്ങളുടെയും ഉറവിടമായിരിക്കുമ്പോൾ മണവാട്ടി ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധീകരിക്കപ്പെട്ട നിർമ്മലകന്യകയെ കുറിക്കുന്നു. വേശ്യയുടെ ആസ്ഥാനം സോദോമിനു തുല്യമായ ബാബിലോണായിരിക്കുമ്പോൾ, മണവാട്ടിയുടെ വാസസ്ഥലം വിശുദ്ധനഗരമായ യെരൂശലേം (വെളി.21:10) ആയിരിക്കുന്നു. യഥാർത്ഥസഭയെ നിർമ്മലകന്യകയെന്നാണ് (pure virgin) പറഞ്ഞിരിക്കുന്നത് (വെളി.19:7,8/2.കൊരി.11:2). വിഗ്രഹാരാധനയിലും അസന്മാർഗ്ഗികതയിലും കഴിയുന്ന കപടമതസംവിധാനത്തെ വേശ്യയെന്ന (harlot /whore) പേരിൽ അറിയപ്പെടുന്നു. കാലാന്ത്യത്തിൽ ഒരു മഹാവേശ്യയെയും ഒരു നിർമ്മലകന്യകയെയും വ്യക്തമായി തിരുവചനത്തിൽ വരച്ചു കാണിച്ചിരിക്കുന്നു. വേശ്യ സകല ദുർമ്മാർഗ്ഗങ്ങളുടെയും, അസന്മാർഗ്ഗികതയുടെയും ആത്മീയവ്യഭിചാരത്തിന്റെയും പ്രതീകമായിരിക്കുമ്പോൾ നിർമ്മലകന്യകയെന്ന സ്ത്രീ കുഞ്ഞാടിന്റെ മണവാട്ടിയെന്ന നിലയിൽ വിശുദ്ധിയുടെയും ഉന്നത ആത്മീകതയുടെയും പ്രതീകമായിരിക്കുന്നു.

പഴയനിയമത്തിൽ യിസ്രായേലിന്റെ ഭർത്താവായി യഹോവയായ ദൈവത്തെ ചിത്രീകരിച്ചു യിസ്രായേൽ ദൈവത്തോടു വിവാഹബന്ധത്തിലെ ഉടമ്പടി തെറ്റിച്ചു പരസംഗം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

**യെശ.1:21 —** *"വിശ്വസ്തനഗരം വേശ്യയായി തീർന്നിരിക്കുന്നതു എങ്ങനെ!"*

**യിരെ.3:6 —** *"വിശ്വാസത്യാഗിനിയായ യിസ്രായേൽ ചെയ്തിരിക്കുന്നതു നീ കണ്ടുവോ? അവൾ ഉയരമുള്ള എല്ലാ മലമുകളിലും എല്ലാ പച്ചമരത്തിൻ കീഴിലും ചെന്നു അവിടെ പരസംഗം ചെയ്തു."*

**യെഹെ.16:15 —** *"എന്നാൽ നീ നിന്റെ സൗന്ദര്യത്തിൽ ആശ്രയിച്ചു , നിന്റെ കീർത്തി ഹേതുവായി പരസംഗം ചെയ്തു, വഴിപോകുന്ന ഏവന്റെമേലും നിന്റെ പരസംഗം ചെലവഴിച്ചു."*

**യെഹെ.16:28 —** *"നീ അശ്ശൂര്യരോടും പരസംഗം ചെയ്തു; അവരുമായി പരസംഗം ചെയ്തിട്ടും നിനക്കു തൃപ്തി വന്നില്ല."*

പുതിയനിയമത്തിലും ഇപ്രകാരമുള്ള ആത്മീകകാപട്യത്തെ ദൈവത്തോടുള്ള വേശ്യാവൃത്തിയായി വെളിപ്പെടുത്തിയിരിക്കുന്നു.

**യാക്കോ.4:4 —** *"വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു."*

**2.പത്രൊ.2:14 —** *"അവർ വ്യഭിചാരിണിയെ കണ്ടു രസിക്കയും പാപം കണ്ടു തൃപ്തിപ്പെടാതിരിക്കയും ചെയ്യുന്ന കണ്ണുള്ളവരും സ്ഥിരമില്ലാത്ത ദേഹികളെ വശീകരിക്കുന്നവരും...."*

ന്യായവിധി ഞാൻ കാണിച്ചു തരാം എന്നുള്ള ദൂതന്റെ പ്രസ്താവന ബാബിലോണിന്മേൽ ക്രോധകലശത്തിനു ശേഷം നടക്കുവാനുള്ള ശിക്ഷാവിധികളുടെ വിവരണമല്ല. എന്നാൽ അന്ത്യക്രോധകലശമുൾപ്പെട്ട ദൈവീകശിക്ഷാവിധികളിൽ ബാബിലോണിന്മേലുണ്ടായ ന്യായവിധിയും അതോടനുബന്ധിച്ചു നടന്ന സംഭവങ്ങളുമാണ് ദൂതൻ യോഹന്നാനു വിശദീകരിച്ചു കൊടുക്കുന്നത്. ക്രോധകലശം തീരുന്നതോടെ മഹോപദ്രവകാലം അവസാനിക്കുകയും ക്രിസ്തു സഹസ്രാബ്ദവാഴ്ചെക്കായി ഭൂമിയിലേക്കു വരികയും ചെയ്യും. സഭായുഗത്തിന്റെ അന്ത്യകാലങ്ങളിലോ വിശേഷാൽ സഭ ഭൂമിയിൽ നിന്നു എടുക്ക

പ്പെട്ടശേഷമോ ലോകമതങ്ങളെല്ലാം കള്ളപ്രവാചകന്റെ നേതൃത്വത്തിൽ ഒന്നിക്കും. ഇപ്രകാരമുള്ള വ്യാജ സഭ മഹാപീഡനകാലത്ത് അന്തിക്രിസ്തുവിന്റെ ഭാര്യാപദം സ്വീകരിച്ചു വേശ്യാവൃത്തി ചെയ്കയാൽ ദൈവകോപത്തിനും ശിക്ഷയ്ക്കും അവർ കാരണക്കാരാകും.

**ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയവളായി** ("with whom the kings of the earth committed fornication, and the inhabitants of the earth were made drunk with the wine of her fornication.") —

ദൈവകോപത്തിനും ന്യായവിധിക്കും കാരണമായ ബാബിലോണിന്റെ മ്ലേച്ഛകരമായ രണ്ടു പ്രവൃത്തികളാണിവിടെ പ്രസ്താവിച്ചു കാണുന്നത്. (1) ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു (2) വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കി.

**(1) ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു —**

ദൈവക്രോധകലശം വഹിച്ച ഏഴു ദൂതന്മാരിൽ ഒരുവൻ മതപരമായ ബാബിലോണിന്റെ ന്യായവിധിക്കു കാരണമായ ഒന്നാമത്തെ പാപമായി യോഹന്നാനോടു വിശദീകരിക്കുന്നത് അവൾ ഭൂമിയിലെ രാജാക്കന്മാരോടു വേശ്യവൃത്തി ചെയ്തു എന്നാണ്. ഭൂമിയിലെ രാജാക്കന്മാർ എന്ന വിശേഷണം സമൂഹത്തിൽ ഉന്നതസ്ഥാനം വഹിക്കുന്നവർ വിശേഷാൽ ഭരണാധികാരികളും മതനേതാക്കളും ഉൾപ്പെടുന്നു. സൂര്യനെ അണിഞ്ഞു, കാല്ക്കീഴ് ചന്ദ്രനും തലയിൽ 12 നക്ഷത്രം കൊണ്ടുള്ള കിരീടവും അണിഞ്ഞ സ്ത്രീ യിസ്രായേൽ ആയിരിക്കുമ്പോൾ (വെളി.12:1), സകല തിന്മയുടെയും ദുർമ്മാർഗ്ഗത്തിന്റെയും അസന്മാർഗ്ഗികതുടെയും ഉറവിടമായി ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്യുന്ന സ്ത്രീ ബാബിലോൺ ആയിരിക്കുന്നു. പഴയനിയമതിരുവെഴുത്തുകൾ വിശ്വാസത്യാഗത്തിന്റെയും വിഗ്രഹാരാധനയുടെയും ദൈവനിഷേധത്തിന്റെയും പ്രതീകമായിട്ടാണ് ആത്മീകവേശ്യാവൃത്തിയെ ചിത്രീകരിക്കുന്നത് (യെഹെ.16/യെഹെ.23). ദൈവത്തെ ആരാധിക്കുന്നതിനു പകരം അന്യദേവന്മാരെയും ഭരണാധികാരികളെയും മതനേതാക്കളെയും ആരാധിക്കുന്നതാണ് ആത്മീയവ്യഭിചാരം അഥവാ വേശ്യാവൃത്തി. മഹാപീഡനകാലാന്ത്യത്തിൽ മഹാസർപ്പത്തിന്റെയും മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും ഭരണത്തിൽ അനേക ജാതീയരാഷ്ട്രങ്ങൾ അവരുടെ സ്വാധീനവലയത്തിൽ എത്തിച്ചേരും. അവർ സത്യദൈവത്തെ അറിയാത്തവരെന്ന നിലയിൽ മൃഗത്തെ ദൈവമായി അംഗീകരിക്കുന്നവരുമായിരിക്കും. ഭൂവാസികളെല്ലാം ബാബിലോണിന്റെ വേശ്യാവൃത്തിയിൽ പങ്കുകാരായി മൃഗത്തെ ആരാധിക്കുവാനിടയാകും. ഇത് മുന്നമേ യോഹന്നാൻ വിശദീകരിച്ചിട്ടുണ്ട് — **വെളി.13:8** — *"ലോകസ്ഥാപനംമുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും."*

**(2) വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കി —**

ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു എന്നു മാത്രമല്ല വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കി എന്നതും ബാബിലോണിന്റെ പാപമായിരിക്കുന്നു. വേശ്യയായ ഒരു സ്ത്രീ പാപം ചെയ്യുന്നു എന്നു മാത്രമല്ല അനേകരെ അവളുടെ പാപപ്രവൃത്തിക്കു പ്രേരിപ്പിച്ചു അതിനു കൂട്ടാളികളാക്കുകയും ചെയ്യുന്നു. ഇതു തന്നെയാണ് ബാബിലോണിന്റെ കാര്യത്തിലും സംഭവിക്കുന്നത്. ബാബിലോൺ ആത്മീകമായും മതപരമായും അധഃപതിക്കുന്നു എന്നു മാത്രമല്ല ജാതീയരാഷ്ട്രങ്ങളെയും ഭൂവാസികളെയും അതിലേക്കു നയിക്കുകയും ചെയ്യുന്നു.

ഭൂവാസികൾ, ഭൂമിയിൽ വസിക്കുന്നവർ എന്നുള്ള വിശേഷണം വെളിപ്പാടുപുസ്തകത്തിൽ പൊതുവേ അവിശ്വാസികളെ കുറിക്കുന്നു (വെളി.3:10/6:10/8:13/11:10/13:8/13:12/13:14/14:6/17:8).

**മദ്യം –** എന്നത് സാത്താന്യതത്വസംഹിതകൾ, ഉപദേശങ്ങൾ, കെട്ടഴിഞ്ഞ ജീവിതം, ഒന്നിനോടും വേർപാടില്ലാത്ത അവിശുദ്ധജീവിതം, അസന്മാർഗ്ഗിക കൂട്ടുകെട്ടുകൾ, ദൈവനിഷേധം എന്നിവക്കു പുറമേ ദൈവീകപ്രമാണങ്ങൾക്കെതിരായുള്ള മതപരവും രാഷ്ട്രീയപരവുമായ സംഘടിക്കലും ഉൾപ്പെടുന്നു. മതപരമായും രാഷ്ട്രീയപരമായും ഉയർച്ചയിലെത്തുന്ന ബാബിലോൺ സകലഭൂവാസികളെയും അവളുടെ അസന്മാർഗ്ഗികതയെന്ന വേശ്യാവൃത്തിയുടെ മദ്യം കുടിപ്പിച്ചു മത്തരാക്കും.

**മത്തരാക്കുകയെന്നാൽ –** സ്വയമായി ചിന്തിച്ചു യുക്തമായ തീരുമാനമെടുക്കുവാൻ കഴിയാത്ത വിധം മാറ്റിയെടുക്കുന്നതിനെ കുറിക്കുന്നു. അതായത് സുബോധം നശിച്ച ഭൂവാസികൾ വ്യാജമതത്തിൽ ആകൃഷ്ടരായി ബാബിലോണിന്റെ പ്രവർത്തനങ്ങളോടു താദാത്മ്യം പ്രാപിക്കും. ബാബിലോണിന്റെ ഇപ്രകാരമുള്ള പ്രവൃത്തിയെ യിരെമ്യാപ്രവാചകൻ പ്രസ്താവിച്ചിട്ടുള്ളത് ഇതിനോടു ചേരുന്നു — **യിരെ.51:7** — *"ബാബേൽ യഹോവയുടെ കയ്യിൽ സർവ്വഭൂമിയെയും ലഹരി പിടിപ്പിക്കുന്ന പൊൻപാനപാത്രം ആയിരുന്നു; ജാതികൾ അതിലെ വീഞ്ഞു കുടിച്ചിട്ടു അവർക്കു ഭ്രാന്തു പിടിച്ചു."*

ധനസമ്പാദനത്തിനും ശാരീരികസുഖസംതൃപ്തിക്കുംവേണ്ടി പരപുരുഷന്മാരെ തേടി അസാന്മാർഗ്ഗിക പ്രവർത്തനങ്ങളിലേർപ്പെട്ടു ജീവിക്കുന്ന ഒരു സ്ത്രീയെ വേശ്യയെന്നു വിശേഷിപ്പിക്കാം. എന്നാൽ ഇവിടെ വേശ്യയെന്ന പദപ്രയോഗം ചൂണ്ടിക്കാണിക്കുന്നത് ദൈവത്തെ വിട്ടു ആത്മീകമായി അധഃപതിച്ചു വിഗ്രഹാരാധനയിലും കപടഭക്തിയിലും മുങ്ങിക്കുളിച്ചു കഴിയുന്ന വ്യാജമത വിലാസത്തിലുള്ള ലോകത്തെയാണ്. ദൈവസഭ അവളുടെ കാന്തനും ആത്മനാഥനുമായ ക്രിസ്തുവിനോടു വിശ്വസ്തത പുലർത്തുന്നു. കർത്താവിന്റെ ഭൂമിയിലേക്കുള്ള രണ്ടാം വരവിൽ കർത്താവിനെ അന്നത്തെ മതനേതാ

ക്കൾ അംഗീകരിച്ചില്ല. റോമൻ ഭരണവും മതപുരോഹിതന്മാരും ദൈവീകപ്രമാണങ്ങൾ വിട്ടു ജീവിച്ചു. ഇന്നും ക്രിസ്ത്യാനികളെന്ന വിലാസമുള്ള ബഹുഭൂരിപക്ഷവും വിഗ്രഹങ്ങളെയും മനുഷ്യദൈവങ്ങളെയും ആരാധിക്കുന്നു. എന്നാൽ സഭ എടുക്കപ്പെട്ടശേഷം ക്രിസ്തീയസഭകളെന്നവകാശപ്പെടുന്നവരെല്ലാം ഒരുമിച്ചു സംഘടിക്കും. മതവും രാഷ്ട്രീയവും തോളോടുതോൾ ചേർന്നു പ്രവർത്തിക്കും. ഫലമോ യോഹന്നാനോടു ദൂതൻ വിശദീകരിച്ച വേശ്യാവൃത്തി ഭൂമിയിൽ അരങ്ങേറും. ഇന്നത്തെ റോമൻ സഭയും മഹാവേശ്യയെന്നവണ്ണം എണ്ണപ്പെടും. മഹാവേശ്യയുടെ പ്രവർത്തനം എന്നത് ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു മനുഷ്യരെ വ്യതിചലിപ്പിച്ചു അവരെ വിഗ്രഹാരാധികളായി മാറ്റുക, തെറ്റായ ഉപദേശങ്ങൾ പഠിപ്പിക്കുക, ദുരാചാരങ്ങളും കർമ്മങ്ങളും നടത്തി ജനങ്ങളെ മത്തരാക്കുക അഥവാ അന്ധരാക്കുക എന്നിവയൊക്കെയാണ്.

**പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി ഞാൻ കാണിച്ചുതരാം എന്നു പറഞ്ഞു** (the judgment of the great harlot who sits on many waters) —

നാമധേയക്രൈസ്തവസഭകൾ ഒന്നിച്ചു ഭൂമിയിലുള്ള സകലമതങ്ങളോടും ചേർന്ന് ഒരു ലോകമതമായി രൂപം കൊണ്ടു ദൈവത്തിനെതിരായി വേശ്യാവൃത്തി ചെയ്യുന്നതിനാലാണ് സ്ത്രീയെ മഹാവേശ്യയായി വിശേഷിപ്പിച്ചിരിക്കുന്നത്. മഹോപദ്രവകാലത്ത് ബാബിലോൺ ശക്തിപ്രാപിച്ച് ഭൂമിയിലെ രാജാക്കന്മാരോട് വേശ്യാവൃത്തി ചെയ്യുകയും അവരെ അവളുടെ വേശ്യാവൃത്തിയുടെ മദ്യം കുടിപ്പിച്ചു മത്തരാക്കുകയും ചെയ്യുന്നതായി യോഹന്നാനെ ദൂതൻ ധരിപ്പിച്ചു. അതിനുശേഷം മഹവേശ്യയായ അവളുടെ ഇരിപ്പ് പ്രസ്താവിക്കുന്നു. പെരുവെള്ളത്തിന്മീതെയാണ് മഹവേശ്യയുടെ ഇരിപ്പ്. ഒരു ഭരണാധികാരിയോ ചക്രവർത്തിയോ തന്റെ സിംഹാസനത്തിൽ ഏറ്റവും പ്രൗഡിയോടും, അധികാരത്തോടും, സർവ്വാധിപത്യത്തോടും ഇരിക്കുന്ന വിധത്തിലാണ് പെരുവെള്ളത്തിന്മീതെ മഹാവേശ്യ ഇരിക്കുന്നത്. പെരുവെള്ളം എന്നതിന് രണ്ടു വിധത്തിലുള്ള വിശദീകരണം നൽകാം.

(1) യൂഫ്രാത്തേസ് മഹാനദീതീരത്തു സ്ഥിതിചെയ്യുന്ന നഗരം എന്ന നിലയിൽ — ഭൂമിശാസ്ത്രപരമായി യൂഫ്രാത്തേസ് മഹാനദീതീരത്തുള്ള നഗരമാണ് ബാബിലോൺ. ആയതിനാൽ യൂഫ്രാത്തേസ് എന്ന പെരുവെള്ളത്തിന്മീതെയെന്നോ പെരുവെള്ളത്തിന്നരികെയെന്നോ പറയുന്നത് ബാബിലോണിന്റെ കാര്യത്തിൽ യോജിക്കുന്നു. യൂഫ്രാത്തേസ് മഹാനദിയുടെ വിവിധകൈത്തോടുകൾ ബാബേലിൽ പലയിടങ്ങളിലായി ഒഴുകുന്നു. ഇതുപോലെ ബാബിലോണിന്റെ സ്വാധീനം ലോകമെമ്പാടും വ്യാപിച്ചിരിക്കുന്നു. കൂടാതെ യിരെമ്യാപ്രവാചകൻ ബാബിലോണിനെ വെള്ളത്തിന്നരികെ വസിക്കുന്നവളായി ചിത്രീകരിച്ചിട്ടുമുണ്ട്. **യിരെ.51:13** —*"വലിയ വെള്ളങ്ങൾക്കരികെ വസിക്കുന്നവളായി വളരെ നിക്ഷേപങ്ങൾ ഉള്ളവളേ, നിന്റെ അവസാനം നിന്നെ ഛേദിച്ചുകളയുവാനുള്ള അവധി, വന്നിരിക്കുന്നു."*

(2) പെരുവെള്ളം എന്നത് മറ്റു ജാതീയരാഷ്ട്രങ്ങളെയും അവിശ്വാസികളെയും കുറിക്കുന്നു. അതായത് പെരുവെള്ളത്തിന്മീതെയുള്ള ഇരിപ്പ് മറ്റു ജാതീയ രാഷ്ട്രങ്ങളുടെമേൽ ബാബിലോണിനുള്ള അധികാരവും, നിയന്ത്രണവും, സ്വാധീനശക്തിയും ആജ്ഞാശക്തിയും വെളിപ്പെടുത്തുന്നു. ആകയാൽ പെരുവെള്ളത്തിന്മീതെയുള്ള ഇരിപ്പ് ഭൂമിശാസ്ത്രപരമായ നിഗമനത്തേക്കാളും മറ്റു രാഷ്ട്രങ്ങളുടെമേലും ലോകത്തിലുള്ള സകല ഭൂവാസികളുടെ മേലുമുള്ള ബാബിലോണിന്റെ സ്വാധീനതയെ വെളിപ്പെടുത്തുന്നു എന്നു ചിന്തിക്കുന്നതാണ് ഏറെ യോജ്യം. മാത്രവുമല്ല ഇതേ അദ്ധ്യായത്തിൽ ദൂതൻ പെരുവെള്ളത്തിന്റെ വിശദീകരണം യോഹന്നാനു വിവരിച്ചുകൊടുക്കുന്നുമുണ്ട്. **വെളി.17:15** — *"പിന്നെ അവൻ എന്നോടു പറഞ്ഞതു: നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും അത്രേ."* സഭ എടുക്കപ്പെട്ട ശേഷമുള്ള അന്ത്യകാലത്ത് മഹവേശ്യയെന്നും മഹതിയാം ബാബിലോൺ എന്നും നാമം ലഭിച്ച ബാബിലോൺ സകലരുടെയുംമേലും ആധിപത്യംസ്ഥാപിച്ചു ദൈവത്തിനെതിരായി അവരെ സംഘടിപ്പിച്ച് വ്യാജ ആരാധനയും മ്ലേച്ഛപ്രവർത്തനങ്ങളിലും ഏർപ്പെടും. അതിനായി ഭൂമിയിലെ രാജാക്കന്മാർ അഥവാ ഭരണാധികാരികളും സമൂഹത്തിലെ സകലരുമായി വേശ്യാവൃത്തി ചെയ്തു സകലരെയും മത്തരാക്കും.

**വെളി.17:3 — അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയി. അപ്പോൾ ഏഴു തലയും പത്തുകൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞു കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു** (So he carried me away in the Spirit into the wilderness. And I saw a woman sitting on a scarlet beast which was full of names of blasphemy, having seven heads and ten horns) —

ഏഴു കലശമുള്ള ഏഴു ദൂതന്മാരിൽ ഒരുവൻ വന്നു യോഹന്നാനോടു സംസാരിച്ചു. ഭൂവാസികളെ ഒന്നടങ്കം വഷളത്വത്തിലേക്കു നയിച്ച മഹാവേശ്യയുടെ ന്യായവിധി കാണിച്ചുകൊടുക്കുവാൻ വരിക എന്നു പറഞ്ഞു യോഹന്നാനെ ക്ഷണിച്ചു. ദൂതൻ യോഹന്നാനെ ആത്മാവിൽ മരുഭൂമിയിലേക്കാണ് കൊണ്ടുപോയത്. അവിടെ യോഹന്നാൻ മറ്റൊരു ദർശനം എന്ന നിലയിൽ ഒരു മൃഗത്തെയും മൃഗത്തിന്മേൽ ഒരു സ്ത്രീയും ഇരിക്കുന്നതായി കണ്ടു. മതത്തിന്റെയും ഭരണകൂടത്തിന്റെയും പ്രതീകമായി നിലകൊള്ളുന്ന സ്ത്രീയെയും മൃഗത്തെയും കുറിച്ചു ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പ്രത്യേകത

കൾ മുന്നമേ നോക്കുന്നത് തുടർന്നുള്ള പഠനത്തിനു ഏറെ സഹായകമാകും —

**സ്ത്രീയുടെ വിശേഷതകൾ —**

(1) മഹാവേശ്യ (17:1)

(2) സ്ത്രീ ഇരിക്കുന്നത് —

> പെരുവെള്ളത്തിന്മീതെ (17:2);

> മരുഭൂമിയിൽ കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ (17:3);

> മൃഗത്തിന്റെ തലയിൽ (17:9)

(3) ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്യുന്നു (17:1)

(4) തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കി (17:1)

(5) ധൂമ്രവർണ്ണവും കടുഞ്ചുവപ്പു നിറവും ഉള്ള വസ്ത്രം ധരിച്ചിരിക്കുന്നു (17:4)

(6) അവൾ പൊന്നും രത്നവും മുത്തും അണിഞ്ഞിരിക്കുന്നു (17:4)

(7) തന്റെ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രം കയ്യിൽ പിടിച്ചിരിക്കുന്നു (17:4).

(8) മർമ്മം: മഹതിയാം ബാബിലോൻ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്നൊരു പേർ അവളുടെ നെറ്റിയിൽ എഴുതീട്ടുണ്ട് (17:5)

(9) വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു മത്തയായിരിക്കുന്നു(17:6)

**മൃഗത്തിന്റെ വിശേഷതകൾ —**

(1) ദൂഷണനാമങ്ങൾ നിറഞ്ഞിരിക്കുന്നു (17:3)

(2) കടുഞ്ചുവപ്പുള്ള മൃഗം (17:3)

(3) ഏഴുതലകൾ (17:3,7)

(4) പത്തു കൊമ്പുകൾ (17:3,7)

(5) സ്ത്രീയെ ചുമക്കുന്നു (17:7)

(6) ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽനിന്നു കയറി നാശത്തിലേക്കുപോകുവാൻ ഇരിക്കുന്നതുമാണ് (17:8)

(7) ജീവപുസ്തകത്തിൽ പേരെഴുതാത്ത ഭൂവാസികൾ അതിശയിക്കത്തക്ക രൂപം (17:8)

**അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയി** (So he carried me away in the Spirit into the wilderness) —

ദൂതൻ യോഹന്നാനെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയത് പുതിയ ദർശനം കാണിക്കുവാനാണ്. ഏഴുക്രോധകലശം ഭൂമിയിൽ ഒഴിച്ചതു കണ്ട യോഹന്നാൻ പുതിയൊരു ദർശനത്തിനു സാക്ഷ്യം വഹിക്കുന്നു. ആത്മാവിൽ എന്നത് ആത്മവിവശനായി ദൈവീകകാര്യങ്ങൾ കാണുന്നതിനെ കുറിക്കുന്നു. ശരീരം പത്മൊസിൽ ആയിരിക്കുമ്പോൾ ദൈവീകകാര്യങ്ങളുടെ ദർശനത്തിനായി ആത്മാവിൽ യോഹന്നാൻ നയിക്കപ്പെടുന്നു. യോഹന്നാൻ യോഹന്നാൻ ആത്മവിവശനായി ദർശനങ്ങൾ കാണുന്ന വിവിധ സന്ദർഭങ്ങൾ വെളിപ്പാടിൽ കാണുന്നു —

**(1) പത്മൊസിൽ >** വെളി.1:10 — കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി — പത്മൊസിൽ വെച്ചു മഹത്വധാരിയായ കർത്താവിനെയും  തുർന്നു ഏഴു സഭകളുടെ ദർശനമായിരുന്നു.

**(2) സ്വർഗ്ഗത്തിൽ >** വെളി.4:1 — ഇവിടെ കയറി വരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചുതരാം എന്നു കല്പിച്ചു. ഉടനെ ഞാൻ ആത്മവിവശനായി... സ്വർഗ്ഗീയ കാഴ്ചകളും ഭൂമിയിൽ പീഡനകാലത്ത് നടക്കുന്ന സംഭവങ്ങളുടെയും ദർശനം.

**(3) മരുഭൂമിയിൽ >** വെളി.17:3 — അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയി — മരുഭൂമിയിൽ ബാബിലോണിന്റെ നാശത്തെക്കുറിച്ചുള്ള ദർശനം.

**(4) ഉയർന്ന വന്മലയിൽ >** വെളി.21:10 — അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നോരു വന്മലയിൽ കൊണ്ടുപോയി — യെരൂശലേമെന്ന വിശുദ്ധനഗരത്തിന്റെ ദർശനം.

ബാബിലോണിന്റെ മേലുള്ള ന്യായവിധിയുടെ ദർശനത്തിനായി ദൂതൻ യോഹന്നാനെ മരുഭൂമിയിലേക്കു ആത്മാവിൽ നയിക്കുന്നു. മരുഭൂമി എന്നത് വിജനവും, ശുഷ്കവും, ഒറ്റപ്പെട്ടതുമായ സ്ഥലത്തെ കുറിക്കുന്നു. ന്യായവിധിയോടു ബന്ധത്തിൽ മരുഭൂമി എന്ന വിശേഷണം സ്ത്രീയും ഭീകരരൂപിയായ മൃഗവും ആധിപത്യം പുലർത്തുന്ന ലോകസംവിധാനത്ത കുറിക്കുന്നതായി കരുതാം. മരുഭൂമി ഒരിറ്റു വെള്ളമോ ഭക്ഷണമോ  ഇല്ലാത്ത അവസ്ഥ. ആത്മീകമായി ചിന്തിച്ചാൽ ആത്മീകാഹാരമോ ആത്മീകജലമോ ഇല്ലാത്ത ലോകം. പൊള്ളയായ മതസംവിധാനങ്ങളും പൊള്ളയായ വാഗ്ദത്തങ്ങളും ഉൾക്കൊള്ളുന്ന മരുഭൂമിയുടെ അവസ്ഥയിലുള്ള ബാബിലോൺ. ഭൂവാസികളെ ഒന്നടങ്കം പട്ടിണിക്കിട്ടു നിത്യമരണത്തിലേക്കു നയിക്കുന്ന നശ്വരമായ മരുഭൂമി! വേശ്യകളുടെ മാതാവായ സ്ത്രീയെയും ഭീകരമൃഗത്തെയും കാണുവാൻ പറ്റിയ പശ്ചാത്തലം മരുഭൂമി തന്നെ.

എന്നാൽ ദൈവമക്കളെ സംബന്ധിച്ചു മരുഭൂമി ദൈവം അവരോടു സംസാരിക്കുന്ന സ്ഥലവും

പുതിയ പാഠങ്ങൾ പഠിപ്പിക്കുന്ന സ്ഥലവും, സംതൃപ്തിയിൽ പോറ്റി പുലർത്തപ്പെട്ട സ്ഥലവുമാണ്. ദൈവത്തിൽ ആശ്രയിച്ച പലരും മരുഭൂമിയുടെ അനുഭവത്തിലൂടെ കടന്നുപോയ സംഭവങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട്.

(1) ദൈവത്തിന്റെ സ്നേഹിതൻ എന്നറിയപ്പെട്ട അബ്രഹാമിന്റെ വീട്ടിൽ നിന്നിറങ്ങി ഓടിപ്പോയ ഹാഗാർ മരുഭൂമിയിൽ ദൈവത്തെയും ദാഹം തീർക്കുന്ന ഒരു ഉറവയും കണ്ടെത്തിയ സ്ഥലമായിരുന്നു (ഉല്പ.16:7-14).

(2) വീടുവിട്ടു ഓടിപ്പോയ യാക്കോബിനു ദൈവത്തിന്റെ അനുഗ്രഹവാഗ്ദത്തങ്ങൾ ലഭിച്ച സ്ഥലമായിരുന്നു മരുഭൂമി (ഉല്പ.28:10-22).

(3) ഫറവോന്റെ കൊട്ടാരത്തിൽ നിന്നു ലഭിച്ചതിനേക്കാൾ എത്രയോ ശ്രേഷ്ടമായതായിരുന്നു മരുഭൂമിയിലെ 40 വർഷത്തെ മോശെയുടെ ജീവിതം. കോപിയായ മോശയെ സകലമനുഷ്യരിലും സൗമ്യൻ എന്നു സ്വർഗ്ഗം സാക്ഷ്യപ്പെടുത്തുവാനിടയായത് മരുഭൂമിയിലെ അഭ്യസനമായിരുന്നു (പുറ.2).

(4) കർമ്മേലിലെ കർമ്മധീരനായ ഏലിയാവ് മരുഭൂമിയിലെ ചൂരച്ചെടിയുടെ ചുവട്ടിൽ നിരാശനായി കിടന്നപ്പോൾ ആഹാരവും വെള്ളവും കൊടുത്തു ശുശ്രൂഷെക്കു സന്നദ്ധമാക്കിയ സ്ഥലമായിരുന്നു മരുഭൂമി (1.രാജാ.19).

(5) ഹൃദ്യമായി സംസാരിക്കുന്ന സ്ഥലം — ഹോശേ.2:14 — അതുകൊണ്ടു ഞാൻ അവളെ വശീകരിച്ചു  മരുഭൂമിയിൽ കൊണ്ടുചെന്നു അവളോടു ഹൃദ്യമായി സംസാരിക്കും.

(6) അഞ്ചു അപ്പവും രണ്ടു മീനും കൊണ്ടു കർത്താവിന്റെ വചനം കേട്ട അയ്യായിരങ്ങളെ പോഷിപ്പിച്ച സ്ഥലമായിരുന്നു മരുഭൂമി (ലൂക്കൊ.9:12-17).

(7) ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശുക്രിസ്തുവിനെ ലോകത്തിനു ചൂണ്ടിക്കാണിച്ചു കൊടുക്കുവാൻ യോഹന്നാൻ സ്നാപകനു വെളിപ്പാടും ശക്തിയും ലഭിച്ച സ്ഥലമായിരുന്നു മരുഭൂമി (യോഹ.1:23,29).

(8) യേശുക്രിസ്തുവിനും വിശ്വാസികൾക്കുമെതിരേ പ്രവർത്തിച്ചു മുന്നോട്ടുപോയ ശൗൽ കർത്താവിനാൽ ദമസ്കൊസിൽ വെച്ചു പിടിക്കപ്പെട്ടു. എനിക്കു ജീവിക്കുന്നതു ക്രിസതുവും മരിക്കുന്നതു ലാഭവുമാകുന്നന്നു സാക്ഷ്യം പറയുവാനും രക്ഷണ്യസുവിശേഷം അറിയിക്കുവാനും തന്നെ പ്രാപ്തനാക്കിയത് മരുഭൂമിയെ പാഠശാലയായിരുന്നു (അപ്പൊ.9/ഗലാ.1:17).

(9) മഹാപീഡനകാലത്ത് തന്റെ ജനമായ യിസ്രായേലിനെ 1260 ദിവസം പോറ്റേണ്ടതിനു ദൈവം ഒരുക്കുന്ന സ്ഥലമാണ് മരുഭൂമി (വെളി.12:6).

യോഹന്നാനെ മരുഭൂമിയിലേക്കു ആത്മാവിൽ കൊണ്ടുപോയത് ബാബിലോണിന്റെ നാശത്തോടനുബന്ധിച്ചു രണ്ടു സാത്താന്യ പ്രതീകങ്ങളായ സ്ത്രീയെയും ഘോരമൃഗത്തെയും കാണിച്ചുകൊടുക്കുവാനാണ്. ദൈവമക്കൾ മരുഭൂമിയെ അനുഗ്രഹത്തിന്റെ പാതയാക്കുമെങ്കിൽ ഇവിടെ നാം മരുഭൂമിയെ കാണുന്നത് ശുഷ്കവും കരിഞ്ഞതുമായ ആത്മീകാധഃപതനത്തെയാണ്. ദൈവത്തിനു സ്ഥാനമില്ലാത്ത പശ്ചാത്തലവും  ആത്മീകശൂന്യതയെയും ഇവിടെ മരുഭൂമി വെളിപ്പെടുത്തുന്നു.

**അപ്പോൾ ഏഴു തലയും പത്തുകൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞു കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു** (And I saw a woman sitting on a scarlet beast which was full of names of blasphemy, having seven heads and ten horns) —

ആത്മവിവശതയിലായ യോഹന്നാൻ മരുഭൂമിയിൽ കണ്ടത് ഏഴു തലയും പത്തുകൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞു കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്ന കാഴ്ചയാണ്. ഇതേ സ്ത്രീ തന്നെയാണ് പെരുവെള്ളത്തിന്മീതെ ഇരിക്കുന്നതായി കാണപ്പെട്ട മഹാവേശ്യ (വെളി.17:1). ഇവിടെ കാണപ്പെടുന്ന ഘോരമൃഗത്തെക്കുറിച്ചുള്ള വിവരണം ദാനീയേൽ പ്രവചനം ഏഴാം അദ്ധ്യായത്തിൽ കാണന്നു. യോഹന്നാൻ മരുഭൂമിയിൽ കാണുന്ന ഈ മൃഗം തന്നെയാണ് വെളിപ്പാട് 13 -ാം അദ്ധ്യായത്തിൽ സമുദ്രത്തിൽ നിന്നു കയറി വന്ന മൃഗം അഥവാ അന്തിക്രിസ്തു (വെളി.13:1,4,14:9,16:10).

**വെളി.13:1** — *"അപ്പോൾ പത്തുകൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറുന്നതു ഞാൻ കണ്ടു."*

**മൃഗത്തിന്റെ പ്രത്യേകതകൾ —**

**(1) ഏഴുതല** (seven heads)—

ഏഴു എന്നത് പൂർണ്ണതയെയും തല പൊതുവേ നേതൃത്വത്തെയും കുറിക്കുന്നു. ഏഴു തല ഭീതിയുളവാക്കുന്ന രൂപത്തെയും മറ്റുള്ളവരെ നയിക്കുവാനുള്ള സമ്പൂർണ്ണ നേതൃത്വപാടവത്തെയും വെളിപ്പെടുത്തുന്നു. കൂടാതെ എഴു തലയെന്നത് രണ്ടു കാര്യങ്ങളുടെ ആലങ്കാരികപ്രയോഗവുമായി കണക്കാക്കാം. റോമൻ സാമ്രാജ്യം 7 മലകളിൽ പണിതിരിക്കുന്നതിനാൽ പ്രസ്തുത മലകളിലെ 7 പട്ടണങ്ങളായിരിക്കാം എന്ന ഒന്നാമത്തെ അഭിപ്രായം. രണ്ടാമത്തെ അഭിപ്രായമെന്നത് മഹാപീഡനകാലത്ത് ലോകഭരണാധികാരിയായി എഴുന്നേൽക്കുന്ന ഏഴു രാജ്യങ്ങളുടെ തലവനായ ഭരണാധികാരിയായിരിക്കാം ഏഴു തല. മിസ്രയിം, അശൂർ, ബാബിലോൺ, മേദ്യ-പാർസ്യ, ഗ്രീസ്, റോം (Egypt, Assyria, Babylon, Medo-

Persia, Greece, Rome എന്നിവയാണ് ആറു സാമ്രാജ്യങ്ങൾ. ഏഴാമത്തേതു പുനരുദ്ധരിക്കുന്ന റോം (Reconstituted Rome / Antichrists future kingdom) അഥവാ അന്തിക്രിസ്തുവിന്റെതാണ്. യോഹന്നാനുണ്ടായ മരുഭൂമിയിലെ ദർശനത്തിൽ ഏഴുതലയെക്കുറിച്ചുള്ള വിശദീകരണം ദൂതൻ പറഞ്ഞുകൊടുത്തിട്ടുണ്ട്. **വെളി.17:9,10 —** *"തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു. അവ ഏഴു രാജാക്കന്മാരും ആകുന്നു."*

**(2) പത്തുകൊമ്പ്** (ten horns)**—**

തിരുവചനത്തിൽ കൊമ്പു ശക്തിയെയും രാജകീയഅധികാരത്തെയും വെളിപ്പെടുത്തുന്നു. കൂടാതെ കൊമ്പ് ആക്രമണത്തയും പ്രതിരോധത്തയും (attack and defense) കുറിക്കുന്നു. പത്ത് എന്ന സംഖ്യ പരീക്ഷണത്തെയും (testing), സാർവ്വത്രികത്വത്തെയും (universality), ഭരണപരമായ പൂർണ്ണതയെയും (completeness of administrative power) കുറിക്കുന്നു. മഹാപീഡനകാലത്ത് പുനരുദ്ധരിക്കപ്പെടുന്ന റോമാസാമ്രാജ്യത്തിൽ 10 രാജ്യങ്ങൾ ചേർന്നുണ്ടാക്കുന്ന സഖ്യത്തിൽ ഭരണം നടത്തുന്ന സംയുക്തരാജ്യങ്ങളിലെ 10 രാജാക്കന്മാരെയും 10 കൊമ്പു കുറിക്കുന്നു (ദാനീ.7:24,25/വെളി.17:12). പത്തുകൊമ്പിനെക്കുറിച്ചുള്ള അർത്ഥവും യോഹന്നാനു മരുഭൂമിയിലെ ദർശനത്തിലൂടെ പറഞ്ഞ കൊടുത്തിട്ടുണ്ട്. **വെളി.17: 12 —** *"നീ കണ്ട പത്തുകൊമ്പു പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടു ഒന്നിച്ചു ഒരു നാഴികനേരത്തേക്കുരാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കുംതാനും."*

**(3) ദൂഷണനാമങ്ങൾ വഹിക്കുന്നു** (full of names of blasphemy) **—**

ഏഴു തലയുള്ളതിനാൽ ഏഴുതലയിലും ദൂഷണനാമങ്ങൾ എഴുതപ്പെട്ടിരിക്കുന്നു എന്നു കരുതാം. സാത്തന്റെ പ്രവൃത്തി സദാസമയം ദൈവത്തെ ദുഷിക്കുകയെന്നതാണ്. ആകായാൽ അവന്റെ ഹിതത്തിനൊത്തു പ്രവർത്തിക്കുന്ന മൃഗത്തിന്റെയും സ്വഭാവത്തെയാണ് തലയിൽ ദൂഷണനാമങ്ങൾ വഹിക്കുന്നത്.

**(4) കടുഞ്ചുവപ്പുള്ളോരു മൃഗം** (scarlet beast) **—**

സ്ത്രീ ഇരിക്കുന്ന മൃഗത്തിന്റെ നിറം കടുഞ്ചുവപ്പായി കാണപ്പെട്ടു എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. വെളിപ്പാടു.13 -ൽ സമുദ്രത്തിൽ നിന്നു കയറിവന്ന ഒന്നാമത്തെ മൃഗത്തിന്റെ നിറത്തിനു ഏതെങ്കിലും പ്രത്യേകത പറഞ്ഞിട്ടില്ലായിരുന്നു. എന്നാൽ അതേ മൃഗത്തിന്റെ നിറം ഇവിടെ കടുഞ്ചുവപ്പായി വിശേഷിപ്പിച്ചു കാണുന്നു. കടുഞ്ചുവപ്പുനിറം അതിന്റെ രക്തദാഹത്തെയും, ക്രൂരതയെയും, ഭീകരരൂപത്തെയും കുറിക്കുന്നു. മഹാപീഡനകാലത്ത് മൃഗത്തിന്റെ മുദ്രയേൽക്കാൻ വിസമ്മതിച്ച അനേക വിശുദ്ധന്മാരുടെ രക്തം കുടിച്ച അഥവാ രക്തം ചിന്നിച്ച അവസ്ഥയെയും കടുഞ്ചുവപ്പു വെളിപ്പെടുത്തുന്നു. സൂര്യനെ അണിഞ്ഞ സ്ത്രീയായ യിസ്രായേലിനെ നശിപ്പിക്കുവാൻ വന്ന മഹാസർപ്പമായ സാത്താന്റേത് തീ നിറമായിരുന്നു (വെളി.12:3). സാത്താന്യത്രിത്വത്തിൽ രണ്ടാമനായ അന്തിക്രിസ്തുവാകുന്ന മൃഗത്തിന്റെ നിറം കടുഞ്ചുവപ്പ്. തീനിറവും കടുഞ്ചുവപ്പും സാത്തന്യശക്തികളുടെയും അന്ധകാരശക്തികളുടെയും പ്രതീകമായിരിക്കുന്നു.

**വെളി.17:4 — ആ സ്ത്രീ ധൂമ്രവർണ്ണവും കടുഞ്ചുവപ്പു നിറവും ഉള്ള വസ്ത്രം ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളായി തന്റെ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രം കയ്യിൽ പിടിച്ചിരുന്നു** (The woman was arrayed in purple and scarlet, and adorned with gold and precious stones and pearls, having in her hand a golden cup full of abominations and the filthiness of her fornication) —

മരുഭൂമിയിൽ കാണപ്പെട്ട ഭീകരരൂപിയായ മൃഗത്തിന്റെ പ്രത്യേകതകൾ വിവരിച്ചശേഷം മൃഗത്തിന്മേലിരിക്കുന്ന സ്ത്രീയെക്കുറിച്ചുള്ള വിശേഷണങ്ങൾ തുടർന്നുള്ള വാക്യങ്ങളിൽ വിശദീകരിക്കുന്നു (വെളി.17:4,5,6) —

(1) മൃഗത്തിന്മേലിരിക്കുന്ന സ്ത്രീയുടെ വസ്ത്രം >

ധൂമ്രവും കടുഞ്ചുവപ്പുമായ വസ്ത്രം ധരിച്ചിരിക്കുന്നു (17:4)

(2) സ്ത്രീ തന്നെത്തന്നെ അലങ്കരിച്ചിരിക്കുന്നത് >

പൊന്നും രത്നവും മുത്തും അണിഞ്ഞിരിക്കുന്നു (17:4).

(3) സ്ത്രീയുടെ കയ്യിൽ പിടിച്ചിരിക്കുന്നത് >

തന്റെ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രം കയ്യിൽ പിടിച്ചിരുന്നു (17:4)

(4) സ്ത്രീയുടെ നെറ്റിയിൽ എഴുതിയിരിക്കുന്ന നാമം >

മർമ്മം: മഹതിയാം ബാബിലോൻ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവു (17:5)

(5) സ്ത്രീയുടെ പാപം >

വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു സ്ത്രീ മത്തയായിരിക്കുന്നു (17:6)

(6) അവളുടെ രൂപം >

കണ്ടാൽ ആശ്ചര്യപ്പെടുന്ന ഭീകരരൂപം (17:6).

**ആ സ്ത്രീ ധൂമ്രവർണ്ണവും കടുഞ്ചുവപ്പു നിറവും ഉള്ള വസ്ത്രം ധരിച്ചു** (The woman was arrayed in purple and scarlet) —

മൃഗത്തിന്മേലിരിക്കുന്ന സ്ത്രീയുടെ വസ്ത്രം ധൂമ്രവും കടുഞ്ചുവപ്പു നിറവും ഉള്ളതായിരുന്നു. ധൂമ്രവും കടുഞ്ചുവപ്പുമടങ്ങിയ നിറം രാജത്വം (royalty), സമ്പന്നതി (prosperity), ഉന്നതി (noble) (വിലാ.4:5/ ദാനീ.5:716,29) എന്നിവയെ വെളിപ്പെടുത്തുന്നു. രാജാക്കന്മാരും ധനവാന്മാരും ധരിക്കുന്ന വസ്ത്രമാണിത്. വേശ്യമാർ കടുംനിറങ്ങൾ ഉപയോഗിക്കുന്നത് മറ്റുള്ളവരെ അവരിലേക്കു പെട്ടെന്നു ആകർഷിക്കുവാനാണ്. മൃഗത്തിന്മേലിരിക്കുന്ന സ്ത്രീ മഹവേശ്യയെന്നു പറഞ്ഞിരിക്കുന്നതിനാൽ കടും നിറമുള്ള വസ്ത്രങ്ങൾ അവളുടെ പാപപ്രവൃത്തിയെ വെളിപ്പെടുത്തുന്നു. കുഞ്ഞാടിന്റെ മണവാട്ടിയായ നിർമ്മലകന്യകയുടെ വസ്ത്രത്തിന്റെ വിശേഷണം വെള്ളയുടുപ്പു അഥവാ ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം (വെളി.19:8) എന്നാണ്. എന്നാൽ അന്തിക്രിസ്തുവിന്റെ മണവാട്ടിയായ സ്ത്രീയുടെ വസ്ത്രം ധൂമ്രവും കടുഞ്ചുവപ്പും കലർന്നത് അവളുടെ ദുർമ്മാർഗ്ഗങ്ങളെയും പ്രവർത്തനങ്ങളെയും വിളിച്ചറിയിക്കുന്നു. കടുഞ്ചുവപ്പ്, രക്താംബരംപോലെയുള്ള ചുവപ്പ് എന്നിവ പാപത്തോടും, ഹിമംപോലെയും പഞ്ഞിപോലെയും എന്നിവ വിശുദ്ധിയോടും യെശയ്യാപ്രവാകൻ ബന്ധിപ്പിച്ചിരിക്കുന്നു (യെശ.1:18).

നാമധേയക്രൈസ്തവസഭകളും മറ്റുമതങ്ങളും ഒന്നിച്ചു ചേർന്നു രൂപപ്പെടുത്തുന്ന ഏകമതത്തെ അഥവാ ലോകമതത്തെയാണ് മഹാവേശ്യയെന്ന പേരിൽ അന്ത്യകാലത്ത് അറിയപ്പെടുന്നത്. ധൂമ്രവും കടുഞ്ചുവുപ്പായ നിറം അവരുടെ രാജകീയ അധികാരത്തെയും പദവിയെയും കുറിക്കുന്നതോടൊപ്പം വിശുദ്ധന്മാരുടെ രക്തത്തിനായുള്ള അവരുടെ ദാഹത്തെയും കുറിക്കുന്നു. മാത്രവുമല്ല ഇപ്പോൾത്തന്നെ റോമൻകത്തോലിക്കസഭയുൾപ്പെട്ട സഭാപുരോഹിതന്മാരുടെയും സഭാമേലദ്ധ്യക്ഷന്മാരുടെയും ഔദ്യോഗികവേഷങ്ങൾ ധൂമ്രവും കടുഞ്ചുവപ്പുമുള്ള വർണ്ണങ്ങളാൽ അലംകൃതമായിരിക്കുന്നു.

**പൊന്നും രത്നവും മുത്തും അണിഞ്ഞവളായി** (And adorned with gold and precious stones and pearls) —

മൃഗത്തിന്മേലിരിക്കുന്ന സ്ത്രീ വേശ്യാവൃത്തിയെ വെളിപ്പെടുത്തുന്ന കടുംനിറത്തിലുള്ള വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നതിനു പുറമേ ആഭരണങ്ങളും അണിഞ്ഞിരിക്കുന്നു. പൊന്നും രത്നവും മുത്തും അവൾ അണിഞ്ഞിരിക്കുന്നു എന്നത് അവളുടെ ആഡംബരത്തെയും പ്രൗഡിയെയും വെളിപ്പെടുത്തുന്നു. വേശ്യയെന്ന നിലയിൽ മറ്റുള്ളവരെ ആകർഷിക്കുവാൻ തന്നെത്തന്നെ അലങ്കരിക്കുന്നു എന്നു മാത്രമല്ല അവളുടെ പ്രവർത്തനങ്ങളാൽ അവൾ സമ്പന്നത കൈവരിച്ചിരിക്കുന്നതിനെയും പൊന്നിന്റെയും രത്നത്തിന്റെയും മുത്തിന്റെയും ഉടമസ്ഥതയും പ്രദർശനവും വെളിപ്പെടുത്തുന്നു.

റോമൻ കത്തോലിക്കാ സഭയോടുള്ള ബന്ധത്തിൽ ഇവയൊക്കെ അവരുടെ പ്രതീകങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ധൂമ്രവർണ്ണവും കടുഞ്ചുവപ്പും അവരുടെ വസ്ത്രത്തിന്റെയും കൊടിയുടെയും അവിഭാജ്യനിറങ്ങളായിരിക്കുന്നു. പോപ്പിന്റെ വിശേഷവസ്ത്രം മുത്തുകൾകൊണ്ടു നിറഞ്ഞിരിക്കുന്നു. പൊന്നും രത്നങ്ങളും മുത്തുകളും കൊണ്ടു അലംകൃതമായ മുടിയും പോപ്പിന്റെ സ്ഥാനാരോഹണ പ്രതിഷ്ഠയുടെ വിശേഷവസ്ത്രത്തിന്റെ ഭാഗങ്ങളാണ്.

**തന്റെ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രം കയ്യിൽ പിടിച്ചിരുന്നു** (Having in her hand a golden cup full of abominations and the filthiness of her fornication) —

പെരുവെള്ളത്തിന്മീതെയും മൃഗത്തിന്മീതെയും ഇരിക്കുന്ന സ്ത്രീയുടെ പ്രത്യേകത വർണ്ണിച്ച ശേഷം അവളുടെ പ്രവൃത്തിയോടു ബന്ധപ്പെടുത്തിയും വിവരിച്ചിരിക്കുന്നു. പ്രവൃത്തിയെന്നത് അവളുടെ കയ്യിൽ പിടിച്ചിരിക്കുന്ന വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രത്തോടു ബന്ധപ്പെട്ടിരിക്കുന്നു. മഹാവേശ്യ എന്ന നിലയിൽ അവൾ ഇതുവരെയും ചെയ്തുകൊണ്ടിരുന്നതും തുടർന്നു ചെയ്തുകൊണ്ടിരിക്കുന്നതുമായ പാപപ്രവൃത്തിയെ ഇതു വെളിപ്പെടുത്തുന്നു. സത്യദൈവത്തെ നമസ്കരിച്ചാരാധിക്കുന്നതിനു പകരം വിഗ്രഹാരാധനയും അസന്മാർഗ്ഗികതയും ദുരുപദേശങ്ങളും, കർമ്മങ്ങളും, കൂദാശകളും, അനാചാരങ്ങളും ആത്മീകവേശ്യാവൃത്തിയിൽ ഉൾപ്പെടുന്നു. വേശ്യ സ്വയം പാപം ചെയ്യുന്നതോടൊപ്പം മറ്റുള്ളവരെയും അവളുടെ പാപത്തിൽ പങ്കാളികളാക്കുന്നു. പാനപാത്രം കാണിക്കുന്നത് ഒന്നാമതായി വേശ്യകുടിച്ച ലഹരിയുടെ ഉറവിടം എന്നതിനെയും മറ്റൊന്ന് മറ്റുള്ളവർ കുടിക്കുവാനുള്ള ക്ഷണമായും പാനപാത്രത്തെ കരുതാം. ലോകമതത്തിന്റെ സ്വർണ്ണപാനപാത്രം മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞതാണ്. സ്വർണ്ണം വിലയേറിയതായതിനാൽ പാനപാത്രത്തിൽ അടങ്ങിയിരിക്കുന്ന വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും ഏറ്റവും ഉയർന്നതായിരിക്കുന്നു. വിലയേറിയ പൊൻപാത്രമെങ്കിലും അതിൽ അവളുടെ മ്ലേച്ഛതയും അശുദ്ധിയുമാണ് നിറഞ്ഞിരിക്കുന്നത്. സ്വർണ്ണപാനപാത്രമായതിനാൽ അതിനകത്തു നിറച്ചിരിക്കുന്നതിനെ ആരും കാണുന്നില്ല. സ്വർണ്ണത്തിന്റെ ഭംഗി മാത്രം മനുഷ്യർ നോക്കുന്നു. പുറമേ ധനമാഹാത്മ്യവും, പ്രതാപവും, ഉന്നതിയും മാത്രം ദൃശ്യമാകുന്നു. അകം നിറയെ അഴുക്കിന്റെ കൂമ്പാരമായിരിക്കും. അതുപോലെ അന്തിക്രിസ്തുവിന്റെ നേതൃത്വത്തിലുള്ള

വ്യാജസഭയുടെ  ബാഹ്യമോടിയും, ഉന്നതിയും, മാഹാത്മ്യവും കണ്ടു അനേകർ അവന്റെ സ്വാധീനവല യത്തിൽ മുഴുകി മ്ലേച്ഛതയ്ക്കും അശുദ്ധിക്കും അടിമയായി നശിക്കുവാനിടയാകുന്നു.

**വെളി.17:5 — മർമ്മം: മഹതിയാം ബാബിലോൻ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവു എന്നൊരു പേർ അവളുടെ നെറ്റിയിൽ എഴുതീട്ടുണ്ടു** (And on her forehead a name was written: MYSTERY, BABYLON THE GREAT, THE MOTHER OF HARLOTS AND OF THE ABOMINATIONS OF THE EARTH) —

മൃഗത്തിന്മേൽ ഇരുന്നു സകലരാലും ആകർഷിക്കത്തക്കവിധം അണിഞ്ഞൊരുങ്ങി സവാരി ചെയ്യുന്ന വേശ്യയായ സ്ത്രീയുടെ പേരും ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു.  സകലരും കാണത്തക്ക വിധം അവളുടെ നെറ്റിയിൽ പേർ എഴുതിയിരിക്കുന്നു.  മർമ്മം: മഹതിയാം ബാബിലോൻ; വേശ്യമാരു ടെയും മ്ലേച്ഛതകളുടെയും മാതാവ് എന്നാണ് നാമം. മർമ്മം എന്നത് പേരിന്റെ ഭാഗമാണെന്നും അല്ലെന്നും രണ്ടു അഭിപ്രായങ്ങളുണ്ട്.

**മർമ്മം: മഹതിയാം ബാബിലോൺ** (MYSTERY, BABYLON THE GREAT) —

പഴയനിയമകാലത്ത് വെളിപ്പെടുത്തി കിട്ടാതിരുന്നതും പുതിയനിയമത്തിൽ വെളിപ്പെടുത്തിക്കിട്ടി യതുമായ സത്യങ്ങളെയാണ് മർമ്മം എന്നു പറയുന്നത്. പുതിയനിയമസഭ ഒരു മർമ്മമാണെന്നു എഫെ സ്യലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു (എഫെ.3:3,9). സുവിശേഷത്താൽ ജാതികൾ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തിൻ പങ്കാളികളും ആകേണം എന്നാതാണ് മർമ്മം. ക്രിസ്തുവും സഭയും ഒത്തുചേരുന്നത് ഒരു മർമ്മമായും പറഞ്ഞിരിക്കുന്നു (എഫെ.5:32). സൃഷ്ടിയിൽ വീണ്ടെടുപ്പിന്റെ പരിപാടിയും അടങ്ങിയിരുന്നു. സകലജാതികളെയും വീണ്ടെ ടുക്കുക എന്നതായിരുന്നു മർമ്മമായി ഇരുന്നത്. സഭയുടെ രൂപീകരണത്തിൽ മാത്രമാണ് മർമ്മം വെളി പ്പെട്ടു കിട്ടിയത്. ക്രിസ്തുവിന്റെ സഭ ഒരു മർമ്മം എന്നു പറഞ്ഞിരിക്കുന്നതുപോലെ സാത്താന്റെ സഭ യുടെ മർമ്മമാണ്: മർമ്മം മഹതിയാം ബാബിലോൺ, വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്നുള്ളത്. അതായത് അന്തിക്രിസ്തുവിന്റെ മണവാട്ടിയായ നാമധേയക്രൈസ്തവമതം അഥവാ വ്യാജ സഭയാണിതിൽ ഉൾക്കൊള്ളുന്നത്. സഭ ക്രിസ്തു എന്ന ഏകപുരുഷനു നിർമ്മലകന്യകയായി ഏല്പി പ്പാൻ വിവാഹനിശ്ചയം ചെയ്യപ്പെട്ടിരിക്കുന്നു (2.കൊരി.11:2). എന്നാൽ മഹതിയാം ബാബിലോൺ എന്ന മഹാവേശ്യ അന്തിക്രിസ്തുവിന്റെ മണവാട്ടിയായിത്തീരുന്ന സാർവ്വലൗകികസംഘടനയായി വെളിപ്പെ ടുന്നു. സകല രക്ഷിക്കപ്പെട്ട വിശ്വാസികളുമുൾക്കൊള്ളുന്ന മണവാട്ടി സഭയെ കർത്താവിന്റെ മദ്ധ്യാകാ ശവരവിൽ സ്വർഗ്ഗത്തിലേക്കെടുക്കപ്പെടും. അതിനുശേഷമുള്ള മഹോപദ്രവനാളുകളിൽ ഭൂമിയിൽ സക ലമതങ്ങളും സംഘടനകളും ഒരുമിച്ചു ഒരു വിശ്വമതത്തിനു രൂപം കൊടുക്കും. മഹതിയാം ബാബിലോ ണിന്റെ മർമ്മങ്ങളായിരിക്കും അവർ തങ്ങളുടെ ആചാരാനുഷ്ടാനങ്ങൾക്കായി സ്വീകരിക്കുക.

രണ്ടു ബാബിലോണുകളെ വെളിപ്പാടു പുസ്തകത്തിൽ കാണുന്നു. ഒന്നു ലോകമതങ്ങളുടെ വിശേഷാൽ വിഗ്രഹാരാധയിലധിഷ്ടിതമയാതിന്റെ കേന്ദ്രം. രണ്ടാമത്തേതു ലോകരാഷ്ട്രീയത്തിന്റെയും വാണിജ്യത്തിന്റെയും സിരാകേന്ദ്രമായ ബാബിലോൺ. ഇവ രണ്ടിന്റെയും സമ്പൂർണ്ണനാശം വെളിപ്പാടു 18,19 അദ്ധ്യായങ്ങളിൽ കാണുന്നു. അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും ഭരണത്തിൻ കീഴുള്ള രാഷ്ട്രീയവും, മതപരവും, സാമൂഹ്യവും, വാണിജ്യപരവുമായ കുത്തഴിഞ്ഞ ലോകവ്യവസ്ഥിതിയെ പൊതു വിൽ ബാബിലോൺ എന്ന നാമധേയത്തിലൂടെ അറിയപ്പെടുന്നു.

**വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവു എന്നൊരു പേർ അവളുടെ നെറ്റിയിൽ എഴുതീട്ടുണ്ടു** (And on her forehead a name was written: THE MOTHER OF HARLOTS AND OF THE ABOMINATIONS OF THE EARTH) —

വേശ്യാവൃത്തി തൊഴിലാക്കിയ പുരാതന റോമൻസാമ്രാജ്യത്തിലെ വേശ്യമാർ അവരെ തിരിച്ചറി യുവാൻ  അവരുടെ പേര് നെറ്റിയിൽ രേഖപ്പെടുത്തുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നതായി റോമൻ ചരിത്രകാരന്മാർ പറഞ്ഞിട്ടുണ്ട്. ആയതുപോലെ ബാബിലോണായ മഹാവേശ്യയും തന്റെ പേര്  സക ലരും കാണത്തക്കവിധത്തിൽ — "മർമ്മം: മഹതിയാം ബാബിലോൺ; വേശ്യമാരുടെയും മ്ലേച്ഛതകളു ടെയും മാതാവ് " ("MYSTERY, BABYLON THE GREAT, THE MOTHER OF HARLOTS AND OF THE ABOMINATIONS OF THE EARTH ") എന്നപേര് നെറ്റിയിൽ എഴുതിയിരിക്കുന്നു. അന്ത്യകാലത്ത് മിസ്ര യീമിലെപ്പോലെ വിഗ്രഹാരാധനയും, സോദോമിനെപ്പോലെ അസന്മാർഗ്ഗികതയുടെയും പര്യായമായി രിക്കും ബാബിലോൺ എന്ന നാമം. ബാബിലോണിനു ലഭിച്ചിരിക്കുന്ന നാമം വേശ്യമാരുടെയും മ്ലേച്ഛത കളുടെയും മാതാവ് എന്നാണ്. വിഗ്രഹാരാധന പഴയനിയമതിരുവെഴുത്തുകളിൽ വേശ്യാവൃത്തിയായി കണക്കാക്കപ്പെട്ടിരുന്നു. അസന്മാർഗ്ഗികതയുടെയും, മ്ലേച്ഛതകളുയെയും, വിഗ്രഹാരാധനയുടെയും ദൈവ ദൂഷണത്തിന്റെയും  ഉറവിടം ബാബിലോൺ ആയതിനാലാണ് മാതാവ് എന്നു വിശേഷിപ്പിച്ചിരിക്കുന്ന ത്. കൂടാതെ മാതാവ് മക്കളിലേക്കു സകലതും പകരുന്നതുപോലെ ബാബിലോണിന്റെ  സ്വാധീനത്തിൽ

വരുന്ന സകലരാജ്യങ്ങളിലേക്കും ഒരു കൈവഴിയെന്നവണ്ണം അതിന്റെ മർമ്മങ്ങൾ ഒഴുകുന്നതിനാലും ബാബിലോണിനെ മാതാവ് എന്നറിയപ്പെടുന്നു.

ബാബേൽ (Babel) എന്ന വാക്കിൽ നിന്നാണ് ബാബിലോൺ (Babylon) എന്ന പേരുണ്ടായത്. ബാബേൽ അഥവാ ബാബിലോണിന്റെ ആരംഭം ഉല്പത്തി പുസ്തകത്തിൽ ബാബേൽ ഗോപുരത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ജലപ്രളയാനന്തരം ഭൂമിയിലെ ആദ്യവീരനായ നിമ്രോദാണ് (Nimrod) ബാബേൽ രാജ്യം സ്ഥാപിച്ചത്. നോഹയുടെ രണ്ടാമത്തെ പുത്രനായ കൂശിന്റെ (Cush) മകനാണ് നിമ്രോദ്. **ഉല്പ.10:8-10 —** *"കൂശ് നിമ്രോദിനെ ജനിപ്പിച്ചു; അവൻ ഭൂമിയിൽ ആദ്യവീരനായിരുന്നു; അവൻ യഹോവയുടെ മുമ്പാകെ നായാട്ടു വീരനായിരുന്നു; അതുകൊണ്ട്: യഹോവയുടെ മുമ്പാകെ നിമ്രോദിനെപ്പോലെ നായാട്ടുവീരൻ എന്നു പഴഞ്ചൊല്ലായി. അവന്റെ രാജ്യത്തിന്റെ ആരംഭം ശിനാർദേശത്തു ബാബേൽ ............"* ഭൂമിയിലെ ആദ്യത്തെ വീരനും നായാട്ടിൽ നിപുണനുമായ നിമ്രോദാണ് ശിനാർദേശത്ത് (Shinar) ആകാശത്തോളം എത്തുന്ന ഗോപുരം പണിയുവാൻ ജനങ്ങളെ ഉത്സാഹിപ്പിച്ച നേതാവ്. ദൈവത്തോടു മത്സരിച്ചു വലിയ പട്ടണവും ഉയർന്നഗോപുരവും പണിതു അതിൽ പാർക്കുവാൻ ബാബേൽ നിവാസികൾ ആഗ്രഹിച്ചു. എന്നാൽ ദൈവത്തിനെതിരായുള്ള ഒത്തുകൂടലും സഹവാസവും ദൈവം അനുവദിച്ചില്ല. അന്നുവരെയും അവർ സംസാരിച്ചിരുന്നു ഒരേഭാഷ ദൈവം കലക്കി. അവർ വിവിധ ഭാഷക്കാരായിത്തീർന്നു (ഉല്പ.11:1-9). തമ്മിൽ തമ്മിൽ സംസാരിക്കുവാൻ കഴിയാഞ്ഞതിനാൽ സംയുക്തമായി ഗോപുരം പണിയുവാൻ അവർക്കു കഴിഞ്ഞില്ല. *"സർവ്വഭൂമിയിലെയും ഭാഷ യഹോവ അവിടെ വെച്ചു കലക്കികളകയാൽ അതിനു ബാബേൽ എന്നു പേരായി; യഹോവ അവരെ അവിടെ നിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചുകളഞ്ഞു"*(ഉല്പ.11:9). സ്വർഗ്ഗത്തോളം എത്തത്തക്കവിധം അവർ പണിയുവാൻ ആഗ്രഹിച്ച ഗോപുരത്തിന്റെ പേർ ബാബേൽ എന്നായിരുന്നു. ബാബേൽ (babel) എന്ന പേരിന്റെ അർത്ഥം ദൈവങ്ങളുടെ വാതിൽ (the gate of the gods) എന്നാണ്. എബ്രായഭാഷയിൽ ബാബേൽ എന്ന വാക്കിനോടു ശബ്ദസാമ്യമുള്ള ബാലാൽ (balal) എന്ന വാക്കിനർത്ഥം കലക്കം (confusion) എന്നാണ്. ദൈവത്തോടു മത്സരിച്ചു പേരുണ്ടാക്കുവാനും, അന്യദൈവങ്ങളെ വണങ്ങുവാൻ ദൈവങ്ങളുടെ വാതിലെന്ന ഗോപുരം ഉണ്ടാക്കുവാനും ആഗ്രഹിച്ചവരിലേക്കു ദൈവം ന്യായവിധി അയെച്ചു. ദൈവങ്ങളുടെ വാതിൽ എന്ന പേരു കലക്കത്തിന്റെ വാതിലായിത്തീരുവാനിടയായി (the gate of gods became the gate of confusion).

മഹതിയാം ബാബിലോണിനു പിന്നിൽ ഒരു ചരിത്രകഥ തന്നെയുണ്ട്. നിമ്രോദിന്റെ (Nimrod) ഭാര്യയായ സെമിറാമിസിനെ (Semiramis) ബാബിലോണ്യമർമ്മങ്ങളുടെ സ്ഥാപകയെന്നു (Founder of the mystery of Babylon) പുരാതനചരിത്രത്തിൽ പറഞ്ഞിരിക്കുന്നു. സെമിറാമിസ് ഏറ്റവും സുന്ദരിയും കുശാഗ്രബുദ്ധിയുള്ളവളുമായിരുന്നു. ദേവതമാരുടെ മാതാവായ റിയാ (Rhea) എന്ന നാമത്തിലാണ് ബാബിലോണ്യർ സെമിറാമിസിനെ ആദരിച്ചുവന്ദിച്ചിരുന്നത്. ലോകത്തിലുള്ള സകലവിഗ്രഹാരാധനയുടെയും ഉറവിടം ബാബിലോണിലെ സെമിറാമിസ് ആയിരുന്നു എന്നു പറയപ്പെടുന്നു. ഇക്കാരണത്താൽ സെമിറാസിനെ വിഗ്രഹാരാധനയുടെ മാതാവ് (Mother of Idolatry) എന്നും അറിയപ്പെട്ടിരുന്നു. ബാബിലോണിയൻ രഹസ്യാചാരങ്ങളുടെ സ്ഥാപകയും വിഗ്രഹസേവയുടെ മഹാപുരോഹിതയുമായിരുന്നു സെമിറാമിസ്. ലോകത്തിൽ വിഗ്രഹാരാധനയ്ക്ക് ആരംഭം കുറിച്ചത് നോഹയുടെ കൊച്ചുമകനായ നിമ്രോദിന്റെ കുടുംബമാണ്. നോഹയെന്ന പേരിന്റെ അർത്ഥം വിശ്രാമം (rest) എന്നും നിമ്രോദ് എന്നതിന് മത്സരം (rebellion) എന്നുമാണ്. നോഹ ദൈവത്തിൽ വിശ്രാമം കണ്ടെത്തിയപ്പോൾ നോഹയുടെ കൊച്ചുമകനായ നിമ്രോദ് ദൈവത്തോടു മത്സരിക്കുന്നവനായിത്തീർന്നു. നിമ്രോദ് നായാട്ടു വീരനും ഏറ്റവും ശക്തനായ രാജാവുമായിരുന്നു. നിമ്രോദ് മരിച്ചശേഷം സ്വർഗ്ഗത്തിലേക്കു കയറുകയും അവിടെ സൂര്യദേവനായിത്തീരുകയും (Sun god) ചെയ്തെന്നാണ് ബാബിലോണ്യഐതിഹ്യം പ്രസ്താവിക്കുന്നത്. നിമ്രോദിന്റെ മരണശേഷം നിമ്രോദിനെ ബാബിലോണ്യർ സൂര്യദേവനായി പ്രതിഷ്ഠിച്ചാരാധിച്ചു. ബെലൂസ്, ബാൽ (belus / baal) എന്നീ നാമങ്ങളിലും അറിയപ്പെട്ടു. സൂര്യദേവന്റെ ഭാര്യയെന്ന നിലയിൽ സെമിറാമിസ് ആകാശരാജ്ഞി അഥവാ സ്വർഗ്ഗത്തിലെറാണിയെന്ന പേരിൽ (Queen of Heaven) ആദരിക്കപ്പെട്ടു. ഭർത്താവിന്റെ മരണശേഷം അവിഹിതവേഴ്ചയിലൂടെ സെമിറാമിസ് ഗർഭിണിയായി. എന്നാൽ താൻ ഗർഭിണിയായത് ദിവ്യശക്തിയാൽ സൂര്യദേവന്റെ പ്രകാശകിരണങ്ങൾ തന്നിൽ വന്നു പതിച്ചതിനാലാണെന്നു സെമിറാമിസ് പ്രസിദ്ധമാക്കി. അവൾ പ്രസവിച്ച ആൺകുട്ടിക്കു തമ്മൂസ് (Tammuz) എന്നു പേരിട്ടു. തമ്മൂസിന്റെ ജനനദിവസം ഡിസംബർമാസം 25-ാം തീയതിയായി കണക്കാക്കപ്പെട്ടു ആഘോഷിക്കുന്നു. സൂര്യപുത്രനായി അവളിൽ ഉല്പാദിതമായ തമ്മൂസ് വാഗ്ദത്തരക്ഷകൻ (Promised Saviour), ജീവന്റെ പുത്രൻ (Son of Life) എന്നീ പേരുകളിലും അറിയപ്പെട്ടു. സ്ത്രീയുടെ സന്തതിയെന്ന ഉല്പത്തിപുസ്തകത്തിലെ വാഗ്ദത്ത സന്തതി (ഉല്പ.3:15) തമ്മൂസാണെന്നും അവകാശപ്പെടുന്നു. തമ്മൂസ് പിൽക്കാലത്ത് ഒരു വന്യമൃഗത്താൽ കൊല്ലപ്പെടുകയും അതിനുശേഷം ഉയിർത്തെഴുന്നേറ്റു ജീവൻ പ്രാപിക്കുകയും ചെയ്തു എന്നു പറയപ്പെടുന്നു. ഇത് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനെ അനുകരിക്കു

കയായിരുന്നു. മർമ്മം: മഹതിയായ സ്ത്രീയുടെയും കുട്ടിയുടെയും ചരിത്രം ഇപ്രകാരമായിരിക്കുന്നു.

ബാബേൽപ്രവാസകാലത്ത് തമ്മൂസിനെ ആരാധിക്കുന്ന ജനത്തെ യെഹെസ്കേൽ പ്രവാചകൻ ശാസിക്കുന്നതു കാണാം. **യെഹെ.8:14 —** *"അവൻ എന്നെ യഹോവയുടെ ആലയത്തിൽ വടക്കോട്ടുള്ള വാതിലിന്റെ പ്രവേശനത്തിങ്കൽ കൊണ്ടുപോയി; അവിടെ സ്ത്രീകൾ തമ്മൂസിനെക്കുറിച്ചു കരഞ്ഞും കൊണ്ടു ഇരിക്കുന്നതു ഞാൻ കണ്ടു."* യെഹെസ്ക്കേൽ ബാബേലിൽ ഇരിക്കുമ്പോൾ യെരൂശലേം ദൈവാലയത്തിൽ നടക്കുന്ന മ്ലേച്ഛകാര്യങ്ങളെക്കുറിച്ചുള്ള ദർശനത്തിൽ അസന്മാർഗ്ഗിക നിലയിൽ തമ്മൂസിനെ സേവിക്കുന്ന ഒരുകൂട്ടം സ്ത്രീകളെ കാണുന്നതാണ് ദർശനത്തിലടങ്ങിയിരിക്കുന്നത്. കൂടാതെ യെഹെ.8:16 –ൽ 25 പുരുഷന്മാർ തങ്ങളുടെ മുതുകു യഹോവയുടെ മന്ദിരത്തിന്റെ നേരെയും മുഖം കിഴക്കോട്ടു നോക്കി സൂര്യനെ (തമ്മൂസിനെ) നമസ്കരിക്കുന്നതായും കാണുന്നു. **യെഹെ.8:16 —** *"അവൻ എന്നെ യഹോവയുടെ ആലയത്തിന്റെ അകത്തെ പ്രാകാരത്തിൽ കൊണ്ടുപോയി, യഹോവയുടെ മന്ദിരത്തിന്റെ വാതില്ക്കൽ മണ്ഡപത്തിന്നും യാഗപീഠത്തിന്നും നടുവെ ഏകദേശം ഇരുപത്തിയഞ്ചു പുരുഷന്മാർ തങ്ങളുടെ മുതുകു യഹോവയുടെ മന്ദിരത്തിന്റെ നേരെയും മുഖം കിഴക്കോട്ടും തിരിച്ചുകൊണ്ടു നിന്നിരുന്നു; അവർ കിഴക്കോട്ടുനോക്കി സൂര്യനെ നമസ്കരിക്കുകയായിരുന്നു."* ഇന്നത്തെ പട്ടത്വസഭകൾ കിഴക്കോട്ടുനോക്കി പ്രാർത്ഥിക്കുന്നതും ആരാധിക്കുന്നതും യഥാർത്ഥത്തിൽ തമ്മൂസിനെ വണങ്ങുന്നതിനോടനുബന്ധിച്ചു ലഭിച്ച ആചാരമാണ്. മഹതിയാം ബാബിലോണിന്റെ മർമ്മം പകർത്തിയെടുത്ത പ്രവണതയാണിത്.

യിരെമ്യാപ്രവാചകന്റെ പുസ്തകത്തിൽ ആകാശരാജ്ഞിക്കു ധൂപം കാട്ടി വിഗ്രഹാരാധനയിലേക്കു വഴുതിപ്പോകുന്ന ദൈവജനത്തെ യിരെമ്യാവ് ശാസിക്കുന്നു. തമ്മൂസിന്റെ മാതാവും ബാബിലോണിന്റെ അമ്മദൈവവുമായ ആകാശരാജ്ഞിക്കാണു അവർ ധൂപം കാട്ടിയത്. മിസ്രയിമിൽ താമസം തുടങ്ങിയ യെഹൂദാജനം മിസ്രയിമ്യരുടെ ആചാരങ്ങളിലേക്കും വിഗ്രഹാരാധനയിലേക്കും ചെന്നെത്തുന്നു. എന്നാൽ യിരെമ്യാവിന്റെ തർജനത്തെ അവർ കൂട്ടാക്കിയില്ല എന്നു മാത്രമല്ല അവരുടെ ഇഷ്ടദേവതയായ ആകാശരാജ്ഞിക്കു ബലി അർപ്പിക്കാത്തതുകൊണ്ടാണ് അവർക്കു അനർത്ഥങ്ങൾ നേരിടുന്നതെന്നും പറഞ്ഞു. ആയതിനാൽ ദൈവത്തിന്റെ ന്യായവിധി അവരുടെമേലുണ്ടായി. പ്രവാസികളായി ബാബേലിലേക്കുപോയ ഒരു ശേഷിപ്പിനെ യെരൂശലേമിലേക്കു മടക്കി വരുത്തിയെങ്കിലും മിസ്രയീമിലേക്കു പോയ ആരെയും ദൈവം മടക്കി വരുത്തിയില്ല (യിരെ.44:14–19).

നിമ്രോദും തന്റെ ഭാര്യയായ സെമിറാമിസും ചേർന്നു ആരംഭിച്ച ആരാധന സകലജാതികളിലേക്കും വ്യാപിക്കുവാനിടയായി. അത്യുന്നതനായ പിതാവും, സ്ത്രീയുടെ അവതാരമായ ആകാശരാജ്ഞിയും അവളുടെ മകനുമായിരുന്നു ആരാധനാമൂർത്തികൾ (Almighty Father, Queen of Heaven and incarnate son became their object of worship). നിമ്രോദിനെ പിതാവായ ദൈവത്തിന്റെ സ്ഥാനത്തും, സെമിറാമിസിനെ കന്യകമറിയയുടെ സ്ഥാനത്തും, തമ്മൂസിനെ ക്രിസ്തുവിന്റെ സ്ഥാനത്തു വാഗ്ദത്ത മശിഹയായും അന്നത്തെ പല രാജ്യക്കാരും പ്രതിഷ്ഠിച്ചാരാധിച്ചു. മാതാവിന്റെ കരങ്ങളിൽ കുട്ടിയെ വഹിച്ചുകൊണ്ടു നിൽക്കുന്ന പ്രതിമകൾ ബാബിലോണിൽ സർവ്വസാധാരണമായിരുന്നു. അത് സെമിറാമിസിന്റെയും തമ്മൂസിന്റെയും രൂപങ്ങളായിരുന്നു. മാത്രവുമല്ല ബാബിലോണ്യരുടെ വിഗ്രഹാരാധയടങ്ങിയ മർമ്മങ്ങൾ റോം ഉൾപ്പെടെയുള്ള സകലരും പകർത്തി അനുകരിക്കുവാനും ഇടയായി. റോമൻകത്തോലിക്ക സഭ സെമിറാമിസിന്റെയും കുഞ്ഞിന്റെയും രൂപങ്ങൾ മറിയയുടെയും യേശുവിന്റെയും സ്ഥാനത്തു പ്രതിഷ്ഠിച്ചു അതിനെ ആരാധിക്കുവാൻ തുടങ്ങി. ശിശുക്കളുടെമേൽ വെള്ളം തളിച്ചുള്ള മാമോദീസാ, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, കുമ്പസാരം, നേർച്ചകൾ, കൂദാശകൾ, ബലികൾ, കർമ്മങ്ങൾ, കൊന്തജപത്തിലൂടെയുള്ള പ്രാർത്ഥന, കടുഞ്ചുവപ്പായ പുരോഹിതവസ്ത്രങ്ങൾ, കുട, കൊടി, കൊടിമരം, നിലവിളക്ക്, പെരുന്നാൾ എന്നിവയെല്ലാം മഹതിയാം ബാബിലോണിന്റെ മർമ്മങ്ങളാണ്.

നിമ്രോദിനെയും, തമ്മൂസിനെയും സെമിറാമിസിനെയും വിവിധപേരുകളോടെ ദൈവത്വം നൽകി പിതാവായ ദൈവമായും, മശിഹയായും, ആകാശറാണിയായും ആരാധിക്കുന്ന പ്രവണത ഇന്നു ലോകത്തിൽ നിലനിൽക്കുന്നതു നോക്കുക —

| **COUNTRY** | **NIMROD** (LORD OF HEAVEN) | **TAMMUZ** (PAGAN MESSIAH) | **SEMIRAMIS** (QUEEN OF HEAVEN) |
|---|---|---|---|
| BABYLON | BELUS | TAMMUZ | RHEA, ISHTAR |
| ROME | JUPITER | ATTIS | CYBELE, DIANA |
| EGYPT | RA | OSIRIS, HORIS | ISIS, HATHOR |

| | | | |
|---|---|---|---|
| LEBANON | BAAL | TAMMUZ | ASHTORETH |
| PHOENICIANS | EL | BACCHUS | ASTARTE |
| ASSYRIA | NINUS | HERCULES | BELTIS |
| GREECE | ZEUS | DIONYSUS | APHRODITE |
| INDIA | VISHNU | KRISHNA | DEVAKI |
| CHINA | PAN-KU | YI | HENGO-MATSOOP |
| MEXICO | TEOTL | QUETZALCOATL | COATTLICUE |
| SCANDINAVIA | ODIN | BALDER | FREGG, FR |

ബാബേലിൽ സ്വർഗ്ഗത്തിലെത്തുവോളം ഒരു ഗോപുരം ഉണ്ടാക്കുവാൻ നിമ്രോദിന്റെ നേതൃത്വത്തിൽ മനുഷ്യർ ശ്രമിക്കുന്നതായി കാണുന്നു. അതിന്മേൽ ദൈവത്തിന്റെ ന്യായവിധി അയക്കപ്പെട്ടു അതിനെ നിർവ്വീര്യമാക്കി. ദൈവത്തിനു ബഹുമാനം നൽകാതെ തന്റെ പ്രതാപമഹത്വത്തിനായി പണിത രാജധാനിയെ നോക്കി "മഹതിയാം ബാബിലോൺ " എന്നു സ്വയംവാഴ്ത്തിയ ബാബേൽ രാജാവായ നെബൂഖദ്നേസറിന്മേലുള്ള ദൈവീകന്യായവിധി ദാനീയേൽ പ്രവചനത്തിൽ വിവരിച്ചിരിക്കുന്നു (ദാനീ.4:29 -33). ബാബിലോണും നെബൂഖദ്നേസറും വീണുപോകുവാൻ ഇടയായി. എന്നാൽ വെളിപ്പാടിൽ സഭയുടെ ഉത്പ്രാപണത്തിനുശേഷം ബാബിലോണിന്റെ പാപം ഏറ്റവും വർദ്ധിച്ചു സ്വർഗ്ഗത്തോളം എത്തുന്നു. **വെളി.18:5** — *"അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ടു."* ഉല്പത്തിൽ നിമ്രോദ് ആഗ്രഹിച്ചതും ഹൃദയത്തിൽ രൂപകല്പന ചെയ്തതുമായ സംയുക്തബാബേൽ വെളിപ്പാടിൽ അന്തിക്രിസ്തുവും അനുയായികളും ചേർന്നു ബാബിലോണെന്ന നാമധേയത്തിൽ ഒത്തൊരുമിച്ചു ദൈവത്തിനെതിരായി സംഘടിച്ചു നീങ്ങുന്നു. മഹതിയാം ബാബിലോണിന്റെ മർമ്മം അഥവാ ആചാരാനുഷ്ഠാനങ്ങളും, വിഗ്രഹാരാധനയും, സാത്താന്യ ആരാധനയും പ്രാരംഭകാലങ്ങളിൽ റോം, ഈജിപ്റ്റ്, ഗ്രീസ് മുതലായ രാജ്യങ്ങൾ ചില വ്യതിയാനങ്ങളോടെ പകർത്തി അനുകരിച്ചെങ്കിൽ ഇരുപത്തൊന്നാം നൂറ്റാണ്ടോടെ ക്രിസ്തീയസമൂഹങ്ങളും ജാതികളും ഒരുപോലെ അവരുടെ മതത്തോടും സംസ്കാരത്തോടും കൂട്ടിച്ചേർത്തു കാണുന്നു. ബാബിലോൺ എന്ന മഹാവേശ്യയുടെ മർമ്മം ഈ വിധത്തിൽ ഓരോരോ മതത്തിന്റെ ആചാരാനുഷ്ഠാനങ്ങളാക്കി മാറിക്കഴിഞ്ഞു.

റോമൻസഭയുൾപ്പെടെയുള്ള നാമധേയക്രൈസ്തവരുടെ ആരാധനയും ആചാരാനുഷ്ഠാനങ്ങളും പരിശോധിച്ചാൽ അവയൊന്നും തിരുവചനപ്രകാരമുള്ളതല്ല എന്നു മനസ്സിലാക്കാം. ബാബിലോണിയൻ മർമ്മത്തിന്റെ അനുകരണവും പകർത്തലുമാണിവയൊക്കെ.

> ഡിസംബർ 25 തമ്മൂസിന്റെ ജന്മദിനമായി ആചരിച്ചിരുന്നത് ക്രിസ്തുമസ് എന്ന പേരിൽ നാമധേയക്രൈസ്തവർ ഇക്കാലത്ത് ആഘോഷിക്കപ്പെടുന്നു. യഥാർത്ഥത്തിൽ തമ്മൂസിന്റെ ജന്മാദിനാഘോഷമാണവർ ആചരിക്കുന്നത്. നമ്മുടെ കർത്താവ് ജനിച്ചത് ഡിസംബർ 25 എന്ന് തിരുവചനത്തിലൊരിടത്തും പറഞ്ഞിട്ടില്ല.

> തമ്മുസ് (Tammuz) എന്ന പേരിന്റെ ആദ്യക്ഷരമായ റ്റി (T) കുരിശായി രൂപം പ്രാപിച്ചു. കുരിശിനു ദൈവത്വം നൽകി കുരിശിനെ വണങ്ങുന്നതും കുരിശു ധരിക്കുന്നതും തമ്മൂസിനെ ആരാധിക്കുന്നതിനോടു ബന്ധപ്പെട്ടിരിക്കുന്നു.

> ഭൂമിയിൽ സൂര്യദേവനായ നിമ്രോദിനെ (ബാൽ)ആരാധിക്കുമ്പോൾ വിളക്കു കത്തിച്ചാൽ അവിടെ ബാൽ പ്രത്യക്ഷപ്പെടുമെന്നു ആകാശറാണിയെന്നറിയപ്പെടുന്ന സെമിറാമിസ് പ്രഖ്യാപിച്ചു. അതിൻപ്രകാരം ഇന്നത്തെ പള്ളികളിൽ മെഴുകുതിരികളും ദീപങ്ങളും അവരുടെ ആരാധനയുടെ ഘടകങ്ങളായി മാറി.

> യിരെമ്യാപ്രവാചകന്റെ പുസ്തകത്തിൽ ആകാശരാജ്ഞിക്കു ധൂപം കാട്ടുകയും അവൾക്കു പാനീയബലി പകരുകയും ചെയ്തു വിഗ്രാഹാരാധനയിലേക്കു വഴുതിപ്പോകുന്ന ദൈവജനത്തെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു (യിരെ.44:17-19). റോമൻ കത്തോലിക്കസഭ മാതാവിനെ ആരാധിക്കുന്നതും, ധൂപം കാട്ടുന്നതും, വിഗ്രഹത്തെ ആരാധിക്കുന്നതും ബാബിലോണിയൻ മർമ്മത്തിലെ വ്യവസ്തകളുടെ അനുകരണമാണ്.

> കിഴക്കോട്ടുനോക്കി ബാലിനെയും തമ്മൂസിനെയും ആരാധിക്കുന്ന ജനത്തെക്കുറിച്ചു പഴയനിയമത്തിൽ രഖപ്പെടുത്തിയിരിക്കുന്നു (യെഹെ.8:16). ഇക്കാലത്തെ നാമധേയ ക്രൈസ്തവർ കിഴക്കോട്ടു

നോക്കി പ്രാർത്ഥിക്കുന്നതും, കിഴക്കു ദർശനമായി പള്ളികൾ പണിയുന്നതും ബാബിലോണിയൻ മർമ്മത്തിൽ ഉൾപ്പെടുന്നു.

> റോമൻകത്തോലിക്കാസഭയുൾപ്പെടെയുള്ള നാമധേയക്രൈസ്തവർ ആചരിക്കുന്ന പെരുന്നാളുകൾ ബാബിലോൺ മർമ്മത്തിൽ നിന്നു ഉടലെടുത്തതാണ്.

> ബാബിലോണ്യർ ആകാശരാജ്ഞിയായ സെറിമാമിസ്സിനു റിയാ (Rhea) എന്നും ഇസ്റ്റാർ (Ishtar) എന്നും പേരു നൽകി ആരാധിച്ചിരുന്നു. പിൽക്കാലത്തു റോമൻ കത്തോലിക്കർ ഇസ്റ്റാർ എന്ന പദത്തിനെ ഈസ്റ്റർ (Easter) എന്നാക്കി ആഘോഷിക്കുവാൻ തുടങ്ങി.

> പുരോഹിതവേഷങ്ങൾ, പുരോഹിതബ്രഹ്മചര്യം, സന്ന്യാസി, സന്ന്യാസിനി എന്നിവയെല്ലാം ബാബിലോണിയൻ മർമ്മത്തിൽ നിന്നു പകർത്തപ്പെട്ടവയാണ്.

> പ്രത്യേകതരത്തിലുള്ള മുടി കത്രിക്കൽ ബാബിലോണ്യരുടെ നിഗൂഢ കർമ്മങ്ങളിൽ ഉൾപ്പെടുന്നു. അതു പിൽക്കാലത്തു സകലരും അനുകരിക്കുവാൻ ഇടയായി. സ്ത്രീകൾ മുടി കത്രിക്കരുതെന്നും, പുരുഷന്മാർ മുടി നീട്ടി വളർത്തരുതെന്നും തിരുവചനം അനുശാസിക്കുമ്പോൾ ഇന്നത്തെ തലമുറ തിരുവചനത്തിനെതിരായി പ്രവർത്തിക്കുന്നു. സ്ത്രീകൾ മുടി പറ്റെ കത്രിക്കുന്നത്, പുരുഷന്മാർ പ്രത്യേക രീതിയിൽ മുടി കത്രിക്കൽ, ജപ്പാൻ താടിപോലുള്ള പ്രത്യേകതരത്തിലുള്ള താടി വെയ്പ്പ് എന്നിവയെല്ലാം വിശ്വാസികളും അനുകരിക്കുന്നു. വിശ്വാസിക്കു ചേർന്നതല്ലാത്ത ഫാഷനുകളും അനുകരണങ്ങളും അപ്പാടെ തള്ളിക്കളഞ്ഞു മഹതിയാം ബാബിലോണിനു അടിമപ്പെടാതിരിക്കുക.

> മഹതിയാം ബാബിലോൺ എന്ന സ്ത്രീയുടെ വേഷവിധാനങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. **വെളി.17:4 —** *"ആ സ്ത്രീ ധൂമ്രവർണ്ണവും കടുഞ്ചുവപ്പു നിറവും ഉള്ള വസ്ത്രം ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളായി തന്റെ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രം കയ്യിൽ പിടിച്ചിരിക്കുന്നു."* കണ്ണഞ്ചിപ്പിക്കുന്ന വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ചു ലോകരെപ്പോലെ നടക്കുന്ന വിശ്വാസികൾ യഥാർത്ഥത്തിൽ ബാബിലോണിയൻ മർമ്മം പകർത്തുകയാണ് ചെയ്യുന്നത്.

> ആകാശരാജ്ഞിയെന്നറിയപ്പെടുന്ന സെറിമാമിസ് വിഗ്രഹാരാധനയുടെ സ്ഥാപകയും ബാബിലോണിയൻ മതത്തിന്റെ മഹാപുരോഹിതയുമാണ്. പൗരോഹിത്യകർമ്മങ്ങളും നിഗൂഢഉപദേശങ്ങളും സെമിറാമിസ് തന്റെ അനുയായികളെ പഠിപ്പിക്കുന്നു. സ്ത്രീകൾക്കു പട്ടത്വം നൽകുക, സഭാനേതൃത്വത്തിൽ സ്ത്രീകളെ നിയമിക്കുക, പുരുഷന്മാരോടു വചനത്തിലൂടെ ഉപദേശിക്കുവാൻ അനുവദിക്കുക എന്നിവയെല്ലാം ബാബിലോണിയൻ വ്യവസ്ഥയിൽ ഉൾപ്പെടുന്നു.

> പള്ളികളിലെ തിരുശേഷിപ്പ് എഴുന്നള്ളത്തുകളും, മുത്തുക്കുടകളും, നിലവിളക്കുകളും, പള്ളിമുറ്റത്തുയരുന്ന സ്വർണ്ണംപൂശിയ കൂറ്റൻ കൊടിമരങ്ങളും, ബാബിലോണിന്റെ മർമ്മം തന്നെയാണെന്നതിൽ സംശയിക്കേണ്ടാ. ചുരുക്കത്തിൽ സാത്താനെ ആരാധിക്കുന്ന ഒരു യുഗത്തിലേക്കു നാം എത്തിച്ചേർന്നിരിക്കുന്നു.

**വെളി.17:6 — വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു സ്ത്രീ മത്തയായിരിക്കുന്നതു ഞാൻ കണ്ടു; അവളെ കണ്ടിട്ടു അത്യന്തം ആശ്ചര്യപ്പെട്ടു** (I saw the woman, drunk with the blood of the saints and with the blood of the martyrs of Jesus. And when I saw her, I marveled with great amazement) —

പെരുവെള്ളത്തിന്മീതെയും മൃഗത്തിന്മീതെയും ഇരിക്കുന്ന സ്ത്രീയായ മഹാവേശ്യയുടെ വസ്ത്രം (her dress), ആഭരണം (her decoration), കയ്യിൽ പിടിച്ചിരിക്കുന്ന സ്വർണ്ണപാനപാത്രം (her cup in the hand), അവളുടെ നെറ്റിയിൽ എഴുതപ്പെട്ടിരിക്കുന്ന പേര് (her name) എന്നിവ യോഹന്നാൻ കാണുകയുണ്ടായി. തുടർന്നു അവളിൽ ആരോപിക്കപ്പെട്ട പാപവും (Allegation on her sin) അതോടനുബന്ധിച്ചു യോഹന്നാനുണ്ടായ പ്രതികരണവുമാണിവിടെ (Johns response) കാണുന്നത്. അവൾ വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു മത്തയായിരിക്കുന്നു.

**വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു സ്ത്രീ മത്തയായിരിക്കുന്നതു ഞാൻ കണ്ടു** (I saw the woman, drunk with the blood of the saints and with the blood of the martyrs of Jesus) —

സാധാരണവേശ്യകളെപ്പോലെ മഹതിയാം ബാബിലോൺ എന്ന മഹാവേശ്യയും കുടിച്ചു മത്തയായിരിക്കുന്നു. എന്നാൽ ഇവൾ കുടിച്ചത് ലഹരിപാനീയങ്ങളല്ല മറിച്ചു രക്തമാണ് കുടിച്ചത്. അതും വിശുദ്ധന്മാരുടെയും യേശുവിന്റെ സാക്ഷികളുടെയും രക്തമാണ് കുടിച്ചത്. അനേകരെ രക്തം ചിന്തിച്ചു കൊലപ്പെടുത്തിയതിനെ ആലങ്കാരികഭാഷയിൽ വർണ്ണിക്കുന്നതാണ് രക്തം കുടിച്ചു എന്നുള്ളത്. വിശ്വാസികളുടെമേൽ നടത്തിയ അതിക്രൂരമായ പീഡകളും രക്തച്ചൊരിച്ചിലുകളും ഇതു വെളിപ്പെടുത്തുന്നു.

രണ്ടു കൂട്ടരുടെ രക്തം മഹാവേശ്യയായ സ്ത്രീ കുടിച്ചു മത്തയായിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. (1) വിശുദ്ധന്മാരുടെ രക്തം (2) യേശുവിന്റെ സാക്ഷികളുടെ രക്തം. വിശുദ്ധന്മാരുടെ രക്തം

എന്നത് പഴയനിയമവിശുദ്ധന്മാരുടെയും, യേശുവിന്റെ സാക്ഷികളുടെ രക്തം എന്നത് പുതിയനിയമവിശുദ്ധന്മാരുടെയും ആണെന്നും, അതല്ല രണ്ടും വിശുദ്ധന്മാരായ സകല പഴയനിയമപുതിയനിയമ വിശുദ്ധന്മാരെ കുറിക്കുന്നു എന്നും രണ്ടഭിപ്രായങ്ങളുണ്ട്. ചരിത്രാധീതകാലം മുതൽ ദൈവവിശ്വാസികളെ ക്രൂരമായി പീഡിപ്പിക്കുകയും രക്തം ചിന്തിക്കുന്ന പ്രവണതയും കാണപ്പെടുന്നു. പീഡകർ ഓരോരോ കാലങ്ങളിൽ വിവിധ രൂപത്തോടും ഭാവത്തോടും പ്രത്യക്ഷപ്പെടുന്നെങ്കിലും അവരുടെയെല്ലാം ലക്ഷ്യം വിശ്വാസികളെ കൊലചെയ്തു ഭൂമിയിൽനിന്നു തുടച്ചു നീക്കുക എന്നതാണ്. മഹോപദ്രവകാലത്തും അതു തന്നെയാണ് അരങ്ങേറുന്നത്. യേശുവിന്റെ സാക്ഷികളുടെ രക്തം എന്നു പറയുന്നത് വിശേഷാൽ മഹാപീഡനകാലത്തെ സാക്ഷികളായ വിശ്വാസികളെ കുറിക്കുന്നു (വെളി.12:17/14:12).

ഭൂമിയിൽ അരങ്ങേറിയ ആദ്യകുലപാതകവും ആദ്യരക്തം ചിന്തലും ആരംഭങ്ങളുടെ പുസ്തകമായ ഉല്പത്തിൽ വിവരിച്ചിരിക്കുന്നു (ഉല്പ.4:8). കയീൻ ഹാബേലിന്റെ രക്തം ചിന്തിച്ചത് ദൈവത്തെ ആരാധിക്കുന്നതിനോടുള്ള ബന്ധത്തിലാണ്. എബ്രായലേഖനത്തിൽ വിശുദ്ധന്മാരായ വിശ്വാസവീരന്മാരുടെ രക്തം ചിന്തിച്ച വസ്തുത രേഖപ്പെടുത്തിയിട്ടുണ്ട് (എബ്രാ.11:32-38). അപ്പൊസ്തലികകാലഘട്ടത്തിലും വിശ്വാസത്തിനുവേണ്ടി അനേകർ രക്തസാക്ഷികളായിട്ടുണ്ട്. റോമിലുണ്ടായ അഗ്നിബാധയുടെ പിന്നിൽ പ്രവർത്തിച്ചത് ക്രിസ്ത്യാനികളാണെന്നു വ്യാജമായി പ്രചരിപ്പിച്ച നീറോചക്രവർത്തി അതിക്രൂരമായി ക്രിസ്ത്യാനികളെ പീഡിപ്പിച്ചു രക്തം ചിന്തിച്ചിട്ടുണ്ട്. യോഹന്നാൻ പത്മൊസ് ദ്വീപിലേക്കു നാടു കടത്തപ്പെട്ടത് ദൈവവചനം നിമിത്തവും യേശുവിന്റെ സാക്ഷ്യം നിമിത്തവുമാണ്. പീഡിതസഭയെന്നറിയപ്പെടുന്ന സ്മുർന്നാ സഭയിലെ വിശ്വാസികളുടെ രക്തം ഭൂമിയിൽ ഏറെ വീണിട്ടുണ്ട്. അവരോടു കർത്താവു പറഞ്ഞത് മരണപര്യന്ത്യം വിശ്വസ്തരായിരിക്കുക എന്നാണ്. കത്തോലിക്കാസഭക്കെതിരായി ശബ്ദിച്ച ആയിരമായിരം വിശുദ്ധന്മാരെ റോമൻ ഭരണാധികാരികൾ നിഷ്ക്കരുണം വധിച്ചിട്ടുണ്ട്. വിശുദ്ധന്മാരെയും യേശുവിന്റെ സാക്ഷികളെയും പീഡിപ്പിക്കുന്നതിൽ അവർ ആനന്ദം കണ്ടെത്തി. മഹാപീഡനകാലയളവിൽ മഹാവേശ്യയെന്ന നാമത്തിൽ വിശേഷിപ്പിച്ചിരിക്കുത് വ്യാജമതത്തിന്റെ മേൽവിലാസത്തിൽ നടക്കുന്ന രക്തം ചിന്തലാണ്. വ്യാജസഭയുടെ ഭയങ്കരത്വം കാണിക്കുന്നതാണ് വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു സ്ത്രീ മത്തയായിരിക്കുന്നു എന്നത്.

**അവളെ കണ്ടിട്ടു അത്യന്തം ആശ്ചര്യപ്പെട്ടു** (And when I saw her, I marveled with great amazement) —

പെരുവെള്ളത്തിന്മീതെയും മൃഗത്തിന്മീതെയും എഴുന്നള്ളുന്ന സ്ത്രീയുടെ രൂപവും ഭാവവും മാത്രമല്ല വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു കടുഞ്ചുവപ്പു നിറത്തോടെ പ്രത്യക്ഷപ്പെട്ട മഹാവേശ്യയെ കണ്ട യോഹന്നാൻ അത്യന്തം ആശ്ചര്യപ്പെട്ടു. മഹതിയാം ബാബിലോൺ എന്ന സ്ത്രീയുടെ മർമ്മവും അന്ത്യകാലത്ത് ഉടലെടുക്കുന്ന വ്യാജമതത്തിന്റെ ഘോരതയും ഓർത്തായിരിക്കും യോഹന്നാൻ അത്യന്തം ആശ്ചര്യപ്പെട്ടത്. മാത്രവുമല്ല യോഹന്നാന്റെ ആശ്ചര്യം വർദ്ധിക്കുവാനിടയാത് ഒരുപക്ഷേ താൻ കണ്ട സ്ത്രീയുടെ അന്ത്യകാലത്തിലെ സ്വാധീനശക്തിയെ ദർശിച്ചിട്ടാകാം. വെളിപ്പാട് 13 -ൽ ഒന്നാം മൃഗമായ അന്തിക്രിസ്തുവിനെ ആരാധിക്കുവാനും ബഹുമാനിക്കുവാനും രണ്ടാം മൃഗമായ കള്ളപ്രവാചകൻ ഭൂവാസികളെ ഉത്സാഹിപ്പിക്കുന്നു(വെളി.13:12). അതായത് അന്തിക്രിസ്തു സകലഭൂവാസികളുടെയും ആരാധനവിഷയവും രണ്ടാം മൃഗമായ കള്ളപ്രവാചകനേക്കാൾ അധികാരത്തിലും ഉന്നതിയിലും വാഴുന്നു എന്നതിനെ വെളിപ്പെടുന്നു. ഇവിടെ യോഹന്നാൻ കാണുന്നത് അന്തിക്രിസ്തുവിനെ പ്രതിനിധീകരിക്കുന്ന മൃഗത്തിന്റെ തലയിൽ വ്യാജമതത്തെ പ്രതിനിതീകരിക്കുന്ന സ്ത്രീ ഇരുന്നു സവാരിചെയ്യുന്ന കാഴ്ചയാണ്. ഇതു വെളിപ്പെടുത്തുന്നത് യോഹന്നാൻ അതിശയിക്കത്തക്കവിധം സ്ത്രീയെന്ന വ്യാജമതം അന്ത്യകാലത്തു ഏറ്റവും വളർന്നിരിക്കുന്നു എന്നതാണ്. എന്നാൽ തന്റെ ആശ്ചര്യം കണ്ട ദൂതൻ ബാബിലോൺ മർമ്മത്തെ വിശദീകരിച്ചുകൊടുക്കുന്നത് തുടർന്നുള്ള വാക്യങ്ങളിൽ കാണുന്നു.

**വെളി.17:7 — ദൂതൻ എന്നോടു പറഞ്ഞതു : നീ ആശ്ചര്യപ്പെടുന്നതു എന്തു? ഈ സ്ത്രീയുടെയും ഏഴു തലയും പത്തുകൊമ്പും ഉള്ളതായി അവളെ ചുമക്കുന്ന മൃഗത്തിന്റെയും മർമ്മം ഞാൻ പറഞ്ഞുതരാം** (But the angel said to me, "Why did you marvel? I will tell you the mystery of the woman and of the beast that carries her, which has the seven heads and the ten horns) —

ഭീകരരൂപിയായ കടുഞ്ചുവപ്പായ മൃഗത്തെയും അതിന്മേൽ സഞ്ചരിക്കുന്ന മഹാവേശ്യയായ സ്ത്രീയെയും യോഹന്നാൻ കണ്ടു ആശ്ചര്യപ്പെട്ടു നിൽക്കുന്നു. വെളിപ്പാട് 13-ൽ യോഹന്നാൻ കണ്ട അതേ രണ്ടുമൃഗങ്ങളെത്തന്നെയാണിവിടെയും കാണുന്നത്. അന്നു കണ്ട മൃഗങ്ങളിൽ സംഭവിച്ചിരിക്കുന്ന വ്യത്യസ്ത രൂപവും ഭാവവും കണ്ടിട്ടായിരിക്കണം യോഹന്നാൻ ആശ്ചര്യപ്പെട്ടത്. എന്നാൽ ദൂതൻ യോഹന്നാനെ സമാധാനപ്പെടുത്തിക്കൊണ്ടു തന്റെ ആശ്ചര്യത്തിനു നിവാരണം വരുത്തി അതിന്റെ പൊരുൾ തിരിച്ചു മർമ്മങ്ങളെ വിശദീകരിച്ചു കൊടുക്കുന്നു. സാത്താന്യശക്തികൾക്കു നമ്മുടെ ചിന്തകൾക്കതീതമായി മാറ്റങ്ങളുണ്ടാകാം. അന്ത്യകാലത്തു ദൈവത്തിനെതിരായും ദൈവമക്കൾക്കെതിരായും പ്രവർത്തി

ക്കുന്ന പൈശാചികശക്തികൾ ഏറ്റവും ശക്തിയാർജ്ജിച്ചു സകലരെയും ഭ്രമിപ്പിക്കുന്ന വിഷയമായിത്തീരാം. എന്നാൽ പുറമേയുള്ള രൂപവും ഭാവവും കണ്ടു ആശ്ചര്യപ്പെടാതെ ദൈവത്തിൽ ആശ്രയിച്ചാൽ അവയുടെ യഥാർത്ഥരൂപവും പ്രവർത്തനങ്ങളും പൊരുളും മനസ്സിലാക്കിക്കിട്ടും. മഹോപദ്രവകാലവിശുദ്ധന്മാരെ സംബന്ധിച്ചും അതുതന്നെയാണാവശ്യം. യോഹന്നാന്റെ ആശ്ചര്യത്തിനു കാരണമായിത്തീർന്ന സ്ത്രീയുടെയും അവളെ ചുമക്കുന്ന ഭീകരമൃഗത്തിന്റെയും മർമ്മം തുടർന്നു ദൂതൻ യോഹന്നാനു വിശദീകരിച്ചു കൊടുക്കുന്നു. വെളിപ്പാട് 17:8 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ മൃഗത്തിനെക്കുറിച്ചുള്ള വിശദീകരണങ്ങളും 17:15 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ സ്ത്രീയെയും സ്ത്രീയുടെ നാശത്തെക്കുറിച്ചുമുള്ള വിശദീകരണങ്ങളും അടങ്ങിയിരിക്കുന്നു.

ദൂതൻ ആദ്യമായി മൃഗത്തെക്കുറിച്ചുള്ള മർമ്മം യോഹന്നാനു വിശദീകരിച്ചുകൊടുക്കുന്നു. വെളിപ്പാട് 17:8 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ അന്തിക്രിസ്തുവായ മൃഗത്തെക്കുറിച്ചു ദൂതൻ വിശദീകരിച്ച ഏഴു കാര്യങ്ങൾ കാണാം —

(1) വെളി.17:8 — മൃഗം : ഭൂതം, വർത്തമാനം, ഭാവി കാലത്തോടുള്ള ബന്ധത്തിൽ
(Beast in past, present, future)
(2) വെളി.17:9 — ഏഴുതല (Seven Heads)
(3) വെളി.17:10 — വീണുപോയവർ (Fallen five)
(4) വെളി.17:11 — എട്ടാമത്തെ സാമ്രാജ്യം (Eighth Kingdom)
(5) വെളി.17:12 — പത്തുകൊമ്പ് (Ten Horns)
(6) വെളി.17:13 — മൃഗത്തിനു ലഭിക്കുന്ന അധികാരം (Beast gets the Power )
(7) വെളി.17:14 — കുഞ്ഞാടുമായുള്ള യുദ്ധം (War with the Lamb).

**വെളി.17:8 — നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽനിന്നു കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു; ഉണ്ടായിരുന്നതും ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗത്തെ ലോകസ്ഥാപനംമുതൽ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ കണ്ടു അതിശയിക്കും** ("The beast that you saw was, and is not, and will ascend out of the bottomless pit and go to perdition. And those who dwell on the earth will marvel, whose names are not written in the Book of Life from the foundation of the world, when they see the beast that was, and is not, and yet is) —

ദൂതൻ മൃഗത്തിന്റെ മർമ്മത്തെക്കുറിച്ചു യോഹന്നാനു വിശദീകരിച്ചുകൊടുക്കുമ്പോൾ ആദ്യമായി പറയുന്നത് ഭൂതം, വർത്തമാനം, ഭാവി എന്നീ കാലങ്ങളോടുള്ള ബന്ധത്തിൽ മൃഗത്തിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചാണ് (The presence of beast in past, present and future). യോഹന്നാൻ കണ്ട മൃഗം ഭൂതകാലത്തിൽ ഉണ്ടായിരുന്നതും, വർത്തമാനകാലത്തിൽ ഇല്ലാത്തതും, ഭാവികാലത്തിൽ അഗാധത്തിൽ നിന്നു കയറിവന്നശേഷം നാശത്തിലേക്കു പോകുന്നതുമാണ്. ഇങ്ങനെ മൂന്നു കാലങ്ങളോടുള്ള ബന്ധത്തിൽ പരാമർശിക്കപ്പെടുന്ന മൃഗത്തെ കാണുന്ന മഹോപദ്രവകാലത്തെ അവിശ്വാസികൾ ഒന്നടങ്കം അതിശയിക്കുവാനിടയാകും എന്നും യോഹന്നാനോടു ദൂതൻ പറയുന്നു.

**നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽനിന്നു കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു** ("The beast that you saw was, and is not, and will ascend out of the bottomless pit and go to perdition) —

ഉണ്ടായിരുന്നതും, ഇപ്പോൾ ഇല്ലാത്തതും ഇനി വന്നു നാശത്തിലേക്കു പോകുന്നതുമായ മൃഗത്തെക്കുറിച്ചുള്ള ദൂതന്റെ വിശദീകരണത്തെ അടിസ്ഥാനപ്പെടുത്തി വിവിധ വ്യാഖ്യാനങ്ങൾ കാണുന്നുണ്ട്.

(1) ഭൂതം, വർത്തമാനം, ഭാവി എന്നീ മൂന്നു കാലങ്ങളിൽ അന്തിക്രിസ്തുവിന്റെ രാഷ്ട്രീയവും മതപരവുമായ സകലവിധ അധികാരങ്ങളും വിശേഷാൽ റോമൻസാമ്രാജ്യത്തോടു ബന്ധപ്പെടുന്നതാണ്. ഉണ്ടായിരുന്നത് എന്നാൽ യോഹന്നാന്റെ കാലത്തെ റോമൻ ഭരണകൂടത്തെ കുറിക്കുന്നു. യോഹന്നാനെ പീഡകളിലൂടെ കടത്തിവിട്ട വ്യവസ്ഥതകൾ ഉൾക്കൊള്ളുന്നു. ഇപ്പോൾ ഇല്ലാത്തത് എന്നാൽ വീണുപോയ അഥവാ നശിച്ചുപോയ റോമിന്റെ അവസ്ഥയെ വെളിപ്പെടുത്തുന്നു. ഇനി അഗാധത്തിൽ നിന്നു കയറി വരുന്നതും നാശത്തിലേക്കു പോകുന്നതെന്നും പറയുന്നത് മഹോപദ്രവകാലങ്ങളിൽ പുനരുദ്ധരിക്കപ്പെടുന്ന റോമിനെയും കുറിക്കുന്നു. അഗാധത്തിൽ നിന്നു കയറി വരുന്നതും നശിക്കുന്നതും ഭാവിയിലുടലെടുക്കുന്ന ഭരണകൂടവും വ്യവസ്ഥകളും സാത്താന്റെ സമ്പൂർണ്ണനിയന്ത്രണത്തിലാണുണ്ടാകുന്നതെന്നും അവസാനം അതു നശിക്കപ്പെടും എന്നും വ്യക്തമാകുന്നു.

(2) രണ്ടാമത്തെ അഭിപ്രായം ഇവിടെ അഗാധകൂപത്തിൽ നിന്നു കയറിവരുന്ന മൃഗം യൂദാ

ഈസ്കര്യോത്താവെന്നതാണ്. യൂദായെ പിശാച് എന്നും, സാത്താൻ അവനിൽ കടന്നു, നാശ യോഗ്യൻ, തന്റെ സ്ഥലത്തേക്കു പോയി എന്നിങ്ങനെയുള്ള പരാമർശങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട്.

യോഹ.6:70 —*"എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാചു ആകുന്നു."*

യോഹ.13:27 — *"ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു."*

യോഹ.17:12 — *"ആ നാശയോഗ്യനല്ലാതെ അവരിൽ ആരും നശിച്ചുപോയിട്ടില്ല."*

ലൂക്കൊ.22:3— *"എന്നാൽ പന്തിരുവരുടെ കൂട്ടത്തിൽ ഉള്ള ഈസ്കാര്യോത്തായൂദായിൽ സാത്താൻ കടന്നു."*

അപ്പൊ.1:24 — *"തന്റെ സ്ഥലത്തേക്കു പോകേണ്ടതിന്നു യൂദാ ഒഴിഞ്ഞുപോയ ..."*

യൂദാ പിശാചാണെന്നും മരിച്ചപ്പോൾ അഗാധകൂപത്തിലേക്കു പോയെന്നും അവനാണ് അന്തിക്രിസ്തുവായി വരുന്നതെന്നും അഭിപ്രായപ്പെടുന്നു. എന്നാൽ യൂദാ മരിച്ചപ്പോൾ ശരീരം ഭൂമിയിൽ ശേഷിച്ചതിനാൽ ഇതു ശരിയായിരിക്കയില്ലെന്നു വാദം ഉണ്ട്. എതിർവാദം എന്നത് യൂദാ ഭൂമിയിൽ കർത്താവിനോടൊപ്പം ജീവിച്ചപ്പോൾ അവനിൽ സാത്താന്റെ അഥവാ അന്തിക്രിസ്തുവിന്റെ ആത്മാവു പ്രവേശിക്കുവാനിടയായി. കർത്താവിനെ ഒറ്റിക്കൊടുത്ത ശേഷം യൂദാ തൂങ്ങിമരിച്ചു. അതേതുടർന്നു ദൈവം അവന്റെ ആത്മാവിനെ അഗാധകൂപത്തിൽ ബന്ധിച്ചു. സഭയുടെ ഉത്പ്രാപണത്തിനുശേഷം മഹോപദ്രവകാലത്ത് അവനെ അഗാധകൂപത്തിൽ നിന്നു തുറന്നു വിടും. അഗാധകൂപത്തിൽ നിന്നു സ്വതന്ത്രനായി വരുന്ന യൂദായുടെ പൈശാചികാത്മാവ് അന്തിക്രിസ്തുവാകുന്ന മൃഗത്തിൽ പ്രവേശിച്ചാണ് തുടർന്നു അവനിലൂടെ പ്രവർത്തിക്കുന്നത്.

(3) അന്തിക്രിസ്തു ഒരു ലോകഭരണാധികാരിയായ മനുഷ്യനായിരിക്കും. അഗാധകൂപത്തിൽ അടക്കപ്പെട്ട പൈശാചികാത്മാവു പുറപ്പെട്ടു വരികയും മഹോപദ്രവനാളുകളിൽ സകല തിന്മകളും ദൈവദൂഷണവും നടത്തുവാൻ അന്തിക്രിസ്തുവാകുന്ന ഭരാണാധികാരിയെ ഭൂതാത്മാവ് സഹായിക്കും. പഴയനിയമകാലഘട്ടത്തിൽ ഉയർച്ചയിലെത്തിയതും വീണ്ടും നാശത്തിലേക്കു പതിച്ചതുമായ ജാതീയരാഷ്ട്രങ്ങളെ നയിച്ച ഭരണാധികാരികൾ ഇതിനു ഉത്തമ ഉദാഹരണങ്ങളാണ്. മിസ്രയിം, അശൂർ, ബാബേൽ, മേദ്-പാർസ്യ, ഗ്രീസ്, റോം എന്നീ ജാതീയരാഷ്ട്രങ്ങൾ ദൈവജനത്തെ അതികഠിനമായി പീഡിപ്പിച്ചിട്ടുണ്ട്. അവർ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതുമാണ്. എന്നാൽ അന്ത്യനാളുകളിൽ ശക്തിപ്രാപിക്കുന്ന രാഷ്ട്രത്തലവന്മാരെ ദുരാത്മാവു സഹായിക്കുവാനായി അഗാധത്തിൽ നിന്നു വരും. മഹോപദ്രവനാളുകളുടെ അവസാനത്തിൽ അഗാധത്തിൽ നിന്നു കയറി വന്ന ഭൂതാത്മാവിനെയും അന്തിക്രിസ്തുവിനെയും ന്യായം വിധിച്ചു തീപ്പൊയ്കയിലേക്കു ക്രിസ്തു തള്ളിയിടും (വെളി.19:20).

(4) ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽനിന്നു കയറി വരുന്നതുമായ മൃഗം എന്നത് വെളിപ്പാടു 13-ൽ സമുദ്രത്തിൽ നിന്നു കയറി വരുന്ന മൃഗത്തോടു ബന്ധപ്പെട്ട അഭിപ്രായമാണ് മറ്റൊന്ന്. *"അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ പോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവു പൊറുത്തുപോയി; സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു* "(വെളി.13:3). ഇതു അന്തിക്രിസ്തുവിന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും വ്യാജ അഭിനയമായി കരുതാം (This refers to Antichrists faked death and resurrection). ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റതുപോലെ അന്തിക്രിസ്തുവും മരണപുനരുത്ഥാനം അഭിനയിച്ചു സകല മനുഷ്യരെയും വിസ്മയിപ്പിക്കുന്നു. മരണകരമായ മുറിവു ഏൽക്കുന്നതുവരെ അഥവാ വ്യാജമരണം വരെ കള്ളപ്രവാചകന്റെ സഹായത്തോടെ പ്രവർത്തിച്ചുവെങ്കിൽ, ഉയിർത്തെഴുന്നേൽപ്പോടെ അന്തിക്രിസ്തു മതത്തിന്റെയും രാഷ്ട്രത്തിന്റെയും സർവ്വാധികാരിയും നേതാവുമായി മാറുന്നു. അതു അഗാധത്തിൽ നിന്നു കയറിവരുന്ന ദുഷ്ടാത്മശക്തിയുടെ ബലത്തോടെ ആയിരിക്കും എന്നഭിപ്രായപ്പെടുന്നു.

നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽനിന്നു കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു എന്ന ദൂതന്റെ പ്രസ്താവനയ്ക്ക് വിവിധമായ അഭിപ്രായങ്ങൾ ഉണ്ടെങ്കിലും പൊതുവിൽ അതിലൊക്കെ അടങ്ങിയിരിക്കുന്നത് മഹോപദ്രവനാളുകളിൽ അന്തിക്രിസ്തുവിനോടൊപ്പം അണിനിരക്കുന്ന ദുഷ്ടാത്മശക്തികളുടെ അരങ്ങേറ്റമാണ്. ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും എന്നു വെച്ചാൽ യോഹന്നാൻ ദർശനം കാണുന്നതിനു മുമ്പു ഉണ്ടായിരുന്നതും എന്നാൽ യോഹന്നാന്റെ ദർശനസമയത്തു വെളിപ്പെടാത്തതും ആകുന്നു എന്നാണ്. ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗം അഗാധത്തിൽ നിന്നു കയറി നാശത്തിലേക്കു പോകുവാനായി വെളിപ്പെടുന്നു. അഗാധത്തിൽ നിന്നു എന്നത് അഗാധകൂപത്തെ കുറിക്കുന്നു. അഗാധകൂപം (pit of abyss = bottomless pit) സാത്താന്യശക്തികളുടെ തടവറയാണ്. അപ്പൊല്ലുവോൻ

അഥവാ അബദ്ദോനും സംഘവും അഗാധകൂപത്തിൽ അടക്കപ്പെട്ടിരിക്കുന്നു (വെളി.9:11). മഹോപദ്രവ നാളുകളിൽ സാത്താന്യശക്തികൾ അഗാധത്തിൽ നിന്നു അഥവാ സാത്താന്റെ വാസസ്ഥലത്തു നിന്നു കയറി വരികയും തുടർന്നു കർത്താവിനാൽ അവ നശിപ്പിക്കപ്പെടുകയും ചെയ്യും (വെളി.19:20).

**ഉണ്ടായിരുന്നതും ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗത്തെ ലോകസ്ഥാപനംമുതൽ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ കണ്ടു അതിശയിക്കും** (And those who dwell on the earth will marvel, whose names are not written in the Book of Life from the foundation of the world, when they see the beast that was, and is not, and yet is) —

ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതപ്പെടാതിരിക്കുന്ന ഭൂവാസികൾ മൃഗത്തെ കണ്ടു അതിശയിക്കും. ക്രിസ്തു ലോകസ്ഥാപനത്തിനു മുമ്പേ ഒരുക്കപ്പെട്ടവനും മുന്നിയമിക്കപ്പെട്ടവനുമാണ്. ദൈവം നമ്മെ ലോകസ്ഥാപനത്തിനു മുമ്പേ ക്രിസ്തുവിൽ തിരഞ്ഞെടുത്തു (എഫെ.1:4). മനുഷ്യന്റെ വീണ്ടെടുപ്പും തിരഞ്ഞെടുപ്പും കരുണാസമ്പന്നനായ ദൈവത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നു. ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചപ്പോൾ വീണ്ടെടുപ്പും തയ്യാറാക്കിയിരുന്നു. എന്നാൽ വീണ്ടെടുപ്പിന്റെ മർമ്മം വെളിപ്പെടുത്തിക്കിട്ടിയത് സഭ ഭൂമിയിൽ സ്ഥാപിക്കപ്പെട്ടപ്പോഴാണ്. ക്രിസ്തു വീണ്ടെടുപ്പിനായി മുൻനിയമിക്കപ്പെട്ടതിനാൽ നാമും മുന്നിയമിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. ഭൂവാസികൾ എന്ന വിശേഷണം വെളിപ്പാടിൽ ദൈവത്തെ അനുസരിക്കാതെ സാത്താന്റെ ഭാഗത്തു നിന്നു പ്രവർത്തിക്കുന്ന അവിശ്വാസികളെ കുറിക്കുന്നു(വെളി.3:10/6:10/8:13/11:10/13:8/13:12/13:14/14:6/17:8). ആകയാൽ ജീവപുസ്തകത്തിൽ പേരില്ലാത്ത അഥവാ രക്ഷിക്കപ്പെടാത്ത അവിശ്വാസികളൊന്നടങ്കം മഹോപദ്രവകാലത്തിൽ പ്രത്യക്ഷപ്പെടുന്ന മൃഗത്തെ കണ്ട് അതിശയിക്കും.

**വെളി.17:9 — ഇവിടെ ജ്ഞാനബുദ്ധി ഉണ്ടു; തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു** ( "Here is the mind which has wisdom: The seven heads are seven mountains on which the woman sits) —

മഹതിയാം ബാബിലോൺ എന്ന സ്ത്രീയെയും അവൾ ഇരിക്കുന്ന മൃഗത്തെയും വിശേഷാൽ ഏഴുതലയെക്കുറിച്ചും മനസ്സിലാക്കുവാൻ ജ്ഞാനബുദ്ധി ആവശ്യമാണെന്നും, സ്ത്രീ ഇരിക്കുന്ന മൃഗത്തിന്റെ ഏഴു തലയും ഏഴു മലയുമാകുന്നു എന്നും ദൂതൻ യോഹന്നാനെ ധരിപ്പിച്ചു.

**ഇവിടെ ജ്ഞാനബുദ്ധി ഉണ്ടു** ( "Here is the mind which has wisdom) —

അന്തിക്രിസ്തുവാകുന്ന ഒന്നാം മൃഗത്തിന്റെ പീഡനത്തിൽ മഹോപദ്രവവിശുദ്ധന്മാർക്കു സഹിഷ്ണുതയും വിശ്വാസവും (patience and faith) ആവശ്യമാണെന്നു പറഞ്ഞു (വെളി.13:10). രണ്ടാം മൃഗമായ കള്ളപ്രവാചകന്റെ പീഡകാലത്ത് മപോപദ്രവാകലവിശുദ്ധന്മാർക്ക് ജ്ഞാനം അഥവാ ആത്മിക ജ്ഞാനം (wisdom - spiritual) ആവശ്യമാണെന്നും ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ എന്നും പറഞ്ഞു (വെളി.13:18). മഹോപദ്രവകാലാന്ത്യത്തിൽ യോഹന്നാൻ കണ്ട ഭീകരമൃഗത്തെക്കുറിച്ചുള്ള കാര്യങ്ങളും മനസ്സിലാക്കുവാൻ ജ്ഞാനബുദ്ധി ആവശ്യമുണ്ട്.ദൈവീകമായ മർമ്മങ്ങൾ മാനുഷികജ്ഞാനത്താൽ വെളിപ്പെടുകയില്ല. അതിനായി ദൈവീകജ്ഞാനം ആവശ്യമാണ്. *"യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു"* (സദൃ.1:7) എന്നു തിരുവചനം പ്രസ്താവിച്ചിരിക്കുന്നു. ആകയാൽ ദൈവഭക്തിയിലും ദൈവീകാലോചനയിലും സമർപ്പണത്തിലുമാണ് സകലമർമ്മങ്ങളും പൊരുൾ തിരിച്ചു ലഭിക്കേണ്ടത്. മൃഗത്തെക്കുറിച്ചും അതിന്മേലിരിക്കുന്ന സ്ത്രീയെക്കുറിച്ചും മനസ്സിലാക്കുവാൻ ദൈവീക ജ്ഞാനം ആവശ്യമാണ്.

**തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു** (Here is the mind which has wisdom: The seven heads are seven mountains on which the woman sits) —

യോഹന്നാൻ കാണുന്ന ദർശനത്തോടു ബന്ധപ്പെടുത്തി ദൈവീകജ്ഞാനബുദ്ധിയാൽ മനസ്സിലാക്കേണ്ടുന്നതു സ്ത്രീ ഇരിക്കുന്ന മൃഗത്തിന്റെ തലയെക്കുറിച്ചാണ്. "തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു" എന്നു ദൂതൻ യോഹന്നാനു വെളിപ്പെടുത്തിക്കൊടുത്തു. ഏഴു മലകൾ രാജാക്കന്മാരാണെന്നും അടുത്ത വാക്യത്തിൽ വിശദീകരിച്ചിട്ടുണ്ട്. വെളിപ്പാട് 13-ാം അദ്ധ്യായത്തിൽ സമുദ്രത്തിൽ നിന്നു കയറിവരുന്ന ഒന്നാമത്തെ മൃഗത്തിനു പത്തു കൊമ്പും ഏഴു തലയും ദൂഷണനാമങ്ങളും ഉള്ളതായിരുന്നു. അതേ മൃഗത്തെക്കുറിച്ചു തന്നെയാണ് ദൂതൻ വിശദീകരിക്കുന്നത്. ഇപ്പോൾ യോഹന്നാൻ കാണുന്നത് ഏഴുതലയുള്ള പ്രസ്തുത മൃഗത്തിന്മേൽ വേശ്യകളുടെയും സകലമ്ലേച്ഛതകളുടെയും മാതാവായ സ്ത്രീ ഇരിക്കുന്ന കാഴ്ചയാണ്. സ്ത്രീ അന്ത്യകാലത്തെ മതനേതൃത്വത്തെ പ്രതിനിധീകരിക്കുന്നു. എതിർക്രിസ്തുവിന്റെ പ്രവർത്തനവും സ്വാധീനതയും നിലനിൽപ്പും അല്പകാലത്തേക്കു സ്ത്രീയെന്ന വ്യാജമതനേതൃത്വത്തിൽ ആയതിനാലാണ് അവളെ അന്തിക്രിസ്തു തലയിൽ ചുമക്കുന്നത്.

തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു എന്ന വിശദീകരണത്തിനു വിവിധ അഭിപ്രായങ്ങളുണ്ട് —

**(1) ബാബിലോൺ —** മൃഗത്തിന്റെ ഏഴുതലയെന്നതിനെ ചിലർ ബാബിലോണിനെ കുറിക്കുന്നു എന്നഭിപ്രായപ്പെടുന്നു. ഏഴു തല ഏഴു മലയാകുന്നു എന്നു ദൂതൻ വിശദീകരിക്കുന്നു.

ഭൂമിശാസ്ത്രപരമായി ബാബിലോൺ മലകളിന്മേൽ പണിത പട്ടണമല്ല. ബാബിലോൺ നഗരം സമതലപ്രദേശത്തിൽ സ്ഥിതിചെയ്യുന്നു. ആയതിനാൽ ഏഴു മലകളുടെ പട്ടണമെന്നു ബാബിലോണിനെ പറയുവാൻ സാധിക്കുകയില്ല. മാത്രവുമല്ല അന്ത്യകാലത്തു ഉടലെടുക്കുന്ന സകല വ്യാജവ്യവസ്തതകളെയും മ്ലേച്ഛതകളെയും ബാബിലോണിൽ മാത്രം ഒതുക്കി നിറുത്താവുന്നതല്ല. സകല അസന്മാർഗ്ഗികതകളെയും, മ്ലേച്ഛതകളെയും, ദൈവദൂഷണത്തെയും പൊതുവിൽ ബാബിലോണിയൻ വ്യവസ്ഥ എന്നു പറയുന്നതായിരിക്കും ഉചിതം.

**(2) റോം —** തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു എന്നതിനെ ചിലർ റോമിനോടു ബന്ധപ്പെടുത്തി ചിന്തിക്കുന്നു. ഭൂമിശാസ്ത്രപരമായി റോമൻ നഗരം ഏഴുമലകളിന്മേൽ പണിയപ്പെട്ട നഗരമാണ്. റോമിലെ രാജാവായ സെർവിയസ് ടല്ലിയസിന്റെ (Servius Tullius) ഭരണകാലയളവിൽ ടൈബർ നദീതീരത്തുള്ള ഏഴു കുന്നുകളിലാണ് റോമാനഗരം പണിയപ്പെട്ടത്. ഏഴുകുന്നുകളുടെ നഗരം (City of seven hills), ഏഴു മലകളുടെ നഗരം (City of seven mountains) എന്നീ നാമത്തിൽ റോമൻ നഗരത്തെ അറിയപ്പെട്ടിരുന്നു. (1) പാലറ്റയിൻ (2) അവന്റൈൻ (3) കീലിയൻ (4) എസ്കുലൈൻ (5) വിമിനാൽ (6) കിരിനാൽ (7) ക്യാപിറ്റോലൈൻ എന്നിവയാണ് ഏഴു മലകൾ (The Seven hills at the bank of Tiber are Palatine, Aventine, Caelian, Esquiline, Viminal, Quirinal and Capitoline). ആയതിനാൽ അന്തിക്രിസ്തുവിന്റെ ആസ്ഥാനം റോമും, റോമൻ കത്തോലിക്ക സഭയെ സ്ത്രീയായും വ്യാഖ്യാനിച്ചു കാണുന്നു. യോഹന്നാന്റെ കാലത്ത് റോമൻ സാമ്രാജ്യം വളരെയേറെ ആഡംബരത്തിൽ കാണപ്പെട്ട നഗരമെന്നതിനു പുറമേ വിഗ്രഹാരാധനയുടെയും സകല മ്ലേച്ഛതകളുടെ കേന്ദ്രവും, വിശ്വാസികളെ ക്രൂരമായി പീഡിപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന ഭരണാധികാരികളും ജനങ്ങളും ഉൾക്കൊള്ളുന്നതായിരുന്നു.

റോം ഏഴു മലകളുടെമേൽ പണിയപ്പെട്ടതും, അതിലെ ഭരണാധികാരികൾ അന്തിക്രിസ്തുവിന്റെ സ്വഭാവക്കാരും എന്നീ കാര്യങ്ങളോടു യോജിക്കുന്നുവെങ്കിലും ഭാവിയിൽ ഉടലെടുക്കുന്ന അന്തിക്രിസ്തുവിന്റെ സാമ്രാജ്യം റോം തന്നെയെന്നു തീർച്ചപ്പെടുത്തുവാൻ കഴിയുകയില്ല. അന്തിക്രിസ്തുവിന്റെ സാമ്രാജ്യം ലോകമാസകലം ഉൾക്കൊള്ളുന്നതാകയാൽ ഒരു ബാബിലോണിലോ, റോമിലോ ഒതുങ്ങുന്നില്ല. മാത്രവുമല്ല വെളി.17:10-ൽ ഏഴുമലകൾ ഏഴു രാജാക്കന്മാരെന്നും ദൂതൻ വിശദീകരിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൂട്ടുകക്ഷിഭരണത്തിലെ ഏഴു രാജാക്കന്മാരോ ഏഴു സാമ്രാജ്യങ്ങളോ അതുമല്ലെങ്കിൽ ഏഴു എന്ന സംഖ്യ സമ്പൂർണ്ണതയെ വെളിപ്പെടുത്തുന്നതാകയാൽ സകലതും നിറഞ്ഞ ഒരു ഭരണാധികാരിയുമാകാം.

**വെളി.17:10 — അവ ഏഴു രാജാക്കന്മാരും ആകുന്നു; അഞ്ചുപേർ വീണുപോയി; ഒരുത്തൻ ഉണ്ടു; മറ്റവൻ ഇതുവരെ വന്നിട്ടില്ല; വന്നാൽ പിന്നെ അവൻ കുറഞ്ഞോന്നു ഇരിക്കേണ്ടതാകുന്നു** ( "There are also seven kings. Five have fallen, one is, and the other has not yet come. And when he comes, he must continue a short time) —

തല ഏഴും ഏഴു മലയാകുന്നുവെന്നും, ഏഴു മലകളെന്നത് ഏഴു രാജാക്കന്മാരും ആകുന്നു എന്നു ദൂതൻ യോഹന്നാനോടു പറയുന്നു. ഏഴു രാജാക്കന്മാരിൽ അഞ്ചുപേർ വീണുപോയി, ഒരുത്തൻ ഉണ്ട്, മറ്റവൻ അഥവാ ഏഴാമത്തവൻ ഇതുവരെ വന്നിട്ടില്ല എന്നും പറഞ്ഞിരിക്കുന്നു. ഈ വാക്യത്തെ അടിസ്ഥാനപ്പെടുത്തി വിവിധ അഭിപ്രായങ്ങൾ കാണുന്നുണ്ട് —

—> (1) ഏഴു രാജാക്കന്മാർ റോമൻ സാമ്രാജ്യത്തിലെ വിവിധ ഭരണാധികാരികളെ കുറിക്കുന്നു. യോഹന്നാൻ വെളിപ്പാട് എഴുതിയ കാലത്തോടു ബന്ധപ്പെടുത്തിയുള്ള അഭിപ്രായമാണിത്. റോമൻസാമ്രാജ്യത്തിലെ പ്രസിദ്ധരായ ചക്രവർത്തിമാർ ഇതിൽ ഉൾപ്പെടുന്നു. (1) ജൂലിയസ് സീസർ — Julius Caesar > BC: 46-44 (2) ഔഗുസ്തോസ് — Augustus > BC:31- AD:14 (3) തിബര്യാസ് — Tiberius > AD:14-37 (4) നീറോ — Nero > AD : 54-68 (5) വെസ്പേഷ്യസ് Vespasius > AD: 69-79 (6) ഡൊമിഷ്യൻ — Domician > AD: 81-96 (7) അന്തിക്രിസ്തു > നവീകൃതറോനമ് സാമ്രാജ്യത്തിലെ അധിപതി. **അഞ്ചുപേർ വീണുപോയി —** എന്നത് ആദ്യത്തെ അഞ്ചു ഭരണാധികാരികൾ ശത്രുക്കളുടെ വാളാൽ വീണുപോയതിനെ കുറിക്കുന്നു. **ഒരുത്തൻ ഉണ്ടു —** എന്നത് ആറാമനായ ഡൊമിഷ്യൻ ചക്രവർത്തിയെ കുറിക്കുന്നു. ഇദ്ദേഹമാണ് യോഹന്നാന്റെ സമയത്തെ ഭരണാധികാരിയും യോഹന്നാനെ പത്മൊസിലേക്കു നാടു കടത്തിയ ഭരണാധികാരിയും. **മറ്റവൻ ഇതുവരെ വന്നിട്ടില്ല —** എന്നത് മഹോപദ്രവനാളുകളിൽ പ്രത്യക്ഷനാകുന്ന അന്തിക്രിസ്തുവാണ്. പുനരുത്ഥരിക്കുന്ന റോം ആയിരിക്കും അന്തിക്രിസ്തുവിന്റെ ആസ്ഥാനം (Recostituted Rome / Antichrists future kingdom).

—> (2) ഏഴു രാജാക്കന്മാർ എന്നത് ഏഴു സാമ്രാജ്യങ്ങളെ കുറിക്കുന്നു. ഏഴുമലകൾ ഏഴു രാജാ

ക്കന്മാർ എന്നു ദൂതൻ വിശദീകരിച്ചിരുന്നു. സാമ്രാജ്യങ്ങളെ തിരുവെഴുത്തിൽ പലപ്പോഴും മലകളായി വിശേഷിപ്പിച്ചിട്ടുമുണ്ട് (സങ്കീ.30:7/യെശ.2:2/യിരെ.51:25/ദാനീ.2:35). അങ്ങനെയെങ്കിൽ അഞ്ചുപേർ വീണുപോയി; ഒരുത്തൻ ഉണ്ടു; മറ്റവൻ ഇതുവരെ വന്നിട്ടില്ല എന്ന വിശദീകരണത്തെ ഭൂമിയിൽ ഭരണം നടത്തി മാറ്റപ്പെട്ട സാമ്രാജ്യങ്ങളെയും ഇനി ഉടലെടുക്കുവാനുള്ള രാജ്യത്തെയും ഭരണസംവിധാനത്തെയും കുറിക്കുന്നു എന്നതാണ് അഭിപ്രായം. **അഞ്ചുപേർ വീണുപോയി —** എന്നുള്ളത് മിസ്രയിം, അശൂർ, ബാബിലോൺ, മെദോ-പാർസ്യ, ഗ്രീസ് എന്നിങ്ങനെ മൺമറഞ്ഞ അഞ്ചു സാമ്രാജ്യങ്ങളാണ് (Egypt, Assyria, Babylon,medo-Persia, Greece, Rome). **ഒരുത്തൻ ഉണ്ടു —** എന്നത് യോഹന്നാന്റെ കാലത്തെ റോമൻ സാമ്രാജ്യത്തെ കുറിക്കുന്നു. **മറ്റവൻ ഇതുവരെ വന്നിട്ടില്ല —** എന്നത് അന്തിക്രിസ്തുവിന്റെ നേതൃത്വത്തിലുള്ള മഹോപദ്രവനാളുകളിലെ അവസാനത്തെ സാമ്രാജ്യമാണ്.

**SEVEN KINGDOMS:**

Five Kingdoms were moved from Biblical History :

1. EGYPT under a Pharaoh
2. ASSYRIA under a Sennacherib
3. BABYLON under a Nebuchadnezzar
4. MEDO- Persia under a Cyrus
5. GREECE under an Alexander.

6th one existed at the time of John > Rome under a Caesar

7th The Other is not yet come > Final Empire represented by the Beast.

**വന്നാൽ പിന്നെ അവൻ കുറഞ്ഞോന്നു ഇരിക്കേണ്ടതാകുന്നു** (And when he comes, he must continue a short time) —

ദൂതൻ യോഹന്നാനോടു വീണ്ടും അറിയിച്ചത് അന്തിക്രിസ്തു വന്നാൽ കുറഞ്ഞോന്നു ഇരിക്കേണ്ടതാകുന്നു എന്നാണ്. അതായത് അവന്റെ പ്രവർത്തനവും നിലനിൽപ്പും അല്പകാലത്തേക്കു മാത്രമായിരിക്കും. അല്പകാലമെന്നത് പീഡനകാലത്തെ രണ്ടാം പകുതിയായ 42 മാസത്തെ കുറിക്കുന്നു. അവന്റെ ഭൂമിയിലെ വിളയാട്ടവും, അഴിഞ്ഞാടലും, വിശ്വാസികളെ പീഡിപ്പിക്കലും ഒക്കെ ഏറ്റവും പാരമ്യത്തിൽ എത്തുമെങ്കിലും അധികനാൾ അവനു പ്രവർത്തിക്കുവാൻ കഴിയുകയില്ല. കുറഞ്ഞോന്നു കഴിഞ്ഞാൽ അവന്റെ ശക്തിയും പ്രവർത്തനവും കർത്താവിന്റെ മുമ്പാകെ നിർവ്വീര്യമായി എന്നേക്കും നശിക്കുവാനിടയാകും. അവന്റെ അല്പകാലവാസവും പ്രവർത്തനവും നിത്യനാശവും വെളിപ്പാടിൽ തന്നെ മുന്നമേ രേഖപ്പെടുത്തിയിട്ടുണ്ട്. **വെളി.12:12 —** *"ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിന്നും അയ്യോ കഷ്ടം; പിശാചു തനിക്കു അല്പകാലമേയുള്ളു എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു."* **വെളി.13:5 —** *"വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിന്നു ലഭിച്ചു; നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു."* **വെളി.19:20 —** *"മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു."*

**വെളി.17:11 — ഉണ്ടായിരുന്നതും ഇല്ലാത്തതുമായ മൃഗം എട്ടാമത്തവനും എഴുവരിൽ ഉൾപ്പെട്ടവനും തന്നേ; അവൻ നാശത്തിലേക്കു പോകുന്നു** (And the beast that was, and is not, is himself also the eighth, and is of the seven, and is going to perdition) —

അന്തിക്രിസ്തുവായ മൃഗം ഏഴാമത്തെവൻ ആയിരിക്കുമ്പോൾത്തന്നെ അവനെ എട്ടാമത്തവൻ എന്നും ദൂതൻ പറഞ്ഞിരിക്കുന്നു. അതെങ്ങനെ ആകുവാൻ സാധിക്കും? ദൂതൻ വിശദീകരിച്ച വാക്യത്തിൽ നിന്നു തന്നെ അതിനു ഉത്തരം ലഭിക്കുന്നു. ഉണ്ടായിരുന്നതും ഇല്ലാത്തതുമായ മൃഗം എട്ടാമത്തവനും എഴുവരിൽ ഉൾപ്പെട്ടവനും തന്നേ. ഒരു നിരയിൽ അന്തിക്രിസ്തുവിനെ ഏഴാമനായി എണ്ണപ്പെടുമ്പോൾ മറ്റൊരു നിലയിൽ അവനെ എട്ടാമനായി എണ്ണപ്പെടുന്നു. നാലു മൃഗങ്ങളെക്കുറിച്ചുള്ള ദാനീയേലിന്റെ ദർശനത്തിൽ നിന്നു ഇതിനു വിശദീകരണം ലഭിക്കുന്നു. **ദാനീ.7:7,8 —** *"മുമ്പെ കണ്ട സകലമൃഗങ്ങളിലും വെച്ചു ഇതു വ്യത്യാസമുള്ളതായിരുന്നു: അതിന്നു പത്തു കൊമ്പുണ്ടായിരുന്നു. ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ, അവയുടെ ഇടയിൽ മറ്റൊരു ചെറിയ കൊമ്പു മുളെച്ചുവന്നു; അതിനാൽ മുമ്പിലത്തെ മൂന്നു വേരോടെ പറിഞ്ഞുപോയി."* നാലാമത്തെ മൃഗത്തിന്റെ പത്തു കൊമ്പുകളുടെ ഇടയിൽ നിന്നു മറ്റൊരു ചെറിയകൊമ്പു മുളച്ചു വരികയും അതിനാൽ ആദ്യത്തെ മൂന്നെണ്ണം പറിഞ്ഞുപോകുകയും ചെയ്യുന്നു. അതായത് പത്തുകൊമ്പുകളായ പത്തു രാജാക്കന്മാർ ഭരിക്കുന്ന സമ

യത്ത് മൂന്നു പേർ വീണുപോകുന്നു (10-3 = 7). ശേഷിക്കുന്ന ഏഴുപേരൊരുമിച്ചു ഭരണം നടത്തുമ്പോൾ പുതുതായി വരുന്നവൻ എട്ടാമനായി (7+1 = 8) അവരോടൊപ്പം ചേരുന്നു. അന്തിക്രിസ്തു എന്ന നിലയിൽ അധർമ്മമൂർത്തികളിൽ ഏഴാമത്തവനും, ദശരാഷ്ട്രസംഘടയിലെ ഭരണാധികാരിയെന്ന നിലയിൽ എട്ടാമത്തവനുമായി നിലകൊള്ളുന്നു.

**അവൻ നാശത്തിലേക്കു പോകുന്നു —** നാശത്തിലേക്കു പോകുന്ന എന്നത് നരകത്തിലേക്കു പോകുന്നതിനെ കുറിക്കുന്നു. സകല അവിശ്വാസികളും നരകത്തിലേക്കാണ് പോകുന്നത്. എന്നാൽ ചിലർ നാശത്തിലേക്ക് അഥവാ നരകത്തിലേക്കു ജീവനോടെ പോകുന്നു. അത് അന്തിക്രിസ്തുവും കള്ളപ്രവാചകനും ആയിരിക്കും. **വെളി.19:20 —** *"മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു."*

**വെളി.17:12— നീ കണ്ട പത്തു കൊമ്പു പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടു ഒന്നിച്ചു ഒരു നാഴിക നേരത്തേക്കു രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കുംതാനും.** ("The ten horns which you saw are ten kings who have received no kingdom as yet, but they receive authority for one hour as kings with the beast) —

സ്ത്രീയെ ചുമക്കുന്ന മൃഗത്തിനു ഏഴു തല മാത്രമല്ല പത്തു കൊമ്പും ഉണ്ട് (വെളി.17:7). ഏഴു തല ഏഴു രാജാക്കന്മാരും ഏഴാമത്തവനായ അന്തിക്രിസ്തു മഹോപദ്രവകാലന്ത്യത്തിൽ പുതിയ രൂപത്തോടും ഭാവത്തോടും എട്ടാമനായി രംഗപ്രവേശനം ചെയ്യും. വീണ്ടും ദൂതൻ മൃഗത്തിന്റെ പത്തു കൊമ്പുകളെക്കുറിച്ചു യോഹന്നാനു വിവരിച്ചു കൊടുക്കുന്നു. നീ കണ്ട പത്തു കൊമ്പു പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടു ഒന്നിച്ചു ഒരു നാഴിക നേരത്തേക്കു രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കുംതാനും.

**നീ കണ്ട പത്തു കൊമ്പു പത്തു രാജാക്കന്മാർ** (The ten horns which you saw are ten kings) —

വെളിപ്പാടു 12 -ൽ മഹാസർപ്പത്തിന്റെ രൂപത്തെക്കുറിച്ചു പറഞ്ഞത് ഏഴു തലയും പത്തുകൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീ നിറമുള്ളോരു സർപ്പം (വെളി.12:3) എന്നാണ്. എന്നാൽ 13-ാം അദ്ധ്യായത്തിൽ സമുദ്രത്തിൽ നിന്നു കയറിവന്ന മൃഗത്തിന്റെ പ്രത്യേകതയെന്നത് — പത്തുകൊമ്പും ഏഴുതലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം (വെളി.13:1) എന്നാണ്. 13-ാം അദ്ധ്യായത്തിൽ പ്രത്യക്ഷപ്പെട്ട അതേ മൃഗത്തെക്കുറിച്ചു തന്നെയാണ് ദൂതൻ യോഹന്നാനോടു സംസാരിക്കുന്നത്. എന്നാൽ അന്നു പ്രത്യക്ഷപ്പെട്ടപ്പോഴുള്ള രൂപത്തിനും ഭാവത്തിനും മാറ്റങ്ങളുണ്ടായി ഏറ്റവും കടുഞ്ചുവപ്പു നിറത്തോടെ ഭീകരരൂപിയായിരിക്കുന്നു. കൊമ്പു സാധരണ അക്രമണത്തെയും പ്രതിരോധത്തെയും (attack and defense) കുറിക്കുന്നു. തിരുവചനത്തിൽ കൊമ്പു ശക്തിയെയും (power), അധികാരത്തെയും (authority) വെളിപ്പെടുത്തുന്നു. കൂടാതെ പത്ത് എന്ന സംഖ്യ പരീക്ഷണത്തെയും (testing) സാർവ്വത്രികതത്തെയും (universality), ഭരണപരമായ പൂർണ്ണതയെയും (completeness of administrative power) സൂചിപ്പിക്കുന്നു. മഹാപീഡനകാലത്തിൽ 10 രാജ്യങ്ങൾ ചേർന്നുണ്ടാക്കുന്ന സഖ്യത്തിൽ ഭരണം നടത്തുന്ന സംയുക്തരാജ്യങ്ങളിലെ 10 രാജാക്കന്മാരെ 10 കൊമ്പു കുറിക്കുന്നു (ദാനീ.7:24,25/വെളി.17:12).

വെളിപ്പാട് 13 -ാം അദ്ധ്യായത്തിൽ സമുദ്രത്തിൽ നിന്നു കയറി വരുന്ന ഒന്നാമത്തെ മൃഗത്തിന്റെ പത്തു കൊമ്പും, വെളിപ്പാട് 17-ാം അദ്ധ്യായത്തിൽ സ്ത്രീയെ ചുമക്കുന്ന മൃഗത്തിന്റെ പത്തുകൊമ്പും ദാനീയേൽപ്രവചനം 2-ാം അദ്ധ്യായത്തിൽ നെബൂഖദ്നേസറിന്റെ സ്വപ്നത്തിലെ ബിംബത്തിന്റെ പത്തു കാൽവിരലുകളും ഒരേ കാര്യത്തെയാണ് പ്രസ്താവിക്കുന്നത്. **ദാനീ.2:42,43 —** *"കാൽവിരൽ പാതി ഇരുമ്പും പാതി കളിമണ്ണുംകൊണ്ടു ആയിരുന്നതുപോലെ രാജത്വം ഒട്ടു ബലമുള്ളതും ഒട്ടു ഉടഞ്ഞുപോകുന്നതും ആയിരിക്കും. ഇരിമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതിന്റെ താല്പര്യമോ: അവർ മനുഷ്യബീജത്താൽ തമ്മിൽ ഇടകലരുമെങ്കിലും ഇരിമ്പും കളിമണ്ണും തമ്മിൽ ചേരാതിരിക്കുന്നതുപോലെ അവർ തമ്മിൽ ചേരുകയില്ല. ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറെ ഒരു ജാതിക്കു ഏല്പിക്കപ്പെടുകയില്ല; അതു ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനില്ക്കുകയും ചെയ്യും."*

**അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല** (who have received no kingdom as yet) —

യോഹന്നാനു ദൂതൻ വിശദീകരിച്ചുകൊടുക്കുന്ന പത്തുകൊമ്പുകളായ പത്തുരാജാക്കന്മാർ ഇതുവരെയും ഭരണം നടത്തിയവരല്ല മറിച്ചു മഹോപദ്രവകാലാന്ത്യത്തിൽ ഉടലെടുക്കേണ്ട ഭരണസംവിധാനത്തിൽ ഭരണം നടത്തേണ്ടവരാണവർ. അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല എന്നത് അവർ ഇതുവരെയും രാജാധികാരമോ ഭരണാധികാരമോ ഏറ്റിട്ടില്ലെന്നതിനെ കുറിക്കുന്നു. മഹോപദ്രവനാളുകളിൽ അന്തിക്രിസ്തുവിന്റെ നേതൃത്വത്തിൽ ഭരണം നടത്തേണ്ടവരാണിവർ.

**മൃഗത്തോടു ഒന്നിച്ചു ഒരു നാഴിക നേരത്തേക്കു രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കുംതാനും** (but they receive authority for one hour as kings with the beast) —

അന്തിക്രിസ്തുവിനോടു ചേർന്നു അല്പകാലത്തേക്കു രാജാക്കന്മാരെപ്പോലെ അധികാരമേൽക്കേണ്ടവരാണ് പത്തുകൊമ്പുകളായ പത്തു ഭരണാധികാരികൾ. ഒരുപക്ഷേ അന്തിക്രിസ്തുവിന്റെ അധികാരത്തിൻകീഴിൽ ഭരണപരമായക്രമീകരണമെന്ന നിലയിൽ രാജ്യത്തെ 10 സാമ്രാജ്യങ്ങളായി വിഭാഗിക്കപ്പെട്ടു അതിൽ അധികാരമേൽക്കുന്നവരായിരിക്കും പത്തുപേർ. ഏതായാലും അവർ പിശാചിനാൽ നിയന്ത്രിക്കപ്പെടുന്ന പത്തു രാഷ്ട്രനേതാക്കന്മാരായിരിക്കാം.

മൃഗത്തോടു ഒന്നിച്ചു ഒരു നാഴിക നേരത്തേക്കു പത്തു രാജാക്കന്മാർ അധികാരം പ്രാപിക്കും. ലോകസാമ്രാജ്യത്തെ അന്തിക്രിസ്തു വിഭജിച്ചു ദശരാഷ്ട്രസംഘടനയിലുൾപ്പെട്ടവർക്കു അധികാരം നൽകും. അവർ അന്തിക്രിസ്തുവിനോടൊപ്പം ഒരു നാഴികനേരത്തേക്ക് അധികാരവും ഭരണവും പങ്കിടും. ഒരു നാഴിക അഥവാ ഒരു മണിക്കൂർ (one hour) എന്നതിനു ഗ്രീക്കിൽ മീയാ ഹോറാ (meeah hora) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം അല്പകാലം (short period) എന്നാണ്. ഇത് മഹോപദ്രവകാലത്തെ 1260 ദിവസം അഥവാ 42 മാസത്തെ കുറിക്കുന്നു. മൃഗത്തിന്റെ ഭരണം അല്പകാലത്തേക്കേയുള്ളു എന്നതിനാൽ (വെളി.12:12) ഇവരുടെ കൂട്ടുകക്ഷി ഭരണവും അല്പകാലമേ നിലനിൽക്കുകയുള്ളു.

അവർ രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കും. അതായത് അവർ അക്ഷരീയമായി രാജാക്കന്മാർ എന്ന പേരിലായിരിക്കയില്ല അറിയപ്പെടുന്നത്. പ്രധാനമന്ത്രി, പ്രസിഡന്റ്, അംബാസ്സഡർ, ഗവർണ്ണർ എന്നിങ്ങനെ ഏതെങ്കിലും ഔദ്യോഗിക നാമത്തിലായിരിക്കും അവർ അറിയപ്പെടുക. സമ്പൂർണ്ണ അധികാരങ്ങളോടെ രാജാക്കന്മാരാകുവാൻ ഇവരെ അന്തിക്രിസ്തു സമ്മതിക്കയില്ല. രാജാക്കന്മാരെപ്പോലെ അന്തിക്രിസ്തുവിന്റെ കൂടെ അവന്റെ ആജ്ഞാവർത്തികളായി അവനെ കീഴ്പെട്ടു പ്രവർത്തിക്കുവാനേ അനുവദിക്കുകയുള്ളു. ദശരാഷ്ട്രസംഘടയിലുൾപ്പെടുന്നവർ അവരുടെ യജമാനനായ അന്തിക്രിസ്തുവിന്റെ ഹിതമനുസരിച്ചു പ്രവർത്തിക്കുന്നവരായിരിക്കും.

**വെളി.17:13 — ഇവർ ഒരേ അഭിപ്രായമുള്ളവർ; തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിന്നു ഏല്പിച്ചുകൊടുക്കുന്നു** ("These are of one mind, and they will give their power and authority to the beast) —

പുരാതനകാലത്ത് യിസ്രായേലിനെ ഭൂമിയിൽ നിന്നു നീക്കിക്കളയുന്നതിന് 10 രാജ്യക്കാർ ഒത്തുചേർന്നതിനെ സങ്കീർത്തനം 83 —ൽ വിവരിക്കുന്നു. ഒരേ അഭിപ്രായമുള്ളവരായി ഏകലക്ഷ്യത്തോടെ ഒരുമിച്ചു പ്രവർത്തിച്ചവരാണ് — ഏദോമ്യർ, യിശ്മായേല്യർ, മൊവാബ്യർ, ഹഗര്യർ, ഗെബാല്യർ, അമ്മോന്യർ, അമാലേക്യർ, ഫെലിസ്ത്യർ, സോർനിവാസികൾ, അശ്ശൂര്യർ (സങ്കീ.83:5–8). എന്നാൽ അവരൊക്കെ പരാജയപ്പെടുകയാണുണ്ടായത്. പിന്നീടും അനേകർ ദൈവത്തിനും ദൈവജനത്തിനുമെതിരായി സംഘടിച്ചു നശിക്കുവാനിടയായ കാര്യം തിരുവചനത്തിൽ പ്രസ്താവിച്ചു കാണുന്നുണ്ട്. ബാബേൽഗോപുരം പണിതു ദൈവത്തിനെതിരായി നീങ്ങിയവർ നശിച്ചുപോയതുപോലെ ഓരോരോ കാലഘട്ടത്തിലും പൈശാചികശക്തികൾ ഒന്നിച്ചു അണിനിരക്കാറുണ്ട്.

മഹോപദ്രവകാലാന്ത്യത്തിലും ലോകശക്തികളൊരുമിക്കുന്നു. അന്തിക്രിസ്തു അധികാരമേൽക്കുമ്പോൾ ലോകമാസകലം അവന്റെ നിയന്ത്രണത്തിലായിത്തീരും. അന്തിക്രിസ്തുവിന്റെ അധീനതയിൽ ലോകരാഷ്ട്രങ്ങളൊക്കെയും ഒത്തൊരുമിക്കും. തുടർന്നു സംയുക്തരാഷ്ട്രങ്ങളിലെ ഭരണാധികാരികൾ അന്തിക്രിസ്തുവിനെ അവരുടെ നേതാവായി അംഗീകരിക്കുകയും അവന്റെ ഹിതത്തിനൊത്തു പ്രവർത്തിക്കുകയും ചെയ്യും. മാത്രവുമല്ല അന്തിക്രിസ്തുവിനോടു കൂട്ടുചേരുന്നവർ ഒരേ അഭിപ്രായമുള്ളവരായിത്തീരുകയും തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിനു അഥവാ അന്തിക്രിസ്തുവിനു ഏല്പിച്ചു കൊടുക്കുകയും ചെയ്യും. പത്തു രാജാക്കന്മാരും അവരെത്തന്നെ മൃഗത്തിനായി സമർപ്പിക്കും. സംയുക്തരാഷ്ട്രങ്ങൾ തമ്മിൽതമ്മിൽ അഭിപ്രായസമന്വയമുണ്ടായി അവരുടേതായ സകലതും അന്തിക്രിസ്തുവിന്റെ കാൽക്കൽ അടിയറവെക്കും.

സംയുക്തകൂട്ടാളികളുടെ ശക്തിയും അധികാരവും ലഭിക്കുന്നതോടെ അന്തിക്രിസ്തുവിന്റെ സ്വഭാവത്തിനും അവരോടുള്ള സമീപത്തിനും മാറ്റം വരും. ലോകരാഷ്ട്രങ്ങൾ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവേളയിൽ അവനെ ദൈവമായി സകലരും ആരാധിക്കുവാനും തുടർന്നു അന്തിക്രിസ്തു അവരോടു കല്പിക്കും (ദാനീ.11:36–38/2.തെസ്സ.2:4/വെളി.13:8,15). പത്തുരാജാക്കന്മാരിൽ തന്നെ പൂർണ്ണമായി അനുസരിക്കാത്തതോ തന്റെ ഹിതത്തിനൊത്തു പ്രവർത്തിക്കുവാൻ വൈമനസ്യം കാണിക്കുന്നവരോ ആയ മൂന്നുപേരെ മൃഗം തോല്പിക്കുകയോ കീഴ്പെടുത്തുകയോ ചെയ്യും (ദാനീ.7:24). ലോകഭരണാധികാരികൾ ഇരുമ്പും കളിമണ്ണുംപോലെ പരസ്പരം യോജിക്കാത്തവരെന്നു ദാനീയേൽ പ്രവചനത്തിൽ കാണുന്നു. എങ്കിലും ദൈവത്തിനെതിരായി അന്തിക്രിസ്തുവിനെ ബലപ്പെടുത്തുവാൻ തങ്ങളുടെ

ശക്തിയും അധികാരവും നൽകി ഉയർത്തുന്ന കാര്യത്തിൽ ഒരേ അഭിപ്രാമുള്ളവരായിരിക്കും. അവരുടെ ശക്തിയും അധികാരവും എന്നത് ഓരോ രാജ്യത്തിന്റെയും ധനവും, സമ്പൽസമൃദ്ധിയും മാത്രമല്ല അവരുടെ സൈന്യശക്തിയും, മതപരവും, രാഷ്ട്രീയവുമായ സകലവും അന്തിക്രിസ്തുവിനു സമർപ്പിക്കുന്നതും ഉൾപ്പെടുന്നു.

**വെളി.17:14 — അവർ കുഞ്ഞാടിനോടു പോരാടും; താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ടു കുഞ്ഞാടു തന്നോടുകൂടെയുള്ള വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും** ("These will make war with the Lamb, and the Lamb will overcome them, for He is Lord of lords and King of kings; and those who are with Him are called, chosen, and faithful") —

പത്തു കൊമ്പുകളായ 10 രാജാക്കന്മാർ അഥവാ ദശരാഷ്ട്രസംഘടനയിലെ കൂട്ടാളികളൊരുമിച്ചു തങ്ങളുടെ ശക്തിയും, കഴിവും, സ്വാധീനതയും, അധികാരവും അന്തിക്രിസ്തുവാകുന്ന മൃഗത്തിനു ഏല്പിച്ചുകൊടുക്കും. അവർ അന്തിക്രിസ്തുവിനോടൊപ്പം ഒരുമിച്ചുനിന്നു കുഞ്ഞാടിനോടു പോരാടും. എന്നാൽ കുഞ്ഞാടായ ക്രിസ്തു കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ടു അന്തിക്രിസ്തുവിനെയും അവന്റെ അനുയായികളെയും സമ്പൂർണ്ണമായി തോല്പിക്കും. കർത്താവിനോടൊപ്പം വിജയമാഘോഷിക്കുവാൻ വിളിക്കപ്പെട്ടവരും, തിരഞ്ഞെടുക്കപ്പെട്ടവരും, വിശ്വസ്തരുമായ വിശുദ്ധന്മാർ ഉണ്ടായിരിക്കും.

**അവർ കുഞ്ഞാടിനോടു പോരാടും** (These will make war with the Lamb) —

അവർ എന്നത് അന്തിക്രിസ്തുവിന്റെ ആജ്ഞാവർത്തികളായി അന്തിക്രിസ്തുവിന്റെ അധീനതയിലുള്ള ദശരാഷ്ട്രസംഘടനയിലെ രാജാക്കന്മാരാണ്. കുഞ്ഞാട് എന്നത് ക്രിസ്തുവിനെ കുറിക്കുന്നു. പാപികളും ദോഷികളുമായ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി യാഗമായിത്തീർന്ന ക്രിസ്തുവിന്റെ രക്ഷണ്യപ്രവർത്തനത്തെ കുഞ്ഞാടെന്ന നാമം വെളിപ്പെടുത്തുന്നു. വിഭിന്നസ്വഭാവക്കാരെങ്കിലും മഹോപദ്രവകാലാന്ത്യത്തിൽ കർത്താവിനോടെതിർക്കുവാൻ ഒരേ അഭിപ്രായമുള്ളവരായി ഒത്തുകൂടിയവരാണ് പത്തുരാജാക്കന്മാരുടെ നിര. സാത്താനെയും അന്തിക്രിസ്തുവിനെയും പോലെ കുഞ്ഞാടിനോടു പോരാടുവാൻ ഇവർ തയ്യാറെടുക്കുന്നു. ഈ പോരാട്ടം വെളിപ്പാട് 19 -ൽ വിശദീകരിച്ചിരിക്കുന്ന ഹർമ്മഗെദ്ദോൻ യുദ്ധത്തെയാണ് വെളിപ്പെടുത്തുന്നത്. കുഞ്ഞാടിനോടു പോരാടുവാൻ ഹർമ്മഗെദ്ദോനിൽ അണിനിരക്കുന്നവർ ആകാശത്തിലെ പറവകൾക്കു അത്താഴമായിത്തീരുവാൻ പോകുകയാണ്. മൂന്നു അശുദ്ധാത്മാക്കളായ ഭൂതാത്മാക്കളാണ് ഇവരെ ഹർമ്മഗെദ്ദോനിലെ യുദ്ധത്തിനായി വശീകരിച്ചുകൊണ്ടു വരുന്നതെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചിരുന്നു. **വെളി.16:13,14,16 —** *"മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു. ഇവ സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നേ — അവ അവരെ എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു."*

**താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ടു കുഞ്ഞാടു തന്നോടുകൂടെയുള്ള വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും** (And the Lamb will overcome them, for He is Lord of lords and King of kings; and those who are with Him are called, chosen, and faithful) —

കുഞ്ഞാടിനോടു പോരാടുവാൻ വശീകരിക്കപ്പെട്ട ദശരാഷ്ട്രസംഘവും സൈന്യവും അന്തിക്രിസ്തുവിനോടൊപ്പം യുദ്ധത്തിനായി അണിനിരക്കും. കർത്താവു തന്റെ വിശുദ്ധന്മാരും ദൂതഗണവുമായി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന മഹത്വപ്രത്യക്ഷതയിൽ അരങ്ങേറുന്ന സംഭവങ്ങളും തുടർന്നുള്ള ജയവും മുൻകൂട്ടി ഇവിടെ പ്രസ്താവിച്ചിരിക്കുന്നു. ഹർമ്മഗെദ്ദോനിൽ നടക്കുന്ന യുദ്ധത്തെപ്പറ്റി വെളിപ്പാട് 19-ാം അദ്ധ്യായത്തിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. രാജാക്കന്മാരും അന്തിക്രിസ്തുവും സംഘംചേർന്നു ക്രിസ്തുവിനെതിരായി ഹർമ്മഗെദ്ദോനിൽ ഒത്തൊരുമിക്കുന്നത് അവരുടെ നാശത്തിനാണ്. ഹർമ്മഗെദ്ദോൻതാഴ്വര യഥാർത്ഥത്തിൽ അവരുടെ കൊലക്കളം അഥവാ കശാപ്പുശാലയായി മാറുകയാണ്.

കുഞ്ഞാടു താൻ കർത്താധികർത്താവും രാജാധിരാജാവും ആയതിനാലാണ് പൈശാചികശക്തികളായ അന്തിക്രിസ്തുവിനോടും ഭൂരാജാക്കന്മാരോടും ജയിക്കുന്നത്. കർത്താധികർത്താവ് (God of Gods and Lord of lords) എന്ന വിശേഷണം പഴയനിയമത്തിൽ (ആവ.10:17/സങ്കീ.136:3/ദാനീ.8:25) യഹോവയുടെ നാമമാണ്. പുതിയനിയമത്തിൽ ഇത് ക്രിസ്തുവിനു ഉപയോഗിച്ചിരിക്കുന്നു (1.തിമൊ.6:16/വെളി.17:14/19:16). മൃഗത്തോടും സാത്താന്യശക്തികളോടും എതിർത്തു മഹോപദ്രവകാലത്ത് കഷ്ടങ്ങളും ദുരിതങ്ങളു

മനുഭവിക്കുന്ന വിശുദ്ധന്മാരുടെ പ്രത്യാശയെന്നത് ക്രിസ്തു അവരുടെ കർത്താധികർത്താവും രാജാധിരാജാവുമായി വരും എന്നതായിരുന്നു. എന്നാൽ ക്രിസ്തു തന്റെ മഹത്വത്തോടെ ഭൂമിയിലേക്കു ഇറങ്ങിവരുന്ന കാഴ്ച അവിശ്വാസികളെ ഒന്നടങ്കം അമ്പരിപ്പിക്കും. യഥാർത്ഥരാജാവായ ക്രിസ്തുവിനെ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്ന അവരുടെ മുഴങ്കാൽ കർത്താധികർത്താവും രാജാധിരാജാവുമായ ക്രിസ്തുവിന്റെ മുമ്പിൽ മടക്കി എല്ലാ നാവും യേശുക്രിസ്തു കർത്താവു എന്നു ഏറ്റുപറയുവാനിടയാകും (ഫിലി.2:11).

അന്തിക്രിസ്തുവിനോടൊപ്പം ഭൂരാജാക്കന്മാരും അവരുടെ സൈന്യവും ഒന്നിച്ചു ക്രിസ്തുവിനെ തിരായി അണിനിരക്കുമ്പോൾ അവരെ നേരിടുവാനായി ക്രിസ്തു ഒറ്റക്കല്ല വരുന്നത്. തന്നോടൊപ്പം സ്വർഗ്ഗീയദൂതസൈന്യവും (2.തെസ്സ.1:6/വെളി.19:14), വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരും (വെളി.17:14) ഉണ്ടായിരിക്കും. കർത്താവിനോടൊപ്പം ഇറങ്ങിവരുന്ന വിശുദ്ധന്മാർക്കു പുറമേ അപ്പോൾ ഭൂമിയിൽ രക്തസാക്ഷികളാകാതെ മൃഗത്തിൽ നിന്നു സുരക്ഷിതരായി ജീവിച്ചിരിക്കുന്ന മഹോപദ്രവകാലത്തെ വിശുദ്ധന്മാരും വിജയാഘോഷത്തിൽ ഒത്തുചേരും.

കുഞ്ഞാടിനോടൊപ്പം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന വിശുദ്ധന്മാർ ഉത്പ്രാപണത്തിനു മുമ്പു എടുക്കപ്പെട്ട വിശുദ്ധന്മാർ അഥവാ കുഞ്ഞാടിന്റെ മണവാട്ടിയല്ല എന്ന ഒരു അഭിപ്രായം കാണുന്നുണ്ട്. അതിന്റെ കാരണം പറഞ്ഞിരിക്കുന്നത് കുഞ്ഞാടിന്റെ കല്യാണം കഴിഞ്ഞതേയുള്ളൂ എന്നും കാന്തയെ ഉടനെ യുദ്ധത്തിനായി ഇറക്കും എന്നു വിചാരിക്കാനാവുന്നില്ല എന്നുമാണ്. ആകയാൽ കുഞ്ഞാടിനോടൊപ്പം കാണപ്പെടുന്നത് സ്വർഗ്ഗീയസൈന്യവും (വെളി.19:14), ഭൂമിയിൽ സ്ത്രീയുടെ സന്തതിയിലുള്ള ശേഷിപ്പുള്ളവരിൽ രക്തസാക്ഷികളാകാത്തവരുമെന്നാണ് (വെളി.12:17). എന്നാൽ കർത്താവിന്റെ ഭൂമിയിലേക്കുള്ള വരവിൽ സ്വർഗ്ഗീയസൈന്യത്തോടൊപ്പം തന്റെ കാന്തയും നിശ്ചയമായി കാണുമെന്നു കരുതുന്നതാണ് ഏറെ യോജിക്കുന്നത്. കുഞ്ഞാടിന്റെ കല്യാണം കഴിഞ്ഞതേയുള്ളതിനാൽ മണവാട്ടിയെ യുദ്ധത്തിനായി ഇറക്കാൻ സാദ്ധ്യതയില്ലെന്ന അഭിപ്രായം യുദ്ധത്തിന്റെ സംഭവങ്ങളോടു ബന്ധപ്പെടുത്തി ചിന്തിച്ചാൽ അതിനു അപാകതയില്ലെന്നു മനസ്സിലാക്കാം. കുഞ്ഞാട് കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ടു എത്ര വലിയ എതിരാളികൾക്കും തന്റെ മുമ്പിൽ നിൽക്കാൻ കഴിയുകയില്ല. യഥാർത്ഥത്തിൽ അവിടെ നേർക്കുനേർക്കു യുദ്ധം നടക്കുന്നില്ല. ശത്രുക്കൾ ഒന്നിച്ചു സംഘടിച്ചു വരുമെങ്കിലും അവരൊക്കെ താളടിയായിപ്പോകും. കുഞ്ഞാടു തന്റെ വായിലെ ശ്വാസത്താൽ അന്തിക്രിസ്തുവിനെയും സൈന്യത്തെയും കൊന്നുകളയുമെന്നതിനാൽ തന്നോടൊപ്പമുള്ള പ്രാണപ്രിയക്ക് ഒന്നും ചെയ്യേണ്ട ആവശ്യമോ അതിനെക്കുറിച്ചു വിചാരപ്പെടേണ്ടതോ ഇല്ല. **2.തെസ്സ.2:8 —** *"അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശുക്രിസ്തു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും."* ആകയാൽ ക്രിസ്തുവിനോടൊപ്പം ഇറങ്ങിവരുന്നവരിൽ സ്വർഗ്ഗീയദൂതസൈന്യവും തന്റെ മണവാട്ടി സഭയും ഉണ്ടാകും. വിജയാഘോഷം പങ്കിടുമ്പോൾ അവരോടൊപ്പം ഭൂമിയിൽ അപ്പോൾ ജീവിച്ചിരിക്കുന്ന മഹോപദ്രവകാലവിശുദ്ധന്മാരും ഉണ്ടായിരിക്കും.

കുഞ്ഞാടിനോടൊപ്പം പൈശാചികശക്തികളെ തോല്പിച്ചു ജയത്തിൽ പങ്കാളികളാകുന്ന വിശുദ്ധന്മാർക്കു മൂന്നു വിശേഷതകൾ നൽകിയിരിക്കുന്നു. (1) വിളിക്കപ്പെട്ടവർ — Called (2) തിരഞ്ഞെടുക്കപ്പെട്ടവർ — Chosen (3) വിശ്വസ്തർ — Faithful. കർത്താവിനോടൊപ്പം നിൽക്കുന്ന മണവാട്ടി സഭയും, മഹോപദ്രവകാലത്തെ വിശുദ്ധന്മാരും വിളിക്കപ്പെട്ടവരും, തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമാണ്. വിളിക്കപ്പെട്ടവർ എന്നത് അവരുടെ രക്ഷയോടുള്ള ബന്ധത്തിൽ മാനസാന്തരത്തിനും വിശ്വാസത്തിനുമുള്ള വിളിയാണ് (Called in relation to Salvation and Faith). തിരഞ്ഞെടുക്കപ്പെട്ടവരെന്നത് ലോകസ്ഥാപനത്തിനു മുമ്പു ക്രിസ്തുവിലൂടെ അവരെ തിരഞ്ഞെടുത്തതിനെ വെളിപ്പെടുത്തുന്നു. കൂടാതെ ക്രിസ്തുവിൽ അവരുടെ സേവനത്തെയും കുറിക്കുന്നു (Chosen in relation to thier Service). വിശ്വസ്തർ എന്നത് അവർ മരണപര്യന്ത്യം വിശ്വസ്തയോടെ ജീവിക്കുന്നതിനെ കുറിക്കുന്നു (Faithful in relation to their victoroius Christian life upto death). മഹോപദ്രവകാലത്തെ ദുഷ്ടാത്മശക്തികളെ കർത്താവു തോൽപ്പിച്ചു ജയം കൊണ്ടാടുമ്പോൾ വിശുദ്ധന്മാർ പ്രസ്തുത രംഗത്തിനു കാഴ്ചക്കാരായിട്ടല്ല മറിച്ച് അവരും കർത്താവിനോടൊപ്പം ജയത്തിൽ പങ്കാളികളാവുകയാണ്.

**വെളി.17:15 — പിന്നെ അവൻ എന്നോടു പറഞ്ഞതു: നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും അത്രേ** (Then he said to me, "The waters which you saw, where the harlot sits, are peoples, multitudes, nations, and tongues) —

വെളിപ്പാട് 17:1 മുതൽ 7 വരെയുള്ള വാക്യങ്ങൾ സ്ത്രീയെക്കുറിച്ചുള്ള (വ്യാജമതം) വിശദീകരണവും 8 മുതൽ 14 വരെയുള്ള വാക്യങ്ങൾ മൃഗത്തെക്കുറിച്ചുള്ള (അന്തിക്രിസ്തു) വിശദീകരണവുമാണ് അടങ്ങിയിരിക്കുന്നത്. എന്നാൽ 15 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ സ്ത്രീയുടെ (കള്ളപ്രവാചകൻ അഥവാ വ്യാജമതം) നാശത്തെക്കുറിച്ചു പറയുന്നു. പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി കാണിച്ചുതരാം എന്നു ദൂതൻ യോഹന്നാനോടു പറഞ്ഞത് (17:2) തുടർന്നു സംഭവിക്കുന്നു.

ഏഴുതലയും പത്തുകൊമ്പും ദൂഷണനാമങ്ങൾ നിറഞ്ഞതുമായ മൃഗത്തിന്മേൽ സഞ്ചരിക്കുന്ന സ്ത്രീ (17:3) പെരുവെള്ളത്തിന്മീതെയും ഇരിക്കുന്നതായി (17:2) യോഹന്നാൻ കണ്ടു. പെരുവെള്ളത്തിന്റെ വിശദീകരണമാണ് ദൂതൻ യോഹന്നാനു മനസ്സിലാക്കിക്കൊടുക്കുന്നത് — *"പിന്നെ അവൻ എന്നോടു പറഞ്ഞതു: നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും അത്രേ."* വംശങ്ങളും ജാതികളും ഭാഷകളും എന്ന വിശേഷണം വെളിപ്പാടു പുസ്തകത്തിൽ ആവർത്തിച്ചു പറഞ്ഞിരിക്കുന്നത് സകലഭൂജാതികളെയും ഉൾക്കൊള്ളിക്കുന്ന പ്രയോഗമാണ് (വെളി.5:9/7:9/10:11/13:7/14:6/17:15). വംശങ്ങളും, പുരുഷാരങ്ങളും, ജാതികളും, ഭാഷകളും ഉൾക്കൊള്ളുന്ന പെരുവെള്ളത്തിന്മീതെ വേശ്യയായ സ്ത്രീ ഇരിക്കുന്നു എന്നത് അവൾക്ക് സകലഭൂവാസികളുടെമേലുമുള്ള സ്വാധീനതയും അവരുടെമേലുള്ള ആധിപത്യവും കുറിക്കുന്നു. സാർവ്വദേശീയമായ ഏകലോകമതത്തെയും മതവ്യവസ്ഥിതിയെയും ഇവിടെ കാണുന്നു. ലോകത്തിലുള്ള സകലരും ഏകമതത്തിൻ കീഴിൽ ആയിത്തീരും. ചുരുക്കത്തിൽ ഹൈന്ദവർ മുതൽ ക്രിസ്ത്യാനികൾ വരെയും ഏകമതത്തിൻ കീഴിൽ അണിനിരക്കും. ഓം മുതൽ ആമേൻ വരെയുള്ള അവരുടെ സൂക്തങ്ങൾ ഒരുമിച്ചു ഉരുവിട്ടു ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന മേലെഴുത്തിൽ സകലരും ആകർഷിക്കപ്പെടും. അന്തിക്രിസ്തു അവരുടെ ഏകദൈവമായി അംഗീകരിച്ചു ആരാധിക്കും.

**വെളി.17:16 — നീ കണ്ട പത്തു കൊമ്പും മൃഗവും വേശ്യയെ ദ്വേഷിച്ചു ശൂന്യവും നഗ്നവുമാക്കി അവളുടെ മാംസം തിന്നുകളയും; അവളെ തീകൊണ്ടു ദഹിപ്പിക്കയും ചെയ്യും** ("And the ten horns which you saw on the beast, these will hate the harlot, make her desolate and naked, eat her flesh and burn her with fire) —

മഹാപീഡനകാലത്ത് ഏറ്റവും പ്രസിദ്ധമാകുകയും ഭൂവാസികളുടെമേൽ സമ്പൂർണ്ണ ആധിപത്യം പുലർത്തിയതുമായ വ്യാജമതം പൂർണ്ണമായി നശിക്കുവാനിടയാകുന്ന സാഹചര്യമാണ് ഇവിടെ ദൂതൻ വിശദീകരിക്കുന്നത്. മൃഗത്തിന്റെ തലയിൽ കണ്ട പത്തുകൊമ്പിനാൽ സ്ത്രീയെന്ന വ്യാജമതം നിശ്ശേഷം നശിപ്പിക്കപ്പെടുന്നു. സ്ത്രീക്കു നേരിടുന്ന ന്യായവിധി ദൂതൻ പ്രസ്താവിക്കുന്നത് — *"നീ കണ്ട പത്തു കൊമ്പും മൃഗവും വേശ്യയെ ദ്വേഷിച്ചു ശൂന്യവും നഗ്നവുമാക്കി അവളുടെ മാംസം തിന്നുകളയും; അവളെ തീകൊണ്ടു ദഹിപ്പിക്കയും ചെയ്യും."* ലോകവ്യാപകമായി ബാബിലോണിയൻ മർമ്മങ്ങൾ വ്യാപിപ്പിക്കുകയും സകലരെയും അവളുടെ വേശ്യാവൃത്തിയിൽ പങ്കാളികളാക്കുകയും ചെയ്ത മഹതിയാം ബാബിലോൺ എന്ന മഹാവേശ്യയുടെ അന്ത്യം അവൾ കൂട്ടുകൂടിയവരാൽത്തന്നെ നിർവ്വഹിക്കപ്പെടുന്നു. വെളിപ്പാടു പുസ്തകം 13-ാം അദ്ധ്യായത്തിൽ സമുദ്രത്തിൽ നിന്നു കയറിവന്ന ഒന്നാം മൃഗത്തെ സകലരും നമസ്കരിക്കുവാനും ആരാധിക്കുവാനും രണ്ടാം മൃഗമാണ് നിർദ്ദേശിക്കുന്നത്. അതായത് അന്തിക്രിസ്തുവിനെ വണങ്ങുവാൻ കള്ളപ്രവാചകൻ അഥവാ വ്യാജമതം നിർദ്ദേശിക്കുന്നു. എന്നാൽ 17-ാം അദ്ധ്യായത്തിൽ ഒന്നാം മൃഗമായ അന്തിക്രിസ്തു രണ്ടാം മൃഗത്തെ പ്രതിനിധാനം ചെയ്യുന്ന സ്ത്രീയെ ചുമക്കുന്ന കാഴ്ചയാണ് കാണുന്നത്. അന്തിക്രിസ്തുവിനു തന്റെ ദുഷ്ടപരിപാടികൾ പൂർത്തീകരിക്കുവാൻ അന്നത്തെ മതത്തിന്റെ സഹായം അനിവാര്യമായതിനാലാണ് മതത്തെ ചുമക്കുന്നത്. എന്നാൽ അവന്റെ അഭീഷ്ടം വിജയത്തിലെത്തുന്ന സാഹചര്യമുണ്ടാകുമ്പോൾ വ്യാജമതത്തെ തലയിൽ നിന്നു കുടഞ്ഞുതാഴെയിട്ടു ചവിട്ടിമെതിച്ചു കൊല്ലുന്നു.

നാമധേയക്രൈസ്തവരുടെ അദ്ധ്യക്ഷന്മാരെന്നറിയപ്പെടുന്ന തിരുമേനിമാരുടെയും മെത്രാന്മാരുടെയും കൈകൾ മുത്താനും അവരെ വണങ്ങുവാനും അരമനകളും പള്ളികളും സന്ദർശിക്കുന്ന വിവിധരാഷ്ട്രീയക്കാരെ ഇക്കാലങ്ങളിൽ കാണാം. അവരിൽ ഏറിയ പങ്കും നിരീശ്വരവാദികളും ആയിരിക്കും. എന്നാൽ തിരഞ്ഞെടുപ്പു കഴിയുന്നതോടെ അവരുടെ സ്വഭാവം മാറുന്നു. തുടർന്നു മതത്തെയും മതസ്വാതന്ത്ര്യത്തെയും വിലക്കുകയും ആക്രമിക്കുകയും ചെയ്യുന്നു. അധികാരത്തിലേറുവാൻ മതങ്ങളുടെ സഹായം അവർക്കാവശ്യമായിരുന്നു. ആയതുപോലെ മഹോപദ്രവനാളുകളിലും അന്തിക്രിസ്തുവിനു വ്യാജമതത്തിന്റെ സഹായം അവന്റെ നിലനില്പിനു ആവശ്യമായി വരുന്ന സന്ദർഭത്തിലാണ് സ്ത്രീയെ തന്റെ തലയിൽ ചുമക്കുന്നത്. എന്നാൽ സാധാരണരാഷ്ട്രീയക്കാരെപ്പോലെതന്നെ അവനും വ്യാജമതത്തിനെതിരായിത്തീരും.

മഹോപദ്രവകാലത്തെ മഹാവേശ്യയയായ സ്ത്രീയുടെ ദാരുണമായ അന്ത്യം പഴയനിയമതിരുവെഴുത്തുകളിൽ ഒഹോലീബായുടെയും (യെഹെ.23:11-35), ഈസബെലിന്റെയും (2.രാജാ.9:33-37) അന്ത്യത്തോടു ചേരുന്നു.

> ആത്മീകവ്യഭിചാരം ചെയ്ത യെരൂശലേമിനു വരുന്ന ന്യായവിധിയെക്കുറിച്ചു യെഹെസ്കേൽ വിവരിക്കുന്നു. അശൂര്യരോടും, ബാബിലോണ്യരോടും, മിസ്രയീമ്യരോടും ചേർന്നു വേശ്യാവൃത്തി ചെയ്ത ഒഹോലീബായെ (യെരൂശലേം) ദൈവം ന്യായംവിധിക്കുന്നത് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു — **(1) യെഹെ.23:29 —** *"നിന്നെ നഗ്നയും അനാവൃതയും ആക്കിവിടും; അങ്ങനെ നിന്റെ വേശ്യാവൃത്തിയുടെ നഗ്നതയും നിന്റെ ദുർമ്മര്യാദയും പരസംഗങ്ങളും വെളിപ്പെട്ടു വരും."* **(2) യെഹെ.23:26 —** *"അവർ*

*നിന്റെ വസ്ത്രം ഉരിഞ്ഞു ആഭരണങ്ങളെ എടുത്തു കളയും."* **(3) യെഹെ.23:25 —***"അവർ ക്രോധ ത്തോടെ നിന്നോടു പെരുമാറും; അവർ നിന്റെ മൂക്കും ചെവിയും ചെത്തിക്കളയും; നിനക്കു ശേഷിപ്പുള്ള വർ വാൾകൊണ്ടു വീഴും; അവർ നിന്റെ പുത്രന്മാരെയും പുത്രിമാരെയും പിടിച്ചുകൊണ്ടുപോകും; നിനക്കു ശേഷിപ്പുള്ളവർ തീക്കിരയാകും."*

> യിസ്രായേലിൽ ബാലിന്റെ ആരാധിക്കുകയും വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഈസബെലിന്റെ ദാരുണമായ അന്ത്യം ഏലീയാപ്രവാചകൻ മുന്നറിയിച്ചതുപോലെ നടക്കുന്നു. **2.രാജാ.9:33—37 —** *"അവളെ താഴെ തള്ളിയിടുവിൻ എന്നു അവൻ കല്പിച്ചു. ഉടനെ അവർ അവളെ താഴെ തള്ളിയിട്ടു; അവളുടെ രക്തം ചുവരിന്മേലും കുതിരകളിന്മേലും തെറിച്ചു; അവൻ അവളെ ചവിട്ടി ക്കളഞ്ഞു. ..... അവർ അവളെ അടക്കം ചെയ്‌വാൻ ചെന്നാറെ അവളുടെ തലമണ്ടയും കാലുകളും കൈപ്പ ത്തികളും അല്ലാതെ മറ്റൊന്നും കണ്ടില്ല. അവർ മടങ്ങിവന്നു അവനോടു അതു അറിയിച്ചു. അപ്പോൾ അവൻ: യിസ്രെയേൽ പ്രദേശത്തുവെച്ചു നായ്ക്കൾ ഈസബെലിന്റെ മാംസം തിന്നുകളയും; അതു ഈസബെൽ എന്നു പറവാൻ കഴിയാതവണ്ണം ഈസബെലിന്റെ പിണം യിസ്രെയേൽപ്രദേശത്തു വയ ലിലെ ചാണകംപോലെ ആകും എന്നിങ്ങനെ യഹോവ തിശ്ബ്യനായ ഏലീയാവു എന്ന തന്റെ ദാസൻ മുഖാന്തരം അരുളിച്ചെയ്ത വചനം തന്നേ ഇതു എന്നു പറഞ്ഞു."*

പത്തുകൊമ്പുകൾ പ്രതിനിധാനം ചെയ്യുന്ന ദശരാഷ്ട്രസംഘടനയുമായുള്ള മതത്തിന്റെ സൗഹാർദ്ദം അധികനാൾ നീണ്ടു നിൽക്കുകയില്ല. അന്തിക്രിസ്തുവും തന്റെ കൊമ്പുകളായ ദശരാഷ്ട്ര ങ്ങളും ശക്തിപ്രാപിച്ചുയരുമ്പോൾ മതത്തിന്റെ സഹായമോ, ഉപദേശമോ, സൗഹൃദമോ ആവശ്യമില്ലാ തായിത്തീരുന്നു. അന്തിക്രിസ്തുവിന്റെ അധീനതയിലുള്ള ദശരാഷ്ട്രത്തലവന്മാർ കള്ളപ്രവാചകൻ അഥവാ വ്യാജമതത്തെ വെറുക്കുവാൻ തുടങ്ങുന്നു. ലോകരാഷ്ട്രങ്ങൾ തങ്ങളുടെ ശക്തിയും അധികാരവും അന്തി ക്രിസ്തുവിന്റെ കാൽക്കൽ സമർപ്പിക്കുന്നതോടെ കള്ളപ്രവാചകന്റെ സഹായമില്ലാതെ അന്തിക്രിസ്തു വിനു നിൽക്കുവാൻ സാധിക്കും. അതോടെ വ്യാജമതത്തിന്റെ നാശം ആരംഭിക്കുന്നു. അന്തിക്രിസ്തു തന്റെ മ്ലേച്ഛവിഗ്രഹം ദൈവാലയത്തിൽ സ്ഥാപിക്കുകയും അതിനെ മാത്രം ആരാധിക്കണമെന്നു സകല രോടും കല്പിക്കുകയും ചെയ്യും (ദാനീ.9:27). ഇതുവരെയും സ്ത്രീയെ ചുമന്നുകൊണ്ടു നടന്ന പത്തു കൊമ്പുള്ള മൃഗം ഇപ്പോൾ സ്ത്രീയെ നശിപ്പിക്കുവാനായി തയ്യാറെടുക്കുന്നു. തലയിൽ നിന്നു സ്ത്രീയെ തള്ളിയിടുക മാത്രമല്ല അവളെ ശൂന്യവും നഗ്നയുമാക്കുന്നു. അവൾ ധരിച്ചിരുന്ന കണ്ണഞ്ചിപ്പിക്കുന്ന ധൂമ്ര വസ്ത്രവും കടുഞ്ചുവപ്പു വസ്ത്രവും ഉരിഞ്ഞു കളയുന്നു. ഈവിധത്തിൽ അവളെ ശൂന്യവും നഗ്നയു മാക്കിയ ശേഷം അവളുടെ മാംസം തിന്നു കളയും. അതിനുശേഷം അവളുടെ ഒരംശംപോലും ശേഷി ക്കാതവണ്ണം അവളെ തീകൊണ്ടു ദഹിപ്പിക്കുകയും ചെയ്യും.

സാത്താനോടു കൂട്ടുകൂടുന്നവർക്കു എക്കാലത്തും സംഭവിക്കുന്നത് ഇതു തന്നെയാണ്. സ്ത്രീയെ ശൂന്യവും നഗ്നയും ആക്കുകയും, മാംസം തിന്നുകളയുകയും, തീ കൊണ്ടു ദഹിപ്പിക്കുകയും ചെയ്യുന്നത് കാണിക്കുന്നത് അന്നത്തെ വ്യാജമതത്തിന്റെ മേലുണ്ടാകുന്ന അതിക്രൂരമായ പീഡകളും ആക്രമണവുമാ ണ്. ശൂന്യവും നഗ്നയും ആക്കുമെന്നത് വ്യാജസഭയ്ക്കുണ്ടാകുന്ന അപമാനത്തെയും, മാംസം തിന്നുകള യുമെന്നത് അവളുടെ സകലസമ്പാദ്യങ്ങളും ചൂഷണം ചെയ്യപ്പെടുമെന്നും, തീ കൊണ്ടു ദഹിപ്പിക്കും എന്നത് ഒരിക്കലും എഴുന്നേറ്റുവരാത്തവിധം പൂർണ്ണമായി നശിപ്പിക്കപ്പെടുമെന്നതിനെയും കുറിക്കുന്നു. ഒരിക്കൽ അന്തിക്രിസ്തുവിന്റെ വിഗ്രഹം ഉണ്ടാക്കി സകലരും അതിനെ ആരാധിക്കണമെന്നു ലോക ത്തോടു ആവശ്യപ്പെടുകയും അതു കൂട്ടാക്കാത്ത വിശുദ്ധന്മാരെ ഒന്നടങ്കം കൊല്ലുന്നതിനും സ്ത്രീയായ വ്യാജമതം കൂട്ടു നിന്നതാണ്. വാളെടുക്കുന്നവൻ വാളാലെ നശിക്കും എന്നപോലെയും വിതക്കുന്നതു തന്നേ കൊയ്യും എന്നപോലെയും ഇപ്പോൾ സ്ത്രീയും വഞ്ചിക്കപ്പെട്ട് അതേ ശിക്ഷാവിധികൾ സ്വയം നേരിടുന്നു.

**വെളി.17:17 — ദൈവത്തിന്റെ വചനം നിവൃത്തിയാകുവോളം തന്റെ ഹിതം ചെയ്‌വാനും ഒരേ അഭി പ്രായം നടത്തുവാനും തങ്ങളുടെ രാജത്വം മൃഗത്തിന്നു കൊടുപ്പാനും ദൈവം അവരുടെ ഹൃദയ ത്തിൽ തോന്നിച്ചു** ("For God has put it into their hearts to fulfill His purpose, to be of one mind, and to give their kingdom to the beast, until the words of God are fulfilled) —

ദൈവത്തിന്റെ സർവ്വാധികാരത്തെയും സർവ്വശക്തിയെയും മാത്രമല്ല സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകലത്തിന്മേലുമുള്ള ദൈവത്തിന്റെ പരമാധികാരത്തെയുമാണ് ഈ വാക്യം വെളിപ്പെടുത്തുന്നത്. ദൈവത്തിന്റെ അറിവോ അനുവാദമോ കൂടാതെ ഒന്നും സംഭവിക്കുന്നില്ല. ദൈവത്തിന്റെ ഹിതമാണ് സകലത്തിലും വെളിപ്പെട്ടു വരുന്നത്. മഹോപദ്രവനാളുകളിൽ സാത്താന്യശക്തികളൊക്കെ ഒരുമിച്ചു കൂടി ദൈവത്തിനെതിരായി പ്രവർത്തിക്കുമ്പോൾ ദൈവം ഇതൊന്നും കാണുന്നില്ലേ എന്താണ് പ്രവർത്തി ക്കാത്തതെന്നു ഹബക്കൂക്ക് പ്രവാചകനെപ്പോലെ ചോദിച്ചുപോകാം. എന്നാൽ സകലതും ദൈവഹിത ത്തിനൊത്താണ് ചലിച്ചുകൊണ്ടിരുന്നതെന്ന സത്യം അന്ത്യത്തിൽ ഏവർക്കും മനസ്സിലാകും.

**ദൈവത്തിന്റെ വചനം നിവൃത്തിയാകുവോളം —**

*"ദൈവത്തിന്റെ വചനം നിവൃത്തിയാകുവോളം തന്റെ ഹിതം ചെയ്‌വാനും ഒരേ അഭിപ്രായം നട*

*ത്തുവാനും തങ്ങളുടെ രാജത്വം മൃഗത്തിന്നു കൊടുപ്പാനും ദൈവം അവരുടെ ഹൃദയത്തിൽ തോന്നിച്ചു"* എന്ന പ്രസ്താവന സാത്താന്യശക്തികളുടെ നാശത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ദൈവവചനം നിവൃത്തിയാകുവോളം എന്നാൽ എഴുതപ്പെട്ട തിരുവെഴുത്തുകളിൻപ്രകാരമുള്ള കാര്യങ്ങളും പ്രവചനങ്ങളും സംഭവിക്കുവോളം എന്നാണ്. തിരുവെഴുത്തുകളിൽ പറഞ്ഞിരിക്കുന്നതുപോലെ ക്രിസ്തു മടങ്ങിവരുമെന്നും താൻ സാത്താനെയും സകലദുഷ്ടാത്മശക്തികളെയയും തോല്പിച്ചു തന്റെ രാജ്യം സ്ഥാപിക്കും എന്നതാണ് ദൈവവചനത്തിന്റെ നിവൃത്തി.

**തന്റെ ഹിതം ചെയ്വാനും ഒരേ അഭിപ്രായം നടത്തുവാനും തങ്ങളുടെ രാജത്വം മൃഗത്തിന്നു കൊടുപ്പാനും ദൈവം അവരുടെ ഹൃദയത്തിൽ തോന്നിച്ചു —**

അന്ത്യകാലത്ത് സകലതും സാത്താൻ നിയന്ത്രിക്കുകയും ലോകഭരണാധികാരിയായി ഉയർത്തപ്പെടുന്നതും ദൈവവചനത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ അവയെല്ലാം ദൈവത്തിന്റെ പരമാധികാരത്തിൻ കീഴിൽ ആയിരിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സാത്താനെ നശിപ്പിക്കുവാനായി സാത്താനെത്തന്നെ ദൈവത്തിന്റെ കരത്തിലെ ആയുധമായി ദൈവം ഉപയോഗിക്കുന്നു. ദൈവത്തിന്റെ ഹിതം നിറവേറ്റുവാനും ഒരേ അഭിപ്രായം നടത്തുവാനും ദശരാഷ്ട്രസംഘടന തങ്ങളുടെ രാജത്വം മൃഗത്തിനു കൊടുക്കുവാനും ദൈവമാണ് അവരുടെ ഹൃദയത്തിൽ തോന്നിച്ചത്. ദൈവം സാത്താന്യശക്തികൾക്കു ഇപ്രകാരം അവരുടെ ഹൃദയത്തിൽ തോന്നിച്ചത് തിരുവചനത്തിൽ വേറെയും പ്രസ്താവിച്ചു കാണുന്നുണ്ട് — 2.തെസ്സ.2:11,12 — *"സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന്നു ദൈവം അവർക്കു ഭോഷ്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു."*

*"ഇവർ ഒരേ അഭിപ്രായമുള്ളവർ; തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിന്നു ഏല്പിച്ചുകൊടുക്കുന്നു"* (വെളി.13:13)എന്ന പ്രസ്താവന പരിശോധിച്ചാൽ ദൈവത്തിന്റെ ഹിതമാണ് നിറവേറുന്നതെന്നു മനസ്സിലാകും. കാരണം പത്തുകൊമ്പുകളായ രാജാക്കന്മാർ ദാനീയേൽപ്രവചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നതുപോലെ ഇരുമ്പും കളിമണ്ണും ചേർന്നുള്ള പ്രകാരത്തിലുള്ള ഒത്തൊരുമയാണ് അവർക്കു തമ്മിൽതമ്മിൽ ഉള്ളത്. എന്നാൽ സ്ത്രീയെ നശിപ്പിക്കുവാനും, അന്തിക്രിസ്തുവിനു തങ്ങളുടെ ശക്തിയും അധികാരവും സമർപ്പിക്കുവാനും, കുഞ്ഞാടിനോടു പോരാടുവാനുള്ള ഏകാഭിപ്രായം പത്തുകൊമ്പുകൾക്കു ലഭിക്കുന്നതിന്റെ കാരണം ദൈവം അവരുടെ ഹൃദയത്തിൽ അപ്രകാരം തോന്നിച്ചതിനാലാണ്. അങ്ങനെ സാത്താന്യശക്തികളുടെ സമ്പൂർണ്ണനാശം അവരാൽ തന്നെ നടത്തപ്പെടുകയും, ക്രിസ്തുവിന്റെ മടങ്ങിവരവും രാജ്യസ്ഥാപനവും നടത്തപ്പെടുമ്പോൾ ദൈവവചനം നിവൃത്തിയാകുകയും ചെയ്യും.

**വെളി.17:18 — നീ കണ്ട സ്ത്രീയോ ഭൂരാജാക്കന്മാരുടെ മേൽ രാജത്വമുള്ള മഹാനഗരം തന്നേ** ("And the woman whom you saw is that great city which reigns over the kings of the earth") —

യോഹന്നാൻ 17-ാം അദ്ധ്യായം അവസാനിപ്പിക്കുന്നത് സ്ത്രീയെയും മഹാനഗരത്തെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രസ്താവനയോടെയാണ്. മഹതിയാം ബാബിലോൺ എന്ന മഹാവേശ്യയായ സ്ത്രീയുടെ അന്ത്യന്യായവിധിയെ വിവരിച്ചശേഷം ബാബിലോൺ എന്ന മഹാനഗരത്തിന്റെ ന്യായവിധിയുടെ വിശദീകരണം ആരംഭിക്കുന്നു. സ്ത്രീ അന്ത്യനാളുകളിലെ വ്യാജമതത്തെ കുറിക്കുമ്പോൾ, മഹാനഗരം സ്ത്രീയുടെ വേശ്യാവൃത്തിയും ദർമ്മാർഗ്ഗങ്ങളും ആചാരാനുഷ്ടാനങ്ങളും ആഴത്തിൽ വേരിറങ്ങി ഉന്നതിയിലെത്തിയെ ആസ്ഥാനത്തെ കുറിക്കുന്നു. ഭൂരാജാക്കന്മാരുടെ മേൽ രാജത്വമുള്ള കേന്ദ്രമായി മഹാനഗരം രൂപം പ്രാപിക്കുന്നു. ഭൂരാജാക്കന്മാരുടെ മേൽ രാജത്വമുള്ള മഹാനഗരം റോം ആണെന്നും ബാബിലോൺ ആണെന്നും അഭിപ്രായമുണ്ട്.

വെളിപ്പാട് 17-ാം അദ്ധ്യായത്തിൽ അന്ത്യകാലത്ത് ഏറ്റവും പ്രശസ്തിയിലെത്തുന്ന മഹതിയാം ബാബിലോൺ അഥവാ വേശ്യമാരുടെ മാതാവ് എന്ന പേരിൽ അറിയപ്പെട്ട സ്ത്രീയായ ഒരു വ്യാജസഭയെയും അതിന്റെ ദാരുണമായ നാശത്തെയും കുറിച്ചു കാണുകയുണ്ടായി. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സകലവിശുദ്ധന്മാരും കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ കർത്താവിനോടുകൂടെ എടുക്കപ്പെടും. ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട സകലവിശുദ്ധന്മാരും ഉൾക്കൊള്ളുന്ന സഭയാം മണവാട്ടിയുടെ സ്വർഗ്ഗത്തിലേക്കുള്ള ഉത്പ്രാപണത്തിനുശേഷം ലോകത്തിൽ പ്രശസ്തിയാർക്കുന്ന ഒരു മതവ്യവസ്ഥയെയാണ് സ്ത്രീയെന്ന നാമധേയത്തിൽ അറിയപ്പെടുന്നത്. വിശുദ്ധന്മാർ ആകാശമേഘങ്ങളിൽ എടുക്കപ്പെടുമ്പോൾ വിശുദ്ധനും സത്യവാനുമായ കർത്താവ് രക്ഷിക്കപ്പെടാത്ത സകല നാമധേയസഭകളെയും ഭൂമിയിൽ വിട്ടുകളയും. അവർ ഭൂമിയിൽ അരങ്ങേറുന്ന ന്യായവിധികൾക്കിരയായിത്തീരുന്നു. സാത്താനാൽ നിയന്ത്രിക്കപ്പെടുന്ന സഭ അന്തിക്രിസതുവുമായി ചങ്ങാത്തത്തിലാകും. *"അപ്പോൾ ഏഴുതലയും പത്തുകൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞു കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു"* (യോഹ.17:3). ക്രിസ്തുവിനെ തള്ളിക്കളഞ്ഞ അന്നത്തെ വ്യാജസഭക്കു അന്തിക്രിസ്തുവിൽ നിന്നു ലഭിക്കുന്ന അംഗീകാരവും പദവിയും ഇതു വെളിപ്പെടുത്തുന്നു. എന്നാൽ സ്ത്രീയെ വിളിച്ചിരിക്കുന്ന പേര് : മർമ്മം മഹതിയാം ബാബിലോൻ വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്നാണ്. മൃഗത്തിന്റെ തലയിൽ ഇരുന്നുകൊണ്ട് മതപ

രവും രാഷ്ട്രീയവുമായ അധികാരത്തോടെ മൃഗത്തെ നിയന്ത്രിക്കുന്നു. എന്നാൽ അവളെ അന്തിക്രിസ്തു തലയിലേറ്റിക്കൊണ്ടു നടക്കുന്നത് അല്പകാലത്തേക്കുമാത്രമാണ്. വേശ്യകളുടെ മാതാവ് എന്നറിയപ്പെട്ട സ്ത്രീയായ വ്യാജസഭ സകല ഭൂതങ്ങളുടെയും അശുദ്ധാത്മാക്കളുടെയും അനാചാരങ്ങളുടെയും ഉറവിടമാണ്. സഭ ഒരു മർമ്മം എന്നപോലെ സാത്തനും മർമ്മമുണ്ട്. സാത്താന്റെ മർമ്മമാണ് മഹതിയാം ബാബിലോൻ. ബാബേൽ എന്ന പേരിൽനിന്നാണ് ബാബിലോൺ എന്ന നാമമുണ്ടായത്. കലക്കത്തിന്റെയും, വിഗ്രഹാരാധനയുടെയും, അസന്മാർഗ്ഗികതയുടെയും കേന്ദ്രമാണത്. ഉത്പ്രാപണത്തിൽ ഉൾപ്പെടാതെ ഭൂമിയിൽ വിടപ്പെട്ട നാമധേയ ക്രൈസ്തവസഭകൾ മഹതിയാം ബാബിലോണിന്റെ മർമ്മങ്ങൾ അവരുടെ സഭയുടെ ആചാരാനുഷ്ടാനങ്ങളാക്കി പകർത്തും. അതുതന്നെയാണ് ഇപ്പോഴേ പല നാമധേയ സഭകളിലും കാണപ്പെടുന്നത്. തിരുവചനത്തിൽ ഇല്ലാത്ത അനേക കൂദാശകർമ്മങ്ങൾ ഇന്നത്തെ സഭകളുടെ പ്രമാണമായിത്തീർന്നിരിക്കുന്നു. ഇന്നത്തെ ക്രൈസ്തവസഭകളിലേക്കു ഒന്നു കണ്ണോടിച്ചാൽ അനേക ദുരാചാരങ്ങൾ കാണാം. മാതാവിനെ നമസ്കരിക്കുക, വിഗ്രഹത്തെ ആരാധിക്കുക, മരിച്ചവർക്കായി പ്രാർത്ഥിക്കുക, മനുഷ്യർ മനുഷ്യരെ വിശുദ്ധന്മാരായി പ്രഖ്യാപിക്കുക, മെഴുകുതിരികളും വിളക്കുകളും കത്തിച്ചു വിഗ്രഹസേവ നടത്തുക, കൊടി, കുട, മുത്തുക്കുട എന്നിവയോടുകൂടിയുള്ള എഴുന്നള്ളിപ്പ് ഇങ്ങനെ വിവിധ ആചാരങ്ങൾ അരങ്ങേറുന്നു. സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷം നിലവിൽ വരുന്ന ഇപ്രകാരമുള്ള ബാബിലോണിയൻ വ്യവസ്ഥകൾ ഇന്നത്തെ കൃപാകാലത്തിലേ വളർന്നുകൊണ്ടിരിക്കുന്നു. മാത്രവുമല്ല വിശ്വാസികളായവർപോലും പല ദുരാചാരങ്ങളിലും ആചാരാനുഷ്ടാനങ്ങളിലും അടിമപ്പെട്ടുപോകുന്ന പ്രവണതയും കാണുന്നുണ്ട്. ഒന്നാം നൂറ്റാണ്ടിൽ സഭയുടെ ആരംഭവേളയിൽ അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യവിശ്വാസികളെ പ്രബോധിപ്പിച്ചത് ഇക്കാലത്തെ വേർപെട്ട വിശ്വാസികളും മുറുകെപിടിക്കേണ്ടതാണ്. **2.കൊരി.6:16 —** *"ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. ....... അതുകൊണ്ടു അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുതു."* ദൈവജനം പാപത്തിൽ നിന്നു വേർപാടു പാലിച്ചു ജീവിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. മഹാപീഡനകാലാന്ത്യത്തിൽ വ്യാജമതം ഉൾക്കൊള്ളുന്ന ബാബിലോൺ വ്യവസ്ഥകലെല്ലാം പത്തുകൊമ്പുകളായ രാഷ്ട്രത്തലവന്മാരാൽ സമ്പൂർണ്ണമായി നശിപ്പിക്കപ്പെടും. അവളെ നഗ്നയാക്കി, മാംസം ഭക്ഷിക്കുകയും, തീയ്ക്കിരയാക്കുന്നതും 17-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ഒന്നാം നൂറ്റാണ്ടിൽ വേർപാടിന്റെ സന്ദേശം വിശ്വാസികൾക്കു നൽകിയതുപോലെ മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കും നൽകുന്ന വേർപാടിന്റെ സന്ദേശം കൃപാകാലവിശ്വാസികളും ശ്രദ്ധയോടെ ഉൾക്കൊള്ളേണ്ടതാണ്. **വെളി.18:4 —** *"എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപോരുവിൻ."*

-----------------------------------------------

# വെളിപ്പാട് — അദ്ധ്യായം — 18

## രാഷ്ട്രീയ വാണിജ്യബാബിലോണിന്മേലുള്ള ന്യായവിധി
(THE JUDGMENT OF POLITICAL & COMMERCIAL BABYLON )

**ആമുഖം :**

വെളിപ്പാട് 17-ാം അദ്ധ്യായത്തിൽ മർമ്മം മഹതിയാം ബാബിലോൻ എന്ന പേരിലുള്ള മതപരമായ ബാബിലോണിന്റെ നാശവും, 18-ാം അദ്ധ്യായത്തിൽ മഹതിയാം ബാബിലോൺ എന്ന പേരിലുള്ള രാഷ്ട്രീയ വാണിജ്യ ബാബിലോണിന്റെ നാശവും പ്രവചിച്ചിരിക്കുന്നു. 17-ാം അദ്ധ്യായത്തിൽ ബാബിലോണിനെ മഹാവേശ്യാസ്ത്രീയായും, 18-ാം അദ്ധ്യായത്തിൽ മഹാവേശ്യാസ്ത്രീയിലൂടെ ആഴത്തിൽ വേരിറങ്ങിയ സകലമ്ലേച്ഛതകളുടെയും വിഗ്രഹാരാധനയുടെയും സാത്താന്യകേന്ദ്രമായ ഒരു പട്ടണമായും ചിത്രീകരിച്ചിരിക്കുന്നു. 17,18 അദ്ധ്യായങ്ങൾ ബാബിലോണിന്റെ ആത്മീകതയെയും ലൗകീകതയെയും കുറിച്ചാണെന്നും ആയതിനാൽ ഒരു ദർശനത്തിലെ രണ്ടു വീക്ഷണങ്ങളാണെന്നും ചിന്തിക്കുന്നവരുണ്ട്. എന്നാൽ വളരെ ശ്രദ്ധയോടെ പരിശുദ്ധാത്മസഹായത്താൽ ധ്യാനിച്ചാൽ 17,18 അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന ബാബിലോണുകൾ രണ്ടും രണ്ടാണെന്നും രണ്ടിന്റെയും ന്യായവിധിയും അനന്തരസംഭവങ്ങളും വിഭിന്നമാണെന്നും മനസ്സിലാക്കാം. ഒന്നാമത്തേത് മഹോപദ്രവകാലത്തെ ഭൂമിയിലെ വ്യാജമതത്തെ പ്രതിനിധീകരിക്കുമ്പോൾ രണ്ടാമത്തേത് സോദോംഗൊമോരായ്ക്കു തുല്യമായ അന്ത്യകാലത്തെ ഒരു ആക്ഷരീകപട്ടണത്തെയും പ്രതിനിധീകരിക്കുന്നു.

ബാബിലോൺ എന്നത് അതിപുരാതനമായ ഒരു പട്ടണവും ഏറ്റവും പ്രശസ്തിയാർജ്ജിച്ച ഒരു സാമ്രാജ്യവുമായിരുന്നു. അപ്പോൾത്തന്നെ ബാബിലോൺ ബാബേൽ എന്നിങ്ങനെയുള്ള നാമങ്ങൾ മനുഷ്യർ ദൈവത്തോടു മത്സരിക്കുന്നതിന്റെ ഒരു പ്രതീകവുമായിരിക്കുന്നു. ബാബേലിന്റെ ചരിത്രം പരിശോധിച്ചാൽ ദൈവത്തോടു മത്സരിച്ചു സ്വർഗ്ഗത്തോളം എത്തുവാനും ദൈവത്തെക്കൂടാതെ സ്വന്തമായി അവരുടെ പേരു നിലനിറുത്താനും ആഗ്രഹിച്ചുയർത്തിയ ഗോപുരത്തോളം ആഴത്തിൽ അതിന്റെ പ്രവർത്തനങ്ങൾ വേരിറങ്ങിയിരിക്കുന്നു (ഉല്പ.11). ബാബേൽ (കലക്കം) എന്ന വാക്കിൽ നിന്നാണ് ബാബിലോൺ എന്ന പേരുണ്ടായത്. ദൈവത്തോടുള്ള മത്സരത്തിന്റെ ആരംഭം ബാബേൽ എന്ന ഗോപുരത്തിൽ തുടങ്ങുന്നു. അവരുടെ തോൽവിയെ തുടർന്നു നോഹെയുടെ കൊച്ചുമകനായ നിമ്രോദിന്റെ കുടുംബം വിഗ്രഹാരാധനക്കു ആരംഭം കുറിച്ചത് ക്രൈസ്തവചരിത്രം വെളിപ്പെടുത്തുന്നു. നിമ്രോദും, ഭാര്യയായ സെമിറാമിസും, അവളുടെ മകനായ തമ്മൂസും ചേർന്നതാണ് ബാബിലോണിയൻ സൂക്തങ്ങളുടെ ഉറവിടം. ബാബിലോണ്യവിഗ്രഹാരാധനയും, ആചാരാനുഷ്ടാനങ്ങളും, അതിന്റെ കർമ്മങ്ങളുമാണ് ബാബിലോണിയൻ മർമ്മമെന്ന പേരിൽ അറിയപ്പെടുന്നത്.

ഇന്നു ബാബിലോൺ എന്ന പേരുള്ള പഴയപ്രതാപനഗരം സ്ഥിതിചെയ്യുന്നില്ല. എന്നാൽ വെളിപ്പാട് 18-ൽ പറഞ്ഞിരിക്കുന്ന ബാബിലോൺ എന്ന മഹാനഗരം രൂപം പ്രാപിക്കേണ്ടതുണ്ട്. ഭാവിയിൽ ഉടലെടുക്കുന്ന സാർവ്വദേശീയമതമായ സഭാബാബിലോണിന്റെ ആസ്ഥാനവും ആധുനിക ബാബിലോൺ എന്ന മഹാനഗരമായിരിക്കും. 17-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന സഭാബാബിലോണിന്റെ ന്യായവിധിക്കുശേഷം മഹോപദ്രവകാലത്തിൽത്തന്നെ വാണിജ്യബാബിലോണിന്റെ ന്യായവിധിയും ഉണ്ടാകും. രണ്ടു ബാബിലോണിന്റെയും നാശം ദൈവകരത്താൽത്തന്നെ നടക്കുമെങ്കിലും രണ്ടു വിധത്തിലാണ് അവയുടെ നാശം പ്രവചിച്ചിരിക്കുന്നത്. സഭാബാബിലോണിന്റെ നാശം ഭൂമിയിലെ പത്തു രാജാക്കന്മാരാലാണ്. സഭാബാബിലോൺ എന്ന സ്ത്രീയെ വെറുക്കുവാനും അവളെ നശിപ്പിക്കുവാനുള്ള അഭിപ്രായം ദൈവമാണ് അവരുടെ ഹൃദയത്തിൽ തോന്നിക്കുന്നത് (വെളി.17:16,17). എന്നാൽ വാണിജ്യബാബിലോണിന്റെ നാശം ദൈവത്തിന്റെ നേരിട്ടുള്ള ന്യായവിധിയാലാണ്. അതായത് ദൈവം അയെക്കുന്ന വിവിധ ബാധകളോടൊപ്പം തീയാലുമാണ് ലോകസമ്പന്നതയുടെ ഉറവിടമായവാണിജ്യബാബിലോൺ പട്ടണം നശിക്കപ്പെടുന്നത് (വെളി.18:8,9).

പുരാതനബാബിലോൺ പട്ടണം നശിച്ചുപോയി. പഴയബാബിലോണിന്റെ സ്ഥാനത്ത് ഇന്നു അൽ-ഹില്ല (Al-Hilla) എന്ന പേരിൽ മുസ്ലീങ്ങൾ പാർക്കുന്ന ഒരു പട്ടണമുണ്ട്. കൂടാതെ പ്രാചീനബാബിലോണിന്റെ അവശിഷ്ടങ്ങളിൽ നിന്നു അനേക പട്ടണങ്ങൾ പണിയപ്പെട്ടിട്ടുണ്ട്. വെളിപ്പാട് 18 -ൽ പ്രവചിച്ചിരിക്കുന്ന ബാബിലോൺ മഹാനഗരത്തിന്റെ ന്യായവിധി നടക്കണമെങ്കിൽ പുതുതായി അവിടെ ഒരു നഗരം രൂപം പ്രാപിക്കണം. പ്രാചീനബാബിലോണിന്റെ നാശത്തെക്കുറിച്ചു പ്രവാചകന്മാർ പറഞ്ഞിരുന്നത് ബാബിലോണിന്റെ കാര്യത്തിൽ പൂർണ്ണമായി സംഭവിച്ചിട്ടില്ല. അവിടെ ഒരു നിത്യശൂന്യത സംഭവിച്ചിട്ടില്ല (യിരെ.51:26). ഉല്പത്തിയിൽ ആരംഭം കുറിച്ച ബാബിലോൺ കലക്കത്തിൽ എത്തി ശിഥിലമായെങ്കിലും ദാനീയേലിന്റെ പ്രവചനത്തിൽ ബാബിലോൺ മഹത്വത്തിൽ എത്തുകയുണ്ടായി. വീണ്ടും ബാബി

ലോൺ ചരിത്രത്തിൽ പേരില്ലാതായിത്തീർന്നെങ്കിലും അതിന്റെ സമ്പൂർണ്ണ നാശം വന്നു സംഭവിച്ചിട്ടില്ല. ബാബിലോണിന്റെ നാശം പ്രസ്താവിക്കുന്ന യിരെമ്യാ 50,51 അദ്ധ്യായങ്ങളിൽ ചിലതെല്ലാം ബാബിലോണിനോടുള്ള ബന്ധത്തിൽ ഇനിയും സംഭവിക്കുവാനുള്ളതാണ്.

വെളിപ്പാട് 18 -ൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ നിറവേറുവാൻ ബാബിലോൺ നഗരം വീണ്ടും പണിയപ്പെടേണ്ടതായിട്ടുണ്ട്. വെളിപ്പാട് 13 -ൽ കാണുന്ന രണ്ടു മൃഗങ്ങളായ അന്തിക്രിസ്തുവും കള്ളപ്രവാചകനും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിനു ഒരു ആസ്ഥാനം ആവശ്യമാണ്. ഇപ്രകാരം രൂപം പ്രാപിക്കുന്ന മഹാനഗരം ലോകമതത്തിന്റെ ആസ്ഥാനമായി മൃഗത്തെ ആരാധിക്കുവാൻ ഇടയാകും (വെളി.13:12 -14). ഏകമതവും, ഏകഭരണവും ഉണ്ടാകുന്നതോടെ വാണിജ്യപരമായും രാഷ്ട്രീയപരമായും നഗരം ഏറ്റവും ഉന്നതി പ്രാപിക്കും. മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയേൽക്കാതെ മഹോപദ്രവകാലത്തെ ജനങ്ങൾക്കു സാധനങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുവാൻ സാധിക്കാതെ വാണിജ്യവും ഏകകേന്ദ്രീയസംവിധാനത്തിലാകും (വെളി.13:17,18).

ബാബിലോൺ എന്ന മഹാനഗരത്തിന്റെ പതനത്തെക്കുറിച്ചു വെളിപ്പാട് 18 -ൽ പറഞ്ഞിരിക്കുന്നെങ്കിലും അതു സംഭവിക്കുവാൻ ബാബിലോൺ ഇല്ലല്ലോ എന്നോർത്തു ആകുലപ്പെടേണ്ടതില്ല. പഴയനിയമപ്രവാചകന്മാർ പറഞ്ഞിരിക്കുന്ന പ്രകാരം ബാബിലോണിന്റെ സമ്പൂർണ്ണനാശം നിറവേറുവാനും, മഹോപദ്രവകാലത്തെ അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും ദൗത്യം തിരുവചനപ്രകാരം നിറവേറുവാനും (വെളി.13 -18) ഒരു മഹാനഗരം രൂപം പ്രാപിക്കുക തന്നെ ചെയ്യും എന്നു വിശ്വസിക്കാം. പുരാതന ബാബേൽ പണിതത് നിമ്രോദ് ആയിരുന്നുവെങ്കിൽ ആധുനികബാബേൽ പണിയുന്നത് അന്തിക്രിസ്തുവായിരിക്കും. അന്തിക്രിസ്തുവിന്റെ പ്രതിമ ദൈവാലയത്തിൽ പ്രതിഷ്ടിക്കുക എന്ന ഗൂഢലക്ഷ്യത്തോടെ യഹൂദന്മാർക്കായി ദൈവാലയം പണിയുവാൻ സകലരാലും സമ്മതം വാങ്ങുന്ന അന്തിക്രിസ്തു തന്നെയായരിക്കും തുടർന്നുള്ള അവന്റെ മനസ്സിലെ കാര്യങ്ങൾ പൂർത്തീകാരിപ്പാൻ മഹാനഗരവും പണിയുന്നത്.

**അദ്ധ്യായവിഷയം :**

മഹാനഗരമായ ബാബിലോണിന്റെമേലുള്ള ദൈവീകന്യായവിധിയാണ് അദ്ധ്യായവിഷയം. രാഷ്ട്രീയവും വാണിജ്യപരവുമായ ആക്ഷരീയപട്ടണമായ ബാബിലോണിന്റെ പതനം ഇതിൽ വിശദീകരിച്ചിരിക്കുന്നു.

**അദ്ധ്യായസംഗ്രഹം :**

മഹാനഗരമായ ബാബിലോണിന്റെമേലുള്ള ദൈവീകശിക്ഷാവിധി ഒരു വിലാപഗീതമെന്നവണ്ണം വെളിപ്പാട് 18-ൽ വിവരിച്ചിരിക്കുന്നു. പഴയനിയമത്തിലെ വിലാപങ്ങളുടെ പുസ്തകം യെരൂശലേം എന്ന മഹാനഗരത്തിന്റെ ചരമഗീതമായി യിരെമ്യാപ്രവാചകൻ അവതരിച്ചിരിക്കുമ്പോൾ, വെളിപ്പാട് -18 - ബാബിലോൺ എന്ന മഹാനഗരത്തിന്റെ ചരമഗീതമായി യോഹന്നാൻ അവതരിപ്പിച്ചിരിക്കുന്നു. യിരെമ്യാവിന്റെ കാലത്ത് അക്രമണകാരികളായ ബാബിലോണ്യരാൽ യെരൂശലേം ഒരു കൽക്കൂമ്പാരമായിത്തീർന്നുവെങ്കിൽ അന്ത്യകാലത്ത് ബാബിലോൺനഗരം ഒരു ചുടലപ്പറമ്പുപോലെ കല്ലിന്മേൽ കല്ലു ശേഷിക്കാതെ ദൈവത്താൽ നശിപ്പിക്കപ്പെടുന്നു.

ദുർഭൂതങ്ങളുടെ പാർപ്പിടവും സകല മ്ലേച്ഛതകളുടെയും അശുദ്ധികളുടെയും ഉറവിടവുമായ മഹാനഗരമായ ബാബിലോണിന്റെ പതനത്തെക്കുറിച്ചു സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന ഒരു ദൂതന്റെ അറിയിപ്പോടെ അദ്ധ്യായം ആരംഭിക്കുന്നു (വെളി.18:1-3). മഹാനഗരത്തിന്റെ പാപം സ്വർഗ്ഗത്തോളം കുമിഞ്ഞു കൂടിയിരിക്കുന്നെന്നും അതിനുള്ള ന്യായവിധി ദൈവം നടത്തുവാൻ പോകുന്നതിനാൽ മഹോപദ്രവകാല വിശുദ്ധന്മാർ വേർപാടു പാലിച്ചു അവളെ വിട്ടുപോരുവിൻ എന്ന ആഹ്വാനത്തോടെ മറ്റൊരു ദൂതനും രംഗപ്രവേശനം ചെയ്യുന്നു (വെളി.18:4,5). അവൾക്കുള്ള ന്യായവിധി ഒരു ദിവസത്തിൽ തന്നേ ഉണ്ടാകും അഥവാ നിമിഷനേരത്തിനുള്ളിലുണ്ടാകുമെന്നു കേട്ട അവളുടെ കൂട്ടാളികൾ ഭ്രമിച്ചുപോയി. മഹാനഗരത്തിന്റെ രാഷ്ട്രീയ കൂട്ടാളികളും, ഭൂമിയിലെ രാജാക്കന്മാരും, വ്യാപാരികളും, ധനവാന്മാരും, കപ്പൽക്കാരും ഒരുപോലെ മഹാനഗരത്തിന്റെ പെട്ടെന്നുള്ള നാശത്തിൽ ഏറ്റവും വിലപിച്ചു കരയുന്നു (വെളി.18:8-19). മഹാനഗരത്തിന്റെ നാശത്തെച്ചൊല്ലി ഭൂമിയിൽ കൂട്ടനിലവിളി ഉയരുമ്പോൾ സ്വർഗ്ഗത്തിൽ മഹാസന്തോഷത്തിന്റെ ആഹ്വാനം മുഴങ്ങുന്നു (വെളി.18:20). തുടർന്നു മറ്റൊരു ദൂതൻ വന്നു ബാബിലോണിന്റെ സമ്പൂർണ്ണനാശത്തെ പ്രസ്താവിക്കുന്നു. തിരികല്ലു കടലിന്റെ അഗാധത്തിലേക്കെറിഞ്ഞുകളയുന്നതുപോലെയുള്ള പെട്ടെന്നുള്ള നാശമായിരിക്കും ബാബിലോൺ നഗരത്തിന്മേലുണ്ടാകുന്നത്. വൈണികന്മാർ, വാദ്യക്കാർ, കുഴലൂത്തുകാർ, കാഹളക്കാർ എന്നിവരാൽ ശബ്ദമുഖരിതമായ പട്ടണത്തിൽ ഇനി ഒരിക്കലും അപ്രകാരമുള്ള ഒരു ശബ്ദവുമുയരുകയില്ല എന്നു മാത്രമല്ല നിത്യശൂന്യത അനുഭവപ്പെടും (വെളി.18:21-24).

**അദ്ധ്യായവിഭജനം :**

വെളി.18:1-3 : ബാബിലോണിന്റെ പതനത്തെക്കുറിച്ചുള്ള അറിയിപ്പും പാപവും

| | | |
|---|---|---|
| | | (The Announcement of the Fall of Babylon and her Sin) |
| വെളി.18:4-8 | : | വിശുദ്ധന്മാരോടു ബാബിലോണിൽ നിന്നുള്ള വേർപാടിനുള്ള ആഹ്വാനം<br>(A Call to Saints for Separation From Babylon) |
| വെളി.18:9-10 | : | ഭൂമിയിലെ രാജാക്കന്മാരുടെ വിലാപം<br>(The Lament of the Kings of Earth ) |
| വെളി.18:11-16 | : | ഭൂമിയിലെ വ്യാപാരികളുടെ വിലാപം<br>(The Lament of the Merchants of the Earth) |
| വെളി.18:17-19 | : | ഭൂമിയിലെ നാവികരുടെ വിലാപം<br>(The Lament of the Mariners of the Earth) |
| വെളി.18:20 | : | ബാബിലോണിന്റെ പതനത്തിൽ സ്വർഗ്ഗത്തിലെ സന്തോഷം<br>(Heavens Rejoice over the Fall of Babylon ) |
| വെളി.18:21-24 | : | ബാബിലോണിന്റെ സമ്പൂർണ്ണനാശം<br>(The Complete Destruction of Babylon) |

**ദൈവീകശിക്ഷാവിധിക്കിരയായിത്തീർന്ന ബാബിലോണിന്റെ പാപങ്ങൾ (ബാബിലോൺനഗരത്തിൽ കണ്ട പാപങ്ങൾ) (The Sins of the Babylon, the Great City) —**

(1) ഭൂതങ്ങളുടെ പാർപ്പിടവും ദുരുപദേശങ്ങളുടെ കേന്ദ്രവുമായിത്തീർന്നു (18:1).
(The Great City had become the habitation of demons and false doctrines)

(2) അവളുടെ വേശ്യാവൃത്തിയുടെക്രോധംമദ്യം സകല സകലജാതികൾക്കും കൊടുത്തു (18:3).
(She had given the wine of immorality to all nations)

(3) ഭൂമിയിലെ രാജാക്കന്മാർ അവളോടു വേശ്യാസംഗം ചെയ്തു (18:3).
(She had attracted the kings of earth for committing fornication)

(4) ഭൂമിയിലെ വ്യാപാരികൾ അവളിലെ അസന്മാർഗ്ഗികതയിലൂടെ സമ്പന്നരാക്കപ്പെട്ടു (18:3).
(The Merchants of the earth have become rich by the wealth of her sensuality)

(5) അവളുടെ പാപം സ്വർഗ്ഗത്തോളം കുമിഞ്ഞുകൂടി (18:5).
(Her sins have piled up as high as Heaven)

(6) അവൾ തന്നെത്താൻ മഹത്വപ്പെടുത്തി ജീവിച്ചു (18:7).
(She glorified herself and lived sensuously).

(7) അവളുടെ ആഡംബരജീവിതം ദൈവത്തെ മറന്നു ജീവിക്കുവാനും ദൈവീകന്യായവിധിക്കു ഇരയായും തീർന്നു. പൊന്നു മുതൽ മനുഷ്യനെവരെ വില്ക്കത്തവിധം 29 വിധ സാധനങ്ങളുടെ വ്യാപാരം നടത്തി (18:11-17). (Her prosperity and luxury blinded her to the judgment of God. She had business partnership with Merchants of the world not less than 29 items from gold to man)

(8) അവളുടെ ക്ഷുദ്രത്താൽ സകലജാതികളെയും വശീകരിച്ചു (18:23).
(She had deceived all nations with her sorceries)

(9) പ്രവാചകന്മാരെയും വിശുദ്ധന്മാരെയും കൊല്ലുകയും രക്തം ചിന്തുകയും ചെയ്തു. (18:24).
(She had killed Prophets and Saints and caused for their blood shedding)

(10) മഹാനഗരത്തിന്റെ സമ്പൂർണ്ണനാശം ഒരു മണിക്കൂറുകൊണ്ടു തീർക്കപ്പെടുവാൻ തക്കവണ്ണം അത്രവലിയതായിരുന്നു അവളുടെ പാപം (18:10,19).
(As the sins of the Great City is very high in the sight of God, the judgment will be completed swiftly in one hour).

**വെളിപ്പാട് 17, 18 അദ്ധ്യായങ്ങളിലെ രണ്ടു ബാബിലോണുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ** (മതപരമായ ബാബിലോണും, വാണിജ്യപരമായ ബാബിലോണും) —

(1) 17 > മതപരമായ ബാബിലോണിന്റെ പതനം
18 —> വാണിജ്യപരമായ ബാബിലോണിന്റെ പതനം.

(2) 17 > അന്ത്യലോകമതത്തിന്റെയും വ്യവസ്ഥിതികളുടെയും നാശം
18 —> പിശാചിന്റെ ഇരിപ്പിടമായ ആഡംബരലോകനഗരത്തിന്റെ നാശം

(3) 17 > വേശ്യയുടെ പേര് - മർമ്മം: മഹതിയാം ബാബിലോൺ
18 —> മഹാനഗരത്തിന്റെ പേര് — മഹതിയാം ബാബിലോൺ

(4) 17 > മാർമ്മികബാബിലോൺ പ്രതീകാത്മമാണ് (മർമ്മം).
18 —> ബാബിലോൺ ആക്ഷരികപട്ടണമാണ് (മർമ്മമല്ല).

(5) 17 > ബാബിലോണിനെ മഹാവേശ്യയായി ചിത്രീകരിച്ചിരിക്കുന്നു.

18 —> മ്ലേച്ഛതയുടെ മഹാനഗരമായി പറഞ്ഞിരിക്കുന്നു.

(6) 17 > ഏഴു ക്രോധകലശമുള്ള ദൂതന്മാരിൽ ഒരുവൻ യോഹന്നാനു വിശദീകരിക്കുന്നു
—> 18 മറ്റൊരു ദൂതൻ മഹാനഗരത്തിന്റെ പതനത്തെ പ്രഖ്യാപിക്കുന്നു.

(7) 17 > ദൂതൻ മഹതിയാം ബാബിലോൺ എന്ന മർമ്മത്തെ വിശദീകരിച്ചു കൊടുക്കുന്നു.
18 —> മർമ്മമല്ലാത്തതിനാൽ ദൂതൻ വിശദീകരിക്കുന്നില്ല.

(8) 17 > പിന്നെ എന്ന വാക്കോടെ ആരംഭിക്കുന്നു - (ഏഴു കലശങ്ങൾക്കുശേഷം).
18 —> അനന്തരം എന്ന വാക്കോടെ ആരംഭിക്കുന്നു —
17 -ലെ സംഭവശേഷം പുതിയ ദർശനത്തിനു ആരംഭം

(9) 17 > സ്ത്രീ (വ്യാജസഭ) മൃഗത്തിന്മേൽ സഞ്ചരിക്കുന്നു (17:3).
18 —> ഒന്നിന്റെ മേലും ഇരിക്കുകയോ സഞ്ചരിക്കുകയോ ചെയ്യുന്നില്ല.

(10) 17 > പത്തു കൊമ്പുകളായ രാജാക്കന്മാർചേർന്നു സഭാബാബിലോണിനെ നശിപ്പിക്കുന്നു(17:16).
18 —> ദൈവം നേരിട്ടു നശിപ്പിക്കുന്നു (18:8).

(11) 17 > സഭാബാബിലോണിനോടു ഭൂരാജാക്കന്മാർ ദ്വേഷിക്കുന്നു, നാശത്തിൽ ആനന്ദിക്കുന്നു (17:16).
18 —> മഹാനഗരത്തിന്റെ നാശത്തിൽ രാജാക്കന്മാർ, വ്യാപാരികൾ, കപ്പൽക്കാർ വിലപിക്കുന്നു.

(12) 17 > രാജാക്കന്മാർ സത്രീയുടെ മാംസം തിന്നുന്നു (17:16).
18 —> രാജാക്കന്മാർക്കു തിന്നുവാൻ അതിൽ നിന്നു ഒന്നും ലഭിക്കുകയില്ല.

(13) 17 > സ്ത്രീയെ നശിപ്പിക്കുവാൻ ദൈവം മനുഷ്യരുടെ ഹൃദയത്തിൽ തോന്നിപ്പിച്ചു (17:17:12-17).
18 —> മഹാനഗരത്തെ നശിപ്പിക്കുവാൻ അങ്ങനെ ചെയ്തില്ല. ദൈവത്താൽ നശിപ്പിക്കപ്പെടുന്നു.

(14) മാർമ്മികബാബിലോണിനെ നശിപ്പിക്കുന്നതിനുള്ള സമയദൈർഘ്യം പറഞ്ഞിട്ടില്ല.
18 —> അക്ഷരികബാബിലോൺ ഒരു മണിക്കൂർ അഥവാ നിമിഷനേരത്തിനകം നശിപ്പിക്കപ്പെടുന്നു (18:8,10,17).

(15) 17 > ലോകരെ വഞ്ചിച്ചു ആഡംബരത്തിൽ കഴിയുന്നു (17:4)
18 —> മഹാനഗരത്തോടു കൂട്ടുകൂടുന്നവർ സമ്പന്നരായിത്തീരുന്നു.

(16) 17 > മാർമ്മികബാബിലോണിൽ വ്യാപാരത്തെക്കുറിച്ചു പറഞ്ഞിട്ടില്ല.
18 —> അക്ഷരീകബാബിലോണിൽ പൊന്നു മുതൽ മനുഷ്യൻവരെയുള്ള 29 വിധ വസ്തുക്കളുടെ വ്യാപാരത്തെക്കുറിച്ചു പറയുന്നു (18:11-14).

**വെളി.18:1 — അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു** (After these things I saw another angel coming down from heaven, having great authority, and the earth was illuminated with his glory) —

സഭാബാബിലോൺ അഥവാ ബാബിലോണിയൻ മർമ്മങ്ങൾ പകർത്തി അനുകരിച്ച ലോകമത വ്യവസ്ഥയുടെ നാശവിവരണത്തിനു ശേഷം യോഹന്നാൻ മറ്റൊരു ദർശനത്തിനു ആരംഭം കുറിക്കുന്നു. അന്തിക്രിസ്തുവിന്റെ ആസ്ഥാനവും, ബാബിലോണിയൻ മർമ്മങ്ങൾ ഉൾക്കൊണ്ടു ആഡംബരത്തോടെ അഴിഞ്ഞാടി ജീവിക്കുന്ന ഒരു മഹാനഗരത്തിന്റെ നാശത്തെക്കുറിച്ചുള്ള വിശദീകരണമാണിത്. അനന്തരം (After these things) എന്ന വാക്കുകളോടെ ആരംഭിക്കുന്ന ദർശനവിശദീകരണം ന്യായവിധിയുടെ വിളംബരം ചെയ്യുന്ന ദൂതന്റെ നാലു പ്രത്യേകതകളെ വെളിപ്പെടുത്തുന്നു (1) മറ്റൊരു ദൂതൻ — another angel (2) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്നു — coming down from heaven (3) വലിയ അധികാരമുള്ള ദൂതൻ — having great authority (4) ദൂതന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു — the earth was illuminated with his glory.

**അനന്തരം** (After these things) —

അനന്തരം എന്ന പ്രയോഗം വെളിപ്പാടു പുസ്തകത്തിൽ ആവർത്തിച്ചുപയോഗിച്ചിട്ടുണ്ട്. അനന്തരം (4:1,18:1,19:1,19:11,20:1), ഇതിന്റെ ശേഷം (7:9,15:5), പിന്നെ (11:1,14:1,14) എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ പുതിയ ദർശനം അഥവാ പുതിയ വിവരണത്തിനു ആരംഭം കുറിക്കുന്നവയാണ്. പതിനെട്ടാം അദ്ധ്യായത്തിലെ പ്രഥമവാക്യത്തിൽ ഉപയോഗിച്ചിരിക്കുന്ന അനന്തരം എന്ന വാക്കും പുതിയൊരു ദർശനവിശദീകരണത്തിനു ആരംഭം കുറിക്കുന്നതാണ്. പതിനേഴാം അദ്ധ്യായത്തിൽ വിശദീകരിച്ച സഭാബാബിലോണിന്റെ നാശത്തിനു ശേഷമുള്ള കാര്യങ്ങളാണ് ഇനി പറയുവാൻ പോകുന്നതെന്നും ഇതിലൂടെ വ്യക്തമാകുന്നു. 17,18 അദ്ധ്യായങ്ങൾ ബാബിലോണിന്റെ നാശത്തിന്റെ രണ്ടു വീക്ഷണങ്ങളല്ല മറിച്ചു രണ്ടു അദ്ധ്യായങ്ങളും രണ്ടു കാര്യങ്ങളെ അഥവാ മതപരമായ ബാബിലോണിന്റെ നാശത്തെയും മഹാനഗരമായബാബിലോണിന്റെ നാശത്തെയും വെവ്വേറെ ചിത്രീകരിക്കുന്നതാണെന്നും വെളിപ്പെടുന്നു. വെളിപ്പാടു 18-ൽ വിവരിക്കുന്ന മഹാനഗരമായ ബാബിലോണിന്റെ നാശം വെളിപ്പാടു 16 -ൽ വിവരിച്ച ഏഴു ക്രോധകലശത്താലുള്ള ന്യായവിധിയോടു ബന്ധപ്പെട്ടിരിക്കുന്നു.

**ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു കണ്ടു:** (After these

things I saw another angel coming down from heaven, having great authority) —

**മറ്റൊരു ദൂതൻ** (another angel) —

സഭാബാബിലോണിന്റെ മർമ്മങ്ങളും അതിന്റെ നാശത്തെയും വിശദീകരിച്ചുകൊടുത്ത ദൂതനല്ല ഇവിടെ രംഗപ്രവേശനം ചെയ്യുന്നത്. മർമ്മം മഹതിയാം ബാബിലോൺ എന്ന മഹാവേശ്യയുടെ മർമ്മങ്ങൾ വിശദീകരിച്ചത് ഏഴുക്രോധകലശങ്ങളുമായി വന്ന ഒരു ദൂതനായിരുന്നുവെങ്കിൽ (17:1) മഹതിയാം ബാബിലോൺ എന്ന മഹാനഗരത്തിന്റെ നാശം വിശദീകരിക്കുന്നത് മറ്റൊരു ദൂതനാണ് (18:1). മറ്റൊരു എന്നതിനു മൂലഭാഷയായ ഗ്രീക്കിൽ അല്ലോസ് (allos) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം അതേ തരത്തിലുള്ള മറ്റൊരു ദൂതൻ (allos = another of the same kind) എന്നാണ്. മറ്റൊരു ദൂതൻ അധികാരവും തേജസ്സും ഉള്ളവനായി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്നതിനാൽ പ്രസ്തുത ദൂതൻ ക്രിസ്തുവാണെന്നു ചിന്തിക്കുന്നവരുണ്ട്. എന്നാൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന മൂലഭാഷയിലെ പ്രയോഗം അതേ തരത്തിലുള്ള മറ്റൊരു ദൂതൻ എന്നതിനെ വ്യക്തമാക്കുന്നതിനാൽ അതു കർത്താവാണെന്നു ചിന്തിക്കുവാൻ പാടില്ല. സ്വർഗ്ഗീയദൂതന്മാർ ഏറിയ അധികാരങ്ങളും പദവികളും ഉള്ളവരാണ്. ആകയാൽ മറ്റൊരു ദൂതൻ എന്ന വിശേഷണം വെളിപ്പാട് 17 -ൽ കാണപ്പെട്ട തരത്തിലുള്ള മറ്റൊരു ദൂതനെന്നാണ് ഇവിടെയും എടുക്കേണ്ടത്.

**വലിയ അധികാരം** (having great authority) —

ദൂതനെക്കുറിച്ചുള്ള വിശേഷത വലിയ അധികാരമുള്ള ദൂതൻ എന്നാണ്. അധികാരം എന്നതിനു ഗ്രീക്കിൽ എക്സൗസിയ (exousia) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം, അധികാരം, പ്രവർത്തിക്കുവാനുള്ള ശക്തി (exousia = liberty to act, authority for execution, power to do anything) എന്നൊക്കെയാണ്. സ്വർഗ്ഗീയ ദൂതന്മാർ പൊതുവേ ഏറിയ അധികാരമുള്ളവരാണ്. മഹാനഗരമായ ബാബിലോണിന്റെ ന്യായവിധി ഭൂവാസികളെ അറിയിക്കുവാനും അതു നടത്തുവാനും ദൈവത്തിനുവേണ്ടി ചുമതല നിർവ്വഹിക്കുവാനും ഏല്പിക്കപ്പെട്ടതിനാലാണ് വലിയ അധികാരമുള്ളവൻ എന്നു പറഞ്ഞിരിക്കുന്നത്.

ദൈവത്തെ ആരാധിപ്പാനും ദൈവീകകാര്യപരിപാടികൾ നിവർത്തിപ്പാനും (എബ്രാ.1:6), ദൈവമക്കളെ ശുശ്രൂഷിക്കാനുമാണ് (എബ്രാ.1:14) ദൈവം ദൂതന്മാരെ സൃഷ്ടിച്ചത് . ദൂതന്മാർ ആത്മരൂപികളെങ്കിലും ഏറിയ അധികാരവും ശക്തിയുമുള്ളവരാണെന്നു തിരുവചനത്തിലൂടെ നമുക്കു വ്യക്തമാകുന്നുണ്ട്. ബലവും ശക്തിയും ഏറിയ ദൂതന്മാർ കർത്താവിന്റെ സന്നിധിയിൽ ഉണ്ടെന്നു പത്രൊസും (2.പത്രൊ.2:11), അവർ ദൈവത്തിന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരെണെന്നു ദാവീദും (സങ്കീ.103:20), ന്യായവിധി ദിവസം യഹോവ തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരുമെന്നു പൗലൊസും (2.തെസ്സ.1:6) പറയുന്നു. ഒരൊറ്റദൂതന്റെ ശക്തിയും അധികാരവും തിരുവചനം വ്യക്തമാക്കുന്നുണ്ട്. അശൂർ പാളയത്തിലെ 1,85,000 ആളുകളെ ഒറ്റ രാത്രികൊണ്ടു ഒരു ദൂതൻ കൊന്നുകളഞ്ഞു (2.രാജാ.19:35). ദാൻ മുതൽ ബേർശേബ വരെ ജനത്തിൽ 70,000 പേരെ ഒരു ദൂതൻ കൊന്നുകളഞ്ഞു (2.ശമൂ.24:15,16). റോമൻ പടയാളികൾ ആയുധങ്ങളുമായി കാവൽ നിൽക്കവേ റോമൻ ഭരണകൂടത്തിന്റെ ഔദ്യോഗിക മുദ്രയെ തകർത്തു കർത്താവിന്റെ കല്ലറയുടെ കല്ലു ഉരുട്ടി നീക്കിയതും ഒരു ദൂതനാണ് (മത്താ.28:2). വെളിപ്പാടു പുസ്തകത്തിന്റെ അന്ത്യത്തിൽ ഒരു ദൂതൻ പിശാചിനെ ബന്ധിച്ചു ആയിരം ആണ്ടേക്കു ചങ്ങലക്കിടും (വെളി.20:1-3). മഹാനഗരമായ ബാബിലോണിന്റെ ന്യായവിധി പ്രഖ്യാപനത്തിനും അതിന്റെ പൂർത്തീകരണത്തിനുമായി കർത്താവു തന്റെ ശക്തിയുള്ള ദൂതന്മാരിൽ ഒരുവനെ വലിയ അധികാരം നൽകി അയെക്കുന്നു (വെളി.18:1).

**സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ദൂതൻ** (angel coming down from heaven) —

ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു എന്നത് മഹാനഗരത്തിന്റെ ന്യായവിധി ദൈവത്തിൽ നിന്നു അഥവാ സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ നിന്നു പുറപ്പെടുന്നു എന്നതിനെ കുറിക്കുന്നു. ദൈവം സർവ്വവ്യാപിയാണെങ്കിലും സ്വർഗ്ഗമാണ് ദൈവത്തിന്റെ വാസസ്ഥലം. അതുപോലെ ദൂതന്മാരുടെയും വാസസ്ഥലം സ്വർഗ്ഗമാണ് (മത്താ.18:11). ദൈവീകാജ്ഞകൾ നിറവേറ്റുവാൻ സദാസന്നദ്ധരായി ദൈവസന്നിധിയിൽ ദൂതന്മാർ പാർക്കുന്നു. മഹോപദ്രവ കാലാന്ത്യത്തിൽ സാത്താന്റെ ഇരിപ്പിടവും ഭൂതാത്മക്കളുടെ തടവറയും സകലമ്ലേച്ഛതകളുടെയും ഉറവിടമായ ബാബിലോൺ എന്ന മഹാനഗരത്തിന്മേലുള്ള ന്യായവിധി നടത്തുവാൻ ദൈവം സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനെ അയെക്കുന്നു.

**അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു** (and the earth was illuminated with his glory) —

സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ദൂതന്റെ തേജസ്സിനാൽ ഭൂമി പ്രകാശിക്കുവാനിടയായി. തേജസ്സ് എന്നതിനു ഗ്രീക്കിൽ ഡോക്സാ (doxa) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഈ പദത്തിനർത്ഥം മഹത്വം, പദവി, ബഹുമാനം (glory, dignity, honour) എന്നിവയാണ്. എന്നാൽ പ്രകാശിച്ചു എന്ന പദ

ത്തോട് ചേർന്നുപയോഗിച്ചിരിക്കുന്നതിനാൽ മഹത്വം അഥവാ പദവി പ്രകാശിച്ചു എന്നുള്ളതിനേക്കാൾ പ്രകാശം അഥവാ തേജസ്സ് എന്ന ആശയം എടുക്കുന്നതാണ് ഇവിടെ അനുയോജ്യം. സ്വർഗ്ഗം എപ്പോഴും പ്രകാശത്താൽ നിറയപ്പെട്ടിരിക്കുന്നു. അടുത്തുകൂടാത്ത വെളിച്ചത്തിൽ തേജോമയനായ ദൈവം വസിക്കുന്നുവെന്നും (1.തിമൊ.6:16), വസ്ത്രം ധരിക്കുന്നതുപോലെ ദൈവം പ്രകാശത്തെ ധരിക്കുന്നവെന്നും (സങ്കീ.104:2) തിരുവചനത്തിൽ വായിക്കുന്നു. മോശെ സീനായ്പർവ്വതത്തിൽ ദൈവസന്നിധിയിൽ നിന്നിറങ്ങി വന്നപ്പോൾ മോശെയുടെ മുഖത്തേക്കു യിസ്രായേൽ ജനത്തിനു നോക്കുവാൻ കഴിയാത്ത വിധം മോശെയുടെ മുഖം തേജസ്സിനാൽ നിറഞ്ഞിരുന്നു (പുറ.34:29-35). തേജോമയായ ദൈവത്തിന്റെ സന്നിധിയിൽ മോശെ ചിലദിവസങ്ങൾ ഇരുന്നപ്പോൾ പകരപ്പെട്ട തേജസ്സുകൊണ്ടാണ് ജനത്തിനു മോശെയെ നോക്കുവാൻ പ്രയാസമായത്. എങ്കിൽ സദാദൈവസന്നിധിയിൽ കഴിയുന്ന ദൂതന്റെമേൽ പകരപ്പെടുന്ന തേജസ്സു എത്രമാത്രമായിരിക്കുമെന്നു ചിന്തിക്കുവാനേ സാദ്ധ്യമല്ല. കർത്താവിന്റെ ക്രൂശീകരണത്തിനു ശേഷം ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ, അതിരാവിലെ കർത്താവിന്റെ കല്ലറക്കൽ എത്തിയ സ്ത്രീകൾ കാണുന്നത് സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന ഒരു ദൂതനെയാണ്. ദൂതന്റെ രൂപം മിന്നലിനു ഒത്തതും അവന്റെ ഉടുപ്പു ഹിമംപോലെ വെളുത്തതും ആയിരുന്നു (മത്താ.28:1-3) എന്നു വിവരിച്ചിരിക്കുന്നു. ഒരു ദൂതന്റെ തേജസ്സ് അഥവാ പ്രഭ മിന്നലിനൊത്തവിധത്തിൽ കണ്ണഞ്ചിപ്പിക്കുന്നതെങ്കിൽ തേജോമയനായ ദൈവം അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും തേജസ്സിന്റെ ഉറവിടവുമാണ്.

കാലാന്ത്യത്തിൽ മഹാനഗരമായ ബാബിലോണിന്റെ ന്യായവിധി നടത്തുവാനായി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന ദൂതന്റെ തേജസ്സിനാൽ ഭൂമി പ്രകാശിക്കുവാനിടയായി എന്നു യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. അതിവിശാലമായ ഭൂമിയെ മുഴുവൻ പ്രകാശിപ്പിക്കുവാൻ ഒരു ദൂതന്റെ പ്രത്യക്ഷതയാൽ സാധിച്ചെങ്കിൽ ദൈവത്തിന്റെ തേജസ്സിന്റെ വലിപ്പം സങ്കല്പങ്ങൾക്കതീതമാണ്. "*ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല*" (1.യോഹ.1:5) എന്നു കർത്താവിന്റെ മഹിമ കണ്ട സാക്ഷിയായ യോഹന്നാൻ തന്റെ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. കർത്താവിന്റെ "*മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെയെന്നു*" യോഹന്നാൻ വെളിപ്പാടു പുസ്തകാരംഭത്തിൽ പറഞ്ഞിരിക്കുന്നു (വെളി.1:16). തിരുവചനത്തിൽ വെളിച്ചം കളങ്കമില്ലായ്മയെയും, വിശുദ്ധിയെയും, പാപത്തിന്റെ അന്ധകാരം നീക്കുന്നതിനെയും (Purity, holiness, removing darkness of sin) കുറിക്കുന്നു. അന്ധകാരലോകാധിപതിയായ സാത്താന്റെ പ്രവർത്തനത്താൽ ഭൂമി ആത്മീകാന്ധകാരത്തിൻ കീഴിൽ മൂടപ്പെട്ടിരിക്കുന്നു. കർത്താവു ഭൂമിയിലേക്കു വന്നത് അന്ധകാരം മൂടപ്പെട്ട ലോകത്തിൽ തന്റെ വെളിച്ചം പകരുവാനാണ്. കർത്താവിൽ വിശ്വസിച്ചു തന്നിൽ അഭയം പ്രാപിക്കുന്നവർക്കു ദൈവതേജസ്സു ലഭിക്കുവാനും അവർ വെളിച്ചങ്ങളായി അന്ധകാരലോകത്തിൽ പ്രകാശിക്കുവാനുമിടയാകുന്നു.

മഹോപദ്രവനാളുകളിൽ വെളിച്ചമായ ദൈവത്തെ ഉപേക്ഷിച്ചു അന്ധകാരശക്തിയായ സാത്താനെയും മൃഗത്തെയും പിൻപറ്റുന്നതിനാൽ ഭൂവാസികൾ അന്ധകാരത്തിൽ അമരുന്നു. സകലമ്ലേച്ഛതകളുടെയും സാത്താന്റെ വാസസ്ഥലവുമായ ബാബിലോൺ എന്ന മഹാനഗരത്തെ ദൈവം നശിപ്പിക്കുവാൻ പോകുന്നു. അതിനായി സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനെ അയെക്കുന്നു. ദൂതന്റെ പ്രത്യക്ഷതയിൽ ഭൂമി മുഴുവനും പ്രകാശത്തിൽ മുഴുകുന്നു. അഞ്ചാമത്തെ ക്രോധകലശത്താൽ മൃഗത്തിന്റെ സാമ്രാജ്യം ഏറെ നാളുകളായി അന്ധകാരത്തിലായതാണ്. **വെളി.16:10 —** "*അഞ്ചാമത്തവൻ തന്റെ കലശം മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചു; അപ്പോൾ അതിന്റെ രാജ്യം ഇരുണ്ടുപോയി.*" അന്യോന്യം കാണുവാനോ, എഴുന്നേറ്റു നടക്കുവാനോ, എന്തെങ്കിലും പ്രവർത്തിക്കുവാനോ, ആഹാരം പാകം ചെയ്തു ഭക്ഷിക്കുവാനോ ആകാത്തവിധം കൂരിരുട്ടിൽ കഴിയുകയായിരുന്നു മൃഗവും അവന്റെ അനുയായികളും ഉൾക്കൊള്ളുന്ന സാമ്രാജ്യം. എന്നാൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ദൂതന്റെ തേജസ്സിനാൽ മൃഗത്തിന്റെ സാമ്രാജ്യമാകവേ വെളിച്ചത്തിലമർന്നു. കുറ്റാകൂരിരുട്ടിൽ കഴിയവേ പെട്ടെന്നുണ്ടായ അതിഭയങ്കരമായ വെളിച്ചവും ദൂതന്റെ പ്രത്യക്ഷതയും മൃഗത്തെയും മൃഗത്തിന്റെ ആരാധകരയായ ഭൂവാസികളെയും ഒരുപോലെ അമ്പരിപ്പിച്ചിരിക്കും എന്നതിൽ സംശയമില്ല. ദൈവത്തിന്റെ തേജസ്സ് അഥവാ പ്രഭ കൃപാകാലത്ത് പാപികളെ അന്ധകാരത്തിൽ നിന്നു വിടുവിച്ചു നിത്യതേജസ്സിനാൽ നിറക്കുന്നു. എന്നാൽ മഹാനഗരമായ ബാബിലോണിന്റെ നാശത്തോടനുബന്ധിച്ചു പ്രത്യക്ഷപ്പെടുന്ന ദൈവതേജസ്സ്, ദൈവകോപത്തെയും ദൈവന്യായവിധിയെയും കുറിക്കുന്നു.

**വെളി.18:2 — അവൻ ഉറക്കെ വിളിച്ചുപറഞ്ഞതു: വീണുപോയി; മഹതിയാം ബാബിലോൻ വീണുപോയി; ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറെപ്പുമുള്ള സകലപക്ഷികളുടെയും തടവുമായിത്തീർന്നു** (And he cried mightily with a loud voice, saying, "Babylon the great is fallen, is fallen, and has become a dwelling place of demons, a prison for every foul spirit, and a cage for every unclean and hated bird!) —

മഹാനഗരമായ ബാബിലോണിന്മേൽ ഉണ്ടാകുന്ന ന്യായവിധിയുടെ പ്രഖ്യാപനവും, ദൈവീക ന്യായവിധിക്കു കാരണമായിത്തീർന്ന ബാബിലോണിന്റെ പാപാവസ്ഥയുമണ് ഈ വാകൃത്തിൽ കാണുന്നത് (The announcement of the fall of Babylon and the present state of sin in the city).

ദൂതന്റെ ന്യായവിധി പ്രഖ്യാപനം — *"അവൻ ഉറക്കെ പറഞ്ഞതു : വീണുപോയി; മഹതിയാം ബാബിലോൻ വീണുപോയി."*

മഹാനഗരമായ മഹതിയാം ബാബിലോണിന്റെ പാപത്തിന്റെ അവസ്ഥ — (1) ദുർഭൂതങ്ങളുടെ പാർപ്പിടം — dwelling place of demons (2) സകല അശുദ്ധാത്മക്കളുടെയും തടവറ — prison for every foul spirit (3) അശുദ്ധിയും അറെപ്പുമുള്ള സകലപക്ഷികളുടെയും തടവറ — Cage for every unclean and hated bird.

**അവൻ ഉറക്കെ വിളിച്ചുപറഞ്ഞതു: വീണുപോയി; മഹതിയാം ബാബിലോൻ വീണുപോയി** (And he cried mightily with a loud voice, saying, "Babylon the great is fallen, is fallen) —

സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന വലിയ അധികാരമുള്ള ദൂതൻ ബാബിലോണിന്റെ പതനത്തെക്കുറിച്ചു ഉറക്കെ വിളിച്ചു പറയുന്നു. ഉറക്കെയെന്നത് ഭൂവാസികൾ സകലരും കേൾക്കത്തക്കവിധത്തിലെന്നതിനെ വെളിപ്പെടുത്തുന്നു. ഭൂമിയിലെല്ലാവർക്കും കാണത്തക്കവിധത്തിലും കേൾക്കത്തവിധത്തിലുമായിരുന്നു ദൂതന്റെ പ്രതൃക്ഷതയും ന്യായവിധി അറിയിപ്പും. അഞ്ചാമത്തെ ക്രോധകലശത്തെ തുടർന്നു കൂരിരുട്ടിൽ കഴിഞ്ഞ ഭൂവാസികൾക്കു ദൂതന്റെ തേജസ്സേറിയ പ്രതൃക്ഷതയാലുള്ള വെളിച്ചവും, ഇടിവെട്ടുന്നപോലുള്ള വലിയശബ്ദവും  അവരിൽ ഭീതിയും നടുക്കവും ഉണ്ടാക്കുന്നവയായിരുന്നു.

ആകാശമദ്ധ്യേ ഉയർന്നുകേട്ട അത്യുച്ചത്തിലുള്ള ശബ്ദം ഭൂവാസികളെ നടുക്കിയതോടൊപ്പം അവർ താമസിക്കുന്ന മഹാനഗരത്തിന്റെ പതനത്തിന്റെ വാർത്ത മൃഗത്തെയും ആരാധകരെയും ഏറെ ഭ്രമിപ്പിച്ചിരിക്കും. *"വീണുപോയി, മഹതിയാം ബാബിലോൺ വീണുപോയി"* എന്നുള്ളതായിരുന്നു ദൂതന്റെ അറിയിപ്പ്. "വീണുപോയി, വീണുപോയി " എന്ന് രണ്ടുപ്രാവശ്യം പറയുന്നത് രണ്ടു കാര്യങ്ങളെ വെളിപ്പെടുത്തുന്നു. ഒന്നാമതായി ആവർത്തിച്ചു പറയുന്നത്, പറയുന്ന കാര്യത്തിനു ഊന്നൽ കൊടുക്കുവാനാണ്. അതായത് ബാബിലോണിന്റെ പതനം നിശ്ചയമായി നടക്കും എന്നതിനെ കുറിക്കുന്നു. രണ്ടാമതായി "വീണുപോയി വീണുപോയി" എന്നുള്ള രണ്ടു പ്രഖ്യാപനങ്ങൾ ഒന്നു "മതപരമായ ബാബിലോണിന്റെ വീഴ്ചയെയും" (വെളി.17), രണ്ട് "വാണിജ്യപരമായ ബാബിലോണിന്റെ വീഴ്ചയെയും" (വെളി.18) കുറിക്കുന്നു.

*"വീണുപോയി, മഹതിയാം ബാബിലോൺ വീണുപോയി"* എന്ന ദൂതന്റെ പ്രഖ്യാപനം യെശയ്യാപ്രവാചകന്റെ വാക്കുകളോടു ചേരുന്നു. പേർഷ്യൻ രാജാവായ കോരെശ് ബാബിലോണിനെ കീഴടക്കിയപ്പോൾ യെശയ്യാപ്രവാചകൻ പറഞ്ഞത് — **യെശ.21:9 —** *"വീണു, ബാബേൽ വീണു! അതിലെ ദേവന്മാരുടെ വിഗ്രഹങ്ങളൊക്കെയും നിലത്തു വീണു തകർന്നു കിടക്കുന്നു എന്നും അവൻ പറഞ്ഞു."*

ക്രോധകലശം ചൊരിയപ്പെടുന്നതിനു മുമ്പായി ബാബിലോണിന്റെ വീഴ്ചയെ ആകാശമദ്ധ്യേ പ്രതൃക്ഷപ്പെട്ട ഒരു ദൂതൻ ഭൂവാസികളെ മുന്നമേ അറിയിച്ചിട്ടുണ്ട്. **വെളി.14:8 —** *"രണ്ടാമതു വേറൊരു ദൂതൻ പിൻചെന്നു: വീണുപോയി; തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി എന്നു പറഞ്ഞു."* ഇപ്രകാരം മഹാനഗരമായ ബാബിലോണിന്റെ പതനം മുന്നറിയിച്ചതും (14:8), സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ദൂതന്റെ പ്രഖ്യാപനവും (18:1,2) ഏഴാമത്തെ ക്രോധകലശത്തിന്റെ പതനത്താൽ (16:17-20) നടക്കുന്നു എന്നത് ശ്രദ്ധേയമാണ്. **വെളി.16:17-20 —** *"ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു; അപ്പോൾ സംഭവിച്ചുതീർന്നു എന്നു ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽ നിന്നു വന്നു. മിന്നലും, നാദവും, ഇടിമുഴക്കവും, വലിയ ഭൂകമ്പവും ഉണ്ടായി; ഭൂമിയിൽ മനുഷ്യർ ഉണ്ടായതുമുതൽ അതുപോലെ അത്ര വലുതായൊരു ഭൂകമ്പം ഉണ്ടായിട്ടില്ല. മഹാനഗരം മൂന്നംശമായി പിരിഞ്ഞു; ജാതികളുടെ പട്ടണങ്ങളും വീണുപോയി; ദൈവകോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാബാബിലോണു കൊടുക്കേണ്ടതിന്നു അവളെ ദൈവസന്നിധിയിൽ ഓർത്തു. സകലദ്വീപും ഓടിപ്പോയി; മലകൾ കാണ്മാനില്ലാതെയായി."*

### (1) ദുർഭൂതങ്ങളുടെ പാർപ്പിടം — dwelling place of demons —

ഏറെ ജനസാന്ദ്രതയുള്ള മഹാനഗരമായ ബാബിലോൺ പട്ടണം ദുർഭൂതങ്ങളുടെ പാർപ്പിടം ആയിത്തീർന്നിരിക്കുന്നു. ബാബിലോണിന്മേൽ ദൈവീകന്യായവിധി അയെക്കാനുള്ള ആദ്യകാരണവും ഇതു തന്നെയാണ്. സാത്താന്റെ സിംഹാസനവും ഭരണസിരാകേന്ദ്രവും ബാബിലോണിലായതുകൊണ്ടാണ് ദുർഭൂതങ്ങൾ അവരുടെ വാസസ്ഥലമായി തിരഞ്ഞെടുത്തിരിക്കുന്നത്. സാത്താന്റെ സഹായികളായ ദുർഭൂതങ്ങൾക്കു പ്രവർത്തിക്കുവാൻ ഏറെ സ്വാതന്ത്ര്യമുള്ള സ്ഥലമായതുകൊണ്ടാണ് ബാബിലോൺ നഗരം അവയുടെ പാർപ്പിടമാക്കിയിരിക്കുന്നത്.

കർത്താവും തന്റെ രക്തത്താൽ വിലക്കു വാങ്ങപ്പെട്ടവരും മുന്തിരിവള്ളിയും കൊമ്പുകളുമെന്ന പോലെ അന്യോന്യം വസിക്കുന്നവരാണ്. വിശ്വാസി കർത്താവിൽ വസിക്കുമ്പോൾ വളരെ ഫലം കായ്ക്കുവാൻ ഇടയാകുന്നു (യോഹ.15:5). വിശ്വാസികൾ ദൈവത്തിന്റെ മന്ദിരമാണ്. ആ മന്ദിരത്തിൽ പരിശുദ്ധാത്മാവാം ദൈവം വസിക്കുന്നു (1.കൊരി.6:19). വിശ്വാസികൾ മൂലക്കല്ലായ ക്രിസ്തുവിൽ പണിയപ്പെടുന്ന വിശുദ്ധമന്ദിരമാണ് (എഫെ.2:20). ക്രിസ്തുവിന്റെ മണവാട്ടിയായ സഭ ദൈവത്തിന്റെ നിവാസമാണ് (എഫെ.2:22). ദൈവവും ദൈവമക്കളും ഇപ്രകാരമുള്ള വിശുദ്ധബന്ധത്തിൽ അന്യോന്യം വസിക്കുകയും നന്മയായ കാര്യങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ ബാബിലോൺ പിശാചിന്റെ നിവാസമായിത്തീർന്നിരിക്കുന്നു. തിന്മയുടെ ഉറവിടമായ സാത്താനും അവന്റെ കൂട്ടാളികളായ ഭൂതങ്ങളും ഒരുമിച്ചുവസിച്ച് സകല ദുഷ്ടതകൾക്കും മ്ലേച്ഛതകൾക്കും നേതൃത്വം നൽകി അനേകരെ അവരുടെ പാപങ്ങൾക്കു പങ്കാളികളാക്കുന്നു.

വിശുദ്ധദൂതന്മാരിൽ ഒരു വിഭാഗം പാപം ചെയ്തപ്പോൾ സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കപ്പെട്ടവരാണ് സാത്താന്യദൂതന്മാർ. എബ്രായഭാഷയിൽ സേറ്റൻ (Satan) എന്നും ഗ്രീക്കിൽ സാറ്റനാസ് (Satanas) എന്നുമുള്ള പദങ്ങളിൽ നിന്നാണ് സാത്താൻ എന്ന പേര് വന്നിട്ടുള്ളത്. ഗ്രീക്കിൽ ഭൂതം, ദുർഭൂതം, ദുരാത്മാവ് എന്നീ അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന ഡെയ്മോൻ (Daimon) എന്ന പദവും ഉപയോഗിച്ചിരിക്കുന്നു. സാത്താന്യദൂതന്മാരെ അവരുടെ പ്രവർത്തനത്തോടു ബന്ധപ്പെടുത്തി നാലായി തിരിക്കാം. (1) സാത്താൻ (2) സ്വതന്ത്രസാത്താന്യദൂതന്മാർ (3) ബന്ധനസ്ഥരായ സാത്താന്യദൂതന്മാർ (4) ദുരാത്മാക്കൾ അഥവാ ഭൂതങ്ങൾ. സാത്താനാണ് ഭൂതങ്ങളുടെയും അശുദ്ധാത്മാക്കളുടെയും തലവൻ. സാത്താനും അവന്റെ സഹായികളുമായ ദർഭൂതങ്ങളും അശുദ്ധാത്മാക്കളും ചേർന്നു സകല തിന്മകളും ഭൂമിയിൽ പ്രവർത്തിക്കുന്നു.

### (2) സകല അശുദ്ധാത്മക്കളുടെയും തടവറ — prison for every foul spirit —

ദൈവീകന്യായവിധിക്കു കാരണമായിത്തീർന്ന മഹാനഗരമായ ബാബിലോൺ സകല അശുദ്ധാത്മാക്കളുടെയും തടവറ എന്നാണ് അതിന്മേൽ ആരോപിക്കപ്പെട്ട രണ്ടാമത്തെ പാപം. ബാബിലോൺ ദുർഭൂതങ്ങളുടെ പാർപ്പിടം എന്നത് സാത്താന്റെ അനുയായികളായ ഭൂതങ്ങൾക്കു സ്വതന്ത്രരായി അവിടെ പ്രവർത്തിക്കുവാൻ കഴിയുന്നതും ആയതിനാൽ അവ തങ്ങളുടെ വാസസ്ഥലമാക്കിയും അവിടെ കഴിയുന്നു. എന്നാൽ അശുദ്ധാത്മാക്കൾക്കു ബാബിലോൺനഗരം തടവറയായിരിക്കുന്നു. അതായത് സാത്താന്റെയും മൃഗത്തിന്റെയും ആവശ്യങ്ങൾക്കുപയോഗിക്കുവാൻ കരുതൽസേനയെന്നോണം അശുദ്ധാത്മാക്കളെ അവർ അവിടെ ബന്ധിച്ചിരിക്കുകയാണ്. ദൈവത്തിനും ദൈവീകകാര്യങ്ങൾക്കും വിശ്വാസികൾക്കും എതിരെ പ്രവർത്തിക്കുവാനും, സകലരെയും ദുഷ്ടതക്കും മ്ലേച്ഛതകൾക്കും പങ്കാളിളാക്കുവാനും അശുദ്ധാത്മാക്കളെ സാത്താൻ ഉപയോഗിക്കുന്നു. അശുദ്ധാത്മാക്കളുടെ പ്രവർത്തനത്താലാണ് ഭൂമിയിലെ രാജാക്കന്മാരെ ദൈവത്തിനെതിരായുള്ള യുദ്ധത്തിനായി വശീകരിച്ചു കൊണ്ടു വരുന്നത്. **വെളി.16:13,14** — *"മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു. ഇവ സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നേ."*

### (3) അശുദ്ധിയും അറെപ്പുമുള്ള സകലപക്ഷികളുടെയും തടവറ — Cage for every unclean and hated bird —

മഹാനഗരമായ ബാബിലോണിന്റെ മൂന്നാമത്തെ പ്രത്യേകതയെന്നത് അശുദ്ധിയും അറെപ്പുമുള്ള സകലപക്ഷികളുടെയും തടവറയാണ്. തടവറയെന്നത് അവയ്ക്ക് ചേക്കേറുവാൻ പറ്റിയ വിധത്തിലുള്ള കൂടാണ് ബാബിലോൺനഗരം. സാത്താന്റെയും മൃഗത്തിന്റെയും പ്രവർത്തനങ്ങൾ നിറവേറ്റുവാൻ അവയെ അവിടെ പാർപ്പിച്ചിരിക്കുന്നു. അശുദ്ധിയും അറെക്കപ്പെട്ട പക്ഷികളുടെയും കൂടാണ് ബാബിലോൺ എന്നത് മഹാനഗരത്തിന്റെ ഏറ്റവും ശോചനീയമായ അശുദ്ധിയുടെ അവസ്ഥയെ വെളിപ്പെടുത്തുന്നു. ബാബിലോണിന്റെ നാശത്തെക്കുറിച്ചു പറഞ്ഞ യെശയ്യാപ്രവാചകൻ ബാബേൽ നഗരം അശുദ്ധപക്ഷികളുടെ താവളമായാണ് ചിത്രീകരിച്ചിരിച്ചിരിക്കുന്നത്. **യെശ.34:11,13** — *"വേഴാമ്പലും മുള്ളൻപന്നിയും അതിനെ കൈവശമാക്കും; മൂങ്ങയും മലങ്കാക്കയും അതിൽ പാർക്കും.... അതിന്റെ അരമനകളിൽ മുള്ളും അതിന്റെ കോട്ടകളിൽ തൂവലും ഞെരിഞ്ഞിലും മുളെക്കും; അതു കുറുക്കന്മാർക്കു പാർപ്പിടവും ഒട്ടകപക്ഷികൾക്കു താവളവും ആകും."* വഞ്ചനയുടെ പ്രവർത്തനത്തെ കാണിക്കുവാൻ യിരെമ്യാവു അറെക്കപ്പെട്ട പക്ഷികളുടെ താവളത്തോടു സാമ്യപ്പെടുത്തിയിരിക്കുന്നു. **യിരെ.5:27** — *"കൂട്ടിൽ പക്ഷി നിറഞ്ഞിരിക്കുന്നതുപോലെ അവരുടെ വീട്ടിൽ വഞ്ചന നിറഞ്ഞിരിക്കുന്നു. അങ്ങനെ അവർ മഹാന്മാരും ധനവാന്മാരുമായിത്തീർന്നിരിക്കുന്നു."* കർത്താവു പറഞ്ഞ വിതെക്കുന്നതിന്റെ ഉപമയിൽ പക്ഷികൾ സാത്താനെ കുറിക്കു

ന്നതായി കാണാം. **മത്താ.13:4 —** *"വിതെക്കുമ്പോൾ ചിലതു വഴിയരികെ വീണു; പറവകൾ വന്നു അതു തിന്നു കളഞ്ഞു."* ലോകത്തിന്റെ ഭരണകേന്ദ്രവും വാണിജ്യകേന്ദ്രവുമായിത്തീർന്ന ബാബിലോൺ ഒരു വലിയവൃക്ഷമെന്നവണ്ണം അന്ത്യകാലത്തു തഴച്ചു വളരുന്നു. പാപത്തിന്റെയും അസന്മാർഗ്ഗികതയുടെയും ഉറവിടമായ ഈ വൻവൃക്ഷത്തിന്റെ കൊമ്പുകളിൽ അശുദ്ധിയും അറെപ്പുമുള്ള സകലപക്ഷികളും കൂടു കൂട്ടി താമസിക്കുന്നു.

ബാബിലോൺ മഹാനഗരം ദുർഭൂതങ്ങളുടെ പാർപ്പിടവും, സകല അശുദ്ധാത്മാക്കളുടെ തടവറയും, അശുദ്ധിയും അറെപ്പുമുള്ള സകലപക്ഷികളുടെയും കൂടും എന്നു പറയുവാൻ കാരണമെന്ത്? മുൻ അദ്ധ്യായങ്ങളിലേക്കു ഒന്നു തിരിഞ്ഞുനോക്കിയാൽ പൈശാചികശക്തികളായ സാത്താന്റെയും, ദുർഭൂതങ്ങളുടെയും, ദുരാത്മാക്കളുടെയും പ്രവർത്തനവും, അവയുടെ അംഗസംഖ്യയും, അവയുടെ താമസവും, കാണുവാൻ കഴിയും.

—> 1. സ്വർഗ്ഗത്തിൽ മീഖായേലും ദൂതന്മാരുമുൾപ്പെട്ട സ്വർഗ്ഗീയസൈന്യത്തോടു സാത്താനും തന്റെ ദൂതന്മാരും പടവെട്ടുന്നതിനു മുമ്പായി നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ ഭൂമിയിലേക്കു സാത്താൻ തള്ളിയിടുന്നു. അത് അവന്റെ തുടർന്നുള്ള പ്രവർത്തനത്തിനായുള്ള കരുതൽ സേനയായി കണക്കാക്കാം. തിരുവചനത്തിൽ നക്ഷത്രം എന്നത് ദൂതന്മാരെ കുറിക്കുന്നു (ദാനീ.8:10/യെശ.14:12/വെളി.9:1).

> **വെളി.12:4 —** *"അതിന്റെ (മഹാസർപ്പം)വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കെറിഞ്ഞു കളഞ്ഞു."*

—> 2. സ്വർഗ്ഗീയസേനയും സാത്താന്യസേനയുമായുമായുള്ള യുദ്ധത്തിൽ സ്വർഗ്ഗീയസേന ജയിക്കുകയും സാത്താനെയും കൂട്ടരെയും ഭൂമിയിലേക്കു തള്ളിയിടുകയും ചെയ്തു. അതോടെ അവർ ഭൂമിയിൽ പ്രവർത്തനം കേന്ദ്രീകരിച്ചു.

> **വെളി.12:9 —** *"ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയപാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു; അവന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞു."*

—> 3. അഞ്ചാമത്തെ കാഹളം ഊതിയപ്പോൾ അഗാധകൂപം തുറക്കപ്പെടുകയും അതിൽ നിന്നു ഭീരരൂപികളായ വെട്ടുക്കിളി ഭൂമിയിലേക്കു പുറപ്പെടുകയും ചെയ്യുന്നു. മനുഷ്യരെ തേൾ കുത്തുന്നതുപോലെ കുത്തി അഞ്ചുമാസം ദണ്ഡിപ്പിക്കുവാനാണ് അവെയ്ക്കു അധികാരം ലഭിച്ചത്.

> **വെളി.9:7-10 —** *"വെട്ടുക്കിളിയുടെ രൂപം യുദ്ധത്തിന്നു ചമയിച്ച കുതിരെക്കു സമം; തലയിൽ പൊൻകിരീടം ഉള്ളതുപോലെയും മുഖം മാനുഷമുഖംപോലെയും ആയിരുന്നു. സ്ത്രീകളുടെ മുടിപോലെ അതിന്നു മുടി ഉണ്ടു; പല്ലു സിംഹത്തിന്റെ പല്ലുപോലെ ആയിരുന്നു. ഇരിമ്പു കവചംപോലെ കവചം ഉണ്ടു; ചിറകിന്റെ ഒച്ച പടെക്കു ഓടുന്ന അനേകം കുതിരത്തേരുകളുടെ ഒച്ചപോലെ ആയിരുന്നു. തേളിന്നുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ടു; മനുഷ്യരെ അഞ്ചു മാസം ഉപദ്രവിപ്പാൻ അതിന്നുള്ള ശക്തി വാലിൽ ആയിരുന്നു."*

—> 4. ആറാമത്തെ കാഹളം ഊതിയപ്പോൾ യൂഫ്രാത്തേസ് മഹാനദീതീരത്തു ബന്ധിച്ചിരുന്ന നാലു ദുഷ്ടസാത്താന്യദൂതന്മാരെ അഴിച്ചു വിടുകയും അതോടെ 20 കോടി (10,000 മടങ്ങ് 20,000) വരുന്ന ഭീകരരൂപികളായ കുതിരപ്പട മനുഷ്യനെ കൊല്ലുവാനായി പുറപ്പെട്ടു വരുന്നു.

> **വെളി.9:16,17 —** *"കുതിരപ്പടയുടെ സംഖ്യ പതിനായിരം മടങ്ങു ഇരുപതിനായിരം എന്നു ഞാൻ കേട്ടു. ഞാൻ കുതിരകളെയും കുതിരപ്പുറത്തു ഇരിക്കുന്നവരെയും ദർശനത്തിൽ കണ്ടതു എങ്ങനെ എന്നാൽ: അവയ്ക്ക് തീ നിറവും രക്തനീലവും ഗന്ധകവർണ്ണവുമായ കവചം ഉണ്ടായിരുന്നു; കുതിരകളുടെ തല സിംഹങ്ങളുടെ തലപോലെ ആയിരുന്നു; വായിൽ നിന്നു തീയും പുകയും ഗന്ധകവും പുറപ്പെട്ടു."*

—> 5. ആറാമത്തെ ക്രോധകലശം യൂഫ്രാത്തേസ് മഹാനദിയിൽ പതിച്ചപ്പോൾ അതിലെ വെള്ളം വറ്റിപ്പോയി. സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നു.

> **വെളി.16:13,14 —** *"മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു. ഇവ സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെ*

*ടുന്ന ഭൂതാത്മാക്കൾ തന്നേ."*

ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറെപ്പുമുള്ള സകലപക്ഷികളുടെയും തടവുമായിത്തീർന്ന ബാബിലോണിനെ സ്വർഗ്ഗത്തിലെ ദൈവം നശിപ്പിക്കുക തന്നെ ചെയ്യും. സാത്താന്യശക്തികൾ എത്ര വലിയതാണെങ്കിലും, ലോകം മുഴുവനായി ദൈവത്തിനെതിരായി ഒത്തുകൂടിയാലും അവന്റെ സിംഹാസനവും സാമ്രാജ്യവും നിത്യശൂന്യത്തിനു കാരണമാകും.

**വെളി.18:3 — അവളുടെ വേശ്യാവൃത്തിയുടെ ക്രോധമദ്യം സകല ജാതികളും കുടിച്ചു; ഭൂമിയിലെ രാജാക്കന്മാർ അവളോടു വേശ്യാസംഗം ചെയ്കയും ഭൂമിയിലെ വ്യാപാരികൾ അവളുടെ പുളെപ്പിന്റെ ആധിക്യത്താൽ സമ്പന്നരാകുകയും ചെയ്തു** ("For all the nations have drunk of the wine of the wrath of her fornication, the kings of the earth have committed fornication with her, and the merchants of the earth have become rich through the abundance of her luxury.") —

സാത്താന്റെയും ദുർഭൂതങ്ങളുടെയും നിവാസമായ ബാബിലോണിന്റെ ശോചനീയമായ അവസ്ഥയെക്കുറിച്ചു പറഞ്ഞശേഷം ബാബിലോണിന്റെമേൽ ദൈവീകന്യായവിധിക്കു കാരണമായ മൂന്നു പാപങ്ങൾ ഇവിടെ വെളിപ്പെടുത്തുന്നു. (1) ബാബിലോണിന്റെ വേശ്യാവൃത്തിയുടെ ക്രോധമദ്യം സകലജാതികളും കുടിച്ചു — (For all the nations have drunk of the wine of the wrath of her fornication). (2) ഭൂമിയിലെ രാജാക്കന്മാർ ബാബിലോണിനോടു വേശ്യാസംഗം ചെയ്തു — (the kings of the earth have committed fornication with her). (3) ഭൂമിയിലെ വ്യാപാരികൾ ബാബിലോണിന്റെ പുളെപ്പിന്റെ ആധിക്യത്താൽ സമ്പന്നരായി — (the merchants of the earth have become rich through the abundance of her luxury). ഇവയൊക്കെ ബാബിലോണിന്റെ പാപമല്ല മറിച്ചു സകലജാതികളുടെയും, രാജാക്കന്മാരുടെയും, വ്യാപാരികളുടെയും പാപമാണെന്നു ഒറ്റനോട്ടത്തിൽ തോന്നിപ്പോകും. എന്നാൽ ബാബിലോണിന്റെ വേശ്യാവൃത്തിയിലും, മ്ലേച്ഛതയിലും, ആഡംബരജീവിതത്തിലും ആകർഷിക്കപ്പെട്ടു ജാതികളും രാജാക്കന്മാരും വ്യാപാരികളും അവളുടെ പാപത്തിൽ വീണുപോകുകയാണുണ്ടാകുന്നത്. ചുരുക്കത്തിൽ ബാബിലോൺ പാപത്തിൽ ജീവിക്കുമ്പോൾത്തന്നെ മറ്റുള്ളവരെയും അതിനു പങ്കാളികളാക്കുന്ന പ്രവണതയാണിവിടെ കാണുന്നത്. ആയതിനാൽ ദൈവീകന്യായവിധി ബാബിലോൺ പട്ടണത്തിന്മേൽ ചൊരിയപ്പെടുന്നു.

**(1) ബാബിലോണിന്റെ വേശ്യാവൃത്തിയുടെ ക്രോധമദ്യം സകലജാതികളും കുടിച്ചു —** (For all the nations have drunk of the wine of the wrath of her fornication).

ബാബിലോണിന്മേലുള്ള ദൈവക്രോധത്തിന്റെ ന്യായവിധിക്കുള്ള ആദ്യകാരണം ഇവിടെ പ്രസ്താവിച്ചിരിക്കുന്നു. അത് ബാബിലോണിന്റെ വേശ്യാവൃത്തിയുടെ ക്രോധമദ്യം സകലജാതികളും കുടിച്ചു എന്നതാണ്. അതായത് സകലജാതികളെയും ബാബിലോൺ അവളുടെ വേശ്യാവൃത്തിക്കു ആകർഷിച്ചു പങ്കാളികളാക്കി എന്നു സാരം. സകല ജാതികളും എന്നത് ലോകവ്യാപകമായി സകലരെയും ബാബിലോൺ എന്ന മഹാനഗരത്തിന്റെ പാപത്തിന്റെ പങ്കാളികളാക്കിയതിനെ കുറിക്കുന്നു. ലോകവ്യാജസഭയായി രൂപംപ്രാപിച്ച മർമ്മം: മഹതിയാം ബാബിലോണിന്റെ നാശത്തിനും കാരണമായിത്തീർന്ന പാപങ്ങളിൽ ഒന്നായിരുന്നു ഇത്. **വെളി.14:8 —** *"രണ്ടാമതു വേറൊരു ദൂതൻ പിൻചെന്നു: വീണുപോയി; തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി എന്നു പറഞ്ഞു."* **വെളി.17:1 —** *"തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയവളായി ...."* പഴയനിയമതിരുവെഴുത്തുകളിൽ ദൈവത്തിൽ നിന്നു അകന്നു വിഗ്രഹാരാധനയിലേക്കു പോകുന്ന വിശ്വാസത്യാഗത്തെ വേശ്യാവൃത്തി അഥവാ വ്യഭിചാരമായി കണക്കാക്കിയിരുന്നു (യിരെ.3:2,6/ഹോശേ.4:12). വിഗ്രഹാരാധനയെയും ദൈവവചനവിരുദ്ധങ്ങളായ ആത്മീയദുരാചാരങ്ങളെയും അനുഷ്ടാനങ്ങളെയും ഇന്നും വേശ്യാവൃത്തിയായും വ്യഭിചാരവുമായും എടുക്കാം.

മദ്യം ലഹരിപാനീയവും സുബോധത്തെ നശിപ്പിക്കുന്നതുമാണ്. മദ്യം തലച്ചോറിനെയും നാഡീവ്യൂഹങ്ങളെയും തളർത്തി മനുഷ്യന്റെ സുബോധത്തെ നിർവ്വീര്യമാക്കി മയക്കത്തിലെത്തിക്കുന്നു. സുബോധാവസ്ഥയിൽ ഒരുവൻ സാധാരണ ചെയ്യാത്ത ദുഷിച്ചതും മ്ലേച്ഛവും നികൃഷ്ടവുമായ കാര്യങ്ങൾ മദ്യലഹരിയാൽ ചെയ്യുവാൻ ഇടയാകുന്നു. ആയതുപോലെ ബാബിലോണിയൻ മർമ്മങ്ങളെന്ന മദ്യത്താൽ ലഹരിപിടിച്ച സഭാബാബിലോൺ സകലരെയും തന്നിലേക്കു ആകർഷിച്ചു ബാബിലോണിയൻ മർമ്മങ്ങൾ അവരിലേക്കു ഒഴുകുവാനിടയാക്കുന്നു. മഹോപദ്രവകാലത്ത് കർത്താവിൽ ആശ്രയംവെച്ച വിശ്വാസികളെ ഒന്നടങ്കം മഹാവേശ്യയായ വ്യാജസഭവെറുക്കുകയും അവരോടു ക്രോധത്തോടെ ഇടപെടുകയും ചെയ്യുന്നു. വിശ്വാസികളോടുള്ള ഇപ്രകാരമുള്ള വെറുപ്പിനെ വ്യാജസഭയുടെ ക്രോധമദ്യമായി

കണക്കാക്കാം. വിശ്വാസികളോടുള്ള വിദ്വേഷമായ ക്രോധമദ്യം സകലജാതികളിലേക്കും രാജാക്കന്മാരിലേക്കു പകർന്നപ്പോൾ അവർ വിശ്വാസികളെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തു. അവസാനം വ്യാജസഭയുടെ ക്രോധമദ്യം കുടിച്ചവർ തന്നെ അവളെ പിച്ചിച്ചീന്തി തീയ്ക്കു ഇരയാക്കുന്നു. ആയതുപോലെ ഇവിടെ മഹാനഗരമായ ബാബിലോണും അതിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിക്കുന്നു.

**(2) ഭൂമിയിലെ രാജാക്കന്മാർ ബാബിലോണിനോടു വേശ്യാസംഗം ചെയ്തു —** (the kings of the earth have committed fornication with her).

മഹാനഗരമായ ബാബിലോണിന്മേലാരോപിക്കപ്പെട്ട അടുത്ത പാപം എന്നത് ഭൂമിയിലെ രാജാക്കന്മാർ മഹതിയാം ബാബിലോണിനോടു വേശ്യാസംഗം ചെയ്തു എന്നതാണ്. ഭൂമിയിലെ രാജാക്കന്മാരുടെ പാപമായി ഇവിടെ പറഞ്ഞിരിക്കുന്നുവെങ്കിലും അതിനു കാരണം ബാബിലോണിന്റെ വേശ്യാവൃത്തിയാണ്. മഹാനഗരമായ ബാബിലോണിന്റെ വേശ്യാവൃത്തിയിലേക്കു ഭൂരാജാക്കന്മാർ ആകർഷിക്കപ്പെട്ടു അവളുടെ പാപത്തിനു അവരും പങ്കാളികളായിത്തീരുന്നു എന്നു സാരം. സഭാബാബിലോണിന്റെ ന്യായവിധിക്കു കാരണമായിത്തീർന്ന പാപങ്ങളിൽ ഒന്നും ഇതു തന്നെയായിരുന്നു — വെളി.17:1 *"ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു."* ഭൂമിയിലെ രാജാക്കന്മാർ ബാബിലോണിനോടു വേശ്യാസംഗം ചെയ്തു എന്നത് മഹാനഗരമായ ബാബിലോണിന്റെ സകലവിധമായ മ്ലേച്ഛപ്രവർത്തനങ്ങളിലും അവർ പങ്കു ചേർന്നു എന്നതിനെ കാണിക്കുന്നു. മഹാനഗരത്തോടു ബന്ധം പുലർത്തിയ ഭൂമിയിലെ രാജാക്കന്മാർ ബാബിലോണിൽ വേരൂന്നി. അത് അവരുടെ ഭൗതികസമ്പന്നതയ്ക്കും നേട്ടങ്ങൾക്കും കാരണമായിത്തീർന്നു. എന്നാൽ മഹാനഗരമായ ബാബിലോണിന്മേലുണ്ടായ ന്യായവിധി അവരുടെ ഹൃദയത്തെ തകർത്തു കളഞ്ഞു. അവർ ദൂരത്തു നിന്നു വിലപിക്കുവാനിടയായി എന്നു പറഞ്ഞിരിക്കുന്നു. **വെളി.18:9,10 —** *"അവളോടുകൂടെ വേശ്യാസംഗം ചെയ്തു പുളെച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ പീഡനിമിത്തം ഭയപ്പെട്ടു ദൂരത്തു നിന്നുകൊണ്ടു അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ അവളെച്ചൊല്ലി കരഞ്ഞും മാറത്തടിച്ചുംകൊണ്ടു: അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ടു നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും."*

**(3) ഭൂമിയിലെ വ്യാപാരികൾ ബാബിലോണിന്റെ പുളെപ്പിന്റെ ആധികൃത്താൽ സമ്പന്നരായി** (the merchants of the earth have become rich through the abundance of her luxury) —

മഹാനഗരമായ ബാബിലോണിന്മേലുള്ള ദൈവീകന്യായവിധിക്കുള്ള മൂന്നാമത്തെ കാരണം ഭൂമിയിലെ വ്യാപാരികൾ ബാബിലോണിന്റെ പുളെപ്പിന്റെ ആധിക്യത്താൽ സമ്പന്നരായി എന്നാണ്. ബാബിലോണിന്റെ സമ്പന്നതയും, ആഡംബരവും, ലോകവ്യാപകമായ ഭൗതികകീർത്തിയും ഭൂമിയിലെ വ്യാപാരികളെ അവിടേയ്ക്കു ആകർഷിക്കുവാനിടയാക്കി. ഇപ്രകാരമാകർഷിക്കപ്പെട്ടവർ ബാബിലോണിന്റെ പാപത്തിന്റെ പങ്കാളികളാകുവാനുമിടയായി. ബാബിലോണിന്റെ പുളെപ്പ് (abundance of luxury) എന്നത് പട്ടണത്തിന്റെ ക്രമാതീതമായ ഭൗതീകവളർച്ചയെയും, സുഖലോലുപതയെയും, ആഡംബരത്തെയും കുറിക്കുന്നു. ആഡംബരജീവിതം പൊതുവിൽ ദൈവത്തെ മറക്കുവാനും തദ്വാരാ ധനം എങ്ങനെയും ഉണ്ടാക്കാമെന്ന വ്യാമോഹത്തിൽ അകപ്പെട്ടു സകലവിധ അസന്മാർഗ്ഗികതയിലേക്കും നയിക്കപ്പെടുന്നു. ബാബിലോണിന്റെ പുളെപ്പിന്റെ ആധികൃത്താൽ അഥവാ സകലവിധ ആഡംബരവും സമ്പന്നതയും വ്യാപാരികളെ ബാബിലോണിലെത്തിക്കുവാനിടയാക്കി. ബാബിലോണുമായി വ്യാപാരത്തിൽ ഇടപെട്ടവർ സമ്പന്നരാകുകയും ബാബിലോണിയൻ മർമ്മങ്ങൾക്കു അടിമകളായിത്തീരുകയും ചെയ്തു. ഇപ്രകാരം ബാബിലോണിയൻ മതസിദ്ധാന്തങ്ങൾ ലോകത്തിലേക്കു വ്യാപിക്കുവാനിടയായി. ബാബിലോണിലേയ്ക്കു ആകർഷിക്കപ്പെട്ട ലോകവ്യാപാരികൾ അവിടെ അവരുടെ രാജ്യങ്ങളിലെ സാധനങ്ങൾ വിറ്റഴിക്കുവാനുള്ള ലോകകമ്പോളകേന്ദ്രമാക്കി. പൊന്നു മുതൽ മനുഷ്യപ്രാണൻ വരെയുള്ള 29 വിധസാധനങ്ങളുടെ വ്യാപാരകേന്ദ്രമായി ബാബിലോൺ വളർന്നു. വ്യാപാരത്തിനും ധനസമ്പാദനത്തിനും ഭൂമിയിലെ മഹത്തുക്കൾ ബാബിലോണുമായി ചങ്ങാത്തം കൂടിയത് അവരെ ഭൗമികമായി ഏറ്റവും സമ്പന്നരാക്കിത്തീർത്തു. എന്നാൽ ബാബിലോണിന്മേലുള്ള പെട്ടെന്നുള്ള ദൈവീകന്യായവിധി കണ്ടിട്ട് ജാതികളും രാജാക്കന്മാരും വിലപിക്കുന്നതുപോലെ ഭൂമിയിലെ വ്യാപാരികളൊന്നടങ്കവും ആർത്തു വിലപിക്കുവാനിടയാകും. **വെളി.18:15,16 —** *"ഈ വകകൊണ്ടു വ്യാപാരം ചെയ്തു അവളാൽ സമ്പന്നരായവർ അവൾക്കുള്ള പീഡ ഭയപ്പെട്ടു ദൂരത്തു നിന്നു: അയ്യോ, അയ്യോ, മഹാനഗരമേ, നേരിയ തുണിയും ധൂമ്രവർണ്ണവും കടുഞ്ചുവപ്പും ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളേ, ഇത്ര വലിയ സമ്പത്തു ഒരു മണിക്കൂറുകൊണ്ടു നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞു ദുഃഖിക്കും."*

കൃപാകാലമായ ഇന്നത്തെ ലോകത്തിന്റെ പോക്കു പരിശോധിച്ചാലും ഭൂമിയിലെ ജനങ്ങളും മതനേതാക്കളും ഭരണകർത്താക്കളും ഒരുപോലെ ദൈവത്തെ മാറ്റി നിറുത്തിക്കൊണ്ടു ആഡംബരത്തിൽ കഴിയുവാൻ വെമ്പൽ കൊള്ളുന്ന ചിത്രം കാണുവാൻ സാധിക്കും. ക്രിസ്ത്യാനികൾപോലും ക്രിസ്തു

വിന്റെ മേൽവിലാസത്തിന്റെ മറവിൽ സ്കൂളുകളും ആശുപത്രികളും അനാഥശാലകളും പണിത് വ്യാപാരം നടത്തുന്നു. പള്ളികളും പള്ളിക്കൂടങ്ങളും ധനസമ്പാദനത്തിന്റെ ഉറവിടമായിത്തീർന്നിരിക്കുന്നു. ബിഷപ്പ് ഹൗസുകളും അരമനകളും ലോകധനത്തിന്റെ ഭണ്ഡാരകേന്ദ്രങ്ങളായിത്തീർന്നിരിക്കുന്നു. ദൈവത്തെ മാറ്റി നിറുത്തിക്കൊണ്ടു ലോകവ്യാപാരങ്ങളും വാണിജ്യസൗധങ്ങളും ആകാശത്തോളമെത്തുന്ന വ്യാപാര കേന്ദ്രീകൃതസമുച്ചയങ്ങളും ഇക്കാലത്തു ഉയർന്നുകൊണ്ടിരിക്കുന്നു. വ്യാപാരത്തിന്റെ പെരുപ്പം ലോകപട്ടണങ്ങളെ അസന്മാർഗ്ഗികതയിലേക്കു നയിക്കും എന്നത് ഇക്കാലത്തു ഏറ്റവും സത്യമായിരിക്കുന്നു. കൊള്ള, കൊല, നിയമലംഘനം, ഗുണ്ടാവിളയാട്ടം, അസമാധാനം, അസന്മാർഗ്ഗികപ്രവർത്തനങ്ങൾ എല്ലാം തന്നെ ലോകവ്യാപാരപ്പെരുപ്പത്താൽ ഉടലെടുക്കുന്നവ തന്നെ. ഇതിനു പുറമേ വിഗ്രഹാരാധനയിലേക്കും ആചാരാനുഷ്ടാനങ്ങളിലേക്കും ലോകത്തിലുള്ള സകലരെയും കൊണ്ടെത്തിക്കുന്നു.

ദേശത്തിന്റെ ശോചനീയ അവസ്ഥതയെക്കുറിച്ചു യെശയ്യാവു പറയുന്നതു നോക്കുക —

**യെശ.2:7,8 —** *"അവരുടെ ദേശത്തു വെള്ളിയും പൊന്നും നിറഞ്ഞിരിക്കുന്നു; അവരുടെ നിക്ഷേപങ്ങൾക്കു കണക്കില്ല; അവരുടെ ദേശത്തു കുതിരകൾ നിറഞ്ഞിരിക്കുന്നു; അവരുടെ രഥങ്ങൾക്കും എണ്ണമില്ല. അവരുടെ ദേശത്തു വിഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നു; സ്വവിരൽ കൊണ്ടുണ്ടാക്കിയ കൈപ്പണിയെ അവർ നമസ്കരിക്കുന്നു."*

വിശ്വാസികൾ എപ്രകാരമായിരിക്കണമെന്നു പൗലൊസും യാക്കോബും പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക —

**1.തിമൊ.6:17-19 —** *"ഈ ലോകത്തിലെ ധനവാന്മാരോടു ഉന്നതഭാവം കൂടാതെയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലതും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശവെപ്പാനും നന്മ ചെയ്വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിന്നു വരുംകാലത്തേക്കു നല്ലോരു അടിസ്ഥാനം നിക്ഷേപിച്ചു കൊൾവാനും ആജ്ഞാപിക്ക."*

**യാക്കോ.4:13-15 —** *"ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പിൻ: നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ; നിങ്ങളുടെ ജീവിതം എങ്ങനെയുള്ളതു? അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ? കർത്താവിനു ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്നു ഇന്നിന്നതു ചെയ്യും എന്നല്ലയോ പറയേണ്ടതു."*

കൃപാകാലമായ ഇക്കാലത്തും വ്യാജമതങ്ങളും, വിഗ്രഹാരാധനയും, വാണിജ്യവും ഏറ്റവും വളർന്നു കൊണ്ടിരിക്കുന്നു. തൽഫലമായി അനീതിയും, നിയമലംഘനവും, കൊള്ളയും കൊലയും ഭൂമിയിൽ അരങ്ങേറുന്നു. ഇന്നിങ്ങനെ എങ്കിൽ സാത്താന്റെ വാഴ്ച നടക്കുന്ന മഹോപദ്രവകാലത്തെ സ്ഥിതി എപ്രകാരമായിരിക്കും?! അന്തിക്രിസ്തുവിന്റെ നേതൃത്വത്തിൽ ബാബിലോൺ പട്ടണം പണിയപ്പെടുകയും അത് ലോകത്തിന്റെ വ്യാപാരകേന്ദ്രമായിത്തീരുകയും ചെയ്യും. ആകാശത്തിലൂടെയും കരയിലൂടെയും കടലിലൂടെയും ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു വന്നെത്തുന്ന ഉല്പന്നങ്ങളുടെ കേന്ദ്രീകൃതവില്പനകേന്ദ്രമായി ബാബിലോൺനഗരം രൂപം പ്രാപിക്കും. വ്യാപാരത്തിലൂടെ ബാബിലോണും അതിൽ വിപണത്തിലേർപ്പെടുന്ന വ്യാപാരികളും ഒരുപോലെ സമ്പന്നരായിത്തീരും. ഇപ്രകാരമുള്ള ഭൗമികസമ്പന്നത സകലവിധ വഷളത്വത്തിനും, അസന്മാർഗ്ഗികതയ്ക്കും, അസമാധാനത്തിനും വഴിതെളിക്കും. അങ്ങനെ ദൈവത്തെ മാറ്റി നിറുത്തിക്കൊണ്ടു സമ്പാദിക്കുന്ന ധനമെല്ലാം നിമിഷനേരത്തിനകം തീയിൽ കത്തിയ മരുകതന്നെ ചെയ്യും.

**വെളി.18:4 — വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറയുന്നതായി ഞാൻ കേട്ടതു; എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയുംഅവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ** (And I heard another voice from heaven saying, "Come out of her, my people, lest you share in her sins, and lest you receive of her plagues.) —

മഹാനഗരമായ ബാബിലോണിന്റെ പതനത്തെക്കുറിച്ചും, ബാബിലോണിന്മേലുണ്ടാകുന്ന ദൈവീകശിക്ഷാവിധിക്കു കാരണമായിത്തീർന്ന പാപത്തെക്കുറിച്ചും സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ദൂതനിലൂടെ യോഹന്നാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു (1-3). തുടർന്നു യോഹന്നാൻ സ്വർഗ്ഗത്തിൽ നിന്നു വേറൊരു ശബ്ദം കേൾക്കുന്നു. പാപപങ്കിലമായ ബാബിലോണിൽ നിന്നു വേർപാടു പാലിക്കുവാൻ വിശുദ്ധന്മാർക്കുള്ള ആഹ്വാനമായിരുന്നു അത്. മഹോപദ്രവകാലത്ത് ഭൂമിയിൽ ജീവിക്കുന്ന വിശുദ്ധന്മാർ അതിശ്രദ്ധയോടെ വിശ്വാസജീവിതം പുലർത്തുവാനും അവരുടെ ചുറ്റും അരങ്ങേറുന്ന പാപങ്ങളോടു ഒരു കാരണവശാലും പൊരുത്തപ്പെട്ടു ജീവിക്കാതെയും സൂക്ഷിക്കുക എന്നുള്ള മുന്നറിയിപ്പ് ഇതിൽ അടങ്ങിയിരിക്കുന്നു. ദേശമാസകലം പാപത്തിൽ മുഴുകി ജീവിക്കുകയും അതിന്റെ ശിക്ഷാവിധിയായി സ്വർഗ്ഗ

ത്തിൽ നിന്നു ദൈവം ബാധകളയക്കുമ്പോൾ അവർ എന്തു ചെയ്യേണമെന്നും ഇവിടെ പ്രസ്താവിച്ചിരിക്കുന്നു. രണ്ടു വിധത്തിലുള്ള വേർപാട് (ആത്മീകവും ഭൗതികവുമായ വേർപാട് — Separation both spiritual & physical) അവർ പാലിക്കേണ്ടതുണ്ട് — (1) പാപങ്ങൾക്കു കൂട്ടാളികളാകാതെ വേർപാട് പാലിക്കുക (Be separated from the sins of Babylon) (2) ബാബിലോണിന്മേൽ വന്നു പതിക്കുന്ന ബാധകളിൽ അഥവാ ദൈവീകന്യായവിധിയിൽ വിശുദ്ധന്മാരും അകപ്പെട്ടുപോകാതിരിപ്പാൻ ബാബിലോണിൽ നിന്നു വേർപാടു പാലിക്കുക (Be separated from the polluted city of Babylon).

**വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറയുന്നതായി ഞാൻ കേട്ടതു** (And I heard another voice from heaven saying) —

ബാബിലോൺ നഗരത്തിന്റെ പതനത്തെയും പാപത്തെയും അറിയിച്ചത് സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ഒരു ദൂതനായിരുന്നുവെങ്കിൽ ഇവിടെ യോഹന്നാൻ കേൾക്കുന്ന ശബ്ദം സ്വർഗ്ഗത്തിൽ നിന്നായിരുന്നു. ആരാണ് പറഞ്ഞതെന്നു രേഖപ്പെടുത്തിയിട്ടില്ല. വേറൊരു എന്നതിനു ഇവിടെയും അല്ലോസ് എന്ന ഗ്രീക്കു പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം മറ്റൊരു (allos = another of the same kind) എന്നാണ്. അതായത് സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ദൂതനെപ്പോലെ മറ്റൊരു ദൂതൻ ദൈവത്തിന്റെ സന്ദേശം അറിയിച്ചതായിരിക്കണം. മഹോപദ്രവകാലത്ത് ദൈവത്തിൽ അഭയം പ്രാപിച്ച വിശുദ്ധന്മാർ എന്ന നിലയിൽ ദൈവം നേരിട്ട് തന്റെ ജനത്തോട് അറിയിക്കുന്ന സന്ദേശമായിരിക്കും എന്നു ചിന്തിക്കുന്നതിലും അപാകതില്ല. ഏതായാലും സ്വർഗ്ഗത്തിൽ നിന്നും ദൈവത്തിന്റെ സന്ദേശം മഹോപദ്രവകാല വിശുദ്ധന്മാർക്കു ലഭിക്കുന്നതു യോഹന്നാൻ കേൾക്കുന്നു.

**എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും** (Come out of her, my people, lest you share in her sins) —

**എന്റെ ജനമായുള്ളോരേ** (my people) **—**

സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിക്കേട്ട ശബ്ദം, എന്റെ ജനമായുള്ളേരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെ വേർപാടു പാലിക്കുക എന്നതാണ്. **എന്റെ ജനം —** എന്നാൽ മഹോപദ്രവകാലത്ത് കർത്താവിൽ വിശ്വസിക്കുകയും പീഡനങ്ങളുടെയും പോരാട്ടങ്ങളുടെയും മദ്ധ്യേ വിശ്വസ്തരായി കർത്താവിലും ദൈവവചനത്തിലും ആശ്രയിച്ചു നിന്നവരാണ്. സഭ എടുക്കപ്പെട്ടശേഷം ആരാണ് സുവിശേഷം അറിയിക്കുന്നത്? എന്റെ ജനം എന്നു ദൈവത്തിനു വിളിക്കുവാൻ അവകാശപ്പെട്ടവർ അന്തിക്രിസ്തുവിന്റെ ഭരണവാഴ്ചയിൽ ഉണ്ടായിരിക്കുമോ? സഭായുഗത്തിൽ എന്നപോലെ പീഡനകാലത്തും ദൈവത്തിന്റെ രക്ഷണ്യകൃപ പാപികളായ മനുഷ്യരിലേക്കു പകരുന്നു. തൽഫലമായി അനേകർ കർത്താവിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കുവാനിടയാകുന്നു. അന്തിക്രിസ്തുവിന്റെ ഭരണത്തിൽ ഭൂമിയിൽ സുവിശേഷം മുഴങ്ങിക്കേൾക്കുവാനും, ദൈവത്തിന്റെ ജനം എന്നു വിളിക്കപ്പെടുവാനും അനേക അവസരങ്ങൾ ദൈവം നൽകുന്നുണ്ട്. വെളിപ്പാടു പുസ്തകത്തിൽ ഭൂവാസികളുടെമേൽ 21 ദൈവീകന്യായവിധികൾ അരങ്ങേറുമ്പോഴും അതിന്റെ മദ്ധ്യേ ആരെങ്കിലും ദൈവത്തിൽ ആശ്രയിക്കുന്നവരുണ്ടോ എന്നു കരുണയോടെ നോക്കുകയും അവർക്കായി രക്ഷണ്യവഴി തുറന്നിട്ടിരിക്കുന്നതും മുൻ അദ്ധ്യായങ്ങളിൽ കാണുന്നുണ്ട്. പീഡനകാലത്ത് സുവിശേഷം അറിയിക്കുവാനും ദൈവജനം വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാനും വിവിധ മാർഗ്ഗങ്ങൾ ദൈവം തയ്യാറാക്കിയിട്ടുള്ളത് ശ്രദ്ധിക്കുക —

(1) മഹാപീഡനകാലത്ത് സുവിശേഷം അറിയിക്കുവാൻ യിസ്രായേൽ ഗോത്രങ്ങളിൽ നിന്നു 144,000 പേരെ ദൈവം മുദ്രയിട്ടു വേർതിരിക്കുന്നു. അവർ അന്തിക്രിസ്തുവിന്റെയും മൃഗത്തിന്റെയും ഭരണവാഴ്ചയിൽ പീഡനങ്ങളിലൂടെ കടന്നുപോകുമെങ്കിലും ശത്രുവിനാൽ കൊല്ലപ്പെടാതെ ദൈവത്തിന്റെ സുവിശേഷം ഭൂമിയിൽ അറിയിക്കും. **വെളി.7:3,4 —** *"നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിന്നും വൃക്ഷങ്ങൾക്കും കേടു വരുത്തരുതു എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. മുദ്രയേറ്റവരുടെ എണ്ണവും ഞാൻ കേട്ടു; യിസ്രായേൽമക്കളുടെ സകലഗോത്രത്തിൽനിന്നു മുദ്രയേറ്റവർ നൂറ്റിനാല്പത്തിനാലായിരം പേർ."*

(2) മഹാപീഡനകാലത്തെ മൂന്നരവർഷത്തെ അഥവാ 1260 ദിവസത്തെ ദൈവീകപ്രവർത്തനങ്ങൾക്കും, സുവിശേഷം അറിയിക്കുന്നതിനുമായി ദൈവം രണ്ടു സാക്ഷികളെ സ്വർഗ്ഗത്തിൽ നിന്നയക്കുന്നു. **വെളി.11:3 —** *"അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കും വരം നൽകും; അവർ രട്ടു ഉടുത്തുംകൊണ്ടു ആയിരത്തിരുനൂറ്ററപതു ദിവസം പ്രവചിക്കും."*

(3) മഹപീഡനകാലത്ത് ദൈവീകന്യായവിധികൾ ഭൂമിയിൽ വന്നു പതിക്കുന്നതിനു മുമ്പായി ദൈവം ഒരു ദൂതനെ നിത്യസുവിശേഷദൂതുമായി അയക്കുന്നു. ആകാശമദ്ധ്യേ പറന്നുകൊണ്ടു എല്ലാവരും കേൾക്കെ ദൈവത്തിന്റെ രക്ഷണ്യദൂതു സകലഭൂവാസികളെയും അറിയിക്കും. **വെളി.14:6 —** *"വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകലജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോടു അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു."*

**അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും** (Come out of her, my people, lest you share in her sins) —

ദൈവത്തിൽ ആശ്രയിച്ചവർ ദൈവത്തിന്റെ ജനമെന്ന നിലയിൽ അവരുടെ ജീവിതത്തിൽ പാപത്തോടും ലോകത്തോടും ലോക ഇമ്പങ്ങളോടും പേർപാടു പാലിച്ചവരാണ്. എന്നാൽ അതികഠിനമായ പീഡകളുടെ മദ്ധ്യേ വിശ്വാസത്തിൽ പതറിപ്പോകാതെ പിടിച്ചിരിക്കുന്ന വിശ്വാസത്തിൽ ഉറച്ചു നില്ക്കണം. മാത്രവുമല്ല ആഡംബരജീവിതത്തിൽ മുഴുകിക്കഴിയുന്ന ബാബിലോണിനെയും നഗരവാസികളെയും കണ്ടു അവരോടു ഇടകലർന്നും പൊരുത്തപ്പെട്ടും ജീവിക്കുവാനിടയാകാതെ വേർപാടു പാലിക്കണം. ബാബിലോണിന്റെ പാപങ്ങൾക്കു അവർ കൂട്ടാളികൾ ആകരുതെന്നാണ് സ്വർഗ്ഗത്തിൽ നിന്നുള്ള പ്രബോധനം. കൂട്ടാളികളാകുക അഥവാ പങ്കാളികളാകുക എന്നാൽ പൊരുത്തപ്പെട്ടു ഇണങ്ങിച്ചേർന്നു ജീവിക്കുക എന്നർത്ഥം. വിശ്വാസി എന്ന നിലയിൽ പിതാവായദൈവത്തോടും, പുത്രനായ ക്രിസ്തുവിനോടും, പരിശുദ്ധാത്മാവാം ദൈവത്തോടും, കൂട്ടുവിശ്വാസികളോടും കൂട്ടായ്മ പുലർത്തുന്നവരാണ്. അവർ ലോകം, ജഡം, പിശാച് എന്നിവയോടു പങ്കാളികളാകാതെ എപ്പോഴും വേർപെട്ടിരിക്കേണ്ടതാണ്. ബാബിലോൺ ദുർഭൂതങ്ങളുടെയും അശുദ്ധാത്മാക്കളുടെയും പാർപ്പിടമാണ്. പാപത്തിലും വിഗ്രഹാരാധനയിലും ലോകോല്ലാസങ്ങളിലും മുങ്ങിക്കുളിച്ചു കഴിയുന്നവരാണ് അവിടെ പാർക്കുന്ന ജനങ്ങൾ. അവരുടെ ആഡംബര ജീവിതം കൊള്ളയും, കൊലയും, അസമാധാനവും നിറഞ്ഞതാണ്. വിശ്വാസികൾ ബാബിലോണിന്റെ പാപങ്ങളിൽ അകപ്പെട്ടാൽ വിശുദ്ധിയില്ലാത്തവരായിത്തീരും. ആയതിനാൽ സ്വർഗ്ഗത്തിൽ അധിവസിക്കുന്ന ദൈവത്തിനു കൃപാകാലത്തിലെ വിശ്വാസികളോടെന്നപോലെ മഹോപദ്രവകാലത്തെ വിശ്വാസികളോടും പറയുവാനുള്ളത് എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെ വേർപെട്ടിരിപ്പിൻ എന്നാണ്.

**അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ** (Come out of her, lest you receive of her plagues) —

മഹോപദ്രവകാലത്തെ ദൈവജനം ബാബിലോണിന്റെ പാപങ്ങളിൽ കൂട്ടാളികളാകാതെയിരിക്കുന്നതോടൊപ്പം അവളുടെ ബാധകളിൽ ഓഹരിക്കാരാകെതെയിരിക്കുകയും അവളെ വിട്ടുപോരുകയും വേണം. ബാധയെന്നത് പൊതുവിൽ ഭൂവാസികളുടെമേൽ പതിക്കുന്ന ക്രോധകലശത്താലുള്ള ദൈവീന്യായവിധിയായി കണക്കാക്കാം (വെളി.15,16). എന്നാൽ ബാധകളിൽ ഓഹരിക്കാരാകാതെയിരിക്കുക എന്നത് രണ്ടു വിധത്തിൽ ചിന്തിക്കാം. ഒന്ന് ബാബിലോണിന്റെ പാപങ്ങളിൽ പങ്കുചേർന്നു അവളോടൊപ്പം അവൾക്കുണ്ടാകുന്ന ബാധകളിൽ കൂട്ടാളികളാകാതെ വേർപെട്ടിരിക്കുക. അതായത് ബാബിലോണിന്റെ പാപത്തിൽ പങ്കുചേർന്നു ശിക്ഷ ലഭിക്കാതെ പാപത്തിൽ നിന്നു വേർപെട്ടു ജീവിക്കുക. രണ്ട്, ബാബിലോണിന്റെ പാപങ്ങളെ ദൈവം ഓർത്തു പ്രത്യേകമായി ബാബിലോണിനെ ശിക്ഷിക്കുമ്പോൾ പട്ടണത്തിൽ നിന്നും വേർപെട്ടിരിക്കുക. വിശേഷാൽ ഏഴാമത്തെ ക്രോധകലശം ബാബിലോണിന്റെ പാപത്തെ ദൈവം ഓർത്തു അയെക്കുന്ന ന്യായവിധിയാകയാൽ വിശ്വാസികൾ അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെ വേർപെട്ടിരിക്കണം. ഇതിനുള്ള ഉദാഹരണങ്ങളാണ് നോഹെക്കും, ലോത്തിനും, കോരഹിന്റെ മക്കൾക്കും ലഭിച്ച വിടുതലും സംരക്ഷണവും. വഷളത്വം പെരുകിയ ഭൂവാസികളെ ജലപ്രളയത്താൽ നശിപ്പിക്കുന്നതിനു മുമ്പായി നോഹെക്കും കുടുംബത്തിനും വേർപാടിന്റെ സന്ദേശം ലഭിക്കുന്നു (ഉല്പ.6:18). സൊദോം ഗൊമോരാ പട്ടണങ്ങളുടെ മേലുള്ള ദൈവീകന്യായവിധിയായ ബാധയിൽ നിന്നു ലോത്തിനും കുടുംബത്തിനും ദൈവം സംരക്ഷണം നൽകാനായി വേർപെട്ടിരിപ്പാൻ ആഹ്വാനം ലഭിക്കുന്നു (ഉല്പ.19:12-17). മോശെയോടു മത്സരിച്ച കോരഹിനെയും കൂട്ടരെയും ദൈവം സ്വർഗ്ഗത്തിൽ നിന്നയച്ച ബാധയാൽ ശിക്ഷിക്കുന്നതിനു മുമ്പായി അവരുടെ കൂടാരങ്ങളുടെ അടുക്കൽ നിന്നു മാറിപ്പോകുവാൻ സഭയ്ക്കു ആഹ്വാനം ലഭിക്കുന്നു (സംഖ്യാ.16:26). എന്നാൽ ക്രിസ്തു തന്റെ ജീവൻകൊടുത്തു സമ്പാദിച്ചതും കർത്താവിൽ ആശ്രയം വെച്ചവരുമായ വിശുദ്ധഗണത്തെ മഹാപീഡനകാലത്തിനു മുമ്പുതന്നെ സ്വർഗ്ഗത്തിലേക്കു എടുക്കുന്നു. അങ്ങനെ ദൈവമക്കൾ പാപികളുടെ ബാധകളിൽ ഓഹരിക്കാരാകാതെ സുരക്ഷിതരായിരിക്കും. (വെളി.4:1).

**അവളെ വിട്ടു പോരുവിൻ** (Come out of her ) — Be Separated

ബാബിലോണിനെ വിട്ടുപോരുവിൻ എന്നാൽ പാപങ്ങൾക്കും മ്ലേച്ഛതകൾക്കും പങ്കാളികളാകാതെ വേർപെട്ടിരിക്കുക എന്നാണ്. പഴയനിയമകാലത്ത് യിസ്രായേൽജനം ബാബിലോണിന്റെ പാപങ്ങൾക്കു കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെ വേർപെട്ടിരിപ്പാനും ആഹ്വാനം

ചെയ്യുന്നത് പ്രവചനപുസ്തകങ്ങളിൽ കാണുന്നു —

**യെശ.48:20 —** *"ബാബേലിൽനിന്നു പുറപ്പെടുവിൻ; ഉല്ലാസഘോഷത്തോടെ കല്ദയരെ വിട്ടു ഓടിപ്പോകുവിൻ."*

**യെശ.52:11 —** *"വിട്ടുപോരുവിൻ; വിട്ടുപോരുവിൻ; അവിടെനിന്നു പുറപ്പെട്ടുപോരുവിൻ; അശുദ്ധമായതൊന്നും തൊടരുതു; അതിന്റെ നടുവിൽ നിന്നു പുറപ്പെട്ടുപോരുവിൻ; യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നെ നിർമ്മലീകരിപ്പിൻ."*

**യിരെ.50:8 —** *"ബാബേലിൽനിന്നു ഓടി കല്ദയദേശം വിട്ടുപോകുവിൻ."*

**യിരെ.51:6 —** *"ബാബേലിന്റെ നടുവിൽനിന്നു ഓടി ഓരോരുത്തൻ താന്താന്റെ പ്രാണനെ രക്ഷിച്ചുകൊൾവിൻ; നിങ്ങൾ അതിന്റെ അകൃത്യത്തിൽ നശിച്ചുപോകരുതു; ഇതു യഹോവയുടെ പ്രതികാരകാലമല്ലോ; അതിന്റെ പ്രവൃത്തിക്കു തക്കവണ്ണം അവൻ അതിനോടു പകരം ചെയ്യും."*

**യിരെ.51:45 —** *"എന്റെ ജനമേ, അതിന്റെ നടുവിൽനിന്നു പുറപ്പെടുവിൻ; യഹോവയുടെ ഉഗ്രകോപത്തിൽനിന്നു നിങ്ങൾ ഓരോരുത്തൻ താന്താന്റെ പ്രാണനെ രക്ഷിച്ചുകൊൾവിൻ."*

പഴയനിയമകാലത്തും പുതിയനിയമകാലത്തും മഹാപദ്രവകാലത്തും ദൈവം ആഗ്രഹിക്കുന്നത് തന്റെ ജനം പാപങ്ങളിൽ മുഴുകാതെ വിശുദ്ധിയോടെ ജീവിച്ചു വേർപെട്ട ജീവിതം പുലർത്തണമെന്നാണ്. പാപത്തിനു പങ്കാളികളാകുക എന്നാൽ ദൈവത്തോടാണ് പാപം ചെയ്യുകയാണെന്ന യോസേഫിന്റെ മനോഭാവം (ഉല്പ.39:9) എക്കാലത്തെയും ദൈവജനത്തിനു ഉണ്ടായിരിക്കണം. വിഗ്രഹസേവ നിറഞ്ഞ കൽദയരുടെ പട്ടണമായ ഊരിൽനിന്നു അബ്രഹാമിനെ വിളിച്ചപ്പോൾ ദൈവം പറഞ്ഞത് "നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും വിട്ടു പുറപ്പെടുക" (ഉല്പ.12:1) എന്നായിരുന്നു. വിഗ്രഹാരാധന, ദ്രവ്യാഗ്രഹം, യൗവനമോഹങ്ങൾ എന്നിവ വിട്ടോടുകയും ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയിൽ കുടുങ്ങിപ്പോകാതിരിക്കുകയും വേണം.

**1.കൊരി.10:14 —** *"അതുകൊണ്ടു പ്രിയന്മാരേ, വിഗ്രഹാരാധന വിട്ടോടുവിൻ."*

**1.തിമൊ.6:11 —** *"നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു (ദ്രവ്യാഗ്രഹം) വിട്ടോടി നീതി, ഭക്തി, വിശ്വാസം സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക."*

**2.തിമൊ.2:22 —** *"യൗവനമോഹങ്ങളെ വിട്ടോടി, നീതിയും വിശ്വാസവും സ്നേഹവും ശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനവും ആചരിക്ക."*

**2.പത്രൊ.2:20 —** *"ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ അധികം വഷളായിപ്പോയി."*

**1.യോഹ.2:16 —** *"ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു."*

എന്താണ് വേർപാട്? (Be Separated) ദൈവത്തിന്റെ ഒരു സ്വഭാവസവിശേഷതയാണ് വിശുദ്ധി. പരിശുദ്ധൻ, പരിശുദ്ധി, എന്നീ പദങ്ങൾക്ക് എബ്രായഭാഷയിൽ "കാദേശ് " എന്നും ഗ്രീക്കുഭാഷയിൽ "ഹാഗിയോസ് " എന്നുമാണുള്ളത്. വേർതിരിച്ച, വേർതിരിക്കപ്പെട്ട എന്നാണ് ഈ പദങ്ങളുടെ ആശയം. പരിശുദ്ധനായദൈവം ലോകത്തിൽ നിന്നും, സകലസൃഷ്ടിയിൽ നിന്നും മാത്രമല്ല പാപത്തിൽ നിന്നും വേർപെട്ടവൻ എന്ന നിലയിൽ വ്യത്യസ്തനായിരിക്കുന്നു. "*ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിക്കേണം*" (ലേവ്യ11:45) എന്ന ദൈവത്തിന്റെ ആഗ്രഹത്തിലും അരുളപ്പാടിലും കാണുന്നത് 'ഞാൻ വേർപെട്ടവനാകയാൽ നിങ്ങളും വേർപെട്ടവരായിക്കേണം' എന്നാണ്. വിശ്വാസികളോടുള്ള ബന്ധത്തിലും വേർപാട് അവരുടെ സ്വഭാവസവിശേഷതയാണ്. ഒരുവൻ ക്രിസ്തുവിൽ വിശ്വസിച്ചു പാപങ്ങൾ മോചിക്കപ്പെടുമ്പോൾ "വിശുദ്ധൻ " എന്ന പേരിനു അർഹനായിത്തീരുന്നു. ദൈവത്തിനായി വേർതിരിച്ചു മാറ്റിയത് എന്ന ആശയമാണ് ഇവിടെ ലഭിക്കുന്നത്. എബ്രായലേഖനത്തിലും പത്രൊസിന്റെ ഒന്നാം ലേഖനത്തിലും ഇപ്രകാരമുള്ള വിശുദ്ധീകരണം അഥവാ വേർപാട് കാണാം. എബ്രാ.10:10—"ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ **വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു**." 1.പത്രൊ.1:15 —"നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും **വിശുദ്ധരാകുവിൻ**." വിശ്വാസികൾ ലോകത്തിൽ പാർക്കുന്നുവെങ്കിലും ലോകം അവരിൽ വസിക്കുവാൻ ഇടയാകരുത്. അവർ പാപത്തോടും, വ്യാജമതത്തോടും, ആചാരാനുഷ്ടാനങ്ങളോടും വേർപാട് പാലിക്കണം.

ബാബിലോണിനെപ്പോലെ അകൃത്യങ്ങളുടെ കൂമ്പാരത്തിൽ മുങ്ങിക്കുളിച്ചു കഴിയുന്ന എല്ലാക്കാലത്തുമുള്ള ദൈവജനത്തോടുള്ള ദൈവീകാഹ്വാനമാണ് വിട്ടുപോരുക അഥവാ വേർപാടു പാലിക്കുക എന്നത് (Come out of her / Be Separated). അപ്പൊസ്തലനായ പൗലൊസ് ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികളോടു പറഞ്ഞത് വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു എന്നാണ്. **2.കൊരി.6:16 —** *"ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ.*

*....... അതുകൊണ്ടു അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുതു."* ഒന്നാം നൂറ്റാണ്ടിൽ വേർപാടിന്റെ സന്ദേശം വിശ്വാസികൾക്കു നൽകിയതുപോലെ സഭ എടുക്കപ്പെട്ടശേഷം മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കും ദൈവം വേർപാടിന്റെ സന്ദേശം നൽകുന്നു. അശുദ്ധിയുടെ കൂമ്പാരമായ ബാബിലോൺ നഗരത്തിന്മേൽ വന്നു പതിക്കുന്ന നാശത്തിൽ ഉൾപ്പെടാതെ വിട്ടോടിപ്പോകുക എന്നാണ് അവരോട് പറയുന്നത്. **വെളി.18:4 —** *"എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപോരുവിൻ."*

**വെളി.18:5 — അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ടു** ("For her sins have reached to heaven, and God has remembered her iniquities.) —

മഹോദ്രവകാലവിശുദ്ധന്മാർ ബാബിലോണിനെ വിട്ടു ഓടിപ്പോകേണ്ട കാരണമെന്നത് ബാബിലോണിന്റെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു. അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ടു എന്നതിനാൽ തന്നെ. ദൈവീകശിക്ഷാവിധിക്കു കാരണമായിത്തീർന്ന ബാബിലോണിന്റെ പാപത്തിന്റെ പരിതാപകരമായ അവസ്ഥയും, പാപത്തിന്റെ കാഠിന്യതയുമാണിവിടെ പ്രസ്താവിച്ചിരിക്കുന്നത്.

**അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു** (For her sins have reached to heaven / her sins have piled up as high as heaven) —

ബാബിലോണിന്റെ നാശത്തിനു കാരണം അവളുടെ പാപം ആകാശത്തോളം കുമിഞ്ഞു കൂടിയിരിക്കുന്നതിനാലാണ്. ആകാശത്തോളം അഥവാ സ്വർഗ്ഗത്തോളം കുന്നിച്ചിരിക്കുന്നു എന്നത് പാപങ്ങൾ ദൈവസന്നിധിയിൽ എത്തി എന്നതിനെ വെളിപ്പെടുത്തുന്നു.

ബൈബിളിലെ ആദ്യപുസ്തകമായ ഉല്പത്തിയിൽ ദൈവത്തോട് മത്സരിച്ചു ആകാശത്തോളം എത്തുന്ന ബാബേൽ ഗോപുരം ശീനാർദേശത്ത് പണിയുന്നതായി കാണുന്നു. **ഉല്പ.11:3,4 —** *"അവർ തമ്മിൽ: വരുവിൻ, നാം ഇഷ്ടിക അറുത്തു ചുടുക എന്നു പറഞ്ഞു. അങ്ങനെ അവർ ഇഷ്ടിക കല്ലായും പശമണ്ണു കുമ്മായമായും ഉപയോഗിച്ചു. വരുവിൻ; നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിപ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക; നമുക്കു ഒരു പേരുണ്ടാക്കുക എന്നു അവർ പറഞ്ഞു."* തങ്ങൾക്കു പേരും പ്രസിദ്ധിയും ഉണ്ടാക്കുക എന്നതായിരുന്നു ഗോപുരപണിയുടെ പ്രഥമലക്ഷ്യം. എന്നാൽ മറ്റൊരു ലക്ഷ്യവും ഇതിനു പുറകിൽ ഉണ്ടായിരുന്നു എന്നു ചിന്തിക്കാം. ജലപ്രളയാനന്തരം നോഹെയോടു ദൈവം ഉടമ്പടി ചെയ്തപ്പോൾ ജലപ്രളയത്താൽ ഇനി ഭൂമിയെ നശിപ്പിക്കുകയില്ലെന്നതിന്റെ അടയാളമായി മഴവില്ലിനെ ആകാശത്തിൽ വെച്ചു (ഉല്പ.9:13). ദൈവത്തിന്റെ വാക്കുകളെ അവിശ്വസിച്ച ജനം ഭാവിയിൽ ജലപ്രളയം ഉണ്ടായാൽ അതിൽ നിന്നു രക്ഷ പ്രാപിക്കുവാനുള്ള അവരുടെ സ്വന്ത ആലോചനയായിരിക്കാം ഗോപുരനിർമ്മാണം. ഏതായാലും ആകാശത്തോളമെത്തുന്ന ഗോപുരനിർമ്മാണം ദൈവത്തോടുള്ള മത്സരവും അവരുടെ സ്വയത്തിലുള്ള ആശ്രയത്തെയും പ്രശംസയെയും വെളിപ്പെടുത്തുന്നു. എന്നാൽ ദൈവത്തിനെതിരായുള്ള സംയുക്തസംരംഭം ദൈവം ശിഥിലമാക്കിക്കളഞ്ഞു. അവിടെ അവരുടെ ഭാഷ ദൈവം കലക്കിക്കളഞ്ഞതിനാൽ ഒരേഭാഷ സംസാരിച്ചിരുന്നവർ ആശയവിനിമയം നടത്താനാവാതെ പണി നിന്നു പോകുകയും ജനം ചിതറിപ്പോകുവാനുമിടയായി. ദൈവത്തിനെതിരായി ഒരുമയോടെ സംഘടിച്ചവരെ ദൈവം വിഘടിതരാക്കി. ചുരുക്കത്തിൽ ബാബേൽഗോപുരം കലക്കത്തിന്റെ ഗോപുരമായിത്തീർന്നു.

ദൈവജനമായ യെഹൂദായുടെ പാപങ്ങൾക്ക് അവരെ ശിക്ഷിക്കുവാനായി ബാബിലോണിനെ ദൈവം അനുവദിക്കുന്നു. എന്നാൽ ബാബേലിന്റെ പാപത്തിന്റെ കാഠിന്യത്താലുണ്ടാകുന്ന പതനത്തെക്കുറിച്ചു യിരെമ്യാപ്രവാചകൻ പറയുമ്പോൾ അതിന്റെ ശിക്ഷാവിധി ആകാശത്തോളം എത്തിയിരിക്കുന്നു എന്നു പ്രസ്താവിച്ചിരിക്കുന്നു. **യിരെ.51:9 —** *"ഞങ്ങൾ ബാബേലിന്നു ചികിത്സ ചെയ്തു എങ്കിലും സൗഖ്യം വന്നില്ല; അതിനെ ഉപേക്ഷിച്ചു കളവിൻ; നാം ഓരോരുത്തനും നമ്മുടെ സ്വദേശത്തേക്കു പോക; അതിന്റെ ശിക്ഷാവിധി സ്വർഗ്ഗത്തോളം എത്തി ആകാശത്തോളം പൊങ്ങിയിരിക്കുന്നു."*

നെബൂഖദ്നേസർ രാജാവ് തന്റെ ഭാര്യക്കുവേണ്ടി പണിത രാജധാനിയിൽ നിന്നുകൊണ്ട് തന്റെ പണിയെനോക്കി സ്വയം പ്രശംസിക്കുന്നു. ദൈവത്തിനു ബഹുമാനം നൽകാതെ തന്റെ പ്രതാപത്തിൽ അഹങ്കരിച്ച രാജാവ് കാട്ടിലെ മൃഗങ്ങളോടൊപ്പം കഴിയുവാനിടയായി. **ദാനീ.4:29-31 —** *"അവൻ ബാബേലിലെ രാജമന്ദിരത്തിന്മേൽ ഉലാവിക്കൊണ്ടിരുന്നു. ഇതു ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിനായിട്ടു രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ എന്നു രാജാവു പറഞ്ഞുതുടങ്ങി. ഈ വാക്കു രാജാവിന്റെ വായിൽ ഇരിക്കുമ്പോൾ തന്നേ, സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദം ഉണ്ടായതെന്തെന്നാൽ: നെബൂഖദ്നേസർരാജാവേ, നിന്നോടു ഇതു കല്പിക്കുന്നു: രാജത്വം നിന്നെ വിട്ടു നീങ്ങിയിരിക്കുന്നു."* ദൈവത്തിന്റെ ന്യായവിധി പകരപ്പെട്ട രാജാവ് കാട്ടിൽ കാള എന്ന

പോലെ പുല്ലു തിന്നുകയും അവന്റെ പാർപ്പ് കാട്ടിലെ മൃഗങ്ങളോടു കൂടെയുമായിത്തീർന്നു. സ്വയം പ്രശംസിച്ച നെബൂഖദ്നേസറും ആഡംബരത്തിൽ മുഴുകിയ ബാബിലോണും ദൈവീകശിക്ഷാവിധിയാൽ വീണുപോകുവാനിടയായി.

ഉല്പത്തിയിൽ ദൈവത്തിനെതിരായി മത്സരിച്ചു ബാബേൽഗോപുരം പണിഞ്ഞവരെ ദേശമെമ്പാടും ചിതറിച്ചു. ആകാശത്തോളം കുമിഞ്ഞുകൂടിയ ബാബേലിന്റെ നാശം അതിന്റെ പതനത്തിനു കാരണമായിത്തീർന്ന കാര്യം യിരെമ്യാപ്രവാചകൻ അറിയിച്ചു. ദൈവത്തിനു ബഹുമാനം നൽകാതെ തന്റെ രാജധാനിയെനോക്കി ഞാൻ പണിത മഹതിയാം ബാബിലോൺ എന്നു പറഞ്ഞ നെബൂഖദ്നേസറും രാജ്യവും നശിക്കുവാനിടയായി. ആയതുപോലെ മഹോപദ്രവകാലത്ത് ദുർഭൂതങ്ങളുടെയും അശുദ്ധാത്മാക്കളുടെയും അറക്കെപ്പെട്ട പക്ഷികളുടെ താവളവുമായ ബാബിലോൺ പാപത്തിന്റെ മാലിന്യ കൂമ്പാരമായിത്തീരുന്നു. ഭൂമിയിലെ രാജാക്കന്മാരോടു വേശ്യവൃത്തിചെയ്യുകയും വ്യാപാരത്താൽ ആഡംബരത്തിൽ മുഴുകുകയും ചെയ്ത ബാബിലോണിന്റെ പാപങ്ങൾ ആകശത്തോളം അഥവാ ദൈവസന്നിധിയിൽ എത്തിയിരിക്കുന്നു. ബാബേൽ ഗോപുരംപോലെ സ്വർഗ്ഗത്തോളം എത്തുന്ന ബാബിലോണിന്റെ പാപത്തിനുള്ള ശിക്ഷ ദൈവം നടത്തുവാൻ പോകുന്നു.

**അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ടു** (and God has remembered her iniquities) —

ബാബിലോണിന്റെ പാപങ്ങൾ സ്വർഗ്ഗത്തോളം കുമിഞ്ഞു കൂടിയിരിക്കയാണ്. വീണ്ടും സ്വർഗ്ഗത്തിൽ നിന്നു കേൾക്കുന്നത് ബാബിലോണിന്റെ അകൃത്യം ദൈവം ഓർത്തിട്ടുണ്ട് എന്നാണ്. ഏഴാമത്തെ ക്രോധകലശത്തിനു ശേഷവും ഇപ്രകാരമുള്ള ഒരു അറിയിപ്പ് സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ നിന്നു ഉണ്ടാകുന്നുണ്ട്. **വെളി.16:19 —** *“ദൈവകോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാബാബിലോണിനു കൊടുക്കേണ്ടതിന്നു അവളെ ദൈവസന്നിധിയിൽ ഓർത്തു.”* നോഹയെ ദൈവം ഓർത്തു (ഉല്പ.8:1), അബ്രഹാമിനെ ദൈവം ഓർത്തു (ഉല്പ.19:29) എന്നിങ്ങനെ പറഞ്ഞിരിക്കുന്നത് ദൈവം അവരെ മറന്നുപോയതിനാൽ വീണ്ടും ഓർത്തു എന്നല്ല. മറിച്ചു അവരുടെ പ്രതിസന്ധിഘട്ടങ്ങളിൽ ദൈവം അവരുടെ സഹായത്തിനായി ഉടനെ പ്രവർത്തിക്കുവാൻ പോകുന്നു എന്നതിനെയാണ് വെളിപ്പെടുത്തുന്നത്. എന്നാൽ ബാബിലോണിന്റെ പാപം ആകാശത്തോളം കുമിഞ്ഞിരിക്കുന്നതിനാൽ ബാബിലോണിനെ ഓർത്തു എന്നത് ബാബിലോണിന്റെ പാപത്തിനായി ഉടനെ ശിക്ഷ ദൈവം അയക്കുവാൻ പോകുന്നു എന്നതിനെ കുറിക്കുന്നു. ദൈവമക്കളെ ദൈവം ഓർക്കുന്നത് അവരുടെ പ്രയാസവേളകളിൽ അവരെ സഹായിക്കുവാനും രക്ഷിക്കുവാനും ആയിരിക്കുമ്പോൾ, ദൈവത്തെ മറന്നു ജീവിക്കുന്ന അനുതാപമില്ലാത്ത ദുഷ്ടന്മാരെ ദൈവം ഓർക്കുന്നത് അവരുടെമേൽ ന്യായവിധി അയെച്ചു ശിക്ഷിക്കുവാനാണ്.

*“ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു”* (2.പത്രൊ.3:9) എന്നു അപ്പൊസ്തലനായ പത്രൊസ് പറയുന്നു. *“യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു; ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നേ”* (സങ്കീ.103:8) എന്നു ദാവീദ് പാടിസ്തുതിച്ചിരിക്കുന്നു. പാപികളെ നശിപ്പിക്കുന്നതിനു മുമ്പായി അവർക്കു മാനസാന്തരത്തിനായുള്ള വഴിയും മതിയായ സമയവും ദൈവം എല്ലായിപ്പോഴും നൽകുന്നതായി തിരുവചനത്തിൽ കാണുന്നുണ്ട്.

*“സോദോമിന്റെയും ഗൊമോരയുടെയും നിലവിളി വലിയതും അവരുടെ പാപം അതികഠിനവും ആകുന്നു ”* (ഉല്പ.18:20) എന്നു ദൈവം അബ്രഹാമിനോടു പറയുന്നു. ദൈവം ദേശവാസികൾക്കു പാപത്തിൽ നിന്നു പിന്തിരിയുവാൻ അവസരം കൊടുത്തു. യഹോവയുടെ സന്നിധിയിൽ സോദോമിന്റെ പാപത്തിന്റെ കൂമ്പാരം എത്തിയപ്പോൾ അതിന്റെ നാശത്തിനായി ദൂതന്മാരെ ദൈവം അയെച്ചു. **ഉല്പ.19:13 —** *“ഇവരെക്കുറിച്ചുള്ള ആവലാതി യഹോവയുടെ മുമ്പാകെ വലുതായിത്തീർന്നതുകൊണ്ടു ഞങ്ങൾ ഈ സ്ഥലത്തെ നശിപ്പിക്കും. അതിനെ നശിപ്പിക്കുവാൻ യഹോവ ഞങ്ങളെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.”* അപ്പോഴും സോദോം നിവാസികൾക്കു അനുതപിക്കുവാനും ദൈവത്തിൽ ശരണപ്പെടുവാനും അവസരമുണ്ടായിരുന്നു. എന്നാൽ സോദോം നിവാസികൾ ദൂതന്മാരോടു വഷളത്വം പ്രവർത്തിക്കുവാനാണ് ഒരുമ്പെട്ടത്. ദൈവത്തെ ഭയപ്പെടാതെ അകൃത്യത്തിൽ മുന്നോട്ടുപോയ സോദോം ഗൊമോരായെ അഗ്നിക്കിരയാക്കിയപ്പോഴും ലോത്തിനെയും കുടുംബത്തെയും രക്ഷിക്കുവാൻ ദൈവം പ്രസാദിച്ചു. നീനെവേ പട്ടണത്തിന്റെ പാപം ദൈവസന്നിധിയിൽ എത്തിയപ്പോൾ യോനാപ്രവാചകനെ രക്ഷാദൂതുമായി അവിടേക്കു അയെക്കുന്നു. *“നീ പുറപ്പെട്ടു മഹാനഗരമായ നീനെവേയിലേക്കു ചെന്നു അതിന്നു വിരോധമായി പ്രസംഗിക്ക; അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു”* (യോനാ.1:2). നീനവേ പട്ടണത്തിന്റെ പാപം സ്വർഗ്ഗത്തോളം കുമിഞ്ഞുകൂടിയപ്പോൾ പട്ടണത്തെയും പട്ടണനിവാസികളെയും ഒന്നടങ്കം നശിപ്പിക്കുന്നതിനു മുമ്പായി അവർക്കു മാനസാന്തരത്തിനു ഒരവസരം കൂടി നൽകുകയായിരുന്നു. ദേശവും ദേശവാസികളുമൊന്നടങ്കം ദുർമ്മാർഗ്ഗം വിട്ടുതിരിഞ്ഞു എന്നു കണ്ടപ്പോൾ ദൈവം

ന്യായവിധിയുടെ കരം പിൻവലിച്ചു.

പാപങ്ങൾ ആകാശത്തോളം കുന്നിക്കുമ്പോൾ അഥവാ വലുതായിത്തീരുമ്പോൾ ദൈവം ശിക്ഷാവിധി അയക്കും. പാപത്തെക്കുറിച്ചു അനുതപിക്കാതെ പാപം ചെയ്യുന്നവർക്കു ദൈവം മാനസാന്തരത്തിനു അവസരം കൊടുക്കുന്നതിനാലാണ് ഉടനെ ന്യായവിധി ഉണ്ടാകാത്തത്. മഹതിയാം ബാബിലോൺ എന്ന മഹാനഗരത്തിന്റെ പാപം ദൈവസന്നിധിയിൽ മഹാപീഡനകാലാവസാനത്തിങ്കൽ ചെന്നെത്തുന്നു. ദുർമ്മാർഗ്ഗങ്ങളിൽ നിന്നു വിട്ടു തിരിയുന്നതിനു ബാബിലോണിനു അനേക അവസരങ്ങൾ നൽകിയിട്ടും പിന്തിരിയാത്തതിനാൽ ദൈവം ബാബിലോണിനെ ഓർക്കുകയും ന്യായവിധി അയക്കുകയും ചെയ്യുന്നു.

**വെളി.18:6 — അവൾ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങൾ അവൾക്കു പകരം ചെയ്വിൻ; അവളുടെ പ്രവൃത്തികൾക്കു തക്കവണ്ണം അവൾക്കു ഇരട്ടിച്ചു കൊടുപ്പിൻ; അവൾ കലക്കിത്തന്ന പാനപാത്രത്തിൽ അവൾക്കു ഇരട്ടി കലക്കിക്കൊടുപ്പിൻ** ("Render to her just as she rendered to you, and repay her double according to her works; in the cup which she has mixed, mix double for her.) —

സ്വർഗ്ഗത്തോളം കുമിഞ്ഞുകൂടിയ ബാബിലോണിന്റെ പാപത്തിനുള്ള ദൈവീകശിക്ഷാവിധികൾ സ്വർഗ്ഗത്തിൽ നിന്നു പുറപ്പെട്ടിരിക്കയാൽ മഹാപദ്രവകാലത്തെ ദൈവജനം വേർപെട്ടിരിക്കുക എന്നുള്ള ആഹ്വാനശേഷം യോഹന്നാൻ മറ്റൊരുഅറിയിപ്പ് കേൾക്കുന്നു. ബാബിലോണിന്റെ പാപങ്ങൾക്കും പാപപ്രവൃത്തികൾക്കും തക്ക ശിക്ഷ പകരമായി ചെയ്യുവാനുള്ള അറിയിപ്പായിരുന്നു. തന്റെ ജനത്തെ പീഡിപ്പിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്തതിനാൽ പ്രതികാരത്തിനായി ദൈവത്തോടുള്ള അപേക്ഷയായിരിക്കാം. അല്ലെങ്കിൽ ദൈവത്തിന്റെ ന്യായവിധി നടത്തുവാൻ അധികാരം നൽകിയിരിക്കുന്ന ദൂതനുള്ള നിർദ്ദേശവുമായിരിക്കാം. അതുമല്ലെങ്കിൽ പീഡ അനുഭവിക്കുന്ന ദൈവജനത്തോടായിരിക്കാം. പ്രതികാരം ദൈവത്തിനുള്ളതാകയാൽ ദൈവജനത്തിനു ശത്രുവിനോടു പ്രതികാരം ചെയ്വാൻ ദൈവവചനം അനുവദിക്കുന്നില്ല. പക്ഷേ അവർക്കു ദൈവസന്നിധിയിൽ നിലവിളിച്ചു പ്രാർത്ഥിക്കാം. അവരുടെ പ്രാർത്ഥനയും നിലവിളിയും ഉയരുമ്പോൾ അവർക്കായി ദൈവം പ്രതികാരം നടത്തും. പ്രതികാരം നടത്തുവാനുള്ള അപേക്ഷയെ മൂന്നായി തിരിക്കാം. (1) **അവൾ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങൾ അവൾക്കു പകരം ചെയ്വിൻ** (Render to her just as she rendered to you), (2) **അവളുടെ പ്രവൃത്തികൾക്കു തക്കവണ്ണം അവൾക്കു ഇരട്ടിച്ചു കൊടുപ്പിൻ** (and repay her double according to her works), (3) **അവൾ കലക്കിത്തന്ന പാനപാത്രത്തിൽ അവൾക്കു ഇരട്ടി കലക്കിക്കൊടുപ്പിൻ** (in the cup which she has mixed, mix double for her).

(1) **അവൾ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങൾ അവൾക്കു പകരം ചെയ്വിൻ** (Render to her just as she rendered to you) —

വിശുദ്ധന്മാരെ പീഡിപ്പിക്കുകയും അവരുടെ രക്തം ചിന്തിക്കുകയും ചെയ്തതിനു പ്രതികാരമായി ബാബിലോണിനോടു പകരം ചെയ്യുവാനുള്ള ശബ്ദമാണിവിടെ ആദ്യമായി കേൾക്കുന്നത്. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ രക്തസാക്ഷികളുടെ പ്രതികാരത്തിന്റെ നിലവിളി യാഗപീഠത്തിങ്കീഴിൽ നിന്നു കേട്ടതിനോടു ഇതു ചേരുന്നു. **വെളി.6:9,10 —** *"അവൻ അഞ്ചാംമുദ്ര പൊട്ടിച്ചപ്പോൾ: ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിങ്കീഴിൽ കണ്ടു; വിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു അവർ ഉറക്കെ നിലവിളിച്ചു."* അവൾ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങൾ അവൾക്കു പകരം ചെയ്വിൻ എന്നത് പഴയനിയമപ്രമാണമാണ് (പുറ.21:24/മത്താ.5:38/ലേവ്യാ.24:20/ആവ.19:20). വിശുദ്ധന്മാരെ പീഡിപ്പിക്കുകയും അവരുടെ രക്തം ചൊരിയിക്കുകയും ചെയ്തവർക്ക് മാനസാന്തരത്തിനായി എണ്ണമറ്റ അവസരങ്ങൾ ദൈവം നൽകിക്കഴിഞ്ഞു. എന്നാൽ അനുതാപമില്ലാതെ പാപത്തിൽ തുടർമാനമായി ജീവിക്കുകയും അവരുടെ പാപം സ്വർഗ്ഗത്തോളം കുമിഞ്ഞുകൂടിക്കഴിഞ്ഞതിനാൽ കരുണകൂടാതെ ദൈവത്തിന്റെ പ്രതികാരത്തെ ബാബിലോൺ നേരിടേണ്ടി വരും. പ്രതികാരം യഹോവെക്കുള്ളതാകയാൽ, പീഡനകാലവിശുദ്ധന്മാരുടെ നിലവിളി ദൈവം കേൾക്കുകയും അതിനുത്തരമായി ശീഘ്രന്യായവിധി സ്വർഗ്ഗത്തിൽ നിന്നു അയെക്കുകയും ചെയ്യുന്നു.

(2) **അവളുടെ പ്രവൃത്തികൾക്കു തക്കവണ്ണം അവൾക്കു ഇരട്ടിച്ചു കൊടുപ്പിൻ** (and repay her double according to her works) —

പ്രതികാരത്തിന്റെ രണ്ടാമത്തെ അപേക്ഷയെന്നത് ബാബിലോണിന്റെ പ്രവൃത്തികൾക്കു തക്കവണ്ണം ഇരട്ടിച്ചു കൊടുപ്പിൻ എന്നാണ്. കാരണം ബാബിലോണിന്റെ പാപം ഏറ്റവും കുമിഞ്ഞു കൂടിയിരിക്കുന്നതിനാലാണ് ശിക്ഷയും ഇരട്ടിക്കുന്നത്. യിസ്രായേൽമക്കൾക്കു മോശെവഴിയായി ദൈവം നിയമം

കൊടുത്തപ്പോൾ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷകളിൽ ചിലതിനു പകരത്തിനു പകരം എന്ന തോതിലും ചിലതിനു ഇരട്ടിശിക്ഷയായും കല്പിച്ചിരുന്നു.

**പുറ.22:4 —** *"മോഷണവസ്തുവായ കാളയെയോ കഴുതയെയോ ആടിനെയോ ജീവനോടെ അവന്റെ വശം കണ്ടുപിടിച്ചാൽ അവൻ ഇരട്ടി പകരം കൊടുക്കേണം."*

**പുറ.22:7—** *"ഒരുത്തൻ കൂട്ടുകാരന്റെ പറ്റിൽ പണമോ വല്ല സാധനമോ സൂക്ഷിപ്പാൻ ഏൽപ്പിച്ചിരിക്കെ അതു അവന്റെ വീട്ടിൽനിന്നു കളവുപോയാൽ കള്ളനെ പിടികിട്ടി എന്നു വരികിൽ അവൻ ഇരട്ടി പകരം കൊടുക്കേണം."*

**പുറ.22:9 —** *"കാണാതെപോയ കാള, കഴുത, ആടു, വസ്ത്രം മുതലായ യാതൊന്നിനെയും സംബന്ധിച്ചു ഇതു എനിക്കുള്ളതു എന്നു ഒരുവൻ പറഞ്ഞു കുറ്റം ചുമത്തിയാൽഇരുപാട്ടുകാരുടെയും കാര്യം ദൈസന്നിധിയിൽ വരേണം; കുറ്റക്കാരനെന്നു ദൈവം വിധിക്കുന്നവൻ കൂട്ടുകാരന്നു ഇരട്ടി പകരം കൊടുക്കേണം."*

(3) **അവൾ കലക്കിത്തന്ന പാനപാത്രത്തിൽ അവൾക്കു ഇരട്ടി കലക്കിക്കൊടുപ്പിൻ** (in the cup which she has mixed, mix double for her) —

ബാബിലോണിന്മേലുള്ള പ്രതികാരത്തിന്റെ മൂന്നാമത്തെ അപേക്ഷ എന്നത് ബാബിലോൺ കലക്കിക്കൊടുത്ത പാനപാത്രത്തിൽ ബാബിലോണിനും ഇരട്ടി കലക്കിക്കൊടുപ്പിൻ എന്നാണ്. മർമ്മം: മഹതിയാം ബാബിലോൺ എന്ന വ്യാജസഭയും, മഹതിയാം ബാബിലോൺ എന്ന മഹാനഗരവും ചേർന്നു അവരുടെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ചതാണ് (വെളി.14:8/18:3). ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തിചെയ്തു തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയതാണ് (വെളി.17:2). ക്രോധമദ്യം എന്നത് വിശുദ്ധന്മാരോടുള്ള പകയും വെറുപ്പും വിദ്വേഷവുമാണ്. വിദ്വേഷത്തിന്റെ ക്രോധമദ്യം ഭൂവാസികൾക്കു കൊടുത്തു വിശുദ്ധന്മാരെയും പ്രവാചകന്മാരെയും പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തു. അതിനുള്ള ശിക്ഷയായി ബാബിലോണിനും അതേ പാനപാത്രത്തിൽ ഇരട്ടി കലക്കിക്കൊടുക്കുവാൻ പറയുന്നു. അവളുടെ ശിക്ഷക്കായി ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം ബാബിലോൺ കുടിക്കേണ്ടി വരുമെന്നും അതിനായി അവളെ ദൈവസന്നിധിയിൽ ഓർത്തു എന്നും മുന്നമേ പറഞ്ഞിട്ടുണ്ട് (വെളി.14:8/16:19). ഭൂവാസികൾക്കു അവളുടെ പാനപാത്രത്തിൽ വിശുദ്ധന്മാരോടുള്ള ക്രോധം കലക്കിക്കൊടുത്തു അതിൽ അവരെ മത്തരാക്കിയെങ്കിൽ, ദൈവം അതേ പാനപാത്രത്തിൽ ദൈവത്തിന്റെ ശിക്ഷാവിധി ഇരട്ടിയായി പകരം കൊടുക്കുന്നു.

**വെളി.18:7 — അവൾ തന്നെത്താൻ മഹത്വപ്പെടുത്തി പുളച്ചേടത്തോളം അവൾക്കു പീഡയും ദുഃഖവും കൊടുപ്പിൻ. രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു; ഞാൻ വിധവയല്ല; ദുഃഖം കാണ്കെയുമില്ല എന്നു അവൾ ഹൃദയംകൊണ്ടു പറയുന്നു** ("In the measure that she glorified herself and lived luxuriously, in the same measure give her torment and sorrow; for she says in her heart, 'I sit as queen, and am no widow, and will not see sorrow.') —

ബാബിലോണിന്മേലുള്ള ദൈവീകന്യായവിധി അനിവാര്യമായിരിക്കുന്നു എന്നതിനു ബാബിലോൺ എന്ന മഹാനഗരത്തിന്റെ മൂന്നു പാപങ്ങൾ കൂടി ഇവിടെ പ്രസ്താവിച്ചിരിക്കുന്നു. (1) അവൾ തന്നെത്താൻ മഹത്വപ്പെടുത്തി — she glorified herself (2) അവൾപുളച്ചു അഥവാ ആഡംബരത്തോടെ ജീവിച്ചു —lived luxuriously (3) അധികാരത്തിൽ മതിമറന്നു ജീവിച്ചു — lived overestimating on self power. അതിനായി അവൾക്കു പീഡയും ദുഃഖവും കൊടുക്കുവാനും അപേക്ഷിക്കുന്നു.

**(1) അവൾ തന്നെത്താൻ മഹത്വപ്പെടുത്തി — she glorified herself —**

അവൾ തന്നെത്താൻ മഹത്വപ്പെടുത്തി എന്നത് ബാബിലോണിന്റെ നിഗളത്തെ (pride) കാണിക്കുന്നു. ഹൃദയത്തിൽ രൂപംകൊള്ളുന്ന ഞാൻ എന്ന മനോഭാവത്തിൽ നിന്നാണ് നിഗളം ഉണ്ടാകുന്നത്. നിഗളം പാപവും (സദൃ.21:4), ദൈവം വെറുക്കുന്നതുമാണ് (സദൃ.6:16,17/സദൃ.8:13/സദൃ.16:5). സ്വയനീതീകരണത്തിൽ നിന്നു നിഗളം പുറപ്പെടുന്നതായി പരീശന്റെയും ചുങ്കക്കാരന്റെയും ഉപമയിൽ നിന്നു വെളിപ്പെടുന്നു (ലൂക്കൊ.18:11,12). നിഗളം പിശാചിന്റെ സ്വഭാവമാണ് (1.തിമൊ.3:6). സ്വയം മഹത്വപ്പെടുത്തുന്ന അവസ്ഥ അഥവാ നിഗളം ഹൃദയത്തിൽ നിന്നു രൂപപ്പെട്ടു പുറത്തേയ്ക്കു വരുന്നതാണെന്നു കർത്താവു പറഞ്ഞിട്ടുണ്ട് (മർക്കൊ.7:21-23). *"തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും"* എന്നു തിരുവചനം രേഖപ്പെടുത്തുന്നു (മത്താ.23:12).

തന്നെത്താൻ മഹത്വപ്പെടുത്തി നിഗളിച്ച അനേകർ വീണുനിലംപരിചായ ദൃഷ്ടാന്തങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട്. തന്നെത്താൻ മഹത്വപ്പെടുത്തിയവരെല്ലാം വീണുപോകുവാനും നശിച്ചുപോകുവാനും ഇടയായി.

**(1) യെഹെസ്കീയാവ്** — 2.ദിന.32:25 — "എന്നാൽ യെഹിസ്കീയാവു തനിക്കു ലഭിച്ച ഉപകാരത്തിന്നു അടുത്തവണ്ണം നടക്കാതെ നിഗളിച്ചുപോയി; അതുകൊണ്ടു അവന്റെമേലും യെഹൂദയുടെമേലും യെരൂശലേമിന്മേലും കോപം ഉണ്ടായി."

**(2) ഫറവോൻ** — നെഹെ.9:9,10 —"മിസ്രയീമിൽ ഞങ്ങളുടെ പിതാക്കന്മാരുടെ പീഡയെ നീ കാണ്കയും ചെങ്കടിന്റെ അരികെവെച്ചു അവരുടെ നിലവിളിയെ കേൾക്കയും ഫറവോനിലും അവന്റെ സകലദാസന്മാരിലും അവന്റെ ദേശത്തിലെ സകലജനത്തിലും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കയും ചെയ്തു; അവർ അവരോടു ഡംഭം കാണിച്ചതു നീ അറിഞ്ഞിരുന്നുവല്ലോ."

**(3) ഹാമാൻ** — എസ്ഥേ.3:5 — "മൊർദ്ദെഖായി തന്നെ കുമ്പിട്ടു നമസ്കരിക്കുന്നില്ലെന്നു കണ്ടിട്ടു ഹാമാൻ കോപംകൊണ്ടു നിറഞ്ഞു."

**(4) മോവാബ്** — യെശ.16:6 — "ഞങ്ങൾ മോവാബിന്റെ ഗർവ്വത്തെക്കുറിച്ചു കേട്ടിട്ടുണ്ടു; അവൻ മഹാഗർവ്വിയാകുന്നു; അവന്റെ നിഗളത്തെയും ഡംഭത്തെയും ക്രോധത്തെയും വ്യർത്ഥപ്രശംസയെയും കുറിച്ചു കേട്ടിട്ടുണ്ടു."

**(5) ബാബിലോൺ** — യിരെ.50:29-32 — "ബാബേലിന്റെ നേരെ വില്ലാളികളെ വിളിച്ചുകൂട്ടുവിൻ ...... അഹങ്കാരം കാണിച്ചിരിക്കുന്നു. ........അഹങ്കാരിയേ, ഞാൻ നിനക്കു വിരോധമായിരിക്കുന്നു ...... അഹങ്കാരി ഇടറി വീഴും; ആരും അവനെ എഴുന്നേൽപ്പിക്കയില്ല; ഞാൻ അവന്റെ പട്ടണങ്ങൾക്കു തീ വെക്കും; അതു അവന്റെ ചുറ്റുമുള്ള എല്ലാവരെയും ദഹിപ്പിച്ചു കളയും."

**(6) നെബൂഖദ്നേസർ** — ദാനീ.4:30,33 — "ഇതു ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിനായിട്ടു രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ എന്നു രാജാവു പറഞ്ഞു തുടങ്ങി. ..... അവനെ മനുഷ്യരുടെ ഇടയിൽ നിന്നു നീക്കിക്കളഞ്ഞു; അവന്റെ രോമം കഴുകന്റെ തൂവൽപോലെയും അവന്റെ നഖം പക്ഷിയുടെ നഖംപോലെയും വളരുന്നതുവരെ, അവൻ കാള എന്നപോലെ പുല്ലു തിന്നുകയും അവന്റെ ദേഹം ആകാശത്തിലെ മഞ്ഞുകൊണ്ടു നനയുകയും ചെയ്തു."

**(7) ബേൽശസ്സർ** — ദാനീ.5:22,23,30 — "അവന്റെ മകനായ ബേൽശസ്സരേ, ഇതൊക്കെയും അറിഞ്ഞിട്ടും തിരുമേനിയുടെ ഹൃദയത്തെ താഴ്ത്താതെ സ്വർഗ്ഗസ്ഥനായ കർത്താവിന്റെ നേരെ തന്നെത്താൻ ഉയർത്തി അവന്റെ ആലയത്തിലെ പാത്രങ്ങളെ അവർ തിരുമുമ്പിൽ കൊണ്ടുവന്നു......... ആ രാത്രിയിൽ തന്നേ കല്ദയരാജാവായ ബേൽശസ്സർ കൊല്ലപ്പെട്ടു."

**(8) ഏദോം** — ഓബ.1:3 — "പാറപ്പിളർപ്പുകളിൽ പാർക്കുന്നവനും ഉന്നതവാസവുമുള്ളവനും ആർ എന്നെ നിലത്തു തള്ളിയിടും എന്നു ഹൃദയത്തിൽ പറയുന്നവനുമായവനേ, നിന്റെ ഹൃദയത്തിന്റെ അഹങ്കാരം നിന്നെ ചതിച്ചിരിക്കുന്നു."

**(9) ശാസ്ത്രിമാർ** — മർക്കൊ.12:38-40 — "അവൻ തന്റെ ഉപദേശത്തിൽ അവരോടു: അങ്കികളോടെ നടക്കുന്നതും അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും അത്താഴത്തിൽ പ്രധാനസ്ഥലവും ഇച്ഛിക്കുന്ന ശാസ്ത്രിമാരെ സൂക്ഷിച്ചുകൊൾവിൻ. ........ അവർക്കു ഏറ്റവും വലിയ ശിക്ഷാവിധി വരും എന്നു പറഞ്ഞു."

**(10) ഹെരോദാവ്** — അപ്പൊ.12:21-23 — "നിശ്ചയിച്ച ദിവസത്തിൽ ഹെരോദാവു രാജവസ്ത്രം ധരിച്ചു ഭദ്രാസനത്തിൽ ഇരുന്നു അവരോടു പ്രസംഗം കഴിച്ചു. ഇതു മനുഷ്യന്റെ ശബ്ദമല്ല ഒരു ദേവന്റെ ശബ്ദം അത്രേ എന്നു ജനം ആർത്തു. അവൻ ദൈവത്തിന്നു മഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു, അവൻ കൃമിക്കു ഇരയായി പ്രാണനെ വിട്ടു."

**(11) ലവൊദിക്യർ** — വെളി.3:17 — "ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ ...."

**(2) അവൾപുളച്ചു അഥവാ ആഡംബരത്തോടെ ജീവിച്ചു —lived luxuriously —**

ബാബിലോണിന്റെ വ്യാപാരപെരുപ്പത്താൽ മഹാനഗരമായ ബാബിലോൺ ഭൂമിയിലെ ഏറ്റവും സമ്പന്നരാഷ്ട്രമായിത്തീരുന്നു. വ്യാപാരപെരുപ്പവും സമ്പന്നതയും ബാബിലോണിനെ ആഡംബരത്തിലേക്കും കണ്ണഞ്ചിപ്പിക്കുന്ന ലോകമോഹങ്ങളിലേക്കും നയിച്ചു. ഇതൊക്കെയും അവൾ പുളച്ചു അഥവാ ആഡംബരത്തിൽ മുഴുകി ജീവിക്കുവാനും അനേകരെ അവിടേക്കു ആകർഷിക്കുവാനുമിടയായി. അവളുടെ ആഡംബരജീവിതവും സ്വയസംതൃപ്തിയും (luxury and self-gratitude living) ദൈവകോപത്തിനു കാരണമായിത്തീർന്ന പാപങ്ങളാത്തീർന്നു.

**(3) അധികാരത്തിൽ മതിമറന്നു ജീവിച്ചു — lived overestimating on self power —** "രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു; ഞാൻ വിധവയല്ല; ദുഃഖം കാൺകെയുമില്ല എന്നു അവൾ ഹൃദയംകൊണ്ടു പറയുന്നു"

തന്റെ സ്വന്തശക്തിയിലാശ്രയിക്കുകയും അതിനതീതമായി സകലത്തെയും മറന്നുകൊണ്ടു ജീവിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന അഹങ്കാരത്തിന്റെ വാക്കുകളാണ് അവളുടെ ഹൃദയത്തിൽ നിന്നു പുറപ്പെടുന്നത്. ഞാൻ രാജ്ഞി, ഞാൻ വിധവയല്ല, ഒരിക്കലും ദുഃഖം കാണുകയോ അനുഭവിക്കുകയോ ഇല്ലെന്നാണ് പറയുന്നത്. പുരാതനബാബിലോണിന്റെ ഹൃദയവിചാരവും അതിനുള്ള ന്യായവിധിയുടെ അറിയിപ്പും ആധുനികബാബിലോണിനോടും ചേരുന്നതാണ്.

**യെശ.47:7,8 —** *"ഞാൻ എന്നേക്കും തമ്പുരാട്ടി ആയിരിക്കും എന്നു നീ പറഞ്ഞു അതു കൂട്ടാക്കാതെയും അതിന്റെ അവസാനം ഓർക്കാതെയും ഇരുന്നു. ആകയാൽ: ഞാൻ മാത്രം; എനിക്കു തുല്യമായി മറ്റാരുമില്ല; ഞാൻ വിധവയായിരിക്കയില്ല; പുത്രനഷ്ടം അറികയുമില്ല എന്നു ഹൃദയത്തിൽ പറയുന്ന സുഖഭോഗിനിയും നിർഭയവാസിനിയും ആയുള്ളോവേ, ഇതു കേൾക്ക:"*

**യെശ.47:9 —** *"പുത്രനഷ്ടം, വൈധവ്യം ഇവ രണ്ടും പെട്ടെന്നു ഒരു ദിവസത്തിൽ തന്നേ നിനക്കു ഭവിക്കും; നിന്റെ ക്ഷുദ്രപ്രയോഗങ്ങൾ എത്ര പെരുകിയിരുന്നാലും നിന്റെ ആഭിചാരങ്ങൾ എത്ര അധികമായിരുന്നാലും അവ നിനക്കു നിറപടിയായി ഭവിക്കാതിരിക്കയില്ല."*

വാണിജ്യവ്യാപാരപെരുപ്പത്താൽ സമ്പന്നതയുടെ ഉന്നതിയിലെത്തിയ മഹാനഗരമായ മഹതിയാം ബാബിലോണെന്ന മഹാവേശ്യയുടെ ആഡംബരജീവിതത്തിൽ നിന്നു മുഴങ്ങിക്കേൾക്കുന്ന ഹൃദയവിചരങ്ങളാണ് യോഹന്നാൻ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് — "രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു; ഞാൻ വിധവയല്ല; ദുഃഖം കാൺകെയുമില്ല." (I sit as queen, and am no widow, and will not see sorrow).

**ഞാൻ** (I) — ഞാൻ, ഞാൻ എന്ന മനോഭാവം സ്വയത്തെയും, നിഗളത്തെയും, ആത്മപ്രശംസയെയും വെളിപ്പെടുത്തുന്നു.

**രാജ്ഞി** (I sit as queen) — സകലത്തിന്മേലും അധികാരമുള്ള പദവിയെയും, ഒന്നിനും മുട്ടില്ലായ്മയെയും മാത്രമല്ല സർവ്വാധിത്യത്തെയും രാജ്ഞി എന്ന പദവി കുറിക്കുന്നു. ബാബിലോൺ ലോകത്തിന്റെ കമ്പോളമാകുമ്പോൾ സകലരാജ്യങ്ങളുടെയും ഭരണകേന്ദ്രവുമായിത്തീരും. രാജ്ഞിയെന്ന നിലയിൽ ലോകരാഷ്ട്രങ്ങളെ ഭരിക്കുകയും അതിന്മേൽ ആധിപത്യം പുലർത്തുകയും ചെയ്യും. സഭ ക്രിസ്തുവിന്റെ മണവാട്ടി പദവി അലങ്കരിക്കുന്നതിനാൽ രാജാവായ ക്രിസ്തുവിന്റെ രാജ്ഞിയുമാണ്. എന്നാൽ അന്തിക്രിസ്തുവിന്റെ മണവാട്ടിയെന്ന നിലയിൽ മഹാവേശ്യയായ ബാബിലോൺ എതിർക്രിസ്തുവിന്റെ രാജ്ഞി എന്നും പറയാം.

**ഞാൻ വിധവയല്ല** (am no widow) — വിധവയെന്നത് ഭർത്താവ് മരിച്ചുപോയവളെ കുറിക്കുന്നു. എന്നാൽ ബാബിലോൺ എന്ന മഹാവേശ്യ ഞാൻ വിധവയല്ല എന്നു പറയുമ്പോൾ ഒരർത്ഥത്തിൽ അവൾക്കു ഭർത്താവായും നാഥനുമായി ആരുമില്ലാതിരിക്കുമ്പോൾത്തന്നെ സകലരുമായി വേശ്യാവൃത്തി ചെയ്യുന്നവളുമാണ്. ഭൂമിയിലെ രാജാക്കന്മാർ അവളോടു വേശ്യാസംഗം ചെയ്തു എന്നു തിരുവചനം പ്രസ്താവിക്കുന്നു (വെളി.18:3).

**ദുഃഖം കാൺകെയുമില്ല** (will not see sorrow) — വിധവയുടെ ജീവിതം ദുഃഖം നിറഞ്ഞതാണ്. എന്നാൽ ബാബിലോൺ എന്ന മഹാവേശ്യ അവകാശപ്പെടുന്നത് താൻ വിധവയല്ലെന്നും ദുഃഖം ഒരിക്കലും അനുഭവിക്കുകയോ കാണുകയോ ഇല്ല എന്നാണ്. സർവ്വസമ്പന്നയായി ജീവിക്കുന്ന ബാബിലോണിനു ദുഃഖം ഒരിക്കലും ഉണ്ടാകുകയില്ലെന്ന അവളുടെ ഹൃദയവിചാരം സ്വയത്തിലുള്ള ആശ്രയവും നിഗളവുമായി കരുതാം. എന്നാൽ ദൈവത്തിന്റെ ന്യായവിധിക്കു മുമ്പിൽ ബാബിലോൺ നിമിഷനേരത്തിനുള്ളിൽ തീയ്ക്കു ഇരയായിത്തീരുമെന്നതിനാൽ ദുഃഖം കാണുകയില്ലെന്നു ബാബിലോൺ പറയുന്നതും ശരിയായിരിക്കാം.

**അവൾക്കു പീഡയും ദുഃഖവും കൊടുപ്പിൻ** (in the same measure give her torment and sorrow) —

അന്തിക്രിസ്തുവിന്റെ വാഴ്ചയിൽ അധികാരവും, പ്രശസ്തിയും, ധനവും ബാബിലോണിന്മേൽ വർദ്ധിച്ചപ്പോൾ മഹാനഗരവും നഗരവാസികളും ഒന്നടങ്കം ദൈവത്തിനെതിരായി മത്സരിക്കുകയും തന്നെത്താൻ മഹത്വപ്പെടുത്തുവാനുമിടയായി. രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു; ഞാൻ വിധവയല്ല; ദുഃഖം കാൺകെയുമില്ല എന്നു അവൾ ഹൃദയംകൊണ്ടു പറയുന്നു. ഇപ്രകാരമുള്ള പാപങ്ങൾക്കു ശിക്ഷയായി ബാബിലോണിനു പീഡയും ദുഃഖവും കൊടുക്കുവാനുള്ള അപേക്ഷയാണ് യോഹന്നാൻ കേൾക്കുന്നത്. ദൈവത്തോടു പാപം ചെയ്യുക മാത്രമല്ല മഹോപദ്രവകാലത്ത് ദൈവത്തിൽ ശരണപ്പെട്ട വിശ്വാസികളെ ഒന്നടങ്കം പീഡിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനുള്ള ശിക്ഷ സ്വർഗ്ഗത്തിൽ നിന്നു ദൈവം അയെക്കുന്നു.

**വെളി.18:8 — അതുനിമിത്തം മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസ ത്തിൽ തന്നേ വരും; അവളെ തീയിൽ ഇട്ടു ചുട്ടുകളയും; അവളെ ന്യായംവിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ** ("Therefore her plagues will come in one day--death and mourning and famine. And she will be utterly burned with fire, for strong is the Lord God who judges her) —

ബാബിലോണിന്റെ പാപങ്ങൾക്കു ശിക്ഷയായി സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ നിന്നു നഗര ത്തിന്മേൽ വിവിധ ബാധകളുണ്ടാകുകയും പെട്ടെന്നു ബാബിലോൺ നിലംപരിചാകുകയും ചെയ്യും. ആകാശത്തുനിന്നിറങ്ങി വരുന്ന അഗ്നി നഗരത്തെ ചുട്ടു ചാമ്പലാക്കും. ഇപ്രകാരമുള്ള ശിക്ഷകളാൽ ബാബിലോണിനെ നീതിയോടെ ന്യായം വിധിച്ച ദൈവമായ കർത്താവു ശക്തൻ എന്നുള്ള ശബ്ദവും തുടർന്നു യോഹന്നാൻ കേൾക്കുന്നു.

**അതുനിമിത്തം** (Therefore / for this reason) —

അതുനിമിത്തം എന്നത് ബാബിലോണിന്റെ പാപങ്ങൾ നിമിത്തം എന്നതിനെ വെളിപ്പെടുത്തുന്നു. ബാബിലോണിന്റെ പാപങ്ങൾ — (1) തന്നെത്താൻ മഹത്വപ്പെടുത്തി നിഗളിച്ചു (2) പുളെച്ചു അഥവാ ആഡംബരത്തിൽ ജീവിച്ചു (3) സർവ്വാധിപത്യമുള്ള രാജ്ഞിയാണെന്നുള്ള നിരൂപണത്തിൽ അഹങ്ക രിച്ചു (4) വിധവയല്ലെന്ന മനോഭാവം (5) ദുഃഖം ഒരിക്കലും കാണുകയില്ലെന്ന മതിമറന്നുള്ള ജീവിതം.

**മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസത്തിൽ തന്നേ വരും** (her plagues will come in one day--death and mourning and famine) —

ബാബിലോണിന്റെ വിവിധപാപങ്ങൾക്കുള്ള ശിക്ഷയായി മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെ യുള്ള ബാധകൾ അരങ്ങേറും. എന്നേക്കും ജീവിക്കും അഥവാ നിലനിൽക്കുമെന്നു കരുതിയ ബാബി ലോണിന്മേൽ മരണം അഥവാ ഉന്മൂലനാശം ഉണ്ടാകും. ഞാൻ വിധവയല്ല ആയതിനാൽ ദുഃഖിക്കേണ്ട കാര്യമില്ലെന്നു വിചാരിച്ചവൾ ദുഃഖത്തിനു അടിമയാകും. ഞാൻ രാജ്ഞി എനിക്കു ഒന്നിനും മുട്ടില്ലെന്നു കരുതിയവൾ ക്ഷാമത്തിന്റെ കരങ്ങൾക്കുള്ളിലാകും. സോദോം ഗൊമോരായുടെ നാശം ഒരു ദിവസ ത്തിൽത്തന്നേ സംഭവിച്ചതുപോലെ ആഡംബരത്തിൽ മുങ്ങിക്കുളിച്ചു രസിച്ച പട്ടണം നിമിഷങ്ങൾക്കകം നശിക്കുവാനിടയാകും.

ബാധകൾ **ഒരു ദിവസത്തിൽ തന്നേ വരും** (judgment come in one day = suddenly) എന്നത് പെട്ടെന്നുള്ള നാശത്തെ വെളിപ്പെടുത്തുന്നു. ബാബിലോണിന്മേലുള്ള നാശത്തിന്റെ ന്യായവിധി അര ങ്ങേറുന്നത് വിവിധഘട്ടങ്ങളിലോ ക്രമേണയോ അല്ല. മറിച്ചു അതിവേഗത്തിലുള്ള ശിക്ഷാവിധിയായിരി ക്കും ഉണ്ടാകുക. ദൈവത്തെ അപമാനിച്ചുകൊണ്ടു കുടിച്ചു രസിച്ച ബേൽശസ്സറിന്റെ മേലുള്ള ന്യായ വിധി നടന്നത് കൊട്ടാരമതിലിൽ ന്യായവിധി എഴുതപ്പെട്ട ആ രാത്രിയിൽ തന്നേ ആയിരുന്നു(ദാനീ.5:30). ബാബിലോണിനെപ്പോലെ വഷളത്വത്തം നിറഞ്ഞ സോദോം ഗൊമോരാ പട്ടണങ്ങളുടെ മേലുള്ള നാശവും ഒറ്റ ദിവസത്തിൽ പൂർത്തീകരിക്കപ്പെട്ടു (ഉല്പ.19:27). ആധുനികബാബിലോണിന്റെ നാശം ഒരുദിവസ ത്തിൽ എന്നും (വെളി.18:8), ഒരു മണിക്കൂർ കൊണ്ടും (വെളി.18:10,16,19) എന്നു പറഞ്ഞിരിക്കുന്നു. ഒരു ദിവസവും ഒരു മണിക്കൂറും എന്നത് ന്യായവിധിയുടെ അതിവേഗതയെയാണ് (swiftness in judgment) കുറിക്കുന്നത്.

**അവളെ തീയിൽ ഇട്ടു ചുട്ടുകളയും** (And she will be utterly burned with fire) —

മരണം, ദുഃഖം, ക്ഷാമം എന്നീ ബാധകളിലൂടെ ബാബിലോൺ കടന്നുപോയാലും അവളോടുള്ള ദൈവീക ന്യായവിധി തീരുന്നില്ല. സകലബാധകൾക്കും പുറമേ യാതൊന്നും ശേഷിപ്പിക്കാതെ ദൈവം പട്ടണത്തെ തീയിൽ ചുട്ടു കളയും. ഈ ലോകത്തിന്റെ അവസാനന്യായവിധിയും അഗ്നിയാലായിരിക്കു മെന്നു പത്രൊസ് പറയുന്നു. **2.പത്രൊ.3:10 —** *"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതി ലുള്ള പണികളും വെന്തുപോകയും ചെയ്യും."* എന്നാൽ അന്ത്യലോകന്യായവിധിക്കു മുമ്പായി മഹോപ ദ്രകാലാന്ത്യത്തിൽ സഹസ്രാബ്ദവാഴ്ചെക്കു മുമ്പു മഹാനഗരമായ ബാബിലോൺ അഗ്നിക്കിരയാകും.

**അവളെ ന്യായംവിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ** (for strong is the Lord God who judges her) —

മഹാനഗരമായ മഹതിയാം ബാബിലോൺ എന്ന വേശ്യയെ ന്യായംവിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ എന്നുള്ള ശബ്ദം സ്വർഗ്ഗത്തിൽ നിന്നു ഉയരുന്നു. മർമ്മം: മഹതിയാം ബാബിലോൺ എന്ന ലോകമതത്തെ അഥവാ വ്യാജസഭയെ നശിപ്പിച്ചത് ദൈവീകാലോചനയാൽ സാത്താന്യശക്തികളാലാണ് (വെളി.17:16). എന്നാൽ മഹതിയാം ബാബിലോൺ എന്ന മഹാനഗരത്തെ നശിപ്പിക്കുന്നത് സർവ്വശക്ത നായ ദൈവമാണ് (വെളി.18:8). സാത്താനും, അന്തിക്രിസ്തുവും,ം മൃഗവും, സാത്താന്യദുരാത്മാക്കളും, ഭൂതങ്ങളും, ലോകത്തിലെ സകലരാജാക്കന്മാരും, വ്യാപാരികളും, ജാതികളും ഒരുമിച്ചു കൈകോർത്തു പിടിച്ചു പൊരുതുവാൻ ശക്തിയോടെ വരുമ്പോൾ സർവ്വശക്തനായ ദൈവത്തിനല്ലാതെ മറ്റാർക്കും

എതിർത്തു തോല്പിക്കുവാൻ കഴിയുകയില്ല. ലോകവ്യാപാരകേന്ദ്രവും, ലോകഭരണകേന്ദ്രവും, അന്തിക്രിസ്തുവിന്റെയും മൃഗത്തിന്റെയും ആസ്ഥാനവും ആയ ലോകപ്രസിദ്ധിനേടിയ ബാബിലോണിന്റെ നാശം നിമിഷങ്ങൾക്കകം നടത്തുവാൻ ദൈവത്തിനു മാത്രമേ സാദ്ധ്യമാകൂ.

ബാബിലോൺ എന്ന മഹാനഗരത്തിന്റെ പതനം ഇവിടെ പ്രസ്താവിച്ചിരിക്കുന്നവെങ്കിലും ഏഴാമത്തെ ക്രോധകലശപതനത്തോടെയാണ് അരങ്ങേറുന്നത്. ഭൂമിയിൽ ചൊരിയപ്പെട്ട ദൈവക്രോധന്യായവിധികളിൽ ഏറ്റവും ശക്തമായ ന്യായവിധിയായിരിക്കും അന്നുണ്ടാകുക. അതിഭയങ്കരമായ ഏഴാമത്തെ ക്രോധകലശത്തെക്കുറിച്ചു ഇപ്രകാരം വിവരിച്ചിരിക്കുന്നു. **വെളി.16:17-21 —** "*ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു; അപ്പോൾ സംഭവിച്ചുതീർന്നു എന്നു ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നു വന്നു. മിന്നലും നാദവും ഇടിമുഴക്കവും വലിയ ഭൂകമ്പവും ഉണ്ടായി; ഭൂമിയിൽ മനുഷ്യർ ഉണ്ടായതുമുതൽ അതുപോലെ അത്ര വലുതായൊരു ഭൂകമ്പം ഉണ്ടായിട്ടില്ല. മഹാനഗരം മൂന്നംശമായി പിരിഞ്ഞു; ജാതികളുടെ പട്ടണവും വീണുപോയി; ദൈവകോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം ബാബിലോന്നു കൊടുക്കേണ്ടതിന്നു അവളെ ദൈവസന്നിധിയിൽ ഓർത്തു. സകലദ്വീപും ഓടിപ്പോയി; മലകൾ കാൺമാനില്ലാതെയായി. താലന്തോളം ഘനമുള്ള കല്ലായി വലിയ കല്മഴ ആകാശത്തുനിന്നു മനുഷ്യരുടെമേൽ പെയ്തു; കല്മഴയുടെ ബാധ ഏറ്റവും വലുതാകകൊണ്ടു മനുഷ്യർ ആ ബാധനിമിത്തം ദൈവത്തെ ദുഷിച്ചു.*"

ധനപരമായ ഉയർച്ച പൊതുവേ മനുഷ്യരെ നിഗളത്തിലേക്കു നയിച്ചു ആഡംബരത്തിൽ ജീവിക്കുവാനും തുടർന്നു ദൈവത്തിൽ ആശ്രയം വെക്കാതെ സ്വന്ത കഴിവിലും ധനത്തിലും പ്രശംസിക്കുവാനിടയാക്കും. ഇപ്രകാരമുള്ള ജീവിതങ്ങളെ ദൈവം വെറുക്കുന്നതാകയാൽ അവർ ദൈവീകന്യായവിധി നേരിടേണ്ടി വരും. കൃപാകാലത്ത് വസിക്കുന്ന വിശ്വാസികളായ നാം ബാബിലോണിന്റെ പാപവഴികൾ ഒരു കാരണവശാലും പിൻപറ്റുവാൻ പാടില്ല. ഭൗതികസമ്പന്നത ജീവിതത്തിന്റെ ആയുസ്സുകൂട്ടുവാനോ സകലത്തിലും സംതൃപ്തി ലഭിക്കുവാനോ സാദ്ധ്യമല്ല. എത്ര തന്നെ നേടിയാലും എത്രതന്നെ സ്വയം പര്യപ്തതിയിലെത്തിയാലും ഒരു നിമിഷത്തിൽ അതൊക്കെ നശിച്ചുപോകുവാനിടയാകും. ഞാൻ എന്ന മനോഭാവവും അഹങ്കാരവും നിഗളവും നാശത്തിലേക്കുള്ള വഴിയാണ്. എന്റെ വിളവു, എന്റെ കളപ്പുര, എന്റെ വസ്തുവക...എന്നിങ്ങനെ ചിന്തിക്കുകയും മറ്റുള്ളവരെക്കുറിച്ചോ ദൈവത്തെക്കുറിച്ചോ ചിന്തിക്കാതെ ജീവിച്ച ഒരു ധനവാനോടു കർത്താവു പറയുന്നതു നോക്കുക. **ലൂക്കൊ.12:20,21 —** "*മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചതു ആർക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നേ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു.*"

ദൈവത്തെ മറന്നു ജീവിക്കുന്ന അവിശ്വാസികൾ നിത്യനാശത്തിലകപ്പെടുമ്പോൾ വിശ്വാസികൾ പ്രതിഫലങ്ങൾ നഷ്ടപ്പെട്ടു ലജ്ജിക്കുവാനും ഇടയാകും. വിശ്വാസികൾ ധനപരമായി ഉയരുമ്പോൾ തങ്ങളെത്തന്നെ താഴ്ത്തി ദൈവത്തിൽ ആശ്രയിക്കുകയും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി തങ്ങളുടെ ധനത്തെ ഉപയോഗിക്കുകയും വേണം.

ഇക്കാലങ്ങളിൽ വിശ്വാസികളുടെ ഇടയിൽ വിശേഷാൽ സുവിശേഷവേലയിലായിരിക്കുന്ന ദൈവദാസന്മാരിൽ കാണുന്ന ഒരു പാപമാണ് ആത്മികനിഗളം. ഇതു ക്യാൻസർരോഗംപോലെ അനേകരെ വിട്ടുമാറാതെ പിടിച്ചിരിക്കുന്നു. തിരുവചനത്തിൽ അല്പം അറിവുണ്ടെങ്കിൽ, പൊരുൾ തിരിച്ചു സംസാരിക്കുവാൻ അല്പം കഴിവുണ്ടെങ്കിൽ, തിയോളജിയിൽ ബിരുദമോ ഡോക്ടറേറ്റോ ഉണ്ടെങ്കിൽ ദൈവവചനസംബന്ധമായി എല്ലാം തികഞ്ഞു എന്ന മനോഭാവത്തോടെ പ്രവർത്തിക്കുന്ന അനേകരെ നമുക്കു ചുറ്റും കാണാം. തിരുവചനം എത്രപഠിച്ചാലും, എത്രധ്യാനിച്ചാലും, എത്ര പ്രസംഗിച്ചാലും അതിന്റെ ആഴങ്ങളിലേക്കു ചെല്ലാമെന്നല്ലാതെ പഠിച്ചു തീർന്നു എന്നു ആർക്കും പറയുവാൻ സാധിക്കാത്തതു തന്നെ തിരുവചനത്തിന്റെ പ്രത്യേകതയാണ്. അങ്ങനെയെങ്കിൽ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠനാണെന്നുള്ള കണക്കുകൂട്ടൽ സ്വയപ്രശംസയും ആത്മീകനിഗളവുമാണ്. ഫലമോ മനുഷ്യർ ഉയർത്തുമെങ്കിലും ദൈവത്താൽ താഴ്ത്തപ്പെടുവാൻ ഇടയാകും.

സുവിശേഷവുമായി സഞ്ചരിക്കുന്ന ചിലരിൽക്കാണുന്ന മറ്റൊരു ആത്മീകനിഗളത്തിന്റെ വെളിപ്പെടുത്തലുകളാണ് രക്ഷിക്കപ്പെട്ടവരുടെ എണ്ണം കാണിച്ചുള്ള വിവരണസാക്ഷ്യങ്ങൾ. തങ്ങളുടെ പ്രവർത്തനങ്ങളെ മറ്റുള്ളവരുടെ മുമ്പിൽ നിരത്തുവാൻ വെമ്പൽകൊള്ളുന്നു. കർത്താവു തന്റെ രക്തംകൊടുത്തു വിലക്കു വാങ്ങിയ ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്തമാണ് സുവിശേഷം അറിയിക്കുക എന്നത്. പരിശുദ്ധാത്മാവാണ് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും സകലരെയും ബോദ്ധ്യം വരുത്തുന്നത്. എന്നാൽ അനേകരും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തങ്ങളുടെ പ്രവർത്തനമായി എടുത്തു രക്ഷിക്കപ്പെട്ടവരുടെ എണ്ണം ഊതി വീർപ്പിച്ചു സ്വയം പുകഴുന്നത് ഇക്കാലങ്ങളിൽ സർവ്വസാധാരണമായി കാണപ്പെടുന്നു. അപ്പൊസ്തലനായ പൗലൊസ് പറയുന്നത് സുവിശേഷം

അറിയിക്കുന്നില്ലെങ്കിൽ എനിക്കു അയ്യോ കഷ്ടം എന്നാണ്. സുവിശേഷത്താൽ മഹാകൊയ്ത്തുണ്ടാകുമ്പോൾ ആത്മീകനിഗളത്തിന്റെ വാക്കുകളായിരിക്കരുത് വിശ്വാസിയുടെ നാവിൽ നിന്നു പുറപ്പെടേണ്ടത്. അപ്പോൾ അവർ പറയേണ്ടത് — “ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്നു പറയുകയും ” (ലൂക്കൊ.17:10) ദൈവത്തിനു മഹത്വം കൊടുക്കുകയുമാണ് വേണ്ടത്. അങ്ങനെയെങ്കിൽ ദൈവം അവരെ ഉയർത്തുവാൻ ഇടയാകും.

**വെളി.18:9,10 — അവളോടുകൂടെ വേശ്യാസംഗം ചെയ്തു പുളെച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ പീഡനിമിത്തം ഭയപ്പെട്ടു ദൂരത്തു നിന്നുകൊണ്ടു അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ അവളെച്ചൊല്ലി കരഞ്ഞും മാറത്തടിച്ചുംകൊണ്ടു അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ടു നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും** ("The kings of the earth who committed fornication and lived luxuriously with her will weep and lament for her, when they see the smoke of her burning, standing at a distance for fear of her torment, saying, 'Alas, alas, that great city Babylon, that mighty city! For in one hour your judgment has come.') —

ബാബിലോണിന്റെ പെട്ടന്നുള്ള നാശത്തിൽ ഭൂവാസികളൊന്നടങ്കം വിലപിക്കുന്ന കാഴ്ചയാണ് വെളി.18:9 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നത്. രാഷ്ട്രീയമായും, മതപരമായും, വാണിജ്യപരമായും ബാബിലോണിനെ ആശ്രയിച്ചു കൂട്ടുകെട്ടിയവരൊക്കെ അവളുടെ നാശത്തിൽ മനം നൊന്തു വിലപിക്കുന്നു. ഭൂരാജാക്കന്മാർ (Kings of the earth-18:9-10), ഭൂമിയിലെ വ്യാപാരികൾ (Merchants of the earth-18:11-16), ഭൂമിയിലെ നാവികർ (Mariners of the earth - 18:17-19) എന്നിങ്ങനെയുള്ള വലിയൊരു കൂട്ടമാണ് വിലപിക്കുന്നത്. ബാബിലോണിന്റെ പാപം സ്വർഗ്ഗത്തോളം കുമിഞ്ഞുകൂടി. അതോടൊന്നിച്ച് അവളുടെ പാപത്തിൽ അന്തിക്രിസ്തുവിന്റെ ഭരണത്തിൻകീഴുള്ള സകലരും ബാബിലോണിന്റെ പാപപ്രവൃത്തികൾക്കു പങ്കാളികളുമായി. ബാബിലോണിന്റെ പാപത്തെ ഓർത്തു ദൈവം അവളെ പ്രത്യേകമായി ശിക്ഷിക്കുമ്പോൾ അവളോടൊത്തു പാപം ചെയ്തവർ വിലപിക്കുന്നത് പാപം മനസ്സിലാക്കിയുള്ള അവരവരുടെ മാനസാന്തരത്തിന്റെ വിലാപമല്ല. മറിച്ചു ബാബിലോൺ നശിച്ചുപോയതിലുള്ള സങ്കടമാണ് വിലാപമായി ഉയരുന്നത്. ബാബിലോൺ നശിച്ചതുമൂലം തങ്ങൾക്കു ഭൗതികമായി കൈവിട്ടുപോയ സമ്പത്തുകളെയും ഭൗതികനന്മകളെയും ഓർത്തായിരുന്നു അവരുടെ മുറവിളി. കാലാന്ത്യത്തിൽ ആശ്രയിച്ചതെല്ലാം തീയ്ക്കു ഇരയാകുമ്പോഴും പാപികൾ തങ്ങളുടെ ആത്മാവിന്റെ രക്ഷയെക്കുറിച്ചു ചിന്തിക്കാതെ വീണ്ടും ഹൃദയം കഠിനപ്പെടുത്തി ലോകത്തെ സ്നേഹിക്കുന്ന കാഴ്ചയാണിവിടെയും കാണുന്നത്.

**അവളോടുകൂടെ വേശ്യാസംഗം ചെയ്തു പുളെച്ചിരിക്കുന്ന ഭൂരാജാക്കന്മാർ** ("The kings of the earth who committed fornication and lived luxuriously with her) —

ബാബിലോൺ നഗരത്തിന്റെ പതനത്തെ തുടർന്നു ആദ്യമായി വിലപിക്കുന്ന കൂട്ടർ ഭൂമിയിലെ രാജാക്കന്മാരാണ്. ഇവരിൽ രണ്ടു കൂട്ടർ ഉൾപ്പെടുന്നു. ഒന്ന് അന്തിക്രിസ്തുവിനോടൊപ്പം അധികാരം പ്രാപിക്കുന്ന പത്തുകൊമ്പുകളായ രാജാക്കന്മാരാണ്. ഇവരും മൃഗവും ചേർന്നാണ് മർമ്മം: മഹതിയാം ബാബിലോൺ എന്ന വ്യാജസഭയെ നശിപ്പിക്കുന്നത് (വെളി.17:12,16). രണ്ടാമത്തെ കൂട്ടർ പത്തുകൊമ്പുകളായ ദശരാഷ്ട്രസംഘടനയിലുൾപ്പെടാത്ത മറ്റു രാജ്യങ്ങളിലെ ഭരണാധികാരികളാണ്. ഇവരൊന്നടങ്കം മഹാനഗരമായ ബാബിലോണിന്റെ പെട്ടന്നുള്ള നാശത്തിൽ അത്ഭുതപ്പെടും. ഭൂരാജാക്കന്മാരായ ഇവർ അവളോടുകൂടെ വേശ്യാസംഗം ചെയ്തവരാണ് (വെളി.18:3). മാത്രവുമല്ല അവർ മഹാവേശ്യയായ ബാബിലോണിനോടൊപ്പം പുളെച്ചു അഥവാ ആഡംബരത്തിൽ മതിമറന്നു ജീവിച്ചവരുമാണ്.

**അവളുടെ പീഡനിമിത്തം ഭയപ്പെട്ടു ദൂരത്തു നിന്നുകൊണ്ടു അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ അവളെച്ചൊല്ലി കരഞ്ഞും മാറത്തടിച്ചുംകൊണ്ടു** (will weep and lament for her, when they see the smoke of her burning, standing at a distance for fear of her torment) —

ബാബിലോണുമായി സഖ്യതയിലായിരുന്ന ഭൂരാജാക്കന്മാർ അവളുടെ നാശത്തെ ദർശിച്ചു ഉച്ചത്തിൽ വിലപിക്കുന്നു. ബാബിലോണിനു വന്നു സംഭവിച്ച പീഡനിമിത്തം ദൂരത്തു നിന്നു കൊണ്ടാണ് അവർ വിലപിക്കുന്നത്. ദൂരത്തു നിന്നു വിലപിക്കുവാനുള്ള കാരണം വിവിധമാണ് —

> (1) ബാബിലോണിന്മേലുള്ള ശിക്ഷാവിധി ഒരുപക്ഷേ തങ്ങൾക്കും ഉണ്ടാകും എന്നു ഭയന്നിട്ടാകണം ഭൂരാജാക്കന്മാർ ദൂരത്തു നിൽക്കുന്നത്. ബാബിലോണിനോടൊപ്പം വേശ്യാസംഗം ചെയ്തു അവർ പുളച്ചവരാണ്. തങ്ങളും ശിക്ഷിക്കപ്പെടുമെന്ന ചിന്ത അവരെ ഭയപ്പെടുത്തുന്നു.
>
> (2) ആറാമത്തെ കലശം യൂഫ്രാത്തേസ് മഹാനദിയിൽ പതിച്ചപ്പോൾ കിഴക്കു നിന്നു രാജാക്കന്മാർ യുദ്ധത്തിനായി വരുവാൻ തക്കവണ്ണം മഹാനദി വറ്റിപ്പോയിരുന്നു (വെളി.16:12). അതേതുടർന്നു അവർ ഹർമ്മഗെദ്ദോനിലേക്കുള്ള യാത്രയിൽ ദൂരത്തു നിന്നു തന്നെ ആകാശത്തോളം എത്തുന്ന ബാബിലോൺ പട്ടണത്തിന്റെ ദഹനത്തിന്റെ പുക കണ്ടിരിക്കും.
>
> (3) ബാബിലോൺ പട്ടണം വെന്തെരിയുന്നത് ഭൂരാജാക്കന്മാരും, ഭരണാധികാരികളും ഉൾപ്പെ

ടെയുള്ള സകല ഭൂവാസികളും നിമിഷങ്ങൾക്കകം ദൃശ്യമാദ്ധ്യമങ്ങളിലൂടെ ദൂരത്തു നിന്നുകൊണ്ടു തന്നെ കാണുവാൻ ഇടയാകും.

ആകാശത്തിലൂടെയോ, കടലിലൂടെയോ, കരയിലൂടെയോ ബാബിലോണിന്റെ സഹായത്തിനായി ഒന്നും ചെയ്യാനാവാതെ ഭൂരാജാക്കന്മാർ പകെച്ചു നിൽക്കുന്നു. ബാബിലോണിന്റെ പീഡനിമിത്തം ഭയപ്പെട്ടു ദൂരത്തു നിന്നുകൊണ്ടു അവർ വിലപിക്കുന്നു. ബാബിലോണിന്റെ ദഹനത്തിന്റെ പുക അഥവാ പട്ടണം കത്തിയെരിയുന്നത് കാണുന്ന ഭൂരാജാക്കന്മാർ അവളെച്ചൊല്ലി കരയുകയും മാറത്തടിച്ചു മുറവിളിക്കുകയും ചെയ്യുന്നു. മാറത്തടിച്ചുകൊണ്ടു കരഞ്ഞു എന്നത് അവരുടെ സങ്കടത്തിന്റെ വലിപ്പത്തെയും പ്രതീക്ഷിക്കാതിരുന്ന വിപത്തു വന്നു സംഭവിച്ചതിനാലുള്ള അത്ഭുതത്തെയും കുറിക്കുന്നു. പക്ഷേ അവരുടെ വിലാപവും മാറത്തടിയും യഥാർത്ഥത്തിൽ ബാബിലോണിന്മേലുള്ള സഹതാപം കൊണ്ടല്ല. അവരുടെ രാഷ്ട്രീയവും, സാമൂഹ്യവും, ഭരണപരവും, സാമ്പത്തികവുമായ സകലത്തിന്റെയും ഉറവിടവും ശക്തിയുടെ കേന്ദ്രവും നശിച്ചുപോയതിനാൽ അവർക്കുണ്ടാകുന്ന ഭീമമായ നഷ്ടത്തെ ഓർത്തുള്ള അലർച്ചയായിരുന്നു.

**അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ടു നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും** (Alas, alas, (woe,woe) that great city Babylon, that mighty city! For in one hour your judgment has come) —

മഹതിയാം ബാബിലോൺ എന്ന മഹാനഗരമായ ബാബിലോണിനോടൊപ്പം വേശ്യാസംഗം ചെയ്തു ആഡംബരത്തിൽ മുഴുകി ജീവിച്ച ഭൂരാജാക്കന്മാർ അവളുടെ ദഹനത്തിന്റെ പുക ഉയരുന്നതു കണ്ട് ദൂരെനിന്നു വിലപിക്കുന്നതിനോടൊപ്പം ബാബിലോണിനെയോർത്തു അയ്യം വിളിക്കുന്നു. അയ്യോ അയ്യോ (woe, woe) എന്നുള്ള വിശേഷണം അതീവ ദുഃഖത്തെയും, മരണം സംഭവിക്കുമ്പോഴുള്ള കരച്ചിലിനെയും (sorrowful lament and bewail) കുറിക്കുന്ന പദങ്ങളാണ്. മൃഗത്തിന്റെ സിംഹാസനം ഇരിക്കുന്നതും, ലോകത്തിന്റെ ഭരണസിരാകേന്ദ്രവും, വ്യാപാരകേന്ദ്രവും ആയിരുന്ന ശക്തിയേറിയ പട്ടണമായിരുന്നു ബാബിലോൺ. എന്നാൽ ഇത്ര മഹത്തും, ശക്തിയും, പെരുമയും, പ്രശസ്തിയും നേടിയ പട്ടണത്തിനു ഒരു മണിക്കൂർകൊണ്ടു ന്യായവിധി വന്നുവല്ലോ എന്നു പറഞ്ഞാണ് അവർ ആശ്ചര്യത്തോടെ അയ്യം വിളിക്കുന്നത്. ബാബിലോണിന്റെ വിവിധമായ പാപങ്ങൾക്കു ശിക്ഷയായി മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെയുള്ള ബാധകൾ *ഒരു ദിവസത്തിൽ തന്നേ വരുമെന്നും* അവളെ തീയിലിട്ടു ചുട്ടുകളയുമെന്നും മുന്നമേ പറഞ്ഞിരുന്നു (വെളി.18:8). ന്യായവിധിയോടുള്ള ബന്ധത്തിൽ *ഒരു ദിവസം* എന്നും *ഒരു മണിക്കൂർ* എന്നും വിശേഷിപ്പിച്ചിരിക്കുന്നത് പെട്ടെന്നു സംഭവിക്കുന്ന ശിക്ഷാവിധിയെ കുറിക്കുന്നു.

അമേരിക്കയിലെ വ്യാപാരവാണിജ്യകേന്ദ്രമായി അറിയപ്പെട്ട വേൾഡ്ട്രെയിഡ് സമുച്ചയം 2002 സെപ്റ്റംബർമാസം 11-ാം തീയതി ശത്രുവിന്റെ ആക്രമണത്താൽ ചില നിമിഷങ്ങൾക്കകം കത്തി നശിച്ചു. ലോകം മുഴുവനും പ്രസ്തുത രംഗത്തിനു ദൃശ്യമാദ്ധ്യമങ്ങളിലൂടെ ദൃക്സാക്ഷികളായിത്തീർന്നു. നിമിഷനേരത്തിനുള്ള നാശം കണ്ട ലോകം അന്നു ആശ്ചര്യത്തോടെ അയ്യം വിളിക്കുവാൻ ഇടയായി. ഒരു കെട്ടിടത്തിന്റെ നിമിഷനാശത്തിൽ ഭൂലോകർ ആശ്ചര്യപ്പെട്ടു ദുഃഖിച്ചുവെങ്കിൽ ഇതിനേക്കാൾ എത്രയോ ശക്തിയേറിയ മഹാനഗരമായ ബാബിലോണിന്റെ ദഹനത്തെ തുടർന്നുള്ള സംഭവങ്ങൾ ഭൂവാസികളെ നടുക്കുന്നതു വർണ്ണിക്കുവാൻ കഴിയുകയില്ല.

**വെളി.18:11,12,13 — ഭൂമിയിലെ വ്യാപാരികൾ പൊന്നു, വെള്ളി, രത്നം, മുത്തു, നേരിയ തുണി, ധൂമ്രവസ്ത്രം, പട്ടു, കടുഞ്ചുവപ്പു, ചന്ദനത്തരങ്ങൾ, ആനക്കൊമ്പുകൊണ്ടുള്ള സകലവിധ സമ്മാനങ്ങൾ, വിലയേറിയ മരവും പിച്ചളയും ഇരിമ്പും മർമ്മരക്കല്ലുംകൊണ്ടുള്ള ഓരോ സാമാനം, ലവംഗം, ഏലം, ധൂപവർഗ്ഗം, മൂറു, കുന്തുരുക്കം, വീഞ്ഞു, എണ്ണ, നേരിയമാവു, കോതമ്പു, കന്നുകാലി, ആടു, കുതിര, രഥം, മാനുഷദേഹം, മാനുഷപ്രാണൻ എന്നീ ചരക്കു ഇനി ആരും വാങ്ങായ്കയാൽ അവളെച്ചൊല്ലി കരഞ്ഞു ദുഃഖിക്കുന്നു** ("And the merchants of the earth will weep and mourn over her, for no one buys their merchandise anymore: "merchandise of gold and silver, precious stones and pearls, fine linen and purple, silk and scarlet, every kind of citron wood, every kind of object of ivory, every kind of object of most precious wood, bronze, iron, and marble; "and cinnamon and spice and incense, fragrant oil and frankincense, wine and oil, fine flour and wheat, cattle and sheep, horses and chariots, and bodies and souls of men) —

മഹാനഗരമായ ബാബിലോൺ കത്തിയെരിയുന്ന കണ്ടു ഒന്നാമതായി ഭൂരാജാക്കന്മാർ വിലപിക്കുന്നു. രണ്ടാമതായി വിലപിക്കുന്നത് ഭൂമിയിലെ വ്യാപാരികളാണ്. അവർ വിലപിക്കുവാനുള്ള കാര്യവും ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നു. അവരുടെ ഉല്പന്നങ്ങൾ ഇനി ആരും ബാബിലോൺ വഴിയായി വാങ്ങുകയില്ലല്ലോ എന്നോർത്തായിരുന്നു അവരുടെ വിലാപം. ലോകത്തിന്റെ വാണിജ്യകമ്പോളമായ

ബാബിലോൺ തീയാൽ വെന്തെരിഞ്ഞു ചാമ്പൽക്കൂമ്പാരമായിത്തീരുന്നതിനാൽ അവർക്കുണ്ടാകുന്ന നഷ്ടത്തെ ഓർക്കുമ്പോൾ എങ്ങനെ കരയാതിരിക്കും. പൊന്നു മുതൽ മനുഷ്യപ്രാണൻ വരെയുള്ള 29 ഇനത്തിലുള്ള വിലയേറിയ ചരക്കുകൾ ലോകകമ്പോളമായ ബാബിലോണിൽകൊണ്ടുപോയി ലോകത്തിലെ വ്യാപാരികൾ വിറ്റഴിച്ചിരുന്നു. എന്നാൽ അവർ അവിടെ മുടക്കിയതും, പിരിഞ്ഞുകിട്ടാനുള്ള ധനവും, സംഭരിച്ചിരുന്ന കോടിക്കണക്കിനു വിലയുള്ള ചരക്കുകളും നിമിഷങ്ങൾകൊണ്ടു തീയാൽ നശിച്ചുപോകുന്ന കാഴ്ച എങ്ങനെ കണ്ടു നിൽക്കുവാൻ കഴിയും? ഇനിയൊരിക്കലും ബാബിലോൺ നഗരത്തിൽച്ചെന്നു അവരുടെ സാധനങ്ങൾ വൻലാഭത്തിനു വിറ്റഴിക്കുവാൻ മാത്രമല്ല, അവിടെ വാങ്ങുവാൻ ആരും കാണുകയുമില്ലല്ലോ എന്നോർത്തു വ്യാപാരികൾ കരഞ്ഞു ദുഃഖിക്കുന്നു.

ബാബിലോണിൽ ലോകവ്യാപാരികൾ വിപണനം ചെയ്ത വസ്തുക്കളും, അവയൊക്കെ തീയ്ക്കിരയായപ്പോൾ വിലപിക്കുന്ന കാഴ്ചയും പുരാതന സോരിനോടുള്ള ബന്ധത്തിൽ യെഹെസ്കേൽ പ്രവാചകൻ വിവരിച്ചിരിക്കുന്നതിനോടു സാമ്യമുണ്ട് (യെഹ.27:12–36).

വാണിജ്യബാബിലോണിൽ ലോകവ്യാപാരികൾ വിപണനം ചെയ്ത 29 ഇന ചരക്കുകളുടെ വിവരണം ഇവിടെ നൽകിയിരിക്കുന്നു. ഇവയൊക്കെ ഏറ്റവും ഉയർന്ന ഗുണനിലവാരം പുലർത്തുന്നതും, വിലയേറിയതും, ബാബിലോണിന്റെ ആഡംബരസമൃദ്ധിയെ വെളിപ്പെടുത്തുന്നവയുമാണ്. പൊന്നു മുതൽ മനുഷ്യപ്രാണൻ വരെയുള്ള വില്പനചരക്കുകളെ പ്രധാനമായി എട്ടു ഇനങ്ങളിലെ വ്യാപരങ്ങളായി തരം തിരിക്കാം.

**(1) ആഭരണകമ്പോളം (Jewelry Market) —**

പൊന്നു, വെള്ളി, രത്നം, മുത്തു (gold and silver, precious stones and pearls) — എന്നിവ ആഭരണകമ്പോളത്തിലെ വിലയേറിയ വസ്തുക്കളാണ്. ഇവ ശരീരത്തിൽ ധരിച്ചു അണിഞ്ഞൊരുങ്ങുന്നതിനും അതുവഴിയായി അവരുടെ ആഡംബരജീവിത്തെ വെളിപ്പെടുത്തുന്നതുമാണ്. ഇതിനു പുറമേ വിലയേറിയ വസ്തുക്കളെന്ന നിലയിൽ ധനനിക്ഷേപത്തോടും ബന്ധപ്പെട്ടിരിക്കുന്നു (Banking & Investment Market). പണയംവെച്ചു ധനം കൊടുക്കുക, വാങ്ങുക എന്നിവയിൽ ഇവയ്ക്ക് ഏറെ പ്രാധാന്യം ഉണ്ട്.

**(2) വസ്ത്രകമ്പോളം (Textile Market) —**

നേരിയ തുണി, ധൂമ്രവസ്ത്രം, പട്ടു, കടുഞ്ചുവപ്പു (fine linen and purple, silk and scarlet) — എന്നിവ തുണിത്തരങ്ങളുടെ വിപണനത്തെ കുറിക്കുന്നു. ലോകത്തിലെ സകല വസ്ത്രവ്യാപാരത്തെയും നേരിയതുണി, ധൂമ്രവസ്ത്രം, പട്ടു, കടുഞ്ചുവപ്പു എന്നിവ പ്രതിനിധീകരിക്കുന്നു. മഹാവേശ്യയായ സ്ത്രീ അണിഞ്ഞൊരുങ്ങി ധൂമ്രവർണ്ണവും കടുഞ്ചുവപ്പു നിറവും ഉള്ള വസ്ത്രംധരിച്ചു വരുന്ന കാഴ്ച വെളിപ്പാട് 17 -ൽ വിവരിച്ചിരിക്കുന്നു (17:4). ഏറ്റവും വിലപിടിപ്പുള്ള നിറമുള്ള വസ്ത്രങ്ങൾ ബാബിലോണിന്റെ മതപരമായ വേഷവിതാനങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു.

**(3) ആഡംബരകമ്പോളം (Luxury Market) —**

ചന്ദനത്തരങ്ങൾ, ആനക്കൊമ്പുകൊണ്ടുള്ള സകലവിധ സമ്മാനങ്ങൾ, വിലയേറിയ മരവും പിച്ചളയും ഇരിമ്പും മർമ്മരക്കല്ലും കൊണ്ടുള്ള ഓരോ സാമാനം (every kind of citron wood, every kind of object of ivory, every kind of object of most precious wood, bronze, iron, and marble). ചന്ദനത്തടികൊണ്ടുള്ള കട്ടിലുകളും ഉപകരണങ്ങളും, ആനക്കൊമ്പിൽ പണിഞ്ഞെടുക്കുന്ന സാധനങ്ങൾ എന്നിവ ഏറ്റവും വിലയേറിയതും ഭംഗിയേറിയതുമാണ്. ഇതിനു പുറമേ വിലയേറിയ വിവിധ മരങ്ങൾ, പിച്ചള, ഇരിമ്പ്, മനോഹരമായ മാർബിൾക്കല്ലുകൾ എന്നിവയിൽ പണിത സാധനങ്ങളും ബാബിലോണിലെ കമ്പോളത്തിലെ വിപണ വസ്തുക്കളായിരുന്നു.

**(4) സൗരഭ്യകമ്പോളം (Perfumes & Spices Market) —**

ലവംഗം, ഏലം, ധൂപവർഗ്ഗം, മൂറു, കുന്തുരുക്കം (and cinnamon and spice and incense, fragrant oil and frankincense)

**(5) ഭക്ഷ്യകമ്പോളം (Food Market) —**

വീഞ്ഞു, എണ്ണ, നേരിയമാവു, കോതമ്പു (wine and oil, fine flour and wheat) — ഭക്ഷ്യവസ്തുക്കൾ ബാബിലോണിൽ കേന്ദ്രീകരിച്ച് ലോകവ്യാപാരികൾ വിപണനം ചെയ്യപ്പെടും. മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ സാധനങ്ങൾ വാങ്ങുകയോ വില്ക്കുകയോ ചെയ്യാനാവാത്തവിധത്തിലുള്ള സംവിധാനത്തിൽ (വെളി.13:17) ബാബിലോൺ ലോകഭക്ഷ്യവസ്തുക്കളുടെ വിപണനകേന്ദ്രമായിത്തീരും. വീഞ്ഞു, എണ്ണ, നേരിയമാവു, കോതമ്പു എന്നിങ്ങനെയുള്ള ഭക്ഷ്യവസ്തുക്കൾ ബാബിലോണിലെ ലോകകമ്പോളത്തിലൂടെ വിപണനം ചെയ്യപ്പെടും.

**(6) വളർത്തുമൃഗകമ്പോളം (Livestock Market) —**

കന്നുകാലി, ആടു (cattle and sheep)

**(7) സഞ്ചാരകമ്പോളം (Transport Market) —**

കുതിര, രഥം (horses and chariots) — എന്നിവ സഞ്ചാരത്തോടു ബന്ധപ്പെട്ടിരിക്കുന്നു. കുതിരയും രഥവും നാലുചക്രവാഹനങ്ങളെയും പ്രതിനിധീകരിക്കുന്നു. കുതിര, രഥം എന്നിങ്ങനെ രണ്ടെണ്ണത്തിന്റെ കാര്യമേ പറയുന്നുള്ളുവെങ്കിലും അവ ലോകത്തിലുള്ള മോട്ടോർ സൈക്കിൾ മുതൽ വിമാനം വരെയുള്ള സകലസഞ്ചാരവാഹനങ്ങളെയും കുറിക്കുന്നു. ഇതിനു പുറമേ കുതിരയും രഥവും യുദ്ധത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ ബാബിലോൺ സകല യുദ്ധോപകരണങ്ങളുടെയും വിപണനകേന്ദ്രവും ആയിരിക്കും.

**(8) മനുഷ്യകമ്പോളം (Manpower Market) —**

മാനുഷദേഹം, മാനുഷപ്രാണൻ (bodies and souls of men) എന്നിവ ലോകവ്യാപാരികൾ ബാബിലോണിൽ വിപണനം ചെയ്യപ്പെടുന്ന ചരക്കുകളായിരിക്കും. ഇവ രണ്ടും അന്തിക്രിസ്തുവിന്റെ ഭരണകാലങ്ങളിൽ വ്യാപകമായി ബാബിലോണിൽ വിവിധ ആവശ്യങ്ങൾക്കായി കൈമാറ്റം ചെയ്യുന്ന വസ്തുക്കളായിരിക്കും.

**മാനുഷദേഹം** — എന്നത് പ്രധാനമായും മനുഷ്യനെ അടിമകളായി വില്ക്കുന്നതിനെ കുറിക്കുന്നു. പണ്ടുകാലങ്ങളിൽ ലോകത്തിൽ അടിമത്വം നിലനിന്നിരുന്നു. റോമൻ സാമ്രാജ്യത്തിൽ മാത്രം അവിടത്തെ ജനസംഖ്യയിൽ മൂന്നിലൊന്നു അടിമകളായിരുന്നുവെന്നും ഒരു ദിവസം തന്നെ പതിനായിരത്തോളം മനുഷ്യരെ അടിമകളെന്ന നിലയിൽ ക്രയവിക്രയം ചെയ്തിരുന്നതായും ചരിത്രം രേഖപ്പെടുത്തുന്നു. കേവലം ജീവനില്ലാത്ത സാധനങ്ങൾ പോലെ മനുഷ്യരെ അടിമകളായി വാങ്ങുകയും വില്ക്കുകയും ചെയ്തിരുന്നു. എന്നാൽ ആധുനികയുഗത്തിൽ ബാബിലോണിൽ വില്പന ചരക്കെന്ന നിലയിൽ മാനുഷദേഹത്തെ വിവിധ ആവശ്യങ്ങൾക്കായി ക്രയവിക്രയം ചെയ്യപ്പെടാം —

(1) സാധാരണ സാധനങ്ങളെപ്പോലെ അടിമകളായി ഉടമസ്ഥനു സേവ ചെയ്യുവാൻ.

(2) മാനവശേഷിക്കായി — വില്ക്കപ്പെടുന്ന മനുഷ്യരുടെ ശക്തിയും ശേഷിയും വാങ്ങുന്നവരുടെ പ്രയോജനത്തിനായി ഉപയോഗപ്പെടുത്തുന്നതിനായിരിക്കാം. അതായത് സാധാരണസാധനങ്ങൾപോലെ കൂട്ടത്തോടെ വാങ്ങി ഫാക്ടറിയിൽ പണിയെടുപ്പിക്കുവാനോ, അവരുടെ കഴിവുകൾ ധനം മുടക്കുന്നവരുടെ ആവശ്യത്തിനു ഉപയോഗപ്പെടുത്താനോ ആകാം. ഇക്കാലങ്ങളിൽത്തന്നെ മാനവശേഷി വിലക്കുവാങ്ങാവുന്ന അനേകസ്ഥാപനങ്ങൾ നമുക്കു ചുറ്റും പ്രവർത്തിക്കുന്നുണ്ട്.

(3) കൃത്രിമഗർഭോല്പാദനത്തിനായി മനുഷ്യരെ വിലയ്ക്കു വാങ്ങാം.

(4) വ്യഭിചാരത്തിനും അസന്മാർഗ്ഗികപ്രവർത്തനങ്ങൾക്കും വിറ്റു ലാഭം കൊയ്യുന്ന വ്യാപാരത്തിനായി മാനുഷദേഹം വില്പന ചരക്കെന്ന നിലയിൽ കൈമാറ്റം ചെയ്യപ്പെടാം.

**മാനുഷപ്രാണൻ —** എന്നത് മനുഷ്യന്റെ സേവനം അവന്റെ ജീവനോടു ബന്ധപ്പെടുത്തിയുള്ള വ്യാപാരത്തെ കുറിക്കുന്നു. മാനുഷപ്രാണൻ ആധുനിക ബാബിലോൺ കമ്പോളത്തിൽ വിവിധരീതിയിൽ വില്ക്കപ്പെടാം —

(1) വൃക്ക, ഹൃദയം, രക്തം മുതലായ മനുഷ്യപ്രാണൻ നിലനിറുത്തേണ്ടവയുടെ ക്രയവിക്രയത്തെ കുറിക്കുന്നു. ഇന്നത്തെ സൂപ്പർമാർക്കറ്റുകളിൽ വിവിധസാധനങ്ങൾ ഓരോരുത്തരുടെയും ആവശ്യാനുസരണം തിരഞ്ഞെടുക്കാവുന്നപോലെ ബാബിലോണെന്ന ലോകകമ്പോളത്തിൽ ലോകത്തിലെ വിവിധ രാജ്യത്തിലെ വ്യാപാരികൾ മനുഷ്യാവയവങ്ങൾ വില്പനക്കായി പ്രദർശിപ്പിക്കും.

(2) ഭീകരപ്രവർത്തനങ്ങൾക്കും, അട്ടിമറി നടത്തുവാനും, മനുഷ്യരെ കൊല്ലുവാനും മനുഷ്യബോംബ് എന്ന നിലയിൽ പ്രാണൻ നൽകി പ്രവർത്തിക്കുവാനുള്ള മനുഷ്യരെ സുലഭമായി ലഭിക്കും.

(3) ആഭിചാരകർമ്മങ്ങൾക്കും (witchcraft), ക്ഷുദ്രപ്രയോഗങ്ങൾക്കും (sourcery), ദുരാത്മാക്കളുടെ പ്രവർത്തനങ്ങൾക്കും മാനുഷപ്രാണൻ കമ്പോളത്തിൽ ലഭിക്കും.

മനുഷ്യനെ വിപണനം ചെയ്യുന്ന രീതി പഴയനിയമകാലത്തും നടന്നിരുന്നു. പുരാതന സോരിലെ കമ്പോളത്തിലെ വ്യാപാര ചരക്കുകളുടെ കൂട്ടത്തിൽ മനുഷ്യനെയും ചരക്കുകൾക്കു പകരായി വിപണനം ചെയ്തിരുന്നതായി യെഹെസ്കേൽ പ്രവചനത്തിൽ കാണുന്നു (യെഹെ.27:13). യുദ്ധം ചെയ്തു ലോത്തിനെ വിടുവിച്ചു ജയിച്ചു വരുന്ന അബ്രഹാമിനെ എതിരേറ്റുചെല്ലുന്ന സോദോംരാജാവു അബ്രഹാമിനോടു ആവശ്യപ്പെടുന്നതും ധനത്തിനു പകരമായി മനുഷ്യരെയാണ് (ഉല്പ.14:21). സകലവിധമായ പ്രവർത്തനത്തിനും മനുഷ്യനെ ആവശ്യമാണ്. ദൈവം തന്റെ പ്രവർത്തനങ്ങൾക്കായും ലോകനന്മക്കായും മനുഷ്യനെ ഉപയോഗിക്കുമ്പോൾ സാത്താനും കൂട്ടരും ദുഷിച്ച പ്രവർത്തനങ്ങൾക്കും തിന്മക്കായും ഉപയോഗിക്കുന്നു. സഭ എടുക്കപ്പെട്ട ശേഷമുള്ള കാലാന്ത്യത്തിൽ ബാബിലോണായ ലോകകമ്പോളത്തിൽ സുലഭമായി ലഭിക്കുന്ന ചരക്കുകളിൽ മാനുഷദേഹവും, മാനുഷപ്രാണനും ഉൾപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്. 29 ഇന ചരക്കുകളിൽ ആദ്യം വിലയേറിയ പൊന്ന് പറഞ്ഞുവെങ്കിൽ ഏറ്റവും അവസാനത്തെ ചരക്കായി പറഞ്ഞിരിക്കുന്നത് മാനുഷപ്രാണനാണ്. മനുഷ്യനു അന്ത്യകാലത്തു യാതൊരു വിലയും കല്പിക്കുന്നില്ല. കേവലം ഒരു ക്രയവിക്രയ ചരക്കായി മനുഷ്യൻ അധഃപതിച്ചിരിക്കുന്നു. അന്തിക്രിസ്തു

വിന്റെ കൂട്ടാളികൾ മനുഷ്യപ്രാണനെ തരം താണ വസ്തുവായി കൈമാറ്റം ചെയ്യുമ്പോൾ സ്വർഗ്ഗത്തിൽ അധിവസിക്കുന്ന ദൈവം മനുഷ്യനെ വിലയേറിയവനായി കണ്ടു. അതുകൊണ്ടാണ് സ്വർഗ്ഗമഹിമവെടിഞ്ഞു കർത്താവായ യേശുക്രിസ്തു ഭൂമിയിലേക്കു വന്നതും തന്റെ ജീവൻ നൽകി മനുഷ്യനായി രക്ഷ മാർഗ്ഗം ഒരുക്കിയതും.

**വെളി.18:14 — നീ കൊതിച്ച കായ്കനിയും നിന്നെ വിട്ടുപോയി; സ്വാദും ശോഭയും ഉള്ളതെല്ലാം നിനക്കു ഇല്ലാതെയായി; നീ ഇനി അവയെ ഒരിക്കലും കാണുകയില്ല** (The fruit that your soul longed for has gone from you, and all the things which are rich and splendid have gone from you, and you shall find them no more at all) —

മഹാനഗരമായ ബാബിലോൺ വെന്തെരിയുന്ന കാഴ്ച കണ്ട് ഇനി ആരും തങ്ങളുടെ സാധനങ്ങൾ വാങ്ങാനില്ലല്ലോ എന്നോർത്തു അവിടെ വ്യാപാരം നടത്തിയിരുന്ന ഭൂമിയിലെ വ്യാപാരികൾ കരഞ്ഞു ദുഃഖിക്കുന്നു. തുടർന്നു ഈ വാക്യത്തിൽ തികെച്ചും ആത്മീകപാഠം ഉൾക്കൊള്ളുന്ന ഒരു പ്രസ്താവന കാണുന്നു. തങ്ങളുടെ മുതലും, മുടക്കും, അദ്ധ്വാനവും, സകലവും നഷ്ടപ്പെട്ട വ്യാപാരികൾ ബാബിലോണിന്റെ നാശം കണ്ടു അവളുടെ പരിതാപകരമായ അന്ത്യത്തെ വിചിന്തനം ചെയ്തപ്പോൾ പറഞ്ഞതായിരിക്കാം. എന്നാൽ ന്യായവിധിയുടെ മദ്ധ്യേ ബാബിലോണിനോടു സ്വർഗ്ഗത്തിൽ നിന്നുള്ള പ്രഖ്യാപനവുമായി ഇതിനെ കണക്കാക്കാം. ഇവിടെ മൂന്നു കാര്യങ്ങൾ പ്രസ്താവിക്കുന്നു — (1) നീ കൊതിച്ച കായ്കനിയും നിന്നെ വിട്ടുപോയി — The fruit that your soul longed for has gone from you (2) സ്വാദും ശോഭയും ഉള്ളതെല്ലാം നിനക്കു ഇല്ലാതെയായി — All the things which are rich and splendid have gone from you (3) നീ ഇനി അവയെ ഒരിക്കലും കാണുകയില്ല — You shall find them no more at all.

**(1) നീ കൊതിച്ച കായ്കനിയും നിന്നെ വിട്ടുപോയി —** The fruit that your soul longed for has gone from you —

ബാബിലോൺ ആശിച്ചതായതെല്ലാം നിമിഷനേരത്തിനുള്ളിൽ വിട്ടുപോകുവാൻ ഇടയായി. കൊതിച്ച കായ്കനി എന്നത് രണ്ടു വിധത്തിൽ ചിന്തിക്കാം. ഒന്നാമത്തെ ചിന്തയെന്നത് ലോകത്തിലെ വിവിധഭാഗങ്ങളിൽ നിന്നു വിവിധതരത്തിലുള്ള ഫലങ്ങൾ അവിടെ വ്യാപാരത്തിനായി കൊണ്ടു വന്നിരുന്നു. എന്നാൽ ഇനി അവയൊന്നും അവിടേക്കു എത്തിക്കുകയോ അത് അനുഭവിക്കുവാൻ ബാബിലോണിനു സാദ്ധ്യമല്ലല്ലോ എന്നതാണ്. രണ്ടാമത്തെ ചിന്തയെന്നത് ആത്മീകാർത്ഥത്തിലുള്ളതാണ്. ഏദെൻതോട്ടത്തിൽ വിലക്കപ്പെട്ടത് കൊതിച്ചു ഭക്ഷിച്ചതിനാൽ മനുഷ്യവർഗ്ഗം സാത്താന്റെ അടിമകളായി. സാത്താന്റെ അധികാരത്തിലും അന്തിക്രിസ്തുവിന്റെ ഭരണത്തിലും മർമ്മം: മഹതിയാം ബാബിലോൺ എന്ന വ്യാജസഭയുടെ ഉപദേശത്തിലും ദൈവം വിലക്കിയ സകലതും ബാബിലോണിൽ വിളയുവാനും വിപണനം ചെയ്യുവാനും ഇടയായി. ദൈവത്തെയും ദൈവീകപ്രമാണങ്ങളെയും തള്ളിക്കളഞ്ഞു കൊതിച്ച സകലകായ്കനികളും അവർ അനുഭവിച്ചു. ഫലമോ സ്വർഗ്ഗത്തോളം അവരുടെ പാപം കുമിഞ്ഞുകൂടുകയും ദൈവം മഹാനഗരത്തെ തീയാൽ നശിപ്പിക്കുകയും ചെയ്തു. "നീ കൊതിച്ച കായ്കനികളും നിന്നെ വിട്ടുപോയി" എന്ന പ്രസ്താവന ബാബിലോണിന്റെ കാര്യത്തിൽ യാഥാർത്ഥ്യമായിത്തീർന്നു.

**(2) സ്വാദും ശോഭയും ഉള്ളതെല്ലാം നിനക്കു ഇല്ലാതെയായി —** All the things which are rich and splendid have gone from you —

കൊതിച്ച കായ്കനികൾ ബാബിലോണിനെ വിട്ടുപോയി എന്നു മാത്രമല്ല സ്വാദും ശോഭയും ഉള്ളതെല്ലാം ബാബിലോണിനു ഇല്ലാതെയായി. ഭൂമിയിലെ വ്യാപാരികൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നു എത്തിച്ച സ്വാദും, ശോഭയും ഉള്ള സകലവും ബാബിലോണിനു ആസ്വദിക്കുവാനോ, സന്തോഷിക്കുവാനോ ഇടയാകാതെ എല്ലാം നഷ്ടമായി. ആത്മീകമായി നഷ്ടത്തെ ചിന്തിക്കുമ്പോൾ പാപവഴികളിൽ സഞ്ചരിച്ച ബാബിലോൺ ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം എന്നിവക്കു അടിമയായിപ്പോയതിനാൽ സകലതും നഷ്ടമായി. ഏദെൻതോട്ടത്തിൽ സാത്താൻ ഹവ്വയെ കുരുക്കിയത് ഈ മൂന്നു പാപങ്ങളാലാണ്. ഉല്പ.3:6 — *"ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു ഭർത്താവിനും കൊടുത്തു."* തിന്മാൻ നല്ലതു ജഡമോഹത്തെയും, കാണ്മാൻ ഭംഗിയുള്ളതു കണ്മോഹത്തെയും, ജ്ഞാനം പ്രാപിപ്പാൻ കാമ്യം ജീവനത്തിന്റെ പ്രതാപത്തെയും കുറിക്കുന്നു. ദൈവത്തെ വിട്ടുള്ള സകലപ്രവർത്തനവും ബാബിലോൺ കൊതിച്ചു നല്ലതെന്നു ചിന്തിച്ചു സകലപാപവഴികളിലു നടന്നു സ്വാദും ശോഭയും അനുഭവിച്ചതിനാൽ ദൈവത്തിന്റെ ന്യായവിധിക്കു ഇരയായിത്തീർന്നു.

**(3) നീ ഇനി അവയെ ഒരിക്കലും കാണുകയില്ല —** You shall find them no more at all —

ദൈവത്തെയും ദൈവീകപ്രമാണങ്ങളെയും എതിർത്തു തോന്നിയതുപോലെ പാപത്തിലും ആഡം

ബരത്തിലും ജീവിച്ച ബാബിലോണിനു സകലതും നഷ്ടമായി. നേരിട്ട നഷ്ടം എന്നെന്നേക്കുമുള്ളതുമായിരുന്നു. ബാബിലോണേ, നീ ഇനി അവയെ ഒരിക്കലും കാണുകയില്ലയെന്നാണ് ന്യായവിധി മദ്ധ്യേ മുഴങ്ങിക്കേൾക്കുന്ന ശബ്ദം. ദൈവത്തെ വിട്ടു ലോകത്തിനനുരൂപരായി ജീവിക്കുന്ന സകലർക്കും വന്നു സംഭവിക്കുന്ന കാര്യമാണിത്. ലോകത്തിലെ കൊതിപ്പിക്കുന്നതും, സ്വാദുള്ളതും, ഭംഗിയുള്ളതുമായ സകലതും നശിച്ചുപോകുന്നതും തീയ്ക്കു ഇരയാകുന്നതുമാണ്. അതുകൊണ്ടാണ് അബ്രഹാം സോദോം രാജാവായ ബേരാ കൊണ്ടു വന്ന സമ്മാനങ്ങൾ നിരസിച്ചത് (ബേരാ = കത്തുന്ന). അവയൊക്കെ കത്തി ചാമ്പലായിപ്പോകുമെന്നു ദൈവത്തിന്റെ സ്നേഹിതനും വിശ്വാസവീരനുമായ അബ്രഹാമിനു അറിയാമായിരുന്നു (ഉല്പ.14:21,22). അതുകൊണ്ടാണ് ദാനീയേൽ, ബാബിലോണിലെ കൊട്ടാരത്തിൽ രാജാവിന്റെ സ്വാദുള്ള ഭോജനത്തിനു പകരം ശാകപദാർത്ഥവും വീഞ്ഞിനു പകരം പച്ചവെള്ളവും കുടിച്ചു ജീവിച്ചത് (ദാനീ.1:8,12). ബാബിലോൺ സകലവിധമ്ലേച്ഛതകളിലും കൂത്താടുക മാത്രമല്ല അനേകരെ തന്റെ പാപത്തിനു പങ്കാളികളാക്കുകയും ചെയ്തു. ആയതിനാൽ അവൾ കൊതിച്ചതും, സ്വാദും ശോഭയുള്ളതും, അനുഭവിച്ചതും എന്നേക്കും നഷ്ടമായി എന്നു മാത്രമല്ല ഒരിക്കലും എഴുന്നേറ്റു വരാൻ കഴിയാത്തവിധം മഹാനഗരം ചാമ്പൽക്കൂമ്പാരമായിത്തീർന്നു.

**വെളി.18:15 — ഈ വകകൊണ്ടു വ്യാപാരം ചെയ്തു അവളാൽ സമ്പന്നരായവർ അവൾക്കുള്ള പീഡ ഭയപ്പെട്ടു ദൂരത്തു നിന്നു** ("The merchants of these things, who became rich by her, will stand at a distance for fear of her torment, weeping and wailing,) —

മഹതിയാം ബാബിലോൺ എന്ന മഹാനഗരത്തിൽ ഭൂമിയിലെ വ്യാപാരികൾ വിലയേറിയ വിവിധതരത്തിലുള്ള അവരുടെ ചരക്കുകൾ കൊണ്ടു വന്നു വിപണനം നടത്തിയിരുന്നു. എന്നാൽ തങ്ങൾ ആശ്രയിച്ചതും ഒരിക്കലും നശിക്കയില്ലെന്നു കണക്കുകൂട്ടിയതുമായ മഹാനഗരം തീയാൽ നശിക്കുന്ന കാഴ്ചകണ്ട വ്യാപാരികൾ ബാബിലോണിനെ ഓർത്തു അതി ദുഃഖത്തോടെ കരയുന്നു. എന്നാൽ അവരുടെ കരച്ചിൽ ബാബിലോണിനോടുള്ള പ്രത്യേകമായ സ്നേഹം മൂലമല്ല. അവളുടെ ദാരുണമായ അന്ത്യം ദർശിച്ച അവരിൽ അത്യധികമായ ഭയമുളവാക്കിയതാണ് കാരണം. "*അവൾക്കുള്ള പീഡ ഭയപ്പെട്ടു ദൂരത്തു നിന്നു*" എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. വ്യാപാരികൾ ബാബിലോണിൽ തങ്ങളുടെ സാധനങ്ങൾ വിറ്റഴിച്ചു അവളാൽ സമ്പന്നരായിത്തീർന്നു. എന്നാൽ അവൾക്കു വന്നു സംഭവിച്ച ബാധയും പീഡയും തങ്ങൾക്കും ഉണ്ടാകുമോ എന്നു ഭയപ്പെട്ടു അവർ ദൂരെ നില്ക്കുവാൻ ഇടയായി. അവരുടെ ഭയത്തിന്റെ വ്യാപ്തി വർദ്ധിക്കുവാൻ കാരണമായത് ബാബിലോണിനു സംഭവിച്ച നാശം കേവലം പ്രകൃതിയിലുള്ള ആകസ്മികസംഭവത്താലല്ല മറിച്ച് ദൈവത്തിൽ നിന്നും ഉണ്ടായ ന്യായവിധിയാണെന്നു അവർ മനസ്സിലാക്കിയതിനാലാണ്.

**വെളി.18:16 — അയ്യോ, അയ്യോ, മഹാനഗരമേ, നേരിയ തുണിയും ധൂമ്രവർണ്ണവും കടുഞ്ചുവപ്പും ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളേ, ഇത്ര വലിയ സമ്പത്തു ഒരു മണിക്കൂറുകൊണ്ടു നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞു ദുഃഖിക്കും** ("and saying, 'Alas, alas, that great city that was clothed in fine linen, purple, and scarlet, and adorned with gold and precious stones and pearls!'For in one hour such great riches came to nothing ) —

**അയ്യോ, അയ്യോ മഹാനഗരമേ** (woe, woe / alas, alas that great city) **—**

ബാബിലോണിൽ വ്യാപാരം ചെയ്തു സമ്പന്നരായ വ്യാപാരികൾ ബാബിലോണിന്റെ നാശത്തിൽ അയ്യം വിളിക്കുന്നു. അയ്യോ അയ്യോ എന്നുള്ള അവരുടെ ശബ്ദം അതീവ ദുഃഖത്തെയും വേദനയെയും മരണം സംഭവിക്കുമ്പോഴുണ്ടാകുന്ന അവസ്ഥയെയും കുറിക്കുന്നു. വ്യാപാരികളുടെ അയ്യം വിളി ഭൂരാജാക്കന്മാരുടെ വിലാപത്തിന്റെ അയ്യം വിളിയോടു സാമ്യമുണ്ട്. ഭൂരാജാക്കന്മാർ കരഞ്ഞും മാറത്തടിച്ചും കൊണ്ടു പറഞ്ഞത് — "*അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ടു നിന്റെ ന്യായവിധി വന്നല്ലോ*" എന്നാണ്. ഭൂരാജക്കന്മാർ ബാബിലോണിനെ ഓർത്തു വിലപിച്ചപ്പോൾ "*ബലമേറിയ പട്ടണമേ*" എന്നു വിശേഷിപ്പിച്ചുവെങ്കിൽ, ഭൂമിയിലെ വ്യാപാരികൾ വിലപിച്ചപ്പോൾ പറയുന്നത് "*നേരിയ തുണിയും ധൂമ്രവർണ്ണവും കടുഞ്ചുവപ്പും ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളേ*" എന്നാണ്. ഭൂമിയിലെ രാജാക്കന്മാർക്കു ബാബിലോണുമായുള്ള ബന്ധം രാഷ്ട്രീയവും, ഭരണപരവും, സാമൂഹ്യവുമായ ബന്ധമായിരുന്നു. അവരുടെ ഭരണത്തിന്റെ കേന്ദ്രം, മൃഗത്തിന്റെ ആസ്ഥാനം എന്നിങ്ങനെ അവരുടെ ശക്തികേന്ദ്രമായിരുന്നു ബാബിലോൺ.

**നേരിയ തുണിയും ധൂമ്രവർണ്ണവും കടുഞ്ചുവപ്പും ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളേ** (that great city that was clothed in fine linen, purple, and scarlet, and adorned with gold and precious stones and pearls) —

ഭൂമിയിലെ വ്യാപാരികളെ സംബന്ധിച്ച് ബാബിലോൺ അവരുടെ ചരക്കുകളായ നേരിയ തുണി, ധൂമ്രവസ്ത്രം, കടുഞ്ചുവപ്പ്, പൊന്ന്, രത്നം, മുത്തു എന്നിങ്ങനെ വിലയേറിയ വസ്തുക്കൾ വിറ്റു ആദായം ഉണ്ടാക്കിയ സ്ഥലമാണ്. നേരിയ തുണി, ധൂമ്രവസ്ത്രം, കടുഞ്ചുവപ്പ്, പൊന്ന്, രത്നം, മുത്തു എന്നിവ വിലയേറിയതും ആഡംബരവസ്തുക്കളുമാണ്. ഇവയൊക്കെ ധരിച്ചു ബാബിലോൺ സർവ്വാഡംബര ത്തിൽ കഴിയുക മാത്രമല്ല സ്വയം ഉയർത്തി ദൈവത്തോടു നിഗളിച്ചു ജീവിച്ചു. ആയതിനാൽ ദൈവ ത്തിന്റെ ന്യായവിധി ബാബിലോണിന്മേൽ വന്നു പതിച്ചു.

**ഇത്ര വലിയ സമ്പത്തു ഒരു മണിക്കൂറുകൊണ്ടു നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞു ദുഃഖി ക്കും** (For in one hour such great riches came to nothing) —

ബാബിലോണിൽ വ്യാപാരം നടത്തിയ വ്യാപാരികളുടെ അയ്യം വിളിയിൽ കരഞ്ഞു ദുഃഖിച്ചു പറ യുന്നത് "*ഇത്ര വലിയ സമ്പത്തു ഒരു മണിക്കൂറുകൊണ്ടു നശിച്ചുപോയല്ലോ*" എന്നാണ്. എന്നാൽ അവ രുടെ ദുഃഖവും മുറവിളിയും ബാബിലോണിന്റെ സമ്പത്ത് നശിച്ചുപോയതിലല്ല മറിച്ച് അവർക്കുണ്ടായ സമ്പത്തിന്റെ നഷ്ടം ഓർത്താണ് എന്ന പ്രത്യേകതയുണ്ട്. ഒരു മണിക്കൂർ കൊണ്ടു നശിച്ചു എന്നത് പെട്ടെന്നുള്ള നാശത്തെ കുറിക്കുന്നു. അവർ മുടക്കിയതും, അവരുടെ ചരക്കുകളും, അവരുടെ സമ്പ ത്തും, അവർ നടത്തിയ വ്യവസായശാലകളും ഒക്കെ ഒരു പിടി ചാരത്തിൽ അമർന്നുപോയല്ലോ എന്നാണ് അവരുടെ വിലാപത്തിന്റെ അടിസ്ഥാനം. ബാബിലോണുമായി പുളെച്ചു ജീവിച്ച അവരുടെ കരച്ചിൽ ഇവിടെ തീരുകയില്ല. നിത്യതനിത്യതയോളം കരഞ്ഞുകൊണ്ടേയിരിക്കും. അന്നു കരയുന്നത് ലോകസമ്പ ത്തിനെ ഓർത്തായിരിക്കയില്ല, മറിച്ച് നരകത്തീയുടെ അതിവേദനയാൽ പുളയുന്ന വേളയിൽ ഉയരുന്ന ഉച്ചത്തിലുള്ള കരച്ചിലായിരിക്കും (മത്താ.13:41,42,50).

**വെളി.18:17,18 — ഏതു മാലുമിയും ഓരോ ദിക്കിലേക്കു കപ്പലേറി പോകുന്ന ഏവനും കപ്പല്ക്കാരും കടലിൽ തൊഴിൽ ചെയ്യുന്നവരൊക്കെയും ദൂരത്തുനിന്നു അവളുടെ ദഹനത്തിന്റെ പുക കണ്ടു: മഹാനഗരത്തോടു തുല്യമായ നഗരം ഏതു എന്നു നിലവിളിച്ചു പറഞ്ഞു** (' Every shipmaster, all who travel by ship, sailors, and as many as trade on the sea, stood at a distance and cried out when they saw the smoke of her burning, saying, 'What is like this great city?') —

ബാബിലോൺ എന്ന മഹാനഗരം ദൈവത്തിന്റെ ന്യായവിധിയാൽ കത്തിയെരിയുന്നു. ചുടലക്ക ളത്തിലെ ദഹനത്തിന്റെ പുക ഉയരുന്നതുപോലെയുള്ള ബാബിലോണിന്റെ അവസ്ഥയെ കണ്ടു നിലവി ളിക്കുന്ന മൂന്നാമത്തെ കൂട്ടർ കപ്പൽക്കാർ (Mariners) അഥവാ കടലിനോടു ബന്ധപ്പെട്ടവരാണ്. അവർ പൊതുവേ കപ്പൽ വ്യവസായത്തിൽ (Shipping Industry) ഏർപ്പെട്ടിരിക്കുന്നവരാണ്. ബാബിലോൺ ഒരു വ്യവസായ നഗരമായി അറിയപ്പെടുമ്പോൾത്തന്നെ ലോകപ്രശസ്തിയാർജ്ജിച്ച തുറമുഖ പട്ടണം എന്ന നിലയിലും അന്ത്യകാലത്തു വളരുന്നു. ലോകത്തിലെ വിവിധരാജ്യങ്ങളിലെ വ്യാപാരികൾ തങ്ങളുടെ സാധനങ്ങൾ കടൽവഴിയായി ബാബിലോൺ തുറമുഖത്തെത്തിച്ചു കച്ചവടം നടത്തിയിരുന്നു. ഭൂരാജാക്ക ന്മാർ രാഷ്ട്രീയവും ഭരണപരമായ നഷ്ടത്തോടുള്ള ബന്ധത്തിലും (Political and administrative loss), ഭൂമിയിലെ വ്യാപാരികൾ സമ്പത്തിനോടുള്ള ബന്ധത്തിലും (Economic loss and loss of Market), നാവി കർ കടലിൽകൂടിയുള്ള സാധനങ്ങളുടെ വിതരണത്തോടും യാത്രയോടുള്ള ബന്ധത്തിലും (Loss of Shipping Industry and Transport) അവർക്കുണ്ടാകുന്ന ഭീമമായ നഷ്ടത്തെ ഓർത്തു വിലപിക്കുന്നു. കട ലിനോടുള്ള ബന്ധത്തിൽ അഥവാ കപ്പൽ വ്യവസായത്തിൽ (Shipping Industry) നാലു കൂട്ടരാണ് ബാബി ലോണിന്റെ നാശത്തിൽ വിലപിക്കുന്നത്. (1) മാലുമി — Shipmaster / Captain (2) യാത്രക്കാർ — Passengers (3) കപ്പല്ക്കാർ — Sailors (4) തൊഴിലാളികൾ — Workers.

**(1) മാലുമി — Shipmaster / Captain — ഏതു മാലുമിയും (Every shipmaster) —**

മാലുമി കപ്പലിന്റെ കപ്പിത്താനുള്ള മറ്റൊരു പേരാണ് (അപ്പൊ.27:11). വിവിധതരത്തിലുള്ള ചര ക്കുകളും നിരവധി യാത്രക്കാരുമായി ബാബിലോൺ തുറമുഖത്തെ ലക്ഷ്യമാക്കി കപ്പലിനെ നയിച്ചവരും അതിലൂടെ ആദായം ഉണ്ടാക്കിയവുമാണിവർ. മാലുമി അഥവാ കപ്പിത്താന്റെ കരച്ചിൽ പൊതുവിൽബാബി ലോണുമായുള്ള കപ്പൽ വ്യവസായത്തെ കുറിക്കുന്നു.

**(2) യാത്രക്കാർ — Passengers — ഓരോ ദിക്കിലേക്കു കപ്പലേറിപോകുന്ന ഏവനും (all who travel by ship) —**

വിവിധ രാജ്യങ്ങളിൽ നിന്നു ബാബിലോണിലേക്കും, തിരികെ തങ്ങളുടെ സ്ഥലങ്ങളിലേക്കും കപ്പൽ വഴിയായി യാത്രചെയ്യുകയും ബാബിലോണിൽ വിവിധപ്രവർത്തനങ്ങൾ നടത്തി ധനം സമ്പാദി ച്ചവരാണ് — ഓരോ ദിക്കിലേക്കും കപ്പലേറിപോകുന്ന ഏവനും എന്നത്.

**(3) കപ്പല്ക്കാർ — Sailors — കപ്പല്ക്കാരും (sailors) —**

കപ്പൽക്കാർ എന്നത് കടലിലൂടെ തങ്ങളുടെ പ്രവർത്തനം നടത്തി വരുമാനം ഉണ്ടാക്കുന്നവരെ കുറിക്കുന്നു. ഇവർ ബാബിലോൺ തുറമുഖത്തിലേക്കു കപ്പൽ യാത്ര തയ്യാറാക്കി ആളുകളെയും ചരക്കു കളെയും കൊണ്ടുപോകുവാനുള്ള കപ്പൽ ഗതാഗത വിഭാഗത്തെ കുറിക്കുന്നുവെന്നു പറയാം.

**(4) തൊഴിലാളികൾ — Workers — കടലിൽ തൊഴിൽ ചെയ്യുന്നവരൊക്കെയും (and as many as trade on the sea) —**

കപ്പൽ വ്യവസായത്തോടു ബന്ധപ്പെട്ടുള്ള മേഖലയിൽ പണിയെടുത്തു കഴിയുന്നവരാണിവർ. കപ്പൽമാർഗ്ഗം ചരക്കുകൾ ബാബിലോണിലേക്കുകൊണ്ടുപോകുമ്പോൾ കയറ്റിയിറക്കു മേഖലയിലും ഇവർ പണിയെടുക്കുന്നു. മത്സ്യബന്ധനം, കടലിലെ മുത്തുകൾ ചിപ്പികൾ എന്നിവ വാരുന്നവരും കപ്പലിലെ ജോലിക്കാരും ഇവരിലുൾപ്പെടുന്നു.

**ദൂരത്തുനിന്നു അവളുടെ ദഹനത്തിന്റെ പുക കണ്ടു: മഹാനഗരത്തോടു തുല്യമായ നഗരം ഏതു എന്നു നിലവിളിച്ചു പറഞ്ഞു** (stood at a distance and cried out when they saw the smoke of her burning, saying, 'What is like this great city?) —

കപ്പിത്താൻ, യാത്രക്കാർ, കപ്പല്ക്കാർ, തൊഴിലാളികൾ എന്നിങ്ങനെ സമുദ്രമാർഗ്ഗം സഞ്ചരിക്കുകയും ബാബിലോണുമായുള്ള ബന്ധത്തിൽ ആദായം കൊയ്തവരും ബാബിലോൺ തീയാൽ വെന്തു നശിക്കുന്നതുകണ്ട് ദൂരത്തു നിന്നു വിലപിച്ചു ആശ്ചര്യപ്പെടുന്നു. ഭൂരാജാക്കന്മാരെയോ ഭൂമിയിലെ വ്യാപാരികളെപ്പോലെയോ ബാബിലോണിനോടുള്ള പ്രത്യേക സ്നേഹത്താലോ സഹതാപത്താലോ അല്ല ഇവരുടെ നിലവിളിയും ഉയരുന്നത്. എന്നാൽ അവരുടെ ആദായമാർഗ്ഗം എന്നെന്നേക്കുമായി ഇല്ലാതാകുകയും, ബാബിലോൺ തുറമുഖത്തിലൂടെ നടത്തിയ സകല മുതൽമുടക്കുകളും നഷ്ടപ്പെട്ടല്ലോ എന്നോർത്താണ്. ദൂരെ നിന്നു കരയുന്നതിനുള്ള കാരണം അവർക്കും ബാബിലോണിന്റെ പങ്കാളികളെന്ന നിലയിൽ ശിക്ഷ ലഭിക്കുമോ എന്ന ഭയത്താലാണ്. ബാബിലോണിന്റെ പാപത്തിനാണ് ദൈവം ശിക്ഷിച്ചിരിക്കുന്നതെന്ന് അവർ തിരിച്ചറിയുന്നു. അവരും ബാബിലോണിന്റെ പാപത്തിൽ മുഴുകുക മാത്രമല്ല അവിടെ നടമാടിയ അസന്മാർഗ്ഗികതക്കും വ്യഭിചാരത്തിനും സമുദ്രമാർഗ്ഗം അനേകരെ അവിടേക്ക് എത്തിച്ചതിൽ കുറ്റക്കാരാണ്. കൂടാതെ ബാബിലോണിയൻ ആചാരാനുഷ്ടാനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതിനു സഹായമായി പൊന്നിലും വെള്ളിയിലും വിലയേറിയ കല്ലുകളിലും തീർത്ത വിഗ്രഹങ്ങളെയും രൂപങ്ങളെയും അവിടെ വിറ്റഴിച്ചവരുമാണ്.

മഹാനഗരത്തോടു തുല്യമായ നഗരം ഏതു എന്നാണ് ദഹനത്തിന്റെ പുക ഉയരുന്നതുകണ്ട് അവർ ബാബിലോണിനെക്കുറിച്ചു നിലവിളിക്കുന്നത്. പുരാതനസോരിന്റെ പതനത്തിലും ഇപ്രകാരമുള്ള വിലാപം കാണുന്നുണ്ട്. **യെഹെ.27:32 —** *"തങ്ങളുടെ ദുഃഖത്തിൽ അവർ നിന്നെച്ചൊല്ലി ഒരു വിലാപം തുടങ്ങി നിന്നെക്കുറിച്ചു വിലപിക്കുന്നതു: സമുദ്രമദ്ധ്യേ നശിച്ചുപോയ സോരിനെപ്പോലെ ഏതു നഗരമുള്ളു?"* സമുദ്രത്തിൽ നിന്നു കയറിവന്ന ഭീകരമൃഗത്തെക്കണ്ട ഭൂവാസികൾ ഭയപ്പെട്ടെങ്കിലും അവർ അതിനെ പുകഴ്ത്തി ആരാധിക്കുന്ന രംഗത്തിൽ അതിന്റെ അതുല്യശക്തിയെ പ്രകീർത്തിക്കുന്നത് വെളിപ്പാടിൽ കാണുന്നുണ്ട്. **വെളി.13:4 —** *"മൃഗത്തിന്നു അധികാരം കൊടുത്തതുകൊണ്ടു അവർ മഹാസർപ്പത്തെ നമസ്കരിച്ചു: മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുതുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു."* ബാബിലോണിന്റെ ദഹനത്തിലും സമുദ്രമാർഗ്ഗം സഞ്ചരിച്ചു അവരുമായി ബന്ധപ്പെട്ട ഇവർക്കും പറയുവാനുള്ളത് ബാബിലോണിനോടു കിടപിടിക്കത്തക്ക മറ്റൊരു പട്ടണവും ഭൂമിയിൽ ഇല്ലെന്നുള്ളതാണ്. അത്രക്കും പ്രശസ്തിയാർജ്ജിച്ചതും, ധനപരമായും വ്യാവസായികപരമായും ഏറ്റവും ഉന്നതിയിൽ എത്തിയതുമായ നഗരത്തിനു വന്നു സംഭവിച്ച നാശത്തെയോർത്തു അവർ വിലപിക്കുന്നു.

ദൈവീകശിക്ഷയാലാണ് ഇത്ര ബലമേറിയ പട്ടണം നശിക്കുവാനിടയായതെന്നു അവർ മനസ്സിലാക്കിയിട്ടും ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരപ്പെടുന്നതിനു പകരം വെന്തെരിഞ്ഞു നശിക്കുന്ന പട്ടണത്തെയോർത്തു അതിനെ പുകഴ്ത്തുന്നതാണിവിടെ നാം കാണുന്നത്. മിസ്രയീമിലെ ഫറവോനെപ്പോലെ ഇവരും അവരുടെ ഹൃദയത്തെ താഴ്ത്തുകയോ ദൈവത്തിൽ ശരണപ്പെടുകയോ ചെയ്യുന്നില്ല.

**വെളി.18:19 — അവർ തലയിൽ പൂഴി വാരിയിട്ടുംകൊണ്ടു: അയ്യോ, അയ്യോ, കടലിൽ കപ്പലുള്ളവർക്കു എല്ലാം തന്റെ ഐശര്യത്താൽ സമ്പത്തു വർദ്ധിപ്പിച്ച മഹാനഗരം ഒരു മണിക്കൂറുകൊണ്ടു നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞും ദുഃഖിച്ചുംകൊണ്ടു നിലവിളിച്ചു** ("They threw dust on their heads and cried out, weeping and wailing, and saying, 'Alas, alas, that great city, in which all who had ships on the sea became rich by her wealth! For in one hour she is made desolate.') —

മഹനഗരമായ ബാബിലോണിന്റെ പെട്ടെന്നുള്ള നാശത്തെ ദർശിച്ചു സമുദ്രമാർഗ്ഗം ബാബിലോണുമായി ബന്ധപ്പെട്ടിരുന്നവർ അവർക്കുണ്ടായ നഷ്ടത്തെയോർത്തു വിലപിക്കുന്നു. തലയിൽ മണ്ണു വാരിയിട്ടുകൊണ്ടാണ് ബാബിലോണിന്റെ പതനത്തിൽ അയ്യം വിളിക്കുന്നത്.

**അവർ തലയിൽ പൂഴി വാരിയിട്ടുംകൊണ്ടു:** (They threw dust on their heads and cried out) —

ബാബിലോണുമായി കപ്പൽ വ്യവസായത്തിൽ (Shipping Industry) ഏർപ്പെട്ടിരിക്കുന്നവർ അവരുടെ മഹാദുഃഖം വെളിപ്പെടുത്തുന്നത് തലയിൽ പൂഴി വാരിയിട്ടുകൊണ്ടാണ്. തലയിൽ മണ്ണു വാരിയിട്ടു

വിലപിക്കുനന്നത് അതിഭയങ്കരമായ ദുഃഖത്തെയും, നിരാശയെയും, സകലതും നഷ്ടമായ അവസ്ഥ യെയും വെളിപ്പെടുത്തുന്നു. കഠിനമായ ദുഃഖവേളകളിൽ തലയിൽ പൂഴിവാരിയിട്ടു വിലപിക്കുന്ന രംഗ ങ്ങൾ പഴയനിയമതിരുവെഴുത്തുകളിൽ കാണുന്നുണ്ട്.

(1) യിസ്രായേൽ ജനത്തിന്റെ ഹായിയിലെ തോൽവിയിൽ —

**യോശു.7:6 —** "യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ അവനും യിസ്രായേൽമൂപ്പന്മാരും തല യിൽ മണ്ണുവാരിയിട്ടുകൊണ്ടു സന്ധ്യവരെ സാഷ്ടാംഗം വീണു കിടന്നു."

(2) യുദ്ധത്തിൽ യിസ്രായേൽ തോൽക്കുകയും ദൈവത്തിന്റെ പെട്ടകം ഫെലിസ്ത്യരുടെ കൈവശം പിടിക്കപ്പെട്ടപ്പോഴും —

**1.ശമൂ.4:12 —** "പോർക്കളത്തിൽനിന്നു ഒരു ബെന്യാമീന്യൻ വസ്ത്രം കീറിയും തലയിൽ പൂഴി വാരിയിട്ടും കൊണ്ടു ഓടി അന്നു തന്നെ ശീലോവിൽ വന്നു."

(3) ശൗലിന്റെ മരണവാർത്ത അറിയിക്കുന്ന ഒരു അമാലേക്യൻ —

**2.ശമൂ.1:2 —** "മൂന്നാം ദിവസം ഒരു ആൾ വസ്ത്രം കീറിയും തലയിൽ പൂഴി വാരിയിട്ടും കൊണ്ടു ശൗലിന്റെ പാളയത്തിൽനിന്നു വന്നു, ദാവീദിന്റെ അടുക്കൽ എത്തി സാഷ്ടാംഗം വീണു നമ സ്കരിച്ചു."

(4) അബ്ശാലോമിന്റെ മത്സരത്താൽ ദാവീദ് വിഷമിച്ചിരിക്കുന്ന സന്ദർഭത്തിൽ തന്റെയടുക്കൽ വരുന്ന തന്റെ ഉപദേശകനായ ഹൂശായി —

**2.ശമൂ.15:32 —** "പിന്നെ ദാവീദ് മല മുകളിൽ ദൈവത്തെ ആരാധിച്ചുവന്ന സ്ഥലത്തു എത്തിയ പ്പോൾ അർഖ്യനായ ഹൂശായി അങ്കി കീറിയും തലയിൽ മണ്ണു വാരിയിട്ടും കൊണ്ടു അവനെ തിരെ വരുന്നതു കണ്ടു."

(5) ഇയ്യോബിനെ ആശ്വസിപ്പിക്കുവാൻ വന്ന മൂന്നു സ്നേഹിതന്മാർ —

**ഇയ്യോ.2:12 —** "അവർ അകലെവെച്ചു നോക്കിയാറെ അവനെ തിരിച്ചറിഞ്ഞില്ല; അവർ ഉറക്കെ കരഞ്ഞു വസ്ത്രം കീറി പൊടി വാരി മേലോട്ടു തലയിൽ വിതറി."

(6) ദൈവക്രോധത്തിനിരയായ യെരൂശലേം പട്ടണത്തിന്റെ നാശത്തോടു ബന്ധത്തിൽ —

**വിലാ.2:10 —** "സീയോൻപുത്രിയുടെ മൂപ്പന്മാർ മിണ്ടാതെ നിലത്തിരിക്കുന്നു; അവർ തലയിൽ പൊടി വാരിയിട്ടു രട്ടുടുത്തിരിക്കുന്നു; യെരൂശലേം കന്യകമാർ നിലത്തോളം തല താഴ്ത്തുന്നു."

(7) സോരിന്റെ നാശത്തിൽ വിലപിക്കുന്നവർ —

**യെഹെ.27:30 —** "അവർ കൈപ്പോടെ ഉറക്കെ നിലവിളിച്ചു തലയിൽ പൂഴി വാരിയിട്ടു ചാരത്തിൽ കിടന്നുരുളുകയും ....."

**അയ്യോ, അയ്യോ, കടലിൽ കപ്പലുള്ളവർക്കു എല്ലാം തന്റെ ഐശ്വര്യത്താൽ സമ്പത്തു വർദ്ധിപ്പിച്ച മഹാനഗരം** (weeping and wailing, and saying, 'Alas, alas, that great city, in which all who had ships on the sea became rich by her wealth!) —

മഹാനഗരമായ ബാബിലോണിന്റെ ദഹനത്തിന്റെ പുക കണ്ട കപ്പൽ വ്യവസായമേഖലയിലുള്ള വർ (Shipping Industry) തലയിൽ മണ്ണുവാരിയിടുക മാത്രമല്ല നാശത്തിങ്കൽ അയ്യോ,അയ്യോ എന്നു പറഞ്ഞുകൊണ്ടു നിലവിളിക്കുന്നു. അയ്യോ അയ്യോ (woe, woe / alas, alas) എന്നു ഭൂമിയിലെ രാജാക്ക ന്മാരും (വെളി.18:10), ഭൂമിയിലെ വ്യാപാരികളും (വെളി.18:16) വിളിച്ചു അലറിക്കരഞ്ഞതുപോലെ ഇവരും അവരോടൊപ്പം ദുഃഖത്തിൽ പങ്കുചേർന്നു അയ്യം വിളിക്കുന്നു. അയ്യോ വിളി അവർക്കുണ്ടായ നഷ്ട ത്തെയും സകല ആശകളും നഷ്ടപ്പെട്ട അവസ്ഥയെയും വെളിപ്പെടുത്തുന്നു. അവർ ഇത്രയേറെ ദുഃഖിച്ചു വിലപിക്കുവാനുള്ള കാരണം ബാബിലോണിനോടുള്ള സ്നേഹം കൊണ്ടോ, അവരുടെ പാപത്തെ ഓർത്തുള്ള മാനസാന്തരത്തിന്റെ വിലാപമോ അല്ല. എന്നാൽ അവർക്കുണ്ടായ ധനപരമായ നഷ്ടത്തെ ഓർത്താണ് വിലപിക്കുന്നത്. അവരുടെ ലൗകീകമായ ഐശ്വര്യവും സമ്പത്തും വർദ്ധിക്കുവാനിടയായത് മഹാനഗരമായ ബാബിലോണുമായുള്ള ബന്ധത്തിലും പങ്കാളിത്തത്തിലുമാണെന്നു അവർ ഓർക്കുന്നു.

**മഹാനഗരം ഒരു മണിക്കൂറുകൊണ്ടു നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞും ദുഃഖിച്ചുംകൊണ്ടു നിലവിളിച്ചു** (For in one hour she is made desolate) —

ബാബിലോണിന്റെ പെട്ടെന്നുള്ള നാശത്തിൽ കപ്പൽവ്യവസായത്തിൽ ഏർപ്പെട്ടിരുന്നവർ കരയു കയും ദുഃഖിക്കുകയും നിലവിളിക്കുകയും ചെയ്യുന്നു. ന്യായവിധിയോടുള്ള ബന്ധത്തിൽ *ഒരു ദിവസം* എന്നും (വെളി.18:8) *ഒരു മണിക്കൂർ* (വെളി.18:10,16,19)എന്നും വിശേഷിപ്പിച്ചിരിക്കുന്നത് പെട്ടെന്നു സംഭ വിക്കുന്ന ശിക്ഷാവിധിയെ കുറിക്കുന്നു. ഭൂരാജാക്കന്മാർ അവർക്കുണ്ടായ രാഷ്ട്രീയവും ഭരണപരവു മായ നഷ്ടത്തിൽ (Political & administrative loss) വിലപിച്ചത് — "അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ടു നിന്റെ ന്യായവിധി വന്നല്ലോ" എന്നാണ് (വെളി.18:10). ഭൂമിയിലെ വ്യാപാരികൾ അവർക്കുണ്ടായ കമ്പോളം നഷ്ടപ്പെട്ടതിൽ (Lose of Market & Invesment) വിലപിച്ചത് — "അയ്യോ, അയ്യോ, മഹാനഗരമേ, നേരിയ തുണിയും ധൂമ്രവർണ്ണവും കടുഞ്ചു

വപ്പും ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളേ, ഇത്ര വലിയ സമ്പത്തു ഒരു മണിക്കൂറു കൊണ്ടു നശിച്ചു പോയല്ലോ" എന്നാണ് (വെളി.18:16). എന്നാൽ കപ്പൽ വ്യവസായികൾ അവർക്കുണ്ടായ കപ്പൽവ്യവാസായ നഷ്ടത്തിൽ (Loss of Shipping Industry) വിലപിക്കുന്നത് "ഐശര്യത്താൽ സമ്പത്തു വർദ്ധിപ്പിച്ച മഹാനഗരം ഒരു മണിക്കൂറുകൊണ്ടു നശിച്ചുപോയല്ലോ" എന്നാണ് (വെളി.18:19).

ഭൂരാജാക്കന്മാരുടെയും, ഭൂമിയിലെ വ്യാപാരികളുടെയും, ഭൂമിയിലെ നാവികരുടെയും വിലാപം പരിശോധിച്ചാൽ അവരുടെ ദുഃഖം അവരോടൊപ്പം പാപത്തിൽ മുഴുകിയ ബാബിലോണിനെ ഓർത്ത ല്ലായിരുന്നു എന്നത് ശ്രദ്ധേയമാണ്. അവരുടെ ദുഃഖത്തിനു കാരണം അവർക്കുണ്ടായ വിവിധമായ ലൗകീ കമായ നഷ്ടത്തെ ഓർത്തായിരുന്നു. മൂഢനായ ധനവാനെപ്പോലെ അവരുടെ സ്വാർത്ഥതയാണിവിടെ വെളിപ്പെടുന്നത്. അവരുടെ അയ്യോ, അയ്യോ, എന്നുള്ള ശബ്ദത്തോടെ ഉറക്കെ നിലവിളിക്കുന്നതിന്റെ മൂലകാരണം അവരുടെ അധികാരം, കൂട്ടുകെട്ട്, വ്യാപാരനഷ്ടം, വ്യവസായനഷ്ടം എന്നിവയെക്കുറിച്ചാ യിരുന്നു. മഹാനഗരമായ നീനവേയുടെ പാപം ദൈവസന്നിധിയിലെത്തിയപ്പോൾ അവർക്കെതിരായി ന്യായവിധി അയെക്കുന്നതിനു മുമ്പായി ദൈവം തന്റെ പ്രവാചകനായ യോനയെ അയച്ചു. പട്ടണത്തെ ദൈവം നശിപ്പിക്കുമെന്നു അറിഞ്ഞ നീനവേക്കാർ രട്ടു പുതച്ചു ഉച്ചത്തിൽ ദൈവത്തോടു നിലവിളിച്ചു. അവർ ദുർമ്മാർഗ്ഗം വിട്ടു മനം തിരിഞ്ഞതിനാൽ ദൈവം ന്യായവിധിയെ അയച്ചില്ല (യോനാ.3:8-10). സഭ എടുക്കപ്പെട്ടശേഷം ബാബിലോണിനു അവസരം നൽകിയിട്ടും മനം തിരിയുന്നില്ല. ആയതിനാൽ ദൈവാഗ്നിയാൽ ബാബിലോൺ വെന്തെരിയുവാൻ ഇടയാകുന്നു. ബാബിലോണിനോടൊപ്പം പുളെച്ചു ജീവിച്ച പങ്കാളികൾക്കും സമശിക്ഷാവിധിയുണ്ടാകുമെന്നു മനസിലാക്കിയ അവർ ഭയന്നു ദൂരെ നിന്നാണ് വിലപിക്കുന്നത്. അതായത് ദൈവമാണ് ബാബിലോണിനെ ദഹിപ്പിച്ചത് എന്നുള്ള വ്യക്തമായ അറിവു ണ്ടായിട്ടും ദൈവത്തിങ്കലേക്കു നോക്കി മാനസ്സാന്തരപ്പെടുന്നതിനു പകരം ലൗകികമായ സമ്പത്തിനെയും ഐശര്യത്തെയും ഓർത്തു അവർ വിലപിക്കുന്നു. എന്നാൽ ദൈവത്തിങ്കലേക്കു നോക്കി അനുതാപ പ്പെട്ടു മാനസാന്തരപ്പെടാത്തതിനാൽ അവരും ബാബിലോണിന്റെ പാപങ്ങൾക്കു പങ്കാളികളെന്ന നില യിൽ ശിക്ഷിക്കപ്പെടും.

ഇന്നത്തെ ലോകത്തിന്റെയും ഒരു ചിത്രമാണിവിടെയും കാണുന്നത്. പാപത്തെക്കുറിച്ചും നീതി യെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും അനേക സുവിശേഷസത്യങ്ങൾ ലോകജനത കേൾക്കുന്നുവെ ങ്കിലും അവർ അതിനെ മറുതലിച്ചു ലോകത്തെയും ലോകത്തിലുള്ളതിനെയും വാനോളം പുകഴ്ത്തി ഭൂവാസികൾ ജീവിക്കുന്നു. അവരുടെയും അന്ത്യം ബാബിലോണിനെപ്പോലെ തീയിൽ അമരും. ഈ ലോകത്തിലെ സമ്പത്തുകളും നിക്ഷേപങ്ങളും താല്ക്കാലികവും തീയിൽ കത്തി നശിക്കുന്നതുമാണ്. ഇവിടെ എന്തെല്ലാം സമ്പാദിച്ചാലും അതൊക്കെ ഇവിടെ ഉപേക്ഷിച്ചിട്ട് ഒരിക്കൽ പോകേണ്ടി വരും. ലോകസമ്പത്തിന്റെ വർദ്ധനയനുസരിച്ച് മനുഷ്യന്റെ ഹൃദയവും ആഗ്രഹവും സമ്പത്തുകളിലേക്കു ചേർത്തു ബന്ധിക്കപ്പെടുന്നു. ഫലമോ ദൈവത്തിൽ നിന്നകന്നു ലോകത്തോടും ലോകമോഹങ്ങളോടും ചേർന്നു ജീവിക്കുവാനിടയാകുന്നു. കർത്താവിന്റെ വരവിനായി കാത്തിരിക്കുന്ന ദൈവമക്കളുടെ നിക്ഷേപം ഭൂമി യിലല്ല, സ്വർഗ്ഗത്തിലായിരിക്കണം സ്വരൂപിക്കേണ്ടത്. നമ്മുടെ നിക്ഷേപങ്ങൾ എവിടെയായിരിക്കണമെന്നു കർത്തവിന്റെ ഉപമയിലൂടെ കാണാം. **മത്താ.6:19-21 —** "പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും." ക്രിസ്തുവാണ് നമ്മുടെ നിക്ഷേപം (കൊലൊ.2:3). അങ്ങനെയെങ്കിൽ നാം ഉയരത്തിലുള്ളതു ചിന്തിക്കുവാനും അതിലൂടെ നമ്മുടെ ഹൃദ യം ക്രിസ്തുവിലായിത്തീരുവാനും ഇടയാകും (കൊലൊ.3:1).

**വെളി.18:20 — സ്വർഗ്ഗമേ, വിശുദ്ധന്മാരും, അപ്പൊസ്തലന്മാരും പ്രവാചകന്മാരുമായുള്ളോരേ, ദൈവം അവളോടു നിങ്ങൾക്കുവേണ്ടി പ്രതികാരം നടത്തിയതുകൊണ്ടു അവളെച്ചൊല്ലി ആനന്ദിപ്പിൻ** ("Rejoice over her, O heaven, and you holy apostles and prophets, for God has avenged you on her!") —

ബാബിലോണിന്റെ നാശത്തിൽ ഭൂമിയിലെ രാജാക്കന്മാരും (വെളി.18:9,10), വ്യാപാരികളും (വെളി.18:11-16), കപ്പല്ക്കാരും (വെളി.18:17-19) അയ്യോ, അയ്യോ എന്നു വിളിച്ചു ഉറക്കെ വിലപിക്കുന്ന അവസരത്തിൽ സ്വർഗ്ഗത്തിൽ നിന്നു ഒരു ആഹ്വാനം കേൾക്കുന്നു (വെളി.18:20). മഹോപദ്രവകാലത്തെ ദൈവമക്കളെ ഉപദ്രവിച്ച ബാബിലോണിന്മേൽ സ്വർഗ്ഗത്തിൽ നിന്നു പ്രതികാരം നടത്തിയിരിക്കുന്നതി നാൽ സ്വർഗ്ഗവും, വിശുദ്ധന്മാരും, അപ്പൊസ്തലന്മാരും, പ്രവാചകന്മാരുമായവർ സന്തോഷിക്കുവാനുള്ള ആഹ്വാനമായിരുന്നു അത്. ബാബിലോണിന്റെ ദഹനത്തിൽ ആർത്തു സന്തോഷിക്കുവാൻ ആരാണ് ആഹ്വാനം ചെയ്തതെന്നു ഇവിടെ പറഞ്ഞിട്ടില്ല. ബാബിലോണിന്മേലുള്ള ന്യായവിധി നടത്തുവാനായി ചുമതലയേൽപ്പിക്കപ്പെട്ട ദൂതന്റെ ശബ്ദമായിരിക്കാം. എന്നാൽ തന്നിൽ ആശ്രയിച്ച വിശുദ്ധന്മാരോടു കർത്താവു തന്നെ അറിയിക്കുന്ന ആഹ്വാനം തന്നെയായിരിക്കണം എന്നുവേണം കരുതുവാൻ. മഹോപ

ദ്രവകാലവിശുദ്ധന്മാർ ബാബിലോണിന്റെ പാപങ്ങളിൽ ആത്മീകമായും ശാരീരികമായും വേർപെട്ടു ജീവിക്കണമെന്നു കർത്താവു അവരോടു ആഹ്വാനം ചെയ്തിരുന്നു. **വെളി.18:4 —** *"എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ."* അതായത് ബാബിലോണിന്റെ പാപങ്ങളിൽ നിന്നും വേർപെട്ടിരിക്കുവാനും, ദൈവം അവർക്കുവേണ്ടി ബാബിലോണിനോടു പ്രതികാരം നടത്തിയിരിക്കുന്നതിനാൽ ആനന്ദിക്കുവാനും ആഹ്വാനം നൽകുന്നു.

സഭ ഉത്പ്രാപണത്തിലൂടെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടശേഷം ഭൂമിയിലെ പീഡനകാലവേളയിൽ മൂന്നു പ്രാവശ്യം സ്വർഗ്ഗത്തിൽ ആനന്ദിക്കുവാനുള്ള ആഹ്വാനം കേൾക്കുന്നു.

(1) സാത്താനെ സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കപ്പെട്ടപ്പോൾ (വെളി.12:12).

(2) ബാബിലോൺ എന്ന മഹാനഗരം നശിപ്പിക്കപ്പെട്ടപ്പോൾ (വെളി.18:20).

(3) സഭയുമായുള്ള കുഞ്ഞാടിന്റെ വിവാഹവേളയിൽ (വെളി.19:7).

**സ്വർഗ്ഗമേ, വിശുദ്ധന്മാരും, അപ്പൊസ്തലന്മാരും പ്രവാചകന്മാരുമായുള്ളോരേ** (O heaven, you holy apostles and prophets) —

പാപത്തിൽ മുങ്ങിക്കുളിച്ച ബാബിലോണിന്മേൽ സ്വർഗ്ഗത്തിൽ നിന്നു ശിക്ഷാവിധി അയെക്കുകയും അതിന്റെ ദഹനത്തിന്റെ പുക കണ്ട ലോകം വിലപിക്കുന്ന വേളയിൽ സ്വർഗ്ഗത്തിൽ നിന്നു ആഹ്വാനം പുറപ്പെടുന്നതു യോഹന്നാൻ കേൾക്കുന്നു. സന്തോഷിക്കുവാൻ പറയുന്നത് ദൈവത്തിൽ അഭയം പ്രാപിച്ച വിശുദ്ധന്മാരോടാണ്. വീണ്ടെടുക്കപ്പെട്ട സഭാകാലവിശുദ്ധന്മാരും മഹോപദ്രകാലവിശുദ്ധന്മാരും ഇതിൽ ഉൾപ്പെടുന്നു. മൂന്നു കൂട്ടരോടാണ് ആഹ്വാനം ചെയ്തിരിക്കുന്നത്.

**സ്വർഗ്ഗമേ —** സ്വർഗ്ഗത്തിൽ അധിവസിക്കുന്ന സകലരും ഇതിൽ ഉൾപ്പെടുന്നു. വിശേഷാൽ വിശുദ്ധദൂതന്മാർ, ജീവികൾ, കെരൂബുകൾ, സാറാഫുകൾ എന്നിവർ. സഭ എടുക്കപ്പെട്ടശേഷം ഭൂമിയിൽ പീഡനകാലത്തിൽ വിശുദ്ധന്മാരെ ബാബിലോൺ എന്ന മഹാവേശ്യ ക്രൂരമായി പീഡിപ്പിക്കുന്നതു കണ്ടവരാണിവരൊക്കെയും. അവരെല്ലാം ബാബിലോണിന്റെ നാശത്തിൽ പങ്കുചേരണം.

**വിശുദ്ധന്മാർ —** സ്വർഗ്ഗത്തിൽ വസിക്കുന്ന സകലവിശുദ്ധന്മാരും ഇതിൽ ഉൾപ്പെടുന്നു. ഉത്പ്രാപണം വഴിയായി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട വിശുദ്ധന്മാരും, മഹോപദ്രവകാല രക്തസാക്ഷികളും, ഭൂമിയിൽ മഹാപീഡനകാലത്തു ജീവിച്ചിരിക്കുന്ന സകല വിശുദ്ധന്മാരും ഉൾപ്പെടുന്നു.

**അപ്പൊസ്തലന്മാരും പ്രവാചകന്മാരും —** സഭയുടെ പ്രാരംഭകാലത്ത് ദൈവസഭക്കു നൽകിയിരുന്ന ദാനമാണ് അപ്പൊസ്തലന്മാരും പ്രവാചകന്മാരും (എഫെ.4:11). സഭയുടെ അടിസ്ഥാനപ്പണിക്കായിട്ടാണ് അവരെ അയച്ചത് (എഫെ.2:20). പുതിയനിയമ ശുശ്രൂകരെന്ന നിലയിൽ അവരും മണവാട്ടി സഭയിൽ ഉൾപ്പെടുന്നു. അവരും ബാബിലോണിന്റെ നാശത്തിൽ ആനന്ദിക്കുവാൻ പറഞ്ഞിരിക്കുന്നു. കൂടാതെ മഹാപീഡനകാലത്ത് ദൈവം അയച്ച രണ്ടു സാക്ഷികൾ 1260 ദിവസം ദൈവത്തിന്റെ ന്യായവിധിയുടെ കാര്യങ്ങൾ ഭൂവാസികളോടു പ്രവചിച്ചിരുന്നു (വെളി.11:3). ഇരുവരും അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന നിലയിൽ ഭൂമിയിൽ രക്തസാക്ഷികളായി മരിച്ചിട്ട് സ്വർഗ്ഗത്തിൽ ആയിരിക്കുന്നു.

**ദൈവം അവളോടു നിങ്ങൾക്കുവേണ്ടി പ്രതികാരം നടത്തിയതുകൊണ്ടു അവളെച്ചൊല്ലി ആനന്ദിപ്പിൻ** ("Rejoice over her for God has avenged you on her!") —

ദൈവം പാപിളോടുള്ള പ്രതികാരം നടത്തിയതിനാൽ ദൈവനീതി വെളിപ്പെട്ടതിലുള്ള ആഹ്ലാദമാണിവിടെ കാണുന്നത്. യഥാർത്ഥത്തിൽ സ്വർഗ്ഗത്തിൽ ഉയരുവാൻ പോകുന്ന മഹാസന്തോഷത്തിന്റെ ആരംഭമാണിത്. വെളി.19:1 — *"അനന്തരം ഞാൻ സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷം പോലെ കേട്ടതു: ഹല്ലെലൂയ്യാ! രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിന്നുള്ളതു."*

സ്വർഗ്ഗവും, വിശുദ്ധന്മാരും, അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഉൾപ്പെട്ട സകലരും ബാബിലോണിന്റെ നാശത്തിൽ സന്തോഷിക്കുവാൻ ആഹ്വാനം ഉണ്ടാകുന്നു. വിശേഷാൽ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിൽ നിന്നു നിലവിളി കേൾക്കുകയുണ്ടായി. ദൈവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും മഹതിയാം ബാബിലോണിന്റെയും അന്തിക്രിസ്തുവിന്റെയും പീഡനങ്ങളാൽ രക്തസാക്ഷികളായവരുടെ വിലാപം ആയിരുന്നു. അന്നവിടെ ഉയർന്നുകേട്ട നിലവിളിയും അതിനു ആശ്വാസമായി പറഞ്ഞ വാക്കുകളും ഇപ്രകാരമായിരുന്നു. **വെളി.6:10,11 —** *"വിശുദ്ധനും സത്യവാനും ആയ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു അവർ ഉറക്കെ നിലവിളിച്ചു. അപ്പോൾ അവരിൽ ഓരോരുത്തന്നും വെള്ളനിലയങ്കി കൊടുത്തു; അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം അല്പകാലംകൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി."* സ്വർഗ്ഗവും, വിശുദ്ധന്മാരും, അപ്പൊസ്തലന്മാരും പ്രവാചകന്മാരും ബാബിലോണിനെച്ചൊല്ലി ആനന്ദിക്കേണ്ടതിന്റെ അടിസ്ഥാനം ദൈവം അവർക്കായി അവളോടു പ്രതികാരം

നടത്തി എന്നതിനാലാണ്.

പാപികൾ നശിക്കുന്നതിൽ വിശുദ്ധന്മാർ ആനന്ദിക്കാമോ? പാപികളുടെ നാശത്തിൽ വിശുദ്ധന്മാർക്കു സങ്കടവും സഹതാപവും ആണുണ്ടാകുന്നത്. എന്നാൽ ഇവിടെ വിശുദ്ധന്മാർ ആനന്ദിക്കേണ്ടുന്നത് ദൈവം തന്റെ നീതി നടത്തി എന്നുള്ളതിനാലാണ്. അതായത് പാപികൾക്കുള്ള ശിക്ഷ ദൈവം നൽകിയില്ലെങ്കിൽ അതു ദൈവത്തിന്റെ നീതിയെ ഹനിക്കുന്നതാണ്. ദൈവം നീതിമാനാണ്. എന്നാൽ പാപം ചെയ്തവർക്കു മാനസാന്തരത്തിനു അവസരം കൊടുത്തിട്ടും വീണ്ടും പാപത്തിൽ മുഴുകി ജീവിച്ചതിനാൽ അവരെ ശിക്ഷിക്കുകയും ദൈവത്തിന്റെ നീതി വെളിപ്പെടുകയും ചെയ്യുന്നു. ആയതിനാലാണ് സന്തോഷിക്കുവാൻ ആഹ്വാനം ചെയ്യുന്നത്.

**വെളി.18:21 — പിന്നെ ശക്തനായൊരു ദൂതൻ തിരികല്ലോളം വലുതായോരു കല്ലു എടുത്തു സമുദ്രത്തിൽ എറിഞ്ഞു പറഞ്ഞതു: ഇങ്ങനെ ബാബിലോൻ മഹാനഗരത്തെ ഹേമത്തോടെ എറിഞ്ഞുകളയും; ഇനി അതിനെ കാണുകയില്ല** (Then a mighty angel took up a stone like a great millstone and threw it into the sea, saying, "Thus with violence the great city Babylon shall be thrown down, and shall not be found anymore.) —

ബാബിലോണിന്റെ നാശത്തിൽ ഭൂവാസികളൊന്നടങ്കം അതിദുഃഖത്തോടെ വിലപിക്കുമ്പോൾ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ നീതി നടത്തിപ്പിൽ ആനന്ദിക്കുവാനുള്ള ആഹ്വാനം ഉയരുന്നു. തുടർന്നു 21 മുതൽ 24 വരെയുള്ള വാക്യങ്ങളിൽ മഹാനഗരമായ ബാബിലോണിന്റെ ഉന്മൂലനാശത്തെ വിശദീകരിക്കുന്ന മൂന്നു കാര്യങ്ങൾ കാണുന്നു.

(1) വെളി.18:21 — ബാബിലോണിന്റെ നാശത്തിന്റെ വർണ്ണന — (Description of Babylons fall).

(2) വെളി.18:22,23a — ബാബിലോണിന്റെ നാശത്താലുയരുന്ന പ്രത്യാഘാതങ്ങൾ — (The result of Babylons fall).

(3) വെളി.18:23b,24 — ബാബിലോണിന്റെ പതനത്തിനുള്ള കാരണങ്ങൾ — (The reason for Babylons fall).

ദൈവീകന്യായവിധി മൂലം പട്ടണത്തിൽ തീ ആളിക്കത്തുകയും അതിഭയങ്കരമായ സ്ഫോടനങ്ങളുമുണ്ടാകുന്നു. ഇതേ തുടർന്നു ബാബിലോൺ പട്ടണം ഒരു തിരികല്ലുപോലെ സമുദ്രത്തിന്റെ അഗാധത്തിലേക്കു എറിയപ്പെടുമ്പോൾ ആഴങ്ങളിലേക്കു താഴ്ന്നുപോകുന്നപോലെ മുഴുപട്ടണവും ഭൂമിക്കുള്ളിലേക്കമരുന്നു. അങ്ങനെ പട്ടണത്തിന്റെ ഒരു ശേഷിപ്പുമില്ലാതെ ഒരിക്കലും അതിനെ കാണുവൻ അസാദ്ധ്യമായ നിലയിൽ എന്നെന്നേക്കുമായി നശിപ്പിക്കപ്പെടുന്നു. പുരാതനബാബിലോണിനോടുള്ള ബന്ധത്തിൽ യിരെമ്യാപ്രവാചകനിലൂടെ നൽകപ്പെട്ട അരുളപ്പാടുകൾ ഇതിനോടു ചേരുന്നു. **യിരെ.25:10 —** *"ഞാൻ ആനന്ദഘോഷവും സന്തോഷധ്വനിയും മണവാളന്റെ സ്വരവും മണവാട്ടിയുടെ സ്വരവും തിരികല്ലിന്റെ ഒച്ചയും വിളക്കിന്റെ വെളിച്ചവും അവരുടെ ഇടയിൽ നിന്നു നീക്കിക്കളയും."*

**പിന്നെ ശക്തനായൊരു ദൂതൻ —**

പിന്നെ എന്നത് സ്വർഗ്ഗത്തിലെ ആനന്ദത്തിന്റെ ആഹ്വാനശേഷം യോഹന്നാൻ വീണ്ടുമൊരു ദർശനം വിശദീകരിക്കുവാൻ പോകുന്നതിനെ കുറിക്കുന്നു. ബാബിലോണിന്റെ ഉന്മൂലനാശം നടത്തുന്നത് ശക്തനായൊരു ദൂതൻ മുഖാന്തരമാണ്. ദൂതന്മാർ പൊതുവേ ബലശാലികളും ശക്തിയേറിയവരുമാണ്. ശക്തനായ അഥവാ ബലവാനായ ദൂതന്റെ പ്രത്യക്ഷതയെ യോഹന്നാൻ വെളിപ്പാടിൽ മൂന്നിടത്തു പറഞ്ഞിട്ടുണ്ട് (വെളി.5:2/വെളി.10:1/വെളി.18:21). മൂന്നിടത്തും പ്രത്യേക ദൗത്യത്തോടുള്ള ബന്ധത്തിലാണ് ശക്തനായ ദൂതന്റെ പ്രത്യക്ഷത. ഒന്നാമത്തേത് പീഡനകാലത്തിന്റെ ആരംഭത്തിലും, രണ്ടാമത്തേത് പീഡനകാലത്തിന്റെ മദ്ധ്യകാലത്തിലും, മൂന്നാമത്തേത് പീഡനകാലത്തിന്റെ അന്ത്യത്തിലുമാണ് വരുന്നത്. ഇവിടെ ശക്തനായ ദൂതൻ വരുന്നത് ബാബിലോണിന്റെ ഉന്മൂലനാശവിളംഭരത്തോടുള്ള ബന്ധത്തിലാണ്.

**തിരികല്ലോളം വലുതായോരു കല്ലു എടുത്തു സമുദ്രത്തിൽ എറിഞ്ഞു പറഞ്ഞതു: ഇങ്ങനെ ബാബി**

**ലോൻ മഹാനഗരത്തെ ഹേമത്തോടെ എറിഞ്ഞുകളയും** (took up a stone like a great millstone and threw it into the sea, saying, "Thus with violence the great city Babylon shall be thrown down) —

ശക്തനായൊരു ദൂതൻ നാടകീയമായ ഒരു പ്രവൃത്തി ചെയ്താണ് ബാബിലോണിന്റെ പൂർണ്ണ നാശം പ്രസ്താവിക്കുന്നത്. ധാന്യം പൊടിക്കുന്ന തിരികല്ലോളം വലുതായൊരു കല്ലു എടുത്തു സമുദ്രത്തിൽ എറിയുകയും അപ്രകാരം തന്നെ ബാബിലോൺ നഗരത്തെ മഹാശക്തിയോടെ എറിഞ്ഞുകളയും എന്നു പറയുകയും ചെയ്യുന്നു. തിരികല്ല് ഏകദേശം അഞ്ചു മീറ്റർ വ്യാസവും ഒരടി ഘനവും ഏറ്റവും ഭാരമുള്ളതുമാണ്.

പുരാതനബാബിലോണിന്റെ നാശത്തോടുള്ള ബന്ധത്തിൽ യിരെമ്യാപ്രവാചകന്റെ പുസ്തകത്തിലും ഇപ്രകാരമുള്ള പ്രവൃത്തി കാണുന്നു. ബാബിലോണിന്റെ പതനത്തെക്കുറിച്ചുള്ള ഒരു സന്ദേശം ഒരു പുസ്തകത്തിൽ എഴുതി യിരെമ്യാവ്, ബാരൂക്കിന്റെ സഹോദരനായ സെരായാവിന്റെ കൈവശം ബാബേലിലേക്കു കൊടുത്തയച്ചു. സിദെക്കിയാരാജാവിന്റെ വാഴ്ചയുടെ നാലാം വർഷത്തിൽ രാജാവ് ബാബിലേൺ സന്ദർശിച്ചപ്പോൾ രാജാവിന്റെ കൂടെ സെരായാവും പോയിരുന്നു. പുസ്തകത്തിൽ എഴുതിയിരുന്ന സന്ദേശം യെഹൂദാപ്രവാസികൾ കേൾക്കെ വായിച്ചശേഷം അതിൽ ഒരു കല്ല് കെട്ടി ഫ്രാത്ത് നദിയിലേക്കു വലിച്ചെറിയണമെന്നായിരുന്നു നിർദ്ദേശം. അത് നദിയിൽ നിന്നു ഒരിക്കലും പൊങ്ങി വരാത്തതുപോലെ ബാബേലിനുണ്ടാകുന്ന നാശത്തിൽ നിന്നു ഒരിക്കലും എഴുന്നേൽക്കുകയില്ലെന്നു പ്രവാചകൻ ഇതിലൂടെ ഓർമ്മിപ്പിച്ചു.

**യിരെ.51:60-64 —** *"ബാബേലിന്നു വരുവാനിരിക്കുന്ന അനർത്ഥമൊക്കെയും ബാബേലിനെക്കുറിച്ചു എഴുതിയിരിക്കുന്ന സകല വചനങ്ങളും തന്നേ, യിരെമ്യാവു ഒരു പുസ്തകത്തിൽ എഴുതി — യിരെമ്യാവു സെരായാവോടു പറഞ്ഞതു: നീ ബാബേലിൽ എത്തിയ ശേഷം ഈ വചനങ്ങൾ ഒക്കെയും നോക്കി വായിച്ചിട്ടു: യഹോവേ, ഈ സ്ഥലത്തു മനുഷ്യനോ മൃഗമോ ഒന്നും ശേഷിക്കാതെ അതു ശാശ്വതശൂന്യമായിരിക്കത്തക്കവണ്ണം നീ അതിനെ നശിപ്പിച്ചുകളയുമെന്നു അതിനെക്കുറിച്ചു അരുളിച്ചെയ്തുവല്ലോ എന്നു പറയേണം. പിന്നെ ഈ പുസ്കതം വായിച്ചശേഷം നീ അതിന്നു ഒരു കല്ലു കെട്ടി ഫ്രാത്തിന്റെ നടുവിലേക്കു എറിഞ്ഞു; ഇങ്ങനെ ബാബേൽ ആണ്ടുപോകും; ഞാൻ അതിന്നു വരുത്തുന്ന അനർത്ഥത്തിൽനിന്നു അതു പൊങ്ങി വരികയില്ല; അവർ ക്ഷയിച്ചുപോകും എന്നു പറയേണം."*

പുരാതനബാബിലോണിനെ ദൈവം ന്യായംവിധിച്ചു ശിക്ഷിച്ചതുപോലെ ആധുനിക ബാബിലോണിനെയും ദൈവം ന്യായം വിധിക്കുന്നു. ദൈവത്താൽ അയക്കപ്പെട്ട ഒരു ശക്തനായ ദൂതൻ തിരികല്ലോളം വലുതായൊരു കല്ലെടുത്തു സമുദ്രത്തിലേക്കു ഹേമത്തോടെ എറിഞ്ഞുകൊണ്ടാണ് ആധുനിക ബാബിലോണിന്റെ നാശത്തെ ദൃഷ്ടാന്തീകരിക്കുനന്നത്. സമുദ്രത്തിലേക്കെറിഞ്ഞ കല്ല് അഗാധത്തിലേക്കു താണുപോകുന്നതുപോലെ ബാബിലോൺ പൂർണ്ണമായി നശിച്ചുപോകുമെന്നു ഇതിലൂടെ വെളിപ്പെടുത്തുന്നു.

ഭാരമേറിയ കല്ല് ശക്തിയോടെ സമുദ്രത്തിൽ പതിക്കുമ്പോൾ ഉണ്ടാകുന്ന പ്രകമ്പനത്താൽ തിരമാല ഉയരുകയും സുനാമിപ്രതിഭാസംപോലെ തീരപ്രദേശങ്ങളെല്ലാം നശിക്കുവാനുമിടയാകും. അതായത് ബാബിലോണിനോടു പങ്കാളിത്തമുള്ളവരെയും ബാബിലോണിന്റെ നാശം ബാധിക്കും എന്നതിനെയും ഇതു വെളിപ്പെടുത്തുന്നു.

**ഇനി അതിനെ കാണുകയില്ല** (and shall not be found anymore) —

ഭാരമേറിയ കല്ല് സമുദ്രത്തിൽ ശക്തിയോടെ പതിക്കുമ്പോൾ സമുദ്രത്തിന്റെ ആഴങ്ങളിലേക്കു ചെന്നെത്തുമെന്നതിനാൽ പിന്നെ അതിനെ ഒരിക്കലും കാണുവാൻ സാധിക്കുകയില്ല. ആയതുപോലെ ബാബിലോണിന്മേൽ വന്നു സംഭവിക്കുന്ന ദൈവീക ന്യായവിധിയാൽ അതു എന്നെന്നേക്കുമായി നശിക്കുവാനിടയാകുന്നു.

തിരികല്ലോളം വലിപ്പമുള്ള ഒരു കല്ലു സമുദ്രത്തിൽ എറിയുമ്പോൾ ഇനി അതിനെ കാണുകയില്ല എന്നതിലൂടെ ബാബിലോണിന്റെ നാശം ഇവിടെ ദൃഷ്ടന്തീകരിക്കുന്നെങ്കിലും ബാബിലോണിന്റെ നാശം ഏഴാമത്തെ ക്രോധകലശപതനത്താലാണ് സംഭവിക്കുന്നത് (വെളി.16:17-21). ഭൂമിയിൽ മനുഷ്യൻ ഉണ്ടായതുമുതൽ ഇന്നുവരെയും ഉണ്ടായിട്ടില്ലാത്ത വലിയൊരു ഭൂകമ്പം അന്നുണ്ടാകും. മഹാനഗരം കത്തിയമർന്നു ഭൂമിക്കുള്ളിലേക്കു അഥവാ അഗാധകൂപത്തിലേക്കു അമരും. സോദോമിന്റെയും ഗൊമോരയുടെയും മേൽ ആകാശത്തു നിന്നു ഗന്ധകവും തീയും വന്നു പതിച്ചതുപോലെ (ഉല്പ.19:24) ബാബിലോണിന്മേലും വന്നു പതിച്ച് ദേശമൊക്കെയും അഗ്നിയിൽ മുഴുകും. മോശെയോടും അഹരോനോടും മറുതലിക്കുകമൂലം ദൈവീകഭരണത്തിനെതിരായി മത്സരിച്ച കോരഹിനെയും കൂട്ടരെയും ഭൂമി വായ്തുറന്നു വിഴുങ്ങിക്കളഞ്ഞതുപോലെ (സംഖ്യാ.16:32) ദൈവത്തോടു മത്സരിച്ച ബാബിലോണും ഭൂമിക്കുള്ളിൽ ജീവനോടെ കുഴിച്ചിടപ്പെടും. ബാബിലോൺ എന്ന പട്ടണവും ബാബിലോൺ ആചാരാനുഷ്ടാനങ്ങളും ഒരിക്കലും തിരികെ വരാതെവണ്ണം എന്നെന്നേക്കുമായി നശിപ്പിക്കപ്പെടും.

**വെളി.18:22,23(a) — വൈണികന്മാർ, വാദ്യക്കാർ, കുഴലൂത്തുകാർ, കാഹളക്കാർ, എന്നിവരുടെ സ്വരം നിന്നിൽ ഇനി കേൾക്കയില്ല; യാതൊരു കൗശലപ്പണിയും ചെയ്യുന്ന ഒരു ശില്പിയും നിന്നിൽ ഇനി കാണുകയില്ല; തിരികല്ലിന്റെ ഒച്ച ഇനി നിന്നിൽ കേൾക്കയില്ല. വിളക്കിന്റെ വെളിച്ചം ഇനി നിന്നിൽ പ്രകാശിക്കയില്ല; മണവാളന്റെയും മണവാട്ടിയുടെയും സ്വരം ഇനി നിന്നിൽ കേൾക്കയില്ല** (The sound of harpists, musicians, flutists, and trumpeters shall not be heard in you anymore. No craftsman of any craft shall be found in you anymore, and the sound of a millstone shall not be heard in you anymore. The light of a lamp shall not shine in you anymore, and the voice of bridegroom and bride shall not be heard in you anymore) —

ബാബിലോണിന്റെ നാശത്തെ തുടർന്നു സംഭവിക്കുന്ന പ്രത്യാഘാതങ്ങളാണിവിടെ വിവരിച്ചിരിക്കുന്നത് (The result of Babylons fall). ബാബിലോൺ മഹാനഗരത്തിന്മേൽ വന്നു പതിച്ച ദൈവീകശിക്ഷയാൽ സകലവും നിശ്ചലമാകുവാനിടയായി. ഒരു ശ്മശാനത്തിന്റെ ഏകാന്തതയും മൂകതയും അവിടെ നടമാടി. ഇനിമേൽ അവിടെ സന്തോഷത്തിന്റെയോ, വ്യാപാരത്തിന്റെയോ, ആഘോഷങ്ങളുടെ അവസരങ്ങൾ കേൾക്കുകയോ കാണുകയോ ഇല്ലെന്നു പറയുന്നു. കേൾക്കയില്ല, കാണുകയില്ല, കേൾക്കയില്ല, പ്രകാശിക്കയില്ല, കേൾക്കയില്ല (no more at all) എന്നു പട്ടണത്തിന്റെ നാശത്തോടു ആവർത്തിച്ചു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ദൈവീകന്യായവിധിയുടെ പ്രത്യാഘാതം ബാബിലോണിന്റെ വിവിധ മേഖലകളെ ബാധിക്കുന്നു. (1) ആനന്ദവും സംഗീതവും — (Amuzement and songs) — (2) ചെറുകിടവ്യവസായങ്ങൾ — (small scale Industries) — (3) വൻകിടവ്യവസായങ്ങൾ — (Industries and manufacturing units) — (4) വിദ്യുച്ഛക്തി —(Electricity) — (5) കുടുംബം — (Family -- wedding & happiness).

(1) ആനന്ദവും സംഗീതവും —(Amuzement and songs) — **വൈണികന്മാർ, വാദ്യക്കാർ, കുഴലൂത്തുകാർ, കാഹളക്കാർ, എന്നിവരുടെ സ്വരം നിന്നിൽ ഇനി കേൾക്കയില്ല** (The sound of harpists, musicians, flutists, and trumpeters shall not be heard in you anymore) —

ബാബിലോണിന്റെ നാശത്തെ തുടർന്നു അവിടെ നിന്നു ഒരു വിധമായ സംഗീതശബ്ദവും ഉയരുകയില്ല. വൈണികന്മാർ, വാദ്യക്കാർ, കുഴലൂത്തുകാർ, കാഹളക്കാർ എന്നിങ്ങനെ നാലു വിധത്തിലുള്ള സംഗീതക്കാരെ മാത്രം പറഞ്ഞിരിക്കുന്നുവെങ്കിലും ഇവർ ബാബിലോണിലെ സകല വിധത്തിലുള്ള സംഗീതക്കാരെയും പ്രതിനിധീകരിക്കുന്നു. ബാബിലോൺ വേശ്യാവൃത്തിയിലും, അധർമ്മത്തിലും ആചാരാനുഷ്ടാനങ്ങളിലും ജീവിച്ചിരുന്നതിനാൽ അവിടെ ഉയരപ്പെട്ട ആനന്ദത്തിന്റെ ഗീതങ്ങൾ സാത്താന്യ സ്തുതികളും മ്ലേച്ഛമായ കാര്യങ്ങളുടെ തകർപ്പൻ ശബ്ദങ്ങളുമായിരുന്നു. ദൈവത്തെ മാറ്റി നിറുത്തിയുള്ള ജഡീകോല്ലാസഗീതങ്ങൾ ബാബിലോണിന്റെ നാശത്താൽ ഇല്ലാതാകുന്നു.

(2) ചെറുകിടവ്യവസായങ്ങൾ —(small scale Industries) — **യാതൊരു കൗശലപ്പണിയും ചെയ്യുന്ന ഒരു ശില്പിയും നിന്നിൽ ഇനി കാണുകയില്ല** (No craftsman of any craft shall be found in you anymore) — സകലവിധ സംഗീതശബ്ദങ്ങളും നിലക്കുന്നതിനോടൊപ്പം ബാബിലോണിലെ ചെറുകിടവ്യവസായങ്ങളും നിശ്ചലമായിത്തീരുന്നു. കൗശലപ്പണി ചെയ്യുന്ന ഒരു ശില്പിയും അവിടെ ഉണ്ടാകുകയില്ല. ബൈബിലോണിന്റെ ആഡംബരജീവിതവും സുഖസമൃദ്ധിയും ലോകത്തിലുള്ള സകല വ്യാപാരികളെയും അവിടേക്കു ആകർഷിച്ചു. ആനകൊമ്പിലും ചന്ദനമുൾപ്പെട്ട വിലയേറിയ തടികളിലും, പൊന്നിലും വെള്ളിയിലും തീർത്ത അനേക കൗശലവസ്തുക്കൾ ബാബിലോണിൽ വ്യാപാരം ചെയ്യപ്പെട്ടു. ബാബിലോണിന്റെ നാശത്തെ തുടർന്നു ഇനി അവിടെ നിന്നു ഒരു ശില്പിയും ഉണ്ടാകുകയില്ല.

(3) വൻകിടവ്യവസായങ്ങൾ —(Major Industries and manufacturing units) —**തിരികല്ലിന്റെ ഒച്ച ഇനി നിന്നിൽ കേൾക്കയില്ല** (and the sound of a millstone shall not be heard in you anymore) —

തിരികല്ലിന്റെ ഒച്ചയെന്നത് ധാന്യങ്ങൾ പൊടിക്കുന്ന തിരികല്ലിനെ കുറിക്കുന്നു. പുരാതനാലങ്ങളിൽ അടിമകളെയും മൃഗങ്ങളെയും ഉപയോഗിച്ചു തിരികല്ലിൽ ധാന്യങ്ങൾ പൊടിച്ചിരുന്നു. തിരികല്ലിന്റെ ഒച്ച എന്നത് ആധുനിക ബാബിലോണിന്റെ സകലവിധ വൻകിടവ്യവസായശാലകളുടെയും പ്രവർത്തനത്തെ കുറിക്കുന്നു. അതായത് ബാബിലോണിന്റെ നാശം ചെറുകിടവ്യവസായങ്ങളെ മാത്രമല്ല വ്യവസായശാലകൾ ഉൾപ്പെടെയുള്ള സകല വൻകിടവ്യവസായങ്ങളെയും ബാധിക്കുന്നു.

(4) വിദ്യുച്ഛക്തി —(Electricity) — **വിളക്കിന്റെ വെളിച്ചം ഇനി നിന്നിൽ പ്രകാശിക്കയില്ല** (The light of a lamp shall not shine in you anymore) —

മെഴുകുതിരി, എണ്ണവിളക്ക് എന്നിവ മാത്രമല്ല പ്രകാശം പകരുന്ന ഒരു വെളിച്ചവും ബാബിലോണിന്റെ നാശത്തെ തുടർന്നു ഉണ്ടാകുകയില്ല. വിളക്കിന്റെ വെളിച്ചം എന്നത് ആധുനികബാബിലോണിനെ

സംബന്ധിച്ച് വിവിധതരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിദ്യുച്ഛക്തിയാലുള്ള വെളിച്ചത്തെയും കുറിക്കുന്നു. അഞ്ചാമത്തെ ക്രോധകലശപതനത്തെ തുടർന്നു ബാബിലോൺ നഗരമാകെ അന്ധരാകത്തിലമരുന്നു(വെളി.16:10). മാത്രവുമല്ല ആറാമത്തെ ക്രോധകലശം യൂഫ്രാത്തേസ് മഹാനദിയിൽ വന്നു പതിച്ചപ്പോൾ മഹാനദി വറ്റിപ്പോയി. തന്മൂലം ബാബിലോണിലെ ജലവൈദ്യുതി പദ്ധതികളൊക്കെ നശിക്കുവാനും ഇടയായി. ദൈവീകന്യായവിധിയാലുള്ള ഘോരമായ അന്ധകാരവും, വൈദ്യുതിനിലയങ്ങളുടെ നാശവും ബാബിലോണിനെ ഇരുട്ടിലാക്കി. ഒരിറ്റുവെളിച്ചം ഒരിടത്തും പ്രകാശിച്ചില്ല എന്നു മാത്രമല്ല ദേശമാകെയുള്ള ശീതീകരണവ്യവസ്ഥകളെയും തകിടം മറിച്ചു.

(5) കുടുംബം — (Family -- Wedding & happiness) — **മണവാളന്റെയും മണവാട്ടിയുടെയും സ്വരം ഇനി നിന്നിൽ കേൾക്കയില്ല** (and the voice of bridegroom and bride shall not be heard in you anymore) —

ബാബിലോണിന്റെ നാശത്താലുണ്ടാകുന്ന മറ്റൊരു പ്രത്യാഘാതം എന്നത് മണവാളന്റെയും മണവാട്ടിയുടെയും സ്വരം ഇനി ഒരിക്കലും അവിടെ കേൾക്കയില്ല എന്നതാണ്. സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും, ഒത്തൊരുമയുടെയും പ്രതീകമായ കുടുംബജീവിതം അവരെ എന്നെന്നേക്കുമായി വിട്ടുപോകുന്നു. വ്യഭിചാരത്തിലും അസന്മാർഗ്ഗികതയിലും കെട്ടഴിഞ്ഞു ജീവിച്ച ബാബിലോൺ സാമൂഹ്യമായി അധഃപതിക്കുന്നു. വിവാഹമോ വിവാഹ ആഘോഷങ്ങളോ അവിടെ ഉണ്ടാകുകയില്ല.

**വെളി.18:23(b) — നിന്റെ വ്യാപാരികൾ ഭൂമിയിലെ മഹത്തുക്കൾ ആയിരുന്നു; നിന്റെ ക്ഷുദ്രത്താൽ സകലജാതികളും വശീകരിക്കപ്പെട്ടിരിക്കുന്നു.** (For your merchants were the great men of the earth, for by your sorcery all the nations were deceived).

**വെളി.18:24 — പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും ഭൂമിയിൽവെച്ചു കൊന്നുകളഞ്ഞ എല്ലാവരുടെയും രക്തം അവളിൽ അല്ലോ കണ്ടതു** (And in her was found the blood of prophets and saints, and of all who were slain on the earth) —

ബാബിലോണിന്റെ പതനത്തിലേക്കു നയിച്ച അനേക പാപങ്ങൾ ഈ അദ്ധ്യായത്തിൽത്തന്നെ വിശദീകരിച്ചിരുന്നു (വെളി.18:1–7). വീണ്ടും 23,24 വാക്യങ്ങളിൽ ബാബിലോണിന്റെ നാശത്തിനിടയാക്കിയ മൂന്നു പാപങ്ങളെക്കുറിച്ചു (The reason for Babylons fall) സംക്ഷിപ്തമായി വിവരിച്ചുകൊണ്ടു അദ്ധ്യായം അവസാനിപ്പിക്കുന്നു —

(1) നിന്റെ വ്യാപാരികൾ ഭൂമിയിലെ മഹത്തുക്കൾ ആയിരുന്നു (For your merchants were the great men of the earth) — ബാബിലോണിന്റെ ആഡംബരജീവിതവും അഹങ്കാരവും (Luxurious living and Pride of Babylon).

(2) നിന്റെ ക്ഷുദ്രത്താൽ സകലജാതികളും വശീകരിക്കപ്പെട്ടിരിക്കുന്നു (for by your sorcery all the nations were deceived) — സകലജാതികളെയും പാപത്തിലേക്കുള്ള വശീകരിക്കുന്നു (Attracting all the nations to sin and deceiving them).

(3) പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും ഭൂമിയിൽവെച്ചു കൊന്നുകളഞ്ഞ എല്ലാവരുടെയും രക്തം അവളിൽ അല്ലോ കണ്ടതു (And in her was found the blood of prophets and saints, and of all who were slain on the earth) — ദൈവമക്കളെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തത് (Persecuting and blood shedding of Saints).

**(1) നിന്റെ വ്യാപാരികൾ ഭൂമിയിലെ മഹത്തുക്കൾ ആയിരുന്നു** (For your merchants were the great men of the earth) — ബാബിലോണിന്റെ ആഡംബരജീവിതവും അഹങ്കാരവും (Luxurious living and Pride of Babylon) —

മഹാപീഡനകാലയളവിൽ വിശ്വാസികളുടെ ജീവിതം ഏറ്റവും ദുരിതപൂർണ്ണമായിത്തീരുമ്പോൾ അന്തിക്രിസ്തുവിന്റെയും അനുയായികളുടെയും ജീവിതം ഏറ്റവും സമ്പന്നമായിത്തീരുന്നു. മൃഗത്തിന്റെ ആസ്ഥാനം അഥവാ സിംഹാസനം ഇരിക്കുന്നിടമായ ബാബിലോണിലേക്കു ലോകത്തിലെ വ്യാപാരികളും ഭൂമിയിലെ മഹത്തുക്കളും ആകർഷിക്കപ്പെടുന്നു. ലോകകമ്പോളമായ ബാബിലോണിൽ പൊന്നു മുതൽ മാനുഷപ്രാണൻ വരെയുള്ള 29 ഇന ചരക്കുകൾ വിപണനം ചെയ്യുന്നതിനായി ലോകത്തിലെ വ്യാപാരികൾ അവിടേയ്ക്കു വരുന്നു. ബാബിലോണിൽ അവരുടെ ചരക്കുകൾ വിപണനം ചെയ്യുന്നതു വഴി ലോകവ്യാപാരികളും ബാബിലോണും ഏറ്റവും സമ്പന്നരായിത്തീരുന്നു. ഭൂമിയിലെ മഹത്തുക്കൾ ബാബിലോണിന്റെ ആഡംബരജീവിതത്തിലേക്കു ആകർഷിക്കപ്പെടുന്നു. ബാബിലോണിന്റെ ഭൗമികസമ്പ

ന്നതയും, വ്യാപാരികളും മഹത്തുക്കളുമായുള്ളവരുടെ കൂട്ടുകെട്ടും, ബാബിലോണിനെ അഹങ്കാരത്തി ലെത്തിക്കുന്നു. ബാബിലോൺ തന്നെത്താൻ മഹത്വപ്പെടുത്തി പുളെച്ചു ജീവിക്കുവാൻ ഇടയാക്കി(വെളി.18:7). ഇപ്രകാരമുള്ള ജീവിതം ദൈവീകശിക്ഷാവിധിക്കു കാരണമായിത്തീർന്നു.

**(2) നിന്റെ ക്ഷുദ്രത്താൽ സകലജാതികളും വശീകരിക്കപ്പെട്ടിരിക്കുന്നു** (for by your sorcery all the nations were deceived) — സകലജാതികളെയും പാപത്തിലേക്കുള്ള വശീകരിക്കുന്നു (Attracting all the nations to sin and deceiving them) —

വ്യാപാരികളും മഹത്തുക്കളുമായവരുടെ കൂട്ടുകെട്ടു ബാബിലോണിന്റെ ആഡംബരജീവിതത്തിനും അഹങ്കാരത്തിനും വഴിതെളിയിച്ചു എന്നു മാത്രമല്ല അവളുടെ ക്ഷുദ്രത്താൽ സകലജാതികളും അവളിലേക്കു വശീകരിക്കപ്പെടുവാനും ഇടയായി. അതായത് വ്യാപാരികളുടെയും മഹത്തുക്കളുടെയും കൂട്ടുകെട്ടിനു പുറമേ സാത്താന്യശക്തികളുടെ സഹായത്താൽ ദുർമ്മാർഗ്ഗങ്ങളിലേക്കു തിരിയുകയും അതിലൂടെ ലോകജാതികളെ അവളുടെ പാപത്തിലേക്കു വശീകരിച്ചു കുടുക്കുകയും അവരെ പാപത്തിനു പങ്കുകാരാക്കുകയും ചെയ്തു. ബാബിലോൺ നഗരം അശുദ്ധാത്മാക്കളുടെ പാർപ്പിടവും പ്രവർത്തനമേഖലയുമായിരുന്നു.*"ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറെപ്പുമുള്ള സകലപക്ഷികളുടെ തടവുമായിത്തീർന്നു"* (വെളി.18:2). ആറാമത്തെ കാഹളന്യായവിധിയാൽ ഭൂമിയിൽ അതികഠിനമായ പീഡയുണ്ടായപ്പോഴും അന്നത്തെ ജനം ക്ഷുദ്രമുൾപ്പെട്ട അനവധി പാപങ്ങളെ വിട്ടു കളയാതെ മുറുകെ പിടിച്ച കാഴ്ച നാം വായിക്കുന്നു. **വെളി.9:21 —** *"തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല."* ബാബിലോൺ പാപത്തിൽ മുങ്ങിക്കുളിച്ചപ്പോഴും അവളുടെ പാപത്തിനു ഭൂവാസികളെ പങ്കാളികളാക്കുന്നത് വശീകരണതന്ത്രത്താലാണ്. വശീകരണം നടത്തിയത് സാത്താന്യശക്തിയാലുള്ള ക്ഷുദ്രപ്രയോഗത്താലായിരുന്നു. ഇത് ദൈവസന്നിധിയിൽ ബാബിലോണിന്റെ നാശത്തിനു കാരണമായിത്തീർന്നു.

**(3) പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും ഭൂമിയിൽവെച്ചു കൊന്നുകളഞ്ഞ എല്ലാവരുടെയും രക്തം അവളിൽ അല്ലോ കണ്ടതു** (And in her was found the blood of prophets and saints, and of all who were slain on the earth) — ദൈവമക്കളെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തത് (Persecuting and blood shedding of Saints) —

ബാബിലോണിന്റെ നിത്യനാശത്തിനു കാരണമായിത്തീർന്ന മൂന്നാമത്തെ പാപം എന്നത് പ്രവാചകന്മാരെയും വിശുദ്ധന്മാരെയും സകല ദൈവജനത്തെയും പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തു എന്നതാണ്. നിർദ്ദോഷിയായ ഹാബെലിനെ കയീൻ കൊലപ്പെടുത്തി രക്തം ചിന്തിച്ചതുപോലെ ബാബിലോൺ മഹാനഗരവും അവിടത്തെ വ്യവസ്ഥതകളും ദൈവദാസന്മാരെ ഒന്നടങ്കം കൊല ചെയ്തു. വിശുദ്ധന്മാരായ രക്തസാക്ഷികളുടെ നിർദ്ദോഷരക്തം ഭൂമിയിൽ അവർ ചിന്നിച്ചിതറിച്ചു. ഹാബേലിനെ കയീൻ കൊല ചെയ്തപ്പോൾ ഹാബേലിന്റ രക്തം ഭൂമിയിൽ നിന്നു ദൈവത്തോടു നിലവിളിച്ചു. **ഉല്പ.4:10 —** *"നിന്റെ അനുജന്റെ രക്തത്തിന്റെ ശബ്ദം ഭൂമിയിൽ നിന്നു എന്നോടു നിലവിളിക്കുന്നു."* ആയതുപോലെ പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും ഭൂമിയിൽവെച്ചു കൊന്നു കളഞ്ഞ എല്ലാവരുടെയും രക്തവും വരുടെ നിലവിളിയും ദൈവം കാണുന്നു. വെളിപ്പാടു പുസ്തകത്തിൽത്തന്നെ വിശുദ്ധന്മാർക്കുണ്ടായ അതിഭയങ്കരമായ പീഡയും, കഷ്ടതയും, പട്ടിണിയും, രക്തച്ചൊരിച്ചിലും കാണുന്നുണ്ട്. യോഹന്നാൻ അപ്പൊസ്തലൻ പത്മൊസിലേക്കു നാടു കടത്തപ്പെട്ടത് ദൈവവചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവും നിമിത്തമാണ് (വെളി.1:9). അഞ്ചാം മുദ്രപൊട്ടിച്ചപ്പോൾ ദൈവവചനവും സാക്ഷ്യവും നിമിത്തം രക്തസാക്ഷികളായവരുടെ ആത്മാക്കളെ യാഗപീഠത്തിങ്കീഴിൽ കാണുന്നു (വെളി.6:9,10). സ്വർഗ്ഗത്തിൽ നിന്നു അയക്കപ്പെട്ട രണ്ടു സാക്ഷികളെ ആഴത്തിൽ നിന്നു കയറിവന്ന മൃഗം കൊന്നു യെരൂശലേം തെരുവീഥിയിൽ പ്രദർശിപ്പിക്കുന്നു (വെളി.11:7-9). ഏഴാമത്തെ കാഹളശേഷം സമുദ്രത്തിൽ നിന്നു കയറിവന്ന മൃഗം വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ കൊല്ലുന്നു (വെളി.13:7). മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്ത സകലരെയും ഭൂമിയിൽ നിന്നു കയറി വന്ന മൃഗം പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നു (വെളി.13:11-18). മൂന്നാമത്തെ കലശപതനത്തെ തുടർന്നു വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം ചിന്തിച്ച ദൈവവിരോധികൾക്കു ദൈവം രക്തം കുടിക്കുവാൻ കൊടുത്തു പ്രതികാരം നടത്തുന്നു(വെളി.16:6). വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു മർമ്മം: മഹതിയാം ബാബിലോൺ എന്ന സ്ത്രീ മത്തയായിരിക്കുന്ന കാഴ്ച യോഹന്നാൻ വിശദീകരിക്കുന്നു (വെളി17:6).

വിശുദ്ധന്മാരുടെ രക്തം ഭൂമിയിൽ ചിന്നിച്ചിതറിച്ചു അവരെ കൊന്നുകളഞ്ഞ ബാബിലോണിന്മേൽ ദൈവം ന്യായവിധി അയെക്കുന്നു. ഇനി ഒരിക്കലും എഴുന്നേറ്റു വരാത്ത നിലയിൽ ദൈവം ബാബിലോണിനെ നശിപ്പിക്കുന്നു. അതിന്റെ നാശം സമുദ്രത്തിന്റെ അഗാധത്തിലേക്കു എറിയപ്പെട്ട ഒരു

ഭാരമുള്ള കല്ലുപോലെ ആയിത്തീരും. പിന്നെ അതിനെ ആരും കാണുകയില്ല. ദൈവം ബാബിലോണി ന്മേൽ ഇപ്രകാരം നിത്യശൂന്യതയും നാശവും അയക്കുമ്പോൾ വിശുദ്ധന്മാരായ സകല ദൈവമക്കൾക്കും ദൈവത്തിന്റെ നീതിപ്രവർത്തനത്തെ ഓർത്തു സ്തുതിക്കുവാനും ആനന്ദിക്കുവാനും സാധിക്കും.

-------------------------

# വെളിപ്പാട് — അദ്ധ്യായം — 19

## ക്രിസ്തുവിന്റെ രണ്ടാം വരവ്
## (THE SECOND COMING OF CHRIST)

**ആമുഖം :**

വെളിപ്പാട് 17-ാം അദ്ധ്യായത്തിൽ മർമ്മം: മഹതിയാം ബാബിലോൺ എന്ന ലോകവ്യാജമത ത്തിന്റെയും, 18 -ാം അദ്ധ്യായത്തിൽ മഹതിയാം ബാബിലോൺ എന്ന വാണിജ്യബാബിലോണിന്റെയും സമ്പൂർണ്ണനാശത്തെ വിവരിച്ചു. ഇവയുടെ ന്യായവിധിക്കുശേഷം 19-ാം അദ്ധ്യായം ആരംഭിക്കുന്നത് സ്വർഗ്ഗത്തിൽ മഹാഘോഷമായി ഉയർന്നു കേൾക്കുന്ന ഹല്ലെലൂയ അഥവാ ദൈവത്തെ സ്തുതിച്ചുകൊ ണ്ടുള്ള ജയഘോഷത്തോടെയാണ്. സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷം മുദ്ര, കാഹളം, ക്രോധക ലശം എന്നിവയടങ്ങിയ ദൈവത്തിന്റെ 21 ന്യായവിധികൾ ഭൂമിയിൽ അരങ്ങേറി. ഇതോടെ ഭൂമിയിലെ പീഡനകാലത്തിനു തിരശ്ശീല വീഴുന്നു. മഹത്വധാരിയായ രാജാധിരാജാവും കർത്താധികർത്താവുമായ ക്രിസ്തുവിന്റെ രണ്ടാം വരവിനോടനുബന്ധിച്ചുള്ള സംഭവങ്ങൾ 19 -ൽ വിവരിക്കുന്നു. ഇതിൽ രണ്ടു വലിയ സദ്യകളുടെ വിളംബരം കാണുന്നു. കുഞ്ഞാടിന്റെ കല്യാണസദ്യ, മഹാദൈവത്തിന്റെ അത്താഴം (The Supper of the Lamb and the Supper of the Great God). കുഞ്ഞാടിന്റെ കല്യാണസദ്യയെന്നത് ആനന്ദത്തിന്റെ സദ്യയായിരിക്കുന്നു. ഇതിലേക്കു ക്ഷണം ലഭിച്ചവർ ഭാഗ്യമുള്ളവരാണ്. രണ്ടാമത്തേത് മഹാദൈവത്തിന്റെ അത്താഴം എന്ന നിലയിൽ ന്യായവിധിയുടെ സദ്യ. ദൈവവിരോധികളായ ശത്രുക്ക ളുടെ മാസം തിന്നുവാൻ മഹാദൈവത്തിന്റെ അത്താഴത്തിലേക്കു ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷി കളെയും ക്ഷണിക്കുന്നു. ഹർമ്മഗെദ്ദോനിൽ ദൈവത്തോടു യുദ്ധം ചെയ്യുവാൻ അണിനിരക്കുന്നവരെ ദൈവം ന്യായം വിധിക്കുന്നു. മൃഗത്തെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി തീപ്പൊയ്കയിലേക്കു തള്ളിയിടുന്നു. അവരുടെ അനുയായികളായ സൈന്യത്തെയും രാജാക്കന്മാരെയും മഹത്തുക്കളെയും ഒന്നടങ്കം കൊന്നു ആകാശത്തിലെ പക്ഷികൾക്കു ആഹാരമായി കൊടുക്കുന്നു.

ഭൂവാസികൾ ബാബിലോമിന്റെ നാശത്തെ കണ്ടു അയ്യം വിളിക്കുമ്പോൾ സ്വർഗ്ഗത്തിൽ വിജയാ ഘോഷമെന്ന നിലയിൽ നാലു ഹല്ലെലൂയ്യാ ഘോഷം ഉയർന്നു കേൾക്കുന്നു. ഒന്നാമത്തെ ഹല്ലെലൂയ്യാ വേശ്യാവൃത്തികൊണ്ടു ഭൂമിയെ വഷളാക്കിയ മഹാവേശ്യക്കു ദൈവം ശിക്ഷ വിധിച്ചു വിശുദ്ധന്മാരുടെ രക്തത്തിനു പ്രതികാരം ചെയ്തതിനാണ് (വെളി.19:1,2). രണ്ടാമത്തെ ഹല്ലെലൂയ്യാ ഉയരുന്നത് ബാബി ലോൺ നഗരത്തിന്റെ എന്നെന്നേക്കുമായുള്ള നാശത്തെ കണ്ടുകൊണ്ടാണ് (വെളി.19:3). മൂന്നാമത്തെ ഹല്ലെലൂയ്യാ ഉയരുന്നത് ദൈവത്തിന്റെ ന്യായവിധികളെകണ്ടു സ്വർഗ്ഗത്തിലെ 24 മൂപ്പന്മാരും 4 ജീവികളും ദൈവത്തെ നമസ്കരിക്കുമ്പോഴാണ് (വെളി.19:4,5). പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും തകർത്ത ഇടിമുഴക്കം പോലെയും ഉയരുന്ന നാലാമത്തെ ഹല്ലെലൂയ്യാ രാജാധിരാജാവും കർത്താധികർത്താവു മായ ക്രിസ്തു രാജത്വം ഏറ്റിരിക്കുന്നു എന്നുള്ള വിജയാഹ്ലാദമാണ് (വെളി.19:6). സ്വർഗ്ഗത്തിലുയരുന്ന നാലു സ്തുതിഗീതങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം ബാബിലോണിന്റെ ന്യായവിധിയെ ദർശിച്ചു പുറ കോട്ടു നോക്കി സ്വർഗ്ഗം സ്തുതിക്കുന്നു. എന്നാൽ തുടർന്നുള്ള രണ്ടെണ്ണം കുഞ്ഞാടിന്റെ കല്യാണവും കർത്താവ് രാജത്വം ഏറ്റെടുക്കുന്നതിനെയും മുന്നോട്ടുനോക്കി സ്വർഗ്ഗം സ്തുതിക്കുന്നു.

**അദ്ധ്യായവിഷയം :**

ക്രിസ്തുവിന്റെ രണ്ടാം വരവാണ് (The Second Coming of Christ) അദ്ധ്യായവിഷയം. ബാബി ലോണിന്റെ നാശത്തിൽ സ്വർഗ്ഗത്തിലെ സന്തോഷം, യേശുക്രിസ്തുവിന്റെ സ്ഥാനാരോഹണം, കുഞ്ഞാ ടിന്റെ കല്യാണവും കല്യാണസദ്യയും, യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത, ഹർമ്മഗെദ്ദോൻ യുദ്ധം, ശത്രുക്കളുടെ നാശം (The Halleluja Choruses in Heaven ; taking of the kingly power by our Lord, God Almighty; Marriage of Lamb and Marriage Supper; The Glorious return of Jesus Christ; War of Armegeddon; Doom of the enemies) എന്നിവ അടങ്ങിയിരിക്കുന്നു.

**അദ്ധ്യായസംഗ്രഹം :**

18-ാം അദ്ധ്യായത്തിൽ ബാബിലോണിന്റെ നാശത്തിൽ ഭൂവാസികൾ വിലാപഗീതം പാടി അയ്യം വിളിക്കുന്നുവെങ്കിൽ, 19-ാം അദ്ധ്യായത്തിൽ സ്വർഗ്ഗവാസികൾ തങ്ങളുടെ മഹാകഷ്ടം അവസാനിച്ചു ദൈവനീതി വെളിപ്പെട്ടതിനാൽ ഹല്ലെലൂയ്യാ ഘോഷിച്ചു സന്തോഷഗീതം പാടുന്നു. അവരുടെ സന്തോഷം ദൈവത്തെ സ്തുതിച്ചുകൊണ്ടുള്ള നാലു ഹല്ലെലൂയ്യാ ഗീതങ്ങളിലൂടെ മുഴങ്ങിക്കേൾക്കുന്നു. ആദ്യത്തെ രണ്ടെണ്ണം ബാബിലോണിന്റെ സമ്പൂർണ്ണനാശത്തിലൂടെ വെളിപ്പെട്ട ദൈവത്തിന്റെ നീതിയെ പ്രകീർത്തിക്കുന്നതാണ് (19:1-4). തുടർന്നുള്ള രണ്ടു സ്തുതിഗീതങ്ങൾ കർത്താവിന്റെ രണ്ടാവരവിനോടനുബന്ധിച്ചുണ്ടാകുന്ന കാര്യങ്ങളുടെ ആനന്ദഗീതമാണ് (19:5-9). അവരുടെ ആനന്ദത്തിന്റെ ഉറവിടം എന്നത് കുഞ്ഞാടിന്റെ കല്യാണം വന്നതിലും തന്റെ കാന്തക്കു ലഭിച്ചിരിക്കുന്ന മഹത്തായ പദവിയുമാണ്. സ്വർഗ്ഗത്തിൽ ഹല്ലെലൂയ്യാ ഘോഷം യോഹന്നാൻ കേൾക്കുന്നതോടൊപ്പം താൻ കർത്താവിന്റെ മഹത്വപ്രത്യക്ഷതയ്ക്കും സാക്ഷിയാകുന്നു. താൻ പത്മൊസിൽ കണ്ട അതേ മഹത്വധാരിയായ ക്രിസ്തു തുറന്നിരിക്കുന്ന സ്വർഗ്ഗത്തിലൂടെ പ്രത്യക്ഷനാകുന്നു (19;11). തുടർന്നു സൂര്യനിൽ ഒരു ദൂതൻ നില്ക്കുന്നതും ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളോടു മഹാദൈവത്തിന്റെ അത്താഴത്തിനു വന്നു സംബന്ധിക്കുക എന്നു പറഞ്ഞു ക്ഷണിക്കുന്നതും കേൾക്കുന്നു (19:17,18). ക്രിസ്തുവിനോടു യുദ്ധം ചെയ്‌വാൻ മൃഗവും, കള്ളപ്രവാചകനും, ഭൂരാജാക്കന്മാരും അവരുടെ സൈന്യവും ഹർമ്മഗെദ്ദോനിൽ ഒത്തുകൂടുന്നു. എന്നാൽ കർത്താധികർത്താവും രാജാധിരാജാവും മഹത്വധാരിയും ബലശാലിയുമായ ക്രിസ്തുവിന്റെ മുമ്പിൽ അവരെല്ലാം നിഷ്പ്രഭമായിത്തീരുന്നു. മൃഗത്തെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്കിടുകയും ശേഷിക്കുന്ന സകലശത്രുക്കളെയും കൊന്നു ആകാശത്തിലെ പക്ഷികൾക്കു ആഹാരമായി കൊടുക്കുന്നു. മഹാപീഡനകാലത്തിനും ദൈവക്രോധത്തിനും ഇതോടെ തിരശ്ശീല വീഴുന്നു.

**കർത്താവിന്റെ വീണ്ടും വരവിനോടു ബന്ധപ്പെട്ടുള്ള സംഭവങ്ങൾ (വെളി.19 –22) —**

സഭയുടെ ഏറ്റവും വലിയ പ്രത്യാശയെന്നത് കർത്താവിന്റെ പുനരാഗമനമാണ്. കർത്താവായ യേശുക്രിസ്തുവിൽ ശരണപ്പെട്ടു പാപമോചനവും നീതീകരണവും ലഭിച്ച ഓരോ വിശ്വാസികളുടെയും പ്രത്യാശയുടെ പൂർത്തീകരണം വെളിപ്പാടു 19-ാം അദ്ധ്യായത്തോടെ ആരംഭിക്കുന്നു. സഭ ക്രിസ്തുവിന്റെ മണവാട്ടി പദം അലങ്കരിക്കുകമാത്രമല്ല, ഓരോവിശ്വാസിയും ക്രിസ്തു രാജാവായി രാജത്വം ഏറ്റെടുക്കുമ്പോൾ അവരും അതിൽ പങ്കാളികളായിത്തീരുമെന്നത് ഏറ്റവും സന്തോഷിപ്പിക്കുന്ന കാര്യവുമാണ്. കർത്താവിന്റെ വരവോടെ ഭൂമിയിൽ സാത്താന്യശക്തികളുടെ ഭരണവും പീഡനകാലവും അവസാനിക്കുന്നു എന്നു മാത്രമല്ല പാപികളുടെ നാശത്തോടെ ദൈവക്രോധം തീരുകയും ചെയ്യുന്നു. 19 മുതൽ 22 വരെയുള്ള നാലു അദ്ധ്യായങ്ങളിൽ കർത്താവിന്റെ വരവിനോടു ബന്ധപ്പെട്ടുള്ള സംഭവങ്ങൾ നാം മനസ്സിലാക്കുന്നത് നമ്മുടെ പ്രത്യാശ വർദ്ധിക്കുവാനിടയാകും.

**വെളി.19 —** ബാബിലോണിന്മേലുള്ള നാശത്തെയും കർത്താവിന്റെ വരവിനെയും ഓർത്തു സ്വർഗ്ഗത്തിൽ സന്തോഷം, മഹത്വധാരിയായ കർത്താവിന്റെ വരവ്, ഹർമ്മഗെദ്ദോൻ യുദ്ധം, മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും അവരുടെ സൈന്യത്തിന്റെയും നാശം.

**വെളി.20 —** സാത്താനെ ബന്ധിച്ചു ആയിരം ആണ്ടേക്കു ചങ്ങലക്കിടുന്നു, മരിച്ചുപോയ രക്തസാക്ഷികളെയെല്ലാം സഹസ്രാബ്ദ വാഴ്ചെക്കായി ഉയിർത്തെഴുന്നേൽപ്പിക്കുന്നു, 1000 ആണ്ടു കഴിയുമ്പോൾ സാത്താനെ അഴിച്ചു വിടുന്നു, ചങ്ങലയിൽ നിന്നു വിടുതൽ പ്രാപിച്ച സാത്താൻ വീണ്ടും ദൈവത്തോടു അന്തിമപോരാട്ടത്തിനു ഒരുങ്ങുന്നു, സാത്താനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകതീപ്പൊയ്കയിലേക്കു തള്ളുന്നു, ക്രിസ്തുവിന്റെ വാവ്ചയും വെള്ള സിംഹാസനത്തിങ്കലെ അന്ത്യന്യായവിധിയും.

**വെളി.21 —** പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരൂശലേം.

**വെളി.22 —** ദൈവത്തിന്റെ പറുദീസാ — ജീവജലനദി, ശാപവും ദുഃഖവും നീക്കപ്പെടൽ, സ്വർഗ്ഗീയ സിംഹാസനമുറി, വിശുദ്ധന്മാരുടെ നിത്യവാസം (The Paradise of God -- The river of the water of Life, The Tree of Life, The removal of curse, The Throne room, Eternal state of believers).

**അദ്ധ്യായവിഭജനം :**

| | | |
|---|---|---|
| വെളി.19:1-6 | : | സ്വർഗ്ഗത്തിൽ ഹല്ലെലൂയ്യാ ഘോഷം.<br>(The Hallelujah Choruses in Heaven). |
| വെളി.19:7-8 | : | കുഞ്ഞാടിന്റെ കല്യാണസദ്യെക്കുള്ള അറിയിപ്പ്.<br>(Announcement of the Marriage Supper of the Lamb). |
| വെളി.19:9-10 | : | കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവരുടെ ഭാഗ്യം.<br>(Blessedness of those who are called for the Marriage Supper). |
| വെളി.19:11-16 | : | രാജാധിരാജാവും കർത്താധികർത്താവുമായ ക്രിസ്തുവിന്റെ വരവ്.<br>(The Coming of the King of Kings and Lord of Lords). |
| വെളി.19:17-18 | : | മഹാദൈവത്തിന്റെ അത്താഴം : ആകാശമദ്ധ്യേയുള്ള പക്ഷികളെ വിളിക്കുന്നു. |

| | | |
|---|---|---|
| | | (The Supper of the Great God : Calling all birds in the sky). |
| വെളി.19:19 | : | ഹർമ്മഗെദ്ദോൻ യുദ്ധം. (The War at Armageddon). |
| വെളി.19:20 | : | മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും നാശം. (The doom of the Beast and False Prophet). |
| വെളി.19:21 | : | മൃഗത്തിന്റെ അനുയായികളായ സൈന്യത്തിന്റെ നാശം. (The doom of the Army of the Beast). |

**വെളി.19:1 — അനന്തരം ഞാൻ സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷം പോലെ കേട്ടതു: ഹല്ലെലൂയ്യാ! രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിന്നുള്ളതു** (After these things I heard something like a loud voice of a great multitude in heaven, saying, "Hallelujah! Salvation and glory and honor and power belong to the Lord our God!) —

*"സ്വർഗ്ഗമേ, വിശുദ്ധന്മാരും അപ്പൊസ്തലന്മാരും പ്രവാചകന്മാരുമായുള്ളോരേ ദൈവം അവളോടു നിങ്ങൾക്കുവേണ്ടി പ്രതികാരം നടത്തിയതുകൊണ്ടു അവളെച്ചൊല്ലി ആന്ദിപ്പിൻ "* (വെളി.18:20) എന്ന ആഹ്വാനം സ്വർഗ്ഗത്തിൽ നിന്നു ബാബിലോണിന്റെ നാശത്തോടനുബന്ധിച്ചു കേൾക്കുകയുണ്ടായി. ആഹ്വാനത്തിനു മറുപടിയായി സ്വർഗ്ഗത്തിൽ ഹല്ലെലൂയ്യാ മുഴങ്ങുന്നതു യോഹന്നാൻ കേൾക്കുന്നു. വലിയോരു പുരുഷാരത്തിന്റെ മഹാഘോഷംപോലെ ഹല്ലെലൂയ്യാ, രക്ഷയും മഹത്വവും ശക്തിയും ദൈവത്തിനുള്ളതു എന്നുള്ളതാണ് അവരുടെ സ്തുതിഗാനത്തിൽ മുഴങ്ങിക്കേട്ടത്.

**അനന്തരം** (After these things) —

അനന്തരം, ഇതിന്റെ ശേഷം എന്നീ പ്രയോഗങ്ങൾ വെളിപ്പാടു പുസ്തകത്തിൽ പൊതുവേ പുതിയൊരു ദർശനത്തിലേക്കു യോഹന്നാൻ തിരിയുന്നതിനെ കാണിക്കുന്നു (4:1/7:9/15:5/18:1). ഇവിടെ പുതിയ ദർശനത്തിനു ആരംഭം കുറിക്കുന്നതിനോടൊപ്പം, 17,18 അദ്ധ്യായങ്ങളിൽ വിവരിച്ച ബാബിലോണിന്റെ നാശത്തിനു ശേഷം എന്നും ചിന്തിക്കാം. ബാബിലോണിന്റെ നാശത്തിനുശേഷം (17,18), മഹത്വധാരിയായ ക്രിസ്തു ഭൂമിയിലേക്കു വരികയും (19), സഹസ്രാബ്ദവാഴ്ചെക്കു (20) ആരംഭം കുറിക്കുകയും ചെയ്യുന്നു.

**ഞാൻ സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷം പോലെ കേട്ടതു: ഹല്ലെലൂയ്യാ!** (a loud I heard a loud voice of a great multitude in heaven, saying, "Hallelujah!) —

ബാബിലോണിന്റെ സമ്പൂർണ്ണ നാശത്തിങ്കൽ ഭൂവാസികൾ അത്യുച്ചത്തിൽ വിലപിക്കുമ്പോൾ, അതിനെ നിഷ്പ്രഭമാക്കിക്കൊണ്ടു സ്വർഗ്ഗത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു മഹാഘോഷമായി ഹല്ലെലൂയ്യാ മുഴങ്ങുന്നു. അതിക്രമവും പാപവും നിറഞ്ഞ ഭൂവാസികളുടെമേൽ ദൈവീകശിക്ഷാവിധി പൂർത്തിയാകുന്നതിനെ ആനന്ദഘോഷം വെളിപ്പെടുത്തുന്നു. ദൈവവിരോധികളുടെയും മത്സരികളുടെയും മേൽ ദൈവത്തിന്റെ ന്യായവിധി, സാത്താന്റെയും അന്തിക്രിസ്തുവിന്റെയും മേൽ ക്രിസ്തുവിന്റെ ജയം, തിന്മയുടെമേൽ നന്മയുടെ വിജയം എന്നിവ സ്വർഗ്ഗത്തിലെ മഹാഘോഷത്തിൽ ഉൾക്കൊള്ളുന്നു.

വലിയൊരു പുരുഷാരത്തിന്റെ മഹാഘോഷം പോലെയുള്ള ശബ്ദമാണ് യോഹന്നാൻ കേട്ടത്. ശബ്ദം ആരുടേതെന്നു വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ വിവിധ അഭിപ്രായങ്ങൾ ഇതിനു കാണുന്നുണ്ട് —

**(1) ദൂതന്മാരുടെ —** ഇവിടെ കേൾക്കുന്ന ശബ്ദം സ്വർഗ്ഗീയ ദൂതന്മാരുടേതാകാം എന്നാണ് ഒരഭിപ്രായം. കാരണം വെളി.19:5-8 വരെയുള്ള ഹല്ലെലൂയ്യാ ഘോഷത്തിൽ മഹാപുരുഷാരമായ സകലവിശുദ്ധന്മാരും അണിനിരക്കുന്നു. അതായത് സകലവിശുദ്ധന്മാരുടെയും ഘോഷം പ്രത്യേകം പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ കേൾക്കുന്ന ശബ്ദം സ്വർഗ്ഗീയ ദൂതാന്മാരുടേതായിരിക്കാമെന്നു പറയപ്പെടുന്നു.

**(2) വീണ്ടെടുക്കപ്പെട്ട സകല വിശുദ്ധന്മാരുടെ —** വലിയൊരു പുരുഷാരം എന്ന ഇവിടത്തെ പദപ്രയോഗം 7-ാം അദ്ധ്യായത്തിൽ കാണപ്പെട്ട മഹാപുരുഷാരത്തോടു ചേർന്നു വരുന്നു. **വെളി.7:9 —** *"ഇതിന്റെ ശേഷം സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു ഉള്ളതായി ആർക്കം എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു."* ആകയാൽ ഇവിട ഉയരുന്ന ശബ്ദം സകല വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടേതെന്നു അഭിപ്രായപ്പെടുന്നു.

**(3) രക്തസാക്ഷികളായി മരിച്ച വിശുദ്ധന്മാരുടെ —** മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ച ഒരു കൂട്ടം രക്തസാക്ഷികളായ വിശുദ്ധന്മാർ ദൈവത്തിന്റെ വീണകൾ പിടിച്ചുകൊണ്ടു പളുങ്കു കടൽത്തീരത്തു നിൽക്കുന്നു (വെളി.15:2). അവരുടെ ഹല്ലെലൂയ്യാ ഘോഷമായിരിക്കാം എന്നു അഭിപ്രായമുണ്ട്.

ഇവിടെ ഉയർന്നുകേൾക്കുന്ന സന്തോഷഘോഷം ആരുടേത്? ദൂതന്മാരുടേയോ, വീണ്ടെടുക്ക

പ്പെട്ട സകലവിശുദ്ധന്മാരുടെയോ, സ്വർഗ്ഗീയപളുങ്കുകടൽത്തീരത്തു നില്കുന്ന വിശുദ്ധന്മാരുടയോ എന്നു മാത്രമായി പറയുവാൻ സാധിക്കുന്നില്ല. *"സ്വർഗ്ഗമേ, വിശുദ്ധന്മാരും അപ്പൊസ്തലന്മാരും പ്രവാചകന്മാരുമായുള്ളോരേ, ദൈവം അവളോടു നിങ്ങൾക്കുവേണ്ടി പ്രതികാരം നടത്തിയതു കൊണ്ടു അവളെ ച്ചൊല്ലി ആനന്ദിപ്പിൻ "* (വെളി.18:20) എന്ന സ്വർഗ്ഗീയ ആഹ്വാനത്തിൽ സകലരും പങ്കുചേരുന്നു എന്നു ചിന്തിക്കാം. സ്വർഗ്ഗത്തിലെ എണ്ണമറ്റ ദൂതസൈന്യം, ജീവികൾ, സാറാഫുകൾ, ആദാം മുതലുള്ള സകല വിശുദ്ധന്മാർ, കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സകല വിശുദ്ധന്മാർ, പീഡനകാലവിശുദ്ധന്മാർ, രക്തസാക്ഷികൾ ഇവരെല്ലാം സ്വർഗ്ഗീയ ആനന്ദഘോഷത്തിൽ പങ്കുകാരാകുന്നു.

## ഹല്ലേലുയ്യാ (Hallelujah / Alleluia) ---

ദൂതന്മാർ, കെരൂബുകൾ, സാറാഫുകൾ, പഴയനിയമവിശുദ്ധന്മാർ, പുതിയനിയമവിശുദ്ധന്മാർ, മഹാപീഡനകാലവിശുദ്ധന്മാർ എന്നിങ്ങനെയുള്ള ഒരു വലിയ കൂട്ടം ദൈവത്തെ സ്തുതിക്കുന്നത് ഹല്ലെലൂയ്യാ എന്ന ഘോഷത്തോടെയാണ്. ഭൂവാസികളിന്മേലുള്ള ദൈവത്തിന്റെ ശിക്ഷാവിധി പൂർത്തിയായി, ദൈവത്തിന്റെ ക്രോധം തീർന്നു, പാപികളെ ശിക്ഷവിധിച്ചതിലൂടെ ദൈവത്തിന്റെ നീതി വെളിപ്പെട്ടു, തിന്മയുടെമേൽ നന്മ ജയിച്ചു, അന്തിക്രിസ്തുവിന്റെമേൽ ക്രിസ്തുവിന്റെ വിജയം പ്രാപിച്ചു എന്നിവയാണ് സ്വർഗ്ഗത്തിലെ ഹല്ലെലൂയ്യാ ഘോഷത്തിന്റെ കാരണം.

സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുന്നതിനുള്ള എബ്രായവാക്കാണ് ഹല്ലെലൂയ്യാ. തിരുവചനത്തിൽ എല്ലാ ഭാഷകളിലും ഒരേ അർത്ഥത്തിൽ, പരിഭാഷപ്പെടുത്താതെ ഉപയോഗിച്ചു കാണുന്ന എബ്രായപദമാണ് "ഹല്ലേലുയ്യാ." എന്നാൽ വാക്കിന്റെ ഉച്ചാരണത്തിൻ വ്യത്യാസം ഉണ്ടാകാം. ഹല്ലേലുയ്യാ എന്ന വാക്കിന്റെ അർത്ഥം "യഹോവയെ സ്തുതിപ്പിൻ " എന്നാണ് (Praise the Lord / Praise ye yah / Yah = Yahweh ). **ഹലാൽ** (സ്തുതിക്കുക), **യാഹ്** (യഹോവ)എന്നീ എബ്രായ വാക്കുകൾ ചേർന്ന പദമാണ് **ഹല്ലേലുയാ** (halal + yah --> halal = to praise & yah = God). മൂലഭാഷയിൽ ഈ വാക്ക് സന്തോഷത്തിന്റെയും സ്തുതിയുടെയും ശബ്ദം പുറപ്പെടുവിക്കുന്നതിനെ കുറിക്കുന്നു. അതായതു യിസ്രായേൽ ജനത്തിന്റെ സർവ്വശക്തനും മാറ്റമില്ലാത്തവനുമായ യഹോവയായ യാഹിനെ സന്തോഷത്തോടെ തന്റെ ജനം സ്തുതിക്കുന്നതിനെ വിവരിക്കുന്ന പദമാണിത്. സങ്കീർത്തനങ്ങളിൽ യഹോവയെ സ്തുതിപ്പിൻ എന്നു പരിഭാഷപ്പെടുത്തിയും, വെളിപ്പാടു പുസ്തകത്തിൽ ഹല്ലേലുയ്യാ എന്നതു പരിഭാഷപ്പെടുത്താതെയും ഉപയോഗിച്ചിരിക്കുന്നു. സങ്കീർത്തനങ്ങളിൽ "ഹല്ലേൽ " (ഹല്ലേലുയ്യാ) സങ്കീർത്തനങ്ങൾ ഉണ്ട്. 146 മുതൽ 150 വരെയുള്ള അഞ്ചു സങ്കീർത്തനങ്ങൾ "ചെറിയ ഹല്ലേൽ " സങ്കീർത്തനങ്ങൾ എന്നറിയപ്പെടുന്നു. ഇവയിൽ ഹല്ലേലുയ്യാ എന്ന പദത്തിന്റെ അർത്ഥമായ "**യഹോവയെ സ്തുതിപ്പിൻ** " എന്ന വാക്കുകളോടെ ആരംഭിക്കുകയും അവയിൽ അവസാനിക്കുകയും ചെയ്യുന്നു. 113 മുതൽ 118 വരെയുള്ള ആറു സങ്കീർത്തനങ്ങൾ "വലിയ ഹല്ലേൽ " സങ്കീർത്തനങ്ങളാണ്. സങ്കീർത്തനങ്ങളിൽ അനേക പ്രാവശ്യം ദൈവത്തെ സ്തുതിക്കുവാൻ ഈ വാക്കു ഉപയോഗിച്ചിരിക്കുന്നുവെങ്കിൽ, പുതിയനിയമത്തിൽ ഈ വാക്ക് ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നത് വെളിപ്പാടു പുസ്തകത്തിലാണ്.

**രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിന്നുള്ളതു** (Salvation and glory and honor and power belong to the Lord our God!) —

സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുവാനുള്ള കാരണം രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിനു മാത്രമുള്ളത് എന്നതിനാലാണ്. നമ്മുടെ ദൈവത്തിന്റെ മഹത്തായ മൂന്നു സ്വഭാവസവിശേഷതകളാണ് രക്ഷ, മഹത്വം, ശക്തി എന്നുള്ളത്. അതായത് നമ്മുടെ ദൈവം — (1) രക്ഷയുടെ ദൈവം (2) മഹത്വത്തിന്റെ ദൈവം (3) ശക്തിയുടെ ദൈവം.

**രക്ഷ (Salvation) —**

രക്ഷ എന്നാൽ ശിക്ഷയിൽ നിന്നുള്ള വിടുതൽ. മനുഷ്യൻ പാപിയായതിനാൽ നിത്യശിക്ഷക്കു വിധിക്കപ്പെട്ടവനാണ്. എന്നാൽ ക്രിസ്തുമൂലം ഒരുക്കിയ വീണ്ടെടുപ്പിനാൽ മനുഷ്യനു ശിക്ഷയിൽ നിന്നു വിടുതൽ ലഭിക്കുന്നു. പാപിയും മത്സരിയും ദൈവവിരോധിയുമായ മനുഷ്യനു രക്ഷ ഒരുക്കുവാൻ കരുണാസമ്പന്നനായ ദൈവത്തിനു മാത്രമേ കഴിയൂ. ആയതിനാൽ നമ്മുടെ ദൈവം രക്ഷയുടെ ദൈവം തന്നെ. ഇവിടെ സ്വർഗ്ഗവാസികളൊന്നടങ്കം അവർ അവകാശമാക്കിയ ദൈവത്തിന്റെ രക്ഷയെ പ്രകീർത്തിക്കുന്നു. ബാബിലോണ്യമതത്തിന്റെ ഉപദേശങ്ങൾ രക്ഷക്കു പ്രാപ്തമായിരുന്നില്ല എന്നു മാത്രമല്ല ശിക്ഷക്കും കാരണമായിത്തീർന്നതു അവർ കണ്ണാലെ കാണുകയുണ്ടായി. ക്രിസ്തുമൂലം ഒരുക്കിയ രക്ഷയെ സ്വർഗ്ഗത്തിലുള്ള സകലരും ഓർക്കുന്നതോടൊപ്പം കാലാന്ത്യത്തിൽ പൂർത്തീകരിക്കപ്പെട്ട ദൈവത്തിന്റെ സകലവിധമായ രക്ഷണ്യപ്രവർത്തനങ്ങളെയും ഓർത്തു സ്തുതിക്കുന്നു.

**മഹത്വം (Glory) —**

ദൈവത്തിന്റെ മറ്റൊരു സ്വഭാവസവിശേഷതയാണ് ദൈവം മഹത്വവാൻ എന്നത്. ദൈവം രക്ഷ ഒരുക്കിയതിലൂടെ സാത്താന്യശക്തികളുടെമേൽ ന്യായം വിധിച്ചു വിജയം നേടുകയും അതുവഴി ദൈവത്തിന്റെ മഹത്വം വെളിപ്പെടുകയും ചെയ്തിരിക്കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും സകലമഹത്വത്തിനും യോഗ്യൻ ദൈവമായിരിക്കുന്നു. സ്വയം മഹത്വപ്പെടുത്തി ജീവിച്ച ബാബിലോൺ അപമാനിതയായി നശിക്കുവാനിടയായി. മർമ്മം: മഹതിയാം ബാബിലോൺ എന്ന വ്യാജമതമായ മഹാവേശ്യയുടെയും, ആചാരനുഷ്ടാനങ്ങളുടെ ഉറവിടമായ മഹതിയാം ബാബിലോൺ എന്ന മഹനഗരത്തിന്റെയും സമ്പൂർണ്ണനാശം ദൈവം വരുത്തിയതിനാൽ സ്വർഗ്ഗത്തിലുള്ള സകലരും ദൈവത്തിനു മഹത്വം അർപ്പിക്കുന്നു. പാപികളായ സകലരെയും ന്യായം വിധിച്ചു ശിക്ഷിക്കുവാൻ പ്രാപ്തനായ ദൈവം മഹത്വത്തിനു യോഗ്യനുമാണ്.

**ശക്തി (Power) —**

ദൈവം സർവ്വശക്തൻ. ദൈവത്തിന്റെ മറ്റൊരു സ്വഭാവ സവിശേഷതയാണിത്. മൃഗത്തിനും, അന്തിക്രിസ്തുവിനും, കള്ളപ്രവാചകനും, സാത്താനും ശക്തിയുണ്ടെങ്കിലും ദൈവത്തിന്റെ ശക്തിയുടെ മുമ്പിൽ അവരൊക്കെ ശക്തിഹീനരായി മാറിയ കാഴ്ച പീഡനകാലവേളയിൽ സകലരും കണ്ടതാണ്. ബാബിലോണിന്റെയും സാത്താന്യശക്തികളുടെയും ശക്തിയുടെ അവകാശവാദങ്ങളൊക്കെ ഇല്ലാതായി. മാത്രവുമല്ല, സാത്താന്യശക്തികളെ ഒന്നടങ്കം ന്യായം വിധിച്ചു ശിക്ഷിക്കുവാൻ ദൈവം ശക്തനുമാണ്. ആയതിനാൽ സ്വർഗ്ഗത്തിൽ നിന്നുയരുന്ന സന്തോഷധ്വനിയിൽ ദൈവത്തിന്റെ ശക്തിയെയും അവർ കീർത്തിക്കുന്നു.

**വെളി.19:2 — വേശ്യാവൃത്തികൊണ്ടു ഭൂമിയെ വഷളാക്കിയ മഹവേശ്യക്കു അവൻ ശിക്ഷ വിധിച്ചു തന്റെ ദാസന്മന്മാരുടെ രക്തം അവളുടെ കയ്യിൽനിന്നു ചോദിച്ചു പ്രതികാരം ചെയ്കകൊണ്ടു അവന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ** (For true and righteous are His judgments, because He has judged the great harlot who corrupted the earth with her fornication; and He has avenged on her the blood of His servants shed by her) —

സ്വർഗ്ഗത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടുയർന്ന മഹാഘോഷമായ ആദ്യത്തെ ഹല്ലെലൂയ്യാ ഗീതത്തിനുള്ള മൂന്നു കാരണങ്ങൾ ഇവിടെ പറഞ്ഞിരിക്കുന്നു — (1) മഹാവേശ്യക്കു ദൈവം ശിക്ഷ വിധിച്ചു (2) ദൈവത്തിന്റെ ന്യായവിധികൾ സത്യവും നീതിയുള്ളവയുമാണ് (3) അവളോടു പ്രതികാരം ചെയ്തു.

*(1) മഹാവേശ്യക്കു ദൈവം ശിക്ഷ വിധിച്ചു* (For God has judged the great harlot) — **വേശ്യാവൃത്തികൊണ്ടു ഭൂമിയെ വഷളാക്കിയ മഹവേശ്യക്കു അവൻ ശിക്ഷ വിധിച്ചു** (because He has judged the great harlot who corrupted the earth with her fornication)—

മർമ്മം: മഹതിയാം ബാബിലോൺ എന്ന മഹാവേശ്യക്കു ദൈവം ന്യായം വിധിച്ചതിലുള്ള സ്വർഗ്ഗത്തിന്റെ സാക്ഷ്യമാണിവിടെ മഹാഘോഷമായി ഉയരുന്നത്. മഹതിയാം ബാബിലോൺ എന്ന ലോകവ്യാജമതത്തെ മഹാവേശ്യ എന്നു (harlot /whore) വിളിച്ചിരിക്കുന്നു (17:1). മനുഷ്യനെ പാപത്തിൽ വീഴ്ത്തിയശേഷം സാത്താൻ ഇക്കാലമത്രയും ചെയ്തുകൊണ്ടിരുന്ന ദുഷ്പ്രവർത്തനങ്ങൾ തന്നെയാണ് പീഡനകാലത്തും മഹതിയാം ബാബിലോൺ തുടർന്നു വന്നത്. ബാബിലോണിന്റെ ന്യായവിധിക്കു കാരണമായിത്തീർന്ന കുറ്റം എന്നത് സകലഭൂവാസികളെയും അവൾ വഷളാക്കി അഥവാ ദുർന്നടപ്പിലും അശുദ്ധിയിലും മ്ലേച്ഛതകളിലും വീഴ്ത്തി എന്നതാണ് (14:8/17:1/18:3). മഹവേശ്യയെന്നവണ്ണം സ്വയം ദുഷ്പ്രവൃത്തികളിൽ മുങ്ങിക്കുളിച്ചു എന്നു മാത്രമല്ല, സകലരെയും തന്റെ പാപത്തിനു പങ്കാളികളാക്കുകയും ചെയ്തു. അവളുടെ വേശ്യാവൃത്തിയാൽ അഥവാ ദുഷിച്ച പ്രവർത്തനത്താൽ കുടുംബങ്ങളും, സമൂഹങ്ങളും, രാജ്യങ്ങളും ദൈവത്തിൽ നിന്നു അകലുവാൻ ഇടയായി. ദൈവീകപ്രമാണങ്ങൾക്കു പകരം ബാബിലോണിയൻ ആചാരാനുഷ്ടാനങ്ങളും ദുരുപദേശങ്ങളും ഭൂമിയെങ്ങും പ്രചരിപ്പിക്കപ്പെട്ടു.

*(2) ദൈവത്തിന്റെ ന്യായവിധികൾ സത്യവും നീതിയുള്ളവ* — **അവന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ** (For true and righteous are His judgments) —

ഭൂമിയെ വഷളാക്കിയ മഹാവേശ്യയെ ന്യായം വിധിച്ചതിൽ സ്വർഗ്ഗം സന്തോഷിച്ചുല്ലസിക്കുന്നു. തുടർന്നു സ്വർഗ്ഗത്തിൽ കേൾക്കുന്ന സാക്ഷ്യം ദൈവത്തിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ എന്നാണ്. ദൈവത്തിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവയെന്നു പറഞ്ഞുകൊണ്ടു തീ കലർന്ന പളുങ്കുകടലിനരികെ നിന്നുകൊണ്ടു ഒരു മഹാസംഘം ദൈവത്തെ പാടി സ്തുതിക്കുന്നതായി മുമ്പു കാണുകയുണ്ടായി. **വെളി.15:3,4 —** *"അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയതു: സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരി*

*ശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങിവന്നതിനാൽ സകലജാതികളും വന്നു തിരുമുമ്പിൽ നമസ്കരിക്കും."*

മൂന്നാമത്തെ ക്രോധകലശം നദികളിലും നീരുറവകളിലും ഒഴിച്ചപ്പോൾ ജലാധിപതിയായ ദൂതനും യാഗപീഠവും പറയുന്ന സാക്ഷ്യത്തോടു സ്വർഗ്ഗത്തിലുയുരുന്ന സാക്ഷ്യത്തിനു സാമ്യമുണ്ട്. **വെളി.16:5-7** — *"അപ്പോൾ ജലാധിപതിയായ ദൂതൻ ഇവ്വണ്ണം പറയുന്നതു ഞാൻ കേട്ടു: ഇരിക്കുന്നവനും ഇരുന്നവനുമായി പരിശുദ്ധനായുള്ളോവേ, നീ ഇങ്ങനെ ന്യായം വിധിച്ചതുകൊണ്ടു നീതിമാൻ ആകുന്നു. വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം അവർ ചിന്നിച്ചതുകൊണ്ടു നീ അവർക്കു രക്തം കുടിപ്പാൻ കൊടുത്തു; അതിന്നു അവർ യോഗ്യർ തന്നേ. അവ്വണ്ണം യാഗപീഠവും: അതേ, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ എന്നു പറയുന്നതു ഞാൻ കേട്ടു."*

*(3) അവളോടു പ്രതികാരം ചെയ്തു* (He has avenged on her) — **തന്റെ ദാസന്മാരുടെ രക്തം അവളുടെ കയ്യിൽനിന്നു ചോദിച്ചു പ്രതികാരം ചെയ്കകൊണ്ടു** (And He has avenged on her the blood of His servants shed by her —

സ്വർഗ്ഗത്തിലെ മഹാഘോ,ത്തിനുള്ള മറ്റൊരു കാരണം ദൈവത്തിന്റെ ദാസന്മാരുടെ രക്തം ചിന്തിച്ച മഹാവേശ്യയോട് ദൈവം പ്രതികാരം ചെയ്തു അവൾക്കെതിരായുള്ള ശിക്ഷ നടപ്പാക്കി എന്നതാണ്. ദൈവമക്കൾക്കെതിരേ കൈ ഉയർത്തുകയും അവരെ പീഡിപ്പിക്കുകയും അവരുടെ രക്തം ചിന്നിക്കയും ചെയ്യുന്നവരെ ദൈവം വെറുതെ വിടുകയില്ല. അവരെ നിശ്ചയമായി ശിക്ഷിക്കുക തന്നെ ചെയ്യും. ശത്രുക്കളുടെമേലുള്ള ദൈവത്തിന്റെ പ്രതികാരം പഴയനിയമത്തിൽ ആവർത്തിച്ചു പ്രസ്താവിച്ചിട്ടുണ്ട്.

> മോശെയുടെ പാട്ടിൽ ശത്രുക്കളോടുള്ള പ്രതികാരം — **ആവ.32:43** — *"ജാതികളേ, അവന്റെ ജനത്തോടുകൂടെ ഉല്ലസിപ്പിൻ; അവൻ സ്വദാസന്മാരുടെ രക്തത്തിന്നു പ്രതികാരം ചെയ്യും; തന്റെ ശത്രുക്കളോടു അവൻ പകരം വീട്ടും; തന്റെ ദേശത്തിന്നും ജനത്തിന്നും പാപപരിഹാരം വരുത്തും."*

> ദൈവത്തിന്റെ ദാസന്മാരുടെയും പ്രവാചകന്മാരുടെയും രക്തം ചിന്തിച്ച ആഹാബിന്റെയും ഈസബെലിന്റെയും മേലുള്ള ദൈവത്തിന്റെ പ്രതികാരം നടത്തി ആഹാബു ഗൃഹത്തെ സമ്പൂർണ്ണമായി നശിപ്പിക്കുവാൻ യേഹുവിനെ രാജാവായി അഭിഷേകം ചെയ്യുന്നു. **2.രാജാ.9:7** — *"എന്റെ ദാസന്മാരായ പ്രവാചകന്മാരുടെ രക്തത്തിന്നും യഹോവയുടെ സകലദാസന്മാരുടെയും രക്തത്തിന്നും ഈസബെലിനോടു ഞാൻ പ്രതികാരം ചെയ്യേണ്ടതിന്നു നിന്റെ യജമാനനായ ആഹാബിന്റെ ഗൃഹത്തെ നീ സംഹരിച്ചു കളയേണം."* ദൈവദാസന്മാരെയും ദൈവജനങ്ങളെയും കൊന്നൊടുക്കിയ ഈസബെലിന്റെ പ്രവർത്തനത്തിനു തുല്യമായിരുന്നു മഹാവേശ്യയായ ബാബിലോണിന്റെ പ്രവർത്തനങ്ങളും.

ഭൂമിയെ വഷളാക്കിയ മർമ്മം: മഹതിയാം ബാബിലോൺ എന്ന മഹാവേശ്യയെ ദൈവം ന്യായം വിധിച്ചു ശിക്ഷിച്ചു ദൈവം തന്റെ പ്രതികാരം നിറവേറ്റുന്നു. പ്രതികാരം എന്ന വാക്കിനു എക്ഡികിയോ (ekdikeo) എന്ന ഗ്രീക്കു പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം നീതി വെളിപ്പെടുക എന്നാണ് (ekdikeo = arising out of justice). ദൈവദാസന്മാരുടെ രക്തം അവളുടെ കയ്യിൽ നിന്നു ചോദിച്ചു പ്രതികാരം ചെയ്തു എന്നത് ദൈവത്തിന്റെ നീതി നിർവ്വഹണത്തെ വെളിപ്പെടുത്തുന്നു. ദൈവക്രോധത്തിന്റെ ബഹിർഗമനമായി ബാബിലോണിന്മേലും ഭൂവാസികളിന്മേലും ദൈവത്തിന്റെ പ്രതികാരം വെളിപ്പെട്ടത് ദൈവമക്കളുടെ നിലവിളിയാലാണ് (വെളി.6;9-11/8:3-5/10:6/16:7).

ദുഷ്ടന്മാർ ദൈവമക്കളെ പീഡിപ്പിക്കുകയും, അന്യായമായി അവർക്കെതിരായി കൂട്ടുകൂടുകയും, നന്മക്കു പകരം തിന്മയും, ന്യായത്തിനു പകരം വക്രതയും വെളിപ്പെട്ട അവസരങ്ങളിൽ അനേക ദൈവഭക്തന്മാർ ദൈവത്തോടു നിലവിളിച്ചു ആവലാതിപ്പെട്ടിട്ടുണ്ട്. എത്രത്തോളം എത്രത്തോളം നാഥാ എന്നു പറഞ്ഞു കണ്ണീരൊഴുക്കിയിട്ടുണ്ട് (സങ്കീ.10:13/സങ്കീ.94:3-7/ഹബ.1:3,4/യിരെ.12:1,2/മലാ.2:17/വെളി.6:10). ദൈവം ദീർഘക്ഷമയുള്ളവനാകയാൽ ശത്രുക്കൾക്കു അവരുടെ മാനസാന്തരത്തിനു അവസരം കൊടുക്കുകയാണ്. മാനസാന്തരപ്പെടാത്ത ദുഷ്ടനെ ദൈവം നശിപ്പിക്കുകതന്നെ ചെയ്യും. തന്റെ മക്കളുടെ നിലവിളിയെ ദൈവം മാനിക്കുകതന്നെ ചെയ്യുമെന്നു കർത്താവു പറഞ്ഞിരിക്കുന്നു. **ലൂക്കൊ.18;7,8** — *"ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു."*

**വെളി.19:3 — അവർ പിന്നെയും: ഹല്ലെലൂയ്യാ! അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു എന്നു പറഞ്ഞു** (And a second time they said, "Hallelujah! Her smoke rises up forever and ever!) —

സ്വർഗ്ഗത്തിലെ ജയഘോഷത്തിന്റെ ആരവം വീണ്ടും മുഴങ്ങുന്നു. ഒന്നാമത്തെ ഹല്ലെലൂയ്യാ വേശ്യാവൃത്തികൊണ്ടു ഭൂമിയെ വഷളാക്കിയ മഹാവേശ്യക്കു ദൈവം ശിക്ഷ വിധിക്കയും തന്റെ ദാസന്മാരുടെയും പ്രവാചകന്മാരുടെയും രക്തത്തിനു പ്രതികാരം നടത്തിയതിനുമായിരുന്നു. വെളിപ്പാടു 17-ാം

അദ്ധ്യായത്തിൽ അതിന്റെ സമ്പൂർണ്ണ നാശം വിവരിച്ചിരിക്കുന്നു. ഇവിടെ ഉയരുന്ന രണ്ടാമത്തെ ഹല്ലെലൂയ്യ ഘോഷം ബാബിലോൺ നഗരത്തിന്റെ എന്നെന്നേക്കുമുള്ള നാശത്തെ കണ്ടുകൊണ്ടാണ്. വെളിപ്പാടു 18-ാം അദ്ധ്യായത്തിൽ സകലമ്ലേച്ഛതകളുടെയും ഉറവിടവും, മൃഗത്തിന്റെ സിംഹാസനവും ഭരണസിരാകേന്ദ്രവുമായ ബാബിലോൺ നഗരത്തിന്റെ വിനാശത്തെ വിവരിച്ചിരിക്കുന്നു.

*"സ്വർഗ്ഗമേ, വിശുദ്ധന്മാരും അപ്പൊസ്തലന്മാരും പ്രവാചകന്മാരുമായുള്ളോരേ, ദൈവം അവളോടു നിങ്ങൾക്കുവേണ്ടി പ്രതികാരം നടത്തിയതുകൊണ്ടു അവളെച്ചൊല്ലി ആനന്ദിപ്പിൻ "* (വെളി.18:20) എന്ന ആഹ്വാനപ്രകാരം സ്വർഗ്ഗമാസകലം നീതി നടത്തിയ സർവ്വശക്തനായ ദൈവത്തെ സ്തുതിച്ചു കൊണ്ടു ഹല്ലെലൂയ്യാ മുഴക്കുന്നു.

ബാബിലോൺ നഗരത്തിന്റെമേൽ ദൈവത്തിന്റെ ക്രോധാഗ്നി വന്നു പതിച്ചപ്പോൾ അതു തീയ്ക്കിരയായിത്തീർന്നു (18:8). ആചാരാനുഷ്ടാനങ്ങളുടെയും, സാത്താന്റെയും ദുർഭൂതങ്ങളുടെയും പാർപ്പിടവും, സകലമ്ലേച്ഛതകളുടെയും ഉറവിടമായ ബാബിലോൺ നശിപ്പിക്കപ്പെട്ടു. അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു എന്നത് തീയാൽ ബാബിലോൺ നശിപ്പിക്കപ്പെട്ടു എന്നതിനെ കുറിക്കുന്നു. കൂടാതെ അതിന്റെ നാശം എന്നെന്നേക്കും സമ്പൂർണ്ണവുമാണെന്നും വെളിപ്പെടുന്നു. ഒരിക്കലും ശക്തി പ്രാപിച്ചു ഉയർന്നു വരാതവണ്ണം ബാബിലോൺ തീയ്ക്കിരയായിത്തീർന്നു (smoke rises up forever and ever = destruction by fire /destruction is permanentand complete / no restoration of Babylon again). നരകത്തീയിലുയരുന്ന പുകപോലെ ബാബിലോണിന്റെ പുക എന്നെന്നേക്കും ഉയരുന്നു. സകലതും കത്തിച്ചാരമായിത്തീരുമ്പോൾ തീ ഇല്ലാതാകും. പുക പൊങ്ങുന്നു എന്നത് തീയുടെ സാന്നിദ്ധ്യത്തെ കുറിക്കുന്നു. ആകയാൽ ബാബിലോണിന്റെ നാശം എന്നേക്കുമുള്ളതാണ്. ദൈവത്തിന്റെ ശത്രുക്കളുടെ നാശം നിത്യമായതാണ്. നരകത്തിലെ തീയും പുകയും ഒരിക്കലും കെട്ടുപോകുന്നില്ല, ഇല്ലാതാകുന്നില്ല (വെളി.19:20/ വെളി.14:11/ മത്താ.25:46).

ബാബിലോണിന്റെ പുക എന്നെന്നേക്കും പൊങ്ങുന്നു എന്നത് ദൈവീകന്യായവിധിയാലുള്ള സൊദോം ഗൊമേരായുടെയും ഏദോമിന്റെയും ദഹനത്തോടു സാമ്യമുണ്ട്.

**ഉല്പ.19:28 —** *"സൊദോമിന്നും ഗൊമോരെക്കും ആ പ്രദേശത്തിലെ സകലദിക്കിന്നും നേരെ നോക്കി, ദേശത്തിലെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങുന്നതു കണ്ടു."*

**യെശ.34:9 -11 —** *"അവിടത്തെ തോടുകൾ കീലായും മണ്ണു ഗന്ധകമായും നിലം കത്തുന്ന കീലായും ഭവിക്കും. രാവും പകലും അതു കെടുകയില്ല; അതിന്റെ പുക സദാകാലം പൊങ്ങിക്കൊണ്ടിരിക്കും; തലമുറതലമുറയായി അതു ശൂന്യമായ്ക്കിടക്കും; ഒരുത്തനും ഒരുനാളും അതിൽകൂടി കടന്നു പോകയുമില്ല. വേഴാമ്പലും മുള്ളൻപന്നിയും അതിനെ കൈവശമാക്കും; മൂങ്ങയും മലങ്കാക്കയും അതിൽ പാർക്കും; അവൻ അതിന്മേൽ പാഴിന്റെ നൂലും ശൂന്യത്തിന്റെ തൂക്കുകട്ടിയും പിടിക്കും."*

ദുർഭൂതങ്ങളുടെ പാർപ്പിടം, സകല അശുദ്ധാത്മാക്കളുടെയും തടവറ, മൃഗത്തിന്റെ ആസ്ഥാനം, വ്യഭിചാരത്തിന്റെയും സകലവിധമായ മ്ലേച്ഛതകളുടെയും ഉറവിടം, ലോകവാണിജ്യകമ്പോളം, ലോകരാഷ്ട്രങ്ങളുടെ തലസ്ഥാനം, ലോക ആഡംബരജീവിതത്തിന്റെ കേന്ദ്രം എന്നിങ്ങനെ കുപ്രസിദ്ധിയാർജ്ജിച്ച പട്ടണം ദൈവത്തിന്റെ ശിക്ഷാവിധിക്കു കാരണമായിത്തീർന്നു. സാത്താന്റെയും, മൃഗത്തിന്റെയും, കള്ള പ്രവാചകന്റെയും പ്രവർത്തനങ്ങളാൽ ഇനി ഒരിക്കലും ഭൂമിയെ വഷളാക്കിക്കളയാതവണ്ണം അവരെ ഗന്ധകവും അഗ്നിയും പുകയും ഉയരുന്ന അഗാധത്തിലേക്കു തള്ളുന്നു. അവിടെനിന്നു പുക എന്നെന്നേക്കും അഥവാ യുഗായുഗങ്ങളോളം ഉയരുന്നു. ബാബിലോണിനെ ശിക്ഷിച്ചുകൊണ്ടു ദൈവം നീതി നടപ്പാക്കിയതിനാൽ സ്വർഗ്ഗത്തിൽ അതു ഏറെ സന്തോഷത്തിനു കാരണമായിത്തീർന്നു.

**വെളി.19:4 — ഇരുപത്തുനാലു മൂപ്പന്മാരും നാലു ജീവികളും: ആമേൻ, ഹല്ലെലൂയ്യാ! എന്നു പറഞ്ഞു സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിച്ചു** (And the twenty-four elders and the four living creatures fell down and worshiped God who sat on the throne, saying, "Amen! Hallelujah!) —

സ്വർഗ്ഗത്തിലുയരുന്ന ഹല്ലെലൂയ്യാ ഘോഷത്തിൽ മൂന്നാമതായി പങ്കുചേരുന്നത് സ്വർഗ്ഗസിംഹാസനത്തിനു ചുറ്റുമുള്ള ഇരുപത്തിനാലു മൂപ്പന്മാരും നാലു ജീവികളുമാണ്. മഹാവേശ്യയായ ബാബിലോണിന്റെയും ബാബിലോൺ നഗരത്തിന്റെയും നാശത്തിൽ സ്വർഗ്ഗം ദൈവത്തെ സ്തുതിച്ചു ഹല്ലെലൂയ്യാ മുഴക്കി. അവരുടെ ഘോഷത്തോടു ചേർന്നു ആമേൻ അഥവാ അതേ അങ്ങനെ ആകട്ടെ എന്നു പറഞ്ഞുകൊണ്ടു ഇരുപത്തിനാലു മൂപ്പന്മാരും നാലു ജീവികളും പങ്കുചേർന്നു ദൈവത്തെ വീണു നമസ്കരിച്ചു സ്തുതിക്കുന്നു.

**ഇരുപത്തുനാലു മൂപ്പന്മാരും നാലു ജീവികളും** (And the twenty-four elders and the four living creatures)—

ശത്രുക്കളോടുള്ള ദൈവീകശിക്ഷാവിധിയിലൂടെ ദൈവനീതി വെളിപ്പെട്ടതിലും, തുടർന്നു ക്രിസ്തു

വിന്റെ രാജത്വപദവിയിലേക്കുള്ള സ്ഥാനാരോഹണവും, കുഞ്ഞാടിന്റെ കല്യാണവുമൊക്കെ മുൻകണ്ടു കൊണ്ടു ദൈവത്തെ സ്തുതിക്കുന്നതിൽ ഇരുപത്തിനാലു മൂപ്പന്മാരും നാലു ജീവികളും പങ്കുചേരുന്നു. അവർ സ്തുതിക്കുക മാത്രമല്ല സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിക്കുകയും ചെയ്യുന്നു. ഇരുപത്തിനാലു മൂപ്പന്മാരെയും (വെളി.4:4,10/5:8,11,14/7:11/14:3), നാലുജീവികളെയും (വെളി.4:6-9/5:8,11/7:11/14:3) മുൻ അദ്ധ്യായങ്ങളിൽ കാണുകയുണ്ടായി.

ഇരുപത്തിനാലു മൂപ്പന്മാരെയും നാലു ജീവികളെയും കുറിച്ചുള്ള അവസാനത്തെ പരാമർശമാണ് ഈ അദ്ധ്യായത്തിലേത്. വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടമായ മണവാട്ടിസഭ കുഞ്ഞാടിന്റെ കാന്തയായി കല്യാണത്തിലേക്കു ആനയിക്കപ്പെടുന്നു. ആകയാൽ മണവാട്ടിയെ പ്രതിനിധീകരിച്ചിരുന്ന ഇരുപത്തി നാലു മൂപ്പന്മാരെക്കുറിച്ചു പിന്നീടു പരാമർശിക്കപ്പെടുന്നില്ല. അതോടൊപ്പം തന്നെ സ്വർഗ്ഗീയസിംഹാസ നത്തിന്റെ കാവൽക്കാരെ പ്രതിനിധീകരിക്കുന്ന നാലു ജീവികളെയും കുറിച്ചു പിന്നീട് പരാമർശിക്കപ്പെ ടുന്നില്ല.

**ഇരുപത്തിനാലു മൂപ്പന്മാർ ആരാണ്?**

ഇവർ ദൂതന്മാരെയോ, യിസ്രായേലിനെയോ, മഹോപദ്രവകാലവിശുദ്ധന്മാരെയോ അല്ല പ്രതി നിധീകരിക്കുന്നത്. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ജയാളികളുടെ കൂട്ടത്തെ പ്രതിനിധീക രിക്കുന്നവരാണ് ഇരുപത്തിനാലു മൂപ്പന്മാർ. വെളിപ്പാടു പുസ്തകത്തിലെ ഇവരെക്കുറിച്ചുള്ള ആദ്യപരാ മർശത്തിലൂടെ ഇവരാരാണെന്നു തെളിയുന്നു. **വെളി.4:4 —** *"സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തി നാലു സിംഹാസനം; വെള്ളയുടുപ്പു ധരിച്ചുംകൊണ്ടു സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാർ; അവരുടെ തലയിൽ പൊൻകിരീടം."* വെള്ളയുടുപ്പു പരിശുദ്ധിയെയും പൗരോഹിത്വത്തെയും കാണിക്കുന്നതോടൊപ്പം വിശുദ്ധന്മാരുടെ നീതിവസ്ത്രത്തോടു ബന്ധപ്പെട്ടിരിക്കുന്നു (വെളി.3:5/3:18/6:11/7:9/19:8). തലയിലെ പൊൻ കിരീടം അവരുടെ രാജത്വത്തെയും വെളിപ്പെടുത്തുന്നു. ദൂതന്മാർ വെള്ള വസ്ത്രധാരികളായി ചിന്തിക്കാമെങ്കിലും ഒരിക്കലും കിരീടം ധരിച്ചിരുന്നതായോ അവർക്കു പ്രതിഫല മായി കിരീടം വാഗ്ദത്തം ചെയ്തോ കാണുന്നില്ല. കർത്താവിനോടൊപ്പം ഇരിക്കുവാൻ പദവിയും അവ കാശവും ലഭിച്ചിരിക്കുന്നത് വീണ്ടെടുക്കപ്പെട്ട സഭക്കാണ്.

**നാലു ജീവികൾ ആരാണ്?**

ആത്മവിവശനായി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട യോഹന്നാൻ സ്വർഗ്ഗസിംഹാസനത്തിന്റെ നടു വിലും സിംഹാസനത്തിന്റെ ചുറ്റും നാലു ജീവികളെ കാണുന്നു. **വെളി.4:6,7 —** *"സിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും നാലു ജീവികൾ; അവെക്കു മുമ്പുറവും പിമ്പുറവും കണ്ണു നിറ ഞ്ഞിരിക്കുന്നു. ഒന്നാം ജീവി സിംഹത്തിന്നു സദൃശം; രണ്ടാം ജീവി കാളെക്കു സദൃശം; മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളതു; നാലാം ജീവി പറക്കുന്ന കഴുകിന്നു സദൃശം."* ദൈവസിംഹാസന ത്തിന്റെ കാവൽക്കാരാണിവർ. കാവൽക്കാർ എന്ന നിലയിൽ അവർ ചുറ്റിലും നടുവിലും നിൽക്കുന്നു. കൂടാതെ ദൈവത്തിന്റെ ആജ്ഞകളെ പ്രാവർത്തികമാക്കുന്നവരും ഇവരാണ്. സിംഹസാദൃശം അവ യുടെ ഗാംഭീര്യവും ശക്തിയും, കാളയുടെ സാദൃശം അവയുടെ സഹനശക്തി, ക്ഷമ, അദ്ധ്വാനം എന്നി വയെ കുറിക്കുന്നു. മനുഷ്യമുഖം ബുദ്ധിയിലും സേവനത്തിലും മുമ്പന്മാരാണെന്നതിനെ കാണിക്കുന്നു. പറക്കുന്ന കഴുകിന്റെ സാദൃശം കാഴ്ചയിലും വേഗത്തിലും അവർ മുന്നിലായിരിക്കുന്നു എന്നതിനെയും കുറിക്കുന്നു. അവയുടെ ശുശ്രൂഷയോടു ബന്ധത്തിൽ അവയുടെ നിരീക്ഷണത്തിൽ മറഞ്ഞിരിക്കുന്ന തൊന്നുമില്ലെന്നു അവയുടെ മുമ്പുറവും പിമ്പുറവുമുള്ള കണ്ണു വെളിപ്പെടുത്തുന്നു. ദൈവീക ആജ്ഞകൾ നിറവേറ്റുക, കാവൽചെയ്യുക എന്നിവയോടൊപ്പം അവരും രാപ്പകൽവിശ്രമം കൂടാതെ ദൈവത്തെ സ്തുതി ക്കുന്നവരുമാണ് (വെളി.4:8,9). കാലാന്ത്യത്തിൽ സകലസാത്താന്യശക്തികളെയും ദൈവം തോല്പിച്ചു അവരുടെമേൽ ന്യായവിധി നടത്തുമ്പോൾ നാലു ജീവികളും ആമേൻ ഹല്ലെലൂയ്യാ പറഞ്ഞുകൊണ്ടു ദൈവത്തെ സ്തുതിക്കുന്നു.

**ആമേൻ, ഹല്ലെലൂയ്യാ! എന്നു പറഞ്ഞു** (saying, "Amen! Hallelujah!)—

സ്വർഗ്ഗമാസകലം സന്തോഷിക്കുന്ന വേളയിൽ വീണ്ടെടുക്കപ്പെട്ട മണവാട്ടിസഭയെപ്രതിനിധീക രിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാരും, ദൈവസിംഹാസനത്തിന്റെ കാവൽക്കാരായ നാലുജീവികളും അവിടെ കേട്ട ഹല്ലെലൂയ്യാ ഘോഷത്തെ അതേ എന്നു പറഞ്ഞുകൊണ്ടു ഇരുവരും ദൈവത്തെ സ്തുതിക്കുന്ന തിൽ പങ്കുചേരുന്നു. അവർ പറയുന്നത് ആമേൻ, ഹല്ലെലൂയ്യാ എന്നാണ്. ഹല്ലെലൂയ്യാ എന്ന എബ്രായ വാക്കിനർത്ഥം യഹോവയെ സ്തുതിപ്പിൻ (Praise the Lord) എന്നാണ്. എബ്രായഭാഷയിൽ ഹല്ലേൽ എന്നതിനർത്ഥം സ്തുതിക്കുക എന്നും യാഹ് എന്നത് ദൈവത്തിന്റെ നാമവും ആണ് ( hallel + Yah = Hallelujah).

**ആമേൻ —**

ബൈബിളിൽ ലോകത്തിലുള്ള എല്ലാ ഭാഷകളിലും ഒരുപോലെ ഉപയോഗിച്ചു കാണുന്ന പദ മാണ് ആമേൻ. എബ്രായഭാഷയിലെ ഈ പദത്തിന്റെ മലയാള അർത്ഥം അതെ(Yes), അങ്ങനെയാകട്ടെ

(may it be), തീർച്ചയായും (Surely), നിശ്ചയമായും (Certainly) എന്നൊക്കെയാണ്. മൂലഭാഷയിൽ ഈ വാക്കിന്റെ അർത്ഥം ഉറച്ചിരിക്ക (to be firm), നേരെയുള്ളത് (steady), മാറ്റമില്ലാത്തത് (unchanging), വിശ്വസ്തമായത് (trustworthy) എന്നാണ്. ആമേൻ എന്ന വാക്ക് ഒരു കാര്യം ഉറപ്പിച്ചു പറയുന്നതിനും, സത്യപ്രതിജ്ഞയ്ക്കും ഉപയോഗിക്കാറുണ്ട്. പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന അവസാനത്തെ വാക്ക് ആമേൻ ആണ്.

**തിരുവചനത്തിൽ ആമേൻ ഉപയോഗിച്ചിരിക്കുന്ന സന്ദർഭങ്ങളും അവയുടെ പ്രസക്തിയും —**

**1. ഉറപ്പായി പറയുന്ന വാക്ക് —** (A word of firmness / certainity)

യേശുക്രിസ്തു തന്റെ ഉപദേശത്തിനിടെ പല പ്രാവശ്യം ആമേൻ ഉപയോഗിച്ചിട്ടുണ്ട്. —

യോഹ.3:3 —*"യേശു അവനോടു:* ***ആമേൻ, ആമേൻ,*** *ഞാൻ നിങ്ങളോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു."*

യോഹ.3:5 —*"അതിന്നു യേശു:* ***ആമേൻ, ആമേൻ***, *ഞാൻ നിന്നോടു പറയുന്നു; വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല."*

യോഹ.10:1 — "**ആമേൻ, ആമേൻ**, *ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻതൊഴുത്തിൽ വാതിലിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു."*

യോഹ.10:7 — *"യേശു പിന്നെയും അവരോടു പറഞ്ഞത്;* ***ആമേൻ, ആമേൻ***, *ഞാൻ നിങ്ങളോടു പറയുന്നു: ആടുകളുടെ വാതിൽ ഞാനാകുന്നു."*

ആമേൻ എന്ന എബ്രായവാക്കിനു ഗ്രീക്കിൽ "നൈ" (Nai) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. വെളിപ്പാടുപുസ്തകത്തിൽ "ആമേൻ" എന്ന എബ്രായപദവും, "നൈ " എന്ന ഗ്രീക്കുപദവും പരിഭാഷപ്പെടുത്തി "ഉവ്വു" എന്നും ഉപയോഗിച്ചിരിക്കുന്നു. **വെളി.1:7 —** *"ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും.* ***ഉവ്വു, ആമേൻ.****"* കർത്താവു മേഘാരൂഢനായി വരുമെന്നും, ആ വരവ് കർത്താവിനെ ക്രൂശിച്ച യഹൂദന്മാരുൾപ്പെട്ടവരും, കർത്താവിൽ വിശ്വസിക്കാത്ത ജാതീയരാഷ്ട്രങ്ങളും കാണും എന്ന വസ്തുത ഇരട്ട ഉറപ്പോടെ പറയുന്നതാണ് ഉവ്വു (Nai), ആമേൻ (Amen) എന്ന പദങ്ങൾ.

**2. പ്രത്യാശയുടെ വാക്ക് —** (A word of Hope)

യിരെ.28:6 — "**ആമേൻ** *യഹോവ അങ്ങനെ ചെയ്യുമാറാകട്ടെ."*

*3. ആശീർവാദത്തിന്റെ വാക്ക് —* (A word of benediction)

റോമ.15:33 —*"സമാധാനത്തിന്റെ ദൈവം നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.* ***ആമേൻ****."*

1.തിമൊ.6:16 —*"അവന്നു ബഹുമാനവും, നിത്യബലവും ഉണ്ടാകട്ടെ.* ***ആമേൻ****."*

എബ്രാ.13:25 — *"കൃപ നിങ്ങളോടെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ.* ***ആമേൻ****."*

**4. സ്തോത്രത്തിന്റെ വാക്ക് —** (A word of Praise)

ഗലാ.1:4,5 —*"കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ. അവന്നു എന്നെന്നേക്കും മഹത്വം* ***ആമേൻ****."*

ഫിലി.4:20 —*"നമ്മുടെ ദൈവവും പിതാവുമായവന്നു എന്നെന്നേക്കും മഹത്വം,* ***ആമേൻ****."*

1.തിമൊ.6:15,16 —*"ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ തക്കസമയത്തു ആ പ്രത്യക്ഷത വരുത്തും. അവന്നു ബഹുമാനവും നിത്യബലവും ഉണ്ടാകട്ടെ.* ***ആമേൻ****."*

വെളി.1:6 —*"നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും;* ***ആമേൻ****."*

വെളി.19:4 —*"ഇരുപത്തുനാലു മൂപ്പന്മാരും നാലു ജീവികളും:* ***ആമേൻ***, *ഹല്ലേലൂയാ! എന്നു പറഞ്ഞു സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിച്ചു."*

**5. കർത്താവിനെ ആമേൻ എന്നു വിളിച്ചിരിക്കുന്നു —** (A word for Jesus Christ)

വെളി.3:14 —*"ലവൊദിക്യയിലെ സഭയുടെ ദൂതന്നു എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ* ***ആമേൻ*** *എന്നുള്ളവൻ അരുളിച്ചെയ്യുന്നതു:"*

**6. ബൈബിളിലെ അവസാനത്തെ വാക്ക് —** (Last word of Bible)

വെളി.22:21 —*"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ;* ***ആമേൻ****."*

**7. ഉടമ്പടിയുടെ (ശപഥം) വാക്ക് —** (A word of Oath)

ആവ.27:15-26 — *"ശില്പിയുടെ കൈപ്പണിയായി യഹോവെക്കു അറപ്പായ വല്ല വിഗ്രഹത്തെയും കൊത്തിയോ വാർത്തോ ഉണ്ടാക്കി രഹസ്യത്തിൽ പ്രതിഷ്ഠിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജന*

*മെല്ലാം:* ***ആമേൻ*** *എന്നു ഉത്തരം പറയേണം......ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണ മാക്കി അനുസരിച്ചു നടക്കാത്തവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം:* ***ആമേൻ*** *എന്നു പറയേണം."*

1.ദിന.16:36 —*"യിസ്രായേലിൻ ദൈവമായ യഹോവ എന്നും എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ. സകല ജനവും* ***ആമേൻ*** *എന്നു പറഞ്ഞു യഹോവയെ സ്തുതിച്ചു."*

നെഹ.5:13 —*"ഞാൻ എന്റെ മടി കുടഞ്ഞു: ഈ വാഗ്ദാനം നിവർത്തിക്കാത്ത ഏവനെയും അവന്റെ വീട്ടിൽ നിന്നും അവന്റെ സമ്പാദ്യത്തിൽ നിന്നും ദൈവം ഇതുപോലെ കുടഞ്ഞുകളയട്ടെ; ഇങ്ങനെ അവൻ കുടഞ്ഞും ഒഴിഞ്ഞും പോകട്ടെ എന്നു പറഞ്ഞു. സർവ്വസഭയും:* ***ആമേൻ*** *എന്നു പറഞ്ഞു യഹോവയെ സ്തുതിച്ചു."*

നെഹ.8:6 —*"എസ്രാ മഹാദൈവമായ യഹോവയെ സ്തുതിച്ചു; ജനമൊക്കെയും കൈ ഉയർത്തി;* ***ആമേൻ, ആമേൻ*** *എന്നു പ്രതിവചനം പറഞ്ഞു വണങ്ങി സാഷ്ടാംഗം വീണു യഹോവയെ നമസ്കരിച്ചു.""*

യിരെ.11:5 — *"ഇന്നുള്ളതുപോലെ ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു പാലും തേനും ഒഴുകുന്ന ദേശം കൊടുക്കും എന്നിങ്ങനെ ഞാൻ അവരോടു ചെയ്ത സത്യം നിവർത്തിക്കേണ്ടതിന്നു തന്നേ. അതിന്നു ഞാൻ:* ***ആമേൻ****, യഹോവേ എന്നു ഉത്തരം പറഞ്ഞു."*

**8. പ്രാർത്ഥനയുടെ അവസാനം ഉപയോഗിക്കുന്ന വാക്ക് —** (A word after Prayer)

1.കൊരി.14:16— *"അല്ല, നീ ആത്മാവുകൊണ്ടു സ്തോത്രം ചൊല്ലിയാൽ ആത്മവരമില്ലാത്തവൻ നീ പറയുന്നതു തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിന്നു എങ്ങനെ* ***ആമേൻ*** *പറയും?"*

സങ്കീ.41:13—*"യിസ്രായേലിന്റെ ദൈവമായ യഹോവ എന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ.* ***ആമേൻ, ആമേൻ****."*

സങ്കീ.72:19 —*"അവന്റെ മഹത്വമുള്ള നാമം എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ഭൂമി മുഴുവനും അവന്റെ മഹത്വം കൊണ്ടു നിറയുമാറാകട്ടെ.* ***ആമേൻ, ആമേൻ****."*

സങ്കീ.89:52 —*"യഹോവ എന്നെന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ.* ***ആമേൻ, ആമേൻ****."*

**9. ദൈവീക വാഗ്ദത്തങ്ങൾ ആമേൻ ആണ് — (**A word of Promise)

ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സത്യമായതും, ഉറപ്പായതും, മാറ്റമില്ലാത്തതും ആണ് എന്ന അർത്ഥത്തിൽ ആമേൻ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്.

2.കൊരി.1:20—*"ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ; അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിന്നു മഹത്വം ഉണ്ടാകുമാറു അവനിൽ* ***ആമേൻ*** *എന്നും തന്നേ."*

**സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിച്ചു** (fell down and worshiped God who sat on the throne)—

സിംഹാസനത്തിൽ ഇരിക്കുന്ന ദൈവം എന്നത് നമ്മുടെ ദൈവത്തിന്റെ മാത്രം പ്രത്യേകതയാണ്. ഒരിക്കൽ ഇരുന്നു എന്നോ, വീണ്ടും ഒരിക്കൽ ഇരിക്കും എന്നോ അല്ല ഇതിനർത്ഥം. എന്നാൽ എന്നെന്നേക്കും സിഹാസനത്തിൽ ഇരുന്നു സകലരെയും ഭരിക്കുന്ന ദൈവത്തിന്റെ നിത്യസർവ്വാധിപത്യത്തെയാണ് (Eternal Sovereignty of the Almighty God) ഇവിടെ വെളിപ്പെടുന്നത്. ഭൂമിയിൽ രാജാക്കന്മാരും, ഭരണാധികാരികളും വരികയും പോകുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ സിംഹാസനം നിത്യമായതും രാജത്വം മാറ്റമില്ലാത്തതുമാണ്.

**സങ്കീ.45:6 —** *"ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നെന്നേക്കും ഉള്ളതാകുന്നു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോലാകുന്നു."*

**സങ്കീ.47:8 —** *"ദൈവം ജാതികളെ ഭരിക്കുന്നു; ദൈവം തന്റെ വിശുദ്ധസിംഹാസനത്തിൽ ഇരിക്കുന്നു."*

**സങ്കീ.103:19 —** *"യഹോവ തന്റെ സിംഹാസനത്തെ സ്വർഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു; അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നു."*

ഇരുപത്തിനാലു മൂപ്പന്മാരും നാലുജീവികളും സർവ്വശക്തനായ ദൈവത്തെ സദാ സ്തുതിച്ചാരാധിക്കുന്ന രംഗങ്ങൾ വെളിപ്പാടു പുസ്തകത്തിൽ ആവർത്തിച്ചു രേഖപ്പെടുത്തിയിട്ടുണ്ട് (വെളി.4:8-11/ 5:8-12/5:14/ 7:11/11:16-18). മഹാപീഡനകാലത്തിന്റെ അന്ത്യത്തിൽ ദൈവം സകല സാത്താന്യശക്തികളെയും ന്യായം വിധിച്ചു ശിക്ഷിക്കുകയും, ക്രിസ്തു മഹത്വത്തോടെ രാജാവായി രംഗപ്രവേശനം ചെയ്യുന്ന കാഴ്ചയും അവരെ വീണ്ടും സംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിക്കുവാൻ ഇടയാക്കി. സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷംപോലെ കേട്ട ഹല്ലേലൂയ്യാ ഗീതത്തോടു ഇരുപത്തിനാലു മൂപ്പന്മാരും നാലുജീവികളും അങ്ങനെ ആകട്ടെ എന്നു പറഞ്ഞുകൊണ്ടു സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിക്കുന്നു. അവർ വീണു നമസ്കരിച്ചു എന്നത് അവരുടെ സമ്പൂർണ്ണസമർപ്പണത്തെയും സർവ്വശക്തനായ ദൈവത്തിനു നൽകുന്ന സമ്പൂർണ്ണ ബഹുമാനത്തെയും

കുറിക്കുന്നു.

**വെളി.19:5 — നമ്മുടെ ദൈവത്തിന്റെ സകലദാസന്മാരും ഭക്തന്മാരുമായി ചെറിയവരും വലിയവരും ആയുള്ളോരേ, അവനെ വാഴ്ത്തുവിൻ എന്നു പറയുന്നോരു ശബ്ദം സിംഹാസനത്തിൽ നിന്നു പുറപ്പെട്ടു** (Then a voice came from the throne, saying, "Praise our God, all you His servants and those who fear Him, both small and great!") —

ഇരുപത്തിനാലു മൂപ്പന്മാരും, നാലു ജീവികളും അവർകേട്ട സ്വർഗ്ഗീയ ഹല്ലെലൂയ്യാ ഘോഷത്തോടു ചേർന്നു അങ്ങനെയാകട്ടെ, ആമേൻ ഹല്ലെലൂയ്യാ എന്നു അവരും പറഞ്ഞുകൊണ്ടു സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിക്കുന്നു. അപ്പോൾ സ്വർഗ്ഗസിംഹാസനത്തിൽ നിന്നു യോഹന്നാൻ ഒരു ആഹ്വാനം കേൾക്കുന്നു. "*നമ്മുടെ ദൈവത്തിന്റെ സകലദാസന്മാരും ഭക്തന്മാരുമായി ചെറിയവരും വലിയവരും ആയുള്ളോരേ, അവനെ വാഴ്ത്തുവിൻ* " എന്നതായിരുന്നു അവിടെ കേട്ട ശബ്ദം. ഇരുപത്തിനാലു മൂപ്പന്മാരുടെയും നാലു ജീവികളുടെയും ആരാധനയോടുചേർന്നു സകലരും ഒത്തൊരുമിച്ചു ദൈവത്തെ വാഴ്ത്തിസ്തുതിക്കുവാനുള്ള ആഹ്വാനമായിരുന്നു അത്.

**നമ്മുടെ ദൈവത്തിന്റെ സകലദാസന്മാരും** (all you His servants / bond servants) —

യേശുക്രിസ്തുവിൽ വിശ്വസിച്ചു പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവും ആയി ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ ഒരുവൻ രക്ഷിക്കപ്പെടുന്നു. അതായത് രക്ഷിക്കപ്പെടുക എന്നാൽ കർത്താവിൽ സമ്പൂർണ്ണം ആശ്രയം വെച്ചു തന്നെത്തന്നെ കർത്താവിനു സമർപ്പിക്കുന്ന പ്രക്രിയയാണ്. അപ്രകാരം കർത്താവിൽ സമ്പൂർണ്ണ സമർപ്പണമുണ്ടാകുമ്പോൾ അവർ ദൈവത്തിന്റെ ദാസന്മാർ എന്നറിയപ്പെടും.

ദാസൻ എന്നതിനു ഗ്രീക്കിൽ ഡൂലോസ് (doulos) എന്നും എബ്രായഭാഷയിൽ എബെഥ് (ebedh) എന്ന പദങ്ങളാണുപയോഗിച്ചിരിക്കുന്നത്. അടിമ എന്നാണർത്ഥം. ദൈവവും ദൈവമക്കളും തമ്മിൽ യഥാർത്ഥത്തിൽ യജമാനനും അടിമയും എന്ന ബന്ധമാണുള്ളത്. ലോകപ്രകാരമുള്ള ഒരു ദാസന്റെ അഥവാ ജോലിക്കാരന്റെ സ്വാതന്ത്രവും അവകാശവും ഒരു അടിമക്കു ലഭിക്കുകയില്ല. അടിമ ആയുഷ്കാലം യജമാനന്റെ വകയാണ്. എന്നാൽ ദൈവവും തന്റെ അടിമകളായ ദൈവമക്കളും തമ്മിലുള്ള ബന്ധം നിത്യസ്നേഹത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. അടിമ സാഹചര്യങ്ങളാൽ യജമാനനു സമർപ്പിക്കപ്പെട്ടിരിക്കുമ്പോൾ ദൈവത്തിന്റെ അടിമയായിരിക്കുന്ന വിശ്വാസി സ്വമേധയാ യജമാമനനു സമർപ്പിക്കപ്പെട്ടിരിക്കുന്നു.

തിരുവചനത്തിൽ വിശ്വാസികളെ ദൈവത്തിന്റെ ദാസന്മാർ എന്നു ആവർത്തിച്ചു സംബോധന ചെയ്തിട്ടുണ്ട് (വെളി.1:1/2:20/7:3/11:18/15:3/22:3/അപ്പൊ.16:17/റോമ.1:2/ഫിലി.1:1/യൂദാ.1). നമ്മുടെ ദൈവത്തിന്റെ സകലദാസന്മാരും ദൈവത്തെ വാഴ്ത്തിസ്തുതിക്കുവാൻ സിംഹാസനത്തിൽ നിന്നു കേട്ട ശബ്ദം സകല വീണ്ടെടുക്കപ്പെട്ട ദൈവമക്കളെയും കുറിക്കുന്നു.

**ഭക്തന്മാർ** (and those who fear Him) —

ഭക്തിയോടെ ദൈവത്തെ സേവിക്കുന്നവർ ദൈവത്തെ ഭയപ്പെടുന്നവരെന്ന നിലയിൽ ദൈവഭക്തന്മാരാണ്. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭം എന്നു തിരുവചനം പ്രസ്താവിക്കുന്നു. ദൈവത്തെ ഭയപ്പെടുന്നവരാണ് ദൈവമക്കൾ. എന്നാൽ ദൈവത്തെ ദൈവമക്കൾ ഭയപ്പെടുന്നത് ദൈവത്തിന്റെ ഏതെങ്കിലും പേടിപ്പെടുത്തുന്ന സ്വഭാവത്തെ കണ്ടുകൊണ്ടല്ല. അവർ ദൈവത്തിന്റെ സ്നേഹവും, കരുണയും, സ്വഭാവസവിശേഷതകളും കണ്ടു അവരിലുണ്ടാകുന്ന ബഹുമാനത്തിലും ആദരവിലും നിന്നുയരുന്നതാണ് ദൈവഭയം. ദൈവഭയം സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. തിരുവചനത്തിൽ ദൈവദാസന്മാരെ ദൈവത്തെ ഭയപ്പെടുന്നവരെന്നും ദൈവഭക്തന്മാർ എന്നും പറഞ്ഞിട്ടുണ്ട് (യോശു.24:14/1.ശമൂ.12:14/സങ്കീ.22:23/ലൂക്കൊ.1:50).

സകലദൈവഭക്തന്മാരും ദൈവത്തെ സ്തുതിക്കുന്നതിൽ പങ്കുചേരുവാനായി സ്വർഗ്ഗസിംഹാസനത്തിൽ നിന്നും ആഹ്വാനം ഉയരുന്നു.

**ചെറിയവരും വലിയവരും ആയുള്ളോരേ** (both small and great) —

ദൈവത്തെ സ്തുതിക്കുന്നതിൽ ചെറിയവരും വലിയവരും ഉൾപ്പെടുന്നു. ചെറിയവരും വലിയവരും എന്നത് മാനുഷിക ചിന്താഗതിയിൽ നിന്നുണ്ടാകുന്ന വേർതിരിവോ കൂട്ടിച്ചേർക്കലോ അല്ല. സമ്പന്നത, പാരമ്പര്യം, കുടുംബമഹിമ എന്നിവയൊക്കെ മാനുഷിക ബുദ്ധിയിൽ നിന്നു ഉരുത്തിരിയുന്നതാണ്. എന്നാൽ ദൈവം മനുഷ്യനെ തിരഞ്ഞെടുത്തപ്പോൾ അവന്റെ ഭാഷയോ, വംശമോ, ജാതിയോ, മഹിമയോ മറ്റേതെങ്കിലുമോ നോക്കിയില്ല. ദൈവത്തെ സ്തുതിക്കുന്നതിലും മാനുഷികമൂല്യങ്ങൾക്കു പ്രസക്തിയില്ല. ചെറിയവരും വലിയവരും എന്നത് ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ ഏറെ അദ്ധ്വാനിച്ചവരും കുറച്ചു അദ്ധ്വാനിച്ചവരെന്നും അവരുടെ പ്രവർത്തനത്തോടുള്ള ബന്ധത്തിലുള്ള തിരിവ് ആയിരിക്കാം. അതായത് ദൈവത്തിന്റെ ശ്രേഷ്ടദാസന്മാരും അല്ലാത്തവരും എന്നു ഭേദമില്ലാതെ സകലരും ദൈവത്തെ

വാഴ്ത്തി സ്തുതിക്കുക എന്നാണ് അവിടെ ഉയരുന്ന ആഹ്വാനം.

**അവനെ വാഴ്ത്തുവിൻ എന്നു പറയുന്നോരു ശബ്ദം സിംഹാസനത്തിൽ നിന്നു പുറപ്പെട്ടു** (Then a voice came from the throne, saying, Praise our God) —

ദൈവത്തെ വാഴ്ത്തി സ്തുതിക്കുക എന്ന ശബ്ദം ഉയരുന്നത് സ്വർഗ്ഗസിംഹാസനത്തിൽ നിന്നാണ്. നമ്മുടെ ദൈവത്തിന്റെ ദാസന്മാർ എന്നു രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ദൈവം ആയിരിക്കയില്ല ഇവിടെ ആഹ്വാനം ചെയ്തിരിക്കുന്നത്. സ്വർഗ്ഗസിംഹസനത്തിനടുത്തുള്ള ദൂതന്റെ ശബ്ദമായിരിക്കും ഇവിടെ മുഴങ്ങിക്കേൾക്കുന്നത്. വാഴ്ത്തുക എന്നാൽ ദൈവത്തിന്റെ സ്വഭാവസവിശേഷതകളെയും, ദൈവം ശത്രുക്കളോടു ചെയ്ത സകല ന്യായവിധികളെയും ഓർത്തു ദൈവത്തെ പുകഴ്ത്തുക എന്നാണ്. ദൈവമേ നീ നല്ലവൻ, ദൈവമേ നീ വലിയവൻ, ദൈവമേ നീ ഉന്നതൻ എന്നു ദൈവത്തിന്റെ സ്വഭാവസവിശേഷതകളെ വർണ്ണിച്ചുകൊണ്ടു സ്തുതിക്കുന്നതാണ് ദൈവത്തെ വാഴ്ത്തുവിൻ എന്നു പറയുന്നതിനു സാരം. നരകത്തിൽ അയ്യം വിളിക്കേണ്ടുന്ന മനുഷ്യരെ ദൈവം രക്ഷിച്ചത് ദൈവകരുണയാലാണ്. ആയതിനാൽ രക്ഷാഭാഗ്യം അനുഭവിക്കുന്ന ഓരോ വിശ്വാസിയും രക്ഷയുടെ പാത്രമെടുത്തു ദൈവത്തെ വാഴ്ത്തിസ്തുതിക്കുകയാണ് വേണ്ടത്.

**വെളി.19:6 — അപ്പോൾ വലിയ പുരുഷാരത്തിന്റെ ഘോഷം പോലെയും പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും തകർത്ത ഇടിമുഴക്കംപോലെയും ഞാൻ കേട്ടതു; ഹല്ലെലൂയ്യാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു** (And I heard, as it were, the voice of a great multitude, as the sound of many waters and as the sound of mighty thunderings, saying, "Hallelujah! For the Lord God Omnipotent reigns!) —

സകല വീണ്ടെടുക്കപ്പെട്ടവരും ദൈവത്തെ വാഴ്ത്തുവിൻ എന്ന ആഹ്വാനം സിംഹാസനത്തിൽ നിന്നു പുറപ്പെട്ട നിമിഷത്തിൽ സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി. വലിയ പുരുഷാരത്തിന്റെ ഘോഷം പോലെയും, പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയും, ശക്തമായ ഇടിമുഴക്കം പോലെയും യോഹന്നാൻ കേട്ടത് നാലാമത്തെ ഹല്ലെലൂയ്യാ ഘോഷമായിരുന്നു. സർവ്വാധികാരം പ്രാപിച്ച ദൈവപുത്രനായ സർവ്വശക്തനായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു എന്നാണ് അവരുടെ സ്തുതിഗീതത്തിൽ ഉയർന്നുകേട്ടത്.

**അപ്പോൾ വലിയ പുരുഷാരത്തിന്റെ ഘോഷം പോലെയും പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും തകർത്ത ഇടിമുഴക്കംപോലെയും ഞാൻ കേട്ടതു; ഹല്ലെലൂയ്യാ!** (And I heard, as it were, the voice of a great multitude, as the sound of many waters and as the sound of mighty thunderings, saying, "Hallelujah!) —

കർത്താവിനെ സ്തുതിച്ചുകൊണ്ടു സ്വർഗ്ഗത്തിലുയർന്ന മഹാഘോഷമായ ഹല്ലെലൂയ്യായുടെ ശക്തിയെ വർണ്ണിക്കുവാൻ യോഹന്നാൻ മൂന്നു മഹാശബ്ദത്തോടു ഉപമിക്കുന്നു. (1) വലിയ പുരുഷാരത്തിന്റെ ഘോഷം — the voice of a great multitude (2) പെരുവെള്ളത്തിന്റെ ഇരെച്ചിൽ — the sound of many waters (3) തകർത്ത ഇടിമുഴക്കം — the sound of mighty thunderings. മഹാപുരുഷാരത്തിന്റെ ഘോഷവും (വെളി.19:1), പെരുവെള്ളത്തിന്റെ ഇരെച്ചിലും (വെളി.1:15/14:2), തകർത്ത ഇടിമുഴക്കവും (വെളി.6:1/14:2) വെളിപ്പാടു പുസ്തകത്തിൽ കേട്ടതാണ്. ഇവയൊക്കെ ശബ്ദത്തിന്റെ ഗാംഭീര്യം വർണ്ണിക്കുന്നവയാണ്. സ്വർഗ്ഗീയ ദൂതന്മാർ, സാറാഫുകൾ, കെരൂബുകൾ, നാലു ജീവികൾ എന്നിവരെകൂടാതെ മഹോപദ്രവകാലവിശുദ്ധന്മാർ, രക്തസാക്ഷികൾ, പഴയനിയമവിശുദ്ധന്മാർ, പുതിയനിയമവിശുദ്ധന്മാർ എന്നിങ്ങനെ സകലരും ഒരുമിച്ചു കർത്താവിനെ സന്തോഷത്തോടെ സ്തുതിച്ചാരാധിക്കുന്ന ശബ്ദമാണ് ഇവിടെ കേൾക്കുന്നത്.

**സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു** (For the Lord God Omnipotent reigns!) —

സ്വർഗ്ഗത്തിലുയരുന്ന മഹാശബ്ദത്തിന്റെ കാരണം "സർവ്വശക്തിയുള്ള നമ്മുടെ കർത്താവു രാജത്വം ഏറ്റിരിക്കുന്നു " എന്നതാണ്. ഏഴാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ : "ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു " (വെളി.11:15) എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം മുമ്പു ഉണ്ടായതായി നാം കേട്ടു. ഭൂമിയിലെ സാത്താന്യശക്തികളെ തോല്പിച്ചു അന്നു രാജത്വം വീണ്ടെടുത്തു എങ്കിൽ ഇപ്പോൾ രാജാവായി അധികാരം ഏറ്റെടുക്കുന്നു. ഇതോടു കൂടെ ദൈവത്തിന്റെ രാജ്യം അഥവാ സ്വർഗ്ഗരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുവാൻ പോകുന്നു. സാത്താന്യശക്തികളുടെ വാസസ്ഥലം എന്നെന്നേക്കുമായി നശിപ്പിക്കപ്പെട്ടു. അവരുടെ സന്തോഷം വലിയ ആഹ്ലാദമായി പുറത്തു വരുവാനുള്ള രണ്ടു കാരണങ്ങളുണ്ട്. ഒന്നാമത്തേത് അവർ പുറകോട്ടുനോക്കുമ്പോൾ അവരുടെ സകല ശത്രുക്കളെയും കർത്താവു ന്യായം വിധിച്ചു ശിക്ഷിച്ചു. രണ്ടാമത്തെ കാരണം കർത്താവു ഭൂമിയിൽ തന്റെ ഭരണം സ്ഥാപിക്കുമ്പോൾ അവർക്കുണ്ടാകുന്ന മഹാസന്തോഷം മുന്നിൽ കാണുന്നു. കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഓരോ ദൈവപൈതലിന്റെയും ഏറ്റവും വലിയ പ്രത്യാശയെന്നത് ക്രിസ്തു രാജാധിരാജനായി മടങ്ങിവരുമെന്നും, ക്രിസ്തു രാജ്യം സ്ഥാപിക്കുമ്പോൾ അവരും

അതിൽ പങ്കാളികളാകും എന്നതാണ് (റോമ.8:17/വെളി.20:4–6). അന്തിക്രിസ്തുവിനെയും അവന്റെ കാന്തയായ ബാബിലോണിനെയും ന്യായം വിധിച്ചു എന്നേക്കുമായി കർത്താവു ശിക്ഷിക്കുമ്പോൾ, ക്രിസ്തുവാകുന്ന കുഞ്ഞാടിന്റെയും കാന്തയായ മണവാട്ടി സഭയുടെയും വിവാഹവും സദ്യയും നടക്കുവാൻ പോകുന്നു. 17–ാം അദ്ധ്യായത്തിൽ വിഗ്രഹാരാധനയും ആചാരാനുഷ്ടാനങ്ങളും ഉൾക്കൊള്ളുന്ന വ്യാജമതബാബിലോണിന്റെയും, 18–ാം അദ്ധ്യായത്തിൽ സകലമ്ലേച്ഛതകളുടെയും സാത്താന്യദുരാത്മാക്കളുടെ വാസസ്ഥലവുമായ ബാബിലോണെന്ന മഹാനഗരവും നശിച്ചുപോയതിനാൽ ദൈവരാജ്യസ്ഥാപനത്തിനുള്ള സകല തടസ്സങ്ങളും ഇല്ലാതായി.

പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു കർത്താവു തന്റെ ശിഷ്യന്മാരോടു വിശദീകരിച്ചപ്പോൾ സ്വർഗ്ഗരാജ്യത്തിന്റെ വരവിനെക്കുറിച്ചും അതിൽ പരാമർശിച്ചിരിക്കുന്നു. **മത്താ.6:10 —** *"നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ."* കഴിഞ്ഞ രണ്ടായിരത്തിലേറെ വർഷങ്ങളായി ദൈവരാജ്യത്തിന്റെ വരവിനെ ഓരോരോ കാലങ്ങളിൽ പ്രത്യാശയോടെ കഴിഞ്ഞവരുടെയും ഇന്നു ഭൂമിയിൽ ജീവിക്കുന്ന വിശുദ്ധന്മാരുടെയും പ്രാർത്ഥനയും പ്രത്യാശയും ഇതു തന്നെയാണ്. യേശുക്രിസ്തു രാജത്വം ഏറ്റെടുത്തിരിക്കുന്നു എന്നത് അവരുടെ പ്രത്യാശയുടെ പൂർത്തീകരണമാണ്.

"സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു" എന്നത് യേശുക്രിസ്തുവിന്റെ ദൈവത്വത്തെ തെളിയിക്കുന്നതും നമ്മുടെ കർത്താവിനു ലഭിക്കുന്ന ഉന്നതിയുമാണ്. സർവ്വശക്തൻ എന്നത് എല്ലാറ്റിന്മേലും അധികാരവും ശക്തിയും നിയന്ത്രണവും വെളിപ്പെടുത്തുന്നു. സാത്താന്യശക്തികളെ ഒന്നടങ്കം ന്യായം വിധിച്ചു ശിക്ഷിച്ചതിലൂടെ ക്രിസ്തുവിന്റെ സർവ്വശക്തി വെളിപ്പെടുന്നു. സർവ്വശക്തൻ (Almighty) എന്ന പദം പുതിയനിയമത്തിൽ 10 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഒരെണ്ണം പഴയനിയമത്തിലെ ഉദ്ധരണിയോടൊപ്പവും (2.കൊരി.6:17), മറ്റു ഒൻപതെണ്ണം വെളിപ്പാടു പുസ്തകത്തിലും (വെളി.1:8/4:8/11:17/15:3/16:7/16:14/19:6/19:15/21:22) കാണുന്നു. ചക്രവർത്തി ആരാധന നിലനിന്നിരുന്ന കാലത്തിൽ "ഞങ്ങളുടെ കർത്താവും ദൈവവുമായ ചക്രവർത്തി" എന്നു ഭൂവാസികൾ ഭരണാധികാരികളുടെ മുമ്പിൽ വീണു നമസ്കരിച്ചു പറഞ്ഞുവെങ്കിൽ ഇവിടെ സ്വർഗ്ഗവാസികളാസകലം പറയുകയാണ് സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു. സർവ്വശക്തിയുള്ള നമ്മുടെ കർത്താവു രാജത്വം ഏറ്റിരിക്കുന്നു (For the Lord God Omnipotent reigns!) എന്നത് ദൈവമക്കളെ സംബന്ധിച്ചു എത്രയോ സന്തോഷമുള്ള വസ്തുതയാണ്.

**വെളി.19:7 — നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു** ("Let us be glad and rejoice and give Him glory, for the marriage of the Lamb has come, and His wife has made herself ready.") —

മർമ്മം: മഹതിയാം ബാബിലോൺ എന്ന വ്യാജമതത്തെ പ്രതിനിധീകരിക്കുന്ന വേശ്യയുടെയും, ദുർഭൂതങ്ങളുടെപാർപ്പിടവും മൃഗത്തിന്റെ ആസ്ഥാനവും ലോകവാണിജ്യവ്യവസ്ഥിതിയുടെ തലസ്ഥാനവുമായ ബാബിലോൺ നഗരത്തിന്റെയും സമ്പൂർണ്ണ നാശത്തിൽ ഭൂവാസികൾ അയ്യം വിളിച്ചു വിലപിക്കുന്നു. തദവസരത്തിൽ സ്വർഗ്ഗത്തിൽ മഹാസന്തോഷധ്വനിയായി ദൈവത്തെ സ്തുതിച്ചുകൊണ്ടു നാലു ഹല്ലെലൂയ്യാ മഹാഘോഷമായി ഉയരുന്നു. സർവ്വശക്തിയുള്ള നമ്മുടെ കർത്താവു രാജത്വം ഏറ്റിരിക്കുന്നു എന്നു പറയുന്നതും അതോടൊപ്പം യോഹന്നാൻ കേട്ടു. അതിനുശേഷം വീണ്ടും സ്വർഗ്ഗത്തിൽ ഒരു ആഹ്വാനം യോഹന്നാൻ കേൾക്കുന്നു — അത് — (1) നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക (2) കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ (3) അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു എന്നാണ്.

**നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക** ("Let us be glad and rejoice and give Him glory) —

നാം എന്നതിൽ സ്വർഗ്ഗത്തിലെ ദൂതന്മാർ കെരൂബുകൾ, നാലു ജീവികൾ, 24 മൂപ്പന്മാർ, വീണ്ടെടുക്കപ്പെട്ട സകലരും ഉൾക്കൊള്ളുന്നു. സ്വർഗ്ഗവാസികളൊന്നടങ്കം സന്തോഷിക്കുകയും ഉല്ലസിക്കുകയും ചെയ്യുവാനുള്ള ആഹ്വാനമാണ് കേൾക്കുന്നത്. ക്രിസ്തു സകല സാത്തന്യശക്തികളെയും തോല്പിച്ചു ജയാളിയായി രാജത്വം ഏറ്റെടുത്തിരിക്കുന്നു. സഹസ്രാബ്ദവാഴ്ചക്കു ആരംഭം കുറിക്കുന്നതിനു മുമ്പായുള്ള കല്യാണത്തെയും അതിനു യോഗ്യത ലഭിച്ചിരിക്കുന്ന മണവാട്ടിയുടെ പദവിയും കണ്ടുകൊണ്ടാണ് സന്തോഷിച്ചു ഉല്ലസിക്കുന്നത്.

സന്തോഷിച്ചു ഉല്ലസിക്കുക എന്ന രണ്ടു വാക്കുകൾ ഒരുമിച്ചു പുതിയനിയമത്തിൽ വെളിപ്പാടിൽ കൂടാതെ മത്തായി എഴുതിയ സുവിശേഷത്തിലും മാത്രം (മത്താ.5:12/വെളി.19:7) കാണുന്നു. **മത്താ.5:11,12 —** *"എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നേ ഉപദ്രവിച്ചുവല്ലോ."* മത്തായിയുടെ സുവിശേഷത്തിൽ സന്തോഷിച്ചു ഉല്ലസിക്കുക എന്നത് കർത്താ

വിന്റെ ഗിരിപ്രഭാഷണത്തിലെ പ്രസ്താവനയാണ്. കർത്താവിന്റെ നാമം നിമിത്തം പീഡനങ്ങളേൽക്കുന്ന വിശ്വാസി സ്വർഗ്ഗത്തിൽ തനിക്കു ലഭിക്കുവാനിടയാകുന്ന പ്രതിഫലത്തെ ഓർത്തു സന്തോഷിച്ചുല്ലസിക്കുവാനാണ് കർത്താവു പറഞ്ഞത്. ഇതു വെളിപ്പാടു പുസ്തകത്തിലെ സന്തോഷ ആഹ്വാനവുമായി ബന്ധപ്പെടുത്തിയാൽ, ഭൂമിയിൽ നാനവിധപരീക്ഷകളിലും എണ്ണമറ്റ പീഡകളിലും കഷ്ടതകളിലും കൂടി കടന്നു വന്ന ദൈവമക്കൾക്കും പ്രതിഫലമായി സന്തോഷിച്ചുല്ലസിക്കുവാൻ അവസരം ലഭിച്ചിരിക്കുന്നു. ക്രിസ്തു എന്ന മണവാളനും, സഭ എന്ന കാന്തയുമായുള്ള വിവാഹം നടക്കുവാൻ പോകുന്നു. വിവാഹ വിരുന്നിൽ പങ്കെടുക്കുന്നവർക്കും മണവാട്ടി പദം അലങ്കരിക്കുന്നവർക്കും ഒരുപോലെ സന്തോഷിച്ചുല്ലസിക്കുവാൻ ഇടയാകുന്നു.

സന്തോഷിച്ചുല്ലസിക്കുന്ന സമയത്തും മഹത്വം കർത്താവിനു കൊടുക്കുക എന്നാണ് ആഹ്വാനം. കാരണം ഇത്രവലിയ പ്രതിഫലം ലഭിക്കുവാനും, അതിൽ സന്തോഷിച്ചുല്ലസിക്കുവാനും കാരണമായിത്തീരുന്നത് നമ്മുടെ പ്രവർത്തിയാലോ ഏതെങ്കിലും സൽപ്രവർത്തികളാലോ അല്ല. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കു അയച്ചു രക്ഷാമാർഗ്ഗവും അനുഗ്രഹപദവിയും ഒരുക്കിയതിനാലാണ് നാം ഏറിയ അനുഗ്രഹങ്ങൾ നുകരുവാൻ ഇടയാകുന്നത്. ആയതിനാൽ സന്തോഷിച്ചുല്ലസിക്കുമ്പോഴും മഹത്വവും പുകഴ്ചയും കർത്താവിനു കൊടുക്കുന്നത് ഏറ്റവും യുക്തമാണ്.

**കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ** (for the marriage of the Lamb has come) —

കുഞ്ഞാടിന്റെ കല്യാണം വന്നതിനാലാണ് നാം സന്തോഷിച്ചു ഉല്ലസിച്ചു ദൈവത്തിനു മഹത്വം കൊടുക്കേണ്ടുന്നത്. ക്രിസ്തുവിൽ അഭയം പ്രാപിച്ച സകലവിശുദ്ധന്മാരുടെയും പ്രത്യാശയാണ് കർത്താവിന്റെ വാനമേഘങ്ങളിലെ പ്രത്യക്ഷതയും കുഞ്ഞാടിന്റെ കല്യാണവും അനന്തരസംഭവങ്ങളും. പെന്തെക്കൊസ്തുനാളിൽ ആരംഭം കുറിച്ച് ഇന്നും ഒരു കൂട്ടമായി ചേർത്തുകൊണ്ടിരിക്കുന്ന സഭയാകുന്ന കാന്തയും, അവൾക്കുവേണ്ടി ജീവൻ മറുവിലയായി നൽകിയ മണവാളനായ ക്രിസ്തുവും തമ്മിലുള്ള വിവാഹം സ്വർഗ്ഗത്തിൽ നടക്കുവാൻ പോകുന്നു. ക്രിസ്തുവിൽ വിശ്വസിച്ചു ദൈവമക്കളായിത്തീർന്നവരെല്ലാം ആത്മികഭാഷയിൽ ക്രിസ്തുവിനോടു വിവാഹം നിശ്ചയം ചെയ്യപ്പെട്ടവരാണ്. തുടർന്നു നടക്കേണ്ട വിവാഹത്തിനായുള്ള അവരുടെ കാത്തിരിപ്പു ക്രിസ്തുവിന്റെ വാനമേഘങ്ങളിലെ പ്രത്യക്ഷതയോടെ സഫലമാക്കപ്പെടുന്നു.

കുഞ്ഞാടിന്റെ കല്യാണം എന്നത് തികെച്ചും ആത്മീകമായ ഒന്നാണ്. ഭൗമികവിവാഹങ്ങളോടു താരതമ്യപ്പെടുത്തിയാൽ ഏറെ തെറ്റിദ്ധാരണകൾക്കു കാരണമാകും. ഭാര്യാഭർത്താക്കന്മാരുടെ ജീവിതത്തെയും അവർ തമ്മിലുള്ള സ്നേഹബന്ധത്തെയുമാണ് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിനു പ്രാധാന്യത കൊടുക്കേണ്ടുന്നത്. അതായത് കുഞ്ഞാടിന്റെ കല്യാണം എന്നത് സ്വർഗ്ഗീയകാര്യങ്ങളെ ഭൗമീകകാര്യങ്ങളുടെ വെളിച്ചത്തിൽ വിശദമാക്കുവാനുപയോഗിക്കുന്ന ശൈലി മാത്രമാണ്.

കുഞ്ഞാടിന്റെ കല്യാണവും, കാന്തയുടെ ഒരുക്കവും, കല്യാണസദ്യയും ഒക്കെ വിവരിക്കുന്ന ഈ ഭാഗങ്ങൾ യഹൂദാപശ്ചാത്തലത്തിലുള്ള അന്നത്തെ കാലഘട്ടത്തോടു ബന്ധപ്പെട്ടിരിക്കുന്നു. യോഹന്നാൻ വെളിപ്പാടു പുസ്തകം എഴുതിയ കാലത്തിൽ നിലനിന്നിരുന്നതും വിശേഷാൽ യഹൂദന്മാരുടെ വിവാഹത്തോടനുബന്ധിച്ചുള്ള ആചാരങ്ങളും മനസ്സിലാക്കുന്നത് ഏറെ സഹായകമാണ്.

ഒരു യുവാവിനു ഒരു യുവതിയെ വിവാഹം കഴിക്കണമെങ്കിൽ അക്കാര്യം അവളെയും ഭവനക്കാരെയും അറിയിക്കും. മണവാട്ടിയെ യുവാവിന്റെ മാതാപിതാക്കളോ ബന്ധുക്കളോ കണ്ടെത്തിയതാകാം. അതുമല്ലെങ്കിൽ റിബേക്കയെ യിസ്ഹാക്കിനുവേണ്ടി എലയാസർ കണ്ടുപിടിച്ചതുപോലെ മൂന്നാമതൊരു വ്യക്തി ആലോചിച്ചതാകാം. ഏതായാലും ഇഷ്ടപ്പെട്ടെങ്കിൽ അക്കാര്യം വധുവിന്റെ ഭവനക്കാരെ അറിയിക്കും. തുടർന്നു വിവാഹനിശ്ചയമാണ്. ഈ അവസരത്തിൽ വിവാഹം എന്നു നടത്താമെന്നു പറയുകയോ തീയതി നിശ്ചയിക്കുകയോ ചെയ്യുകയില്ല. വിവാഹതീരുമാനം പൊതുവേ ഇരുഭവനക്കാരുടെയും പിതാക്കന്മാർ തമ്മിലുള്ള ഉടമ്പടിയായിരിക്കും. ചിലപ്പോൾ വിവാഹം നിശ്ചയിക്കപ്പെടുന്ന വധുവും വരനും പ്രായപൂർത്തിയാകാത്ത കുട്ടികളായിരിക്കും. വിവാഹ തീയതി തീരുമാനിച്ചില്ലെങ്കിലും വിവാഹം നടത്താൻ ഉടമ്പടിയാൽ തീരുമാനമെടുക്കുന്ന നാൾ മുതൽ വധുവും വരനും നിയമപരമായി വിവാഹം കഴിഞ്ഞവരെപ്പോലെ ഇരു ഭവനങ്ങളിലും കഴിയും. വിവാഹം കഴിക്കുവാൻ തീരുമാനിച്ച ദിവസം മുതൽ മണവാളൻ മണവാട്ടിക്കുവേണ്ടി വീടുപണി ആരംഭിക്കും. പുതിയവീടു പണിയുവാൻ സാമ്പത്തികശേഷിയില്ലെങ്കിൽ വധുവിനായി സ്വന്തമായി ഒരു മുറിയെങ്കിലും പിതാവിന്റെ ഭവനത്തോടു ചേർത്തു നിർമ്മിക്കും. അതുപോലെ വിവാഹനിശ്ചയം കഴിഞ്ഞ നിമിഷം മുതൽ വധു വിവാഹവസ്ത്രം ധരിച്ചാണ് രാത്രിയും പകലും ഭവനത്തിൽ കഴിയേണ്ടത്. അവളോടൊപ്പം തോഴിമാരും ഉണ്ടാകും. വരൻ വീടുപണി കഴിഞ്ഞാലുടൻ തന്റെ തോഴന്മാരുമായി വധുവിന്റെ ഭവനത്തിലേക്കു യാത്രയാകും. യാത്രസൗകര്യങ്ങൾ പരിമിതമായിരിക്കുന്ന അക്കാലങ്ങളിൽ വധുവിന്റെ ഭവനത്തിലെത്തുവാൻ ചിലപ്പോൾ മാസങ്ങളോ വർഷങ്ങളോ കഴിഞ്ഞിരിക്കും. രാവിലെയോ, ഉച്ചക്കോ, വൈകുന്നേരത്തോ, പാതിരാത്രിക്കോ, വെളുപ്പാൻ കാലത്തോ ആയിരിക്കാം വധുവിന്റെ ഭവനത്തിന്റെ മുമ്പിൽ എത്തുക. വധുവിന്റെ ഭവനത്തിന്റെ മുന്നിലെ

ത്തിയാൽ വരന്റെ തോഴന്മാർ മണവാളൻ എത്തിയ വിവരം ഉച്ചത്തിൽ വിളിച്ചു പറയും. ഈ സമയം വിവാഹവസ്ത്രധാരിയായ വധുവും അവളുടെ താഴിമാരും ഇറങ്ങിവന്നു മണവാളനെയും കൂട്ടരെയും സ്വീകരിക്കും. രാത്രിയിലാണെങ്കിൽ തോഴിമാരുടെ കൈകളിൽ കത്തിച്ച വിളക്കുകൾ ഉണ്ടായിരിക്കും. ഈ സമയം വധു വരനെ സ്വീകരിക്കുവാൻ വരാതെയിരുന്നാൽ വരനും കൂട്ടരും തിരികെ പോകും. മണവാള വൃന്ദത്തിന്റെ ഒച്ച കേൾക്കുന്ന അവസരത്തിൽ വിവാഹവസ്ത്രം ധരിച്ചിരിക്കുന്ന മണവാട്ടി പുറത്തു വന്നു വരനെ എതിരേറ്റാൽ അവളെയും കൂട്ടി വരൻ തന്റെ ഭവനത്തിലേക്കു മടങ്ങുന്നു. അതിനുശേഷം വിവാഹം നടക്കുന്നു. തുടർന്നു ദിവസങ്ങളോ മാസങ്ങളോ നീണ്ടു നിൽക്കുന്ന വിവാഹസദയയും ആഘോഷങ്ങളും ഉണ്ടായിരിക്കും.

മത്തായിയുടെ സുവിശേഷത്തിലെ രാജപുത്രന്റെ കല്യാണവിരുന്നിനോടും (മത്താ.22:1-14), പത്തു കന്യമാരുടെ ഉപമയോടും (മത്താ.25:1-13) വെളിപ്പാടു പുസ്തകത്തിലെ കുഞ്ഞാടിന്റെയും കാന്തയായ സഭയുടെ വിവാഹത്തോടു ബന്ധപ്പെടുത്തി ചിന്തിക്കുവാൻ കഴിയുകയില്ല. രാജപുത്രന്റെ കല്യാണവിരുന്നിന്റെ വിഷയം എന്നത് യിസ്രായേലിന്റെ കപടഭക്തിയും ദൈവത്തെ നിരാകരിക്കലുമാണ്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജാതിയായ യിസ്രായേലാണ് രാജാവിന്റെ ക്ഷണം നിരസിച്ചു കല്യാണസദ്യയിലേക്കു കടന്നുവരാത്തവർ. തെരുവിൽ നിന്നു തൽസമയത്തു കൂട്ടിക്കൊണ്ടു വന്നഅതിഥികളായവർ ജാതീയവിശ്വാസികളെ (മത്താ.8:11,12) കുറിക്കുന്നു. എന്നാൽ പത്തു കന്യകമാരുടെ ഉപമയിൽ വിശ്വാസികൾ കർത്താവിന്റെ വരവിനായി എപ്പോഴും ആത്മീകമായി ഒരുക്കമുള്ളവരായിരിക്കേണമെന്നുള്ളതാണ് വിഷയം. ഉപമയിലെ പത്തുകന്യകമാർ മണവാട്ടി സഭയെ പ്രതിനിധീകരിക്കുന്നില്ല. ഒരുക്കമുള്ള അഞ്ചുപേർ മശീഹായെ കാത്തിരിക്കുന്ന യിസ്രായേല്യരെയും, ബുദ്ധികെട്ട അഞ്ചുപേർ മശീഹായുടെ വരവിനായി ശ്രദ്ധിക്കാതെ കഴിയുന്ന യിസ്രായേലിന്റെ ഭ്രഷ്ടന്മാരെയും കുറിക്കുന്നു. ഇരുകൂട്ടരെയും മറ്റൊരു വിധത്തിലും താരതമ്യപ്പെടുത്താം. ബുദ്ധിയുള്ള അഞ്ചുപേർ ദൈവത്തിൽ ആശ്രയംവെച്ച വിശുദ്ധന്മാരായും, ബുദ്ധിയില്ലാത്ത അഞ്ചുപേർ ദൈവത്തിൽ ആശ്രയംവെക്കാത്ത അവിശ്വാസികളായും ചിന്തിക്കാം. ക്രിസ്തുവിന്റെ മണവാട്ടി പദവി അലങ്കരിക്കുന്നത് പുതിയനിയമസഭയാണ്. സഭയെ മണവാട്ടി, കാന്ത, നിർമ്മല കന്യക എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഒരിക്കലും കന്യകമാർ എന്നു പറഞ്ഞിട്ടില്ല. ആയതിനാൽ ബുദ്ധിയുള്ള അഞ്ചു കന്യകമാർ ക്രിസ്തുവിന്റെ മണവാട്ടിയെ പ്രതിനിധീകരിക്കുന്നില്ല. അവർ കേവലം കല്യാണസദ്യയിലെ അതിഥികൾ മാത്രം.

യഹൂദന്മാരുടെ വിവാഹത്തിനു മൂന്നു ഘട്ടങ്ങളുണ്ട് — (1) വിവാഹനിശ്ചയം – (betrothal) (2) മണവാളന്റെ യാത്ര – വെളിപ്പെടലും വിവാഹവും – (Presentation & marriage) (3) കല്യാണസദ്യ – (the marriage feast).

### (1) വിവാഹനിശ്ചയം — (betrothal) —

വിവാഹത്തിനു മുമ്പായി ഒരു നിശ്ചയം അഥവാ ഉറപ്പിക്കൽ (betrothel or engagement) ഉണ്ടായിരിക്കും. ഇരു കുടുംബങ്ങളും തമ്മിലുള്ള വാക്കുപറയൽ അഥവാ ഉറപ്പിക്കൽ ഉടമ്പടിയാണിത്. ഉറപ്പിക്കുന്ന സമയത്ത് ചിലപ്പോൾ വധൂവരന്മാരയവർ പ്രായപൂർത്തിയെത്താത്ത കുട്ടികളുമായിരിക്കും. എന്നാലും വിവാഹനിശ്ചയത്തിന്റെ ഉടമ്പടി വേർപിരിയാനാവാത്തവിധം നിയമപരമായി സാധുതയുള്ളതും ആയിരിക്കും. വിവാഹം നടന്നിട്ടില്ലെങ്കിലും വരനും വധുവും ഭാര്യാഭർത്താക്കന്മാരായി കരുതപ്പെടും. വിവാഹനിശ്ചയം മുതൽ വിവാഹത്തിനായി മണവാളന്റെ വരവുവരെയുമുള്ള കാലം ഒരുക്കത്തിന്റെ കാലമായിരിക്കും. വരൻ തന്റെ പിതാവിന്റെ ഭവനത്തോടു ചേർന്നു വധുവിനായി ഒരു വീടു പണിയും. വധു അക്കാലമത്രയും ഏതുസമയത്തും വിവാഹവസ്ത്രം ധരിച്ചുകൊണ്ടു മണവാളന്റെ വരവിനായി കാത്തിരിക്കും.

വിശ്വാസിയും ക്രിസ്തുവും തമ്മിലുള്ള വിട്ടുപിരിയാനാവാത്ത ബന്ധം കാണിക്കുവാൻ ഭൂമിയിലെ ഏറ്റവും പരിപാവനമായ വിവാഹബന്ധത്തോടാണ് സാദൃശപ്പെടുത്തിയിരിക്കുന്നത്. ഒരുവൻ കർത്താവായ യേശുക്രിസ്തുവിനെ സ്വീകരിക്കുന്ന മാത്രയിൽ അഥവാ രക്ഷിക്കപ്പെടുമ്പോൾ മണവാട്ടി സഭയുടെ അംഗമായിത്തീരുന്നു. രക്ഷിക്കപ്പെടുക എന്നാൽ ആത്മീകഭാഷയിൽ ക്രിസ്തുവുമായി വിവാഹനിശ്ചയം ചെയ്യപ്പെടുകയാണ്. **2.കൊരി.11:2 —** *"ഞാൻ ക്രിസ്തു എന്ന ഏകപുരുഷന്നു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹം നിശ്ചയം ചെയ്തിരിക്കുന്നു"* എന്നു അപ്പൊസ്തലനായ പൗലൊസ് ബന്ധത്തെ വ്യക്തമാക്കുന്നു. സഭാകാലം എന്നത് യഥാർത്ഥത്തിൽ വിവാഹനിശ്ചയത്തിന്റെ കാലഘട്ടം ആണ്. തന്റെ പുത്രനായ ക്രിസ്തുവിനുവേണ്ടി പിതാവായ ദൈവം മണവാട്ടിയെ വിളിക്കുന്ന കാലം. യഹൂദാപശ്ചാത്തലത്തിൽ വിവാഹനിശ്ചയം കഴിഞ്ഞാൽ വരൻ വധുവിനായി ഭവനപണി ആരംഭിക്കുന്നു. ആയതുപോലെ ക്രിസ്തു ഭൂമിയിൽ രക്ഷാമാർഗ്ഗം ഒരുക്കിയശേഷം തന്റെ മണവാട്ടിക്കായി സ്ഥലം ഒരുക്കുവാൻ സ്വർഗ്ഗത്തിലേക്കു പോയിരിക്കയാണ്. കർത്താവു തന്നെ ഇതു വ്യക്തമാക്കിയിട്ടുണ്ട് — **യോഹ.14:2,3 —** *"എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ*

*പോയി സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും."* മാത്രവുമല്ല വിവാഹനിശ്ചയത്തോടു ബന്ധത്തിൽ സ്ത്രീധനവും ഒരു പ്രധാനഘടകമാണ്. യഹൂദാചാരമനുസരിച്ച് വരനാണ് വധുവിനു ന്യായമായ സ്ത്രീധനം കൊടുക്കുന്നത്. ക്രിസ്തുവും തന്റെ മണവാട്ടിക്കുവേണ്ടി തന്റെ ജീവനാണ് സ്ത്രീധനമായി നൽകിയത്. **എഫെ.5:25** —"*അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കവുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു*". ക്രിസ്തുവിൽ വിശ്വസിച്ച സകലരും യേശുക്രിസ്തുവിനോടു വിവാഹനിശ്ചയം ചെയ്യപ്പെട്ടിരിക്കുകയാണ്. തന്റെ കാന്തയെ കൊണ്ടുപോകുവാൻ താമസംവിനാ മദ്ധ്യാകാശത്തിൽ പ്രത്യക്ഷപ്പെടും.

**(2) മണവാളന്റെ വധൂഗൃഹത്തിലേക്കുള്ള യാത്ര — വെളിപ്പെടലും വിവാഹവും — (Presentation & marriage) —**

യഹൂദാ പശ്ചാത്തലത്തിൽ വിവാഹ നിശ്ചയം കഴിഞ്ഞാൽ രണ്ടാമത്തെ ഘട്ടം എന്നത് വിവാഹത്തിനായി വധുവിനെ കൊണ്ടുപോകുവാനുള്ള വരവാണ്. വിവാഹനിശ്ചയശേഷം ഏറെ നാളുകൾക്കു ശേഷം യാതൊരു അറയിപ്പും കൂടാതെയുള്ള വരവാണിത്. ഇതിനകം വരൻ തന്റെ വധുവിനെ കൂട്ടിക്കൊണ്ടു പോയി താമസിക്കുവാൻ പിതാവിന്റെ ഭവനത്തോടു ചേർന്നോ പ്രത്യേകമായോ താമസസ്ഥലം ഒരുക്കിയിരിക്കും. വരൻ തന്റെ തോഴന്മാരുടെ അകമ്പടിയോടായിരിക്കും വധൂഗൃഹത്തിലേക്കുള്ള യാത്ര. വധൂവിന്റെ ഗൃഹത്തിന്റെ മുമ്പിൽ എത്തിയാൽ തോഴ്മക്കാർ മണവാളന്റെ വരവിനെക്കുറിച്ചു ഉച്ചത്തിൽ വിളിച്ചു പറയും. അപ്പോൾ വിവാഹവസ്ത്രം ധരിച്ചിരിക്കുന്ന വധു ഇറങ്ങിവരികയും മണവാളനെ എതിരേൽക്കുകയും ചെയ്താൽ അവർ തമ്മിൽ മുഖാമുഖം കാണുകയും വിവാഹത്തിന്റെ തുടർമാന നടപടികളിലേക്കു പ്രവേശിക്കുകയും ചെയ്യും. വരനും വധുവും കൂടിക്കാണുന്നതിനെ വരന്റെ വെളിപ്പെടൽ അഥവാ പ്രത്യക്ഷത (presentation / appearance ) എന്നറിയപ്പെടുന്നു. മണവാളനും തോഴന്മാരും മണവാട്ടിയും തോഴിമാരും ഒരുമിച്ചു വരന്റെ ഭവനത്തിലേക്കു പോകുന്നു. അവിടെവെച്ചു അവർ തമ്മിലുള്ള വിവാഹം നടത്തപ്പെടുന്നു.

വരനും തോഴന്മാരും വധുവിന്റെ ഭവനത്തിലേക്കു വരുന്നതും വെളിപ്പെടലും, വധുവിനെ പിതാവിന്റെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതും വിവാഹവും ഒക്കെ ക്രിസ്തുവും സഭയുമായുള്ള ആത്മികബന്ധത്തോടു ചേരുന്നു. നമ്മുടെ കർത്താവു നമുക്കായി സ്ഥലം ഒരുക്കുവാൻ പോയിരിക്കയാണ്. താമസംവിനാ സഭയാകുന്ന മണവാട്ടിയെ കൊണ്ടുപോകുവാനായി മദ്ധ്യാകാശത്തിൽ വെളിപ്പെടും. ഈ വെളിപ്പെടലിനെ ഉത്പ്രാപണം എന്നു പറയുന്നു. ഉത്പ്രാപണവും, പുനരുത്ഥാനവും, മഹത്വമുള്ള ശരീരം ലഭിച്ചു രൂപാന്തരം പ്രാപിക്കലും, സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടലും ഒക്കെ ഇതോടൊപ്പം ഉണ്ടാകും (1.തെസ്സ.4:16,16/1.കൊരി.15:52/1.യോഹ.3:2).

**(3) കല്യാണസദ്യ — (the marriage feast). —**

വരന്റെ ഭവനത്തിൽ വധുവും സംഘവും എത്തുന്നതോടെ അവിടെ അന്യോന്യം വിവാഹ ഉടമ്പടി ചെയ്തു വിവാഹം നടത്തപ്പെടുന്നു. വരൻ ക്ഷണിക്കപ്പെട്ട അനേകർ തദവസരത്തിൽ ഉണ്ടായിരിക്കും. തുടർന്നു കല്യാണസദ്യയാണ്. കല്യാണസദ്യയുടെ ആഘോഷകാലവും അതിന്റെ മോഡിയും വിഭവങ്ങളും വരന്റെ ധനത്തിനനുസരിച്ചിരിക്കും. വിവാഹാഘോഷം ഒരു ദിവസമോ, ഒരാഴ്ചയോ, അതിലേറെയോ വരന്റെ ഹിതപ്രാകാരം അരങ്ങേറും.

മദ്ധ്യാകാശത്തിൽ പ്രത്യക്ഷപ്പെടുന്ന ക്രിസ്തുവിനോടൊപ്പം വിശ്വാസികളുടെ കൂട്ടമായ മണവാട്ടി എടുക്കപ്പെടും. മദ്ധ്യാകാശത്തിൽ വെളിപ്പെടുന്ന കാന്തനെ മണവാട്ടി കണ്ടുമുട്ടും. തന്റെ സന്നിധിയിൽ ചേർക്കപ്പെടുന്ന മണവാട്ടിയെയുംകൊണ്ടു ക്രിസ്തു സ്വർഗ്ഗത്തിലേക്കു പോകും. അവിടെവെച്ചു വിശ്വാസികൾക്കായുള്ള ന്യായാസനംവെച്ചു മണവാട്ടിയെ ആദരിക്കും. തുടർന്നു കുഞ്ഞാടായ ക്രിസ്തുവും സഭയാകുന്ന മണവാട്ടിയുമായുള്ള വിവാഹം നടക്കും. തുടർന്നു കല്യാണസദ്യയും ആഘോഷവും നടക്കപ്പെടും. അതിനുശേഷം ക്രിസ്തു മണവാട്ടിയുമൊത്തു ഭൂമിയിലേക്കു വരികയും സഹസ്രാബ്ദവാഴ്ചക്കു ആരംഭം കുറിക്കുകയും ചെയ്യും. മണവാട്ടിപദമലങ്കരിക്കുന്ന വിശ്വാസികളുടെ കൂട്ടം അന്നു കർത്താവിനോടൊപ്പം വാഴും. സഹസ്രാബ്ദവാഴ്ച മുഴുവനും ആഘോഷത്തിന്റെയും മഹാസന്തോഷത്തിന്റെയും നാളുകളായിരിക്കും.

**അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു** (and His wife has made herself ready) —

അവൻ എന്നത് ക്രിസ്തുവാകുന്ന മണവാളനും, കാന്ത എന്നത് വിശ്വാസികളുടെ കൂട്ടമായ വീണ്ടെടുക്കപ്പെട്ട പുതിയനിയമസഭയുമാണ്. ഭാര്യാഭർത്തൃബന്ധത്തിന്റെ പ്രത്യേകതകളെ കുറിച്ചു പ്രബോധിപ്പിക്കുമ്പോൾ അപ്പൊസ്തലനായ പൗലൊസ് ഭർത്താവിനെ ക്രിസ്തുവിനോടും ഭാര്യയെ സഭയോടും

സാമ്യപ്പെടുത്തുന്നു. **എഫെ.5:30 —** *"ഈ മർമ്മം വലിയതു; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നതു."* മണവാളനും മണവാട്ടിയും അഥവാ ഭർത്താവും ഭാര്യയുമായുള്ള ബന്ധമാണ് ക്രിസ്തുവും സഭയുമായുള്ള ബന്ധം. ഇതു അന്യോന്യസ്നേഹത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു വീണ്ടും ജനിക്കുന്ന ഒരുവൻ സാർവ്വത്രികസഭയോടു ചേർക്കപ്പെടുന്നു. രക്ഷിക്കപ്പെടുക അഥവാ ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കുക എന്നാൽ ആത്മികമായി പറഞ്ഞാൽ ക്രിസ്തുവുമായി വിവാഹനിശ്ചയത്തിൽ ഏർപ്പെടുക എന്നാണ്. വിവാഹനിശ്ചയം വിവാഹത്തോടെ പൂർത്തീകരിക്കപ്പെടുന്നതുപോലെ സഭയാകുന്ന മണവാട്ടിയും ക്രിസ്തുവാകുന്ന മണവാളനുമായുള്ള വിവാഹനിശ്ചയ ഉടമ്പടി സ്വർഗ്ഗത്തിൽ വിവാഹത്തോടെ പൂർത്തീകരിക്കപ്പെടുന്നു. ക്രിസ്തുവുമായി വിവാഹനിശ്ചയം ചെയ്യപ്പെട്ട ഓരോ വ്യക്തിയും മണവാട്ടിയല്ല. വിശ്വാസികളുടെ കൂട്ടമായ സഭയാണ് മണവാട്ടി അഥവാ കാന്ത. ക്രിസ്തുവിന്റെ കാന്ത, നിർമ്മലകന്യക എന്നിങ്ങനെ ഏകവചനത്തിലാണ് സഭയെ കുറിച്ചു പറഞ്ഞിരിക്കുന്നത്. കാന്തകളെന്നോ, മണവാട്ടികളെന്നോ, കന്യകമാരെന്നോ തിരുവചനത്തിൽ കാണുന്നില്ല. മറ്റൊരു അതിപ്രധാനസംഗതിയെന്നത് വിവാഹം എന്നതും തികെച്ചും ആത്മീകബന്ധം മാത്രമാണെന്നു മനസ്സിലാക്കണം. ഭൂമിയിലെ ഏറ്റവും അതിശ്രേഷ്ടവും പരിപാവനവുമായ ബന്ധമാണ് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹബന്ധം. ഈ സ്നേഹബന്ധത്തെയും അതിന്റെ പ്രത്യേകതകളെയും ബന്ധപ്പെടുത്തുന്നതാണ് കുഞ്ഞാടിന്റെ കല്യാണം എന്നുള്ളതും.

കാന്ത തന്നെത്താൻ ഒരുക്കിയിരിക്കുന്നു എന്നത് വ്യക്തിപരമായ ഒരുക്കത്തെ വെളിപ്പെടത്തുന്നു. അപ്പോൾത്തന്നെ ഓർക്കേണ്ടത് അവളുടെ സ്വന്ത കഴിവുകളാലോ പ്രവൃത്തിയാലോ അല്ല തന്നെത്താൻ ഒരുക്കിയിരിക്കുന്നത്. സകലതും ദൈവത്തിന്റെ അതിരറ്റ കരുണയാലും കൃപയാലുമാണ് ഇത്രവലിയ പദവി ലഭിച്ചിരിക്കുന്നത്. തന്നെത്താൻ ഒരുക്കിയിരിക്കുന്നു എന്നത് ഒന്നാമതായി വിശ്വാസത്താലുള്ള രക്ഷ അവകാശമാക്കുന്നതിലൂടെയാണ്. അതിനുശേഷം കർത്താവിൽ വസിക്കുകയും കർത്താവിൽ ജീവിക്കുകയും ആത്മഫലം പുറപ്പെടുവിക്കുകയും ചെയ്യുമ്പോൾ ആത്മീകമായി ഒരുക്കപ്പെടുകയാണ്. ലോകത്തിൽ മണവാട്ടിയെ മറ്റുള്ളവർ ഒരുക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ മണവാട്ടിയെ ഒരുക്കുന്നത് മണവാട്ടി തന്നെയാണ്. ഇതാണ് ലോകരും വിശ്വാസികളും തമ്മിലുള്ള ഒരു വ്യത്യാസം. ക്രിസ്തുവുമായി വിവാഹം നിശ്ചയിക്കപ്പെട്ട വിശ്വാസികൾ ക്രിസ്തുവാകുന്ന മണവാളനുമായുള്ള വിവാഹത്തിനു തങ്ങളെത്തന്നെ ഒരുക്കണം. ഭൗമികമായ ഒരുക്കമല്ല, ആത്മീയ ഒരുക്കമാണാവശ്യം. രക്ഷിക്കപ്പെട്ട വിശ്വാസി നിത്യജീവിതത്തിൽ വിശുദ്ധിയിൽ ജീവിച്ച് ക്രിസ്തു എന്ന തലയോളം വളരണം.

വിശ്വാസികൾ തന്നെത്താൻ ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ടതും, ധരിക്കേണ്ടതും, പിടിച്ചുകൊള്ളണ്ടുമായ ആത്മീകമൂല്യങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട് —

> **റോമ.13:14 —** കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി ചിന്തിക്കരുതു.

> **എഫെ.4:24 —** സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ.

> **എഫെ.6:11 —** പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ.

> **എഫെ.4:15 —** സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും.

> **കൊലൊ.2:6,7 —** ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മികവർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേശിച്ചുതന്നതിന്നു ഒത്തവണ്ണം വിശ്വാസത്താൽ ഉറെച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ.

> **കൊലൊ.3:14 —** എല്ലാറ്റിന്നും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ.

> **1.തെസ്സ.3:13 —** ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

> **1.തെസ്സ.5:23 —** നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ.

> **1.തിമൊ.2:10 —** സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടതു.

> **തീത്തൊ.3:8 —** ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിപ്പാൻ കരുതേണ്ടതിന്നു നീ ഇതു ഉറപ്പിച്ചു പറയേണം എന്നു ഞാൻ ഇച്ഛിക്കുന്നു.

> **1.പത്രൊ.3:3,4 —** .......... ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവ

സന്നിധിയിൽ വിലയേറിയതാകുന്നു.

**> 2.പത്രൊ.3:14 —** അതുകൊണ്ടു പ്രിയമുള്ളവരേ, നിങ്ങൾ ഇവെക്കായി കാത്തിരിക്കയാൽ അവൻ നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാണ്മാൻ ഉത്സാഹിച്ചു കൊണ്ടു നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ.

**> 1.യോഹ.2:28 —** ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന്നു അവനിൽ വസിപ്പിൻ.

**വെളി.19:8 — അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നേ** (And to her it was granted to be arrayed in fine linen, clean and bright, for the fine linen is the righteous acts of the saints) —

ക്രിസ്തുവിന്റെ മണവാട്ടിയായ സഭക്കു കൃപയാൽ ലഭിച്ചിരിക്കുന്ന വിശുദ്ധിയും നീതിയും വെളിപ്പെടുത്തുന്ന ഉന്നതമായ ദാനത്തെപ്പറ്റി യോഹന്നാൻ സ്വർഗ്ഗത്തിൽ പ്രസ്താവിച്ചു കേൾക്കുന്നു — "അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നേ" — (1) ശുദ്ധവും ശുഭ്രവുമായ (പരിശുദ്ധിയും നീതിയുമുള്ള — holy and righteousness) വിശേഷവസ്ത്രം ധരിപ്പാൻ മണവാട്ടിക്കു കൃപ ലഭിച്ചിരിക്കുന്നു (2) വിശേഷവസ്ത്രം വിശുദ്ധന്മാരുടെ അഥവാ മണവാട്ടിയുടെ നീതിപ്രവൃത്തികളാണ്.

**അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു** (And to her it was granted to be arrayed in fine linen, clean and bright) —

കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരുമ്പോൾ രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ മണവാട്ടിസഭ വാനമേഘങ്ങളിലേക്കു എടുക്കപ്പെടും. അന്നു മറഞ്ഞിരിക്കുന്ന മന്നയും, ഉദയനക്ഷത്രവുമായ കർത്താവിനെ സകലരും മുഖാമുഖം കാണും. കാന്തക്കായി ഒരുക്കപ്പെട്ട വാസസ്ഥലത്തിലേക്കു കർത്താവു സഭയെ കൊണ്ടു പോകും. കല്യാണത്തിനു മുമ്പായി ന്യായാസനത്തിന്റെ മുമ്പിൽവെച്ചു അവളെ ശുദ്ധീകരിച്ച് കറ, ചുളുക്കം, മാലിന്യം ഒക്കെയും മാറ്റപ്പെടുന്നതോടുകൂടി ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപയുണ്ടാകും. രക്ഷിക്കപ്പെട്ടപ്പോൾ നീതിയിൻ അങ്കി കൃപയാൽ ലഭിച്ചതുപോലെ കല്യാണത്തിനും ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ ദൈവകൃപ പകരപ്പെടുന്നു. അവൾക്കു ധരിപ്പാൻ ലഭിക്കുന്ന വസ്ത്രം ശുദ്ധവും (Gk> lampros = bright > shining) ശുഭ്രവും (Gk> katharos = clean > pure) ആയിരിക്കും. അത് ഏറ്റവും വിലയേറിയതും വിശേഷവസ്ത്രവും ആയിരിക്കും.

**ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നേ** (for the fine linen is the righteous acts of the saints.) —

കുഞ്ഞാടുമായുള്ള കല്യാണത്തിനു സത്യസഭയായ മണവാട്ടിക്കു ലഭിക്കുന്ന വിശേഷവസ്ത്രം ഏതാണെന്നും ഇവിടെ വിശദീകരിച്ചിരിക്കുന്നു. കൃപയാൽ ലഭിച്ചിരിക്കുന്ന ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നേ. രക്ഷ കൃപയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതുപോലെ കാന്തക്കു ലഭിക്കുന്ന വിശേഷവസ്ത്രവും അവരുടെ നീതിപ്രവൃത്തികളിൽ നിന്നു പുറപ്പെടുന്നതെങ്കിലും അതും കൃപയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിച്ചു വീണ്ടും ജനിക്കുമ്പോൾ നീതീകരണം പ്രാപിച്ച് നീതിവസ്ത്രം ഉടുപ്പിക്കപ്പെടുന്നു. അതായത് കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായി നീതീകരിക്കപ്പെടുന്നു (റോമ.3:21-24/റോമ.5:19). എന്നാൽ വാനമേഘങ്ങളിലേക്കെടുക്കപ്പെടുന്ന കാന്തക്ക് വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളെന്ന വിശേഷവസ്ത്രം ധരിക്കുവാൻ കൃപ ലഭിക്കുന്നു. അതായത് ന്യായാസനത്തിനു മുമ്പാകെ ഹാജരാക്കപ്പെടുന്ന കാന്ത തേജസ്സുള്ളവളായി കറ, കളങ്കം, ചുളുക്കം എന്നിവ മാറ്റപ്പെട്ടു പരിശുദ്ധിയിൽ മൂടപ്പെടുന്നു. ഇവിടെ ലഭിക്കുന്ന വിശേഷവസ്ത്രം ക്രിസ്തുവിന്റെ നീതിപ്രവൃത്തിയാലുള്ളതല്ല. വീണ്ടും ജനിക്കുമ്പോൾ ലഭിക്കുന്ന അങ്കി ക്രിസ്തുവിന്റെ നീതിയിൽ വിശ്വസിക്കുമ്പോൾ ആർജ്ജിക്കപ്പെടുന്ന നീതിയിൻ അങ്കിയാണ്. എന്നാൽ കുഞ്ഞാടിന്റെ കാന്തയെന്ന നിലയിൽ ലഭിക്കുന്ന അങ്കി രക്ഷിക്കപ്പെട്ടശേഷമുള്ള പ്രവൃത്തിയോടും ജീവിതത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഒരുവന്റെ ജീവകാലത്ത് അവൻ കർത്താവിനുവേണ്ടി പ്രവർത്തിച്ചവേലകളെ ന്യായാസനത്തിങ്കൽ തീയാൽ ശോധനചെയ്യുമ്പോൾ സ്വാർത്ഥതയിലും സ്വയത്തിലും നിന്നു പുറപ്പെട്ടതൊക്കെയും വെന്തെരിയും. ശോധനയിങ്കൽ നിലനിൽക്കുന്നത് വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ എന്ന അങ്കിയായി അറിയപ്പെടും. അതായത് നീതി പ്രവൃത്തികളെന്ന വസ്ത്രം ഓരോ വിശ്വാസിയുടെയും ജീവിതത്തെ വിശേഷാൽ ഭൂമിയിലായിരുന്നപ്പോഴുള്ള ആത്മികജീവിതത്തെ സാദൃശീകരിക്കുന്നു.

രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ കുഞ്ഞാടിന്റെ കാന്തയുടെ വേഷം ശുദ്ധവും ശുഭ്രവുമായ വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളാകുന്ന വിശേഷവസ്ത്രമാണ്. രക്ഷിക്കപ്പെട്ടപ്പോൾ ദൈവത്തിന്റെ നീതിയുടെ

അങ്കിയാൽ അവർ ഉടുപ്പിക്കപ്പെട്ടു (യെശ.61:10). തുടർന്നുള്ള വിശ്വാസജീവിതത്തിൽ ക്രിസ്തുവിൽ വസിച്ചുകൊണ്ടു ചെയ്ത പ്രവർത്തനങ്ങൾ വഴിയായി അവർ മറ്റൊരു വിശേഷവസ്ത്രം ദൈവകൃപയാൽ തുന്നപ്പെടുന്നു. ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായും, സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായും, സൽപ്രവൃത്തികൾക്കായും അവർ വിനിയോഗിക്കുന്ന അവരുടെ ധനവും, സമയവും, ശക്തിയും, കഴിവും വിശേഷയേറിയ വസ്ത്രത്തിന്റെ ശോഭയേറിയ ഇഴകളായി രൂപപ്പെടുന്നു. രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള നീതിപ്രവൃത്തികൾ ഒക്കെയും കറപിരണ്ട തുണിപോലെയായിരുന്നുവെങ്കിൽ (യെശ.64:6) ദൈവത്താൽ നീതീകരിക്കപ്പെട്ടവരുടെ നീതിപ്രവൃത്തികൾ ദൈവസന്നിധിയിൽ വിലയേറിയതായി എണ്ണപ്പെടുന്നു. അതൊക്കെയും വിശേഷമേറിയ വസ്ത്രത്തിന്റെ ഭംഗിയുള്ള ചിത്രപ്പണിയായി മാറുന്നു. 45-ാം സങ്കീർത്തനത്തിൽ രാജകുമാരിയായ കാന്തയെക്കുറിച്ചു ഇപ്രകാരം പറഞ്ഞിരിക്കുന്നു — **സങ്കീ.45:13-15 —** *"അന്തഃപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻകസവും കൊണ്ടുള്ളതു. അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടു വരും; അവളുടെ തോഴിമാരായി കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടു വരും. സന്തോഷത്തോടും ഉല്ലാസത്തോടും കൂടെ അവരെ കൊണ്ടു വരും; അവർ രാജമന്ദിരത്തിൽ പ്രവേശിക്കും."* അവൾ (വീണ്ടെടുക്കപ്പെട്ടവർ) രാജകുമാരിയെന്നത് രാജാവായ ദൈവത്തിന്റെ കുടുംബത്തിൽ ജനിച്ചതിനാലും (യോഹ.1:12), രാജപുത്രനായ ക്രിസ്തുവിനായി വിവാഹം നിശ്ചയിക്കപ്പെട്ടവളുമായതിനാലാണ് (2.കൊരി.11:2). ശോഭാപരിപൂർണ്ണതയെന്ന വിശേഷണം അവൾ ക്രിസ്തുവിൽ വസിക്കുന്നതിനാലും ക്രിസ്തുവിന്റെ ശോഭ അവളിൽ പകരപ്പെടുന്നതിനാലുമാണ്. ക്രിസ്തുവിൽ വസിച്ചുകൊണ്ടു അവൾ പുറപ്പെടുവിക്കുന്ന നീതിപ്രവൃത്തിയാണ് ചിത്രത്തയ്യലുള്ള വസ്ത്രം.

എന്നാൽ മർമ്മം: മഹതിയാം ബാബിലോൺ എന്ന അന്തിക്രിസ്തുവിന്റെ മണവാട്ടിയുടെ വേഷം കണ്ണഞ്ചിപ്പിക്കുന്ന ധൂമ്രവസ്ത്രവും കടുഞ്ചുവപ്പു നിറവുമുള്ള വസ്ത്രവുമാണ് — **വെളി.17:4 —** *"ആ സ്ത്രീ ധൂമ്രവസ്ത്രവും കടുഞ്ചുവപ്പുനിറവും ഉള്ള വസ്ത്രം ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളായി."* ദൈവത്തിന്റെ ദാസന്മാരുടെ രക്തം ചൊരിയിച്ചും ലോകത്തിന്റെ സകലവിധ മാലിന്യങ്ങളാലും അണിഞ്ഞൊരുങ്ങി നിൽക്കുന്ന ശപിക്കപ്പെട്ടവളായ ഇവളുടെ വസ്ത്രം അവളുടെ അനീതിയുടെ പ്രവൃത്തിയോടു ബന്ധപ്പെട്ടിരിക്കുന്നു. മർമ്മം: മഹതിയാം ബാബിലോൺ എന്ന മഹാവേശ്യയോടു ചേർന്നു ബാബിലോണിയൻ സംസ്കാരങ്ങൾ പകർത്തി ജീവിക്കുന്ന നാമധേയക്രൈസ്തവരും ജാതികളും ചെയ്യുന്ന സൽപ്രവൃത്തികളെ ദൈവം ആദരിക്കുന്നില്ല. അവർ നടത്തുന്ന അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, വിദ്യാഭ്യാസകേന്ദ്രങ്ങൾ, ആശ്വാസകേന്ദ്രങ്ങൾ എന്നിവയിലൂടെ ചെയ്യുന്ന പ്രവർത്തനങ്ങളെല്ലാം തന്നെ ഈ ലോകത്തിൽ മാത്രമുള്ള നിക്ഷേപങ്ങളായിരിക്കും. അവയൊന്നും തന്നെ ദൈവസന്നിധിയിൽ നീതിപ്രവൃത്തികളായി രൂപം പ്രാപിക്കുന്നില്ല.

ക്രിസ്തുവിന്റെ മണവാട്ടി വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളായ ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചു കാണപ്പെടുന്നു. അതു വിശുദ്ധിയെയും നിർമ്മലതയെയും വെളിപ്പെടുത്തുന്നു. ന്യായാസനത്തിന്റെ മുമ്പാകെ നിറുത്തി ശുദ്ധീകരിക്കപ്പെട്ട മണവാട്ടി ക്രിസ്തുവിനെപ്പോലെ തേജസ്സും, മഹത്വവും, വിശുദ്ധിയും പ്രാപിക്കും. ബാബിലോൺ നഗരത്തിന്റെ നാശത്തോടനുബന്ധിച്ചു സ്വർഗ്ഗത്തിലെ ഒരു ദൂതൻ ഭൂമിയിലേക്കു വന്നപ്പോൾ ദൂതന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്നു (വെളി.18:1). ആയതുപോലെ വിശ്വാസികളുടെ കൂട്ടം കണ്ണഞ്ചിപ്പിക്കുന്നതും വെട്ടിത്തിളങ്ങുന്ന ശോഭയാലും പൊതിയപ്പെടും. അപ്പൊസ്തനായ യോഹന്നാൻ പറയുന്നത് നാം ക്രിസ്തുവിനെപ്പോലെ ആയിത്തീരും എന്നാണ്. **1.യോഹ.3:2 —** *"പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു."*

ഇന്നു ഭൂമിയിൽ ജീവിക്കുന്ന നാം ഓരോരുത്തരും കർത്താവിന്റെ വരവിനായി ഒരുങ്ങിക്കാത്തിരിക്കണം. ഭൂമിയിൽ ജീവിക്കുമ്പോൾ തന്നേ സൽപ്രവൃത്തികളിൽ സമ്പന്നരായി വിശുദ്ധിയിൽ ജീവിക്കണം. ക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭയാകുന്ന മണവാട്ടി ഉത്പ്രാപണം വഴിയായി എടുക്കപ്പെടുന്നു. പിന്നീട് കുഞ്ഞാടുമായുള്ള കല്യാണം നടക്കും. എന്നാൽ അതിനു മുമ്പായി ന്യായാസനത്തിനു മുമ്പാകെ ക്രിസ്തുവിന്റെ മണവാട്ടിയെ നിറുത്തും. സിംഹാസനത്തിൽ ഇരിക്കുന്ന ന്യായാധിപൻ ക്രിസ്തു തന്നെയായിരിക്കും. ഓരോ വ്യക്തികളുടെയും പ്രവൃത്തികളെ അവിടെ ശോധന ചെയ്യപ്പെടും. ന്യായാസനത്തിന്റെ മുമ്പാകെ നില്ക്കുന്ന വിശ്വാസി അവിടെ കണക്കു ബോധിപ്പിക്കേണ്ടി വരും. മാത്രവുമല്ല തന്റെ വേലയെ ആദരിക്കുന്ന സ്ഥലവും കൂടിയാണ് ന്യായാസനം. അനേകർ കിരീടങ്ങൾ വാങ്ങി ആദരിക്കപ്പെടുമ്പോൾ മറ്റുചിലർ അവരുടെ ജീവിതസാക്ഷ്യങ്ങൾക്കു മങ്ങലേൽക്കുന്നതു വെളിപ്പെടുന്നതു മൂലം ലജ്ജിക്കപ്പെടും. ദൈവമുമ്പാകെ വിശ്വാസികൾ കണക്കു കൊടുക്കേണ്ടവ —

(1) ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് > 2.കൊരി.5:10/റോമ.14:12.

(2) സംസാരിക്കുന്ന ഏതു നിസ്സാരവാക്കുകൾക്കും > മത്താ.12:36/ യാക്കോ.5:9.

(3) ഹൃദയത്തിലെ ആലോചനകൾക്ക് > 1.കൊരി.4:5.

(4) ലഭിച്ച താലന്തുകൾക്ക് > മത്താ.25:21.

ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിക്കുവാൻ കൃപ ലഭിക്കുന്നത് മണവാളനായ ക്രിസ്തുവിനോടു ചേർന്നു വസിക്കുമ്പോഴാണ്. കർത്താവിനെ പിരിഞ്ഞു നമുക്കു ഒരു നീതിപ്രവൃത്തിയും പുറപ്പെടുവിക്കുവാൻ കഴിയുകയില്ല. **യോഹ.15:5-8 —** *"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴിയുകയില്ല. എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പു പോലെ പുറത്തു കളഞ്ഞിട്ടു അവൻ ഉണങ്ങിപ്പോകുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു; അതു വെന്തുപോകും. നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും. നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും."*

**വെളി.19:9 — പിന്നെ അവൻ എന്നോടു: കർത്താവിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു എഴുതുക എന്നു പറഞ്ഞു. ഇതു ദൈവത്തിന്റെ സത്യവചനം എന്നും എന്നോടു പറഞ്ഞു** (Then he said to me, "Write: 'Blessed are those who are called to the marriage supper of the Lamb!'" And he said to me, "These are the true sayings of God") —

കുഞ്ഞാടിന്റെ കല്യാണത്തിനുശേഷം കുഞ്ഞാടിന്റെ അഥവാ കർത്താവിന്റെ കല്യാണസദ്യയാണ് നടക്കുന്നത്. കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു എഴുതുവാനായി ദൂതൻ യോഹന്നാനോടു പറയുന്നു. ഇതും ദൈവത്തിന്റെ സത്യവചനം തന്നെയെന്നു യോഹന്നാനോടു ദൂതൻ അറിയിക്കുന്നു. കല്യാണവും കല്യാണസദ്യയും വ്യത്യസ്തങ്ങളാണ്. മണവാളൻ കർത്താവായ യേശുക്രിസ്തു ആയിരിക്കുമ്പോൾ മണവാട്ടി കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട പുതിയനിയമസഭയാണ്. പെന്തൊക്കൊസ്തു നാൾ മുതൽ ഉത്പ്രാപണം വരെയുള്ള സകലവിശ്വാസികളും മണവാട്ടിസഭയിൽ ഉൾക്കൊള്ളുന്നു. ഉത്പ്രാപണത്തിനുശേഷം സ്ഥാപിക്കപ്പെടുന്ന ന്യായാസനത്തിലൂടെ മണവാട്ടിയുടെ പ്രവൃത്തികളെ ശോധനചെയ്യുന്നു. സ്വയത്തിലും ജഡത്തിലും ആർജ്ജിച്ച പേരും പെരുമയും പ്രവൃത്തികളും ന്യായാസനത്തിനു മുമ്പാകെ വെന്തുപോകുകയും നിലനില്ക്കുന്ന നീതിപ്രവൃത്തികളാൽ വിശേഷവസ്ത്രം ധരിപ്പിക്കപ്പെടുകയും ചെയ്യുന്നു. അതിനുശേഷം കർത്താവിന്റെ ഭൂമിയിലേക്കുള്ള മഹത്വപ്രത്യക്ഷതക്കു മുമ്പായി വിവാഹം സ്വർഗ്ഗത്തിൽവെച്ചു നടക്കും. തുടർന്നുള്ള വേളയിൽ കല്യാണസദ്യയും ആഘോഷങ്ങളും നടക്കും.

**പിന്നെ അവൻ എന്നോടു: കർത്താവിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു എഴുതുക എന്നു പറഞ്ഞു.** (Then he said to me, "Write: 'Blessed are those who are called to the marriage supper of the Lamb!'") —

**എഴുതുക —** സ്വർഗ്ഗത്തിലെ ആനന്ദഘോഷവും അനന്തരസംഭവങ്ങളും ശ്രദ്ധിച്ചുകൊണ്ടിരുന്ന യോഹന്നാന്റെ ശ്രദ്ധയെ മറ്റൊരു വിഷയത്തിലേക്കു നയിച്ചുകൊണ്ടു വീണ്ടും എഴുതുവാൻ യോഹന്നാനോടു ദൂതൻ പറയുന്നു. എഴുതുക (Write) എന്നു പറയുന്ന ആജ്ഞ വെളിപ്പാടു പുസ്തകത്തിൽ മൂന്നിടത്തു കാണുന്നു (വെളി.14:13/19:9/21:5). ഇതിൽ ആദ്യത്തെ രണ്ടെണ്ണം ഭാഗ്യവർണ്ണനയോടു ബന്ധപ്പെട്ടും മൂന്നാമത്തേതു ദൈവവചനത്തിന്റെ വിശ്വാസ്യതയെയും സത്യത്തെയും ബന്ധപ്പെടുത്തിയുമാണ്. യോഹന്നാനോടു ഇവിടെ സംസാരിക്കുന്ന ദൂതൻ ദൈവക്രോധകലശവുമായി വന്ന ഏഴുദൂതന്മാരിൽ ഒരുവൻ എന്നുതന്നെ കരുതാം (വെളി.17:1,15).

**ഭാഗ്യവാന്മാർ —** കർത്താവിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവന്മാർ എന്നെഴുതുവാനാണ് യോഹന്നാനു ലഭിച്ച നിർദ്ദേശം. വെളിപ്പാടു പുസ്തകത്തിലുള്ള ഏഴു ഭാഗ്യവർണ്ണനകളിൽ (seven beatitudes — വെളി.1:3/14:13/16:15/19:9/20:6/22:7/22:14) നാലാമത്തേതാണ് കല്യാണസദ്യയോടു ബന്ധത്തിലുള്ളത്. ആറു ഭാഗ്യവർണ്ണനകളും രക്ഷിക്കപ്പെട്ട സകലരെയും കുറിക്കുന്നുവെങ്കിൽ ഇവിടത്തെ ഭാഗ്യവർണ്ണന പ്രത്യേക ഒരു കൂട്ടത്തെ അഥവാ കല്യാണത്തിനു ക്ഷണിക്കപ്പെട്ടവരെ മാത്രം കുറിക്കുന്നു. ഭാഗ്യവാന്മാർ എന്നതിനു ഗ്രീക്കിൽ മക്കാറിയോസ് എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം അനുഗ്രിക്കപ്പെട്ടവർ, സന്തോഷമുള്ളവർ, തൃപ്തരായവർ എന്നാണ് (blessed > Gk > makarios = blessed, happy, satisfied). തിരുവചനത്തിൽ അനേക ഭാഗ്യവാന്മാരെക്കുറിച്ചു പറയുന്നുണ്ട്. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ (സങ്കീ.32:1), കർത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ (റോമ.4:8), യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ (സങ്കീ.128:1), അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാന്മാർ (സങ്കീ.34:8). എന്നാൽ വെളിപ്പാടു പുസ്തകത്തിൽ ഇവിടെ പറഞ്ഞിരിക്കുന്നത് ഒരു പ്രത്യേക കൂട്ടത്തോടാണ്. അവർ സഭായുഗത്തിനു

മുമ്പും സഭായുഗത്തിനുശേഷവും ദൈവത്തിൽ ശരണപ്പെടുന്നവരാണ്. മണവാട്ടി പദം അലങ്കരിച്ചില്ലെങ്കിലും അവരും ഭാഗ്യവാന്മാരാണ് കാരണം അവർ കർത്താവിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ട അതിഥികളാണ്. അവർ ദൈവത്താൽ ബഹുമാന്യരും ആദരിക്കപ്പെട്ടവരുമാണ്.

**കർത്താവിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ —** കുഞ്ഞാടിന്റെയും തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സഭയുടെയും വിവാഹം സ്വർഗ്ഗത്തിൽ പിതാവിന്റെ ഭവനത്തിൽ വെച്ചു നടത്തപ്പെട്ടശേഷം കല്യാണസദ്യയാണ്. ക്രിസ്തുവും സഭയുമായുള്ള വിവാഹം ആത്മീകകാര്യങ്ങളുടെ പ്രതിരൂപമാകയാൽ ലോകത്തിലുള്ള കല്യാണവും കല്യാണസദ്യയുമായി ഇതിനെ പൂർണ്ണമായി ബന്ധപ്പെടുത്തുവാൻ സാദ്ധ്യമല്ല. ലോകത്തിൽ വിവാഹവും സദ്യയും ഒരുമിച്ചു ഒറ്റ ദിവസത്തിൽ നടക്കുന്നുവെങ്കിൽ സ്വർഗ്ഗീയ വിവാഹസദ്യ ഒരു ദിവസത്തിൽ തീരുന്നതല്ല. കല്യാണസദ്യെയുടെ ദിനങ്ങൾക്കു പരിധിയില്ലാതെ ദീർഘകാലം ആനന്ദിച്ചുഘോഷിക്കുന്ന വേളയായിരിക്കും.

കല്യാണസദ്യക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ അഥവാ ബഹുമാന്യരും സംതൃപ്തരും ആദരവിനു യോഗ്യരുമാണ്. മണവാളൻ കുഞ്ഞാടായ ക്രിസ്തുവും (യോഹ.3:29), മണവാട്ടി വീണ്ടെടുക്കപ്പെട്ട സഭയുമാണ് (2.കൊരി.11:2/എഫെ.5:22-33). ക്രിസ്തുവും സഭയും മണവാളനും മണവാട്ടിയും ആയതിനാൽ അവരെ കല്യാണത്തിനു ക്ഷണിക്കേണ്ടതുമില്ല, അവർ ക്ഷണിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നുമില്ല. എന്നാൽ ആരാണ് കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവരെന്ന ചോദ്യത്തിനു അനേക അഭിപ്രായങ്ങളുണ്ട്. ആദാം മുതൽ ക്രിസ്തുവിന്റെ പുനരുത്ഥാനം വരെയുള്ള കാലങ്ങളിലുള്ള സകല പഴയനിയമവിശുദ്ധന്മാരും, സഭ എടുക്കപ്പെട്ടശേഷം പീഡനകാലത്തെ വിശുദ്ധന്മാരും ക്ഷണിക്കപ്പെട്ടവരാണ്.

കർത്താവ് തന്റെ ശിഷ്യന്മാരോടു ദൈവരാജ്യത്തെക്കുറിച്ചു സംസാരിച്ചപ്പോൾ പറഞ്ഞ ഉപമയിൽ നല്ലമണ്ണിൽ വിതക്കപ്പെട്ടവ മുപ്പതും, അറുപതും, നൂറും മേനി വിളഞ്ഞതായി കാണുന്നു. **മർക്കൊ.4:20 —** *"നല്ലമണ്ണിൽ വിതക്കപ്പെട്ടതോ വചനം കേൾക്കയും അംഗീകരിക്കയും ചെയ്യുന്നവർ തന്നേ; അവർ മുപ്പതും, അറുപതും, നൂറുംമേനി വിളയുന്നു."* നൂറുമേനി വിളഞ്ഞവരാണ് ക്രിസ്തുവിന്റെ കാന്തയെന്നും, മുപ്പതും അറുപതും മേനി വിളഞ്ഞവർ കുഞ്ഞാടിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ മാത്രമാണെന്നും അഭിപ്രായമുണ്ട് (അന്തിമവിജയം - സാക് പുനന്നൻ - പേജ്.238 - വെളി.19:9). ഇതു തിരുവചന ഉപദേശസത്യങ്ങൾക്കു നിരക്കുന്നതല്ല. വചനം കേൾക്കയും അംഗീകരിക്കയും ചെയ്തവർ നല്ലമണ്ണിൽ വിതക്കപ്പെട്ടവർ എന്നു പ്രസ്തുത തിരുവെഴുത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. അവരുടെ വിശ്വാസജീവിതത്തിലെ നീതിപ്രവൃത്തികൾക്കു ഏറ്റക്കുറച്ചിൽ ഉണ്ടായി. എന്നാൽ അതു ന്യായാസനത്തിന്റെ മുമ്പാകെ ശോധനചെയ്യുന്നവേളയിൽ പ്രതിഫലത്തോടു ബന്ധപ്പെട്ടിരിക്കുന്നു. അല്ലാതെ രക്ഷിക്കപ്പെട്ടവരെ മണവാട്ടിയെന്നും ക്ഷണിക്കപ്പെട്ടവരെന്നും രണ്ടായി വിഭാഗിച്ചു പറയുവാൻ സാധിക്കുകയില്ല.

കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ആരൊക്കെയുണ്ടെന്നു നോക്കാം —

(1) സകല പഴയനിയമവിശുദ്ധന്മാരും — അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവർ അവരിൽ ഉൾപ്പെടുന്നു എന്നു തിരുവചനത്തിൽ സൂചന ലഭിക്കുന്നു (മത്താ.8:11/ലൂക്കൊ.13:28).

(2) പഴയനിയമത്തിലെ സകലപ്രവാചകന്മാരും (ലൂക്കൊ.13:28).

(3) സകലവിശ്വാസവീരന്മാരും (എബ്രാ.11).

(4) യോഹന്നാൻ സ്നാപകൻ — ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു മുമ്പു മരിച്ച യോഹന്നാൻ സ്നാപകൻ തന്നെത്തന്നെ പരിചയപ്പെടുത്തിയപ്പോൾ മണവാളന്റെ സ്നേഹിതനാണെന്നു പറഞ്ഞിരിക്കുന്നു (യോഹ.3:29).

(5) മഹോപദ്രവകാലത്തെ സകലവിശ്വാസികളും.

(6) മഹോപദ്രവകാലത്ത് രക്തസാക്ഷികളായി മരിച്ചവർ.

(7) പീഡനകാലത്ത് ദൈവത്തിന്റെ മുദ്രയാൽ വേർതിരിക്കപ്പെട്ട 144,000 പേർ (വെളി.7:2-8).

(8) പീഡനകാലത്ത് ദൈവം അയച്ച രണ്ടു സാക്ഷികൾ (വെളി.11:3-12).

യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സകലരെയും പുതിയനിയമവിശ്വാസികൾ എന്നു പറയുന്നു. ക്രിസ്തു തന്റെ യാഗമരണശേഷം സ്വർഗ്ഗത്തിലേക്കുപോകുകയും പരിശുദ്ധാത്മാവിനെ ഭൂമിയിലേക്കു അയക്കുകയും ചെയ്തു. പരിശുദ്ധാത്മാവു ഭൂമിയിലേക്കു വന്ന പെന്തൊക്കൊസ്തുനാളിൽ സഭ സ്ഥാപിതമായി. അന്നു മുതൽ ക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ സഭ എടുക്കപ്പെടുന്നവരെയുള്ള സകല വിശ്വാസികളും മണവാട്ടി സഭയിലെ അംഗങ്ങളാണ്. അതായത് ക്രിസ്തുവിന്റെ മണവാട്ടി എന്നത് പുതിയനിയമവിശ്വാസിക്കുമാത്രം ലഭിച്ച ഒരു ഭാഗ്യപദവിയാണ്. പഴയനിയമവിശ്വാസികൾക്കു കർത്താവിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ എന്ന പദവിയാണുള്ളത്. എന്നാൽ നാം ഒരു അതിപ്രധാനകാര്യം ഇതോടനുബന്ധമായി മനസ്സിലാക്കേണ്ടതുണ്ട്. പുതിയനിയമവിശ്വാസികൾക്കു ലഭിച്ചിരിക്കുന്ന മണവാട്ടി പദവിയാൽ പഴയനിയമവിശ്വാസികൾ പ്രാധാന്യമുള്ളവരല്ലെന്നു ചിന്തിക്കുവാൻ പാടില്ല. കുഞ്ഞാടിന്റെ കല്യാണം എന്നു പറഞ്ഞിരിക്കുന്നത് ലോകപ്രകാരം ചിന്തിക്കുമ്പോൾ ഇപ്രകാരമുള്ള വിവിധ പ്രശ്നങ്ങളിലേക്കു നമ്മെ കൊണ്ടുപോകും. എന്നാൽ കല്യാണം എന്നു പറഞ്ഞി

രിക്കുന്നത് ഭാര്യാഭർത്താക്കന്മാരുടെ പരിപാവനമായ ബന്ധത്തെയും സ്നേഹത്തെയും ചിത്രീകരിക്കുവാൻ മാത്രമാണ്. ലോകത്തിലെപ്പോലെ വിവാഹത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള വേർതിരിവോ, മറ്റു കാര്യങ്ങളോ ഒന്നും കാണുകയില്ല. മാത്രവുമല്ല പഴയനിയമത്തിൽ യിസ്രായേലിനെ യഹോവയായ ദൈവത്തിന്റെ ഭാര്യായായി ചിത്രീകരിച്ചിട്ടുമുണ്ട്. പഴയനിയമവിശ്വാസികളും വീണ്ടെടുപ്പിനെയും, പുതിയ ആകാശം പുതിയ ഭൂമി എന്നിവയെയും, വിവാഹത്തെയും, വിവാഹ ആഘോഷത്തെയും നോക്കി ആകാംക്ഷയോടെ കഴിഞ്ഞവരുമാണ് (യെശ.25:6-10/യെശ.26:19). ചുരുക്കത്തിൽ വിശുദ്ധന്മാർ എന്ന നിലയിൽ എല്ലാക്കാലത്തെ വിശുദ്ധന്മാരും നിത്യതയിൽ ഒരുമിച്ചു സന്തോഷം പങ്കുവെക്കും എന്ന ചിന്ത നമ്മിലുണ്ടായിരിക്കണം. യിസ്രായേലിനെ ദൈവം തന്റെ സ്വന്തജനമായി തിരഞ്ഞെടുത്തുവെങ്കിലും പ്രസ്തുത പദവി കൃപയാൽ ജാതികൾക്കും ലഭിക്കുകയുണ്ടായി. കൂടാതെ യിസ്രായേൽ യഹോവയുടെ ഭാര്യാപദവി അലങ്കിച്ചതുപോലെ ക്രിസ്തുവിന്റെ മണവാട്ടിപദവി അലങ്കരിക്കുവാൻ വീണ്ടെടുക്കപ്പെട്ടവർക്കു ലഭിച്ചതും കൃപയാലാണ്. നമുക്കു പുകഴുവാൻ യാതൊന്നുമില്ല.

**ഇതു ദൈവത്തിന്റെ സത്യവചനം എന്നും എന്നോടു പറഞ്ഞു** (And he said to me, "These are the true sayings of God") —

ദൈവത്തിന്റെ വചനം വിശ്വാസയോഗ്യവും സത്യവുമാണ് (യോഹ.17:17/വെളി.22:6). കുഞ്ഞാടിന്റെ കല്യാണവും, കാന്തക്കു ലഭിക്കുന്ന വിശേഷവസ്ത്രവും, കല്യാണസദ്യയും, കല്യാണസദ്യക്കുള്ള ക്ഷണം ലഭിച്ചവർക്കുണ്ടാകുന്ന ഭാഗ്യാവസ്ഥയും ശരിയാണോ?, ഇതൊക്കെ സംഭവിക്കുന്നതാണോ? എന്നു ചിന്തിച്ചുപോകാം. ആത്മീകമായ കാര്യങ്ങൾ ഭൗമീകകാഴ്ചപ്പാടിൽ ചിന്തിക്കുമ്പോൾ സംശയം ഉണ്ടാകാം. എന്നാൽ ഇക്കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടു ഇതു ദൈവത്തിന്റെ സത്യവചനം എന്നു ദൂതൻ യോഹന്നാനോടു പറയുന്നു. ദൂതൻ ദൈവത്തിന്റെ അരുളപ്പാടുകൾ അറിയിച്ച ഇടനിലക്കാരനാണെന്നും താൻ പറഞ്ഞതെല്ലാം ദൈവത്തിൽ നിന്നു വരുന്നതാകയാൽ സകലതും സത്യം തന്നെ എന്നും പറഞ്ഞു യോഹന്നാനെ ധൈര്യപ്പെടുത്തുന്നു.

**വെളി.19:10 — ഞാൻ അവനെ നമസ്കരിക്കേണ്ടതിന്നു അവന്റെ കാല്ക്കൽ വീണു; അപ്പോൾ അവൻ എന്നോടു: അതരുതു: ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യം ഉള്ള നിന്റെ സഹോദരന്മാർക്കും സഹഭൃത്യനത്രേ; ദൈവത്തെ നമസ്കരിക്ക; യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവു തന്നേ എന്നു പറഞ്ഞു** (And I fell at his feet to worship him. But he said to me, "See that you do not do that! I am your fellow servant, and of your brethren who have the testimony of Jesus. Worship God! For the testimony of Jesus is the spirit of prophecy") —

സഭയുടെ ഉത്പ്രാപണത്തിനുശേഷമുള്ള സംഭവങ്ങൾ യോഹന്നാനെ അത്ഭുതപരതന്ത്രനാക്കി. അപ്പോൾ യോഹന്നാനു പറ്റിയ ഒരു തെറ്റും അതിനു ദൂതൻ നൽകുന്ന വിശദീകരണവുമാണ് ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നത്. യോഹന്നാൻ തന്റെ ജീവിതത്തിൽ ഇതുവരെയും കണ്ടിട്ടില്ലാത്തതും കേട്ടിട്ടില്ലാത്തതുമായ കാര്യങ്ങൾ ദൂതനിലൂടെ ഗ്രഹിച്ച യോഹന്നാൻ ഒരു നിമിഷത്തേക്കു ദൂതനെ ദൈവതുല്യനാക്കി അഥവാ ദൈവത്തിന്റെ പ്രതിനിധിയായി സങ്കല്പ്പിച്ചു ദൂതനെ നമസ്കരിക്കുവാനായി കാല്ക്കൽ വീഴുന്നു. യോഹന്നാന്റെ തെറ്റായ പ്രവൃത്തി മനസ്സിലാക്കിയ ദൂതൻ യോഹന്നാൻ ശ്രദ്ധിക്കേണ്ട നാലു ദൈവീകസത്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്നു. (1) അപ്പോൾ അവൻ എന്നോടു: അതരുതു (ദൈവത്തെ അല്ലാതെ മനുഷ്യരെയോ ദൂതന്മാരെയോ നമസ്കരിക്കരുത്) (2) ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യം ഉള്ള നിന്റെ സഹോദരന്മാർക്കും സഹഭൃത്യനത്രേ (3) ദൈവത്തെ നമസ്കരിക്ക (4) യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവു തന്നേ.

**ഞാൻ അവനെ നമസ്കരിക്കേണ്ടതിന്നു അവന്റെ കാല്ക്കൽ വീണു** (And I fell at his feet to worship him) —

സ്വർഗ്ഗീയകാഴ്ചകൾ കണ്ടും കേട്ടും നിന്ന യോഹന്നാൻ തന്നിൽ ഒതുക്കിവെയ്ക്കുവാൻ കഴിയാത്ത അതിസന്തോഷത്താൽ പരിസരമാകെ മറന്നു പ്രവർത്തിക്കുന്നു. ആത്മവിവശനായി സ്വർഗ്ഗത്തിലേക്കു കയറിയതു മുതൽ സ്വർഗ്ഗത്തിലെ സകലതും യോഹന്നാൻ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ദൈവസിംഹാസനവും, സിംഹാസനത്തിലിരിക്കുന്ന 24 മൂപ്പന്മാരും, അവരുടെ ചുറ്റും നിൽക്കുന്ന ദൂതന്മാരും, കെരൂബുകളും, നാലു ജീവികളും മാത്രമല്ല അനേക കാഴ്ചകൾക്കും യോഹന്നാൻ ദൃക്സാക്ഷിയായി. ഇതിനു പുറമേ കുഞ്ഞാടിന്റെ കല്യാണവും, കാന്തെക്കു കൃപയാൽ ലഭിക്കുന്നു നീതിപ്രവൃത്തികളുടെ അങ്കിയും, കുഞ്ഞാടിന്റെ കല്യാണസദ്യെയും, കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവരുടെ ഭാഗ്യാവസ്ഥയും എന്നിങ്ങനെയുള്ളവയുള്ള വിവരണങ്ങളും യോഹന്നാനെ ഏറ്റവും അത്ഭുതപ്പെടുത്തി. താൻ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളുടെ സത്യാവസ്ഥയും ഗാംഭീര്യവും മാത്രവുമല്ല ദൂതന്റെ വെട്ടിത്തിളങ്ങുന്ന സാന്നിദ്ധ്യവും ഒരു നിമിഷത്തേക്കു പരിസരം മറന്നു ദൂതനെ നമസ്കരിക്കുവാൻ ദൂതന്റെ കാല്ക്കൽ യോഹന്നാൻ വീഴുവാനിടയാകുന്നു.

**അപ്പോൾ അവൻ എന്നോടു: അതരുതു:** (But he said to me, "See that you do not do that!) —

മുമ്പൊരിക്കൽ പത്മൊസ് ദ്വീപിൽ വെച്ചു മഹത്വധാരിയായ ക്രിസ്തുവിനെ കണ്ടപ്പോൾ യോഹന്നാൻ മരിച്ചവനെപ്പോലെ ക്രിസ്തുവിന്റെ കാല്ക്കൽ വീണിരുന്നു (വെളി.1:17). അന്നു ശാസനക്കു പകരം ഭയപ്പെടേണ്ടാ എന്ന ആശ്വാസവാക്കുകളാണ് ക്രിസ്തുവിൽ നിന്നുണ്ടായത്. ഇതിനു കാരണം ക്രിസ്തു ആരാധനയും നമസ്കാരവും സ്വീകരിക്കുവാൻ യോഗ്യനായതിനാലാണ്. എന്നാൽ ഇവിടെ യോഹന്നാൻ ദൂതന്റെ കാല്ക്കൽ വീണപ്പോൾ ദൂതനിൽ നിന്നു ശാസനയാണ് ലഭിക്കുന്നത്. തന്നെ നമസ്കരിക്കുരുതെന്നു ദൂതൻ യോഹന്നാനോടു പറഞ്ഞുവെങ്കിലും വീണ്ടും ഒരിക്കലൂടെ യോഹന്നാൻ ഇതേ തെറ്റു ആവർത്തിക്കുന്നതായി കാണുന്നു. **വെളി.22:8,9 —** *"ഇതു കേൾക്കയും കാണുകയും ചെയ്തതു യോഹന്നാൻ എന്ന ഞാൻ തന്നേ. കേൾക്കയും കാണുകയും ചെയ്തശേഷം അതു എനിക്കു കാണിച്ചുതന്ന ദൂതന്റെ കാല്ക്കൽ ഞാൻ വീണു നമസ്കരിച്ചു. എന്നാൽ അവൻ എന്നോടു: അതരുതു: ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രേ; ദൈവത്തെ നമസ്കരിക്ക എന്നു പറഞ്ഞു."* ഇപ്രകാരം വെളിപ്പാടു പുസ്തകത്തിൽ ദൂതൻ രണ്ടു പ്രാവശ്യം യോഹന്നാനെ ശാസിക്കുന്നു. ദൈവത്തെയല്ലാതെ മറ്റാരെയും നമസ്കരക്കുവാൻ ദൈവവചനം അനുവദിക്കുന്നതുമില്ല.

**ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യം ഉള്ള നിന്റെ സഹോദരന്മാർക്കും സഹഭൃത്യനത്രേ** (I am your fellow servant, and of your brethren who have the testimony of Jesus) —

ദൂതന്മാരെ ആരാധിക്കുവാൻ പാടില്ല (കൊലൊ.2:18). ദൂതന്മാർ ദൈവത്തിന്റെ സൃഷ്ടികളും ശുശ്രൂഷക്കാരുമാണ് (എബ്രാ.1:7). കൂടാതെ അവർ ദൈവമക്കളുടെ ശുശ്രൂഷെക്കായി അയക്കപ്പെടുന്ന സേവകാത്മാക്കളുമാണ് (എബ്രാ.1:14). ദൈവത്തിന്റെ സൃഷ്ടിയെയല്ല സൃഷ്ടികർത്താവിനെ മാത്രമാണ് ആരാധിക്കേണ്ടത്. യോഹന്നാൻ അപ്പൊസ്തലന് ഇക്കാര്യം വ്യക്തമായി അറിയാമെങ്കിലും സാഹചര്യത്തിന്റെ സമ്മർദ്ദത്താലാണ് ദൂതനെ നമസ്കരിച്ചുപോയതെന്നു കരുതാം. ദൂതൻ യോഹന്നാനോടു പറയുന്നത് — *"ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യം ഉള്ള നിന്റെ സഹോദരന്മാർക്കും സഹഭൃത്യനത്രേ."* സഹഭൃത്യൻ എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്കിനർത്ഥം സഹഅടിമ എന്നാണ് (servant > bond servant > fellow servant --> syndoulos = fellow slave). ദൂതന്മാർ ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലയിലും, മനുഷ്യർ അഥവാ വിശ്വാസികൾ ദൈവത്താൽ വീണ്ടെടുക്കപ്പെട്ടവരെന്ന നിലയിലും ദൈവത്തിന്റെ അടിമകളാണ്. അപ്പോൾത്തന്നെ ദൂതന്മാരും വീണ്ടെടുക്കപ്പെട്ട മനുഷ്യരും തമ്മിലുള്ള ബന്ധം ദൈവത്തിന്റെ സഹഭൃത്യന്മാർ അഥവാ സഹഅടിമകൾ എന്ന ബന്ധമാണുള്ളത്. യോഹന്നാനും താനും ദൈവത്തെ സേവിക്കുന്നതിനാൽ അവർ ദൈവത്തിന്റെ സഹഭൃത്യന്മാരാണ്. അപ്പോൾത്തന്നെ യേശുവിന്റെ സാക്ഷ്യമുള്ള യോഹന്നാന്റെ സഹോദരന്മാർക്ക് അഥവാ വീണ്ടെടുക്കപ്പെട്ട സകല ദൈവമക്കൾക്കും ദൂതൻ സഹഭൃത്യനുമാണ്.

യേശുവിന്റെ സാക്ഷ്യമുള്ളവർ കിസ്തുവിൽ വിശ്വസിച്ചു ക്രിസ്തുവിന്റെ സാക്ഷികളായവരാണ്. യേശു ഭൂമിയിലായിരുന്നപ്പോൾ ജീവിച്ചതും സംസാരിച്ചതുമായ മാതൃകപ്രകാരം അവർ ജീവിക്കുമ്പോൾ അവരെ യേശുവിന്റെ സാക്ഷ്യമുള്ളവരെന്നു അറിയപ്പെടും. യേശുവിന്റെ സാക്ഷ്യം അവരിലുള്ളതിനാൽ അവർ യേശുവിനെക്കുറിച്ചു സംസാരിക്കുന്നവരുമാണ്.

**ദൈവത്തെ നമസ്കരിക്ക** (Worship God!) —

ദൂതനെ നമസ്കരിച്ചുകൊണ്ടു കാല്ക്കൽ വീണ യോഹന്നാനോടു ദൂതൻ പറയുന്നത് ദൈവത്തെ നമസ്കരിക്കുക അഥവാ ദൈവത്തെ മാത്രം നമസ്കരിക്കുക എന്നാണ്. യിസ്രായേലിനു മോശെ മുഖാന്തരം ദൈവം കൊടുത്ത പത്തു കല്പനകളിൽ ദൈവത്തെ മാത്രമേ നമസ്കരിക്കാവൂ എന്നു നിർദ്ദേശിച്ചിട്ടുണ്ട് (പുറ.20:1-5/ആവ.5:7-9).

നമസ്കാരം ആഗ്രഹിച്ചു വന്ന പിശാചിനോടു കർത്താവു പറഞ്ഞതും ദൈവത്തെ മാത്രമേ നമസ്കരിക്കാവൂ എന്നാണ്. **മത്താ.4:8-10 —** *"പിന്നെ പിശാചു അവനെ ഏറ്റവും ഉയർന്നോരു മലമേൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു: വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്നു അവനോടു പറഞ്ഞു. യേശു അവനോടു: സാത്താനേ, എന്നെ വിട്ടുപോ; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു."*

ഒരിക്കൽ പത്രൊസിന്റെ കാല്ക്കൽ വീണ കൊർന്നേല്യൊസിനോടു പത്രൊസ് പറഞ്ഞത് എഴുന്നേൽക്ക ഞാനും ഒരു മനുഷ്യനത്രേ എന്നാണ്. **അപ്പൊ.10:24-26 —** *"പിറ്റെന്നാൾ കൈസര്യയിൽ എത്തി; അവിടെ കൊർന്നേല്യൊസ് ചാർച്ചക്കാരെയും അടുത്ത സ്നേഹിതന്മാരെയും കൂട്ടിവരുത്തി, അവർക്കായി കാത്തിരുന്നു. പത്രൊസ് അകത്തു കയറിയപ്പോൾ കൊർന്നേല്യൊസ് എതിരേറ്റു അവന്റെ കാല്ക്കൽ വീണു നമസ്കരിച്ചു. പത്രൊസോ: എഴുന്നേൽക്ക, ഞാനും ഒരു മനുഷ്യനത്രേ എന്നു പറഞ്ഞു അവനെ എഴുന്നേൽപ്പിച്ചു."*

ഭൂമിയിലെ ഏതെങ്കിലും മനുഷ്യരോ സൃഷ്ടിയോ ദൈവത്തിനു മാത്രം നല്കപ്പെടുന്ന ആരാധന സ്വീകരിക്കുവാൻ യോഗ്യരല്ല. എന്നാൽ മനുഷ്യർ മറ്റുള്ളവരുടെ ആദരവിനും ബഹുമാനത്തിനും യോഗ്യരാണ്. **റോമ.12:10 —** *"സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ."* **റോമ.13:7 —** *"എല്ലാവർക്കും കടമയായതു കൊടുപ്പിൻ; നികുതി കൊടുക്കേണ്ടവന്നു നികുതി; ചുങ്കം കൊടുക്കേണ്ടവന്നു ചുങ്കം; ഭയം കാണിക്കേണ്ടവന്നു ഭയം; മാനം കാണിക്കേണ്ടവന്നു മാനം."* ദൈവജനത്തെ ആത്മീയപോഷണത്താൽ നടത്തുന്നവരെയും ദൈവവചനം സംസാരിക്കുന്നവരെയും ബഹുമാനിക്കുകയും ആദരിക്കുകയും വേണം. എന്നാൽ ആദരവ് ആരാധനയിലേക്ക് ചെന്നെത്തുവാൻ പാടില്ല. **1.തെസ്സ.5:12 —** *"സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവരെ അറിഞ്ഞു അവരുടെ വേലനിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം എന്നു നിങ്ങളോടു അപേക്ഷിക്കുന്നു."*

**യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവു തന്നേ എന്നു പറഞ്ഞു** (For the testimony of Jesus is the spirit of prophecy") —

യോഹന്നാൻ ദൂതന്റെ കാല്ക്കൽ വീണു നമസ്കരിച്ചപ്പോൾ അതു തടുത്തുകൊണ്ടു അതിന്റെ കാരണമായി ദൂതൻ പറയുന്ന നാലാമത്തെ വസ്തുതയാണിവിടെ കാണുന്നത് — *"യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവു തന്നേ."* ആത്മാവു എന്നാൽ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് സാരാംശം, കാതൽ, കേന്ദ്രബിന്ദു എന്നൊക്കെയുള്ള അർത്ഥത്തിലാണ്. പ്രവചനം എന്നാലെന്ത് എന്ന ചോദ്യത്തിനു ഇവിടെ ഉത്തരം ലഭിക്കുന്നു. പ്രവചനമെന്നാൽ യേശുവിന്റെ സാക്ഷ്യമാണ്. അതായത് പ്രവചനത്തിന്റെ സാരാംശവും കാതലും യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിന്റെ ജീവിതവും, സ്നേഹവും, മഹത്വവും വർണ്ണിക്കുകയെന്നത് യേശുവിന്റെ സാക്ഷ്യമെന്ന നിലയിൽ പ്രവചനമാണ്. പരിശുദ്ധാത്മാവ് ഇന്നത്തെ കൃപായുഗത്തിൽ യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തുക മാത്രമല്ല വരുംകാലത്ത് ക്രിസ്തുവിനാൽ നിറവേറപ്പെടുന്ന സകലഭാവികാര്യങ്ങളും വിശ്വാസികൾക്കു മനസ്സിലാക്കിക്കൊടുക്കുന്നു. **യോഹ.16:13-15 —** *"സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും. അവൻ എനിക്കുള്ളതിൽനിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തും. പിതാവിനുള്ളതു ഒക്കെയും എനിക്കുള്ളതു; അതുകൊണ്ടത്രേ അവൻ എനിക്കുള്ളതിൽനിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരും എന്നു ഞാൻ പറഞ്ഞതു."*

പ്രവചനങ്ങളുടെ കേന്ദ്രവിഷയം യേശുക്രിസ്തുവാണ്. മോശെ തുടങ്ങി സകലപ്രവാചകന്മാരും തന്നെക്കുറിച്ചു പ്രവചിച്ചിരിക്കുന്നു എന്നു എമ്മവുസ് യാത്രയിൽ ക്രിസ്തു രണ്ടു ശിഷ്യന്മാരോടറിയിച്ചു. **ലൂക്കൊ.24:25-27 —** *"അവൻ അവരോടു: അയ്യോ, ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതു എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു. മോശെ തുടങ്ങി സകലപ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു."*

വെളിപ്പാടു പുസ്തകം തന്നെ യേശുക്രിസ്തുവിന്റെ വെളിപ്പാടെന്ന നിലയിൽ പ്രവചനപുസ്തകമാണ്. സുവിശേഷങ്ങളിൽ ക്രിസ്തു താഴ്മധരിച്ചു ഭൂമിയിലേക്കു വന്നു തന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപമോചനവും രക്ഷണ്യപ്രവർത്തികളും നടത്തിയ ഒന്നാം വരവിലെ പ്രവർത്തനങ്ങൾ വിവരിക്കുന്നു. പ്രവാചകന്മാർ പ്രവചിച്ച രക്ഷകനായ യേശുക്രിസ്തുവിന്റെ വീണ്ടെടുപ്പും ഉപദേശങ്ങളും അപ്പൊസ്തലന്മാർ ലേഖനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രവചപുസ്തകമായ വെളിപ്പാടിൽ കർത്താധികർത്താവും രാജാധിരാജാവുമായ ക്രിസ്തു മഹത്വത്തോടെ തന്റെ വീണ്ടടുക്കപ്പെട്ടവരുമായി ഭൂമിയിലേക്കു വരുന്നതും സഹസ്രാബ്ദവാഴ്ചയും പ്രസ്താവിച്ചിരിക്കുന്നു. പ്രവചനഭാഗങ്ങളെല്ലാം തന്നെ യേശുക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൂതൻ പ്രസ്താവിച്ചതുപോലെ നാമും ഓർക്കേണ്ടത് പ്രവചനത്തിന്റെ സാരാംശം അഥവാ കേന്ദ്രബിന്ദു എന്നത് യേശുക്രിസ്തുവാണ്. ആയതിനാൽ യേശുക്രിസ്തുവിനെ സാക്ഷീകരിക്കുക എന്നതാണ് നമ്മുടെ ദൗത്യം.

യോഹന്നാൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടതൊക്കെ സാക്ഷീകരിച്ചു എന്നു പുസ്തകാരംഭത്തിൽ പ്രസ്താവിച്ചിരുന്നു (വെളി.1:2). കൂടാതെ താൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തമാണ് പത്മൊസ് ദ്വീപിലേക്കു കുറ്റവാളിയെപ്പോലെ നാടുകടത്തപ്പെട്ടത് (വെളി.1:9). എന്നാൽ ഭാവിയിൽ അരങ്ങേറുവാൻ പോകുന്ന കാര്യങ്ങളുടെ വിവരണങ്ങൾ അഥവാ ഭാവിപ്രവചനങ്ങൾ കേട്ടപ്പോൾ ദൂതനെ നമസ്കരിക്കുവാനായി യോഹന്നാൻ ദൂതന്റെ കാല്ക്കൽ വീഴുന്നു (വെളി.19:10). ദൂതൻ യോഹന്നാന്റെ പ്രവൃത്തിയെ ശാസിച്ചുകൊണ്ടു അതിനുള്ള കാരണങ്ങളും ആരെയാണ് ആരാധിക്കേണ്ടതെന്നും യോഹന്നാനു പറഞ്ഞുകൊടുക്കുന്നു. പ്രവചനകേന്ദ്രമായ യേശു

ക്രിസ്തുവിൽ നിന്നു യോഹന്നാൻ തന്റെ ശ്രദ്ധ വ്യതിചലിച്ചു ദൂതനിലേക്കു തിരിഞ്ഞതിനാലാവാം ദൂതന്റെ കാല്ക്കൽ വീഴുവാനിടയായത്. യോഹന്നാൻ ഇതേ തെറ്റു വീണ്ടും ഒരിക്കൽകൂടി ആവർത്തിക്കുന്നതായും അപ്പോഴും ദൂതൻ ശാസിക്കുന്നതായും കാണുന്നു (വെളി.22:8,9). ശ്രേഷ്ടഅപ്പൊസ്തലനായ യോഹന്നാനു ഇപ്രകാരത്തിലുള്ള തെറ്റു സംഭവിച്ചുവെങ്കിൽ നമുക്കു എത്ര അധികമായി സംഭവിക്കും എന്നോർത്തു ഏറ്റവും ജാഗ്രത പാലിക്കേണ്ടതുണ്ട്. പ്രവചനം പറയുന്നവരെയും പ്രവചനവ്യാഖ്യാതാക്കളെയും ആധുനികലോകം തലയിലേറ്റി ഉയർത്തിക്കൊണ്ടു നടക്കുന്ന രംഗങ്ങൾ നമുക്കു ചുറ്റും കാണാം. പ്രവാചകന്മാരെന്നൊരു കൂട്ടം ഇന്നു അത്ഭുതങ്ങളും അടയാളങ്ങളും കാട്ടി വിശ്വാസികളെത്തന്നെ ഭ്രമിപ്പിക്കുന്നു. സഭയുടെ ആരംഭകാലത്തു പ്രവാചകന്മാർ എന്നൊരു കൂട്ടരെ എഴുന്നേൽപ്പിച്ചിരുന്നു (1.കൊരി.12:28). എന്നാൽ തിരുവെഴുത്തു രേഖകളായി പൂർണ്ണമായി ലഭിച്ചപ്പോൾ അഥവാ അവസാനപുസ്തകമായ വെളിപ്പാടു ലഭിച്ചു കഴിഞ്ഞപ്പോൾ പുതുതായി പ്രവചനങ്ങളോ അതു പറയുവാനായി പ്രവാചകന്മാരോ ആവശ്യമില്ലാതായി. ദൈവവചനം ഇക്കാലങ്ങളിൽ പൊരുൾ തിരിച്ചു പ്രബോധിപ്പിക്കുന്നതോ, പ്രവചനഭാഗങ്ങൾ ആനുകാലികസംഭവങ്ങളുമായി ബന്ധപ്പെടുത്തി സംസാരിക്കുന്നതോ പ്രവചനശുശ്രൂഷയിൽ ഉൾപ്പെടുന്നില്ല. മാത്രവുമല്ല തിരുവെഴുത്തിലെ പ്രവചനങ്ങളെല്ലാം യേശുക്രിസ്തുവുമായി ബന്ധപ്പെട്ടു നില്ക്കുന്നതിനാൽ യേശുക്രിസ്തുവിനും യേശുക്രിസ്തുവിലൂടെയുള്ള രക്ഷണ്യമാർഗ്ഗത്തിനുമാണ് പ്രാധാന്യം കൊടുക്കേണ്ടത്.

ദൈവത്തിന്റെ വചനം സംസാരിക്കുന്ന ദൈവദാസന്മാരും, അവരിലൂടെ വചനം കേൾക്കുന്ന വിശ്വാസികളും ശ്രദ്ധിക്കേണ്ടതായ അതിപ്രധാനമായ സന്ദേശം ദൂതന്റെ ശാസനയിലൂടെയും വിശദീകരണത്തിലൂടെയും നമുക്കു ലഭിക്കുന്നു. പ്രാസംഗികന്റെ അവതരണശൈലിയിലും, വാക്ക്ചാതുര്യത്തിലും, തിരുവചനം അനായാസമായി കൈകാര്യം ചെയ്യുവാനുള്ള കഴിവിലും കേൾവിക്കാർ ആകർഷിക്കപ്പെട്ടു യോഹന്നാനെപ്പോലെ അനേകർ പ്രാസംഗികനെ വാനോളം ഉയർത്തുവാനിടയാകുന്നു. ഇപ്രകാരം വചനങ്ങളും പ്രവചനഭാഗങ്ങളും സംസാരിക്കുന്ന പ്രാസംഗികനെ ഉയർത്തുന്നതുമൂലം ദൈവത്തിനു ലഭിക്കേണ്ടതായ മഹത്വം വ്യതിചലിച്ചുപോകുന്നു. കൊരിന്ത്യസഭയിൽ ഇപ്രകാരമുള്ള ഭയഭക്തി നാമ്പെടുത്തു വിഭാഗിത ചിന്താഗതിയിലേക്കു നീങ്ങിയ വേളയിലാണ് പൗലൊസ് അവരെ ശാസിച്ചത് **—1.കൊരി.3:4-9 —** *"ഒരുത്തൻ ഞാൻ പൗലൊസിന്റെ പക്ഷക്കാരൻ എന്നും മറ്റൊരുത്തൻ: ഞാൻ അപ്പൊല്ലൊസിന്റെ പക്ഷക്കാരൻ എന്നും പറയുമ്പോൾ നിങ്ങൾ സാധാരണമനുഷ്യരല്ലയോ? അപ്പൊല്ലൊസ് ആർ? പൗലൊസ് ആർ? തങ്ങൾ കർത്താവു നല്കിയതുപോലെ നിങ്ങൾ വിശ്വസിപ്പാൻ കാരണമായിത്തീർന്ന ശുശ്രൂഷക്കാരത്രേ. ഞാൻ നട്ടു, അപ്പൊല്ലോസ് നനെച്ചു, ദൈവമത്രേ വളരുമാറാക്കിയതു. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനെക്കുന്നവനും ഏതുമില്ല. നടുന്നവനും നനെക്കുന്നവനും ഒരുപോലെ; ഓരോരുത്തന്നു താന്താന്റെ അദ്ധ്വാനത്തിന്നു ഒത്തവണ്ണം കൂലി കിട്ടും. ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ ഗൃഹനിർമ്മാണം."* സാധാരണവചനഭാഗങ്ങളോ പ്രവചനഭാഗങ്ങളോ സംസാരിക്കുന്നവർ അവർ ദൈവത്തിന്റെ കരങ്ങളിൽ ഒരു ഉപകരണം മാത്രമാണെന്നും ദൈവകൃപയിലാണ് ഇതൊക്കെയും സംസാരിക്കുന്നതെന്നും (1.കൊരി.1:25-29/ലൂക്കൊ.17:10) എപ്പോഴും മനസ്സിലുണ്ടായാൽ ദൂതനെപ്പോലെ തന്നിലേക്കു വന്ന മഹത്വവും ആരാധനയും ദൈവത്തിങ്കലേക്കു തിരിക്കുവാൻ ഇടയാകും. ദൈവത്തിന്റെ വചനം പൊരുൾ തിരിച്ചു കേൾക്കുമ്പോഴും പ്രവചനഭാഗങ്ങൾ കേട്ടു യോഹന്നാനെപ്പോലെ അത്ഭുതപരതന്ത്രരാകുമ്പോഴും വിശ്വാസികളും വ്യക്തി ആരാധനയിലേക്കു പോകാതിരിക്കുവാൻ ശ്രദ്ധിക്കണം. ആരാധനയും സ്തുതിയും മഹത്വവും കർത്താവു ലഭിക്കുവാൻ വചനം സംസാരിക്കുന്നവരും കേൾക്കുന്നവരും ഒരുപോലെ ദൂതൻ യോഹന്നാനോടു പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയോടെ ഉൾക്കൊള്ളുക — (1) അപ്പോൾ അവൻ എന്നോടു: അതരുതു (ദൈവത്തെ അല്ലാതെ മനുഷ്യരെയോ ദൂതന്മാരെയോ നമസ്കരിക്കരുത്) (2) ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യം ഉള്ള നിന്റെ സഹോദരന്മാർക്കും സഹഭൃത്യനത്രേ (3) ദൈവത്തെ നമസ്കരിക്ക (4) യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവു തന്നേ.

**വെളി.19:11 — അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു** (Now I saw heaven opened, and behold, a white horse. And He who sat on him was called Faithful and True, and in righteousness He judges and makes war) —

വെളിപ്പാട്.19:11 മുതൽ 20:3 വരെയുള്ള വാക്യങ്ങൾ രാജാധിരാജാവും കർത്താധികർത്താവുമായ യേശുക്രിസ്തുവിന്റെ വരവിനെ (The coming if the King of Kings and the Lord of Lords) വിവരിക്കുന്നു. ഇത് ക്രിസ്തുവിന്റെ ദൃശ്യമായ വരവിനെയാണ് (The Visible coming of Christ) കുറിക്കുന്നത്. രാജ്യസ്ഥാപനത്തോടുള്ള ബന്ധത്തിൽ ആദ്യഭാഗം (19:11-16) സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്ന രാജാധിരാജാവിനെപ്പറ്റിയും (Description of the King), രണ്ടാം ഭാഗം (19:17-20:3) രാജാവിന്റെ പ്രവൃത്തിയെക്കു

റിച്ചും (The Conquest of the King) വിവരിക്കുന്നു . യേശുക്രിസ്തുവിന്റെ രണ്ടാം വരവ് അഥവാ മഹത്വ പ്രത്യക്ഷത (Second coming > Appearance in Glory) തിരുവചനപ്രവചനങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ളതായിരിക്കുന്നു. പാപപങ്കിലമായ ലോകത്തിന്റെ മാലിന്യത്തിൽ നിന്നു യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സകലരുടെയും — (മരണംവഴിയായി നിത്യതയിലേക്കു പ്രവേശിച്ചവരുടെയും ഇപ്പോൾ ജീവിച്ചിരിക്കുന്നവരുടെയും) — പ്രത്യാശവിഷയമാണ് യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി ഒരിക്കൽ കർത്താവു രക്ഷകനായി ഭൂമിയിലേക്കു വന്നത് അനേകരുടെയും ശ്രദ്ധാവിഷയമല്ലായിരുന്നു. ഏറ്റവും താഴ്മധരിച്ചു അന്നു ഭൂമിയിൽ ജീവിച്ചു നന്മ പ്രവർത്തിച്ച കർത്താവിനെ ലോകം നിന്ദിക്കുകയും, ഉപദ്രവിക്കുകയും, പരിഹസിക്കുകയും, തുപ്പുകയും, അടിക്കുകയും അവസാനം  ക്രൂശിൽ തറച്ചു കൊല്ലുകയും ചെയ്തു. എന്നാൽ കാലാന്ത്യത്തിൽ തന്റെ വീണ്ടെടുക്കപ്പെട്ടവരുമായി സ്വർഗ്ഗം തുറന്നു ഭൂമിയിലേക്കു വരുന്ന ക്രിസ്തുവിന്റെ എഴുന്നള്ളത്ത് ബലശാലിയും ജയാളിയുമായ രാജാധിരാജാവും കർത്താധികർത്താവുമായിട്ടായിരിക്കും.

അനവധി തിരുവെഴുത്തുകൾ കർത്താവിന്റെ രണ്ടാംവരവായ മഹത്വപ്രത്യക്ഷതയെക്കുറിച്ചു പറയുന്നു —

**(1) സെഖര്യാപ്രവാചകൻ —**

സെഖ.14:3,4 — *"അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും; ഒലിവുമല കിഴക്കു പടിഞ്ഞാറായിനടുവെ പിളർന്നുപോകും; ഏറ്റവും  വലിയോരു താഴ്വര ഉളവായ്‌വരും; മലയുടെ ഒരു പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും."*

**(2) ക്രിസ്തു —**

മത്താ.24:29,30 — *"ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും."*

മത്താ.25:31 — *"മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകലവിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും."*

**(3) പൗലൊസ് —**

2.തെസ്സ.1:6,7 — *"കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ..."*

**(4) യൂദാ —**

യൂദാ.14,15 — *"ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ചു; ഇതാ കർത്താവു എല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകലപ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകലനിഷ്ഠൂരതയും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വന്നിരിക്കുന്നു എന്നു പ്രവചിച്ചു."*

**(5) യോഹന്നാൻ —**

വെളി.1:7 — *"ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വു, ആമേൻ."*

"യേശുക്രിസ്തുവിന്റെ വെളിപ്പാട് (the revelation of Jesus Christ):  വേഗത്തിൽ സംഭവിപ്പാനുള്ളതു തന്റെ ദാസന്മാരെ കാണിക്കേണ്ടതിന്നു ദൈവം അതു അവന്നു കൊടുത്തു " എന്ന പ്രസ്താവനയോടെ വെളിപ്പാടു പുസ്തകം ആരംഭിച്ചു.  തുടർന്നു മഹത്വധാരിയായ ക്രിസ്തുവിനെയും, ഏഴു സഭകൾക്കുള്ള ദൂതുകളും യോഹന്നാൻ എഴുതി. സഭയുടെ ഉത്പ്രാപണത്തിനു തുല്യമായ യോഹന്നാന്റെ എടുക്കപ്പെടലിനുശേഷം സ്വർഗ്ഗത്തിലെ സംഭവങ്ങൾ യോഹന്നാൻ വിവരിച്ചു. ഭൂമിയിലെ പീഡനകാലം, 21 ദൈവീകന്യായവിധികൾ, അന്തിക്രിസ്തുവിന്റെയും രണ്ടു മൃഗങ്ങളുടെയും പ്രത്യക്ഷതയും യോഹന്നാൻ കണ്ടു. പീഡനകാലത്തും ഭൂമിയിൽ സുവിശേഷം അറിയിക്കുവാൻ ദൈവം അനുവദിക്കുന്നതിലൂടെ അനേകർ ദൈവഭാഗത്തണയുന്നതും യോഹന്നാൻ വിശദീകരിച്ചു. കുഞ്ഞാടിന്റെ കല്യാണവും കാന്തക്കു കൃപയാൽ ലഭിക്കുന്ന വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളെന്ന അങ്കിയും വിശദീകരിച്ചു. ഇത്രയും

സംഭവങ്ങളുടെ അവസാനം എന്നപോലെ വെളിപ്പാടു 19:10 -ൽ പറയുന്നത് പ്രവചനങ്ങളുടെയെല്ലാം കേന്ദ്രവിഷയമായ ക്രിസ്തുവിനെക്കുറിച്ചാണ് — "യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവു തന്നേ" (the testimony if Jesus is the spirit of prophesy). സകലപ്രവചനങ്ങളുടെയും ഉറവിടവും കേന്ദ്രവിഷയവുമായ കർത്താവിനെക്കുറിച്ചു സംവത്സരങ്ങളായി ദൈവമക്കൾ ലോകത്തെ അറിയിച്ചുകൊണ്ടിരുന്നുവെങ്കിൽ ഇപ്പോൾ ക്രിസ്തു മഹത്വത്തോടെ ഭൂമിയിലേക്കു വന്നു സകലപ്രവചനങ്ങളും നിറവേറ്റപ്പെടുന്നു.

ക്രിസ്തുവിന്റെ മഹത്വമാർന്ന രണ്ടാം വരവോടെ ദൈവരാജ്യം ഭൂമിയിലേക്കു വന്നു ഭൂമിയാസകലം സ്വർഗ്ഗതുല്യമായിത്തീരുവാൻ ഇടയാകുന്നു. ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയെന്നത് പിതാവായ ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ ഏറ്റവും ഉയർത്തി സകലത്തെയും ക്രിസ്തുവിന്റെ പാദത്തിൻകീഴിലാക്കുന്ന അനർഘനിമിഷങ്ങളാണ് (സങ്കീ.2/ഫിലി.2:9-11).

**വെളി.19:11 — അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു** (Now I saw heaven opened) —

അനന്തരം (and) എന്ന വാക്കോടെ യോഹന്നാൻ പുതിയൊരു ദർശനത്തിനു ആരംഭം കുറിക്കുന്നു. ഗ്രീക്കിൽ ഇതിനു കെയ് (kai) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഒന്നിനു പുറകേ മറ്റൊന്നു വിവരിക്കുമ്പോൾ തമ്മിൽ കൂട്ടിച്ചേർക്കുന്ന പദമാണിത്. അനന്തരം, അതിന്റെ ശേഷം, ഇതിന്റെ ശേഷം എന്നീ പ്രയോഗങ്ങൾ അടുത്ത ദർശനത്തിന്റെ ആരംഭത്തെ കുറിക്കുന്നു (വെളി.4:1/7:1/7:9/15:5/18:1/19:1). അനന്തരം എന്നു യോഹന്നാൻ ഇവിടെ പറയുന്നത് കുഞ്ഞാടിന്റെ കല്യാണശേഷം അഥവാ ഭൂമിയിലെ മഹോപദ്രവകാലം വിവരിച്ച സംഭവങ്ങൾക്കുശേഷം എന്നാണ്.

കുഞ്ഞാടിന്റെ കല്യാണാനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് യോഹന്നാൻ കാണുന്നു. **ഞാൻ കണ്ടു** എന്നത് മറ്റാരും പറഞ്ഞുകേട്ട കാര്യങ്ങളല്ല മറിച്ചു യോഹന്നാൻ നേരിൽ കണ്ട കാഴ്ചയാണിതെന്നു വെളിപ്പെടുന്നു. ഭാവിയിൽ അരങ്ങേറുവാൻ പോകുന്ന കാര്യങ്ങളെ വിശദീകരിക്കുന്ന ഒരു തുറന്ന പുസ്തകമാണ് വെളിപ്പാട്. സഭകൾക്കുള്ള ദൂതു എഴുതിയശേഷം പത്മൊസിൽ യോഹന്നാൻ ഇരിക്കുമ്പോൾ സ്വർഗ്ഗത്തിൽ ഒരു **വാതിൽ** തുറന്നിരിക്കുന്നതു (വെളി.4:1) കാണുന്നു . തുടർന്നു ഏഴാമത്തെ ക്രോധകലശാനന്തരം സ്വർഗ്ഗത്തിലെ **ദൈവാലയം** തുറന്നു അകത്തെ കാഴ്ചകൾ കാണുന്നു (വെളി.11:19). ഭൂവാസികളുടെമേലുണ്ടായ 21 ന്യായവിധികൾക്കുശേഷം പീഡനകാലാന്ത്യത്തിൽ **സ്വർഗ്ഗം** തുറന്നിരിക്കുന്നതു യോഹന്നാൻ കാണുന്നു (വെളി19:1). ഏഴുസഭകൾക്കുള്ള ദൂതുകൾ എഴുതിയശേഷം പത്മൊസിൽ ഇരിക്കുമ്പോൾ സ്വർഗ്ഗത്തിലെ വാതിൽ തുറക്കപ്പെടുന്നത് യോഹന്നാനെ സ്വർഗ്ഗത്തിലേക്കെടുക്കുവാനായിരുന്നു. എന്നാൽ മഹാപീഡനകാലശേഷം സ്വർഗ്ഗം തുറക്കുന്നത് രാജാധിരാജനും കർത്താധികർത്താവുമായ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു ഇറങ്ങി വരുവാനായിരുന്നു. അതായത് ഭൂമിയിലെ മഹാപീഡനകാലത്തിനു മുമ്പു സ്വർഗ്ഗത്തിലെ വാതിൽ തുറന്ന് വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടമായ മണവാട്ടി സഭ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടുന്നു. തുടർന്നു ഭൂമിയിൽ പീഡനകാലം നടക്കുമ്പോൾ സ്വർഗ്ഗത്തിൽ സന്തോഷവും കുഞ്ഞാടുമായുള്ള കല്യാണവും നടക്കുന്നു. അതിനുശേഷം സ്വർഗ്ഗം തുറന്നു മണവാട്ടിയുടെ ഭവനമായിരുന്ന ഭൂമിയിലേക്കു ക്രിസ്തുവും സഭയും ഒരുമിച്ചു സ്വർഗ്ഗീയസൈന്യവുമായി വരുന്നു.

**വെളി.19:11 — ഒരു വെള്ളക്കുതിര പ്രത്യക്ഷമായി** (and behold, a white horse) —

സ്വർഗ്ഗം തുറന്നിരിക്കുന്നതും അതിലൂടെ ഒരു വെള്ളക്കുതിര പ്രത്യക്ഷപ്പെടുന്നതും യോഹന്നാൻ കാണുന്നു. കുതിപ്പുറത്തു വരുന്ന രാജാധിരാജാവിനെക്കുറിച്ചു വർണ്ണിക്കുന്നതിനു മുമ്പായി കുതിരയെക്കുറിച്ചു യോഹന്നാൻ പറയുന്നു. കുതിര യുദ്ധത്തെയും, വെള്ള വിശുദ്ധിയെയും വിജയത്തെയും സമാധാനത്തെയും പ്രദർശിപ്പിക്കുന്നു. ആകയാൽ ഇവിടെ പ്രത്യക്ഷപ്പെടുന്ന വെള്ളക്കുതിര ഒരേസമയം യുദ്ധത്തെയും സമാധാനത്തെയും വിജയത്തെയും വിളിച്ചറിയിക്കുന്നു. ചുരുക്കത്തിൽ വെള്ളക്കുതിരയുടെ പ്രത്യക്ഷത യുദ്ധവിജയത്തെ കുറിക്കുന്നു.

വെള്ളക്കുതിരപ്പുറത്തുള്ള പ്രത്യക്ഷത പുരാതന റോമൻ സാമ്രാജ്യത്തിൽ പാരമ്പര്യമായി നടന്നുവന്ന സൈനിക യുദ്ധവിജയഘോഷയാത്രയെ അനുസ്മരിപ്പിക്കുന്നതാണ്. യുദ്ധത്തിൽ വിജയിക്കുമ്പോൾ അതിന്റെ ആഹ്ലാദപ്രദർശനമായി യുദ്ധത്തിൽ വിജയം നേടിയ സൈന്യാധിപൻ വെള്ളക്കുതിരപ്പുറത്തു കയറി റോമൻ തെരുവീഥിയിലൂടെ പട്ടണത്തെ പ്രദിക്ഷണം ചെയ്യും. സൈന്യാധിപന്റെ വെള്ളക്കുതിരപ്പുറത്തുള്ള എഴുന്നള്ളത്ത് രാജ്യത്തിന്റെ ശത്രുക്കളുടെമേലുള്ള വിജയാഹ്ലാദത്തിന്റെ പ്രതീകമാണ്. ഘോഷയാത്രയിൽ ആദ്യം വരുന്നത് യുദ്ധത്തിൽ പിടിക്കപ്പെട്ട വസ്തുക്കളാണ്. ഇത് സൈന്യാധിപനും അദ്ദേഹത്തിന്റെ കീഴിലുള്ള സൈന്യത്തിനും സമ്മാനമായി കൊടുക്കപ്പെടും. രണ്ടാമതായി ഘോഷയാത്രയിൽ നിരനിരയായി വരുന്നത് അടിമകളെന്ന നിലയിൽ യുദ്ധത്തിൽ പിടിക്കപ്പെട്ട തോൽപ്പിക്കപ്പെട്ട രാജ്യത്തിലെ രാജാവ്, പടനായകൻ, ജനങ്ങൾ എന്നിവരുൾപ്പെട്ട കൂട്ടമാണ്. മൂന്നാമതായി ഘോഷയാത്രയിൽ വെള്ളക്കുതിരപ്പുറത്തു സൈന്യാധിപനും അദ്ദേഹത്തെ അനുഗമിച്ചു വരുന്ന സൈന്യാധി

പന്റെ കുടുംബക്കാരും സ്നേഹിതരും പടയാളികളുമാണ്. ഘോഷയാത്ര നിശ്ചയിക്കപ്പെട്ട സ്ഥലത്തെത്തിക്കഴിഞ്ഞാൽ യുദ്ധത്തിൽ അടിമകളായി പിടിക്കപ്പെട്ടവരെ ഓരോരുത്തരായി ശിരച്ഛേദനം ചെയ്യും.

മദ്ധ്യാകാശത്തിലേക്കെടുക്കപ്പെടുന്ന മണവാട്ടിസഭയുമായുള്ള വിവാഹം സ്വർഗ്ഗത്തിൽ വെച്ചു നടക്കുന്നു. അതിനുശേഷം മണവാളനായ ക്രിസ്തു മണവാട്ടിയുടെ ഭവനമായിരുന്ന ഭൂമിയിലേക്കുള്ള യാത്രയാണ് സ്വർഗ്ഗം തുറന്നുള്ള വെള്ളക്കുതിരപ്പുറത്തുള്ള വരവ്. തന്റെ രക്തം ചിന്തി ജീവൻകൊടുത്തു സ്വന്തമാക്കിയ മണവാട്ടിയുടെ ഭവനമാണ് ഭൂമി. അവിടെവെച്ചാണ് തന്നെ പീഡിപ്പിക്കുകയും നിന്ദിക്കുകയും അപമാനിക്കുകയും കൊല്ലുകയും ചെയ്തത്. അന്നു താൻ ഈ ഭൂമിയിലേക്കു വരുന്നതിനെക്കുറിച്ചു സെഖര്യാവ് പ്രവചിച്ചതും താൻ യെരൂശലേമിൽ പ്രവേശിച്ചതും കാളക്കുട്ടിയുടെ പുറത്തായിരുന്നു. **സെഖ.9:9 —** *"സീയോൻപുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരൂശലേംപുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു"* (മത്താ.21:1-11/ ലൂക്കൊ.19:29-40). എന്നാൽ ഇപ്പോഴത്തെ വരവ് ജയാളിയായ രാജാവിന്റെ പ്രൗഡിയോടെയാണ്. വെള്ളക്കുതിരപ്പുറത്തുള്ള ക്രിസ്തുവിന്റെ പ്രത്യക്ഷത സകലത്തെയും ജയിച്ചു കീഴടക്കി ജയോത്സവം കൊണ്ടാടി വരുന്ന ആഹ്ലാദഘോഷത്തെയും പരസ്യകാഴ്ചയെയും കുറിക്കുന്നു. **കൊലൊ.2:15 —** *"വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി."*

**അതിന്മേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്നു പേർ** (And He who sat on him was called Faithful and True, and in righteousness) —

**വെള്ളക്കുതിരപ്പുറത്തിരിക്കുന്നവൻ —**

മണവാളനും മണവാട്ടിയും വിവാഹശേഷം വധൂഗൃഹമായ ഭൂമിയിലേക്കു പ്രവേശിക്കുന്നതിനു മുമ്പായി ഒരു വലിയ യുദ്ധം നടക്കേണ്ടതുണ്ട്. ഭൂമിയിൽ അന്നു വാഴുന്ന വ്യാജരാജാവിനെ തോല്പിച്ചു ഭൂമിയിൽ സമാധാനഭരണം സ്ഥാപിക്കും. ഭൂമിയിയെ വ്യാജരാജാവ് അഥവാ അന്തിക്രിസ്തുവിനെ തോല്പിച്ചു നശിപ്പിക്കുവാനും കൂടിയാണ് ക്രിസ്തുവിന്റെ വരവ്. അന്നു നടക്കുന്ന മഹായുദ്ധത്തെ ഹർമ്മഗെദ്ദോൻ യുദ്ധം എന്നു പറയുന്നു. മണവാളനായ ക്രിസ്തു വെള്ളക്കുതിരപ്പുറത്തു യുദ്ധവീരനായി എഴുന്നള്ളുന്നു. വെള്ളക്കുതിരയെന്നതിൽ കുതിര യുദ്ധത്തെയും വെള്ള സമാധാനത്തെയും കുറിക്കുന്നതുപോലെ വെള്ളക്കുതിരപ്പുറത്തുള്ള ക്രിസ്തുവിന്റെ വരവ് സകലശത്രുക്കളെയും തോല്പിച്ചു വിജയവും സമാധാനഭരണവും കാഴ്ചവെക്കുന്നതിനെ കുറിക്കുന്നു.

എന്നാൽ സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടശേഷം പീഡനകാലവേളയിൽ മറ്റൊരുവൻ വെള്ളക്കുതിരപ്പുറത്തു പ്രത്യക്ഷപ്പെട്ടിരുന്നു. **വെളി.6:2 —** *"അപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ടു; അവന്നു ഒരു കിരീടവും ലഭിച്ചു; അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു."* പീഡനകാലത്തിന്റെ ആരംഭത്തിൽ വെള്ളക്കുതിരപ്പുറത്തു വരുന്നവൻ അന്തിക്രിസ്തുവാണ്. അവൻ വ്യാജസമാധാനവുമായാണ് വരുന്നത്. അവന്റെ കയ്യിലെ വില്ലു പോരാട്ടത്തെ കുറിക്കുന്നു. അവനു ഒരു കിരീടം ലഭിച്ചു എന്നത് സകലഭൂവാസികളാലും അവൻ ആദരിക്കപ്പെടുന്നതിനെ കുറിക്കുന്നു. അവൻ വ്യാജസമാധാനവുമായി സകലരെയും വഞ്ചിക്കുവാൻ പുറപ്പെട്ടവനെന്നു സാരം. വെള്ളക്കുതിരപ്പുറത്തു വരുന്ന അന്തിക്രിസ്തു ഭൂമിയിൽ നിന്നു വരുന്നു എങ്കിൽ വെള്ളക്കുതിരപ്പുറത്തു വരുന്ന ക്രിസ്തു സ്വർഗ്ഗം തുറന്നു ഭൂമിയിലേക്കിറങ്ങി വരുന്നു.

ഏഴു കാഹളന്യായവിധിക്കുശേഷം മനുഷ്യപുത്രനു സദൃശനായ ഒരുവൻ വെള്ളമേഘത്തിന്മേൽ ഇരിക്കുന്നതു യോഹന്നാൻ കണ്ടു. അത് ഭൂമിയിൽ പീഡനകാലത്ത് ദൂതന്മാരാൽ ഭൂമിയിൽ ന്യായവിധി നടത്തുന്നതു നിരീക്ഷിക്കുന്നതിനായിരുന്നു. വെള്ളമേഘത്തിന്മേൽ ഇരുന്നവൻ ക്രിസ്തുവായിരുന്നു (വെളി.14:14). തുടർന്നു ഭൂമിയിലെ 21 ന്യായവിധികൾക്കുശേഷം വെള്ളക്കുതിരപ്പുറത്തു ക്രിസ്തു ഇരിക്കുന്നു (വെളി.19:11). എന്നാൽ ഇനി ഒരിക്കൽ ഭൂവാസികളെ ന്യായം വിധിച്ചു ശിക്ഷിക്കുവാൻ വെള്ള സിംഹാസനത്തിൽ ഇരിക്കും (വെളി.20:11).

സ്വർഗ്ഗം തുറന്നിരിക്കുന്നതും അതിലൂടെ വെള്ളക്കുതിരപ്പുറത്തു ഭൂമിയിലേക്കു വരുന്നതും ക്രിസ്തുവാണ്. ഹർമ്മഗെദ്ദോനിൽ വെച്ചു നടക്കുന്ന മഹായുദ്ധത്തിൽ അന്തിക്രിസ്തുവിനെയും അവനോടു ചേർന്നു നിന്നു ദൈവജനത്തെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്ത സകലജാതികളെയും നശിപ്പിക്കും. യോഹന്നാൻ കണ്ടതും, പ്രവാചകന്മാർ മുന്നമേ പ്രവചിച്ചു തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുമായ സമാധാനപ്രഭു കർത്താവാണ്.

(1) യെശയ്യാവ് —> ഏദോമിൽനിന്നു, രക്താംബരം ധരിച്ചുകൊണ്ടു ബൊസ്രായിൽ നിന്നു വരുന്നവൻ — നീതിയെ അരുളിച്ചെയ്യുന്നവനും രക്ഷിപ്പാൻ വല്ലഭനും (യെശ.63:1-6).

(2) യിരെമ്യാവ് —> നീതിയുള്ള മുളയായ രാജാവ് — യഹോവ നമ്മുടെ നീതി എന്നു പേർ (യിരെ.23:5,6).

(3) യെഹെസ്കേൽ —> കിഴക്കു വഴിയായി വരുന്ന ദൈവത്തിന്റെ തേജസ്സ് (യെഹെ.43:2).

(4) ദാനീയേൽ —> കൈ തൊടാതെ പറിഞ്ഞു വന്നു ബിംബത്തെ തകർത്ത കല്ല് (ദാനീ.2:34).

(5) സെഖര്യാവ് —> യെരൂശലേമിനു കിഴക്കുള്ള ഒലിവുമലയിൽ നില്ക്കുന്നവൻ (സെഖ.14:3,4).

(6) കർത്താവു തന്റെ വരവിനെക്കുറിച്ചു പറഞ്ഞത് —> ആകാശമേഘങ്ങളിന്മേൽ വരുന്ന മനുഷ്യപുത്രൻ (മത്താ.24:29,30).

**വിശ്വസ്തനും സത്യവാനും എന്നു പേർ —**

വെളിപ്പാടു പുസ്തകം 19-ാം അദ്ധ്യായത്തിൽ ക്രിസ്തുവിനു പറഞ്ഞിരിക്കുന്നു നാലുപേരുകളിലൊന്നാണ് വിശ്വസ്തനും സത്യവാനും എന്ന നാമം. ഇതിനു പുറമേ ക്രിസ്തുവിനു വെളിപ്പാടു പുസ്തകത്തിൽ അനേകനാമങ്ങളും നൽകപ്പെട്ടിരിക്കുന്നു.

(1) വെളി.1:5 — വിശ്വസ്തസാക്ഷി
(2) വെളി.1:5 — മരിച്ചവരിൽ ആദ്യജാതൻ
(3) വെളി.1:5 — ഭൂരാജാക്കന്മാർക്ക് അധിപതി
(4) വെളി.1:8 — അല്ഫയും ഓമേഗയും
(5) വെളി.1:8 — സർവ്വശക്തിയുള്ള ദൈവമായ കർത്താവ്
(6) വെളി.1:13 — മനുഷ്യപുത്രൻ
(7) വെളി.1:17 — ആദ്യനും അന്ത്യനും
(8) വെളി.2:18 — ദൈവപുത്രൻ
(9) വെളി.3:14 — ആമേൻ
(10) വെളി.3:14 — വിശ്വസ്തനും സത്യവാനുമായ സാക്ഷി
(11) വെളി.3:14 — ദൈവസൃഷ്ടിയുടെ ആരംഭം
(12) വെളി.5:5 — യഹൂദാഗോത്രത്തിലെ സിംഹം
(13) വെളി.5:5 — ദാവീദിന്റെ വേര്
(14) വെളി.5:6 — കുഞ്ഞാട്
(15) വെളി.17:14 — കർത്താധികർത്താവും രാജാധിരാജാവും
(16) വെളി.19:11 — വിശ്വസ്തനും സത്യവാനും
(17) വെളി.19:13 — ദൈവവചനം
(18) വെളി.19:16 — രാജാധിരാജാവും കർത്താധികർത്താവും
(19) വെളി.22:16 — ദാവീദിന്റെ വേരും വംശവും
(20) വെളി.22:16 — ശുഭ്രമായ ഉദയനക്ഷത്രം

വെള്ളക്കുതിരപ്പുറത്തിരിക്കുന്ന ക്രിസ്തുവിന്റെ സ്വഭാവസവിശേഷതകളെ ബന്ധപ്പെടുത്തി വിവിധ പേരുകൾ കർത്താവിനു ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു —

(1) വിശ്വസ്തനും സത്യവാനും (19:11)
— Faithful and True

(2) കർത്താവിനല്ലാതെ ആർക്കും അറിഞ്ഞുകൂടാത്ത നാമം (19:12)
— A name written which no one knows

(3) ദൈവവചനം (19:13)
— The Word of God

(4) രാജാധിരാജാവും കർത്താധികർത്താവും (19:16)
— King of kings and Lord of lords.

മഹോപദ്രവകാലത്ത് വെള്ളക്കുതിരപ്പുറത്ത് വ്യാജസമാധാനവുമായിവന്ന വ്യാജന് പേരില്ലാതിരിക്കുമ്പോൾ അന്തിക്രിസ്തുവിനെയും പൈശാചികശക്തികളെയും തകർക്കുവാൻ വന്ന വെള്ളക്കുതിര സഞ്ചാരിക്ക് നാലു പേരുകൾ കാണുന്നു. അതിൽ ഒന്നാമത്തേത് വിശ്വസ്തനും സത്യവാനും (Faithful and True) എന്ന പേരാണ്. പേരിൽ രണ്ടു സ്വഭാവസവിശേഷതകൾ ഉൾക്കൊള്ളുന്നുവെങ്കിലും ഒരു പേരായി എടുക്കാം. വിശ്വസ്തതയും സത്യവും ഒന്നിച്ചു ചേർന്നുള്ള വ്യക്തിത്വം ക്രിസ്തുവിൽ കാണുന്നു. വെളിപ്പാടു പുസ്തകത്തിൽ വിവിധസന്ദർഭങ്ങളിൽ ക്രിസ്തു വിശ്വസ്തനും സത്യവാനും എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്യയിലെ സഭകൾക്കുള്ള ദൂതുകൾ കൊടുക്കുന്നതിനു മുമ്പു ക്രിസ്തുവിന്റെ വ്യക്തിത്വം പറഞ്ഞപ്പോൾ യോഹന്നാൻ ക്രിസ്തുവിനെ വിശ്വസ്തസാക്ഷി എന്നു വിശേഷിപ്പിച്ചിരുന്നു (1:5). കൂടാതെ ഫിലദെൽഫ്യസഭയുടെ ദൂതനു എഴുതുമ്പോൾ ക്രിസ്തുവിനെ വിശുദ്ധനും സത്യവാനും ആയും (3:7), ലവൊദിക്ക്യസഭയുടെ ദൂതന് വിശ്വസ്തനും സത്യവാനുമായ സാക്ഷിയായും (3:14) വിശേഷിപ്പിച്ചിരിക്കുന്നു.

**വിശ്വസ്തൻ** (Faithful) **—**

വിശ്വസ്തൻ എന്നതിനു ഗ്രീക്കിൽ പിസ്റ്റോസ് (Pistos) എന്ന പദമാണ്. ഇതിനർത്ഥം വിശ്വസിക്കുവാൻ അഥവാ ആശ്രയിക്കുവാൻ കൊള്ളാവുന്നവൻ എന്നാണ്. ഭരണാധികാരികൾ ഉൾപ്പെടെ ലോകക്കാരായ മനുഷ്യരെ സമ്പൂർണ്ണമായി വിശ്വസിക്കുവാനോ ആശ്രയിക്കുവാനോ സാധിക്കുകയില്ല. എന്നാൽ ക്രിസ്തു ദൈവം എന്ന നിലയിൽ തന്നിൽ അടങ്ങിയിരിക്കുന്ന സമ്പൂർണ്ണതയും മഹത്വവും സ്നേഹവും നിമിത്തം തന്നിൽ ആശ്രയിക്കുന്നവരെ തള്ളിക്കളയാതെ വിശ്വസ്തത പാലിക്കുന്നു. സർവ്വശക്തൻ എന്ന നിലയിൽ തന്നിൽ ഉൾക്കൊള്ളുന്ന അപ്രമേയമായ സ്വഭാവസവിശേഷതകളാൽ തന്റെ വാഗ്ദത്തങ്ങൾ പൂർണ്ണമായി നിറവേറ്റുവാനും സാധിക്കുന്നു (2.കൊരി.1:20). തന്റെ സ്വഭാവത്തിലും പ്രവൃത്തിയിലും വിശ്വസ്തത പുലർത്തുന്നു. യിശ്ശായിയുടെ കുറ്റിയിൽ നിന്നു പുറപ്പെട്ട മുളയായ ക്രിസ്തുവിനെക്കുറിച്ചു യെശയ്യാപ്രവാചകൻ പറഞ്ഞത് — *"നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും"* (യെശ.11:5) എന്നാണ്. ദൈവത്തിന്റെ ദയയും കരുണയും രാവിലെതോറും പുതിയതും വിശ്വസ്തത വലിയതും എന്നാണ് യിരെമ്യാപ്രവാചകൻ വിലാപമദ്ധ്യേ പാടുന്നത് (വിലാ.3:22,23). യഹൂദനുള്ള വിശേഷതയെക്കുറിച്ചു പറയുന്ന വേളയിൽ പൗലൊസ് ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ചു ഇപ്രകാരം പറഞ്ഞിരിക്കുന്നു — *"ചിലർ വിശ്വസിച്ചില്ല എങ്കിൽ അവരുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തതെക്കു നീക്കം വരുമോ? ഒരുനാളും ഇല്ല"* (റോമ.3:3,4).

**സത്യവാൻ** (True ) —

അലെത്തിനൊസ് (alethinos) എന്ന ഗ്രീക്കു പദമാണ് സത്യവാൻ എന്നതിനു ഉപയോഗിച്ചിരിക്കുന്നത്. ഈ പദത്തിനു രണ്ടു അർത്ഥങ്ങളുണ്ട്. ഒന്ന് യഥാർത്ഥമായത്, സംശുദ്ധമായത് (real, genuine). രണ്ടാമത്തേത് മാതൃകാപരമായത്, കുറ്റമില്ലാത്തത് (ideal, perfect) എന്നാണ്. ആദ്യത്തേത് വ്യക്തിത്വത്തിൽ ഉൾക്കൊള്ളുന്ന സത്യസ്വഭാവത്തെയും രണ്ടാമത്തേത് സ്വഭാവത്തിലടിസ്ഥാനപ്പെടുത്തിയുള്ള ജീവിതത്തെയും പ്രവൃത്തിയെയും കുറിക്കുന്നു. ക്രിസ്തു ദൈവം എന്ന നിലയിൽ സത്യം തന്റെ സ്വഭാവസവിശേഷതകളിൽ അടങ്ങിയിരിക്കുന്നു. അതുപോലെ തന്റെ ലോകജീവിതത്തിലും പ്രവൃത്തിയിലും സത്യം വെളിപ്പെട്ടിരുന്നു.

ഫിലദെൽഫ്യസഭക്കുള്ള ദൂതിൽ യേശുക്രിസ്തു വിശുദ്ധനും സത്യവാനും എന്നു യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു(വെളി.3:7). ക്രിസ്തു ദൈവം എന്ന നിലയിൽ വിശുദ്ധനും, വിശ്വസ്തനും സത്യവാനുമാണ് (വെളി.3:14/വെളി.6:10/വെളി.19:11). ലോകത്തിൽ സകലതും അസത്യവും, നേരില്ലാത്തതും ആയിരിക്കുമ്പോൾ ക്രിസ്തു മാത്രം സത്യവും യാഥാർത്ഥ്യവും ആയിരിക്കുന്നു. യേശുക്രിസ്തു സാക്ഷാൽ അഥവാ യഥാർത്ഥ സത്യവെളിച്ചവും (യോഹ.1:9) സത്യദൈവവുമാണ് (1.യോഹ.5:20). ദൈവം എന്ന നാമധേയത്തിൽ അനേക കർത്താക്കന്മാർ ഭൂമിയിൽ ഉണ്ടെങ്കിലും (1.കൊരി.8:5,6) ക്രിസ്തു യഥാർത്ഥ ദൈവം ആയിരിക്കുന്നു. *"ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു"* എന്നും *"സത്യത്തിന്നു സാക്ഷി നില്ക്കേണ്ടതിന്നു ഞാൻ ജനിച്ചു അതിന്നായി ലോകത്തിൽ വന്നുമിരിക്കുന്നു"* എന്നു കർത്താവു പറഞ്ഞു (യോഹ.14:6/യോഹ.18:37). ആമേൻ എന്ന നാമത്താൽ ക്രിസ്തു വിശ്വസ്തനും സത്യവാനുമായി ശോഭിക്കുന്നു (വെളി.3:14).

ക്രിസ്തു വിശ്വസ്തനും സത്യവാനും ആയിരിക്കുമ്പോൾ സാത്താനും കൂട്ടരും വിശ്വസ്തത ഇല്ലാത്തവരും അസത്യവാദികളുമാണ്. അവരുടെ സ്വഭാവത്തിലും പ്രവൃത്തിയിലും വിശ്വസ്തതയും സത്യവും കുടികൊള്ളുന്നില്ല. വെളിപ്പാടു ആറാം അദ്ധ്യായത്തിൽ വെള്ളക്കുതിരപ്പുറത്തു വരുന്ന സഞ്ചാരി സമാധാന ദൗത്യവുമായി വ്യാജേന വന്നു ഭൂലോകരെ വഞ്ചിക്കുകയായിരുന്നു (വെളി.6:1,2). മർമ്മം: മഹതിയാം ബാബിലോൺ എന്ന വ്യാജസഭയും (വെളി.17), മഹതിയാം ബാബിലോൺ എന്ന മഹാനഗരവും (വെളി.18) അവിശ്വസ്തതയുടെയും അസത്യത്തിന്റെയും അസന്മാർഗ്ഗികതയുടെയും ഉറവിടമായിരുന്നു. അവയെ വിശ്വസ്തനും സത്യവാനുമായ കർത്താവു നശിപ്പിച്ചു. ലോകസാമ്രാജ്യങ്ങൾ നശിച്ചുകൊണ്ടിരിക്കുമ്പോൾ വെള്ളക്കുതിരപ്പുറത്തു സ്വർഗ്ഗം തുറന്നു ഇറങ്ങിവരുന്ന വിശ്വസ്തനും സത്യവാനുമായ ക്രിസ്തു സകല സാത്താന്യശക്തികളെയും തോല്പിച്ചു സമാധാനഭരണം ഭൂമിയിൽ നടത്തും.

**അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു** (He judges and makes war) —

വിശ്വസ്തനും സത്യവാനുമായ രാജാധിരാജാവായ ക്രിസ്തു ശത്രുക്കളെ നീതിയോടെ ന്യായം വിധിക്കയും നീതിയോടെ പോരാടുകയും ചെയ്യും. അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും പീഡനകാലത്ത് രക്തസാക്ഷികളായവരുടെ ആത്മാക്കളെ യാഗപീഠത്തിങ്കീഴു കാണുകയുണ്ടായി. അവർ അന്നു ഉറക്കെ നിലവിളിച്ചു പ്രാർത്ഥിച്ചത് — *"വിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും "* (വെളി.6:9,10) എന്നാണ്. രാജാധിരാജാവിന്റെ ആഗമനം അവരുടെ പ്രാർത്ഥനക്കു മറുപടിയാണ്. വെള്ളക്കുതിരപ്പുറത്തു സ്വർഗ്ഗം തുറന്നിറങ്ങി വരുന്ന വിശുദ്ധനും സത്യവാനുമായവൻ അവർക്കായി അവരുടെ ശത്രുക്കളെ നീതിയോടെ ന്യായം

വിധിക്കുകയും നീതിയോടെ പ്രതികാരം അഥവാ പോരാടുകയും ചെയ്യുന്നു.

യേശുക്രിസ്തു ദൈവം എന്ന നിലയിൽ വിശുദ്ധനും, വിശ്വസ്തനും, നീതിമാനുമായതുകൊണ്ടാണ് പാപികളോടും പാപത്തോടും ബന്ധത്തിൽ നീതി നടപ്പാക്കുന്നത്. കർത്താവിന്റെ ഒന്നാം വരവിൽ താൻ ലോകരക്ഷകനായാണ് ഭൂമിയിലേക്കു വന്നത്. അന്നു ദുഷ്ടന്മാരും നീതികെട്ടവരും കർത്താവിനെ വളയുകയും അവരുടേതായ നീതി നടപ്പാക്കുകയും ചെയ്തു. *"ന്യായപ്രമാണം അയഞ്ഞിരിക്കുന്നു; ന്യായം ഒരുനാളും വെളിപ്പെട്ടുവരുന്നതുമില്ല; ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നു; അതുകൊണ്ടു ന്യായം വക്രതയായി വെളിപ്പെട്ടു വരുന്നു"* എന്നു പ്രവാചകൻ പറഞ്ഞത് (ഹബ.1:4) കർത്താവിന്റെ കാര്യത്തിൽ സംഭവിച്ചു. പീലാത്തോസും, ഹെരോദാരാജാവും, കയ്യഫാവും, ഹന്നാസും, റോമൻ പടയാളികളും അന്നത്തെ യഹൂദാജനവും ഒക്കെച്ചേർന്നു കർത്താവിനെ അനീതിയോടെ ന്യായം വിധിച്ചു. എന്നാൽ സഭയുമായി വരുന്ന ക്രിസ്തു ന്യായാധിപനായാണ് വെള്ളക്കുതിരപ്പുറത്തു ഭൂമിയിലേക്കു വരുന്നത്. ന്യായാധിപൻ എന്ന നിലയിൽ സകല ദുഷ്പ്രവൃത്തിക്കാരെയും ന്യായം വിധിച്ചു അവരോടു പ്രതികാരം ചെയ്യും.

ഭൂമിയെ നീതിയോടെ വിധിപ്പാൻ വരുന്നതും, ദുഷ്ടന്മാരുടെമേലുള്ള ക്രിസ്തുവിന്റെ നീതിയോടുള്ള ന്യായം വിധിക്കലും നീതിയോടുള്ള പോരാട്ടവും തിരുവചനത്തിലുടനീളം പ്രസ്താവിച്ചിട്ടുണ്ട് —

**സങ്കീ.96:13 —** *"അവൻ വരുന്നുവല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടുംകൂടെ ന്യായം വിധിക്കും."*

**സങ്കീ.110:6 —** *"അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കും; അവൻ എല്ലാടവും ശവങ്ങൾകൊണ്ടു നിറെക്കും; അവൻ വിസ്താരമായ ദേശത്തിന്റെ തലവനെ തകർത്തുകളയും."*

**യെശ.11:3-5 —***"അവൻ കണ്ണുകൊണ്ടു കാണുന്നതുപോലെ ന്യായപാലനം ചെയ്കയില്ല; ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കയുമില്ല. അവൻ ദരിദ്രന്മാർക്കു നീതിയോടെ ന്യായം പാലിച്ചുകൊടുക്കയും ദേശത്തിലെ സാധുക്കൾക്കു നേരോടെ വിധി കല്പിക്കയും ചെയ്യും; തന്റെ വായ് എന്ന വടികൊണ്ടു അവൻ ഭൂമിയെ അടിക്കും; തന്റെ അധരങ്ങളുടെ ശ്വാസം കൊണ്ടു ദുഷ്ടനെ കൊല്ലും. നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും."*

**വെളി.19:12 — അവന്റെ കണ്ണു അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതീട്ടുള്ള ഒരു നാമവും അവന്നുണ്ടു; അതു അവന്നല്ലാതെ ആർക്കും അറിഞ്ഞുകൂടാ** (His eyes were like a flame of fire, and on His head were many crowns. He had a name written that no one knew except Himself.) —

വെള്ളക്കുതിരപ്പുറത്തിരുന്നു സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന കർത്താവിന്റെ വ്യക്തിപ്രഭാവത്തെ യോഹന്നാൻ വിശദീകരിക്കുന്നു. താൻ പത്മൊസ് ദ്വീപിൽ വെച്ചുകണ്ട മഹത്വധാരിയായ ക്രിസ്തുവിനെ വർണ്ണിച്ച സമാനമായ വിശേഷണങ്ങളും ഇവിടെ കാണുന്നു. കർത്താവിന്റെ കണ്ണു അഗ്നിജ്വാലെക്കു തുല്യമായും, കർത്താവിന്റെ തലയിൽ അനേകം രാജമുടികളും കാണപ്പെടുന്നു. കൂടാതെ തന്റെ വ്യക്തിത്വത്തെ വിളിച്ചറിയിക്കുന്ന ഒരു നാമവും ഏഴുതിയിരിക്കുന്നു. എന്നാൽ കർത്താവിനല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാത്ത നാമവുമാണത് എന്നു യോഹന്നാൻ വർണ്ണിക്കുന്നു.

**അവന്റെ കണ്ണു അഗ്നിജ്വാല —** (His eyes were like a flame of fire) —

ന്യായാധിപനായി ഇറങ്ങി വരുന്ന കർത്താവിന്റെ കണ്ണുകളെക്കുറിച്ചു യോഹന്നാൻ പറയുന്നത് *അവന്റെ കണ്ണു അഗ്നിജ്വാല* എന്നാണ്. പത്മൊസ് ദ്വീപിൽവെച്ചു മഹത്വധാരിയായ കർത്താവിനെ കണ്ടപ്പോഴും യോഹന്നാൻ വിവരിച്ചത് *കണ്ണു അഗ്നിജ്വാലെക്കു ഒത്തതു* (വെളി.1:14) എന്നാണ്. ആസ്യയിലെ ഏഴു സഭകളിലൊന്നായ തുയഥൈര സഭയുടെ ദൂതനു ക്രിസ്തു തന്നെ പരിചയപ്പെടുത്തുനന്നതും അഗ്നിജാവാലെക്കു ഒത്ത കണ്ണുള്ളവൻ (വെളി.2:18) എന്നാണ്. കർത്താവിന്റെ സർവ്വജ്ഞാനം, സകലത്തെയും ഉള്ളതുപോലെ കാണുവാനുള്ള കഴിവ്, നീതിയോടെ ന്യായപാലനം ചെയ്യുവാനുള്ള കഴിവ് എന്നിവ അഗ്നിജ്വാലെക്കു ഒത്ത കണ്ണ് എന്ന വിശേഷണം വെളിപ്പെടുത്തുന്നു. *"അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു"* (എബ്രാ.4:13). ലോകരക്ഷകനായി ക്രിസ്തു ഭൂമിയിലേക്കു വന്നപ്പോൾ ആ കണ്ണുകളിൽ ആർദ്രകരുണയാണ് വെളിപ്പെട്ടത്. നാഥനില്ലാത്ത ആടുകളെപ്പോലെ തെറ്റിയുഴന്നു നടക്കുന്ന ജനക്കൂട്ടത്തെ കണ്ടപ്പോൾ ആ കണ്ണുകളിൽ വിളങ്ങിയത് അവരോടുള്ള അനുകമ്പയും മനസ്സലിവുമായിരുന്നു. ആ കണ്ണുകളാൽ യെരൂശലേമിനെ ഓർത്തു ദുഃഖിച്ചു കരഞ്ഞു (മത്താ.23:37/ലൂക്കൊ.19:41), ലാസറിന്റെ കല്ലറക്കു സമീപം ഉള്ളം നൊന്തു കരഞ്ഞു (യോഹ.11:33-35). ക്രൂശീകരണവേളയിൽ ആ കണ്ണുകളെ കെട്ടി ക്രൂരന്മാർ മുഷ്ടിചുരുട്ടി അടിച്ചപ്പോഴും പ്രതികരിക്കാതെ സൗമ്യനായി നിന്നു (മർക്കൊ.14:65). എന്നാൽ ഉത്പ്രാപണശേഷം ക്രിസ്തു തന്റെ മണവാട്ടിയുമായി ഭൂമിയിലേക്കു വരുന്നത് ന്യായാധിപനായിട്ടാണ്. സ്വർഗ്ഗം

തുറന്നിറങ്ങി വരുന്ന കർത്താവിന്റെ അഗ്നിജ്വാലെക്കു ഒത്ത കണ്ണു സകല പാപികളെയും, ദൈവമക്കളെ പീഡിപ്പിച്ചവരെയും, സാത്താന്യശക്തികളെയും നശിപ്പിക്കുവാനുള്ള ക്രോധാഗ്നി ചൊരിയപ്പെടുന്നതിന്റെ തീക്ഷ്ണതയെ വെളിപ്പെടുത്തുന്നു.

**തലയിൽ അനേകം രാജമുടികൾ —** (and on His head were many crowns) —

ന്യായാധിപനായും രാജാധിരാജാവുമായി വരുന്ന ക്രിസ്തുവിന്റെ മറ്റൊരു പ്രത്യേകതയായി തലയിൽ അനേകം രാജമുടികൾ കാണപ്പെടുന്നു. പേർഷ്യൻ രാജാക്കന്മാർ ധരിച്ചിരുന്ന കിരീടത്തിനുചുറ്റും നീലച്ചരടിൽ വെളുത്ത അടയാളമുള്ള പട്ട അഥവാ ചരട് കെട്ടിയിരുന്നു. ഇതാണ് ഡയഡം അഥവാ രാജമുടി എന്ന പേരിലറിയപ്പെടുന്നത്. രാജമുടിക്ക് ഗ്രീക്കിൽ "ഡയഡെമാ" (diadema) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. രാജകീയപദവിയെയും (royal status), വിജയത്തെയും (Victor) രാജമുടി കുറിക്കുന്നു. കിരീടം എന്നതിനു ഗ്രീക്കിൽ സ്തേഫാനോസ് എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഇതുഓട്ടക്കളത്തിലെ വിജയികൾക്കുള്ളതാണ് (Crown > Gk > stephanos). വിശ്വാസികൾക്കു പ്രതിഫലമായി ലഭിക്കുന്നത് കിരീടങ്ങളാണ്.

പുരാതനകാലങ്ങളിൽ യുദ്ധത്തിൽ ഒരു രാജ്യത്തെ തോല്പിക്കുമ്പോൾ തോറ്റ രാജാവിന്റെ കിരീടം ജയിച്ച രാജാവു വാങ്ങുന്ന പതിവുണ്ടായിരുന്നു. അമോന്യരെ തോല്പിച്ചപ്പോൾ ദാവീദ് തോല്പിക്കപ്പെട്ട രാജാവിന്റെ കിരീടം എടുത്തു തന്റെ തലയിൽ വെച്ചതായി കാണുന്നു (2.ശമൂ.12:29,30). പീഡനകാലവേളയിൽ മഹാസർപ്പത്തിന്റെ തലയിൽ ഏഴുരാജമുടികളും (വെളി.12:3), സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗത്തിന്റെ തലയിൽ 10 രാജമുടികളും (വെളി.13:1) കാണുന്നു. മഹാസർപ്പത്തിനും മൃഗത്തിനും യഥാക്രമം ഏഴും പത്തും രാജമുടികൾ മാത്രമുള്ളപ്പോൾ ക്രിസ്തു അനേകം രാജമുടികൾ ധരിച്ചിരിക്കുന്നു (വെളി.19:12). അവർ ഇരുവരും എണ്ണപ്പെട്ട രാജ്യങ്ങളുടെ മാത്രം അധികാരിയായിരിക്കുമ്പോൾ അനേക രാജമുടികൾ വഹിക്കുന്ന ക്രിസ്തു രാജാധിരാജാവെന്നതിനെയും സർവ്വലോകഭരണാധികാരിയെന്നതിനെയും വെളിപ്പെടുത്തുന്നു. ലോകത്തിലുള്ള സകലരാജ്യങ്ങളെയും പ്രതിനിധീകരിക്കുന്നതാണ് അനേകം രാജമുടികൾ. "*യഹോവ സർവ്വഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും*" (സെഖ.14:9) എന്നു പ്രവാചകൻ പറഞ്ഞത് രാജാധിരാജാവായി വരുന്ന ക്രിസ്തുവിൽ നിവൃത്തിയാക്കപ്പെടുന്നു. ലോകരാജത്വം ക്രിസ്തുവിനു വന്നു ചേർന്നതിനെ അനേകരാജമുടികൾ കാണിക്കുന്നു.

**എഴുതീട്ടുള്ള ഒരു നാമവും അവന്നുണ്ടു; അതു അവന്നല്ലാതെ ആർക്കും അറിഞ്ഞുകൂടാ —** (He had a name written that no one knew except Himself) —

വെള്ളക്കുതിരപ്പുറത്തിരിക്കുന്ന ക്രിസ്തുവിന്റെ സ്വഭാവസവിശേഷതകളെ ബന്ധപ്പെടുത്തി വിവിധ പേരുകൾ ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതിൽ രണ്ടാമത്തേതാണ് — കർത്താവിനല്ലാതെ ആർക്കും അറിഞ്ഞുകൂടാത്ത നാമം – A name written which no one knows (19:12). മറ്റാർക്കും അറിഞ്ഞുകൂടാത്ത നാമം എന്നു രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നമുക്കും അതെന്താണെന്നു വെളിപ്പെടുന്നില്ല. ആയതിനാൽ കർത്താവിന്റെ മേൽ എഴുതീട്ടുള്ള നാമമേതായിരിക്കാമെന്നു അധികമായി ചിന്തിക്കേണ്ട ആവശ്യവുമില്ല. കർത്താവിനെ നാം നേരിട്ടു കാണുമ്പോൾ അതു വെളിപ്പെടുവാനിടയാകും. ഒരാളുടെ നാമം അയാളുടെ വ്യക്തിത്വത്തെയും മഹത്വത്തെയും വെളിപ്പെടുത്തുന്നു. കർത്താവിനല്ലാതെ മറ്റാർക്കും അറിഞ്ഞുകാടാത്ത നാമം എന്നത് കർത്താവിന്റെ അപ്രമേയമഹത്വത്തെക്കുറിച്ചു ആർക്കും വർണ്ണിക്കുവാനോ വെളിപ്പെടുത്തുവാനോ ആകാത്തവിധം ഏറ്റവും ഉന്നതമായിരിക്കുന്നു എന്നതിനെയും വെളിപ്പെടുത്തുന്നു.

പെർഗ്ഗമൊസിലെ സഭയുടെ ദൂതനു എഴുതുമ്പോൾ അവിടെയുള്ള ജയാളികൾക്കും പ്രതിഫലവാഗ്ദാനമായി ലഭിക്കുന്നവനല്ലാതെ ആരും അറിയാത്ത ഒരു പുതിയപേരു കൊടുക്കുമെന്നു പറഞ്ഞിട്ടുണ്ട്. **വെളി.2:17 —** "*ജയിക്കുന്നവന്നു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന്നു വെള്ളക്കല്ലും; ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും.*"

ദൈവവലഭാഗത്തിരുന്ന പുത്രൻ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി ഭൂമിയിലേക്കു വന്നു ക്രൂശിൽ മരിച്ചു രക്ഷാമാർഗ്ഗം ഒരുക്കിയതിനാൽ പിതാവായ ദൈവം നല്കിയ മഹത്തായ നാമമായിരിക്കുമതെന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. **ഫിലി.2:9 —** "*അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നല്കി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏറ്റുപറകയും ചെയ്യേണ്ടിവരും.*"

**വെളി.19:13 — അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു; അവന്നു ദൈവവചനം എന്നു പേർ പറയുന്നു** (He was clothed with a robe dipped in blood, and His name is called The Word of God) —

സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന രാജാധിരാജാവായ ക്രിസ്തുവിനെക്കുറിച്ചു വീണ്ടും യോഹന്നാൻ വിവരിക്കുന്നത് തന്റെ വസ്ത്രത്തിന്റെ പ്രത്യേകതയും തനിക്കുള്ള മറ്റൊരു നാമത്തെപ്പറ്റിയുമാണ്. മഹത്വധാരിയായി ഇറങ്ങി വരുന്ന കർത്താവ് ധരിച്ചിരിക്കുന്നത് രക്തം തളിച്ച ഉടുപ്പ് അഥവാ അങ്കിയാണ്. കൂടാതെ കർത്താവിനു ദെവവചനം എന്ന മറ്റൊരു നാമവും വിളിക്കപ്പെടുന്നു.

**അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു** (He was clothed with a robe dipped in blood) —

ഉടുപ്പ് പുറമേ ധരിച്ചിരിക്കുന്നതും കഴുത്തു മുതൽ പാദം വരെ നീളമുള്ള അങ്കിയെ കുറിക്കുന്നു (robe > outer garment). വസ്ത്രത്തിൽ കാണപ്പെടുന്ന രക്തം മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി യെരൂശലേം തെരുവീഥിയിലും, പീലാത്തോസിന്റെയും ഹെരോദാവിന്റെയും അരമനകളിലും കല്ത്തളങ്ങളിലും, ക്രൂശീകരണം നടന്ന കാൽവറിയിലും ചൊരിഞ്ഞ രക്തത്തുള്ളികളല്ല. എന്നാൽ സഹസ്രാബ്ദവാഴ്ചെക്കായി ഭൂമിയിലേക്കു വരുന്ന രാജാധിരാജാവും കർത്താധികർത്താവും ന്യായാധിപനുമായ കർത്താവിന്റെ അങ്കിയിൽ കാണപ്പെടുന്ന രക്തത്തുള്ളികൾ ദൈവത്തിന്റെ ശത്രുക്കളുടേതാണ്. അതായത് ക്രിസ്തുവിന്റെ രക്തം തളിച്ച അങ്കി വെളിപ്പെടുത്തുന്നത് ക്രിസ്തു വീണ്ടെടുപ്പുകാരനായല്ല മറിച്ചു സകലരെയും ന്യായം വിധിച്ചു ശിക്ഷിക്കുന്ന ന്യായാധിപൻ എന്ന നിലയിലാണ് പ്രത്യക്ഷപ്പെടുന്നത്. മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പു ഒരുക്കുന്നതിനായി തന്റെ സ്വന്തം രക്തം ചിന്തപ്പെട്ടു എങ്കിൽ സകല ശത്രുക്കളെയും കൂട്ടക്കുരുതി നടത്തുന്ന പ്രതികാരദിവസത്തിൽ ശത്രുക്കളുടെ രക്തമാണ് ചൊരിയപ്പെടുന്നത്. മഹാസംഹാരത്തിനായി ക്രിസ്തു രക്താംബരധാരിയായി ഏദോമിൽ നിന്നു വരുന്നതായി യെശയ്യാപ്രവാചകൻ പറയുന്നു. **യെശ.63:2-4,6 —** *"നിന്റെ ഉടുപ്പു ചുമന്നിരിക്കുന്നതെന്തു? നിന്റെ വസ്ത്രം മുന്തിരിച്ചക്കു ചവിട്ടുന്നവന്റേതുപോലെ ഇരിക്കുന്നതെന്തു? ഞാൻ ഏകനായി മുന്തിരിച്ചക്കു ചവിട്ടി; ജാതികളിൽ ആരും എന്നോടുകൂടെ ഉണ്ടായിരുന്നില്ല; എന്റെ കോപത്തിൽ ഞാൻ അവരെ ചവിട്ടി, എന്റെ ക്രോധത്തിൽ അവരെ മെതിച്ചുകളഞ്ഞു; അവരുടെ രക്തം എന്റെ വസ്ത്രത്തിൽ തെറിച്ചു; എന്റെ ഉടുപ്പൊക്കെയും മലിനമായിരിക്കുന്നു. ഞാൻ ഒരു പ്രതികാരദിവസം കരുതിയിരുന്നു; എന്റെ വിമുക്തന്മാരുടെ സംവത്സരം വന്നിരുന്നു..... ഞാൻ എന്റെ കോപത്തിൽ ജാതികളെ ചവിട്ടി, എന്റെ ക്രോധത്തിൽ അവരെ തകർത്തു; അവരുടെ രക്തത്തെ ഞാൻ നിലത്തു വീഴ്ത്തിക്കളഞ്ഞു."*

സർവ്വഭൂതലത്തിലുമുള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനു ഹർമ്മഗെദ്ദോൻ എന്ന സ്ഥലത്തു കൂട്ടിവരുത്തി അവരെ സംഹരിക്കുമ്പോൾ ചക്കിൽ നിന്നു വീഞ്ഞിനു പകരം രക്തമാണ് ഒഴുകുന്നത്. ഭൂമിയിലെ മുന്തിരിങ്ങ അഥവാ സകല ദുഷ്ടന്മാരെയും അറുത്തെടുത്തു ദൈവക്രോധചക്കിലിട്ടു മെതിക്കുമ്പോൾ ബഹുദൂരത്തോളം അവരുടെ രക്തം ഒഴുകുന്നത് യോഹന്നാൻ മുമ്പു രേഖപ്പെടുത്തിയിരുന്നു. **വെളി.14:19,20 —** *"ദൂതൻ കോങ്കത്തി ഭൂമിയിലേക്കു എറിഞ്ഞു, ഭൂമിയിലെ മുന്തിരിക്കുല അറുത്തു, ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ടു. ചക്കു നഗരത്തിന്നു പുറത്തുവെച്ചു മെതിച്ചു; ചക്കിൽ നിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി."*

**അവന്നു ദൈവവചനം എന്നു പേർ പറയുന്നു** (and His name is called The Word of God) —

കർത്താവിനു ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന വിവിധ നാമങ്ങളിൽ മൂന്നാമത്തേതാണ് — ദൈവവചനം (19:13) -(The Word of God) എന്നത്. ദൈവവചനം എന്ന യേശുക്രിസ്തുവിന്റെ പേരു പ്രത്യേകിച്ചും കർത്താവിന്റെ മനുഷ്യാവതാരത്തെയാണ് കുറിക്കുന്നത്.

യോഹന്നാൻ തന്റെ സുവിശേഷത്തിലും ലേഖനത്തിലും ദൈവപുത്രനായ യേശുക്രിസ്തുവിനെ ദൈവവചനം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. **യോഹ.1:1,14 —** *"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. ..... വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു."* **1.യോഹ.1:1,2 —** *"ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു — ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ കണ്ടു സാക്ഷീകരിക്കയും പിതാവിനോടുകൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോടു അറിയിക്കയും ചെയ്യുന്നു."*

ഗ്രീക്കിൽ വചനം എന്നതിനു ലോഗോസ് (logos) എന്നും സാധാരണ ശബ്ദത്തിനു ലാലിയാ (lalia) എന്നുമാണ്. ലോഗോസ് എന്ന വാക്ക് ദൈവവചനത്തിനു മാത്രം ഉപയോഗിക്കുന്നു. എബ്രായചിന്താഗതിയിൽ യഹൂദനെ സംബന്ധിച്ചു വചനം എന്നത് കേവലം വ്യക്തിത്വമില്ലാത്തതും ചൈതന്യമില്ലാത്തതുമായ ഒരു ശബ്ദം മാത്രമായി കണക്കാക്കിയിരുന്നില്ല. എന്നാൽ ഉച്ചരിക്കുന്ന ആളിന്റെ ഹിതത്തെ

നിവർത്തിക്കുന്ന പ്രവർത്തനശേഷിയുള്ള ഒരു മദ്ധ്യസ്ഥൻ (meadiating agent) കൂടിയാണ് വചനം അഥവാ വാക്കുകൾ എന്നു അവർ കരുതുന്നു. നമ്മുടെ ശബ്ദം പുറപ്പെടുവിക്കുന്ന വാക്കുകൾ നമ്മുടെ ഹൃദയത്തെയാണ് വെളിപ്പെടുത്തുന്നത്. ആയതുപോലെ പിതാവായ ദൈവം തന്നെ വെളിപ്പെടുത്തുന്നത് വചനമാകുന്ന ദൈവപുത്രനായ ക്രിസ്തുവിലൂടെയാണ്. അതായത് പിതാവായ ദൈവത്തെ പുത്രനായ ക്രിസ്തു വെളിപ്പെടുത്തുന്നു. *"അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവന്നും"* എന്നു എബ്രായലേഖനത്തിൽ പറഞ്ഞിരിക്കുന്നു (എബ്രാ.1:3). യേശുക്രിസ്തു തന്റെ ഒന്നാം വരവിൽ പിതാവായ ദൈവത്തിന്റെ രക്ഷയെ പ്രസിദ്ധമാക്കിക്കൊണ്ടു രക്ഷകനായി ലോഗോസ് അഥവാ വചനമായി വെളിപ്പെട്ടു സ്നേഹവും, കരുണയും, ദയയും സകലരിലേക്കും പകർന്നു. എന്നാൽ വചനം എന്ന നാമത്തിലുള്ള രണ്ടാം വരവ് ദൈവത്തിന്റെ മാറ്റമില്ലാത്ത നീതി നടപ്പാക്കി ദൈവക്രോധത്തിൽ സകല ദുഷ്ടന്മാരെയും ന്യായം വിധിച്ചു നശിപ്പിക്കുവാനായിരിക്കും (In first advent of Jesus as Logos, Jesus fulfilled the Gods plan of Salvation. But in His second advent as Logos Jesus will fulfill the plan of wrath and Judgment of God).

**വെളി.19:14 — സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു** (And the armies in heaven, clothed in fine linen, white and clean, followed Him on white horses) —

സ്വർഗ്ഗം തുറന്നിരിക്കുന്നതും അതിലൂടെ വെള്ളക്കുതിരപ്പുറത്തു ക്രിസ്തു ഭൂമിയിലേക്കു വരുന്നതും യോഹന്നാൻ കണ്ടു. അതോടനുബന്ധിച്ചു വെള്ളക്കുതിരപ്പുറത്തു വരുന്ന ന്യായാധിപതിയും രാജാധിരാജാവുമായ ക്രിസ്തുവിന്റെ പ്രത്യക്ഷതയിലുള്ള പ്രത്യേകതകളും വിവരിച്ചു. തുടർന്നു ക്രിസ്തുവനെ അനുഗമിക്കുന്നവരെക്കുറിച്ചു പറയുന്നത് — *"സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു"* എന്നാണ്. ക്രിസ്തു രക്തം തളിച്ച വസ്ത്രം ധരിച്ചു കുതിരപ്പുറത്തു എഴുന്നള്ളുമ്പോൾ കർത്താവിനെ അനുഗമിക്കുന്ന സ്വർഗ്ഗീയ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചാണ് വെള്ളക്കുതിരപ്പുറത്തു കർത്താവിനെ അനുഗമിക്കുന്നത്. സ്വർഗ്ഗീയസൈന്യവുമായുള്ള കർത്താവിന്റെ ഭൂമിയിലേക്കുള്ള വരവ് കർത്താവിന്റെ മഹത്വപ്രത്യക്ഷതയെ കുറിക്കുന്നു.

**സ്വർഗ്ഗത്തിലെ സൈന്യം** (And the armies in heaven) —

ക്രിസ്തു സ്വർഗ്ഗത്തിലെ സൈന്യവുമായി ഭൂമിയിലേക്കു വരുന്നു. തന്റെ വരവിനു ചില ഉദ്ദേശങ്ങളുണ്ട്. തന്റെ മണവാട്ടിയുടെ ഭവനം സന്ദർശിക്കുക, സകലദൈവീകപദ്ധതികളെയും തകിടം മറിക്കുകയും ദൈവത്തിനെതിരായി പ്രവർത്തിച്ച സകലരെയും തോല്പിച്ചു നശിപ്പിക്കുക എന്നതിനു പുറമേ ഭൂമിയിൽ സമാധാനമുള്ള സഹസ്രാബ്ദവാഴ്ചെക്കു ആരംഭം കുറിക്കുക എന്നിവയാണ്. സൈന്യം എന്നത് ബഹുവചനത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ആയതിനാൽ സ്വർഗ്ഗീയസൈന്യത്തിൽ വിവിധ നിരകൾ നിശ്ചയമായി ഉണ്ടായിരിക്കും. കർത്താവിനെ അനുഗമിക്കുന്ന സ്വർഗ്ഗീയസൈന്യത്തിൽ നാലു കൂട്ടരുണ്ടായിരിക്കുമെന്നു തിരുവചനാടിസ്ഥാനത്തിൽ ചിന്തിക്കാം.

**(1) ക്രിസ്തുവിന്റെ മണവാട്ടി —** വീണ്ടെടുക്കപ്പെട്ട പുതിയനിയമസഭാവിശുദ്ധന്മാർ — കർത്താവിന്റെ മദ്ധ്യാകാശവരവിൽ എടുക്കപ്പെട്ടവർ — പുതിയനിയമസഭ ആരംഭിച്ച പെന്തെക്കൊസ്തുനാൾ മുതൽ ഉത്പ്രാപണംവരെ കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവരുടെ കൂട്ടം. ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചവരാണിവർ (വെളി.19:7,8).

1.തെസ്സ.3:13 — ഇങ്ങനെ നമ്മുടെ കർത്താവായ യേശുക്രിസ്തു തന്റെ സകലവിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

കൊലൊ.3:4 — നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

യൂദാ.14,15 — ആദാംമുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ചു: ഇതാ കർത്താവു എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവുംഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വന്നിരിക്കുന്നു എന്നു പ്രവചിച്ചു.

**(2) പീഡനകാലവിശുദ്ധന്മാർ —** സഭ എടുക്കപ്പെട്ടശേഷം രക്ഷിക്കപ്പെട്ടവരാണിവർ. ഇവരിൽ പീഡനകാല രക്തസാക്ഷികളും ഉൾപ്പെടുന്നു. രക്തസാക്ഷികളായ ഇവരെ സ്വർഗ്ഗത്തിലെ യാഗപീഠത്തിങ്കീഴു കാണപ്പെടുന്നു. അവർക്കു വെള്ളനിലയങ്കിയും ലഭിക്കുന്നു (വെളി.6:9-11).

വെളി.7:9 —ഇതിന്റെ ശേഷം സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും

നിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു.

**(3) പഴയനിയമകാല വിശുദ്ധന്മാർ —** മഹാപീഡനകാലന്ത്യത്തിൽ കർത്താവിന്റെ ഭൂമിയിലേക്കുള്ള വരവിനു മുമ്പായി സകല പഴയനിയമവിശുദ്ധന്മാരും പുനരുത്ഥാനം പ്രാപിക്കും. പഴയനിയമവിശുദ്ധന്മാരും പീഡനകാല രക്തസാക്ഷികളും ഹർമ്മഗെദ്ദോൻ യുദ്ധാനന്തരം മാത്രമേ പുനരുത്ഥാനം പ്രാപിക്കുകയുള്ളു എന്നുള്ള അഭിപ്രായം ശരിയല്ല. അവർ കുഞ്ഞാടിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവരാകയാൽ കർത്താവു ഭൂമിയിലേക്കു വരുന്നതിനു മുമ്പു പുനരുത്ഥാനം ലഭിക്കും.

സെഖ.14:5 —എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകലവിശുദ്ധന്മാരും വരും.

ദാനീ.12:13 — നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ചു കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും.

**(4) വിശുദ്ധ ദൂതന്മാർ —** യേശുക്രിസ്തുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള അവസരങ്ങളിലെല്ലാം സ്വർഗ്ഗീയദൂതന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

—> ജനനത്തിൽ - ലൂക്കൊ.2:10-14

—> മരുഭൂമിയിലെ പരീക്ഷയിൽ - മത്താ.4:11

—> ഗെത്ത്ശെമനതോട്ടത്തിലെ വ്യഥയുടെ വേളയിൽ - ലൂക്കൊ.22:43

—> പുനരുത്ഥാനത്തിൽ - മത്താ.28:2-7/ ലൂക്കൊ.24:1-7

—> സ്വർഗ്ഗാരോഹണത്തിൽ - അപ്പൊ.1:10,11)

—> മദ്ധ്യാകാശത്തിലെ പ്രത്യക്ഷതയിൽ പ്രധാനദൂതന്റെ അകമ്പടി — 1.തെസ്സ.4:16

—> മഹത്വപ്രത്യക്ഷതയിലും വിശുദ്ധ ദൂതന്മാർ കർത്താവിനോടൊപ്പം ഉണ്ടായിരിക്കും >

മത്താ.25:31 — *"മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകലവിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും."*

2.തെസ്സ.1:6 —*"കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ......"*

**നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചു** (clothed in fine linen, white and clean,) —

കർത്താവിനെ അനുഗമിക്കുന്ന സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചിരിക്കുന്നു. കുഞ്ഞാടിന്റെ കാന്തയ്ക്കു കൃപയാൽ ലഭിച്ച വസ്ത്രത്തിന്റെ വിശേഷണവും ഇതു തന്നെയാണ്. വെളി.19:8 — *"അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു."* സ്വർഗ്ഗീയസൈന്യത്തിൽ വിശുദ്ധന്മാരുണ്ടെന്നതിനുള്ള തെളിവുകൂടിയാണിത്. സ്വർഗ്ഗീയ ദൂതന്മാർ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടപ്പോഴെല്ലാം ശുഭ്രവസ്ത്രധാരികളായി കാണപ്പെട്ടിരുന്നതിനാൽ അവരുടെ സാന്നിദ്ധ്യവും ഇവിടെ വെളിപ്പെടുന്നു.

മഹത്വധാരിയായ കർത്താവ് രക്തം തളിച്ച അഥവാ രക്തം പുരണ്ട അങ്കി ധരിച്ചിരിക്കുമ്പോൾ സ്വർഗ്ഗീയസൈന്യത്തിലുൾപ്പെടുന്ന ദൂതന്മാരും, പഴയനിയമവിശുദ്ധന്മാരും, പുതിയനിയമസഭാവിശുദ്ധന്മാരും, മഹാപീഡനകാലവിശുദ്ധന്മാരും നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചിരിക്കുന്നു. കർത്താവിന്റെ രക്തം പുരണ്ട അങ്കി, കർത്താവു യുദ്ധത്തിനായി വരുന്നു എന്നതിനെയും യുദ്ധത്തിലുണ്ടാകുന്ന രക്തച്ചൊരിച്ചിലിനെയും വെളിപ്പെടുത്തുന്നു. എന്നാൽ തന്നെ അനുഗമിക്കുന്നവരെല്ലാം ശുഭ്രവസ്ത്രധാരികളാണ്. ലോകചരിത്രത്തിൽ ഇന്നയോളം പറഞ്ഞുകേട്ടിട്ടില്ലാത്തതും സംഭവിച്ചിട്ടില്ലാത്തതുമായ രീതിയിലുള്ള വസ്ത്രധാരണമാണിത്. യുദ്ധത്തിനു പോകുന്ന സൈന്യം ഒരിക്കലും വെള്ള വസ്ത്രം ധരിക്കുകയില്ല. കാടുകളിലൂടെയും മരങ്ങൾക്കിടയിലൂടെയും സഞ്ചരിച്ചു യുദ്ധത്തിനായി പോകുമ്പോൾ ശത്രുക്കളുടെ കണ്ണിൽ പെടാതിരിക്കാൻ പട്ടാളക്കാർ സാഹചര്യങ്ങൾക്കു ചേരുന്ന നിറത്തിലും, അധികം വൃത്തിയില്ലാത്തതും, അഴുക്കു പുരട്ടിയതുമായ വസ്ത്രങ്ങളായിരിക്കും ധരിക്കുക. എന്നാൽ സ്വർഗ്ഗീയസൈന്യത്തിന്റെ പ്രത്യേകതയെന്നത് അവർ ശുഭ്രവസ്ത്രധാരികളാണ്. അവരുടെ സൈന്യാധിപൻ മാത്രമേ ശത്രുക്കളോടു യുദ്ധം ചെയ്യുന്നുള്ളു. മാത്രവുമല്ല ലോകയുദ്ധങ്ങളിൽ കാണപ്പെടുന്നതു പോലെ യുദ്ധത്തിനായി സ്വർഗ്ഗീയസൈന്യം വരുന്നത് ഒളിച്ചും പാത്തും അല്ല. ഭൂവാസികൾ സകലരും കാണപ്പെടുന്ന വിധത്തിലുള്ള വരവായിരിക്കുമത്.

ഇന്ന് ഭൂമിയിൽ ജീവിക്കുമ്പോൾ വിശ്വാസികളായ നമുക്കു സാത്താനെന്ന ഒരു ശത്രുവുണ്ട്. അവന്റെ വരവ് പാത്തും പതുങ്ങിയുമാണ്. ഏറെ കരുതലോടെ ജീവിച്ചില്ലെങ്കിൽ അവൻ നമ്മെ തന്റെ കുരുക്കിലാക്കും. അതിനായിട്ടാണ് വിശ്വാസികൾ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണമെന്നു തിരുവചനത്തിൽ പ്രബോധിപ്പിച്ചിരിക്കുന്നത്. **എഫെ.6:10-12 —** *"ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചക*

*ളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ."* എന്നാൽ കർത്താവിനെ അനുഗമിച്ചു യുദ്ധത്തിനായി ഭൂമിയിലേക്കു വരുമ്പോൾ നമുക്കു ശത്രുക്കളെയോ സാത്താനെയോ ഭയപ്പെടേണ്ട ആവശ്യമില്ല. കർത്താവു മാത്രമായിരിക്കും ശത്രുക്കളോടു പോരാടി തോല്പിക്കുന്നത്. മാത്രവുമല്ല നിർമ്മലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ചാണ് നാം കർത്താവിനെ അനുഗമിക്കുന്നത്. പാപങ്ങൾക്കോ മറ്റേതെങ്കിലും ശക്തികൾക്കോ നമ്മെ അടിമപ്പെടുത്തുവാൻ കഴിയുന്നതുമല്ല.

**വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു** (followed Him on white horses) —

സ്വർഗ്ഗം തുറന്നു ക്രിസ്തു വെള്ളക്കുതിരപ്പുറത്തിരുന്നു ഭൂമിയിലേക്കു വരുന്നതു യോഹന്നാൻ കണ്ടു. തുടർന്നു സ്വർഗ്ഗീയസൈന്യവും ക്രിസ്തുവിനെ അനുഗമിക്കുന്നതു വെള്ളക്കുതിരപ്പുറത്തു തന്നെയാണ്. വെള്ളനിറം പരിശുദ്ധിയെയും സമാധാനത്തെയും കുറിക്കുമ്പോൾ. കുതിര പൊതുവേ യുദ്ധത്തെയാണ് ചിത്രീകരിക്കുന്നത്. ആയതിനാൽ വെള്ളക്കുതിര വെളിപ്പെടുത്തുന്നത് യുദ്ധം നടക്കുവാൻ പോകുന്നു എന്നും അത് സമാധാനത്തിൽ അവസാനിക്കും എന്നുമാണ്. സ്വർഗ്ഗത്തിൽ കുതിരകളുണ്ടോ എന്നു ചിന്തിച്ചുപോകാം. ഒരു പക്ഷേ സ്വർഗ്ഗീയ സൈന്യത്തിന്റെ വരവ് വെള്ളക്കുതിരപ്പുറത്തെന്നത് സമാധാനയുദ്ധത്തെ ആലങ്കാരികഭാഷയിൽ വർണ്ണിക്കുന്ന പ്രയോഗമായിരിക്കാം. എന്നാൽ സ്വർഗ്ഗത്തിൽ കുതിരപ്പടയുടെയും തേരിന്റെയും സാന്നിദ്ധ്യം തിരുവചനത്തിൽ കാണുന്നുണ്ട്. ഏലിയാവിനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടപ്പോൾ അവിടെ അഗ്നിരഥവും അഗ്നി അശ്വങ്ങളും കാണപ്പെടുന്നു. **2.രാജാ.2:11 —** *"അവർ സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ അഗ്നിരഥവും അഗ്ന്യശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു; അങ്ങനെ ഏലീയാവു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു കയറി."* മറ്റൊരവസരത്തിൽ അരാമ്യസൈന്യം ഏറെ കുതിരകളും രഥങ്ങളുമായി എലീശയെ പിടിക്കുവാൻ പട്ടണം വളഞ്ഞിരിക്കുന്ന കാഴ്ചകണ്ട എലീശാപ്രവാചകന്റെ ശിഷ്യൻ ഭയപ്പെടുന്നു. എന്നാൽ അവരെ സംരക്ഷിക്കുവാൻ ദൈവം അയച്ച അഗ്നിമയമായ കുതിരകളെയും രഥങ്ങളെയും എലീശാ അവനു കാണിച്ചുകൊടുത്തു. **2.രാജാ.6:17 —** *"പിന്നെ എലീശാ പ്രാർത്ഥിച്ചു: യഹോവേ, ഇവൻ കാണത്തക്കവണ്ണം ഇവന്റെ കണ്ണു തുറക്കേണമേ എന്നു പറഞ്ഞു. യഹോവ ബാല്യക്കാരന്റെ കണ്ണു തുറന്നു; എലീശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ടു മല നിറഞ്ഞിരിക്കുന്നതു അവൻ കണ്ടു."*

സ്വർഗ്ഗീയസൈന്യത്തിന്റെ വെള്ളക്കുതിരപ്പുറത്തുള്ള വരവിൽ മറ്റുചില പ്രത്യേകതകളും കാണുന്നു. സാധാരണയുദ്ധക്കളത്തിൽ സൈന്യത്തെ മുമ്പിൽ അയച്ചിട്ട് രാജാവും സൈന്യാധിപനും അവരുടെ പുറകിൽ ചെല്ലുകയാണ് പതിവ്. കാരണം മുൻനിരയിൽ നിന്നാൽ ജീവാപായം സംഭവിക്കുവാൻ ഏറെ സാദ്ധ്യതയുള്ളതിനാലാണ്. എന്നാലിവിടെ രാജാധിരാജാവായ സൈന്യാധിപൻ മുമ്പിലും, സൈന്യമൊന്നടങ്കം വെള്ളവസ്ത്രധാരികളായി നിരായുധരായി സൈന്യാധിപനെ അനുഗമിക്കുന്നു. കർത്താവു മാത്രമേ ശത്രുക്കളോടു യുദ്ധം ചെയ്യുന്നുള്ളു. വിശുദ്ധഗണം ഭൂമിയിലേക്കു വരുന്നത് യുദ്ധം ചെയ്യുവാനല്ല, മറിച്ചു കർത്താവിനോടൊപ്പം രാജ്യം വാഴുവാനാണ് (വെളി.20:4-6).

രാജാധിരാജാവായ കർത്താവിനെ അനുഗമിക്കുന്ന സ്വർഗ്ഗീയസൈന്യത്തിലുൾപ്പെട്ട പുതിയനിയമവിശുദ്ധന്മാരും, പഴയനിയമവിശുദ്ധന്മാരും, മഹാപീഡനകാല വിശുദ്ധന്മാരും, വിശുദ്ധദൂതഗണവും ഭൂമിയിലേക്കു വരുന്നതിനെ കർത്താവിന്റെ മഹത്വപ്രത്യക്ഷത അഥവാ തേജസ്സിന്റെ പ്രത്യക്ഷത (തീത്തോ.2:12) എന്നറിയപ്പെടുന്നു. ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു എന്ന യൂദായുടെ പ്രസ്താവന ഇതോടെ നിവൃത്തിയാകുന്നു. **യൂദാ.14,15 —** *"ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ചു; ഇതാ കർത്താവു എല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകലപ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകലനിഷ്ഠൂരതയും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വന്നിരിക്കുന്നു എന്നു പ്രവചിച്ചു."*

**വെളി.19:15 — ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽകൊണ്ടു അവരെ മേയ്ക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്കു അവൻ മെതിക്കുന്നു** (Now out of His mouth goes a sharp sword, that with it He should strike the nations. And He Himself will rule them with a rod of iron. He Himself treads the winepress of the fierceness and wrath of Almighty God) —

സ്വർഗ്ഗീയസൈന്യത്തെക്കുറിച്ചുള്ള വിശേഷണശേഷം രാജാവായി വരുന്ന ക്രിസ്തുവിന്റെ ഭരണത്തിന്റെ പ്രത്യേകതകളെക്കുറിച്ചു യോഹന്നാൻ വിവരിക്കുന്നു. തികച്ചും ആലങ്കാരികഭാഷയിലുള്ള അവതരണമാണിവിടെ കാണുന്നത്. മൂന്നു വ്യത്യസ്ത ആളത്വങ്ങളിലും പ്രവർത്തനങ്ങളിലും ക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നു. പ്രവൃത്തിയോടു ബന്ധത്തിൽ വെട്ടും, മേയ്ക്കും, മെതിക്കും എന്നും; ആളത്വത്തോടു ബന്ധത്തിൽ — യോദ്ധാവ്, ഇടയൻ, കർഷകൻ (Warrior, Shepherd, Farmer) എന്നിങ്ങനെയും അവതരിപ്പിച്ചിരിക്കുന്നു. യോദ്ധാവിനെപ്പോലെ വാളാൽ വെട്ടും, ഇടയനെപ്പോലെ ഇരുമ്പുകോൽകൊണ്ടു

മേയ്ക്കും, കർഷകനെപ്പോലെ ചക്കിൽ മെതിക്കും (As a Warrior - King > rule with sharp sword. As a Shephered - King > rule with iron rod. As a Farmer - King > treads in the winepress). സഹസ്രാബ്ദവാഴ്ചെക്കായി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന കർത്താവു ഭൂമിയിൽ ത്രിവിധഭരണം നടത്തുന്നു. (1) ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു (2) അവൻ ഇരുമ്പു കോൽകൊണ്ടു അവരെ മേയ്ക്കും (3) സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്കു അവൻ മെതിക്കുന്നു. ഇവയെല്ലാംതന്നെ കർത്താവിനാൽ നിറവേറപ്പെടുന്നത് തിരുവചനത്തിൽ പ്രവചനമായി പറഞ്ഞിട്ടുള്ളതാണ്.

**ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു** (Now out of His mouth goes a sharp sword, that with it He should strike the nations) —

വാളുമായി പുറപ്പെടുന്നു എന്നതിലൂടെ ക്രിസ്തുവിനെ യോദ്ധാവായ രാജാവായി (as a Warrior - King) വിശേഷിപ്പിച്ചിരിക്കുകയാണ്. രാജാധിരാജാവായ ക്രിസ്തു യോദ്ധാവെന്ന നിലയിൽ സകലജാതികളെയും വെട്ടുവാൻ മൂർച്ചയുള്ള വാളുമായി പുറപ്പെടുന്നു (As a Warrior - King, Christ will rule with sharp sword). റോമൻ യോദ്ധാക്കൾ നീളമുള്ള വാൾ ഉറയിലിട്ടു യൂണിഫോമിനോടു ചേർത്തു ബന്ധിച്ചു ശരീരത്തിൽ ധരിച്ചിരുന്നു. വാൾ അവരുടെ അധികാരത്തെയും നീതിനിർവ്വഹണത്തെയും കുറിക്കുന്നു. ആയതുപോലെ ഭൂവാസികളുടെ മേൽ നീതി നടുത്തുന്നതിനും അവരെ ഭരിക്കുന്നതിനുമുള്ള അധികാരത്തെയും കർത്താവിന്റെ വായിൽ നിന്നു പുറപ്പെടുന്ന മൂർച്ചയേറിയ വാൾ കുറിക്കുന്നു. പടയാളികൾ സാധാരണയായി വാൾ വഹിക്കുന്നത് കരത്തിലോ ശരീരത്തോടു ചേർത്തു അരപ്പട്ടയിൽ ബന്ധിച്ചോ ആയിരിക്കും. എന്നാൽ കർത്താവിന്റെ കാര്യത്തിലുള്ള പ്രത്യേകതയെന്നത് വായിൽനിന്നാണ് മൂർച്ചയേറിയ വാൾ പുറപ്പെടുന്നത്.

പത്മൊസിൽ വെച്ചു മഹത്വധാരിയായി തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട കർത്താവിനെക്കുറിച്ചു വർണ്ണിച്ചപ്പോൾ യോഹന്നാൻ പറഞ്ഞത് — *"അവന്റെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു"* എന്നാണ് (വെളി.1:16). ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവരും നിക്കൊലാവ്യരുടെ ഉപദേശം കൈക്കൊള്ളുന്നവരും ഉൾക്കൊള്ളുന്ന പെർഗ്ഗമൊസിലെ സഭക്കു ക്രിസ്തു തന്നെ പരിചയപ്പെടുത്തിയത് — *"മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ "* എന്നും (വെളി.2:12) അവർ മാനസാന്തരപ്പെടാഞ്ഞാൽ *"ഞാൻ വേഗത്തിൽ വന്നു എന്റെ വായിലെ വാളുകൊണ്ടു അവരോടു പോരാടും"* (വെളി.2:16) എന്നുമാണ്.

മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ ദൈവവചനത്തെ കുറിക്കുന്നു. ഇരുവായ്ത്തലയുള്ള വാളായ ദൈവവചനത്തിന്റെ പ്രവർത്തനത്തെ എബ്രായലേഖനത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**—> എബ്രാ.4:12 —** *"ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളെച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു."*

കർത്താവിന്റെ ഒന്നാം വരവിൽ തന്റെ വായിൽ നിന്നു പുറപ്പെട്ട വാക്കുകൾ ലാവണ്യം നിറഞ്ഞതും അനേകർക്കു ഹൃദയകുളിർമ്മ നല്കുന്നതുമായ ആശ്വാസവാക്കുകളായിരുന്നു (sweet and comforting words). എന്നാൽ ശത്രുക്കളോടു പോരാടുവാൻ വരുന്ന കർത്താവിന്റെ വായിൽ നിന്നു വരുന്നത് നാശത്തിന്റെയും മരണത്തിന്റെയും വാക്കുകളായിരിക്കും (deadly and destructive words). താൻ ഭൗമികമായ ഏതെങ്കിലും പ്രത്യേകതയുള്ള ആയുധങ്ങളുമായല്ല സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരുന്നത്. എന്നാൽ വായിൽ നിന്നു പുറപ്പെടുന്ന വചനമെന്ന മൂർച്ചയുള്ള വാളിനാൽ സകലശത്രുക്കളെയും കൊന്നൊടുക്കും (വെളി.19:21).

ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നത് ഹർമ്മഗെദ്ദോൻ യുദ്ധത്തെയും കുറിക്കുന്നു. അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും സാത്തന്റെയും ഭാഗം ചേർന്നു കർത്താവിനെതിരായി സംഘടിക്കുന്ന സകലജാതീയരാഷ്ട്രങ്ങളും ഹർമ്മഗെദ്ദോനിൽ കൂടിവരുമ്പോൾ കർത്താവു ഏകനായി അവരോടു പോരാടി അവരെ നിശ്ശേഷം നശിപ്പിക്കും. സഹസ്രാബ്ദവാഴ്ചെക്കുള്ള വഴിയൊരുക്കലും കൂടിയാണ് ഇവിടെ നടക്കുന്ന കൂട്ടക്കുരുതി. ക്രിസ്തുവിന്റെ ആയിരം ആണ്ടു വാഴ്ചയിലും സമാധാനഭരണമായിരിക്കും അരങ്ങേറുക.

ക്രിസ്തു സകലജാതികളെയും നീതിയോടെ ഭരിക്കുന്നതും ശത്രുക്കളെ തന്റെ വായിലെ വചനത്താൽ നശിപ്പിക്കുന്നതിനെയും പ്രവാചകനായ യെശയ്യാവും അപ്പൊസ്തലനായ പൗലൊസും മുന്നമേ പറഞ്ഞിട്ടുണ്ട്.

**—> യെശ.11:4 —** *"അവൻ ദരിദ്രന്മാർക്കു നീതിയോടെ ന്യായം പാലിച്ചുകൊടുക്കയും ദേശത്തിലെ സാധുക്കൾക്കു നേരോടെ വിധികല്പിക്കയും ചെയ്യും; തന്റെ വായ് എന്ന വടി കൊണ്ടു അവൻ ഭൂമിയെ അടിക്കും; തന്റെ അധരങ്ങളുടെ ശ്വാസംകൊണ്ടു ദുഷ്ടനെ കൊല്ലും."*

—> **2.തെസ്സ.2:8 —** *"അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും."*

**അവൻ ഇരുമ്പുകോൽകൊണ്ടു അവരെ മേയ്ക്കും** (And He Himself will rule them with a rod of iron) —

കർത്താവിന്റെ വായിൽ നിന്നു മൂർച്ചയേറിയ വാൾ പുറപ്പെടുന്നുവെങ്കിൽ തന്റെ കരത്തിൽ ഇരുമ്പുകോലാണുള്ളത്. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന ക്രിസ്തു തന്റെ കരത്തിലുള്ള ഇരുമ്പുകോൽകൊണ്ടു തനിക്കെതിരായി സംഘടിച്ചിരിക്കുന്ന സകലശത്രുക്കളെയും തകർക്കും. മാത്രവുമല്ല ഭൂമിയിലെ ആയിരമാണ്ടു വാഴ്ചയിലും തന്റെ ഭരണം ഇരിമ്പുകോലിനാലായിരിക്കും നടത്തുക. ഇരുമ്പുകോൽകൊണ്ടു മേയ്ക്ക എന്നാൽ സർവ്വലോകത്തെയും അധികാരത്തോടെ അടക്കിഭരിക്കുന്നതിനെ കുറിക്കുന്നു.

തന്റെ ഒന്നാം വരവിൽ ആടുകൾക്കായി ജീവൻ കൊടുക്കുകയും അവരെ പച്ചപുൽപ്പുറങ്ങിലേക്കു തന്റെ കോലിനാൽ നടത്തുകയും ചെയ്തു. അന്നു തന്റെ കരത്തിലുള്ള കോൽ മരക്കോലായിരുന്നുവെങ്കിൽ (a staff made of wood) വീണ്ടടുക്കപ്പെട്ട വിശുദ്ധന്മാരും ദൂതഗണങ്ങളുമായി ഭൂമിയിലേക്കു വരുമ്പോൾ തന്റെ കരത്തിൽ ഇരുമ്പുകോലാണ് (iron rod) കാണപ്പെടുന്നത്. അന്നു ഇടയശുശ്രൂഷ ചെയ്തുവെങ്കിൽ ഇപ്പോൾ ഇരുമ്പുകോലിനാൽ ഉറച്ച ഭരണം നടത്തുന്നു (As a Shephered - King > rule with iron rod). ഇരുമ്പു കാണിക്കുന്നത് ശക്തിയെയും, പൂർണ്ണ അധികാരത്തെയും, മാറ്റമില്ലായ്മയെയുമാണ് (iron > strength, complete authority,unchanging and unremovable nature). ക്രിസ്തുവിന്റെ ഭൂമിയിലെ ആയിരമാണ്ടു വാഴ്ചയുടെ ഉറപ്പിനെയും, മാറ്റമില്ലാത്ത നീതിനിർവ്വഹണത്തെയും ഭരണത്തെയും ഇരുമ്പുകോൽ വെളിപ്പെടുത്തുന്നു.

മഹാസർപ്പത്തെയും സൂര്യനെ അണിഞ്ഞസ്ത്രീയെയും കുറിച്ചു വർണ്ണിച്ചപ്പോൾ സകലജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്ക്കുന്ന ആൺകുട്ടിയെക്കുറിച്ചു യോഹന്നാൻ വെളിപ്പാടിൽ വിശദീകരിച്ചിരുന്നു. സൂര്യധാരിണിയായ സ്ത്രീ പ്രസവിച്ചത് ക്രിസ്തുവിനെയായിരുന്നു. അതായത് യിസ്രായേലിൽ നിന്നു ജനിച്ച ക്രിസ്തു സകലരെയും അടക്കി ഭരിക്കും എന്നു സാരം.

—> **വെളി.12:5 —** *"അവൾ സകലജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്പാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു."*

ദൈവപുത്രനായ മശീഹാക്കെതിരായി വരുന്ന ജാതികളെ ക്രിസ്തു ഇരുമ്പുകോൽകൊണ്ടു തകർക്കുന്നതു സങ്കീർത്തനത്തിലും, സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാത്ത തുയഥൈരസഭയിലെ ജയാളികളായവർ ക്രിസ്തുവിനോടൊപ്പം ജാതികളെ ഇരുമ്പുകോൽകൊണ്ടു ഭരിക്കുന്നതു വെളിപ്പാടു പുസ്തകത്തിലും രേഖപ്പെടുത്തിയിരിക്കുന്നു.

—> **സങ്കീ.2:9 —** *"ഇരുമ്പുകോൽകൊണ്ടു നീ അവരെ തകർക്കും; കുശവന്റെ പാത്രംപോലെ നീ അവരെ ഉടെക്കും."*

—> **വെളി.2:26,27 —** *"ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവന്നു എന്റെ പിതാവു എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കും. അവൻ ഇരുമ്പുകോൽകൊണ്ടു അവരെ മേയ്ക്കും; അവർ കുശവന്റെ പാത്രങ്ങൾപോലെ നുറുങ്ങിപ്പോകും."*

കർത്താവ് ഇടയനും വിശ്വാസികൾ ആടുകളുമെന്ന നിലയിലാണ് അവർ തമ്മിലുള്ള ബന്ധം. വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ കർത്താവിനാൽ മേയ്ക്കപ്പെടുന്നവരാണ്. ഇടയനെന്ന നിലയിൽ തന്റെ ആടുകളെ മേച്ചിൽപ്പുറത്തേക്കു നയിക്കുക എന്നു മാത്രമല്ല ക്രൂരമൃഗങ്ങളിൽ നിന്നു ആടുകളെ സംരക്ഷിക്കുകയും നല്ല ഇടയന്റെ ഉത്തരവാദിത്തമാണ്. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ (എബ്രാ.13:8) ആയതിനാൽ ഇടയനായ കർത്താവ് ഭൂതം, വർത്തമാനം, ഭാവി കാലങ്ങളിൽ വിശ്വാസികളെ പരിപാലിച്ചു നടത്തുന്നു. നല്ല ഇടയൻ എന്ന നിലയിൽ കർത്താവ് തന്റെ ആടുകൾക്കായി ഒരിക്കൽ മരിച്ചു (യോഹ.10:11). വലിയ ഇടയൻ എന്ന നിലയിൽ ഇന്നു സ്വർഗ്ഗത്തിൽ വസിച്ചു നമുക്കായി പക്ഷവാദം ചെയ്യുന്നു (എബ്രാ.13:20). എന്നാൽ ശ്രേഷ്ഠ ഇടയനെന്ന നിലയിൽ തന്റെ ആടുകൾക്കായി വീണ്ടും വരും (1.പത്രൊ.5;4). —(As the Good Shepherd, Jesus Christ died for the Sheep -- John.10:11. As the Great Shepherd, Jesus lives for the sheep in heaven and make intercession to the sheep -- Heb.13:20. As the Chief Shepherd, Jesus will come for His sheep in the mid air -- 1Pet.5:4).

**സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്കു അവൻ മെതിക്കുന്നു** (He Himself treads the winepress of the fierceness and wrath of Almighty God) —

സകലശത്രുക്കളെയും നശിപ്പിച്ചു രാജ്യം സ്ഥാപിക്കുവാൻ വരുന്ന കർത്താവിന്റെ വായിൽ മൂർച്ച

യേറിയ വാളും കയ്യിൽ ഇരുമ്പുകോലും കാണപ്പെട്ടു. അതു യഥക്രമം കർത്താവിന്റെ വായിൽ നിന്നു വരുന്ന വചനങ്ങളെയും, കർത്താവു അവരെ നീതിയോടെ ന്യായപാലനം ചെയ്യുമെന്നതിനെയും കുറിക്കുന്നു. തുടർന്നു കർത്താവിന്റെ പ്രവർത്തനത്തെക്കുറിച്ചാണ് പറയുന്നത് — *"സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്കു അവൻ മെതിക്കുന്നു."* മുന്തിരിക്കുല അറുത്തു ചക്കിൽ മെതിക്കുന്ന കർഷകന്റെ ചിത്രമാണിവിടെ വെളിപ്പെടുന്നത്. പക്ഷേ മുന്തിരിക്കുലക്കു പകരം ദുഷ്ടന്മാരെയാണ് ചക്കിൽ ഇടുന്നത്. ചക്കു മെതിക്കുമ്പോൾ വീഞ്ഞിനു പകരം ദുഷ്ടന്മാരുടെ രക്തം ഒഴുകുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന കർത്താവ് സകലദുഷ്ടന്മാരെയും സർവ്വശക്തനായ ദൈവത്തിന്റെ കോപവും ക്രോധവുമായ ചക്കിൽ ഇട്ടു മെതിക്കുന്നു. *"അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവന്നു അധികാരം നല്കിയിരിക്കുന്നു"* (യോഹ.5:27) എന്ന വചനപ്രകാരം സകലദുഷ്ടന്മാരോടുമുള്ള ദൈവത്തിന്റെ ക്രോധാഗ്നിയും ന്യായവിധിയും പുത്രനായ ക്രിസ്തുവിലൂടെ നടപ്പാക്കപ്പെടുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന ചക്ക് ദൈവത്തിന്റെ കോപത്തെയും ക്രോധത്തെയും കുറിക്കുന്നു.

വെളിപ്പാടു 14-ാം അദ്ധ്യായത്തിൽ ഒരു ദൂതൻ ഭൂമിയിലെ മുന്തിരിക്കുല അറുത്തു ദൈവകോപത്തിന്റെ ചക്കിൽ ഇടുന്നതായി കാണുന്നു. അപ്പോൾ ചക്കിൽ നിന്നു രക്തം അതിദൂരം ഒഴുകുകയും ചെയ്തിരുന്നു.

**—> വെളി.14:19,20 —** *"ദൂതൻ കോങ്കത്തി ഭൂമിയിലേക്കു എറിഞ്ഞു, ഭൂമിയിലെ മുന്തിരിക്കുല അറുത്തു, ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ടു. ചക്കു നഗരത്തിന്നു പുറത്തുവെച്ചു മെതിച്ചു; ചക്കിൽ നിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി."*

ശത്രുക്കളെയാകമാനം ചക്കിലിട്ടു മെതിച്ചു ന്യായം വിധിക്കുന്ന മശീഹായുടെ പ്രവൃത്തിയെക്കുറിച്ചു യെശയ്യാവും യോവേലും പറഞ്ഞിരിക്കുന്നു —

**—> യെശ.63:3 —** *"ഞാൻ ഏകനായി മുന്തിരിച്ചക്കു ചവിട്ടി; ജാതികളിൽ ആരും എന്നോടുകൂടെ ഉണ്ടായിരുന്നില്ല; എന്റെ കോപത്തിൽ ഞാൻ അവരെ ചവിട്ടി, എന്റെ ക്രോധത്തിൽ അവരെ മെതിച്ചുകളഞ്ഞു; അവരുടെ രക്തം എന്റെ വസ്ത്രത്തിൽ തെറിച്ചു; എന്റെ ഉടുപ്പൊക്കെയും മലിനമായിരിക്കുന്നു."*

**—> യോവേൽ.3:12 -14—** *"ജാതികൾ ഉണർന്നു യഹോശാഫാത്ത് താഴ്വരയിലേക്കു പുറപ്പെടട്ടെ. അവിടെ ഞാൻ ചുറ്റുമുള്ള സകലജാതികളെയും ന്യായം വിധിക്കേണ്ടതിന്നു ഇരിക്കും. അരിവാൾ ഇടുവിൻ; കൊയ്ത്തിന്നു വിളഞ്ഞിരിക്കുന്നു; വന്നു ചവിട്ടുവിൻ; ചക്കു നിറഞ്ഞിരിക്കുന്നു; തൊട്ടികൾ കവിഞ്ഞിരിക്കുന്നു; അവരുടെ ദുഷ്ടത വലുതല്ലോ. വിധിയുടെ താഴ്വരയിൽ അസംഖ്യസമൂഹങ്ങളെ കാണുന്നു; വിധിയുടെ താഴ്വരയിൽ യഹോവയുടെ ദിവസം അടുത്തിരിക്കുന്നു."*

**വെളി.19:16 — രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു** (And He has on His robe and on His thigh a name written: KING OF KINGS AND LORD OF LORDS) —

ഈ അദ്ധ്യായത്തിൽ കർത്താവിനു പറഞ്ഞിരിക്കുന്ന നാലാമത്തെ നാമമാണ് രാജാധിരാജാവും കർത്താധികർത്താവും (King of kings and Lord of lords) എന്നത്. മറ്റു മൂന്നു നാമങ്ങൾ — (1) വിശ്വസ്തനും സത്യവാനും (19:11)— Faithful and True (2) കർത്താവിനല്ലാതെ ആർക്കും അറിഞ്ഞുകൂടാത്ത നാമം (19:12) — A name written which no one knows (3) ദൈവവചനം (19:13) — The Word of God എന്നിവയാണ്. രാജാധിരാജാവും കർത്താധികർത്താവും എന്നത് ക്രിസ്തുവിന്റെ സർവ്വാധിപത്യത്തെയും ഉന്നതിയെയും കുറിക്കുന്നു. ക്രിസ്തു ഭൂമിയിലുള്ള സകലരാജാക്കന്മാരുടെ രാജാവും കർത്താക്കന്മാരുടെ കർത്താവുമാണ്. മഹാസർപ്പവും (വെളി.12:3) മൃഗവും (വെളി.13:1) പരിമിതമായ രാജമുടികൾ മാത്രം ധരിച്ചുകൊണ്ട് രാജാക്കന്മാരെന്നഭിനയിക്കുമ്പോൾ ക്രിസ്തുവിന്റെ തലയിൽ കാണപ്പെടുന്ന അനേകരാജമുടികൾ (വെളി.19:12) താൻ സാക്ഷാൽ രാജാധിരാജവും കർത്താധികർത്താവും ആണെന്നുള്ള തെളിവു കൂടിയാണ്. സകലമ്ലേച്ഛതകളുടെയും അസന്മാർഗ്ഗികതയുടെയും ദൈവദൂഷണത്തിന്റെയും ഉറവിടമായ മൃഗം അനേകം ദൂഷണനാമങ്ങൾ വഹിക്കുമ്പോൾ (വെളി.17:3) ക്രിസ്തു രാജാധിരാജാവും കർത്താധികർത്താവും എന്ന സർവ്വാധികാരത്തിന്റെയും ഉന്നതിയുടെയും നാമം വഹിക്കുന്നു.

രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം കർത്താവിന്റെ അങ്കിമേലും തുടമേലും എഴുതിയിരിക്കുന്നതായി യോഹന്നാൻ കാണുന്നു. സമൂഹത്തിൽ ഉന്നതസ്ഥാനമുള്ളവർ തങ്ങളുടെ പദവിയെ വെളിപ്പെടുത്തുന്ന ഔദ്ധ്യോഗികനാമം തുടയിൽ എഴുതുന്ന ഒരു ആചാരം പുരാതനകാലങ്ങളിൽ നിലവിലുണ്ടായിരുന്നു. വിശേഷാൽ കുതിരപ്പുറത്തു യാത്രചെയ്യുന്നവരുടെ തുടഭാഗത്തെഴുതിയ പേര് വളരെ വ്യക്തമായി സകലർക്കും വായിക്കുവാൻ സാധിക്കുന്നു. ആയതുപോലെ ക്രിസ്തുവിന്റെ സർവ്വാ

ധികാരത്തെ തെളിയിക്കുന്ന നാമം തന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു. ഒരുപക്ഷേ രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം ആലേഖനം ചെയ്യപ്പെട്ട പട്ട തോൾമുതൽ നെഞ്ചിലൂടെ തുടവരെ എത്തുന്നതായിരിക്കാം.

കർത്താവിന്റെ ഒന്നാം വരവിൽ ഒരു കഴുതപ്പുറത്തു കയറിയാണ് യെരൂശലേം നഗരത്തിലേക്കു രാജാവായി പ്രവേശിച്ചത് (മത്താ.21:6–11). *"ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു"* (സെഖ.9:9) എന്നുള്ള സെഖര്യാപ്രവാചകന്റെ വചനത്തിന്റെ നിവൃത്തി കൂടിയായിരുന്നു അത്. യെരൂശലേമിലേക്കു ക്രിസ്തു രാജകീയപ്രവേശനം നടത്തിയപ്പോൾ ഹോശന്നാ പാടി അവർ രാജാവിനെപ്പോലെ വരവേറ്റെങ്കിലും രാജാവായി അംഗീകരിച്ചില്ല. ക്രൂശീകരണവേളയിൽ പീലാത്തോസ് കർത്താവിനെ കളിയാക്കിക്കൊണ്ടു ഹാസ്യരൂപത്തിൽ ചോദിച്ചത് —*"നീ രാജാവു തന്നേയല്ലോ?"* (യോഹ.18:37) എന്നാണ്. *"നീ പറഞ്ഞതുപോലെ ഞാൻ രാജാവു തന്നേ"* (യോഹ.18:37) എന്നു ക്രിസ്തു പറഞ്ഞുവെങ്കിലും പീലാത്തോസിനോ ക്രൂശീകരണത്തിനു സാക്ഷ്യം വഹിച്ചവർക്കോ അതു മനസ്സിലായില്ല. എന്നാൽ ഇപ്പോൾ സകലഭൂവാസികൾക്കും മനസ്സിലാകത്തക്കവണ്ണം മഹത്വധാരിയായ കർത്താവു രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം വഹിച്ചുകൊണ്ട് ഭൂമിയെ ന്യായം വിധിപ്പാൻ വരുന്നു.

അപ്പൊസ്തലനായ പൗലൊസ് ക്രിസ്തുവിനെക്കുറിച്ചു പറയുന്നത് ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും എന്നാണ്.

**—> 1.തിമൊ.6:15,16 —** *"ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ തക്കസമയത്തു ആ പ്രത്യക്ഷത വരുത്തും."*

ദൈവത്തിന്റെ ക്രോധകലശം വഹിക്കുന്ന ഏഴുദൂതന്മാരിൽ ഒരുവൻ കുഞ്ഞാടായ കർത്താവിനെ വിശേഷിപ്പിക്കുന്നത് കർത്താധികർത്താവും രാജാധിരാജാവുമായാണ്.

**—> വെളി.17:14 —** *"അവർ കുഞ്ഞാടിനോടു പോരാടും; താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ടു കുഞ്ഞാടു തന്നോടുകൂടെയുള്ള വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും."*

മോശെയും നെബൂഖദ്നേസർ രാജാവും യഹോവയായ ദൈവത്തിന്റെ ഉന്നതിയെ പ്രകീർത്തിച്ചു പറഞ്ഞത് ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തുവിനോടും ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തു ദൈവാധിദൈവവും രാജാധിരാജാവും കർത്താധികർത്താവുമാണ്.

**—> ആവ.10:17 —** *"നിങ്ങളുടെ ദൈവമായ യഹോവ ദേവാധിദൈവവും കർത്താധികർത്താവുമായി വല്ലഭനും ഭയങ്കരനുമായ മഹാദൈവമല്ലോ; അവൻ മുഖം നോക്കുന്നില്ല പ്രതിഫലം വാങ്ങുന്നതുമില്ല."*

**—> ദാനീ.2:47 —** *"നിങ്ങളുടെ ദൈവം ദൈവാധിദൈവവും രാജാധികർത്താവും രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനും ആകുന്നു സത്യം എന്നു കല്പിച്ചു."*

**വെളി.19:17,18 — ഒരു ദൂതൻ സൂര്യനിൽ നില്ക്കുന്നതു ഞാൻ കണ്ടു; അവൻ ആകാശമദ്ധ്യേ പറക്കുന്ന സകലപക്ഷികളോടും; രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്മാൻ മഹാദൈവത്തിന്റെ അത്താഴത്തിന്നു വന്നുകൂടുവിൻ എന്നു ഉറക്കെ വിളിച്ചു പറഞ്ഞു** (Then I saw an angel standing in the sun; and he cried with a loud voice, saying to all the birds that fly in the midst of heaven, "Come and gather together for the supper of the great God, "that you may eat the flesh of kings, the flesh of captains, the flesh of mighty men, the flesh of horses and of those who sit on them, and the flesh of all people, free and slave, both small and great") —

ഹർമ്മഗെദ്ദോൻ യുദ്ധത്തിന്റെ പശ്ചാത്തലമാണിവിടെ കാണുന്നത്. ലോകരാഷ്ട്രങ്ങളെല്ലാം അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും കൂട്ടുകെട്ടിൽ ക്രിസ്തുവിനെതിരായി യുദ്ധം ചെയ്യുവാനായി അണി നിരക്കുന്നു. ഹർമ്മഗെദ്ദോൻ യുദ്ധത്തെക്കുറിച്ചുള്ള രണ്ടു പരാമർശങ്ങൾ മുൻ അദ്ധ്യായങ്ങളിൽ

വിശദീകരിച്ചിരുന്നു (വെളി.14:18-20 /വെളി.16:13-16). യുദ്ധത്തിന്റെ പ്രാരംഭത്തിൽത്തന്നെ ക്രിസ്തുവിന്റെയും ക്രിസ്തുവിനോടൊപ്പം വരുന്ന സ്വർഗ്ഗീയസൈന്യത്തിന്റെയും വിജയത്തെ മുന്നമേ പ്രഖ്യാപിക്കുന്ന വിധത്തിലാണ് സൂര്യനിൽ നില്ക്കുന്ന ദൂതനിലൂടെ കേൾക്കുന്നത്. രണ്ടു സദ്യകളെപ്പറ്റി വെളിപ്പാടു 19-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ഒന്നാമത്തേത് കുഞ്ഞാടിന്റെ കല്യാണസദ്യ (Supper of the Lamb -- വെളി.19:9), രണ്ടാമത്തേത് മഹാദൈവത്തിന്റെ അത്താഴം (Supper of the great God —വെളി.19:18). കുഞ്ഞാടിന്റെ കല്യാണസദ്യയെന്നത് സകലവിശുദ്ധന്മാരും ഒത്തൊരുമിച്ചു ക്രിസ്തുവിനോടൊപ്പം നുകരുന്ന അനുഗ്രഹത്തിന്റെയും സംതൃപ്തിയുടെയും അതിസന്തോഷത്തിന്റെയും നാളുകളെ കുറിക്കുന്നു. എന്നാൽ മഹാദൈവത്തിന്റെ അത്താഴം ദൈവത്തിന്റെ ശത്രുക്കളായവർക്കു വന്നുസംഭവിക്കുന്ന നാശത്തെയും, കൂട്ടക്കുരുതിയെയും, മഹാസംഹാരത്തെയും, വിലാപത്തെയും, ദാരുണമായ അന്ത്യത്തെയും വെളിപ്പെടുത്തുന്നു.

**ഒരു ദൂതൻ സൂര്യനിൽ നില്ക്കുന്നതു ഞാൻ കണ്ടു** (Then I saw an angel standing in the sun)—

ക്രിസ്തു സ്വർഗ്ഗം തുറന്നു തന്റെ സ്വർഗ്ഗീയസൈന്യവുമായി ഭൂമിയിലേക്കു വരുന്നത് യോഹന്നാൻ വിശദീകരിച്ചു. തുടർന്നു താൻ കാണുന്നത് സൂര്യനിൽ ഒരു ദൂതൻ നില്ക്കുന്ന കാഴ്ചയാണ്. കത്തിജ്വലിക്കുന്നതും അതികഠിനമായ ചൂടു വമിക്കുന്നതുമായ സൂര്യനിൽ നില്കുകയെന്നത് മാനുഷിക നിലയിൽ അസംഭവ്യമാണ്. എന്നാൽ ദൈവദൂതനെ സംബന്ധിച്ചു സൂര്യനിൽ നില്ക്കുകയെന്നത് അസാദ്ധ്യമല്ല. ദൈവത്തിന്റെ തേജസ്സും പ്രഭയും വഹിക്കുന്നവരാണ് ദൂതന്മാർ. മാത്രവുമല്ല ഒരു ദൂതന്റ സാന്നിദ്ധ്യം ഭൂമിയെ മുഴുവൻ പ്രകാശിപ്പിച്ചു (വെളി.18:1) എന്നു വായിക്കുന്നു. ആകയാൽ ദൂതൻ സൂര്യനിൽ അഥവാ സൂര്യഗോളത്തിൽ നിന്നു എന്നതിൽ അത്ഭുതപ്പെടുവാനില്ല. ഒരുപക്ഷേ സൂര്യനു മുന്നിലായി നിന്നപ്പോൾ ഭാഗികമായി ഭൂമിയിൽ സൂര്യാസ്തമനമുണ്ടായതായിരിക്കാം. ആറാമത്തെ ദൈവക്രോധകലശം ദൂതൻ മൃഗത്തിന്റെ സിംഹാസനത്തിൽ ഒഴിച്ചപ്പോൾ അവന്റെ രാജ്യം ഇരുണ്ടുപോയിരുന്നു (വെളി.16:10). അതിനുശേഷം ഇരുട്ട് മാറ്റപ്പെട്ടതിനാലാവാം ഇപ്പോൾ സൂര്യനിൽ ദൂതൻ നില്ക്കുന്ന കാഴ്ച ഭൂമാസികൾക്കു ദൃശ്യമാകുന്നത്. എന്നാൽ കർത്താവിന്റെ വരവിനോടനുബന്ധിച്ചു വീണ്ടും അന്ധകാരം വ്യാപിക്കുകയും ആകാശത്തിലും സൗരയൂഥങ്ങൾക്കും വ്യതിയാനം ഉണ്ടാകുകയും ചെയ്യും (സെഖ.14:6/ മത്താ.24:29,30).

**അവൻ ആകാശമദ്ധ്യേ പറക്കുന്ന സകലപക്ഷികളോടും** (and he cried with a loud voice, saying to all the birds that fly in the midst of heaven) —

സൂര്യനിൽ നിൽക്കുന്ന ദൂതൻ സംസാരിക്കുന്നത് മനുഷ്യരോടല്ല. പക്ഷികളോടാണ് സംസാരിക്കുന്നത്. അതും പ്രത്യേകതരത്തിലുള്ള പക്ഷികളോടാണ് തന്റെ സന്ദേശം അറിയിക്കുന്നത് — ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും. അതായത് ആകാശമദ്ധ്യേ ഉയരത്തിൽ പറക്കുന്നതും മാംസം വിശേഷാൽ ശവം ഭക്ഷിക്കുന്നതുമായ പക്ഷികൾ — കഴുകൻ (eagle / vulture ), പരുന്ത് (hawk), റാഞ്ചൻപക്ഷികൾ (ravens). സഭ എടുക്കപ്പെട്ട ശേഷം മുദ്ര, കാഹളം എന്നിവയാലുള്ള 14 ദൈവീകന്യായവിധികൾ ഭൂമിയിലുണ്ടായി. തുടർന്നുള്ള ഏഴു ക്രോധകലശന്യായവിധിക്കു മുമ്പായി ദൈവം ഒരു ദൂതനെ നിത്യസുവിശേഷവുമായി ഭൂമിയിലേക്കു വിട്ടു. ആകാശമദ്ധ്യേ നിത്യസുവിശേഷവുമായി പറന്നുകൊണ്ടു ദൈവത്തെ ഭയപ്പെടുക, ദൈവത്തിനു മഹത്വം കൊടുക്കുക, ദൈവത്തെ നമസ്കരിക്കുക എന്നു സകല ഭൂവാസികളും കേൾക്കെ അത്യുച്ചത്തിൽ ദൂതൻ വിളിച്ചുപറഞ്ഞു (വെളി.14:6,7). എന്നാൽ ഭൂവാസികൾ ദൈവകരുണയെ നിസ്സാരമാക്കി തള്ളിക്കളഞ്ഞുകൊണ്ടു മൃഗത്തോടൊപ്പം നിന്നു. ദൈവത്തിന്റെ വാക്കുകൾ നിരാകരിച്ചു ദൈവത്തോടു യുദ്ധത്തിനായി അണിനിരക്കുന്നവരുടെ ശരീരം ശവംതീനിപക്ഷികൾക്കു സുഭിക്ഷമായ അത്താഴമായിത്തീരുന്ന അതിദാരുണമായ കാഴ്ചയാണിവിടെ കാണുന്നത്. യുദ്ധത്തിനു മുമ്പായിത്തന്നെ ആകാശത്തിലെ പക്ഷികളെ ശത്രുക്കളുടെ ശവം തിന്നാനായി ദൂതൻ വിളിക്കുന്നത് യുദ്ധത്തിൽ ക്രിസ്തുവിന്റെ വിജയത്തെ മുന്നമേ പ്രസ്താവിക്കലും കൂടിയാണ്.

യഹോവയായ ദൈവത്തിന്റെ മഹാസദ്യക്കു ആകാശമദ്ധ്യേ പറക്കുന്ന പക്ഷികളെയും കാട്ടുമൃഗങ്ങളെയും ശവം തിന്നുവാൻ ക്ഷണിക്കുന്നതും, അവയൊക്കെ ദൈവത്തിന്റെ ശത്രുക്കളുടെ മാംസം തിന്നു തൃപ്തിയാകുന്നതിനും സമാനമായ ഒരു ഭാഗം പ്രവാചകനായ യെഹെസ്കേൽ രേഖപ്പെടുത്തിയിരിക്കുന്നു —

**യെഹെ.39:17-20 —** *"മനുഷ്യപുത്രാ, യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: സകലവിധപക്ഷികളോടും എല്ലാ കാട്ടുമൃഗങ്ങളോടും നീ പറയേണ്ടുന്നതു: നിങ്ങൾ കൂടിവരുവിൻ; നിങ്ങൾ മാംസം തിന്നുകയും രക്തം കുടിക്കയും ചെയ്യേണ്ടതിന്നു ഞാൻ യിസ്രായേൽ പർവ്വതങ്ങളിൽ ഒരു മഹായാഗമായി നിങ്ങൾക്കുവേണ്ടി അറുപ്പാൻ പോകുന്ന എന്റെ യാഗത്തിന്നു നാലുപുറത്തുനിന്നും വന്നുകൂടുവിൻ. നിങ്ങൾ വീരന്മാരുടെ മാംസം തിന്നു ഭൂമിയിലെ പ്രഭുക്കന്മാരുടെ രക്തം കുടിക്കേണം; അവരൊക്കെയും ബാശാനിലെ തടിപ്പിച്ച ആട്ടുകൊറ്റന്മാരും കുഞ്ഞാടുകളും കോലാട്ടുകൊറ്റന്മാരും കാളകളും തന്നേ. ഞാൻ നിങ്ങൾക്കുവേണ്ടി അറുത്തിരിക്കുന്ന എന്റെ യാഗത്തിൽ നിന്നു നിങ്ങൾ തൃപ്തരാകുവോളം മേദസ്സു തിന്നുകയും ലഹരിയാകുവോളം രക്തം കുടിക്കയും ചെയ്യും. ഇങ്ങനെ നിങ്ങൾ എന്റെ*

*മേശയിങ്കൽ കുതിരകളെയും വാഹനമൃഗങ്ങളെയും വീരന്മാരെയും സകല യോദ്ധാക്കളെയും തിന്നു തൃപ്തരാകും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്."*

**രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്മാൻ മഹാദൈവത്തിന്റെ അത്താഴത്തിന്നു വന്നുകൂടുവിൻ എന്നു ഉറക്കെ വിളിച്ചു പറഞ്ഞു** ("Come and gather together for the supper of the great God, "that you may eat the flesh of kings, the flesh of captains, the flesh of mighty men, the flesh of horses and of those who sit on them, and the flesh of all people, free and slave, both small and great") —

സൂര്യനിൽ നില്ക്കുന്ന ദൈവദൂതൻ ആകാശമദ്ധ്യേ പറക്കുന്ന സകലപക്ഷികളയും ക്ഷണിക്കുന്നത് എന്തിനാണെന്നും അവെക്കു ലഭിക്കുവാൻ പോകുന്ന അത്താഴത്തെപ്പറ്റിയും, ആരാണ് അത്താഴം ഒരുക്കുന്നതെന്നും ഈ വാക്യത്തിൽ കാണുന്നു.

അവർ വന്നു കൂടേണ്ടത് —>

മഹാദൈവത്തിന്റെ അത്താഴം കഴിക്കുവാൻ (Come and gather together for the supper of the great God). ദൈവമാണ് അത്താഴം ഒരുക്കുന്നത്.

മഹാദൈവത്തിന്റെ അത്താഴത്തിലെ വിഭവങ്ങൾ —>

(1) രാജാക്കന്മാരുടെ മാംസം (flesh of kings,).
(2) സഹസ്രാധിപന്മാരുടെ മാംസം (flesh of captains).
(3) വീരന്മാരുടെ മാംസം (flesh of mighty men).
(4) കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസം (flesh of horses and of those who sit on them).
(5) സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസം (flesh of all people, free and slave, both small and great).

ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ നടക്കുന്ന കൂട്ടക്കുരുതിയുടെ ചിത്രമാണിവിടെ മുന്നമേ വെളിപ്പെടുത്തിയിരിക്കുന്നത്. കുഞ്ഞാടിന്റെ കല്യാണസദ്യക്കു വിഭിന്നമാണ് മഹാദൈവത്തിന്റെ അത്താഴസദ്യ. ക്രിസ്തുവിനെതിരായി സംഘടിക്കുന്ന ഭൂമിയിലുള്ള സകലരുടെയും ശവമായിരിക്കും ആകാശത്തിലെ പക്ഷികൾക്കു ആഹാരമായി ലഭിക്കുന്ന അത്താഴസദ്യ. ഇവിടെ മാംസം എന്ന പദം അഞ്ചുതവണ ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. ദൈവത്തെ നിരാകരിച്ചു മൃഗത്തോടും അന്തിക്രിസ്തുവിനോടും കൂട്ടുകൂടിയവരുടെ ശരീരം കേവലം വിലയില്ലാത്ത മാംസപിണ്ഡം ആയിത്തീർന്നിരിക്കയാണ്. മഹാദൈവത്തിന്റെ അത്താഴസദ്യക്കു ശവം തിന്നി പക്ഷികൾക്കു വിഭവമാകുന്ന ഭൂവാസികളെ മുഴുവൻ അഞ്ചായി തിരിച്ചു പറഞ്ഞിരിക്കുന്നു.

**(1) രാജാക്കന്മാരുടെ മാംസവും** (that you may eat the flesh of kings) —

ഇക്കാലങ്ങളിൽ രാജാക്കന്മാർ സർവ്വസാധാരണമല്ല. എന്നാൽ ചിലരാജ്യങ്ങളിൽ വിശേഷാൽ അറബിരാജ്യങ്ങളിൽ രാജാക്കന്മാർ ഭരണം നടത്തുന്നുണ്ട്. ചരിത്രത്തിലെ അവസാനയുദ്ധമായ ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ രാജാക്കന്മാരുടെ ശവശരീരം ആകാശത്തിലെ പക്ഷികൾക്കു ആഹാരമായിത്തീരും എന്നു ദൈവവചനം പറയുന്നു. രാജാക്കന്മാർ എന്നതിൽ രാജ്യങ്ങളിലെ ഭരണത്തലവന്മാരായ പ്രധാനമന്ത്രി, മന്ത്രി, പ്രസിഡന്റ്, ഗവർണ്ണർ, അംബാസഡർ എന്നിവരെല്ലാം ഉൾപ്പെടുന്നു എന്നു ചിന്തിക്കാം.

**(2) സഹസ്രാധിപന്മാരുടെ മാംസവും** (the flesh of captains) —

സഹസ്രാധിപന്മാർ എന്നത് യുദ്ധം നയിക്കുന്ന സേനാധിപതികളും യുദ്ധത്തിനു നേതൃത്വം കൊടുക്കുന്ന സകലരും ഉൾപ്പെടുന്നു.

**(3) വീരന്മാരുടെ മാംസവും** (the flesh of mighty men) —

വീരന്മാർ എന്നത് സാധാരണ പടയാളികളും, വീരയോദ്ധാക്കളും, സേനാംഗങ്ങളല്ലാത്ത യുദ്ധം ചെയ്യുവാനായി വരുന്ന വീരന്മാരായ സകല ആൾക്കാരും ഉൾപ്പെടുന്നു.

**(4) കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസവും** (the flesh of horses and of those who sit on them) —

ആധുനിക യുദ്ധോപകരണങ്ങളും, വിമാനങ്ങളും, റ്റാങ്കുകളും, യന്ത്രവാഹനങ്ങൾക്കു പുറമേ കുതിരപ്പടയും ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ ക്രിസ്തുവിനെതിരായി അണിനിരക്കും.

**(5) സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും** (the flesh of all people, free and slave, both small and great) —

രാജാക്കന്മാർ മുതൽ കുതിരപ്പടയാളികൾ വരെയുള്ളവരെക്കൂടാതെ സാധാരണ ജനങ്ങളും യുദ്ധക്കളത്തിൽ അന്തിക്രിസ്തുവിനോടും മൃഗത്തോടും ഒത്തുചേർന്നു പ്രവർത്തിക്കും. സ്വതന്ത്രന്മാരും, ദാസന്മാരും, ചെറിയവരും, വലിയവരും എന്നത് സകലഭൂവാസികളെയും പ്രതിനിധീകരിക്കുന്നു. യഹോവയുടെ മഹാദിവസത്തിൽ ഭൂമിയിലെ വീരന്മാർ പട്ടുപോകുന്നതിനെക്കുറിച്ചു സെഫന്യാവു സെഫന്യാവു

വിശദീകരിച്ചിട്ടുണ്ട് —

**സെഫ.1:14 -18 —** "*യഹോവയുടെ മഹാദിവസം അടുത്തിരിക്കുന്നു; അതു അടുത്തു അത്യന്തം ബദ്ധപ്പെട്ടു വരുന്നു; കേട്ടോ, യഹോവയുടെ ദിവസം! വീരൻ അവിടെ കഠിനമായി നിലവിളിക്കുന്നു. ആ ദിവസം ക്രോധദിവസം, കഷ്ടവും സങ്കടവും ഉള്ള ദിവസം, ശൂന്യതയും നാശവും ഉള്ള ദിവസം, ഇരുട്ടും അന്ധകാരവും ഉള്ള ദിവസം, മേഘവും മൂടലും ഉള്ള ദിവസം, ഉറപ്പുള്ള പട്ടണങ്ങൾക്കും ഉയരമുള്ള കൊത്തളങ്ങളങ്ങൾക്കും വിരോധമായി കാഹളനാദവും ആരവവും ഉള്ള ദിവസം തന്നേ. മനുഷ്യർ കുരുടന്മാരെപ്പോലെ നടക്കത്തക്കവണ്ണം ഞാൻ അവർക്കു കഷ്ടത വരുത്തും; അവർ യഹോവയോടു പാപം ചെയ്തുവല്ലോ; അവരുടെ രക്തം പൊടിപോലെയും അവരുടെ മാംസം കാഷ്ടംപോലെയും ചൊരിയും. യഹോവയുടെ ക്രോധദിവസത്തിൽ അവരുടെ വെള്ളിക്കും പൊന്നിന്നും അവരെ രക്ഷിപ്പാൻ കഴികയില്ല; സർവ്വഭൂമിയും അവന്റെ തീക്ഷ്ണതാഗ്നിക്കു ഇരയായ്തീരും; സകലഭൂവാസികൾക്കും അവൻ ശീഘ്രസംഹാരം വരുത്തും.*"

**തിന്മാൻ മഹാദൈവത്തിന്റെ അത്താഴത്തിന്നു വന്നുകൂടുവിൻ എന്നു ഉറക്കെ വിളിച്ചു പറഞ്ഞു —** (Come and gather together for the supper of the great God) —

ആകാശമദ്ധ്യേ പറക്കുന്ന ഭൂമിയാസകലമുള്ള സകല പക്ഷികൾക്കുമാണ് മഹാദൈവത്തിന്റെ അത്താഴത്തിനു ക്ഷണം ലഭിക്കുന്നത്. മഹാദൈവം ക്രിസ്തുവാണ് (തീത്തൊ.2:12). മഹാദൈവമായ ക്രിസ്തുവിനാൽ ഒരുക്കുന്ന ഭക്ഷണമായതിനാൽ മഹാദൈവത്തിന്റെ അത്താഴം എന്നറിയപ്പെടുന്നു. താമസംവിനാ നടക്കുവാൻ പോകുന്ന യുദ്ധത്തിൽ കൊല്ലപ്പെടുന്നവരുടെയല്ലാം മാംസമാണ് അത്താഴം. രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്നുവാനാണ് പക്ഷികളെ വിളിക്കുന്നത്. ആകാശമദ്ധ്യേ നിന്നുകൊണ്ട് അത്യുച്ചത്തിലാണ് ദൂതൻ ഭൂമിയിലെ പക്ഷിക്കൂട്ടങ്ങളെ വിളിക്കുന്നത്. കുഞ്ഞാടിന്റെ കല്യാണസദ്യ ഏറ്റവും ആനന്ദകരമായ ഒന്നായിരിക്കുമ്പോൾ മഹാദൈവത്തിന്റെ അത്താഴസദ്യ ഭൂമിയിൽ ഇതുവരെയും ഉണ്ടായിട്ടുള്ളതിലേക്കുംവെച്ചു ഏറ്റവും ദുഃഖകരവും ഭീതി പരത്തുന്നതുമായ അനുഭവമായിരിക്കും. ദൈവത്തിനെതിരായി അണിനിരക്കുന്ന രാജാക്കന്മാർ മുതൽ സാധാരണക്കാർവരെയും അവർ സഞ്ചരിച്ചിരുന്ന കുതിരകളുടെയും ശരീരങ്ങൾ ആരും മറവുചെയ്യാനാവത്തവിധം അനാഥശവങ്ങളായി ഭൂമി നിറയും. മാത്രവുമല്ല യുദ്ധത്തിൽ ഒഴുകുന്ന ചോരപ്പുഴയുടെ ഒരു ദൃശ്യവും യോഹന്നാൻ തന്നെ വിശദീകരിക്കുകയുണ്ടായി. **വെളി.14:20 —** "*ചക്കു നഗരത്തിന്നു പുറത്തുവെച്ചു മെതിച്ചു; ചക്കിൽനിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറുനാഴിക ദൂരത്തോളം ഒഴുകി.*"

ദൂതന്റെ ക്ഷണപ്രകാരം വരുന്ന കോടാകോടി ശവംതീനിപക്ഷികൾ എത്രതന്നെ ഭക്ഷിച്ചാലും ശവങ്ങൾ വീണ്ടും കുന്നുകൂടിക്കിടക്കും. യെഹെസ്കേൽ പ്രവാചകൻ പറയുന്നത് ദേശമാസകലം ശുദ്ധീകരിക്കുവാൻ ഏഴുമാസമെങ്കിലും വേണമെന്നാണ്. **യെഹെ.39:12 —** "*യിസ്രായേൽഗൃഹം അവരെ അടക്കം ചെയ്തുതീർത്തു ദേശത്തെ വെടിപ്പാക്കുവാൻ ഏഴുമാസം വേണ്ടിവരും.*" മരിച്ച ലാസറിന്റെ കല്ലറക്കരികിൽനിന്ന മാർത്താ കർത്താവിനോടു പറയുന്നത് — "*കർത്താവേ നാറ്റം വെച്ചുതുടങ്ങി; നാലുദിവസമായല്ലോ*" (യോഹ11:39) എന്നാണ്. എങ്കിൽ ആകാശത്തിലെ പക്ഷികൾ കൊത്തിപ്പറിച്ചു ദിവസങ്ങളും ആഴ്ചകളും മാസങ്ങളുമായി ചിന്നഭിന്നമായി കിടക്കുന്ന അനാഥശവങ്ങൾ പുറപ്പെടുവിക്കുന്ന നാറ്റവും ഭീകരമായ കാഴ്ചയും എത്രവലുതായിരിക്കും!

ദൈവത്തിനെതിരായി അണിനിരന്നു യുദ്ധത്തിനായി പുറപ്പെടുന്ന ഭൂവാസികളുടെ ഭയാജനകമായ അന്ത്യം പഴയനിയമത്തിൽ ആഹാബ് രാജാവിന്റെ ഭാര്യയും ദുഷ്ടരാജ്ഞിയുമായ ഈസേബെലിനുണ്ടായ മഹാദുരന്തത്തെ (2.രാജാ.9:30-37) അനുസ്മരിപ്പിക്കുന്നതാണ്. ദൈവത്തിനും ദൈവമക്കൾക്കും ദൈവദാസനും എതിരായി പ്രവർത്തിച്ച ഈസേബെലിന്റെ മാംസം നായ്ക്കൾ തിന്നുകയും അവളുടെ പിണം വയലിലെ ചാണകംപോലെ ആയിത്തീരുകയും ചെയ്തു. അവളുടെ ശരീരം മറവുചെയ്യാനാവാത്തവിധം ശിഥിലമായിത്തീർന്നു. ആയതുപോലെയായിരിക്കും ഹെർമ്മഗെദ്ദോനിൽ ദൈവത്തിനെതിരായി കൂടിവരുന്നവരുടെ അന്ത്യവും. ഹർമ്മഗെദ്ദോനിൽ കൂട്ടിച്ചേർക്കപ്പെടുന്ന ഭൂരാജാക്കന്മാർക്കും സൈന്യങ്ങൾക്കും ഭൂവാസികൾക്കും ഹർമ്മഗെദ്ദോനിലെ കൂടിച്ചേരൽ യിസ്രായേലിനോടും ദൈവത്തോടും എതിരായുള്ള ഒരു യുദ്ധം മാത്രമായിരിക്കും. എന്നാൽ ഇതിനെക്കുറിച്ചു വെളിപ്പാടിൽ പറഞ്ഞിരിക്കുന്നത് 'മഹാദൈവത്തിന്റെ അത്താഴം' (വെളി.19:18) എന്നാണ്. അന്നു ഭൂമിയിലെ സകലപറവജാതികളും ദുഷ്ടന്മാരുടെ മാംസം തിന്നു തൃപ്തിപ്രാപിക്കും (വെളി.19:21).

ദൈവം അയച്ച രണ്ടു സാക്ഷികളെ കൊന്നു അവരുടെ ശവം മറവുചെയ്യാനനുവദിക്കാതെ കിടത്തി ഭൂവാസികളെല്ലാം ഒരിക്കൽ ആനന്ദിച്ചതിനു (വെളി.11:3-10) സ്വർഗ്ഗത്തിൽ നിന്നു നല്കുന്ന ശിക്ഷയുംകൂടിയാണ് ഇവിടെ നടക്കുന്ന കൂട്ടക്കൊല. മഹാപീഡനകാലത്ത് യിസ്രായേൽ ജനത്തിനും ജാതികൾക്കും ദൈവീകവെളിച്ചം പകർന്നുകൊടുക്കുവാൻ സ്വർഗ്ഗത്തിൽ നിന്നു രണ്ടു സാക്ഷികളെ ഭൂമിയിലേക്കു അയ

ച്ചിരുന്നു. അവർ 1260 ദിവസം കർത്താവിന്റെ മഹത്വപ്രത്യക്ഷതയെയും സഹസ്രാബ്ദവാഴ്ചയെയും കുറിച്ചു ഭൂമിയിൽ പ്രസംഗിക്കുന്നു. അവരുടെ ശുശ്രൂഷ തികെച്ചു കഴിയുമ്പോൾ ആഴത്തിൽ നിന്നു കയറിവരുന്ന മൃഗമായ എതിർക്രിസ്തു ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുന്നു. എന്നാൽ അവരുടെ ശരീരം മൂന്നരദിവസം യെരുശലേം തെരുവീഥിയിൽ കിടത്തി ഭൂവാസികൾ ആഹ്ലാദിക്കുന്നു. അന്നു അവരെ കൊന്നവരും, കൊലക്കു കൂട്ടുനിന്നവരും, ശവം മറവുചെയ്യാനനുവദിക്കാതെ അപമാനിച്ചവരും ഒന്നടങ്കം അതേ ശിക്ഷാവിധിയിലൂടെ കടന്നുപോകേണ്ടി വരുന്നു. മൂന്നരദിവസത്തിനു പകരം ആഴ്ചകളും മാസങ്ങളും അവരുടെ ശവങ്ങൾ ഭൂമിയാസകലം ചിന്നിച്ചിതറിക്കിടക്കും.

എന്നാൽ അന്നു ഭൂമിയിൽ ജീവിച്ചിരിക്കുന്ന മറ്റൊരു കൂട്ടർ ഉണ്ടായിരിക്കും. മൃഗത്തോടും കള്ളപ്രവാചകനോടും സാത്തന്യശക്തികളോടും ചേരാതെ ദൈവത്തിൽ അഭയം പ്രാപിച്ച വിശ്വസ്തരും ജയാളികളുമാണവർ. അവർ മൃഗത്തിന്റെ പീഡകളേറ്റവരെങ്കിലും കൊല്ലപ്പെടാതെയും രക്തസാക്ഷികളാകാതെയും ഭൂമിയിൽ ജീവിക്കുന്നവരായിരിക്കും. അവരും സഹസ്രാബ്ദഭരണത്തിനു പങ്കാളികളായിത്തീരും. അവരെപ്പറ്റി വെളിപ്പാടു 12-ാം അദ്ധ്യായത്തിൽ സൂചന ലഭിക്കുന്നു. **വെളി.12:13-17 —** *"തന്നെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു എന്നു മഹാസർപ്പം കണ്ടിട്ടു ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങി. അപ്പോൾ സ്ത്രീക്കു മരുഭൂമിയിൽ തന്റെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിന്നു വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു; അവിടെ അവളെ സർപ്പത്തോടു അകലെ ഒരുകാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു. സർപ്പം സ്ത്രീയെ ഒഴുക്കിക്കളയേണ്ടതിന്നു അവളുടെ പിന്നാലെ തന്റെ വായിൽനിന്നു നദിപോലെ വെള്ളം ചാടിച്ചു. എന്നാൽ ഭൂമി സ്ത്രീക്കു തുണനിന്നു; മഹാസർപ്പം വായിൽനിന്നു ചാടിച്ച നദിയെ ഭൂമി വായ്തുറന്നു വിഴുങ്ങിക്കളഞ്ഞു. മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്വാൻ പുറപ്പെട്ടു; അവൻ കടല്പുറത്തെ മണലിന്മേൽ നിന്നു."*

**വെളി.19:19 — കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്വാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളുംഒന്നിച്ചു വന്നു കൂടിയതു ഞാൻ കണ്ടു** (And I saw the beast, the kings of the earth, and their armies, gathered together to make war against Him who sat on the horse and against His army) —

തുടർന്നുള്ള മൂന്നു വാക്യങ്ങൾ (19,20,21) മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും അവരുടെ അനുയായികളുടെയും മേലുള്ള ദൈവീകന്യായവിധിയാണ് വിവരിക്കുന്നത് (Judgment on Beast, False Prophet and their followers). ക്രിസ്തുവും സ്വർഗ്ഗീയസൈന്യവും ഒരു വശത്തും, മൃഗവും കള്ളപ്രവാചകനും ഭൂരാജാക്കന്മാരും അവരുടെ സൈന്യവും മറ്റേവശത്തും യുദ്ധത്തിനു തയ്യാറായി നിൽക്കുന്നതു യോഹന്നാൻ കാണുന്നു.

**കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും** (against Him who sat on the horse and against His army) **—**

കുതിരപ്പുറത്തിരിക്കുന്നവൻ എന്നത് രാജാധിരാജാവും കർത്താധികർത്താവുമായ യേശുക്രിസ്തുവിനെ കുറിക്കുന്നു. അവന്റെ സൈന്യം എന്നത് ക്രിസ്തുവിനെ അനുഗമിക്കുന്ന കൂട്ടമാണ്. പുതിയനിയമസഭാവിശുദ്ധന്മാർ (മണവാട്ടിസഭ), പീഡനകാലവിശുദ്ധന്മാർ (സാധാരണമരണവും രക്തസാക്ഷിമരണവും വഴിയായി സ്വർഗ്ഗത്തിലെത്തിയവർ), പഴയനിയമവിശുദ്ധന്മാർ, സ്വർഗ്ഗീയദൂതന്മാർ എന്നിവരാണ് കർത്താവിനോടൊപ്പം ഉള്ളവർ. ക്രിസ്തുവിനെ അനുഗമിക്കുന്ന കൂട്ടത്തെ സൈന്യം എന്നു വിശേഷിപ്പിച്ചിരിക്കുന്നുവെങ്കിലും സ്വർഗ്ഗീയസൈന്യം നിരായുധരായാണ്. കാരണം അവർക്കു യുദ്ധം ചെയ്യേണ്ട ആവശ്യമേയില്ല. ക്രിസ്തു ഒറ്റയ്ക്ക് സകലശത്രുക്കളെയും നേരിട്ടു നിമിഷനേരത്തിനുള്ളിൽ അവരെ തോല്പിച്ചു നശിപ്പിക്കും.

**മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും** (the beast, the kings of the earth, and their armies **—**

ക്രിസ്തുവിനോടും സൈന്യത്തോടും യുദ്ധം ചെയ്യുവാൻ അണിനിരക്കുന്നത് മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളുമാണ്. മൃഗം അന്തിക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു (വെളി.11:7/13:1-8). ഭൂരാജാക്കന്മാർ അന്തിക്രിസ്തുവിന്റെ കീഴിൽ ഭരണം നടത്തുന്ന ദശരാഷ്ടസംഘടനയിലെ രാജാക്കന്മാരാണ് (വെളി.17:1/17:12-14/18:9). അവരുടെ സൈന്യങ്ങളെന്നതിൽ അന്തിക്രിസ്തുവിന്റെയും ഭൂരാജാക്കന്മാരുടെയും അനുയായികളും പടയാളികളുമാണ്. സൈന്യങ്ങൾ എന്ന ബഹുവചനമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. അതായത് ഓരോ കൂട്ടർക്കും വെവ്വേറെ സൈന്യനിരതന്നെയുണ്ടായിരിക്കും. ഭൂരാജാക്കന്മാർ ഹർമ്മഗെദ്ദോനിൽ യുദ്ധത്തിനായി വരുന്നതിനു ദൈവം യൂഫ്രാത്തേസ് മഹാനദിയിലെ വെള്ളം വറ്റിച്ചുകൊടുക്കുന്നതായി ആറാമത്തെ ക്രോധകലശത്തോടനുബന്ധിച്ചു കാണുകയുണ്ടായി. കൂടാതെ മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും വായിൽ നിന്നു വരുന്ന ത്രിമൂർത്തികളായ അശുദ്ധാത്മാക്കളാണ് ഭൂരാജാക്കന്മാരെ ആകർഷിച്ചു ക്രിസ്തുവിനെതിരായുള്ള യുദ്ധത്തിനു ഹർമ്മഗെദ്ദോനിൽ

കൊണ്ടു വരുന്നത്. **വെളി.16:12-14,16 —** *"ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കുനിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുങ്ങേണ്ടതിന്നു അതിലെ വെള്ളം വറ്റിപ്പോയി. മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു. ഇവ സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നേ. അവ അവരെ എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു."*

**യുദ്ധം ചെയ്‌വാൻ ഒന്നിച്ചു വന്നു കൂടിയതു ഞാൻ കണ്ടു** (And I saw ...... gathered together to to make war) **—**

ക്രിസ്തുവിനും സ്വർഗ്ഗീയസൈന്യത്തിനുമെതിരായി യുദ്ധം ചെയ്യുവാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നു കൂടുന്നതു യോഹന്നാൻ കാണുന്നു. മൃഗത്തിന്റെയും ഭൂരാജാക്കന്മാരുടെയും നേതൃത്വത്തിൽ ലോകമെമ്പാടുമുള്ള സകലരും ഒരേ ഉദ്ദേശത്തോടെ ഒന്നിച്ചു കൂടുന്നു. അന്തിക്രിസ്തുവിനോടൊപ്പം നില്ക്കുന്നവരെല്ലാം വിവിധസ്വഭാവക്കാരും, വ്യത്യസ്ത ചിന്താഗതിക്കാരും അഭിപ്രായ ഐക്യതയില്ലാത്തവരുമാണ്. എന്നാൽ ക്രിസ്തുവിനെ തോല്പിക്കുക, ഭൂമിയിൽ സഹസ്രാബ്ദവാഴ്ചക്കു ക്രിസ്തുവിനെ അനുവദിക്കാതിരിക്കുക എന്നീ കാര്യങ്ങളിൽ അവർക്കു അഭിപ്രായ സമന്വയമുണ്ടായി ക്രിസ്തുവിനോടു യുദ്ധം ചെയ്യുവാൻ അവർ ഒന്നിച്ചു കൂടുന്നതു യോഹന്നാൻ കണ്ടു.

സഭ എടുക്കപ്പെട്ടശേഷം ഭൂമിയിലുണ്ടാകുന്ന ഏഴുവർഷക്കാലത്തെ പീഡനകാലശേഷം സഹസ്രാബ്ദവാഴ്ച ആരംഭിക്കുന്നതിനു മുമ്പുള്ള യുദ്ധമാണ് ഹർമ്മഗെദ്ദോനിൽ അരങ്ങേറുന്നത്. യഹോവയുടെ ദിവസം എന്നറിയപ്പെടുന്ന ആ മഹാസംഹാരദിനത്തെക്കുറിച്ചു കർത്താവു പറഞ്ഞിട്ടുണ്ട്.

**മത്താ.24:29-31 —** *"ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തിൽനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാഭിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുംകൂടെ അയക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലുദിക്കിൽനിന്നും കൂട്ടിച്ചേർക്കും."*

ഭൂരാജാക്കന്മാർ അന്തിക്രിസ്തുവിനോടും കള്ളപ്രവാചകനോടും കൂട്ടുകൂടി രാജാധിരാജാവും കർത്താധികർത്താവുമായ ക്രിസ്തുവിനോടു പൊരുതുവാൻ വരുന്ന യുദ്ധത്തെ ഹർമ്മഗെദ്ദോൻ യുദ്ധം എന്ന പേരിലാണ് അറിയപ്പെടുന്നത്. സർവ്വശക്തനായ മഹാദൈവമായ ക്രിസ്തു ഹർമ്മഗെദ്ദോൻ യുദ്ധത്തിലൂടെ അന്തിക്രിസ്തുവിനെയും സൈന്യങ്ങളെയും തോല്പിക്കും. ഒലിവുമലയിൽ സ്വർഗ്ഗീയകൂട്ടവുമായി വന്നിറങ്ങുന്ന ക്രിസ്തുവിനോടു യുദ്ധം ചെയ്യുവാൻ ഹർമ്മഗെദ്ദോനിൽ അന്തിക്രിസ്തുവും ഭൂരാജാക്കന്മാരും സൈന്യങ്ങളും അണിനിരക്കും. ഹർമ്മഗെദ്ദോൻ എന്ന പേര് എബ്രായനാമമാണ്. ഹർ + മെഗിദ്ദോ (Har + Megiddo) എന്നീ രണ്ടു പദങ്ങൾ ചേരുന്നതാണ് ഹർമ്മഗെദ്ദോൻ. ഹർ എന്നതിനു പർവ്വതം, മല, താഴ്‌വര (Har = mountain) എന്നും മെഗിദ്ദോ എന്നത് പാലസ്റ്റീനിലുള്ള ഒരു സ്ഥലവുമാണ്. ആകയാൽ ഹർ + മെഗീദ്ദോ എന്നാൽ മെഗിദ്ദോ പർവ്വതം, മെഗിദ്ദോ മല മെഗിദ്ദോ താഴ്‌വരഎന്നാണ് (Mountain of Megiddo or Hill of Megiddo, Valley of Megiddo). മറ്റൊരു അർത്ഥവും കൂടി കാണുന്നുണ്ട്. ഹർ എന്നാൽ പർവ്വതം, മല എന്നും മെഗിദ്ദോ എന്നാൽ സൈന്യങ്ങളുടെ താവളം (Place of troops), കശാപ്പു സ്ഥലം (place of slaughter) എന്നുമാണ്. കൂടാതെ ഇതിനെ എസ്ദ്രെയിലോൻ സമതലം (Plain of Esdraelon) എന്നും യിസ്രായേൽ താഴ്‌വര (Valley of Jezereel) എന്നും അറിയപ്പെടുന്നു.

മെഗിദ്ദോ യെരൂശലേമിൽനിന്നും 60 മൈൽ ദൂരത്തു അതിന്റെ തെക്കുഭാഗത്തു സ്ഥിതി ചെയ്യുന്നു. ഈ താഴ്‌വരക്കു ഏകദേശം 20 മൈൽ നീളവും 14 മൈൽ വീതിയുമുണ്ട്. ഇതിനെ "യഹോശാഫാത്ത് താഴ്‌വര" (Valey of Jehoshaphat) എന്നു യോവേൽ പ്രവാചകനും (യോവേ.3:2,12,13), "വഴിപോക്കരുടെ താഴ്‌വര" (Valley of travellers) എന്നു യെഹെസ്കേലും (യെഹെ.39:11) പറയുന്നു. കർമ്മേൽ പർവ്വതത്തിനും കിദ്രോൻ താഴ്‌വരക്കും ഇടയിലുള്ള അതിവിശാലമായ സ്ഥലമാണിത്. കർമ്മേൽ പർവ്വതത്തിൽ നിന്നു നോക്കിയാൽ ഈ പ്രദേശം വ്യക്തമായി കാണാം. "യുദ്ധങ്ങളുടെ യുദ്ധഭൂമി" എന്നും "സകലലോകസേനകൾക്കും പറ്റിയ യുദ്ധഭൂമി" എന്നും ഇതിനെ വിശേഷിപ്പിച്ചിട്ടുണ്ട്. യിസ്രായേലിന്റെ ചരിത്രത്തിലെ അനേക യുദ്ധങ്ങൾക്കും പോരാട്ടങ്ങൾക്കും സംഭവങ്ങൾക്കും വേദിയായിരുന്ന സ്ഥലമാണ് മെഗിദോ താഴ്വര.

അന്തിക്രിസ്തുവിന്റെ സൈന്യം യഹൂദന്മാരുമായി നടത്തുന്ന അവസാനയുദ്ധമാണ് ഹർമ്മഗോദ്ദോൻ യുദ്ധം. അന്തിക്രിസ്തുവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും യുദ്ധത്തിനായി ഒരുമിച്ചു

കൂടുന്ന സ്ഥലമാണ് ഹർമ്മഗെദ്ദോൻ (Armageddon) അഥവാ മെഗിദ്ദോമല (Mount Megiddo). ലോക ചരിത്രത്തിലെ അവസാനയുദ്ധമായ ഹർമ്മഗെദ്ദോൻ യുദ്ധം ഇവിടെ വെച്ചായിരിക്കും നടക്കുക (വെളി.19:19 –21). മഹാപീഡനകാലത്തിന്റെ അന്ത്യത്തിൽ നടക്കുന്ന യുദ്ധത്തിൽ യിസ്രായേലിന്റെ സഹായത്തിനായി ക്രിസ്തു വിശുദ്ധന്മാരോടൊപ്പം സ്വർഗ്ഗീയസൈന്യവുമായി ഭൂമിയിലേക്കിറങ്ങി വരുന്നു. അവിടെ ക്രിസ്തു തന്റെ വായിലെ ശ്വാസത്താൽ ശത്രുക്കളെ ഒന്നടങ്കം ഒടുക്കിക്കളയും (വെളി.19:11–16). ദുഷ്ടന്മാരെ മുഴുവനും മുന്തിരിക്കുല എന്നപോലെ ദൈവക്രോധ ചക്കിലിടും. ചക്കിൽ നിന്നു വീഞ്ഞിനു പകരം രക്തമായിരിക്കും ഒഴുകുന്നത്. *"രക്തം അന്നു കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി "* (വെളി.14:20) എന്നു ക്രോധകലശത്തിനു മുമ്പു പറഞ്ഞത് ഹർമ്മഗെദ്ദോനിലെ മഹാസംഹാരത്തിൽ നിവൃത്തിയാകും.

**വെളി.19:20 — മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചു കെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു** (Then the beast was captured, and with him the false prophet who worked signs in his presence, by which he deceived those who received the mark of the beast and those who worshiped his image These two were cast alive into the lake of fire burning with brimstone) — ക

ഒലിവുമലയിൽ സ്വർഗ്ഗീയസൈന്യവുമായി വന്നിറങ്ങുന്ന രാജാധിരാജാവും കർത്താധികർത്താവുമായ ക്രിസ്തുവിനെതിരേ യുദ്ധം ചെയ്യുവാൻ ഹെർമ്മഗെദ്ദോൻ താഴ്വരയിൽ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യവും അണിനിരക്കുന്നു. ക്രിസ്തുവിനെതിരായി യുദ്ധം ചെയ്യുന്നതിനു മുമ്പുതന്നെ പരാജയം സംഭവിക്കുന്നു. സാത്താന്യത്രിത്വത്തിലുൾപ്പെട്ട സാത്താൻ, മൃഗം, കള്ളപ്രവാചകൻ എന്നിവരിൽ മൃഗത്തെയും (അന്തിക്രിസ്തു) കള്ളപ്രവാചകനെയും ബന്ധിച്ച് ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളയുന്ന കാഴ്ചയും യോഹന്നാൻ കാണുന്നു.

**മൃഗത്തെയും** (Then the beast was captured) —

സാത്താന്യത്രിമൂർത്തികളിൽ രണ്ടാമനാണ് മൃഗം അഥവാ അന്തിക്രിസ്തു. ദൈവം എന്ന പേരിൽ ആരാധനസ്വീകരിക്കുവാൻ ആഗ്രഹിച്ചവനാണിവൻ. **2.തെസ്സ.2:4 —** *"അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിന്നും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ."* ക്രിസ്തുവിനെതിരെ യുദ്ധത്തിനായി ഹർമ്മഗെദ്ദോനിൽ കൂടിവരുന്ന സാത്താന്യശക്തികളുടെ പ്രധാനിയായ മൃഗത്തെ ഒറ്റനിമിഷത്തിനുള്ളിൽ ബന്ധിതനാക്കുന്നു. മൃഗത്തെക്കുറിച്ചുള്ള വിവരണം 11,13 അദ്ധ്യായങ്ങളിൽ കാണുകയുണ്ടായി. ആഴത്തിൽ നിന്നു കയറിവരുന്ന മൃഗം എന്ന വിശേഷണമാണ് സ്വർഗ്ഗത്തിൽ നിന്നു ദൈവം അയച്ച രണ്ടു സാക്ഷികളോടുള്ള ബന്ധത്തിൽ ആദ്യമായി കാണുന്നത്. **വെളി.11:7 —** *"അവർ തങ്ങളുടെ സാക്ഷ്യം തികെച്ചശേഷം ആഴത്തിൽനിന്നു കയറിവരുന്ന മൃഗം അവരോടു പടവെട്ടി അവരെ ജയിച്ചുകൊന്നുകളയും."* മൃഗത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ 13–ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു (13:1–10). സമുദ്രത്തിൽ നിന്നു കയറി വരുന്ന പ്രസ്തുത മൃഗം ഭീകരരൂപിയും ദുഷ്ടാത്മമൂർത്തീഭാവവുമാണ്. പത്തുകൊമ്പും, ഏഴുതലയും, കൊമ്പുകളിൽ പത്തുരാജമുടിയും, തലയിൽ ദൂഷണനാമങ്ങളുമാണ് അതിന്റെ പ്രത്യേകത. പുള്ളിപ്പുലി, കരടി, സിംഹം എന്നീ ക്രൂരമൃഗങ്ങളുടെ രൂപം വഹിക്കുന്നത് അതിന്റെ ദുഷ്ടപ്രവർത്തനങ്ങളെ കുറിക്കുന്നു. വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ ജയിപ്പാൻ അധികാരം പീഡനകാലത്തു ലഭിച്ചുവെങ്കിലും (13:7) ഇപ്പോൾ ജയാളിയായ കർത്താവിന്റെ വരവിങ്കൽ എതിർത്തുനില്ക്കാൻ കഴിയാതെ ബന്ധിതനായിത്തീരുന്നു.

**അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും** (and with him the false prophet who worked signs in his presence, by which he deceived those who received the mark of the beast and those who worshiped his image) —

കർത്താവിന്റെ ഒലിവുമലയിലെ വരവിങ്കൽ ക്രിസ്തുവിനോടു യുദ്ധം ചെയ്യുവാൻ ഹർമ്മഗെദ്ദോനിൽ കൂടിയവരിൽ മൃഗത്തോടൊപ്പം ബന്ധിതനാകുന്ന രണ്ടാമത്തെ വ്യക്തി കള്ളപ്രവാചകനാണ്. ഇവനെയും മൃഗമായിട്ടാണ് വെളിപ്പാടു 13 –ൽ ചിത്രീകരിച്ചിരിക്കുന്നത് (13:11–18). കുഞ്ഞാടിനുള്ളതുപോലെ രണ്ടുകൊമ്പുള്ള മൃഗം ഭൂമിയിൽ നിന്നാണ് കയറിവന്നത്. അന്തിക്രിസ്തുവിന്റെ പ്രതിരൂപമായ ഒന്നാം മൃഗത്തിന്റെ മുമ്പാകെ കള്ളപ്രവാചകന്റെ പ്രതിരൂപമായ രണ്ടാം മൃഗം അതിന്റെ അധികാരം പ്രദർശിപ്പിക്കുകയും ചെയ്തു. ഭൂവാസികളെ അടയാളങ്ങളാൽ പരവശരാക്കി അവരെ ചതിക്കുകയും മൃഗത്തിന്റെ മുദ്ര ഏല്പിക്കുകയും ചെയ്തു. മാത്രവുമല്ല ഒന്നാംമൃഗത്തിന്റെ പ്രതിമയെ ഭൂവാസികൾ നമസ്കരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഭൂമിയിലുള്ള മനുഷ്യരെ വഴിതെറ്റിച്ച കുറ്റമാണ് കള്ളപ്രവാചകൻ (16:13) അഥവാ രണ്ടാം മൃഗത്തിന്മേൽ ആരോപിക്കപ്പെട്ടിരിക്കുന്നത്.

**പിടിച്ചു കെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു** (These two were cast alive into the lake of fire burning with brimstone) —

മൃഗമെന്ന വിശേഷണത്തിൽ അറിയപ്പെടുന്ന അന്തിക്രിസ്തുവും കള്ളപ്രവാചകനും ക്രിസ്തുവിനും, വിശ്വാസികൾക്കും, ദൈവീകപ്രമാണങ്ങൾക്കും എതിരായി പ്രവർത്തിച്ച രാഷ്ട്രീയവും മതപരവുമായ നേതാക്കളാണ്. ഏതൊരുരാജ്യത്തും ആഭ്യന്തരകലാപങ്ങളോ സമരങ്ങളോ പൊട്ടിപ്പുറപ്പെടാവുന്ന സാഹചര്യത്തിൽ അതിനു ചുക്കാൻ പിടിക്കുന്ന നേതാക്കളെ കരുതൽ തടങ്കിൽ പാർപ്പിക്കുന്നതുപോലെയാണിവിടെയും സംഭവിക്കുന്നത്. ഭൂമിയിൽ സകല ദുഷ്ടപ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്ത അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും മുന്നമേ പിടിച്ചുകെട്ടി തടവിലാക്കുന്നു. സാത്താന്റെ ഹിതമനുസരിച്ചു ഇക്കാലമത്രയും അവന്റെ വലങ്കൈയായി പ്രവർത്തിച്ച ഇരുവരെയും പിടിച്ചുകെട്ടി ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളയുന്നു. ദൈവം ഒരുക്കിയ നിത്യരക്ഷയെ പുച്ഛിച്ചു തള്ളുകയും പാപത്തിൽ ജീവിക്കുകയും ചെയ്യുന്ന മനുഷ്യരെ വെള്ളസിംഹാസനത്തിലെ ന്യായവിധിക്കു ശേഷം തള്ളിക്കളയുന്ന സ്ഥലമാണ് ഗന്ധകം കത്തുന്ന തീപ്പൊയ്ക. എന്നാൽ മൃഗത്തെയും കള്ളപ്രവാചകനെയും വിചാരണകൂടാതെ ജീവനോടെ തീപ്പൊയ്കയിലേക്കു തള്ളിക്കളഞ്ഞ് നരകം ഉദ്ഘാടനം ചെയ്യുന്നു.

വെളിപ്പാടിൽ തീപ്പൊയ്കയെക്കുറിച്ചു പറഞ്ഞിരിക്കുന്ന അഞ്ചുഭാഗങ്ങളിൽ ആദ്യത്തെ പരാമർശമാണിത് (വെളി.19:20/20:10/20:14/20:15/21:8). തീപ്പൊയ്ക സാത്താന്റെയും, ദുഷ്ടദൂതന്മാരുടെയും, പാപികളുടെയും, ദുഷ്ടന്മാരുടെയും, അവിശ്വാസികളുടെയും അന്ത്യശിക്ഷാകേന്ദ്രമാണ്. ഗന്ധകം കത്തുന്ന തീപ്പൊയ്കയെന്നാണ് നരകത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. ഗന്ധകം തിരുവചനത്തിൽ ന്യായവിധിയുടെ തീയോടെ ബന്ധപ്പെട്ടിരിക്കുന്നു (ലൂക്കൊ.17:29/വെളി.9:7/14:10/20:10). ദൈവീകന്യായവിധിയുടെ ശിക്ഷാകേന്ദ്രമായ നിത്യനരകാഗ്നിയിൽ അഥവാ തീപ്പൊയ്കയിൽ പ്രവേശിപ്പിക്കപ്പെടുന്ന ആദ്യത്തെ വ്യക്തികളാണ് അന്തിക്രിസ്തുവും കള്ളപ്രവാചകനും. അവരുടെ തലവനായ സാത്താൻ ആയിരമാണ്ടിനു ശേഷം തീപ്പൊയ്കയിൽ ഇവരോടൊപ്പം ഒത്തുചേരും (വെളി.20:10). അതിനുശേഷം "ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളി.20:15) എന്നു തിരുവചനം പ്രഖ്യാപിക്കുന്നു.

തീപ്പൊയ്കയാകുന്ന നിത്യാഗ്നിയെക്കുറിച്ചു തിരുവചനത്തിലുടനീളം കാണുന്നുണ്ട്.

**യെശ.66:24 —** *"അവർ പുറപ്പെട്ടുചെന്നു; എന്നോടു അതിക്രമം ചെയ്ത മനുഷ്യരുടെ ശവങ്ങളെ നോക്കും; അവരുടെ പുഴു ചാകയില്ല; അവരുടെ തീ കെട്ടുപോകയില്ല; അവർ സകലജഡത്തിന്നും അറെപ്പായിരിക്കും."*

**മത്താ.13:42 —** *"തീച്ചൂളയിൽ ഇട്ടുകളകയും, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും."*

**മത്താ.25:41 —** *"പിന്നെ അവൻ ഇടത്തുള്ളവരോടു: ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ."*

**മർക്കൊ.9:48 —** "അവിടെ അവരുടെ പുഴു ചാകുന്നില്ല; തീ കെടുന്നതുമില്ല."

**വെളി.14:10,11 —** *"ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടി വരും; വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിന്നും മുമ്പാകെ അഗ്നിഗന്ധങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല."*

മൃഗത്തെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞുവെന്നാണ് പറഞ്ഞിരിക്കുന്നത്. തീപ്പൊയ്കയാകുന്ന നരകക്കുഴിയിൽ ആദ്യമായി പ്രവേശിക്കപ്പെട്ടു നരകം ഉദ്ഘാടനം ചെയ്യുന്നു എന്നതിനു പുറമേ മറ്റൊരു പ്രത്യേകത കൂടി ഇവരെ സംബന്ധിച്ചു കാണുന്നു. മരണത്തിലൂടെയാണ് സകലരും നരകാഗ്നിയിൽ എത്തിച്ചേരുന്നതെങ്കിൽ ഇവർ ഇരുവരും മരണം കാണാതെ ജീവനോടെ അവിടേക്കു തള്ളപ്പെടുന്നു. അവർ ഭൂലോകരെ ചതിച്ചതും ദൈവീകപ്രമാണങ്ങളിൽ നിന്നും സകലരെയും വഴിതെറ്റിച്ചതിന്റെയും പാപത്തിന്റെ ഘോരതയാണിതിനു കാരണമെന്നു ചിന്തിക്കാം. ദൈവത്തോടൊപ്പം നടന്ന ഹാനോക്കും (ഉല്പ.5:24), ദൈവത്തിന്റെ പ്രവാചകനായ ഏലിയാവും (2.രാജാ.2:11) മാത്രമാണ് മരണം കാണാതെ ജീവനോടെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടെങ്കിൽ മൃഗവും കള്ളപ്രവാചകനും ജീവനോടെ തീപ്പൊയ്കയിലേക്കു തള്ളപ്പെടുന്നു. ഇവരുടെ തീപ്പൊയ്കയിലേക്കുള്ള തള്ളിക്കളയൽ ഒരു അസാധാരണ സംഭവമായിരിക്കുന്നു. കാരണം അവിശ്വാസികളുടെ തീപ്പൊയ്കയിലേക്കുള്ള പ്രവേശനം വിവിധഘട്ടങ്ങൾ കടന്നശേഷമാണുണ്ടാകുന്നത് — (1) ശാരീരികമരണം — ലൂക്കൊ.16:22,23 (2) പാതാളസ്ഥലത്തെ യാതന — ലൂക്കൊ.16:23 (3) രണ്ടാം മരണത്തിനായുള്ള രണ്ടാം പുനരുത്ഥാനം — വെളി.20:12 (4) വെള്ളസിംഹാസനത്തിലെ ന്യായവിധി — വെളി.20:11,12 (5) തീപ്പൊയ്കയിലേക്കുള്ള തള്ളപ്പെടൽ, രണ്ടാം മരണം — വെളി.20:14,15

വിശ്വാസിയായ ഒരുവൻ മരിക്കുമ്പോൾ അവന്റെ ആത്മാവ് ഉടൻതന്നെ അബ്രഹാമിന്റെ മടി

അഥവാ ദൈവസന്നിധിയിലെത്തി (ലൂക്കൊ.16:22),അതിസന്തോഷത്തോടെ സ്വർഗ്ഗീയസന്തോഷങ്ങൾ നുകർന്നുകൊണ്ട് കഴിയുവാനിടയാകും (2.കൊരി.5:8 /ഫിലി.1:20–23). എന്നാൽ അവിശ്വാസിയായ ഒരുവൻ മരിക്കുമ്പോൾ അവന്റെ ആത്മാവ് പാതാളത്തിലേക്കു പോകുന്നു (ലൂക്കൊ.16:23). പാതാളം യാതനാസ്ഥലവും താല്ക്കാലിക തടവറയുമാണ് (hades is a temporary holding place of tormentation). പാതാളം ഒരിക്കൽ അവിടെയുള്ള സകല മരിച്ചവരെയും ഏല്പിച്ചു കൊടുക്കും (വെളി.20:13). അതിനുശേഷം വെള്ളസിംഹാസനത്തിലെ ന്യായവിധിക്കുശേഷം (വെളി.20:11,12) അവരെ നരകമാകുന്ന തീപ്പൊയ്കയിലേക്കു തള്ളപ്പെടുന്നു (Lake of fire is apermanent place tormentation and punishment). അവിടെ അവർ സാത്താൻ, മൃഗം, കള്ളപ്രവാചകൻ എന്നിവരോടൊപ്പം നിത്യാഗ്നിയിൽ നിത്യംനിത്യം വേദനയനുഭവിച്ചു അലറി നിലവിളിച്ചു കഴിയും.

**വെളി.19:21 — ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന വാൾകൊണ്ടു കൊന്നു അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തിവന്നു** (And the rest were killed with the sword which proceeded from the mouth of Him who sat on the horse. And all the birds were filled with their flesh) —

ക്രിസ്തുവിനോടു യുദ്ധം ചെയ്യുവാൻ കൂടിവന്ന കൂട്ടത്തിന്റെ നേതാക്കളായ മൃഗത്തെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ജീവനോടെ തീപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നു. അതിനുശേഷം ദുഷ്ടന്മാരായ ഇരുവരുടെയും കൂട്ടാളികളെ സംഹരിക്കുവാൻ കർത്താവു തിരിയുന്നു. ശേഷിച്ച ഭൂരാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും കുതിരകളെയും കർത്താവിന്റെ വായിൽ നിന്നു പുറപ്പെടുന്ന വാൾകൊണ്ടു കൊന്നു. അത്യാധുനിക വെടിക്കോപ്പുകളും ആയുദ്ധങ്ങളുമായി വന്ന കൂട്ടത്തെ ഒറ്റ നിമിഷംകൊണ്ടു കൊല്ലുവാൻ കർത്താവിന്റെ വായിൽ നിന്നു പുറപ്പെടുന്ന വാൾ അഥവാ വചനത്തിനു കഴിയുമായിരുന്നു. ഭൂമിയെയും ഭൂമണ്ഡലത്തെയും സകല ചരാചരങ്ങളെയും സൃഷ്ടിക്കുവാൻ കർത്താവിന്റെ വാക്കുകൾക്കു സാദ്ധ്യമായിരുന്നുവെങ്കിൽ ദുഷ്ടന്മാരെ നിഗ്രഹിക്കുവാനും അതേ വാക്കുകൾ മതിയായതാണ്. കർത്താവിന്റെ വായിലെ ശ്വാസത്തിന്റെ ശക്തിയെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത് — **2.തെസ്സ2:8 —** *“അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും.”*

യുദ്ധാരംഭത്തിനു മുമ്പു തന്നേ ഒരു ദൂതൻ സൂര്യനിൽനിന്നുകൊണ്ടു ആകാശത്തിൽ പറക്കുന്ന സകലപക്ഷികളെയും മഹാദൈവത്തിന്റെ അത്താഴത്തിനു ക്ഷണിച്ചിരുന്നു. മൃഗത്തോടും കള്ളപ്രവാചകനോടും കൂട്ടുകൂടി ക്രിസ്തുവിനെതിരായി സംഘടിച്ചവരുടെയെല്ലാം ശവശരീരം, ദൂതന്റെ ക്ഷണം സ്വീകരിച്ചു വന്നെത്തിയ സകല പക്ഷികളും തിന്നു തൃപ്തി പ്രാപിച്ചു. ഇവിടെ കൊല്ലപ്പെടുന്നവരെല്ലാം തന്നെ ക്രിസ്തുവിനെതിരായി യുദ്ധത്തിനായി സംഘടിക്കുന്നവർ മാത്രമാണ്. അതായത് മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും കൂട്ടുകെട്ടിൽ ഒത്തുചേർന്നു വന്ന സകലസൈന്യത്തെയും കൊന്നു ആകാശത്തിലെ പക്ഷികൾക്കു ആഹാരമായി കൊടുക്കും. ഭൂമിയിൽ നിന്നു ഒരു പൂർണ്ണമായ തുടച്ചു നീക്കൽ ഇവിടെ നടക്കുന്നില്ല. കർത്താവിൽ മുന്നമേ അഭയം പ്രാപിച്ച വിശ്വാസികളും, യുദ്ധസ്ഥലത്തേക്കു വരാതിരുന്ന ഭൂമിയുടെ നാനാഭാഗത്തുള്ള മൃഗത്തിന്റെ അനുയായികളുമായ ഒരു കൂട്ടവും അപ്പോഴും ഭൂമിയിൽ ഉണ്ടായിരിക്കും. വിശ്വാസികൾ ദൈവകരത്തിൽ സംരക്ഷിതരായി നിത്യതയിൽ ആനന്ദം അനുഭവിക്കുവാനിടയാകും. എന്നാൽ ദൈവം ഒരുക്കിയ രക്ഷയെ ഗണ്യമാക്കാതെയും ദൈവപുത്രനെ നിരാകരിക്കുകയും ചെയ്ത അവിശ്വാസികളൊന്നടങ്കം മൃഗവും, കള്ളപ്രവാചകനും, സാത്താനും തള്ളപ്പെട്ട തീപ്പൊയ്കയിലേക്കു തള്ളപ്പെട്ടു അതിവേദനയോടെ അലറിക്കരഞ്ഞുകൊണ്ടു കഴിയേണ്ടി വരും.

കർത്താവിന്റെ രണ്ടാംവരവായ മഹത്വപ്രത്യക്ഷതയോടനുബന്ധിച്ചുണ്ടാകുന്ന സംഭവങ്ങൾ വിവരിക്കുന്ന വെളിപ്പാടു 19–ാം അദ്ധ്യായം അവസാനിക്കുമ്പോൾ വിശ്വാസികളും അവിശ്വാസികളും ഒരുപോലെ കരുതിക്കൊള്ളേണ്ട കാര്യങ്ങളുമുണ്ട്. കർത്താവിന്റെ ഒന്നാമത്തെ വരവിനെക്കുറിച്ചു പ്രവാചകന്മാർ പറഞ്ഞത് യാഥാർത്ഥ്യമായിയെങ്കിൽ രണ്ടാമത്തെ വരവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതും അതുപോലെ സംഭവിക്കും. കരുണാസമ്പന്നനും സൃഷ്ടാവുമായ ദൈവം ലോകത്തെ സ്നേഹിച്ചതിനാൽ അവർ തീപ്പൊയ്കയിലേക്കു ചെന്നു പതിക്കാതിരിക്കുവാൻ തന്റെ പുത്രനായ യേശുക്രിസ്തുവിനെ ലോകത്തിലേക്കയച്ചു നിത്യരക്ഷ ഒരുക്കി. ഒന്നാം വരവിൽ നിന്ദിക്കപ്പെട്ടവനായും വ്യസനപാത്രവുമായും പാപങ്ങൾക്കു പരിഹാരകനായും വന്നു. ഇനി കർത്താധികർത്താവും രാജാധിരാജാവുമായി പ്രത്യക്ഷപ്പെടും. അപ്പോൾത്തന്നെ തന്റെ മക്കളുടെ കണ്ണുനീർ തുടച്ചു ആശ്വാസം നല്കുകയും ചെയ്യും. ദൈവത്തിന്റെ കുഞ്ഞാടായി ആദ്യം വന്നുവെങ്കിൽ രണ്ടാമതു വരുന്നത് യഹൂദാഗോത്രത്തിലെ സിംഹമായാണ്. പാപത്തിനു പരിഹാരം വരുത്തുവാൻ ആദ്യം വന്നുവെങ്കിൽ ഇനി വരുന്നത് രക്ഷയെ സ്വീകരിക്കാത്തവരെ ന്യായം വിധിച്ചു ശിക്ഷിക്കുവാനാണ്.

പാപികളായവർക്കു അതിഭയങ്കരമായ ശിക്ഷകൾ വരുവാൻ പോകുന്നു. കർത്താവു വന്നു

കഴിഞ്ഞാൽ കൃപയുടെവാതിൽ അടയുകയാണ്. രക്ഷിക്കപ്പെടുവാൻ പിന്നീട് അവസരം ലഭ്യമാകുകയില്ല. എന്നാൽ കർത്താവു വരുവാൻ താമസിക്കുന്നത് ലോകത്തോടുള്ള ദീർഘക്ഷമയുടെയും കരുണയുടെയും കാരണമാണ്. **2.പത്രൊ.3:9,10—** *"ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിക്കുവാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു."* ഇന്നു യേശുക്രിസ്തുവിൽ അഭയം പ്രാപിക്കുന്നവർ മഹാപീഡനത്തിലൂടെയോ ഭൂമിയിൽ വർഷിക്കപ്പെടുന്ന 21 ന്യായവിധികളിലൂടെ കടന്നുപോകേണ്ടി വരികയില്ല. ഭൂമിയിൽ സംഹാരം തുടങ്ങുന്നതിനു മുമ്പേ കർത്താവിൽ ശരണപ്പെട്ടവരെല്ലാം സ്വർഗ്ഗത്തിലേക്കെടുക്കപ്പെടും. നിത്യമായ ന്യായവിധിയിൽ നിന്നു രക്ഷപ്പെടുവാനുള്ള സകലതും ദൈവം ചെയ്തു തീർത്തു. അതിനെ അഗണ്യമാക്കി തിരിസ്കരിക്കുന്നവരെല്ലാം ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ചെന്നു പതിക്കുവാനിടയാകും.

സഭയെടുക്കപ്പെട്ടശേഷം ഭൂമിയിലുണ്ടാകുന്ന അതിഭയങ്കരമായ ന്യായവിധികളെയും, കർത്താവിന്റെ മഹത്വപ്രത്യക്ഷതയോടനുബന്ധിച്ചു നടക്കുന്ന സംഭവങ്ങളെയും കുറിച്ചു യോഹന്നാനിലൂടെ മനസ്സിലാക്കിയ വിശ്വാസികൾക്കും ഏറെ ഉത്തരവാദിത്തമുണ്ട്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു ശരണം പ്രാപിച്ചവരെല്ലാം നിത്യസുരക്ഷിതരാണ്. അവർ സ്വർഗ്ഗീയാനുഗ്രഹങ്ങൾ നുകർന്നുകൊണ്ട് നിത്യമായി ആനന്ദിക്കുവാനിടയാകും. അപ്പോൾത്തന്നെ കർത്താവിൽ വിശ്വസിക്കാത്തവർക്കു വന്നു സംഭവിക്കുന്ന അതിദാരുണമായ അന്ത്യത്തെയും തീപ്പൊയ്കയിൽ അവർ അനുഭവിക്കുന്ന വേദനയും കാണുമ്പോൾ ഏറെ സങ്കടവുമുണ്ടാകാം. എന്നാൽ അവരോടൊക്കെ ദൈവം ഒരുക്കിയ രക്ഷയെ പ്രസ്താവിച്ചവർക്കു ദൈവത്തിൽ ആശ്വസിക്കുവാനും സാധിക്കും. യഹോവയായ ദൈവം യെഹസ്കേൽ പ്രവാചകനോടു പറഞ്ഞിരിക്കുന്നത് ഓരോ വിശ്വാസിയും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണ്. **യെഹെ.3:17,18 —** *"മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽഗൃഹത്തിന്നു കാവല്ക്കാരനാക്കിയിരിക്കുന്നു; നീ എന്റെ വായിൽനിന്നു വചനംകേട്ടു എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കേണം. ഞാൻ ദുഷ്ടനോടു: നീ മരിക്കും എന്നു കല്പിക്കുമ്പോൾ നീ അവനെ ഓർപ്പിക്കയോ ദുഷ്ടനെ ജീവനോടെ രക്ഷിക്കേണ്ടതിന്നു അവൻ തന്റെ ദുർമ്മാർഗ്ഗം വിടുവാൻ അവനെ ഓർപ്പിച്ചുകൊണ്ടും ഒന്നും പറകയോ ചെയ്യാഞ്ഞാൽ, ദുഷ്ടൻ തന്റെ അകൃത്യത്തിൽ മരിക്കും; അവന്റെ രക്തമോ നിന്നോടു ചോദിക്കും."*

കർത്താവു തന്റെ സഭയെ ചേർക്കുവാൻ വാനമേഘങ്ങളിൽ വരുവാൻ കാലമടുത്തിരിക്കുന്നു. ആത്മീകമായ ഉറക്കത്തിൽ നിന്നു എഴുന്നേറ്റു പ്രവർത്തിക്കേണ്ട സമയമാണിത്. അനേകർ തീപ്പൊയ്കയിലേക്കു യാത്ര ചെയ്യുന്നു. ഉദയസൂര്യനായ ക്രിസ്തു വെളിപ്പെടുവാൻ കാലമായതിനാൽ തിടുക്കത്തോടെ കർത്താവിനായി പ്രവർത്തിക്കുവാൻ ഓരോ വിശ്വാസിയും കടമ്പെട്ടിരിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് വിശ്വാസികളെ പ്രബോധിപ്പിച്ചിരിക്കുന്നത് നാം പിടിച്ചുകൊള്ളേണ്ടതാണ്. **റോമ.13:11–14 —** *"ഇതു ചെയ്യേണ്ടതു ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. പകൽസമയത്തു എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്ക്കാമങ്ങളിലുമല്ല. കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി ചിന്തിക്കരുതു."*

# വെളിപ്പാട് — അദ്ധ്യായം — 20

## ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയും വലിയ വെള്ളസിംഹാസനവും

(THE MILLENNIAL REIGN OF CHRIST AND THE GREAT WHITE THRONE)

**ആമുഖം :**

മഹാപീഡനകാലയളവിൽ സാത്താന്റെ കൂട്ടാളികളായി ഭൂമിയിൽ ദുഷ്ടതപ്രവർത്തിച്ചു വിശ്വാസികളെ പീഡിപ്പിക്കുകയും ക്രിസ്തുവിനോടു യുദ്ധത്തിനായി ഭൂരാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും അണിനിരത്തുകയും ചെയ്ത അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും തീപ്പൊയ്കയിലേക്കെറിഞ്ഞ വിവരണങ്ങളോടെ അദ്ധ്യായം 19 അവസാനിച്ചു. അതിനെ തുടർന്നുള്ള സംഭവങ്ങളാണ് 20 -ൽ വിവരിക്കുന്നത്. ആയിരം ആണ്ടു വാഴ്ചയും അതിനു മുമ്പും പിമ്പുമുള്ള സംഭവങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. സഹസ്രാബ്ദവാഴ്ചയെ വിവരിക്കുന്ന 20-ാം അദ്ധ്യായം വേദപുസ്തകത്തിലെ ഏറ്റവും പ്രാധാന്യമേറിയ അദ്ധ്യായങ്ങളിലൊന്നാണ്. ക്രിസ്തുവിന്റെ ആയിരം ആണ്ടു വാഴ്ചയെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗത്തോടനുബന്ധിച്ചു അനേക അഭിപ്രായങ്ങളും വാദങ്ങളും നിലനില്ക്കുന്നതിനാൽ വേദപുസ്തകത്തിലെ ഏറ്റവും വിവാദപരമായ ഒരദ്ധ്യായവുമാണിത്. .ക്രിസ്തുവിന്റെ ഭൂമിയിലെ ആയിരം ആണ്ടുവാഴ്ചയോടനുബന്ധിച്ചുണ്ടാകുന്ന അനേകസംഭവങ്ങൾ ഇവിടെ വിവരിച്ചിരിക്കുന്നു. പഴയനിയമപുതിയനിയമവിശുദ്ധന്മാരുടെ പ്രത്യാശ വിഷയവും തിരുവചനത്തിലെ പ്രവചനങ്ങളുടെ നിവർത്തിയായും സഹസ്രാബ്ദത്തെ കണക്കാക്കുന്നു. വെളിപ്പാട് 1:19 പ്രകാരം ഇനി സംഭവിപ്പാനിരിക്കുന്ന മൂന്നാം ഭാഗത്തിന്റെ (വെളി.4 - 22) രണ്ടാം ഭാഗമാണിത്. ഭാവിയിൽ സംഭവിപ്പാനിരിക്കുന്നവയെ മൂന്നായി തിരിക്കാം. (1) വെളി.4-19 > പീഡനകാലസംഭവങ്ങൾ (2) വെളി.20 > സഹസ്രാബ്ദവാഴ്ചയും വെള്ളസിംഹാസനവും (3) വെളി.21,22 > ഭാവികാലനിത്യത.

**സഹസ്രാബ്ദവാഴ്ച :**

ബൈബിളിൽ കാണപ്പെടുന്ന ഏഴു യുഗങ്ങളിൽ അവസാനത്തെ സഹസ്രാബ്ദയുഗത്തെപ്പറ്റി വെളിപ്പാട് 20-ൽ പരാമർശിക്കപ്പെടുന്നു. ക്രിസ്തു ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന രാജ്യത്തിൽ വാഴുന്ന ആയിരമാണ്ടിനെ ബന്ധപ്പെടുത്തിയാണ് "സഹസ്രാബ്ദവാഴ്ച" എന്ന പേരിൽ അറിയപ്പെടുന്നത്. ആയിരം ആണ്ട് അഥവാ സഹസ്രാബ്ദമെന്നതിനു ഇംഗ്ലീഷിൽ മില്ലെനിയം (millennium) എന്നു പറയുന്നു. മില്ലെ (mille = thousand) എന്നും ആനം (annum = year) എന്നുമുള്ള രണ്ടു ലാറ്റിൻ വാക്കുകളിൽ നിന്നാണ് ആയിരം ആണ്ട് എന്നർത്ഥം വരുന്ന മില്ലെനിയം (millennium = thousand year) എന്ന പദം ഉണ്ടായത്. ക്രിസ്തു തന്റെ ഒലിവുമലയിലെ മഹത്വപ്രത്യക്ഷതയ്ക്ക് ശേഷം ആയിരം ആണ്ടു ഭൂമിയിൽ നീതിയോടെയും സമാധാനത്തോടെയും ഭരിക്കുമെന്നാണ് എക്കാലത്തെയും ദൈവമക്കളുടെ പ്രത്യാശ. ദൈവത്തോടുള്ള പ്രാർത്ഥന എപ്രകാരം ആയിരിക്കണമെന്നു ക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ *"നിന്റെ രാജ്യം വരേണമേ"* (മത്താ.6:10) എന്നുള്ള അപേക്ഷയുടെ ആക്ഷരികമായ സാക്ഷാല്ക്കാരവുമാണ് ക്രിസ്തുവിന്റെ ഭൂമിയിലെ രാജ്യസ്ഥാപനവും ആയിരമാണ്ടു വാഴ്ചയും.

വെളിപ്പാടു 20 -ലെ ആദ്യത്തെ ഏഴു വാക്യങ്ങളിൽ "ആയിരം ആണ്ടു വാഴ്ചയെപ്പറ്റി ഏഴു പ്രവാശ്യം പ്രസ്താവിച്ചിരിക്കുന്നതു കാണാം —

(1) 20:2 > പിശാചും സാത്താനും എന്നുള്ള പഴയപാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു.

(2) 20:3 > ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു.

(3) 20:3 > അതിന്റെ ശേഷം (ആയിരം ആണ്ടു ശേഷം) അവനെ അല്പകാലത്തേക്കു അഴിച്ചു വിടേണ്ടതാകുന്നു.

(4) 20:4 > അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു.

(5) 20:5 > മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല.

(6) 20:6 > അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും.

(7) 20:7 > ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽ നിന്നു അഴിച്ചു വിടും.

സാത്താന്റെ ആയിരം ആണ്ടേക്കുള്ള ബന്ധനത്താൽ അവന്റെ സാന്നിദ്ധ്യം ഇല്ലാത്ത ഭൂമിയിൽ സമാധാനപ്രഭുവായ ക്രിസ്തു തന്റെ വിശുദ്ധന്മാരുമായി സിംഹാസനത്തിലിരുന്നു വാഴും. ഹർമ്മഗെദ്ദോനിൽ കൊല്ലപ്പെടാത്ത ഒരു കൂട്ടം അവിശ്വാസികൾ ഭൂമിയിൽ അപ്പോൾ

ജീവിച്ചിരിക്കുന്നതിനാൻ സാന്നിദ്ധ്യം അന്നു ഭൂമിയിലുണ്ടായിരിക്കും. എന്നാൽ ശാപമില്ലാത്ത, ശത്രുതയില്ലാത്ത, സാത്താന്യപ്രവർത്തനങ്ങളില്ലാത്ത അന്തരീക്ഷം ഭൂമിയിൽ നടമാടും. ദൈവമക്കൾ അനുഗ്രഹവും ആനന്ദവും നുകർന്നുകൊണ്ടു രാജകീയപുരോഹിതവർഗ്ഗമെന്ന നിലയിൽ സിംഹാസനത്തിലിരുന്നു ഭരിക്കും. ജാതികളെ ഭരിക്കുന്നതിനാൽ രാജാക്കന്മാരും, സർവ്വശക്തനായ ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നതിനാൽ പുരോഹിതശുശ്രൂഷയും നടത്തും. സഹസ്രാബ്ദഭരണത്തിലെ സവിശേഷതകളെക്കുറിച്ചു യെശയ്യാപ്രവാചകൻ പറഞ്ഞിരിക്കുന്നത് ഭൂമിയിൽ നിറവേറുവാനിടയാകും (യെശ.2:1-5/4:1-6/9:7/11:6-9/12:1-6/30:18-26/32:1,2/35:1-10/65:17-25).

**സഹസ്രാബ്ദവാഴ്ച തിരുവചനത്തിൽ വിവിധ പേരുകളിൽ കാണപ്പെടുന്നു —**

(1) ക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ച — വെളി.20:2,4,5,6,7
(2) കാലസമ്പൂർണ്ണതയിലെ വ്യവസ്ഥ — എഫെ.1:10
(3) വരുവാനുള്ള ലോകം — മത്താ.12:32/മർക്കൊ.10:30/എഫെ.1:21/2:7/3:21
(4) ദൈവത്തിന്റെ രാജ്യം — മർക്കൊ.14:25/ലൂക്കൊ.19:11/22:14-18
(5) യെരൂശലേമിന്റെ വീണ്ടെടുപ്പ് — ലൂക്കൊ.2:38
(6) പുത്രന്റെ രാജ്യം — കൊലൊ.1:13
(7) യേശുക്രിസ്തുവിന്റെ നിത്യരാജ്യം — 2.പത്രൊ.1:11

സഹസ്രാബ്ദവാഴ്ച അഥവാ ആയിരമാണ്ടുവാഴ്ച അക്ഷരാർത്ഥത്തിൽ സംഭവിക്കുന്നതല്ലെന്നും ഇത് നിത്യതയെക്കുറിച്ചു പറഞ്ഞിരിക്കുന്നതാണെന്നും അഭിപ്രായപ്പെടുന്നവരുമുണ്ട്. കർത്താവിന്റെ രണ്ടാം വരവിനെ ബന്ധപ്പെടുത്തി സഹസ്രാബ്ദ വാഴ്ചയെക്കുറിച്ചു വ്യത്യസ്തങ്ങളായ മൂന്നു അഭിപ്രായങ്ങൾ കാണുന്നുണ്ട് —

**(1) നിഷേധവാദം — സഹസ്രാബ്ദവാഴ്ചാ നിഷേധവാദം (Amillennial view) —**

കർത്താവിന്റെ രണ്ടാംവരവിനോടനുബന്ധിച്ചു ഒരു സഹസ്രാബ്ദവാഴ്ച ഇല്ലെന്നാണ് സഹസ്രാബ്ദവാഴ്ചാനിഷേധം. വെളിപ്പാടിലെ പ്രവചനങ്ങളെല്ലാംതന്നെ ആലങ്കാരികഭാഷയിലുള്ള പ്രയോഗങ്ങളാകയാൽ സഹസ്രാബ്ദവാഴ്ചയെയും ആക്ഷരികമായി എടുക്കേണ്ടില്ലെന്നു വാദിക്കുന്നു. അവരുടെ നിഗമനങ്ങൾ ചുവടെ ചേർക്കുന്നു —

(1) ക്രിസ്തുവിന്റെ ആദ്യവരവിൽ വിശേഷാൽ കാൽവറിക്രൂശിലെ യാഗമരണത്താലും തുടർന്നുള്ള പുനരുത്ഥാനത്താലും സാത്താനെ ബന്ധിച്ചു കഴിഞ്ഞു എന്നവർ വിശ്വസിക്കുന്നു.

(2) കർത്താവിന്റെ ഭൂമിയിലേക്കുള്ള ഒന്നാം വരവും തുടർന്നുള്ള രണ്ടാം വരവായ മഹത്വപ്രത്യക്ഷതയും തമ്മിലുള്ള ഇടവേള (അഥവാ ഇപ്പോഴത്തെ സഭായുഗം) സഹസ്രാബ്ദയുഗമായി കണക്കാക്കുന്നു. കൃപായുഗമായ സഭായുഗത്തെ ആലങ്കാരികഭാഷയിൽ വർണ്ണിക്കുന്നതാണ് സഹസ്രാബ്ദവാഴ്ച.

(3)ഒരുവൻ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവനിലേക്കു ദൈവരാജ്യത്തിന്റെ വാഴ്ച ആരംഭിക്കുന്നുവെന്നും ആകയാൽ സഹസ്രാബ്ദവാഴ്ച ഭൂമിയിൽ ഇന്ന് വിശ്വാസികളിൽ നടന്നുകൊണ്ടിരിക്കുന്നു എന്നു ഒരു കൂട്ടർ അഭിപ്രായപ്പെടുന്നു. മറ്റൊരുകൂട്ടരാകട്ടെ ഇപ്പോൾ സ്വർഗ്ഗത്തിലായിരിക്കുന്ന വിശുദ്ധന്മാർ സഹസ്രാബ്ദവാഴ്ച അനുഭവിക്കുന്നു എന്നഭിപ്രായപ്പെടുന്നു.

(4) പഴയനിയമപ്രവചനങ്ങളിൽ പറഞ്ഞിരിക്കുന്ന ദൈവരാജ്യത്തെ സംബന്ധിച്ചുള്ള അനുഗ്രഹങ്ങളെല്ലാം പൂർണ്ണമായി നിറവേറപ്പെടുന്നത് യിസ്രായേലിനോടുള്ള ബന്ധത്തിലല്ല മറിച്ച് സഭയോടുള്ള ബന്ധത്തിലാണ്. ക്രിസ്തുവിന്റെ ഒന്നാം വരവിൽ മശിഹായെ തള്ളിക്കളഞ്ഞ കുറ്റത്താൽ യിസ്രായേലിനെ എന്നെന്നേക്കുമായി തള്ളിക്കളഞ്ഞു എന്നവർ വിശ്വസിക്കുന്നു. യിസ്രായോലിനു ഒരു പുനസ്ഥാപനം ഒരിക്കലും ഉണ്ടാകില്ലെന്നും സഭയാണ് സകല അനുഗ്രഹങ്ങളും നുകരുന്നത്.

(5) ക്രിസ്തുവിന്റെ വരവോടെ അന്ത്യന്യായവിധി ഉണ്ടായി സകലവും അവസാനിക്കുകയും നിത്യതയിലേക്കു പ്രവേശിക്കുകയും ചെയ്യും.

ചുരുക്കിപ്പറഞ്ഞാൽ കർത്താവു വീണ്ടും വരുമ്പോൾ ഭൂമിയിൽ ക്രിസ്തുവിന്റെ ആക്ഷരികമായ വാഴ്ച ഉണ്ടാകില്ലെന്നും, സഹസ്രാബ്ദവാഴ്ചയെന്നത് ആലങ്കാരികപ്രയോഗമാണെന്നും, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടുകൂടി നിത്യയുഗം ആരംഭിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു. എന്നാൽ യിസ്രായേലിനു പുനഃസ്ഥാപനം ഉണ്ടാകില്ലെന്നും, സാത്താനെ എന്നെന്നേക്കുമായി കാൽവറിയിലെ ക്രിസ്തുവിന്റെ മരണത്താൽ ബന്ധിച്ചു കഴിഞ്ഞു എന്നുള്ള നിഗമനങ്ങളെല്ലാംതന്നെ തിരുവചനത്തിനു നിരക്കുന്നതല്ല.

**(2) പിന്നാഗമനവാദം — സഹസ്രാബ്ദ പരവാദം (Postmillennial view) —**

ആയിരമാണ്ടുവാഴ്ചകഴിഞ്ഞു മാത്രമേ ക്രിസ്തു വരും എന്നുള്ളതാണ് പിന്നാഗമനവാദത്തിന്റെ അടിസ്ഥാനം.

(1) ആയിരമാണ്ടുവാഴ്ച എന്നത് ആലങ്കാരികപ്രയോഗമായതിനാൽ ക്രിസ്തുവിന്റെ അക്ഷരാർത്ഥത്തിലുള്ള സഹസ്രാബ്ദവാഴ്ച ഭൂമിയിൽ ഉണ്ടായിരിക്കയില്ല.

(2) സഹസ്രാബ്ദവാഴ്ചയെന്നത് ഭൂമിയിലെ സഭായുഗത്തെ കുറിക്കുന്നു.

(3) സഭായുഗത്തിനുശേഷം അഥവാ സഹസ്രാബ്ദവാഴ്ചക്കുശേഷം ക്രിസ്തു ഭൂമിയിലേക്കു വരികയും പുതിയ ആകാശവും പുതിയഭൂമിയും സ്ഥാപിക്കും.
(4) ആയിരമാണ്ടു വാഴ്ചയെന്നത് സഭായുഗം അഥവാ കൃപാകാലം ആയതിനാൽ ഭൂമിയാസകലം സുവിശേഷീകരിക്കപ്പെടും. അക്കലത്തു കർത്താവിന്റെ അന്ത്യസന്ദേശം (മത്താ.28:18-20) ഉൾക്കൊണ്ടു സകലജാതികളോടും സുവിശേഷം അറിയിക്കുവാനിടയാകും. അക്കാരണത്താൽ ക്രിസ്തു വരുന്ന നാളുകൾ ഭൂമിയുടെ ചരിത്രത്തിൽ ഏറ്റവും സമാധാനമായ കാലമായിരിക്കും.
(5) ക്രിസ്തുവും സഭയും ഇന്നു ആത്മികമായി ഭൂമിയിൽ സഹസ്രാബ്ദവാഴ്ച നടത്തുന്നു. ക്രിസ്തു ഒരിക്കലും സഹസ്രാബ്ദവാഴ്ച നേരിട്ടു നടത്തുന്നില്ല. തന്റെ സഭയിലൂടെ ഭരണം നടത്തുന്നു.

ക്രിസ്തുവിന്റെ വരവിനു മുമ്പു സഹസ്രാബ്ദവാഴ്ച നടക്കുന്നു, അതിനുശേഷമേ കർത്താവു ഭൂമിയിലേക്കു വരികയുള്ളു എന്നുള്ള പിന്നാഗമനവാദവും തിരുവചനഉപദേശസത്യങ്ങൾക്കു നിരക്കുന്നതല്ല.

**(3) മുന്നാഗമനവാദം — സഹസ്രാബ്ദപൂർവ്വവാദം (Premillennial view) —**

സഹസ്രാബ്ദവാഴ്ചക്കായി ക്രിസ്തു ഭൂമിയിലേക്കു വരുമെന്നതാണ് മുന്നാഗമനവാദം അഥവാ സഹസ്രാബ്ദപൂർവ്വവാദം.
(1) സഹസ്രാബ്ദവാഴ്ചയെന്നത് ആക്ഷരികമായുള്ള ക്രിസ്തുവിന്റെ ഭൂമിയിലെ ആയിരമാണ്ടു വാഴ്ചയെക്കുറിക്കുന്നു.
(2) സഭയെ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷം ക്രിസ്തു തന്റെ വിശുദ്ധന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വീണ്ടും വന്നു ആയിരം വർഷം ഭരിക്കും.
(3) ക്രിസ്തുവിന്റെ ഭൂമിയിലെ ആയിരമാണ്ടു വാഴ്ച പഴയനിയമതിരുവെഴുത്തുകളുടെ നിവർത്തിയാണ്.
(4) സാത്താന്റെ ആയിരമാണ്ടേക്കുള്ള ബന്ധനവും, ക്രിസതുവിന്റെ ആയിരമാണ്ടു വാഴ്ചയും വെളിപ്പാടു പുസ്തകം 20-ാം അദ്ധ്യായത്തിലെ പ്രവചന നിവർത്തിയാണ്.
(5) ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ച അക്ഷരികമായി നിറവേറുകയും ആയിരമാണ്ടു വാഴ്ചക്കുശേഷം സാത്താനും കൂട്ടാളികളും ക്രിസ്തുവിനെതിരായി പോരാട്ടത്തിനു വരുമ്പോൾ അവരെ നശിപ്പിക്കുകയും തുടർന്നു നിത്യത ആരംഭിക്കുകയും ചെയ്യും (വെളി.20:7-15).

ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയെ നിഷേധിക്കുന്ന സഹസ്രാബ്ദനിഷേധവാദം, സഹസ്രാബ്ദവാഴ്ചക്കുശേഷം ക്രിസ്തു ഭൂമിയിലേക്കു വരുമെന്ന പിന്നാഗമനവാദം, സഹസ്രാബ്ദവാഴ്ച ഭൂമിയിൽ സ്ഥാപിക്കുവാനായി ക്രിസ്തു വരുമെന്ന മുന്നാഗമനവാദം എന്നിവ പരിശോധിച്ചാൽ സഹസ്രാബ്ദവാഴ്ചക്കായി ക്രിസ്തു ഭൂമിയിലേക്കു വരുമെന്നതാണ് തിരുവചനവെളിച്ചത്തിൽ ഏറ്റവും യുക്തമായത്. പഴയനിയമപുതിയനിയമ വിശുദ്ധന്മാരുടെ ഏറിയ പ്രത്യാശയും വിശ്വാസവും സഹസ്രാബ്ദവാഴ്ചയെ ബന്ധപ്പെട്ടിരിക്കുന്നു. സഭ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടശേഷം ഭൂമിയിലെ പീഡനകാലത്തിനു അന്ത്യം കുറിച്ചുകൊണ്ടു ക്രിസ്തു തന്റെ മഹത്വത്തോടെ പ്രത്യക്ഷപ്പെടും. തുടർന്നുള്ള സകലസംഭവങ്ങളും സഹസ്രാബ്ദഭരണത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

**അദ്ധ്യായവിഷയം :**

സാത്താനെ ആയിരമാണ്ടേക്കു ബന്ധിക്കുന്നു, സഹസ്രാബ്ദം അഥവാ ക്രിസ്തുവും വിശുദ്ധന്മാരുമൊത്തുള്ള ആയിരമാണ്ടു വാഴ്ച, സാത്താന്റെ അവസാനമത്സരവും നാശവും, വെള്ളസിംഹാസനത്തിലെ ന്യായവിധി എന്നിവയാണ് അദ്ധ്യായത്തിലെ വിഷയങ്ങൾ.

**അദ്ധ്യായസംഗ്രഹം :**

സ്വർഗ്ഗീയസൈന്യത്തിനെതിരേ യുദ്ധത്തിനായി ഒരുമിച്ചുകൂടിയവരുടെ തോൽവിയും നാശവും വിവരിച്ചുകൊണ്ട് 19-ാം അദ്ധ്യായം അവസാനിക്കുന്നു. സാത്താന്റെ രണ്ടു സഹായികളായ മൃഗത്തെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഗന്ധക തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളയുകയും അവരോടൊപ്പം അണിനിരന്ന ഭൂരാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും ഒന്നടങ്കം കൊല്ലുകയും ചെയ്യുന്നു. അവരുടെ ശരീരങ്ങൾ ആകാശത്തിലെ പക്ഷികൾക്കു ആഹാരമായിത്തീരുകയും അവരുടെ ദേഹി പാതാളത്തിലെ യാതനാസ്ഥലത്തു ദണ്ഡനത്തിനായി എത്തുകയും ചെയ്യുന്നു. ക്രിസ്തു തന്റെ വിശുദ്ധന്മാരുമായി ആയിരമാണ്ടു വാഴ്ചക്കായി ഭൂമിയിലേക്കു വരുന്നു. അതിന്റെ മുന്നോടിയായി അഗാധകൂപത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയുമായി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന ഒരു ദൂതനെ യോഹന്നാൻ കാണുന്നു. ദൂതൻ സാത്താനെ പിടിച്ചു ചങ്ങലയാൽ ബന്ധിച്ചു അഗാധത്തിലേക്കു തള്ളുകയും അവിടെ ആയിരം ആണ്ടു കിടക്കുവാനായി അഗാധകൂപം അടെച്ചു മുദ്രയിടുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ചയുടെ മുന്നോടിയായി സാത്താനെ ബന്ധിക്കുന്നു. ജാതികളെ വഞ്ചിക്കാതിരിപ്പാനാണ് ബന്ധിക്കുന്നത്. അതിനുശേഷം യോഹന്നാൻ ന്യായാസനങ്ങളെയും അതിലിരുന്നു ന്യായം വിധിക്കുവാൻ അധികാരം ലഭിച്ചവരെയും കാണുന്നു. തുടർന്നു പീഡനകാലത്തെ രക്തസാക്ഷികളുടെ ആത്മാക്കളെ അവിടെ കാണുന്നു. അവർക്കു പുനരുത്ഥാനം ലഭിച്ചു ക്രിസ്തുവനോടു കൂടെ സഹസ്രാബ്ദവാഴ്ചയിൽ പങ്കാളികളായിത്തീരുന്നു. ആയിരമാണ്ടു അഗാധകൂപത്തിൽ കഴിഞ്ഞ

സാത്താനെ ബന്ധനത്തിൽ നിന്നു വിട്ടെങ്കിലും അവന്റെ സ്വഭാവത്തിനു ഒരു മാറ്റവും ഉണ്ടാകുന്നില്ല. ദേശവ്യാപകമായി സകലരെയും സംഘടിച്ചു ക്രിസ്തുവിനോടു യുദ്ധത്തിനു പുറപ്പെട്ട സാത്താനെ ഗന്ധക തീപ്പൊയ്കയിലേക്കു തള്ളിയിട്ടു അന്ത്യശിക്ഷ നൽക്കുന്നു. സാത്താനും, അന്തിക്രിസ്തുവും, കള്ളപ്രവാചകനും ഒന്നിച്ച് അവിടെ നിത്യദണ്ഡനം സഹിക്കുവാനിടയാകുന്നു. ആയിരമാണ്ടു വാഴ്ചയുടെ അന്ത്യത്തിൽ ചരിത്രം കണ്ടിട്ടുള്ളതിലേക്കുവെച്ചു അതിഭയങ്കരമായ ന്യായവിധി അരങ്ങേറുന്നു.വലിയോരു വെള്ളസിംഹാസനത്തിൽ ക്രിസ്തു ഇരിക്കുന്നതു യോഹന്നാൻ കാണുന്നു. സർവ്വശക്തനായ ദൈവത്തെയും ദൈവപുത്രനായ ക്രിസ്തുവിനെയും നിന്ദിച്ചവർ, ദൈവീകഭരണത്തിനെതിരേ പ്രവർത്തിച്ചവർ, ദൈവം ഒരുക്കിയ രക്ഷയെ തള്ളിക്കളഞ്ഞവർ, വിശ്വാസികളെ പീഡിപ്പിച്ചവർ എന്നിങ്ങനെയുള്ള സകല അവിശ്വാസികളും രണ്ടാം പുനരുത്ഥാനത്തിൽ ജീവൻപ്രാപിച്ചു വെള്ളസിംഹാസനത്തിന്റെ മുമ്പാകെ ന്യായവിധിക്കായി ഹാജരാക്കപ്പെടുന്നു. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഇവരെയെല്ലാം നിത്യദണ്ഡനത്തിനായി ഗന്ധക തീപ്പൊയ്കയിലേക്കു തള്ളിയിടുന്നു.

**അദ്ധ്യായവിഭജനം :**

വെളി.20:1-3 — സാത്താനെ ആയിരം ആണ്ടേക്കു ബന്ധിക്കുന്നു
(Satan bound for 1000 years)

വെളി.20:4-6 — വിശുദ്ധന്മാരുടെ പുനരുത്ഥാനവും വാഴ്ചയും
(The Resurrection and Reign of the Saints)

വെളി.20:7-10 — സാത്താനെ അഴിച്ചു വിടുന്നതും തീപ്പൊയ്കയിലേക്കു തള്ളപ്പെടുന്നതും
(Release of Satan and throwing to the Lake of fire)

വെളി.20:11-15 — പാപികളുടെ പുനരുത്ഥാനവും വലിയ വെള്ളസിംഹാസനത്തിലെ ന്യായവിധിയും
(Resurrection of sinners and the judgment before the Great White Throne)

**വെളി.20:1 — അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു** (Then I saw an angel coming down from heaven, having the key to the bottomless pit and a great chain in his hand) —

ഭൂമിയിൽ സമാധാനപൂർണ്ണമായ സഹസ്രാബ്ദവാഴ്ച നടത്തുന്നതിനു പ്രാരംഭമായി ഒരു പ്രാധാനകാര്യം ചെയ്യേണ്ടതുണ്ട്. ദൈവീകമായ സകലത്തിനും എതിരായി പ്രവർത്തിക്കുന്ന സാത്താന്യ ത്രിമൂർത്തികളിൽ അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും ഗന്ധക തീപ്പൊയ്കയിലേക്കു തള്ളിയിട്ടു. ഇനി അവരുടെ പ്രധാനിയായവനും സാത്താന്യത്രിത്വത്തിൽ ഒന്നാമനുമായ മഹാസർപ്പം,, പഴയപാമ്പ്, പിശാച് എന്നീ പേരുകളാൽ അറിയപ്പെടുന്ന സാത്താനെ ബന്ധിക്കേണ്ടതുണ്ട്. അതിനായി സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനെ ഭൂമിയിലേക്ക് അയക്കുന്നു.

**അനന്തരം ഒരു ദൂതൻ** (Then an angel ) —

അനന്തരം എന്നത് 19-ാം അദ്ധ്യായത്തിലെ സംഭവങ്ങൾക്കു ശേഷം എന്നാണ്. അതായത് സാത്താന്റെ കൂട്ടാളികളായ മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും ബന്ധനത്തിനും അവരുടെ ഗന്ധക തീപ്പൊയ്കയിലേക്കുള്ള തള്ളിയിടലിനും ശേഷം. തുടർന്നു നടത്തേണ്ട കാര്യങ്ങൾക്കായി അധികാരമുള്ള ഒരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നു വരുന്നു. ശക്തനായ സാത്താനെ ബന്ധിക്കുവാൻ കഴിയുന്ന ദൂതൻ അതിശക്തനായിരിക്കുമെന്ന നിഗമനത്തിൽ ക്രിസ്തുവാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ ഇവിടെ പ്രത്യക്ഷപ്പെടുന്ന ദൂതൻ അതിശക്തനാണെങ്കിലും ക്രിസ്തുവല്ല. വെളിപ്പാടു പുസ്തകത്തിൽ ഓരോ ന്യായവിധിയോടു ബന്ധത്തിലും, മറ്റു ഉത്തരവാദിത്തങ്ങൾ നിറവേറ്റുവാനുമായും പ്രത്യക്ഷപ്പെടുന്ന അനേക ദൂതന്മാരെ കാണുന്നുണ്ട്. അവരെപ്പോലെയുള്ള ഒരു ദൂതനായിരിക്കാം ഇവിടെയും സാത്താനെ ബന്ധിക്കുവാനായി വരുന്നത്. അതുമല്ലെങ്കിൽ സാത്താനെ പല സന്ദർഭങ്ങളിലും എതിരിടുന്ന (വെളി.12:7/ ദാനീ.10:13/ദാനീ.10:21/ദാനീ.12:1/യൂദാ.9) പ്രധാനദൂതനായ മീഖായേലായിരിക്കാം എന്നും പറയപ്പെടുന്നു. ഏതായാലും സാത്താനെ ബന്ധിക്കുവാൻ വരുന്ന ദൂതൻ പ്രത്യേക അധികാരവും ശക്തിയും ഉള്ള ദൂതനായിരിക്കും. സാത്താനെ ആയിരമാണ്ടേക്കു പിടിച്ചുകെട്ടി, അഗാധകൂപത്തിലടക്കുവാനും, അതിന്റെ മുദ്രയിടുവാനും, ആയിരമാണ്ടു കഴിയുമ്പോൾ തുറന്നു വിടുവാനുമുള്ള പ്രത്യേക അധികാരവുമായാണ് ദൂതൻ വരുന്നത്. സ്വർഗ്ഗത്തിൽ അതിശക്തനായ ഒരു ദൂതനായിരുന്ന സാത്താനെ ബന്ധിക്കുവാൻ ഒരു ദൂതൻ മതിയാകുമോ എന്നു ചിന്തിച്ചേക്കാം. എന്നാൽ സാത്താനേക്കാൾ സർവ്വശക്തനായ ദൈവത്തിന്റെ അധികാരം ലഭിച്ചിരിക്കുന്ന ഒരു ദൂതനു ഒറ്റക്കു ശക്തനായ സാത്താനെ നിഷ്പ്രയാസം ബന്ധിക്കുവാൻ കഴിയും. വെളിപ്പാടു 9-ാം അദ്ധ്യായത്തിൽ അഞ്ചാം കഹളന്യായവിധിയോടുള്ള ബന്ധത്തിൽ ഒരു ദൂതനു അഗാധകൂപത്തിന്റെ താക്കോൽ ലഭിക്കുന്നതായി കാണുന്നു. ആയതിനാൽ ഇവിടെ പ്രത്യക്ഷപ്പെടുന്നതും അതേ ദൂതനായിരിക്കാം.

**അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു** (having the key to the bottomless pit and a great chain in his hand) —

സാത്താനെ ബന്ധിക്കുവാൻ വരുന്ന ദൂതന്റെ കയ്യിൽ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും യോഹന്നാൻ കാണുന്നു. അഗാധകൂപം (pit of abyss / bottomless pit) എന്നാൽ അഗാധത്തിലുള്ള കൂപം അഥവാ അഗാധത്തിലുള്ള ഗർത്തം എന്നാണ്. ഇതു കൂരിരുട്ടു നിറഞ്ഞതും അത്യഗാധമായ ആഴത്തിൽ കുഴിയുള്ള തടവറയുമാണ്. വെളിപ്പാടു പുസ്തകത്തിൽ അഗാധകൂപത്തെപ്പറ്റി ഏഴു പ്രാവശ്യം പറഞ്ഞിട്ടുണ്ട് (വെളി.9:1/9:2/9:11/11:7/17:8/20:1/20:3). ഗ്രീക്കിൽ എബിസ് (abyss) എന്ന പദത്തിനു അഗാധം അഥവാ അടിയില്ലാത്ത (bottomless) എന്നർത്ഥം. അഗാധകൂപം രക്ഷിക്കപ്പെടാതെ മരിച്ചവരുടെ ഇടക്കാല തടവറയോ, ഒടുക്കത്തെ നരകമായ തീപ്പൊയ്കയോ അല്ല. പാപം ചെയ്ത അപ്പൊല്ലുവോൻ അഥവാ അബദ്ദോനും സംഘവുമാണ് അഗാധകൂപത്തിൽ അടക്കപ്പെട്ടിരിക്കുന്നത്(വെളി.9:11). യാതനാസ്ഥലമായ പാതാളം (hades) രക്ഷിക്കപ്പെടാത്ത പാപികൾ ചെന്നെത്തുന്ന സ്ഥലമാണ് (ലൂക്കൊ.16:23). എന്നാൽ അഗാധകൂപം (bottomless pit) സാത്താന്യദൂതന്മാരുടെ തടവറയായി കരുതാം. അഞ്ചാമത്തെ കാഹളന്യായവിധിയുണ്ടായപ്പോൾ അഗാധകൂപത്തിലടക്കപ്പെട്ടിരുന്ന ദുഷ്ടാത്മാക്കളെ മഹാപീഡനകാലത്തെ പാപികളെ പീഡിപ്പിക്കുന്നതിനായി തുറന്നു വിടുന്നതായി കാണുന്നു (വെളി.9:1-11). ഗെരസേന്യദേശത്തെ ഭൂതബാധിതനായ മനുഷ്യനെ കർത്താവു സൗഖ്യമാക്കിയപ്പോൾ ഭൂതങ്ങൾ അവരെ പാതാളത്തിലേക്ക് അഥവാ അഗാധകൂപത്തിലേക്കയക്കരുതെന്നു കർത്താവിനോടു അപേക്ഷിച്ചു (ലൂക്കൊ.8:31/മത്താ.8:31). സാത്താന്യശക്തികൾ പോലും ഏറ്റവും അധികം അഗാധകൂപത്തെ ഭയപ്പെടുന്നുവെന്നത് ഇതിലൂടെ അഗാധകൂപത്തിന്റെ ഭയങ്കരത്വം വെളിപ്പെടുത്തുന്നു. അഗാധകൂപം താൽക്കാലിക തടവറയാണ്. എന്നാൽ ബന്ധിതരായതും അല്ലാത്തതുമായ സകലസാത്താന്യശക്തികളുടെയും അവിശ്വാസികളുടെയും നിത്യദണ്ഡനം ഗന്ധകത്തീപ്പൊയ്കയിലാണ് (വെളി.19:20/വെളി.20:10/മത്താ.25:41).

അഗാധകൂപത്തിന്റെ താക്കോൽ കയ്യിൽ പിടിച്ചിരിക്കുന്നത് ദൂതനു ലഭിച്ച അധികാരത്തെ കുറിക്കുന്നു. അഗാധകൂപം തുറക്കുവാനും സാത്താനെ ബന്ധിച്ചു അതിനകത്തു അടക്കുവാനുമുള്ള അധികാരത്തെ ഇതു വെളിപ്പെടുത്തുന്നു. ഇവിടെ ദൂതന്റെ കയ്യിൽ കാണപ്പെട്ട താക്കോൽ നരകത്തിന്റേതല്ല, മറിച്ചു അശുദ്ധാത്മാക്കളുടെ ഇരുട്ടറയാണ്. നരകത്തിന്റെ താക്കോൽ ക്രിസ്തുവിന്റെ കരങ്ങളിലാണ് — വെളി.1:18 — *"മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ടു"* എന്നു മഹത്വധാരിയായ ക്രിസ്തു അറിയിച്ചിട്ടുണ്ട്.

സാത്താനെ ബന്ധിക്കുവാൻ ഒരു വലിയ ചങ്ങല ദൂതൻ കയ്യിൽ പിടിച്ചിരിക്കുന്നതായും യോഹന്നാൻ കാണുന്നു. താക്കോൽ ദൂതനു ലഭിച്ച അധികാരത്തെ കുറിക്കുമ്പോൾ വലിയ ചങ്ങല ബന്ധനത്തിന്റെ അടയാളമായിരിക്കുന്നു. സാത്താൻ ഇതുവരെയും സ്വാതന്ത്ര്യത്തോടെ സഞ്ചരിച്ചു പ്രവർത്തിക്കുകയായിരുന്നു. ചങ്ങലയിടുന്നതിൽ നിന്നു മനസ്സിലാകുന്നത് സഹസ്രാബ്ദവാഴ്ചയിൽ അവൻ യാതൊരു സ്വാതന്ത്ര്യവുമില്ലാതെ കൂരിരുട്ടിൽ അടക്കപ്പെടുകയാണ്. ദേഹരൂപമില്ലാത്ത സാത്താനെ ബന്ധിക്കുന്നത് എപ്രകാരമായിരിക്കുമെന്നുള്ളതിനു സംശയമുണ്ടാകുമ്പോൾ അതിനുള്ള വിശദീകരണം തിരുവചനത്തിലൂടെത്തന്നെ ലഭിക്കുന്നുണ്ട്. പാപം ചെയ്ത ദൂതന്മാരെ ചങ്ങലയിട്ടു ബന്ധിക്കുന്നതും, ബന്ധിച്ചവരെ അഴിച്ചു വിടുന്നതും തിരുവചനത്തിൽ കാണുന്നു. **2.പത്രൊ.2:4 —** *"പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും."* **യൂദാ.6 —** *"തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നെന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻകീഴിൽ സൂക്ഷിച്ചിരിക്കുന്നു."* **വെളി.9:14 —** *"ആറാമത്തെ ദൂതൻ ഊതി; അപ്പോൾ ദൈവസന്നിധിയിലെ സ്വർണ്ണപീഠത്തിന്റെ കൊമ്പുകളിൽനിന്നു ഒരു ശബ്ദം കാഹളമുള്ള ആറാം ദൂതനോടു: യൂഫ്രാത്തേസ് എന്ന മഹാനദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചു വിടുക എന്നു പറയുന്നതു ഞാൻ കേട്ടു."* പാപം ചെയ്ത ദൂതന്മാരെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു (chain of darkness) ബന്ധിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുമ്പോൾ സാത്താന്റെ ബന്ധനം എപ്രകാരം എന്നു പറഞ്ഞിട്ടില്ല. ഏതായാലും അവനെ ബന്ധിക്കുന്നത് വലിയോരു ചങ്ങലയാലാണ്. രാപ്പകൽ അന്ധകാരത്തിലായിരിക്കും അവന്റെയും ബന്ധനം.

**സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു** (I saw an angel coming down from heaven) —

അത്യുന്നതനായ ദൈവത്തോടു സമനാകുവാൻ അഹങ്കരിച്ച വെളിച്ചദൂതനായ സാത്താനെ സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കപ്പെട്ടു (യെശ.14:12,13/1.തിമൊ.3:6). ഭൂമിയിൽ ഊടാടി സഞ്ചരിച്ചു സകലദുഷ്പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്ത സാത്താനെ ബന്ധിക്കുവാനും അത്യുന്നതനായ ദൈവത്തിന്റെ ദൂതനെ സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കയക്കുന്നു. സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കപ്പെട്ടു എങ്കിലും ബന്ധിക്കപ്പെടായ്കയാൽ സാത്താൻ സ്വതന്ത്രനായിരുന്നു. എന്നാൽ ആയിരം വർഷത്തേക്കു അഗാധകൂപമായ അന്ധകാരക്കുഴിയിൽ അടക്കപ്പെടുന്നു.

ഞാൻ കണ്ടു, ഞാൻ കേട്ടു എന്നുള്ള ദൃക്ക്സാക്ഷിവിവരണം പോലെയുള്ള യോഹന്നാന്റെ പ്രസ്താവന വെളിപ്പാടു പുസ്തകത്തിലുടനീളം കാണുന്നു. എന്നാൽ വെളിപ്പാടു പുസ്തകത്തിലെ ഏറ്റവും മഹത്തായ സംഭവമായ സഹസ്രാബ്ദവാഴ്ചയെ ബന്ധപ്പെടുത്തി യോഹന്നാന്റെ വിവരണത്തിൽ ഞാൻ

കണ്ടു എന്നുള്ള പ്രസ്താവന (19-22) ഇനി സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളുടെ പടിപടിയായുള്ള ദർശനവിശദീകരണമാണ്.

**സഹസ്രാബ്ദവാഴ്ചെക്കു മുമ്പ് ----** (Before the Millennial reign)

20:1 — സാത്താനെ ബന്ധിക്കുന്നത് (Binding of Satan)

**സഹസ്രാബ്ദവാഴ്ചയിൽ ----** (In the Millennial reign)

20:4 —ക്രിസ്തു വിശുദ്ധന്മാരുമായി ഭരണം (The Millennial reign of Christ with Saints)

**സഹസ്രാബ്ദവാഴ്ചെക്കു ശേഷം ----** (After the Millennial reign)

20:11 — വലിയോരു വെള്ളസിംഹാസനം (The Great White Throne)

20:12— രണ്ടാം പുനരുത്ഥാനം (Second resurrection)

21:1 — പുതിയ ആകാശവും പുതിയ ഭൂമിയും (The New Heaven and the New Earth)

21:2 — വിശുദ്ധനഗരം — യെരൂശലേം (The Holy City - Jerusalem)

**വെളി.20:2 — അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു** (He laid hold of the dragon, that serpent of old, who is the Devil and Satan, and bound him for a thousand years) —

സാത്താന്റെ സ്വഭാവത്തെയും പ്രവർത്തനത്തെയും ആസ്പദമാക്കി വെളി.12 -ൽ പറഞ്ഞിരുന്ന നാലു പേരുകൾ ഇവിടെയും ആവർത്തിക്കുന്നു. **വെളി.12:9—** *"ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയപാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു."* സാത്താനെ അന്നു സ്വർഗ്ഗത്തിൽ നിന്നു തള്ളിക്കളഞ്ഞുവെങ്കിൽ പീഡകാലാന്ത്യത്തിൽ ഭൂമിയിൽ നിന്നും തള്ളിക്കളയുന്നു എന്നു മാത്രമല്ല അന്ധകാരകൂപത്തിൽ ബന്ധിക്കുകയും ചെയ്യുന്നു. ആയിരം ആണ്ടേക്കു ബന്ധിക്കുന്ന സാത്താന്റെ വിവിധ പേരുകൾ —

**(1) പിശാച് (Devil — വെളി.12:9 / വെളി.20:2,10) —**

പിശാചിനെ കുറിച്ചുള്ള പഠനത്തിനു ഡീമനോളൊജി (Demonology) അഥവാ ഭൂതശാസ്ത്രം എന്നു പറയുന്നു. മലയാളത്തിൽ ഭൂതം, ദുർഭൂതം, ദുരാത്മാവ് എന്നിവക്കു ഇംഗ്ലീഷിൽ ഡീമൻ (Demon) എന്നും ഗ്രീക്കിൽ ഡെയ്മൻ (Daimon) എന്നും പറയുന്നു. എബ്രായഭാഷയിൽ പിശാചിനു ഉപയോഗിച്ചിരിക്കുന്ന രണ്ടു പദങ്ങളിൽ സയീർ (sair= with hairs) എന്നാൽ രോമമുള്ളവൻ എന്നും ഷെഡ് (shed = destroyer) എന്നാൽ നശിപ്പിക്കുന്നവൻ എന്നുമർത്ഥം. ക്രൂരമൃഗത്തിന്റെ സ്വഭാവവും സകലതും നശിപ്പിക്കുന്ന പിശാചിന്റെ പ്രവണതയെയും കുറിക്കുന്നു.

ഗ്രീക്കുഭാഷയിൽ പിശാചിനു മൂന്നു പദങ്ങളുപയോഗിച്ചിരിക്കുന്നു. (1) ഡൈമോൺ (Daimon = great / lord) എന്നാൽ ദിവ്യൻ അഥവാ മഹാൻ എന്നർത്ഥം. കൂടാതെ ദുർഭൂതം, ദുരാത്മാവ് എന്നീ അർത്ഥങ്ങളുമുണ്ട്. പിശാച് ഈ ലോകത്തിന്റെ ദൈവം എന്ന നിലയിൽ സകലരും മഹാനായി കരുതുന്നു. (2) ഡൈമോണിയൻ (Daimonian= shadow/ cover) എന്നാൽ നിഴൽ, മറെക്കുന്നവൻ എന്നർത്ഥം. വിശ്വാസികളുടെ ആത്മീകദൃഷ്ടിയെ കുരുടാക്കുകയും സകലതും മറക്കുകയും ചെയ്യുന്നു (3) ഡയബോളോസ് (Diabolos = false accuser/ slanderer) എന്നാൽ കുറ്റം ചുമത്തുന്നവൻ, അപവാദി എന്നർത്ഥം. വിശ്വാസികളെ അപവാദം പറയുകയും ദുഷിക്കുകയും ചെയ്യുന്ന സ്വഭാവത്തെ വിളിച്ചറിയിക്കുന്നു.

**(6) സാത്താൻ (Satan — വെളി.12:9 / വെളി.20:2,10) —**

എബ്രായഭാഷയിൽ സാറ്റാനസ് (SATANAS) എന്ന പദമാണ് സേറ്റൻ (SATAN) എന്നു പറയുകയും സാത്താൻ എന്നു മലയാളത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നത്. എബ്രായഭാഷയിൽ സേറ്റൻ എന്നാൽ കുറ്റം ചുമത്തുന്നവൻ, എതിരാളി (adversary / Opponent )എന്നർത്ഥം. പൗലൊസ് സാത്താൻ എന്നതിന് സാറ്റാനസ്സും (സാത്താൻ) ഡയോബോളോസും (പിശാച്) മാറിമാറി ഉപയോഗിച്ചിട്ടുണ്ട്. സാത്തൻ കുറ്റം ചുമത്തുന്നവൻ, എതിരാളി, പ്രതിയോഗി എന്നീ നിലയിൽ ദൈവത്തെയും ദൈവമക്കളെയും കുറ്റം ചുമത്തുകയും എതിർക്കുകയും ചെയ്യുന്നു. ചിലപ്പോൾ സാത്താൻ വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു (2.കൊരി.11:14). ചിലസമയങ്ങളിൽ വിശ്വാസികളുടെ പ്രതിയോഗിയായി അലറുന്ന സിംഹം എന്നപോലെ ചുറ്റി നടക്കുന്നു (1.പത്രൊ.5:8).

**(3) പഴയപാമ്പ് (Serpent of the old — വെളി.12:9/വെളി.20:2) —**

പാമ്പ് എന്ന വിശേഷണം അവന്റെ കുശാഗ്രമായ ബുദ്ധിയെയും വഞ്ചനാസ്വഭാവത്തെയും കുറിക്കുന്നു. പഴയ എന്നത് ആദാമ്യസൃഷ്ടിക്കു മുമ്പേയുള്ള സാത്തന്റെ പ്രവർത്തനത്തെ വെളിപ്പെടുത്തുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യനെ ഏദെൻതോട്ടത്തിൽവെച്ചു ചതിച്ച സാത്താന്യപ്രവർത്തനത്തെയും പഴയപാമ്പ് എന്ന വിശേഷണം ഓർമ്മിപ്പിക്കുന്നു (ഉല്പ.3:1-6/2.കൊരി.11:3). സർപ്പത്തിന്റെ ആകൃതി അവന്റെ സ്വഭാവം വഞ്ചന (cunning /deception) നിറഞ്ഞതാണെന്നു കാണിക്കുന്നു. ഏദെനിൽ മനുഷ്യനെ പാപത്തിലേക്കു വീഴ്ത്തിയതു മുതലാണ് അവനെ പഴയപാമ്പ് എന്നറിയപ്പെടുന്നത്.

**(4) മഹാസർപ്പം (Dragon — വെളി.12:3,7,9/വെളി.20:2) —**

ഏദെനിലെ പഴയ പാമ്പ് അന്ത്യകാലത്തിൽ വിശേഷാൽ പീഡനകാലത്ത് മഹാസർപ്പമായി പ്രത്യക്ഷപ്പെടുന്നു. സാത്തന്റെ സ്വഭാവമായ രക്തച്ചൊരിച്ചിലും കുലപാതകവുമാണ് (blood shedding and murder) മഹാസർപ്പത്തിനുള്ളത്. മഹാ (great) എന്നുള്ള വിശേഷണം ലോകത്തിന്മേൽ സാത്താനുള്ള അപാരമായശക്തിയും സ്വാധീനതയും (power and control over the world) കുറിക്കുന്നു.

**സാത്താന്റെ പ്രവർത്തനങ്ങൾ —**

> കർത്താവിനെ ശത്രുക്കൾക്കു കാണിച്ചു കൊടുക്കുവാൻ യൂദായിൽ പ്രവേശിച്ചു (ലൂക്കൊ.22:3/ യോഹ.13:27).

> പത്രൊസിനെ കോതമ്പുപോലെ പാറ്റുന്നതിനു ആഗ്രഹിച്ചു (ലൂക്കൊ.22:31)

> പരിശുദ്ധാത്മാവിനോടു വ്യാജം പ്രവർത്തിപ്പാൻ അനന്യാസിന്റെ ഹൃദയം കൈവശമാക്കി (അപ്പൊ.5:3)

> ഈ ലോകത്തിന്റെ ദൈവം എന്ന നിലയിൽ അവിശ്വാസികളുടെ മനസ്സു കുരുടാക്കുന്നു (2.കൊരി.4:4)

> സാത്താൻ വെളിച്ചദൂതന്റെ വേഷത്തിൽ വന്നു ഉപായത്തിൽ ചതിക്കും (2.കൊരി.11:4)

> അന്ധകാരത്തിന്റെ ലോകാധിപതിയെന്ന നിലയിൽ വിശ്വാസികളോടു പോരാടുന്നു (എഫെ.6:12).

> ദൈവമക്കളുടെ ആഗ്രഹങ്ങളെ തടുക്കും (1.തെസ്സ.2:18).

സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ദൂതൻ സാത്താനെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു ബന്ധിക്കുന്നു. ദൈവം സൃഷ്ടിച്ച ഭൂമിയെയും ചരാചരങ്ങളെയും ശാപത്തിൻകീഴിലാക്കുകയും ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ പാപത്തിൻ കീഴിലാക്കുകയും ചെയ്ത സാത്താനെ ദൈവം ബന്ധിക്കുന്നു. ഇന്നത്തെ കാലം ദുഷ്കാലവും (എഫെ.5:17), ലോകം സാത്താൻ അധിവസിക്കുന്ന ഒരു അന്ധകാരലോകവുമായിത്തീർന്നിരിക്കയാണ്. സാത്താനെ ഈ ലോകത്തിന്റെ ദൈവം (2.കൊരി.4:4) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇന്നു സാത്താൻ സ്വാതന്ത്ര്യമുള്ളവനായി അലറുന്ന സിംഹത്തെപ്പോലെ ചുറ്റിത്തിരിയുന്നു (1.പത്രൊ.5:8). എന്നാൽ കർത്താവായ യേശുക്രിസ്തു കാൽവറിക്രൂശിൽ അവന്റെ തലയെ തകർക്കുവാൻ ഇടയായി. ഇന്നു സാത്താൻ തോല്പിക്കപ്പെട്ടവനാണ് (കൊലൊ.2:15). എന്നാൽ മഹാപീഡനകാലത്ത് അവൻ ഏറ്റവും അധികമായി ദുഷ്ടത പ്രവർത്തിച്ചു. മഹാപീഡനകാലാന്ത്യത്തിൽ ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ച ആരംഭിക്കുന്നതിനു മുമ്പായി സാത്താനെ ആയിരമാണ്ടേക്കു ബന്ധിച്ചു അഗാധകൂപത്തിലടക്കുന്നു.

**വെളി.20:3 — ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു** (and he cast him into the bottomless pit, and shut him up, and set a seal on him, so that he should deceive the nations no more till the thousand years were finished. But after these things he must be released for a little while) —

അഗാധകൂപത്തിന്റെ താക്കോലും വലിയ ചങ്ങലയുമായി സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന ദൂതൻ പിശാച്, പഴയപാമ്പ്, മഹാസർപ്പം എന്നീ പേരുകളാലറിയപ്പെടുന്ന സാത്താനെ ആയിരമാണ്ടേക്കു ചങ്ങലക്കിടുന്നതു യോഹന്നാൻ കാണുന്നു. തുടർന്നു ഈ വാക്യത്തിൽ യോഹന്നാൻ മൂന്നു കാര്യങ്ങൾ പ്രസ്താവിക്കുന്നു.

(1) സാത്താനെ ബന്ധിക്കുന്നതിന്റെ ഉദ്ദേശം —> ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ.

(2) സാത്താനെ ബന്ധിക്കുന്ന സ്ഥലവും ബന്ധനവിധവും —> അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു.

(3) ബന്ധനശേഷം എന്തുചെയ്യും? —> അതിന്റെ ശേഷം (ആയിരം ആണ്ടു കഴിഞ്ഞു) അവനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു.

**ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ** (so that he should deceive the nations no more till the thousand years were finished) —

സാത്താനെ ബന്ധിക്കുന്നത് ആയിരം ആണ്ടേക്കു ആയിരിക്കുമ്പോൾ ബന്ധനത്തിന്റെ ഉദ്ദേശം ജാതികളെ വഞ്ചിക്കാതിരിക്കുവാനാണ്. ജാതികളെ (nations) എന്നത് രാജ്യങ്ങളെ അഥവാ രാജ്യങ്ങളിൽ വസിക്കുന്നവരെ (countries / earth dwellers) എന്നാണ്. ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ ജാതികൾ അഥവാ വിവിധ രാജ്യങ്ങളിലെ ഭൂരാജാക്കന്മാരും, അവരുടെ സൈന്യങ്ങളും, രാജ്യവാസികളും, ദൈവത്തിനെതിരായി യുദ്ധത്തിനായി വന്നിരുന്നു. അവരെല്ലാം കർത്താവിന്റെ വായിലെ ശ്വാസത്താൽ കൊല്ലപ്പെടുകയും (വെളി.19:21) ആകാശത്തിലെ പക്ഷികൾക്കു മഹാദൈവത്തിന്റെ അത്താഴമെന്ന നിലയിൽ (വെളി.19:18,21) തിന്നു തൃപ്തിയായി. എന്നാൽ ലോകത്തിലെ എല്ലാവരും അന്നു കൊല്ലപ്പെട്ടില്ല. യുദ്ധത്തിനു വന്നവർ മാത്രമാണ് കൊല്ലപ്പെട്ടത്. സഹസ്രാബ്ദവാഴ്ച ആരംഭിക്കുന്ന വേളയിൽ

ജാതികളിൽ അഥവാ രാജ്യങ്ങളിൽ അനേകർ ജീവനോടെയുണ്ട്. അവരെ സാത്താൻ വഞ്ചിക്കാതിരിക്കുവാനാണ് ആയിരം ആണ്ടേക്കു സാത്താനെ ബന്ധിക്കുന്നത്. ദൈവക്രോധം ചൊരിയപ്പെടുവാനും, ദൈവത്തിനെതിരായി പ്രവർത്തിക്കുവാനും ജീവിക്കുവാനും മനുഷ്യനെ രൂപപ്പെടുത്തുവാൻ സാത്താൻ ഉപയോഗിക്കുന്ന അതിശക്തമായ സൂത്രമാണ് വഞ്ചന. ഹവ്വായെ വഞ്ചിച്ചു പാപത്തിൽ വീഴ്ത്തിയതിനാലാണ് പാപവും ശാപവും ലോകത്തിലേക്കു കടക്കുവാനിടയായത്. ദൈവീകകൂട്ടായ്മയിൽ വസിച്ച ആദിമനുഷ്യരെ വഞ്ചിച്ചു ശാപത്തിനടിമകളാക്കിയ പ്രവർത്തനം ഇന്നും സാത്താൻ തുടർന്നു കൊണ്ടിരിക്കുന്നു.

**സാത്താന്റെ ഇക്കാലത്തെ പ്രവർത്തനങ്ങൾ (Satan's activity in the present age) —**

(1) സാത്താൻ ദൈവമക്കളിൽ പ്രവേശിച്ചു തിന്മ പ്രവർത്തിപ്പിക്കും —>

**ലൂക്കൊ.22:3 —** *''എന്നാൽ പന്തിരുവരുടെ കൂട്ടത്തിൽ ഉള്ള ഈസ്കാര്യോത്തായൂദയിൽ സാത്താൻ കടന്നു.''*

(2) കുലപാതകൻ, സത്യമില്ലാത്തവൻ, ഭോഷ്കു പറയുന്നവൻ എന്ന നിലയിൽ സാത്താൻ മനുഷ്യരെയും അതിലേക്കു നയിക്കുന്നു —>

**യോഹ.8:44—** *''അവൻ ആദി മുതൽ കുലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്കു പറയുമ്പോൾ സ്വന്തത്തിൽനിന്നു എടുത്തു പറയുന്നു; അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു.''*

(3) വ്യാജം പ്രവർത്തിക്കുവാൻ ഹൃദയത്തിനു പ്രേരണ നല്കുന്നു —>

**അപ്പൊ.5:3 —** *''അപ്പോൾ പത്രൊസ്: അനന്യാസേ, പരിശുദ്ധാത്മാവിനോടു വ്യാജം കാണിപ്പാനും നിലത്തിന്റെ വിലയിൽ കുറെ എടുത്തുവെപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതു എന്തു?''*

(4) വിവിധ തന്ത്രങ്ങളാൽ വിശ്വാസികളെ തോല്പിക്കും —>

**2.കൊരി.2:11 —** *''സാത്താൻ നമ്മെ തോല്പിക്കരുതു; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ.''*

(5) സുവിശേഷം ഗ്രഹിക്കുവാനോ സ്വീകരിക്കാതിരിപ്പാനോ ആകാത്തവിധം അവിശ്വാസികളെ രൂപപ്പെടുത്തുന്നു —>

**2.കൊരി.4:4 —** *''ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി.''*

(6) വിശ്വാസികൾക്കു ക്രിസ്തുവിനോടുള്ള ഏകാഗ്രത ഇല്ലാതാക്കി അവരെ വഷളത്വത്തിലേക്കു നയിക്കുന്നു —>

**2.കൊരി.11:3 —** *''എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു.''*

(7) വെളിച്ചദൂതന്റെ വേഷത്തിൽ വന്നു വിശ്വാസികളെ ചതിക്കുന്നു —>

**2.കൊരി.11:14 —** *''സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ.''*

(8) ശാരീരികബലഹീനതകൾ ഉണ്ടാക്കുന്നു —>

**2.കൊരി.12:7 —** *''വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചുപോകാതിരിപ്പാൻ എനിക്കു ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു; ഞാൻ നിഗളിച്ചുപോകാതിരിക്കേണ്ടതിന്നു എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെ തന്നേ.''*

(9) ലോകത്തിനരൂപരായി അനുസരണക്കേടിൽ നടക്കുവാൻ ഇടയാകുന്നു —>

**എഫെ.2:2 —** *''അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും അനുസരിച്ചു നടന്നു.''*

(10) ചെറിയ പാപത്തിലൂടെയും സാത്താൻ പ്രവേശിക്കും —>

**എഫെ.4:27 —** *''പിശാചിനു ഇടം കൊടുക്കരുതു.''*

(11) വിശ്വാസികളെ കീഴ്പെടുത്തുവാൻ വിവിധ തന്ത്രങ്ങൾ മെനയുന്നു —>

**എഫെ.6:11 —** *''പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ.''*

(12) വിശ്വാസികളുടെയും ദൈവദാസന്മാരുടെയും ആഗ്രഹങ്ങളെയും തീരുമാനങ്ങളെയും സുവിശേഷപ്രവർത്തനങ്ങളെയും തടയുന്നു —>

**1.തെസ്സ.2:18 —** *''അതുകൊണ്ടു നിങ്ങളുടെ അടുക്കൽ വരുവാൻ ഞങ്ങൾ, വിശേഷാൽ പൗലൊസായ ഞാൻ, ഒന്നു രണ്ടു പ്രാവശ്യം വിചാരിച്ചു; എന്നാൽ സാത്താൻ ഞങ്ങളെ തടുത്തു.''*

(13) സംസാരത്താൽ വഞ്ചിക്കപ്പെട്ടു ലംഘനത്തിലെത്തിക്കുന്നു —>

**1.തിമൊ.2:14 —** *''ആദാം അല്ല, സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു.''*

(14) ജഡമോഹത്തിലേക്കും അസാന്മാർഗ്ഗികതയിലേക്കും വലിച്ചിഴക്കുന്നു —>

**1.തിമൊ.5:15 —** *"ഇപ്പോൾ തന്നേ ചിലർ സാത്താന്റെ പിന്നാലെ പോയല്ലോ."*

(15) വ്യാജത്തിന്റെ വ്യാപാരശക്തിയാൽ അവിശ്വാസികളെ നശിപ്പിക്കുന്നു —>

**2.തെസ്സ.2:10—** *''അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും."*

(16) സഭയിൽ വാദങ്ങളുണ്ടാക്കി തമ്മിൽതമ്മിൽ കലഹിച്ചു നശിക്കുവാനിടയാക്കും. പിശാച് ഒരുക്കുന്ന കെണിയിൽ വീണാൽ സുബോധം നഷ്ടപ്പെടും —>

**2.തിമൊ.2:26 —** *"പിശാചിനാൽ പിടിപെട്ടു കുടുങ്ങിയവരാകയാൽ അവർ സുബോധം പ്രാപിച്ചു അവന്റെ കെണിയിൽ നിന്നു ഒഴിഞ്ഞു ദൈവേഷ്ടം ചെയ്യുമോ എന്നും വെച്ചു അവരെ സൗമ്യതയോടെ പഠിപ്പിക്കേണ്ടതും ആകുന്നു."*

(17) വിശ്വാസികളെ പിശാചു അടിമയാക്കുവാനും കീഴടക്കുവാനും ശ്രമിക്കും —>

**യാക്കോ.4:7 —** *''ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും."*

(18) വിശ്വാസികളെ ആക്രമിക്കുവാനായി തരം പാർത്തു ചുറ്റി നടക്കുന്നു —>

**1.പത്രൊ.5:8 —** *"നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു."*

ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയുടെ നാളുകളിൽ സാത്താന്റെ വഞ്ചന ഉണ്ടായി അസമാധാനവും, കലഹവും, ദൈവത്തോടുള്ള അനുസരണക്കേടും ഉണ്ടാകാതിരിക്കാനാണ് സാത്താനെ ബന്ധിക്കുന്നത്. സാത്താന്റെ ബന്ധനത്താൽ ആയിരം ആണ്ടേക്കു ഭൂമിയിൽ ആരും വഞ്ചിക്കപ്പെടാതെ ദൈവീകാനുഗ്രഹങ്ങൾ പൂർണ്ണമായി നുകർന്നു ജീവിക്കുവനിടയാകും. സാത്താൻ ഇല്ലാത്ത അന്നത്തെ ഭൂമിയും ഭരണവ്യവസ്ഥിതികളും ജനങ്ങളും എത്ര സന്തോഷകരമായിരിക്കും!

**അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു** (and he cast him into the bottomless pit, and shut him up, and set a seal on him) —

സാത്താനെ വലിയ ചങ്ങലയാൽ ബന്ധിക്കുക മാത്രമല്ല അവനെ അഗാധകൂപത്തിലേക്കു തള്ളിയിടുകയും ചെയ്യുന്നു. ഇക്കാലത്തു പോലീസുകാർ കുറ്റവാളികളെ വിലങ്ങുവെച്ചു ലോക്കപ്പിലേക്കു കൊണ്ടു വന്നാൽ സെൽതുറന്നു അതിലേക്കു ചവിട്ടിതള്ളിയിടുന്നതുപോലെ ആയിരിക്കും അവന്റെയും ഗതി. പക്ഷേ ഇവന്റെ സെല്ലിന്റെ പ്രത്യേകതയെന്നത് അടിയില്ലാത്ത അന്ധകാരക്കുഴിയാണ്. ചങ്ങലയാൽ ബന്ധിതനായി മുകളിൽ നിന്നും പല കരണം മറിഞ്ഞു നിലയില്ലാത്ത കുഴിയിലേക്കു ചെന്നെത്തുന്ന കാഴ്ച എത്രയോ അവർണ്ണനീയമായിരിക്കും! അന്ധകാരകുഴിയിൽ എത്തുന്ന സാത്താൻ തന്റെ പ്രവർത്തനങ്ങളൊന്നും നടത്തുവാൻ കഴിയാതെയും ലോകത്തെ ഒരു വിധത്തിലും സ്വാധീനിക്കാനാവത്തവിധവും ആയിരം ആണ്ടേക്കു ബന്ധിതനായി അവിടെ കിടക്കുന്നു. ഒരു കാരണവശാലും പുറത്തുപോകാതിരിക്കുവാൻ അഗാധകൂപത്തിന്റെ കവാടം ദൂതൻ പൂട്ടുകയും അതിനു മുദ്രയിടുകയും ചെയ്യുന്നു. ജീവനുള്ള ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ദാനീയേലിനെ സിംഹക്കുഴിയിട്ടു കവാടത്തെ അടെച്ചുപൂട്ടി രാജാവിനെക്കൊണ്ടു മുദ്രവെക്കുവാൻ സാത്താൻ തന്ത്രങ്ങൾ മെനഞ്ഞെങ്കിലും അവൻ തോല്കുകയുണ്ടായി (ദാനീ.6:16–24). അതുപോലെ നമ്മുടെ കർത്താവിന്റെ ശരീരം വെച്ച കല്ലറയുടെ കവാടം മൂന്നാം നാൾവരെ മുദ്രവച്ചു കാവൽക്കൂട്ടത്തെ നിറുത്തുവാൻ സാത്താൻ പ്രേരണ നല്കി. എന്നാൽ കർത്താവിന്റെ പുനരുത്ഥാനവേളയിൽ സാത്താന്റെ ഇംഗിതത്തിനനുസരിച്ചു വെക്കപ്പെട്ട റോമൻമുദ്രകൾ പൊട്ടിച്ചിതറപ്പെട്ടു (മത്താ.27:62–66). സർവ്വശക്തനായ ദൈവത്തിനെതിരായി മാനവചരിത്രത്തിന്റെ ആരംഭം മുതൽ പ്രവർത്തിച്ച വഞ്ചകനായ സാത്താൻ ആയിരമാണ്ടേക്കു അഗാധകൂപത്തിലടക്കപ്പെട്ടു അതിന്റെ മീതെ മുദ്രയിടുകയും ചെയ്യുന്നു. ദൈവത്തിന്റെ അധികാരം ലഭിച്ച ദൂതന്റെ മുദ്ര പൊട്ടിച്ചു സാത്താനു നിശ്ചയിക്കപ്പെട്ട സമയത്തിനു മുമ്പു പുറത്തു വരുവാൻ കഴിയുകയില്ല. ആയിരം ആണ്ടു ബന്ധിതനായി കിടന്നെങ്കിലും അവന്റെ സ്വഭാവത്തിനോ പ്രവർത്തനങ്ങൾക്കോ മാറ്റം വരുന്നില്ല എന്നത് തുടർന്നുള്ള വാക്യത്തിൽ കാണുന്നു. അതായത് അന്ധകാരത്തിൽ ബന്ധിതനായി അനങ്ങുവാൻ പോലും സാദ്ധ്യമില്ലാതെ ആയിരം ആണ്ടു കിടന്നപ്പോഴും ദൈവത്തോടു മത്സരിക്കുവാനും ഭൂവാസികളെ വഞ്ചിക്കുവാനുമുള്ള തന്ത്രങ്ങൾ മെനയുകയായിരുന്നു എന്നു സാരം.

**അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു** (But after these things he must be released for a little while) —

അതിന്റെ ശേഷം എന്നാൽ ആയിരം ആണ്ടു നീണ്ടുനില്ക്കുന്ന ക്രിസ്തുവിന്റെ ഭരണശേഷം എന്നാണ്. കാലാന്ത്യത്തിൽ സാത്താന്റെ ബന്ധനവും അവന്റെ അഴിച്ചുവിടീലും ദൈവീകപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അവന്റെ അഗാധകൂപത്തിൽനിന്നുള്ള അഴിച്ചു വിടീലും തുടർന്നുള്ള അവന്റെ പ്രവർത്തനങ്ങളും, സംഭവങ്ങളും, അവന്റെ എന്നേക്കുമുള്ള ശിക്ഷാവിധിയും വെളി.20: 7 മുതൽ 10

വരെയുള്ള വാക്യങ്ങളിൽ വിശദീകരിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ ഭൂമിയിലെ സഹസ്രാബ്ദവാഴ്ച സമാധാനവും നീതിയും നിറഞ്ഞതായിരിക്കും. സഹസ്രാബ്ദവാഴ്ചയിൽ ഭൂമിയിലുള്ള മനുഷ്യരെല്ലാം കർത്താവിനെ പിൻപറ്റിയവരായിരിക്കയില്ല. ഹർമ്മഗദ്ദോനിൽ ക്രിസ്തുവിനെതിരായുള്ള ഒത്തുചേരലിൽ പങ്കെടുക്കാത്തവരും അവിശ്വാസികളുമായ അനേകർ ഭൂമിയിൽ ഉണ്ടായിരിക്കും. സഹസ്രാബ്ദഭരണത്തിലും പാപത്തിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കും. സാത്താൻ അന്ധകാരകൂപത്തിലും, മൃഗവും കള്ളപ്രവാചകനും തീപ്പൊയ്കയിലും ബന്ധിതരായി കിടക്കുന്നതിനാൽ സാത്താന്യപ്രവർത്തനങ്ങൾ ഇന്നത്തെപ്പോലെ അന്നു ഭൂമിയിൽ ഉണ്ടായിരിക്കുകയില്ല. എന്നാൽ പാപത്തിന്റെ സാന്നിദ്ധ്യം ലോകത്തിൽ നിലനില്കുന്നതിനാൽ സ്നേഹമില്ലായ്മയും വിദ്വേഷവും ഉടലെടുത്ത് ദൈവീകപ്രവർത്തനങ്ങൾക്കെതിരെ എതിർപ്പുണ്ടാകാം. ആയതിനാലാണ് സഹസ്രാബ്ദകാലയളവിൽ ഇരുമ്പുകോൽകൊണ്ടു ജാതികളെ തകർക്കുമെന്നും ഭരിക്കുമെന്നും തിരുവചനത്തിൽ പറയുന്നത് (സങ്കീ.2:9/വെളി.2:27).

ആയിരം ആണ്ടു ഭരണശേഷം സാത്താനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു എന്നു പറഞ്ഞിരിക്കുന്നതിന്റെ വ്യക്തമായ കാരണം വെളിപ്പെടാത്ത മർമ്മം ആയിരിക്കുന്നു. സകലദൈവീകപദ്ധതികളുടെയും നിവർത്തിയെന്ന നിലയിൽ അതു ദൈവത്തിന്റെ പ്രവർത്തന പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. ഒരു പക്ഷേ മശിഹായുടെ സമാധാനഭരണത്തിന്റെ അനുഗ്രഹങ്ങൾ അനുഭവിച്ചവരുടെ അനുസരണവും, സ്നേഹവും, കൂറും സാത്താന്റെ പ്രത്യക്ഷതയിൽ അവനോടാണോ ക്രിസ്തുവിനോടാണോ എന്നറിയുവാനായിരിക്കും അല്പകാല അഴിച്ചു വിടൽ. അതുമല്ലെങ്കിൽ ദൈവത്തിന്റെ നീതിയുടെ വെളിപ്പെടുത്തലുമാകാം. സാത്താനെ അഴിച്ചുവിടിൽ ദൈവത്തിന്റെ കരുണയുടെ പ്രദർശനം ആയിരിക്കുമ്പോൾ, മാനസാന്തരത്തിനു അവസരം ലഭിച്ചിട്ടും മറുതലിച്ചതിനാൽ സാത്താനു ലഭിക്കുന്ന ശിക്ഷ ദൈവനീതിയുടെ പ്രദർശനവുമാണ്. സാത്താനെ ആയിരം ആണ്ടേക്കു ബന്ധിച്ചശേഷം ദൈവകരുണയാൽ സ്വതന്ത്രനാക്കപ്പെട്ടെങ്കിലും വീണ്ടും ദൈവത്തിനെതിരെ രാജ്യങ്ങളെയും രാജ്യവാസികളെയും സംഘടിപ്പിക്കയാൽ ദൈവം സാത്തനെയും അവന്റെ കൂട്ടാളികളെയും നശിപ്പിക്കുന്നതിലൂടെ ദൈവനീതി നിറവേറപ്പെടുന്നു.

**വെളി.20:4 — ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു** (And I saw thrones, and they sat on them, and judgment was committed to them. Then I saw the souls of those who had been beheaded for their witness to Jesus and for the word of God, who had not worshiped the beast or his image, and had not received his mark on their foreheads or on their hands. And they lived and reigned with Christ for a thousand years) —

സഹസ്രാബ്ദവാഴ്ചെക്കുള്ള ഒരുക്കങ്ങളുടെ പ്രാരംഭനടപടിയെന്ന നിലയിൽ സാത്താനെ ആയിരം ആണ്ടേക്കു ബന്ധിച്ചു. തുടർന്നുള്ള മൂന്നു വാക്യങ്ങളിലൂടെ (20:4 – 6) മഹോപദ്രവകാല രക്തസാക്ഷികളായ വിശുദ്ധന്മാരുടെ പുനരുത്ഥാനവും, ഭൂമിയിൽ സകലവിശുദ്ധന്മാരോടൊപ്പമുള്ള ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയുമാണ് യോഹന്നാൻ വിശദീകരിക്കുന്നത്. സാത്താനും അവന്റെ കൂട്ടാളികളും ഇല്ലാത്ത ലോകത്തിൽ ക്രിസ്തു ആയിരം ആണ്ടു സമാധാനവും, നീതിയും, അനുഗ്രഹവും പ്രദാനം ചെയ്യുന്ന ഭരണം നടത്തും. രാജാധിരാജാവും കർത്താധികർത്താവുമായ ക്രിസ്തു ദാവീദിന്റെ സിംഹാസനത്തിലിരുന്നു വാഴുമ്പോൾ തന്റെ വിശുദ്ധന്മാരും ക്രിസ്തുവിനോടൊപ്പം ആനന്ദത്തോടെ വാഴും. സഹസ്രാബ്ദകാലയളവിൽ ക്രിസ്തു ഭരണം നടത്തുന്ന വേളയിൽ അന്നു മൂന്നു കൂട്ടർ ഭൂമിയിൽ ഉണ്ടായിരിക്കും.

(1) ക്രിസ്തുവിന്റെ മണവാട്ടിയായ പുതിയനിയമസഭ, സകല പഴയനിയമ വിശുദ്ധന്മാർ, രക്തസാക്ഷികളായ മഹാപീഡനകാല വിശുദ്ധന്മാർ. ഒന്നാമത്തെ പുനരുത്ഥാനത്തിലൂടെ കർത്താവിനെപ്പോലെ തേജസ്സുള്ള ശരീരം ലഭിച്ചവരാണിവർ (1.യോഹ.3:2/ഫിലി.3:21).

(2) മഹാപീഡനകാലയളവിൽ അന്തിക്രിസ്തുവിന്റെ വാഴ്ചയിൽ കൊല്ലപ്പെടാതെ ജീവനോടിരിക്കുന്ന മാനുഷിക ശരീരത്തോടെയുള്ള വിശുദ്ധന്മാർ. ദൈവത്താൽ സംരക്ഷിതരായി ആയിരമാണ്ടു വാഴ്ചയിലേക്കു പ്രവേശിക്കപ്പെട്ടവർ (വെളി.14:1/മത്താ.24:13/മത്താ.25:32).

(3)സാത്താന്റെ അനുയായികളായി മഹാപീഡനകാലത്തു ജീവിച്ചിരിക്കുന്ന മാനുഷിക ശരീരത്തോടെയുള്ള സകല അവിശ്വാസികളും. ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയിൽ സമാധാനഭരണവും അനുഗ്രഹങ്ങളും അനുഭവിച്ചെങ്കിലും മാനസാന്തരത്തിലേക്കു വരാത്തവരാണിവർ. ഇവരാണ് സാത്താനെ അല്പകാലത്തേക്കു അഴിച്ചു വിടുമ്പോൾ സാത്താനോടൊപ്പം കൂട്ടുകൂടി ക്രിസ്തുവിനെതിരായി ഒത്തുകൂടുകയാൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന തീയാൽ ദഹിപ്പിക്കപ്പെടുന്നവർ

(വെളി.20:9).

**ഞാൻ ന്യായാസനങ്ങളെ കണ്ടു** (And I saw thrones) —

സഹസ്രാബ്ദവാഴ്ചയോടനുബന്ധിച്ചു യോഹന്നാൻ ന്യായാസനങ്ങളെ കാണുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന ന്യായാസനങ്ങൾ (സിംഹാസനങ്ങൾ) വെളിപ്പാടു 4-ൽ സ്വർഗ്ഗത്തിൽ കാണപ്പെടുന്ന സിംഹാസനങ്ങളാണെന്നു അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ വെളിപ്പാടു 4 -ൽ കാണുന്ന സിംഹാസനങ്ങൾ പീഡനകാലത്തിന്റെ പ്രാരംഭത്തിൽ കാണപ്പെടുന്നതും അവിടെനിന്നു അന്തിക്രിസ്തുവിന്റെയും കൂട്ടാളികളുടെയുമ്മേൽ ന്യായവിധികൾ അയക്കപ്പെടുന്നതായും കാണുന്നു. മദ്ധ്യാകാശത്തിൽ കർത്താവിന്റെ വരവിൽ സഭയെടുക്കപ്പെട്ടശേഷം സ്വർഗ്ഗത്തിൽ കാണപ്പെടുന്ന പ്രസ്തുത സിംഹാസനങ്ങളിൽ സർവ്വശക്തനായ ദൈവവും ചുറ്റും പുതിയനിയമസഭയെ പ്രതിനിതീകരിച്ചു കൊണ്ടു 24 മൂപ്പന്മാരുമാണിരിക്കുന്നത്. എന്നാൽ ഇവിടെ കാണുന്ന സിംഹാസനങ്ങൾ പീഡനകാലശേഷം ഭൂമിയിൽ സഹസ്രാബ്ദവാഴ്ച ആരംഭിക്കുന്നതിനായി ഒരുക്കപ്പെട്ട സിംഹാസനങ്ങളാണ്. അതിൽ ഇരിക്കുന്നവരുടെ എണ്ണവും പറഞ്ഞിട്ടില്ല. സാത്താന്റെ സാന്നിദ്ധ്യം ഇല്ലാത്ത ഭൂമിയിൽ സമാധാനത്തോടും നീതിയോടും ക്രിസ്തുവും തന്റെ വിശുദ്ധന്മാരും ഒത്തൊരുമിച്ചു സിംഹാസനങ്ങളിലിരുന്നു ഭരണം നടത്തും.

**അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു** (and they sat on them, and judgment was committed to them) —

സഹസ്രാബ്ദവാഴ്ചെക്കായി ഭൂമിയിൽ കാണപ്പെട്ട സിംഹാസനങ്ങളിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരവും ലഭിച്ചു. ന്യായം വിധിക്കുവാൻ അഥവാ ഭരിക്കുവാനുള്ള അധികാരം കൊടുത്തത് ക്രിസ്തുവാണ്. ക്രിസ്തുവിനോടൊപ്പം തന്റെ വിശുദ്ധന്മാർ രാജാക്കന്മാരെന്ന നിലയിൽ ആയിരം ആണ്ടു ഭൂമിയിൽ ന്യായപാലനം ചെയ്യും.

ന്യായാസനം അഥവാ സിംഹാസനത്തിലിരുന്നു ക്രിസ്തുവിനോടൊപ്പം വാഴുവാൻ അധികാരം ലഭിച്ചവരാരൊക്കെയാണ്. ഒന്നാം പുനരുത്ഥാനത്തിലൂടെ ക്രിസ്തുവിനെപ്പോലെ തേജസ്കരിക്കപ്പെട്ട ശരീരം ലഭിച്ച ഇവരെക്കുറിച്ചുള്ള വിവരം തിരുവചനത്തിലൂടെ ലഭിക്കുന്നു.

**(1) പുതിയനിയമവിശുദ്ധന്മാർ (അപ്പൊസ്തലന്മാരുൾപ്പെട്ട മണവാട്ടിസഭ) —**

**കർത്താവിന്റെ അപ്പൊസ്തലന്മാർ —**

മത്താ.19:28 --യേശു അവരോടു പറഞ്ഞതു: എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽഗോത്രം പന്ത്രണ്ടിന്നും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

ലൂക്കൊ.22:30 --നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിങ്കൽ തിന്നുകുടിക്കയും സിംഹാസനങ്ങളിൽ ഇരുന്നു യിസ്രായേൽഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കയും ചെയ്യും.

**സഭാകാലവിശ്വാസികൾ —**

1.കൊരി.6:2 — വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നു അറിയുന്നില്ലയോ?

2.തിമൊ.2:11 — നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും; സഹിക്കുന്നു എങ്കിൽ കൂടെ വാഴും.

വെളി.2:26 — ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവന്നു എന്റെ പിതാവു എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കും.

വെളി.3:21 —ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും.

**(2) പഴയനിയമവിശുദ്ധന്മാർ —**

ദാനീ.7:27 —പിന്നെ രാജത്വവും ആധിപത്യവും ആകാശത്തിൻ കീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിന്നു ലഭിക്കും; അവന്റെ രാജത്വം നിത്യരാജത്വം ആകുന്നു; സകല ആധിപത്യങ്ങളും അവനെ സേവിച്ചനുസരിക്കും.

**(3) മഹോപദ്രവകാലരക്തസാക്ഷികൾ —**

വെളി.6:9-11 — അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ; ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിങ്കീഴിൽ കണ്ടു ......... അല്പകാലം കൂടി സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി.

വെളി.7:9 -17 -- ഇതിന്റെ ശേഷം സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലുംനിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നില്കുന്നതു ഞാൻ കണ്ടു ....

വെളി.20:4 -- തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ

നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു.

**യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു** (Then I saw the souls of those who had been beheaded for their witness to Jesus and for the word of God, who had not worshiped the beast or his image, and had not received his mark on their foreheads or on their hands) —

യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ട ഒരു കൂട്ടം രക്തസാക്ഷികളുടെ ആത്മാക്കളെ യോഹന്നാൻ സിംഹാസനത്തിനടുത്തു കാണുന്നു. അവർ ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരായി ജീവൻ പ്രാപിച്ചു ക്രിസ്തുവിനോടു കൂടെ ആയിരം ആണ്ടു വാഴുന്നു എന്നും പറഞ്ഞിരിക്കുന്നു. പഴയനിയമപുതിയനിയമ വിശുദ്ധന്മാർക്കൊപ്പം ക്രിസ്തുവിനോടു കൂടെ ആയിരം ആണ്ടു വാഴുവാൻ കൃപ ലഭിച്ച മറ്റൊരു കൂട്ടരാണിവർ. സഭയെടുക്കപ്പെട്ടശേഷമുള്ള പീഡനകാലയളവിൽ രക്തസാക്ഷികളായി മരിച്ച വിശുദ്ധന്മാരാണ്. അവരുടെ ആത്മാക്കളെ സ്വർഗ്ഗത്തിലെ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ടിരുന്നു (വെളി.6:9/7:9–17/12:11).

അന്തിക്രിസ്തുവിന്റെയും മൃഗത്തിന്റെയും ഭരണവേളയായ പീഡനകാലത്തിൽ തലഛേദിക്കപ്പെട്ടു രക്ഷസാക്ഷികളായി മരിക്കേണ്ടി വന്നതിന്റെ കാരണം ഇവിടെ കാണുന്നു —

(1) യേശുവിന്റെ സാക്ഷ്യം നിമിത്തം
(2) ദൈവവചനം നിമിത്തം
(3) മൃഗത്തെ നമസ്കരിക്കാഞ്ഞതിനാൽ
(4) മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാഞ്ഞതിനാൽ
(5) നെറ്റിയിൽ മുദ്രയിടാൻ വിസമ്മതിച്ചതിനാൽ
(6) കൈമേൽ മുദ്ര കൈക്കൊള്ളാതിരുന്നതിനാൽ

അന്തിക്രിസ്തുവും കള്ളപ്രവാചകനും അവരുടെ കൂട്ടാളികളും ചേർന്നു മഹോപദ്രവകാലവിശ്വാസികളെ ഏറ്റവും ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും അതിക്രൂരമായി വേദനിപ്പിച്ചു കൊല്ലുകയും ചെയ്തിരുന്നു. മൃഗത്തെയും അതിന്റെ പ്രതിമയെയും മാത്രമേ ആരാധിക്കാവൂ എന്നു കല്പനയുണ്ടായപ്പോൾ വിശ്വാസികൾ ദൈവത്തെ മാത്രം നമസ്കരിച്ചു. അങ്ങനെയുള്ളവരെ ശിരസ്സ് ഛേദിച്ചു കൊന്നു. മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ മുദ്രയായി വലങ്കൈമേലോ നെറ്റിയിലോ ഏല്ക്കാത്തവരും പീഡിപ്പിക്കപ്പെട്ടു (വെളി.13:15–17). അനേകർ രക്തസാക്ഷി മരണം കൈവരിക്കേണ്ടി വന്നു. യേശുക്രിസ്തുവിന്റെ സാക്ഷികൾ (വെളി.1:9/12:17/19:10) എന്ന നിലയിൽ അവർ ജീവിക്കുകയും, ദൈവവചനം പ്രസംഗിക്കുകയും (വെളി.1:2,9/6:9) ചെയ്തു. ഇതും അവരെ രക്തസാക്ഷിമരണത്തിലേക്കു നയിച്ചു.

**അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു** (And they lived and reigned with Christ for a thousand years) —

മഹോപദ്രവകാലത്ത് രക്തസാക്ഷികളായ വിശുദ്ധന്മാരുടെ ആത്മാക്കളെ യോഹന്നാൻ സിംഹാസനത്തിനടുത്തു കാണുന്നു. ഇവരെ അഞ്ചാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ യാഗപീഠത്തിങ്കീഴിൽ അറുക്കപ്പെട്ടവരെന്ന നിലയിൽ കാണപ്പെടുന്നു (വെളി.6:9–11). വിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെക്കുറിച്ചു എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നുള്ള അവരുടെ നിലവിളിക്കു അല്പകാലം കൂടി സ്വസ്ഥമായി പാർക്കേണമെന്നു അറിയിപ്പും ഉണ്ടായി. ഇപ്പോൾ പീഡനകാലം കഴിഞ്ഞു, അവരെപ്പോലെയുള്ള രക്തസാക്ഷികൾ വന്നു തികഞ്ഞു. കർത്താവും മഹത്വത്തോടെ പ്രത്യക്ഷനായി. ആകായാൽ അവരുടെ പുനരുത്ഥാനത്തിന്റെ കാലമായി. മരണപര്യന്തം യേശുവിന്റെ സാക്ഷ്യവും ദൈവവചനം നിമിത്തവും വിശ്വസ്തതയോടെ നിന്നതിനാൽ അവർക്കു ജീവൻ ലഭിച്ചു ക്രിസ്തുവിനോടൊപ്പം ആയിരം ആണ്ടു വാഴ്ചയിൽ പങ്കാളികളായിത്തീരുന്നു. അവർ ജീവിച്ചു (And they lived) എന്നത് ആത്മീകപുനരുത്ഥാനം അഥവാ മരണത്തിൽ നിന്നു ജീവനിലേക്കോ, രക്ഷിക്കപ്പെട്ടെന്നോ, പുതുജനനം പ്രാപിച്ചെന്നോ അല്ല. അവർ രക്ഷിക്കപ്പെട്ടവരും വിശുദ്ധന്മാരുമായ രക്തസാക്ഷികളായിരുന്നു. അവർ ജീവിച്ചു എന്നത് അവർക്കും തേജസ്സുള്ള ശരീരം ലഭിച്ചു പുനരുത്ഥാനം പ്രാപിച്ചു എന്നതിനെ കുറിക്കുന്നു. ഒന്നാമത്തെ പുനരുത്ഥാനം അഥവാ ജീവന്റെ പുനരുത്ഥാനത്തിനു അവരും അർഹരായിത്തീരുന്നു.

യോഹന്നാൻ ന്യായാസനങ്ങളെ കണ്ടു, അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു (വെളി.20:4) എന്നു പറഞ്ഞശേഷമാണ് രക്തസാക്ഷികളുടെ കാര്യം പറയുന്നത്. അതായത്

സഹസ്രാബ്ദവാഴ്ചക്കുള്ള സിംഹാസനങ്ങൾ ഒരുക്കപ്പെട്ടു പഴയനിയമ പുതിയനിയമ വിശുദ്ധന്മാർക്കു ഉചിതമായ സ്ഥാനമാനങ്ങളും അവരുടെ ന്യായപാലനത്തിനും ഭരണത്തിനുമുള്ള അധികാരപദവിയും നല്കപ്പെടുന്നു. അതിനുശേഷം രക്തസാക്ഷികളായ മഹാപീഡനകാല വിശ്വാസികൾക്കു പുനരുത്ഥാനം ലഭിച്ച് ക്രിസ്തുവിനോടൊപ്പം ആയിരം ആണ്ടു സിംഹാസനങ്ങളിലിരുന്നു വാഴുന്നു. കൊയ്ത്തിന്റെ പിന്നാലെ കാലാപെറുക്കൽ എന്നപോലെ ലഭിക്കുന്ന അനുഗ്രഹത്താൽ ഇവർ ഒന്നാം പുനരുത്ഥാനത്തിൽ പങ്കാളികളായി സഹസ്രാബ്ദവാഴ്ചയിൽ ക്രിസ്തുവിനോടൊപ്പം സിംഹാസനങ്ങളിൽ ഇരിക്കുവാനിടയാകുന്നു.

**വെളി.20:5 — മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല** (But the rest of the dead did not live again until the thousand years were finished) —

മഹോദ്രവകാലത്ത് രക്തസാക്ഷികളായി മരിച്ച വിശുദ്ധന്മാർ ജീവൻ പ്രാപിച്ച് അഥവാ പുനരുത്ഥാനം പ്രാപിച്ച് ക്രിസ്തുവിനോടൊപ്പം സഹസ്രാബ്ദവാഴ്ചയിൽ പ്രവേശിക്കുന്നതു യോഹന്നാൻ കാണുന്നു. തുടർന്നു വിശദീകരിക്കുന്നത് മരിച്ചവരിൽ ശേഷമുള്ളവരെക്കുറിച്ചാണ്. അവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല അഥവാ പുനരുത്ഥാനം പ്രാപിച്ചില്ല. മരിച്ചവരിൽ ശേഷമുള്ളവർ എന്നത് മഹാപീഡനകാലയളവിൽ മരിച്ച അവിശ്വാസികൾ മാത്രമല്ല ലോകാരംഭം മുതൽ സഹസ്രാബ്ദവാഴ്ചയുടെ അവസാനംവരെയുള്ള സകല അവിശ്വാസികളും ഉൾപ്പെടുന്നു. അവരുടെ ശരീരങ്ങൾ ഭൂമിയിൽ കുഴിമാടങ്ങളിലും കല്ലറകളിലും മറ്റു സ്ഥലങ്ങളിലും നിക്ഷേപിക്കപ്പെട്ടെങ്കിലും അവരുടെ ആത്മാക്കൾ യാതനാ സ്ഥലത്തെത്തി രാപകൽ യാതന അനുഭവിക്കുകയാണ്. ധനവാന്റെയും ലാസറിന്റെയും മരണശേഷം സംഭവിക്കുന്ന വിശദീകരണത്തിൽ ധനവാൻ യാതനാസ്ഥലത്തുകിടന്നു അയ്യംവിളിക്കുന്ന ദയനീയ രംഗമാണ് ഇവരുടെയും അവസ്ഥ (ലൂക്കൊ.16:19-31). ക്രിസ്തു തന്റെ വിശുദ്ധന്മാരുമൊത്തുള്ള ആയിരം ആണ്ടു വാഴ്ച അവസാനിക്കുന്നതുവരെ അവർ യാതനാസ്ഥലത്തു കിടക്കേണ്ടി വരും. ആയിരം ആണ്ടു വാഴ്ചെക്കുശേഷം ഇവർക്കുണ്ടാകുന്ന പുനരുത്ഥാനത്തെക്കുറിച്ചും നിത്യനാശത്തെയും കുറിച്ചു വെളിപ്പാട് 20:11 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. സഹസ്രാബ്ദവാഴ്ച കഴിഞ്ഞുണ്ടാകുന്ന സകല അവിശ്വാസികളുടെയും ദൈവവിരോധികളുടെയും ഉയിർപ്പ് അഥവാ പുനരുത്ഥാനം വലിയവെള്ളസിംഹാസനത്തിലെ അന്ത്യന്യായവിധിക്കും തുടർന്നുള്ള നിത്യദണ്ഡനത്തിനും ആയിരിക്കും.

**വെളി.20:6 — ഇതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന്നു അധികാരം ഇല്ല; അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും** (This is the first resurrection. Blessed and holy is he who has part in the first resurrection. Over such the second death has no power, but they shall be priests of God and of Christ, and shall reign with Him a thousand years) —

വിശുദ്ധന്മാരുടെ പുനരുത്ഥാനമായ ഒന്നാം പുനരുത്ഥാനത്തിന്റെ പ്രത്യേകത, അനുഗ്രഹം, ഭാഗ്യാവസ്ഥ, നന്മകൾ എന്നിവ ഇവിടെ യോഹന്നാൻ വിവരിക്കുന്നു.

(1) പുനരുത്ഥാനത്തിന്റെ പ്രത്യേകത —> ഇതു ഒന്നാമത്തെ പുനരുത്ഥാനം = വിശുദ്ധന്മാരുടെ അഥവാ ദൈവമക്കളുടെ പുനരുത്ഥാനം.

(2) ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവർക്കുള്ള അനുഗ്രഹവും അവരുടെ സ്വഭാവവും —> (a) അവർ ഭാഗ്യവാന്മാർ (b) അവർ വിശുദ്ധന്മാർ.

(3) ഒന്നാം പുനരുത്ഥാനത്തിന്റെ നന്മകൾ —> (a) അവർക്കു രണ്ടാം മരണമില്ല (b) അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ശുശ്രൂഷിക്കും (c) അവർ ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു ഭൂമിയിൽ വാഴും.

**ഇതു ഒന്നാമത്തെ പുനരുത്ഥാനം** (This is the first resurrection) —

വിശുദ്ധന്മാരുടെ പുനരുത്ഥാനത്തെ ''ഇതു ഒന്നാമത്തെ പുനരുത്ഥാനം'' എന്നു വിശേഷിപ്പിച്ചിരിക്കുന്നതിനാൽ ഒന്നിലേറെ പുനരുത്ഥാനങ്ങളുണ്ടെന്നു വ്യക്തമാകുന്നു. പുനരുത്ഥാനത്തെ രണ്ടായി തിരിക്കാം. ഒന്ന് വിശ്വാസികളുടെ പുനരുത്ഥാനം, രണ്ട് അവിശ്വാസികളുടെ പുനരുത്ഥാനം. അതായത് സകല വിശുദ്ധന്മാരുടെയും പുനരുത്ഥാനത്തെ ഒന്നാം പുനരുത്ഥാനമെന്നും സകല പാപികളുടെയും പുനരുത്ഥാനത്തെ രണ്ടാം പുനരുത്ഥാനം എന്നും അറിയപ്പെടുന്നു. ഒന്നും രണ്ടും പുനരുത്ഥാനങ്ങൾ തമ്മിലുള്ള ഇടവേളയാണ് യഥാർത്ഥത്തിൽ സഹസ്രാബ്ദവാഴ്ച അഥവാ വിശുദ്ധന്മാർ ക്രിസ്തുവിനോടൊപ്പം ഭൂമിയിൽ ആയിരം ആണ്ടു വാഴുന്ന കാലം.

പുനരുത്ഥാനം എന്നതിനു ഗ്രീക്കിൽ അനസ്റ്റാസിസ് (anastasis) എന്ന പദമാണു ഉപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം വീണ്ടും എഴുന്നേൽക്കുക എന്നാണ് (anastasis (Gk) = standing again). ശരീരത്തോടു കൂടിയുള്ള ഒരു പുനരുത്ഥാനത്തെ അടിസ്ഥാനപ്പെടുത്തിയാണ് മരണാനന്തരജീവിതത്തെപ്പറ്റി തിരുവചനത്തിൽ പരാമർശിക്കപ്പെടുന്നത്. പുനരുത്ഥാനം എന്നത് മണ്ണിലലിഞ്ഞുപോയ പഴയമനുഷ്യശരീരം വീണ്ടും അതുപോലെ സൃഷ്ടിക്കുകയോ, നിർമ്മിക്കുകയോ, ചേരുംപടി ചേർക്കുകയോ അല്ല. മറിച്ചു നാം രൂപാന്തരം പ്രാപിച്ചു ദൈവത്തോടു സദൃശന്മാർ ആകും (1.യോഹ.3:2). (Resurrection is not a reconstruction of the human body but it is a transformation so that we shall be like Him). മരിച്ച വിശുദ്ധന്മാർക്കും ജീവനോടിരിക്കുന്ന വിശുദ്ധന്മാർക്കും തേജസ്കരിക്കപ്പെട്ട അഥവാ രൂപാന്തരം പ്രാപിച്ച ഒരു പുതിയ ശരീരം ലഭിക്കും. പുനരുത്ഥാനം എന്നത് തിരുവചനത്തിലുടനീളം ആവർത്തിച്ചു പറഞ്ഞിരിക്കുന്ന ഒരു വസ്തുതയാണ് —

**ഇയ്യോ.19:25-27 —** "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു ...... എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും; അന്യനല്ല, എന്റെ സ്വന്തകണ്ണു അവനെ കാണും."

**യെശ.26:19 —** "നിന്റെ മൃതന്മാർ ജീവിക്കും; എന്റെ ശവങ്ങൾ എഴുന്നേല്ക്കും; പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ."

**ദാനീ.12:2,13 —** "നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായും ചിലർ ലജ്ജെക്കും നിത്യനിന്ദെക്കുമായും ഉണരും.... നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ചു കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റുവരും."

**യോഹ.5:21 —** "പിതാവു മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു."

യോഹ.6:39 — "അവൻ എനിക്കു തന്നതിൽ ഒന്നും ഞാൻ കളയാതെ എല്ലാം ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കേണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം; ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും."

**യോഹ.11:25 —** "യേശു അവളോടു: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."

**അപ്പൊ.24:15 —** "നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം ഉണ്ടാകും എന്നു ഇവർ കാത്തിരുന്നതുപോലെ ഞാനും ദൈവത്തിങ്കൽ ആശവെച്ചിരിക്കുന്നു."

**റോമ.8:11 —** "യേശുവിനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽനിന്നു ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും."

**1.കൊരി.6:14 —** "എന്നാൽ ദൈവം കർത്താവിനെ ഉയിർപ്പിച്ചതുപോലെ നമ്മെയും തന്റെ ശക്തിയാൽ ഉയിർപ്പിക്കും."

**1.കൊരി.15:22,23 —** "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും. ഓരോരുത്തന്നും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം."

**2.കൊരി.5:1 —** ''കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു."

**വിശുദ്ധന്മാരുടെ പുനരുത്ഥാനത്തിന്റെ വിവിധപേരുകൾ —**

(1) ഒന്നാമത്തെ പുനരുത്ഥാനം > വെളി.20:6 — (First resurrection)

(2) നീതിമാന്മാരുടെ പുനരുത്ഥാനം > ലൂക്കൊ.14:14/ അപ്പൊ.24:15 — (Resurrection of the righteous)

(3) ജീവന്റെ പുനരുത്ഥാനം > യോഹ.5:29 — (Resurrection of Life)

(4) ക്രിസ്തുവിന്റെ വരവിങ്കലെ പുനരുത്ഥാനം > 1.കൊരി.15:23 — (Resurrection at Christ's coming)

(5) മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം > ഫിലി.3:11/1.കൊരി.15:20 — (Resurrection

from the dead)

(6) ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേൽപ്പ് > എബ്രാ.11:35 — (Better resurrection)

**തിരുവചനത്തിലെ രണ്ടു പുനരുത്ഥാനങ്ങൾ —**

(1) ഒന്നാമത്തെ പുനരുത്ഥാനം — നീതിമാന്മാരുടെ പുനരുത്ഥാനം.

(2) രണ്ടാമത്തെ പുനരുത്ഥാനം — ദുഷ്ടന്മാരുടെ അഥവാ പാപികളുടെ പുനരുത്ഥാനം.

**ഒന്നാം പുനരുത്ഥാനം അഥവാ നീതിമാന്മാരുടെ പുനരുത്ഥാന നിരകൾ —**

നീതിമാന്മാരുടെ പുനരുത്ഥാനമെന്നാൽ ദൈവമക്കളുടെ ഉയിർത്തെഴുന്നേൽപ്പാണ്. ഇതു ജീവ നായുള്ള പുനരുത്ഥാനമാണ്. ആദ്യഫലമായി മരിച്ചവരിൽ നിന്നു ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ലഭിക്കുന്നു. അവർ ദൈവത്തോടൊപ്പം എന്നേക്കും വാഴുന്നതിനാണ് ഈ പുനരുത്ഥാനം. പെന്തൊക്കോസ്തു നാൾ മുതൽ കർത്താവിന്റെ രണ്ടാം വരവിലെ മദ്ധ്യാകാശത്തിലുള്ള രഹസ്യപ്രത്യക്ഷതവരെയുള്ള കാലയളവിൽ ക്രിസ്തുവിൽ മരിച്ചവർ അഥവാ ക്രിസ്തുവിൽ നിദ്രകൊണ്ടവരും അപ്പോൾ ജീവനോടിരിക്കുന്നവരും ഉൾപ്പെട്ട ശരീരമാകുന്ന ക്രിസ്തു വിന്റെ സഭയുടെ പുനരുത്ഥാനം ഇതിൽ ഉൾപ്പെടുന്നു. കൂടാതെ മഹോപദ്രവകാലത്തിന്റെ അവസാന വും, സഹസ്രാബ്ദവാഴ്ചയുടെ ആരംഭത്തിലും വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കും.

ദാനിയേൽ പ്രവചനത്തിൽ മഹോപദ്രവകാലത്തിനു ശേഷം നടക്കുന്ന പുനരുത്ഥാനത്തെക്കു റിച്ചു പറയുന്നുണ്ട്. കാലാവസാനം വരെ വിശ്രമിക്കുവാൻ (ദാനീ.12:13) പറയുന്നതിൽ കാലാവസാനം എന്നത് മഹോപദ്രവകാലത്തിന്റെ അവസാനമാണെന്നു ചിന്തിക്കാം. ഒന്നാം പുനരുത്ഥാനമെന്നത് പുതി യനിയമവിശുദ്ധന്മാരുടേതെന്നു തോന്നാമെങ്കിലും പഴയനിയമവിശുദ്ധന്മാരും ഇതിൽ ഉൾപ്പെടുന്നു. അതായത് ഒന്നാം പുനരുത്ഥാനം ഒരേ സമയത്തു നടക്കുന്നതല്ല; മറിച്ച് ഒരേ രീതിയിലും വ്യത്യസ്ത സമയങ്ങളിലും ദൈവമക്കൾക്കു മാത്രമുള്ളതുമാണ്. ജീവനായുള്ള ഒന്നാം പുനരുത്ഥാനത്തിലുൾപ്പെടു ന്നവരെ നോക്കുക —

> ക്രിസ്തുവിന്റെ ശരീരമാകുന്ന പുതിയനിയമസഭ (ക്രിസ്തുവിൽ മരിച്ചവരും ജീവനോടിരി ക്കുന്ന രക്ഷിക്കപ്പെട്ടവരും) — 1.തെസ്സ.4:13-18.

> പഴയനിയമ വിശുദ്ധന്മാർ — ദാനീ.12:2,13

> മഹോപദ്രവകാലത്തിലെ രണ്ടു സാക്ഷികൾ (വെളി.11:3 -12).

> മഹോപദ്രവകാലത്തിലും സഹസ്രാബ്ദവാഴ്ചയുടെ ആരംഭത്തിലും ദൈവഭാഗത്തുനിന്നതിനാൽ രക്തസാക്ഷികളായി മരിച്ചവർ (വെളി.6:9-11/20:4).

**രണ്ടാം പുനരുത്ഥാനം — ദുഷ്ടന്മാരുടെ അഥവാ പാപികളുടെ പുനരുത്ഥാനം —**

രണ്ടാം പുനരുത്ഥാനമെന്നത് നീതികെട്ടവരായ ദുഷ്ടന്മാരുടെയും പാപികളുടെയും ഉയിർപ്പാണ്. ന്യായവിധിക്കായും നിത്യമരണത്തിനായുമുള്ള പുനരുത്ഥാനമാണിത്. ദൈവമക്കളല്ലാത്ത സകലരും അന്ത്യ ന്യായവിധിക്കായി ഉയിർത്തെഴുന്നേൽക്കും.

ഈ പുനരുത്ഥാനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു നോക്കുക —

*"മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരിക്കുന്ന തിന്നു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി.......ഓരോരു ത്തന്നു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊ യ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും"* (വെളി.20:12-15).

*"നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായും ചിലർ ലജ്ജെക്കും നിത്യനിന്ദെക്കുമായും ഉണരും"* (ദാനീ.12:2).

*"കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു"* (യോഹ.5:28-29).

രക്ഷിക്കപ്പെട്ടവരുടെ പുനരുത്ഥാനം ക്രിസ്തുവിന്റെ രണ്ടാം വരവിലെ ഒന്നാംഘട്ടമായ മദ്ധ്യാ കാശത്തിലേക്കുള്ള വരവിൽ നടക്കുമെങ്കിൽ പാപികളായവരുടെ പുനരുത്ഥാനം ക്രിസ്തുവിന്റെ രണ്ടാം വരവിലെ രണ്ടാം ഘട്ടമായ മഹത്വപ്രത്യക്ഷതെക്കും സഹസ്രാബ്ദവാഴ്ചെക്കു ശേഷവുമായിരിക്കും നട ക്കുക. വിശ്വാസികളുടെയും അവിശ്വാസികളുടെയും പുനരുത്ഥാനങ്ങൾ തമ്മിൽ ഏകദേശം ആയിരം വർഷത്തെ വ്യത്യാസമുണ്ടായിരിക്കും.

**ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവാനും വിശുദ്ധനും ആകുന്നു** (Blessed and holy is he who has part in the first resurrection) —

ഒന്നാമത്തെ പുനരുത്ഥാനം അഥവാ ദൈവമക്കളുടെ പുനരുത്ഥാനത്തിന്റെ അനുഗ്രഹവും അവരുടെ സ്വഭാവവും ഇവിടെ യോഹന്നാൻ പ്രസ്താവിക്കുന്നു. അവർക്കുള്ള അനുഗ്രഹമെന്നത് അവർ

ഭാഗ്യവാന്മാരാണ്. അവരുടെ സ്വഭാവത്തിന്റെ വിശേഷത അവർ വിശുദ്ധന്മാരാണ്. മഹോപദ്രകാലത്ത് രക്തസാക്ഷിമരണം വരിച്ചു ഒന്നാം പുനരുത്ഥാനത്തിൽ പങ്കുലഭിക്കുന്നവരെക്കുറിച്ചാണ് അവർ ഭാഗ്യവാന്മാരും വിശുദ്ധന്മാരും എന്നു ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നതെന്നു വ്യാഖ്യാനിച്ചു കാണുന്നുണ്ട്. എന്നാൽ പുതിയനിയമപഴയനിയമ വിശ്വാസികളും, മഹോപദ്രവകാലരക്തസാക്ഷികളും ഉൾപ്പെട്ട ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കാളികളായവരെല്ലാം ഭാഗ്യവാന്മാരും വിശുദ്ധന്മാരുമാണ്.

**> ഭാഗ്യവാൻ (Blessed) —**

ഒന്നാമത്തെ പുനരുത്ഥാനത്തിൽ അഥവാ നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവാന്മാർ. ഭാഗ്യവാൻ എന്നതിനു ഗ്രീക്കിൽ മക്കാറിയോസ് (makarios = happy) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം സന്തോഷം (happy) എന്നാണ്. അതായത് ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കാളിയാകുന്നവൻ എന്നേക്കും സന്തോഷിക്കുന്നവൻ എന്നു സാരം. പാപത്തിൽ കഴിയുന്ന ഒരുവന് സന്തോഷത്തിനോ പ്രത്യാശക്കോ വകയില്ല. എന്നാൽ ദൈവമക്കളായവർക്കു ഭൂമിയിൽ ദുഃഖങ്ങളിലൂടെ കഴിയേണ്ടി വന്നാലും കർത്താവിന്റെ വരവിൽ പുനരുത്ഥാനത്തിലൂടെ തേജസ്കരിക്കപ്പെട്ട ശരീരത്തിന്റെ ഉടമകളായി നിത്യസന്തോഷം അനുഭവിക്കുവാനിടയാകും. വെളിപ്പാടു പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ഏഴുഭാഗ്യവർണ്ണനകളിൽ (Beatitudes) അഞ്ചാമത്തെ ഭാഗ്യവർണ്ണനയാണിത് (വെളി.1:3/14:13/16:15/19:9/20:6/22:7/22:14).

**ഏഴു ഭാഗ്യവർണ്ണനകൾ** (Seven beatitudes) —

(1) വെളി.1:3 — ഈ പ്രവചനത്തിലെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു.
(2) വെളി.14:13 — ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ.
(3) വെളി.16:15 — ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ.
(4) വെളി.19:9 — കുഞ്ഞാടിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ.
(5) വെളി.20:6 — ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു.
(6) വെളി.22:7 — ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ.
(7) വെളി.22:14 — ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ.

**> വിശുദ്ധൻ (holy) —**

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവർ വിശുദ്ധന്മാർ. അതായത് പുനരുത്ഥാനശരീരം ലഭിച്ചവരുടെ സ്വഭാവം വിശുദ്ധി നിറഞ്ഞതാണ്. വിശുദ്ധൻ എന്നതിനു ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദം ഹാഗിയോസ് (hagios = set apart) എന്നാണ്. ഇതിനർത്ഥം വേർപെട്ട എന്നാണ്. ദൈവം വിശുദ്ധനാകയാൽ തന്റെ മക്കളും വിശുദ്ധന്മാരാണ്. വിശുദ്ധിയിൽ അധിവസിക്കുന്ന ദൈവത്തെ സ്വർഗ്ഗീയസൈന്യം സ്തുതിക്കുന്നത് യെശയ്യാവു ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു -- സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. അതായത് ദൈവം വിശുദ്ധൻ, വിശുദ്ധൻ, വിശുദ്ധൻ അഥവാ സകല പാപങ്ങളിലും അശുദ്ധിയിലും നിന്നു വേർപെട്ടവൻ, വേർപെട്ടവൻ, വേർപെട്ടവൻ എന്നാണ്. ആയതുപോലെ ദൈവത്തിൽ അഭയം പ്രാപിച്ചവരും സകലവിധ പാപങ്ങളിലും അശുദ്ധിയിൽ നിന്നും വേർപെട്ടവരാണ്. അവർ ഭാഗ്യവാന്മാർ എന്ന നിലയിൽ എന്നേക്കും സന്തോഷിക്കുന്നവരും വിശുദ്ധിയിൽ വസിക്കുന്നവരുമാണ്. തേജസ്കരിക്കപ്പെട്ട ശരീരം ലഭിച്ചു പുനരുത്ഥാനം പ്രാപിച്ച ദൈവമക്കളെല്ലാം സഹസ്രാബ്ദവാഴ്ചയിൽ സന്തോഷവും സമാധാനവും ഉള്ളവരായി എന്നേക്കും വിശുദ്ധിയിൽ വാഴും.

**> അവരുടെമേൽ രണ്ടാം മരണത്തിന്നു അധികാരം ഇല്ല** (Over such the second death has no power) —

ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവർ വിശുദ്ധന്മാരാണ്. വിശുദ്ധന്മാരെന്ന നിലയിൽ ക്രിസ്തുവിനോടൊപ്പം എന്നേക്കും സന്തോഷിക്കുന്നവരുമായിരിക്കും. അവരുടെ അനുഗ്രഹത്തിന്റെയും സന്തോഷത്തിന്റെയും കാരണം അവരുടെമേൽ രണ്ടാം മരണത്തിന്നു അധികാരം ഇല്ല എന്നതു തന്നേ. രണ്ടാം മരണം എന്നത് രണ്ടാം പുനരുത്ഥാനത്തിൽ പങ്കാളികളായി വെള്ളസിംഹാസനത്തിലെ ന്യായവിധിക്കുശേഷം ലഭിക്കുന്ന തീപ്പൊയ്കയിലേക്കെറിയപ്പെടുന്ന നിത്യമരണത്തെ കുറിക്കുന്നു. ലോകമനുഷ്യർ പാപികളെന്ന നിലയിൽ മരണത്തിനധീനരാണ്. "പാപത്തിന്റെ ശമ്പളം മരണമത്രേ" (റോമ.6:23) എന്നു തിരുവചനം പ്രസ്താവിക്കുന്നു. ആരോഗ്യമുള്ളവനായി സകല സമ്പൽസമൃദ്ധിയിലും ലൗകീക സന്തോഷത്തിലും കഴിയുമ്പോൾ ഒരു പക്ഷേ മരണത്തെ ഭയമില്ല എന്നു പറയുവാൻ സാധിക്കും. എന്നാൽ മരണത്തെ മുഖാമുഖമായി കാണുമ്പോൾ എത്ര ശക്തിയുള്ളവനും ഭ്രമിച്ചു പതറിപ്പോകുവാൻ ഇടയാകും. ക്രിസ്തുവിൽ ശരണപ്പെടാത്ത ഏതൊരുവന്റെയുംമേൽ മരണത്തിനു അധികാരം ഉണ്ട്.

എന്നാൽ രക്ഷാനായകനായ ക്രിസ്തുവിൽ അഭയം പ്രാപിക്കുന്നവർക്കു മരണത്തെ ഭയപ്പെടേണ്ട കാര്യമില്ല. കാരണം മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ ജയാളിയായ ക്രിസ്തു വഹിക്കുന്നു (വെളി.1:18). രണ്ടാമത്തെ മരണത്തിനോ, വെള്ളസിംഹാസനത്തിലെ ന്യായവിധിക്കോ, തീപ്പൊയ്കയിലെ നിത്യദണ്ഡനത്തിനോ അവന്റെമേൽ അധികാരമില്ലായ്കയാൽ വിശ്വാസി തെല്ലും ഭയപ്പെടേണ്ട കാര്യമേയില്ല.

ദേഹം, ദേഹി, ആത്മാവ് എന്നീ ഘടകങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ മരണത്തിലും മൂന്നു അവസ്ഥകൾ (മൂന്നുതരത്തിലുള്ള മരണങ്ങൾ) കാണാം. അവ (1) ശാരീരിക മരണം – Physical death (2) ആത്മീക മരണം – Spiritual death (3) നിത്യമരണം – Eternal death എന്നിവയാണ്. ഇതിൽ ശാരീരിക മരണം ദൃശ്യമായിരിക്കുമ്പോൾ ആത്മീകമരണവും നിത്യമരണവും അദൃശ്യമായിരിക്കുന്നു.

**(1) ശാരീരിക മരണം** (Physical death) —

പേരു അർത്ഥമാക്കുന്നപോലെ ഇതു ശരീരത്തിന്റെ മരണമാണ്. അതായത് ദേഹവും ദേഹിയും തമ്മിൽ വേർപെടുന്നതാണ് ശാരീരികമരണം. ശാരീരികമരണം ദൃശ്യമായതാണ്. ഈ ലോകത്തിലെ ആയുസ്സിന്റെ അന്ത്യം കുറിച്ചുകൊണ്ടു സകലരെയും സകലത്തിനെയും വിട്ടുപിരിയുന്ന ഒന്നാകയാൽ ഏതുമനുഷ്യനും ഭയപ്പെടുന്നതു ശാരീരിക മരണത്തെയാണ്. *"മനുഷ്യൻ തന്റെ ശാശ്വതഭവനത്തിലേക്കു പോകും......പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും"* (സഭാ.12:5-7), *"നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും"* (ഉല്പ.3:19). മരണം മനുഷ്യനിൽ വാഴുവാനുണ്ടായ കാരണത്തെക്കുറിച്ചു അപ്പൊസ്ഥലനായ പൗലൊസ് രേഖപ്പെടുത്തിയിട്ടുണ്ട്. *"അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു."* (റോമ.5:12). അതായത് ആദാമിന്റെ പാപം മൂലം (ഉല്പ.3:17) പാപം ലോകത്തിലേക്കു പ്രവേശിച്ചു; പാപത്താൽ മരണം ഉണ്ടായി; മരണം സകലരിലും പരന്നു. ആയതിനാൽ ശാരീരികമരണം മനുഷ്യന്റെ പാപത്താൽ ഉണ്ടായതാണ്. മനുഷ്യനായി പിറന്ന എല്ലാവരിലും പാപം വാഴുന്നു. പാപത്തിന്റെ ശമ്പളം അഥവാ കൂലിയാണ് മരണം (റോമ.6:23). അതിനാൽ സകല മനുഷ്യരും ശാരീരികമരണത്തിനു അധീനരായിത്തീരുന്നു.

**(2) ആത്മീകമരണം** (Spiritual death) —

ശരീരികമരണം ശരീരത്തിന്റെ മരണമായിരിക്കുമ്പോൾ ആത്മീകമരണം ആത്മാവിനെ സംബന്ധിച്ച മരണമായിരിക്കുന്നു. ആത്മാവ് അദൃശ്യനായിരിക്കുന്നതുപോലെ ആത്മീകമരണവും അദൃശ്യമായതാണ്. ദേഹവും ദേഹിയും തമ്മിൽ പിരിയുമ്പോൾ ശാരീരിക മരണം സംഭവിക്കുന്നു. *"എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു; തിന്നുന്ന നാളിൽ നീ മരിക്കും"* (ഉല്പ.2:17), എന്നുള്ള ദൈവകല്പന ലംഘിക്കപ്പെട്ടപ്പോൾ ആദാമിനു സംഭവിച്ചത് ആത്മീകമരണമാണ്. ദൈവത്തിൽ നിന്നുള്ള വേർപാടാണ് ആത്മീകമരണം. ആദാമിന്റെ അനുസരണക്കേടിനാൽ പാപം സകലരിലും പരന്നപ്പോൾ ആത്മീകമരണവും, തുടർന്നു പാപത്തിന്റെ കൂലിയായി ശാരീരികമരണവും മനുഷ്യനുണ്ടായി.

**(3) നിത്യമരണം** (Eternal death) —

ആത്മീകമരണം ആത്മാവിനെ സംബന്ധിച്ചുള്ളതും ദൈവത്തിൽ നിന്നുള്ള വേർപാടിനെ കുറിക്കുന്നതുമാണ്. ശാരീരികമരണം ഈ ലോകജീവിതത്തിൽ നിന്നുള്ള വേർപാടിനെക്കുറിക്കുന്നു. ഇവ രണ്ടും പാപത്തിന്റെ ഫലമായുണ്ടായതാണ്. എന്നാൽ നിത്യമരണം എന്നത് രക്ഷിക്കപ്പെടാത്ത ഒരുവനിലെ മനുഷ്യാത്മാവു ദൈവവുമായുള്ള ബന്ധത്തിൽനിന്നു എന്നെന്നേക്കുമായി വേർപെടുന്നതിനെക്കുറിക്കുന്നു. നരകത്തീപ്പൊയ്കയിലേക്കു നിത്യദണ്ഡനത്തിനായി തള്ളപ്പെടുമ്പോൾ ദൈവവുമായി എന്നെന്നേക്കുമായുള്ള വേർപാടുണ്ടാകുന്നതിനാലാണ് രണ്ടാം മരണം എന്നു പറയുന്നത്. ഒന്നാം മരണത്തിൽ ആത്മാവു ശരീരത്തിൽ നിന്നു വേർപെടുന്നു. രണ്ടാം മരണത്തിൽ മനുഷ്യൻ ദൈവത്തിൽ നിന്നു എന്നെന്നേക്കുമായി വേർപെടുന്നു. തിരുവചനത്തിൽ ശാരീരികമരണം, ആത്മീകമരണം, നിത്യമരണം എന്നീ മൂന്നവസ്ഥകൾ മരണത്തിനുണ്ടെങ്കിലും, ശാരീരികമരണം ഒന്നാം മരണവും, നിത്യമരണം രണ്ടാം മരണവുമായി തിരിക്കാം. മനുഷ്യൻ ശരീരത്തിൽ വസിക്കുമ്പോൾ നിത്യതയിലേക്കുള്ള വാസത്തിനായി കർത്താവായ യേശുക്രിസ്തുവിലൂടെ നിത്യജീവൻ പ്രാപിച്ചില്ലെങ്കിൽ അവൻ ആത്മീകമായി മരിച്ചവനാകയാൽ നിത്യമരണത്തിനധീനനായിത്തീരുന്നു. ഈ രണ്ടാം മരണത്തിൽ അവൻ ദൈവവുമായി എന്നെന്നേക്കുമായി വേർപെടുന്നതിനാൽ ദേഹം, ദേഹി, ആത്മാവോടുകൂടി തീപ്പൊയ്കയിലേക്കു തള്ളപ്പെടുന്നു. ആയിരമാണ്ടു വാഴ്ചയ്ക്കു ശേഷമായിരിക്കും ഇതു സംഭവിക്കുന്നത്.

മരണം എന്നതു ഈ ഭൂമിയിൽ ജനിച്ചവരെ സംബന്ധിച്ചു യാദൃച്ഛികമല്ല; അതൊരു നിയമനമാണ്. മരണം ജീവിതത്തിന്റെ സമാപ്തിയല്ല; മറിച്ച് മറ്റൊരു ജീവിതത്തിലേക്കുള്ള പ്രവേശനമാണ്. രക്ഷിക്കപ്പെടാത്തവരുടെ മരണം നരകത്തിലേക്കുള്ള പ്രവേശനവും, പുതുജനനം പ്രാപിച്ചവരുടെ ശാരീരിക വേർപാട് പറുദീസയിലേക്കു അഥവാ ദൈവസന്നിധിയിലേക്കുള്ള പ്രവേശനവുമാണ്. ഭൂമിയിൽ ഒരു

തവണ ജനിച്ചവർ (ശാരീരികജനനം) രണ്ടു തവണ മരിക്കുന്നുവെങ്കിൽ (ശാരീരികമരണവും നിത്യമരണവും); രണ്ടു തവണ ജനിച്ചവർ (ശാരീരിക ജനനവും, ആത്മീയജനനവും) ഒരു തവണ മാത്രം (ശാരീരികമരണം) മരിക്കുന്നു. പാപികളായ ദുഷ്ടന്മാർ പാപത്തിൽ മരിക്കുന്നു (യോഹ.8:24), വിശ്വാസികൾ ക്രിസ്തുവിൽ മരിക്കുന്നു (ഫിലി.1:21,23/വെളി.14:13). യേശുക്രിസ്തുവിലൂടെ നിത്യജീവൻ അവകാശമാക്കിയ വിശ്വാസികൾക്ക് മരണത്തെ ഭയപ്പെടേണ്ടതില്ല. യേശുകർത്താവു പറഞ്ഞു —*"എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല"* (യോഹ.11:25,26). ഇവിടെ ശരീരസംബന്ധമായ മരണത്തെപ്പറ്റിയല്ല പറയുന്നത്. മറിച്ച് യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ ആത്മാവു ഒരിക്കലും മരിക്കയില്ല; അവർ എന്നെന്നേക്കും ദൈവത്തോടൊപ്പം ജീവിക്കും എന്നാണർത്ഥം.

**അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി** (but they shall be priests of God and of Christ) —

അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി എന്നത് മൂലഭാഷയായ ഗ്രീക്കിൽ അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി എന്നാണ് കാണുന്നത്. ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവാന്മാരും വിശുദ്ധന്മാരും അവരുടെ മേൽ മരണത്തിനു അധികാരവുമില്ല. മാത്രവുമല്ല സഹസ്രാബ്ദവാഴ്ചയിൽ അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ശുശ്രൂഷയിൽ ആയിരിക്കുന്നു. മനുഷ്യർക്കുവേണ്ടി ദൈവസന്നിധിയിൽ മദ്ധ്യസ്ഥത ചെയ്യുന്നയാളെ പുരോഹിതൻ എന്നറിയപ്പെടുന്നു. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടവരെല്ലാം പുതിയനിയമ പൗരോഹിത്യ ശുശ്രൂഷ ചെയ്യുന്നവരാണ്. അവർ ദൈവസന്നിധിയിൽ നില്ക്കുന്നവരും ദൈവത്തെ ആരാധിക്കുന്നവരും ദൈവീകകാര്യങ്ങൾ ഉപദേശിക്കുന്നവരുമാണ്. വിശ്വാസികൾ ഇപ്പോൾത്തന്നെ രാജകീയപുരോഹിതവർഗ്ഗമെന്ന നിലയിൽ വിളിക്കപ്പെട്ടവരാണ് (1.പത്രൊ.2:9). അവരെ അന്ധകാരത്തിൽ നിന്നു അത്ഭുതപ്രകാശത്തിലേക്കു വിളിച്ചത് രക്ഷാനായകന്റെ സൽഗുണങ്ങളെ ഘോഷിപ്പാനാണ്. പുരോഹിതന്മാരെന്ന നിലയിൽ ഇന്നു അവർ ദൈവത്തെ ആരാധിക്കുകയും ദൈവത്തെക്കുറിച്ചു സംസാരിക്കുകയും ചെയ്യുന്നു. സഹസ്രാബ്ദവാഴ്ചയിലും അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ശുശ്രൂഷിക്കും എന്നത് അന്നും അവർ ദൈവത്തെയും ക്രിസ്തുവിനെയും സ്തുതിച്ചു ആരാധിക്കുകയും ഘോഷിക്കുകയും ചെയ്യും എന്നാണ്. സഹസ്രാബ്ദവാഴ്ചയിൽ പുരോഹിതന്മാരെന്ന നിലയിൽ ദൈവത്തെ ആരാധിക്കുകയും ദൈവീകനന്മഘോഷിക്കുകയും ചെയ്യുന്നുവെങ്കിൽ രാജാക്കന്മാർ എന്ന നിലയിൽ അവർ രാജ്യം ഭരിക്കും. സഹസ്രാബ്ദത്തിലും നിത്യവാസത്തിലും വിശുദ്ധന്മാർക്കു സന്തോഷത്തിന്റെയും ശുശ്രൂഷകളുടെയും നാളുകളായിരിക്കും.

**ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും** (and shall reign with Him a thousand years) —

ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ള വിശുദ്ധന്മാർക്കുള്ള ലഭിക്കുന്ന അനുഗ്രഹങ്ങളിൽ അവസാനമായി പറയുന്നത് അവർ ക്രിസ്തുവിനോടൊപ്പം ആയിരം ആണ്ടു ഭൂമിയിൽ വാഴും എന്നാണ്. അവർ രാജാക്കന്മാരെന്ന നിലയിൽ ക്രിസ്തുവിനോടുകൂടെ വാഴും. തുയഥൈര സഭക്കുള്ള ദൂതിൽ ജയാളികളായവർക്കു ലഭിക്കുന്ന അനുഗ്രഹമാണ് അവർക്കു ജാതികളുടെ മേൽ വാഴുവാൻ അധികാരം കൊടുക്കും എന്നത് (വെളി.2:27). സാത്താന്റെ ആയിരം ആണ്ടേക്കുള്ള ബന്ധനത്തെ തുടർന്നു ക്രിസ്തു ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കും. എന്നേക്കും നിലനില്ക്കുന്നതും മാറ്റപ്പെടാത്തതുമായ ദാവീദിന്റെ സിംഹാസനത്തിൽ ക്രിസ്തു രാജാധിരാജനായി ഇരുന്നുവാഴുമ്പോൾ ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കാളികളായ സകല വിശുദ്ധന്മാരും ക്രിസ്തുവിനോടു കൂടെ വാഴും. സഹസ്രാബ്ദകാലഘട്ടത്തിൽ മാത്രമല്ല അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും (വെളി.22:5).

ഭൂമിയിൽ സകലലോകസാമ്രാജ്യങ്ങളെയും തുടച്ചു നീക്കിയിട്ട് ക്രിസ്തു ഭൂമിയിൽ ഐഹികമായ ഒരു ദൈവരാജ്യം സ്ഥാപിച്ചു തന്റെ വിശുദ്ധന്മാരടൊന്നിച്ച് വാഴും എന്നത് പഴയനിയമത്തിലും (ഉല്പ.49:10/സംഖ്യ.24:17-19/ 2.ശമൂ.7:16/സങ്കീ.72:8/യെശ.2:4/യെശ.9:6,7/യെശ.11:3-9/യിരെ.23:5,6/ദാനീ.7:27/ മീഖാ.4:3/സെഖ.14:9) പുതിയനിയമത്തിലും (മത്താ.19:28/ലൂക്കൊ.1:32,33/ലൂക്കൊ.22:29,30/1.കൊരി.6:2/ഫിലി.2:10,11/ 2.തിമൊ.2:11/വെളി.2:26,27/വെളി.11:15/വെളി.12:5) ആവർത്തിച്ചു പ്രഖ്യാപിച്ചിരിക്കുന്ന വസ്തുതയാണ്. ക്രിസ്തുവിന്റെ ഭൂമിയിലെ വാഴ്ചയുടെ ദൈർഘ്യം ആയിരം ആണ്ടായിരിക്കും എന്നു വെളിപ്പാടിൽ പറഞ്ഞിരിക്കുന്നു (വെളി20).

സഹസ്രാബ്ദവാഴ്ചയെക്കുറിച്ചു പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക —

**(1) യെശയ്യാവ് —**

ക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ചയിൽ ഉണ്ടാകുന്ന സമാധാനത്തിന്റെയും സന്തോഷത്തിന്റെയും നാളുകളെപ്പറ്റി യെശയ്യാപ്രവാചകൻ വളരെ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു.

**യെശ.65:17-25** —- "ഇതാ, ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു......................"

**(2) യെഹെസ്കേൽ —**

യിസ്രായേലിന്റെ യഥാസ്ഥാപനത്തെക്കുറിച്ചും തങ്ങളുടെ ദേശത്തേക്ക് അവർ കൂട്ടിച്ചേർക്കപ്പെടുന്നതിനെക്കുറിച്ചും 36, 37 അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. യിസ്രായേലിനെതിരേ പൊട്ടിപ്പുറപ്പെടുന്ന യുദ്ധവും അതിൽ അവർക്കുണ്ടാകുന്ന വിജയവും യിസ്രായേലിന്റെ മാനസാന്തരവും യഥാസ്ഥാപനവും 38,39 അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. 40 മുതൽ 48 വരെയുള്ള അദ്ധ്യായങ്ങളിൽ സഹസ്രാബ്ദകാലഘട്ടത്തിലെ ദൈവാലയത്തിന്റെ ദർശനവും ഉൾക്കൊള്ളുന്നു.

**(3) ദാനീയേൽ —**

ബാബിലോൺ സാമ്രാജ്യത്തെ തുടർന്നു ഉദയം ചെയ്യുവാൻ പോകുന്ന ലോകസാമ്രാജ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു സമ്മിശ്രലോഹബംബിത്തെ ബാബേൽരാജാവ് സ്വപ്നം കാണുന്നു. ബാബിലോൺ, മേദോ- പാർസ്യ, ഗ്രീക്ക്, റോമാ എന്നീ നാലു സാമ്രാജ്യങ്ങളും ബലഹീനവും മൺമയവുമായ സാമ്രാജ്യങ്ങളായിരിക്കുമെന്നു സ്വപ്നവ്യാഖ്യാനത്തിലൂടെ ദാനീയേൽ രാജാവിനെ അറിയിച്ചു. എന്നാൽ കൈ തൊടാതെ ഒരു കല്ല് വന്നു ബിംബത്തെ തകർക്കുന്നു. കൈ തൊടാതെ വന്ന കല്ല് യേശുക്രിസ്തുവിനെക്കുറിക്കുന്നു. കാലാന്ത്യത്തിൽ ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന സഹസ്രാബ്ദ കാലഘട്ടത്തെയും ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയെയും ഇതു കുറിക്കുന്നു.

**ദാനീ.2;34,35 —**"തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരുമ്പും കളിമണ്ണുംകൊണ്ടുള്ള കാലിൽ അടിച്ചു തകർത്തു കളഞ്ഞു. ഇരുമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനല്ക്കാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാതവണ്ണം കാറ്റു അവയെ പറപ്പിച്ചു കൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ലു ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു."

**ദാനീ.2:44,45 —** "ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറെ ഒരു ജാതിക്കു ഏല്പിക്കപ്പെടുകയില്ല; അതു ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനില്ക്കുകയും ചെയ്യും."

**(4) ഹോശേയാ —**

**ഹോശേ.3:5 —**"പിന്നെത്തേതിൽ യിസ്രായേൽമക്കൾ തിരിഞ്ഞു തങ്ങളുടെ ദൈവമായ യഹോവയെയും തങ്ങളുടെ രാജാവായ ദാവീദിനെയും അന്വേഷിക്കും; ഭാവികാലത്തു അവർ ഭയപ്പെട്ടുംകൊണ്ടുയഹോവയിങ്കലേക്കും അവന്റെ നന്മയിങ്കലേക്കും വരും."

**(5) ആമോസ് —**

**ആമോ.9:15 —** "ഞാൻ അവരെ അവരുടെ ദേശത്തു നടും; ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തുനിന്നു അവരെ ഇനി പറിച്ചുകളകയുമില്ല എന്നു നിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു."

**(6) സെഖര്യാവ് —**

മശീഹായുടെ മഹത്വപ്രത്യക്ഷത, അന്നാളിലെ ഭൗതീകാനുഗ്രഹങ്ങൾ, യെരൂശലേമിൽ സകലലോകത്തിനും രാജാവായി വാഴുന്നത് എന്നിങ്ങനെ ക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ചയെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

സെഖ.14:8,16-21 —"അന്നാളിൽ ജീവനുള്ള വെള്ളം യെരൂശലേമിൽ നിന്നു പുറപ്പെട്ടു പാതി കിഴക്കേ കടലിലേക്കും പാതി പടിഞ്ഞാറേ കടലിലേക്കും ഒഴുകും; അതു ഉഷ്ണകാലത്തും ശീതകാലത്തും ഉണ്ടാകും; ..................................."

**സഹസ്രാബ്ദവാഴ്ചയുടെ ആവശ്യകത —**

(1) വിശുദ്ധന്മാർ രാജാക്കന്മാരെന്ന നിലയിൽ ലോകത്തെ ഭരിക്കുമെന്ന വാഗ്ദത്ത നിവർത്തിക്കായി (For fulfilling the promise that the saints will reign as kings)

(2) "നിന്റെ രാജ്യം വരേണമേ" എന്നുള്ള വിശുദ്ധന്മാരുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ (To get the answer to the prayer, Thy Kingdom come)

(3)യിസ്രായേലിന്റെ കൂട്ടിച്ചേർപ്പും അവരുടെ യഥാസ്ഥാപനത്തെപ്പറ്റിയും പഴയനിയമ വിശുദ്ധന്മാരോടുള്ള ദൈവീക വാഗ്ദത്തിന്റെ പൂർത്തീകരണത്തിനായി (To fulfill His Old Testament promises of a kingdom to Israel and their final restoration)

(4) യേശുക്രിസ്തു മഹത്വത്തോടെ ഭരിക്കുന്നത് സകലരും നേരിൽ കാണ്മാൻ (To put Jesus, in all His glory in public)

(5) ശാപത്തിങ്കീഴിലാക്കപ്പെട്ട ഭൂമിയുടെ വീണ്ടെടുപ്പിനായി (For bringing complete redemption of the earth under curse).

(6) സാത്താന്റെ സാന്നിദ്ധ്യമില്ലാത്ത ഭൂമിയിൽ ക്രിസ്തുവിന്റെ ഭരണത്തിൽ മനുഷ്യന്റെ പ്രവർത്തനം വിലയിരുത്തുവാൻ (For a test under the sovereign rule of the Lord Jesus Christ).

**സഹസ്രാബ്ദവാഴ്ചയുടെ പ്രത്യേകതകൾ —**

**(1) സഹസ്രാബ്ദ ഭരണം —**

സാത്താന്റെ സാന്നിദ്ധ്യവും പ്രവർത്തനവുമില്ലാത്ത ഭൂമിയിൽ രാജാധിരാജാവും സമാധാനദായകനുമായ ക്രിസ്തുവിന്റെ ഭരണം സന്തോഷത്തിന്റെ നാളുകളായിരിക്കും. ക്രിസ്തുവിന്റെ ഒന്നാം വരവിൽ രാജാവായി വന്നുവെങ്കിലും (മത്താ.1:1/മത്താ.21:1-11/ലൂക്കൊ.1:32,33), യിസ്രായേൽ വാഗ്ദത്ത മശീഹായായ ക്രിസ്തുവിനെ തിരിസ്കരിച്ചു (മർക്കൊ.15:12,13/ലൂക്കൊ.19:14). ക്രിസ്തുവിനെ ക്രൂശിൽ തറെക്കപ്പെട്ടപ്പോൾ പരിഹസിച്ചെഴുതിയെങ്കിലും ക്രൂശിലെ മേലെഴുത്ത് തന്നെ "യഹൂദന്മാരുടെ രാജാവായ യേശു" (മത്താ.27:37) എന്നായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള രണ്ടാം വരവ് സർവ്വലോകത്തിന്റെയും രാജാധിരാജാവായിട്ടായിരിക്കും (വെളി.19:16). പഴയനിയമപ്രവചന നിവർത്തിയെന്നോണം അന്നു ക്രിസ്തു ദാവീദിന്റെ സിംഹാസനത്തിലിരുന്നു എന്നേക്കും വാഴും (2.ശമൂ.7:16/സങ്കീ.89:20-37/യെശ.11:1-9/യിരെ.23:5,6/യിരെ.33:14-26).

ക്രിസ്തുവിന്റെ ഭരണം ഭൂമിയിൽ യാഥാർത്ഥമാകുമ്പോൾ അന്നുണ്ടാകുന്ന പ്രത്യേകതകൾ ഏറ്റവും ശ്രദ്ധേയമാണ് —

**Peace —**- All wars will cease. (Isa.2:4; 9:4-7; 32:17-18; 33:5-6; 55:12; 60:18; Eze.28:26; 34:25, 28; Hos.2:18; Micah 4:2-3; Zech.9:10)

**Joy —** The King's subjects will be happy (Isa.12:3-6; 14:7-8; 25:8-9; 61:7,10; 65:18-19; 66:10-14; Jer.31:18-19; Zeph.3:14-17; Zech.10:6-7)

**Holiness ---** This kingdom will be a holy kingdom. There will be rebellion, but King Jesus will rule with a rod of iron, Rev. 19:15. Capital punishment will be enforced. (Isa. 31:6-7; 35:8-9; 60:21; 61:10; Eze.36:24-31; 37:23-24; Zech.8:3; 14:20-21)

**Glory ---** This kingdom will be a glorious kingdom, with the glory of God in full display. All the citizens of the world will be able to travel to Jerusalem and see the glorified Savior face to face! Comfort - Jesus will fully minister to every need, so that there will be no want anywhere on the earth. (Isa 12:1-2; 30:26; 40:1-2; 49:13; 51:3; 66:21-23; Jer.31:23-25; Zeph.3:18-20)

**Justice ---** Perfect justice will be administered to every individual. (Isa. 9:7; 32:16; 42:1-4; 65:21-23; Jer.23:5.)

**Fullness Of Knowledge ---** An increase in the teaching ministry of the Holy Ghost will result in enhanced mental capabilities. (Isa. 11:1-2, 9; Isa. 41:19-20; *54:13*; Hab.2:14)

Instruction King Jesus will instruct His people in the ways of God. (Isa. 2:2-3; 29:17-24; 32:3-4; Jer.3:14-15; Micah 4:2)

**The Removal of the Curse ---** In Gen. 3:17-19, God placed a curse upon the earth. This curse will be removed; resulting in an increase in the productivity of the earth, and in wild animals will losing their ferocity and ability to injure or kill. (Isa 11:6-9; 65:25).

**Sickness Removed ---** The King will be a healer, so that sickness and death will vanish from the earth. Death will only exist as a punishment for extreme sin. (Isa 33:24; Jer.30:17; 33:6)

**Healing of the deformed ---** All deformity will be healed. (Isa.29:17-19; 35:3-6)

**Protection ---** There will be a supernatural preservation of life during the millennium. (Isa.41:8-14; 62:8-9; Jer. 23:6; Joel 3:16-17; Amos 9:15; Zech.9:8; 14:10-11)

**No Oppression ---** There will be no social, political, racial or religious oppression in that day. (Isa.14:3-6; 42:6-7; 49:8-9; Zech.9:11-12)

**No Immaturity ---** It seems that there will be no mental retardation or dwarfed bodies, extreme longevity will also be restored. (Isa.65:20)

**Reproduction by the Living People ---** The living Tribulation saints and believing Jews who enter the millennium will reproduce. The population of the earth will soar. Yet, all children will be born with a sin nature, and will therefore need salvation. (Jer.30:20; 31:29; Eze.47:22)

**Labor -** A perfect economic system, in which all needs will be met by the labor of men under direction of the King. It will be a fully industrialized world. (Isa. 62:8-9; 65:21-23; Jer.31:5)

**Economic Prosperity -** The perfect labor situation will produce economic abundance, so that there will be no want. (Isa.35:1-2, 7; 30:23-25; Jer.31:5; 12; Eze 34:26; 36:29-30; *Joel 2:21-27* *Amos 9:13-14*; Zech.8:11-12)

**Increase of Light ---** The will be an increase in solar and lunar light, this will produce longer growing seasons, accounting for the increase in productivity. (Isa.30:26)

**Unified Language ---** All language barriers will be removed. (Zeph.3:9)

**Unified Worship ---** The entire world will worship God through the Lord Jesus Christ. (Isa.45:23; 66:17-23; Zeph.3:9; Zech.14:16; 8:23; Mal.1:11)

**The fullness of the Spirit ---** All who are subject to the King will experience divine enablement and presence. (Isa.44:3; Eze.36:26-27; 37:14; Joel 2:28-29)

**(2) സഹസ്രാബ്ദവാഴ്ചയിൽ യിസ്രായേൽ —**

യഹൂദന്മാരുടെ രാജാവായി പിറന്ന മശീഹായെ അവർ തള്ളിക്കളയുകയും ക്രൂശിക്കയും ചെയ്തു. "യഹൂദന്മാരുടെ രാജാവായ യേശു" എന്നെ ക്രൂശിന്റെ മുകളിൽ എല്ലാവരും കാണത്തക്ക എഴുതിയപ്പോൾ അവർ ആഗ്രഹിച്ചതും ക്രിസ്തുവിനെ അപമാനിക്കയായിരുന്നു. എന്നാൽ അവർ തള്ളിക്കളയുകയും നിന്ദിക്കുകയും, കൊല്ലുകയും ചെയ്യപ്പെട്ട മശീഹായെ യിസ്രായേൽ സഹസ്രാബ്ദവാഴ്ചയിൽ യിസ്രായേൽ ആദരിച്ചു ആരാധിക്കും. ക്രിസ്തുവിന്റെ ഭരണത്തിൽ മാത്രം തങ്ങൾക്കു സമാധാനം ലഭിക്കുകയുള്ളു എന്നവർ മനസ്സിലാക്കും.

**(3) ലോകജാതികൾ —**

ലോകജാതികളും രാഷ്ട്രങ്ങളും ഇന്നയോളം ആഗ്രഹിച്ച സമാധാനവും യുദ്ധമില്ലായ്മയും കൈവരിക്കുന്നത് ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയിലായിരിക്കും. സമാധാനപ്രഭു എന്നറിയപ്പെടുന്ന ക്രിസ്തു തന്റെ വാഴ്ചയിൽ സകല വിധമായ അസമത്വങ്ങളും, അസന്മാർഗ്ഗികതയും, വിദ്വേഷങ്ങളും ഇല്ലാതാക്കി സമാധാനമായ ഭരണം കാഴ്ചവക്കും. ലോകനേതാക്കളും ഭരണതന്ത്രജ്ഞന്മാരും ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ട് സാദ്ധ്യമല്ലാതായിത്തീർന്ന സമാധാനഭരണം ക്രിസ്തുവിലൂടെ അനുഭവിക്കുവാനിടയാകും. മാത്രവുമല്ല ദൈവത്തോടു മത്സരിച്ചു ബാബേൽഗോപുരം പണിയുവാൻ ഒരുമ്പെട്ടപ്പോൾ അവരുടെ ഭാഷ ദൈവം കലക്കിക്കളഞ്ഞിരുന്നു. എന്നാൽ സഹസ്രാബ്ദവാഴ്ചയിൽ ഭൂവാസികൾ ഒരേഭാഷ സംസാരിക്കുകയോ അല്ലെങ്കിൽ അവർക്കു സകലഭാഷകളും കൈകാര്യം ചെയ്യുവാനുള്ള കഴിവോ ലഭിക്കുമെന്നു കരുതാം.

**(4) സഹസ്രാബ്ദ ദൈവാലയം —**

യെരൂശലേമിൽ സഹസ്രാബ്ദകാലത്തിൽ ദൈവാലയം ചമക്കപ്പെടും. യെഹെസ്കേൽ പ്രവചനം 40 മുതൽ 48 അദ്ധ്യായങ്ങളിൽ പുതിയ ദൈവാലയത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സഹസ്രാബ്ദവാഴ്ചയിൽ നിവർത്തിയാകുവാനിടയാകും. യഹൂദന്മാർ അന്തിക്രിസ്തുവിനെ തങ്ങളുടെ വരുവാനുള്ള മശീഹയെന്ന നിലയിൽ തെറ്റിധരിച്ചു പീഡനകാലത്തിൽ ദൈവാലയം പണിയുവാൻ അവനുമായി സഖ്യത്തിലേർപ്പെട്ടിരുന്നു. എന്നാൽ അവൻ വ്യാജസമാധാനമുമായി വന്ന കള്ളക്രിസ്തുവാണെന്നു ദൈവാലയത്തിൽ അവന്റെ പ്രതിമ സ്ഥാപിച്ചപ്പെടുമ്പോൾ യഹൂദൻ തിരിച്ചറിയുന്നു. എന്നാൽ അവർ ആഗ്രഹിച്ചതും യെഹെസ്കേൽ പ്രവാചകൻ ദൈവാലയത്തിന്റെ അളവുകൾ പ്രസ്താവിച്ചതും വിധത്തിലുള്ള ഒരു ദൈവാലയം സഹസ്രാബ്ദവാഴ്ചയുടെ ആരംഭത്തിൽ പണിയപ്പെടും.

**(5) മനുഷ്യായുസ്സ് —**

സഹസ്രാബ്ദകാലത്തിൽ യുദ്ധങ്ങളൊക്കെ ഇല്ലാതെയായിത്തീരുകയും യുദ്ധോപകരണങ്ങളും പോരാട്ടത്തിനുള്ള ആയുധങ്ങളും കൃഷി ചെയ്യുവാനുള്ള ഉപകരണങ്ങളായിത്തീരും. അന്തരീക്ഷമലിനീകരണമോ, വിഷപ്പുകയോ, രോഗാണുക്കളോ, രോഗങ്ങളോ ഇല്ലാതാകുകയും തൽഫലമായി മനുഷ്യന്റെ ആയുസ്സിനു ദൈർഘ്യം ഉണ്ടാകുകയും ചെയ്യും. ഉല്പത്തിയിലെ ജലപ്രളയാത്തിനു മുമ്പുണ്ടായിരുന്ന കാലത്തെപ്പോലെ മനുഷ്യന്റെ ആയുസ്സിനു ദൈർഘ്യം ഉണ്ടായിരിക്കും. യുവാവും വൃദ്ധനും എന്ന ഒരു വ്യാത്യസം ഇല്ലാതെയായിത്തീരും എന്നു കരുതാം.

യെശ.33:24 — "എനിക്കു ദീനം എന്നു യാതൊരു നിവാസിയും പറകയില്ല."

യെശ.65:20 — "കുറെ ദിവസം മാത്രം ജീവിക്കുന്ന കുട്ടിയും ആയുസ്സു തികയാത്ത വൃദ്ധനും അവിടെ ഇനി ഉണ്ടാകയില്ല; ബാലൻ നൂറു വയസ്സു പ്രായമുള്ളവനായി മരിക്കും."

**(6) സൗരയൂഥമാറ്റങ്ങൾ —**

ആകാശത്തിൽ പ്രകാശം തരുവാൻ ദൈവം കല്പിച്ചുണ്ടാക്കിയ സൂര്യനും ചന്ദ്രനും സഹസ്രാബ്ദവാഴ്ചയിൽ ഏറെ പ്രകാശം നല്കും.

യെശ.30:26 — "യഹോവ തന്റെ ജനത്തിന്റെ മുറിവു കെട്ടുകയും അവരുടെ അടിപ്പിണർ പൊറുപ്പിക്കയും ചെയ്യുന്ന നാളിൽ ചന്ദ്രന്റെ പ്രകാശം സൂര്യന്റെ പ്രകാശം പോലെയാകും; സൂര്യന്റെ പ്രകാശം ഏഴു

പകലിന്റെ പ്രകാശംപോലെ ഏഴിരട്ടിയായിരിക്കും.”

**വെളി.20:7 — ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽ നിന്നു അഴിച്ചു വിടും** (Now when the thousand years have expired, Satan will be released from his prison) —

സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ദൂതൻ സാത്താനെ ബന്ധിച്ചു ആയിരം ആണ്ടേയ്ക്കു അഗാധകൂപത്തിൽ തള്ളിയിടുകയുണ്ടായി. ക്രിസ്തു തന്റെ വിശുദ്ധന്മാരോടൊപ്പം ആയിരമാണ്ടു വാഴുമ്പോൾ ലോകജാതികളെ വഞ്ചിക്കാതിരിപ്പാനാണ് സാത്താനെ അഗാധകൂപത്തിലാക്കിയത്. അതിന്റെ ശേഷം അഥവാ ആയിരമാണ്ടു ശേഷം സാത്താനെ അല്പകാലത്തേക്കു അഴിച്ചു വിടേണ്ടതാകുന്നു എന്നും ബന്ധനവേളയിൽ പ്രസ്താവിച്ചിരുന്നു(വെളി.20:1-3). അതിൻപ്രകാരം ആയിരം ആണ്ടു കഴിയുമ്പോൾ സാത്താനെ അഴിച്ചു വിടും.

ഇക്കാലത്ത് മനുഷ്യരെല്ലാം ലോകം, ജഡം, പിശാച് എന്നിവയാലാണ് പരീക്ഷിക്കപ്പെടുന്നത്. എന്നാൽ സാത്താൻ ചങ്ങലയാൽ ബന്ധിതനായി അഗാധകൂപത്തിൽ കിടക്കുന്ന കാലമൊക്കെയും സാത്താന്റെ പ്രലോഭനങ്ങളോ പരീക്ഷകളോ ഭൂമിയിൽ ഇല്ലായിരിക്കും. മാത്രവുമല്ല നീതിയുടെ രാജാവു വാഴുന്നതിനാൽ സഹസ്രാഹബ്ദകാലയളവിൽ പാപത്തിലേക്കു വീഴ്ത്തുന്ന ലോകത്തിന്റെ പ്രലോഭനങ്ങളൊന്നും ഉണ്ടായിരിക്കാനിടയില്ല. എന്നാൽ ജഡശരീരത്തിൽ വസിക്കുന്ന മനുഷ്യനിൽ ജഡത്തിന്റെ പ്രവർത്തനങ്ങളും, പരീക്ഷണങ്ങളും, പ്രലോഭനങ്ങളും ഉണ്ടാകാം. സഹസ്രാബ്ദവാഴ്ചയിൽ മനുഷ്യൻ ദീർഘായുസ്സുള്ളവനായിരിക്കും. അതായത് ആയിരമാണ്ടോളം ജീവിക്കുന്നതിനാൽ ജനസംഖ്യയും ഏറ്റവും വർദ്ധിക്കും. ജനങ്ങളിൽ വിശ്വാസികൾ ഭൂരിപക്ഷമുണ്ടെങ്കിലും അവർക്കുണ്ടാകുന്ന സന്താനങ്ങൾ ക്രിസ്തുവിൽ അഭയം പ്രാപിച്ചു രക്ഷപ്രാപിച്ചില്ലെങ്കിൽ നിത്യമരണത്തിനു വിധിക്കപ്പെടും.

സാത്താനെ ആയിരം ആണ്ടു കഴിഞ്ഞശേഷം തടവിൽ നിന്നു അഴിച്ചു വിടും എന്നു പറയുന്നതിന്റെ ദൈവീകോദ്ദേശം നമുക്കു തികെച്ചും വ്യക്തമല്ല.

> കരുണാസമ്പന്നനായ ദൈവം വഞ്ചകനും ദുഷ്ടനുമായ സാത്താനു മാനസാന്തരത്തിനു ഒരവസരം കൂടി നല്കുകയായിരിക്കാം.

> സാത്താന്റെ സാന്നിദ്ധ്യമില്ലാത്ത ഭൂമിയിൽ ആയിരം വർഷം ബഹുവിധ നന്മകൾ ആസ്വദിച്ചു വസിച്ച മനുഷ്യരുടെ കൂറും സ്നേഹവും സാത്താന്റെ വിടുതലിൽ അവനോടു ചേരുമോ എന്നു മനുഷ്യരെ പരീക്ഷിക്കാനായിരിക്കാം.

> അന്നു ഭൂമിയിൽ വസിക്കുന്ന അവന്റെ അനുയായികളാരൊക്കെ എന്നു വേർതിരിച്ചു ലഭിക്കുവാനായിരിക്കും.

സാത്താൻ ആയിരം വർഷം ബന്ധനത്തിലായിരുന്നുവെങ്കിലും അവന്റെ സ്വഭാവത്തിനു മാറ്റം വരുന്നില്ല എന്നു സകലർക്കും മനസ്സിലാക്കുവാനിടയാകുന്നു. അതുപോലെ മനുഷ്യൻ എത്രനല്ല സാഹചര്യത്തിൽ ജീവിച്ചാലും അവന്റെ പാപപ്രകൃതിക്കു മാറ്റം വരുന്നില്ല എന്നുള്ളതും അവർ സാത്താനോടു ചേരുന്നതിൽ നിന്നു മനസ്സിലാക്കാം. ഏതായാലും ദൈവം തന്റെ നീതി നിറവേറ്റുവാനും നീതി പ്രദർശിക്കപ്പെടുവാനും സാത്താനെ ബന്ധനത്തിൽ നിന്നു സ്വതന്ത്രനാക്കുന്നു.

**വെളി.20:8 — അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിന്നായി കൂട്ടിച്ചേർക്കേണ്ടതിന്നു വശീകരിപ്പാൻ പുറപ്പെടും** (and will go out to deceive the nations which are in the four corners of the earth, Gog and Magog, to gather them together to battle, whose number is as the sand of the sea) —

സഹസ്രാബ്ദവാഴ്ചയുടെ സമാപനത്തോടെ സാത്താനെ അഗാധകൂപത്തിൽ നിന്നു വിട്ടയക്കുന്നു. വിടുതൽ ലഭിച്ച ഉടൻതന്നെ അവൻ ദൈവവുമായി ഒരു തുറന്നപോരാട്ടത്തിനായി ഒരുങ്ങുന്നു. എക്കാലത്തും അവൻ നിരന്തരം ചെയ്തുപോന്ന പ്രവർത്തനമായ വശീകരണം അഥവാ വഞ്ചനയുമായി ഭൂമിയുടെ നാലു ദിക്കിലേക്കും പുറപ്പെടുന്നു. ദൈവത്തിന്റെ തുടർന്നുള്ള സകലപരിപാടികളെയും തകിടം മറിക്കുക എന്ന ലക്ഷ്യത്തോടെ അവൻ അവസാനത്തെ ഒരു ശ്രമവും കൂടി നടത്തുന്നു.

**അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി** (in the four corners of the earth) —

ആയിരം ആണ്ടു സാത്താൻ ബന്ധനസ്ഥനായി അഗാധകൂപത്തിൽക്കിടന്നു യാതന അനുഭവിച്ചിട്ടും അവന്റെ സ്വഭാവത്തിനു ഒരു മാറ്റവും വരുന്നില്ല. ദൈവകരുണയാൽ സ്വതന്ത്രനായ അവൻ ദൈവത്തോടുള്ള മത്സരത്തിനുള്ള പുറപ്പാടാണ്. ഭൂമിയുടെ നാലുദിക്കിലുമുള്ള ജാതികളെ വശീകരിക്കാനാണ് അവന്റെ പുറപ്പാട്. നാലു ദിക്ക് എന്നത് ഭൂമിയുടെ നാലു കോണുകളായ തെക്ക്, വടക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നിവ ഉൾക്കൊള്ളുന്നു. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്ന നാലുദിക്കിന്റെ പ്രസക്തിയെന്നത് ആഗോളവ്യാപകമായ ഒരു മത്സരത്തിനു ജനങ്ങളെ സംഘടിപ്പിക്കുക എന്നതാണ്.

**സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള** (whose number is as the sand of the sea) —

ക്രിസ്തുവിനെതിരായി മത്സരിച്ചു യുദ്ധത്തിനായി സംഘടിക്കുന്നവരുടെ സംഖ്യ കടല്പുറത്തെ

മണലുപോലെ എന്നാണ് യോഹന്നാൻ പറയുന്നത്. കടല്പുറത്തെ മണൽപോലെ എന്ന വിശേഷണം തിരുവചനത്തിൽ ആവർത്തിച്ചു ഉപയോഗിച്ചിരിക്കുന്നത് എണ്ണി തിട്ടപ്പെടുത്തുവാനാവാത്ത ഒരു കൂട്ടത്തെ വർണ്ണിക്കുവാനാണ് (ഉല്പ.22:17/യോശു.11:4/ന്യായാ.7:12/1.ശമൂ.13:5/എബ്രാ.11:12). "ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടല്കരയിലെ മണൽപോലെയും അത്യന്തം വർദ്ധിപ്പിക്കും" (ഉല്പ.22:17) എന്നു ദൈവം അബ്രഹാമിനോടു ദൈവം പറഞ്ഞുവെങ്കിൽ ഇവിടെയിതാ സാത്താന്റെ സന്തതികൾ സംഖ്യയിൽ കടല്പുറത്ത മണൽപോലെ ആയിത്തീർന്നിരിക്കുന്നു. ക്രിസ്തുവിന്റെ സൽഭരണം ജീവിതത്തിൽ അനുഭവിച്ചവരാണ് സാത്താനോട് പക്ഷം ചേരുന്നതെന്ന പ്രത്യേകതയുമുണ്ടിവിടെ. സഹസ്രാബ്ദവാഴ്ച അവസാനിക്കുന്ന വേളയിൽ എണ്ണിക്കൂടാനാവാത്ത ഒരു മനുഷ്യമഹാസമുദ്രംതന്നെ ക്രിസ്തുവിനെതിരായി സാത്താന്റെ വശീകരണവാക്കുകളിൽ കുടുങ്ങി മഹായുദ്ധത്തിനായി വരുന്നു. സഹസ്രാബ്ദവാഴ്ചയിൽ രോഗങ്ങളും യുദ്ധങ്ങളും ഇല്ലാതെ, ജീവനു തടസ്സമായ പ്രതികൂലതകളില്ലാതെ, മനുഷ്യർ സമാധാന ജീവിതം നയിക്കുന്നു. കൂടാതെ ജലപ്രളയത്തിനു മുമ്പുള്ള കാലഘട്ടത്തിലെപ്പോലെ മനുഷ്യനു ദീർഘായുസ്സും ലഭിക്കുന്നു. ഇക്കാരണങ്ങളാൽ അക്കാലത്തെ ജനസംഖ്യ ഏറ്റവും വർദ്ധിക്കുവാനിടയാകുന്നു.

**ഗോഗ്, മാഗോഗ് എന്നവരെ** (Gog and Magog) —–

ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളെ അഥവാ ആഗോളവ്യാപകമായി സകലരെയും ക്രിസ്തുവിനെതിരായുള്ള യുദ്ധത്തിനു കൂട്ടിച്ചേർക്കുന്നതിനായി സാത്താൻ പുറപ്പെടുന്നു. സംഖ്യയിൽ കടല്പുറത്തെ മണലുപോലെ അഥവാ എണ്ണമറ്റ ഗോഗ് മാഗോഗ് എന്നവരെ അവൻ വശീകരിച്ചു ഒരുമിച്ചു കൂട്ടുന്നു. ഗോഗ്, മാഗോഗ് എന്നതിനെക്കുറിച്ച് വിവിധ വിശദീകരണങ്ങൾ കാണുന്നു.

(1) നോഹയുടെ ഇളയമകനായ യാഫെത്തിന്റെ രണ്ടാമത്തെ പുത്രന്റെ പേര് മാഗോഗ് എന്നായിരുന്നു (ഉല്പ.10:2/1.ദിന.1:5). ആയതിനാൽ ഗോഗ്, മാഗോഗ് എന്നവർ യാഫെത്തിന്റെ വംശജരായ ജാതികളും അവർ പാലസ്തീനിനു വടക്കു താമസിക്കുന്നവരെന്ന നിലയിയിൽ വടക്കേദേശക്കാർ എന്നും അറിയപ്പെട്ടിരുന്നു.

(2) യാക്കോബിന്റെ ആദ്യജാതനായ രൂബേന്റെ വംശാവലിയിൽ ഗോഗ് ഉൾപ്പെടുന്നു (1.ദിന.5:4).

(3) യിസ്രായേലിനെ ആക്രമിക്കുവാൻ പലസ്തീനിന്റെ വടക്കുദേശക്കാരായ ജാതീയ ശക്തികളായി ഗോഗ്, മാഗോഗ് എന്നവരെ യെഹെസ്കേൽ പ്രവചനം 38,39 അദ്ധ്യായങ്ങളിൽ കാണുന്നു. റഷ്യയും അവരുടെ സഖ്യകക്ഷികളുമാണ് ഇതിലുൾപ്പെടുന്നത്. കാരണം ഗോഗ്, മാഗോഗ് എന്നത് വടക്കേ ദേശക്കാരാണെന്നും അവർ അന്നു പാർത്തിരുന്ന സ്ഥലം ഇപ്പോൾ റഷ്യയുടെഅധീനത്തിലും ആയിരിക്കുന്നതിനാൽ തന്നെ. മാത്രവുമല്ല "വടക്കുനിന്നുള്ള സൈന്യം" എന്ന വിശേഷിപ്പിക്കുന്ന ഗോഗ് മാഗോഗ് റഷ്യയാണെന്നു വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുമുണ്ട്.

യെഹെസ്കേൽ 38 - ൽ മാഗോഗ്, ഗോഗ് എന്നിവയെക്കുറിച്ചുള്ള വിശദീകരണം ലഭിക്കുന്നു. **യെഹെ.38:1-3 —** "യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ: മനുഷ്യപുത്രാ, രോശ്, മേശെക്, തൂബൽ എന്നിവയുടെ പ്രഭുവായി മാഗോഗ്ദേശത്തിലെ ഗോഗിന്റെ നേരെ നീ മുഖം തിരിച്ചു അവനെക്കുറിച്ചു പ്രവചിച്ചു പറയേണ്ടതു; യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: രോശ്, മേശെക്, തൂബൽ എന്നിവയുടെ പ്രഭുവായ ഗോഗേ, ഞാൻ നിനക്കു വിരോധമായിരിക്കുന്നു." അതായത് മാഗോഗ് ദേശത്തിലുൾപ്പെട്ടതാണ് രോശ്, മേശെക്, തൂബൽ എന്നും അതിന്റെ പ്രഭുവാണ് ഗോഗ് എന്നും മനസ്സിലാക്കാം. മേശെക്കും, തൂബലും റഷ്യയിലെ രണ്ടു പ്രസിദ്ധനഗരങ്ങളാണ്. രോശ് എന്നതിനു റഷ്യ എന്നും, മേശെക് എന്നതിനു മോസ്കോ എന്നും, തൂബൽ എന്നതിനു ടൊബോൾസ്ക് എന്നുമാണ് അവയുടെ ആധുനികനാമങ്ങൾ (Rosh > Russia / Meshech > Mosco / Tubal > Tobolsk). ഗോഗ്, മാഗോഗ് എന്നിവയെ പ്രതിനിതീകരിക്കുന്ന റഷ്യൻ നേതൃത്വത്തിലായിരിക്കും സാത്താൻ യുദ്ധത്തിനു വരുന്നത്.

(4) യിസ്രായേലിനോടു മത്സരിക്കുകയും എതിർക്കുകയും യുദ്ധത്തിനായി വരുന്നതുമായ റഷ്യയുൾപ്പെടെയുള്ള സകലജാതീയരാഷ്ട്രങ്ങളെയും ഗോഗ്, മാഗോഗ് എന്ന നാമധേയത്തിൽ വിശേഷിപ്പിക്കാമെന്നാണ് മറ്റൊരഭിപ്രായം. അതായത് സാത്താന്റെ വശീകരണത്താൽ ക്രിസ്തുവിനോട് യുദ്ധത്തിനായി പുറപ്പെട്ടു വരുന്ന സകല അവിശ്വാസികളെയും ദുഷ്ടന്മാരെയും ഗോഗ്, മാഗോഗ് എന്ന പേരിൽ അറിയപ്പെടുന്നു.

(5) വെളിപ്പാടു പുസ്കത്തിലെ പല പ്രയോഗങ്ങളും ആലങ്കാരികഭാഷാവർണ്ണനയിലുള്ളതാണ്. ഈസബേൽ എന്ന സ്ത്രീ (വെളി.2:20), സോദോം എന്നും മിസ്രയിം എന്നുള്ള മഹാനഗരം (വെളി.11:2), സൂര്യനെ അണിഞ്ഞ സ്ത്രീ, സ്ത്രീ പ്രസവിച്ച ആൺകുട്ടി (വെളി.12:1-6) എന്നിങ്ങനെ അനേക ആലങ്കാരികഭാഷാ വർണ്ണനകൾ കാണുന്നു. ആയതുപോലെ ഗോഗ്, മാഗോഗ് എന്നതും സകല സാത്താന്യശക്തികളെയും ദൈവത്തിനെതിരായി യുദ്ധത്തിനായി സംഘടിക്കുന്ന കൂട്ടങ്ങളെയും ഗോഗ്, മാഗോഗ് എന്ന ആലങ്കാരികപ്രയോഗത്തിലുൾപ്പെടുന്നു.

**—> ഗോഗ്, മാഗോഗ് എന്നലെന്ത് ?** — ക്രിസ്തുവിനെതിരായി ആഗോളവ്യാപകമായ

യുദ്ധത്തിനു കൂട്ടുകെട്ടുണ്ടാക്കുന്ന ഭൂമിയിലെ രാജ്യങ്ങളുടെ പ്രതീകമാണ് ഗോഗ്, മാഗോഗ് എന്നു കരുതാം. ഏതെങ്കിലും ഒരു പ്രത്യേക രാജ്യത്തെയോ, വംശത്തെയോ അല്ല ഇത് വെളിപ്പെടുത്തുന്നത്. സാത്താന്റെ വശീകരണവാക്കിലും വഞ്ചനയിലും കുടുങ്ങി ക്രിസ്തുവിനോട് യുദ്ധത്തിനായി സാത്താനുമായി ചങ്ങാത്തം കൂടുന്ന ഭൂമിയിലെ സകല ദുഷ്ടന്മാരെയും ഗോഗ്, മാഗോഗ് എന്ന വിശേഷണം കുറിക്കുന്നു.

യെഹസ്കേൽ38,39 അദ്ധ്യായങ്ങളിലും, വെളിപ്പാടു 20–ാം അദ്ധ്യായത്തിലും പരാമർശിക്കുന്ന ഗോഗ്, മാഗോഗ് വിശേഷണത്തോടുള്ള ബന്ധത്തിൽ നടക്കുന്ന രണ്ടുയുദ്ധങ്ങളും ഒന്നാണെന്നും അവ സഹസ്രാബ്ദവാഴ്ചക്കുശേഷം നടക്കുന്നതാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. രണ്ടു യുദ്ധങ്ങളിലും എതിർചേരിയിൽ പൊതുവായി യിസ്രായേലുണ്ടെങ്കിലും വളരെ ശ്രദ്ധിച്ചു പരിശോധിച്ചാൽ രണ്ടു യുദ്ധങ്ങളും വ്യത്യസ്ഥങ്ങളാമെന്നു മനസ്സിലാക്കാം. ചില പ്രധാന വ്യത്യാസങ്ങൾ —

(1) യെഹെസ്കേൽ 38,39 അദ്ധ്യായങ്ങളിലെ യുദ്ധവും ഹർമ്മഗെദ്ദോൻ യുദ്ധവും (വെളി.19:17-21) ഒന്നുതന്നെ എന്നു കരുതാം. കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ മഹാപീഡനകാലത്തിനു അന്ത്യം കുറിച്ചുകൊണ്ടു നടക്കുന്ന ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ മൃഗത്തെയും കള്ളപ്രവാചകനെയും തീപ്പൊയ്കയിലേക്കു തള്ളുകയും അവരുടെ അനുയായികളെ ക്രിസ്തു തന്റെ വായിലെ ശ്വാസത്താൽ കൊന്നു കളയും. അന്നു അവരുടെ ശവം മഹാദൈവത്തിന്റെ അത്താഴമെന്ന നിലയിൽ ആകാശത്തിലെ പക്ഷികൾക്കു ആഹാരമായിത്തീരും (വെളി.19:17-21). എന്നാൽ വെളിപ്പാട് 20-ൽ നടക്കുന്ന ആഗാളവ്യാപകമായ യുദ്ധത്തിൽ ക്രിസ്തുവിനോടു എതിർത്തു വരുന്ന സാത്താനെ തീപ്പൊയ്കയിലേക്കു തള്ളുകയും അവന്റെ സൈന്യത്തെ മുഴുവനും സ്വർഗ്ഗത്തിലെ അഗ്നിയാൽ ദഹിപ്പിക്കുകയും ചെയ്യും.

(2) യെഹെസ്കേലിൽ നടക്കുന്ന യുദ്ധം മഹാപീഡനകാലയളവിൽ ആയിരിക്കുമ്പോൾ (യെഹെ.39:23-28), വെളിപ്പാടിലേത് ക്രിസ്തുവിന്റെ ആയിരം ആണ്ടുവാഴ്ചക്കുശേഷം നടക്കുന്നതാണ് (വെളി.20:7-9). അതായത് ഇരു യുദ്ധങ്ങൾ തമ്മിൽ കുറഞ്ഞത് ആയിരം വർഷത്തെ അന്തരമുണ്ടായിരിക്കും.

(3) യെഹെസ്കേൽ പ്രവചനത്തിൽ യിസ്രായേലിനോടു യുദ്ധത്തിനു വരുന്നത് മാഗോഗ് ദേശത്തിലെ പ്രഭുവായ ഗോഗ് ആണ്. അത് വടക്കേദേശവുമായി ബന്ധപ്പെട്ടിരിക്കുന്നു. വടക്കൻ സൈന്യശക്തി റഷ്യയെ കുറിക്കുന്നു. അതായത് യിസ്രായേലിനോടു പൊരുതുവാൻ വടക്കു നിന്നാണ് ശത്രുക്കൾ വരുന്നത് (യെഹെ.38:15). എന്നാൽ വെളിപ്പാട് 20 -ൽ നടക്കുന്ന യുദ്ധത്തിനായി ശത്രുക്കൾ വരുന്നത് ഭൂമിയുടെ നാലു ദിക്കിൽ നിന്നുമുള്ളവരാണ് (വെളി.20:3). ഗോഗ്, മാഗോഗ് വടക്കേ സൈന്യത്തിന്റെ ആക്രമണത്തെ കുറിക്കുമ്പോൾ വെളിപ്പാട് 20 - ലെ യുദ്ധം ആഗോളവ്യാപകമായ ഒന്നാണ്.

(4) യെഹെസ്കേലിൽ, രോശ്, മേശെക്, തൂബൽ എന്നിവയുടെ പ്രഭുവായ ഗോഗ് യുദ്ധം നയിക്കുമ്പോൾ (യെഹെ.38:1-3) വെളിപ്പാട് 20 -ൽ സാത്താനാണ് യുദ്ധം നയിക്കുന്നത് (വെളി.20:8).

(5) യെഹെസ്കേലിൽ കൊള്ളയിടേണ്ടതിനും കവർച്ച ചെയ്യേണ്ടതിനുമാണ് യുദ്ധമുണ്ടാകുന്നതെങ്കിൽ (യെഹെ.38:11), വെളിപ്പാടിൽ സഹസ്രാബ്ദഭരണത്തിന്റെ തലസ്ഥാനമായ ദൈവനഗരമായ യെരൂശലേമിനെയും വിശുദ്ധന്മാരുടെ പാളയത്തെയും ലക്ഷ്യമാക്കിയുള്ള യുദ്ധമാണ് (വെളി.20:9).

(6) യെഹെസ്കേലിൽ, അരങ്ങേറുന്ന യുദ്ധത്തിന്റെ ഫലമായി മരിച്ചുവീഴുന്ന ദുഷ്ടന്മാരുടെ ശവങ്ങൾ മറവു ചെയ്തു ദേശത്തെ വെടിപ്പാക്കുവാൻ ഏഴുമാസത്തെ പ്രയത്നം ആവശ്യമായിരിക്കുന്നു (യെഹെ.39:12). എന്നാൽ വെളിപ്പാടിൽ നടക്കുന്ന യുദ്ധത്തിൽ കൊല്ലപ്പെടുന്ന ആരെയും മറവുചെയ്യേണ്ട ആവശ്യം വരുന്നില്ല. കാരണം ആകാശത്തു നിന്നു തീയിറങ്ങി സകലരെയും ഭസ്മമാക്കിക്കളയുന്നു (വെളി.20:9).

**യുദ്ധത്തിന്നായി കൂട്ടിച്ചേർക്കേണ്ടതിന്നു വശീകരിപ്പാൻ പുറപ്പെടും** (and will go out to deceive the nations, to gather them together to battle) —

ആയിരമാണ്ട് അഗാധകൂപത്തിൽ യാതന അനുഭവിച്ചു ബന്ധിതനായി കിടന്നെങ്കിലും സാത്താന്റെ സ്വഭാവത്തിനു ഒരു മാറ്റവും വരുന്നില്ല. അവൻ ഇപ്പോഴും വഞ്ചകനും, അപവാദം പരത്തുന്നവനും, ഭോഷ്ക്കു പറയുന്നവനും, ദൈവവിരോധിയും, മത്സരിയും, ദൈവത്തോടു പോരാടുന്നതിനു തക്കം പാർത്തു കഴിയുന്നവനുമാണ്. അതുകൊണ്ടാണ് അഗാധകൂപത്തിൽ നിന്നു വിടുതൽ ലഭിച്ച സാത്താൻ ദേശത്തിന്റെ നാലുദിക്കുകളിലേക്കും പാഞ്ഞു സകലജാതികളെയും ദൈവത്തിനെതിരായുള്ള യുദ്ധത്തിനായി വശീകരിക്കുന്നത്.

സാത്താന്റെ സാന്നിദ്ധ്യമില്ലാത്ത ലോകത്തിൽ ക്രിസ്തു ആയിരം ആണ്ടു ഭരിക്കുമ്പോൾ പാപപ്രകൃതിയുള്ള മനുഷ്യരെല്ലാം ക്രിസ്തുവിനോടു കൂറുള്ളവരായിരിക്കണമെന്നില്ല. സഹസ്രാബ്ദവാഴ്ചയിൽ മർത്യശരീരത്തിൽ ജീവിക്കുന്നവരിൽ എല്ലാവരും വിശ്വാസികളുമല്ല. അവരിൽ ഒരു ഭാഗം അവിശ്വാസികളും അക്കാലത്ത് ഭൂമിയിൽ ഉണ്ടായിരിക്കും. പാപപ്രകൃതി നിമിത്തം ഏതു സമയത്തും മത്സരവും അനീതിയും പൊട്ടിപ്പുറപ്പെടാം. 'ഇരുമ്പുകോൽകൊണ്ടു നീ അവരെ തകർക്കും; കുശവന്റെ പാത്രംപോലെ അവരെ ഉടക്കും' (സങ്കീ.2:9/വെളി.2:27) എന്നുള്ള പ്രവചനം അപ്പോൾ പ്രാവർത്തികമാകും. ക്രിസ്തുവിന്റെ ഭരണത്തിൽ അവർ സൽഗുണങ്ങൾ അനുഭവിക്കുന്നുവെങ്കിലും

പാപത്തെ സ്നേഹിച്ചു ജീവിക്കുന്നു. ക്രിസ്തുവിനോടുള്ള അവരുടെ സമർപ്പണം കഠിനമായ ശിക്ഷ ലഭിക്കുമെന്ന ഭയത്തിൽ നിന്നുടലെടുക്കുന്നതാണ്. മറിച്ചു സ്നേഹത്തിൽ നിന്നല്ല. ആകയാൽ അവരുടെ നായകനായ സാത്താൻ രംഗപ്രവേശനം ചെയ്യുന്ന നിമിഷത്തിൽ സാത്താനോടൊപ്പം കൂടി ക്രിസ്തുവിനെതിരായി അവിശ്വാസികൾ സംഘടിക്കുന്നു. അവർ ക്രിസ്തുവിന്റെ ഭരണത്തിന്റെ നന്മകൾ അനുഭവിച്ചവരെങ്കിലും സാത്താന്റെ വശീകരണവാക്കുകളിൽ ഏറെ ആകൃഷ്ടരായി വഞ്ചനയിൽ കുടുങ്ങിപ്പോകുന്നു. ഏദെൻതോട്ടത്തിൽ ഹവ്വായെ വശീകരിച്ചു ചതിച്ചതുപോലെ ക്രിസ്തുവിന്റെ ഭരണത്തിന്റെ അനുഗ്രഹങ്ങൾ പങ്കിട്ടു ജീവിച്ചവരും സാത്താന്റെ വശീകരണവാക്കുകളിലും വഞ്ചനയിലും വീണുപോകുന്നു. ഇതിൽ നിന്നു ഗ്രഹിക്കാവുന്നത്: മനുഷ്യൻ എത്ര നല്ല സാഹചര്യത്തിലും എത്ര നല്ല സാന്മാർഗ്ഗികജീവിതാനുഭവത്തിൽ കഴിഞ്ഞാലും ആത്മീകമായി ബലപ്പെടെണമെങ്കിൽ മനുഷ്യന് ദൈവകൃപ അനിവാര്യമായിരിക്കുന്നു എന്നതാണ്. മനുഷ്യനു തന്നെത്തന്നെ രക്ഷിക്കുവാൻ അന്നും കഴികയില്ല. ദൈവകൃപ അനുഭവിക്കാത്തിടത്തോളം അവൻ പാപത്തിൽ മുഴുകിയവനും, നിസ്സഹായനുമാണ് (റോമ.3:10-23/എഫെ.2:1-3).

**വെളി.20:9 — അവർ ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും** (They went up on the breadth of the earth and surrounded the camp of the saints and the beloved city. And fire came down from God out of heaven and devoured them) —

അഗാധകൂപത്തിൽനിന്നു വിടുതൽ ലഭിച്ച സാത്താൻ ദേശത്തിന്റെ നാലു ദിക്കിലേയ്ക്കും പുറപ്പെട്ടുചെന്നു വശീകരണവാക്കുകളാൽ സകല ജാതികളെയും അവന്റെ വശത്താക്കുന്നു. ക്രിസ്തുവിനെതിരായി യുദ്ധം ചെയ്യേണ്ടതിന്നു അവരൊന്നടങ്കം സാത്താന്റെ നേതൃത്വത്തിൽ അണിനിരക്കുന്നു. തുടർന്നു അവരുടെ പ്രവർത്തനവും അതിനുള്ള ശിക്ഷയും ഇവിടെ പ്രസ്താവിച്ചിരിക്കുന്നു.

**അവർ ഭൂമിയിൽ പരക്കെ ചെന്നു** (They went up on the breadth of the earth) —

ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ പരാജയപ്പെട്ട അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും തീപ്പൊയ്കയിലേയ്ക്കുള്ള തള്ളിയിടലും, അവരുടെ അനുയായികളുടെ കൂട്ടക്കൊലയും ദൈവത്തിന്റെ ന്യായവിധിയാൽ നടന്നു. എന്നിട്ടും മഹാസർപ്പമായ സാത്താനു കടല്പുറത്തെ മണലുപോലെ ഒരു വമ്പിച്ച ജനക്കൂട്ടത്തെ സംഘടിപ്പിച്ചു ഭൂമിയുടെ പരക്കെ ചെന്നു ക്രിസ്തുവിനും വിശുദ്ധന്മാർക്കുമെതിരായി യുദ്ധം ചെയ്യുവാൻ സാധിക്കുന്നതു അത്ഭുതം തന്നെ. അതും സംഘടിപ്പിക്കപ്പെടുന്ന മനുഷ്യരും അവരുടെ സൈന്യങ്ങളും ആയിരമാണ്ടു ക്രിസ്തുവിന്റെ ഭരണത്തിന്റെ നന്മകളനുഭവിച്ചു ജീവിച്ചവർ. ഒരുപക്ഷേ ഹർമ്മഗെദ്ദോനിലെ യുദ്ധത്തിനു എത്തിച്ചേരുവാൻ യൂഫ്രാത്തേസ് നദി വറ്റിച്ചുകൊടുത്തു വഴിയൊരുക്കിക്കൊടുത്ത ദൈവം (വെളി.16:12) ഇവിടെയും സാത്താന്യസൈന്യം ഒന്നിച്ചുകൂടുവാൻ അനുവദിക്കുകയാകാം. അവർ ഭൂമിയുടെ പരക്കെ ചെന്നാണ് ആക്രമിക്കുന്നത്. സാത്താനെ തുറന്നു വിട്ടപ്പോൾ അവൻ ദേശത്തിന്റെ നാലുദിക്കിലേക്കുമാണ് തന്റെ വഞ്ചനയുടെ ഉപായം പ്രവർത്തിക്കുവാൻ പോയത്. നാലുദിക്കിലും നിന്നു സംഘടിക്കപ്പെട്ടവർ സാത്താന്റെ നേതൃത്വത്തിൽ ഭൂമിയിൽ പരക്കെ അഥവാ ആഗോളവ്യാപകമായി യുദ്ധത്തിനായി വരുന്നു.

**വിശുദ്ധന്മാരുടെ പാളയത്തെയും** (and surrounded the camp of the saints) —

പാളയം എന്നതിന്റെ ഗ്രീക്കു പദം പാരംബോൾ (camp> parembole = castle / fortress) എന്നാണ്. അപ്പൊസ്തലപ്രവൃത്തിയിൽ ഇതിനെ കോട്ട (fortress)എന്നാണ് (അപ്പൊ.21:34,37) തർജ്ജിമ ചെയ്തിരിക്കുന്നത്. പൊതുവിൽ പാളയം എന്ന പദം യുദ്ധത്തോടു ബന്ധപ്പെട്ടിരിക്കുന്നു. സാത്താന്റെയും അവന്റെ അനുയായികളുടെയും ലക്ഷ്യം ആഗോളവ്യാപകമായി വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും നശിപ്പിക്കുക എന്നാണ്. ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെ ആക്രമിക്കുക എന്നതിൽ നിന്നു തെളിയുന്നത് സഹസ്രാബ്ദകാലഘട്ടത്തിൽ വിശുദ്ധന്മാർ ദേശവ്യാപകമായി ദൈവത്തെ ആരാധിക്കുന്നവരും അവരുടെ വാസസ്ഥലം യെരൂശലേം മാത്രമല്ല ലോകമെമ്പാടും വ്യാപിച്ചിരിക്കുന്നുവെന്നാണ്.

സഹസ്രാബ്ദകാലയളവിൽ മർത്യശരീരത്തിൽ ജീവിച്ചിരിക്കുന്ന വിശ്വാസികളായ വിശുദ്ധന്മാർ ക്രിസ്തുവിന്റെയും തേജസ്കരിക്കപ്പെട്ട വിശുദ്ധന്മാരുടെയും ഭരണത്തിൽ കീഴടങ്ങി സ്നേഹത്തോടെ ജീവിക്കുന്നവരും ദൈവത്തെ ആരാധിക്കുന്നവരുമാണ്. എന്നാൽ ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവരായി തേജസ്കരിക്കപ്പെട്ട ശരീരമുള്ള വിശുദ്ധന്മാർ ക്രിസ്തുവിനോടു കൂടെ വാഴുന്നവരും ആണ്. മഹാരാജാവാകുന്ന ക്രിസ്തുവിന്റെ വാഴ്ചയിൽ അവർ സർവ്വഭൂമിയിലും രാജാക്കന്മാരും പ്രഭുക്കന്മാരുമായി ആധിത്യം ലഭിച്ച് വാഴുന്നവരുമാണ് (ദാനീ.7:27). അതായത് വിശുദ്ധന്മാരുടെ പ്രതിഫലം വീതിക്കപ്പെടുമ്പോൾ അവരവരുടെ പ്രവൃത്തികൾക്കുനുസരണമായി പട്ടണങ്ങളുടെ ഭരണാധികാരവും വീതിക്കപ്പെടുമെന്നു കരുതാം (മത്താ.25:19-23/ലൂക്കൊ.19:14-19). ആകയാൽ അങ്ങനെയുള്ള വിശുദ്ധന്മാരുടെ ഭരണകേന്ദ്രങ്ങളും വാസസ്ഥലങ്ങളും പാളയമെന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്താം. മഹാസർപ്പമായ സാത്താനും സൈന്യങ്ങളും ഒരുമിച്ചു വിശുദ്ധന്മാരുടെ പാളയത്തെ അഥവാ

ഭരണകേന്ദ്രങ്ങളെയും അവരുടെ വാസസ്ഥലങ്ങളെയും നശിപ്പിക്കുവാനായി അണിനിരക്കും.

**പ്രിയനഗരത്തെയും വളയും** (and the beloved city) —

സാത്താനും അവനോടൊപ്പം വരുന്ന സൈന്യങ്ങളും വിശുദ്ധന്മാരുടെ പാളയങ്ങൾ മാത്രമല്ല പ്രിയനഗരത്തെയും വളയും. 'പാളയം' എന്നപോലെ 'വളയും' എന്നതും യുദ്ധത്തോടു ബന്ധപ്പെട്ടിരിക്കുന്ന പദമാണ്. അതായത് ശത്രുക്കളെല്ലാം ഒന്നിച്ചുകൂടി യെരൂശലേമിനു ചുറ്റും നിന്നു യുദ്ധം ചെയ്തു നശിപ്പിക്കുക എന്നതാണ് അവരുടെ ലക്ഷ്യം.

പ്രിയനഗരം എന്നത് യെരൂശലേമിനെ കുറിക്കുന്നു. ക്രിസ്തുവിന്റെ ആയിരമാണ്ടുവാഴ്ചെയുടെ ഭരണശിരാകേന്ദ്രമാണ് യെരൂശലേം. ''സീയോനിൽ നിന്നു ഉപദേശവും യെരൂശലേമിൽനിന്നു യഹോവയുടെ വചനവും പുറപ്പെടും'' (യെശ.2:3) എന്നു പ്രവാചകനായ യെശയ്യാവു യെരൂശലേമിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. വിശുദ്ധന്മാർ യെരൂശലേമിലാണ് പാളയമടിച്ചിരിക്കുന്നത് (സങ്കീ.87:2). മാത്രവുമല്ല ക്രിസ്തുവിന്റെ രാജസിംഹാസനം ഇരിക്കുന്നതും, സഹസ്രാബ്ദവാഴ്ചെയിൽ ലോകത്തിന്റെ തലസ്ഥാനവും യെരൂശലേമായിരിക്കും (യെശ.24:23/യിരെ.3:17/യെഹെ.43:7/മീഖാ.4:7/ സെഖ.14:8-12). പ്രിയനഗരം എന്നതിനു പുറമേ യെരൂശലേമിനെ വിശുദ്ധനഗരം (വെളി.11:2), മഹാനഗരം (വെളി.11:8/വെളി.16:19) എന്നും വിളിച്ചിരിക്കുന്നു. യെരൂശലേമിനെ പിതാവായ ദൈവം പ്രിയനഗരം എന്നു വിളിക്കപ്പെടുവാനുള്ള കാര്യങ്ങൾ രണ്ടാണ്. ഒന്നാമതായി യെരൂശലേം പട്ടണത്തിന്റെ നഗരവാതിലിനു പുറത്തുവെച്ചാണ് പിതാവിന്റെ ഹിതപ്രകാരം അനുസരണയുള്ളവനായി ക്രിസ്തു സർവ്വലോകത്തിന്റെയും വീണ്ടെടുപ്പിനായി കഷ്ടം സഹിച്ചതും ക്രൂശുമരണം അനുഭവിച്ചതും. രണ്ടാമതായി യെരൂശലേം നഗരം ആസ്ഥാനമായാണ് ക്രിസ്തു വിശുദ്ധന്മാരുമൊത്തു നീതിയോടും സമാധാനത്തോടും സർവ്വലോകത്തെയും ആയിരമാണ്ടു ഭരിക്കുന്നതും.

**എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും** (And fire came down from God out of heaven and devoured them) —

വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരമായ യെരൂശലേമിനെയും നശിപ്പിക്കുവാനായി സാത്താനും സൈന്യങ്ങളും വളയുന്ന മാത്രയിൽ ആകാശത്തുനിന്നു തീ ഇറങ്ങി സാത്താന്റെ അനുയായികളെ നശിപ്പിച്ചു കളയുന്നു. ജാതികളായ ശത്രുക്കൾ തങ്ങളുടെ ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ഒന്നു ചിന്തിക്കുന്നതിനോ, ആയുധമെടുക്കുവാനോ, പ്രവർത്തിക്കുന്നതിനോ ഒരു നിമിഷംപോലും ലഭിക്കാതെ ഞൊടിയിടയിൽ അവരെല്ലാം സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ന്യായവിധിയാൽ കത്തിച്ചാമ്പലായിത്തീരുന്നു. ആയിരം വർഷങ്ങൾക്കു മുമ്പു മൃഗവും കള്ളപ്രവാചകനും അവരുടെ സൈന്യങ്ങളും ഹർമ്മഗെദ്ദോനിൽ അണിനിരന്നു ക്രിസ്തുവിനെതിരായി യുദ്ധത്തിനായി വന്നപ്പോൾ ക്രിസ്തുവിന്റെ വായിലെ ശ്വാസത്താൽ അവരുടെ അനുയായികളും ചത്തൊടുങ്ങിയിരുന്നു (വെളി.19:11-21). അന്നത്തെ കൂട്ടക്കൊലപോലെ ആയിരമാണ്ടുകൾക്കുശേഷം വീണ്ടും യെരൂശലേമിനെ ആസ്ഥാനമാക്കി വലിയോരു കൂട്ടക്കൊല നടക്കുന്നു.

ആകാശത്തുനിന്നു തീ ഇറങ്ങി ദഹിപ്പിച്ചുകളയുന്നത് പാപികളോടുള്ള ദൈവത്തിന്റെ ന്യായവിധിയെ കുറിക്കുന്നു. തിരുവചനത്തിൽ ഇപ്രകാരം ആകാശത്തു നിന്നു തീ ഇറക്കി ദഹിപ്പിച്ചു കളഞ്ഞ അനേക ദൃഷ്ടാന്തങ്ങൾ കാണുന്നുണ്ട്.

> **ഉല്പ.19:24** — *"യഹോവ സോദോമിന്റെയും ഗോമോരയുടെയും മേൽ യഹോവയുടെ സന്നിധിയിൽനിന്നു, ആകാശത്തു നിന്നു തന്നെ, ഗന്ധകവും തീയും വർഷിപ്പിച്ചു."*

> **ലേവ്യ.10:1,2** — *"അനന്തരം അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും ഓരോ ധൂപകലശം എടുത്തു അതിൽ തീ ഇട്ടു അതിന്മേൽ ധൂപവർഗ്ഗവും ഇട്ടു, അങ്ങനെ തങ്ങളോടു കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടു വന്നു. ഉടനെ യഹോവയുടെ സന്നിധിയിൽ നിന്നു തീ പുറപ്പെട്ടു അവരെ ദഹിപ്പിച്ചു കളഞ്ഞു; അവർ യഹോവയുടെ സന്നിധിയിൽ മരിച്ചുപോയി."*

> **സംഖ്യാ.16:35** — *''അപ്പോൾ യഹോവയിങ്കൽ നിന്നു തീ പുറപ്പെട്ടു ധൂപം കാട്ടിയ ഇരുനൂറ്റമ്പതുപേരെയും ദഹിപ്പിച്ചു."*

> **2.രാജാ.1:10** -- *''ഏലീയാവു അമ്പതുപേർക്കു അധിപനായവനോടു: ഞാൻ ദൈവപുരുഷനെങ്കിൽ ആകാശത്തുനിന്നു തീ ഇറങ്ങി നിന്നെയും നിന്റെ അമ്പതു ആളെയും ദഹിപ്പിക്കട്ടെ എന്നു പറഞ്ഞു. ഉടനെ ആകാശത്തുനിന്നു തീ ഇറങ്ങി അവനെയും അവന്റെ അമ്പതു ആളെയും ദഹിപ്പിച്ചു കളഞ്ഞു."*

ക്രിസ്തുവിനോടും തന്റെ വിശുദ്ധന്മാരോടും യുദ്ധത്തിനായി വരുന്ന ഭൂമിയുടെ നാലുദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള സകല സാത്താന്റെ അനുയായികളെയും സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്ന തീയാൽ ദഹിപ്പിച്ചു കളയും. ക്രിസ്തുവിനോടു മത്സരത്തിനായി വരുന്നവരൊന്നടങ്കം ശാരീരികമായി ഇപ്രകാരം ഭസ്മീകരിച്ചു കൊല്ലപ്പെടുമെങ്കിലും അവരുടെ ആത്മാക്കൾ പാതാളത്തിലെത്തി യാതന അനുഭവിക്കുവാനിടയാകുന്നു. തുടർന്നു അവരെ രണ്ടാം പുനരുത്ഥാനത്തിൽ

ഉയിർത്തെഴുന്നേല്പിച്ച് വലിയ വെള്ളസിംഹാസനത്തിലെ ന്യായവിധിക്കുശേഷം തീപ്പൊയ്കയിലേക്കു തള്ളിക്കളയും. സാത്താനു മനുഷ്യരെപ്പോലെ ശരീരമില്ലാത്തതിനാലാവാം അവന്റെ ദഹനകത്തെക്കുറിച്ചു പറയാത്തത്. എന്നാൽ അവനെ വെള്ളസിംഹാസനത്തിലെ ന്യായവിധിക്കു മുമ്പായിത്തന്നെ ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്കു നിത്യദണ്ഡനത്തിനായി തള്ളിയിടും.

**വെളി.20:10 -- അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും** (The devil, who deceived them, was cast into the lake of fire and brimstone where the beast and the false prophet are. And they will be tormented day and night forever and ever) —

ഭൂലോകരെ വഞ്ചിച്ച പിശാചിനു ലഭിക്കുന്ന അന്ത്യന്യായവിധിയാണിവിടെ കാണുന്നത്. സാത്താന്യത്രിമൂർത്തികളിലെ (സാത്താൻ, അന്തിക്രിസ്തു, കള്ളപ്രവാചകൻ), മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു പിശാചിനെ തള്ളിയിടുകയും അവിടെ അവർ മൂവരും എന്നെന്നേക്കും ദണ്ഡനം സഹിക്കേണ്ടിയും വരും.

**അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും** (The devil, who deceived them, was cast into the lake of fire and brimstone where the beast and the false prophet are) —

പിശാച്, സാത്താൻ, പഴയപാമ്പ്, മഹാസർപ്പം എന്നീ വിവിധ പേരുകളിൽ അറിയപ്പെടുന്ന സകലപാപത്തിന്റെയും, വഞ്ചകനയുടെയും, ഭോഷ്കിന്റെയും ഉറവിടമായവനെ നിത്യാഗ്നിയിലേക്കു തള്ളി ദൈവം ന്യായവിധി നടത്തുന്നു. ഭൂലോകരെ മുഴുവൻ വഞ്ചിച്ചു ക്രിസ്തുവിനെതിരായി അവരെ യുദ്ധത്തിനായി കൊണ്ടു വന്നതാണ് അവന്റെ മേലുള്ള അവസാനത്തെ കുറ്റം. ഏദെൻ തോട്ടത്തിൽ തുടങ്ങിയതാണ് അവന്റെ വഞ്ചന. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ വഞ്ചിച്ചു പാപത്തിലകപ്പെടുത്തുകയും തദ്വാരാ സൃഷ്ടി മുഴുവനും ശാപത്തിൻകീഴിലാകുകയും ചെയ്തു. ഈ ലോകത്തിന്റെ ദൈവം എന്നറിയപ്പെട്ട പിശാച് ദൈവത്തിന്റെ സകല പ്രവൃത്തികളെയും തകിടം മറിക്കുവാൻ ശ്രമിച്ചു. സഭ എടുക്കപ്പെട്ടശേഷം ഭൂമിയിലെ പീഡനകാലയളവിൽ അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും സഹായത്താൽ ദൈവത്തോടു മത്സരിക്കുകയും വിശ്വാസികളെ അതികഠിനമായി പീഡിപ്പിക്കുകയും ചെയ്തു. ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ അവന്റെ സഹായികളായ മൃഗത്തെയും കള്ളപ്രവാചകനെയും വിചാരണകൂടാതെ ജീവനോടെ ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്കെറിഞ്ഞു (വെളി.19:20). ആയിരംആണ്ടു കഴിഞ്ഞപ്പോൾ സാത്താനെയും ഗന്ധകത്തീപ്പൊയ്കയിലേയ്ക്കു തള്ളിയിടുന്നു. ആയിരമാണ്ടു കഴിഞ്ഞും മൃഗവും കള്ളപ്രവാചകനും ഗന്ധകത്തീപ്പൊയ്കയിൽ കിടക്കുന്നു എന്നത് ദുഷ്ടന്മാരുടെമേലുള്ള ദൈവത്തിന്റെ ന്യായവിധിയുടെ മാറ്റമില്ലായ്മയെയും, നരകത്തീയിൽ എന്നുമെന്നും യാതന അനുഭവിക്കുവാനായി അവർ ഒരിക്കലും വെന്തു പൂർണ്ണമായി നശിച്ചുപോകാത്ത കിടക്കുന്നു എന്നതിനെയും വെളിപ്പെടുത്തുന്നു.

ഗന്ധകം (brimstone) തീയോടും ദൈവത്തിന്റെ ന്യായവിധിയോടും ബന്ധപ്പെട്ടിരിക്കുന്നു. തീ ആളിക്കത്തുവാൻ ഗന്ധകം സഹായിക്കുന്നു. ന്യായവിധിയുടെ ഭാഗമായി ദൈവം തീ അയക്കുമ്പോൾ ഗന്ധകത്തിന്റെ സാന്നിദ്ധ്യവും കാണുന്നുണ്ട്.

(1) സോദോം ഗോമോരയുടെമേലുള്ള ന്യായവിധിയിൽ ദൈവം ഗന്ധകം വർഷിപ്പിച്ചു.

**ഉല്പ.19:24 —** "യഹോവ സോദോമിന്റെയും ഗോമോരയുടെയും മേൽ യഹോവയുടെ സന്നിധിയിൽനിന്നു, ആകാശത്തുനിന്നുതന്നെ, ഗന്ധകവും തീയും വർഷിപ്പിച്ചു."

**ആവ.29:22,23 —** "യഹോവ തന്റെ കോപത്തിലും ക്രോധത്തിലും സോദോം, ഗൊമോരാ, അദമ, സെബോയീം എന്ന പട്ടണങ്ങളെ മറിച്ചുകളഞ്ഞതുപോലെ വിതയും വിളവും ഇല്ലാതെയും പുല്ലുപോലും മുളെക്കാതെയും ഗന്ധകവും ഉപ്പും കത്തിയിരിക്കുന്ന ദേശമൊക്കെയും കാണുമ്പോൾ യോഹവ ഈ ദേശത്തോടു ഇങ്ങനെ ചെയ്തതു എന്തു?"

**ലൂക്കൊ.17:29 —** "എന്നാൽ ലോത്ത് സോദോം വിട്ട നാളിൽ ആകാശത്തുനിന്നു തീയും ഗന്ധകവും പെയ്തു എല്ലാവരെയും മുടിച്ചുകളഞ്ഞു."

(2) സഭ എടുക്കപ്പെട്ടശേഷമുള്ള പീഡനകാലത്തിൽ ദുഷ്ടന്മാരുടെമേൽ ദൈവം തീയോടൊപ്പം ഗന്ധകം ഉപയോഗിക്കുന്നു.

**വെളി.9:17,18 —** "ഞാൻ കുതിരകളെയും കുതിരപ്പുറത്തു ഇരിക്കുന്നവരെയും ദർശനത്തിൽ കണ്ടു എങ്ങനെ എന്നാൽ : അവർക്കു തീനിറവും രക്തനീലവും ഗന്ധകവർണ്ണവുമായ കവചം ഉണ്ടായിരുന്നു; കുതിരകളുടെ തല സിംഹങ്ങളുടെ തലപോലെ ആയിരുന്നു; വായിൽനിന്നു തീയും ഗന്ധകവും പുറപ്പെട്ടു. വായിൽനിന്നു പുറപ്പെടുന്ന തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചുപോയി."

(3) റഷ്യയും അതിന്റെ സഖ്യകക്ഷികളും ഉൾപ്പെടുന്ന വടക്കൻസൈന്യത്തെ നശിക്കുവാൻ ദൈവം ഗന്ധകം ഉപയോഗിക്കുമെന്നു യെഹെസ്കേൽ പ്രവാചകൻ പറയുന്നു —

**യെഹെ.38:22 —** "ഞാൻ മഹാമാരികൊണ്ടും രക്തംകൊണ്ടും അവനെ ന്യായംവിധിക്കും; ഞാൻ അവന്റെമേലും അവന്റെ പടക്കൂട്ടങ്ങളുടെമേലും അവനോടുകൂടെയുള്ള പല ജാതികളുടെമേലും പെരുമഴയും വലിയ ആലിപ്പഴവും തീയും ഗന്ധകവും വർഷിപ്പിക്കും."

(4) യിസ്രായേലിനെ നശിപ്പിക്കുവാൻ വരുന്ന ശത്രുക്കളുടെമേൽ ദൈവം ന്യായവിധി അയക്കുമ്പോൾ ഗന്ധകത്തിന്റെ സാന്നിദ്ധ്യം കാണുന്നു —

**യെശ.34:9 —** "അവിടത്തെ തോടുകൾ കീലായും മണ്ണു ഗന്ധകമായും നിലം കത്തുന്ന കീലായും ഭവിക്കും. രാവും പകലും അതു കെടുകയില്ല."

(5) വെള്ളസിംഹാസനത്തിലെ ന്യായവിധിക്കുശേഷം സകലപാപികളെയും ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളും.

**സങ്കീ.11:6 —** "ദുഷ്ടന്മാരുടെമേൽ അവൻ കണികളെ വർഷിപ്പിക്കും; തീയും, ഗന്ധകവും, ഉഷ്ണക്കാറ്റും അവരുടെ പാനപാത്രത്തിലെ ഓഹരിയായിരിക്കും."

**വെളി.14:10 —**"ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടി വരും; വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിന്നും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും."

**വെളി.19:20 —** ""മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചു കെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു."

**വെളി.20:10 —** അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും."

**വെളി.21:8 —** "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ,അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം."

ഗന്ധകത്തീപ്പൊയ്ക (lake of fire and brimstone) നിത്യനരകത്തെ കുറിക്കുന്നു. സാത്താന്റെയും ദുഷ്ടദൂതന്മാരുടെയും, പാപികളുടെയും അന്ത്യശിക്ഷാകേന്ദ്രമാണിത്. പാതാളവും, അഗാധകൂപവും താല്കാലിക യാതാനാസ്ഥലമായിരിക്കുമ്പോൾ ഗന്ധകത്തീപ്പൊയ്ക നിത്യനരകമായിരിക്കുന്നു. അവിടത്തെ തീ ഒരിക്കലും കെട്ടുപോകുന്നില്ല. ഹർമ്മഗെദ്ദോൻ യുദ്ധത്തെ തുടർന്നു ജീവനോടെ മൃഗത്തെയും കള്ളപ്രവാചകനെയും ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടുന്നുവെങ്കിൽ ആയിരമാണ്ടുവാഴ്ച കഴിയുമ്പോൾ സാത്താനും അവിടെ വന്നു വീഴുന്നു. അങ്ങനെ സാത്താന്യത്രിമൂർത്തികൾ ഒരുമിച്ചു തീപ്പൊയ്കയിൽ നിത്യയാതന അനുഭവിക്കുവാനിടയാകുന്നു. അവരുടെ സകല അനുയായികളും അഥവാ അവിശ്വാസികളൊന്നടങ്കം വലിയ വെള്ളസിംഹാസനത്തിലെ ന്യായവിധിക്കുശേഷം സാത്താൻ കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലെത്തിച്ചേരും.

സഹസ്രാബ്ദവാഴ്ചെക്കുശേഷമുള്ള സാത്താന്റെ ഗന്ധകത്തീപ്പൊയ്കയിലേക്കുള്ള തള്ളിക്കളയൽ അവന്റെ സകലദുഷ്ടപ്രവർത്തനങ്ങൾക്കുമുള്ള ദൈവത്തിന്റെ അന്ത്യന്യായവിധിയാണ്. സ്വർഗ്ഗത്തിൽ വസിച്ചിരുന്ന അവന്റെ വീഴ്ച അഥവാ തള്ളിക്കളയൽ പടിപടിയായി ദൈവത്തോടുള്ള മത്സരത്തിന്റെയും പാപപ്രവൃത്തികളാലും സംഭവിക്കുന്നതു തിരുവചനത്തിൽ കാണുന്നു.

**> സാത്താന്റെ ഒന്നാമത്തെ വീഴ്ച —**

യെശയ്യാപ്രവചനത്തിൽ അരുണോദയപുത്രൻ അഥവാ ലൂസിഫർ എന്നും , യെഹെസ്കേലിൽ ചിറകു വിടർത്തിമറയ്ക്കുന്ന കെരൂബ് എന്നും സാത്താൻ അറിയപ്പെടുന്നു. സ്വർഗ്ഗത്തിൽ വസിച്ചിരുന്ന ദൈവദൂതനായ ലൂസിഫറിനെ അവന്റെ അഹങ്കാരം നിമിത്തമാണ് അവിടെനിന്നും തള്ളിയത്. ഭൂമിയിൽ സഞ്ചരിക്കുവാനും, സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ ചെല്ലുവാനും അവനു അനുവാദമുണ്ടായിരുന്നു എന്നു ഇയ്യോബിനെതിരായി ദൈവത്തോട് അപവാദം പറയുന്നതിലൂടെ (ഇയ്യോ.1:6-12) മനസ്സിലാക്കാം.

യെശ.14:12-14 — അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു!

യെഹെ.28:14 — നീ ചിറകു വിടർത്തി മറയ്ക്കുന്ന കെരൂബ് ആകുന്നു; ഞാൻ നിന്നെ വിശുദ്ധദേവപർവ്വതത്തിൽ ഇരുത്തിയിരിക്കുന്നു; നീ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചു പോന്നു.

ദൈവസന്നിധിയിൽ നിന്നു തള്ളപ്പെട്ടവൻ ഇന്നു ലോകത്തിന്റെ പ്രഭുവായും (യോഹ.14:30), ഈ ലോകത്തിന്റെ ദൈവവുമായി (2.കൊരി.4:4), ചമഞ്ഞ് സകല ദുഷ്ടതും പ്രവർത്തിക്കുന്നു.

**> സാത്താന്റെ രണ്ടാമത്തെ വീഴ്ച —**

കർത്താവ് യോർദ്ദാൻനദിയിൽ യോഹന്നാനാൽ സ്നാനം ഏറ്റശേഷം മരുഭൂമിയിലേയ്ക്കു പോകുന്നു. അവിടെവെച്ചു പിശാചു കർത്താവിനെ പരീക്ഷിക്കുന്നു. അവൻ നിരത്തിയ മൂന്നു പരീക്ഷകളിലും കർത്താവു പിശാചിനെ തോല്പിച്ചു (മത്താ.4:1-11). അതിനുശേഷം ക്രൂശിൽ

തറച്ചുകൊന്നുകളയാമെന്നു പിശാചു വ്യാമോഹിച്ചു. എന്നാൽ കർത്താവു കാൽവറിക്രൂശിൽ പിശാചിനെ തകർത്തു കളയുകയാണുണ്ടായത്. മൂന്നാം ദിവസം പിശാചിന്റെ സകലവിധമായ കണക്കുകൂട്ടലിനെയും തെറ്റിച്ചുകൊണ്ട് മരണത്തെയും പാതാളത്തെയും ജയിച്ചു കർത്താവു ഉയിർത്തെഴുന്നേറ്റു (കൊലൊ.2:15). സാത്താന്റെ പക്കൽനിന്നു മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ കൈവശമാക്കി (വെളി.1:17). കാൽവറിയിൽ കർത്താവു പൂർത്തീകരിച്ച ഏകയാഗത്താൽ എന്നേക്കുമുള്ള വീണ്ടെടുപ്പും ഒരുക്കി. (എബ്രാ.9:12). സാത്താനു ഭൂമിയിൽവെച്ചു ക്രിസ്തുവിനോടു തോറ്റത് അവന്റെ രണ്ടാമത്തെ വീഴ്ച ആയിരുന്നു.

**> സാത്താന്റെ മൂന്നാമത്തെ വീഴ്ച —**

സ്വർഗ്ഗത്തിലെ പ്രധാനദൂതനായ മീഖായേലും മഹാസർപ്പമായ സാത്താനും തമ്മിൽ നടന്ന യുദ്ധത്തെക്കുറിച്ചു വെളിപ്പാട് 12: 7 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. സ്വർഗ്ഗത്തിൽവെച്ചു നടന്ന യുദ്ധത്തിൽ സാത്താനെയും അവന്റെ ദൂതന്മാരെയും മീഖായേൽ തോല്പിച്ചുഭൂമിയിലേക്കു തള്ളിക്കളഞ്ഞു. ഇത് അവന്റെ മൂന്നാമത്തെ വീഴ്ചയായി കണക്കാക്കാം.

**> സാത്താന്റെ നാലാമത്തെ വീഴ്ച —**

ക്രിസ്തു തന്റെ വിശുദ്ധന്മാരുമായി സഹസ്രാബ്ദവാഴ്ച ഭൂമിയിൽ ആരംഭിക്കുന്നതിനു മുമ്പായി പഴയപാമ്പും മഹാസർപ്പവുമായ സാത്താനെ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ഒരു ദൂതൻ ദൈവകല്പനപ്രകാരം ബന്ധിക്കുന്നു (വെളി.20:1-3). ചങ്ങലയിൽ ബന്ധിക്കുന്ന സാത്താനെ ആയിരം വർഷത്തേയ്ക്കു അഗാധകൂപത്തിൽ അടക്കുന്നത് സാത്താന്റെ നാലാമത്തെ വീഴ്ചയായി കരുതാം.

**> സാത്താന്റെ അഞ്ചാമത്തെ വീഴ്ച —**

ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചെക്കു ശേഷം അല്പകാലത്തേയ്ക്കു സാത്താനെ അഗാധകൂപത്തിൽനിന്നു അഴിച്ചു വിടുന്നു. മോചനം ലഭിച്ച ഉടനെ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളെ വശീകരിച്ചു വിശുദ്ധന്മാരുടെ പാളയത്തെയും യെരൂശലേമിനെയും നശിപ്പിക്കുവാനും യുദ്ധം ചെയ്യുവാനും അവരെ കൊണ്ടു വരുന്നു. ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിക്കുകയും സാത്താനെ തീപ്പൊയ്കയിലേക്കു തള്ളിയിടുകയും ചെയ്യുന്നു. നിത്യനരകത്തിലേക്കുള്ള സാത്താന്റെ വീഴ്ച അവന്റെ അഞ്ചാമത്തേതും അവസാനത്തേതുമാണ്.

**അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും** (And they will be tormented day and night forever and ever) —

പിശാചിനും അവന്റെ ദൂതന്മാരുക്കും വേണ്ടി ഒരുക്കിയിരിക്കുന്ന യാതനാസ്ഥലമാണ് നിത്യാഗ്നി അഥവാ ഗന്ധകത്തീപ്പൊയ്ക (മത്താ.25:41). നിത്യനരകത്തിനു ആരംഭം കുറിക്കപ്പെടുവാൻ അവിടെ എത്തുന്ന ആദ്യത്തെ രണ്ടുപേരാണ് അന്തിക്രിസ്തുവും കള്ളപ്രവാചകനും (വെളി.19:20). അവരെത്തുന്നത് സഹസ്രാബ്ദവാഴ്ചെക്കു മുമ്പായിരുന്നു. സാത്താന്യത്രിത്വത്തിലെ രണ്ടാമനും മൂന്നാമനുമാണ് ഇരുവരും. ആയിരം ആണ്ടു ഇരുവരും യാതന അനുഭവിച്ചു കഴിയുമ്പോൾ അവരുടെ നേതാവും സാത്താന്യത്രിത്വത്തിലെ ഒന്നാമനുമായ പഴയപാമ്പ്, മഹാസർപ്പം, സാത്താൻ, പിശാച് എന്നീ പേരുകളുള്ളവനും അവിടെ വന്നു വീഴുന്നു. അവർ അഥവാ സാത്താനും, അന്തിക്രിസ്തുവും, കള്ളപ്രവാചകനും ഒരുമിച്ച് എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും. എന്നെന്നേക്കും (forever and ever), രാപ്പകൽ (day and night) എന്നീ വിശേഷണങ്ങൾ അവരുടെ തീപ്പൊയ്കയിലെ ദണ്ഡനം കാലങ്ങൾക്കും സമയത്തിനും അതീതമായി (without any time limit / to the ages of the ages), ഇടമുറിയാതെ തുടർമാനമായി (without any break) നിത്യതമുഴുവനും അനുഭവിക്കേണ്ടി വരുന്ന യാതനയെ വെളിപ്പെടുത്തുന്നു.

മൃഗവും കള്ളപ്രവാചകനും തീപ്പൊയ്കയിൽ ആയിരം ആണ്ടു കിടന്നിട്ടും അവർ വെന്തു നശിക്കാതെ കിടക്കുന്നു എന്നതും തീപ്പൊയ്കയുടെ പ്രത്യേകതയെ കുറിക്കുന്നു. തീപ്പൊയ്കയിൽ ഒരുവൻ വീണാൽ തൽക്ഷണം കത്തിച്ചാമ്പലാകും. എന്നാൽ നരകത്തീപ്പൊയ്കയിലേക്കു സാത്താനെയും, മൃഗത്തെയും, കള്ളപ്രവാചകനെയും, സകലദുഷ്ടന്മാരെയും, അവിശ്വാസികളെയും തള്ളിയിടുന്നത് ഒറ്റ നിമിഷത്തിൽ അതിവേദനയോടെ എല്ലാം അവസാനിപ്പിക്കുവാനല്ല. അങ്ങനെയെങ്കിൽ എല്ലാം ഒരു നിമിഷത്തിൽ അനുഭവിച്ചാൽ മതിയായിരുന്നു. അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും എന്നതിലൂടെ മനസ്സിലാക്കാവുന്നത് അവിടത്തെ തീയും, വേദനയും, നിലവിളിയും, ദണ്ഡനവും ഒരിക്കലും അവസാനിക്കുകയില്ലെന്നതാണ്. രണ്ടാം പുനരുത്ഥാനത്തിൽ ഉയിർത്തെഴുന്നേൽക്കുന്ന സകല അവിശ്വാസികളുടെയും ശരീരത്തിലെ ഓരോ അവയവങ്ങളും തീയിൽ വെന്തമരാതെ ഇഞ്ചിഞ്ചായി വേദനസഹിച്ചു അയ്യം വിളിക്കേണ്ടി വരും എന്നു സാരം. നരകത്തീയിലേയ്ക്കു ചെന്നെത്തുന്ന സകല അവിശ്വാസികളും ആദ്യമായി അവിടെ കാണുന്ന കാഴ്ചയെന്നത് അവരുടെ നേതാക്കളായ ത്രിമൂർത്തികൾ അവിടെക്കിടന്നു അലറിക്കരയുന്നതായിരിക്കും.

തീപ്പൊയ്ക അഥവാ നിത്യനരകത്തിലേക്കു പോകണമോ നിത്യജീവങ്കലേക്കു പോകണമോ

എന്നുള്ള തീരുമാനം മനുഷ്യന്റെ ഈ ലോകത്തിലെ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചിരിക്കുന്നു. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കാത്തവരെല്ലാം നിത്യാഗ്നിയിൽ ചെന്നു എന്നെന്നേക്കും ദണ്ഡനം അനുഭവിക്കുവാനിടയാകും. എന്നെന്നേക്കും നിത്യദണ്ഡനം സഹിക്കേണ്ടി വരുന്ന നിത്യനരകത്തെക്കുറിച്ചും, അവിടത്തെ തീപ്പൊയ്കയെക്കുറിച്ചും തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത് നോക്കുക —

(1) നരകം അഥവാ ഗന്ധകം കത്തുന്ന തീപ്പൊയ്ക ദണ്ഡനസ്ഥലമാണ് (Hell is a place of physical torment) —

*"അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും"* (മത്താ.8:12/മത്താ.13:42,50/മത്താ.22:13/മത്താ.24:51/മത്താ.25:30/ലൂക്കൊ.13:28).

(2) നരകം എന്നത് സാത്താനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയതാണ്. എന്നാൽ പാപം മനുഷ്യരിൽ പ്രവേശിച്ചതിനാൽ അവരും അതിലേക്കു പോകുവാനിടയാകുന്നു (Hell is designed originally for Satan and his demons).

മത്താ.25:41 —*"പിന്നെ അവൻ ഇടത്തുള്ളവരോടു: ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ."*

വെളി.20:10 --*"അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും ദണ്ഡനം സഹിക്കേണ്ടി വരും."*

(3) ഭൂമിയിലുള്ള സകലരും ഒന്നുകിൽ സ്വർഗ്ഗത്തിൽ അല്ലെങ്കിൽ നരകത്തിൽ ആയിരിക്കും നിത്യവാസം (All men this world have a life either in heaven or hell)

ദാനീ.12:2,3 -- *"നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായുംചിലർ നിത്യലജ്ജെക്കും നിത്യനിന്ദെക്കുമായും ഉണരും."*

മത്താ.25:46 — *"ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും."*

യോഹ.5:28,29 — *"കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു."*

വെളി.20:14,15 —*"ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*

(4) നിത്യനരകത്തിലേക്കോ, നിത്യസന്തോഷത്തിലേക്കോ പോകേണമെന്നതു തിരഞ്ഞെടുക്കുവാൻ മനുഷ്യനു ഒരു ജീവിതകാലം മാത്രം അവസരം (All in this world has only one life to choose either death or life)

എബ്രാ.9:27 —*"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ."*

(5) യേശുക്രിസ്തുവിനെ നിരാകരിക്കുന്ന അഥവാ സ്വീകരിക്കാത്ത സകലരെയും ശിക്ഷയുടെ ഭാഗമായി നരകാഗ്നിയിലേക്കു തള്ളിയിടുന്നു (Hell is the judgment place to those who deny Jesus Christ).

മത്താ.13:41,50 —*"മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും; അവർ അവന്റെ രാജ്യത്തിൽ നിന്നു എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളകയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും."*

വെളി.20:15 — *"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*

വെളി.21:8 —*"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കുപറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം."*

(6) സ്വർഗ്ഗമോ, നരകമോ എന്നത് യേശുക്രിസ്തുവിൽ വിശ്വസിക്കുക അഥവാ രക്ഷയോടു ബന്ധപ്പെട്ടിരിക്കുന്നു (Heaven or lake of fire is based on Salvation throgh Jesus Christ)

യോഹ.3:18 — *"അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു."*

യോഹ.3:36 -- *"പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു."*

(7) നരകാഗ്നിയിലെ ദണ്ഡനം സുബോധത്തോടെ അനുഭവിക്കേണ്ടി വരും (Hell is a conscious torment place)

മത്താ.13:50 — *"അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും."*

മർക്കൊ.9:48 — *"അവിടെ അവരുടെ പുഴു ചാകുന്നില്ല; തീ കെടുന്നതുമില്ല."*

ലൂക്കൊ.16:23,24 — *"ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ*

*മേലോട്ടു നോക്കി ദൂരത്തുനിന്നു അബ്രഹാമിനെയും അവന്റെ മടിയിൽ ലാസരിനെയും കണ്ടു: അബ്രഹാം പിതാവേ, എന്നോടു കനിവുണ്ടാകേണമേ; ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന്നു അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു."*

വെളി.14:11 — *"അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും."*

(8) നരകം എന്നത് നിത്യമായതും, നിത്യനാശത്തിന്റെയും സ്ഥലമാണ് (Hell is eternal and eternal destruction)

2.തെസ്സ.1:10 — *"സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും."*

വെളി.20:10 —*"അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും."*

**വെളി.20:11 — ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല** (Then I saw a great white throne and Him who sat on it, from whose face the earth and the heaven fled away. And there was found no place for them) —

ലോകചരിത്രത്തിലും, മനുഷ്യചരിത്രത്തിലും ഏറ്റവും ദുഃഖകരവും ഭയാജനകവും അവസാനത്തേതുമായ ഒരു മഹാസംഭവത്തിന്റെ വിവരണത്തിലേക്കു നാം എത്തിച്ചേരുന്നു. ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചെക്കുശേഷം ഒരുക്കപ്പെടുന്ന വലിയോരു വെള്ളസിംഹാനത്തിലെ ന്യായവിധിയാണത്. നാം ഇപ്പോൾത്തന്നെ ദൈവകൃപയാൽ സ്വർഗ്ഗത്തിലെ പൗരന്മാരാണ്. നശിച്ചുപോകാത്തതും നിലനില്കുന്നതുമായ അനേക അനുഗ്രഹങ്ങളുടെ ഉടമകളുമാണ്. നാം ക്രിസ്തുവിനോടൊപ്പം അതിസന്തോഷത്തോടെ സഹസ്രാബ്ദവാഴചയിൽ വാഴുവാൻ കൃപ ലഭിച്ചവരുമാണ്. എന്നാൽ ഇവിടെ വിശദീകരിക്കുവാൻ പോകുന്ന വലിയോരുവെള്ളസിംഹാനവും അതിലെ ന്യായവിധിയും നമുക്കു ഏറ്റവും ദുഃഖം ഉളവാക്കുന്നവയാണ്. നമ്മുടെ ഭവനക്കാർ, ബന്ധുമിത്രാധികൾ, സ്നേഹിതർ, അയൽക്കാർ എന്നിങ്ങനെയുള്ളവരിൽ യേശുക്രിസ്തുവിനെ സ്വീകരിക്കാതെയും, ക്രിസ്തുവിലൂടെയുള്ള രക്ഷയെ നിസ്സാരം എന്നു തള്ളിക്കളഞ്ഞവരും ഒന്നടങ്കം നിത്യനരകാഗ്നിയിലേക്കുപോകുന്ന കാഴ്ച ഏറ്റവും ഹൃദയഭേദകമാണ്. ആയതിനാൽ തുടർന്നുള്ള ഭാഗങ്ങൾ ധ്യാനിക്കുമ്പോഴും, അതിലെ അതിദയനീയമായ കാഴ്ചകൾ മനസ്സിലാക്കുമ്പോഴും ഏറെ ഉത്തരവാദിത്തമുള്ളവരായി നരകത്തീയിലേക്കു ത്വരിതസഞ്ചാരം ചെയ്യുന്നവരെ രക്ഷിക്കുന്നതാകട്ടെ നമ്മുടെ പ്രവർത്തനം.

കാലചരിത്രത്തിലെ ഏറ്റവും വലിയതും അവസാനത്തേതുമായ ന്യായവിധിയാണ് ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചെക്കുശേഷം ഒരുക്കപ്പെടുന്ന വെള്ളസിംഹാസനത്തിലെ ന്യായവിധി. വെള്ളസിംഹാസനത്തിലെ ന്യായവിധി അവസാനത്തേത് എന്നു പറയുന്നതിൽ നിന്നും മനസ്സിലാക്കേണ്ടത് ഇതു കൂടാതെ വേറെ ന്യായവിധികളും ഉണ്ടെന്നാണ്. ആദാം പാപം ചെയ്തതു മുതൽ സഹസ്രാബ്ദകാലത്തിന്റെ അവസാനം വരെ അനേകന്യായവിധികൾ ദൈവം ഭൂമിയിലേക്കു അയച്ചതായി തിരുവചനത്തിൽ കാണുന്നുണ്ട്. ഏദെൻതോട്ടത്തിലെ ന്യായവിധി, ജലപ്രളയത്താലുള്ള ന്യായവിധി, യിസ്രായേൽജനത്തെ അസ്സീറിയൻ ബാബിലോൺ അടിമത്വത്തിലേക്കു അയക്കുന്നതിലൂടെയുള്ള ന്യായവിധി, സഭായുഗത്തിലെ ന്യായവിധികൾ, പീഡനകാലന്യായവിധികൾ എന്നിങ്ങനെ അനേക ന്യായവിധികൾ ഇതിൽ ഉൾപ്പെടുന്നു. എന്നാൽ വേദപഠിതാക്കൾ തിരുവചനത്തിൽ കാണുന്ന പ്രധാനമായ ഏഴു ന്യായവിധികളെക്കുറിച്ചു പറഞ്ഞിരിക്കുന്നതു നോക്കാം —

**(1) ക്രൂശിലെ ന്യായവിധി** (Judgment of the Cross) —

പാപത്തിലും ശാപത്തിലും കഴിഞ്ഞ മനുഷ്യന് ദൈവം ഒരുക്കിയ രക്ഷ ക്രൂശിലെ ന്യായവിധിയാലാണ് പൂർത്തീകരിക്കപ്പെട്ടത്. യേശുക്രിസ്തു കാൽവറി ക്രൂശിൽ മരിച്ചപ്പോൾ മനുഷ്യന്റെ പാപത്തിനിള്ള ന്യായവിധിയും, അതോടൊപ്പം സാത്താനെ തോല്പിച്ചുകൊണ്ടുള്ള ന്യായവിധിയും അരങ്ങേറി.

**യോഹ.3:18 —** "അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല."

റോമ.8:1 — "അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല."

**2.കൊരി.5:21 —** "പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആക്കേണ്ടതിന്നു, അവൻ നമുക്കുവേണ്ടി പാപം ആക്കി."

**ഗലാ.3:13 --** ''മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലെക്കു വാങ്ങി."

**കൊലൊ.2:14,15 —** "അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽനിന്നു നീക്കിക്കളഞ്ഞു;

വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി."

**(2) പാപം ചെയ്യുന്ന വിശ്വാസികൾക്കുള്ള ന്യായവിധി** (Judgment of the sinning beliervers) —

ക്രൂശിലെ ന്യായവിധിയിലൂടെ ക്രിസ്തുവിനാൽ ലഭ്യമായ രക്ഷ കൃപയാൽ പ്രാപിച്ച വിശ്വാസി പാപം ചെയ്യുവാൻ പാടില്ല. പാപം ചെയ്താലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥനിലൂടെ പാപത്തിനു ഉടനെ പരിഹാരം വാങ്ങണം (1.യോഹ.2:1,2). എന്നാൽ പാപത്തെ കാര്യമാക്കാതെ തുടർമാനമായി ജീവിച്ചാൽ ദൈവത്തിന്റെ ന്യായവിധിയുണ്ടാകും. കർത്തൃമേശയോടുബന്ധത്തിൽ തുടർമാനമായി പാപത്തിൽ ജീവിക്കുന്ന ഒരു വിശ്വാസിയുടെമേലുണ്ടാകുന്ന ന്യായവിധിയെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു —

**1.കൊരി.11:30-32 —** "ഇതുഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു. നാം നമ്മെത്തന്നേ വിധിച്ചാൽ വിധിക്കപ്പെടുകയില്ല. വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന്നു കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു."

**(3) വിശ്വാസികളുടെ പ്രവൃത്തിയെ പരിശോധിക്കുന്ന ന്യായവിധി** (Judgment of the believer's works) —

ക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലെ വരവിങ്കൽ സഭ എടുക്കപ്പെട്ടശേഷം വിശ്വാസികളുടെ വേലകളെ അഥവാ പ്രവൃത്തിയെ സ്വർഗ്ഗത്തിൽ ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ ശോധന ചെയ്യപ്പെടും. ന്യായാസനത്തിന്റെ മുമ്പാകെ നില്ക്കുന്ന വിശ്വാസി അവിടെ കണക്കു ബോധിപ്പിക്കേണ്ടി വരും. മാത്ര വുമല്ല തന്റെ വേലയെ ആദരിക്കുന്ന സ്ഥലവും കൂടിയാണ് ന്യായാസനം. അനേകർ കിരീടങ്ങൾ വാങ്ങി ആദരിക്കപ്പെടുമ്പോൾ മറ്റുചിലർ ഒരു പ്രതിഫലവും ലഭിക്കാതെ അവരുടെ ജീവിതസാക്ഷ്യങ്ങൾക്കു മങ്ങലേൽക്കുന്നതു വെളിപ്പെടുന്നതു മൂലം ലജ്ജിക്കപ്പെടും.

**മത്താ.12:36 —** "എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിന്നും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും."

**റോമ.14:10 —** "നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നില്കേണ്ടി വരും."

**1.കൊരി.3:13 —** "ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടു വരും; ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നെ ശോധന ചെയ്യും."

**1.കൊരി.4:5 —**"ആകയാൽ കർത്താവു വരുവോളം സമയത്തിന്നു മുമ്പെ ഒന്നും വിധിക്കരുതു; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്നു ഓരോരുത്തന്നു ദൈവത്തിങ്കൽനിന്നു പുകഴ്ച ഉണ്ടാകും."

**2.കൊരി.5:10 —** "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു."

**(4) യിസ്രായേലിന്റെ ന്യായവിധി** (Judgment of the Israel) —

മഹാപീഡനകാലത്തിന്റെ അവസാനത്തിങ്കൽ ദൈവം യിസ്രായേലിനോടു വ്യവഹരിച്ചു ന്യായവിധി നടത്തും. മാനസാന്തരമില്ലാതെ ജീവിക്കുന്നവർ സഹസ്രാബ്ദവാഴ്ചയിലേക്കു കടക്കുകയില്ല.

**യെഹെ.20:34-38 —** "ബലമുള്ള കൈ കൊണ്ടും നീട്ടിയ ഭുജംകൊണ്ടും ചൊരിയുന്ന ക്രോധംകൊണ്ടും ഞാൻ നിങ്ങളെ ജാതികളിൽ നിന്നു പുറപ്പെടുവിക്കയും നിങ്ങൾ ചിതറിപ്പോയിരിക്കുന്ന രാജ്യങ്ങളിൽ നിന്നു ശേഖരിക്കയും ചെയ്യും. ഞാൻ നിങ്ങളെ ജാതികളുടെ മരുഭൂമിയിലേക്കു കൊണ്ടു ചെന്നു അവിടെ വെച്ചു മുഖാമുഖമായി നിങ്ങളോടു വ്യവഹരിക്കും. മിസ്രയീം ദേശത്തിന്റെ മരുഭൂമിയിൽവെച്ചു നിങ്ങളുടെ പിതാക്കന്മാരോടു ഞാൻ വ്യവഹരിച്ചതുപോലെ നിങ്ങളോടും വ്യവഹരിക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു. ഞാൻ നിങ്ങളെ കോലിൻകീഴെ കടത്തി നിയമത്തിന്റെ ബന്ധനത്തിൽ ഉൾപ്പെടുത്തും. എന്നോടു മത്സരിച്ചു ആക്രമിക്കുന്നവരെ ഞാൻ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയും; അവർ ചെന്നു പാർക്കുന്ന രാജ്യത്തുനിന്നു ഞാൻ അവരെ പുറപ്പെടുവിക്കും; എങ്കിലും യിസ്രായേൽദേശത്തു അവർ കടക്കയില്ല; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും."

**റോമ.11:26 —** "ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും. വിടുവിക്കുന്നവൻ സീയോനിൽ നിന്നു വരും; അവൻ യാക്കോബിൽനിന്നു അഭക്തിയെ മാറ്റും. ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം."

**(5) ജാതികളുടെ ന്യായവിധി** (Judgment of the Gentiles) —

മഹാപീഡനകാലാവസാനം ജാതീയരാഷ്ട്രങ്ങളിന്മേലും ന്യായവിധിയുണ്ടാകും. മഹാപീഡനകാലത്ത് ദൈവഭാഗത്തായിരുന്നതിനാൽ പീഡകൾ അനുഭവിച്ച യിസ്രായേൽ മക്കളോട് ജാതികൾ എങ്ങനെ പെരുമാറി എന്നതാണ് ന്യായവിധിയുടെ അടിസ്ഥാനം. സഹസ്രാബ്ദവാഴ്ചെക്കു മുമ്പു തേജസ്സിന്റെ സിംഹാസനം യഹോശാഫാത്ത് താഴ്വരയിൽ വെയ്ക്കുന്നു. എനിക്കു വിശന്നു, ഭക്ഷിപ്പാൻ തന്നു എന്നത് യഹൂദനെ സഹായിച്ചവരെയും അല്ലാത്തവർ അവരെ സഹായിക്കാത്തവരുമായി വേർതിരിക്കുന്നു. ദൈവജനത്തെ കരുതിയവർ സഹസ്രാബ്ദവാഴ്ചയിലേക്കു പ്രവേശിപ്പിക്കുകയും അല്ലാത്തവർ നിത്യദണ്ഡനത്തിലേക്കും പോകുന്നു. ജാതികളെ സഹസ്രാബ്ദവാഴ്ചയിൽ ഉൾക്കൊള്ളിക്കുക എന്നതാണ് ഇവിടത്തെ ന്യായവിധിയാലുള്ള വേർതിരിക്കൽ.

**യോവേ.3:12-14 —**"ജാതികൾ ഉണർന്നു യഹോശാഫാത്ത് താഴ്വരയിലേക്കു പുറപ്പെടട്ടെ. അവിടെ ഞാൻ ചുറ്റുമുള്ള സകല ജാതികളെയും ന്യായം വിധിക്കേണ്ടതിന്നു ഇരിക്കും. അരിവാൾ ഇടുവിൻ; കൊയ്ത്തിനു വിളഞ്ഞിരിക്കുന്നു; വന്നു ചവിട്ടുവിൻ; ചക്കു നിറഞ്ഞിരിക്കുന്നു; തൊട്ടികൾ കവിഞ്ഞിരിക്കുന്നു; അവരുടെ ദുഷ്ടത വലുതല്ലോ. വിധിയുടെ താഴ്വരയിൽ യഹോവയുടെ ദിവസം അടുത്തിരിക്കുന്നു."

**മത്താ.25:31-33 —**"മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകലജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും."

**(6) സാത്താനും അവന്റെ ദൂതന്മാർക്കുമുള്ള ന്യായവിധി** (Judgment of the Satan and his angels) —

മൃഗത്തെയും കള്ളപ്രവാചകനെയും സഹാസ്രാബ്ദവാഴ്ചെക്കു മുമ്പും, പിശാചിനെ സഹസ്രാബ്ദവാഴ്ചെക്കുശേഷവും ന്യായം വിധിച്ചു ശിക്ഷിക്കും. അവരെ എന്നെന്നേക്കും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ നിത്യദണ്ഡനത്തിനായി തള്ളിയിടും. സാത്താന്യ ദൂതന്മാർക്കു വിവിധസമയങ്ങളിൽ ന്യായവിധിയുണ്ടാകുന്നു.

**2.പത്രൊ.2:4 —** "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും.."

**യൂദാ.6 —** "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാത്ത സ്വന്തവാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻകീഴിൽ സൂക്ഷിച്ചിരിക്കുന്നു."

**വെളി.20:10 —** "പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും."

**(7) വെള്ളസിംഹാനത്തിലെ ന്യായവിധി** (Judgment on the Great White Throne) —

സഹസ്രാബ്ദവാഴ്ചെക്കുശേഷമുള്ള സാത്താന്റെ ന്യായവിധിക്കുശേഷം സകല അവിശ്വാസികളെയും സാത്താന്റെ അനുയായികളെയും വെള്ളസിംഹാസനത്തിങ്കൽ നിറുത്തി ന്യായം വിധിച്ചു ശിക്ഷിക്കും. വെള്ളസിംഹാസനത്തിലെ ന്യായവിധിയാണ് അവസാനത്തേത്.

**വെളി.20:11 -15 —** "ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു..... ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."

**ഞാൻ വലിയോരു വെള്ളസിംഹാസനവും** (Then I saw a great white throne) —

ഭൂലോകത്തിലെ സകല അവിശ്വാസികളെയും സാത്താന്റെ അനുയായികളെയും ഒന്നടങ്കം ശിക്ഷിക്കുവാൻ പോകുന്ന കോടതിയെപ്പറ്റിയാണ് യോഹന്നാൻ ഇവിടെ വിവരിക്കുന്നത്. അതിന്റെ പ്രത്യേകതയെന്നത് സിംഹാസനം വലിയതാണ് (great), വെള്ളയാണ് (white), ന്യായാധിപൻ ഇരിക്കുന്നത് സിംഹാസനത്തിലാണ് (throne).

**വലിയോരു** (great) —

യോഹന്നാൻ വലിയോരു സിംഹാസനമാണ് കാണുന്നത്. ന്യായവിധിയുടെ വലിപ്പത്തെയും പ്രാധാന്യതയെയും ഇതു വെളിപ്പെടുത്തുന്നു. വലിയത് എന്നതിനു ഗ്രീക്കിൽ മെഗാ എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം അളവിൽ വലുത്, ഉൾക്കൊള്ളുന്ന വ്യാപ്തിയിൽ വലുത്, ഉന്നതിയിൽ വലുത് എന്നൊക്കെയാണ് (mega > great in size, great intensity, great in highness or rank). സാധാരണക്കാർ മുതൽ ധനവാന്മാരും രാജാക്കന്മാരും, പ്രഭുക്കന്മാരും, ഭരണാധികാരികളും ഉൾക്കൊള്ളുന്ന സകലഭൂവാസികളെയും ന്യായം വിധിക്കുവാനുള്ള ന്യായപീഠമാകയാൽ ഇതിന്റെ പ്രസക്തി ഏറ്റവും വലുതാണ്. ഉല്പത്തിയിൽ ആദാമിന്റെ കാലം മുതൽ സഹസ്രാബ്ദവാഴ്ചയുടെ അവസാനംവെരയുള്ള സകല അവിശ്വാസികളും, സാത്താന്റെ അനുയായികളും എണ്ണത്തിൽ കടല്പുറത്തെ

മണലുപോലെയും ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും എണ്ണിക്കൂടാനാവാത്ത മഹാപുരുഷാരത്തെ ശിക്ഷിക്കപ്പെടുവാൻ പോകുന്ന ന്യായപീഠമാകയാൽ ഇതിനെ വലിയതെന്നു വിശേഷിപ്പിക്കുന്നു. ലോകപ്രകാരം സെഷൻകോടതിയിലെ വിധി ഹൈക്കോടതിയിലും, ഹൈക്കോടതിയിലെ വിധി സുപ്രീംകോടതിയിലും, സുപ്രീകോടതിയിലെ വിധി രാജ്യത്തിലെ പരമോന്നതസ്ഥാനത്തിരിക്കുന്ന ഭരണാധികാരിക്കും പ്രതിയുടെ അപ്പീലിൽ ശിക്ഷക്കു ഇളവു ലഭിക്കാം. എന്നാൽ ഇവിടെ സ്ഥാപിക്കപ്പെടുന്ന വലിയ കോടതിയിലെ വിധിക്കു ഒരിടത്തും അപ്പീലിനു പോകാനോ പ്രതിയുടെ ഭാഗം വാദിക്കുവാനോ പ്രതികരിക്കുവാനോ സാദ്ധ്യമല്ല. കോടതികളുടെ കോടതിയായ വലിയ കോടതിയുടെ വിധി അന്ത്യമാണ്.

**വെള്ള** (white) —

ന്യായവിധിക്കായി ഒരുക്കപ്പെട്ട നീതിപീഠത്തെ യോഹന്നാൻ വിശേഷിപ്പിച്ചു കാണുന്നത് അത് വെള്ളസിംഹാസനം (white throne) എന്നാണ്. വെള്ള എന്ന വിശേഷണം നിർമ്മലത, പരിശുദ്ധി, നീതി എന്നിവയെ (white > purity, holiness and justice) കുറിക്കുന്നു. അതായത് ഇവിടെ സിംഹാസനത്തിൽ ഇരിക്കുന്ന ന്യായാധിപന്റെ വിശുദ്ധിയെയും (perfect holiness of the judge), സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന വിധി നീതിയുള്ളതുമായിരിക്കുമെന്നു (perfect righteous judgment) വെള്ളനിറം വെളിപ്പെടുത്തുന്നു.

**സിംഹാസനം** (throne) —

സിംഹാസനം എന്നതിനു ഗ്രീക്കിൽ ത്രോണോസ് (Gk> thronos > seat of power or status) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം അധികാരമുള്ള സ്ഥാനം എന്നാണ്. സിംഹാസനത്തിന്റെ പുസ്തകമാണ് വെളിപ്പാട്. വെളിപ്പാട് 4, 5 അദ്ധ്യായങ്ങളിൽ സ്വർഗ്ഗീയ സിംഹാസനത്തിൽ ഇരിക്കുന്ന സർവ്വശക്തനായ ദൈവത്തെയും, ക്രിസ്തുവിനെയും, സഭയെ പ്രതിനിതീകരിക്കുന്ന 24 മൂപ്പന്മാരെയും കാണുന്നു. സിംഹാസനത്തിലിരിക്കുന്ന അവസ്ഥ മഹോന്നതപദവിയിൽ ഇരിക്കുന്നതിനെ വ്യക്തമാക്കുന്നു. ഒന്നാം പുനരുത്ഥാനത്തിൽ പങ്കാളികളല്ലാത്ത സകലഭൂവാസികളെയും ക്രിസ്തു ന്യായം വിധിക്കുന്നത് വലിയോരു വെള്ളസിംഹാസനത്തിൽ ഇരുന്നുകൊണ്ടാണ്. ലോകകോടതികളിൽ ന്യായാധിപന്മാരുടെ ഇരിപ്പടെത്തെ ബെഞ്ച് എന്നാണ് വിശേഷിപ്പിക്കുന്നത്. എന്നാൽ സകലഭൂവാസികളുടെയും ന്യായവിധി വരുന്നത് ദൈവീക സിംഹാസനത്തിൽ നിന്നാണ്.

വെള്ളസിംഹാസനം (Great White Throne), തേജസ്സിന്റെ സിംഹാസനം (Throne of Glory), ക്രിസ്തുവിന്റെ ന്യായാസനം (Judgment seat of Christ) എന്നിവ മൂന്നും വെവ്വേറെ മനസ്സിലാക്കേണ്ടതാണ്.

**വലിയ വെള്ളസിംഹാസനം** (Great White Throne) —

വെള്ളസിംഹാസനം പൊതുവിലുള്ള ന്യായാസനമല്ല. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭ ഇവിടെ വരുന്നില്ല. ഉത്പ്രാപണാനന്തരം സഭയുടെ ശോധന ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നടക്കുന്നു. എന്നാൽ വെള്ളസിംഹാസനത്തിൻ മുമ്പിൽ നില്കുന്നത് സകല രക്ഷിക്കപ്പെടാത്തവരും, ദുഷ്ടന്മാരുമാണ്. സഹസ്രാബ്ദവാഴ്ചെക്കുശേഷമാണ് വെള്ളസിംഹാസനം ഒരുക്കുന്നത്. അതിലെ ന്യായവിധിക്കുശേഷം ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്കു അവരെ തള്ളിയിടും. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്തവരെയാണ് വെള്ളസിംഹാസനത്തിൽ ന്യായം വിധിച്ചു ശിക്ഷിക്കുന്നത്.

**തേജസ്സിന്റെ സിംഹാസനം** (Throne of Glory) —

തേജസ്സിന്റെ സിംഹാസനത്തിൻ മുമ്പിൽ ജാതികളാണ് നില്കുന്നത്. തേജസ്സിന്റെ സിംഹാസനത്തിലെ ന്യായവിസ്താരത്തെക്കുറിച്ച് മത്തായി.25:31 മുതൽ 46 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. വെള്ളസിംഹാസനം സഹസ്രാബ്ദവാഴ്ചക്കുശേഷമായിരിക്കുമ്പോൾ തേജസ്സിന്റെ സിംഹാസനം മഹാപീഡനകാലം കഴിഞ്ഞു സഹസ്രാബ്ദവാഴ്ച ആരംഭിക്കുന്നതിനു മുമ്പാണ്. പീഡനകാലയളവിൽ ദൈവത്തിന്റെ ജനമായ യഹൂദനോടു കരുണ കാണിച്ചവരെ തിരിച്ചറിയാനാണിത്. എനിക്കു വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നു, എനിക്കു ദാഹിച്ചു നിങ്ങൾ എനിക്കു കുടിപ്പാൻ തന്നു എന്നു പറയുന്നത് ജാതികൾ അന്തിക്രിസ്തുവിന്റെ പീഡനകാലത്തിൽ യഹൂദനോടു കാണിച്ച കരുണയെ കുറിക്കുന്നു. പീഡനകാലത്തിൽ യഹൂദനോടു ദൈവകരുണ പ്രദർശിപ്പിച്ച ജാതികളെ ചെമ്മരിയാടായും യഹൂദനെ പീഡിപ്പിച്ച ജാതികളെ കോലാടായും വേർതിരിക്കുന്നു. ചെമ്മരിയാടുകളെന്നപോലെ വേർതിരിക്കപ്പെട്ടവർ സഹസ്രാബ്ദവാഴ്ചയിലേക്കു പ്രവേശിപ്പിക്കപ്പെടുന്നു. ദൈവഭയമില്ലാത്ത, കരുണയില്ലാത്ത കോലാട്ടിൻ കൂട്ടത്തെ നിത്യദണ്ഡനത്തിനായി തള്ളിക്കളയുന്നു.

തേജസ്സിന്റെ സിംഹാസനവും (മത്താ.25:31–46) വെള്ളസിംഹാസനവും (വെളി.20:11–15) ഒന്നു തന്നെയാണെന്നു വാദിക്കുന്നവരുണ്ട്. ഇവ തമ്മിൽ സാമ്യമുണ്ട് എന്നു തോന്നാമെങ്കിലും തിരുവചനവെളിച്ചത്തിൽ വിചിന്തനം ചെയ്താൽ രണ്ടും വെവ്വേറെയുള്ള ന്യായാസനങ്ങളാണെന്നു മനസ്സിലാക്കാവുന്നതാണ്. തേജസ്സിന്റെ സിംഹാസനവും വെള്ളസിംഹാസനവും തമ്മിലുള്ള വ്യത്യാസങ്ങൾ —

| തേജസ്സിന്റെ സിംഹാസനം | : | വെള്ളസിംഹാസനം |
|---|---|---|
| (1) സഹസ്രാബ്ദവാഴ്ചെക്കു മുമ്പ് (മത്താ.25:31 /വെളി.19:21) | : | സഹസ്രാബ്ദവാഴ്ചക്ക് ശേഷം (വെളി.20:11-15) |
| (2) ജാതികൾ മാത്രം | : | ജാതികളെന്ന വ്യത്യാസമില്ലാതെ സകല പാപികളും |
| (3) പീഡനകാലത്തുള്ളവർ മാത്രം | : | ലോകാരംഭം മുതൽ സഹസ്രാബ്ദകാലത്തിന്റെ അവസാനംവരെയുള്ള പാപികൾ |
| (4) രണ്ടു കൂട്ടരായി തിരിക്കുന്നു (ചെമ്മരിയാടുകൾ, കോലാടുകൾ) | : | ഒരു കൂട്ടർ മാത്രം (തിരിക്കുന്നില്ല — പാപികൾ മാത്രം) |
| (5) വിശുദ്ധന്മാരെ ആദരിച്ചവർ ദൈവത്തിൽ വിശ്വസിച്ചവരെന്ന നിലയിൽ സഹസ്രാബ്ദവാഴ്ചയിലേക്കു | : | വിശുദ്ധന്മാരെ ആദരിക്കാത്തവർ പാപികളെന്ന നിലയിൽ തീപ്പൊയ്കയിലേക്ക് |
| (6) മർത്ത്യശരീരമുള്ളവർ (ജീവനുള്ളവർ) | : | മരിച്ചവർ (രണ്ടാം പുനരുത്ഥാനം പ്രാപിച്ചവർ) |
| (7) ന്യായവിധിക്കായി പുസ്തകളില്ല | : | പുസ്തകങ്ങൾ തുറന്നു ന്യായം വിധിക്കുന്നു. |

**ക്രിസ്തുവിന്റെ ന്യായാസനം** (Judgment seat of Christ) —

തേജസ്സിന്റെ സിംഹാസനം സഹസ്രാബ്ദവാഴ്ചക്കു മുമ്പും, വെള്ളസിംഹാസനം സഹസ്രാബ്ദവാഴ്ചക്കുശേഷവും ആയിരിക്കുമ്പോൾ ക്രിസ്തുവിന്റെ ന്യായാസനം സഭ ഉത്പ്രാപണത്തിലൂടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ട ഉടനെയുമാണ്. ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നില്കുന്നവർ ഒന്നാം പുനരുത്ഥാനത്തിൽ പങ്കാളികളും വിശുദ്ധന്മാരുമാണ്. അവരുടെ പ്രവൃത്തികളെ ശോധനചെയ്യുന്നതിനാണ് ന്യായാസനത്തിനു മുമ്പാകെ നിറുത്തുന്നത്. ഓരോരുത്തരായി കണക്കുബോധിപ്പിച്ചു കഴിയുമ്പോൾ അനേകർ ആദരിക്കപ്പെടുകയും, മറ്റനേകർ അവരുടെ കുറ്റങ്ങൾ വെളിപ്പെട്ട് പ്രതിഫലമില്ലാതെ ലജ്ജിക്കേണ്ടിയും വരും. എന്നാൽ ക്രിസ്തുവിന്റെ ന്യായാസനത്തിലെ ശോധനക്കുശേഷം ആരെയും ശിക്ഷിക്കുന്നില്ല. അവർ തീയിൽകൂടി എന്നപോലെ കടക്കുന്നവരെങ്കിലും (1.കൊരി.3:13-15) ദൈവകരുണയാൽ അവരും സ്വർഗ്ഗഭാഗ്യം അനുഭവിക്കുവാനിടയാകും.

**അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു** (and Him who sat on it) —

വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും യോഹന്നാൻ കണ്ടു. സിംഹാസനത്തിൽ ഇരിക്കുന്നത് നമ്മുടെ കർത്താവായ യേശുക്രിസ്തുവല്ലാതെ മറ്റാരുമല്ല. മരിച്ചവരെയും ജീവിക്കുന്നവരെയും ന്യായം വിധിപ്പാൻ യോഗ്യനും പരിശുദ്ധനുമായ യേശുക്രിസ്തുവാകുന്ന ന്യായാധിപനെക്കുറിച്ചു തിരുവചനം സാക്ഷ്യപ്പെടുത്തുന്നു —

**യോഹ.5:22**–"എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന്നു പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു."

**യോഹ.5:27** — "അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവന്നു അധികാരവും നല്കിയിരിക്കുന്നു."

**അപ്പൊ.10:42** — "ജീവികൾക്കും മരിച്ചവർക്കും ന്യായാധിപതിയായി ദൈവത്താൽ നിയമിക്കപ്പെട്ടവൻ അവൻ തന്നേ."

**അപ്പൊ.17:31** — "താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു; അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു."

**റോമ.2:16** — "ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നേ."

**2.തിമൊ.4:1** — "ഞാൻ ദൈവത്തെയും ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യംചെയ്തു കല്പിക്കുന്നതു."

**അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല** (from whose face the earth and the heaven fled away. And there was found no place for them) —

വലിയോരു വെള്ളസിംഹാസനവും അതിൽ ന്യായാധിപനായി യേശുക്രിസ്തുവും ഇരിക്കുന്നതു യോഹന്നാൻ കണ്ടു. വീണ്ടും യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നത് *"അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിപ്പോയി, അവയെ പിന്നെ കണ്ടില്ല"* എന്നാണ്. വിശുദ്ധനും, നീതിമാനുമായ യേശുക്രിസ്തുവിന്റെ മഹാപ്രഭാവത്താലാണ് ആകാശവും ഭൂമിയും ഓടിപ്പോകുന്നത് അഥവാ മാറിപ്പോകുന്നത്. ശാപം നിറഞ്ഞ ഭൂമിക്കും, സാത്താന്യശക്തികൾ വിഹരിച്ച ആകാശത്തിനും മഹാന്യായാധിപന്റെ മുമ്പാകെ നില്കുവാൻ സാധിച്ചില്ല. ആകാശവും ഭൂമിയും ദൈവത്തിന്റെ വാക്കിനാൽ

സൃഷ്ടിക്കപ്പെട്ടതെങ്കിലും അവ മാറിപ്പോകുമെന്നു തിരുവചനത്തിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് —

**2.പത്രൊ.3:10-13** -- *“കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും.”*

**സങ്കീ.102:25,26 —** *“പൂർവ്വകാലത്തു നീ ഭൂമിക്കു അടിസ്ഥാനമിട്ടു; ആകാശം നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. അവ നശിക്കും നീയോ നിലനില്ക്കും; അവയെല്ലാം വസ്ത്രംപോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ മാറ്റും; അവ മാറിപ്പോകയും ചെയ്യും.”*

**യെശ.51:6 —** *‘’നിങ്ങളുടെ കണ്ണു ആകാശത്തിലേക്കു ഉയർത്തുവിൻ; താഴെ ഭൂമിയെ നോക്കുവിൻ; ആകാശം പുകപോലെ പോയ്പോകും; ഭൂമി വസ്ത്രംപോലെ പഴകും.”*

**മത്താ.5:18 —** *“ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല.”*

**മത്താ.24:35 —** *“ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല.”*

*ലൂക്കൊ.21:33 — ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല.”*

**എബ്രാ.1:10-12 —** *“കർത്താവേ, നീ പൂർവ്വകാലത്തു ഭൂമിക്കു അടിസ്ഥാനം ഇട്ടു, ആകാശവും നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. അവ നശിക്കും; നീയോ നിലനില്ക്കും; അവ എല്ലാം വസ്ത്രംപോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ ചുരുട്ടും; വസ്ത്രംപോലെ അവ മാറിപ്പോകും; നീയോ അനന്യൻ; നിന്റെ സംവത്സരങ്ങൾ അവസാനിക്കയുമില്ല.”*

> വെള്ളസിംഹാസനത്തിലെ അന്ത്യന്യായവിധിക്കുശേഷം സകലദുഷ്ടാത്മശക്തികളും തീപ്പൊയ്കയിൽ അമരുമ്പോൾ സർവ്വവും പുതുതായി ആരംഭം കുറിക്കേണ്ടതുണ്ട്. ആകയാൽ പുതിയ ആകാശത്തിനും പുതിയഭൂമിക്കുമായി ശാപമേറ്റുവാങ്ങിയ പ്രപഞ്ചത്തിനും മാറ്റം വരുന്നു. ആദി മനുഷ്യന്റെ പാപത്തിന്റെ ഫലമായി ഭൂമിയും ആകാശവും ഉൾപ്പെട്ട സൃഷ്ടിയെല്ലാം ശാപത്തിങ്കീഴായി. ആയതിനാൽ ശാപത്തിങ്കീഴായ സകലതും മാറി പുതുതായിത്തീരേണ്ടതുണ്ട്.

> സാത്താന്റെ ദുഷിച്ച പ്രവർത്തനങ്ങൾക്കും, പാപികളായ മനുഷ്യരുടെ സകലവിധമായ മത്സരങ്ങൾക്കും ദൈവകോപത്തിനും കാരണമായിത്തീർന്ന പ്രവൃത്തികൾക്കും ദൃക്സാക്ഷികളായി ഇക്കാലമത്രയും നിലനിന്ന ആകാശത്തെയും ഭൂമിയെയും ദൈവം ഒരു പക്ഷേ തിരികെ വിളിക്കുന്നതാകാം.

> ക്രിസ്തുവിന്റെ ഒന്നാം വരവിൽ തന്റെ ജനനത്തിനോ, ഭൂമിയിലെ ജീവിതത്തിൽ തല ചായ്ക്കുവാനോ മാത്രമല്ല മരിച്ചുകഴിഞ്ഞപ്പോൾ ശരീരം മറവു ചെയ്യുവാനോ സ്വന്തമായി ഭൂമിയിൽ സ്ഥലം ഇല്ലായിരുന്നു. ആകാശവിതാനം മുഴുവൻ സാത്താനും ദുഷ്ടാത്മശക്തികളും തേർവാഴ്ച നടത്തി. ഭൂമിയും ആകാശവും അതിൽ കുറ്റക്കാരല്ലെങ്കിലും ദൈവത്തിന്റെ സൃഷ്ടികളായ അവരിലൂടെ ദൈവത്തെ വേദനിപ്പിക്കുവാനിടയായി. വെള്ളസിംഹാസനത്തിലിരിക്കുന്ന മഹാന്യായാധിപന്റെ മഹാപ്രഭാവത്തിന്റെ മുമ്പിൽ തന്റെ സൃഷ്ടികളായ ആകാശവും ഭൂമിയും ഓടിപ്പോകുകയാവാം.

> *“തന്റെ ജനത്തെ ന്യായം വിധിക്കേണ്ടതിന്നു അവൻ മേലിൽനിന്നു ആകാശത്തെയും ഭൂമിയെയും വിളിക്കുന്നു’’* (സങ്കീ.50:4) എന്ന വാക്യപ്രകാരം വെള്ളസിംഹാസനത്തിലെ ന്യായവിധിക്കായി ആകാശത്തെയും ഭൂമിയെയും ദൈവം മാറ്റി നിറുത്തകയാവാം.

> ആകാശവും ഭൂമിയും ഉൾപ്പെട്ട ദൈവത്തിന്റെ സൃഷ്ടികൾ മനുഷ്യന്റെ ദൈവനിഷേധത്തിനും മത്സരത്തിനും സാക്ഷികളാണ്. അവയൊക്കെ ന്യായവിധിനാളിൽ ആവശ്യമെങ്കിൽ ദുഷ്ടനെതിരായി സാക്ഷി പറയും. ആകാശവും ഭൂമിയും (യെശ.1:2), കല്ല്, തുലാം (ഹബ.2:11), കാലിലെ പൊടി (മർക്കൊ.6:11) എന്നിവയൊക്കെ മനുഷ്യന്റെ ദൈവനിഷേധത്തിനു സാക്ഷികളാണ്. എന്നാൽ ന്യായവിധിനാളിൽ പാപങ്ങൾ തുറന്നു കാണത്തക്കവണ്ണം പരസ്യമായി പ്രദർശിപ്പിക്കപ്പെടുകയാൽ ദൈവസന്നിധിയിൽ ഏതു വായും അടഞ്ഞുപോകും. ആകയാൽ ആരും സാക്ഷി പറയേണ്ടിവരുന്ന ആവശ്യവും കാണുകയില്ല.

പീഡനകാലയളവിൽ ആറാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ ആഗോളവ്യാപകമായ ഭൂകമ്പവും, സൗരയൂഥങ്ങൾക്കു വ്യതിയാനവും സംഭവിക്കുന്നു. ദൈവീകന്യായവിധി മനസ്സിലാക്കിയ *“ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും: ഞങ്ങളുടെമേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ”* (വെളി.6:15,16) എന്നു അലറി കരഞ്ഞു. അന്നു അവർക്കു ആശ്രയമായി ഭൂമിയും ആകാശവും ഉണ്ടെന്നു തോന്നി. എന്നാൽ ഭൂവാസികളൊന്നടങ്കം ആശ്രയിച്ചതും ദൈവത്തോട് മത്സിക്കുവാൻ ഉപയോഗിച്ചതുമായ ആകാശവും ഭൂമിയും അവർക്കു ശരണത്തിനുള്ള പ്രത്യാശപോലും നല്കാതെ വെള്ളിംഹാസനത്തിന്റെ മുമ്പാകെ നില്കുമ്പോൾ അവരുടെ കണ്മുമ്പിൽവെച്ചു തന്നെ ആകാശവും ഭൂമിയും മാറിപ്പോകുന്നു. പിന്നെ അവയെ കണ്ടില്ല എന്നു യോഹന്നാൻ അതിനോടു കൂട്ടിച്ചേർത്തിരിക്കുന്നു. പുതിയ ആകാശത്തിനും പുതിയഭൂമിക്കും വേണ്ടി ശാപത്തിങ്കീഴിലാകപ്പെട്ട

ആകാശവും ഭൂമിയും ഇല്ലാതായിത്തീരുന്നു. ഭൂമിയിൽ ദുഷ്ടന്മാർ അവകാശം സ്ഥാപിച്ചതും, ആകാശത്തിലെ ഗ്രഹങ്ങളിൽ കൂടുവെക്കുവാനുമായി നടത്തിയ ശ്രമങ്ങളൊന്നും അന്നു അവർക്കു അഭയമായിരിക്കുകയില്ല.

*"അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല"* എന്ന പ്രസ്താവനയിലൂടെ വെള്ളസിംഹാസനം സ്ഥാപിക്കുന്നതെവിടെയാണെന്നും ചിന്തിക്കേണ്ടതുണ്ട്. സഹസ്രാബ്ദവാഴ്ചക്കായി ക്രിസ്തു തന്റെ വിശുദ്ധന്മാരുമൊത്തു ഭൂമിയിലേക്കു വരികയും ആയിരം ആണ്ടു ഭൂമിയെ ഭരിക്കുകയും ചെയ്തു. വെള്ളസിംഹാസനം ഒരുക്കപ്പെട്ടപ്പോഴാണ് ഭൂമിയും ആകാശവും ഓടിപ്പോകുന്നതും പിന്നെ അവയെ കണ്ടില്ല എന്നു പറയുന്നതും. അതായത് വെള്ളസിംഹാസനം സ്ഥാപിക്കപ്പെടുന്നത് സ്വർഗ്ഗത്തിലല്ല, ഭൂമിയിലല്ല, ആകാശത്തുമല്ല മറിച്ച് അന്തരീക്ഷത്തിൽ (space) ആയിരിക്കാം.

**വെളി.20:12 — മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന്നു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി** (And I saw the dead, small and great, standing before God, and books were opened. And another book was opened, which is the Book of Life. And the dead were judged according to their works, by the things which were written in the books) —

സഹസ്രാബ്ദവാഴ്ചെക്കുശേഷമുള്ള വെള്ളസിംഹാസനത്തിലെ ന്യായവിധിയുടെ രംഗങ്ങൾ യോഹന്നാൻ ഇവിടെ വിവരിക്കുന്നു —

(1) ആരൊക്കെയാണ് വെള്ളസിംഹാസനത്തിൻ മുമ്പിൽ ന്യായവിധിക്കായി നില്കുന്നത് —

> "മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതു ഞാൻ കണ്ടു."

(2) ന്യായവിധിക്കായി എടുക്കുന്ന തെളിവുകൾ എന്തെല്ലാം —

> "പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു."

(3) ന്യായവിധിയാലുള്ള ശിക്ഷ എപ്രകാരം —

> ''പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന്നു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി."

**മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു** (And I saw the dead, small and great, standing before God) —

**മരിച്ചവർ —>**

വെള്ളസിംഹാസനത്തിന്റെ മുമ്പിൽ വിചാരണക്കായി നില്ക്കുന്ന മരിച്ചവരെയാണ് യോഹന്നാൻ കാണുന്നത് (And I saw the dead). അതായത് അവർ ശാരീരികമായും ആത്മീകമായും മരിച്ചവരാണ് (Physically and spiritually dead). *"മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല"* (വെളി.20:5) എന്നു മഹോപദ്രവകാലവിശുദ്ധന്മാരുടെ ഉയിർപ്പിനോടനുബന്ധിച്ചു പറഞ്ഞവരിവരാണ്. രണ്ടാം പുനരുത്ഥാനത്തിൽ പങ്കാളികളായി പുനരുത്ഥാനശരീരം ലഭിച്ചു കുറ്റവാളികളെന്ന നിലയിൽ അവർ വെള്ളസിംഹാസനമെന്ന നീതിപീഠത്തിന്റെ മുമ്പാകെ നില്ക്കുന്നു. ഭൂമിയിൽ ജീവനോടിരുന്നപ്പോൾ സുവിശേഷം കേട്ടിട്ടും അനുസരിക്കുകയോ മാനസാന്തരപ്പെടുകയോ ചെയ്യാതെ ഭൂമിയിൽ നിന്നു ശാരീരികമരണത്താൽ മാറ്റപ്പെട്ടപ്പോൾ അവർ ദൈവവുമായി എന്നെന്നേക്കും വേർപെട്ടവരായിത്തീർന്നു അഥവാ ആത്മീകമായി മരണവും അവർക്കു സംഭവിച്ചു. മഹോപദ്രവകാലത്തെയോ സഹസ്രാബ്ദവാഴ്ചകാലത്തെയോ മാത്രമല്ല ലോകാരംഭം മുതൽ സഹസ്രാബ്ദകാലത്തിന്റെ അവസാനംവരെ ക്രിസ്തുവിനെകൂടാതെ മരിച്ച അഥവാ അവിശ്വാസികളായ സകല പാപികളും മരിച്ചവർ എന്ന ഇവിടത്തെ വിശേഷണത്തിൽ ഉൾപ്പെടുന്നു. സിംഹാസനത്തിന്റെ മുമ്പിൽ നില്കുന്നത് മരിച്ചവരെങ്കിലും അവർ നില്ക്കുന്നത് പുനരുത്ഥാനശരീരത്തിലാണ്. സഹസ്രാബ്ദവാഴ്ചയുടെ അന്ത്യത്തിലുണ്ടാകുന്ന യുദ്ധത്തിൽ സകലമത്സരികളെയും ക്രിസ്തു ഗന്ധകത്തീയാൽ ദഹിപ്പിച്ചു കളയും. മാത്രവുമല്ല വെള്ളസിംഹാസനത്തിൽ ക്രിസ്തു ഇരിക്കുമ്പോൾ ക്രിസ്തുവിന്റെ മഹാപ്രഭാവത്തിന്റെ മുമ്പാകെ ഭൂമിയും ആകാശവും മാറിപ്പോകുന്നു. ഭൂമിയും ആകാശവും മാറിപ്പോകുന്ന നിമിഷത്തിൽ അവിശ്വാസികളായ ഭൂവാസികൾ ആരെങ്കിലും ജീവിച്ചിരുപ്പുണ്ടെങ്കിൽ അവരും മരണത്തിനിരയാകും. മാത്രവുമല്ല അന്നു ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരൊന്നടങ്കം രൂപാന്തരംപ്രാപിച്ചു നിത്യവാസത്തിനായി ദൈവസന്നിധിയിൽ അണയും. അവരുടെ രൂപാന്തരം സഭയുടെ ഉത്പ്രാപണത്തിനു സമാനമായിരിക്കും.

**ആബാലവൃദ്ധം —>**

മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന്റെ മുമ്പിൽ നില്ക്കുന്നു (small and great, standing before God). ആബാലവൃദ്ധം എന്നതിനു ഗ്രീക്കിൽ മൈക്രോസ്, മെഗാസ് എന്നീ പദങ്ങളാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം ചെറിയവരും വലിയവരും എന്നാണ് (Gk > mikros and megas = small and great). ആബാലവൃദ്ധം അഥവാ ബാലന്മാരും വൃദ്ധന്മാരും ആസകലം

എന്നതിലുപരി അവരുടെ സ്ഥാനമാനങ്ങളെയും കുറിക്കുന്നു. അതായത് സമ്പത്ത്, സ്ഥാനം, ബുദ്ധി, ശക്തി, കഴിവ്, സമൂഹത്തിലെ പദവി എന്നിങ്ങനെയെല്ലാറ്റിലും ചെറിയവരും വലിയവരും ഉൾക്കൊള്ളുന്നു. സാധാരണജനം മുതൽ ഭരണാധികാരികൾവരെ വെള്ളസിംഹാസനത്തിങ്കലെ ന്യായവിധിക്കായി നില്ക്കുന്നു.

**സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു —>**

ദൈവത്തെയും ദൈവീകപ്രമാണങ്ങളെ നിരാകരിക്കുകയും, ദൈവം തന്റെ പുത്രനായ ക്രിസ്തുവിലൂടെ ഒരുക്കിയ രക്ഷയെ തള്ളിക്കളയുകയും, ലോകപ്രാകാരം തിന്നുക, കുടിക്കുക, ആസ്വദിക്കുക എന്ന സിദ്ധാന്തവുമായി ദൈവത്തെ മറന്നു ജീവിച്ച സകലരും വെള്ളസിംഹാസനത്തിന്റെ മുമ്പാകെ നില്കുന്നു. അതിൽ ധനവാനും ദരിദ്രനും, പണ്ഡിതനും പാമരനും, ഭരണാധികാരികളും സാധാരണക്കാരും എന്നവ്യത്യസമില്ലാതെ ഒരുപോലെ സകലരും അന്ത്യന്യായവിധിക്കായി ക്രിസ്തുവിന്റെ മുമ്പിൽ നില്ക്കുന്നു. ആരുടെയും മുഖംനോക്കാതെയുള്ള ന്യായവിധി സകല അവിശ്വാസികൾക്കും ഉണ്ടാകും.

**പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു** (and books were opened. And another book was opened, which is the Book of Life) —

വലിയവെള്ളസിംഹാസനത്തിലിരിക്കുന്ന ന്യായാധിപനായ ക്രിസ്തു ന്യായവിധിയുടെ ആരംഭമായി പുസ്തകങ്ങൾ തുറക്കുന്നതു യോഹന്നാൻ കാണുന്നു. ന്യായവിധി നടത്തുന്നത് രണ്ടു തരത്തിലുള്ള പുസ്തകങ്ങളുടെ അടിസ്ഥാനത്തിലാണ് (Judgment on the basis of two sets of Books). ഒന്നാമത്തേത് : പുസ്തകങ്ങൾ തുറന്നു എന്നു ബഹുവചനത്തിലും രണ്ടാമത്തേത് ജീവന്റെ പുസ്തകം എന്നു ഏകവചനത്തിലും പറഞ്ഞിരിക്കുന്നു. അതായത് രണ്ടു തരത്തിലുള്ള പുസ്തകങ്ങളിൽ ആദ്യത്തേതിൽ ഒന്നിൽ കൂടുതൽ പുസ്തകങ്ങളും, രണ്ടാമത്തേതിൽ ഏകപുസ്തകവുമാണുള്ളത്. ഇവിടത്തെ പുസ്തകപ്രകാരമുള്ള ന്യായവിധി ദാനീയേൽ പ്രവചനത്തിൽ കാണുന്ന ന്യായാധിപനോടും ന്യായവിധിയോടും സാമ്യമുണ്ട് —

> **ദാനീ.7:9,10 —** *"ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ ന്യായാസനങ്ങളെ വെച്ചു. വയോധികനായ ഒരുത്തൻ ഇരുന്നു. അവന്റെ വസ്ത്രം ഹിമംപോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലവുമായ ആട്ടുരോമംപോലെയും അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു. ഒരു അഗ്നിനദി അവന്റെ മുമ്പിൽനിന്നു പുറപ്പെട്ടു ഒഴുകി; ആയിരമായിരം പേർ അവന്നു ശുശ്രൂഷചെയ്തു; പതിനായിരംപതിനായിരംപേർ അവന്റെ മുമ്പാകെ നിന്നു; ന്യായവിസ്താരസഭ ഇരുന്നു; പുസ്തകങ്ങൾ തുറന്നു."*

**പുസ്തകങ്ങൾ തുറന്നു** (and books were opened) —

പുസ്തകങ്ങൾ ഏതൊക്കെയാണെന്നു പേരെടുത്തു പറഞ്ഞിട്ടില്ലായ്കയാൽ തിരുവചനത്തിലെ വിവിധഭാഗങ്ങളെ ബന്ധപ്പെടുത്തി ചിന്തിക്കാവുന്നതാണ്. ലോകകോടതികളിലെ ന്യായവിധികൾ മനുഷ്യരുണ്ടാക്കിയ നിയമപുസ്തകപ്രകാരം ന്യായം വിധിക്കുന്നു. എന്നാൽ സ്വർഗ്ഗീയകോടതിയിലെ ന്യായവിധി സ്വർഗ്ഗത്തിലെ നിയമപ്രകാരമാണ് വിധി കല്പിക്കുന്നത്. വേദപുസ്തകത്തിൽ അനേകവിധത്തിലുള്ള പുസ്തകങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്.

നിയമപുസ്തകം (പുറ.24:7)
ശാപങ്ങളുടെപുസ്തകം (സംഖ്യാ.5:23)
യുദ്ധപുസ്തകം (സംഖ്യാ.21:15)
ന്യായപ്രമാണപുസ്തകം (ആവ.28:58,61)
ശൂരന്മാരുടെപുസ്തകം (യോശു.10:13/2.ശമൂ.1:18)
വൃത്താന്തപുസ്തകം(1.രാജാ.14:19,29, 15:7...)
കണ്ണുനീരിന്റെ പുസ്തകം(സങ്കീ.56:8),
നീതിമാന്മാരുടെ പുസ്തകം (സങ്കീ.69:28)
പാപങ്ങൾ എഴുതിവെക്കുന്ന പുസ്തകം (യെശ.65:6/ യിരെ.17:1)
സത്യഗ്രന്ഥം (ദാനീ.10:21)
സ്മരണപുസ്തകം (മലാ.3:16)
പ്രവചനപുസ്തകം (വെളി.22:19)
തുറന്നപുസ്തകം (വെളി.10:2,8,9,10)
ജീവന്റെ പുസ്തകം(സങ്കീ.69:28/പുറ.32:32,33)
ജീവപുസ്തകം (ഫിലി.4:3/വെളി.3:5/13:8/17:8/20:15/21:27).

''പുസ്തകങ്ങൾ തുറന്നു'' എന്ന പ്രസ്താവനയിൽ, വെള്ളസിംഹാസനത്തിലെ അന്ത്യന്യായവിധിക്കായി തുറക്കപ്പെടുന്ന പുസ്തകങ്ങൾ ഏതൊക്കെയായിരിക്കുമെന്നു തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ നോക്കാം —

**(1) ദൈവവചനം** (Bible ) —

തിരുവചന ചുരുളുകളെ പുരാതനകാലത്ത് ബിബ്ലോസ് (Biblos) അഥവാ പുസ്തകങ്ങൾ (the books) എന്നാണ് അറിയപ്പെട്ടിരുന്നത്. ആകയാൽ പുസ്തകങ്ങൾ തുറന്നു എന്നത് തിരുവചനം അഥവാ ബൈബിൾ തുറന്നു എന്നു കരുതാം. അതായത് ദൈവവും മനുഷ്യനുമായുള്ള ഉടമ്പടി അഥവാ നിയമത്തെ വിവരിക്കുന്ന പഴയനിയമവും പുതിയനിയമവും അടങ്ങിയ തിരുവചനം തന്നെയായിരിക്കും ആദ്യം തുറന്നത്. തിരുവചനം ദൈവശ്വാസീയവും അതു എന്നേക്കും സ്വർഗ്ഗത്തിൽ സ്ഥിരമായിരിക്കുന്നതുമാണ്. ദൈവത്തിന്റെ വിശുദ്ധി, സ്വഭാവം, കരുണ, സ്നേഹം, പാപത്തോടുള്ള ദൈവത്തിന്റെ മുഖപക്ഷമില്ലാത്ത ന്യായവിധി, പാപികളായ മനുഷ്യർക്കു ദൈവം ഒരുക്കിയ വീണ്ടെടുപ്പ്, മറുതലിക്കുന്നവർക്കു ഒരുക്കിയിരിക്കുന്ന നിത്യനരകം എന്നിത്യാദി അനേക കാര്യങ്ങൾ ദൈവത്തിന്റെ നിയമപുസ്തകമായ ബൈബിളിൽ അടങ്ങിയിരിക്കുന്നു. ആകയാൽ ദൈവത്തെ അനുസരിക്കാത്ത പാപികളായ സകലഭൂവാസികളെയും വെള്ളസിംഹാസനത്തിന്റെ മുമ്പാകെ ന്യായം വിധിക്കുന്നതും തിരുവചനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. ദൈവീകസിംഹാസനത്തിന്റെ മുമ്പാകെ നില്കുമ്പോൾ, ദൈവനിയമത്തെ വെളിപ്പെടുത്തുന്ന ദൈവവചനം മനുഷ്യനു അറികയില്ലായിരുന്നു എന്നും പറയുവാൻ സാധിക്കുകയില്ല. കാരണം ദൈവനിയമങ്ങൾ അവന്റെ മനസ്സാക്ഷിയിൽ രേഖപ്പെടുത്തിയിരിക്കുന്നതിനു പുറമേ, ദൈവസൃഷ്ടികളിലൂടെയും അവനു അനായാസമായി വായിച്ചെടുക്കുവാൻ സാധിക്കുന്നു.

> **യോഹ.12:48** — "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും."
>
> **റോമ.1:19-21** — "ദൈവത്തെക്കുറിച്ചു അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടു വരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ. അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി."
>
> **റോമ.2:4-6** — "അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്കു നിനക്കു തന്നേ കോപം ചരതിച്ചുവെക്കുന്നു. അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും."
>
> **റോമ.2:12-16** — "ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണം കൂടാതെ നശിച്ചു പോകും; ന്യായപ്രമാണം ഉണ്ടായിട്ടു പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും. ........... ദൈവം യേശുക്രിസ്തുമുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നേ."

ദൈവവചനപ്രകാരം വിധിക്കുമ്പോൾ ലോകാരംഭം മുതൽ സഹസ്രാബ്ദവാഴ്ചയുടെ അവസാനം വരെ നിലനിന്നിരുന്ന ഏഴു യുഗങ്ങളിലെയും നിയമപ്രകാരമായിരിക്കും ശിക്ഷാവിധിക്കുന്നതെന്നും കരുതാം. ഏഴു യുഗങ്ങളും തിരുവചനഭാഗങ്ങളും —

(1) നിഷ്പാപയുഗം (Man Innocent ---> Creation to Fall of man) — ഉല്പ.1:28-36/3:22-24

(2) മനസാക്ഷിയുഗം (Man under Conscience --> Fall of man to Flood) — ഉല്പ.3:7 > ഉല്പ.8:14

(3) മാനുഷിക ഭരണയുഗം (Man in Authority --> After flood to upto calling of Abraham) — ഉല്പ.8:15 > ഉല്പ.11:32

(4) വാഗ്ദത്തയുഗം (Man under Promise --> Call of Abraham to Law at Sinai) — ഉല്പ.12:1 > പുറ.18:27

(5) ന്യായപ്രമാണയുഗം (Man under Law --> Law at Sinai to Coming of Holy Spirit) — ഉല്പ.19:1 > അപ്പൊ.1:26

(6) കൃപായുഗം (Man under Grace --> Coming of Holy Spirit to 2nd Coming of Jesus Christ) — അപ്പൊ.2:1 > വെളി.19:10

(7) സഹസ്രാബ്ദയുഗം (Man under Perfect Reign of Christ --> Glorious return of Christ to the end of Millennium) — വെളി.19:11 > വെളി.20:15.

**(2) പ്രവൃത്തികളുടെ പുസ്തകം** (Book of Deeds or Works) —

രണ്ടാം പുനരുത്ഥാനത്തിലൂടെ ഉയിർത്തെഴുന്നേറ്റു വെള്ളസിംഹാസനത്തിന്റെ മുമ്പാകെ നില്ക്കുന്ന സകല അവിശ്വാസികളെയും വിധിക്കുന്ന രണ്ടാമത്തെ പുസ്തകം പ്രവൃത്തികളുടെ പുസ്തകമായിരിക്കും. വെളി.20:12,13 വാക്യങ്ങളിൽ *"അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി*

*ഉണ്ടായി'', ''അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി''* എന്നു ആവർത്തിച്ചു പറഞ്ഞിരിക്കുന്നതിനാൽ ദൈവവചനത്തിനു പുറമേ അവരുടെ പ്രവൃത്തികളും പരിശോധിക്കപ്പെടുമെന്നു വ്യക്തമാകുന്നു. പാപികളെന്ന നിലയിൽ അവരുടെ പ്രവൃത്തികൾ ദൈവസന്നിധിയിൽ ആദരിക്കപ്പെടുകയില്ല. ആയതിനാൽ അവരുടെ പ്രവൃത്തികൾ പരിശോധിക്കേണ്ടതുണ്ടോ എന്നു തോന്നാം. പ്രവൃത്തികൾ പരിശോധിക്കുന്നത് അവർക്കു നൽകുന്ന ശിക്ഷയുടെ കാഠിന്യം നിശ്ചയിക്കുവാനാണ്. പ്രവൃത്തികൾ എന്നത് അവരുടെ പ്രവർത്തനങ്ങൾ, അദ്ധ്വാനം, ജോലി, നടപ്പ് എന്നിവയെ കുറിക്കുന്നു. സൽപ്രവൃത്തികൾ, ദുഷ്പ്രവൃത്തികൾ, ഫലമില്ലാത്ത പൊള്ളയായ പ്രവൃത്തികൾ, ദൈവനിഷേധപ്രവൃത്തികൾ, അന്ധകാരപ്രവൃത്തികൾ, നിയമനിഷേധപ്രവൃത്തികൾ എന്നിവയെല്ലാം പ്രവൃത്തികളിൽ ഉൾപ്പെടുന്നു. ദൈവം വിശുദ്ധനാകയാൽ തന്റെ വിശുദ്ധിയുടെ പ്രവൃത്തികളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും ന്യായവിധി ഉണ്ടാകുന്നത്. മനുഷ്യന്റെ സകലവിധമായ പാപങ്ങൾക്കും പാപപ്രവൃത്തികൾക്കുമാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ പ്രായശ്ചിത്തയാഗമായി മരിച്ചത്. ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷപ്രാപിച്ചുകൊണ്ടു ചെയ്യുന്ന സൽപ്രവൃത്തികളൊക്കെ ക്രിസ്തുവിന്റെ ന്യായാസനത്തിലെ ആദരവിനും പുകഴ്ചക്കും കാരണമായിത്തീരും. എന്നാൽ യേശുക്രിസ്തുവിന്റെ കാൽവറി മരണത്തിലും അതിലൂടെ ലഭ്യമായ രക്ഷയും നിരസിക്കുക എന്നതിനർത്ഥം അവർ അവരുടേതായ സ്വന്തപ്രവൃത്തികളിൽ ആശ്രയിക്കുന്നു എന്നതാണ്. വെള്ളസിംഹാസനത്തിന്റെ മുമ്പാകെയുള്ള ശോധനയിങ്കൽ അവരുടെ സൽപ്രവൃത്തികളൊക്കെ കറപുരണ്ടതുണിയെന്നോണം കാണപ്പെടും. സ്വയനീതീകരണത്തിൽ മുഴുകിയ അവർക്കുള്ള ശിക്ഷയെന്നത് ഗന്ധകം കത്തുന്ന തീപ്പൊയ്കയിലെ നിത്യയാതനയാണ്. ഇവിടത്തെ ന്യായവിധി വെളിപ്പെടുത്തുന്നത് സകലമനുഷ്യരും പാപികളാണെന്നും അവർക്കു നീതികരണം ലഭിക്കണമെങ്കിൽ യേശുക്രിസ്തുവിൽ വിശ്വസിക്കണമെന്നുമാണ്. **റോമ.3:23-26 —** *"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു; അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നതു. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുകനിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ, താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന്നു ഇക്കാലത്തു തന്റെ നീതിയെ പ്രദർശിപ്പാപ്പാൻ തന്നേ അങ്ങനെ ചെയ്തതു."*

**ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു** (And another book was opened, which is the Book of Life) —

മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന്റെ മുമ്പാകെ നില്ക്കുമ്പോൾ ന്യായവിധിക്കായി പുസ്തകങ്ങൾ തുറന്നു. അത് ദൈവവചനവും പ്രവൃത്തികളുടെ പുസ്തകവുമായിരിക്കാമെന്നു കരുതാം. മനുഷ്യസൃഷ്ടിയോടെ ആരംഭിക്കുന്ന ഏഴു യുഗങ്ങളിൽ നിഷ്പാപയുഗം മുതൽ സഹസ്രാബ്ദയുഗം വരെയുള്ള സകലകാലത്തെയും പാപികളെ ദൈവവചനപ്രകാരം വിധിക്കും. എല്ലാവരെയും തീപ്പൊയ്കയിലേക്കു തള്ളിയിടുമ്പോൾത്തന്നെ പ്രവൃത്തികളുടെ പുസ്തകപ്രകാരം അവരുടെ പ്രവർത്തനങ്ങളെ പരിശോധിച്ചു ശിക്ഷയുടെ കാഠിന്യവും നിശ്ചയിക്കും. ന്യായവിധിക്കായി മറ്റൊരു പുസ്തകവും കൂടി തുറക്കുന്നു. അതു ജീവന്റെ പുസ്തകമാണ് (The Book of Life).

ജീവപുസ്തകം, ജീവന്റെ പുസ്തകം എന്നിങ്ങനെ ഫിലിപ്പിയലേഖനത്തിൽ ഒരു പ്രാവശ്യവും വെളിപ്പാടിൽ ആറു പ്രാവശ്യവും പറഞ്ഞിരിക്കുന്നു (ഫിലി.4:3/വെളി.3:5/13:8/17:8/20:12/20:15/21:27). കുഞ്ഞാടിന്റെ ജീവപുസ്തകം എന്നു വെളിപ്പാട് 13:8-ലും, 21:27 -ലും ഇതിനെ പ്രത്യേകിച്ചു വിശേഷിപ്പിച്ചിരിക്കുന്നു. ജീവനുള്ളവരുടെ പേരെഴുതുന്ന പുസ്തകത്തെക്കുറിച്ചു പഴയനിയമത്തിൽ മൂന്നിടത്തു കാണുന്നുണ്ട് (പുറ.32:32/സങ്കീ.69:28/യെശ.4:4). ജീവന്റെ പുസ്തകം തുറന്നു എന്നുള്ള വെളിപ്പാടിലെ പ്രസ്താവന രക്ഷിക്കപ്പെട്ടവരുടെ പേരെഴുതിയിരിക്കുന്ന പുസ്തകത്തെ കുറിക്കുന്നു. സകലദൈവമക്കളുടെയും അഥവാ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട സകലവിശുദ്ധന്മാരുടെയും പേരുള്ള പുസ്കമാണ് ജീവപുസ്തം, ജീവന്റെ പുസ്തകം, കുഞ്ഞാടിന്റെ ജീവപുസ്തം എന്നീ പേരുള്ള പുസ്തകം. അവിശ്വാസികളുടെയോ, ദൈവമില്ലാത്തവരുടെയോ, രക്ഷിക്കപ്പെടാത്തവരുടെയോ ഒരൊറ്റപേരുപോലും ജീവപുസ്തകത്തിൽ ഉണ്ടായിരിക്കുകയില്ല. "കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു'' (അപ്പൊ.2:47) എന്നാണ് തിരുവചനത്തിൽ കാണുന്നത്. അതായത് രക്ഷിക്കപ്പെടുന്നവരെ അഥവാ ദൈവം ഒരുക്കിയ വീണ്ടെടുപ്പിനെ അംഗീകരിച്ചു ആശ്രയിക്കുന്നവരാണ് സഭയുടെ അംഗങ്ങൾ. അവരുടെ പേരാണ് ജീവപുസ്തകത്തിൽ എഴുതപ്പെടുന്നത്. അവരുടെ പേര് സ്വർഗ്ഗത്തിൽ ജീവപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ സന്തോഷിക്കുവാൻ പ്രബോധനം ലഭിച്ചവരുമാണ് (ലൂക്കൊ.10:20).

**പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന്നു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി** (And the dead were judged according to their works, by the things which were

written in the books) —

വെള്ളസിംഹാസനത്തിന്റെ മുമ്പിൽ നില്ക്കുന്ന ആബാലവൃദ്ധം മരിച്ചവർക്കു പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന്നു ഒത്തവണ്ണം അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി.

**പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന്നു ഒത്തവണ്ണം** (by the things which were written in the books)— പുസ്തകങ്ങൾ എന്നത് ദൈവീകനിയമപുസ്തകം അഥവാ തിരുവചനം, പ്രവൃത്തികളുടെ പുസ്തകം, ജീവപുസ്തകം എന്നിങ്ങനെയുള്ളവയാണ്. ദൈവവചനപ്രകാരം വിധിക്കപ്പെടുമ്പോൾ അവർ തിരുവചനം അനുസരിക്കാത്തവരും അതിൻപ്രകാരം ജീവിക്കാത്തവരുമാണ്. ആകയാൽ ദൈവീകപ്രമാണ ലംഘനങ്ങൾക്കു ശിക്ഷ ലഭിക്കുന്നു. പ്രവൃത്തികളുടെ പുസ്തകം പരിശോധിക്കുമ്പോൾ ദൈവം ഒരുക്കിയ വീണ്ടടുപ്പിൻ വേലയെ ആശ്രയിക്കാതെ സ്വയത്തിലും സ്വന്തപ്രവൃത്തിയിലും ആശ്രയിക്കയാൽ പ്രവൃത്തികളുടെ പുസ്തകപ്രകാരം ശിക്ഷ വിധിക്കുന്നു. മാത്രവുമല്ല അവരുടെ പ്രവൃത്തികൾക്കടുത്ത ശിക്ഷയും ലഭിക്കുന്നു.

**മരിച്ചവർക്കു** (And the dead)— ഒന്നാം പുനരുത്ഥാനത്തിൽ പങ്കാളികളായവരെ ജീവനുള്ളവർ എന്നു വിളിച്ചിരിക്കുമ്പോൾ രണ്ടാം പുനരുത്ഥാനത്തിൽ ഉയിർത്തെഴുന്നേറ്റവർക്കു ജീവനുണ്ടെങ്കിലും അവരെ മരിച്ചവർ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. കാരണം അവർ ആത്മീകമായി മരിച്ചവരും നിത്യശിക്ഷക്കു വിധിക്കപ്പെട്ടവരുമാണ്. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ അവർ ക്രിസ്തുവിലൂടെ നിത്യജീവൻ പ്രാപിക്കാത്തവരാകയാൽ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്നു. രക്ഷ പ്രാപിക്കാതെ ശാരീരികമരണം സംഭവിച്ചപ്പോൾ അവർ ദൈവവുമായി എന്നെന്നേക്കും വേർപാടുണ്ടായി നിത്യമരണത്തിനധീനരായിത്തീർന്നു. അതുകൊണ്ടാണ് രണ്ടാംപുനരുത്ഥാനത്തിലൂടെ അവർക്കു ജീവൻ ലഭിച്ചിട്ടും അവരെ മരിച്ചവർ എന്നു വിളിക്കുന്നത്. അന്ത്യന്യായവിധിക്കുശേഷം അവർ ദേഹം, ദേഹി, ആത്മാവോടുകൂടി തീപ്പൊയ്കയിലെത്തി നിത്യയാതന അനുഭവിക്കുവാനിടയാകുന്നു.

**അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി** (were judged according to their works) — പാപികളുടെ പ്രവൃത്തിയെ വെള്ളസിംഹാസനത്തിനു മുമ്പാകെ ശോധന ചെയ്യുന്നതിനാൽ അവരുടെ നല്ലപ്രവൃത്തികളെ ആദരിക്കും എന്നർത്ഥമില്ല. അവരിൽ ഒരുത്തൻപോലും സൽപ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽപോലും ശിക്ഷയിൽനിന്നു ഒഴിവാക്കപ്പെടുകയില്ല. അതായത് പാപികൾ നല്ലപ്രവൃത്തികൾ എത്രയൊക്കെ ചെയ്താലും സ്വർഗ്ഗത്തിൽ പ്രവേശനമുണ്ടാകുകയില്ല, ആദരിക്കപ്പെടുകയുമില്ല. എന്നാൽ അവരുടെ പ്രവൃത്തികളെ ശോധന ചെയ്യുന്നത് അവർക്കു കൊടുക്കേണ്ട ശിക്ഷയുടെ അളവിനെ അഥവാ കാഠിന്യത്തെ നിശ്ചയിക്കാനാണ്. പ്രവൃത്തികൾ എന്നുള്ള വിശേഷണത്തിൽ അവരുടെ പ്രവർത്തനങ്ങളും, ചിന്തകളും, ഹൃദയവിചാരങ്ങളും ഉൾക്കൊള്ളുന്നു. *"മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും"* (മത്താ.12:36). വെള്ളസിംഹാസനത്തിന്റെ മുമ്പാകെ നില്ക്കുമ്പോൾ ന്യായാധിപനായ യേശുക്രിസ്തുവിന്റെ വ്യക്തിപ്രഭാവത്താൽ അവരുടെ *"മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏറ്റുപറകയും ചെയ്യേണ്ടി വരും"* (ഫിലി.2:11/റോമ.14:11).

ദൈവസന്നിധിയിൽ മനുഷ്യരുടെ പ്രവൃത്തികൾ ഒന്നും മറഞ്ഞിരിക്കാതെ സകലതും പ്രദർശിക്കപ്പെടുമെന്നു തിരുവചനഭാഗങ്ങൾ വ്യക്തമാക്കുന്നു —

**സഭാ.12:14 —** "ദൈവം നല്ലതും തീയതുമായ സകലപ്രവൃത്തിയെയും സകലരഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ."

**മത്താ.12:37 —** "നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും."

**മത്താ.16:27 —** "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും.

**ലൂക്കൊ.8:17 —** "വെളിപ്പെടാതെ ഗൂഢമായതു ഒന്നുമില്ല; പ്രസിദ്ധമായി വെളിച്ചത്തു വരാതെ മറവായിരിക്കുന്നതും ഒന്നുമില്ല."

**റോമ.2:16 —** ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നേ."

**വെളി.20:13 — സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി** (The sea gave up the dead who were in it, and Death and Hades delivered up the dead who were in them. And they were judged, each one according to his works) —

വെള്ളസിംഹാസനത്തിലെ ന്യായവിധിക്കായി ലോകാരംഭംമുതൽ സഹസ്രാബ്ദകാലത്തിന്റെ അവസാനം വരെയുള്ള സകലകുറ്റവാളികളെയും അഥവാ പാപികളെയും ന്യായാധിപന്റെ മുമ്പാകെ ഹാജരാക്കുന്നതാണിവിടെ കാണുന്നത്. സമുദ്രം, ഭൂമി, പാതാളം എന്നിവ തങ്ങളിലുള്ള മരിച്ചവരെ

ന്യായവിധിക്കായി ഏല്പിച്ചു കൊടുക്കുന്നു. ക്രിസ്തുവിനെ കൂടാതെ സമുദ്രത്തിൽ മരിച്ചവരെ സമുദ്രവും, ഭൂമിയിൽ മരിച്ചവരെ ഭൂമിയും, അവരുടെ ആത്മാക്കളെ പാതാളവും വിട്ടു കൊടുക്കുന്നു. മരണം ശവക്കുഴിയെയും പാതാളം മരണശേഷമുള്ള യാതനാസ്ഥലത്തെയും കുറിക്കുന്നു. ഹാജരാക്കപ്പെട്ട സകലർക്കും അവനവന്റെ പ്രവൃത്തിക്കടുത്ത ന്യായവിധി ഉണ്ടായി എന്നു മാത്രമല്ല ഒരൊറ്റയാൾപോലും ശിക്ഷയിൽ നിന്നു ഒഴിവാക്കപ്പെടുന്നതുമില്ല.

**സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു** (The sea gave up the dead who were in it) —

ഉല്പത്തിയിൽ ദൈവസൃഷ്ടിയോടു ബന്ധത്തിൽ ഉണങ്ങിയ നിലത്തിന്നു ദൈവം ഭൂമി എന്നും, വെള്ളത്തിന്റെ കൂട്ടത്തിന്നു സമുദ്രം എന്നും പേരിട്ടു (ഉല്പ.1:10). ആകയാൽ സമുദ്രം എന്നത് ഭൂമിയിലുള്ള സകല ജലാശയങ്ങളെയും കുറിക്കുന്നു. സമുദ്രം അഥവാ വെള്ളത്തിന്റെ കൂട്ടങ്ങൾ തന്നിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു എന്നതിലൂടെ വെളിപ്പെടുന്നത് ആദാമിന്റെ കാലം മുതൽ ഒന്നുകൂടി കൃത്യമായി പറഞ്ഞാൽ നോഹയുടെ കാലത്തെ വെള്ളപ്പൊക്കത്തിലൂടെ മരിച്ചവർ തുടങ്ങി സഹസ്രാബ്ദകാലത്തിന്റെ അവസാനം വരെ വെള്ളത്തിൽ വീണു മരിക്കുന്നവരെല്ലാം ഇതിൽ ഉൾപ്പെടുന്നു. വെള്ളത്തിൽ ഒരുവൻ വീഴുമ്പോൾ ശ്വാസം മുട്ടി മരിക്കുകയും അതു ജലത്തിൽ ചീഞ്ഞഴിഞ്ഞ് നശിക്കുകയും അവശിഷ്ടങ്ങൾ വെള്ളത്തിലെ മത്സ്യങ്ങളുൾപ്പെടെയുള്ള ജീവജാലങ്ങൾ ഭക്ഷിക്കുവാനും ഇടയാകുന്നു. ഇവരുടെ ശരീരം എങ്ങനെ ഉയിർത്തെഴുന്നേൽക്കും അഥവാ പഴയതുപോലെയായിത്തീരും എന്നത് മാനുഷിക ബുദ്ധിയിൽ സങ്കല്പിക്കുവാൻപോലും കഴിയുകയില്ല. എന്നാൽ പുനരുത്ഥാനശരീരം പഴയശരീരത്തിന്റെ ഭാഗങ്ങൾ ചേരുംപടി കൂട്ടിച്ചേർക്കുകയല്ല. സൃഷ്ടാവും സർവ്വശക്തനുമായ ദൈവത്തിനു പഴയശരീരത്തിന്റെ സ്ഥാനത്ത് ഒരു പുത്തൻ ശരീരം കൊടുക്കുവാൻ സാദ്ധ്യമാണ്. അതിനായി ദൈവത്തിന്റെ ഒരു ആജ്ഞ അല്ലെങ്കിൽ ഒരു ശബ്ദത്തിന്റെ ആവശ്യമേ വരികയുള്ളു.

സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു എന്നതിൽ സമുദ്രത്തിനു ആളത്വം നല്കിയിരിക്കുന്നു. അതായത് മണ്ണിൽ കുഴിച്ചിടാതെ വെള്ളത്തിൽ അടക്കം ചെയ്യപ്പെട്ട സകലരുടെയും ശരീരങ്ങളുടെ സൂക്ഷിപ്പുകാരൻ സമുദ്രം അഥവാ ജലാശയങ്ങളായിരിക്കും. ആകാശമാർഗ്ഗത്തിൽ തീയ്ക്കിരയായി മരണപ്പെട്ടവരുടെ ശരീരാംശങ്ങളും, ചിതയിൽ ഭസ്മമാക്കി ജലത്തിൽ ഒഴുക്കിയവരുടെയെല്ലാം ശരീരാംശങ്ങളും ഇതിൽ ഉൾപ്പെടുന്നു. ആകയാൽ ശാരീരികമരണശേഷം ഒരുവന്റെ ശരീരം എപ്രകാരം മറവു ചെയ്തു എന്നതിനു പ്രസക്തിയില്ലാതാകുന്നു.

**മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു** (and Death and Hades delivered up the dead who were in them) —

സമുദ്രം തന്നിലുള്ള ശരീരങ്ങളെ ഏല്പിച്ചുകൊടുത്തതുപോലെ മരണവും തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു. സമുദ്രം എന്നത് വെള്ളത്തിലമർന്നു മരിച്ചവരായിരിക്കുമ്പോൾ, മരണം എന്നത് കരയിൽ അഥവാ ഭൂമിയിൽ മറവു ചെയ്തവരെയാണ് കുറിക്കുന്നത്. കല്ലറകളിൽ അടക്കം ചെയ്യപ്പെട്ടവർ, മണ്ണിൽ കുഴിച്ചിടപ്പെട്ടവർ, ദഹിപ്പിക്കപ്പെട്ടവർ, മറ്റേതെങ്കിലും വിധത്തിൽ ഭൂമിയിൽ മരിച്ചവരൊക്കെ ഇതിൽ ഉൾപ്പെടുന്നു. മണ്ണിൽ മറവു ചെയ്യുന്ന ശരീരം മണ്ണോടു ചേരുന്നു. മണ്ണിൽ ലയിക്കുന്ന ശരീരഭാഗങ്ങൾ വൃക്ഷങ്ങൾക്കു വളമായും തീരുന്നു. ഇപ്രകാരം ശരീരാംശങ്ങൾ വലിച്ചെടുക്കുന്ന വൃക്ഷങ്ങളിലൂടെ ഉണ്ടാകുന്ന ഇലകളും ഫലങ്ങളും മനുഷ്യനും മൃഗങ്ങൾക്കും ആഹാരമായും തീരുന്നു. അവസാനം മണ്ണിൽ മറവു ചെയ്ത ശരീരത്തിന്റെ ഒരംശംപോലും അവിടെ കാണുന്നില്ലെന്നു മാനുഷികബുദ്ധിയിൽ തോന്നാം. പിന്നെങ്ങനെ ഭൂമി മരിച്ചവരുടെ ശരീരങ്ങൾ ഏല്പിച്ചു കൊടുക്കും? എന്നാൽ സർവ്വശക്തനായ ദൈവത്തിന്റെ ആജ്ഞയിൽ മരിച്ചവരെയും മറവുചെയ്തവരെയും ഭൂമി ന്യായവിധിക്കായി ദൈവത്തിനു ഏല്പിച്ചു കൊടുക്കും. തറയിൽ ഒരു തെരുവുനായെപ്പോലെ കുഴിച്ചിടപ്പെട്ടവരും, സെല്ലുകളിൽ വെക്കപ്പെട്ടവരും, കോൺക്രീറ്റു കല്ലറകളിൽ ഭദ്രമായി ഏറിയ ബഹുമതികളോടെ സംസ്ക്കരിക്കപ്പെട്ടവരും, മാർബിളിലും ഗ്രാനേറ്റിലും തീർത്ത ശവകുടീരങ്ങളിൽ അടക്കം ചെയ്യപ്പെട്ടവരും ഒരുപോലെ ഉയിർത്തെഴുന്നേൽക്കും. **യോഹ.5:25,28,29 —** "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു."

പാതാളവും തന്നിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു എന്നു യോഹന്നാൻ വിശദീകരിക്കുന്നു. പാതാളം എന്നത് മരിച്ചവരുടെ ആത്മാക്കൾ യാതന അനുഭവിക്കുന്ന സ്ഥലമാണ് (ലൂക്കൊ.16:23). സമുദ്രവും മരണവും അഥവാ സമുദ്രവും ഭൂമിയും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു എന്നത് മരിച്ചവരുടെ ശരീരത്തോടു ബന്ധപ്പെട്ടിരിക്കുന്നു. തിരുവചനത്തിൽ പുനരുത്ഥാനം എന്നത് ശരീരത്തോടു കൂടിയ ഉയിർത്തെഴുന്നേല്പാണ് (1.കൊരി.15:35-49). പുനരുത്ഥാനം പൂർണ്ണമാകുവാൻ ദേഹം, ദേഹി, ആത്മാവ് എന്നിവയുടെ കൂടിച്ചേരൽ ഉണ്ടാകണം. വിശ്വാസി മരിക്കുമ്പോൾ ശരീരം ഭൂമിയിലോ സമുദ്രത്തിലോ വിശ്രമിക്കുകയാകും. വിശ്വാസിയുടെ ദേഹിയും ആത്മാവും ദൈവസന്നിധിയിലേക്കു പോകുന്നു (ലൂക്കൊ.16:22/2.കൊരി.5:6-9/ഫിലി.1:23). അവിശ്വാസിയുടെ മരണത്തിൽ ശരീരം സമുദ്രത്തിലോ

ഭൂമിയിലോ അടക്കപ്പെടുമെങ്കിലും ദേഹിയും ആത്മാവും പാതാളത്തിൽ അഥവാ യാതനാസ്ഥലത്തേക്കു പോകുന്നു(ലൂക്കൊ.16:23). വെള്ളസിംഹാസനത്തിലെ ന്യായവിധിക്കായി പുനരുത്ഥാനം പ്രാപിക്കുന്നതുവരെ പാതാളത്തിൽ നരകയാതന അനുഭവിച്ചു കഴിയേണ്ടി വരും. സമുദ്രവും, ഭൂമിയും അവിശ്വാസികളുടെ ശരീരങ്ങളെ ഏല്പിച്ചുകൊടുക്കുമ്പോൾ പാതാളം അവരുടെ ദേഹിയെയും ആത്മാവിനെയും ഏല്പിച്ചുകൊടുക്കും.

**അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി** (And they were judged, each one according to his works) —

ക്രിസ്തുവിനെ കൂടാതെ സമുദ്രത്തിൽ മരിച്ചവരുടെ ശരീരങ്ങളെ സമുദ്രവും, ഭൂമിയിൽ ശവക്കുഴിയിലായിരിക്കുന്നവരുടെ ശരീരങ്ങളെ ഭൂമിയും തിരികെ ഏല്പിക്കുന്നു. മരണാനന്തരം യാതനസ്ഥലത്തായിരിക്കുന്ന ദേഹിയും ആത്മാവും പാതാളം അഥവാ താല്ക്കാലിക യാതനാസ്ഥലവും വിട്ടുകൊടുക്കുന്നു. അങ്ങനെ ദേഹം, ദേഹി, ആത്മാവ് എന്നിവയുടെ സംയോജനത്തിൽ രണ്ടാം പുനരുത്ഥാനത്തിൽ പങ്കാളികളായി വലിയ വെള്ളസിംഹാസനത്തിനു മുമ്പിൽ അവിശ്വാസികളൊന്നടങ്കം നില്കുന്നു. വലിയവെള്ളസിംഹാസനത്തിലിരിക്കുന്ന ന്യായാധിപനായ ക്രിസ്തു അവനവന്റെ പ്രവൃത്തിക്കു തക്ക വിധി പുറപ്പെടുവിക്കുന്നു. വെള്ളസിംഹാസനത്തിന്റെ മുമ്പിൽ നില്ക്കുന്നവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി എന്നു ഇവിടെ രണ്ടാമതും ആവർത്തിച്ചിരിക്കുന്നു (20:12,13).

ഒന്നാം പുനരുത്ഥാനത്തിൽ പങ്കാളികളായ വിശുദ്ധന്മാരെ ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നിറുത്തി പ്രവൃത്തികളെ ശോധന ചെയ്തിരുന്നു. അപ്പോൾ ചിലർ ആദരിക്കപ്പെടുകയും ചിലർ ലജ്ജിതരാകുകയും ചെയ്തിരുന്നു. എന്നാൽ അവരെല്ലാവരും സ്വർഗ്ഗസന്തോഷത്തിലേക്കു പ്രവേശിക്കപ്പെട്ടികുന്നു. എന്നാൽ അവിശ്വാസികൾ മരണശേഷം യാതനാസ്ഥലത്ത് ദണ്ഡനം അനുഭവിക്കയായിരുന്നു. ആയിരം ആണ്ടു കഴിഞ്ഞു വെള്ളസിംഹാസനത്തിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നത് അവരുടെ അന്ത്യന്യായവിധിക്കാണ്. വിധിയിലൂടെ അവർക്കു ലഭിക്കുന്നത് ഗന്ധകം കത്തുന്ന തീപ്പൊയ്കയിലെ ദണ്ഡനമാണ്. അവനവന്റെ പവൃത്തികൾക്കടുത്ത വിധി ഉണ്ടായി എന്നത് ഓരോരുത്തരുടെയും ശിക്ഷക്കുണ്ടാകുന്ന അളവിനെയും കാഠിന്യത്തെയും കുറിക്കുന്നു.

**വെളി.20:14 — മരണത്തെയും പാതളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം** (Then Death and Hades were cast into the lake of fire. This is the second death) —

സമുദ്രവും, മരണവും, പാതാളവും തങ്ങളുടെ അധികാരത്തിലുള്ള അവിശ്വാസികളായ മരിച്ചവരെ വെള്ളസിംഹാസനത്തിന്റെ മുമ്പിലെ പുനരുത്ഥാനത്തിനായും ന്യായവിധിക്കായും ഏല്പിച്ചു കൊടുത്തു. ഓരോരുത്തവർക്കും അവരുടെ പ്രവൃത്തികൾക്കനുസരണമായി ശിക്ഷ ലഭിച്ചു. ഇതിനെ തുടർന്നു മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിലേക്കു തള്ളിയിട്ടു.

**മരണത്തെയും പാതളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു** (Then Death and Hades were cast into the lake of fire) —

മരണം (Death) : എന്നത് ഇവിടെ പാപത്തിന്റെ ഫലമായി ഉണ്ടായ അവസ്ഥയെ കുറിക്കുന്നു. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപം ചെയ്കയാൽ ദൈവതേജസ്സു നഷ്ടപ്പെടുകയും പാപത്തിനു അധീനനായിത്തീരുകയും ചെയ്തു. പാപത്തിനു ലഭിച്ച ശിക്ഷയാണ് മരണം. മരണം മനുഷ്യനിൽ വാഴുവാനുണ്ടായ കാരണത്തെക്കുറിച്ചു അപ്പൊസ്ഥലനായ പൗലൊസ് രേഖപ്പെടുത്തിയിട്ടുണ്ട്. *"അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു."* (റോമ.5:12). അതായത് ആദാമിന്റെ പാപം മൂലം (ഉല്പ.3:17) പാപം ലോകത്തിലേക്കു പ്രവേശിച്ചു; പാപത്താൽ മരണം ഉണ്ടായി; മരണം സകലരിലും പരന്നു. ആയതിനാൽ ശാരീരികമരണം മനുഷ്യന്റെ പാപത്താൽ ഉണ്ടായതാണ്. മനുഷ്യനായി പിറന്ന എല്ലാവരിലും പാപം വാഴുന്നു. പാപത്തിന്റെ ശമ്പളം അഥവാ കൂലിയാണ് മരണം (റോമ.6:23). അതിനാൽ സകല മനുഷ്യരും ശാരീരികമരണത്തിനു അധീനരായിത്തീരുന്നു. ഇപ്രകാരം ആദാമിന്റെ ലംഘനത്താൽ മരണം സകലരിലേക്കും പകരപ്പെടുന്ന വ്യവസ്ഥിതിക്കു മാറ്റം കുറിക്കുവാനാണ് മരണത്തെ തീപ്പൊയകയിലേക്കു തള്ളിയിടുന്നത്. പാപത്തിനും, ചതിക്കും, വഞ്ചനക്കും, മരണത്തിനും കാരണക്കാരനായ സാത്താനെ തീപ്പൊയ്കയിലേക്കിടുന്നതിനാൽ ഇനിമേൽ മരണത്തിന്റെ ആവശ്യം ഇല്ലാതായിത്തീരുന്നു. അതായത് ഒടുക്കത്തെ ശത്രുവായ മരണത്തെ എന്നേക്കും നശിപ്പിക്കുന്നു (1.കൊരി.15:54,55). "അവൻ മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും" എന്ന പ്രവാചകന്റെ അരുളപ്പാട് (യെശ.25:8) ഇപ്രകാരം നിവൃത്തിയാത്തീരുന്നു.

പാതാളം (Hades) : എന്നത് ശാരീരികമരണത്തിലൂടെ കടന്നുപോകുന്ന അവിശ്വാസികളുടെ ആത്മാക്കളുടെ താല്ക്കാലിക ദണ്ഡനസ്ഥലമാണ്. അതായത് പാതാളം ദുഷ്ടത്മാക്കളുടെ തടവറയും ദണ്ഡനസ്ഥലവുമാണ്. രക്ഷിക്കപ്പെട്ടവരുടെ ആത്മാക്കൾ മരണശേഷം ദൈവസന്നിധിയിലെത്തുമ്പോൾ

രക്ഷിക്കപ്പെടാത്തവരുടെ ആത്മാക്കൾ പാതാളത്തിൽ എത്തുന്നു. മരണവും പാതാളവും വേർപിരിയാത്ത കൂട്ടുകാരെന്ന നിലയിൽ പീഡനകാലവേളയിൽ നാലാമത്തെ മുദ്രപൊട്ടിച്ചപ്പോൾ കാണുന്നുണ്ട്. **വെളി.6:7,8** — "നാലാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു നാലാം ജീവി പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ മഞ്ഞനിറമുള്ളോരു കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്നു മരണം എന്നു പേർ; പാതാളം അവനെ പിന്തുടർന്നു.'' വെള്ളസിംഹാസനത്തിലെ ന്യായവിധിയോടനുബന്ധിച്ചു മരണത്തോടൊപ്പം പാതാളത്തെയും തീപ്പൊയ്കയിലേക്കു തള്ളിയിടുന്നു. കാരണം സാത്താനും കൂട്ടരും എന്നെന്നേക്കുമുള്ള ദണ്ഡനം അനുഭവിച്ചു തീപ്പൊയ്കയിൽ കിടക്കുന്നതിനാൽ ഇനിമേൽ പാതാളത്തിന്റെ ആവശ്യവും പുതിയ ഭൂമിക്കു ആവശ്യം ഇല്ല.

**ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം** (This is the second death) —

ഗന്ധകം കത്തുന്ന തീപ്പൊയ്കയായ നരകത്തെ രണ്ടാമത്തെ മരണം എന്നു പറഞ്ഞിരിക്കുന്നു. തീപ്പൊയ്കയിൽ ആദ്യം വന്നു വീഴുന്നത് മൃഗവും കള്ളപ്രവാചകനുമാണ്. ആയിരം ആണ്ടുകൾക്കുശേഷം അവരുടെ നേതാവായ സാത്താനെയും അവിടേക്ക് തള്ളിയിടുന്നു. തുടർന്നു ഒരുക്കപ്പെടുന്ന വലിയോരു വെള്ളസിംഹാസനത്തിലെ ന്യായവിധിക്കുശേഷം മരണത്തെയും, പാതാളത്തെയും, സകലപാപികളെയും തീപ്പൊയ്കയിലേക്കു തള്ളിയിടുന്നു.

ആത്മീകമരണം ആത്മാവിനെ സംബന്ധിച്ചുള്ളതും ദൈവത്തിൽ നിന്നുള്ള വേർപാടിനെ കുറിക്കുന്നതുമാണ്. അതേസമയം ശാരീരികമരണം ഈ ലോകജീവിതത്തിൽ നിന്നുള്ള വേർപാടിനെക്കുറിക്കുന്നു. ഇവ രണ്ടും പാപത്തിന്റെ ഫലമായുണ്ടായതാണ്. എന്നാൽ രണ്ടാം മരണം അഥവാ നിത്യമരണം എന്നത് രക്ഷിക്കപ്പെടാത്ത ഒരുവനിലെ മനുഷ്യാത്മാവു ദൈവവുമായുള്ള ബന്ധത്തിൽനിന്നു എന്നെന്നേക്കുമായി വേർപെടുന്നതിനെക്കുറിക്കുന്നു. നരകത്തീപ്പൊയ്കയിലേക്കു നിത്യദണ്ഡനത്തിനായി തള്ളപ്പെടുമ്പോൾ ദൈവവുമായി എന്നെന്നേക്കുമായുള്ള വേർപാടുണ്ടാകുന്നതിനാലാണ് രണ്ടാം മരണം എന്നു പറയുന്നത്. ഒന്നാം മരണത്തിൽ ആത്മാവു ശരീരത്തിൽ നിന്നു വേർപെടുന്നു. രണ്ടാം മരണത്തിൽ മനുഷ്യൻ ദൈവത്തിൽ നിന്നു എന്നെന്നേക്കുമായി വേർപെടുന്നു. തിരുവചനത്തിൽ ശാരീരികമരണം, ആത്മീകമരണം, നിത്യമരണം എന്നീ മൂന്നവസ്ഥകൾ മരണത്തിനുണ്ടെങ്കിലും, ശാരീരികമരണം ഒന്നാം മരണവും, നിത്യമരണം രണ്ടാം മരണവുമായി തിരിക്കാം. മനുഷ്യൻ ശരീരത്തിൽ വസിക്കുമ്പോൾ നിത്യതയിലേക്കുള്ള വാസത്തിനായി കർത്താവായ യേശുക്രിസ്തുവിലൂടെ നിത്യജീവൻ പ്രാപിച്ചില്ലെങ്കിൽ അവൻ ആത്മീകമായി മരിച്ചവനാകയാൽ നിത്യമരണത്തിനധീനനായിത്തീരുന്നു. ഈ രണ്ടാം മരണത്തിൽ അവൻ ദൈവവുമായി എന്നെന്നേക്കുമായി വേർപെടുന്നതിനാൽ ദേഹം, ദേഹി, ആത്മാവോടുകൂടി തീപ്പൊയ്കയിലേക്കു തള്ളപ്പെടുന്നു. ആയിരമാണ്ടു വാഴ്ചയ്ക്കു ശേഷമായിരിക്കും ഇതു സംഭവിക്കുന്നത്.

നിത്യദണ്ഡനത്തിനു കാരണമായ രണ്ടാം മരണത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന തിരുവചന ഭാഗങ്ങൾ —

**വെളി.2:11** —*"ജയിക്കുന്നവന്നു രണ്ടാംമരണത്താൽ ദോഷം വരികയില്ല."*

**വെളി.20:6** — *"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന്നു അധികാരം ഇല്ല...."*

**വെളി. 20:14,15**—*"മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*

**വെളി.21:8** — *"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം."*

**വെളി.20:15 — ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും** (And anyone not found written in the Book of Life was cast into the lake of fire) —

മൃഗത്തെയും, കള്ളപ്രവാചകനെയും, സാത്താനെയും തീപ്പൊയ്കയിലേക്കു തള്ളിയിട്ടു. അതിനുശേഷം ഒരുക്കപ്പെടുന്ന വെള്ളസിംഹാസനത്തിന്റെ മുമ്പിൽ സകല അവിശ്വാസികളും നില്ക്കുന്നു. അവർ രണ്ടാം പുനരുത്ഥാനത്തിൽ പങ്കാളികളായി ഉയിർത്തെഴുന്നേവർ അഥവാ ജീവൻ പ്രാപിച്ചവരെങ്കിലും അവരെ മരിച്ചവർ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഓരോരുത്തരുടെ പ്രവൃത്തിക്കനുസരിച്ചു ശിക്ഷാവിധി ഉണ്ടായി. ദുഷ്ടന്മാരുടെമേൽ ഇതുവരെയും അധികാരമുണ്ടായിരുന്ന മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിലേക്കു തള്ളിയിട്ടു. തുടർന്നു യോഹന്നാൻ ഈ വാക്യത്തിൽ വിശദീകരിക്കുന്നത്:''ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" അഥവാ ക്രിസ്തുവിനെക്കൂടാതെ ജീവിക്കുകയും മരിക്കുകയും ചെയ്ത സകലരെയും തീപ്പൊയ്കയിലേക്കു തള്ളിയിടും എന്നാണ്.

**ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും** (And anyone not found written in the

Book of Life was cast into the lake of fire) —

യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷപ്രാപിക്കുന്നവരുടെ പേരുകളാണ് ജീവപുസ്തകത്തിൽ എഴുതപ്പെടുന്നത്. അതായത് ദൈവം ഒരുക്കിയ രക്ഷയെ തള്ളിക്കളഞ്ഞുകൊണ്ട് സ്വയത്തിൽ ആശ്രയിക്കുന്ന ഒരുവന്റെയും പേര് ജീവപുസ്തകത്തിൽ കാണുകയില്ല. ഒരുവൻ തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു ദൈവം സംവിധാനം ചെയ്ത രക്ഷയിൽ പങ്കാളിയായി നീതീകരിക്കപ്പെടുമ്പോൾ തൽക്ഷണം സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന ജീവപുസ്തകത്തിൽ അവന്റെ പേരെഴുതപ്പെടും. ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ നിത്യരക്ഷയെന്ന നിലയിൽ അത് അവകാശമാക്കുന്നവരുടെ പേര് ഒരിക്കലും മായിച്ചു കളയുന്നില്ല. എന്നാൽ രക്ഷിക്കപ്പെടാത്തവരുടെ പേരുകൾ മണ്ണിലാണ് എഴുതപ്പെട്ടിരിക്കുന്നത്. അത് താല്കാലികമായ എഴുത്താകയാൽ മാഞ്ഞുപോകുമെന്നു മാത്രമല്ല തീപ്പൊയ്കയിൽ നിന്നുള്ള വിടുതലിനു കാരണമാകുന്നതുമില്ല. **യിരെ.17:13 —** *"യിസ്രായേലിന്റെ പ്രത്യാശയായ യഹോവേ, നിന്നെ ഉപേക്ഷിക്കുന്ന ഏവരും ലജ്ജിച്ചുപോകും; എന്നെ വിട്ടുപോകുന്നവരെ മണ്ണിൽ എഴുതിവെക്കും; അവർ ജീവനുള്ള വെള്ളത്തിന്റെ ഉറവയായ യഹോവയെ ഉപേക്ഷിച്ചുകളഞ്ഞുവല്ലോ."* വെള്ളസിംഹാസനത്തിനു മുമ്പിൽ നില്കുന്ന മരിച്ചവരായ ആബാലവൃദ്ധം ഭൂവാസികളെ ശിക്ഷിക്കുവാനുള്ള കാരണം അവരുടെ പേരുകൾ ജീവപുസ്തകത്തിൽ ഇല്ലാത്തതുകൊണ്ടാണ്. ഇത് നമ്മുടെ ഉത്തരവാദിത്തത്തിലേക്കും വിരൽ ചൂണ്ടുന്നു. നാം സ്വർഗ്ഗീയപൗരന്മാർ. തീപ്പൊയ്കയിൽ നിന്നു വിടുതൽ ലഭിച്ചവർ. നമ്മുടെ പേര് ജീവപുസ്തകത്തിലുണ്ട്. എന്നാൽ നമുക്കു ചുറ്റും വസിക്കുന്ന ആബാലവൃദ്ധം ജനങ്ങൾ നരകത്തീപ്പൊയ്കയിലേക്കു സഞ്ചരിക്കുന്നു. അവരുടെ പേര് ജീവപുസ്തകത്തിൽ എഴുതപ്പെടുവാനും ക്രിസ്തുവിൽ വിശ്വസിച്ചു അവരെ രക്ഷയിലേക്കു നടത്തുവാനുമുള്ള ഏറിയ ഉത്തരവാദിത്തം രക്ഷിക്കപ്പെട്ട നമുക്കാണുള്ളതെന്ന കാര്യം എപ്പോഴും ഓർമ്മിക്കണം.

**തീപ്പൊയ്കയിൽ തള്ളിയിടും** (And anyone not found written in the Book of Life was cast into the lake of fire) —

ജീവപുസ്തകത്തിൽ വിശ്വാസികളുടെ പേരാണുള്ളത്. ജീവപുസ്തകത്തിൽ പേരില്ലാത്തവരെ അഥവാ ക്രിസ്തുയേശുവിലെ വിശ്വാസത്താൽ പാപമോചനവും, നീതീകരണവും പ്രാപിക്കാത്തവരുടെ പേരുകൾ ജീവപുസ്തകത്തിൽ ഉണ്ടായിരിക്കയില്ല. അവരുടെ പ്രവൃത്തികൾ എത്രനല്ലതാണെങ്കിലും അതു കണക്കാക്കാതെ തീപ്പൊയ്കയിൽ തള്ളിയിടും. തീപ്പൊയ്കയിലെ ദണ്ഡനവും വേദനയും മനസ്സിലാക്കി അവിടേക്ക് പോകുവാൻ വിസമ്മതിക്കുന്നതുകൊണ്ടാണ് ബലമായി ഏവരെയും തള്ളിയിടുന്നത്.

തീപ്പൊയ്ക (lake of fire) എന്ന വിശേഷണം തിരുവചനത്തിൽ നാലുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് വെളിപ്പാടു പുസ്തകത്തിൽ (വെളി.19:20/20:10/20:14/20:15) തന്നെയാണ്. സകല അവിശ്വാസികൾക്കും ദുഷ്ടന്മാർക്കും നല്കുന്ന അന്ത്യന്യായവിധിയുടെ സ്ഥലമാണ് തീപ്പൊയ്ക. ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയ്ക്കുശേഷം ആയിരമാണ്ടുവാഴ്ച കഴിഞ്ഞാണ് സകല അവിശ്വാസികളെയും ഇതിലേക്കു തള്ളിയിടുന്നത്. തീപ്പൊയ്കയുടെ സ്ഥാനം എവിടെയാണെന്നു തിരുവചനത്തിലൂടെ നമുക്കു വെളിപ്പെടുന്നില്ല. എന്നാൽ സകല അവിശ്വാസികൾക്കും ലഭിക്കുന്ന തീപ്പൊയ്ക അഥവാ കെടാത്ത തീയുള്ള നരകത്തെക്കുറിച്ചു കർത്താവു തന്നെ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. (മത്താ.18:8/മത്താ.23:15/മത്താ.23:33/മത്താ.25:46/മർക്കൊ.9:46).

സകലദുഷ്ടശക്തികളുടെയും, അവിശ്വാസികളുടെയും ശിക്ഷാകേന്ദ്രമാണ് നരകത്തീപ്പൊയ്ക. തീപ്പൊയ്കയെ ഗ്രീക്കിൽ ഗീഹന്നാ (Gehenna) എന്നു പറയുന്നു. പഴയനിയമത്തിൽ ഇതിനു സമാനമായ എബ്രായപദമാണ് ബെൻ -ഹിന്നോം താഴ്വര (Ben-Hinnom Valley). പഴയനിയമകാലത്ത് ബെൻ–ഹിന്നോം താഴ്വരയിൽ വിഗ്രഹാരാധികളായ യിസ്രായേല്യർ അന്യദേവന്മാരെ പ്രസാദിപ്പിക്കുവാനായി തങ്ങളുടെ മക്കളെ അവിടത്തെ അഗ്നിയിലേക്കെറിയുമായിരുന്നു(യിരെ.19:2–6). ബെൻ–ഹിന്നോം താഴ്വര യെരൂശലേമിന്റെ തെക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്നു. പുതിയനിയമകാലത്ത് യെരൂശലേം പട്ടണത്തിനുവെളിയിൽ ചപ്പുചവറുകൾ കത്തിച്ചു കളയുന്ന സ്ഥലമാണ് ഗീഹന്ന. അവിടെ രാവും പകലും പുക ഉയർന്നു കൊണ്ടിരിക്കുന്നത് നരകത്തീപ്പൊയ്കക്കു സമാനമായിരിക്കുന്നു.

ജീവപുസ്തകത്തിൽ പേരില്ലാത്തവരെ തീപ്പൊയ്കയിലേക്കു തള്ളിയിടും. അവർ നരകത്തീപ്പൊയ്കയിൽ എന്നെന്നേക്കും ദണ്ഡനം അനുഭവിക്കും. എന്നാൽ ജീവപുസ്തകത്തിൽ പേരുള്ളവർ വിശുദ്ധന്മാരാണ്. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നീതീകരണം ലഭിച്ചവരാണവർ. അവർ ദൈവമക്കളന്ന നിലയിൽ നിത്യതയിൽ ദൈവത്തോടൊപ്പം എന്നേക്കും സന്തോഷത്തോടെ വസിക്കുന്നവരുമായിരിക്കും.

എന്തുകൊണ്ടാണ് ദൈവം മനുഷ്യരെ കരുണയില്ലാതെ തീപ്പൊയ്കയിലേക്ക് തള്ളിയിടുന്നത്? ചിലർ ചോദിക്കുന്ന ചോദ്യമാണിത്. ആരെയും നിത്യദണ്ഡനത്തിനായി തീപ്പൊയ്കയിലേക്ക് ദൈവം അയക്കുന്നില്ല. എന്നാൽ മനുഷ്യരാണ് സ്വയം തീപ്പൊയ്കയിലേക്ക് ചെന്നെത്തുന്നത്. ലോകരക്ഷകനായ യേശുക്രിസ്തുവിനെ തള്ളിക്കളയുന്നതിനാലാണ് അവർ തീപ്പൊയ്കയിൽ അകപ്പെടുന്നത്.

യഥാർത്ഥത്തിൽ മനുഷ്യർക്കല്ല, പിശാചിനും അവന്റെ ദൂതന്മാർക്കുമാണ് നിത്യാഗ്നി സംവിധാനം ചെയ്യപ്പെട്ടത് (മത്താ.25:31). തീപ്പൊയ്കയിലെ നിത്യദണ്ഡനത്തിനുള്ള കാരണക്കാരൻ മനുഷ്യൻ തന്നെയാണ്. ദൈവം ഒരുക്കിയ രക്ഷയെ നിസ്സാരമെന്നു കരുതി അവഗണിക്കുകയാൽ തീപ്പൊയ്കയിൽ നിത്യകാലം യാതന അനുഭവിക്കേണ്ടി വരും. സുവിശേഷത്തിൽ ഇതു വ്യക്തമാക്കിയിരിക്കുന്നു — **യോഹ.3:16 –21 —** *"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു. ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ. തിന്മ പ്രവർത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകെക്കുന്നു; തന്റെ പ്രവൃത്തിക്കു ആക്ഷേപം വരാതിരിപ്പാൻ വെളിച്ചത്തിങ്കലേക്കു വരുന്നതുമില്ല. സത്യം പ്രവർത്തിക്കുന്നവനോ, തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അതു വെളിപ്പെടേണ്ടതിന്നു വെളിച്ചത്തിങ്കലേക്കു വരുന്നു."*

======================= // ===========================

# വെളിപ്പാട് — അദ്ധ്യായം — 21

## പുതിയ ആകാശവും പുതിയ ഭൂമിയും

### (THE NEW HEAVEN AND THE NEW EARTH )

**ആമുഖം :**

ക്രിസ്തു തന്റെ വിശുദ്ധന്മാരുമായി ആയിരമാണ്ട് ഭൂമിയിൽ വാഴുന്നതും അതിന്റെ ശേഷം വെള്ളസിംഹാസനത്തിലെ ന്യായവിധിയും വെളിപ്പാട് 20 -ൽ വിവരിച്ചു. സഹസ്രാബ്ദവാഴ്ചെക്കുശേഷം വെളിപ്പാടു പുസ്തകത്തിലെ സമാപനസംഭവങ്ങളെ വിവരിക്കുന്ന 21,22 അദ്ധ്യായങ്ങളിലേക്കു കടക്കുന്നു. സഹസ്രാബ്ദവാഴ്ചക്കുശേഷം ദൈവമക്കൾക്കായി അഥവാ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതപ്പെട്ട സകല വിശുദ്ധന്മാരുടെയും നിത്യഭവനത്തിന്റെയും അവിടത്തെ വാസത്തിന്റെയും കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുന്നു. പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരുശലേം എന്നിങ്ങനെ പുതുതായ സകലവും ഉൾക്കൊള്ളുന്ന നിത്യതയിലെ മഹാസന്തോഷത്തിന്റെ വിവരങ്ങളാണ് 21-ൽ അടങ്ങിയിരിക്കുന്നത്. ദൈവസ്വരൂപത്തിലും തേജസ്സിലും നിർമ്മിക്കപ്പെട്ട മനുഷ്യനു ദൈവം ഒരുക്കിയിരിക്കുന്ന ഭാഗ്യകരമായ നിത്യവാസത്തെയും സന്തോഷത്തിന്റെ അനുഭവത്തെയും ഇവിടെ വിവരിക്കുന്നു. ഏദെൻതോട്ടത്തിൽ മനുഷ്യരോടൊപ്പം ദൈവം വസിക്കുവാനും കൂട്ടായ്മ പുലർത്തുവാനും ആഗ്രഹിച്ചുവെങ്കിലും പാപത്തിന്റെ പ്രവേശനത്താൽ അതു തടയപ്പെട്ടു. സാത്താനെയും അവന്റെ കൂട്ടാളികളെയും തീപ്പൊയ്കയിലേക്കു തള്ളിയിട്ടു എന്നേക്കുമായി ന്യായംവിധിച്ചശേഷം തന്റെ വിശുദ്ധന്മാരുമായി ദൈവം നിത്യതയിൽ വാസം ആരംഭിക്കുന്നു. ഉല്പത്തിയിൽ ദൈവം ആഗ്രഹിച്ച കൂട്ടായ്മയും സഹവാസവും വെളിപ്പാടിൽ പൂർത്തീകരിക്കപ്പെടുന്നതിന്റെ തെളിവാണ് 21:3 മുതൽ 5 വരെയുള്ള വാക്യങ്ങൾ — *"ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല."* വെളിപ്പാട് 20 അവസാനിക്കുന്നത് ഒരിക്കലും അണയാത്ത നരകത്തിലെ ഗന്ധകത്തീപ്പൊയ്കയുടെ വിവരണത്തോടെയായിരുന്നുവെങ്കിൽ, വെളിപ്പാട് 21 ആരംഭിക്കുന്നത് പ്രത്യാശയുടെയുടെയും നിത്യസന്തോഷത്തിന്റെയും രംഗങ്ങളോടെയാണ്. മഹാപീഡനകാലദുരിതങ്ങൾ, ക്രിസ്തുവിലാശ്രയിക്കുന്ന പീഡനകാലവിശ്വാസികളുടെ രക്തസാക്ഷിത്വം, വെള്ളസിംഹാസനത്തിലെ ന്യായവിധി, ഒരിക്കലും കെട്ടുപോകാത്ത തീപ്പൊയ്കയിലെ നിത്യദണ്ഡനം എന്നിങ്ങനെയുള്ളവയുടെ സങ്കടകരമായ വിശദീകരണത്തിനു ശേഷം യോഹന്നാൻ ദൈവമക്കൾക്കു ലഭിക്കുന്ന ആനന്ദകരമായ നിത്യഭവനത്തിന്റെ സവിശേഷതകൾ വർണ്ണിക്കുന്നു. കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ മറ്റാരും ഇല്ലാത്ത ഒരു നിത്യസന്തോഷ വാസത്തിന്റെ വിവരണമാണിത്.

വിശ്വാസികൾക്കായി ഭാവിയിൽ ദൈവം ഒരുക്കിയിരിക്കുന്ന ഏറ്റവും സന്തോഷിക്കാവുന്ന കാര്യപരിപാടികളുടെ വിശദീകരണമാണ് വെളിപ്പാട് 21,22 അദ്ധ്യായങ്ങളിൽ അടങ്ങിയിരിക്കുന്നത്. അവിശ്വാസികൾ ഇതു മനസ്സിലാക്കി ദൈവകൃപയിൽ ആശ്രയിച്ചാൽ അവർക്കും ലഭിക്കാവുന്നതും, ഏറ്റവും സന്തോഷിക്കാവുന്ന വിഷയവുമാണിത്. ഏഴു പുതിയ കാര്യങ്ങൾ ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു.

(1) പുതിയ ആകാശം (New Heaven) — 21:1
(2) പുതിയ ഭൂമി (New Earth ) — 21:1
(3) പുതിയ യെരൂശലേം (New Jerusalem) — 21:2
(4) സകലതും പുതിയത് (New Universal order) — 21:5
(5) പുതിയ മന്ദിരം (New temple) — 21:22
(6) പുതിയ പ്രകാശം (New light) — 21:23/22:5
(7) പുതിയ പറുദീസാ — ജീവജലനദി, ജീവവൃക്ഷം, സിംഹാസനം (New Paradise) — 22:1-5

ആദിയിൽ ദൈവം ആകാശവും ഭൂമിയിയും സൃഷ്ടിച്ചതിനെ തുടർന്നു മനോഹരമായ ഏദെൻതോട്ടത്തിന്റെ വിവരണങ്ങളോടെ ആരംഭിക്കുന്ന വേദപുസ്തകം വെളിപ്പാടിൽ ജീവജലനദിയും ജീവവൃക്ഷവുമുള്ള മറ്റൊരു തോട്ടത്തിന്റെ വർണ്ണനയോടെ അവസാനിക്കുന്നു. ഉല്പത്തിയിലും വെളിപ്പാടിലും പഴയതും പുതിയതുമായ സൃഷ്ടിയോടു ബന്ധത്തിൽ അനേക വൈരുദ്ധ്യങ്ങളായ പ്രത്യേകതകൾ കാണുന്നു —

| ഉല്പത്തി | വെളിപ്പാട് |
|---|---|
| (1) ആകാശവും ഭൂമിയും സൃഷ്ടിച്ചു (1:1) | പുതിയ ആകാശവും പുതിയ ഭൂമിയും (21:1) |
| (2) വെളിച്ചത്തിനായി സൂര്യൻ (1:16) | സൂര്യന്റെ ആവശ്യം ഇല്ല (21:23) |
| (3) രാത്രി ഏർപ്പെടുത്തി (1:5) | രാത്രി ഇല്ല (21:25/22:5) |
| (4) വെള്ളത്തിന്റെ കൂട്ടം — സമുദ്രം (1:10) | സമുദ്രം ഇല്ല (21:1) |
| (5) ഏദെനിൽ ഒരു നദി, നാലു ശാഖ (2:10) | ശാഖകളില്ലാത്ത ജീവജലനദി (22:1) |
| (6) താമസം ഏദെനിലെ നദിക്കരികെ (2:10) | പുതിയ യെരൂശലേമിൽ (21:2,3) |
| (7) തോട്ടത്തിൽ നിന്നു മനുഷ്യനെ പുറത്താക്കി(3:24) | പറുദീസായിൽ പ്രവേശനം (22:14) |
| (8) ശാപം പ്രഖ്യാപിച്ചു (3:14-17) | ഇനി ശാപം ഇല്ല (22:3) |
| (9) മരണം പ്രവേശിച്ചു (3:19) | മരണം ഇല്ല (21:4) |
| (10) കഷ്ടതയും വേദനയും ഉണ്ടാകുന്നു (3:17) | ദുഃഖവും മുറവിളിയും ഇല്ല (21:5) |
| (11) ജീവവൃക്ഷഫലം നിഷേധിച്ചു (3:22-24) | ജീവവൃക്ഷത്തിങ്കലേക്കു പ്രവേശനം (22:2) |
| (12) മനുഷ്യനെ അകറ്റിക്കളഞ്ഞു (3:23,24) | മനുഷ്യരോടൊപ്പം ദൈവം വസിക്കുന്നു (21:3) |

**അദ്ധ്യായവിഷയം :**

പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരൂശലേം എന്നിങ്ങനെ സകലതും പുതുതാക്കി ദൈവവും മനുഷ്യരും ഒത്തൊരുമിച്ചുള്ള നിത്യവാസം.

**അദ്ധ്യായസംഗ്രഹം :**

*"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി"* എന്ന വാക്കുകളോടെ യോഹന്നാൻ സഹസ്രാബ്ദവാഴ്ചക്കു ശേഷമുള്ള നിത്യതയിലെ സംഭവങ്ങൾ വിശദീകരിക്കുന്നു (21:1). പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരത്തെയും യോഹന്നാൻ കാണുന്നു (21:2). ദൈവം മനുഷ്യരോടൊപ്പം വസിക്കുന്നതിനാൽ കണ്ണുനീരില്ലാത്ത, മരണമില്ലാത്ത, ദുഃഖമില്ലാത്ത, മുറവിളിയില്ലാത്ത അനുഭവം കൈവരിക്കുവാൻ ശാപവും പാപവും നിറഞ്ഞ സകലതും മാറ്റി പുതുതാക്കുന്നു (21:3-5). പുതിയ യെരൂശലേമിൽ സമുദ്രം അഥവാ വെള്ളമില്ലെങ്കിലും അല്ഫയും ഒമേഗയും ആദിയും അന്തവും ആകുന്ന ക്രിസ്തു ജീവന്റെ ഉറവയായി സകലരുടെയും ദാഹം തീർക്കും(21:6). സകല അവിശ്വാസികളുടെയും ഓഹരി ഗന്ധകം കത്തുന്ന തീപ്പൊയ്കയായതിനാൽ അവരാരും പുതിയ യെരൂശലേമിൽ ഉണ്ടായിരിക്കയില്ല(21:8). പീഡനകാലത്തിൽ ഏഴു ക്രോധകലശങ്ങളുമായി വന്ന ദൂതന്മാരിൽ ഒരുവൻ യോഹന്നാനെ കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുകൊടുക്കുന്നു (21:9). ആത്മവിവശതയിലായ യോഹന്നാൻ സ്വർഗ്ഗീയ യെരൂശലേമിന്റെ സൗന്ദര്യവും, ജ്യോതിസ്സും, ഗോപുരങ്ങളും, മതിലിന്റെ അടിസ്ഥാനങ്ങൾ രത്നങ്ങളാൽ അലങ്കരിച്ചതും കാണുന്നു (21:11-21). നഗരം വിലയേറിയ സൂര്യകാന്തത്താലും (21:11), നഗരമതിൽ പന്ത്രണ്ടുവിധ രത്നങ്ങളാലും (21:19,20), ഗോപുരങ്ങൾ വിലയേറിയ മുത്തിനാലും (21:21), വീഥികൾ സ്വച്ഛസ്ഫടിക തങ്കത്താലും (21:21) അലങ്കരിക്കപ്പെട്ടിരിക്കുന്നു. പുതിയ യെരൂശലേമിൽ മന്ദിരം അഥവാ ആലയം കണ്ടില്ല. കാരണം പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഒരുമിച്ചു പുതിയ യെരൂശലേമിൽ വസിക്കുന്നതിനാൽ തന്നേ. സ്വർഗ്ഗീയ യെരൂശലേം ദൈവതേജസ്സിനാൽ മിന്നിത്തിളങ്ങുന്നതിനാൽ പ്രകാശത്തിനായി സൂര്യന്റെയും ചന്ദ്രന്റെയും ആവശ്യവും ഇല്ലെന്നു യോഹന്നാൻ പറയുന്നു (21:22,23). ജീവപുസ്തകത്തിൽ പേരില്ലാത്തവരാരും അവിടെ പ്രവേശിക്കയില്ലെന്ന വാക്കുകളോടെ അദ്ധ്യായം അവസാനിക്കുന്നു (21:27). അതായത് ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളുടെ പൊരുൾ മനസ്സിലാക്കുന്നതോടൊപ്പം പാപികളായവർ രക്ഷിക്കപ്പെട്ടു ജീവപുസ്തകത്തിൽ പേരെഴുതപ്പെടാനും, രക്ഷിക്കപ്പെട്ടവർ തങ്ങളുടെ ചുറ്റും തീപ്പൊയ്കയിലേക്കു സഞ്ചരിക്കുന്നവരെ രക്ഷയുടെപാതയിലേക്കു നടത്തണമെന്നുമുള്ള പ്രബോധനവും ഇതിൽ ഉൾക്കൊള്ളുന്നു.

**അദ്ധ്യായവിഭജനം :**

വെളി.21:1 — പുതിയ ആകാശം പുതിയഭൂമി - ദർശനം
(Vision of New Heaven and New Earth)

വെളി.21:2-7 — പുതിയ യെരൂശലേം
(New Jerusalem)

വെളി.21:8 — അവിശ്വാസികൾക്കുള്ള ഓഹരി — തീപ്പൊയ്ക
(The share of the unbelievers – lake of fire)

വെളി.21:9 — കുഞ്ഞാടിന്റെ മണവാട്ടി
(The wife of the Lamb)

വെളി.21:10 -27 — പുതിയ യെരൂശലേമിന്റെ വിശദീകരണം
(The details of New Jerusalem)

**വെളി.21:1 — ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല** (Now I saw a new heaven and a new earth, for the first heaven and the first earth had passed away. Also there was no more sea) —

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന വാക്കുകളോടെ ഉല്പത്തി പുസ്തകം ആരംഭിക്കുന്നുവെങ്കിൽ വെളിപ്പാടു 21-ാം അദ്ധ്യായം ആരംഭിക്കുന്നത് ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു എന്ന യോഹന്നാന്റെ വാക്കുകളോടെയാണ്. ആദ്യത്തെ ആകാശത്തിന്റെയും ഭൂമിയുടെയും സ്ഥാനത്ത് സകലതും പുതുതാക്കപ്പെട്ടവ തന്റെ വിശുദ്ധന്മാരുമൊത്തുള്ള നിത്യവാസത്തിനായി ദൈവം ഒരുക്കുന്നു. അഗ്നിയിലൂടെ പുതുക്കപ്പെട്ട പുതിയലോകത്തെയാണ് പുതിയ ആകാശവും പുതിയ ഭൂമിയും എന്നിവിടെ പറഞ്ഞിരിക്കുന്നത്. സാത്താനെയും, സാത്താന്യശക്തികളെയും, അവിശ്വാസികളെയും മാത്രമല്ല മരണത്തെയും, പാതാളത്തെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്കു എറിഞ്ഞുകളഞ്ഞു (വെളി.20:11 -15). അതോടെ പാപവും പാപത്തിന്റെ ഉറവിടവും ഇല്ലാതാക്കി ലോകത്തെ ശുദ്ധീകരിച്ചു. തുടർന്നു സകല അന്ധകാരശക്തികളും വിഹരിച്ചിരുന്ന ആകാശവും ഭൂമിയും പുനഃസംവിധാനം ചെയ്തു ശുദ്ധീകരിക്കുന്നു.

**ഞാൻ കണ്ടു** (Now I saw) —

ഞാൻ കണ്ടു എന്ന യോഹന്നാന്റെ പ്രസ്താവന വെളിപ്പാടു പുസ്തകത്തിൽ ആവർത്തിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. പുതിയ ഒരു ദർശനവിശദീകരണത്തെയാണ് ഇത് വെളിപ്പെടുത്തുന്നത്. 21-ാം അദ്ധ്യായത്തിൽത്തന്നെ രണ്ടു പ്രാവശ്യം "ഞാൻ കണ്ടു" എന്നും ഒരു പ്രാവശ്യം "കണ്ടില്ല" എന്നും പറഞ്ഞിരിക്കുന്നു.

(1) 21:1 — "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു."

(2) 21:2 —"പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽ നിന്നുതന്നേ, ഇറങ്ങുന്നതു ഞാൻ കണ്ടു."

(3) 21:22 — "മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു."

**പുതിയ ആകാശവും പുതിയ ഭൂമിയും** (a new earth and a new heaven) —

പുതിയ (new) എന്നതിനു ഗ്രീക്കിൽ കെയ്നോസ് (kainos = fresh/ brand new / new in quality and character) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം സ്വഭാവത്തിലും വിശേഷതയിലും പുതിയത് എന്നാണ്. എല്ലാ രൂപത്തിലും ഭാവത്തിലും പുതുതാക്കുന്നതിനെ കെയ്നോസ് എന്ന ഗ്രീക്കുപദം കുറിക്കുന്നു.

പുതിയ ആകാശം, പുതിയഭൂമി എന്ന വിശേഷണം യെശയ്യാപ്രവചനത്തിൽ രണ്ടിടത്തു കാണുന്നുണ്ട് —

**യെശ.65:17 —** *''ഇതാ, ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു; മുമ്പിലത്തെവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല."*

**യെശ.66:22 —** *"ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പാകെ നിലനില്ക്കുന്നതുപോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനില്ക്കും എന്നു യഹോവയുടെ അരുളപ്പാടു."*

എന്നാൽ ഇത് സഹസ്രാബ്ദവാഴ്ചയിലെ ഭരണത്തെക്കുറിക്കുന്നതാണെന്നു അഭിപ്രായമുണ്ട്. അതായത് "പുതിയ ആകാശവും പുതിയഭൂമിയും" സകലതും പുതുതാക്കുന്ന സഹസ്രാബ്ദത്തെ കുറിക്കുന്നു എന്നു പറയപ്പെടുന്നു. എന്നാൽ സഹസ്രാബ്ദവാഴ്ചയിൽ സമാധാനവും നീതിയുമുള്ള ഭരണവും, ആത്മീകമായി പുതുക്കപ്പെട്ട വ്യവസ്ഥിതിയും ഉണ്ടാകുമെങ്കിലും പുതിയ ആകാശവും, പുതിയ ഭൂമിയും ഉണ്ടാകുമെന്നു പ്രതീക്ഷിക്കാനാവില്ല. സഹസ്രാബ്ദഭരണകാലത്ത് പാപവും, മരണവും, അതിക്രമവും അതിനുള്ള ശിക്ഷയും ഉണ്ടാകുന്നത് യെശയ്യാപ്രവാചകൻ തന്നെ വിവരിക്കുന്നുണ്ട് (യെശ.65:20/66:24). ആകയാൽ പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും എന്ന യെശയ്യാവിന്റെ പ്രവചനം യോഹന്നാന്റെ ദർശനത്തിലാണ് നിവൃത്തിയാകുന്നത്. അത് സഹസ്രാബ്ദവാഴ്ച കഴിഞ്ഞ് ദൈവവും മനുഷ്യനും ഒന്നിച്ചുള്ള നിത്യവാസത്തോടനുബന്ധിച്ചുള്ള നവീകരണത്തിലാണ് നടക്കുന്നത്. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി എന്നു ആത്മരക്ഷയോടു ബന്ധത്തിൽ പറയുന്നതുപോലെ വിശ്വാസികൾക്കായി നിത്യഭവനം ചമയ്ക്കുമ്പോഴും സകലവും പുതുതായിത്തീരുന്ന പ്രക്രിയയിൽ ദൈവം തന്റെ മക്കൾക്കായി പുതിയ ആകാശവും പുതിയഭൂമിയും ഒരുക്കുന്നു.

കർത്താവിന്റെ മടങ്ങിവരവിനെ അവിശ്വസിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവരോടു പത്രൊസ് അപ്പൊസ്തലൻ പറയുന്നത് ഈ കാണുന്ന ആകാശവും ഭൂമിയും മാറിപ്പോകും എന്നാണ്. അതായത് ഇപ്പോഴത്തെ ആകാശവും ഭൂമിയും തീയാൽ ശുദ്ധീകരിക്കപ്പെടും. **2.പത്രൊ.3:5 -7 —** *''ആകാശവും വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ടു ദൈവത്തിന്റെ വചനത്താൽ*

*ഉണ്ടായി എന്നും അതിനാൽ അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നു കളയുന്നു."* "അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു" എന്നത് നോഹയുടെ കാലത്തുണ്ടായ ജലപ്രളയത്താൽ (ഉല്പ.7) സംഭവിച്ചു എന്ന അഭിപ്രായം ശരിയല്ല. അന്നുണ്ടായിരുന്ന ലോകം അഥവാ ഭൂമി എന്നത് ആദാമിനു മുമ്പു ഉണ്ടായിരുന്ന ഭൂമി എന്നാണ് കരുതേണ്ടത്. കാരണം നോഹയുടെ കാലത്തുണ്ടായ ജലപ്രളയത്താൽ ഭൂമി മാറിപ്പോയില്ല. ഭൂമിയിലെ ഭക്തികെട്ട മനുഷ്യരെയാണ് ദൈവം മാറ്റിയത് (ഉല്പ.6:5-7). കൂടാതെ *"വെള്ളത്തിൽ നിന്നും വെള്ളത്താലും ഉളവായ ഭൂമി"* എന്നുള്ള വിശേഷണത്തിൽ നിന്നു മനസ്സിലാക്കേണ്ടത് ആദ്യം സൃഷ്ടിക്കപ്പെട്ട ഭൂമി ഏതോ കാരണത്താൽ വെള്ളത്തിലേക്കു താഴുകയാൽ ഒരു പക്ഷേ ദൂതന്മാരുടെ പാപത്താൽ പാഴും ശൂന്യവുമായി കിടന്നു എന്നും അതിനെ ദൈവവചനത്താൽ ഉയർത്തി ഉളവാക്കി എന്നുമാണ് കരുതേണ്ടത്. ഉല്പത്തിയിൽ ഭൂമിയുടെ സൃഷ്ടിയോടു ബന്ധത്തിൽ വെളിപ്പെടുത്തുന്ന കാര്യവും ഇതിനെ സാധൂകരിക്കുന്നു. **ഉല്പ.1:1,2 —** *"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു."* ആദാമിനു മുമ്പു സൃഷ്ടിക്കപ്പെട്ട ഭൂമി പാഴും ശൂന്യവുമായി ഇരുളടഞ്ഞു കിടന്നു. മനുഷ്യവർഗ്ഗത്തിന്റെ താമസത്തിനായി ഭൂമിയെ ദൈവം നവീകരിച്ചു. ഇരുൾ മൂടിക്കിടന്നതു മാറ്റുവാനായി സൂര്യനും ചന്ദ്രനും എന്ന രണ്ടു വലിയ വെളിച്ചങ്ങളെ കല്പിച്ചാക്കി. ദൈവവചനത്താൽ ഇപ്രകാരം ഉളവായ ഭൂമി മനുഷ്യനു പാർപ്പിടമായെങ്കിൽ, അതേ ദൈവവചനത്താൽ ഭൂമി തീയാൽ ശുദ്ധീകരിക്കപ്പെടും.

നിത്യവാസത്തിനായി സകലതും പുതുതാക്കുന്ന പ്രക്രിയയിൽ ആകാശവും ഭൂമിയും നവീകരിക്കപ്പെടും. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, ഓടിപ്പോകും എന്നു യോഹന്നാൻ വെളിപ്പാടിൽ വിശദീകരിക്കുമ്പോൾ ഇവയെല്ലാം നാമാവശേഷമായി പുതിയതു സൃഷ്ടിക്കും എന്നർത്ഥമില്ല. വീണ്ടും ജനനാനുഭവത്തിൽ അഥവാ ഒരുവൻ ക്രിസ്തുവിലാകുമ്പോൾ എല്ലാം പുതുതായിത്തീരുന്നപോലെയുള്ള മാറ്റമാണുണ്ടാകുന്നത്. വീണ്ടും ജനനത്തിൽ വ്യക്തിക്കു മാറ്റം വരുന്നില്ല എന്നാൽ അവനിലുള്ള സകല ദുഷ്പ്രവൃത്തികളും ചിന്തകളും മാറ്റപ്പെട്ടു പുതുതായിത്തീരുന്നു. ഇതു തന്നെയാണ് നിത്യവാസത്തിനായി ഒരുക്കപ്പെടുന്ന ആകാശത്തിന്റെയും ഭൂമിയുടെയും കാര്യത്തിൽ സംഭവിക്കുക. സഹസ്രാബ്ദം കഴിഞ്ഞു ദൈവം സകലതും പുതുതാക്കുമ്പോൾ ആകാശത്തിനും ഭൂമിക്കും വരുന്ന മാറ്റത്തെ പത്രൊസ് വിശദീകരിച്ചിട്ടുണ്ട്. **2.പത്രൊ.3:10-13 —** *"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ടു നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിന്നും പുതിയ ഭൂമിക്കായിട്ടു കാത്തിരിക്കുന്നു."*

**പുതിയ ആകാശം :**

പാപത്താൽ ശാപമേറ്റുവാങ്ങിയ ഭൂമിയിൽ സാത്താന്യപ്രവർത്തനങ്ങൾ അരങ്ങേറുന്നതു കൂടാതെ ആകാശം ദുഷ്ടാത്മസേനയുടെയും അന്ധകാരശക്തികളുടെയും പ്രവർത്തനമേഖലയായിത്തീർന്നു. ദൈവമക്കളുടെ നിത്യവാസത്തിനായി തയ്യാർ ചെയ്യുന്ന പുതിയ ഭൂമിയിൽ ആകാശവും ശുദ്ധീകരിക്കുന്നു. ഇന്നത്തെ ആകാശം മാറിപ്പോകുന്നതിനെക്കുറിച്ചു അനേക വേദഭാഗങ്ങൾ കാണുന്നുണ്ട്.

**സങ്കീ.102:25,26 —** *"പൂർവ്വകാലത്തു നീ ഭൂമിക്കു അടിസ്ഥാനമിട്ടു; ആകാശം നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. അവ നശിക്കും നീയോ നിലനില്ക്കും; അവയെല്ലാം വസ്ത്രംപോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ മാറ്റും; അവ മാറിപ്പോകയും ചെയ്യും."*

**യെശ.51:6 —** *"നിങ്ങളുടെ കണ്ണു ആകാശത്തിലേക്കു ഉയർത്തുവിൻ; താഴെ ഭൂമിയെ നോക്കുവിൻ; ആകാശം പുകപോലെ പോയ്പ്പോകും; ഭൂമി വസ്ത്രംപോലെ പഴകും."*

**യെശ.34:4 —** *"ആകാശത്തിലെ സൈന്യമെല്ലാം അലിഞ്ഞുപോകും; ആകാശവും ഒരു ചുരുൾപോലെ ചുരുണ്ടുപോകും; അതിലെ സൈന്യമെല്ലാം മുന്തിരിവള്ളിയുടെ ഇല വാടി പൊഴിയുന്നതുപോലെയും പൊഴിഞ്ഞുപോകും."*

**ഹഗ്ഗാ.2:6 —** *"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇനി കുറഞ്ഞോന്നു കഴിഞ്ഞിട്ടു ഞാൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും."*

**മത്താ.24:35 —** *"ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല."*

**2.പത്രൊ.3:10 —** *"അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും."*

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉല്പ.1:1) എന്നും, വെള്ളങ്ങളുടെ മദ്ധ്യേ ഒരു വിതാനം ഉണ്ടാക്കീട്ടു വിതാനത്തിന്നു ആകാശം എന്നു പേരിട്ടു (ഉല്പ.1:8) എന്നും ഉല്പത്തി

പുസ്തകത്തിൽ വായിക്കുന്നു. ഇവിടെ ആകാശം എന്നതിനു മൂലഭാഷയായ എബ്രായയിൽ "ഷമയിം ഷമേ" (shamayim shameh) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ആകാശങ്ങൾ, സ്വർഗ്ഗങ്ങൾ എന്നാണർത്ഥം.

നാം കാണുന്ന ആകാശത്തിനു അനേക തട്ടുകളുണ്ടെന്നു ഭൗമശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. പലതട്ടുകളുണ്ടെങ്കിലും ഇവയെല്ലാം ചേർന്നാണ് ആകാശം എന്ന പേരിൽ അറിയപ്പെടുന്നത്.

(1) ട്രോപോസ്ഫിയർ — Troposphere
(2) സ്ട്രാറ്റോസ്ഫിയർ —Stratosphere
(3) ഓസോൺലെയർ — Ozone layer
(4) അയാനോസ്ഫിയർ — Ionosphere
(5) ആപ്പിൾട്ടൺലെയർ — Appleton layer
(6) ഹീവീസൈഡ്ലെയർ — Heaviside layer
(7) എക്സോസ്ഫിയർ — Exosphere

തിരുവചനം പരിശോധിക്കുമ്പോൾ മൂന്നു ആകാശങ്ങൾ അഥവാ മൂന്നു സ്വർഗ്ഗങ്ങൾ (2.കൊരി.12:2) ഉണ്ടെന്നു വെളിപ്പെടുന്നുണ്ട് —

(1) ഭൂമിയെ വലയം ചെയ്യുന്ന അന്തരീക്ഷം (The earth's atmosphere) — നമ്മുടെ മുകളിൽ കാണപ്പെടുന്ന ആകാശം > ഉല്പ.1:20/ഇയ്യോ.12:7/യെഹെ.38:20/മത്താ.6:26.

(2) സൗരയൂധങ്ങളും നക്ഷത്രങ്ങളും ഉൾപ്പെട്ട ബഹിരാകാശം (inter planetary and interstellar space) > ഉല്പ.15:5/ഉല്പ.22:17/ആവ.4:19/യെശ.13:10

(3) ദൈവസിംഹാസനം ഇരിക്കുന്ന സ്വർഗ്ഗം — ദൈവത്തിന്റെ വാസസ്ഥലം (The dwelling place of God /The place of God's throne) (1.രാജാ.8:30/ഇയ്യോ.22:12/ദാനീ.2:28/മത്താ.5:34/ അപ്പൊ.7:55/2.കൊരി.12:2/എബ്രാ.9:24/1.പത്രൊ.3:22/വെളി.4,5).

വെള്ളസിംഹാസനത്തിലിരിക്കുന്ന ക്രിസ്തുവിന്റെ സന്നിധിയിൽ നിന്നു ആകാശം ഓടിപ്പോയി (വെളി.20:11) എന്നതും, പുതിയ ആകാശവും പുതിയഭൂമിയും വന്നപ്പോൾ ഒന്നാമത്തെ ആകാശം ഒഴിഞ്ഞുപോയി (വെളി.21:1) എന്നതും ബഹിരാകാശമോ, ദൈവസിംഹാസനം ഇരിക്കുന്ന സ്വർഗ്ഗമോ അല്ല. ഭൂമിയെ വലയം ചെയ്യുന്ന അന്തരീക്ഷമാകുന്ന ആകാശത്തെയാണ് മാറ്റുന്നത്. അതായത് വാഴ്ചകളും അധികാരങ്ങളും അന്ധകാരത്തിന്റെ അധിപതികളും വിഹരിച്ചതും മലിനമാക്കിയതുമായ അന്തരീക്ഷമണ്ഡലത്തെയാണ് ദൈവം അഗ്നിയാൽ നവീകരിക്കുന്നത്.

**പുതിയഭൂമി :**

"ആദിയിൽ ദൈവം ആകാശവും ഭൂമിയിയും സൃഷ്ടിച്ചു" എന്ന പ്രസ്താവനയിൽ കാണുന്ന ഭൂമി താല്കാലികമായോ വ്യർത്ഥമായോ അല്ല ഉണ്ടാക്കിയത്. ദൂതന്മാരുടെ പാർപ്പിനായിരുന്നു ദൈവം സംവിധാനം ചെയ്തു സൃഷ്ടിച്ചതെന്നു കരുതാം. എന്നാൽ ദൂതന്മാരുടെ പാപം നിമിത്തമായിരിക്കാം ഭൂമി പാഴും ശൂന്യവും ആയിത്തീരുവാനിടയായത്. അങ്ങനെയുള്ള പാഴും ശൂന്യവുമായ അവസ്ഥയിൽ നിന്നാണ് ദൈവം മനുഷ്യനെ പാർപ്പിക്കുവാനായി ഭൂമി നവീകരിച്ചത്. ഒന്നാമത്തെ ഭൂമിയുടെ സൃഷ്ടിമുതൽ നിത്യവാസത്തിനായി ഒരുക്കപ്പെടുന്ന പുതിയ ഭൂമിയുടെ വരവുവരെയുള്ള അനേക കാര്യങ്ങൾ തിരുവചനത്തിലൂടെ വെളിപ്പെടുന്നുണ്ട്.

**(1) ഒന്നാമത്തെ ഭൂമി —**

ദൈവം ആദിയിൽ സൃഷ്ടിച്ച ഭൂമി പാർപ്പിനായി പൂർണ്ണതയിൽ അതായത് ഒരു ന്യൂനതയുമില്ലാതെ സൃഷ്ടിച്ചു. ദൈവദൂതന്മാരുടെ പാർപ്പിനായിരിക്കാം ഭൂമിയെ സൃഷ്ടിച്ചത്. ഭൂമി ദൈവത്തിന്റെ സൃഷ്ടി എന്ന നിലയിൽ അത് മനോഹരവും പൂർണ്ണവുമായിരുന്നു. **ഉല്പ.1:1 —** *"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു."* **യെശ.45:18 —** *''ആകാശത്തെ സൃഷ്ടിച്ച യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു— അവൻ തന്നേ ദൈവം; അവൻ ഭൂമിയെ നിർമ്മിച്ചുണ്ടാക്കി; അവൻ അതിനെ ഉറപ്പിച്ചു; വ്യർത്ഥമായിട്ടല്ല അവൻ അതിനെ സൃഷ്ടിച്ചതു; പാർപ്പിനത്രേ അതിനെ നിർമ്മിച്ചതു."*

**(2) പാഴും ശൂന്യവുമായിത്തീർന്ന ഭൂമി —**

സാത്താന്യ ദൂതന്മാരുടെ പാപത്താൽ പ്രാരംഭഭൂമി വെള്ളത്തിലമർന്നുപോകുകയും പാഴും ശൂന്യവുമായി തീരുകയും ചെയ്തിരിക്കാം. അരുണോദയപുത്രനായ ശുക്രന്റെ നിഗളത്താൽ സംഭവിച്ചു എന്നു കരുതാം. **ഉല്പ.1:2,7 —** *"ഭൂമി പാഴായും ശൂന്യമായുംഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ...... വിതാനം ഉണ്ടാക്കീട്ടു ദൈവം വിതാനത്തിൻ കീഴുള്ള വെള്ളവും വിതാനത്തിൻ മീതെയുള്ള വെള്ളവും തമ്മിൽ വേർപിരിച്ചു."* **യെശ.14:12 —** *"അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു!"*

**(3) പുതുക്കപ്പെട്ട അഥവാ നവീകരിക്കപ്പെട്ട ഭൂമി —**

പാഴും ശൂന്യവുമായിത്തീർന്ന ഭൂമിയെ ദൈവം മനുഷ്യനു താമസിക്കുവാൻ പറ്റിയവിധത്തിൽ

സകല സംവിധാനങ്ങളും ആറു ദിവസങ്ങൾകൊണ്ടു ഒരുക്കി. അതിനായി വെള്ളങ്ങളുടെ മദ്ധ്യേ ഒരു വിതാനം ഉണ്ടാക്കി അതിനെ വേർതിരിച്ചു താമസയോഗ്യമാക്കി (ഉല്പ.1:3-25).

**(4) ശാപമേറ്റുവാങ്ങിയ ഭൂമി —**

മനുഷ്യൻ പാപത്തിൽ വീണപ്പോൾ ഭൂമിയും ശാപത്തിങ്കീഴായി. സാത്താന്റെയും ദൈവനിഷേധികളുടെയും വിഹാരരംഗമായിത്തീർന്ന ഭൂമിയിൽ സകല അനീതിയും മ്ലേച്ഛതകളും നടമാടി. **ഉല്പ.3:17 —** *''നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു..... മുള്ളും പറക്കാരയും നിനക്കു അതിൽനിന്നു മുളെക്കും."*

**(5) സഹസ്രാബ്ദകാലത്തെ ഭൂമി —**

മദ്ധ്യാകാശത്തിലെ ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ ഭൂമിയിൽനിന്നു സഭ എടുക്കപ്പെട്ടു. അതിനുശേഷം ഭൂമിയിലെ ഏഴുവർഷത്തെ പീഡനകാലശേഷം ക്രിസ്തു തന്റെ വിശുദ്ധന്മാരുമായി ഭൂമിയിലേക്കു വരുന്നു. ആയിരമാണ്ടു ഭൂമിയിൽ ക്രിസ്തു തന്റെ വിശുദ്ധന്മാരുമായി നീതിയോടെ വാഴുന്നു (വെളി.19:11 — 20:6).

**(6) പുതിയഭൂമി — നിത്യവാസത്തിനായി ശുദ്ധീകരിക്കപ്പെട്ട ഭൂമി —**

ആയിരം ആണ്ടു വാഴ്ചക്കുശേഷം വെള്ളസിംഹാസനം ഒരുക്കപ്പെടുമ്പോൾ ഒന്നാമത്തെ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നു. നിത്യവാസത്തിനായി പുതിയഭൂമി ഒരുക്കപ്പെടുന്നു. തീയാൽ ശുദ്ധീകരിച്ചാണ് ശാപവും പാപവും വഹിച്ച ഭൂമിയെ നവീകരിക്കുന്നത് (2.പത്രൊ.3:10/വെളി.21:1).

**ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി** (for the first heaven and the first earth had passed away) —

ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോകുകയും പുതിയ ആകാശവും പുതിയഭൂമിയും നിലവിൽ വരികയും ചെയ്യുന്നു. *"ഒഴിഞ്ഞുപോയി"* എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദം 'പരേർക്കോമായ്' എന്നാണ് (Gk > Parerchomai = pass from one to another / change from one to another) . ഇതിനർത്ഥം ഇല്ലാതെയായി എന്നല്ല മറിച്ചു രൂപാന്തരം വരിക എന്നാണ്. ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചത് മനുഷ്യന്റെ വാസത്തിനായിരുന്നു. എന്നാൽ സാത്താന്റെ വഞ്ചനയാൽ പാപം ഭൂമിയിലേക്കു പ്രവേശിക്കുവാനിടയായി. ശാപത്തിങ്കീഴായ ഭൂമിയും, സാത്താന്യശക്തികൾ വിഹരിച്ചു ദുഷ്ടപ്രവർത്തനങ്ങൾ ചെയ്തതുമായ ആകാശത്തെയും മാറ്റി പുതുതാക്കുന്നു. ദൈവത്തിന്റെ ന്യായവിധിയാലാണ് ഇവക്കു മാറ്റം വരുന്നത് അഥവാ പുതുക്കപ്പെടുന്നത്. വെള്ളസിംഹാസനത്തിലിരിക്കുന്ന ക്രിസ്തുവിന്റെ മഹാപ്രഭാവത്താൽ ആകാശവും ഭൂമിയും ദൈവസന്നിധിയിൽ നിന്നു ഓടിപ്പോകുന്നു (വെളി.20:11). അനേക ദൈവഭക്തന്മാരുടെ രക്തം വീഴുകയും അവരുടെ അതിക്രൂരമായ രക്തസാക്ഷിമരണത്തിനു സാക്ഷ്യം വഹിച്ചതുമായ ഒന്നാമത്തെ ഭൂമിയെയും ആകാശത്തെയും വിശുദ്ധന്മാരുടെ നിത്യവാസത്തിനായി ശുദ്ധീകരിക്കുന്നു. സാത്താൻ, പാപം, രോഗം, മരണം, ദുഷ്ടത, അനീതി, കഷ്ടത, ദുഃഖം, മുറവിളി എന്നിവയില്ലാത്ത പുതിയഭൂമിയായിരിക്കും ഉണ്ടാകുന്നത്. പുതിയ ആകാശവും ഭൂമിയും നീതിയും വിശുദ്ധിയും, സമാധാനവും, അനുഗ്രഹവും നിറഞ്ഞതായിരിക്കും.

**സമുദ്രവും ഇനി ഇല്ല** (Also there was no more sea) —

പുതിയ ആകാശവും പുതിയഭൂമിയും യോഹന്നാൻ കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി. തുടർന്നു പറയുന്നത് "സമുദ്രവും ഇനി ഇല്ല" എന്നാണ്. സൃഷ്ടിയിൽ വെള്ളത്തിന്റെ കൂട്ടത്തിനു 'സമുദ്രം' എന്നു പേരിട്ടതായി ഉല്പത്തിയിൽ വായിക്കുന്നു (ഉല്പ.1:10). ആകയാൽ സമുദ്രം എന്ന പേരിൽ നദികളും, ആറുകളും, തോടുകളും, വെള്ളച്ചാട്ടങ്ങളും, കായലുകളും, സകല ജലശ്രോതസ്സുകളും ഉൾപ്പെടുന്നു. ഇക്കാരണത്താൽ സമുദ്രം ഇനി ഇല്ല എന്നത് വെള്ളം അവിടെ ഇല്ല എന്നതിലേക്കും വിരൽ ചൂണ്ടുന്നു. അപ്പോൾത്തന്നെ സ്വർഗ്ഗീയ നഗരത്തിൽ "പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും" കാണുന്നു (വെളി.22:1,2). ആയതിനാൽ ദൈവമക്കളുടെ നിത്യവാസസ്ഥലമായ സ്വർഗ്ഗീയയെരൂശലേമിൽ "സമുദ്രം ഇനി ഇല്ല" എന്ന പ്രസ്താവന ഏറെ അഭിപ്രായങ്ങൾക്കു കാരണമായിത്തീരുന്നു.

(1) *"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല"* എന്ന വാക്യത്തിൽ "സമുദ്രവും ഇനി ഇല്ല" എന്നു പറയുന്നത് ഒന്നാമത്തെ ആകാശത്തോടും ഭൂമിയോടു ബന്ധത്തിലാണെന്നും, ആകയാൽ പുതിയ ഭൂമിയിൽ സമുദ്രം ഉണ്ടായിരിക്കും എന്നും ചിലർ അഭിപ്രായപ്പെടുന്നു. അതായത് ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒന്നാമത്തെ സമുദ്രവും മാറിപ്പോകുന്നു എന്നാണ് നിഗമനം.

(2)"സമുദ്രം ഇനി ഇല്ല" എന്നത് ആലങ്കാരികഭാഷാ വർണ്ണനയെന്നഭിപ്രായമുണ്ട്. തിരുവചനത്തിൽ കലങ്ങി മറിയുന്ന സമുദ്രം ദുഷ്ടന്മാരെയും, അവരുടെ പ്രവർത്തനങ്ങളെയും, സമാധാനമില്ലായ്മയെയും കുറിക്കുന്നു (യെശ.57:20). എന്നാൽ സ്വർഗ്ഗീയയെരൂശലേമിൽ സമുദ്രം ഇനി ഇല്ല എന്നത് ദുഷ്ടന്മാരുടെ

സാന്നിദ്ധ്യമോ, പ്രവർത്തനങ്ങളോ, അസമാധാനമോ ഇല്ലാത്ത സ്വസ്ഥമായ അനുഭവത്തെ വെളിപ്പെടുത്തുന്നുവെന്നു ചിലർ അഭിപ്രായപ്പെടുന്നു.

(3) വെളിപ്പാട് ഏഴുകളുടെ അഥവാ പൂർണ്ണതയുടെ പുസ്തകമാണ്. പുതിയയെരൂശലേമാകുന്ന നിത്യവാസസ്ഥലത്തിൽ ഇല്ല ഇല്ല എന്നു പ്രസ്താവിക്കുന്ന ഏഴുകാര്യങ്ങളിൽ സമുദ്രവും ഉൾപ്പെടുന്നു. അവ (1) സമുദ്രം ഇല്ല (sea) > 21:1 (2) മരണം ഇല്ല (death) > 21:5 (3) ദുഃഖം ഇല്ല (sorrow) > 21:5 (4) മുറവിളി ഇല്ല (crying) > 21:5 (5) കഷ്ടത ഇല്ല (pain) > 21:5 (6) രാത്രി ഇല്ല (night) > 21:25 (7) ശാപം ഇല്ല (curse) > 22:3 എന്നിവയാണ്. മരണം, ദുഃഖം, മുറവിളി, കഷ്ടത, രാത്രി, ശാപം എന്നിങ്ങനെ ആറു കാര്യങ്ങളും പാപത്തോടു ബന്ധപ്പെട്ടിരിക്കയാൽ അതിനോടു ചേർത്തു പറയുന്ന സമുദ്രവും അവയിൽ നിന്നു മാറ്റി ചിന്തിക്കുവാൻ കഴിയുകയില്ല എന്നഭിപ്രായപ്പെടുന്നു. അതായത് പാപത്തിന്റെ കോളിളക്കങ്ങൾ യാതൊന്നും അവിടെ ഉണ്ടായിരിക്കയില്ല.

(4) ഇന്ന് ഭൂമിയുടെ മൂന്നിൽ രണ്ടു ഭാഗവും സമുദ്രമാണുള്ളത്. മാത്രവുമല്ല വിശാലമായ സമുദ്രങ്ങളാൽ ലോകത്തിലെ രാജ്യങ്ങൾ തമ്മിൽ വേർതിരിച്ചിരിക്കുന്നു. ആകായാൽ സമുദ്രം വേർപാടിനെ (Separation) കുറിക്കുന്നു എന്നഭിപ്രായപ്പെടുന്നു. യോഹന്നാൻ അപ്പൊസ്തലൻ തന്നെ പത്മൊസ്ദ്വീപിൽ ഏകനായി ആസ്യയിലെ സഭകളുമായി ബന്ധപ്പെടുവാനാവാതെ സമുദ്രത്താൽ വേർപെട്ടവനായി കഴിയുന്നു. എന്നാൽ പുതിയ ആകാശം പുതിയ ഭൂമി ഉൾക്കൊള്ളുന്ന പുതിയ ഭൂമിയിൽ വിശ്വാസികൾ തമ്മിൽ വേർപാടില്ലാത്തവരായി ഒത്തൊരുമിച്ചു കൂട്ടായ്മയിൽ പങ്കുചേരും എന്നത് *"സമുദ്രവും ഇനി ഇല്ല"* എന്ന വിശേഷണം കുറിക്കുന്നു എന്നാണഭിപ്രായം.

(5) *"സമുദ്രവും ഇനി ഇല്ല"* എന്നത് പുതിയ ആകാശവും പുതിയ ഭൂമിയും ഉൾക്കൊള്ളുന്ന പുതിയ ലോകത്തിന്റെ പ്രത്യേകതയാണ്. സമുദ്രം സകലവിധ വെള്ളത്തിന്റെ കൂട്ടങ്ങളെയും കുറിക്കുന്നു. മനുഷ്യജീവിതം ഇന്ന് നിലനില്ക്കുന്നതിനു ജലം ഒഴിച്ചുകൂടാനാവാത്ത ഒരു അത്യാവശ്യ വസ്തുവാണ്. എന്നാൽ നിത്യതയിൽ ജീവിക്കുന്നവരൊക്കെയും പുനരുത്ഥാനശരീരത്തിലുള്ളവരാകയാൽ അപ്രകാരമുള്ള ശരീരത്തിനു ജലത്തിന്റെ ആവശ്യമില്ലായിരിക്കാം എന്നു കരുതുന്നു. ആകയാൽ പുതിയ ഭൂമിയിൽ സമുദ്രം ഇല്ല എന്നത് അക്ഷരാർത്ഥത്തിൽത്തന്നെ എടുക്കേണ്ടതാണെന്നു അഭിപ്രായപ്പെടുന്നു.

(6) *"സമുദ്രവും ഇനി ഇല്ല"* എന്നത് പുതിയ ഭൂമിയുടെ പ്രത്യേകതയായിരിക്കുമ്പോൾത്തന്നെ അവിടെ പളുങ്കുപോലെ ശുഭ്രമായ ജീവജലനദി കാണുന്നു (22:1). പുതിയഭൂമിയിൽ സമുദ്രം അക്ഷരാർത്ഥത്തിൽ ഇല്ലാത്തതുപോലെ അവിടെ വെള്ളവും ഇല്ലായിരിക്കും എന്നഭിപ്രായപ്പെടുന്നു. ജീവജലനദിയിലെ വെള്ളത്തിന്റെ വിശേഷണം നിത്യതയിലെ പരിശുദ്ധി, നിത്യജീവൻ എന്നിവയെക്കുറിച്ചുള്ള ആലങ്കാരികവർണ്ണനയായി കരുതുന്നു.

—> *'സമുദ്രവും ഇനി ഇല്ല"* എന്ന പ്രസ്താവനക്ക് അനേക അഭിപ്രായങ്ങൾ കാണുകയുണ്ടായി. ഒന്നാമത്തെ ആകാശത്തോടും ഭൂമിയോടും ബന്ധത്തിലാണ് സമുദ്രവും ഇനി ഇല്ല എന്നു പറയുന്ന നിഗമനത്തോട് ഒരു കാരണവശാലും നമുക്കു യോജിക്കുവാൻ കഴിയുകയില്ല. കാരണം വാക്യഘടന പരിശോധിച്ചാൽ പുതിയഭൂമിയോടുള്ള ബന്ധത്തിലാണ് സമുദ്രം ഇല്ല എന്നു പറയുന്നതെന്നു വളരെ വ്യക്തമായി മനസ്സിലാക്കാം. മറ്റുള്ള നിഗമനങ്ങളെല്ലാം അതായത് സമുദ്രം ഇളങ്ങി മറിഞ്ഞസാഹചര്യത്തെയും, സമാധാനമില്ലായ്മയെയും, പാപത്തിന്റെ കോളിളക്കത്തെയും, വേർപാടിനെയും കുറിക്കുന്നു എന്നത് തള്ളിക്കളയുവാനാവില്ല. ആത്മീകാർത്ഥത്തിൽ അതെല്ലാം ശരിയുമാണ്.

—> *'സമുദ്രവും ഇനി ഇല്ല"* എന്നു പറയുമ്പോൾ പുതിയആകാശവും പുതിയ ഭൂമിയും ഉൾക്കൊള്ളുന്ന ലോകത്തിൽ അല്പംപോലും ജലം ഇല്ല എന്നു കരുതുവാനും കഴിയുകയില്ല. വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയുടെ സാന്നിദ്ധ്യം (വെളി.22:1) ഇതിനെ സാധൂകരിക്കുന്നു. ഏദെൻതോട്ടത്തിൽ നിന്നു ഒരു നദി നാലുശാഖകളായി ഒഴുകുന്നുവെങ്കിൽ സ്വർഗ്ഗീയതോട്ടത്തിൽ ശാഖകളില്ലാതെ ഒരു ജീവജലനദി ഒഴുകുന്നു. സമുദ്രമെല്ലാം കരയായിത്തീരുമ്പോൾ വിശുദ്ധന്മാരുടെ വാസത്തിനായി ഏറ്റവും കൂടുതൽ സൗകര്യങ്ങൾ ലഭിക്കുന്നു. മരുഭൂമികളൊക്കെ മലർവാടികളായും വാസസ്ഥലവുമായി തീരുന്നു.

—> ഇപ്പോഴത്തെ ഭൂമിയുടെ ഭൂരിഭാഗവും സമുദ്രത്താൽ നിറഞ്ഞതാണ്. സഞ്ചാരം, വ്യാപാരം, മത്സ്യബന്ധനം എന്നീമേഖലകളിൽ സമുദ്രത്തിന്റെ സാന്നിദ്ധ്യം നിർണ്ണായകമാണ്. മാത്രവുമല്ല ഭൂമിയുടെ കാലാവസ്ഥക്രമീകരണത്തിൽ സമുദ്രം ഏറ്റവും വലിയ പങ്കു വഹിക്കുന്നു. മനുഷ്യന്റെയും ജീവജാലങ്ങളുടെയും നിലനില്പും സമുദ്രത്തോടു ബന്ധപ്പെട്ടിരിക്കുന്നു. വെള്ളമില്ലാത്ത ലോകത്തെപ്പറ്റി നമുക്കു ചിന്തിക്കുവാനേ സാദ്ധ്യമല്ല. മനഷ്യശരീരത്തിലെ പ്രധാനഘടകവും ജലമാണ്. എങ്കിൽ പിന്നെ പുതിയ ലോകത്തിൽ സമുദ്രം ഇല്ല എന്നു പറയുന്നത് മാനുഷികബുദ്ധിയിൽ ഉൾക്കൊള്ളുവാൻ കഴിയുന്ന വിഷയമല്ല. എന്നാൽ നിത്യതയിൽ വസിക്കുന്ന വിശുദ്ധന്മാർക്കു ജഡശരീരമല്ല മറിച്ചു ആത്മശരീരമാണുള്ളത്. പുനരുത്ഥാനശരീരത്തിൽ അഥവാ മഹത്വമുള്ള ശരീരത്തിൽ ജലത്തിന്റെ ആവശ്യം കാണുകയില്ല. കൂടാതെ ഭൂമിയെയും ഭൂമണ്ഡലത്തെയും തന്റെ വാക്കിനാൽ സൃഷ്ടിച്ച

ദൈവത്തിനു അന്നത്തെ ലോകത്തിന്റെ കാലാവസ്ഥ ക്രമീകരിക്കുവാൻ സമുദ്രത്തിന്റെ ആവശ്യവും അനിവാര്യമല്ല. ആകയാൽ പുതിയലോകത്തിൽ സമുദ്രം ഇല്ല എന്നത് അക്ഷരാർത്ഥത്തിലും ആത്മീകാർത്ഥത്തിലും എടുക്കാവുന്നതാണ്.

**വെളി.21:2 — പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽ നിന്നുതന്നേ, ഇറങ്ങുന്നതു ഞാൻ കണ്ടു** (Then I, John, saw the holy city, New Jerusalem, coming down out of heaven from God, prepared as a bride adorned for her husband) —

ലോകാരംഭം മുതലുള്ള സകലവിശുദ്ധന്മാരുടെയും നിത്യവാസത്തിനായി ഒരുക്കപ്പെടുന്ന അഥവാ നവീകരിക്കുന്ന പുതിയ ആകാശവും പുതിയഭൂമിയും കണ്ട യോഹന്നാൻ മറ്റൊരു കാഴ്ചക്കു സാക്ഷ്യം വഹിക്കുന്നു. "ഞാൻ കണ്ടു" എന്ന പ്രസ്താവന ഇവിടെയും കാണുന്നു. അത് നവീകരിക്കപ്പെട്ട പുതിയ ആകാശത്തിന്റെയും പുതിയഭൂമിയുടെയും തലസ്ഥാനനഗരമായ പുതിയ യെരൂശലേമിന്റെ കാഴ്ച ആയിരുന്നു. പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം നവീകരിക്കപ്പെട്ട പുതിയ ഭൂമിയിൽ ദൈവം സ്വർഗ്ഗത്തിൽനിന്നു ഇറക്കി സ്ഥാപിക്കുന്നു. ഇപ്രകാരം വിശുദ്ധന്മാരുടെ നിത്യവാസത്തിനായി ഒരുക്കപ്പെടുന്ന നഗരത്തിനു ഏറെ പ്രത്യേകതകൾ യോഹന്നാൻ "ഞാൻ കണ്ടു" എന്ന സാക്ഷ്യത്തോടെ വർണ്ണിക്കുന്നു —

| | |
|---|---|
| (1) നഗരത്തിന്റെ പേര് | > പുതിയ യെരൂശലേം |
| (2) നഗരത്തിന്റെ സ്വഭാവം | > വിശുദ്ധനഗരം |
| (3) നഗരത്തിന്റെ സൗന്ദര്യം | > ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി |
| (4) നഗരം എവിടെനിന്നു വരുന്നു | > സ്വർഗ്ഗത്തിൽ നിന്നു ദൈവസന്നിധിയിൽ നിന്നുതന്നേ |
| (5) നഗരം എപ്രകാരം വരുന്നു | > ഇറങ്ങി വരുന്നു. |

**പുതിയ യെരൂശലേം** (New Jerusalem) —

വിശുദ്ധന്മാരുടെ നിത്യവാസത്തിനുള്ള നഗരത്തിന്റെ പേര് യോഹന്നാൻ പറയുന്നത് "പുതിയ യെരൂശലേം" എന്നാണ്. പുതിയയെരൂശലേം എന്ന നാമത്തിലൂടെ മനസ്സിലാക്കാവുന്നത് വേറെയും യെരൂശലേമുകൾ ഉണ്ടെന്നാണ്. പഴയനിയമ പുതിയനിയമ ചരിത്രത്തിലും ഭാവിമഹത്വത്തോടു ബന്ധത്തിലും യെരൂശലേം നഗരം ഏറെ പ്രാധാന്യം വഹിക്കുന്നു. പുതിയതെന്നു വിളിക്കുവാൻ കാരണം പുതുതായി ഉണ്ടാക്കിയതിനാൽ അല്ല. പുതിയ ആകാശം പുതിയഭൂമി എന്നപോലെ പുരാതനവും അതേ സമയം പഴയനിയമപുതിയനിയമ വിശുദ്ധന്മാർക്കു വാഗ്ദത്തം ചെയ്ത നഗരവുമായിരിക്കുന്നു പുതിയയെരൂശലേം. യെരൂശലേം എന്ന പദത്തിനു അർത്ഥം സമാധാനത്തിന്റെ നഗരം (City of Peace), സമാധാനത്തിന്റെ ഇരിപ്പിടം (Seat of Peace), സമാധാനത്തിന്റെ അടിസ്ഥാനം (Foundation of Peace) എന്നൊക്കെയാണ്. യെരൂശലേമിനു സമാധാന നഗരം എന്നർത്ഥമുണ്ടെങ്കിലും ചരിത്രം പരിശോധിച്ചാൽ വളരെക്കുറച്ചു നാൾ മാത്രമേ അവിടെ സമാധാനം ഉണ്ടായിട്ടുള്ളു. യുദ്ധങ്ങളും, മത്സരങ്ങളും, വലിയ രക്തപ്പുഴയും ഒഴുകിയ സ്ഥലമാണ് യെരൂശലേം. യെരൂശലേമിന്റെ ചരിത്രം എന്നാൽ യഹൂദാജാതിയുടെ അഥവാ യിസ്രായേലിന്റെ ചരിത്രമാണ്. പഴയനിയമപുതിയനിയമ തിരുവെഴുത്തുകളിൽ യെരൂശലേം എന്ന നഗരം ആവർത്തിച്ചു പറഞ്ഞിരിക്കുന്നു.

**(1) ശാലേം —**

മൽക്കീസേദെക്ക് അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനും ശാലേം രാജാവുമാണെന്നു ഉല്പത്തി പുസ്തകത്തിൽ കാണുന്നു (ഉലപ.14:18-20). ശാലേം എന്നപേരിനു അർത്ഥം സമാധാനം എന്നാണ്. ശാലേം യെരൂശലേമിനെ കുറിക്കുന്നു.

**(2) യെബൂസ് എന്ന യെരൂശലേം —**

ശാലേം നഗരം യെബൂസ്യർ ആക്രമിച്ചു കീഴടക്കിയശേഷം നഗരത്തിനു യെബൂസ് എന്നു നാമകരണം ചെയ്തു. കനാൻ ദേശത്തിലെ അവകാശം പങ്കിട്ടപ്പോൾ യെഹൂദാ ഗോത്രത്തിനു ലഭിച്ച ഓഹരിയിൽ യെരൂശലേം എന്ന യെബൂസ്യഗിരിയും ഉണ്ടായിരുന്നു (യോശു.15:8). യെബൂസ്യരുടെ കൈവശമായിരുന്ന യെരൂശലേം, യോശുവയുടെ കാലത്ത് അവരെ തോല്പിച്ചു കീഴടക്കിയതാണ്. എന്നാൽ യെരൂശലേമിൽ പാർത്തിരുന്ന യെബൂസ്യരെ അവിടെനിന്നു പൂർണ്ണമായി നീക്കിക്കളവാൻ യഹൂദാമക്കൾക്കു കഴിഞ്ഞില്ല. അവർ യഹൂദാമക്കളോടുകൂടെ യെരൂശലേമിൽ പാർത്തു. ദൈവമക്കളോടുകൂടെ അവിശ്വാസികൾ പാർത്താലുള്ള കഷ്ടനഷ്ടങ്ങൾ ദൈവവചനം വിളിച്ചറിയിക്കുന്നുണ്ട്. എന്നാൽ യെബൂസ്യരുമായുള്ള ഒത്തൊരുമിച്ചുള്ള പാർപ്പ് യെഹൂദാമക്കളുടെ ആത്മീകമൂല്യച്യുതിക്കു കാരണമായിത്തീർന്നു. എന്നാൽ പില്ക്കാലത്ത് ദാവീദ് അവരെ ദേശത്തിൽ നിന്നു തുടച്ചു നീക്കി.

യോശു.15:63 — *''യെരൂശലേമിൽ പാർത്തിരുന്ന യെബൂസ്യരെയോ യെഹൂദാമക്കൾക്കു നീക്കിക്കളവാൻ കഴിഞ്ഞില്ല; അങ്ങനെ യെബൂസ്യർ ഇന്നുവരെ യെഹൂദാമക്കളോടുകൂടെ യെരൂശലേമിൽ പാർത്തുവരുന്നു."*

ന്യായാ.1:21 — *"ബെന്യാമീൻമക്കൾ യെരൂശലേമിൽ പാർത്തിരുന്ന യെബൂസ്യരെ നീക്കിക്കളഞ്ഞില്ല; യെബൂസ്യർ ഇന്നുവരെ ബെന്യാമീൻമക്കളോടു കൂടെ യെരൂശലേമിൽ പാർത്തു വരുന്നു."*

**(3) ദാവീദിന്റെ നഗരമായ യെരൂശലേം —**

മുഴുവൻ യിസ്രായേലിനും രാജാവായി ദാവീദ് അഭിഷിക്തനായി ഭരണം ഏറ്റെടുത്തപ്പോൾ യെബൂസ്യരുടെ കൈവശമായിരുന്ന യെരൂശലേം അതിസാഹസികമായ ഒരു ആക്രമണത്തിലൂടെ യെബൂസ്യരിൽനിന്നു പിടിച്ചെടുത്തു. ദാവീദിന്റെ നിർദ്ദേശപ്രകാരം തന്റെ സൈന്യാധിപനായ യോവാബ് യെരൂശലേമിന്റെ കോട്ടമതിലിന്റെ അടിയിലുള്ള നീർപാതയിലൂടെ കടന്നായിരുന്നു ആക്രമിച്ചത്. തുടർന്നു യെരൂശലേമിനെ ദാവീദ് തന്റെ രാജ്യത്തിന്റെ തലസ്ഥാനമാക്കി മാറ്റി. പിൽക്കാലത്ത് യെരൂശലേം നഗരം ദാവീദിന്റെ നഗരം എന്ന പേരിൽ അറിയപ്പെട്ടു (2.ശമൂ.5:6-10).

**(4) ക്രിസ്തുവിന്റെ കാലത്തിലെ യെരൂശലേം —**

ക്രിസ്തുവിന്റെ ജനനം മുതൽ മരണംവരെയുള്ള മിക്ക സംഭവങ്ങളും യെരൂശലേമിനോടു ബന്ധപ്പെട്ടിരിക്കുന്നു. യേശുവിന്റെ ജനനം യെരൂശലേമിലുള്ള യഹൂദ്യയിലെ ബേത്‌ലഹേമിൽ ആയിരുന്നു (മത്താ.2:1). കഴുതപ്പുറത്തു കയറി കർത്താവ് യെരൂശലേമിലേക്കു രാജകീയ പ്രവേശനം നടത്തുന്നു (മത്താ.21:1-11). യെരൂശലേമിലെ ദൈവാലയം ശുദ്ധീകരിക്കുന്നു (മത്താ.21:12-17). യെരൂശലേമിനെ ഓർത്തു കർത്താവു വിലപിക്കുന്നു (മത്താ.23:37) എന്നിങ്ങനെ അനേക കാര്യങ്ങൾ യെരൂശലേമിനോടു ബന്ധത്തിൽ കാണുന്നു.

**(5) മഹാപീഡനകാലത്തിലെ യെരൂശലേം —**

മഹാപീഡനകാലയളവിൽ അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും ഭരണകേന്ദ്രമാണ് യെരൂശലേം. വിശുദ്ധന്മാരുടെ രക്തം ഒഴുക്കിയതും, മ്ലേച്ഛതകളുടെ ഉറവിടമായും അന്നു യെരൂശലേം മാറ്റപ്പെടുന്നതിനാൽ യെരൂശലേമിനെ ആത്മികമായി സോദോം എന്നും മിസ്രയിം എന്നു പേരുള്ള നഗരമായി അറിയപ്പെട്ടു (വെളി.11:8).

**(6) സഹസ്രാബ്ദകാലത്തിലെ യെരൂശലേം —**

ക്രിസ്തുവിന്റെ ആയിരമാണ്ടു ഭൂമിയിലെ വാഴ്ചയിൽ യെരൂശലേമായിരിക്കും ലോകത്തിന്റെ തലസ്ഥാനം. അന്നു യെരൂശലേമിൽ നിന്നു സർവ്വലോകത്തിനും സമാധാനഭരണം ലഭിക്കും.

**(7) പുതിയ യെരൂശലേം —**

സഹസ്രാബ്ദഭരണവും, സകല ദുഷ്ടന്മാരുടെ അന്ത്യന്യായവിധിയും കഴിഞ്ഞ് നിത്യവാസത്തിനായാണ് പുതിയ യെരൂശലേം ഒരുക്കുന്നത്. അഗ്നിശോധനയിലൂടെ നവീകരിക്കപ്പെട്ട പുതിയ ആകാശവും പൂതിയഭൂമിയും പ്രത്യക്ഷപ്പെടുമ്പോൾ പുതിയ യെരൂശലേമും ഏറ്റവും വിശേഷതകളോടെ ദൈവസന്നിധിയിൽ നിന്നു ഇറങ്ങി വരും. പുതിയയെരൂശലേം സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി വരുന്നതിനാലും, സ്വർഗ്ഗീയമഹിമകൾ ഉൾക്കൊള്ളുന്നതിനാലും സ്വർഗ്ഗം ഇറങ്ങിവരുന്നുവെന്നു ചിന്തിച്ചുകൂടാ. പുതിയ യെരൂശലേമിന്റെ ഭംഗിയും, സൗന്ദര്യവും, പ്രത്യേകതകളും, പണികളുടെ വിശേഷതകളും യോഹന്നാൻ വെളിപ്പാടിലെ അവസാന രണ്ടദ്ധ്യായങ്ങളിലായി വിവരിച്ചിരിക്കുന്നു (വെളി.21:2—22:5). പുതിയ യെരൂശലേമിനെക്കുറിച്ചുള്ള പഴയനിയമപ്രവചനങ്ങളും (യെശ.54:11,12), പൂർവ്വപിതാക്കന്മാർക്കു വാഗ്ദത്തം ലഭിച്ചതും, അവർ കാത്തിരുന്നതുമായ (എബ്രാ.11:10/എബ്രാ.12:22/ എബ്രാ.13:14) പുതിയ യെരൂശലേമെന്ന ദൈവനഗരം യോഹന്നാന്റെ ദർശനത്തിലൂടെയാണ് നിവൃത്തിയാകുകയാണ്.

**വിശുദ്ധനഗരം** (the holy city) —

യെരൂശലേമിനെ വിശുദ്ധനഗരം എന്നു തിരുവചനത്തിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് (നെഹെ.11:1/യെശ.52:1/ദാനീ.9:24/മത്താ.4:5/മത്താ.27:53/വെളി.11:2). സഹസ്രാബ്ദവാഴ്ച കഴിഞ്ഞ് വിശുദ്ധന്മാരുടെ നിത്യവാസത്തിനായി ഒരുക്കപ്പെടുന്ന ഭവനത്തെ യോഹന്നാൻ പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം എന്നാണ് വിവരിക്കുന്നത്. നഗരം പുതിയത് ആയിരിക്കുമ്പോൾത്തന്നെ വിശുദ്ധവും ആയിരിക്കുന്നു. വിശുദ്ധനായ ദൈവവും, തന്റെ വിശുദ്ധഗണവും ഒത്തൊരുമിച്ചു പാർക്കുന്ന നഗരമായതുകൊണ്ടാണ് വിശുദ്ധനഗരം എന്നു പറഞ്ഞിരിക്കുന്നത്. യേശുക്രിസ്തുവിൽ വിശ്വസിച്ചു നീതീകരണം ലഭിച്ചവരെന്ന നിലയിലും, ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കാളികളെന്ന നിലയിലും അവർ ജയാളികളും വിശുദ്ധന്മാരുമാണ് (വെളി.20:9).

**ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി** (prepared as a bride adorned for her husband) —

വിശുദ്ധന്മാരുടെ നിത്യവാസസ്ഥലമായ യെരുശലേമിന്റെ പ്രത്യേകതകൾ — (1) പുതിയനഗരം (New City), (2) വിശുദ്ധനഗരം (Holy City), (3) ഒരുങ്ങിയ അഥവാ ഒരുക്കപ്പെട്ട നഗരം (Prepared City > Beautiful City). ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി എന്നാണ് ഒരുക്കപ്പെട്ട പുതിയ യെരൂശലേമിന്റെ സൗന്ദര്യത്തെക്കുറിച്ചു യോഹന്നാൻ പറയുന്നത്. ഭർത്താവിനുവേണ്ടി അലങ്കരിക്കപ്പെട്ട മണവാട്ടിയെപ്പോലെയാണ് വിശുദ്ധനഗരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്നത്.

കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെക്കുറിച്ചു മുൻ അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു (വെളി.19:7-9). 21-ാം അദ്ധ്യായത്തിൽ കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചു തരാം എന്നു ദൂതൻ യോഹന്നാനോടു പറഞ്ഞപ്പോൾ യോഹന്നാൻ തിരിഞ്ഞുനോക്കുന്നു (21:9). അപ്പോൾ കണ്ട കാഴ്ച വിശുദ്ധനഗരമായ പുതിയ യെരൂശലേം മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു പുതിയഭൂമിയിലേക്കു ഇറങ്ങി വരുന്നതാണ്. മണവാട്ടിയെപ്പോലെ ഒരുങ്ങി എന്നു പറഞ്ഞിരിക്കുന്നതിനാൽ പുതിയ യെരൂശലേം മണവാട്ടിയല്ല. മറിച്ചു മണവാട്ടി ഉൾപ്പെടെ അനേക വിശുദ്ധന്മാർ താമസിക്കുന്ന വാസസ്ഥലമാണ്. പുതിയതും, വിശുദ്ധവും, മനോഹരവുമായ ഈ നഗരം ക്രിസ്തു തന്റെ മണവാട്ടിക്കുവേണ്ടി ഒരുക്കപ്പെടുന്ന വാസസ്ഥലങ്ങളുടെ സമുച്ചയമാണ്. ഇതു സംബന്ധിച്ചു കർത്താവു ശിഷ്യന്മാരോടു പറഞ്ഞ വാക്കുകളിൽ നിന്നു ഒരുക്കപ്പെടുന്ന ഈ ഭവനത്തിന്റെ ചിത്രം നമുക്കു ലഭിക്കുന്നു — **യോഹ.14:1-3 —** *“നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ, എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.''* സൃഷ്ടാവാം കർത്താവ് ഭൂമിയിലെ സകലചരാചരങ്ങളെയും, ഇക്കാണുന്ന പ്രപഞ്ചത്തെയും ഏറെ മനോഹരമായും, അതതിന്റെ ക്രമത്തിലും തന്റെ വാക്കിനാൽ നിമിഷനേരത്തിനുള്ളിൽ ഒന്നുമില്ലായ്മയിൽ നിന്നുളവാക്കി. എങ്കിൽ അനേക നൂറ്റാണ്ടുകളായി തന്റെ മക്കൾക്കായി ഒരുക്കുന്ന നഗരത്തിന്റെ മനോഹാരിത എത്രമാത്രമായിരിക്കുമെന്നു ചിന്തവ്യമല്ല!

**സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽ നിന്നുതന്നേ, ഇറങ്ങുന്നതു ഞാൻ കണ്ടു** (Then I, John, saw coming down out of heaven from God) —

പുതിയയെരൂശലേം എന്ന വിശുദ്ധനഗരം അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ പുതിയഭൂമിയിലേക്കു സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ നിന്നു ഇറങ്ങി വരുന്ന കാഴ്ച യോഹന്നാൻ വിശദീകരിക്കുന്നു. വിശുദ്ധനഗരത്തിന്റെ മനോഹരത്വം വളരെ വിശദമായിത്തന്നെ ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു(21:9-27). പുതിയയെരൂശലേം സ്വർഗ്ഗത്തിൽ നിന്നാണ് ഇറങ്ങി വരുന്നത്. വിശുദ്ധന്മാരുടെ കൂട്ടമായ സഭയാം മണവാട്ടി മദ്ധ്യാകാശത്തിലേക്കു എടുത്തുകൊള്ളപ്പെട്ടശേഷം ഏഴുവർഷക്കാലം സ്വർഗ്ഗത്തിൽ വസിക്കുന്നു. അതിനുശേഷം ഭൂമിയിലേക്കു കർത്താവിനോടൊപ്പം വന്നു ആയിരമാണ്ടു ഭൂമിയിൽ മഹത്വത്തോടെ വസിക്കുകയും ഭരിക്കുകയും ചെയ്യുന്നു. ആയിരമാണ്ടുകൾക്കുശേഷം അഗ്നിയാൽ നവീകരിക്കപ്പെട്ട പുതിയഭൂമിയിലേക്കു സ്വർഗ്ഗീയയെരൂശലേം ഇറങ്ങിവരുമ്പോൾ അതിൽ നിത്യവാസം ആരംഭിക്കുന്നു. അതിൽ വസിക്കുന്നത് പുതിയനിയമസഭ മാത്രമല്ല ആദാമിന്റെ കാലം മുതൽ സഹസ്രാബ്ദകാലത്തിന്റെ അവസാനം വരെയുള്ള സകലവിശുദ്ധന്മാരും വസിക്കും. ദൈവം ശില്പിയായി നിർമ്മിച്ച സ്വർഗ്ഗീയയെരൂശലേമിനെക്കുറിച്ചുള്ള വിവരണങ്ങൾ തിരുവചനത്തിലൂടെ ലഭിക്കുന്നു —

**ഗലാ.4:26 —** *“മീതെയുള്ള യെരൂശലേമോ സ്വതന്ത്രയാകുന്നു.”*

**എബ്രാ.11:10 —** *‘‘ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു.”*

**എബ്രാ.12:22—** *“പിന്നെയോ സീയോൻ പർവ്വതത്തിന്നും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയയെരൂശലേമിന്നും ....”*

**എബ്രാ.13:14 —** *“ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരമില്ലല്ലോ, വരുവാനുള്ളതു അത്രേ നാം അന്വേഷിക്കുന്നതു.”*

**വെളി.21:3 — സിംഹാസനത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും** (And I heard a loud voice from heaven saying, "Behold, the tabernacle of God is with men, and He will dwell with them, and they shall be His people. God Himself will be with them and be their God) —

ഒന്നാമത്തെ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നസ്ഥാനത്ത് അഗ്നിയാൽ നവീകരിക്കപ്പെട്ട പുതിയ ആകാശവും പുതിയഭൂമിയും ഉണ്ടാകുന്നത് യോഹന്നാൻ കാണുന്നു. അതോടൊപ്പം പുതിയ യെരൂശലേം എന്ന വിശുദ്ധനഗരവും ഭൂമിയിലേക്ക് സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ നിന്നു ഇറങ്ങി വരുന്നതും കണ്ടു. ഇപ്രകാരമുള്ള മനോഹരമായ സ്വർഗ്ഗീയകാഴ്ചകൾ കണ്ടുകൊണ്ടു നില്ക്കുമ്പോൾ സിംഹാസനത്തിൽ നിന്നു ഒരു മഹാശബ്ദവും യോഹന്നാൻ കേൾക്കുന്നു. ദൈവം മനുഷ്യരോടു കൂടെ പാർക്കുവാൻ പോകുന്നു എന്നും അവരോടൊപ്പം എന്നേക്കും അവർക്കു ആശ്വാസമായി കൂടെ ഇരിക്കും എന്നുമുള്ള അതിസന്തോഷത്തിന്റെ വാർത്തയായിരുന്നു സ്വർഗ്ഗസിംഹാസനത്തിൽ നിന്നു പ്രഖ്യാപനമായി മുഴങ്ങി കേട്ടത്.

**സിംഹാസനത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു** (And I heard a loud voice from heaven saying) —

വെളിപ്പാടു പുസ്തകത്തിൽ ആവർത്തിച്ചുപയോഗിച്ചിരിക്കുന്ന ഒരു പദപ്രയോഗങ്ങളാണ് അത്യുച്ചത്തിൽ ഘോഷിച്ചു (proclaiming with a loud voice) അത്യുച്ചത്തിൽ പറഞ്ഞു (saying with a loud voice), സ്വർഗ്ഗത്തിൽനിന്നു ഒരു മഹാശബ്ദം കേട്ടു (loud voice from heaven)എന്നിങ്ങനെയുള്ളവ. ഇരുപത്തിയൊന്നോളം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതിൽ അവസാനത്തേതാണിത്. ഒരു പ്രധാനസംഭവമോ, അറിയിപ്പോ പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി ഇത് ഉപയോഗിച്ചിരിക്കുന്നു. ഇപ്രകാരമുള്ള മഹാശബ്ദത്തിന്റെ അവസാനം എന്ന നിലയിൽ ഇവിടെ യോഹന്നാൻ കേട്ടത് ദൈവം മനുഷ്യരോടു കൂടെ വാസം ആരംഭിക്കുന്നു എന്ന മഹത്തായ പ്രഖ്യാപനമാണ്. മനുഷ്യന്റെ സൃഷ്ടിയിലൂടെ ദൈവം ആഗ്രഹിച്ച ഒത്തൊരുമിച്ചുള്ള കൂട്ടായ്മയും വാസവും ഇവിടെ നിറവേറപ്പെടുകയാണ്.

മഹാശബ്ദം സ്വർഗ്ഗസിംഹാസനത്തിൽ നിന്നാണുണ്ടായത്. എന്നാൽ ആരാണ് പറഞ്ഞതെന്നു വ്യക്തമാക്കിയിട്ടില്ല. ദൈവസന്നിധിയിൽ നില്കുന്ന ദൂതന്മാരിൽ ഒരുവനായിരിക്കാം ദൈവത്തിന്റെ അരുളപ്പാടെന്ന നിലയിൽ ഇതറിയിക്കുന്നതെന്നു കരുതാം. കാരണം ഇപ്രകാരമുള്ള ദൂതുകൾ വെളിപ്പാടു പുസ്തകത്തിൽ ദൂതന്മാർ ഉറക്കെ വിളിച്ചു പറയുന്നത് സർവ്വസാധാരണയാണ് (വെളി.5:2/14:9/14:15/14:18/19:17,18). അതുമല്ലെങ്കിൽ അതിസന്തോഷത്തിന്റെ പ്രഖ്യാപനം സ്വർഗ്ഗത്തിൽ നിന്നു നടത്തുന്നത് സർവ്വശക്തനായ ദൈവം തന്നെയുമാകാം.

**ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും** ("Behold, the tabernacle of God is with men, and He will dwell with them, and they shall be His people. God Himself will be with them and be their God) —

പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരൂശലേം എന്നിങ്ങനെ സകലതും പുതുതായിത്തീരുമ്പോൾ അവിടെത്തെ ഏറ്റവും വലിയ സന്തോഷ വിഷയവും സവിശേഷതയും എന്നത് ദൈവം മനുഷ്യരുടെ കൂടെ വസിക്കുന്ന അനുഭവമാണ്. സർവ്വശക്തനും, വിശുദ്ധനും, മഹോന്നതനും, ആർക്കും അടുത്തുകൂടാനാവാത്ത വെളിച്ചത്തിൽ വസിക്കുന്നവനും, സൃഷ്ടാവുമായ ദൈവം സ്വർഗ്ഗോന്നതികളിൽ നിന്നിറങ്ങി തന്റെ വിശുദ്ധന്മാരുമായി ഭൂമിയിൽ പാർക്കുന്ന വാർത്ത യോഹന്നാനു മാത്രമല്ല ദൈവമക്കളായ സകലർക്കും സന്തോഷം പകരുന്ന വാർത്തയാണ്. യോഹന്നാൻ കേട്ട ആനന്ദകരമായ വാർത്തയിൽ അനേക സത്യങ്ങൾ അടങ്ങിയിരിക്കുന്നു —

(1) ദൈവം എവിടെ പാർക്കുന്നു? പാർപ്പിന്റെ പ്രത്യേകതയെന്ത്? > ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം.

(2) വാസം എപ്രകാരം? > അവൻ അവരോടുകൂടെ വസിക്കും.

(3) വിശുദ്ധന്മാരും ദൈവവും തമ്മിലുള്ള വാസത്തിലെ ബന്ധം > അവർ അവന്റെ ജനമായിരിക്കും. ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും.

**ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം** ("Behold, the tabernacle of God is with men) —

"ഇതാ" (Behold) എന്ന പദപ്രയോഗം വെളിപ്പാടു പുസ്തകത്തിൽ 26 പ്രാവശ്യം ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. വിശദീകരിക്കുന്ന വിഷയത്തിലേക്കു വായനക്കാരുടെ സത്വരശ്രദ്ധയെ ക്ഷണിക്കുന്ന വിശേഷണമാണിത്. "ഇതാ" എന്നു ആദ്യമായി പറഞ്ഞിരിക്കുന്നത് കർത്താവ് മേഘാരൂഢനായി വരുന്ന അറിയിപ്പിനെയായിരുന്നു (വെളി.1:7). എന്നാൽ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ദൈവം മനുഷ്യരോടു കൂടെ വാസം തുടങ്ങുന്നു എന്ന അറിയിപ്പിനോടുള്ള ബന്ധത്തിലാണ്.

കൂടാരം എന്നതിനു മൂലഭാഷയായ ഗ്രീക്കിൽ സ്കേനെ (skene = tent / cloth hut > habitation / tabernacle) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം കൂടാരം, തുണികൊണ്ടുള്ള കുടിൽ (> വാസസ്ഥലം / സമാഗമനകൂടാരം) എന്നൊക്കെയാണ്. കൂടാരം പൊതുവേ താല്ക്കാലിക വാസത്തെ കുറിക്കുന്നു. ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന പുതിയയെരൂശലേം ഏറ്റവും മനോഹരവും അനേകം അത്യാകർഷങ്ങളായ സവിശേഷതകളും നിറഞ്ഞതാണ്. എന്നാൽ ദൈവത്തിനു ഇതും ഒരു കൂടാരം മാത്രമാണ്. സ്വർഗ്ഗത്തിൽ അധിവസിക്കുന്ന ദൈവം ഭൂമിയിലെ കൂടാരത്തിലേക്ക് തന്റെ വിശുദ്ധന്മാരോടൊപ്പം വസിക്കുവാൻ ഇറങ്ങി വരുന്നു. വെയിലാറിയപ്പോൾ അതായത് സന്ധ്യാവേളകളിൽ ഏദെൻതോട്ടത്തിൽ ആദാമിനോടൊപ്പം ദൈവം നടന്നു (ഉല്പ.3:8). അതിനുശേഷം ദൈവം, തനിക്കായി വേർതിരിക്കപ്പെട്ട, യിസ്രായേൽജനത്തിന്റെ നടുവിൽ വസിക്കുവാൻ തയ്യാറാക്കിയ മാർഗ്ഗങ്ങളിലൊന്നായിരുന്നു സമാഗമനകൂടാരം. ദൈവത്തിന്റെ വാസസ്ഥലം അഥവാ കൂടാരം മനുഷ്യരോടു കൂടെ ആയിത്തീരുന്നു. പഴയനിയമത്തിൽ കൂടാരം എന്നത് ദൈവസാന്നിദ്ധ്യത്തെ കുറിക്കുന്നു. സമാഗമനകൂടാരത്തിനു പുറമേ മറ്റു കൂടാരങ്ങളും അഥവാ ദൈവാലയങ്ങളും തിരുവചനത്തിൽ കാണുന്നു.

**(1) ഏദെൻ തോട്ടത്തിലെ ദൈവാലയം (Temple in Eden) —**

സ്വർഗ്ഗത്തിൽ അധിവസിക്കുന്ന ദൈവം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു മനുഷ്യരോടൊപ്പം വസിക്കുവാനും നടക്കുവാനും, സംസാരിപ്പാനും, കൂട്ടായ്മ പങ്കിടുവാനും ആഗ്രഹിച്ചു. ഏദെനിൽ ആദാമിനോടും ഹവ്വായോടും ചേർന്നു വസിച്ചു. ഇതായിരുന്നു ഭൂമിയിലെ ഒന്നാമത്തെ ദൈവാലയം. ഇതിനു ചുമരുകളോ, പ്രാകാരങ്ങളോ, യാഗപീഠങ്ങളോ ഇല്ലായിരുന്നു. എന്നാൽ മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചയാൽ ദൈവവുമായുള്ള കൂട്ടായ്മക്കും ഒത്തൊരുമിച്ചുള്ള വാസത്തിനും തടസ്സമായി (ഉല്പ.2,3). പിശാചിന്റെ ചതിയിൽ കുടുങ്ങി തേജസ്സിന്റെയും വിശുദ്ധിയുടെയും വസ്ത്രം നഷ്ടപ്പെട്ട മനുഷ്യനു ഏദെൻ തോട്ടത്തിലെ കൂട്ടായ്മ സാദ്ധ്യമല്ലാതായിത്തീർന്നു.

**(2) സമാഗമനകൂടാരം (Tabernacle)—**

ദൈവകല്പന ലംഘിച്ചു പുറത്തുപോയ മനുഷ്യനുമായി ദൈവം കൂട്ടായ്മ പങ്കിടുവാൻ വീണ്ടും ആഗ്രഹിച്ചു. തന്റെ കല്പനകളനുസരിച്ചു വിശ്വാസത്താൽ യാത്ര പുറപ്പെട്ട അബ്രഹാമിന്റെ സന്തതികളെ "യിസ്രായേൽ" എന്നു പേരു നല്കി അവരെ സ്വന്തജനമായി അംഗീകരിച്ചു. എന്നാലവർ മിസ്രയീമിന്റെ അടിമത്വത്തിൽ അമർന്നുപോകുവാനിടയായി. മിസ്രയീമ്യ അടിമത്വത്തിൽ ദൈവജനത്തിന്റെ പരിതാപകരമായ അവസ്ഥ ദൈവം കണ്ടു. മോശെ മുഖാന്തരം മിസ്രയീമിൽ നിന്നു വിടുവിച്ചു കനാനിലേക്കു അവരെ നടത്തി. അവർ സഞ്ചരിച്ച മരുഭൂമിയിൽ അവരോടൊപ്പം വസിക്കുവാൻ ദൈവം ആഗ്രഹിച്ചു. *"ഞാൻ എന്റെ നിവാസം നിങ്ങളുടെ ഇടയിൽ ആക്കും"* (ലേവ്യ.26:11) *"ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്കു ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കണം"* (പുറ.25:8) എന്നു ദൈവം അരുളിച്ചെയ്തു. അങ്ങനെ പർവ്വതത്തിൽ വെച്ച് മോശെക്കു കാണിച്ചുകൊടുത്ത മാതൃകപ്രകാരം നിർമ്മിക്കപ്പെട്ട സമാഗമനകൂടാരത്തിൽ അതിവിശുദ്ധസ്ഥലത്ത് സ്ഥാപിച്ച കൃപാസനത്തിനുമീതെ ദൈവം എഴുന്നെള്ളി വസിച്ചു. ഈ ദൈവനിവാസം താൽക്കാലികവും യാത്രയിൽ കൊണ്ടുപോകത്തക്കവിധം മാറ്റി സ്ഥാപിക്കുവാൻ കഴിയുന്നതുമായിരുന്നു (പുറ.25-30/പുറ.35:30-40:38/ലേവ്യാ.10:1-7).

**(3) ശലോമോന്റെ ദൈവാലയം (Solomons Temple)—**

യിസ്രായേൽ ജനം വാഗ്ദത്തനാടായ കനാനിൽ പ്രവേശിച്ചശേഷം യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായ ദാവീദ് ദൈവാലയം പണിയുവാൻ ആഗ്രഹിച്ചു. ദാവീദ് യുദ്ധവീരനായ രാജാവെന്ന നിലയിൽ രക്തച്ചൊരിച്ചിൽ നടത്തിയവനും, വാൾ കൈയ്യിലുള്ളവനുമായിരുന്നു. ആയതിനാൽ ദൈവാലയം പണിയുവാനുള്ള ദാവീദിന്റെ ആഗ്രഹം ദൈവം അനുവദിച്ചില്ല. ദാവീദിന്റെ ആഗ്രഹം തന്റെ മകനായ ശലോമോനിലൂടെ നിവർത്തിയാകുമെന്നു ദൈവം ദാവിദിനോടറിയിച്ചു. ശലോമോൻ അതിമനോഹരമായ ഒരു ദൈവാലയം യെരൂശലേമിൽ പണിതു. പുരോഹിതന്മാർ തങ്ങളെത്തന്നെ വിശുദ്ധീകരിച്ചു ഒരുങ്ങിനില്കുമ്പോൾ കാഹളക്കാരും സംഗീതക്കാരും ഒത്തൊരുമിച്ചു ഉച്ചത്തിൽ യഹോവയെ സ്തുതിച്ചു. അവരുടെ സ്തുതിഗീതങ്ങൾ ഉയർന്നപ്പോൾ സ്തുതികളിന്മേൽ വസിക്കുന്നവൻ ഇറങ്ങിവന്നു. യഹോവയുടെ തേജസ്സ് ആലയത്തിൽ നിറഞ്ഞു. ദൈവസാന്നിദ്ധ്യം തന്റെ ജനം കണ്ടു സന്തോഷിച്ചു. മരുഭൂമിയിലെ സമാഗമനകൂടാരം മാറ്റി സ്ഥാപിച്ചുകൊണ്ടിരുന്നുവെങ്കിൽ ശലോമോന്റെ ദൈവാലയം സ്ഥിരമായ വാസസ്ഥലമായിരുന്നു. കാലം കഴിഞ്ഞതോടെ ദൈവജനം ദൈവസന്നിധി വിട്ടു വിഗ്രഹങ്ങളുടെ പുറകേ പോയി. ബാബിലോണ്യരാജാവായ നെബുഖദ്നേസർ ശലോമോൻ പണിത ഈ ദൈവാലയത്തെ ഇടിച്ചു നശിപ്പിച്ചു. ഉപകരണങ്ങൾ, സ്വർണ്ണം, താമ്രം, എന്നിവ കവർന്നെടുക്കുകയും ജനത്തെ അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോകുകയും ചെയ്തു (2.ശമൂ.7:1-29 / 1.രാജാ.8:1-66 / യിരെ.32:28-44).

**(4) സെരൂബ്ബാബേലിന്റെ ദൈവാലയം (Zerubbabels Temple)—**(God in Zerubbabels Temple)–

ബാബിലോണ്യപ്രവാസത്തിലായിരുന്നവർ മടങ്ങി വന്നു. സെരൂബ്ബാബേലിന്റെയും മഹാപുരോഹിതനായ യോശുവയുടെയും നേതൃത്വത്തിൽ ദേവാലയം പണിതു. **എസ്രാ.6:15,16 --** *"ദാര്യാവേശ്‌രാജാവിന്റെ വാഴ്ചയുടെ ആറാം ആണ്ടിൽ ആദാർമാസം മൂന്നാം തീയ്യതി ഈ ആലയം പണിതു തീർന്നു. യിസ്രായേൽ മക്കളും പുരോഹിതന്മാരും ലേവ്യരും ശേഷം പ്രവാസികളും സന്തോഷത്തോടെ ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠ കഴിച്ചു."* ശലോമോന്റെ ദൈവാലയത്തിന്റെ മനോഹാരിത കണ്ട മൂപ്പന്മാർ പുതിയ ദൈവാലയത്തിന്റെ അടിസ്ഥാനം കണ്ടപ്പോൾ കരഞ്ഞുപോയി. കാരണം ശലോമോന്റെ ആലയവുമായി തുലനം ചെയ്യുമ്പോൾ സെരൂബ്ബാബേൽ പണിതത് അത്ര ശ്രേഷ്ഠമായിരുന്നില്ല. പഴയ സൗന്ദര്യമോ പ്രൗഢിയോ ഇതിനില്ലായിരുന്നു(എസ്രാ.3:8,12). എന്നാൽ ദൈവം ഇതിൽ വസിക്കുകയും ഇതിനെ ഇഷ്ടപ്പെടുകയും ചെയ്തു. ദൈവം പുറമേയുള്ള ഭംഗിയല്ല, അവരുടെ ഹൃദയാന്തർഭാഗത്തെയാണ് നോക്കിയത്. പല യുദ്ധങ്ങളാൽ ഈ ദൈവാലയം അശുദ്ധമാക്കപ്പെട്ടു. കാലക്രമേണ അതു നശിച്ചുപോയി (എസ്രാ.6:1-22/എസ്രാ.3:1-8/ഹഗ്ഗാ.1-2).

**(5) ഹെരോദാവിന്റെ ദൈവാലയം (Herods Temple)—**

ഹെരോദാവു പണിത ഈ ആലയത്തിന്റെ നിർമ്മാണത്തെപ്പറ്റി തിരുവചനത്തിൽ പറയുന്നില്ല. അതായത് ദൈവഹിതപ്രകാരമോ ദൈവമാതൃകപ്രകാരമോ പണിതതായിരുന്നില്ല. ഹെരോദാവു മഹാക്രൂരനും ദുഷിച്ചവനുമായിരുന്നു. ഇദ്ദേഹത്തിനു ദൈവഭയമോ യഹൂദന്മാരോടു പ്രത്യേക

താൽപര്യമോ ഇല്ലായിരുന്നു. അക്കാരണത്താൽ തന്നെ ദൈവാലയം പണിതതിന്റെ ലക്ഷ്യം സ്വാർത്ഥത മാത്രമായിരുന്നു. മറ്റുള്ളവരുടെ മുമ്പാകെ താൻ വെറുക്കപ്പെട്ടവനാണെന്നു ഹെരോദാവിനു തന്നെ അറിയാമായിരുന്നു. തന്റെ മരണശേഷം തന്നെ ആരും ഓർക്കുകയില്ലെന്നു നിശ്ചയമുണ്ടായിരുന്നു. ആയതിനാൽ തന്റെ പേർ എന്നും നിലനിൽക്കുവാനായിരുന്നു ദൈവാലയം പണിതത്. യഹൂദന്മാരുടെ പ്രീതി സമ്പാദിക്കുക എന്ന ലക്ഷ്യവും ഉണ്ടായിരുന്നു. പുതിയനിയമകാലത്ത് ഹെരോദാവിന്റെ ദൈവാലയം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ദൈവാലയമാണിത്(യോഹ.2:20).കള്ളന്മാരുടെ ഗുഹയാക്കി തീർത്തുവെന്നാണ് കർത്താവു ഈ ആലയത്തെപ്പറ്റി പറഞ്ഞത് (മത്താ.21:13). ഹെരോദാവു പണിത ദൈവാലയത്തിന്റെ നാശത്തെക്കുറിച്ച് കർത്താവു മുന്നമേ പറഞ്ഞിരുന്നു (മത്താ.24:2).റോമയിലെ തീത്തോസ് കൈസർ തകർത്തു അതിരുന്നസ്ഥലം ഉഴുതു മറിച്ചു(മർക്കൊ.13:2/ലൂക്കൊ.1:11-20;2:22-38;2:42-51;4:21-24/യോഹ.2:19,20).പിന്നീട് മുസ്ലീങ്ങൾ ഇവിടം കൈവശപ്പെടുത്തി ഹെരോദാവിന്റെ ദൈവാലയം നിന്ന സ്ഥാനത്ത് അവർ പള്ളി പണിതു. ഈ ഭാഗം ഇപ്പോഴും പാലസ്തീൻ മുസ്ലീങ്ങളുടെ കൈവശമാണ്.

**(6) ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവാലയം (Temple of Christ)—**

കാലസമ്പൂർണ്ണതയിൽ സ്ത്രീയുടെ സന്തതിയായി മനുഷ്യന്റെ വീണ്ടെടുപ്പിനായി പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനായി ദൈവപുത്രനായ യേശുക്രിസ്തു പിറന്നു. യേശുകിസ്തു ഇമ്മാനുവേലായി മനുഷ്യരോടൊപ്പം വസിച്ചു (യോഹ.1:14). യേശുക്രിസ്തുവിന്റെ വാസം മനുഷ്യനെ ദൈവത്തോടു സമീപസ്ഥരാക്കി. സ്വന്തത്തിലേക്കു വന്ന യേശുക്രിസ്തുവിന്റെ വാക്കുകൾക്കു ചെവികൊടുക്കാത്ത സ്വന്തജനം ക്രിസ്തുവിനെ ക്രൂശിപ്പാൻ ഏല്പിച്ചു. **യോഹ.2:19,21—** *"യേശു അവരോടു : ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു. ......അവനോ തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞതു."* ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവലായവും നശിപ്പിക്കപ്പെട്ടു. റോമൻ പടയാളികൾ ഈ ആലയത്തെ മരത്തോടു ചേർത്തു ആണി അടിച്ചു താഴ്ത്തിയപ്പോൾ ഈ മന്ദിരവും ഇല്ലാതായി. "സകലതും നിവൃത്തിയായി" എന്നു യേശുക്രിസ്തു ക്രൂശിൽ കിടന്നുകൊണ്ടു ഉറക്കെ വിളിച്ചു പറഞ്ഞു. അപ്പോൾ യെരൂശലേം ദൈവാലയത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി കീറിപ്പോയി. അതോടെ മനുഷ്യ മദ്ധ്യസ്ഥനില്ലാത്ത, ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന പുതിയനിയമ ആരാധനക്കു ആരംഭമായി.

**(7) കൃപാകാലത്തെ ദൈവാലയം (Temple in Man)—** (God in Man)–

ശലോമോന്റെ ദൈവാലയത്തിലേക്കു ഇറങ്ങിവന്ന ഷെക്കീനാ മനുഷ്യമൺകൂടാരത്തിലേക്കു വരുന്നു. യേശുക്രിസ്തുവിന്റെ രക്തം മുഖാന്തരം വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ പരിശുദ്ധാത്മാവിന്റെ മന്ദിരങ്ങളായിത്തീരുന്നു (1.കൊരി.6:19). ഇപ്രകാരമുള്ള കൃപാകാലത്തെ ദൈവാലയം ഓരോ വിശ്വാസിയിലുമുള്ള ആലയമാണ്. ക്രിസ്തു വീണ്ടും വരുന്നതുവരെ വിശ്വാസികളുടെ ഹൃദയത്തിൽ ദൈവം വസിക്കുന്നു. മനുഷ്യനിർമ്മിതങ്ങളായ മന്ദിരങ്ങൾക്കകത്തല്ല ദൈവത്തിന്റെ കൈപ്പണിയായ മനുഷ്യനിൽ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു വസിക്കുന്നു. **1.കൊരി.3:16 —** *"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?"* **2.കൊരി.6:16 —** *"ദൈവാലയത്തിനു വിഗ്രഹങ്ങളോടു എന്തു യോജ്യത. നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ."* **കൊലൊ.1:27 —** *"മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു."* നമ്മുടെ ശരീരം വിശുദ്ധമാണെങ്കിലേ വിശുദ്ധനായ ദൈവം വസിക്കുകയുള്ളു. ദൈവത്തിനു നമ്മുടെ ശരീരത്തിൽ അല്പകാലം മാത്രമേ വസിക്കുവാൻ കഴിയൂ. എന്തെന്നാൽ നമ്മുടെ ശരീരം മരണത്തിനധീനമാണ്. മരണത്തോടു കൂടി ഭൗമികദേഹം നശിക്കും. പാപത്താൽ പ്രവേശിച്ച മരണത്താൽ ഈ ശരീരം നശിക്കുന്നതാണ് (1.കൊരി.6:19,20/2.കൊരി.6:16-17).

**(8) പീഡനകാലത്തെ ദൈവാലയം (Tribulation period Temple)—**

സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം പീഡനകാലത്തു ഭൂമിയിൽ അന്തിക്രിസ്തുവിന്റെ കാലത്തുള്ള യെഹൂദന്മാർ പണിയുന്ന ആലയമാണിത്. പീഡനകാലത്തു പണിയപ്പെടുന്ന ആലയമായതിനാൽ ഇതിനെ പീഡനകാലത്തെ ദൈവാലയം എന്നറിയപ്പെടുന്നു. ഇതും നശിപ്പിക്കപ്പെടും (ദാനീ.9:27;11:45;12:7/2തെസ്സ.2:3,4/വെളി.11:1,2). പീഡനകാലത്തിന്റെ ആരംഭത്തിൽത്തന്നെ ദൈവാലയപണി നടത്തുകയും പീഡനകാലത്തിന്റെ മദ്ധ്യേയുള്ള മഹാപീഡനകാലത്ത് എതിർക്രിസ്തു യിസ്രായേലുമായി ഉടമ്പടി ലംഘിക്കുകയും ദൈവാലയത്തിൽ സ്വന്തം പ്രതിമ സ്ഥാപിക്കുകയും ചെയ്യും(വെളി.13:14).

**(9) സഹസ്രാബ്ദകാലത്തെ ദൈവാലയം (Millennium Temple)—**

മഹാപീഡനകാലം കഴിയുന്നതോടെ ക്രിസ്തുവും സഭയും ഭൂമിയിലേക്ക് ഇറങ്ങിവരികയും ആയിരം ആണ്ടേക്കു പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു അഗാധകൂപത്തിൽ ബന്ധിക്കും (വെളി.20:1-3). ക്രിസ്തുവും സഭയും ഭൂമിയിൽ ആയിരം ആണ്ടു വാഴുകയും ചെയ്യും. ആയിരം ആണ്ടു വാഴ്ചയിൽ യെരൂശെലേമിൽ സ്ഥാപിക്കപ്പെടുന്ന ദൈവാലയമാണ് സഹസ്രാബ്ദകാലത്തെ ദൈവാലയം (യെശ.66:20/യെഹെ.40-48/സെഖ.6:12,13).

**(10) നിത്യകൂടാരം - നിത്യതയിലെ ദൈവാലയം (Eternal Temple)—**

പുതിയആകാശവും പുതിയഭൂമിയിലുമുൾപ്പെട്ട പുതിയ യെരൂശലേമിൽ സ്ഥാപിക്കപ്പെടുന്ന നിത്യകൂടാരമാണിത്. ഇവിടെ ദൈവം മനുഷ്യരോടു കൂടെ വസിക്കുന്നു. ആദാമിന്റെ കാലം തുടങ്ങി സഹസ്രാബ്ദവാഴ്ചയുടെ അവസാനം വരെയുള്ള എല്ലാറ്റിലും മഹത്തായ ദൈവാലയമായിരിക്കുമിത്. സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും, അതിന്റെ മന്ദിരം ആയിരിക്കും (വെളി.21:22/ വെളി.22:1-21). സഹസ്രാബ്ദങ്ങളായി സ്വർഗ്ഗത്തിൽ പണിതുകൊണ്ടിരിക്കുന്ന വാസസ്ഥലം പുതിയ യെരൂശലേമിലേക്കു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരും. ദൈവവും മനുഷ്യരും ഒത്തൊരുമിച്ചു ഭൂമിയിൽ വാഴും. **2.കൊരി.5:1** —*"കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു."*

"ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം" എന്ന അറിയിപ്പ് യോഹന്നാൻ കേൾക്കുന്നു. ദൈവത്തോടുകൂടെ മനുഷ്യർ വസിക്കുന്നത് ഏറ്റവും സന്തോഷകരമായ അനുഭവമാണ്. അതിനേക്കാളും എത്രയോ മടങ്ങ് അതിസന്തോഷവും അതേ സമയം ആശ്ചര്യകരവുമായ വിഷയമാണ് സൃഷ്ടികളും, ഒരു കാലത്ത് സൃഷ്ടാവിനെ നിന്ദിച്ചവരുമായ മനുഷ്യരുടെ കൂടെ ദൈവം വസിക്കുവാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരുന്നു എന്നുള്ളത്. മനുഷ്യരോടൊപ്പം ജീവിക്കുക, കൂട്ടായ്മയിൽ നടക്കുക, സ്നേഹത്തിൽ ജീവിക്കുക എന്നത് ആദാമിന്റെ കാലം മുതൽ സഹസ്രാബ്ദങ്ങളായി ദൈവം ആഗ്രഹിച്ചതായിരുന്നു (ഉല്പ.3:8/പുറ.6:7/പുറ.29:45/ലേവ്യ.26:11/സെഖ.2:10/സെഖ.8:8).

ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശംതന്നെ മനുഷ്യരോടു കൂടെ വസിക്കുവാനായിരുന്നു. ഏദെനിൽ ദിവസവും വെയിലാറുമ്പോൾ അഥവാ സായാഹ്നങ്ങളിൽ ദൈവം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു ആദാമിനോടൊപ്പം നടന്നു (ഉല്പ.3:8). എന്നാൽ മനുഷ്യൻ പിശാചിനാൽ ചതിക്കപ്പെട്ടു പാപത്തിൽ അകപ്പെട്ടപ്പോൾ വിശുദ്ധനായ ദൈവത്തിനു ആദാമുമായുള്ള സംസർഗ്ഗം തുടരുവാൻ സാധിച്ചില്ല. ഇതിനു ശേഷം ദൈവജനത്തിന്റെ മരുഭൂമിയാത്രയിൽ അവരുടെ മദ്ധ്യേ വസിക്കുന്നതിനായി ഒരു വിശുദ്ധമന്ദിരം അഥവാ സമാഗമനകൂടാരം ഉണ്ടാക്കുവാൻ ദൈവം അരുളിച്ചെയ്തു (പുറ.25:8). കൂടാതെ അവർക്കു നല്കപ്പെട്ട കൂടാരപ്പെരുന്നാളിന്റെ വിശേഷതയെന്നത് ദൈവവും യിസ്രായേലും ഒരുമിച്ചു വസിക്കുന്നതിന്റെ നിഴലുമായിരുന്നു (ലേവ്യ.23:33,34). കൂടാരപ്പെരുന്നാൾ വേളയിൽ യിസ്രായേൽ ജനം അവരുടെ ഭവനങ്ങളൊക്കെ വിട്ടു ഒരാഴ്ചക്കാലം കൂടാരങ്ങളിൽ പാർക്കുന്നു. കൂടാരപ്പെരുന്നാൾ ദിവസങ്ങളിൽ ദൈവം യിസ്രായേൽ ജനത്തോടുകൂടെ കൂടാരത്തിൽ പാർത്തത് വരുവാനുള്ള നിത്യകൂടാരത്തിന്റെ നിഴലായിരുന്നു. "ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം" എന്ന സ്വർഗ്ഗീയ പ്രഖ്യാപനത്തിൽ അതു യാഥാർത്ഥ്യമായിത്തീരുന്നു. ഒരേ ഒരു വ്യത്യാസമെന്നത് കൂടാരപ്പെരുന്നാളിലെ വാസം ഒരാഴ്ച മാത്രമായിരുന്നുവെങ്കിൽ ഇവിടെത്തെ കൂടാരവാസം എന്നെന്നേക്കുമുള്ളതാണ്. ആദ്യമനുഷ്യർ ഏദെനെന്ന പറുദീസായിലും, യിസ്രായേൽമക്കൾ മരുഭൂമിയിലും ദൈവീക കൂട്ടായ്മയും, സാന്നിദ്ധ്യവും അനുഭവിച്ചത് യുഗാന്ത്യത്തിൽ സകലദൈവമക്കൾക്കും നിത്യമായി അനുഭവിക്കുവാൻ സാധിക്കുന്നു.

**അവൻ അവരോടുകൂടെ വസിക്കും** (and He will dwell with them) —

പുതിയയെരൂശലേമിന്റെ ഏറ്റവും വലിയ പ്രത്യേകത ദൈവം അവരോടുകൂടെ വസിക്കും എന്നതാണ്. ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷപ്രാപിക്കുമ്പോൾ അവനിൽ പരിശുദ്ധാത്മാവാം ദൈവം വാസം തുടങ്ങുന്നു. ഇപ്രകാരമുള്ള ദൈവത്തിന്റെ വാസം ആത്മീകമായി മാത്രമേ രക്ഷിക്കപ്പെട്ടവനു അനുഭവിച്ചറിയുവാൻ സാധിക്കുകയുള്ളു. ഇന്നു നാം പ്രാർത്ഥനയിലൂടെ ദൈവത്തോടു സംസാരിക്കുകയും, ദൈവവചനത്തിലൂടെ ദൈവം നമ്മോടു സംസാരിക്കുകയും ചെയ്യുന്നു. എന്നാൽ പുതിയ യെരൂശലേമിലെ വാസത്തിൽ ദൈവം സ്വർഗ്ഗത്തിൽ നിന്നിറങ്ങി മനുഷ്യരുടെ കൂടെ വസിക്കുന്നു. അപ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യം തന്നെ ഓരോരുത്തർക്കും വ്യക്തിപരമായി അനുഭവിച്ചറിയുവാൻ സാധിക്കും. അതായത് ദൈവത്തോടു മുഖാമുഖമായി സംസാരിപ്പാനും, കൂട്ടായ്മ പങ്കിടുവാനും, ആനന്ദിക്കുവാനും, കൂടെ നടക്കുവാനും സാധിക്കും.

പഴയനിയമത്തിൽ സർവ്വശക്തനായ യഹോവയായ ദൈവം ദൈവജനത്തിന്റെ മദ്ധ്യേ (നടുവിൽ) വസിച്ചു (God dwells in the middle of Israel). പുതിയനിയമത്തിൽ ദൈവപുത്രനായ യേശുക്രിസ്തു ദൈവം നമ്മോടുകൂടെ അഥവാ ഇമ്മനുവേലായി നമ്മോടുകൂടെ പാർത്തു (Jesus Christ as Immanuel > with men). കൃപായുഗമായ ഇക്കാലത്ത് പരിശുദ്ധാത്മാവാം ദൈവം ഓരോ ദൈവപൈതലിലും വസിക്കുന്നു (Holy Spirit dwells in believer). ഭൂമിയിലെ ആയിരമാണ്ടു വാഴ്ചയിൽ വിശുദ്ധന്മാരോടുകൂടെ പരിശുദ്ധാത്മാവും ക്രിസ്തുവും വസിക്കും (Holy Spirit and Christ dwells with Saints). എന്നാൽ നിത്യവാസത്തിൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവും, മനുഷ്യരോടു കൂടെ യുഗായുഗങ്ങൾ വസിക്കും (God, Son, Holy Spirit dwells with Man).

**അവർ അവന്റെ ജനമായിരിക്കും** (and they shall be His people) —

പഴയനിയമഭാഗങ്ങളിൽ ദൈവത്തിന്റെ സ്വന്തജനമായി യിസ്രായേലിനെ ചിത്രീകരിച്ചിരിക്കുന്നു.

*"ഞാൻ നിങ്ങളെ എനിക്കു ജനമാക്കിക്കൊൾകയും ഞാൻ നിങ്ങൾക്കു ദൈവമായിരിക്കയും ചെയ്യും."* (പുറ.6:7). *"ഞാൻ യിസ്രായേൽമക്കളുടെ മദ്ധ്യേ വസിക്കയും അവർക്കു ദൈവമായിരിക്കയും ചെയ്യും"* (പുറ.29:45). *"ഞാൻ എന്റെ നിവാസം നിങ്ങളുടെ ഇടയിൽ ആക്കും .... ഞാൻ നിങ്ങൾക്കു ദൈവവും നിങ്ങൾ എനിക്കു ജനവും ആയിരിക്കും."* (ലേവ്യ.26:11,12). *"ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും."* (യിരെ.31:33). എന്നാൽ പുതിയയെരൂശലേമിലെ നിത്യവാസത്തിൽ ദൈവത്തിൽ ആശ്രയം വെച്ച വിശുദ്ധന്മാരെല്ലാം ദൈവത്തിന്റെ ജനമായിരിക്കും. യിസ്രായേലോ, പുതിയനിയമസഭയോ, മഹോപദ്രവകാലവിശുദ്ധന്മാരോ എന്ന വേർതിരിവില്ലാതെ സകലരും ദൈവത്തിന്റെ ജനം എന്നറിയപ്പെടും. ദൈവത്തിന്റെ ജനം എന്നാൽ ദൈവം രാജാധിരാജാവും അവർ പ്രജകളുമായിരിക്കും. അതായത് ദൈവം രാജാധിരാജനായി അവരെ ഭരിക്കുകയും, നടത്തുകയും, പരിപാലിക്കുകയും അവരുടെ ആവശ്യങ്ങളെ അറിഞ്ഞു പോറ്റിപ്പുലർത്തുകയും ചെയ്യും.

**ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും** (God Himself will be with them and be their God) —

യിസ്രായേൽ ജനത്തിന്റെ പ്രയാണകാലത്തുണ്ടായ കഷ്ടതകളിൽ അവരുടെ ദൈവം എവിടെ എന്നു ജാതികൾ ചോദിച്ച സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ പുതിയ യെരൂശലേമിലെ നിത്യവാസത്തിൽ വിശുദ്ധന്മാരെല്ലാം ദൈവത്തിന്റെ ജനമായിരിക്കും എന്നു മാത്രമല്ല അവരുടെ ദൈവം എന്ന നിലയിൽ ദൈവത്തിന്റെ സാന്നിദ്ധ്യം അവരോടൊപ്പം എപ്പോഴും ഉണ്ടായിരിക്കും. എന്റെ ദൈവം എന്നു ഓരോരുത്തർക്കും അന്നു പറയുവാൻ സാധിക്കും. ജയിക്കുന്നവന്നു അഥവാ ലോകത്തെ ജയിച്ചു ദൈവത്തിൽ ആശ്രയിക്കുന്നവനു ലഭിക്കുന്ന വാഗ്ദത്തമായി ദൈവീകബന്ധത്തെ വെളിപ്പാടിൽ പറഞ്ഞിട്ടുണ്ട്. **വെളി.21:7 —** *"ജയിക്കുന്നവന്നു ഇതു അവകാശമായി ലഭിക്കും; ഞാൻ അവന്നു ദൈവവും അവൻ എനിക്കു മകനുമായിരിക്കും."*

**വെളി.21:4 — അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും** (And God will wipe away every tear from their eyes; ) —

സർവ്വശക്തനും, വീണ്ടെടുപ്പുകാരനും, പരിപാലകനുമായ ദൈവം സ്വർഗ്ഗത്തിൽ നിന്നിറങ്ങി ഭൂമിയിൽ മനുഷ്യരോടുകൂടെ വസിക്കുന്ന കാര്യമാണ് യോഹന്നാൻ വിവരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്രകാരമുള്ള ആനന്ദത്തിന്റെയും, കൂട്ടായ്മയുടെയും, ഒത്തൊരുമിച്ചുള്ള വാസത്തിന്റെയും അനുഭവത്തോടു ചേർന്നു യോഹന്നാൻ പറയുന്നത് *"അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും"* എന്നാണ്.

കർത്താവിന്റെ വരവിൽ സഭ എടുക്കപ്പെട്ടു, ഭൂമിയിൽ ന്യായവിധികൾ അരങ്ങേറി, ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ സകലരെയും ശോധന ചെയ്തു, അവിടെ അനേകർ ആദരിക്കപ്പെടുകയും അനേകർ ലജ്ജിതരാകുകയും ചെയ്തു, അന്ധകാരശക്തികളെയും അവിശ്വാസികളെയും തീപ്പൊയ്കയിലേക്കു തള്ളിയിട്ടു, സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ആയിരമാണ്ടുവാഴ്ചയും കഴിഞ്ഞു. തുടർന്നു ദൈവവുമായി സന്തോഷഭവനത്തിൽ അഥവാ പുതിയ യെരൂശലേമാകുന്ന ദൈവകൂടാരത്തിൽ വാസം ആരംഭിക്കുമ്പോൾ വിശുദ്ധന്മാരുടെ കണ്ണുകളിൽ കണ്ണുനീർ ഉണ്ടായിരിക്കുമോ? വിശുദ്ധന്മാർ അവിടെ സദാ കരഞ്ഞുകൊണ്ടിരിക്കുമോ? കണ്ണിൽനിന്നു കണ്ണുനീർ പുറപ്പെടുന്നുവെങ്കിൽ അത് ആനന്ദത്തിന്റെയോ, ദുഃഖത്തിന്റെയോ? കണ്ണുനീർ തുടെച്ചുകളയും അഥവാ കണ്ണുനീരൊഴുകുവാൻ ഇടവരാത്ത അനുഭവം പുതിയ യെരൂശലേമിന്റെ പ്രത്യേകതയായി പറയുന്നതല്ലേ? കണ്ണുനീർ ഉള്ളതുകൊണ്ടല്ലേ തുടെച്ചു കളയുന്നത്? എങ്കിൽ ദൈവം കണ്ണുനീർ തുടക്കുവാൻ വലിയ തൂവാലയുമായി ഓരോരുത്തരെയും സമീപിക്കേണ്ട ആവശ്യമുണ്ടാകുമോ? എന്നിപ്രകാരമുള്ള അനേക ചോദ്യങ്ങൾ ഇതിനെ സംബന്ധിച്ചു ഉയരുന്നതിനാൽ *"അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും"* എന്ന വാക്യത്തിനു അവിടെ കണ്ണുനീരില്ലെന്നോ, കണ്ണുനീർ ഉണ്ടെന്നോ അതുമല്ലെങ്കിൽ ആത്മീകാർത്ഥത്തിൽ പറഞ്ഞതാണെന്നോ ഏതെങ്കിലും ഒരു ഉത്തരം മാത്രമായി നല്കുവാൻ സാധിക്കുകയില്ല.

സന്തോഷകൂടാരത്തിൽ എപ്പോഴെങ്കിലും കണ്ണുനീരുണ്ടാകാം എന്നതിനാലാണല്ലോ കണ്ണുനീർ തുടെച്ചുകളയും എന്നു പറഞ്ഞിരിക്കുന്നത്. സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും, ഐശ്വര്യത്തിന്റെയും അനുഭവത്തിൽ ദൈവത്തോടുകൂടെ ആയിരിക്കുമ്പോൾ ഭൂമിയിലെ പഴയകാര്യങ്ങളെ ഓർക്കുമ്പോൾ കണ്ണുനീർ ഒഴുകിയില്ലെങ്കിലും കണ്ണിൽ നനവുണ്ടാകുന്ന സന്ദർഭങ്ങൾ ഉണ്ടാകാം. അവയേതൊക്കെയെന്നു പരിശോധിക്കാം —

> ഭൂമിയിലായിരുന്നപ്പോൾ ദൈവത്തിന്റെ നാമത്തിൽ ചെയ്ത പ്രവൃത്തികൾ ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ ശോധനചെയ്തപ്പോൾ മരം, പുല്ലു, വൈക്കോൽ എന്നപോലെ പലതും വെന്തുപോയ അനുഭവത്തിന്റെ ഓർമ്മ. **1.കൊരി.3:12-17 —** *"ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്നു, വെള്ളി,*

*വിലയേറിയ കല്ലു, മരം, പുല്ലു, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടു വരും ....... ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽകൂടി എന്നപോലെ അത്രേ."*

> ഭൂമിയിലെ ആയുസ്സിന്റെ ഏറിയ പങ്കും മൂഢനായ ധനവാനെപ്പോലെ തിന്നുക, കുടിക്കുക, ആസ്വദിക്കുക (ലൂക്കൊ.12:16-21)എന്ന ചിന്തയുമായി ജീവിച്ചു നഷ്ടപ്പെടുത്തിയ നാളുകൾ.

> സുവിശേഷം പറയുവാൻ ലജ്ജിക്കുകയും, ആത്മികകാര്യങ്ങളിൽ ശുഷ്ക്കാന്തിയില്ലാതെ ചിലവഴിച്ചതായ നാളുകളെ ഓർത്ത് (1.കൊരി.9:16).

> ഭൂമിയിൽ ജീവിച്ചിരുന്ന നാളുകളിലെ കൂട്ടുകാരും, ബന്ധുക്കളും, ഉറ്റവരും കർത്താവിൽ ആശ്രയിക്കാത്തതു മൂലം തീപ്പൊയ്കയിൽ കിടന്നു അലറിക്കരയുന്ന കാഴ്ചയുടെ ഓർമ്മ (വെളി.20:15).

> തേജോമയനായ ദൈവത്തോടൊപ്പം വസിക്കുവാനും, കൂട്ടായ്മ പങ്കിടുവാനും, നടക്കുവാനും ലഭിച്ച പദവിയെ ഓർക്കുമ്പോൾ ആനന്ദത്തിന്റെ കണ്ണുനീർ കണ്ണിലുണ്ടാകാം.

കണ്ണുനീർ ദുഃഖത്തെ കുറിക്കുന്നു. കഷ്ടത ദുഃഖത്തെയും, ദുഃഖം കണ്ണുനീരിനെയും പുറപ്പെടുവിക്കുന്നു. മനുഷ്യജീവിതത്തിൽ കണ്ണുനീരിന്റെ അനുഭവം ഉണ്ടായത് പാപത്തിന്റെ പ്രവേശനത്താലാണ് (ഉല്പ.3). എന്നാൽ സകലതും പുതുതാക്കുന്ന വ്യവസ്ഥിതിയിൽ പാപത്തിന്റെ ഉറവിടമോ, പാപമോ അല്പംപോലും ഇല്ലാത്തതിനാൽ കണ്ണുനീരിനു സ്ഥാനവുമില്ല. മാത്രവുമല്ല പുനരുത്ഥാനശരീരം കർത്താവിനു അനുരൂപമായ തേജസ്സേറിയ ശരീരമാകയാൽ കണ്ണുകളിൽ നിന്നു കണ്ണുനീരു പുറപ്പെടേണ്ട ആവശ്യവുമില്ല. അഥവാ കണ്ണുനീരിന്റെ അനുഭവമുണ്ടായാൽ കണ്ണിന്റെ കൃഷ്ണമണിപോലെ നമ്മെ കരുതുകയും സൂക്ഷിക്കുയും ചെയ്യുന്ന കർത്താവിന്റെ പരിചരണം അപ്പോൾത്തന്നെ ലഭിക്കും എന്നതിനെ കണ്ണുനീർ തുടെച്ചുകളെയും എന്നതു സൂചിപ്പിക്കുന്നു. നിത്യകൂടാരവാസത്തിൽ ദുഃഖമുണ്ടായാൽ കണ്ണുനീരുണ്ടാകും. അപ്പോൾ സന്തോഷഭവനമായ സ്വർഗ്ഗത്തിൽ ആനന്ദിക്കുവാൻ കഴിയുകയില്ല. ആയതിനാൽ നിത്യസന്തോഷം നല്കുവാനായി കർത്താവു എന്നുമെന്നേക്കുമായി കണ്ണിലെ കണ്ണുനീർ തുടെച്ചുകളയും.

**വെളി.21:5 — ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ ഞാൻ സകലതും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു** (There shall be no more death, nor sorrow, nor crying. There shall be no more pain, for the former things have passed away. Then He who sat on the throne said, "Behold, I make all things new." And He said to me, "Write, for these words are true and faithful") —

ദൈവം മനുഷ്യരോടുകൂടെ പുതിയ യെരൂശലേമിൽ വാസം ആരംഭിക്കുമ്പോൾ അവിടത്തെ പ്രത്യേകതകളാണിവിടെ യോഹന്നാൻ വിവരിക്കുന്നത്. സകലതും പുതുതാക്കുന്ന വിവരം സിംഹാസനത്തിലിരിക്കുന്ന ദൈവം തന്നെ നേരിട്ടു യോഹന്നാനോടു പറയുന്നു. മാത്രവുമല്ല ഇതൊക്കെ വിശ്വായോഗ്യവും സത്യവും ആയ വസ്തുതകളാണെന്നും അറിയിക്കുന്നു.

**ഇനി മരണം ഉണ്ടാകയില്ല** (There shall be no more death) —

പാപത്തിന്റെ ശമ്പളം അഥവാ കൂലിയാണ് മരണം (റോമ.6:23). *"അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു"* (റോമ.5:12) എന്നു അപ്പൊസ്തലനായ പൗലൊസ് പറയുന്നു. അതായത് ആദാമിന്റെ പാപം മൂലം (1) പാപം മനുഷ്യവർഗ്ഗത്തിലേക്കു പ്രവേശിച്ചു (2) പാപത്താൽ മരണം ഉണ്ടായി (3) മരണം സകലരിലും പരന്നു. ആദാമിന്റെ ജീവിതകാലം മുഴുവനുമുള്ള പാപമല്ല എന്നാൽ ആദാം ഒരിക്കൽ ചെയ്ത പാപം നിമിത്തം ലോകത്തിലുള്ള സകലരിലും പാപം പരക്കുവാൻ ഇടയായി. ആദാമിന്റെ പാപം മൂലം സകലരിലേക്കും പാപവും മരണവും കടന്നതെങ്ങനെയെന്നു സംശയം ഉണ്ടാകാം. ആദാം മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയായിരുന്നു. മനുഷ്യരെല്ലാം ആദാമിന്റെ സന്തതികളാണ്. (1.കൊരി.15:45/അപ്പൊ.17:26). അതുകൊണ്ടാണ് സകലരിലേക്കും പാപം പരക്കുവാനിടയായത്. എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന സകലർക്കും നിത്യജീവൻ ലഭിക്കയാൽ അവർക്കു ശാരീരികമരണമുണ്ടാകുമെങ്കിലും രണ്ടാം മരണത്തിനധീനരല്ല. പാപത്താൽ ലോകത്തിൽ പ്രവേശിച്ച മരണത്തിന്റെ തേർവാഴ്ച അവസാനിക്കുകയും ഒടുവിലത്തെ ശത്രുവായ മരണം നീങ്ങിപ്പോകുകയും ചെയ്യുന്നു (1.കൊരി.15:54-57).

സന്തോഷവും, സമാധാനവും, നീതിയും പുറപ്പെടുവിച്ച ആയിരമാണ്ടു വാഴ്ചക്കാലത്തുപോലും ഭൂമിയിൽ മരണം ഉണ്ടായിരുന്നു. ആയിരമാണ്ടുവാഴ്ചക്കു ശേഷം പുതിയ ആകാശം പുതിയ ഭൂമി, പുതിയ യെരൂശലേം എന്നിങ്ങനെ സകലതും പുതുതാക്കുന്നതിനു മുമ്പുതന്നെ അന്തിക്രിസ്തുവിനെയും, കള്ളപ്രവാചകനെയും, സാത്താനെയും, അവിശ്വാസികളെയും, മരണത്തെയും, പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിടുന്നു. അങ്ങനെ പാപത്തിന്റെ സകല ഉറവിടവും ഭൂമിയിൽ നിന്നും നീക്കം

ചെയ്തതിനാൽ നിത്യവാസത്തിൽ മരണം ഉണ്ടാകുകയില്ല. ശാപം എന്നെന്നേക്കുമായി മാറ്റപ്പെടുന്നു.

**ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല** (nor sorrow, nor crying. There shall be no more pain) —

ശാപം ഏറ്റു വാങ്ങിയ ഭൂമിയിലെ ജീവിതം മരണവും, ദുഃഖവും, മുറവിളിയും, കഷ്ടതയും നിറഞ്ഞതാണ്. രോഗവും, ദുഃഖവും, മരണവും, മുറവിളിയും ഇന്ന് ലോകത്തിൽ സർവ്വസാധാരണമാണ്. ഇതിന്റെ മദ്ധ്യേയും ക്രിസ്തുവിലൂടെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർക്കു കണ്ണുനീരില്ലാത്ത, രോഗമില്ലാത്ത, ദുഃഖമില്ലാത്ത, മരണമില്ലാത്ത നിത്യയുഗത്തിലെ വാസത്തിന്റെ പ്രത്യാശയിൽ സമാധാനത്തോടെ ജീവിക്കുവാൻ സാധിക്കുന്നു. ഇതു സാധിക്കുന്നത് കർത്താവു തന്റെ ശിഷ്യന്മാർക്കു കൊടുത്ത സമാധാനം ദൈവമക്കൾക്കും അനുഭവിപ്പാൻ സാധിക്കുന്നതിനാലാണ്. **യോഹ.14:27 —** *"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുതു, ഭ്രമിക്കയും അരുതു."*

ദുഃഖവും, മുറവിളിയും, കഷ്ടതയും ഭൂമിയിൽ ഉണ്ടാകുവാൻ കാരണം പാപം നിമിത്തമാണ്. നിത്യവാസത്തിനു മുമ്പായി പാപത്തിന്റെ സകല ഉറവിടങ്ങൾക്കും നാശം വന്നിരിക്കയാൽ ഇപ്രകാരമുള്ള ഒരു സങ്കടങ്ങൾക്കും അവിടെ സ്ഥാനമില്ല. പാപമില്ലാത്ത മനുഷ്യരോടുകൂടെ യുഗായുഗം വസിക്കുവാനായി സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കിറങ്ങി വരുന്ന ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ദുഃഖവും മുറവിളിയും കഷ്ടതയും അവിടെ ഉണ്ടാകുകയില്ല.

**ഒന്നാമത്തേതു കഴിഞ്ഞുപോയി** (for the former things have passed away) —

ഒന്നാമത്തേതു എന്നത് ഇപ്പോഴത്തെ ലോകത്തെ കുറിക്കുന്നു. ഇപ്പോഴത്തെ ലോകം സാത്താനും, പാപവും, പാപപ്രവൃത്തികളും, ദുഃഖവും, മരണവും, മുറവിളിയും, കഷ്ടതയും നിറഞ്ഞതാണ്. എന്നാൽ ദൈവം മനുഷ്യരുമായി നിത്യവാസത്തിനായി ഭൂമിയിലേക്കു വരുന്നതിനു മുമ്പായി ഒന്നാമത്തെ ആകാശവും, ഒന്നാമത്തെ ഭൂമിയും, സകല സാത്താന്യപ്രവർത്തനങ്ങളും മാറ്റി ഭൂമിയെ ശുദ്ധീകരിക്കും. ഒന്നാമത്തേതു കഴിഞ്ഞുപോകുമ്പോൾ, അതിന്റെ യാതൊരംശവും ശേഷിപ്പിക്കാതെയും, അന്നു ആരുടെയെയും ഹൃദയത്തിൽ പഴയതിന്റെ ഓർമ്മപോലും ഇല്ലാതെയും ആയിത്തീരും. **യെശ.65:17 —** *"ഇതാ, ഞാൻ പുതിയ ആകാശവും പുതിയഭൂമിയും സൃഷ്ടിക്കുന്നു; മുമ്പിലത്തവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല."*

ഒന്നാമത്തേത് ഒഴിഞ്ഞുപോയി അതിനു പകരമായി പുതിയ ആകാശത്തിനും, പുതിയഭൂമിക്കും, ഇളകാത്ത രാജ്യത്തിനുമാണ് വിശ്വാസികൾ കാത്തിരിക്കുന്നത്.

> **2.പത്രൊ.3:13 —** *"എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിന്നും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു."*
>
> **എബ്രാ.12:26-28 —** *"അവന്റെ ശബ്ദം അന്നു ഭൂമിയെ ഇളക്കി; ഇപ്പോഴോ, ഞാൻ ഇനി ഒരിക്കൽ ഭൂമിയെ മാത്രമല്ല, ആകാശത്തെയും ഇളക്കും എന്നു അവൻ വാഗ്ദത്തം ചെയ്തു. ഇനി ഒരിക്കൽ എന്നതു ഇളക്കമില്ലാത്തതു നിലനില്ക്കേണ്ടതിന്നു നിർമ്മിതമായ ഇളക്കമുള്ളതിന്നു മാറ്റം വരും എന്നു സൂചിപ്പിക്കുന്നു. ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിന്നു പ്രസാദംവരുമാറു ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക."*

**സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ ഞാൻ സകലതും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു** (Then He who sat on the throne said, "Behold, പിതാവും പുത്രനും സിംഹാസനത്തിൽ ഇരിക്കുന്നുവെങ്കിലും പിതാവായ ദൈവമാണ് സംസാരിക്കുന്നത്. I make all things new") —

"ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം" എന്നുള്ള പ്രഖ്യാപനം ഒരു മഹാശബ്ദമായി സിംഹാസനത്തിൽ നിന്നു മുഴങ്ങിക്കേട്ടെങ്കിൽ (വെളി.21:3), "ഇതാ, ഞാൻ സകലതും പുതുതാക്കുന്നു" (വെളി.21:5) എന്ന ശബ്ദം അരുളപ്പാടായി യോഹന്നാൻ കേൾക്കുന്നു. ആദ്യത്തേത് ഒരു ദൂതനോ പിതാവായ ദൈവമോ ആയിരിക്കാം പറഞ്ഞത്. എന്നാൽ ഇവിടെ സിംഹാസനത്തിൽ ഇരിക്കുന്നവനായ സർവ്വശക്തനായ ദൈവം തന്നെയാണ് യോഹന്നാനെ അറിയിക്കുന്നത്. "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" ("I AM WHO I AM") എന്നു അരുളിച്ചെയ്ത യഹോവയാം ദൈവം. സകലതും പുതുതാക്കുന്നു എന്നാൽ ഒന്നാമത്തെ ശാപം നിറഞ്ഞ ലോകത്തിന്റെ സ്ഥാനത്ത് ശാപമോ, പാപമോ, മാലിന്യമോ, കളങ്കമോ ഇല്ലാത്ത നിലയിൽ പുതുതാക്കുന്നു എന്നു സാരം. പിതാവും പുത്രനും സിംഹാസനത്തിൽ ഇരിക്കുന്നുവെങ്കിലും പിതാവായ ദൈവമാണ് സംസാരിക്കുന്നത്. അതായത് പുതുവാനഭൂമിയിൽ ദൈത്തിന്റെ കൂടാരം സ്ഥാപിക്കപ്പെടുമ്പോൾ രാജ്യം പിതാവായ ദൈവത്തെ ഏല്പിച്ച് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതും എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർന്നു ഒരു നിത്യയുഗം ആരംഭിക്കുന്നു (എഫെ.1:10). **1.കൊരി.15:24-28 —** *"പിന്നെ അവസാനം; അന്നു അവൻ എല്ലാ വാഴ്ചെക്കും*

*അധികാരത്തിന്നും ശക്തിക്കും നീക്കം വരുത്തീട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും. അവൻ സകല ശത്രുക്കളെയും കാല്ക്കീഴാക്കുവോളം വാഴേണ്ടതാകുന്നു. ഒടുക്കത്തെ ശത്രുവായിട്ടു മരണം നീങ്ങിപ്പോകും. സകലത്തെയും അവന്റെ കാല്ക്കീഴാക്കിയിരിക്കുന്നു എന്നുണ്ടല്ലോ; സകലവും അവന്നു കീഴ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ സകലത്തെയും കീഴാക്കിക്കൊടുത്തവൻ ഒഴികയത്രെ എന്നു സ്പഷ്ടം. എന്നാൽ അവന്നു സകലവും കീഴ്പെട്ടുവന്നശേഷം ദൈവം സകലത്തിലും സകലവും ആകേണ്ടതിന്നു പുത്രൻ താനും സകലവും തനിക്കു കീഴാക്കിക്കൊടുത്തവന്നു കീഴ്പെട്ടിരിക്കും."*

**എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു** (And He said to me, "Write, for these words are true and faithful") —

ഇതാ, ഞാൻ സകലതും പുതുതാക്കുന്നു എന്നു അരുളിച്ചെയ്ത സിംഹാസനസ്ഥനായ ദൈവം യോഹന്നാനോടു "എഴുതുക" എന്നു കല്പിക്കുന്നു. ദൈവത്തോടൊത്തുള്ള നിത്യഭവനത്തിലെ താമസവും അവിടത്തെ പ്രത്യേകതകളും എപ്രകാരമായിരിക്കുമെന്നു വിശ്വാസികൾ വായിച്ചു ഗ്രഹിക്കുവാനാണ് എഴുതുക എന്നു യോഹന്നാനോടു ആജ്ഞാപിക്കുന്നത്. എഴുതുവാനുള്ള കല്പന വെളിപ്പാടു പുസ്തകത്തിന്റെ ആരംഭത്തിലും കാണുന്നുണ്ട്. **വെളി.1:19—** *"നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എന്റെ വലങ്കൈയ്യിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ വിവരവും എഴുതുക."*

"ഈ വചനം" അഥവാ ദൈവത്തിന്റെ അരുളപ്പാടുകൾ വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നാണ് യോഹന്നാൻ കേട്ടത്. പഴയതൊന്നും ഓർക്കാതെയും, പഴയതിനു യാതൊരു പ്രസക്തിയുമില്ലാതെയും, പുതുവാനഭൂമി ഒരുക്കപ്പെട്ടു, സകലതും പുതുതാക്കുന്ന വ്യവസ്ഥിതിയുടെ വർണ്ണനകൾ കേൾക്കുന്ന വിശ്വാസികൾക്കുപോലും അങ്ങനെയൊക്കെ സംഭവിക്കുമോ എന്നു തോന്നിപ്പോകാം. അതുകൊണ്ടാണ് *"ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു"* എന്നു ദൈവം സാക്ഷ്യപ്പെടുത്തുന്നത്. ഈ സാക്ഷ്യപ്പെടുത്തൽ വീണ്ടും പുസത്കാവസാനത്തിലും കാണുന്നുണ്ട്. **വെളി.22:6 —** *"പിന്നെ അവൻ എന്നോടു: ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു."* ദൈവവചനം വിശ്വാസയോഗ്യവും സത്യവും ആയിരിക്കുവാൻ കാരണം അതു അരുളിച്ചെയ്ത കർത്താവ് വിശ്വസ്തനും സത്യവാനും ആയതിനാലാണ്. **വെളി.3:14 —** *"ലവൊദിക്ക്യസഭയുടെ ദൂതന്നു എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ അരുളിച്ചെയ്യുന്നതു."* **വെളി.19:11—** *"അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്നു പേർ."*

ദൈവത്തിന്റെ വചനത്തിനു ഒരു കാലത്തും ഒരു കാരണവശാലും മാറ്റം സംഭവിക്കുകയില്ല. കർത്താവു തന്നെ ഇതു സാക്ഷ്യപ്പെടുത്തുന്നു. **മത്താ.24:35 —** *"ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല." "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു"* എന്നത് ദൈവത്തിന്റെ വാക്കിനാൽ സകലതും ഉളവായതെന്നു വിശ്വസിക്കുന്നുവെങ്കിൽ, പുതുഭൂവാനങ്ങൾ ഉണ്ടാകും, സകലതും പുതുതാക്കും എന്നു പറഞ്ഞ ദൈവത്തിന്റെ വചനവും വിശ്വാസയോഗ്യവും സത്യവും തന്നെ. ദൈവം അരുളിച്ചെയ്തതുപോലെ സംഭവിക്കും.

**വെളി.21:6 — പിന്നെയും അവൻ എന്നോടു അരുളിച്ചെയ്തതു: സംഭവിച്ചുതീർന്നു; ഞാൻ അല്ഫയും ഓമേഗയും ആദിയും അന്തവും ആകുന്നു; ദാഹിക്കുന്നവന്നു ഞാൻ ജീവനീരുറവിൽനിന്നു സൗജന്യമായി കൊടുക്കും** (And He said to me, "It is done! I am the Alpha and the Omega, the Beginning and the End. I will give of the fountain of the water of life freely to him who thirsts) —

ദൈവം ആഗ്രഹിച്ചതും പ്രവർത്തിച്ചതുമായ സകലതും അപ്രകാരം തന്നെ സംഭവിച്ചു തീർന്നു എന്നു ദൈവം യോഹന്നാനെ അറിയിക്കുന്നു. സകലത്തിന്റെയും ഉറവിടവും, ലക്ഷ്യവും, കാരണക്കാരനും താനാണെന്നും, ദാഹിക്കുന്നവന്നു ജീവനീരുറവയിൽനിന്നു സൗജന്യമായി കൊടുക്കുമെന്നും അറിയിക്കുന്നു.

**പിന്നെയും അവൻ എന്നോടു അരുളിച്ചെയ്തതു: സംഭവിച്ചുതീർന്നു** (And He said to me, "It is done!) —

*"ഇതാ, ഞാൻ സകലതും പുതുതാക്കുന്നു"* (വെളി.21:5) എന്നു അരുളിച്ചെയ്ത ദൈവം പിന്നെയും യോഹന്നാനോടു അരുളിച്ചെയ്യുന്നു. *"സംഭവിച്ചു തീർന്നു"* (It is done) എന്ന അറിയിപ്പായിരുന്നു സ്വർഗ്ഗസിംഹാസനത്തിലിരുന്ന ദൈവത്തിൽ നിന്നു കേട്ടത്. ഗൊല്ഗൊഥായിലെ കാൽവറിക്രൂശിൽ തറക്കപ്പെട്ട കർത്താവിൽ നിന്നുയർന്നുകേട്ട "നിവൃത്തിയായി" എന്ന പ്രഖ്യാപനം നിത്യവാസത്തിൽ സകലതും പുതുതാക്കുന്ന പ്രക്രിയയിലെ "സംഭവിച്ചു തീർന്നു" എന്നതിനോടു സമാനമാണ്. **യോഹ.19:30 —** *"യേശു പുളിച്ചവീഞ്ഞു കുടിച്ചശേഷം: നിവൃത്തിയായി എന്നു പറഞ്ഞു തല ചായ്ചു ആത്മാവിനെ ഏല്പിച്ചുകൊടുത്തു."* മാനവജാതിയുടെ പാപത്തിൽ നിന്നുള്ള വീണ്ടെടുപ്പും രക്ഷയും പൂർത്തീകരിക്കപ്പെട്ട ജയഘോഷശബ്ദമായിരുന്നു അന്നു കാൽവറിക്രൂശിൽ നിന്നുയർന്നത്.

മഹാപീഡനകാലത്തിന്റെ അന്ത്യം കുറിച്ചുകൊണ്ടു ഏഴാമത്തെ ക്രോധകലശം ചൊരിയപ്പെട്ടപ്പോഴും "സംഭവിച്ചുതീർന്നു" എന്ന പ്രഖ്യാപനം ഒരു മഹാശബ്ദമായി ഉയരുന്നു. **വെളി.19:17 —** *''ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു; അപ്പോൾ സംഭവിച്ചുതീർന്നു എന്നു ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നു വന്നു."* സഹസ്രാബ്ദം കഴിഞ്ഞ് സാത്താനെയും, അവിശ്വാസികളെയും, മരണത്തെയും, പാതാളത്തെയും തീപ്പൊയ്കയിലേക്കു തള്ളിയിടുന്നു. മനുഷ്യന്റെ വീണ്ടെടുപ്പിന്റെ മുതൽ നിത്യവാസം വരെയുള്ള സകലകാര്യങ്ങളും ദൈവീകപദ്ധതിപ്രകാരം പൂർത്തീകരിക്കപ്പെടുന്നു. അതായത് പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരൂശലേം, എന്നിങ്ങനെ സകലതും പുതുതാക്കി വിശുദ്ധന്മാരുമായുള്ള ദൈവത്തിന്റെ നിത്യവാസത്തിനായി ഒരുക്കപ്പെട്ടു കഴിയുമ്പോൾ സംഭവിച്ചുതീർന്നു എന്ന അറിയിപ്പ് ദൈവസിംഹാസനത്തിൽ നിന്നു ഉയരുന്നു.

**ഞാൻ അല്ഫയും ഓമേഗയും ആദിയും അന്തവും ആകുന്നു** (I am the Alpha and the Omega, the Beginning and the End) —

**> അല്ഫയും ഓമേഗയും —**

സിംഹാസനത്തിൽ ഇരിക്കുന്ന ദൈവം താൻ അല്ഫയും ഓമേഗയും ആകുന്നു എന്നു പറയുമ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലും തന്റെ സർവ്വശക്തി (God is Omnipotent), സർവ്വാധികാരം (God is Sovereign), സർവ്വജ്ഞാനം (God is Omniscient) എന്നിവയെ വെളിപ്പെടുത്തുന്നു. ഇംഗ്ളീഷ് ഭാഷയിലെ അക്ഷരമാലയിൽ എ, ഇസഡ് (A - Z) എന്നതും എബ്രായഭാഷയിൽ ആലേഫ്, തൗ (Aleph - Tau) എന്നതും ഈ ഭാഷകളിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളായിരിക്കുന്നതുപോലെ ഗ്രീക്കിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളാണ് അല്ഫയും ഓമേഗയും (Alpha - Omega). അല്ഫയും ഓമേഗയും എന്ന പ്രയോഗം പരിപൂർണ്ണതയെ വെളിപ്പെടുത്തുന്നു. വെളിപ്പാടു പുസ്തകത്തിന്റെ ആരംഭത്തിലും അവസാനത്തിലും യേശുക്രിസ്തു അല്ഫയും ഓമേഗയും എന്നു പറഞ്ഞിട്ടുണ്ട്. **വെളി.1:8 —** *"ഞാൻ അല്ഫയും ഓമേഗയും ആകുന്നു എന്നു ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവു അരുളിച്ചെയ്യുന്നു."* **വെളി.22:13 —** *"ഞാൻ അല്ഫയും ഓമേഗയും ഒന്നാമത്തവനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു."* കർത്താവു സകലവും ഉള്ളതുപോലെ അറിയുന്നവനും ജ്ഞാനത്തിന്റെ ഉറവിടവുമാണ്. കർത്താവിനു മറഞ്ഞിരിക്കുന്നതും അറിയുവാൻ കഴിയാത്തതുമായ യാതൊന്നുമില്ല. **റോമ.11:36 —** *"സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന്നു എന്നേക്കും മഹത്വം ആമേൻ."*

**> ആദിയും അന്തവും —**

സിംഹാസനത്തിലിരിക്കുന്ന സർവ്വശക്തനായ ദൈവം അല്ഫയും ഓമേഗയും മാത്രമല്ല ആദിയും അന്തവും ആകുന്നു. ചരിത്രം ദൈവത്തിൽ ആരംഭിക്കുകയും, ദൈവത്തിന്റെ ഹിതമനുസരിച്ചു ചരിത്രം നീങ്ങുകയും, ചരിത്രം ദൈവത്തിൽ അവസാനിക്കുകയും ചെയ്യുന്നു. ലോകത്തിലുള്ള സകലത്തിനും മാറ്റം വരുന്നുവെങ്കിലും ദൈവം മാറ്റമില്ലാത്തവനായി ആദിയും അന്തവുമായി നില്ക്കുന്നു. ആദ്യനും അന്ത്യനുമായ യിസ്രായേലിന്റെ ദൈവത്തെക്കുറിച്ചു പഴയനിയമഭാഗത്ത് കാണുന്നു. **യെശ.44:6 —** *"യിസ്രായേലിന്റെ രാജാവായ യഹോവ, അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ, ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല."* **യെശ.48:12 —** *"യാക്കോബേ, ഞാൻ വിളിച്ചിരിക്കുന്ന യിസ്രായേലേ, എന്റെ വാക്കു കേൾക്ക; ഞാൻ അനന്യൻ; ഞാൻ ആദ്യനും ഞാൻ അന്ത്യനും ആകുന്നു."* ഇതാ, ഞാൻ വേഗം വരുന്നു എന്നുള്ള പ്രത്യാശ വിശുദ്ധന്മാർക്കു യേശുക്രിസ്തു നല്കുമ്പോൾ താൻ ആദിയും അന്തവുമാണെന്നു പറഞ്ഞിരിക്കുന്നു. **വെളി.22:12,13 —** *"ഇതാ, ഞാൻ വേഗം വരുന്നു ..........ഞാൻ അല്ഫയും ഓമേഗയും ഒന്നാമത്തവനും ആദിയും അന്തവും ആകുന്നു."*

**ദാഹിക്കുന്നവന്നു ഞാൻ ജീവനീരുറവിൽനിന്നു സൗജന്യമായി കൊടുക്കും** (I will give of the fountain of the water of life freely to him who thirsts) —

ജീവജലത്തിനായി ദാഹിക്കുന്ന സകലജാതികളും വിലകൂടാതെ വന്നു വാങ്ങിക്കുടിക്കുവാൻ സർവ്വശക്തനായ ദൈവം യെശയ്യാപ്രവാചകനിലൂടെ അരുളിച്ചെയ്യുന്നു. **യെശ.55:1 —** *"അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ; വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ."*

ഭൂമിയിലായിരുന്നപ്പോൾ ജീവജലത്തിന്റെ ദാതാവായ യേശുകർത്താവ് ദാഹിക്കുന്നവരെ തന്റെ സമീപത്തേക്കു വിളിച്ചു. **യോഹ.7:37,38 —** *"ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ടു: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു."* യാക്കോബിന്റെ കിണറ്റിൻ നിന്നു വെള്ളം കോരുവാൻ വന്ന ശമര്യസ്ത്രീയോടും കർത്താവു ജീവജലത്തെക്കുറിച്ചു പറഞ്ഞു. **യോഹ.4:13,14 —** *"യേശു അവളോടു: ഈ വെള്ളം കുടിക്കുന്നവന്നു എല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരുനാളും ദാഹിക്കയില്ല;*

*ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും."*

സഹസ്രാബ്ദകാലത്ത് വെള്ളം മോരിയപർവ്വതത്തിലെ ദൈവാലയത്തിൽ നിന്നു പുറപ്പെട്ടു കിഴക്കോട്ടു ഒഴുകി ചാവുകടലിൽ വീഴുന്നു. അതോടെ ചാവുകടൽ ജീവന്റെ സമൃദ്ധിയായിത്തീരുന്നു. ദൈവസിംഹാസനത്തിൽ നിന്നൊഴുകുന്ന വെള്ളം ശാരീരികവും ആത്മീകവുമായ ജീവന്റെ സമൃദ്ധിയെ കുറിക്കുന്നു. **യെഹെ.47:1,8 —** *"ആലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴെ നിന്നു വെള്ളം കിഴക്കോട്ടു പുറപ്പെടുന്നതു ഞാൻ കണ്ടു ......... ഈ വെള്ളം കിഴക്കെ ഗലീലയിലേക്കു പുറപ്പെട്ടു അരാബയിലേക്കു ഒഴുകി കടലിൽ വീഴുന്നു; ഒഴുകിച്ചെന്നു വെള്ളം കടലിൽ വീണിട്ടു അതിലെ വെള്ളം പത്ഥ്യമായ്തീരും."*

എന്നാൽ പുതിയ യെരൂശലേമിലെ വാസത്തിലും ജീവജലനദി കാണുന്നുണ്ട്. **വെളി.22:1 —** *"വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു."* പഴയനിയമകാലത്തും, പുതിയനിയമകാലത്തും, സഹസ്രാബ്ദകാലത്തും മാത്രമല്ല നിത്യവാസത്തോടുള്ള ബന്ധത്തിലെ കാര്യങ്ങൾ വിശദീകരിക്കുമ്പോഴും സൗജന്യമായ ജീവജലത്തെക്കുറിച്ചുള്ള മഹത്തായ വാഗ്ദത്തം ആവർത്തിക്കുന്നു. ഒരിക്കൽ ദാഹിച്ചുവലഞ്ഞു നടന്നപ്പോൾ യേശുക്രിസ്തുവിന്റെ സമീപേ വന്നു ജീവജലം കുടിച്ചു തൃപ്തിപ്രാപിച്ചു നിത്യജീവൻ ലഭിക്കുവാനിടയായി. തുടർന്നു വിശ്വാസജീവിതയാത്രയിലെ ആത്മീകസമൃദ്ധിയുടെ അനുഭവത്തിനായും വിജയകരമായ വിശ്വാസജീവിതത്തിനായും ജീവജലം പാനം ചെയ്തുകൊണ്ടേയിരുന്നു. നിത്യവാസത്തിലും നമുക്കു ഒരു ജീവജലനദിയുടെ അനുഗ്രഹ ഉറവയുണ്ടെന്ന കാര്യം എത്രയോ സന്തോഷകരമാണ്.

**വെളി.21:7 — ജയിക്കുന്നവന്നു ഇതു അവകാശമായി ലഭിക്കും; ഞാൻ അവന്നു ദൈവവും അവൻ എനിക്കു മകനുമായിരിക്കും** (He who overcomes shall inherit all things, and I will be his God and he shall be My son) —

ദൈവമക്കൾക്കു ലഭിക്കുന്ന രണ്ടു വാഗ്ദത്തങ്ങൾ ഇവിടെ വിശദീകരിക്കുന്നു. (1) സകലത്തിനും അവകാശം ലഭിക്കുന്നു (inheritance all things - heirs) —> ജയിക്കുന്നവന്നു ഇതു അവകാശമായി ലഭിക്കും (2) പുത്രത്വം (New relationship > sonship) —> ഞാൻ അവന്നു ദൈവവും അവൻ എനിക്കു മകനുമായിരിക്കും.

**ജയിക്കുന്നവന്നു ഇതു അവകാശമായി ലഭിക്കും** (He who overcomes shall inherit all things) —

ജയിക്കുന്നവൻ എന്നാൽ രക്ഷിക്കപ്പെട്ടവർ. ലോകം, ജഡം, പിശാച് എന്നിവയിൽ നിന്നു വിജയം പ്രാപിച്ചവരാണവർ. **1.യോഹ.5:4,5 —** "ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ ?" മാത്രവുമല്ല ജയാളികളായ ഇവർ ദൈവം സൗജന്യമായി നല്കിയ ജീവജലത്തിനായി ആർത്തിയുണ്ടായി അത് പാനം ചെയ്തവരുമാണ്.

സഭായുഗത്തെ കുറിക്കുന്ന ഏഴുസഭകൾക്കുള്ള ദൂതിൽ ജയാളികൾക്കുള്ള വാഗ്ദത്തം വെളിപ്പാടു 2, 3 അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട് —

എഫെസൊസ് — **വെളി.2:7 —** *"ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും."*

സ്മുർന്ന — **വെളി.2:11 —** *"ജയിക്കുന്നവന്നു രണ്ടാംമരണത്താൽ ദോഷം വരികയില്ല."*

പെർഗ്ഗമൊസ് — **വെളി.2:17 —** *"ജയിക്കുന്നവന്നു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന്നു വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും."*

തുയഥൈര — **വെളി.2:26 —** *"ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവന്നു എന്റെ പിതാവു എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കും."*

സർദ്ദിസ് — **വെളി.3:5 —** *"ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും; അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽനിന്നു മാച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും."*

ഫിലദെൽഫ്യ — **വെളി.3:12 —** *"ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല."*

ലവൊദിക്യ — **വെളി.3:21 —** *"ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും."*

ജയാളികളായ പുതിയയെരൂശലേമിൽ വസിക്കുന്നവർക്കുള്ള വാഗ്ദത്തം എന്നത് അവർക്കു സകലതും അവകാശമായി ലഭിക്കും എന്നാണ് (He who overcomes shall inherit all things). പഴയനിയമപുതിയ വിശുദ്ധന്മാരായ സകലരുടെയും പ്രത്യാശയും അവർക്കുള്ള വാഗ്ദത്തവുമാണ് അവർ സകലത്തിനും അവകാശികൾ എന്നത്.

**റോമ.4:13** — *"ലോകാവകാശി ആകും എന്നുള്ള വാഗ്ദത്തം അബ്രഹാമിന്നോ അവന്റെ സന്തതിക്കോ ന്യായപ്രമാണത്താലല്ല വിശ്വാസത്തിന്റെ നീതിയാലല്ലോ ലഭിച്ചത്."*

**റോമ.8:17** — *''നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളും തന്നേ."*

**ഗലാ.4:7** — *"അങ്ങനെ നീ ദാസനല്ല പുത്രനത്രെ; പുത്രനെങ്കിലോ ദൈവഹിതത്താൽ അവകാശിയും ആകുന്നു."*

**യാക്കോ.2:5** — *"ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിന്നു തിരഞ്ഞെടുത്തില്ലയോ?"*

**1.പത്രൊ.1:5** — *"ക്ഷയം, മാലിന്യം, വാട്ടം, എന്നിവ ഇല്ലാത്തതുമായ അവകാശത്തിന്നായി തന്നേ വീണ്ടും ജനിപ്പിച്ചിരിക്കുന്നു."*

**ഞാൻ അവന്നു ദൈവവും അവൻ എനിക്കു മകനുമായിരിക്കും** (and I will be his God and he shall be My son) —

ജയാളികളായ വിശുദ്ധന്മാർ സകലത്തിനും അവകാശികളായിത്തീരുന്നു എന്നതിനു പുറമേ അവർക്കുള്ള രണ്ടാമത്തെ വാഗ്ദത്തം ദൈവത്തോടുള്ള ബന്ധത്തിൽ അവർക്കു പുത്രത്വം ലഭിക്കുന്നു എന്നതാണ്. വിശുദ്ധനായ ദൈവവും മനുഷ്യരും തമ്മിലുള്ള മഹത്തായ ബന്ധം ഇവിടെ കാണുന്നു. ഞാൻ അവന്നു ദൈവവും (I will be his God) അവൻ എനിക്കു മകനും (he shall be My son) എന്നു ദൈവം പറയുന്നു. പഴയനിയമതിരുവെഴുത്തുകളിൽ ദൈവത്തെ യിസ്രായേലിന്റെ ദൈവം എന്നും, യിസ്രായേലിനെ ദൈവത്തിന്റെ ജനം എന്നും അറിയപ്പെട്ടിരുന്നു. നിങ്ങൾ എന്റെ ജനം, ഞാൻ നിങ്ങളുടെ ദൈവം എന്നു യഹോവയായ ദൈവം തന്നെ പറയുന്ന അനേക അവസരങ്ങൾ കാണുന്നു (പുറ.6:7/ ലേവ്യ.26:12/യിരെ.7:23/യെഹെ.36:28/സെഖ.8:8). യിസ്രായേലിനെ എന്റെ ജനം എന്നു ദൈവം പറയുന്നതിലും ഏറെ വിശേഷതയുള്ളതാണ് ജയാളികളായവൻ എനിക്കു മകൻ (My son) എന്ന ദൈവത്തിന്റെ പ്രഖ്യാപനം (Related to Israel (OT) > I will be their God and they will be my people : Related to all believers (NT) —> I will be his God and he shall be My son). പുതിയനിയമത്തിൽ ദൈവത്തെ പിതാവായും വിശ്വാസികളെ മക്കളായും വിശേഷിപ്പിച്ചിരിക്കുന്നു (യോഹ.1:12/റോമ.8:16/ ഗലാ.4:6/1.യോഹ.3:1).

**വെളി.21:8 -- എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ, എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം** (But the cowardly, unbelieving, abominable, murderers, sexually immoral, sorcerers, idolaters, and all liars shall have their part in the lake which burns with fire and brimstone, which is the second death) —

ദൈവത്തിൽ ആശ്രയിക്കുകയും ദൈവം ഒരുക്കിയ ജീവജലമാകുന്ന നിത്യജീവൻ പ്രാപിക്കുകയും ചെയ്തവർ ദൈവത്തോടു കൂടെ എന്നേക്കും സന്തോഷത്തോടെ വസിക്കുവാൻ ഇടയാകുന്നു. അവർ വിശുദ്ധന്മാരും, സകലത്തിനും അവകാശികളും, ദൈവത്തിന്റെ മക്കളുമാണ്. അവർ കണ്ണുനീരില്ലാത്ത, ദുഃഖമില്ലാത്ത, മുറവിളിയില്ലാത്ത, കഷ്ടതയില്ലാത്ത അനുഭവത്തിൽ ദൈവത്തോടൊപ്പം നിത്യം വസിക്കും. മാത്രവുമല്ല അവരുടെമേൽ രണ്ടാംമരണത്തിനു അധികാരവുമില്ല. എന്നാൽ അവിശ്വാസികളായ സകലരുടെയും അന്ത്യം തീയും ഗന്ധകവും കത്തുന്ന തീപ്പൊയ്കയിലെ നിത്യദണ്ഡനവുമാണ്. അവർ രണ്ടാംമരണത്തിനു ഓഹരിക്കാരുമാണ്. ഗന്ധക തീപ്പൊയ്ക ഓഹരിയായി ലഭിക്കുന്ന രണ്ടാം മരണത്തിനു വിധിക്കപ്പെട്ട എട്ടു തരത്തിലുള്ളവരെക്കുറിച്ചു ഇവിടെ യോഹന്നാൻ വിശദീകരിക്കുന്നു.

**ഭീരുക്കൾ** (cowardly) —

ദൈവത്തെ ഭയപ്പെടുന്നതിനു പകരം മനുഷ്യരെ ഭയപ്പെടുന്നവരാണ് ഭീരുക്കൾ. ക്രിസ്തുവിലുള്ള വിശ്വാസത്തേക്കാൾ സ്വന്തസുഖസൗകര്യങ്ങൾക്കു പ്രാധാന്യം നല്കിയവരാരിവർ. ദൈവീക കാര്യങ്ങളെക്കുറിച്ചു അറിവും താല്പര്യവുമുണ്ടെങ്കിലും അതു പുറത്തുകാണിക്കാതെ സാത്താന്യ ശക്തികളോടൊരുമിച്ചു വസിക്കുന്നു. സ്വാർത്ഥതാല്പര്യങ്ങൾക്കും സ്വയരക്ഷക്കും വേണ്ടി ദൈവത്തെയും ദൈവീകപ്രാമണങ്ങളെയും തള്ളിക്കളയുന്നു. ദൈവത്തിന്റെ കാര്യങ്ങളിൽ പങ്കെടുത്താൽ ജീവഹാനിയും അപമാനവും കഷ്ടതയും ദുഃഖവും നേരിടേണ്ടി വരുമെന്ന ചിന്തയാൽ ഭീരുക്കളായി ലോകത്തിൽ ജീവിക്കുന്നു. വിശേഷാൽ പീഡനകാലയളിവിൽ ഇവർ അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും ഭയപ്പെട്ടു മൃഗത്തെ വന്ദിച്ചവരും ദൈവത്തെ നിന്ദിച്ചവരാണുമിവർ. തിരുവചനത്തിൽ ഇവരെ പരാമർശിക്കുന്ന അനേക ഭാഗങ്ങളുണ്ട് —

വചനം കേട്ടിട്ടും വിശ്വാസത്തിൽ വളരാതെ ലോകത്തിനു പുറകേ പോയവർ —

**മത്താ.13:19–21 —** *"ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതക്കപ്പെട്ടതു എടുത്തുകളയുന്നു; ഇതത്രെ വഴിയരികെ വിതക്കപ്പെട്ടതു. പാറസ്ഥലത്തു വിതക്കപ്പെട്ടതോ, ഒരുത്തൻ വചനം കേട്ടിട്ടു ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നതു ആകുന്നു എങ്കിലും വേരില്ലാതിരിക്കയാൽ അവൻ ക്ഷണികനത്രേ. വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു. മുള്ളിന്നിടയിൽ വിതക്കപ്പെട്ടതോ, ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫലനായി തീരുന്നതാകുന്നു."*

ജീവഹാനിയും കഷ്ടതയും വരുമ്പോൾ ഭയപ്പെട്ടു ദൈവത്തെ നിന്ദിച്ചവർ —

**മർക്കൊ.8:35 —** *"ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും."*

**അവിശ്വാസികൾ** (unbelieving) —

പാപികളുടെ അഥവാ രണ്ടാം മരണത്തിനു പങ്കാളികളാകുന്നവരുടെ പട്ടികയിലെ രണ്ടാമത്തെ കൂട്ടർ അവിശ്വാസികളാണ്. ദൈവത്തെയും ദൈവീകപ്രമാണങ്ങളെയും വിശ്വാസിക്കാത്തവരാണ് അവിശ്വാസികൾ. രക്ഷണ്യസുവിശേഷം കേട്ടവരെങ്കിലും ലോകമോഹങ്ങളിൽ കുടുങ്ങി ദൈവസന്നിധിയിൽ തങ്ങളെത്തന്നെ സമർപ്പിക്കാതെ ലോകത്തിനനുരൂപരായി സാത്താന്റെ അടിമകളായി കഴിയുന്നു. ക്രിസ്തുവിൽ വിശ്വസിക്കാത്തവരും വിശ്വാസം ത്വജിച്ചവരും ഇതിലുൾപ്പെടുന്നു. വിശ്വാസം ത്വജിച്ചവരെന്നാൽ ഇവർ യഥാർത്ഥ രക്ഷയുടെ അനുഭവത്തിലേക്കു വരാത്തവരാണ്. സുവിശേഷം കേൾക്കുകയും ദൈവമക്കളായി ജീവിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു എങ്കിലും കഷ്ടതയുടെ മദ്ധ്യേ വിശേഷാൽ മഹാപീഡനകാലവേളയിൽ വിശ്വാസം ത്വജിച്ചവരാണ്. എബ്രായലേഖനത്തിൽ വിശ്വാസം ത്യജിച്ചവരെക്കുറിച്ചു വിവരിക്കുന്നു. എബ്രാ.3:12 —*"സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന്നു അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ."*

മിസ്രയീമിൽ നിന്നു പുറപ്പെട്ട യിസ്രായേൽ മക്കൾക്കു അവരുടെ അവിശ്വാസം നിമിത്തം സ്വസ്ഥതയിൽ പ്രവേശിക്കുവാൻ കഴിഞ്ഞില്ല. കനാനിൽ പ്രവേശിക്കുവാൻ കേവലം 40 ദിവസത്തെ യാത്ര മാത്രം മതിയെന്നിരിക്കേ അവരുടെ അവിശ്വാസത്താൽ 40 വർഷം മരുഭൂമിയിൽ അലഞ്ഞുതിരിയേണ്ടി വന്നു. മാത്രവുമല്ല അവിശ്വസിച്ച തലമുറയിലെ ആർക്കും കനാനിൽ പ്രവേശിക്കുവാൻ സാധിക്കാതെ മരുഭൂമിയിൽ മരിക്കുവാനിടയായി (സംഖ്യാ.14:34). എന്നാൽ ക്രിസ്തുവിൽ ആശ്രയം വെക്കാതെ അവിശ്വാസികളായി ജീവിച്ചവരൊന്നടങ്കം ഗന്ധകത്തീപ്പൊയ്കയിൽ ചെന്നു പതിക്കുന്നു.

**അറെക്കപ്പെട്ടവർ** (abominable) —

വിശുദ്ധജീവിതത്തിനു പകരം അശുദ്ധിയിലും മ്ലേച്ഛകരമായ പ്രവർത്തനങ്ങളിലും മുഴുകി ജീവിക്കുന്നവരാണ് അറെക്കപ്പെട്ടവർ. ലോകത്തിന്റെ സകല മ്ലേച്ഛകരമായ മാലിന്യങ്ങളാലും കളങ്കപ്പെട്ടവരാണിവർ. മൃഗങ്ങളെക്കാളും അധമന്മാരായി ലൈംഗികകാര്യങ്ങളിൽ അറെക്കപ്പെട്ട അഥവാ ഏറ്റവും മോശമായ സാഹചര്യത്തിൽ കുത്തഴിഞ്ഞ അശുദ്ധജീവതത്തിന്റെ ഉടമകളാണിവർ. മാത്രവുമല്ല ഭീകരരൂപികളും കണ്ടാൽ ഭയവും അറപ്പും ഉളവാക്കുന്ന മ്ലേച്ഛവിഗ്രഹങ്ങളെ ആരാധിക്കുന്നവരും ഇവരാണ്. ഗന്ധകത്തീപ്പൊയ്കയിലെ നിത്യദണ്ഡനത്തിലേക്ക് ഇവരും ചെന്നെത്തുന്നു.

**കുലപാതകന്മാർ** (murderers) —

കുലപാതകന്മാർക്കും ദൈവനഗരത്തിൽ സ്ഥാനമുണ്ടായിരിക്കയില്ല. മനുഷ്യജീവനു യാതൊരു വിലയും കല്പിക്കാതെ നിർദ്ദയം മനുഷ്യരെ കൊന്നവരും, പീഡനകാലത്തിൽ വിശ്വാസികളെ കൊല്ലുവാൻ കൂട്ടു നിന്നവരും, മരണത്തിനേല്പിച്ചവരും ഇതിലുൾപ്പെടുന്നു. കൂടാതെ സഹോദരനെ പകെക്കുന്നവരും കുലപാതകരുടെ കൂട്ടത്തിലുൾപ്പെടുന്നുവെന്നു തിരുവചനം സാക്ഷ്യപ്പെടുത്തുന്നു —

**മത്താ.5:22 —** *"സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും; സഹോദരനോടു നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നില്ക്കേണ്ടി വരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന്നു യോഗ്യനാകും."*

**1.യോഹ.3:15 —** *"സഹോദരനെ പകെക്കുന്നവൻ എല്ലാം കുലപാതകൻ ആകുന്നു. യാതൊരു കുലപാതകന്നും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു."*

**ദുർന്നടപ്പുകാർ** (sexually immoral) —

നേരായ പാതയിൽ നടക്കാതെ ദുഷിച്ച പാതകളിൽ നടക്കുന്നവരാണ് ദുർന്നടപ്പുകാർ. വിശേഷാൽ സോദോം നിവാസികളെപ്പോലെ ലൈംഗികപാപത്തിനടിമപ്പെട്ടു ജീവിക്കുന്നവരാണിവർ. വ്യഭിചാരം, മദ്യപാനം, വെറിക്കൂത്തു എന്നിവയെല്ലാം ഇതിലുൾപ്പെടുന്നു. *"ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ"* (സങ്കീ.1:1,2)

എന്നു തിരുവചനം വെളിപ്പെടുത്തുന്നു. എന്നാൽ ദുർന്നടപ്പുകാരാകട്ടെ ദുഷ്ടന്മാരുടെ വഴിയിൽ നടക്കുന്നവരും പാപികളുടെ വഴിയിൽ നില്ക്കുന്നവരും പരിഹാസികളോടുകൂടെ ഇരിക്കുന്നവരുമാണ്.

**ക്ഷുദ്രക്കാർ** (sorcerers) —

ജ്യോതിഷം, മന്ത്രവാദം, നക്ഷത്രഫലം, ഹസ്ത്രരേഖാശാസ്ത്രം, മഷിനോട്ടം എന്നിവയിൽ ആശ്രയിക്കുന്നവരെല്ലാം ക്ഷുദ്രക്കാർ എന്ന നാമത്തിൽ ഉൾപ്പെടുന്നു. രാഹുകാലം നോക്കുക, ദിവസം നോക്കുക, നല്ല സമയം നോക്കുക, ശകുനം നോക്കുക, ജാതകം നോക്കുക എന്നിവയൊക്കെ ദൈവവചനം ശക്തിയായി എതിർക്കുന്നു. ഇപ്രകാരമുള്ള പൈശാചികശക്തികളെ ആശ്രയിക്കുന്നവരൊക്കെ ഗന്ധകത്തീപ്പൊയ്കയിലെ നിത്യദണ്ഡനത്തിനു വിധിക്കപ്പെട്ടവരാണ്. ക്ഷുദ്രക്കാർ എന്നതിനു എബ്രായഭാഷയിൽ ഫാർമക്യൂസ് (pharmakeus) എന്ന പദമാണുള്ളത്. ഈ പദത്തിൽ നിന്നാണ് വൈദ്യശാസ്ത്രത്തിൽ മരുന്നുകളെ കുറിക്കുന്ന ഫാർമസി (pharmacy) എന്ന പദത്തിന്റെ ഉത്ഭവം. ആയതിനാൽ മയക്കുമരുന്നുകളുപയോഗിക്കുന്നവരും ക്ഷുദ്രക്കാർ എന്ന നാമത്തിൽ ഉൾപ്പെടുന്നു. അപ്പൊസ്തലനായ പൗലൊസ് എഫെസൊസിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ അവിടെത്തെ ക്ഷുദ്രക്കാരായ അനേകരും ക്രിസ്തുവിൽ വിശ്വസിക്കുവാനിടയായി. ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും ഏകദേശം അമ്പതിനായിരം വെള്ളിക്കാശു വിലയുള്ള പുസ്തകങ്ങൾ എല്ലാവരും കാൺകെ ചുട്ടുകളഞ്ഞതായി വായിക്കുന്നു (അപ്പൊ.19:19).

സാത്താന്യശക്തിയാൽ ലക്ഷണവും പ്രവചനവും നടത്തുക, ക്ഷുദ്രവും മന്ത്രവാദവും ചെയ്യുക എന്നിവയൊക്കെ ദൈവം വെറുക്കുന്ന പ്രവൃത്തികളാണ്.

**പുറ.22:18** — *"ക്ഷുദ്രക്കാരത്തിയെ നീ ജീവനോടെ വെക്കരുതു."*

**ലേവ്യ.19:31** — *"വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും അടുക്കൽ പോകരുതു. അവരാൽ അശുദ്ധരായ്ത്തീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കയും അരുതു. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു."*

**ലേവ്യ.20:6** — *"വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും പിന്നാലെ പരസംഗം ചെയ്വാൻ പോകുന്നവന്റെ നേരെയും ഞാൻ ദൃഷ്ടി വെച്ചു അവനെ അവന്റെ ജനത്തിൽ നിന്നു ഛേദിച്ചു കളയും."*

**ലേവ്യ.20:27** — *"വെളിച്ചപ്പാടോ മന്ത്രവാദമോ ഉള്ള പുരുഷൻ ആകട്ടെ സ്ത്രീയാകട്ടെ മരണശിക്ഷ അനുഭവിക്കേണം; അവരെ കല്ലെറിഞ്ഞു കൊല്ലണം; അവരുടെ രക്തം അവരുടെ മേൽ ഇരിക്കും."*

**ആവ.18:9-12** — *''നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു എത്തിയശേഷം അവിടത്തെ ജാതികളുടെ മ്ലേച്ഛതകൾ നീ പഠിക്കരുതു. തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുതു. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവെക്കു വെറുപ്പു ആകുന്നു; ഇങ്ങനെയുള്ള മ്ലേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളയുന്നു."*

**2.രാജാ.21:6** — *"അവൻ തന്റെ മകനെ അഗ്നിപ്രവേശം ചെയ്യിക്കയും മുഹൂർത്തം നോക്കുകയും ആഭിചാരം പ്രയോഗിക്കയും വെളിച്ചപ്പാടന്മാരെയും ലക്ഷണം പറയുന്നവരെയും നിയമിക്കയും ചെയ്തു. യഹോവയെ കോപിപ്പിപ്പാൻ തക്കവണ്ണം അവന്നു അനിഷ്ടമായതു പലതും ചെയ്തു."*

**1.ദിന.10:13** – *"ഇങ്ങനെ ശൗൽ യഹോവയോടു ചെയ്ത അതിക്രമം ഹേതുവായും യഹോവയുടെ വചനം പ്രമാണിക്കായ്കയാലും വെളിച്ചപ്പാടത്തിയോടു അരുളപ്പാടു ചോദിച്ചതിനാലും മരിക്കേണ്ടി വന്നു."*

**ബിംബാരാധികൾ** (idolaters) —

ബിംബത്തെ അഥവാ വിഗ്രഹങ്ങളെ ആരാധിക്കുന്നവരാണ് ബിംബാരാധികൾ. ഇവരും ഗന്ധകത്തീപ്പൊയ്കയിലെ ദണ്ഡനത്തിനു ഓഹരിക്കാരാണ്. ദൈവജനമായ യിസ്രായേലിനു കൊടുത്ത പത്തു കല്പനകളിലൊന്നാണ് വിഗ്രഹങ്ങളെ ഉണ്ടാക്കുകയും ആരാധിക്കുകയും ചെയ്യരുതെന്നത്. **പുറ.20:4** — *"ഒരു വിഗ്രഹവും ഉണ്ടാക്കരുതു; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുതു. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു.''* എന്നാൽ ദൈവകല്പനയെ തള്ളിക്കളഞ്ഞു മനുഷ്യൻ വിഗ്രഹം ഉണ്ടാക്കുകയും അതിനെ ആരാധിക്കുകയും ചെയ്യുന്നു. പീഡനകാലവേളയിൽ മൃഗത്തിന്റെ പ്രതിമയെ ഉണ്ടാക്കുകയും അതിനെ ആരാധിക്കുവാൻ കല്പന പുറപ്പെടുവിക്കുന്നതായും കാണുന്നു (വെളി.13:12-15). പുരാതനകാലങ്ങളിൽ ഭരണാധികാരികളെയും അവരുടെ പ്രതിമകളെയും ദൈവങ്ങളായി പ്രതിഷ്ഠിച്ച് ആരാധിക്കുന്ന പ്രവണത നിലവിലുണ്ടായിരുന്നു. ബിംബാരാധന ദൈവം ഏറ്റവും വെറുക്കുന്ന പാപമായി തിരുവചനത്തിലുടനീളം കാണാം. മാത്രവുമല്ല ദൈവത്തേക്കാളുപരി മറ്റെന്തിനെ സ്നേഹിച്ചാലും അതു

ബിംബാരാധനയിൽ ഉൾപ്പെടുന്നു.

**ഭോഷ്കു പറയുന്ന ഏവരും** (and all liars) —

എട്ടാമത്തെ ദുഷ്പ്രവർത്തിക്കാരുടെ കൂട്ടത്തിൽ ഭോഷ്കു പറയുന്ന ഏവരും വരുന്നു. സത്യത്തെ മറിച്ചു കളയുകയും, വ്യാജത്തെ ഉയർത്തിക്കാട്ടുകയും, ഇല്ലാത്ത കാര്യങ്ങളെ പെരുപ്പിച്ചു കപടമായി അവതരിപ്പിക്കുകയുമാണ് ഭോഷ്ക്. ചെറുതും വലുതുമായ ഏതു കപടവും ഭോഷ്കിൽ ഉൾപ്പെടുന്നു. അതുകൊണ്ടാണിവിടെ ഭോഷ്കു പറയുന്ന ഏവരും എന്ന വിശേഷണം. എന്തിനും ഏതിനും കള്ളം പറയുന്നത് ഭോഷ്കായി പറയാമെങ്കിലും ഏറ്റവും അതിപ്രധാനമായ ഭോഷ്ക് എന്നത് സത്യദൈവത്തിനെതിരായി സംസാരിക്കുകയും, പ്രവർത്തിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നതാണ്. പിശാച് ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു (യോഹ.8:44) എന്നു തിരുവചനത്തിൽ പറയുന്നു. ആകയാൽ ഭോഷ്കു പറയുന്ന ഏവർക്കും പിശാചിനോടുകൂടെ ഗന്ധകത്തീപ്പൊയ്കയിൽ ദണ്ഡനം സഹിക്കേണ്ടി വരും.

**ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം** (shall have their part in the lake which burns with fire and brimstone, which is the second death) —

ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ, ഭോഷ്കു പറയുന്ന ഏവരും സാത്താന്റെ സന്തതികളും രക്ഷിക്കപ്പെടാത്തവരുമാണ്. രക്ഷിക്കപ്പെട്ട ദൈവമക്കളോടൊപ്പം ദൈവം വസിക്കുകയും, സകലവിധ അനുഗ്രഹങ്ങളും സന്തോഷവും അവർക്കു ഓഹരിയായി ലഭിക്കുകയും ചെയ്യുന്നു. എന്നാൽ രക്ഷിക്കപ്പെടാത്തവരെല്ലാം പിശാചിനോടൊപ്പം വസിക്കുവാനിടയാകുന്നുവെങ്കിലും അവരുടെ വാസം വേദനയും, കരച്ചിലും, നിലവിളിയും നിറഞ്ഞതാണ്. കാരണം ഗന്ധകത്തീപ്പൊയകയിലവർ നിത്യദണ്ഡനം അനുഭവിക്കുന്നു. തീപ്പൊയകയിലെ വാസം രണ്ടാം മരണത്തെ വെളിപ്പെടുത്തുന്നു. നരകത്തീപ്പൊയ്കയിലേക്കു തള്ളപ്പെടുമ്പോൾ ദൈവവുമായി എന്നെന്നേക്കുമായി വേർപാടുണ്ടാകുന്നതിനാലാണ് ഇതിനെ രണ്ടാം മരണം എന്നു പറയുന്നത്. എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവന്റെ മേൽ രണ്ടാം മരണത്തിനധികാരമില്ല. കാരണം അവർ നിത്യജീവൻ യേശുക്രിസ്തുവിലൂടെ പ്രാപിച്ചതിനാലാണ്.

**വെളി.21:9 — അന്ത്യബാധ ഏഴും നിറഞ്ഞ ഏഴു കലശം ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുത്തൻ വന്നു എന്നോടു: വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം എന്നു പറഞ്ഞു** (Then one of the seven angels who had the seven bowls filled with the seven last plagues came to me and talked with me, saying, "Come, I will show you the bride, the Lamb's wife) —

കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാമെന്ന് ദൂതൻ യോഹന്നാനോടു പറഞ്ഞുവെങ്കിലും മണവാട്ടിയെപ്പോലെ അലങ്കരിച്ച സ്വർഗ്ഗീയ യെരൂശലേമിനെയാണ് യോഹന്നാൻ കാണുന്നത്. മഹാപീഢനകാലത്ത് ഏഴുക്രോധകലശം ഭൂമിയിലൊഴിച്ച ഏഴു ദൂതന്മാരിൽ ഒരുവനായിരുന്നു മണവാട്ടിയെ കാണിച്ചു കൊടുത്തത്. പീഡനകാലത്ത് അതിഭയങ്കരമായ ന്യായവിധിയുടെ ദൃശ്യങ്ങളാണ് ദൂതൻ കാണിച്ചുകൊടുത്തതെങ്കിൽ ഇപ്പോൾ വിശുദ്ധന്മാരുടെ നിത്യവാസസ്ഥലത്തിന്റെ അതിമനോഹര ദൃശ്യങ്ങളാണ് കാണിച്ചു കൊടുക്കുന്നത്. ആദ്യത്തേത് ദൈവത്തിന്റെ ന്യായവിധിയും രണ്ടാമത്തേത് ദൈവത്തിന്റെ കരുണയും വെളിപ്പെടുന്നു. കുഞ്ഞാടിന്റെ കാന്തയായി ഇവിടെ പുതിയ സ്വർഗ്ഗീയ യെരൂശലേമിനെയാണ് ചിത്രീകരിക്കുന്നത്. ഏറെ ആഡംബരങ്ങളോടെ അണിഞ്ഞൊരുങ്ങിയ മറ്റൊരുസ്ത്രീയെ ആയിരം വർഷങ്ങൾക്കു മുമ്പു യോഹന്നാനു ക്രോധകലശം വഹിച്ച ദൂതൻ കാണിച്ചു കൊടുത്തിരുന്നു. അത് എതിർക്രിസ്തുവിന്റെ കാന്തയും, സകല പാപങ്ങളുടെയും മ്ലേച്ഛതകളുടെയും ഉറവിടവുമായ മഹാനഗരമായ മഹതിയാം ബാബിലോൺ എന്ന പട്ടണമായിരുന്നു. **വെളി.17:1 —** *"പിന്നെ ഏഴു കലശമുള്ള ഏഴു ദൂതന്മാരിൽ ഒരുവൻ വന്നു എന്നോടു സംസാരിച്ചു: വരിക, ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയവളായി പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി ഞാൻ കാണിച്ചുതരാം എന്നു പറഞ്ഞു."*

മഹതിയാം ബാബിലോണിനെ ഒരു സ്ത്രീയും നഗരവുമായി വിശേഷിച്ചിരിക്കുന്നതുപോലെ, സ്വർഗ്ഗീയ യെരൂശലേമിനെ ക്രിസ്തുവിന്റെ മണവാട്ടിയും ഒരു നഗരവുമായി വിശേഷിപ്പിച്ചിരിക്കുന്നു. യോഹന്നാനു ദൂതൻ കാണിച്ചുകൊടുത്തപ്പോൾ വിശുദ്ധനഗരമായ പുതിയ യെരൂശലേമിനെ *"കുഞ്ഞാടിന്റെ കാന്തയായ മണവാട്ടി"* എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. *"പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു"* (വെളി.21:2) എന്നു യോഹന്നാൻ അദ്ധ്യായത്തിന്റെ ആരംഭത്തിലും പറഞ്ഞിരുന്നു. അതായത് മണവാട്ടി എന്നും മണവാട്ടിയെപ്പോലെ ഒരുങ്ങി ഇറങ്ങി വരുന്നു എന്നും പറഞ്ഞിരിക്കുന്നു. ഇതിൽ നിന്നു മനസ്സിലാക്കേണ്ടത് നഗരത്തിൽ പാർക്കുന്ന നിവാസികളുടെ പ്രത്യേകതയെയാണ്. കുഞ്ഞാടിന്റെ മണവാട്ടി കറ, കളങ്കം, ചുളുക്കം എന്നിവ

ഇല്ലാതെ തികെച്ചും പരിശുദ്ധയും സൗന്ദര്യവതിയും ആയിരിക്കുന്നതുപോലെ പുതിയ യെരൂശലേമും പരിശുദ്ധിയിലും സൗന്ദര്യത്തിലും മുന്നിൽ നില്ക്കുന്നു. അതിലെ താമസക്കാർ പുതിയ നിയമസഭയാകുന്ന മണവാട്ടിയെ കൂടാതെ ലോകാരംഭം മുതലുള്ള സകല വിശുദ്ധന്മാരും ഉൾക്കൊള്ളുന്നു. അവരുടെ സ്വന്തഭവനവും നിത്യവാസസ്ഥലവുമാണിത്. രണ്ടായിരം വർഷങ്ങളായി കർത്താവ് തന്റെ വിശുദ്ധന്മാർക്കായി ഒരുക്കിയ ഭവനമാണിത്. അത് സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു ഇറങ്ങിവന്നു പുതിയഭൂമിക്കു മീതെ നില്ക്കുന്നു.

വെളിപ്പാട്.21:10 മുതൽ 27 വരെയുള്ള വാക്യങ്ങളിൽ പുതിയ യെരൂശലേമിനെക്കുറിച്ചുള്ള വിവരണങ്ങൾ ഉൾക്കൊള്ളുന്നു (Description of the New Jerusalem) —

(1) 21:10,11 > സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്ന നഗരവും അതിന്റെ തേജസ്സും
(The City that descends from Heaven and its brilliance)
(2) 21:12 > നഗരത്തിന്റെ മതിൽ
(Walls of the City)
(3) 21:13 > നഗരത്തിന്റെ ഗോപുരം
(Gates of the City)
(4) 21:14 > നഗരത്തിന്റെ അടിസ്ഥാനം
(Foundation of the City)
(5) 21:15 -17 > നഗരത്തിന്റെ അളവുകൾ
(Measurements of the City)
(6) 21:18 -21 > നഗരത്തിനുപയോഗിച്ചിരിക്കുന്ന തങ്കവും രത്നക്കല്ലുകളും
(Gold and Stones used in the City)
(7) 21:22 > നഗരത്തിന്റെ മന്ദിരം
(The Temple of the City)
(8) 21:23 > നഗരത്തിന്റെ വെളിച്ചം
(The lights of the City)
(9) 21:24 > ജാതികളുടെയും രാജാക്കന്മാരുടെയും സാന്നിദ്ധ്യം
(The presence of Nations & Kings in the City)
(10) 21:25 > ഒരിക്കലും അടക്കാത്ത ഗോപുരങ്ങൾ
(Never closing Gates of the City)
(11) 21:26 > ജാതികളുടെ മഹത്വവും ബഹുമാനവും
(The Glory and Honour of Nations in the City)
(12) 21:27 > പാപികളുടെ അസാന്നിദ്ധ്യവും വിശുദ്ധന്മാരുടെ സാന്നിദ്ധ്യവും
(Absence of sinners and presence of saints in the City).

**വെളി.21:10 — അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നോരു വന്മലയിൽകൊണ്ടുപോയി, യെരൂശലേമെന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചു തന്നു** (And he carried me away in the Spirit to a great and high mountain, and showed me the great city, the holy Jerusalem, descending out of heaven from God) —

21:10,11 വാക്യങ്ങൾ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്ന നഗരവും അതിന്റെ തേജസ്സും വിവരിക്കുന്നു. (The City that descends from Heaven and its brilliance) പീഡനകാലത്ത് ന്യായവിധിയുടെ ഏഴുക്രോധകലശം വഹിച്ചിരുന്ന ദൂതന്മാരിൽ ഒരുവൻ യോഹന്നാനെ ആത്മവിവശതയിൽ ഒരു വന്മലയിലേക്കു കൊണ്ടുപോയി. കുഞ്ഞാടിന്റെ മണവാട്ടിയെ കാണിച്ചുതരാം എന്നു പറഞ്ഞുവെങ്കിലും കാണിച്ചു കൊടുത്തത് ഒരു നഗരത്തെയാണ്. അവിടെ യോഹന്നാൻ കണ്ടത് സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽ നിന്നു തന്നേ, ദൈവതേജസ്സുള്ളതായി ഇറങ്ങി വരുന്ന യെരൂശലേം എന്ന വിശുദ്ധനഗരത്തെയായിരുന്നു.

**അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നോരു വന്മലയിൽകൊണ്ടുപോയി** (And he carried me away in the Spirit to a great and high mountain) —

ദൂതൻ യോഹന്നാനെ ആത്മവിവശതയിൽ ഉയർന്നോരു വന്മലയിലേക്കു കൊണ്ടുപോയത് പുതിയ ദർശനം കാണിക്കുവാനാണ്. പുതിയ ആകാശവും പുതിയ ഭൂമിയും കണ്ട യോഹന്നാൻ പുതിയൊരു ദർശനത്തിനു സാക്ഷ്യം വഹിക്കുന്നു. ആത്മവിവശതയിലാണ് കാഴ്ചകൾ കാണുന്നത്. അതായത് ശരീരം പത്മൊസിൽ ആയിരിക്കുമ്പോൾത്തന്നെ ദൈവീകകാര്യങ്ങളുടെ ദർശനത്തിനായി ആത്മാവിൽ യോഹന്നാൻ വിവിധ സ്ഥലങ്ങളിലേക്കു നയിക്കപ്പെടുന്നു. ഇപ്രകാരം ആത്മവിവശതയിലായി ദർശനങ്ങൾ കാണുന്ന വിവിധ സന്ദർഭങ്ങൾ വെളിപ്പാടിൽ വിവരിച്ചിട്ടുണ്ട് —

**(1) പത്മൊസിൽ >** വെളി.1:10 — "കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി" — പത്മൊസിൽ വെച്ചു മഹത്വധാരിയായ കർത്താവിനെയും തുർന്നു ഏഴു സഭകളുടെ ദർശനമായിരുന്നു.

**(2) സ്വർഗ്ഗത്തിൽ >** വെളി.4:1 — "ഇവിടെ കയറി വരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചുതരാം എന്നു കല്പിച്ചു. ഉടനെ ഞാൻ ആത്മവിവശനായി... " സ്വർഗ്ഗീയ കാഴ്ചകളും ഭൂമിയിൽ പീഡനകാലത്ത് നടക്കുന്ന സംഭവങ്ങളുടെയും ദർശനം.

**(3) മരുഭൂമിയിൽ >** വെളി.17:3 — "അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയി" — മരുഭൂമിയിൽ ബാബിലോണിന്റെ നാശത്തെക്കുറിച്ചുള്ള ദർശനം.

**(4) ഉയർന്ന വന്മലയിൽ >** വെളി.21:10 — "അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നോരു വന്മലയിൽ കൊണ്ടുപോയി" — യെരൂശലേമെന്ന വിശുദ്ധനഗരത്തിന്റെ ദർശനം.

മഹതിയാം ബാബിലോൺ എന്ന മഹാവേശ്യയുടെ മേൽ പതിക്കുന്ന നാശത്തെ കാണിക്കുവാൻ ദൂതൻ യോഹന്നാനെ മരുഭൂമിയിലേക്കാണ് മുമ്പു കൂട്ടിക്കൊണ്ടു പോയത്. മരുഭൂമി ശുഷ്കവും വരണ്ടതുമായ കാര്യങ്ങളെ കുറിക്കുന്നു. എന്നാൽ ഇവിടെ യോഹന്നാനെ കൂട്ടിക്കൊണ്ടുപോകുന്നത് ഒരു ഉയർന്ന വന്മലയിലേക്കായിരുന്നു. ഉയർന്ന വന്മല ഉയരത്തിലുള്ളതും, സ്വർഗ്ഗീയമായ കാര്യങ്ങളെയും, ആത്മീക ഉന്നതിയെയും വെളിപ്പെടുത്തുന്നു. ഉയർന്ന വന്മലയിലുള്ള ദർശനം ബാബിലോണിന്റെ നാശത്തിനു പകരം സ്വർഗ്ഗീയ നവയെരൂശലേമിന്റെ ആനന്ദകരമായ കാഴ്ചയാണ് ദൂതൻ യോഹന്നാനു കാണിച്ചുകൊടുക്കുന്നത്. വന്മലയിൽ യോഹന്നാനുണ്ടായ അനുഭവം താൻ ഒരിക്കൽ കർത്താവിനോടൊപ്പം പോയപ്പോൾ മറുരൂപമലയിൽ ഉണ്ടായ (transfiguration in the high mount — മത്താ.17:1-8) തേജസ്സിന്റെ ദർശനത്തിന്റെ മറ്റൊരു സമാനമായ കാഴ്ചയായിരുന്നു. അന്നു കണ്ടത് കർത്താവിന്റെ തേജസ്സായിരുന്നുവെങ്കിൽ ഇപ്പോൾ ദൈവവും തന്റെ വിശുദ്ധന്മാരുമായുള്ള നിത്യവാസനഗരത്തിന്റെ തേജസ്സാണ് കാണുന്നത്.

**യെരൂശലേമെന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചു തന്നു** (the holy Jerusalem, descending out of heaven from God) —

പുതിയ യെരൂശലേമിന്റെ പ്രത്യേകതകൾ രണ്ടാം വാക്യത്തിൽ യോഹന്നാൻ വിവരിച്ചിരുന്നു. **വെളി.21:2 —** *"പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു."* സമാധാനത്തിന്റെ നഗരം, സമാധാനത്തിന്റെ ഇരിപ്പിടം, സമാധാനത്തിന്റെ അടിസ്ഥാനം എന്നൊക്കെ അർത്ഥം വരുന്ന യെരൂശലേം പഴയനിയമ പുതിയനിയമ വിശ്വാസികളുടെ വാഗ്ദത്ത നഗരമാണ്. ഉല്പത്തി മുതൽ വെളിപ്പാടുവരെ യെരൂശലേമിനുണ്ടായ വിവിധമാറ്റങ്ങളെ കാണുകയുണ്ടായി. ശാലേം എന്ന യെരൂശലേം മുതൽ സഹസ്രാബ്ദകാലത്തെ യെരൂശലേം വരെ നിരവധി മാറ്റങ്ങളിലൂടെ കടന്നുപോയി. എന്നാൽ വിശുദ്ധന്മാരുടെ നിത്യവാസത്തിനായി ഒരുക്കപ്പെടുന്ന യെരൂശലേമെന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽ നിന്നു തന്നേ തേജസ്സോടെ ഇറങ്ങി വരുന്നതു യോഹന്നാൻ കാണുന്നു.

മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ നിന്നു ഇറങ്ങി വരുന്ന യെരൂശലേമിന്റെ ഏറ്റവും വലിയ പ്രത്യേകതയെന്നത് അത് തേജസ്സുള്ളതായി കാണപ്പെട്ടു എന്നതാണ്. നഗരമാകെ തേജസ്സേറിയതായി കാണപ്പെടുവാനുള്ള കാരണം തേജോമയനായ ദൈവത്തിന്റെ തേജസ്സും, തേജസ്സിന്റെ പ്രഭയായ കർത്താവിന്റെ തേജസ്സും, തേജസ്സിന്റെ പുത്രന്മാരായ വിശുദ്ധന്മാരുടെ തേജസ്സും ഒത്തൊരുമിച്ചു അവിടെ പ്രകാശിച്ചതിനാലാണ്. വെളിച്ചത്തിന്റെ ഉറവിടവും, അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും, മഹത്വവും, തേജസ്സും, ശോഭയും നിറഞ്ഞവനുമായ സർവ്വശക്തനായ ദൈവവും, ഞാൻ ലോകത്തിന്റെ വെളിച്ചം എന്നു പറഞ്ഞ കർത്താവും, സ്വർഗ്ഗസിംഹാസനത്തിനു മുമ്പിൽ കാണപ്പെട്ട ഏഴാത്മാക്കളായ ഏഴു ദീപങ്ങളും (പരിശുദ്ധാത്മാവാം ദൈവവും) ഭൂമിയിലേക്കിറങ്ങി മനുഷ്യരോടൊപ്പം താമസിക്കുമ്പോൾ അവിടമാസകലം തേജസ്സിനാൽ നിറയുന്നു. സ്വർഗ്ഗീയയെരൂശലേമിൽ താമസിക്കുവാൻപോകുന്ന സകലവിശുദ്ധന്മാരും ദൈവതേജസ്സ് ലഭിച്ച് തേജസ്സേറിയ പുനരുത്ഥാനശരീരത്തിൽ വസിക്കുന്നവരുമാണ്. ആയതിനാൽ ത്രിയേകനാം ദൈവത്തിന്റെ തേജസ്സും, തേജസ്സിന്റെ പുത്രന്മാരായ ദൈവമക്കളുടെ തേജസ്സുമാണ് നഗരത്തിന്റെ തേജസ്സായി ശോഭിക്കുന്നത്.

ദൈവത്തിന്റെ സാന്നിദ്ധ്യത്തെയാണ് ദൈവതേജസ്സ് വെളിപ്പെടുത്തുന്നത്. പഴയനിയമത്തിൽ സമാഗമനകൂടാരത്തിലും, ശലോമോൻ പണിത ദൈവാലയത്തിലും ദൈവസാന്നിദ്ധ്യത്തെ കുറിക്കുന്ന ദൈവതേജസ്സ് സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നതായി കാണുന്നു. **പുറ.40:34,35 —** *"അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെച്ചു. മേഘം സമാഗമനകൂടാരത്തിന്മേൽ അധിവസിക്കയും യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെക്കയും ചെയ്തതുകൊണ്ടു മോശെക്കു അകത്തു കടപ്പാൻ കഴിഞ്ഞില്ല."* **1.രാജാ.8:11 —** *"യഹോവയുടെ തേജസ്സു*

*യഹോവയുടെ ആലയത്തിൽ നിറഞ്ഞിരുന്നതുകൊണ്ടു മേഘംനിമിത്തം ശുശ്രൂഷ ചെയ്യേണ്ടതിന്നു നില്പാൻ പുരോഹിതന്മാർക്കു കഴിഞ്ഞില്ല.''* പുതിയനിയമത്തിൽ യഹോവയുടെ തേജസ്സ് പരിശുദ്ധാത്മാവെന്ന നിലയിൽ ദൈവത്തിന്റെ വിശുദ്ധനിവാസമായ സഭയിലേക്കും, ദൈവത്തിന്റെ മന്ദിരമായ ഓരോ വിശ്വാസിയിലേക്കും സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നു വസിക്കുന്നു. **എഫെ.2:21,22 —** *"അവനിൽ കെട്ടിടംമുഴുവൻ യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന്നു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു."* **1.കൊരി.3:16 —** *"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?"*

**വെളി.21:11 --അതിന്റെ ജ്യോതിസ്സു ഏറ്റവും വിലയേറിയ രത്നത്തിന്നു തുല്യമായി സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തംപോലെ ആയിരുന്നു** (Her light was like a most precious stone, like a jasper stone, clear as crystal) —

ദൈവതേജസ്സു നിറഞ്ഞു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരുന്ന യെരൂശലേമെന്ന വിശുദ്ധനഗരത്തെ ഉയർന്ന വന്മലയിൽ നിന്നു യോഹന്നാൻ കാണുന്നു. ദൈവികതേജസ്സിനാൽ നിറഞ്ഞ് വെട്ടിത്തിളങ്ങുന്ന നഗരത്തിന്റെ ജ്യോതിസ്സും മേന്മയും പ്രത്യേകതകളും തുടർന്നു വർണ്ണിക്കുന്നു.

**അതിന്റെ ജ്യോതിസ്സു** (Her light / brilliance) —

ജ്യോതിസ്സ് എന്നതിനു മൂലഭാഷയായ ഗ്രീക്കിൽ ജ്യോതിർഗോളങ്ങളുടെ പ്രകാശത്തെ കുറിക്കുന്ന "ഫോസ്റ്റർ" (phoster) എന്ന പദമാണുപയോഗിച്ചിരിക്കുന്നത് (light / brilliance —> in Greek > phoster = luminary / illuminator > phoster is used in realtion of luminary objects in the sky). അത്യുജ്വലമായ പ്രകാശത്തെയാണ് ജ്യോതിസ്സ് സൂചിപ്പിക്കുന്നത് ദൈവസന്നിധിയിൽ നിന്നിറങ്ങി വരുന്ന യെരൂശലേമിനെ ഒരു ജ്യോതിസ്സായി യോഹന്നാൻ കാണുന്നു. അതായത് സ്വർഗ്ഗത്തിൽ നിന്നു അത്യുജ്വലപ്രകാശം വമിക്കുന്ന ഒരു ഗോളത്തെപ്പോലെ സ്വർഗ്ഗീയ യെരൂശലേം ഭൂമിയിലേക്കു ഇറങ്ങി വരുന്നു. ദൈവസാന്നിദ്ധ്യവും, ദൈവതേജസ്സും നിറഞ്ഞിറങ്ങിവരുന്ന നവയെരൂശലേം അത്യുജ്വലപ്രകാശത്തോടെ വെട്ടിത്തിളങ്ങി. അനേകരെ നീതിയിലേക്കു നയിച്ച നക്ഷത്രങ്ങളെപ്പോലെ തിളങ്ങിയവരും, ജീവന്റെ വചനം പ്രമാണിച്ചു ലോകത്തിൽ ജോതിസ്സുകളെപ്പോലെ പ്രകാശിച്ചവരും നിത്യമായി ദൈവത്തോടൊപ്പം താമസിക്കുവാൻ ഒരുക്കപ്പെടുന്ന ജ്യോതിസ്സേറിയ നഗരമാണിത്. **ദാനീ.12:3 —** *"ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും."* **ഫിലി.2:15 —** *''അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു."*

**ഏറ്റവും വിലയേറിയ രത്നത്തിന്നു തുല്യമായി** (Her light was like a most precious stone) —

സ്വർഗ്ഗീയയെരൂശലേം ജ്യോതിസ്സുള്ളതായി കാണപ്പെട്ടു എന്നു മാത്രമല്ല നഗരത്തിന്റെ പ്രഭയെ വിശേഷിപ്പിച്ചിരിക്കുന്നത് ഏറ്റവും വിലയേറിയ രത്നത്തോടാണ്. രത്നക്കല്ല് അമൂല്യവും വിലയേറിയതുമാണ്. രത്നത്തിന്റെ വില നിശ്ചയിക്കുന്നത് അതിന്റെ പ്രഭയനുസരിച്ചാണ്. വെട്ടിത്തിളങ്ങുന്ന വെളിച്ചവും, തേജസ്സും, ജ്യോതിസ്സും ഉൾക്കൊള്ളുന്ന രത്നമാകയാൽ ഏറ്റവും വിലയേറിയതാണ്. ഇവിടെ സ്വർഗ്ഗീയ യെരൂശലേം ഏറ്റവും വിലയേറിയ രത്നത്തിനു തുല്യമായി കാണപ്പെട്ടു എന്നു പറയുമ്പോൾ അതിലെ നിവാസികളും രത്നത്തെപ്പോലെ ഏറ്റവും വിലയേറിയവരുമാണ്. അവർ അവരുടെ ജീവിതത്തിൽ വിലയേറിയ കല്ലുകളാൽ കർത്താവിനുവേണ്ടി പണിതവരുമാണ്. തീയാൽ ശോധന ചെയ്യപ്പെട്ടപ്പോൾ അവരുടെ വിലയേറിയ പ്രവൃത്തികൾ വെളിപ്പെട്ടവരുമാണ്. **1.കൊരി.3:12 —** *"ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്നു, വെള്ളി, വിലയേറിയ കല്ലു, മരം, പുല്ലു, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടു വരും."*

**സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തംപോലെ ആയിരുന്നു** (like a jasper stone, clear as crystal) —

ദൈവവും വിശുദ്ധന്മാരും ഒത്തൊരുമിച്ചു വസിക്കുന്ന പുതിയ യെരൂശലേം എന്ന വിശുദ്ധനഗരത്തെ സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തംപോലെ എന്നും വിശേഷിപ്പിച്ചിരിക്കുന്നു. സർവ്വശക്തനായ ദൈവത്തെ യോഹന്നാൻ സിംഹാസനത്തിൽ ഇരിക്കുന്നവനായി കാണപ്പെട്ടപ്പോൾ "ഇരിക്കുന്നവൻ കാഴ്ചെക്കു സൂര്യകാന്തത്തോടു" സദൃശ്യനായി എന്നാണ് യോഹന്നാൽ വിശേഷിപ്പിച്ചത് (വെളി.4:3). സൂര്യകാന്തം പരിശുദ്ധമായതും, വെട്ടിത്തിളങ്ങുന്നതും, വിലയേറിയതുമായ രത്നക്കല്ലാണ്. സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തം എന്നു പറയുമ്പോൾ അതിന്റെ കലർപ്പില്ലാത്ത നിർമ്മലതയെയും, വിശുദ്ധിയെയും (crystal clear jasper > holiness, purity) വെളിപ്പെടുത്തുന്നു. രത്നം ദിവ്യസ്വഭാവം കുറിക്കുന്നതാകയാൽ പുതിയ യെരൂശലേം നിവാസികൾ സ്ഫടികസ്വച്ഛതയുള്ള ദിവ്യസ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നവരുമാണ്. സ്ഫടികസ്വച്ഛത യാതൊരു കലർപ്പും കാപട്യവും ഇല്ലാത്ത സുതാര്യതയെ വെളിപ്പെടുത്തുന്നു. സ്ഫടികത്തിൽകൂടി പ്രകാശരശ്മി അനായേസേന കടന്നുപോകുന്നതുപോലെ അകവും പുറവും ഒരുപോലെ മാലിന്യവുമില്ലാതെ പരിശുദ്ധി നിറഞ്ഞു നില്ക്കുന്നു.

**വെളി.21:12 — അതിന്നു പൊക്കമുള്ള വന്മതിലും പന്ത്രണ്ടു ഗോപുരവും ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ടു; യിസ്രായേൽമക്കളുടെ പന്ത്രണ്ടുഗോത്രങ്ങളുടെയും പേർ കൊത്തീട്ടുമുണ്ടു** (Also she had a great and high wall with twelve gates, and twelve angels at the gates, and names written on them, which are the names of the twelve tribes of the children of Israel) —

ഉയർന്നോരു വന്മലയിലെ ദൂരക്കാഴ്ചയിൽ യോഹന്നാൻ കണ്ടത് വെട്ടിത്തിളങ്ങുന്ന പ്രകാശഗോളംപോലെയുള്ള ഒരു തേജസ്സേറിയ നഗരത്തെയായിരുന്നു. തുടർന്നു അടുത്തുള്ള കാഴ്ചയിൽ നഗരത്തിന്റെ വിവിധഭാഗങ്ങളെക്കുറിച്ചു വർണ്ണിക്കുന്നു. വെളിപ്പാട് 21:12 -ൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരത്തിന്റെ മതിലിനെയും അവയുടെ പ്രത്യേകതകളെയും വിവരിക്കുന്നു (Walls of the City). (1) പൊക്കമുള്ള വന്മതിൽ — a great and high wall (2) മതിലിനു പന്ത്രണ്ടു ഗോപുരങ്ങൾ — high wall with twelve gates (3) ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാർ — twelve angels at the gates (4) യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ പേര് കൊത്തിയിരിക്കുന്നു — the names of the twelve tribes of the children of Israel are written.

**അതിന്നു പൊക്കമുള്ള വന്മതിലും** (Also she had a great and high wall) —

പുതിയയെരൂശലേമിനെക്കുറിച്ചുള്ള വർണ്ണന ആരംഭിക്കുന്നത് പൊക്കമുള്ള വന്മതിലിന്റെ വിശേഷണത്തോടെയാണ്. ദൈവമക്കൾക്കളുടെ നിത്യവാസത്തിനായി ഒരുക്കപ്പെടുന്ന വിശുദ്ധനഗരത്തിന്റെ ചുറ്റും പൊക്കമുള്ള വന്മതിൽ ഉള്ളതായി യോഹന്നാൻ കാണുന്നു. വന്മതിൽ യെരൂശലേം സൗധത്തിന്റെ ചുവർ മതിലാണെന്നു ചിന്തിക്കുവാൻ പാടില്ല. ഇത് നഗരത്തിന്റെ ചുറ്റുമുള്ള മതിൽ തന്നെയാണ്. മതിൽ ഉയരത്തിലും വലിപ്പത്തിലും വിശേഷതയുള്ളതുകൊണ്ടാണ് പൊക്കമുള്ള വൻ മതിൽ എന്നു പറഞ്ഞിരിക്കുന്നത്. മതിൽ പൊതുവേ സുക്ഷിതത്വത്തെയും വേർപാടിനെയും കുറിക്കുന്നു. പൊക്കം കൂടുന്തോറും അതിനുള്ളിലെ താമസക്കാർ ഏറ്റവും സുക്ഷിതരും മറ്റുള്ളവരിൽ നിന്നു വേർപെട്ടവരാണെന്നും വെളിപ്പെടുത്തുന്നു. ഏദെൻ തോട്ടത്തിലെപ്പോലെ പരീക്ഷിക്കപ്പെടുന്ന അവസരങ്ങളോ പരീക്ഷകനോ വിശുദ്ധനഗരത്തിൽ ഉണ്ടായിരിക്കയില്ല. മാത്രവുമല്ല വെളിപ്പാട് 21:8-ൽ വിവരിച്ചിരിക്കുന്ന അവിശ്വാസികളുൾപ്പെടെ എട്ടു തരത്തിലുള്ള ദുഷ്പ്രവൃത്തിക്കാർ ഒന്നുംതന്നെ ഒരു കാരണവാശാലും അവിടെ ഉണ്ടായിരിക്കയില്ല. ആയതിനാൽ പൊക്കമുള്ള വന്മതിൽ അങ്ങനെയുള്ള തിന്മകളുടെ പ്രവേശനത്തെ തടയുവാനല്ല മറിച്ചു നഗരത്തിന്റെ ഉന്നതിയെയും മഹത്വത്തെയും പ്രകടമാക്കുന്നതായിരിക്കാം.

പൊക്കമുള്ള വന്മതിൽ പൊതുവിൽ അശുദ്ധിയിൽ നിന്നും ലോകത്തിൽ നിന്നുമുള്ള വേർപാടിനെ കുറിക്കുന്നു. പുതിയയെരൂശലേമിൽ പാപത്തിന്റെ ചെറിയ അംശംപോലും പ്രവേശിക്കുവാൻ സാദ്ധ്യമല്ലെന്നു തിരുവചനത്തിൽ വ്യക്തമാക്കിയിരിക്കുന്നു. അങ്ങനെയുള്ള പ്രവർത്തനങ്ങളെല്ലാം മതിലിനു പുറത്താണ് സ്ഥാനം. **വെളി.22:15 —** *"നായ്ക്കളും ക്ഷുദ്രക്കാരും കുലപാതകന്മാരും ബിംബാരാധികളും ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തു തന്നേ."* കൃപായുഗമായ ഇക്കാലത്ത് നമുക്കു ചുറ്റും പൊക്കമുള്ള വന്മതിൽ തീർക്കുക മാത്രമല്ല അത് പ്രവർത്തനക്ഷമമാണോ എന്നു നിരീക്ഷണം ചെയ്യേണ്ട ആവശ്യവുമുണ്ട്. ഓരോ വിശ്വാസിയുടെയും ചുറ്റിലും സഭയുടെ ചുറ്റിലും വേർപാടിന്റെ പൊക്കമുള്ള വന്മതിൽ ആവശ്യമാണ്. മതിലിനു ബലക്ഷയമുണ്ടായാൽ വിശുദ്ധിയും വേർപാടും നഷ്ടപ്പെടും. ഇന്നനേകം സഭകളിലും വിശ്വാസികളിലും മതിലിനുള്ള പ്രസക്തി കാത്തു സൂക്ഷിക്കാത്തതിനാൽ ലോകവുമായി പൊരുത്തപ്പെട്ടു കഴിയുന്നു. അനേക പ്രാദേശികസഭകളുടെ മതിലുകൾ പൊക്കമില്ലാത്തതിനാലും ഇടിഞ്ഞു കിടക്കുന്നതിനാലും ജഡികർ സഭയിൽ പ്രവേശിക്കുവാനിടയാകുന്നു. വിശുദ്ധനഗരമായ യെരൂശലേമിനു പൊക്കമുള്ള വന്മതിൽ ഉണ്ടെന്ന കാര്യം കൃപായുഗത്തിൽ വസിക്കുന്ന ഓരോ വിശ്വാസിയും ഓർമ്മിച്ചു വിശുദ്ധിയിൽ ജീവിക്കേണ്ടതാണ്.

**പന്ത്രണ്ടു ഗോപുരവും** (with twelve gates) —

സ്വർഗ്ഗീയനഗരത്തിനു ചുറ്റും പൊക്കമുള്ള വന്മതിൽ ഉള്ളതുപോലെ അതിനു പന്ത്രണ്ടു ഗോപുരങ്ങൾ അഥവാ വാതിലുകളും ഉണ്ടായിരുന്നു. പന്ത്രണ്ടു ഗോപുരങ്ങൾ പന്ത്രണ്ടു പ്രവേശന മാർഗ്ഗത്തെ കുറിക്കുന്നു. മതിൽ പാപത്തിൽ നിന്നുള്ള വേർപാടിനെയും ദൈവീകസംരക്ഷണത്തെയും കുറിക്കുമ്പോൾ, വാതിലുകൾ ഗമനാഗമനത്തിനുള്ള സംവിധാനത്തെ കുറിക്കുന്നു. പന്ത്രണ്ടു ഗോപുരങ്ങൾ സ്തുതിയുടെ ഗോപുരങ്ങളായി കരുതാം. അങ്ങനെയെങ്കിൽ പൊക്കമുള്ള വന്മതിൽ വേർപാടിനെയും, 12 ഗോപുരങ്ങൾ സ്തുതിസ്തോത്രഗോപുരങ്ങളായും ഇരിക്കുന്നു. പഴയ യെരൂശലേമിനും ചുറ്റുമതിലും പന്ത്രണ്ടു വാതിലുകളും ഉണ്ടായിരുന്നു (നെഹെ.1:3). യെരൂശലേം നഗരത്തിനു ചുറ്റും മതിൽ പണിതു ഗോപുരങ്ങൾ അഥവാ വാതിലുകൾ ഉറപ്പിക്കുകയായിരുന്നു നെഹമ്യാവിന്റെ ദൗത്യം. നെഹെമ്യാവു പണിതുറപ്പിച്ച ഓരോ വാതിലിനും അതിന്റേതായ ആവശ്യലക്ഷ്യവുമുണ്ടായിരുന്നു. എന്നാൽ വിശുദ്ധനഗരത്തിന്റെ വാതിലുകളുടെ ആവശ്യകതയെക്കുറിച്ചു പല കാര്യങ്ങൾ ചിന്തിക്കാമെങ്കിലും

അതിന്റെ യഥാർത്ഥ പൊരുൾ വെളിപ്പെട്ടു കിട്ടിയിട്ടില്ല.

നമ്മുടെ വിശ്വാസജീവിതത്തിൽ മതിലിനും വാതിലിനും ഏറെ ആത്മിക പ്രാധാന്യമുണ്ട്. പാപത്തിൽ നിന്നു വിടുതലും ലോകത്തിൽ നിന്നുള്ള വേർപാടും മതിൽ ചിത്രീകരിക്കുന്നു. പൊക്കമുള്ള വന്മതിൽ വിശുദ്ധജീവിതത്തിന്റെ ഉന്നതിയെ വെളിപ്പെടുത്തുന്നു. അങ്ങനെയുള്ള വിശ്വാസികൾ രക്ഷയുടെ വാതിലിലൂടെ കടന്നു ദൈവത്തെ സ്തുതിക്കുന്നവരുമായിരിക്കണം. പ്രവാചകനായ യെശയ്യാവ് പറഞ്ഞിരിക്കുന്നതു നോക്കുക — **യെശ.60:18** — *"നിന്റെ മതിലുകൾക്കു രക്ഷ എന്നും നിന്റെ വാതിലുകൾക്കു സ്തുതി എന്നും നീ പേർ പറയും."*

**ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ടു** (and twelve angels at the gates) —

വിശുദ്ധനഗരമായ സ്വർഗ്ഗീയ യെരൂശലേമിനു പൊക്കമുള്ള വന്മതിലും, പന്ത്രണ്ടു ഗോപുരവും, ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരെയും യോഹന്നാൻ കാണുന്നു. ഗോപുരങ്ങളിൽ കൂടിയല്ലാതെ ആർക്കും നഗരത്തിൽ പ്രവേശിക്കുവാൻ സാദ്ധ്യമല്ല (22:14).

പഴയനിയമകാലത്ത് രാജാക്കന്മാരുടെ ഭരണവാഴ്ചയിൽ അവരുടെ കൊട്ടാരത്തിനു ചുറ്റും വന്മതിൽ പണിതു അതിനോടു ഗോപുരവും ഉണ്ടാക്കി അവയിൽ കാവല്ക്കാരെ കാവലിനായി നിയമിക്കുക പതിവായിരുന്നു. സ്വർഗ്ഗീയയെരൂശലേമിന്റെ കാര്യത്തിലും ഇതിനു സമാനമായിരിക്കുന്നു. ആദാമും ഹവ്വായും പാപത്തിൽ വീണശേഷം തോട്ടത്തിൽ നിന്നു അവരെ പുറത്താക്കി ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴി കാപ്പാൻ ഏദെൻതോട്ടത്തിനു കിഴക്കു കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിറുത്തിയതായി (ഉല്പ.3:24) വായിക്കുന്നു. എന്നാൽ സ്വർഗ്ഗീയ യെരൂശലേമിൽ അപ്രകാരം പാപമോ അശുദ്ധിയോ സാത്താനോ പ്രവേശിക്കുവാൻ സാദ്ധ്യമല്ല. ആയതിനാൽ അവിടെത്തെ ദൂതന്മാരുടെ കാവൽ അതിനകത്തു താമസിക്കുന്ന വിശുദ്ധന്മാരെ സേവിക്കുവാനും, ശുശ്രൂഷിക്കുവാനും, അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാനുമായിരിക്കും എന്നു കരുതാം.

**യിസ്രായേൽമക്കളുടെ പന്ത്രണ്ടുഗോത്രങ്ങളുടെയും പേർ കൊത്തീട്ടുമുണ്ടു** (which are the names of the twelve tribes of the children of Israel) —

ദൈവജനമായ യിസ്രായേലിനും വിശുദ്ധനഗരത്തിൽ സ്ഥാനമുണ്ട് എന്നുള്ളതാണ് പന്ത്രണ്ടു ഗോപുരങ്ങളിൽ യിസ്രായേൽ മക്കളുടെ പന്ത്രണ്ടുഗോത്രങ്ങളുടെയും പേർ എഴുതപ്പെട്ടു കാണുന്നത്. ദൈവത്തിന്റെ സ്വന്തജനമായാണ് യിസ്രായേൽ അറിയപ്പെടുന്നത്. **റോമ.9:4,5 —** *"അവർ യിസ്രായേല്യർ, പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുള്ളതു; പിതാക്കന്മാരും അവർക്കുള്ളവർ തന്നേ; ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചതു."* പൂർവ്വപിതാക്കന്മാരോടുള്ള ദൈവത്തിന്റെ വാഗ്ദത്തം നിത്യവാസത്തിലും ദൈവം പാലിക്കുന്നു. സഹസ്രാബ്ദവാഴ്ചയിലും യെരൂശലേം നഗരത്തിന്റെ പന്ത്രണ്ടു ഗോപുരങ്ങൾക്കു യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകൾ കാണപ്പെടുന്നു (യെഹെ.48:30-35).

യിസ്രായേലിന്റെ മരുയാത്രയിൽ ഒരുക്കപ്പെട്ട സമാഗമനകൂടാരത്തിനു ചുറ്റും പന്ത്രണ്ടു ഗോത്രങ്ങൾ മൂന്നു വീതം നാലുവശങ്ങളിൽ പാളയമിറങ്ങിയിരുന്നു (സംഖ്യാ.2). യഹോവയായ ദൈവം അന്നു അവരുടെ മദ്ധ്യേ സമഗമനകൂടാരത്തിലെ കൃപാസനത്തിൽ വന്നിറങ്ങി വസിച്ചിരുന്നുവെങ്കിൽ, ഭൂമിയിലെ പുതിയ യെരൂശലേമിലും നിത്യവാസത്തിനായി ഇറങ്ങി വരുമ്പോൾ യിസ്രായേലിന്റെ പന്ത്രണ്ടുഗോത്രങ്ങളും ചുറ്റിലും കാണപ്പെടുന്നു.

പുതിയ യെരൂശലേമെന്ന വിശുദ്ധനഗരത്തിന്റെ പ്രത്യേകതകളും വിശേഷതകളും വർണ്ണിക്കുമ്പോൾ പന്ത്രണ്ട് എന്ന സംഖ്യക്ക് ഏറെ പ്രസക്തി കാണപ്പെടുന്നു. അനേക പ്രാവശ്യം പന്ത്രണ്ടു ആവർത്തിച്ചിരിക്കുന്നു —

(1) പന്ത്രണ്ടു ഗോപുരം (21:12 > Twelve gates)
(2) പന്ത്രണ്ടു ദൂതന്മാർ (21:12 > Twelve angels)
(3) പന്ത്രണ്ടു ഗോത്രങ്ങൾ (21:12 > Twelve tribes)
(4) പന്ത്രണ്ടു അടിസ്ഥാനം (21:14 > Twelve foundation stones)
(5) പന്ത്രണ്ടു അപ്പൊസ്തലന്മാർ (21:14 > Twelve Apostles)
(6) നീളം, വീതി, ഉയരം ആയിരത്തിരുനൂറു നാഴിക
(21:16 > Height, width, length is 12000 furlongs > 12 x 100)
(7) മതിൽ നൂറ്റിനാല്പത്തിനാലു മുഴം (21:17 > A wall 144 cubits > 12 x12)
(8) പന്ത്രണ്ടു മുത്തു (21:21 > Twelve pearls)
(9) പന്ത്രണ്ടു വിധം ഫലം (22:2 > Twelve kinds of fruit)

പന്ത്രണ്ടു എന്ന സംഖ്യ തിരുവചനത്തിൽ സംപൂർണ്ണ ദൈവീകഭരണസംവിധാനത്തെ (perfect divine administration) കുറിക്കുന്നു. നിത്യവാസത്തിൽ യെരൂശലേം ഭൂലോകഭരണത്തിന്റെ തലസ്ഥാനമായി

മാറും. ഭൂലോകത്തെ ദൈവം യെരൂശലേമിൽ നിന്നായിരിക്കും ഭരിക്കുന്നത്.

**വെളി.21:13 — കിഴക്കു മൂന്നു ഗോപുരം, വടക്കു മൂന്നു ഗോപുരം, തെക്കു മൂന്നു ഗോപുരം, പടിഞ്ഞാറു മൂന്നു ഗോപുരം** (three gates on the east, three gates on the north, three gates on the south, and three gates on the west) —

നഗരത്തിന്റെ ഒരു വശത്തു മൂന്നു വീതം നാലു വശങ്ങളിലായി പന്ത്രണ്ടു ഗോപുരങ്ങളാണ് പുതിയ യെരൂശലേമിനുള്ളത്. അതായത് കിഴക്കു മൂന്നു ഗോപുരം, വടക്കു മൂന്നു ഗോപുരം, തെക്കു മൂന്നു ഗോപുരം, പടിഞ്ഞാറു മൂന്നു ഗോപുരം എന്നിങ്ങനെയായിരുന്നു ഗോപുരങ്ങളുടെ സ്ഥാനം. സമാഗമനകൂടാരത്തിന്റെ നാലു വശങ്ങളിലും യിസ്രായേൽജനം മൂന്നു ഗോത്രങ്ങൾ വീതം പാളയമിറങ്ങിയിരുന്നു (സംഖ്യാ.2). യെഹെസ്കേൽ പ്രവാചകൻ സഹസ്രാബ്ദവാഴ്ചക്കാലത്തെ യെരൂശലേമിനെക്കുറിച്ചു വിവരിക്കുമ്പോഴും ഇപ്രകാരം നാലു വശങ്ങളിലും മൂന്നു വീതം ഗോപുരങ്ങളെക്കുറിച്ചു പറയുന്നു (യെഹെ.48:30-34). എന്നാൽ ദിക്കുകളുടെ ക്രമം പറയുമ്പോൾ ഓരോന്നും വ്യത്യസ്തപ്പെട്ടിരിക്കുന്നു. സംഖ്യാപുസ്തകത്തിൽ കിഴക്കു, തെക്കു, പടിഞ്ഞാറു, വടക്കു എന്നും യെഹെസ്കേലിൽ വടക്കു, കിഴക്കു, തെക്കു, പടിഞ്ഞാറു എന്നും, വെളിപ്പാടിൽ പുതിയയെരൂശലേമിനു ചുറ്റും കിഴക്കു, വടക്കു, തെക്കു, പടിഞ്ഞാറു എന്ന ക്രമത്തിലും പറയുന്നു (In Numbers the order is ESWN, in Ezekiel the order is NESW and in Revelation the order is ENSW).

**വെളി.21:14 — നഗരത്തിന്റെ മതിലിന്നു പന്ത്രണ്ടു അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പന്ത്രണ്ടു പേരും ഉണ്ടു** (Now the wall of the city had twelve foundations, and on them were the names of the twelve apostles of the Lamb) —

പുതിയ യെരൂശലേം നഗരമതിൽ പന്ത്രണ്ടു അടിസ്ഥാനങ്ങളിന്മേൽ നില്ക്കുന്നു. കൂടാതെ അതിന്റെ പന്ത്രണ്ടു അടിസ്ഥാനങ്ങളിൽ കുഞ്ഞാടിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പേരും കാണപ്പെടുന്നു. പന്ത്രണ്ടു അടിസ്ഥാനങ്ങൾ എന്നു പറയുമ്പോൾ അവ ഒന്നിനുമീതെ ഒന്നെന്ന വിധത്തിൽ പന്ത്രണ്ടു തട്ടുകളുള്ള അടിസ്ഥാനമാണോ, അല്ലെങ്കിൽ നാലുവശങ്ങളിലും ഓരോന്നും തൊട്ടുതൊട്ടു ചുറ്റിലും നിരത്തിയാണോ ക്രമപ്പെടുത്തിയിരിക്കുന്നതെന്നു വെളിപ്പെടുന്നില്ല. മരുഭൂമിയിലെ വാസത്തിൽ സമാഗമനകൂടാരത്തിനു ചുറ്റും നാലുവശങ്ങളിലായി മൂന്നു വീതം ഗോത്രങ്ങൾ ആകെ പന്ത്രണ്ടു ഗോത്രങ്ങൾ അണിനിരന്നിരുന്നു. ആയതിനാൽ ഇവിടെയും നഗരമതിലിന്റെ ഓരോവശങ്ങളിലും മൂന്നുവീതം നാലുവശങ്ങളിലായി പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പേരുകൾ കൈകോർത്തു പിടിച്ചിരിക്കുന്നതുപോലെ കാണപ്പെടുന്നു എന്നു കരുതുനന്നതായിരിക്കും ഏറെ യോജിക്കുന്നത്.

പുതിയനിയമസഭയുടെ കെട്ടുപണിയിൽ ദൈവീകവാഗ്ദത്തമായി സഭയുടെ അടിസ്ഥാനത്തിൽ അപ്പൊസ്തലന്മാരെ കാണുന്നു. **എഫെ.2:20—** *"ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു."* പുതിയയെരൂശലേമിന്റെ അടിസ്ഥാനത്തിലും സഭയുടെ കെട്ടുപണിയിൽ ജാഗരിച്ച പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പേരുകൾ കാണപ്പെടുന്നു എന്നത് അവരുടെ വിശ്വസ്തതയും, ശുശ്രൂഷകളെയും, സേവനങ്ങളെയും മറന്നുകളയാതെ അവരെ ദൈവം ആദരിക്കുന്നു എന്നതിനെ വെളിപ്പെടുത്തുന്നു. മാത്രവുമല്ല അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു ദൈവീകപ്രമാണങ്ങളനുസരിച്ചു ജീവിച്ചവർ പുതിയനഗരത്തിൽ വസിക്കുവാൻ യോഗ്യരായി എണ്ണപ്പെടും എന്നതിനെയും പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ സാന്നിദ്ധ്യം വ്യക്തമാക്കുന്നു.

പുതിയ യെരൂശലേമിന്റെ പൊക്കമുള്ള വന്മതിലിലെ പന്ത്രണ്ടു ഗോപുരങ്ങളിൽ യിസ്രായേൽമക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളുടെയും പേരുകൾ കൊത്തിയിരിക്കുന്നു (വെളി.21:12). നഗരമതിലിന്റെ അടിസ്ഥാനത്തിൽ പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പേരുകളും കാണപ്പെടുന്നു (വെളി.21:14). പഴയനിയമവിശുദ്ധന്മാരുമായുള്ള ഉടമ്പടിയും, പുതിയനിയവിശുദ്ധന്മാരുമായുള്ള ഉടമ്പടിയും പുതിയനഗരത്തിൽ ഒരുമിക്കുന്നു. സകല പഴയനിയമ പുതിയനിയമ വിശുദ്ധന്മാർക്കും അവിടെ പ്രവേശനമുണ്ട്. ദൈവജനമായ യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെയും, സഭയുടെ പന്ത്രണ്ടു അപ്പൊസ്തലന്മാരെയും പുതിയ യെരൂശലേമിൽ ദൈവം മറന്നു കളയാതെ അവരെ ആദരിക്കുന്നു. മാത്രവുമല്ല നഗരത്തിലേക്കു പ്രവേശിക്കുന്ന പഴയനിയമവിശുദ്ധന്മാരും, പുതിയനിയമവിശുദ്ധന്മാരും യിസ്രായേലിന്റെയും അപ്പൊസ്തലന്മാരുടെ പങ്കിനെയും ഓർമ്മിക്കേണ്ടതുമുണ്ടെന്നു സൂചിപ്പിക്കുന്നു.

**വെളി.21:15 — എന്നോടു സംസാരിച്ചവന്നു നഗരത്തെയും അതിന്റെ ഗോപുരങ്ങളെയും മതിലിനെയും അളക്കേണ്ടതിന്നു പൊന്നുകൊണ്ടുള്ള ഒരു അളവുകോൽ ഉണ്ടായിരുന്നു** (And he who talked with me had a gold reed to measure the city, its gates, and its wall) —

21:15 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ വിശുദ്ധനഗരത്തിന്റെ അളവുകളെക്കുറിച്ചു പറഞ്ഞിരിക്കുന്നു (Measurements of the Holy City — 21:15 -17). ഇവിടെ അളവുകോൽകൊണ്ടു അളന്നു തിട്ടപ്പെടുത്തുന്നതിനു സമാനമായ അളവെടുക്കൽ മഹോപദ്രവകാലത്തെ ദൈവാലയത്തോടും (വെളി.11) സഹസ്രാബ്ദകാലത്തെ ദൈവാലയത്തോടുമുള്ള (യെഹെ.40,41) ബന്ധത്തിൽ കാണുന്നുണ്ട്.

**വെളി.11:1 —** *"പിന്നെ ദണ്ഡുപോലെയുള്ള ഒരു കോൽ എന്റെ കയ്യിൽ കിട്ടി കല്പന ലഭിച്ചതു: നീ എഴുന്നേറ്റു ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക. ആലയത്തിനു പുറത്തുള്ള പ്രാകാരം അളക്കാതെ വിട്ടേക്ക; അതു ജാതികൾക്കു കൊടുത്തിരിക്കുന്നു."*
**യെഹെ.40:3 —** *"അവൻ എന്നെ അവിടെ കൊണ്ടുചെന്നു; അവിടെ ഒരു പുരുഷൻ ഉണ്ടായിരുന്നു; അവൻ കാഴ്ചെക്കു താമ്രംപോലെ ആയിരുന്നു; അവന്റെ കയ്യിൽ ഒരു ചണച്ചരടും അളവുദണ്ഡും ഉണ്ടായിരുന്നു; അവൻ പടിവാതില്ക്കൽ നിന്നു."*
**എന്നോടു സംസാരിച്ചവന്നു** (And he who talked with me) —

യോഹന്നാനെ ഉയർന്നോരു വന്മലയിലേക്കു കൊണ്ടുപോയി മണവാട്ടിയെപ്പോലെ ഒരുങ്ങിയ യെരൂശലേം നഗരത്തെ കാണിച്ചുകൊടുത്ത ദൂതൻ തന്നെയാണ് യോഹന്നാനോടു സംസാരിച്ചത്. അന്ത്യബാധ ഏഴും നിറഞ്ഞ ഏഴു കലശം ഉണ്ടായിരുന്ന ദൂതന്മാരിൽ ഒരുവനായിരുന്നു നഗരത്തെ അളക്കുവാനും വരുന്നത് (21:9,10).

**നഗരത്തെയും അതിന്റെ ഗോപുരങ്ങളെയും മതിലിനെയും അളക്കേണ്ടതിന്നു പൊന്നുകൊണ്ടുള്ള ഒരു അളവുകോൽ ഉണ്ടായിരുന്നു** (had a gold reed to measure the city, its gates, and its wall) —

ദൂതന്റെ കൈവശം ഒരു പൊൻ അളവുകോൽ (a gold reed) യോഹന്നാൻ കാണുന്നു. നഗരത്തെയും, ഗോപുരങ്ങളെയും, മതിലിനെയും അളക്കുവാനാണ് ദൂതൻ വരുന്നത്. അതായത് നഗരം, ഗോപുരങ്ങൾ, മതിൽ ഇവയ്ക്ക് ഓരോന്നിനും പ്രത്യേകം അളവുകളുള്ളതിനാലാണ് മൂന്നും അളക്കുന്നത്. മഹോപദ്രവകാലത്തെ ദൈവാലയം അളന്നപ്പോൾ ദണ്ഡുപോലെയുള്ള ഒരു കോൽ (a reed like unto a rod) എന്നും , സഹസ്രാബ്ദകാലത്തെ ദൈവാലയത്തിന്റെ അളവിൽ അളവുദണ്ഡു (a measuring rod) എന്നു മാത്രവും പറഞ്ഞിരിക്കുമ്പോൾ പുതിയെയെരൂശലേമിന്റെ അളവിൽ പൊന്നുകൊണ്ടുള്ള അളവുകോൽ (a golden reed) ഉപയോഗിക്കുന്നു. സംരക്ഷണത്തെയും, ഉടമസ്ഥാവകാശത്തെയും അളന്നു തിട്ടപ്പെടുത്തുന്നതു കാണിക്കുന്നു. പൊന്നു രാജത്വത്തെയും ദിവ്യസ്വഭാവത്തെയും വെളിപ്പെടുത്തുന്നതിനാൽ പുതിയയെരൂശലേമിന്റെ പൊന്നുകൊണ്ടുള്ള ദണ്ഡിനാലുള്ള അളവെടുപ്പു രാജകീയപ്രൗഢിയെയും, ദൈവത്വത്തെയും (royal staus and divinity)വെളിപ്പെടുത്തുന്നു. മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും (21:18) ആയിരിക്കുന്നതിനാൽ ശോഭയേറിയ നഗരത്തെ അളക്കുന്ന അളവുകോൽ തങ്കമായിരിക്കുന്നത് ഏറ്റവും അഭികാമ്യമായിരിക്കുന്നു.

**വെളി.21:16 -- നഗരം സമചതുരമായി കിടക്കുന്നു; അതിന്റെ വീതിയും നീളവും സമം. അളവുകോൽകൊണ്ടു അവൻ നഗരത്തെ അളന്നു, ആയിരത്തിരുനൂറു നാഴിക കണ്ടു; അതിന്റെ നീളവും വീതിയും ഉയരവും സമം തന്നേ** (The city is laid out as a square; its length is as great as its breadth. And he measured the city with the reed: twelve thousand furlongs. Its length, breadth, and height are equal) —

ദൂതൻ തന്റെ കൈവശമുള്ള തങ്കദണ്ഡുകൊണ്ടു നഗരത്തെ അളന്നപ്പോൾ അതു സമചതുരമായി കാണപ്പെട്ടു. അതിന്റെ വീതിയും നീളവും ഉയരവും തുല്യമായി കാണപ്പെടുകയും, അളവ് ആയിരത്തിയിരുനൂറു നാഴിക എന്നും കണ്ടു.

**നഗരം സമചതുരമായി കിടക്കുന്നു; അതിന്റെ വീതിയും നീളവും സമം. അതിന്റെ നീളവും വീതിയും ഉയരവും സമം തന്നേ** (The city is laid out as a square; its length is as great as its breadth. Its length, breadth, and height are equal) —

ദൂതന്റെ അളവിൽ പുതിയ യെരൂശലേം എന്ന സ്വർഗ്ഗീയനഗരം സമചതുരമായി കാണപ്പെട്ടു. അതിന്റെ നീളവും, വീതിയും, ഉയരവും സമമായിരിക്കുന്നു. നഗരത്തിന്റെ സമമായ അളവുകൾ ദൈവികത്രിത്വത്തെയും പ്രകടമാക്കുന്നു. വശങ്ങളെല്ലാം തുല്യമായതിനാൽ സമചതുരം (square) എന്ന നിലയിൽ നഗരം ഒരു ക്യൂബ് (cube) എന്നോ പിരമിഡ് (pyramid) എന്നോ കരുതാം. കൂടാതെ തുല്യവശങ്ങൾ കാണിക്കുന്നത് യാതൊരു കുറവോ അഭംഗിയോ ഇല്ലാത്ത ദൈവനഗരത്തിന്റെ സംപൂർണ്ണതയെയാണ്.

**അളവുകോൽകൊണ്ടു അവൻ നഗരത്തെ അളന്നു, ആയിരത്തിരൂനൂറു നാഴിക കണ്ടു** (And he measured the city with the reed: twelve thousand furlongs) —

ദൂതൻ തങ്കനിർമ്മിതമായ അളവുകോൽകൊണ്ടു നഗരത്തെ അളന്നപ്പോൾ ആയിരത്തിരുനൂറു നാഴിക എന്നു കാണപ്പെട്ടു. മൂലഭാഷയായ ഗ്രീക്കിൽ 1200 നാഴിക എന്നതിനു 12,000 സ്റ്റേഡിയ (12000 – stadia) എന്നാണ് കാണുന്നത്. ഒരു സ്റ്റേഡിയ എന്നത് ഏകദേശം 660 അടിയാണ്. അങ്ങനെയെങ്കിൽ നഗരത്തിന്റെ ഓരോ വശങ്ങൾക്കും 1500 മൈൽ നീളമുണ്ടായിരിക്കും. (New Jerusalem's measurements also correlate with the size of the earth. New Jerusalem is a cube 12,000 furlongs on an edge. *Smith's Bible Dictionary* says one furlong is 220 yards (660 feet). Thus 12,000 furlongs x 660 feet = 7,920,000 feet. The *New American Standard* translates 12,000 furlongs directly into 1,500 miles (1,500 miles x 5,280 feet to a mile = 7,920,000 feet). The diameter of earth is 7,920 miles and New

Jerusalem is 7,920,000 feet on each side).

മരുഭൂമിയിൽ ഉയർത്തിയ സമാഗമനകൂടാരവും, യെരൂശലേമിൽ ശലോമോൻ പണിത ദൈവാലയവും ദീർഘചതുരാകൃതിയിലായിരിക്കുമ്പോൾ പുതിയ യെരൂശലേം നഗരം സമചതുരമായി അഥവാ ക്യൂബായി (സമചതുരം, സ്തൂപിക) കാണപ്പെടുന്നു (The Tabernacle and the temple were both rectangles, here the city is suare /cube). എന്നാൽ സമാഗമനകൂടാരത്തിലെയും ശലോമോന്റെ ദൈവാലയത്തിന്റെയും പെട്ടകം ഇരുന്ന അതിവിശുദ്ധസ്ഥലം (Most Holy Place) സമചതുരം അഥവാ ക്യൂബ് ആയിരുന്നു. സമാഗമനകൂടാരത്തിന്റെ അതിവിശുദ്ധസ്ഥലത്തിനു 15 അടി നീളവും 15 അടി വീതിയും 15 അടി ഉയരവും ഉണ്ടായിരുന്നു (10,10,10 മുഴം). ശലോമോന്റെ ദൈവാലയത്തിലെ അതിവിശുദ്ധസ്ഥലത്തിനു നീളം, വീതി, ഉയരം എന്നിവ 25 അടി വീതമായിരുന്നു (1.രാജാ.6:20 — 20,20,20 മുഴം). എന്നാൽ യെരൂശലേം നഗരത്തിൽ പ്രാകാരമോ വിശുദ്ധസ്ഥലമോ വേർതിരിച്ചിട്ടില്ല. സമാഗമനകൂടാരത്തിലെയും ദൈവാലയത്തിലെയും ദൈവസാന്നിദ്ധ്യത്തെ വെളിപ്പെടുത്തുന്ന അതിവിശുദ്ധസ്ഥലംപോലെ യെരൂശലേം നഗരം മുഴുവൻ അതിവിശുദ്ധസ്ഥലമായിരിക്കുന്നു.

സ്വർഗ്ഗീയയെരൂശലേമിന്റെ അളവെടുത്തപ്പോൾ ദൂതൻ പറയുന്നത് നഗരം സമചതുരമായി കിടക്കുന്നു എന്നാണ്. അതിന്റെ നീളവും വീതിയും ഉയരവും സമം. ഓരോന്നും 12,000 സ്റ്റേഡിയ അഥവാ ഫർലോങ്ങ്. അതായത് 1500 മൈൽ നീളം, 1500 മൈൽ വീതി, 1500 മൈൽ ഉയരമുള്ള മഹാനഗരം. അതു നിന്നിരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണമോ ഏകദേശം ഒരേക്കർ. സ്വർഗ്ഗീയയെരൂശലേമിന്റെ വിസ്തീർണ്ണം ഏകദേശം 122 കോടി ഏക്കർ വരും. അതായത് ഇന്നു ഭൂമിയിൽ പാർക്കുന്ന 800 കോടി ജനങ്ങളുടെ താമസത്തിനാവശ്യമായ സ്ഥലത്തിന്റെ ഏകദേശം 30 മടങ്ങ് അവിടെ ഉണ്ടായിരിക്കും. സകലയുഗങ്ങളിലും ഉള്ള എല്ലാ വിശുദ്ധന്മാരെയും താമസിപ്പിക്കുവാൻ മതിയായ സൗകര്യം ഉണ്ടായിരിക്കും.

ഇത്രയും ഉയരമുള്ള ഒരു സൗധവും ഇന്നു ഭൂമിയിൽ ഇല്ല. നാലിലൊന്നു മൈലിനു താഴെയുള്ള സൗധങ്ങൾ വരെ ഏറ്റവും ഉയരമുള്ളതായി നമുക്കിന്നു അനുഭവപ്പെടുന്നുവെങ്കിൽ 1500 മൈൽ ഉയരമുള്ള ഒരു സൗധത്തെക്കുറിച്ചു ചിന്തിക്കുവാനേ കഴിയുകയില്ല. 110 നിലകളുണ്ടായിരുന്ന അമേരിക്കയിലെ വേൾഡ് സെന്ററിനുപോലും 1368 അടി (417 മീറ്റർ) മാത്രമേ ഉയരമുണ്ടായിരുന്നുള്ളു. അതു നിന്നിരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണമോ ഏകദേശം ഒരേക്കർ മാത്രം. ശലോമോൻ പണിത ദൈവാലയത്തിൽ മൂന്നു നിലകളിലായി 90 അറകൾ ഉണ്ടായിരുന്നു (1.രാജാ.6:5,8). സഹസ്രാബ്ദദൈവാലയപണിയെക്കുറിച്ചുള്ള യെഹെസ്കേലിന്റെ ദർശനത്തിലും 90 അറകൾ കാണപ്പെടുന്നു (യെഹെ.41:6,7). ആയതിനാൽ 1500 മൈൽ ഉയരമുള്ള പുതിയയെരുശലേമിലും അനേകം അറകളും നിലകളും ഉണ്ടായിരിക്കും എന്നതിനു സംശയിക്കേണ്ടതില്ല. സകലകാലവിശുദ്ധന്മാരെയും ഉൾക്കൊള്ളുവാൻ പര്യാപ്തമായ വിധത്തിലാണ് പുതിയയെരൂശലേമിനു ദൈവം രൂപകല്പന ചെയ്തിരിക്കുന്നത്. *"എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ട്"* (യോഹ.14:2) എന്നു പറഞ്ഞ നമ്മുടെ കർത്താവ് നമുക്കായി ഏറ്റവും മനോഹരമായ വാസസ്ഥലം ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അതൃത്ഭുതകരമായ ഭവനം നാം കാണുമ്പോൾ നമുക്കു അന്നു പറയുവാൻ സാധിക്കുന്നത് പ്രവാചകനായ യെശയ്യാവും അപ്പൊസ്തലനായ പൗലൊസും പറഞ്ഞ വാക്കുകളായിരിക്കും —*"നീയല്ലാതെ ഒരു ദൈവം തന്നേ കാത്തിരിക്കുന്നവന്നു വേണ്ടി പ്രവർത്തിക്കുന്നതു പണ്ടുമുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ടു കണ്ടിട്ടുമില്ല"* (യെശ.64:4). *"ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല."* (1.കൊരി.2:9).

**വെളി.21:17 — അതിന്റെ മതിൽ അളന്നു; മനുഷ്യന്റെ അളവിന്നു എന്നുവെച്ചാൽ ദൂതന്റെ അളവിന്നു തന്നേ, നൂറ്റിനാല്പത്തിനാലുമുഴം ഉണ്ടായിരുന്നു** (Then he measured its wall: one hundred and forty-four cubits, according to the measure of a man, that is, of an angel) —

യോഹന്നാനു തേജസ്സേറിയ യെരൂശലേമിനെ കാണിച്ചുകൊടുത്ത ദൂതൻ തന്നെ മതിലിനെ അളക്കുന്നു. അളക്കുന്നതിനായി ഉപയോഗിച്ച പൊന്നുകൊണ്ടുള്ള അളവുകോൽ മനുഷ്യർ അളക്കുവാനായി ഉപയോഗിക്കുന്ന അളവുകോലിൽ നിന്നു വ്യത്യസ്തമല്ല എന്നും പറയുന്നു. മതിൽ അളന്നപ്പോൾ 144 മുഴം എന്നു കണ്ടു.

**അതിന്റെ മതിൽ അളന്നു** (Then he measured its wall) —

അതിന്റെ എന്നത് പുതിയയെരൂശലേമിന്റെ ചുറ്റു മതിൽ എന്നാണ്. വിശുദ്ധന്മാരുടെ വാസസ്ഥലമായ സൗധത്തിന്റെ ചുവരെന്നെടുത്താൽ വിവിധ തെറ്റായ നിഗമനത്തിലേക്കെത്തിച്ചേരും. ദൈവത്തിന്റെ ക്രോധകലശവുമായി വന്ന ദൂതന്മാരിൽ ഒരുവൻ തന്നെയാണ് ചുറ്റുമതിൽ അളക്കുന്നത്.

**മനുഷ്യന്റെ അളവിന്നു എന്നുവെച്ചാൽ ദൂതന്റെ അളവിന്നു തന്നേ** (according to the measure of a man, that is, of an angel) —

ദൂതന്റെ കൈവശം ഇരിക്കുന്ന തങ്കനിർമ്മിതമായ അളവുകോലിനെ കുറിച്ചാണിവിടെ പറയുന്നത്. ദൂതൻ സ്വർഗ്ഗത്തിൽ നിന്നു വരുന്നതിനാൽ സ്വർഗ്ഗത്തിലെ അളവു വേറെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരിക്കുമോ ? അളവുകൾ ആലങ്കാരികപ്രയോഗങ്ങളായിരിക്കുമോ ? ദൂതന്റെ കയ്യിലെ

അളവുകോൽ മനുഷ്യരുപയോഗിക്കുന്ന അളവിനു തുല്യമായിരിക്കുമോ? എന്നൊക്കെ മനുഷ്യർ ചിന്തിക്കുവാനിടയുണ്ട്. അതുകൊണ്ടു ദൈവാത്മാവ് ഇതിനെ വിശദീകരിക്കുന്നു. ദൂതൻ അളക്കുന്ന അളവുകൾ മനുഷ്യർ അളക്കുന്ന മാനദണ്ഡത്തിലുള്ളതു അളവുകോൽപ്രകാരം തന്നെ. അതായത് ദൂതന്റെ അളവായാലും മനുഷ്യന്റെ അളവായാലും ഒരു മുഴം ഒരു മുഴമായും, ഒരു അടി ഒരു അടിയായും, ഒരു മൈൽ ഒരു മൈലായും വ്യത്യാസമില്ലാതെ ഇരിക്കുന്നു. ആയതിനാൽ ഇവിടെ തിട്ടപ്പെടുത്തുന്ന അളവുകൾ വിളിച്ചറിയിക്കുന്നത് ഇതൊക്കെയും ആലങ്കാരികഭാഷാപ്രയോഗങ്ങളോ, സാങ്കല്പികമായ നിഗമനങ്ങളോ അല്ല മറിച്ചു സകലതും അക്ഷരാർത്ഥത്തിൽ വാസ്തവം തന്നെയുള്ളവയാണ്.

**നൂറ്റിനാല്പത്തിനാലുമുഴം ഉണ്ടായിരുന്നു** (one hundred and forty-four cubits) —

മുഴം (cubit) എന്നതിനു ഗ്രീക്കിൽ പീക്കസ് (peechus) എന്നും ലാറ്റിൻ ഭാഷയിൽ കുബിറ്റസ് (cubitus) എന്നും പറയുന്നു. പീക്കസ് എന്നതിനു കൈത്തണ്ട് (peechus = forearm) എന്നും, കുബിറ്റസ് എന്നതിനു കൈമുട്ട് (cubitus = elbow) എന്നുമാണ് അർത്ഥം. സാധാരണയായി ഒരാളിന്റെ കൈമുട്ടു മുതൽ കൈപ്പത്തിയിലെ നീളമുള്ള വിരലിന്റെ അഗ്രഭാഗം വരെയുള്ള അളവ് ഒരു മുഴമായി എടുക്കുന്നു. പൊതുവേ മുഴം ഏകദേശം 18 ഇഞ്ച് എന്ന തോതായി സ്വീകരിക്കുന്നു. ഇതിൻപ്രകാരം 144 മുഴം എന്നത് 216 അടിയാണ് (144 ഗുണം 18 = 2592 ഇഞ്ച് > ഭാഗം 12 = 216 അടി).

സ്വർഗ്ഗത്തിൽ നിന്നു വന്ന ദൂതൻ മതിൽ അളന്നപ്പോൾ 144 മുഴം എന്നു കാണപ്പെട്ടു. അളവ് സ്വർഗ്ഗീയ ദൂതനാണെടുക്കുന്നതെങ്കിലും അതു മനുഷ്യരുപയോഗിക്കുന്ന അതേ പ്രമാണം വെച്ചാണ് അളവെടുത്തത്. ഏകദേശം 1500 മൈൽ നീളവും, 1500 മൈൽ വീതിയും, 1500 മൈൽ ഉയരവുമുള്ള സൗധത്തിനുള്ള ചുറ്റുമതിൽ കേവലം 144 മുഴമേ ഉയരമുള്ളു എന്നു ചിന്തിക്കുന്നതിൽ അഭംഗിയും പൊരുത്തക്കേടുമുണ്ട്. ആകയാൽ ഇവിടെ മതിലിന്റെ അളവ് 144 മുഴം എന്നത് മതിലിന്റെ ഉയരമല്ല ഘനം (thickness) എന്നാണ് കരുതേണ്ടത്.

**വെളി.21:18 — മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും ആയിരുന്നു** (The construction of its wall was of jasper; and the city was pure gold, like clear glass) —

നഗരത്തിന്റെയും മതിലിന്റെയും അളവുകൾ പറഞ്ഞശേഷം വെളിപ്പാടു 21:18 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ അതിനുപയോഗിച്ചിരിക്കുന്ന തങ്കത്തെയും വിവിധ രത്നക്കല്ലുകളെയും (Gold and Stones used in the City) കുറിച്ചു വിവരിച്ചിരിക്കുന്നു.

**മതിലിന്റെ പണി സൂര്യകാന്തവും** (The construction of its wall was of jasper) —

നഗരത്തിനു ചുറ്റുമുള്ള മതിൽ സൂര്യകാന്തത്താൽ നിർമ്മിച്ചിരിക്കുന്നു. പരിശുദ്ധിയെയും വിശുദ്ധിയെയും തേജസ്സിനെയും വെളിപ്പെടുത്തുന്നതാണ് സൂര്യകാന്തം. പ്രകാശത്തെ കടത്തിവിടുന്ന രത്നക്കല്ലാണ് സൂര്യകാന്തം. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന പുതിയ യെരൂശലേമിന്റെ ജ്യോതിസ്സിനെ ഏറ്റവും വിലയേറിയ സൂര്യകാന്തത്തോടു സാമ്യപ്പെടുത്തിയിരുന്നു. **വെളി.21:11 —** *“അതിന്റെ ജ്യോതിസ്സു ഏറ്റവും വിലയേറിയ രത്നത്തിന്നു തുല്യമായി സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തം പോലെ ആയിരുന്നു.”* ഇവിടെ യെരൂശലേം നഗരം മാത്രമല്ല നഗരത്തിന്റെ മതിലും അതേ സൂര്യകാന്തത്താൽ പണിതിരിക്കുന്നു. രത്നം ദിവ്യസ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതാകയാൽ യെരൂശലേമിലെ നിവാസികളും ദിവ്യസ്വഭാവത്തെ പ്രകടിപ്പിക്കുന്നവരാണ്.

**നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും ആയിരുന്നു** (and the city was pure gold, like clear glass) —

മതിൽ സൂര്യകാന്തമായിരിക്കുമ്പോൾ നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കത്താൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. അതായത് കണ്ണാടിപോലെ മിന്നിത്തിളങ്ങുന്ന തങ്കത്താൽ പണിതിരിക്കുന്നു. തങ്കം ദൈവത്വത്തെയും, സ്വച്ഛസ്ഫടികമെന്ന വിശേഷണം കലർപ്പില്ലാത്ത വിശുദ്ധിയെയും നിർമ്മലതയെയും പ്രദർശിപ്പിക്കുന്നു. സൂര്യകാന്തവും സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും മതിലിന്റെയും നഗരത്തിന്റെയും പണിയിൽ ചേരുമ്പോൾ അവ വെളിപ്പെടുത്തുന്നത് നഗരമാകെ ദൈവീകതേജസ്സു കൊണ്ടും അതുല്യമായ ദൈവീകവിശുദ്ധികൊണ്ടും നിറയപ്പെടുന്നു എന്നാണ്.

**വെളി.21:19,20 — നഗരത്തിന്റെ അടിസ്ഥാനങ്ങൾ സകലരത്നവുംകൊണ്ടു അലങ്കരിച്ചിരിക്കുന്നു; ഒന്നാം അടിസ്ഥാനം സൂര്യകാന്തം, രണ്ടാമത്തേതു നീലരത്നം, മൂന്നാമത്തേതു മാണിക്യം. നാലാമത്തേതു മരതകം, അഞ്ചാമത്തേതു നഖവർണ്ണി, ആറാമത്തേതു ചുവപ്പുകല്ലു, ഏഴാമത്തേതു പീതരത്നം, എട്ടാമത്തേതു ഗോമേദകം, ഒമ്പതാമത്തേതു പുഷ്യരാഗം, പത്താമത്തേതു വൈഡൂര്യം, പതിനൊന്നാമത്തേതു പത്മരാഗം, പന്ത്രണ്ടാമത്തേതു സുഗന്ധിരത്നം** (The foundations of the wall of the city were adorned with all kinds of precious stones: the first foundation was jasper, the second sapphire, the third chalcedony, the fourth emerald. the fifth sardonyx, the sixth sardius, the seventh chrysolite, the eighth beryl, the ninth topaz, the tenth chrysoprase, the eleventh jacinth, and the twelfth amethyst) —

നഗരത്തിന്റെ അടിസ്ഥാനങ്ങൾ വിവിധ തരത്തിലുള്ള വിലയേറിയതും വിശേഷതയുള്ളതുമായ പന്ത്രണ്ടു രത്നങ്ങളാൽ അലങ്കരിച്ചിരിക്കുന്നു. നഗരത്തിന്റെ 12 ഗോപുരങ്ങളിൽ യിസ്രായേൽ മക്കളുടെ 12 ഗോത്രങ്ങളുടെ പേരുകളും (21:12), നഗരമതിലിന്റെ അടിസ്ഥാനങ്ങളിൽ കുഞ്ഞാടിന്റെ 12 അപ്പൊസ്തലന്മാരുടെ പേരുകളും കൊത്തിയിരിക്കുന്നു (21:14). ഇതേ അടിസ്ഥാനങ്ങൾ അലങ്കരിക്കപ്പെട്ടിരിക്കുന്നത് സകല രത്നങ്ങളാലുമാണ്.

**നഗരത്തിന്റെ അടിസ്ഥാനങ്ങൾ സകലരത്നവുംകൊണ്ടു അലങ്കരിച്ചിരിക്കുന്നു** (The foundations of the wall of the city were adorned with all kinds of precious stones) —

പഴയനിയമത്തിൽ മഹാപുരോഹിതൻ ധരിച്ചിരുന്ന വിശേഷവസ്ത്രമായിരുന്നു എഫോദ്. രത്നക്കല്ലുകൾ പതിച്ചതും വിവിധ ചിത്രത്തയ്യലോടു കൂടിയതുമായിരുന്നു എഫോദ്. എഫോദിന്റെ മുൻഭാഗവും പിൻഭാഗവും തോളുകളിലാണ് യോജിപ്പിച്ചിരുന്നത്. ചുമലിലുള്ള രണ്ടു ഗോമേദകല്ലുകളിൽ യിസ്രായേൽ ഗോത്രം പന്ത്രണ്ടിന്റെയും പേരുകൾ ആറു വീതം കൊത്തിയിരുന്നു (പുറ.28:9,10). യിസ്രായേൽ ഗോത്രങ്ങളെയെല്ലാം മഹാപുരോഹിതൻ തന്റെ ചുമലിൽ വഹിക്കുന്നു എന്നതിനെ ഇതു വെളിപ്പെടുത്തുന്നു. ക്രിസ്തു തന്റെ മക്കളെ തന്റെ ചുമലിൽ വഹിക്കുന്നു എന്നതിനെയും ഇതു സൂചിപ്പിക്കുന്നു. മഹാപുരോഹിതവസ്ത്രമായ എഫോദിൽ ഏറ്റവും വിലയേറിയത് മാർപതക്കമാണ്. അമൂല്യങ്ങളായ 12 രത്നക്കല്ലുകൾ നാലു നിരകളിലായി അതിൽ പതിച്ചിരുന്നു. യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിന്റെയും പേരുകൾ ഓരോ രത്നങ്ങളിലും കൊത്തിയിരുന്നു (പുറ.28:17–21). മാർപതക്കം മഹാപുരോഹിതൻ തന്റെ നെഞ്ചിലാണ് ധരിച്ചിരുന്നത്. മഹാപുരോഹിതൻ എപ്പോഴും അവരെ തന്റെ നെഞ്ചോടു ചേർത്തു വഹിക്കുന്നു എന്നും വിശ്വാസികളെ ക്രിസ്തു തന്റെ ഹൃദയത്തിൽ വഹിക്കുന്നു എന്നതിനെയും ആത്മീകമായി ചിന്തിക്കാം. യിസ്രായേൽ ഗോത്രങ്ങളെ ദൈവസന്നിധിയിൽ ഓർക്കുന്നതിനാണ് മാർപതക്കത്തിൽ ഇപ്രകാരം പേരുകൾ കൊത്തിയിരുന്നത്. പുതിയ യെരൂശലേം നഗരപണിയെ വർണ്ണിക്കുമ്പോഴും നഗരത്തിന്റെ 12 അടിസ്ഥാനങ്ങൾ 12 രത്നക്കല്ലുകളാൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു.

**ഒന്നാം അടിസ്ഥാനം സൂര്യകാന്തം, രണ്ടാമത്തേതു നീലരത്നം, മൂന്നാമത്തേതു മാണിക്യം. നാലാമത്തേതു മരതകം, അഞ്ചാമത്തേതു നഖവർണ്ണി, ആറാമത്തേതു ചുവപ്പുകല്ലു, ഏഴാമത്തേതു പീതരത്നം, എട്ടാമത്തേതു ഗോമേദകം, ഒമ്പതാമത്തേതു പുഷ്യരാഗം, പത്താമത്തേതു വൈഡൂര്യം, പതിനൊന്നാമത്തേതു പത്മരാഗം, പന്ത്രണ്ടാമത്തേതു സുഗന്ധിരത്നം** (the first foundation was jasper, the second sapphire, the third chalcedony, the fourth emerald. the fifth sardonyx, the sixth sardius, the seventh chrysolite, the eighth beryl, the ninth topaz, the tenth chrysoprase, the eleventh jacinth, and the twelfth amethyst) —

നഗരത്തിന്റെ 12 അടിസ്ഥാനങ്ങളും 12 തരം രത്നങ്ങളാൽ പണിതിരിക്കുന്നു. വീടുകളും ഉയരങ്ങളിലുള്ള കെട്ടിടങ്ങളും, നഗരമതിലുകളും പണിയുമ്പോൾ അതിന്റെ അടിസ്ഥാനങ്ങൾ നമുക്കു ദൃശ്യമായിരിക്കയില്ല. അടിസ്ഥാനങ്ങൾ ഭൂമിക്കടിയിൽ മറഞ്ഞിരിക്കുന്നതിനാൽ അവ അലങ്കരിക്കാറുമില്ല. നമ്മുടെ കണ്ണുകൾക്കു ദൃശ്യമായതു മാത്രമാണ് വിലയേറിയ സാധനങ്ങളാൽ അലങ്കരിക്കുന്നത്. എന്നാൽ യെരൂശലേം നഗരത്തിന്റെ അടിസ്ഥാനപ്പണിയിൽ സകലവിധ രത്നങ്ങളാലും അലങ്കരിച്ചിരിക്കുന്നു. ഇത് വിളിച്ചറിയിക്കുന്നത് നമ്മുടെ നിത്യവാസത്തിനായുള്ള നഗരം പുറമേയുള്ള കാഴ്ചക്കു അതുല്യമായിരിക്കുന്നു എന്നു മാത്രമല്ല അതിന്റെ സകല പണികളും കാണപ്പെടാത്ത ഭാഗങ്ങളും കുറ്റമറ്റതും, ഭംഗിയേറിയതും ആയിരിക്കുന്നു എന്നാണ്. രത്നങ്ങളോടു ബന്ധത്തിൽ ലോകത്തിലെ കാര്യങ്ങളുടെ അപ്രമേയ ഭംഗി വിവരിക്കുമ്പോൾ നവരത്നങ്ങളോടാണ് ഉപമിക്കുന്നത്. എന്നാൽ സ്വർഗ്ഗീയ യെരൂശലേം നവരത്നങ്ങൾ അഥവാ ഒമ്പതു രത്നങ്ങളാലല്ല, പന്ത്രണ്ടു വിശിഷ്ടരത്നങ്ങളാലാണ് അലങ്കരിച്ചിരിക്കുന്നത്. കൈവെള്ളയിലൊതുങ്ങുന്ന ഒരു രത്നത്തിനു തന്നെ കോടികൾ വിലമതിക്കുന്നുവെങ്കിൽ യെരൂശലേം നഗരത്തിന്റെ അടിസ്ഥാനങ്ങളിലുപയോഗിക്കുന്ന ഭീമാകരങ്ങളായ രത്നങ്ങളുടെ വില നിശ്ചയിക്കുവാനേ സാദ്ധ്യമല്ല. രത്നങ്ങളിൽ പ്രകാശരശ്മികൾ കടക്കുമ്പോൾ കണ്ണഞ്ചിപ്പിക്കുന്ന വിവിധ നിറങ്ങൾ പുറപ്പെടുവിക്കുന്നു. അങ്ങനെയങ്കിൽ ഭീമാകാരങ്ങളായ 12 രതന്ങ്ങൾ

പുറപ്പെടുവിക്കുന്ന പ്രകാശത്തിന്റെ ഭംഗി എത്രമാത്രമായിരിക്കും! ഒരുപക്ഷേ 12 രത്നങ്ങൾ ഉപയോഗിച്ചിരിക്കുന്നത് ആലങ്കാരികഭാഷാ വർണ്ണനയെങ്കിൽ യെരൂശലേം നഗരത്തിന്റെ ആത്മീക ഉന്നതിയും, കൃപയും, അനുഗ്രഹവും എത്രമാത്രം അതുല്യമായിരിക്കും! ക്ഷയം, മാലിന്യം, വാട്ടം എന്നിവയില്ലാത്ത അവകാശത്തിനായി നാം രക്ഷിക്കപ്പെട്ടു ഇന്ന് ദൈവശക്തിയാൽ കാക്കപ്പെടുന്ന (1.പത്രൊ.1:4,5) നമുക്കു ഒരുക്കപ്പെടുന്ന നിത്യഭവനത്തിന്റെ അപ്രമേയഭംഗിയെ വിവരിക്കുവാനോ സംസാരിക്കുവാനോ മനുഷ്യരായ നമുക്കു കഴികയില്ല.

**(1) സൂര്യകാന്തം** (jasper) — സ്വച്ഛസ്ഫടികംപോലെ വെള്ളനിറമുള്ളത്.
**(2) നീലരത്നം** (sapphire) — ആകാശനീലനിറമുള്ളതും വജ്രംപോലെ കടുപ്പമുള്ളതും.
**(3) മാണിക്യം** (chalcedony) — മയിൽപീലിയിൽ കാണുന്ന പച്ചനിറം.
**(4) മരതകം** (emerald) — കടും പച്ചനിറം.
**(5) നഖവർണ്ണി** (sardonyx) — വെളുപ്പും ചുവപ്പും കലർന്ന നിറം (നഖത്തിന്റെ നിറം).
**(6) ചുവപ്പുകല്ലു** (sardius) — രക്തനിറം.
**(7) പീതരത്നം** (chrysolite) — സ്വർണ്ണനിറം.
**(8) ഗോമേദകം** (beryl) — സമുദ്രജലത്തിന്റെ നിറം (നീലയും പച്ചയും കലർന്നത്).
**(9) പുഷ്യരാഗം** (topaz) — മഞ്ഞ കലർന്ന നേർത്തപച്ചനിറം.
**(10) വൈഡൂര്യം** (chrysoprase) — വെള്ളരത്നത്തിൽ സ്വർണ്ണപൊട്ടുകളുള്ളത്.
**(11) പത്മരാഗം** (jacinth) — നീലകലർന്ന ധൂമ്രവർണ്ണം.
**(12) സുഗന്ധിരത്നം** (amethyst) — കടും ഊത നിറം (വയലറ്റു).

**വെളി.21:21 — പന്ത്രണ്ടുഗോപുരവും പന്ത്രണ്ടുമുത്തു; ഓരോ ഗോപുരം ഓരോ മുത്തുകൊണ്ടുള്ളതും നഗരത്തിന്റെ വീഥി സ്വച്ഛസ്ഫടികത്തിന്നു തുല്യമായ തങ്കവും ആയിരുന്നു** (The twelve gates were twelve pearls: each individual gate was of one pearl. And the street of the city was pure gold, like transparent glass) —

മതിലിന്റെയും നഗരത്തിന്റെയും പണിയെയും, നഗരത്തിന്റെ അടിസ്ഥാനത്തെയും കുറിച്ചു പറഞ്ഞശേഷം നഗരഗോപുരത്തെക്കുറിച്ചു വിവരിക്കുന്നു. പന്ത്രണ്ടുഗോപുരവും ഓരോ മുത്തുകൊണ്ടു പണിതിരിക്കുന്നു. നഗരത്തിനു വന്മതിലും, 12 ഗോപുരവും, ഗോപുരങ്ങളിൽ 12 ദൂതന്മാരും, അതിൽ യിസ്രായേൽ മക്കളുടെ 12 ഗോത്രങ്ങളുടെ പേരും കൊത്തിയിരുന്നു. മൂന്നു ഗോപുരങ്ങൾ വീതം നാലു വശത്തായിരുന്നു 12 ഗോപുരങ്ങൾ (വെളി.21:12,13).

**പന്ത്രണ്ടുഗോപുരവും പന്ത്രണ്ടുമുത്തു; ഓരോ ഗോപുരം ഓരോ മുത്തുകൊണ്ടുള്ളതും** (The twelve gates were twelve pearls: each individual gate was of one pearl) —

പുതിയയെരൂശലേമിന്റെ 12 ഗോപുരങ്ങൾ (വാതിലുകൾ) മുത്തിനാൽ നിർമ്മിതമാണ്. ഓരോ ഗോപുരവും ഓരോ മുത്തുകൊണ്ടുള്ളതുമാണ്. ഏകദേശം 1500 മൈൽ ഉയരമുള്ള സൗധത്തിനു അത്രയുമോ അതിനോടടുത്ത ഉയരത്തിലുള്ള ഗോപുരം അഥവാ വാതിലുകൾ ഉണ്ടായിരിക്കുവാനാണ് സാദ്ധ്യത. എങ്കിൽ ഓരോ മുത്തിന്റെയും വലിപ്പം എത്രമാത്രമായിരിക്കും?! രത്നക്കല്ലുകൾ ഭൂമിയിൽ നിന്നു ലഭിക്കുന്നുവെങ്കിൽ, മുത്തു ലഭിക്കുന്നത് ഒരുതരം കടലിലെ ജീവിയിൽ നിന്നാണ്. അനേകവർഷംകൊണ്ടു രൂപം പ്രാപിക്കുന്ന മുത്തു ഏറെ വലിപ്പം ഉണ്ടായിരിക്കയുമില്ല. എന്നാൽ യെരൂശലേമിന്റെ ഗോപുരങ്ങൾ പണിതിരിക്കുന്നത് ഭീമാകാരമായ മുത്തിനാൽ എന്നത് ദൈവത്തിന്റെ മഹത്വത്തിലേക്കും ദൈവത്തിന്റെ സർവ്വശക്തിയിലേക്കും വിരൽ ചൂണ്ടുന്നു. വിലമതിക്കാനാവാത്തതും ശോഭയേറിയതുമായ വലിപ്പമേറിയ മുത്തിനാൽ നിർമ്മിതമായ വാതിലുകൾ എത്ര ഭംഗിയുള്ളതായിരിക്കും.

മത്താ.13:45,46 — *"സ്വർഗ്ഗരാജ്യം നല്ല മുത്തു അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അതു വാങ്ങി."* നമ്മുടെ കർത്താവ് ഒരു നല്ല മുത്തു അന്വേഷിച്ചുവന്ന വ്യാപാരിയായി എടുക്കുമെങ്കിൽ വിലയേറിയ മുത്തായ ദൈവമക്കളുടെ കൂട്ടമായ സഭയെ കണ്ടെത്തി തന്റെ ജീവൻകൊടുത്തു അതിനെ സ്വന്തമാക്കി. വിലയേറിയ മുത്തായ മണവാട്ടിസഭയെ പാർപ്പിക്കുവാനായി മുത്തുകൊണ്ടുള്ള ഗോപുരവും യെരൂശലേമിൽ ഉണ്ടെന്ന വാർത്ത എത്രയോ ചിന്തവ്യമാണ്.

**നഗരത്തിന്റെ വീഥി സ്വച്ഛസ്ഫടികത്തിന്നു തുല്യമായ തങ്കവും ആയിരുന്നു** (And the street of the city was pure gold, like transparent glass) —

ഗോപുരങ്ങൾ മുത്തിനാൽ നിർമ്മിതമെങ്കിൽ നഗരത്തിന്റെ വീഥികളെല്ലാം തങ്കനിർമ്മിതമാണ്. സ്വച്ഛസ്ഫടികത്തിനു തുല്യമായ തങ്കത്താൽ അഥവാ കലർപ്പോ, മാലിന്യമോ, അശുദ്ധിയോ ഇല്ലാത്ത ശുദ്ധമായ തങ്കത്താൽ വീഥികൾ നിർമ്മിതമായിരിക്കുന്നു. ആത്മികമായി ചിന്തിച്ചാൽ സ്വച്ഛസ്ഫടികത്തിനു തുല്യമെന്നത് പരിപൂർണ്ണവിശുദ്ധിയെയും, തങ്കം എന്നത് ദൈവത്വത്തെയും കുറിക്കുന്നു. അതായത് പുതിയയെരുശലേം വിശുദ്ധനഗരം എന്ന നിലയിൽ മാറ്റമില്ലാത്ത, കലർപ്പില്ലാത്ത വിശുദ്ധിയുടെ ഉറവിടം എന്നും അവിടമാസകലം ദൈവസാന്നിദ്ധ്യത്തിന്റെ നിറവുണ്ടെന്നും സാരം.

നഗരത്തിന്റെ വീഥി സ്വച്ഛസ്ഫടികത്തിനു തുല്യമായ തങ്കം എന്ന നിലയിൽ അക്ഷരാർത്ഥത്തിൽ എടുത്താൽ വിശ്വാസികൾ ലോകജീവിതത്തിൽ ഉൾക്കൊള്ളേണ്ട ചില ആത്മികസത്യങ്ങളും കാണാം. വിദ്വാന്മാർ കർത്താവിനു പൊന്നു കാഴ്ചവച്ചു, മുടിയൻ പുത്രനെ മോതിരം ധരിപ്പിച്ചു, യാക്കോബിന്റെ സഭയിൽ പൊൻമോതിരമിട്ടയാളുണ്ടായിരുന്നു, യേശുക്രിസ്തു മാറത്തു പൊൻകച്ച ധരിച്ചിരിക്കുന്നു എന്നൊക്കെപ്പറഞ്ഞു ഇക്കാലത്തു വേർപെട്ട വിശ്വാസികൾ പോലും പൊന്നാഭരണം അണിയുന്നു. അതിനായി ഉപദേശവിഷയങ്ങൾ കാറ്റിൽ പറത്തി ആഭരണം ധരിക്കുന്ന സഭകളിലേക്കു ചേക്കേറുന്നു, അങ്ങനെയുള്ള കൂട്ടങ്ങളിൽ സ്നാനപ്പെടുവാൻ നാമധേയർ വെമ്പൽകൊള്ളുന്നു. പൂർവ്വപിതാവായ യാക്കോബ് ദൈവസന്നിധിയിൽ സുഗ്രാഹ്യമായ ഒരാരധന കരേറ്റുവാൻ തീരുമാനിച്ചപ്പോൾ, ശുദ്ധീകരണമാവശ്യമെന്നു ബോദ്ധ്യപ്പെട്ടു സ്വർണ്ണാഭരണങ്ങൾ ശെഖേമിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു (ഉല്പ.35:2-4). ഒരിക്കലും തിരിച്ചെടുക്കുവാൻ കഴിയാത്ത വിധത്തിലുള്ള മറവിനെയാണ് കരുവേലകം കാണിക്കുന്നത്. എന്നാൽ ലോകത്തിന്റെ മുന്നേറ്റമനുസരിച്ചു വിശ്വാസികളിൽ ആത്മികത നഷ്ടപ്പെട്ടവർ കരുവേലകത്തിൻ ചുവട്ടിൽ നിന്നു ഇതു കുഴിച്ചെടുത്തു ഉരുക്കി ജാതീയദേവന്മാർ അണിയുന്ന പാമ്പിന്റെ രൂപത്തിലും, ഫറവോന്റെ ബന്ധനമായി മോതിരത്തിന്റെ രൂപത്തിലും ശരീരത്തിൽ ചുമക്കുന്നു. ചെമ്പിന്റെയും പിച്ചളയുടെയും കലർപ്പോടു കൂടെ ഈ ബന്ധനം ഇന്നു ശരീരത്തിൽ അനേകർ ചുമക്കുന്നു. എന്നാൽ യെരൂശലേം തെരുവിഥിയിൽ വിശ്വാസികളായ ദൈവമക്കൾക്കു ദൈവം ഒരുക്കിയിരിക്കുന്ന നഗരവീഥിസ്വച്ഛസ്ഫടികത്തിനു തുല്യമായ തങ്കത്താൽ നിർമ്മിതമാണ്. അന്നു ചവിട്ടി നടക്കുവാനുപയോഗിക്കുന്നതിലും എത്രയോ വിലകുറഞ്ഞ ലോഹങ്ങളാണ് വിശ്വാസികൾ ചുമന്നുകൊണ്ടു നടക്കുന്നതെന്നോർക്കുമ്പോൾ എത്രയോ ലജ്ജാവഹമാണ്!

**വെളി.21:22 — മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു** (But I saw no temple in it, for the Lord God Almighty and the Lamb are its temple) —

സ്വർഗ്ഗീയനഗരം, നഗരതേജസ്സ്, നഗരമതിൽ, നഗരഗോപുരം, അടിസ്ഥാനം, അളവുകൾ, അതിനുപയോഗിച്ചിരിക്കുന്ന രത്നം, മുത്ത് എന്നിവ പറഞ്ഞശേഷം അവിടെ കാണാനില്ലാത്ത ചില പ്രത്യേകതകൾ തുടർന്നുള്ള വാക്യങ്ങളിൽ യോഹന്നാൻ വിവരിക്കുന്നു —> അവിടെ മന്ദിരമില്ല (22), സൂര്യന്റെയും ചന്ദ്രന്റെയും ആവശ്യമില്ല (23), രാത്രി ഇല്ല (25), ജീവപുസ്തകത്തിൽ പേരില്ലാത്തവർ ആരും ഇല്ല (27).

**മന്ദിരം അതിൽ കണ്ടില്ല** (But I saw no temple in it) —

മന്ദിരം എന്നത് ദൈവാലയത്തെ കുറിക്കുന്നു. ദൈവം വസിക്കുന്ന ആലയത്തെ ദൈവാലയം എന്നും, ജാതീയദേവന്മാരെ കുടിയിരുത്തിയിരിക്കുന്ന ആലയത്തെ ദേവാലയം എന്നും പൊതുവേ അറിയപ്പെടുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും യെരൂശലേം മഹാനഗരമായി അറിയപ്പെടുവാൻ കാരണം തന്നെ ദൈവാലയത്തിന്റെ സാന്നിദ്ധ്യമാണ്. ദൈവം തന്റെ ജനമായ യിസ്രായേലിന്റെ മദ്ധ്യേ വസിക്കുന്നതിന്റെ ദൃശ്യമായ കാഴ്ചയാണ് രാജാവായ ശലോമോൻ യെരൂശലേമിൽ പണിത ദൈവാലയം. എന്നാൽ വിശുദ്ധന്മാരുമായി ക്രിസ്തുവിന്റെ ഭൂമിയിലെ ആയിരമാണ്ടു വാഴ്ചക്കുശേഷം നിത്യവാസമൊരുക്കുമ്പോൾ പുതിയയെരൂശലേമിന്റെ പ്രത്യേകതയെന്നത് അവിടെ മന്ദിരം അഥവാ ദൈവാലയം ഇല്ലയെന്നതാണ്.

ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനുമായി ഒത്തൊരുമിച്ചു ഏദെൻതോട്ടത്തിൽ വസിക്കുവാനാഗ്രഹിച്ചു. യഥാർത്ഥത്തിൽ ഏദെൻ തോട്ടം ഭൂമിയിലെ ഒന്നാമത്തെ ദൈവാലയമായിരുന്നു. എന്നാൽ മനുഷ്യൻ പാപത്തിൽ വീണപ്പോൾ വിശുദ്ധി നഷ്ടപ്പെട്ട മനുഷ്യനുമായി ദൈവത്തിനു വസിക്കുവാൻ സാദ്ധ്യമല്ലാതെയായി. അതിനു ശേഷം തനിക്കായി വേർതിരിക്കപ്പെട്ട ദൈവജനമായ യിസ്രായേലിന്റെ മദ്ധ്യേ വസിക്കുവാനായി ആഗ്രഹിച്ച ദൈവം മോശെയാൽ മരുഭൂമിയിൽ സമാഗമനകൂടാരവും, പിൽക്കാലത്ത് യെരൂശലേമിൽ ശലോമോനാൽ മനോഹരമായ ദൈവാലയവും പണിയിച്ചു. ഇവയുടെ അതിപരിശുദ്ധസ്ഥലത്തു ദൈവം തന്റെ മഹത്വത്തിൽ വസിച്ചു. എന്നാൽ അതിന്റെ അതിപരിശുദ്ധസ്ഥലം കട്ടിയുള്ള തിരശ്ശീലയാൽ മറക്കപ്പെട്ടു. പാപികൾക്കു അതിപരിശുദ്ധസ്ഥലത്തുള്ള തിരശ്ശീലക്കപ്പുറത്തു പ്രാകാരത്തിൽ യാഗവുമായി വന്നു അവരുടെ പാപവും ലംഘനവും മറക്കപ്പെടുവാൻ അവസരമൊരുക്കി. തിരശ്ശീലയുടെ വേർതിരിവിനാലും, ദൈവമഹത്വം മറക്കപ്പെട്ടിരുന്നതിനാലും, പാപിക്കു ദൈവസന്നിധിയിലേക്കു നേരിട്ടു വരുവാനോ ദൈവീകസാന്നിദ്ധ്യം അനുഭവിക്കുവാനോ കഴിഞ്ഞിരുന്നില്ല. കാരണം അന്നു ലോകരക്ഷിതാവായ യേശുക്രിസ്തുവിന്റെ രക്തത്താൽ പാപങ്ങൾ എന്നെന്നേക്കുമായി മറക്കപ്പെടുവാൻ അവസരമുണ്ടായിരുന്നില്ല.

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പ്രായശ്ചിത്തമരണം ക്രൂശിൽ നടന്നപ്പോൾ ദൈവാലയത്തിലെ കട്ടിയുള്ള തിരശ്ശീല മേൽതൊട്ടു അടിയോളം കീറിപ്പോയി. അതായത് യെഹൂദനും യവനനും എന്നില്ലാതെ, ആണും പെണ്ണുമെന്നില്ലാതെ ലോകത്തിലുള്ള സകല മനുഷ്യർക്കും അവർ എത്രതന്നെ പാപികളായിരുന്നാലും അതിപരിശുദ്ധസ്ഥലത്തേക്കുള്ള പ്രവേശനം കൃപയാൽ

യേശുക്രിസ്തുവിലൂടെ അനുവദിക്കപ്പെട്ടു. മാത്രവുമല്ല, ഇന്നു ദൈവം തന്റെ മക്കളായ വിശുദ്ധന്മാരുടെ ശരീരമാകുന്ന മന്ദിരത്തിലാണ് വസിക്കുന്നത്. പുതിയനിയമവിശ്വാസികളെ സംബന്ധിച്ചു അവർക്കു ഓർക്കുവാനുള്ളത് അവർ ദൈവത്തിന്റെ മന്ദിരം എന്നും (1.കൊരി.3:16/1.കൊരി.6:19), ദൈവം മനുഷ്യന്റെ കൈപ്പണിയായ കെട്ടിടങ്ങളിലോ (അപ്പൊ.17:24), ആരാധനാലയം എന്നു വിളിക്കപ്പെടുന്ന ദൈവാലയത്തിന്റെ നാലുഭിത്തികൾക്കുള്ളിലോ (യോഹ.4:21) മാത്രം ഒതുങ്ങുന്നില്ല എന്നാണ്. പുതിയ യെരൂശലേമിലെത്തുമ്പോൾ അവിടെ മന്ദിരം അഥവാ ദൈവാലയം ഇല്ല. ഏദെൻതോട്ടത്തിൽ മനുഷ്യൻ ദൈവത്തോടു കൂടെ എപ്രകാരം വസിച്ചുവോ അതുപോലെ പുതിയ യെരൂശലേമിലും വസിക്കും. അവിടെ തിരശ്ശീലയോ, മറയോ, ഭിത്തിയോ ഇല്ലാതെ അവിടമാസകലം ദൈവം വസിക്കുന്ന സ്ഥലമാകയാൽ പുതിയയെരൂശലേം ഒരു ദൈവാലയം തന്നെ ആയിരിക്കും.

**സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു** (for the Lord God Almighty and the Lamb are its temple) —

പുതിയ യെരൂശലേമിൽ പ്രത്യേകിച്ചു മന്ദിരം അഥവാ ദൈവാലയം യോഹന്നാൻ കണ്ടില്ല. സ്വർഗ്ഗീയ യെരൂശലേമിലാകെ ദൈവസാന്നിദ്ധ്യം നിറഞ്ഞു നില്ക്കുന്നതിനാൽ വേർതിരിക്കപ്പെട്ട ദൈവാലയത്തിന്റെ ആവശ്യം ഇല്ല. അവിടമാസകലം വിശുദ്ധസ്ഥലമാകയാലും, ദൈവം വസിക്കുന്ന സ്ഥലമാകയാലും ദൈവാലയമായി കരുതാം. സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു. സർവ്വശക്തനായ പിതാവായ ദൈവം, കുഞ്ഞാടായ യേശുക്രിസ്തുവെന്ന ദൈവപുത്രൻ, പരിശുദ്ധാത്മാവാം ദൈവം എന്നിങ്ങനെ ത്രിയേകനാം ദൈവസാന്നിദ്ധ്യത്തിൽ സകലകാലവിശുദ്ധന്മാരും ഒത്തൊരുമിച്ചു വസിക്കുന്നു. *"ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും"* (വെളി.21:3) എന്നു സ്വർഗ്ഗത്തിൽ നിന്നു കേട്ട മഹാശബ്ദം ഇവിടെ നിവൃത്തിയാകുന്നു. ദൈവവും വിശുദ്ധന്മാരും ഒത്തൊരുമിച്ചു വസിക്കയാൽ ഒരു നിമിഷംപോലും വിട്ടുപിരിഞ്ഞു വസിക്കുന്നില്ല. ആയതിനാൽ ദൈവത്തെ ആരാധിക്കുവാൻ വേർതിരിക്കപ്പെട്ട സ്ഥലമോ, ദൈവാലയമോ ആവശ്യമില്ല. *"അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും"* (വെളി.22:3,4) എന്ന വചനപ്രകാരം സർവ്വശക്തനായ ദൈവത്തെ നാം നേരിൽ കണ്ടു സദാ ആരാധിക്കുന്ന രംഗമായിരിക്കും അവിടെ ഉണ്ടാകുന്നത്.

**വെളി.21:23 — നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല; ദൈവതേജസ്സു അതിനെ പ്രകാശിപ്പിച്ചു; കുഞ്ഞാടു അതിന്റെ വിളക്കു ആകുന്നു** (The city had no need of the sun or of the moon to shine in it, for the glory of God illuminated it. The Lamb is its light) —

സ്വർഗ്ഗീയ യെരൂശലേമിന്റെ മറ്റൊരു പ്രത്യേകതയെന്നത് നഗരത്തെ പ്രകാശിപ്പിപ്പാനായി സൂര്യനും ചന്ദ്രനും ആവശ്യമില്ല. സൂര്യനോ ചന്ദ്രനോ ഇല്ലെന്നോ ഉണ്ടെന്നോ പറയാതെ നഗരത്തെ ശോഭിപ്പിക്കുവാൻ അവയുടെ ആവശ്യം ഇല്ല എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവതേജസ്സു നഗരത്തെ പ്രകാശിപ്പിക്കുന്നു. കുഞ്ഞാടായ യേശുക്രിസ്തു നഗരത്തിന്റെ വിളക്കു ആകുന്നു.

**നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല** (The city had no need of the sun or of the moon to shine in it) —

പുതിയ ആകാശവും പുതിയഭൂമിയും ഉൾക്കൊള്ളുന്ന നവയെരൂശലേം ഇപ്പോഴത്തെ ആകാശവും ഭൂമിയുമായി വളരെ വ്യത്യസ്തപ്പെട്ടതാണ്. സമുദ്രം അവിടെ ഇല്ല എന്നു അദ്ധ്യായത്തിന്റെ ആരംഭത്തിൽത്തന്നെ പറഞ്ഞിരുന്നു (21:1). നാം വസിക്കുന്ന ഭൂമിയിൽ സൂര്യന്റെയും ചന്ദ്രന്റെയും സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണ്. ഭൂമിയുടെ നിലനില്പ്പുതന്നെ ഇവയെ ആശ്രയിച്ചിരിക്കുന്നു. സൂര്യൻ പകലിലും, ചന്ദ്രൻ രാത്രിയിലും പ്രകാശം നല്കുന്നു. സൂര്യന്റെയും ചന്ദ്രന്റെയും സാന്നിദ്ധ്യത്താലാണ് ഭൂമിയുടെ ഭ്രമണത്താൽ പകലും രാത്രിയും ഇന്നു ഭൂമിയിൽ അനുഭവപ്പെടുന്നത്. സൂര്യൻ, ചന്ദ്രൻ, എന്നിവ കൂടാതെ സമുദ്രത്തിന്റെ സാന്നിദ്ധ്യവും അവയുടെ പ്രവർത്തനവും ഭൂമിയുടെ കാലാവസ്ഥക്രമീകരണത്തോടും വിവിധജീവജാലങ്ങളുടെ നിലനില്പിനോടും ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ പുതിയ ആകാശവും പുതിയ ഭൂമിയും ഉൾക്കൊള്ളുന്ന പുതിയ യെരൂശലേമിൽ ഇവയുടെ ആവശ്യമേയില്ല. നഗരത്തെ പ്രകാശിപ്പിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല. കാരണം അവിടെ ഇരുട്ടിന്റെ കണികപോലും ഇല്ല. നഗരം പ്രകാശത്തിൽ ശോഭിക്കുന്നതോടൊപ്പം നഗരത്തിൽ വസിക്കുന്നവരും ജ്യോതിസ്സുകളെപ്പോലെ വെളിച്ചം പരത്തുന്നവരാണ്. ആയതിനാൽ പ്രത്യേകിച്ചു വെളിച്ചത്തിന്റെ ആവശ്യമില്ല. യെരൂശലേമിനുണ്ടാകുന്ന ഭാവി മഹത്വത്തെക്കുറിച്ചു യെശയ്യാപ്രവാചകനാൽ ദൈവം അരുളിച്ചെയ്ത വചനം ഇവിടെ നിറവേറുന്നതായും കാണുന്നു. **യെശ.60:19,20 —** *"ഇനി പകൽനേരത്തു നിന്റെ വെളിച്ചം സൂര്യനല്ല; നിനക്കു നിലാവെട്ടം തരുന്നതു ചന്ദ്രനുമല്ല; യഹോവ നിനക്കു നിത്യപ്രകാശവും നിന്റെ ദൈവം നിന്റെ തേജസ്സും ആകുന്നു. നിന്റെ സൂര്യൻ ഇനി അസ്തമിക്കയില്ല; നിന്റെ ചന്ദ്രൻ മറഞ്ഞുപോകയുമില്ല; യഹോവ നിന്റെ നിത്യപ്രകാശമായിരിക്കും; നിന്റെ ദുഃഖകാലം തീർന്നുപോകും."*

**ദൈവതേജസ്സു അതിനെ പ്രകാശിപ്പിച്ചു** (for the glory of God illuminated it) —

സ്വർഗ്ഗീയനഗരത്തെ പ്രകാശിപ്പിക്കുവാൻ സൂര്യന്റെയും ചന്ദ്രന്റെയും ആവശ്യം ഇല്ല. കാരണം നഗരത്തെ പ്രകാശിപ്പിച്ചിരുന്നത് ദൈവതേജസ്സ് തന്നെയായിരുന്നു. പുതിയയെരൂശലേം എന്ന വിശുദ്ധനഗരത്തെ ദൂതൻ യോഹന്നാനു കാണിച്ചു കൊടുത്തപ്പോൾത്തന്നെ അതിന്റെ തേജസ്സിനെക്കുറിച്ചു വിശദീകരിച്ചിരുന്നു. **വെളി.21:10,11 —** *"അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നോരു വന്മലയിൽ കൊണ്ടുപോയി, യെരൂശലേമെന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചു തന്നു. അതിന്റെ ജ്യോതിസ്സു ഏറ്റവും വിലയേറിയ രത്നത്തിനു തുല്യമായി സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തംപോലെ ആയിരുന്നു."*

ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല (1.യോഹ.1:5) എന്നും, ദൈവം അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനെന്നും (1.തിമൊ.6:16) തിരുവചനം സാക്ഷ്യപ്പെടുത്തുന്നു. "നിന്റെ തേജസ്സു എനിക്കു കാണിച്ചു തരേണമേ" എന്നു ഒരിക്കൽ മോശെ ദൈവത്തോടു അപേക്ഷിച്ചു. ഒരു മനുഷ്യനും ദൈവത്തിന്റെ തേജസ്സേറിയ മുഖം കണ്ടു ജീവനോടെ ഇരിക്കയില്ല എന്ന ഉത്തരമാണ് മോശെക്കു ലഭിച്ചത്. എന്നാൽ ദൈവത്തിന്റെ അതിരറ്റ കൃപയാൽ മോശെയുടെ ആഗ്രഹം നിറവേറ്റുവാനായി മോശെയെ ഒരു പാറയുടെ പിളർപ്പിൽ ആക്കി തേജസ്സു കടന്നുപോയപ്പോൾ ദൈവം തന്റെ കരംകൊണ്ടു മോശെയെ മറച്ചു ഭാഗികമായി തന്നെ കാണിച്ചു കൊടുത്തു (പുറ.33:18-23). അതായത് ആയിരമായിരം സൂര്യന്റെ പ്രകാശത്തെ വെല്ലുന്ന അതിഭയങ്കരമായ വെട്ടിത്തിളങ്ങുന്ന തേജസ്സിന്റെ ഉറവിടമാണ് സർവ്വശക്തനായ ദൈവം. ആകയാൽ സ്വർഗ്ഗീയ യെരൂശലേമിനെ പ്രകാശിപ്പിക്കുവാൻ പ്രത്യേകിച്ചു സൂര്യനോ ചന്ദ്രനോ ആവശ്യമില്ല. ദൈവം അവിടെ സദാ വസിക്കുന്നതിനാൽ എപ്പോഴും നഗരം പ്രകാശത്തിൽ മുഴുകി അവിടമാസകലം തിളങ്ങി വിളങ്ങിക്കൊണ്ടിരിക്കും. കണ്ണഞ്ചിപ്പിക്കുന്ന വെട്ടിത്തിളങ്ങുന്ന പ്രകാശത്തിൽ വസിക്കുന്ന തേജോമയനായ ദൈവത്തെ മനുഷ്യർക്കാർക്കും ഇന്നു കാണുവാൻ സാധിക്കുകയില്ല. എന്നാൽ പുനരുത്ഥാനത്തിൽ തേജസ്കരിക്കപ്പെട്ട ശരീരം ലഭിച്ച വിശുദ്ധന്മാരും അന്നും വെട്ടിത്തിളങ്ങുന്ന തേജസ്സ് പരത്തുന്നവരായിരിക്കും. അന്നു അവരും ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നവരാകയാൽ ദൈവത്തെ മുഖാമുഖം കാണുവാൻ സാധിക്കും. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഉൾക്കൊള്ളുന്ന ദൈവീകത്രിത്വവും, പുനരുത്ഥാന ശരീരം അഥവാ തേജസ്കരിക്കപ്പെട്ട ശരീരം ലഭിച്ച വിശുദ്ധന്മാരും സ്വർഗ്ഗീയ യെരൂശലേമിൽ ഒത്തൊരുമിച്ചു പാർക്കുമ്പോൾ സ്വർഗ്ഗീയനഗരം ആകമാനം മിന്നിത്തിളങ്ങി ശോഭിക്കും. അപ്പോഴുണ്ടാകുന്ന പ്രഭ മർത്ത്യനാവിനാലോ ബുദ്ധിയാലോ ഇന്നു വർണ്ണിക്കുവാനും ചിന്തിക്കുവാനും അസാദ്ധ്യം!!

**കുഞ്ഞാടു അതിന്റെ വിളക്കു ആകുന്നു** (The Lamb is its light) —

പുതിയ യെരൂശലേം നഗരത്തെ പ്രകാശിപ്പിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യം ഇല്ല. ദൈവീകതേജസ്സിനാൽ അവിടമാസകലം വെട്ടിത്തിളങ്ങും. കൂടാതെ കുഞ്ഞാട് നഗരത്തിന്റെ വിളക്ക് അഥവാ പ്രകാശത്തിന്റെ ഉറവിടമായിരിക്കുന്നു. കാൽവറി ക്രൂശിൽ ദൈവനീതി നിറവേറ്റുവാനായി യാഗമായിത്തീർന്ന ലോകത്തിന്റെ പാപം ചുമന്ന യേശുകർത്താവിനെയാണ് കുഞ്ഞാടെന്നു വിശേഷിപ്പിച്ചിരിക്കുന്നത്. വിശുദ്ധന്മാരെ സംബന്ധിച്ചു കുഞ്ഞാടെന്ന വിശേഷണം അവരുടെ പാപങ്ങൾക്കു പരിഹാരമായി ജീവൻ നല്കി ക്രൂശിൽ മരിച്ച യേശുക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പു സാദ്ധ്യമായതിനെ കുറിക്കുന്നു. സാക്ഷാൽ വെളിച്ചമാകുന്ന കുഞ്ഞാടായ യേശുക്രിസ്തുവിൽ അഭയം പ്രാപിച്ചവർ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശം പരത്തി ഭൂമിയിൽ ജീവിക്കുന്നു. നിത്യതയിൽ വിശുദ്ധന്മാർ തേജസ്സുള്ള ശരീരം ലഭിച്ചു കർത്താവിനോടൊപ്പം വാഴും. മാത്രവുമല്ല യെരൂശലേം എന്ന നിത്യനഗരത്തിന്റെ വിളക്കു വിശുദ്ധന്മാരുടെ വീണ്ടെടുപ്പുകാരനായ കുഞ്ഞാടായിരിക്കും എന്നത് എത്രയോ ആനന്ദകരമായ അനുഭവമാണ്.

യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചം എന്നും, പാപാന്ധകാരം നിറഞ്ഞ ലോകത്തിനു വെളിച്ചം നല്കുവാൻ ഭൂമിയിലേക്കു വന്ന ദൈവപുത്രനാണെന്നും തിരുവചനത്തിലുടനീളം കാണുന്നു (യോഹ.1:9/യോഹ.3:19,20/യോഹ.8:12/യോഹ.9:5/എബ്രാ.1:3/1.യോഹ.1:5/). ദൈവത്തിന്റെ കുഞ്ഞാടെന്ന നിലയിൽ ഏകയാഗത്താൽ മാനവരാശിക്കു നിത്യരക്ഷ ഒരുക്കി. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു ഈ ലോകത്തിൽ മാത്രമല്ല നിത്യതയിലും വെളിച്ചമായി നമ്മുടെ കർത്താവു ശോഭിക്കും.

*"നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല; ദൈവതേജസ്സു അതിനെ പ്രകാശിപ്പിച്ചു; കുഞ്ഞാടു അതിന്റെ വിളക്കു ആകുന്നു"* — സൂര്യനും ചന്ദ്രനും ആവശ്യമില്ലാതവണ്ണം പുതിയയെരൂശലേം എന്ന വിശുദ്ധനഗരം സമാഗമനകൂടാരത്തിലെ അതിവിശുദ്ധസ്ഥലം എന്ന പോലെ ദൈവതേജസ്സിനാൽ പ്രകാശിക്കുന്നു. സമാഗമനകൂടാരത്തിനു പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം എന്നിങ്ങനെ മൂന്നു ഭാഗങ്ങളാണുണ്ടായിരുന്നത്. മൂന്നു ഭാഗങ്ങളിലും പ്രകാശം നല്കുവാൻ മൂന്നു വിധ വെളിച്ചങ്ങളാണുണ്ടായിരുന്നത്. മരുഭൂമിയിലായിരിക്കുമ്പോൾ പ്രാകാരത്തിൽ പകൽ സൂര്യന്റെയും രാത്രി ചന്ദ്രന്റെയും പ്രഭ അവിടെ ഉണ്ടായിരിക്കും. എന്നാൽ വിശുദ്ധസ്ഥലവും

അതിവിശുദ്ധസ്ഥലവും മൂടുശ്ശീലയാൽ മൂടപ്പെട്ടുകിടക്കുന്നതിനാൽ അവിടെ സൂര്യന്റെയോ ചന്ദ്രന്റെയോ പ്രകാശമുണ്ടായിരിക്കയില്ല. വിശുദ്ധസ്ഥലത്ത് ഏഴുതിരികളുള്ള തങ്കവിളക്കിന്റെ പ്രകാശത്തിലാണ് അവിടെത്തെ ശുശ്രൂഷകൾ നടന്നിരുന്നത്. അന്യാഗ്നിയോ വെളിയിൽ നിന്നുള്ള വിളക്കുകളോ അവിടെ അനുവദിക്കപ്പെട്ടിരുന്നില്ല. എന്നാൽ തിരശ്ശീലക്കപ്പുറത്തുള്ള അതിവിശുദ്ധസ്ഥലം പ്രകാശിച്ചിരുന്നത് ദൈവത്തിന്റെ ഷെക്കീനാ (Shekinah Glory of God) അഥവാ തേജസ്സിനാലായിരുന്നു (പുറ.40:34,35/ 1.രാജാ.8:10,11).ആയതുപോലെ സമാമനകൂടാരത്തിലെയും, ശലോമോന്റെ ദൈവാലയത്തിലെയും അതിവിശുദ്ധസ്ഥലത്തിനു തുല്യമായ യെരൂശലേം നഗരത്തിനു പ്രകാശം ലഭിക്കുന്നത് ദൈവത്തിന്റെ തേജസ്സിനാലാണ്. കുഞ്ഞാട് അവിടത്തെ വിളക്കായി ശോഭിക്കും.

**വെളി.21:24 — ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും** (And the nations of those who are saved shall walk in its light, and the kings of the earth bring their glory and honor into it) —

വെളിപ്പാടു പുസ്തകത്തിലെ ഏറ്റവും സങ്കീർണ്ണവും, വ്യാഖ്യാനിക്കുവാൻ വിഷമതയുള്ളതും, അനേക അഭിപ്രായങ്ങൾ നിലവിലുള്ളതുമായ ഒരു വാക്യമാണിത്. നിത്യവാസത്തിൽ ജഡശരീരത്തിൽ വസിക്കുന്നവരുണ്ടാകുമോ? വിശ്വാസികളിൽത്തന്നെ രണ്ടുകൂട്ടമായി വേർതിരിക്കപ്പെട്ടു നഗരത്തിനകത്തു പാർക്കുന്നവരും നഗരത്തിനു പുറത്തു പാർക്കുന്നവരും ഉണ്ടാകുമോ? എന്നിങ്ങനെ അനേക ചോദ്യങ്ങൾ ഇതോടനുബന്ധിച്ചു ഉയരുന്നു. നിത്യതയിലെ വാസം എങ്ങനെ എപ്രകാരം എന്നു ചോദിക്കാതെയും, ഓരോരോ സഭാതത്വശാസ്ത്രങ്ങളെയും അന്ധമായി പിടിക്കാതെയും, ദൈവത്തിന്റെ വിചാരങ്ങളെയും പ്രവൃത്തികളെയും സംശയിക്കാതെയും ചിന്തിക്കുമെങ്കിൽ ഇതിലടങ്ങിയിരിക്കുന്ന മർമ്മം വെളിപ്പെട്ടു കിട്ടുമെന്നതിൽ സംശയിക്കാനില്ല.

**ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും** (And the nations of those who are saved shall walk in its light) —

"ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും" എന്നതിന് 'രക്ഷിക്കപ്പെട്ട രാഷ്ട്രങ്ങൾ അതിന്റെ വെളിച്ചത്തിൽ നടക്കും' എന്നാണ് ഇംഗ്ലീഷ് പരിഭാഷയിൽ കാണുന്നത്. രക്ഷിക്കപ്പെട്ടവർ എന്ന വിശേഷണം രണ്ടു വിധത്തിൽ എടുക്കാം. ഒന്ന് —> ഇപ്പോഴത്തെ ആകാശവും ഭൂമിയും അഗ്നിയാൽ വെന്തെരിഞ്ഞു മാറ്റപ്പെട്ടപ്പോൾ അതിൽപെട്ടു നശിക്കാതെ രക്ഷപ്പെട്ടു പുതിയഭൂമിയിലേക്കു മാറ്റപ്പെട്ടവരാണ് രക്ഷിക്കപ്പെട്ടവർ. രണ്ട് —> കർത്താവിന്റെ ആയിരമാണ്ടു വാഴ്ചയിൽ കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ (മീഖാ.4:2/സെഖ.8:20,21).

"അതിന്റെ" എന്നാൽ സർവ്വശക്തനായ ദൈവവും, കുഞ്ഞാടും തേജസ്സായും വിളക്കായും ശോഭിക്കുന്ന വിശുദ്ധനഗരത്തിന്റെ എന്നു കരുതാം. നടക്കുക എന്നത് ശാരീരികവും ആത്മീകവുമായ നടപ്പിനെ കുറിക്കുന്നു. അതായത് രാഷ്ട്രങ്ങൾ തങ്ങളുടെ തലസ്ഥാനമായ പുതിയ യെരൂശലേം നഗരത്തിന്റെ നിയമങ്ങളും, ഉപദേശങ്ങളും പാലിച്ചു ദൈവത്തെ ബഹുമാനിച്ചു എല്ലാവിധത്തിലും നടക്കും എന്നു സാരം.

പുതിയയെരൂശലേം നിവാസികൾ പുനരുത്ഥാനശരീരം പ്രാപിച്ച വിശുദ്ധന്മാരും ആത്മശരീരം ഉള്ളവരുമാണ്. എങ്കിൽ പുതിയ യെരൂശലേമിൽ ജഡശരീരത്തിൽ വസിക്കുന്നവരുണ്ടാകുമോ? നഗരത്തിനു പുറത്തു ഇക്കാലത്തെപ്പോലെ മനുഷ്യരുണ്ടാകുമോ? ജാതികൾ അഥവാ രാഷ്ട്രങ്ങൾ ആരെ കുറിക്കുന്നു?

പുതിയയെരൂശലേമിലെ നിവാസികൾ ആദാമ്യകാലം മുതലുള്ള സകലകാലങ്ങളിലെയും വിശുദ്ധന്മാരായിരിക്കും. സർവ്വശക്തനായ ത്രിയേകനാം ദൈവം അവരോടൊപ്പം വസിക്കുന്നതിനാൽ അവിടമാസകലം പരിശുദ്ധിയും ആരാധനയും നിറഞ്ഞ അന്തരീക്ഷവുമായിരിക്കും. നിവാസികളായ വിശുദ്ധന്മാർ പുനരുത്ഥാനവും രൂപാന്തരവും പ്രാപിച്ചവരും ദൈവദൂതന്മാർക്കു തുല്യരും ആയിരിക്കും. **മത്താ.22:30,31 —** *"പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിന്നു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു."* ഏദെൻ തോട്ടത്തിൽ മനുഷ്യൻ പാപത്തിൽ വീഴുന്നതിനു മുമ്പുള്ള ആദാമിന്റെ നിലയിലുള്ളവരായിരിക്കും. മാത്രവുമല്ല അവർ തേജോമയനായ ക്രിസ്തുവിനോടു സദൃശ്യന്മാരുമായിരിക്കുമെന്നു തിരുവചനം പ്രസ്താവിക്കുന്നു (1.യോഹ.3:2).

പഴയഭൂമിയുടെ സ്ഥാനത്ത് പുതിയ ആകാശവും പുതിയഭൂമിയും ഉണ്ടാകുമ്പോൾ സ്വർഗ്ഗത്തിൽ നിന്നു വിശുദ്ധന്മാരുടെ നിത്യഭവനമായ സ്വർഗ്ഗീയയെരൂശലേം ഇറങ്ങി വരുന്നു. മാനവരാശിക്കുള്ള ആത്മരക്ഷ ഒരുക്കിയ ശേഷം കഴിഞ്ഞ രണ്ടായിരത്തിലേറെ വർഷങ്ങളായി നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശു ഒരുക്കിയ മനോഹരഭവനമായിരിക്കുമത്. എന്നാൽ വിശുദ്ധന്മാരുടെ പാർപ്പിടമായ നവയെരൂശലേമിനു പുറത്തു ജഡശരീരത്തിലുള്ള മനുഷ്യർ ഉണ്ടായിരിക്കുമെന്നു *"ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും"* എന്ന

വാക്യത്തെ അടിസ്ഥാനപ്പെടുത്തി ചിന്തിക്കാം. ആരാണവർ? സഹസ്രാബ്ദകാലത്ത് രക്ഷിക്കപ്പെട്ടു പുതിയ ഭൂമിയിലേക്കു മാറ്റപ്പെടുന്നവരായിരിക്കും എന്നു കരുതാം. സഹസ്രാബ്ദവാഴ്ചക്കുശേഷം സാത്താനെ അല്പകാലത്തേക്കു അഴിച്ചു വിടുമ്പോൾ അവൻ വലിയോരു ജാതികളുടെ കൂട്ടത്തെ കർത്താവിനെതിരായി അണിനിരത്തും. എന്നാൽ സ്വർഗ്ഗത്തിൽ നിന്നു തീ ഇറങ്ങി അവരെല്ലാം കൊല്ലപ്പെടും (വെളി.20:7–9).

സഹസ്രാബ്ദകാലത്തിൽ രക്ഷിക്കപ്പെട്ടവരും, സഹസ്രാബ്ദവാഴ്ചയുടെ അവസാനം സാത്താന്റെ വശീകരണത്തിൽ പങ്കുചേരാതെ ദൈവത്തിൽ ആശ്രയിച്ച വിശുദ്ധന്മാരും പുതിയ ഭൂമിയിലേക്കു മാറ്റപ്പെടും. കർത്താവു പറഞ്ഞ സ്വർഗ്ഗരാജ്യത്തിന്റെ ഉപമയിലും (മത്താ.13:49,50), സകലജാതികളിൽ നിന്നു ചെമ്മരിയാടുകൾ എന്ന നിലയിൽ വേർതിരിക്കപ്പെടുന്നവരും (മത്താ.25:31–46) ഇതിൽ ഉൾപ്പെടും.

**മത്താ.13:49,50 —** *“അങ്ങനെ തന്നേ, ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽനിന്നു ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും”*

**മത്താ.25:31–33 —** *‘‘മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകലവിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകലജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ തന്റെ ഇടത്തും നിറുത്തും.”*

മനുഷ്യന്റെ ദുഷ്ടതയും പാപവും നിമിത്തം ഭൂതലത്തെ മുഴുവൻ ജലപ്രളയത്താൽ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചപ്പോൾ ദൈവത്തിൽ ആശ്രയിക്കുകയും പെട്ടകത്തിൽ പ്രവേശിക്കുകയും ചെയ്ത നോഹയെയും കുടുംബത്തെയും ദൈവം രക്ഷിച്ചു. അന്നു പുതിയഭൂമിയിൽ അഥവാ ശുദ്ധീകരിക്കപ്പെട്ട ഭൂമിയിലേക്കും അവരെ പ്രവേശിപ്പിച്ചു (ഉല്പ.6–9). ആയതുപോലെ ആയിരിക്കും സഹസ്രാഹ്ദവാഴ്ചയിൽ ക്രിസ്തുവിലൂടെ രക്ഷിക്കപ്പെട്ട ജനത്തെ പുതിയ ഭൂമിയിലേക്കു മാറ്റപ്പെടുന്നത്. അവരായിരിക്കാം ഗോപുരങ്ങളിലൂടെ ദൈവത്തിനു മഹത്വവും ബഹുമാനവും കൊണ്ടു വരുന്ന രാഷ്ട്രങ്ങളും രാജാക്കന്മാരും (21:24,25). സാത്താനില്ലാത്ത അന്നത്തെ ഭൂമിയിൽ പാപത്തിന്റെ ലാഞ്ചനപോലുമില്ലാത്ത മനുഷ്യവർഗ്ഗം വാഴും. ആദാമും ഹവ്വായും പാപം ചെയ്യുന്നതിനു മുമ്പു എങ്ങനെ ഭൂമിയിൽ വിശുദ്ധിയോടും ദൈവതേജസ്സോയും ജീവിച്ചോ അപ്രകാരമുള്ള ജീവിതമായിരിക്കും പുതിയ ഭൂമിയിൽ വിശുദ്ധനഗരത്തിനു പുറത്തു ജനങ്ങളുടേത്.

രക്ഷിക്കപ്പെട്ട വിശ്വാസികളെ അന്നു തരം തിരിക്കുമോ? അതായത് രക്ഷിക്കപ്പെട്ടശേഷം അഭിഷേകം, അന്യഭാഷ, പ്രവചനം എന്നിങ്ങനെയില്ലാത്ത വിശുദ്ധന്മാരെ ജാതികളായി വേർതിരിച്ചു വിശുദ്ധനഗരത്തിലേക്കു പ്രവേശനം കൊടുക്കാതെ നഗരത്തിനു പുറത്തു പാർപ്പിക്കുമോ? അവരാണോ ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും എന്നു പറയുന്നതിൽ ഉൾപ്പെടുന്നവർ? ഇതിനെപ്പറ്റിയുള്ള ചിലരുടെ അവകാശവാദവും തിരുവചനവെളിച്ചത്തിൽ അതിന്റെ ഉത്തരവും പരിശോധിക്കാം —

(1) പുതിയയെരൂശലേം നഗരത്തിനകത്തു പാർക്കുവാൻ യോഗ്യരായവർ ദൈവം വിളിച്ചു വേർതിരിച്ചു മുദ്രയിട്ട 144,000 പേരാണെന്നു ചിലർ വാദിക്കുന്നു. ദൈവത്തിനായി സകലതും വിട്ടു വിവാഹം പോലും കഴിക്കാതെ ജീവിച്ചവരും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച അഭിഷിക്തന്മാരുമായ തങ്ങളാണ് 144,000 പേരിൽ ഉൾപ്പെടുന്നതെന്നു അവകാശപ്പെടുന്നു. മാത്രവുമല്ല വേർപാടോ പെന്തെക്കോസ്തോ എന്നില്ലാതെ മറ്റു സകല സഭാവിശ്വാസികളും ജാതികളിൽ ഉൾപ്പെടുന്നതിനാൽ നഗരത്തിനു പുറത്താണ് അവരുടെ സ്ഥാനം എന്നു തിരുവചനത്തെ കോട്ടിമാട്ടി വ്യാഖ്യാനിക്കുന്ന മനുഷ്യരാൽ അഭിഷിക്തരായ ചില സഭക്കാർ അവകാശപ്പെടുന്നു.

—> ലോകരക്ഷിതാവായ യേശുക്രിസ്തുവിലൂടെയുള്ള രക്ഷ പ്രവൃത്തിയാലോ, നല്ലനടപ്പിനാലോ നേടാവുന്നതല്ല. യേശുക്രിസ്തുവിനെ കൈക്കൊണ്ടു യേശുക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ ദൈവം അധികാരം കൊടുത്തിരിക്കുന്നു എന്നു തിരുവചനം പറയുന്നു. ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ വിശുദ്ധീകരണവും നീതീകരണവും ലഭിക്കുന്നു. അവൻ ദൈവമകൻ അഥവാ ദൈവത്തിന്റെ മന്ദിരം എന്ന നിലയിൽ പരിശുദ്ധാത്മാവ് രക്ഷിക്കപ്പെടുന്നവനിൽ വസിക്കുവാനിടയാകുന്നു. സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹങ്ങളാലും ക്രിസ്തുവിൽ അവൻ അനുഗ്രഹിക്കപ്പെടുന്നു. രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവ് വസിക്കുവാൻ തുടങ്ങുന്നു അഥവാ അവൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായിത്തീരുന്നു. രക്ഷിക്കപ്പെട്ടശേഷം തീ കത്തിക്ക എന്നെ തീ കത്തിക്ക എന്നു ശബ്ദകോലാഹലത്തോടെ പാടി പരിശുദ്ധാത്മാവിനായി കാത്തിരിക്കാൻ തിരുവചനത്തിലൊരിടത്തും പറയുന്നില്ല. മാത്രവുമല്ല ആത്മരക്ഷ നേടിയവരെ മനുഷ്യരാൽ അഭിഷിക്തരാക്കേണ്ടതുമില്ല. രക്ഷിക്കപ്പെടുക എന്നല്ലാതെ വിവാഹം കഴിക്കാതെ ജീവിക്കുന്നു എന്നതിനാൽ വിശുദ്ധനഗരത്തിനുള്ളിൽ ആയിരിക്കും എന്നു ചിന്തിക്കേണ്ടതുമില്ല. ദൈവം മുദ്രയിട്ടു വേർതിരിക്കപ്പെട്ട 144,000 പേർ തങ്ങളാണെന്നു ആരെങ്കിലും അവകാശപ്പെടുന്നുവെങ്കിൽ അതിനർത്ഥം അവർ കർത്താവിന്റെ വരവിൽ എടുക്കപ്പെടാതെ

ഭൂമിയിൽ മഹോപദ്രവകാലത്തു ജീവിക്കുന്നവരായിരിക്കും. കാരണം മഹോപദ്രവകാലത്താണ് മുദ്രയിടിൽ നടക്കുന്നത്. സഭ സ്വർഗ്ഗത്തിലായിരിക്കുമ്പോൾ പീഡനകാലത്ത് ഭൂമിയിൽ സുവിശേഷം പറയുവാൻ വേർതിരിക്കപ്പെട്ട യിസ്രായേല്യരാണവർ (വെളി.7:4/വെളി.14:1-5). ആകയാൽ രക്ഷിക്കപ്പെട്ട സകലരും കർത്താവിനോടൊപ്പം സ്വർഗ്ഗീയ യെരൂശലേമിൽ പാർക്കും എന്നത് അനിഷേദ്ധ്യ സത്യമായിരിക്കുന്നു.

(2) രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവരും, അന്യഭാഷയും പ്രവചനവും കൃപാവരങ്ങളായി ലഭിച്ചവരും മാത്രമാണ് യെരൂശലേം എന്ന വിശുദ്ധനഗരത്തിനകത്തു പാർക്കുന്നതെന്നു ചില സഭക്കാർ അവകാശപ്പെടുന്നു. ഇപ്രകാരമല്ലാത്ത അഥവാ രക്ഷ മാത്രം പ്രാപിച്ചവർ ജാതികളായി എണ്ണപ്പെടുകയും അവരുടെ വാസം നഗരത്തിനു പുറത്തുമായിരിക്കും. മാത്രവുമല്ല അവർ മോശെയെപ്പോലെ കനാൻദേശം പിസ്ഗാമലമുകളിൽ നിന്നു അതിദൂരത്തിൽ കാണുവാൻ സാധിച്ചതുപോലെ ആയിരിക്കും ഇവരുടെ അവകാശമെന്നും വാദിക്കുന്നു. അതിനായി അവർ കൊണ്ടു വരുന്ന രണ്ടു ദൃഷ്ടാന്തങ്ങളുണ്ട് —

ഒന്നാമത്തേത് — കർത്താവിനെ ഒരു രാത്രിയിൽ കാണുവാൻ വന്ന നിക്കോദിമോസിനോടു കർത്താവു പറയുന്ന കാര്യമാണ്. **യോഹ.3:3 —** *"ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല."* **യോഹ.3:5 —** *"ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല."* പുതുതായി ജനിക്കുമ്പോൾ ദൈവരാജ്യം കാണ്മാൻ സാധിക്കും, വെള്ളത്താലും ആത്മാവിലും ജനിക്കുമ്പോൾ ദൈവരാജ്യത്തിൽ കടക്കും എന്നാക്കി വികൃതമായ വ്യാഖ്യാനം കൊടുക്കുന്നു. അതായത് രക്ഷ മാത്രം പ്രാപിക്കുന്നവർക്കു ജാതികളെന്ന നിലയിൽ വിശുദ്ധനഗരത്തെ ദൂരെ നിന്നു കാണുവാനേ സാധിക്കൂ എന്നും, രക്ഷിക്കപ്പെട്ടശേഷം, സ്നാനം, പരിശുദ്ധാത്മാവ്, അന്യഭാഷ, പ്രവചനം എന്നിവ സമ്പാദിച്ചവർക്കു മാത്രമേ നഗരത്തിനകത്തു പാർക്കുവാൻ സാധിക്കൂ എന്നും അവകാശപ്പെടുന്നു.

---> *"പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ കഴികയില്ല"* എന്നതും *"വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല"* എന്നതും വേർതിരിച്ചു ചിന്തിക്കാവുന്നതല്ല. പുതുതായി ജനിക്കണമെന്നു കർത്താവു പറഞ്ഞപ്പോൾ വൃദ്ധനായശേഷം ജനിക്കുന്നതു എങ്ങനെ എന്നുള്ള നിക്കൊദേമൊസിന്റെ ജിജ്ഞാസ നിറഞ്ഞ ചോദ്യത്തിനുള്ള വിശദീകരണം നൽകവേയാണ് വെള്ളത്താലും (ദൈവവചനത്താലും) ആത്മാവിനാലും (പരിശുദ്ധാത്മാവിനാലും) ജനിച്ചില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടപ്പാൻ കഴിയുകയില്ല എന്നു കർത്താവ് പറഞ്ഞത്. *"കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു"* (അപ്പൊ.2:47) എന്നാണ് തിരുവചനത്തിൽ കാണുന്നത്. അതായത് സഭയുടെ അംഗങ്ങൾ രക്ഷിക്കപ്പെട്ടവരാണ്. സഭയാണ് ക്രിസ്തുവിന്റെ മണവാട്ടി. മണവാട്ടിയെ കൊണ്ടുപോകുവാനാണ് കർത്താവ് വീണ്ടും വരുന്നത്. രക്ഷിക്കപ്പെട്ടു കഴിഞ്ഞ് അഭിഷേകവും, അന്യഭാഷയും, പ്രവചനവും പ്രാപിക്കുവാൻ വചനത്തിൽ പറയുന്നില്ല. അങ്ങനെ ഉള്ളവർ മാത്രമേ പൂർണ്ണതപ്രാപിച്ചവരാകുകയുള്ളു എന്നും അല്ലാത്തവരെല്ലാം നിത്യവാസത്തിൽ യെരൂശലേമിന്റെ പുറത്തു ജാതികളെന്ന പേരിൽ വസിക്കേണ്ടി വരും എന്നുള്ള നിഗമനങ്ങൾ അബദ്ധപ്രസ്താവനകളാണ്.

രണ്ടാമത്തേത് -- സമാഗമനകൂടാരത്തിലെ പ്രവേശനത്തോടനുബന്ധിച്ചുള്ള കാര്യമാണ്. പരിച്ഛേദനയേറ്റിട്ടുള്ള ഏതു യിസ്രായേല്യനും സമാഗമനകൂടാരത്തിന്റെ പ്രാകാരത്തിൽ പ്രവേശിക്കുവാനും അവിടെനിന്നു തിരുനിവാസത്തെ ദൂരെനിന്നു കാണുവാനുമുള്ള അനുവാദമുണ്ട്. എന്നാൽ അതിനപ്പുറത്തേക്കു പ്രവേശനം താമ്രത്തൊട്ടിയിൽ ശുദ്ധീകരണം പ്രാപിച്ചു പുരോഹിതവസ്ത്രം അണിഞ്ഞ പുരോഹിതനു മാത്രമായിരുന്നു. അതുപോലെ രക്ഷിക്കപ്പെട്ടതുകൊണ്ടു മാത്രം പൂർണ്ണതയാകുന്നില്ലയെന്നും അവർക്കു വിശുദ്ധനഗരത്തെ ദൂരെനിന്നു കാണുവാനേ സാധിക്കൂ എന്നും ചിലർ വാദിക്കുന്നു.

—> സമാഗമനകൂടാരത്തെ ബന്ധപ്പെടുത്തി രക്ഷക്കു പുറമേ മറ്റുചിലതൊക്കെ ഉണ്ടെങ്കിലേ പൂർണ്ണതപ്രാപിക്കൂ എന്നു പറയുന്നവർ പഴയനിയമവ്യവസ്ഥയിൽ മാത്രം നില്ക്കുന്നവരും ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നവരുമാണ്. യേശുക്രിസ്തു കാൽവറിക്രൂശിൽ തന്റെ മരണസമയത്ത് സകലതും നിവൃത്തിയായി എന്നു പറഞ്ഞ് ആത്മാവിനെ പിതാവിന്റെ കരങ്ങളിലേൽപ്പിച്ചുകൊടുത്തപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം ചീന്തിപ്പോയി. യഹൂദനും യവനനും എന്നില്ലാതെ ആണും പെണ്ണും എന്നില്ലാതെ സകലർക്കും തിരുനിവാസത്തിലേക്കു പ്രവേശനം തുറക്കപ്പെട്ടു എന്നാണ് തിരശ്ശീല ചീന്തൽ കാണിക്കുന്നത്. ഇന്നു പ്രാകാരത്തിൽ നിന്നു ദൂരേക്കു നോക്കുകയല്ല, രക്ഷിക്കപ്പെട്ടവൻ പുരോഹിതനെന്ന നിലയിൽ ദൈവസന്നിധിയിലേക്കു പ്രവേശിക്കുവാൻ അനുവാദമുണ്ട്. ആകയാൽ നിത്യവാസത്തിലും വിശുദ്ധനഗരത്തിനു പുറത്തല്ല അകത്തായിരിക്കും രക്ഷിക്കപ്പെട്ടവരുടെ സ്ഥാനം.

**ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും** (and the kings of the earth bring their glory and honor into it) —

പുതിയഭൂമിയിലും രാജാക്കന്മാരും, രാഷ്ട്രങ്ങളും, ഭരണകൂടങ്ങളും ഉണ്ടെന്നു ഈ വാക്യത്തിലൂടെ വെളിപ്പെടുന്നു. ക്രിസ്തുവും വിശുദ്ധന്മാരുമായുള്ള സഹസ്രാബ്ദവാഴ്ചയിലും ഭൂമിയിൽ സുവിശേഷം അറിയിക്കപ്പെടും. അന്നു യെരൂശലേം ലോകത്തിന്റെ ആത്മീയകേന്ദ്രമായിത്തീരും. ക്രിസ്തുവിനെ രാജാവായി എല്ലാവരും അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യും. **മീഖാ.4:2** -- *"സീയോനിൽനിന്നു ഉപദേശവും യെരൂശലേമിൽനിന്നു യഹോവയുടെ വചനവും പുറപ്പെടും."* സഹസ്രാബ്ദവാഴ്ചയുടെ അവസാനം ക്രിസ്തുവിനെതിരായി യുദ്ധത്തിനായി വരുന്ന സകലജാതീയരാഷ്ട്രങ്ങളെയും പാപികളെയും സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്ന അഗ്നിയാൽ നശിപ്പിക്കപ്പെടും (വെളി.20:9). അതിനുശേഷം ആദാമ്യകാലം മുതൽ സകലരെയും പാപത്തിനും ശാപത്തിനും കീഴിലാക്കി വഞ്ചിച്ച പഴയപാമ്പായ സാത്താനെ ഗന്ധകത്തീപ്പൊയ്കയിലെ നിത്യദണ്ഡനത്തിനായി കർത്താവു തള്ളിക്കളയും (വെളി.20:10). പിന്നീടൊരിക്കലും സാത്താന്റെ പ്രവർത്തനം ഭൂമിയിൽ ഉണ്ടാകയില്ല. സഹസ്രാബ്ദകാലത്ത് ദൈവന്യായവിധിയിൽ പെടാതെ ജീവിക്കുന്ന നീതിമാന്മാർ പുതിയഭൂമിയിലേക്കു മാറ്റപ്പെടും. സഹസ്രാബ്ദകാലത്ത് അനേകർ ക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുമെന്നതിനാൽ അവരിൽ രാജാക്കന്മാരും രാഷ്ട്രനേതാക്കളും ഉണ്ടായിരിക്കുമെന്നു കരുതാം. അതായത് അന്നു ഭൂമിയിൽ വിശുദ്ധനഗരത്തിനു പുറത്തു വസിക്കുന്ന ജനങ്ങൾക്കു രാജാക്കന്മാരും ഭരണകൂടങ്ങളും ഉണ്ടായിരിക്കാം. അവരൊക്കെ ക്രിസ്തുവിനെ ദൈവമായി അംഗീകരിക്കുകയും, അനുസരിക്കുകയും മാത്രമല്ല തങ്ങളുടെ മഹത്വവും തൃപ്പാദത്തിൽ സമർപ്പിക്കും എന്നു ഈ വാക്യത്തിൽ നിന്നു മനസ്സിലാക്കാം.

**വെളി.21:25 — അതിന്റെ ഗോപുരങ്ങൾ പകല്ക്കാലത്തു അടെക്കുകയില്ല; രാത്രി അവിടെ ഇല്ലല്ലോ** (Its gates shall not be shut at all by day there shall be no night there) —

"അതിന്റെ ഗോപുരങ്ങൾ അഥവാ വാതിലുകൾ പകല്ക്കാലത്തു അടക്കുകയില്ല" (Its gates shall not be shut at all by day) എന്നത് വിശുദ്ധനഗരത്തിലേക്കു ഏതു സമയത്തും തടസ്സമില്ലാതെയുള്ള പ്രവേശനത്തെ വെളിപ്പെടുത്തുന്നു. പുരാതനകാലങ്ങളിൽ രാജാക്കന്മാർ തങ്ങളുടെ രാജ്യത്തിനു ചുറ്റും ഉയരത്തിലുള്ള കോട്ടകൾ കെട്ടി പ്രവേശനകവാടത്തിൽ കാവൽഭടന്മാരെ ഏർപ്പെടുത്തിയിരുന്നു. ശത്രുക്കളുടെയും കൊള്ളക്കാരുടെയും, സാമൂഹ്യവിരുദ്ധരുടെയും ആക്രമണത്തെ തടയുവാനായിരുന്നു ഇപ്രകാരം ചെയ്തിരുന്നത്. സൂര്യാസ്തമയം ആകുമ്പോഴേക്കും അഥവാ ഇരുട്ടു വീഴുന്നതോടെ കോട്ടവാതിലുകൾ അടച്ചാൽ അടുത്തദിവസം സൂര്യോദയമാകുമ്പോൾ മാത്രമേ വീണ്ടും തുറക്കുകയുള്ളു. എന്നാൽ സ്വർഗ്ഗീയയെരൂശലേം നഗരത്തിൽ രാത്രിയോ ഇരുളോ ഇല്ല. ദൈവതേജസ്സിനാൽ നഗരമാകെ പ്രകാശത്തിൽ മുഴുകിയിരിക്കുകയാണ്. മാത്രവുമല്ല സാത്താനും ദുഷ്ടാത്മശക്തികളും, പാപികളും പട്ടണത്തിൽ ഇല്ലാത്തതിനാൽ അസമാധാനമോ, കൊള്ളയോ, കൊലയോ ഒരിടത്തുമുണ്ടായിരിക്കയുമില്ല. ആയതിനാൽ നഗരവാതിലുകൾ അടക്കേണ്ട ആവശ്യവുമില്ല. എന്നാൽ നഗരത്തിന്റെ പന്ത്രണ്ടു വാതിലുകളിലും പന്ത്രണ്ടു ദൂതന്മാർ കാവൽ നില്ക്കുന്നത് ആരെയും തടയുവാനല്ല മറിച്ചു അതുവഴി വരുന്നവരെ സേവിക്കുവാനാണ്. നഗരവാതിലുകൾ ഒരിക്കലും അടക്കാതെ എപ്പോഴും തുറന്നു കിടക്കുന്നത് ദൈവവുമായുള്ള തുടർമാനമായ കൂട്ടായ്മയുടെ പ്രദർശനവുമാണ്. ആദാമും ഹവ്വായും പാപം ചെയ്തപ്പോൾ ദൈവം അവരെ തോട്ടത്തിനു പുറത്താക്കി കെരൂബുകളെ വാളുമായി കാവൽ നിറുത്തി. സമാഗമനകൂടാരത്തിൽ കട്ടിയുള്ള തിരശ്ശീലയാൽ തിരുനിവാസം പാപികളായ മനുഷ്യരിൽ നിന്നു വേർതിരിച്ചു. എന്നാലിവിടെ സ്വർഗ്ഗീയ നഗരത്തിൽ പാപികളാരും ഇല്ലാത്തതിനാലും, നഗരത്തിലേക്കു വരുന്നവർ പാപത്തിന്റെ ലാഞ്ചനപോലുമില്ലാത്ത വിശുദ്ധന്മാരാകയാലും ഗോപുരങ്ങൾ അടക്കേണ്ടി വരുന്നില്ല.

**അവിടെ രാത്രി ഇല്ലല്ലോ** (there shall be no night there) — എന്നത് പുതിയ യെരൂശലേമിനകത്തു രാത്രിയില്ല എന്നു ചിന്തിക്കാം. അതായത് നഗരത്തിനു പുറത്തുള്ള ഭൂമിയിൽ രാത്രിയും പകലും ഉണ്ടായിരിക്കാം. ദൈവവും വിശുദ്ധന്മാരും പാർക്കുന്ന നഗരത്തിൽ രാപകലെന്നില്ലാതെ നഗരം ദൈവതേജസ്സിനാൽ പ്രകാശിക്കുന്നു. സ്വർഗ്ഗീയ നഗരത്തിന്റെ വാതിലുകൾ അടക്കുന്നില്ല, രാത്രി ഇല്ല എന്നത് നഗരത്തിലേക്കു വരുന്നവർക്കും എപ്പോഴും പ്രവേശനവും (access to the City), ദൈവവുമായുള്ള നിരന്തരകൂട്ടായ്മ ബന്ധത്തിനു സാദ്ധ്യതയും (Unbroken fellowship with God), ഇരുട്ടിൽ നടക്കാതെ വെളിച്ചത്തിൽ നടക്കുവാൻ സാധിക്കും (Walk in the light) എന്നതിനെയും വ്യക്തമാക്കുന്നു.

**വെളി.21:26 — ജാതികളുടെ മഹത്വവും ബഹുമാനവും അതിലേക്കുകൊണ്ടു വരും** (And they shall bring the glory and the honor of the nations into it) —

രാജാധിരാജാവും കർത്താധികർത്താവും പാർക്കുന്ന യെരൂശലേം നഗരത്തിലേക്കു ജാതികളുടെ മഹത്വവും ബഹുമാനവും കൊണ്ടു വരും. *"ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയുടെ*

*രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും"* എന്നു കഴിഞ്ഞവാക്യത്തിൽ പറഞ്ഞിരുന്നു (21:24). ജാതികളും, രാജാക്കന്മാരും എന്നത് സഹസ്രാബ്ദകാലത്ത് രക്ഷിക്കപ്പെട്ടവരും പഴയഭൂമി അഗ്നിയാൽ ശുദ്ധീകരിക്കപ്പെട്ടു പുതിയ ഭൂമിയുണ്ടായപ്പോൾ അതിലേക്കു മാറ്റപ്പെട്ടവരാണെന്നു പറയപ്പെടുന്നു. പുതിയഭൂമിയിലെ രക്ഷിക്കപ്പെട്ട ജനങ്ങളും, ഭൂരാജാക്കന്മാരും, ഭരണകൂടങ്ങളും യെരൂശലേമിൽ പാർക്കുന്ന വിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിലേക്കു അവരുടെ മഹത്വവും ബഹുമാനവും സമർപ്പിക്കുവാനായി ഗോപുരങ്ങളിലൂടെ പ്രവേശിക്കുന്നു. പുരാതനകാലങ്ങളിൽ രാജാക്കന്മാരോടുള്ള ബഹുമാനവും ആദരവും പ്രദർശിപ്പിക്കുവാനായി പ്രജകൾ വിശിഷ്ടസമ്മാനങ്ങളും, ധനവും കാഴ്ചവെക്കാറുണ്ടായിരുന്നു. അതിനെ ഓർമ്മിപ്പിക്കുന്നതുപോലെ രാജാധിരാജാവും കർത്താധികർത്താവുമായ സർവ്വശക്തനായ ദൈവത്തിന്റെ കാല്ക്കൽ നഗരത്തിനു പുറത്തുള്ള ജാതികളും രാജാക്കന്മാരും അവരുടെ മഹത്വവും ബഹുമാനവും അർപ്പിക്കുവാൻ നഗരത്തിനകത്തേക്കു കൊണ്ടു വരുന്നു. സ്വർഗ്ഗത്തിൽ നാലു ജീവികൾ ദൈവത്തിനു മഹത്വവും ബഹുമാനവും സ്തോത്രവും അർപ്പിക്കുമ്പോൾ സിംഹാസനത്തിലിരുന്ന 24 മൂപ്പന്മാർ ദൈവത്തിന്റെ കാല്ക്കൽ വീണു ആരാധിക്കുകയും തങ്ങളുടെ കിരീടങ്ങളെ ദൈവമുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നു(വെളി.4:6-11). ദൈവം സർവ്വശക്തനെന്നും, കർത്താധികർത്താവെന്നും, രാജാധിരാജാവെന്നും, സകലഅധികാരവും ശക്തിയും ദൈവത്തിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നു എന്നുമാണ് അവരുടെ സമർപ്പണത്തിന്റെ പൊരുൾ. ആയതുപോലെയുള്ള യുള്ള ഒരു സമർപ്പണമാണ് ഇവിടെ ജാതികളും രാജാക്കന്മാരും ദൈവസന്നിധിയിൽ മഹത്വവും ബഹുമാനവും കൊടുക്കുന്നത്.

**വെളി.21:27 — കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല** (But there shall by no means enter it anything that defiles, or causes an abomination or a lie, but only those who are written in the Lamb's Book of Life) —

സ്വർഗ്ഗീയനഗരമായ പുതിയയെരൂശലേം വിശുദ്ധനഗരവും ദൈവത്തിന്റെ വാസസ്ഥലവുമാണ്. അവിടെ പാപികൾക്കു പ്രവേശനമില്ല. ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും ഉൾപ്പെട്ട പുതിയയെരൂശലേമിന്റെ പ്രത്യേകതകൾ വിവരിച്ചപ്പോൾ, ദൈവത്തിൽ ആശ്രയം വെക്കാത്തവർക്കുണ്ടാകുന്ന രണ്ടാംമരണത്തെയും അവരുടെ ഭയാജനകമായ അന്ത്യത്തെയും കുറിച്ചു പറഞ്ഞിരുന്നു. വെളി.21:8 — *''എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ, എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം"* (But the cowardly, unbelieving, abominable, murderers, sexually immoral, sorcerers, idolaters, and all liars shall have their part in the lake which burns with fire and brimstone, which is the second death).

കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിയവർക്കു മാത്രമായിരിക്കും വിശുദ്ധനഗരമായ സ്വർഗ്ഗീയയെരൂശലേമിൽ പ്രവേശിക്കുവാനുള്ള യോഗ്യത. ലോകത്തിന്റെ പാപം ചുമന്നു യാഗമായിത്തീർന്ന യേശുക്രിസ്തുവാണ് കുഞ്ഞാട് എന്ന പേരിൽ അറിയപ്പെടുന്നത്. പാപികൾക്കു ദൈവസന്നിധിയിൽ നീതീകരണം ലഭിക്കുവാൻ പഴയനിയമത്തിൽ രക്തം ചൊരിഞ്ഞുള്ള യാഗം ആവശ്യമായിരുന്നു. യേശുക്രിസ്തുവെന്ന ഊനമില്ലാത്ത കുഞ്ഞാടിന്റെ യാഗത്താൽ പാപികളുടെമേലുള്ള ദൈവനീതി എന്നേക്കുമായി നിറവേറ്റപ്പെട്ടു. യേശുക്രിസ്തുവിൽ ഒരുവൻ വിശ്വസിക്കുമ്പോൾ നീതീകരണവും വിശുദ്ധീകരണവും ലഭിച്ചു ദൈവകുടുംബത്തിലെ അംഗമായിത്തീരുന്നു. അതായത് യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിച്ചു ഒരുവൻ സ്വീകരിക്കുമ്പോൾ അവന്റെ പേര് ജീവപുസ്തകത്തിൽ എഴുതപ്പെടുന്നു.

കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ആരും പുതിയ യെരൂശലേമിൽ പ്രവേശിക്കുന്നില്ല. സഹസ്രാബ്ദഭൂമിയിൽ ദൈവത്തിൽ ശരണപ്പെടാത്ത അവിശ്വാസികളായവർ ഉണ്ടായിരുന്നു. അവരുടെ പേരുകൾ ജീവപുസ്തകത്തിലില്ല. അവരാരും പുതിയഭൂമിയിലേക്കു പ്രവേശിക്കപ്പെടുന്നില്ല. മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല. മ്ലേച്ഛത വിഗ്രഹാരാധനയെയും, ഭോഷ്ക്ക് കള്ളം പറയുകയും പ്രവർത്തിക്കുന്നതിനെയും കുറിക്കുന്നു. അങ്ങനെയുള്ളവർ ജീവപുസ്തകത്തിൽ പേരില്ലാതെ അവരുടെ മ്ലേച്ഛതയിലും ഭോഷ്ക്കിലും മരിക്കുന്നു.

*"കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല"* എന്ന പ്രസ്താവനയോടാണ് 21-ാം അദ്ധ്യായം അവസാനിക്കുന്നത്. പുതിയനിയയമസഭ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു, വിശുദ്ധന്മാർക്കു പുനരുത്ഥാനം ലഭിച്ചു, മഹാപീഡനകാലവും, ആയിരമാണ്ടു വാഴ്ചയും കഴിഞ്ഞു, പുതിയ ആകാശവും പുതിയഭൂമിയും സ്ഥാപിതമായി, പുനരുത്ഥാനശരീരം ലഭിച്ച വിശുദ്ധന്മാർ അവർക്കായുള്ള നിത്യഭവനത്തിൽ പ്രവേശിച്ചു. ഇങ്ങനെയുള്ള വേളയിൽ പാപികളും ദുഷ്ടന്മാരും അവിടെ

പ്രവേശിക്കയില്ലെന്നു പറയുന്നതിന്റെ പ്രസക്തി എന്താണെന്നു ചിന്തിച്ചുപോകാം. ഇതിനു രണ്ടു കാരണങ്ങളുണ്ടെന്നു കരുതാം. സഹസ്രാബ്ദഭൂമിയിൽ സമാധാനഭരണമെങ്കിലും അവിടെ പാപികളും മത്സരികളും ഉണ്ടായിരിക്കും. പാപം ഉയരുന്നിടത്തു ഇരുമ്പുകോലിനാൽ അമർത്തപ്പെടും (സങ്കീ.2:9/ വെളി.2:27). അന്നത്തെ യുഗത്തിലെ പാപികളാരും പുതിയ ഭൂമിയിലേക്കു പ്രവേശിക്കുകയില്ല എന്നുള്ള അറിയിപ്പായിരിക്കും ഒന്നാമത്തേത്. എന്നാൽ അതിനേക്കാളും ഏറ്റവും യോജ്യമായ കാരണം എന്നത് ഇന്നു ഭൂമിയിൽ വസിക്കുന്നവർ ഒരു മുന്നറിയിപ്പായി ഇതിനെ എടുക്കേണമെന്നുള്ളതാണ്. കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതപ്പെടാതെയുള്ള ആരെങ്കിലും ഇതു വായിക്കുന്നുവെങ്കിൽ അവർക്കു സംഭവിക്കുന്ന അതിഭയങ്കരമായ ന്യായവിധികളെ തിരിച്ചറിഞ്ഞ് അവർ ഈ നിമിഷം തന്നെ രക്ഷിക്കപ്പെടുവാനുള്ള ഒരു ദൂതായിരിക്കുന്നു എന്നതാണ്. ആയതുപോലെ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതപ്പെട്ടു, സ്വർഗ്ഗീയനഗരത്തിലേക്കു പോകുവാൻ ഒരുങ്ങിയിരിക്കുന്ന ദൈവമക്കളായ നമുക്കു ഒരു ഉത്തരവാദിത്തം കൂടി ഇവിടെ ഉൾക്കൊള്ളുന്നു. *"കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല"* എന്ന തിരുവചനം രക്ഷിക്കപ്പെടാത്തവരെ വായിച്ചു കേൾപ്പിച്ചു അവരെയും ഇത്ര വലിയ സൗഭാഗ്യത്തിലേക്കു നയിക്കേണ്ട ചുമതല നമ്മെ കർത്താവു ഏല്പിച്ചിട്ടുണ്ടെന്നു മനസ്സിലാക്കി പ്രവർത്തിക്കുക.

======================= // ===========================

# വെളിപ്പാട് — അദ്ധ്യായം — 22

## പുതിയ യെരൂശലേം — നിത്യവാസം

## (THE NEW JERUSALEM ---- ETERNAL DWELLING)

**ആമുഖം :**

വിശുദ്ധവേദപുസ്തകത്തിലെ ഉപസംഹാരവിവരണങ്ങൾ വെളിപ്പാടു.22-ൽ ഉൾക്കൊള്ളുന്നു. *"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു"* (ഉല്പ.1:1) എന്ന വിവരണത്തോടെ ആരംഭിക്കുന്ന തിരുവചനം *"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ"* (വെളി.22:21) എന്ന അനുഗ്രഹവചനത്തോടു അവസാനിക്കുന്നു. വേദപുസ്തകത്തിലെ 1189 അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്ന 66 പുസ്തകങ്ങളിലൂടെ സർവ്വശക്തനായ ദൈവത്തെയും, ദൈവത്തിന്റെ പ്രവൃത്തികളെയും, മനുഷ്യനുവേണ്ടി ദൈവം ഒരുക്കിയ രക്ഷണ്യമാർഗ്ഗത്തിലൂടെ ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനോടുള്ള സ്നേഹത്തെയും കരുണയെയും കാണുന്നു. ഏദെൻതോട്ടത്തിൽ ദൈവം മനുഷ്യനുമായി ഒത്തൊരുമിച്ചു വസിക്കുവാൻ ആഗ്രഹിച്ചുവെങ്കിലും മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചമൂലം അതു സാധിക്കാതെ തടസ്സപ്പെട്ടു. എന്നാൽ ദൈവം ഒരുക്കിയ രക്ഷയിലൂടെ വിശുദ്ധീകരണം നേടിയവരായ മനുഷ്യരുമായി ദൈവം, പുതിയ യെരൂശലേമിൽ ഒത്തൊരുമിച്ചു വസിക്കുന്ന മനോഹരകാഴ്ച വെളിപ്പാടു പുസ്തകം 21,22 അദ്ധ്യായങ്ങൾ വിവരിക്കുന്നു.

മനുഷ്യൻ പാപം ചെയ്തു ദൈവസന്നിധി വിട്ടകന്നുപോയെങ്കിലും ദൈവം ഒരുക്കിയ വീണ്ടെടുപ്പിലൂടെ ദൈവത്തിൽ ശരണപ്പെട്ടവർക്കു പുതിയ യെരൂശലേമാകുന്ന നിത്യഭവനത്തിൽ ഒരുക്കിയിരിക്കുന്ന ദൈവീകകാര്യപരിപാടികളെ വെളിപ്പാടിലെ അവസാന അദ്ധ്യായത്തിൽ കാണുന്നു. ഉല്പത്തിൽ പറുദീസാ നഷ്ടപ്പെട്ടുവെങ്കിൽ വെളിപ്പാടിൽ പറുദീസാ വീണ്ടെടുക്കുന്നു (Genesis > Paradise lost :: Revelation > Paradise regained). മനുഷ്യൻ പാപം മൂലം നഷ്ടപ്പെടുത്തിയ സകലതും കുഞ്ഞാടായ യേശുക്രിസ്തു വീണ്ടെടുക്കുന്നു. ഏദെൻ തോട്ടത്തിൽ ഒരു നദിയും ജീവവൃക്ഷവും (River and Tree of Life) കാണുന്നു. വീണ്ടെടുക്കപ്പെട്ട പറുദീസായാകുന്ന സ്വർഗ്ഗീയ യെരൂശലേമിൽ ഒരു ജീവജലനദിയും ജീവവൃക്ഷവും (River of Life and Tree of Life) കാണുന്നു. എന്നാൽ ഏദെൻതോട്ടത്തിൽ കല്പനലംഘിച്ചു ഭക്ഷിച്ച നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം (Tree of Knowledge) ഇവിടെ കാണുന്നില്ല. ദൈവമായിരിക്കും വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടെ ജീവന്റെയും അറിവിന്റെയും ഉറവിടം.

പ്രാരംഭപുസ്തകമായ ഉല്പത്തിയിലെ ആദ്യത്തെ രണ്ടദ്ധ്യായങ്ങൾ ഭൂമിയിലെ സ്വർഗ്ഗം എന്നു വിശേഷിപ്പിക്കപ്പെടാവുന്ന ഏദെൻ തോട്ടത്തിൽ മനുഷ്യനു ലഭിക്കുന്ന സ്വർഗ്ഗീയ അനുഗ്രഹത്തെയും ദൈവീകകൂട്ടായ്മയെയും ചിത്രീകരിക്കുന്നു. അന്ത്യപുസ്തകമായ വെളിപ്പാടിലെ അവസാന രണ്ടദ്ധ്യായങ്ങൾ ഭൂമിയിലെ സ്വർഗ്ഗം എന്നു വിശേഷിപ്പിക്കപ്പെടാവുന്ന സ്വർഗ്ഗീയ യെരൂശലേമിൽ മനുഷ്യനു ലഭിക്കുന്ന അനുഗ്രഹവും ദൈവീകകൂട്ടായ്മയും വിവരിക്കുന്നു. ഇവയ്ക്കു രണ്ടിനുമിടയിലുള്ള സുദീർഘമായ അദ്ധ്യായങ്ങളിലൂടെ ദൈവത്തിനു മനുഷ്യനോടുള്ള ദൈവകരുണയും, ദൈവസ്നേഹവും വിവരിക്കുന്നതോടൊപ്പം ദൈവശബ്ദത്തെ അനുസരിച്ചു ജീവിക്കുന്നവർക്കു അനുഗ്രഹവും, നിരാകരിക്കുന്നവർക്കു ലഭിക്കുന്ന അതികഠിനമായ ശിക്ഷാവിധികളെയും കാണാം.

*"ഇവിടെ കയറിവരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചു തരാം"* (വെളി.4:1) എന്ന കാഹളനാദം പോലുള്ള സ്വർഗ്ഗീയശബ്ദത്തെ തുടർന്നു യോഹന്നാൻ ഭാവിയിലെ ദർശനങ്ങൾ കാണുകയായിരുന്നു. ആത്മവിവശനായി സ്വർഗ്ഗത്തിലെത്തിയ യോഹന്നാൻ അവിടെ ആദ്യമായി കണ്ടത് ഒരു സിംഹാസനമായിരുന്നു. ദർശനത്തിന്റെ അവസാനവും യോഹന്നാൻ ഒരു സിംഹാസനം കാണുന്നു. എന്നാൽ പ്രസ്തുത സിംഹാസനം ഭൂമിയിലെ പുതിയ യെരൂശലേമിലായിരുന്നു എന്നതാണ് പ്രത്യേകത.

വെളിപ്പാട് 21:1 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന പുതിയ യെരൂശലേമിന്റെ പുറമേയുള്ള കാഴ്ചകളും, നഗരം, ഗോപുരങ്ങൾ, മതിൽ, അടിസ്ഥാനങ്ങൾ എന്നിവയും വിവരിച്ചു. 22 മുതൽ 27 വരെയുള്ള വാക്യങ്ങളിൽ നഗരത്തിലുള്ളിലുള്ള പ്രത്യേകതകളെയും വർണ്ണിച്ചു. തുടർന്നു 22-ാം അദ്ധ്യായത്തിലെ പ്രാരംഭവാക്യങ്ങൾ നഗരത്തിനകത്തെ വിശേഷതകളെ വിവരിക്കുന്നതിനോടൊപ്പം നഗരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൈവസിംഹാസനത്തെക്കുറിച്ചും അവിടെയുണ്ടാകുന്ന നിത്യരാജത്വത്തെയും (Throne of God and eternal reign) കുറിച്ചു വിവരിക്കുന്നു.

വെളിപ്പാട് 21,22 അദ്ധ്യായങ്ങൾ സ്വർഗ്ഗീയ യെരൂശലേമിനെക്കുറിച്ചുള്ള വർണ്ണനയും വിശുദ്ധന്മാർക്കുണ്ടാകുന്ന അനുഗ്രഹങ്ങളെയും പ്രതിപാദിക്കുന്നു. *"യേശുക്രിസ്തുവിന്റെ വെളിപ്പാടു: വേഗത്തിൽ സംഭവിപ്പാനുള്ളതു തന്റെ ദാസന്മാരെ കാണിക്കേണ്ടതിന്നു ദൈവം അവനു കൊടുത്തു"* (വെളി.1:1) എന്ന വാക്കുകളോടെ ആരംഭിച്ച വെളിപ്പാടു പുസ്തകത്തിന്റെ ഉപസംഹാരമായും 21,22 അദ്ധ്യായങ്ങളെ കാണക്കാക്കാം.

**അദ്ധ്യായവിഷയം :**

പുതിയ യെരൂശലേമെന്ന സ്വർഗ്ഗീയപറുദീസായിൽ വിശുദ്ധന്മാരുമായുള്ള ദൈവത്തിന്റെ നിത്യവാസവും നിത്യരാജത്വവും വർണ്ണിക്കുന്നതിനോടൊപ്പം യേശുക്രിസ്തുവിന്റെ വീണ്ടും വരവിനെ പ്രഖ്യാപിക്കുകയുമാണ് അദ്ധ്യായ വിഷയം (Eternal dwelling and reign of God with Saints and the proclamation of the imminent return of Jesus Christ).

**അദ്ധ്യായസംഗ്രഹം :**

*"വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു"* (വെളി.22:1) എന്ന പ്രസ്താവനയോടെ 22-ാം അദ്ധ്യായം ആരംഭിക്കുന്നു. 21-ാം അദ്ധ്യായത്തിൽ വിവരിച്ച സ്വർഗ്ഗീയ യെരൂശലേമിനെക്കുറിച്ചുള്ള വിവരണം 22:5 വരെ തുടരുകയാണ്. 22-ലെ ആദ്യത്തെ അഞ്ചു വാക്യങ്ങളിൽ പുതിയ യെരൂശലേമിനകത്തുള്ള സവിശേഷതകളും വിശുദ്ധന്മാർക്കു ലഭിക്കുന്ന മഹത്വമേറിയ അനുഗ്രഹങ്ങളെയും അവിടെ അവർ അനുഭവിക്കുന്ന നിത്യാനന്ദത്തെയും വിവരിക്കുന്നു. ഇവയിൽ വീഥി (22:1 - Street), ജീവജലനദി (22:1 - The River of Life), ജീവവൃക്ഷം (22:2 - The Tree of Life), ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം (22:1,3 - The throne of God and the Lamb) എന്നിവ വിശുദ്ധന്മാർക്കു പ്രത്യാശ ഉളവാക്കുന്നവയാണ്. സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന ജീവജലനദിയും, മാസംതോറും പുറപ്പെടുവിക്കുന്ന ഫലവും ജീവചൈതന്യം നല്കുന്ന ഇലകളുമുള്ള ജീവവൃക്ഷവും (22:2) അവിടത്തെ പ്രത്യേകതകളാണ്. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിന്റെ സാന്നിദ്ധ്യം (22:3) വിശുദ്ധന്മാർക്കു ലഭിക്കുന്ന ഭംഗമില്ലാത്ത നിത്യകൂട്ടായ്മയെ വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ ദാസന്മാർ ദൈവത്തെ മുഖാമുഖം കണ്ടു ആരാധിക്കുവാനിടയാകും. അവർ തങ്ങളുടെ നെറ്റിയിൽ ദൈവത്തിന്റെ നാമം വഹിക്കുന്നവരുമായിരിക്കും (22:3,4). അവിടെ ഒരു ശാപവും ഉണ്ടായിരിക്കയില്ല. വെളിച്ചത്തിന്റെ ഉറവിടമായ ദൈവം അവരുടെമേൽ പ്രകാശിക്കകൊണ്ടു വിളക്കിന്റെ ആവശ്യവുമില്ല. അവർ എന്നെന്നേക്കും രാജാക്കന്മാരായി വാഴും (22:4,5).

*"ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു"* (22:6) എന്ന വാക്കുകളോടെ തുടർന്നു വിവരിക്കുന്ന വാക്യങ്ങൾ (വെളി.22:6-21) യേശുക്രിസ്തുവിന്റെ വെളിപ്പാടു എന്നറിയപ്പെടുന്ന, അതിമഹത്തായ വെളിപ്പാടു പുസ്തകത്തിന്റെ ഉപസംഹാരമായിരിക്കുന്നു. ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ (22:7) എന്നു അറിയുന്നതോടൊപ്പം ഞാൻ വേഗത്തിൽ വരുന്നു എന്നു കർത്താവു തന്റെ ഭൂമിയിലേക്കുള്ള വരവിനെക്കുറിച്ചും മൂന്നു പ്രാവശ്യം പ്രഖ്യാപിക്കുന്നു (വെളി.22:7,12,20). ഞാൻ അല്ഫയും ഓമേഗയും (Alpha and Omega), ഒന്നാമത്തവനും ഒടുക്കത്തവനും (The Beginning and the End), ആദിയും അന്തവും (The First and the Last), ദാവീദിന്റെ വേരും വംശവും (Root and Offspring of David), ശുഭ്രമായ ഉദയനക്ഷത്രവും (The Bright and the Morning Star) എന്നു തന്നെക്കുറിച്ചു സാക്ഷീകരിക്കുന്നു. ഈ പ്രവചനപുസ്തകത്തിലെ വചനത്തോടു കൂട്ടുകയോ അതിൽ നിന്നു വല്ലതും നീക്കിക്കളയുകയോ ചെയ്യുന്നവർക്കുള്ള ശിക്ഷയും മുന്നറിയിപ്പായി പ്രസ്താവിച്ചിരിക്കുന്നു (22:18,19). *"ആമേൻ, കർത്താവായ യേശുവേ, വരേണമേ"* എന്നുള്ള പ്രാർത്ഥനയോടും, *"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ"* എന്ന അനുഗ്രഹത്തോടെയും പുസ്തകം അവസാനിക്കുന്നു (22:20,21).

**അദ്ധ്യായവിഭജനം :**

വെളി.22:1-5 — ദൈവത്തിന്റെ പറുദീസാ (The Paradise of God)

- 22:1 > പുതിയ യെരൂശലേമിന്റെ വീഥി (Street of the New Jerusalem)
- 22:1 > ജീവജലനദി (The River of Life)
- 22:2 > ജീവവൃക്ഷം (The Tree of Life)
- 22:3-5 > ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം (The Throne of God and of the Lamb)

വെളി.22:6-21 — ഉപസംഹാരം (The Conclusion)

- 22:6 > ഈ വചനം വിശ്വായോഗ്യവും സത്യവും ആകുന്നു (The faithfulness of the message)
- 22:7,12,20 > യേശുക്രിസ്തുവിന്റെ സാക്ഷ്യം - ഞാൻ വേഗം വരുന്നു (Testimony of Jesus -- Behold, I come quickly)
- 22:8,9 > യോഹന്നാന്റെ പ്രതികരണം (John's reaction to Angel)
- 22:10 > സമയമടുത്തിരിക്കയാൽ മുദ്രയിടരുത് (Book not to be sealed - for the time is at hand)
- 22:11 > വിശുദ്ധനും അശുദ്ധനും - അവസ്ഥ (The state of Godly and Ungodly)
- 22:12 > പ്രതിഫലവുമായി വരുന്ന കർത്താവ് (Christ's coming with reward)

22:13 > കർത്താവിന്റെ നിത്യത്വം (Threefold declaration of God's eternity)
22:14 > വിശുദ്ധന്മാരുടെ അനുഗ്രഹാവസ്ഥ (The blessedness of the Saints)
22:15 > പാപികൾക്കുള്ള സ്ഥാനം (The Sinners place - outside)
22:16 > കർത്താവിന്റെ സാക്ഷ്യം (Testimony of Jesus)
22:17 > രക്ഷിക്കപ്പെടാത്തവർക്കുള്ള ആഹ്വാനം (Invitation to the unsaved)
22:18,19 > പ്രവചനത്തിനു മാറ്റം വരുത്തുന്നവർക്കുള്ള ശിക്ഷ
(Warning against who change the prophesy)
22:20 > കർത്താവിന്റെ മടങ്ങി വരവ് (Testimony of Christ's coming)
22:21 > കൃപയാലുള്ള ആശീർവാദം (Benediction in Grace of Lord).

**വെളി.22:1 — "വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു"** (And he showed me a pure river of water of life, clear as crystal, proceeding from the throne of God and of the Lamb) —

വെളിപ്പാട് 21-ാം അദ്ധ്യായത്തിൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന പുതിയ യെരൂശലേമിന്റെ പുറമേയുള്ള കാഴ്ചകളും, നഗരം, ഗോപുരങ്ങൾ, മതിൽ, അടിസ്ഥാനങ്ങൾ, നഗരത്തിലെ പ്രത്യേകതകൾ എന്നിവ വിവരിച്ചു. 22-ാം അദ്ധ്യായത്തിൽ നഗരത്തിനുള്ളിലെ കാര്യങ്ങൾ യോഹന്നാനു ദൂതൻ കാണിച്ചു കൊടുക്കുന്നു. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയെക്കുറിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

**വീഥിയുടെ നടുവിൽ** (In the middle of its street) —

വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം എന്നാണ് ഇവിടെ കാണുന്നത്. എന്നാൽ മൂലഭാഷയായ ഗ്രീക്കിലും ഇംഗ്ലീഷ് പരിഭാഷയിലും (NKJV) വീഥിയുടെ നടുവിൽ (In the middle of its street) എന്നത് രണ്ടാം വാക്യത്തോടനുബന്ധിച്ചാണ് കാണുന്നത്. എന്നാൽ മറ്റൊരു പരിഭാഷയിൽ ഇപ്രകാരം വിവരിക്കുന്നു > (In NIV translation ---> 22:1 > " Then the angel showed me the river of the water of life, as clear as crystal, flowing from the throne of God and of the Lamb down the middle of the great street of the city). അതായത് 'ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പളുങ്കുപോലെ ശുഭ്രമായ ജീവജലനദി പുറപ്പെട്ടു നഗരത്തിന്റെ മഹാവീഥിയിലൂടെ ഒഴുകുന്നതു യോഹന്നാനെ കാണിച്ചു' എന്നു സാരം.

വീഥി, ജീവവൃക്ഷം, ജീവജലനദി ഇവ മൂന്നും സിംഹാസനത്തോടു ബന്ധപ്പെട്ടാണ് ഇവിടെ കാണുന്നത്. നഗരത്തിന്റെ തങ്കത്തെരുവീഥിയെക്കുറിച്ചു കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞിരുന്നു. **വെളി.21:21 —** *"നഗരത്തിന്റെ വീഥി സ്വച്ഛസ്ഫടികത്തിന്നു തുല്യമായ തങ്കവും ആയിരുന്നു."* അക്ഷരാർത്ഥത്തിലും ആത്മീകാർത്ഥത്തിലും ഇതിനെ എടുക്കാം. അക്ഷരാർത്ഥത്തിൽ സ്വർഗ്ഗീയ യെരൂശലേമിന്റെ വീഥി കലർപ്പോ, മാലിന്യമോ, അശുദ്ധിയോ ഇല്ലാത്ത സ്വച്ഛസ്ഫടികത്തിനൊത്ത തങ്കനിർമ്മിതമാണ്. ആത്മീകമായി ഇതിനെ എടുത്താലും സ്വർഗ്ഗീയ യെരൂശലേമിന്റെ കാര്യത്തിൽ ഏറ്റവും യുക്തമായിരിക്കുന്നു. സ്വച്ഛസ്ഫടികത്തിനു തുല്യമെന്നത് പരിപൂർണ്ണവിശുദ്ധിയെയും, തങ്കം ദൈവത്വത്തെയും കുറിക്കുന്നു. അതായത് മാറ്റമില്ലാത്തതും കലർപ്പില്ലാത്തതുമായ ദൈവീകവിശുദ്ധിയുടെ ഉറവിടത്തെയും, അവിടമാസകലം ദൈവസാന്നിദ്ധ്യത്തിന്റെ നിറവിനെയും വെളിപ്പെടുത്തുന്നു.

സ്വർഗ്ഗീയയെരൂശലേമിന്റെ വീഥി സിംഹാസനത്തോടു ബന്ധപ്പെട്ടിരിക്കുന്നത് മറ്റൊരു മഹത്തായ ആത്മീകസത്യത്തിലേക്കും വിരൽ ചൂണ്ടുന്നു. *"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല"* (യോഹ.14:6) എന്നു കർത്താവ് പറഞ്ഞു. പാപത്തിന്റെയും, ദുഷ്ടതയുടെയും, മ്ലേച്ഛതയുടെയും വഴിയിൽ സഞ്ചരിച്ചിരുന്ന മനുഷ്യവർഗ്ഗത്തിനു സ്വർഗ്ഗത്തിലേക്കുള്ള വഴി കാട്ടിക്കൊടുക്കുവാനും അതിലൂടെ സഞ്ചരിക്കുവാൻ മാർഗ്ഗം ഒരുക്കുവാനും കർത്താവു ഭൂമിയിലേക്കു വന്നു. സ്വർഗ്ഗീയയെരൂശലേമിലേക്കുള്ള യാത്രക്കാരാകുവാനും അവിടെ രാജാക്കന്മാരായി മനുഷ്യർക്കു ദൈവത്തോടൊപ്പം വാഴുവാനും വസിപ്പാനും ക്രിസ്തു തന്റെ ശരീരത്തിലൂടെ ഒരു പുതുവഴി ഒരുക്കി എന്നു തിരുവചനം പ്രസ്താവിക്കുന്നു. ഇന്നും ദൈവത്തിൽ ശരണപ്പെടുന്നവർക്കു ഈ വഴിയിലൂടെ ധൈര്യത്തോടെ സഞ്ചരിച്ചു സ്വർഗ്ഗീയാനുഗ്രഹങ്ങൾ പ്രാപിക്കാം. **എബ്രാ.10:19-22 —** *"അതുകൊണ്ടു സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽകൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന്നു ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ടു നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക."*

**ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി** (proceeding from the throne of God and of the Lamb) —

പത്മൊസ്ദ്വീപിൽ ആത്മവിവശനായ യോഹന്നാൻ ദർശനങ്ങളുടെ പ്രാരംഭത്തിൽ സ്വർഗ്ഗത്തിൽ ഒരു സിംഹാസനം കാണുകയുണ്ടായി. അതിലിരുന്നത് മഹത്വധാരിയും തേജോമയനുമായ സർവ്വശക്തനായ പിതാവാംദൈവമായിരുന്നു. **വെളി.4:2 —** *"ഉടനെ ഞാൻ ആത്മവിവശനായി സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു."* അവിടെ ക്രിസ്തു അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിൽ പുസ്തകം വാങ്ങുവാൻ യോഗ്യനായി സിംഹാസനത്തിനു മുമ്പിൽ നില്ക്കുന്നതായും കണ്ടു. **വെളി.5:6 —** *"ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതു കണ്ടു."* എന്നാൽ നിത്യവാസത്തോടു ബന്ധപ്പെട്ടുള്ള ദർശനത്തിൽ യോഹന്നാൻ കാണുന്ന സിംഹാസനം ഭൂമിയിലെ പുതിയ യെരൂശലേമിലാണ്.

ദൈവസിംഹാസനം ദൈവത്തിന്റെ അധികാരത്തെയും, സർവ്വശക്തിയെയും, വാഴ്ചയെയും കുറിക്കുന്നു. ദൈവവും കുഞ്ഞാടും സിംഹാസനത്തിൽ ഇരിക്കുന്നതു യോഹന്നാൻ കാണുന്നു. പുതിയ യെരൂശലേമിൽ കാണപ്പെടുന്ന സിംഹാസനം ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം എന്നു വിശേഷിപ്പിച്ചിരിക്കുന്നുവെങ്കിലും സിംഹാസനം രണ്ടല്ല ഒന്നേയുള്ളു എന്നു ഓർക്കേണ്ടതുണ്ട്. ദൈവത്തോടുള്ള ബന്ധത്തിൽ പിതാവിന്റെ സമ്പൂർണ്ണഹിതമനുസരിച്ചു പ്രവർത്തിച്ച പുത്രനെന്ന നിലയിലും, മനുഷ്യരോടുള്ള ബന്ധത്തിൽ അവരുടെ പാപങ്ങൾക്കു എന്നേക്കുമുള്ള വീണ്ടെടുപ്പിനായി പ്രവർത്തിച്ച അറുക്കപ്പെട്ട കുഞ്ഞാടെന്ന നിലയിലും സിംഹാസനത്തിൽ ദൈവത്തോടൊപ്പം ക്രിസ്തുവും ഇരിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി പിതാവിനോടുള്ള സമത്വം വിട്ടുകളഞ്ഞു ദാസരൂപമെടുത്തു ഭൂമിയിലേക്കു പുത്രൻ വന്നു. ക്രൂശിലെ ശാപകരമായ മരണം ഏറ്റുവാങ്ങി സകലർക്കും രക്ഷ സാദ്ധ്യമാക്കി. ദൈവഹിതം സമ്പൂർണ്ണമായി നിറവേറ്റിയ പുത്രൻ പിതാവിനാൽ ഉയർത്തപ്പെട്ടു. മാത്രമല്ല പിതാവിനോടൊപ്പം സിംഹാസനത്തിൽ ക്രിസ്തു ഇരിക്കുന്ന കാഴ്ച യോഹന്നാൻ കാണുന്നു. സിംഹാസനത്തിലിരിക്കുമ്പോഴും ക്രിസ്തുവിനെ അറിയുന്നത് കുഞ്ഞാട് എന്ന നാമത്തിലാണ്. ഇത് ദൈവത്തോടുള്ള ബന്ധത്തിൽ ലോകത്തിന്റെ പാപം ചുമന്ന ദൈവത്തിന്റെ കുഞ്ഞാടും, മനുഷ്യനോടുള്ള ബന്ധത്തിൽ അവർക്കായി പ്രായശ്ചിത്തമരണം കൈവരിച്ച വീണ്ടെടുപ്പിന്റെ പ്രവർത്തനത്തെയും കുഞ്ഞാട് എന്ന പേര് വെളിപ്പെടുത്തുന്നു.

**പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു** (And he showed me a pure river of water of life, clear as crystal) —

സ്വർഗ്ഗീയസിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയെ ദൂതൻ യോഹന്നാനു കാണിച്ചു കൊടുത്തു. ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന സ്വർഗ്ഗീയനഗരമായ പുതിയ യെരൂശലേമിന്റെ ഉള്ളിലെ കാഴ്ചകൾ നമ്മെ ഏദെനിലെ മനോഹരമായ തോട്ടത്തിന്റെ അനുഭവത്തിലേക്കു കൊണ്ടുപോകുന്നു. ഏദെൻതോട്ടത്തിലും സഹസ്രാബ്ദഭൂമിയിലും നദിയെ കാണുന്നു. ഏദെൻതോട്ടത്തിൽ ഒരു നദി പുറപ്പെട്ടു നാലുശാഖകളായി ഒഴുകുമ്പോൾ (ഉല്പ.2:10-14), സഹസ്രാബ്ദഭൂമിയിൽ ദൈവാലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴിൽ നിന്നു ഒരു നദി ഒഴുകുന്നു (യെഹെ.47:1-5). പുതിയയെരൂശലേമിലും, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന ഒരു ജീവജലനദി കാണുന്നു(വെളി.22:1).

സ്വർഗ്ഗീയ യെരൂശലേം നഗരത്തിലെ ജീവജലനദിയുടെ ഉറവിടം ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം ആണ്. അതിന്റെ വിശേഷത പളുങ്കുപോലെ ശുഭ്രമായ (pure clear as crystal) ജീവജലനദിയാണ്. പളുങ്കുപോലെ ശുഭ്രമെന്നത് സമ്പൂർണ്ണപരിശുദ്ധിയെ കാണിക്കുന്നു. ദൈവത്തിന്റെയും ദൈവനഗരത്തിന്റെയും വിശുദ്ധിയെയും നിർമ്മലതയെയും ഇതു പ്രകടമാക്കുന്നു. ജീവൻ നല്കുന്ന ജലമായതിനാൽ ജീവജലനദി (river of water of life) എന്നറിയപ്പെടുന്നു. നഗരമാകെ സമൃദ്ധമായ ജീവൻ നല്കുന്ന അനുഭവത്തെ ജീവജലനദി കുറിക്കുന്നു.

ഇന്നു വിശ്വാസിയിൽ വാസം ചെയ്യുന്ന പരിശുദ്ധാത്മാവിനെ ജീവജലനദിയോടു കർത്താവു സാദൃശ്യപ്പെടുത്തിയിട്ടുണ്ട്. **യോഹ.7:38,39 —** *"എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു. അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞതു."* ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നാണ് പളുങ്കുപോലെ ശുഭ്രമായ ജീവജലനദി പുറപ്പെടുന്നത്. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ എന്നു പറയുമ്പോൾ പരിശുദ്ധാത്മാവിന്റെ പങ്ക് പുതിയ യെരൂശലേമിൽ ഇല്ലേ എന്നു ചിന്തിച്ചു പോകാം. എന്നാൽ പരിശുദ്ധാത്മാവിനെ കുറിക്കുന്നതാണ് ജീവജലനദി. അതായത് പിതാവു പുത്രൻ പരിശുദ്ധാത്മാവ് എന്ന ദൈവീകത്രിത്വത്തിൽ നിന്നു പരിശുദ്ധാത്മാവ് നഗരമാകെ ചുറ്റി പ്രവർത്തിക്കുന്നു.

ഉല്പത്തിപുസ്തകത്തിൽ ഏദെൻതോട്ടത്തിൽനിന്നു പുറപ്പെടുന്ന നാലുശാഖകളുള്ള നദിയെക്കുറിച്ചും (ഉല്പ.2:10-14), യെഹെസ്കേൽ പ്രവചനത്തിൽ സഹസ്രാബ്ദഭൂമിയിൽ ദൈവാലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴിൽ നിന്നു പുറപ്പെടുന്ന ഒരു നദിയെക്കുറിച്ചും (യെഹെ.47:1-5) വിവരിച്ചിരിക്കുന്ന ഭാഗങ്ങൾ അക്ഷരാർത്ഥത്തിൽ ചിന്തിക്കുന്നതോടൊപ്പം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ ബന്ധപ്പെടുത്തി ആത്മീകമായും ചിന്തിക്കാം.

**(1) ഏദെൻതോട്ടത്തിലെ നദി —**

ഉല്പ.2:10-14 > *"തോട്ടം നനെപ്പാൻ ഒരു നദി ഏദെനിൽ നിന്നു പുറപ്പെട്ടു; അതു അവിടെ നിന്നു നാലു ശാഖയായി പിരിഞ്ഞു. ഒന്നാമത്തേതിനു പീശോൻ എന്നു പേർ; അതു ഹവീലാദേശമൊക്കെയും ചുറ്റുന്നു; അവിടെ പൊന്നുണ്ടു. ആ ദേശത്തിലെ പൊന്നു മേത്തരമാകുന്നു; അവിടെ ഗുല്ഗുലുവും ഗോമേദകവും ഉണ്ടു. രണ്ടാം നദിക്കു ഗീഹോൻ എന്നു പേർ; അതു കൂശ് ദേശമൊക്കെയും ചുറ്റുന്നു. മൂന്നാം നദിക്കു ഹിദ്ദേക്കെൽ എന്നു പേർ; അതു അശ്ശൂരിന്നു കിഴക്കോട്ടു ഒഴുകുന്നു; നാലാം നദി ഫ്രാത്ത് ആകുന്നു."*

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന പ്രസ്താവനയോടെ തിരുവചനം ആരംഭിക്കുന്നു. അതിനുശേഷം സകലജീവജാലങ്ങളെയും സൃഷ്ടിച്ച ദൈവം മനുഷ്യനെയും ഉണ്ടാക്കി. ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി മനുഷ്യനെ അതിൽ പാർപ്പിച്ചു. ഏദെൻ എന്ന വാക്കിനു ആനന്ദം (delight), ധാരാളം വെള്ളമുള്ള സ്ഥലം (place of much water), വാസസ്ഥലം (living place), പറുദീസാ (Paradise) എന്നൊക്കെ അർത്ഥം. തോട്ടം നനെപ്പാൻ ഏദെനിൽ നിന്നു ദൈവം ഒരു നദി പുറപ്പെടുവിച്ചു. പീശോൻ, ഗീഹോൻ, ഹിദ്ദേക്കെൽ, ഫ്രാത്ത് എന്നിങ്ങനെ നാലു ശാഖകളായി അതു പിരിഞ്ഞു ദേശത്തെ നനെക്കുകയും ഫലപുഷ്ടമാക്കുകയും ചെയ്തു. ഏദെനിൽ നിന്നു പുറപ്പെടുന്ന നദി പരിശുദ്ധാത്മാവിന്റെ ഉറവയെ കാണിക്കുമ്പോൾ അതിന്റെ നാലു ശാഖകൾ വിശ്വാസിയിൽ പരിശുദ്ധാത്മാവിനാൽ വെളിപ്പെടുന്ന വ്യത്യസ്തങ്ങളായ ആത്മീകാനുഭവങ്ങളെയും കാണിക്കുന്നു.

**(1) പീശോൻ (Pishon) —** ഒന്നാമത്തെ നദിക്കു പീശോൻ എന്നു പേർ. ഈ വാക്കിനർത്ഥം വെള്ളച്ചാട്ടം (fountain) എന്നാണ്. അതു ഹവീലാ ദേശമൊക്കെയും ചുറ്റുന്നു. ഹവീലാ എന്നതിനർത്ഥം വട്ടം അഥവാ ചുറ്റും (Circle) എന്നാണ്. ആത്മീകമായി ചിന്തിച്ചാൽ ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കുമ്പോൾ ഏദെനിലെ ജീവജലനദിയുടെ അനുഭവത്താൽ പരിശുദ്ധാത്മാവ് അവനിൽ വാസം ആരംഭിക്കുന്നു. അതായത് പരിശുദ്ധാത്മാവിനാൽ അഭിഷേകം ലഭിക്കുന്നു.തുടർന്നു പീശോന്റെ അഥവാ വെള്ളച്ചാട്ടത്തിന്റെ അനുഭവം അവനിലുണ്ടാകുന്നു. *"എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും"* (യോഹ.7:38) എന്നുള്ള തിരുവചനം അവനിൽ നിവർത്തിക്കപ്പെടുന്നു. പീശോൻ ഹവീലാ ദേശമൊക്കെയും ചുറ്റുന്നതുപോലെ വിശ്വാസിയിലും ഒഴുക്കു ദർശിക്കാം. *അതു ഹവീലാദേശമൊക്കെയും ചുറ്റുന്നു; അവിടെ പൊന്നുണ്ടു. ആ ദേശത്തിലെ പൊന്നു മേത്തരമാകുന്നു; അവിടെ ഗുല്ഗുലുവും ഗോമേദകവും ഉണ്ടു."* പരിശുദ്ധാത്മാവിനാൽ അഭിഷേകം ലഭിച്ച വിശ്വാസിയുടെ പ്രത്യേകതകൾ നോക്കുക — മേൽത്തരമായ പൊന്ന്, ഗുല്ഗുലു, ഗോമേദകം. രക്ഷിക്കപ്പെട്ട വിശ്വാസി പരിശുദ്ധാത്മസഹായത്താൽ പൊന്നു വിളയിക്കുന്നു. പൊന്നു വിശ്വാസിയിൽ വിളയുന്ന സൽഗുണങ്ങളെ കുറിക്കുന്നു. ആത്മഫലം മേൽത്തരമായതാണ്. അത് ലോകത്തിലെ എന്തിനേക്കാളും വിലമതിക്കാനാവാത്തതാണ്. ഗുല്ഗുലു സൗരഭ്യവാസനയെ കുറിക്കുന്നു. ചത്തു നാശം പിടിച്ച അവസ്ഥയിലായിരുന്നവൻ സകലർക്കും സൗരഭ്യവാസന പരത്തുന്നത് ആത്മനിറവിനാലാണ്. ആത്മനിറവിന്റെ മറ്റൊരു ഫലമാണ് ഗോമേദകം. പുറപ്പാടു പുസ്തകത്തിൽ (പുറ.28:9,17-20) അഹരോന്റെ ചുമൽക്കണ്ടത്തിലെയും മാർപതക്കത്തിലെയും വിലയേറിയ രത്നക്കല്ലുകളായിരുന്നു ഗോമേദകം. ലോകപ്രകാരം യാതൊരു വിലയുമില്ലാത്ത ഒരുവൻ ക്രിസ്തുവിലാകുമ്പോൾ അവൻ ദൈവത്തിനു വിലയേറിയവനായിത്തീരുന്നു. അഹരോൻ ചുമലിലും, മാറിലും ഗോമേദകം വഹിക്കുന്നതുപോലെ വിശ്വാസിയെ ദൈവം വഹിക്കുന്നു. കൊമ്പും മുന്തിരിവള്ളിയുമെന്നപോലെ വിശ്വാസി ദൈവത്തോടു ചേർന്നു വസിക്കുവാനിടയാത്തീരുന്നു.

**(2) ഗീഹോൻ (Gihon) —** ഏദെൻ തോട്ടത്തിൽ നിന്നു പുറപ്പെടുന്ന നദിയുടെ രണ്ടാമത്തെ ശാഖയാണിത്. ഗീഹോൻ എന്ന വാക്കിനർത്ഥം കൃപകൾ എന്നാണ്. അതു കൂശ് ദേശമൊക്കെയും ചുറ്റുന്നു. കൂശ് എന്നാൽ കരിഞ്ഞമുഖം എന്നാണ്. പീശോന്റെ അനുഭവത്തിൽ നിന്നു കൂശിന്റെ അനുഭവത്തിലേക്കു വരുന്ന ഒരുവനിൽ ദൈവത്തിൽ നിന്നു എണ്ണമറ്റ കൃപകൾ ലഭിക്കുവാനിടയാകും. പാപത്താൽ കരിഞ്ഞ അനേകരുടെ ജീവിതങ്ങളിലേക്കു ജീവന്റെ സുവിശേഷം പകരപ്പെടുവാനും അതുവഴി അവരും ജീവൻ പ്രാപിക്കുവാനുമിടയാകുന്നു. ആത്മനിറവിന്റെ അനന്തരഫലമെന്നവണ്ണം ഗീഹോന്റെ പ്രവാഹത്താൽ ഇരുളടഞ്ഞ കരിഞ്ഞമുഖങ്ങൾക്കു പകരം വെളിച്ചമുള്ള മുഖങ്ങൾ പ്രാപിച്ചു വെളിച്ചത്തിന്റെ മക്കളായി ജീവിക്കുവാനിടയാകുന്നു.

**(3) ഹിദ്ദേക്കെൽ (Hiddekel) —** മൂന്നാം നദിയായ ഹിദ്ദേക്കെൽ എന്ന പേരിനർത്ഥം ഉഗ്രശബ്ദം, പെട്ടെന്ന് എന്നൊക്കെയാണ്. അതു അശ്ശൂരിനു കിഴക്കോട്ടൊഴുകുന്നു. അശ്ശൂർ എന്ന പേരിനർത്ഥം

സമതലപ്രദേശം, നന്നായി നടക്കുന്നവൻ എന്നാണ്. ഹിദ്ദേക്കെൽ അനുഭവം എന്നത് പരിശുദ്ധാത്മസഹായത്താൽ വിശ്വാസി നേരായപാതയിൽ നടക്കുകയും രക്ഷണ്യസുവിശേഷവും ദൈവീകപ്രമാണങ്ങളും ഉഗ്രശബ്ദത്തോടെ ആധികാരികതയോടെ അറിയിച്ചു അനേകരെ നേരായ പാതയിൽ നടത്തും എന്നതിനെ കുറിക്കുന്നു.

**(4) ഫ്രാത്ത് (Euphrates) —** നാലാം ശാഖയായ ഫ്രാത്ത് എന്നതിനർത്ഥം ഫലവത്തായ എന്നാണ്. ഇതും പരിശുദ്ധാത്മാവിന്റെ മറ്റൊരു പ്രവർത്തനമാണ്. ദൈവത്തിലും ദൈവവചനത്തിലും പരിപൂർണ്ണ സമർപ്പണത്തിൽ ഒരുവൻ ആയിത്തീരുമ്പോൾ ആത്മഫലം പുറപ്പെടുവിക്കുവാനിടയാകുന്നു. ഗലാ.5:22 — *"ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം."*

**(2) സഹസ്രാബ്ദകാലത്തെ നദി —**

സഹസ്രാബ്ദവാഴ്ചക്കാലത്ത് പുനഃസ്ഥാപിക്കപ്പെടുന്ന ദൈവാലയത്തിന്റെ ഉമ്മരപ്പടിക്കീഴിൽ നിന്നും പുറപ്പെടുന്ന ജീവജലനദിയെ ആത്മീകമായി ചിന്തിച്ചാൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്താലുണ്ടാകുന്ന ക്രമാനുഗതമായ ആത്മീകവർദ്ധനവിനെയും വെളിപ്പെടുത്തുന്നു.

**യെഹെ.47:1-5 >** *"അവൻ എന്നെ ആലയത്തിന്റെ പ്രവേശനത്തിങ്കൽ മടക്കിക്കൊണ്ടു വന്നപ്പോൾ ആലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴെ നിന്നു വെള്ളം കിഴക്കോട്ടു പുറപ്പെടുന്നതു ഞാൻ കണ്ടു. ആലയത്തിന്റെ മുഖം കിഴക്കോട്ടല്ലോ; ആ വെള്ളം ആലയത്തിന്റെ വലത്തുഭാഗത്തു കീഴെനിന്നു യാഗപീഠത്തിന്നു തെക്കുവശമായി ഒഴുകി. അവൻ വടക്കോട്ടുള്ള ഗോപുരത്തിൽകൂടി എന്നെ പുറത്തുകൊണ്ടു ചെന്നു പുറത്തെ വഴിയായി കിഴക്കോട്ടു ദർശനമുള്ള ഗോപുരത്തിൽകൂടി പുറത്തേ ഗോപുരത്തിലേക്കു ചുറ്റിനടത്തി കൊണ്ടുപോയി; വെള്ളം വലത്തുഭാഗത്തുകൂടി ഒഴുകുന്നതു ഞാൻ കണ്ടു. ആ പുരുഷൻ ചരടുമായി കിഴക്കോട്ടു നടന്നു, ആയിരം മുഴം അളന്നു, എന്നെ വെള്ളത്തിൽകൂടി കടക്കുമാറാക്കി; വെള്ളം നരിയാണിയോളം ആയി. അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ വെള്ളത്തിൽകൂടി കടക്കുമാറാക്കി; വെള്ളം മുട്ടോളം ആയി; അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ കടക്കുമാറാക്കി; വെള്ളം അരയോളം ആയി. അവൻ പിന്നെയും ആയിരം മുഴം അളന്നു; അതു എനിക്കു കടപ്പാൻ വഹിയാത്ത ഒരു നദിയായി; വെള്ളം പൊങ്ങി, നീന്തീട്ടല്ലാതെ കടപ്പാൻ വഹിയാത്ത ഒരു നദിയായിത്തീർന്നു."*

സഹസ്രാബ്ദവാഴ്ചയിൽ ദൈവലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴെനിന്നു പുറപ്പെടുന്ന നദിയെ യെഹെസ്കേൽ പ്രവാചകൻ ദർശിക്കുന്നു. പുറത്തെ ഗോപുരത്തിലേക്കു ചുറ്റി നടത്തി കൊണ്ടുപോയി. ആത്മീകമായി ചിന്തിച്ചാൽ വിശ്വാസത്താൽ ജീവനുള്ള ഉറവയിലേക്കു നടത്തപ്പെടുന്നു. തുടർന്നു ദൈവാത്മാവിന്റെ പ്രവർത്തനത്താൽ രക്ഷിക്കപ്പെടുന്നു. പുതുജനനം പ്രാപിക്കുമ്പോൾ ക്രിസ്തുയേശുവിൽ പുതുസൃഷ്ടി ആയിത്തീരുന്നു. പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുന്നു (യോഹ.3:5/ യോഹ.7:38 /എഫെ.1:14 /2.കൊരി.5:17 /1.കൊരി.6:19). "ചുറ്റിനടത്തി" എന്ന പ്രയോഗം പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണതയെക്കുറിക്കുന്നു. ഉറവിങ്കലേക്കു നടത്തപ്പെട്ട വിശ്വാസി തുടർന്നു അതിൽ നിന്നു കുടിച്ചു ആത്മനിറവുണ്ടാകുന്നു. ആത്മനിറവിന്റെ നാലു വ്യത്യസ്ത അവസ്ഥകളെക്കുറിച്ചു യെഹെസ്കേൽ പ്രവചനത്തിലെ തുടർന്നുള്ള വാക്യങ്ങളിലൂടെ കാണാം.

(1) *"ആ പുരുഷൻ ചരടുമായി കിഴക്കോട്ടു നടന്നു, ആയിരം മുഴം അളന്നു, എന്നെ വെള്ളത്തിൽകൂടി കടക്കുമാറാക്കി; വെള്ളം നരിയാണിയോളം ആയി."* — യെഹെസ്കേൽ പ്രവാചകനെ ആയിരം മുഴം മുന്നോട്ടു നടത്തിയപ്പോൾ വെള്ളം നരിയാണിയോളമായി. ഇതു ക്രിസ്തീയജീവിതത്തിലെ നടപ്പിനെ (Believer's Walking) കുറിക്കുന്നു. രക്ഷിക്കപ്പെട്ടപ്പോൾ പരിശുദ്ധാത്മാവു ലഭിച്ച വിശ്വാസിക്ക് ആത്മാവിന്റെ വ്യാപാരശക്തിയാൽ ആത്മാവിനെ അനുസരിച്ചു നടപ്പാനും (ഗലാ.5:25), സ്നേഹത്തിൽ നടപ്പാനും (എഫെ.5:2), ജ്ഞാനിയായി നടപ്പാനും (എഫെ.5:15), ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതിരിപ്പാനും (സങ്കീ.1:1), ദുർജ്ജനത്തിന്റെ വഴിയിൽ നടക്കാതിരിപ്പാനും (സദൃ.4:14) കൃപ ലഭിക്കുന്നു. ഇതു ആത്മനിറവിന്റെ ഫലമാണ്.

(2) *"അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ വെള്ളത്തിൽകൂടി കടക്കുമാറാക്കി; വെള്ളം മുട്ടോളം ആയി."* — വീണ്ടും ആയിരം മുഴംകൂടി മുന്നോട്ടു സഞ്ചരിച്ചപ്പോൾ വെള്ളം മുട്ടോളം ആയി. ആത്മീകമായി ചിന്തിച്ചാൽ മുട്ടു (knee) വിശ്വാസിയുടെ പ്രാർത്ഥനാജീവിതത്തെ (Believer's Prayer Life) കുറിക്കുന്നു. ആത്മനിറവിനാൽ നരിയാണിയോളമുള്ള വെള്ളത്തിലൂടെ വീണ്ടും സഞ്ചരിക്കുമ്പോൾ ലോകത്തിൽ നിന്നും തന്നെ ബന്ധിച്ചിരിക്കുന്ന എല്ലാറ്റിൽനിന്നും ശ്രദ്ധ പിൻവലിച്ചു ദൈവത്തിൽ പൂർണ്ണസമർപ്പണവും ആശ്രയവും വെയ്ക്കുന്നു. ഫലമോ മുട്ടിന്മേൽ നില്കുന്ന പ്രാർത്ഥനാജീവിതത്തിലേക്കു അവൻ നയിക്കപ്പെടുന്നു.

(3) *“അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ കടക്കുമാറാക്കി; വെള്ളം അരയോളം ആയി.”* — മൂവായിരം മുഴം സഞ്ചരിച്ചപ്പോൾ വെള്ളം അരയോളം ആയി. അര (waist) എന്നത് വിശ്വാസിയുടെ ആത്മിക ഒരുക്കത്തെയും സേവനത്തെയും (Believer's preparation and serving) കുറിക്കുന്നു. ആത്മികശുശ്രൂഷകൾക്കു എപ്പോഴും തയ്യാറാകുന്ന അവസ്ഥയിൽ അവൻ എത്തിച്ചേരുന്നു. ഇതിനാൽ കർത്താവിനുവേണ്ടി ജീവൻപോലും ത്യജിച്ചു സേവിപ്പാൻ ഒരുക്കപ്പെടുന്നു (യോഹ.13:5 / ലൂക്കൊ.12:35 /അപ്പൊ.20:24 /അപ്പൊ.21:13).

(4) *“അവൻ പിന്നെയും ആയിരം മുഴം അളന്നു; അതു എനിക്കു കടപ്പാൻ വഹിയാത്ത ഒരു നദിയായി; വെള്ളം പൊങ്ങി, നീന്തീട്ടല്ലാതെ കടപ്പാൻ വഹിയാത്ത ഒരു നദിയായിത്തീർന്നു.”* — നാലായിരം മുഴം സഞ്ചരിച്ചപ്പോൾ കടപ്പാൻ വഹിയാത്ത പ്രവാഹമായി സമ്പൂർണ്ണ ആത്മനിറവിന്റെ (Believer's spirit fulness) അനുഭവത്തിലെത്തിച്ചേരുന്നു. ഇനി നടക്കുകയല്ല. വെള്ളത്തിൽ തല ഉയർത്തിപ്പിടിച്ചുകൊണ്ടു നീന്തുന്ന അവസ്ഥ. ജഡത്തിന്റെ സകല ചിന്തകളും, പ്രവൃത്തികളും മാറി ആത്മനിറവിൽ കഴിയുന്നു. ശരീരഭാഗങ്ങളൊന്നും ആരും കാണുന്നില്ല. ക്രിസ്തുവിൽ താദാത്മ്യം പ്രാപിക്കുന്നു. സമ്പൂർണ്ണ ആത്മനിറവിലെത്തുന്ന വിശ്വാസിക്കു ഇനി പറയുവാനുള്ളത് – *“ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു”* (ഗലാ.2:20); *“എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു”* (ഫിലി.1:21); *“ജീവിക്കുന്നു എങ്കിൽ കർത്താവിന്നായി ജീവിക്കുന്നു; മരിക്കുന്നു എങ്കിൽ കർത്താവിന്നായി മരിക്കുന്നു”* (റോമ.14:8); *“അവൻ വളരേണം, ഞാനോ കുറയേണം”* (യോഹ.3:30); *“കർത്താവിന്റെ വഴി നേരെ ആക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു”* (യോഹ.1:23).

ഏദെൻ തോട്ടത്തിലെ നദി നാലുശാഖകളായി ഒഴുകി ഭൂമിയിൽ ജീവനും സമൃദ്ധിയും നല്കി. എന്നാൽ ഈ ലോകത്തിലെ നദികൾ ചേറും ചെളിയും നിറഞ്ഞ് അഴുക്ക് വമിക്കുന്നതാണ് (യെശ.57:20). സഹസ്രാബ്ദവാഴ്ചക്കാലത്ത് ആലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴെ നിന്നു വെള്ളം പുറപ്പെട്ടു അതു ചെന്നു ചേരുന്നിടത്തൊക്കെ പഥ്യമായി തീർന്നിട്ടു അവിടത്തെ സകലവും ജീവിക്കുവാനിടാകുന്നു (യെഹെ.47:9). വിശുദ്ധന്മാരുടെ നിത്യവാസസ്ഥലമായ സ്വർഗ്ഗീയയെരൂശലേമിൽ ജീവജലനദി പുറപ്പെടുന്നത് ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നാണ്. ഇന്നത്തെ ലോകത്തിൽ മാത്രമല്ല നിത്യതയിലും ദൈവവും കുഞ്ഞാടായ യേശുക്രിസ്തുവും ആയിരിക്കും ജീവന്റെ ആധാരവും, ഉറവിടവും, സമൃദ്ധിയും എന്നതിനെ ഇതു വെളിപ്പെടുത്തുന്നു.

**വെളി.22:2 – “നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടു; അതു പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു”** ( In the middle of its street, and on either side of the river, was the tree of life, which bore twelve fruits, each tree yielding its fruit every month. The leaves of the tree were for the healing of the nations) —

സ്വർഗ്ഗീയയെരൂശലേമിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന ജീവജലനദിയെ ദൂതൻ യോഹന്നാനു കാണിച്ചുകൊടുത്തു. അതിനെ തുടർന്നു യോഹന്നാൻ ജീവജലനദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷത്തെ കാണുന്നു. ജീവവൃക്ഷത്തിന്റെ പ്രത്യേകതയെന്നത് അതു 12 വിധം ഫലം കായ്ക്കുന്നതും, മാസംതോറും ഫലം കൊടുക്കുന്നതും, അതിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നതും ആകുന്നു.

**നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടു** (In the middle of its street, and on either side of the river, was the tree of life) —

ഏദെൻ തോട്ടത്തിൽ അനേക വൃക്ഷങ്ങൾ ഉണ്ടായിരുന്നു. അതിന്റെ ഫലമെല്ലാം ആദിമനുഷ്യനു യഥേഷ്ടം പറിച്ചെടുത്തു ഭക്ഷിക്കുവാൻ ദൈവം അനുവാദം കൊടുത്തിരുന്നു. എന്നാൽ അവിടെ അവർക്കു വിലക്കപ്പെട്ട രണ്ടു വൃക്ഷങ്ങളിൽ ഒന്ന് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും മറ്റേത് ജീവവൃക്ഷവും ആയിരുന്നു. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം പറിച്ചു തിന്നരുതെന്നു ദൈവം പ്രത്യേകമായി കല്പന കൊടുത്തിരുന്നു (ഉല്പ.2:15-17). എന്നാൽ കല്പന ലംഘിച്ചു അറിവിന്റെ വൃക്ഷഫലം പറിച്ചു ഭക്ഷിച്ചു. തുടർന്നു ജീവവൃക്ഷത്തിന്റെ ഫലം കൂടി പറിച്ചെടുത്തു ഭക്ഷിക്കാതിരിപ്പാൻ തോട്ടത്തിൽ നിന്നു അവനെ ദൈവം പുറത്താക്കി (ഉല്പ.3:22-24). ജീവവൃക്ഷം കാക്കുവാൻ ഏദെൻതോട്ടത്തിന്റെ കിഴക്ക് കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളുമായി നിറുത്തി. ഏദെനിൽ പാപത്തിന്റെ പ്രവേശനത്താൽ അന്നു നിഷേധിക്കപ്പെട്ട ജീവവൃക്ഷത്തിന്റെ ഫലം പുതിയയെരൂശലേമിൽ വിലക്കോ തടയലോ നിഷേധമോ ഇല്ലാതെ സകലവിശുദ്ധന്മാർക്കും ജീവവൃക്ഷം പ്രാപ്തമായിത്തീർന്നിരിക്കുന്നു. ജീവജലനദിയും ജീവവൃക്ഷവും ആത്മീകമായി വിശുദ്ധനഗരമായ യെരൂശലേമിലെ ജീവന്റെ സമൃദ്ധിയെ വെളിപ്പെടുത്തുന്നു. ജീവവൃക്ഷം നിത്യജീവന്റെ പ്രതീകമായും കരുതാം.

ജീവവൃക്ഷത്തെപ്പറ്റി തിരുവചനത്തിൽ നാലു ഭാഗത്തു കാണുന്നു —

(1) ഏദെൻതോട്ടത്തിൽ > ഉല്പ.2:9/ഉല്പ.3:22-24

(2) സഹസ്രാബ്ദഭൂമിയിൽ > യെഹെ.47:12

(3) ദൈവത്തിന്റെ പറുദീസായിൽ > വെളി.2:7

(4) ഭൂമിയിലെ സ്വർഗ്ഗീയയെരൂശലേമിൽ > വെളി.22:2

ജീവവൃക്ഷം തിരുവചനത്തിൽ അനുഗ്രഹത്തിന്റെ പ്രതീകമായും ദൈവപാതയിൽ നടക്കുന്നവർക്കുള്ള പ്രതിഫലമായും വിവരിച്ചിട്ടുണ്ട്.

(1)സദൃ.3:18 > *"അതിനെ പിടിച്ചുകൊള്ളുന്നവർക്കു അതു ജീവവൃക്ഷം; അതിനെ കരസ്ഥമാക്കുന്നവർ ഭാഗ്യവാന്മാർ."*

(2) സദൃ.11:30 > *"നീതിമാന്നു ജീവവൃക്ഷം പ്രതിഫലം."*

(3) സദൃ.13:12 > *"ആശാവിളംബനം ഹൃദയത്തെ ക്ഷീണിപ്പിക്കുന്നു; ഇച്ഛാനിവൃത്തിയോ ജീവവൃക്ഷം തന്നേ."*

(4) സദൃ.15:4 > *"നാവിന്റെ ശാന്തത ജീവവൃക്ഷം."*

(5) വെളി.2:7 > *"ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും."*

ജീവജലനദി എന്നപോലെ ജീവവൃക്ഷവും ഏകവചനത്തിലാണ് വിശേഷിപ്പിച്ചിരിക്കുന്നത്. നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട് എന്നതിൽ നദിയുടെ ഇരുവശത്തും ജീവവൃക്ഷം ഉണ്ടെന്നു അർത്ഥമില്ല. മാത്രവുമല്ല ജീവജലനദിയുടെ മദ്ധ്യേയാണോ ജീവവൃക്ഷം നില്ക്കുന്നതെന്നു പറയുവാനും സാധിക്കുന്നില്ല. എങ്കിലും സകലർക്കും സമീപിക്കാവുന്ന വിധത്തിലായിരിക്കും ജീവവൃക്ഷം നില്കുന്നതെന്നു വ്യക്തമാണ്. കൂടാതെ സ്വർണ്ണത്തെരുവീഥിയും, ജീവജലനദിയും, ജീവവൃക്ഷവും ഒക്കെ അനേക ആത്മീകമർമ്മങ്ങളെ വെളിപ്പെടുത്തുന്ന പ്രതീകങ്ങളായി മാത്രം ചിന്തിക്കണമോ, ജീവജലനദിയുടെയും ജീവവൃക്ഷത്തിന്റെ സ്ഥാനവും ഒക്കെ എവിടെയായിരിക്കും എന്നതൊക്കെ മർമ്മങ്ങളായി നിലകൊള്ളുന്നു. ഒരിക്കൽ നാം കർത്തൃസവിധേ അണയുമ്പോൾ ഇതെല്ലാം നേരിൽ കാണുവാനും പൂർണ്ണമായി ബോദ്ധ്യപ്പെടുവാനും ഇടയാകും.

**അതു പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു** (which bore twelve fruits, each tree yielding its fruit every month) —

ജീവവൃക്ഷം 12 വിധം ഫലം കായിച്ചു ഓരോമാസവും അതതു ഫലം പുറപ്പെടുവിക്കുന്നു. ജീവവൃക്ഷം നിത്യജീവനെയും ജീവന്റെ സമൃദ്ധിയെയും കുറിക്കുന്നതാകയാൽ അതിന്റെ ഫലവും അപ്രകാരം തന്നെയായിരിക്കും. 12 വിധം ഫലം എന്നത് ഒരേസമയം 12 വർഗ്ഗത്തിലുള്ള ഫലം കാണപ്പെടും എന്നും, അതല്ല ഓരോ സമയത്തും മാറിമാറി വിവിധ ഫലം പുറപ്പെടുവിക്കും എന്നഭിപ്രായമുണ്ട്. അതായാത് ഒരു പ്രാവശ്യം ആപ്പിളാണെങ്കിൽ അടുത്ത പ്രാവശ്യം മാമ്പഴവും, തുടർന്നു വിവിധ ഫലവും നല്കും. മറ്റൊരഭിപ്രായം ഒരേവർഗ്ഗത്തിലുള്ള ഫലം വിവിധ അവസ്ഥയിൽ അതായത് വിളഞ്ഞതും വിളാത്തതും എന്ന നിലയിൽ എല്ലായിപ്പോഴും ഫലം കാണും എന്നു ചിന്തിക്കുന്നവരുമുണ്ട്.

ഫലം എന്നത് ആക്ഷരികമായ ഫലമാണോ ആത്മികസത്യത്തെ വെളിപ്പെടുത്തുന്നതാണോ എന്നത് മർമ്മമായിരിക്കുന്നു. മാസംതോറും എന്നതും അക്ഷരാർത്ഥത്തിൽ എടുക്കുവാൻ കഴിയുന്നില്ല. കാരണം നിത്യവാസം കാലങ്ങൾക്കും മാസങ്ങൾക്കും യുഗങ്ങൾക്കും അതീതമാണ്. 12 വിധം ഫലം എന്നത് 12 മാസങ്ങളോടു ബന്ധപ്പെടുത്തി ആത്മീകാർത്ഥത്തിൽ ചിന്തിച്ചാൽ അതു സ്വർഗ്ഗീയ യെരൂശലേമിന്റെ ഐശര്യത്തിന്റെയും, സമൃദ്ധിയുടെയും, സമാധാനത്തിന്റെയും പരിപൂർണ്ണതയെ വെളിപ്പെടുത്തുന്നു. നിത്യവാസത്തിലെ സ്വർഗ്ഗീയാനുഗ്രഹങ്ങൾ മനുഷ്യനാവിനാൽ വർണ്ണിക്കുവാൻ സാദ്ധ്യമല്ലാത്തവിധം അതിശ്രേഷ്ടമായിരിക്കുന്നതിനാൽ അവിടെയുള്ള സമൃദ്ധിയുടെ സമ്പൂർണ്ണതയെയാണ് 12 വിധ ഫലം കാണിക്കുന്നതെന്നു ചിന്തിക്കുന്നതാണ് ഉചിതം.

**വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു** (The leaves of the tree were for the healing of the nations) —

വെളിപ്പാടു പുസ്തകത്തിലെ വാക്യങ്ങളിൽ വിവിധ അഭിപ്രായങ്ങളുള്ളതും, വ്യാഖ്യാനിക്കുവാൻ പ്രയാസമേറിയതുമായ വാക്യങ്ങളിലൊന്നാണ് ജീവവൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു എന്നത്. സ്വർഗ്ഗീയ യെരൂശലേമിന്റെ പ്രത്യേകതയെന്നത് അവിടെ രോഗവും, ദുഃഖവും, മരണവും, ശാപവും ഇല്ല എന്നതാണ്. അങ്ങനെയെങ്കിൽ രോഗശാന്തിക്കു ജീവവൃക്ഷത്തിന്റെ ഇല ഉതകുന്നു എന്നു പറയുന്നതിന്റെ പൊരുൾ എന്താണ്? രോഗമുണ്ടെങ്കിലല്ലേ രോഗശാന്തിക്കു ചികിത്സിക്കേണ്ടുന്നത്? പുതിയ യെരൂശലേമിൽ രോഗങ്ങൾ ഇല്ലാത്തതിനാൽ അവിടെയുള്ളവർക്കു ഇലയുടെ ആവശ്യമില്ലെന്നും, എന്നാൽ യെരൂശലേമിനു പുറത്തു വസിക്കുന്ന ജാതികളുടെ രോഗശാന്തിക്കാണിത് ഉപയോഗിക്കുന്നതെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ ഇത് വചനവിരുദ്ധമായ നിഗമനമാണ്. കാരണം നിത്യവാസത്തിൽ

യെരൂശലേമിനു അകത്തും പുറത്തും സ്വർഗ്ഗീയരാജാവിന്റെ ഭരണമായതിനാലും, പിശാചിന്റെ സാന്നിദ്ധ്യമില്ലാത്തതിനാലും അവിടെ രോഗമോ, ദുഃഖമോ, മരണമോ ഇല്ലാത്ത അവസ്ഥയായിയിരിക്കും. ഇങ്ങനെയുള്ള സാഹചര്യത്തിൽ രോഗശാന്തിക്കു ഉതകുന്നു എന്നത് അക്ഷരാർത്ഥത്തിൽ എടുക്കാതെ ആത്മികാർത്ഥത്തിൽ എടുക്കേണ്ടതാണ്.

വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു എന്ന വാക്യത്തിൽ രോഗശാന്തി എന്നതിനു ഗ്രീക്കിൽ തെറാപ്പിയ (therapiah) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിൽ നിന്നാണ് തെറാപ്പി (therapy) എന്ന ഇംഗ്ലീഷ് പദം ലഭിച്ചിരിക്കുന്നത്. മൂലഭാഷയായ ഗ്രീക്കിൽ ഈ പദത്തിനർത്ഥം ശ്രദ്ധ, പരിചരണം (care /attention) എന്നാണ്. രോഗശാന്തി (healing) എന്നതിനു ഇവിടെ ആരോഗ്യദായകം (health-giving) എന്നു കരുതാം. പുതിയ ആകാശവും പുതിയ ഭൂമിയും ഉൾപ്പെടെ സകലതും പുതുതാക്കിയ സ്വർഗ്ഗീയ യെരൂശലേമിലെ നിത്യവാസത്തിൽ രോഗങ്ങളോ ദുഃഖങ്ങളോ ഉണ്ടായിരിക്കയില്ല. അതായത് പുതിയയെരൂശലേമിലെ ജീവവൃക്ഷത്തിന്റെ ഇല ആരോഗ്യത്തിനു (health-giving) ഉതകുന്നു എന്നു സാരം. ജീവവൃക്ഷത്തിന്റെ ഇല സകലർക്കും ആരോഗ്യവും ജീവസമൃദ്ധിയും (health and abundance of life) നല്കുന്ന പോഷകമൂല്യമുള്ളതായി കരുതാം. സാധാരണയായി പോഷകങ്ങൾ (vitamins) കഴിക്കുന്നത് രോഗം മാറ്റുവാനല്ല, മറിച്ച് പുഷ്ടിയും ആരോഗ്യവും ഉണ്ടാകുവാനാണ്.

ആത്മികമായി ചിന്തിച്ചാൽ ജീവവൃക്ഷം കർത്താവായ യേശുക്രിസ്തുവിനെ കുറിക്കുന്നു. ജീവന്റെയും ജീവസമൃദ്ധിയുടെയും ഉറവിടമാണ് നമ്മുടെ കർത്താവ്. ജീവവൃക്ഷമാകുന്ന കർത്താവും ജീവവൃക്ഷഫലവും ഇലകളും ഈ ലോകത്തിൽ പാപരോഗങ്ങളുൾപ്പെടെ സകലശാരീരിക രോഗങ്ങൾക്കും ദുഃഖങ്ങൾക്കും പരിഹാരമാണ്. മാത്രവുമല്ല സ്വർഗ്ഗീയയെരൂശലേമിലെ നിത്യവാസത്തിലും ജീവവൃക്ഷമാകുന്ന കർത്താവ് ആശ്വാസവും ജീവസമൃദ്ധിയും നല്കുന്നു എന്ന ധ്വനി എത്രയോ ആനന്ദകരമാണ്. അക്കാലത്ത് ജാതികൾ തമ്മിൽ യുദ്ധം ഉണ്ടാകുകയോ, കലഹിക്കയോ ചെയ്യാതെ സമാധാനപരമായ ജീവിതമായിരിക്കും. ജീവവൃക്ഷമാകുന്ന നിത്യജീവന്റെ സമൃദ്ധി അവിടമാസകലം നിറഞ്ഞു നില്ക്കും. ജീവവൃക്ഷത്തിന്റെ ഫലവും ഇലയും അന്നത്തെ സമാധാനത്തിന്റെയും, വിശുദ്ധിയുടെയും, സമൃദ്ധിയുടെയും സർവ്വസമ്പൂർണ്ണതയെ വെളിപ്പെടുത്തുന്നു.

**വെളി.22:3 —"യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും"** (And there shall be no more curse, but the throne of God and of the Lamb shall be in it, and His servants shall serve Him) —

ശാപമില്ലാത്ത ഭൂമിയിൽ ദൈവസാന്നിദ്ധ്യവും ആരാധനയും ദൃശ്യമാകുന്നു. ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന സ്വർഗ്ഗീയ യെരൂശലേമിന്റെ മൂന്നു പ്രത്യേകതകളിവിടെ വിവരിക്കുന്നു – (1) യാതൊരു ശാപവും ഇനി ഉണ്ടാകയില്ല (2) ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും (3) അവന്റെ ദാസന്മാർ അവനെ ആരാധിക്കും.

**യാതൊരു ശാപവും ഇനി ഉണ്ടാകയില്ല** (And there shall be no more curse) —

പുതിയയെരൂശലേമിൽ വിശുദ്ധന്മാർക്കുണ്ടാകുന്ന ആനന്ദകരമായ അവസ്ഥയെക്കുറിച്ചു കഴിഞ്ഞ അദ്ധ്യായത്തിൽ കാണുകയുണ്ടായി. **വെളി.21:3-5 —** *"സിംഹാസനത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവംതാൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല."*

ഏദെനിലെ വാസത്തിൽ മനുഷ്യൻ ദൈവകല്പന ലംഘിക്കുകയാൽ പാപത്തിലേക്കു വീണുപോകുവാനിടയായി. മനുഷ്യൻ ശാപത്തിനും, ദുഃഖത്തിനും, കഷ്ടതക്കും ഓഹരിക്കരനായിത്തീർന്നു. പാപത്താൽ ശാപം മനുഷ്യനിൽ മാത്രമല്ല ലോകത്തിലേക്കും പ്രവേശിക്കുവാനിടയായി. **ഉല്പ.3:17-19 —** *''മനുഷ്യനോടു കല്പിച്ചതോ: നീ നിന്റെ ഭാര്യയുടെ വാക്കു അനുസരിക്കയും തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ടു നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു; നിന്റെ ആയുഷ്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽനിന്നു അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്കു അതിൽ നിന്നു മുളെക്കും; വയലിലെ സസ്യം നിനക്കു ആഹാരമാകും. നിലത്തു നിന്നു നിന്നെ എടുത്തിരിക്കുന്നു; അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും; നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും"* **റോമ.5:12 —** *"അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു."* എന്നാൽ കർത്താവ് കാൽവറിയിൽ സ്വന്തജീവനെ നല്കി ശാപത്തിനു പരിഹാരമുണ്ടാക്കി. കർത്താവിൽ വിശ്വസിക്കുന്നവർക്കു മാത്രം ശാപം നീങ്ങുവാൻ വഴിയുണ്ടായി. അനേകർ ഇതിനെ

അലക്ഷ്യമാക്കിക്കളഞ്ഞു. ദൈവമക്കൾ ശാപം നീങ്ങിയവരെങ്കിലും അവർ ശാപലോകത്തിൽ ജീവിക്കുന്നു. ഏദെനിലുടലെടുത്ത ശാപം സഹസ്രാബ്ദവാഴ്ചക്കാലത്ത് ഭാഗികമായി നീങ്ങിപ്പോകുമെങ്കിലും പൂർണ്ണമായി ശാപം നീക്കപ്പെടുന്നത് നിത്യവാസത്തിലാണ്. ഏദെൻതോട്ടത്തിൽ മനുഷ്യൻ പാപത്തിൽ വീഴുന്നതിനു മുമ്പുള്ള നില സംജാതമാകും. സകലഭോഷ്കിന്റെയും പാപത്തിന്റെയും ഉറവിടമായ സാത്താനെയും അവന്റെ അനുയായികളെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്കു വലിച്ചെറിഞ്ഞതിനാൽ യാതൊരു ശാപവും ഇനി ഉണ്ടാകയില്ല.

**ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും** (but the throne of God and of the Lamb shall be in it) —

സ്വർഗ്ഗീയയെരൂശലേമിന്റെ മറ്റൊരു പ്രത്യേകതയെന്നത് അവിടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം ഉണ്ടായിരിക്കും എന്നതാണ്. പാപവും, ശാപവും, ദുഃഖവും, മരണവും, മുറവിളിയും നീങ്ങിയ ഭൂമിയിൽ സിംഹാസനം സ്ഥാപിക്കപ്പെടുന്നു. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം എന്നത് രണ്ടു സിംഹാസനങ്ങളല്ല മറിച്ചു ഒരു സിംഹാസനമാണ്. വെളിപ്പാടു സിംഹാസനത്തിന്റെ പുസ്തകമായി (Revelation is a book of Throne) വിശേഷിപ്പിക്കപ്പെടുന്നു. ആത്മവിവശനായ യോഹന്നാൽ സ്വർഗ്ഗത്തിൽ കയറിച്ചെല്ലുമ്പോൾ ആദ്യം കാണുന്നത് ഒരു സിംഹാസനവും സിംഹാസനത്തിൽ ഇരിക്കുന്ന സർവ്വശക്തനായ ദൈവത്തെയുമാണ് (വെളി.4:2). നിത്യവാസത്തിൽ സ്ഥാപിക്കപ്പെടുന്ന സിംഹാസനത്തോടുള്ള ബന്ധത്തിലും നമ്മുടെ പ്രാണപ്രിയനായ കർത്താവിനെ കുഞ്ഞാട് എന്ന നാമത്തിൽ അറിയപ്പെടുന്നു. ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെന്ന നിലയിലും, മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി പ്രായശ്ചിത്തമരണം ഏറ്റുവാങ്ങിയ യാഗവസ്തു എന്ന നിലയിലും കുഞ്ഞാടെന്ന നാമം കർത്താവിനു അന്വർത്ഥമായിരിക്കുന്നു.

ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും എന്നത് ദൈവത്തിന്റെ ഭംഗമില്ലാത്ത സാന്നിദ്ധ്യത്തെയും കുറിക്കുന്നു. ദൈവവും കുഞ്ഞാടായ കർത്താവും സദാ അവിടെയുള്ളതിനാൽ പ്രത്യേകിച്ചു മന്ദിരത്തിന്റെ ആവശ്യവുമില്ല. അവിടമാസകലം ദൈവസാന്നിദ്ധ്യത്തിന്റെ നിറവായിരിക്കും. **വെളി.21:22 —** *"മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു."*

**അവന്റെ ദാസന്മാർ അവനെ ആരാധിക്കും** (and His servants shall serve Him) —

ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന സ്വർഗ്ഗീയ യെരൂശലേമിന്റെ മറ്റൊരു വിശേഷതയെന്നത് അവന്റെ ദാസന്മാർ അവനെ ആരാധിക്കും. ശാപം നീങ്ങിയ ഭൂമിയിൽ സിംഹാസനം സ്ഥാപിതമാകുന്നതോടെ ഭൂമിയിൽ ആരാധനയുടെ മനോഹര കാഴ്ച അരങ്ങേറുന്നു. സിംഹാസനത്തിൽ സർവ്വശക്തനായ ദൈവവും കുഞ്ഞാടും ഇരിക്കുന്നു. ആരാധിക്കുന്നതോ ത്രിയേകനാം ദൈവത്തിന്റെ ദാസന്മാരാണ്. അവർ ഭൂമിയിൽവെച്ചു സാത്താന്റെ ദാസന്മാരും സാത്താനെ ആരാധിക്കുന്നവരുമായിരുന്നു. എന്നാൽ കൃപയാൽ അവരുടെ ആത്മികദൃഷ്ടി തുറക്കപ്പെട്ടതുമൂലം ദൈവത്തിന്റെ ദാസന്മാർ അഥവാ അടിമകളായിത്തീരുവാൻ ഭാഗ്യം ലഭിച്ചു. ശാപം നിറഞ്ഞ ഭൂമിയിൽവെച്ചു ലോകത്തിന്റെ കോളിളക്കങ്ങളുടെയും എതിർപ്പുകളുടെയും പീഡകളുടെയും മദ്ധ്യേ അവർ ദൈവത്തെ ആരാധിച്ചു. എന്നാൽ നിത്യവാസത്തിൽ അവർ ദൈവത്തിന്റെ ദാസന്മാർ എന്ന നിലയിൽ സന്തോഷത്തോടെ സമാധാനത്തോടെ ദൈവത്തെ ആരാധിക്കുന്നു.

അവന്റെ, അവനെ എന്നുള്ളത് ഏകവചനപ്രയോഗമാണ്. ഇത് ത്രിയേകനാം ദൈവത്തെ കുറിക്കുന്നു. സ്വർഗ്ഗത്തിൽ ഇരുപത്തിനാലു മൂപ്പന്മാരും, ജീവികളും, ദൂതന്മാരും സദാ ദൈവത്തെ ആരാധിച്ചുകൊണ്ടിരിക്കുന്ന രംഗം യോഹന്നാൻ വിവരിച്ചിരുന്നു. അവിടത്തെ ആരാധനക്കു ഭംഗം വരുന്നതായി കാണുന്നില്ല. ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന ദൈവസിംഹാസനത്തിനു മുമ്പിലും ചുറ്റിലും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ദൈവത്തിന്റെ ദാസന്മാർ നിത്യംനിത്യം സ്തുതിച്ചു ആരാധിച്ചുകൊണ്ടേയിരിക്കും എന്നതിനു മാറ്റമുണ്ടാകുകയില്ല.

പുതിയനിയമത്തിൽ ദൈവമക്കളെല്ലാം ദൈവത്തിന്റെ ദാസന്മാരാണ്. ദാസൻ എന്ന പദം അടിമയോടു ബന്ധപ്പെട്ടിരിക്കുന്നു. അടിമ തന്റെ യജമാനനെ ബഹുമാനിക്കുന്നത് ഭയത്തിലും ഉടമ്പടി വ്യവസ്ഥപ്രകാരവും ആയിരിക്കും. എന്നാൽ ദൈവത്തിന്റെ ദാസന്മാർ ദൈവത്തെ ബഹുമാനിക്കുന്നതും ആരാധിക്കുന്നതും അവരുടെ ഹൃദയാന്തർഭാഗത്തുനിന്നുയരുന്ന നന്ദി, സ്നേഹം എന്നിവയാലാണ്. മാത്രവുമല്ല അത് അവരുടെ സ്വമേധായുള്ള സമർപ്പണത്തിന്റെ ബഹിർഗമനവുമാണ്.

അവന്റെ ദാസന്മാർ അവനെ ആരാധിക്കും എന്നതിനു ഇംഗ്ലീഷ് പരിഭാഷയിൽ അവന്റെ ദാസന്മാർ അവനെ സേവിക്കും (and His servants shall serve Him) എന്നാണ് കാണുന്നത്. വീണ്ടെടുക്കപ്പെട്ട ദാസന്മാർ എന്ന നിലയിൽ ദൈവത്തെ ആരാധിക്കുകമാത്രമല്ല ദൈവത്തെ സേവിക്കുവാനും ഇടയാകും. ഇന്നു ലോകത്തിൽ നാം ദൈവത്തെ ആരാധിക്കുന്നവരാണ്. അപ്പോൾത്തന്നെ ദൈവം നല്കിയ കൃപകൾക്കൊത്തവണ്ണം വിവിധനിലയിൽ ദൈവത്തെ സേവിക്കുന്നവരുമാണ്. മറ്റുള്ളവരെ സ്നേഹിക്കുന്നതിലൂടെ, മറ്റുള്ളവർക്കായി പ്രാർത്ഥിക്കുന്നതിലൂടെ, നല്ല പ്രവൃത്തികളിലൂടെ, ആത്മഫലം

പുറപ്പെടുവിക്കുന്നതിലൂടെ, ലോകരോടു സുവിശേഷം അറിയിക്കുന്നതിലൂടെ എല്ലാം ദൈവത്തെ സേവിക്കുന്നു. എന്നാൽ നിത്യതയിൽ ദൈവത്തെ സേവിക്കുന്നത് എപ്രകാരം എന്നത് നമുക്കു വെളിപ്പെടുന്നില്ല. അവിടെ ദൈവത്തെ സ്നേഹിച്ചു, കൂട്ടായ്മ പങ്കിട്ടു, സ്തുതിച്ചു ആരാധിക്കുന്നതു തന്നെയായിരിക്കാം ദൈവത്തെ സേവിക്കുന്നത്.

**വെളി.22:4 — "അവർ അവന്റെ മുഖം കാണും; അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും"** (They shall see His face, and His name shall be on their foreheads) —

നിത്യവാസത്തിൽ ദൈവത്തെ തന്റെ ദാസന്മാർ ആരാധിക്കുകയും സേവിക്കുകയും ചെയ്യുക മാത്രമല്ല അവർ ദൈവത്തിന്റെ മുഖം കാണുകയും ചെയ്യും. ദൈവത്തിന്റെ നാമം അവരുടെ നെറ്റിയിൽ ഉണ്ടായിരിക്കും. മുഖം കാണുമെന്നുള്ളത് നേരിൽ മറകൂടാതെ ആരാധിക്കും എന്നതും, ദൈവത്തിന്റെ നാമം നെറ്റിയിൽ ഇരിക്കും എന്നത് അവർ ദൈവത്തിന്റെ വക എന്നതിനെയും കുറിക്കുന്നു.

**അവർ അവന്റെ മുഖം കാണും** (They shall see His face) —

ഏദെനിൽ മനുഷ്യനെ ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചപ്പോൾ ദൈവം ആഗ്രഹിച്ചത് മനുഷ്യനുമായി കൂട്ടായ്മ പങ്കിടുവാനും, ഒരുമിച്ചു നടക്കുവാനും, മുഖാമുഖം കണ്ടു സംസാരിപ്പാനും ഒക്കെ ആയിരുന്നു. എന്നാൽ പാപത്തിന്റെ പ്രവേശനത്താൽ ദൈവതേജസ്സും വിശുദ്ധിയും നഷ്ടപ്പെട്ട മനുഷ്യനുമായി ദൈവത്തിനു കൂട്ടായ്മ ബന്ധം തുടരുവാൻ സാധിച്ചില്ല. എന്നാൽ യേശുക്രിസ്തുവിലൂടെ ഒരുക്കിയ വീണ്ടെടുപ്പിനാൽ ദൈവത്തിനു മനുഷ്യനുമായി ബന്ധം പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞു. അപ്പോൾത്തന്നെ അതിനു ഒരു പരിമിതിയും ഉണ്ടായിരുന്നു. മനുഷ്യൻ ജഡശരീരത്തിൽ ജീവിക്കുന്നതിനാൽ അവനു ദൈവത്തെ മുഖാമുഖം കണ്ടു ആരാധിക്കുവാൻ കഴിഞ്ഞില്ല. ആയതിനാൽ ആത്മീയമായി മാത്രം ദൈവവുമായി ബന്ധപ്പെടുവാൻ സാധിച്ചുള്ളു. എന്നാൽ നിത്യവാസത്തിൽ വീണ്ടെടുക്കപ്പെട്ട സകലരും പുനരുത്ഥാനശരീരത്തിലാകയാൽ ദൈവത്തെ മുഖാമുഖം കാണുവാനും ആരാധിക്കുവാനും സാധിക്കും. അന്നു മോശെയെപ്പോലെ ഒരു മദ്ധ്യസ്ഥന്റെയോ, അഹരോനെപ്പോലെ ഒരു മഹാപുരോഹിതന്റെയോ, ദൈവത്തിന്റെ അരുളപ്പാടുകൾ വാങ്ങി അറിയിക്കുവാനായി പ്രവാചകന്മാരുടെയോ ആവശ്യം ഉണ്ടായിരിക്കയില്ല. വിശുദ്ധന്മാർക്കു മുഖാമുഖം കണ്ടു സംസാരിക്കുവാൻ സാധിക്കും.

ഇന്ന് ലോകത്തിലുള്ള ഏതു ദൈവപൈതലിന്റെയും അതിയായ ആഗ്രഹമാണ് ദൈവത്തെ മുഖാമുഖം കാണുകയെന്നത്. ദൈവത്തിന്റെ മുഖം കാണുവാൻ ദൈവപുരുഷനായ മോശെ ഒരിക്കൽ ആഗ്രഹിച്ചു ദൈവത്തോടു അപേക്ഷിച്ചു. എന്നാൽ ദൈവത്തിൽ നിന്നു ലഭിച്ച ഉത്തരം ഇപ്രകാരമായിരുന്നു > **പുറ.33:20 —** *"നിനക്കു എന്റെ മുഖം കാണ്മാൻ കഴികയില്ല; ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല"* എന്നാണ്. എന്നാൽ മോശെയുടെ ആഗ്രഹം ഒരു പരിധിവരെ ചില നിയന്ത്രണത്തിനു വിധേയമായി ദൈവം സാധിച്ചുകൊടുത്തു. വചനം ജഡമായിത്തീർന്നു ഇമ്മാലുവേലായി ഭൂമിയിൽ വസിച്ച യേശുക്രിസ്തുവുമായി തന്റെ ശിഷ്യന്മാർക്കു നേരിൽ സംസാരിപ്പാനും കൂട്ടായ്മ ബന്ധം പുലർത്തുവാനും സാധിച്ചു. പിതാവായദൈവത്തെ പുത്രനായ കർത്താവു വെളിപ്പെടുത്തി. **യോഹ.1:18 —** *"ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു." "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും"* (മത്താ.5:8) എന്നു കർത്താവു പറഞ്ഞു. തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനുമായ നമ്മുടെ കർത്താവിനെ ഇന്നു നാം ആത്മികദൃഷ്ടികളാൽ കാണുകയും ആരാധിക്കുകയും ചെയ്യുന്നു. കർത്താവിന്റെ വരവിൽ വാനമേഘങ്ങളിലേക്ക് നാം എടുക്കപ്പെടുമ്പോൾ ഇന്നു നമുക്കു മറഞ്ഞിരിക്കുന്ന മന്നയായ കർത്താവിനെ മുഖാമുഖം കാണുവാൻ സാധിക്കും. അന്നു നമുക്കു കർത്താവിനെപ്പോലെ പുനരുത്ഥാനശരീരവും ലഭിക്കും. അതേതുടർന്നു നിത്യവാസത്തിൽ ആയിരിക്കുമ്പോൾ യോഹന്നാൻ സാക്ഷീകരിച്ച വസ്തുത അതുപോലെതന്നെ നിവർത്തിയാകും —> *"യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും"* (വെളി.22:3,4).

**അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും** (and His name shall be on their foreheads) —

നെറ്റിയിൽ എഴുതപ്പെട്ട നാമം അഥവാ നെറ്റിയിൽ പതിച്ചിരിക്കുന്ന മുദ്ര ഉടമസ്ഥാവകാശത്തെയും, സുരക്ഷിതത്വത്തെയും, തിരിച്ചറിയലിനെയും, വേർതിരിക്കലിനെയും (ownership, guarantee, identity, separation) കുറിക്കുന്നു. ഫിലദെൽഫ്യയിലെ സഭയുടെ ദൂതനു എഴുതുമ്പോൾ ജയാളികളുടെമേൽ നാമം എഴുന്നത് കാണപ്പെടുന്നു. **വെളി.3:12 —** *"ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല; എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ പക്കൽനിന്നു, സ്വർഗ്ഗത്തിൽനിന്നു തന്നേ, ഇറങ്ങുന്ന പുതിയ യെരൂശലേം എന്ന എന്റെ ദൈവത്തിൻ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും."* സഭ വാനമേഘങ്ങളിൽ കർത്താവിന്റെ വരവിങ്കൽ എടുക്കപ്പെട്ടശേഷം ഭൂമിയിൽ അരങ്ങേറുന്ന

പീഡനകാലത്തിൽ ഭൂവാസികളുടെ വലങ്കൈമേലോ നെറ്റിയിലോ മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയായ 666 എന്ന മുദ്രയോ ചാർത്തി വേർതിരിക്കുന്നു. മുദ്രയേൽക്കാൻ അനുവദിച്ചു മൃഗത്തെ നമസ്കരിച്ച സകലരും കത്തുന്ന ഗന്ധകത്തീപ്പൊയ്കയിൽ നിത്യദണ്ഡനത്തിനായി അമരുന്നു (വെളി.13:16-18). പീഡനകാലയളവിൽ മറ്റൊരു കൂട്ടരെ ദൈവത്തിന്റെ വിശ്വസ്തർ എന്നെണ്ണി 144000 പേരുടെ നെറ്റിയിൽ കുഞ്ഞാടിന്റെ നാമവും പിതാവിന്റെ നാമവും എഴുതി വേർതിരിച്ചു സംരക്ഷിക്കുന്നു (വെളി.14:1).

അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും എന്നതിൽ "അവന്റെ" എന്നത് സർവ്വശക്തനായ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും നാമത്തെ കുറിക്കുന്നു. ദൈവത്തെ മുഖാമുഖം കണ്ടു ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്ന വിശുദ്ധന്മാർ ദൈവത്തിന്റെ വകയെന്ന നിലയിൽ ദാസന്മാർ മാത്രമല്ല ദൈവത്തോടുകൂടെ വാഴുന്നവരുമാണ്. ഭൂമിയിൽവെച്ച് യേശുക്രിസ്തുവിലൂടെ ദൈവം ഒരുക്കിയ രക്ഷ അവകാശമാക്കിയപ്പോൾ അവരെ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടു വേർതിരിച്ചു സ്വന്തമാക്കിയിരുന്നു (2.കൊരി.1:21,22/എഫെ.1:14/എഫെ.4:30 /1.യോഹ.2:27). ഇന്നവർ സ്വർഗ്ഗീയ യെരൂശലേമിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും നാമം നെറ്റിയിൽ വഹിച്ചുകൊണ്ടു നിത്യസുരക്ഷിതരായി ആനന്ദത്തോടെ ദൈവത്തെ ആരാധിക്കുന്നു.

**വെളി.22:5 -- "ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവു അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ടു വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്കു ആവശ്യമില്ല. അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും"** (There shall be no night there: They need no lamp nor light of the sun, for the Lord God gives them light. And they shall reign forever and ever) —

വിശുദ്ധന്മാരുടെ നിത്യവാസസ്ഥലമായ പുത്തനാംയെരൂശലേമിലെ പ്രത്യേകതയും, വിശുദ്ധന്മാർക്കു ലഭിക്കുന്ന നിത്യരാജത്വവും ഇവിടെ പ്രസ്താവിക്കുന്നു. അവിടെ രാത്രിയില്ല, വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ ആവശ്യമില്ല. ദൈവമായ കർത്താവു തന്നെയായിരിക്കും അവിടത്തെ വെളിച്ചം. ദൈവത്തിൽ അഭയം പ്രാപിച്ച വിശുദ്ധന്മാരെല്ലാം കർത്താവിനോടു കൂടെ എന്നേക്കും രാജാക്കന്മാരായി വാഴും.

**ഇനി രാത്രി ഉണ്ടാകയില്ല** (There shall be no night there) —

ഭൂമി അതിന്റെ സാങ്കല്പിക അച്ചുതണ്ടിൽ നിന്നുകൊണ്ട് സൂര്യനു ചുറ്റും പ്രതിക്ഷണം വെക്കുന്നതുകൊണ്ടാണ് ദിനരാത്രങ്ങൾ ഉണ്ടാകുന്നതും, ഭൂമിയിലെ കാലവസ്ഥക്കു മാറ്റം ഉണ്ടാകുന്നതും. എന്നാൽ പുതുനഗരത്തിൽ സൂര്യനില്ലാത്തതിനാൽ സകലത്തിനും മാറ്റം വരുന്നു. എപ്പോഴും വെട്ടിത്തിളങ്ങുന്ന വെളിച്ചത്തിൽ നഗരം അമർന്നിരിക്കും. പുതിയയെരൂശലേമിൽ രാത്രി ഉണ്ടായിരിക്കയില്ല. രാത്രി എന്നത് അന്ധകാരത്തെയും അന്ധകാരശക്തികളെയും കുറിക്കുന്നു. അക്ഷരാർത്ഥത്തിലും ആത്മീകാർത്ഥത്തിലും ഇരുട്ടിന്റെ അംശമോ അന്ധകാരശക്തികളുടെ പ്രവർത്തനമോ അവിടെ ഉണ്ടായിരിക്കയില്ല. ഇരുട്ടിന്റെ സാന്നിദ്ധ്യമില്ലാത്ത നഗരം സദാ വെളിച്ചത്തിൽ കുളിച്ചു കിടക്കുന്ന കാഴ്ചയാണ് കാണുന്നത്. കഴിഞ്ഞ അദ്ധ്യായത്തിൽ വിശുദ്ധനഗരത്തിന്റെ ഗോപുരങ്ങളെക്കുറിച്ചു പറഞ്ഞപ്പോഴും രാത്രി അവിടെ ഇല്ലെന്നു പ്രസ്താവിച്ചിരുന്നു. **വെളി.21:25 —** ''*അതിന്റെ ഗോപുരങ്ങൾ പകല്ക്കാലത്തു അടെക്കുകയില്ല; രാത്രി അവിടെ ഇല്ലല്ലോ.*" രാത്രി ഇല്ലായ്കയാൽ അവിടെ എപ്പോഴും പകലിന്റെ അനുഭവമായിരിക്കും.

**ദൈവമായ കർത്താവു അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ടു വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്കു ആവശ്യമില്ല.** (They need no lamp nor light of the sun, for the Lord God gives them light) —

സൂര്യന്റെ ഉദയാസ്തമനത്തോടു ബന്ധത്തിലാണ് ഭൂമിയിൽ പകലും രാത്രിയും ഉണ്ടാകുന്നത്. നിത്യനഗരത്തിൽ സൂര്യനില്ലാത്തതിനാൽ എപ്പോഴും ഇരുട്ടുണ്ടാകേണ്ടതാണ്. എന്നാൽ ദൈവം തേജസ്സിന്റെയും അത്യുജ്ജ്വലമായ വെളിച്ചത്തിന്റെയും ഉറവിടമാകയാൽ നിത്യനഗരത്തിൽ ഒരിക്കലും ഇരുട്ടുണ്ടാകുകയില്ല. രാത്രി അവിടെ ഇല്ലാത്തതിനാൽ നഗരത്തെ പ്രകാശിപ്പിക്കുവാൻ പ്രത്യേകമായ വെളിച്ചത്തിന്റെ സംവിധാനങ്ങളൊന്നും ആവശ്യമില്ല. അതായത് രാവും പകലും എന്നു വ്യത്യാസമില്ലാതെ പുതിയ യെരൂശലേം സദാ വെളിച്ചത്തിലായിരിക്കും. "ദൈവം വെളിച്ചമാകുന്നു അവനിൽ ഇരുട്ടു ഒട്ടും ഇല്ല" (1.യോഹ.1:5) എന്നു ദൈവവചനം പ്രഖ്യാപിക്കുന്നു. ദൈവമായ കർത്താവു വെളിച്ചമായി അവിടെ പ്രകാശിക്കുന്നതുകൊണ്ടു വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവിടെ താമസിക്കുന്ന വിശുദ്ധന്മാർക്കു ആവശ്യമില്ല. വിളക്കിന്റെ വെളിച്ചം എന്നത് മെഴുകുതിരിമുതൽ വിദ്യുച്ഛക്തിവരെയുള്ള വിവിധ വെളിച്ചങ്ങളെ കുറിക്കുന്നു. സൂര്യന്റെ വെളിച്ചം എന്നത് ദൈവം ഭൂമിയെ പ്രകാശിപ്പിക്കുവാൻ ആക്കിവെച്ച സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിങ്ങനെയുള്ള വെളിച്ചങ്ങളുടെ ശ്രോതസ്സുകളെ കുറിക്കുന്നു.

നിത്യനഗരത്തിൽ മനുഷ്യനുണ്ടാക്കുന്ന വെളിച്ചമോ ദൈവം സൃഷ്ടിയിൽ കല്പിച്ചാക്കിയ ഗ്രഹങ്ങളിലൂടെയുള്ള വെളിച്ചമോ ആവശ്യമില്ല. കാരണം ദൈവത്തിന്റെ നിത്യസാന്നിദ്ധ്യം മറ്റൊരു വെളിച്ചത്തിന്റെയും ആവശ്യകതയെ നിർവ്വീര്യമാക്കിക്കൊണ്ടു ഇല്ലാതാക്കുന്നു. ഇപ്രകാരമുള്ള സംവിധാനത്തെക്കുറിച്ചു യെശയ്യാപ്രവാചകൻ പറഞ്ഞിരിക്കുന്നതു ഇതിനോടു യോജിക്കുന്നു. **യെശ.60:19,20 —** *"ഇനി പകൽനേരത്തു നിന്റെ വെളിച്ചം സൂര്യനല്ല; നിനക്കു നിലാവെട്ടം തരുന്നതു ചന്ദ്രനുമല്ല; യഹോവ നിനക്കു നിത്യപ്രകാശവും നിന്റെ ദൈവം നിന്റെ തേജസ്സും ആകുന്നു. നിന്റെ സൂര്യൻ ഇനി അസ്തമിക്കയില്ല; നിന്റെ ചന്ദ്രൻ മാഞ്ഞുപോകയുമില്ല; യഹോവ നിന്റെ നിത്യപ്രകാശമായിരിക്കും; നിന്റെ ദുഃഖകാലം തീർന്നുപോകും."*

**അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും** (And they shall reign forever and ever) —

സ്വർഗ്ഗീയയെരൂശലേം ദൈവത്തിന്റെ നിത്യപ്രകാശത്തിൽ മുഴുകിയിരിക്കുന്നതുപോലെ അവിടെ വസിക്കുന്ന വിശുദ്ധന്മാർ നിത്യരാജാക്കന്മാരുമായിരിക്കും. ഭൂമിയിലുള്ള സകലസൃഷ്ടികളിന്മേലും അധികാരമുള്ളവരായി അവയെ അടക്കിവാഴുവാൻ ദൈവം മനുഷ്യനു അധികാരം കൊടുത്തിരുന്നു (ഉല്പ.1:27,28). പാപപ്രവേശനത്താൽ അവർക്കു ലഭിച്ച അധികാരം നഷ്ടപ്പെടുവാനിടയായി. എന്നാൽ ദൈവം ക്രിസ്തുവിലൂടെ ഒരുക്കിയ വീണ്ടെടുപ്പിനാൽ ദൈവമക്കളാകുവാനും ദൈവതേജസ്സു തിരികെ ലഭിപ്പാനുമിടയായി. അപ്രകാരം ദൈവത്തിൽ അഭയം പ്രാപിച്ചവർ വിശുദ്ധജനവും, പുരോഹിതവർഗ്ഗവും, രാജാക്കന്മാരുമാണ് (1.പത്രൊ.2:9). ഇന്നവർ സ്വർഗ്ഗത്തിൽ ക്രിസതുവിനോടൊപ്പം ഇരിക്കുന്നവരാണ് (എഫെ.2:1–7). അതായത് അവർ ഭൂമിയിൽ ജീവിക്കുമ്പോൾത്തന്നെ സ്വർഗ്ഗീയപൗരന്മാരായി വിശുദ്ധന്മാരും പുരോഹിതന്മാരുമായി ദൈവവാഗ്ദത്തത്തെ അനുഭവിക്കുവാൻ ഇടയാകുന്നു. എന്നാൽ അവർക്കു രാജത്യം ലഭിക്കുന്നത് സഹസ്രാബ്ദവാഴ്ചയിലും പുതിയയെരൂശലേമിലെ നിത്യവാസത്തിലുമാണ്. സ്വർഗ്ഗീയയെരൂശലേമിലെ വാസം നിത്യവാസമായതിനാൽ അവർ എന്നെന്നേക്കും രാജാക്കന്മാരായി കർത്താവിനോടൊപ്പം വാഴുവാനിടയാകുന്നു. വിശുദ്ധന്മാർക്കു ലഭിക്കുന്ന നിത്യരാജത്വത്തെപ്പറ്റി പ്രവാചകനായ ദാനീയേൽ പറയുന്നത് ഇതിനോടു സാമ്യമുണ്ട്. **ദാനീ.7:27 —** *"പിന്നെ രാജത്വവും ആധിപത്യവും ആകാശത്തിൻ കീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിന്നു ലഭിക്കും; അവന്റെ രാജത്വം നിത്യരാജത്വം ആകുന്നു; സകല ആധിപത്യങ്ങളും അവനെ സേവിച്ചനുസരിക്കും."*

നിത്യനഗരത്തിന്റെ വിശേഷതകൾ വർണ്ണിക്കുന്ന ഈ അദ്ധ്യായത്തിലെ ആദ്യത്തെ അഞ്ചുവാക്യങ്ങൾ (വെളി.22:1–5) ഉപസംഹരിക്കുമ്പോൾ അനേക നിത്യമായ അനുഗ്രങ്ങളെ (Eternal blessings in Eternal City) കാണുന്നു. അവയേതൊക്കെയെന്നു നോക്കാം —

(1) നിത്യസിംഹാസനം (Eternal Throne) — ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം (1,3)
(2) നിത്യസംതൃപ്തി (Eternal Contentment) — ജീവജലനദി, ജീവവൃക്ഷം (2)
(3) നിത്യ അനുഗ്രഹം (Eternal Blessing) — ശാപം ഇനി ഉണ്ടാകുകയില്ല (3)
(4) നിത്യ ആരാധന (Eternal Worship) — ദാസന്മാർ ആരാധിക്കും (3)
(5) നിത്യകൂട്ടായ്മ (Eternal Fellowship) — അവർ അവന്റെ മുഖം കാണും, നെറ്റിയിൽ നാമം (4)
(6) നിത്യവെളിച്ചം (Eternal Light) — രാത്രി ഇല്ല, കർത്താവ് വെളിച്ചം (5)
(7) നിത്യരാജത്വം (Eternal Reign) — എന്നേക്കും രാജാക്കന്മാർ (5)

**വെളി.22:6 — "പിന്നെ അവൻ എന്നോടു: ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു; പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവു വേഗത്തിൽ സംഭവിക്കേണ്ടുന്നതു തന്റെ ദാസന്മാർക്കു കാണിച്ചുകൊടുപ്പാൻ തന്റെ ദൂതനെ അയച്ചു"** (Then he said to me, "These words are faithful and true." And the Lord God of the holy prophets sent His angel to show His servants the things which must shortly take place) —

പുതിയനിയമത്തിലെ പ്രവചനപുസ്തകമായ വെളിപ്പാടിലെ ഉപസംഹാരമാണ് 6 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. *"നീ കണ്ടതും, ഇപ്പോൾ ഉള്ളതും, ഇനി സംഭവിപ്പാനിരിക്കുന്നതും"* (വെളി.1:19) എന്ന വാക്യത്തെ അടിസ്ഥാനമാക്കി വെളിപ്പാടു പുസ്തകത്തെ മൂന്നായി തിരിച്ചു 22 അദ്ധ്യായങ്ങളിലൂടെ യോഹന്നാൻ വിവരിച്ചു. *"നീ കണ്ടതും"* എന്നത് ഏഴു നിലവിളക്കുകളുടെ നടുവിൽ നടക്കുന്ന ക്രിസ്തുവിനെയും, *"ഇപ്പോൾ ഉള്ളതും"* എന്നത് ഏഴു സഭകൾക്കുള്ള ദൂതുകളും വിശേഷാൽ സഭാകലത്തെ സഭകൾക്കും, *''ഇനി സംഭവിപ്പാനിരിക്കുന്നതും''* എന്നത് ഭാവിയിൽ അഥവാ സഭായുഗത്തിനുശേഷം സംഭവിക്കേണ്ട കാര്യങ്ങളുമാണ്. സഭായുഗം, സഭയുടെ എടുക്കപ്പെടൽ, ഭൂമിയിലെ പീഡനകാലം, കർത്താവിന്റെ മഹത്വപ്രത്യക്ഷത, വിശുദ്ധന്മാരുമായുള്ള ആയിരമാണ്ടു വാഴ്ച, ദുഷ്ടന്മാർക്കുള്ള വെള്ളസിംഹാസനം, പുതിയയെരൂശലേമിലെ നിത്യവാസം എന്നിങ്ങനെ അനേക വിഷയങ്ങൾ യോഹന്നാൻ വിവരിച്ചു. ഇവയോടു ബന്ധത്തിൽ വളരെ പ്രധാനമായ ചിലകാര്യങ്ങൾ ഉപസംഹാരമെന്ന നിലയിൽ പറഞ്ഞുകൊണ്ടു യോഹന്നാൻ വെളിപ്പാടു പുസ്തകത്തിനു സമാപനം കുറിക്കുന്നു.

വേഗത്തിൽ സംഭവിപ്പാനുള്ളത് പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവു നമ്മെ അറിയിക്കേണ്ടതിന്നു തന്റെ ദൂതൻ മുഖാന്തരം യോഹന്നാനു പ്രദർശിപ്പിച്ച കാര്യങ്ങൾ വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്ന വാക്കുകളോടെ ഉപസംഹാരവാക്കുകൾ ആരംഭിക്കുന്നു.

**പിന്നെ അവൻ എന്നോടു** (Then he said to me) —

സ്വർഗ്ഗീയയെരൂശലേമിൽ ദൈവത്തിന്റെ സിംഹാസനവും, ജീവജലനദിയും, ജീവവൃക്ഷവും, ശാപവും രാത്രിയുമില്ലാത്ത അവസ്ഥയും, ദൈവത്തിന്റെ ദാസന്മാർ ദൈവത്തെ നിത്യം ആരാധിക്കുന്നതും ഒക്കെ യോഹന്നാൻ കാണുകയായിരുന്നു. തുടർന്നു "പിന്നെ" എന്ന വാക്കോടെ സമാപനസന്ദേശം ആരംഭിക്കുന്നു. "പിന്നെ" എന്നാൽ യോഹന്നാൻ കണ്ടുകൊണ്ടിരുന്ന സ്വർഗ്ഗീയ ദർശനങ്ങൾക്കു ശേഷം എന്നാണ്. "അവൻ" എന്നത് ദൂതനെ കുറിക്കുന്നു. *"അന്ത്യബാധ ഏഴും നിറഞ്ഞ ഏഴു കലശം ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുത്തൻ"* (വെളി.21:9) യോഹന്നാനെ സ്വർഗ്ഗീയനഗരത്തിന്റെ വിശേഷതകൾ കാണിച്ചുകൊടുത്തത്. തുടർന്നും അതേ ദൂതൻ തന്നെ യോഹന്നാനോടു സംസാരിക്കുന്നു.

**ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു** (These words are faithful and true) —

യെരൂശലേമെന്ന സ്വർഗ്ഗീയനഗരത്തെയും അവിടെയുള്ള അത്യത്ഭുതകരമായ പ്രത്യേകതളെയും കുറിച്ചു എഴുതിയിരിക്കുന്ന കാര്യങ്ങൾ വായിക്കുന്ന ഏതൊരാൾക്കും ഇതൊക്കെ അങ്ങനെതന്നെ സംഭവിക്കുമോ എന്നു തോന്നിപ്പോകാം. അങ്ങനെയുള്ള സംശയങ്ങൾ ലേശംപോലും ഉയരാതിരിക്കുവാൻ തിരുവചനത്തിന്റെ ആധികാരികതയെ ഉറപ്പിക്കുന്ന പ്രസ്താവനയാണ് *"ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു"* എന്നത്. ദൂതൻ യോഹന്നാനോടു ഇതിനുമുമ്പും ഇപ്രകാരം വചനത്തിന്റെ ആധികാരികതയെ കുറിച്ചു അറിയിച്ചിട്ടുണ്ട്. **വെളി.21:5 —** *"എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു."*

കർത്താവിനോടുള്ള ബന്ധത്തിലും കർത്താവു വിശ്വസ്തനും സത്യവാനും എന്നു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. —> **വെളി.3:14 —** *"ലവൊദിക്ക്യയിലെ സഭയുടെ ദൂതന്നു എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ അരുളിച്ചെയ്യുന്നതു."* —> **വെളി.19:11 —** *"അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്നു പേർ."*

**പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവു** (And the Lord God of the holy prophets) —

''പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവു'' എന്ന പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തി ഇന്നും പ്രവാചകന്മാരും പ്രവചനശുശ്രൂഷകളും ഉണ്ടെന്നു വാദിക്കുന്നവരുണ്ട്. "Prophet" (പ്രവാചകൻ) എന്ന ഇംഗ്ളീഷ് പദം ഗ്രീക്കുഭാഷയിലെ "Prophetes" (പ്രോഫറ്റെസ്) എന്ന പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. ഈ ഗ്രീക്കു പദത്തിൽ Pro എന്നാൽ മുമ്പേ എന്നും Phemi എന്നാൽ സംസാരിക്കുക (Pro = forth , Phemi = to speak) എന്നുമാണർത്ഥം. അതായതു മുമ്പേ സംസാരിക്കുന്നവൻ അഥവാ മുൻകൂട്ടി സംസാരിക്കുന്നവൻ (One who speaks forth). ഈ വാക്കിനു "for" അഥവാ "വേണ്ടി" എന്നു മറ്റൊരു അർത്ഥവും കൂടിയുണ്ട്. അതായതു മറ്റൊരാൾക്കുവേണ്ടി സംസാരിക്കുന്നവൻ. ദൈവീകാരുളപ്പാടുകളും, ദർശനങ്ങളും മുൻകൂട്ടി അറിയിക്കുന്നവരാണ് പ്രവാചകന്മാർ. ദൈവീകാലോചനകൾ അവർ ആരുടെയും മുഖം നോക്കാതെ അറിയിച്ചിരുന്നു. ഏലിയാവു, എലീശ, യെശയ്യാവു, യിരെമ്യാവു, യെഹെസ്കേൽ, ദാനിയേൽ, യോനാ, മലാഖി തുടങ്ങിയവർ പഴയനിയമ പ്രവാചകന്മാരിലുൾപ്പെടുന്നു. പുതിയനിയമത്തിൽ സ്നാപകയോഹന്നാനെ (മത്താ.3:1-17/മർക്കൊ.1:1-11/ലൂക്കൊ.3:1-20/യോഹ.1:19-36) കൂടാതെ പ്രവാചകന്മാരെയും, പ്രവാചകിമാരെയും കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നതിൽ, ആശേർഗോത്രത്തിൽ ഫെനൂവേലിന്റെ മകളായ ഹന്നാപ്രവാചകി (ലൂക്കൊ.2:36), അഗബൊസ് (അപ്പൊ.21:10), യൂദാ, ശീലാസ് (അപ്പൊ.15:32), ഫിലിപ്പൊസിന്റെ നാലു പെൺമക്കൾ (അപ്പൊ.21:8-10) എന്നിവരുൾപ്പെടുന്നു. ദൈവശ്വാസീയമായ പുതിയനിയമതിരുവെഴുത്തുകൾ പൂർത്തിയായി നമ്മുടെ കരങ്ങളിൽ ലഭിച്ചിരിക്കുന്നതിനാൽ, ഇനി പുതുതായി ദൈവവചനങ്ങൾ ആരും മറ്റൊരാൾക്കുവേണ്ടി പ്രാപിച്ചു പ്രവചിക്കേണ്ട ആവശ്യമില്ല. ആകയാൽ ഇന്നു പ്രവാചകനും പ്രവാചകിയും, പ്രവചനശുശ്രൂഷയും ആവശ്യമില്ലാതെ സകലതും ദൈവവചനത്തിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നു.

പഴയനിയമകാലത്തും, പുതിയനിയമതിരുവെഴുത്തുകൾ പൂർത്തീകരിക്കപ്പെടാത്തകാലത്തും വിവിധമാദ്ധ്യമങ്ങളിലൂടെ ദൈവം സംസാരിച്ച കൂട്ടത്തിൽ പ്രവാചകന്മാരെയും ഉപയോഗിച്ചു. ദൈവീകശുശ്രൂഷകൾക്കായി അവരെ ദൈവത്തിന്റെ ആത്മാവിനാൽ നിറെച്ചു. അവർ പറഞ്ഞതും പ്രവർത്തിച്ചതും ദൈവാത്മാവിനാലായിരുന്നു. അതുകൊണ്ടാണ് പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവു എന്നു ഇവിടെ പറഞ്ഞിരിക്കുനന്നത്.

**വേഗത്തിൽ സംഭവിക്കേണ്ടുന്നതു തന്റെ ദാസന്മാർക്കു കാണിച്ചുകൊടുപ്പാൻ തന്റെ ദൂതനെ അയച്ചു** (sent His angel to show His servants the things which must shortly take place) —

പഴയനിയമത്തിലും പുതിയനിയമത്തിലും അടങ്ങിയിരിക്കുന്ന തിരുവചനങ്ങൾ ദൈവശ്വാസീയമാണ്. ദൈവത്താൽ തിരഞ്ഞെടുക്കുകയും ദൈവത്തിന്റെ ആത്മാവു പകരപ്പെടുകയും ചെയ്ത പ്രവാചകന്മാരിലൂടെ ദൈവശ്വാസീയമായ തിരുവെഴുത്തുകൾ രേഖകളായി ലഭിപ്പാൻ ഇടയായി. ഇപ്രകാരം ലഭിച്ച തിരുവെഴുത്തുകൾ പോലെ തന്നെ വെളിപ്പാടു പുസ്തകത്തിലെ വചനവും വിശ്വാസയോഗ്യവും സത്യവും ആകുന്നു. അതു പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവു വേഗത്തിൽ സംഭവിക്കേണ്ടുന്നതു തന്റെ ദാസന്മാർക്കു കാണിച്ചുകൊടുപ്പാൻ തന്റെ ദൂതനെ അയച്ചു എന്നു സാക്ഷ്യപ്പെടുത്തുന്നു. തന്റെ ദാസന്മാർ എന്നത് ക്രിസ്തുവിൽ ശരണപ്പെട്ട സകലവിശ്വാസികളെയും കുറിക്കുന്നു.

*"വേഗത്തിൽ സംഭവിക്കേണ്ടുന്നതു"* എന്നു വെളിപ്പാടു പുസ്തകത്തിന്റെ ആരംഭത്തിലും പറഞ്ഞിരുന്നു. വെളി.1:1 — *"യേശുക്രിസ്തുവിന്റെ വെളിപ്പാടു : വേഗത്തിൽ സംഭവിപ്പാനുള്ളതു തന്റെ ദാസന്മാരെ കാണിക്കേണ്ടതിന്നു ദൈവം അതു അവന്നു കൊടുത്തു."* പുസ്തകാരംഭത്തിൽ പറഞ്ഞ അതേ പ്രസ്താവന അവസാനഭാഗത്തും പറയുന്നത് വിശ്വാസികൾ ജാഗ്രതയുള്ളവരായിപ്പാനാണ്. വെളിപ്പാടു പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന പ്രവചനഭാഗങ്ങൾ എത്രയും വേഗം ലോകത്തിൽ സംഭവിക്കുവാൻ പോകുകയാണ്. അതു തന്റെ ദാസന്മാർക്കു കാണിച്ചുകൊടുപ്പാനാണ് തന്റെ ദൂതനെ ദൈവം അയച്ചത്. ആയതിനാൽ തന്റെ ദാസന്മാർ അഥവാ വിശ്വാസികൾ ഏറ്റവും കരുതലോടെ ഭൂമിയിൽ ജീവിക്കുകയും കർത്താവിനെ എതിരേൽക്കാൻ ഒരുങ്ങുകയും വേണം. നോഹയുടെ കാലത്തെന്നപോലെയുള്ള ലോകത്തിൽ സ്വർഗ്ഗീയ കാര്യപരിപാടികൾ വേഗത്തിൽ സംഭവിക്കുവാൻ പോകുന്നു. അനേകരെ സാത്താന്റെ കരങ്ങളിൽ നിന്നും വിടുവിച്ചു നിത്യമായ തീപ്പൊയ്കയുടെ ശിക്ഷാവിധിയിൽ നിന്നും രക്ഷിക്കേണ്ട ചുമതലയും വിശ്വാസികൾക്കുണ്ട് എന്ന കാര്യവും ഇവിടെ പ്രസക്തമാണ്.

**വെളി.22:7 — "ഇതാ, ഞാൻ വേഗത്തിൽ വരുന്നു; ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ എന്നു പറഞ്ഞു"** (Behold, I am coming quickly! Blessed is he who keeps the words of the prophecy of this book) —

വേഗത്തിൽ സംഭവിക്കേണ്ടുന്ന കാര്യങ്ങളും, വെളിപ്പാടു പുസ്കത്തിന്റെ ആധികാരികതയും കഴിഞ്ഞവാക്യത്തിൽ ദൂതനാണ് സംസാരിച്ചതെങ്കിൽ ഇവിടെ കർത്താവു നേരിട്ടു തന്റെ വരവിനെ പ്രസ്താവിക്കുകയും വചനം പ്രമാണിക്കുന്നവർക്കുള്ള ഭാഗ്യവും വെളിപ്പെടുത്തുന്നു.

**ഇതാ, ഞാൻ വേഗത്തിൽ വരുന്നു** (Behold, I am coming quickly!) —

"ഇതാ" (behold) അഥവാ "കാണുക" എന്ന പദം തുടർന്നു പറയുന്ന കാര്യങ്ങളിലേക്കു പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്ന പ്രയോഗമാണ്. *"ഞാൻ വേഗത്തിൽ വരുന്നു"* എന്നിവിടെ പറയുന്നത് നമ്മുടെ കർത്താവു തന്നെയാണ്. ഇപ്രകാരം ക്രിസ്തുവിന്റെ മടങ്ങിവരവിനെ വെളിപ്പാടു പുസ്തകത്തിലെ അവസാന അദ്ധ്യായത്തിൽ മൂന്നു പ്രാവശ്യം ആവർത്തിച്ചു രേഖപ്പെടുത്തി കാണുന്നു (വെളി.22:7,12,20). തന്റെ വേഗത്തിലുള്ള മടങ്ങിവരവിനെ ആവർത്തിച്ചു പ്രസ്താവിച്ചിട്ടു രണ്ടായിരത്തിലേറെ വർഷങ്ങളായി, എന്നിട്ടും വന്നില്ലല്ലോ എന്നു ചിന്തിക്കുന്നവരുണ്ട്. "വേഗത്തിൽ" എന്ന പദം പെട്ടെന്നു എന്നതിനേക്കാൾ അർത്ഥമാക്കുന്നത് വരവ് നിശ്ചയവും എന്നാൽ നിനെച്ചിരിക്കാത്ത വേളയിലും, മുന്നറിയിപ്പില്ലാതെയും ആയിരിക്കുമെന്നാണ്. മടങ്ങിവരവിന്റെ പ്രഖ്യാപനം സഭയുടെ ഉത്പ്രാപണത്തിനു മുമ്പുള്ളവരോടുള്ള ബന്ധത്തിലാകയാൽ വിശ്വാസികൾ ഒരുക്കമുള്ളവരായി ജീവിക്കുവാനുള്ള പ്രബോധനവും കൂടിയാണ്. കർത്താവു തന്റെ ഭൂമിയിലുള്ള ജീവകാലത്തു ശിഷ്യന്മാരോടു ഇതിനെപ്പറ്റി മുന്നറിയിപ്പു നല്കിയിട്ടുണ്ട്. **മത്താ.24:42-44 —** *"നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീടു തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്നു അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ."*

ഭൂമിയിൽ ദുഷ്ടന്മാരും, പാപപ്രവൃത്തികളും വർദ്ധിച്ചപ്പോൾ ഭൂതലത്തെ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു എന്നു ഉല്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു (ഉല്പ.6,7). എന്നാൽ ഭൂതലത്തിൽ ദൈവീകന്യായവിധി പകരുന്നതിനു മുമ്പായി നീതിമാനായ നോഹയെയും അദ്ദേഹത്തിന്റെ കുടുംബത്തെയും രക്ഷിക്കുവാൻ ദൈവം തീരുമാനിച്ചു. പെട്ടകത്തിലൂടെ അവർക്കു രക്ഷാമാർഗ്ഗം ഒരുക്കി. ഇന്നത്തെ ലോകവും നോഹയുടെ കാലമെന്നപോലെ മനുഷ്യർ ദൈവത്തോടു മത്സരികളായി ഭൂമി ഏറ്റവും ദുഷ്ടതയും, പാപവും, മ്ലേച്ഛതയും നിറഞ്ഞിരിക്കുന്നു. ആയതിനാൽ ഇപ്രകാരമുള്ള ലോകത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി അയക്കുന്നതിനു മുമ്പു ദൈവത്തെ അനുസരിക്കുന്നവർക്കു നോഹക്കു പെട്ടകത്തിലൂടെ രക്ഷാമാർഗ്ഗം ലഭിച്ചതുപോലെ ക്രിസ്തുവെന്ന പെട്ടകത്തിലൂടെ രക്ഷ

ലഭിക്കുന്നു. യേശുക്രിസ്തുവാകുന്ന സങ്കേതത്തിൽ അഭയം പ്രാപിച്ചവർ കർത്താവിന്റെ വീണ്ടും വരവിനായി ഉണർന്നും ഒരുങ്ങിയും ഇരിക്കണം. വെളിപ്പാടിലെ സഭകൾക്കുള്ള ദൂതുകൾ ഇക്കാലത്തെ സഭകളും വിശ്വാസികളും പിടിച്ചു കൊള്ളേണ്ടതാണ്. എഫെസൊസ് സഭയെപ്പോലെ ആദ്യസ്നേഹം നഷ്ടപ്പെട്ട വിശ്വാസികൾ അവർ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്യണം. ലോകവുമായി സഖ്യം ചെയ്തു അശുദ്ധിയിൽ ജീവിക്കുന്ന പെർഗ്ഗമൊസിലെ സഭയെപ്പോലുള്ളവർ മാനസാന്തരപ്പെട്ടു വേർപെട്ടു വിശുദ്ധിയിൽ ജീവിക്കണം. അഴിമതി നിറഞ്ഞതും, ആചാരാനുഷ്ടാനങ്ങൾ പിൻപറ്റുന്നവരും, ദുരുപദേശത്തിൽ മുഴുകി ജീവിക്കുന്ന തുയഥൈര സഭയെപ്പോലുള്ളവർ ക്രിസ്തുവിങ്കലേക്കു മടങ്ങി വരണം. സർദ്ദിസ് സഭയെപ്പോലെ ഉറങ്ങുന്നവരും, ലെവൊദിക്ക്യസഭയെപ്പോലെ ശീതോഷ്ണാവസ്ഥയിലായിരിക്കുന്നവരും ഉണർന്നു പ്രവർത്തിക്കണം. കഷ്ടതയെന്ന തീച്ചൂളയുടെ അനുഭവത്തിലൂടെ കടന്നുപോയപ്പോഴും മരണപര്യന്ത്യം വിശ്വസ്തതയോടെ ജീവിച്ച സ്മുർന്നയും, സാഹോദര്യസ്നേഹം നിലനിറുത്തി ദൈവവചനം കാത്തു ജീവിച്ച ഫിലദെൽഫ്യയും വിശ്വാസികൾക്കു അനുകരിക്കുവാൻ കൊള്ളാവുന്ന മാതൃക വെളിപ്പെടുത്തുന്നു.

തന്റെ വരവിന്റെ മറ്റൊരു താമസം ദൈവകരുണയുടെ പ്രദർശനം കൂടെയാണ് (2.പത്രൊ.3:9,10). കർത്താവു വേഗത്തിൽ വന്നുകഴിഞ്ഞാൽ കൃപയുടെ വാതിലടയുകയും തന്റെ മണവാട്ടിസഭയുടെ അംഗമാകുവാൻ അനകർക്കു സാധിക്കാതെയും വരും. മാത്രവുമല്ല അനേകരും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്കു തള്ളിയിടപ്പെട്ടു നിത്യദണ്ഡനത്തിനു വിധിക്കപ്പെടുകയും ചെയ്യും (വെളി.20:11-15).

**ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ എന്നു പറഞ്ഞു** (Blessed is he who keeps the words of the prophecy of this book) —

വെളിപ്പാടു പുസ്തകത്തിലെ ഏഴു ഭാഗ്യവർണ്ണനകളിൽ (beatitudes) ആറാമത്തേതാണിത്. പുസ്തകാരംഭത്തിൽ *"ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ"* (വെളി.1:3) എന്നു പറഞ്ഞുവെങ്കിൽ ഇവിടെ പറയുന്നത് *"ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവർ ഭാഗ്യവാൻ"* എന്നാണ്. ഏകവചനത്തിലുള്ള ഇവിടത്തെ പ്രസ്താവന പ്രവചനത്തെ പ്രമാണിക്കുന്ന ഓരോരുത്തർക്കും ലഭിക്കുന്ന വ്യക്തിപരമായ അനുഗ്രഹത്തെ വെളിപ്പെടുത്തുന്നു. ഈ അദ്ധ്യായത്തിൽ വെളിപ്പാടു പുസ്തകത്തിലെ വചനങ്ങളെ പ്രവചനമെന്നു നാലു പ്രാവശ്യം പറഞ്ഞിട്ടുണ്ട് (22:7,10,18,19). വെളിപ്പാടു പുസ്തകം പ്രവചന പുസ്തകമാണ് (Revelation is a book of Prophesy). ഭാവികാര്യങ്ങൾ ഉൾക്കൊള്ളുന്നുവെങ്കിലും ദൈവത്തിന്റെ വചനം എന്ന നിലയിൽ അതിലെ വചനങ്ങൾ പ്രമാണിക്കേണ്ടവയാണ്. ആയതുപോലെ ഭൂമിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങൾ ദൈവം തന്റെ ദാസന്മാർക്കു നല്കിയിരിക്കുന്നതിനാൽ ഇതിലെ വചനങ്ങളെല്ലാം സത്യവും വിശ്വാസ്യവുമാണ്.

ദൈവീകാരുളപ്പാടുകളായ ഇതിലെ വചനത്തെ പ്രമാണിക്കുന്നവർ ഭാഗ്യവാൻ അഥവാ അനുഗ്രഹിക്കപ്പെട്ടവനാണ്. പ്രവചനം പ്രമാണിക്കുക (keeps the words) എന്നാൽ വായിക്കുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിച്ചു അതിനെ പിടിച്ചുകൊൾകയും, സൂക്ഷിക്കുകയും, അനുസരിക്കുകയും ചെയ്യുക (to hold fast, to keep, to guard, to obey) എന്നാണ്. തിരുവെഴുത്തുകൾ പരിശുദ്ധാത്മസഹായത്തോടെ മനസ്സിലാക്കി, അതനുസരിച്ചു ജീവിക്കണം. അപ്പോൾത്തന്നെ അനുസരണം ദൈവസ്നേഹത്തിൽ നിറഞ്ഞു നില്ക്കുന്നതുമായിരിക്കണം. ഒരു അടിമയുടെ അനുസരണം യജമാനനുമായുള്ള നിയമത്തിനുസൃതമായിരിക്കും. ഒരു തൊഴിലാളിയുടെ അനുസരണം അവന്റെ ജീവിതാവശ്യത്തോടു ബന്ധത്തിലായിരിക്കും. എന്നാൽ ഒരു വിശ്വാസിയുടെ അനുസരണം ദൈവത്തോടുള്ള സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. തിരുവചനത്തിലുടനീളം ദൈവവചനം പ്രമാണിക്കേണ്ടുന്ന ആവശ്യകതയും അതിനുള്ള അനുഗ്രഹം പ്രസ്താവിച്ചിട്ടുണ്ട്.

ലൂക്കൊ.11:28 — "ദൈവത്തിന്റെ വചനം കേട്ടു *പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ.*"

സദൃ.8:34 -- "ദിവസംപ്രതി എന്റെ പടിവാതില്ക്കൽ ജാഗരിച്ചും എന്റെ വാതില്ക്കട്ടളെക്കൽ കാത്തുംകൊണ്ടും എന്റെ വാക്കു *കേട്ടനുസരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.*"

യോഹ.14:15 — "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ *കല്പനകളെ കാത്തുകൊള്ളും.*

യോഹ.15:10 -- "ഞാൻ എന്റെ പിതാവിന്റെ *കല്പനകൾ പ്രമാണിച്ചു* അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകളെ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും."

യോഹ.14:21 — "എന്റെ *കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ* എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു; ഞാനും അവനെ സ്നേഹിച്ചു അവന്നു എന്നെത്തന്നേ വെളിപ്പെടുത്തും."

യോഹ.14:23 — "എന്നെ സ്നേഹിക്കുന്നവൻ *എന്റെ വചനം പ്രമാണിക്കും*; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടു കൂടെ വാസം ചെയ്യും."

1.യോഹ.2:3,4 — "അവന്റെ *കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ* നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു അതിനാൽ അറിയുന്നു."

1.യോഹ.5:2,3 — "നാം ദൈവത്തെ സ്നേഹിച്ചു അവന്റെ *കല്പനകളെ അനുസരിച്ചു നടക്കുമ്പോൾ* ദൈവമക്കളെ സ്നേഹിക്കുന്നു എന്നു അതിനാൽ അറിയാം."
1.തിമോ.6:20 — "അല്ലയോ തിമൊഥെയോസേ, *നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപനിധി കാത്തുകൊണ്ടു* ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധമായ വ്യർത്ഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും ഒഴിഞ്ഞുനില്ക്ക."
2.തിമൊ.1:13,14 — "എന്നോടു കേട്ട പത്ഥ്യവചനം നീ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കിക്കൊൾക. *ആ നല്ല ഉപനിധി നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനാൽ സൂക്ഷിച്ചുകൊൾക.*"

**വെളി.22:8 — "ഇതു കേൾക്കയും കാണുകയും ചെയ്തതു യോഹന്നാൻ എന്ന ഞാൻ തന്നേ. കേൾക്കയും കാണ്കയും ചെയ്തശേഷം അതു എനിക്കു കാണിച്ചുതന്ന ദൂതന്റെ കാല്ക്കൽ ഞാൻ വീണു നമസ്കരിച്ചു"** (Now I, John, saw and heard these things. And when I heard and saw, I fell down to worship before the feet of the angel who showed me these things) —

സ്വർഗ്ഗീയനഗരമായ യെരൂശലേമിന്റെ ഭംഗിയും, അതിന്റെ സവിശേഷതകളും,വിശുദ്ധന്മാർക്കു ലഭിക്കുന്ന അനുഗ്രഹങ്ങളും, ദൈവത്തോടുള്ള നിത്യവാസത്തിന്റെ കാര്യങ്ങളും കേൾക്കുകയും കാണുകയും ചെയ്ത യോഹന്നാന്റെ പ്രതികരണമാണിവിടെ കാണുന്നത്. ഇതെല്ലാം സത്യമാണെന്നും താൻ തന്നെ ഇതൊക്കെ നേരിൽ കേൾക്കുകയും കാണുകയും ചെയ്തതെന്നു യോഹന്നാൻ ഉറപ്പിച്ചു പറയുന്നു. അത്യത്ഭുതകരമായ കാര്യങ്ങളും ദൃശ്യങ്ങളും കേൾക്കയും കാണുകയും ചെയ്ത യോഹന്നാൻ ഇതൊക്കെ വിശദമാക്കി വിവരിച്ച ദൈവദൂതന്റെ കാല്ക്കൽ വീഴുന്നു. മുമ്പൊരിക്കൽ ഇപ്രകാരമുള്ള യോഹന്നാന്റെ പ്രതികരണത്തിൽ ദൂതൻ യോഹന്നാനെ വിലക്കുകയും ദൈവത്തെ മാത്രമേ നമസ്കരിക്കാവൂ എന്നു നിർദ്ദേശിച്ചതുമായിരുന്നു. എന്നാൽ യോഹന്നാൻ അതേ തെറ്റു വീണ്ടും ആവർത്തിക്കുന്നു. വെളി.19:10 — *"ഞാൻ അവനെ നമസ്കരിക്കേണ്ടതിന്നു അവന്റെ കാല്ക്കൽ വീണു; അപ്പോൾ അവൻ എന്നോടു: അതരുതു: ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യം ഉള്ള നിന്റെ സഹോദരന്മാർക്കും സഹഭൃത്യനത്രേ; ദൈവത്തെ നമസ്കരിക്ക."*

സാഹചര്യത്തിന്റെ അതിപ്രസരത്താൽ യോഹന്നാനുണ്ടായ തെറ്റു പലപ്പോഴും വിശ്വാസികൾക്കും ഉണ്ടാകാറുണ്ട്. ദൈവവചനം സംസാരിക്കുന്ന ദൈവദാസന്മാരുടെ ശക്തമായ ദൂതുകൾ കേൾക്കുമ്പോഴും, അവരുടെ വചനത്തിലുള്ള പ്രാഗത്ഭ്യം കാണുമ്പോഴും, അവരുടെ പ്രൗഢിയും വാക്ക്ചാതുര്യവും അടിസ്ഥാനപ്പെടുത്തി അവരെ ഉയർത്തുകയും, ആരാധിക്കുകയും, നമസ്കരിക്കുകയും ചെയ്യുന്ന അവസ്ഥ കാണാറുണ്ട്. അവർ പറയുന്നത് ദൈവത്തിന്റെ വചനവും അവർക്കു പറയുവാനുള്ള കഴിവു ദൈവമാണു കൊടുക്കുന്നതെന്നും ചിന്തിച്ചാൽ ദൈവത്തെ മാത്രം നമസ്കരിക്കുവാനും അവരെ ബഹുമാനിക്കുവാനും കഴിയും. വ്യക്തികളെ ബഹുമാനിക്കുന്നതിനു പകരം അവരെ ആരാധിക്കുകയും നമസ്കരിക്കുകയും ചെയ്യുമ്പോൾ ദൈവത്തിനു ലഭിക്കേണ്ട പുകഴ്ചക്കും ആരാധനക്കും മാറ്റം വരുന്നു. കൊരിന്ത്യസഭയിൽ ഇപ്രകാരമുള്ള വിചാരത്താൽ അവിടെ ഭിന്നതയും, പക്ഷവും ഉണ്ടായതായി വായിക്കുന്നു (1.കൊരി.1:11-13/ 1.കൊരി.3:3,4/1.കൊരി.4:6,7).

**വെളി.22:9 — "എന്നാൽ അവൻ എന്നോടു: അതരുതു: ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രേ; ദൈവത്തെ നമസ്കരിക്ക എന്നു പറഞ്ഞു"** (Then he said to me, "See that you do not do that. For I am your fellow servant, and of your brethren the prophets, and of those who keep the words of this book. Worship God) —

സ്വർഗ്ഗീയ കാഴ്ചകൾ കാണുകയും അവിടെത്തെ കാര്യങ്ങൾ കേൾക്കയും ചെയ്ത യോഹന്നാൻ ദൂതന്റെ കാല്ക്കൽ വീഴുന്നു. അപ്പോൾ ദൂതൻ ശക്തമായിത്തന്നെ ശാസനാസ്വരത്തിൽ രണ്ടു വസ്തുതകൾ യോഹന്നാനെ ധരിപ്പിക്കുന്നു. (1) അതരുതു (you do not do) (2) ദൈവത്തെ നമസ്കരിക്ക (Worship God).

**എന്നാൽ അവൻ എന്നോടു: അതരുതു** (Then he said to me, "See that you do not do that) —

ദൈവത്തെ അല്ലാതെ ദൂതന്മാരെ നമസ്കരിക്കുവാൻ പാടില്ലെന്ന കാര്യം യോഹന്നാനു നല്ലതുപോലെ അറിയാം. എന്നാലും സ്വർഗ്ഗീയകാഴ്ചകൾ കണ്ട യോഹന്നാൻ തന്നെത്തന്നെയും പരിസരവും മറന്നു ഏറ്റവും സന്തോഷവാനായിത്തീരുകയും അപ്പോഴത്തെ പ്രതികരണമെന്ന നിലയിൽ ദൂതന്റെ കാല്ക്കൽ വീഴുന്നു. അപ്പോൾ ദൂതൻ യോഹന്നാനെ വിലക്കുന്നു. മുമ്പൊരിക്കലുണ്ടായ യോഹന്നാന്റെ വീഴ്ചയും അതിനുള്ള ദൂതന്റെ ശാസനയും രേഖപ്പെടുത്തിയിരുന്നത് ഇവിടെ വീണ്ടും രേഖപ്പെടുത്തിയിരിക്കുന്നത് വിശ്വാസികളുടെ ബുദ്ധ്യുപദേശത്തിനാണ്. ദൂതന്മാരെയും, മാലാഖമാരെയും, പുണ്യവാളന്മാരെയും, കന്യമറിയത്തെയും, മനുഷ്യർ പ്രഖ്യാപിക്കുന്ന വിശുദ്ധന്മാരെയും, സ്വർഗ്ഗീയസൈന്യത്തെയും, വിഗ്രഹങ്ങളെയും ആരാധിക്കുവാനും നമസ്കരിക്കുവാനും പാടില്ലെന്നതിനുള്ള ശക്തമായ പ്രബോധനം ഇവിടത്തെ ആവർത്തനം വെളിപ്പെടുത്തുന്നു. ദൂതന്മാർ

ദൈവമക്കളെ സേവിക്കുന്നവരും കാത്തു സൂക്ഷിക്കുന്നവരുമാണ് (എബ്രാ.1:14). *"നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്നു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും"* എന്നു സങ്കീർത്തനം 91:11–ൽ വായിക്കുന്നു. അതായത് നമ്മുടെ ആവശ്യങ്ങൾക്കും, സൂക്ഷിപ്പിനും ദൈവമാണ് ദൂതന്മാരോടു കല്പിക്കുന്നത്. ആയതിനാൽ നമുക്കു ദൂതന്മാരോടു അപേക്ഷിക്കുവാനോ, പ്രാർത്ഥിക്കുവാനോ, കല്പിക്കുവാനോ അധികാരമില്ല. ദൈവത്തോടു നാം പ്രാർത്ഥിക്കുമ്പോൾ ആവശ്യമെങ്കിൽ ദൂതന്മാരെ ദൈവം അതിനായി ചുമതലപ്പെടുത്തും എന്നു സാരം.

**ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രേ** (For I am your fellow servant, and of your brethren the prophets, and of those who keep the words of this book. Worship God) —

ദൂതന്റെ കാല്ക്കൽ വീണു നമസ്കരിച്ച യോഹന്നാനെ ദൂതൻ തടയുകയും അതിനുള്ള കാരണവും വ്യക്തമാക്കുന്നു. *"ഞാൻ നിന്റെയും നിന്റെ സഹോദരങ്ങളായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രേ"* എന്നു ദൂതൻ യോഹന്നാനോടു പറയുന്നു. അതായത് യോഹന്നാന്റെയും, ദൈവത്തിന്റെ പ്രവാചകന്മാരുടെയും, വെളിപ്പാടു പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവരായ വിശ്വാസികളുടെയും സഹഭൃത്യൻ അഥവാ കൂട്ടുവേലക്കാരനാണ് ദൂതൻ (fellow servant). ഒരു വേലക്കാരൻ മറ്റൊരു വേലക്കാരനെ നമസ്കരിക്കുകയല്ല മറിച്ചു ബഹുമാനിക്കുകയും സ്നേഹിക്കുകയും ആണ് ചെയ്യേണ്ടത്. ആയതിനാൽ ദൂതന്മാരെ നമസ്കരിക്കുവാനോ ആരാധിക്കുവാനോ പാടില്ല. അവർ ദൈവസൃഷ്ടികളാണ്.

സഹഭൃത്യൻ (fellow servant) എന്നു തന്നെത്തന്നെ വെളിപ്പെടുത്തിയത് ദൂതൻ അല്ല ഒരു മനുഷ്യനാണെന്നു ചിന്തിക്കുന്നവരുണ്ട്. ഹാനോക്ക്, മോശെ, ഏലിയാവ് എന്നിവരിലൊരാളായിരിക്കാം എന്നും അഭിപ്രായപ്പെടുന്നു. എന്നാൽ ദൂതന്മാരും, പ്രവാചകന്മാരും, മനുഷ്യരായ ദൈവമക്കളും ദൈവത്തെ സേവിക്കുന്നവരും ദൈവീകപ്രവർത്തനങ്ങളിൽ വിവിധപങ്കാളിത്തം വഹിക്കുന്നവരുമാണ്. അപ്രകാരം ചിന്തിച്ചാൽ ദൂതന്മാരുൾപ്പെടെയുള്ളവർ ദൈവീകപ്രവർത്തനങ്ങളിൽ കൂട്ടുവേലക്കാരും ദൈവത്തിന്റെ ഭൃത്യന്മാരുമാണ്. ആകയാൽ യോഹന്നാൻ വീഴുന്നത് സ്വർഗ്ഗീയ ദൃശ്യങ്ങൾ കാണിച്ചുകൊടുത്ത ദൂതന്റെ കാല്ക്കൽത്തന്നെയെന്നു ചിന്തിക്കുന്നതാണ് യോജ്യം.

**ദൈവത്തെ നമസ്കരിക്ക എന്നു പറഞ്ഞു** (Worship God) —

ദൈവനഗരത്തിന്റെ ദൃശ്യത്താലുണ്ടായ അത്യാഹ്ലാദത്താൽ ദൂതന്റെ കാല്ക്കൽ വീണ യോഹന്നാനെ അതരുതു എന്നു പറഞ്ഞു തടയുക മാത്രമല്ല ദൈവത്തെയാണ് നമസ്കരിക്കേണ്ടതെന്നു ഓർമ്മിപ്പിക്കുന്നു. മനുഷ്യരെയോ മറ്റു ദേവന്മാരെയോ ആരാധിക്കുകയോ നമസ്കരിക്കുകയോ ചെയ്യരുതെന്നു തിരുവചനം പ്രസ്താവിക്കുന്നു.

പുറ.20:4,5 — *"ഒരു വിഗ്രഹം ഉണ്ടാക്കരുതു; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുതു; അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു."*

പുറ.34:14 — *"അന്യദൈവത്തെ നമസ്കരിക്കരുതു."*

മത്താ.4:10 — *"യേശു അവനോടു: സാത്താനേ, എന്നെ വിട്ടുപോ; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു."*

ദൂതന്റെ കാല്ക്കൽ വീണു നമസ്കരിക്കുന്ന യോഹന്നാനെ ദൂതൻ തടയുന്നതും ദൈവത്തിങ്കലേക്കു യോഹന്നാനെ തിരിക്കുന്നതുമായ ദൂതന്റെ കാഴ്ചപ്പാട് വിശ്വാസികൾ മാതൃകയാക്കേണ്ടതാണ്. സ്വർഗ്ഗീയ കാഴ്ചകൾ കാണുവാനും സ്വർഗ്ഗീയ മർമ്മങ്ങൾ രേഖപ്പെടുത്തുവാനും ദൈവമാണ് യോഹന്നാനെ തിരഞ്ഞെടുത്തത്. ദൈവത്തിനു മറ്റാരെയെങ്കിലും തിരഞ്ഞെടുക്കാമായിരുന്നു. എന്നാൽ ദൈവത്തിന്റെ കരുണയും കൃപയും ലഭിച്ചതിനാൽ ആത്മീകമായ ഉന്നതസ്ഥാനത്തെത്തിയ യോഹന്നാനു സ്വർഗ്ഗീയകാഴ്ചകൾക്കു സാക്ഷിയാകുവാൻ ഭാഗ്യമുണ്ടായി. ആയതിനാൽ കാഴ്ചകൾ കാണിച്ചുകൊടുത്ത ദൂതനെയല്ല കർത്താവിനെയാണ് നമസ്കരിക്കേണ്ടുന്നത്. സാഹചര്യങ്ങളുടെ വേലിയേറ്റത്താലും മാനസ്സികസംഘർഷത്താലുമായിരിക്കാം യോഹന്നാന്റെ ശ്രദ്ധ മാറിപ്പോയത്. ശ്രേഷ്ട അപ്പൊസ്തലനു ഇപ്രകാരം വീഴ്ച വന്നുവെങ്കിൽ കേവലം സാധാരണക്കാരായ വിശ്വാസികളായ നാം എത്രമാത്രം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട് എന്ന കാര്യം വിസ്മരിക്കരുത്. യോഹന്നാനെപ്പോലെ നമ്മെ ഓരോരുത്തരെയും വിവിധ സ്ഥാനങ്ങളിൽ ദൈവത്തിനായി പ്രവർത്തിക്കുവാൻ ദൈവം ആക്കി വെച്ചിരിക്കയാണ്. ദൈവം നമുക്കു തരുന്ന കഴിവുകളും താലന്തുകളുമുപയോഗിച്ചു ദൈവത്തിനായി പ്രവർത്തിക്കുമ്പോൾ മറ്റുള്ളവർ നമ്മെ പ്രശംസിക്കുവാനും, ആദരിക്കുവാനും, വാനോളം പുകഴ്ത്തുവാനും, മഹാസദസ്സിന്റെ മുമ്പാകെ ഉയർത്തപ്പെടുവാനും ഇടയാക്കുന്ന സന്ദർഭങ്ങൾ ഉണ്ടാകാം. അപ്പോൾ നാം ദൂതന്റെ അതേ വാക്കുകളാണ് ഉപയോഗിക്കേണ്ടത്. —> "എന്നാൽ അവൻ എന്നോടു: അതരുതു: ദൈവത്തെ നമസ്കരിക്ക എന്നു പറഞ്ഞു." കർത്താവു തന്റെ ശിഷ്യന്മാരെ പ്രബോധിപ്പിച്ചതു ഇവിടെ നാമും പിടിച്ചുകൊള്ളേണ്ടതാണ്. ലൂക്കൊ.17:10 — *''അവ്വണ്ണം നിങ്ങളോടു കല്പിച്ചതു ഒക്കെയും*

*ചെയ്തശേഷം: ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്നു നിങ്ങളും പറവിൻ"* (So likewise you, when you have done all those things which you are commanded, say, 'We are unprofitable servants. We have done what was our duty to do) ഇപ്രകാരം നാം ചെയ്താൽ നമ്മിലേക്കു വരുന്ന പുകഴ്ചയും ആരാധനയും കർത്താവിങ്കലേക്കു തിരിക്കുവാൻ സാധിക്കും.

**വെളി.22:10 — "അവൻ പിന്നെയും എന്നോടു പറഞ്ഞതു: സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുതു"** (And he said to me, "Do not seal the words of the prophecy of this book, for the time is at hand) —

യോഹന്നാൻ ദൂതന്റെ കാല്ക്കൽ വീണു നമസ്കരിച്ചപ്പോൾ തടയുകയും ദൈവത്തെ മാത്രമേ നമസ്കരിക്കാവൂ എന്നുള്ള നിർദ്ദേശവും നല്കി. വീണ്ടും സുപ്രധാനമായ ഒരു കാര്യം കൂടി യോഹന്നാനെ ദൂതൻ അറിയിക്കുന്നു. സമയം അടുത്തിരിക്കയാൽ അഥവാ സകലത്തിന്റെയും അന്ത്യം ആസന്നമായിരിക്കുന്നതിനാൽ വെളിപ്പാടു പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത് എന്നുള്ളതായിരുന്നു യോഹന്നാനു ലഭിച്ച നിർദ്ദേശം.

**അവൻ പിന്നെയും എന്നോടു പറഞ്ഞതു** (And he said to me, "Do not seal the words of the prophecy of this book, for the time is at hand) —

അവൻ എന്നത് ദൂതനായിരിക്കണം. കാരണം യോഹന്നാൻ ദൂതന്റെ കാല്ക്കൽ വീണപ്പോൾ അതരുതു എന്നു പറഞ്ഞു തടയുകയും, ദൈവത്തെ നമസ്കരിക്ക എന്നു നിർദ്ദേശിക്കുകയും ചെയ്തശേഷം ദൂതൻ തന്നെ പറയുന്നതായി കരുതാം. ഇതു ക്രിസ്തുവാണ് പറയുന്നതെന്നു അഭിപ്രായപ്പെടുന്നവരുമുണ്ട്. എന്നാൽ തൊട്ടു മുമ്പുള്ള വാക്യവുമായി ഈ വാക്യം ബന്ധപ്പെട്ടിരിക്കയാൽ യോഹന്നാനോടു സംസാരിക്കുന്നത് ദൂതൻ തന്നെ എന്നു കരുതുന്നതാണ് അനുയോജ്യമായത്. അങ്ങനെയെങ്കിൽ ദൂതന്റെ കാല്ക്കൽ വീഴുന്ന യോഹന്നാനു മൂന്നു നിർദ്ദേശങ്ങളാണ് ദൂതനിലൂടെ ലഭിക്കുന്നത്. —> (1) അതരുതു > Do not do that (2) ദൈവത്തെ നമസ്കരിക്ക > Worship God (3) > മുദ്രയിടരുതു > Do not seal.

**സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുതു** (Do not seal the words of the prophecy of this book, for the time is at hand) —

സമയം അടുത്തിരിക്കുന്നു എന്നാൽ കർത്താവിന്റെ വരവും അന്ത്യകാലസംഭവങ്ങളും നിറവേറുവാൻ കാലം അടുത്തിരിക്കുന്നു എന്നാണ്. വെളിപ്പാടു പുസ്തകത്തിലെ പ്രവചനം മുദ്രയിരുതെന്നാണ് ദൂതൻ യോഹന്നാനോടു പറയുന്നത്. മുദ്രയിടരുതു എന്നതിനർത്ഥം അടച്ചുവെക്കരുത്, മൂടിവക്കരുത്, മറച്ചുവെക്കരുത്, നിഗൂഡമായി മാറ്റരുത് (close, hide, conceal) എന്നൊക്കെയാണ്. ഇതിലെ വചനങ്ങൾ വായിക്കുകയും, വായിച്ചുകേൾപ്പിക്കയും, പ്രസംഗിക്കുകയും, പ്രമാണിക്കുകയും വേണം. വെളിപ്പാടു പുസ്തകം ഒരു തുറന്ന പുസ്തകമാണ് (Revelation is an Open Book). തുറന്ന പുസ്തകം എന്ന നിലയിൽ ഇതിലെ വചനങ്ങൾ സകലരും വ്യക്തമായി മനസ്സിലാക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ഇത് മനസ്സിലാകാത്തതെന്നോ, ആലങ്കാരികഭാഷാപ്രയോഗങ്ങൾ ഏറ്റവും കഠിനം എന്നോ പറയുവാൻ ഇടയാകരുത്. പരിശുദ്ധാത്മസഹായത്താൽ പഠിക്കുന്ന ഏവർക്കും ഇതു ഏറ്റവും പെട്ടന്നു ഗ്രഹിക്കുവാനും വ്യാഖ്യാനിക്കുവാനും കഴിയും. സാധാരണ തിരുവചനഭാഗങ്ങളെന്നപോലെ ഇതിനെയും മനസ്സിലാക്കാം. നിഗൂഡമായ അർത്ഥങ്ങളോ, മറെച്ചുവെച്ചിരിക്കുന്ന ഏതെങ്കിലുമോ ഇതിലില്ല. ആരെങ്കിലും വെളിപ്പാടു പുസ്തകത്തിലെ പ്രവചനഭാഗത്തിനു വില കല്പിക്കാതെയും പഠിക്കാതെയും പ്രമാണിക്കാതെയും ഇരിക്കുന്നുവെങ്കിൽ അവർക്കുള്ള അനുഗ്രഹം നഷ്ടപ്പെടുവാൻ ഇടയാകും. ഇതിലെ വചനങ്ങൾ മനസ്സിലാക്കി പ്രസംഗിക്കപ്പെടുമ്പോൾ മഹത്വധാരിയായ കർത്താവ് ഉയർത്തപ്പെടുകയാണ്. സമയം അടുത്തിരിക്കയാൽ അഥവാ കർത്താവിന്റെ വരവു അടുത്തിരിക്കയാൽ വെളിപ്പാടിലെ വചനങ്ങൾ വളരെ ശ്രദ്ധയോടെ പഠിക്കുകയും പഠിപ്പിക്കയും പ്രമാണിക്കുകയും വേണം.

വെളിപ്പാടു പുസ്തകത്തോടു സമാനമായ ദാനീയേലിന്റെ പ്രവചനഗ്രന്ഥത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളത് മുദ്രയിടുവാനാണ്. ദാനീ.8:26 — *"ദർശനം ബഹുകാലത്തേക്കുള്ളതാകയാൽ അതിനെ അടച്ചുവയ്ക്ക."* ദാനീ.12:4 — *"നീയോ, ദാനീയേലേ അന്ത്യകാലംവരെ ഈ വചനങ്ങളെ അടച്ചു പുസ്തകത്തിനു മുദ്രയിടുക."* ദാനീ.12:9 — *"ദാനീയേലേ, പൊയ്ക്കൊൾക; ഈ വചനങ്ങൾ അന്ത്യകാലത്തേക്കു അടച്ചും മുദ്രയിട്ടും ഇരിക്കുന്നു."* വെളിപ്പാടിലെ പ്രവചനങ്ങൾ മുദ്രയിടരുത് അഥവാ മറച്ചുവെയ്ക്കരുത് എന്നു പറയുവാനുള്ള കാരണം യോഹന്നാനോടു ദൂതൻ പറയുന്നു. സമയം അടുത്തിരിക്കയാൽ അഥവാ എല്ലാറ്റിന്റെയും അന്ത്യം അടുത്തിരിക്കയാൽ ഇത് മുദ്രയിടരുത്. ഭൂമിയിലുള്ള സകല വിശ്വാസികളും അവിശ്വാസികളും ഒരുപോലെ വെളിപ്പാടു പുസ്തകം വായിക്കുകയും അതനുസരിച്ചു തങ്ങളുടെ ജീവിതങ്ങൾ ക്രമപ്പെടുത്തുവാനാണ് ഇത് തുറന്നു വെച്ചിരിക്കണം എന്നു പറയുന്നത്. രക്ഷിക്കപ്പെട്ടവർ കർത്താവിന്റെ വരവിനായി ഒരുങ്ങി വിശുദ്ധിയോടെ കാത്തിരിക്കണം. രക്ഷിക്കപ്പെടാത്തവർ വേഗത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി നിത്യദണ്ഡനത്തിലകപ്പെടാതെ ദൈവത്തിൽ ശരണപ്പെടണം.

പുസ്തകം മുദ്രയിടുക എന്നു ദാനീയേലിനോടും മുദ്രയിടരുത് എന്നു യോഹന്നാനോടും പറയുന്നതിന്റെ പൊരുൾ എന്താണ്? ദാനീയേൽ ക്രിസ്തുവിന്റെ യാഗമരണത്തിനു മുമ്പും, യോഹന്നാൻ ക്രിസ്തുവിന്റെ യാഗമരണത്തിനു ശേഷവും ശുശ്രൂഷയിലായിരുന്നവരാണ്. ദാനീയേലിന്റെ കാലത്ത് ലോകരക്ഷകനായ ക്രിസ്തുവിന്റെ ഭൂമിയേലേക്കുള്ള വരവും രക്ഷണ്യവേലകളുടെ സമാപ്തിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ലായിരുന്നു. കാൽവറിയിലെ പ്രായശ്ചിത്തമരണത്താൽ ഒരുക്കപ്പെടുന്ന രക്ഷ വെളിപ്പെടുത്തിയിട്ടല്ലാതെ അഥവാ സംഭവിക്കാതെ ദാനീയേലിൽ പ്രതിപാദിക്കുന്ന നിത്യതയെക്കുറിച്ചുള്ള കാര്യങ്ങൾ ആർക്കും മനസ്സിലാകുകയില്ല. ക്രിസ്തുവിന്റെ വരവും ക്രൂശീകരണവും സംഭവിക്കേണ്ടതുണ്ട്. ചുരുക്കി പറഞ്ഞാൽ ദാനീയേലിന്റെ പ്രവചനകാലം അന്ത്യകാലമായിട്ടില്ലായിരുന്നു എന്നു സാരം. വെളിപ്പാടു പുസ്തകം പൂർത്തീകരിക്കപ്പെടുമ്പോൾ ലോകത്തിനു ക്രിസ്തുവിലൂടെയുള്ള രക്ഷയെക്കുറിച്ചുള്ള സകലതും വെളിപ്പെട്ടു കിട്ടിയിരുന്നു. തുടർന്നു ഭാവിയിൽ സംഭവിക്കാനുള്ളത് അഥവാ സഭയുടെ ഉത്പ്രാപണം മുതലുള്ളവ കാര്യങ്ങൾ പറഞ്ഞാൽ സകലർക്കും മനസ്സിലാകും. അതുകൊണ്ടാണ് ദാനീയേൽ പ്രവചനം മുദ്രയിടുവാനും വെളിപ്പാടു പുസ്തകം മുദ്രയിടരുതു എന്നും പറയുന്നത്.

**വെളി.22:11 — "അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ"** (He who is unjust, let him be unjust still; he who is filthy, let him be filthy still; he who is righteous, let him be righteous still; he who is holy, let him be holy still) —

അനീതി ചെയ്യുന്നവൻ, അഴുക്കുള്ളവൻ, നീതിമാൻ, വിശുദ്ധൻ (unjust, filthy, righteous, holy) എന്നിങ്ങനെ ലോകത്തിലെ സകലരെയും നാലു വിഭാഗമായി ചിത്രീകരിച്ചിരിക്കുന്നു. വാക്യത്തിന്റെ ആദ്യഭാഗം വായിച്ചാൽ ഏറെ അതിശയവും അതോടൊപ്പം സംശയവും തോന്നും. അനീതി ചെയ്യുവാനും അശുദ്ധിയിൽ ജീവിക്കുവാനും അന്ത്യകാലത്തു ദൈവം പാപികളെ അനുവദിക്കുന്നോ? പാപികൾ നശിച്ചുപോകട്ടെയെന്നു ദൈവം ആഗ്രഹിക്കുന്നുവോ? അവരുടെ മാനസാന്തരത്തിനായി സുവിശേഷം അറിയിച്ചു നീതിയിലേക്കും വിശുദ്ധിയിലേക്കും നടത്തണമെന്ന പ്രബോധനം അന്ത്യകാലമായതിനാൽ തിരുത്തപ്പെടുന്നോ എന്നൊക്കെ തോന്നിപ്പോകാം. എന്നാൽ അനീതിയിൽ നിന്നു നീതിയിലേക്കും അഴുക്കിൽ നിന്നു വിശുദ്ധിയിലേക്കും സകലരും നടത്തപ്പെടണമെന്നുതന്നെയാണ് ദൈവം ആഗ്രഹിക്കുന്നതെന്നു ഇവിടെയും മനസ്സിലാക്കാം.

**അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ** (He who is unjust, let him be unjust still; he who is filthy, let him be filthy still) —

വെളിപ്പാടു മുദ്രയിടാത്ത പുസ്തകം അഥവാ എല്ലാവരും വായിച്ചറിയുവനുള്ള പുസ്തകമെന്നും, അന്ത്യകാലസംഭവങ്ങൾ ഏറ്റവും വേഗത്തിൽ സംഭവിക്കും എന്നതിന്റെയും അടിസ്ഥാനത്തിലാണ് ഇവിടത്തെ പ്രസ്താവന. അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ. അഴുക്കുള്ളവൻ ഇനിയും അഴുക്കിൽത്തന്നെ തുടരട്ടെ എന്നത്. പാപികൾ പാപത്തിൽ ജീവിക്കുവനോ പാപം ചെയ്യുവാനുള്ള പ്രോത്സാഹനമോ അല്ല ഇതിലുള്ളത്. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവം ആഗ്രഹിച്ചതും, തന്റെ ദാസന്മാരിലൂടെ ഇക്കാലത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും പാപികളുടെയും ദുഷ്ടന്മാരുടെയും മാനസാന്തത്തിനാണ്. ഞാൻ വേഗം വരുന്നു എന്നു പറഞ്ഞ കർത്താവു ഭൂമിയിലേക്കു വരുവാൻ താമസിക്കുന്നതിന്റെ അതിപ്രധാനമായ ഒരു കാരണംതന്നെ പാപികളുടെ മാനസാന്തരത്തിനു അവസരം നല്കുന്നതിനാണ്. തിരുവചനത്തിലെ 66 പുസ്തകങ്ങളിലൂടെ പാപികളോടുള്ള ദൈവത്തിന്റെ കരുണയും കൃപയും ക്ഷമയും അവിശ്വാസികൾ മനസ്സിലാക്കി. വെളിപ്പാടു പുസ്തകത്തിലൂടെ അതിഭയങ്കരമായ ന്യായവിധികളുടെ ഘോരത പാപികളുടെമേൽ വന്നുപതിക്കുന്ന കാഴ്ച അവരെ പിടിച്ചു കുലുക്കിയിട്ടുണ്ടാകും. ഇപ്രകാരമുള്ള ദൈവവചനങ്ങളും, ഉപദേശങ്ങളും, ഞെട്ടിക്കുന്ന സംഭവങ്ങളും അവരെ മാനസാന്തരത്തിലേക്കു നയിച്ചില്ലെങ്കിൽ ദുഷ്ടന്മാരോടു ഇനി പറഞ്ഞിട്ടു കാര്യമില്ല. അവരുടെ ഹൃദയകാഠിന്യത്താൽ അവർ നശിച്ചുപോകുകയേയുള്ളു. മാനസാന്തരത്തിനായി ഇനി ഒരവസരം ലഭിക്കുകയില്ല. ആയതിനാൽ അവർ അനീതിയിലും അഴുക്കിലും തുടരട്ടെ. അവരുടെമേൽ ദൈവത്തിന്റെ അതിഭയങ്കരമായ ക്രോധാഗ്നി വന്നു പതിക്കും എന്നതിനു മാറ്റമില്ല. അപ്പോൾത്തന്നെ അവിശ്വാസികൾ ദൈവത്തിങ്കലേക്കു വന്നു ശരണപ്പെടുവാനുള്ള ദൈവത്തിന്റെ ഒരു അവസാനത്തെ മുന്നറിയിപ്പായി ഈ പ്രസ്താവനയെ എടുക്കേണ്ടതുമാണ്.

മനുഷ്യനു പാപത്തിൽ ജീവിക്കുവാനും ജീവിക്കാതിരിപ്പാനും ദൈവം സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. ദൈവത്തോടുള്ള സഹവാസം സ്നേഹത്തിലും കൂട്ടായ്മയിലും തുടരേണ്ടതാകയാൽ ദൈവം ആരെയും ബലപ്രയോഗത്താൽ രക്ഷിക്കപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല. അനീതിയിലും അഴുക്കിലും ജീവിക്കുവാൻ അവർ ആഗ്രഹിക്കുന്നുവെങ്കിൽ അവരെ ആ വഴിക്കു വിടുകയാണ് ചെയ്യുന്നത്. "ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ നടന്നു" (ന്യായാ.21:25) എന്ന ന്യായാധിപന്മാരുടെ കാലം ഇവിടെ ആവർത്തിക്കപ്പെടുമ്പോൾ അവർ ചെന്നെത്തുന്നത് നിത്യയാതനയുടെ നരകാഗ്നിയിലായിരിക്കും.

**നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ** (he who is righteous, let him be righteous still; he who is holy, let him be holy still) —

ദുഷ്ടന്മാരും നീതികെട്ടവരും ദൈവം ഒരുക്കിയ രക്ഷയെ ഗണ്യമാക്കാതെ അതിനെ ചവിട്ടിക്കള കയാൽ അവർ നശിച്ചുപോകുവാൻ ഇടയാകും. കത്തുന്ന ഗന്ധകത്തീപ്പൊയ്കയായിരിക്കും അവർക്കു ലഭിക്കുക. അപ്പോൾത്തന്നെ വിശ്വാസികളും ഏറെ ജാഗ്രതയോടെ കർത്താവിന്റെ വരവിനായി ഒരുങ്ങി യിരിക്കണം. അനീതി ചെയ്യുന്നവൻ അനീതിയിലും, അഴുക്കുള്ളവൻ അഴുക്കിലും തുടരട്ടെ എന്നുള്ള പ്രസ്താവന പാപികളുടെ നാശത്തെ ദൈവം ആഗ്രഹിക്കുന്നില്ലെന്നു മാത്രമല്ല അവരുടെ മാനസാന്തര ത്തിനുള്ള മുന്നറിയിപ്പും ആയിരിക്കുന്നു. അതുപോലെ വിശ്വാസികൾക്കും നല്കുന്ന മുന്നറിയിപ്പും പ്രബോ ധനവുമാണ് — 'നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ' എന്നുള്ളത്. വിശ്വാസികൾ നീതിപ്രവൃത്തികളിലും വിശുദ്ധിയിലും വർദ്ധിച്ചു വരണം. അവർ അവരുടെ ജീവിതം നീതിയിലും വിശുദ്ധിയിലും കാത്തുസൂക്ഷിക്കുമ്പോഴും അവിശ്വാസികളോടുള്ള ഉത്തരവാദിത്തം മറക്കുവാൻ പാടില്ല. വെളിപ്പാടു പുസ്തകം മുദ്രയിടാത്ത തുറന്നപുസ്തകം അഥവാ സകലർക്കും മനസ്സി ലാക്കുവാൻ സാധിക്കുന്ന പുസ്തകമാണ്. സമയം അടുത്തിരിക്കയാൽ അതിൽ വിവരിച്ചിരിക്കുന്നതൊക്കെ വേഗത്തിൽ സംഭവിക്കുവാൻ പോകുന്നു. ഒരുവൻ മരണം വഴിയായി ഭൂമിയിൽ നിന്നു നീക്കപ്പെടുകയോ, കർത്താവു വരികയോ ചെയ്താൽ കൃപയുടെ വാതിൽ അടയും. ആകയാൽ നിത്യനരകത്തീപ്പൊയ്ക യിലേക്കുള്ള യാത്രയിൽ നിന്നു അനേകരെ രക്ഷിച്ചു കർത്താവിന്റെ മുമ്പാകെ കൊണ്ടുവരേണ്ടത് ഓരോ വിശ്വാസിയുടെയും ജോലിയാണ്, കടമയാണ്, ഉത്തരവാദിത്തമാണ്.

ഇന്നത്തെ ലോകത്തിൽ വിശ്വാസികളായവർ പലപ്പോഴും നിന്ദയിലും, പരിഹാസത്തിലും, കഷ്ട തയിലും, അവിശ്വാസികളാൽ പീഡിപ്പിക്കപ്പെട്ടും ജീവിക്കേണ്ട സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. കാലം അന്ത്യ ത്തിലേക്കു നീങ്ങുമ്പോൾ വിശ്വാസികൾക്കു സമാധാനമായി ജീവിക്കുവാൻപോലും പ്രയാസമേറുന്നു. മഹാപീഡനകാലത്ത് സ്മുർന്നസഭയിലെ വിശ്വാസികൾ അതിഭയങ്കരമായ പീഢകളിലൂടെ കടക്കുന്നതായി കാണുന്നു (വെളി.2:8-11). അവർ മരണപര്യന്തം വിശ്വസ്തരായി നിലനിന്നു. വിശുദ്ധന്മാരെ പീഡിപ്പി ക്കുന്നവർ ശിക്ഷിക്കപ്പെടാതെ സന്തോഷത്തിലും സമൃദ്ധിയിലും ബലപ്പെട്ടു ജീവിക്കുന്ന കാഴ്ച നമുക്കു ചുറ്റും ഇക്കാലത്തു കാണാറുണ്ട്. അപ്പോൾ വിശ്വാസികളുടെ ഉള്ളിൽ നിന്നുയരുന്ന ചോദ്യം ഇപ്രകാരമാ യിരിക്കും — 'ദൈവമേ, അനീതി ചെയ്യുന്നവരും അഴുക്കിൽ ജീവിക്കുന്നവരും പ്രബലപ്പെടുന്നുവല്ലോ, ഞങ്ങൾ ഏറിയ കഷ്ടതകൾ അനുഭവിക്കുന്നു. ഇതിനൊരു അന്ത്യം ഇല്ലേ?' — ഇപ്രകാരമുള്ള ചോദ്യ ങ്ങൾക്കുള്ള ഉത്തരം കൂടിയാണ് ഇവിടെയുള്ള പ്രസ്താവന — *"അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ"*

**വെളി.22:12 — "ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു"** (And behold, I am coming quickly, and My reward is with Me, to give to every one according to his work) —

കർത്താവിനായി പ്രയത്നിച്ച സകലതിനും പ്രതിഫലം തരുവാനായി കർത്താവു വേഗം വരു ന്നു. ഓരോരുത്തനും അവന്റെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലമാണ് ലഭിക്കുക. നാം സഹിച്ച കഷ്ട തകൾക്കും, നിന്ദകൾക്കും, പ്രതികൂല സാഹചര്യങ്ങളിലെ കർത്താവിലുള്ള വേലകൾക്കും നമ്മെ ആദരി ക്കുവാൻ പോകുന്നു.

**ഇതാ, ഞാൻ വേഗം വരുന്നു** (And behold, I am coming quickly) —

ഇതാ, ഞാൻ വേഗം വരുന്നു എന്നു പറയുന്നത് കർത്താവാണ്. ഇതാ (behold) എന്ന പ്രസ്താ വന തുടർന്നു പറയുവാൻ പോകുന്ന കാര്യങ്ങളിലേക്കു ശ്രദ്ധ ക്ഷണിക്കുന്ന പദമാണ്. കർത്താവു വേഗ ത്തിൽ വരുവാൻ പോകുന്നു എന്ന പ്രസ്താവന ഇതേ അദ്ധ്യായത്തിൽ മൂന്നിടത്തു ആവർത്തിച്ചു പറ ഞ്ഞിരിക്കുന്നു (വെളി.22:7,12,20). പുതിയനിയമത്തിലുടനീളം കർത്താവിന്റെ വേഗത്തിലുള്ള വരവിനെ വെളിപ്പെടുത്തുന്നുണ്ട്. തന്റെ സഭയെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാനാണ് കർത്താവു വരുന്നത്. ആവർത്തിച്ചുള്ള വരവിന്റെ പ്രസ്താവന പ്രധാനമായി രണ്ടു കാര്യങ്ങളെ വിളിച്ചറിയിക്കുന്നു. ഒന്ന് തന്റെ വരവ് പറഞ്ഞതുപോലെ നിശ്ചയമായി സംഭവിക്കും. അതിനു മാറ്റമില്ല. രണ്ടാമത്തേത് തന്റെ വരവ് നിശ്ച യമായതിനാൽ വിശ്വാസികൾ ജാഗ്രതയുള്ളവരായി, ഉണർന്നു, ഒരുങ്ങി, വിശുദ്ധിയിൽ ജീവിക്കേണമെ ന്നുള്ള പ്രബോധനവുമായിരിക്കുന്നു (മത്താ.24:42-44/മർക്കൊ.13:33-37).

**ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു'** (and My reward is with Me, to give to every one according to his work) —

"ഇതാ ഞാൻ വേഗത്തിൽ വരുന്നു" എന്നുള്ള ആദ്യത്തെ പ്രസ്താവന (22:7) വചനം പ്രമാണി ക്കുന്നവർക്കുള്ള അനുഗ്രഹത്തോടു ബന്ധപ്പെട്ടിരിക്കുന്നു. "ഇതാ ഞാൻ വേഗം വരുന്നു" (22:12) എന്നുള്ള രണ്ടാമത്തെ പ്രസ്താവന വ്യക്തിപരമായി ഓരോരുത്തർക്കും ലഭിക്കുവാൻ പോകുന്ന പ്രതിഫലത്തോ ടുള്ളതാണ്. രക്ഷിക്കപ്പെട്ട വിശ്വാസികളായ ഓരോരുത്തർക്കും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം

പ്രതിഫലം ക്രിസ്തുവിൽ നിന്നു ലഭിക്കും. രക്ഷിക്കപ്പെട്ടശേഷം നാം കർത്താവിനുവേണ്ടി ചെയ്യുന്ന സകല പ്രവൃത്തികൾക്കും പ്രതിഫലം ലഭിക്കും എന്നത് എത്രയോ സന്തോഷകരമായ സംഗതിയാണ്.

ഓരോരുത്തർക്കും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം ലഭിക്കുമെന്നു തിരുവചന ഭാഗങ്ങൾ വെളിപ്പെടുത്തുന്നു —

യെശ.40:10 — *''ഇതാ, യഹോവയായ കർത്താവു ബലശാലിയായി വരുന്നു; അവന്റെ ഭുജം അവന്നു വേണ്ടി ഭരണം ചെയ്യുന്നു; ഇതാ, കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കയ്യിലും ഉണ്ട്."*

യിരെ.17:10 — *"യഹോവയായ ഞാൻ ഹൃദയത്തെ ശോധനചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തന്നു അവനവന്റെ നടപ്പിന്നും പ്രവൃത്തിയുടെ ഫലത്തിന്നും തക്കവണ്ണം കൊടുക്കുന്നു."*

സങ്കീ.62:12 — *"കർത്താവേ, ദയയും നിനക്കുള്ളതാകുന്നു. നീ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കുന്നു."*

സദൃ.24:12 — *"അവൻ മനുഷ്യന്നു പ്രവൃത്തിക്കു തക്കവണ്ണം പകരം കൊടുക്കയില്ലയോ?"*

മത്താ.16:27 — *"മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും."*

റോമ.2:6 — *"അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും."*

1.പത്രൊ.1:17 — *"മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവു എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ."*

വെളി.11:18 — *"മരിച്ചവരെ ന്യായം വിധിപ്പാനും നിന്റെ ദാസന്മാരായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ചെറിയവരും വലിയവരുമായി നിന്റെ ഭക്തന്മാർക്കും പ്രതിഫലം കൊടുപ്പാനും ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിപ്പാനും ഉള്ള കാലവും വന്നു."*

ഒരിക്കൽ സകലരും ദൈവീകന്യായാസനത്തിന്റെ മുമ്പാകെ നിൽക്കേണ്ടി വരുമെന്നതിനാൽ വിശ്വാസികൾ വളരെ ശ്രദ്ധയോടും, വിശുദ്ധിയോടും കൂടി ജീവിക്കണം. *"നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്നു മുമ്പാകെ നിൽക്കേണ്ടിവരും ......... ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും"* (റോമർ.14:10 –12). *"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു"* (1.കൊരി.5:10). രക്ഷിക്കപ്പെട്ട സകല വിശ്വാസികളും ന്യായാസനത്തിന്റെ മുമ്പിലും രക്ഷിക്കപ്പെടാത്തവർ വെള്ളസിംഹാസനത്തിന്റെ മുമ്പിലും നിൽക്കണം. രണ്ടു സിംഹാസനങ്ങളിലും ഇരിക്കുന്ന ന്യായാധിപൻ ഒരാളാണ്. അതു ദൈവപുത്രനും, മനുഷ്യവർഗ്ഗത്തിനു രക്ഷയൊരുക്കിയ നാഥനുമായ കർത്താവായ യേശുക്രിസ്തു തന്നെ. ന്യായാസനം പ്രതിഫലം നൽകുന്ന സിംഹാസനവും, സിംഹാസനം ശിക്ഷ നൽകുന്ന ന്യായപീഠവുമാണ്. ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കുന്ന വിശ്വാസിക്ക്, അവിടെ കണക്കു ബോധിപ്പിക്കേണ്ട അവസരവും തന്റെ വേലയെ ആദരിക്കുന്ന നിമിഷവുമായിരിക്കും. അനേകർ കിരീടങ്ങൾ വാങ്ങി ആദരിക്കപ്പെടുമ്പോൾ, മാനിക്കപ്പെടുമ്പോൾ ജീവിതസാക്ഷ്യത്തിനു മങ്ങലേൽപ്പിച്ച വിശ്വാസികൾ ലജ്ജിതരാകം.

ദൈവിക ന്യായാസനത്തിനു മുമ്പാകെ കണക്കു കൊടുക്കേണ്ടവ —

(1) ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് (2.കൊരി.5:10/റോമ.14:12)

(2) സംസാരിക്കുന്ന ഏതു നിസ്സാരവാക്കുകൾക്കും (മത്താ.12:36/യാക്കോ.5:9)

(3) ഹൃദയത്തിലെ ആലോചനകൾക്ക് (1.കൊരി.4:5).

(4) ലഭിച്ച താലന്തുകൾക്ക് (മത്താ.25:21).

അതിക്രമങ്ങളാലും പാപങ്ങളാലും ആത്മികമായി മരിച്ചവരായ മനുഷ്യർക്കു കരുണാസമ്പന്നനായ ദൈവം യേശുക്രിസ്തുവിലൂടെ രക്ഷ ഒരുക്കി. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാനും തദ്വാരാ ദൈവകുടുംബത്തിലെ അംഗങ്ങളാകുവാനും കൃപ ലഭിച്ചു. രക്ഷ മനുഷ്യന്റെ ഏതെങ്കിലും പ്രവൃത്തിയാലല്ല മറിച്ചു വിശ്വാസത്താലാണ് ലഭിക്കുന്നത്. എന്നാൽ രക്ഷിക്കപ്പെട്ടശേഷം ചെയ്യുന്ന പ്രവൃത്തിയെ അടിസ്ഥാനമാക്കിയാണ് പ്രതിഫലം ലഭിക്കുന്നത്. അതായത് രക്ഷ വിശ്വാത്താലും, പ്രതിഫലം രക്ഷിക്കപ്പെട്ടശേഷമുള്ള ദൈവീകപ്രവൃത്തിയെയും അടിസ്ഥാനപ്പെടുത്തിയാണ്. വിശ്വാസികൾക്കു സ്വർഗ്ഗത്തിൽ ലഭിക്കുവാൻ പോകുന്ന പ്രതിഫലം അവരുടെ ലോകജീവിതത്തിൽ ക്രിസ്തുവിനുവേണ്ടിയുള്ള വിശ്വസ്തതയോടുള്ള സേവനത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഭൂമിയിലുള്ള അവരുടെ സകലപ്രവൃത്തികളും അവിടെ ശോധനചെയ്യപ്പെടും. സ്വാർത്ഥതാല്പര്യങ്ങൾക്കും, സ്വന്തലാഭത്തിനും, സ്വയപുകഴ്ചക്കും ചെയ്ത പ്രവൃത്തികളൊക്കെ തീയാൽ ശോധന ചെയ്യപ്പെടുമ്പോൾ മരം, പുല്ലു, വയ്ക്കോൽ എന്നപോലെ അവയൊക്കെ വെന്തുപോകുവാൻ ഇടയാകും. എത്രതന്നെ സുവിശേഷവേല ചെയ്താലും, ഓടി നടന്നു അദ്ധ്വാനിച്ചാലും അതിലൂടെയുണ്ടാകുന്ന മഹത്വം ദൈവത്തിനു കൊടുക്കാതെ സ്വയം പുകഴുവാനിടയായാൽ അതിനൊന്നും പ്രതിഫലം ലഭിക്കുകയില്ല. നാം ദൈവത്തെ

സേവിക്കുമ്പോഴും ദൈവത്തിനായി പ്രവർത്തിക്കുമ്പോഴും മനുഷ്യരാൽ ആദരിക്കപ്പെടുവാനിടയാകും. അതും ചിലപ്പോൾ സ്വർഗ്ഗത്തിലെ പ്രതിഫലത്തിനു എടുക്കുമ്പോൾ തീയിലെ ശോധനയിങ്കൽ ചാരമായിത്തീരും. കാരണം ലോകത്തിൽവെച്ചു പ്രതിഫലം ലഭിച്ചതിനാലും, ഒരുപക്ഷേ അതിലൂടെ ദൈവത്തിനു പുകഴ്ചയും മഹത്വവും ലഭിക്കാഞ്ഞതിനാലും തന്നെ. ആയതിനാൽ വിശ്വാസികൾ തങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ തീയിലെ ശോധനയിങ്കൽ വെന്തുപോകാതെ നിലനില്ക്കുന്ന പ്രവൃത്തികൾ വെളിപ്പെടുവാൻ ജാഗ്രയുള്ളവരായിരിക്കണം. ഒരു ആയുസ്സിലെ പ്രയത്നഫലം കളയാതെ പൂർണ്ണപ്രതിഫലം പ്രാപിക്കുവാൻ നാം ഓരോരുത്തരും സൂക്ഷിക്കണം (2.യോഹ.8). തീയാലുള്ള ശോധനയെപ്പറ്റി അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത് നോക്കുക. **1.കൊരി.3:12-15 —** *"ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്നു, വെള്ളി, വിലയേറിയ കല്ലു, മരം, പുല്ലു, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടു വരും; ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടു വരും; ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നേ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവന്നു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽകൂടി എന്നപോലെ അത്രേ."*

**വെളി.22:13 — "ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു"** (I am the Alpha and the Omega, the Beginning and the End, the First and the Last) —

ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം കൊടുക്കും എന്നു പറഞ്ഞ കർത്താവു തന്റെ വ്യക്തിപ്രഭാവത്തിന്റെ മൂന്നു സവിശേഷതകൾ ഇവിടെ പറയുന്നു. ഇവ മൂന്നും കർത്താവിന്റെ സർവ്വശക്തിയെയും (Omnipotence), സർവ്വാധികാരത്തെയും (Sovereignty), സ്വയാസ്തിത്വത്തെയും (Self Existence) കുറിക്കുന്നതിനോടൊപ്പം തന്റെ ദൈവത്വത്തെയും (Divinity) വെളിപ്പെടുത്തുന്നു — (1) അല്ഫയും ഓമേഗയും > the Alpha and the Omega (2) ഒന്നാമത്തവനും ഒടുക്കത്തവനും > the Beginning and the End (3) ആദിയും അന്തവും > the First and the Last. ഇപ്രകാരമുള്ള മൂന്നു വ്യക്തിപ്രഭാവങ്ങളുടെ പ്രസ്താവനകളിലൂടെ ക്രിസ്തു ദൈവം എന്ന നിലയിൽ വെളിപ്പാടിൽ നല്കിയിരിക്കുന്ന വാഗ്ദത്തങ്ങൾ നിറവേറ്റുവാനും പൂർത്തീകരിക്കുവാനും ശക്തൻ എന്നതിന്റെ ഉറപ്പിക്കലും കൂടിയാണ്.

**അല്ഫയും ഓമേഗയും** (I am the Alpha and the Omega) —

*"ഞാൻ അല്ഫയും ഓമേഗയും ആകുന്നു "* എന്നു കർത്താവു വെളിപ്പാടു പുസ്തകത്തിൽ മൂന്നിടത്തു പറഞ്ഞിട്ടുണ്ട് (വെളി.1:8/21:6/22:13). ഇംഗ്ളീഷ് ഭാഷയിൽ എ, ഇസഡ് (A - Z)എന്നതും എബ്രായഭാഷയിൽ ആലേഫ്, തൗ (Aleph - Tau) എന്നതും ഈ ഭാഷകളിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളായിരിക്കുന്നതുപോലെ ഗ്രീക്കിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളാണ് അല്ഫയും ഓമേഗയും (Alpha - Omega). അല്ഫയും ഓമേഗയും എന്ന പ്രയോഗം സമ്പൂർണ്ണതയെ (perfection) വെളിപ്പെടുത്തുന്നു. യേശുക്രിസ്തു സകലത്തിന്റെയും ആരംഭവും അവസാനവും, എല്ലാ അറിവിന്റെയും ഉറവിടവും, സകലചോദ്യങ്ങൾക്കും അർത്ഥവും ഉത്തരവുമായിരിക്കുന്നു എന്നർത്ഥത്തിലാണ് അൽഫയും ഓമേഗയും എന്നുപയോഗിച്ചിരിക്കുന്നത്. വേദപുസ്തകത്തിൽ ഉല്പത്തി മുതൽ വെളിപ്പാടു വരെ ക്രിസ്തുവിനെ കാണാം. പഴയനിയമത്തിൽ ഉല്പത്തിയിൽ സകലത്തിന്റേയും ആരംഭമായ അല്ഫയായും, പുതിയനിയമത്തിൽ വെളിപ്പാടിൽ സകലത്തിന്റേയും സമാപ്തിയായ ഓമേഗയായും ക്രിസ്തു വെളിപ്പെടുന്നു.

**ഒന്നാമനും ഒടുക്കത്തവനും** (the Beginning and the End) —

ഞാൻ ഒന്നാമനും ഒടുക്കത്തവനും ആകുന്നു എന്നു ക്രിസ്തു പറയുമ്പോൾ അതിൽ നിന്നു വെളിപ്പെടുന്നത് സകലവും ക്രിസ്തുവിനോടു കൂടെ ആരംഭിക്കുകയും സകലവും ക്രിസ്തുവിൽ അവസാനിക്കുകയും ചെയ്യുന്നു എന്നാണ്. ക്രിസ്തുവിനെ മാറ്റി നിറുത്തുവാൻ സാദ്ധ്യമല്ലാത്തവിധം സകലത്തിലും ക്രിസ്തു നിറഞ്ഞു നില്ക്കുന്നു. ഇതിൽ നിന്നു ക്രിസ്തുവിനു ആരംഭം ഉണ്ടെന്നോ ക്രിസ്തു സൃഷ്ടിയാണെന്നോ അർത്ഥമില്ല. ക്രിസ്തു ദൈവം എന്ന നിലയിൽ ഒന്നാമനും ഒടുക്കത്തവനും ആയിരിക്കുന്നു. ഒന്നാമൻ എന്നാൽ സകലത്തിന്റെയും ഉറവിടം ക്രിസ്തു എന്നതിനെയും (the Beginning = Christ is the source and origin of all things) , ഒടുക്കത്തവൻ എന്നത് സകലത്തിന്റെ ലക്ഷ്യം അഥവാ പരിസമാപ്തി (the End = Christ is the ultimate aim and goal of all things) ക്രിസ്തു എന്നതിനെയും കുറിക്കുന്നു.

**ആദിയും അന്തവും** (the First and the Last) —

ദൈവത്തിന്റെ സ്വഭാവസവിശേഷതയാണ് ആദ്യനും അന്ത്യനും എന്നത്. ഇതു ദൈവത്തിന്റെ സ്വയാസ്തിത്വത്തെയും (Self Existence), ദൈവം നിത്യൻ (God is Eternal) എന്നതിനെയും വെളിപ്പെടുത്തുന്നു. ദൈവത്തിനു ആരംഭമോ അവസാനമോ ഇല്ല. ദൈവം ആരാലും ഉണ്ടാക്കപ്പെടുകയോ, സൃഷ്ടിക്കപ്പെടുകയോ ചെയ്തതല്ല. കാലങ്ങൾക്കു മുമ്പേയുള്ളവനും കാലങ്ങൾക്കതീതനുമാണ് ദൈവം. യെശ.44:6 —*"ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല."* യെശ.48:12 —*"ഞാൻ അന*

*ന്യൻ; ഞാൻ ആദ്യനും ഞാൻ അന്ത്യനും ആകുന്നു."* യെശ.41:4 —*"യഹോവയായ ഞാൻ ആദ്യനും അന്ത്യന്മാരോടുകൂടെ അനന്യനും ആകുന്നു."*

ഞാൻ ആദ്യനും അന്ത്യനും എന്നു മഹത്വധാരിയായ ക്രിസ്തു യോഹന്നാനോടു പറഞ്ഞു ധൈര്യപ്പെടുത്തുന്നു. ആദ്യനും അന്ത്യനും എന്ന പ്രയോഗം വെളിപ്പാടു പുസ്തകത്തിൽ വീണ്ടും കാണുന്നു. *"സ്മുർന്നയിലെ സഭയുടെ ദൂതന്നു എഴുതുക: മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നതു..."*(വെളി.2:8). *"ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു"* (വെളി.22:13). ആദ്യനും അന്ത്യനും എന്നത് പിതാവായ ദൈവത്തോടുള്ള ബന്ധത്തിൽ പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നത് ക്രിസ്തു തന്നെക്കുറിച്ചും വിശേഷിപ്പിച്ചിരിക്കുന്നു. ഇത് ക്രിസ്തുവിന്റെ ദൈവത്വത്തെയും, താനും പിതാവും ഒന്നാണെന്നുള്ള വസ്തുതയെയും വെളിപ്പെടുത്തുന്നു. വിശ്വാസവീരനായ അബ്രഹാമിനു മുന്നേയുള്ളവനാണ് താനെന്നു യെഹൂദന്മാരോടൊരിക്കൽ കർത്താവു പറഞ്ഞിട്ടുണ്ട്. **യോഹ.8:57,58 —** *"യെഹൂദന്മാർ അവനോടു: നിനക്കു അമ്പതു വയസ്സു ആയിട്ടില്ല; നീ അബ്രഹാമിനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. യേശു അവരോടു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രഹാം ജനിച്ചതിന്നു മുമ്പേ ഞാൻ ഉണ്ടു എന്നു പറഞ്ഞു."*

മഹത്വധാരിയായ ക്രിസ്തുവിനെ യോഹന്നാൻ പത്മൊസിൽവെച്ചു കണ്ടപ്പോൾ ക്രിസ്തുവിന്റെ പാദങ്ങളിൽ യോഹന്നാൻ മരിച്ചവനെപ്പോലെ വീഴുന്നു. അപ്പോൾ യോഹന്നാനെ ധൈര്യപ്പെടുത്തുന്നത് ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ആകുന്നു എന്നു പറഞ്ഞാണ് (വെളി.1:17). ആദ്യനും അന്ത്യനും എന്ന പ്രയോഗം വെളിപ്പാടു പുസ്തകത്തിൽ വീണ്ടും കാണുന്നു. *"സ്മുർന്നയിലെ സഭയുടെ ദൂതന്നു എഴുതുക: മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നതു..."*(വെളി.2:8).*"ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു"* (വെളി.22:13).ആദ്യനും അന്ത്യനും എന്നത് പിതാവായ ദൈവത്തോടുള്ള ബന്ധത്തിൽ പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നത് ക്രിസ്തു തന്നെക്കുറിച്ചും വിശേഷിപ്പിച്ചിരിക്കുന്നു. ഇത് ക്രിസ്തുവിന്റെ ദൈവത്വത്തെയും, താനും പിതാവും ഒന്നാണെന്നുള്ള വസ്തുതയെയും വെളിപ്പെടുത്തുന്നു. വചനം ജഡമായി, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്ത ക്രിസ്തു (യോഹ.1:1,2,3,9,10,14), സർവ്വത്തിന്നും മുമ്പേയുള്ളവനും സകലത്തിന്നും ആധാരമായുമിരിക്കുന്നു (കൊലൊ.1:17).

**വെളി.22:14 -- "ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ"**
(Blessed are those who do His commandments, that they may have the right to the tree of life, and may enter through the gates into the city) —

വെളിപ്പാട്.22:14,15 വാക്യങ്ങൾ സ്വർഗ്ഗീയയെരൂശലേമിൽ പ്രവേശനമുള്ളവരെയും പ്രവേശനമില്ലാത്തവരെയും കുറിച്ചു വിവരിക്കുന്നു. ദൈവനഗരത്തിൽ പ്രവേശിക്കുന്നവർ ജീവന്റെ വൃക്ഷത്തിനു അധികാരമുള്ളവരാണ്, ഗോപുരങ്ങളിൽകൂടി കടക്കുന്നവരാണ്, ദൈവകല്പനകൾ പ്രമാണിക്കുന്നവരെന്ന നിലയിൽ തങ്ങളുടെ വസ്ത്രം അലക്കുന്നവർ അഥവാ വിശുദ്ധിയോടെ ജീവിക്കുന്നവരാണ്. ഇവർ ഭാഗ്യവാന്മാരുമാണ്. എന്നാൽ വിശുദ്ധനഗരത്തിലേക്കു പ്രവേശനമില്ലാത്തവരെ നായ്ക്കളും, ക്ഷുദ്രക്കാരും, ദുർന്നടപ്പുകാരും, കുലപാതകന്മാരും, ബിംബാരാധികളും, ഭോഷ്കിനെ പ്രിയപ്പെടുന്നവരും അതു പ്രവർത്തിക്കുന്നവരുമായി ചിത്രീകരിച്ചിരിക്കുന്നു. ഇവർക്കു പ്രവേശനമില്ലെന്നു മാത്രമല്ല ഇവരുടെ സ്ഥാനം വെളിയിലുമാണ്. ഈ രണ്ടു വാക്യങ്ങളും വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള വ്യത്യാസത്തെ കാണിക്കുന്നു. മാത്രവുമല്ല ഭാഗ്യവാന്മാർ എന്ന മേലെഴുത്തിനാൽ വിളിക്കപ്പെട്ടു അനുഗ്രഹങ്ങൾ നുകരണമെങ്കിൽ അവർ ഭൂമിയിൽവെച്ചു തന്നെ ദൈവത്തിൽ ആശ്രയം വെച്ചവരായിരിക്കണം. അങ്ങനെയല്ലാത്തവർക്കു വിശുദ്ധനഗരത്തിലോ അതിനു പുറത്തോ പ്രവേശിക്കുവാൻ സാദ്ധ്യമല്ല. അവരുടെ സ്ഥാനം പുറത്തു എന്നത് നിത്യമായ തീപ്പൊയ്കയെ കുറിക്കുന്നു. എന്തുകൊണ്ടാണ് നിത്യനഗരത്തിന്റെ മനോഹരദൃശ്യങ്ങൾ യോഹന്നാനെ കാണിച്ചശേഷം വിശുദ്ധന്മാർക്കും അവിശ്വാസികൾക്കും സംഭവിക്കുന്ന കാര്യങ്ങൾ വെളിപ്പാടു പുസ്തകത്തിന്റെ അന്ത്യത്തിൽ വീണ്ടും പറയുന്നത്? കർത്താവു വന്നിട്ടില്ലായ്കയാലും കൃപയുടെ വാതിൽ അടക്കപ്പെടായ്കയാലും ദൈവനഗരത്തിൽ പ്രവേശിക്കണമോ, തീപ്പൊയ്കയിൽ തള്ളപ്പെടണമോ എന്നു ചിന്തിക്കുവാനും ദൈവവഴി തിരഞ്ഞെടുക്കുവാനും ഭൂവാസികൾക്കു ഇനിയും സമയം ഉണ്ട് എന്ന അറിയിപ്പായി ഇതിനെ കരുതാം.

**ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും** ( that they may have the right to the tree of life) —

ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകുക എന്നാൽ ജീവവൃക്ഷഫലം പറിച്ചു തിന്നുവാനുള്ള സ്വാതന്ത്ര്യം എന്നു പറയാം. ആദ്യമായി ജീവവൃക്ഷത്തെക്കുറിച്ചുള്ള പരാമർശം ഉല്പത്തി പുസ്തകത്തിലാണ് കാണുന്നത്. ഏദെൻ തോട്ടത്തിൽ അനേക വൃക്ഷങ്ങൾ ഉണ്ടായിരുന്നതിൽ അവിടെ അവർക്കു വിലക്കപ്പെട്ട രണ്ടു വൃക്ഷങ്ങളിൽ ഒന്ന് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും (Tree of the knowledge of good and evil), മറ്റേത് ജീവവൃക്ഷവും (Tree of Life) ആയിരുന്നു. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം പറിച്ചു തിന്നരുതെന്നു ദൈവം പ്രത്യേകമായി കല്പന കൊടുത്തിരുന്നു (ഉല്പ.2:15-17). എന്നാൽ കല്പന ലംഘിച്ചു അറിവിന്റെ വൃക്ഷഫലം പറിച്ചു ഭക്ഷിച്ചു. തുടർന്നു ജീവവൃക്ഷത്തിന്റെ ഫലം കൂടി പറിച്ചെടുത്തു ഭക്ഷിക്കാതിരിപ്പാൻ തോട്ടത്തിൽ നിന്നു മനുഷ്യനെ പുറത്താക്കി (ഉല്പ.3:22-24) കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളുമായി തോട്ടത്തിനു കാവൽ നിറുത്തി. ഏദെനിൽ പാപത്തിന്റെ പ്രവേശനത്താൽ അന്നു നിഷേധിക്കപ്പെട്ട ജീവവൃക്ഷം പുതിയയെരൂശലേമിൽ സകലവിശുദ്ധന്മാർക്കും പ്രാപ്തമായിത്തീർന്നിരിക്കുന്നു. പുതിയയെരൂശലേമാകുന്ന വിശുദ്ധനഗരത്തിൽ ജീവവൃക്ഷത്തെ കാണുന്നു. വെളി.22:2— *"നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടു; അതു പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു."* എഫെസൊസ് സഭയുടെ ദൂതനു എഴുതുമ്പോൾ ജയാളികൾക്കുള്ള പ്രതിഫലമായി ജീവവൃക്ഷത്തിന്റെ ഫലം കൊടുക്കുമെന്നു പറയുന്നു. വെളി.2:7 — *"ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവ്യക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും."* നീതിമാനു ജീവവൃക്ഷം പ്രതിഫലം എന്നു ജ്ഞാനിയായ ശലോമോൻ പറയഞ്ഞിരിക്കുന്നു (സദൃ.11:30). യേശുക്രിസ്തുവിൽ ആശ്രയംവെച്ച വിശ്വാസികളെല്ലാം ജയാളികളും, നീതിമാന്മാരും ആകയാൽ സ്വർഗ്ഗീയനഗരത്തിൽ അവർക്കു ജീവന്റെ വൃക്ഷത്തിന്മേൽ അധികാരം ലഭിക്കുന്നു.

**ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിന്നും** (and may enter through the gates into the city) —

ജീവന്റെ വൃക്ഷത്തിൽ അധികാരം ലഭിക്കുന്നതിനു ഗോപുരങ്ങളിൽ അഥവാ വാതിലുകളിൽ കൂടി നഗരത്തിൽ പ്രവേശിക്കേണ്ടതുണ്ട്. സ്വർഗ്ഗീയയെരൂശലേം നഗരത്തിനു നാലു വശത്തും മൂന്നു വീതം 12 ഗോപുരവും, ഗോപുരങ്ങളിൽ 12 ദൂതന്മാരുടെ കാവലും, ഓരോ ഗോപുരവും ഓരോ മുത്തു കൊണ്ടു നിർമ്മിതമെന്നും കഴിഞ്ഞ അദ്ധ്യായത്തിൽ കാണുകയുണ്ടായി (വെളി.21:12,13,21). ഗോപുരങ്ങളിൽ ദൂതന്മാർ കാവലുണ്ടെങ്കിലും അതിന്റെ വാതിലുകൾ സദാ തുറന്നിട്ടിരിക്കയാണ് (21:25). ജീവവൃക്ഷത്തിൽ അധികാരം ലഭിക്കുന്നതിനു ഗോപുരത്തിലൂടെ കടക്കേണ്ടതുണ്ട്. ഗോപുരത്തിലൂടെ കടക്കണമെങ്കിൽ അവർ ദൈവത്തിൽ ആശ്രയംവെച്ച നീതിമാന്മാരും ജയാളികളും ആയിരിക്കണം. ഗോപുരത്തിലൂടെയുള്ള പ്രവേശനം അന്നു സാദ്ധ്യമാകുന്നതിനെക്കുറിച്ചല്ല ഇവിടെ പറയുന്നത്. ഭൂമിയിലായിരിക്കുമ്പോൾ തന്നെ ഗോപുരത്തിലൂടെ കടക്കുവാൻ യോഗ്യത ലഭിച്ചിട്ടാല്ലാത്തവരാരും പുതിയ യെരൂശലേമിൽ ഉണ്ടായിരിക്കയില്ല. *"ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും"* (യോഹ.10:9) എന്നു പറഞ്ഞ കർത്താവാണ് രക്ഷക്കുള്ള വാതിൽ. ഒരുവൻ ഭൂമിയിൽ നിന്നു മരണംവഴിയായി നീക്കപ്പെടുന്നതിനു മുമ്പോ, കർത്താവ് മദ്ധ്യാകാശത്തിൽ തന്റെ മക്കളെ ചേർക്കുവാൻ വരുന്നതിനു മുമ്പോ ക്രിസ്തുവാകുന്ന ഗോപുരത്തിലൂടെ കടന്നു ദൈവമക്കളായിത്തീരണം. അവർക്കു മാത്രമേ ജീവ്യക്ഷത്തിന്മേൽ അധികാരം ലഭിക്കൂ.

**വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ** (Blessed are those who do His commandments / Blessed are those who wash their robes) —

വെളിപ്പാടു പുസ്തകത്തിലെ ഏഴാമത്തേതും അവസാനത്തേതുമായ ഭാഗ്യവർണ്ണനയാണ് ജീവവൃക്ഷത്തോടു ബന്ധപ്പെട്ടുള്ളത്. വസ്ത്രം അലക്കുന്നവർ 'ഭാഗ്യവാന്മാർ' എന്നു ബഹുവചനത്തിൽ ഉപയോഗിച്ചിരിക്കുന്നു (Blessed are those who wash their robes > blessed is plural = countless blessings to the robe washers). യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ വിശുദ്ധീകരണം ലഭിക്കുകയും ദൈനം ദിനജീവിതത്തിൽ വിശുദ്ധീകരണപാതയിൽ നടക്കുന്നവരും എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് അഥവാ ഭാഗ്യങ്ങൾക്കു ഓഹരിക്കാരാകുന്നു. അവർ എല്ലാവിധത്തിലും ഭാഗ്യവാന്മാരാണ്. സ്വർഗ്ഗീയനഗരത്തിനു യോഗ്യരായ നമുക്കു വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഏഴു ഭാഗ്യവർണ്ണനകളും (Seven Beatitudes) ഒരുമിച്ചു നോക്കാം —

(1) 1:3 > വായിച്ചു കേൾപ്പിക്കുന്നവനും, കേൾക്കുന്നവരും, പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ
(2) 14:13 > കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ
(3) 16:15 > തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ
(4) 19:9 > കുഞ്ഞാടിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ

(5) 20:6 > ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാൻ

(6) 22:7 > ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ

(7) 22:14 > തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ.

ജീവവൃക്ഷത്തിൽ അവകാശം ലഭിക്കണമെങ്കിൽ ഗോപുരത്തിലൂടെ കടക്കുന്നവരും, വിശുദ്ധിയിൽ ജീവിക്കുന്നവരുമായിരിക്കണം. വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ (Blessed are those who wash their robes) എന്നതിനു ദൈവകല്പന അനുസരിക്കുന്നവർ ഭാഗ്യവാന്മാർ (Blessed are those who do His commandments) എന്നും പരിഭാഷ കാണുന്നുണ്ട്. വസ്ത്രം അലക്കുകയെന്നതും ദൈവകല്പന അനുസരിക്കുകയെന്നതും വിശുദ്ധീകരണത്തിന്റെ പാത തന്നെയാണ്. അഴുക്കുള്ള വസ്ത്രം അഥവാ കറ പുരണ്ട വസ്ത്രം പാപത്തെ വെളിപ്പെടുത്തുന്നു (യെശ.64:6). ഒരുവൻ യേശുക്രിസ്തുവിൽ ആശ്രയിച്ചു രക്ഷിക്കപ്പെടുമ്പോൾ മലിനമായ വസ്ത്രത്തിനു പകരം ശുഭ്രമായ നീതി വസ്ത്രം ലഭിക്കുന്നു.

വെളിപ്പാടിലെ ആറും ഏഴും മുദ്രകൾക്കിടയിൽ ആർക്കും എണ്ണിക്കൂടാനാവാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നില്ക്കുന്നതു യോഹന്നാൻ കാണുന്നു (വെളി.7:9). ഇവർ കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി വെളുപ്പിച്ചവരാണെന്നു അവിടെ കേൾക്കുന്നു. അതായത് മഹാപീഡനകാലത്ത് മൃഗത്തോട് എതിർത്തു നില്ക്കുകയും യേശുക്രിസ്തുവിന്റെ രക്തത്തിൽ വസ്ത്രം അലക്കിയവരുമാണവർ. **വെളി.7:13,14 —** *"മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു: വെള്ളനിലയങ്കി ധരിച്ചിരിക്കുന്ന ഇവർ ആർ? എവിടെനിന്നു വന്നു എന്നു ചോദിച്ചു. യജമാനൻ അറിയുമല്ലോ എന്നു ഞാൻ പറഞ്ഞതിന്നു അവൻ എന്നോടു പറഞ്ഞതു: ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു."*

വസ്ത്രം അലക്കുന്നവർ എന്നാൽ വിശുദ്ധീകരണം പ്രാപിക്കുന്നവർ എന്നർത്ഥം. വസ്ത്രം എന്നത് ജീവിത അങ്കിയെ കുറിക്കുന്നു. രക്ഷിക്കപ്പെടുമ്പോൾ കറപുരണ്ട വസ്ത്രം മാറ്റപ്പെട്ടു നീതിയിൻ വസ്ത്രം ലഭിക്കുന്നു. ഇപ്രകാരം കൃപയാൽ ലഭിച്ച നീതിയുടെയും വിശുദ്ധിയുടെയും അങ്കി ലോകജീവിതത്തിൽ മലിനപ്പെടാതെ നിത്യവും ശുദ്ധിയുള്ളതായി സൂക്ഷിക്കണം. ഇതു ദൈനംദിന വിശുദ്ധീകരണത്തെ കുറിക്കുന്നു. ക്രിസ്തുവിന്റെ രക്തത്താലാണ് മലിനമായ ലോകവസ്ത്രം മാറ്റി സ്വർഗ്ഗീയ നീതി വസ്ത്രം ലഭിച്ചത്. ഇതു ഒരിക്കലും എന്നെന്നേക്കുമായുള്ള നീതീകരണത്തെയും വിശുദ്ധീകരണത്തെയും കുറിക്കുന്നു. എന്നാൽ നാം പാപലോകത്തിൽ ജീവിക്കുന്നതിനാൽ ദൈനംദിനജീവിതത്തിൽ നിമിഷംതോറുമുള്ള ശുദ്ധീകരണവും ആവശ്യമുണ്ട്. അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന പാപങ്ങൾ യേശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിക്കണം. യേശുക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണത്തെ തിരുവചനത്തിലുടനീളം പ്രസ്താവിച്ചിട്ടുണ്ട് (മത്താ.26:28/മർക്കൊ.14:24/ലൂക്കൊ.22:20/ അപ്പൊ.20:28/റോമ.3:24,25/റോമ.5:9/എഫെ.1:7/എഫെ.2:13/ കൊലൊ.1:20/എബ്രാ.9:12-14/എബ്രാ.10:19,20/ എബ്രാ.13:12/1.പത്രൊ.1:2/1.പത്രൊ.1:18,19/1.യോഹ.1:7/വെളി.1:6/വെളി.5:9/വെളി.7:14).

**വെളി.22:15 — "നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കുലപാതകന്മാരും ബിംബാരാധികളും ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തു തന്നേ"** (But outside are dogs and sorcerers and sexually immoral and murderers and idolaters, and whoever loves and practices a lie) —

സ്വർഗ്ഗീയനഗരത്തിൽ പ്രവേശനമുള്ളവർ ജീവന്റെ വൃക്ഷത്തിൽ അധികാരം ഉള്ളവരും, നീതിയിൻ വാതിലിലൂടെ കടന്നവരും, തങ്ങളുടെ വസ്ത്രം യേശുക്രിസ്തുവിന്റെ രക്തത്തിൽ ശുദ്ധിചെയ്തവരുമാണ്. ആയതിനാൽ അവർ ബഹുവിധമായ അനുഗ്രഹങ്ങൾക്കു യോഗ്യരുമാണ്. എന്നാൽ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ രക്തത്തിൽ തങ്ങളുടെ പാപങ്ങളെ കഴുകാത്തവരും, യേശുക്രിസ്തുവാകുന്ന ഗോപുരത്തിലൂടെ കടക്കാത്തവരും നിർഭാഗ്യവാന്മാരെന്ന നിലയിൽ സ്വർഗ്ഗീയനഗരത്തിലേക്കു പ്രവേശനം ലഭിക്കുന്നില്ല. സാത്താനെയും മൃഗത്തെയും നമസ്കരിച്ചു ദൈവം ഒരുക്കിയ രക്ഷയെ തള്ളിക്കളഞ്ഞവർ നിത്യദണ്ഡനത്തിലേക്കു പോകുന്നു. അക്കൂട്ടർ ആരാണെന്നും അവരുടെ സ്ഥാനം എവിടെയെന്നും ഇവിടെ പ്രസ്താവിച്ചിരിക്കുന്നു --- *''നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കുലപാതകന്മാരും ബിംബാരാധികളും ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തു തന്നേ."* ഇവരെക്കുറിച്ചും ഇവർക്കുണ്ടാകുന്ന ശിക്ഷയെക്കുറിച്ചും കഴിഞ്ഞ അദ്ധ്യായത്തിലും പറഞ്ഞിരുന്നു. വെളി.21:8 — *"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ, എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം."*

**നായ്ക്കൾ** (dogs) —

നായക്കൾ എന്നത് ഇവിടെ അക്ഷരാർത്ഥത്തിലുള്ള പ്രസ്താവന അല്ല. അശുദ്ധജീവിതം നയിക്കുന്നവരെപ്പറ്റിയുള്ള വിശേഷണമായി കരുതാം. പുതിയയെരൂശലേമിൽ പ്രവേശനമില്ലാത്ത പാപികളായ ആറു കൂട്ടരിൽ ഒന്നാമത്തേത് നായ്ക്കൾ എന്ന വിശേഷണത്തിലുള്ള പാപികളാണ്. നായ്ക്കളെ വീട്ടിൽ വളർത്തുന്നതിനു ഉപയോഗിക്കുന്നുവെങ്കിലും അശുദ്ധജന്തുവായി കരുതപ്പെടുന്നു. വീടുകാവലിനു നായ്ക്കളെ ഉപയോഗിക്കുമ്പോൾത്തന്നെ അതിന്റെ പ്രധാന ദൗത്യം കുരയ്ക്കുക, കടിക്കുക എന്നതാണ്. തിരുവചനത്തിലുടനീളം നായ്ക്കൾ എന്ന പ്രയോഗം അശുദ്ധിയെയും, ദുഷ്ടതയെയും, ശാപത്തെയും, അർഹതയില്ലായ്മയെയും, വൃത്തിഹീനതയെയും, മാലിന്യം തേടിപ്പോകുന്നതിനെയും വെളിപ്പെടുത്തുന്നു.

(1) വിശുദ്ധിയില്ലായ്മ >

പുറ.22:31 — *"നിങ്ങൾ എനിക്കു വിശുദ്ധന്മാരായിരിക്കേണം; കാട്ടുമൃഗം കടിച്ചുകീറിയ മാംസം തിന്നരുതു. നിങ്ങൾ അതിനെ നായ്ക്കൾക്കു ഇട്ടു കളയേണം."*

(2) ദൈവം വെറുക്കുന്നത് >

ആവ.23:18 — *"വേശ്യയുടെ കൂലിയും നായുടെ വിലയും നിന്റെ ദൈവമായ യഹോവയുടെ ആലത്തിലേക്കു യാതൊരു നേർച്ചയായിട്ടും കൊണ്ടു വരരുതു; ഇവ രണ്ടും നിന്റെ ദൈവമായ യഹോവെക്കു അറെപ്പാകുന്നു."*

(3) അടിച്ചുകൊല്ലത്തക്ക >

1.ശമൂ.17:43 — *"ഫെലിസ്ത്യൻ ദാവീദിനോടു: നീ വടിയുമായി എന്റെ നേരെ വരുവാൻ ഞാൻ നായോ എന്നു ചോദിച്ചു."*

(4) നിസ്സാരമായത് >

1.ശമൂ.24:14 — *"ആരെ തേടിയാകുന്നു യിസ്രായേൽ രാജാവു പുറപ്പെട്ടിരിക്കുന്നതു? ഒരു ചത്ത നായെ, ഒരു ചെള്ളിനെ അല്ലെയോ?"*

(5) കരുതുവാൻ ആവശ്യമില്ലാത്തത് >

2.ശമൂ.9:8 — *"ചത്ത നായെപ്പോലെ ഇരിക്കുന്ന അടിയനെ നീ കടാക്ഷിപ്പാൻ അടിയൻ എന്തുള്ളു എന്നു പറഞ്ഞു."*

(6) കൊല്ലുവാനായി കൂട്ടമായി വളയുന്ന ദുഷ്ടൻ >

സങ്കീ.22:16 — *"നായ്ക്കൾ എന്നെ വളഞ്ഞു; ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു."*

(7) തൃപ്തിപ്പെടാത്ത സ്വഭാവം >

യെശ.56:11 — *"ഈ നായ്ക്കൾ ഒരിക്കലും തൃപ്തിപ്പെടാത്ത കൊതിയന്മാർ തന്നേ."*

(8) വിശുദ്ധി സൂക്ഷിക്കുവാൻ കഴിയാത്ത് >

മത്താ.7:6 — *"വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുതു."*

(9) ആദരിക്കുവാൻ യോഗ്യതയില്ലാത്തത് >

മത്താ.15:26 — *"മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല എന്നു ഉത്തരം പറഞ്ഞു."*

(10) അഴുക്കു ആസ്വദിക്കുന്നത് >

ലൂക്കൊ.16:21 — *"നായ്ക്കളും വന്നു അവന്റെ വ്രണം നക്കും."*

(11) ദുരുപായം നിറഞ്ഞത് >

ഫിലി.3:2 — *"നായ്ക്കളെ സൂക്ഷിപ്പിൻ; ആകാത്ത വേലക്കാരെ സൂക്ഷിപ്പിൻ."*

(12) മാലിന്യത്തിലേക്കു തിരികെ പോകുന്നത് >

2.പത്രൊ.2:22 — *"എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കു സംഭവിച്ചു."*

നായ്ക്കൾ എന്ന വിശേഷണം ദുഷ്ടന്മാരുടെ അശുദ്ധിയെയും, തൃപ്തിയില്ലായ്മയെയും, കോപത്തെയും, പിണക്കത്തെയും, കടിച്ചുകീറലിനെയും, ഭിന്നതയെയും, മാലിന്യങ്ങളിലേക്കുള്ള മടങ്ങിപ്പോകലിനെയും കുറിക്കുന്നു. പഴയകാലങ്ങളിൽ ഭവനങ്ങളിൽ നായ്ക്കളെ ആരും വളർത്താറില്ലായിരുന്നു. ദൈവമുമ്പാകെ അറെക്കപ്പെട്ടതും, പിശാചിന്റെയും, ദുഷ്ടന്റെയും, അശുദ്ധിയുടെയും, മാലിന്യത്തിന്റെയും പ്രതീകമായ നായെ ആധുനികയുഗത്തിൽ ഏറെ ഓമനിച്ചു മക്കളെപ്പോലെ പോറ്റുപ്പുലർത്തുന്നു. പാപത്തെയും, അശുദ്ധിയെയും മനുഷ്യൻ ഓമനിക്കുന്നതിന്റെ രംഗം ഇതിലൂടെ വിളങ്ങുന്നു. സാത്താന്റെ ക്രൂരവും അശുദ്ധി നിറഞ്ഞതുമായ പ്രതിരൂപമായ നായ്ക്കളെ വളർത്തുന്നത് അഭികാമ്യമല്ല.

നായ്ക്കൾ എന്ന വിശേഷമുള്ള പാപികളായ ആർക്കും സ്വർഗ്ഗീയനഗരത്തിൽ പ്രവേശനമില്ല. അപ്പോൾത്തന്നെ വിശ്വാസികളും ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. രക്ഷിക്കപ്പെട്ടതിനാൽ സ്വർഗ്ഗീയനഗരത്തിൽ അവർക്കു പ്രവേശനമുണ്ടാകും. അവർ ഭൂമിയിൽ ജീവിക്കുമ്പോൾ വിശുദ്ധിയോടെ ജീവിക്കണം.

വിശ്വാസികൾ യേശുക്രിസ്തുവിന്റെ വീണ്ടെടുപ്പിനാൽ നീതീകരണവും ശുദ്ധീകരണവും പ്രാപിച്ചവരാണ്. എന്നാൽ വിശ്വാസജീവിതയാത്രയിൽ നായ്ക്കളുടെ സ്വഭാവം പകർത്താതിരിക്കുവാൻ അതീവ ജാഗ്രതയുണ്ടായിരിക്കണം. നായ് സ്വന്ത ഛർദ്ദിക്കു തിരിഞ്ഞുപോകുന്ന ജന്തുവാണ്. യേശുക്രിസ്തുവിൽ ശരണപ്പെട്ടു പുതുജീവിതത്തിനു ആരംഭം കുറിച്ചവർ ലോകത്തിന്റെ മാലിന്യങ്ങൾ വിട്ടോടിയവരാണ്. അങ്ങനെയുള്ളവർ വീണ്ടും ലോകജീവിതത്തിലേക്കു വേർപാടു നഷ്ടപ്പെടുത്തിക്കൊണ്ടു ലോകരെപ്പോലെ ജീവിക്കുകയെന്നത് നായ്ക്കളുടെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. ഇന്നത്തെ വിശ്വാസികളെ നോക്കിയാൽ വേർപാടിന്റെ അനുഭവം അവരുടെ ജീവിതത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്നതായി കാണാം. ക്രിസ്തുവിനെ കൂടാതെയുള്ള സന്തോഷവും, സമ്പത്തും ചപ്പും ചവറുമെന്നു എണ്ണി പുറപ്പെട്ട പിതാക്കന്മാരുടെ ദർശനം ഇന്നത്തെ തലമുറക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരെയും നായ്ക്കൾ എന്നു വിളിക്കുവാനേ സാദ്ധ്യമാകൂ.

**ക്ഷുദ്രക്കാർ** (sorcerers) —

മന്ത്രവാദം, ആഭിചാരം, ജ്യോതിഷം, നക്ഷത്രഫലം, ഹസ്ത്രരേഖാശാസ്ത്രം, മഷിനോട്ടം എന്നിവയിൽ ആശ്രയിക്കുന്നവരെല്ലാം ക്ഷുദ്രക്കാർ എന്ന നാമത്തിൽ ഉൾപ്പെടുന്നു. ഇവയെല്ലാം പൈശാചിക പ്രവർത്തനത്തോടു ബന്ധപ്പെട്ടിരിക്കുന്നു. രാഹുകാലം നോക്കുക, ദിവസം നോക്കുക, നല്ല സമയം നോക്കുക, ശകുനം നോക്കുക, ജാതകം നോക്കുക എന്നിവയൊക്കെ ദൈവവചനം ശക്തിയായി എതിർക്കുന്നു. ഇപ്രകാരമുള്ള സാത്താന്യപ്രവൃത്തികളെ ആശ്രയിക്കുന്നവരൊക്കെ ഗന്ധകത്തീപ്പൊയ്കയിലെ നിത്യദണ്ഡനത്തിനു വിധിക്കപ്പെട്ടവരാണ്. ക്ഷുദ്രക്കാർ എന്നതിനു എബ്രായഭാഷയിൽ ഫാർമക്യൂസ് (pharmakeus) എന്ന പദമാണുള്ളത്. ഈ പദത്തിൽ നിന്നാണ് വൈദ്യശാസ്ത്രത്തിൽ മരുന്നുകളെ കുറിക്കുന്ന ഫാർമസി (pharmacy) എന്ന പദത്തിന്റെ ഉത്ഭവം. ആയതിനാൽ മയക്കുമരുന്നുകളുപയോഗിക്കുന്നവരും ക്ഷുദ്രക്കാർ എന്ന നാമത്തിൽ ഉൾപ്പെടുന്നു. ദൈവത്തോടും ദൈവവചനത്തോടും മത്സരിക്കുന്നതും ആഭിചാരത്തിനു തുല്യമാണെന്നു തിരുവചനം പ്രസ്താവിക്കുന്നു. അമാലേക്യരെ സമ്പൂർണ്ണമായി നശിപ്പിച്ചു കളയണമെന്ന ദൈവത്തിന്റെ അരുളപ്പാട് ശമൂവേലിലൂടെ കേട്ട ശൗൽ അനുസരണക്കേടു കാണിക്കുന്നു. ശൗലിന്റെ ദൈവവചനത്തോടുള്ള മത്സരം ആഭിചാരത്തിനു തുല്യമെന്നു അവനെ അറിയിക്കുന്നതോടൊപ്പം അവനുള്ള ശിക്ഷയും പ്രഖ്യാപിക്കുന്നു. 1.ശമൂ.15:23 — *"മത്സരം ആഭിചാര്യദോഷംപോലെയും ശാഠ്യം മിത്ഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു; നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ടു അവൻ നിന്നെയും രാജസ്ഥാനത്തിൽ നിന്നു തള്ളിക്കളഞ്ഞിരിക്കുന്നു."* ദൈവവചനം കേട്ടിട്ടും അതിനോടു മത്സരിക്കയും അതിനെ അവഗണിക്കുകയും ചെയ്യുന്നവരെല്ലാം ആഭിചാരക്കാരും ക്ഷുദ്രക്കാരും എന്ന നിലയിൽ അവർക്കുള്ള ശിക്ഷ കെടാത്ത തീപ്പൊയ്കയിലുള്ള ദണ്ഡനമാണ്.

**ദുർന്നടപ്പുകാർ** (sexually immoral) —

ദുഷിച്ചപാതയിൽ നടക്കുന്നവരാണ് ദുർന്നടപ്പുകാർ. ദുർന്നടപ്പുകാർക്കും പുതിയയെരൂശലേമിൽ പ്രവേശനമില്ല. നീതിമാന്മാർക്കുള്ള പ്രബോധനമായി ഒന്നാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നതു വായിച്ചാൽ ദുർന്നടപ്പുകാരുടെ നടപ്പും, നില്പും, ഇരിപ്പും, സന്തോഷവും മനസ്സിലാക്കാം. **സങ്കീ.1:1,2 —** *"ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും, പാപികളുടെ വഴിയിൽ നില്ക്കാതെയും, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ."* അതായത് ദുർന്നടപ്പുകാർ ദുഷിച്ചവരുടെ ആലോചനപ്രകാരം നടക്കുന്നവരും, പാപികളുടെ വഴിയിൽ നില്ക്കുന്നവരും, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നവരും, യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിക്കുകയോ, അതിനെ ധ്യാനിക്കുകയോ ചെയ്യാത്തവരാണ്.

ദുർന്നടപ്പുകാർ പൊതുവേ ലൈംഗികപാപങ്ങളിൽ ജീവിക്കുന്നവരും വ്യഭിചാരികളുമാണ്. വിവാഹത്തിനു മുമ്പുള്ള ബന്ധങ്ങൾ, വിവാഹശേഷം പരപുരുഷന്മാരും പരസ്ത്രീകളുമായുള്ള ബന്ധങ്ങൾ, വഴിവിട്ടുള്ള ലൈംഗികബന്ധങ്ങൾ ഇവയെല്ലാം ദുർന്നടപ്പിന്റെ പട്ടികയിൽ വരുന്നു. ദുർന്നടുപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും എന്നു എബ്രായലേഖനത്തിൽ പറയുന്നു. എബ്രാ.13:4 —*"വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും."* ലോകസ്നേഹം വർദ്ധിക്കുമ്പോൾ പാപത്തിനടിമപ്പെട്ടു ദുർന്നടപ്പിലേക്കു സഞ്ചരിക്കുവാനിടയാകുന്നു. ജഢമോഹം, കണ്മോഹം എന്നിവയും ദുർന്നടപ്പിലേക്കു ആനയിക്കുന്നു. ലൈംഗികപാപത്തിനടിമപ്പെട്ട സോദോം ഗൊമോരാ നിവാസികളുടെ ദുർന്നടപ്പിനുള്ള ശിക്ഷയായി ദൈവം ആകാശത്തു നിന്നു ഗന്ധകവും തീയും ഇറക്കി അവരെ ഭസ്മീകരിച്ചെന്നു ഉല്പത്തി പുസ്തകത്തിൽ വായിക്കുന്നു (ഉല്പ.19:24,25). ഇന്നത്തെ ലോകത്തിലേക്കു

നോക്കിയാൽ സോദോം ഗൊമോരാ നിവാസികളുടെ ദുർന്നടപ്പിനേക്കാളും എത്രയോ മടങ്ങ് വർദ്ധിച്ചു വന്നിരിക്കുന്നതു കാണാം. ഇവർക്കും ശിക്ഷ ഗന്ധകവും തീയും നിറഞ്ഞ യാതനാ സ്ഥലത്തായിരിക്കുമെന്നതിൽ സംശയമില്ല.

**കുലപാതകന്മാർ** (murderers) —

ദൈവനഗരത്തിൽ പ്രവേശനമില്ലാത്ത അഞ്ചാമത്തെ കൂട്ടരാണ് കുലപാതകന്മാർ. ആദിമാതാപിതാക്കളുടെ ആദ്യത്തെ പുത്രനായ കയീൻ തന്റെ അനുജനായ ഹാബേലിനെ വധിച്ച് ഒന്നാമത്തെ കുലപാതകനായിത്തീർന്നു. ദൈവത്തെ ആരാധിക്കുന്നതിനോടുള്ള ബന്ധത്തിലാണ് ഹാബേൽ കൊല ചെയ്യപ്പെട്ടത്. സാത്താന്റെ പ്രവർത്തനമായിരുന്നു കയീനെകൊണ്ടു തന്റെ അനുജനായ ഹാബേലിനെ കൊല്ലിച്ചത് (ഉല്പ.4:1-12). അന്നു ആരംഭിച്ച കൊലപാതകങ്ങൾ ഇന്നും തുടർന്നു കൊണ്ടേയിരിക്കുന്നു. യിസ്രായേലിനു ദൈവം നല്കിയ പത്തു കല്പനകളിൽ ആറാമത്തേത് കുല ചെയ്യരുത് എന്നതായിരുന്നു (പുറ.20:13). എന്നാൽ സാത്താനാൽ വശീകരിക്കപ്പെട്ടു മനുഷ്യനെ മനുഷ്യൻ കൊല്ലുന്നു. സാത്താൻ ആദിമുതൽ കുലപാതകനാണെന്നും, കുലപാതകന്മാർ പിശാചിന്റെ മക്കളാണെന്നും കർത്താവു പറഞ്ഞിരിക്കുന്നു. യോഹ.8:44 — *"നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കുലപാതകൻ ആയിരുന്നു."*

ദൈവവചനപ്രകാരം മനുഷ്യരെ കൊല്ലുന്നവർ മാത്രമല്ല കുലപാതകന്മാർ. സഹോദരനെ പകെക്കുന്നവനും കുലപാതകനായി കണക്കാക്കപ്പെടുന്നു.

1.യോഹ.3:15 -- *"സഹോദരനെ പകെക്കുന്നവൻ എല്ലാം കുലപാതകൻ ആകുന്നു. യാതൊരു കുലപാതകന്നും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു."*

മത്താ.5:22 — *"സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും; സഹോദരനോടു നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നില്ക്കേണ്ടി വരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന്നു യോഗ്യനാകും."*

**ബിംബാരാധികൾ** (idolaters) —

ബിംബത്തെ ആരാധിക്കുന്നവരാണ് ബിംബാരാധികൾ. ഇവർക്കും പുതിയ യെരൂശലേമിൽ പ്രവേശനമില്ല. ബിംബാരാധന ദൈവം ഏറ്റവും വെറുക്കുന്ന പാപമാണ്. യിസ്രായേലിനു നല്കപ്പെട്ട പത്തു കല്പനകളിൽ രണ്ടാമത്തേതാണ് വിഗ്രഹങ്ങളെ ഉണ്ടാക്കുകയും ആരാധിക്കുകയും ചെയ്യരുതെന്നത്. **പുറ.20:4 —** *"ഒരു വിഗ്രഹവും ഉണ്ടാക്കരുതു; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുതു. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു."* എന്നാൽ ദൈവകല്പനയെ നിസ്സാരമാക്കി മനുഷ്യൻ വിഗ്രഹങ്ങൾ ഉണ്ടാക്കുകയും അതിനെ ആരാധിക്കുകയും ചെയ്യുന്നു. പീഡനകാലവേളയിൽ മൃഗത്തിന്റെ പ്രതിമയെ ഉണ്ടാക്കുകയും അതിനെ ആരാധിക്കുവാൻ കല്പന പുറപ്പെടുവിക്കുന്നതായും വെളിപ്പാടിൽ കാണുന്നു (വെളി.13:12-15). പുരാതനകാലങ്ങളിൽ ഭരണാധികാരികളെയും അവരുടെ പ്രതിമകളെയും ദൈവങ്ങളായി പ്രതിഷ്ഠിച്ച് ആരാധിക്കുന്ന പതിവ് സർവ്വസാധാരണമായിരുന്നു. ദൈവത്തിന്റെ സ്ഥാനത്ത് മറ്റെന്തു പ്രതിഷ്ഠിച്ചാലും വിഗ്രഹാരാധനയാണ്. കുരിശുണ്ടാക്കുക, കുരിശിനെ വണങ്ങുക, കന്യകമറിയത്തിന്റെയും പുണ്യവാളന്മാരുടെയും പ്രതിമയെ നമസ്കരിക്കുക എന്നിവയെല്ലാം ബിംബാരാധനയാണ്. മാത്രവുമല്ല ദൈവത്തേക്കാളുപരി മറ്റെന്തിനെ സ്നേഹിച്ചാലും അതു ബിംബാരാധനയിൽ ഉൾപ്പെടുന്നു.

**ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്നവർ** (and whoever loves and practices a lie) —

ദൈവനഗരമായ സ്വർഗ്ഗീയ യെരൂശലേമിൽ പ്രവേശനമില്ലാത്ത ആറാമത്തെ കൂട്ടരാണ് ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്നവർ. ഏദെൻതോട്ടത്തിൽ ആരംഭിച്ച ഭോഷ്ക്ക് ഇന്നും തുടരുന്നു. സർപ്പത്തിന്റെ വ്യാജവാക്കുകളിൽ അഥവാ ഭോഷ്ക്കിൽ വിശ്വസിച്ചാണ് ഹവ്വാ പാപത്തിൽ വീഴുവാനിടയായത്. സത്യത്തെ മറിച്ചു കളയുകയും, വ്യാജത്തെ ഉയർത്തിക്കാട്ടുകയും, ഇല്ലാത്ത കാര്യങ്ങളെ പെരുപ്പിച്ചു കപടമായി അവതരിപ്പിക്കുകയുമാണ് ഭോഷ്ക്. ചെറുതും വലുതുമായ ഏതു കപടവും ഭോഷ്കിൽ ഉൾപ്പെടുന്നു. അതുകൊണ്ടാണിവിടെ ഭോഷ്കു പറയുന്ന ഏവരും എന്ന വിശേഷണം. എന്തിനും ഏതിനും കള്ളം പറയുന്നത് ഭോഷ്കായി പറയാമെങ്കിലും ഏറ്റവും അതിപ്രധാനമായ ഭോഷ്ക് എന്നത് സത്യദൈവത്തിനെതിരായി സംസാരിക്കുകയും, പ്രവർത്തിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നതാണ്. പിശാച് ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു (യോഹ.8:44) എന്നു തിരുവചനത്തിൽ പറയുന്നു. ആകയാൽ ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്നവർ ഗന്ധകത്തീപ്പൊയ്കയിൽ വലിച്ചെറിയപ്പെടും.

**ഏവനും പുറത്തു തന്നേ** (But outside) —

അനീതി ചെയ്യുന്നവൻ അനീതിയിലും, അഴുക്കുള്ളവൻ അഴുക്കിലും മുഴുകി ജീവിക്കുന്ന പ്രവണത ലോകത്തിൽ വർദ്ധിച്ചു വരുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും വെളിപ്പെടുത്തിയിരിക്കുന്ന ദൈവകരുണയെയും ദൈവസ്നേഹത്തെയും വായിച്ചറികയും യേശുക്രിസ്തുവിലൂടെ ദൈവം ഒരുക്കിയ രക്ഷയെ തള്ളിക്കളയുകയും ചെയ്തവരോട് ഇനി പറഞ്ഞിട്ടു കാര്യമില്ല. അവർ ദൈവത്തോട് മത്സരികളായി സ്വയം നശിച്ചുപോകുകയേ ഉള്ളു. അവർക്കു സ്വർഗ്ഗീയ നഗരമായ യെരൂശലേമിൽ പ്രവേശനമുണ്ടായിരിക്കയില്ല. പുറത്തു തന്നേ എന്നതിൽ നിന്നു സ്വർഗ്ഗീയനഗരത്തിന്റെ പുറത്തു പാർക്കാം എന്നർത്ഥമില്ല. അവർക്കുള്ള സ്ഥാനം നിത്യദണ്ഡനസ്ഥലമായ നരകാഗ്നിയിലാണ്. വെളിപ്പാടു പുസ്തകത്തിന്റെ ഉപസംഹാരവാക്കുകളിൽ അവർക്കുള്ള അവസാനത്തെ മുന്നറിയിപ്പായി അങ്ങനെയുള്ള 'ഏവനും പുറത്തു തന്നേ' എന്നു പറഞ്ഞിരിക്കുന്നു. വിശ്വാസികൾക്കുണ്ടാകുന്ന അനുഗ്രഹങ്ങളെക്കുറിച്ചു പറയുന്ന വേളയിലും പാപികൾ ദൈവനഗരത്തിനു പുറത്തു തന്നേ എന്നു പറയുന്നതിന്റെ പ്രസക്തി എന്തേ എന്നു വിചാരിക്കാം. ദൈവവഴി വിട്ടു സാത്താന്റെ പാതയിലും പാപത്തിലും ജീവിക്കുന്നവരായ അവിശ്വാസികൾ മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു വരുവാനുള്ള അവസാനത്തെ മുന്നറിയിപ്പായി ഇതിനെ സ്വീകരിക്കുവാനുള്ള പ്രബോധനമായി എടുക്കാം.

**വെളി.22:16 — "യേശു എന്ന ഞാൻ സകല സഭകൾക്കുവേണ്ടി നിങ്ങളോടു ഇതു സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു; ഞാൻ ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു"** (I, Jesus, have sent My angel to testify to you these things in the churches. I am the Root and the Offspring - (descendant)- of David, the Bright Morning Star) —

നമ്മുടെ കർത്താവിന്റെ സാക്ഷ്യമാണ് ഇവിടെ കാണുന്നത്. അതേ സമയം പുതിയനിയമത്തിലെ പ്രവചനപുസ്തകമായ വെളിപ്പാടുപുസ്തകത്തിന്റെ ആധികാരികതയും അതിലടങ്ങിയിരിക്കുന്ന വാഗ്ദങ്ങളുടെയും സംഭവങ്ങളുടെയും ഉറപ്പിക്കലും കൂടിയാണ്. യോഹന്നാനു വെളിപ്പാടിലെ സകലതും ദർശനത്തിലൂടെ വെളിപ്പെടുത്തിക്കൊടുത്ത ദൂതനെ അയച്ചതു താൻ തന്നെയാണെന്നു ക്രിസ്തു ഇവിടെ സാക്ഷ്യപ്പെടുത്തുന്നു. ദൂതനിലൂടെ ഇപ്രകാരമുള്ള വെളിപ്പാട് നല്കിയത് സകല സഭകൾക്കും വേണ്ടിയാണെന്നും അറിയിക്കുന്നു. ഇതോടൊപ്പം തന്റെ വ്യക്തിപ്രഭാവത്തിന്റെ നാലു പ്രത്യേകതകളും കർത്താവു വെളിപ്പെടുത്തുന്നു. (1) യേശു എന്ന ഞാൻ (I, Jesus) —> Jesus our Saviour (2) ഞാൻ ദാവീദിന്റെ വേര് ആകുന്നു (I am the Root of David) —> Jesus our God (3) ഞാൻ ദാവീദിന്റെ വംശം ആകുന്നു (I am the Offspring of David) —> Jesus our Mediator (4) ഞാൻ ശുഭ്രമായ ഉദയനക്ഷത്രം ആകുന്നു (I am the Bright Morning Star) —> Jesus our Revelation.

കർത്താവിന്റെ സർവ്വശക്തിയെയും (Omnipotence), സർവ്വാധികാരത്തെയും (Sovereignty), സ്വയാസ്തിത്വത്തെയും (Self Existence) കുറിക്കുന്ന മൂന്നു പ്രസ്താവനകൾ ഈ അദ്ധ്യായത്തിൽ തന്നെ മുമ്പു വിവരിച്ചിരുന്നു (വെളി.22:13 — *"ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു"*) **—>** (1) ഞാൻ അല്ഫയും ഓമേഗയും ആകുന്നു > I am the Alpha and the Omega (2) ഞാൻ ഒന്നാമത്തവനും ഒടുക്കത്തവനും ആകുന്നു > I am the Beginning and the End (3) ഞാൻ ആദിയും അന്തവും ആകുന്നു > I am the First and the Last.

**യേശു എന്ന ഞാൻ** (I,Jesus) —

യേശുക്രിസ്തു തന്നെ പരിചയപ്പെടുത്തി തന്റെ വാക്കുകളിൽ സംസാരിക്കുന്നു. യേശു എന്ന ഞാൻ (I,Jesus) എന്നുള്ള പ്രസ്താവന പറയുന്ന കാര്യങ്ങളുടെ സത്യസന്ധതയെയും മാറ്റമില്ലായ്മയെയും വെളിപ്പെടുത്തുന്ന ഉറപ്പിക്കലിന്റെയും ഉടമ്പടിയുടെയും വാക്കുകളാണ്. സത്യപ്രതിജ്ഞ ചെയ്യുമ്പോഴും, ഉടമ്പടി ചെയ്യുമ്പോഴുമാണ് പേരിനോടൊപ്പം ഞാൻ എന്നു കൂട്ടിച്ചേർത്തു പറയാറുള്ളത്. വെളിപ്പാടിലെ പ്രസ്താവനകൾ പലതും ദൂതനാണ് ചെയ്യുന്നതെങ്കിലും അതിന്റെ ആധികാരികത ക്രിസ്തുവിൽ നിക്ഷിപ്തമായിരിക്കുന്ന സാക്ഷ്യപ്പെടുത്തലാണിത്. ബൈബിളിൽ ഇവിടെ മാത്രം കാണുന്ന പ്രസ്താവനയാണ് യേശു എന്ന ഞാൻ (I,Jesus) എന്നുള്ള സാക്ഷ്യപ്പെടുത്തൽ. വെളിപ്പാടിലെ വചനങ്ങളുടെ ആധികാരികത മത്രമല്ല ദൈവശ്വാസീയതെയും ഇതു കുറിക്കുന്നു. പുറപ്പാടു പുസ്തകത്തിൽ "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" (പുറ.3:14) എന്ന് പിതാവായ ദൈവം പ്രസ്താവിച്ച വാക്കുകളോടു വെളിപ്പാടു പുസ്തകത്തിലെ "യേശു എന്ന ഞാൻ" എന്ന പ്രസ്താവനയ്ക്കും സാമ്യമുണ്ട്.

തിരുവചനത്തിൽ ക്രിസ്തുവിന്റെ നാമം തന്റെ സ്വഭാവത്തെയും, ആധികാരികതയെയും, മദ്ധ്യസ്ഥപ്രവർത്തനത്തെയും, ദൈവിക അധികാരത്തെയും കുറിക്കുന്നു (Personal character, covenant works, mediator works, divine authority). തിരുവചനത്തിലുടനീളം സകലതും യേശുക്രിസ്തുവിനോടു ബന്ധപ്പെട്ടിരിക്കുന്നതു കാണാം —

We are saved by faith in His name (Act.4:12; 10:43)
We are baptized in the name of Lord Jesus Christ (Act.2:38)
We gather to worship in His name (Mat.18:20)
We pray in the name of Jesus Christ (John.14:13,14/16:23-26)
We preach in His name (Act.9:27)
We suffer afflictions of the gospel for His name sake (Act.5:41)
We are preserved, kept and accepted of God by His name (Rev.22:4)
All world will know His name one day (Phi.2:8-11)

**സകല സഭകൾക്കുവേണ്ടി നിങ്ങളോടു ഇതു സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു** (have sent My angel to testify to you these things in the churches) —

വെളിപ്പാടു പുസ്തകത്തെപ്പറ്റി രണ്ടു പ്രധാനസത്യങ്ങൾ വിശദീകരിക്കുന്നു. (1) വെളിപ്പാടിലെ വചനങ്ങളെല്ലാം സകല സഭകൾക്കും വേണ്ടിയാണ് എഴുതിയിരിക്കുന്നത്. (2) വെളിപ്പാടിലെ ഏറിയ കാര്യങ്ങളും ദൂതനാണ് യോഹന്നാനു കാണിച്ചുകൊടുക്കുകയും സംസാരിക്കുകയും ചെയ്യുന്നതെങ്കിലും അതിന്റെയെല്ലാം ഉറവിടം ക്രിസ്തു തന്നേ. കർത്താവിന്റെ കല്പന ദൂതന്മാർ അനുസരിക്കുന്നതേയുള്ളു എന്നു സാരം.

വെളിപ്പാടിന്റെ പ്രാരംഭവാക്യത്തിൽ കാണുന്നത് വേഗത്തിൽ സംഭവിപ്പാനുള്ളത് തന്റെ ദാസന്മാരെ കാണിക്കേണ്ടതിനായി ദൈവം കൊടുത്തു എന്നാണ് (വെളി.1:1). ഇതിലെ ദൂതുകൾ ഒരു പുസ്തകത്തിൽ എഴുതി ഏഴു സഭകൾക്കു അയക്കുക എന്നും കല്പിച്ചു (വെളി.1:11). സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുതു (വെളി.22:10) അഥവാ സകലരും വായിക്കുകയും, പ്രമാണിക്കുകയും, ഉപദേശിക്കുകയും, പ്രസംഗിക്കയും വേണമെന്നു പുസ്തകത്തിന്റെ അവസാനവും പറയുന്നു. *"സകലസഭകൾക്കുവേണ്ടി നിങ്ങളോടു ഇതു സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു"* എന്നതിലൂടെ വെളിപ്പെടുന്നത് ഇതിലെ ദൂതുകൾ എഫെസൊസ് മുതൽ ലവൊദിക്യവരെയുള്ള അക്കാലത്തെ ഏഴു സഭകൾക്കു മാത്രമല്ല ഭൂമിയിലുള്ള സകല സഭകൾക്കും വേണ്ടിയുള്ളതെന്നാണ്. അതായത് കർത്താവ് തന്റെ സ്വന്തജീവൻ നല്കി വീണ്ടെടുത്ത സഭക്കാണ് പ്രവചനപുസ്തകമായ വെളിപ്പാടു നല്കിയിരിക്കുന്നത്. വിശ്വാസികൾ ഇതിലെ സത്യങ്ങൾ വായിച്ചു തങ്ങളെത്തന്നെ ഒരുക്കി കർത്താവിന്റെ വരവിനായി വിശുദ്ധിയോടെ കാത്തിരിക്കയും, അവിശ്വാസികളെ ദൈവത്തിങ്കലേക്കു തിരിക്കുകയും ചെയ്യേണം.

**ഞാൻ ദാവീദിന്റെ വേരും വംശവും** (I am the Root and the Offspring > (descendant)< of David) —

യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും, മനുഷ്യത്വത്തെയും, വ്യക്തിപ്രാഭാവത്തെയും, പ്രവൃത്തിയെയും ബന്ധപ്പെടുത്തി അനേക വിശേഷണങ്ങൾ വെളിപ്പാടു പുസ്തകത്തിൽ കാണുന്നു. അവയിൽ ചിലത് ഇപ്രകാരമാണ് — ഇരിക്കുന്നവൻ, ഇരുന്നവൻ, വരുന്നവൻ (വെളി.1:4), വിശ്വസ്തസാക്ഷി, മരിച്ചവരിൽ ആദ്യജാതൻ, ഭൂരാജാക്കന്മാർക്കു അധിപതി (വെളി.1:5), മനുഷ്യപുത്രൻ (വെളി.1:13), ആദ്യനും അന്ത്യനും (വെളി.1:18), വിശുദ്ധനും, വിശ്വസ്തനും, സത്യവാനും (വെളി.3:7/19:11), ദാവീദിന്റെ താക്കോലുള്ളവൻ (വെളി.3:7), ദൈവപുത്രൻ (വെളി.2:18), അറുക്കപ്പെട്ട കുഞ്ഞാട് (വെളി.5:6), ദൈവവചനം (വെളി.19:13).

"ഞാൻ ദാവീദിന്റെ വേരുംവംശവും" എന്ന വെളിപ്പാടു പുസ്തകത്തിലെ അറിയിപ്പ് കർത്താവു അവകാശപ്പെടുന്നതാണ്. യെശയ്യാ പ്രവചനത്തിൽ ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതിന്റെ ഒരു പ്രതിധ്വനിയാണിത്. യെശ.11:1 — *"എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്നു ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പു ഫലം കായിക്കും."* ദാവീദിന്റെ വേരും വംശവും എന്നത് കർത്താവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും കുറിക്കുന്ന പ്രസ്താവനയാണ് (I am the Root and Offspring > shows both the diety and the humanity of Jesus Christ). കർത്താവു ദൈവമായിരിക്കുമ്പോൾത്തന്നെ തന്നിലുള്ള മനുഷ്യത്വത്തെയും ഇതിലൂടെ വെളിപ്പെടുന്നു. ക്രിസ്തുവിന്റെ ദൈവത്വത്തോടു ബന്ധത്തിൽ ദാവീദിന്റെ വേരും, മനുഷ്യത്വത്തോടു ബന്ധത്തിൽ ദാവീദിന്റെ വംശവും ആകുന്നു. ദാവീദിന്റെ വേരെന്ന നിലയിൽ ക്രിസ്തു ദാവീദിനെ പുറപ്പെടുവിച്ചു. ദാവീദിന്റെ വംശം എന്ന നിലയിൽ ദാവീദിന്റെ കുലത്തിൽ ക്രിസ്തു ജനിച്ചു. അതായത് യേശുക്രിസ്തുവിന്റെ ദൈവത്വം സംബന്ധിച്ച് ദാവീദിന്റെ വേരും (Root of David), മനുഷ്യത്വം സംബന്ധിച്ചു ക്രിസ്തു ദാവീദിന്റെ വേരിൽ (Root in David) നിന്നുമാണ് ഉത്ഭവിച്ചത്. കൂടാതെ യേശുക്രിസ്തു ദാവീദിന്റെ വേരെന്നത് യേശുക്രിസ്തു ദാവീദിന്റെയും ദൈവം എന്നതിനെയും വെളിപ്പെടുത്തുന്നു.

ദാവീദ് ക്രിസ്തുവിനെ കർത്താവു എന്നു പറയുന്നുവെങ്കിൽ ക്രിസ്തു ദാവീദിന്റെ പുത്രൻ ആകുന്നതെങ്ങനെ എന്നുള്ള കർത്താവിന്റെ ചോദ്യത്തിനു പരീശന്മാർക്കു ഉത്തരം പറയുവാൻ സാധിച്ചില്ല (മത്താ.22:41-46). കർത്താവിന്റെ മനുഷ്യത്വവും ദൈവത്വവും പരീശന്മാർക്കു മനസ്സിലാകാഞ്ഞതായിരുന്നു കാരണം. യേശു ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമെന്ന് വെളിപ്പാടിലും (വെളി.22:16), യേശു ദാവീദിനു മുള അഥവാ സന്തതി എന്ന പ്രയോഗം യിരെമ്യാപ്രവചനത്തിലും (യിരെ.23:5/ യിരെ.33:15) കാണുന്നു. കൂടാതെ മത്തായി (മത്താ.1:1), ലൂക്കൊസ് (ലൂക്കൊ.3:32) എന്നീ സുവിശേഷങ്ങളിൽ വംശാവലി രേഖപ്പെടുത്തിയിരിക്കുന്ന വേളയിൽ യേശു ദാവീദിന്റെ സന്തതിയെന്നു വിവരിക്കുന്നു. *"ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽ നിന്നു ജനിച്ചു"* എന്നു റോമർക്കെഴുതിയ ലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് വിവരിച്ചിരിക്കുന്നു (റോമ.1:5). *"ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതു ആകുന്നു എന്റെ സുവിശേഷം"* എന്നു പൗലൊസ് തിമൊഥെയൊസിനു എഴുതിയിരിക്കുന്നു (2.തിമൊ.2:8,9). ദാവീദിന്റെ വേര് എന്നുള്ളത് ക്രിസ്തു ദാവീദിന്റെ കുടുംബത്തിൽ നിന്നു ഉത്ഭവിച്ചതാണെന്നു വെളിപ്പെടുന്നു.

**ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു** (the Bright Morning Star) —

ഞാൻ അല്ഫയും ഓമേഗയും (22:13), ഒന്നാമത്തവനും ഒടുക്കത്തവനും (13), ആദിയും അന്തവും (13),ദാവീദിന്റെ വേരും വംശവും (16) എന്നു പ്രസ്താവിച്ച കർത്താവ് ഇവിടെ അവസാനമായി സ്വയം വെളിപ്പെടുത്തുന്നത് 'ഞാൻ ശുഭ്രമായ ഉദയനക്ഷത്രം ആകുന്നു' (I am the Bright Morning Star—16) എന്നാണ്. ക്രിസ്തു തന്റെ ജീവൻ നല്കി വീണ്ടെടുത്ത രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭയുമായുള്ള ബന്ധമാണ് ശുഭ്രമായ ഉദയനക്ഷത്രം എന്ന വിശേഷണത്തിലൂടെ വ്യക്തമാകുന്നത്. ക്രിസ്തു നീതിസൂര്യനായി (Christ, the Sun of Righteousness) പഴയനിയമം അവസാനിപ്പിക്കുമ്പോൾ (മലാ.4:1-3), ക്രിസ്തു ശുഭ്രമായ ഉദയനക്ഷത്രമായി (Christ, the Bright Morning Star) പുതിയനിയമം അവസാനിപ്പിക്കുന്നു. യേശുക്രിസ്തു തന്റെ സഭക്കായി വരുന്നത് ശുഭ്രമായ ഉദയനക്ഷത്രം പോലെയായിരിക്കും.

നക്ഷത്രം എന്ന വിശേഷണം തിരുവചനത്തോടുള്ള ബന്ധത്തിൽ ഒരു വ്യക്തിയെ ബഹുമാനിച്ചു ഉയർത്തുന്നതിനെ കുറിക്കുന്നു. ദൈവനീതിപാതകളിലേക്കു അനേകരെ വഴിനടത്തുന്നവർ നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുമെന്നു ദാനീയേലിനോടുള്ള ബന്ധത്തിൽ പറയുന്നു (ദാനീ.12:3). പേർഷ്യൻ നാമമായ എസ്ഥേറിന്റെ അർത്ഥം നക്ഷത്രം എന്നാണ്. യഹൂദാജാതിക്കു രക്ഷയായി ഒരു നക്ഷത്രംപോലെ എസ്ഥേർ ശൂശൻ രാജധാനിയിൽ പ്രകാശിച്ചു. മഹത്വധാരിയായ ക്രിസ്തുവിന്റെ വലങ്കൈയ്യിൽ നക്ഷത്രം എന്ന വിശേഷണത്തോടെ നീതിമാന്മാർ സുരക്ഷിതയായി ഇരിക്കുന്നത് യോഹന്നാൻ കാണുന്നു (വെളി.1:20).

ദൈവത്തിന്റെ പ്രവാചകനായി അറിയപ്പെട്ടെങ്കിലും അനീതിയുടെ കൂലികൊതിച്ചു ദൈവജനത്തെ ശപിക്കുവാൻ ഇറങ്ങിത്തിരിച്ച ബിലെയാം മശിഹായുടെ വരവിനെ പ്രവചിക്കുന്നു. ബിലെയാമിന്റെ പ്രവചനത്തിൽ യാക്കോബിൽ നിന്നു ഉദിക്കുന്ന നക്ഷത്രമായി ക്രിസ്തുവിനെ വിവരിക്കുന്നു. സംഖ്യാ.24:17 — *"യാക്കോബിൽനിന്നു ഒരു നക്ഷത്രം ഉദിക്കും; യിസ്രായേലിൽനിന്നു ഒരു ചെങ്കോൽ ഉയരും."* ഇരുളിലും മരണനിഴലിലും കഴിയുന്നവർക്കു ഉയരത്തിൽ നിന്നുള്ള ഉദയമായി ക്രിസ്തുവിന്റെ ജനനത്തെ ലൂക്കൊസിന്റെ സുവിശേഷത്തിൽ കാണുന്നു. ലൂക്കൊ.1:78 -- *"ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന്നു ആ ആർദ്രകരുണയാൽ ഉയരത്തിൽനിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു."* അന്ധകാരവേളയിൽ പ്രകാശിക്കുന്നതും ഹൃദയങ്ങളിൽ ഉദിക്കുന്ന ഉദയനക്ഷത്രവുമായി ക്രിസ്തുവിന്റെ വെളിച്ചത്തെ അപ്പൊസ്തലനായ പത്രൊസ് വർണ്ണിക്കുന്നു. 2.പത്രൊ.1:19 — *"നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കയും ചെയ്യോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നന്നു."* തുയഥൈരസഭക്ക് ജയാളികൾക്കുള്ള പ്രതിഫലമായി ഉദയനക്ഷത്രം കൊടുക്കുമെന്നു പറയുന്നു. വെളി.2:28 — *"ഞാൻ അവന്നു ഉദയനക്ഷത്രവും കൊടുക്കും."*

പ്രഭാതത്തിൽ സൂര്യോദയത്തിനു മുമ്പു കിഴക്കു ആകാശത്തിൽ കാണുന്ന പ്രകാശമാണ് ഉദയനക്ഷത്രം. അന്ധകാരം നിറഞ്ഞ രാത്രിക്കുശേഷം വെളിച്ചത്തിന്റെ ഉറവിടമായ സൂര്യൻ ഉദിക്കുവാൻ പോകുന്നതിനു മുമ്പുള്ള അകമ്പടി പ്രകാശമാണിത്. ഉദയനക്ഷത്രത്തിന്റെ ശുഭ്രമായ വെളിച്ചം ഒരു പകൽ വരുന്നു അന്ധകാര രാത്രി കഴിയുന്നുഎന്നതിന്റെ മുന്നോടിയായി ആകാശത്തിൽ വെളിപ്പെടുന്നു. ഇന്നത്തെ കാലയളവിനെ ആത്മീകഭാഷയിൽ അന്ധകാരവും ഇരുട്ടിന്റെ പ്രവൃത്തികളും നിറഞ്ഞ അന്ധകാരരാത്രിയായി ഉപമിക്കാം. അന്ധകാരലോകത്തിൽ അത്ഭുതപ്രകാശം എന്ന പോലെ വെളിച്ചത്തിന്റെ ഉറവിടമായ യേശുക്രിസ്തു മനുഷ്യനായി ഭൂമിയിലേക്കു വന്നു. *"ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും"*

(യോഹ.8:12) എന്നു ക്രിസ്തു പറഞ്ഞു. തന്നിൽ വിശ്വസിക്കുന്നവർക്കു വെളിച്ചത്തിന്റെ മക്കളായിത്തീരുവാൻ കാൽവറിയിൽ തന്റെ ജീവൻ നല്കി നിത്യരക്ഷ ഒരുക്കി. അതിനുശേഷം തന്റെ ശിഷ്യന്മാർ കാൺകെ വീണ്ടും വരുമെന്ന വാഗ്ദത്തത്തോടെ കർത്താവു സ്വർഗ്ഗാരോഹണം ചെയ്തു. അന്നു മുതൽ കർത്താവിന്റെ മദ്ധ്യാകാശവരവു വരെ വിശ്വാസികളെ സംബന്ധിച്ചു അന്ധകാരരാത്രിയുടെ അനുഭവമാണ്. എന്നാൽ തന്റെ സഭയെ ചേർത്തുകൊള്ളുവാൻ വരുന്ന രഹസ്യവരവ് ശുഭ്രമായ ഉദയനക്ഷത്രത്തിന്റെ വെളിപ്പെടൽ ആയിരിക്കും. നീതിസൂര്യനായ ക്രിസ്തു (മലാ.4:2) തന്റെ സഭയോടൊപ്പം മഹത്വത്തോടെ സകലഭൂവാസികളും കാണ്കെ വെളിപ്പെടുന്നതിനു മുമ്പു സഭയെ സംബന്ധിച്ചു മദ്ധ്യാകാശത്തിലെ വരവ് ശുഭ്രമായ ഉദയനക്ഷത്രത്തിന്റെ വെളിപ്പെടൽപോലെ ആയിരിക്കും. തന്റെ സഭക്കായുള്ള വരവ് ഉദയംനക്ഷത്രംപോലെ ആയിരിക്കും. ഞാൻ ശുഭ്രമായ ഉദയനക്ഷത്രം ആകുന്നു എന്നുള്ള വെളിപ്പാടിന്റെ ഉപസംഹാരവേളയിലെ വിളംബരം തന്റെ മക്കൾക്കുള്ള പ്രത്യാശയുടെ സന്ദേശവും അവർ ഏറ്റവും ജാഗ്രതയോടെ ഒരുങ്ങിയിരിക്കുവാനുള്ള പ്രബോധനവുമാണ്.

**വെളി.22:17 — "വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ"** (And the Spirit and the bride say, "Come!" And let him who hears say, "Come!" And let him who thirsts come. Whoever desires, let him take the water of life freely) —

കർത്താവിന്റെ വീണ്ടും വരവിനായുള്ള അപേക്ഷയും, പാപികൾ രക്ഷിക്കപ്പെടുവാൻ കർത്താവിന്റെ അടുക്കലേക്കു വരുവാനുള്ള ആഹ്വാനവും ഇവിടെ കാണുന്നു. ആദ്യഭാഗം ആത്മാവും, മണവാട്ടിയും, കേൾക്കുന്നവരും കർത്താവിന്റെ വരവിനായി പ്രാർത്ഥിക്കുന്നതും, രണ്ടാം ഭാഗം പാപികളായ സകലരും ജീവജലമായ ക്രിസ്തുവിന്റെ അടുക്കലേക്കു വരുവാനുള്ള വെളിപ്പാടു പുസ്തകത്തിലെ അവസാനത്തെ ആഹ്വാനവും ആണ്.

**വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്നു പറയട്ടെ** (And the Spirit and the bride say, "Come!" And let him who hears say, "Come!") —

ഉദയനക്ഷത്രമായ കർത്താവിന്റെ വേഗം വരവിനായുള്ള പ്രാർത്ഥനയാണിത്. വരിക എന്നു ആത്മാവും, മണവാട്ടിയും പറയുമ്പോൾ കേൾക്കുന്നവർ വരിക എന്നു പറയട്ടെ എന്നാണിവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ആത്മാവ് ദൈവാത്മാവായ പരിശുദ്ധാത്മാവിനെ കുറിക്കുന്നു. മണവാട്ടി രക്ഷിക്കവരുടെ കൂട്ടമായ സഭയാണ്. കേൾക്കുന്നവൻ എന്നത് വെളിപ്പാടു പുസ്തത്തിലെ വചനങ്ങൾ കേൾക്കുന്നവരാണ്.

**വരിക എന്നു ആത്മാവും —>** പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഉൾക്കൊള്ളുന്ന ദൈവീകത്രിത്വത്തിലെ മൂന്നാമനാണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവ് ഭൂമിയിലേക്കു വന്നത് ക്രിസ്തുവിനുവേണ്ടി മണവാട്ടിസഭയെ ഒരുക്കുവാനാണ്. കർത്താവു സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ പരിശുദ്ധാത്മാവെന്ന കാര്യസ്ഥനെ ഭൂമിയിലേക്കു അയക്കുമെന്നു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. യോഹ.16:7,8 — *"എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും."* വാഗ്ദത്തപ്രകാരം പരിശുദ്ധാത്മാവു ഭൂമിയിലേക്കു വരികയും അതിൻപ്രകാരം സഭ സ്ഥാപിതമാകുകയും ചെയ്തു (അപ്പൊ.2). അതായത് ക്രിസ്തുവിനായി മണവാട്ടിസഭയെ ഒരുക്കുന്നതിനാണ് പരിശുദ്ധാത്മാവു ഭൂമിയിലേക്കു വന്നത്. ഇന്നും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ അനേകർ രക്ഷിക്കപ്പെട്ടു മണവാട്ടിസഭയോടു ചേർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മണവാട്ടിയെ ഒരുക്കിക്കഴിയുമ്പോൾ കർത്താവിനോടു വരിക എന്നു പരിശുദ്ധാത്മാവു പറയും.

**വരിക എന്നു മണവാട്ടിയും —>** മണവാട്ടി എന്നത് സത്യസഭയാണ്. ക്രിസ്തുവിന്റെ കാൽവറിക്രൂശിലെ പ്രായശ്ചിത്തമരണത്തിലൂടെ ഒരുക്കിയ രക്ഷ അവകാശമാക്കിയവരെല്ലാം സത്യസഭയിൽ ഉൾപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ ആഗമനത്താൽ പുതിയനിയമസഭ രൂപീകരിക്കപ്പെട്ട നാൾമുതൽ ക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലെ വരവുവരെയുള്ള കാലത്ത് രക്ഷിക്കപ്പെട്ടവരെല്ലാം ക്രിസ്തുവിന്റെ മണവാട്ടിയാണ്. ഇന്നു മണവാട്ടി തന്നെത്തന്നെ ഒരുക്കികൊണ്ടിരിക്കുകയാണ് (വെളി.19:7). മണവാട്ടിസഭയുടെ ഒരുക്കം പൂർത്തിയാകുമ്പോൾ പരിശുദ്ധാത്മാവ് കർത്താവിനോടു വരിക എന്നു പറയുന്നതുപോലെ മണവാട്ടിസഭയും വരിക എന്നു ക്രിസ്തുവിനോടും പറയും.

വരിക എന്നു കേൾക്കുന്നവന്നും —> കേൾക്കുന്നവൻ എന്നാൽ ദൈവവചനമായ വെളിപ്പാടു വായിച്ചു കേൾക്കുന്നവനും കർത്താവിൽ ആശ്രയം വെക്കുന്നവരുമാണ്. മണവാട്ടി രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭയെ കുറിക്കുമ്പോൾ, കേൾക്കുന്നവൻ എന്നത് വ്യക്തിപരമായി ഓരോരുത്തരെയും കുറിക്കുന്നു. ദൈവവചനം വായിക്കുകയും കേൾക്കുകയും ചെയ്യുന്ന ഓരോരുത്തരും ക്രിസ്തുവിന്റെ വരവിനായി ഒരുങ്ങുകയും പരിശുദ്ധാത്മാവിനോടും സഭയോടും ചേർന്നു കർത്താവേ വരേണമേ എന്നു

പറയുവാൻ ഇവിടെ ആഹ്വാനം ചെയ്യുന്നു.

**ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ** (And let him who thirsts come. Whoever desires, let him take the water of life freely) —

കർത്താവിന്റെ വരവിനെ ക്ഷണിച്ചുകൊണ്ടു പരിശുദ്ധാത്മാവും, സഭയും, വ്യക്തികളും ഏകസ്വരത്തോടെ ആഹ്വാനം ചെയ്യുന്ന വേളയിലും പാപികളായ ഭൂവാസികളെ മറക്കുന്നില്ല. അവരിലൊരാളുപോലും നശിച്ചുപോകാതെ ദൈവകൃപ പങ്കിടുവാനുള്ള അവസാന ക്ഷണമാണിവിടെ കാണുന്നത്. ദൈവവചനമായ ബൈബിളിലെ അവസാനവരികൾ കുറിക്കുമ്പോഴും പാപികളായവർക്കു യേശുക്രിസ്തുവിൽ ആശ്രയംവെച്ചു ദൈവമക്കളായിത്തീരുവാൻ അവസാനമായി ഒരവസരം കൂടി നല്കപ്പെടുന്നു — *"ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ."* പാപികളായവരോടു കർത്താവിനു പറയുവാനുള്ളത് > വരിക, വാങ്ങുക, ഇതു സൗജന്യമാണ് (let him come, let him take, exclusively free gift). ആത്മീകദാഹശമനത്തിനായി വിലകൂടാതെ വീഞ്ഞും പാലും വാങ്ങി പാനം ചെയ്യുവാൻ ദൈവം യെശയ്യാപ്രവാചകനിലൂടെ ലോകരോടു അറിയിക്കുന്നത് ഇതിനോടു സാമ്യമുണ്ട്. യെശ.55:1 — *"അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ; വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ."*

**ദാഹിക്കുന്നവൻ വരട്ടെ** (And let him who thirsts come) —

തിരുവചനത്തിൽ ദാഹം (thirst)എന്നത് മാനസാന്തരത്തിലേക്കും ദൈവസന്നിധിയിലേക്കും നയിക്കുന്ന തീക്ഷ്ണമായ ആവശ്യകതയെ കുറിക്കുന്നു (thirst pictures the strong desire for repentance and to come in the presence of God). ദാഹിക്കുന്നവൻ എന്നാൽ ദൈവത്തിലും ദൈവീകാര്യങ്ങളിലും അതിയായ ആഗ്രഹമുള്ളവനെന്നു കരുതാം. വെളിപ്പാടു പുസ്തകത്തിന്റെ ഉപസംഹാരവേളയിലും പാപികളായവർ കർത്തൃസന്നിധിയിലേക്കു കടന്നു വന്നാൽ അവരുടെ ആത്മീയദാഹം ശമിക്കുവാനിടയാകും എന്ന പ്രസ്താവന ദൈവത്തിന്റെ നിസ്സീമമായ കരുണയെ പ്രദർശിപ്പിക്കുന്നു. ആത്മീയദാഹശമനത്തിനായി ജീവജലത്തിന്റെ ഉറവയായ കർത്താവിങ്കലേക്കു കടന്നു വരണമെന്നു തിരുവചനത്തിലുടനീളം പ്രസ്താവിച്ചിട്ടുണ്ട്.

മത്താ.5:6 — *"നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തി വരും."*

യോഹ.7:37 — *"ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ."*

വെളി.21:6 — *"ദാഹിക്കുന്നവന്നു ഞാൻ ജീവനീരുറവിൽനിന്നു സൗജന്യമായി കൊടുക്കും."*

സങ്കീ.107:9 — *"അവൻ ആർത്തിയുള്ളവന്നു തൃപ്തി വരുത്തുകയും വിശപ്പുള്ളവനെ നന്മകൊണ്ടു നിറെക്കുകയും ചെയ്യുന്നു."*

യോഹ.4:14 — *"ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും."*

*യോഹ.6:35 — "ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന്നു വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന്നു ഒരു നാളും ദാഹിക്കയുമില്ല."*

**ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ** (Whoever desires, let him take the water of life freely) —

ദാഹിക്കുന്നവൻ വരട്ടെ എന്നു പറയുമ്പോൾത്തന്നെ അതു വാങ്ങേണ്ടവരുടെ ഉത്തരവാദിത്തവും അറിയിക്കുന്നു. അവർ അതിനായി ആഗ്രഹിക്കുകയും കർത്താവിന്റെ സന്നിധിയിൽ വരികയും വേണം. അപ്പോൾ നിത്യജീവൻ അവർക്കു സൗജന്യമായി ലഭിക്കും. *"അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ"* (വെളി.22:11) എന്നു മുമ്പു പറഞ്ഞത് അവരുടെ ഹൃദയകാഠിന്യത്തോടുള്ള ബന്ധത്തിലാണ്. നീതിയോ അനീതിയോ വിശുദ്ധിയോ അശുദ്ധിയോ തിരഞ്ഞെടുക്കുവാൻ സകലർക്കും സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഭൂവാസികളിൽ ഒരാൾപോലും അനീതിയിൽ തുടരുവാനോ അഴുക്കിൽ കുഴഞ്ഞു ജീവിക്കുവാനോ ദൈവം ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ എന്നുള്ള അന്ത്യക്ഷണം വീണ്ടും നല്കുന്നത്. യേശുക്രിസ്തു തന്നെയാണ് ജീവജലം. ജീവജലം ലഭിക്കണമെങ്കിൽ അതിനായി അവർ ഇച്ഛിക്കണം അഥവാ ദൈവസന്നിധിയിൽ വരേണ്ടതായിട്ടുണ്ട്. എന്നാൽ എല്ലാറ്റിനും ഒരു സമയുമുണ്ട് എന്നും അത് തക്കത്തിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും ദൈവവചനത്തിലൂടെ മുന്നറിയിപ്പു ലഭിക്കുന്നു. യെശ.55:6 — *"യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ."* 2.കൊരി.6:2 — *"ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം."* ജീവജലം എന്നത് യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷയെയും, വീണ്ടെടുപ്പിനെയും, നിത്യജീവനെയും കുറിക്കുന്നു. സൗജന്യമായി വാങ്ങട്ടെ എന്നതിനാൽ ഇതിനു യാതൊരു വിലയും

ഇല്ലാത്തതെന്നു അർത്ഥമില്ല. ജീവജലം അഥവാ യേശുക്രിസ്തുവിലൂടെയുള്ളനിത്യരക്ഷ വിലമതിക്കാനാവാത്ത വിധം വിശേഷതയേറിയതാണ്. അതിന്റെ വില കാൽവറിയിൽ സ്വന്തജീവൻ നല്കിയാണ് ഇതു സകലർക്കും ലഭിക്കത്തക്കവിധം ഒരുക്കിയിരിക്കുന്നത്. ആയതിനാൽ ഇതു വാങ്ങുവാൻ ചെല്ലുന്നവർ വില നല്കേണ്ടതില്ല. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ സൗജന്യമായി ലഭിക്കും (Eternal life is free of charge). രക്ഷ കൃപയാലുള്ളതും വിശ്വാസത്താൽ ലഭിക്കുന്നതാണെന്നും തിരുവചനം പ്രസ്താവിക്കുന്നു. എഫെ.2:8,9—*"കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു."*

*"ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ"* എന്നുള്ള വെളിപ്പാടിലെ രക്ഷയുടെ സന്ദേശം ഉൾക്കൊള്ളുന്ന അന്ത്യവിളി രക്ഷിക്കപ്പെടാത്തവർ ഏറ്റവും ശ്രദ്ധയോടെ കൈക്കൊള്ളേണ്ടതാണ്. ഒരുവൻ മരണം വഴിയായി ഭൂമിയിൽ നിന്നു നീക്കപ്പെടുകയോ, കർത്താവു സഭയെ ചേർക്കുവാൻ വന്നു കഴിഞ്ഞാലോ സൗജന്യനീതീകരണം ലഭിക്കുവാൻ അവസരം ലഭിക്കുകയില്ല. ഇപ്പോൾ കൃപാകാലമായതിനാൽ ഏതു പാപിക്കും ദൈവമക്കളാകുവാൻ ഏറെ അവസരമുണ്ട്. എന്നാൽ ഭൂമിയെ ഞെട്ടിക്കുന്ന ന്യായവിധികളും ദുരിതങ്ങൾ നിറഞ്ഞ പീഡനകാലവും വരുന്നു. അന്നും കർത്താവിൽ ആശ്രയിക്കുന്നവർക്കു രക്ഷ ലഭിക്കുമെങ്കിലും തീയിൽ കൂടി എന്നപോലുള്ള അനുഭവമായിരിക്കും അവർക്കുണ്ടാകുക. മണവാട്ടി സഭയുടെ അംഗമാകുവാൻ അവർക്കു കഴികയില്ല. മാനവചരിത്രത്തിലെ ഘോരമായ ന്യായവിധിയുടെ നാൾ വരുന്നതിനു മുമ്പു പാപികൾ കർത്താവിന്റെ സന്നിധിയിലേക്കു വന്നാൽ അവർക്കും ആത്മീകാനുഗ്രഹങ്ങൾ പങ്കിടുവാൻ സാധിക്കും.

**വെളി.22:18 -- "ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ : അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്നു വരുത്തും"** (For I testify to everyone who hears the words of the prophecy of this book: If anyone adds to these things, God will add to him the plagues that are written in this book) —

ദൈവചനത്തെ മാറ്റിമറിക്കുകയും, സാഹചര്യങ്ങൾക്കനുസരിച്ചു കോട്ടിമാട്ടി തിരുവചനത്തെ ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർക്കുണ്ടാകുന്ന ദൈവശിക്ഷയെക്കുറിച്ചാണ് 22:18,19 വാക്യങ്ങളിലൂടെ സകലരെയും അറിയിക്കുന്നത്. വിശ്വാസികളും അവിശ്വാസികളും ഒരുപോലെ ഭയത്തോടെ ഇതിനെ ഓർക്കുകയും പ്രവർത്തിക്കുകയും വേണം. ഇതിനെതിരായി പ്രവർത്തിച്ചാൽ ദൈവത്തിന്റെ ന്യായവിധി അവരുടെമേൽ അതിവേഗത്തിൽ വന്നുപതിക്കും. യേശുക്രിസ്തു തന്നെയാണ് ഇതറിയിക്കുന്നതിനാൽ ഏറ്റവും ഗൗരവത്തോടെ പിടിച്ചുകൊള്ളേണ്ടതാണ്. ദൈവവചനമായ ബൈബിളിലെ അവസാനപുസ്തകമായ വെളിപ്പാടു അവസാനിപ്പിക്കുന്ന വേളയിൽ വചനം അതിന്റെ തനിമയിൽത്തന്നെ എക്കാലവും നിലനില്ക്കണമെന്ന ദൈവത്തിന്റെ ഹിതത്തെ ഇപ്രകാരമുള്ള മുന്നറിയിപ്പ് വെളിപ്പെടുത്തുന്നു. മാത്രവുമല്ല ദൈവവചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു (വെളി.22:6) എന്നതിന്റെ പ്രഖ്യാപനവുമാണ്.

**ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്ന തെന്തെന്നാൽ** (For I testify to everyone who hears the words of the prophecy of this book) —

'ഞാൻ' എന്നത് കർത്താവായ യേശുക്രിസ്തുവിനെ കുറിക്കുന്നു. യോഹന്നാനാണ് ഇതു പറയുന്നതെന്നു അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ യേശുക്രിസ്തു തന്നെയാണ് സാക്ഷ്യപ്പെടുത്തുന്നതെന്നു തിരുവചനത്തിന്റെ ആധികാരികതയോടുള്ള ബന്ധത്തിലും 'ഞാൻ' എന്ന പ്രയോഗത്തിലൂടെയും (22:20) മനസ്സിലാക്കാം. വെളിപ്പാടു പുസ്തകം പ്രവചനപുസ്തകമാണ്. മുമ്പു സംഭവിച്ചതും, ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതും, ഭാവിയിൽ സംഭവിക്കുവാനിരിക്കുന്നതുമായ കാര്യങ്ങളുടെ ഒരു സമാഹരണമാണിത്. വെളിപ്പാടു തുറന്ന പുസ്തകമെന്ന നിലയിൽ ഇതിലെ വചനങ്ങൾ സകലരും വായിക്കുകയും, കേൾക്കുകയും, ഉപദേശിക്കുകയും, പ്രമാണിക്കുകയും വേണം. വെളിപ്പാടിന്റെ അവസാന അദ്ധ്യായമായ 22-ൽ ദൈവവചനത്തിനു ഏറെ പ്രാധാന്യംകൊടുത്തു ആവർത്തിച്ചു പറഞ്ഞിരിക്കുന്നു —

22:7 > ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ
22:9 > ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യൻ
22:10 > ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുതു
22:18 > ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും
22:19 > ഈ പുസ്തകത്തിലെ പ്രവചനത്തിൽ നിന്നു
22:19 > ഈ പുസ്തത്തിൽ എഴുതിയിരിക്കുന്ന

യേശുക്രിസ്തുവിന്റെ വെളിപ്പാട് എന്ന പ്രസ്താവനയോടെയാണ് പുസ്തകം ആരംഭിച്ചത്. പുസ്തകത്തിന്റെ അവസാനത്തിലും ഇതിലെ വചനത്തോടു ബന്ധത്തിൽ കർത്താവിന്റെ ആധികാരികത *"ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ"* (For I testify) എന്ന പ്രസ്താവനയിലൂടെ ഉറപ്പിക്കുന്നു.

**അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്നു വരുത്തും"** (If anyone adds to these things, God will add to him the plagues that are written in this book) —

ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു (22:6) എന്നും ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ (22:7) എന്നും കാണുകയുണ്ടായി. തുടർന്നു കർത്താവു പറയുന്നത് ഇതിലെ വചനങ്ങൾക്കു യാതൊരു മാറ്റവും വരുത്തുവാൻ പാടില്ലെന്ന മുന്നറിയിപ്പാണ്. വെളിപ്പാടു പുസ്തകത്തിലെ വചനങ്ങൾ മാത്രമല്ല ബൈബിളിലെ സകല വചനങ്ങളോടും കൂട്ടുകയോ കുറക്കുകയോ വ്യത്യാസം വരുത്തുകയോ ചെയ്യുവാൻ പാടില്ലെന്നു ആവർത്തനപുസ്തകത്തിലും സദൃശവാക്യത്തിലും പറഞ്ഞിട്ടുണ്ട്.

ആവ.4:2 — *"ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽനിന്നു കുറെക്കയോ ചെയ്യരുതു."*

ആവ.13:1 — *"ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും പ്രമാണിച്ചു നടപ്പിൻ; അതിനോടു കൂട്ടരുതു; അതിൽ നിന്നു കുറെക്കുകയും അരുതു."*

സദൃ.30:6 — *"അവന്റെ വചനങ്ങളോടു നീ ഒന്നും കൂട്ടരുതു."*

കർത്താവു യോഹന്നാനിലൂടെ നല്കിയ വെളിപ്പാടു പുസ്തകത്തിലെ വചനങ്ങളോടു യാതൊന്നും കൂട്ടരുത് എന്ന ശക്തമായ മുന്നറിയിപ്പു ഇവിടെ ലഭിക്കുന്നു. മനുഷ്യർ തങ്ങളുടെ ബുദ്ധിക്കും, നിലനില്പിനും, സഭാതത്വശാസ്ത്രങ്ങൾക്കും, തങ്ങളുടേതായ പഠിപ്പിക്കലിനെ സാധൂകരിക്കുവാനും ദൈവവചനത്തോടു പലപ്പോഴും തങ്ങളുടേതായ ആശയങ്ങൾ കൂട്ടിച്ചേർക്കാറുണ്ട്. ഇവയൊക്കെ ദൈവകല്പനക്കു എതിരാകയാൽ ശിക്ഷിക്കപ്പെടും. പഴയപുതിയനിയമ തിരുവെഴുത്തുകൾ ദൈവശ്വാസീയമായ എഴുത്തുകൾ എന്ന നിലയിൽ ഇതിനു ഏതെങ്കിലും വിധത്തിലുള്ള മാറ്റം വരുത്തുവാൻ പാടില്ല. ബൈബിളിലെ അവസാന പുസ്തകമായ വെളിപ്പാടു എഴുതപ്പെട്ടു കഴിഞ്ഞപ്പോൾത്തന്നെ ദൈവവചനം നമ്മുടെ കരങ്ങളിലേക്കു പൂർണ്ണരൂപത്തിൽ ലഭിക്കുകയുണ്ടായി. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കല്പനകൾക്കും ഉപദേശങ്ങൾക്കും മീതെ യാതൊന്നും അധികമായി വ്യാഖ്യാനിച്ചു നല്കേണ്ടതില്ല.

ആരെങ്കിലും ദൈവശ്വാസീയമായ തിരുവെഴുത്തുകളോടു ഏതെങ്കിലും കൂട്ടിയാൽ അവർക്കു ലഭിക്കുന്ന ശിക്ഷയും രേഖപ്പെടുത്തിയിരിക്കുന്നു — *"അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്നു വരുത്തും."* മത്സരികളും പാപികളുമായ ഭൂവാസികളുടെമേൽ പീഡനകാലത്ത് 21 ന്യായവിധികളിലൂടെ ദൈവം അനേക ബാധകൾ അയച്ചിട്ടുണ്ട്. ബാധകളോരോന്നും അതികഠിനമായ ശിക്ഷകളായിരുന്നു. വെളിപ്പാടു 6 മുതൽ 18 വരെയുള്ള അദ്ധ്യായങ്ങളിൽ ഭൂമിയിലുണ്ടാകുന്ന ബാധകളെ വിവരിച്ചിരുന്നു. യുദ്ധം, ക്ഷാമം, ഭൂകമ്പം. കല്മഴ, വെട്ടുക്കിളി, മരണം എന്നിങ്ങനെ ഓരോന്നും വിവിരിക്കാനാവാത്തവിധം അതികഠിനമായ ശിക്ഷാവിധികളായിരുന്നു. ദൈവവചനത്തോടു അവരുടേതായ അഭിപ്രായങ്ങളും ഉപദേശങ്ങളും കൂട്ടിച്ചേർക്കുന്നവരുടെമേലും ദൈവം ഇപ്രകാരമുള്ള ബാധകളെ അയെക്കും.

**വെളി.22:19 –- "ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽനിന്നു ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവന്നുള്ള അംശം ദൈവം നീക്കിക്കളയും"** (and if anyone takes away from the words of the book of this prophecy, God shall take away his part from the Book of Life, from the holy city, and from the things which are written in this book) —

ദൈവവചനമായ വെളിപ്പാടു പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന വചനത്തോടു ആരെങ്കിലും തങ്ങളുടേതായ അഭിപ്രായങ്ങൾ കൂട്ടിച്ചേർത്താൽ അതിനുള്ള ശിക്ഷ ലഭിക്കുമെന്നു കഴിഞ്ഞ വാക്യത്തിൽ മുന്നറിയിപ്പു നൽകി. ഇവിടത്തെ മുന്നറിയിപ്പ് തിരുവചനത്തിൽ നിന്നു നീക്കിക്കളഞ്ഞാലുണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ചാണ്. കൂട്ടിച്ചേർത്താൽ ദൈവീകന്യായവിധിയുണ്ടാകും (addition > judgment of God). നീക്കിക്കളഞ്ഞാൽ അനുഗ്രഹങ്ങളും നീക്കിക്കളയും (substraction > taking away of blessings). ഇപ്രകാരമുള്ള മുന്നറിയിപ്പ് പ്രവചനപുസ്തകമായ വെളിപ്പാടു പുസ്തകത്തിലെ എഴുത്തുകൾക്കു മാത്രമല്ല തിരുവചനത്തിലെ എല്ലാ പുസ്തകങ്ങൾക്കും ഇത് ബാധകമാണ്.

പ്രവചനപുസ്തകമായ വെളിപ്പാടിലെ വചനങ്ങളിൽ നിന്നു ഏതെങ്കിലും നീക്കിക്കളഞ്ഞാലുണ്ടാകുന്ന ഭവിഷ്യത്തുകൾ വിശ്വാസികൾക്കും അവിശ്വാസികൾക്കും വ്യത്യസ്തമായിരിക്കുന്നു. അവിശ്വാസിയായ ഒരുവൻ ദൈവവചനത്തെ മലിനപ്പെടുത്തിയാൽ ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനു അവകാശം ലഭിക്കുകയില്ല. ദൈവത്തിന്റെ അരുളപ്പാടുകളും പ്രബോധനങ്ങളും കേട്ടിട്ടും, അതിലെ ന്യായവിധികൾ വായിച്ചറിഞ്ഞിട്ടും അതിനെ നിരാകരിക്കുന്നത് തിരുവചനത്തിലെ എഴുത്തുകളെ നീക്കി

ക്കളയുന്നതിനു തുല്യമാണ്. ദൈവവചനത്തെ അവിശ്വസിക്കുന്നതും ദൈവവചനത്തെ തുച്ചീകരിക്കുന്ന തിനു തുല്യമാണ്. ഫലമോ പുതിയ യെരൂശലേമിലുള്ള ജീവവൃക്ഷത്തിലും സ്വർഗ്ഗീയ നഗരത്തിലും അവനു അവകാശം ലഭിക്കുന്നില്ല. വിശ്വാസിയായ ഒരുവൻ തിരുവചനത്തിൽ നിന്നു നീക്കം വരുത്തി യാൽ അവനു ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം നീക്കിക്കളയും എന്നാണ്. അതായത് നിത്യതയിൽ ലഭിക്കുന്ന അനുഗ്രഹങ്ങൾക്കും പ്രതിഫലങ്ങൾക്കും നഷ്ടമുണ്ടാകുമെന്നു സാരം.

*"ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽനിന്നു ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവന്നുള്ള അംശം ദൈവം നീക്കിക്കളയും"* എന്ന പ്രസ്താവന രക്ഷ നഷ്ടപ്പെടുമെന്നു സമർത്ഥിക്കുവാൻ ചിലർ ഉപയോ ഗിക്കാറുള്ള വാക്യമാണ്. ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം നീക്കിക്കളയും എന്നാൽ കൃപയാലുള്ള രക്ഷ നഷ്ടപ്പെടുമെന്നു അർത്ഥമില്ല. ഒരിക്കൽ അവകാശമാക്കിയ രക്ഷ ഏതെ ങ്കിലും കാരണത്താൽ നഷ്ടപ്പെടുമെന്നു ചിന്തിക്കുന്നത് പുതിയനിയമ ഉപദേശസത്യങ്ങൾക്ക് വിരുദ്ധമാ ണ്. രക്ഷ ദൈവം ഒരുക്കിയതും യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ അവകാശമാക്കുന്നതുമാണ്. കൃപയാൽ അഥവാ ദാനമായി ലഭിച്ചിരിക്കുന്ന ആത്മരക്ഷ പരിശുദ്ധാത്മാവിൽ മുദ്രയിട്ടിരിക്കുന്നു. തിരു വചനത്തോടു തന്റേതായ ഉപദേശം കൂട്ടിച്ചേർത്തു മാറ്റംവരുത്തി പഠിപ്പിക്കുന്ന ഒരു രക്ഷിക്കപ്പെട്ട വിശ്വാ സിയുടെ രക്ഷ ദൈവം ഒരിക്കലും തിരികെ എടുത്തു അവനെ നരകത്തിലേക്കു അയക്കുകയില്ല. എന്നാൽ അവനു നിത്യതയിൽ ലഭിക്കുന്ന അനുഗ്രഹങ്ങളും കിരീടങ്ങളും പ്രതിഫലങ്ങളും നീക്കം വരുവാനിട യാകും.

ദൈവകല്പനയോടുള്ള കൂട്ടലും കുറയ്ക്കലും തിരുവചനത്തിലെ ആദ്യപുസ്തകമായ ഉല്പ ത്തിയിൽത്തന്നെ ആരംഭിക്കുന്നു. ദൈവികതേജസ്സിലും, ദൈവികകൂട്ടായ്മയിലും ഏദെൻതോട്ടത്തിൽ വസിച്ചിരുന്ന ആദ്യകുടുംബം പാപത്തിൽ വീഴുന്നു. പാപപ്രവേശനത്തിനിടയാക്കിയ സാത്താനുമായുള്ള സംസാരത്തിൽ ഹവ്വാ ദൈവകല്പനകളിൽ മാറ്റം വരുത്തുന്നു. ഏദെനിലെ വൃക്ഷഫലത്തോടു ബന്ധ ത്തിൽ ദൈവം ആദാമിനോടു ഇപ്രകാരം പറഞ്ഞു — ഉല്പ.2:17 —*"എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു; തിന്നുന്ന നാളിൽ നീ മരിക്കും."* ആദാമിനു കൂട്ടായും തക്ക തുണയായും ഹവ്വായെ കിട്ടിയപ്പോൾ ആദാം ദൈവത്തിന്റെ കല്പന അതുപോലെതന്നെ ഹവ്വായോടു പറഞ്ഞുകാണും. എന്നാൽ സർപ്പത്തോടുള്ള സംഭാഷണത്തിൽ ഹവ്വാ ദൈവകല്പനയോടു ചില കൂട്ടലും കുറയ്ക്കലും നടത്തി സംസാരിക്കുന്നു. ഹവ്വാ ഇപ്രകാരം പറയുന്നു — ഉല്പ.3:2,3 — *"സ്ത്രീ പാമ്പി നോടു: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം; എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ട തിന്നു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുതു, തൊടുകയും അരുതു എന്നു ദൈവം കല്പിച്ചിട്ടുണ്ടു എന്നു പറഞ്ഞു."* വൃക്ഷഫലം *"തൊടുകയും അരുതു"* എന്നു പറഞ്ഞത് ദൈവകല്പന യോടു ഹവ്വായുടെ കൂട്ടിച്ചേർക്കലായിരുന്നു. തിന്നുന്ന നാളിൽ *"നീ മരിക്കും"* എന്നതിനു ഹവ്വാ പറഞ്ഞത് *"മരിക്കാതിരിക്കേണ്ടിനു"* എന്നായിരുന്നു. ഇതു ദൈവകല്പനയിൽ ഒരു ഭാഗം നീക്കി മാറ്റം വരുത്തലാ യിരുന്നു.

ദൈവശ്വാസീയമായ തിരുവചനത്തോടു കൂട്ടുവാനോ, അതിൽനിന്നു ഏതെങ്കിലും നീക്കംചെ യ്യുവാനോ പാടില്ലെന്ന ശക്തമായ മുന്നറിയിപ്പു തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ആവ.4:12/ ആവ.13:1/സദൃ.30:6/വെളി.22:18,19). ദൈവശ്വാസീയമായി എഴുതപ്പെട്ടിരിക്കുന്ന വചനങ്ങൾ പഠിക്കുകയും, ധ്യാനിക്കുകയും, അനുസരിക്കുകയും, പഠിപ്പിക്കുകയും ചെയ്യുകയല്ലാതെ അതിനോടു കൂട്ടുവാനോ അതിൽ നിന്നു നീക്കം ചെയ്യുവാനോ മനുഷ്യർക്കു അധികാരമില്ല. എന്നാൽ വചനം പഠിപ്പിക്കുമ്പോഴും, ഉപദേശി ക്കുമ്പോഴും, വ്യാഖ്യാനിക്കുമ്പോഴും അടിസ്ഥാന ഉപദേശങ്ങൾക്കും, പ്രമാണങ്ങൾക്കും, ആശയങ്ങൾക്കും മാറ്റം വരുത്താതെ വിശദീകരിച്ചു ദൈവവചനം ഉപയോഗിക്കുവാൻ സകലർക്കും സ്വാതന്ത്ര്യമുണ്ട്. സ്വാർത്ഥ ലക്ഷ്യത്തോടെയുള്ള വചനത്തോടുള്ള സമീപനമാണ് ഇവിടെ പരിശുദ്ധാത്മാവു വിലക്കിയിരിക്കുന്നത്. നീക്കിക്കളയുകയും കൂട്ടിച്ചേർക്കുന്നതും വിലക്കിയിരിക്കുന്നത് ഇവിടെ വെളിപ്പാടു പുസ്തത്തോടു ബന്ധ ത്തിലാണെങ്കിലും ബൈബിളിലെ സകല വചനത്തിനും പ്രസ്തുത മുന്നറിയിപ്പ് ബാധകമാണ്. വെളി പ്പാടുൾപ്പെടെയുള്ള സകല വചനങ്ങളും ദൈവശ്വാസീയമായതിനാൽ അതിൻ പ്രകാരം ജീവിക്കുകയും, അനുസരിക്കുകയും, അതിനെ സൂക്ഷിക്കുകയും ചെയ്യേണ്ടത് ഓരോ വിശ്വാസികളുടെയും ഉത്തരവാദി ത്തമാണ്.

**വെളി.22:20 — "ഇതു സാക്ഷീകരിക്കുന്നവൻ : അതേ, ഞാൻ വേഗം വരുന്നു എന്നു അരുളിച്ചെയ്യുന്നു: ആമേൻ, കർത്താവായ യേശുവേ, വരേണമേ"** (He who testifies to these things says, "Surely I am coming quickly." Amen. Even so, come, Lord Jesus!) —

വെളിപ്പാടു പുസ്തകത്തിലെ എഴുത്തുകൾക്കു സാക്ഷി താൻ തന്നെയാണെന്നും താൻ വേഗത്തിൽ വരുന്നു എന്നും കർത്താവു അറിയിക്കുന്നു. ഇതു കേൾക്കുന്ന യോഹന്നാൻ അതേ, കർത്താവായ യേശുവേ വേഗം വരേണമേ എന്നു പ്രാർത്ഥിക്കുന്നു.

**ഇതു സാക്ഷീകരിക്കുന്നവൻ** (He who testifies to these things) —

ഇതു സാക്ഷീകരിക്കുന്നവൻ എന്നത് കർത്താവു തന്നെയാണ്. *"യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി നിങ്ങളോടു ഇതു സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു"* എന്നും (22:16), *"ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ"* എന്നും (22:18) ഈ അദ്ധ്യായത്തിൽ തന്നെ കർത്താവു രണ്ടു പ്രാവശ്യം സാക്ഷ്യപ്പെടുത്തിയിരുന്നു. ഒന്നാമത്തെ സാക്ഷ്യം വെളിപ്പാടു പുസ്തകത്തിലെ വചനങ്ങൾ സകല സഭകൾക്കും വേണ്ടിയാണെന്നും, രണ്ടാമത്തെ സാക്ഷ്യം വെളിപ്പാടിലെ പ്രവചനം കേൾക്കുന്നവർ അതിനോടു കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുവാൻ പാടില്ലെന്ന പ്രബോധനത്തോടു ബന്ധത്തിലുമാണ് തന്റെ ആധികാരകത വെളിപ്പെടുത്തുന്നത്. എന്നാൽ മൂന്നാമത്തെ സാക്ഷ്യം തന്റെ വേഗം വരവിനോടു ബന്ധപ്പെടുത്തിയാണ് പ്രസ്താവിക്കുന്നത്. വെളിപ്പാടു പുസ്തകത്തിലെ വചനങ്ങൾ യോഹന്നാനിലൂടെ വിവരിച്ചെങ്കിലും അതിന്റെയെല്ലാം ഉറവിടം വേഗം വരുന്നവനായ കർത്താവു തന്നെയാണെന്നു തന്റെ സാക്ഷ്യപ്പെടുത്തലിലൂടെ വെളിപ്പെടുന്നു.

**അതേ, ഞാൻ വേഗം വരുന്നു എന്നു അരുളിച്ചെയ്യുന്നു** (says, "Surely I am coming quickly) —

വെളിപ്പാടിലെ സകല പ്രവചനങ്ങളും താൻ തന്നെയാണ് സാക്ഷീകരിക്കുന്നതെന്നു പറഞ്ഞിട്ട് കർത്താവ് തന്റെ വേഗം വരവിനെ പ്രഖ്യാപിക്കുന്നു. "അതേ, ഞാൻ വേഗം വരുന്നു" (Surely I am coming quickly) എന്ന അരുളപ്പാട് പരിശുദ്ധാത്മാവിന്റെയും, സഭയുടെയും, വിശുദ്ധന്മാരുടെയും കർത്താവിന്റെ വരവിനായുള്ള പ്രാർത്ഥനക്കുള്ള ഉത്തരമായി കരുതാം. **വെളി.22:17 —** "വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്നു പറയട്ടെ."

വെളിപ്പാടു പുസ്തകത്തിൽ കർത്താവു തന്റെ വരവിനെ കുറിച്ചു പറയുന്ന പ്രസ്താവനകളിൽ മൂന്നാമത്തേതാണിവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

> വെളി.22:7 — ഇതാ, ഞാൻ വേഗത്തിൽ വരുന്നു (Behold, I am coming quickly!).

> വെളി.22:12 —ഇതാ, ഞാൻ വേഗം വരുന്നു (Behold, I am coming quickly!).

> വെളി.22:20 — അതേ, ഞാൻ വേഗം വരുന്നു (Surely, I am coming quickly!). തന്റെ വീണ്ടുംവരവിനെക്കുറിച്ചു താൻ തന്നെ ആവർത്തിച്ചു പറയുന്നതിൽ നിന്നു വെളിപ്പെടുന്നത് തന്റെ വരവ് വേഗത്തിലും നിശ്ചയമായും സംഭവിക്കും എന്നാണ്.

*"അതേ, ഞാൻ വേഗം വരുന്നു"* (Surely I am coming quickly) എന്ന പ്രസ്താവന തിരുവചനത്തിൽ കർത്താവിന്റെ അവസാനത്തെ പ്രഖ്യാപനവും അവസാനത്തെ വാഗ്ദത്തവുമാണ്. അതേ എന്ന വാക്കു കർത്താവിന്റെ വരവിന്റെ പ്രഖ്യാപനത്തിന്റെ ഉറപ്പിനെ കുറിക്കുന്നു. *'അതേ'* എന്നതിനു ഗ്രീക്കിൽ *'നൈ'* എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. പറയുന്ന കാര്യത്തിന്റെ നിശ്ചയത്തെയും ഉറപ്പിനെയും ഊന്നൽ നല്കുന്ന പദമാണിത് (nai > yes, verily = affirmation or emphasis to a statement). ഞാൻ എന്നത് രാജാധിരാജനും കർത്താധികർത്താവുമായ യേശുക്രിസ്തുവിനെ കുറിക്കുന്നു. വേഗം വരുന്നു (coming quickly) എന്നത് തന്റെ വരവിനെക്കുറിച്ചുള്ള വാഗ്ദത്തമായിരിക്കുന്നു. വേഗം (quickly)എന്നതിനു പെട്ടെന്നു എന്നതിക്കോൾ തന്റെ വരവ് ഏതു സമത്തും മുന്നറിയിപ്പില്ലാതെ സംഭവിക്കും എന്നാണ് അർത്ഥമാക്കുന്നത് (He will come suddenly without warning). *"അതേ, ഞാൻ വേഗം വരുന്നു"* (Surely I am coming quickly) എന്നത് വേദപുസ്തകത്തിലെ അവസാന വാദ്ഗത്തമെന്ന നിലയിൽ കർത്താവു തന്റെ വാക്കു നിശ്ചയമായി പാലിക്കും എന്നതിനെയും വെളിപ്പെടുത്തുന്നു.

**ആമേൻ, കർത്താവായ യേശുവേ, വരേണമേ"** (Amen. Even so, come, Lord Jesus!) —

"അതേ, ഞാൻ വേഗം വരുന്നു" എന്നുള്ള കർത്താവിന്റെ വാഗ്ദത്തെ കേട്ടപ്പോൾ യോഹന്നാൻ ഏറിയ സന്തോഷത്തോടെ അതിനെ സ്വാഗതം ചെയ്യുന്നത് "ആമേൻ കർത്താവായ യേശുവേ വരേണമേ" എന്ന പ്രാർത്ഥനയോടെയാണ്. തിരുവചനത്തിലെ അവസാനത്തെ പ്രാർത്ഥനയാണിത്. ഇത് യോഹന്നാന്റെ ഹൃദയാന്തർഭാഗത്തു നിന്നുയരുന്നതെങ്കിലും സഭക്കുവേണ്ടി അഥവാ കർത്താവിന്റെ മണവാട്ടിയെ പ്രതിനിധീകരിച്ചുകൊണ്ടുള്ള പ്രത്യാശ നിറഞ്ഞ പ്രാർത്ഥനയാണിത്. സഭയെ ചേർപ്പാനായുള്ള കർത്താവിന്റെ മടങ്ങിവരവാണ് എക്കാലത്തെയും വിശ്വാസികളുടെ പ്രത്യാശയും പ്രാർത്ഥനയും. അതേ, തീർച്ചയായും, നിശ്ചയമായും ഞാൻ വേഗം വരുന്നു എന്നുള്ള മണവാളന്റെ പ്രസ്താവന കേട്ടുകൊണ്ടു അതേ, തീർച്ചയായും, നിശ്ചയമായും കർത്താവായ യേശുവേ വരേണമേ എന്നു മണവാട്ടിയും പ്രാർത്ഥിക്കുന്നു.

ലോകത്തോടും ലോകസുഖസൗകര്യങ്ങളോടും ഇഴുകിച്ചേർന്നു വേർപാടില്ലാതെ ജീവിക്കുകയും, കർത്താവിന്റെ വരവിനായി ഒരുങ്ങി വിശുദ്ധിയോടു ജീവിക്കാതെയും ഇരിക്കുന്ന ആർക്കും കർത്താവായ യേശുവേ വരേണമേ എന്നു പ്രാർത്ഥിക്കുവാൻ കഴിയുകയില്ല. കർത്താവിന്റെ മടങ്ങിവരവിന്റെ പ്രസ്താവനകൾ ലോകക്കാർക്കു പരിഹാസവിഷയമായിരിക്കാം. പത്രൊസ് തന്റെ രണ്ടാംലേഖനത്തിൽ ഇപ്രകാരം പരിഹസിക്കുന്നവരുടെ ചോദ്യങ്ങൾ നിരത്തിയിരിക്കുന്നു. കർത്താവിന്റെ പുനരാഗമനത്തെ നിഷേധിക്കുന്നവരാണിവർ. **2.പത്രൊ.3:3,4 —** *"അവന്റെ പ്രത്യക്ഷയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നേ ഇരിക്കുന്നു എന്നു പറഞ്ഞ്, സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്തു വരുമെന്നു വിശേഷാൽ അറിഞ്ഞുകൊൾവിൻ."* എന്നാൽ കർത്താവിന്റെ വരവു താമസിക്കുന്നത് അവരോടുള്ള ദീർഘക്ഷമ നിമിത്തമാണെന്നു അപ്പൊസ്തലൻ പ്രസ്താവിക്കുന്നു. **2.പത്രൊ.3:9 —** *"ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു."*

കർത്താവിന്റെ മടങ്ങിവരവ് യഥാർത്ഥത്തിൽ ഭൂമിയിൽ അരങ്ങേറുവാൻ പോകുന്ന പീഢനകാലത്തിന്റെയും അതിഭയങ്കരമായ ന്യായവിധികളുടെയും ആരംഭം കുറിക്കലാണ്. തുടർന്നു വിശുദ്ധന്മാർക്കു സന്തോഷകരമായ സഹസ്രാബ്ദവാഴ്ചയും നിത്യവാസവും ഒക്കെ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. വാഗ്ദത്തം ചെയ്ത കർത്താവു വിശ്വസ്തൻ ആകയാൽ നമ്മെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാനായി നിശ്ചയമായി മടങ്ങിവരും. ഇന്നത്തെ ലോകം പാപത്തിൽ മുഴുകി ദൈവത്തെ നിന്ദിക്കുന്ന പ്രവണതകൾ വർദ്ധിച്ചു വരുമ്പോൾ ലോകത്തോട് വേർപെട്ടു വിശുദ്ധിയിൽ ജീവിക്കുന്ന വിശ്വാസികളുടെ ഏക പ്രത്യാശയെന്നത് കർത്താവിന്റെ മടങ്ങി വരവാണ്. അങ്ങനെയുള്ള വിശുദ്ധഗണത്തിന്റെ പ്രാർത്ഥനയെന്നത് കർത്താവേ ഞങ്ങളെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകേണമേ, അതിനായി *"ആമേൻ, കർത്താവായ യേശുവേ, വരേണമേ"* എന്നായിരിക്കും.

**വെളി.22:21 — "കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ"** (The grace of our Lord Jesus Christ be with you all. Amen) —

മഹത്വധാരിയായ ക്രിസ്തുവിനെയും, സഭാകാലഘട്ടത്തിലെ പ്രത്യേകതകളെയും, കർത്താവിന്റെ വീണ്ടും വരവ് ഉൾപ്പെടെ ഇനി ഭൂമിയിലും സ്വർഗ്ഗത്തിലും സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെയും യോഹന്നാനു ദർശനമായി ലഭിച്ചു. പത്മൊസ് ദ്വീപിൽവെച്ചു ലഭിച്ച ആത്മീയദർശനത്താൽ വെളിപ്പാടിലെ ഇരുപത്തിരണ്ടു അദ്ധ്യായങ്ങളിലൂടെ യോഹന്നാൻ സകലവും വിവരിച്ചു. *"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ"* എന്ന പ്രാർത്ഥനയോടും, ആശീർവാദത്തോടും, അനുഗ്രഹത്തോടും പുതിയനിയമത്തിലെ ഏകപ്രവചനഗ്രന്ഥമായ വെളിപ്പാടു പുസ്തകത്തിനു സമാപനം കുറിക്കുന്നു. അതിമഹത്തായ ഒരു പ്രവചനഗ്രന്ഥമെങ്കിലും ഒരു ലേഖനത്തെപ്പോലെ ആരംഭിച്ചു ഒരു ലേഖനത്തെപ്പോലെ അവസാനിക്കുന്നു. അപ്പൊസ്തലനായ പൗലൊസിന്റെ ലേഖനങ്ങളെല്ലാം ഏറെക്കുറെ അവസാനിപ്പിക്കുന്നത് ആശീർവാദത്തോടും പ്രാർത്ഥനയോടുമാണ്. അതേ ശൈലി വെളിപ്പാടിന്റെ സമാപനത്തിലും യോഹന്നാൻ പിൻതുടരുന്നു.

പഴയനിയമം അവസാനിക്കുന്നത് ശാപ വാക്കുകളോടെയാണ്. *"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും, ...... ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചു കളയും ..... ഭൂമിയെ സംഹാര ശപഥം കൊണ്ടു ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന്നു"* (മലാ.4:1,6) എന്നിങ്ങനെ ഭീതി ഉളവാക്കുന്ന ദൈവീകാരുളപ്പാടുകൾ നിറഞ്ഞിരിക്കുന്നു. എന്നാൽ പുതിയനിയമം അവസാനിക്കുന്നത് കൃപയുടെ ആശീർവാദത്തോടെയാണ്. *"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ"* ശാപത്തിന്റെ സ്ഥാനത്ത് ദൈവത്തിന്റെ കൃപ വെളിപ്പെട്ടിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണത്തിനു അസാദ്ധ്യമായിരുന്ന സകലവും ക്രിസ്തുവിനാൽ സാദ്ധ്യമാക്കപ്പെട്ടതിനാലാണ് ശാപം കൃപക്കു വഴി മാറിയത്. സർവ്വശക്തനും നീതിമാനുമായ ദൈവം വന്നു ഭൂമിയെ സംഹാരശപഥം കൊണ്ടു ദണ്ഡിപ്പിക്കാതിരിക്കുവാൻ ക്രിസ്തു ഭൂമിയിലേക്കു വന്നു. ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗമരണത്തിലൂടെ ഒരുക്കപ്പെട്ട ദൈവകൃപ പ്രാപിക്കുവാൻ ഭൂവാസികൾക്കു അവസരമുണ്ടായി. (Mal.4:6 > "Lest I come and strike the earth with a curse" / John.1:17 > "For the law was given through Moses, but grace and truth came through Jesus Christ"). ബൈബിളിലെ അവസാനപുസ്തകമായ വെളിപ്പാടിൽ ദൈവക്രോധത്തിന്റെ അതിഭയങ്കരമായ ന്യായവിധികൾ രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും ദൈവത്തിൽ ആശ്രയിക്കുന്നവർക്കു സംരക്ഷണവും, അനുഗ്രഹവും, നിത്യസന്തോഷവും വ്യവസ്ഥ ചെയ്തിരിക്കുന്നത് ദൈവകൃപയുടെ മനോഹര ചിത്രമാണ്.

**കർത്താവായ യേശുക്രിസ്തുവിന്റെ കൃപ** (The grace of our Lord Jesus Christ) —

**നമ്മുടെ (our) :** (hemon < Gk) >

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ (The grace of **our** Lord Jesus Christ) എന്നാണ് മൂലഭാഷയായ ഗ്രീക്കിലും, ഇംഗ്ലീഷ് പരിഭാഷയിലും കാണുന്നത്. യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ നമ്മുടെ എന്ന പദത്തിനു എത്രമാത്രം അർത്ഥവും ആഴത്തിലുള്ള ബന്ധവുമാണുള്ളത്! ദൈവമക്കൾക്കു യേശുകർത്താവിനോടുള്ള വിശ്വാസത്തിന്റെയും, പ്രത്യാശയുടെയും, സ്നേഹത്തിന്റെയും, ധൈര്യത്തിന്റെയും, അവകാശത്തിന്റെയും മനോഹര ചിത്രമാണ് 'നമ്മുടെ' എന്ന പദത്തിനുള്ള സ്വാധീനത. യേശുക്രിസ്തു സകലരുടെയും കർത്താവ് എന്നതിനുപരി ഓരോരുത്തരുടെയും വ്യക്തിപരമായ ബന്ധത്തെയാണ് 'നമ്മുടെ കർത്താവായ യേശുക്രിസ്തു' എന്ന പ്രയോഗം. കർത്താവു നമ്മെ സ്നേഹിച്ചു, തന്റെ ജീവൻ നല്കി നമ്മെ സ്വന്തമാക്കിയതിനാലാണ് നമ്മുടെ കർത്താവു എന്നു പറയുവാൻ സാധിക്കുന്നത്. 'നമ്മുടെ' എന്നു യോഹന്നാൻ പറയുമ്പോൾ കർത്താവു യോഹന്നാന്റെയും സകല വിശുദ്ധന്മാരുടെയും സ്വന്തം എന്നാണ് വെളിപ്പെടുന്നത്. യേശുക്രിസ്തു നമ്മുടെ അഥവാ എന്റെ സ്വന്തമായത് ദൈവം ഒരുക്കിയ രക്ഷണ്യപ്രവർത്തനത്താലും നാം ക്രിസ്തുവിൽ വിശ്വസിച്ചതിനാലുമാണ്. യേശുക്രിസ്തു നമ്മുടെ അഥവാ എന്റെ എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ സകല അനുഗ്രഹങ്ങളും, കൃപകളും, മഹിമകളും, അധികാരങ്ങളും നമുക്കും അവകാശപ്പെട്ടന്നതും വെളിപ്പെടുന്നു.

**കർത്താവായ (Lord) —**

യേശുക്രിസ്തു നമ്മുടെ കർത്താവാണ്. കർത്താവ് (Lord) എന്ന വാക്കിന്റെ അർത്ഥം കർത്തൃത്വം നടത്തുന്നവൻ എന്നാണ്. ക്രിസ്തുവിന്റെ പരമാധികാരത്തെ കുറിക്കുന്ന നാമമാണ് കർത്താവ് (Lord). ക്രിസ്തു സകല സൃഷ്ടികളെയും നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സർവ്വശക്തനായ ദൈവവും രാജാധിരാജാവും കർത്താധികർത്താവുമാണ്. കൂറിയോസ് (Kurios) എന്ന ഗ്രീക്കുപദത്തിന്റെ പരിഭാഷയായാണ് കർത്താവ് എന്ന പദം. ഉടമസ്ഥൻ (Owner), യജമാനൻ (Master), ഗുരു (Rabbi) എന്നീ അർത്ഥങ്ങളിലെല്ലാം ഈ പദമാണുപയോഗിച്ചിരിക്കുന്നത്. എബ്രായഭാഷയിൽ അദോനായ് (Adonai) എന്ന പദമാണുള്ളത്. അദോനായ് (Adonai) എന്നതിനർത്ഥവും യജമാനൻ, കർത്താവ്, ഉടമസ്ഥൻ (Master /Lord /owner) എന്നൊക്കെയാണ്. ദൈവത്തിനു തന്റെ സൃഷ്ടിയായ മനുഷ്യരോടുള്ള ബന്ധത്തെയാണ് അദോനായ് എന്ന നാമം കുറിക്കുന്നത്. ഒരു ദാസനോ, അടിമയ്ക്കോ യജമാനൻ ഏതൊക്കെ വിധത്തിൽ ആയിരിക്കുന്നുവോ അതുപോലെ ആശ്രിതരായ തന്റെ ജനത്തെ യജമാനനായ ദൈവം കരുതുന്നു, സൂക്ഷിക്കുന്നു, പരിപാലിക്കുന്നു, വഴിനടത്തുന്നു. യേശുക്രിസ്തു വിശ്വാസികളുടെ കർത്താവും യജമാനനും ഉടമസ്ഥനുമാണ്. സ്നേഹവാനായ കർത്താവ് (കൂറിയോസ്, അദോനായ്) നമ്മെ അടിമചന്തയിൽ നിന്നു സ്വന്തജീവൻ കൊടുത്തു വിലക്കു വാങ്ങിയിരിക്കുകയാണ്.

**യേശുക്രിസ്തുവിന്റെ (Jesus Christ) —**

യേശുക്രിസ്തുവിന്റെ വെളിപ്പാട് (വെളി.1:1) എന്ന പ്രസ്താവനയോടെയാണ് വെളിപ്പാടു പുസ്തകം ആരംഭിച്ചത്. പുതിയനിയമത്തിലെ അതിമഹത്തായ പ്രവചനപുസ്തകത്തിന്റെ കേന്ദ്രവിഷയവും, സംഭവങ്ങളും, ഉള്ളടക്കവും യേശുക്രിസ്തു എന്ന മഹനീയനാമത്തിൽ അടങ്ങിയിരിക്കുന്നു. മഹത്വധാരിയായ യേശുക്രിസ്തുവിനെയും, യേശുക്രിസ്തുവിന്റെ വീണ്ടും വരവിനെയും, വിശ്വാസികൾക്കു ലഭിക്കുന്ന ദൈവകൃപയെയും, അവിശ്വാസികൾക്കുണ്ടാകുന്ന ന്യായവിധികളെയും ഇതിൽ പ്രസ്താവിക്കുന്നു. പുസ്തകം അവസാനിക്കുന്നതും യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നത് ഏറ്റവും യോജിക്കുന്നു. യേശുക്രിസ്തുവിന്റെ കൃപയാണ് സകലർക്കും ആശീർവാദമായി യോഹന്നാൻ അവസാനമായി അനുഗ്രഹിക്കുന്നത്. യേശു (Jesus), ക്രിസ്തു (Christ) എന്നീ രണ്ടു നാമങ്ങൾ മനുഷ്യരായ നമ്മോടുള്ള ബന്ധത്തിൽ കർത്താവിന്റെ രണ്ടു ആളത്വങ്ങളെ വെളിപ്പെടുത്തുന്നു.

യേശു (Jesus) എന്ന നാമം നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തെ (humanity) കുറിക്കുന്നു. യേശു എന്ന പേരിനർത്ഥം രക്ഷിതാവ് (Saviour)എന്നാണ്. **മത്താ.1:21-23 —** "അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു. .... കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനൂവേൽ എന്നു പേർ വിളിക്കും." അന്ധകാരത്തിലും, പിശാചിന്റെ അടിമത്വത്തിലും, അതിക്രമങ്ങളിലും, പാപങ്ങളിലും മുഴുകി ജീവിക്കുന്ന സകലരെയും രക്ഷിക്കുന്ന ദൈവമാണ് രക്ഷകനായ യേശു. അങ്ങനെ രക്ഷിക്കപ്പെട്ടവരോടുകൂടെ വസിക്കുകയും ദൈവസാന്നിദ്ധ്യം വെളിപ്പെടുത്തുന്ന നാമവുമാണ് ഇമ്മാനുവേൽ.

ക്രിസ്തു (Christ) എന്ന നാമം ദൈവത്വത്തെ (deity)കുറിക്കുന്നു. ക്രിസ്തു എന്നാൽ ദൈവത്താൽ അഭിഷിക്തൻ (anointed). മഹാപുരോഹിതനായ അഹരോനെ വിശുദ്ധതൈലത്താൽ അഭിഷേകം ചെയ്തിരുന്നു. എന്നാൽ നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവിനെ ദൈവകൃപയാലാണ് അഭിഷേകം ചെയ്തിരിക്കുന്നത്. അഹരോന്റെ തലയിൽ അഭിഷേകം തൈലം ഒഴിക്കുമ്പോൾ അതു തലമുതൽ അഹരോന്റെ വസ്ത്രത്തിന്റെ വിളുമ്പിലേക്കും അതു കഴിഞ്ഞു പാദം വരെയും ഒഴുകുന്നു (സങ്കീ.133). എന്നാൽ

ദൈവത്തിന്റെ അഭിഷേകതൈലമാകുന്ന ദൈവകൃപ ക്രിസ്തുവിൽ പകരപ്പെട്ടപ്പോൾ അതു ക്രിസ്തുവിന്റെ ശിരസ്സിലൂടെ തന്റെ ശരീരമാകുന്ന സഭയിലൂടെ ഒഴുകപ്പെടുന്നു. അങ്ങനെ ശരീരമാകുന്ന സഭയിലെ ഓരോ വിശ്വാസിയിലും ക്രിസ്തുവിന്റെ കൃപയാൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ (കൊലൊ.2:3) പകരപ്പെടുന്നു.

**കൃപ (grace) —**

ന്യായപ്രമാണമുൾപ്പെട്ട പഴയനിയമം ശാപത്തിന്റെ വാക്കുകളോടവസാനിക്കുമ്പോൾ പുതിയനിയമം അവസാനിക്കുന്നത് കൃപ ആശംസിച്ചുകൊണ്ടാണ്. വെളിപ്പാടു പുസ്തകത്തിനു അവസാനവാചകങ്ങൾ കുറിക്കുമ്പോൾ യോഹന്നാൻ സകലർക്കും അതിശ്രേഷ്ഠമായ ദൈവകൃപ അനുഗ്രഹമായി അറിയിക്കുന്നു. പുതിയനിയമം ആരംഭിക്കുന്നത് *"അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി"* (മത്താ.1:1) എന്നു കർത്താവിന്റെ ജനനത്തിന്റെ പ്രസ്താവനയോടാണ്. എന്നാൽ അവസാനിക്കുന്നത് *"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ"* (വെളി.22:21) എന്ന ആശംസയോടെയാണ്. അതായത് യേശുക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവ് സകലഭൂവാസികൾക്കും ദൈവകൃപ പ്രാപ്തമാക്കുവാനാണ്.

കൃപ (grace) എന്നതിനു ഗ്രീക്കിൽ ചാരിസ് (charis) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിനർത്ഥം സന്തോഷം, ആനന്ദം, മാധുര്യം, മനോഹരം (joy, pleasure,delight, loveliness) എന്നൊക്കെയാണ്. കൃപ വെളിപ്പെടുന്നിടത്തെല്ലാം സന്തോഷവും സമാധാനവും പ്രകടമാകുന്നു. ആത്മീകാർത്ഥത്തിൽ കൃപ (grace) എന്നാൽ അർഹതയില്ലാത്ത ദാനം (grace = unmerited favour) എന്നാണ്. ദൈവത്തിൽ നിന്നു അർഹതയില്ലാതെ മനുഷ്യനു ലഭിക്കുന്ന കരുണയെ ദൈവകൃപ (God's grace) എന്നു വിളിക്കാം. അതായത് മനുഷ്യൻ പാപിയായിരുന്നപ്പോൾ, ദൈവത്തെ സ്നേഹിക്കാതിരുന്നപ്പോൾ, ദൈവികതേജസ്സും കൂട്ടായമയും നഷ്ടപ്പെടുത്തി ദൈവത്തിൽ നിന്നകന്നു ജീവിച്ചപ്പോൾ, മനുഷ്യനെ നിത്യമരണത്തിൽ നിന്നും രക്ഷിക്കുവാനായി ഒരുക്കിയ വഴിയാണ് ദൈവകൃപ. ദൈവം ലോകത്തെ സ്നേഹിച്ചതുകൊണ്ടാണ് സകലർക്കും കൃപ ലഭിക്കുവാനിടയാകുന്നത്. **യിരെ.31:3 —** *"നിത്യസ്നേഹം കൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു."* ഇന്നു നമുക്കു പിതാവു, പുത്രൻ, പരിശുദ്ധാത്മാവു എന്നീ ദൈവികത്രിത്വത്തിലൂടെ ദൈവകൃപ അനുഭവിക്കുവാൻ സാധിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ കൃപയാണ് യോഹന്നാൻ സകല വിശുദ്ധന്മാർക്കും ആശംസിക്കുന്നത്. കൃപയുടെ ഉറവിടം സർവ്വശക്തനായ ദൈവമാണ്. ഇത് സ്വർഗ്ഗീയസിംഹാസനത്തിൽ നിന്നുള്ള അനുഗ്രഹവുമാണ്. സർവ്വശക്തനായ ദൈവം തന്റെ പുത്രനിലേക്കു പകരപ്പെട്ട കൃപ, പുത്രനിലൂടെ ലോകത്തിലേക്കു പകരപ്പെട്ടു. യേശുക്രിസ്തുവിൽ വിശ്വസിച്ചു ആശ്രയം വെയ്ക്കുമ്പോൾ ദൈവകൃപ അവനിലേക്കു ഒഴുകുന്നു. യേശുക്രിസ്തു ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ എന്ന നിലയിലാണ് തന്നിലൂടെ ദൈവകൃപ നമുക്കു അനുഭവിക്കുവാൻ സാധിക്കുന്നത്. യേശുക്രിസ്തു നമ്മുടെ കർത്താവാകയാൽ നമുക്കു കൃപ ലഭിക്കുവാനിടയായി.

കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ലഭ്യമാകുന്ന വിവിധമായ കൃപയെക്കുറിച്ചു തിരുവചനത്തിൽ പ്രസ്താവിച്ചു കാണുന്നു —

(1) രക്ഷിക്കുന്ന കൃപ (അപ്പൊ.15:11/എഫെ.2:5,8)
(2) വീണ്ടെടുപ്പിനും, നീതീകരണത്തിനുമുള്ള കൃപ (റോമ.3:24/തീത്തൊ.3:6)
(3) വചനം പൂർണ്ണധൈര്യത്തോടെ പ്രസ്താവിപ്പാനുള്ള കൃപ (അപ്പൊ.4:30)
(4) സ്ഥിരമായുള്ള വിശുദ്ധകൃപ (അപ്പൊ.13:34)
(5) കൃപയുടെ വചനം (അപ്പൊ.14:3/അപ്പൊ.20:32)
(6) വിശ്വാസത്തിനു അനുസരണം വരുത്തുവാനുള്ള കൃപ (റോമ.1:6)
(7) വിശ്വാസികൾ നില്ക്കുന്ന കൃപ (റോമ.5:2)
(8) യേശുക്രിസ്തുവിന്റെ കൃപയാലുള്ള ദാനം (റോമ.5:15)
(9) അത്യന്തം വർദ്ധിക്കുന്ന കൃപ (റോമ.5:20/2.കൊരി.4:15/2.കൊരി.9:8/യാക്കോ.4:6)
(10) നിത്യജീവനായി വാഴേണ്ടതിനുള്ള കൃപ (റോമ.5:21)
(11) പാപം കർത്തൃത്വം നടത്താത്ത കൃപ (റോമ.6:14)
(12) കൃപയാലുള്ള തിരഞ്ഞെടുപ്പ് (റോമ.11:5)
(13) ഏകചിന്തയോടിരിപ്പാനുള്ള കൃപ (റോമ.15:6)
(14) അദ്ധ്വാനത്തിനുള്ള കൃപ (1.കൊരി.15:10)
(15) സഹിക്കുവാനുള്ള കൃപ (2.കൊരി.12:9)
(16) സുവിശേഷത്തിനായി വേർതിരിച്ചു വിളിച്ചിരിക്കുന്ന കൃപ (ഗലാ.1:15)
(17) മറഞ്ഞുകിടക്കുന്ന മർമ്മം പ്രകാശിപ്പാനുള്ള കൃപ (എഫെ.3:9)
(18) നല്ല സംസാരത്തിനുള്ള കൃപ (എഫെ.4:29)

(19) എങ്ങനെ ഉത്തരം പറയണമെന്നതിനുള്ള കൃപ (കൊലൊ.4:6)
(20) ഉപദേശിക്കുവാനും, ഭരമേല്പിക്കുവാനുള്ള കൃപ (2.തിമൊ.2:1)
(21) ഹൃദയം ഉറപ്പിക്കുന്നതിനുള്ള കൃപ (എബ്രാ.13:9)
(22) താഴ്മയുള്ളവർക്കു ലഭിക്കുന്ന കൃപ (യാക്കോ.4:6/1.പത്രൊ.5:5)
(23) ശുശ്രൂഷിപ്പാനുള്ള കൃപ (1.പത്രൊ.4:10/റോമ.15:15)
(24) ജീവന്റെ കൃപയ്ക്ക് കൂട്ടവകാശം (1.പത്രൊ.3:7)
(25) വിശേഷവസ്ത്രം ധരിപ്പാനുള്ള കൃപ (വെളി.19:8).

**നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ** (be with you all. Amen) —

"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ" എന്ന ആശീർവാദത്തോടെ യോഹന്നാൻ വെളിപ്പാടു പുസ്തകം ഉപസംഹരിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് റോമർക്കെഴുതിയ ലേഖനമൊഴിച്ചുള്ള എല്ലാ ലേഖനങ്ങളും കൃപ ആശീർവാദമായി അനുഗ്രഹിച്ചുകൊണ്ടാണ് അവസാനിപ്പിക്കുന്നത് (1.കൊരി.16:23/2.കൊരി.13:14/ഗലാ.6:24/ഫിലി.4:23/കൊലൊ.4:18/1.തെസ്സ.5:28/2.തെസ്സ.3:18/1.തിമൊ.6:22/2.തിമൊ.4:22/തീത്തൊ.3:15/ഫിലേ.25/എബ്രാ.13:25). ദൈവത്തിൽ വിശ്വസിക്കുവാൻ, രക്ഷിക്കപ്പെടുവാൻ, ആത്മികമായി വളരുവാൻ, ജീവിക്കുവാൻ, സംസാരിക്കുവാൻ, ശുശ്രൂഷിപ്പാൻ, കഷ്ടത സഹിപ്പാൻ, സുവിശേഷം അറിയിക്കുവാൻ എന്നിങ്ങനെ സകല കാര്യങ്ങൾക്കും ദൈവകൃപ അനിവാര്യമായിരിക്കുന്നു. മറ്റുള്ളവർക്കു നല്ലതു വരണമെന്നു ആഗ്രഹിക്കുമ്പോൾ നാം അവരെ ദൈവം അനുഗ്രഹിക്കണമെന്നു പ്രാർത്ഥിക്കുന്നു. ദൈവം അവരെ എങ്ങനെയാണ് അനുഗ്രഹിക്കേണ്ടത്? ഇതിനുത്തരം ദൈവകൃപയിൽ പൊതിയണം എന്നാണ്. എങ്കിൽ ഓരോ വിശ്വാസികൾക്കും ദൈവത്തിൽ നിന്നു ലഭിക്കേണ്ട മഹത്തായ അനുഗ്രഹം ദൈവകൃപ മാത്രമാണ്. അതു തന്നെയാണ് വെളിപ്പാടു പുസ്തകം അവസാനിപ്പിക്കുമ്പോൾ യോഹന്നാൻ ആശീർവാദമായി നല്കുന്നതും — *"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ."*

*"നീ കാണുന്നതു ഒരു പുസ്തകത്തിൽ എഴുതി എഫെസൊസ്, സ്മുർന്നാ, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്ക്യാ എന്ന ഏഴു സഭകൾക്കും അയക്കുക എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു"* (വെളി.1:11) എന്നതിലൂടെ വെളിപ്പാടു പുസ്തകം ഏഷ്യാമൈനറിലുള്ള ഏഴു സഭകൾക്കുള്ളതാണെന്നു ഒറ്റനോട്ടത്തിൽ വെളിപ്പെടുന്നു. എന്നാൽ ഇതിലെ ദൂതുകൾ അന്നത്തെ ഏഴു സഭകൾക്കു മാത്രമുള്ളതല്ല ലോകത്തിലുള്ള സകലസഭകൾക്കും, വിശ്വാസികളും അവിശ്വാസികളുമുൾപ്പെട്ട സകല മനുഷ്യർക്കും ഉള്ളതാണ്. ആയതിനാൽ *"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ"* എന്നു പുസ്തകാവസാനത്തിൽ യോഹന്നാൻ ആശംസിക്കുന്നത് ലോകത്തിലുള്ള സകലസഭകൾക്കും, വിശുദ്ധന്മാർക്കും, ഭൂവാസികൾക്കും ആയിരിക്കുന്നു. സഭകളും, വിശുദ്ധന്മാരും കർത്താവിന്റെ കൃപയിൽ വളരുകയും ജ്വലിക്കുകയും വേണം. തിരുവചനം വായിക്കുന്ന രക്ഷിക്കപ്പെടാത്തവർ കർത്താവിന്റെ കൃപ രുചിച്ചറിഞ്ഞ് അനുഗ്രഹീതരാകണം.

നാം ഭൂമിയിൽ ജീവിക്കുമ്പോൾ കർത്താവു നമ്മോടു കൂടെയുണ്ടെന്നുള്ള നിശ്ചയം എത്രയോ മഹത്തായ അനുഭവമാണ്. കഷ്ടങ്ങൾ, രോഗങ്ങൾ, പ്രതികൂലതകൾ, ആപത്ത്, വാള്, വേർപാട് എന്നിങ്ങനെ ഭൂമിയിലനുഭവപ്പെടുന്ന സകലതിലും ഒരു വിശ്വാസിക്കു ധൈര്യത്തോടെ നില്ക്കുവാൻ സാധിക്കുന്നത് രണ്ടു കാര്യങ്ങളാലാണ്. ഒന്ന് കർത്താവിന്റെ കൃപ എപ്പോഴും ശക്തി നല്കുവാനായി പകരപ്പെടുന്നു. രണ്ട് കർത്താവ് കൂടെയുണ്ട് എന്നുള്ള ആത്മധൈര്യം. യഹോവയായ ദൈവം നിന്നോടു കൂടെയുണ്ട് എന്നു പഴയനിയമം പ്രസ്താവിക്കുമ്പോൾ, യഹോവ നമ്മോടു കൂടെ ഇമ്മാനുവേലായി വസിക്കുന്നെന്നു പുതിയനിയമം വെളിപ്പെടുത്തുന്നു.

> **യെശ.41:10 —** *"നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചു നോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും."*
>
> **മത്താ.1:22 —** *"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനൂവേൽ എന്നു പേർ വിളിക്കും."*
>
> **മത്താ.28:20 —** *"ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു."*
>
> **എബ്രാ.13:5 —** *"ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല."*

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന വാക്കുകളോടെ ആരംഭിക്കുന്ന തിരുവചനം ആമേൻ എന്ന വാക്കോടെ അവസാനിക്കുന്നു. ആമേൻ എന്നാൽ അങ്ങനെ തന്നെ, അതേ എന്നാണ്. വേദപുസ്തകത്തിലെ 66 പുസ്തകങ്ങളിലൂടെ മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹവും, പ്രവൃത്തിയും, കരുണയും, കൃപയും വെളിപ്പെടുന്നു. മനുഷ്യനു ദൈവത്തോടൊപ്പം വസിക്കുവാനായി ഒരു

ക്കിയിരിക്കുന്ന നിത്യനഗരത്തിനായി നമുക്കു സ്തോത്രം ചെയ്യാം. ലോകത്തിൽ ജീവിക്കുമ്പോൾ ലോകം, ജഡം, പിശാച് എന്നിവയെ ജയിച്ചു വിശ്വാസജീവിതം ഫലകരമാക്കുവാൻ ദൈവകൃപ നമ്മെ സഹായിക്കുന്നു. വാക്കു പറഞ്ഞ, വാദ്ഗത്തം ചെയ്ത ദൈവം വിശ്വസ്തനായിരിക്കുമ്പോൾത്തന്നെ നമ്മോടു കൂടെയുണ്ടെന്നുള്ള അറിവ് എത്രയോ ആസ്വാദ്വകരമായതാണ്. വേദപുസ്തകത്തിലെ 66 പുസ്തകങ്ങളിലേറ്റവും അധികമായി സാത്താനെയും അവന്റെ ഉന്മൂലനാശത്തെയും, അവിശ്വാസികളുടെ ഭയാജനകമായ അന്ത്യത്തെയും മാത്രമല്ല വിശ്വാസികൾക്കു ലഭിക്കുന്ന അനുഗ്രഹങ്ങളെയും, നിത്യസൗഭാഗ്യങ്ങളെയും വെളിപ്പാടു പുസ്തകം മറനീക്കി നമ്മെ കാണിച്ചു തരുന്നു. പാപികളും ദോഷികളുമായ നമുക്കു ഈ മഹത്തായ അനുഗഹപദവിയിലേക്കു വന്നുചേരുവാനിടയായത് ദൈവത്തിന്റെ കൃപ ഒന്നുമാത്രമാണ്. അതിനായി ദൈവത്തിന്റെ കൃപാസനത്തിനടുത്തേക്കു ചെന്നു ദൈവത്തെ സ്തുതിക്കാം, മഹത്വപ്പെടുത്താം, നന്ദി കരേറ്റാം. *“ഞാൻ വേഗം വരുന്നു”* എന്നു അരുളിച്ചെയ്ത കർത്താവിന്റെ വാക്കുകൾക്കു യോഹന്നാനോടൊപ്പം നമുക്കും ചേർന്നു പ്രാർത്ഥിക്കാം — *“ആമേൻ, കർത്താവായ യേശുവേ, വരേണമേ.”* കർത്താവിന്റെ കൃപയിലും, കർത്താവിന്റെ സാന്നിദ്ധ്യത്തിലും വസിച്ചു ജീവിക്കുന്നതോടൊപ്പം ദൈവകൃപയെ പ്രസിദ്ധമാക്കിയ ഇത്രവലിയ രക്ഷയെ ഘോഷിച്ചുകൊണ്ടു അനേകരെ ദൈവത്തിങ്കലേക്കു നയിക്കാം. ആമേൻ.

============= // ============

## BIBLIOGRAPHY


| | | |
|---|---|---|
| The Bible Exposition Commentary | : | W.W. Wiersbe |
| The Bible Knowledge Commentary | : | Walvoord & Zuck |
| The Revelation of John | : | William Barclay |
| What the Bible Teaches | : | J.Allen (Ritchie NT Commentaries) |
| Liberty Bible Commentary | : | The Old-Time Gospel Hour |
| Willmingtons Guide to the Bible | : | Dr.H.L.Willmington |
| The Mac Arthur Study Bible | : | John Mac Arthur |
| The Mac Arthur N.T.Commentary | : | John Mac Arthur |
| Life Application Study Bible | : | Tyndale House Publishers |
| Revelation Unravelled | : | Dr.Jeevaratnam Buraga |
| Revelation Illustrated & made plain | : | Dr. Tim Lahaye |
| Revelation - Grace Notes (Net) | : | Dr.Grant C. Richison |
| Notes on Revelation (Net) | : | Dr.Thomas L. Constable |
| Studies in Revelation (Net > bible.org) | : | J. Hampton Keathley, III, Th.M. |
| Revelation of Jesus Christ (Net > bible.org) | : | John F. Walvoord |
| Study Guide for Revelation (Net) | : | David Guzik |
| Revelation of St.John the Divine (Net) | : | A.R.Fausset |
| Revelation Commentary (Net) | : | Sola Scriptura (>revelationcommentary.org) |
| Malayalam : | | |
| വെളിപ്പാടു പുസ്തക വ്യാഖ്യാനം | : | K.V. Simon |
| വെളിപ്പാടു പുസ്തക വ്യാഖ്യാനം | : | Y.Ezekiel |